കേരള സർക്കാർ

സാമ്പത്തിക അവലോകനം 2019

കേരള സംസ്ഥാന ആസൂത്രണ ബോർഡ്

വാല്യം
1
ജനുവരി
2020

കേരള സർക്കാർ

സാമ്പത്തിക അവലോകനം 2019

കേരള സംസ്ഥാന ആസൂത്രണ ബോർഡ്,

തിരുവനന്തപുരം, കേരളം, ഇന്ത്യ

ജനുവരി 2020

വാല്യം 1

സാമ്പത്തിക അവലോകനം 2019
കേരള സംസ്ഥാന ആസൂത്രണ ബോർഡ് തിരുവനന്തപുരം, കേരളം, ഇന്ത്യ

ഡിസൈൻ & ലേഔട്ട്: **സി–ഡിറ്റ്, www.cdit.org**
ഇല്ലസ്ട്രേഷൻസ്: ഇല്ല്യാസ് എസ്

മുഖവുര

വളർച്ചയും നിക്ഷേപവും പിന്നോട്ടുപോയ വർഷമായിരുന്നു 2019. ആഗോള സമ്പദ്‌വ്യവസ്ഥ മാന്ദ്യത്തിലേക്കു നീങ്ങുകയാണ്. ഇപ്പോൾ കണക്കാക്കപ്പെടുന്ന ആഗോള വളർച്ച 3.9 ശതമാനമെന്നത് 2008-09 ന് ശേഷമുള്ള ഏറ്റവും താഴ്ന്ന നിലയാണ്. വർദ്ധിച്ചുവരുന്ന വ്യാപാര തടസ്സങ്ങൾ, വ്യാപാരത്തെയും രാജ്യങ്ങളുടെ രാഷ്ട്രീയ സ്ഥിതിഗതികളെയും ചുറ്റിപ്പറ്റിയുള്ള അനിശ്ചിതത്വം, കുറഞ്ഞ ഉൽപാദന ക്ഷമത എന്നിവ മൊത്തത്തിൽ ഈ മന്ദഗതിയിലുള്ള വളർച്ചയ്ക്ക് കാരണമാവുന്നു. ഇന്ത്യ, ബ്രസീൽ, മെക്സിക്കോ, റഷ്യ, ദക്ഷിണാഫ്രിക്ക എന്നിവയുൾപ്പെടെ പ്രധാന സമ്പദ്‌വ്യവസ്ഥകളുടെ വളർച്ച 2018 നെ അപേക്ഷിച്ച് 2019 ൽ കുറവാണ്. ദേശീയ വളർച്ചയുടെ സമീപകാല കണക്കുകളും ഒരു സാമ്പത്തിക മാന്ദ്യത്തെ സൂചിപ്പിക്കുന്നു. ദേശീയ വളർച്ച അതിന്റെ ഏറ്റവും താഴ്ന്ന നിരക്കിലൊന്ന് രേഖപ്പെടുത്തി. 2019-20 ൽ യഥാർത്ഥ ജിഡിപിയുടെ പ്രതീക്ഷിത വളർച്ച 5 ശതമാനമാണ്, ഇത് 2018-19 ൽ രേഖപ്പെടുത്തിയ 6.8 ശതമാനം എന്ന വളർച്ചാ നിരക്കിനേക്കാൾ വളരെ കുറവാണ്.

2018-19 ലെ വളർച്ചയുടെ ദ്രുത കണക്കെടുപ്പ് കാണിക്കുന്നത് കേരള സമ്പദ്‌വ്യവസ്ഥ 7.5 ശതമാനം (സ്ഥിരവിലയിൽ) വളർന്നു എന്നാണ്. 2017-18 ൽ 7.3 ശതമാനമായിരുന്നു വളർച്ച. 2018-19 ലെ വളർച്ചയുടെ കാരണം പ്രധാനമായും ദ്വിതീയ മേഖലയുടെ സംഭാവനയാണ്, അത് 8.8 ശതമാനം (സ്ഥിരവിലയിൽ) വളർച്ച രേഖപ്പെടുത്തി. ഇതേ വർഷം ത്രിതീയ മേഖല 8.4 ശതമാനം വളർന്നു. കഴിഞ്ഞ രണ്ട് വർഷമായി സംസ്ഥാനം പ്രശ്നങ്ങൾ നേരിടുന്നതിനിടയിലും നല്ല വളർച്ചാ നിരക്ക് രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിൽ രണ്ട് വർഷത്തെ കനത്തമഴയും തുടർന്നുള്ള വെള്ളപ്പൊക്കവും മണ്ണിടിച്ചിലും ചരക്ക് സേവന നികുതി നടപ്പാക്കിയതിനുശേഷമുള്ള വിഭവങ്ങളുടെ കടുത്ത ക്ഷാമവും ഉൾപ്പെടുന്നു.

വെള്ളപ്പൊക്കത്തെയും മണ്ണിടിച്ചിലിനെയും തുടർന്നുള്ള പ്രതിസന്ധി, കാലാവസ്ഥാ മാറ്റങ്ങളോടു പൊരുത്തപ്പെടുന്നതും പൗരർക്ക് മെച്ചപ്പെട്ട ജീവിത നിലവാരം ഉറപ്പുവരുത്തുന്നതുമായ രീതിയിൽ സംസ്ഥാനത്തെ പുനർനിർമിക്കാനുള്ള അവസരമായിട്ടെടുത്തു. സംസ്ഥാനത്തെ പുനർനിർമ്മിക്കാൻ സർക്കാർ നടത്തുന്ന ശ്രമങ്ങളെ *സാമ്പത്തിക അവലോകനം 2019* രേഖപ്പെടുത്തുന്നു. നവ കേരള നിർമ്മിതി എന്ന പുതിയ വിഭാഗം ഈ വർഷം അവതരിപ്പിക്കുന്നു. കാലാവസ്ഥയിലെ മാറ്റങ്ങളോട് പൊരുത്തപ്പെടുന്ന പശ്ചാത്തല സൗകര്യങ്ങൾ, മെച്ചപ്പെട്ട ജീവിത സാഹചര്യങ്ങൾ, ഭാവിയിൽ ഉണ്ടായേക്കാവുന്ന ദുരന്തങ്ങളെ നേരിടാൻ ആളുകൾക്കും ആസ്തികൾക്കും കഴിയുമെന്ന് ഉറപ്പുവരുത്തുന്ന പുതിയ പ്രധാനപ്പെട്ട വികസന പ്രൊജക്ടുകൾ

എന്നിവ വികസിപ്പിക്കാനുള്ള സർക്കാരിന്റെ പ്രതിബദ്ധതയാണ് കേരള പുനർനിർമ്മാണ ഉദ്യമം. യഥാർത്ഥത്തിൽ, 2019–20 വാർഷിക പദ്ധതിയുടെ പ്രധാന ലക്ഷ്യം പ്രളയത്തിലും മണ്ണിടിച്ചിലും നഷ്ടപ്പെട്ട ഉപജീവനമാർഗങ്ങൾ പുന:സ്ഥാപിക്കുക എന്നതായിരുന്നു. ഈ ശ്രമത്തിന്റെ ഭാഗമായി സംസ്ഥാന ആസൂത്രണ ബോർഡ് വിവിധ മേഖലകൾക്കായി ജീവനോപാധി വികസന പാക്കേജ് തയ്യാറാക്കി.

ജനങ്ങൾക്ക് മികച്ച നിലവാരമുള്ള ആരോഗ്യ സുരക്ഷയും വിദ്യാഭ്യാസവും നൽകാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ആർദ്രം മിഷൻ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുകയും വിവിധ തലങ്ങളിലെ സർക്കാർ ആശുപത്രികളിൽ പുതിയ മെഡിക്കൽ പശ്ചാത്തലസൌകര്യങ്ങൾ ഒരുക്കാൻ സഹായിക്കുകയും ചെയ്തു. സർക്കാർ സ്കൂൾ വിദ്യാഭ്യാസത്തിൽ നടത്തുന്ന ഇടപെടലുകളുടെ ഫലമായി, സ്കൂൾ വിദ്യാർത്ഥികൾ സ്വകാര്യസ്ഥാപനങ്ങളിൽ നിന്ന് സർക്കാർ, എയ്ഡഡ് സ്ഥാപനങ്ങളിലേക്ക് മാറുന്ന സ്ഥിതയുണ്ടായി. സർക്കാരിന്റെ ആരോഗ്യരംഗത്തെയും വിദ്യാഭ്യാസരംഗത്തെയും നടപടികൾ ഗണ്യമായി വർധിച്ചു; ഇക്കാരണത്താൽ, ആരോഗ്യത്തിലെയും വിദ്യാഭ്യാസത്തിലെയും നേട്ടങ്ങളെക്കുറിച്ചാണ് ഈ വർഷത്തെ പ്രധാന അധ്യായം.

പൊതുസമൂഹത്തിൽ നിക്ഷേപം നടത്തുക, എല്ലാവർക്കും സാമൂഹ്യനീതി ഉറപ്പാക്കുക, സമ്പദ്‌വ്യവസ്ഥയിലെ ഉൽപാദന ശക്തികളെ പ്രോത്സാഹിപ്പിക്കുക എന്നിവയാണ് കേരള സർക്കാരിന്റെ നയം. സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ നേട്ടത്തിൽ കേരളം തുടർച്ചയായി ഒന്നാംസ്ഥാനത്താണ്. ആരോഗ്യം, വ്യവസായം, നൂതനാശയ വികസനം, പശ്ചാത്തലസൗകര്യങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട ലക്ഷ്യങ്ങൾ നേടുന്നതിൽ കേരളം ഒന്നാമതാണ്.

പദ്ധതി രൂപവത്കരണ പ്രക്രിയ ത്വരിതപ്പെടുത്തി വികേന്ദ്രീകൃത ആസൂത്രണ സംവിധാനം സർക്കാർ കാര്യക്ഷമമാക്കി, അതുവഴി പദ്ധതികൾ നടപ്പാക്കുന്നതിന് ലഭ്യമായ സമയം വർദ്ധിപ്പിച്ചു. പദ്ധതികളുടെ ഗുണനിലവാരം ഉയർത്തുന്നതിനായി ജില്ലാ വിഭവ കേന്ദ്രങ്ങൾ ഇപ്പോൾ പ്രവർത്തിക്കാൻ തുടങ്ങിയിട്ടുണ്ട്.

സാമ്പത്തിക അവലോകനം 2019 ൽ സർക്കാർ വകുപ്പുകളുടെ നയങ്ങളും പരിപാടികളും സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു. ഇത് വിവിധ വകുപ്പുകളുടെ പ്രകടനവും വരും വർഷങ്ങളിൽ അഭിസംബോധന ചെയ്യേണ്ട വിഷയങ്ങളും ചർച്ചചെയ്യുന്നു. ഈ വർഷത്തെ അവലോകനത്തിലെ ഭാഗങ്ങൾ കൂടുതൽ പ്രമേയകേന്ദ്രിതമാക്കുന്നതിനായി ചെറിയതോതിൽ പുന:ക്രമീകരിച്ചിട്ടുണ്ട്. ഓരോ മേഖലകളിലെയും പ്രധാന നേട്ടങ്ങൾ പ്രസക്തമായ ഭാഗങ്ങളിൽ എടുത്തുകാണിച്ചിരിക്കുന്നു. മുൻ വർഷങ്ങളിലെന്നപോലെ, സാമ്പത്തിക അവലോകനം രണ്ട് വാല്യങ്ങളായാണ് അവതരിപ്പിക്കുന്നത്. ഒന്നാം വാല്യത്തിൽ സർക്കാർ വകുപ്പുകളുടെ നയങ്ങളും പരപാടികളും നേട്ടങ്ങളും രണ്ടാം വാല്യത്തിൽ അനുബന്ധ സ്ഥിതിവിവര കണക്കുകളും നൽകുന്നു. *സാമ്പത്തിക അവലോകനം 2019* ഇംഗ്ലീഷിലും മലയാളത്തിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്. സംസ്ഥാന ആസൂത്രണ ബോർഡ് വെബ്സൈറ്റായ **www.spb.kerala.gov.in** ൽ ഇതിന്റെ ഡിജിറ്റൽ പതിപ്പ് അപ്‌ലോഡുചെയ്തിട്ടുണ്ട്.

തിരുവനന്തപുരം
ജനുവരി 22, 2020

ഉള്ളടക്കം

കേരളം ഒറ്റനോട്ടത്തിൽ

കേരളത്തിന്റെ സാമൂഹിക–സാമ്പത്തിക സൂചികകൾ – ദ്രുതവീക്ഷണം

ജില്ലകൾ – അവലോകനം

പട്ടികകൾ

ബോക്സുകൾ

ചിത്രങ്ങൾ

അദ്ധ്യായം 1	**കേരള സമ്പദ്‌വ്യവസ്ഥ**	01
1.1	സ്ഥൂല–സാമ്പത്തിക രംഗത്തെ സമീപകാല പ്രവണതകൾ	03
1.2	ജനസംഖ്യാ വിവരണം	13
1.3	ദ്രാരിദ്ര്യ സൂചികകൾ	17
1.4	വികസന ഉദ്യമങ്ങളിൽ ധനകാര്യ സ്ഥാപനങ്ങളുടെ പങ്ക്	21
1.5	സംസ്ഥാനത്തിന്റെ ധനസ്ഥിതി	29
1.6	പദ്ധതി വകയിരുത്തൽ 2019–20	39
അദ്ധ്യായം 2	**വിദ്യാഭ്യാസവും ആരോഗ്യവും: പൊതു ഇടപെടലുകളുടെ വ്യാപ്തി**	41
അദ്ധ്യായം 3	**കൃഷിയും അനുബന്ധ മേഖലകളും**	59
3.1	കൃഷി	61
3.2	സഹകരണം	78
3.3	കന്നുകാലി വികസനം	82
3.4	മത്സ്യബന്ധനം	94
3.5	ജലവിഭവങ്ങൾ	102
3.6	വനം – വന്യജീവി	110
3.7	പരിസ്ഥിതി	115
3.8	ഭക്ഷ്യസുരക്ഷയും പൊതുവിതരണ സമ്പ്രദായവും	124
അദ്ധ്യായം 4	**ഉത്പന്ന നിർമ്മാണ മേഖല**	131
4.1	കേരളത്തിലെ വ്യവസായവത്കരണം	133
4.2	ഉത്പന്ന നിർമ്മാണ മേഖല	139
4.3	പൊതുമേഖലാ സ്ഥാപനങ്ങൾ	143

4.4	സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ	155
4.5	ഭക്ഷ്യ സംസ്കരണം	165
4.6	പരമ്പരാഗത വ്യവസായങ്ങൾ	167
അദ്ധ്യായം 5	**സേവന മേഖല**	**193**
5.1	വിവര സാങ്കേതിക വിദ്യ	195
5.2	ശാസ്ത്ര സേവനങ്ങളും ഗവേഷണവും	209
5.3	വിനോദ സഞ്ചാരം	226
5.4	വിദേശ വ്യാപാരം	236
5.5	പൊതുസേവനങ്ങൾ	246
5.6	ജനങ്ങളിലേക്ക്	252
അദ്ധ്യായം 6	**മാനവ വികസനം**	**255**
6.1	വിദ്യാഭ്യാസം	257
6.2	വൈദ്യ ശുശ്രൂഷയും പൊതുജനാരോഗ്യവും	280
6.3	ജനസംഖ്യ ഘടനയിലുള്ള മാറ്റങ്ങൾ	299
അദ്ധ്യായം 7	**തൊഴിൽ, തൊഴിൽ സാധ്യതകൾ**	**307**
7.1	തൊഴിലും തൊഴിലാളി ക്ഷേമവും	309
7.2	തൊഴിൽ സാധ്യതകൾ	320
7.3	നൈപുണ്യ വികസനം	331
അദ്ധ്യായം 8	**സാമൂഹിക ഉൾച്ചേർക്കൽ – ഉദ്യമങ്ങൾ**	**337**
8.1	ലിംഗ പദവിയും വികസനവും	339
8.2	പട്ടികജാതി, പട്ടികവർഗ്ഗം, മറ്റു പിന്നാക്ക വിഭാഗം, ന്യൂനപക്ഷങ്ങൾ, മുന്നാക്ക സമുദായം എന്നിവരുടെ ക്ഷേമം	355
8.3	സാമൂഹ്യ സുരക്ഷാ നടപടികൾ	372
അദ്ധ്യായം 9	**കല, സംസ്കാരം, കായികരംഗം**	**389**
9.1	കലയും സംസ്കാരവും	391
9.2	കായിക രംഗവും യുവജനകാര്യങ്ങളും	397
അദ്ധ്യായം 10	**പ്രവാസി മലയാളികൾ**	**405**
അദ്ധ്യായം 11	**പശ്ചാത്തല സൗകര്യം**	**415**
11.1	ഗതാഗതം	417
11.2	ഊർജ്ജം	458
11.3	വാർത്താവിനിമയം	484
11.4	കുടിവെള്ളം	488
11.5	ഭവന നിർമ്മാണം	495
11.6	നവകേരള നിർമ്മാണം	502
11.7	കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി ബോർഡ് (കിഫ്ബി)	513
അദ്ധ്യായം 12	**പ്രാദേശിക സർക്കാരുകളും വികേന്ദ്രീകൃത ആസൂത്രണവും**	**517**
	ശബ്ദാവലി	**547**
	ചുരുക്കപ്പേരുകൾ	**551**

കേരളം ഒറ്റനോട്ടത്തിൽ

ത്വരിത കണക്കിൽ മൊത്ത സംസ്ഥാന ആഭ്യന്തരോൽപ്പന്നം (ജി.എസ്.ഡി.പി) 2011-12ലെ സ്ഥിര വിലയിൽ 2017-18 ലെ താല്ക്കാലിക കണക്കനുസ്സരിച്ചുള്ള വളർച്ചാ നിരക്ക് 2017-18 (പി) ലെ 7.3 ശതമാനവുമായി താരതമ്യപ്പെടുത്തുമ്പോൾ 2018-19 (ക്യു) ൽ 7.5 ശതമാനമാണ്. നടപ്പുവിലയിൽ മൊത്ത സംസ്ഥാന ആഭ്യന്തരഉല്പന്നം 2017-18 (പി) ൽ 10.5 ശതമാനമാനത്തിൽ നിന്ന് 11.4 ശതമാനം വളർച്ചയോടെ 2018-19 (ക്യു) ൽ വർദ്ധിച്ചു. അടിസ്ഥാന വിലയിൽ (സ്ഥിരവില: 2011-12) മൊത്ത സംസ്ഥാന മൂല്യവർദ്ധനവിന്റെ (ജിഎസ്‌വിഎ) വളർച്ചാ നിരക്ക് 2018-19 (ക്യു) ൽ 7.5 ശതമാനമായിരുന്നു, ഇത് 2017-18 (പി) ലെ 6.8 ശതമാനത്തിന്റെ വളർച്ചയേക്കാൾ കൂടുതലാണ്. നിലവിലെ വിലയിൽ, ജിഎസ്‌വിഎയുടെ വളർച്ച 2018-19 (ക്യു) ൽ 10.5 ശതമാനമായിരുന്നു, 2017-18ൽ (പി) 11.1 ശതമാനമായിരുന്നു.

ത്വരിത കണക്കുകൾ പ്രകാരം 2018-19 ൽ സംസ്ഥാന പ്രതിശീർഷ ആഭ്യന്തരോൽപ്പന്നം (2011-12) സ്ഥിര വിലയിൽ 1,61,374 രൂപയാണ്. 2017-18 ലെ താത്കാലിക കണക്കുപ്രകാരം ഇത് 1,50,922 രൂപയായിരുന്നു. 2018-19 ൽ 6.9 ശതമാനം വളർച്ചയുണ്ടായി. നടപ്പുവിലയിൽ സംസ്ഥാന പ്രതിശീർഷ വരുമാനം 2017-18 ൽ 2,03,396 ആയിരുന്നത് 2018-19 ൽ 10.9 ശതമാനം വളർച്ച കൈവരിച്ച് 2,25,484 രൂപയായി.

ത്വരിത കണക്കനുസരിച്ച് 2018-19 ൽ കേരളത്തിലെ പ്രതിശീർഷ വരുമാനം 1,48,078 രൂപയായിരുന്നു. അനുബന്ധ ദേശീയ ശരാശരി (2018-19ൽ) 93,655 രൂപയായിരുന്നു. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, കേരളത്തിലെ ഒരു വ്യക്തിയുടെ ശരാശരി വരുമാനം 2018-19 ലെ ഇന്ത്യൻ ശരാശരിയുടെ ഏകദേശം 1.6 ഇരട്ടിയാണ്.

സംസ്ഥാനം നിരവധി തിരിച്ചടികൾ നേരിട്ടിട്ടും ദേശീയ സമ്പദ്‌വ്യവസ്ഥയിൽ മാന്ദ്യത്തിന്റെ സൂചനകൾ വളർന്നിട്ടും, 2016-17 മുതൽ 2018-19 വരെയുള്ള കാലയളവിൽ കേരളത്തിന്റെ ജിഎസ്‌വിഎ താരതമ്യേന വേഗത്തിൽ വളർന്നു. മത്സ്യബന്ധനം, അക്വാകൾച്ചർ, ഉൽപ്പാദനം, വ്യാപാരം, ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ, സാമൂഹിക സേവനങ്ങൾ പ്രധാനമായും വിദ്യാഭ്യാസം, ആരോഗ്യം, പൊതു സേവനങ്ങൾ, പ്രൊഫഷണൽ സേവനങ്ങൾ എന്നിവയാണ് ഈ അതിവേഗ വളർച്ചയ്ക്ക് കാരണമായ മേഖലകൾ.

2018–19 ൽ (2011–12 സ്ഥിരവിലയിൽ) സംസ്ഥാന ആഭ്യന്തരോത്പാദനത്തിൽ പ്രാഥമിക, ദ്വിതീയ, ത്രിതീയ മേഖലകളുടെ വിഹിതം യഥാക്രമം 9.3 ശതമാനം, 28.1 ശതമാനം, 62.6 ശതമാനവുമാണ്. നടപ്പുവിലയിൽ മൊത്ത സംസ്ഥാന ആഭ്യന്തരോല്പാദനത്തിൽ ഈ മൂന്ന് മേഖലകളുടെയും വിഹിതം യഥാക്രമം 11.11 ശതമാനം, 25.2 ശതമാനം, 63.7 ശതമാനം എന്ന നിലയിൽ ആണ്.

മൊത്ത സംസ്ഥാന വരുമാനത്തിന്റെ മേഖല വാർഷിക വളർച്ചയുടെ വിശകലനത്തിൽ സ്ഥിരവിലയിൽ (2011–12) ഏറ്റവും ഉയർന്ന 8.8 ശതമാനം വളർച്ചാ നിരക്ക് 2018–19–ൽ ദ്വിതീയ മേഖല കൈവരിച്ചതായി കാണാവുന്നതാണ്. പുറകിലായി ത്രിതീയ മേഖല 8.4 ശതമാനം വളർച്ച കാണിക്കുന്നു. പക്ഷെ പ്രാഥമിക മേഖലയുടെ വളർച്ച 2017–18 ൽ 2.7 ശതമാനം ആയിരുന്നത് 2018–19 ൽ –1.43 ശതമാനം ആകുകയും അത്തരത്തിൽ വളർച്ചയിൽ ഇടിവ് ഉണ്ടായതായും കാണുന്നു. നടപ്പുവിലയിൽ 2018–19 ൽ ത്രിതീയ മേഖലയുടെ വളർച്ചാനിരക്ക് 12.4 ശതമാനവും ദ്വിതീയ മേഖലയുടേത് 11.4 ശതമാനവുമാണ്. പ്രാഥമിക മേഖലയുടെ വളർച്ചയിൽ 0.6 ശതമാനം രേഖപ്പെടുത്തിയിട്ടുള്ളതായി കാണുന്നു.

കാർഷിക മേഖലയിൽ 2017–18 ൽ 1.7 ശതമാനം വളർച്ച രേഖപ്പെടുത്തിയെങ്കിലും 2018–19 ൽ (–)0.5 ശതമാനമായി വളർച്ചാനിരക്ക് കുറഞ്ഞു. 2018–19 ൽ കേരളത്തിന്റെ ആകെ കൃഷി വിസ്തൃതിയുടെ 62.1 ശതമാനം നാണ്യവിളകളും (കശുമാവ്, റബ്ബർ, കുരുമുളക്, തെങ്ങ്, ഏലം, തേയില, കാപ്പി) 10.15 ശതമാനം ഭക്ഷ്യവിളകളും (നെല്ല്, കപ്പ, പയറുവർഗ്ഗങ്ങൾ) ആണ്. റബ്ബർ, കോഫി, ചായ, ഏലം തുടങ്ങിയ വിളകളുടെ വിസ്തൃതി, മൊത്തം കൃഷി വിസ്തൃതിയുടെ 27.7 ശതമാനമാണ്.

കാർഷിക മേഖല മെച്ചപ്പെടുത്തുന്നതിനായി 2019–20 ൽ കൃഷിവകുപ്പ് ഏറ്റെടുത്തിട്ടുള്ള പ്രധാന പ്രവർത്തനങ്ങളിൽ നെൽകൃഷി വികസനത്തിനും പച്ചക്കറി ഉല്പാദനം വർദ്ധിപ്പിച്ച് സ്വയം പര്യാപ്തത കൈവരിക്കുന്നതിനുമായി സംയോജിത രീതിയിലുള്ള ഭക്ഷ്യവിളകളുടെ ഉല്പാദന പരിപാടികൾ, കേര ഗ്രാമം പരിപാടിയിലൂടെ നാളികേരമേഖലയുടെ സമഗ്രവികസനം ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉല്പാദനവും, വിതരണവും, ജനപങ്കാളിത്തത്തോടെയുള്ള സമഗ്ര തരിശുനിലകൃഷി, നിലവിലുള്ള ലാബുകളുടെ ആധുനീകവത്ക്കരണവും പുതിയ ലാബുകൾ സ്ഥാപിക്കലും, വിപണനത്തിനായുള്ള സ്ഥാപന സംവിധാനം വിജ്ഞാനവ്യാപനം ശക്തിപ്പെടുത്തൽ, ആത്മ പ്ലസ് മാതൃകയിലുള്ള വിജ്ഞാന വ്യാപനം, സുഗന്ധ വിളകളുടെ പുനരുജ്ജീവനം, കീടരോഗ നിരീക്ഷണം ഉൾപ്പെടുന്ന വിള ആരോഗ്യ പരിപാലനം, ജൈവ കൃഷിയും പ്രോത്സാഹനവും, സുരക്ഷിതവും ഭക്ഷ്യയോഗ്യവുമായ ഭക്ഷ്യ ഉല്പാദനം, വിള ഇൻഷ്വറൻസ്, മെച്ചപ്പെട്ട സേവന വിതരണത്തിനായി കാർഷിക സേവന കേന്ദ്രങ്ങൾ സ്ഥാപിക്കുകയും നിലവിലുള്ളവ ശക്തിപ്പെടുത്തലും, കുരുമുളകിന്റെ പുനരുജ്ജീവനം, വയനാട് ജില്ലയിൽ കാർഷിക പ്രതിസന്ധി നേരിടുന്നതിനായി പ്രത്യേക പദ്ധതികൾ എന്നിവ ഉൾപ്പെടുത്തിയിരിക്കുന്നു.

ഇരുപതാമത് കന്നുകാലി കണക്കെടുപ്പ് (2019) പ്രകാരം സംസ്ഥാനത്തെ കന്നുകാലികളുടെ എണ്ണം 38.36 ലക്ഷമാണ്. കഴിഞ്ഞ കന്നുകാലി കണക്കെടുപ്പുമായി (2012) താരതമ്യം ചെയ്യുമ്പോൾ 1.34 ശതമാനം കുറവാണ്. വളർത്തുനായ, മുയൽ, കുരങ്ങ്, ആന എന്നിവ ഉൾപ്പെടുന്ന മറ്റുള്ളവ എന്ന ഇനത്തിലുണ്ടായ കുറവാണ് (14.69 ശതമാനം) ഇതിനു കാരണം. ഇരുപതാമത് കന്നുകാലി കണക്കെടുപ്പ് (2019) പ്രകാരം കേരളത്തിലെ വളർത്തു പക്ഷികളുടെ എണ്ണം 298.18 ലക്ഷം ആണ്. ഇത് രാജ്യത്തെ മൊത്തം വളർത്തുപക്ഷികളുടെ എണ്ണത്തിന്റെ 3.5 ശതമാനമാണ്. ഇതു് കഴിഞ്ഞ കണക്കെടുപ്പിനേക്കാൾ (2012) 25 ശതമാനം വർദ്ധനവ് രേഖപ്പെടുത്തുന്നു. ഈ വർദ്ധനവ് ദേശീയ വർദ്ധനവി (16.81 ശതമാനം) നേക്കാൾ കൂടുതലാണ്. രാജ്യത്തെ വളർത്തു പക്ഷികളുടെ എണ്ണത്തിൽ കേരളത്തിന് ഒൻപതാം സ്ഥാനമാണുള്ളത്.

2019 ഫോറസ്റ്റ് സർവ്വെ ഓഫ് ഇന്ത്യയുടെ 'ഇന്ത്യ സ്റ്റേറ്റ് ഓഫ് ഫോറെസ്റ്റ് റിപ്പോർട്ട്' കണക്ക് പ്രകാരം സംസ്ഥാനത്തിൽ 823 ച.കി.മീ വർദ്ധനവ് വനമേഖലയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഫോറസ്റ്റ് സർവ്വെ ഓഫ് ഇന്ത്യയുടെ കണക്ക് പ്രകാരം, തോട്ടങ്ങൾ ഉൾപ്പെടെയുള്ള വനമേഖല യുടെ വിസ്തൃതി 21,144 ച.കി.മീ ആണ്. സംസ്ഥാനത്തിന്റെ മൊത്തം ഭൂവിസ്തൃതിയുടെ 54.42 ശതമാനമാണിത്. 2017 ഫോറസ്റ്റ് സർവ്വെ ഓഫ് ഇന്ത്യയുടെ കണക്ക് പ്രകാരം സംസ്ഥാനത്തിന്റെ വനമേഖലയുടെ വിസ്തൃതി 20,321 ച.കി.മീ ആയിരുന്നു.

ഇക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ സംസ്ഥാനത്തെ മൊത്തം മൂല്യ വർദ്ധനവിന്റെ ത്വരിത ഗതിയിലുള്ള കണക്കനുസരിച്ച്, കേരളത്തിലെ ഉൽപ്പന്ന നിർമ്മാണ മേഖല സ്ഥിര വിലയിൽ (2011–12) മുൻ വർഷത്തെ 3.7 ശതമാനം വളർച്ചയെ അപേക്ഷിച്ച് 2018–19 ൽ 11.2 ശതമാനം വളർച്ച രേഖപ്പെടുത്തിയിട്ടുണ്ട്. 2018–19 ൽ മൊത്തം മൂല്യ വർദ്ധനവിൽ കേരളത്തിലെ ഉൽപ്പന്ന നിർമ്മാണ മേഖലയുടെ വിഹിതം സ്ഥിര വിലയിലും, നടപ്പു വിലയിലും യഥാക്രമം 13.2 ശതമാനവും 10.8 ശതമാനവും വീതമാണ്. വ്യവസായ വകുപ്പിനു കീഴിലുള്ള സംസ്ഥാന പൊതുമേഖല സ്ഥാപനങ്ങളുടെ ആകെ വിറ്റ് വരവ് 3,442.74 കോടി രൂപയാണ്. ഇതു 2017–18 നെ അപേക്ഷിച്ച് 17.9 ശതമാനം വർദ്ധനവാകുന്നു. പൊതുമേഖലാ സ്ഥാപനങ്ങളുടെ വികസനത്തിനും പുനരുദ്ധാരണത്തിനും ഗവൺമെന്റ് പ്രതിജ്ഞബദ്ധരാണ്. പൊതുമേഖലാ സ്ഥാപനങ്ങളുടെ പൊതുവായ പ്രവർത്തനങ്ങളെ നിരീക്ഷിക്കുന്നതിലേക്ക് പ്രൊഫഷണൽ മാനേജർമാരെ നിയമിക്കും. സുതാര്യമായ രീതിയിൽ ഉന്നതതലത്തിലുള്ള മാനേജർമാരുടെ ഒരു കേഡർ തിരഞ്ഞെടുക്കുന്നതിനായി പബ്ലിക്, എന്റർപ്രൈസസ് സെലക്ഷൻ ബോർഡിന് രൂപം നൽകി. വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടറേറ്റിന്റെ കണക്കനുസരിച്ച് സംസ്ഥാനത്തിൽ 2018–19 ൽ പുതിയ 13,826 എംഎസ്എംഇ യൂണിറ്റുകൾ തുടങ്ങുകയും, ആകെ നിക്ഷേപം 1,321.94 കോടി രൂപയും, 49,068 തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. പ്രളയബാധിത എംഎസ്എംഇകൾ പുനർനിർമ്മിക്കാനുള്ള സഹായം, പ്രളയം ബാധിച്ച സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭക യൂണിറ്റുകൾക്കുള്ള പലിശ ധനസഹായം എന്നീ രണ്ടു പുതിയ പദ്ധതികൾ 2019–20 ൽ ആരംഭിച്ചു.

ഐടി രംഗത്ത് സംസ്ഥാനം കാര്യമായ മുന്നേറ്റം നടത്തി. കേരളത്തിന്റെ ഇന്റർനെറ്റ് പെനിട്രേഷൻ നിരക്ക് 54 ശതമാനമാണ്. ഇതു രാജ്യത്തെ രണ്ടാമത്തെ ഉയർന്ന നിരക്കാണ്. ഇന്റർനെറ്റ് ആക്സസ്സ് അവകാശമാക്കി മാറ്റുന്ന ആദ്യത്തെ സംസ്ഥാനമാണ് കേരളം. ഇ – പ്രൊക്യൂർമെന്റ് പ്രോജക്ടിനായി സ്കോച്ച് അവാർഡ് 2019, സമഗ്രമായ വെബ് – മൊബൈൽ അധിഷ്ഠിത സേവനങ്ങൾ അതിന്റെ പൗരൻമാർക്ക് പരിധികളില്ലാതെ നൽകിയതിനായി ഡിജിറ്റൽ ഇന്ത്യ അവാർഡ് 2019, കേരളത്തിലെ വെള്ളപ്പൊക്ക നാശനഷ്ട സർവ്വെ പ്രക്രിയയെ ഏകോപിപ്പിച്ചു പ്രവർത്തിച്ചതിന് ടെക് സഭാ അവാർഡ് 2019, കെ.ഫൈ ഡിജിറ്റൽ ഇൻഫ്രാ, കേരള സ്റ്റേറ്റ് പോർട്ടൽ, എം കേരളം, മൊബൈൽ ആപ്ലിക്കേഷൻ, സെൻട്രലൈസ്ഡ് പ്രക്യുയർമെന്റ് റേറ്റ് കോൺട്രാക്ട് സംവിധാനം – കേരളം എന്നീ പദ്ധതികൾക്കായി ഗവേൺസ് നൗ ഡിജിറ്റൽ ട്രാൻസ്ഫോർമേഷൻ അവാർഡ് 2019 തുടങ്ങിയ അവാർഡുകളും അംഗീകാരങ്ങളും സംസ്ഥാനം നേടുകയുണ്ടായി. സംസ്ഥാനത്ത് സ്റ്റാർട്ടപ്പ് ഇക്കോസിസ്റ്റം വളരെ പ്രതീക്ഷ നൽകുന്നതാണ്. ഡിപാർട്ട്മെന്റ് ഫോർ പ്രൊമോഷൻ ഓഫ് ഇന്ഡസ്ട്രി ആൻഡ് ഇന്റെർണൽ ട്രേഡ് (ഡി പി ഐ ഐ ടി) ന്റെ സ്റ്റേറ്റ് സ്റ്റാർട്ട്പ് റാങ്കിംഗിൽ ഏറ്റവും മികച്ച പ്രകടനം കാഴ്ചവച്ച സംസ്ഥാനമായി കേരളം സ്ഥാനം നേടി.

2018 ൽ മൊത്തം 1.67 കോടി വിനോദ സഞ്ചാരികൾ (വിദേശ, ആഭ്യന്തര) സംസ്ഥാനം സന്ദർശിച്ചു. മുൻ വർഷത്തെ അപേക്ഷിച്ച് 5.93 ശതമാനം വർദ്ധനവാണ് സൂചിപ്പിക്കുന്നത്. 2018 ലെ വെള്ളപ്പൊക്കത്തിനുശേഷം ഈ മേഖല അതിവേഗം തിരിച്ചുവന്നതായി ഇത് തെളിയിക്കുന്നു. 2017 നെ അപേക്ഷിച്ച്, 2018 ൽ വിദേശ വിനോദ സഞ്ചാരികളുടെ എണ്ണത്തിൽ 0.42 ശതമാനവും ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണത്തിൽ 6.35 ശതമാനവും വർദ്ധനവുണ്ടായി. 2018 ൽ വിനോദ സഞ്ചാര വ്യവസായത്തിൽ നിന്നുമുള്ള മൊത്തം വരുമാനത്തിൽ 8.60 ശതമാനം വർദ്ധനയുണ്ടായി.

നീതി ആയോഗിന്റെ സ്കൂൾ വിദ്യാഭ്യാസ ഗുണനിലവാര സൂചിക (എസ്.ഇ.ക്യു.ഐ) പ്രകാരം കേരളം 82.17 ശതമാനം സ്കോർ നേടി മികച്ച പ്രകടനം കാഴ്ചവയ്ക്കുകയും ഒന്നാം സ്ഥാനം നേടുകയും ചെയ്തു. റിപ്പോർട്ട് അനുസരിച്ച്, പ്രാഥമിക വിദ്യാഭ്യാസത്തിൽ നിന്ന് ദ്വിതീയ വിദ്യാഭ്യാസത്തിലേക്കുള്ള കുട്ടികളുടെ പരിവർത്തനം സംസ്ഥാനത്ത് 100 ശതമാനമാണ്. അതു പോലെതന്നെ 95.4 ശതമാനത്തോടെ ഇൻക്ലൂസീവ് വിദ്യാഭ്യാസത്തിന്റെ കാര്യത്തിലും കേരളം മുൻപന്തിയിൽ നിൽക്കുന്നു. സംസ്ഥാനത്ത് സർക്കാർ സ്കൂളുകളിൽ പ്രവേശനം നേടുന്ന കുട്ടികളുടെ എണ്ണത്തിൽ കാര്യമായ വർദ്ധനവ് കാണുന്നുണ്ട്. 2018–19 ൽ 37.03 ലക്ഷത്തിൽ നിന്ന് 2019–20 ൽ 37.17 ലക്ഷമായി കൂടി. സ്കൂളുകളിൽ ഹൈടെക് സ്കൂൾ പദ്ധതികൾ വിജയകരമായി നടപ്പാക്കി.

ആരോഗ്യമേഖല കഴിഞ്ഞ കുറച്ച് വർഷങ്ങളായി കാര്യമായ മാറ്റത്തിന് സാക്ഷ്യം വഹിച്ചു. സംസ്ഥാനങ്ങളുടെ വളർച്ചയെ അപഗ്രഥിച്ചുകൊണ്ടുള്ള നീതി ആയോഗിന്റെ ആരോഗ്യഫല സൂചിക റിപ്പോർട്ട് 2019 പ്രകാരം സമഗ്ര മികവിൽ കേരളം ഒന്നാം സ്ഥാനത്താണ്. 74.01 ആണ് കേരളത്തിന്റെ റാങ്കിംഗ് നില. 2.58 കോടി ഗ്രാമീണ ജനതയുടെ ഡാറ്റാ ബേസ് ശേഖരിച്ച് ഇലക്ട്രോണിക് രേഖകളായി സംഭരിച്ച രാജ്യത്തെ ഏക സംസ്ഥാനമാണ് കേരളം.

നൈപുണ്യവികസനം സർക്കാർ മുൻഗണന നൽകുന്ന മേഖലയാണ്. വ്യവസായ പരിശീലന വകുപ്പ്, കുടുംബശ്രീ, പഞ്ചായത്ത് വകുപ്പ് എന്നിവയുടെ സഹകരണത്തോടെ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ്(കേയ്സ്) തയ്യാറാക്കിയ ഒരു മൊബൈൽ ആപ്ലിക്കേഷനാണ് സ്കിൽ രജിസ്ട്രി. ഈ ആപ്ലിക്കേഷൻ വഴി ദൈനംദിന ഗാർഹിക-വ്യാവസായിക ആവശ്യങ്ങൾക്ക് തൊഴിലാളികളെ കണ്ടെത്താനും ഒപ്പം തൊഴിൽ നേടാനും സാധിക്കുന്നു. ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ സഹായത്തോടെ പുതുതലമുറയിൽ സംരംഭകത്വം വളർത്തുന്നതിനായി എല്ലാ ഐ.റ്റി.ഐ കളിലും ഇഡി ക്ലബുകൾ സ്ഥാപിക്കുകയും, ഈ ക്ലബ്ബുകൾ യുവാക്കളുടെ നൈപുണ്യവും, സാങ്കേതികകളും വളർത്തുന്നതിനുള്ള ഒരു വഴികാട്ടിയായി നിലകൊള്ളുകയും ചെയ്യുന്നു. 10 ഐ.റ്റി.ഐ കളെ രാജ്യാന്തര നിലവാരത്തിലേക്ക് ഉയർത്തുന്നതിനുള്ള നടപടികൾ തുടങ്ങിക്കഴിഞ്ഞു.

പ്രകൃതിദുരന്തങ്ങളെ നേരിടാൻ യുവജന സന്നദ്ധ പ്രവർത്തകരെ സജ്ജമാക്കുകയെന്ന ലക്ഷ്യത്തോടെ രൂപീകരിച്ച ഒരു സന്നദ്ധ സേനയാണ് കേരള വോളണ്ടിയർ യൂത്ത് ആക്ഷൻ ഫോഴ്സ്. 2018 ലും 2019 ലും നമ്മുടെ സംസ്ഥാനം ചരിത്രത്തിൽ അഭൂതപൂർവമായ വെള്ളപ്പൊക്കത്തിന് സാക്ഷ്യം വഹിച്ചു. ഈ പ്രതികൂല സമയങ്ങളിൽ യുവാക്കളുടെ ശക്തി പ്രകടമാക്കി. ഇത് സംസ്ഥാനത്തെ കേരള വോളണ്ടിയർ യൂത്ത് ആക്ഷൻ ഫോഴ്സ് (കെ. വി.വൈ.എ എഫ്) എന്ന ആശയത്തിന് വഴിയൊരുക്കുകയുണ്ടായി. ഇതിനകം 2,000 യുവാക്കൾക്ക് പരിശീലനം നൽകുകയും 14 ജില്ലകളിൽ ഒരു സന്നദ്ധസേനയെ രൂപീകരിക്കുകയും ചെയ്തു. കേരള വോളണ്ടറി യൂത്ത് ആക്ഷൻ ഫോഴ്സിന്റെ ആഭിമുഖ്യത്തിൽ 14 ജില്ലകളിൽ കളക്ഷൻ സെന്ററുകൾ സ്ഥാപിക്കാനും ദുരന്തബാധിതർക്ക് അവശ്യവസ്തുക്കൾ നൽകാനും കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന് കഴിഞ്ഞിട്ടുണ്ട്.

സമയബന്ധിതമായി പദ്ധതി രൂപീകരണ പ്രക്രിയ പൂർത്തിയാക്കിയതിനാൽ പ്രാദേശിക സർക്കാരുകൾക്കു ആസൂത്രണ പ്രക്രിയ കാര്യക്ഷമമാക്കാൻ സാധിച്ചു. 2019-20 ൽ വാർഷിക പദ്ധതി രൂപീകരണ പ്രക്രിയ 2018 ഡിസംബറിൽ പൂർത്തിയാക്കുകയുണ്ടായി. അതിനാൽ പദ്ധതി നിർവഹണത്തിനായി സമയം ലഭിക്കുകയുണ്ടായി. പ്രാദേശിക സർക്കാരുകളുടെ പദ്ധതികളുടെ ഗുണമേൻമ വർദ്ധിപ്പിക്കുന്നതിനായി എല്ലാ ജില്ലകളിലും ജില്ലാ റിസോഴ്സ് സെന്ററുകൾ രൂപീകരിച്ചു. പതിമൂന്നാം പദ്ധതി മുതൽ പദ്ധതി നിർവഹണത്തിത്തിലെ സുതാര്യത ഉറപ്പാക്കുന്നതിനായി മരാമത്ത് പ്രവർത്തികൾ നിർവഹണം നടത്തുമ്പോൾ ഗുണഭോക്തൃ സമിതി വഴി ഏറ്റെടുക്കുന്നതിനു പകരം ഇ-ടെണ്ടറിംഗിനെ പ്രോത്സാഹിപ്പിക്കുന്നതിന് പ്രാധാന്യം നൽകുകയുണ്ടായി. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് 2017-18 ൽ 239.60 കോടി രൂപയും 2018-19 ൽ 212.23 കോടി രൂപയും ടെണ്ടർ സേവിംഗ്സ് ഇനത്തിൽ ഗണ്യമായ വർദ്ധനവ് ലഭ്യമായിട്ടുണ്ട്. ദുരന്തങ്ങളുടെ ആഘാതങ്ങൾ ലഘൂകരിക്കുവാനും, പ്രാദേശിക സർക്കാരുകളുടെ ദുരന്ത തയ്യാറെടുപ്പ് കാര്യക്ഷമമാക്കാനും, രാജ്യത്തിൽ തന്നെ ആദ്യമായി സംസ്ഥാന സർക്കാർ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളോടും പ്രാദേശിക ദുരന്ത നിവാരണ പദ്ധതി രൂപീകരിക്കാൻ നിർദ്ദേശം നൽകിയിരിക്കുകയാണ്. തദ്ദേശഭരണ സ്ഥാപനങ്ങൾ അവരുടെ ദുരന്ത നിവാരണ പദ്ധതികൾ 2020 ജനുവരി-മാർച്ച് കാലയളവിൽ തയ്യാറാക്കേണ്ടതും 2020-21 ലെ വാർഷിക പദ്ധതിയുമായി സംയോജിപ്പിക്കേണ്ടതുമാണ്.

പ്രളയസമയത്ത് കെഎസ്ഇബിഎൽ ആരംഭിച്ച 'മിഷൻ റീകണക്ട് 2018' ൽ ഉൾപ്പെടുത്തി 16,158 വിതരണ ട്രാൻസ്ഫോർമറുകളുടെ അറ്റകുറ്റപ്പണികൾ, 1735 വിതരണ ട്രാൻസ്ഫോർമർ സ്റ്റേഷനുകളുടെ പുനർനിർമ്മാണം, 25.60 ലക്ഷം സേവന കണക്ഷനുകളുടെ പുനഃസ്ഥാപനം, ഒരു ലക്ഷം കേടായ വിളക്കുകാലുകൾ ഉൾപ്പെടെ 5275.80 കിലോമീറ്റർ വിതരണ ലൈനുകളുടെ പുനർനിർമ്മാണം, വെള്ളത്തിൽ മുങ്ങിയതിനാൽ കേടുപാടുകൾ പറ്റിയ മൂന്ന് ലക്ഷം സിംഗിൾ ഫേസ് എനർജി മീറ്ററുകളും അമ്പതിനായിരം മൂന്ന് ഫേസ് എനർജി മീറ്ററുകളും മാറ്റി സ്ഥാപിക്കൽ,

21 ദിവസം മഴയിൽ മുങ്ങി കേടുപറ്റിയ സിംഗിൾ പോയിന്റ് കണക്ഷനുകളുടെ ഇൻസ്റ്റലേഷൻ ശരിയാക്കൽ തുടങ്ങിയ പ്രവർത്തികൾ ചെയ്തു.

സംസ്ഥാനം തുടർച്ചയായി 2018, 2019 വർഷങ്ങളിൽ പ്രളയ ഉരുൾപൊട്ടൽ ദുരന്തങ്ങൾ അഭിമുഖീകരിച്ചു. 2019 ആഗസ്റ്റ് മാസത്തിൽ സാധാരണ ലഭിക്കേണ്ട 426.7 മില്ലി മീറ്റർ മഴയേക്കാൾ 123 ശതമാനം അധികമായി മഴ ലഭിച്ചു (951.4 മില്ലീമീറ്റർ). ബംഗാൾ ഉൾക്കടലിൽ രൂപം കൊണ്ട ന്യൂന മർദ്ദവും തുടർന്നുണ്ടായ ശക്തമായ മൺസൂൺ കാറ്റുമാണ് ഇതിന് കാരണം. 2019-ലെ വിനാശകരമായ പ്രളയവും ഉരുൾ പൊട്ടലും സംസ്ഥാനത്തെ 1,030 ഗ്രാമങ്ങളെ ബാധിച്ചു. സംസ്ഥാനത്തെ 1,967 വീടുകൾ പൂർണമായും, 19,297 വീടുകൾക്ക് വളരെയധികം കേടുപാടുകളും, 2.16 ലക്ഷം വീടുകൾക്ക് (പ്രളയം ബാധിച്ചതും വൃത്തിയാക്കിയതുമായ) ഭാഗികമായ നാശങ്ങളും വരുത്തി. 3,900.17 കിലോമീറ്റർ റോഡുകൾ, 95 പാലങ്ങൾ, 91 സ്കൂൾ കെട്ടിടങ്ങൾ, 61 പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ, 283 അംഗനവാടികൾ എന്നിവയ്ക്ക് നാശനഷ്ടങ്ങൾ വരുത്തി.

പ്രകൃതിദുരന്ത പ്രതിരോധശേഷിയുള്ള ഹരിതാഭമായ കേരളം കെട്ടിപ്പടുക്കുന്നതിനായി സംസ്ഥാന സർക്കാർ ആരംഭിച്ചതാണ് കേരള പുനർ നിർമ്മാണം (ആർ.കെ.ഐ). സംസ്ഥാനത്തിന്റെ ഫലപ്രദവും കാര്യക്ഷമവുമായ പുനർനിർമ്മാണത്തിനായി മേഖല അടിസ്ഥാനത്തിലും ക്രോസ്സ് കട്ടിംഗ് സമീപനത്തോടുകൂടിയുള്ള നയരൂപീകരണം, സ്ഥാപന ക്രമീകരണങ്ങൾ, മുൻഗണനാ പ്രോജക്ടുകൾ തുടങ്ങിയവ വിഭാവനം ചെയ്യുന്ന ഒരു സമഗ്ര കേരള പുനർനിർമ്മാണ വികസന പരിപാടി (ആർ.കെ.ഡി.പി) തയ്യാറാക്കിയിട്ടുണ്ട്. സംയോജിത ജലവിഭവ മാനേജ്മെൻറ്, ജലവിതരണം, ശുചിത്വം, വികസനം, റോഡുകളും പാലങ്ങളും, ഗതാഗതം, വനവൽക്കരണം, കൃഷി, മൃഗസംരക്ഷണവും ക്ഷീരവികസനവും, ഫിഷറീസ്, ഉപജീവനമാർഗങ്ങൾ, ഭൂമി എന്നിവയാണ് ഈ പരിപാടിയിൽ ഊന്നൽ നൽകുന്ന പ്രധാന മേഖലകൾ.

പ്രകൃതിദുരന്തങ്ങളിലൂടെയും വിഭവ പരിമിതികളിലൂടെയും നേരിടുന്ന വെല്ലുവിളികൾക്കിടയിലും സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയെ പ്രോത്സാഹിപ്പിക്കുന്നതിനും സാമൂഹികവും സാമ്പത്തികവുമായ വികസനം പ്രോത്സാഹിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ സംസ്ഥാന സർക്കാർ നടത്തി വരുന്നു.

കേരളത്തിന്റെ സാമൂഹിക-സാമ്പത്തിക സൂചികകൾ - ദ്രുതവീക്ഷണം

ക്രമ നമ്പർ	ഇനം	യൂണിറ്റ്	1960-61	1970-71	1980-81	1990-91	2000-01	2010-11	2016-17	2017-18	2018-19
1	ഭൂവിസ്തൃതി	ച. കി.മി	38856.7	38864	38863	38863	38863	38863	38863	38863	38863
ഭരണരംഗം											
2	റവന്യൂ ഡിവിഷനുകൾ	എണ്ണം.						21	21	21	21
3	ജില്ലകൾ	എണ്ണം.	9	10	12	14	14	14	14	14	14
4	താലൂക്കുകൾ	എണ്ണം.	55	56	58	61	63	63	75	75	75
5	വില്ലേജുകൾ	എണ്ണം.		1326	1331	1364	1452	1532	1664	1664	1664
6	ടൗണുകൾ	എണ്ണം.	92	88	106	197	159	520	520	520	520
സെൻസസ് അനുസരിച്ചുള്ള ജനസംഖ്യ			1951	1961	1971	1981	1991	2001			2011
7	ആകെ	(ആയിരത്തിൽ)	13549	16904	21347	25454	29099	31844			33406
8	പുരുഷന്മാർ	(ആയിരത്തിൽ)		8362	10588	12609	14289	15469			16027
9	സ്ത്രീകൾ	(ആയിരത്തിൽ)		8542	10760	12885	14810	16373			17379
10	ഗ്രാമം	(ആയിരത്തിൽ)		14351	17880	20682	21618	23574			17471
11	നഗരം	(ആയിരത്തിൽ)		2552	3467	4771	7018	8267			15935
12	പട്ടിക ജാതിക്കാർ	(ആയിരത്തിൽ)		1422	2002*	2549	2887	3124			3040
13	പട്ടികവർഗ്ഗക്കാർ	(ആയിരത്തിൽ)		208	193*	261	321	364			485
14	ജനസാന്ദ്രത	ആളുകളുടെഎണ്ണം. "സ്ക്വയർ കി.മി. ന് "		435	549	655	749	819			860
15	സാക്ഷരതാ നിരക്ക്	ശതമാനം		55	60	70	90	90			94
16	സ്ത്രീ പുരുഷാനുപാതം	1000 പുരുഷന്മാർക്ക് സ്ത്രീകൾ		1022	1016	1032	1036	1058			1084
17	നഗര ജനസംഖ്യ	ശതമാനം		15	16	19	24	26			48
സ്ഥിരവിലയിൽ മൊത്ത സംസ്ഥാന ആഭ്യന്തര ഉൽപ്പന്നം			1960-61	1970-71	1980-81	1990-91	2000-01	2009-10	2016-17	2017-18	2018-19
18	സംസ്ഥാനത്തിൻറെ വരുമാനം	രൂപ കോടിയിൽ	462	1255	3823	12195	63715	180812	485301.54	520578.51	559411.96
19	പ്രാഥമികമേഖല (ജി എസ് വി എ)	രൂപ കോടിയിൽ	241	653	1682	4756	14017	15966	45936.94	47171.30	46495.43
20	ദ്വിതീയ മേഖല (ജി എസ് വി എ)	രൂപ കോടിയിൽ	68	163	841	3171	14017	38249	123289.49	128990.72	140332.64

സ്ഥിരവിലയിൽ മൊത്ത സംസ്ഥാന ആഭ്യന്തര ഉൽപ്പന്നം			1960-61	1970-71	1980-81	1990-91	2000-01	2009-10	2016-17	2017-18	2018-19
21	തൃതീയ മേഖല (ജി എസ് വി എ)	രൂപ കോടിയിൽ	153	439	1300	4268	35680	126597	266144.63	288980.73	313253.12
22	പ്രതിശീർഷ വരുമാനം	രൂപ	276	594	1508	4207	19951	47360	141396	150922	161374
കൃഷി			1960-61	1970-71	1980-81	1990-91	2000-01	2009-10	2016-17	2017-18	2018-19
23	വിളവിറക്കിയ അറ്റ ഭൂവിസ്തൃതി	'000 ഹെക്ടർ	1923	2171	2180	2247	2206	2079	2015	2040	2044
24	"മൊത്തമായി കൃഷിചെയ്ത ഭൂവിസ്തൃതി "	'000 ഹെക്ടർ	2349	2933	2885	3020	3022	2669	2584	2579	2568
25	"മൊത്തമായി ജലസേചനം നടത്തിയ ഭൂവിസ്തൃതി "	'000 ഹെക്ടർ			381	385	460.3	458	497	540	489.111
26	"മൊത്തം ജലസേചനം നടത്തിയ ഭൂവിസ്തൃതി മുതൽ മൊത്തമായി വിളവിറക്കിയ ഭൂവിസ്തൃതി വരെ "	'000 ഹെക്ടർ			13	13	15	18	19	21	19.04
പ്രധാന വിളകൾ കൃഷി ചെയ്ത ഭൂമി			1960-61	1970-71	1980-81	1990-91	2000-01	2012-13	2016-17	2017-18	2018-19
27	"നെല്ല്"	'000 ഹെക്ടർ	779	875	802	559	347	197	171	189	198
28	പയറുവർഗ്ഗങ്ങൾ	'000 ഹെക്ടർ	44	40	34	23		3	2	2	0.95
29	കരിമ്പ്	'000 ഹെക്ടർ	9	8	8	8	3	2	1	0.4	1.01
30	റബ്ബർ	'000 ഹെക്ടർ	133	188	238	384	474	545	540	551	551
31	തേയില	'000 ഹെക്ടർ	40	37	36	35	37	30	30	30	36.47
32	തെങ്ങ്	'000 ഹെക്ടർ	501	719	651	870	926	798	781	760	760.9
33	കവുങ്ങ്	'000 ഹെക്ടർ	54	86	61	65		102	98	95	95.7
34	നിലക്കടല	'000 ഹെക്ടർ	16	15	9	13		0.7	0.4	0.11	0.19
35	കുരുമുളക്	'000 ഹെക്ടർ	100	12	108	169	202	85	85	85	82.7
36	ഏലം	'000 ഹെക്ടർ	29	47	56	67	41	42	39	39	38.8
37	ഇഞ്ചി	'000 ഹെക്ടർ	12	12	13	14	12	5	5	4	3.27
പ്രധാനവിളകളുടെ ഉല്പാദനം			1960-61	1970-71	1980-81	1990-91	2000-01	2012-13	2015-17	2017-18	2018-19
38	നെല്ല്	ടണ്ണിൽ	1068	1298	1272	1087	751	509	436	521	578.2
39	പയറുവർഗ്ഗങ്ങൾ	ടണ്ണിൽ	18	13	22	17		3	2	2	2.05
40	കരിമ്പ്	ടണ്ണിൽ	38	38	48	52	28	17	11	5	10.6
41	റബ്ബർ	ടണ്ണിൽ	24	88	140	308	560	800	540	541	540.7
42	തേയില	ടണ്ണിൽ	39	43	48	63	69	63	62	62	60.76
43	നാളികേരം	ദശലക്ഷം എണ്ണം	3220	3981	3008	4232	5536	5799	5379	5230	5299
44	അടയ്ക്ക	ടണ്ണിൽ	8	13	11	13		118	117	109	99.9
45	നിലക്കടല	ടണ്ണിൽ	14	16	8	10	10	9	0.5	0.1	0.24
46	കുരുമുളക്	ടണ്ണിൽ	27	25	29	47	61	46	34	38	36.2
47	ഏലം	ടണ്ണിൽ	1	1	3	3		10	17	18	11.5
48	ഇഞ്ചി	ടണ്ണിൽ	11	20	32	46	42	22	20	19	15.1
കന്നുകാലി സെൻസസ്			1977	1982	1987	1996	2003	2007	2012		2019
49	ആകെ കന്നുകാലികൾ	ലക്ഷത്തിൽ	53	56	55	56	35	36	27		38.36
50	ആകെ കോഴികൾ	ലക്ഷത്തിൽ		152	185	308	139	127	243		298
വനം			1960-61	1970-71	1980-81	1990-91	2000-01	2011-12	2016-17	2017-18	2018-19
51	വനവിസ്തൃതി	'000 ഹെക്ടർ	1056	1056	1082	1082	1082	1082	1131	1152	1152

ഫാക്ടറികൾ			1971	1981	1991	2001	2011	2012	2017	2017-18	2018-19
52	പ്രവർത്തിക്കുന്ന ഫാക്ടറികൾ	എണ്ണം.	3024	9106	13255	18554	19676	20473	22998	23335	24254
53	ജീവനക്കാർ	എണ്ണം	206839	300515	368738	436410	644606	644802	678058	698679	726195
54	ലക്ഷം ജനസംഖ്യയിൽ ജീവനക്കാരുടെ നിരക്ക്	എണ്ണം	969	1181	1267	1370	1930	1930	1976	2026	2095
വൈദ്യുതി			1970-71	1980-81	1990-91	2000-01	2009-10	2011-12	2016-17	2017-18	2018-19
55	ആകെ ഉല്പാദനം	ദശലക്ഷം യൂണിറ്റ്	2126	5242	5491	7656	6495	8351	4380	5474.4	7626.3
56	ആകെ ഉപഭോഗം	ദശലക്ഷം യൂണിറ്റ്		2869	5282	10319	12878	16182	20038	21159.19	21750.2
57	വ്യാവസായിക ഉപഭോഗം	ദശലക്ഷം യൂണിറ്റ്		2025	2697	3784	4002	4926	5260	5648.31	5820.5
58	കാർഷിക ഉപഭോഗം	ദശലക്ഷം യൂണിറ്റ്		125	288	350	225	286	322	346.0	337.6
59	ഗാർഹിക ഉപഭോഗം	ദശലക്ഷം യൂണിറ്റ്		409	1621	4688	5931	7706	10281	10574.8	10846.3
വിദ്യാഭ്യാസം			1970-71	1980-81	1990-91	2000-01	2009-10	2012-13	2016-17	2017-18	2018-19
60	പ്രൈമറി സ്കൂളുകൾ	പ്രൈമറി സ്കൂളുകൾ	9437	9605	9682	9714	9828	9737	9861	9852	9841
61	എൻറോൾമെന്റ്	എൻറോൾമെന്റ്	4156	4284	4402	3637	3015	2545	2398	2384	2428
62	"ഹൈസ്കൂളുകൾ "	"ഹൈസ്കൂളുകൾ "	1199	1971	2451	2596	2814	2890	3021	3119	3120
63	എൻറോൾമെന്റ്	എൻറോൾമെന്റ്		1310	1498	1611	1443	1426	1365	3681	3704
ആരോഗ്യം			1970-71	1980-81	1990-91	2000-01	2009-10	2011-12	2016-17	2017-18	2018-19
64	"ആശുപത്രികൾ"	എണ്ണം.	553	746	1199	1319	1254	1255	1463#	1470	1470
65	കിടക്കകളുടെ എണ്ണം (അലോപ്പതി)	എണ്ണം	21777	32447	38726	38242	37021	37388	56257#	56596	56793
ജനസംഖ്യാപരമായ അവസ്ഥ			1970-71	1980-81	1990-91	2001	2009	2010	2011		2017##
66	ജനനനിരക്ക്	ആയിരം ജനങ്ങളിൽ	32	26	20	16	15	15	15		14.2
67	മരണനിരക്ക്	ആയിരം ജനങ്ങളിൽ	9	6	6	7	7	7	7		6.8
68	ശിശു മരണ നിരക്ക്	ആയിരം ജനങ്ങളിൽ	61	37	21	11	12	14	13		10
ഗതാഗതം			1970-71	1980-81	1990-91	2000-01	2010-11	2011-12	2016-17	2017-18	2018-19
69	റയിൽപാതകളുടെ ദൈർഘ്യം	കി.മി	892	921	988	1148	1257	1257	1257	1257	1257
70	ആകെ റോഡുകളുടെ ദൈർഘ്യം**	കി.മി	18037	94145	128403	125835	151652	244373	218942	229349**	31812.106
71	മോട്ടോർ വാഹനങ്ങൾ	എണ്ണം	86234	195000	648000	2111885	6072019	8048673	11030037	12042691	13334984
തദ്ദേശ സ്ഥാപനങ്ങൾ			1990-91	2000-01	2006-07	2007-08	2008-09	2010-11	2016-17	2017-18	2018-19
72	ജില്ലാ പഞ്ചായത്ത്	എണ്ണം		14	14	14	14	14	14	14	14
73	ബ്ലോക്ക് പഞ്ചായത്ത്	എണ്ണം		152	152	152	152	152	152	152	152
74	ഗ്രാമപഞ്ചായത്ത്	എണ്ണം	983	990	999	999	999	978	941	941	941
75	മുനിസിപ്പാലിറ്റികൾ	എണ്ണം	58	53	53	53	53	60	87	87	87
76	കോർപ്പറേഷനുകൾ	എണ്ണം	3	5	5	5	5	5	6	6	6

#അലോപ്പതിയും ആയുഷും ഉൾപ്പെടെ
##എസ്.ആർ.എസ്. 2019 മെയ്
*അടിസ്ഥാന വർഷം 2011-12
** എൽ.എസ്.ജി.ഡി. പക്കാറോഡ് ഒഴികെ

ജില്ലകൾ – അവലോകനം

ക്രമ നമ്പർ	ഇനം	തിരു.	കൊല്ലം	പത്തനംതിട്ട	ആലപ്പുഴ	കോട്ടയം	ഇടുക്കി	എറണാകുളം
1	ഭൂവിസ്തൃതി (ചതുരശ്ര കിലോമീറ്ററിൽ)	2192	2491	2637	1414	2208	4358	3068
2	വനഭൂമി (ചതുരശ്ര കിലോമീറ്ററിൽ)	1327	1356	1830	68	967	3139	1273
3	ജനസംഖ്യ (ലക്ഷത്തിൽ) 2011	33.01	26.35	11.97	21.28	19.75	11.09	32.82
	ഗ്രാമം	15.3	14.48	10.66	9.8	14.09	10.56	10.47
	പുരുഷൻ	7.25	6.81	5	4.65	6.93	5.27	5.18
	സ്ത്രീ	8.05	7.67	5.66	5.15	7.16	5.29	5.29
	പതിറ്റാണ്ടിലെ വളർച്ചയുടെ ശതമാനം (2001–2011)	–28.6	–31.7	–4	–34.2	–14.8	–1.4	–35.7
	നഗരം	17.72	11.87	1.32	11.48	5.66	0.51	22.34
	പുരുഷൻ	8.57	5.66	0.62	5.48	2.76	0.25	11.01
	സ്ത്രീ	9.15	6.21	0.7	6	2.9	0.26	11.33
	പതിറ്റാണ്ടിലെ വളർച്ചയുടെ ശതമാനം (2001–2011)	62.3	154.8	6.3	84.8	88.6	–9.6	51.3
	ജനസാന്ദ്രത	1508	1061	452	1504	895	255	1072
	മത്സ്യത്തൊഴിലാളികൾ (എണ്ണം)	164883	123100	2073	167794	24420	691	133387
	പട്ടികജാതിക്കാരുടെ ജനസംഖ്യ ആകെ ജനസംഖ്യയുടെ ശതമാനത്തിൽ	11.3	12.5	13.7	9.5	7.8	13.1	8.2
	പട്ടികവർഗ്ഗക്കാരുടെ ജനസംഖ്യ ആകെ ജനസംഖ്യയുടെ ശതമാനത്തിൽ	0.8	0.4	0.7	0.3	1.1	5.0	0.5

ക്രമ നമ്പർ	ഇനം	തിരു.	കൊല്ലം	പത്തനംതിട്ട	ആലപ്പുഴ	കോട്ടയം	ഇടുക്കി	എറണാകുളം
4	സാക്ഷരതാ നിരക്ക് (2011)							
	പുരുഷൻ	94.2	95.8	97.7	97.9	97.2	94.8	97.1
	സ്ത്രീ	90.9	91.9	96.3	94.8	95.7	89.6	94.3
5	കൊഴിഞ്ഞു പോയവരുടെ ശതമാനം 2018–19							
	ലോവർ പ്രൈമറി	0.18	0.13	0.06	0.03	0.10	0.43	0.30
	അപ്പർ പ്രൈമറി	0.17	0.03	0.01	0.01	0.03	0.17	0.12
	ഹൈസ്ക്കൂൾ	0.13	0.03	0.03	0.02	0.10	0.36	0.28
6	ജി.എസ്.വി.എ 2018–19 (ത്വരിതം)							
	ജി.എസ്.വി.എ. അടിസ്ഥാന വിലയിൽ (രൂപ ലക്ഷത്തിൽ)	7501243	6604256	2002724	5030336	4355675	2271913	8591244
	ഓഹരി ശതമാനം							
	പ്രാഥമികം	8.9	11.7	21	7.4	11.7	30.2	8.6
	ദ്വിതീയം	24.5	24.3	22.6	31	21.2	20.3	23.8
	ത്രിതീയം	66.6	64	56.4	61.6	67.1	49.5	67.6
7	കേരളത്തിലെ നെല്ലുല്പാദനം (ടണ്ണിൽ) 2018–19	5166.2	4513.9	11675.8	128560.2	61917.2	1562.4	11191.6
8	ജലസേചന ഭൂവിസ്തൃതി (ഹെക്ടറിൽ) 2018–19	7617.84	5493.69	6042.03	35596.26	17545.26	47026.76	23099.4
9	വാണിജ്യബാങ്കുകളുടെ എണ്ണം (മാർച്ച് 2019)	723	395	390	389	508	180	1014
10	"സി.ഡി. അനുപാതം"	65.4	65.1	25.4	45.6	55.7	116.4	91.8
11	രജിസ്റ്റർ ചെയ്ത എസ്. എസ്.ഐ.കൾ/ എം.എസ്.എം.ഇ.കൾ 2018–19	1429	950	711	1055	782	322	1531
12	പി ഡബ്ലിയു ഡി റോഡുകളുടെ ദൈർഘ്യം (കിലോമീറ്ററിൽ) **	2557.744	2202.869	1472.334	2031.372	3456.214	2867.366	3085.281
13	വാഹനങ്ങളുടെ എണ്ണം	1664565	10449149	553585	912916	814649	275002	1945451
14	എത്തിച്ചേരുന്ന വിനോദ സഞ്ചാരികൾ 2018							
	വിദേശ സഞ്ചാരികൾ (എണ്ണത്തിൽ)	342761	9086	1953	95522	43287	44833	488175
	ആഭ്യന്തര സഞ്ചാരികൾ (എണ്ണത്തിൽ)	2712387	400222	192813	511490	524821	1257403	3446889

*തുറന്ന വനം ഉൾപ്പെടെ , ** എൽ.എസ്.ജി.ഡി . പക്കാറോഡ് ഒഴികെ

ജില്ലകൾ – അവലോകനം

ക്രമ നമ്പർ	ഇനം	തൃശ്ശൂർ	പാലക്കാട്	മലപ്പുറം	കോഴിക്കോട്	വയനാട്	കണ്ണൂർ	കാസറഗോഡ്	ആകെ
1	ഭൂവിസ്തൃതി (ചതുരശ്ര കിലോമീറ്ററിൽ)	3032	4480	3550	2344	2131	2966	1992	38863
2	വനഭൂമി (ചതുരശ്ര കിലോമീറ്ററിൽ)	1152	1826	1811	1484	1580	1561	947	20321
3	ജനസംഖ്യ (ലക്ഷത്തിൽ) 2011	31.21	28.1	41.13	30.86	8.17	25.23	13.07	334.04
	ഗ്രാമം	10.24	21.31	22.95	10.14	7.86	8.82	7.99	174.67
	പുരുഷൻ	4.88	10.31	10.95	4.85	3.86	4.26	3.88	84.08
	സ്ത്രീ	5.36	11.01	12	5.29	4	4.56	4.11	90.6
	പതിറ്റാണ്ടിലെ വളർച്ചയുടെ ശതമാനം (2001–2011)	–52	–5.7	–29.8	–43	–4.6	–26.3	–17.7	–25.9
	നഗരം	20.96	6.77	18.17	20.72	0.31	16.41	5.09	159.33
	പുരുഷൻ	9.92	3.28	8.65	9.86	0.15	7.56	2.41	76.18
	സ്ത്രീ	11.04	3.49	9.52	10.86	0.16	8.85	2.68	83.15
	പതിറ്റാണ്ടിലെ വളർച്ചയുടെ ശതമാനം (2001–2011)	149.7	89.8	410.2	88.2	6.6	35.3	117.8	92.8
	ജനസാന്ദ്രത	1031	627	1157	1316	384	852	657	860
	മത്സ്യത്തൊഴിലാളികൾ (എണ്ണം)	90306	2534	82044	106613	230	60208	43342	1001625
	പട്ടികജാതിക്കാരുടെ ജനസംഖ്യ ആകെ ജനസംഖ്യയുടെ ശതമാനത്തിൽ	10.4	14.4	7.5	6.5	4.0	3.3	4.1	9.1
	പട്ടികവർഗ്ഗക്കാരുടെ ജനസംഖ്യ ആകെ ജനസംഖ്യയുടെ ശതമാനത്തിൽ	0.3	1.7	0.6	0.5	18.5	1.6	3.7	1.5

ക്രമ നമ്പർ	ഇനം	തൃശ്ശൂർ	പാലക്കാട്	മലപ്പുറം	കോഴിക്കോട്	വയനാട്	കണ്ണൂർ	കാസറഗോഡ്	ആകെ
4	സാക്ഷരതാ നിരക്ക് (2011)								
	പുരുഷൻ	96.98	92.27	95.78	97.57	92.84	97.54	93.93	96.1
	സ്ത്രീ	93.85	84.99	91.55	93.16	85.94	93.57	86.13	92.1
5	കൊഴിഞ്ഞു പോയവരുടെ ശതമാനം 2018-19								
	ലോവർ പ്രൈമറി	0.05	0.22	0.04	0.07	0.12	0.05	0.12	0.12
	അപ്പർ പ്രൈമറി	0.03	0.07	0.08	0.05	0.20	0.02	0.12	0.07
	ഹൈസ്ക്കൂൾ	0.15	0.12	0.15	0.05	1.54	0.13	0.25	0.17
6	ജി.എസ്.വി.എ 2018-19 (ത്വരിതം)								
	ജി.എസ്.വി.എ. അടിസ്ഥാന വിലയിൽ (രൂപ ലക്ഷത്തിൽ)	6918888	4931638	6983367	6069055	1388534	4980788	2401479	70031141
	ഓഹരി ശതമാനം								
	പ്രാഥമികം	8.1	14.5	9.3	7.8	20.2	9.5	19.6	11.1
	ദ്വിതീയം	24.1	25.4	23.2	29.2	19.7	30.3	26.5	25.2
	ത്രിതീയം	67.8	60.1	67.5	63	60.1	60.2	53.9	63.7
7	കേരളത്തിലെ നെല്ലുല്പാദനം (ടണ്ണിൽ) 2018-19	69453.2	215284.7	26983.5	3438.8	22340.3	11143.6	5024.2	578255.6
8	ജലസേചന ഭൂവിസ്തൃതി (ഹെക്ടറിൽ) 2018-19	67490.96	80215.32	27474	4584.49	13782.28	12513.84	55914.46	404396.59
9	വാണിജ്യബാങ്കുകളുടെ എണ്ണം (മാർച്ച് 2019)	751	439	453	453	123	386	226	6430
10	"സി.ഡി. അനുപാതം"	58.8	66.8	58.6	76.9	138.8	54.6	78	65.6
11	രജിസ്റ്റർ ചെയ്ത എസ്. എസ്.ഐ.കൾ/ എം.എസ്.എം.ഇ.കൾ 2018-19	1676	1991	1036	1195	244	681	223	13826
12	പി ഡബ്ലിയു ഡി റോഡുകളുടെ ദൈർഘ്യം (കിലോമീറ്ററിൽ) **	2064.216	2184.693	2680.152	2454.647	1029.314	2265.242	1460.662	31812.106
13	വാഹനങ്ങളുടെ എണ്ണം	1361561	904345	1210721	1227317	206476	826010	383237	13334984
14	എത്തിച്ചേരുന്ന വിനോദ സഞ്ചാരികൾ 2018								
	വിദേശ സഞ്ചാരികൾ (എണ്ണത്തിൽ)	11333	1967	17610	18388	11607	5763	4122	1096407
	ആഭ്യന്തര സഞ്ചാരികൾ (എണ്ണത്തിൽ)	2497278	509883	565914	1052783	888141	768038	276599	15604661

*തുറന്ന വനം ഉൾപ്പെടെ , ** എൽ.എസ്.ജി.ഡി . പക്കാറോഡ് ഒഴികെ

പട്ടികകൾ

ക്രമ നമ്പർ	ഇനം	പേജ് നമ്പർ
പട്ടിക 1.1.1	കേരളത്തിന്റെ സംസ്ഥാന ആഭ്യന്തരോല്പ്പന്നവും പ്രതിശീർഷ വരുമാനവും	4
പട്ടിക 1.1.2	ദേശീയ വരുമാനം, ആഭ്യന്തരോല്പ്പന്നം, പ്രതിശീർഷ വരുമാനം (2011–12 അടിസ്ഥാന വിലയിൽ നടപ്പു വില – ഇന്ത്യ (രൂപ കോടിയിൽ)	5
പട്ടിക 1.1.3	മൊത്തം സംയോജിത മൂല്യത്തിലും തൊഴിലിലും വിവിധ മേഖലകളുടെ പങ്ക് , കേരളത്തിലും ഇന്ത്യയിലും, 2017–18	8
പട്ടിക 1.1.4	ജില്ല തിരിച്ചുള്ള മൊത്ത സംസ്ഥാന സംയോജിത മൂല്യം (ലക്ഷം രൂപയിൽ)	8
പട്ടിക 1.1.5	ജില്ല തിരിച്ചുള്ള അടിസ്ഥാന വിലയിലെ പ്രതിശീർഷ മൊത്ത സംയോജിത മൂല്യം സ്ഥിര (2011–12) വിലയിൽ	9
പട്ടിക 1.1.6	ഉപഭോക്തൃ വില സൂചികയും ഉപഭോക്തൃ ഭക്ഷ്യവില സൂചികയും (പൊതുവായത്) അടിസ്ഥാനമാക്കിയുള്ള അഖിലേന്ത്യതലത്തിലെ വിലക്കയറ്റം (ശതമാനം)	10
പട്ടിക 1.2.1	വ്യത്യസ്ത പ്രായവിഭാഗങ്ങളുടെ ജില്ല തിരിച്ചുള്ള വിതരണം–2011	16
പട്ടിക 1.3.1	1973–74 മുതൽ 2011–12 വരെയുള്ള ഇന്ത്യയിലെയും കേരളത്തിലെയും ദരിദ്രരുടെ അനുപാതം	17
പട്ടിക 1.4.1	കേരളത്തിലെ ബാങ്ക് ശാഖകളുടെ എണ്ണം ഇനം തിരിച്ച്	21
പട്ടിക 1.4.2	പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് 2018 മാർച്ച് വരെ നൽകിയ വായ്പയുടെ വിവരം ബാങ്ക് ഇനം തിരിച്ച് രൂപ കോടിയിൽ	24
പട്ടിക 1.4.3	സഹകരണ മേഖലയുടെ പ്രകടനം	26
പട്ടിക 1.4.4	കെ.എസ്.എഫ്.ഇ യുടെ കഴിഞ്ഞ അഞ്ച് വർഷത്തെ സാമ്പത്തിക പ്രകടനം	27
പട്ടിക 1.4.5	കെ.എസ്.എഫ്.ഇയുടെ കഴിഞ്ഞ അഞ്ച് വർഷത്തെ ആകെ പ്രവർത്തനം	27
പട്ടിക 1.5.1	കേരള സർക്കാരിന്റെ സാമ്പത്തിക സൂചകങ്ങൾ (രൂപ കോടിയിൽ)	30
പട്ടിക 1.5.2	മുഖ്യകമ്മി സൂചകങ്ങൾ (രൂപ കോടിയിൽ)	30
പട്ടിക 1.5.3	കേന്ദ്ര കൈമാറ്റം	34
പട്ടിക 1.5.4	റവന്യൂ ചെലവിന്റെ പ്രവണത	35
പട്ടിക 1.5.5	മൂലധന വിഹിതത്തിലെ പ്രവണത	37
പട്ടിക 1.5.6	സർക്കാരിന്റെ കടബാധ്യതയുടെ വിശദ വിവരങ്ങൾ	38
പട്ടിക 1.5.7	സർക്കാരിന്റെ കടമെടുപ്പിന്റെ വിശദാംശങ്ങൾ ശതമാനത്തിൽ	38
പട്ടിക 1.5.8	വായ്പാ ഗ്യാരന്റികൾ (രൂപ കോടിയിൽ)	38

പട്ടിക 1.6.1	മേഖല അടിസ്ഥാനമാക്കിയുള്ള വിഹിതം 2018–19, 2019–20, ₹ കോടിയിൽ	40
പട്ടിക 2.1.1	തെരഞ്ഞെടുത്ത സൂചകങ്ങൾ, സാമൂഹ്യ മേഖലയിലെ നേട്ടങ്ങൾ കേരളം, ഇന്ത്യ 2015–16	43
പട്ടിക 2.1.2	2016–17 മുതൽ 2019–20 വരെയുള്ള കാലഘട്ടത്തിൽ കേരളത്തിലെ പൊതു വിദ്യാലയങ്ങളിലേക്ക് പുതുതായിപ്രവേശനം നേടിയ വിദ്യാർഥികൾ	46
പട്ടിക 2.1.3	2018–19–ൽ കേരളത്തിലെ ഉന്നത വിദ്യാഭ്യാസത്തിലേക്കുള്ള പ്രവേശനം	50
പട്ടിക 2.2.1	ആർദ്രം മിഷനു കീഴിൽ സൃഷ്ടിച്ച അധിക തസ്തികകളുടെ വിശദാംശങ്ങൾ	53
പട്ടിക 2.2.2	2017–18 കാലയളവിലെ ജില്ല/ജനറൽ/താലൂക്ക് ആശുപത്രികളിൽ സൃഷ്ടിച്ച തസ്തികകളുടെ വിവരങ്ങൾ	55
പട്ടിക 3.1.1	മൊത്ത മൂല്യവർദ്ധനവിൽ (ജി.വി.എ/ജി.എസ്.വി.എ) കാർഷിക അനുബന്ധ മേഖലകളുടെ വളർച്ചാ നിരക്ക് – ദേശീയതലത്തിലും സംസ്ഥാനതലത്തിലും (സ്ഥിര വില, അടിസ്ഥാന വർഷം 2011–12)	61
പട്ടിക 3.1.2	തദ്ദേശീയവും ഇറക്കുമതി ചെയ്യപ്പെട്ടതുമായ രാസജൈവ കീടനാശിനികളുടെ വിളതിരിച്ചുള്ള ഉപഭോഗം – 2017–18, 2018–19 മെട്രിക് ടൺ (ടെക്നിക്കൽ ഗ്രേഡ്)	69
പട്ടിക 3.1.3	2017–18 ൽ കാർഷികമേഖലയ്ക്കുള്ള വായ്പ (രൂപ കോടിയിൽ)	76
പട്ടിക 3.3.1	ഇന്ത്യയിലെ കന്നുകാലി, വളർത്തു പക്ഷികണക്കെടുപ്പ്	83
പട്ടിക 3.3.2	കേരളത്തിന്റെ കന്നുകാലി കണക്കെടുപ്പ് (രൂപ ലക്ഷത്തിൽ)	84
പട്ടിക 3.6.1	മനുഷ്യമൃഗ ഏറ്റുമുട്ടലുകളുടെ വിശദാംശങ്ങളും 2018–19 ൽ വിതരണം ചെയ്ത നഷ്ടപരിഹാര തുകയും	112
പട്ടിക 3.6.2	2018 ആഗസ്റ്റ് മാസത്തിലെ പേമാരിയും വെള്ളപ്പൊക്കവുംമൂലം ഉണ്ടായ നാശനഷ്ടങ്ങളുടെ വിശദാംശങ്ങൾ	114
പട്ടിക 3.6.3	2019 ആഗസ്റ്റ് മാസത്തിലെ പേമാരിയും വെള്ളപ്പൊക്കവുംമൂലം ഉണ്ടായ നാശനഷ്ടങ്ങളുടെ വിശദാംശങ്ങൾ	114
പട്ടിക 3.8.1	എൻ.എഫ്.എസ്.എ യുടെ കീഴിൽ വിഭാഗം തിരിച്ച് വിതരണം ചെയ്ത ഭക്ഷ്യ ധാന്യങ്ങൾ (2019 നവംബർ പ്രകാരം)	127
പട്ടിക 3.8.2	വിവിധ വിഭാഗം കാർഡ് ഉടമകൾക്ക് സംസ്ഥാന സർക്കാർ ചെലവഴിച്ച സബ്സിഡി,രൂപ ലക്ഷത്തിൽ	127
പട്ടിക 4.1.1	ഘടനയും താരതമ്യ വലുപ്പവുമായി ബന്ധപ്പെട്ട കേരളത്തിലെ മൊത്തം ഫാക്ടറിരംഗത്തിന്റെ വ്യവസായത്തിലെ തൊഴിലിന്റെയും മൂല്യവർധനവിന്റെയും പങ്ക്, ഇന്ത്യയുമായി ബന്ധപ്പെട്ട് കേരളത്തിലെ മൊത്തം വ്യവസായങ്ങളുടെ പങ്ക്, 2016–17	134
പട്ടിക 4.1.2	തിരഞ്ഞെടുത്ത പ്രധാന വ്യവസായങ്ങളിലെ തൊഴിൽ, കേരളത്തിലും ഇന്ത്യയിലും, 2016–17 ലെ എണ്ണം	136
പട്ടിക 4.2.1	മിനറലുകളിൽ നിന്നും ലഭിച്ച വരുമാനം	141
പട്ടിക 4.3.1	വ്യവസായ വകുപ്പിന് കീഴിലുള്ള സംസ്ഥാന പൊതുമേഖല സ്ഥാപനങ്ങൾ: പദ്ധതിവിഹിതം, വിറ്റുവരവ്, അറ്റാദായം (രൂപ കോടിയിൽ)	147
പട്ടിക 4.3.2	കെ.എസ്.ഐ.ഡി.സി യുടെ പ്രധാന സാമ്പത്തിക പരാമീറ്ററുകൾ	149
പട്ടിക 4.3.3	കെ.എസ്.ഐ.ഡി.സി യ്ക്ക് ലഭിച്ച പദ്ധതി തുകയും ചെലവ് വിവരങ്ങളും (രൂപ കോടിയിൽ)	150
പട്ടിക 4.3.4	കിൻഫ്രയുടെ പ്രധാന സാമ്പത്തിക പാരാമീറ്ററുകൾ (രൂപ കോടിയിൽ)	151
പട്ടിക 4.3.5	കിൻഫ്രയ്ക്ക് ലഭിച്ച പദ്ധതി തുകയും ചെലവ് വിവരങ്ങളും (രൂപ കോടിയിൽ)	152
പട്ടിക 4.4.1	പ്രവർത്തനമനുസരിച്ച് കണക്കാക്കപ്പെട്ടിട്ടുള്ള എം.എസ്.എം.ഇ. കളുടെ എണ്ണം	155
പട്ടിക 4.4.2	കേരളത്തിൽ ഓരോ ഉപമേഖലയ്ക്ക് കീഴിലും ആരംഭിച്ച പുതിയ എം.എസ്.എം.ഇ യൂണിറ്റുകളുടെ വർഷം തിരിച്ചുള്ള വിശദാംശങ്ങൾ	159
പട്ടിക 4.4.3	2018–19, 2019–20 വാർഷിക പദ്ധതികളിലെ ഗ്രാമീണ ചെറുകിട സംരംഭങ്ങളുടെ പദ്ധതി വിഹിതവും ചെലവും	159
പട്ടിക 4.6.1	കൈത്തറി മേഖലയിലെ പ്രധാന പദ്ധതികൾക്കുള്ള വിഹിതവും ചെലവും (തുക ലക്ഷം രൂപയിൽ)	171
പട്ടിക 4.6.2	ഖാദി ഗ്രാമ വ്യവസായ മേഖലയിലെ ഉല്പ്പാദനം, വിപണനം, തൊഴിൽ സൃഷ്ടി, കേരളവും ഇന്ത്യയും	176

പട്ടിക 4.6.3	കേരളത്തിലെ ഖാദി ഗ്രാമ വ്യവസായ മേഖലയിലെ ഉൽപ്പാദനം, വിൽപ്പന, തൊഴിൽ, നൽകിയ വേതനം	177
പട്ടിക 4.6.4	കേരളത്തിലെ ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ വിഹിതവും അതിന്റെ ചെലവും	177
പട്ടിക 4.6.5	കേരളത്തിലെ കയർ സഹകരണ സംഘങ്ങളുടെ എണ്ണം	182
പട്ടിക 4.6.6	കേരളത്തിലെ കയർ സഹകരണ സംഘങ്ങളുടെ പ്രവർത്തന നില	183
പട്ടിക 4.6.7	കേരളത്തിൽ കയർ ഉത്പാദനവും വിറ്റുവരവും	185
പട്ടിക 4.6.8	2017–18 മുതൽ 2018–19 വരെ തിരഞ്ഞെടുത്ത രാജ്യങ്ങളിൽ കശുവണ്ടി ഉത്പാദനം (1000 മെട്രിക് ടണ്ണിൽ)	188
പട്ടിക 4.6.9	2018–19, 2019–20 കാലയളവിൽ സർക്കാർ ഏജൻസികളുടെ വിഹിതം	188
പട്ടിക 4.6.10	കാപെക്സിന്റെ വില്പനയും വിറ്റുവരവു	189
പട്ടിക 5.1.1	പദ്ധതി വിഹിതവും ചെലവും (രൂപ ലക്ഷത്തിൽ)	197
പട്ടിക 5.1.2	സംസ്ഥാന സമ്പദ് ഘടനയിൽ ടെക്നോപാർക്കിന്റെ സംഭാവന	201
പട്ടിക 5.1.3	ടെക്നോപാർക്കിന്റെ അധീനതയിലുള്ള ഭൂമി.	202
പട്ടിക 5.1.4	ഇന്ഫോപാർക്കിന്റെ അധീനതയിലുള്ള ഭൂമി.	205
പട്ടിക 5.2.1	ആർ.സി.സി യുടെ 2018–19 ലെ രൂപ രേഖ ഒറ്റനോട്ടത്തിൽ	218
പട്ടിക 5.2.2	കഴിഞ്ഞ 5 വർഷങ്ങളിൽ റീജിയണൽ ക്യാൻസർ സെന്ററിൽ രജിസ്റ്റർ ചെയ്ത പുതിയ കേസുകൾ, 2014–15 മുതൽ 2018–19 വരെ	218
പട്ടിക 5.2.3	2017–18 ലും 2018–19 ലും രജിസ്റ്റർ ചെയ്ത രോഗികളുടെ എണ്ണം, സ്പെഷ്യാലിറ്റി ക്ലിനിക്ക് അടിസ്ഥാനത്തിൽ	219
പട്ടിക 5.2.4	2016–17 ലും 2017–18 ലും സ്പെഷ്യാലിറ്റി ക്ലിനിക്കുകളിൽ രജിസ്റ്റർ ചെയ്ത കേസുകൾ, പ്രായവും ലിംഗവും അടിസ്ഥാനത്തിൽ	221
പട്ടിക 5.2.5	വിവിധതരം കാൻസർ സംബന്ധിച്ച ക്യാൻസർ രോഗികളുടെ എണ്ണം ലിംഗാടിസ്ഥാനത്തിൽ (ശതമാനത്തിൽ)	221
പട്ടിക 5.2.6	2018–19 ലും 2018–19 ലും ആർ.സി.സിയിലേക്ക് റഫർ ചെയ്യപ്പെട്ട കേസുകൾ	222
പട്ടിക 5.2.7	കേന്ദ്ര -സംസ്ഥാന സർക്കാർ പദ്ധതികൾ, 2017–18 & 2018–19	223
പട്ടിക 5.2.8	ക്യാൻസർ പരിശോധനാ വിശദാംശങ്ങൾ	224
പട്ടിക 5.2.9	2014–15 മുതൽ 2018–19 വരെയുള്ള പദ്ധതി വിഹിതവും ചെലവും (രൂപ കോടിയിൽ)	225
പട്ടിക 5.3.1	2017 ലും 2018 ലും ഇന്ത്യയിലും കേരളത്തിലും എത്തിയ വിദേശ വിനോദ സഞ്ചാരികളുടെ എണ്ണം മാസാടിസ്ഥാനത്തിൽ	227
പട്ടിക 5.3.2	2017, 2018, 2019 വർഷങ്ങളിൽ എത്തിയ ആഭ്യന്തര വിനോദ സഞ്ചാരികളുടെ എണ്ണം മാസാടിസ്ഥാനത്തിൽ	231
പട്ടിക 5.3.3	2009 മുതൽ 2018 വരെ കേരളത്തിലെ വിനോദസഞ്ചാരത്തിൽ നിന്നും ലഭ്യമായ മൊത്തം വരുമാനം (നേരിട്ടും അല്ലാതെയും), രൂപ കോടിയിൽ	233
പട്ടിക 5.3.4	സംസ്ഥാന പദ്ധതി വിഹിതവും ചെലവും 2013–14 മുതൽ 2018–19 വരെ, രൂപ കോടിയിൽ	234
പട്ടിക 5.4.1	കൊച്ചി തുറമുഖം വഴി കൈകാര്യം ചെയ്ത ചരക്കുകൾ, 2016–17 മുതൽ 2018–19 വരെ(അളവ്: ലക്ഷം മെട്രിക് ടൺ)	237
പട്ടിക 5.4.2	സമുദ്രോല്പന്നങ്ങളുടെ കയറ്റുമതി – ഇന്ത്യയിലും കേരളത്തിലും, 2011–12 മുതൽ 2018–19 വരെ (അളവ്: മെട്രിക് ടൺ, മൂല്യം: കോടി രൂപയിൽ)	238
പട്ടിക 5.4.3	കശുവണ്ടി പരിപ്പിന്റെ കയറ്റുമതി ഇൻഡ്യയും കേരളവും (2011–12 മുതൽ 2018–19 വരെ), (അളവ്: മെട്രിക് ടൺ, മൂല്യം: കോടി രൂപയിൽ)	241
പട്ടിക 5.4.4	ഇൻഡ്യയിൽ നിന്നും കേരളത്തിലെ തുറമുഖങ്ങൾ വഴിയുമുള്ള തേയില കയറ്റുമതി, 2012–13 മുതൽ 2018–19 വരെ, (അളവ്: മെട്രിക് ടൺ, മൂല്യം: ലക്ഷം രൂപയിലും	243
പട്ടിക 5.4.5	സുഗന്ധ വ്യഞ്ജനങ്ങളുടെ കയറ്റുമതി– കേരളവും ഇൻഡ്യയും, 2013–14 മുതൽ 2018–19 വരെ (അളവ്: മെട്രിക് ടൺ, മൂല്യം: ലക്ഷം രൂപയിലും)	244
പട്ടിക 6.1.1	സാക്ഷരതാ പദ്ധതികളുടെ നിലവിലെ അവസ്ഥ–2018–19	259
പട്ടിക 6.1.2	12–ാം തരത്തിലും പത്താം തരത്തിലും തുല്യതാ പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവർ	260
പട്ടിക 6.1.4	സ്കൂളുകളിലെ പട്ടിക ജാതി–പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പ്രവേശനം ശതമാനത്തിൽ 2019–20	262

പട്ടിക 6.1.5	സ്കൂളുകളിലെ കൊഴിഞ്ഞുപോകൽ നിരക്ക്	262
പട്ടിക 6.1.6	ജില്ല തിരിച്ചുള്ള കൊഴിഞ്ഞുപോകൽ നിരക്ക് 2018–19	263
പട്ടിക 6.1.7	ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ പ്രവേശനം നേടിയ വിദ്യാർത്ഥികൾ	269
പട്ടിക 6.1.8	ഉന്നത വിദ്യാഭ്യാസത്തിന് പ്രവേശനം നേടിയ എസ്.സി എസ് ടി വിദ്യാർത്ഥികൾ	270
പട്ടിക 6.1.9	ബി.ടെക് റിസൾട്ട് 2019	277
പട്ടിക 6.1.10	എസ്സ്.സി/എസ്സ്.ടി ബി.ടെക് വിദ്യാർത്ഥികളുടെ വിജയശതമാനം	278
പട്ടിക 6.1.11	പോളിടെക്നിക്കുകളിലെ പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ അനുപാതം	279
പട്ടിക 6.2.1	ഇന്ത്യയുമായി താരതമ്യംചെയ്തുള്ള കേരളത്തിന്റെ ജനസംഖ്യ, സാമൂഹിക–സാമ്പത്തിക ആരോഗ്യ സൂചകം	280
പട്ടിക 6.2.2	വകുപ്പ് തിരിച്ചുള്ള പദ്ധതി വിഹിതവും ചെലവും (വാർഷിക പദ്ധതി 2015–20) (രൂപ ലക്ഷത്തിൽ)	283
പട്ടിക 6.2.3	കേരളത്തിലെ സാംക്രമികരോഗങ്ങളുടെ വ്യാപനം	287
പട്ടിക 6.2.4	2018–19 ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ പ്രധാന നേട്ടം	294
പട്ടിക 6.2.5	ഭക്ഷ്യ സുരക്ഷാ കമ്മീഷണറേറ്റിന്റെ പ്രധാന നേട്ടങ്ങൾ–2018–19, 2019–20 (ആഗസ്റ്റ് 31) വരെ	294
പട്ടിക 6.2.6	വിവിധ വിഭാഗങ്ങളിൽ അഫിലിയേറ്റ്ചെയ്തിട്ടുള്ള ഗവൺമെന്റ്, എയ്ഡഡ്, അൺഎയ്ഡഡ് കോളേജുകളുടെ വിവരങ്ങൾ (ഒക്ടോബർ 2019 ലെ എണ്ണം)	295
പട്ടിക 6.3.1	കേരളത്തിലെ മുതിർന്ന പൗരന്മാരുടെ പ്രായസങ്കലനം (എണ്ണത്തിൽ)	300
പട്ടിക 6.3.2	കേരളത്തിലെ മുതിർന്ന പൗരന്മാരുടെ ദാമ്പത്യാവസ്ഥ	300
പട്ടിക 7.2.1	പൊതു മേഖല തൊഴിൽ –സ്ത്രീ പങ്കാളിത്തം	325
പട്ടിക 8.1.1	വിവിധ തലങ്ങളിൽ സാക്ഷരത	342
പട്ടിക 8.1.2	വിവിധ തലങ്ങളിൽ പെൺകുട്ടികളുടെയും ആൺകുട്ടികളുടെയും പ്രവേശനം–2019–20	343
പട്ടിക 8.1.3	ഇന്ത്യയിലെയും കേരളത്തിലേയും സ്ത്രികളുടെ ആരോഗ്യസ്ഥിതി	343
പട്ടിക 8.1.4	മാതൃ പരിചരണത്തിന്റെ സൂചികകൾ	344
പട്ടിക 8.1.5	ലൈഫ് സ്റ്റൈൽ ആരോഗ്യ സൂചകങ്ങൾ	345
പട്ടിക 8.1.6	സംഘടിത മേഖലയിലെ തൊഴിൽ	347
പട്ടിക 8.1.7	സർക്കാരിന്റെ വിവിധ തലങ്ങളിൽ വനിതാ ജീവനക്കാരുടെ വിതരണം	348
പട്ടിക 8.1.8	അയൽക്കൂട്ടങ്ങളുടെ സാമ്പത്തിക പങ്കാളിത്തം, 2019	349
പട്ടിക 8.1.9	കുടുംബശ്രീയുടെ കീഴിലുള്ള സംയുക്ത ബാധ്യതാ ഗ്രൂപ്പുകളും ചെറുകിട സംരംഭങ്ങളും	349
പട്ടിക 8.1.10	തീരുമാനമെടുക്കുന്നതിലെ സ്ത്രീകളുടെ പങ്കാളിത്തം	350
പട്ടിക 9.2.1	പ്രധാന സ്റ്റേഡിയങ്ങളുടെ പേരും ഉപയോഗവും	398
പട്ടിക 10.1.1	അന്താരാഷ്ട്ര കുടിയേറ്റക്കാർ, 1970–2019	407
പട്ടിക 11.1.1	ഗതാഗത മേഖലയ്ക്ക് 2018–19, 2019–20 വർഷങ്ങളിൽ വാർഷിക പദ്ധതിയിനത്തിൽ വകയിരുത്തിയ തുക, ചെലവാക്കിയ തുക എന്നിവ സംബന്ധിച്ച (രൂപ ലക്ഷത്തിൽ)	419
പട്ടിക 11.1.2	ഗതാഗത മേഖലയ്ക്ക് 2018–19, 2019–20 വർഷങ്ങളിൽ വകയിരുത്തിയ പദ്ധതി തുക, ചെലവ് എന്നിവ വകുപ്പ് തിരിച്ച് (തുക ലക്ഷത്തിൽ)	420
പട്ടിക 11.1.3	2017–18, 2018–19 വർഷങ്ങളിൽ കേരളത്തിലെ വിവിധ ഏജൻസികൾ പരിപാലിക്കുന്ന റോഡുകൾ സംബന്ധിച്ച വിവരങ്ങൾ	420
പട്ടിക 11.1.4	കേരളത്തിലെ ദേശീയ പാതകൾ (എൻഎച്ച്)	421
പട്ടിക 11.1.5	തീരദേശ ഹൈവേയുടെ നിലവിലെ സ്ഥിതി	422
പട്ടിക 11.1.6	2018–19ൽ സംസ്ഥാന ധനസഹായത്തോടെ പൂർത്തിയാക്കിയതും നടന്നുവരുന്നതുമായ പദ്ധതികളുടെ പട്ടിക (തുക കോടിയിൽ)	425
പട്ടിക 11.1.7	ചലഞ്ച് ഫണ്ടിനു കീഴിൽ പ്രവർത്തിക്കുന്ന പ്രവർത്തനങ്ങൾ രൂപ കോടിയിൽ	426
പട്ടിക 11.1.8	മോട്ടോർ വാഹന വകുപ്പിന് 2018–19, 2019–20 വർഷങ്ങളിൽ വിവിധ പദ്ധതികൾക്ക് അനുവദിച്ച പദ്ധതി വിഹിതം, ചെലവ് (2019 സെപ്റ്റംബർ വരെ) സംബന്ധിച്ച വിവരങ്ങൾ (രൂപ ലക്ഷത്തിൽ)	430
പട്ടിക 11.1.9	2010–19ൽ കേരളത്തിലെ റോഡ് അപകട പ്രവണത	432

പട്ടിക 11.1.10	2017–18 മുതൽ 2019–20 വരെയുള്ള കെഎസ്ആർടിസിയുടെ പദ്ധതി തിരിച്ചുള്ള വിഹിതം ചെലവ് (രൂപ ലക്ഷത്തിൽ)	434
പട്ടിക 11.1.11	രജിസ്റ്റർ ചെയ്ത ഇലക്ട്രിക് വാഹനങ്ങളുടെ വിശദാംശങ്ങൾ	435
പട്ടിക 11.1.12	2018–19 ലെ കെആർഡിസിഎൽന്റെ പ്രധാന സംരംഭങ്ങൾ	436
പട്ടിക 11.1.13	സാങ്കേതിക/ ഡിസൈൻ സവിശേഷതകൾ	437
പട്ടിക 11.1.14	കൊച്ചി മെട്രോ– വിശദ വിവരങ്ങൾ, രൂപ കോടിയിൽ	437
പട്ടിക 11.1.15	ജലമെട്രോ– ധനകാര്യ രീതി, രൂപ കോടിയിൽ	439
പട്ടിക 11.1.16	2017–18 മുതൽ 2019–20 വരെ പദ്ധതി തിരിച്ചുള്ള അവലോകനം (രൂപ ലക്ഷത്തിൽ) Traffic Handled At Major Ports (In '000Tonnes)	443
പട്ടിക 11.1.17	ഇന്ത്യയിലെ ഓപ്പറേറ്റിംഗ് തുറമുഖങ്ങളുടെ വിശദാംശങ്ങൾ	444
പട്ടിക 11.1.18	ഇന്ത്യയിലെ ചെറുകിട തുറമുഖങ്ങൾ കൈകാര്യം ചെയ്യുന്ന ചരക്ക് ഗതാഗതം – ('000 ടണ്ണിൽ)	444
പട്ടിക 11.1.19	കേരളത്തിലെ ചെറുകിട തുറമുഖങ്ങൾ കൈകാര്യം ചെയ്യുന്ന ചരക്ക് ഗതാഗതം ('000 ടണ്ണിൽ)	444
പട്ടിക 11.1.20	കർണാടകയിലെ ചെറുകിട തുറമുഖങ്ങൾ കൈകാര്യം ചെയ്യുന്ന ചരക്ക് ഗതാഗതം – ('000 ടണ്ണിൽ)	445
പട്ടിക 11.1.21	തമിഴ്നാട്ടിലെ ചെറുകിട തുറമുഖങ്ങൾ കൈകാര്യം ചെയ്യുന്ന ചരക്ക് ഗതാഗതം ('000 ടണ്ണിൽ)	445
പട്ടിക 11.1.22	ചെറുകിട തുറമുഖങ്ങളിലെ യാത്രാക്കാരുടെ വിവരങ്ങൾ (00 എണ്ണത്തിൽ)	445
പട്ടിക 11.1.23	ഇന്ത്യയിലെ തെരെഞ്ഞെടുക്കപ്പെട്ട ചെറുകിട തുറമുഖങ്ങളുടെ (സംസ്ഥാനതലം) ശേഷി വിനിയോഗം (2018–2019) ('000ടണ്ണിൽ)	446
പട്ടിക 11.1.24	കൊച്ചിൻ ഷിപ്പ് യാർഡ് അടിസ്ഥാന വിവരങ്ങൾ	447
പട്ടിക 11.1.25	വിഴിഞ്ഞം തുറമുഖ നിർമ്മാണം, ഫണ്ട് ചെലവഴിക്കൽ വിവരം	448
പട്ടിക 11.1.26	വിഴിഞ്ഞം തുറമുഖ നിർമ്മാണം – 2019 ഒക്ടോബർ 31 ലെ സ്ഥിതി	448
പട്ടിക 11.1.27	കെ.ഐ.വി നിയമം നടപ്പിലാക്കുന്നതിനായുള്ള പരിശോധനാ വിവരങ്ങൾ	450
പട്ടിക 11.1.28	കേരളത്തിൽ രജിസ്റ്റർ ചെയ്ത യാനങ്ങളുടെ എണ്ണം	450
പട്ടിക 11.1.29	കെ.എം.ബി/തുറമുഖ വകുപ്പ് നടത്തുന്ന പ്രോത്സാഹന പരിപാടിയുടെ വിവരങ്ങൾ	450
പട്ടിക 11.1.30	ദേശീയ ജലപാതകളിലെ ചരക്ക് ഗതാഗതം	454
പട്ടിക 11.1.31	വെസ്റ്റ് കോസ്റ്റ് കനാലിന്റെ നിലവിലെ സ്ഥിതി	455
പട്ടിക 11.1.32	Table 11.1.32 Scheme wise review from 2017–18 to 2019–20 ₹ in lakh	457
പട്ടിക 11.2.1	31.10.2019 അനുസരിച്ചുള്ള ഇന്ത്യയുടെ മൊത്തം സ്ഥാപിതശേഷി	459
പട്ടിക 11.2.2	31.10.2018 അനുസരിച്ചുള്ള ഇന്ത്യയുടെ മൊത്തം സ്ഥാപിതശേഷി	460
പട്ടിക 11.2.3	വിഹിതവും ചെലവുകളും (രൂപ ലക്ഷത്തിൽ)	460
പട്ടിക 11.2.4	കെ എസ് ബി എല്ലിന്റെ ആഭ്യന്തര ഉൽപാദന ശേഷി	462
പട്ടിക 11.2.5	നിർമ്മാണം പുരോഗമിക്കുന്ന സംസ്ഥാനത്തെ പ്രധാന ജല വൈദ്യുത പദ്ധതികൾ	462
പട്ടിക 11.2.6	2019 സാമ്പത്തിക വർഷത്തിൽ കേരളത്തിന്റെ ചുറ്റളവിലുള്ള ഓപ്പൺ അക്സസ്സ് ഊർജ്ജ പരിചക്രത്തിന്റെ കഴിഞ്ഞ വർഷങ്ങളിലെ താരതമ്യം	463
പട്ടിക 11.2.7	2018–19 ലെ സംസ്ഥാന വിഹിതമുള്ള പദ്ധതികളുടെ പുരോഗതി	472
പട്ടിക 11.2.8	2018–19, 2019–20 വർഷങ്ങളിൽ അനർട്ടിന്റെ വിഹിതവും ചെലവുകളും (രൂപ ലക്ഷത്തിൽ)	476
പട്ടിക 11.2.9	2018 –19, 2019–20 വർഷങ്ങളിലെ ഇ.എം.സി യുടെ വിഹിതവും ചെലവുകളും (രൂപ ലക്ഷത്തിൽ)	479
പട്ടിക 11.2.10	ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെ 2018–19, 2019–20 കാലയളവിലെ വിഹിതവും ചെലവുകളും	481
പട്ടിക 11.4.1	ജലനിധി 11 നേട്ടങ്ങൾ	492
പട്ടിക 11.5.1	മാർച്ച് 2019 പ്രകാരം ഭവന മേഖലയിൽ നിലനിൽക്കുന്ന വായ്പകൾ	499
പട്ടിക 11.6.1	2018 ലെ പ്രളയത്താലുള്ള നാശനഷ്ടങ്ങളുടെ കണക്കാക്കൽ, രൂപ കോടിയിൽ	503
പട്ടിക 11.6.2	2018 ലെ പ്രളയത്തെ തെത്തുടർന്നുണ്ടായ നാശനഷ്ടങ്ങളുടെ കണക്കുകൾ, രൂപ കോടിയിൽ	506
പട്ടിക 11.6.3	പ്രളയത്തിൽ നാശനഷ്ടം സംഭവിച്ച വീടുകൾക്ക് 2019 ഡിസംബർ 5 വരെ നൽകിയ തുകയുടെ വിവരങ്ങൾ, രൂപ കോടിയിൽ.	507

പട്ടിക 11.6.4	ഉജ്ജീവനിപദ്ധതി പ്രകാരം അനുവദിച്ച വായ്പകളുടെ വിവരങ്ങൾ, 2019 ജൂൺ മാസം വരെ, രൂപ ലക്ഷത്തിൽ	508
പട്ടിക 11.6.5	ആർകെഡിപി സ്കീമുകളിൽ ഉൾപ്പെടുത്തി, ഭരണാനുമതി നൽകിയതിന്റെ വിശദാംശങ്ങൾ, 2019 ഡിസംബർ 10 വരെ, രൂപ കോടിയിൽ	512
പട്ടിക 11.6.6	ആർകെഡിപി സ്കീമുകളിൽ ഉൾപ്പെടുത്തി, തത്വത്തിൽ അംഗീകാരം നൽകിയതിന്റെ വിശദാംശങ്ങൾ , 2019 ഡിസംബർ 6 വരെ, രൂപ കോടിയിൽ.	512
പട്ടിക 11.7.1	കിഫ്ബി അംഗീകരിച്ച പദ്ധതികൾ – വകുപ്പ് തിരിച്ചുള്ളത്	515
പട്ടിക 12.1.1	പൊതു വിഭാഗം സാധാരണ വിഹിതത്തിന്റെ മൊത്തചെലവിൽ ഉത്പാദന മേഖലയുടെ ചെലവ് വിഹിതം(രൂപ കോടിയിൽ)	524
പട്ടിക 12.2.2	വിവിധ തലത്തിലുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വകയിരുത്തിയിട്ടുള്ള വികസന ഫണ്ട് വിഹിതം (2018–19)(രൂപ ലക്ഷത്തിൽ)in ₹ lakh	527
പട്ടിക 12.1.3	വാർഷിക പദ്ധതി 2018–19 –പൊതുവിഭാഗം സാധാരണ വിഹിതത്തിലെ ചെലവിൽ ഉത്പാദന മേഖലയുടെ വിഹിതം (രൂപ കോടിയിൽ)	531
പട്ടിക 12.1.4	വാർഷിക പദ്ധതി 2018–19 – പ്രത്യേക പദ്ധതികളുടെ ചെലവ് വിഹിതം	532
പട്ടിക 12.2.1	ദേശീയ ഗ്രാമീണ ഉപജീവന മിഷന്റെ ഭൗതിക നേട്ടങ്ങൾ	543

ബോക്സുകൾ

ക്രമ നമ്പർ	ഇനം	ക്രമ നമ്പർ
ബോക്സ് 1.3.1	സുസ്ഥിര വികസന ലക്ഷ്യങ്ങൾ (എസ്.ഡി.ജി.) ഇന്ത്യൻ സംസ്ഥാനങ്ങളുടെ സൂചിക	19
ബോക്സ് 1.4.1	കെ.എസ്.എഫ്.ഇ പ്രവാസി ചിട്ടി	27
ബോക്സ് 2.1.1	സമീപകാലത്ത് വിദ്യാഭ്യാസ മേഖലയിൽ കേരളം നേടിയ പ്രധാനപ്പെട്ട നേട്ടങ്ങൾ	45
ബോക്സ് 2.1.2	ലിറ്റിൽ കൈറ്റ്സ് ഐ.ടി.ക്ലബ്സ്	47
ബോക്സ് 3.3.1	ഇരുപതാമത് കന്നുകാലികണക്കെടുപ്പ്	48
ബോക്സ് 3.3.2	ഇരുപതാമത് കന്നുകാലി സെൻസസ് – കേരളം	82
ബോക്സ് 3.3.3	ഭൂമിക – അനിമൽ റിസോഴ്സ് മാനേജ്മെന്റ് സിസ്റ്റം – ജി.ഐ.എസ് മാപ്പിംഗ് സിസ്റ്റം	84
ബോക്സ് 3.3.4	റീജിയണൽ കോംപ്രഹെൻസീവ് ഇക്കണോമിക് പാർട്ണർഷിപ്പ് കരാർ (പ്രാദേശിക സംയോജിത ഉല്പന്ന കൈമാറ്റ ഉടമ്പടി)	92
ബോക്സ് 3.5.1	വൻകിട ഇടത്തരം ജലസേചന പദ്ധതികൾ – സാങ്കേതിക സമിതിയുടെ ഇടപെടലുകൾ	104
ബോക്സ് 3.5.2	വെള്ളപ്പൊക്ക ദുരിതങ്ങൾ നേരിടുന്ന കുട്ടനാടിന് ഒരു പുനരുദ്ധാരണ പാക്കേജ് – സംസ്ഥാന ആസൂത്രണ ബോർഡ് തയ്യാറാക്കിയ റിപ്പോർട്ട്	106
ബോക്സ് 3.5.3	ജലസേചന ക്ഷമത വർദ്ധിപ്പിക്കുന്നതിനായി സൂക്ഷ്മജലസേചന പ്രവൃത്തികൾ തിരഞ്ഞെടുക്കുന്നതിന്റെ സാധ്യത	108
ബോക്സ് 4.3.1	ചന്ദ്രയാൻ –2 മിഷൻ ആരംഭിക്കുന്നതിന് പൊതുമേഖലാ സ്ഥാപനങ്ങളുടെ സംഭാവന	146
ബോക്സ് 4.3.2	കെ.എസ്.ഐ.ഡി.സി യുടെ പ്രധാന പ്രവർത്തനങ്ങളും നടപ്പാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികളും	149
ബോക്സ് 4.3.3	കോഴിക്കോട് നടന്ന നാളികേര വികസനത്തെക്കുറിച്ചുള്ള അന്താരാഷ്ട്ര സമ്മേളനവും പ്രദർശനവും	150
ബോക്സ് 4.3.4	കിൻഫ്രയിലെ നിലവിലുള്ള പദ്ധതികൾ	152
ബോക്സ് 4.4.1	സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളെ കുറിച്ചുള്ള വിദഗ്ധ സമിതി	156

ബോക്സ് 4.4.2	കേരളത്തിലെ വൈദഗ്ധ്യ വികസന പരിശീലനസ്ഥാപനങ്ങൾ	161
ബോക്സ് 4.6.1	മലബാർ ക്രാഫ്റ്റ്സ് മേള 2019	168
ബോക്സ് 4.6.2	നേട്ടങ്ങൾ	173
ബോക്സ് 4.6.3	2018–19 ൽ കേരളത്തിലെ കയർ മേഖലയുടെ നേട്ടങ്ങൾ	186
ബോക്സ് 5.1.1	ഐ.ഐ.ഐ.റ്റി.എം.കെ. യുടെ അക്കാദമിക് പരിപാടികൾ	200
ബോക്സ് 5.2.1	ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി	211
ബോക്സ് 5.2.2	ലോകാരോഗ്യ സംഘടനയുടെ 2019 സെർവിക്കൽ ക്യാൻസർ പൊതു ആരോഗ്യ പ്രശ്നമായി നിർമാർജ്ജനം ചെയ്യുന്നതിനായുള്ള ആഗോള നയം	217
ബോക്സ് 5.3.1	ചാമ്പ്യൻസ് ബോട്ട് ലീഗ്	234
ബോക്സ് 5.6.1	2018–19–ൽ കൈവരിച്ച പ്രധാന നേട്ടങ്ങളുടെ വിശദാംശങ്ങൾ	253
ബോക്സ് 6.1.1	നീതി ആയോഗ് റിപ്പോർട്ട് 2019	258
ബോക്സ് 6.1.2	കൈറ്റിന്റെ സ്കൂൾ വിക്കി	265
ബോക്സ് 6.1.3	വിദ്യാലയങ്ങളിലെ സയൻസ് പാർക്ക് – സമഗ്ര ശിക്ഷ കേരള പ്രോജക്റ്റ്	267
ബോക്സ് 6.1.4	സ്റ്റേറ്റ് അസ്സസ്മെന്റ് ആന്റ് അക്രഡിറ്റേഷൻ സെൻറർ (എസ് എ എ സി)	271
ബോക്സ് 6.1.5	പട്ടണം പുരാവസ്തു ഗവേഷണം	273
ബോക്സ് 6.1.6	അസാപ് – നിഷിനോടും സാമൂഹ്യ നീതി വകുപ്പിനോടും ചേർന്നുള്ള പ്രവർത്തനം	274
ബോക്സ് 6.1.7	സിസ്റ്റം എനർജി എന്വിയോൺമെന്റിൽ മികവിന്റെ കേന്ദ്രം	276
ബോക്സ് 7.2.1	എംപ്ലോയബിലിറ്റി സെന്റർ	329
ബോക്സ് 7.3.1	ഗ്രൂപ് ഇൻഷുറൻസ് പദ്ധതി	333
ബോക്സ് 7.3.2	ഐ.റ്റി.ഐ ട്രെയിനികൾക്കായുള്ള ഉച്ച ഭക്ഷണ പരിപാടി	334
ബോക്സ് 7.3.3	സ്കിൽ രജിസ്ട്രി	335
ബോക്സ് 8.1.1	ലിംഗ മുഖ്യധാരയും ലിംഗസമത്വ വും – യുഎൻഡിപിയുടെ സമീപനവും തത്വങ്ങളും	340
ബോക്സ് 8.1.2	ശരണ്യ: രജിസ്റ്റർ ചെയ്ത തൊഴിലില്ലാത്ത വിധവകൾ / ഉപേക്ഷിക്കപ്പെട്ട / വിവാഹമോചിതർ / അവിവാഹിതർ / അവിവാഹിതയായ അമ്മ എന്നിവരുടെ സ്വയം തൊഴിൽ പദ്ധതി	346
ബോക്സ് 8.1.3	സ്ത്രീകൾക്കുള്ള ഹെൽപ്പ് ഡെസ്കുകൾ	352
ബോക്സ് 8.1.4	സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ ലിംഗ സ്നാപ്ഷോട്ട് 2019	354
ബോക്സ് 8.2.1	ഫുഡ്ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട്, പാലക്കാട്	358
ബോക്സ് 8.2.2	തൊഴിൽ രഹിതരായ പട്ടികജാതി യുവാക്കൾക്ക് വിദേശത്ത് തൊഴിൽ തേടുന്നതിന് ധനസഹായം	359
ബോക്സ് 8.2.3	ലൈഫ് മിഷനും പട്ടികജാതിക്കാര്വേണ്ടിയുള്ള ഭവന പദ്ധതിയും	359
ബോക്സ് 8.2.4	ഹാൻഡ് ഹോൾഡിംഗ് സെല്ലും മൊബൈൽ ആപ്പും	360
ബോക്സ് 8.2.5	ഗദ്ദിക ഉല്പന്നങ്ങളുടെ ഓണ്ലൈൻ വെബ് പോർട്ടൽ	360
ബോക്സ് 8.2.6	2018–19 ൽ വിദ്യാഭ്യാസ മേഖലയിലെ പ്രധാന ഭൗതിക നേട്ടങ്ങൾ	366
ബോക്സ് 8.3.1	ഭിന്ന ശേഷിക്കാർക്കായുള്ള നാഷണൽ അവാർഡുകൾ	375
ബോക്സ് 8.3.2	ഭിന്നലിംഗക്കാർക്കായുള്ള പദ്ധതി	379
ബോക്സ് 9.2.1	ജിമ്മി ജോർജ്ജ് ഫിറ്റ്നസ്സ് സെൻറർ	399
ബോക്സ് 9.2.2	എലൈറ്റ് സ്കീമിന് കീഴിൽ പ്രവർത്തിക്കുന്ന 3 കേന്ദ്രങ്ങളുടെ വിശദാംശങ്ങൾ	401
ബോക്സ് 9.2.3	കേരള വോളണ്ടറി യൂത്ത് ആക്ഷൻ ഫോഴ്സ്	402
ബോക്സ് 10.1.1	കുടിയേറ്റം – സ്ഥിതി വിവരക്കണക്കുകൾ	409

ബോക്സ് 11.1.1	2018–19 ലെ പൊതുമരാമത്ത് വകുപ്പിന്റെ (റോഡുകളും പാലങ്ങളും) പ്രധാന സംരംഭങ്ങൾ	423
ബോക്സ് 11.1.2	2018–19 ലെ റിക്കിന്റെ പ്രധാന പ്രവർത്തനങ്ങൾ	427
ബോക്സ് 11.1.3	വാഹനമേഖലയിലെ വിൽപ്പന മാന്ദ്യം	430
ബോക്സ് 11.1.4	കെ.എസ്.ആർ.ടി.സി യുടെ പ്രധാന ആഭ്യന്തര സൂചകങ്ങൾ	433
ബോക്സ് 11.1.5	ഉഡാൻ (ഉഡെ ദേശ് ക ആം നാഗ്രിക്)	439
ബോക്സ് 11.2.1	കരട് കേരള വൈദ്യുതി നയം 2019	475
ബോക്സ് 11.2.2	Pilicode – the first filament free Panchayat in India	478
ബോക്സ് 11.3.1	കേരള തപാൽ സർക്കിളിന്റെ പ്രധാന പ്രവർത്തനങ്ങൾ	484
ബോക്സ് 11.3.2	ഒറ്റ അടിയന്തിര നമ്പർ '112'	486
ബോക്സ് 11.3.3	2019, ജൂൺ 30 അനുസരിച്ച് കേരള ടെലികോം മേഖലയുടെ അവസ്ഥ	486
ബോക്സ് 11.4.1	ജൽജീവൻ മിഷൻ (ജെജെഎം)	491
ബോക്സ് 11.6.1	2019–20 വാർഷിക പദ്ധതിയിലെ ഉപജീവന പദ്ധതികൾ	510
ബോക്സ് 12.1.1	ഗ്രാമപഞ്ചായത്ത് വികസന പദ്ധതി (Grama Panchayat Development Plan)	523
ബോക്സ് 12.1.2	2018 ലെയും 2019 ലെയും പ്രളയം നേരിടുന്നതിൽ പ്രദേശിക സർക്കാരുകൾ വഹിച്ച പങ്ക്	526
ബോക്സ് 12.1.3	'ധാന്യമണികൊണ്ടുള്ള അത്ഭുതം	533
ബോക്സ് 12.1.4	ജലരക്ഷ ജീവൻ രക്ഷ	533
ബോക്സ് 12.1.5	നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്തിലെ സോഷ്യൽ ആഡിറ്റ്	534

ചിത്രങ്ങൾ

ക്രമ നമ്പർ	ഇനം	പേജ് നമ്പർ
ചിത്രം 1.1.1	കേരളത്തിന്റെ ജി എസ് വി എ യുടെയും ഇന്ത്യയുടെ ജിവിഎയുടെയും വാർഷിക വളർച്ചാ നിരക്ക് ശതമാനത്തിൽ (രണ്ടും 2011–12 സ്ഥിരവിലയിൽ)	4
ചിത്രം 1.1.2	പ്രതിശീർഷ അറ്റ ആഭ്യന്തര ഉല്പ്പന്നവും പ്രതിശീർഷ അറ്റ സംസ്ഥാന ആഭ്യന്തരഉല്പന്നവും സ്ഥിരവിലയിൽ	7
ചിത്രം 1.1.3	കർഷകർക്ക് ലഭിച്ചതും നല്കിയതുമായ വില	10
ചിത്രം 1.2.1	കേരളത്തിലെ ജനസംഖ്യ	13
ചിത്രം 1.2.2	കേരളത്തിലെ ഗ്രാമീണ, നഗര ജനസംഖ്യ	14
ചിത്രം 1.2.3	കേരളത്തിൽ കുട്ടികളുടെ ജനസംഖ്യ ശതമാനം	14
ചിത്രം 1.4.1	കേരളത്തിലെ ബാങ്ക് നിക്ഷേപത്തിന്റെ വളർച്ച	22
ചിത്രം 1.4.2	2019 മാർച്ച് വരെയുള്ള കാർഷികവായ്പ വിഹിതം	23
ചിത്രം 1.4.3	ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകളുടെ നിക്ഷേപത്തിന്റെയും വായ്പയുടെയും ജില്ല തിരിച്ചുള്ള കണക്ക്, മാർച്ച് 2019	25
ചിത്രം 1.5.1	സംസ്ഥാന റവന്യൂ വരുമാനത്തിന്റെ അനുപാതം (ശതമാനത്തിൽ)	31
ചിത്രം 1.5.2	2018 –19 ൽ സംസ്ഥാനത്തിന്റെ തനതു നികുതി വരുമാനം	32
ചിത്രം 1.5.3	ധനകാര്യ കമ്മീഷൻ നിർദ്ദേശ്ശങ്ങൾ അനുസരിച്ച പങ്കു വയ്ക്കപ്പെടുന്ന നികുതി (ശതമാനത്തിൽ)	33
ചിത്രം 1.5.4	കേന്ദ്രത്തിൽ നിന്നും ലഭിക്കുന്ന ഉപാധിയുള്ളതും ഉപാധി രഹിതവുമായ ഫണ്ടിന്റെ അനുപാതം	33
ചിത്രം 1.5.5	റവന്യൂ ചെലവിൽ പലിശ, പെൻഷൻ, ശമ്പളം, സബ്സിഡികൾ, തദ്ദേശ്ശ ഭരണ സ്ഥാപനങ്ങളുടെ വിഹിതം, മറ്റു റവന്യൂ ചെലവുകൾ എന്നിവയുടെ അനുപാതം	35
ചിത്രം 1.5.6	റവന്യൂ ചെലവിൽ പലിശ, പെൻഷൻ, ശമ്പളം, സബ്സിഡികൾ എന്നിവയുടെ പ്രവണത	36
ചിത്രം 1.5.7	മൂലധന ചെലവിന്റെ ഘടകങ്ങളുടെ പ്രവണത	37
ചിത്രം 2.1.1	1989–90 മുതൽ സർക്കാർ, എയഡഡ് വിദ്യാലയങ്ങളിൽ ചേരുന്ന പ്രവണത	44
ചിത്രം 2.1.2	ലിംഗ–വർഗ്ഗ വ്യത്യാസമന്യേ ശാരീരിക–മാനസിക വൈഷമ്യങ്ങൾ ഉള്ളവർക്ക് ഉൾപ്പെടെ എല്ലാ വിദ്യാർത്ഥികൾക്കും ഉന്നത വിദ്യാഭ്യാസത്തിനുള്ള തുല്യ അവസരങ്ങൾ	49

ചിത്രം 3.1.1	തെക്ക് പടിഞ്ഞാറൻ കാലവർഷത്തിൽ 2019 ജൂൺ മുതൽ സെപ്റ്റംബർ 30 വരെ ലഭിച്ച മഴ	62
ചിത്രം 3.1.2	വടക്കു കിഴക്കൻ കാലവർഷത്തിൽ 2019 ഒക്ടോബർ 1 മുതൽ ഡിസംബർ 31 വരെ ലഭിച്ച മഴ	63
ചിത്രം 3.1.3	2018–19 ൽ കേരളത്തിലെ ഭൂവിനിയോഗ രീതി	64
ചിത്രം 3.1.4	സീസൺ അടിസ്ഥാനത്തിൽ കേരളത്തിലെ നെൽകൃഷിയുടെ വിസ്തൃതിയും ഉല്പാദനവും (2016–17 മുതൽ 2018–19 വരെ)	65
ചിത്രം 3.1.5	കാർഷിക വായ്പ കേരളത്തിൽ (2013–14 മുതൽ 2018–19 വരെ)	74
ചിത്രം 3.1.6	ആകെയുള്ള കാർഷിക വായ്പയിൽ ഉല്പാദന വായ്പയുടേയും നിക്ഷേപ വായ്പയുടേയും പങ്ക്	75
ചിത്രം 3.3.1	രാജ്യത്തെ കന്നുകാലി സഞ്ചയം	83
ചിത്രം 3.3.2	കേരളത്തിലെ ക്ഷീര ഉല്പാദനം ഇനം തിരിച്ച്	85
ചിത്രം 3.3.3	കേരളത്തിലെ ക്ഷീര ഉല്പാദനം ഇനം തിരിച്ച്	86
ചിത്രം 3.3.4	കേരളത്തിൽ മുട്ട ഉല്പാദനം ഇനം തിരിച്ച്	86
ചിത്രം 3.3.5	കന്നുകാലി ഉല്പന്നങ്ങളുടെ ശരാശരി വിലകൾ (2013–14 മുതൽ 2018–19 വരെ)	90
ചിത്രം 3.4.1	കേരളത്തിലെ മത്സ്യ ഉല്പാദനം (2014–15 മുതൽ 2018–19 വരെ)	95
ചിത്രം 3.4.2	ഇന്ത്യയിലേയും കേരളത്തിലേയും മത്സ്യ ഉല്പാദനം (സമുദ്ര–ഉൾനാടൻ മേഖലകളുടെ വിഹിതം)	95
ചിത്രം 3.4.3	കേരളത്തിലെ മത്സ്യബന്ധന തുറമുഖങ്ങളുടെ ലൊക്കേഷൻ	98
ചിത്രം 3.5.1	ജലസംഭരണികളിലെ സംഭരണ നില (2017–19)	104
ചിത്രം 3.6.1	കേരളത്തിലെ വനമേഖലയുടെ ജില്ല തിരിച്ചുള്ള വിസ്തീർണ്ണം (ച.കി.മീ)	110
ചിത്രം 3.6.2	കേരളത്തിലെ വനങ്ങളിൽനിന്നുള്ള വരുമാനം (2014–15 മുതൽ– 2018–19 വരെ)	112
ചിത്രം 3.7.1	കേരളത്തിലെ ജനവാസ കേന്ദ്രങ്ങളിലുള്ള 10 നിരീക്ഷണ കേന്ദ്രങ്ങളിലെ വായുമലിനീകരണത്തിന്റെ വാർഷിക ശരാശരി മൂല്യങ്ങൾ	117
ചിത്രം 3.7.2	2018 ൽ കേരളത്തിലെ സെൻസിറ്റീവായ മൂന്ന് നിരീക്ഷണ കേന്ദ്രങ്ങളിലെ വായു മലിനീകരണത്തിന്റെ അളവ്	117
ചിത്രം 3.7.3	2018 ൽ കേരളത്തിലെ വ്യവസായ കേന്ദ്രങ്ങളിലെ 11 നിരീക്ഷണ കേന്ദ്രങ്ങളിൽ ലഭ്യമായ വായു മലിനീകരണത്തിന്റെ വാർഷിക ശരാശരി മൂല്യങ്ങൾ	118
ചിത്രം 3.7.4	തിരഞ്ഞെടുക്കപ്പെട്ട നദീകേന്ദ്രങ്ങളിലെ ബി.ഒ.ഡി നില 2013 ലും 2018 ലും	119
ചിത്രം 3.8.1	വിവിധ വിഭാഗം കാർഡുടമകൾ 2019 ആഗസ്റ്റ് മാസം വരെ, ശതമാനത്തിൽ	126
ചിത്രം 3.8.2	എൻ.എഫ്.എസ്.എ യുടെ കീഴിൽ വിഭാഗം തിരിച്ച് വിതരണം ചെയ്ത ഭക്ഷ്യ ധാന്യങ്ങൾ (2019 നവംബർ പ്രകാരം)	129
ചിത്രം 4.1.1	കേരളത്തിന്റെ ജിവിഎസ്എ യിലെ മാനുഫാക്ചറിംഗ് രംഗത്തിന്റെ പങ്കും ഇന്ത്യയുടെ ജിവിഎ യിൽ ഫാക്ടറി രംഗത്തിന്റെ പങ്കും	133
ചിത്രം 4.1.2	കേരളത്തിലെ കെമിക്കൽസ്, ഫാർമസ്യൂട്ടിക്കൽസ് വ്യവസായങ്ങൾ:	135
ചിത്രം 4.2.1	ഇന്ത്യയിലെ ഉൽപന്ന നിർമ്മാണ മേഖലയിൽ നിന്നുള്ള വാർഷിക വളർച്ച ഗ്രോസ് വാല്യൂ ആഡഡ്, സ്ഥിരവിലയിൽ, ശതമാനത്തിൽ	139
ചിത്രം 4.2.2	കേരളത്തിലെ, ഉൽപ്പന്ന നിർമ്മാണ മേഖലയുടെ വാർഷിക വളർച്ചാ ഗ്രോസ് വാല്യൂ ആഡഡ്, സ്ഥിരവിലയിൽ, ശതമാനത്തിൽ	140
ചിത്രം 4.2.3	കേരളത്തിലെ ഖനന ക്വാറി മേഖലയിൽ നിന്നുള്ള വരുമാനത്തിന്റെ വാർഷിക വളർച്ചാ നിരക്ക്, ഗ്രോസ് വാല്യൂ ആഡഡ്, ശതമാനത്തിൽ	141
ചിത്രം 4.3.1	കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളിൽ കേരളത്തിന് ലഭിച്ച നിക്ഷേപ വിഹിതം ശതമാനത്തിൽ	144

ചിത്രം 4.3.2	വ്യവസായ വകുപ്പിനു കീഴിലുള്ള പൊതുമേഖല സ്ഥാപനങ്ങളുടെ പ്രവർത്തനത്തിന്റെ ഗതി	145
ചിത്രം 4.3.3	വ്യവസായ വകുപ്പിന് കീഴിലുള്ള സംസ്ഥാന പൊതുമേഖല സ്ഥാപനങ്ങളും ഉല്പ്പാദനത്തിന്റയേും വിറ്റുവരവിന്റയേും മൂല്യം *	146
ചിത്രം 4.3.4	വ്യവസായ വകുപ്പിന് കീഴിലുള്ള സംസ്ഥാന പൊതുമേഖല സ്ഥാപനങ്ങളുടെ അറ്റലാഭം/നഷ്ടം	148
ചിത്രം 4.4.1	2017–18, 2018–19 വർഷങ്ങളിലെ പുതിയ എം.എസ്.എം.ഇ യൂണിറ്റുകളും സൃഷ്ടിച്ച പുതിയ തൊഴിലവസരങ്ങളും	157
ചിത്രം 4.4.2	2018 –19ൽ നിർമ്മാണ, സേവന മേഖലയിൽ രജിസ്റ്റർ ചെയ്ത സൂക്ഷ്മ, ചെറുകിട ഇടത്തരം യൂണിറ്റുകളുടെ എണ്ണം	158
ചിത്രം 4.6.1	കേരള സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ വഴി 2012–13 മുതൽ 2018–19 വരെ നടത്തിയ കയറിന്റെയും കയറുൽപ്പന്നങ്ങളുടെയും കയറ്റുമതി	180
ചിത്രം 4.6.2	കയർ മേഖലയിലെ സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെയും കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെയും കയറ്റുമതിയുടെ വളർച്ചാ നിരക്ക്, ശതമാനത്തിൽ	181
ചിത്രം 5.1.1	ടെക്നോപാർക്കിലെ ബിൽറ്റ് അപ്പ് ഏര്യയുടെ വളർച്ച	202
ചിത്രം 5.1.2	ടെക്നോപാർക്കിലെ കമ്പനികളുടെവളർച്ച	203
ചിത്രം 5.1.3	ടെക്നോപാർക്കിൽ നിന്നുള്ള കയറ്റുമതി	203
ചിത്രം 5.1.4	ടെക്നോപാർക്കിലെ തൊഴിലവസരങ്ങളുടെ വർദ്ധന	204
ചിത്രം 5.2.1	2018–19 ൽ രജിസ്റ്റർ ചെയ്ത പുതിയ കേസുകൾ, ജില്ലാ അടിസ്ഥാനത്തിൽ	219
ചിത്രം 5.2.2	2018–19 സ്പെഷ്യാലിറ്റി ക്ലിനിക്കുകളിൽ രജിസ്റ്റർ ചെയ്ത പുതിയ രോഗികളുടെ എണ്ണം	220
ചിത്രം 5.2.3	2018–19 ൽ ൽ പുതിയതായി രജിസ്റ്റർചെയ്ത പുതിയ രോഗികളുടെ പ്രായവും ലിംഗവുമനുസരിച്ചുള്ള കണക്ക്	220
ചിത്രം 5.2.4	2017–18 ൽ ആർ.സി.സിയിലേക്ക് റഫർ ചെയ്യപ്പെട്ട കേസുകളുടെ എണ്ണം	222
ചിത്രം 5.3.1	2009 മുതൽ 2018 വരെ കേരളത്തിലേക്കുള്ള വിനോദ സഞ്ചാരികളുടെ വരവിന്റെ വാർഷിക വളർച്ചാ നിരക്ക്, ശതമാനത്തിൽ	227
ചിത്രം 5.3.2	2009 മുതൽ 2018 വരെ കേരളത്തിലെത്തിയ വിദേശ വിനോദ സഞ്ചാരികളുടെ എണ്ണം മാസാടിസ്ഥാനത്തിൽ	228
ചിത്രം 5.3.3	2017, 2018 വർഷങ്ങളിൽ കേരളത്തിലേക്ക് വിദേശ വിനോദ സഞ്ചാരികളെ സംഭാവന ചെയ്യുന്നതിൽ മുൻപന്തിയിൽ നില്ക്കുന്ന 10 രാജ്യങ്ങൾ, ശതമാനത്തിൽ	229
ചിത്രം 5.3.4	2018 ൽ കേരളം സന്ദർശിച്ച വിദേശ വിനോദ സഞ്ചാരികളുടെ എണ്ണം മേഖല തിരിച്ച് (ശതമാനത്തിൽ)	229
ചിത്രം 5.3.5	2009 മുതൽ 2018 വരെ കേരളത്തിലെ ആഭ്യന്തര വിനോദ സഞ്ചാരികളുടെ വരവിന്റെ വാർഷിക വളർച്ചാ നിരക്ക്, ശതമാനത്തിൽ	230
ചിത്രം 5.3.6	കേരളത്തിലെ ആഭ്യന്തര വിനോദ സഞ്ചാരികളുടെ എണ്ണം 2009 മുതൽ 2018 വരെ, എണ്ണത്തിൽ	231
ചിത്രം 5.3.7	2017 ലും 2018 ലും വിദേശ വിനോദ സഞ്ചാരികളെ സംഭാവന ചെയ്യുന്നതിൽ മുൻപന്തിയിൽ നില്ക്കുന്ന 10 സംസ്ഥാനങ്ങൾ, ശതമാനത്തിൽ	232
ചിത്രം 5.3.8	2018 ൽ മേഖലാടിസ്ഥാനത്തിൽ ആഭ്യന്തര വിനോദ സഞ്ചാരികളുടെ സന്ദർശനം, ശതമാനത്തിൽ	232
ചിത്രം 5.3.9	വിനോദസഞ്ചാര മേഖലയിൽ നിന്നും ലഭ്യമായ മൊത്തം വരുമാനം 2009 മുതൽ 2018 വരെ, രൂപ കോടിയിൽ	233
ചിത്രം 5.4.1	സമുദ്രോല്പന്നങ്ങളുടെ കയറ്റുമതി വളർച്ചാനിരക്കുകൾ(അളവിൽ)– ഇൻഡ്യ,കേരളം– കേരളത്തിന്റെ വിഹിതം, 2011–12 മുതൽ 2018–19 വരെ, ശതമാനത്തിൽ	238

ചിത്രം 5.4.2	2018–19 ൽ ഇൻഡ്യയിൽ നിന്ന് കയറ്റി അയച്ച സമുദ്രോൽപന്നങ്ങളും അവയുടെ വിപണി വിഹിതവും (ശതമാനത്തിൽ)	239
ചിത്രം 5.4.3	2018–19–ൽ കേരളത്തിൽ നിന്ന് കയറ്റി അയച്ച സമുദ്രോല്പന്നങ്ങളും വിപണി വിഹിതവും (ശതമാനത്തിൽ)	239
ചിത്രം 5.4.4	2018–19–ൽ ഇൻഡ്യൻ സമുദ്രോല്പന്നങ്ങളുടെ പ്രധാന വിദേശ വിപണികൾ, വിപണി വിഹിതം ശതമാനത്തിൽ	240
ചിത്രം 5.4.5	2018–19–ലെ കേരളത്തിൽ നിന്നുള്ള സമുദ്രോല്പന്നങ്ങളുടെ പ്രധാന വിദേശ വിപണികൾ, വിപണി വിഹിതം (ശതമാനത്തിൽ)	240
ചിത്രം 5.4.6	കശുവണ്ടി പരിപ്പിന്റെ കയറ്റുമതി : കേരളവും ഇൻഡ്യയും (അളവ്: മെട്രിക് ടൺ)	241
ചിത്രം 5.4.7	ഇന്ത്യയിൽ നിന്നും കേരളത്തിൽ നിന്നുമുള്ള കയറും കയറുൽപന്നങ്ങളുടെയും കയറ്റുമതി, 2013–14 മുതൽ 2018–19 വരെ, (അളവ്: ലക്ഷം മെട്രിക് ടൺ)	242
ചിത്രം 5.4.8	കേരളത്തിന്റെയും ഇൻഡ്യയുടേയും സുഗന്ധ വ്യഞ്ജനങ്ങളുടെ കയറ്റുമതി (അളവിൽ) വളർച്ചാ നിരക്കുകൾ, ശതമാനത്തിൽ, (2014–15 മുതൽ 2018–19 വരെ)	244
ചിത്രം 5.5.1	എഫ്.എം.ബി ഷീറ്റുകൾ സ്കാൻ ചെയ്ത വിവരം (എണ്ണം) 2016–2018	247
ചിത്രം 5.5.2	സൈബർ സെല്ലിൽ രജിസ്റ്റർ ചെയ്ത കുറ്റകൃത്യങ്ങളുടെ എണ്ണം	248
ചിത്രം 6.1.1	ഉടമസ്ഥത തിരിച്ച് വിദ്യാലയങ്ങളുടെ എണ്ണം 2019–20	260
ചിത്രം 6.1.2	ഉടമസ്ഥത തിരിച്ച് വിദ്യാർത്ഥികളുടെ പ്രവേശനം	261
ചിത്രം 6.1.3	ഡിഗ്രി കോഴ്സിലേക്കുള്ള സ്ത്രീ പുരുഷ വിദ്യാർഥികളുടെ പ്രവേശനം	269
ചിത്രം 6.1.4	ബിരുദ ബിരുദാനന്തര ബിരുദ കോഴ്സിലെ പട്ടിക വർഗ്ഗ വിദ്യാർത്ഥികൾ ശതമാനത്തിൽ	270
ചിത്രം 6.3.1	വൃദ്ധസദനങ്ങളിലെ മുതിർന്നവരുടെ എണ്ണം	303
ചിത്രം 7.1.1	കേരളത്തിലെ സ്ത്രീ പുരുഷ ശരാശരി വേതന നിരക്ക് മറ്റു സംസ്ഥാനങ്ങളുമായി താരതമ്യം	310
ചിത്രം 7.1.2	ഗ്രാമീണ കാർഷികേതര മേഖലയിലെ ശരാശരി ദിവസ വേതന നിരക്ക്	310
ചിത്രം 7.1.3	തെക്കൻ സംസ്ഥാനങ്ങളിലെയും ഇന്ത്യയിലെയും പുരുഷ തൊഴിലാളികളുടെ വേതനത്തിലെ നിരക്ക്	311
ചിത്രം 7.1.4	തെക്കൻ സംസ്ഥാനങ്ങളിലെയും ഇന്ത്യയിലെയും സ്ത്രീ തൊഴിലാളികളുടെ വേതനത്തിലെ നിരക്ക്	312
ചിത്രം 7.1.5	യുഷ്വൽ പ്രിൻസിപ്പൽ സ്റ്റാറ്റസ് അപ്രോച്ച് പ്രകാരമുള്ള ലേബർ ഫോഴ്സ് പാർട്ടിസിപ്പെഷൻ നിരക്ക് (കേരളവും മറ്റു തെക്കൻ സംസ്ഥാനങ്ങളും)	313
ചിത്രം 7.1.6	ലോക്കൗട്ട് മൂലം നഷ്ടപ്പെട്ട തൊഴിൽ ദിനങ്ങളുടെ എണ്ണം	313
ചിത്രം 7.1.7	സമരം മൂലം നഷ്ടപ്പെട്ട തൊഴിൽ ദിനങ്ങൾ 2013–2019 ജൂലൈ	314
ചിത്രം 7.1.8	ലോക്കൗട്ട് മൂലം നഷ്ടപ്പെട്ട തൊഴിൽ ദിനങ്ങളുടെ എണ്ണം	314
ചിത്രം 7.1.9	ലേ ഓഫ് മൂലം നഷ്ടപ്പെട്ട തൊഴിൽ ദിനങ്ങളുടെ എണ്ണം	315
ചിത്രം 7.1.10	കേരളത്തിൽ പ്രവർത്തിക്കുന്ന ഫാക്ടറികളുടെ എണ്ണം	315
ചിത്രം 7.1.11	കേരളത്തിൽ പ്രവർത്തിക്കുന്ന ഫാക്ടറികളിലെ തൊഴിലാളികളുടെ എണ്ണം	316
ചിത്രം 7.1.12	തൊഴിൽ തർക്കങ്ങളും തീരുമാനമാക്കിയവയും	317
ചിത്രം 7.1.13	തൊഴിൽ തർക്ക തീരുമാനത്തിന്റെ നിരക്ക്	317
ചിത്രം 7.1.14	ജില്ലതിരിച്ചുള്ള ഇ എസ് ഐ ഡിസ്പെൻസറികളുടെ വിശദാംശങ്ങൾ	318
ചിത്രം 7.1.15	വിവിധ സംസ്ഥാനങ്ങളിൽനിന്നും കേരളത്തിലെത്തിയ തൊഴിലാളികളുടെ എണ്ണം	319

ചിത്രം 7.2.1	ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളുലേയും/ കേന്ദ്രഭരണ പ്രദേശങ്ങളുലേയും15 വയസ്സും അതിൽ കൂടുതലുമുള്ള വ്യത്യസ്ത പൊതു വിദ്യാഭ്യാസ തലത്തിലുള്ളവരുടെ യൂഷ്വൽ സ്റ്റാറ്റസ് (പി.എസ്. + എസ്.എസ്) പ്രകാരമുള്ള തൊഴിലില്ലായ്മ നിരക്കുകൾ , ശതമാനത്തിൽ	321
ചിത്രം 7.2.2	കേരളത്തിലെ തൊഴിലില്ലായ്മ നിരക്ക്, ശതമാനത്തിൽ (യൂഷ്വൽ സ്റ്റാറ്റസ് (പി. എസ്+എസ്.എസ്), (നിലവിലെ പ്രതിവാര സ്റ്റാറ്റസ് (സി ഡബ്ല്യൂ സ്)	323
ചിത്രം 7.2.3	യൂഷ്വൽ സ്റ്റാറ്റസ് (പി.എസ്+എസ്.എസ്) പ്രകാരം കേരളത്തിലെയും ഇന്ത്യയിലെയും യുവജനങ്ങൾക്കിടയിലെ (15 മുതൽ 29 വയസ്സ് വരെ) തൊഴിലില്ലായ്മാ നിരക്ക് (ശതമാനത്തിൽ)	324
ചിത്രം 7.2.4	കേരളത്തിലെ സംഘടിത മേഖലയിലെ തൊഴിൽ – കേരളം (എണ്ണം ലക്ഷത്തിൽ)	324
ചിത്രം 7.2.5	പൊതുമേഖലയിലെ തൊഴിൽ വിതരണം	325
ചിത്രം 7.2.6	സംഘടിത മേഖലയിലെ പ്രധാനപ്പെട്ട തൊഴിൽ വിതരണം – മാർച്ച് 2019 (ശതമാനം)	326
ചിത്രം 7.2.7	കേരളത്തിലെ തൊഴിലന്വേഷകർ (ലക്ഷത്തിൽ)	327
ചിത്രം 7.2.8	വിദ്യാഭ്യാസ യോഗ്യതയെ അടിസ്ഥാനത്തിലാക്കിയുള്ള കേരളത്തിലെ തൊഴിലന്വേഷകർ, ശതമാനത്തിൽ	327
ചിത്രം 7.2.9	തൊഴിലന്വേഷകരുടെ 31/07/2019 വരെയുള്ള കണക്കുകൾ (സ്ത്രീ പുരുഷ സ്റ്റാറ്റസ്), എണ്ണം ലക്ഷത്തിൽ	327
ചിത്രം 7.2.10	കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ് ചേഞ്ചുകൾ വഴിയുള്ള നിയമനങ്ങൾ	330
ചിത്രം 8.1.1	വ്യത്യസ്ത തലത്തിൽ സാക്ഷരതാ നിരക്കിന്റെ ലിംഗവിടവ് (ഗ്രാമീണ/നഗരം)	342
ചിത്രം 8.1.2	കേരളത്തിലെ സ്ത്രീ പുരുഷ തൊഴിൽ പങ്കാളിത്ത അനുപാതം	345
ചിത്രം 8.1.3	15 നും 59 നും ഇടയിൽ പ്രായമുള്ള സ്ഥിരവരുമാനം/ശമ്പളമുള്ള ജോലിക്കാർക്ക് ദിവസേന ലഭിക്കുന്ന, കൂലി/വേതനം	346
ചിത്രം 8.1.4	സംഘടിത മേഖലയിലെ സ്ത്രീ തൊഴിലാളികളുടെ വളർച്ച	348
ചിത്രം 8.1.5	കുറ്റകൃത്യങ്ങളുടെ എണ്ണം	351
ചിത്രം 8.2.1	എസ്.സി.എസ്.പി/ടി.എസ്.പി വിഹിതം (തുക കോടിയിൽ)	356
ചിത്രം 8.2.2	2014 മുതൽ 2017–18 വരെ അതിക്രമങ്ങൾ തടയൽ നിയമപ്രകാരം അതിക്രമത്തിന് ഇരയായ പട്ടികജാതിക്കാരുടെ എണ്ണവും അനുവദിച്ച നഷ്ടപരിഹാര തുകയും (തുക ലക്ഷത്തിൽ)	361
ചിത്രം 8.2.3	പ്രീമെട്രിക്, പോസ്റ്റ് മെട്രിക് പഠനത്തിലേർപ്പെട്ടിരിക്കുന്ന ധനസഹായംലഭിച്ച പട്ടികവർഗ വിദ്യാർത്ഥികളുടെ എണ്ണം	364
ചിത്രം 8.2.4	2014–15 മുതൽ 2018–19 വരെയുള്ള ഭവന പദ്ധതിയുടെ വിഹിതവും ചെലവും, രൂപ കോടിയിൽ	365
ചിത്രം 8.2.5	2014–15 മുതൽ 2018–19 വരെ അതിക്രമ നിയമപ്രകാരം രജിസ്റ്റർ ചെയ്ത പട്ടികവർഗക്കാരായ ഇരകളുടെ എണ്ണവും നൽകിയ നഷ്ടപരിഹാര തുകയും	367
ചിത്രം 8.3.1	തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴിയുള്ള പെൻഷൻ പദ്ധതികളുടെ ഗുണഭോക്താക്കൾ 2018–19	374
ചിത്രം 10.1 .1	നിക്ഷേപം സ്വീകരിക്കുന്നതിൽ മുന്പന്തിയിൽ നില്ക്കുന്ന രാജ്യങ്ങൾ (2005–2015) (ബില്ല്യൻ അമേരിക്കൻ ഡോളർ)	408
ചിത്രം 10.1 .2	നിക്ഷേപം നൽകുന്നതിൽ മുന്പന്തിയിൽ നില്ക്കുന്ന രാജ്യങ്ങൾ (2005–2015) (ബില്ല്യൻ അമേരിക്കൻ ഡോളർ)	408
ചിത്രം 10.1 .3	കേരളത്തിലെ ജില്ല തിരിച്ചുള്ള പ്രവാസികളുടെ എണ്ണം 2018	409
ചിത്രം 10.1 .4	1998–2018 ലെ കുടിയേറ്റക്കാരുടെ ജില്ല തിരിച്ചുള്ള എണ്ണം (1998–2018)	410
ചിത്രം 10.1 .5	2013–18 ലെ കേരളത്തിലെ കുടിയേറ്റ പ്രവണത	410
ചിത്രം 10.1 .6	ജില്ല തിരിച്ചുള്ള കുടിയേറ്റക്കാരുടെ 2013–18 കാലയളവിലെ അനുപാതം	411

ചിത്രം 10.1 .7	കുടിയേറ്റത്തിലെ സ്ത്രീ–പുരുഷ വ്യത്യാസം	411
ചിത്രം 10.1 .8	തിരിച്ചു വരുന്ന പ്രവാസികളുടെ എണ്ണത്തിലെ കുറവ്	412
ചിത്രം 10.1 .9	ജില്ലതിരിച്ചുള്ള പ്രവാസികളുടെ തിരിച്ചു വരവിന്റെ കണക്ക്	412
ചിത്രം 11.1 .1	കഴിഞ്ഞ പത്ത് വർഷങ്ങളിൽ ഉണ്ടായ വാഹനങ്ങളുടെ വർദ്ധന	429
ചിത്രം 11.1.2	2018–19 ൽ രജിസ്റ്റർ ചെയ്ത മോട്ടോർ വാഹനങ്ങൾ ഇനം തിരിച്ച്	429
ചിത്രം 11.1.3	കേരളത്തിലെ മോട്ടോർ വാഹന അപകട പ്രവണത	432
ചിത്രം 11.1.4	20218–19 ൽ കേരളത്തിൽ ഉണ്ടായ റോഡപകടങ്ങളുടെ ശതമാനം വാഹനങ്ങളുടെ ഇനം തിരിച്ച്	433
ചിത്രം 11.1.5	Major Ports in INDIA location and Cargo growth rate in 2019	443
ചിത്രം 11.2.1	മൊത്തം സ്ഥാപിത ശേഷി	461
ചിത്രം 11.2.2	ഉത്പാദനത്തിന്റെയും വൈദ്യുതി വാങ്ങലിന്റെയും സംഗ്രഹം	463
ചിത്രം 11.2.4	കേരളത്തിലെ വൈദ്യുതോർജ്ജ ഉപഭോഗം	465
ചിത്രം 11.6.1	വിവിധ മേഖലകളുടെ വീണ്ടെടുക്കൽ ആവശ്യങ്ങൾ,ശതമാനത്തിൽ.	504
ചിത്രം 11.6.2	2019 ആഗസ്റ്റ് മാസത്തിൽ സംസ്ഥാനത്ത് ലഭിച്ച യഥാർത്ഥ മഴയും ദീർഘകാല ശരാശരി മഴയുടേയും (സാധാരണ മഴ) വിവരങ്ങൾ, മഴയുടെ അളവ് മില്ലി മീറ്ററിൽ	504
ചിത്രം 11.6.3	2019 ആഗസ്റ്റ് മാസത്തിൽ സംസ്ഥാനത്തെ ജില്ലകളിൽ ലഭിച്ച മഴയുടെ അളവിലുണ്ടായ വ്യതിയാനം, ശതമാനത്തിൽ	505
ചിത്രം 12.1.1	മിഷൻ അന്ത്യോദയ സർവ്വെ 2018 – സംസ്ഥാനങ്ങളുടെ ശരാശരി സ്കോർ	525
ചിത്രം 12.1.2	തദ്ദേശസ്ഥാപനങ്ങളുടെ ആകെ ചിലവിൽ വിവിധ സ്ത്രോതസ്സുകളുടെ പങ്ക് (2018–19)	528
ചിത്രം 12.1.3	വിവിധ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ചെലവ് ശതമാനം (2018–19)	528
ചിത്രം 12.1.4	തദ്ദേശഭരണ സ്ഥാപനങ്ങളിലെ വിഭാഗം തിരിച്ചുള്ള ചെലവ്–വികസന ഫണ്ട് വിഹിതം (2018–19)	529
ചിത്രം 12.1.5	തദ്ദേശഭരണ സ്ഥാപനങ്ങളുടെ വികസന ഫണ്ട് വിഹിതത്തിലെ ആകെ ചെലവിൽ വിവിധ മേഖലകളുടെ വിനിയോഗ ശതമാനം (2018–19)	530
ചിത്രം 12.1.6	ഉത്പാദനമേഖലയിലെ ആകെ ചെലവിൽ ഉപമേഖല തിരിച്ചുള്ള ചെലവ് വിഹിതം 2018–19 (ശതമാനത്തിൽ)	530
ചിത്രം 12.1.7	സേവനമേഖലയിലെ ആകെ ചെലവിൽ ഉപമേഖല തിരിച്ചുള്ള ചെലവ് വിഹിതം 2018–19(ശതമാനത്തിൽ)	531
ചിത്രം 12.1.8	പശ്ചാത്തല മേഖലയിലെ ആകെ ചെലവിൽ ഉപമേഖല തിരിച്ചുള്ള ചെലവ് വിഹിതം 2018–19 (ശതമാനത്തിൽ)	532

അദ്ധ്യായം

01

കേരള സമ്പദ് വ്യവസ്ഥ

അ ദ്ധ്യാ യം

01

കേരള സമ്പദ് വ്യവസ്ഥ

1.1 സ്ഥൂല സാമ്പത്തിക രംഗത്തെ സമീപകാല പ്രവണതകൾ

താരതമ്യേന ഉയർന്ന വരുമാനമുള്ള ഇന്ത്യൻ സംസ്ഥാനമാണ് കേരളം. ത്വരിത കണക്കനുസരിച്ച് 2018–19 ൽ കേരളത്തിലെ ആളോഹരി വരുമാനം 1,48,078 രൂപയായിരുന്നു. അനുബന്ധ ദേശീയ ശരാശരി (2018–19ൽ) 93,655 രൂപയായിരുന്നു. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, കേരളത്തിലെ ഒരു വ്യക്തിയുടെ ശരാശരി വരുമാനം 2018–19 ലെ ഇന്ത്യൻ ശരാശരിയുടെ ഏകദേശം 1.6 ഇരട്ടിയാണ്. രാജ്യത്ത് ആളോഹരി വരുമാനം ഏറ്റവും കൂടുതലുള്ള സംസ്ഥാനങ്ങളായ ഹരിയാന, ഗുജറാത്ത്, കർണാടക, മഹാരാഷ്ട്ര, തമിഴ്നാട് എന്നിവയ്ക്കൊപ്പം കേരളവുമുണ്ട്.

കേരളത്തിന്റെ സാമ്പത്തിക വളർച്ചയിലെ പ്രവണതകൾ

ത്വരിത കണക്കിൽ മൊത്ത സംസ്ഥാന ആഭ്യന്തരോൽപ്പന്നം (ജി.എസ്.ഡി.പി) 2011–12 ലെ സ്ഥിര വിലയിൽ 2017–18 ലെ താല്ക്കാലിക കണക്കനുസ്സരിച്ചുള്ള 5,20,57,851 ലക്ഷം രൂപയിൽ നിന്ന് 2018–19 ൽ 5,59,41,196 രൂപയായി വർദ്ധിച്ചു. വളർച്ചാ നിരക്ക് 2017–18 ലെ 7.3 ശതമാനവുമായി താരതമ്യപ്പെടുത്തുമ്പോൾ 2018–19 ൽ 7.5 ശതമാനമാണ്. നടപ്പുവിലയിൽ മൊത്ത സംസ്ഥാന ആഭ്യന്തരോല്പന്നം 2017–18 ൽ 7,01,57,738 ലക്ഷം രൂപയിൽ നിന്ന് 11.4 ശതമാനം വളർച്ചയോടെ 2018–19 ൽ 7,81,65,326 ലക്ഷം രൂപയായി.

മൊത്ത സംസ്ഥാന സംയോജിത മൂല്യം (ജി.എസ്.വി.എ) 2011–12ലെ സ്ഥിര വിലയിൽ 2017–18 ലെ താല്ക്കാലിക കണക്കനുസ്സരിച്ചുള്ള 4,65,14,275 ലക്ഷം രൂപയിൽ നിന്ന് 2018–19 ലെ ത്വരിത കണക്കിൽ 5,00,08,120 രൂപയായി വർദ്ധിച്ചു. വളർച്ചാ നിരക്ക് 2017–18 ലെ 6.8 ശതമാനവുമായി താരതമ്യപ്പെടുത്തുമ്പോൾ 2018–19 ൽ 7.5 ശതമാനമാണ്. വിശദാംശങ്ങൾ **പട്ടിക 1.1.1** ലും **ചിത്രം 1.1.1** ലും നൽകിയിരിക്കുന്നു.

കേരള സമ്പദ്വ്യവസ്ഥയും ദേശീയ, ആഗോള സാമ്പത്തിക സാഹചര്യവും.

കേരളത്തിലെ ജിഎസ്‌വിഎയുടെ വളർച്ചനിരക്ക് (2011–12 സ്ഥിര വിലയിൽ) 2017–18 ലെ 6.8 ശതമാനത്തിൽ നിന്ന് 2018–19 ൽ 7.5 ശതമാനമായി ഉയർന്നു എന്നത് ശ്രദ്ധേയമാണ്. ദേശീയ തലത്തിലും ആഗോള തലത്തിലും സാമ്പത്തിക വളർച്ചയിൽ പൊതുവായ മാന്ദ്യത്തിനെ നേരിട്ടുകൊണ്ടിരിക്കുന്ന കാലഘട്ടത്തിലാണ് കേരളത്തിലെ ജിഎസ്‌വിഎ വളർച്ചയിൽ ഈ പുരോഗതി ഉണ്ടായത്. ഇന്ത്യയുടെ മൊത്തം സംയോജിത മൂല്യത്തിന്റെ വളർച്ച 2016–17 ലെ സ്ഥിര വിലയിൽ (2011–12) 7.9 ശതമാനത്തിൽ നിന്ന് 2017–18 ൽ 6.9 ശതമാനമായും 2018–19 ൽ ഇത് 6.6 ശതമാനമായും കുറഞ്ഞിട്ടുണ്ട് (**പട്ടിക 1.1.2**). ആഗോള സമ്പദ് വ്യവസ്ഥയും മാന്ദ്യത്തെ നേരിട്ട് കൊണ്ടിരിക്കുകയാണ്. അന്താരാഷ്ട്ര നാണ്യനിധിയുടെ 2019 ഒക്ടോബറിലെ വേൾഡ് എക്കണോമിക് ഔട്ട്‌ലുക്ക് പ്രകാരം 2019 വർഷത്തേക്ക് വിഭാവനം ചെയ്തിട്ടുള്ള ആഗോള സാമ്പത്തിക വളർച്ച 2008–09 ന് ശേഷമുള്ള ഏറ്റവും കുറഞ്ഞ നിരക്കായ 3.2 ശതമാനമാണ്.

സെൻട്രൽ സ്റ്റാറ്റിസ്റ്റിക്സ് ഓഫീസ് (സി.എസ്,ഒ), മിനിസ്ട്രി ഓഫ് സ്റ്റാറ്റിസ്റ്റിക്സ് ആന്റ് പ്രോഗ്രാം ഇംപ്ളിമെന്റേഷൻ സ്ഥിര വിലയിലും, നടപ്പു വിലയിലുമുള്ള 2018–19 സാമ്പത്തിക വർഷത്തെ ദേശീയ വരുമാനം കണക്കാക്കിയത് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇന്ത്യയുടെ മൊത്ത ദേശീയ വരുമാനം 2011–12 ലെ സ്ഥിര വിലയിൽ മുൻവർഷത്തെ 130.34 ലക്ഷം കോടിയിൽ നിന്ന് 2018–19–ൽ 139.32 ലക്ഷം കോടി രൂപയായതായി കണക്കാക്കിയിരിക്കുന്നു. 2017–18 ലെ ദേശീയ വരുമാനത്തിന്റെ വളർച്ചാ നിരക്കായിരുന്ന 7.2 ശതമാനവുമായി താരതമ്യം ചെയ്യുമ്പോൾ 2018–19 ൽ വളർച്ചാ നിരക്ക് 6.9 ശതമാനമായി കുറഞ്ഞു. സ്ഥിര വിലയിലെ (2011–12) മൊത്തം സംയോജിത മൂല്യം (ജിവിഎ) 2017–18 ലെ 121.04 ലക്ഷം കോടി രൂപയിൽ

പട്ടിക 1.1.1 കേരളത്തിന്റെ സംസ്ഥാന ആഭ്യന്തരോല്പന്നവും പ്രതിശീർഷ വരുമാനവും

	വരുമാനം (രൂപ ലക്ഷത്തിൽ)			വളർച്ചാ നിരക്ക് (ശതമാനം)	
	2016–17	2017–18 (പി)	2018–19 (ക്യു)	2017–18 (പി)	2018–19 (ക്യു)
മൊത്തം സംസ്ഥാന ആഭ്യന്തരോല്പന്നം					
എ) സ്ഥിര വിലയിൽ (2011–12)	4,85,30,154	5,20,57,851	5,59,41,196	7.3	7.5
ബി) നടപ്പ് വിലയിൽ	6,34,88,640	7,01,57,738	7,81,65,326	10.5	11.4
അറ്റ സംസ്ഥാന ആഭ്യന്തരോല്പന്നം					
എ) സ്ഥിര വിലയിൽ (2011–12)	4,43,61,530	4,77,27,475	5,13,32,180	7.6	7.6
ബി) നടപ്പ് വിലയിൽ	5,70,59,076	6,32,72,713	7,07,54,223	10.9	11.8
മൊത്തം സംസ്ഥാന സംയോജിത മൂല്യം (ജി എസ് വി എ) അടിസ്ഥാന വിലയിൽ					
എ) സ്ഥിര വിലയിൽ (2011–12)	4,35,37,107	4,65,14,275	5,00,08,120	6.8	7.5
ബി) നടപ്പ് വിലയിൽ	5,70,24,819	6,33,65,119	7,00,31,142	11.1	10.5
സംസ്ഥാന പ്രതിശീർഷ ആഭ്യന്തരോല്പന്നം (രൂപ)					
എ) സ്ഥിര വിലയിൽ (2011–12)	1,41,396	1,50,922	1,61,374	6.7	6.9
ബി) നടപ്പ് വിലയിൽ	1,84,979	2,03,396	2,25,484	10.0	10.9
അറ്റ സംസ്ഥാന പ്രതിശീർഷ ആഭ്യന്തരോല്പന്നം (രൂപ)					
എ) സ്ഥിര വിലയിൽ (2011–12)	1,29,251	1,38,368	1,48,078	7.1	7.0
ബി) നടപ്പ് വിലയിൽ	1,66,246	1,83,435	2,04,105	10.3	11.3

അവലംബം: സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ്
പി: താത്കാലികം, ക്യു: ത്വരിതം

നിന്നും 6.6 ശതമാനം വളർച്ച കൈവരിച്ച് 2018–19 ൽ 129.06 ലക്ഷം കോടി രൂപയായി. മൊത്ത ആഭ്യന്തര ആഭ്യന്തരോല്പന്നം 2017–18–ൽ സ്ഥിര വിലയിൽ (2011–12) 131.79 ലക്ഷം കോടി രൂപയിൽ നിന്ന് 6.8 ശതമാനം വളർച്ച കൈവരിച്ച് 2018–19 ൽ 140.77 കോടി രൂപയിലെത്തി. വിശദാംശങ്ങൾ **പട്ടിക 1.1.2** ൽ നൽകിയിരിക്കുന്നു.

നടപ്പു വിലയിലെ ജി.വി.എ 2017–18 ലെ 154.82 ലക്ഷം കോടി രൂപ എന്നത് 11.1 ശതമാനം വളർച്ച രേഖപ്പെടുത്തി 2018–19–ൽ 171.99 ലക്ഷം കോടി രൂപയായി. നടപ്പു വിലയിൽ 2018–19–ൽ മൊത്തം ആഭ്യന്തരോല്പന്നം 2017–18 ലെ 170.95 ലക്ഷം കോടി രൂപയിൽ നിന്ന് 190.10 ലക്ഷം കോടി രൂപയായി.

ചിത്രം 1.1.1 കേരളത്തിന്റെ ജി എസ് വി എ യുടെയും ഇന്ത്യയുടെ ജിവിഎയുടെയും വാർഷിക വളർച്ചാ നിരക്ക് ശതമാനത്തിൽ (രണ്ടും 2011–12 സ്ഥിരവിലയിൽ)



അവലംബം: ഡിപ്പാർട്ട്മെന്റ് ഓഫ് ഇക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് (കേരളം), നാഷണൽ അക്കൗണ്ട് സ്റ്റാറ്റിസ്റ്റിക്സ് (ഇന്ത്യ)

പട്ടിക 1.1.2 ദേശീയ വരുമാനം, ആഭ്യന്തരോല്പന്നം, പ്രതിശീർഷ വരുമാനം 2011-12 അടിസ്ഥാന വിലയിലും നടപ്പുവിലയിലും - ഇന്ത്യ (രൂപ കോടിയിൽ)

ക്രമ നം	ഇനം	2011-12 വിലയിൽ			നടപ്പ് വിലയിൽ		
		2016-17	2017-18	2018-19 (പി.ഇ)	2016-17	2017-18	2018-19 (പി.ഇ)
1	മൊത്തം ദേശീയ വരുമാനം (ജി.വി.എ) അടിസ്ഥാന വിലയിൽ	1,13,18,972	1,21,04,165 (6.9)	1,29,06,936 (6.6)	1,39,35,917	1,54,82,715 (11.1)	1,71,99,815 (11.1)
2	മൊത്തം ദേശീയ വരുമാനം(ജി.എൻ.ഐ)	1,21,53,754	1,30,34,121 (7.2)	1,39,32,287 (6.9)	1,51,85,986	1,69,10,192 (11.4)	1,88,16,538 (11.3)
3	അറ്റ ദേശീയ വരുമാനം(എൻ.എൻ.ഐ)	1,07,72,800	1,15,31,159 (7.0)	1,23,29,646 (6.9)	1,35,95,261	1,51,28,474 (11.3)	1,68,37,219 (11.3)
4	മൊത്തം ആഭ്യന്തരോല്പന്നം (ജി.ഡി.പി)	1,22,98,327	1,31,79,857 (7.2)	1,40,77,586 (6.8)	1,53,62,386	1,70,95,005 (11.3)	1,90,10,164 (11.2)
5	അറ്റ ആഭ്യന്തരോല്പന്നം(എൻ.ഡി.പി)	1,09,17,373	1,16,76,896 (7.0)	1,24,74,945 (6.8)	1,37,71,661	1,53,13,286 (11.2)	1,70,30,846 (11.2)
6	പ്രതിശീർഷ മൊത്ത ആഭ്യന്തരോല്പന്നം (രൂപ)	94,675	1,00,151 (5.8)	1,05,688 (5.5)	1,18,263	1,29,901 (9.8)	1,42,719 (9.9)
7	പ്രതിശീർഷ അറ്റ ആഭ്യന്തരോല്പന്നം (രൂപ)	84,044	88,730 (5.6)	93,655 (5.5)	1,06,017	1,16,362 (9.8)	1,27,859 (9.9)

കുറിപ്പ്:ബ്രാക്കറ്റിൽ പറയുന്ന അക്കങ്ങൾ മുൻ വർഷത്തിനു മേലുള്ള ശതമാനം ആകുന്നു .
പി.ഇ- പ്രൊവിഷണൽ എസ്റ്റിമേറ്റ്
അവലംബം: കേന്ദ്ര സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ് .

ഇത് 11.2 ശതമാനം വളർച്ച നിരക്ക് കാണിക്കുന്നു. പ്രതിശീർഷ വരുമാനം (പ്രതിശീർഷം മൊത്ത ആഭ്യന്തരോല്പന്നം) 2011-12 ലെ സ്ഥിര വിലയിൽ 2017-18 ലെ 1,00,151 രൂപയിൽ നിന്ന് 5.5 ശതമാനം വളർച്ച കൈവരിച്ച് 2018-19 ൽ 1,05,688 രൂപയായി. നടപ്പ് വിലയിൽ പ്രതിശീർഷ വരുമാനം 2017-18 ലെ 1,29,901 രൂപയിൽ നിന്ന് 9.9 ശതമാനം വളർച്ചയോടെ 2018-19 ൽ 1,42,719 രൂപയായി.

മൊത്ത ആഭ്യന്തരോല്പന്നം, അറ്റ ആഭ്യന്തരോല്പന്നം, മൊത്ത ദേശീയ വരുമാനം, അറ്റ ദേശീയ വരുമാനം എന്നിവയെ സംബന്ധിക്കുന്ന 2012-13 മുതൽ 2018-19 വരെയുള്ള വിശദ വിവരങ്ങൾ (2011-12) സ്ഥിര വിലയിലും നടപ്പു വിലയിലും ശതമാന വ്യതിയാനവും ഉൾപ്പെടുത്തി **അനുബന്ധം 1.1.2, 1.1.3, 1.1.4** - ൽ കൊടുത്തിട്ടുണ്ട്. മൊത്തം ജി.വി.എ യുടെ മേഖലാ വിതരണം **അനുബന്ധം 1.1.5 ലും 1.1.6** ലും നൽകിയിട്ടുണ്ട്.

ആഗോള സാമ്പത്തിക സാഹചര്യം

വ്യാപാരം, സാങ്കേതികവിദ്യ എന്നിവ സംബന്ധിച്ച് യു.എസ്, ചൈന രാജ്യങ്ങൾ തമ്മിലുള്ള ബന്ധത്തിലെ പിരിമുറുക്കം ഉണ്ടാക്കുന്ന സാഹചര്യം, വർദ്ധിച്ചുവരുന്ന വ്യാപാര തടസ്സങ്ങൾ, ബ്രക്സിറ്റ് സംബന്ധിച്ച് നീണ്ട് നിൽക്കുന്ന അനിശ്ചിതത്വം, ഘടനാപരമായ കാരണങ്ങളായ താഴ്ന്ന ഉല്പാദനക്ഷമതയും വികസിത സമ്പദ് വ്യവസ്ഥയിലെ ഉയർന്ന വാർദ്ധക്യ ജനസംഖ്യ എന്നിവയാണ് 2019 ലെ ആഗോള സാമ്പത്തിക വളർച്ചയുടെ മാന്ദ്യത്തിന് കാരണമായ പ്രധാന ഘടകങ്ങൾ. ആഗോള അന്തിമ ചോദനത്തിൽ പ്രത്യേകിച്ചും സ്ഥിര നിക്ഷേപത്തിൽ ഇടിവ് ഉണ്ടായിട്ടുണ്ട്. 2018 ൽ ആരംഭിച്ച ആഗോള നിർമ്മാണ മേഖലയിലെ മാന്ദ്യം തുടർന്നുപോകുന്നുണ്ട്, ഇത് ബിസിനസ് ചിലവഴിക്കലിനേയും (യന്ത്രങ്ങളും ഉപകരണങ്ങളും), കാർ പോലുള്ള ഈടുനിൽക്കുന്ന ഉപഭോക്തൃ സാധനങ്ങളുടെ വാങ്ങലിനെയും ദുർബലപ്പെടുത്തി. ഇത്തരം വിഷയങ്ങൾ വ്യക്തമാക്കുന്നത് സ്ഥാപനങ്ങളുടെയും ഗാർഹിക ഉപഭോക്താക്കളുടെയും നിക്ഷേപത്തിന്റെയും ചെലവഴിക്കലിന്റെയും വളർച്ച മന്ദഗതിയിൽ തുടരും എന്നതാണ്. പ്രത്യേകിച്ച് ഗൾഫ് രാജ്യങ്ങളിലെ സാമ്പത്തിക പ്രതിസന്ധികളും ഭൂരാഷ്ട്രതന്ത്രവും കേരളത്തെ ആശങ്കപ്പെടുത്തുന്നതാണ്.

ഇന്ത്യയുടെ സാമ്പത്തിക വളർച്ചാ പാത

ഇന്ത്യൻ സമ്പദ്വ്യവസ്ഥ 2000 മാണ്ടിന്റെ മധ്യം മുതൽ താരതമ്യേന വേഗത്തിൽ വളർച്ച പ്രാപിക്കുകയായിരുന്നു, നിക്ഷേപത്തിലുണ്ടായ കുതിച്ചുചാട്ടമാണ് ഇതിനുള്ള പ്രധാന കാരണം. എന്നിരുന്നാലും, അതിവേഗ സാമ്പത്തിക വളർച്ചയുടെ ഈ ഘട്ടം 2011-12 ഓടെ അവസാനിച്ചു. ഇന്ത്യയിലെ ജിഡിപിയുടെ ശതമാനത്തിലുള്ള നിക്ഷേപം അല്ലെങ്കിൽ മൊത്ത മൂലധന രൂപീകരണം 2011-12ലെ 39.0 ശതമാനത്തിൽ നിന്ന് 2017-18 ൽ 32.3 ശതമാനമായി കുറഞ്ഞു. 2016 നവംബറിലെ ഉയർന്ന മൂല്യമുള്ള കറൻസി നോട്ടുകളുടെ നിരോധനം രാജ്യത്തിന്റെ സമ്പദ്വ്യവസ്ഥയ്ക്ക്, പ്രത്യേകിച്ച് അനൗപചാരിക,

ഗ്രാമീണ മേഖലകളിലെ ഉൽപാദനത്തിനും ഉപഭോഗത്തിനും വലിയ തിരിച്ചടിയായി. ബാങ്കിംഗ് മേഖലയിലെ പ്രതിസന്ധിയും (ഉയർന്ന തോതിലുള്ള നിഷ്ക്രിയ ആസ്തികൾ), 2017 ലെ ചരക്ക് സേവന നികുതി (ജി എസ് ടി) സംവിധാനം നടപ്പിലാക്കലും ബന്ധപ്പെട്ട പ്രശ്നങ്ങളും ഇന്ത്യയുടെ സാമ്പത്തിക പ്രശ്നങ്ങൾ വഷളാക്കി. ഇന്ത്യാ ഗവൺമെന്റിന്റെ 2018–19 ലെ സാമ്പത്തിക സർവേ അനുസരിച്ച്, 2018–19 ലെ ഇന്ത്യയുടെ സാമ്പത്തിക വളർച്ചയുടെ ഇടിവിന് കാരണമായ ഒരു പ്രധാന ഘടകം കാർഷിക മേഖലയിലെ മാന്ദ്യമാണ്, ഇത് ഭാഗികമായും ഭക്ഷ്യവിലയിലുണ്ടായ ഇടിവിന്റെ പരിണിത ഫലമാണ്. ഉൽപാദന മേഖലയിലും, പ്രധാനമായും വാഹന വ്യവസായ രംഗത്തും, മാന്ദ്യം ഉണ്ടായിട്ടുണ്ട്. ഗ്രാമീണ മേഖലയിൽ നിന്നുമുള്ള ദുർബലമായ ചോദനത്തിന്റെ ഫലമായുള്ള സ്വകാര്യ അന്തിമ ഉപഭോഗച്ചെലവിന്റെ മന്ദഗതിയിലുള്ള വളർച്ച, ബാങ്കിംഗ് ഇതര ധനകാര്യ കമ്പനികളിലുള്ള (എൻബിഎഫ്സികൾ) പ്രശ്നങ്ങൾ എന്നിവയാണ് മറ്റ് ഘടകങ്ങൾ.

കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥ: തിരിച്ചടികൾക്കിടയിലും മുന്നോട്ട്

2013–14 മുതൽ 2015–16 വരെയുള്ള മൂന്ന് വർഷത്തേക്ക് കേരളത്തിന്റെ സാമ്പത്തിക വളർച്ച ഇന്ത്യൻ ശരാശരിയേക്കാൾ മന്ദഗതിയിലായിരുന്നു. 2013–14, 2014–15, 2015–16 വർഷങ്ങളിൽ യഥാക്രമം 4.3 ശതമാനം, 3.8 ശതമാനം, 5.3 ശതമാനം എന്നിങ്ങനെയായിരുന്നു കേരളത്തിന്റെ മൊത്തം സംയോജിത മൂല്യത്തിന്റെ (ജി.എസ്.വി.എ) വളർച്ചാ നിരക്ക്(2011–12 സ്ഥിര വിലയിൽ). 2016–17 ൽ കേരളത്തിന്റെ സാമ്പത്തിക വളർച്ചയിൽ ഉണർവുണ്ടാവുകയും ഇതേ വർഷം ജിഎസ്‌വിഎ വളർച്ച 7.1 ശതമാനമായി ഉയരുകയും ചെയ്തിട്ടുണ്ട്. (**ചിത്രം 1.1.1** കാണുക)

കഴിഞ്ഞ രണ്ട് വർഷമായി കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥ നിരവധി തിരിച്ചടികൾ നേരിട്ടിട്ടുണ്ട്, 2017 ലെ ഓഖി ചുഴലിക്കാറ്റും 2018 ലും 2019 ലും ഉണ്ടായ കനത്ത മഴയുടെ ഫലമായുണ്ടായ കടുത്ത വെള്ളപ്പൊക്കവും സംസ്ഥാന സമ്പദ്‌വ്യവസ്ഥയെ പ്രതികൂലമായി ബാധിച്ചു. ഗൾഫ് രാജ്യങ്ങളിലെ സാമ്പത്തിക പ്രതിസന്ധി മൂലം നിരവധി കുടിയേറ്റ തൊഴിലാളികൾ സംസ്ഥാനത്തേക്ക് മടങ്ങുകയും ഗൾഫ് വരുമാനം മന്ദഗതിയിലാവുകയും ഈ വിഷയം കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയെ പ്രതികൂലമായി ബാധിക്കുകയും ചെയ്തു. ഇത്തരം തിരിച്ചടികൾ ഉണ്ടെങ്കിലും 2017–18, 2018–19 എന്നീ വർഷങ്ങളിൽ കേരളത്തിലെ ജിഎസ്‌വിഎ യഥാക്രമം 6.8 ശതമാനം, 7.5 ശതമാനം എന്നിങ്ങനെ വളർച്ച കൈവരിച്ചിട്ടുണ്ട്. (**ചിത്രം 1.1.1** കാണുക)

2011–12 നും 2018–19 നും ഇടയിലുള്ള മിക്ക കാലഘട്ടങ്ങളിലും കാർഷിക മേഖലയിലും അനുബന്ധ മേഖലകളിലെയും മൂല്യ വർദ്ധനവിലെ വളർച്ച മന്ദഗതിയിലോ പ്രതികൂലമായോ ആയി തുടരുകയാണ്. 2017–18 ലും 2018–19 ലും യഥാക്രമം 1.7 ശതമാനവും (–) 0.5 ശതമാനവുമായിരുന്നു വളർച്ചാ നിരക്ക്. എന്നിരുന്നാലും, കൃഷിയുമായി ബന്ധപ്പെട്ട മേഖലകളുടെ വിഭാഗത്തിൽ, മത്സ്യബന്ധനവും അക്വാകൾച്ചറും കുതിച്ചുയർന്നിട്ടുണ്ട്, 2017–18 ലും 2018–19 ലും യഥാക്രമം 11.1 ശതമാനം, 6.6 ശതമാനം വളർച്ചാ നിരക്ക് ഈ മേഖലകളിൽ കൈവരിച്ചിട്ടുണ്ട്.

കേരളത്തിലെ നിർമാണമേഖലയിലെ മൂല്യവർദ്ധന വളർച്ച 2017–18ൽ 4.0 ശതമാനമായി കുറഞ്ഞെങ്കിലും 2018–19ൽ 6.3 ശതമാനമായി മെച്ചപ്പെട്ടിട്ടുണ്ട്. 2017–18, 2018–19 എന്നീ വർഷങ്ങളിൽ ഗതാഗത, വാർത്താവിനിമയ മേഖലകളിലും ധനകാര്യ സേവന മേഖലയിലെയും വളർച്ച മന്ദഗതിയിലായിരുന്നു.

അതേസമയം, മൂല്യവർദ്ധിത വളർച്ചയുമായി ബന്ധപ്പെട്ട് ഉൽപാദന മേഖല മികച്ച പ്രകടനം കാഴ്ചവച്ചു. 2016–17, 2017–18, 2018–19 എന്നീ വർഷങ്ങളിൽ യഥാക്രമം 18.2 ശതമാനം, 3.7 ശതമാനം, 11.2 ശതമാനം എന്നിങ്ങനെയായിരുന്നു വാർഷിക സംയോജിത മൂല്യ വളർച്ചയുടെ നിരക്ക്. കേരളത്തിലെ മൊത്തം ജിഎസ്‌വിഎയിൽ ഉത്പന്ന നിർമ്മാണ മേഖലയുടെ വിഹിതം 2014–15ൽ 9.8 ശതമാനം മാത്രമായിരുന്നുവെങ്കിലും 2018–19 ൽ ഇത് 13.2 ശതമാനമായി ഉയർന്ന് നേട്ടം കൈവരിച്ചിട്ടുണ്ട്. ഇന്ത്യാ ഗവൺമെന്റിന്റെ വാർഷിക വ്യവസായ സർവ്വേ പ്രകാരം ഇന്ത്യയിലെ ഫാക്ടറി മേഖലയിൽ മൊത്തം കൂട്ടിച്ചേർത്ത മൂല്യത്തിൽ കേരളത്തിന്റെ പങ്ക് 2014–15 ലെ 1.2 ശതമാനത്തിൽ നിന്ന് 2016–17ൽ 1.6 ശതമാനമായി ഉയർന്നിട്ടുണ്ട്.

രാസവസ്തുക്കൾ, വൈദ്യുതി എന്നീ മേഖലകളിലുള്ള സംസ്ഥാന പൊതുമേഖലാ യൂണിറ്റുകളുടെ പ്രകടനം, പെട്രോളിയം സംസ്കരണമേഖലയിലുള്ള പുതിയ നിക്ഷേപങ്ങൾ, ഇലക്ട്രോണിക് സാമഗ്രികൾ നിർമ്മിക്കുന്നതിനുള്ള ഉത്തേജനം എന്നിവയാണ് 2016–17 മുതൽ കേരളത്തിന്റെ വ്യാവസായിക മേഖലയുടെ മെച്ചപ്പെട്ട പ്രകടനത്തിന്റെ പ്രധാന സവിശേഷതകൾ.

വാണിജ്യവും അറ്റകുറ്റപണികളും, ഹോട്ടലുകളും റെസ്റ്റോറന്റുകളും എന്നീ മേഖലകളിൽ കേരളത്തിന്റെ സംയോജിത മൂല്യത്തിലുള്ള വളർച്ച അതിവേഗത്തിലായിരുന്നു. ഈ സേവന മേഖലകൾ ചേർന്ന് 2017–18 ലും 2018–19 ലും യഥാക്രമം 13.3 ശതമാനം, 7.0 ശതമാനം എന്നിങ്ങനെ വളർച്ചാ നിരക്ക് കൈവരിച്ചിട്ടുണ്ട്. പ്രൊഫഷണൽ സേവനങ്ങൾ, പൊതുഭരണം, സാമൂഹ്യ സേവനങ്ങൾ, മറ്റ് സേവനങ്ങൾ എന്നീ മേഖലകളിലും മൂല്യവർദ്ധിത വളർച്ച വേഗം പ്രാപിച്ചിട്ടുണ്ട്.

ചുരുക്കി പറഞ്ഞാൽ , സംസ്ഥാനം നിരവധി തിരിച്ചടികൾ നേരിട്ടിട്ടും ദേശീയ സമ്പദ്‌വ്യവസ്ഥയിൽ മാന്ദ്യത്തിന്റെ സൂചനകൾ ശക്തി പ്രാപിച്ചിട്ടും 2016–17 മുതൽ 2018–19 വരെയുള്ള കാലയളവിൽ കേരളത്തിന്റെ മൊത്തം സംയോജിത മൂല്യം താരതമ്യേന വേഗത്തിൽ വളർച്ച കൈവരിച്ചിട്ടുണ്ട്. മത്സ്യബന്ധനവും അക്വാകൾച്ചറും, ഉല്പന്ന ഉല്പാദനം, വ്യാപാരം, ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ, സാമൂഹിക സേവനങ്ങൾ പ്രധാനമായും വിദ്യാഭ്യാസവും ആരോഗ്യവും, പൊതു സേവനങ്ങൾ, പ്രൊഫഷണൽ സേവനങ്ങൾ എന്നിവയാണ് ഈ വേഗ വളർച്ചയ്ക്ക് സഹായകമായ മേഖലകൾ.

കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ മൊത്ത സംസ്ഥാന സംയോജിത മൂല്യത്തിന്റെ (ജി എസ് വി എ) മേഖലാ വിതരണത്തിന്റെ വിശദാംശങ്ങൾ **അനുബന്ധം 1.1.7, 1.1.8** എന്നിവയിൽ നൽകിയിരിക്കുന്നു. കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ മുൻ വർഷത്തെ അപേക്ഷിച്ച് മൊത്ത സംസ്ഥാന ആഭ്യന്തരോൽപ്പന്നത്തിലുണ്ടായ (ജി.എസ്. ഡി.പി) ശതമാനത്തിലുള്ള മാറ്റം **അനുബന്ധം 1.1.9** ൽ നൽകിയിരിക്കുന്നു. കൂടാതെ 2011–12 മുതൽ 2017–18 വരെയുള്ള വർഷങ്ങളിലെ മൊത്തം സംസ്ഥാന സംയോജിതമൂല്യത്തിന്റെയും അറ്റ സംസ്ഥാന സംയോജിതമൂല്യത്തിന്റെയും സ്ഥിര നടപ്പു വിലകളിലുള്ള വിശദാംശങ്ങൾ **അനുബന്ധം 1.1.10, 1.1.11, 1.1.12., 1.1.13** ലും കൊടുത്തിട്ടുണ്ട്.

സംസ്ഥാന പ്രതിശീർഷ വരുമാനം

ത്വരിത കണക്കുകൾ പ്രകാരം 2018–19 ൽ സംസ്ഥാന പ്രതിശീർഷ വരുമാനം (2011–12) സ്ഥിര വിലയിൽ 1,61,374 രൂപയാണ്. 2017–18 ലെ താത്കാലിക കണക്കുപ്രകാരം ഇത് 1,50,922 രൂപയായിരുന്നു. 2018–19 ൽ 6.9 ശതമാനം വളർച്ചയുണ്ടായി. നടപ്പുവിലയിൽ സംസ്ഥാന പ്രതിശീർഷ വരുമാനം 2017–18 ൽ 2,03,396 ആയിരുന്നത് 2018–19 ൽ 10.9 ശതമാനം വളർച്ച കൈവരിച്ച് 2,25,484 രൂപയായി. ത്വരിത കണക്കുകൾ പ്രകാരം 2017–18 ൽ പ്രതിശീർഷ അറ്റ സംസ്ഥാന ആഭ്യന്തരോല്പന്നം (എൻ എസ് ഡി പി) 1,38,368 ആയിരുന്നത് 2018–19 ൽ 7.0 ശതമാനം വളർച്ച കൈവരിച്ച് 1,48,078 രൂപയായി. 2012–13 മുതൽ 2018–19 വരെയുള്ള കേരളത്തിന്റെ പ്രതിശീർഷ അറ്റ സംസ്ഥാന ആഭ്യന്തരഉല്പന്നം (സ്ഥിരവിലയിൽ: 2011–12) ദേശീയ അറ്റ ആഭ്യയന്തരോല്പന്നത്തെക്കാൾ ഉയർന്നതാണെന്നു താഴെ കൊടുത്തിരിക്കുന്ന ചിത്രത്തിൽ നിന്നും വ്യക്തമാകുന്നതാണ്. (**ചിത്രം 1.1.2**)

മൊത്ത സംസ്ഥാന സംയോജിതോല്പന്നത്തിന്റെയും തൊഴിലിന്റെയും മേഖലാവിതരണം

കേരളത്തിലെ സമ്പദ്‌വ്യവസ്ഥയുടെയും തൊഴിൽ ശക്തിയുടെയും ഘടന ഇന്ത്യയുടെ സമ്പദ്‌വ്യവസ്ഥയുടെ ഘടനയിൽ നിന്നും മറ്റ് സംസ്ഥാനങ്ങളിലെ തൊഴിൽ ശക്തിയിൽ നിന്നും തികച്ചും വ്യത്യസ്തമാണ്. 2017–18ൽ പോലും ഇന്ത്യയിലെ മൊത്തം തൊഴിലാളികളിൽ 41.8 ശതമാനം പേർ കാർഷിക മേഖലയിലും അനുബന്ധ പ്രവർത്തനങ്ങളിലും ഏർപ്പെട്ടിരിക്കുന്നുവെങ്കിൽ, കേരളത്തിൽ, വർഷങ്ങളായി കാർഷിക മേഖലയിൽ നിന്ന് തൊഴിലാളികൾ പിൻവാങ്ങുന്ന പ്രവണതയാണുള്ളത്. 2017–18 വർഷം ആയപ്പോഴേക്കും കാർഷിക മേഖലയിലെയും അനുബന്ധ പ്രവർത്തനങ്ങളിലെയും തൊഴിലാളികളുടെ പങ്ക് 16.7

ചിത്രം 1.1.2 പ്രതിശീർഷ അറ്റ ആഭ്യന്തരോല്പന്നവും പ്രതിശീർഷ അറ്റ സംസ്ഥാന ആഭ്യന്തരോല്പന്നവും സ്ഥിരവിലയിൽ, (2011–12), രൂപയിൽ



അവലംബം: കേന്ദ്ര സ്റ്റാറ്റിസ്റ്റിക്സ് ഓഫീസ്, സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ്
എൻ.എസ്.ഡി.പി- അറ്റ സംസ്ഥാന ആഭ്യന്തരഉല്പന്നം, എൻ.ഡി.പി- അറ്റ ആഭ്യന്തര ഉല്പന്നം

പട്ടിക 1.1.3. മൊത്തം സംയോജിത മൂല്യത്തിലും തൊഴിലിലും വിവിധ മേഖലകളുടെ പങ്ക് , കേരളത്തിലും ഇന്ത്യയിലും, 2017–18

മേഖല	മൊത്ത സംയോജിത മൂല്യത്തിലുള്ള പങ്ക്		തൊഴിൽ പങ്കാളിത്തം	
	കേരളം (ജി. എസ്.വി.എ)	ഇന്ത്യ (ജി വി എ)	കേരളം	ഇന്ത്യ
കൃഷി , കന്നുകാലിസമ്പത്ത്, വനം , മീൻപിടുത്തം	9.5	14.9	16.7	41.8
ഖനനവും കൽപണിയും	0.7	3.0	0.2	0.4
പ്രാഥമിക മേഖല	10.2	17.9	16.9	42.2
ഉൽപന്ന നിർമ്മാണം	12.8	18.0	11.8	12.8
വൈദ്യുതി, ഗ്യാസ്, ജലവിതരണം , മറ്റുള്ളവ	1.1	2.2	0.4	0.7
നിർമ്മാണം	13.8	8.0	18.9	11.6
ദ്വിതീയമേഖല	27.7	28.2	31.1	25.1
വ്യാപാരം, അറ്റകുറ്റപണികൾ ,ഹോട്ടൽ & റെസ്റ്റോറന്റ്	17.5	12.6	17.7	12.6
ഗതാഗതം, സംഭരണം, വാർത്താവിനിമയം, സംപ്രേക്ഷണവുമായി ബന്ധപ്പെട്ട മറ്റു സേവനങ്ങൾ	7.7	6.5	11.1	6.2
ധനകാര്യ , റിയൽ എസ്റ്റേറ്റ് , പ്രൊഫഷണൽ സേവനങ്ങൾ	21.1	21.9	7.1	3.6
പൊതുഭരണവും മറ്റു സേവനങ്ങളും	15.8	12.9	16.0	10.4
തൃതീയമേഖല	62.1	53.9	51.9	32.8
	100.0	100.0	100.0	100.0

അവലംബം : സ്ഥിതിവിവരക്കണക്ക് വകുപ്പ് (കേരളത്തിലെ ജിഎസ്‌വിഎ) നാഷണൽ അക്കൗണ്ട് സ്റ്റാറ്റിസ്റ്റിക്സ് (ഇന്ത്യയുടെ ജിവിഎ) തൊഴിൽ സംബന്ധിച്ച സ്ഥിതിവിവരകണക്കിനായി 2017-18 ൽ ഇന്ത്യയുടെ സെൻട്രൽ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ് നടത്തിയ പീരിയോഡിക് ലേബർ സർവ്വേ (പി എഫ് എൽ എസ്)

പട്ടിക 1.1.4 ജില്ല തിരിച്ചുള്ള മൊത്ത സംസ്ഥാന സംയോജിത മൂല്യം (ലക്ഷം രൂപയിൽ)

ക്രമ നം	ജില്ലയുടെ പേര്	മൊത്തം സംസ്ഥാന കൂട്ടിച്ചേർത്ത മൂല്യം (ലക്ഷം രൂപയിൽ)					
		നടപ്പ് വിലയിൽ			സ്ഥിര വിലയിൽ		
		2017–18 (പി)	2018–19 (ക്യൂ)	വളർച്ചാ നിരക്ക് (%)	2017–18 (പി)	2018–19 (ക്യൂ)	വളർച്ചാ നിരക്ക് (%)
1	തിരുവനന്തപുരം	68,60,408	75,01,243	9.3	50,50,184	53,47,078	5.88
2	കൊല്ലം	59,32,117	66,04,256	11.3	42,96,672	46,44,785	8.10
3	പത്തനംതിട്ട	1831381	20,02,724	9.4	13,38,893	14,25,005	6.43
4	ആലപ്പുഴ	4532823	50,30,336	11.0	33,80,831	36,29,056	7.34
5	കോട്ടയം	3904445	43,55,675	11.6	29,73,145	32,20,789	8.33
6	ഇടുക്കി	2159335	22,71,913	5.2	15,22,850	15,68,060	2.97
7	എറണാകുളം	7758753	85,91,244	10.7	58,20,772	62,69,955	7.72
8	തൃശ്ശൂർ	6234512	69,18,888	11.0	45,79,874	49,48,265	8.04
9	പാലക്കാട്	4518165	49,31,638	9.2	32,62,142	34,85,618	6.85
10	മലപ്പുറം	6274462	69,83,367	11.3	45,37,636	49,07,469	8.15
11	കോഴിക്കോട്	5436088	60,69,055	11.6	39,80,744	43,26,172	8.68
12	വയനാട്	1264498	13,88,534	9.8	8,86,200	9,50,619	7.27
13	കണ്ണൂർ	4473118	49,80,788	11.4	33,17,553	36,02,808	8.60
14	കാസർകോട്	2185015	24,01,479	9.9	15,66,780	16,82,440	7.38
	മൊത്ത സംസ്ഥാന സംയോജിതമൂല്യം	63365118	7,00,31,141	10.5	4,65,14,276	5,00,08,119	7.51

അവലംബം: സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ്.
പി: പ്രൊവിഷണൽ, ക്യൂ: ത്വരിതം

ശതമാനമായി കുറഞ്ഞിട്ടുണ്ട്. മൊത്ത സംയോജിത മൂല്യത്തിൽ കാർഷിക മേഖലയുടെയും അനുബന്ധ പ്രവർത്തനങ്ങളുടെയും വിഹിതം കേരളത്തിലും ഇന്ത്യയിലും യഥാക്രമം 9.5 ശതമാനവും 14.9 ശതമാനവുമാണ്. മൊത്തം സംയോജിത മൂല്യത്തിൽ ഉൽപ്പാദന നിർമ്മാണ മേഖലയുടെ പങ്ക് ഇന്ത്യയിലെ 18.0 ശതമാനവുമായി താരതമ്യം ചെയ്യുമ്പോൾ കേരളത്തിൽ 12.8 ശതമാനം മാത്രമാണ്, (**പട്ടിക 1.1.3** കാണുക).

പട്ടിക 1.1.5 ജില്ല തിരിച്ചുള്ള അടിസ്ഥാന വിലയിലെ പ്രതിശീർഷ മൊത്ത സംയോജിത മൂല്യം സ്ഥിര (2011-12) വിലയിൽ, രൂപയിൽ

ക്രമ നം	ജില്ല	2017-18(പി) ₹	റാങ്ക്	2018-19 (ക്യൂ) ₹	റാങ്ക്	വളർച്ചാ നിരക്ക് (%)
1	തിരുവനന്തപുരം	150942	4	159489	5	5.7
2	കൊല്ലം	161014	2	173725	2	7.9
3	പത്തനംതിട്ട	114026	10	121725	10	6.8
4	ആലപ്പുഴ	157984	3	169434	3	7.3
5	കോട്ടയം	149535	5	161818	4	8.2
6	ഇടുക്കി	138945	7	143329	7	3.2
7	എറണാകുളം	171072	1	183258	1	7.1
8	തൃശ്ശൂർ	142206	6	152905	6	7.5
9	പാലക്കാട്	110861	12	117618	12	6.1
10	മലപ്പുറം	101641	14	108547	14	6.8
11	കോഴിക്കോട്	123286	9	133056	9	7.9
12	വയനാട്	105216	13	112346	13	6.8
13	കണ്ണൂർ	127598	8	137929	8	8.1
14	കാസർകോട്	113599	11	120985	11	6.5
	കേരളം	134851		144259		7.0

പി: പ്രൊവിഷണൽ, ക്യൂ: ത്വരിതം
അവലംബം: സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ്

അതേസമയം, കേരള സമ്പദ്‌വ്യവസ്ഥയിൽ നിർമ്മാണ സേവനമേഖലകൾ നൽകുന്ന സംഭാവന ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് വളരെ വലുതാണ്. 2017-18 ൽ കേരളത്തിലും ഇന്ത്യയിലും മൊത്തം സംയോജിത മൂല്യത്തിൽ നിർമാണമേഖലയുടെ വിഹിതം യഥാക്രമം 13.8 ശതമാനവും 8.0 ശതമാനവുമായിരുന്നു. 2017-18 വർഷത്തിൽ മൊത്തം കൂട്ടിച്ചേർത്ത മൂല്യത്തിന്റെ 62.1 ശതമാനവും കേരളത്തിലെ മൊത്തം തൊഴിലാളികളുടെ 51.9 ശതമാനവും സേവന മേഖലയിലാണ്. ദേശീയ തലത്തിൽ, മൊത്തം സംയോജിത മൂല്യത്തിൽ സേവന മേഖലയുടെ പങ്ക്, തൊഴിൽ പങ്കാളിത്തം എന്നിവ യഥാക്രമം 53.9 ശതമാനവും 32.8 ശതമാനവുമാണ് (**പട്ടിക 1.1.3** കാണുക).

ജില്ലാതല മൊത്ത സംസ്ഥാന സംയോജിത മൂല്യം

അടിസ്ഥാന വിലയിലുള്ള 2018-19 മൊത്ത സംസ്ഥാന സംയോജിത മൂല്യത്തിന്റെ ജില്ലാ വിതരണത്തിൽ (നടപ്പുവിലയിൽ) എറണാകുളം ജില്ലാ 85,91,244 ലക്ഷം രൂപ വരുമാനത്തോടെ ഒന്നാം സ്ഥാനത്ത് തുടരുന്നതായി കാണുന്നു. 2017-18 ൽ ജില്ലയുടെ വിഹിതം 77,58,753 ലക്ഷം രൂപയായിരുന്നു. അതായത് 2017-18 നെ അപേക്ഷിച്ച് 10.7 ശതമാനം വളർച്ച രേഖപ്പെടുത്തി. സ്ഥിരവിലയിൽ (2011-12) 2017-18-ൽ ഇത് 58,20,772 ലക്ഷം രൂപയായിരുന്നത് 2018-19 ൽ 62,69,955 ലക്ഷം രൂപയായി. വിശദാംശങ്ങൾ **പട്ടിക 1.1.4** ൽ നൽകിയിട്ടുണ്ട്.

ജില്ലാതല പ്രതിശീർഷ വരുമാനം (ജി.എസ്.വി.എ)

2018-19 ൽ എറണാകുളം ജില്ല (2011-12 സ്ഥിരവിലയിൽ) 1,83,258 രൂപയുമായി പ്രതിശീർഷ വരുമാനത്തിൽ ഒന്നാമത് തുടരുന്നതായി ജില്ലാതല പ്രതിശീർഷ വരുമാനത്തിന്റെ വിശകലനം കാണിക്കുന്നു. 2017-18 ൽ ഇത് 1,71,072 രൂപയായിരുന്നു. പ്രതിശീർഷ വരുമാനത്തിന്റെ ജില്ലകളുടെ സ്ഥാനവും വളർച്ചയും **പട്ടിക 1.1.5** ൽ കൊടുത്തിട്ടുണ്ട്.

കോട്ടയം, കണ്ണൂർ, കൊല്ലം, ആലപ്പുഴ, തൃശ്ശൂർ, എറണാകുളം , കോഴിക്കോട് ജില്ലകൾ 2018-19 സാമ്പത്തിക വർഷം സംസ്ഥാന പ്രതിശീർഷ വരുമാനത്തിന്റെ ശരാശരി വളർച്ചാ നിരക്കിനേക്കാൾ ഉയർന്ന വളർച്ചാ നിരക്കുള്ളതായി **പട്ടിക 1.1.5** ൽ വ്യക്തമാക്കുന്നു. അതേസമയം ഇടുക്കി, തിരുവനന്തപുരം, കാസർഗോഡ്,മലപ്പുറം, പാലക്കാട്, പത്തനംതിട്ട, വയനാട്, എന്നീ ജില്ലകൾക്ക് സംസ്ഥാന ശരാശരിയിലും വളരെ താഴ്ന്ന വളർച്ചാനിരക്കാണുള്ളത്. 2015-16 മുതൽ 2017-18 വരെയുള്ള ജില്ലാതല, മേഖലാതല മൊത്ത സംസ്ഥാന ആഭ്യന്തരോൽപന്നം നടപ്പുവിലയിലും സ്ഥിരവിലയിലും (2011-12) **അനുബന്ധം 1.1.14, 1.1.15, 1.1.16, 1.1.17, 1.1.18, 1.1.19** ൽ കൊടുത്തിട്ടുണ്ട്.

വിലക്കയറ്റം - സമീപകാല പ്രവണതകൾ

രാജ്യത്തെ വിലക്കയറ്റ പ്രവണത

രാജ്യത്തിന്റെ സാമ്പത്തിക അവസ്ഥ സൂചിപ്പിക്കുന്നത് വില സ്ഥിരതയിൽ നിന്ന് വർദ്ധിച്ചു വരുന്ന വിലക്കയറ്റത്തിന്റെ സാഹചര്യമാണ്. കേന്ദ്ര

പട്ടിക 1.1.6 ഉപഭോക്തൃ വില സൂചികയും ഉപഭോക്തൃ ഭക്ഷ്യവില സൂചികയും (പൊതുവായത്) അടിസ്ഥാനമാക്കിയുള്ള അഖിലേന്ത്യതലത്തിലെ വിലക്കയറ്റം (ശതമാനം)

സൂചികകൾ	നവംബർ 2019 (താല്ക്കാലികം)			ഒക്ടോബർ 2019(അന്തിമം)			നവംബർ2018 (അന്തിമം)		
	ഗ്രാമം	നഗരം	സംയോജിപ്പിച്ചത്	ഗ്രാമം	നഗരം	സംയോജിപ്പിച്ചത്	ഗ്രാമം	നഗരം	സംയോജിപ്പിച്ചത്
ഉപഭോക്തൃ വിലസൂചിക (പൊതുവായത്)	5.27	5.76	5.54	4.29	5.11	4.62	1.71	3.12	2.33
ഉപഭോക്തൃ ഭക്ഷ്യ വിലസൂചിക	8.83	12.26	10.01	6.42	10.47	7.89	–2.40	–3.04	–2.61

അവലംബം: ദേശീയ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ്, 2019 ഡിസംബർ 12 ലെ പ്രസ്സ് റിലീസ്.

സർക്കാറും റിസർവ് ബാങ്കും അംഗീകരിച്ച വിലക്കയറ്റത്തിന്റെ നിരക്ക് 2 മുതൽ 6 ശതമാനം വരെയും മധ്യാങ്കം 4 ശതമാനവുമാണ്. ആഗോള ഊർജ്ജ വിലക്കയറ്റത്തിന്റെ സൂചിക 2018 ൽ ഉയർന്ന നിലവാരമായ 22.1 ശതമാനമായിരുന്ന സാഹചര്യത്തിലും കഴിഞ്ഞ രണ്ടു വർഷമായി ഇന്ത്യയിൽ വിലക്കയറ്റം ഒരു ഭീഷണി അല്ലായിരുന്നു. എന്നാൽ നിലവിൽ രാജ്യത്തിന്റെ മധ്യാങ്ക വിലക്കയറ്റ നിരക്ക് 4 ശതമാനത്തിലും കൂടുതലാണ്. 2014–15 കാലയളവിൽ ഉപഭോക്തൃ വിലസൂചിക 5.9 ശതമാനമായിരുന്നത് 2018–19 ൽ 3.4 ശതമാനമായി കുറഞ്ഞു. മാസാടിസ്ഥാനത്തിൽ കഴിഞ്ഞ രണ്ടു വർഷങ്ങളിലെ ഉപഭോക്തൃ വിലസൂചിക 2.33 ശതമാനത്തിൽ നിന്ന് (നവംബർ 2018) 5.54 ശതമാനമായും (നവംബർ 2019) വർദ്ധിച്ചു. അതുപോലെ ഭക്ഷ്യവില സൂചിക (–) 2.6 ശതമാനത്തിൽ നിന്നും രണ്ടക്കമായ 10.01 ശതമാനമായി വർദ്ധിച്ചു.

ഉപഭോക്തൃവില സൂചികയും ഉപഭോക്തൃ ഭക്ഷ്യ വില സൂചികയും കൂടാനുള്ള കാരണം പച്ചക്കറികൾ (35.99 ശതമാനം), ധാന്യങ്ങൾ (13.94 ശതമാനം) മത്സ്യമാംസാദികൾ (9.38 ശതമാനം), എന്നിവയിലുണ്ടായ വിലക്കയറ്റമാണ്.

കേരളത്തിലെ വിലനിലവാരം

കാർഷികോല്പന്നങ്ങളുടെ മൊത്തവില സൂചിക ജൂലൈ 2018–ൽ 9702.48 ആയിരുന്നത് ജൂലൈ 2019 ൽ 9771.34 ആയി വർദ്ധിച്ചു. ഭക്ഷ്യവില കൂടിയതിന് കാരണം പച്ചക്കറിയുടേയും പഴങ്ങളുടേയും വിലകൂടിയതാണ്. ഭക്ഷ്യ ധാന്യങ്ങളിൽ അരി, കറിക്കുട്ടുകൾ, സുഗന്ധവ്യഞ്ജനങ്ങൾ എന്നിവയുടെ വില യഥാക്രമം 3.7 ശതമാനം 2 ശതമാനമായി കുറഞ്ഞിട്ടുണ്ട്. അതു പോലെ, ഭക്ഷ്യേതര വിളകളുടെ മൊത്തവില സൂചിക 2018 ജൂലൈയിൽ 9023.64 ആയിരുന്നതിൽ നിന്നും 10.7 ശതമാനം കുറഞ്ഞ് ജൂലൈ 2019 ആയപ്പോൾ 8062.53 ആയി. അതിൽ എണ്ണ, എണ്ണക്കുരുക്കൾ എന്നിവയുടെ വില ജൂലൈ 2018 ൽ 11187.08 ആയിരുന്നതിൽ നിന്നും ജൂലൈ 2019 ൽ 9786.61 ആയി കുറഞ്ഞു. മൊത്തത്തിൽ എല്ലാ വിളകളുടെയും മൊത്തവില സൂചിക കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 3.2 ശതമാനം കുറഞ്ഞതായി

ചിത്രം 1.1.3 കർഷകർക്ക് ലഭിച്ചതും നല്കിയതുമായ വില



അവംലംബം: സാമ്പത്തിക സ്ഥിതി വിവര വകുപ്പ്

കാണുന്നു. എല്ലാ വിളകളുടേയും മൊത്തവില സൂചിക 2013 മുതൽ 2019 വരെയുള്ളത് **അനുബന്ധം 1.1.20** ൽ കാണിച്ചിരിക്കുന്നു. കാർഷികോൽപ്പന്നങ്ങളുടെ പ്രതിമാസ മൊത്തവില സൂചിക 2018 മുതൽ 2019 വരെ 9959.7 ൽ നിന്നും 9672.64 ആയി കുറഞ്ഞിരിക്കുന്നു. എന്നാൽ ഭക്ഷ്യേതര വിളകളുടെ സൂചിക ജൂൺ 2018 ൽ 8986.27 ആയിരുന്നത് ജൂലൈ 2019 ൽ 7428.77 ആയി കുറഞ്ഞു. കേരളത്തിലെ കാർഷികോൽപ്പന്നങ്ങളുടെ 2018 മുതൽ 2019 ജൂലൈ വരെയുള്ള പ്രതിമാസ മൊത്തവില സൂചിക, **അനുബന്ധം 1.1.21, 1.1.22** ലും കാണിച്ചിരിക്കുന്നു.

ഉപഭോക്തൃവില സൂചിക (സി.പി.ഐ)

കേരളത്തിലെ ഉപഭോക്തൃ വിലസൂചികയുടെ വാർഷിക ശരാശരി (അടിസ്ഥാന വർഷം 2011-12 = 100) 2018 ൽ 157 ആയിരുന്നത് 2019 ൽ 165 ആയിട്ടാണ് കണക്കാക്കിയിട്ടുള്ളത്. ഇതിന്റെ മുൻവർഷത്തെ അപേക്ഷിച്ചുള്ള 2018 ലെ ശതമാന വ്യതിയാനം 2.77 ആണ്. 2019 ൽ ഏറ്റവും കൂടുതൽ വിലക്കയറ്റം രേഖപ്പെടുത്തിയിരിക്കുന്നത് മലപ്പുറത്താണ് (7.74 ശതമാനം). തൊട്ടു പുറകെ തൃശ്ശൂർ (7.59 ശതമാനം), ആലപ്പുഴ (6.92 ശതമാനം) എന്നീ ജില്ലകളാണ്. ശതമാനക്കണക്കിൽ ഏറ്റവും കുറവ് വിലക്കയറ്റം രേഖപ്പെടുത്തിയിരിക്കുന്നത് പുനലൂർ (2.67 ശതമാനം) ആണ്. തെരെഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങളിലെ ഉപഭോക്തൃ വിലസൂചികയുടെ വാർഷിക ശരാശരിയും ശതമാന വ്യതിയാനവും **അനുബന്ധം 1.1.23** ൽ കാണിച്ചിരിക്കുന്നു.

ചില്ലറ വില

2019 ജനുവരി മുതൽ 2019 സെപ്റ്റംബർ വരെയുള്ള അവശ്യ സാധനങ്ങളുടെ ചില്ലറ വില പരിശോധിക്കുകയാണെങ്കിൽ മട്ട അരി, കറുത്ത ഉഴുന്ന്, ഉഴുന്ന് തോടില്ലാത്തത് എന്നിവയുടെ വില വർദ്ധിച്ചിവരുന്നതായി കാണാം. ഓരോ മാസത്തേയും സംസ്ഥാന ശരാശരി അവശ്യ സാധനങ്ങളുടെ ചില്ലറ വില **അനുബന്ധം 1.1.24** ൽ കൊടുത്തിരിക്കുന്നു.

വിലസമാനത

കർഷകർക്ക് അവരുടെ കൃഷിയിലൂടെ ഉണ്ടായ വരുമാനവും ചെലവുമാണ് വില സമാനത സൂചിക കണക്കാക്കുന്നത്. 2007 മുതൽ കർഷകർക്ക് ഉല്പാദനചെലവ് വരുമാനത്തേക്കാൾ കൂടുതലാണ്. 2018- ൽ 62.50 ആയിരുന്ന സമാനത സൂചിക 2019 ജൂലൈ വരെ 60.29 എന്നാണ് കണക്കാക്കിയിട്ടുള്ളത്. 2017 ൽ കർഷകർക്ക് നൽകിയ വിലയുടെ സൂചിക 13620.25 ഉം കർഷകർക്ക് ലഭിച്ച വിലയുടെ സൂചിക 8862.25 ഉം ആയിരുന്നു. സമാനത സൂചിക 65.08 ആയിരുന്നു. 2018 ലും 2019 ലും കർഷകർക്ക് ലഭിച്ച വിലയുടെ സൂചിക യഥാക്രമം 8,892.50, 2018 ൽ 8973.57 ഉം ആയിരുന്നു. അതേ സമയം ചിലവിന്റെ സൂചിക യഥാക്രമം 14203.92, 14937.71 ഉം ആണ്. കൂടിയ കൃഷി ചെലവ്, വൻതോതിലുള്ള ഗതാഗത ചെലവ്, തൊഴിലാളികൾക്കുള്ള കൂലിയുള്ള വൻവർദ്ധനവ് മുതലായ കാരണങ്ങളാൽ കർഷകരുടെ പരിതാപകരമായ അവസ്ഥയാണിത് സൂചിപ്പിക്കുന്നത്. ഓരോ വർഷത്തേയും, കർഷകർ വാങ്ങിയതും വിറ്റതുമായ വില സൂചികയുടെ വാർഷിക ശരാശരി **അനുബന്ധം 1.1.25** ലും **ചിത്രം 1.1.3** ലും കാണിച്ചിരിക്കുന്നു.

വേതനം

കാർഷിക മേഖലയിലെ വിദഗ്ദ്ധ തൊഴിലാളികളുടെ ദിവസവേതന നിരക്ക് 2018-19 ൽ അതിന് മുൻ വർഷത്തേക്കാൾ വർദ്ധിച്ചു. മരപ്പണിക്കാരുടെയും കൽപ്പണിക്കാരുടെയും ദിവസവേതന നിരക്ക് 2017-18 ൽ 841.17 രൂപയും 834.83 രൂപയും ആയിരുന്നത് 2018-19 ൽ 861.92 രൂപയും, 866.58 രൂപയുമായി വർദ്ധിച്ചു. മരപ്പണിക്കാരന്റെ ദിവസ വേതന നിരക്ക് 2018-19 ൽ 2.4 ശതമാനമായും കൽപ്പണിക്കാരന്റേത് 3.8 ശതമാനമായും വർദ്ധിച്ചു. കാർഷിക മേഖലയിലെ വിദഗദ്ധ തൊഴിലാളികളുടേയും 2007-08 മുതൽ 2018-19 വരെയുള്ള ശരാശരി ദിവസ വേതനനിരക്ക് **അനുബന്ധം 1.1.26** ൽ കാണിച്ചിരിക്കുന്നു.

അവിദഗ്ദ്ധ തൊഴിലാളികളുടെ ശരാശരി ദിവസ വേതന നിരക്ക് 2006-07 ൽ പുരുഷൻമാർക്ക് 179.01 രൂപയും സ്ത്രീകൾക്ക് 123.96 രൂപയും ആയിരുന്നു. ഒരു ദശകത്തിന് ശേഷം വേതന നിരക്കിൽ കാര്യമായ വർദ്ധനയുണ്ടായിട്ടുണ്ട്. അതായത് 2018-19 ൽ പുരുഷൻമാരുടെ വേതന നിരക്ക് 286.9 ശതമാനം വർദ്ധിച്ച് 692.6 രൂപയായിട്ടുണ്ട്. അതേ സമയം സ്ത്രീ തൊഴിലാളികളുടേയും വേതന നിരക്ക് 303.83 ശതമാനം വർദ്ധിച്ച് 500.58 രൂപയിലെത്തിയിട്ടുണ്ട്. പുരുഷൻമാരുടേയും സ്ത്രീകളുടേയും ഇടയിലുള്ള വേതന നിരക്ക് വിശകലനം ചെയ്യുകയാണെങ്കിൽ പ്രത്യക്ഷമായ സ്ത്രീ പുരുഷ അസമത്വം കാണാൻ സാധിക്കും. കാർഷിക മേഖലയിലെ അവിദഗ്ദ്ധ തൊഴിലാളികളുടെ 2006-07 മുതൽ 2018-19 വരെയുള്ള ദിവസ വേതന നിരക്ക് **അനുബന്ധം1.1.27** ൽ കൊടുത്തിരിക്കുന്നു.

നെല്ല് മുതലായ ധാന്യങ്ങളുടെ താങ്ങുവില നിശ്ചയിക്കുന്നതിലും ധാന്യങ്ങൾ ശേഖരിച്ചു സൂക്ഷിക്കാനുള്ള സംവിധാനങ്ങൾ ഉറപ്പുവരുത്തുന്നതും മൂലം സംസ്ഥാനത്തെ വിലക്കയറ്റം ഒരു പരിധി വരെ നിയന്ത്രിക്കാൻ സാധിച്ചിട്ടുണ്ട്. സപ്ലൈകോ കൺസ്യൂമർഫെഡ് മുതലായവയുടെ വിപണി ഇടപെടൽ കൊണ്ട് ഉപഭോക്താക്കൾക്ക്

ന്യായവില ഉറപ്പുവരുത്താനും സാധിച്ചു. നിശ്ചിത വരുമാനമുള്ളവർക്കും പാവപ്പെട്ടവർക്കും ഇതുമൂലം ആശ്വാസമായി. ഇതുകൂടാതെ പൊതുവിതരണ കേന്ദ്രങ്ങൾക്ക് ബഡ്ജറ്റിലൂടെ സാമ്പത്തിക സഹായം ഉറപ്പുവരുത്തുന്നു.

വ്യതിയാനം സംഭവിക്കുന്ന ആഗോള ഇന്ധന വിലയുടെ ഗതി, രൂപയുടെ വിനിമയ നിരക്ക് എന്നിവയാണ് ഭാവിയിലെ നാണയപ്പെരുപ്പ നിരക്ക് നിർണ്ണയിക്കുന്നതിനെ സ്വാധീനിക്കുന്ന ഘടകങ്ങൾ. ഗണ്യമായ ചോദന ഉടപെടലുകൾ ഇന്നത്തെ ഭരണഘടനാ അധികാര വിഭജനം വച്ച് സംസ്ഥാന സർക്കാരുകളുടെ സാധ്യതകൾക്കപ്പുറത്താണ്. സംസ്ഥാന സർക്കാരുകൾക്ക് പരിമിതമായ വിഭവങ്ങളുടെ ലഭ്യതയുടെ അടിസ്ഥാനത്തിൽ മാത്രമേ ഇടപെടാനാകുകയുള്ളൂ. ലഭ്യതയുമായി ബന്ധപ്പെട്ട ഇടപെടലുകളിലൂടെ അവശ്യ വസ്തുക്കളുടെ വിലനിയന്ത്രണം സാധ്യമാക്കുന്ന സംസ്ഥാനങ്ങളിലൊന്നാണ് കേരളം.

1.2 ജനസംഖ്യ വിവരണം

ഇന്ത്യയിലെ ജനസംഖ്യ

2011-ലെ സെൻസസ് പ്രകാരം ഇന്ത്യയിലെ മൊത്തം ജനസംഖ്യ 1,21,08,54,977-ഉം 2001ലെ സെൻസസ് പ്രകാരം 1,02,86,18,821-ഉം ആണ്. 2011-ലെ സെൻസസ് കണക്ക് പ്രകാരം ഇന്ത്യയിൽ 62,32,70,258 പുരുഷന്മാരും 58,75,84,719 സ്ത്രീകളുമാണുള്ളത്. രാജ്യത്തെ മൊത്തം ജനസംഖ്യയുടെ ജനസാന്ദ്രത ചതുരശ്ര കിലോ മീറ്ററിന് 382 എന്ന അനുപാതത്തിലാണ്. 2011-ൽ രാജ്യത്തെ സ്ത്രീ പുരുഷ അനുപാതം 1,000 പുരുഷന്മാർക്ക് 943 സ്ത്രീകൾ എന്നാണ്. ഇത് ഗ്രാമീണ പ്രദേശങ്ങളിൽ 949 -ഉം നഗര മേഖലയിൽ 999-ഉം ആണ്. 2011-ൽ രാജ്യത്തെ 0-6 വയസ്സിനിടയിലുള്ള കുട്ടികളുടെ എണ്ണം 16,45,15,253 ആണ്. ഇതേ പ്രായക്കാർക്കിടയിലെ ശിശു ആൺ-പെൺ അനുപാതം 1,000 ആൺകുട്ടികൾക്ക് 918 പെൺകുട്ടികൾ എന്ന തരത്തിലാണ്.

സംസ്ഥാനത്തിന്റെ ജനസംഖ്യാ വിവരണം

ഇന്ത്യയിലെ 2011-ലെ സെൻസസ് പ്രകാരം കേരളത്തിന്റെ ജനസംഖ്യ 3,34,06,061 ആണ്, അതായത് ഇന്ത്യൻ ജനസംഖ്യയുടെ 2.76 ശതമാനം. കേരളത്തിലെ ആകെ ജനസംഖ്യയുടെ 47.9 ശതമാനം (1,73,78,649) പുരുഷന്മാരും 52 ശതമാനം (1,60,27,412) സ്ത്രീകളുമാണ് (**ചിത്രം 1.2.1**). ഇതേ കാലയളവിൽ ഗ്രാമീണ ജനസംഖ്യ 1,74,71,135-ഉം നഗര ജനസംഖ്യ 1,59,34,926-ഉം ആണ്. വിശദാംശങ്ങൾ **ചിത്രം 1.2.2**-ൽ നൽകിയിരിക്കുന്നു.

ജനസംഖ്യ വളർച്ച

ജനസംഖ്യയുടെ ദശാബ്ദവളർച്ചാനിരക്ക് നോക്കുമ്പോൾ ഇന്ത്യൻ സംസ്ഥാനങ്ങളിൽ വെച്ച് ഏറ്റവും കുറവ് ജനസംഖ്യാ നിരക്ക് (4.9 ശതമാനം) കേരളത്തിലാണ്.

ചിത്രം 1.2.1 കേരളത്തിലെ ജനസംഖ്യ



അവലംബം: സെൻസസ് 2001 & 2011

ചിത്രം 1.2.2 കേരളത്തിലെ ഗ്രാമീണ, നഗര ജനസംഖ്യ



അവലംബം: സെൻസസ് 2001 & 2011

ജില്ലകളിൽ ഏറ്റവുമുയർന്ന ജനസംഖ്യാ വളർച്ചാനിരക്ക് മലപ്പുറത്തും (13.4 ശതമാനം) ഏറ്റവും കുറവ് പത്തനംതിട്ടയിലുമാണ് (–)3.0 ശതമാനം ഇടുക്കിയിലും പൂജ്യത്തിൽ താഴെയാണ് കാണിക്കുന്നത് (–)1.8 ശതമാനം. ഇടുക്കി, കോട്ടയം, ആലപ്പുഴ, കൊല്ലം, പത്തനംതിട്ട, തിരുവനന്തപുരം എന്നീ തെക്കൻ ജില്ലകളിൽ ജനസംഖ്യാ വളർച്ചാനിരക്ക് മറ്റു ജില്ലകളേക്കാൾ താരതമ്യേന കുറവാണ്.

കുട്ടികളുടെ ജനസംഖ്യ

കേരളത്തിൽ കുട്ടികളുടെ (0–6 വയസ്സ്) ജനസംഖ്യ കുറഞ്ഞു വരുന്ന വ്യക്തമായ പ്രവണതയാണ് സെൻസസ് ഡാറ്റ കാണിക്കുന്നത്. 2001 –ലെ സെൻസസ് കണക്കനുസരിച്ച് കുട്ടികളുടെ ജനസംഖ്യ 37,93,146 (11.9 ശതമാനം). ആയിരുന്നത് 2011 –ൽ 34,72,955 (10.3 ശതമാനം) ആയി. ദേശീയതലത്തിൽ 2001 ൽ കുട്ടികളുടെ ജനസംഖ്യ മൊത്തം ജനസംഖ്യയുടെ 15.9 ശതമാനമായിരുന്നത് 2011 ൽ 13.5 ശതമാനമായി. 2011 ലെ സെൻസസ് പ്രകാരം തമിഴ്നാട്(9.5 ശതമാനം) കർണ്ണാടക (11.2 ശതമാനം), ആന്ധ്രാപ്രദേശ്(10.2 ശതമാനം) എന്നീ സംസ്ഥാനങ്ങളിലെ കുട്ടികളുടെ അനുപാതം ദേശീയ ശരാശരിയെക്കാൾ കുറവാണ്. കേരളത്തിലെ കുട്ടികളുടെ ജനസംഖ്യയുടെ 2001–ലെയും 2011 –ലെയും ശതമാനത്തിന്റെ താരതമ്യ **ചിത്രം 1.2.3** ൽ ജില്ലതിരിച്ച്

ചിത്രം 1.2.3 കേരളത്തിലെ കുട്ടികളുടെ ജനസംഖ്യ ശതമാനം



അവലംബം: സെൻസസ് 2001 & 2011

കാണിച്ചിരിക്കുന്നു. കുട്ടികളുടെ ജനസംഖ്യയിലെ ഏറ്റവും ഉയർന്ന അനുപാതം മലപ്പുറം ജില്ലയിലും ഏറ്റവും കുറഞ്ഞ അനുപാതം പത്തനംതിട്ട ജില്ലയിലുമാണ്. കേരളത്തിലെ കുട്ടികളുടെ ജനസംഖ്യാനുപാതം കുറയുന്ന പ്രവണത എല്ലാ ജില്ലകളിലും കാണുന്നുണ്ട്. (**അനുബന്ധം 1.2.1**) കൊല്ലം ഒഴികെയുള്ള തെക്കൻ ജില്ലകളിൽ രണ്ടു ശതമാനം കുറവ് കാണിക്കുമ്പോൾ വയനാട് ഒഴികെയുള്ള വടക്കൻ ജില്ലകളിൽ ഈ കുറവ് ഒരു ശതമാനമാണ്. കൊല്ലം ജില്ലയിൽ ഇത് ഒരു ശതമാനവും വയനാട് ജില്ലയിൽ ഇത് രണ്ടു ശതമാനവുമാണ്.

നഗരവൽക്കരണം

സംസ്ഥാനത്തെ മൊത്തം ജനസംഖ്യയുടെ 47.7 ശതമാനം നഗര ജനസംഖ്യയാണ്. ഇത് സൂചിപ്പിക്കുന്നത് 2001 നും 2011 നും ഇടയ്ക്കുള്ള ദശാബ്ദ വളർച്ചാനിരക്ക് 21.7 ശതമാനമാണെന്നാണ്. ഏകദേശം 1,59,34,926 ആളുകൾ സംസ്ഥാനത്തെ നഗര പ്രദേശങ്ങളിൽ താമസിക്കുന്നു. ഗ്രാമജനസംഖ്യ 1,74,71,135 ആയിരുന്നു. മൊത്തം ജനസംഖ്യയിൽ നഗരജനസംഖ്യ ഏറ്റവും കൂടിയ ജില്ല എറണാകുളവും (68 ശതമാനം), ഏറ്റവും കുറഞ്ഞ ജില്ല വയനാടുമാണ് (3.9 ശതമാനം).

സാക്ഷരത

2011-ലെ സെൻസസ് പ്രകാരം ഇന്ത്യൻ സംസ്ഥാനങ്ങളിൽ ഏറ്റവും ഉയർന്ന സാക്ഷരതയുള്ള സംസ്ഥാനമാണ് കേരളം (93.91 ശതമാനം). 2011 ലെ സെൻസസ് പ്രകാരം കേരള ജനതയിൽ 96.02 ശതമാനം പുരുഷൻമാരും 91.98 ശതമാനം സ്ത്രീകളും സാക്ഷരരാണ്. ഇന്ത്യയിൽ 82.14 ശതമാനം പുരുഷൻമാരും 65.46 ശതമാനം സ്ത്രീകളും സാക്ഷരരാണ്. ജില്ലകളിൽ സാക്ഷരതയിൽ ഒന്നാം സ്ഥാനത്ത് 97.2 ശതമാനവുമായി കോട്ടയം നിൽക്കുമ്പോൾ തൊട്ടുപിന്നിൽ 96.5 ശതമാനവുമായി പത്തനംതിട്ടയാണുള്ളത്. ഏറ്റവും കുറഞ്ഞ സാക്ഷരതാ നിരക്ക് വയനാട്ടിലാണ് (89 ശതമാനം). തൊട്ടു മുന്നിൽ പാലക്കാട് (89.3 ശതമാനം) ആണ്. ദേശീയ സാക്ഷരതാ നിരക്കിനും മുകളിലാണ് കേരളത്തിൽ ഏറ്റവും കുറഞ്ഞ സാക്ഷരതാനിരക്കായ വയനാട്ടിലെ 89 ശതമാനം. 2001 സെൻസസുമായി താരതമ്യം ചെയ്യുമ്പോൾ എല്ലാ ജില്ലകളിലും വർദ്ധനവ് ഉണ്ടായതായിക്കാണാവുന്നതാണ്. വിശദാംശങ്ങൾ **അനുബന്ധം 1.2.1**-ൽ കൊടുത്തിട്ടുണ്ട്.

സ്ത്രീപുരുഷ അനുപാതം

2001-ലെ സെൻസസുമായി താരതമ്യം ചെയ്യുമ്പോൾ 2011 - ൽ കേരളത്തിലെ സ്ത്രീപുരുഷാനുപാതം (ആയിരം പുരുഷന്മാരിൽ സ്ത്രീകളുടെ എണ്ണം) 26 പോയിന്റ് വർദ്ധിച്ച് 1084 ൽ എത്തി. 1981-ലെ കേരളത്തിലെ സ്ത്രീപുരുഷാനുപാതം 1032-ൽ നിന്നും, 1991 ൽ 1036 ആയും മാറി. 2011-ൽ തമിഴ്നാട്ടിൽ സ്ത്രീപുരുഷാനുപാതം 996 ഉം, കർണ്ണാടകയിൽ 973-ഉം, ആന്ധ്രാപ്രദേശിൽ 993 ഉം ദേശീയാനുപാതം 943 -ഉം ആണ്. ജില്ലകളിൽ ഏറ്റവും ഉയർന്ന സ്ത്രീ പുരുഷാനുപാതം (1,136) കണ്ണൂരും തൊട്ടുപിന്നിൽ പത്തനംതിട്ടയുമാണ് (1,132). ഏറ്റവും കുറവ് ഇടുക്കി (1,006), തൊട്ടുമുകളിൽ എറണാകുളം (1,027). എല്ലാ ജില്ലകൾക്കും അനുപാതം 1,000 -നു മുകളിലാണ്. 2001 -ൽ വയനാടിലെ സ്ത്രീ പുരുഷ അനുപാതം 1,000 -ൽ താഴെയായിരുന്നു (994). സ്ത്രീപുരുഷാനുപാതം ഏറ്റവും കുറഞ്ഞ ഇടുക്കിയും (1,006) ഏറ്റവും ഉയർന്ന കണ്ണൂരും (1,136) തമ്മിൽ 130 പോയിന്റിന്റെ അന്തരമാണുള്ളത്. വിശദാംശങ്ങൾ **അനുബന്ധം 1.2.2** -ൽ കാണാം.

കുട്ടികളിലെ ആൺ-പെൺ അനുപാതം (0-6 വയസ്)

കേരളത്തിൽ കുട്ടികളിലെ ആൺ-പെൺ അനുപാതം 2001സെൻസസ് പ്രകാരം 960 എന്ന നിരക്കിൽ നിന്നും 2011 ൽ 964 ആയി ഉയർന്നു. നമ്മുടെ അയൽ സംസ്ഥാനങ്ങളിൽ കുട്ടികളിലെ ആൺ-പെൺ അനുപാതം തമിഴ്നാട്ടിൽ 943 ഉം, കർണ്ണാടകയിൽ 948 ഉം ആന്ധ്രാപ്രദേശിൽ 939 ഉം ദേശീയ അനുപാതം 919 ഉം ആണ്. ജില്ലകളിൽ പത്തനംതിട്ടയാണ് ഏറ്റവും മുന്നിൽ (976) നിൽക്കുന്നത്. തൊട്ടുപിന്നിലായി കൊല്ലം (973), കണ്ണൂർ (971) ജില്ലകളാണ്. തൃശ്ശൂരിന്റെ അനുപാതം 950 ഉം ആലപ്പുഴയുടേത് 951 ഉം ആണ്. ഏറ്റവും കുറഞ്ഞതും കൂടിയതും തമ്മിൽ 26 പോയിന്റ് അന്തരമാണുള്ളത്. എല്ലാ ജില്ലകളിലേയും കുട്ടികളിലെ ആൺ-പെൺ അനുപാതം 1,000 -ന് താഴെയാണ്. ദശാബ്ദമാറ്റം വിശകലന വിധേയമാക്കിയപ്പോൾ ഏറ്റവും ഉയർന്ന മാറ്റവുമായി കൊല്ലവും (13 പോയിന്റ്) തൊട്ടുപിന്നിൽ കോഴിക്കോടുമാണുള്ളത് (10 പോയിന്റ്). മറ്റെല്ലാ ജില്ലകളുടെയും സ്ഥാനം പത്ത് പോയിന്റിൽ താഴെയാണ്. തൃശ്ശൂർ (-)8, ഇടുക്കി (-)5, ആലപ്പുഴ (-)5 എന്നീ ജില്ലകളിൽ കുട്ടികളിലെ ആൺ-പെൺ അനുപാതത്തിൽ ദശാബ്ദ വളർച്ച പൂജ്യത്തിനും താഴെയാണ്. വിശദാംശങ്ങൾ **അനുബന്ധം 1.2.2** -ൽ കാണാം.

ജനസാന്ദ്രത

2011 -ലെ സെൻസസ് പ്രകാരം ഒരു ചതുരശ്രകിലോമീറ്ററിൽ 860 ആളുകൾ എന്നതാണ് കേരളത്തിന്റെ ജനസാന്ദ്രത. നമ്മുടെ അയൽ സംസ്ഥാനങ്ങളായ തമിഴ്നാട്ടിലെ ജനസാന്ദ്രത 555, കർണ്ണാടക 319, ആന്ധ്രാപ്രദേശ് 308, ദേശീയ ശരാശരി 382 എന്നിങ്ങനെയാണ്. ജില്ലകളിൽ തിരുവനന്തപുരം ഒന്നാമതും (1,508) ഇടുക്കി ഏറ്റവും പിന്നിലും ആണ് (255). പത്തനംതിട്ട (-)16, ഇടുക്കി

(–)4 ഒഴികെ എല്ലാ ജില്ലകളിലും ജനസാന്ദ്രത ഉയർന്നതായിക്കാണുന്നു. വിശദാംശങ്ങൾ **അനുബന്ധം 1.2.1** –ൽ കാണാം.

പ്രായവിഭാഗ വിതരണം

വിവിധ പ്രായവിഭാഗങ്ങളിലായി ജനസംഖ്യയുടെ വിതരണം പരിശോധിക്കുമ്പോൾ 0–14 പ്രായ വിഭാഗത്തിലുള്ള ജനസംഖ്യ 1961–ൽ 43 ശതമാനമായിരുന്നത് 2011–ൽ 23 ശതമാനമായി കുറഞ്ഞു. എന്നാൽ തൊഴിൽസേനയുൾപ്പെടുന്ന 15–59 വിഭാഗം വളരെകുറഞ്ഞ നിരക്കിൽ വർദ്ധിച്ചുവരുന്നതായിക്കാണാം. എന്നാൽ മെച്ചപ്പെട്ട ആരോഗ്യ സംവിധാനങ്ങളുടെ ലഭ്യതയും, ആയുർദൈർഘ്യം വർദ്ധിച്ചതും കാരണം 60 വയസ്സിനു മുകളിലുള്ള ആശ്രിതവിഭാഗം 1961 ൽ 5 ശതമാനത്തിൽ നിന്നും 2011ൽ 12.7 ശതമാനം അയി വർദ്ധിച്ചു.

തൊഴിൽസേനയുൾക്കൊള്ളുന്ന (15–59) പ്രായവിഭാഗത്തിലെ വർദ്ധനവ് സാമ്പത്തിക അഭിവൃദ്ധിക്ക് അനുകൂലമാണ്. എന്നാൽ 0–14 പ്രായവിഭാഗത്തിലെ കുറവ് ഉത്കണ്ഠയുളവാക്കുന്നു. അതുപോലെ 60 വയസ്സിനു മുകളിലുള്ളവരുടെ എണ്ണം കൂടുന്നത്, അവർക്ക് സാമൂഹ്യസുരക്ഷിതത്ത്വ നടപടികൾക്കായി സർക്കാരിനു ചിലവ് വർദ്ധിപ്പിക്കേണ്ടി വരും.

പ്രായവിഭാഗം – ജില്ലാതല വിതരണം

വിവിധ പ്രായ വിഭാഗങ്ങളുടെ കേരളത്തിലെ ജില്ലാതല വിതരണം **പട്ടിക 1.2.1** ൽ കൊടുത്തിരിക്കുന്നു. 2011 ലെ സെൻസസ് പ്രകാരം തൊഴിൽ സേനയുൾക്കൊള്ളുന്ന 15–59 പ്രായ വിഭാഗത്തിൽ കേരളത്തിൽ 63.9 ശതമാനം പേരുണ്ട്. 0–14 പ്രായ വിഭാഗത്തിൽ 23.4 ശതമാനവും 59 ന് മുകളിൽ പ്രായമുള്ള വിഭാഗത്തിൽ 12.7 ശതമാനവും ആണ്. ജില്ലകളുടെ കാര്യമെടുത്താൽ തൊഴിൽ സേനയുൾക്കൊള്ളുന്ന (15–59) വിഭാഗത്തിൽ ഏറ്റവും ഉയർന്ന ശതമാനം ഇടുക്കി (66 ശതമാനം) ജില്ലയിലാണ്, ഏറ്റവും കുറവ് മലപ്പുറം (61.4 ശതമാനം) ജില്ലയിലുമാണ്. എല്ലാ ജില്ലയിലും തൊഴിൽ വിഭാഗം (15–59) 60 ശതമാനത്തിന് മുകളിൽ ഉണ്ട്. വയോജനങ്ങൾ ഉൾക്കൊള്ളുന്ന (60 ഉം അതിന് മുകളിലും) പ്രായ വിഭാഗത്തിൽ ഉയർന്ന ശതമാനം പത്തനം തിട്ട (17.9 ശതമാനം) ജില്ലയും, ഏറ്റവും കുറവ് മലപ്പുറം (8.4 ശതമാനം) ജില്ലയിലുമാണ്. അതേ സമയം 0–14 പ്രായ വിഭാഗത്തിൽ ഏറ്റവും കൂടുതൽ മലപ്പുറം (30.2 ശതമാനം) ജില്ലയിലും ഏറ്റവും കുറവ് പത്തനംതിട്ട (19.4 ശതമാനം) ജില്ലയിലുമാണ്.

വ്യത്യസ്ത പ്രായ വിഭാഗങ്ങളിലെ എണ്ണം കണക്കിലെടുത്താൽ 0–14, 15–59 എന്നീ രണ്ട് പ്രായ വിഭാഗങ്ങളിലും മലപ്പുറം (യഥാക്രമം 12.4 ലക്ഷം, 25.2 ലക്ഷം) ജില്ലയിലാണ് ഏറ്റവും കൂടുതൽ പേർ ഉള്ളത്. അതേ സമയം 60 വയസ്സും അതിനു മുകളിലും പ്രായമുള്ളവരുടെ വിഭാഗത്തിൽ എറണാകുളം ജില്ലയിലാണ് ഏറ്റവും കൂടുതൽ പേരുള്ളത്. എല്ലാ പ്രായ വിഭാഗത്തിലും ഏറ്റവും കുറവ് എണ്ണം ആൾക്കാർ ഉള്ളത് വയനാട് ജില്ലയിലാണ്.

പട്ടിക 1.2.1 വ്യത്യസ്ത പ്രായവിഭാഗങ്ങളുടെ ജില്ല തിരിച്ചുള്ള വിതരണം–2011

ക്രമ നം.	ജില്ല	മൊത്തം ജില്ലാ ജനസംഖ്യയിൽ വ്യത്യസ്ത പ്രായ വിഭാഗങ്ങളുടെ എണ്ണം			ജില്ലയിലെ മൊത്തം ജനസംഖ്യയിൽ വ്യത്യസ്ത പ്രായ വിഭാഗങ്ങളുടെ ശതമാനം		
		0–14	15–59	60+	0–14	15–59	60+
1	കാസർകോഡ്	3,42,696	8,35,111	1,29,568	26.2	63.9	9.9
2	കണ്ണൂർ	5,94,411	16,06,593	3,21,999	23.6	63.7	12.8
3	വയനാട്	2,12,246	5,26,414	78,760	26.0	64.4	9.6
4	കോഴിക്കോട്	7,49,692	19,72,762	3,63,839	24.3	63.9	11.8
5	മലപ്പുറം	12,41,491	25,26,407	3,45,022	30.2	61.4	8.4
6	പാലക്കാട്	6,78,192	17,95,096	3,36,646	24.1	63.9	12.0
7	തൃശ്ശൂർ	6,88,592	20,01,050	4,31,558	22.1	64.1	13.8
8	എറണാകുളം	6,93,215	21,35,689	4,53,484	21.1	65.1	13.8
9	ഇടുക്കി	2,47,338	7,32,193	1,29,443	22.3	66.0	11.7
10	കോട്ടയം	4,13,849	12,47,065	3,13,637	21.0	63.2	15.9
11	ആലപ്പുഴ	4,46,279	13,57,100	3,24,410	21.0	63.8	15.2
12	പത്തനംതിട്ട	2,32,670	7,50,202	2,14,540	19.4	62.7	17.9
13	കൊല്ലം	5,83,023	17,00,534	3,51,818	22.1	64.5	13.3
14	തിരുവനന്തപുരം	7,07,280	21,60,992	4,33,155	21.4	65.5	13.1
	കേരളം	78,30,974	2,13,47,208	42,27,879	23.4	63.9	12.7

അവലംബം: സെൻസസ് 2011

1.3 ദാരിദ്ര്യത്തിന്റെ സൂചകങ്ങൾ

ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് തികച്ചും വ്യത്യസ്തമായ ഒരു വികസന പാതയാണ് ചരിത്രപരമായി കേരളം പിന്തുടരുന്നത്. വിദ്യാഭ്യാസത്തിനും ആരോഗ്യ പരിപാലനത്തിനും കൂടുതൽ ശ്രദ്ധ നൽകിയതിന്റെ ഫലമായി മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിലെ ദാരിദ്ര്യത്തിന്റെ നിരക്കിൽ ഗണ്യമായ കുറവുണ്ടായിട്ടുണ്ട്. 2011–12–ലെ ഔദ്യോഗിക കണക്കുകൾ പ്രകാരം കേരളത്തിലെ കേവല ദാരിദ്ര്യ നിരക്ക് 12 ശതമാനത്തിലും കുറവായിട്ടാണ് കാണിക്കുന്നത്. ഇതാകട്ടെ കഴിഞ്ഞ 40 വർഷത്തെത്തന്നെ ഏറ്റവും കുറഞ്ഞ നിരക്കാണ്. 1973–74 മുതൽ 2011–12 വരെ രാജ്യത്തെയും സംസ്ഥാനത്തെയും ദരിദ്രരുടെ അനുപാതം **പട്ടിക–1.3.1** ൽ നൽകിയിരിക്കുന്നു.

1973–74–ൽ 59.79 ശതമാനം ആയിരുന്ന കേരളത്തിലെ ദാരിദ്ര്യത്തിന്റെ നിരക്ക് 2011–12 ആയപ്പോൾ 11.3 ശതമാനമായി കുറഞ്ഞു. എന്നാൽ രാജ്യത്തെ ദാരിദ്ര്യത്തിന്റെ നിരക്ക് 54.88 ശതമാനത്തിൽ (ഇത് കേരളത്തെ അപേക്ഷിച്ച് കുറവാണ്) നിന്നും 29.5 ശതമാനം മാത്രമായിട്ടാണ് ഇതേ കാലയളവിൽ കുറഞ്ഞത്. ഗ്രാമ നഗരപ്രദേശങ്ങളിലെ ദാരിദ്ര്യത്തിന്റെ അനന്തരഫലങ്ങൾ കുറയ്ക്കുന്നതിൽ ഗണ്യമായ പുരോഗതി കൈവരിക്കാൻ കേരളത്തിന് കഴിഞ്ഞിട്ടുണ്ട്. 1973–74 മുതൽ 2011–12 വരെ കേരളത്തിലെ ഗ്രാമ നഗരപ്രദേശങ്ങളിലെ ദാരിദ്ര്യ അനുപാതം യഥാക്രമം 59.19 ശതമാനത്തിൽ നിന്നും 7.3 ശതമാനമായും 62.74 ശതമാനത്തിൽ നിന്നും 15.3 ശതമാനമായും കുറഞ്ഞതായി കാണാം. എന്നാൽ ഇതേ കാലയളവിൽ ഇന്ത്യയിലെ ദാരിദ്ര്യ അനുപാതത്തിൽ ഉണ്ടായ കുറവ് യഥാക്രമം ഗ്രാമപ്രദേശങ്ങളിലെ ജനങ്ങളിൽ 56.44 ശതമാനത്തിൽ നിന്നും 30.9 ശതമാനവും നഗരപ്രദേശങ്ങളിലെ ജനങ്ങളിൽ 49.01 ശതമാനത്തിൽ നിന്നും 26.4 ശതമാനവുമാണ്. ദരിദ്രരുടെ അനുപാതം വീണ്ടും കുറയ്ക്കുക എന്നതാണ് കേരളത്തിന് മുന്നിലുള്ള വെല്ലുവിളി. ഈ നേട്ടം സാധ്യമാക്കുന്നതിന് കാരണമായ നിരവധി പദ്ധതികൾ തുടർന്നും നടപ്പിലാക്കുന്നതിന് കേരളം ശ്രദ്ധിക്കണം.

പട്ടിക 1.3.1 : 1973–74 മുതൽ 2011–12 വരെയുള്ള ഇന്ത്യയിലെയും കേരളത്തിലെയും ദരിദ്രരുടെ അനുപാതം

വർഷം	കേരളം			ഇന്ത്യ		
	ഗ്രാമം	നഗരം	ആകെ	ഗ്രാമം	നഗരം	ആകെ
1973–74	59.1 9	62.74	59.79	56.44	49.01	54.88
1977–78	51.48	55.62	52.22	53.07	45.24	51.32
1983	39.03	45.68	40.42	45.65	40.79	44.48
1987–88	29.10	40.33	31.79	39.09	38.20	38.86
1993–94	25.76	24.55	25.43	37.27	32.36	35.97
1999–00	9.38	20.27	12.72	27.09	23.62	26.10
2004–05	13.2	20.2	15.0	28.3	25.7	27.5
രംഗരാജൻ കമ്മിറ്റി കണക്കാക്കൽ						
2009–10	9.7	23.7	16.0	39.6	35.1	38.2
2011–12	7.3	15.3	11.3	30.9	26.4	29.5

അവലംബം:-പ്ലാനിംഗ് കമ്മീഷൻ, ഭാരത സർക്കാർ, 2014 (ലക്ഡാവാല രീതിയാണ് 1973-74 മുതൽ 2004–05 വരെ ഉപയോഗിച്ചിരിക്കുന്നത്)

സാമൂഹ്യ സാമ്പത്തിക സ്ഥിതിയുടെ അടിസ്ഥാനത്തിൽ കുടുംബങ്ങളെ റാങ്ക് ചെയ്യുക എന്ന ലക്ഷ്യത്തോടെ കേന്ദ്രസർക്കാർ 2011-ൽ സാമൂഹ്യ-സാമ്പത്തിക ജാതി സെൻസസ് (എസ്.ഇ.സി.സി.) നടത്തുകയുണ്ടായി. ദാരിദ്ര്യത്തിന് വളരെ വിശാലവും പരിവർത്തനാത്മകവുമായ നിർവചനം നൽകുന്നതിനാൽ സാമൂഹ്യ-സാമ്പത്തിക ജാതി സെൻസസിന് വളരെയധികം പ്രാധാന്യം ഉണ്ട്. ഏഴ് മാനദണ്ഡങ്ങളെ അടിസ്ഥാനമാക്കിയാണ് സാമൂഹ്യ-സാമ്പത്തിക ജാതി സെൻസസ് ഇല്ലായ്മയുടെ സൂചിക (deprivation index) നിർണ്ണയിച്ചിരിക്കുന്നത്. സാമൂഹ്യ-സാമ്പത്തിക ജാതി സെൻസസ് പ്രകാരം (2011) കേരളത്തിലെ 76.99 ലക്ഷം കുടുംബങ്ങളിൽ 63.19 ലക്ഷം കുടുംബങ്ങൾ (82.08 ശതമാനം) ഗ്രാമീണമേഖലയിൽ അധിവസിക്കുന്നവരാണ്. ഇതിൽ 10.32 ശതമാനം പട്ടികജാതി കുടുംബങ്ങളും 1.63 ശതമാനം പട്ടികവർഗ കുടുംബങ്ങളുമാണ്. ഗ്രാമീണ കുടുംബങ്ങളിൽ 19.16 ലക്ഷവും (30.33 ശതമാനം) ഇല്ലായ്മയുടെ (deprivation) വിഭാഗത്തിലാണ്. ഇല്ലായ്മയുടെ (deprivation) ഉയർന്ന തോത് പാലക്കാട് (42.33 ശതമാനം) ജില്ലയിലാണ്. തൊട്ടു പിന്നിലായി തിരുവനന്തപുരം (38.36 ശതമാനം), വയനാട് (36.33 ശതമാനം) എന്നീ ജില്ലകളാണ്. ഇല്ലായ്മയുടെ (deprivation) ഏറ്റവും കുറഞ്ഞ തോത് എറണാകുളം (20.30 ശതമാനം), കോട്ടയം (23.02 ശതമാനം), കണ്ണൂർ (24.25 ശതമാനം) എന്നീ ജില്ലകളിലാണ് കാണുന്നത്. സംസ്ഥാനത്തെ ആകെയുള്ള ഗ്രാമീണ പട്ടികജാതി കുടുംബങ്ങളിൽ 57.66 ശതമാനവും ഗ്രാമീണ പട്ടികവർഗ്ഗ കുടുംബങ്ങളിൽ 61.68 ശതമാനവും ഇല്ലായ്മയുടെ (deprivation) വിഭാഗത്തിൽ പെടുന്നു. സംസ്ഥാനത്തെ വിവിധ വിഭാഗങ്ങളിൽപ്പെടുന്ന ഇല്ലായ്മയുള്ള (deprivation) ഗ്രാമീണ കുടുംബങ്ങളുടെ ജില്ല തിരിച്ചുള്ള ശതമാനക്കണക്ക് **അനുബന്ധം 1.3.1**-ൽ നൽകിയിരിക്കുന്നു.

ഇല്ലായ്മയുടെ (deprivation) വിവിധ സൂചകങ്ങളുടെ അടിസ്ഥാനത്തിൽ, കേരളത്തിലെ ഗ്രാമീണ കുടുംബങ്ങളിൽ ഇല്ലായ്മയുടെ (deprivation) ഉയർന്ന നിരക്ക് കാണിക്കുന്ന സൂചിക 'കായിക അധ്വാനം ആവശ്യമായ താത്ക്കാലിക തൊഴിലിലൂടെ വരുമാനത്തിന്റെ മുഖ്യപങ്കും കണ്ടെത്തുന്ന ഭൂരഹിത കുടുംബങ്ങൾ' (18.86 ശതമാനം) ആണ്. തൊട്ടു പിന്നിലായി 'പട്ടികജാതി/പട്ടിക വർഗ്ഗ കുടുംബങ്ങൾ' (7.11 ശതമാനം), സ്ത്രീ ഗൃഹനാഥയായിട്ടുള്ളതും '16-നും 59-നും ഇടയിൽ പ്രായമുള്ള മുതിർന്ന ഒരു പുരുഷ അംഗം പോലും ഇല്ലാത്തതുമായ കുടുംബങ്ങൾ' (3.65 ശതമാനം) എന്നിവയാണ്. ഇല്ലായ്മയുടെ (deprivation) കുറഞ്ഞ നിരക്ക് കാണിക്കുന്നത് 'ഭിന്നശേഷിക്കാരായ അംഗങ്ങളും പ്രായപൂർത്തിയായ ശാരീരികശേഷിയുള്ള ഒരു അംഗം പോലും ഇല്ലാത്തതും' (0.19 ശതമാനം), 'താല്ക്കാലിക ഭിത്തികളും മേൽക്കൂരയും ഉള്ള ഒരു മുറി മാത്രമുള്ളത്' (1.43 ശതമാനം), '25 വയസ്സിനു മുകളിൽ പ്രായമായതും അക്ഷരാഭ്യാസമില്ലാത്തതുമായ അംഗങ്ങളുള്ളത്' (1.81 ശതമാനം) എന്നീ സൂചകങ്ങളിലാണ്. വിവിധ ഇല്ലായ്മയുടെ സൂചകങ്ങൾ (deprivation index) അടിസ്ഥാനമാക്കിയുള്ള ദരിദ്ര ഗ്രാമീണ കുടുംബങ്ങളുടെ ജില്ലതിരിച്ചുള്ള കണക്ക് (ശതമാനത്തിൽ) **അനുബന്ധം 1.3.2** ൽ നൽകിയിട്ടുണ്ട്.

സാമൂഹ്യ-സാമ്പത്തിക ജാതി സെൻസസ് പ്രകാരം കേരളത്തിലെ 70.75 ശതമാനം ഗ്രാമീണ കുടുംബങ്ങളിലെയും പ്രധാന കുടുംബസംരക്ഷകന് പ്രതിമാസം 5000 രൂപയിൽ താഴെ മാത്രമാണ് വരുമാനമുള്ളത്. എന്നാൽ രാജ്യത്തെ 74.52 ശതമാനവും ഈ വിഭാഗത്തിൽപ്പെടുന്നു. വയനാട് (79.67 ശതമാനം), മലപ്പുറം (75.55 ശതമാനം), പാലക്കാട് (74.38 ശതമാനം) എന്നീ ജില്ലകളിൽ ഇതിന്റെ ഉയർന്ന അനുപാതവും എറണാകുളം (64.37 ശതമാനം), കോട്ടയം (64.46 ശതമാനം), പത്തനംതിട്ട (64.66 ശതമാനം) എന്നീ ജില്ലകളിൽ കുറഞ്ഞ അനുപാതവും രേഖപ്പെടുത്തുന്നു.

ഗ്രാമീണ കുടുംബങ്ങളുടെ പ്രധാന വരുമാനത്തിന്റെ സ്രോതസ്സ് നോക്കുകയാണെങ്കിൽ, 50.61 ശതമാനം ഗ്രാമീണ കുടുംബങ്ങളും 'കായികമായ താത്ക്കാലിക തൊഴിലിനെയും' 10.26 ശതമാനം കുടുംബങ്ങൾ 'കാർഷിക മേഖലയെയും' ആശ്രയിക്കുന്നതായി കാണാം. ദേശീയതലത്തിൽ നോക്കിയാൽ ഇത് യഥാക്രമം 51.18 ശതമാനവും 30.10 ശതമാനവുമാണ്. ജില്ല തിരിച്ചുള്ള കുടുംബ വരുമാനത്തിന്റെ സ്രോതസ്സിനെ സംബന്ധിക്കുന്ന കണക്കുകൾ കാണിക്കുന്നത് കായികമായ താത്ക്കാലിക തൊഴിലിൽ ഏർപ്പെടുന്നവരുടെ നിരക്ക് കൂടുതൽ ഉള്ളത് മലപ്പുറം ജില്ലയിലും (65.05 ശതമാനം) കുറവ് പത്തനംതിട്ട ജില്ലയിലുമാണ് (31.71 ശതമാനം). കൃഷിയിലേർപ്പെട്ടിരിക്കുന്നവരുടെ കാര്യത്തിൽ ഇടുക്കി ജില്ല ഉയർന്ന നിരക്കും (32.49 ശതമാനം) ആലപ്പുഴ ജില്ല കുറഞ്ഞ നിരക്കും (4.86 ശതമാനം) കാണിക്കുന്നു.

കേരളത്തിൽ ഗ്രാമ-നഗര പ്രദേശങ്ങളിലെ ദാരിദ്ര്യത്തിന്റെ തോത് കുറയ്ക്കുന്നതിൽ ഭൂപരിഷ്കരണം, വിദ്യാഭ്യാസ - ആരോഗ്യ പരിപാലനത്തിന്റെ വ്യാപനം, വികേന്ദ്രീകരണം, പെൻഷൻ പദ്ധതികൾ, പൊതുവിതരണ സമ്പ്രദായം, കുടുംബശ്രീ പരിപാടികൾ, വാർഷിക പദ്ധതി സ്കീമുകളുടെ നടത്തിപ്പ് എന്നിവ ഫലപ്രദമായ പങ്ക് വഹിച്ചിട്ടുണ്ട്. രാജ്യത്തെ ദാരിദ്ര്യത്തിന്റെ ശരാശരി കണക്കുകൾ നോക്കിയാൽ കേരളം മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് മെച്ചപ്പെട്ട പുരോഗതി നേടിയിട്ടുണ്ടെങ്കിലും ധാരാളം പാർശ്വവത്കരിക്കപ്പെട്ട വിഭാഗങ്ങൾ സംസ്ഥാനത്ത് നിലവിലുള്ളതായിക്കാണാം. കേരളത്തിലെ ദാരിദ്ര്യം പ്രധാനമായും കേന്ദ്രീകരിച്ചിരിക്കുന്നത് പട്ടികജാതി, പട്ടികവർഗം, മത്സ്യതൊഴിലാളികൾ, മൺപാത്രമുണ്ടാക്കുന്നവർ,

ബോക്സ് 1.3.1 സുസ്ഥിര വികസന ലക്ഷ്യങ്ങൾ (എസ്.ഡി.ജി.) ഇന്ത്യൻ സംസ്ഥാനങ്ങളുടെ സൂചിക

ഐക്യരാഷ്ട്ര സഭയുടെ സുസ്ഥിര വികസന ലക്ഷ്യങ്ങൾക്കനുസൃതമായുള്ള നീതി ആയോഗിന്റെ സുസ്ഥിര വികസന ലക്ഷ്യ സൂചിക റാങ്കിംഗിൽ ഇന്ത്യൻ സംസ്ഥാനങ്ങൾക്കിടയിൽ കേരളം ഒരിക്കൽകൂടി ഒന്നാമതെത്തുകയുണ്ടായി. ഐക്യരാഷ്ട്രസഭയിലെ മുഴുവൻ അംഗരാഷ്ട്രങ്ങളും 2015-ൽ അംഗീകരിച്ച 2030 ലേക്കുള്ള സുസ്ഥിര വികസന അജണ്ട നിലവിലും ഭാവിയിലും ഏവർക്കും സമാധാനത്തിനും അഭിവൃദ്ധിക്കുംവേണ്ടിയുള്ള ഒരു ചട്ടക്കൂട് നിർദ്ദേശിച്ചിരിക്കുന്നു.

17 സംയോജിത സുസ്ഥിര വികസന ലക്ഷ്യങ്ങൾ പ്രകാരം വികസിത-വികസ്വര രാജ്യങ്ങൾ ദാരിദ്ര്യവും എല്ലാവിധ ഇല്ലായ്മകളും അവസാനിപ്പിക്കുന്നതിനും ആരോഗ്യം, വിദ്യാഭ്യാസം എന്നിവ മെച്ചപ്പെടുത്തുന്നതിനും അസമത്വം കുറയ്ക്കുന്നതിനും സാമ്പത്തിക വളർച്ചയെ പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടി കൈകോർത്ത് നിന്നുകൊണ്ട് തന്ത്രങ്ങൾ ആവിഷ്ക്കരിക്കണമെന്നാണ് ആവശ്യപ്പെടുന്നത്. ഈ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കൊപ്പം കാലാവസ്ഥാ വ്യതിയാന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ആഗോളതലത്തിൽ സമുദ്രങ്ങളും വനങ്ങളും സംരക്ഷിക്കപ്പെടേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ബോധ്യപ്പെടുത്തുന്നതിനും ഉള്ള ശ്രമങ്ങളും ഉണ്ടാകണം.

സുസ്ഥിര വികസന ലക്ഷ്യം 2030 നടപ്പാക്കിയതിൽ ഇന്ത്യയിലെ സംസ്ഥാനങ്ങളും കേന്ദ്രഭരണ പ്രദേശങ്ങളും കൈവരിച്ച പുരോഗതി സംബന്ധിച്ച റിപ്പോർട്ട് നീതി ആയോഗ് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

സുസ്ഥിര വികസനലക്ഷ്യങ്ങൾ – കേരളത്തിലെയും രാജ്യത്തിലെയും സ്കോർ

സുസ്ഥിര വികസന ലക്ഷ്യം -ഇനം	ലക്ഷ്യം	2018 ലെ സ്കോർ		2019 ലെ സ്കോർ	
		കേരളം	ഇന്ത്യ	കേരളം	ഇന്ത്യ
1	എല്ലാത്തരത്തിലുമുള്ള ദാരിദ്ര്യത്തിന്റെയും സമാപ്തി	66	54	64	50
2	എല്ലാത്തരത്തിലുമുള്ള വിശപ്പിന്റെയും പോഷകാഹാര-ക്കുറവിന്റെയും സമാപ്തി	72	48	74	35
3	സാമ്പത്തികവും സാമൂഹികവും ഉല്പാദനക്ഷമവുമായ ജീവിതം നയിക്കാൻ പ്രാപ്തമായ ആരോഗ്യനില കൈ-വരിക്കൽ	92	52	82	61
4	സാങ്കേതിക തൊഴിലധിഷ്ഠിത പരിശീലനം ഉൾപ്പെടെ ഏവർക്കും സമഗ്രവും ഉചിതവും ഗുണമേന്മയുള്ളതുമായ വിദ്യാഭ്യാസം	87	58	74	58
5	ലിംഗ സമത്വം	50	36	51	42
6	ശുദ്ധജലവും ശുചീകരണവും	62	63	77	88
7	പ്രാപ്തവും വിശ്വസനീയവും ആധുനികവുമായ ഊർജ്ജ-സ്രോതസ്സുകളുടെ ലഭ്യത	60	51	70	70
8	മാന്യമായ തൊഴിലും സാമ്പത്തിക വളർച്ചയും	61	65	61	64
9	വ്യവസായം, നൂതന രീതികൾ, അടിസ്ഥാന സൗകര്യം	68	44	88	65
10	അസമത്വങ്ങൾ കുറയ്ക്കൽ	72	71	75	64
11	സുസ്ഥിര നഗരങ്ങളും സമൂഹങ്ങളും	46	39	51	53
12	സുസ്ഥിര ഉപഭോഗവും ഉത്പാദനവും			57	55
13	കാലാവസ്ഥാ പ്രവർത്തനം			56	60
14	ജലത്തിലെ ജീവിതം			28	-
15	ഭൗമ ആവാസ വ്യവസ്ഥയുടെ സുസ്ഥിര ഉപയോഗത്തി-നായുള്ള സംരക്ഷണം, പുന:സ്ഥാപനം, പ്രോത്സാഹനം	75	90	98	66
16	സമാധാനം, നീതി, സുശക്തമായ സ്ഥാപനങ്ങൾ	82	71	77	72

കുറിപ്പ്: എസ്.ഡി.ജി ഇന്ത്യ സൂചിക 2018 (62 സൂചകങ്ങൾ) അപേക്ഷിച്ച് എസ്.ഡി.ജി ഇന്ത്യ സൂചിക 2019-20 നായി തയ്യാറാക്കിയ സൂചിക ബൃഹത്താണ് (100 സൂചകങ്ങൾ). ആയതിനാൽ രണ്ടു സൂചകങ്ങളും താരതമ്യം ചെയ്യാൻ സാധിക്കുന്നതല്ല. 40 സൂചകങ്ങൾ എസ്.ഡി.ജി ഇന്ത്യ സൂചകം 2018 ലും 2019-20 ലും പൊതുവായി ഉണ്ട്.

17 സുസ്ഥിര വികസനലക്ഷ്യങ്ങൾ ഉള്ളതിൽ 16 ലക്ഷ്യങ്ങളിലെ സംസ്ഥാന കേന്ദ്രഭരണപ്രദേശങ്ങളുടെ മൊത്തം പ്രകടനത്തിന്റെ അടിസ്ഥാനത്തിലുള്ള സമ്മിശ്രമായ സ്കോറിനെ അടിസ്ഥാനമാക്കിയാണ് സംസ്ഥാനതല സൂചിക കണക്കാക്കിയത്. 16 സുസ്ഥിര വികസന ലക്ഷ്യങ്ങളും അവയുമായി ബന്ധപ്പെട്ട ഉദ്ദേശ്യ ലക്ഷ്യങ്ങളും നേടുന്നതിനായുള്ള സംസ്ഥാനത്തിന്റെ/ കേന്ദ്രഭരണപ്രദേശത്തിന്റെ ശരാശരി പ്രകടനത്തെയാണ് സ്കോറിന്റെ മൂല്യം സൂചിപ്പിക്കുന്നത്. പൂജ്യത്തിനും 100 നും ഇടയിലാണ് സ്കോർ. ഒരു സംസ്ഥാനം സ്കോർ 100 നേടിയാൽ 2030-ൽ നേടിയെടുക്കാൻ നിശ്ചയിച്ച ദേശീയ ലക്ഷ്യം ആ സംസ്ഥാനം കൈവരിച്ചിട്ടുണ്ടെന്നാണ് അർത്ഥമാക്കുന്നത്. നേരെമറിച്ച് സംസ്ഥാനത്തിന്റെ സ്കോർ പൂജ്യം ആയാൽ ഏറ്റവും മോശം പ്രകടനമാണ് ആ സംസ്ഥാനത്തിന്റേതെന്ന് കണക്കാക്കാം.

2030 ൽ കൈവരിക്കേണ്ടതായ സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ സൂചികയുടെ സ്കോർ 2019-ലെ റിപ്പോർട്ട് പ്രകാരം സംസ്ഥാനങ്ങളുടേത് 50 നും 70 നും ഇടയിലും കേന്ദ്ര ഭരണ പ്രദേശങ്ങളുടേത് 59 നും 70 നും ഇടയിലുമാണ്. സുസ്ഥിര വികസന ലക്ഷ്യ സൂചിക സ്കോർ 70 നേടിയ കേരളവും ചണ്ഡീഗഡുമാണ് ഇന്ത്യയിലെ സംസ്ഥാനങ്ങളിലും കേന്ദ്രഭരണപ്രദേശങ്ങളിലും റാങ്കിംഗിൽ യഥാക്രമം മുന്നിലുള്ളത്. സുസ്ഥിര വികസന ലക്ഷ്യ റാങ്കിംഗിൽ 'ആരോഗ്യം', 'വ്യവസായം, നവീകരണം, അടിസ്ഥാന സൗകര്യങ്ങൾ' എന്നീ സൂചികയിൽ കേരളം ഒന്നാം സ്ഥാനത്തും 'വിദ്യാഭ്യാസം', 'ലിംഗസമത്വം' എന്നിവയിൽ രണ്ടാം സ്ഥാനത്തും ആണ്.

അവലംബം: സുസ്ഥിര വികസന ലക്ഷ്യം-രാജ്യത്തിന്റെ സൂചിക, അടിസ്ഥാന റിപ്പോർട്ട്, 2018, സുസ്ഥിര വികസന ലക്ഷ്യം-രാജ്യത്തിന്റെ സൂചിക റിപ്പോർട്ട്, 2019-20, www.niti.gov.in

കരകൗശലത്തൊഴിലാളികൾ തുടങ്ങിയ ചില ഗ്രൂപ്പുകളിലും സാമൂഹ്യ വിഭാഗങ്ങളിലുമാണെന്ന് കാണാൻ സാധിക്കും. ഈ വിഭാഗത്തിനായി വിവിധ കേന്ദ്ര, സംസ്ഥാന പദ്ധതികളുടെ കീഴിൽ പ്രത്യേക പ്രവർത്തനങ്ങളും ഈ മേഖലകളിൽ പുതിയ ഉപജീവന പദ്ധതികൾ രൂപകല്പനചെയ്ത് നടപ്പിലാക്കുകയും ചെയ്താൽ മാത്രമേ സംസ്ഥാനത്തെ ദാരിദ്ര്യം കുറയ്ക്കുവാൻ സാധിക്കുകയുള്ളൂ എന്ന വസ്തുതയിലേക്കാണ് ഇത് വിരൽചൂണ്ടുന്നത്. പട്ടികജാതി വികസന/പട്ടികവർഗ വികസന/ ഫിഷറീസ് വകുപ്പുകൾ നിരവധി ദാരിദ്ര്യ നിർമ്മാർജ്ജന/ഉപജീവനമാർഗ പദ്ധതികൾ ഈ വിഭാഗങ്ങളുടെ ഉന്നമനത്തിനായി നടപ്പിലാക്കി വരുന്നു. ദാരിദ്ര്യത്തിന്റെ വ്യാപ്തി കുറഞ്ഞുവെങ്കിലും പാർശ്വവത്കൃത വിഭാഗങ്ങൾക്കിടയിലെ ദാരിദ്ര്യം ലഘൂകരിക്കുന്നതിനുള്ള നടപടികളിൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടത് സംസ്ഥാനത്തിന് മുന്നിലുള്ള പ്രധാന ചുമതലയാണ്.

1.4 വികസനോദ്യമങ്ങളിൽ ധനകാര്യസ്ഥാപനങ്ങളുടെ പങ്ക്

ഒരു രാഷ്ട്രത്തിന്റെ സാമൂഹിക സാമ്പത്തിക വികസനത്തിൽ ധനകാര്യ സ്ഥാപനങ്ങൾക്ക് വളരെ പ്രധാനപങ്കുണ്ട്. സമ്പദ്‌വ്യവസ്ഥയുടെ സുഗമമായ പ്രവർത്തനത്തിന് വികസിതവും കരുത്തുറ്റതുമായ സാമ്പത്തിക സ്ഥിതി വളരെ പ്രധാനമാണ്. ലോകബാങ്കിന്റെ പഠനത്തിൽ (ലോക വികസന റിപ്പോർട്ട്, 1989) ധനകാര്യ സ്ഥാപനങ്ങളുടെ പങ്കിനെ താഴെ പറയുംപ്രകാരം നിർവചിച്ചിരിക്കുന്നു, ആധുനിക സമ്പദ്‌വ്യവസ്ഥയ്ക്ക് ആവശ്യമായ എല്ലാ സേവനങ്ങളും ഒരു സാമ്പത്തിക വ്യവസ്ഥിതി പ്രദാനം ചെയ്യുന്നു. പലവിധത്തിലുള്ള സാമ്പത്തിക മാധ്യമങ്ങൾ വഴി വിഭവങ്ങൾ സഞ്ചയിക്കാനും വിലനിർണ്ണയിക്കാനും വെല്ലുവിളികൾ നേരിടാനും സമ്പാധഘടനയെ പ്രാപ്തമാകും. വ്യാപാരം, വിഭവങ്ങളുടെ കാര്യക്ഷമമായ ഉപയോഗം, സമ്പാദ്യം, വെല്ലുവിളികൾ ഏറ്റെടുക്കുക മുതലായവയാണ് അഭിവൃദ്ധിപ്പെടുന്ന ഒരു സമ്പദ്ഘടനയുടെ ആണിക്കല്ലുകൾ.

ദേശീയ തലത്തിലും സംസ്ഥാന തലത്തിലും ബാങ്കുകളുടെ വളർച്ച

2019 മാർച്ചിൽ പ്രസിദ്ധീകരിച്ച സംസ്ഥാന തല ബാങ്കേഴ്സ് കമ്മറ്റി റിപ്പോർട്ട് അനുസരിച്ച് പൊതുമേഖലാ വാണിജ്യ ബാങ്കുകൾ, സ്വകാര്യമേഖലാ വാണിജ്യ ബാങ്കുകൾ, പ്രാദേശിക ഗ്രാമീണ ബാങ്കുകൾ, ചെറുകിട ധനകാര്യ ബാങ്കുകൾ, സഹകരണ ബാങ്കുകൾ എന്നിവയിലായി 7,421 ബാങ്ക് ശാഖകൾ കേരളത്തിലാകെയുണ്ട്. ആകെ ബാങ്ക് ശാഖകളിൽ 6.5 ശതമാനം ഗ്രാമീണ മേഖലകളിലാണ്. 62.4 ശതമാനം അർദ്ധ നഗര മേഖലകളിലും 31.1 ശതമാനം നഗര മേഖലയിലുമാണ്. കേരളത്തിലെ ബാങ്കുകളുടെ വളർച്ച ഇനം തിരിച്ച് പട്ടിക 1.4.1 ൽ നൽകിയിരിക്കുന്നു. എസ്. എൽ.ബി.സി റിപ്പോർട്ട് അനുസരിച്ച് 2019 മാർച്ചിൽ കേരളത്തിൽ ആകെ 6,284 ഷെഡ്യൂൾഡ് വാണിജ്യ ബാങ്ക് ശാഖകൾ (പൊതുമേഖലാ വാണിജ്യ ബാങ്കുകളും, സ്വകാര്യമേഖലാ വാണിജ്യ ബാങ്കുകളും, പ്രാദേശിക ഗ്രാമീണ ബാങ്കുകളും മാത്രം ഉൾപ്പെടെ) ഉണ്ട്. എന്നാൽ 2018 മാർച്ചിൽ 6,256 ബാങ്ക് ശാഖകൾ ഉണ്ടായിരുന്നു. മുൻവർഷത്തെ അപേക്ഷിച്ച നോക്കുമ്പോൾ ഈ വർഷം അര ശതമാനത്തിന്റെ വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്. കേരള ഗ്രാമീൺ ബാങ്കിന് 2018 മാർച്ചിൽ 630 ശാഖകൾ ഉണ്ടായിരുന്നത് 2019 മാർച്ചിൽ 633 എണ്ണമായി വർദ്ധിച്ചിട്ടുണ്ട്. ഭാരതീയ റിസർവ് ബാങ്കിന്റെ ത്രൈമാസ കണക്കനുസരിച്ച് 2019 മാർച്ചിൽ, ഇന്ത്യയിൽ ആകെ 1,41,756 ബാങ്ക് ശാഖകളുണ്ട്. ഉത്തർപ്രദേശാണ് ഏറ്റവുമധികം ബാങ്കുകളുള്ള സംസ്ഥാനം. മഹാരാഷ്ട്രയും തമിഴ്നാടും രണ്ടും മൂന്നും സ്ഥാനങ്ങളിലുണ്ട്. രാജ്യത്തെ അർദ്ധ നഗരങ്ങളിലെ

പട്ടിക 1.4.1 കേരളത്തിലെ ബാങ്ക് ശാഖകളുടെ എണ്ണം ഇനം തിരിച്ച്

ക്രമ നമ്പർ	ബാങ്കുകളുടെ ഇനം	ശാഖകളുടെ എണ്ണം				
		ഗ്രാമം	അർദ്ധ നഗരം	നഗരം	ആകെ	ശതമാനം
1	പൊതുമേഖലാ വാണിജ്യ ബാങ്കുകൾ	140	2401	885	3426	46.17
2	ആർ.ആർ. ബി – കേരള ഗ്രാമീൺ ബാങ്ക്	52	542	39	633	8.53
3	സ്വകാര്യ വാണിജ്യ ബാങ്കുകൾ	139	1564	522	2225	29.98
4	ചെറുകിട ധനകാര്യ സ്ഥാപനങ്ങൾ	34	82	26	142	1.91
5	സഹകരണ ബാങ്കുകൾ	117	38	840	995	13.41
	ആകെ	482	4627	2312	7421	100

അവലംബം: സംസ്ഥാനതല ബാങ്കേർസ് കമ്മിറ്റി റിപ്പോർട്ട് മാർച്ച് 2019

ബാങ്ക് ശാഖകളുടെ എണ്ണത്തിൽ കേരളത്തിനാണ് ഒന്നാം സ്ഥാനം (4,592) **അനുബന്ധം 1 .4 .1**

നിക്ഷേപം

2019 മാർച്ചിലെ എസ്.എൽ.ബി.സി കണക്കനുസരിച്ച് കേരളത്തിലെ ബാങ്കുകളിലെ (വാണിജ്യ ബാങ്കുകൾ, പ്രാദേശിക ഗ്രാമീണ ബാങ്കുകൾ, ചെറുകിട ധനകാര്യ സ്ഥാപനങ്ങൾ) ആകെ നിക്ഷേപം 4,93,562 കോടിരൂപയാണ്. 2018 മാർച്ചിൽ ഇത് 4,47,235 കോടി രൂപയായിരുന്നു. 2019 മാർച്ചിലെ ആകെ നിക്ഷേപത്തിൽ 3,03,507 കോടി രൂപ ആഭ്യന്തര നിക്ഷേപവും 1,90,055 കോടി രൂപ പ്രവാസി നിക്ഷേപവുമാണ്. സംസ്ഥാനത്തെ ആകെ ബാങ്ക് നിക്ഷേപത്തിന്റെ 61.5 ശതമാനമായ ആഭ്യന്തര നിക്ഷേപത്തിൽ 9.45 ശതമാനം വർദ്ധനവുണ്ടായിട്ടുണ്ട്. എന്നാൽ ആകെ ബാങ്ക് നിക്ഷേപത്തിന്റെ 38.5 ശതമാനമായ പ്രവാസി നിക്ഷേപത്തിൽ 11.83 ശതമാനം വർദ്ധനവുണ്ടായിട്ടുണ്ട്. (**അനുബന്ധം 1.4.2**) കേരളത്തിലെ ബാങ്ക് നിക്ഷേപത്തിന്റെ വളർച്ച **ചിത്രം 1.4.1**ൽ രേഖപ്പെടുത്തിയിരിക്കുന്നു.

ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകളിലെ നിക്ഷേപം

ആർ.ബി.ഐയുടെ കണക്കനുസരിച്ച് മാർച്ച് 2019ൽ കേരളത്തിലെ എല്ലാ ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകളിലെയും (പൊതുമേഖലാ ബാങ്കുകൾ, സ്വകാര്യമേഖലാ ബാങ്കുകൾ, വിദേശ ബാങ്കുകൾ, പ്രാദേശിക ഗ്രാമീണ ബാങ്കുകൾ, ചെറുകിട ധനകാര്യ ബാങ്കുകൾ) ആകെ നിക്ഷേപം 4,95,741 കോടി രൂപയാണ്(12.6 ശതമാനം). 2018 മാർച്ചിൽ ഇത് 4,40,361 കോടി രൂപയായിരുന്നു. രാജ്യത്താകെയുള്ള നിക്ഷേപത്തിന്റെ കണക്കെടുക്കുമ്പോൾ മഹാരാഷ്ട്രയ്ക്കാണ് ഒന്നാം സ്ഥാനം (20.30 ശതമാനം). രാജ്യത്തെ ആകെ നിക്ഷേപത്തിൽ കേരളത്തിലെ ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകളിലെ നിക്ഷേപ വിഹിതം 2018 മാർച്ചിൽ 3.95 ശതമാനമാണ് (**അനുബന്ധം 1.4.3**). ആർ.ബി.ഐയുടെ 2019 മാർച്ചിലെ കണക്കുപ്രകാരം രാജ്യത്തെ ആകെ നിക്ഷേപം മുൻവർഷത്തെ അപേക്ഷിച്ച് 9.4 ശതമാനം വർധിച്ചിട്ടുണ്ട്.

പ്രവാസി നിക്ഷേപം

പ്രവാസികൾ അവരുടെ വീട്ടിലേക്ക് അയക്കുന്ന പണം അവരുടെ കുടുംബത്തിന് മാത്രമല്ല രാജ്യത്തിന്റെ അടവ്ശിഷ്ടം കണക്കാക്കുന്നതിനും വളരെ പ്രധാനപെട്ടതാണ്. 2019 മാർച്ചിലെ എസ്.എൽ. ബി.സി കണക്കുപ്രകാരം കേരളത്തിലെ പൊതുമേഖലാ ബാങ്കുകളിലെ ആകെ പ്രവാസി നിക്ഷേപം 93,321.3 കോടി രൂപയാണ്. എന്നാൽ സ്വകാര്യ മേഖലയിലെ ബാങ്കുകളിൽ 95,046.65 കോടി രൂപ പ്രവാസി നിക്ഷേപമുണ്ട്. പ്രവാസി നിക്ഷേപത്തിന്റെ ഒഴുക്ക് 2019 മാർച്ചിൽ മുൻവർഷത്തേക്കാൾ 11.83 ശതമാനം വർദ്ധിച്ചിട്ടുണ്ട്. അതായത് 2018 മാർച്ചിൽ 1,69,644 കോടി രൂപയായിരുന്നത് 2019 മാർച്ചിൽ 1,90,055 കോടി രൂപയായി ഉയർന്നു. 2018 മാർച്ചിൽ 2,77,291 കോടി രൂപയായിരുന്ന ആഭ്യന്തര നിക്ഷേപം 2019 മാർച്ച് ആയപ്പോഴേക്കും 9.45 ശതമാനം വർധിച്ച് 3,03,507 കോടി രൂപയായി. പൊതു സ്വകാര്യ മേഖലകളിലെ ബാങ്കുകളിലെ പ്രവാസി നിക്ഷേപത്തിന്റെ

ചിത്രം 1.4.1 കേരളത്തിലെ ബാങ്ക് നിക്ഷേപത്തിന്റെ വളർച്ച



അവലംബം: സംസ്ഥാനതല ബാങ്കേർസ് കമ്മിറ്റി റിപ്പോർട്ട് മാർച്ച് 2019

കണക്കെടുത്താൽ 30.25 ശതമാനം വിഹിതവുമായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയ്ക്ക് ഒന്നാം സ്ഥാനമാണ്. പ്രവാസി നിക്ഷേപത്തിന്റെ 49 ശതമാനം പൊതുമേഖലാ ബാങ്കുകളിലും 50 ശതമാനം സ്വകാര്യമേഖലാ ബാങ്കുകളിലുമാണ്. പൊതുമേഖല വാണിജ്യ ബാങ്കുകളിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയ്ക്കാണ് പ്രവാസി നിക്ഷേപത്തിൽ ഒന്നാം സ്ഥാനം. (56987.47 കോടി രൂപ). (**അനുബന്ധം 1.4.4**).

വായ്പകൾ

എസ്.എൽ.ബി.സിയുടെ 2019 മാർച്ചിലെ കണക്കനുസരിച്ച് കേരളത്തിലെ വാണിജ്യ ബാങ്കുകളും സഹകരണ ബാങ്കുകളും ചേർന്ന് 3,80,619 കോടി രൂപ വായ്പയായി നൽകി. ഇത് 2018 മാർച്ചിലേക്കാളും 13.7 ശതമാനം കൂടുതലാണ്. പൊതുമേഖലാ വാണിജ്യ ബാങ്കുകളും, സ്വകാര്യ മേഖലാ വാണിജ്യ ബാങ്കുകളും, പ്രാദേശിക ഗ്രാമീണ ബാങ്കുകളും, ചെറുകിട ധനകാര്യ ബാങ്കുകളും (എസ്.എഫ്.ബി) ഉൾപ്പെടെ എല്ലാ വാണിജ്യ ബാങ്കുകളും ചേർന്ന് 3,29,900 കോടി രൂപ 2019 മാർച്ച് വരെ വായ്പയായി നൽകി. ഇതിൽ പൊതുമേഖലാ വാണിജ്യ ബാങ്കുകൾ 1,78,031 കോടിയും, സ്വകാര്യമേഖലാ വാണിജ്യ ബാങ്കുകൾ 1,31,185 കോടിയും, പ്രാദേശിക ഗ്രാമീണ ബാങ്കുകൾ 17,897 കോടിയും, ചെറുകിട ധനകാര്യ ബാങ്കുകൾ 2,786 കോടിയുമാണ് വായ്പയായി നൽകിയത്.

കാർഷിക വായ്പ

2019 ലെ എസ്.എൽ.ബി.സി റിപ്പോർട്ട് അനുസരിച്ച് സഹകരണ ബാങ്കുകൾ ഉൾപ്പെടെ എല്ലാ ബാങ്കുകളും ചേർന്ന് 2019 മാർച്ച് വരെ 89,383 കോടി രൂപ കാർഷിക വായ്പയായി നൽകി. ഇത് മുൻവർഷത്തെ അപേക്ഷിച്ച് 16.7 ശതമാനം വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്. ആകെ വായ്പയുടെ 23.5 ശതമാനം കാർഷിക വായ്പയാണ്. വിവിധ ബാങ്കുകളുടെ കാർഷികവായ്പ വിഹിതം **ചിത്രം 1.4.2** ൽ രേഖപ്പെടുത്തിയിരിക്കുന്നു.

എസ്.സി/എസ്.ടി, ദുർബല വിഭാഗത്തിനുള്ള വായ്പകൾ

എസ്.എൽ.ബി.സി കണക്കുപ്രകാരം 2019 മാർച്ച് വരെ സംസ്ഥാനത്തെ വിവിധ ബാങ്കുകൾ എസ്.സി വിഭാഗത്തിന് 5,710.8 കോടി രൂപയും എസ്.ടി വിഭാഗത്തിന് 1,306.3 കോടി രൂപയും വായ്പയായി നൽകി. 2018 മാർച്ചിൽ 5,457 കോടി രൂപയും 1,348 കോടി രൂപയുമാണ് യഥാക്രമം എസ്.സി വിഭാഗത്തിനും എസ്.ടി വിഭാഗത്തിനും വായ്പയായി നൽകിയത്. മുൻവർഷം വിതരണം ചെയ്ത വായ്പയുമായി താരതമ്യം ചെയ്യുമ്പോൾ പട്ടികജാതി വിഭാഗത്തിന് നൽകിയ വായ്പകളിൽ 5 ശതമാനം വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പട്ടികവർഗ വിഭാഗങ്ങൾക്ക് നൽകിയ വായ്പയിൽ 3 ശതമാനം കുറവാണ് രേഖപ്പെടുത്തിയിരിക്കുന്നത്. പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് നൽകിയ വായ്പയുടെ വിവരം ബാങ്ക് ഇനം തിരിച്ച് **പട്ടിക 1.4.2** –ൽ നൽകിയിരിക്കുന്നു.

എസ്.എൽ.ബി.സി കണക്കനുസരിച്ച് ദുർബല വിഭാഗങ്ങൾക്ക് 2018 മാർച്ചിൽ 68,434 കോടി രൂപ വിതരണം ചെയ്തിരുന്നത് 2019 മാർച്ച് ആയപ്പോഴേക്കും 13 ശതമാനം വർദ്ധിച്ച് 77,474 കോടി രൂപയായി.

ചിത്രം 1.4.2 2019 മാർച്ച് വരെയുള്ള കാർഷികവായ്പ വിഹിതം



അവലംബം: സംസ്ഥാനതല ബാങ്കേർസ് കമ്മിറ്റി റിപ്പോർട്ട് മാർച്ച് 2019

പട്ടിക 1.4.2 പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് 2018 മാർച്ച് വരെ നൽകിയ വായ്പയുടെ വിവരം ബാങ്ക് ഇനം തിരിച്ച് രൂപ കോടിയിൽ

ക്രമ നമ്പർ	ബാങ്ക്	പട്ടികജാതിക്കുള്ള വായ്പ		പട്ടികവർഗത്തിനുള്ള വായ്പ	
		എണ്ണം	തുക	എണ്ണം	തുക
1	പൊതുമേഖല വാണിജ്യ ബാങ്കുകൾ	302382	4915.48	65879	1064.03
2	ആർ.ആർ. ബി – കേരള ഗ്രാമീൺ ബാങ്ക്	36872	220.71	19475	115.42
3	സ്വകാര്യമേഖല വാണിജ്യ ബാങ്കുകൾ	47754	243.71	3618	40.11
4	ചെറുകിട ധനകാര്യ സ്ഥാപനങ്ങൾ	111459	204.38	32160	54.91
5	സഹകരണ ബാങ്കുകൾ	9885	126.5	2704	31.85
ആകെ ബാങ്കിംഗ് മേഖല		508352	5710.78	123836	1306.32

അവലംബം: സംസ്ഥാനതല ബാങ്കേർസ് കമ്മിറ്റി റിപ്പോർട്ട് മാർച്ച് 2019

ഭവന വായ്പ

2019 മാർച്ചിലെ എസ്.എൽ.ബി.സി കണക്കനുസരിച്ച് കേരളത്തിലെ വാണിജ്യ ബാങ്കുകളും സഹകരണ ബാങ്കുകളും ചേർന്ന് 7,51,634 ഗുണഭോക്താക്കൾക്കായി 36,025 കോടി രൂപ ഭവന വായ്പയായി നൽകി. 2018 മാർച്ചിൽ 7,06,734 ഗുണഭോക്താക്കൾക്കായിരുന്നു 39,829 കോടി രൂപ ഭവന വായ്പയായി നൽകിയിരുന്നത്. മുൻവർഷത്തെ അപേക്ഷിച്ച് ആകെ അനുവദിച്ച ഭവനവായ്പയിൽ 9.6 കുറവാണ് രേഖപ്പെടുത്തുന്നത്. 2019 മാർച്ച് വരെ പൊതുമേഖല ബാങ്കുകൾ 3,05,832 ഗുണഭോക്താക്കൾക്കായി 19127.2 കോടി രൂപയും പ്രാദേശിക ഗ്രാമീണ ബാങ്കുകൾ 56,827 ഗുണഭോക്താക്കൾക്കായി 2,809 കോടി രൂപയും സ്വകാര്യമേഖല വാണിജ്യ ബാങ്കുകൾ 70,335 ഗുണഭോക്താക്കൾക്കായി 5,405.7 കോടി രൂപയും ചെറുകിട ധനകാര്യ സ്ഥാപനങ്ങൾ 14,222 ഗുണഭോക്താക്കൾക്കായി 43.78കോടി രൂപയും സഹകരണ ബാങ്കുകൾ 3,04,418 ഗുണഭോക്താക്കൾക്കായി 8,638.9 കോടി രൂപയും ഭവനവായ്പയായി വിതരണം ചെയ്തു. ഭവനവായ്പയുടെ ഭൂരിഭാഗം വിഹിതവും (53 ശതമാനം) പൊതുമേഖല വാണിജ്യ ബാങ്കുകൾ മുഖേനയാണ് വിതരണം ചെയ്തിരിക്കുന്നത്. സഹകരണ ബാങ്കുകൾ 24 ശതമാനം ഭവനവായ്പായി വിതരണം ചെയ്തിട്ടുണ്ട്. എങ്കിലും ആകെ ഗുണഭോക്താക്കളുടെ എണ്ണം 41 ശതമാനമാണ്.

വിദ്യാഭ്യാസ വായ്പ

2019 മാർച്ചിൽ 3,32,432 വിദ്യാർത്ഥികൾക്ക് 9896.6കോടി രൂപ വിദ്യാഭ്യാസ വായ്പയായി വിതരണം ചെയ്തിട്ടുണ്ട്. എസ്.എൽ.ബി.സി കണക്കനുസരിച്ച് ആകെ വിതരണം ചെയ്ത വിദ്യാഭ്യാസ വായ്പയുടെ 79 ശതമാനവും പൊതുമേഖല വാണിജ്യ ബാങ്കുകളാണ് നൽകിയത്. അതായത് 2,43,432 വിദ്യാർത്ഥികൾക്ക് 7,782 കോടി രൂപ വായ്പ നൽകി. പ്രാദേശിക ഗ്രാമീണ ബാങ്കുകൾ 27,176 വിദ്യാർത്ഥികൾക്കായി 783.3 കോടി രൂപയും സ്വകാര്യമേഖല വാണിജ്യ ബാങ്കുകൾ 43,360 വിദ്യാർത്ഥികൾക്കായി 1,260.6 കോടി രൂപയും ചെറുകിട ധനകാര്യ സ്ഥാപനങ്ങൾ 16,083 വിദ്യാർത്ഥികൾക്കായി 14.74 കോടി രൂപയും സഹകരണ ബാങ്കുകൾ 2,381 വിദ്യാർത്ഥികൾക്കായി 56 കോടി രൂപയും വിദ്യാഭ്യാസ വായ്പയായി 2019 മാർച്ച് വരെ വിതരണം ചെയ്തു. വിദ്യാഭ്യാസ വായ്പയുടെ 14 ശതമാനം കിട്ടാകടമാണ്.

വായ്പാ നിക്ഷേപ അനുപാതം

ആർ.ബി.ഐയുടെ ത്രൈമാസ കണക്കനുസരിച്ച് 2019 മാർച്ചിൽ ഇന്ത്യയിലെ ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകളിലെ വായ്പ നിക്ഷേപക അനുപാതം 78.18 ശതമാനമാണ്. 2018 മാർച്ചിൽ ഇത് 75.64 ശതമാനമായിരുന്നു. പ്രധാന സംസ്ഥാനങ്ങളിൽ ആന്ധ്രാപ്രദേശിനാണ് ഉയർന്ന വായ്പാനിക്ഷേപക അനുപാതമുള്ളത്. (121.84 ശതമാനം). മറ്റ് സംസ്ഥാനങ്ങളായ തമിഴ്നാടിന് 109.72 ശതമാനവും മഹാരാഷ്ട്രയ്ക്ക് 106.47 ശതമാനവും വായ്പ നിക്ഷേപ അനുപാതമുണ്ട്.

2019 മാർച്ചിൽ കേരളത്തിലെ ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകളിലെ വായ്പ നിക്ഷേപക അനുപാതം മുൻവർഷത്തെ 63.90 ശതമാനത്തിൽ നിന്നും 65.61 ശതമാനമായി വർദ്ധിച്ചിട്ടുണ്ട്. (അനുബന്ധം 1.4.6). 2019 മാർച്ചിലെ കണക്കനുസരിച്ച് കേരളത്തിലെ ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകളിലെ ആകെ നിക്ഷേപം 4,95,741 കോടിയായി വർദ്ധിച്ചിട്ടുണ്ട്. 2018 മാർച്ചിൽ ഇത് 4,40,361 കോടിയായിരുന്നു. 2018 മാർച്ചിലെ ആകെ വായ്പ 2,81,384 കോടിയായിരുന്നത് 2019 മാർച്ചിൽ 3,25,280 കോടിയായി വർദ്ധിച്ചു.

ഇന്ത്യയിലെ പൊതുമേഖല ബാങ്കുകളിലെ വായ്പ നിക്ഷേപ അനുപാതം 2019 മാർച്ചിൽ 72.85 ശതമാനമാണ്. 2018 മാർച്ചിൽ ഇത് 71.07 ശതമാനമായിരുന്നു. സംസ്ഥാനാടിസ്ഥാനത്തിൽ നോക്കുമ്പോൾ ആന്ധ്രപ്രദേശിനാണ് ഏറ്റവും ഉയർന്ന വായ്പാ നിക്ഷേപ അനുപാതം (126.32 ശതമാനം).

ചിത്രം 1.4.3 ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകളുടെ നിക്ഷേപത്തിന്റെയും വായ്പയുടെയും ജില്ല തിരിച്ചുള്ള കണക്ക്, മാർച്ച് 2019



അവലംബം:റിസർവ് ബാങ്ക് ഓഫ് ഇന്ത്യ-ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകളുടെ നിക്ഷേപത്തിന്റെയും വായ്പയുടെയും ത്രൈമാസ കണക്ക്, മാർച്ച് 2018

രണ്ടാം സ്ഥാനം മഹാരാഷ്ട്രയ്ക്കും (112.32 ശതമാനം), മൂന്നാം സ്ഥാനം തെലുങ്കാനയ്ക്കുമാണ് (109.78 ശതമാനം). കേരളത്തിലെ പൊതുമേഖലാ ബാങ്കുകളിലെ വായ്പ നിക്ഷേപ അനുപാതം 2019 മാർച്ചിൽ മുൻവർഷത്തെ 61.86 ശതമാനത്തിൽ നിന്നും 64.93 ശതമാനമായി ഉയർന്നിട്ടുണ്ട്. (**അനുബന്ധം 1.4.7**)

ബാങ്കിംഗ് സ്ഥിതിവിവരകണക്കിന്റെ ജില്ല തിരിച്ചുള്ള വിശകലനം

കേരളത്തിലെ ബാങ്കിംഗ് സ്ഥിതിവിവരകണക്ക് സംബന്ധിച്ച് ആർ.ബി.ഐയുടെ വിശകലനത്തിൽ നിന്നും വ്യക്തമാകുന്നത് ഏറ്റവുമധികം ബാങ്ക് ശാഖകളുള്ളത് എറണാകുളം ജില്ലയിലാണ് (1014). തൃശ്ശൂരിൽ 751 ശാഖകളും തിരുവനന്തപുരത്ത് 723 ശാഖകളുമുണ്ട്. ഏറ്റവും കുറച്ച് ശാഖകളുള്ളത് വയനാട് ജില്ലയിലാണ് (123). കേരളത്തിൽ ഉയർന്ന വായ്പാനിക്ഷേപമുള്ളത് വയനാട് ജില്ലയിലും (138.82 ശതമാനം) കുറഞ്ഞത് പത്തനംതിട്ട ജില്ലയിലുമാണ് (25.47 ശതമാനം) (അനുബന്ധം 1.4.8). 2019 മാർച്ചിൽ കേരളത്തിലെ ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകളിലെ ജില്ലാടിസ്ഥാനത്തിലുള്ള നിക്ഷേപത്തിന്റെയും വായ്പയുടെയും വിവരങ്ങൾ **ചിത്രം 1.4.3** –ൽ ചേർത്തിരിക്കുന്നു.

കേരളത്തിലെ സഹകരണ ബാങ്കിംഗ് മേഖല

കേരള സംസ്ഥാന സഹകരണ ബാങ്ക് (കെ.എസ്.സി.ബി) സഹകരണ മേഖലയിലെ ഉന്നത സാമ്പത്തിക ഏജൻസിയായതിനാൽ ജില്ലാ സഹകരണ ബാങ്കുകൾക്ക് (ഡി.സി.ബി) ആശ്രയിക്കാവുന്ന ഒരു അവസാന അത്താണിയായി പ്രവർത്തിക്കുന്നു. ഇത് കൂടാതെ, കേരള സംസ്ഥാന സഹകരണ ബാങ്ക് മറ്റുള്ള ഉന്നത സഹകരണ സ്ഥാപനങ്ങൾക്കും വ്യക്തികൾക്ക് നേരിട്ടും വായ്പ അനുവദിക്കുന്നു. കെ.എസ്.സി.ബി അതിന്റെ അംഗങ്ങളുടെ ആവശ്യങ്ങൾക്കനുസൃതമായി ഹ്രസ്വകാല, ഇടക്കാല, ദീർഘകാല വായ്പകൾ അനുവദിക്കുന്നു. കൂടാതെ ജില്ലാ സഹകരണ ബാങ്കുകൾ, പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ (പി.എ.സി.എസ്) മറ്റു സഹകരണ സ്ഥാപനങ്ങൾ എന്നിവയുടെ കൈവശമുള്ള അധിക തുക ശേഖരിച്ച് ഒരു തുലനകേന്ദ്രമായി പ്രവർത്തിക്കുന്നു. 2019 മാർച്ചിലെ എസ്.എൽ.ബി.സി കണക്കനുസരിച്ച് ആകെയുള്ള 7,421 ബാങ്ക് ശാഖകളിൽ 995 ശാഖകൾ സഹകരണ മേഖലയിലാണ്. ഇതിൽ 117 എണ്ണം ഗ്രാമീണ മേഖലയിലും, 38 എണ്ണം അർദ്ധ നഗര മേഖലയിലും, 840 എണ്ണം നഗര മേഖലയിലുമാണ്.

വാണിജ്യ, ഗ്രാമീണ, ചെറുകിട, സഹകരണ ബാങ്കുകളിലായി 2019 മാർച്ചിൽ ആകെ 5,63,702 കോടിയുടെ നിക്ഷേപമുണ്ട്. സഹകരണ ബാങ്കുകളിൽ മാത്രമായി 70,139 കോടിയുടെ നിക്ഷേപമുണ്ട് അതായത് വാണിജ്യ ബാങ്കുകളിലും സഹകരണ ബാങ്കുകളിലുമായിട്ടുള്ള ആകെ നിക്ഷേപത്തിന്റെ 12.44 ശതമാനം. 2019 മാർച്ച് വരെ സഹകരണ ബാങ്കുകളും, വാണിജ്യ ബാങ്കുകളും നൽകിയ ആകെ വായ്പ 3,80,619 കോടി രൂപയാണ്. ഇതിൽ സഹകരണ ബാങ്കുകളുടെ മാത്രം വിഹിതം 50,719 കോടി രൂപയാണ്. ഇത് വാണിജ്യ ബാങ്കുകളും സഹകരണ ബാങ്കുകളും നൽകിയ ആകെ വായ്പയുടെ 13.3 ശതമാനമാണ്. മാർച്ച് 2019 വരെ സഹകരണ ബാങ്കുകളും വാണിജ്യ ബാങ്കുകളും കാർഷിക വായ്പായി നൽകിയ 89,383 കോടി രൂപയുടെ ഏകദേശം 9.6 ശതമാനം (8,580 കോടി രൂപ) സഹകരണ ബാങ്കുകളിൽ നിന്നാണ്. കേരളത്തിലെ ബാങ്കിങ് മേഖലയിലെ ആകെ ക്രയവിക്രയം 2018 മാർച്ചിൽ 8,49,631 കോടിയായിരുന്നത് 2019 മാർച്ചിൽ

പട്ടിക 1.4.3 സഹകരണ മേഖലയുടെ പ്രകടനം രൂപ കോടിയിൽ

ക്രമ നമ്പർ	ഘടകം	മാർച്ച് 2019			സഹകരണ മേഖലയുടെ വിഹിതം (%)
		സഹകരണ മേഖല	വാണിജ്യ ബാങ്കുകൾ + പ്രാദേശിക ഗ്രാമീണ ബാങ്കുകൾ + ചെറുകിട ധനകാര്യ സ്ഥാപനങ്ങൾ	ആകെ	
1	ശാഖകൾ	995	6426	7421	13
2	ആകെ നിക്ഷേപം	70140	493562	563702	12
3	ആകെ വായ്പകൾ	50719	329900	380619	13
4	ആകെ ബിസിനസ്	120859	823462	944321	13
5	മുൻഗണന മേഖലയ്ക്കുള്ള വായ്പ	33778	172940	206718	16
6	മുൻഗണന മേഖലയ്ക്കുള്ള വായ്പ%	67%	52%	54%	
7		8580	80803	89383	10
8	കാർഷിക വായ്പ	17%	24%	23%	
9	കാർഷിക വായ്പ%	1474	54446	55921	3
10	എം.എസ്.എം.ഇ വായ്പകൾ	3%	17%	15%	
11	എം.എസ്.എം.ഇ വായ്പകൾ%	72.31	66.84	67.52	
	വായ്പ നിക്ഷേപ അനുപാതം				

അവലംബം : സംസ്ഥാനതല ബാങ്കേർസ് കമ്മിറ്റി റിപ്പോർട്ട് മാർച്ച് 2019

9,44,321 കോടിയായി ഉയർന്നു. (**പട്ടിക 1.4.3**)

ബാങ്കിങ് ഇതര ധനകാര്യ സ്ഥാപനങ്ങൾ/ കമ്പനികൾ

ബാങ്കിങ് ലൈസൻസ് ഇല്ലാതെ തന്നെ സാമ്പത്തിക സേവനങ്ങളും, ബാങ്കിങ് സൗകര്യങ്ങളും നൽകുന്ന സ്ഥാപനങ്ങളാണ് ബാങ്കിങ് ഇതര ധനകാര്യ സ്ഥാപനങ്ങൾ/കമ്പനികൾ (എൻ. ബി.എഫ്.സി). പരമ്പരാഗത ബാങ്കുകൾക്ക് കേന്ദ്ര സംസ്ഥാന അധികാരികൾ ഏർപ്പെടുത്തുന്ന നിയന്ത്രണങ്ങൾ എൻ.ബി.എഫ്.സിക്ക് ബാധകമല്ല. നിക്ഷേപക ബാങ്കുകൾ, വായ്പാ വിതരണക്കാർ, മണിമാർക്കറ്റുകൾ, ഇൻഷ്വറൻസ് കമ്പനികൾ, ഹെഡ്ജ് ഫണ്ടുകൾ, സ്വകാര്യ ഇക്വിറ്റി ഫണ്ടുകൾ മുതലായവ എൻ.ബി.എഫ്. സികൾക്ക് ഉദാഹരണങ്ങളാണ് പുതിയ സംരംഭങ്ങൾ വളർത്തുന്നതിന് വായ്പകൾ നൽകുന്നതിലൂടെ ഗ്രാമീണ മേഖലയുടെയും, നഗര മേഖലയുടെയും സാമ്പത്തിക വളർച്ചയിൽ ഒരു പ്രധാന പങ്കു വഹിക്കുന്നു. ചിട്ടികൾ, വായ്പകൾ തുടങ്ങിയ അനവധി സാമ്പത്തിക സേവനങ്ങൾ എൻ.ബി.എഫ്.സികൾ നൽകുന്നു.

കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസ്

1969 –ൽ സർക്കാരിന്റെ ഉടമസ്ഥതയിൽ ആരംഭിച്ച ബാങ്കിങ് ഇതര ധനകാര്യ സ്ഥാപനമാണ് കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസ്. പൊതു ജനങ്ങളെ ചൂഷകരിൽ നിന്നും വഞ്ചകരിൽ നിന്നും സംരക്ഷിക്കുന്നതോടൊപ്പം ചിട്ടി വ്യവസായത്തിൽ അടുക്കും ചിട്ടയും കൊണ്ടുവരിക എന്ന ലക്ഷ്യത്തോടെയാണ് കെ.എസ്.എഫ്.ഇ ആരംഭിച്ചത്. കൂടാതെ ചിട്ടി വ്യവസായത്തെ സംഘടിത രീതിൽ കൊണ്ടുവരുന്നതിലൂടെ നിക്ഷേപകർക്ക് സുരക്ഷിതമായ ഒരു നിക്ഷേപാവസരം നൽകുകയും ഇതിലൂടെ ലക്ഷ്യമിടുന്നു. മൂലധന സ്വരൂപിക്കുന്നതിനായി ചെറിയ സമ്പാദ്യങ്ങളെ സമാഹരിക്കുവാൻ സഹായിക്കുന്ന ഒരു സാമ്പത്തികോപകരണമാണ് ചിട്ടി. 2012 ലെ ബഹു. സുപ്രീംകോടതിയുടെ ഉത്തരവ് പ്രകാരം 1982 ലെ ചിറ്റ് ഫണ്ട് ആക്ട് പ്രകാരം, 2012 മുതൽ ആരംഭിച്ച ചിട്ടികൾ എല്ലാം ടി ആക്ട് പ്രകാരം ഉപഭോക്തൃ സംരക്ഷണം ലക്ഷ്യമിടുന്നു.

നിലവിൽ കെ.എസ്.എഫ്.ഇ.ക്ക് തൃശ്ശൂരിലുള്ള ഹെഡ്ഓഫീസിന് പുറമെ 13 മേഖല ഓഫീസുകളും 577 ശാഖകളുമുണ്ട്. 2019 മാർച്ചിലെ ആകെ നിക്ഷേപം 12548 കോടി രൂപയും ആകെ വായ്പ 5705.12 കോടി രൂപയുമാണ്. 2019 മാർച്ചിലെ ആകെ ചിട്ടി സല 1817.13 കോടി രൂപയാണ്. 2018 മാർച്ചിൽ 1673313 ചിട്ടി അംഗങ്ങൾ ഉണ്ടായിരുന്നത് 2019 മാർച്ച് ആയപ്പോഴേക്കും 1761972 ആയി വർദ്ധിച്ചു. കെ.എസ്. എഫ്.ഇ യുടെ കഴിഞ്ഞ അഞ്ച് വർഷത്തെ സാമ്പത്തിക സ്ഥിതി **പട്ടിക 1.4.4**ൽ ചേർത്തിരിക്കുന്നു. കെ.എസ്. എഫ്.ഇയുടെ കഴിഞ്ഞ അഞ്ച് വർഷത്തെ ആകെ പ്രവർത്തനം **പട്ടിക 1.4.5** ൽ നൽകിയിരിക്കുന്നു

പട്ടിക 1.4.4 കെ.എസ്.എഫ്.ഇ യുടെ കഴിഞ്ഞ അഞ്ച് വർഷത്തെ സാമ്പത്തിക പ്രകടനം (രൂപ കോടിയിൽ)

ക്രമ നമ്പർ	ഇനം	മാർച്ച് 31, 2015 (ഓഡിറ്റഡ്)	മാർച്ച് 31, 2016 (ഓഡിറ്റഡ്)	മാർച്ച് 31, 2017 (ഓഡിറ്റഡ്)	മാർച്ച് 31, 2018 (ഓഡിറ്റഡ്)	മാർച്ച് 31, 2019
1	ഫോർമാൻ കമ്മീഷൻ	684	746	792	841	940
2	ആകെ വരുമാനം	1546	1750	1966	2162	2473.61
3	ആകെ ചെലവ്	1343	1596	1732	1906	2351.14
4	നികുതിക്ക് മുൻപുള്ള ലാഭം	203	154	234	256	122.47
5	കരുതൽ ധനം	425	440	476	620	854
6	മൂലധനം	20	50	100	100	100

അവലംബം: കെ.എസ്.എഫ്.ഇയിൽ നിന്നുള്ള റിപ്പോർട്ട്, 2019

പട്ടിക 1.4.5 കെ.എസ്.എഫ്.ഇയുടെ കഴിഞ്ഞ അഞ്ച് വർഷത്തെ ആകെ പ്രവർത്തനം (രൂപ കോടിയിൽ)

ക്രമ നമ്പർ	സ്കീമുകൾ	മാർച്ച് 31, 2015 (ഓഡിറ്റഡ്)	മാർച്ച് 31, 2016 (ഓഡിറ്റഡ്)	മാർച്ച് 31, 2017 (ഓഡിറ്റഡ്)	മാർച്ച് 31, 2018 (ഓഡിറ്റഡ്)	മാർച്ച് 31, 2019
1	ചിട്ടി (മാസംതോറും)	1321	1433	1520	1645	1817
2	വായ്പ					
i	സ്വർണപണയം	820	743	782	710	899
ii	ആർ.സി.എൽ/ എഫ്.ഡി.എൽ	922	1251	1693	1875	1826
iii	എൻ.സി.എൽ/പി.ബി.എൽ	1074	1244	1569	1683	1746
iv	എൻ.എഛ്.എഫ്.എസ്	185	366	646	899	1088
v	കാർ ലോൺ/ ഉപഭോക്തൃ വാഹനവായ്പ	17	11	38	37	74
മറ്റുള്ളവ		305	327	54	19	22
ആകെ വായ്പ		3323	3942	4782	5223	5705

അവലംബം: കെ.എസ്.എഫ്.ഇയിൽ നിന്നുള്ള റിപ്പോർട്ട്, 2019

കെ.എസ്.എഫ്.ഇ പ്രവാസി ചിട്ടി

കേരളത്തിലെ പ്രവാസികൾക്ക് വേണ്ടി കെ.എസ്.എഫ്.ഇ പ്രവാസി ചിട്ടി ആരംഭിച്ചിട്ടുണ്ട്. പ്രവാസി ചിട്ടിയിലൂടെ സ്വരൂപിക്കുന്ന തുക കിഫ്ബി മുഖാന്തിരം കേരള സർക്കാർ നടപ്പാക്കുന്ന പദ്ധതികളിൽ നിക്ഷേപിക്കുന്നു. പ്രവാസി ചിട്ടിയുടെ ആദ്യത്തെ വരിസംഖ്യ 2018 ഒക്ടോബറിൽ സ്വീകരിക്കുകയും ആദ്യത്തെ ലേലം 2018 നവംബറിൽ നടത്തുകയും ചെയ്തു. പ്രവാസി ചിട്ടി ആദ്യം ആരംഭിച്ചത് യു.എ.യിലാണ്. വരും വർഷങ്ങളിൽ ജി.സി.സി രാഷ്ട്രങ്ങളിലും മറ്റു അറബ് രാജ്യങ്ങളിലും പ്രവാസി ചിട്ടി ആരംഭിക്കും.

കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ

1951 ലെ സ്റ്റേറ്റ് ഫിനാൻഷ്യൽ കോർപറേഷൻ ആക്ട് അനുസരിച്ച് രൂപീകരിച്ച കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ കേരളത്തിന്റെ വ്യവസായവൽക്കരണത്തിലും വികസനത്തിലും വളരെ പ്രധാന പങ്ക് വഹിക്കുന്നു. നിലവിൽ കെ.എഫ്.സി ക്ക് 16 ശാഖാ ഓഫീസുകളാണുള്ളത്. തിരുവനന്തപുരത്തെ ഹെഡ് ഓഫീസിന് പുറമെ കോഴിക്കോട്, എറണാകുളം, തിരുവനന്തപുരം എന്നിവിടങ്ങളിലായി സോണൽ ഓഫീസുകളുമുണ്ട്. കോർപറേറ്റുകളുടെ സാമൂഹിക ഉത്തരവാദിത്ത്വം നടപ്പിലാക്കിയ, ഇന്ത്യയിലെ ആദ്യത്തെ സ്റ്റേറ്റ് ഫിനാൻസ് കോർപറേഷനും കേരളത്തിലെ ആദ്യത്തെ പൊതുമേഖലാ സ്ഥാപനവുമാണ് കെ.എഫ്.സി. കോർപ്പറേറ്റ് സാമൂഹിക ഉത്തരവാദിത്വത്തിന്റെ ഭാഗമായി, സമൂഹത്തിലെ പാർശ്വവത്കരിക്കപ്പെട്ട വിഭാഗത്തെ പുനഃരധിവസിപ്പിക്കാനും അവരെ സേവിക്കാനും വേണ്ടി കെ.എഫ്.സി കെ.എഫ്.സി–

കെയർ (സെന്റർ ഫോർ അസ്സിസ്റ്റൻസ് ആൻഡ് റീഹാബിലിറ്റേഷൻ) എന്ന സംവിധാനം ആരംഭിച്ചു. 2017–18–ൽ അറ്റലാഭം 8.30 കോടി രൂപയായിരുന്നത് 2018–19 ആയപ്പോൾ 17.7 കോടിയായി വർദ്ധിച്ചു. 2018–19 ൽ നിഷ്ക്രിയ ആസ്തികൾ 2017 –18 ലെ 2.03 ശതമാനത്തിൽ നിന്നും 1.82 ശതമാനമായി കുറഞ്ഞു.

1.5 സംസ്ഥാനത്തിന്റെ ധനസ്ഥിതി

സംസ്ഥാനത്തിന് അതിന്റെ നിയമനിർമ്മാണ ചട്ടങ്ങൾക്കുള്ളിൽ നിന്നുകൊണ്ട് വരുമാനത്തിനനുസൃതമായി ജനങ്ങളുടെ അഭിലാഷങ്ങൾ നിറവേറ്റുന്ന ഫെഡറൽ സജ്ജീകരണമാണ് നിലവിലുള്ളത്. കേരളം ജനക്ഷേമത്തിന് മുൻഗണന നൽകുന്ന സംസ്ഥാനമാണ്. സാമൂഹികവും സാമ്പത്തികവുമായ വികസനത്തിന് സർക്കാരിന്റെ ഭാഗത്തു നിന്നും എല്ലാ വിധ ശ്രമങ്ങളും നടന്നു വരുന്നു. എന്നിരുന്നാലും ഈ പദ്ധതികൾ നടപ്പിലാക്കുന്നതിന് ഒരു പ്രധാന വെല്ലുവിളായായി നിൽക്കുന്നത് സംസ്ഥാനത്തിന്റെ ധനസ്ഥിതിയാണ്.

ഇന്ത്യയിലെ സംസ്ഥാനങ്ങളുടെ സമ്പദ് വ്യവസ്ഥ ജി എസ് ടി നടപ്പിലാക്കിയതോടെ നികുതി വർദ്ധനവ് വരുത്തുന്നതിൽ പരിമിതികൾ ഉണ്ടായി. കേന്ദ്ര സർക്കാരിൽ നിന്നും നഷ്ടപരിഹാര തുക ലഭിക്കാൻ കാലതാമസം ഉണ്ടായി. ഏകദേശം സംസ്ഥാനത്തിന്റെ മൊത്തം വരുമാനത്തിന്റെ 30 ശതമാനത്തോളം വരുന്നത് കേന്ദ്രഗവൺമെന്റിന്റെ വായ്പകളിൽനിന്നോ ഗ്രാന്റുകളിൽ നിന്നോ ആണ്. 2015-16 മുതൽ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള ധനസഹായത്തിന്റെ ഘടനയിലുള്ള വ്യത്യാസം ഇതിനെ സാരമായി ബാധിച്ചു. മുമ്പ് 25 ശതമാനം സംസ്ഥാന വിഹിതമായിരുന്നത് ഇപ്പോൾ 40ശതമാനമായി മാറിയിട്ടുണ്ട്. ധനഉത്തരവാദിത്ത നിയമപ്രകാരം മൊത്തം സംസ്ഥാന ആഭ്യന്തര ഉല്പാദനത്തിന്റെ 3 ശതമാനത്തിൽ കൂടുതൽ വായ്പ എടുക്കാൻ സാധിക്കാത്തതിനാൽ വിഭവ സമാഹരണം കൂടുതൽ സങ്കീർണ്ണമാകുന്നു. സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉൽപ്പാദനത്തിന്റെ 3 ശതമാനം എന്ന വായ്പ പരിധിക്കുള്ളിൽ നിന്നുകൊണ്ട് 2019-20 ൽ 24,915 കോടി രൂപയാണ് കേരളത്തിന് വായ്പയായി ലഭിച്ചത്. എന്നാൽ, വർഷാവസാനം കേന്ദ്രഗവൺമെന്റ് ബഡ്ജറ്റ് തുകയിൽ നിന്നും 5325 കോടി രൂപ കുറയ്ക്കുകയുണ്ടായി. ഫലത്തിൽ, 2019-20 ൽ 19,590 കോടി രൂപ മാത്രമേ വായ്പയായി ലഭിച്ചിട്ടുള്ളു. 2019-20 സാമ്പത്തിക വർഷത്തിന്റെ അവസാന പാദത്തിൽ 4908 കോടി രൂപയ്ക്ക് അർഹതയുണ്ടായിട്ടും 1920 കോടി രൂപ മാത്രമേ വായ്പയായി ലഭിച്ചുള്ളൂ.

സംസ്ഥാന സർക്കാർ ശക്തമായി നികുതി പിരിച്ചെടുക്കലും ചെലവു ചുരുക്കലും നടത്തി 2016-17 മുതൽ ധനസ്ഥിതിയിൽ പുരോഗതി വരുത്താൻ ശ്രമിച്ചു. എന്നാൽ നിയന്ത്രണാതീതമായ കാരണങ്ങൾ കൊണ്ട് ചെലവ് ചുരുക്കൽ പ്രക്രിയയിൽ തടസ്സം നേരിടുന്നു. 2016-17 ൽ 500, 1000 രൂപ നോട്ടുകളുടെ നിരോധനവും 2017-18 ലെ ചരക്ക് സേവന നികുതി നടപ്പിലാക്കലും സംസ്ഥാനത്തിന്റെ വിഭവ സമാഹരണ ശ്രമങ്ങളെ സാരമായി ബാധിച്ചിട്ടുണ്ട്. നോട്ട് നിരോധനം സംസ്ഥാനത്തിന്റെ സ്ഥൂല സാമ്പത്തിക പ്രശ്നങ്ങളെ വഷളാക്കി. സംസ്ഥാനത്തിൽ ജനങ്ങളുടെ വാങ്ങൽ ശേഷിക്കുറവ്, സമ്പദ്വ്യവസ്ഥയുടെ അസന്തുലിതാവസ്ഥ എന്നിവ മൂലം പ്രത്യേകിച്ചും കശുവണ്ടി, കയർ, കൈത്തറി, മത്സ്യബന്ധനം, മറ്റു നാണ്യ വിളകൾ എന്നിവയ്ക്ക് നോട്ടു നിരോധനത്തിലൂടെ ഭീമമായ തിരിച്ചടി ഉണ്ടായി.

2019 ലെ പ്രകൃതി ദുരന്തങ്ങളായ ഓഖി ചുഴലികൊടുങ്കാറ്റ്, കനത്തമഴ, വെള്ളപ്പൊക്കം തുടങ്ങിയവ ജീവനും ജീവനോപാധികൾക്കും വീടുകൾക്കും റോഡുകൾക്കും മറ്റ് അടിസ്ഥാന സൗകര്യങ്ങൾക്കും കനത്ത നാശം വിതച്ചു. സമ്പദ്ഘടനയുടെ ഉല്പാദന മേഖലകളായ കൃഷി, വ്യവസായങ്ങൾ, വിനോദ സഞ്ചാരമേഖല എന്നിവയിലും നഷ്ടമുണ്ടായി. ഇത് സംസ്ഥാന വരുമാനത്തിൽ കുറവുണ്ടാക്കി. ഇത് സംസ്ഥാനത്തിന്റെ വിഭവസമാഹരണത്തെ ബാധിക്കുക മാത്രമല്ല, സംസ്ഥാന പുനർനിർമ്മിതിക്കും ഉൽപ്പാദന മേഖലകളുടെ പുനർജ്ജീവനത്തിനും ആവശ്യമായ അധിക ചെലവിനും കാരണമായി. അധിക വായ്പയും ഗ്രാന്റുകളും കേന്ദ്രത്തിൽ നിന്നും ആവശ്യപ്പെട്ടിട്ടുണ്ട്. ചരക്കു സേവന നികുതി നടപ്പിലാക്കിയതിലൂടെ ഉണ്ടായ വരുമാന നഷ്ടം നികത്തുന്നതിനുള്ള നഷ്ടപരിഹാരത്തിനായി ജി എസ് ടി കൗൺസിലിനെ സംസ്ഥാനം സമീപിച്ചിട്ടുണ്ട്.

പട്ടിക 1.5.1

കേരള സർക്കാരിന്റെ സാമ്പത്തിക സൂചകങ്ങൾ (രൂപ കോടിയിൽ)

വിശദാംശങ്ങൾ	2011-12	2012-13	2013-14	2014-15	2015-16	2016-17	2017-18	2018-19	2019-20 BE
ഇനങ്ങൾ	-5449	-4973	-6917	-9533	-1322	-5253	-4156	-7525	1772
നിലവിലെ വരുമാന ശിഷ്ടം	0.17	0.16	0.17	0.17	0.16	0.16	0.18	0.18	0.15
പലിശ നിരക്ക്	0.31	0.29	0.25	0.23	0.42	0.38	0.32	0.36	0.67
മൂലധന വരവ്	0.016	0.016	0.018	0.012	0.013	0.013	0.015	0.016	
നിക്ഷേപ അനുപാതം	0.22	0.22	0.20	0.19	0.18	0.21	0.21	0.29	
തിരിച്ചടവ്	0.40	0.40	-	-	-	-	-	-	
റവന്യൂ വരുമാനം									

അവലംബം:ധനകാര്യ വകുപ്പ്, കേരള സർക്കാർ

ഈ പ്രതിസന്ധികൾക്കിടയിലും, സുസ്ഥിര വികസന സൂചിക വഴി നീതി ആയോഗിന്റെ കണക്കനുസരിച്ച് യു എൻ സുസ്ഥിര വികസന ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിൽ സംസ്ഥാനത്തിന് മുൻ നിരയിലെത്താൻ സാധിച്ചിട്ടുണ്ട്. ഇത് സൂചിപ്പിക്കുന്നത് പ്രധാനപ്പെട്ട സാമൂഹിക സേവന മേഖലകളായ വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയവയിലുണ്ടായ മുന്നേറ്റമാണ്. അതുപോലെ തന്നെ സമ്പദ്ഘടനയുടെ സുസ്ഥിര വളർച്ച ഉറപ്പാക്കുന്നതിനായി അടിസ്ഥാന സൗകര്യ മേഖലകളിൽ നിക്ഷേപം വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ കേരള സർക്കാർ പ്രോത്സാഹിപ്പിക്കുന്നുണ്ട്.

സംസ്ഥാനത്തിന്റെ സാമ്പത്തിക സൂചകങ്ങൾ **പട്ടിക 1.5.1** ൽ കാണിച്ചിരിക്കുന്നു. സംസ്ഥാനത്തിന്റെ നടപ്പു വരുമാനം തുലോം കുറവും ചെലവ് കൂടുതലുമാകയാൽ ധനസ്ഥിതിയിൽ പ്രതികൂല സ്ഥിതിയാണ് കാണുന്നത്. 2017-18 ൽ വരുമാനശിഷ്ടം (-) 4156 കോടി രൂപയായിരുന്നത് 2018-19 ൽ (-)7525 കോടി രൂപയായി. മൂലധനവിഹിതവും മൂലധനവരവും തമ്മിലുള്ള അനുപാതം 2018-19 ൽ 0.36 ആയി വർദ്ധിച്ചിട്ടുണ്ട്. 2011-12 മുതൽ 2019-20 വരെയുള്ള കമ്മി സൂചിക **പട്ടിക 1.5.2** ൽ ചേർത്തിരിക്കുന്നു.

2017-18 മായി താരതമ്യപ്പെടുത്തുമ്പോൾ വരുമാന കമ്മിയും ധനകമ്മിയും 2018-19 ൽ നേരീയ കുറവ് കാണിക്കുന്നു. എന്നിരുന്നാലും 2018-19-ൽ ആഗോളതലത്തിലും ദേശീയ തലത്തിലും നിലനിൽക്കുന്ന സാമ്പത്തിക മാന്ദ്യത്തിന്റെ തുടർച്ച ഇവിടെയും പ്രകടമാണ്.

പട്ടിക 1.5.2 മുഖ്യകമ്മി സൂചകങ്ങൾ (രൂപ കോടിയിൽ)

വർഷം	വരുമാനകമ്മി		ധനക്കമ്മി		പ്രാഥമിക കമ്മി		ജി എസ് ടി പി
	തുക	ജി എസ് ടി പി യുടെ ശതമാനം	തുക	ജി എസ് ടി പി യുടെ ശതമാനം	തുക	ജി എസ് ടി പി യുടെ ശതമാനം	
2011-12	8034.26	2.21	12814.77	3.52	-6521.17	-1.79	364047.88
2012-13	9351.45	2.27	15002.47	3.64	7797.66	1.89	412313.00
2013-14	11308.56	2.43	16944.13	3.64	8678.74	1.87	465041.21
2014-15	13795.96	2.69	18641.72	3.64	8872.13	1.73	512564.05
2015-16	9656.81	1.73	17818.46	3.19	6707.61	1.20	557946.51
2016-17	15484.59	2.51	26448.35	4.29	14331.85	2.32	617034.66
2017-18	16928.21	2.41	26837.41	3.83	11717.48	1.67	701577.38
2018-19	17461.92	2.23	26958.30	3.45	10210.37	1.31	781653.26
2019-20 ബി ഇ	8770.29	1.00	26290.58	3.00	9089.30	1.04	875514.00

അവലംബം: ധനകാര്യ വകുപ്പ്, കേരള സർക്കാർ

വരവുകൾ

സംസ്ഥാനത്തിന്റെ വരവുകളെ റവന്യൂ വരുമാനം എന്നും മൂലധന വരുമാനം എന്നും രണ്ടായി തരംതിരിക്കാം. സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം, നികുതിയേതര വരുമാനം, കേന്ദ്രത്തിൽ നിന്നുള്ള നികുതി വിഹിതം, ഇന്ത്യാ ഗവൺമെന്റിന്റെ ധനസഹായം എന്നിവ ഉൾപ്പെടുന്നതാണ് റവന്യൂ വരുമാനം. എന്നാൽ മൂലധന വരുമാനത്തിൽ വിവിധ തരം വായ്പാ തിരിച്ചടവ്, ആഭ്യന്തര സ്രോതസ്സുകളിൽ നിന്നുള്ള വായ്പാ വരുമാനം, ഇന്ത്യാ ഗവൺമെന്റിൽ നിന്നുള്ള വായ്പ, പബ്ലിക്ക് അക്കൗണ്ടിലെ തുക എന്നിവ ഉൾപ്പെടുന്നു.

റവന്യൂ വരുമാനം

സംസ്ഥാനത്തിന്റെ റവന്യൂ വരുമാനം 2012–13 ൽ 44137.31 കോടി രൂപയായിരുന്നത് 2018–19 ൽ 92854.47 കോടി രൂപയായി വർദ്ധിച്ചു. 2018–19 ൽ 110.38 ശതമാനം വളർച്ച കാണിക്കുന്നു. റവന്യൂ വരുമാനത്തിന്റെ വാർഷിക വളർച്ചാ നിരക്ക് 2012–13 ൽ 16.12 ശതമാനമായിരുന്നത് 2018–19 ൽ 11.85 ശതമാനമായി കുറഞ്ഞു. സംസ്ഥാനത്തിന്റെ തനതു നികുതി വരുമാനം 2012–13 ൽ 16.94 ശതമാനമായിരുന്നത് 2018–19 ൽ 9.01 ശതമാനമായി കുറഞ്ഞു. സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിന്റെ വിശദാംശങ്ങൾ **അനുബന്ധം 1.5.1** ൽ ചേർത്തിരിക്കുന്നു. സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിന്റെ മുഖ്യ പങ്കും സംസ്ഥാനത്തിന്റെ തനതു നികുതിയിൽ നിന്നുമാണ്. 2018–19 ൽ തനതു നികുതി വരുമാനം 50644.10 കോടി രൂപയാണ് (54.54 ശതമാനം). കേന്ദ്രനികുതിയിൽ നിന്നുള്ള വിഹിതം 19038.17 കോടി രൂപയും (20.50 ശതമാനം), സംസ്ഥാനത്തിന്റെ നികുതിയേതര വരുമാനം 11783.24 കോടി രൂപയും (12.69 ശതമാനം), കേന്ദ്രത്തിന്റെ ധനസഹായം 11388.96 കോടി രൂപയുമാണ് (12.27 ശതമാനം). 2012–13 മുതൽ 2016–17 വരെയുള്ള വർഷങ്ങൾ കണക്കിലെടുത്താൽ സംസ്ഥാനത്തിന്റെ നികുതി വരുമാനം തുടർച്ചയായ കുറവ് കാണിക്കുന്നു. അതിനു ശേഷം വർദ്ധിക്കുന്നതായും കാണുന്നു. 2012–13 ൽ മൊത്തം റവന്യൂ വരുമാനത്തിൽ കേന്ദ്രസഹായം 22.34 ശതമാനമായിരുന്നു. 2014–15 ൽ ഈ വിഹിതത്തിൽ വർദ്ധനവുണ്ടായിരുന്നതിന് കാരണം കേന്ദ്രാവിഷ്കൃത പദ്ധതികളിലെ കേന്ദ്ര വിഹിതം പദ്ധതി നിർവഹണ ഏജൻസികൾക്ക് നേരിട്ടു നൽകുന്നതിന് പകരം സംസ്ഥാന ബഡ്ജറ്റിലൂടെ വകയിരുത്തുന്ന രീതി നടപ്പാക്കിയതാണ്. 2015–16 ൽ പതിനാലാം ധനകാര്യ കമ്മീഷൻ സംസ്ഥാനങ്ങളുടെ കേന്ദ്രനികുതി വിഹിതം വർദ്ധിപ്പിച്ചു. വിവിധ സ്രോതസ്സുകളിൽ നിന്നുള്ള സംസ്ഥാനത്തിന്റെ റവന്യൂ വരുമാനം **ചിത്രം 1.5.1** ൽ കാണിച്ചിരിക്കുന്നു.

i) സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം

ചരക്ക് സേവന നികുതി, പെട്രോളിയം, മദ്യം എന്നിവയുടെ വിൽപ്പന നികുതി, സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ്, സംസ്ഥാനത്തിന്റെ എക്സൈസ് നികുതി, വാഹന നികുതി, ഭൂനികുതി എന്നിവയാണ് തനത് നികുതി വരുമാനത്തിന്റെ ഘടകങ്ങൾ. 2012–13 ൽ മൊത്ത വരുമാനത്തിന്റെ 68.14 ശതമാനമായിരുന്ന ഇത് 2018–19 ൽ 54.54 ശതമാനമായി കുറഞ്ഞു.

ചിത്രം 1.5.1 സംസ്ഥാന റവന്യൂ വരുമാനത്തിന്റെ അനുപാതം (ശതമാനത്തിൽ)



അവലംബം : ധനകാര്യ വകുപ്പ് കേരള സർക്കാർ

ചിത്രം 1.5.2 2018 –19 ൽ സംസ്ഥാനത്തിന്റെ തനതു നികുതി വരുമാനം



അവലംബം : ധനകാര്യ വകുപ്പ് കേരള സർക്കാർ

ഇതിന് കാരണം, സമ്പദ്ഘടനയെ ബാധിച്ച പൊതുവായ സാമ്പത്തിക മാന്ദ്യവും ആന്തരികവും ബാഹ്യവുമായ മറ്റു പ്രശ്നങ്ങളുമാണ്. സംസ്ഥാനത്തിന്റെ തനതു നികുതി വരുമാനത്തിന്റെ വിശദാംശങ്ങൾ **അനുബന്ധം 1.5.2** ൽ കാണിച്ചിരിക്കുന്നു.

2018–19 ൽ സംസ്ഥാനത്തിന്റെ തനതു നികുതി വരുമാനം 50644.10 കോടി രൂപയായിരുന്നു, തനത് നികുതി വരുമാനത്തിന്റെ മുഖ്യ ഭാഗവും സംഭാവന ചെയ്യുന്നത് സംസ്ഥാനത്തിന്റെ ചരക്ക് സേവന നികുതിയാണ്. 2018–19 ൽ ചരക്ക് സേവന നികുതിയിൽ നിന്നുള്ള വരുമാനം മൊത്തം തനതു നികുതി വരുമാനത്തിന്റെ 41.49 ശതമാനവും (21014.71 കോടി രൂപ) വിൽപ്പന നികുതി 37.96 ശതമാനവും (19225.76 കോടി രൂപ) വാഹന നികുതി 7.39 ശതമാനവും (3708.61 കോടി രൂപ) സ്റ്റാമ്പ്, രജിസ്ട്രേഷൻ ഫീസ് എന്നിവയിൽ നിന്നുള്ള വരുമാനം 7.29 ശതമാനവും (3696.17 കോടി രൂപ) സംസ്ഥാന എക്സൈസ് നികുതി 4.98 ശതമാനവും (2521.4 കോടി രൂപ) ഭൂനികുതി 0.4 ശതമാനവും (202.78 കോടി രൂപ), മറ്റു സ്രോതസ്സുകളിൽ നിന്നുള്ള വരുമാനം 0.55 ശതമാനവും (277.68 കോടി രൂപ) ആണ്. സംസ്ഥാനത്തിന്റെ തനതു നികുതി വരുമാനത്തിന്റെ വിശദാംശങ്ങൾ **ചിത്രം 1.5.2** ൽ കാണിച്ചിരിക്കുന്നു.

ii) സംസ്ഥാനത്തിന്റെ തനതു നികുതിയേതര വരുമാനം

സംസ്ഥാനത്തിന്റെ മൊത്തം വരുമാനത്തിന്റെ 20.99 ശതമാനവും നികുതിയേതര വരുമാനത്തിന്റെ 78.63 ശതമാനവും ലഭിക്കുന്നത് സംസ്ഥാന ലോട്ടറികളിൽ നിന്നാണ്. വനവിഭവങ്ങളിൽ നിന്നുള്ള വരുമാനം, സാമൂഹ്യ വികസന സേവന മേഖലളിൽ നിന്നുള്ള ഫീസ്, പിഴ തുടങ്ങിയ ഇനങ്ങളിൽ ലഭിക്കുന്ന വരുമാനം എന്നിവയാണ് നികുതിയേതര വരമാനത്തിന്റെ മറ്റു പ്രധാന മാർഗ്ഗങ്ങൾ. 2017–18 ൽ 11199.61 കോടി രൂപയായിരുന്ന നികുതിയേതര വരുമാനം 2018–19 ആയപ്പോഴേയ്ക്കും 5.21 ശതമാനം വർദ്ധിച്ച് 11783.24 കോടി രൂപയായി. 2017–18 ൽ സംസ്ഥാന ലോട്ടറികളിൽ നിന്നുമുള്ള വരുമാനം 9034.16 കോടി രൂപയായിരുന്നത് 2018–19 ആയപ്പോഴേക്കും 5.21 ശതമാനം വർദ്ധിച്ച് 9264.66 കോടി രൂപയായി. സാമൂഹ്യ വികസന മേഖലകളിൽ നിന്നുള്ള വരുമാനം 1058.53 കോടി രൂപയും വനവിഭവങ്ങളുടെ വിൽപ്പനയിൽ നിന്നുമുള്ള വരുമാനം 287.21 കോടി രൂപയുമാണ്. സംസ്ഥാനത്തിന്റെ തനത് നികുതിയേതര വരുമാനത്തിന്റെ വിശദാംശങ്ങൾ **അനുബന്ധം 1.5.3** ൽ കാണിച്ചിരിക്കുന്നു.

കേന്ദ്ര വിഹിത കൈമാറ്റം

ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്യുന്ന നികുതിയുടെ വിഹിതവും ഗ്രാന്റും കേന്ദ്ര ഗവൺമെന്റ് വിതരണം ചെയ്യുന്ന ഗ്രാന്റുമാണ് കേന്ദ്രവിഹിത കൈമാറ്റത്തിന്റെ ഘടകങ്ങൾ. ഭരണഘടനയുടെ ആർട്ടിക്കിൾ 280 പ്രകാരമാണ് സംസ്ഥാനങ്ങൾക്കുള്ള കേന്ദ്ര നികുതി കൈമാറ്റം ധനകാര്യ കമ്മീഷൻ നിർണ്ണയിച്ചിരിക്കുന്നത്. ഭരണഘടനയുടെ ആർട്ടിക്കിൾ 275 പ്രകാരം റവന്യൂകമ്മി കുറയ്ക്കുന്നതിന് സംസ്ഥാനങ്ങൾക്ക് ഗ്രാൻഡ് ഇൻ എയ്ഡ് ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്യുന്നു. ഇതുകൂടാതെ, പ്രത്യേക മേഖലകൾക്ക് ധനകാര്യ കമ്മീഷൻ പ്രത്യേക ഗ്രാന്റും അനുവദിക്കുന്നു. പതിനാലാം ധനകാര്യ കമ്മീഷൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും ദുരന്തനിവാരണത്തിനും ഒഴികെ മറ്റു പ്രത്യേക മേഖലകൾക്കൊന്നും ഗ്രാന്റ് അനുവദിക്കുന്നില്ല. നികുതി കൈമാറ്റവും റവന്യൂ കമ്മി

ചിത്രം 1.5.3 ധനകാര്യ കമ്മീഷൻ നിർദ്ദേശ്ശങ്ങൾ അനുസരിച്ച് പങ്കു വയ്ക്കപ്പെടുന്ന നികുതി (ശതമാനത്തിൽ)



അവലംബം : ധനകാര്യ വകുപ്പ് കേരള സർക്കാർ

ഗ്രാന്റും ചേർന്നതാണ് കേന്ദ്ര വിഹിത കൈമാറ്റത്തിന്റെ മാറ്റം വരുത്താവുന്ന ഭാഗം. കേന്ദ്രാവിഷ്കൃത പദ്ധതികളിലെ കേന്ദ്രവിഹിതം ഉൾപ്പെടെയുള്ള ഘടകങ്ങൾ ചെലവഴിക്കുമ്പോൾ അതിൽ മാറ്റം വരുത്താൻസംസ്ഥാനങ്ങൾക്ക് സാധ്യമല്ല.

പതിനാലാം ധനകാര്യ കമ്മീഷൻ ശുപാർശ പ്രകാരം സംസ്ഥാനങ്ങൾക്ക് കേന്ദ്ര സർക്കാരിൽ നിന്നുള്ള നികുതിയുടെ വിഹിതം 2016–17 മുതൽ 2019–20 വരെയുള്ള വർഷങ്ങളിൽ 42 ശതമാനമാണ്. 12, 13 ധനകാര്യ കമ്മീഷൻ കാലത്ത് നികുതിവിഹിതം യഥാക്രമം 30.5, 32 ശതമാനം എന്നിങ്ങനെ ആയിരുന്നു. പതിമൂന്നാം ധനകാര്യ കമ്മീഷന്റെ കാലത്ത് കേന്ദ്രത്തിൽ നിന്നും കേരളത്തിൽ ലഭിക്കുന്ന നികുതി വിഹിതം 2.34 ശതമാനം ആയിരുന്നത് പതിനാലാം ധനകാര്യ കമ്മീഷന്റെ കാലത്ത് 2.5 ശതമാനമായി വർദ്ധിച്ചു.

വിവിധ ധനകാര്യ കമ്മീഷനുകളുടെ കാലത്തുള്ള നികുതി വിഹിതത്തിന്റെ പ്രവണത **ചിത്രം 1.5.3**ൽ കാണിച്ചിരിക്കുന്നു. പതിനാലാം ധനകാര്യ കമ്മീഷൻ നിർദ്ദേശത്തിന്റെ പ്രധാനപ്പെട്ട നയപരമായ മാറ്റം സംസ്ഥാനങ്ങളുടെ ആവശ്യങ്ങളുടെ മുൻഗണന അനുസരിച്ച് കേന്ദ്രവിഹിതം ചെലവഴിക്കാം എന്നുള്ളതാണ്. എന്നാൽ പദ്ധതി ആവശ്യങ്ങൾക്കും പദ്ധതിയേതര ആവശ്യങ്ങൾക്കും കേന്ദ്രത്തിൽ നിന്നും ലഭിക്കുന്ന നികുതി വരുമാനവും ധനസഹായവും കുറഞ്ഞുവരികയാണ്. ഇത്

ചിത്രം 1.5.4 കേന്ദ്രത്തിൽ നിന്നും ലഭിക്കുന്ന ഉപാധിയുള്ളതും ഉപാധി രഹിതവുമായ ഫണ്ടിന്റെ അനുപാതം



അവലംബം : ധനകാര്യ വകുപ്പ് കേരള സർക്കാർ

പട്ടിക 1.5.3 കേന്ദ്ര കൈമാറ്റം (രൂപ കോടിയിൽ)

വർഷം	കേന്ദ്ര നികുതിയിലും ചുങ്കത്തിലുമുള്ള വിഹിതം		പദ്ധതി പദ്ധതിയേതര വിഭാഗങ്ങൾക്ക് കേന്ദ്രത്തിൽ നിന്നും ലഭിക്കുന്ന ധനസഹായങ്ങൾ		ആകെ കൈമാറ്റം	
	തുക	വാർഷിക വളർച്ചാ നിരക്ക്	തുക	വാർഷിക വളർച്ചാ നിരക്ക്	തുക	വാർഷിക വളർച്ചാ നിരക്ക്
2012–13	6840.65	14.19%	3021.53	–18.54%	9862.18	1.68%
2013–14	7468.68	9.18%	4138.21	36.96%	11606.89	17.69%
2014–15	7926.29	6.13%	7507.99	81.43%	15434.28	32.98%
2015–16	12690.67	60.11%	8921.35	18.82%	21612.02	40.03%
2016–17	15225.02	19.97%	8510.35	–4.61%	23735.37	9.82%
2017–18	16833.08	10.56%	8527.84	0.21%	25360.92	6.85%
2018–19	19038.17	13.10%	11388.96	33.55%	30427.13	19.98%
2019–20 (ബിഇ)	22797.61	19.75%	11702.43	2.75%	34500.04	13.39%

അവലംബം : ധനകാര്യ വകുപ്പ്, കേരള സർക്കാർ

രാജ്യത്തിന്റെ സഹകരണമനോഭാവം കുറയ്ക്കുന്നു. കേന്ദ്ര ഗവൺമെന്റിൽ നിന്നുള്ള ഉപാധിയുള്ള ധനസഹായത്തിന്റെ വിഹിതവും ഉപാധി രഹിതമായ ധനസഹായത്തിന്റെ വിഹിതവും **ചിത്രം 1. 5. 4** ൽ കാണിച്ചി രിക്കുന്നു.

2017–18 ൽ കേന്ദ്രവിഹിത കൈമാറ്റം 25360.92 കോടി രൂപയായിരുന്നത് 2018–19 ൽ 30427.13 കോടി രൂപയായി. ഈ കാലത്ത് കേന്ദ്ര നികുതി വിഹിതം 19038.17 കോടി രൂപയാണ്. 2017–18 മായി താരതമ്യപ്പെടുത്തുമ്പോൾ 13.10 ശതമാനം വളർച്ച രേഖപ്പെടുത്തുന്നു. 2018–19ൽ സംസ്ഥാനത്തിന് ലഭിച്ച കേന്ദ്ര സഹായം 11388.96 കോടി രൂപയാണ്. 2018–19ൽ സംസ്ഥാനത്തിന് ലഭിച്ച ധനസഹായത്തിൽ ഉണ്ടായ വർദ്ധനവിന് കാരണം ചരക്ക് സേവന നികുതി നടപ്പിലാക്കിയതിൽ ഉണ്ടായ നഷ്ടപരിഹാരമായി 2884 കോടി രൂപ ലഭിച്ചതാണ്. കേന്ദ്ര കൈമാറ്റത്തിന്റെ വിശദാംശങ്ങൾ പട്ടിക 1.5.3 ൽ ചേർത്തിരിക്കുന്നു.

ചെലവ്

റവന്യൂ ചെലവ്, മൂലധനച്ചെലവ്, വായ്പാ തിരിച്ചടവിൽ ഉണ്ടാകുന്ന ചെലവ് എന്നിങ്ങനെ മൂന്ന് ഘടകങ്ങളാണ് സംസ്ഥാന ചെലവിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. 2012–13 മുതൽ 2018–19 വരെയുള്ള കാലഘട്ടത്തിനിടയിൽ പദ്ധതി – പദ്ധതിയേതര വിഭാഗത്തിലുള്ള മൊത്തം ചെലവ് 59228.18 കോടി രൂപയിൽ നിന്നും 120069.82 കോടി രൂപയായി വർദ്ധിച്ചു. 2018–19 ലെ മൊത്തം ചെലവായ 120069.82 കോടി രൂപയിൽ പദ്ധതി – പദ്ധതിയേതര വിഭാഗങ്ങൾക്ക് ഉണ്ടായ ചെലവ് യഥാക്രമം 21997.95 കോടി രൂപയും (18.32ശതമാനം), 98071.87 കോടി രൂപ (81.68 ശതമാനം) യും ആണ്.

റവന്യൂ ചെലവുകൾ

വികസന ചെലവുകളും വികസനേതര ചെലവുകളും ആണ് റവന്യൂ ചെലവിൽ ഉൾപ്പെടുന്നത്. വിദ്യാഭ്യാസം, ആരോഗ്യം, കൃഷി, മൃഗസംരക്ഷണം, വ്യവസായം, തൊഴിൽ തൊഴിലവസരങ്ങൾ എന്നിവയിലുണ്ടാകുന്ന ചെലവുകളാണ് വികസന ചെലവുകൾ. പലിശയടവ്, പെൻഷൻ വിതരണം മറ്റുള്ളവ എന്നിവയാണ് വികസനേതര ചെലവുകളിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. റവന്യൂ ചെലവുകളുടെ വിശദാംശങ്ങൾ **പട്ടിക 1.5.4** ൽ ചേർത്തി രിക്കുന്നു.

ശമ്പളം, പെൻഷൻ, കടത്തിന്റെ തിരിച്ചടവ്, തദ്ദേശഭരണസ്ഥാപനങ്ങൾക്ക് ഉള്ള വിഹിതം, സാമൂഹ്യ ക്ഷേമ പെൻഷനുകൾ, സബ്സിഡികൾ എന്നിവയാണ് സംസ്ഥാനത്തിലെ റവന്യൂ ചെലവുകളിൽ പ്രധാനമായും ഉൾപ്പെടുന്നത്. പൂർത്തിയായ പദ്ധതികളുടെ പ്രവർത്തന സംരക്ഷണ ചെലവുകളും റവന്യൂ ചെലവിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. യൂണിവേഴ്സിറ്റികളിലും സ്വയംഭരണാധികാരമുള്ള സ്ഥാപനങ്ങളിലെയും ജീവനക്കാരുടെ ശമ്പളം, പെൻഷൻ എന്നിവയ്ക്കുള്ള ബാധ്യത, പഞ്ചായത്തീരാജ് സ്ഥാപനങ്ങളിലെ ജീവനക്കാരുടെ പെൻഷൻ ബാധ്യത എന്നിവയും റവന്യൂ ചെലവിൽ ഉൾപ്പെടുത്തിയിരിക്കുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഉണ്ടാകുന്ന റവന്യൂ ചെലവുകളിൽ കൂടുതലും ഉപയോഗിക്കുന്നത് തദ്ദേശതലത്തിലുള്ള മൂലധന സമാഹരണത്തിന് ആണ്.

സാമൂഹിക സാമ്പത്തിക സേവനങ്ങൾക്കുള്ള ചെലവുകളാണ് വികസന ചെലവിൽ ഉൾപ്പെടുന്നത്. തദ്ദേശ ഗവൺമെന്റുകൾക്കുള്ള ആസ്തികളുടെ വികസനത്തിനും സംരക്ഷണത്തിനും ഉണ്ടാകുന്ന ചെലവുകളും റവന്യൂ ചെലവിൽ ഉൾപ്പെടുന്നു. വായ്പ

പട്ടിക 1.5.4 റവന്യൂ ചെലവിന്റെ പ്രവണത (രൂപ കോടിയിൽ)

വർഷം	ആകെ റവന്യൂ ചെലവ്		വികസന ചെലവ്		വികസനേതര ചെലവ്	
	തുക	വാർഷിക വളർച്ച നിരക്ക്	തുക	ആകെ റവന്യൂ ചെലവിന്റെ ശതമാനം	തുക	ആകെ റവന്യൂ ചെലവിന്റെ ശതമാനം
2012-13	53488.74	16.17%	29889.03	55.88%	23599.71	44.12%
2013-14	60485.5	13.08%	32921.1	54.43%	27564.4	45.57%
2014-15	71746.43	18.62%	39182.19	54.61%	32564.24	45.39%
2015-16	78689.47	9.68%	41762.67	53.07%	36926.8	46.93%
2016-17	91096.31	15.77%	48602.63	53.35%	42493.68	46.65%
2017-18	99948.35	27.02%	52979.53	53.01%	46968.82	46.99%
2018-19	110316.4	21.10%	56787.99	51.48%	53528.4	48.52%
2019-20 (ബിഇ))	124125	24.19%	65502.26	52.77%	58622.74	47.23%

അവലംബം : ധനകാര്യ വകുപ്പ് കേരള സർക്കാർ

തിരിച്ചടവ്, പെൻഷൻ, ഭരണം എന്നിവയ്ക്കുള്ള ചെലവുകളാണ് വികസനേതര ചെലവുകൾ. 2018-19 ലെ മൊത്തം റവന്യൂ ചെലവായ 110316.39 കോടി രൂപയിൽ 13890.56 കോടി രൂപ പദ്ധതി ചെലവും 96425.83 കോടി രൂപ പദ്ധതിയേതര ചെലവും ആണ്. റവന്യൂ ചെലവും ജി.എസ്.ടി.പി. യുമായുള്ള അനുപാതം കണക്കിലെടുക്കുമ്പോൾ 2017-18 ൽ 14.25 ശതമാനമായിരുന്നത് നേരിയ തോതിൽ കുറഞ്ഞ് 2018-19 ൽ 14.11 ശതമാനമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. 2018-19ൽ മുൻ വർഷവുമായി താരതമ്യപ്പെടുത്തുമ്പോൾ ബാധ്യതപ്പെട്ട ചെലവ് വർദ്ധിച്ചിട്ടുള്ളതായി കാണാം. മൊത്തം റവന്യൂ ചെലവിന്റെ 71.81 ശതമാനവും ബാധ്യതപ്പെട്ട ചെലവുകളായ പെൻഷൻ, ശമ്പളം, പലിശ തിരിച്ചടവ്, സബ്സിഡികൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള വിഹിതം എന്നിവയ്ക്ക് ആണ്. 2017-18ൽ മൊത്തം റവന്യൂ ചെലവിന്റെ 31.92 ശതമാനം ശമ്പള ചെലവിനുണ്ടായിരുന്നത് 2018-19 ആയപ്പോൾ 28.56 ശതമാനമായി. പെൻഷനുള്ള ചെലവ് 2017-18ൽ 19.95 ശതമാനവും 2018-19. 17.23 ശതമാനവും ആണ്. 2017-18ൽ പലിശയിനത്തിലുള്ള ചെലവ് 15.13 ശതമാനവും 2018-19ൽ 15.18 ശതമാനവുമാണ്. ഗവൺമെന്റിന്റെ മൊത്തം റവന്യൂ ചെലവിൽ നിർബന്ധ ചെലവുകൾക്കുള്ള അനുപാതം ചിത്രം 1.5.5 ൽ കാണിച്ചിരിക്കുന്നു. പലിശ, പെൻഷൻ, ശമ്പളം, സബ്സിഡി എന്നിവയുടെ ചെലവിന്റെ പ്രവണത ചിത്രം 1.5.6.ൽ കാണിച്ചിരിക്കുന്നു.

ചിത്രം 1.5.5 റവന്യൂ ചെലവിൽ പലിശ, പെൻഷൻ, ശമ്പളം, സബ്സിഡികൾ, തദ്ദേശ്ശ ഭരണ സ്ഥാപനങ്ങളുടെ വിഹിതം, മറ്റു റവന്യൂ ചെലവുകൾ എന്നിവയുടെ അനുപാതം



അവലംബം : ധനകാര്യ വകുപ്പ് കേരള സർക്കാർ

ചിത്രം 1.5.6. റവന്യൂ ചെലവിൽ പലിശ, പെൻഷൻ, ശമ്പളം, സബ്സിഡികൾ എന്നിവയുടെ പ്രവണത



അവലംബം : ധനകാര്യ വകുപ്പ് കേരള സർക്കാർ

2017–18 ൽ 99948.35 കോടി രൂപയായിരുന്ന റവന്യൂ ചെലവ് 2018–19ൽ 110316.39 കോടി രൂപയായി വർദ്ധിച്ചു. 2017–18ൽ റവന്യൂ ചെലവിലുണ്ടായ വർദ്ധനവിന് കാരണം പത്താം ശമ്പള പരിഷ്കരണം അനുസരിച്ചുള്ള ശമ്പളത്തിന്റെയും പെൻഷന്റെയും മൂന്നും നാലും ഗഡുക്കളുടെ കുടിശ്ശിക നൽകിയതായിരുന്നു. ആരോഗ്യം, വിദ്യാഭ്യാസം എന്നീ രംഗങ്ങളിൽ മികച്ച സേവനം ഗവൺമെന്റിന്റെ വിപണിയിലുള്ള ഇടപെടൽ പ്രവർത്തനങ്ങൾ എന്നിവയാണ് റവന്യൂ ചെലവ് വർദ്ധിക്കാൻ ഇടയായ മറ്റുകാരണങ്ങൾ. റവന്യൂ ചെലവിന്റെ വിശദാംശങ്ങൾ അനുബന്ധം 1.5.4 ൽ കൊടുത്തിരിക്കുന്നു.

മൂലധനചെലവ്

സംസ്ഥാനത്തിന്റെ മൊത്തം ചെലവിൽ മൂലധന ചെലവിന്റെ വിഹിതം കഴിഞ്ഞ കുറേ വർഷങ്ങളായി കുറഞ്ഞു വരുന്നതായി കാണാം. വിഭവ സമാഹരണത്തിലെ കുറവാണ് സംസ്ഥാനത്ത് പശ്ചാത്തല മേഖലയിലെ പദ്ധതികൾക്ക് പണം അനുവദിക്കുന്നതിലെ പ്രധാന തടസ്സം. അതുകൊണ്ട് സംസ്ഥാനത്തിന്റെ സാമ്പത്തിക മേഖലയുടെ വളർച്ചയ്ക്ക് ഉതകുന്ന തരത്തിൽ വൻകിട പദ്ധതികൾക്ക് പണം ലഭ്യമാക്കുന്നതിനായി സർക്കാർ ബദൽ മാർഗ്ഗങ്ങൾ നടപ്പാക്കുകയാണ്. ഈ രീതിയിലുള്ള മാറ്റങ്ങൾക്ക് സർക്കാർ തുടക്കം കുറിക്കുകയും അവ ദീർഘകാല മൂലധന നിക്ഷേപ പദ്ധതികളിൽ ശരിയായ സൂചനകൾ നൽകുകയും ചെയ്യുന്നു. മൂലധന ചെലവിന്റെയും മൊത്തം ചെലവിന്റെയും വിശദാംശങ്ങൾ **അനുബന്ധം 1.5.5** ൽ കൊടുത്തിരിക്കുന്നു.

കഴിഞ്ഞ ഏതാനും വർഷങ്ങളായി വിവിധ മേഖലകളില മൂലധന പദ്ധതികളിൽ സർക്കാർ വിഹിതം കൂടി വരുന്നതായി കാണാം. സംസ്ഥാനത്തിന്റെ മൂലധന വിഹിതം 2018–19 ൽ 7430.54 കോടി രൂപയും 2017–18 ൽ ഇത് 8748.87 കോടി രൂപയുമായിരുന്നു. മൂലധനവിഹിതവും ജി എസ് ഡി പി യും തമ്മിലുള്ള അനുപാതം 2017–18 ൽ 1.25 ശതമാനമായിരുന്നത് 2018–19 ൽ 0.95 ശതമാനമായി കുറഞ്ഞു. 2018–19 ൽ മൂലധന വിഹിതത്തിലെ പ്രധാന ഭാഗം പൊതുമരാമത്ത് വകുപ്പിനാണ് (26.92 ശതമാനം) കൃഷി (7.32 ശതമാനം), വ്യവസായം, തൊഴിൽ മേഖലകൾ (3.72 ശതമാനം), ജലസേചനം(3.66ശതമാനം) മൂലധന വിഹിതത്തിന്റെ ഒരു പ്രവണത **പട്ടിക 1.5.5** ൽ കാണിച്ചിരിക്കുന്നു.

സംസ്ഥാനത്തിന്റെ മൂലധനചെലവിന്റെ പ്രധാന ഘടകങ്ങൾ കൃഷി, ജലസേചനം, വ്യവസായം തുടങ്ങിയ സാമ്പത്തിക സേവന മേഖലകളാണ്. 2017–18 ൽ മൂലധന ചെലവിന്റെ 69 ശതമാനം സാമ്പത്തിക സേവന മേഖലകളിൽ ഉൾപ്പെടുന്നു. 2019–20 ൽ ഇത് 75 ശതമാനമായി ഉയർന്നു. രണ്ടാമത്തെ പ്രധാന ഘടകം വിദ്യാഭ്യാസവും പൊതുജനാരോഗ്യവും ഉൾപ്പെടുന്ന സാമൂഹ്യ സേവന മേഖലയാണ്. മൂലധന വിഹിതത്തിന്റെ പ്രവണത **ചിത്രം 1.5.7** ൽ കാണിച്ചിരിക്കുന്നു.

കടബാധ്യത

പലിശയുൾപ്പെടെ തിരിച്ചടക്കേണ്ട വായ്പകളെയാണ് കടം എന്നഗണത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ആഭ്യന്തരകടം, കേന്ദ്രസർക്കാരിൽ നിന്നും ലഭിക്കുന്ന വായ്പകളും മുൻകൂർ തുകകളും, ചെറുകിട സമ്പാദ്യ പദ്ധതികൾ, പ്രോവിഡന്റ് ഫണ്ട് നിക്ഷേപം തുടങ്ങിയ അക്കൗണ്ടുകളുമായി ബന്ധപ്പെട്ട ബാധ്യതകളും ഉൾപ്പെടുന്നതാണ് സംസ്ഥാനത്തിന്റെ കടം. കഴിഞ്ഞ

പട്ടിക 1.5.5 മൂലധന വിഹിതത്തിലെ പ്രവണത

വർഷം	ജലസേചനം	കൃഷിയും അനുബന്ധമേഖലകളും	വ്യവസായം,തൊഴിൽ, തൊഴിൽ സാധ്യതകൾ	പൊതു ജോലി	മറ്റുള്ളവ	ആകെ
2012–13	340.60	192.11	273.95	2142.92	1653.71	4603.29
2013–14	342.39	210.62	342.24	1549.43	1849.65	4294.33
2014–15	270.24	355.90	260.22	1578.94	1789.29	4254.59
2015–16	526.23	473.08	334.94	2924.26	3241.53	7500.04
2016–17	674.83	555.62	516.79	3001.88	5376.83	10125.95
2017–18	544.49	629.83	548.06	2595.57	4430.92	8748.87
2018–19	271.78	543.95	276.74	2000.48	4337.58	7430.53
2019–20(ബിഇ)	547.71	463.23	587.72	3627.62	11043.10	16269.38

അവലംബം : ധനകാര്യ വകുപ്പ്, കേരള സർക്കാർ

ചിത്രം 1.5.7. മൂലധന ചെലവിന്റെ ഘടകങ്ങളുടെ പ്രവണത



അവലംബം : ധനകാര്യ വകുപ്പ് കേരള സർക്കാർ

5 വർഷമായി സംസ്ഥാനത്തിന്റെ സാമ്പത്തിക കമ്മി കുറയ്ക്കുന്ന സ്രോതസ്സുകൾ വിപണിയിൽ നിന്നുള്ള കടമെടുപ്പ്, ചെറുകിട സമ്പാദ്യ പദ്ധതികൾ, പ്രോവിഡന്റ് ഫണ്ട് നിക്ഷേപം എന്നിവയിൽ നിന്നുള്ള നീക്കിയിരുപ്പ് എന്നിവയാണ്. 2018–19 ൽ സംസ്ഥാനത്തിന്റെ കടബാധ്യത 2,35,631.50 കോടി രൂപയാണ്. കടത്തിന്റെ വാർഷിക വളർച്ചാ നിരക്ക് 2017–18 ലെ 13.04 ശതമാനത്തെ അപേക്ഷിച്ച് 2018–19 ൽ 11.80 ശതമാനമായി കുറഞ്ഞു. കടവും, ജി എസ് ടി പി യും തമ്മിലുള്ള അനുപാതം 2017–18 ലെ 30.69 ശതമാനത്തിൽ നിന്നും 2018–19 ൽ 30.15 ശതമാനമായി കുറഞ്ഞു. റവന്യൂ വരുമാനവും, കടവും തമ്മിലുള്ള അനുപാതം മുൻവർഷത്തെ അപേക്ഷിച്ച് (253.87 ശതമാനം) വലിയ മാറ്റമില്ലാതെ, (253.76 ശതമാനം) തുടരുന്നു.

2018–19 വർഷം സംസ്ഥാനത്തിന്റെ മൊത്തം കടബാധ്യതയിൽ 64.1 ശതമാനം ആഭ്യന്തര കടമാണ്. സംസ്ഥാനത്തിന്റെ ആഭ്യന്തര കടം 2017–18 ലെ 135500.53 കോടി രൂപയിൽ നിന്നും 2018–19 ൽ 150991.03 കോടി രൂപയായി വർദ്ധിച്ചു. ആഭ്യന്തര കടത്തിന്റെ വർദ്ധനവ് 2018–19 ൽ 11.43 ശതമാനമായി. 2018–19 ൽ ചെറുകിട നിക്ഷേപ പദ്ധതികൾ, പ്രോവിഡന്റ് ഫണ്ട് എന്നിവയിലെ ബാധ്യത ആകെ ബാധ്യതയുടെ 32.85 ശതമാനമാണ്. കേന്ദ്ര സർക്കാരിൽ നിന്നുള്ള വായ്പയുടെയും, അഡ്വാൻസിന്റെയും ബാധ്യത 2018–19 ൽ 7243.41 കോടി രൂപയാണ്. 2018–19 വർഷത്തെ മൊത്തം കടവും, നീക്കിയിരുപ്പ് കടവും 24189.08 കോടി രൂപയും, 7282.09 കോടി രൂപയുമാണ്. സംസ്ഥാന സർക്കാരിന്റെ കടത്തിന്റെ വിശദ വിവരങ്ങൾ **പട്ടിക 1.5.6** ൽ കൊടുത്തിരിക്കുന്നു.

സർക്കാരിന്റെ കടമെടുപ്പിന്റെ വിശദ വിവരങ്ങൾ **പട്ടിക 1.5.7** ൽ കൊടുത്തിരിക്കുന്നു

കേരള സർക്കാർ നൽകിയ വായ്പാ ഗ്യാരന്റികളുടെ വിശദാംശങ്ങൾ **പട്ടിക 1.5.8** ൽ നൽകിയിരിക്കുന്നു.

പട്ടിക 1.5.6 സർക്കാരിന്റെ കടബാധ്യതയുടെ വിശദ വിവരങ്ങൾ (രൂപ കോടിയിൽ)

വർഷം	ആഭ്യന്തരകടം	വളർച്ചാ നിരക്ക്	ചെറുകിട സമ്പാദ്യം, പ്രോവിഡന്റ് ഫണ്ട്, മറ്റുള്ളവ	വളർച്ചാ നിരക്ക്	കേന്ദ്രസർക്കാരിൽ നിന്നുള്ള വായ്പകളും അഡ്വാൻസുകളും	വളർച്ചാ നിരക്ക്	ആകെ	വളർച്ചാ നിരക്ക്
2012–13	65628.41	18.47%	31310.65	13.34%	6621.78	3.54%	103560.84	15.82%
2013–14	76804.35	17.03%	35542.51	13.52%	6662.21	0.61%	119009.07	14.92%
2014–15	89067.91	15.97%	39307.29	10.59%	7065.05	6.05%	135440.25	13.81%
2015–16	102496.26	15.08%	47639.36	21.20%	7234.71	2.40%	157370.33	16.19%
2016–17	118268.72	15.39%	60571.00	27.14%	7614.14	5.24%	186453.86	18.48%
2017–18	135500.53	14.57%	67777.83	11.90%	7483.99	–1.71%	210762.35	13.04%
2018–19	150991.03	11.43%	77397.06	14.19%	7243.41	–3.21%	235631.50	11.80%
2019–20 (ബി ഇ)	175976.05	16.55%	79047.87	2.13%	9435.37	30.26%	264459.29	12.23%

അവലംബം : ധനകാര്യ വകുപ്പ് കേരള സർക്കാർ

പട്ടിക 1.5.7 സർക്കാരന്റെ കടമെടുപ്പിന്റെ വിശദാംശങ്ങൾ ശതമാനത്തിൽ

വർഷം	ആഭ്യന്തര കടം	ചെറുകിട സമ്പാദ്യം, പ്രോവിഡന്റ് ഫണ്ട്, മറ്റുള്ളവ	കേന്ദ്രസർക്കാരിൽ നിന്നുള്ള വായ്പകളും അഡ്വാൻസുകളും
2012–13	63.4	30.2	6.4
2013–14	64.5	29.9	5.6
2014–15	65.8	29.0	5.2
2015–16	65.1	30.3	4.6
2016–17	63.4	32.5	4.1
2017–18	64.3	32.2	3.6
2018–19	64.1	32.8	3.1
2019–20 (ബി ഇ))	66.5	29.9	3.6

അവലംബം : ധനകാര്യ വകുപ്പ് കേരള സർക്കാർ

സംസ്ഥാനത്തിന്റെ കടബാധ്യതയുടെ വിശദ വിവരങ്ങൾ അനുബന്ധം 1.5.6 ൽ നൽകിയിരിക്കുന്നു. നവകേരള നിർമ്മാണമെന്ന വെല്ലുവിളി ഏറ്റെടുത്തിരിക്കുന്ന സർക്കാരിന് ചുരുങ്ങിയ സമയത്തിനുള്ളിൽ ധനവിഭവ സമാഹരണ ലക്ഷ്യ പ്രാപ്തിയിൽ എത്തിക്കാൻ ധാരാളം പരിമിതികൾ ഉണ്ട്. എന്നിരുന്നാലും വിഭവ സമാഹരണം മുൻഗണനാ അടിസ്ഥാനത്തൽ ചെലവു നിയന്ത്രക്കൽ, സംസ്ഥാനത്തിന്റെ വികസനവുമായി ബന്ധപ്പെട്ട നടപടികൾ തുടങ്ങുക എന്നീ കാര്യങ്ങളിൽ ശക്തമായ ഇടപെടൽ ഇനിയും തുടരേണ്ടതുണ്ട്.

പട്ടിക 1.5.8 വായ്പാ ഗ്യാരന്റികൾ (രൂപ കോടിയിൽ)

വർഷം	പരമാവധി തുക ഗ്യാരന്റി	കുടിശ്ശികയുള്ള തുക
2011–12	11332.11	8277.44
2012–13	11482.25	9099.5
2013–14	12275.21	9763.36
2014–15	13123.3	11126.87
2015–16	13712.77	12438.52
2016–17	20204.1	16245.55
2017–18	25104.33	17356.47
2018–19	46795.99	26834.65

അവലംബം : ധനകാര്യ വകുപ്പ് കേരള സർക്കാർ

1.6 പദ്ധതി വകയിരുത്തൽ 2019–20

കേന്ദ്രത്തിൽ നാഷനൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ട്രാൻസ്ഫോർമിംഗ് ഇന്ത്യ (നീതി) ആയോഗ് ആരംഭിച്ചതിന് ശേഷം കേന്ദ്രസർക്കാർ പഞ്ചവത്സര പദ്ധതിരൂപീകരണം അവസാനിപ്പിച്ചു. എന്നാൽ പഞ്ചവത്സര പദ്ധതികളും വാർഷിക പദ്ധതികളുമായി മുന്നോട്ട് പോകാൻ കേരള സർക്കാർ തീരുമാനിച്ചു. അതനുസരിച്ചു സംസ്ഥാന ആസൂത്രണ ബോർഡ് 13–ാം പഞ്ചവത്സര പദ്ധതി (2017–22) രൂപവത്കരിക്കുകയും ചെയ്തു.

പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ മൂന്നാം വർഷമാണ് വാർഷിക പദ്ധതി 2019–20. ഇതിൽ നിർദ്ദിഷ്ട സ്കീമുകളുടെ മാർഗ്ഗനിർദ്ദേശങ്ങളും വിലയിരുത്തലുകളും കർശനമായ ഉറപ്പാക്കിയിട്ടുണ്ട്. ആവശ്യമില്ലാത്ത അല്ലെങ്കിൽ നിർണായമല്ലാത്ത പ്രോഗ്രാമുകൾ നിരസിക്കുകയും, ഒരേതരം പദ്ധതികൾ സംയോജിപ്പിക്കുകയും ചെയ്തു. ബജറ്റിൽ പ്രഖ്യാപിച്ച പുതിയ പദ്ധതികൾ മുൻഗണനാടിസ്ഥാനത്തിൽ ഉൾപ്പെടുത്തിയിട്ടുമുണ്ട്.

2019–20 വർഷത്തെ ആകെ വാർഷിക പദ്ധതി 39,782.17 കോടി രൂപയാണ്. ഇതിൽ 30,610 കോടി രൂപയുടെ സ്റ്റേറ്റ്പ്ലാനും, 9,172.17 ന്റെ കേന്ദ്ര സഹായവും ഉൾപ്പെടുത്തിയിട്ടുണ്ട്. മൊത്തം സംസ്ഥാന പദ്ധതി വിഹിതം 2019–20 ൽ 30,610 കോടി രൂപയായി ഉയർന്നു. 2018–19 ൽ 29,150 കോടി രൂപയായിരുന്നത് 5 ശതമാനം വർദ്ധിച്ചു. തദ്ദേശഭരണ സ്ഥാപനങ്ങൾക്കായി സംസ്ഥാന പദ്ധതിയിൽ 7,500 കോടി രൂപ വകയിരുത്തിയിരുന്നു. സംസ്ഥാനസർക്കാരായ സ്കീമുകൾക്കായി 23,110 കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്. സ്പെഷ്യൽ കമ്പോണന്റ് പ്ലാനായി (എസ്സിസിപി) ക്ക് 3,002.84 കോടി രൂപയും ട്രൈബൽ സബ് പ്ലാൻ (ടി.എസ്.പി) ക്ക് 866.26 കോടി രൂപയുമാണ്. പ്രധാന അടിസ്ഥാന വികസന പദ്ധതികൾക്കായി 1,643.30 കോടി രൂപ അനുവദിച്ചു. പെൺകുട്ടികളുടെയും സ്ത്രീകളുടെയും ക്ഷേമത്തിനായി 3,891.71 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ ട്രാൻസ് ജെൻഡർ വിഭാഗത്തിന് 5 കോടി രൂപയുമുണ്ട്. 2018–19–ൽ കുട്ടികളുടെ ക്ഷേമത്തിനായുള്ള ആകെ വിഹിതം 1,781.52 കോടി രൂപയാണ്. 2018–19, 2019–20 വർഷങ്ങളിലെ പദ്ധതികളുടെ താരതമ്യം **പട്ടിക 1.6.1** –ൽ കൊടുത്തിട്ടുണ്ട്.

മോണിറ്ററിംഗ് സംവിധാനം ഡിജിറ്റലൈസേഷൻ

പ്ലാൻ സ്പേസ്–ജില്ലാ റോൾ ഔട്ട്

സംസ്ഥാനത്തെ ആസൂത്രണ നിരീക്ഷണ വിലയിരുത്തൽ സംവിധാനം ശക്തിപ്പെടുത്തുന്നതിനുള്ള ഒരു പദ്ധതിയെന്ന നിലയിൽ, "പ്ലാൻസ്പേസ് – സിസ്റ്റംഫോർ പ്രോഗ്രസ് അനാലിസിസ് ആൻഡ് കൺകറൻറ് ഇവാലുവേഷൻ" എന്ന ഒരു സോഫ്റ്റ് വെയർ, ഐ.ഐ.ഐ. ടി.എം– കെ യുടെ സാങ്കേതിക സഹായത്തോടെ സംസ്ഥാന ആസൂത്രണ ബോർഡ് വികസിപ്പിച്ചെടുത്തു. സംസ്ഥാനത്തെ എല്ലാ വകുപ്പുകളിലെയും ഓരോ പദ്ധതി പദ്ധതിയും യഥാസമയം നടപ്പിലാക്കുന്നതിന്റെ പുരോഗതി നിരീക്ഷിക്കാനും വിലയിരുവാനും കഴിയുന്ന വെബ് അധിഷ്ഠിത ഓൺലൈൻ മാനേജ്മെൻറ് വിവര സംവിധാനമാണ് ഇത്.

പ്ലാൻ സ്കീം/പ്രോജക്ട്, വിവിധ ഘടകങ്ങൾ, ഭൗതിക/ സാമ്പത്തിക പുരോഗതി, വിവിധ തലങ്ങളിൽ നടപ്പാക്കൽനില എന്നിവയെക്കുറിച്ചുള്ള പ്രസക്ത വിശദാംശങ്ങളുടെ വിവിധ സ്റ്റാക്കഹോൾഡേഴ്സിന് ആവശ്യാനുസരണമുള്ള റിപ്പോർട്ടുകൾ സിസ്റ്റം സൃഷ്ടിക്കുന്നു. യഥാസമയ വിവരങ്ങൾ നൽകുന്നതിലൂടെ, ആസൂത്രണവും തീരുമാനമെടുക്കുന്ന പ്രക്രിയയും മെച്ചപ്പെടുത്തുന്നതിന് ഗവൺമെന്റ്, സംസ്ഥാന ആസൂത്രണ ബോർഡ്, വകുപ്പുകളുടെ മേധാവികൾ, സെക്രട്ടറിമാർ, വിവിധ വകുപ്പുകൾ എന്നിവയെ സഹായിക്കുന്ന ഒരു സംവിധാനമായി സിസ്റ്റം പ്രവർത്തിക്കുന്നു. 2019–20 വർഷത്തെ വാർഷിക

പട്ടിക 1.6.1 മേഖല അടിസ്ഥാനമാക്കിയുള്ള വിഹിതം 2018-19, 2019-20, ₹ കോടിയിൽ

ക്രമ നം	മേഖല	2018-19			2019-20			2018-19 നിന്നുമുള്ള % വത്യാസം
		വിഹിതം	സി.സ്. സ്	ആകെ	വിഹിതം	സി.സ്. സ്	ആകെ	
1	2	3	4	5	6	7	8	9
I	കൃഷിയും അനുബന്ധ മേഖലയും	1,750.80	405.68	2,156.4	1,748.70	379.46	2,128.16	-1.31
II	ഗ്രാമീണ വികസനം	1,183.10	3,278.05	4,461.15	1,690.65	4,282.83	5,973.48	33.90
III	പ്രത്യേക മേഖല പരി-പാടികൾ	420.68		420.68	283.33	12.00	295.33	-29.79
IV	ജലസേചനവും വെള്ള-പൊക്ക നിയന്ത്രണവും	557.03	101.57	658.6	517.71	38.03	555.74	-15.62
V	ഊർജ്ജം	1,784.11		1,784.11	1781.45	0.00	1,781.45	-0.15
VI	വ്യവസായങ്ങളും ധാ-തുക്കളും	979.81		979.81	978.69	0.00	978.69	-0.11
VII	ട്രാൻസ്പോർട്ട്	1,801.37		1801.37	1,711.16	0.00	1,711.16	-5.00
VIII	ശാസ്ത്രം, സാങ്കേതി-കവിദ്യയും പരിസ്ഥി-തിയും	1,096.55	154.25	1,250.80	1,074.44	115.56	1,190.00	-4.86
IX	ജനറൽ ഇക്കണോമി-ക് സർവീസസ്	2,604.97	96.05	2,701.02	2,571.09	91.17	2,662.26	-1.43
X	സാമൂഹ്യ സേവനം	9,879.39	4,026.39	13,905.77	9,660.08	4,217.12	13,877.20	-0.19
XI	പൊതു സേവനങ്ങൾ	92.2	36	128.2	92.70	36.00	128.70	0.39
	ആകെ-I toXI	22,150.00	8,097.99	30,247.99	22,110	9,172.17	31,282.17	3.42
XII	എൽ സ് ജി ഡി	7,000		7,000	7,500		7,500	7.14
XIII	RKI				1,000		1,000	
ഒട്ടാകെ		29,150.00	8,097.99	37,247.99	30,610	9,172.17	39,782.17	6.81

പദ്ധതി നിർദ്ദേശങ്ങൾ പ്ലാൻസ്പേസിലൂടെ ഡിപ്പാർട്ട്മെന്റിന്റെ തലവൻമാരിൽനിന്നും സർക്കാർ ഏജൻസികളിൽനിന്നും ഓൺലൈനായി ലഭിച്ചു. ട്രഷറി ഇൻഫർമേഷൻ സിസ്റ്റവുമായി ഈ സംവിധാനവും സംയോജിപ്പിച്ചിരിക്കുന്നു.

ജില്ലാ തല പദ്ധതി മോണിറ്ററിംഗ് സംവിധാനത്തെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 2015-16 ൽ സംസ്ഥാനങ്ങളിലെ എല്ലാ ജില്ലകളിലും പ്ലാൻസ്പേസ് പദ്ധതികൾ ആരംഭിച്ചു. ഈ സംവിധാനത്തിൽ ഡിസ്ട്രിക്റ്റ്, സബ് ഡിസ്ട്രിക്റ്റ് തലങ്ങളിൽ വിവരങ്ങൾ നേരിട്ട് നൽകുന്നതിന്നതിന് നടപ്പാക്കൽ സംവിധാനം ഒരുക്കിയതിലൂടെ വിവരങ്ങളുടെ കൃത്യത വർദ്ധിപ്പിക്കക്കാൻ കഴിഞ്ഞു. ജില്ലാതല ഡാറ്റയെ 2017-18 ൽ സംസ്ഥാന തലത്തിലേക്ക് സംയോജിപ്പിക്കാനും കഴിഞ്ഞു.

2014-15 മുതൽ വകുപ്പുകൾക്കു ഓൺലൈനായി പ്ലാൻ സമർപ്പിക്കാനുള്ള സംവിധാനമൊരുക്കി പ്ലാൻസ്പേസ് അതിൻറെ പ്രവർത്തനം വിപുലമാക്കി. വകുപ്പുകൾ അവരുടെ സ്ഥാപനങ്ങളിലെ ചർച്ചകൾക്ക് ശേഷം, വരും വർഷത്തെ പദ്ധതി തയ്യാറാക്കി ഇതുമായി ബന്ധപ്പെട്ട കൂടുതൽ ചർച്ചകൾക്കായി സംസ്ഥാന ആസൂത്രണ ബോർഡിനു സമർപ്പിക്കുന്നു. വകുപ്പുകൾക്ക് ഇതിനാവശ്യമായ ടെംപ്ലേറ്റുകൾ 2014-15 മുതൽ പ്ലാൻസ്പേസ് നൽകിയിട്ടുണ്ട്. 2019-20 ൽ ഇതിൽ കൂടുതൽ സവിശേഷതകൾ ചേർത്തുകൊണ്ട് സംസ്ഥാന ആസൂത്രണ ബോർഡിന്റെ പദ്ധതി ആസൂത്രണ പ്രവർത്തനങ്ങളും ഓൺലൈനാക്കിമാറ്റി. ഓരോ പദ്ധതിയുടെയും ഉദ്ദേശ്യലക്ഷ്യങ്ങളും ഗുണഫലങ്ങളും ഉൾക്കൊള്ളിക്കാനും 2019-20 ലെ സോഫ്റ്റ്‌വെയർ മെച്ചപ്പെടുത്തലുകൾ കൊണ്ട് കഴിഞ്ഞിട്ടുണ്ട്.

അദ്ധ്യായം

02

വിദ്യാഭ്യാസവും ആരോഗ്യവും : പൊതു ഇടപെടലുകളുടെ വ്യാപ്തി

അദ്ധ്യായം

02

വിദ്യാഭ്യാസവും ആരോഗ്യവും: പൊതു ഇടപെടലുകളുടെ വ്യാപ്തി

സാമൂഹ്യ മേഖലയിൽ കേരളത്തിന്റെ നേട്ടങ്ങൾ – പ്രത്യേകിച്ച് ഭൂപരിഷ്ക്കരണം, വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ മേഖലയിലെ നേട്ടങ്ങൾ– ലോകമെമ്പാടുമുള്ള നയതന്ത്രജ്ഞരുടെയും അക്കാദമിക രംഗത്തുള്ളവരുടേയും ശ്രദ്ധ പിടിച്ചു പറ്റിയിട്ടുണ്ട്. വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട്, ഇന്ത്യയിൽ സാക്ഷരത, സ്കൂൾ പ്രവേശനം, കുട്ടികളെ നിലനിർത്തൽ പ്രത്യേകിച്ച് ആൺകുട്ടികൾ, പെൺകുട്ടികൾ, പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികൾ, നഗര ഗ്രാമ വിദ്യാർത്ഥികൾ എന്നതിൽ കേരളം ഉന്നതസ്ഥാനത്താണ്. ആരോഗ്യ മേഖലയിലെ പ്രധാനപ്പെട്ട സൂചകങ്ങളുമായി ബന്ധപ്പെടുത്തി നോക്കുമ്പോൾ –ഉദാഹരണത്തിന് ആയുർദൈർഘ്യം, ശിശു മരണ നിരക്ക്, മാതൃമരണനിരക്ക് – കേരളത്തിന്റെ നേട്ടങ്ങൾ ഇന്ത്യയിലെ തന്നെ ഏറ്റവും ഉയർന്നതും, അന്താരാഷ്ട്ര ശ്രദ്ധ ആകർഷിച്ചതുമാണ്.

ദേശീയ കുടുംബ ആരോഗ്യ സർവേ (എൻ.എഫ്. എച്ച്.എസ്) 2015–16 അനുസരിച്ച് കേരളത്തിലെ ശിശുമരണ നിരക്ക് (1000 ജനനത്തിൽ) 5 ആണ്. ഇന്ത്യയിലെ ഗ്രാമപ്രദേശങ്ങളിലെ ശിശുമരണ നിരക്ക് 49 ആണ്. ഉത്തർപ്രദേശിലെ ഗ്രാമപ്രദേശത്ത് ഇത് 67ഉം ഗുജറാത്തിൽ 39 ഉം ആണ്. എൻ.എഫ്.എച്ച്. എസ്. ഡാറ്റാ അനുസരിച്ച്, 15 നും 49 നും മദ്ധ്യേ പ്രായമുള്ള കേരളത്തിലെ ഗ്രാമീണ സ്ത്രീകളിൽ 70.5 ശതമാനം പേർ പത്തോ അതിലധികമോ വർഷം വിദ്യാഭ്യാസം നേടിയവരാണ്. ഇതിന് അനുബന്ധമായി മറ്റു സംസ്ഥാനങ്ങളിലെ ഗ്രാമീണ മേഖലയിലെ അനുപാതം ഗുജറാത്ത് 23.1 ശതമാനം, മഹാരാഷ്ട്ര 32.6 ശതമാനം, തമിഴ്നാട് 42.9 ശതമാനം, ഇന്ത്യ 27.3 ശതമാനം, (**പട്ടിക 2.1.1**). ജനങ്ങളുടെ ക്ഷേമത്തിനായി, അതുപോലെ സംസ്ഥാനത്തിന്റെ സാമൂഹികവും രാഷ്ട്രീയവും സാംസ്കാരികവുമായ മാറ്റത്തിനായി നടത്തുന്ന പൊതു പ്രവർത്തനങ്ങൾക്ക്, സ്വതന്ത്ര ഇന്ത്യയിൽ ഏറ്റവും നല്ല ഉദാഹരണമാണ് കേരളം.

വിദ്യാഭ്യാസ–ആരോഗ്യ മേഖലയിൽ പൊതു ഇടപെടൽ തുടരേണ്ടതിൻറെ പ്രാധാന്യം പതിമൂന്നാം പഞ്ചവത്സര പദ്ധതി അംഗീകരിച്ചതിലൂടെ മനുഷ്യ വികസന മേഖലയിൽ കേരളം നേടിയ നേട്ടങ്ങൾ ഏകീകരിക്കാനും ആഴത്തിലാക്കാനും കഴിഞ്ഞു. വിദ്യാഭ്യാസം–ആരോഗ്യ മേഖലകളിലെ ആവശ്യങ്ങളെ മുൻ നിർത്തികൊണ്ട് കേരളം ഒരു പുതിയ ഘട്ടത്തിലേക്ക് കടക്കുകയാണ്. കേരളത്തിന്റെ മാറികൊണ്ടിരിക്കുന്ന ജനസംഖ്യാപരമായ ഘടനയും ആധുനിക സമൂഹത്തിന്റെ മാറി വരുന്ന വിദ്യാഭ്യാസ–ആരോഗ്യ മേഖലയിലെ മാറ്റങ്ങളെയും നേരിടാൻ കേരളത്തിലെ പൊതു മേഖലാ സ്ഥാപനങ്ങൾ പ്രാപ്തരായിരിക്കണമെന്നാണ് 13–ാം പദ്ധതിയുടെ നയരേഖ ചൂണ്ടിക്കാട്ടുന്നത്. കേരളത്തിലെ ആരോഗ്യ

പട്ടിക 2.1.1 തെരഞ്ഞെടുത്ത സൂചകങ്ങൾ, സാമൂഹ്യ മേഖലയിലെ നേട്ടങ്ങൾ കേരളം, ഇന്ത്യ 2015–16

	ഗ്രാമം		നഗരം	
	കേരളം	ഇന്ത്യ	കേരളം	ഇന്ത്യ
ശിശുമരണനിരക്ക് (1000 ജനനത്തിൽ)	5	46	6	29
പത്തോ അതിലധികമോ വർഷം വിദ്യാഭ്യാസം നേടിയ സ്ത്രീകൾ (15നും 49നും വയസ്സിനു മദ്ധ്യേ ശതമാനത്തിൽ)	70.5	27.3	74.1	51.5
സാക്ഷരത നേടിയ സ്ത്രീകൾ (15നും 49നും വയസ്സിനു മദ്ധ്യേ ശതമാനത്തിൽ)	97.3	61.5	98.4	81.4
കഴിഞ്ഞ അഞ്ച് വർഷത്തെ ജനനസമയത്തെ ലിംഗാനുപാതം (1000 പുരുഷൻമാർക്ക് സ്ത്രീകൾ)	1032	927	1062	899
മെച്ചപ്പെട്ട ശുചിത്വ സൗകര്യം ഉപയോഗിക്കുന്ന കുടുംബങ്ങൾ	97.5	36.7	98.7	70.3

ഉറവിടം : നാഷണൽ ഫാമിലി ഹെൽത്ത് സർവേ 2015-16

വിദ്യാഭ്യാസ രംഗത്ത് പൊതു മേഖലയുടെ കേന്ദ്രീകരണം പുന:സ്ഥാപിക്കാൻ 13-ാം പഞ്ചവത്സര പദ്ധതി പ്രതിജ്ഞാബദ്ധമായിരിക്കുകയാണ്. ജനങ്ങൾ വിശ്വസിക്കുകയും ആശ്രയിക്കുകയും ചെയ്യുന്ന ജനസൗഹൃദപരമായ ആരോഗ്യ-വിദ്യാഭ്യാസ സംവിധാനങ്ങൾ സൃഷ്ടിക്കുകയെന്നതാണിന്റെ ലക്ഷ്യം.

വിദ്യാഭ്യസ-ആരോഗ്യ ദൗത്യം ഉൾപ്പെടെ നാല് ദൗത്യങ്ങളിലൂടെ ഒരു പുതിയ കേരളം സൃഷ്ടിക്കുകയെന്ന ലക്ഷ്യത്തിനായുള്ള വ്യക്തമായ ഒരു രേഖാ ചിത്രം 2016 -ൽ സർക്കാർ തയ്യാറാക്കിയിട്ടുണ്ട്. സംസ്ഥനത്തെ ഓരോ കുട്ടിക്കും ഏറ്റവും നല്ല വിദ്യാഭ്യാസം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടുകൂടി പുതിയ തലമുറക്കനുയോജ്യമായ തരത്തിലുള്ള പൊതു വിദ്യാലയങ്ങൾക്കായി കേരള സംസ്ഥാനമൊട്ടാകെ സർക്കാർ നിക്ഷേപം നടത്തുന്നു. പൊതുമേഖലയിലെ ആരോഗ്യരംഗത്തെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനായി ഒരു പുതിയ പദ്ധതി കേരള സർക്കാർ ആരംഭിച്ചിരിക്കുന്നു. ആരോഗ്യ പരിരക്ഷ ഉറപ്പാക്കുക, ഇൻഷുറൻസ് പരിരക്ഷ വിപുലീകരിക്കുക, പൊതുജനാരോഗ്യവും ശുചിത്വവും പരിപാലിക്കാനുള്ള സൗകര്യങ്ങൾ വിപുലീകരിക്കുക എന്നിവയാണ് ലക്ഷ്യങ്ങൾ. കേരള ജലസംവിധാനത്തിന്റെ വൃത്തിയും പരിസ്ഥിതി ആരോഗ്യവും വർദ്ധിപ്പിക്കുകയും ശാസ്ത്രീയമായ രീതിയിൽ മാലിന്യ നിർമ്മർജ്ജനം നടത്തുകയുമാണ് സംസ്ഥാന സർക്കാരിന്റെ ഹരിത കേരള മിഷൻ ലക്ഷ്യമിടുന്നത്. കഴിഞ്ഞ മൂന്ന് വർഷക്കാലമായി വിദ്യാഭ്യസ-ആരോഗ്യ മേഖലയിൽ ഉണ്ടായ വളർച്ചയാണ് ഈ അദ്ധ്യായത്തിൽ അവലോകനം ചെയ്യുന്നത്.

വിദ്യാഭ്യാസം

പൊതു വിദ്യാഭ്യാസം

സർക്കാർ തുടങ്ങിവച്ച പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ പ്രധാന ലക്ഷ്യം സംസ്ഥാനത്തെ സ്ക്കൂളുകളിലെ അധ്യാപനത്തിന്റെയും പഠന-ബോധനത്തിന്റെയും ഗുണനിലവാരം ഉയർത്തുക എന്നതാണ്. സ്ക്കൂൾ അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിലും സ്ക്കൂൾ വിദ്യാഭ്യാസത്തിന്റെ അക്കാദമിക-സാമൂഹ്യ വശങ്ങൾ പുഷ്ടിപ്പെടുത്തുന്നതിലുമാണ് പ്രധാനമായും ശ്രദ്ധയൂന്നുന്നത്. ഉയർന്ന ഗുണനിലവാരമുള്ള പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങൾ സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ അദ്ധ്യാപകരേയും വിദ്യാർത്ഥികളേയും രക്ഷിതാക്കളേയും ജനപ്രതിനിധികളേയും ഒന്നിച്ച ചേർക്കാൻ മിഷന് കഴിഞ്ഞിട്ടുണ്ട്. മാനേജ്മെന്റിന്റെ കച്ചവട താല്പര്യങ്ങൾകൊണ്ട് അടച്ചു പൂട്ടാറായ മലാപ്പറമ്പ് സ്ക്കൂൾ ഉൾപ്പെടെ 4 എയ്ഡഡ് സ്ക്കൂളുകളെ പൊതു വിദ്യാഭ്യാസം ശക്തിപ്പെടുത്തുന്നതിന്റെ ആദ്യ ചുവടിന്റെ ഭാഗമായി സർക്കാർ ഏറ്റെടുത്തിട്ടുണ്ട്.

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സർക്കാർ, സർക്കാർ-എയ്ഡഡ് സ്ക്കൂളുകളിലെ വിദ്യാർത്ഥികളുടെ എണ്ണത്തിൽ കാര്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. മുൻ വർഷത്തെ അപേക്ഷിച്ച് 1,56,565 വിദ്യാർത്ഥികൾ അധികമായി ഗവൺമെന്റ് സ്ക്കൂളുകളിൽ 2017-18 വർഷം പുതുതായി പ്രവേശനം നേടിയിട്ടുണ്ട്. അതുപോലെ 2018-19 വർഷം 1,85,971 വിദ്യാർത്ഥികളും 2019-20 വർഷത്തിൽ 1,63,558 വിദ്യാർത്ഥികളും പ്രവേശനം നേടിയിട്ടുണ്ട്

ചിത്രം 2.1.1 1989-90 മുതൽ സർക്കാർ, എയഡഡ് വിദ്യാലയങ്ങളിൽ ചേരുന്ന പ്രവണത



ഉറവിടം: പൊതുവിദ്യാഭ്യാസ ഡയറക്ടർ, 2019

(പട്ടിക 2.1.2). 1991–92 അക്കാദമിക വർഷത്തിന് ശേഷം ഇങ്ങനെ ഒരു വർദ്ധനവ് സംഭവിക്കുന്നത് ഇതാദ്യമായാണ് (**ചിത്രം 2.1.1**).

ഐ.ടി സഹായക വിദ്യാഭ്യാസം

8–ം ക്ലാസ്സ് മുതൽ 12–ം ക്ലാസ്സ് വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് ഐ.ടി. സഹായ വിദ്യാഭ്യാസ സൗകര്യങ്ങൾ ഉറപ്പാക്കുന്നതിന് ഹൈടെക് സ്ക്കൂൾ പദ്ധതി ലക്ഷ്യമിടുന്നു. ഈ പദ്ധതിയുടെ ഭാഗമായി 59,772 ലാപ്ടോപ്പുകളും, 43,525 മൾട്ടിമീഡിയ പ്രോജക്റ്റുകളും, 41,789 മൗണ്ടിംഗ് കിറ്റുകളും, 41,878 എച്ച്.ഡി.എം.ഐ കേബിളുകളും, 40,612 ഫേസ് പ്ലേറ്റുകളും 23,104 സ്ക്രീനുകളും, 42,739 യു.എസ്. പി സ്പീക്കറുകളും, 4,714 ഡി.എസ്.എൻ.ആർ ക്യാമറകളും, 4,545 എൽ.ഇ.ഡി, 42 ടെലിവിഷനുകളും, 4,720 എച്ച.ഡി വെബ്.ക്യാമറകളും നല്കിയിട്ടുണ്ട്. കുട്ടികളാണ് പദ്ധതിയുടെ ഗുണഭോക്താക്കൾ. 9,941 പ്രൈമറി–അപ്പർ പ്രൈമറി സ്ക്കൂളുകളിൽപ്പെട്ട 13,980 ഗവൺമെന്റ്–എയ്ഡഡ് സ്ക്കൂളുകൾക്ക് ബ്രോഡ് ബാൻഡ് കണക്ടിവിറ്റി നല്കിയിട്ടുണ്ട്. പ്രൈമറി–അപ്പർ പ്രൈമറി സ്ക്കൂളുകളിൽ കമ്പ്യൂട്ടർ ലാബ് സജ്ജീകരിക്കുന്നതിൽ 292 കോടി രൂപ നല്കിയിട്ടുണ്ട്.

ഹൈ–ടെക് ക്ലാസ്സ് മുറികളിലെ ആശയ വിനിമയം ഉയർത്തുന്നതിനു വേണ്ടി സമഗ്ര–ഇ–റിസോഴ്സ് പോർട്ടൽ വികസിപ്പിച്ചിട്ടുണ്ട്. 5,482 വീഡിയോകളും 8,271 ഇമേജുകളും 6,476 സംഹിദ ഫയലുകളും, 10,026 മറ്റ് ഫയലുകളും 776 ഓഡിയോകളും ഉൾപ്പെട്ട 31031 ഡിജിറ്റൽ വിഭവങ്ങൾ സമഗ്ര–റിസോഴ്സ് പോർട്ടലിൽ ലഭ്യമാക്കിയിട്ടുണ്ട്. അദ്ധ്യാപകർ തയ്യാറാക്കിയ 5.5 ലക്ഷം സൂക്ഷ്മ/യൂണിറ്റ് തല പദ്ധതികളും 8.89 ലക്ഷം സ്ഥൂല പദ്ധതികളും സമഗ്രയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. രാജ്യത്തെ ഏറ്റവും വലിയ കുട്ടികളുടെ ഐ.ടി. നെറ്റ് വർക്കായ ലിറ്റിൽ കൈറ്റ്സ്–ഐ.ടി ക്ലാസ്സുകൾ 2060 സ്ക്കൂളുകളിൽ സജ്ജീകരിച്ചിട്ടുണ്ട്. ഇവയിൽ 1,15,344 അംഗങ്ങളാണുള്ളത്.

അദ്ധ്യാപകരുടെ പ്രവൃത്തി സമയത്തെ ബാധിക്കാത്തവിധത്തിൽ ഓൺ ലൈൻ പരിശീലനം നൽകുന്നതിനു വേണ്ടി കൈറ്റിന്റെ ഓൺ ലൈൻ കോഴ്സായ 'ക്ലൂ' (കെഒഒഎൽ) ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്തെ സ്ക്കൂളുകളെകുറിച്ചുള്ള അടിസ്ഥാന വിവരങ്ങൾ 'സമേതം' എന്ന പോർട്ടലിലൂടെ പൊതുജനങ്ങൾക്ക് ലഭ്യമാവുന്നു. ഭൗതിക സൗകര്യങ്ങളുടെ ഭരണ സംവിധാനങ്ങൾ ഉൾപ്പെടെയുള്ള വിവരങ്ങൾ എല്ലാവർക്കും അറിയാൻ ഇതുവഴി സാധിക്കുന്നു. ഓരോ സ്ക്കൂളിലെ അംഗീകൃത ക്ലാസുകൾ, ഓരോ ക്ലാസിലെയും വിദ്യാർത്ഥികൾ, അധ്യാപകർ, അനധ്യാപകർ (വ്യക്തി വിവരങ്ങൾ ഒഴികെ) എന്നിങ്ങനെയുള്ള വിവരങ്ങൾ 'സമേതം' പോർട്ടലിൽ നിന്ന് ലഭിക്കുന്നു.

സ്ക്കൂൾ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ

141 സ്ക്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളായി ഉയർത്തുകയും 5 കോടി വീതം കിഫ്ബിയിൽ നിന്ന് നല്കുകയും ചെയ്തു. 395 സ്ക്കൂളുകൾക്ക് അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി 3 കോടി

ബോക്സ് 2.1.1 സമീപകാലത്ത് വിദ്യാഭ്യാസ മേഖലയിൽ കേരളം നേടിയ പ്രധാനപ്പെട്ട നേട്ടങ്ങൾ

2019–20 കാലഘട്ടത്തിൽ 37.2 ലക്ഷം കുട്ടികളാണ് കേരളത്തിലെ സ്ക്കൂളുകളിൽ 1 മുതൽ10 വരെയുള്ള ക്ലാസ്സുകളിൽ പ്രവേശനം നേടിയത്. ഇതിൽ 31.4 ശതമാനം അഥവാ 11.7 ലക്ഷം വിദ്യാർത്ഥികൾ പ്രവേശനം നേടിയിരിക്കുന്നത് സർക്കാർ പൊതുവിദ്യാലയങ്ങളിലാണ്. 21.6 ലക്ഷം വിദ്യാർത്ഥികൾ എയ്ഡഡ് സ്ക്കൂളുകളിലും 3.9 ലക്ഷം വിദ്യാർത്ഥികൾ അൺ എയ്ഡഡ് സ്ക്കൂളുകളിലും പ്രവേശനം നേടിയിരിക്കുന്നു. 2016–17 മുതൽ 2019–20 വരെയുള്ള കാലഘട്ടത്തിൽ സർക്കാർ പൊതു വിദ്യാലയങ്ങളിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ എണ്ണം ഒരു ശതമാനം വർദ്ധിച്ചിരിക്കുന്നു അതായത് 30.4 ശതമാനത്തിൽ നിന്ന് 31.4 ശതമാനമായി ഉയർന്നിരിക്കുന്നു.

2018–19 കാലഘട്ടത്തിൽ 3.2 ലക്ഷം വിദ്യാർത്ഥികൾ ഉന്നത വിദ്യാഭ്യാസത്തിനായി (ബിരുദവും ബിരുദാനന്തര ബിരുദവും) ആർട്സ്, സയൻസ് കൊമേഴ്സ് സ്ട്രീമിൽ കേരളത്തിലെ വിവിധ കോളേജുകളിൽ പ്രവേശനം നേടി ഇതിൽ 68 ശതമാനം അഥവാ 2.2 ലക്ഷം പേർ വിദ്യാർത്ഥിനികളാണ്. കൂടാതെ 15 ശതമാനം വിദ്യാർത്ഥികൾ (48503 എണ്ണം) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരാണ് (2011 സെൻസസ് അനുസരിച്ച് കേരളത്തിലെ ജനസംഖ്യയിൽ 10.94 ശതമാനം പേർ പട്ടികജാതി പട്ടിക വർഗ്ഗക്കാരാണ്.)

2018–19 കാലഘട്ടത്തിൽ കേരളത്തിലെ ഗവൺമെന്റ് എയ്ഡഡ് കോളേജുകളിൽ പ്രവേശനം നേടിയ എഞ്ചിനിയറിംഗ് ബിരുദ വിദ്യാർത്ഥികളിൽ 41.3 ശതമാനം പേർ പെൺകുട്ടികളാണ്. ഈ കാലഘട്ടത്തിൽ എഞ്ചിനീയറിംഗ് ബിരുദാനന്തര ബിരുദത്തിന് പ്രവേശനം നേടിയ വിദ്യാർത്ഥികളിൽ 64.9 ശതമാനം പേർ പെൺകുട്ടികളാണ് (**പട്ടിക 2.1.3**).

പട്ടിക 2.1.2 2016–17 മുതൽ 2019–20 വരെയുള്ള കാലഘട്ടത്തിൽ കേരളത്തിലെ പൊതു വിദ്യാലയങ്ങളിലേക്ക് പുതുതായിപ്രവേശനം നേടിയ വിദ്യാർഥികൾ

മാനേജ്മെന്റ്	സ്റ്റാന്റേഡ്							ആകെ 1 മുതൽ 10 വരെ
	I	II	III	IV	ആകെ (I–IV)	V–VII	VIII–X	I–X
2016–17 മുതൽ 2017–18 വരെ								
ഗവൺമെന്റ്	5703	3629	3615	2641	15588	5475	38789	59852
എയ്ഡഡ്	6495	6474	6296	5934	25199	58670	12844	96713
ആകെ	12198	10103	9911	8575	40787	64145	51633	156565
2017–18 മുതൽ 2018–19 വരെ								
ഗവൺമെന്റ്	5784	5815	5603	5729	22931	12229	35484	70644
എയ്ഡഡ്	4294	8623	8546	7723	29186	67483	18658	115327
ആകെ	10078	14438	14149	13452	52117	79712	54142	185971
2018–19 മുതൽ 2019–20 വരെ								
ഗവൺമെന്റ്	–168	5578	5483	5330	16223	12616	36376	65215
എയ്ഡഡ്	–3222	7626	7742	7266	19412	63312	15619	98343
ആകെ	–3390	13204	13225	12596	35635	75928	51995	163558

ഉറവിടം: പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്, 2019.

വീതം നല്കി. 446 സ്ക്കൂളുകളെ 1 കോടി വീതം നല്കികൊണ്ട് സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി. 200 വർഷത്തിലേറെ പഴക്കമുള്ള സ്ക്കൂളുകളെ പാരമ്പര്യ സ്ക്കൂളുകളായി അംഗീകരിച്ച് കൊണ്ട് വികസനം സാധ്യമാക്കുന്ന പദ്ധതിയും ഉണ്ട്. 150 വർഷത്തിലേറെ പഴക്കമുള്ള ഹെറിറ്റേജ് സ്ക്കൂളുകൾക്കും പ്രത്യേക സഹായം നല്കുന്നുണ്ട്. അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി 106 ഹയർ സെക്കന്ററി സ്ക്കൂളുകൾക്കും 27 വൊക്കേഷണൽ ഹയർ സെക്കന്ററി സ്ക്കൂളുകൾക്കും 181 എൽ.പി./യു.പി. സ്ക്കൂളുകൾക്കും സാമ്പത്തിക പിന്തുണ നല്കിയിട്ടുണ്ട്.

141 ആർ.എം.എസ്.എ സ്ക്കൂളുകളെ ഗവൺമെന്റ് സ്ക്കൂളുകളായി ഉയർത്തുകയും അധ്യാപക–അനധ്യാപക ദൗർലഭ്യം പരിഹരിക്കാൻ അധിക തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. 104 കോടി ഉപയോഗിച്ച് കൊണ്ട് നബാഡിന്റെ സഹായത്തോടെ 52 ആർ.എം.എസ്.എ. സ്ക്കൂളുകളുടെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. സ്ക്കൂൾ ലൈബ്രറികളും ലാബുകളും നവീകരിക്കുന്ന പ്രവർത്തനങ്ങളും തുടങ്ങിയിട്ടുണ്ട്.

നിരക്ഷരത നിർമ്മാർജനം

കേരളം സാക്ഷരത ഇതിനോടകം തന്നെ നേടിയിട്ടുണ്ടെങ്കിലും പരിസ്ഥിതി സാക്ഷരത, പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗങ്ങൾക്കും കുടിയേറ്റ തൊഴിലാളികൾക്കും ട്രാൻസ് ജെൻഡേഴ്സിനും വേണ്ടിയുള്ള സാക്ഷരത പരിപാടികൾ എന്നിങ്ങനെ കേരളത്തിന്റെ സാഹചര്യങ്ങൾക്ക് കൂടുതൽ പ്രസക്തിയുള്ള പ്രത്യേക സാക്ഷരത പരിപാടികൾ കേരള സാക്ഷരത മിഷൻ ആരംഭിച്ചിട്ടുണ്ട്.

നിരക്ഷരത തുടച്ചു നീക്കുന്നതിനുള്ള പദ്ധതിയായ 'അക്ഷരലക്ഷം', തീരദേശങ്ങൾക്ക് വേണ്ടിയുള്ള 'അക്ഷരസാഗരം', പട്ടികജാതി വിഭാഗങ്ങൾക്ക് വേണ്ടിയുള്ള 'സമഗ്ര', പട്ടിക വർഗ്ഗ വിഭാഗങ്ങൾക്ക്

ബോക്സ് 2.1.2 ലിറ്റിൽ കൈറ്റ്സ് ഐ.ടി.ക്ലബ്സ്

യഥാർത്ഥ താൽപര്യവും ക്രിയാത്മകതയും ഉള്ള വിദ്യാർത്ഥികളെ ലക്ഷ്യം വച്ച് കൊണ്ട് കൈറ്റ് മുൻകൈ എടുത്ത് ആരംഭിച്ചതാണ് ലിറ്റിൽ കൈറ്റ്സ് ഐ ടി ക്ലബ്, അനിമേഷൻ സൈബർ സുരക്ഷ മലയാളം കമ്പ്യൂട്ടിങ് ഹാർഡ് വെയർ ഇലക്ട്രോണിക്സ് ഇന്റർനെറ്റ് ഓവർതിങ്സ് (ഐ.ഒ.ടി) ഉപകരണങ്ങൾ 3 ഡി ക്യാരക്റ്റർ മോഡലിംഗ് തുയങ്ങിയവയിൽ പ്രത്യേക പരിശീലനം നൽകുന്നു. 2060 വിദ്യാവയങ്ങളിൽ നിന്നായി 1.25 ലക്ഷത്തോളം വിദ്യാർത്ഥികൾ ഇതിൽ അംഗങ്ങളാണ്. ലോകത്തിലെ ഏറ്റവും വലിയ വിദ്യാർത്ഥി ഐ സി ടി ശൃംഖലയാണ് ലിറ്റിൽ കൈറ്റ്സ്. ഇതിന്റെ ഭാഗമായി ഏകദേശം 5000 വിദ്യാർത്ഥികൾക്ക് പ്രത്യേക മേഖലയിൽ പരിശീലനം നൽകിയിട്ടുണ്ട്. 13440 വിദ്യാർത്ഥികൾ മത്സരിച്ച ഉപജില്ലാതല ക്യാമ്പിൽനിന്നും വിജയിച്ച 1143 ലിറ്റിൽ കൈറ്റ്സിനുവേണ്ടി 2019 ആഗസ്റ്റിൽ 2 ദിവസത്തെ റസിഡൻഷ്യൽ സ്റ്റേറ്റ് ക്യാമ്പ് കൈറ്റ് സംഘടിപ്പിച്ചിരുന്നു. ലിറ്റിൽ കൈറ്റ്സ് വഴി, ഇന്റർനെറ്റ് ഓഫ് തിങ്സ് (ഐഒറ്റി) ഉപകരണങ്ങൾ, ബ്ലൻഡർ (ഫോസ് ബേസ്ഡ് 3 ഡി കമ്പ്യൂട്ടർ ഗ്രാഫിക്സ് സോഫ്ട്വെയർ) ക്യാരക്ടർ റിഗ്ഗിംഗ് (ഡൈനിംഗ് ടേബിൾ, ഗ്ലാസ്സ്, ഫ്രൂട്ട് ബാസ്ക്കറ്റ് തുടങ്ങിയവ പോലെയുള്ളവയുടെ 3 D മോഡൽസ്), 3 ഡി ആനിമേഷൻ (സൗരയൂഥം ഫ്ലൈറ്റ് ഓഫ് ബേർഡ്സ്) എന്നിവയിൽ കുട്ടികൾക്ക് പരിശീലനം നൽകുന്നു. കുട്ടികൾ തങ്ങൾക്കിഷ്ടമുള്ള കഥാപാത്രങ്ങളെ രൂപകൽപന ചെയ്ത് അനിമേഷൻസ് നിർമ്മിക്കുന്നു. കുട്ടികൾക്ക് പരിശീലനം നൽകുന്ന മറ്റ് മേഖലകളാണ് മൈബൈൽ ആപ് വികസിപ്പിക്കുക (ടോർച്ച് ആപ്, ക്യു.ആർ.കോഡ് സ്കാനർ), റാസ്ബെറി പൈ ഇലക്ട്രോ ബ്രിക് ഉപയോഗിച്ചുള്ള വോട്ടിംഗ് മെഷീൻ, ശബ്ദ തരംഗങ്ങളും ടെക്സ്റ്റ് മെസേജസും ഉപയോഗിച്ച് ഒരു നെറ്റ്വർക്കിനുള്ളിൽ ഫാനും ലൈറ്റും പ്രവർത്തിപ്പിക്കാൻ കഴിയുന്ന ഐ.ഒ.റ്റി. ഡിവൈസ് മോഡൽ, സർവർ സൃഷ്ടിക്കുന്നതിനായി അപ്ലിക്കേഷൻ ഇന്വെന്റർ പൈക്യൂറ്റി സർവർ ഉപയോഗിച്ച് ലൈറ്റ് അപ്ലിക്കേഷനുകളുടെ വികസനം, ഈ ആവശ്യത്തിനായി ക്ലൈന്റ് പ്രോഗ്രാമുകൾ ആവശ്യമാണ്. ലിറ്റിൽ കൈറ്റ്സിന്റെ ഭാഗമായി, ഏകദേശം 2000 ത്തിലധികം സ്ക്കൂളുകളുടെ ഡിജിറ്റൽ മാഗസിൻ ഓൺ ലൈനിൽ ലഭ്യമാക്കി. സ്ക്കൂൾ വിക്കി പോർട്ടലിലെ ഡിജിറ്റൽ മാഗസിൻ ലിങ്ക് വഴിയോ(www.schoolwiki.in) അല്ലെങ്കിൽ www.dm18.kite.kerala.gov.in എന്ന പോർട്ടൽ വഴിയോ കാണാവുന്നതാണ്.

ഉറവിടം: കൈറ്റ്, 2019

വേണ്ടിയുള്ള 'നവചേതന', അന്യ സംസ്ഥാനങ്ങളിൽ നിന്നുള്ള കുടിയേറ്റ തൊഴിലാളികൾക്ക് വേണ്ടിയുള്ള 'ചങ്ങാതി', ട്രാൻസ് ജെൻഡർ വിഭാഗത്തിന് വേണ്ടിയുള്ള 'സമന്വയ' എന്നിങ്ങനെ വിവിധങ്ങളായ പദ്ധതികൾ നടപ്പാക്കുന്നു. ജനാധിപത്യ വിദ്യാഭ്യാസ പദ്ധതിയുമായി ബന്ധപ്പെട്ട പരിസ്ഥിതി–ഭരണഘടന–നവോത്ഥാന മൂല്യങ്ങളുടെ അവബോധവും സാമൂഹ്യ സാക്ഷരത പദ്ധതിയുടെ ഭാഗമായി സംഘടിപ്പിക്കുന്നു.

പാഠ പുസ്തകത്തിനപ്പുറമുള്ള വിദ്യാഭ്യാസം

ജൈവ വൈവിധ്യം, കൃഷി, പരിസ്ഥിതി എന്നിവയെകുറിച്ച് അവബോധം സൃഷ്ടിക്കുന്നതിന് വേണ്ടി 'ക്യാമ്പസ് തന്നെ ഒരു പാഠ പുസ്തകം' എന്ന ആശയത്തോടെ ജൈവ വൈവിധ്യ പാർക്കുകൾ സജ്ജീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ 12000 സ്ക്കൂളുകളിൽ ജൈവ വൈവിധ്യ പാർക്കുകൾ ആരംഭിച്ചിട്ടുണ്ട്.

കലാ–കായിക–സാംസ്കാരിക വിദ്യാഭ്യാസം ഉണ്ടാക്കുന്നതിനു വേണ്ടിയും അതിനനുസൃതമായ അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനുവേണ്ടിയുമുള്ള കലാ–കായിക–സാംസ്കാരിക പാർക്കുകളുടെ പദ്ധതി ശരിയായ രീതിയിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

പ്രത്യേക നൈപുണ്യങ്ങളും കഴിവുകളുമുള്ള വിദ്യാർത്ഥികളെ അവരുടെ മികവിനും അഭിരുചിക്കും അനുസൃതമായ വിധത്തിൽ പ്രൊഫഷണൽ വിദ്യാഭ്യാസ കേന്ദ്രത്തിൽ നിന്ന് പഠന പരിചയം ലഭിക്കാനുള്ള അവസരം 'സിതാർ' (എസ്.ഐ.ടി.എ.ആർ) എന്ന പദ്ധതി വഴി ലഭിക്കുന്നു.

അക്കാദമിക മികവ് ഉയർത്തൽ

കാര്യക്ഷമമായും സമയാനുസൃതമായും പാഠപുസ്തകങ്ങൾ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ എടുത്തു. പാഠപുസ്തകങ്ങളുടെ കനം കുറയ്ക്കുന്നതിന് വേണ്ടി മൂന്ന് വാല്യങ്ങളായി പ്രിന്റ് ചെയ്തിട്ടുണ്ട്. സ്ക്കൂൾ അടക്കുന്നതിന് മുൻപ് തന്നെ വരും വർഷത്തേക്കുള്ള എല്ലാ പാഠ പുസ്തകങ്ങളും സ്ക്കൂളുകളിൽ എത്തിക്കുകയും ചെയ്തു. അധികമായി അക്കാദമിക പിന്തുണ ആവശ്യമുള്ള മൂന്നാം ക്ലാസ് മുതൽ എട്ടാം ക്ലാസ് വരെയുള്ള കുട്ടികൾക്ക് 'ശ്രദ്ധ' എന്ന പരിപാടി ആരംഭിച്ചു. 260877 വിദ്യാർത്ഥികൾക്ക് ഇതിന്റെ ഗുണഫലം കഴിഞ്ഞ വർഷം ലഭിച്ചു. കണക്കിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്കുവേണ്ടി 'പ്രവർത്തന ഗണിത നൈപുണ്യം' എന്ന പേരിൽ കണക്കിൽ പ്രത്യേക ശ്രദ്ധ കൊടുത്ത് കൊണ്ടുള്ള ഒരു പരിപാടിയും 'ശ്രദ്ധ' യുടെ ഭാഗമായി വിഭാവനം ചെയ്തു നടപ്പാക്കി വരുന്നു. കുട്ടികളുടെ

ബോക്സ് 2.1.3 ഹമാരി മലയാളം

മലയാളം നന്നായി എഴുതുവാനും വായിക്കാനും ലക്ഷ്യം വച്ച്കൊണ്ട് കുടിയേറ്റതൊഴിലാളികൾക്കായി കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിയുടെ പ്രത്യേക പരിപാടിയാണ് ചങ്ങാതി. സംസ്ഥാനത്തെ ഏറ്റവും വലിയ കുടിയേറ്റതൊഴിലാളികളുടെ നഗരമായ എറണാകുളം ജില്ലയിലെ പെരുമ്പാവൂർ നഗര സഭയിൽ ബഹു.മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ 2016 ഡിസംബർ 12–ന് പദ്ധതിക്ക് തുടക്കം ഇടുകയുണ്ടായി. ഈ പരിപാടിക്ക് 'ഹമാരി മലയാളം' (നമ്മുടെ മലയാളം) എന്ന പേരിൽ ഒരു പാഠ പുസ്തകം തയ്യാറാക്കിയിട്ടുണ്ട്. മനുഷ്യാവകാശങ്ങൾ, ഭരണ ഘടനാമൂല്യങ്ങൾ, തൊഴിലാളികളുടെ അവകാശങ്ങൾ ആരോഗ്യകരമായതും ശുചിത്വവുമായ ജീവിതത്തിന്റെ ആവശ്യകത എന്നിവ ഈ പാഠപുസ്തകത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കുടിയേറ്റതൊഴിലാളികൾക്ക് ദൈനംദിന ജീവിതത്തിൽ സൗകര്യപ്രദമായും സുധാര്യമായും പ്രാദേശിക ജനതയുമായി ഇടപെടാൻ കഴിയുന്ന വിധത്തിലാണ് ഈ പുസ്തകം രൂപകല്പന ചെയ്തിരിക്കുന്നത്. കുടിയേറ്റതൊഴിലാളികളെ തിരിച്ചറിയുന്നതിന്, പെരുമ്പാവൂർ മുൻസിപ്പാലിറ്റിയിൽ നടത്തിയ സര്വ്വേയിൽ 3211 തൊഴിലാളികളാണുള്ളത്. 432 കുടിയേറ്റതൊഴിലാളികളെ ഉൾപ്പെടുത്തികൊണ്ട് 'ചങ്ങാതി' എന്ന പേരിൽ രജിസ്റ്റർ ചെയ്ത് ഈ ക്ലാസുകൾ ആരംഭിച്ചിട്ടുണ്ട്. മദ്രസ ഹാളുകൾ, ഫാക്ടറികൾ ലൈബ്രറി ഹാളുകൾ മറ്റു പൊതു സ്ഥലങ്ങൾ ഉൾപ്പെടെയുള്ള വിവിധ സ്ഥലങ്ങളിൽ 27 ബാച്ചുകളിൽ ക്ലാസുകൾ നടന്നു വരുന്നു. പെരുമ്പാവൂരിലെ പരിപാടിയുടെ വിജയത്തിന്റെ അടിസ്ഥാനത്തിൽ സാക്ഷരത മിഷൻ അതോറിറ്റിയുടെ പദ്ധതി എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിച്ചിട്ടുണ്ട്. പദ്ധതിയുടെ 2–ം ഘട്ടം ഓരോ ജില്ലയിൽ നിന്നും ഒരു പ്രാദേശിക സ്ഥലം തിരഞ്ഞെടുക്കുകയും തിരഞ്ഞെടുക്കപ്പെട്ട പ്രാദേശിക സ്ഥലങ്ങളിൽ സര്വ്വേ നടത്തുകയും ചെയ്യുന്നുണ്ട്. 2–ം ഘട്ട പരിപാടിയിൽ കുടിയേറ്റക്കാരുടെ ഹിന്ദിയിലെ സാക്ഷരത മാനദണ്ഡങ്ങൾ മെച്ചപ്പെടുത്തുന്നതിനും ആരോഗ്യപരമായ ജീവിത ശൈലി കൈവരിക്കുന്നതിന് സഹായിക്കുന്നതിനുമായാണ് ലക്ഷ്യം ഇടുന്നത്. കുടിയേറ്റക്കാർക്ക് പ്രവേശനം നൽകുന്നതിനും അവരെ ഈ പദ്ധതിയുടെ ഭാഗമാക്കുന്നതിനുമായി പ്രാദേശിക സ്ഥാപനങ്ങളിൽ പ്രത്യേക കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് സംസ്ഥാനത്തിലേക്ക് കുടിയേറിയ 25 ലക്ഷം തൊഴിലാളികൾക്ക് സംസ്ഥാന ഗവൺമെന്റിന്റെ ഈ പ്രത്യേക പദ്ധതി പ്രയോജനകരമായിരിക്കും.

ഉറവിടം: സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി

നൈസർഗ്ഗിക കഴിവുകൾ കണ്ടെത്തുന്നതിനും വളർത്തിയെടുക്കുന്നതിനുമുള്ള ടാലന്റ് ലാബ് സ്ഥാപിച്ചിട്ടുണ്ട്. സർവ്വശിക്ഷ കേരളയുടെ ഭാഗമായി കുട്ടികളുടെ ക്രിയാത്മകത വികസിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടി ക്രിയേറ്റീവ് സ്ക്കൂൾ പ്രൊജക്ട് സജ്ജീകരിച്ചിട്ടുണ്ട്. അന്താരാഷ്ട്ര നിലവാരമുള്ള സൗകര്യങ്ങളോട് കൂടിയ ഐഡിയൽ ലാബ് പ്രൊജക്ടും സജ്ജീകരിച്ചിട്ടുണ്ട്. ഇത്തരം ലാബുകൾ നാല് വ്യത്യസ്ത സോണുകളിൽ സ്ഥാപിച്ചിട്ടുണ്ട്.

ദേശീയ അച്ചീവ്മെന്റ് സർവ്വേ കണ്ടെത്തിയ പഠന പിഴവുകളെ നികത്തുന്നതിന് വേണ്ടി കുട്ടികൾക്ക് വേണ്ടിയുള്ള നൂതന പഠന പ്രവർത്തനങ്ങൾ എസ്.എസ്.കെ. രൂപ കല്പന ചെയ്തിട്ടുണ്ട്. ഈ ലക്ഷ്യത്തിലൂന്നികൊണ്ട് 'മലയാള തിളക്കം' (മലയാള ഭാഷയിലുള്ള കുട്ടികളുടെ കഴിവ് വർദ്ധിപ്പിക്കുന്നതിനു വേണ്ടി) 'ഹലോ ഇംഗ്ലീഷ്" (കുട്ടികളുടെ ഇംഗ്ലീഷ് ഭാഷ നൈപുണ്യം വർദ്ധിപ്പിക്കുവാൻ) 'സുരീലി ഹിന്ദി' (ഹിന്ദി ഭാഷ പരിപോഷിപ്പിക്കുന്നതിന്) എന്നീ പരിപാടികൾ എസ്.എസ്.കെ. യുടെ പഠന മികവ് പദ്ധതിയുടെ ഭാഗമായി പൊതു വിദ്യാഭ്യാസ വകുപ്പ് നടപ്പാക്കി കൊണ്ടിരിക്കുന്നു. ഈ പ്രവർത്തനങ്ങൾ വഴി ഭാഷാ പഠന ശേഷി വർദ്ധിപ്പിക്കുയും കുട്ടികൾക്ക് മൂന്നു ഭാഷകളിൽ അറിവ് ആർജ്ജിക്കുന്നതിനും വിനിമയം നടത്തുന്നതിനുമുള്ള അവസരം ലഭിക്കുകയും ചെയ്യുന്നു. I, II, III ക്ലാസുകളിൽ മാതൃ ഭാഷയിൽ പ്രാവിണ്യം നേടുന്നതിന് വേണ്ടിയുള്ള "കുഞ്ഞു വായന കത്തെഴുത്ത്" പരിപാടിയും തയ്യാറാക്കിയിട്ടുണ്ട്. കഴിഞ്ഞ വർഷം നടത്തിയ നാസ് സർവ്വേ അനുസരിച്ച് പ്രൈമറി ക്ലാസുകളിലെ വിദ്യാർത്ഥികൾക്ക് ഗണിതത്തിൽ അടിസ്ഥാന പഠന നേട്ടം രാജ്യമൊട്ടുക്ക് കുറവായി കണ്ടെത്തിയിട്ടുണ്ട്. ഈ കുറവ് പരിഹരിക്കുന്നതിനായി കേരളത്തിലെ സ്ക്കൂളുകളിൽ പ്രൈമറി ക്ലാസിലെ കുട്ടികൾക്ക് വേണ്ടി എസ്.എസ്.കെ. ഗണിത വിജയം എന്ന പരിപാടി നടപ്പാക്കി വരുന്നു.

സയൻസിൽ അസാധാരണ മികവ് പുലർത്തുന്ന വിദ്യാർത്ഥികൾക്ക് 'ശാസ്ത്രയാൻ' എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്. സയൻസ് വിഷയങ്ങളോട് പ്രത്യേക പ്രതിപത്തിയുള്ള കുട്ടികൾക്ക് 'ശാസ്ത്ര ജാലകം' രൂപ കല്പന ചെയ്തിരിക്കുന്നു. പ്ലസ് വൺ കുട്ടികൾക്ക് ശാസ്ത്രാവബോധം സൃഷ്ടിക്കുന്നതിനും ശാസ്ത്ര വിജ്ഞാനം പരിപോഷിപ്പിക്കുന്നതിനും വേണ്ടി എസ്. എസ്.കെ.'ശാസ്ത്ര പഥം' സംഘടിപ്പിക്കുന്നു.

ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ സാധ്യതകളും കൂടെ ഉപയോഗിച്ചുകൊണ്ട് ഹയർ സെക്കന്ററി അധ്യാപകർക്ക് 'അധ്യാപക പരിവർത്തന കോഴ്സ്' നടപ്പിലാക്കുന്നു. അപ്പർ പ്രൈമറി വിദ്യാർത്ഥികൾക്ക് വേണ്ടി എസ്.എസ്.കെ. മയൻസ് പാർക്കുകളും ആരംഭിച്ചിട്ടുണ്ട്. ഇന്ത്യയിലാദ്യമായാണ് ഇതുപോലെ നൂതനമായ അനുഭവം എന്നതിനാൽ തന്നെ ഈ കോഴ്സ് വളരെ വിജയകരമായി തുടർന്നു കൊണ്ടിരിക്കുന്നു. ഇന്ത്യയിലെ 53 സർവ്വകലാശാലകളെയും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെയും ചേർത്തുകൊണ്ട് ഹയർ സെക്കന്ററി വിദ്യാർത്ഥികൾക്ക് അവരുടെ അഭിരുചിക്കും കഴിവിനും അനുസരിച്ച ഉന്നത വിദ്യാഭ്യാസം തെരെഞ്ഞെടുക്കുന്നതിന് സഹായിക്കുന്ന 'ദിശ–ഉന്നത വിദ്യാഭ്യാസ എക്സ്പോ' സംഘടിപ്പിച്ചു.

ഇത്തരം പ്രവർത്തനങ്ങളുടെ ഫലമായുണ്ടായ നേട്ടങ്ങളെ ദേശീയ മാനവ ശേഷി മന്ത്രാലയം, നീതി ആയോഗ് തുടങ്ങിയ ഏജൻസികൾ അംഗീകരിച്ചിട്ടുണ്ട്. 'നമ്മുടെ സ്ക്കൂളുകളുടെ നേട്ടങ്ങൾ–സ്ക്കൂൾ വിദ്യാഭ്യാസ ഗുണനിലവാര സൂചിക' എന്ന പേരിൽ സംസ്ഥാനങ്ങളിലെയും കേന്ദ്ര ഭരണ പ്രദേശങ്ങളിലെയും വിദ്യാഭ്യാസ മേഖലയിലെ നേട്ടങ്ങളെ അവലോകനം ചെയ്യുന്നതിന് വേണ്ടി നീതി ആയോഗ് ഒരു റിപ്പോർട്ട് പുറത്തിറക്കിയിട്ടുണ്ട്. 2016–17 വർഷത്തെ അവലംബമാക്കി നീതി ആയോഗ് വികസിപ്പിച്ച സ്ക്കൂൾ വിദ്യാഭ്യാസ ഗുണനിലവാര സൂചിക അനുസരിച്ച് സംസ്ഥാനങ്ങളിലെയും കേന്ദ്രഭരണ പ്രദേശങ്ങളിലെയും സ്ക്കൂൾ പഠന നേട്ടങ്ങളും അടിസ്ഥാന വിവരങ്ങളും ലഭിക്കുന്നു. ഈ സൂചിക അനുസരിച്ച് എല്ലാ സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലും വച്ച് കേരളം ഒന്നാമതായി റാങ്ക് ചെയ്തിരിക്കുന്നു.

കോളേജ് – സർവ്വകലാശാല വിദ്യാഭ്യാസം

ലിംഗ–വർഗ്ഗ വ്യത്യാസമന്യേ ശാരീരിക–മാനസിക വൈഷമ്യങ്ങൾ ഉള്ളവർക്ക് ഉൾപ്പെടെ എല്ലാ വിദ്യാർത്ഥികൾക്കും ഉന്നത വിദ്യാഭ്യാസത്തിനുള്ള തുല്യ അവസരങ്ങൾ നല്കിയിട്ടുണ്ട്. (**ചിത്രം 2.1.2** കാണുക). വിവിധങ്ങളായ സ്കോളർഷിപ്പുകൾ വഴി സാമൂഹികമായും വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികളുടെ ക്ഷേമം ഉറപ്പുവരുത്തുവാനുള്ള ഗവൺമെന്റ് നയങ്ങൾ വകുപ്പ് കാര്യക്ഷമമായി നടപ്പിലാക്കുന്നു.

ഡിഗ്രി ക്ലാസ്സുകളിലെ പ്രവേശനത്തിൽ പെൺകുട്ടികൾ ആൺകുട്ടികളേക്കാൾ കൂടുതലാണ്. അതുപോലെ ആർട്സ് ആന്റ് സയൻസ് കോളേജുകളിലെ എസ് സി – എസ്.റ്റി വിഭാഗങ്ങളിൽ നിന്നുള്ള കുട്ടികളുടെ അനുപാതം അവരുടെ ജനസംഖ്യാ അനുപാതത്തേക്കാൾ കൂടുതലുണ്ട്.

സ്ഥാപനങ്ങളുടെ വികസനം

ഗവൺമെന്റ് കോളേജുകളെ നവീകരിക്കുകയും പ്രവർത്തനം സുഗമമാക്കുകയും ചെയ്യുക എന്ന് ലക്ഷ്യത്തോടെ ഡിജറ്റൽ ഡോക്യുമെന്റ് ഫയലിംഗ് സിസ്റ്റം എല്ലാ ഗവൺമെന്റ് കോളേജുകളിലും നടപ്പിലാക്കിയിട്ടുണ്ട്. 2017–18 അക്കാദമിക വർഷത്തിൽ എറണാകുളം, പാലക്കാട്, കാസർഗോഡ്, മലപ്പുറം ജില്ലകളിൽ നാല് ആർട്ട്സ് ആൻറ് സയൻസ് കോളേജുകൾ ആരംഭിച്ചിട്ടുണ്ട്.

- ഗവ.ആർട്സ് ആൻറ് സയൻസ് കോളേജ്, വൈപ്പിൻ (എറണാകുളം)
- ഗവ.ആർട്സ് ആൻറ് സയൻസ് കോളേജ്, തോളന്നൂർ, (പാലക്കാട്)
- ഗവ.ആർട്സ് ആൻറ് സയൻസ് കോളേജ്, കിനാനൂർ, (കാസർഗോഡ്)
- ഗവ.ആർട്സ് ആൻറ് സയൻസ് കോളേജ്, നിലമ്പൂർ, (മലപ്പുറം)

എന്നിവയാണ് പുതുതായി ആരംഭിച്ച കോളേജുകൾ.

ചിത്രം 2.1.2 ബിരുദ കോഴ്സുകളിലെ വിദ്യാർത്ഥികളുടെ ലിംഗഭേദം, ജാതി തിരിച്ചുള്ള അനുപാതം





ഉറവിടം: കൊളീജിയറ്റ് വിദ്യാഭ്യാസ ഡയറക്ടർ, 2019

പട്ടിക 2.1.3 2018–19–ൽ കേരളത്തിലെ ഉന്നത വിദ്യാഭ്യാസത്തിലേക്കുള്ള പ്രവേശനം

	എണ്ണത്തിൽ			മൊത്തം കുട്ടികളുടെ അനുപാതത്തിൽ (ശതമാനം)	
	ആകെ വിദ്യാർത്ഥികൾ	പെൺ വിദ്യാർത്ഥികൾ	എസ്.സി/ എസ്.ടി. വിദ്യാർത്ഥികൾ	പെൺ വിദ്യാർത്ഥികൾ	എസ്.സി/ എസ്.ടി. വിദ്യാർത്ഥികൾ
ബി.എ.	133235	86110	17481	64.6	13.1
ബി.എസ്.സി	103234	77452	16857	75.0	16.3
ബികോം	45624	29012	6926	63.6	15.2
എം.എ	15461	10083	3303	65.2	21.4
എം എസ് സി	19133	12568	2785	65.7	14.6
എം കോം	6465	4545	1151	70.3	17.8
ആകെ	323152	219770	48503	68.0	15.0
ഗവൺമെന്റ്, എയ്ഡഡ് കോളേജ് എൻജിനിയറിംഗ് ബിരുദധാരികൾ	5292	2186	--	41.3	n.a
ഗവൺമെന്റ്, എയ്ഡഡ് കോളേജ് എൻജിനിയറിംഗ് ബിരുദാനന്തര ബിരുദധാരികൾ	1359	882	--	64.9	n.a

കുറിപ്പ് : -- വിവരം ലഭ്യമല്ല
ബി എ, ബി എസ് സി ബികോം വിദ്യാർത്ഥി പ്രവേശനത്തിൽ ഒന്നും രണ്ടും മൂന്നും വർഷത്തെ വിദ്യാർത്ഥികളുടെ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. എം എ, എം എസ് സി വിദ്യാർത്ഥികളുടെ പ്രവേശനത്തിൽ ഒന്നും രണ്ടും വർഷത്തെ വിദ്യാർത്ഥികളുടെ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. 2018-19-ൽ പ്രവേശനം നേടിയ എൻജിനിയറിംഗ് വിദ്യാർത്ഥികളുടെ വിവരങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

29 കോളേജുകൾക്ക് നാക് അക്രഡിറ്റേഷൻ ലഭിക്കുക വഴി യു.ജി.സി. യിൽ നിന്ന് കൂടുതൽ ഫണ്ട് ലഭിക്കാനുള്ള അവസരവും സൃഷ്ടിച്ചിട്ടുണ്ട്. 562 അധ്യാപകരും 436 അനധ്യാപകരും കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ വഴി സംസ്ഥാനത്തെ വിവിധ കോളേജുകളിലായി ജോലിയിൽ പ്രവേശിച്ചിട്ടുണ്ട്.

52 പുതിയ കോഴ്സുകളും 68 അധ്യാപക തസ്തികകളും 25 അനധ്യാപിക തസ്തികകളും പുതുയാതി സൃഷ്ടിച്ചിട്ടുണ്ട്. 22 ഡിഗ്രി കോഴ്സുകളും, 21 പി. ജി കോഴ്സുകളും 4 എം.ഫിൽ കോഴ്സുകളുമാണ് പുതുതായി സൃഷ്ടിച്ചത്.

കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപനങ്ങളുടെയും സ്ഥലവും സ്വത്തുമായി ബന്ധപ്പെട്ട എല്ലാ രേഖകളും ലഭ്യമാവുന്ന രീതിയിൽ ഒരു പ്രോപ്പർട്ടി മാനേജ്മെന്റ് സെൽ രൂപീകരിച്ചിട്ടുണ്ട്.

ഡിജിറ്റൽ മാപ്പിംഗിനും അതിർത്തി രേഖപ്പെടുത്തുന്നതിനും (അതിർത്തിയില്ലാത്ത സ്ഥലങ്ങളിലെ ഭൂമി കയ്യേറ്റത്തെ കുറിച്ചുള്ള വിവരങ്ങൾ ഉൾപ്പെടെ) ഉള്ള ശ്രമങ്ങൾ അടിയന്തിരമായി ആരംഭിച്ചിട്ടുണ്ട്.

അക്കാദമിക മികവ് : റെഗുലർ ക്ലാസ്സുകൾക്ക് പുറമേ തിരുവനന്തപുരം സംസ്കൃത കോളേജിൽ സ്ഥിതി ചെയ്യുന്ന മേഘനാഥസഹ സെൻറർ (വിഭവ വികസന സ്റ്റുഡിയോ) വഴി പ്രഗത്ഭരായ വ്യക്തികളുടെ പ്രഭാഷണങ്ങളും ക്ലാസ്സുകളും നേരിട്ടും റെക്കോർഡ് ചെയ്തും കേൾക്കാൻ സാധിക്കുന്നു. എല്ലാ കോളേജുകളിലും ബി.എസ്.എൻ.എല്ലിനെ 10 എം.ബി. പി.എസ്. കണക്ഷനുകൾ ഉള്ളതുകൊണ്ട് കുറഞ്ഞ ചെലവിൽ ലഭ്യമാണ്.
'സിലബസിനപ്പുറം' മലയാള സാഹിത്യ യാത്ര, വിൻഗ്ളീഷ് എന്നീ ഓൺലൈൻ ക്ലാസ്സുകൾ മേഘനാദ സഹ സെന്റർ വഴി ഇപ്പോൾ നടപ്പിലാക്കുന്നു.

വിദ്യാർത്ഥികളിലെ ഡിപ്രഷനും ആത്മഹത്യ പ്രവണതയും കൈകാര്യം ചെയ്യുന്നതിന് വേണ്ടി ബാംഗ്ലൂർ നിംഹാസുമായി ചേർന്ന് കൊണ്ട് ഒരു പരിപാടി നടപ്പിലാക്കാൻ ആരംഭിച്ചിട്ടുണ്ട്. 75 ഗവൺമെന്റ് കോളേജുകളിലുമായി ജീവനി–മാനസിക അവലോകനം പരിപാടി നടപ്പിലാക്കുന്നു. ഇതിന്റെ ഭാഗമായി മനശാസ്ത്ര ബിരുദ–ബിരുദാനന്തര–ബിരുദമുള്ളവരെ അപ്രൻറിസ് ആയി 66 കോളേജുകളിലും താല്കാലികമായി നിയമിച്ചിട്ടുണ്ട്.

സാങ്കേതിക വിദ്യാഭ്യാസം

ദേശീയ പ്രാധാന്യം ലഭിക്കത്തക്കരീതിയിൽ സംസ്ഥാനത്തെ സാങ്കേതിക വിദ്യാഭ്യാസമേഖലയെ

ശാക്തീകരിക്കുന്നതിനുള്ള വിവിധങ്ങളായ പദ്ധതികൾക്ക് കേരള ഗവൺമെൻറ് തുടക്കം കുറിച്ചിട്ടുണ്ട്. ഉയർന്ന അക്കാദമിക നിലവാരമുള്ള സാങ്കേതിക വിദഗ്ധരെ സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ ഈ പ്രവർത്തനങ്ങൾ നടപ്പിലാക്കാനുള്ള ചുമതല സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഡിപ്ലോമ സർട്ടിഫിക്കറ്റ് കോഴ്സുകളെ ആധുനികവത്കരിക്കുന്നതോടൊപ്പം വിദ്യാർത്ഥികളെ സംരംഭങ്ങളും സ്റ്റാർട്ട് അപ്കളും തുടങ്ങുന്നതിന് പ്രാപ്തരാക്കാൻ പരിശീലനം നൽകുകയും ചെയ്യുന്നു.

സ്ഥാപനങ്ങളുടെ വികസനം

9 എഞ്ചിനീയറിംഗ് കോളേജുകളും 45 ഗവൺമെന്റ് പോളിടെക്നിക് കോളേജുകളും 39 ടെക്നിക്കൽ ഹൈസ്കൂളുകളും വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്നു.

മികവിന്റെ ഉയർന്ന തലത്തിൽ എത്തിക്കുന്നതിനും ഗുണനിലവാരമുള്ള പ്രഫഷണലുകളെ വാർത്തെടുക്കുന്നതിന് വേണ്ടി അടിസ്ഥാന സൗകര്യ വികസനങ്ങളിൽ കാര്യമായ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. ക്ലാസ്സുമുറികൾ, ഹോസ്റ്റൽ സൗകര്യങ്ങൾ ലബോറട്ടറികൾക്ക് ആവശ്യമായ ഉപകരണങ്ങൾ, ഡിജിറ്റൽ–ഈ ലൈബ്രറികൾക്ക് വേണ്ട സംവിധാനങ്ങൾ, ഗവേഷണ സൗകര്യങ്ങൾ പാഠ്യ–പാഠ്യേതര പ്രവർത്തനങ്ങൾക്കുള്ള സൗകര്യങ്ങൾ, സ്ഥലമേറ്റെടുക്കൽ, തുടങ്ങിയവയാണ് പ്രധാന പ്രവർത്തനങ്ങൾ. കഴിഞ്ഞ 2 വർഷങ്ങളിൽ ജലമാനേജ്മെന്റിനും കുടിവെള്ള സൗകര്യങ്ങൾ, മഴവെള്ള സംഭരണത്തിനും പാരമ്പര്യേതര ഊർജ്ജ സംരക്ഷണത്തിനും സാമൂഹ്യ പ്രസക്തിയുള്ള മേഖലകളിലെ ഗവേഷണത്തിനുമായി കൂടുതൽ ശ്രദ്ധ ചെലുത്തിയിട്ടുണ്ട്.

> **പുതിയ കെട്ടിടങ്ങളുടെ ഉദ്ഘാടനം** – തിരുവനന്തപുരം എഞ്ചിനീയറിങ് കോളേജിലെ ആർക്കിടെക്ചർ ബ്ലോക്കും, ഹോസ്റ്റൽ ബ്ലോക്കും, തിരുവനന്തപുരം ചേർത്തല മേപ്പാടി കടുംതുരുത്തി, കളമശ്ശേരി പോള്ടെക്നിക്കുകളിൽ പുതിയ കെട്ടിടം, അടിമാലി ടെക്നിക്കൽ ഹൈസ്കൂളിൽ പുതിയ കെട്ടിടം പാലക്കാട് ഗവ. എഞ്ചിനീയറിങ് കോളേജിലെ ഭൂജല സംരക്ഷണം ഉറപ്പാക്കി കൊണ്ടുള്ള മഴവെള്ള സംഭരണ സംവിധാനം പുരോഗമിക്കുന്നു.
> തിരുവനന്തപുരം, കണ്ണൂർ, തൃശ്ശൂർ എഞ്ചിനീയറിങ് കോളേജുകളിൽ പാരമ്പര്യേതര ഊർജ്ജ ഉല്പാദനത്തിന്റെ ഭാഗമായി സൗരോർജ്ജം പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്.

ഗവേഷണവും മറ്റ് അക്കാദമിക പരിപാടികളും

കോട്ടയം ആർ ഐ.ടിയിൽ പുനരുപയോഗ കെട്ടിട നിർമ്മാണ സംവിധാനം, ബാർട്ടൺഹിൽ സർക്കാർ എഞ്ചിനീയറിംഗ കോളേജിൽ സെന്റർ ഫോർ ബാംബൂ ടെക്നോളജി, കണ്ണൂർ ഗവൺമെന്റ് എഞ്ചിനിയറിംഗ് കോളേജിൽ ഗ്രാമീണ സാങ്കേതിക വികസന കേന്ദ്രം, തിരുവനന്തപുരം സർക്കാർ എഞ്ചിനിയറിംഗ് കോളേജിൽ ട്രാൻസ്പോർട്ടേഷൻ എഞ്ചിനിയറിംഗ് റിസർച്ച് സെന്റർ എന്നിവ വകുപ്പ് ഏറ്റെടുത്തുള്ള ഗവേഷണ സംരംഭങ്ങളാണ്.

ഘട്ടം ഘട്ടമായി എല്ലാ ഗവൺമെന്റ് എഞ്ചിനിയറിംഗ് കോളേജുകളും അതത് സ്ഥാപനത്തിന്റെ പ്രത്യേക മേഖലയ്ക്കനുസരിച്ചുള്ള അന്തർ പഠനശാഖാ കേന്ദ്രങ്ങൾ സ്ഥാപിക്കുവാൻ ആരംഭിച്ചിട്ടുണ്ട്. സമൂഹത്തിന് ഉപയോഗപ്രദമായ ഗുണനിലവാരമുള്ള ഗവേഷണ ഫലങ്ങൾ പുറത്തുകൊണ്ടുവരാനും അധ്യാപകരിൽ അന്തർപഠനശാഖാ ഗവേഷണങ്ങൾ പ്രോത്സാഹിപ്പിക്കാനുമുള്ള വേദികളായി ഇവയെ വിഭാവനം ചെയ്യുന്നു. പൈലറ്റ് പ്രോജക്ട് എന്ന നിലയ്ക്ക് തിരുവനന്തപുരം ഗവൺമെന്റ് എഞ്ചിനിയറിംഗ് കോളേജിൽ സ്റ്റുഡന്റ് സാറ്റലൈറ്റ് എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്. തൃശ്ശൂർ ഗവൺമെന്റ് എഞ്ചിനിയറിംഗ് കോളേജിൽ റോബോട്ടിക്സ് ലുള്ള ഒരു നോഡൽ കേന്ദ്രവും ആരംഭിച്ചിട്ടുണ്ട്. കണ്ണൂർ ഗവൺമെന്റ് എഞ്ചിനിയറിംഗ് കോളേജിൽ സിസ്റ്റംസ്, എനർജി ആന്റ് എൻവയോൺമെന്റിൽ ഒരു മികവിന്റെ കേന്ദ്രം സജ്ജീകരിച്ചുകൊണ്ടിരിക്കുന്നു. വിദ്യാർത്ഥികൾക്ക് നവീന സാങ്കേതിക വിദ്യയെ കൂടുതൽ പരിചയപ്പെടുത്തുന്നതിനും യഥാർത്ഥ പരിശീലനങ്ങൾ ലഭിക്കുന്നതിനും വേണ്ടി ഉല്പന്ന പരിശീലന കേന്ദ്രങ്ങളും മെറ്റീരിയൽ ടെസ്റ്റിംഗ് സെന്ററുകളും റോബോട്ടിക്കൽ ലബോറട്ടറികളും വിവിധ സ്ഥാപനങ്ങളിൽ ആരംഭിച്ചിട്ടുണ്ട്.

ഗവൺമെന്റ് എഞ്ചിനിയറിംഗ് കോളേജുകളിലും തെരഞ്ഞെടുക്കപ്പെട്ട പോളിടെക്നിക്ക് കോളേജുകളിലും പ്രവർത്തിക്കുന്ന ടെക്നോളജി ബിസിനസ് ഇൻക്യൂബേഷൻ സെന്ററുകളും കേരള സ്റ്റാർട്ട് അപ് മിഷനും വഴി സംരംഭകത്വം പ്രോത്സാഹിക്കപ്പെടുന്നു.

അധ്യാപകർക്ക് അവരുടെ അറിവുകൾ കാലിക മാക്കുന്നതിനും ഉന്നതപഠനം നേടുന്നതിനും ശ്രദ്ധ നല്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഒരു അക്കാദമിക് സ്റ്റാഫ് കോളേജ്ജും ഇൻറ്റേണൽ ക്വാളിറ്റി അഷുറൻസ് കേന്ദ്രവും 2018–19 മുതൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

എൻ എസ് എസ് ടെക്നിക്കൽ സെല്ലിന്റെ ആഭിമുഖ്യത്തിൽ വിദ്യാർത്ഥി വോളന്റിയർമാരുടെ സേവനം സമൂഹത്തിൽ വ്യാപിപ്പിക്കുന്നതിന് പുനർജ്ജനി എന്ന പരിപാടിയും നടന്നുവരുന്നു. സാങ്കേതിക വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപനങ്ങളിലും എൻ എസ് എസ് വോളന്റിയർമാർ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി വെള്ളപ്പൊക്ക ദുരിതാശ്വാസ

പ്രവർത്തനങ്ങളിൽ ഏർപ്പെട്ടു.

2018 ലെ വെള്ളപ്പൊക്കത്തിൽ സംഭവിച്ച നാശനഷ്ടങ്ങളുടെ സർവ്വേ നടത്തുന്നതിന്, ഗവൺമെന്റിന്റെ നിർദ്ദേശ പ്രകാരം, സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ് ഇതിനായി രൂപ കൽപ്പന ചെയ്ത സമർപ്പിത വെബ് പോർട്ടലിലൂടെ സംസ്ഥാനത്തെ സാങ്കേതിക സ്ഥാപനങ്ങളിൽ നിന്നുള്ള 55,000 സന്നദ്ധ പ്രവർത്തകരെ അണിനിരത്തി. എൽ എസ് ജി ഡി യുടെ അഭ്യർത്ഥന പ്രകാരം ഡി.റ്റി.ഇ പോളിടെക്നിക് കോളേജിൽ നിന്നും എഞ്ചിനീയറിംഗ് കോളേജിൽ നിന്നുമായി 31,000 വിദ്യാർത്ഥി സന്നദ്ധ പ്രവർത്തകരെ നൽകി. ഈ വിദ്യാർത്ഥികൾ ഏകദേശം 2 ലക്ഷം വീടുകളിൽ വിജയകരമായി സർവ്വേ നടത്തി. ചീഫ് എഞ്ചിനീയർ നൽകിയ ഫോർമാറ്റ് അനുസരിച്ച്, എൽ.എസ്.ജി.ഡി നിർദ്ദേശിച്ച സമയത്തിനുള്ളിൽ സര്വ്വേ പൂർത്തീകരിക്കാൻ അവർക്ക് സാധിച്ചു.

- ഫാക്കൽറ്റിയും വിദ്യാർത്ഥികളും ഒമ്പത് പേറ്റന്റ് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ഒരു പേറ്റന്റ് ലഭിച്ചു.
- സംസ്ഥാനത്തെ എല്ലാ സർക്കാർ ടെക്നിക്കൽ ഹൈസ്കൂളുകളിൽ റോബോട്ടിക് ക്ലബുകൾ രൂപീകരിക്കുന്ന പ്രക്രീയ അവസാന ഘട്ടത്തിലാണ്. ഏറ്റവും പുതിയ സാങ്കേതിക പ്രവണതകൾ സ്കൂൾ തലത്തിൽ വിദ്യാർത്ഥികളിലേക്ക് എത്തിക്കുക എന്നതാണിതിന്റെ ലക്ഷ്യം. ടെക്നിക്കൽ ഹൈസ്കൂളിലെ തിരഞ്ഞെടുക്കപ്പെടുന്ന പ്രോജക്റ്റുകൾക്ക് ശാസ്ത്രസാങ്കേതിക മേളകളിൽ പ്രത്യേക മത്സരങ്ങൾ നടത്തുന്നു.
- തിരഞ്ഞെടുക്കപ്പെട്ട പോളിടെക്ക്നിക്ക് കോളേജുകളിൽ അഡ്വാൻസ്ഡ് ഫാബ്രിക്കേഷൻ ലാബുകൾ തയ്യാറാക്കുന്ന പ്രക്രീയ നടന്നുകൊണ്ടിരിക്കുന്നു. അതുവഴി വിദ്യാർത്ഥികളെ ആർട്ട് ഉപകരണങ്ങളുമായി (ത്രി ഡി പ്രിന്റേഴ്സ്, റോബോട്ടിക്സ്, ഇലക്ട്രോണിക്സ് വികസന ഉപകരണങ്ങൾ ഐ ഒ റ്റി) പരിചയപ്പെടുത്താൻ കഴിയുന്നു. സംസ്ഥാനത്തെ ഡിപ്ലോമ തല വിദ്യാഭ്യാസത്തിൽ ഏറ്റവും പുതിയ സാങ്കേതിക വിദ്യ കൊണ്ടുവരാൻ സാധിക്കും.
- ഗവൺമെന്റ് ക്യാമ്പസിൽ ഒരു മിനി-ഫാബ് ലാബ് സ്ഥാപിക്കുന്നതിനായി പാലക്കാട് പോളിടെക്നിക് കോളേജ് കേരള സ്റ്റാർട്ടപ് മിഷനുമായി ധാരണ പത്രം ഒപ്പിട്ടു.

ആരോഗ്യം

കേരളത്തിൽ ആരോഗ്യ വിദ്യാഭ്യാസ രംഗത്ത് ഉണ്ടാകുന്ന പരിവർത്തനങ്ങൾക്ക് പൊതുസ്ഥാപനങ്ങളുടെ പങ്ക് മാതൃകാപരമാണ്. ഈ രണ്ട് മേഖലകളിലും ഉള്ള പൊതു പ്രവർത്തനത്തിന്റെ പ്രാധാന്യം പതിമൂന്നാം പഞ്ചവത്സര പദ്ധതി അംഗീകരിച്ചു.

ആരോഗ്യ വിദ്യാഭ്യാസ രംഗത്ത് ഉണ്ടാകുന്ന പരിവർത്തനത്തിന്റെ ഭാഗമായി സംസ്ഥാനം ഒരു പുതിയ ഘട്ടത്തിലേക്ക് കടക്കുകയാണെന്നും ആധുനിക സമൂഹത്തിന്റെ മാറിക്കൊണ്ടിരിക്കുന്ന വിദ്യാഭ്യാസ ആരോഗ്യ ആവശ്യങ്ങളുമായി ബന്ധപ്പെട്ട് പൊതു സ്ഥാപനങ്ങൾ വഹിക്കേണ്ട പങ്കിനെക്കുറിച്ചും ഇതിലൂടെ ഒരു പുതു സ്വഭാവ ഘടനയോടുകൂടിയ ജനസമൂഹത്തെ സൃഷ്ടിക്കുക എന്നതുമാണ് പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലേക്കുള്ള സമീപന റിപ്പോർട്ട് പ്രതിപാദിക്കുന്നത്. ആരോഗ്യം, വിദ്യാഭ്യാസം എന്നിവയിൽ പൊതുമേഖലയുടെ പ്രാധാന്യം പുനസ്ഥാപിക്കുക, ആരോഗ്യ-വിദ്യാഭ്യാസ രംഗത്തു ജനങ്ങൾക്ക് ആശ്രയിക്കാവുന്നതും ആത്മവിശ്വാസമുള്ളതുമായ ജനസൗഹൃദ സംവിധാനങ്ങൾ സൃഷ്ടിക്കുക എന്നിവയാണ് ആരോഗ്യം, വിദ്യാഭ്യാസം എന്നീ മേഖലകളിലെ പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ പ്രധാന സവിശേഷത. പുതിയ ഒരു കേരളം എന്ന ലക്ഷ്യത്തോടെ ആരോഗ്യ വിദ്യാഭ്യാസ രംഗത്തുണ്ടായ പ്രധാന 4 ദൗത്യങ്ങൾ ഉൾപ്പെടുത്തി 2016 -ൽ സംസ്ഥാന സർക്കാർ വ്യക്തമായ ഒരു ദൗത്യരേഖ തയ്യാറാക്കിയിട്ടുണ്ട്. കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ പൊതുജനാരോഗ്യ-വിദ്യാഭ്യാസ രംഗത്ത് കൈവരിച്ച പുരോഗതി അവലോകനം ചെയ്യാനാണ് ഈ അദ്ധ്യായം ശ്രമിക്കുന്നത്.

സംസ്ഥാന ആരോഗ്യ നയം

സംസ്ഥാനത്ത് ഒരു പുതിയ ആരോഗ്യനയം രൂപീകരിക്കുന്നതിന്റെ ഭാഗമായി ആസൂത്രണ ബോർഡ് അംഗം ഡോ. ബി. ഇക്ബാൽ തലവനായുള്ള 17 അംഗ സമിതി സർക്കാർ രൂപീകരിച്ചു. ആരോഗ്യ മേഖലയിൽ സാധാരണക്കാരന്റെ ആവശ്യങ്ങൾ ആരായുന്നതിനായി വിവിധ ജില്ലകളിൽ സമിതി യോഗം ചേരുകയും കൂടാതെ ആരോഗ്യ മേഖലയുമായി ബന്ധപ്പെട്ട വിദഗ്ധർ, തൊഴിൽ ചെയ്യുന്നവർ, വ്യക്തികൾ എന്നിവരുമായി സമിതി കൂടിയാലോചനകൾ നടത്തി. രോഗനിർണ്ണയത്തിന് മുഖ്യ പങ്ക് വഹിക്കുന്ന പ്രാഥമിക ആരോഗ്യ മേഖലയെ ശക്തിപ്പെടുത്തുന്നതിനും പകർച്ചവ്യാധികൾ വ്യാപിക്കുന്നത് തടയുന്നതിനുമായി താഴെതട്ടിലേക്കുള്ള രോഗപ്രതിരോധം ശക്തിപ്പെടുത്തുന്നതിനും സമിതി ഊന്നൽ നല്കുന്നു. ചികിത്സാസൗകര്യങ്ങൾ ശക്തിപ്പെടുത്തുന്നതിന് പുറമേ രോഗപ്രതിരോധത്തിനു ഊന്നൽ നല്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും സമിതി പരിശോധിച്ചു. സർക്കാർ ധനസഹായത്തിലുള്ള സൗജന്യവും സാർവത്രികവും സമഗ്രവുമായ ആരോഗ്യ സംരക്ഷണ സംവിധാനത്തിലൂടെ മാതൃ ശിശു മരണനിരക്കുകൾ വികസിത രാജ്യങ്ങളിലെ നിരക്കിലേക്കെത്തിക്കുക ജനങ്ങളുടെ ആയുർദൈർഘ്യം

വർദ്ധിപ്പിക്കുക എന്നിവ ലക്ഷ്യമിടുന്നു. കരട് റിപ്പോർട്ട് ഗവണ്മെന്റിനു തുടർ നടപടികൾക്ക് സമർപ്പിച്ചിരിക്കുന്നു.

ആർദ്രം മിഷൻ

സർക്കാർ ആശുപത്രികളിലെ അടിസ്ഥാന സൗകര്യങ്ങളും സേവനങ്ങളും മെച്ചപ്പെടുത്തുന്നതിലൂടെ രോഗീ സൗഹൃദമാക്കുക എന്ന ലക്ഷ്യത്തോടെ ആദ്രം മിഷൻ എന്ന പദ്ധതി ആരംഭിച്ചു. പല സർക്കാർ ആശുപത്രികളിലും രോഗികളുടെ എണ്ണം വളരെ കൂടുതലാണ്. സർക്കാർ ആശുപത്രികളിൽ ഔട്ട് പേഷ്യന്റ് മെഡിക്കൽ പരിശോധനകളും മറ്റ് പരിശോധനകളും കുറഞ്ഞ സമയത്തിനുള്ളിൽ നൽകി കൊണ്ടും ഗുണനിലവാരമുള്ള ആരോഗ്യ പരിരക്ഷ ഉറപ്പാക്കികൊണ്ടും പൊതുജന സൗഹൃദമാക്കാൻ കഴിയും. ഇത് കിടത്തിച്ചികിത്സ ആവശ്യമായ രോഗികൾക്കു വേണ്ടത്ര ശ്രദ്ധ നൽകുന്നതിന് സഹായിക്കും. സർക്കാർ മെഡിക്കൽ കോളജ് ഹോസ്പിറ്റലുകൾ, ജില്ലാ താലൂക്ക് ആശുപത്രികൾ, പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ എന്നിങ്ങനെ മൂന്ന് ഘട്ടങ്ങളിലായാണ് ആർദ്രം മിഷൻ നടപ്പാക്കുന്നത്. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബ ആരോഗ്യകേന്ദ്രങ്ങളായി മാറ്റി മതിയായ മരുന്ന് വിതരണം, ഉറപ്പായ പ്രോട്ടോക്കോളുകൾ എന്നിവയിലൂടെ ജനങ്ങളുടെ മെച്ചപ്പെട്ട ആരോഗ്യം ഉറപ്പുവരുത്തി പൊതുജനാരോഗ്യവ്യവസ്ഥയിൽ അവരുടെ വിശ്വാസം വർദ്ധിപ്പിക്കാൻ കഴിയും. സർക്കാർ ആശുപത്രികളിലെ സേവനങ്ങളും സൗകര്യങ്ങളും മെച്ചപ്പെടുത്തുന്നതിനും ന്യായമായ ചെലവിലും സമയത്തിലും സംതൃപ്തിയിലും ചികിത്സ നൽകുന്നതിനും മിഷൻ ലക്ഷ്യമിടുന്നു. മിഷന്റെ പ്രധാന ലക്ഷ്യങ്ങൾ താഴെ പറയുന്നു.

1. മെഡിക്കൽ കോളേജ് ആശുപത്രികളുടെയും മറ്റ് ഗവൺമെൻറ് ആശുപത്രികളുടെയും ഔട്ട്പേഷ്യന്റ് (ഒ.പി.) വിഭാഗങ്ങളുടെ രോഗി സൗഹൃദ പരിവർത്തനം.
2. ജില്ല താലൂക്ക് തല ആശുപത്രികളെ മാതൃകാനിലവാരത്തിലേക്കുയർത്തൽ
3. പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ കുടുംബ ആരോഗ്യകേന്ദ്രങ്ങളായി ഘട്ടം ഘട്ടമായി വികസിപ്പിക്കുക.
4. ആശുപത്രികളിലെ രോഗികളുടെ പരിചരണത്തിൽ പ്രോട്ടോക്കോൾ അടിസ്ഥാനത്തിലുള്ള ചികിത്സ
5. മാർഗ്ഗനിർദ്ദേശങ്ങൾ ഉറപ്പുവരുത്തുക.

കുടുംബ ആരോഗ്യ കേന്ദ്രങ്ങൾ

I2017–18 കാലത്ത് 14 ജില്ലകളിലായി 170 പി.എച്ച്.സി. കൾ കുടുംബ ആരോഗ്യ കേന്ദ്രങ്ങളായി വികസിപ്പിക്കുന്നതിനായി സർക്കാർ കണ്ടെത്തിയിട്ടുണ്ട്. ഒരു മെഡിക്കൽ ഓഫീസർ, രണ്ട് സ്റ്റാഫ് നഴ്സുമാർ, ഒരു ലാബ് ടെക്നീഷ്യൻ എന്നീ തസ്തികകൾ സൃഷ്ടിച്ചു നിയമനം നടത്തിയതുമൂലം പ്രാഥമികാരോഗ്യകേന്ദ്രങ്ങളിൽ കുറഞ്ഞത് 3 ഡോക്ടർമാരും 4 നഴ്സുമാരും ഉണ്ടാകും. ആദ്രം മിഷൻ പദ്ധതിയുടെ ഭാഗമായി സൃഷ്ടിച്ച അധിക തസ്തികകളുടെ വിശദാംശങ്ങൾ പട്ടിക 2.2.1 ൽ നൽകിയിരിക്കുന്നു. 160 ഫാമിലി ഹെൽത്ത് സെന്ററുകൾ പ്രവർത്തനം തുടങ്ങുകയും ബാക്കിയുള്ളവ പുരോഗമിക്കുകയും ചെയ്യുന്നു. 2018–19 ലെ രണ്ടാം ഘട്ടത്തിൽ 504 പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ കുടുംബ ആരോഗ്യകേന്ദ്രങ്ങളായി വികസിപ്പിക്കുന്നതിന് തെരഞ്ഞെടുത്തു. അതിൽ 44 എണ്ണം പൂർത്തിയായി. മറ്റ് പി.എച്ച്.സി. കളിൽ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു. പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ കുടുംബ ആരോഗ്യകേന്ദ്രങ്ങളായി വികസിപ്പിക്കുന്നത് സംബന്ധിച്ച ജനങ്ങളുടെ പ്രതികരണനം പ്രോത്സാഹനജനകമാണ്. മൂന്നാം ഘട്ടത്തിൽ 220 പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ കുടുംബ ആരോഗ്യകേന്ദ്രങ്ങളായി മാറ്റാൻ തെരഞ്ഞെടുത്തു.

ക്ലിനിക്കൽ കെയർ, പൊതുജനാരോഗ്യ പ്രവർത്തനങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ ഈ സ്ഥാപനങ്ങളുടെ സേവനം വർദ്ധിപ്പിച്ചിരിക്കുകയാണ്. വൈകുന്നേരം 6.00 മണി വരെ ഔട്ട്പേഷ്യൻ കെയർ നൽകി വരുന്നു. ഇ–ഹെൽത്ത് പ്രോജക്ട് നടപ്പിലാക്കുന്നതിലൂടെ കുടുംബ ആരോഗ്യ രജിസ്ട്രേഷൻ ഡാറ്റയെ അടിസ്ഥാനപ്പെടുത്തി വ്യക്തിഗത രോഗ പരിപാലന പദ്ധതിയും കുടുംബ ആരോഗ്യ പദ്ധതിയും കൂടുതൽ വികസിപ്പിക്കപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു. ഇ–ആരോഗ്യസേവനത്തിനുള്ള രജിസ്ട്രേഷൻ നടപടിക്രമം ഇതിനകം ആരംഭിച്ചിട്ടുണ്ട്. പഞ്ചായത്തുകളുമായും പൊതുജന പങ്കാളിത്തത്തോടെയും

പട്ടിക 2.2.1 ആർദ്രം മിഷനു കീഴിൽ സൃഷ്ടിച്ച അധിക തസ്തികകളുടെ വിശദാംശങ്ങൾ

വിഭാഗം	ആദ്യ ഘട്ടം	രണ്ടാം ഘട്ടം
മെഡിക്കൽ ഓഫീസർ	170	400
സ്റ്റാഫ് നേഴ്സ്	340	400
ഫാർമസിസ്റ്റ്	150	0
ലാബ് ടെക്നീഷ്യൻ	170	200
ആകെ	830	1000

ഉറവിടം: ആരോഗ്യ സേവന ഡയറക്ടറേറ്റ്

സഹകരിച്ച വാർഡ്, പഞ്ചായത്ത് തലത്തിലുള്ള പ്രതിരോധം, പരിപാലനം, പുനരധിവാസസംരക്ഷണ സേവനങ്ങൾ എന്നിവയിലൂന്നി ആരോഗ്യപദ്ധതികൾ വികസിപ്പിച്ചെടുക്കും. ആർദ്രം ദൗത്യത്തിന്റെ ഭാഗമായി ആരോഗ്യസേന എന്ന പുതിയ ഹെൽത്ത് വോളന്റിയർ സംവിധാനം ആരംഭിച്ചിട്ടുണ്ട്. കേരളീയ സമൂഹത്തിന്റെ സാംക്രമിക രോഗങ്ങളെ അടിസ്ഥാനമാക്കി പ്രാഥമിക ആരോഗ്യ പരിപാലന സംവിധാനം പുനഃസംഘടിപ്പിക്കുന്നതിനുവേണ്ടിയുള്ള ഇടപെടലുകൾ പ്രത്യേകിച്ചും പകർച്ച വ്യാധികൾ സംബന്ധിച്ച പരിപാടികൾ ഇതിന്റെ ഒരു ശ്രദ്ധേയമായ മേഖലയാണ്. പി.എച്ച്.സി. തലത്തിൽ കൈകാര്യം ചെയ്യപ്പെടുന്ന 53 സാധാരണ ചികിത്സാ ഉപാധികൾക്കുള്ള ചികിത്സ മാർഗ്ഗനിർദ്ദേശങ്ങൾ മെഡിക്കൽ ഓഫീസർമാർക്കായി തയ്യാറാക്കുകയും ലഭ്യമാക്കുകയും ചെയ്യുന്നു.

പരിശീലന നില

പരിഷ്കരിച്ച തൊഴിൽ ഉത്തരവാദിത്തങ്ങളും കുടുംബ ആരോഗ്യകേന്ദ്ര പരിവർത്തന മാർഗനിർദേശങ്ങളും ഇതിനകം തയ്യാറാക്കിയിട്ടുണ്ട് കൂടാതെ ജീവനക്കാർക്ക് മൊഡ്യൂൾ അടിസ്ഥാനത്തിൽ പരിശീലനം ആരംഭിച്ചിട്ടുണ്ട്. എല്ലാ വിഭാഗം ജീവനക്കാർക്കും സമഗ്രവും നിരന്തരവുമായ പരിശീലനം നടത്തുന്നതിലൂടെ സേവന ഗുണനിലവാരം ഉറപ്പുവരുത്തുക എന്നതാണ് സർക്കാരിന്റെ നയം. ഈ പരിശീലനത്തിന്റെ ഉത്തരവാദിത്തം എസ്.എച്ച്. എസ്.ആർ.സിക്ക് നൽകിയിട്ടുണ്ട്. മൂന്ന് തരത്തിലുള്ള പരിശീലനമാണ് നൽകിവരുന്നത്. ടീം ബിൽഡിംഗ് പരിശീലനം, ആശയ അടിസ്ഥാനത്തിലുള്ള പരിശീലനം, നൈപുണ്യ പരിശീലനം.

ആശ്വാസം ക്ലിനിക്കുകൾ

സംസ്ഥാനത്തൊട്ടാകെയുള്ള 170 ഫാമിലി ഹെൽത്ത് സെൻററുകളിൽ പ്രാഥമിക പരിചരണത്തിൽ ആശ്വാസം ഡിപ്രഷൻ മാനേജ്മെന്റ് പദ്ധതി ആരംഭിച്ചു. പി. എച്. ക്യു. 9 ഉം മാനസിക പ്രാഥമിക ചികിത്സയും ഉപയോഗിച്ചു പരിശോധന നടത്തുന്നതിന് ആരോഗ്യ പ്രവർത്തകരും സ്റ്റാഫ് നഴ്സുമാരും പരിശീലനം നേടിയപ്പോൾ പ്രാഥമിക ശുശ്രൂഷയിൽ വിഷാദ രോഗനിർണ്ണയത്തിലും മാനേജ്മെന്റിലും ഡോക്ടർമാരെ പരിശീലിപ്പിക്കാനായി. ഡി.എം. എച്ച്.പി മാനസികരോഗവിദഗ്ദ്ധൻ കാണേണ്ട കേസുകൾക്കായുള്ള റഫറൽ പ്രോട്ടോക്കോൾ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 178 കുടുംബാരോഗ്യ കേന്ദ്രങ്ങളിലും 39 ഉപജില്ല–ജില്ലാ ആശുപത്രികളിലും ശ്വാസ് ക്ലിനിക്കുകൾ ആരംഭിച്ചു. 2018 ആഗസ്റ്റ് മുതൽ 2019 സെപ്റ്റംബർ വരെ സി.ഒ.പി.ഡി രോഗം നിർണയിക്കപ്പെട്ടവരുടെ എണ്ണം 13126 ഉം ആസ്മ രോഗം നിർണയിക്കപ്പെട്ടവർ 8011 പേരുമാണ്.

കേരള സി.ഒ.പി.ഡി. പ്രതിരോധ നിയന്ത്രണ പരിപാടി –ശ്വാസ്

ലോകവ്യാപകമായി രോഗാവസ്ഥക്കും മരണത്തിനും നിദാനമായ പ്രമുഖ കാരണങ്ങളിലൊന്നാണ് ക്രോണിക് ഒബ്സ്ട്രക്റ്റീവ് പൾമൊണറി ഡിസീസ് (സി.ഒ.പി.ഡി.). രാജ്യത്ത് ആദ്യമായി സി.ഒ.പി. ഡി പ്രിവൻഷൻ ആൻഡ് കൺട്രോൾ പരിപാടി രൂപീകരിക്കുന്നതിനുള്ള ധീരമായ നടപടി കേരളം സ്വീകരിക്കുകയും 2017 ഫെബ്രുവരി 7 ന് ആരോഗ്യ–കുടുംബക്ഷേമ വകുപ്പ് മന്ത്രി ഈ പദ്ധതിയുടെ ഔദ്യോഗിക പ്രഖ്യാപനം നടത്തുകയും ചെയ്തു. ആർദ്രം മിഷന്റെ ഭാഗമായി കേരളത്തിൽ കുടുംബ ആരോഗ്യ കേന്ദ്രതലം മുതൽ ശ്വാസ് പ്രോഗ്രാം നടപ്പാക്കിയിട്ടുണ്ട്. എല്ലാ എഫ്എച്ച്സി കളുടെയും മെഡിക്കൽ, പാരാമെഡിക്കൽ ജീവനക്കാർക്ക് കൃത്യമായ പരിശീലനം നൽകിയിട്ടുണ്ട്. സി.ഒ.പി.ഡി. രോഗങ്ങളുടെ ആദ്യഘട്ടങ്ങളിൽ തിരിച്ചറിയുക, രോഗനിർണയത്തിനും ചികിത്സയ്ക്കും വേണ്ടി ഒരു ഘടനാപരമായ പദ്ധതി വികസിപ്പിക്കുക, കൂടുതൽ ആസൂത്രണം ചെയ്യാൻ സി.ഒ.പി.ഡി. യുടെ രോഗ ഭാരം സംബന്ധിച്ച വിവരശേഖരം ഉണ്ടാക്കുന്നതിനായി ഒരു സംവിധാനം വികസിപ്പിക്കുക എന്നിവയാണ് കേരള സി.ഒ.പി.ഡി. പ്രതിരോധ നിയന്ത്രണ പദ്ധതിയുടെ ലക്ഷ്യം.

സർക്കാർ ആശുപത്രികളിലെ ഔട്ട്പേഷ്യന്റ് വിഭാഗങ്ങളുടെ രോഗീസൗഹൃദ പരിവർത്തനം

മെഡിക്കൽ കോളേജ് ആശുപത്രികളും ജില്ലാതല ആശുപത്രികളും ദിവസവും ആയിരക്കണക്കിന് രോഗികൾക്ക് ഔട്ട് പേഷ്യന്റ് പരിചരണം നൽകുന്നുവെന്ന വസ്തുത കണക്കിലെടുത്ത് ഈ ആശുപത്രികളുടെ ഔട്ട്പേഷ്യന്റ് വിഭാഗങ്ങൾ രോഗീസൗഹൃദമാക്കുന്നതിനു ആർദ്രം മിഷൻ മുൻഗണന നൽകിയിട്ടുണ്ട്. ഒപി രജിസ്ട്രേഷൻ കൗണ്ടറും രോഗിക്ക് കാത്തുനിൽക്കുന്നതിനുള്ള സൗകര്യവും, ഇരിപ്പിടം, ടോക്കൺ സംവിദാനം, കുടിവെള്ളം, ടോയ്ലറ്റ് സൗകര്യം, പബ്ലിക് അഡ്രസ്സ് സിസ്റ്റം, വിവര വിദ്യാഭ്യാസ വാർത്താവിനിമയ സംവിധാനങ്ങൾ, സിഗ്നേജ് സംവിധാനങ്ങൾ തുടങ്ങിയ സംയോജിപ്പിച്ചിരിക്കുന്നു. വലിയ സ്ഥാപനങ്ങൾക്ക് താൽക്കാലിക അടിസ്ഥാനത്തിൽ രോഗി പരിപാലന കോർഡിനേറ്റർമാരുടെ പിന്തുണയും നൽകും. ഗുണനിലവാരമുള്ള ചികിത്സാ സംവിധാനങ്ങൾ ഉറപ്പുവരുത്തുന്നതിനായി കൺസൾട്ടേഷൻ മുറികളിൽ ആവശ്യമായ ഉപകരണങ്ങൾ ഒ.പി. കമ്പ്യൂട്ടർവൽക്കരണം നിർദേശങ്ങൾ അടിസ്ഥാനമാക്കിയുള്ള കേസ് മാനേജ്മെന്റ് എന്നിങ്ങനെ ആസൂത്രണം ചെയ്തിരിക്കുന്നു. സർക്കാർ മെഡിക്കൽകോളേജ് ആശുപത്രികളിലും ജില്ലാതല ആശുപത്രികളിലും ഇത് നടപ്പിലാക്കിവരികയാണ്.

ജനറൽ/ജില്ല/താലൂക്ക് ആശുപത്രികളിലെ ജന സൗഹൃദ ഒ.പി പരിവർത്തനം

സംസ്ഥാനത്ത് ആകെ 18 ജനറൽ ആശുപത്രികളും, 18 ജില്ലാ ആശുപത്രികളുമാണ് ഉള്ളത്. ഇതിൽ 17 സ്ഥാപനങ്ങളെ മാത്രമാണ് ഒപി വിഭാഗം പരിവർത്തനത്തിനായി തെരഞ്ഞെടുത്തത് (പതിനൊന്ന് ജില്ലകളിൽ നിന്നും ഓരോ ആശുപത്രിയും കണ്ണൂർ, കാസർഗോഡ്, വയനാട് ജില്ലകളിൽ നിന്ന് രണ്ട് ആശുപത്രികളും). ഏഴ് ആശുപത്രികളുടെ നിർമാണ പ്രവർത്തനങ്ങൾ പൂർത്തിയായി. മറ്റ് ആശുപത്രികളിലെ പ്രവർത്തനങ്ങൾ പുരോഗമിക്കുകയും ചെയ്യുന്നു. താലൂക്ക് ആശുപത്രികളിലെ ഒ.പി പരിവർത്തനത്തിന്റെ ഭാഗമായി ആകെ 86 താലൂക്ക് ആശുപത്രികളിൽ നിന്നും 75 സ്ഥാപനങ്ങളെ മാതൃകാനിലവാരത്തിലേക്കുയർത്താൻ തിരഞ്ഞെടുത്തു. 2017–18 കാലഘട്ടത്തിൽ ജില്ല/ജനറൽ/താലൂക്ക് ആശുപത്രികളിൽ സൃഷ്ടിച്ച വിവിധ തസ്തികകളുടെ വിശദാംശങ്ങൾ **പട്ടിക 2.2.2** ൽ നൽകിയിരിക്കുന്നു.

മെഡിക്കൽ കോളേജുകളിലെ പുതിയ സംരംഭങ്ങൾ

മെഡിക്കൽ കോളേജ് ആശുപത്രികളിലെ ഔട്ട് പേഷ്യന്റ് വിഭാഗങ്ങൾക്ക് ഗുണമേന്മയും, ജനസൗഹാർദ്ദപരവുമായ ആരോഗ്യ സേവനങ്ങൾ ലഭ്യമാക്കുക എന്നതാണ് ആർദ്രം പദ്ധതിയുടെ ലക്ഷ്യം. ആദ്യ ഘട്ടമെന്ന നിലയിൽ തിരുവനന്തപുരം, പാരിപ്പള്ളി, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട് എന്നിവിടങ്ങളിലെ മെഡിക്കൽ കോളേജുകൾ ഒ.പി.ഡി. പരിവർത്തനം നടപ്പാക്കുന്നതിന് തെരഞ്ഞെടുത്തു. നിലവിൽ സംസ്ഥാനത്തെ 8 മെഡിക്കൽ കോളേജുകളിൽ പ്രവർത്തനങ്ങൾ പൂർത്തിയായി. മെഡിക്കൽ കോളേജുകളിൽ രോഗികളുടെ തിരക്കു മൂലമുള്ള അസൗകര്യങ്ങൾ പരമാവധി കുറയ്ക്കുന്നതിനായി എല്ലാ വകുപ്പുകളിലും ഓൺ ലൈൻ ഒ.പി രജിസ്ട്രേഷൻ കണ്ടറുകൾ, രോഗികൾക്ക് കാത്തുനിൽക്കുന്നതിനുള്ള സൗകര്യം, കുടിവെള്ള സൗകര്യങ്ങൾ, ടോയ്ലറ്റ് പുനർനിർമാണം / നവീകരണം, ഒ.പി മുറികൽ, സിഗ്നേജുകൾ സ്ഥാപിക്കുക, ഇത് കൂടാതെ ടി.വി, ഡിസ്പ്ലേ ബോർഡ്, ഇരിപ്പിടങ്ങൾ, പി.എ. സിസ്റ്റം, ഒ.പി മുറികളിൽ എയർ കണ്ടീഷണറുകൾ, റാമ്പ് തുടങ്ങിയ സംവിധാനങ്ങൾ ഈ പദ്ധതി പ്രകാരം നടപ്പാക്കുന്നു.

ആർദ്രം ജനകീയ ഹെൽത്ത് കാമ്പെയ്ൻ

2019 നവംബർ 18 നാണ് ആർദ്രം ഹെൽത്ത് കാമ്പെയ്ൻ ആരംഭിച്ചത്. സംസ്ഥാനതലത്തിൽ ആരംഭിച്ചതിനെത്തുടർന്നു ജില്ലാതലവും എൽ.എസ്. ജി. തല പ്രചാരണവും എല്ലാ ജില്ലകളിലും ആരംഭിച്ചു. മിഷനുകൾ, ലൈൻ ഡിപ്പാർട്ട്മെന്റുകൾ, ഏജൻസികൾ, എൻ.ജി.ഒ കൾ, സി.ബി.ഒ കൾ തുടങ്ങിയവയുടെ സജീവ പങ്കാളിത്തത്തോടെയും ബന്ധപ്പെട്ട പ്രാദേശിക സ്വയം ഭരണ സ്ഥാപനങ്ങളുടെയും ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെയും നേതൃത്വത്തിൽ സംസ്ഥാന വ്യാപകമായി ഈ കാമ്പെയ്ൻ നടപ്പാക്കും. വിപുലീകരിച്ച വാർഡ്തല ആരോഗ്യ ശുചിത്വ പോഷകാഹാര സമിതിയുടെ നേതൃത്വത്തിൽ വാർഡ് തലത്തിൽ പ്രാദേശിക തലത്തിലുള്ള പ്രചാരണം ആരംഭിക്കും. ആരോഗ്യ ജാഗ്രത കമ്മിറ്റിയുടെ നേതൃത്വത്തിൽ പഞ്ചായത്ത്/ ബ്ലോക്ക്/അർബൻ ഏരിയ തലത്തിലും ഈ കാമ്പെയ്ൻ വിപുലീകരിക്കും. എൽ.എസ്ജി. ലെവൽ കമ്മിറ്റികൾ, നിലവിലുള്ള ജില്ലാ ആരോഗ്യ കുടുംബക്ഷേമ സൊസൈറ്റി, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, ജില്ലാ കളക്ടർ, ഡി.എം.ഒ എന്നിവരുടെ നേതൃത്വത്തിലുള്ള ജില്ലാ ആർദ്രം ടാസ്ക് ഫോഴ്സ് ഏകോപിപ്പിച്ചാണ് ജില്ലാതലത്തിൽ ഇത് നടപ്പാക്കുന്നത്. ജില്ലയുടെ ചുമതലയുള്ള മന്ത്രി, എം.പി, എം.എൽ.എ എന്നിവരാണ് ജില്ലാതല സമിതിയുടെ മുഖ്യ രക്ഷാധികാരികൾ. ബഹുമാനപ്പെട്ട മുഖ്യ മന്ത്രിയുടെ അധ്യക്ഷതയിലുള്ളതും ബഹുമാനപ്പെട്ട മന്ത്രിമാരും മറ്റ് അംഗങ്ങളുമാണ് നവ കേരള കർമ്മ പദ്ധതിക്ക് സംസ്ഥാന തലത്തിൽ നേതൃത്വവും മാർഗ്ഗനിർദ്ദേശങ്ങളും നൽകുന്നത്. ആരോഗ്യ വകുപ്പ് മന്ത്രി ചെയർ പേഴ്സണായും, പ്രിൻസിപ്പൽ സെക്രട്ടറി (ഹെൽത്ത്) വൈസ് ചെയർ പേഴ്സണായും സംസ്ഥാനതലത്തിൽ ഈ പദ്ധതി നടപ്പാക്കുന്നതിനുള്ള ഒരു സമിതിയായി പ്രവർത്തിക്കുന്നു. ജനകീയ കാമ്പെയ്നിൽ ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്ന പ്രധാനപ്പെട്ട അഞ്ച് മേഖലകൾ

പട്ടിക 2.2.2 2017–18 കാലയളവിലെ ജില്ല/ജനറൽ/താലൂക്ക് ആശുപത്രികളിൽ സൃഷ്ടിച്ച തസ്തികകളുടെ വിവരങ്ങൾ

വിഭാഗം	നമ്പർ
സൂപ്പർ സ്പെഷ്യലിസ്റ്റുകൾ	14
സ്പെഷ്യലിസ്റ്റുകളും കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർമാരും	252
സ്റ്റാഫ് നേഴ്സ്	197
ലാബ് ടെക്നീഷ്യൻ	84
പാരാമെഡിക്കൽ സ്റ്റാഫ്	344
ആകെ	891

ഉറവിടം: ആരോഗ്യ സേവന ഡയറക്ടറേറ്റ്

ചുവടെ ചേർക്കുന്നു.

1. ആരോഗ്യം മെച്ചപ്പെടുത്തുന്നതിനു വേണ്ടിയുള്ള പ്രതിരോധവും പ്രോത്സാഹനവും
2. ആരോഗ്യകരമായ ഭക്ഷണം
3. വ്യായാമവും ശാരീരിക അദ്ധ്വാനവും പ്രോത്സാഹിപ്പിക്കുക
4. മാനസികാരോഗ്യവും ലഹരിവിമോചനം (മദ്യം, പുകവലി, ലഹരി വസ്തുക്കളുടെ ഉപയോഗം)
5. ശുചിത്വവും മാലിന്യ നിർമാർജനവും

കേരളത്തിലെ നിപ്പാ വൈറസ് രോഗബാധ

കേരളത്തിൽ ഏതെങ്കിലും തരത്തിലുള്ള പകർച്ചവ്യാധികൾ ഉണ്ടാകുന്നതിനെ നേരത്തേ തിരിച്ചറിയുന്നതിനുള്ള ശക്തമായ സംവിധാനവും രോഗബാധയെ നിയന്ത്രിക്കാനും അതിന്റെ വ്യാപനം തടയുന്നതിനും രോഗ നിരീക്ഷണ സംവിധാനം വളരെ നന്നായി പ്രവർത്തിക്കുന്നു. 2018 മെയ് മാസത്തിൽ കോഴിക്കോട്, മലപ്പുറം ജില്ലകളിൽ ഉണ്ടായ നിപ്പാ വൈറസ് രോഗബാധയ്ക്ക് അടിയന്തിര പ്രതികരണം നൽകിയത് വഴി ഈ രംഗം വീണ്ടും തെളിയിക്കപ്പെട്ടു. ഭാരത സർക്കാരും ലോകാരോഗ്യസംഘടനയും ഉൾപ്പെടെ പകർച്ചവ്യാധികൾ നിരീക്ഷിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്ന വിവിധ മേഖലയിലെവിദഗ്ധർ ഇത് വിലമതിക്കുന്നു. ആരോഗ്യസംരക്ഷണ സ്ഥാപനങ്ങളുടെ ആരോഗ്യസംരക്ഷണ സേവനദാതാക്കൾ ഉൾപ്പെടെ സ്ഥിരീകരിച്ച/സാധ്യതയുള്ള കേസുകളുടെ എല്ലാ സമ്പർക്കങ്ങളും പട്ടികപ്പെടുത്തി ദിവസേനയുള്ള ആരോഗ്യ നില പരിശോധിക്കുകയും, ആവശ്യമായവരുടെ സാമ്പിളുകൾ പരിശോധിക്കുകയും പരമാവധി ഇൻകുബേഷൻ കാലാവധി കഴിയുന്നതുവരെ തുടർച്ചയായി നിരീക്ഷിക്കുകയും ചെയ്തു. കേന്ദ്ര നിരീക്ഷണ യൂണിറ്റിനെയും ആരോഗ്യ മന്ത്രാലയത്തിനെയും ദിവസേന സംഭവങ്ങളുടെ ക്രോഡീകരണം അറിയിച്ചുകൊണ്ടിരുന്നു. ഡൽഹി, ചെന്നൈ, പൂനെ, മണിപ്പൽ എന്നിവിടങ്ങളിൽ നിന്നുള്ള വിദഗ്ധർ ജില്ലയിൽ എത്തി പ്രവർത്തനങ്ങൽ വിലയിരുത്തുകയും സഹായിക്കുകയും ചെയ്തു. മലേഷ്യയിലും ബംഗ്ലാദേശിലും പശ്ചിമ ബംഗാളിലെ വടക്കു കിഴക്കൻ ഭാഗങ്ങളിലും നിഫാ പൊട്ടിപ്പുറപ്പെട്ട അനുഭവങ്ങൾക്ക് സമാനമായി പഴം ഭക്ഷിക്കുന്ന വവ്വാലുകളായിരുന്നു വൈറസ് ബാധയുടെ ഉറവിടമായി നിരീക്ഷിക്കപ്പെട്ടത്.

1998 മുതൽ ഏഷ്യൻ രാജ്യങ്ങളായ മലേഷ്യ, ബംഗ്ലാദേശ് തുടങ്ങിയ രാജ്യങ്ങളിൽ ഈ രോഗം റിപ്പോർട്ട് ചെയ്യപ്പെട്ടിരുന്നു. 2001 മുതൽ ഇന്ത്യയിൽ ബംഗാളിലെ ചില ഭാഗങ്ങളിൽ ഈ രോഗബാധയുണ്ടായിട്ടുണ്ട്. എന്നാൽ ദക്ഷിണേന്ത്യയിൽ ഇത് ആദ്യത്തേതായിരുന്നു, കേരളത്തിന്റെ രോഗചികിത്സാ സങ്കേതത്തിനു ഇതു പെട്ടെന്ന് തന്നെ കണ്ടുപിടിക്കാൻ സാധിച്ചു. കേരളത്തിലെ ആരോഗ്യരംഗത്ത് നടന്ന പകർച്ചവ്യാധി പ്രതികരണ പ്രവർത്തനങ്ങൾ മൂലം വളരെ ചുരുങ്ങിയ 10 ദിവസ കാലയളവിനുള്ളിൽ രോഗം നിയന്ത്രിക്കപ്പെട്ടുവെങ്കിലും ഈ കാലയളവിൽ 16 ജീവൻ നഷ്ടപ്പെട്ടു. ഭരണപരമായ നേതൃത്വം, രാഷ്ട്രീയ പ്രതിജ്ഞാബദ്ധത, സാമൂഹിക സഹകരണം, ആരോഗ്യ സംവിധാനങ്ങൾ എന്നിവ ഈ സവിശേഷ പകർച്ചവ്യാധി തടയുന്നതിന് സംഭാവന നൽകിയിട്ടുണ്ട്. 2019 മെയ് 30 ന് എറണാകുളത്ത് നിന്നുള്ള ഒരു സ്വകാര്യ തൃതീയ പരിചരണ ആശുപത്രിയിൽ (ആസ്റ്റർ മെഡിസിറ്റി ഹോസ്പിറ്റൽ) നിപ വൈറസ് രോഗത്തെക്കുറിച്ചുള്ള വിവരങ്ങൾ ലഭിച്ചു. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജി പൂനെയിൽ നിന്ന് ഈ കേസ് സ്ഥിരീകരിക്കുകയും ഉചിതമായ പ്രതികരണ നടപടികൾ സ്വീകരിക്കുകയും ചെയ്തു. റിപ്പോർട്ട് ചെയ്ത കേസുകളെല്ലാം നെഗറ്റീവായിരുന്നു. ഇതിൽ 7 എണ്ണം സംശയമുള്ള കേസുകളായിരുന്നു. നിപ വൈറസ് രോഗം ബാധിച്ച കാലയളവിൽ മരണമൊന്നും റിപ്പോർട്ട് ചെയ്തിട്ടില്ല.

കേരളത്തിലെ ആരോഗ്യ മേഖലയുടെ പ്രളയത്തിനോടുള്ള പ്രതികരണം

ആരോഗ്യ മേഖലയിൽ വെള്ളപ്പൊക്കത്തിന്റെ പ്രത്യാഘാതം ബഹുമുഖമാണ്. ദുരന്തത്തിനുശേഷം വർഷങ്ങളോളം നിലനിൽക്കുന്ന വൈവിധ്യമാർന്ന വെല്ലുവിളികളാണ് ഇത് മുന്നോട്ടുവയ്ക്കുന്നത്. മാലിന്യം കലരുന്നതുവഴി ജലം മലിനമാകുക, എലികളുടെയും മറ്റും മാലിന്യം, മറ്റ് മാലിന്യ വസ്തുക്കൾ, വെള്ളപ്പൊക്കം, അഭയാർഥികളായ ജനങ്ങളുടെ കുടിലുകൾ, ചീത്തയായ പോഷകാഹാരങ്ങൾ, ശുചീകരണ നടപടികൾ എന്നിവ വെള്ളപ്പൊക്കത്തിനു ശേഷം സാംക്രമിക രോഗങ്ങളുടെ സാധ്യത വർദ്ധിപ്പിക്കുന്നു. വികസിത വികസ്വര രാജ്യങ്ങളിൽ ഇത്തരം സംഭവങ്ങളിൽ ജലജന്യ രോഗങ്ങളായ വയറിളക്കം, കോളറ, ഹെപ്പറ്റൈറ്റിസ് എ, എലിപ്പനി തുടങ്ങിയവ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ദുരന്തത്തിന്റെ അളവ് കഴിഞ്ഞ 90 വർഷത്തെ അനുഭവത്തിൽനിന്നും വ്യത്യസ്തമായിരുന്നതിനാൽ ആരോഗ്യസംവിധാനത്തിന്റെ തയാറെടുപ്പുകൾക്കും വിഭവങ്ങൾക്കും അപ്പുറമായിരുന്നു ഈ ദുരന്തം. ചില പ്രദേശങ്ങളിൽ ഒറ്റപ്പെട്ട വെള്ളപ്പൊക്കം ഉണ്ടായിരുന്ന സ്ഥാനത്തു സംസ്ഥാനത്തെ 14 ജില്ലകളിൽ 13 എണ്ണവും ബാധിതമായിരുന്നു. ആരോഗ്യ പരിപാലന സ്ഥാപനങ്ങൾ പൂർണ്ണമായി/ഭാഗികമായി നശിക്കുകയും ഉപകരണങ്ങളും സാമഗ്രികളും നശിക്കുകയും ചെയ്തു. എല്ലാ തലങ്ങളിലുമുള്ള രക്ഷാ ശ്രമങ്ങളുമായി ആരോഗ്യവകുപ്പ് ഏകോപനത്തിൽ പ്രവർത്തിച്ചു. ദുരന്തസമയത്തും അതിനു ശേഷവും രക്ഷാപ്രവർത്തകരുമായി സഹകരിച്ചു രോഗാവസ്ഥയും മരണസംഖ്യയും പരിമിതപ്പെടുത്തുന്നതിനാണ് ആരോഗ്യ സംവിധാനത്തിന്റെ പ്രാഥമിക

പരിഗണന നൽകപ്പെട്ടത്. ആരോഗ്യ വകുപ്പിന്റെ ശ്രമങ്ങൾ ഏകോപിപ്പിക്കുന്നതിന് ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ ഒരു 24x7 ഡിസാസ്റ്റർ കൺട്രോൾ റൂം സ്ഥാപിച്ചു. ദുരന്ത ബാധിത പ്രദേശങ്ങളിലെ ജനങ്ങളുടെ രോഗബാധകൾ, വിവിധ സാംക്രമിക രോഗങ്ങൾ, മാനസികാരോഗ്യപ്രശ്നങ്ങൾ എന്നിവയെല്ലാം പിന്തുണയ്ക്കുന്ന ഏജൻസികളുടെ സഹായത്തോടെ പൊതുജനാരോഗ്യ സംഘംവിലയിരുത്തി. പകർച്ച വ്യധികളായ ജലജന്യ രോഗങ്ങൾ (തീവ്രവയറിളക്ക രോഗങ്ങൾ, ഹെപ്പറ്റൈറ്റിസ് എ, ഹെപ്പറ്റൈറ്റിസ് ഇ, എലിപ്പനി മുതലായവ), കൊതുക് ജന്യരോഗങ്ങൾ തുടങ്ങിയവയെല്ലാം വെള്ളപ്പൊക്കത്തിന്റെ വ്യാപ്തി പരിഗണിച്ച് മുൻകൂട്ടി കണ്ടിരുന്നെങ്കിലും അപകടം ഒന്നും ഉണ്ടായില്ല. ചെറിയ തോതിൽ എലിപ്പനി റിപ്പോർട്ട് ചെയ്യപ്പെട്ടുവെങ്കിലും ഇതു പ്രതീക്ഷിച്ച നിരക്കിലും വളരെ കുറവാണെന്നത് പ്രതിരോധ നടപടികളുടെ ഫലപ്രാപ്തിയെ ചൂണ്ടിക്കാണിക്കുന്നു. മെഡിക്കൽ റെക്കോർഡുകൾ നഷ്ടപ്പെട്ടതും ഡയാലിസിസ്, കീമോതെറാപ്പി എന്നിവയുൾപ്പെടെ ചികിത്സാ നടപടികൾ നിർത്തിവയ്ക്കപ്പെട്ടതുമൂലം ഉണ്ടാകുന്ന പ്രശ്നങ്ങൾ കണ്ടുപിടിച്ചു നടപടി സ്വീകരിച്ചിരുന്നു. കുട്ടികൾ, സ്ത്രീകൾ, വൃദ്ധർ, സാന്ത്വന പരിചരണ രോഗികൾ തുടങ്ങിയവരുടെ ആരോഗ്യ പരിപാലന ആവശ്യങ്ങൾക്കു മുൻകൂട്ടി നടപടി സ്വീകരിച്ചിരുന്നു. വെള്ളപ്പൊക്കത്തിന് ശേഷമുള്ള പ്രവർത്തനങ്ങളിൽ വൃത്തിയാക്കൽ, ജലജന്യരോഗങ്ങൾ തടയൽ, ഭക്ഷ്യ വിഷബാധ തടയൽ, എലിപ്പനി നിയന്ത്രിക്കൽ, മറ്റ് പകർച്ചവ്യാധികൾ നിയന്ത്രിക്കൽ, കൊതുകുജന്യ രോഗങ്ങളുടെ നിയന്ത്രിണം, സാംക്രമികേതര രോഗങ്ങളുടെ നിയന്ത്രിണം, മാനസിക പ്രശ്നങ്ങൾ, മറ്റു ആരോഗ്യ പ്രശ്നങ്ങൾ, ബിഹേവിയറൽ ചേഞ്ച് കമ്യൂണിക്കേഷൻ, രോഗനിർണയ റിപ്പോർട്ടിങ്, നിയമപരമായ ഇടപെടലുകളും മറ്റ് സഹായ പ്രവർത്തനങ്ങളും ഉൾപ്പെടുന്നു. പൊതുജനാരോഗ്യ സാഹചര്യങ്ങൾ നിരീക്ഷിക്കുകയും വിലയിരുത്തുകയും ചെയ്യുക, രോഗങ്ങൾ പൊട്ടിപ്പുറപ്പെടാവുന്നതിന്റെ അപകടസാധ്യതകൾ പ്രവചിക്കുക, സാധ്യമായ പരിഹാരങ്ങൾ കണ്ടെത്തൽ, ആവശ്യകതയെ തിരിച്ചറിയൽ, വിവിധമേഖലാതല ഏകോപനവുമായി ആവശ്യമായ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിൽ സഹായിക്കുക എന്നിവയാണ് പ്രളയത്തിനുശേഷമുണ്ടായ പൊതുജനാരോഗ്യ പ്രവർത്തനങ്ങൾ.

അ ദ്ധ്യാ യ ം

03

കൃഷിയും അനുബന്ധ മേഖലയും

അദ്ധ്യായം

03

കൃഷിയും അനുബന്ധ മേഖലയും

3.1 കാർഷിക മേഖല

പ്രകൃതിക്ഷോഭങ്ങളും വിലയിലുണ്ടാകുന്ന വ്യതിയാനങ്ങളും കാർഷികമേഖലയുടെ ആകെ പ്രകടനത്തെ വളരെയധികം സ്വാധീനിക്കുന്നുണ്ട്. സംസ്ഥാനത്തെ മൊത്തം ആഭ്യന്തരഉല്പാദനത്തിൽ കാർഷികമേഖലയുടെ പങ്ക് കുറഞ്ഞുവരികയാണ്. കാർഷിക സമ്പദ് വ്യവസ്ഥ എന്ന നിലയിൽ നിന്നും കേരളത്തിലെ കാർഷികമേഖലയിലുണ്ടായ പ്രകടമായ ഘടനാ വ്യതിയാനങ്ങളുടെ സൂചനയാണിത്. സംസ്ഥാനത്തെ പിടിച്ചുലച്ച മലയിടിച്ചിൽ, വെള്ളപ്പൊക്കം പോലുള്ള പ്രകൃതിക്ഷോഭങ്ങൾ കാർഷിക അനുബന്ധമേഖലയ്ക്ക് വൻ നഷ്ടങ്ങളാണ് വരുത്തിയത്. കാർഷിക മേഖലയിലെ മൊത്തം നഷ്ടത്തിന്റെ 88 ശതമാനവും വിളനാശമാണ്.

വളർച്ചാനിരക്കിന്റെ ഗതി

സുസ്ഥിര വികസന ലക്ഷ്യങ്ങളായ ദാരിദ്ര്യനിർമ്മാർജ്ജനം, പട്ടിണി നിർമ്മാർജ്ജനം, നല്ല ആരോഗ്യവും ക്ഷേമവും എന്നിവ കൈവരിക്കുന്നതിനു കാർഷിക മേഖല സുപ്രധാന പങ്കു വഹിക്കുന്നു. കൃഷിഭൂമിയുടെ വിസ്തൃതി കുറഞ്ഞു വരുന്ന സാഹചര്യത്തിൽ സുസ്ഥിര വികസനലക്ഷ്യങ്ങൾ നേടുന്നതിന് സംസ്ഥാനം ഉല്പാദനം, ഉല്പാദനക്ഷമത, ലാഭം എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതുണ്ട്.

ഇന്ത്യയുടെ മൊത്തം മൂല്യവർദ്ധനവിൽ (ജി.എസ്.വി.എ) കാർഷിക അനുബന്ധ മേഖലയുടെ പങ്ക് 2012–13 ൽ 17.8 ശതമാനമായിരുന്നത് 2017–18 ൽ 14.9 ശതമാനമായി കുറഞ്ഞു. അതേസമയം മൊത്തം മൂല്യവർദ്ധനവിൽ കാർഷികവിളകളുടെ പങ്ക് 11.5 ശതമാനമായിരുന്നത് 8.7 ശതമാനമായി കുറഞ്ഞു. എന്നിരുന്നാലും ഗ്രാമീണ ജനതയുടെ ഉപജീവനത്തിനും ഭക്ഷ്യസുരക്ഷയ്ക്കും കാർഷിക മേഖലയുടെ പങ്ക് സുപ്രധാനമാണ്.

കേരളത്തിലെ കാർഷിക മേഖല വളർച്ചയുടെ കാര്യത്തിൽ അനേകം വെല്ലുവിളികൾ നേരിടുകയാണ്. സാമ്പത്തികസ്ഥിതിവിവര വകുപ്പിന്റെ കണക്കുകൾപ്രകാരം കാർഷിക അനുബന്ധ മേഖലകളിലെ (കൃഷി, കന്നുകാലി, വനവിഭവം,

പട്ടിക 3.1.1 മൊത്ത മൂല്യവർദ്ധനവിൽ (ജി.വി.എ/ജി.എസ്.വി.എ) കാർഷിക അനുബന്ധ മേഖലകളുടെ വളർച്ചാ നിരക്ക് – ദേശീയതലത്തിലും സംസ്ഥാനതലത്തിലും (സ്ഥിര വില, അടിസ്ഥാന വർഷം 2011–12)

വർഷം	മൊത്തം മൂല്യവർദ്ധനവിൽ (ജി.വി.എ) കൃഷി അനുബന്ധമേഖലകളുടെ പങ്ക് (ശതമാനത്തിൽ) (ഇന്ത്യ)	സംസ്ഥാനത്തിന്റെ മൊത്തം മൂല്യവർദ്ധനവിൽ (ജി.എസ്.വി.എ) കൃഷി അനുബന്ധമേഖലകളുടെ പങ്ക് (ശതമാനത്തിൽ) (കേരളം)
2013–14	17.7	12.37
2014–15	16.5	11.92
2015–16	15.4	10.74
2016–17	15.2	9.96
2017–18	14.9	9.48 (P)
2018–19	ലഭ്യമല്ല.	8.77(Q)

(P) താൽക്കാലികം, (Q) ദ്രുത കണക്കെടുപ്പ് ,
അവലംബം: നാഷണൽ അകൗണ്ട്സ് സ്റ്റാറ്റിസ്റ്റിക്സ് 2019, ഡയറക്ടറേറ്റ് ഓഫ് ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ്.

മത്സ്യബന്ധനം) വാർഷിക വളർച്ചാ നിരക്ക് (ജി.എസ്. വി.എ 2011–12 ലെ സ്ഥിരവില അനുസരിച്ച്), 2013–14 ൽ (–)6.31 ശതമാനവും, 2014–15 ൽ 0.02 ശതമാനവും, 2015–16 ൽ (–)5.10 ശതമാനവും, 2016–17 ൽ (–)0.65 ശതമാനവും ആയിരുന്നു. കാർഷിക മേഖലയിൽ 2017–18 ൽ 1.72 ശതമാനം വളർച്ച രേഖപ്പെടുത്തിയെങ്കിലും 2018–19 ൽ (–)0.52 ശതമാനമായി വളർച്ചാനിരക്ക് കുറഞ്ഞു. ദേശീയതലത്തിൽ കാർഷികഅനുബന്ധ മേഖലയുടെ വളർച്ച 2013–14 ൽ 5.6 ശതമാനവും, 2014–15 ൽ (–) 0.22 ശതമാനവും, 2015–16 ൽ 0.6 ശതമാനവും, 2016–17 ൽ 6.3 ശതമാനവും, 2017–18 ൽ 5 ശതമാനവുമായിരുന്നു. സംസ്ഥാനത്തിന്റെ മൊത്തം ജി.എസ്.വി.എ യിൽ കാർഷിക അനുബന്ധ മേഖലയുടെ വിഹിതം തുടർച്ചയായി കുറഞ്ഞുവരികയാണ്. 2013–14 ൽ 12.37 ശതമാനമായിരുന്നത് 2018–19 ൽ 8.77 ശതമാനമായി കുറഞ്ഞു. വിശദവിവരങ്ങൾ **പട്ടിക 3.1.1** ൽ സൂചിപ്പിച്ചിരിക്കുന്നു.

കാലവർഷം 2019

2019 മാർച്ച് 1 മുതൽ മെയ് 31 വരെ സംസ്ഥാനത്ത് സാധാരണ നിലയിൽ നിന്നും (–)56 ശതമാനം വ്യതിയാനത്തോടെ കാലവർഷ പൂർവ്വ മഴ ലഭിച്ചു. ഈ കാലയളവിൽ സംസ്ഥാനത്ത് ലഭിച്ച മഴയുടെ അളവ് 169.1 മി.മീ ആയിരുന്നു. വയനാട് ഒഴികെ എല്ലാ ജില്ലകളിലും സാധാരണ ലഭിക്കുന്നതിൽ നിന്നും കുറഞ്ഞ മഴയാണ് രേഖപ്പെടുത്തിയത്. സാധാരണ നിലയിൽ നിന്നുമുള്ള വ്യതിയാനം ഏറ്റവും കൂടുതൽ രേഖപ്പെടുത്തിയത് ആലപ്പുഴയിലും കാസർഗോഡുമാണ് (–)77 ശതമാനം. കണ്ണൂരിൽ (–)76 ശതമാനവും കോഴിക്കോട് (–)75 ശതമാനവുമായിരുന്ന വ്യതിയാനം. തെക്ക് പടിഞ്ഞാറൻ കാലവർഷസമയത്ത് (2019 ജൂൺ 1 മുതൽ സെപ്റ്റംബർ 30 വരെ) കേരളത്തിൽ ലഭിച്ച യഥാർത്ഥ മഴ 2300.2 മി.മീ ആയിരുന്നു. പ്രസ്തുത കാലയളവിൽ ലഭിക്കേണ്ട സാധാരണ മഴ 2038.7 മി.മീ ആണ്. അതായത് സാധാരണ നിലയിൽ നിന്നും 12.8 ശതമാനം വ്യതിയാനമാണ് കാലയളവിൽ രേഖപ്പെടുത്തിയത്. 2018 ലെ തെക്ക് പടിഞ്ഞാറൻ കാലവർഷ സമയത്ത് കേരളത്തിൽ ലഭിച്ച മഴയുടെ അളവ് 2515.7 മി.മീ ആയിരുന്നു. 2019 ൽ സംസ്ഥാനത്തെ 11 ജില്ലകളിൽ സാധാരണ തോതിലുള്ള മഴയാണ് ലഭിച്ചത്. അതേസമയം തിരുവനന്തപുരം, പാലക്കാട്, കോഴിക്കോട് ജില്ലകളിൽ അധികമഴ ലഭിച്ചു. കോഴിക്കോട് ജില്ലയിലാണ് ഏറ്റവും അധികം മഴ ലഭിച്ചത് **(ചിത്രം 3.1.1).**

2019 ൽ വടക്കു കിഴക്കൻ കാലവർഷ സമയത്ത് (2019 ഒക്ടോബർ 1 മുതൽ ഡിസംബർ 31 വരെ) സംസ്ഥാനത്ത് ലഭിച്ച മഴയുടെ അളവ് 638.3 മി.മീ ആയിരുന്നു. പ്രസ്തുത കാലയളവിൽ സാധാരണയായി ലഭിക്കുന്ന മഴയുടെ അളവ് 492.7 മി.മീ ആണ്. അതായത് സാധാരണയേക്കാൾ 29.6 ശതമാനം വ്യതിയാനത്തോടെയുള്ള അധികമഴയാണ് കേരളത്തിൽ ലഭിച്ചത്. പ്രസ്തുത കാലയളവിൽ തിരുവനന്തപുരം, കൊല്ലം, ഇടുക്കി ജില്ലകളിൽ സ്വാഭാവിക മഴയും മറ്റ് 11 ജില്ലകളിൽ അധിക മഴയും ലഭിച്ചു. സാധാരണ മഴയിൽ നിന്നും ഏറ്റവും കൂടുതൽ വ്യതിയാനം രേഖപ്പെടുത്തിയിട്ടുള്ളത് കാസർഗോഡ് ജില്ലയിലാണ് (83 ശതമാനം). കണ്ണൂർ, എറണാകുളം ജില്ലകളിൽ യഥാക്രമം 62 ശതമാനവും 56 ശതമാനവും വ്യതിയാനമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. 2019 ൽ **(ചിത്രം 3 .1 .2)** സംസ്ഥാനത്ത് ലഭിച്ച മഴയുടെ അളവ് ജില്ല തിരിച്ച് **അനുബന്ധം 3.1.1** ൽ ചേർത്തിരിക്കുന്നു.

ചിത്രം 3.1.1 തെക്ക് പടിഞ്ഞാറൻ കാലവർഷത്തിൽ 2019 ജൂൺ മുതൽ സെപ്റ്റംബർ 30 വരെ ലഭിച്ച മഴ



അവലംബം: ഐ.എം.ഡി

ചിത്രം 3.1.2 വടക്കു കിഴക്കൻ കാലവർഷത്തിൽ 2019 ഒക്ടോബർ 1 മുതൽ ഡിസംബർ 31 വരെ ലഭിച്ച മഴ



അവലംബം: ഐ.എം.ഡി

പ്രളയം 2018

2018 ആഗസ്റ്റ് മാസത്തിൽ കേരളത്തിൽ കനത്ത മഴ ലഭിച്ചു. സംസ്ഥാനത്തൊട്ടാകെ അഭൂതപൂർവ്വമായ വെള്ളപ്പൊക്കത്തിന് ഇത് കാരണമായി. ആകെ ഉണ്ടായ നാശനഷ്ടത്തിന്റെ 88 ശതമാനവും വിള ഉപമേഖലയെയാണ് ബാധിച്ചത്. കാർഷിക അനുബന്ധ മേഖലകളിലെ (വിളകൾ, കന്നുകാലികൾ, മത്സ്യബന്ധനം) മൊത്തം നാശനഷ്ടം 7154 കോടി രൂപയാണ്. വിള ഉപമേഖലയിലെ ഉല്പാദനനഷ്ടം 89600 ഹെക്ടറിൽ 3558 കോടി രൂപയായി കണക്കാക്കിയിരിക്കുന്നു. ഇത് യഥാർത്ഥ കൃഷി വിസ്തൃതിയുടെ 4.44 ശതമാനമാണ്. മൊത്തം വിളനാശത്തിന്റെ 40 ശതമാനവും വാഴകൃഷിയെയാണ് ബാധിച്ചത്. കുരുമുളക് കൃഷിയുടെ നാശം 19 ശതമാനവും, നെൽകൃഷി നാശം 14 ശതമാനവുമാണ്. വയനാട്, ആലപ്പുഴ ജില്ലകളിലെ യഥാർത്ഥ കൃഷിവിസ്തൃതിയിൽ യഥാക്രമം 36.74 ശതമാനവും 17.59 ശതമാനവും നാശനഷ്ടമുണ്ടായി. ദീർഘകാലവിളകളേയും ഹ്രസ്വകാല വിളകളേയും കാലവർഷം സാരമായി ബാധിച്ചു. ഇവയിൽ വാഴ, തെങ്ങ്, അടയ്ക്ക, കുരുമുളക്, കാപ്പി എന്നിവയെയാണ് കൂടുതൽ ബാധിച്ചത്. കാലിക വിളകളായ നെല്ല്, മരച്ചീനി, പച്ചക്കറി, മറ്റ് കിഴങ്ങുവർഗ്ഗങ്ങൾ എന്നിവയ്ക്കും സാരമായി നഷ്ടമുണ്ടായി. വിള ഉപമേഖലയിലെ കേടുപാടുകൾ 2722 കോടി രൂപയായി കണക്കാക്കപ്പെട്ടിരിക്കുന്നു, ഇത് കാർഷികമേഖലയുടെ മൊത്തം നഷ്ടത്തിന്റെ 91.5 ശതമാനമാണ്. ഏകദേശം 30945 ഹെക്ടറിലെ ദീർഘകാല വിളകൾക്ക് നാശമുണ്ടായി. ഇവയിൽ കുരുമുളക്, അടയ്ക്ക, വാഴ, തെങ്ങ് എന്നിവയ്ക്കാണ് സാരമായ നാശമുണ്ടായിട്ടുള്ളത്.

വയനാട്, ഇടുക്കി, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ എന്നിവ നിമിത്തം 320.2 കോടി രൂപയുടെ നാശമുണ്ടായി. ഇത് ഏറ്റവും കൂടുതൽ ബാധിച്ചത് വയനാട് ജില്ലയെയാണ് (കേരള ദുരന്താനന്തര വിലയിരുത്തൽ – പ്രളയവും ഉരുൾപൊട്ടലും, ആഗസ്റ്റ് 2018).

ഭൂവിനിയോഗം

കാലാകാലങ്ങളായി കേരളത്തിലെ ഭൂവിനിയോഗത്തിൽ മാറ്റങ്ങളുണ്ടായിക്കൊണ്ടിരിക്കുകയാണ്. കാർഷികേതര ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന ഭൂമിയുടെ വർദ്ധനവും, ഭക്ഷ്യവിളകളിൽ നിന്നും ഭക്ഷ്യേതര വിളകളിലേയ്ക്കുള്ള വ്യതിചലനവും ഇതിന് പ്രധാന സൂചികകളാണ്. കേരളത്തിൽ ഭൂവിനിയോഗക്രമത്തിലും വിളക്രമത്തിലും വന്ന മാറ്റം സംസ്ഥാനത്തിന്റെ ഭക്ഷ്യസുരക്ഷയ്ക്ക് മാത്രമല്ല, പാരിസ്ഥിതിക സുസ്ഥിരതയ്ക്കും ഗുരുതരമായ ഭീഷണിയായിക്കൊണ്ടിരിക്കുകയാണ്. കാലാകാലങ്ങളിൽ ഭൂവിനിയോഗത്തിലുണ്ടായിക്കൊണ്ടിരിക്കുന്ന മാറ്റങ്ങളുടെ വിശകലനം സംസ്ഥാനത്തെ കാർഷിക ഭൂവിനിയോഗത്തിന്റെ അവസ്ഥ മനസ്സിലാക്കുവാൻ സഹായിക്കുന്നു. 2018–19 വർഷത്തെ ഭൂവിനിയോഗക്രമം സംബന്ധിച്ച വിശദാംശങ്ങൾ **അനുബന്ധം 3.1.2** ൽ ചേർത്തിരിക്കുന്നു.

2018–19 ലെ ഭൂവിനിയോഗ കണക്കനുസരിച്ച് സംസ്ഥാനത്തിന്റെ മൊത്തം വിസ്തൃതിയുടെ 38.86 ലക്ഷം ഹെക്ടറിൽ 66 ശതമാനം (25.68 ലക്ഷം ഹെക്ടർ) വിളയിറക്കിയിട്ടുള്ള പ്രദേശമാണ്.

ഇതിൽ യഥാർത്ഥ കൃഷിയുടെ വിസ്തൃതി (20.44 ലക്ഷം ഹെക്ടർ) 53 ശതമാനമാണ്. കാർഷികേതര ആവശ്യങ്ങൾക്കുപയോഗിക്കുന്ന ഭൂമി 12 ശതമാനവും വനഭൂമി 28 ശതമാനവുമാണ്. കൃഷിയ്ക്കനുയോജ്യമായ പാഴ്ഭൂമി, തരിശുഭൂമി യഥാക്രമം രണ്ടും ഒന്നും ശതമാനമാണ്. ഇത് 2017–18 വർഷത്തിൽ യഥാക്രമം മൂന്ന് ശതമാനം, രണ്ട് ശതമാനം എന്നതായിരുന്നു.

തരിശും കൃഷി ചെയ്യപ്പെടാത്തതുമായ ഭൂമി, ഇപ്പോൾ ഉള്ള തരിശുഭൂമിയിൽ ഉൾപ്പെടാത്ത തരിശുഭൂമി, തരിശുഭൂമി എന്നിവയുടെ വിസ്തൃതി 2017–18 ൽ നിന്നും കുറഞ്ഞ് യഥാക്രമം 5.6 ശതമാനം, 8 ശതമാനം, 0.1 ശതമാനം രേഖപ്പെടുത്തി. യഥാർത്ഥത്തിൽ കൃഷി ചെയ്യുന്ന ഭൂമിയുടെ വിസ്തൃതിയിൽ 0.2 ശതമാനം വർദ്ധനവ് ഉണ്ടായി.

മൊത്തം കൃഷി വിസ്തൃതിയും ഒന്നിൽ കൂടുതൽ പ്രാവശ്യം കൃഷിയിറക്കിയ സ്ഥലത്തിന്റെ വിസ്തൃതിയും യഥാക്രമം 0.4 ശതമാനം, 3 ശതമാനം കുറഞ്ഞതായി കാണുന്നു. 2018 –19 വർഷത്തിൽ കേരളത്തിൽ ഉണ്ടായ പ്രളയം ഈ കുറവിന് കാരണമാകാം. കാർഷികേതര ആവശ്യങ്ങൾക്കായുള്ള ഭൂവിനിയോഗം 3 ശതമാനം വർദ്ധിച്ചു. ഭൂവിനിയോഗക്രമം **ചിത്രം 3.1.3** ൽ കൊടുത്തിരിക്കുന്നു.

സംസ്ഥാനത്തെ കൃഷിസ്ഥല വിസ്തൃതി അനുസരിച്ച് കൃഷിയിടങ്ങളുടെ എണ്ണം 2010–11 വർഷം 6831000 ആയിരുന്നു. ഇത് 2015–16 ഓടെ 11 ശതമാനം വർദ്ധിച്ച് 7583000 ആയി. പ്രതിശീർഷ ഭൂമിലഭ്യത 2010–11 ൽ 0.22 ഹെക്ടർ ആയിരുന്നത് 2015–16 ൽ 0.18 ഹെക്ടറായി കുറഞ്ഞു. വിശദാംശങ്ങൾ **അനുബന്ധം 3.1.3** ൽ രേഖപ്പെടുത്തിയിരിക്കുന്നു.

വിളക്രമം

കേരളത്തിന്റെ വൈവിധ്യമാർന്ന ഭൂപ്രകൃതിയും മണ്ണിന്റെ സ്വഭാവവും, ഭക്ഷ്യവിളകളും നാണ്യവിളകളും ഒരേ സമയം കൃഷി ചെയ്യുന്നതിന് അനുയോജ്യമായ സാഹചര്യം ഒരുക്കുന്നു. പ്രധാനപ്പെട്ട കാർഷികവിളകളുടെ കൃഷി വിസ്തൃതി, ഉല്പാദനം, ഉല്പാദനക്ഷമത എന്നിവയെ സംബന്ധിച്ച വിവരങ്ങൾ **അനുബന്ധം 3.1.4** ൽ നൽകിയിരിക്കുന്നു.

2018–19 ൽ കേരളത്തിന്റെ ആകെ കൃഷി വിസ്തൃതിയുടെ 62.1 ശതമാനം നാണ്യവിളകളും (കശുമാവ്, റബ്ബർ, കുരുമുളക്, തെങ്ങ്, ഏലം, തേയില, കാപ്പി) 10.15 ശതമാനം ഭക്ഷ്യവിളകളും (നെല്ല്, കപ്പ, പയറുവർഗ്ഗങ്ങൾ) ആണ്. മൊത്തം കൃഷി വിസ്തൃതിയുടെ 27 .7ശതമാനം റബ്ബർ, കാപ്പി, തേയില, ഏലം എന്നീ വിളകളാണ്.

വിളകളിൽ ഏറ്റവും കൂടുതൽ കൃഷി വിസ്തൃതി തെങ്ങിനും (29.6 ശതമാനം) തുടർന്ന് റബ്ബറിനുമാണ്. (21.5 ശതമാനം). നെൽക്കൃഷി വിസ്തൃതി 7.7 ശതമാനത്തോടെ മൂന്നാം സ്ഥാനത്താണ്. നെൽക്കൃഷി ഒഴികെയുള്ള ഭക്ഷ്യവിളകളുടെ ആകെ വിസ്തൃതി 2018–19 കാലയളവിൽ കുറയുകയാണ് ചെയ്തത്. അതേസമയം നെൽകൃഷി വിസ്തൃതി 4.7 ശതമാനം വർദ്ധനവ് രേഖപ്പെടുത്തി. തെങ്ങ്, കവുങ്ങ്, തേയില, വാഴ ഒഴികെയുള്ള മറ്റ് പ്രധാന വിളകളുടെ കൃഷി വിസ്തൃതി

ചിത്രം 3.1.3 2018–19 ൽ കേരളത്തിലെ ഭൂവിനിയോഗ രീതി



അവലംബം: സാമ്പത്തിക സ്ഥിതി വിവര വകുപ്പ്

കുറയുന്ന പ്രവണതയാണ് കാണുന്നത്. 2017–18 നെ അപേക്ഷിച്ച് തെങ്ങ്കൃഷിയിൽ 0.06 ശതമാനവും തേയില കൃഷിയിൽ 20.8 ശതമാനവും വർദ്ധനവ് രേഖപ്പെടുത്തുകയും റബ്ബറിന്റേയും കാപ്പിയുടേയും കൃഷി വിസ്തൃതി മാറ്റമില്ലാതെ തുടരുകയും ചെയ്തു.

വിളകൾ തിരിച്ചുള്ള വിശകലനം

നെല്ല്

കേരളത്തിന്റെ മുഖ്യഭക്ഷ്യവിളയായ നെല്ല് സംസ്ഥാനത്തെ കൃഷി വിസ്തൃതിയുടെ 7.7 ശതമാനമാണ്. കഴിഞ്ഞ ദശാബ്ദത്തിലെ കൃഷി സ്ഥലത്തിന്റെ വിസ്തൃതി പരിശോധിച്ചാൽ നെൽകൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തൃതി കൂടുതൽ രേഖപ്പെടുത്തിയത് 2009–10 ലാണെന്നു കാണാം. 2009–10 ൽ 2.34 ലക്ഷം ഹെക്ടർ പ്രദേശത്താണ് നെൽകൃഷി ചെയ്തിരുന്നത്. ഉല്പാദനം 5.98 ലക്ഷം ടൺ ആയിരുന്നു. 2009–10 വർഷവുമായി താരതമ്യം ചെയ്യുമ്പോൾ 2018–19 ൽ നെല്ലിന്റെ ഉല്പാദനം 3.5 ശതമാനവും, കൃഷി വിസ്തൃതിയിൽ 15 ശതമാനവും കുറവ് രേഖപ്പെടുത്തി. അതേസമയം നെൽകൃഷിയുടെ ഉല്പാദനക്ഷമത 2009–10 നെ അപേക്ഷിച്ച് 14 ശതമാനം വർദ്ധിച്ച് ഹെക്ടറിന് 2920 കി.ഗ്രാം രേഖപ്പെടുത്തി.

സംസ്ഥാനത്ത് 2018–19 ൽ നെൽകൃഷി വിസ്തൃതി 1.98 ലക്ഷം ഹെക്ടറായിരുന്നു. ഇത് 2017–18 നെ അപേക്ഷിച്ച് 4.7 ശതമാനം കൂടുതലാണ്. ഇതേ കാലയളവിൽ മൊത്തം നെല്ലുല്പാദനത്തിൽ 10.9 ശതമാനവും (5.78 ലക്ഷം ടൺ) ഉല്പാദനക്ഷമതയിൽ 5.9 ശതമാനവും (2920 കിലോഗ്രാം/ഹെക്ടർ) വർദ്ധനവ് രേഖപ്പെടുത്തി. വിശദാംശങ്ങൾ അനുബന്ധം 3.1.5 ൽ രേഖപ്പെടുത്തിയിരിക്കുന്നു.

സംസ്ഥാനത്ത് പ്രധാനമായും മൂന്ന് സീസണുകളിലാണ് നെല്ല് വിളയുക. (1) വിരിപ്പുകൃഷി/ശരത്കാല വിള/ ഒന്നാം വിള (ഏപ്രിൽ–മെയ് മാസം ആരംഭിച്ച് സെപ്തംബർ– ഒക്ടോബർ വരെ നീളുന്നു). (2) മുണ്ടകൻ/ ശീതകാല/രണ്ടാംവിള (സെപ്തംബർ– ഒക്ടോബറിൽ തുടങ്ങി ഡിസംബർ– ജനുവരി വരെ നീളുന്നു). (3) പുഞ്ചകൃഷി/വേനൽ വിള/മൂന്നാംവിള (ഡിസംബർ– ജനുവരിയിൽ തുടങ്ങി മാർച്ച്– ഏപ്രിൽ വരെ നീളുന്നു). സീസൺ അടിസ്ഥാനത്തിലുള്ള നെല്ലുല്പാദനത്തിന്റെ കണക്കുകൾ സൂചിപ്പിക്കുന്നത്, മുൻവർഷത്തെ അപേക്ഷിച്ച് പുഞ്ചകൃഷിയുടെ വിസ്തൃതി കുറയുകയും വിരിപ്പ്, മുണ്ടകൻ സീസണുകളിലെ കൃഷി വിസ്തൃതി കൂടുകയും ചെയ്തുവെന്നാണ്(**ചിത്രം 3.1.4**). പക്ഷേ വിരിപ്പുകൃഷിയുടെ വിസ്തൃതിയിലെ വർദ്ധനവ് അതിന്റെ മൊത്തം ഉല്പാദനത്തിൽ പ്രതിഫലിച്ചില്ല, 2017–18 നെ അപേക്ഷിച്ച് ഉല്പാദനത്തിൽ 31.5 ശതമാനം കുറവാണ് രേഖപ്പെടുത്തിയത്. 2018–19 ൽ പുഞ്ചകൃഷിയാണ് ഉല്പാദനക്ഷമതയിൽ മുന്നിൽ നിൽക്കുന്നത്. സംസ്ഥാനത്ത് ഏറ്റവും പ്രാമുഖ്യം മുണ്ടകൻ കൃഷിയ്ക്കാണ്. വിശദാംശങ്ങൾ **അനുബന്ധം 3.1.6** ൽ കൊടുത്തിരിക്കുന്നു. ആലപ്പുഴ ജില്ലയിൽ പുഞ്ചകൃഷിയ്ക്കും പാലക്കാട് ജില്ലയിൽ മുണ്ടകൻ കൃഷിയ്ക്കും വിരിപ്പ കൃഷിയ്ക്കുമാണ് പ്രാധാന്യമുള്ളത് **(അനുബന്ധം 3.1.8).**

സംസ്ഥാനത്തെ നെൽകൃഷി വിസ്തൃതിയുടെ 80 ശതമാനവും പാലക്കാട്(39 ശതമാനം), ആലപ്പുഴ (19.5 ശതമാനം), തൃശ്ശൂർ (11.1 ശതമാനം), കോട്ടയം (11.2 ശതമാനം) ജില്ലകളിലാണ്. സംസ്ഥാന ഉല്പാദനത്തിന്റെ 82 ശതമാനവും ഈ നാല് ജില്ലകളിൽ നിന്നുമാണ്. നെൽകൃഷി വിസ്തൃതിയിലും ഉൽപ്പാദനത്തിലും പാലക്കാട്, ആലപ്പുഴ ജില്ലകൾ

ചിത്രം 3.1.4 സീസൺ അടിസ്ഥാനത്തിൽ കേരളത്തിലെ നെൽകൃഷിയുടെ വിസ്തൃതിയും ഉല്പാദനവും (2016–17 മുതൽ 2018–19 വരെ)



അവലംബം: സാമ്പത്തിക സ്ഥിതി വിവര വകുപ്പ്

ഒന്നും രണ്ടും സ്ഥാനത്താണ്. ഉൽപ്പാദനക്ഷമതയിൽ ഒന്നും രണ്ടും സ്ഥാനം പത്തനംതിട്ട (28 ശതമാനം), ആലപ്പുഴ(14 ശതമാനം) ജില്ലകൾക്കാണ്. 2018–19ൽ നെൽകൃഷിയിടത്തിന്റെ വിസ്തൃതി ഏറ്റവും കൂടുതൽ വർധിച്ചത് കോട്ടയം ജില്ലയിലാണ് (27 ശതമാനം). ജില്ലയുടെ നെല്ലുല്പാദനം 25 ശതമാനമായി വർദ്ധിച്ചിട്ടുണ്ട്, എന്നാൽ ഉല്പാദനക്ഷമത 1.7 ശതമാനമായി കുറഞ്ഞു. ഉല്പാദനം ഏറ്റവും കൂടുതൽ വർദ്ധിച്ചത് പത്തനംതിട്ട ജില്ലയിൽ ആണ്. കൃഷി വിസ്തൃതി 2.6 ശതമാനം വർദ്ധിക്കുകയും ഉല്പാദനം 32 ശതമാനമായി ഉയരുകയും ചെയ്തു. ഇത് ജില്ലയുടെ വർദ്ധിച്ച ഉല്പാദനക്ഷമത സൂചിപ്പിക്കുന്നു. കാസർഗോഡ്, കണ്ണൂർ, തൃശ്ശൂർ, എറണാകുളം, ഇടുക്കി, കോട്ടയം എന്നീ ജില്ലകളിൽ 2017–18 അപേക്ഷിച്ച് ഉല്പാദനക്ഷമതയിൽ കുറവ് രേഖപ്പെടുത്തി. മുൻവർഷത്തെ അപേക്ഷിച്ച് ഏറ്റവും കുറവ് രേഖപ്പെടുത്തിയത് ഇടുക്കി ജില്ലയിലാണ് (17 ശതമാനം). വിശദാംശങ്ങൾ **അനുബന്ധം 3.1.7** ൽ രേഖപ്പെടുത്തിയിരിക്കുന്നു.

നെൽക്കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി തരിശുനില കൃഷി, കരനെൽ കൃഷി രണ്ടും മൂന്നും വിളകളിലേയ്ക്ക് കൃഷിവ്യാപനം, പ്രത്യേക നെൽവിത്തിനങ്ങളുടെ കൃഷിയ്ക്കുള്ള സഹായം തുടങ്ങിയ പദ്ധതികൾ നെൽകൃഷിയുടെ പ്രോത്സാഹനത്തിനായി സംസ്ഥാനതലത്തിൽ നടപ്പാക്കുന്നുണ്ട്.

2018–19 ൽ കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും ഗ്രാമ പഞ്ചായത്തുകളിലുമായി 1,36,450 ഹെക്ടർ കൃഷിയിടത്തിന് ഹെക്ടർ ഒന്നിന് 5500 രൂപ സഹായവും, ഉല്പാദന പ്രോത്സാഹനമായി ഹെക്ടർ ഒന്നിന് ഓരോ സീസണിലും 1000 രൂപയും കൃഷിയുടെ പ്രാഥമിക ചെലവുകളിലേയ്ക്ക് (ഇൻപുട്ട് അസിസ്റ്റൻസ്) നൽകി.

തെങ്ങ്

കേരളത്തിലെ പ്രധാന വിളകളിലൊന്നാണെങ്കിലും, കഴിഞ്ഞ വർഷങ്ങളിലെ കണക്കനുസരിച്ച് സംസ്ഥാനത്തെ തെങ്ങുകൃഷിയുടെ പുരോഗതി പ്രോത്സാഹനജനകമല്ല. സംസ്ഥാനത്ത് 2017–18 നെ അപേക്ഷിച്ച് 2018–19 ൽ 1.32 ശതമാനം വർദ്ധനവാണ് നാളികേര ഉല്പാദനത്തിൽ ഉണ്ടായത്. രാജ്യത്തെ അഞ്ച് പ്രധാന നാളികേര ഉല്പാദന സംസ്ഥാനങ്ങളിൽ തെങ്ങ്കൃഷിയുടെ വിസ്തൃതിയിലും ഉല്പാദനത്തിലും കേരളം ഒന്നാമതാണെങ്കിലും ഉല്പാദനക്ഷമതയിൽ അഞ്ചാം സ്ഥാനത്താണ്. ആന്ധ്രാപ്രദേശ്, തമിഴ്നാട്, പശ്ചിമബംഗാൾ, കർണ്ണാടക എന്നിവയാണ് ഉല്പാദനക്ഷമതയിൽ ആദ്യസ്ഥാനക്കാർ (നാളികേര വികസന ബോർഡ്, സ്റ്റാറ്റിസ്റ്റിക്സ് 2017–18).

സംസ്ഥാനത്ത് 7.61 ലക്ഷം ഹെക്ടറിൽ കൃഷി ചെയ്യപ്പെടുന്ന സംസ്ഥാനത്തെ പ്രധാന വിളയാണ് നാളികേരം. സംസ്ഥാനത്തെ മൊത്തം കൃഷി വിസ്തൃതിയുടെ 29.6 ശതമാനം തെങ്ങുകൃഷിയാണ്. 2009–10 വർഷവുമായി താരതമ്യം ചെയ്യുമ്പോൾ തെങ്ങ് കൃഷിയുടെ വിസ്തൃതിയിൽ 2.2 ശതമാനവും ഉല്പാദനത്തിൽ 6.5 ശതമാനവും കുറവ് ഉണ്ടായി. ഇത് സംസ്ഥാനത്തെ നാളികേരത്തിന്റെ കുറഞ്ഞ ഉല്പാദനക്ഷമത സൂചിപ്പിക്കുന്നു. 2017–18 വർഷത്തേക്കാൾ വിസ്തൃതിയിൽ 0.06 ശതമാനവും ഉല്പാദനത്തിൽ 1.32 ശതമാനവും ഉല്പാദനക്ഷമതയിൽ 1.25 ശതമാനവും വർദ്ധനവ് ആണ് 2018–19 ൽ രേഖപ്പെടുത്തിയത്. വിശദാംശങ്ങൾ **അനുബന്ധം 3.1.9** ൽ രേഖപ്പെടുത്തിയിരിക്കുന്നു.

ഉയർന്ന കൂലിനിരക്ക്, വിദഗ്ദ്ധ തൊഴിലാളികളുടെ കുറവ്, ആദായകരമല്ലാത്ത വില, മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ വിപണനത്തിനുള്ള സൌകര്യങ്ങളുടെ അപര്യാപ്തത ഇവയൊക്കെയാണ് നാളികേര മേഖല അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നങ്ങൾ. കാറ്റ് വീഴ്ച, പരിപാലനത്തിലെ അപര്യാപ്തത, പ്രധാനമായും തെക്കൻ ജില്ലകളിൽ കാണപ്പെടുന്ന പ്രായം ചെന്നതും ഉല്പാദനശേഷി ഇല്ലാത്തതുമായ തെങ്ങുകൾ ഇവയാണ് മറ്റ് പ്രശ്നങ്ങൾ. മെച്ചപ്പെട്ട കാർഷിക പരിപാലന മുറകളിലൂടേയും വിള– കൃഷി സമ്പ്രദായങ്ങളുടെ വൈവിദ്ധ്യവൽകരണത്തിലൂടേയും ഓരോ തുണ്ട് ഭൂമിയിൽ നിന്നും വരുമാനം വർദ്ധിപ്പിക്കുന്ന തരത്തിലുള്ള നാളികേര വികസന പ്രവർത്തനങ്ങൾ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. ഇത്തരത്തിൽ നടപ്പിലാക്കുന്ന പദ്ധതിയാണ് കേരഗ്രാമം. തെങ്ങിൻതോട്ടങ്ങളെ ഏകീകൃത ഗ്രൂപ്പുകളായി തിരിച്ച് പരിപാലിക്കുന്നതിനും രോഗബാധിതവും പ്രായം ചെന്നതുമായ തൈകൾ മാറ്റി പുതിയവ വച്ചുപിടിപ്പിക്കുന്നതിനുമായി ആരംഭിച്ച പദ്ധതിയാണിത്. ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി രോഗംബാധിച്ചതും പ്രായംചെന്നതുമായ തെങ്ങുകൾ വെട്ടിമാറ്റി പുതിയ തൈകൾ നടുക, ഗുണനിലവാരമുള്ള തെങ്ങിൻ തൈകൾ ഉല്പാദിപ്പിക്കുന്നതിനുള്ള നഴ്സറികൾ സ്ഥാപിക്കുക, തൈകൾ വിതരണം ചെയ്യുക എന്നിവയാണ് നാളികേര വികസന കൗൺസിലിന്റെ പ്രധാന ലക്ഷ്യങ്ങൾ. ഗുണനിലവാരമുള്ള തൈകളുടെ ലഭ്യത ഉറപ്പു വരുത്തുന്നതിനായി കർഷക പങ്കാളിത്തത്തോടെ കൂടുതൽ 'ന്യൂക്ലിയസ് സീഡ് ഗാർഡനുകൾ' സ്ഥാപിക്കാവുന്നതാണ്. കുള്ളൻ തെങ്ങിനങ്ങളും, സങ്കരയിനങ്ങളും ഉല്പാദിപ്പിക്കാൻ നടത്തുന്ന ശ്രമങ്ങൾ ഗവേഷണ വികസന സ്ഥാപനങ്ങളുടെ പിന്തുണയോടെ കൂടുതൽ വ്യാപിപ്പിക്കണം.

മൂല്യവർധിത ഉൽപ്പന്നങ്ങളായ ഉണക്കിയ തേങ്ങ, പാനീയങ്ങൾ, ചിരട്ടകൊണ്ടുള്ള ഉൽപ്പന്നങ്ങൾ, കോക്കനട്ട് ക്രീം, നീര മുതലായവ ഉൽപ്പാദിപ്പിക്കുന്നതിന്

വായ്പാ ലഭ്യതയും വിപണന സൗകര്യവും ഏർപ്പെടുത്തി വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കേണ്ടതാണ്.

കുരുമുളക്

ഇന്ത്യയിൽ കുരുമുളക് ഉല്പാദനം 12.3 ശതമാനം കുറവ് രേഖപ്പെടുത്തിക്കൊണ്ട് 2017–18 ൽ 70870 ടൺ ആയിരുന്നത് 2018–19 ൽ 62140 ടൺ ആയി. (യു.പി.എ.എസ്.ഐ, വാർഷിക റിപ്പോർട്ട്, 2018–19). 2018–19 ൽ കേരളത്തിന്റെ കുരുമുളക് ഉല്പാദനം 2017–18 ൽ നിന്നും 4.57 ശതമാനം കുറഞ്ഞ് 36218 ടൺ രേഖപ്പെടുത്തി. വിശദാംശങ്ങൾ **അനുബന്ധം 3.1.4** ൽ രേഖപ്പെടുത്തിയിരിക്കുന്നു. രാജ്യത്തെ മൊത്തം കുരുമുളക് ഉല്പാദനത്തിന്റെ 58 ശതമാനം കേരളത്തിൽ നിന്നാണ്.

2011 മുതൽ 2016 വരെ സ്ഥിരമായി വർദ്ധിച്ചുകൊണ്ടിരുന്ന കുരുമുളകിന്റെ വില 2017 ൽ കിലോഗ്രാമിന് 529.59 രൂപയിലെത്തുകയും വീണ്ടും കുറഞ്ഞ് 392.42 രൂപയാവുകയും ചെയ്തു. കുരുമുളകിന്റെ ഇറക്കുമതിയാണ് ഈ വിലയിടിവിന്റെ പ്രാധാന കാരണം (യു.പി.എ.എസ്.ഐ വാർഷിക റിപ്പോർട്ട് 2018–19).

വികേന്ദ്രീകൃത നഴ്സറികളിലൂടെ കുരുമുളകിന്റെ പുനരുജ്ജീവനം, പുതിയ കുരുമുളക് തോട്ടങ്ങളുടെ സ്ഥാപനം, നിലവിലുള്ള തോട്ടങ്ങളുടെ പുനരുജ്ജീവനം തുടങ്ങിയ പരിപാടികൾ സംസ്ഥാന കൃഷി വകുപ്പ് കുരുമുളക് കൃഷിയുടെ പുനരുദ്ധാരണത്തിനായി നടപ്പിലാക്കുന്നു. ഇടുക്കി ജില്ലയിലെ കുരുമുളക് തോട്ടങ്ങളുടെ സംയോജിത വികസനം, കുരുമുളകിന്റെ കൃഷി വിസ്തൃതി വിപുലീകരണത്തിനുള്ള സഹായം, മണ്ണിന്റെ പോഷകമൂല്യം മെച്ചപ്പെടുത്തുന്നതിനായി കുമ്മായം, ദ്വിതീയ സൂക്ഷമമൂലകങ്ങൾക്കുള്ള സഹായം, കുരുമുളക് സമിതികളുടെ പുനരുദ്ധാരണം എന്നിവ സംസ്ഥാനത്തെ കുരുമുളക് ഉല്പാദനം പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രധാന സംരംഭങ്ങളാണ്.

കശുമാവ്

2017 ൽ ലോകത്തിലെ ഏറ്റവും കൂടുതൽ അസംസ്കൃത കശുവണ്ടി ഉല്പാദിപ്പിക്കുന്നതിൽ വിയറ്റ്നാമിനു തൊട്ടു പിറകിൽ ഇന്ത്യ ആയിരുന്നു. രാജ്യത്തെ അസംസ്കൃത കശുവണ്ടി ഉല്പാദനം 2017–18 ൽ 81700 മെട്രിക് ടണ്ണിൽ നിന്ന് 2018–19 ൽ 74200 മെട്രിക് ടൺ ആയി കുറഞ്ഞു. ഈ വർഷങ്ങളിൽ കശുമാവ് കൃഷി ഭൂമിയുടെ വിസ്തൃതി യഥാക്രമം 10.62 ലക്ഷം ഹെക്ടറിൽ നിന്നും 11.05 ലക്ഷം ഹെക്ടറായി വർദ്ധിച്ചു. തുടർച്ചയായി രാത്രി കാലങ്ങളിൽ കുറഞ്ഞ ചൂട് അനുഭവപ്പെടുന്നതാണ് ഉല്പാദനക്കുറവിന്റെ പ്രധാന കാരണം.

രാജ്യത്തെ കശുവണ്ടി ഉല്പാദിപ്പിക്കുന്ന സംസ്ഥാനങ്ങളിൽ മഹാരാഷ്ടയാണ് (28 ശതമാനം) മുന്നിട്ടു നിൽക്കുന്നത്. തൊട്ടു പിന്നാലെ ആന്ധ്രപ്രദേശ് (14 ശതമാനം) രണ്ടാം സ്ഥാനത്താണ്. രാജ്യത്തെ കശുവണ്ടി ഉത്പാദനത്തിന്റെ 11.17 ശതമാനത്തോടെ കേരളം കശുവണ്ടി ഉത്പാദനത്തിൽ അഞ്ചാം സ്ഥാനത്താണ് (സി.ഇ.പി.സി.ഐ, ഡയറക്ടറേറ്റ് ഓഫ് കാഷ്യുനട്ട് ആന്റ് കൊക്കോ ഡവലപ്മെന്റ്).

കഴിഞ്ഞ ദശകത്തിൽ സംസ്ഥാനത്തെ കശുവണ്ടി കൃഷി ചെയ്യുന്ന ഭൂമിയുടെ വിസ്തീർണ്ണവും കശുവണ്ടി ഉല്പാദനവും തുടർച്ചയായും ഗണ്യമായും കുറഞ്ഞു വരുന്നതായി കാണുന്നു. 2009–10 കാലയളവിൽ സംസ്ഥാനത്ത് 35820 മെട്രിക് ടൺ കശുവണ്ടി ഉല്പാദിപ്പിച്ചിരുന്നത്, 2018–19 ൽ 15640 മെട്രിക് ടണ്ണായി കുറഞ്ഞു എന്നത് ആശങ്കാജനകമാണ്. അതിനനുസരിച്ച് ഈ കാലയളവിൽ കശുമാവ് കൃഷി ഭൂമിയുടെ വിസ്തൃതി യഥാക്രമം 48970 ഹെക്ടറിൽ നിന്നും 38780 ഹെക്ടറായി കുറഞ്ഞു. 2009–10 ൽ ഹെക്ടറൊന്നിന് 731 കിലോഗ്രാമുണ്ടായിരുന്ന ഉല്പാദനക്ഷമത 2018–19 ൽ 403 കിലോഗ്രാമായി കുറഞ്ഞു. 2017–18 നെ അപേക്ഷിച്ച് 2018–19 ൽ കൃഷി വിസ്തൃതി 2.3 ശതമാനവും ഉല്പാദനത്തിൽ 39 ശതമാനവും കുറവുണ്ടായി. വിശദവിവരങ്ങൾ **അനുബന്ധം 3.1.10** ൽ കാണുക.

തോട്ടവിളകൾ

തോട്ടവിളകൾ അവയുടെ കയറ്റുമതി, തൊഴിലവസര സാധ്യത, ദാരിദ്ര്യ നിർമ്മാർജ്ജന ശേഷി എന്നിവ കണക്കിലെടുക്കുമ്പോൾ വാണിജ്യാടിസ്ഥാനത്തിലും സാമ്പത്തികാടിസ്ഥാനത്തിലും വളരെ പ്രാധാന്യം അർഹിക്കുന്നു, വിശേഷിച്ചും ഗ്രാമീണ മേഖലയിൽ. തെക്കേ ഇന്ത്യയിലെ 4 പ്രധാന തോട്ടവിളകളിൽ ഓരോന്നിനും വ്യത്യസ്തമായ സവിശേഷതകളും സാമ്പത്തിക പ്രശനങ്ങളും ഉണ്ട്.

റബ്ബർ, തേയില, കാപ്പി, ഏലം എന്നീ നാല് തോട്ടവിളകളുടെ കൃഷിയിൽ കേരളത്തിന് ഗണ്യമായ പങ്കുണ്ട്. കേരളത്തിന്റെ മൊത്തം കൃഷിഭൂമിയുടെ 27.70 ശതമാനമായ 7.11 ലക്ഷം ഹെക്ടറിലായി ഈ നാലു വിളകളും കൃഷി ചെയ്യുന്നു. വിശദാംശങ്ങൾ **അനുബന്ധം 3.1.4** ൽ രേഖപ്പെടുത്തിയിരിക്കുന്നു. ദേശീയ ഉല്പാദനത്തിൽ റബ്ബർ, ഏലം, കാപ്പി, തേയില എന്നീ വിളകളുടെ ഉല്പാദനത്തിൽ കേരളത്തിന്റെ പങ്ക് യഥാക്രമം 84 ശതമാനം, 89 ശതമാനം, 20.2 ശതമാനം, 4.5 ശതമാനം എന്നിങ്ങനെയാണ്. വിശദ വിവരങ്ങൾ അനുബന്ധം **3.1.11** ൽ കാണുക.

റബ്ബർ

ആഗോള റബ്ബർ ഉല്പാദനത്തിന്റെ 4.8 ശതമാനം ഉല്പാദിപ്പിച്ച് 2018 ൽ ഇന്ത്യ ആഗോള റബ്ബർ

ഉല്പാദനത്തിൽ അഞ്ചാം സ്ഥാനത്ത് എത്തി. 2018 ൽ ഉല്പാദനക്ഷമതയിൽ വിയറ്റ്നാമിനും തായ് ലാന്റിനും പിന്നിൽ മൂന്നാം സ്ഥാനത്താണ് ഇന്ത്യ. പ്രകൃതിദത്ത റബ്ബറിന്റെ ഉല്പാദനത്തിൽ മുൻവർഷം 6.94 ലക്ഷം ടൺ ആയിരുന്നത് 2018-19 ൽ 6.2 ശതമാനം കുറഞ്ഞ് 6.51 ലക്ഷം ടണ്ണായി. മൊത്തം റബ്ബർ കൃഷി വിസ്തൃതിയിൽ 70 ശതമാനം സ്ഥലത്തെ റബ്ബർ മരങ്ങൾ മാത്രമേ ടാപ്പ് ചെയ്യുതായി കാണുന്നുള്ളൂ. ഇന്ത്യയിൽ മുൻവർഷത്തെ അപേക്ഷിച്ച് പ്രകൃതിദത്ത റബ്ബറിന്റെ ഉപഭോഗത്തിൽ 9 ശതമാനം വർദ്ധനവാണ് 2018-19 ൽ രേഖപ്പെടുത്തിയത്. 2017-18 ൽ 11,12,210 ടൺ ആയിരുന്നത് 2018-19 ൽ 12,11,940 ടൺ ആയി വർദ്ധിച്ചു. പ്രകൃതിദത്ത റബ്ബർ ഇറക്കുമതി മുൻവർഷത്തെ 4.69 ലക്ഷം ടണ്ണിൽ നിന്നും 24 ശതമാനം വർദ്ധിച്ച് 5.82 ലക്ഷം ടണ്ണായി. 2018-19 ൽ ആർ.എസ്. എസ്-4 ഗ്രേഡ് റബ്ബറിന്റെ ശരാശരി വാർഷിക വില കിലോഗ്രാമിന് 125.95 രൂപയായിരുന്നു. 2017-18 ൽ കിലോഗ്രാമിന് 129.80 രൂപയായിരുന്നു പ്രകൃതിദത്ത റബ്ബറിന്റെ വില (**അനുബന്ധം 3.1.12, 3.1.13, 3.1.14**).

സംസ്ഥാനത്തെ മൊത്തം കൃഷിഭൂമിയുടെ 21 ശതമാനം റബ്ബർ ആണ്. നാളികേര കൃഷി കഴിഞ്ഞാൽ രണ്ടാം സ്ഥാനം റബ്ബറിനാണ്. 2017-18 നെ അപേക്ഷിച്ച് 2018-19 കാലയളവിൽ റബ്ബർ കൃഷി ഭൂമിയുടെ വിസ്തൃതിയിലും ഉല്പാദനത്തിലും മാറ്റമില്ലാതെ തുടർന്നു (**അനുബന്ധം 3.1.11**). പ്രതികൂല കാലാവസ്ഥ പ്രത്യേകിച്ചും അതിതീവ്രമായ മഴയും പ്രളയവും, ഇലകൊഴിച്ചിൽ രോഗം, വിദഗ്ദ്ധ തൊഴിലാളികളുടെ കുറവ്, കർഷകർക്ക് വിളവെടുക്കുന്നതിനുള്ള വൈമനസ്യം, മോശമായ പരിപാലനം, പ്രകൃതിദത്ത റബ്ബറിനുണ്ടായ വിലയിടിവ് എന്നീ ഘടകങ്ങൾ റബ്ബർ ഉല്പാദനത്തെ പ്രതികൂലമായി ബാധിച്ചു.

കാപ്പി

2018-19 ലെ ആഭ്യന്തര കാപ്പി ഉല്പാദനം 3,19,500 ടണ്ണായിരുന്നു. ഇതിൽ അറബിക്കയുടെ ഉല്പാദനം 95,000 ടണ്ണും (29.7 ശതമാനം) റോബസ്റ്റ ഉല്പാദനം 2,24,500 ടണ്ണും(70.3 ശതമാനം) ആയിരുന്നു. 2017-18 ലെ ഉല്പാദനം 3,16,000 ടൺ ആയിരുന്നു. 2018-19 ൽ 3500 ടണ്ണിന്റെ അധിക വർദ്ധനവ് ഉണ്ടായി.

കേരളത്തിൽ 2018-19 ൽ കാപ്പിയുടെ ഉല്പാദനം കുറഞ്ഞു. 2017-18 ൽ 66465 മെട്രിക് ടൺ ആയിരുന്ന കാപ്പി ഉല്പാദനം വിള വിസ്തൃതിയിൽ മാറ്റമില്ലാതെ 2018-19 ൽ 64676 മെട്രിക് ടണ്ണായി കുറഞ്ഞു (**അനുബന്ധം 3.1.11**). 2018-19 ൽ കേരളത്തിലെ കാപ്പിയുടെ ഉല്പാദനക്ഷമത ഹെക്ടറിന് 761 കി.ഗ്രാം ആയിരുന്നു. കാപ്പി ഉത്പാദനത്തിൽ കർണ്ണാടകത്തിനു തൊട്ടു പിന്നിൽ കേരളം രണ്ടാം സ്ഥാനത്തു നിൽക്കുന്നു.

തേയില

ആഗോള തേയില ഉല്പാദനത്തിൽ ഇന്ത്യ രണ്ടാം സ്ഥാനത്ത് നില്ക്കുന്നു. എല്ലാ വിഭാഗത്തിലും നിന്നുള്ള തേയില ഉല്പാദകർ (സംഘടിത/അസംഘടിത മേഖലകൾ) പ്രധാനമായും മുൻപ് വിളകൾ സംബന്ധിക്കുന്ന കണക്കുകൾ റിപ്പോർട്ട് ചെയ്യാതിരുന്ന ഉത്തരേന്ത്യയിൽ നിന്നുള്ള ഉല്പാദകരേയും കൂടി ഉൾപ്പെടുത്തി കൊണ്ട് റ്റീ ബോർഡ് 2011 ൽ തേയില ഉല്പാദനത്തിന്റെ കണക്കുകൾ പുതുക്കിയപ്പോൾ ഇന്ത്യയിലെ തേയില ഉല്പാദനം 100 കോടി കവിഞ്ഞു.

2018-19 ൽ ആഭ്യന്തര തേയില ഉല്പാദനം 2017-18ൽ നിന്നും 24.99 ദശലക്ഷം കിലോഗ്രാം വർദ്ധിച്ച് 1350.04 ദശലക്ഷം കിലോഗ്രാം രേഖപ്പെടുത്തി. 2013-14 നെ അപേക്ഷിച്ച് 2018-19 ൽ രാജ്യത്തെ തേയില ഉല്പാദനത്തിൽ 12.50 ശതമാനം വർദ്ധനവ് രേഖപ്പെടുത്തി (**അനുബന്ധം 3.1.15**). 2018-19 ൽ കിലോഗ്രാമിന് 216.38 രൂപ നിരക്കിൽ 5506.84 കോടി രൂപയുടെ തേയില കയറ്റുമതി നടന്നു. 2017-18 നെ അപേക്ഷിച്ച് വിലയിലും കയറ്റുമതിയിലും യഥാക്രമം 9.61ശതമാനവും 8.73 ശതമാനവും വർദ്ധനവാണ് ഉണ്ടായത്.

രാജ്യത്തെ തേയില ഉല്പാദനത്തിന്റെ 4.50 ശതമാനം കേരളത്തിലാണ്. 2018-19 ൽ സംസ്ഥാനത്തെ തേയിലകൃഷി വിസ്തൃതി 20.7 ശതമാനം വർദ്ധിച്ചു. എന്നാൽ ഉല്പാദനം 2017-18 നെ അപേക്ഷിച്ച് 2.36 ശതമാനം കുറവായിരുന്നു.

ഏലം

ലോകത്ത് ഏറ്റവും കൂടുതൽ ഏലം ഉല്പാദിപ്പിക്കുന്ന രാജ്യങ്ങളിൽ രണ്ടാമതാണ് ഇന്ത്യ. ഇന്ത്യൻ ഏലത്തിന്റെ സ്വാദും മണവും അന്താരാഷ്ട്ര തലത്തിൽ ഏലം വ്യാപാരത്തിൽ ഇന്ത്യയുടെ സ്ഥാനം സുപ്രധാനമാക്കുന്നു. ഇടവിട്ടുള്ള മഴയും നല്ല സൂര്യപ്രകാശവും ചെടിയുടെ വളർച്ചാഘട്ടത്തിൽ അത്യന്താപേക്ഷിതമായതിനാൽ ഏലത്തിന്റെ ഉല്പാദനം കാലാവസ്ഥയെ ആശ്രയിച്ചിരിക്കുന്നു. 2018-19 ൽ രാജ്യത്തെ ഏലം ഉല്പാദനം 2017-18ൽ നിന്നും 7,700 ടൺ കുറഞ്ഞ് 12,950 ടൺ രേഖപ്പെടുത്തി. 2017-18 ൽ ഏലത്തിന്റെ വില കിലോഗ്രാമിന് 963.26 രൂപയായിരുന്നത് 2018-19 ൽ കിലോഗ്രാമിന് 514.02 രൂപ വർദ്ധിച്ച് 1477.28 രൂപയിൽ എത്തി (യു. പി.എ.എസ്.ഐ വാർഷിക റിപ്പോർട്ട് 2018-19).

ആഭ്യന്തര ഉല്പാദനത്തിന്റെ 89.07 ശതമാനം ഉല്പാദിപ്പിച്ച് കേരളം ഏലം ഉല്പാദനത്തിൽ പ്രധാന പങ്ക് വഹിക്കുന്നു. 2018-19 ലെ സംസ്ഥാനത്തെ ഏലം ഉല്പാദനം 2017-18 ൽ നിന്നും 37 ശതമാനം കുറഞ്ഞ് 11,535 മെട്രിക് ടണ്ണായി. 2018 ൽ കേരളത്തിലുണ്ടായ പ്രളയം

ഉല്പാദനക്കുറവിനുള്ള കാരണമാകാം (**അനുബന്ധം 3.1.11**).

രാസവള കീടനാശിനി ഉപഭോഗം

സംസ്ഥാനത്ത് തദ്ദേശജന്യമായ കീടനാശിനികളുടെ ഉപഭോഗം 2018–19 ൽ 1194.06 മെട്രിക് ടണ്ണായിരുന്നു. ഇതിൽ 517.3 മെട്രിക് ടൺ രാസകീടനാശിനിയും 676.76 മെട്രിക് ടൺ ജൈവകീടനാശിനിയുമാണ്. കീടനാശിനി ഉപയോഗം ഏറ്റവും കൂടുതൽ പച്ചക്കറികളിലായിരുന്നു. 2017–18 നെ അപേക്ഷിച്ച് 2018–19 ൽ രാസ/ജൈവ കീടനാശിനിപ്രയോഗം കുറഞ്ഞു. 2017–18 നെ അപേക്ഷിച്ച് നെല്ല്, പച്ചക്കറി വിളകളിൽ രാസകീടനാശിനിപ്രയോഗം 2018–19 ൽ വർദ്ധിച്ചതായി കാണുന്നു (**പട്ടിക. 3.1.2**).

സംസ്ഥാനത്ത് 2018–19 ൽ നൈട്രജൻ രാസവളങ്ങളുടെ ഉപഭോഗം 2017–18 നെ അപേക്ഷിച്ച് കുറവായിരുന്നു. മൊത്ത കൃഷി വിസ്തൃതി കണക്കിലെടുത്താൽ ഹെക്ടറിന് 28 കിലോഗ്രാം രാസവള ഉപഭോഗക്രമത്തിൽ 40 ശതമാനം നൈട്രജൻ വളങ്ങളാണ്. ഫോസ്ഫറസ്, പൊട്ടാസ്യം എന്നിവ നൽകുന്ന വളങ്ങളുടെ ഉപഭോഗം യഥാക്രമം ഹെക്ടറിന് 15 കിലോഗ്രാം, 26 കിലോഗ്രാം എന്നിങ്ങനെയായിരുന്നു. അതായത് ഫോസ്ഫറസും പൊട്ടാസ്യവും ചേർന്ന് രാസവള ഉപഭോഗത്തിന്റെ 59 ശതമാനമായിരുന്നു. വിശദാംശങ്ങൾ **അനുബന്ധം 3.1.16** ൽ രേഖപ്പെടുത്തിയിരിക്കുന്നു.

കുടുംബശ്രീ മുഖേനയുള്ള കൂട്ടുകൃഷി

ഗാർഹികതലത്തിലും സമൂഹത്തിലും ഭക്ഷ്യസുരക്ഷ ലക്ഷ്യമാക്കിയുള്ള കുടുംബശ്രീയുടെ ഒരു പ്രധാന പ്രവർത്തനമേഖലയാണ് കൂട്ടുകൃഷി. നെല്ല്, പച്ചക്കറി, വാഴ, പൈനാപ്പിൾ, കിഴങ്ങുവർഗ്ഗങ്ങൾ എന്നിവയാണ് മുഖ്യമായും കൃഷി ചെയ്യുന്ന വിളകൾ. 2018–19 ൽ നെല്ല് 13690 ഹെക്ടറിലും, പച്ചക്കറികൾ 10,333 ഹെക്ടറിലും, വാഴ 15,329 ഹെക്ടറിലും മറ്റ് വിളകൾ 14,732 ഹെക്ടറിലും കൃഷി ചെയ്തിട്ടുണ്ട്. 2017–18 മായി താരതമ്യം ചെയ്യുമ്പോൾ നെല്ല്, വാഴ എന്നിവയുടെ വിസ്തൃതി വർദ്ധിക്കുകയും പച്ചക്കറി വിസ്തൃതി കുറയുകയും ചെയ്തു. വിശദാംശങ്ങൾ **അനുബന്ധം 3.1.17** ൽ രേഖപ്പെടുത്തിയിരിക്കുന്നു.

കൃഷി വകുപ്പിന്റെ 2018–19 ലെ പ്രധാന നേട്ടങ്ങൾ

2018–19 വാർഷിക പദ്ധതിയിൽ കൃഷി വകുപ്പിന് സംസ്ഥാന വിഹിതമായി വകയിരുത്തിയിരുന്ന 744.42 കോടി രൂപയിൽ 621.03 കോടി രൂപ (83.4 ശതമാനം) ചെലവഴിച്ചിട്ടുണ്ട്. കൃഷി വകുപ്പിന്റെ 2018–19 ലെ മുഖ്യനേട്ടങ്ങൾ ഇനി പറയുന്നവയാണ്.

• നെൽകൃഷി വികസനത്തിനായി ഗ്രൂപ്പ് ഫാമിംഗിലൂടെ സുസ്ഥിര നെൽകൃഷി 1.83 ലക്ഷം ഹെക്ടറിൽ നടപ്പിലാക്കുന്നതിനും സവിശേഷ നെൽകൃഷി 907.89 ഹെക്ടറിൽ നടപ്പിലാക്കുന്നതിനും ധനസഹായം നൽകിയിട്ടുണ്ട്. കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും ഗ്രാമപഞ്ചായത്തുകളിലുമായി 1,36,450 ഹെക്ടറിന് ഉല്പാദന പ്രോത്സാഹനമെന്ന നിലയിൽ ഓരോ സീസണിലും ഹെക്ടറൊന്നിന് 1,000 രൂപ വീതം നൽകി.

• തദ്ദേശീയമായവയും, അല്ലാത്തതുമായ വിത്തിനങ്ങളുടെ സംരക്ഷണത്തിനായി ആധുനിക വിത്തുബാങ്കുകൾ, കേരളകാർഷിക സർവ്വകലാശാലയുടെ കീഴിൽ വെള്ളാനിക്കരയിലും പട്ടാമ്പി പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിലും സ്ഥാപിക്കുന്നതിനായി നടപടികൾ സ്വീകരിച്ചു. ജനിതക ദ്രവ്യ സംരക്ഷണത്തിന്റെ ഭാഗമായി പയറുവർഗ്ഗങ്ങളുടെ

പട്ടിക 3.1.2 തദ്ദേശീയ രാസജൈവ കീടനാശിനികളുടെ വിളതിരിച്ചുള്ള ഉപഭോഗം – 2017–18, 2018–19 മെട്രിക് ടൺ (ടെക്നിക്കൽ ഗ്രേഡ്)

ഉല്പന്നം	വിള	രാസ കീടനാശിനികൾ		ജൈവ കീടനാശിനികൾ		ആകെ	
		2017–18	2018–19	2017–18	2018–19	2017–18	2018–19
ഭക്ഷ്യ ധാന്യങ്ങൾ	നെല്ല്	37.15	66.24	153.37	94.86	190.52	161.09
പച്ചക്കറികൾ		110.98	137.58	394.95	201.99	505.94	339.57
സുഗന്ധ വ്യഞ്ജനങ്ങൾ		59.76	48.71	156.23	79.71	215.99	128.42
നാളികേരം	നാളികേരം	139.93	113.06	228.99	116.49	368.91	229.54
അടയ്ക്ക	അടയ്ക്ക	20.45	15.80	48.60	21.75	69.05	37.55
ഏത്തവാഴ	ഏത്തവാഴ	155.14	135.91	185.90	161.97	341.04	297.88
ആകെ		523.42	517.3	1,168.04	676.76	1,691.46	1,194.06

അവലംബം: കൃഷി വകുപ്പ്, കേരള സർക്കാർ

139 ഉം, പരമ്പരാഗത നെല്ലിനങ്ങളുടെ 362 ഉം ജനിതകദ്രവ്യങ്ങൾ സംഭരിച്ചു. 383.758 ഹെക്ടറിൽ പരമ്പരാഗത നെല്ലിനങ്ങളും ചെറുധാന്യങ്ങളും കൃഷിയിറക്കി പ്രോത്സാഹിപ്പിച്ചു.

• നാളികേര വികസനത്തിനായി 77 കേരഗ്രാമങ്ങൾ, 10 നഴ്സറികൾ, 407 ജൈവവള ഉല്പാദന യൂണിറ്റുകൾ എന്നിവ സ്ഥാപിച്ചു. 1179 ഹെക്ടറിൽ ജലസേചന സൌകര്യം വിപുലീകരിക്കുകയും സ്ഥാപിക്കുകയും ചെയ്തു. 2,53,108 നെടിയ ഇനവും, 9853 കുറിയ ഇനവും, 45,064 സങ്കരയിനവും തെങ്ങിൻ തൈകൾ ഉല്പാദിപ്പിക്കുകയും ചെയ്തു. 13,444 ഹെക്ടർ തെങ്ങിൻ തോപ്പുകളിലെ 2,37,370 തെങ്ങുകളിൽ രോഗകീടനിയന്ത്രണ പ്രവർത്തനങ്ങൾ നടത്തി.

• 2018 മുതൽ 2028 വരെയുള്ള പത്ത് വർഷക്കാലയളവിൽ സമഗ്രനാളികേര വികസനത്തിനായി പരിപാടികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നതിനായി നാളികേര വികസന കൗൺസിൽ രൂപീകരിച്ചു. ഈ കാലയളവിൽ നാളികേരകൃഷി വിസ്തൃതി 7.81 ലക്ഷം ഹെക്ടറിൽ നിന്നും 9.25 ലക്ഷം ഹെക്ടറിലേയ്ക്ക് വർദ്ധിപ്പിക്കുന്നതിനും, ഉല്പാദനക്ഷമത ഹെക്ടറിന് 6885 നാളികേരം എന്നതിൽ നിന്നും 8500 നാളികേരം എന്നതിലേയ്ക്ക് ഉയർത്തുന്നതിനും ലക്ഷ്യമിട്ടിരിക്കുന്നു. 3 ലക്ഷം ഹെക്ടർ പ്രദേശത്തെ തോട്ടങ്ങൾ പുനരുജ്ജീവിപ്പിക്കുന്നതിനും 1.44 ലക്ഷം ഹെക്ടർ പ്രദേശത്തേയ്ക്ക് പുതുതായി കൃഷി ചെയ്യുന്നതിനും ലക്ഷ്യമിട്ടിരിക്കുന്നു.

• പച്ചക്കറി വികസനത്തിന്റെ ഭാഗമായി 786.938 ഹെക്ടർ തരിശുഭൂമി കൃഷി ചെയ്യുന്നതിനുള്ള ധനസഹായം ലഭ്യമാക്കിയതു കൂടാതെ 82,166.855 ഹെക്ടറിൽ പച്ചക്കറി കൃഷി നടപ്പിലാക്കുകയും 12.12 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഉല്പാദന കൈവരിക്കുകയും ചെയ്തു. 1590 തിരിനന കണിക ജലസേചന യൂണിറ്റുകൾ മുഖേന 10.54 ഹെക്ടറിൽ ജലസേചന സൗകര്യം ലഭ്യമാക്കി.

• കുരുമുളക് വികസനത്തിന് കർഷകർക്ക് വിതരണം ചെയ്യുന്നതിനായി രോഗപ്രതിരോധശേഷിയുള്ള 24 ലക്ഷം വേര് പിടിപ്പിച്ച കുരുമുളക് വള്ളികളും 14,825 കുറ്റികുരുമുളക് തൈകളും ഉല്പാദിപ്പിച്ചു. 640.27 ഹെക്ടറിൽ പുതുതായി കുരുമുളക് കൃഷി ഇറക്കുകയും 34 കുരുമുളക് വികസന സമിതികൾ ശക്തിപ്പെടുത്തുകയും ചെയ്തു. പ്രളയാനന്തരം നഷ്ടമായ 668.48 ഹെക്ടർ പ്രദേശത്ത് കുരുമുളക് കൃഷി പുന:സ്ഥാപിച്ചു.

• നടീൽ വസ്തുക്കളുടെ ഉല്പാദനം വിവിധ തോട്ടങ്ങളിലൂടെ നടപ്പിലാക്കി. 8.43 ലക്ഷം പച്ചക്കറി തൈകൾ, 2461 ടൺ പച്ചക്കറി വിത്തുകൾ, 2,32,529 കി.ഗ്രാം നെൽവിത്ത്, 4.3 ലക്ഷം ടിഷ്യൂക്കൾച്ചർ വാഴത്തൈകൾ, 42,787 വാഴക്കന്നുകൾ, 8019 അലങ്കാരച്ചെടികൾ, 1.16 ലക്ഷം കശുമാവ് ഗ്രാഫ്റ്റുകൾ എന്നിവ ഉല്പാദിപ്പിച്ചു നൽകി.

• രോഗകീട നിരീക്ഷണത്തിനായി നിലവിലുള്ള 202 പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ കൂടാതെ 50 എണ്ണം 2020 നിരീക്ഷണ പാടങ്ങൾക്ക് പ്രയോജനപ്പെടുത്തുന്ന രീതിയിൽ പുതുതായി സ്ഥാപിച്ചു.

• ജൈവ ഉല്പന്നങ്ങളുടെ വിപണനത്തിനായി നിലവിലുള്ള 139 എക്കോഷോപ്പുകൾ കൂടാതെ 27 പുതിയ എക്കോഷോപ്പുകൾ കോർപ്പറേഷനുകളിലും, മുനിസിപ്പാലിറ്റികളിലും, ജില്ലാ ആസ്ഥാനങ്ങളിലും സ്ഥാപിച്ചു.

കൃഷിവകുപ്പിന്റെ 2019-20 വാർഷിക പദ്ധതിയിലെ മുഖ്യസംരംഭങ്ങൾ

സുസ്ഥിര കാർഷിക വളർച്ചയ്ക്ക് വിഭവങ്ങളുടെ കാര്യക്ഷമമായ പരിപാലനം, കാലാവസ്ഥക്കനുയോജ്യമായ കൃഷിസമ്പ്രദായങ്ങൾ, നൂതനസാങ്കേതികവിദ്യയുടെ ഉപയോഗം എന്നിവയ്ക്ക് ഊന്നൽ നൽകേണ്ടത് അത്യന്താപേക്ഷിതമാണ്. ഇവ മുൻനിർത്തി സംസ്ഥാനത്തെ കാർഷികവികസന പദ്ധതികൾ ഉത്തമ കൃഷിമുറ രീതിയിലൂടെ സുരക്ഷിത ഭക്ഷണം, ജൈവകൃഷി, ഹൈടെക് കൃഷി, മണ്ണ് പരിശോധനാധിഷ്ഠിത പരിപാലനം, മണ്ണിന്റെ ഫലഭൂയിഷ്ഠി പരിപാലനം, രോഗകീടനിയന്ത്രണം, വിളനിരീക്ഷണത്തിനായി നൂതന സാങ്കേതിക വിദ്യയുടെ ഉപയോഗം, യന്ത്രവത്ക്കരണം, വിപണി ശക്തിപ്പെടുത്തൽ എന്നീ മേഖലകൾക്ക് ഊന്നൽ നൽകുന്നു. വ്യാവസായികാധിഷ്ഠിത വികസനത്തിലൂടെ കാർഷികമേഖലയിൽ വരുമാനംസുരക്ഷ ഉറപ്പു വരുത്തുന്നതിനായി പ്രോത്സാഹനം നൽകി വരുന്നു. കാർഷിക വായ്പാ സൗകര്യം, വിള ഇൻഷ്വറൻസ്, വിപണി ഇടപെടലിലൂടെ വിലനിലവാര സ്ഥിരത, കർഷക പെൻഷൻ തുടങ്ങിയ കർഷക സൗഹൃദ പരിപാടികളും നടപ്പിലാക്കി വരുന്നു.

പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുക, നെല്ല്, ചെറുധാന്യങ്ങൾ, പയറുവർഗ്ഗങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ ഇവയുടെ ഉല്പാദനം വർദ്ധിപ്പിക്കുക എന്നീ ലക്ഷ്യത്തോടെയാണ് 2019-20 ലെ പദ്ധതികൾ തയ്യാറാക്കിയിട്ടുള്ളത്. കാർഷിക മേഖല മെച്ചപ്പെടുത്തുന്നതിനായി 2019-20 ൽ കൃഷിവകുപ്പ് ഏറ്റെടുത്തിട്ടുള്ള പ്രധാന പ്രവർത്തനങ്ങളിൽ നെൽകൃഷി വികസനത്തിനും, പച്ചക്കറി ഉല്പാദനം വർദ്ധിപ്പിച്ച് സ്വയം പര്യാപ്തത കൈവരിക്കുന്നതിനും സംയോജിത രീതിയിലുള്ള ഭക്ഷ്യവിളകളുടെ ഉല്പാദന പരിപാടികൾ, കേര ഗ്രാമം പരിപാടിയിലൂടെ നാളികേരമേഖലയുടെ സമഗ്രവികസനം ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉല്പാദനവും, വിതരണവും, ജനപങ്കാളിത്തത്തോടെയുള്ള സമഗ്ര തരിശുനിലകൃഷി,

നിലവിലുള്ള ലാബുകളുടെ ആധുനീകവത്ക്കരണവും പുതിയ ലാബുകൾ സ്ഥാപിക്കലും, വിപണനത്തിനായുള്ള സ്ഥാപന സംവിധാനം വിജ്ഞാനവ്യാപനം ശക്തിപ്പെടുത്തൽ, ആത്മ പ്ലസ് മാതൃകയിലുള്ള വിജ്ഞാന വ്യാപനം, സുഗന്ധ വിളകളുടെ പുനരുജ്ജീവനം, കീടരോഗ നിരീക്ഷണം ഉൾപ്പെടുന്ന വിള ആരോഗ്യ പരിപാലനം, ജൈവ കൃഷിയും പ്രോത്സാഹനവും, സുരക്ഷിതവും ഭക്ഷ്യയോഗ്യവുമായ ഭക്ഷ്യ ഉല്പാദനം, വിള ഇൻഷ്വറൻസ്, മെച്ചപ്പെട്ട സേവന വിതരണത്തിനായി കാർഷിക സേവന കേന്ദ്രങ്ങൾ സ്ഥാപിക്കുകയും നിലവിലുള്ളവ ശക്തിപ്പെടുത്തലും, കുരുമുളകിന്റെ പുനരുജ്ജീവനം, വയനാട് ജില്ലയിൽ കാർഷിക പ്രതിസന്ധി നേരിടുന്നതിനായി പ്രത്യേക പദ്ധതികൾ എന്നിവ ഉൾപ്പെടുത്തിയിരിക്കുന്നു.

നാളികേര മേഖലയുടെ പുനരുജ്ജീവനത്തിനായി നാളികേര മിഷൻ മുഖേന യുദ്ധകാല അടിസ്ഥാനത്തിൽ തെങ്ങിൻതൈകൾ നടുന്നതിനും പരിപാലിക്കുന്നതിനും ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും, വ്യവസായവുമായി ബന്ധിപ്പിച്ചുള്ള വികസനം പ്രോത്സാഹിപ്പിക്കുന്നതിനും ലക്ഷ്യമിട്ടിരിക്കുന്നു. കേരളത്തിൽ പ്രളയംമൂലം നഷ്ടമുണ്ടായ കുട്ടനാട് പ്രദേശത്തെ കാർഷിക മേഖല വികസിപ്പിക്കുന്നതിനായി പുതിയ പദ്ധതി ഉൾപ്പെടുത്തിയിരിക്കുന്നു. കൂടാതെ അടയ്ക്കാകൃഷി പ്രോത്സാഹനത്തിനും നൂതന സാങ്കേതിക വിദ്യ ശാക്തീകരിക്കുന്നതിനുമായി പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിച്ചിരിക്കുന്നു. ഹരിതകേരളം മിഷനിലൂടെ സംയോജിത പരിപാടികൾ നടപ്പിലാക്കുവാനും ലക്ഷ്യമിട്ടിരിക്കുന്നു.

വിള ഇൻഷ്വറൻസ് പദ്ധതി

കേരളത്തിലെ വലിയ വിഭാഗം കാർഷിക ഉല്പാദകരും ചെറുകിട കർഷകരാണ് . കൂടാതെ കേരളത്തിലെ കൃഷി കാലാവസ്ഥയെ വളരെയധികം ആശ്രയിച്ചിരിക്കുന്നതിനാൽ കാലാവസ്ഥയിലെ അനിശ്ചിതത്വം കൃഷി ഒരു നഷ്ടസാധ്യതയുള്ള സംരംഭമാക്കുന്നു. ഇത്തരത്തിൽ വിളകളുടെ ഉല്പാദനത്തിലുള്ള അനിശ്ചിതത്വം ഓരോ കർഷകനും നേരിടേണ്ടതായി വരുന്നു. വിള ഉല്പാദനത്തെ വരൾച്ച, വെള്ളപ്പൊക്കം, കീടരോഗങ്ങൾ എന്നിവയെല്ലാം ബാധിക്കുന്നതിനാൽ കർഷകർക്ക് സുസ്ഥിര വരുമാനം ലഭിക്കുന്നതിന് വിള ഇൻഷ്വറൻസ് മുഖ്യപങ്ക് വഹിക്കുന്നുണ്ട്. 25 പ്രധാന കാർഷിക വിളകളായ തെങ്ങ്, വാഴ, റബ്ബർ, കുരുമുളക്, അടയ്ക്ക, ഏലം, കശുമാവ്, കാപ്പി, ഇഞ്ചി, തേയില, മരച്ചീനി, മഞ്ഞൾ, കൊക്കോ, നിലക്കടല, എള്ള്, പച്ചക്കറി, ജാതി, ഗ്രാമ്പൂ, വെറ്റില, പയറുവർഗ്ഗം, കിഴങ്ങുവർഗ്ഗം, കരിമ്പ്, പുകയില, നെല്ല്, മാവ്, ചെറുധാന്യങ്ങൾ എന്നിവയാണ് സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.
2018-19 വർഷത്തിൽ സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ 2,42,238 കർഷകർ അംഗങ്ങളാവുകയും 26,555 കർഷകർക്കുള്ള ഇൻഷ്വറൻസ് തുകയായി 292.8 ലക്ഷം രൂപ വിതരണം ചെയ്യുകയും ചെയ്തു.

പരിഷ്ക്കരിച്ച ദേശീയ കാലാവസ്ഥ അടിസ്ഥാനമാക്കിയുള്ള വിള ഇൻഷ്വറൻസ് (ആർ.ഡബ്ല്യു.ബി.സി.ഐ.എസ്) പദ്ധതിക്കുകീഴിൽ 2018 ഖാരിഫ് കൃഷിക്ക് 13469 ഹെക്ടറിൽ ഉൾപ്പെടുന്ന 19103 കർഷകർ അംഗങ്ങളായി. നെല്ല്, അടയ്ക്ക, കുരുമുളക്, ഇഞ്ചി, കരിമ്പ്, മഞ്ഞൾ, ഏലം, പൈനാപ്പിൾ, വാഴ, ജാതിയ്ക്ക എന്നീ വിളകൾ ആർ.ഡബ്ല്യൂ.ബി.സി. എസ് ൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഇവയ്ക്ക പുറമെ മാവ്, ഉരുളക്കിഴങ്ങ്, കാബേജ്, കാരറ്റ്, വെളുത്തുള്ളി, ബീൻസ്, പയർ, പടവലം, പാവൽ എന്നിവ കൂടി റാബി സീസണിൽ ഉൾപ്പെടുത്തി. റാബി കൃഷിക്ക് 14626 ഹെക്ടറിലുള്ള 22,025 കർഷകരെ വിള ഇൻഷ്വറൻസിനു കീഴിൽ കൊണ്ടു വന്നു. 2018-19 ഖാരിഫ് കൃഷിക്ക് പ്രധാൻ മന്ത്രി ഫസൽ ബീമ യോജന (പി.എം.ബി. എസ്.വൈ) മുഖേന നെല്ല് , ഏത്തവാഴ, മരച്ചീനി, വാഴ എന്നീ വിളകൾക്ക് 6958 ഹെക്ടറിലായുള്ള 7281 കർഷകർക്ക് 9 കോടി രൂപ വിതരണം ചെയ്തു. 2018ൽ റാബി കൃഷിക്ക് 8,176 ഹെക്ടറിലുള്ള 8,743 കർഷകർ അംഗങ്ങളായി (കൃഷി വകുപ്പ്, കേരളം).

സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ (എസ്.എച്ച്.എം)

2005 ൽ രൂപീകൃതമായ കേന്ദ്രാവിഷ്കൃത പദ്ധതിയായ ദേശീയ ഹോർട്ടീക്കൾച്ചർ മിഷന്റെ പരിപാടികൾ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. 2014-15 മുതൽ ഹോർട്ടീക്കൾച്ചറിനായുള്ള സംയോജിത വികസന മിഷൻ എന്ന പേരിൽ ഇത് പുനർ രൂപീകരിക്കുകയും ചെയ്തു. സംസ്ഥാന ഹോർട്ടീക്കൾച്ചർ മിഷൻ മുഖേന ഈ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. പഴവർഗങ്ങൾ, തോട്ടവിളകൾ, സുഗന്ധവ്യഞ്ജനങ്ങൾ, പുഷ്പങ്ങൾ, സുഗന്ധമുള്ളതും, ഔഷധഗുണമുള്ളതുമായ സസ്യങ്ങൾ, കൂണുകൾ എന്നിവയുടെ സമഗ്രവികസനമാണ് ഹോർട്ടികൾച്ചർ മിഷന്റെ ഉദ്ദേശം. മിഷന്റെ കീഴിൽ സമഗ്ര വികസനത്തിനായി തിരഞ്ഞെടുത്തിട്ടുള്ള കൃഷിയിനങ്ങൾ - മാവ്, വാഴ, പൈനാപ്പിൾ, കുരുമുളക്, ഇഞ്ചി, മഞ്ഞൾ, ജാതിയ്ക്ക, കശുവണ്ടി, കൊക്കോ എന്നിവയാണ്. ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുക, വിളവെടുപ്പിന് ശേഷമുള്ള പരിപാലനം, വിപണനം എന്നിവയ്ക്കായുള്ള പദ്ധതികളാണ് പ്രധാനമായും മിഷൻ നടപ്പിലാക്കുന്നത്.

എം.ഐ.ഡി.എച്ച് പദ്ധതിയിൽ നിന്നും ലഭിക്കുന്ന ഫണ്ടുകൾ കൃത്യമായി വകയിരുത്തി വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും ഹോർട്ടിക്കൾച്ചർ വിളകൾ വിപുലീകരിക്കുന്നതിനും മൂല്യവർദ്ധനവ്, സംഭരണം, വിപണനം എന്നിവയ്ക്കാവശ്യമുള്ള അടിസ്ഥാന സൗകര്യ വികസനം നടത്തുന്നതിനാവശ്യമായ ആനുകൂല്യങ്ങളും

നൽകുന്ന നോഡൽ ഏജൻസിയാണ് സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ.

2018–19 ൽ കേന്ദ്ര വിഹിതമായി ലഭിച്ച തുക ഉൾപ്പെടെ 18.54 കോടി രൂപ ലഭിക്കുകയും മുൻവർഷം ലഭിച്ച തുക ഉൾപ്പെടെ 28.18 കോടി രൂപ ചെലവഴിക്കുകയും ചെയ്തു. ഗുണനിലവാരമുള്ള വിത്തുകളുടെയും നടീൽ വസ്തുക്കളുടെയും ഉല്പാദനത്തിനും വിതരണത്തിനുമായി നഴ്സറികൾ സ്ഥാപിക്കുക, പുതിയ തോട്ടങ്ങൾ സ്ഥാപിക്കുക, ഉൽപ്പന്നങ്ങൾ തരം തിരിക്കുന്നതിനും ഗ്രേഡ് ചെയ്യുന്നതിനും ഉള്ള യൂണിറ്റുകൾ, ശീതീകരണ യൂണിറ്റുകൾ, ഗ്രാമീണ വിപണികൾ എന്നിവ സ്ഥാപിക്കുക, മൊത്ത വിപണികളുടെ ശാക്തീകരണം, വിപണികളുടെ വിവരശേഖരണം, ഗുണനിലവാരത്തെ സംബന്ധിച്ച വിജ്ഞാന വ്യാപനം, പുതിയതും സംസ്കരിച്ചതും ആയ ഭക്ഷ്യവസ്തുക്കളുടെ വിപണനം സംബന്ധിച്ചുള്ള വിജ്ഞാന വ്യാപനം എന്നിവ ഈ കാലയളവിലെ പ്രധാന പ്രവർത്തനങ്ങളിൽപ്പെടും.

2018–19 ൽ എം.ഐ.ഡി.എച്ച് പദ്ധതിയിൽ പ്രളയദുരിത നിവാരണത്തിന്റെ ഭാഗമായി വിളവിസ്തൃതി, തേനീച്ച വളർത്തൽ തുടങ്ങിയ പ്രവർത്തനങ്ങൾക്ക് 93.39 കോടി രൂപയുടെ പരിപാടികൾ നടപ്പിലാക്കി. സ്ട്രോബെറി, വാഴ, കൈതച്ചക്ക, പച്ചക്കറി, സുഗന്ധവ്യഞ്ജന വിളകൾ, വെറ്റില, കശുമാവ്, കൊക്കോ എന്നീ വിളകളാണ് ഈ പരിപാടിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലിന്റെ പരിപാടി (വി.എഫ്.പി.സി.കെ)

വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ (വി.എഫ്.പി.സി.കെ) കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ധനസഹായത്തോടെ പഴവർഗ്ഗങ്ങളുടേയും പച്ചക്കറികളുടേയും വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. സ്വയം സഹായ സംഘങ്ങൾ (എസ്.എച്ച്.ജി) രൂപീകരിക്കുക, പങ്കാളിത്ത ഗ്യാരന്റി സമ്പ്രദായം (പി.ജി.എസ്) സംബന്ധിച്ച ബോധവത്ക്കരണം നൽകുക, പങ്കാളിത്ത സാങ്കേതിക വികസനം സംബന്ധിച്ച പ്രചരണം നടത്തുക, കാര്യശേഷി വർദ്ധനവ് പരിപാടികൾ സംഘടിപ്പിക്കുക, ഗുണമേന്മയുള്ള വിത്തുകളുടേയും നടീൽവസ്തുക്കളുടേയും ഉൽപ്പാദനം, പങ്കാളിത്ത വായ്പാ സഹായവും ഇൻഷ്വറൻസ് സഹായവും, ഗ്രൂപ്പ് മാർക്കറ്റിംഗ്, നഗരപ്രദേശങ്ങളിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായുള്ള ഹരിതനഗരി പരിപാടി തുടങ്ങിയവയാണ് പ്രധാന പ്രവർത്തനങ്ങൾ.

2018–19 ൽ 6011 കർഷകരെ ഉൾപ്പെടുത്തി 160 പുതിയ സ്വയം സഹായ സംഘങ്ങൾ (എസ്.എച്ച്.ജി) രൂപീകരിച്ചു. ഇതോടെ രജിസ്റ്റർ ചെയ്ത കർഷകരുടെ എണ്ണം 2,00,294 ഉം സ്വയം സഹായ സംഘങ്ങളുടെ എണ്ണം 9868 ഉം ആയി. നടീൽവസ്തുക്കളുടെ ഉല്പാദനത്തിന്റെ ഭാഗമായി 98.70 മെട്രിക് ടൺ വിത്തുകൾ, 7.02 ലക്ഷം ടിഷ്യൂക്കൾച്ചർ ചെടികൾ, 46 ലക്ഷം പച്ചക്കറി തൈകൾ എന്നിവ ഹൈടെക് പ്ലഗ് നഴ്സറി സമ്പ്രദായത്തിൽ ഉല്പാദിപ്പിക്കുകയും വിതരണം ചെയ്യുകയും ചെയ്തു. റീജിയണൽ സെന്റർ ഫോർ ഓർഗാനിക് ഫാമിംഗ് വി.എഫ്.പി.സി.കെ യെ ജൈവ സർട്ടിഫിക്കേഷനുള്ള റീജിയണൽ കൌൺസിലായി അംഗീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി 33 കർഷകർക്ക് ജൈവഹരിത സർട്ടിഫിക്കറ്റ് നൽകുകയും ചെയ്തു. ഹരിതനഗരം പദ്ധതിയിലുൾപ്പെടുത്തി 'ഓണത്തിന് ഒരു മുറം പച്ചക്കറി' യുടെ ഭാഗമായി 1 കോടി പച്ചക്കറി വിത്ത് പായ്ക്കറ്റുകൾ വിതരണം ചെയ്തു. പ്രളയാനന്തര പച്ചക്കറി കൃഷി പുനരുജ്ജീവിപ്പിക്കുന്നതിനായി 7.5 ലക്ഷം പച്ചക്കറി വിത്ത് കിറ്റുകൾ വിതരണം ചെയ്യുകയും, കിസാൻ ക്രെഡിറ്റ് കാർഡ് മുഖേന മിതമായ നിരക്കിൽ 70.11 കോടി രൂപയുടെ വായ്പ കർഷകർക്ക് ലഭ്യമാക്കുകയും ചെയ്തു. 509 ഹെക്ടർ പച്ചക്കറികൃഷിയും 41.99 ലക്ഷം വാഴകളും വിള ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്താൻ സാധിച്ചു.

കേരളത്തിലെ കാർഷിക ഉല്പന്ന കയറ്റുമതി പ്രോത്സാഹനത്തിനുള്ള സംസ്ഥാനതല നോഡൽ ഏജൻസിയായി വി.എഫ്.പി.സി.കെ യെ നിയോഗിച്ചു. ഇതിന്റെ ഭാഗമായി കാർഷിക ഉല്പന്നങ്ങളുടെ കയറ്റുമതി പ്രോത്സാഹനം ക്ലസ്റ്റർ അടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിന് പന്ത്രണ്ട് ജില്ലകളിലായി 15 ക്ലസ്റ്ററുകൾ തെരഞ്ഞെടുത്തു. സ്വാശ്രയ കർഷക സമിതികളിലൂടെ 246.38 കോടി രൂപയുടെ 83280 മെട്രിക് ടൺ പഴങ്ങളും പച്ചക്കറികളും വിപണനം നടത്തി. ഓണക്കാലത്ത് വില നിയന്ത്രിക്കുന്നതിനായി 150 ചില്ലറ വില്പന കേന്ദ്രങ്ങളിലൂടെ 30 ശതമാനം വിലക്കുറവ് സാധ്യമാക്കി.

വി.എഫ്.പി.സി.കെയുടെ സേവനങ്ങളും ഉല്പന്നങ്ങളും ബ്രാൻഡ് ചെയ്യുന്നതിന് 'തളിർ' എന്ന സംരംഭം കൊട്ടാരക്കരയിലും, കൂടാതെ കൊല്ലം ജില്ലയിലെ കടപ്പാക്കടയിലും ആരംഭിച്ചു. മേഖലയിലെ മറ്റ് വിശദാംശങ്ങൾക്ക് **അനുബന്ധം 3.1.18, 3.1.19, 3.1.20, 3.1.21, 3.1.22** കാണുക.

കാർഷിക ഗവേഷണവും വിദ്യാഭ്യാസവും

സംസ്ഥാനത്തെ കാർഷികഗവേഷണവും വിദ്യാഭ്യാസവും നടപ്പിലാക്കുന്നത് കേരള കാർഷിക സർവ്വകലാശാലയാണ്. ഈ സ്ഥാപനം 8 കോളേജുകൾ, 6 മേഖലാ കാർഷിക ഗവേഷണ സ്ഥാപനങ്ങൾ, 17 ഗവേഷണ സ്ഥാപനങ്ങൾ, ഫാമുകൾ എന്നിവയിലൂടെയാണ് നേതൃത്വം നൽകുന്നത്. കൂടാതെ, ഈ സ്ഥാപനങ്ങളിൽ നടപ്പിലാക്കുന്ന ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിലിന്റെ 31 അഖിലേന്ത്യാ ഏകോപന പദ്ധതി/അഖിലേന്ത്യാ ശൃംഖലാ

പദ്ധതികളും കേരള കാർഷിക സർവ്വകലാശാലയിലൂടെ വികസിപ്പിച്ചെടുക്കുന്ന സാങ്കേതിക വിദ്യകളിൽ പ്രധാന പങ്ക് വഹിക്കുന്നു.

കേരള കാർഷിക സർവ്വകലാശാലയുടെ പ്രധാന നേട്ടങ്ങളിൽ ചിലത് ചുവടെ ചേർക്കുന്നു.

• മുണ്ടകൻ/പുഞ്ച സീസണിൽ നെല്ല്–നെല്ല്, വിരുപ്പ്–മുണ്ടകൻ സീസണിൽ നെല്ല്–നെല്ല് രീതി, കോൾ നിലങ്ങളിൽ ഇരിപ്പു കൃഷിയ്ക്ക് നെല്ല്–പയർവർഗ്ഗ/പച്ചക്കറി എന്നിങ്ങനെ മൂന്ന് വിളയുല്പാദന രീതികൾ വികസിപ്പിച്ചു. 'മനുരത്ന' എന്ന നെൽ വിത്തിനം കോൾ നിലങ്ങളിൽ രണ്ടാമത്തെ വിളയ്ക്ക് വ്യാപകമായി സ്വീകരിച്ചു വരുന്നു.

• തെങ്ങിന്റെ മൂല്യവർദ്ധിത ഉല്പന്നങ്ങളായ നീര, നാറ്റ–ഡി.കൊക്കോ, യോഗട്ട്, വീഞ്ഞ്, വിനാഗിരി എന്നിവയുടെ സാങ്കേതിക വിദ്യയുടെ അടിസ്ഥാന മാതൃക വികസിപ്പിച്ചു.

• സംസ്ഥാനത്ത് വിവിധ മണ്ണിനങ്ങൾക്ക് നിലവിലുള്ള പോഷകപരിപാലന ശുപാർശകൾ പരിഷ്ക്കരിച്ച് 'പോഷകപരിപാലന മാർഗ്ഗങ്ങൾ ഒരു പുനസന്ദർശനം' എന്ന സാങ്കേതിക ലിഖിതം കർഷക വികസന കർഷക ക്ഷേമ വകുപ്പിന് കൈമാറി.

• ഓരോ കാർഷിക ആവാസവ്യവസ്ഥയ്ക്കും വേണ്ടിയുള്ള മണ്ണിന്റെ ഫലഭൂയിഷ്ഠി പരിപാലനത്തിന് ആധികാരിക രേഖ തയ്യാറാക്കുകയും അതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തുപയോഗിക്കേണ്ട വളമിശ്രിതങ്ങൾക്കായി നയരൂപീകരണത്തിന് തുടക്കമിടുകയും ചെയ്തു.

• 'വിളകൾക്കായി നല്ല കൃഷിമുറകൾ' എന്ന സാങ്കേതിക ലിഖിതം പ്രകാശനം ചെയ്തു.

• മലബാർ മേഖലയിലെ പരമ്പരാഗത നെൽ വിത്തിനങ്ങൾ സംരക്ഷിക്കുന്നതിന്റെ ഭാഗമായി അവ കർഷകർക്ക് വിതരണം ചെയ്തു.

• ഗാർഹിക മേഖലയിൽ അടുക്കള മാലിന്യ നിർമ്മാർജ്ജനത്തിനായി കെ.എ.യു സ്മാർട്ട് ബയോബിൻ എന്ന ലാഭകരമായ സാങ്കേതിക വിദ്യ വികസിപ്പിച്ചു.

• മറയൂർ ശർക്കരയ്ക്കും തിരൂർ വെറ്റിലയ്ക്കും ഭൗമസൂചിക പദവി ലഭ്യമാക്കി.

• നടീൽ വസ്തുക്കളുടെ ഉല്പാദനത്തിലൂടെയും വിതരണത്തിലൂടെയും 24 കോടി രൂപയുടെ വരുമാനമുണ്ടാക്കി.

• മൾട്ടി ഡിസിപ്ലിനറി ടീം ഫീൽഡ് സന്ദർശനങ്ങൾ, നേരിട്ടുള്ള ഇടപെടൽ, ഫോൺ കോളുകൾ, ഇ–മെയിലുകൾ എന്നിവയിലൂടെ ഫാം ഉപദേശവും ഡയഗ്നോസ്റ്റിക് സേവനങ്ങളും നൽകി.

• കർഷകർക്ക് ശാസ്ത്രജ്ഞരുമായി നേരിട്ട് സംവദിക്കുന്നതിനായി മുഖാമുഖം(പ്രതിമാസ അഗ്രോക്ലിനിക് ആന്റ് ഫാം അഡ്വൈസറി കോൺക്ലേവ്) എന്ന പേരിൽ ഒരു നൂതന ഇന്റർഫേസ് പ്രോഗ്രാം ആരംഭിച്ചു.

• കാർഷിക സർവ്വകലാശാലയുടെ വെള്ളപ്പൊക്ക പുനരധിവാസ പരിപാടികൾ

ആഗസ്റ്റ് 2018 ൽ വെള്ളപ്പൊക്കം മൂലം കാർഷിക മേഖലയ്ക്കുണ്ടായ നാശനഷ്ടങ്ങളുടെ പ്രാഥമിക വിലയിരുത്തൽ ശാസ്ത്രജ്ഞരുടെ സംഘം നടത്തുകയും ഓരോ ജില്ലയിലും മണ്ണ്, വിള ആരോഗ്യ പരിപാലനം എന്നിവയിൽ പ്രത്യേക ഇടപെടലുകൾ നിർദ്ദേശിക്കുകയും ചെയ്തു. വിളകളുടെ പ്രളയാനന്തര പരിപാലനത്തെക്കുറിച്ചുള്ള ഉപദേശങ്ങൾ തയ്യാറാക്കി പത്രങ്ങൾ, റേഡിയോ, സോഷ്യൽ മീഡിയ എന്നിവയിലൂടെ വ്യാപകമായി പ്രചരിപ്പിച്ചു ലഭ്യമാക്കി. മണ്ണിന്റെ ഫലഭൂയിഷ്ഠത, പോഷകപരിപാലനം, കീടങ്ങളും രോഗങ്ങളും എന്നിവയെക്കുറിച്ച് കർഷകരുടെ ചോദ്യങ്ങൾക്ക് മറുപടി നൽകി.

• ഭക്ഷ്യസംസ്കരണ മേഖലയിൽ മൂല്യവർദ്ധനവിന് ഊന്നൽ നൽകി കൊണ്ട് കാർഷിക സർവ്വകലാശാല ആർ.കെ.വി.വൈ–റാഫ്റ്റാർ അഗ്രി ബിസിനസ്സ് ഇൻക്യുബേറ്റർ പദ്ധതി ആരംഭിച്ചു. 40 നൂതന കാർഷിക സംരംഭകരെ രണ്ട് പരിപാടികളിലായി തെരഞ്ഞെടുത്തു.

കാർഷിക ധന വിനിമയം

സ്വാതന്ത്ര്യലബ്ധി മുതൽക്കു തന്നെ ഇന്ത്യയിലെ കാർഷികമേഖലയിലെ നയരൂപീകരണത്തിൽ വായ്പയ്ക്ക് ഒരു പ്രധാന സ്ഥാനം ലഭ്യമായിട്ടുണ്ട്. ഉയർന്ന കാർഷികമൂല്യവർദ്ധിത ഉല്പന്നങ്ങൾക്കനുകൂലമായ രീതിയിൽ നൂതന വിപണിയിലെ മധ്യവർഗ്ഗത്തിന്റെ വർദ്ധിച്ച ആഭിമുഖ്യവും, വളർന്നു വരുന്ന ആഗോള ജനസംഖ്യയും കാർഷികമേഖലയിൽ കൂടുതൽ നിക്ഷേപം നടത്തുന്നതിന്റെ ആവശ്യകത വർദ്ധിപ്പിക്കുന്നു. 2019 ലെ ലോകബാങ്ക് കണക്കുകൾ അനുസരിച്ച് 2050 ആകുമ്പോഴേയ്ക്കും ഭക്ഷണത്തിന്റെ ആവശ്യകത 70 ശതമാനത്തോളം വർദ്ധിക്കുകയും ഇതിനായി വാർഷിക നിക്ഷേപം കുറഞ്ഞത് 80 ബില്ല്യൺ ഡോളർ ആവശ്യമാവുകയും ചെയ്യുമെന്നാണ് സൂചിപ്പിക്കുന്നത് (ലോകബാങ്ക് 2019).

ആർ.ബി.ഐ യുടെ മുൻഗണനാമേഖലകൾക്കുള്ള വായ്പാ ലക്ഷ്യങ്ങളും വർഗ്ഗീകരണവും സംബന്ധിച്ച നിർദ്ദേശങ്ങളനുസരിച്ച് അഡ്ജസ്റ്റഡ് നെറ്റ് ബാങ്ക് ക്രെഡിറ്റ് (എ.എൻ.ബി.സി) അല്ലെങ്കിൽ ഓഫ് ബാലൻസ് ഷീറ്റ് എക്സ്പോഷറിന്റെ (ഒ.ബി.ഇ) ക്രെഡിറ്റിന് തുല്യമായ തുക ഏതാണോ ഉയർന്നത്, അതിന്റെ അടിസ്ഥാനത്തിൽ ഇരുപതോ അതിൽ കൂടുതലോ ശാഖകൾ ഉള്ള വിദേശ ബാങ്കുകൾവഴിയും, ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകൾ വഴിയും മുൻഗണനാമേഖലകൾക്ക് വായ്പ നൽകുന്നു.

ഇതിനുള്ളിൽ തന്നെ എ.എൻ.ബി.സി യുടേയോ അല്ലെങ്കിൽ ഒ.ബി. ഇ യുടേ ക്രെഡിറ്റിന് തുല്യമായ തുകയുടേയോ 18 ശതമാനം, ഏതാണോ കൂടുതൽ, അതിന്റെ അടിസ്ഥാനത്തിൽ പ്രാദേശിക ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകൾ വഴിയും ചെറുകിട ബാങ്കുകൾ ഉൾപ്പെടെ, കാർഷിക മേഖലയ്ക്ക് വായ്പകൾ നൽകി വരുന്നു.

കേരളത്തിലും കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ കാർഷിക മേഖലയ്ക്ക് നൽകുന്ന വായ്പകൾ ഗണ്യമായി വർദ്ധിച്ചിട്ടുണ്ട്. പന്ത്രണ്ടാം പഞ്ചവത്സര പദ്ധതികാലയളവിൽ, 2013–14 ൽ 42891 കോടി രൂപയായിരുന്നത് 2017–18 ആയപ്പോഴേക്കും 67089.43 കോടി രൂപയായി വർദ്ധിച്ചു. 2017–18 ൽ അനുവദിച്ച ആകെ കാർഷിക വായ്പയിൽ 43432.69 കോടി രൂപ വാണിജ്യ ബാങ്കുകൾ വഴിയും, 10,217.00 കോടി രൂപ ആർ.ആർ.ബി വഴിയും 13,438.79 കോടി രൂപ സഹകരണ ബാങ്കുകൾ വഴിയും വിതരണം ചെയ്തു. 2017–18 ൽ കാർഷിക മേഖലാ വായ്പ 67089 കോടി രൂപയായിരുന്നത് 2018–19 ആയപ്പോഴേയ്ക്കും 71,632 കോടി രൂപയായി വർദ്ധിച്ചു. കാർഷിക–അനുബന്ധ വായ്പ ലഭ്യമാക്കുന്നതിൽ വാണിജ്യബാങ്കുകളുടെ പ്രാധാന്യം തുടർന്നുകൊണ്ടിരിക്കുന്നു എന്നതാണ് ഇത് സൂചിപ്പിക്കുന്നത് **(ചിത്രം 3.1.5)**. 2016–17 ൽ 54270 കോടി രൂപ ആയിരുന്നത് 2017–18 ൽ 67,089.00 കോടിരൂപ ആയി വർദ്ധിക്കുകയും, 2018–19 ആയപ്പോഴേയ്ക്കും 71,632.00 കോടി രൂപയിലെത്തുകയും ചെയ്തു.

നിക്ഷേപ വായ്പ

കാർഷിക വായ്പ ഇനത്തെ ഉല്പാദന വായ്പ, നിക്ഷേപ വായ്പ എന്ന് തരംതിരിച്ചാൽ നിക്ഷേപ വായ്പയുടെ പങ്ക് 14.03 ശതമാനത്തിൽ നിന്നും (12–ാം പദ്ധതിയുടെ തുടക്കത്തിൽ) ക്രമേണ 37.7 ശതമാനമായി വർദ്ധിച്ചതായി കാണാം **(ചിത്രം 3.1.6, അനുബന്ധം 3.1.23)**. ഇത് തീർച്ചയായും ഒരു നല്ല പ്രവണതയാണ്. പ്രത്യേകിച്ചും മുൻവർഷങ്ങളിൽ നിക്ഷേപവായ്പയുടെ പങ്ക് തുടർച്ചയായി കുറഞ്ഞുവരികയായിരുന്നു. എന്നിരുന്നാലും ഹ്രസ്വകാല വിളവായ്പ അഥവാ ഉല്പാദനവായ്പക്ക് അനുകൂലമായ അനുപാതം, മൂലധനം അഥവാ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്ന ആസ്തികളിലെ നിക്ഷേപത്തെ കുറച്ചിട്ടുണ്ട് (സ്റ്റേറ്റ് ഫോക്കസ് പേപ്പർ 2019–20, നബാർഡ്). നിർണ്ണായകമായതും എന്നാൽ സ്വയം ഉയർന്നുവരാൻ ആകാത്തതുമായ പ്രവൃത്തിമേഖലകളെ സബ് വെൻഷനിൽ ഉൾപ്പെടുത്തി വ്യത്യസ്ഥ പലിശ നിരക്കുകളിൽ വായ്പ ലഭ്യമാക്കുകയും, പ്രത്യേക മേഖലാടിസ്ഥാനത്തിൽ വായ്പയുടെ ആവശ്യകതകൾ വിലയിരുത്തി സെഗ്മെന്റേഷൻ സമീപനത്തിലൂടെ വായ്പകൾ വിതരണം ചെയ്യേണ്ടതുമാണ്. 2017–18 ൽ 18,847.00 കോടി രൂപ നിക്ഷേപ വായ്പയായി സംസ്ഥാനത്ത് വിതരണം ചെയ്തിട്ടുണ്ട്. ഇതിൽ വാണിജ്യ ബാങ്കുകൾ 11,720.6 കോടി രൂപയും റീജിയണൽ റൂറൽ ബാങ്കുകൾ 2193.72 കോടി രൂപയും സഹകരണ ബാങ്കുകൾ 4932.3 കോടി രൂപയും വിതരണം ചെയ്തിട്ടുണ്ട്. 2018–19 ൽ വിതരണം ചെയ്ത മൊത്തം 71,632.00 കോടി രൂപയുടെ കാർഷിക വായ്പയിൽ 44,597.00 കോടി രൂപ ഉല്പാദന ആവശ്യങ്ങൾക്കുള്ള വായ്പയും, 27,035.00 കോടി രൂപ നിക്ഷേപ ആവശ്യത്തിനുള്ള വായ്പയുമായിരുന്നു. കാർഷിക മേഖലയിൽ ലഭ്യമാകുന്ന ദീർഘകാല വായ്പകൾ മേഖലയിലെ മൂലധനരൂപീകരണത്തിന് ഉതകുന്നുണ്ടെന്ന് ബാങ്കുകൾ ഉറപ്പാക്കേണ്ടതുണ്ട് **(ചിത്രം 3.1.6)** **(അനുബന്ധം 3.1.24, 3.1.25)**.

ചിത്രം 3.1.5 കാർഷിക വായ്പ കേരളത്തിൽ (2013–14 മുതൽ 2018–19 വരെ)

അവലംബം : എസ് .എൽ .ബി .സി

2017–18 ലെ ഏജൻസി തിരിച്ചുള്ള നിക്ഷേപ വായ്പയുടെ വിതരണം പരിശോധിച്ചാൽ വാണിജ്യ ബാങ്കുകളാണ് ഏറ്റവും കൂടുതൽ നിക്ഷേപ വായ്പ നൽകിയിട്ടുള്ളത് (65 ശതമാനം). സഹകരണ ബാങ്കുകൾ 21.5 ശതമാനവും ബാക്കി ആർ.ആർ. ബിയും വിതരണം ചെയ്തിട്ടുണ്ട്. വാണിജ്യ ബാങ്കുകളും സഹകരണ ബാങ്കുകളും നൽകിയിട്ടുള്ള വായ്പയുടെ തോത് വർദ്ധിക്കുകയും ആർ.ആർ.ബി കളുടെ പങ്കിൽ കുറവ് സംഭവിക്കുകയും ചെയ്തിട്ടുണ്ട്. 2017–18 ലെ മൊത്തം കാർഷിക വായ്പയിൽ നിക്ഷേപ വായ്പയുടെ തോത് കുറവാണെന്നാണ് കണക്കുകൾ കാണിക്കുന്നത്.

കിസ്സാൻ ക്രെഡിറ്റ് കാർഡ്

ആവശ്യാനുസരണവും സമയബന്ധിതവുമായി കാർഷിക വായ്പ ലഭ്യമാക്കുന്നതിനുള്ള ഫലപ്രദമായ വായ്പ വിതരണ ഉപകരണമാണ് കിസാൻ ക്രെഡിറ്റ് കാർഡ്. എസ്.എൽ.ബി.സി യിൽ നിന്നും ലഭ്യമായ റിപ്പോർട്ടുകൾ പ്രകാരം 2017–18 ൽ 544512 കിസാൻ ക്രെഡിറ്റ് കാർഡുകൾ വഴി 7754.03 കോടി രൂപ സംസ്ഥാനത്ത് വിതരണം ചെയ്തിട്ടുണ്ട്. കെ.സി.സി യുടെ പരിഷ്ക്കരിച്ച മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ച് (ഇത് എ.റ്റി.എം ലും സ്വൈപ്പിംഗ് മെഷിനുകളിലും ഉപയോഗിക്കാൻ പറ്റുന്ന) ഒരേ സമയം സ്മാർട്ട് കാർഡും ഡെബിറ്റ് കാർഡുമായിരിക്കണം. കെ.സി.സി യുടേയും റുപെയുടേയും ആനുകൂല്യങ്ങൾ ലഭിക്കുന്ന റുപെയ് കെ.സി.സി കാർഡ് റുപെയ് പുറത്തിറക്കിയിട്ടുണ്ട്. സാധാരണ കെ.സി.സി യിൽ നിന്ന് വ്യത്യസ്തമായി, പുതിയ റുപ്പെ കെ.സി.സി കാർഡ് ഒരു ഐഡന്റിറ്റി കാർഡ് ആയും, ഇടപാടുകൾ രേഖപ്പെടുത്തുന്ന ഒരു കാർഡായും മാത്രം അല്ല മറിച്ച് ഒരു സ്മാർട്ട്കാർഡായും ഇത് പ്രവർത്തിക്കുന്നു. ഈ കാർഡ് ഉപയോഗിച്ച് അടുത്തുള്ള എ.റ്റി.എം കളിൽ നിന്നും പി.ഒ.എസിൽ നിന്നും പണം പിൻവലിക്കാവുന്നതാണ്. നിലവിൽ കേരളത്തിൽ റുപയ് കെ.സി.സി യുടെ വിനിമയം പ്രാരംഭ ഘട്ടത്തിലാണ് (**അനുബന്ധം 3.1.27**).

ദീർഘകാല ഗ്രാമീണ വായ്പ ഫണ്ട്

ദീർഘകാല നിക്ഷേപ വായ്പയുടെ തോത് വർഷം തോറും കുറഞ്ഞു വരികയും ആസ്തികൾ സൃഷ്ടിക്കുന്നതിന് തടസ്സം നിൽക്കുകയും ചെയ്തുവരുന്ന സാഹചര്യത്തിൽ, ഭാരത സർക്കാർ നബാർഡിന്റെ സഹായത്തോടെ ദീർഘകാല ഗ്രാമീണ വായ്പ ഫണ്ട് രൂപീകരിച്ചിട്ടുണ്ട്. സഹകരണ ബാങ്കുകൾക്കും ആർ.ആർ.ബി ക്കും കുറഞ്ഞ പലിശ നിരക്കിൽ ദീർഘകാല വായ്പകൾ വിതരണം ചെയ്യുവാൻ വേണ്ടിയുള്ള സഹായമായാണ് ഈ ഫണ്ട് രൂപീകരിച്ചിട്ടുള്ളത്. നിർദ്ദിഷ്ട മാനദണ്ഡങ്ങൾ പാലിക്കുന്ന എല്ലാ സംസ്ഥാന സഹകരണ ബാങ്കുകൾക്കും, സംസ്ഥാന സഹകരണ കാർഷിക ഗ്രാമീണ വികസന ബാങ്കുകൾക്കും ആർ.ആർ.ബികൾക്കും നബാർഡിൽ നിന്നുള്ള ഈ സഹായം പ്രയോജനപ്പെടുത്താനുള്ള അർഹതയുണ്ട്.

ചിത്രം 3.1.6 ആകെയുള്ള കാർഷിക വായ്പയിൽ ഉല്പാദന വായ്പയുടേയും നിക്ഷേപ വായ്പയുടേയും പങ്ക്



അവലംബം :

പട്ടിക 3.1.3: 2017–18 ൽ കാർഷികമേഖലയ്ക്കുള്ള വായ്പ (രൂപ കോടിയിൽ)

ക്രമ നമ്പർ	ഏജൻസിയുടെ പേര്	ഹ്രസ്വകാല വായ്പ			ദീർഘകാലവായ്പ			ആകെ കാർഷിക വായ്പ		
		ലക്ഷ്യം	നേട്ടം	% നേട്ടം	ലക്ഷ്യം	നേട്ടം	% നേട്ടം	ലക്ഷ്യം	നേട്ടം	% നേട്ടം
1	വാണിജ്യ ബാങ്കുകൾ	23890.57	31712.08	132.74	8325.39	11720.61	140.78	32216	43432.69	134.82
2	സഹകരണ ബാങ്കുകൾ	13848.25	8506.49	61.43	5884.43	4932.3	83.82	19732.7	13438.79	68.1
3	പ്രാദേശിക ഗ്രാമീണ ബാങ്കുകൾ	4777.74	8024.22	167.95	1356.45	2193.72	161.73	6134.19	10217.94	166.57
	ആകെ	42516.56	48242.79	113.47	15566.3	18846.63	121.07	58082.8	67089.42	115.51

അവലംബം : സ്റ്റേറ്റ് ഫോക്കസ് പേപ്പർ 2019-20, നബാർഡ്

വ്യവസ്ഥരഹിത ആട്ടോമാറ്റിക് റിഫിനാൻസ് സൗകര്യം കാർഷിക മേഖലയിലെ എല്ലാ പ്രോജക്ടുകളുടേയും നീക്കിയിരിപ്പിൻമേലും വായ്പയുടെ മേലും അനുവദിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ പ്രളയാനന്തര പുനർ നിർമിതിയുടെ ഈ ഘട്ടത്തിൽ, മൂലധനരൂപീകരണത്തെ പ്രോത്സാഹിപ്പിക്കുക എന്ന ഉദ്ദേശത്തോടുകൂടിയാണ് എൽ.റ്റി.ആർ.സി.എഫ് വഴി നബാർഡ് വായ്പ വിതരണം ചെയ്യുന്നത്. ഇത് 2017–18 നെ അപേക്ഷിച്ച് 14 ശതമാനം വർദ്ധനയോടെ 2018–19 ൽ 1348 കോടി രൂപയിൽ എത്തി. 2018–19 ൽ സംസ്ഥാന കോ–ഓപ്പറേറ്റീവ് ബാങ്കിന് ഹ്രസ്വകാല പുനർ വായ്പയായി 1500 കോടി രൂപ അനുവദിച്ചു.

നബാർഡിന്റെ ധനസഹായം

നബാർഡ് പ്രാരംഭകാലം മുതൽ തന്നെ ഗ്രാമീണ മേഖലയിലെ അടിസ്ഥാന സൌകര്യ വികസനത്തിനും ഗ്രാമീണ പുരോഗതിയ്ക്കും ആയി മുൻഗണനകൾ നിശ്ചയിച്ചിട്ടുണ്ട്. 1995 മുതൽ ഗ്രാമീണ അടിസ്ഥാന സൗകര്യ വികസനത്തിനായി ഗ്രാമീണ പശ്ചാത്തല വികസനനിധി എന്ന പരിപാടി നടപ്പിലാക്കി വരുന്നു. കേരളത്തിൽ, 9353 കോടി രൂപയുടെ റിഡ്ഫ് വായ്പ ഉൾപ്പെടെ മൊത്തം 11206 കോടി രൂപ നബാർഡ് വകയിരുത്തിയിട്ടുണ്ട്. സാധാരണ നിലയിൽ കേരളത്തിന്റെ XXIV –ം ടാൻഷെയിൽ 900 കോടിയാണ് നീക്കിയിരുപ്പ്. നബാർഡിന്റെ അടിസ്ഥാന സൗകര്യ വികസന ഫണ്ടിന്റെ കീഴിൽ കിഫ്ബിയ്ക്ക് 100 കോടി രൂപ നൽകിയതോടെ, കിഫ്ബിക്കുള്ള ആകെ ധനസഹായം 200.80 കോടി രൂപയായി. ഇതേ കാലയളവിൽ കിൻഫ്രയുടെ മെഗാഫുഡ് പാർക്ക് പ്രോജക്ടിനു വേണ്ടി 11.34 കോടി രൂപ നൽകുക വഴി 2015–16 ലെ പദ്ധതിയ്ക്ക് അനുവദിച്ച വായ്പയുടെ 100 ശതമാനംവരേയും ഉപയോഗസാധ്യമാക്കിതീർത്തു. ടാൻഷെ അടിസ്ഥാനമാക്കി അനുവദിച്ച വായ്പയുടേയും, വിതരണം ചെയ്ത വായ്പയുടേയും കണക്കുകൾ അനുബന്ധം 3.1.26 ലും 3.1.28 ലും രേഖപ്പെടുത്തിയിരിക്കുന്നു. പ്രളയാനന്തര കേരളത്തിനൊരു കൈത്താങ്ങായി നബാർഡും കേരളാ ഗവൺമെന്റിനോട് യോജിച്ച് പ്രവർത്തിക്കുന്നു. നബാർഡിന്റെ മുൻനിര ഗ്രാമീണ അടിസ്ഥാന സൗകര്യ വികസനം വഴി 400 കോടി രൂപ അധികമായി നൽകുകയും ചെയ്തു. ഇത് സഹകരണ ബാങ്കുകൾക്ക് ഹ്രസ്വകാല അടിസ്ഥാനത്തിൽ, ഓരോ സീസണുകളിലേയും കാർഷിക പ്രവൃത്തികൾക്കും, സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യങ്ങളുടെ പുനർ നിർമ്മിതിയ്ക്കും ഉപയോഗിക്കുന്നതിനുവേണ്ടിയാണ് ഉദ്ദേശിച്ചിട്ടുള്ളത്.

കാർഷികമേഖലയ്ക്കുള്ള വായ്പയിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടെങ്കിലും ഈ മേഖല നേരിടുന്ന പ്രധാന പ്രശ്നം സമയബന്ധിതമായി കാർഷിക ആവശ്യങ്ങൾക്ക് വായ്പ അനുവദിക്കാൻ കഴിയുന്നില്ല എന്നതാണ്. കാർഷിക വായ്പയെ പ്രധാനമായും ദോഷകരമായി ബാധിക്കുന്ന കാര്യം അനിയന്ത്രിതമായ കാർഷിക സ്വർണ്ണപണയ വായ്പകളാണ്. അനുവദിയ്ക്കുന്ന വായ്പയ്ക്ക് ആനുപാതികമായി മൊത്തം ആഭ്യന്തരഉല്പാദനം വർദ്ധിപ്പിക്കുന്നതിന് പലവിധ തടസ്സങ്ങളാണ് സംസ്ഥാനത്തുള്ളത്. ആയതിനാൽ, കാർഷിക അഭിവൃദ്ധിയെ പരിപോഷിപ്പിക്കുന്ന മറ്റ് മാർഗ്ഗങ്ങൾ അതായത്, ഉല്പാദനക്ഷമത വർദ്ധിപ്പിക്കുക,

അടിസ്ഥാന സൗകര്യം വ്യാപിപ്പിക്കുക, കാർഷിക അനുബന്ധമേഖലയിൽ കൂടുതലായി ഗവൺമെന്റിന്റെ വക ചെലവ് വർദ്ധിപ്പിക്കുക, ഫലപ്രദമായ രീതിയിലുള്ള എക്സ്റ്റൻഷൻ സേവനങ്ങൾ നടപ്പിലാക്കുക, മത്സരശേഷിയിലൂന്നിയ കയറ്റുമതി പ്രോത്സാഹിപ്പിക്കുക തുടങ്ങിയവയ്ക്ക് പ്രത്യേക ഊന്നൽ നൽകുക. ഇതിനെല്ലാം പുറമേ കാലാവസ്ഥാ വ്യതിയാനങ്ങളുടെ അനന്തരഫലം മറികടക്കുന്നതിനും കാർഷിക മേഖലയിൽ കൂടുതൽ നിക്ഷേപങ്ങൾ നടത്തേണ്ടതുണ്ട്.

3.2. സഹകരണം

സഹകരണ സംഘങ്ങൾ സമ്പദ് വ്യവസ്ഥയുടെ എല്ലാ മേഖലയിലും വ്യാപിച്ചിട്ടുള്ള ശക്തമായ ഒരു സാമൂഹിക സാമ്പത്തിക ശക്തിയാണ്. ലോകത്തിലെ തൊഴിൽ ജനസംഖ്യയുടെ 10 ശതമാനം സഹകരണ മേഖലയുടെ സംഭാവനയാണെന്ന് കണക്കാക്കുന്നു. സാമൂഹികമായി എല്ലാ ജനവിഭാഗങ്ങളേയും ഉൾക്കൊള്ളുന്ന സുസ്ഥിര വികസനം കൈവരിക്കുന്നതിനുള്ള മാർഗ്ഗമായി സഹകരണ വികസന മാതൃകകളിൽ വീണ്ടും താൽപ്പര്യം ഉയർന്നു വരുന്നുണ്ട്. രാജ്യത്ത് തുല്യമായ സാമൂഹിക സാമ്പത്തിക വികസനം പ്രോത്സാഹിപ്പിക്കുന്നതിൽ സഹകരണ മേഖല സവിശേഷവും സുപ്രധാനവുമായ പങ്ക് വഹിക്കുന്നു. ലോകമെമ്പാടും വർദ്ധിച്ചു വരുന്ന സാമ്പത്തിക അസമത്വത്തിന്റെ പശ്ചാത്തലത്തിൽ ഐക്യരാഷ്ട്ര സഭയും അന്താരാഷ്ട്ര തൊഴിൽ സംഘടനയും സഹകരണ സംഘങ്ങളെ പ്രായോഗിക ബദലായി പരിഗണിക്കുന്നതിനാൽ ഇന്ത്യയിലെ സഹകരണ സംഘങ്ങളുടെ വികസന മാതൃകകൾ ആഗോളതലത്തിൽ സഹകരണ സംഘങ്ങളുടെ പുനർ നിർവഹണവുമായി പൊരുത്തപ്പെടുന്നുണ്ട്. സമീപകാലത്തുണ്ടായ ആഗോള സാമ്പത്തിക പ്രതിസന്ധികളിൽ നിന്നും കരകയറുന്നതിന് സഹകരണ മേഖലയുടെ ഇടപെടലിലുണ്ടായ ഗുണഫലങ്ങൾ മനസിലാക്കിയും ജനാധിപത്യപരമായ ഉടമസ്ഥതയിലും നിയന്ത്രിതവുമായ ബിസിനസ്സ് രൂപവുമായ സഹകരണ പ്രസ്ഥാനങ്ങളുടെ ആവശ്യകത വർദ്ധിച്ചിട്ടുണ്ട്. സാമൂഹിക-സാമ്പത്തിക അസമത്വം ലഘൂകരിച്ചുകൊണ്ട് സമഗ്രമായ വളർച്ചയ്ക്ക് ശ്രമിക്കുന്ന ഈ കാലഘട്ടത്തിൽ ഈ ലക്ഷ്യം കൈവരിക്കുന്നതിനുള്ള മികച്ച സ്ഥാപനങ്ങളാണ് സഹകരണ സംഘങ്ങൾ.

15,761 സഹകരണ സംഘങ്ങളാണ് ''രജിസ്ട്രാർ ഓഫ് കോ ഓപ്പറേറ്റീവ് സൊസൈറ്റീസിന്റെ' കീഴിൽ ഇപ്പോൾ പ്രവർത്തിക്കുന്നത്. ഇതിൽ 11994 എണ്ണം തൃപ്തികരമായി പ്രവർത്തിക്കുന്നുണ്ട്. ഇതിൽ ഭൂരിഭാഗവും ഉപഭോക്തൃ സംഘങ്ങളും (3863), അതു കഴിഞ്ഞാൽ വായ്പാ സഹകരണ സംഘങ്ങളും (3350), വനിതാ സഹകരണ സംഘങ്ങളുമാണ് (931). ഇതു കൂടാതെ വിപണന, പാർപ്പിട, ആരോഗ്യ, എസ് സി/എസ് റ്റി സഹകരണ സംഘങ്ങളാണുള്ളതെങ്കിലും, ഇതിൽ പകുതിയോളം പ്രവർത്തനരഹിതമോ നഷ്ടത്തിലോ പ്രവർത്തിക്കുന്നവയാണ്. വിശദവിവരങ്ങൾ **അനുബന്ധം 3.2.1, 3.2.2** ലും ചേർത്തിരിക്കുന്നു.

വായ്പാ സഹകരണ സംഘങ്ങൾ

2019 മാർച്ചിലെ കണക്കുകൾപ്രകാരം രാജ്യത്തെ ഹ്രസ്വകാല സഹകരണ വായ്പാ ഘടനയിൽ പ്രധാനമായും 93367 പ്രാഥമിക കാർഷിക വായ്പാസംഘങ്ങൾ, 370 ജില്ലാ സഹകരണ ബാങ്കുകൾ, 33 സംസ്ഥാന സഹകരണ ബാങ്കുകൾ എന്നിവയാണ് ഉള്ളത്. ദീർഘകാല വായ്പാഘടനയിൽ പ്രധാനമായും 13 സംസ്ഥാന സഹകരണ കാർഷിക-ഗ്രാമ വികസന ബാങ്കുകളും അവയുടെ 673 ശാഖകളും 601 പ്രാഥമിക സഹകരണ കാർഷിക-ഗ്രാമ വികസന ബാങ്കുകളുമാണ് ഉള്ളത്.

വായ്പാ സഹകരണ സംഘങ്ങളാണ് കേരളത്തിൽ ഏറ്റവും ആകർഷകമായതും, സാധ്യതയുള്ളതുമായ സഹകരണപ്രസ്ഥാനങ്ങളിലൊന്ന്. സഹകരണ വായ്പാഘടനയിൽ ഹ്രസ്വകാലം, ഇടത്തരം, ദീർഘകാലം എന്നീ ഘടകങ്ങളാണുള്ളത്. സംസ്ഥാന സഹകരണ ബാങ്ക് (ഏറ്റവും മേലെത്തട്ടിൽ), 14 ജില്ലാ സഹകരണ ബാങ്കുകൾ, താഴെത്തട്ടിൽ 1643 പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ എന്നിവയുൾപ്പെടുന്ന ഒരു ത്രിതല സംവിധാനമാണ് ഹ്രസ്വകാല കാർഷിക സഹകരണ വായ്പാ ഘടനയിലുള്ളത്. ഈ സഹകരണ സ്ഥാപനങ്ങൾ പ്രധാനമായും സ്വയംഭരണ സ്വഭാവത്തിലുള്ളതും അംഗങ്ങളോട് ഉത്തരവാദിത്വം ഉള്ളതുമാണ്. വികസനപ്രവർത്തനങ്ങൾ കൂടാതെ, മറ്റ് സാമൂഹിക മേഖലകളിലും പ്രാഥമിക സഹകരണ സംഘങ്ങൾ മുദ്ര പതിപ്പിച്ചിട്ടുണ്ട്. ഈ ത്രിതല സംവിധാനം കൂടാതെ നഗരപ്രദേശങ്ങളിൽ നന്നായി വ്യാപിച്ചു കിടക്കുന്ന അർബൻ സഹകരണ ബാങ്കുകളുടെ ഒരു ശൃംഖല

തന്നെ കേരളത്തിൽ പ്രവർത്തിച്ചു വരുന്നുണ്ട്. പ്രാഥമിക സഹകരണ സംഘങ്ങളെ കൂടാതെ 1119 എംപ്ലോയീസ് സഹകരണ സംഘങ്ങളും തൊഴിലാളികളുടെ വായ്പാ ആവശ്യങ്ങൾ പരിഹരിക്കുന്നതിനായി സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്.

കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമീണ വികസന ബാങ്ക്, താലൂക്ക് തലത്തിൽ പ്രവർത്തിക്കുന്ന 78 പ്രാഥമിക സഹകരണ കാർഷിക ഗ്രാമീണ വികസന ബാങ്കുകൾ എന്നിവയടങ്ങുന്നതാണ് ദീർഘകാല സഹകരണ വായ്പാ സംവിധാനം. ദീർഘകാല നിക്ഷേപ വായ്പ വഴി കാർഷിക ഗ്രാമവികസന മേഖലയിലെ മൂലധനത്തെ പ്രോത്സാഹിപ്പിക്കുന്നതിൽ കേരളസംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്കിന് സുപ്രധാന പങ്കുണ്ട്. കർഷകർക്കും ഗ്രാമീണ മേഖലയ്ക്കും കുറഞ്ഞ നിരക്കിൽ കാർഷിക വായ്പയും സാമ്പത്തിക സേവനങ്ങളും നൽകുന്നതിലൂന്നിയാണ് കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കിന്റെ പ്രവർത്തനങ്ങൾ മുന്നോട്ട് പോകുന്നത്.

പ്രാദേശികമായി സമാഹരിക്കുന്ന വിഭവങ്ങളെ വലിയ തോതിൽ ആശ്രയിക്കുകയും ഉയർന്ന തലത്തിലുള്ള ക്രെഡിറ്റ് സ്ഥാപനങ്ങളിൽമേലുള്ള ആശ്രയത്വം കുറയ്ക്കുകയും ചെയ്യുക എന്നതാണ് പൊതുവിൽ സഹകരണ ബാങ്കിംഗ് സംവിധാനത്തിന്റെ സവിശേഷത. സഹകരണ വായ്പ പ്രസ്ഥാനത്തിന്റെ കാര്യശേഷി താഴെ തട്ടിൽ പ്രവർത്തിക്കുന്ന പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളെ ആശ്രയിച്ചിരിക്കുന്നു. കേരളത്തിൽ 2.62 കോടി അംഗങ്ങൾ അടങ്ങുന്ന ആകെ 1643 സൊസൈറ്റികളാണുള്ളത്. നടപ്പ് സാമ്പത്തിക വർഷത്തിൽ ഈ സൊസൈറ്റികളുടെ ഓഹരി മൂലധനം 2049.06 കോടി രൂപയിൽ നിന്ന് 2428.74 കോടി രൂപയായി കൂടിയിട്ടുണ്ട്. നിക്ഷേപങ്ങൾ 88824.91 കോടി രൂപയിൽ നിന്ന് 95477.89 കോടി രൂപയായി കൂടിയപ്പോൾ, വായ്പകൾ 76539.19 കോടി രൂപയിൽ നിന്ന് 76643.52 കോടി രൂപയായി വർദ്ധിച്ചിട്ടുണ്ട്. ആകെ വായ്പകളുടെ ഏകദേശം 13.5 ശതമാനവും കാർഷിക വായ്പയായാണ് നൽകിയിട്ടുള്ളത്. വിശദവിവരങ്ങൾ **അനുബന്ധം 3.2.3, 3.2.4, 3.2.5** ലും കൊടുത്തിരിക്കുന്നു. ഈ കാലയളവിൽ ഹ്രസ്വകാല വായ്പകളുടെ തോത് കുറഞ്ഞെങ്കിലും ദീർഘകാല, ഇടത്തരം വായ്പകളിൽ വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്.

ഉപഭോക്തൃ സഹകരണ സംഘങ്ങൾ

പരസ്പര സഹകരണത്തിനും ഗുണത്തിനുമായി ഉപഭോക്താക്കളുടെ ഉടമസ്ഥതയിലുള്ള ഒരു സഹകരണ ബിസിനസ്സാണ് ഉപഭോക്തൃ സഹകരണ സംഘങ്ങൾ. ഉപഭോക്തൃ ഉല്പന്നങ്ങൾ, മരുന്നുകൾ, മറ്റ് അവശ്യ ഉല്പന്നങ്ങൾ തുടങ്ങിയവ സബ്സിഡി നിരക്കിൽ ഉപഭോക്താക്കൾക്ക് നൽകുന്നതിനും സ്വകാര്യ ചില്ലറ വ്യാപാരികളുടെ ചൂഷണത്തിൽ നിന്നും അവരെ രക്ഷിക്കുന്നതിലും ഉപഭോക്തൃ സഹകരണ സംഘങ്ങൾ ഒരു പ്രധാന പങ്ക് വഹിക്കുന്നു. പൊതു ജനങ്ങൾക്ക് അവശ്യവസ്തുക്കൾ പൊതുമാർക്കറ്റിലെ വിലയേക്കാൾ കുറവിൽ ന്യായമായ വിലയിൽ നൽകി കൊണ്ട് ഉപഭോക്തൃ സഹകരണ സംഘങ്ങൾ പൊതു വിതരണ സംവിധാനത്തിൽ പ്രധാന പങ്ക് വഹിക്കുന്നു. സംസ്ഥാന തലത്തിൽ, സംസ്ഥാന സഹകരണ ഉപഭോക്തൃ ഫെഡറേഷൻ, 14 ജില്ലാതല മൊത്ത വ്യാപാര സ്റ്റോറുകൾ, പ്രാഥമിക തലത്തിൽ 4638 പ്രാഥമിക സഹകരണ സ്റ്റോറുകൾ എന്നിവ ഉൾപ്പെടുന്നതാണ് കേരളത്തിലെ ഉപഭോക്തൃ സഹകരണ ശൃംഖല. സംസ്ഥാന ഉപഭോക്തൃ സഹകരണ ഫെഡറേഷൻ മൊത്തത്തിൽ സംഭരണം ചെയ്ത് ജില്ലാതല മൊത്ത വ്യാപാര സ്റ്റോറുകൾക്കും, ഡിപ്പാർട്ട്മെന്റ് സ്റ്റോറുകൾക്കും (ത്രിവേണി) മറ്റും നൽകുന്നു. ജില്ലാതല മൊത്ത വ്യാപാര സ്റ്റോറുകളും പ്രാഥമിക സഹകരണ സംഘങ്ങളും അവരുടെ തന്നെ സ്റ്റോറുകൾ, സൂപ്പർ മാർക്കറ്റുകൾ, പ്രൈമറി സ്റ്റോറുകൾ, ഡിപ്പാർട്ട്മെന്റൽ സ്റ്റോറുകൾ എന്നിവയിലൂടെ ഉപഭോക്താക്കളുടെ ആവശ്യങ്ങൾ നിറവേറ്റുന്നു. മാർച്ച് 2019 ലെ കണക്കനുസരിച്ച് 4638 ഉപഭോക്തൃ സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുള്ളതിൽ 3863 എണ്ണം പ്രവർത്തിക്കുന്നു.

ഇടനിലക്കാരുടെ ചൂഷണത്തിൽ നിന്നും സാധാരണ ജനങ്ങളെ രക്ഷിക്കാൻ വേണ്ടിയാണ് ത്രിവേണി സൂപ്പർ മാർക്കറ്റുകൾ ആരംഭിച്ചത്. ഉപഭോക്തൃ സഹകരണസംഘങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ് ത്രിവേണി സൂപ്പർ മാർക്കറ്റുകൾ. ഉപഭോക്തൃ സഹകരണ സംഘങ്ങൾക്ക് കീഴിൽ പ്രവർത്തിക്കുന്ന ത്രിവേണി സൂപ്പർമാർക്കറ്റുകൾ തുണിത്തരങ്ങൾ, പലവ്യഞ്ജനം, സ്റ്റേഷനറി വസ്തുക്കൾ, മറ്റ് അവശ്യസാധനങ്ങൾ എന്നിവയുടെ ചില്ലറ, മൊത്ത വ്യാപാരത്തിലേർപ്പെട്ടിരിക്കുന്നു. നിലവിൽ 184 ത്രിവേണി സൂപ്പർ മാർക്കറ്റുകൾക്കു പുറമേ 45 മൊബൈൽ ത്രിവേണി യൂണിറ്റുകളും ഫ്ലോട്ടിംഗ് ത്രിവേണി സ്റ്റോറുകളും സംസ്ഥാനത്ത് പ്രവർത്തിക്കുന്നു.

കേരള സർക്കാറിന്റെ ഉത്തരവ് പ്രകാരം 1998 ൽ ആരംഭിച്ച പദ്ധതിയായ നീതി സ്റ്റോറുകൾ പദ്ധതി നല്ല രീതിയിൽ പുരോഗമിക്കുന്നു. ആയിരത്തിൽപ്പരം പ്രാഥമിക കാർഷിക സഹകരണ സൊസൈറ്റികൾ വഴി കേരളത്തിലെ എല്ലാ ജില്ലകളിലും പ്രത്യേകിച്ച് ഗ്രാമപ്രദേശങ്ങളിൽ നിത്യോപയോഗ സാധനങ്ങൾ ഏറ്റവും കുറഞ്ഞ വിലക്ക് കൊടുക്കപ്പെടുന്നു. മരുന്നുകൾ കുറഞ്ഞ വിലക്ക് കൊടുക്കുന്നതിനാണ് നീതി മെഡിക്കൽ സ്റ്റോറുകൾ ആരംഭിച്ചത്. കൺസ്യൂമർഫെഡാണ് ഈ മരുന്നുകൾ മൊത്തവിലയ്ക്ക് സംഭരിക്കുകയും, ആവശ്യാനുസരണം നീതി മെഡിക്കൽ

സ്റ്റോറുകൾക്ക് വിതരണം ചെയ്യുകയും ചെയ്യുന്നത്. നിലവിൽ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ നേരിട്ട് നടത്തുന്ന 600 നീതി മെഡിക്കൽ സ്റ്റോറുകൾ കൂടാതെ ഫെഡറേഷൻ നേരിട്ട് നടത്തുന്ന 96 മെഡിക്കൽ സ്റ്റോറുകളുമാണ് സംസ്ഥാനത്ത് ഉള്ളത്.

സഹകരണ മേഖലയിലെ നിക്ഷേപ സമാഹരണ പരിപാടി

സഹകരണ മേഖലയുടെ മൊത്തം നിക്ഷേപം 2019 ൽ 2 ലക്ഷം കോടി രൂപ കടന്നു. 5,000 കോടി ലക്ഷ്യമിട്ടിരുന്ന അവലോകന വർഷത്തിൽ 7255 കോടി രൂപയാണ് സമാഹരിച്ചത്. ഓരോ വർഷത്തേയും ലക്ഷ്യവും നേട്ടവും **അനുബന്ധം 3.2.6** ൽ കൊടുത്തിരിക്കുന്നു.

2018–19 വർഷത്തിലെ പ്രധാന നേട്ടങ്ങൾ

കെയർ കേരള

2018 ആഗസ്റ്റിലെ വിനാശകരമായ വെള്ളപ്പൊക്കത്തിന്റെ പശ്ചാത്തലത്തിൽ പ്രളയബാധിതർക്ക് ദുരിതാശ്വാസവും പുനരധിവാസവും നൽകുന്നതിന് കെയർ കേരള (കോ ഓപ്പറേറ്റീവ അലയൻസ് റ്റു റീബിൽഡ് കേരള) എന്ന പദ്ധതിയ്ക്ക് രൂപം നൽകി. ഇതിനു കീഴിൽ 3 ഉപപദ്ധതികൾ – കെയർ ഹോം, കെയർ ലോൺ, കെയർ ഗ്രേസ് എന്നിവ ഉൾപ്പെടുന്നു. ഈ പ്രോജക്ടിനു കീഴിലുള്ള പ്രധാനപ്പെട്ട പദ്ധതിയാണ് കെയർ ഹോം. ഈ പദ്ധതി പ്രകാരം വീടുകൾ നിർമ്മിക്കുന്നതിന് അനുയോജ്യമായ ഭൂമിയുള്ള പ്രളയബാധിതർക്ക് സഹകരണ സ്ഥാപനങ്ങളുടെ സഹകരണത്തോടും പിന്തുണയോടും കൂടി വീടുകൾ നിർമ്മിച്ചു നൽകുന്നു. ഈ പദ്ധതിപ്രകാരം ഓരോ വീടും 5 ലക്ഷം രൂപ നിരക്കിൽ നിർമ്മിക്കണം, ഇതിൽ സംസ്ഥാന ദുരന്ത നിവാരണ ഫണ്ടിൽ നിന്നും അനുവദിച്ച തുകയും ഉൾപ്പെടുന്നു. ഒക്ടോബർ 2019 വരെ അനുവദിച്ച 2152 വീടുകളിൽ 1834 വീടുകൾ പൂർത്തിയായിട്ടുണ്ട്.

സഹകരണ സംഘങ്ങളിലെ നെല്ല് സംഭരണം

സഹകരണ സംവിധാനത്തിലൂടെ നെല്ല് സംഭരിക്കുന്നതിനുള്ള പൈലറ്റ് പ്രോജക്ടായി പാലക്കാട് ജില്ലയെ തിരഞ്ഞെടുത്തു. ഇതിനായി പാലക്കാട് ജില്ലയിൽ 'പാലക്കാട് പാടി പ്രൊക്യുയർമെന്റ് പ്രോസ്സസ്സിംഗ് ആന്റ് മാർക്കറ്റിംഗ് കോർപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് (പാപ്കോസ്)' എന്ന പേരിൽ ഒരു സഹകരണ സൊസൈറ്റി 2019 ജനുവരി 29 ൽ രജിസ്റ്റർ ചെയ്തു. ഇതിൽ 26 സർവ്വീസ് സഹകരണ ബാങ്കുകൾ അംഗങ്ങളാണ്. സൊസൈറ്റിയുടെ പെയിഡ് അപ് ഷെയർ കാപ്പിറ്റൽ 7.8 കോടി രൂപയാണ്. വിളവെടുപ്പ് കഴിഞ്ഞാലുടൻ നെല്ല് സംഭരിച്ച് സംഭരണ സമയത്ത്തന്നെ പണം നൽകി പാലക്കാട് ജില്ലയിലെ കർഷകരെ സഹായിക്കുക എന്നതാണ് ഇതിന്റെ പ്രധാന ലക്ഷ്യം.

മുറ്റത്തെ മുല്ല

സ്വകാര്യ പണമിടപാടുകാരുടെ ചൂഷണത്തിൽ നിന്നും സാധാരണക്കാരെ സഹായിക്കുന്നതിനായി സഹകരണ വകുപ്പ് 2018 ൽ ആരംഭിച്ച പദ്ധതിയാണ് മുറ്റത്തെ മുല്ല. ഈ പദ്ധതിയുടെ 2019 മെയ് 31 ലെ കണക്ക് പ്രകാരം കുടുംബശ്രീ യൂണിറ്റുകളുടെ സഹായത്തോടു കൂടി 119.83 കോടി രൂപ വിതരണം ചെയ്തു. 2018–19 സാമ്പത്തിക വർഷത്തെ, സഹകരണ വായ്പാ സൊസൈറ്റികളിൽ നിന്നുമുള്ള കാർഷിക വായ്പയുടെ മേൽ 5 ശതമാനം പലിശ ഇളവ് ലഭ്യമാക്കുന്നതിനായി 'അഗ്രിക്കൾച്ചറൽ പ്രൊഡക്ഷൻ കോസ്റ്റ് റിലീഫ് സ്കീം' എന്ന പദ്ധതിയ്ക്ക് മാത്രമായി 10.00 കോടി രൂപ നീക്കിവച്ചു.

കേരള ബാങ്ക്

സംസ്ഥാനത്തെ നിലവിലുള്ള ത്രിതല ഹ്രസ്വകാല സഹകരണ വായ്പാഘടനയെ ദ്വിതല വായ്പാ ഘടനയാക്കി മാറ്റുന്നതിനുള്ള നയപരമായ തീരുമാനം സംസ്ഥാന സർക്കാർ കൈക്കൊണ്ടു. സംസ്ഥാന സഹകരണ ബാങ്കും, ജില്ലാ സഹകരണ ബാങ്കുകളും അവയ്ക്ക് കീഴിലെ ശാഖകളും ഏകോപിപ്പിച്ച് മികച്ച സേവന സാങ്കേതിക വിദ്യ അടിസ്ഥാനമാക്കി ഏകീകൃത രൂപത്തിൽ കേരള ബാങ്ക് രൂപീകരിക്കാനുള്ള നടപടികൾ സർക്കാർ ആരംഭിച്ചു. കേരള ബാങ്കും പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളും പരസ്പര പൂരകമായ രീതിയിലാണ് പ്രവർത്തിക്കുക. കേരള ബാങ്കിന്റെ അംഗത്വം പ്രാഥമിക കാർഷിക ക്രെഡിറ്റ് സൊസൈറ്റികളിലേയ്ക്കും നഗര സഹകരണ ബാങ്കുകളിലേയ്ക്കും പരിമിതപ്പെടുത്തിയിരിക്കുന്നു. എല്ലാ ജില്ലാ സഹകരണ ബാങ്കുകളും സംസ്ഥാന സഹകരണ ബാങ്കിൽ സംയോജിപ്പിച്ചു കൊണ്ടാണ് സഹകരണ മേഖലയിലെ സമ്പൂർണ്ണ സാർവ്വത്രിക സേവന ബാങ്കായി പുതിയ ബാങ്ക് രൂപം കൊള്ളുന്നത്. റിസർവ്വ് ബാങ്ക് നിശ്ചയിച്ചിട്ടുള്ള 19 നിബന്ധനകൾ പാലിച്ചതിനുശേഷം അംഗീകാരത്തിനുള്ള അന്തിമ അപേക്ഷ 29.03.2019 ൽ നബാർഡ് വഴി റിസർവ്വ് ബാങ്കിനു സമർപ്പിച്ചു. ജില്ലാ സഹകരണ ബാങ്കുകളെ സ്റ്റേറ്റ് കോ ഓപ്പറേറ്റീവ് ബാങ്കുമായി ലയിപ്പിച്ച് കേരള ബാങ്ക് രൂപീകരിക്കുന്നതിന് റിസർവ്വ് ബാങ്ക് അന്തിമ അനുമതി നൽകി.

ദേശീയ സഹകരണ വികസന കോർപ്പറേഷന്റെ (എൻ. സി. ഡി. സി) സഹായം

കേന്ദ്ര സർക്കാർ പാര്ലമെന്റ് ആക്ട് പ്രകാരം സ്ഥാപിച്ച സ്ഥാപനം ആണ് ദേശീയ സഹകരണ

വികസന കോർപ്പറേഷൻ, സഹകരണ സ്ഥാപനങ്ങൾ വഴി കാർഷിക ഉപയോഗ സാധനങ്ങൾ ഉല്പാദിപ്പിക്കാനും, സംസ്കരണത്തിനും, വിപണനം, സംഭരണം, കയറ്റുമതി, ഇറക്കുമതി എന്നിവയ്ക്ക് വേണ്ടിയുമുള്ള പരിപാടികൾ ആസൂത്രണം ചെയ്യുന്നതിനുമാണ് ഇത് നിലവിൽ വന്നത്. രാജ്യത്തെ സഹകരണ പ്രസ്ഥാനത്തിന്റെ വളർച്ചക്ക് ആവശ്യമായ പ്രമുഖ ധനകാര്യ സ്ഥാപനമായി ഇത് മാറിയിട്ടുണ്ട്. 2019 മാർച്ച് 31 വരെ വിവിധ സഹകരണ വികസന പദ്ധതികൾക്കായി എൻ. സി. ഡി. സി യുടെ കേരളത്തിനുള്ള മൊത്തം സാമ്പത്തിക സഹായം 7938.70 കോടി രൂപയാണ്. ഇതിൽ 1845.54 കോടി രൂപ സംസ്ഥാന സർക്കാർ മുഖേനയും 6093.16 കോടി രൂപ നേരിട്ടുള്ള സഹായമായും നൽകിയിട്ടുണ്ട്. കൂടാതെ 7665.08 കോടി രൂപയിൽ 1628.49 കോടി രൂപ ദീർഘകാല വായ്പയായി നൽകിയിട്ടുണ്ട്. 69.35 കോടി രൂപ മാത്രമാണ് സബ്സിഡി ഇനത്തിൽ നൽകിയിട്ടുള്ളത്. പ്രവർത്തന മൂലധനമായി 6240.86 കോടി രൂപ നൽകിയിട്ടുണ്ട്. 2018–19 ൽ എൻ. സി. ഡി. സി കേരളത്തിനു വേണ്ടി അനുവദിച്ചത് 367.54 കോടി രൂപയും, വിതരണം ചെയ്തത് 273.62 കോടി രൂപയും ആയിരുന്നു. 2017–18 നെ അപേക്ഷിച്ച് 2018–19 ൽ എൻ.സി.ഡി.സി അനുവദിച്ച തുകയിൽ കാര്യമായ കുറവ് സംഭവിച്ചിട്ടുണ്ട്. വിശദ വിവരങ്ങൾ **അനുബന്ധം 3.2.8, 3.2.9** ൽ നൽകിയിരിക്കുന്നു.

3.3 കന്നുകാലി വികസനം

രാജ്യത്തിന്റെ സാമൂഹ്യ സാമ്പത്തിക വികസനത്തിൽ മൃഗസംരക്ഷണവും, ക്ഷീരവികസനവും നിർണ്ണായക പങ്ക് വഹിക്കുന്നു. ഗ്രാമീണ സമ്പദ് വ്യവസ്ഥയിൽ, പ്രത്യേകിച്ച് ഭൂരഹിതരായ തൊഴിലാളികൾ, ചെറുകിട കർഷകർ, സ്ത്രീ കർഷകർ തുടങ്ങിയവർക്ക് ലാഭകരമായ തൊഴിൽ നൽകുന്നതു വഴി അവരുടെ കുടുംബ വരുമാനം വർദ്ധിപ്പിക്കുന്നതിൽ അനുബന്ധ ഘടകമായിത്തീരുന്നു.

സമ്പദ് വ്യവസ്ഥയിലെ ദേശീയ സംസ്ഥാന സംഭാവനകൾ

ഇന്ത്യൻ സമ്പദ് വ്യവസ്ഥയിൽ കന്നുകാലി വളർത്തലിന് വളരെയധികം പ്രാധാന്യമുണ്ട്. ചെറുകിട കർഷകരുടെ വരുമാനത്തിന്റെ 16 ശതമാനവും, ഗ്രാമീണ മേഖലയിലെ മൂന്നിൽ രണ്ട് ഭാഗം വരുന്ന ഗ്രാമീണ കർഷകരുടെ ശരാശരി 14 ശതമാനം വരുമാന മാർഗ്ഗം കന്നുകാലി മേഖലയിൽ നിന്നുമാണ്. ഇന്ത്യൻ ജനസംഖ്യയുടെ 8.8 ശതമാനം തൊഴിൽ ഈ മേഖല നൽകുന്നു. വിപുലമായ കന്നുകാലി സമ്പത്താണ് ഇന്ത്യയ്ക്കുള്ളത്. മൊത്തം ആഭ്യന്തര ഉല്പാദനത്തിന്റെ 4.11 ശതമാനവും, കാർഷിക ആഭ്യന്തര ഉല്പാദനത്തിന്റെ 25.6 ശതമാനവും കന്നുകാലി മേഖലയുടെ സംഭാവനയാണ്.

സംസ്ഥാനത്തെ ഗ്രാമീണ സമ്പദ് വ്യവസ്ഥയിൽ ത്വരിതഗതിയിൽ വികസിച്ചു വരുന്ന മേഖലയാണ് കന്നുകാലി മേഖല. കേരളത്തിൽ, കൃഷിയിൽ നിന്നുള്ള മൊത്തം ആഭ്യന്തര മൂല്യവർദ്ധനവിൽ കന്നുകാലി വളർത്തലിന്റെ വിഹിതം 27 ശതമാനത്തിലധികമാണ്. ഇത് ദേശീയ നിരക്കിനേക്കാൾ കൂടുതലാണ്. കൃഷിയുടെ ആഭ്യന്തര മൂല്യവർദ്ധനവ് 2017–18 ൽ 27.10 ശതമാനമായിരുന്നത് 2018–19 ൽ നേരിയ വർദ്ധനവോടെ 27.2 ശതമാനമായിട്ടുണ്ട്. കന്നുകാലി മേഖലയിൽ നിന്നുള്ള മൊത്തം ആഭ്യന്തര മൂല്യ

ബോക്സ് 3.3.1 ഇരുപതാമത് കന്നുകാലികണക്കെടുപ്പ്

രാജ്യത്താകമാനം ആനുകാലികമായി നടന്നുവരുന്ന കന്നുകാലി കണക്കെടുപ്പ് 1919 ലാണ് ആരംഭിച്ചത്. ഇതിൽ വളർത്തുമൃഗങ്ങൾ ഉൾപ്പെടെയുള്ളവയുടെ തലയെണ്ണി കണക്കാക്കപ്പെടുന്നു. സംസ്ഥാന സർക്കാരുകളുടേയും, കേന്ദ്രഭരണപ്രദേശങ്ങളുടേയും പങ്കാളിത്തത്തോടെയാണ് 19–ാം കന്നുകാലി കണക്കെടുപ്പ് പൂർത്തിയാക്കിയിട്ടുള്ളത്. 2018 ആഗസ്റ്റ് മാസം ആരംഭിച്ച 20–ാമത് കന്നുകാലി കണക്കെടുപ്പിൽ ഓൺലൈൻ സേവനം ആദ്യമായി ഉപയോഗപ്പെടുത്തി.

സംസ്ഥാനതല/കേന്ദ്രഭരണപ്രദേശങ്ങളിലെ മൃഗസംരക്ഷണ വകുപ്പുകളാണ് ഫീൽഡ്തല പ്രവർത്തനങ്ങൾ നടത്തിയത്. ഇത് സംബന്ധിച്ച അടിസ്ഥാന വിവരശേഖരണവും, സൂക്ഷ്മ പരിശോധനയും മൃഗ ഡോക്ടർമാരും, അനുബന്ധ ഉദ്യോഗസ്ഥൻമാരുമാണ് നടത്തിയത്. ഇതിനായി 80,000 ത്തോളം ഫീൽഡ്തല ഉദ്യോഗസ്ഥൻമാരെ പുനർവിന്യസിക്കുകയും, അവർക്ക് ആവശ്യമായിട്ടുള്ള വിവിധ തലത്തിലുള്ള പരിശീലനം ഡൽഹിയിൽ നടന്ന ദേശീയ പരിശീലനക്കളരിയിൽ (ആൾ ഇന്ത്യാ ടെയിനിംഗ് വർക്ക്ഷോപ് ഫോർ ടെയിനേഴ്സ്) ലഭ്യമാക്കുകയും, തുടർന്ന് സംസ്ഥാന, ജില്ലാതല പരിശീലനങ്ങൾ നൽകുകയും ചെയ്തു. പരിശീലനത്തിനു പുറമേ പരിശീലന സഹായക ഗ്രന്ഥങ്ങൾ, വ്യക്തിപരിശീലന വിഡിയോ, ഓൺലൈൻ ഇ–ലേണിംഗ് ക്ലാസ്സുകൾ എന്നിവയും ക്രമീകരിച്ചിരുന്നു. രാജ്യത്താകമാനം 6.6 ലക്ഷം വില്ലേജുകൾ, എൺപത്തി ഒൻപതിനായിരം നഗര വാർഡുകൾ ഉൾപ്പെടെ 27 കോടിയിലധികം കുടുംബങ്ങളും അല്ലാത്തവയും ഇരുപതാം കന്നുകാലി കണക്കെടുപ്പിന്റെ പരിധിയിൽ വന്നിട്ടുണ്ട്.

അവലംബം: ദേശീയ കന്നുകാലി കണക്കെടുപ്പ് - 2019

വർദ്ധനവ് കൂടിയിട്ടുണ്ടെങ്കിലും, സംസ്ഥാനത്തെ മൊത്തം ആഭ്യന്തരമൂല്യവർദ്ധനവിൽ കന്നുകാലി മേഖലയുടെ വിഹിതം നേരിയ കുറവ് രേഖപ്പെടുത്തുന്നു. 2017–18 ൽ 2.57 ശതമാനമായിരുന്നത് 2018–19 ൽ 2.39 ശതമാനമായി കുറവ് രേഖപ്പെടുത്തുന്നു.

ഇന്ത്യയിൽ കന്നുകാലികളുടെ എണ്ണം

ഇന്ത്യയിലെ ബൃഹത്തായ കന്നുകാലി ശേഖരം ഗ്രാമീണ ജനങ്ങളുടെ സാമൂഹിക സാമ്പത്തിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിൽ നിർണ്ണായക പങ്ക് വഹിക്കുന്നു. ഇരുപതാം കന്നുകാലി കണക്കെടുപ്പ്

പട്ടിക. 3.3.1 ഇന്ത്യയിലെ കന്നുകാലി, വളർത്തു പക്ഷികണക്കെടുപ്പ്

ക്രമ നമ്പർ	വർഗ്ഗം	പതിനേഴാം കന്നുകാലി കണക്കെടുപ്പ് (2003)	പതിനെട്ടാം കന്നുകാലി കണക്കെടുപ്പ് (2007)	പത്തൊൻപതാം കന്നുകാലി കണക്കെടുപ്പ് (2012)	ഇരുപതാം കന്നുകാലി കണക്കെടുപ്പ് (2019)	വളർച്ച നിരക്ക് (2012–19)
1	കന്നുകാലികൾ	185.2	199.1	190.9	192.49	0.83
2	എരുമകൾ	97.9	105.3	108.7	109.85	1.0
3	യാക്കുകൾ	0.1	0.1	0.1	0.058	–24.67
4	മിതുൻ	0.3	0.3	0.3	0.39	30
	ആകെ കന്നുകാലികൾ	283.4	304.8	300.0	302.79	0.92
5	ചെമ്മരിയാട്	61.5	71.6	65.07	74.26	14.12
6	ആടുകൾ	124.4	140.5	135.2	148.88	10.12
7	പന്നികൾ	13.5	11.1	10.3	9.06	–12.04
8	മറ്റു മൃഗങ്ങൾ	2.2	1.7	1.48	0.79	–46.62
	വളർത്തുമൃഗങ്ങൾ ആകെ	485	529.7	512.05	535.78	4.63
9	വളർത്തു പക്ഷികൾ	489	648.8	729.2	851.81	16.81

അവലംബം: മൃഗസംരക്ഷണ, ക്ഷീര വികസന മത്സ്യബന്ധന മന്ത്രാലയം വാർഷിക റിപ്പോർട്ട് 2018-19, ഇന്ത്യാഗവൺമെന്റ്, ഇരുപതാം കന്നുകാലി കണക്കെടുപ്പ്

ചിത്രം 3.3.1 രാജ്യത്തെ കന്നുകാലി സഞ്ചയം



അവലംബം: ഇരുപതാം കന്നുകാലി കണക്കെടുപ്പ്

ബോക്സ് 3.3.2 ഇരുപതാമത് കന്നുകാലി സെൻസസ് - കേരളം

കേരളത്തിൽ 2019 ഫെബ്രുവരി മാസത്തിൽ നടന്ന ഇരുപതാമത് കന്നുകാലി സെൻസസ് മൃഗസംരക്ഷണ വകുപ്പിലെ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാർ മുഖേനയാണ് നടത്തിയത്. കന്നുകാലി കണക്കെടുപ്പിന്റെ അടിസ്ഥാന ഘടകം രാജ്യത്തെ മറ്റു സംസ്ഥാനങ്ങളിൽ വില്ലേജ് വാർഡുകൾ ആണ്. എന്നാൽ കേരളത്തിൽ ഗ്രാമീണ മേഖലയിൽ ഇത് പഞ്ചായത്ത് വാർഡുകളും, നഗരങ്ങളിൽ മുൻസിപ്പൽ/കോർപ്പറേഷൻ വാർഡുകളുമാണ്. 15,962 പഞ്ചായത്തുവാർഡുകളിലും, 3527 മുൻസിപ്പൽ/കോർപ്പറേഷൻ വാർഡുകളിലും കണക്കെടുപ്പ് നടന്നു. പതിനഞ്ച് ഇനത്തിൽപ്പെട്ട മൃഗങ്ങൾ, എട്ട് ഇനത്തിൽപ്പെട്ട വളർത്തുപക്ഷികൾ, അലഞ്ഞു നടക്കുന്ന നായ്ക്കൾ, മറ്റു കന്നുകാലികൾ എന്നിവ ഇനം തിരിച്ച് എല്ലാ വാർഡുകളിലും രേഖപ്പെടുത്തിയിട്ടുണ്ട്. അറവുശാലകളെക്കുറിച്ചുള്ള വിവരങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. ഇരുപതാമതു കന്നുകാലി കണക്കെടുപ്പിൽ കഴിഞ്ഞ കണക്കെടുപ്പിൽ നിന്നും വ്യത്യസ്തമായി മത്സ്യമേഖലയിലെ കണക്കെടുപ്പും നടത്തിയിട്ടുണ്ട്.

അവലംബം: മൃഗസംരക്ഷണ വകുപ്പ്

(2019) അനുസരിച്ച് രാജ്യത്തെ കന്നുകാലികളുടെ എണ്ണം 535.78 ദശലക്ഷം ആണ്. ഇത് 2012 ലെ കന്നുകാലി കണക്കെടുപ്പിനേക്കാൾ 4.6 ശതമാനം കൂടുതലാണ്. ഇതിൽ 302.79 ദശലക്ഷം കന്നുകാലികൾ (ആടുമാടുകൾ, എരുമകൾ, മിതുൻ, യാക്ക്) ഉണ്ട്. ഇത് കഴിഞ്ഞ കണക്കെടുപ്പിനേക്കാൾ 0.93 ശതമാനം വർദ്ധനവ് രേഖപ്പെടുത്തുന്നു. രാജ്യത്തെ കന്നുകാലികളുടെ എണ്ണം 0.8 ശതമാനം വർദ്ധനവ് രേഖപ്പെടുത്തി 2019 ൽ 192.49 ദശലക്ഷമായിട്ടുണ്ട്. ഇരുപതാമത് കന്നുകാലി കണക്കെടുപ്പ് സംബന്ധിച്ച് വിശദ വിവരങ്ങൾ **ബോക്സ് 3.3.1** ൽ കൊടുത്തിരിക്കുന്നു.

കന്നുകാലികളുടെ എണ്ണം – കേരളം

ഇരുപതാമത് കന്നുകാലി കണക്കെടുപ്പ് (2019) പ്രകാരം സംസ്ഥാനത്തെ കന്നുകാലികളുടെ എണ്ണം 38.36 ലക്ഷമാണ്. കഴിഞ്ഞ കന്നുകാലി കണക്കെടുപ്പുമായി (2012) താരതമ്യം ചെയ്യുമ്പോൾ 1.34 ശതമാനം കുറവാണ്. വളർത്തുനായ, മുയൽ, കുരങ്ങ്, ആന എന്നിവ ഉൾപ്പെടുന്ന മറ്റുള്ളവ എന്ന ഇനത്തിലുണ്ടായ കുറവാണ് (14.69 ശതമാനം) ഇതിനു കാരണം. ഇരുപതാമത് കന്നുകാലി കണക്കെടുപ്പ് (2019) പ്രകാരം കേരളത്തിലെ വളർത്തു പക്ഷികളുടെ എണ്ണം 298.18 ലക്ഷം ആണ്. ഇത് രാജ്യത്തെ മൊത്തം വളർത്തുപക്ഷികളുടെ എണ്ണത്തിന്റെ 3.5 ശതമാനമാണ്. ഇത് കഴിഞ്ഞ കണക്കെടുപ്പിനേക്കാൾ (2012) 25 ശതമാനം വർദ്ധനവ് രേഖപ്പെടുത്തുന്നു. ഈ വർദ്ധനവ് ദേശീയവർദ്ധനവി (16.81 ശതമാനം) നേക്കാൾ കൂടുതലാണ്. രാജ്യത്തെ വളർത്തു പക്ഷികളുടെ എണ്ണത്തിൽ കേരളത്തിന് 9–ാം സ്ഥാനമാണുള്ളത്. കേരളത്തിലെ കന്നുകാലികളുടേയും, വളർത്തുപക്ഷികളുടേയും ഇനം തിരിച്ചുള്ള വിവരം **പട്ടിക 3.3.2** ൽ കൊടുത്തിരിക്കുന്നു.

മൃഗസംരക്ഷണ – കോഴി വളർത്തൽ മേഖലയിലെ പ്രധാന ഉല്പന്നങ്ങൾ

സംസ്ഥാനത്തെ മൃഗസംരക്ഷണ/കോഴി വളർത്തൽ മേഖലയിലെ പ്രധാന ഉല്പന്നങ്ങൾ പാൽ, ഇറച്ചി, മുട്ട എന്നിവയാണ്. കഴിഞ്ഞ വർഷവുമായി താരതമ്യപ്പെടുത്തുമ്പോൾ ഇറച്ചി, പാൽ, മുട്ട എന്നിവയുടെ ഉല്പാദനത്തിൽ നേരിയ കുറവ് അതായത് യഥാക്രമം 456.99 ആയിരം മെട്രിക് ടൺ ഇറച്ചി, 25.49 ആയിരം മെട്രിക് ടൺ പാൽ, 229.17 കോടി മുട്ട

പട്ടിക 3.3.2 കേരളത്തിന്റെ കന്നുകാലി കണക്കെടുപ്പ്
(രൂപ ലക്ഷത്തിൽ)

ക്രമ നമ്പർ	വർഗ്ഗം	2012	2019	മുൻ കണക്കെടുപ്പിൽ നിന്നുള്ള വ്യത്യാസം
1	കന്നുകാലികൾ	13.28	13.42	1.02
2	എരുമ	1.02	1.01	–0.71
3	ചെമ്മരിയാട്	0.01	0.01	0
4	ആട്	12.46	13.59	9.07
5	മറ്റുള്ളവ	12.11	10.33	–14.69
	ആകെ (വളർത്തുമൃഗങ്ങൾ)	38.88	38.36	–1.34
6	വളർത്തുപക്ഷികൾ	238.45	298.18	25.05
	ആകെ മൊത്തം	277.34	336.54	21.35

അവലംബം: മൃഗസംരക്ഷണ വകുപ്പ്

ചിത്രം 3.3.2 പാൽ, ഇറച്ചി, മുട്ട എന്നിവയുടെ ഉല്പാദനം 2012–13 മുതൽ 2018–19 വരെ



അവലംബം: മൃഗസംരക്ഷണ വകുപ്പ്

എന്നിങ്ങനെയായിരുന്നു രേഖപ്പെടുത്തിയത്. 2012–13 മുതൽ 2018–19 വരെയുള്ള ഓരോ വർഷത്തേയും പാൽ, ഇറച്ചി, മുട്ട എന്നിവയുടെ ഉല്പാദനം **ചിത്രം 3.3.2** ൽ കൊടുത്തിരിക്കുന്നു.

പാൽ ഉല്പാദനം

ലോകത്തിലെ ഏറ്റവും വലിയ ക്ഷീരോല്പാദക രാജ്യമായി ഇന്ത്യ തുടരുന്നു. ദേശീയതലത്തിൽ പാൽ ഉല്പാദനം 2017–18 ൽ 17.63 കോടി ടണ്ണായിരുന്നത് 2018–19 ൽ 6.47 ശതമാനം വളർച്ച രേഖപ്പെടുത്തി 18.77 കോടി ടണ്ണായി, കഴിഞ്ഞ മൂന്നു ദശാബ്ദക്കാലത്തെ സ്ഥിരമായ വർദ്ധനവ് നിലനിർത്തി. പ്രതിശീർഷലഭ്യത 2018–19 ൽ 394 ഗ്രാം ആണ്. പാലിന്റെ ഏറ്റവും ഉയർന്ന പ്രതിശീർഷ ലഭ്യത പഞ്ചാബിലാണ് (1120 ഗ്രാം പ്രതിദിനം). രാജ്യത്തെ പാലുല്പാദനത്തിൽ മുന്നിൽ നിൽക്കുന്നത് ഉത്തർപ്രദേശാണ് (മൊത്തം പാലുല്പാദനത്തിന്റെ 16.3 ശതമാനം), തുടർന്ന് രാജസ്ഥാൻ (12.6 ശതമാനം). ഇനം തിരിച്ചുള്ള പാലുല്പാദനത്തിന്റെ ഏകദേശം 35 ശതമാനം നാടൻ എരുമകളുടേയും 26 ശതമാനം സങ്കരയിനത്തിൽപ്പെട്ട പശുക്കളിൽ നിന്നുമാണ്. മൊത്തം പാലുല്പാദനത്തിന്റെ 11 ശതമാനം നാടൻ പശുക്കളിൽ നിന്നുമാണ്. രാജ്യത്ത് ആകെ ഉല്പാദിപ്പിക്കപ്പെടുന്ന പാലിന്റെ 3 ശതമാനം ആട്ടിൻ പാലാണ്.

കേരളത്തിൽ ഉല്പാദിപ്പിക്കപ്പെടുന്ന 25.49 ലക്ഷം മെട്രിക് ടൺ പാലിന്റെ ഭൂരിഭാഗവും സങ്കരയിനത്തിൽപ്പെട്ട പശുക്കളിൽ നിന്നുമാണ് (93.82 ശതമാനം). നാടൻ പശുക്കൾ 1975 മെട്രിക് ടൺ (0.08 ശതമാനം) പാൽ മാത്രമേ ഉല്പാദിപ്പിക്കുന്നുള്ളൂ. ആടുകളിൽ നിന്നുള്ള പാൽ ഉല്പാദനം 1.21 ആയിരം മെട്രിക് ടൺ (4.7 ശതമാനം) ആണ്. ബാക്കിയുള്ളത് തദ്ദേശീയ കന്നുകാലികൾ, നാടൻ എരുമകൾ, തദ്ദേശീയ എരുമകൾ എന്നിവ ഉല്പാദിപ്പിക്കുന്നവയാണ്. 2019–20 ൽ കേരളത്തിലെ ക്ഷീര ഉല്പാദനം ഇനം തിരിച്ച് **ചിത്രം 3.3.3** ൽ കൊടുത്തിരിക്കുന്നു.

മുട്ട ഉല്പാദനം

കന്നുകാലി മേഖലയിലെ പ്രധാന പ്രവർത്തനങ്ങളിലൊന്നാണ് പൗൾട്രി വികസനം. ഇന്ത്യയിൽ 2000–01 മുതൽ മുട്ട ഉല്പാദനത്തിൽ തുടർച്ചയായി വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്. 2017–18 ൽ രാജ്യത്തെ മൊത്തം മുട്ട ഉല്പാദനം 9520 കോടി എണ്ണം ആയിരുന്നത് 2018–19 ൽ 10332 കോടി എണ്ണം ആയി വർദ്ധിച്ച് 8.53 ശതമാനം വളർച്ച രേഖപ്പെടുത്തി. അതുപോലെ 2000–01 മുതൽ മുട്ടയുടെ പ്രതിശീർഷലഭ്യതയും വർദ്ധിച്ചിട്ടുണ്ട്. മുട്ടയുടെ പ്രതിശീർഷ ലഭ്യത 2018–19 ൽ പ്രതിവർഷം 79 എണ്ണമാണ്. രാജ്യത്ത് ഏറ്റവും കൂടുതൽ മുട്ട ഉല്പാദിപ്പിക്കുന്ന സംസ്ഥാനം ആന്ധ്രാപ്രദേശും (ആകെ ഉല്പാദനത്തിന്റെ 19.1 ശതമാനം), തുടർന്ന് തമിഴ്നാടും (18.2 ശതമാനം) അതിനു പുറകിൽ തെലുങ്കാന (13.2 ശതമാനം)യുമാണ്. രാജ്യത്ത് 5 ശതമാനത്തിലധികം മുട്ട ഉല്പാദിപ്പിക്കുന്ന മറ്റു സംസ്ഥാനങ്ങൾ പശ്ചിമബംഗാൾ (8.3 ശതമാനം), ഹരിയാന (5.9 ശതമാനം), കേരളം (2.2 ശതമാനം) എന്നിവയാണ്. മുട്ടയുടെ ഉയർന്ന പ്രതിശീർഷ ലഭ്യത ആന്ധ്രാപ്രദേശിലും (പ്രതിവർഷം 372 എണ്ണം) തുടർന്ന് തമിഴ്നാട് (265), ഹരിയാന (224), പഞ്ചാബ് (191), കർണ്ണാടക (95), പശ്ചിമ ബംഗാൾ (88) എന്നിങ്ങനെയാണ്. ഇത് ദേശീയ ശരാശരിയേക്കാൾ കൂടുതലാണ്. രാജ്യത്തെ മൊത്തം മുട്ട ഉല്പാദനത്തിൽ 73.06 ശതമാനം മുട്ടകളും, മെച്ചപ്പെട്ട ഇനത്തിൽപ്പെട്ട കോഴികളുടേയും 11.83 ശതമാനം നാടൻ

ചിത്രം 3.3.3 കേരളത്തിലെ ക്ഷീര ഉല്പാദനം ഇനം തിരിച്ച്



അവലംബം: മൃഗസംരക്ഷണ വകുപ്പ്

കോഴികളുടേതുമാണ്. നാടൻ താറാവുകളും, മെച്ചപ്പെട്ട ഇനത്തിൽപ്പെട്ട താറാവും യഥാക്രമം 0.91 ശതമാനവും, 0.26 ശതമാനവും മുട്ട ഉല്പാദിപ്പിക്കുന്നു.

കേരളത്തിൽ പന്ത്രണ്ടാം പദ്ധതിക്കാലത്ത് മുട്ട ഉല്പാദനത്തിൽ വലിയ മാറ്റം ഉണ്ടായിട്ടുണ്ട്. 2012–13 ൽ സംസ്ഥാനത്തെ മൊത്തം മുട്ട ഉല്പാദനം 224 കോടിയായിരുന്നത് തുടർച്ചയായ വർദ്ധനവിലൂടെ 2014–15 ൽ 250 കോടിയായിത്തീർന്നു. 2015–16, 2016–17 എന്നീ കാലയളവുകളിൽ മുട്ട ഉല്പാദനം യഥാക്രമം 244 കോടി, 234 കോടി എന്നിങ്ങനെ കുറവ് രേഖപ്പെടുത്തി. 2017–18 ൽ ആകെ മുട്ട ഉല്പാദനം 234.8 കോടിയായി. എന്നാൽ 2019–20 ൽ ഇത് 229.2 കോടിയായി കുറഞ്ഞു. മുട്ട ഉല്പാദനത്തിൽ ഇന്ത്യൻ സംസ്ഥാനങ്ങൾക്കിടയിൽ കേരളത്തിന്റെ സ്ഥാനം പത്താമതാണ്. മുട്ടയുടെ പ്രതിശീർഷ ലഭ്യത 2016–17 ൽ 69 എണ്ണവും 2017–18 ൽ 65 എണ്ണവും, 2018–19 ൽ 63 എണ്ണവും ആയി കുറയുകയും ചെയ്തു.

സംസ്ഥാനത്ത് ആകെ ഉല്പാദിപ്പിക്കപ്പെടുന്നതിൽ 73.06 ശതമാനം മുട്ടകളും മെച്ചപ്പെട്ട ഇനത്തിൽപ്പെട്ട കോഴികളും, 21.75 ശതമാനം നാടൻ വിഭാഗം കോഴികളിൽ നിന്നുമാണ്. സംസ്ഥാനത്തെ മൊത്തം മുട്ട ഉല്പാദനത്തിൽ നാടൻ ഇനം താറാവിന്റേയും, മെച്ചപ്പെട്ട ഇനം താറാവിന്റേയും മുട്ട ഉല്പാദനം യഥാക്രമം 2.6 ശതമാനം, 2.58 ശതമാനം എന്നിങ്ങനെയാണ്. കേരളത്തിലെ മുട്ട ഉല്പാദനം സംബന്ധിച്ച വിവരങ്ങൾ ഇനം തിരിച്ച് **ചിത്രം 3.3.4** ൽ ചേർത്തിട്ടുണ്ട്. സംസ്ഥാനത്തെ 79.38 ശതമാനം മുട്ട ഉല്പാദനം വീട്ടുവളപ്പിലെ കോഴി വളർത്തലിൽ

ചിത്രം 3.3.4 കേരളത്തിൽ മുട്ട ഉല്പാദനം ഇനം തിരിച്ച്



അവലംബം: മൃഗസംരക്ഷണ വകുപ്പ്

നിന്നുമാണ്. വാണിജ്യാടിസ്ഥാനത്തിലുള്ള മുട്ട ഉല്പാദനം കുറഞ്ഞ തോതിലായതിനാൽ വരുംവർഷങ്ങളിൽ വീട്ടുവളപ്പിലെ കോഴി വളർത്തലിന് വളരെയധികം പ്രാധാന്യം നൽകേണ്ടതുണ്ട്. വീട്ടുവളപ്പിലെ കോഴി വളർത്തലിൽ നാടൻ ഇനത്തിൽപ്പെട്ട കോഴികളുടേയും, താറാവുകളുടേയും ശരാശരി ഉല്പാദനക്ഷമത ഒരു വർഷം 137 എണ്ണം 159 എണ്ണം എന്നിങ്ങനെയാണ്. മെച്ചപ്പെട്ട ഇനം കോഴികളുടെ ശരാശരി ഉല്പാദനക്ഷമത 216 മുട്ടയാണ്.

മാംസ ഉല്പാദനം

രാജ്യത്ത് മാംസ ഉല്പാദനത്തിൽ 2007–08 മുതൽ സ്ഥിര വർദ്ധനവുണ്ടായിട്ടുണ്ട്. 2017–18 ൽ, രാജ്യത്തെ മൊത്തം മാംസ ഉല്പാദനം 77 ലക്ഷം ടൺ ആയിരുന്നത് 2018–19 ൽ 5.19 ശതമാനം വളർച്ച രേഖപ്പെടുത്തി 81 ലക്ഷം ടണ്ണായി. രാജ്യത്ത് ഏറ്റവും കൂടുതൽ മാംസം ഉല്പാദിപ്പിക്കുന്ന സംസ്ഥാനം ഉത്തർപ്രദേശ് (15 ശതമാനം), തുടർന്ന് മഹാരാഷ്ട്ര (12.6 ശതമാനം), പശ്ചിമ ബംഗാൾ (10.2 ശതമാനം), ആന്ധ്രാപ്രദേശ് (9.6 ശതമാനം), തെലങ്കാന (9.3 ശതമാനം), കേരളം (5.6 ശതമാനം) എന്നിങ്ങനെയാണ്. രാജ്യത്തെ മൊത്തം മാംസ ഉല്പാദനത്തിന്റെ ഏകദേശം 50 ശതമാനവും പൗൾട്രിമാംസമാണ്. രാജ്യത്ത് കൂടുതൽ പൗൾട്രി മാംസം ഉല്പാദിപ്പിക്കുന്ന മറ്റു സംസ്ഥാനങ്ങൾ മഹാരാഷ്ട്ര, തമിഴനാട്, പശ്ചിമ ബംഗാൾ എന്നിവയാണ്. ഇന്ത്യയിൽ പോത്ത് മാംസം, ആട്ട് മാംസം എന്നിവയുടെ സംഭാവന യഥാക്രമം 19 ശതമാനം, 14 ശതമാനം എന്നിങ്ങനെയാണ്.

കേരളത്തിലെ മാംസ ഉല്പാദനം 2016–17 ലും 2017–18 ലും 4.69 ലക്ഷം മെട്രിക് ടൺ എന്ന നിരക്കിൽ ആയിരുന്നു. 2018–19 ൽ ഇത് 2.56 ശതമാനം കുറഞ്ഞ് 4.57 മെട്രിക് ടണ്ണായി. ഇന്ത്യയിലെ മൊത്തം മാംസ ഉല്പാദനത്തിന്റെ 5.6 ശതമാനം സംഭാവന ചെയ്ത് കേരളം എട്ടാം സ്ഥാനത്താണ്.

ക്ഷീര വിപണനം

കർഷകർക്ക് ഉയർന്ന പാൽവില നൽകുന്ന സംസ്ഥാനങ്ങളിലൊന്നാണ് കേരളം. പാലിന്റെ ആവശ്യകത പ്രതിദിനം വർദ്ധിക്കുകയും, മിൽമ പാൽ വില്പനയിൽ കുറവ് കാണിക്കുകയും ചെയ്യുന്നു. 2018–19 ൽ സംസ്ഥാനത്ത്, ക്ഷീര സഹകരണ സംഘങ്ങൾ 6,802 ലക്ഷം ലിറ്റർ പാൽ സംഭരിച്ചതിൽ 4,561 ലക്ഷം ലിറ്റർ ഡയറിയിലേയ്ക്ക് അയയ്ക്കുകയും, 2,215 ലക്ഷം ലിറ്റർ ക്ഷീര സഹകരണ സംഘങ്ങൾ വഴി പ്രാദേശിക വില്പന നടത്തുകയും ചെയ്തു. 2018–19 ൽ ആനന്ദ് മാതൃക സഹകരണ സംഘങ്ങളുടെ (ആപ്കോസ്) പ്രതിദിന ശരാശരി ക്ഷീര സംഭരണം കഴിഞ്ഞ വർഷത്തെ 1318 മെട്രിക് ടണ്ണിൽ നിന്നും 1528 മെട്രിക് ടണ്ണായി വർദ്ധിച്ചിട്ടുണ്ട്. സൊസൈറ്റികളുടെ പ്രതിദിന സംഭരണം 2017–18 ൽ 484 ലിറ്ററായിരുന്നത് 2018–19 ൽ 501 ലിറ്ററായി വർദ്ധിച്ചിട്ടുണ്ട്. 2018–19 ൽ കെ.സി. എം.എം.എഫിന്റെ പാൽ സംഭരണം 3563.30 ലക്ഷം ലിറ്ററും, വിപണനം 3734.77 ലക്ഷം ലിറ്ററുമായിരുന്നു. എറണാകുളം, പാലക്കാട്ട്, വയനാട്ട് ഡയറികൾ ഒഴികെ ബാക്കി എല്ലാ ഡയറികളിലും പാൽ വിതരണം, സംഭരണത്തേക്കാൾ കൂടുതലാണ്. ആഭ്യന്തര ലഭ്യത കുറവായതിനാൽ കർണ്ണാടക, തമിഴ്നാട് മുതലായ സംസ്ഥാനങ്ങളിലെ മിൽമ ഫെഡറേഷനിൽ നിന്നും പാൽ ഇറക്കുമതി ചെയ്യുകയും, പാട നീക്കം ചെയ്ത പാൽ പൊടി വാങ്ങുകയും ചെയ്യുന്നു. 2018–19 ൽ കെ.സി. എം.എം.എഫ് ന്റെ ക്ഷീരശാലകൾ സംഭരിച്ചതും, വിപണനം നടത്തിയതുമായ പാൽ സംബന്ധിച്ച വിവരങ്ങൾ, ഇക്കാലയളവിൽ ഫെഡറേഷന്റെ പ്രവർത്തനങ്ങൾ, പ്രതിദിനം ആപ്കോസ് സംഭരിച്ച പാലിന്റെ ശരാശരി കണക്ക് എന്നിവ യഥാക്രമം **അനുബന്ധം 3.3.1, 3.3.2, 3.3.3** എന്നിവയിൽ കൊടുത്തിരിക്കുന്നു. 2010 മുതൽ നിലവിലുള്ള പാലിന്റെ വിലകൾ സംബന്ധിച്ച വിവരങ്ങൾ **അനുബന്ധം 3.3.4, 3.3.5** എന്നിവയിൽ ചേർത്തിരിക്കുന്നു.

കേരളത്തിൽ പുല്ല്, വൈയ്ക്കോൽ എന്നിവയുടെ ലഭ്യതയിലും, കാലിത്തീറ്റ ഉല്പാദനത്തിലുമുള്ള കുറവ് കന്നുകാലി മേഖലയിൽ പ്രത്യേകം പരിഗണിക്കപ്പെടേണ്ടതുണ്ട്. കേരളത്തിൽ തീറ്റപ്പുൽ വികസന പ്രവർത്തനങ്ങളുടെ നോഡൽ ഏജൻസി ക്ഷീര വികസന വകുപ്പാണ്. കാലിത്തീറ്റ ഉല്പാദനവും, അവയുടെ സംരക്ഷണവും എന്ന പദ്ധതിയിൻ കീഴിൽ, കൃഷിക്കാരുടെ ഭൂമിയിലും, ക്ഷീരോല്പാദക സഹകരണ സംഘങ്ങളിലും, വാണിജ്യാടിസ്ഥാനത്തിൽ തരിശുഭൂമിയിൽ തീറ്റപ്പുൽ കൃഷി വ്യാപനം എന്ന ഘടകം കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. പുരോഗമനോന്മുഖരായ ക്ഷീരകർഷകർ, മറ്റ് വ്യക്തികൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ തുടങ്ങിയവയുടെ ഉടമസ്ഥതയിലുള്ള ഒഴിഞ്ഞു കിടക്കുന്ന ഫലഭൂയിഷ്ടമായ ഭൂമി തീറ്റപ്പുൽ കൃഷി വികസനത്തിനായി തെരഞ്ഞെടുക്കുന്നുണ്ട്. 2018–19 ൽ വകുപ്പ് 2235 ഹെക്ടർ സ്ഥലത്ത് തീറ്റപ്പുൽ കൃഷി ചെയ്യുകയും 3.57 ലക്ഷം മെട്രിക് ടൺ അധിക ഉല്പാദനം നടത്തുകയും, 391.7 ലക്ഷം വേര് പിടിപ്പിച്ച തീറ്റപ്പുൽ/തൈകൾ ഉല്പാദിപ്പിക്കുകയും ചെയ്തു. കൂടാതെ അസോള കൃഷിയ്ക്കും, തീറ്റപ്പുൽ ഉല്പാദനം, വിളവെടുപ്പ്, ജലസേചനം എന്നിവ യന്ത്രവത്ക്കരിക്കുന്നതിനും കർഷകർക്ക് സഹായം നൽകി. 2018–19 ൽ മൊത്തം കാലിത്തീറ്റ ഉല്പാദനം 3.61 ലക്ഷം മെട്രിക് ടണ്ണായി വർദ്ധിച്ചു. 2017–18 ൽ ഇത് 3.53 ലക്ഷം മെട്രിക് ടണ്ണായിരുന്നു. കാലിത്തീറ്റ ഉല്പാദനം സംബന്ധിച്ച വിശദവിവരങ്ങൾ **അനുബന്ധം 3.3.6 , 3.3.7, 3.3.8** എന്നിവയിൽ കൊടുത്തിരിക്കുന്നു.

പ്രജനനത്തിനുള്ള പിന്തുണ

സംസ്ഥാനത്ത്, മരവിപ്പിച്ച ബീജം ഉല്പാദിപ്പിച്ചു വിതരണം

ചെയ്യുന്നതിന്റെ ചുമതല കേരള ലൈവ്സ്റ്റോക്ക് ഡവലപ്മെന്റ് ബോർഡി (കെ.എൽ.ഡി.ബി) നാണ്. 2017–18 മായി താരതമ്യപ്പെടുത്തുമ്പോൾ 2018–19 ൽ ബീജ ഉല്പാദനം 30.16 ലക്ഷം മാത്രയിൽ നിന്നും 19.99 ലക്ഷം മാത്രകളായി കുറഞ്ഞു. ഈ കാലയളവിൽ ഇതിന്റെ വിതരണം സംസ്ഥാനത്തിനകത്ത് 14.41 ലക്ഷം മാത്രയിൽ നിന്നും 13.78 ലക്ഷം മാത്രകളായി കുറയുകയും, സംസ്ഥാനത്തിനു പുറത്ത് 2.95 ലക്ഷം മാത്രയിൽ നിന്നും 5.34 മാത്രയായി വർദ്ധിക്കുകയും ചെയ്തു. ഇതു സംബന്ധിച്ച വിശദവിവരങ്ങൾ **അനുബന്ധം 3.3.9** ൽ കൊടുത്തിരിക്കുന്നു. കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ് IIITMK യുടെ സഹകരണത്തോടെ ഒരു ഇലക്ട്രോണിക് ഹെർഡ് ബുക്ക് രജിസ്ട്രേഷൻ നടത്തുന്നതിനായി ഒരു സോഫ്റ്റ് വെയർ വികസിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത ഡാറ്റ മൃഗസംരക്ഷണ വകുപ്പിനും ക്ഷീര വികസന വകുപ്പിനും ഉപയോഗിക്കാവുന്നതാണ്.

സംസ്ഥാനത്തെ കൃത്രിമ ഗർഭോല്പാദനകേന്ദ്രങ്ങളുടെ എണ്ണം 2018–19 ൽ 2515 ആയിരുന്നു. 2017–18 ൽ 11.19 ലക്ഷം കുത്തിവയ്പ്പ് നടത്തിയതിൽ 2.91 ലക്ഷം കിടാങ്ങളുണ്ടായി. ഒരു കിടാവ് ജനിക്കുന്നതിന് ശരാശരി നാല് കുത്തിവയ്പ്പുകൾ ആവശ്യമായിട്ടുണ്ട്. കൃത്രിമ ഗർഭോല്പാദനം സംബന്ധിച്ച വിവരങ്ങൾ അനുബന്ധം 3.3.10 ൽ ചേർത്തിരിക്കുന്നു. കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരങ്ങൾ **അനുബന്ധം 3.3.11** ൽ ചേർത്തിരിക്കുന്നു.

പ്രത്യേക കന്നുക്കുട്ടി പരിപാലന പരിപാടി (എസ്.എൽ.ബി.പി)

1976 മുതൽ കന്നുകാലി വളർത്തുന്നതിന് 32 മാസം വരെ സബ്സിഡി നിരക്കിൽ കാലിത്തീറ്റ നൽകുകയും, ആരോഗ്യ ഇൻഷ്വറൻസ് ഏർപ്പെടുത്തി പശുക്കിടാങ്ങളെ വളർത്തുന്ന പദ്ധതി നിലവിൽ നടന്നു വരുന്നു. എരുമകളുടെ എണ്ണത്തിൽ പെട്ടെന്നുണ്ടായ കുറവ് പരിഹരിക്കുന്നതിനുദ്ദേശിച്ച് 2006–07 ൽ ഈ പദ്ധതി എരുമക്കിടാവുകൾക്കും ബാധകമാക്കി. എന്നാൽ എരുമക്കിടാവുകളെ ഉൾപ്പെടുത്തുന്ന പ്രവണത കുറഞ്ഞുവരികയും, 2014–15 മുതൽ 2017–18 വരെയുള്ള കാലയളവിൽ ഒറ്റ എരുമക്കിടാവുകളെപ്പോലും ഉൾപ്പെടുത്തിയിട്ടുമില്ല. 2017–18 ൽ ഈ പദ്ധതിയിൽ 83196 കിടാവുകളെ ഉൾപ്പെടുത്തിയിരുന്നു. എന്നാൽ 2018–19 ൽ ഇത് 45070 ആയി കുറഞ്ഞു. ഇതു സംബന്ധിച്ച വിശദവിവരങ്ങൾ **അനുബന്ധം 3.3.12** ൽ കൊടുത്തിരിക്കുന്നു.

മൃഗങ്ങളുടെ ആരോഗ്യസുരക്ഷ

മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ 14 ജില്ലാ വെറ്ററിനറി സെന്ററുകൾ, 50 വെറ്ററിനറി പോളിക്ലിനിക്കുകൾ, 215 വെറ്ററിനറി ആശുപത്രികൾ, 885 വെറ്ററിനറി ഡിസ്പെൻസറികൾ, 38 പ്രാദേശിക മൃഗസംരക്ഷണ സെന്ററുകൾ, 1359 വെറ്ററിനറി സബ്സെന്ററുകൾ, 9 മൊബൈൽ വെറ്ററിനറി ആശുപത്രികൾ, 7 മൊബൈൽ ഫാം എയ്ഡ് യൂണിറ്റ്, ഒരു മോട്ടോർ ബോട്ട് വെറ്ററിനറി ആശുപത്രി എന്നിവ മുഖേന മൃഗങ്ങൾക്ക് മെച്ചപ്പെട്ട ആരോഗ്യസുരക്ഷ നൽകി വരുന്നു. മൃഗസംരക്ഷണ വകുപ്പ് മറ്റ് ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ സാംക്രമീകരോഗങ്ങൾ പൂർണ്ണമായും നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള പരിപാടികൾ നടപ്പിലാക്കുന്നു. കുളമ്പുരോഗ നിയന്ത്രണ പരിപാടി, റാബീസ് ഫ്രീ കേരള വാക്സിനേഷൻ പരിപാടി, എ.എസ്.സി.എ.ഡി പൗൾട്രി വാക്സിനേഷൻ പരിപാടികൾ എന്നിവ തുടർച്ചയായി സംഘടിപ്പിക്കുകയുണ്ടായി. 2012–13 മുതൽ 2018–19 വരെ കേരളത്തിലെ കന്നുകാലികളെ ബാധിച്ച പ്രധാന പകർച്ചവ്യാധികൾ, രോഗബാധ, നാശം സംഭവിച്ച മൃഗങ്ങളുടെ എണ്ണം എന്നിവ സംബന്ധിച്ച വിവരങ്ങൾ **അനുബന്ധം 3.3.13** ൽ കൊടുത്തിരിക്കുന്നു.

രാത്രികാലങ്ങളിലെ അടിയന്തിര മൃഗചികിത്സാ സേവനങ്ങൾ

വെറ്ററിനറി ഡോക്ടർമാരുടെ സേവനം പകൽ സമയം മാത്രമേ ലഭ്യമാകുമായിരുന്നുള്ളൂ. രാത്രികാലങ്ങളിൽ ഈ സേവനം ലഭ്യമാകുന്നതിന് വളരെ ബുദ്ധിമുട്ടുണ്ടായിരുന്നു. ഇത് പരിഹരിക്കുന്നതിനായി വൈകിട്ട് 6 മണി മുതൽ രാവിലെ 6 മണിവരെയുള്ള സമയത്ത് ഡോക്ടറുടെ സേവനം ബ്ലോക്ക് തലത്തിൽ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ രൂപം നൽകിയ ഒരു പദ്ധതിയാണിത്. കരാർ അടിസ്ഥാനത്തിൽ ഒരു വെറ്ററിനറി ഡോക്ടറുടെ സേവനം നൽകുന്നു. ബ്ലോക്കടിസ്ഥാനത്തിലുള്ള ഒരു വെറ്ററിനറി സ്ഥാപനത്തിന്റെ നിയന്ത്രണത്തിലായിരിക്കും ഈ യൂണിറ്റ് പ്രവർത്തിക്കുന്നത്. ആവശ്യമായ മരുന്നുകൾ യൂണിറ്റിന് ലഭ്യമാക്കും. രാത്രികാല അടിയന്തിര മൃഗചികിത്സാ സേവനം 2018–19 വരെ 105 ബ്ലോക്കുകളിലും 2019–20 ൽ 125 ബ്ലോക്കുകളിലും ലഭ്യമാക്കുന്നതാണ്.

ഗോസമൃദ്ധി – സമഗ്ര കന്നുകാലി ഇൻഷ്വറൻസ് പദ്ധതി

സമഗ്ര കന്നുകാലി ഇൻഷ്വറൻസ് പദ്ധതിയായ ഗോസമൃദ്ധി 2017–18 ൽ ആരംഭിച്ച പുതിയ പദ്ധതിയാണ്. കന്നുകാലികളുടെ മരണമോ, വൈകല്യമോ കാരണമുണ്ടാകുന്ന ഉല്പാദനക്കുറവ് മൂലം കർഷകർക്കുണ്ടാകുന്ന അനിശ്ചിതത്വവും, നഷ്ടവും നികത്തുന്നതിനുള്ള ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്തുകയെന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഈ പദ്ധതിയിൻ കീഴിൽ മൃഗങ്ങൾക്കുള്ള പരമാവധി ഇൻഷ്വറൻസ് തുക 50,000 രൂപയാണ്. പ്രീമിയം തുക മൃഗത്തിന്റെ വിലയുടെ ഏകദേശം 3 ശതമാനവും,

സബ്സിഡി നിരക്ക് 50 ശതമാനവും പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് 70 ശതമാനവുമാണ്. ഒറ്റത്തവണ ഇൻഷ്വറൻസിലൂടെ പരമാവധി 3 വർഷം വരെ പരിരക്ഷ ലഭിക്കുന്നു. യൂണൈറ്റഡ് ഇൻഷ്വറൻസ് കമ്പനിയെ ഈ പദ്ധതി നടപ്പിലാക്കുന്നതിനായി തെരഞ്ഞെടുത്തിട്ടുണ്ട്. 2018–19 ൽ ഈ പദ്ധതിയിൽ 28225 മൃഗങ്ങളെ ഇൻഷ്വർ ചെയ്തിട്ടുണ്ട്.

പാലോട് വെറ്റിറിനറി ബയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിലെ വാക്സിൻ ഉല്പാദനം

സംസ്ഥാനത്ത് മൃഗങ്ങൾക്കുള്ള വാക്സിൻ നിർമ്മിച്ച് വിതരണം ചെയ്യുന്ന ഒരേ ഒരു സ്ഥാപനമാണ് പാലോടുള്ള വെറ്റിറിനറി ബയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ട്. ഇൻസ്റ്റിറ്റ്യൂട്ടിൽ ഉല്പാദിപ്പിക്കുന്ന വാക്സിനുകൾ സംബന്ധിച്ച വിശദവിവരങ്ങൾ **അനുബന്ധം 3.3.14** ൽ കൊടുത്തിരിക്കുന്നു. 2018–19 ൽ 199.83 ലക്ഷം ഡോസ് പൗൾട്രി വാക്സിനും, 6.22 ലക്ഷം ഡോസ് കന്നുകാലികൾക്കുള്ള വാക്സിനും ഉല്പാദിപ്പിച്ചു. മുൻവർഷവുമായി താരതമ്യപ്പെടുത്തുമ്പോൾ പൗൾട്രി വാക്സിൻ ഉല്പാദനം 8.57 ശതമാനവും കന്നുകാലികൾക്കുള്ള വാക്സിന്റെ ഉല്പാദനം 64.12 ശതമാനവും വർദ്ധിക്കുകയുണ്ടായി. 2018–19 ൽ കന്നുകാലികൾക്ക് 23.95 ലക്ഷവും, കോഴികൾക്ക് 66.19 ലക്ഷവും വാക്സിനേഷനുകൾ നടത്തി. മുൻവർഷത്തെ അപേക്ഷിച്ച് കന്നുകാലികളുടെ വാക്സിനേഷൻ യഥാക്രമം 18.13 ശതമാനവും, കോഴികൾക്കുള്ള വാക്സിനേഷൻ 62.63 ശതമാനവും വർദ്ധിച്ചു. ഈ കാലയളവിൽ നായ്ക്കളിൽ നടത്തിയ കുത്തിവെയ്പ് 1.98 ലക്ഷത്തിൽ നിന്നും 2.07 ലക്ഷമായി വർദ്ധിച്ചു. വിശദാംശങ്ങൾ **അനുബന്ധം 3.3.15** ൽ ചേർത്തിരിക്കുന്നു.

കേരള വെറ്റിറിനറി ആന്റ് അനിമൽ സയൻസ് സർവ്വകലാശാല, വയനാട്

സംസ്ഥാനത്ത് മൃഗസംരക്ഷണ ക്ഷീര വികസന മേഖലകളിൽ വിദ്യാഭ്യാസ വികസനം, ഗവേഷണം, വ്യാപനം എന്നീ പ്രവർത്തനങ്ങൾക്കായി വയനാട്ടിലെ പൂക്കോട് ആസ്ഥാനമായി ഒരു വെറ്റിറിനറി ആന്റ് അനിമൽ സയൻസ് സർവ്വകലാശാല സ്ഥാപിച്ചിട്ടുണ്ട്. പുതിയ സർവ്വകലാശാല സ്ഥാപിക്കുന്നതിനായി മൃഗസംരക്ഷണ ക്ഷീരവികസന മേഖലയിലുള്ള അധ്യയന വിഭാഗങ്ങളെ കേരള കാർഷിക സർവ്വകലാശാലയിൽ നിന്നും വേർപെടുത്തിയിട്ടുണ്ട്. മണ്ണുത്തിയിലെ കോളേജ് ഓഫ് ഡയറി സയൻസ് ആന്റ് ടെക്നോളജിയും, പൂക്കോടും മണ്ണുത്തിയിലുമുള്ള വെറ്റിറിനറി ആന്റ് അനിമൽ സയൻസ് കോളേജുമാണ് ഈ സർവ്വകലാശാലയുടെ കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ. മൃഗസംരക്ഷണ ഗവേഷണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന ഗവേഷണ കേന്ദ്രങ്ങളും, ഫാമുകളും ഈ സർവ്വകലാശാലയുടെ ഭാഗമായിരിക്കും. മൃഗചികിത്സ, മൃഗസംരക്ഷണം, ക്ഷീര വികസനം എന്നീ മേഖലകളിൽ മേൽത്തരം പ്രൊഫഷണലുകളെ വാർത്തെടുക്കുക വഴി സംസ്ഥാനത്തെ മൃഗസമ്പത്ത് വർദ്ധിപ്പിക്കുകയും, ഗവേഷണ ഫലങ്ങൾ പ്രായോഗികതലത്തിൽ യാഥാർത്ഥ്യമാക്കുന്നതിന് സഹായിക്കുകയും ചെയ്യുക എന്നതാണ് ഈ സ്ഥാപനത്തിന്റെ പ്രധാനലക്ഷ്യം.

വിലകൾ

കാലിവളർത്തൽ മേഖലയിലെ പ്രധാന ഉല്പന്നങ്ങളുടെ നിർമ്മാണത്തിനാവശ്യമായ അവശ്യസാധനങ്ങളുടേയും ഉല്പന്നങ്ങളുടേയും കഴിഞ്ഞ ആറ് വർഷങ്ങളിലെ ശരാശരി വില **അനുബന്ധം 3.3.16** ൽ കൊടുത്തിരിക്കുന്നു. കഴിഞ്ഞ വർഷവുമായി താരതമ്യം ചെയ്യുമ്പോൾ ചിക്കൻ (ബ്രോയിലർ) ന്റെ വില 3.83 ശതമാനവും നാടൻ ചിക്കന്റെ വിലയിൽ നാമമാത്രമായ വർദ്ധനവും ആണ് രേഖപ്പെടുത്തിയത്. ആട്ടിറച്ചി, മാട്ടിറച്ചി എന്നിവയുടെ വില യഥാക്രമം 5.9 ശതമാനം, 10.69 ശതമാനം എന്നിങ്ങനെ വർദ്ധിച്ചു. 2017–18 ൽ ഏറ്റവും ഉയർന്ന വിലവർദ്ധനവ് ആട്ടിറച്ചി (10.69 ശതമാനം) യ്ക്കായിരുന്നു. 2017–18 മായി താരതമ്യപ്പെടുത്തുമ്പോൾ വെള്ളക്കോഴിമുട്ടയുടെ വില 4.16 ശതമാനവും, തവിട്ടുനിറമുള്ള മുട്ടയുടെ വില 1.08 ശതമാനവും, താറാമുട്ടയുടെ വില 5.95 ശതമാനവും വർദ്ധനവ് രേഖപ്പെടുത്തി. പശുവിൻ പാലിന്റെ വില 2.03 ശതമാനവും, എരുമപ്പാലിന്റെ വില 9.73 ശതമാനവും ഈ കാലയളവിൽ വർദ്ധിച്ചു. മിൽമ പാലിന്റെ വിലയിൽ 2019 ൽ 15 ശതമാനം വർദ്ധനവ് രേഖപ്പെടുത്തി.

ഉല്പന്നോപാധികളെ സംബന്ധിച്ച്, 2018–19 ൽ വയ്ക്കോലിന്റെ വില 12.04 ശതമാനവും, പുല്ലിന്റെ വില 6.12 ശതമാനവും വർദ്ധനവ് രേഖപ്പെടുത്തി. 2017–18 ലെ വിലയുമായി താരതമ്യപ്പെടുത്തുമ്പോൾ നിലക്കടല പിണ്ണാക്കിന്റെ വില 1.38 ശതമാനം കുറവും, തേങ്ങാപ്പിണ്ണാക്കിന്റെ വില 9.97 ശതമാനവും, എള്ളിൻപിണ്ണാക്കിന്റെ വില 6.36 ശതമാനവും വർദ്ധിച്ചു. ഈ വിലവർദ്ധനവ് ക്ഷീരകർഷകരെ സംബന്ധിച്ചിടത്തോളം ഒരു ഭീഷണിയാണ്. ആയതിനാൽ സംസ്ഥാനത്ത് ലഭ്യമാകുന്ന പരമ്പരാഗത രീതിയിലുള്ള തീറ്റകളുടെ സാധ്യത കണ്ടെത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ഉണ്ടാകേണ്ടതുണ്ട്. 2013–14 മുതൽ 2018–19 വരെ കന്നുകാലി ഉല്പന്നങ്ങളുടെ ശരാശരി വില നിലവാരത്തിലുണ്ടായ പ്രവണത **ചിത്രം 3.3.5** ൽ കൊടുത്തിരിക്കുന്നു.

2018–19 ലെ ഭൗതീക നേട്ടങ്ങൾ

- കർഷകർക്ക് രാത്രി സമയത്തും വീട്ടുപടിക്കൽ വെറ്റിറിനറി സേവനം ലഭ്യമാക്കുന്ന പരിപാടി 125 ബ്ലോക്ക്(20 പുതിയത്) പഞ്ചായത്തുകളിൽ വ്യാപിപ്പിച്ചു.

ചിത്രം 3.3.5

കന്നുകാലി ഉല്പന്നങ്ങളുടെ ശരാശരി വിലകൾ

(2013–14 മുതൽ 2018–19 വരെ)



അവലംബം:- മൃഗസംരക്ഷണവകുപ്പ്

- സമഗ്ര കന്നുകാലി ഇൻഷ്വറൻസ് പദ്ധതിയായ 'ഗോസമൃദ്ധി' യിൽ 28225 മൃഗങ്ങളെ ഇൻഷ്വർ ചെയ്തു.
- പ്രത്യേക കന്നുകുട്ടി പരിപാലന പരിപാടി (എസ്.എൽ. ബി.പി), ഗോവർദ്ധിനി എന്നീ പദ്ധതികളുടെ ഭാഗമായി 83554 പുതിയ കന്നുകുട്ടികളെ ഉൾപ്പെടുത്തുകയും മുൻവർഷം ഉൾപ്പെടുത്തിയ 35070 കന്നുകുട്ടികൾക്ക് രണ്ടാം വർഷ ധനസഹായം നൽകുകയുണ്ടായി. ആകെ 1,18,624 കന്നുകുട്ടികൾക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിച്ചു.
- സ്കൂൾ കുട്ടികൾക്കായുള്ള പൗൾട്രി പദ്ധതി മുഖേന അഞ്ച് കോഴി വീതം 65200 കുട്ടികൾക്ക് ലഭ്യമാക്കി.
- ആടുകൾക്കുള്ള 1200 സാറ്റലൈറ്റ് യൂണിറ്റുകൾ സ്ഥാപിച്ചു.
- കേരളാ ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡിന്റെ സഹായത്തോടെ ആടുകൾക്കായുള്ള കൃത്രിമ ബീജാധാനകേന്ദ്രങ്ങൾ (200 എണ്ണം) സ്ഥാപിച്ചു.
- വകുപ്പിന്റെ ഫാമുകൾ മുഖേന 35.84 ലക്ഷം കോഴിക്കുഞ്ഞുങ്ങൾ, 53.88 ലക്ഷം മുട്ടകൾ, 2491 പന്നിക്കുട്ടികൾ, 722 മുയൽകുഞ്ഞുങ്ങൾ എന്നിവ ഉല്പാദിപ്പിച്ചു.
- വാണിജ്യാടിസ്ഥാനത്തിൽ 140 ആടുവളർത്തൽ യൂണിറ്റുകളും, വീട്ടുവളപ്പിൽ 387 യൂണിറ്റുകളും സ്ഥാപിച്ചു.
- പലിശ ധനസഹായപദ്ധതിയിൽ 251.27 ലക്ഷം രൂപയുടെ സഹായം 6291 കർഷകർക്കു നൽകി.
- കൊല്ലം, ആലപ്പുഴ ജില്ലകളിൽ ആൺ കന്നുകുട്ടികളെ പരിപോഷിപ്പിക്കുന്നതിനുള്ള 995 യൂണിറ്റുകൾ സ്ഥാപിച്ചു.
- ലൈവ് സ്റ്റോക്ക് മാനേജ്മെന്റ് ടെയിനിംഗ് സെന്റർ മുഖേന 8558 കർഷകർക്ക് പരിശീലനം നൽകി
- സംസ്ഥാന ദുരന്തനിവാരണ മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ച് പ്രളയബാധിത പ്രദേശങ്ങളിലെ 39163 കർഷകർക്ക് 2467 ലക്ഷം രൂപയുടെ നഷ്ടപരിഹാരം നൽകി.

കാർഷിക സമ്പ്രദായത്തിൽ സുസ്ഥിരത ഉറപ്പു വരുത്തുന്നതിൽ കന്നുകാലി മേഖല പ്രധാന പങ്കു വഹിക്കുന്നു. ഈ മേഖലയിലെ പ്രധാന വെല്ലുവിളികളായ വൈവിദ്ധ്യ ജനിതക പ്രജനനം മെച്ചപ്പെടുത്തൽ പ്രവർത്തനങ്ങൾ, കാലിത്തീറ്റ ഉല്പാദനത്തിലുണ്ടാവുന്ന കുറവ്, കന്നുകാലികൾക്കുണ്ടാകുന്ന പകർച്ചവ്യാധികൾ ഫലപ്രദമായി തടയൽ, സാങ്കേതിക വിദ്യയുടെ പ്രചരണം, ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി ഗുണനിലവാരമുള്ളതും വൈദഗ്ധ്യമുള്ളതുമായ സേവനങ്ങൾ കർഷകർക്ക് നൽകൽ എന്നീ മേഖലകളിൽ മുൻഗണനാടിസ്ഥാനത്തിൽ ഫലപ്രദമായി ഇടപെടേണ്ടതുണ്ട്.
വിവിധയിനം കന്നുകാലികളുടെ, പ്രത്യേകിച്ച് ക്ഷീരവിഭാഗത്തിൽപ്പെട്ടവയുടെ ഉല്പാദനക്ഷമത ഒരു പ്രധാന പ്രശ്നമാണ്. ഉയർന്ന ഗുണനിലവാരമുള്ള

ബോക്സ് 3.3.3 ഭൂമിക – അനിമൽ റിസോഴ്സ് മാനേജ്മെന്റ് സിസ്റ്റം – ജി.ഐ.എസ് മാപ്പിംഗ് സിസ്റ്റം

സംസ്ഥാനത്ത് കന്നുകാലി മേഖലയിൽ, മൃഗസംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന കർഷകരെ സംബന്ധിച്ച വിവരങ്ങൾ ജി.ഐ.എസ് അടിസ്ഥാനത്തിൽ രേഖപ്പെടുത്തുന്ന 'ഭൂമിക' എന്ന ഒരു വിവരശേഖരണ സോഫ്റ്റ്‌വെയർ മൃഗസംരക്ഷണ വകുപ്പ് വികസിപ്പിച്ചിട്ടുണ്ട്. ആരോഗ്യം, പ്രജനനം, ഉല്പാദനം, ദുരന്തനിവാരണം, മനുഷ്യവിഭവശേഷി കൈകാര്യം ചെയ്യൽ എന്നിവ ക്രമമായി നിരീക്ഷിക്കുന്നതിന് പര്യാപ്തമാണ് ഈ സംവിധാനം. വകുപ്പിന്റെ പരിധിയിൽ വരുന്ന സ്ഥാപനങ്ങൾ ഈ സംവിധാനത്തിലുൾപ്പെടുന്നു. സംസ്ഥാനത്ത് മൃഗസംരക്ഷണ മേഖലയിൽ ഏകദേശം 25 ലക്ഷം കുടുംബങ്ങൾ ഉള്ളതിൽ, കന്നുകാലികൾ/എരുമവളർത്തലിൽ ഏർപ്പെട്ടിരിക്കുന്ന 4.8 ലക്ഷം കർഷകരെ 2019 നവംബർ വരെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ബാക്കിയുള്ള കർഷകരെ കൂടി ഉൾപ്പെടുത്തുന്ന പ്രക്രിയ തുടർന്നു വരുന്നു. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി കേരള (ഐ.ഐ.ഐ.റ്റി.എം.കെ) യുമായി ചേർന്നാണ് മൃഗസംരക്ഷണ വകുപ്പ്, കർഷകരുടെ ഭൂമിശാസ്ത്രപരമായ സ്ഥാനം നിർണ്ണയിക്കുന്ന 'ഭൂമിക' വികസിപ്പിച്ചത്. ഗൂഗിൾ പ്ലേ സ്റ്റോറിൽ ഈ ആപ് ഡൗൺലോഡ് ചെയ്യാൻ ലഭ്യമാണ്.

മൃഗസംരക്ഷണ വകുപ്പിലെ ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർമാരാണ് കർഷകരുടെ വീടുകളിൽ പോയി വിവരശേഖരണം നടത്തിയത്. തുടർന്ന് ഈ വിവരങ്ങൾ പ്രാദേശിക വെറ്റിറിനറി ഓഫീസർമാർ പരിശോധനാ വിധേയമാക്കിയിട്ടുണ്ട്. ശേഖരിച്ച ഈ വിവരങ്ങളിൽ നിന്നും വിവിധ റിപ്പോർട്ടുകൾ വിശകലനം ചെയ്യുന്നതിന് ഒരു വെബ് പോർട്ടലും ഇതോടൊപ്പം വികസിപ്പിച്ചിട്ടുണ്ട്. വകുപ്പ് കൈകാര്യം ചെയ്യുന്ന അനിമൽ റിസോഴ്സ് മാനേജ്മെന്റ് പോർട്ടൽ (എ.ആർ.എം.എസ്) ഈ ജി.ഐ.എസ് പോർട്ടലുമായി സമന്വയിപ്പിച്ചിട്ടുണ്ട്. ഈ ജിയോ സ്പേഷ്യൽ ഡാറ്റ ഉപയോഗിച്ച് അസുഖം സംബന്ധിച്ച വിവരങ്ങൾ യഥാസമയം മാപ്പ് ചെയ്യുന്നതിനും, അത് പരിഹരിക്കുന്നതിനും, നിയന്ത്രിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ സമയബന്ധിതമായി ചെയ്യുന്നതിന് സാധിക്കും. 'നിപ്പ' ഉണ്ടായ സമയത്ത് രോഗത്തിന്റെ വ്യാപനം തടയുന്നതിനായി വാക്സിനേഷൻ സമയബന്ധിതമായി നൽകുന്നതിന് ഈ വിവരങ്ങൾ ഫലപ്രദമായി ഉപയോഗിച്ചിരുന്നു. അതുപോലെ കുളമ്പുരോഗ നിവാരണ പ്രവർത്തനങ്ങൾക്കും ഈ പദ്ധതി ഫലപ്രദമായി ഉപയോഗിക്കുന്നതിന് മൃഗസംരക്ഷണ വകുപ്പിന് സാധിച്ചിട്ടുണ്ട്.

അവലംബം:- മൃഗസംരക്ഷണ വകുപ്പ്

ജനസ്സിൽപ്പെട്ട കന്നുകാലികളുടെ ഉല്പാദനത്തിനായി ശാസ്ത്രീയാടിസ്ഥാനത്തിലുള്ള കന്നുകാലി വളർത്തൽ മാർഗ്ഗങ്ങൾ അവലംബിക്കേണ്ടതും, ഗുണനിലവാരമുള്ള കന്നുകാലി തീറ്റയുടെ ലഭ്യത ഉറപ്പു വരുത്തേണ്ടതുമുണ്ട്.

ക്ഷീര വികസനം

പാലുല്പാദനത്തിൽ ലോകരാഷ്ട്രങ്ങൾക്കിടയിൽ 1998 മുതൽ ഒന്നാം സ്ഥാനം ഇന്ത്യയ്ക്കാണ്. കന്നുകാലികളുടെ എണ്ണത്തിലും നമ്മുടെ രാജ്യം മുന്നിലാണ്. 1950–51 മുതൽ 2017–18 വരെയുള്ള കാലയളവിൽ ഇന്ത്യയിലെ പാലുല്പാദനം 17 ദശലക്ഷം ടണ്ണിൽ നിന്നും 176.4 ദശലക്ഷം ടണ്ണായി വർദ്ധിച്ചു. ലോകത്തിലെ പാലുല്പാദനം 2016 ൽ 800.2 ദശലക്ഷം ടണ്ണായിരുന്നത് 2017 ൽ 1.46 ശതമാനം വളർച്ച രേഖപ്പെടുത്തി 811.9 ദശലക്ഷം ടണ്ണായെന്ന് എഫ്.എ.ഒ റിപ്പോർട്ട് ചെയ്യുന്നു. 1950–51 കളിൽ പ്രതിശീർഷ പാൽ ലഭ്യത പ്രതിദിനം 130 ഗ്രാം ആയിരുന്നത് 2017–18 ൽ 374 ഗ്രാം ആയി വർദ്ധിച്ചു. പാലിന്റെ ശരാശരി ഉപഭോഗം 2017 ൽ പ്രതിദിനം 294 ഗ്രാം ആയിരുന്നു. അതായത് ജനസംഖ്യാ വർദ്ധനവിനനുസരിച്ച് പാലിന്റേയും പാലുല്പന്നങ്ങളുടേയും വർദ്ധനവ് സുസ്ഥിരമാണെന്ന് മനസ്സിലാക്കാം.

ഗ്രാമീണ മേഖലയിലെ ദശലക്ഷക്കണക്കിലുള്ള കുടുംബങ്ങൾക്ക് പ്രത്യേകിച്ച് സ്ത്രീ കർഷകർക്ക് ദ്വിതീയതലത്തിലുള്ള ഒരു വരുമാനമാർഗ്ഗവും തൊഴിൽ നൽകുന്ന സ്രോതസ്സുമാണ് ക്ഷീരമേഖല. പാലുല്പാദനത്തിൽ കൂടുതലും, താഴ്ന്ന വരുമാനക്കാരും ഭൂമിയില്ലാത്തവരുമായ ക്ഷീരകർഷകരിൽ നിന്നും സംഭരിക്കപ്പെടുന്നവയാണ്. ഇന്ത്യയിൽ ഉല്പാദിപ്പിക്കപ്പെടുന്ന പാലിന്റെ 48 ശതമാനവും, ഉല്പാദിപ്പിക്കപ്പെടുന്ന ഘട്ടത്തിൽത്തന്നെ ഉപഭോഗം ചെയ്യപ്പെടുകയോ അല്ലെങ്കിൽ ഗ്രാമീണമേഖലയിൽ പാലുല്പാദനമില്ലാത്ത ഭാഗത്ത് വിപണനം നടത്തുകയോ ചെയ്യപ്പെടുന്നു. ബാക്കി 52 ശതമാനം നഗരപ്രദേശത്തുള്ള ഉപഭോക്താക്കൾക്കായി വിപണനം ചെയ്യപ്പെടുന്നു. വിപണനം ചെയ്യപ്പെടുന്ന പാലിൽ 40 ശതമാനത്തോളം സംഘടിതമേഖലയിലും (അതായത് 20 ശതമാനം വീതം സഹകരണസംഘങ്ങളും സ്വകാര്യ ഡയറികളും) ബാക്കി 60 ശതമാനം അസംഘടിതമേഖലയിലുമാണ്.

മാർച്ച് 2018 വരെയുള്ള കണക്കനുസരിച്ച് ഏകദേശം 16.6 ദശലക്ഷം ക്ഷീരകർഷകരെ നിലവിലുള്ള 1,85,903 ഗ്രാമീണ ക്ഷീരസഹകരണ സംഘങ്ങളുടെ പരിധിയിൽ ഉൾപ്പെടുത്തുന്നതിന് കഴിഞ്ഞിട്ടുണ്ട്. ലോകകമ്പോളത്തിൽ കച്ചവടമാന്ദ്യം ഉണ്ടായതും, ക്ഷീര സഹകരണ സംഘങ്ങൾ മുഖാന്തിരം സംഭരിക്കുന്ന

പാലിന് ഉയർന്ന വില നൽകിയതും, സ്വകാര്യ കർഷകരുടെ സംഭരണം കുറഞ്ഞതും കാരണം ക്ഷീരസഹകരണ സംഘങ്ങൾ വഴി സംഭരിക്കുന്ന പാലിന്റെ അളവ് ഏകദേശം 11 ശതമാനത്തോളം വർദ്ധിക്കുന്നതിനിടയായി. ക്ഷീരസഹകരണ സംഘങ്ങൾ വഴി 2016–17 ൽ 428.7 ലക്ഷം കി.ഗ്രാം പാൽ സംഭരിച്ചിരുന്നുവെങ്കിൽ 2017–18 ൽ ഇത് 475.6 ലക്ഷം കി.ഗ്രാം ആയി വർദ്ധിച്ചു. ദ്രവരൂപത്തിലുള്ള പാലിന്റെ വില്പന 2016–17 ൽ പ്രതിദിനം 331 ലക്ഷം ലിറ്റർ ആയിരുന്നത് ആറ് ശതമാനം വർദ്ധനവ് രേഖപ്പെടുത്തി 349.6 ലക്ഷം ലിറ്ററായി. ക്ഷീരസഹകരണ സംഘങ്ങളിലെ നേതൃസ്ഥാനം നൽകി സ്ത്രീകർഷകരെ പ്രോത്സാഹിപ്പിക്കുന്നു. 31.03.2018 വരെയുള്ള കണക്കനുസരിച്ച്, രാജ്യത്താകമാനമുള്ള 32092 വനിതാ ക്ഷീരസഹകരണ സംഘങ്ങളിൽ 4.9 ദശലക്ഷം വനിതകളുണ്ട്. ഇത് ആകെയുള്ള ക്ഷീരകർഷകരുടെ 29.5 ശതമാനമാണ്.

സംസ്ഥാനത്ത് ക്ഷീരമേഖലയിലെ കർഷകർ, ഉപഭോക്താക്കൾ, തല്പരകക്ഷികൾ തുടങ്ങിയവരുടെ സമഗ്രവും സുസ്ഥിരവുമായ ഉന്നമനത്തിനായി പ്രവർത്തിക്കുകയാണ് ക്ഷീര വികസന വകുപ്പിന്റെ പ്രധാനലക്ഷ്യം. കൂടാതെ കാലിത്തീറ്റ ഉല്പാദനത്തിന്റെ നോഡൽ ഏജൻസിയായും പ്രവർത്തിക്കുന്ന വകുപ്പിന്റെ കീഴിൽ 162 ഡയറി എക്സ്റ്റൻഷൻ സർവ്വീസ് യൂണിറ്റുകൾ, 14 ഗുണനിലവാര നിയന്ത്രണ യൂണിറ്റുകൾ, പാൽ, പാലുല്പന്നങ്ങൾ, കന്നുകാലിത്തീറ്റ, വെള്ളം എന്നിവയുടെ പരിശോധനയ്ക്കായി എൻ.എ.ബി. എൽ അക്രഡിറ്റേഷനുള്ള സംസ്ഥാന ഡയറി ലാബ്, മൂന്ന് പ്രാദേശീക ഡയറി ലാബുകൾ, മൊബൈൽ ക്വാളിറ്റി കൺട്രോൾ യൂണിറ്റുകൾ, അഞ്ച് ഡയറി ട്രെയിനിംഗ് സെന്ററുകൾ, ഒരു സ്റ്റേറ്റ് ഫോഡർ ഫാം, 3673 ക്ഷീരസഹകരണ സംഘങ്ങൾ, 3.41 ലക്ഷം ക്ഷീരകർഷകർ എന്നിങ്ങനെ പ്രവർത്തിക്കുന്നു. 2018–19 ൽ 6.80 ലക്ഷം മെട്രിക് ടൺ (പ്രതിദിനം 18.64 ലക്ഷം ലിറ്റർ) പാൽ ക്ഷീരസഹകരണ സംഘങ്ങൾ വഴി ഉല്പാദിപ്പിക്കുന്നു. സംസ്ഥാനത്ത് ഏകദേശം 28 ലക്ഷം മെട്രിക് ടൺ പാലുല്പാദനം നടക്കുന്നുണ്ട്.

2018–19 ലെ ഭൗതീക നേട്ടങ്ങൾ

- സമഗ്ര ക്ഷീര ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയതു വഴി 20162 കർഷകർ അംഗങ്ങളായി.
- പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയുടെ ഭാഗമായി വാണിജ്യാടിസ്ഥാനത്തിൽ ഇരുപത് കറവ പശുക്കളുള്ള ഫാം സ്ഥാപിക്കുന്നതിന് നാല് കർഷകർക്ക് സഹായം നൽകി.
- 2235 ഹെക്ടർ സ്ഥലത്ത് തീറ്റപ്പുൽ കൃഷി വ്യാപിപ്പിക്കുകയും 3.57 ലക്ഷം മെട്രിക് ടൺ അധിക ഉല്പാദനം ഉറപ്പു വരുത്തുകയും ചെയ്തു.
- തിരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിലെ തരിശായി കിടന്ന 67 ഹെക്ടർ സ്ഥലത്ത് വിപുലമായ രീതിയിൽ തീറ്റപ്പുൽ കൃഷി നടത്തി.
- ശാസ്ത്രീയ രീതിയിൽ കന്നുകാലി തൊഴുത്ത് നിർമ്മാണം/പുനർ നിർമ്മാണത്തിനായി 1292 ക്ഷീര കർഷകർക്ക് സഹായം നൽകി.
- സംസ്ഥാനത്താകെ 3.48 ലക്ഷം ക്ഷീര കർഷകരെ ഓൺലൈൻ മുഖേന രജിസ്റ്റർ ചെയ്തു

ബോക്സ് 3.3.4. റീജിയണൽ കോംപ്രഹെൻസീവ് ഇക്കണോമിക് പാർട്ണർഷിപ്പ് കരാർ
(പ്രാദേശിക സംയോജിത ഉല്പന്ന കൈമാറ്റ ഉടമ്പടി)

ഏഷ്യ–പസഫിക് മേഖലയിലെ, ആസിയാൻ കരാറിൽ ഉൾപ്പെട്ട പത്ത് രാജ്യങ്ങളും (ബ്രൂണൈ, കംബോഡിയ, ഇൻഡോനേഷ്യ, ലാവോസ്, മലേഷ്യ, മ്യാൻമാർ, ഫിലിപ്പൈൻസ്, സിംഗപ്പൂർ, തായ് ലാന്റ്, വിയറ്റ്നാം) സ്വതന്ത്ര വ്യാപാര കരാറിൽ ഉൾപ്പെട്ട ആറ് രാജ്യങ്ങളു (ആസ്ട്രേലിയ, ചൈന, ഇന്ത്യ, ജപ്പാൻ, ന്യൂസിലാന്റ്, ദക്ഷിണകൊറിയ) മായുള്ള സ്വതന്ത്ര വ്യാപാര കരാറാണ് പ്രാദേശിക സംയോജിത ഉല്പന്ന കൈമാറ്റ ഉടമ്പടി. ആസിയാൻ കരാറിലുൾപ്പെട്ട രാജ്യങ്ങളും, സ്വതന്ത്ര വ്യാപാര കരാറിലുൾപ്പെട്ട രാജ്യങ്ങളും തമ്മിൽ ആധുനിക, സമഗ്ര, ഗുണനിലവാരമുള്ള, പരസ്പര സാമ്പത്തിക നേട്ടമുള്ള കരാറിൽ ഏർപ്പെടുക എന്നതാണ് ഇതിന്റെ ലക്ഷ്യം.

സാധനങ്ങൾ, സേവനങ്ങൾ, നിക്ഷേപങ്ങൾ, സാമ്പത്തിക സാങ്കേതിക സഹകരണം, മത്സരം, ഭൗതീക ശക്തി അവകാശം എന്നിവ ആർ.സി.ഇ.പി. കരാറിൽ ഉൾപ്പെടുന്നു. 40 ശതമാനത്തോളം ലോകവ്യാപാരം, ജി.ഡി.പി യുടെ 35 ശതമാനം, 16 രാജ്യങ്ങൾ, 3.6 ബില്യൺ ജനങ്ങൾ അല്ലെങ്കിൽ ലോകജനസംഖ്യയുടെ പകുതി എന്നിവ ഉൾക്കൊള്ളുന്ന ഏറ്റവും വലിയ സ്വതന്ത്ര വ്യാപാര കരാറാണിത്. ഇരുപത്തിയൊന്നാം ആസിയാൻ ഉച്ചകോടിയിലാണ് ഇത് സംബന്ധിച്ച കൂടിയാലോചനകൾ നടന്നത്. സ്വതന്ത്ര വ്യാപാര കരാർ നടപ്പിലാക്കിയതോടെയാണ് ഇന്ത്യയുടെ വ്യാപാര കമ്മി വളരെയധികം വർദ്ധിച്ചത്. ആർ.സി.ഇ.പി കരാറിൽ ചേരുന്നതിന് ഇന്ത്യ തീരുമാനിച്ചിട്ടില്ല. പ്രസ്തുത കരാറിൽ പ്രധാനപ്പെട്ട ഒരു ഉപാധിയായ "ഓട്ടോ ട്രിഗർ മെക്കാനിസം" ഉൾപ്പെടുത്തേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച സിദ്ധാന്തത്തിലൂന്നിയാണ് ഈ തീരുമാനം.

അവലംബം: സംസ്ഥാന ആസൂത്രണ ബോർഡ്

കന്നുകാലി മേഖലയുടെ വികസനത്തിനായി കാലിത്തീറ്റ ഉല്പാദനത്തിലുണ്ടാകുന്ന വിടവ് നികത്തുന്നതിനാവശ്യമായ പ്രവർത്തനങ്ങൾക്ക് ഗവൺമെന്റ് പ്രത്യേക ഊന്നൽ നൽകി വരുന്നു. കാലിത്തീറ്റയുടേയും തീറ്റപ്പുല്ലിന്റേയും അപര്യാപ്തത ഉല്പാദനക്ഷമത കുറയ്ക്കും. ആയതിനാൽ കാലിത്തീറ്റ, തീറ്റപ്പുൽ എന്നിവയുടെ ഉല്പാദനത്തിനായി കൂടുതൽ നിക്ഷേപം നടത്തേണ്ടതുണ്ട്. ഇതിനായി ഗുണനിലവാരമുള്ള വിവിധ ഇനം കൃഷിരീതികൾ അവലംബിക്കേണ്ടതുണ്ട്.

3.4 മത്സ്യവികസനം

ദേശീയ സംസ്ഥാന സമ്പദ് വ്യവസ്ഥയിൽ പ്രധാനപ്പെട്ട മേഖലയായാണ് മത്സ്യബന്ധനത്തെ കണക്കാക്കപ്പെടുന്നത്. മൊത്തം ആഭ്യന്തര ഉല്പാദനം, തൊഴിൽ എന്നീ സംഭാവനകൾക്കു പുറമെ അനേകം വ്യവസായങ്ങൾക്കും ഈ മേഖല വഴിയൊരുക്കുന്നു. ചെലവു കുറഞ്ഞ പോഷകാഹാരത്തിന്റെ സ്രോതസ്സും കൂടിയായ ഈ മേഖല മികച്ച വിദേശ നാണ്യ സ്രോതസ്സാണ്.

അന്താരാഷ്ട്ര ഭക്ഷ്യകാർഷിക സംഘടനയുടെ 'സ്റ്റേറ്റ് ഓഫ് വേൾഡ് ഫിഷറീസ് ആന്റ് അക്വാകൾച്ചർ 2018' പ്രകാരം ലോകരാഷ്ട്രങ്ങളിൽ ഉൾനാടൻ ജലാശയങ്ങളിൽ നിന്നും പിടിക്കുന്ന മത്സ്യത്തിന്റെ തോതിൽ ഇന്ത്യ രണ്ടാം സ്ഥാനത്തും സമുദ്രത്തിൽ നിന്നും പിടിക്കുന്ന മത്സ്യത്തിന്റെ തോതിൽ ഇന്ത്യ ആറാം സ്ഥാനത്തുമാണ്. കേന്ദ്ര സർക്കാരിന്റെ മൃഗ സംരക്ഷണ ക്ഷീര വികസന മത്സ്യബന്ധന വകുപ്പ് പ്രസിദ്ധീകരിച്ച വാർഷിക റിപ്പോർട്ട് 2018-19 അനുസരിച്ച് ലോകത്തിൽ മൊത്തം മത്സ്യ ഉല്പാദനത്തിൽ ഇന്ത്യയ്ക്ക് രണ്ടാം സ്ഥാനമാണ്. അക്വാകൾച്ചർ വഴി മത്സ്യഉല്പാദനം നടത്തുന്ന ലോകരാജ്യങ്ങളിൽ ഇന്ത്യ ചൈനയ്ക്ക് തൊട്ടു പിറകിൽ രണ്ടാം സ്ഥാനത്ത് നിൽക്കുന്നു. 2017-18 വർഷത്തിൽ, മൊത്തം മത്സ്യ ഉല്പാദനം 125.90 ലക്ഷം ടണ്ണായിരുന്നു. ഇതിൽ 89.02 ലക്ഷം ടൺ (71 ശതമാനം) ഉൾനാടൻ ജലാശയങ്ങളിൽ നിന്നും, 36.88 ലക്ഷം ടൺ (29 ശതമാനം) സമുദ്രമേഖലയിൽ നിന്നുമാണ്. ആകെ മത്സ്യ ഉല്പാദനത്തിൽ 2017-18 ൽ 10.14 ശതമാനം വളർച്ച രേഖപ്പെടുത്തി. ഉൾനാടൻ ജലാശയങ്ങളിൽ നിന്നുള്ള മത്സ്യ ഉല്പാദനത്തിൽ മാത്രം 14.05 ശതമാനം വളർച്ച രേഖപ്പെടുത്തി. സമുദ്രമേഖലയിലെ മത്സ്യബന്ധനത്തിൽ നിന്നുമുള്ള ഉല്പാദനം കഴിഞ്ഞ മൂന്ന് വർഷങ്ങളായി വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും വളർച്ചാ നിരക്ക് 1.73 ശതമാനം മാത്രമാണ്(ഹാന്റ്ബുക്ക് ഓൺ ഫിഷറീസ് സ്റ്റാറ്റിസ്റ്റിക്സ് 2018, ഫിഷറീസ് വകുപ്പ്, ഗവൺമെന്റ് ഓഫ് ഇന്ത്യ).

പ്രാഥമിക തലത്തിൽ 160 ലക്ഷം ആളുകൾ ഈ മേഖലയെ ആശ്രയിക്കുന്നു. ഇതു കൂടാതെ വളരെയധികംപേർ മൂല്യവർദ്ധന ശൃംഖലയിലും ഉൾപ്പെടുന്നു. 2017-18 ൽ 13,77,243.70 ടൺ മത്സ്യോല്പന്ന കയറ്റുമതിയിലൂടെ 45,106.90 കോടി രൂപ നേടി. ഇക്കാലയളവിൽ മത്സ്യോല്പന്ന കയറ്റുമതിയുടെ അളവിൽ 21.35 ശതമാനവും, മൂല്യത്തിൽ 19.11 ശതമാനവും വളർച്ച രേഖപ്പെടുത്തി.

ഇന്ത്യാഗവൺമെന്റ് 2019 ൽ നടപ്പിലാക്കിയ ഭരണപരമായ മാറ്റങ്ങളുടെ ഭാഗമായി മത്സ്യബന്ധന മേഖലയ്ക്ക് മാത്രമായി ഫിഷറീസ് വകുപ്പ് രൂപീകരിച്ചു. മിനിസ്ട്രി ഓഫ് അഗ്രിക്കൾച്ചർ ആന്റ് ഫാർമേഴ്സ് വെൽഫെയറിൽ നിന്നും വേർപെടുത്തി ഫിഷറീസ്, അനിമൽ ഹസ്ബന്ററി ആന്റ് ഡയറിയിംഗ് എന്ന പുതിയ മന്ത്രാലയവും രൂപീകരിച്ചു.

ഇന്ത്യയിലെ ആകെ മത്സ്യബന്ധന സംസ്ഥാനങ്ങളിൽ, 2017-18 ൽ കേരളത്തിന് പത്താം സ്ഥാനവും, സമുദ്ര മത്സ്യബന്ധനത്തിൽ അഞ്ചാം സ്ഥാനവുമാണ് ഉണ്ടായിരുന്നത്. ഇക്കാലയളവിൽ ഉൾനാടൻ ജലാശയങ്ങളിൽ നിന്നുമുള്ള മത്സ്യബന്ധനത്തിൽ കേരളം പിന്നിലായിരുന്നു (ഹാന്റ് ബുക്ക് ഓൺ ഫിഷറീസ് സ്റ്റാറ്റിസ്റ്റിക്സ് 2018, ഫിഷറീസ് വകുപ്പ്, ഗവൺമെന്റ് ഓഫ് ഇന്ത്യ).

2018-19 ൽ കേരളത്തിന്റെ മൊത്തം മത്സ്യ ഉല്പാദനം 8.01 ലക്ഷം ടണ്ണായിരുന്നു. അതിൽ 6.09 ലക്ഷം ടൺ സമുദ്ര മത്സ്യഉല്പാദനവും, 1.92 ലക്ഷം ടൺ ഉൾനാടൻ മത്സ്യ ഉല്പാദനവുമാണ്. വിശദവിവരങ്ങൾ അനുബന്ധം 3.4.1 ൽ നൽകിയിരിക്കുന്നു. കേരളത്തിലെ മത്സ്യഉല്പാദനവിവരങ്ങൾ വർഷം തിരിച്ച് **ചിത്രം 3.4.1** ൽ നൽകിയിരിക്കുന്നു.

2015-16 മുതൽ, കുറവ് രേഖപ്പെടുത്തിക്കൊണ്ടിരുന്ന കേരളത്തിലെ മത്സ്യോല്പാദനംന 2018-19 ൽ കാര്യമായ വർദ്ധനവ് രേഖപ്പെടുത്തി. 2014-15 മുതൽ

ചിത്രം 3.4.1 കേരളത്തിലെ മത്സ്യ ഉല്പാദനം (2014–15 മുതൽ 2018–19 വരെ)



അവലംബം:- ഫിഷറീസ് വകുപ്പ്, കേരള സർക്കാർ, (2019)

മാന്ദ്യത്തിലായിരുന്ന സമുദ്രമത്സ്യ ഉല്പാദനത്തിൽ 2018–19 ൽ ഉണ്ടായ കുതിച്ചുചാട്ടമാണ് മൊത്തം മത്സ്യോല്പാദനത്തിൽ പ്രതിഫലിച്ചത്. സമുദ്ര മത്സ്യ ഉല്പാദനത്തിൽ വിലകൂടിയ മത്സ്യങ്ങളുടെ അളവ് ഇപ്പോഴും കുറവാണ്. നെയ്മീൻ, വാള, കൊഞ്ച്, അയല എന്നിവയാണ് ഇവയിൽ പ്രധാനപ്പെട്ടവ. ലഭിക്കുന്ന വിലകൂടിയ മത്സ്യങ്ങളുടെ ഗുണനിലവാരമാണ് മത്സ്യത്തൊഴിലാളികളുടെ വരുമാനം നിർണ്ണയിക്കുന്നത്. 2015–16 മുതൽ 2018–19 വരെ കേരള തീരത്തു നിന്നു ലഭിച്ച സമുദ്ര മത്സ്യത്തിന്റെ ഇനം തിരിച്ചുള്ള കണക്ക് **അനുബന്ധം 3.4.2** –ൽ നൽകിയിരിക്കുന്നു.

ദേശീയ തലത്തിൽ ആകെ മത്സ്യഉല്പാദനത്തിന്റെ 68 ശതമാനവും ഉൾനാടൻ മേഖലയിൽ നിന്നാണ് ലഭിക്കുന്നത്. എന്നാൽ കേരളത്തിൽ ഉൾനാടൻ മത്സ്യ ഉല്പാദനത്തിന്റെ സംഭാവന 28 ശതമാനം മാത്രമാണ്. ഇന്ത്യയിലെയും കേരളത്തിലെയും മത്സ്യ ഉല്പാദന മേഖലയിലെ വ്യത്യാസം **ചിത്രം 3.4.2** ൽ നൽകിയിരിക്കുന്നു.

കേരളത്തിലെ ഉൾനാടൻ മത്സ്യ ഉല്പാദനത്തിന്റെ ഇനം തിരിച്ചുള്ള കണക്കുകൾ(2015–16 മുതൽ 2018–19 വരെ) **അനുബന്ധം 3.4.3** ൽ നൽകിയിരിക്കുന്നു. 1999–2000 മുതൽ 2015–16 വരെയുള്ള കാലയളവിൽ കേരളത്തിലെ ഉൾനാടൻ മത്സ്യ ഉല്പാദനം മെച്ചപ്പെട്ടതായിരുന്നു. 2016–17 ൽ നേരിയ കുറവ് രേഖപ്പെടുത്തിയ ശേഷം കഴിഞ്ഞ രണ്ട് വർഷങ്ങളിൽ തുടർച്ചയായി ഉൾനാടൻ മത്സ്യ ഉല്പാദനത്തിൽ നേരിയ വർദ്ധനവ്

ചിത്രം 3.4.2 ഇന്ത്യയിലേയും കേരളത്തിലേയും മത്സ്യ ഉല്പാദനം (സമുദ്ര–ഉൾനാടൻ മേഖലകളുടെ വിഹിതം)



അവലംബം:- ഫിഷറീസ് വകുപ്പ്, കേരള സർക്കാർ(2019), മൃഗ സംരക്ഷണ ക്ഷീര വികസന മത്സ്യബന്ധന വകുപ്പ് ഭാരത സർക്കാർ(2019)

രേഖപ്പെടുത്തിയിട്ടുണ്ട്. 'കേന്ദ്ര സർക്കാരിന്റെ മൃഗ സംരക്ഷണ, ക്ഷീര വികസന, മത്സ്യബന്ധന വകുപ്പ്' പ്രസിദ്ധീകരിച്ച വാർഷിക റിപ്പോർട്ട് 2018 അനുസരിച്ച് രാഷ്ട്രത്തിന്റെ ഉൾനാടൻ ജലവിഭവശേഷിയുടെ 6.6 ശതമാനം കേരളത്തിലാണ്. എന്നാൽ മൊത്തം ഉൾനാടൻ മത്സ്യോല്പാദനത്തിൽ കേരളത്തിന്റെ പങ്ക് 1.7 ശതമാനം മാത്രമാണ്. കേരളത്തേക്കാൾ ഉൾനാടൻ ജലവിഭവശേഷി കുറഞ്ഞ ആസാം, ചത്തീസ്ഗഡ്, ഉത്തർപ്രദേശ് എന്നീ സംസ്ഥാനങ്ങൾ ഉൾനാടൻ മത്സ്യ ഉല്പാദനത്തിൽ കേരളത്തേക്കാൾ മികച്ച പ്രകടനമാണ് കാഴ്ച വെച്ചിരിക്കുന്നത്. അതായത് ഉൾനാടൻ ജലവിഭവശേഷി നന്നായി ഉപയോഗിച്ചാൽ കേരളത്തിന് ഉൾനാടൻ മത്സ്യബന്ധനത്തിൽ മുന്നേറ്റങ്ങൾക്ക് സാധ്യതയുണ്ട്.

2011 ലെ സെൻസസ് പ്രകാരം സംസ്ഥാനത്തിന്റെ ജനസംഖ്യ 334 ലക്ഷമാണ്. 2018–19 ൽ മത്സ്യത്തൊഴിലാളികളുടെ ജനസംഖ്യ, സംസ്ഥാനത്തെ ആകെ ജനസംഖ്യയുടെ 3.1 ശതമാനമാണ്. സംസ്ഥാനത്തെ 222 സമുദ്ര മത്സ്യബന്ധന ഗ്രാമങ്ങളിലും 113 ഉൾനാടൻ മത്സ്യ ബന്ധന ഗ്രാമങ്ങളിലുമായി ഇവർ വസിക്കുന്നു. 2018–19 ൽ സംസ്ഥാനത്തെ മത്സ്യത്തൊഴിലാളി ജനസംഖ്യ 10.39 ലക്ഷമാണ്. ഇതിൽ 8 ലക്ഷം പേർ സമുദ്ര മത്സ്യബന്ധനത്തിലും 2.39 ലക്ഷം മത്സ്യത്തൊഴിലാളികൾ ഉൾനാടൻ മത്സ്യ ബന്ധനത്തിലും ഏർപ്പെട്ടിരിക്കുന്നു. മത്സ്യത്തൊഴിലാളി ജനസംഖ്യയിൽ കേരളത്തിൽ ഏറ്റവും മുന്നിൽ നിൽക്കുന്നത് ആലപ്പുഴ ജില്ലയാണ്(1.93 ലക്ഷം). തൊട്ടു പിന്നിൽ തിരുവനന്തപുരവും (1.72 ലക്ഷം) എറണാകുളവും ഉണ്ട്(1.38 ലക്ഷം). ഏറ്റവും കുറവ് മത്സ്യത്തൊഴിലാളികൾ ഉള്ള ജില്ല വയനാടാണ്. മത്സ്യത്തൊഴിലാളി ജനസംഖ്യയുടെ ജില്ല തിരിച്ചുള്ള കണക്കുകൾ **അനുബന്ധം 3.4.4** ൽ നൽകിയിട്ടുണ്ട്.

2018–19 ലെ കണക്കനുസരിച്ച് സംസ്ഥാനത്തെ സജീവ മത്സ്യത്തൊഴിലാളികളുടെ എണ്ണം 2,42,954 ആണ്. ഇതിൽ 88 ശതമാനം (2,13,058) പുരുഷൻമാരാണ്. ഏറ്റവും കൂടുതൽ സജീവ മത്സ്യത്തൊഴിലാളികൾ ഉള്ളത് തിരുവനന്തപുരം ജില്ലയിലാണ്. ഇതിൽ രണ്ടാം സ്ഥാനത്ത് ആലപ്പുഴ ജില്ലയും മൂന്നാം സ്ഥാനത്ത് മലപ്പുറം ജില്ലയുമാണ്. ഉപജീവനത്തിനായി മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്നതും കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിനു കീഴിൽ രജിസ്റ്റർ ചെയ്തിരിക്കുന്നതുമായ മത്സ്യത്തൊഴിലാളികളെയാണ് സജീവ മത്സ്യത്തൊഴിലാളികളായി കണക്കാക്കുന്നത്. 2018–19 ൽ മത്സ്യബന്ധന മേഖലയിൽ 84,483 അനുബന്ധ മത്സ്യത്തൊഴിലാളികളാണ് കേരളത്തിൽ ഉള്ളത്. ഇതിൽ 80 ശതമാനം (67,757) സ്ത്രീകളാണ്. ആലപ്പുഴ ജില്ലയിലാണ് ഏറ്റവും കൂടുതൽ അനുബന്ധ മത്സ്യത്തൊഴിലാളികൾ ഉള്ളത്. രണ്ടാം സ്ഥാനത്ത് കൊല്ലം ജില്ലയും മൂന്നാം സ്ഥാനത്ത് എറണാകുളം ജില്ലയുമാണ്. കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിനു കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള അനുബന്ധ മത്സ്യബന്ധന പ്രക്രിയകളിൽ ഏർപ്പെട്ടിരിക്കുന്നവരെയാണ് അനുബന്ധ മത്സ്യത്തൊഴിലാളികളായി കണക്കാക്കുന്നത്.

സംസ്ഥാനത്തിന്റെ സമ്പദ്ഘടനയിൽ പ്രാഥമിക മേഖലയിൽ നിന്നുള്ള മൊത്ത ആഭ്യന്തര മൂല്യവർദ്ധനവിൽ 10.3 ശതമാനം (സ്ഥിരവില അടിസ്ഥാനമാക്കി) മത്സ്യബന്ധന അക്വാകൾച്ചർ മേഖലയിൽ നിന്നാണ്. സംസ്ഥാന ആഭ്യന്തര മൂല്യവർദ്ധനവ് ആണ്ടുതോറും ഉയരുന്നുണ്ടെങ്കിലും ഇതിലേയ്ക്കുള്ള പ്രാഥമിക മേഖലയുടെ സംഭാവന കുറഞ്ഞു വരുന്നതായി കാണുന്നു. സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉല്പന്നത്തിൽ കാർഷിക, കന്നുകാലി, വനമേഖലകളിൽ നിന്നുമുള്ള സംഭാവന കുറഞ്ഞുവരികയാണെങ്കിലും, മത്സ്യബന്ധന മേഖലയുടെ സംഭാവന ഏതാണ്ട് 1 ശതമാനമായി നിൽക്കുന്നു. സംസ്ഥാന ആഭ്യന്തര മൂല്യവർദ്ധനവിൽ മത്സ്യബന്ധന മേഖലയുടെ സംഭാവന **അനുബന്ധം 3.4.5** ൽ നൽകിയിരിക്കുന്നു.

സംസ്ഥാനത്തെ ജില്ലാതല മത്സ്യ ഉല്പാദന കണക്കുകൾ പരിശോധിച്ചാൽ സമുദ്ര മത്സ്യ ഉല്പാദനത്തിൽ ഒന്നാം സ്ഥാനത്ത് കൊല്ലം ജില്ലയും രണ്ടും മൂന്നും സ്ഥാനങ്ങളിൽ എറണാകുളം, കണ്ണൂർ എന്നീ ജില്ലകളുമാണ്. സംസ്ഥാനത്തെ മൊത്തം സമുദ്ര മത്സ്യ ഉല്പാദനത്തിന്റെ ഏകദേശം 72 ശതമാനം ഈ മൂന്ന് ജില്ലകളിൽ നിന്നുമാണ്. ഉൾനാടൻ മത്സ്യ ഉല്പാദനത്തിൽ ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, എറണാകുളം എന്നീ ജില്ലകൾ യഥാക്രമം ഒന്നും, രണ്ടും, മൂന്നും, നാലും സ്ഥാനങ്ങൾ അലങ്കരിക്കുന്നു. സംസ്ഥാനത്തെ മൊത്തം മത്സ്യ ഉല്പാദനത്തിൽ കൊല്ലം ജില്ല ഒന്നാമതും ആലപ്പുഴ രണ്ടാമതും എറണാകുളം മൂന്നാമതുമാണ്. വിശദാംശങ്ങൾ **അനുബന്ധം 3.4.6** ൽ നൽകിയിരിക്കുന്നു.

ദേശീയ സമുദ്ര ഉല്പന്ന കയറ്റുമതിയിൽ കേരളം ഗണ്യമായ പങ്ക് വഹിക്കുന്നു. 2018–19 കാലയളവിൽ കേരളത്തിൽ നിന്ന് 6,014.70 കോടി രൂപ വിലമതിക്കുന്ന 1,83,064 ടൺ സമുദ്ര ഉല്പന്നം കയറ്റുമതി ചെയ്തു. 2015–16 മുതൽ കേരളത്തിൽ നിന്നുള്ള കയറ്റുമതിയുടെ അളവിലും മൂല്യത്തിലും വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇന്ത്യയിൽ നിന്നുള്ള മൊത്തം സമുദ്രോല്പന്ന കയറ്റുമതിയിൽ കേരളത്തിന്റെ വിഹിതം മൂല്യത്തിൽ കുറഞ്ഞുവെങ്കിലും, 2018–19 ലെ അളവിൽ നേരിയ വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്. വിശദാംശങ്ങൾ **അനുബന്ധം 3.4.7** ൽ നൽകിയിരിക്കുന്നു.

2019-20 ലെ മുഖ്യ സംരംഭങ്ങൾ

കേരളത്തിന്റെ സാമ്പത്തിക ഭാവിയ്ക്ക് ഒരു വാഗ്ദാനമാണ് ഉൾനാടൻ മത്സ്യബന്ധന മേഖല. നല്ലയിനം മത്സ്യവിത്തുകളുടെ ലഭ്യത കുറവ് ഈ മേഖല നേരിടുന്ന ഒരു പ്രധാന പ്രശ്നമായി കണക്കാക്കപ്പെടുന്നു. നല്ലയിനം മത്സ്യവിത്തുകളുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും, ഗുണമേന്മ ഉറപ്പു വരുത്തുന്നതിനുമായി നിലവിലുള്ള ഹാച്ചറികൾ, നഴ്സറികൾ, ഫിഷ് ഫാമുകൾ എന്നിവ ശക്തിപ്പെടുത്തുന്നതിനോടൊപ്പം പുതിയ യൂണിറ്റുകൾ നിർമ്മിക്കുകയും വേണം. 2019-20 ൽ അക്വാകൾച്ചറിന് 74.20 കോടി രൂപ ഉൾപ്പെടുത്തിക്കൊണ്ട് ഉൾനാടൻ മത്സ്യബന്ധനത്തിനുവേണ്ടി 109.05 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. മത്സ്യബന്ധന പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവരുടെ സുരക്ഷയ്ക്കും രക്ഷാപ്രവർത്തനങ്ങൾക്കുമായി 13 കോടി രൂപ വകയിരുത്തി.

കേരളത്തിലെ മത്സ്യത്തൊഴിലാളി വിഭാഗത്തിന്റെ സാമൂഹികവും സാമ്പത്തികവുമായ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനായി 2015-16 ൽ സംസ്ഥാന സർക്കാർ 'അടിസ്ഥാന സൗകര്യവും മാനവശേഷി വികസനവും' എന്ന പുതിയ പദ്ധതിയ്ക്ക് രൂപം നൽകി. 2019-20 ൽ ഈ പദ്ധതിക്കായി 119.60 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ 10 കോടി രൂപ സമുദ്രതീരത്തിന്റെ 50 മീറ്റർ പരിധിക്കുള്ളിൽ താമസിക്കുന്ന, കടലാക്രമണ ഭീഷണി നേരിടുന്ന മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനു മാത്രമായി നീക്കിവെച്ചിട്ടുള്ളതാണ്. ഭൂമി വാങ്ങുന്നതിനും, ഭവന നിർമ്മാണത്തിനും വേണ്ട വകയിരുത്തലും ഇതിലുണ്ട്.

2018-19 വാർഷിക പദ്ധതിയുടെ പ്രവർത്തന അവലോകനം

2018-19 ൽ മത്സ്യബന്ധനത്തിനും തീരദേശ വികസനത്തിനുമായി സംസ്ഥാന വാർഷിക പദ്ധതിയിൽ വകയിരുത്തിയത് 502.65 കോടി രൂപയാണ്. റിപ്പോർട്ട് ചെയ്തിട്ടുള്ള ചെലവ് തുക 344.20 കോടി രൂപ. ഇത് മേഖലയുടെ പദ്ധതി വിഹിതത്തിന്റെ 68.5 ശതമാനം ആണ്. കേന്ദ്രസഹായമുള്ള പദ്ധതികളുടെ വകയിരുത്തൽ 42.64 കോടി രൂപയും ചെലവ് 10.45 കോടി രൂപയുമാണ് (24.52 ശതമാനം). സി.എസ്.എസ് പദ്ധതികളിൽ, എൻ.സി.ഡി.സി സഹായത്തോടെയുള്ള പദ്ധതിയുടെ വകയിരുത്തൽ 12 കോടി രൂപയും ചെലവ് 5.78 കോടി രൂപയുമാണ് (48 ശതമാനം).

പ്രധാന വികസന പരിപാടികൾ

2018-19 ൽ മത്സ്യബന്ധന മേഖലയുടെ വികസനത്തിനായി സർക്കാർ നടപ്പിലാക്കിയ പ്ലാൻ പദ്ധതികളെ പത്തായി തരം തിരിക്കാം.

1. സമുദ്ര മത്സ്യബന്ധന വികസനം
2. ഉൾനാടൻ മത്സ്യബന്ധന വികസനം
3. നീലവിപ്ലവം - സി.എസ്.എസ്. സ്കീം
4. വിജ്ഞാന വ്യാപനം, പരിശീലനം, സേവനങ്ങൾ
5. വിപണികളുടെ ആധുനികവൽക്കരണവും മൂല്യവർദ്ധനവും
6. മത്സ്യത്തൊഴിലാളികൾക്കുള്ള സാമൂഹിക സുരക്ഷാ പദ്ധതികൾ
7. നബാർഡിന്റെ സഹായത്തോടെയുള്ള ആർ.ഐ.ഡി.എഫ് പദ്ധതികൾ
8. മത്സ്യബന്ധന തുറമുഖങ്ങളുടെ വികസനവും മാനേജ്മെന്റും - സി.എസ്.എസ്. ഘടകങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട്.
9. ഫിഷറീസ് സർവ്വകലാശാലയ്ക്കുള്ള പദ്ധതി
10. തീരദേശ വികസനത്തിനായുള്ള പദ്ധതികൾ

പൊതുമേഖലയിൽ, ഫിഷറീസ് ഡിപ്പാർട്ട്മെന്റ്, എ.ഡി.എ.കെ, എഫ്.ഐ.ആർ.എം.എ, മത്സ്യഫെഡ് എന്നിവിടങ്ങളിൽ ലഭ്യമായ സൗകര്യങ്ങൾ ഉപയോഗിച്ച് സംസ്ഥാനത്ത് 11.82 കോടി മത്സ്യവിത്തുകൾ ഉല്പാദിപ്പിച്ചു. 2018-19 ൽ 2312 കടൽ പട്രോളിംഗ് ട്രിപ്പുകൾ നടത്തി 404 രക്ഷാപ്രവർത്തനങ്ങളിലൂടെ 3,353 മത്സ്യത്തൊഴിലാളികളെ രക്ഷപ്പെടുത്തുകയും ചെയ്തു. അതേ സമയം ഉൾനാടൻ ജലാശയങ്ങളിൽ 597 പട്രോളിംഗ് ട്രിപ്പുകൾ നടത്തി. മത്സ്യത്തൊഴിലാളികൾക്കായി 500 ജി.പി.എസ് ഫോണുകൾ നൽകി.

ജലജീവികളുടെ ആരോഗ്യ സംരക്ഷണത്തിനായി കോഴിക്കോട്, മലപ്പുറം, വയനാട് ജില്ലകളിൽ 'അക്വാട്ടിക് അനിമൽ ഹെൽത്ത് ലാബുകൾ' സ്ഥാപിച്ചു. മണ്ണാർക്കാട്, ചെമ്പുക്കാവ്, ഇരിഞ്ഞാലക്കുട, മാവേലിക്കര, അഞ്ചൽ, മല്ലപ്പള്ളി എന്നിവിടങ്ങളിലെ ആറ് മത്സ്യ കമ്പോളങ്ങൾ ആധുനീകവത്ക്കരിച്ചു. 'അന്തിപ്പച്ച' പദ്ധതി പ്രകാരം മൂന്ന് സഞ്ചരിക്കുന്ന 'ഫിഷ് മാർട്ടു' കൾ ആരംഭിക്കുകയും ചെയ്തു. 140 വിദ്യാർത്ഥികൾക്ക് മത്സരപരീക്ഷാ പരിശീലനം നൽകുകയും, തിരഞ്ഞെടുത്ത പതിനാല് വിദ്യാർത്ഥികളുടെ വിദ്യാഭ്യാസം പൂർത്തീകരിക്കുന്നതിനും സഹായിച്ചു. 12,830 വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസത്തിനുള്ള സഹായവും ലഭ്യമാക്കി.

മത്സ്യത്തൊഴിലാളികളുടെ പാർപ്പിട മേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങളെ തരണം ചെയ്യുന്നതിനായി മത്സ്യത്തൊഴിലാളികൾക്ക് വീട് നിർമ്മിക്കുന്നതിനായി ധനസഹായം അനുവദിച്ചിട്ടുണ്ട്. 2018-19 ൽ 942 മത്സ്യത്തൊഴിലാളികൾക്ക് ധനസഹായം നൽകി. കടൽ തീരത്തിന്റെ 50 മീറ്റർ ചുറ്റളവിൽ നിന്നും മാറി താമസിക്കാൻ തയ്യാറാകുന്നവർക്ക് സ്ഥലം വാങ്ങുന്നതിനായുള്ള സാമ്പത്തികസഹായവും

ചിത്രം 3.4.3 കേരളത്തിലെ മത്സ്യബന്ധന തുറമുഖങ്ങളുടെ ലൊക്കേഷൻ

അവലംബം:- തുറമുഖ എഞ്ചിനീയറിംഗ് വകുപ്പ്, കേരള സർക്കാർ

നൽകുന്നുണ്ട്. 380 മത്സ്യത്തൊഴിലാളികൾക്ക് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിച്ചിട്ടുണ്ട്.

തുറമുഖ എഞ്ചിനീയറിംഗ് വകുപ്പും മത്സ്യബന്ധന തുറമുഖങ്ങളും

കേരള സർക്കാർ ഇതുവരെ 15 മത്സ്യ ബന്ധന തുറമുഖങ്ങളുടെ നിർമ്മാണം പൂർത്തിയാക്കുകയും 9 തുറമുഖങ്ങളുടെ നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുകയുമാണ്. കണ്ണൂർ ജില്ലയിലെ തലായ് മത്സ്യബന്ധന തുറമുഖത്തിന്റെ നിർമ്മാണം പൂർത്തിയാക്കി 18 മെയ് 2018 ൽ ഉദ്ഘാടനം ചെയ്തു. തൃശ്ശൂർ ജില്ലയിലെ ചേറ്റുവാ മത്സ്യബന്ധനതുറമുഖം നിർമ്മാണം പൂർത്തിയാക്കി 25 ഫെബ്രുവരി 2019 ൽ ഉദ്ഘാടനം ചെയ്തു. വിഴിഞ്ഞം, തങ്കശ്ശേരി, നീണ്ടകര, കായംകുളം, തോട്ടപ്പള്ളി, മുനമ്പം, ചേറ്റുവാ, പൊന്നാനി, ബേപ്പൂർ, പുതിയാപ്പാ, ചോമ്പാൽ, തലായ്, മാപ്പിളബേ, അഴീക്കൽ, ചെറുവത്തൂർ എന്നിവയാണ് പൂർത്തിയായ തുറമുഖങ്ങൾ. മുതലപ്പൊഴി, ചേത്തി(ഒന്നും രണ്ടും) അർത്തുങ്കൽ (രണ്ട്), ചെല്ലാനം (ഒന്ന്, രണ്ട്), താനൂർ, കൊയിലാണ്ടി, വെള്ളയിൽ, മഞ്ചേശ്വരം, കാസർഗോഡ് മുതലായവയുടെ നിർമ്മാണം പുരോഗമിച്ചു കൊണ്ടിരിക്കുന്നു. കേരളത്തിലെ മത്സ്യബന്ധന തുറമുഖങ്ങളുടെ ലൊക്കേഷൻ **ചിത്രം 3.4.3** ൽ നൽകിയിട്ടുണ്ട്.

അർത്തുങ്കൽ, വെള്ളയിൽ, താനൂർ, മഞ്ചേശ്വരം, കൊയിലാണ്ടി എന്നീ തുറമുഖങ്ങളുടേയും മുനക്കക്കടവ് ഫിഷ് ലാന്റിംഗ് സെന്ററിന്റേയും നിർമ്മാണം പൂർത്തിയാക്കുന്നതിനായി 2018–19 പദ്ധതിയിൽ ഫണ്ട് വകയിരുത്തി. ചേറ്റുവ, ചെറുവത്തൂർ, തലായ് എന്നീ മത്സ്യബന്ധന തുറമുഖങ്ങൾ പൂർത്തീകരിക്കുന്നതിനും പ്രവർത്തനക്ഷമമാക്കുന്നതിനും ഫണ്ട് അനുവദിച്ചിരുന്നു. തുറമുഖങ്ങളുടെ മാനേജ്മെന്റിനും ധനസഹായം ലഭ്യമാക്കിയിരുന്നു. മത്സ്യബന്ധന തുറമുഖങ്ങൾ വർഷത്തിലുടനീളം പ്രവർത്തിക്കുന്നതിനായി അവയുടെ അറ്റകുറ്റപ്പണികളും ഡ്രഡ്ജിംഗും നടത്തുന്നതിനായി പദ്ധതി സഹായം ലഭ്യമാക്കിയിരുന്നു. 2018–19 ൽ സംസ്ഥാന പദ്ധതിയിൽ 29.10 കോടി രൂപ മത്സ്യബന്ധന തുറമുഖങ്ങൾക്കു വേണ്ടി അനുവദിച്ചു. റിപ്പോർട്ട് ചെയ്യപ്പെട്ടിരിക്കുന്ന ചിലവ് 13 കോടി (45 ശതമാനം) രൂപയാണ്.

സംസ്ഥാന ഫണ്ട്, കേന്ദ്ര ഗവൺമെന്റ് ഫണ്ട് (50 ശതമാനം, 75 ശതമാനം സി.എസ്.എസ്) കേന്ദ്ര സ്കീമായ ആർ.കെ.വി.വൈ മുതലായവയിൽ നിന്നുള്ള ഫണ്ട്, നബാർഡ് പോലുള്ള ഏജൻസികളിൽ നിന്നുള്ള ഫണ്ട് (ആർ.ഐ.ഡി.എഫിനു കീഴിൽ) എന്നിവ ഉപയോഗിച്ചാണ് മുൻപ് മത്സ്യബന്ധന തുറമുഖങ്ങളുടെ നിർമ്മാണം നടത്തിയിരുന്നത്.

എന്നാൽ ഈയടുത്ത് കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഫണ്ടിംഗിൽ വന്ന മാറ്റങ്ങൾ കാരണം കേന്ദ്രം നൽകുന്ന ഫണ്ടിൽ വളരെയധികം കുറവുണ്ടായി. ഇത് കേരളത്തിലെ മത്സ്യബന്ധന തുറമുഖങ്ങളുടെ പൂർത്തീകരണത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ഇത്തരം വലിയ പദ്ധതികൾക്കായുള്ള ധനസമാഹരണം സംസ്ഥാനത്തിനൊരു വലിയ വെല്ലുവിളിയാണ്. നടന്നുകൊണ്ടിരിക്കുന്ന എല്ലാ മത്സ്യബന്ധന തുറമുഖങ്ങളുടേയും സമയബന്ധിതമായ പൂർത്തീകരണം ആവശ്യമാണ്. മത്സ്യബന്ധന തുറമുഖങ്ങൾ വർഷത്തിലുടനീളം പ്രവർത്തനക്ഷമമായ രീതിയിൽ നിലനിർത്താൻ നടപടികൾ എടുക്കേണ്ടതുമാണ്. മത്സ്യബന്ധന തുറമുഖങ്ങളിലെ നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി അനുബന്ധം 3.4.8 ൽ നൽകിയിരിക്കുന്നു.

മത്സ്യബന്ധന തുറമുഖങ്ങളിൽ നിന്നും ഫിഷ് ലാന്റിംഗ് കേന്ദ്രങ്ങളിൽ നിന്നുമുള്ള മൊത്തവരുമാനം 2016–17 ലെ 302.54 ലക്ഷം രൂപയിൽ നിന്നും 2017–18 ൽ 849.08 ലക്ഷം രൂപയായി ഉയർന്നു. എന്നാൽ 2018–19 ൽ 729.41 ലക്ഷം രൂപയായി കുറഞ്ഞു. ഏറ്റവും കൂടുതൽ വരുമാനം നീണ്ടകര തുറമുഖത്ത് നിന്നുമാണ്. 2012–13 മുതൽ തുടർച്ചയായി ഏറ്റവും കൂടുതൽ വരുമാനം ലഭിച്ചിരുന്നത് നീണ്ടകര തുറമുഖം വഴിയായിരുന്നു. മൊത്ത വരുമാനത്തിൽ രണ്ടാം സ്ഥാനത്ത് നിൽക്കുന്നത് തോട്ടപ്പള്ളി തുറമുഖമാണ്. കേരളത്തിലെ മത്സ്യബന്ധന തുറമുഖങ്ങളിൽ നിന്നും ഫിഷ് ലാന്റിംഗ് കേന്ദ്രങ്ങളിൽ നിന്നുമുള്ള മൊത്തവരുമാനത്തിന്റെ 66 ശതമാനം തോട്ടപ്പള്ളി, നീണ്ടകര, കായംകുളം (മൂന്നാം സ്ഥാനം) എന്നീ തുറമുഖങ്ങളിൽ നിന്നുമാണ്. മൊത്തവരുമാനത്തിലുണ്ടാകുന്ന ഏറ്റക്കുറച്ചിലുകൾ പ്രധാനമായും കടലിൽ നിന്നും ലഭിക്കുന്ന മത്സ്യത്തിന്റെ അളവിനെ ആശ്രയിച്ചിരിക്കുന്നു. സമുദ്ര മത്സ്യോല്പന്നത്തിൽ കുറവുണ്ടാകുന്നുണ്ടെങ്കിലും മത്സ്യബന്ധന തുറമുഖങ്ങളിൽ നിന്നുള്ള മൊത്തവരുമാനത്തിലെ വലിയ വ്യതിയാനങ്ങളെക്കുറിച്ച് വിശദമായ പഠനം നടത്തേണ്ടതുണ്ട്. വിശദവിവരങ്ങൾ **അനുബന്ധം 3.4.9** ൽ നൽകിയിരിക്കുന്നു.

പുതിയ തുറമുഖങ്ങളുടെ നിർമ്മാണത്തിനു പുറമേ നിലവിലുള്ള തുറമുഖങ്ങളുടെ നവീകരണം, ലാന്റിംഗ് കേന്ദ്രങ്ങളുടെ നിർമ്മാണം, റോഡുകൾ, പാലങ്ങൾ, ലോക്കർ മുറികൾ, നടപ്പാതകൾ എന്നിവയുടെ നിർമ്മാണത്തിനും നബാർഡ് ഫണ്ട് വിനിയോഗിച്ചിട്ടുണ്ട്. ആർ.ഐ.ഡി.എഫ് XVII നു കീഴിൽ 7 പാലങ്ങൾ, ഫിഷ് ലാന്റിംഗ് കേന്ദ്രങ്ങൾ, നടപ്പാത എന്നിവയുൾപ്പെട്ട 11 പദ്ധതികൾക്കായി 63.41 കോടി രൂപ അനുവദിച്ചു. ഇതിൽ 9 പദ്ധതികൾ പൂർത്തിയാവുകയും മറ്റു പദ്ധതികളുടെ നിർമ്മാണം പുരോഗമിക്കുകയുമാണ്. ആർ.ഐ.ഡി.എഫ് XIX നു കീഴിൽ അംഗീകരിച്ച 24 പദ്ധതികളിൽ 15 എണ്ണം പൂർത്തിയാക്കുകയും ഭൂമി ലഭ്യമല്ലാത്തതിനാൽ 9 എണ്ണം ഉപേക്ഷിക്കുകയും ചെയ്തു. ആർ.ഐ.ഡി.എഫ് XX നു കീഴിൽ രണ്ട് റോഡുകളുടേയും ഒരു പാലത്തിന്റേയും നിർമ്മാണത്തിനായി 7.82 കോടി രൂപ അനുവദിച്ചു, നിർമ്മാണം പൂർത്തീകരിച്ചു. ആർ.ഐ.ഡി.എഫ് XXIII നു കീഴിൽ നടപ്പാക്കുന്നതിനു വേണ്ടി 25.40 കോടി രൂപ ചെലവു വരുന്ന 4 പുതിയ പ്രൊപ്പോസലുകൾ – വെള്ളയിൽ, ചെല്ലാനം, തങ്കശ്ശേരി, പുതിയാപ്പ – നബാർഡ് അംഗീകരിച്ചിട്ടുണ്ട്. നബാർഡ് സഹായം ലഭിക്കുന്ന ആർ.ഐ.ഡി.എഫ് പദ്ധതികൾക്കായി 2018–19 ൽ 40 കോടി രൂപയാണ് അനുവദിച്ചത്. റിപ്പോർട്ട് ചെയ്യപ്പെട്ടിരിക്കുന്ന ചെലവ് 10.09 (25 ശതമാനം) കോടി രൂപയാണ്.

കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ (കെ.എസ്.സി.എ.ഡി.സി)

സംസ്ഥാനത്തെ തീരദേശ മേഖലയുടെ സമഗ്രമായ വികസന പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനായുള്ള സംസ്ഥാന സർക്കാർ സ്ഥാപനമാണ് കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ(കെ. എസ്.സി.എ.ഡി.സി). തീരദേശവികസനം, മത്സ്യബന്ധന മേഖലയിലെ അടിസ്ഥാന സൗകര്യ വികസനം, സാങ്കേതിക വിദ്യ ആർജ്ജിക്കൽ, വാണിജ്യ പ്രവർത്തനങ്ങൾ, വിദഗ്ധോപദേശം എന്നിവ സ്ഥാപനം നൽകുന്നു. കേരള സർക്കാർ, കേന്ദ്രസർക്കാർ എൻ. എഫ്.ഡി.ബി, നബാർഡ് എന്നിവിടങ്ങളിൽ നിന്നും ലഭിച്ച തുക ഉപയോഗിച്ച് ഏകദേശം 518.98 കോടി രൂപയുടെ 824 വർക്കുകൾ കെ.എസ്.സി.എ.ഡി.സി 2007 മുതൽക്ക് നടപ്പാക്കിയിട്ടുണ്ട്. 2018–19 ൽ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ 68.36 കോടി രൂപയുടെ 99 പ്രവർത്തനങ്ങൾ പൂർത്തിയാക്കി. 6 കുടിവെള്ള പദ്ധതികൾ, 3 വൈദ്യുതീകരണ പദ്ധതികൾ, വിദ്യാഭ്യാസ മേഖലയിലെ 13 അടിസ്ഥാന വികസന പദ്ധതികൾ, ആരോഗ്യമേഖലയിലെ 11 അടിസ്ഥാന വികസന പദ്ധതികൾ, സ്കൂളുകളിൽ 40 സ്മാർട്ട് ക്ലാസ്സ് റൂം, സ്കൂളുകളിൽ 16 അടുക്കള ഷെഡുകൾ, ഒരു ഫിഷ് ലാന്റിംഗ് കേന്ദ്രം, 4 ഫിഷറീസ് സ്റ്റേഷനുകൾ, രണ്ട് മത്സ്യവിപണന കേന്ദ്രങ്ങൾ, സ്ത്രീകൾക്കായൊരു ആശ്രയകേന്ദ്രം, 2 ഫിഷറീസ് പരിശീലന കേന്ദ്രങ്ങൾ, 2 മത്സ്യചന്തകൾ എന്നീ പദ്ധതികൾ ഉൾപ്പെടുന്നു.

മത്സ്യത്തൊഴിലാളി സമൂഹത്തിനായുള്ള സാമൂഹിക സുരക്ഷയും ഉപജീവനോപാധിയും

മത്സ്യത്തൊഴിലാളി സമൂഹത്തിന് സാമൂഹിക സുരക്ഷിതത്വവും ഉപജീവനോപാധിയും ഉറപ്പു വരുത്തുന്നതിനായി സംസ്ഥാന സർക്കാർ വിവിധ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. സർക്കാറിന്റെ ഫിഷറീസ് വകുപ്പിന് പുറമെ മത്സ്യഫെഡും, കേരള മത്സ്യത്തൊഴിലാളി ക്ഷേമ നിധി ബോർഡും ഇത്തരത്തിലുള്ള പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്.

ഇതിലെ പല സ്കീമുകൾക്കും പ്ലാൻ സഹായം ലഭ്യമാണ്. ഇവയിൽ ചിലത് കേന്ദ്രാവിഷ്കൃത പദ്ധതിയാണ്. മത്സ്യത്തൊഴിലാളികൾക്ക് തടസ്സരഹിതമായ ഉപജീവനോപാധികൾ ലഭ്യമാക്കുന്ന പദ്ധതിയ്ക്ക് പുറമേ ഭവനനിർമ്മാണം, ഇൻഷ്വറൻസ്, പെൻഷൻ മുതലായവയ്ക്കുള്ള പദ്ധതികളും ഇതിൽ ഉൾപ്പെടുന്നു. മത്സ്യത്തൊഴിലാളികൾക്കായുള്ള ഗ്രൂപ്പ് അപകട ഇൻഷ്വറൻസ് പദ്ധതി മുഖേന 2.42 ലക്ഷം മത്സ്യത്തൊഴിലാളികൾക്ക് പ്രയോജനം ലഭിച്ചു. 84,483 അനുബന്ധ മത്സ്യബന്ധന പ്രവർത്തകർക്കും ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി മുഖേന പ്രയോജനം ലഭിച്ചു. 52,558 മത്സ്യത്തൊഴിലാളികൾക്ക് വാർദ്ധക്യ പെൻഷൻ ലഭ്യമാക്കി. 'പെൻഷൻ ഫോർ വൈവ്സ് ഓഫ് ഡിസീസഡ് ഫിഷർമെൻ' എന്ന പദ്ധതിയുടെ കീഴിൽ മരണപ്പെട്ട മത്സ്യത്തൊഴിലാളികളുടെ ഭാര്യമാർക്ക് ഈ പദ്ധതി മുഖേന (9074 പേർക്ക്) പ്രയോജനം ലഭിച്ചു. 'സേവിംഗ് കം റിലീഫ്' പദ്ധതിയ്ക്കു കീഴിൽ പഞ്ചമാസ (ഓഫ് സീസൺ) ധനസഹായം സമുദ്ര മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്നവരിൽ 1,72,272 പേർക്കും, ഉൾനാടൻ മത്സ്യബന്ധനത്തിലേർപ്പെട്ടിരിക്കുന്ന 24,143 മത്സ്യത്തൊഴിലാളികൾക്കും ലഭ്യമാക്കി. ഫിഷറീസ് ഡിപ്പാർട്ട്മെന്റും, കേരള സംസ്ഥാന മത്സ്യത്തൊഴിലാളി ക്ഷേമ നിധി ബോർഡും നടപ്പിലാക്കുന്ന ഇത്തരം സ്കീമുകളുടെ വിശദാംശങ്ങൾ **അനുബന്ധം 3.4.10** ലും **3.4.11** ലും കൊടുത്തിട്ടുണ്ട്. മത്സ്യത്തൊഴിലാളി സമൂഹത്തിന് കൂടുതൽ സഹായം നൽകാനും കൂടുതൽ ജനങ്ങളെ സാമൂഹിക സുരക്ഷാപദ്ധതികളുടെ ഭാഗമാക്കാനും സംസ്ഥാനത്തിന് സാധിച്ചിട്ടുണ്ട്.

മത്സ്യഫെഡ്

പ്രാഥമിക തലത്തിലുള്ള 656 മത്സ്യത്തൊഴിലാളി വികസനക്ഷേമ സഹകരണ സംഘങ്ങളുടെ ഒരു അപെക്സ് ഫെഡറേഷനാണ് മത്സ്യഫെഡ്. ഇതിൽ 335 സംഘങ്ങൾ സമുദ്രമേഖലയിലും 199 സംഘങ്ങൾ ഉൾനാടൻ മേഖലയിലും 122 എണ്ണം വനിതാ സംഘങ്ങളുമാണ്. ഈ സൊസൈറ്റികളിലെ ആകെ അംഗസംഖ്യ 4.64 ലക്ഷത്തിൽ കൂടുതലാണ്. ഫെഡറേഷന്റെ ആകെ ഓഹരി മൂലധനം 150 കോടി രൂപയാണ്. മത്സ്യത്തൊഴിലാളി സമൂഹത്തിനുള്ളിൽ സ്വയം സഹായ സംഘങ്ങൾ രൂപപ്പെടുത്താനും അതുവഴി സമ്പാദ്യശീലം വളർത്തുവാനും മത്സ്യഫെഡിന് സാധിച്ചിട്ടുണ്ട്. മൈക്രോഫിനാൻസും, പലിശരഹിത വായ്പകളും നൽകുക വഴി മത്സ്യഫെഡിന് മൈക്രോ ക്രെഡിറ്റ് മേഖലയിൽ കാര്യമായ പ്രഭാവം ഉണ്ടാക്കാൻ സാധിച്ചിട്ടുണ്ട്. 2018–19 ൽ മൈക്രോഫിനാൻസിന്റെ പിന്തുണയോടെ സ്വയം സഹായ സംഘം വഴിയുള്ള പ്രയോജനം 27,887 ഗുണഭോക്താക്കൾക്കു ലഭിച്ചു. 13,018 മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് പലിശ രഹിത വായ്പ അനുവദിച്ചു. മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനത്തിനാവശ്യമായ ഉപാധികളും വിവരങ്ങളും എത്തിക്കുന്നതിൽ മത്സ്യഫെഡ് വിജയിച്ചിട്ടുണ്ട്. 2018–19 ൽ 48 പേർക്ക് പദ്ധതിയുടെ പ്രയോജനം ലഭിച്ചു. പരമ്പരാഗത മത്സ്യയാനങ്ങളെ ആധുനീകവത്ക്കരിക്കാൻ 200 മത്സ്യത്തൊഴിലാളികൾക്ക് സഹായം നൽകി. വിവിധ പരിപാടികളിലൂടെ മത്സ്യഫെഡ് കൈവരിച്ച നേട്ടങ്ങൾ അനുബന്ധം 3.4.12 ൽ നൽകിയിട്ടുണ്ട്.

സൊസൈറ്റി ഫോർ അസ്സിസ്റ്റൻസ്സ് ഫിഷർവുമണും സ്ത്രീ ശാക്തീകരണവും (എസ്.എ.എഫ്)

സംസ്ഥാനത്തെ മത്സ്യത്തൊഴിലാളി സ്ത്രീകളുടെ ശാക്തീകരണത്തിനും ആകമാനമുള്ള വികസനം സാധ്യമാക്കുന്നതിനും വേണ്ടി സ്ഥാപിതമായ ഏജൻസിയാണ് സൊസൈറ്റി ഫോർ അസ്സിസ്റ്റൻസ് റ്റു ഫിഷർവുമൺ. എസ്.എ.എഫ്, മത്സ്യത്തൊഴിലാളി സ്ത്രീകളെ കൂട്ടായ പ്രവർത്തനങ്ങൾ തുടങ്ങാനും ചെറുകിട സംരംഭങ്ങൾ ആരംഭിക്കാനും, അവ നിലനിർത്തുവാനും, സാമ്പത്തികവും സാങ്കേതികവുമായ പിന്തുണ നൽകുന്നു. മത്സ്യത്തൊഴിലാളി സ്ത്രീകളുടെ ഇതര ഉപജീവനോപാധി പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും പ്രത്യേകിച്ച്, ചെറുകിട സംരംഭങ്ങളുടെ വികസനത്തിനു വേണ്ടിയും, 1002 ഗുണഭോക്താക്കൾക്ക് സഹായം നൽകി. 3693 പുതിയ ഗുണഭോക്താക്കൾക്കും നിലവിൽ അംഗങ്ങളായിട്ടുള്ള 1404 പേർക്കും അവരുടെ കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിനുള്ള പരിശീലനം നൽകി. 144 ഗ്രൂപ്പുകൾക്ക് സാങ്കേതിക വിദ്യ മെച്ചപ്പെടുത്തുന്നതിനുള്ള സഹായങ്ങൾ അതത് യൂണിറ്റുകളിൽ അനുവദിച്ചു. 30 വയസ്സിനു താഴെയുള്ള 195 മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് 'തീരനൈപുണ്യ' പദ്ധതി വഴി പ്രയോജനം ലഭിച്ചു. വിവിധ പരിപാടികളിലൂടെ എസ്.എ.എഫ് കൈവരിച്ച നേട്ടങ്ങൾ **അനുബന്ധം 3.4.13** ൽ നൽകിയിരിക്കുന്നു.

പതിനൊന്നാം പഞ്ചവത്സര പദ്ധതിക്കാലത്ത് സമുദ്ര മത്സ്യ ബന്ധന മേഖല അടിസ്ഥാന സൌകര്യ വികസനത്തിന്റെ കാര്യത്തിൽ ശ്രദ്ധേയമായ വളർച്ച കൈവരിച്ചു. ഈ അടിസ്ഥാന സൌകര്യങ്ങൾ ശരിയായ രീതിയിൽ ഉപയോഗിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തി, പോഷകാഹാരത്തിനും, ഭക്ഷ്യസുരക്ഷയ്ക്കും, സാമ്പത്തിക വളർച്ചക്കും വേണ്ടി മത്സ്യബന്ധന മേഖലയിൽ സുസ്ഥിരമായ വളർച്ച ഉറപ്പാക്കുക എന്നതാണ് പന്ത്രണ്ടാം പദ്ധതിയുടെ ഉദ്ദേശം. ഉൾനാടൻ മത്സ്യബന്ധനത്തിന്റെ മാനേജ്മെന്റ്, ആഴക്കടൽ മത്സ്യ ഉല്പാദനത്തിൽ വർദ്ധനവ്, വിളവെടുത്ത മത്സ്യത്തിന്റെ പൂർണ്ണമായ വിനിയോഗവും, മൂല്യവർദ്ധനവും എന്നീ കാര്യങ്ങൾക്ക് പ്രത്യേകം ഊന്നൽ നൽകിയിരുന്നു. പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ സംസ്ഥാനം ഊന്നൽ നൽകുന്നത് മത്സ്യ ഉല്പാദനം വർദ്ധിപ്പിക്കുന്നതിലൂടെ പോഷകാഹാര ഭദ്രത

ഉറപ്പ് വരുത്തുകയും, ഉല്പാദന ഫലങ്ങൾ സുസ്ഥിരവും നിഷ്പക്ഷവുമായ രീതിയിൽ വീതിച്ചു നൽകുന്നതു വഴി മത്സ്യത്തൊഴിലാളി സമൂഹത്തിനിടയിലുള്ള ദാരിദ്ര്യം കുറയ്ക്കുകയും ചെയ്യുക എന്നതാണ്.

കാലാവസ്ഥാ വ്യതിയാനവും പരിസ്ഥിതി നശീകരണവും മേഖലയിലെ പ്രധാന വെല്ലുവിളികളാണ്. ഇതോടൊപ്പം നവംബർ 2017 ലെ ഓഖി ചുഴലിക്കാറ്റും ആഗസ്റ്റ് 2018 ലെ പ്രളയവും ഈ അടുത്ത കാലത്ത് മേഖലയെ പ്രതികൂലമായി ബാധിച്ച രണ്ട് പ്രകൃതിദുരന്തങ്ങളാണ്. എന്നിരുന്നാലും സംസ്ഥാനത്തിന്റെ വിഭവസമ്പത്ത് മത്സ്യബന്ധനത്തിന്റെ വളർച്ചയ്ക്ക് ഉതകുന്നതാണ്. കഴിഞ്ഞ രണ്ട് വർഷങ്ങളായി മത്സ്യസമ്പത്തിനെ സംരക്ഷിക്കുന്നതും പരിപാലനം ചെയ്യുന്നതിനുമായി നടപ്പിലാക്കിയ നയങ്ങളുടെ നേട്ടം സമുദ്ര മത്സ്യബന്ധന മേഖലയിൽ പ്രതിഫലിച്ചു തുടങ്ങിയിട്ടുണ്ട്. ഉൾനാടൻ ജലാശയങ്ങളിലെ മത്സ്യകൃഷി ഭാവിയിൽ വലിയ അവസരങ്ങൾ സൃഷ്ടിക്കാവുന്ന മേഖലയാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സജീവപങ്കാളിത്തം ഈ മേഖലയിൽ വിപ്ലവകരമായ മാറ്റങ്ങൾക്ക് വഴിയൊരുക്കും. എന്നാൽ മത്സ്യബന്ധനത്തിന്റെ സുസ്ഥിരമായ വളർച്ചയ്ക്കും വിഭവ സംരക്ഷണത്തിന് ഹാനികരമായ മത്സ്യബന്ധന രീതികൾ ഇല്ലാതാക്കുന്നതിനും കൂടുതൽ ഊന്നൽ നൽകേണ്ടതാണ്. നൂതനമായ ധനസമാഹരണ രീതികളിലൂടേയും പര്യാപ്തമായ സാങ്കേതിക വിദ്യയുടെ സഹായത്തോടെയും, വ്യാപന പ്രവർത്തനങ്ങളിലൂടേയും മത്സ്യബന്ധന മേഖലയ്ക്ക് വരും വർഷങ്ങളിൽ മികച്ച പ്രവർത്തനം കാഴ്ച വെയ്ക്കാൻ സാധിക്കും.

3.5 ജലവിഭവം

സമൂഹത്തെ നിലനിർത്തുന്നത് കാർഷികമേഖലയും, കാർഷിക മേഖലയെ നിലനിർത്തുന്നത് ജലസേചനവുമാണെന്നത് ഒരു വസ്തുതയാണ്. ഉചിതമായ സംരക്ഷണ രീതികളിലൂടേയും, പരിപാലനത്തിലൂടേയുമുള്ള ജലവിനിയോഗം ജീവരക്ഷാസമ്പ്രദായങ്ങൾ നിലനിർത്തുന്നതിന് അത്യന്താപേക്ഷിതമാണ്. കൂടാതെ, പാരിസ്ഥിതിക നിലനില്പിന് സഹായകരമാകുംവിധത്തിൽ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും, കാർഷികമേഖലയിലെ ആദായം മെച്ചപ്പെടുത്തുന്നതിനും സഹായിക്കുന്നു. കാർഷികവൃത്തിയിലെ വ്യാപനം, വർദ്ധിച്ചു വരുന്ന വ്യവസായവത്ക്കരണം, ജനസംഖ്യയിലുണ്ടാകുന്ന വർദ്ധനവ്, മെച്ചപ്പെട്ട ജീവിത നിലവാരങ്ങൾ ഇവയെല്ലാംതന്നെ ജലത്തിന്റെ ആവശ്യകത വർദ്ധിപ്പിക്കുന്ന ഘടകങ്ങളാണ്. പ്രതിശീർഷ ജലലഭ്യതയിൽ ഉണ്ടാകുന്ന കുറവും, ലഭ്യമായ ജലസമ്പത്ത് ഫലപ്രദമായ രീതിയിൽ പരിപാലിക്കുന്നതിൽ ഉണ്ടാകുന്ന വീഴ്ചയും, ഭാരതത്തിൽ അനുഭവപ്പെടുന്ന ജലദൗർലഭ്യത്തിന്റെ കാരണങ്ങളിൽ ഉൾപ്പെടുന്നു. ജലവിഭവങ്ങളുടെ ലഭ്യതയിൽ നേരിടുന്ന പരിമിതികൾ മൂലം സുസ്ഥിരമായ ജലപരിപാലന രീതികൾക്ക് പ്രാധാന്യമർഹിക്കുന്നു. നീതി ആയോഗ് പുറത്തിറക്കിയ, കോമ്പോസിറ്റ് വാട്ടർ മാനേജ്മെന്റ് ഇന്റക്സ് (സി.ഡബ്ല്യൂ.എം.ഐ) പ്രകാരം (എ). ജലാശയങ്ങളായി കണക്കാക്കപ്പെടുന്നവയുടെ, ജലസേചന സാധ്യതകൾ 95 ശതമാനത്തോളം പുനസ്ഥാപിക്കുവാൻ കേരളത്തിന് സാധിച്ചിട്ടുണ്ട് (ബി). ജലസേചന സാധ്യതയുടെ 80 ശതമാനവും കേരളം പ്രയോജനപ്പെടുത്തുന്നുണ്ട്.

മെച്ചപ്പെട്ട ജലപരിപാലനത്തിന്റെ ആവശ്യകത

2018 ലും 2019 ലും പ്രളയമുണ്ടായ സാഹചര്യത്തിൽ, സംസ്ഥാനത്തെ ഡാമുകളുടെ പ്രവർത്തനക്ഷമതയും, സുരക്ഷാരീതികളും മെച്ചപ്പെടുത്തേണ്ടതിന്റെ ആവശ്യകത വർദ്ധിച്ചിരിക്കുന്നു. ആനുകാലിക പരിശോധനയും അവലോകനവും നടത്തേണ്ടത് ആവശ്യമാണ്. ജലസേചനസമ്പ്രദായങ്ങൾ കൂടുതൽ വിപുലീകരിക്കുന്നതിനു വേണ്ടി ജലസേചന മേഖലകളിൽ വർദ്ധിച്ച മുതൽമുടക്ക് ആവശ്യമാണ്. വെള്ളപ്പൊക്കനിവാരണ മാർഗ്ഗങ്ങൾക്ക് കൂടുതൽ ഊന്നൽ നൽകുക, വിവിധോദ്ദേശ ഡാമുകൾ സ്ഥാപിക്കുക, ജലസംഭരണ നിർമ്മാണ പ്രവൃത്തികൾ തദ്ദേശീയമായി സ്ഥാപിക്കുക മുതലായവയ്ക്ക് പ്രാധാന്യം നൽകേണ്ടിയിരിക്കുന്നു. മെച്ചപ്പെട്ട ജലപരിപാലനം സാധ്യമാകുന്നതിന് ഒരു സംയോജിത ജലസംഭരണ പ്രവർത്തന സംവിധാനം ആവശ്യമാണ്.

ദേശീയതലത്തിലും, സംസ്ഥാനതലത്തിലുമുള്ള ജലവിഭവ വിവരസഹായകേന്ദ്രങ്ങളെ ശക്തിപ്പെടുത്തുന്നതിന് സഹായകരമാകുന്നതാണ് ജലവിഭവങ്ങളുടെ വിവരങ്ങൾ ലഭ്യമാക്കുന്ന സമ്പ്രദായം (വാട്ടർ റിസോഴ്സസ് ഇൻഫർമേഷൻ സിസ്റ്റം). വിവിധ സ്രോതസ്സുകളിൽ കൂടിയുള്ള വിവരങ്ങൾ ശേഖരിച്ചും ക്രമീകരിച്ചും സാങ്കേതിക സഹായത്തോടു കൂടിയാണ് ഇത് നടപ്പിലാക്കുന്നത്. ഇപ്രകാരമുള്ള സമയബന്ധിതവും സംയോജിതവുമായ ജലവിഭവ വിവരശേഖരണ രീതികൾ ഫലപ്രദമായ ജലവിഭവ ആസൂത്രണത്തിന് സഹായകരമാകുന്നു. തൽസമയ വിവര ശേഖരണ സംവിധാനം, വിദൂര സംവേദനം, സ്ഥല ചിത്രീകരണം മുതലായവയാണ് വിവിധ ഡാറ്റാ സ്രോതസ്സുകൾ.

നാഷണൽ ഹൈഡ്രോളജി പ്രോജക്ട് ഒരു 100 ശതമാനം കേന്ദ്രാവിഷ്കൃത പദ്ധതിയാണ്. തൽസമയ വിവര ശേഖരണ സംവിധാനം, നീരൊഴുക്ക് അളക്കുന്നതിനുള്ള സംവിധാനം, സംസ്ഥാന ജലവിഭവ വിവര സമ്പ്രദായങ്ങൾ, കാര്യാധിഷ്ഠിത പഠനങ്ങൾ, റിസർവോയർ പ്രവർത്തന സംവിധാനങ്ങൾ എന്നിവയാണ് പ്രധാന പ്രവർത്തികൾ. വാർഷിക വിഹിതമായ 9.30 കോടി രൂപയിൽ നിന്നും 2018–19 ൽ 1.63 കോടി രൂപ ചിലവഴിക്കുകയുണ്ടായി.

വേൾഡ് ബാങ്ക് സഹായത്തോടെ 2012 മുതൽ നടപ്പിലാക്കി വരുന്ന ഒരു പദ്ധതിയാണ് ഡാം റീഹാബിലിറ്റേഷൻ ആന്റ് ഇംപ്രൂവ്മെന്റ് പ്രോജക്ട് (ഡ്രിപ്പ്). ജലവിഭവ വകുപ്പിൽ നിന്ന് 16 പദ്ധതികളായ വാളയാർ, നെയ്യാർ, മലമ്പുഴ, കുറ്റിയാടി, കാഞ്ഞിരപ്പുഴ, പീച്ചി, ചിമ്മിനി, മലങ്കര, കല്ലട, പോത്തുണ്ടി, വാഴാനി, മീൻകര, ചുള്ളിയാർ, പഴശ്ശി, പെരിയാർ, മൂലത്തുറ റെഗുലേറ്റർ എന്നിവയാണ് ഈ പദ്ധതിയുടെ കീഴിൽ പുനരുദ്ധാരണത്തിനായി ഏറ്റെടുത്തിട്ടുള്ളത്. ഡ്രിപ്പ് പദ്ധതിയുടെ ഘട്ടം ഒന്ന് 2020 ജൂൺ മാസത്തോടു കൂടി അവസാനിക്കുന്നതാണ്. ഈ പദ്ധതിയുടെ അംഗീകൃത തുക 360 കോടിയും, 2019 ഒക്ടോബർ മാസം വരെയുള്ള പദ്ധതിച്ചെലവ് 230 കോടി രൂപയുമാണ് (64 ശതമാനം).

അഭൂതപൂർവ്വമായ പേമാരിയും വെള്ളപ്പൊക്കവും

2018 ലേയും, 2019 ലേയും ആഗസ്റ്റ് മാസത്തിൽ ഉണ്ടായ പേമാരിയുടെ തുടർച്ചയായി വൻ ഉരുൾപൊട്ടലും, നാശനഷ്ടങ്ങൾ വിതച്ച വെള്ളപ്പൊക്കവും സംസ്ഥാനത്തിന് നേരിടേണ്ടതായി വന്നു. ഇതുമൂലം മനുഷ്യമൃഗാദികളുടെ ജീവൻ, ജീവനോപാധി, സ്വത്ത് വകകൾ, പശ്ചാത്തല സൗകര്യങ്ങൾ എന്നിവയ്ക്ക് വളരെയധികം നാശനഷ്ടങ്ങളുണ്ടായി. 13 ജില്ലകളിലായി, 1259 ഗ്രാമങ്ങളെ 2018 ലെ വെള്ളപ്പൊക്കം മൂലമുണ്ടായ ദുരിതം സാരമായി ബാധിച്ചതായി സംസ്ഥാന സർക്കാർ രേഖപ്പെടുത്തിയിരിക്കുന്നു. റെഗുലേറ്ററുകൾ, ചെക്ക് ഡാമുകൾ, വെന്റഡ് ക്രോസ്സ് ബാറുകൾ മുതലായ നിർമ്മാണ പ്രവൃത്തികളെ വെള്ളപ്പൊക്കം സാരമായി ബാധിച്ചു. ഹൈഡ്രോളജി സ്റ്റേഷൻ ഉപകരണങ്ങൾക്കുണ്ടായ കേടുപാടുകൾ, ബണ്ടുകൾ ഇടിഞ്ഞതുമൂലമുള്ള നാശനഷ്ടങ്ങൾ, കടൽഭിത്തിക്കുണ്ടായ കേടുപാടുകൾ, മണ്ണും ചെളിയും അടിഞ്ഞതു മൂലം വെള്ളത്തിന്റെ സുഗമമായ ഒഴുക്കിലുണ്ടായ തടസ്സങ്ങൾ മുതലായ നാശനഷ്ടങ്ങളാണ് വെള്ളപ്പൊക്കംമൂലം ഉണ്ടായിട്ടുള്ളത്. വെള്ളപ്പൊക്കം നിമിത്തം 2018 ൽ 1068 കോടി രൂപയുടേയും, 2019 ൽ 575.32 കോടി രൂപയുടേയും നാശനഷ്ടങ്ങളുണ്ടായതായി ജലവിഭവ വകുപ്പിന്റെ കണക്കുകൾ രേഖപ്പെടുത്തുന്നു.

2018–19 വർഷങ്ങളിലായി റിസർവോയറിന്റെ വൃഷ്ടിപ്രദേശത്ത് ലഭിച്ച ശക്തമായ പേമാരിയുടെ ഫലമായി റിസർവോയറിന്റെ സംഭരണശേഷിയിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. 2017–19 കാലഘട്ടത്തിൽ അണക്കെട്ടുകളുടെ സംഭരണനിലയിൽ ഉണ്ടായ വ്യത്യാസത്തിന്റെ വിശദാംശങ്ങൾ (വർഷകാലാരംഭത്തെ സംഭരണവും, വർഷകാലാവസാനത്തെ സംഭരണവും) **അനുബന്ധം. 3.5.1** ൽ രേഖപ്പെടുത്തിയിരിക്കുന്നു.

2019 ലെ കാലവർഷാരംഭത്തിൽ ആകെ സംഭരണം 457.9 ദശലക്ഷം ക്യൂബിക് മീറ്ററായിരുന്നു. എന്നാൽ, കാലവർഷത്തിന്റെ അവസാനം ഇത് 1365.8 ദശലക്ഷം ക്യൂബിക് മീറ്ററായി ഉയർന്നു. ഇതിന് സാമ്യമായ വർദ്ധനവ് 2018 ലെ സംഭരണശേഷിയിലും പ്രകടമായിരുന്നു. 642.37 ദശലക്ഷം ക്യൂബിക് മീറ്ററിൽ നിന്നും 1285.81 ദശലക്ഷം ക്യൂബിക് മീറ്ററായി സംഭരണശേഷിയിൽ വർദ്ധനവ് രേഖപ്പെടുത്തിയിരുന്നു. 2018 ലും 2019 ലും മഴ ധാരാളമായി ലഭിച്ചതിനാലും, അണക്കെട്ടുകളിലേയ്ക്കുള്ള ഒഴുക്ക് വർദ്ധിച്ചതിനാലുമാണ് സംഭരണശേഷിയിൽ വർദ്ധനവുണ്ടായത്. കഴിഞ്ഞ മൂന്ന് വർഷങ്ങളിലായി കാലവർഷാവസാനം ജലസംഭരണികളിൽ രേഖപ്പെടുത്തിയ സംഭരണ നിലയുടെ വിശദാംശങ്ങൾ **ചിത്രം 3.5.1** ൽ രേഖപ്പെടുത്തിയിരിക്കുന്നു.

വൻകിട ഇടത്തരം ജലസേചനം

ജലസേചന പദ്ധതികളിലൂടെ പ്രയോജനം ലഭിക്കുന്ന പ്രദേശത്തിന്റെ വിസ്തൃതിയ്ക്ക് അനുസൃതമായിട്ടാണ് ജലസേചന പദ്ധതികളെ തരംതിരിക്കുന്നത്. പതിനായിരം ഹെക്ടറിലധികം ജലസേചനം ലഭ്യമാക്കുന്ന പദ്ധതികളെ വൻകിട ജലസേചന പദ്ധതികളെന്നും, രണ്ടായിരം മുതൽ പതിനായിരം ഹെക്ടർ വരെയുള്ള പ്രദേശങ്ങളിൽ ജലസേചനം സാധ്യമാകുന്ന പദ്ധതികളെ ഇടത്തരം ജലസേചന പദ്ധതികളെന്നും തരംതിരിച്ചിരിക്കുന്നു. ഇതുവരെയായി സംസ്ഥാനത്ത് 19 ജലസേചന പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. 4 പദ്ധതികൾ പുരോഗതിയുടെ വിവിധ ഘട്ടത്തിലാണ്.

നടപ്പിലാക്കി വരുന്ന ജലസേചന പദ്ധതികളുടെ നിലവിലെ സ്ഥിതി

നടപ്പിലാക്കി വരുന്ന ജലസേചന പദ്ധതികളുടെ വിശദാംശങ്ങൾ **അനുബന്ധം 3.5.2** ൽ രേഖപ്പെടുത്തിയിരിക്കുന്നു. നാല് പദ്ധതികളുടെ പ്രവർത്തന പുരോഗതികൾ ചുവടെ വിശദീകരിക്കുന്നു.

മൂവാറ്റുപുഴ വാലി ജലസേചന പദ്ധതി (എം.വി.ഐ.പി)

20.86 കോടി രൂപയുടെ മതിപ്പു ചെലവിൽ ആരംഭിച്ച മൂവാറ്റുപുഴ ജലസേചന പദ്ധതിയ്ക്ക്, 28.33 കി.മീ നീളമുള്ള വലതുകര കനാലും, 37.1 കി.മീ നീളമുള്ള ഇടതുകര കനാലുമുണ്ട്. വലത്ഇടതുകര കനാലുകളുടെ ശാഖകൾക്ക് 57.154 കി.മീ നീളവും, വിതരണശൃംഖലകൾക്ക് 213 കി.മീ നീളവുമുണ്ട്. ശാഖാ കനാലുകളുടെ 93 ശതമാനവും പൂർത്തീകരിച്ചു. മടക്കത്താനം, ആനിക്കാട്, ഇടയാർ, കാരിക്കോട് (ഒന്നാം റീച്ച്) എന്നീ വിതരണശൃംഖലകളുടെ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. ചെയിനേജ് 18275 ൽ കുറുപ്പുംതറയ്ക്കും ഏറ്റുമാനൂർ റെയിൽവേ സ്റ്റേഷനും ഇടയിലുള്ള എഴുതോണിപ്പാടം അക്വിഡക്ട്

ചിത്രം 3.5.1 ജലസംഭരണികളിലെ സംഭരണ നില (2017–19)



അവലംബം: ജലസേചന വകുപ്പ്, കേരള സർക്കാർ

ബോക്സ് 3.5.1 നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന വൻകിട ഇടത്തരം ജലസേചന പദ്ധതികൾ – സാങ്കേതിക സമിതിയുടെ ഇടപെടലുകൾ

മൂവാറ്റുപുഴ, ഇടമലയാർ, കാരാപ്പുഴ, ബാണാസുരസാഗർ എന്നീ ജലസേചന പദ്ധതികളുടെ നിർമ്മാണ പ്രവൃത്തികളിൽ ഉണ്ടായ കാലതാമസത്തിന്റെ കാരണങ്ങൾ പരിശോധിക്കേണ്ടതിന്റെ ആവശ്യകത മനസ്സിലാക്കി, 2017 ൽ, 5 അംഗങ്ങൾ ഉൾപ്പെട്ട ഒരു സാങ്കേതിക സമിതിയെ സംസ്ഥാന ആസൂത്രണ ബോർഡ് രൂപീകരിച്ചിരുന്നു. ദ്രുതഗതിയിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് തടസ്സം നേരിടുന്ന ഘടകങ്ങൾ സമിതി മനസ്സിലാക്കുകയുണ്ടായി. അതിനനുസൃതമായി, പ്രസ്തുത പദ്ധതികളുടെ പൂർത്തീകരണത്തിന്/ കമ്മീഷനിംഗിന് സഹായകരമാകും വിധത്തിൽ പ്രവൃത്തികൾ മുൻഗണനാടിസ്ഥാനത്തിൽ നിർദ്ദേശിക്കുകയുമുണ്ടായി.

70 കളിലും, 80 കളിലുമായി ആരംഭിച്ച ഈ പ്രവൃത്തികൾ പൂർത്തീകരിക്കേണ്ട സമയപരിധിയും, ചിലവഴിക്കേണ്ട തുകയും അധികരിച്ചിട്ടും ഇപ്പോഴും നടപ്പിലാക്കി വരുന്നു. സാങ്കേതിക സമിതിയുടെ സമയോചിതമായ ഇടപെടലുകളിൽകൂടിയും, മേൽനോട്ടത്തിലൂടേയും പ്രവർത്തനപുരോഗതികൾ വളരെയധികം മെച്ചപ്പെടുത്തുവാൻ സാധിച്ചു. സാങ്കേതിക സമിതി നിർദ്ദേശിച്ച സമയക്രമങ്ങൾക്കനുസൃതമായി പദ്ധതികളെല്ലാം പുരോഗതിയുടെ വിവിധ ഘട്ടങ്ങളിലാണ്.

അടിയന്തിരമായി ഊന്നൽ നൽകുന്ന മേഖലകൾ ഇവയെല്ലാമാണ്.

1. മൂവാറ്റുപുഴ വാലി ജലസേചന പദ്ധതി എത്രയും വേഗം കമ്മീഷൻ ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിക്കുക
2. ബാണാസുരസാഗർ പദ്ധതിയുടെ പ്രധാന കനാലിൽ കാലാകാലങ്ങളായി നിലനിന്നുവരുന്ന പ്രശ്നങ്ങൾ ദൂരീകരിക്കുക.
3. കാരാപ്പുഴ അണക്കെട്ടിന്റെ സംഭരണശേഷി മുഴുവൻ തോതിൽ വർദ്ധിപ്പിക്കുക.
4. ഇടമലയാർ പദ്ധതിയുടെ ഭാഗമായ എം.സി.റോഡ്, റെയിൽവേ ക്രോസ്സിംഗ് എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ച്, ലോ ലെവൽ കനാലിന്റെ അംഗീകൃത ദൂരംവരെ ജലലഭ്യത ഉറപ്പാക്കുക.

അവലംബം: വൻകിട ഇടത്തരം ജലസേചനപദ്ധതികൾക്കായി രൂപീകരിച്ച സാങ്കേതിക സമിതി, കെ.എസ്.പി.ബി, 2018

പൂർത്തീകരിച്ചതിലൂടെ 902 ഹെക്ടറിൽ ജലസേചനം ലഭ്യമാക്കുവാൻ സാധിച്ചു. കുറുമുള്ളൂർ വിതരണ ശൃംഖല പൂർത്തീകരിച്ചതോടെ പെണ്ണാർ തോട് വരെ ജലവിതരണം സാധ്യമായി. ഇതുമൂലം പ്രദേശത്തെ ഉപ്പുവെള്ളത്തിന്റെ സാന്ദ്രത നിയന്ത്രിക്കുന്നതിനും, അപ്പർ കുട്ടനാടൻ മേഖലകളിൽ കൃഷി സാധ്യമാകുവാനും സഹായിച്ചു. ഇലഞ്ഞി വിതരണശൃംഖല പൂർത്തീകരിച്ചതോടെ 298 ഹെക്ടർ പ്രദേശത്തും, മടക്കത്താനം വിതരണശൃംഖലയുടെ പൂർത്തീകരണത്തോടെ 126 ഹെക്ടർ പ്രദേശത്തും ജലസേചനം ലഭ്യമാക്കുവാൻ സാധിച്ചു. 2019 മാർച്ച് മാസം വരെയുള്ള പദ്ധതിച്ചെലവ് 1051.58 കോടി രൂപയാണ്. ഇതുവരെയുള്ള ഭൌതീകനേട്ടം 32724 ഹെക്ടറാണ്. 2020 മാർച്ച്മാസത്തോടു കൂടി ഈ പദ്ധതി കമ്മീഷൻ ചെയ്യുവാൻ ലക്ഷ്യമിടുന്നു.

ഇടമലയാർ ജലസേചന പദ്ധതി (ഐ.ഐ.പി)

1981 ൽ ഇടമലയാർ ജലസേചന പദ്ധതി ആരംഭിച്ചപ്പോൾ, പ്രസ്തുത പദ്ധതിയുടെ മതിപ്പു ചെലവ് 17.85 കോടി രൂപയായിരുന്നു. 32.278 കി.മീ നീളമുള്ള പ്രധാന കനാലിന്റെ മുഴുവൻ പ്രവൃത്തികളും പൂർത്തീകരിച്ചു. 15 കി.മീ നീളമുള്ള ലോലെവൽ കനാലിൽ(എൽ.എൽ.സി) രണ്ട് തടസ്സങ്ങളുണ്ട് – എം.സി റോഡ് ക്രോസ്സിംഗ്, റെയിൽവേ ക്രോസ്സിംഗ്. പുഷ്ത്രൂ പ്രവർത്തന രീതിയിലൂടെ എം.സി.റോഡ് ക്രോസ്സിംഗിന്റെ പ്രവൃത്തികൾ ഒരു വർഷത്തിനകം പൂർത്തീകരിക്കുവാൻ സാധിച്ചു. ഇതുമൂലം എൽ.എൽ.സിയിലെ ചെയിനേജ് 13879.5 വരെ ജലം ലഭ്യമാക്കുവാൻ സാധിച്ചു. റെയിൽവേയ്ക്ക് 3.06 കോടി രൂപ ഡെപ്പോസിറ്റ് ചെയ്തതിനാൽ ജനുവരിയോടെ പണികൾ ആരംഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

ലോലെവൽ കനാലിന്റെ രണ്ട് സ്ഥലങ്ങളിൽ സ്ലൂയിസ്സുകൾ നൽകുന്നതിനുള്ള പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട് – (എ). ചെയിനേജ് 12250 മീറ്ററിൽ ചുറ്റുപാടത്തേയ്ക്കും (ഇതുമൂലം 100 ഹെക്ടറിൽ ജലസേചനം സാധ്യമാകും) (ബി). ചെയിനേജ് 3000 മീറ്ററിൽ ചെറുചാൽ പുഞ്ചയിലേയ്ക്കും(ഇതുമൂലം 80 ഹെക്ടറിൽ ജലസേചനം സാധ്യമാകും). ഫ്ലഷ് എസ്കേപ്പ് നിർമ്മിക്കുന്നതിനു വേണ്ടി സ്ഥലം ഏറ്റെടുക്കുന്നതിന്റെ സാമൂഹ്യ ആഘാത പഠനം പൂർത്തീകരിച്ചു. സ്ഥലം ഏറ്റെടുക്കുന്നതിനുള്ള 8 ലക്ഷം രൂപ അടയ്ക്കുകയും ചെയ്തിട്ടുണ്ട്. ഇതുമൂലം മാഞ്ഞാലിത്തോടിന്റെ ഇരുവശങ്ങളിലുമുള്ള പാടശേഖരങ്ങളിലേയ്ക്ക് ജലസേചനം സാധ്യമാകുന്നതോടൊപ്പം ഓരുവെള്ളം നിയന്ത്രിക്കുവാനും സാധിക്കും. 2019 മാർച്ച് മാസം വരെയുള്ള ആകെ പദ്ധതി ചെലവ് 475.45 കോടി രൂപയാണ്. ഇതുവരെയുള്ള ഭൌതീകനേട്ടം 3098 ഹെക്ടറാണ്.

കാരാപ്പുഴ ജലസേചന പദ്ധതി (കെ.ഐ.പി)

കബനി ഉപനദീതടത്തിലെ ഒരു ചെറുകിട ജലസേചന പദ്ധതിയാണ് 7.60 കോടി രൂപ മതിപ്പു ചിലവിൽ ആരംഭിച്ച കാരാപ്പുഴ ജലസേചന പദ്ധതി. 2010 ജൂൺ മാസം ഇരുപതാം തീയതി ഈ പദ്ധതി ഭാഗീകമായി കമ്മീഷൻ ചെയ്തു.

ചെയിനേജ് 7673 മീറ്ററിനും 7888 മീറ്ററിനും ഇടയിൽ വലതുകര പ്രധാന കനാൽ ഇടിഞ്ഞതുമൂലമുണ്ടായ പ്രശ്നങ്ങൾ പരിഹരിച്ചു. ആയതിനാൽ, ചെയിനേജ് 8805 മീ. വരെ ജലം ലഭ്യമാക്കുവാനും, ഇതുമൂലം 44.47 ഹെക്ടർ കൃഷിയ്ക്ക് പ്രയോജനം ലഭിക്കുകയും ചെയ്യും. വലതുകര കനാലിൽ നിന്നുമുള്ള 4 വിതരണശൃംഖലകളായ – അരിമുള, പൊങ്ങിണിത്തൊടി, വള്ളിപ്പേട്ട, ചിക്കല്ലൂർ എന്നിവ നിർമ്മിക്കുന്നതിനുള്ള സ്ഥലം വകുപ്പിന്റെ അധീനതയിലുണ്ട്. ഈ കനാലുകളുടെ ഹൈഡ്രോളിക് പ്രവർത്തനങ്ങൾ നടപ്പിലായി വരുന്നു. ഇടതുകര കനാലിലുള്ള ഭൂരിഭാഗം പുനരുദ്ധാരണ പ്രവൃത്തികളും 2018–19 ൽ തന്നെ പൂർത്തീകരിച്ചു. വെള്ളപ്പൊക്കം മൂലം ചെയിനേജ് 4800 മീറ്ററിൽ കനാലിലുണ്ടായ ഇടിവ് പരിഹരിക്കുന്നതിലൂടെ, ചെയിനേജ് 16740 മീറ്റർ വരെ ഇടതുകര കനാൽ പ്രവർത്തനക്ഷമമാകും. 2019 മാർച്ച് മാസം വരെയുള്ള പദ്ധതിച്ചെലവ് 328.014 കോടി രൂപയാണ്. 601 ഹെക്ടറിൽ നേട്ടം കൈവരിക്കുവാനും, 938 ഹെക്ടർ ജലേസചന സാധ്യതാപ്രദേശമായി വികസിപ്പിക്കാനും സാധിച്ചു.

ബാണാസുരസാഗർ ജലസേചന പദ്ധതി (ബി.എസ്.പി)

കരുമൻതോട് നദീതടത്തിലുള്ള ബാണാസുരസാഗർ ജലസേചന പദ്ധതിയിലൂടെ വയനാട് ജില്ലയിലെ 2800 ഹെക്ടർ (അറ്റ) പ്രദേശത്ത് രണ്ടാം വിളയ്ക്കും, മൂന്നാം വിളയ്ക്കും ജലസേചനം ലഭ്യമാക്കാനാണ് വിഭാവനം ചെയ്യുന്നത്. 2.73 കി.മീ നീളമുള്ള പ്രധാന കനാലും, പടിഞ്ഞാറത്തറ (9.030 കി.മീ), വെണ്ണിയോട് (5.390 കി.മീ) എന്നീ ശാഖാ കനാലുകളും ഈ ജലസേചന പദ്ധതിയ്ക്കുണ്ട്. വെള്ളപ്പൊക്കം മൂലം പ്രധാന കനാലിലും, വെണ്ണിയോട് ശാഖാ കനാലിലും ഉണ്ടായ നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിനുള്ള ടെന്റർ നടപടികൾ 2018–19 കാലയളവിൽ ആരംഭിച്ചിരുന്നു. ഇതിനുപുറമെ പ്രധാന കനാലിന്റെ സംരക്ഷണ പ്രവൃത്തികൾ, വെണ്ണിയോട് ശാഖാ കനാലിലെ കവേർഡ് ഫ്ലൂം, ക്രോസ്സ് ഡ്രെയിനേജ് പ്രവൃത്തികൾ (ചെയിനേജ് 570 മീറ്റർ മുതൽ 1715 മീറ്റർ വരെ), കാപ്പുംകുന്ന് വിതരണ ശൃംഖലയുടെ പ്രവൃത്തികൾ മുതലായവയും ആരംഭിച്ചു. മാർച്ച് 2019 വരെയുള്ള പദ്ധതി ചെലവ് 60.66 കോടി രൂപയാണ്.

ബോക്സ് 3.5.2 വെള്ളപ്പൊക്ക ദുരിതങ്ങൾ നേരിടുന്ന കുട്ടനാടിന് ഒരു പുനരുദ്ധാരണ പാക്കേജ് – സംസ്ഥാന ആസൂത്രണ ബോർഡ് തയ്യാറാക്കിയ റിപ്പോർട്ട്

2018, 2019 വർഷങ്ങളിൽ തുടർച്ചയായുണ്ടായ രണ്ട് പ്രളയങ്ങൾ കുട്ടനാടൻ മേഖലയെ സാരമായി ബാധിച്ചിട്ടുണ്ട്. ഈ ദുരിതത്തിൽ നിന്നും കുട്ടനാടിനെ കരകയറ്റുന്നതിനു വേണ്ടി ഒരു സമഗ്ര സമീപനം അത്യന്താപേക്ഷിതമാണ്. കുട്ടനാട്ടിലെ ജനങ്ങളുടെ ജീവിത നിലവാരവും, ജീവനോപാധിക്കുള്ള മാർഗ്ഗങ്ങളും മെച്ചപ്പെടുത്തുന്നതിന് സഹായകരമാകുന്ന വിവിധ ഘടകങ്ങൾ ഉൾപ്പെടുത്തിയാണ് സംസ്ഥാന ആസൂത്രണ ബോർഡ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്.

കുട്ടനാടൻ മേഖലയിലെ ജലപരിപാലനം വളരെ പ്രാധാന്യം അർഹിക്കുന്ന വിഷയമാണ്. ഈ പ്രദേശത്തെ ജലപരിപാലനം മെച്ചപ്പെടുത്തുന്നതിന് സഹായകരമാകുന്ന നൂതനരീതികൾക്കും, സാമ്പ്രദായികമായി നടപ്പിലാക്കി വരുന്ന രീതികൾക്കും ഈ റിപ്പോർട്ടിൽ പ്രാധാന്യം നൽകിയിട്ടുണ്ട്.

കുട്ടനാട്ടിലെ ജലവ്യവസ്ഥയുടെ വിഭജനം

- കുട്ടനാട് മേഖലയിലേയ്ക്ക് ഒഴുകുന്ന അഞ്ച് നദികളുടെ താഴ് ഭാഗങ്ങൾ ഉൾപ്പെടുന്ന പ്രാഥമീയ വിഭജനം
- മേഖലയിലുള്ള തോടുകൾ ഉൾപ്പെടുന്ന ദ്വിതീയ വിഭജനം
- പാടശേഖരങ്ങളോട് ചേർന്നുള്ള ചെറിയതും, വളരെ ചെറിയതുമായ ചാലുകൾ ഉൾപ്പെടുന്ന ത്രിതീയ വിഭജനം.

പാടശേഖരങ്ങളെ വിഭജിക്കുന്ന സമ്പ്രദായം

വലിയ പാടശേഖരങ്ങളെ ചെറിയ വിഭാഗങ്ങളായി തരംതിരിക്കുന്നതിലൂടെ വെള്ളപ്പൊക്ക സാധ്യതാ പ്രദേശങ്ങളുടെ വിസ്തൃതി കുറയ്ക്കുവാനും അപ്രകാരം വെള്ളപ്പൊക്കം മൂലം ഉണ്ടാകാവുന്ന ദുരിതങ്ങൾ കുറയ്ക്കുവാനും സാധിക്കും.

നദിയ്ക്ക് ഒരിടം (റൂം ഫോർ റിവർ)

- വേമ്പനാട് കായലിനും, പമ്പാ നദിയ്ക്കും ഒരിടം
- ജലം സുഗമമായി ഒഴുകുന്നതിനുള്ള പ്രവൃത്തികൾ സ്വീകരിക്കുന്നതു വഴി വെള്ളപ്പൊക്ക സമയത്തെ ജലനിരപ്പ് നിയന്ത്രിക്കുവാനുള്ള സാധ്യത.
- നിലവിലെ വിസ്തൃതി കുറയാതെ വേമ്പനാട് കായലിന്റെ സംരക്ഷണം. കായലിന്റെ വിസ്തൃതിയിലുണ്ടായ കുറവാണ് കുട്ടനാട്ടിൽ വെള്ളപ്പൊക്ക രൂക്ഷത അനുഭവപ്പെടുന്നതിന്റെ ഒരു കാരണം.

ജലമാർഗ്ഗങ്ങളിലുള്ള തടസ്സം പരിഹരിച്ച് ജലം സുഗമമായി ഒഴുകുന്നതിനുള്ള വ്യവസ്ഥ ഉണ്ടാക്കുക

- പാടശേഖരങ്ങൾക്കു ചുറ്റും ശക്തിയുള്ള പുറം ബണ്ട് കെട്ടുക
- ഡ്രെയിനേജ് ചാലുകളിൽ അടിഞ്ഞിരിക്കുന്ന ചെളി നീക്കം ചെയ്യുക
- മേൽപ്പാലങ്ങളുടേയും, റോഡുകളുടേയും ശാസ്ത്രീയമായ നിർമ്മാണം.

തോട്ടപ്പള്ളി സ്പിൽവേയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുക

- ലീഡിംഗ് ചാനലിന്റെ വീതി കൂട്ടുക
- മൺകൂന ഉണ്ടാകുന്നതിനാൽ കടലിടുക്കിലൂടെ വെള്ളപ്പൊക്ക സമയത്തുണ്ടാകുന്ന അധിക ജലം ഒഴുകിപ്പോകുന്നതിന് തടസ്സം നേരിടും എന്നതിനാൽ മൺകൂന ഉണ്ടാകാനുള്ള സാധ്യത തടയുക.

എ.സി കനാലിന്റെ പൂർത്തീകരണം

- രണ്ടാം ഘട്ടം (ഒന്നാംകര മുതൽ നെടുമുടി വരെ)
- മൂന്നാം ഘട്ടം (നെടുമുടി മുതൽ പള്ളാത്തുരുത്തി വരെ)

അവലംബം: വെള്ളപ്പൊക്ക ദുരിതങ്ങൾ നേരിടുന്ന കുട്ടനാടിന് ഒരു പുനരുദ്ധാരണ പാക്കേജ്, കെ.എസ്.പി.ബി, 2019

കുട്ടനാട്ടിലെ വെള്ളപ്പൊക്ക നിവാരണ പദ്ധതികൾ

ജലകേന്ദ്രീകൃതമായ ഒരു ആവാസ വ്യവസ്ഥയാണ് കുട്ടനാടൻ പ്രദേശം. അച്ചൻ കോവിൽ, പമ്പ, മണിമല, മീനച്ചിൽ, മൂവാറ്റുപുഴ എന്നീ അഞ്ച് നദികളിലെ ജലം വിവിധ ജലമാർഗ്ഗങ്ങളിലൂടേയും, കനാലുകളിൽ കൂടിയും കുട്ടനാട്ടിലേയ്ക്ക് ഒഴുകുന്നു (വെള്ളപ്പൊക്ക ദുരിതങ്ങൾ നേരിടുന്ന കുട്ടനാടിന് ഒരു പുനരുദ്ധാരണ പാക്കേജ് – 2019 ൽ സംസ്ഥാന ആസൂത്രണ ബോർഡ് തയ്യാറാക്കിയ റിപ്പോർട്ട്).

കുട്ടനാടൻ പ്രദേശത്തെ കാർഷിക ഭൂമിയിൽ ഉണ്ടാകുന്ന വെള്ളപ്പൊക്കം, കുറച്ച് അധികം ദിനങ്ങൾ നീണ്ടുനിൽക്കുന്ന സാഹചര്യമാണുള്ളത്. വെള്ളപ്പൊക്കം മൂലമുണ്ടാകുന്ന അധികജലം കടലിലേയ്ക്ക് ഒഴുകുന്നതിനുള്ള മാർഗ്ഗങ്ങളുടെ അഭാവം, വേനൽക്കാലത്ത് ഉണ്ടാകുന്ന ഓരുവെള്ള പ്രശ്നങ്ങൾ, ചതുപ്പ് മേഖലകളിൽ ആവാസവ്യവസ്ഥയ്ക്ക് സംഭവിക്കുന്ന തകർച്ചകൾ, പുറംബണ്ടുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾക്ക് വേണ്ടി വരുന്ന ഭാരിച്ച ചെലവുകൾ മുതലായവയാണ് ഈ മേഖല നേരിടുന്ന ചില പ്രശ്നങ്ങൾ. തുടർച്ചയായി ഉണ്ടാകുന്ന വെള്ളപ്പൊക്കം മൂലം ബണ്ടുകൾ തകർന്നതിനാൽ പ്രദേശത്തെ വീടുകൾക്കും, കൃഷിയിടങ്ങൾക്കും നാശനഷ്ടങ്ങൾ സംഭവിച്ചു. ബണ്ടുകളിൽ നട്ടുപിടിപ്പിച്ചിരുന്ന നാളികേര വൃക്ഷങ്ങൾക്കും, മോട്ടോർത്തറ പോലെയുള്ള നിർമ്മാണ പ്രവൃത്തികൾക്കും നാശനഷ്ടങ്ങൾ സംഭവിച്ചു.

കേന്ദ്ര സർക്കാർ അംഗീകരിച്ച 4 വെള്ളപ്പൊക്ക നിവാരണ പദ്ധതികളിൽ കെ.ഇ.എൽ 1, കെ.ഇ.എൽ 2 എന്നീ രണ്ട് പ്രവൃത്തികളും പൂർത്തീകരിച്ചു. കെ.ഇ.എൽ 3 ൽ ഉൾപ്പെട്ട 48 പ്രവൃത്തികളും, കെ.ഇ.എൽ 4 ൽ ഉൾപ്പെട്ട 9 പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. 2019 ആഗസ്റ്റ് മാസത്തെ കണക്ക് പ്രകാരം, തണ്ണീർമുക്കം ബണ്ടിന്റെ 95 ശതമാനം പ്രവൃത്തികളും പൂർത്തീകരിച്ചു. മൂന്നാം ഘട്ടത്തിന്റെ മെക്കാനിക്കൽ പണികളുടെ പൂർത്തീകരണം, ഒന്നും രണ്ടും ഘട്ടങ്ങളിലെ 52 ഷട്ടറുകൾ സ്റ്റെയിൻ ലെസ് സ്റ്റീൽ ഷട്ടറുകൾ ഉപയോഗിച്ച് മാറ്റി സ്ഥാപിക്കൽ, 20 അടി ലോക്ക് ഗേറ്റിന്റെ പണികൾ പൂർത്തീകരിക്കൽ, മണൽബണ്ടുകൾ പൊളിച്ചു മാറ്റൽ, ഡി.ബ്ലോക്കിലുള്ള പുത്തനാറായിരം പാടശേഖരങ്ങളുടെ പൈൽ ആന്റ് സ്ലാബ് പ്രവൃത്തികളുടെ പൂർത്തീകരണം മുതലായവയാണ് സുപ്രധാന നേട്ടങ്ങൾ. കുട്ടനാട് വെള്ളപ്പൊക്ക നിവാരണ പ്രവൃത്തികൾക്കായി, കേന്ദ്ര സംസ്ഥാന വിഹിതങ്ങളുൾപ്പെടെ ഇതുവരെ 696.36 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

ജലസേചന നിലവാരം

2018–19 കാലയളവിലെ ജലസേചിത പ്രദേശത്തിന്റെ സ്രോതസ്സ് തിരിച്ചുള്ള അറ്റ വിസ്തീർണ്ണം **അനുബന്ധം 3.5.3 ലും 3.5.4 ലും** രേഖപ്പെടുത്തിയിരിക്കുന്നു. 2016–17 മുതൽ 2018–19 വരെയുള്ള കാലഘട്ടത്തിൽ, ജലസേചിത പ്രദേശത്തിന്റെ അറ്റ വിസ്തീർണ്ണം വർദ്ധിച്ചിട്ടുണ്ട്. 2016–17 ൽ, 3.77 ലക്ഷം ഹെക്ടറായിരുന്നത്, 2017–18 ആയപ്പോൾ 3.92 ലക്ഷം ഹെക്ടറായി വർദ്ധിച്ചു. 2018–19 ആയപ്പോഴേക്കും ഇത് 4.04 ലക്ഷം ഹെക്ടർ വരെ വർദ്ധനവ് രേഖപ്പെടുത്തി. ചെറിയ അരുവികൾ, കുളങ്ങൾ, കിണറുകൾ/കുഴൽ കിണറുകൾ, ലിഫ്റ്റ്/ചെറുകിട ജലസേചന നിർമ്മാണ പ്രവൃത്തികൾ എന്നിവയാണ് പ്രധാന ജല സ്രോതസ്സുകൾ. കിണറുകളിലൂടെ 1.24 ലക്ഷം ഹെക്ടറിൽ ജലസേചനം ലഭ്യമായപ്പോൾ, മറ്റ് സ്രോതസ്സുകളിൽ കൂടി (കുഴൽ കിണറുകൾ, ലിഫ്റ്റ്/ ചെറുകിട ജലസേചന നിർമ്മാണ പ്രവൃത്തികൾ) 1.47 ലക്ഷം ഹെക്ടറിൽ ജലസേചനം സാധ്യമായി.

മൊത്തം ജലസേചിത പ്രദേശത്തിന്റെ വിസ്തൃതിയിൽ കുറവ് വന്നതായി കണക്കുകൾ സൂചിപ്പിക്കുന്നു. 2017–18 കാലയളവിൽ ഇത് 5.39 ലക്ഷം ഹെക്ടറായിരുന്നത്, 2018–19 ആയപ്പോൾ 4.89 ലക്ഷം ഹെക്ടറായി കുറയുകയുണ്ടായി. മൊത്തം ജലസേചിത പ്രദേശത്തിന്റെ വിശദാംശങ്ങളും, ഇതിലൂടെ പ്രയോജനം ലഭിക്കുന്ന വിളകളുടെ വിശദാംശങ്ങളും **അനുബന്ധം 3.5.5 ലും 3.5.6 ലും** രേഖപ്പെടുത്തിയിരിക്കുന്നു. 2018–19 ൽ 1.59 ലക്ഷം ഹെക്ടർ നാളികേരത്തിനും, 1.54 ലക്ഷം ഹെക്ടർ നെൽക്കൃഷിയ്ക്കും ജലസേചനം നൽകുവാൻ സാധിച്ചു.

ഏറ്റവും അധികം ജലസേചനം ലഭിക്കുന്ന വിള നാളികേരമാണെങ്കിലും, ജലസേചന ലഭ്യതാ പ്രദേശത്തിന്റെ വിസ്തൃതിയിലുള്ള വർദ്ധനവ് വളരെ ചെറുതാണ്. 2017–18 കാലയളവിൽ, 1.58 ലക്ഷം ഹെക്ടറിൽ നാളികേരത്തിന് ജലസേചനം ലഭിച്ചിരുന്നു, എന്നാൽ 2018–19 ആയപ്പോഴേയ്ക്കും ഇത് 1.59 ലക്ഷം ഹെക്ടർ ആയി മാത്രമാണ് വർദ്ധിച്ചത്. കഴിഞ്ഞ രണ്ട് വർഷങ്ങളിലായി നാളികേര കൃഷിയുടെ വിസ്തൃതി 7.06 ലക്ഷം ഹെക്ടറിൽ തുടർന്ന് പോരുന്നു എന്ന വസ്തുത കൂടി ഇതോടൊപ്പം സൂചിപ്പിക്കുന്നു. എന്നാൽ, നെൽക്കൃഷിയുടെ ജലസേചിതപ്രദേശത്തിൽ വൻവർദ്ധനവാണ് രേഖപ്പെടുത്തിയത്. 2016–17 ൽ 1.31 ലക്ഷം ഹെക്ടർ ആയിരുന്നത്, 2017–18 ആയപ്പോഴേയ്ക്കും 1.45 ലക്ഷം ഹെക്ടറായും, തുടർന്ന് 2018–19 ആയപ്പോൾ 1.54 ലക്ഷം ഹെക്ടറായും വർദ്ധനവ് രേഖപ്പെടുത്തി. നെൽകൃഷിയുടെ വിസ്തൃതിയിലുണ്ടായ വർദ്ധനവായിരിക്കാം നെൽകൃഷിയുടെ ജലസേചിത പ്രദേശത്തിന്റെ വർദ്ധനവിൽ പ്രതിഫലിച്ചത്.

ജലസേചിത പ്രദേശത്തിന്റെ അറ്റവിസ്തീർണ്ണത്തിൽ വർദ്ധനവ് ഉണ്ടെന്ന കാര്യം അംഗീകരിക്കുന്നുണ്ടെങ്കിലും, മൊത്തം ജലസേചിത പ്രദേശത്തിന്റെ വിസ്തൃതി കുറഞ്ഞു വരികയാണ് എന്ന വസ്തുത

ബോക്സ് 3.5.3 ജലസേചന ക്ഷമത വർദ്ധിപ്പിക്കുന്നതിനായി സൂക്ഷ്മജലസേചന പ്രവൃത്തികൾ തിരഞ്ഞെടുക്കുന്നതിന്റെ സാധ്യത

ജലലഭ്യത വളരെ ദുർലഭമായിക്കൊണ്ടിരിക്കുന്ന സാഹചര്യമായതിനാൽ, ഇന്ന് വിവിധ വികസിത, വികസ്വര രാജ്യങ്ങളുടേയും കാർഷികമേഖലയുടെ ഉല്പാദനക്ഷമതയും ലാഭസാധ്യതയും പരിമിതപ്പെട്ട അവസ്ഥയിലാണ്. 2025ഓടുകൂടി ജലവിഭവങ്ങളുടെ ആവശ്യകതയിലുണ്ടാകാവുന്ന വർദ്ധനവിന്റെ 50 ശതമാനത്തോളം പൂർത്തീകരിക്കുവാൻ ജലസേചനക്ഷമത മെച്ചപ്പെടുത്തുന്നതിലൂടെ സാധിക്കും എന്നാണ് അന്താരാഷ്ട്ര ജലപരിപാലന സ്ഥാപനം (ഐ.ഡബ്ല്യൂ.എം.ഐ) നടത്തിയ പഠനം സൂചിപ്പിക്കുന്നത്. സാമ്പത്തികപരമായി പ്രയോജനം ലഭിക്കുന്നവയും, വളരെ എളുപ്പത്തിൽ വികസിപ്പിക്കാൻ സാധിക്കുന്നതുമായ ജലസേചന സാധ്യതാ പ്രദേശങ്ങൾ ഭാരതത്തിൽ വികസിപ്പിച്ചിട്ടുണ്ടെങ്കിലും, വിവിധ മേഖലകൾക്കുള്ള ജലത്തിന്റെ ആവശ്യകത വർദ്ധിച്ചു വരുന്ന സാഹചര്യമാണുള്ളത്. ലഭ്യമായ ജലത്തിന്റെ 80 ശതമാനവും ഉപയോഗിക്കുന്നത് കാർഷികമേഖലയാണ്. എന്നാൽ, ഈ മേഖലയിലെ ജലസേചനക്ഷമത വെറും 30 മുതൽ 40 ശതമാനം വരെ മാത്രമാണ്. ജലസേചനക്ഷമത മെച്ചപ്പെടുത്തുന്നതിന് ഇനിയും ധാരാളം സാധ്യതകൾ ഉണ്ടെന്നാണ് ഇത് സൂചിപ്പിക്കുന്നത്.

ജലസേചനക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള ജലപരിപാലന രീതികളിൽ ഒന്നാണ് കണികജലസേചനവും, സ്പ്രിങ്ക്ലർ ജലസേചനവും ഉൾപ്പെട്ട സൂക്ഷ്മജലസേചന പ്രവൃത്തികൾ. മാത്രമല്ല, പരമ്പരാഗത ജലസേചനരീതികളെ അപേക്ഷിച്ച് സൂക്ഷ്മജലസേചനം നടപ്പിലാക്കുന്ന വിളഭൂമിയിൽ നിന്നുള്ള ആദായത്തിൽ പ്രകടമായ വ്യത്യാസവുമുണ്ട്. ശാസ്ത്രീയമായും, ഉല്പാദനത്തിലെ വർദ്ധനവിലൂടേയും ഇക്കാര്യം വെളിപ്പെട്ടിട്ടുള്ളതാണ്. കൃഷി ചെയ്യുന്ന വിളകൾക്കനുസൃതമായിട്ട് മാത്രമേ കണിക ജലസേചനം നടപ്പിലാക്കുവാൻ സാധിക്കുകയുള്ളൂ. നാളികേരം, വാഴപ്പഴം, പച്ചക്കറികൾ എന്നിവ സുലഭമായി കണ്ടുവരുന്ന കാർഷിക ആവാസ മേഖലകളിൽ സൂക്ഷ്മ ജലസേചനം പ്രോത്സാഹിപ്പിക്കാവുന്നതാണ്.

ലഭ്യമായ ജലം പരമാവധി കാര്യക്ഷമതയോടു കൂടി കൃഷി ഭൂമിയിൽ ഉപയോഗിക്കുവാൻ സൂക്ഷ്മജലസേചനത്തിലൂടെ സാധിക്കുന്നു. കാലവർഷത്തിലെ വ്യതിയാനം മൂലം സംസ്ഥാനത്ത് വരൾച്ചാസമാനമായ പ്രതിഭാസം അനുഭവപ്പെടുന്ന സാഹചര്യം ഉണ്ടാകാറുണ്ട്. ആയതിനാൽ, സാധാരണ ജലസേചനം വിളകൾക്ക്, പ്രത്യേകിച്ച് തോട്ട വിളകൾക്ക്, സഹായകരമല്ലാത്ത സാഹചര്യത്തിൽ സൂക്ഷ്മ ജലസേചനത്തിന് പ്രാധാന്യമർഹിക്കുന്നു. തോട്ടവിളകൾക്കും ഹോർട്ടിക്കൾച്ചറൽ വിളകൾക്കും വേണ്ടി സാമൂഹിക അടിസ്ഥാനത്തിൽ സൂക്ഷ്മജലസേചന പദ്ധതികൾ ആവിഷ്ക്കരിക്കുവാൻ ജലസേചന വകുപ്പ് തയ്യാറെടുക്കുന്നു. കൃഷി വകുപ്പിന്റേയും ഹരിതകേരള മിഷന്റേയും സഹകരണത്തോടുകൂടിയാണ് ഇത് നടപ്പിലാക്കാനുദ്ദേശിക്കുന്നത്. പാലക്കാട് ജില്ലയിലെ കൊഴിഞ്ഞാമ്പാറ ഗ്രാമ പഞ്ചായത്തിൽ കരടിപ്പാറ എന്ന പ്രദേശത്ത് ഇപ്രകാരമുള്ള ഒരു സംരംഭത്തിന്റെ പ്രാരംഭനടപടികൾ 2019 ൽ ആരംഭിച്ചിരുന്നു.

അവലംബം: സംസ്ഥാന ആസൂത്രണബോർഡ്

സൂചിപ്പിക്കേണ്ടിയിരിക്കുന്നു. അതായത്, 5.39 ലക്ഷം ഹെക്ടറിൽ (2017–18) നിന്നും 4.89 ലക്ഷം ഹെക്ടറായി (2018–19) കുറയുകയുണ്ടായി. ഇപ്രകാരം വിസ്തൃതിയിലുണ്ടാകുന്ന കുറവിന് പ്രധാനമായും രണ്ട് കാരണങ്ങളാണ് അനുമാനിക്കാവുന്നത് – രണ്ടാംവിള കൃഷിയ്ക്ക് ജലസേചനം ലഭ്യമാകാത്തതുകൊണ്ടോ അല്ലെങ്കിൽ രണ്ടാംവിള കൃഷി തന്നെ ഇല്ലാത്തതോ ആകാം കാരണങ്ങൾ. വിളവെടുക്കുന്ന സ്ഥലത്തിന്റെ ആകെ വിസ്തൃതി 25.79 ലക്ഷം ഹെക്ടറിൽ (2017–18) നിന്നും 25.68 ലക്ഷം ഹെക്ടറായി (2018–19) കുറഞ്ഞതും മേൽപ്പറഞ്ഞ കാരണങ്ങൾക്ക് അടിവരയിടുന്നു.

ചെറുകിട ജലസേചനം

50 ഹെക്ടറോ അതിനു മുകളിലോ ജലസേചനം ലഭ്യമാക്കുന്ന പദ്ധതികളെ ചെറുകിട ജലസേചനം ക്ലാസ്സ് I ഗണത്തിലും, 50 ഹെക്ടറിൽ താഴെ ജലസേചനം നൽകുന്ന പദ്ധതികളെ ചെറുകിട ജലസേചനം ക്ലാസ്സ് II ഗണത്തിലും ഉൾപ്പെടുത്തിയിരിക്കുന്നു. വൻകിട ഇടത്തരം ജലസേചന പദ്ധതികളിൽ നിന്നും ചെറുകിട ജലസേചന പദ്ധതികളിലേയ്ക്കുള്ള ഒരു മാറ്റമാണ് പതിമൂന്നാം പഞ്ചവത്സരപദ്ധതിയിൽ ഊന്നൽ നൽകിയിരിക്കുന്നത്. അതിൻപ്രകാരം, പതിമൂന്നാം പഞ്ചവത്സരപദ്ധതിയിലെ ആദ്യ മൂന്ന് വർഷങ്ങളിൽ ചെറുകിട ജലസേചന പദ്ധതികളുടെ വിഹിതത്തിൽ വർദ്ധനവ് നൽകിയിരുന്നു. എന്നിരുന്നാലും, ചെറുകിട ജലസേചന പദ്ധതികളിലൂടെ

പ്രയോജനം ലഭിക്കുന്ന ജലസേചിത പ്രദേശത്തിന്റെ വിസ്തൃതിയിൽ കുറവ് വരുന്നതായിട്ടാണ് 2016-17 മുതൽ 2018-19 വരെയുള്ള കണക്കുകൾ സൂചിപ്പിക്കുന്നത്. ക്ലാസ്സ് I, ക്ലാസ്സ് II ചെറുകിട ജലസേചന പദ്ധതികളിലൂടേയും, ലിഫ്റ്റ് ഇറിഗേഷൻ, നബാർഡ് അധിഷ്ഠിത ചെറുകിട ജലസേചന പദ്ധതികളിൽകൂടിയും 2016-17 കാലയളവിൽ 13531.70 ഹെക്ടർ പ്രദേശത്ത് പ്രയോജനം കൈവരിക്കാൻ സാധിച്ചിരുന്നു. എന്നാൽ, തുടർന്നുള്ള വർഷങ്ങളിൽ പ്രയോജനം ലഭിച്ച അയക്കട്ടിന്റെ വിസ്തൃതിയിൽ കുറവ് വന്നതായിട്ടാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. 2017-18 ൽ 8006.64 ഹെക്ടർ ആയിട്ടും, 2018-19 ൽ 3388.05 ഹെക്ടർ ആയിട്ടും കുറയുകയുണ്ടായി.

2018 ലെ വെള്ളപ്പൊക്കംമൂലം ചെറുകിട ജലസേചന പദ്ധതികൾക്ക് നാശനഷ്ടമുണ്ടായതിനാലാണ്, 2018-19 വർഷത്തെ ഭൗതീകനേട്ടത്തിൽ ഇത്രയധികം കുറവ് സംഭവിച്ചത്. ചെറുകിട ജലസേചന പദ്ധതികളിലൂടെയുള്ള ഭൗതീകനേട്ടത്തിന്റെ വിശദാംശങ്ങൾ (2016-17 മുതൽ 2018-19 വരെ) **അനുബന്ധം 3.5.7** ൽ രേഖപ്പെടുത്തിയിരിക്കുന്നു.

1995-96 മുതൽ, വിവിധ പദ്ധതികൾക്കായി ഘട്ടം I മുതൽ ഘട്ടം XXV വരെ ആർ.ഐ.ഡി.എഫിലൂടെ വായ്പാ സഹായം നബാർഡ് നൽകി വരുന്നു. ഇതിൽ I മുതൽ XVII വരെയുള്ള ഘട്ടങ്ങൾ പൂർത്തീകരിച്ചു. ഘട്ടം XVIII മുതൽ XXV വരെയുള്ളവ പുരോഗമിച്ചു വരുന്നു. വിവിധ ഘട്ടങ്ങളിൽ ഉൾപ്പെട്ട 1339 പദ്ധതികൾ പൂർത്തീകരിച്ചു കഴിഞ്ഞു. വിശദാംശങ്ങൾ **അനുബന്ധം 3.5.8** ൽ രേഖപ്പെടുത്തിയിരിക്കുന്നു.

ഭൂഗർഭജല വികസനം

കേന്ദ്ര ഭൂഗർഭജല വകുപ്പും, സംസ്ഥാന ഭൂഗർഭജല വകുപ്പുമാണ് ഭൂഗർഭജലത്തിന്റെ നിർണ്ണയം നടത്തുന്നത്. ഭൂഗർഭജല വികസനവും പര്യവേഷണവും എന്ന പദ്ധതിയുടെ കീഴിൽ 2018-19 കാലഘട്ടത്തിൽ 1884 തുറന്ന കിണറുകളുടേയും 9088 കുഴൽ കിണറുകളുടേയും പര്യവേഷണം നടത്തുകയുണ്ടായി. ഭൂഗർഭജലത്തിന്റെ ചൂഷണം തടയുന്നതിനും, ഭൂഗർഭജലം തുല്യമായി വീതിക്കുന്നതിനുമുള്ള നടപടികൾ ഭൂഗർഭജല വകുപ്പ് നടപ്പിലാക്കി വരുന്നു. 2018-19 കാലഘട്ടത്തിൽ 1171 പെർമിറ്റുകൾ വിതരണം ചെയ്തിരുന്നു. വിശദാംശങ്ങൾ **അനുബന്ധം 3.5.9** ൽ രേഖപ്പെടുത്തിയിരിക്കുന്നു.

2017 ലെ സംസ്ഥാന ഭൂഗർഭജല കണക്കുപ്രകാരം, സംസ്ഥാനത്തെ ഭൂഗർഭജലത്തിന്റെ ആകെ വാർഷിക റീചാർജ്ജ് 5769.23 എം.സി.എം ഉം, വാർഷിക ഭൂഗർഭജല ലഭ്യത 5211.75 എം.സി.എം ഉം ആണ്. നിലവിൽ ജലസേചനത്തിനു വേണ്ടിയുള്ള ഭൂഗർഭജലം 1220.57 എം.സി.എം ഉം, എല്ലാ ആവശ്യങ്ങൾക്കും വേണ്ടിയുള്ള ഭൂഗർഭജലത്തിന്റെ തോത് 2652.77 എം.സി.എം ഉം ആണ്. നമ്മുടെ സംസ്ഥാനത്തെ ഭൂഗർഭജലത്തിന്റെ തോത് 51.27 ശതമാനമാണ്. ജില്ലാതലത്തിൽ ഏറ്റവും കൂടുതൽ കാസർഗോഡ് ജില്ലയിലാണ് (79.64 ശതമാനം), ഏറ്റവും കുറവ് വയനാട് ജില്ലയിലും (24.51 ശതമാനം). വിശദാംശങ്ങൾ **അനുബന്ധം 3.5.10** ൽ രേഖപ്പെടുത്തിയിരിക്കുന്നു.

2018-19, 2019-20 സാമ്പത്തികവർഷങ്ങളിലെ ജലസേചന വകുപ്പിന്റെ പദ്ധതി പുരോഗതികൾ

2018-19 കാലയളവിൽ ജലസേചന വകുപ്പിന്റെ പദ്ധതി വിഹിതം 557.03 കോടി രൂപയും, 2019-20 ൽ 517.71 കോടി രൂപയുമായിരുന്നു. പതിമൂന്നാം പഞ്ചവത്സരപദ്ധതിക്കാലത്ത് ചെറുകിട ജലസേചനത്തിനാണ് കൂടുതൽ ഊന്നൽ നൽകിയിരുന്നത് എങ്കിലും, പദ്ധതി വിഹിതത്തിൽ കൂടുതൽ തുക വകയിരുത്തിയിരുന്നത് വൻകിട ജലസേചന പദ്ധതികൾക്കായിരുന്നു. പദ്ധതി വിഹിതത്തിന്റേയും, കൈവരിച്ച ചിലവിന്റേയും വിശദാംശങ്ങൾ **അനുബന്ധം 3.5.11** ൽ രേഖപ്പെടുത്തിയിരിക്കുന്നു.

3.6 വനം, വന്യജീവി സംരക്ഷണം

സാമൂഹിക സാമ്പത്തിക സ്ഥിതികളിൽ വൻ വ്യതിയാനങ്ങളും, കാലാവസ്ഥാ മാറ്റംമൂലം വർദ്ധിച്ച കേടുപാടുകളും ഉണ്ടാകുന്ന സാഹചര്യമാണ് നിലവിലുള്ളത്. സംസ്ഥാനത്തെ വനവിഭവത്തിന്റേയും, വൃക്ഷസമ്പത്തിന്റേയും പരിപാലനത്തിൽ നടപ്പിലായി വരുന്ന സ്ഥിര സമ്പ്രദായം മാറേണ്ടതിന്റെ ആവശ്യകത മേൽപ്പറഞ്ഞ സാഹചര്യങ്ങൾ നിഷ്ക്കർഷിക്കുന്നു. കാലാവസ്ഥാവ്യതിയാനം മൂലം ജലദൗർലഭ്യം വർദ്ധിച്ചു വരുന്ന സാഹചര്യം നിലനിൽക്കുന്നുണ്ട്. ആയതിനാൽ, ശുദ്ധജലം ഉറപ്പാക്കുക എന്നതായിരിക്കണം സംസ്ഥാനത്തെ വനമേഖലയുടെ സുപ്രധാന പ്രവൃത്തി. "ദാഹിക്കുന്ന കേരളത്തിന് ശുദ്ധജലം" എന്നതാണ് വനപരിപാലനമേഖലയുടെ കാതലായ പ്രതിപാദ്യം.

സംസ്ഥാനത്തെ മൊത്തം ഭൂവിസ്തൃതിയുടെ 29.65 ശതമാനം വനമേഖലയായി രേഖപ്പെടുത്തിയവയാണ്. എന്നാൽ, റിസർവ്വഡ് വനമേഖലയ്ക്ക് പുറത്തുള്ള പ്രദേശവും കൂടാതെ, വനമേഖലയ്ക്കു പുറത്തുള്ള വൃക്ഷങ്ങളും കൂടി കണക്കിലെടുക്കുമ്പോൾ യഥാർത്ഥ വനവിസ്തൃതി ഇതിലും അധികമായിരിക്കും. ഫോറസ്റ്റ് സർവ്വേ ഓഫ് ഇന്ത്യയുടെ കണക്ക് പ്രകാരം, തോട്ടങ്ങൾ ഉൾപ്പെടെയുള്ള വനമേഖലയുടെ വിസ്തൃതി 21144 ച.കി.മീ ആണ്. സംസ്ഥാനത്തിന്റെ മൊത്തം ഭൂവിസ്തൃതിയുടെ 54.42 ശതമാനമാണിത്. സംസ്ഥാനത്തെ വനവിസ്തൃതിയിൽ 2.12 ശതമാനം വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ടെന്ന് കണക്കുകൾ രേഖപ്പെടുത്തുന്നു. വനമേഖലയെ ഇനംതിരിച്ച് നോക്കുമ്പോൾ, ആകെയുള്ള വനമേഖലയുടെ 9.15 ശതമാനം നിബിഡവനപ്രദേശവും, 44.96 ശതമാനം താരതമ്യേന നിബിഡവനപ്രദേശവും, 45.88 ശതമാനം തുറന്ന വനപ്രദേശവുമാണ്. 2019 ഫോറസ്റ്റ് സർവ്വേ ഓഫ് ഇന്ത്യയുടെ കണക്ക് പ്രകാരം 2017 കണക്കെടുപ്പിനേക്കാൾ 823 ച.കി.മീ വർദ്ധനവ് വനമേഖലയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. വനമേഖലയ്ക്കു പുറത്തുള്ള തോട്ടവിളകൾക്കുണ്ടായ വർദ്ധനവാണ് ഇതിന്റെ പ്രധാന കാരണം.

സംസ്ഥാനത്തെ വനമേഖലയുടെ ജില്ല തിരിച്ചുള്ള

ചിത്രം 3.6.1 കേരളത്തിലെ വനമേഖലയുടെ ജില്ല തിരിച്ചുള്ള വിസ്തീർണ്ണം (ച.കി.മീ)



അവലംബം: ഇന്ത്യ സ്റ്റേറ്റ് ഓഫ് ഫോറസ്റ്റ് റിപ്പോർട്ട് 2019

വിശദാംശങ്ങൾ **അനുബന്ധം 3.6.1** ൽ രേഖപ്പെടുത്തിയിരിക്കുന്നു. സംസ്ഥാനത്തെ മൊത്തം ഭൂവിസ്തൃതി 38852 ച.കി.മീ ആണ്. ഇതിൽ, 1935 ച.കി.മീ നിബിഡവനപ്രദേശവും, 9508 ച.കി.മീ താരതമ്യേന നിബിഡവനപ്രദേശവും, 9701 ച.കി.മീ തുറന്ന വനപ്രദേശവുമാണ്. സംസ്ഥാനത്ത് ഏറ്റവും അധികം വനമേഖലയുള്ള ജില്ല ഇടുക്കിയാണ് (3151 ച.കി.മീ), തുടർന്ന് പാലക്കാട് (2084ച.കി.മീ), മലപ്പുറം (1981 ച.കി.മീ) എന്നീ ജില്ലകളാണ്. ജില്ലകളുടെ ഭൂവിസ്തൃതിയിൽ വനമേഖലയുടെ തോത് നോക്കുമ്പോൾ 74 ശതമാനത്തോടെ പത്തനംതിട്ട വയനാട് ജില്ലകൾ മുന്നിൽ നിൽക്കുന്നു.

സ്വാഭാവിക വനങ്ങളുടെ പരിപാലനം

അതിക്രമങ്ങളിൽ നിന്നും, കാട്ടുതീയിൽ നിന്നും വനമേഖലയെ സംരക്ഷിക്കുക, നശിച്ചുപോയ വനങ്ങൾ പുനസ്ഥാപിക്കുക, ദുർബലമായ ആവാസവ്യവസ്ഥയെ സംരക്ഷിക്കുക, വനമേഖലകളെ സംയോജിപ്പിക്കുക, പങ്കാളിത്ത വനപരിപാലനം നടപ്പിലാക്കുക, നദീസംരക്ഷണം എന്നീ പ്രവൃത്തികളാണ് വനപരിപാലനത്തിന്റെ കീഴിൽ നടപ്പിലാക്കി വരുന്നത്. വനാതിർത്തികളുടെ സർവ്വേ, വനസംരക്ഷണ പ്രവൃത്തികൾ, നശിച്ചുപോയ വനങ്ങൾക്കു പകരം വൃക്ഷങ്ങൾ വച്ചു പിടിപ്പിക്കൽ മുതലായ പ്രവൃത്തികളാണ് പ്രധാനമായും 2018–19 സാമ്പത്തികവർഷത്തിൽ നടപ്പിലാക്കിയത്. വനമേഖലയിലുള്ള അതിക്രമം തടയുന്നതിന്റെ ഭാഗമായി 14618 ജണ്ടകൾ സ്ഥാപിച്ച് 700 കി.മീ നീളത്തിൽ വനാതിർത്തി സംരക്ഷണ പ്രവൃത്തികൾ നടപ്പിലാക്കുവാൻ 2018–19 കാലയളവിൽ സാധിച്ചു. കാട്ടുതീ നിയന്ത്രണരേഖകൾ നിർമ്മിച്ചും, വാച്ചർമാരെ നിയമിച്ചുമാണ് വനമേഖലയെ കാട്ടുതീയിൽ നിന്നും സംരക്ഷിച്ചത്. 3092.12 കി.മീ നീളത്തിൽ കാട്ടുതീ നിയന്ത്രണരേഖകൾ നിർമ്മിക്കുകയും, 93043 വാച്ചർമാരെ നിയമിക്കുകയും ചെയ്തു.

തോട്ടങ്ങളുടെ ഉല്പാദനക്ഷമത മെച്ചപ്പെടുത്തൽ

ഈടുള്ള തടികൾ, ഉറപ്പ് കുറഞ്ഞ തടികൾ, ഈറയും മുളയും, തോട്ടവിളകൾ, സമ്മിശ്രവിളകൾ എന്നിങ്ങനെ വനവൃക്ഷത്തോട്ടങ്ങളെ തരംതിരിക്കാവുന്നതാണ്. കട്ടിക്കൂടിയ തടിയിനങ്ങളിൽ പ്രധാന പങ്ക് വഹിക്കുന്നത് തേക്കാണ്. തോട്ടവിളകളുടെ 49 ശതമാനവും തേക്ക് മരങ്ങളാണ്. തേക്കിന്റെ വാർഷികപ്രതീക്ഷിത ഉല്പാദനം 5 ക്യൂബിക് മീറ്ററാണെങ്കിലും യഥാർത്ഥ ഉല്പാദനം വർഷത്തിൽ 2 ക്യൂബിക് മീറ്ററാണ്. 2018–19 ൽ, ഈടുള്ള തടിയിനങ്ങൾ പുതിയതായി 1494 ഹെക്ടറിൽ നട്ടുപിടിപ്പിക്കുകയും, 1228.42 ഹെക്ടറിൽ പരിപാലിക്കുകയും ചെയ്തു. വ്യാവസായിക ആവശ്യങ്ങൾക്കുള്ള അസംസ്കൃത വസ്തുക്കൾക്കായി 1555.12 ഹെക്ടറിൽ പുതിയതായി നട്ടുപിടിപ്പിച്ചും, 1347.55 ഹെക്ടർ പരിപാലിക്കുകയും ചെയ്തു. തടിയിതര വനവിഭവങ്ങളിൽ ഇത് യഥാക്രമം 403.95 ഹെക്ടറും, 306.25 ഹെക്ടറുമാണ്. വനമേഖലയിലുള്ള തോട്ടവിളകൃഷിയുടെ ഇനംതിരിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം 3.6.2** ൽ രേഖപ്പെടുത്തിയിരിക്കുന്നു.

വന്യമൃഗ സംഘർഷങ്ങൾക്കുള്ള പരിഹാരം

വന്യമൃഗസംഘർഷങ്ങൾ ലഘൂകരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വനംവകുപ്പ് സ്വീകരിച്ചിട്ടുണ്ടെങ്കിലും അവ പൂർണ്ണമായും പരിഹാരം കാണാനാകാതെ ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുന്നു. കാട്ടാനകളും, കാട്ടുപന്നികളുമാണ് ഏറ്റവുമധികം നാശനഷ്ടങ്ങൾ വിതയ്ക്കുന്നത്. ആനക്കിടങ്ങുകളുടെ നിർമ്മാണം, ആനകളുടെ ആക്രമണം തടയുന്നതിനുള്ള സംരക്ഷണഭിത്തികളുടെ നിർമ്മാണം, സൗരോർജ്ജ വേലികൾ സ്ഥാപിക്കൽ മുതലായ മാർഗ്ഗങ്ങളാണ് അവലംബിച്ചു വരുന്നത്. 798.36 കി.മീ നീളത്തിൽ സൗരോർജ്ജ വേലികൾ, 147.52 കി.മീ നീളത്തിൽ ആനക്കിടങ്ങുകൾ, 22.68 കി.മീ നീളത്തിൽ സംരക്ഷണഭിത്തികൾ, 0.26 കി.മീ നീളത്തിൽ കല്ലിന്റെ കിടങ്ങുകൾ, 164.46 കി.മീ നീളത്തിൽ കൈയ്യാലകൾ എന്നീ ഭൗതീകനേട്ടങ്ങൾ 2018–19 ൽ കൈവരിക്കുവാൻ സാധിച്ചു.

ഇത്രയും സംരക്ഷണ മാർഗ്ഗങ്ങൾ അവലംബിച്ചിട്ടും, മനുഷ്യമൃഗസംഘർഷങ്ങൾ നാൾക്കുനാൾ വർദ്ധിച്ചുവരുന്ന സാഹചര്യമാണുള്ളത്. 2017–18 കാലയളവിൽ 7229 സംഭവങ്ങൾ ആയിരുന്നു രേഖപ്പെടുത്തിയിരുന്നത്, എന്നാൽ 2018–19 ൽ അത് 7890 ആയി വർദ്ധിക്കുകയുണ്ടായി. കൃഷിനാശവും വസ്തുനഷ്ടങ്ങൾക്കുമായി 6631 സംഭവങ്ങളാണ് 2018–19 ൽ രേഖപ്പെടുത്തിയത്. പ്രസ്തുത കാലയളവിൽ വന്യജീവികളുടെ ആക്രമണത്തിന് ഇരയായവർക്ക് 11.15 കോടി രൂപയാണ് നഷ്ടപരിഹാര തുകയായി നൽകിയത്. വിശദാംശങ്ങൾ **പട്ടിക 3.6.1** ൽ നൽകിയിരിക്കുന്നു.

വന്യജീവിസംഘർഷങ്ങൾ കൂടുതലായുള്ള മേഖലകളിൽ സംസ്ഥാന സർക്കാർ ജനജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. ഇതുവരെയായി 204 ജനജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. ഇതിൽ തദ്ദേശഭരണ സ്ഥാപനപ്രതിനിധികൾ, തദ്ദേശവാസികൾ, വനംവകുപ്പ് ഉദ്യോഗസ്ഥർ എന്നിവർ ഉൾപ്പെടുന്നു. തങ്ങളുടെ പ്രവർത്തനമേഖലയിൽ സംഭവിക്കുന്ന മനുഷ്യമൃഗസംഘർഷങ്ങൾ രേഖപ്പെടുത്തുക, പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുക, തദ്ദേശവാസികൾക്ക് ഇത് സംബന്ധിച്ച അവബോധം നൽകുക മുതലായ കർത്തവ്യങ്ങൾ ജനജാഗ്രതാ സമിതിയിൽ നിക്ഷിപ്തമാണ്.

പട്ടിക 3.6.1 മനുഷ്യമൃഗ ഏറ്റുമുട്ടലുകളുടെ വിശദാംശങ്ങളും 2018–19 ൽ വിതരണം ചെയ്ത നഷ്ടപരിഹാര തുകയും

അപകടങ്ങൾ	പാമ്പുകടി (എണ്ണം)	ആന ആക്രമണം (എണ്ണം)	കാട്ടുപന്നി ആക്രമണം (എണ്ണം)	കാട്ടുപോത്ത് ആക്രമണം (എണ്ണം)	കടുവയുടെ ആക്രമണം (എണ്ണം)	പുള്ളിപ്പുലി ആക്രമണം (എണ്ണം)	മറ്റുള്ളവ	ആകെ എണ്ണം	നഷ്ടപരിഹാരം (രൂപയിലാണ്)
മനുഷ്യ ജീവഹാനി	123	17	5	0	0	0	1	146	2,42,66,000
മനുഷ്യർക്കേൽക്കുന്ന മുറിവുകൾ	541	46	169	1	0	0	8	765	2,58,42,862
കന്നുകാലിമരണം	11	29	24	3	125	104	52	348	88,38,825
കൃഷി, പാർപ്പിട നഷ്ടം	0	4063	1230	52	0	0	1286	6631	5,25,55,467
ആകെ	675	4155	1428	56	125	104	1347	7890	11,15,03,154

അവലംബം:- വനം വന്യജീവി വകുപ്പ്, കേരള സർക്കാർ

പട്ടികവർഗ്ഗക്കാരേയും മറ്റ് പരമ്പരാഗത വനവാസികളേയും സംബന്ധിച്ച (വനാവകാശം അംഗീകരിക്കൽ) – വനാവകാശ നിയമം 2006

വനമേഖലയെ ആശ്രയിച്ച് കഴിയുന്ന വിഭാഗങ്ങളുടെ വനാവകാശം അംഗീകരിക്കുക എന്നതാണ് വനാവകാശനിയമം 2006 ലക്ഷ്യമിടുന്നത്. സംസ്ഥാനത്ത് വനാവകാശനിയമം നടപ്പിലാക്കുന്നത് പട്ടികവർഗ്ഗ വികസന വകുപ്പാണ്. വനാവകാശനിയമ നടപടികൾ സംസ്ഥാനത്ത് നടപ്പിലാക്കുന്നത് 511 ഗ്രാമസഭകൾ, 14 സബ്ഡിവിഷണൽ കമ്മിറ്റികൾ, 12 ജില്ലാതല കമ്മിറ്റികൾ എന്നിവ മുഖാന്തിരമാണ്. 2019 ആഗസ്റ്റ് മാസത്തെ കണക്ക്പ്രകാരം വ്യക്തിഗതാവകാശങ്ങൾ, സാമൂഹിക അവകാശങ്ങൾ, വികസനഅവകാശങ്ങൾ എന്നീയിനങ്ങളിൽ യഥാക്രമം 25848, 174, 466 റ്റൈറ്റിലുകൾ വിതരണം ചെയ്തിട്ടുണ്ട്. വ്യക്തിഗതാനുകൂല്യങ്ങളുടെ വിശദാംശങ്ങൾ **അനുബന്ധം 3.6.3** ൽ രേഖപ്പെടുത്തിയിരിക്കുന്നു.

പ്രധാന വനവിഭവങ്ങളും വനത്തിൽ നിന്നുള്ള വരുമാനവും

വനവിഭവങ്ങളുടെ ഉല്പന്നങ്ങളിൽ മുൻപന്തിയിൽ നിൽക്കുന്നത് ചന്ദനമരമാണ് (98,834.30 കി.ഗ്രാം) തുടർന്ന് തേൻ ഉല്പന്നവും (39,021.25 കി.ഗ്രാം) തടിവിഭവങ്ങളുമാണ്(30,345.68 ക്യൂബിക് മീറ്റർ). തേനിന്റെ ഉല്പാദനം 41,729 കി.ഗ്രാമിൽ (2017–18) നിന്നും 39,021.25കി.ഗ്രാമായി (2018–19) കുറഞ്ഞെങ്കിലും, ചന്ദനത്തിന്റേയും, തടിയുടേയും, മുളയുടേയും ഉല്പാദനം വർദ്ധിച്ചതായിട്ടാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ചന്ദനത്തിന്റെ ഉല്പാദനം 81,169.02 കി.ഗ്രാമിൽ (2017–18) നിന്നും 98,834.30 കി.ഗ്രാം (2018–19) ആയും, തടിയുടെ ഉല്പാദനം 28,818.29 ക്യൂബിക് മീറ്ററിൽ (2017–18) നിന്നും 30,345.68 ക്യൂബിക് മീറ്റർ (2018–19) ആയി വർദ്ധിക്കുകയുണ്ടായി. അതുപോലെ മുളയുടെ ഉല്പാദനവും 7130.43 മെട്രിക് ടണ്ണിൽ(2017–18) നിന്നും 25447.89 മെട്രിക് ടണ്ണായി(2018–19) വർദ്ധനവ് രേഖപ്പെടുത്തുകയുണ്ടായി.

ചിത്രം 3.6.2 കേരളത്തിലെ വനങ്ങളിൽനിന്നുള്ള വരുമാനം (2014–15 മുതൽ– 2018–19 വരെ)



അവലംബം: വനം വകുപ്പ്, കേരള സർക്കാർ

പ്രധാന വനഉല്പന്നങ്ങളുടെ 2017–18 ലേയും 2018–19 ലേയും ഉല്പാദനവിശദാംശങ്ങൾ **അനുബന്ധം 3.6.4** ൽ നൽകിയിരിക്കുന്നു.

2014–15 മുതൽ 2018–19 വരെയുള്ള കാലയളവിൽ, തടിയിൽ നിന്നും മറ്റ് വനവിഭവങ്ങളിൽ നിന്നുമുള്ള വരുമാനത്തിന്റെ വിശദാംശങ്ങൾ **അനുബന്ധം 3.6.5** ൽ രേഖപ്പെടുത്തിയിരിക്കുന്നു. വന ഉല്പന്നങ്ങളിൽ നിന്നുള്ള വരുമാനവും, മറ്റ് വരുമാനങ്ങളും 2016–17 മുതൽ വർദ്ധിച്ചുവരുന്നതായിട്ടാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. 2016–17 ൽ 239.51 കോടി രൂപയിൽ നിന്നും 2017–18 ൽ 251.07 കോടി രൂപയായും തുടർന്ന് 2018–19 ൽ 273.08 കോടി രൂപയായും വർദ്ധിക്കുകയുണ്ടായി. വരുമാനത്തിൽ പ്രധാന പങ്ക് വഹിക്കുന്നത് തടിഉല്പന്നങ്ങളാണ്. തടിയിൽ നിന്നുള്ള വരുമാനം 234.55 കോടി രൂപയിൽ(2017–18)നിന്നും 259.05 കോടിയായി(2018–19) വർദ്ധിക്കുകയുണ്ടായി. വിശദാംശങ്ങൾ **ചിത്രം 3.6.2** ൽ സൂചിപ്പിക്കുന്നു.

സംസ്ഥാനത്തെ മൊത്തം മൂല്യവർദ്ധനവിൽ വനമേഖലയുടെ പങ്ക് 2017–18 ൽ 0.94 ശതമാനമായിരുന്നത്, 2018–19 ആയപ്പോൾ 0.87 ശതമാനമായി കുറയുകയുണ്ടായി. സംസ്ഥാനത്തെ മൊത്തം ആഭ്യന്തര ഉല്പാദനത്തിൽ പ്രാഥമിക മേഖലയുടെ വിഹിതം 2017–18 ൽ 9.06 ശതമാനമായിരുന്നത്, 2018–19 ൽ 8.31 ശതമാനമായി കുറഞ്ഞു. വിശദാംശങ്ങൾ **അനുബന്ധം 3.6.6** ൽ രേഖപ്പെടുത്തിയിരിക്കുന്നു.

ജൈവവൈവിദ്ധ്യ സംരക്ഷണവും സംരക്ഷണമേഖലയുടെ പരിപാലനവും

വന്യജീവി സംരക്ഷണവും, ജൈവവൈവിദ്ധ്യ സംരക്ഷണവും ഈ കാലഘട്ടത്തിൽ കൂടുതൽ പ്രാധാന്യമർഹിക്കുന്നു. ദേശീയ ഉദ്യാനങ്ങൾ, വന്യജീവിസങ്കേതങ്ങൾ, കമ്മ്യൂണിറ്റി റിസർവ്വുകൾ തുടങ്ങിയ സംരക്ഷിത പ്രദേശങ്ങൾ ഉൾപ്പെട്ട 3213.237 ച.കി.മീ വനപ്രദേശം പരിപാലിക്കുന്നത് വന്യജീവി വിഭാഗമാണ്. വിശദാംശങ്ങൾ **അനുബന്ധം 3.6.7** ൽ രേഖപ്പെടുത്തിയിരിക്കുന്നു. എല്ലാ സംരക്ഷിത പ്രദേശങ്ങളും പരിപാലിക്കുന്നത് അംഗീകൃത നിർവ്വഹണ പദ്ധതി പ്രകാരവും, കടുവസംരക്ഷണ പദ്ധതിപ്രകാരവുമാണ്. സംരക്ഷണമേഖല ഉൾപ്പെടെയുള്ള വനപ്രദേശങ്ങളിലാണ് വന്യജീവി സെൻസസ് നടപ്പിലാക്കുന്നത്.

വന്യജീവി സങ്കേതങ്ങളുടെ നിർവ്വഹണരീതിയിലുണ്ടായ നേട്ടങ്ങൾ

ദേശീയ കടുവാ സംരക്ഷണ നേതൃത്വത്തിന്റെ (എൻ.റ്റി.സി.എ) അവലോകന റിപ്പോർട്ട് പ്രകാരം 2018 ൽ പെരിയാർ, പറമ്പിക്കുളം കടുവ സംരക്ഷണ കേന്ദ്രങ്ങൾക്ക് യഥാക്രമം ഒന്നും ഏഴും സ്ഥാനങ്ങൾ ലഭിക്കുകയുണ്ടായി.

ഒരു കാലത്ത് ആദിവാസി വിഭാഗത്തിലുള്ളവർ ധാരാളമായി ചെറുധാന്യങ്ങൾ കൃഷി ചെയ്തിരുന്നു. കാലഹരണപ്പെട്ട ഇത്തരം വൈവിദ്ധ്യമാർന്ന ചെറുധാന്യങ്ങൾ പുനരുജ്ജീവിപ്പിക്കുന്നതിന്റെ ഭാഗമായി ചിന്നാർ വന്യജീവി സങ്കേതത്തിലെ തായന്നൻകുടി ആദിവാസി ഊരുകളിൽ ഒരു പദ്ധതി നടപ്പിലാക്കിയിരുന്നു. ഈ പദ്ധതിയലൂടെ 26 വിധത്തിലുള്ള ചെറുധാന്യങ്ങൾ പുനരുജ്ജീവിപ്പിക്കാൻ സാധിച്ചു. 2018 ലെ "പ്ലാന്റ് ജനോം സേവ്യർ ദേശീയ അവാർഡ്" ഈ പദ്ധതിയ്ക്ക് ലഭിക്കുകയുണ്ടായി.

നാട്ടാനകളുടെ പരിപാലനം നടപ്പിലാക്കുന്നത് 2012 ലുള്ള നിയമത്തിനനുസൃതമായിട്ടാണ്. 31.03.2019 ലെ കണക്ക്പ്രകാരം സംസ്ഥാനത്ത് ഇത്തരത്തിലുള്ള 515 ആനകൾ ഉണ്ടെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്. മതപരമായ ചടങ്ങുകൾക്കും, ഉത്സവാഘോഷയാത്രകൾക്കുമാണ് പ്രധാനമായും ഇവയെ ഉപയോഗിക്കുന്നത്. തെരഞ്ഞെടുത്ത നാട്ടാനകളുടെ നിരീക്ഷണം നടത്തുന്നതിന് ഒരു വെബ് പോർട്ടൽ സമ്പ്രദായം 2018–19 ൽ ആരംഭിച്ചിരുന്നു. തെരഞ്ഞെടുക്കപ്പെട്ട 96 നാട്ടാനകളെ രണ്ടാഴ്ചയിലൊരിക്കൽ നിരീക്ഷിച്ചുവരുന്നു.

സാമൂഹിക വനവത്ക്കരണം

നമ്മുടെ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ പച്ചപ്പ് വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടു കൂടിയാണ് ഹരിതകേരളം പദ്ധതി ആരംഭിച്ചത്. സ്കൂളുകളിലും മറ്റ് ഉന്നതവിദ്യഭ്യാസ സ്ഥാപനങ്ങളിലും തൈകൾ സൗജന്യമായി നൽകിയും, പൊതുസ്ഥലങ്ങളിൽ ചെടികൾ നട്ടുപിടിപ്പിച്ചുമാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കി വരുന്നത്. 2018–19 കാലയളവിൽ, ഘട്ടം10 ലൂടെ 78.15 ലക്ഷം വൃക്ഷതൈകൾ വിതരണം നടത്തുകയുണ്ടായി. സാമൂഹിക വനവത്ക്കരണത്തിലൂടെ വിതരണം ചെയ്ത വൃക്ഷത്തൈകളുടെ വിശദാംശങ്ങൾ **അനുബന്ധം 3.6.8** ൽ രേഖപ്പെടുത്തിയിരിക്കുന്നു. "വഴിയോരത്തണൽ" പദ്ധതിയിലൂടെ 17456 വൃക്ഷത്തൈകൾ 2018–19 ൽ നട്ടുപിടിപ്പിച്ചു.

സ്വകാര്യഭൂമിയിൽ കൂടുതൽ മരങ്ങൾ നട്ടുപിടിപ്പിച്ച് തടി ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ധനസഹായം നൽകി വരുന്നു. വ്യക്തിഗത കർഷകർ, വനസംരക്ഷണ സമിതികൾ, ഇക്കോഡവലപ്മെന്റ് കമ്മിറ്റികൾ, കുടുംബശ്രീ യൂണിറ്റുകൾ, സ്വയം സഹായസംഘങ്ങൾ, കർഷക സഹകരണ സംഘങ്ങൾ, എൻ.ജി.ഒ കൾ എന്നിവരിലൂടെയാണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്. 2018–19 സാമ്പത്തികവർഷത്തിൽ 3.10 ലക്ഷം രൂപ കർഷകർക്ക് ധനസഹായം

പട്ടിക 3.6.2: 2018 ആഗസ്റ്റ് മാസത്തിലെ പേമാരിയും വെള്ളപ്പൊക്കവുംമൂലം ഉണ്ടായ നാശനഷ്ടങ്ങളുടെ വിശദാംശങ്ങൾ

ക്രമ നമ്പർ	നാശനഷ്ടങ്ങളുടെ വിശദാംശങ്ങൾ	ആകെ (കോടിയിൽ)
1	റോഡുകൾ, പാലങ്ങൾ, കലിങ്കുകൾ എന്നിവയ്ക്കുണ്ടായ നാശനഷ്ടങ്ങൾ	38.18
2	കെട്ടിടങ്ങൾ, കോംമ്പൗണ്ട് വാളുകൾ, ക്യാമ്പ് ഷെഡുകൾ, വയര്ലസ് സ്റ്റേഷനുകൾ എന്നിവയ്ക്കുണ്ടായ നാശനഷ്ടങ്ങൾ	21.51
3	ആനക്കിടങ്ങുകൾ, ആനകളുടെ ആക്രമണം തടയുന്നതിനുള്ള സംരക്ഷണഭിത്തികൾ, സൗരോർജ്ജ വേലികൾ	15.18
4	മണ്ണിടിച്ചിൽമൂലം വനമേഖലയിലുണ്ടായ നാശനഷ്ടങ്ങൾ	12.00
5	തോട്ടവിളകൾ, നഴ്സറികൾ മുതലായവയ്ക്കുണ്ടായ നാശനഷ്ടങ്ങൾ	11.32
6	വാസസ്ഥലം പുനസ്ഥാപിക്കൽ	6.00
7	ഉപകരണങ്ങൾക്കുണ്ടായ കേടുപാടുകൾ ഉദാ: വയർലസ് കമ്പ്യൂട്ടർ, സൗരോർജ്ജ യൂണിറ്റ്, ബോട്ടുകളുടെ എഞ്ചിൻ	2.87
	ആകെ	107.06

അവലംബം: വനം, വന്യജീവി വകുപ്പ്, കേരള സർക്കാർ

പട്ടിക 3.6.3: 2019 ആഗസ്റ്റ് മാസത്തിലെ പേമാരിയും വെള്ളപ്പൊക്കവുംമൂലം ഉണ്ടായ നാശനഷ്ടങ്ങളുടെ വിശദാംശങ്ങൾ

ക്രമ നമ്പർ	നാശനഷ്ടങ്ങളുടെ വിശദാംശങ്ങൾ	ആകെ (കോടിയിൽ)
1	റോഡുകൾ, പാലങ്ങൾ, കലിങ്കുകൾ, ചപ്പാത്തുകൾ എന്നിവയ്ക്കുണ്ടായ നാശനഷ്ടങ്ങൾ	9.72
2	കെട്ടിടങ്ങൾ, കോംമ്പൌണ്ട് വാളുകൾ, ക്യാമ്പ് ഷെഡുകൾ, വയര്ലസ് സ്റ്റേഷനുകൾ, ആനക്കിടങ്ങുകൾ, ആനകളുടെ ആക്രമണം തടയുന്നതിനുള്ള സംരക്ഷണഭിത്തികൾ, സൗരോർജ്ജ വേലികൾ, അഴി വേലികൾ എന്നിവയ്ക്കുണ്ടായ നാശനഷ്ടങ്ങൾ	8.02
3	ഉരുൾപൊട്ടലും മണ്ണിടിച്ചിലും മൂലമുണ്ടായ നാശനഷ്ടങ്ങൾ	5.07
4	തോട്ടവിളകൾ, നഴ്സറികൾ, തടിവില്പനശാലകൾ മുതലായവയ്ക്കുണ്ടായ നാശനഷ്ടങ്ങൾ	5.99
5	വാസസ്ഥലത്തിനുണ്ടായ നാശനഷ്ടങ്ങൾ	2.25
6	വയര്ലസ് കമ്പ്യൂട്ടറുകൾ, സൌരോർജ്ജ യൂണിറ്റ്, ബോട്ടുകളുടെ എഞ്ചിൻ തുടങ്ങിയവയ്ക്കുണ്ടായ നാശനഷ്ടങ്ങൾ	0.40
	ആകെ	31.47

അവലംബം: വനം, വന്യജീവി വകുപ്പ്, കേരള സർക്കാർ

നൽകുകയുണ്ടായി.

2018 ലേയും 2019 ലേയും വെള്ളപ്പൊക്ക ദുരിതങ്ങൾ

2018 ലെ പി.ഡി.എൻ.എ റിപ്പോർട്ട് പ്രകാരം, റവന്യൂ വകുപ്പിന്റെ അധീനതയിലുള്ള പ്രദേശങ്ങളിൽ 342 സ്ഥലങ്ങളിലായി ഉരുൾപ്പൊട്ടലുകൾ ഉണ്ടായിട്ടുണ്ട്. ഭൂരിഭാഗം ഉരുൾപ്പൊട്ടലുകളും വനാതിർത്തിയിലാണ് ഉണ്ടായിട്ടുള്ളത്. വനമേഖലയെ വിഭജിക്കുന്നത് ഇത്തരം ഉരുൾപൊട്ടലിന് കാരണമാകുന്നുണ്ട്. നിർമ്മാണപ്രവൃത്തികൾക്കായി കുന്നിൻചെരുവുകളെ 3 മീ. ൽ കൂടുതൽ വിച്ഛേദിക്കുന്നത് മൂലം മലൻചെരുവകൾക്ക് അസ്ഥിരത ഉണ്ടാകുന്നു. കൂടാതെ മലൻചെരുവിലെ തടയണകളുടെ നിർമ്മാണവും, പരിസ്ഥിതിലോല പ്രദേശങ്ങളിലെ ഖനനവും പ്രശ്നങ്ങളുടെ ഗുരുതരാവസ്ഥ വർദ്ധിപ്പിക്കുന്നു. വനമേഖലകളിൽ മണ്ണിടിച്ചിൽ ഉണ്ടായതിനാൽ മണ്ണിന്റെ തനതായ ജൈവഗുണങ്ങൾ നഷ്ടപ്പെട്ടു. വനമേഖലയിലെ ഉരുൾപ്പൊട്ടൽമൂലം ഏറ്റവുമധികം നാശനഷ്ടമുണ്ടായത് ജൈവവൈവിദ്ധ്യത്താൽ സംപുഷ്ടമായ കുരിച്ചിയാർ മലയിലാണ്. കൊട്ടിയൂർ വന്യജീവി സങ്കേതത്തിലും, ഇരവിക്കുളം ദേശീയ ഉദ്യാനത്തിലെ പ്രദേശമായ കരിയൊമ്പിലും, സൈലന്റ് വാലി ദേശീയ പാർക്കിലെ ചില സ്വകാര്യ പ്രദേശങ്ങളിലും ഉരുൾപ്പൊട്ടൽ ഉണ്ടായെങ്കിലും സംരക്ഷിത വനപ്രദേശങ്ങളിൽ നാശനഷ്ടങ്ങൾ താരതമ്യേന കുറവാണ്. പെരിയാർ നദിക്കരയിൽ നാശനഷ്ടങ്ങൾ സംഭവിച്ചതിനാലും, പക്ഷികളുടെ വാസസ്ഥലത്ത് മണ്ണും ചെളിയും അടിഞ്ഞതിനാലും തട്ടേക്കാട് പക്ഷിസങ്കേതത്തെ പ്രളയം സാരമായി ബാധിക്കുകയുണ്ടായി (ഉറവിടം: പി.ഡി.എൻ.എ റിപ്പോർട്ട് 2018). വെള്ളപ്പൊക്കംമൂലമുണ്ടായ നാശനഷ്ടങ്ങൾ സംബന്ധിച്ച് വനം, വന്യജീവി വകുപ്പ് തയ്യാറാക്കിയ കണക്കുകളുടെ സംക്ഷിപ്ത രൂപം പട്ടികകളിൽ രേഖപ്പെടുത്തിയിരിക്കുന്നു. **(പട്ടിക. 3.6.2, 3.6.3).**

3.7 പരിസ്ഥിതി

ഇന്ത്യൻ ഉപദ്വീപിലെ പശ്ചിമഘട്ടത്തിനഭിമുഖമായി 8° 8' മുതൽ 18° 48' വടക്കൻ അക്ഷാംശത്തിനും 74° 4' മുതൽ 77° 50' കിഴക്കൻ രേഖാംശത്തിനും ഇടയിലാണ് കേരളം സ്ഥിതി ചെയ്യുന്നത്. ഇന്ത്യൻ ഉപദ്വീപിലെ ഉഷ്ണമേഖലാപ്രദേശത്ത് സ്ഥിതി ചെയ്യുന്ന കേരളം 38863 ച.കി.മീ വ്യാപിച്ച് കിടക്കുന്നു. ഇത് രാജ്യത്തിന്റെ മൊത്തം ഭൂവിസ്തൃതിയുടെ 1.2 ശതമാനമാണ്. സംസ്ഥാനത്തിന്റെ മൊത്തം വിസ്തൃതിയിലെ 78 ശതമാനവും കൃഷിയ്ക്കും വാസസ്ഥലത്തിനുമാണ് ഉപയോഗിക്കുന്നത്. ബാക്കി 22 ശതമാനം വനത്തിനും വനത്തോട്ടത്തിനും കീഴിലാണ്. ഭൂവിനിയോഗരീതിയിലെ മാറ്റം, പ്രകൃതി വിഭവങ്ങളുടെ അമിത ചൂഷണം, വായുജലമലിനീകരണം, കാലാവസ്ഥാ വ്യതിയാനം, അതിന്റെ അനന്തരഫലങ്ങൾ എന്നിവ നമ്മുടെ പരിതസ്ഥിതിയുടെ ജൈവവൈവിദ്ധ്യത്തിലും പ്രതികൂല മാറ്റങ്ങൾ കാണിക്കുന്നു. കഴിഞ്ഞ കുറച്ച് വർഷങ്ങളായി, കാലാവസ്ഥാ വ്യതിയാനങ്ങളുടെ ആഘാതം, മഴലഭ്യതയിലെ കുറവ്, പ്രകൃതി ദുരന്തങ്ങളിലെ വർദ്ധനവ്, കനത്ത മഴ, ചുഴലിക്കാറ്റുകൾ തുടങ്ങിയ പ്രകൃതി ദുരന്തങ്ങൾ തുടർച്ചയായി സംസ്ഥാനം അഭിമുഖീകരിച്ചു വരുന്നു.

കാലാവസ്ഥാ വ്യതിയാനം

കാലാവസ്ഥ എന്നത് ജനങ്ങളുടെ മൊത്തത്തിലുള്ള ജീവനോപാധികളെ ബാധിക്കുന്ന ഒരു നിർണ്ണായക ഘടകമാണ്. 1901–2012 കാലയളവിൽ ആഗോളതലത്തിൽ അന്തരീക്ഷത്തിലെ താപനിലയുടെ അളവ് 0.9 ഡിഗ്രി സെൽഷ്യസ് വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട് (ഐ.പി.സി.സി 2013). ഐ.പി.സി.സി യുടെ ഏറ്റവും പുതിയ റിപ്പോർട്ട് (2018) പ്രകാരം 2030 ന് മുൻപ് തന്നെ ഇത് 1.5 ഡിഗ്രി സെൽഷ്യസിനും മുകളിൽ എത്തിച്ചേരുമെന്ന് കണക്കാക്കുന്നു. ഭാരതത്തിലെ കാലാവസ്ഥ വളരെ വിഭിന്നമായ സ്വഭാവം കാണിക്കുന്നതാണ്. ഭൂമിശാസ്ത്രപരമായും വിഭിന്ന സീസണുകളിലും സാധാരണ അളവിൽ നിന്നും പ്രകടമായ വ്യത്യാസങ്ങൾ കാണിക്കുന്നുണ്ട്. ഐ.പി.സി.സി യുടെ 2018 ലെ റിപ്പോർട്ട് പ്രകാരം കാലാവസ്ഥാ വ്യതിയാനത്തിന്റെ ദൂഷ്യഫലങ്ങൾ ഏറ്റവും ദോഷകരമായി ബാധിക്കുന്ന രാജ്യങ്ങളിൽ ഒന്ന് ഇന്ത്യയാണ്. ഇത് കാർഷിക വിളകളുടെ ഉല്പാദനത്തിൽ കുറവ് വരുത്തുകയും, അപ്രതീക്ഷിത കാലാവസ്ഥാ മാറ്റങ്ങൾക്ക് കാരണമാവുകയും അതുവഴി 2050 ഓടു കൂടി ദാരിദ്ര്യത്തിന്റെ അളവ് വർദ്ധിപ്പിക്കുകയും ചെയ്യും. ഇന്ത്യയിലെ ജനങ്ങളിൽ ഭൂരിഭാഗവും വസിക്കുന്നത് കാലാവസ്ഥ ലോലമായ പ്രദേശത്തായതിനാലും ജനങ്ങൾ കാലാവസ്ഥയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനാലും ഭാവിയിൽ കാലാവസ്ഥാ വ്യതിയാനം അവരുടെ ജീവനോപാധികളെ ദോഷമായി ബാധിക്കാൻ സാധ്യതയുണ്ട്.

കാലാവസ്ഥാ പഠന ആവശ്യങ്ങൾക്കായി കേരളത്തെ മുഴുവൻ ഒരു കാലാവസ്ഥാ ഉപവിഭാഗമായി തിരിച്ചിരിക്കുന്നു. കഴിഞ്ഞ തെക്ക് പടിഞ്ഞാറൻ കാലവർഷത്തിൽ (2018 ജൂൺ 1 മുതൽ സെപ്റ്റംബർ 30 വരെ) കേരളത്തിൽ ലഭിച്ച യഥാർത്ഥ മഴ 2,515.7 മില്ലി മീറ്ററാണ്. ഇത് സാധാരണ മഴലഭ്യതയായ 2039.7 മില്ലി മീറ്ററിനേക്കാൾ 23 ശതമാനം വ്യതിയാനം കാണിക്കുന്നു. കേരളത്തിലെ 14 ജില്ലകളിൽ 7 ജില്ലകളിൽ മഴലഭ്യത സാധാരണ നിലയിലും മറ്റ് 7 ജില്ലകളിൽ അധികമഴ ലഭ്യതയും രേഖപ്പെടുത്തി. ഇടുക്കി ജില്ലയിൽ രേഖപ്പെടുത്തിയ 3794 മില്ലി മീറ്ററാണ് ഏറ്റവും കൂടുതൽ മഴ രേഖപ്പെടുത്തിയത്. ഇത് സാധാരണ മഴലഭ്യതയിൽ നിന്നും(+) 67 ശതമാനം വ്യതിയാനം കാണിക്കുന്നു. സാധാരണയിൽ നിന്നും 17 ശതമാനം വ്യതിയാനത്തോടെ ഏറ്റവും കുറവ് മഴ രേഖപ്പെടുത്തിയത് തിരുവനന്തപുരം ജില്ലയിലാണ് (1023.7 മില്ലി.മീറ്റർ). 2018, ആഗസ്റ്റ് മാസത്തിന്റെ ആദ്യപകുതിയിൽ കഴിഞ്ഞ 9 ദശാബ്ദങ്ങളിലെ ഏറ്റവും കനത്ത വെള്ളപ്പൊക്കമാണ് കേരളം അഭിമുഖീകരിച്ചത്. 2018 ആഗസ്റ്റ് മാസത്തിലെ മഴ ലഭ്യതയിൽ ഉണ്ടായ ശ്രദ്ധേയമായ കാര്യമെന്തെന്നാൽ സാധാരണ മഴ ലഭ്യമാകുന്നയിടങ്ങളിൽ നിന്നും വ്യത്യസ്തമായ

പ്രദേശങ്ങളിലാണ് അധിക മഴ ലഭ്യമായത്. 196 ശതമാനം അധികം മഴയാണ് ഈക്കാലയളവിൽ അനുഭവപ്പെട്ടത്. സംസ്ഥാനത്തിന്റെ തെക്കൻ പ്രദേശങ്ങളിൽ വാർഷിക മഴയുടെ അളവ് 180 സെന്റീ മീറ്ററും വടക്ക് പ്രദേശങ്ങളിൽ 360 സെന്റീ മീറ്ററും ലഭിക്കുന്നു. കേരളത്തിന്റെ ഉയർന്ന ജനസാന്ദ്രത, കാലാവസ്ഥയെ ആശ്രയിച്ചുള്ള കൃഷി, മത്സ്യബന്ധന മേഖലകളുടെ പ്രാമുഖ്യം ഇവയൊക്കെ കാരണം കാലാവസ്ഥാ വ്യതിയാനം മൂലമുള്ള മാറ്റങ്ങൾക്ക് സംവേദനീയമാണ്. ഇതിനു പുറമേ കേരളം അപകട സാധ്യത കൂടിയ ചുഴലിക്കാറ്റ്, വരൾച്ച, വെള്ളപ്പൊക്കം എന്നിവയ്ക്ക് സാധ്യതയുള്ള പ്രദേശം കൂടിയാണ്. കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ചുള്ള കേരളത്തിന്റെ കർമ്മ പരിപാടിയിൽ കണ്ടെത്തിയിട്ടുള്ള ഒട്ടും സുരക്ഷിതമല്ലാത്ത 4 ജില്ലകളാണ് ആലപ്പുഴ, പാലക്കാട്, വയനാട്, ഇടുക്കി എന്നിവ.

ഐ.എം.ഡി യുടെ കണക്ക് പ്രകാരം കഴിഞ്ഞ 43 വർഷക്കാലയളവിൽ ശരാശരി താപനിലയിൽ 0.6 ഡിഗ്രി സെൽഷ്യസ് വർദ്ധനവ് കേരളത്തിൽ ഉടനീളം രേഖപ്പെടുത്തിയിട്ടുണ്ട്. കാലാവസ്ഥാ വ്യതിയാനത്തിന്റെ മാറിയ കാലഘട്ടത്തിൽ 2050 ഓടുകൂടി താപനില 2 ഡിഗ്രി സെൽഷ്യസ് വർദ്ധിക്കുകയും അടുത്ത 100 വർഷത്തിൽ കടലിലെ ജലനിരപ്പ് 100 മുതൽ 200 മി.മീ വരെ ഉയരുകയും ചെയ്യും എന്ന് കണക്കാക്കപ്പെടുന്നു. കടലോരമേഖലയിൽ കാലാവസ്ഥാ വ്യതിയാനത്തിന്റെ ദൂഷ്യഫലങ്ങൾ കൂടുതലായി അനുഭവപ്പെടും. കാലാവസ്ഥയെ ആശ്രയിച്ചുള്ള മേഖലകളായ കൃഷി, മത്സ്യബന്ധനം, വനവികസനം, ജലസംരക്ഷണം, ആരോഗ്യമേഖല എന്നിവയുടെമേലുള്ള അമിതമായ ആശ്രയത്വം കേരളത്തിന്റെ വികസന പ്രക്രിയയിൽ ദൂരവ്യാപക ഫലങ്ങൾ ഉളവാക്കും (എസ്.എ.പി.സി.സി 2014).

പരിസ്ഥിതി ഗുണനിലവാരം

പരിസ്ഥിതി മലിനീകരണം കേരളം നേരിടുന്ന വലിയ വിപത്തുകളിൽ ഒന്നാണ്. ഇത് പ്രധാനമായും നദീജലമലിനീകരണം, ശബ്ദമലിനീകരണം, നഗര–ഗ്രാമ പ്രദേശങ്ങളിൽ ഉല്പാദിപ്പിക്കപ്പെടുന്ന മാലിന്യം തുടങ്ങിയവയാണ്. ഇത്തരം വിപുലമായ പ്രശ്നങ്ങൾക്ക് വിവിധ നിയന്ത്രണ ഏജൻസികളുടെ സാങ്കേതികമായ ശ്രദ്ധ ആവശ്യമാണ്. ജലത്തിലേയും വായുവിലേയും മലിനീകരണം പരിമിതപ്പെടുത്തി പരിസ്ഥിതിയുടെ ഗുണനിലവാരം മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് പ്രവർത്തിക്കുകയും ഇതിനായി അടിസ്ഥാന സർവ്വേകളും തുടർച്ചയായ നിരീക്ഷണ സംവിധാനങ്ങളും ഏർപ്പെടുത്തി വരുകയും ചെയ്യുന്നു.

വായുഗുണനിലവാര നിരീക്ഷണം

കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് സംസ്ഥാനത്തെ 34 സ്ഥലങ്ങളിൽ അന്തരീക്ഷ വായുവിന്റെ ഗുണനിലവാരം നിരീക്ഷിക്കുന്നു. ഈ സ്റ്റേഷനുകൾ വ്യാവസായികം, വാണിജ്യം, വാസയോഗ്യം, സെൻസിറ്റീവ് എന്നീ വിഭാഗങ്ങളിൽ ഉൾപ്പെടുന്നു. 34 സ്റ്റേഷനുകളിൽ 28 എണ്ണം ദേശീയ ആംബിയന്റ് എയർ ക്വാളിറ്റി മോണിറ്ററിംഗ് പ്രോഗ്രാമിനു കീഴിലും (എൻ.എ.എം.പി) 6 എണ്ണം സംസ്ഥാന ആംബിയന്റ് എയർ ക്വാളിറ്റി മോണിറ്ററിംഗ് പ്രോഗ്രാമിനു(എസ്.എ.എം.പി) കീഴിലുമാണ്. സൾഫർ ഡയോക്സൈഡ്, നൈട്രജൻ ഓക്സൈഡുകൾ, റെസ്പിറബിൾ സസ്പെന്റഡ് കണികാ പദാർത്ഥം (ക്ലാസ്സ് 10 മൈക്രോൺ വലിപ്പം) എന്നിവ പതിവായി നിരിക്ഷിക്കുന്നു. ആഴ്ചയിൽ രണ്ട് ദിവസം സാമ്പിൾ ആവൃത്തി എന്ന രീതിയിൽ 24 മണിക്കൂർ ആംബിയന്റ് എയർ ക്വാളിറ്റി മോണിറ്ററിംഗ് നടത്തുന്നു. 2018 ൽ ആലപ്പുഴ(1), എറണാകുളം (6), പാലക്കാട്(2), കോഴിക്കോട് (2), വയനാട് (1), കണ്ണൂർ (1) എന്നിവിടങ്ങളിലെ 13 സ്റ്റേഷനുകളിൽ പി.എം 2.5 നിരീക്ഷണം ആരംഭിച്ചു. ദേശീയ ആംബിയന്റ് വായു ഗുണനിലവാര പ്രോഗ്രാമിനു കീഴിൽ 4 സ്റ്റേഷനുകൾ – പത്തനംതിട്ടയിലെ തിരുവല്ല (റെസിഡൻഷ്യൽ), വയനാട്ടിലെ കൽപ്പറ്റ(റെസിഡൻഷ്യൽ), തൃശ്ശൂരിലെ പെരിങ്ങാണ്ടോർ (വ്യവസായം), എന്നിവയും ബി.ഇ.എം.എൽ, പാലക്കാട് (വ്യവസായം), എന്നിവ സംസ്ഥാന വായു ഗുണനിലവാര പദ്ധതിയ്ക്ക് കീഴിലും സ്ഥാപിച്ചു. കൂടാതെ മുൻപ് എസ്.എ.എം.പി യ്ക്ക് കീഴിൽ ഉണ്ടായിരുന്ന എറണാകുളത്തെ കുറ്റിപ്പാടം എന്ന സ്റ്റേഷൻ എൻ.എ.എം.പി യ്ക്ക് കീഴിൽ പുനർനിശ്ചയിച്ചു. എൻ.എ.എം.പി യുടെ സ്റ്റാന്റേർഡ് അനുസരിച്ചാണ് ഈ സ്ഥാപനങ്ങളിലും മോണിറ്ററിംഗും വിശകലനവും നടത്തുന്നത്.

കേരളത്തിലെ തെരഞ്ഞെടുത്ത 10 നിരീക്ഷണ കേന്ദ്രങ്ങളിൽ ലഭ്യമായ വിവരങ്ങൾപ്രകാരം സൾഫർ ഡൈ ഓക്സൈഡിന്റേയും നൈട്രജൻ ഓക്സൈഡിന്റേയും ആർ.എസ്.പി.എം ന്റേയും അളവ് കോഴിക്കോട്, എറണാകുളം ജില്ലകൾ ഒഴികെ അനുവദനീയമായ പരിധിക്കുള്ളിലായിരുന്നു (**ചിത്രം 3.7.1**). സെൻസിറ്റീവ് വിഭാഗത്തിൽ വായുഗുണനിലവാരം പരിശോധിക്കുന്നതിന് നിരീക്ഷണകേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുള്ള വയനാട്, തിരുവനന്തപുരം ജില്ലകളിൽ വായുഗുണനിലവാരം അനുവദനീയമായ പരിധിക്കുള്ളിലാണ്. വ്യവസായിക വിഭാഗത്തിൽ സ്ഥാപിച്ചിട്ടുള്ള 11 നിരീക്ഷണ കേന്ദ്രങ്ങളിൽ എറണാകുളം മാത്രമാണ് ആർ.എസ്.പി.എം ന്റ അളവിൽ അനുവദനീയമായ പരിധി കഴിഞ്ഞിട്ടുള്ളത്. എസ്.ഒ 2, നൈട്രജൻ ഓക്സൈഡ് അളവുകൾ എല്ലാ ജില്ലകളിലും അനുവദനീയമായ പരിധിക്കുള്ളിലാണ് (**ചിത്രം 3.7.2**). തുടർച്ചയായ വായുഗുണ നിലാവര

ചിത്രം 3.7.1 കേരളത്തിലെ ജനവാസ കേന്ദ്രങ്ങളിലുള്ള 10 നിരീക്ഷണ കേന്ദ്രങ്ങളിലെ വായുമലിനീകരണത്തിന്റെ വാർഷിക ശരാശരി മൂല്യങ്ങൾ



അവലംബം : ജല-വായു ഗുണനിലവാര ഡയറക്ടറി 2018, കെ.എസ്.പി.സി.ബി

ചിത്രം 3.7.2 2018 ൽ കേരളത്തിലെ സെൻസിറ്റീവായ മൂന്ന് നിരീക്ഷണ കേന്ദ്രങ്ങളിലെ വായു മലിനീകരണത്തിന്റെ അളവ്



അവലംബം:-ജലവായു ഗുണനിലവാര ഡയറക്ടറി 2018, കെ.എസ്.പി.സി.ബി

നിരീക്ഷണ സംവിധാനം ഓരോന്ന് വീതം തിരുവനന്തപുരം, കൊല്ലം, കോഴിക്കോട് ജില്ലകളിലും മൂന്ന് സ്റ്റേഷനുകൾ എറണാകുളം ജില്ലയിലും സ്ഥാപിച്ചു. ഇതിനു പുറമേ തൃശ്ശൂർ, കണ്ണൂർ, തിരുവനന്തപുരം ജില്ലകളിലായി മൂന്ന് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇവയെല്ലാം സ്വയംനിയന്ത്രിത വായുഗുണനിലവാര നിരീക്ഷണ സംവിധാനത്തിലൂടെ ഓരോ മണിക്കൂറിലേയും മാസത്തിലേയും വാർഷികമായും ഉള്ള ശരാശരി വിവരശേഖരണം തുടർച്ചയായി നടത്തുന്നു.

ജലഗുണ നിലവാരം

കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് 65 സ്റ്റേഷനുകളിൽ ജല മലിനീകരണം നിരീക്ഷിച്ചു വരുന്നു. ഇതിൽ 42 നദികൾ, 3 ശുദ്ധജല

ചിത്രം 3.7.3 2018 ൽ കേരളത്തിലെ വ്യവസായ കേന്ദ്രങ്ങളിലെ 11 നിരീക്ഷണ കേന്ദ്രങ്ങളിൽ ലഭ്യമായ വായു മലിനീകരണത്തിന്റെ വാർഷിക ശരാശരി മൂല്യങ്ങൾ



അവലംബം:-ജലവായു ഗുണനിലവാര ഡയറക്ടറി 2018, കെ.എസ്.പി.സി.ബി

തടാകങ്ങൾ, 7 പോഷക നദികൾ, 6 ജലസംഭരിണികൾ, 8 ഓരുജല തടാകങ്ങൾ, 2 കുളങ്ങൾ, 3 കനാലുകൾ എന്നിവ ഉൾപ്പെടുന്നു. ഇതിനു പുറമേ, 34 സ്റ്റേഷനുകൾ ഭൂഗർഭജലാശയങ്ങളിലുമാണ്. ജല സംഭരണികളുടെ പ്രാഥമിക ഉപഭോഗം അനുസരിച്ച് പരിപാലിക്കാനോ പുനസ്ഥാപിക്കാനോ കഴിയുന്ന ജലാശയങ്ങളുടെ ആരോഗ്യനില നിർവചിക്കുന്നതിന് കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ് – "മികച്ച നിയുക്ത ഉപഭോഗം (ഡി.ബി.യു)" എന്ന ആശയം ആവിഷ്ക്കരിച്ചു.

2018 ൽ തയ്യാറാക്കിയ നിരീക്ഷണ ഡാറ്റയുടെ അടിസ്ഥാനത്തിൽ സി.പി.സി.ബി മാനദണ്ഡമനുസരിച്ച് നദീതീരങ്ങളുടെ വർഗ്ഗീകരണം നടത്തി. നിരീക്ഷണ ജലാശയങ്ങളിൽ വയനാട് ജില്ലയിലെ പൂക്കോട് തടാകം മാത്രമാണ് 'ക്ലാസ്സ് എ' മാനദണ്ഡം പാലിക്കുന്നത്. നദിയിലെ ജലമലിനീകരണവുമായി ബന്ധപ്പെട്ട പ്രധാന പ്രശ്നം ബാക്ടീരിയ മലിനീകരണമാണ്. ദേശീയ ജല ഗുണനിലവാര നിരീക്ഷണ പ്രോഗ്രാമിനും സംസ്ഥാന ജലഗുണനിലവാര നിരീക്ഷണ പ്രോഗ്രാമിൻ കീഴിൽ നിരീക്ഷിക്കുന്ന ജലാശയങ്ങളിൽ 80 ശതമാനവും ബി അല്ലെങ്കിൽ സി കാറ്റഗറിയിൽ ആണ് ഉൾപ്പെടുന്നത്. ഇതിന് പ്രധാന കാരണം ബാക്ടീരിയമൂലമുണ്ടാകുന്ന മലിനീകരണമാണ്. നദികളിലെ അടിയൊഴുക്കുകളിൽ തിരമാലകളുടെ സ്വാധീനം ഉള്ളതിനാൽ വർദ്ധിച്ച അളവിൽ വൈദ്യുതിപ്രവാഹം സംഭവിക്കുന്നു. അതിനാൽ ഇവയെ 'ഇ' അല്ലെങ്കിൽ 'ഇ' യ്ക്കും താഴെയുള്ള കാറ്റഗറിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. എൻ.ഡബ്ല്യൂ.എം.പി യിൽ ഗുണനിലവാരം നിരീക്ഷിക്കുന്ന കിണറുകളിൽ ചെറിയ അളവിൽ കോളിഫോ ബാക്ടീരിയയുടെ സാന്നിദ്ധ്യം കാണിക്കുന്നു.

പമ്പാനദി, ശബരിമല ഉത്സവ സീസണിലും കരമന, പെരിയാർ, ഭാരതപ്പുഴ, വാമനപുരം, കടലുണ്ടി നദികളുടെ താഴ് വരകളിലും ഉയർന്ന ബി.ഒ.ഡി മൂല്യങ്ങളുണ്ട്. കരമന നദിയിലെ മുന്നാട്മുക്ക്, കല്ലായി നദിയിലെ കല്ലായി പാലം, പമ്പ നദി, കോരപ്പുഴ നദിയിലെ പുറക്കാട്ടേരി, തൊടുപ്പുഴ നദി, മൂന്നാർ നദി എന്നീവിടങ്ങളിൽ കോളിഫോം ബാക്ടീരിയയുടെ അളവ് ഉയർന്നു നിൽക്കുന്നതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. നദികളിലെ ബയോളജിക്കൽ ഓക്സിജൻ ഡിമാന്റ് (ബി.ഒ.ഡി) **ചിത്രം 3.7.4** ൽ രേഖപ്പെടുത്തിയിരിക്കുന്നു. പെരിയാർ നദിയിൽ ആണ് ബി.ഒ.ഡി ഏറ്റവും കൂടുതൽ രേഖപ്പെടുത്തിയിരിക്കുന്നത്. ഭാരതപ്പുഴ, ചാലക്കുടി നദികളിൽ 2013 ലെ നിലവാരത്തേക്കാളും വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ അച്ചൻകോവിൽ, കല്ലട, പമ്പ നദികളിൽ ബി.ഒ.ഡി മൂല്യം കുറഞ്ഞതായും കാണുന്നു.

ചിത്രം 3.7.4 തിരഞ്ഞെടുക്കപ്പെട്ട നദീകേന്ദ്രങ്ങളിലെ ബി.ഒ.ഡി നില 2013 ലും 2018 ലും



അവലംബം:-ജലവായു ഗുണനിലവാര ഡയറക്ടറി 2018, കെ.എസ്.പി.സി.ബി

നദി പുനരുജ്ജീവനം

മലിനമായ എല്ലാ നദീതീരങ്ങളും പുനരുജ്ജീവിപ്പിക്കുന്നതിന് രണ്ട് മാസത്തിനുള്ളിൽ കർമ്മപദ്ധതികൾ രൂപീകരിക്കുന്നതിനായി നദി പുനരുജ്ജീവന സമിതി, ജില്ലാതല കർമ്മ സമിതി, സംസ്ഥാനതല പരിസ്ഥിതി നിരീക്ഷണ ടാസ്ക് ഫോഴ്സ് എന്നിവ രൂപീകരിക്കുന്നതിന് ബഹുമാനപ്പെട്ട ദേശീയ ഹരിതട്രിബ്യൂണൽ 20.09.2018 ൽ സംസ്ഥാനത്തിന് നിർദ്ദേശം നൽകിയിരുന്നു (അതായത് ബി.ഒ.ഡി<3mg/L ഉം FC<500MPN/100 ml). ഇത് പ്രവർത്തനപദ്ധതി അന്തിമമാക്കിയ തീയതി മുതൽ ആറ് മാസത്തിനുള്ളിൽ പൂർത്തിയാക്കേണ്ടതുണ്ട്. ബി.ഒ.ഡി ലെവലിനെ ആശ്രയിച്ച് മലിനമായ നദീതടങ്ങളെ I, II, III, IV, V എന്നിങ്ങനെ അഞ്ച് വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു. പ്രയോറിറ്റി I വിഭാഗത്തിൽ ഒരു നദിയും, പ്രയോറിറ്റി IV വിഭാഗത്തിൽ 5 എണ്ണവും, പ്രയോറിറ്റി V വിഭാഗത്തിൽ 15 എണ്ണവുമായി കേരളത്തിൽ ആകെ 21 നദികളാണ് നദിപുനരുജ്ജീവനത്തിനായി തെരഞ്ഞെടുത്തിട്ടുള്ളത്. ഇതിൽ 21 മലിനമാക്കപ്പെട്ട നദീതടങ്ങൾക്കുള്ള ആക്ഷൻ പ്ലാൻ ദേശീയ ഹരിതട്രിബ്യൂണലിനും സി.പി.സി.ബി യ്ക്കും സമർപ്പിച്ചിട്ടുണ്ട്. ഇതിൽ മുൻഗണന I ൽ ഉൾപ്പെടുന്ന കരമന നദിയുടെ ആക്ഷൻ പ്ലാൻ അംഗീകരിച്ചിട്ടുണ്ട്. ബന്ധപ്പെട്ട വകുപ്പുകളുമായി സഹകരിച്ച് കർമ്മപദ്ധതി നടപ്പിലാക്കുന്നു. ഇതിനുപുറമേ ദേശീയഹരിത ട്രിബ്യൂണലിന്റെ ഉത്തരവ് പ്രകാരം നദിപുനരുജ്ജീവന പ്രവർത്തനങ്ങളുടെ റിപ്പോർട്ടുകൾ പ്രസിദ്ധീകരിക്കുന്നതിന് ഒരു വെബ്സൈറ്റും ആരംഭിച്ചിട്ടുണ്ട്.

പ്രളയാനന്തര നിരീക്ഷണം

കുടിവെള്ള സ്രോതസ്സുകൾ മലിനമായതിനാൽ കുടിവെള്ളത്തിന്റെ ദൗർലഭ്യം വെള്ളപ്പൊക്കത്തിന് ശേഷം കേരള ജനത നേരിട്ട ഒരു പ്രധാന പ്രശ്നമായിരുന്നു. കേരളത്തിന്റെ കുടിവെള്ള സ്രോതസ്സിന്റെ ഗുണനിലവാരം വിലയിരുത്തുന്നതിന്, ഹരിത കേരള മിഷൻ, വാട്ടർ അതോറിറ്റി, ഫുഡ് സേഫ്റ്റി ഡിപ്പാർട്ട്മെന്റ്, കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ഏജൻസി, പ്രാദേശിക സ്വയംഭരണം, എൻ.എസ്.എസ് വാളണ്ടിയർമാർ, ഭൂഗർഭജല വകുപ്പ് എന്നിവയുമായി സഹകരിച്ച് കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് കഴിഞ്ഞ വർഷം വെള്ളപ്പൊക്കം ബാധിച്ച ജില്ലകളിലെ ഭൂഗർഭജലത്തിന്റെ ഗുണനിലവാരം നിരീക്ഷിച്ചു. കുടിവെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പു വരുത്തുന്നതിനായി 40000 ത്തോളം കിണറുകളിൽ നിന്നുള്ള സാമ്പിളുകൾ ശേഖരിക്കുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. WELLCARE എന്ന മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗിച്ച് വിശദാംശങ്ങൾ ശേഖരിച്ച് പ്രാദേശിക സ്വയംഭരണ വകുപ്പുകൾ വഴി പൊതുജനങ്ങൾക്ക് നൽകി.

ജി.ഐ.എസ് ഡാറ്റാബേസ് അപ്ഡേറ്റ് ചെയ്യുകയെന്ന നിർദ്ദിഷ്ട ലക്ഷ്യത്തോടെ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡും കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് & എൻവയോൺമെന്റ് സെന്ററും ചേർന്ന് മലിനീകരണം കുറയ്ക്കുന്നതിന് വെബ് അധിഷ്ഠിത നിരീക്ഷണ സംവിധാനം വികസിപ്പിച്ചു. വ്യാവസായിക യൂണിറ്റുകളും ഖരമാലിന്യ സംസ്കരണ

സൗകര്യങ്ങളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സർവ്വേ ചെയ്യുന്നതിനായി "എൻവിക്ലീൻ" എന്ന ഒരു മൊബൈൽ ആപ്ലിക്കേഷൻ വികസിപ്പിച്ചെടുത്തു. താൽപ്പര്യമുള്ള വ്യാവസായിക യൂണിറ്റുകൾക്ക് മാപ്പിംഗ് ചെയ്യുന്നതിനും എൽ.എസ്.ജി.ഡി നൽകുന്ന ഖരമാലിന്യ സൗകര്യം പ്രയോജനപ്പെടുത്തുന്നതിനും ഇതുവഴി കഴിയുന്നു.

കേരളത്തിലെ ജൈവവൈവിദ്ധ്യം

ലോകത്തിലെ ഭൂവിസ്തൃതിയുടെ 2.4 ശതമാനം ഉൾപ്പെടുന്ന ഭൂപ്രദേശമാണ് ഭാരതം. എങ്കിലും ഇത് വിവിധ തരത്തിലുള്ള ജൈവവൈവിദ്ധ്യത്താൽ സമ്പന്നമാണ്. ഈ ജൈവവൈവിദ്ധ്യം തിരിച്ചറിയപ്പെട്ട ജീവജാലങ്ങളുടെ 7–8 ശതമാനം വരെയാണെന്ന് കണക്കാക്കപ്പെടുന്നു. ഇതിൽ 45000 സസ്യവർഗ്ഗങ്ങളും 91000 ജീവജന്തുജാലങ്ങളുമുണ്ട്. ലോകത്തിലെ ഏറ്റവും വലിയ 17 ജൈവ വൈവിദ്ധ്യത്താൽ സമ്പന്നമായ രാജ്യങ്ങളിലൊന്നായ ഭാരതത്തിൽ 10 ബയോജിയോഗ്രഫിക്കൽ സോണുകളും 8.58 ശതമാനം സസ്തനികളും ഉള്ളതായി കണക്കാക്കപ്പെട്ടിട്ടുണ്ട്. കൂടാതെ 13.66 ശതമാനം പക്ഷിവർഗ്ഗത്തിൽപ്പെട്ട ജീവികളും, 7.91 ശതമാനം ഉരഗജീവികളും 4.66 ഉഭയജീവികളും, 11.72 ശതമാനം മത്സ്യവർഗ്ഗത്തിൽപ്പെട്ട ജീവികളും, 11.80 ശതമാനം സസ്യവർഗ്ഗവും ഉൾപ്പെടുന്നു (ഇന്ത്യയുടെ അഞ്ചാമത് ദേശീയ ജൈവവൈവിദ്ധ്യ കൺവെൻഷൻ റിപ്പോർട്ട്).

ഇന്ത്യൻ ഭൂവിസ്തൃതിയുടെ 1.2 ശതമാനം മാത്രം ഉൾപ്പെടുന്ന കേരളം 25.69 ശതമാനം പുഷ്പിക്കുന്ന സസ്യങ്ങളുടേയും 26.59 ശതമാനം പുൽവർഗ്ഗത്തിൽപ്പെടുന്ന സസ്യവർഗ്ഗങ്ങളുടേയും ആവാസകേന്ദ്രമാണ്. കേരളത്തിന്റെ ഈ ജൈവവൈവിദ്ധ്യം 330 കുടുംബങ്ങളിലായി 1847 വർഗ്ഗങ്ങളും – പക്ഷികൾ(500 വർഗ്ഗം), ഉരഗങ്ങൾ(173 വർഗ്ഗം), ഉഭയജീവികൾ (151 വർഗ്ഗം), സസ്തനികൾ(118 വർഗ്ഗം), 81 വിഭാഗങ്ങളിൽപ്പെട്ട ശുദ്ധജല തടാകങ്ങളിലും സമുദ്രത്തിലുമായി വിവിധ മത്സ്യഇനങ്ങളും (905) എന്നിവയും ഉൾപ്പെടുന്നു (പതിമൂന്നാം പഞ്ചവത്സരപദ്ധതി പ്രവർത്തന റിപ്പോർട്ട് – ജൈവവൈവിദ്ധ്യം).

ജൈവ വൈവിദ്ധ്യ ഹോട് സ്പോട്ടുകൾ, ലോകത്തിലെ 60 ശതമാനത്തോളം ചെടികൾ, പക്ഷികൾ, സസ്തനികൾ, ഉഭയജീവികൾ എന്നിവയെ നിലനിർത്തുന്നുണ്ട്. കേരളത്തിലെ കിഴക്ക് ഭാഗത്തായി വ്യാപിച്ച് കിടക്കുന്ന പശ്ചിമഘട്ട മേഖല ലോകത്തിലെ തന്നെ നാല് ജൈവവൈവിദ്ധ്യ മേഖലകളിൽ ഒന്നാണ്. യൂണെസ്കോയുടെ ലോകപൈതൃക പട്ടികയിൽ 2012 ൽ ഉൾപ്പെടുത്തിയിട്ടുള്ള 39 സ്ഥലങ്ങളിൽ ആഗോള മൂല്യത്തിന്റെ അടിസ്ഥാനത്തിൽ 19 എണ്ണം കേരളത്തിൽ ഉൾപ്പെടുന്നു. ഭൗമോപരിതലത്തിൽ കാണുന്ന നട്ടെല്ലുള്ള ജീവികളിൽ 36 ശതമാനവും പശ്ചിമഘട്ടത്തിലും കേരളത്തിലുമായാണ് കാണപ്പെടുന്നത്. ഉഭയജീവികളിൽ വംശനാശഭീഷണി നേരിടുന്ന 90 ശതമാനത്തിൽ 66 ശതമാനവും പശ്ചിമഘട്ട മേഖലയിലും 24 ശതമാനം കേരളത്തിലുമാണ് കാണപ്പെടുന്നത്. കേരളത്തിലെ 1847 നട്ടെല്ലുള്ള ജീവിവർഗ്ഗങ്ങളിൽ 205 എണ്ണം(11 ശതമാനം) ഇന്റർ നാഷണൽ യൂണിയൻ ഫോർ കൺസർവേഷൻ ഓഫ് നാച്ചർ (ഐ.യു. സി.എൻ) ന്റെ വംശനാശഭീഷണി നേരിടുന്ന റെഡ് ലിസ്റ്റിൽ ഉൾപ്പെടുന്നു. ഇതിൽ 23 എണ്ണം ഗുരുതരമായ വംശനാശഭീഷണി നേരിടുന്നതും, 90 എണ്ണം വംശനാശം സംഭവിച്ചതും 92 എണ്ണം അപകടകരമായ രീതിയിൽ വംശനാശഭീഷണി നേരിടുന്നതുമാണ്.

സുസ്ഥിര ഉപയോഗവും ആനുകൂല്യം പങ്കിടലും പ്രോത്സാഹിപ്പിക്കുക

ആക്സസ് ആന്റ് ബെനിഫിറ്റ് ഷയറിംഗ് (എ.ബി. എസ്) എന്നത് ജനിതക ഉറവിടങ്ങൾ കൈകാര്യം ചെയ്യുന്ന രീതിയേയും അവയുടെ ഉപയോഗത്തിന്റെ ഫലമായുണ്ടാകുന്ന നേട്ടങ്ങൾ – ഉപയോഗിക്കുന്ന ആളുകൾ, അവ നൽകുന്ന ആളുകൾ അല്ലെങ്കിൽ രാജ്യങ്ങൾ എന്നിവ തമ്മിൽ എങ്ങനെ പങ്കിടുന്നു എന്നതാണ്. സമുദ്ര ജൈവ വിഭവങ്ങളുടെ സംരക്ഷണത്തിനായി പ്രാദേശിക ധനസമ്പാദനം നടത്തുന്നതിനുള്ള ഒരു വിഭവ സമാഹരണ തന്ത്രമാണ് എ.ബി.എസ്. ഈ മേഖലയിലെ പ്രധാന നേട്ടങ്ങൾ ഇവയാണ്

1. കേരളത്തിൽ ആദ്യമായി എ.ബി.എസ് കരാറിൽ നാല് കമ്പനികളുമായി ഒപ്പു വെച്ചു. അതിലൂടെ ലഭിക്കുന്ന ഫണ്ടുകൾ ജൈവവൈവിദ്ധ്യ സംരക്ഷണത്തിനായി ഉപയോഗിക്കും.
2. വാണിജ്യപരമായി ജൈവ സ്രോതസ്സുകൾ ഉപയോഗിക്കുന്ന കമ്പനികൾക്കായി ബോധവത്ക്കരണപരിപാടികൾ നടപ്പിലാക്കി.
3. സമാഹരിച്ച ഫണ്ടുകളുടെ ഫലപ്രദമായ വിനിയോഗത്തിനും അകൗണ്ടിംഗിനുമുള്ള സംസ്ഥാന ജൈവവൈവിദ്ധ്യ ഫണ്ട് നിയമങ്ങൾ തയ്യാറാക്കി സർക്കാറിന് സമർപ്പിച്ചു. കേരളത്തിലെ 35 വ്യവസായങ്ങളുമായി ജൈവ വിഭവങ്ങൾ വാണിജ്യാടിസ്ഥാനത്തിൽ വിനിയോഗിക്കുന്നതിനെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിന് യോഗം നടത്തി.

ജൈവവൈവിദ്ധ്യത്തിൽ പ്രളയത്തിന്റെ ആഘാതം

ബി.എം.സി കളുമായി സഹകരിച്ച് കേരള സംസ്ഥാന ബയോഡൈവേഴ്സിറ്റി ബോർഡ് ജൈവവൈവിദ്ധ്യത്തിൽ വെള്ളപ്പൊക്കം/ മണ്ണിടിച്ചിലിന്റെ സ്വാധീനത്തെക്കുറിച്ച് ഒരു പഠനം

നടത്തി. പ്രാദേശിക തലത്തിൽ പരിസ്ഥിതിയുടെ വീണ്ടെടുക്കലും പുനർനിർമ്മാണപ്രക്രിയയ്ക്ക് അടിത്തറ ഇടുകയും ചെയ്യുക എന്നതായിരുന്നു ഈ പ്രക്രിയയുടെ ലക്ഷ്യം. ഇന്ത്യയിൽ ആദ്യമായാണ് ജൈവവൈവിദ്ധ്യത്തെ ബാധിക്കുന്ന പ്രകൃതി ദുരന്തങ്ങളുടെ വിലയിരുത്തൽ പ്രാദേശിക സർക്കാരുകളുടെ തലത്തിൽ നടത്തുന്നത്. ജൈവ വൈവിദ്ധ്യത്തേയും പരിസ്ഥിതി വ്യവസ്ഥകളേയും ബാധിക്കുന്നതിന്റെ സാമൂഹിക കാഴ്ചപ്പാടുകൾ ഉൾക്കൊണ്ടുകൊണ്ട് തയ്യാറാക്കി സർക്കാരിന് സമർപ്പിച്ച റിപ്പോർട്ടിൽ സസ്യജന്തുജാലങ്ങളും പരിസ്ഥിതിവ്യവസ്ഥകളും ഉൾപ്പെടുന്നു. നദി, വനം, തോട്ടങ്ങൾ, കാർഷികമേഖലകൾ എന്നിവ ഉൾപ്പെടെ 771 വ്യത്യസ്ഥ ഭൂപ്രകൃതികളെയും 287 ഇനം കാർഷികവിളകളേയും പ്രളയം ബാധിച്ചു. ജൈവവൈവിദ്ധ്യത്തിലുണ്ടായ കൂടുതൽ മാറ്റങ്ങളും ആവാസവ്യവസ്ഥയുമായി ബന്ധപ്പെട്ടിരിക്കുന്നു. വെള്ളപ്പൊക്കത്തിൽ മുങ്ങിപ്പോയ ജീവജാലങ്ങൾക്ക് വാസസ്ഥാനങ്ങൾ നഷ്ടമാകുകയും, വിഭവ വിതരണ രീതിയിലുൾപ്പെടെയുള്ള ദൂരവ്യാപകമായ ഫലങ്ങളാണ് പാരിസ്ഥിതിക പ്രക്രിയയിലുണ്ടാക്കിയിരിക്കുന്നത്.

വകുപ്പ് തലത്തിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങളും നേട്ടങ്ങളും

ഇന്ത്യൻ ഭരണഘടനയുടെ പാർട്ട് IV ലെ നിർദ്ദേശക തത്വങ്ങൾക്കു കീഴിൽ ആർട്ടിക്കിൾ 48 അനുസരിച്ച് പരിസ്ഥിതി സംരക്ഷിക്കുകയും മെച്ചപ്പെടുത്തുകയും ചെയ്യുക എന്നതും, രാജ്യത്തെ വനം വന്യജീവി സംരക്ഷണവും സർക്കാരിന്റെ ഉത്തരവാദിത്വമാണ്. ഇതിൻപ്രകാരം സംസ്ഥാനത്ത് 2007 ൽ പാരിസ്ഥിതിക മാനേജ്മെന്റ് ഏജൻസി രൂപീകൃതമായി. ഇത് 2010 ൽ കാലാവസ്ഥാ വ്യതിയാനത്തിനും പരിസ്ഥിതി സംരക്ഷണത്തിനുമുള്ള ഡയറക്ടറേറ്റായി മാറി. പാരിസ്ഥിതിക സംരക്ഷണ പരിപാടികളിലൂടെ പരിസ്ഥിതി സംരക്ഷണത്തിനും കാര്യനിർവ്വഹണത്തിനുമുള്ള പ്രവർത്തനങ്ങളാണ് ഡയറക്ടറേറ്റ് വഴി പ്രധാനമായും നടപ്പിലാക്കുന്നത്.

വകുപ്പുതലത്തിൽ പാരിസ്ഥിതിക നടപടികൾ നടപ്പിലാക്കുന്നതിന് ലക്ഷ്യമിട്ട് ഓരോ മേഖലയിലും നിലവിലെ പരിസ്ഥിതി മാനേജ്മെന്റ് പ്രവർത്തനങ്ങൾ വിലയിരുത്തുകയും അതനുസരിച്ച് തന്ത്രങ്ങൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുകയും ചെയ്യുന്നു. സാമ്പത്തിക വികസനവും പ്രകൃതി ശുചീകരണത്തിനും പ്രാധാന്യം നൽകി, സംതുലിതമായ പരിസ്ഥിതി മാനേജ്മെന്റിനാണ് ഊന്നൽ നൽകിയിരിക്കുന്നത്. പരിസ്ഥിതി മാനേജ്മെന്റിന് പുറമേ കേരള സ്റ്റേറ്റ് പൊല്യൂഷൻ കൺട്രോൾ ബോർഡ്, കേരള സ്റ്റേറ്റ് ബയോഡൈവേഴ്സിറ്റി ബോർഡ് തുടങ്ങിയ സ്ഥാപനങ്ങൾ നടത്തുന്ന പരിപാടികളുടെ ഏകോപനവും പരിസ്ഥിതി വകുപ്പാണ് നടപ്പിലാക്കുന്നത്. സംസ്ഥാന പരിസ്ഥിതി ഇംപാക്ട് അസ്സസ്സ്മെന്റ് അതോറിറ്റി (എസ്.ഇ.ഇസഡ്.എ), കേരള തീരമേഖല മാനേജ്മെന്റ് അതോറിറ്റി (കെ.സി.ഇസഡ്.എം.എ), സ്റ്റേറ്റ് വെറ്റ് ലാന്റ് അതോറിറ്റി കേരളം (എസ്. ഡബ്ല്യൂ.എ.കെ), കേരള സെന്റർ ഫോർ ഇന്റഗ്രേറ്റഡ് കോസ്റ്റൽ സോൺ മാനേജ്മെന്റ് (കെ.സി.ഐ.സി. എം) എന്നിവയാണ് പരിസ്ഥിതി സംരക്ഷണവുമായി പ്രവർത്തിക്കുന്ന മറ്റ് ഏജൻസികൾ.

പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് സംസ്ഥാനത്തുടനീളം എല്ലാ ജില്ലകളിലും കോളേജുകളിൽ 'ഭൂമിത്രസേന' എന്ന പേരിൽ ഇക്കോക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്. ഈ ക്ലബ്ബുകൾ അവയുടെ ചുറ്റുപാടിൽ പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നു. ചതുപ്പ് നിലങ്ങളുടെ പുനർ രൂപീകരണം, പരിസ്ഥിതിശാസ്ത്രം, കാലാവസ്ഥാ വ്യതിയാനം, പാരിസ്ഥിതിക മാനേജ്മെന്റ് എന്നീ ബന്ധപ്പെട്ട മേഖലകളിൽ ഗവേഷണ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുകയാണ് ഈ ക്ലബ്ബുകളുടെ മറ്റ് പ്രവർത്തനങ്ങൾ. 2018–19 സാമ്പത്തികവർഷത്തിലെ മറ്റ് പ്രധാനപ്പെട്ട നേട്ടങ്ങൾ 1) മണ്ണും ജലസംരക്ഷണ നടപടികളും നടപ്പിലാക്കി പാലക്കാട് ജില്ലയിലെ വടകരപതി പഞ്ചായത്തിലെ വരൾച്ച ലഘൂകരിക്കുന്നതിനുള്ള പദ്ധതിയുടെ തുടർച്ച. 2) 10 തീരദേശ ജില്ലകളിലെ കരട് തീരദേശ മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കൽ 3) കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ചുള്ള സംസ്ഥാനത്തെ കർമ്മപദ്ധതിയുടെ പരിഷ്ക്കരണം 4) ജി.ഐ.എസ് അടിസ്ഥാനമാക്കിയുള്ള പരിസ്ഥിതി ദുർബലത വിലയിരുത്തൽ – വടക്കൻ കേരളത്തിലെ കണ്ടൽ വാസസ്ഥലങ്ങളുടെ വിലയിരുത്തലും മാപ്പിംഗും. സംസ്ഥാനം കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിച്ച 280 കോടിയുടെ ഇന്റഗ്രേറ്റഡ് കോസ്റ്റൽ സോൺ മാനേജ്മെന്റ് പദ്ധതിയ്ക്ക് അംഗീകാരം ലഭിച്ചു. ഇതിൽ പ്രോജക്ട് കോസ്റ്റിന്റെ 20 ശതമാനം സംസ്ഥാന വിഹിതമായിരിക്കും. പദ്ധതി നടത്തിപ്പിനായി പരിസ്ഥിതി വകുപ്പ് ഡയറക്ടറെ പ്രോജക്ട് ഡയറക്ടറായി നിയമിച്ചു.

ഈ കാലയളവിൽ കേരള സ്റ്റേറ്റ് ബയോഡൈവേഴ്സിറ്റി ബോർഡ് 959 ബയോഡൈവേഴ്സിറ്റി രജിസ്റ്ററുകൾ തയ്യാറാക്കിയിട്ടുണ്ട്. 2018–19 കാലയളവിൽ ബയോഡൈവേഴ്സിറ്റി മാനേജ്മെന്റ് കമ്മിറ്റി (ബി. എം.സി) പുനസംഘടിപ്പിച്ചു. ഇതിൽ 28 ബി.എം.സി കളെ മോഡൽ ബി.എം.സി കളായി പ്രവർത്തിക്കുന്നതിന് അനുമതി നൽകി. കേരളത്തിൽ ആദ്യമായി എ.ബി. എസ് കരാർ നാല് കമ്പനികളുമായി ഒപ്പ് വച്ചു. വള്ളക്കടവിൽ കേരള ബയോഡൈവേഴ്സിറ്റി മ്യൂസിയം പൊതുജനങ്ങൾക്കായി തുറന്നുകൊടുത്തു. തിരുവനന്തപുരം ജില്ലയുടെ സമുദ്ര ജൈവവൈവിദ്ധ്യ രജിസ്റ്റർ തയ്യാറാക്കി. മലിനീകരണ നിയന്ത്രണ ബോർഡിന്റെ നേതൃത്വത്തിൽ കൊല്ലം, ആലപ്പുഴ,

തൃശ്ശൂർ എന്നിവിടങ്ങളിൽ സർവൈലൻസ് വാൻ വാങ്ങുകയും നിരീക്ഷണം ഏർപ്പെടുത്തുകയും ചെയ്തു. കുടിവെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പു വരുത്തുന്നതിനായി വെള്ളപ്പൊക്ക ബാധിത പ്രദേശങ്ങളിലെ 40,000 ത്തോളം കിണറുകൾ പരിശോധിച്ചു. 19 വായു ഗുണനിലവാര നിരീക്ഷണ സ്റ്റേഷനുകളിൽ ആംബിയന്റ് വായു ഗുണനിലവാരത്തിനായി 2.5 പി.എം സാംമ്പലർ സ്ഥാപിച്ചു. കൊച്ചിൻ യൂണിവേഴ്സിറ്റിയുമായി സഹകരിച്ച് 'വേമ്പനാട് കായലിന്റെ പാരിസ്ഥിതിക സ്വഭാവ സവിശേഷതകളിൽ വെള്ളപ്പൊക്കത്തിന്റെ ആഘാതത്തെക്കുറിച്ചുള്ള പഠനം' എന്ന പേരിൽ ഗവേഷണം നടത്തി.

ഹരിതകേരള മിഷൻ

പ്രവർത്തനമാരംഭിച്ച മൂന്നുവർഷത്തിനകം തന്നെ നൂതനവും വൈവിദ്യമാർന്നതുമായ നിരവധി പദ്ധതികളും ക്യാമ്പയിനുകളും ഹരിതകേരളം മിഷൻ ഏറ്റെടുത്തിട്ടുണ്ട്. ശുചിത്വ – മാലിന്യസംസ്കരണം, ജലസംരക്ഷണം, കാർഷിക വികസനം എന്നിവയാണ് ഹരിതകേരളം മിഷന്റെ മൂന്ന് ഉപമിഷനുകൾ. ഹരിതകേരളം മിഷൻ പ്രത്യേകമായി ഊന്നൽ നൽകുന്ന മേഖലകൾ:

- ജില്ലകളിലെ പ്രധാന പ്രശ്നങ്ങളെ നേരിടാൻ സാധിക്കുന്ന തരത്തിൽ പ്രാദേശിക സർക്കാരുകളുടെയും മറ്റ് വകുപ്പുകളുടെയും പദ്ധതികൾ തമ്മിൽ വിവിധ തലത്തിലുള്ള ഏകോപനത്തിനാവശ്യമായ സംവിധാനങ്ങൾക്ക് രൂപം നൽകുക
- പ്രാദേശിക സർക്കാരുകൾക്ക് പ്രായോഗികവും ഫലപ്രദവുമായ സാങ്കേതിക സൗകര്യങ്ങൾ സ്വായത്തമാക്കുന്നതിനായി ശാസ്ത്രീയവും ഫലപ്രദവും സാങ്കേതികവുമായ ഉപദേശങ്ങൾ ഉറപ്പാക്കുക
- 'ഹരിതകേരളം' സൃഷ്ടിക്കുന്നതിനായി സാമൂഹികമായ ഉൾച്ചേർക്കലുകളും ജനകീയ പങ്കാളിത്തവും ഉറപ്പുവരുത്തുന്നതിനായുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയും, നേതൃത്വം നൽകുകയും ചെയ്യുക

ശുചിത്വ–മാലിന്യ സംസ്കരണ മേഖലയിൽ 2017–18 ലും 2018–19 ലും ഉപമിഷൻ നടത്തിയ ഇടപെടലുകളിൽ ചിലത് ചുവടെ ചേർക്കുന്നു.

സംസ്ഥാന വ്യാപകമായി 2017 ആഗസ്റ്റ് 15–ന് ആരംഭിച്ച 'മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം' ക്യാമ്പയിൻ പ്രാദേശിക സർക്കാരുകൾക്ക് ശുചിത്വ–മാലിന്യസംസ്കരണ പ്രവർത്തനങ്ങൾക്ക് ശക്തമായ അടിത്തറ പാകുവാൻ സഹായകമായിട്ടുണ്ട്. ഉറവിട മാലിന്യ സംസ്കരണത്തിന് പ്രാഥമികമായി ആവശ്യമായ മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (എം.സി.എഫ്), റിസോഴ്സ് റിക്കവറി ഫെസിലിറ്റി (ആർ.ആർ.എഫ്), ഹരിത കർമ്മസേന, ഗാർഹിക ഉറവിട മാലിന്യ സംസ്കരണ പ്ലാന്റുകൾ, കമ്മ്യൂണിറ്റി കമ്പോസ്റ്റിംഗ് യൂണിറ്റുകൾ എന്നിവ പ്രാദേശിക സർക്കാരുകൾക്ക് നൽകുകവഴി അർഹിക്കുന്ന പ്രാധാന്യം മാലിന്യ സംസ്കരണത്തിന് നൽകുവാനും സ്ഥായിയായതും ശുചിത്വമുള്ളതുമായ സാഹചര്യം രൂപപ്പെടുത്തുവാനും സംരക്ഷിക്കുന്നതിനും കഴിഞ്ഞു. ഹരിത പെരുമാറ്റച്ചട്ടം സാമൂഹികജീവിത ക്രമത്തിന്റെ ഭാഗമായി മാറുകയും സംസ്ഥാന, ജില്ലാ, ബ്ലോക്ക് തലങ്ങളിൽ ഉള്ള 3,703 ഓളം ഓഫീസുകളിലും സ്ഥാപനങ്ങളിലും നടപ്പാക്കുകയും ചെയ്തു.

സംസ്ഥാനത്തെ 31.19 ലക്ഷം വീടുകളിൽ ഉറവിട മാലിന്യ സംസ്കരണ സംവിധാനം സ്ഥാപിക്കുകയും അതുവഴി 45 ശതമാനം ജൈവ മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കപ്പെടുകയും ചെയ്യുന്നുണ്ട്. വ്യവസായ സ്ഥാപനതലത്തിൽ 1,320 ബയോഗ്യാസ് പ്ലാന്റുകളും സാമൂഹ്യാടിസ്ഥാന തലത്തിൽ 97 ബയോഗ്യാസ് പ്ലാന്റുകളും സാമൂഹ്യാടിസ്ഥാന തലത്തിൽ 2020 കമ്പോസ്റ്റ് യൂണിറ്റുകളും സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. 32,003 അംഗങ്ങളുടെ പങ്കാളിത്തത്തോടെ 1,033 പ്രാദേശിക സർക്കാരുകളിൽ ഹരിത കർമ്മസേന രൂപീകരിക്കുകയും 17 നഗരസഭകളിലെ 170 വാർഡുകളിൽ "സീറോ വേസ്റ്റ് ഓൺ ഗ്രൗണ്ട്" പദ്ധതിയ്ക്ക് തുടക്കം കുറിക്കുകയും ചെയ്തിട്ടുണ്ട്. 9708 ടൺ പ്ലാസ്റ്റിക് മാലിന്യങ്ങളും 17,397 ടൺ ഇ–വേസ്റ്റും ശേഖരിച്ച് പുനരുപയോഗത്തിനായി കൈമാറുകയുണ്ടായി. പ്രാദേശിക സർക്കാരുകളിൽ 2350 സ്ക്രാപ് വ്യാപാരികൾ രജിസ്റ്റർ ചെയ്തു.

പ്രാദേശിക സർക്കാരുകളിലെ മാലിന്യ സംസ്കരണ പാലനപ്രവർത്തനങ്ങൾക്ക് സാങ്കേതിക സഹായം നൽകുന്നതിനായി 37 ഹരിത സഹായ സ്ഥാപനങ്ങൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

ശുചിത്വ മിഷനിൽനിന്നും ലഭ്യമായ കണക്കനുസരിച്ച് മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി കേന്ദ്രങ്ങൾ 674 പ്രാദേശിക സർക്കാരുകളിലും റിസോഴ്സ് റിക്കവറി ഫെസിലിറ്റി കേന്ദ്രങ്ങൾ 128 പ്രാദേശിക സർക്കാരുകളിലും 2017–18 മുതൽ 2019–20 (2019 സെപ്റ്റംബർ 30) വരെയുള്ള കാലയളവിൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

പരിസ്ഥിതി സംരക്ഷണവുമായി ബന്ധപ്പെട്ട് നിരവധി നിയമങ്ങളും ചട്ടങ്ങളും കഴിഞ്ഞ ദശകങ്ങളിലായി നടപ്പിലാക്കി വരുന്നുണ്ടെങ്കിലും സംസ്ഥാനം പരിസ്ഥിതിയ്ക്കും പ്രകൃതി വിഭവങ്ങൾക്കുംമേൽ കടുത്ത സമ്മർദ്ദം നേരിടുന്നു. കാലാവസ്ഥാ വ്യതിയാനം, മലിനീകരണം, ജനസംഖ്യാ സമ്മർദ്ദം, അശാസ്ത്രീയമായ ഭൂവിനിയോഗം എന്നിവയുടെ സംയോജിത ഫലങ്ങൾ സംസ്ഥാനത്തെ ബാധിച്ചിട്ടുണ്ട്. സമീപകാലത്തെ രണ്ട് വാർഷിക മൺസൂൺ സീസണുകൾ സംസ്ഥാനത്തിന്റെ പാരിസ്ഥിതിക

പ്രശ്നങ്ങളെ കൂടുതൽ രൂക്ഷമാക്കി. അതിനാൽ സംസ്ഥാനത്തിന്റെ ഉയർന്ന ജനസാന്ദ്രത കണക്കിലെടുത്ത് പരിസ്ഥിതിയും ജൈവവൈവിദ്ധ്യവും സംരക്ഷിക്കുന്നതിന് ഗണ്യമായ ശ്രമങ്ങൾ ആവശ്യമാണ്. അംഗീകൃത ജൈവവൈവിദ്ധ്യ ഹോട്ട് സ്പോട്ട് എന്ന നിലയിൽ കേരളത്തിന് ജൈവ വൈവിദ്ധ്യ സാധ്യതകളെക്കുറിച്ചും ജൈവവൈവിദ്ധ്യ പ്രാദേശിക അറിവിനെക്കുറിച്ചും അവബോധമുണ്ട്. സംസ്ഥാനത്തിന്റെ വികസനനേട്ടങ്ങൾ പ്രയോജനപ്പെടുത്തിക്കൊണ്ട് വലിയ തോതിലുള്ള ശാസ്ത്രീയ പാരിസ്ഥിതിക ആസൂത്രണവും പ്രാദേശിക സമൂഹങ്ങളേയും പരിസ്ഥിതി സംരക്ഷണത്തിനായുള്ള എല്ലാ പങ്കാളികളേയും ഏകോപിപ്പിച്ചുകൊണ്ടുള്ള ശാസ്ത്രീയ ശ്രമങ്ങൾ ആവശ്യമാണ്.

3.8 ഭക്ഷ്യ സുരക്ഷയും പൊതു വിതരണ സമ്പ്രദായവും

പര്യാപ്തമായ അളവിൽ ഗുണമേന്മയുള്ള ഭക്ഷണത്തിന്റെ പ്രാപ്യത ഉറപ്പുവരുത്തുന്നതിനെയാണ് ഭക്ഷ്യ സുരക്ഷ എന്നതുകൊണ്ട് വിവക്ഷിക്കുന്നത്. ലോക ഭക്ഷ്യസുരക്ഷയ്ക്കുള്ള ഐക്യരാഷ്ട്ര സഭാ സമിതിയുടെ അഭിപ്രായത്തിൽ, എല്ലാ ജനങ്ങൾക്കും, എപ്പോഴും സജീവവും ആരോഗ്യകരമായ ജീവിതം നയിക്കുന്നതിനായി അവരുടെ ഭക്ഷണാഭിരുചിയും ആഹാരാവശ്യങ്ങളും നിറവേറ്റത്തക്ക രീതിയിൽ മതിയായതും സുരക്ഷിതവും പോഷക സമൃദ്ധവുമായ ഭക്ഷണം ലഭിക്കുന്നതിന് ഭൗതിക, സാമൂഹിക, സാമ്പത്തിക പ്രാപ്യത ഉണ്ടെങ്കിൽ ഭക്ഷ്യ സുരക്ഷ നിലനിൽക്കുന്നുണ്ട് എന്ന് പറയാം. എല്ലാ വിഭാഗ ജനങ്ങൾക്കും, പ്രത്യേകിച്ച് കുട്ടികൾക്ക്, ആവശ്യമായ അളവിൽ പോഷകാഹാര ലഭ്യത ഉറപ്പ് വരുത്തി കൊണ്ട് വിശപ്പ് രഹിത ലോകം എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി എല്ലാ തരത്തിലുമുള്ള വിശപ്പും പോഷകാഹാര കുറവും അവസാനിപ്പിക്കാൻ ഐക്യരാഷ്ട്ര സഭ ലക്ഷ്യമിടുന്നു. 2017 ജൂലൈ മാസം 6-ാം തീയതി ചേർന്ന ഐക്യരാഷ്ട്ര പൊതുസഭ, സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ ടാർജറ്റ് 2.1 നിരീക്ഷിക്കുന്നതിനായി രണ്ട് സൂചകങ്ങൾ കൂടി ഉൾപ്പെടുത്തി: ഫുഡ് ഇൻസെക്യൂരിറ്റി എക്സ്പീരിയൻസ് സ്കെയിൽ (എഫ്.ഐ.ഇ.എസ്) അടിസ്ഥാനമാക്കി പോഷകാഹാരക്കുറവിന്റെ വ്യാപനവും, മിതമായതോ രൂക്ഷമായതോ ആയ ഭക്ഷ്യസുരക്ഷയില്ലായ്മയുടെ വ്യാപനവും. മിതമായ ഭക്ഷ്യസുരക്ഷയില്ലായ്മ അനുഭവിക്കുന്ന ആളുകൾക്ക് ഭക്ഷണം നേടാനുള്ള അവരുടെ കഴിവിനെ കുറിച്ച് അനിശ്ചിതത്വം നേരിടുന്നു. മാത്രമല്ല, വർഷത്തിൽ ചില സമയങ്ങളിൽ പണത്തിന്റേയോ മറ്റ് വിഭവങ്ങളുടേയോ അഭാവം മൂലം അവർ കഴിക്കുന്ന ഭക്ഷണത്തിന്റെ ഗുണനിലവാരവും കൂടാതെ/ അല്ലെങ്കിൽ അളവും കുറയ്ക്കാൻ നിർബന്ധിതരാകുന്നു. രൂക്ഷമായ ഭക്ഷ്യസുരക്ഷയില്ലായ്മ അനുഭവിക്കുന്ന ആളുകൾക്ക് പലപ്പോഴും ഭക്ഷണം തികയാത്തതിനാൽ/ ലഭിക്കാത്തതിനാൽ വിശപ്പ് അനുഭവിക്കേണ്ടിവരുന്നതുകൊണ്ടും അല്ലെങ്കിൽ ഭക്ഷണം കഴിക്കാതെ ദിവസങ്ങളോളം കഴിയേണ്ടിവരുന്നതിന്റെ ഫലമായും അവരുടെ ആരോഗ്യപരമായ ജീവിതം അപകടത്തിലായേക്കാവുന്നതാണ്.

2019-ലെ സ്റ്റേറ്റ് ഓഫ് സെക്യൂരിറ്റി & ന്യൂട്രീഷൻ ഇൻ വേൾഡ് റിപ്പോർട്ട് അനുസരിച്ച് ലോകത്തിലെ പോഷകാഹാര കുറവ് ഉള്ളവരുടെ എണ്ണം 2018-ൽ 821.6 ദശലക്ഷമായി ഉയർന്നു. ഇതിൽ 513.9 ദശലക്ഷം ആളുകൾ ഏഷ്യൻ രാജ്യങ്ങളിൽ നിന്നുള്ളവരാണ്. 2018-ൽ ലോക ജനസംഖ്യയുടെ 26.4 ശതമാനം (2013.8 ദശലക്ഷം ആളുകൾ) മിതമായതോ രൂക്ഷമായതോ ആയ ഭക്ഷ്യസുരക്ഷിതയില്ലായ്മക്ക് വിധേയരാണെന്നും ഈ റിപ്പോർട്ട് കണക്കാക്കുന്നു. ഇതിൽ ലോകജനസംഖ്യയുടെ 9.2 ശതമാനം ആളുകൾ (704.3 ദശലക്ഷം ആളുകൾ) 2018-ൽ രൂക്ഷമായ ഭക്ഷ്യസുരക്ഷയില്ലായ്മക്ക് വിധേയരാണ് എന്നും കണക്കാക്കുന്നു.

2011-12 ൽ ഇന്ത്യയിൽ ദാരിദ്യം അനുഭവിക്കുന്നവരുടെ എണ്ണം 26.93 കോടിയായി കണക്കാക്കിയിരുന്നു (ആസൂത്രണ കമ്മീഷൻ 2012). കൂടാതെ, ഇന്ത്യയിൽ, പ്രത്യേകിച്ച് ഗ്രാമങ്ങളിൽ വസിക്കുന്ന കൂടുതൽ ആളുകളുടെയും, ഭക്ഷണത്തിൽ നിന്നും ലഭിക്കുന്ന കലോറിയും പ്രോട്ടീനും സാധാരണ നിലയേക്കാൾ വളരെ കുറവാണ്. ലോക ഭക്ഷ്യ സുരക്ഷയും പോഷകാഹാരവും 2019 (എഫ്.എ.ഒ, 2019) റിപ്പോർട്ട് അനുസരിച്ച് ഇന്ത്യയിൽ പോഷകാഹാരക്കുറവ് ഉള്ളവരുടെ എണ്ണം 194.4 ദശലക്ഷമായി കണക്കാക്കപ്പെടുന്നു. ഇത് മൊത്തം ജനസംഖ്യയുടെ 14.5 ശതമാനമാണ്.

ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം-2013

ഇന്ത്യയിൽ ഭക്ഷ്യസുരക്ഷയില്ലായ്മ അനുഭവിക്കുന്ന ജനങ്ങൾക്ക് ഗുണനിലവാരമുള്ളതും അവശ്യമായ അളവിലും ഭക്ഷ്യലഭ്യത ഉറപ്പ് വരുത്തുന്നതിനായി

ഇന്ത്യാ ഗവൺമെന്റ് ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം (എൻ.എഫ്.എസ്.എ) 2013 നടപ്പാക്കി. ജനങ്ങൾക്ക്, ജീവിതചക്ര സമീപനത്തിലൂടെ ഭക്ഷ്യ പോഷകാഹാര സുരക്ഷ കൈവരിക്കുന്നതിനായി ആവശ്യമായ അളവിൽ ഗുണമേന്മയുള്ള ഭക്ഷണം ന്യായമായ വിലയ്ക്ക് എത്തിക്കുക എന്നതാണ് ഈ നിയമം കൊണ്ട് ലക്ഷ്യമാക്കുന്നത്. ഈ നിയമമനുസരിച്ച് കേന്ദ്ര സർക്കാർ അനുശാസിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ച് സംസ്ഥാനം ലക്ഷ്യമിടുന്ന ഗുണഭോക്താക്കൾക്ക് ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നതിനായി കേന്ദ്ര സർക്കാരിന്റെ വിവിധ മന്ത്രാലയങ്ങളുടേയും വകുപ്പുകളുടേയും പദ്ധതികൾ നിര്വഹണം നടത്തേണ്ടതും മേൽനോട്ടം വഹിക്കേണ്ടതും സംസ്ഥാന സർക്കാരിന്റെ ഉത്തരവാദിത്വമാണ്.

കേരളത്തിലെ എല്ലാ പ്രദേശങ്ങളിലും എത്തുന്ന വിപുലവും സുസ്ഥാപിതവും ആയ സാർവ്വത്രിക റേഷനിംഗ് സംവിധാനം സംസ്ഥാനത്തുണ്ട്. നഗര പ്രദേശങ്ങളെ കേന്ദ്രീകരിച്ച് അനൗപചാരിക റേഷനിംഗ് 1964-ൽ നിലവിൽ വരികയും തുടർന്ന് അത് ഗ്രാമപ്രദേശങ്ങളിലേക്ക് വ്യാപിപ്പിക്കുകയും ചെയ്തിരുന്നു. 1965 ഒക്ടോബർ 24 മുതൽ കേരളത്തിൽ സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് ആരംഭിച്ചു. 1997-ൽ കേന്ദ്ര സർക്കാർ പരിഷ്ക്കരിച്ച പൊതു വിതരണ സമ്പ്രദായ നിയമമനുസരിച്ച് കേരളത്തിൽ ലക്ഷ്യമിട്ട പൊതു വിതരണ സമ്പ്രദായവും ആരംഭിച്ചു.

ഭക്ഷ്യ സുരക്ഷാ നിയമം-2013, നിലവിൽ വന്നതോടെ സംസ്ഥാനത്ത് നിലനിന്നിരുന്ന പൊതുവിതരണ സമ്പ്രദായം സമൂലമായ പരിവർത്തനത്തിന് വിധേയമായി. 2016 നവംബർ മാസം 1-ാം തീയതി മുതലാണ് കേരളത്തിൽ ഭക്ഷ്യ സുരക്ഷാ നിയമം നടപ്പാക്കിയത്. ഈ നിയമത്തിൻ കീഴിൽ പൊതുവിതരണ സംവിധാനം പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കുന്നതിന് ലക്ഷ്യമിടുന്നു. വിതരണ ചോർച്ച കുറയ്ക്കുന്നതിനും, ഗുണഭോക്താക്കളെ കൃത്യമായി ലക്ഷ്യമിടുന്നതിനും, വിതരണത്തിലെ ചെലവ് കുറയ്ക്കുന്നതിനുമാണ് ഇതുകൊണ്ട് ലക്ഷ്യമിടുന്നത്. അംഗീകൃത ചില്ലറ വ്യാപാര ഡിപ്പോകളിൽ (എ.ആർ.ഡി) ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ (ഇ-പോസ്) നടപ്പിലാക്കൽ, എഫ്.സി.ഐ യിൽ നിന്നും എ.ആർ.ഡി തലം വരെയുള്ള വിതരണ ശൃംഖല നടത്തിപ്പ്, മൊത്ത ചില്ലറ വ്യാപാരങ്ങൾക്ക് ബയോമെട്രിക്ക് ആധികാരികത ഉറപ്പ് വരുത്തൽ, ജിഐഎസ് അടിസ്ഥാനപ്പെടുത്തി തീരുമാന സഹായ സംവിധാനങ്ങൾ ഒരുക്കുക, എന്നിവ വഴി ഫലപ്രദവും, സുതാര്യവും, അഴിമതി രഹിതവുമായ ഒരു പൊതുവിതരണ സമ്പ്രദായം ഉറപ്പാക്കുകയാണ് ഈ നിയമം കൊണ്ട് ലക്ഷ്യമിടുന്നത്. 2019 നവംബർ മാസം വരെ സംസ്ഥാനത്തെ എല്ലാ റേഷൻകാർഡ് വിവരങ്ങളും ഡിജിറ്റലൈസ് ചെയ്തു. കൂടാതെ 33.0 ലക്ഷം അപേക്ഷകളിൽ തുടർ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. 2019 നവംബർ മാസം വരെ 94.0 ലക്ഷം ഗുണഭോക്താക്കളെ ആധാറുമായി ബന്ധിപ്പിച്ച് ജനങ്ങളുടെ പരാതികൾ ഓൺ ലൈനായി സമർപ്പിക്കാൻ കഴിയുന്ന പരാതി പരിഹാര പോർട്ടലും സംസ്ഥാനത്ത് ആരംഭിച്ചു. ഭക്ഷ്യ സുരക്ഷാ നിയമത്തിൽ അനുശാസിക്കുന്നത് പോലെ സംസ്ഥാനത്തെ കാർഡ് ഉടമകൾക്ക് മുൻഗണന കാർഡുകളും മുൻഗണനേതര കാർഡുകളും വിതരണം ചെയ്തു. എ.ആർ.ഡി കളിൽ ഇ-പോസ് മെഷീനുകൾ സ്ഥാപിക്കുന്ന പ്രവർത്തി പൂർത്തിയായിട്ടുണ്ട്. കൂടാതെ ഭക്ഷ്യ ധാന്യങ്ങൾ കൊണ്ടു പോകുന്നതിന് ജി.ഐ.എസ് ഘടിപ്പിച്ച വാഹനങ്ങൾ ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

കേരളത്തിൽ പൊതുവിതരണ സമ്പ്രദായം വഴി റേഷൻ സാധനങ്ങൾ വിതരണം ചെയ്യുന്നതിനുള്ള ഉത്തരവാദിത്തം 'സപ്ലൈകോ'യ്ക്കാണ്. ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ (എഫ്.സി.ഐ) വഴിയും കോംപാക്റ്റ് മൾട്ടി റോളർ (സി.എം.ആർ) മില്ലുകൾ വഴിയും സംസ്ഥാനത്തിന് അനുവദിക്കുന്ന ഭക്ഷ്യധാന്യങ്ങൾ ഗോഡൗണുകളിൽ നിന്നും എടുത്ത് ഇടനില ഗോഡൗണുകളിൽ സംഭരിച്ച ശേഷം വിതരണം ചെയ്യുന്നതിനായി ന്യായവില കടകളുടെ വാതിൽപടിയിൽ എത്തിയ്ക്കുന്നത് സപ്ലൈകോ ആണ്. എഫ്.സി.എ, സി.എം.ആർ മില്ലുകൾ എന്നിവിടങ്ങളിൽ നിന്നും എടുക്കുന്ന ഭക്ഷ്യധാന്യങ്ങൾ സംഭരിച്ച് വയ്ക്കുന്നതിനായി സപ്ലൈകോ സംസ്ഥാനത്തെ 75 താലൂക്കുകളിലും ഇടക്കാല ഗോഡൗണുകൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ 2.5 ലക്ഷം മെട്രിക് ടൺ ഭക്ഷ്യധാന്യങ്ങൾ സംഭരിക്കാൻ കഴിയുന്ന 15.0 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണം വരുന്ന 223 ഗോഡൗണുകൾ കൂടി സപ്ലൈകോ വാടകയ്ക്കെടുത്തിട്ടുണ്ട്. എൻ.എഫ്. എസ്.എ പ്രവർത്തനങ്ങളിലേക്ക് മാറിയതിനാൽ നിലവിലുള്ള 11 സബ്ഡിപ്പോകൾ എൻ.എഫ്. എസ്.എ ഗോഡൗണുകളായി പരിവർത്തനം ചെയ്തിട്ടുണ്ട്.

റേഷൻ കാർഡുകളുടെ വിതരണം

അവശ്യ സാധനകളുടെ വിലകൾ, സംഭരണം, ഗതാഗതം, വിതരണം, നീക്കം ചെയ്യൽ, ഏറ്റെടുക്കൽ, ഏതൊരു അവശ്യ വസ്തുവിന്റേയും ഉപയോഗം അല്ലെങ്കിൽ ഉപഭോഗം, ഇവയുമായി ബന്ധപ്പെട്ട ലൈസൻസുകൾ പെർമിറ്റുകൾ, എന്നിവ നിയന്ത്രിക്കുന്നതിന് കേന്ദ്ര സർക്കാർ 1955-ൽ അവശ്യ സാധന നിയമം നടപ്പാക്കിയിരുന്നു. 1965 മുതൽ സംസ്ഥാനത്ത് പൊതു വിതരണ സമ്പ്രദായവും നടപ്പാക്കിയിരുന്നു. കേന്ദ്രത്തിൽ നിന്നും അനുവദിക്കുന്ന ഭക്ഷ്യ ധാന്യങ്ങൾ കൃത്യ സമയത്ത് എടുത്ത് കാര്യക്ഷമമായി റേഷൻ കടകൾ വഴി വിതണം ചെയ്യുക എന്നത് പൊതു വിതരണ സമ്പ്രദായത്തിന്റെ പ്രധാന ചുമതലയാണ്. എൻ.എഫ്.എസ്.എ 2013 നിലവിൽ വരുന്നതിനുമുൻപേ തന്നെ സാർവ്വത്രിക റേഷൻ സമ്പ്രദായം നടപ്പിലാക്കുന്നതിൽ കേരളം മികച്ച നേട്ടം കൈവരിച്ചിട്ടുണ്ട്.

ചിത്രം 3.8.1 വിവിധ വിഭാഗം കാർഡുടമകൾ 2019 ആഗസ്റ്റ് മാസം വരെ, ശതമാനത്തിൽ



അവലംബം സിവിൽ സപ്ലൈസ് വകുപ്പ്

കേരളത്തിലെ റേഷൻ കാർഡുകളുടെ എണ്ണം 2018-19 ലെ 81.1 ലക്ഷത്തിൽ നിന്നും 2019-20 ൽ (2019 ആഗസ്റ്റ് മാസം വരെ) 86.0 ലക്ഷമായി വർദ്ധിച്ചിട്ടുണ്ട്. ഇതിൽ എൻ.എഫ്.എസ്.എ കാർഡുകളുടെ എണ്ണം 36.6 ലക്ഷവും എൻ.എഫ്.എസ്.എ ഇതര കാർഡുകളുടെ എണ്ണം 49.4 ലക്ഷവും ആണ്. എൻ.എഫ്.എസ്.എ വിഭാഗത്തിൽ 5.8 ലക്ഷം അന്തിയോജന അന്നയോജന കാർഡുകളും 30.8 ലക്ഷം മുൻഗണനാ കാർഡുകളുമാണ്. എൻ.എഫ്.എസ്.എ ഇതര കാർഡുകളിൽ 23.5 ലക്ഷം മുൻഗണന സബ്സിഡി വിഭാഗവും 25.8 ലക്ഷം മുൻഗണനേതര സബ്സിഡി ഇതര വിഭാഗത്തിലുമാണ്. ഭക്ഷ്യ സുരക്ഷാ നിയമം നടപ്പിലായതോടെ കേരളത്തിൽ നാല് നിറങ്ങളിലുള്ള നാല് തരം റേഷൻ കാർഡുകൾ നിലവിൽ വന്നു. എ.എ.വൈ കാർഡുകൾ മഞ്ഞ നിറത്തിലും, മുൻഗണനാ കാർഡുകൾ പിങ്ക് നിറത്തിലും, മുൻഗണനേതര സബ്സിഡി കാർഡുകൾ നീലനിറത്തിലും മുൻഗണനേതര സബ്സിഡി ഇതര കാർഡുകൾ വെള്ള നിറത്തിലുമാണ്. (ചിത്രം 3.8.1). ഇത് കൂടാതെ ജീവകാരുണ്യ പ്രവർത്തനങ്ങൾ നടത്തുന്ന സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവയ്ക്ക് കുറഞ്ഞ നിരക്കിൽ ഭക്ഷ്യധാന്യങ്ങൾ നൽകുന്നതിനായി 928 റേഷൻ പെർമിറ്റുകളും 2019-20 ൽ (2019 ആഗസ്റ്റ് മാസം വരെ) നൽകിയിട്ടുണ്ട്.

കേരളത്തിൽ എൻ.എഫ്.എസ്.എ വിഭാഗത്തിൽ 2019 നവംബർ മാസം വരെ 1.5 കോടി ഗുണഭോക്താക്കളാണുള്ളത്. എൻ.എഫ്.എസ്.എ ഇതര വിഭാഗത്തിൽ 2.0 കോടി ഗുണഭോക്താക്കളും ഉണ്ട്. കേരളത്തിലെ റേഷൻ കാർഡുടമകളുടെ എണ്ണവും ഓരോ വിഭാഗത്തിനും ലഭിക്കുന്ന ഭക്ഷ്യ ധാന്യത്തിന്റെ അളവും പട്ടിക 3.8.1 ൽ നൽകിയിട്ടുണ്ട്. സംസ്ഥാന സർക്കാർ വിവിധ കാർഡുടമകൾക്കായി ഭക്ഷ്യ ധാന്യങ്ങൾക്ക് 2018-19 ൽ ചെലവാക്കിയ സബ്സിഡി തുക സംബന്ധിച്ച വിവരങ്ങൾ **അനുബന്ധം 3.8.1** ൽ നൽകിയിട്ടുണ്ട്.

വിവിധ വിഭാഗം കാർഡുടമകൾക്ക് കേരള സർക്കാർ ചെലവഴിച്ച സബ്സിഡി

സംസ്ഥാന സർക്കാർ 2018-19-ൽ വിവിധ കാർഡുടമകൾക്കായി 32,717.8 ലക്ഷം രൂപ സബ്സിഡിയായി ചെലവഴിച്ചു. 2017-18 ൽ ഇത് 47,372.1 ലക്ഷം രൂപയായിരുന്നു. കൂടുതൽ വിവരങ്ങൾ പട്ടിക 3.8.2 ൽ നൽകിയിട്ടുണ്ട്. മൊത്തം സബ്സിഡിയുടെ 34.9 ശതമാനം മുൻഗണന കാർഡുടമകൾക്കും 43.2 ശതമാനം മുൻഗണനേതര കാർഡുകൾക്കുമാണ് ചെലവഴിച്ചത്. 2018-19-ൽ എ.എ.വൈ കാർഡുടമകൾക്ക് നൽകിയ സബ്സിഡി തുകയിൽ മുൻവർഷത്തെ അപേക്ഷിച്ച് 1.4 ശതമാനം വർദ്ധനവ് ഉണ്ടായപ്പോൾ മുൻഗണന, മുൻഗണനേതര വിഭാഗങ്ങൾ ചെലവഴിച്ച തുകയിൽ യഥാക്രമം 47.5 ശതമാനവും 23.9 ശതമാനവും കുറവുണ്ടായിട്ടുണ്ട്. (**പട്ടിക 3.8.2, അനുബന്ധം 3.8.1**)

ഭക്ഷ്യധാന്യങ്ങളുടെ വിഹിതം

സംസ്ഥാനത്തെ പൊതു വിതരണ സംവിധാനം വഴി 2017- 18 ൽ വിതരണം ചെയ്ത അരിയുടെ അളവ് 11.6 ലക്ഷം മെട്രിക് ടൺ ആയിരുന്നത് 2018-19 ൽ 8.4 ശതമാനം ഇടിവ് രേഖപ്പെടുത്തി 10.6 ലക്ഷം മെട്രിക് ടണ്ണായി കുറഞ്ഞു. 2018-19 ൽ 1.8 ലക്ഷം മെട്രിക് ടൺ ഗോതമ്പും 0.5 ലക്ഷം കിലോലിറ്റർ മണ്ണെണ്ണയും 0.08 ലക്ഷം മെട്രിക് ടൺ പഞ്ചസാരയും പൊതുവിതരണസംവിധാനം വഴി സംസ്ഥാനത്ത് വിതരണം ചെയ്തു. 2017-18-ൽ ഇത് 2.0 ലക്ഷം മെട്രിക് ടൺ ഗോതമ്പും 0.45 ലക്ഷം കിലോലിറ്റർ മണ്ണെണ്ണയും, 0.04 ലക്ഷം ടൺ പഞ്ചസാരയുമായിരുന്നു. 2018-19 ൽ ഗോതമ്പിന്റെ വിതരണത്തിൽ മുൻ വർഷത്തെ അപേക്ഷിച്ച് 10.1 ശതമാനം കുറവും, മണ്ണെണ്ണയുടെയും പഞ്ചസാരയുടെയും വിതരണത്തിൽ യഥാക്രമം 13.8 ശതമാനവും, 103.8 ശതമാനവും വർദ്ധനവുണ്ടായി.

പട്ടിക 3.8.1 എൻ.എഫ്.എസ്.എ യുടെ കീഴിൽ വിഭാഗം തിരിച്ച് വിതരണം ചെയ്ത ഭക്ഷ്യ ധാന്യങ്ങൾ (2019 നവംബർ പ്രകാരം)

ക്രമ നമ്പർ	വിഭാഗം	റേഷൻ കാർഡിന്റെ എണ്ണം	അരി	ഗോതമ്പ്	ആട്ട
1	എ എ വൈ	5,84,203	30 കിലോഗ്രാം/ മാസം, സൗജന്യം നിരക്കിൽ	5 കിലോഗ്രാം/ മാസം, സൗജന്യം നിരക്കിൽ	
2	മുൻഗണന	30,82,786	4 കിലോഗ്രാം/ അംഗം/ മാസം, കിലോഗ്രാമിന് 2 രൂപ നിരക്കിൽ	1 കിലോഗ്രാം/ അംഗം/ മാസം, കിലോഗ്രാമിന് 2 രൂപ നിരക്കിൽ	
3	മുൻഗണനേതര സബ്സിഡി	23,50,331	2 കിലോഗ്രാം/ അംഗം/ മാസം, കിലോഗ്രാമിന് 4 രൂപ നിരക്കിൽ		2-3 കിലോഗ്രാം/ മാസം, കിലോ-ഗ്രാമിന് 17 രൂപ നിരക്കിൽ
4	മുൻഗണനേ-തരം (നോൺ സബ്സിഡി)	25,80,746	കിലോഗ്രാമിന് 10.90 രൂപ നിരക്കിൽ ലഭ്യ-തയ്ക്കനുസരിച്ച്.		2-3 കിലോഗ്രാം/ മാസം, കിലോ-ഗ്രാമിന് 17 രൂപ നിരക്കിൽ
5	അന്നപൂർണ്ണ	5,726	10 കിലോഗ്രാം/ മാസം, സൗജന്യം നിരക്കിൽ		

അവലംബം സിവിൽ സപ്ലൈസ് വകുപ്പ്

2019-20-ൽ (2019 ഓഗസ്റ്റ് മാസം വരെ) 7.8 ലക്ഷം മെട്രിക് ടൺ അരിയും, 0.9 ലക്ഷം മെട്രിക് ടൺ ഗോതമ്പും, 0.2 ലക്ഷം കിലോ ലിറ്റർ മണ്ണെണ്ണയും, 0.03 ലക്ഷം മെട്രിക് ടൺ പഞ്ചസാരയും സംസ്ഥാനത്തെ പൊതുവിതരണ സംവിധാനം വഴി വിതരണം ചെയ്തിട്ടുണ്ട്. (**അനുബന്ധം 3.8.2**)

അന്ത്യോദയ അന്നയോജനയും (എ.എ.വൈ) അന്നപൂർണ പദ്ധതിയും (എ എൻ വി)

എൻഎഫ്.എസ്.എ യുടെ കീഴിൽ അന്ത്യോദയ അന്നയോജന പദ്ധതിയുടെ ഭാഗമായി പാവപ്പെട്ടവരിൽ പാവപ്പെട്ടവരായ കുടുംബങ്ങൾക്ക് പ്രതിമാസം 30 കിലോ അരിയും 5 കിലോ ഗോതമ്പും സൗജന്യമായി നൽകുന്നു. 2018-19 ൽ 5.8 ലക്ഷം അന്ത്യോദയ അന്നയോജന കാർഡുടമകളാണ് സംസ്ഥാനത്ത് ഉണ്ടായിരുന്നത് (2019 മാർച്ച് വരെ). 2018-19 ൽ 2.0 ലക്ഷം മെട്രിക് ടൺ അരി എ.എ.വൈ കാർഡുടമകൾക്ക് വിതരണം ചെയ്തു. കേന്ദ്രസർക്കാർ കിലോഗ്രാമിന് മൂന്നു രൂപ നിരക്കിലാണ് എ.എ.വൈ പദ്ധതിയിൽ അരി അനുവദിക്കുന്നത്. എങ്കിലും സംസ്ഥാനസർക്കാർ സൗജന്യമായാണ് വിതരണം ചെയ്യുന്നത്. (**അനുബന്ധം 3.8.1, 3.8.3**)

പട്ടിക 3.8.2 വിവിധ വിഭാഗം കാർഡ് ഉടമകൾക്ക് സംസ്ഥാന സർക്കാർ ചെലവഴിച്ച സബ്സിഡി, രൂപ ലക്ഷത്തിൽ

ക്രമ നമ്പർ	വിഭാഗം	തുക (ലക്ഷത്തിൽ)		ശതമാനം		മുൻ വർഷത്തെ അപേക്ഷിച്ച് 2018-19 ലെ മാറ്റം (ശതമാനത്തിൽ)
		2017-18	2018-19	2017-18	2018-19	
1	അന്നപൂർണ്ണ	0.0	19.4	0.0	0.1	100.0
2	എ.എ.വൈ	7031.1	7131.9	14.8	21.8	1.4
3	മുൻഗണന	21754.4	11417.3	45.9	34.9	-47.5
4	മുൻഗണനേതരം	18586.5	14149.2	39.2	43.2	-23.9
	ആകെ	47372.1	32717.8	100.0	100.0	-30.9

അവലംബം : സിവിൽ സപ്ലൈസ് വകുപ്പ്

സർക്കാരിൽ നിന്നും ഒരു പെൻഷനും ലഭിക്കാത്ത 65 വയസ്സും അതിൽ കൂടുതലും ഉള്ള നിരാലംബരുമായ ആളുകൾക്ക് അന്നപൂർണ പദ്ധതി പ്രകാരം പ്രതിമാസം 10 കിലോ അരി സൗജന്യമായി നൽകുന്നു. കേന്ദ്ര സർക്കാർ അംഗീകരിച്ച് ലക്ഷ്യമിട്ട ഗുണഭോക്താക്കളുടെ എണ്ണം 44,980 ആണ്. എന്നാൽ സംസ്ഥാനത്ത് തിരിച്ചറിഞ്ഞ ഗുണഭോക്താക്കളുടെ എണ്ണം കുറഞ്ഞുവരികയാണ്. 2015-16-ൽ ഇത് 23,322 ആയിരുന്നത് 2018-19 ആയപ്പോഴേക്കും 5,726 ആയി കുറഞ്ഞു. അന്ത്യോദയ അന്നയോജന, അന്നപൂർണ്ണ പദ്ധതികൾ വഴി 2018-19-ൽ വിതരണം ചെയ്ത ഭക്ഷ്യധാന്യങ്ങളുടെ വിവരങ്ങൾ **അനുബന്ധം 3.8.3** ലും, 2019-20 (2019 ആഗസ്റ്റ് മാസം 31 വരെ) വിതരണം ചെയ്ത ഭക്ഷ്യ ധാന്യങ്ങളുടെ വിവരങ്ങൾ **അനുബന്ധം 3.8.4** ലും നൽകിയിട്ടുണ്ട്.

പഞ്ചസാരയുടെയും മണ്ണെണ്ണയുടേയും കേന്ദ്ര വിഹിതം

പൊതുവിതരണസമ്പ്രദായം വഴിയുള്ള പഞ്ചസാര വിതരണം 2017 മാർച്ച് മാസം ഒന്നാം തീയതി മുതൽ കേന്ദ്രസർക്കാർ നിർത്തലാക്കിയിരുന്നു. എന്നാൽ 2018-19 മുതൽ അന്ത്യോദയ അന്നയോജന ഗുണഭോക്താക്കൾക്ക് കിലോഗ്രാമിന് 21 രൂപയ്ക്ക് കാർഡ് ഒന്നിന് ഒരു കിലോഗ്രാം വീതം പഞ്ചസാര നൽകി വരുന്നു. 2018-19-ൽ 0.08 ലക്ഷം മെട്രിക് ടൺ പഞ്ചസാര സംസ്ഥാനത്ത് പിഡിഎസ് വഴി വിതരണം ചെയ്തു. മുൻ വർഷം ഇത് 0.04 ലക്ഷം മെട്രിക് ടൺ ആയിരുന്നു. 103.4 ശതമാനം വർദ്ധനവ് 2018-19 ൽ ഉണ്ടായി. 2019-20-ൽ (2019 ആഗസ്റ്റ് മാസം വരെ) 0.03 ലക്ഷം മെട്രിക് ടൺ പഞ്ചസാര പിഡിഎസ് വഴി സംസ്ഥാനത്ത് വിതരണം ചെയ്തിട്ടുണ്ട്.

കേന്ദ്രസർക്കാർ സംസ്ഥാനത്തിനുള്ള മണ്ണെണ്ണ വിഹിതം ക്രമേണ കുറച്ചു കൊണ്ട് വരികയാണ്. മണ്ണെണ്ണയുടെ കേന്ദ്രവിഹിതം 2016-17 ൽ 0.8 ലക്ഷം കിലോലിറ്റർ ആയിരുന്നത് 2018-19 ആയപ്പോഴേക്കും 0.5 ലക്ഷം കിലോലിറ്ററായി കുറഞ്ഞു. 2019-20 ൽ (2019 ഓഗസ്റ്റ് 31 വരെ) സംസ്ഥാനത്ത് 0.2 ലക്ഷം കിലോലിറ്റർ മണ്ണെണ്ണ പിഡിഎസ് വഴി വിതരണം ചെയ്തു.

ഭക്ഷ്യധാന്യങ്ങളുടെ ജില്ലാതല വിതരണം

2018-19 ൽ 21,445.3 മെട്രിക് ടൺ അരി എ.ഐ.വൈ വിഭാഗത്തിന് വിതരണത്തിനായി ഏറ്റെടുത്ത തിരുവനന്തപുരം ജില്ല മുന്നിൽ നിൽക്കുന്നു. തൊട്ടുപുറകിൽ 18,645.5 മെട്രിക് ടൺ അരി ഏറ്റെടുത്ത മലപ്പുറം ജില്ലയാണ്. എന്നാൽ 2018-19 ൽ മുൻഗണന വിഭാഗത്തിനുള്ള അരി ഏറ്റവും കൂടുതൽ വിതരണത്തിനായി ഏറ്റെടുത്തത് മലപ്പുറം ജില്ല ആയിരുന്നു (85,935.5 മെട്രിക് ടൺ). ആകെ 62,241.4 മെട്രിക് ടൺ അരി ഏറ്റെടുത്ത തിരുവനന്തപുരം ജില്ല തൊട്ടുപുറകിൽ നിൽക്കുന്നു. 2018-19 ൽ മുൻഗണനാ വിഭാഗത്തിൽ ഏറ്റവും കൂടുതൽ ഗോതമ്പ് വിതരണത്തിനായി ഏറ്റെടുത്തതും (21,232.7 മെട്രിക് ടൺ) മലപ്പുറം ജില്ല ആയിരുന്നു. ആകെ 15,241.8 മെട്രിക് ടൺ ഗോതമ്പ് വിതരണത്തിനായി ഏറ്റെടുത്ത തിരുവനന്തപുരം ജില്ല രണ്ടാം സ്ഥാനത്തായിരുന്നു. കൂടുതൽ വിവരങ്ങൾക്ക് **അനുബന്ധം 3.8.3, 3.8.4, 3.8.5, 3.8.6** കാണുക.

കേരള സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷൻ (സപ്ലൈകോ)

ഭക്ഷ്യധാന്യങ്ങളുടെയും അവശ്യ സാധനങ്ങളുടെയും വിലകൾ അനിയന്ത്രിതമായി വർദ്ധിക്കുന്നത് നിയന്ത്രിക്കുന്നതിനായി കാര്യക്ഷമമായ ഒരു പൊതു വിതരണ സംവിധാനം അനിവാര്യമാണ്. റേഷൻ കടകളിലൂടെയുള്ള പൊതുവിതരണ സമ്പ്രദായത്തിന് പുറമെ പിഡിഎസ് ന്റെ രണ്ടാം നിരയായ സപ്ലൈകോ-യിലൂടെ വിപണി ഇടപെടൽ സംസ്ഥാനം ഉറപ്പാക്കുന്നു. ഭക്ഷ്യ സുരക്ഷയ്ക്കായി സപ്ലൈകോ 1974 ലാണ് സംസ്ഥാനത്ത് ആരംഭിച്ചത്. സംസ്ഥാനത്തെ ന്യായവില ഷോപ്പുകൾ വഴിയും സപ്ലൈകോ ഔട്ട് ലെറ്റുകൾ വഴിയും വിപണി വിലയേക്കാൾ കുറഞ്ഞ വിലയ്ക്ക് അവശ്യസാധനങ്ങളുടെ വിതരണം ഈ സംവിധാനം ഉറപ്പാക്കുന്നു. 13 അവശ്യ സാധനങ്ങൾക്ക് സബ്സിഡി നൽകി കൊണ്ട് അവയുടെ വിലകൾ സപ്ലൈകോ നിയന്ത്രിക്കുന്നു.

കൊച്ചി ആസ്ഥാനമായി പ്രവർത്തിക്കുന്ന സപ്ലൈകോയ്ക്ക് 5 പ്രാദേശിക ഓഫീസുകളും 56 ടിപ്പോകളും 1,100 ൽ അധികം ചില്ലറവിൽപ്പന ശാലകളും ഉണ്ട്. **അനുബന്ധം 3.8.7** കാണുക. ഏറ്റവും വേഗത്തിൽ വിറ്റഴിക്കപ്പെടുന്ന 6000-ൽ അധികം ഉപഭോക്തൃ സാധനങ്ങൾ പരമാവധി വിൽപ്പന വിലയിൽ നിന്നും 5 ശതമാനം മുതൽ 30 ശതമാനംവരെ കുറഞ്ഞ വിലയ്ക്ക് (ശരാശരി 10 ശതമാനം) സപ്ലൈകോ, ന്യായവില ഷോപ്പുകൾ വഴി ചില്ലറ വിൽപ്പനയ്ക്ക് എത്തിക്കുന്നു. ഉത്സവ സീസണുകളിൽ പ്രത്യേക വിൽപ്പനശാലകൾ ആരംഭിച്ച് വിലനിലവാരം പിടിച്ചു നിർത്തൽ, ന്യായവിലമെഡിക്കൽ സ്റ്റോറുകളിലൂടെ മരുന്നുകളുടെ ചില്ലറവിൽപ്പന, നെല്ല് സംഭരണം, ഗോതമ്പും അതിന്റെ ഉത്പന്നങ്ങളുടെയും സംസ്കരണവും വിതരണവും, മണ്ണെണ്ണ, പെട്രോൾ, ഡീസൽ, എൽപി.ജി എന്നിവയുടെ ഡീലറായി പ്രവർത്തിക്കൽ, കേന്ദ്ര സർക്കാർ പദ്ധതികളുടെ ഭാഗമായ മൈക്രോബയോളജി ലാബ്, ഭക്ഷ്യ സംസ്കരണ യൂണിറ്റ് തുടങ്ങിയവയുടെ സംസ്ഥാനത്തെ നോഡൽ ഏജൻസി, എന്നിവയാണ് സപ്ലൈകോയുടെ പ്രധാന പ്രവർത്തനങ്ങൾ. 2018-19 ൽ 19 മാവേലി സ്റ്റോറുകളും, 28 സൂപ്പർ മാർക്കറ്റുകളും, 2 പീപ്പിൾസ് ബസാറുകളും, 17 മാവേലി സൂപ്പർസ്റ്റോറുകളും സപ്ലൈകോ പുതുതായി ആരംഭിച്ചു. (**അനുബന്ധം 3.8.7**).

പൊതുവിതരണ സമ്പ്രദായം വഴി വിതരണം നടത്തുന്നതിന് ആവശ്യമായ ഭക്ഷ്യധാന്യങ്ങൾ വാതിൽപ്പടി വിതരണത്തിലൂടെ സംസ്ഥാനത്തെ റേഷൻ കടകളിൽ എത്തിക്കുന്നതിനുള്ള ചുമതല സപ്ലൈകോയ്ക്കാണ്. കൂടാതെ എഫ്. സി.ഐ ഡിപ്പോകളിൽ നിന്നും/സി.എം.ആർ ഗോഡൗണിൽ നിന്നും ഭക്ഷ്യധാന്യങ്ങൾ ശേഖരിച്ച് സൂക്ഷിക്കുന്നതിനായി സപ്ലൈകോ 75 താലൂക്കുകളിൽ എൻ.എഫ്.എസ്.എ ഇടനില ഗോഡൗണുകൾ ആരംഭിച്ചിട്ടുണ്ട്.

ഉച്ചഭക്ഷണ പരിപാടി

കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെ സാമ്പത്തിക സഹായത്തോടെയാണ് സംസ്ഥാനത്തെ സ്കൂളുകളിൽ ഉച്ചഭക്ഷണ പരിപാടി നടപ്പാക്കുന്നത്. പ്രൈമറി സ്കൂളിൽ പോകുന്ന കുട്ടികൾക്ക് പോഷകാഹാരം ലഭ്യമാക്കി കൊണ്ട് സ്കൂൾ പ്രവേശനം, സ്ഥിരം ഹാജരാകൽ, പഠനം തുടരൽ എന്നിവ പ്രോത്സാഹിപ്പിച്ചുകൊണ്ട് പ്രാഥമിക വിദ്യാഭ്യാസം സാർവ്വത്രികമാക്കുന്നതിനായി കേന്ദ്ര മാനവശേഷി വികസന മന്ത്രാലയം 1995-ൽ ആരംഭിച്ച പദ്ധതിയാണിത്.

സംസ്ഥാനത്തെ ഉച്ചഭക്ഷണ പരിപാടിക്ക് ആവശ്യമായ സാധനങ്ങൾ ലഭ്യമാക്കുന്നതിനുള്ള ചുമതല സപ്ലൈകോയ്ക്കാണ്. ഇതിനാവശ്യമായ അരി എഫ്. സി.ഐ യിൽ നിന്നാണ് ലഭിക്കുന്നത്. 2018-19-ൽ 26.6 ലക്ഷം വിദ്യാർത്ഥികൾക്കായി 5.0 ലക്ഷം ക്വിന്റൽ അരിയും 2.8 ലക്ഷം ക്വിന്റൽ പ്രത്യേക അരിയും കോർപ്പറേഷൻ വിതരണം ചെയ്തു. 2017-18 ൽ 4.8 ലക്ഷം ക്വിന്റൽ അരിയും 2.2 ലക്ഷം പ്രത്യേക അരിയുമാണ് വിതരണം ചെയ്തിരുന്നത്. സംസ്ഥാനത്ത് ഉച്ചഭക്ഷണം പരിപാടിയുടെ ഭാഗമായി വിതരണം ചെയ്ത മൊത്തം ഭക്ഷ്യധാന്യങ്ങളുടെ അളവ് 2017-18-ലെ 7.0 ലക്ഷം ക്വിന്റലിൽ നിന്നും 2018-19 ൽ 7.8 ലക്ഷം ക്വിന്റലായി വർദ്ധിക്കുകയും പ്രയോജനം ലഭിച്ച വിദ്യാർത്ഥികളുടെ എണ്ണം 24.9 ലക്ഷത്തിൽ നിന്നും 26.6 ലക്ഷമായി ഉയരുകയും ചെയ്തു. സംസ്ഥാനത്ത് ഉച്ചഭക്ഷണ പരിപാടിയിലൂടെ പ്രയോജനം ലഭിച്ച കുട്ടികളുടെ വിവരങ്ങൾ ചിത്രം 3.8.2 ലും വിതരണം ചെയ്ത ഭക്ഷ്യധാന്യങ്ങളുടെ കൂടുതൽ വിവരങ്ങൾ (2011-12 മുതൽ 2018-19 വരെ) **അനുബന്ധം 3.8.8** ലും നൽകിയിട്ടുണ്ട്.

ചിത്രം 3.8.2 ഉച്ചഭക്ഷണ പരിപാടി 2011-12 മുതൽ 2018-19 വരെ,



അവലംബം : അവലംബം: സപ്ലൈകോ

അദ്ധ്യായം

04

ഉൽപ്പന്ന നിർമ്മാണ മേഖല

അ ദ്ധ്യാ യം

04

4.1 കേരളത്തിന്റെ വ്യാവസായിക മേഖല

കേരളത്തിലെ മാനുഫാക്ചറിംഗ് മേഖല താരതമ്യേന ചെറുതാണ്. കേരളത്തിന്റെ ജിഎസ്‌വിഎയുടെ 12.8 ശതമാനവും (2011–12 വിലയുടെ അടിസ്ഥാനത്തിൽ), സംസ്ഥാനത്തെ മൊത്തം തൊഴിലിന്റെ 11.8 ശതമാനവും മാത്രമാണ് 2017–18 ൽ മാനുഫാക്ചറിംഗ് മേഖലയിൽ ഉണ്ടായത്. താരതമ്യപ്പെടുത്തുമ്പോൾ, 2017 ൽ ഇന്ത്യയുടെ മാനുഫാക്ചറിംഗ് മേഖല ജിഡിപിയുടെ 18.0 ശതമാനവും ചൈനയുടേത് ജിഡിപിയുടെ 29.3 ശതമാനവുമാണ്.

കേരളത്തിലെ മാനുഫാക്ചറിംഗ് മേഖലയുടെ പുനരുജ്ജീവനം

അതേസമയം, കഴിഞ്ഞ നാല് വർഷമായി കേരളത്തിന്റെ മാനുഫാക്ചറിംഗ് മേഖലയുടെ മൂല്യത്തിൽ ക്രമാനുഗതമായ വർധനയുണ്ടായിട്ടുണ്ടെന്ന് എടുത്തുപറയേണ്ടതുണ്ട്. കേരളത്തിന്റെ ജിഎസ്‌വിഎയിൽ ഉൽപാദന മേഖലയുടെ വിഹിതം 2014–15 ൽ 9.8 ശതമാനത്തിൽ നിന്ന് 2018–19 ൽ 13.2 ശതമാനമായി ഉയർന്നു. വ്യവസായ വാർഷിക സർവേയിൽ നിന്നുള്ള കണക്കുകൾ പ്രകാരം, ഇന്ത്യയുടെ ഫാക്ടറി മേഖലയിൽ മൊത്തം മൂല്യത്തിൽ കേരളത്തിന്റെ പങ്ക് 2014–15 ൽ 1.2 ശതമാനത്തിൽ നിന്ന് 2017–18 ൽ 1.5 ശതമാനമായി ഉയർന്നു (**ചിത്രം 4.1.1 കാണുക**).

പീരിയോഡിക് ലേബർ ഫോഴ്സ് സർവേ (പിഎൽഎഫ്എസ്) കണക്ക് പ്രകാരം, കേരളത്തിലെ മാനുഫാക്ചറിംഗ് മേഖലയിൽ 2017–18 ൽ 15 ലക്ഷം തൊഴിലാളികൾ (അല്ലെങ്കിൽ സംസ്ഥാനത്തിന്റെ മൊത്തം 127 ലക്ഷം തൊഴിലാളികളിൽ 12.8 ശതമാനം) പേർ ജോലി ചെയ്യുന്നു. ഫാക്ടറി മേഖലയിലെ തൊഴിലാളികൾ ഇതിൽ ഉൾപ്പെടുന്നു,

ചിത്രം 4.1.1 കേരളത്തിന്റെ ജിവിഎസ്എ യിലെ മാനുഫാക്ചറിംഗ് രംഗത്തിന്റെ പങ്കും ഇന്ത്യയുടെ ജിവിഎ യിൽ ഫാക്ടറി



അവലംബം: ഡയറക്ടറേറ്റ് ഓഫ് ഇക്കണമോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ്, വ്യവസായങ്ങളുടെ വാർഷിക സർവ്വേ.

1. Employment data based on the Periodic Labour Force Survey (PLFS) carried out by India's Central Statistical Office in 2017-18.
2. Manufacturing as a share of India's GVA at basic prices in 2017-18. The Chinese share is obtained from the World Bank's World Development Indicators. Available at http://data.worldbank.org/indicator.

അവർ 2017–18 ൽ 3.1 ലക്ഷം ആയിരുന്നു. സംഘടിത ഉൽപാദന മേഖലയുമായി ഫാക്ടറി മേഖല ഏതാണ്ട് സമാനമാണ്. പത്തിലധികം തൊഴിലാളികൾ ജോലി ചെയ്യുന്നതും വൈദ്യുതോർജ്ജത്തിന്റെ സഹായത്തോടെ പ്രവർത്തിക്കുന്നതുമായ ഫാക്ടറികൾ ഫാക്ടറി മേഖലയിൽ ഉൾപ്പെടുന്നു (അതുപോലെ തന്നെ വൈദ്യുതോർജ്ജത്തിന്റെ സഹായമില്ലാതെ 20 ലധികം തൊഴിലാളികൾ ജോലി ചെയ്യുന്ന ഫാക്ടറികളും). ഫാക്ടറി മേഖലയെക്കുറിച്ചുള്ള ഡാറ്റയുടെ പ്രധാന ഉറവിടം ഇന്ത്യാ ഗവൺമെന്റിന്റെ സ്റ്റാറ്റിസ്റ്റിക്സ് ആൻഡ് പ്രോഗ്രാം ഇംപ്ലിമെന്റേഷൻ മാന്ത്രലയം (MOSPI) പ്രസിദ്ധീകരിച്ച വാർഷിക സർവേ ഓഫ് ഇൻഡസ്ട്രീസ് (എ എസ് ഐ) ആണ്.

പരമ്പരാഗത വ്യവസായങ്ങളിലെ തൊഴിലാളികൾ, പ്രത്യേകിച്ച് കയർ, കശുവണ്ടി, കൈത്തറി മേഖലകളിലെ തൊഴിലാളികൾ കേരളത്തിന്റെ നിർമ്മാണ തൊഴിലാളികളിൽ ഗണ്യമായ പങ്ക് വഹിക്കുന്നു. കേരളത്തിലെ ഫാക്ടറി മേഖലയിലെ (2016–17ൽ) 3.1 ലക്ഷം തൊഴിലാളികളിൽ 42.3 ശതമാനം അഥവാ 1.35 ലക്ഷം തൊഴിലാളികളാണ് റിസോഴ്സ് അധിഷ്ഠിത വ്യവസായങ്ങളിൽ ഉള്ളവർ. ഈ വ്യവസായങ്ങൾ ഭക്ഷ്യ ഉൽപന്നങ്ങളും പാനീയങ്ങളുമാണ് (കശുവണ്ടി സംസ്കരണം ഒരു പ്രധാന ഘടകമാണ്), ബീഡി

പട്ടിക 4.1.1 ഘടനയും താരതമ്യ വലുപ്പവുമായി ബന്ധപ്പെട്ട കേരളത്തിലെ മൊത്തം ഫാക്ടറിരംഗത്തിന്റെ വ്യവസായത്തിലെ തൊഴിലിന്റെയും മൂല്യവർധനവിന്റെയും പങ്ക്, ഇന്ത്യയുമായി ബന്ധപ്പെട്ട് കേരളത്തിലെ മൊത്തം വ്യവസായങ്ങളുടെ പങ്ക്, 2016–17

വ്യവസായങ്ങൾ	കേരളത്തിന്റെ മൊത്തം ഫാക്ടറി രംഗത്തിലെ വിഹിതം		ഇന്ത്യയിൽ കേരളത്തിന്റെ വിഹിതം	
	തൊഴിൽ	മൂല്യവർധനവ്	തൊഴിൽ	മൂല്യവർധനവ്
ഭക്ഷ്യ ഉല്പന്നങ്ങളും പാനീയങ്ങളും (10, 11)	30.5	11.9	5.3	1.4
പുകയില ഉല്പന്നങ്ങൾ (12)	4.8	0.3	3.3	0.2
ടെക്സ്റ്റയിൽസ് (13)	6.9	2.9	1.4	0.6
വസ്ത്രങ്ങൾ (14)	2.6	1.5	0.7	0.7
പാദരക്ഷ (15)	2.7	1.6	2.2	2.0
തടിയും തടി ഉല്പന്നങ്ങളും (16)	2.6	0.9	9.0	2.8
പേപ്പറും പേപ്പർ ഉല്പന്നങ്ങളും (17)	1.1	0.4	1.4	0.3
റിക്കോർഡ് ചെയ്ത മാധ്യമങ്ങളുടെ അച്ചടിയും പുനർനിർമ്മാണവും (18)	1.9	4.8	3.8	5.9
ശുദ്ധീകരിച്ച പെട്രോളിയം ഉല്പന്നങ്ങൾ (19)	4.2	12.1	8.7	1.0
രാസവസ്തുക്കളും ഫാർമസ്യൂട്ടിക്കൽസും (20, 21)	6.6	19.2	1.4	1.2
റബറും പ്ലാസ്റ്റിക് ഉല്പന്നങ്ങളും (22)	7.2	10.5	3.3	2.7
മറ്റ് ലോഹേതര ധാതു ഉല്പന്നങ്ങൾ (23)	6.0	4.7	1.8	1.0
ബേസിക് ലോഹങ്ങൾ (24)	1.5	1.2	0.5	0.2
ഫാബ്രിക്കേറ്റഡ് ലോഹ ഉല്പന്നങ്ങൾ (25)	1.5	0.7	0.7	0.2
ഇലക്ട്രോണിക്, കമ്പ്യൂട്ടർ, ഒപ്റ്റിക്കൽ ഉല്പന്നങ്ങൾ (26)	4.2	5.2	6.0	2.3
ഇലക്ട്രിക്കൽ ഉപകരണങ്ങൾ (27)	1.6	1.6	1.0	0.4
യന്ത്രങ്ങളും ഉപകരണങ്ങളും (28)	0.8	0.7	0.3	0.1
മോട്ടോർ വാഹനങ്ങൾ (29)	0.1	0.1	0.0	0.0
മറ്റ് ഗതാഗത ഉപകരണം (കപ്പലുകളും ബോട്ടുകളും)(30)	1.6	3.5	1.6	1.5
ഫർണീച്ചർ, ജൂവലറി, മെഡിക്കൽ ആന്റ് ദന്തൽ ഉപകരണങ്ങൾ, കളിപ്പാട്ടങ്ങൾ (31, 32)	2.4	10.0	1.8	5.6
എല്ലാ വ്യവസായങ്ങളും കൂടി	100	100	2.1	1.0

കുറിപ്പ്: ഓരോ വ്യവസായങ്ങളും നാഷണൽ ഇൻഡസ്ട്രിയൽ ക്ലാസിഫിക്കേഷൻ (NIC) - 2008 അനുസരിച്ച് ഏതിലാണ് പെടുന്നതെന്ന് സൂചിപ്പിക്കുന്നതാണ് ബ്രാക്കറ്റിലെ രണ്ടക്ക സംഖ്യകൾ സൂചിപ്പിക്കുന്നത്.
സ്രോതസ്സ്: വാർഷിക വ്യാവസായിക സർവ്വെയിലെ തൊഴിലാളികളുടെയും മൊത്ത മൂല്യവർധനവിന്റെയും കണക്കുകൾ.

നിർമ്മാണം, തുണിത്തരങ്ങൾ (കയർ സംസ്കരണം, കൈത്തറി എന്നിവ ഉൾപ്പെടെ). അതേസമയം, കേരളത്തിലെ പരമ്പരാഗത വ്യവസായങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളുടെ എണ്ണത്തിൽ ഗണ്യമായ കുറവുണ്ടായിട്ടുണ്ട്. ഈ വ്യവസായങ്ങളിൽ ചിലത് (കശുവണ്ടി പോലുള്ളവ) നേരിടുന്ന ഘടനാപരമായ പ്രശ്നങ്ങളും കുറഞ്ഞ വേതനത്തിന്റെ സ്വഭാവമുള്ള വ്യവസായങ്ങളിൽ നിന്ന് യുവതലമുറയിലെ അഭ്യസ്തവിദ്യരായ തൊഴിലാളികൾ പിൻവലിയുന്നതും ഇതിന് കാരണമാണ്. കേരളത്തിലെ മാനുഫാക്ചറിംഗ് മേഖലയുടെ ഘടനയെക്കുറിച്ചുള്ള പട്ടിക 4.1.1 കാണുക.

അതേസമയം, കേരളത്തിൽ ഒരു കൂട്ടം ആധുനിക വ്യവസായങ്ങൾ വളരുന്നുവെന്നത് ശ്രദ്ധേയമാണ്. രാസവസ്തുക്കൾ, ശുദ്ധീകരിച്ച പെട്രോളിയം ഉൽപന്നങ്ങൾ, റബ്ബർ, പ്ലാസ്റ്റിക് ഉൽപന്നങ്ങൾ, ഇലക്ട്രോണിക് ഉൽപ്പന്നങ്ങൾ, ഫാർമസ്യൂട്ടിക്കൽസ്, ഔഷധ, ബൊട്ടാണിക്കൽ ഉൽപന്നങ്ങൾ എന്നിവയാണ് മൂല്യവർദ്ധനവുമായി ബന്ധപ്പെട്ട് കേരളത്തിലെ പ്രധാന വ്യവസായങ്ങൾ. ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ് (ബിപിസിഎൽ) – കൊച്ചി റിഫൈനറി അതിന്റെ ശുദ്ധീകരണ, പെട്രോ കെമിക്കൽ ഉൽപാദന ശേഷികളുടെ ഒരു വലിയ വിപുലീകരണത്തിന് വിധേയമായിക്കൊണ്ടിരിക്കുകയാണ്, ഇത് കേരളത്തിലെ രാസ, അനുബന്ധ വ്യവസായങ്ങൾക്ക് വലിയ വാഗ്ദാനമാണ് നൽകുന്നത്. 2011–12 നും 2016–17 നും ഇടയിൽ, ശുദ്ധീകരിച്ച പെട്രോളിയം ഉൽപന്നങ്ങൾ കൂട്ടിചേർത്ത മൂല്യം കേരളത്തിൽ എട്ട് മടങ്ങ് വർദ്ധിച്ചു. വാസ്തവത്തിൽ, ഉൽപാദന മേഖല മൊത്തത്തിലുള്ള മൂല്യവർദ്ധനവ്, അതുപോലെ തന്നെ രാസവസ്തുക്കൾ, വസ്ത്രങ്ങൾ, ഫാർമസ്യൂട്ടിക്കൽസ്, ഫർണിച്ചർ, ജ്വല്ലറി, മെഡിക്കൽ ഉപകരണങ്ങൾ എന്നിവയുൾപ്പെടെയുള്ള നിരവധി വ്യവസായങ്ങൾ ദേശീയ ശരാശരിയുമായി താരതമ്യപ്പെടുത്തുമ്പോൾ കേരളത്തിൽ വളരെ വേഗത്തിലായിരുന്നു.

പൊതുമേഖലാ യൂണിറ്റുകളുടെ അപ്രതീക്ഷിത മാറ്റം

പ്രധാനമായും രാസവസ്തുക്കൾ, എഞ്ചിനീയറിംഗ്, ഇലക്ട്രോണിക്സ് മേഖലകളിൽ നിരവധി സംസ്ഥാന, കേന്ദ്ര പൊതുമേഖല യൂണിറ്റുകൾ കേരളത്തിലുണ്ട്. സംസ്ഥാനത്തെ ചില പൊതുമേഖലാ സ്ഥാപനങ്ങളായ തിരുവിതാംകൂർ കൊച്ചി കെമിക്കൽസ് (ടിസിസി), കെൽട്രോൺ എന്നിവ രാജ്യത്ത് അതത് ഉൽപാദന മേഖലകളിൽ (യഥാക്രമം കാസ്റ്റിക് സോഡ, ഇലക്ട്രോണിക്സ്) മുൻ നിലയിൽ ആണ്. എന്നിരുന്നാലും, കേരളത്തിലെ പല പൊതുമേഖലാ സ്ഥാപനങ്ങളുടെയും പ്രകടനം സമീപകാലത്ത് വളരെ മോശമായിരുന്നു. 2016–17 മുതൽ കേരളത്തിന്റെ ഉൽപാദന മേഖലയുടെ മെച്ചപ്പെട്ട പ്രകടനത്തിന്റെ ഒരു പ്രധാന സവിശേഷത, പ്രധാനമായും രാസവസ്തുക്കളുടെയും ഇലക്ട്രിക്കൽ മെഷിനറികളുടെയും ഉൽപാദനത്തിൽ ഏർപ്പെട്ടിരിക്കുന്ന ഈ പൊതുമേഖലാ സ്ഥാപനങ്ങളിൽ ചിലതിന്റെ പ്രകടനത്തിലെ ഒരു അപ്രതീക്ഷിതമാറ്റമാണ്.

കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡ് (കെ.എം.എം.എൽ), തിരുവിതാംകൂർ ടൈറ്റാനിയം പ്രൊഡക്ട്സ് (ടി.ടി.പി) ലിമിറ്റഡ്, തിരുവിതാംകൂർ–കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ് (ടി.സി.സി),

ചിത്രം 4.1.2 കേരളത്തിലെ കെമിക്കൽസ്, ഫാർമസ്യൂട്ടിക്കൽസ് വ്യവസായങ്ങൾ: ഉല്പാദന സൂചികയും (മൂല്യവർധനവ് നടത്തിയത്) (with index for 2011–12 = 100) മൂല്യവർധനവ് നടത്തിയ കേരളത്തിൽ നിന്നുള്ള ഈ വ്യവസായങ്ങളുടെ ഇന്ത്യയിലെ വിഹിതവും



അവലംബം: വാർഷിക വ്യാവസായിക സർവ്വേ

ട്രാൻസ്ഫോർമേഴ്സ് ആന്റ് ഇലക്ട്രിക്കൽസ് കേരള (ടെൽക്) ലിമിറ്റഡ് എന്നീ പ്രധാന പൊതുമേഖല സ്ഥാപനങ്ങളിലൂടെ 2016–17 മുതൽ കേരളത്തിലെ പൊതുമേഖല വ്യവസായങ്ങൾ മികച്ച പുരോഗതി കൈവരിച്ചു. കെഎംഎംഎൽ ഒഴികെയുള്ള മുകളിൽ സൂചിപ്പിച്ച എല്ലാ പൊതുമേഖലാ സ്ഥാപനങ്ങൾക്കും 2015–16 ൽ നഷ്ടം രേഖപ്പെടുത്തിയിരുന്നു, എന്നാൽ ഈ നാല് പൊതുമേഖലാ സ്ഥാപനങ്ങളും 2016–17 ൽ ഗണ്യമായ ലാഭം നേടി. 2017–18 ഓടെ ലാഭകരമായി മാറിയ കേരള സ്റ്റേറ്റ് ഡ്രഗ്സ് ആൻഡ് ഫാർമസ്യൂട്ടിക്കൽസ് (കെ.എസ്.ഡി.പി) ലിമിറ്റഡ് ആധുനികവൽക്കരണത്തിന്റെയും ശേഷി വിപുലീകരണത്തിന്റെയും സുപ്രധാന ഘട്ടത്തിലൂടെയാണ് കടന്നുപോകുന്നത്. 2015–16 ആയപ്പോഴേക്കും കേരളത്തിലെ രാസവസ്തുക്കളിലും ഔഷധ വ്യവസായങ്ങളിലും മൂല്യാധിഷ്ഠിത ഉല്പന്നങ്ങൾ 2011–12 ലെ മൂല്യവുമായി താരതമ്യം ചെയ്യുമ്പോൾ 73 ശതമാനമായി കുറഞ്ഞുവെന്ന് **ചിത്രം 4.1.2** കാണിക്കുന്നു. എന്നാൽ, 2011–12 നെ അപേക്ഷിച്ച്, 2016–17 ൽ ഈ വ്യവസായങ്ങളിലെ മൂല്യാധിഷ്ഠിത ഉല്പന്നങ്ങൾ 187 ശതമാനമായി ആയി ഉയർന്നിരിക്കുന്നു.

ആധുനിക വ്യവസായങ്ങളിലെ പുതിയ അവസരങ്ങൾ

മറ്റൊരു നല്ല വശം സംസ്ഥാനത്ത് ചില പുതിയ വ്യവസായങ്ങളുടെ ആവിർഭാവമാണ്. കേരളത്തിൽ ഇലക്ട്രോണിക് ഘടകങ്ങളുടെ നിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളുടെ എണ്ണം 2012–13 ൽ മാത്രം 2930 ൽ നിന്ന് 2016–17 ആയപ്പോഴേക്കും 10263 ആയി ഉയർന്നു. മെഡിക്കൽ, ഡെന്റൽ ഉപകരണങ്ങളുടെയും വിതരണത്തിന്റെയും നിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾ 2012–13 ൽ മാത്രം 1023 ൽ നിന്ന് 2016–17 ൽ 3207 ആയി ഉയർന്നു (**പട്ടിക 4.1.2** കാണുക).

ബിപിസിഎൽ–കൊച്ചി റിഫൈനറിയുടെ ശുദ്ധീകരണ ശേഷി വിപുലീകരിച്ചതിനുശേഷം, നിലവിലെ 9.5 ദശലക്ഷം മെട്രിക് ടണ്ണിൽ നിന്ന് (എം.എം.ടി.പി.എ) 15 മെട്രിക്ക് ടൺ (എംഎംടിപിഎ) ആയി വാർഷിക ഉല്പാദനം വർദ്ധിപ്പിക്കാമെന്ന് പ്രതീക്ഷിക്കുന്നു. ബിപിസിഎൽ–കൊച്ചി റിഫൈനറിയുടെ ചില ഉല്പന്നങ്ങളായ പ്രൊപിലീൻ, എഥിലീൻ എന്നിവ പെട്രോകെമിക്കൽസ്, പ്ലാസ്റ്റിക്, പോളിമർ, ഫൈബർ, വ്യക്തിഗത, ഗാർഹിക പരിപാലന ഉല്പന്നങ്ങൾ എന്നിവയുൾപ്പെടെയുള്ള പ്രത്യേക രാസവസ്തുക്കളുടെ മേഖലകളിലെ വിവിധ തരം ടൌൺസ്ട്രീം വ്യവസായങ്ങളുടെ പ്രധാന ഘടകങ്ങളാണ്. കൊച്ചിയിൽ ഒരു പെട്രോകെമിക്കൽ കോംപ്ലക്സ് സ്ഥാപിക്കാൻ സംസ്ഥാന സർക്കാർ നടപടികൾ സ്വീകരിച്ചിരിക്കുന്നു. ഇത് മുകളിൽ സൂചിപ്പിച്ച വ്യവസായ ഘടകങ്ങളിൽ വലിയ സ്വകാര്യ നിക്ഷേപം ആകർഷിക്കാൻ സാധ്യതയുണ്ട്.

ഫാർമസ്യൂട്ടിക്കൽസ്, ജൈവ സാങ്കേതിക വിദ്യ, ലൈഫ് സയൻസസ്, മെഡിക്കൽ–ഉപകരണ നിർമ്മാണ വ്യവസായങ്ങൾ എന്നിവയുടെ വളർച്ചയ്ക്ക് കേരളത്തിൽ വലിയ സാധ്യതയുണ്ട്. മരുന്നുകൾക്കും ആരോഗ്യ സംരക്ഷണ ഉല്പന്നങ്ങൾക്കും സംസ്ഥാനത്തിനകത്ത്

പട്ടിക 4.1.2 തിരഞ്ഞെടുത്ത പ്രധാന വ്യവസായങ്ങളിലെ തൊഴിൽ, കേരളത്തിലും ഇന്ത്യയിലും, 2016–17 ലെ എണ്ണം

വ്യവസായങ്ങൾ	കേരളം	ഇന്ത്യ	ഇന്ത്യയിൽ കേരളത്തിന്റെ വിഹിതം
റബർ ഉല്പന്നങ്ങൾ (221)	15506	210679	7.4
ശുദ്ധീകരിച്ച പെട്രോളിയം ഉല്പന്നങ്ങൾ (192)	13203	130938	10.1
കെമിക്കൽ ഉല്പന്നങ്ങൾ (201, 202)	11036	761630	1.4
ഇലക്ട്രോണിക് ഉപകരണങ്ങളുടെ ഭാഗങ്ങൾ (261)	10263	83890	12.2
ഫാർമസ്യൂട്ടിക്കൽസ്, മെഡിസിനൽ, കെമിക്കൽ ആന്റ് ബൊട്ടാണിക്കൽ ഉല്പന്നങ്ങൾ (210)	10154	679891	1.5
പാദരക്ഷ (152)	8498	265036	3.2
വസ്ത്രങ്ങൾ (141)	8384	778319	1.1
പ്ലാസ്റ്റിക് ഉല്പന്നങ്ങൾ (222)	7450	489824	1.5
അച്ചടിയും അതുമായി ബന്ധപ്പെട്ട സേവനങ്ങളും (181)	6177	160407	3.9
കപ്പലുകളും ബോട്ടുകളും (301)	4320	17967	24.0
ഇലക്ട്രിക് മോട്ടോഴസ്, ട്രാൻസ്ഫോർമേഴ്സ് ആന്റ് ജനറേറ്റേഴസ് (271)	3548	200804	1.8
മെഡിക്കൽ ആന്റ് ഡന്തൽ ഉപകരണങ്ങളും വിതരണവും (325)	3207	60762	5.3
തടി ഉരുപ്പടികൾ (310)	3151	70189	4.5

വലിയ ആവശ്യകത ഉള്ളതിനാലാണിത്. കേരളത്തിലെ ആശുപത്രികൾ, ഡോക്ടർമാർ, നഴ്സുമാർ എന്നിവരിൽ നിന്നും ഈ വ്യവസായങ്ങൾക്ക് വളരെയധികം നേട്ടമുണ്ടാക്കാൻ സാധിക്കും.

വലിയ രീതിയിൽ ഇലക്ട്രോണിക്സ് ഹാർഡ്‌വെയർ നിർമ്മാണ മേഖല കെട്ടിപ്പടുക്കാൻ കേരളത്തിന് ശേഷിയുണ്ട്. ഇത്തരം വ്യവസായം കെട്ടിപ്പടുക്കുന്നതിന് സംസ്ഥാനത്തെ ഐടി മേഖലയിൽ കൈവരിച്ച നേട്ടങ്ങളും ഉയർന്ന യോഗ്യതയുള്ള തൊഴിലാളികളുടെ മാനവ വിഭവ ശേഷിയും ഉപയോഗിക്കണം. ആഗോളതലത്തിൽ, ഐടി, ഇലക്ട്രോണിക് മേഖലകളും സോഫ്റ്റ് വെയറും ഹാർഡ് വെയറും തമ്മിലുള്ള സംയോജനം ഇപ്പോൾ വളരുകയാണ്. ഐടി മേഖല തന്നെ അടിസ്ഥാനപരമായ മാറ്റങ്ങളിലൂടെ കടന്നുപോകുമ്പോൾ, ഹാർഡ്‌വെയർ നിർമ്മാണത്തിലും വൈവിധ്യവത്കരണത്തിലേക്ക് കേരളം ശ്രദ്ധ തിരിക്കേണ്ടത് പ്രധാന്യമർഹിക്കുന്നു.

പരമ്പരാഗത മേഖലകളുടെ നവീകരണം

കയർ, കശുവണ്ടി, കൈത്തറി എന്നിവയുൾപ്പെടെ സംസ്ഥാനത്തെ പരമ്പരാഗത വ്യവസായങ്ങൾ നവീകരിക്കാൻ സർക്കാർ നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നു. ഇതിനകം സൂചിപ്പിച്ചതുപോലെ, ഈ വ്യവസായങ്ങളിൽ സംസ്ഥാനത്തിന്റെ മൊത്തം തൊഴിൽ ശക്തിയുടെ ഗണ്യമായ ഒരു ഭാഗം ജോലി ചെയ്യുന്നു. പരമ്പരാഗത വ്യവസായങ്ങളുടെ നവീകരണത്തിൽ ഈ വ്യവസായങ്ങളിലെ ഉൽപാദന പ്രക്രിയകളുടെ യന്ത്രവൽക്കരണം ഉൾപ്പെടും (എന്നാൽ ഇവയിൽ മാത്രം പരിമിതപ്പെടുന്നില്ല). മാത്രമല്ല, നവീകരണത്തോടെ, കേരളത്തിന്റെ പരമ്പരാഗത വ്യവസായങ്ങൾ പുതിയ ഉല്പന്നങ്ങളിലേക്ക് (കയർ മേഖലയിലെ ജിയോ-ടെക്സ്റ്റൈൽസ് പോലുള്ളവ) വൈവിധ്യവത്കരിക്കാനും ഫലപ്രദമായ വിപണന വിതരണ തന്ത്രങ്ങൾ ആവിഷ്കരിക്കാനും ശ്രമിക്കാം. തൊഴിലാളികളെ പിരിച്ചിവിടുന്നതിനുപകരം (യന്ത്രവൽക്കരണം ഉൾപ്പെടുന്ന ഒരു തംന്ത്ര ഇതിലേക്ക് നയിച്ചേക്കാം), ആധുനികവൽക്കരണം വ്യവസായത്തിന്റെ മൊത്തത്തിലുള്ള വ്യാപനത്തിനും ഓരോ തൊഴിലാളിക്കും കൂടുതൽ മൂല്യവർദ്ധനവ് സൃഷ്ടിക്കുന്നതിനും ഇടയാക്കും.

സർക്കാരിന്റെ സ്കൂൾ യൂണിഫോം പദ്ധതിക്കായി തുണി ഉല്പാദിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ കൈത്തറി സഹകരണ സംഘങ്ങളെ ഏൽപ്പിച്ചിരിക്കുന്നു. ഈ മേഖലയെ ഒരു പരിധിവരെ പുനരുജ്ജീവിപ്പിക്കാൻ സ്കൂൾ യൂണിഫോം പദ്ധതി സഹായിച്ചതായി കൈത്തറി തൊഴിലാളികളും സഹകരണ സംഘങ്ങളുടെ നേതാക്കളും സമ്മതിച്ചിട്ടുണ്ട്. അവസരങ്ങളുടെ അഭാവം മൂലം കൈത്തറി നെയ്ത്ത് ഉപേക്ഷിച്ച നിരവധി തൊഴിലാളികൾ ഈ മേഖലയിൽ ജോലിയിൽ പുനർപ്രവേശിച്ചിട്ടുണ്ട്.

കൈത്തറിയിലും മറ്റ് പരമ്പരാഗത മേഖലകളിലും ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും വേതനം മെച്ചപ്പെടുത്തുന്നതിനും തൊഴിൽ നഷ്ടം ഒഴിവാക്കുന്നതിനും സാങ്കേതികവും സംഘടനാപരവുമായ പുതുമകൾ ആവശ്യമാണെന്ന് വ്യക്തമാണ്. ഓരോ തൊഴിലാളിയും ഉല്പാദിപ്പിക്കുന്ന മൂല്യവർദ്ധനവ് മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾക്കൊപ്പം കൈത്തറി പ്രോത്സാഹനം നടത്തേണ്ടതുണ്ട്. കൈത്തറിക്ക് ഒരു നല്ല മാർക്കറ്റ് സൃഷ്ടിക്കാൻ കഴിയുന്ന ഉല്പന്നങ്ങളിൽ/പ്രദേശങ്ങളിൽ പ്രവർത്തിക്കാൻ പ്രോത്സാഹിപ്പിക്കണം (ഉയർന്ന ഡിസൈനിലുള്ള അലങ്കാരങ്ങൾ അല്ലെങ്കിൽ സാരികൾ പോലുള്ളവ). കൈത്തറി സഹകരണ സംഘങ്ങൾ ഡിസൈൻ സ്ഥാപനങ്ങളുമായി സഹകരിച്ച് പ്രവർത്തിക്കാനായാൽ അവർക്ക് നൂതന രൂപകൽപ്പനകളും വിപണന തന്ത്രങ്ങളും കൊണ്ടുവരാൻ കഴിയും. കൈത്തറി നെയ്ത്ത് സൊസൈറ്റികളും ടൂറിസം മേഖലയും തമ്മിലുള്ള ബന്ധമാണ് മറ്റൊരു സാധ്യത.

കേരളത്തിൽ വസ്ത്രമേഖലയുടെ വളർച്ചയ്ക്ക് വളരെ ഉയർന്ന സാധ്യതയുണ്ട്. കേരളത്തിൽ എല്ലാത്തരം വസ്ത്രങ്ങൾക്കും വിശാലവും ആധുനികവുമായ വിപണിയുണ്ട്. വലിയ ഗാർഹിക വിപണിക്കു പുറമേ പ്രവാസി കേരളീയർ ഉൾപ്പെടുന്ന ഒരു വലിയ കയറ്റുമതി വിപണിയിൽ നിന്ന് കേരളത്തിന്റെ പ്രത്യേക ഡിസൈനുകളുടെ ആവശ്യം മുതലെടുക്കാൻ സംസ്ഥാനത്തെ വസ്ത്ര നിർമ്മാണ സ്ഥാപനങ്ങൾക്കു കഴിയും. മറ്റൊരു നേട്ടം വസ്ത്ര, ഫാഷൻ മേഖലയിലെ വിദഗ്ദ്ധ തൊഴിലാളികളുടെയും പ്രൊഫണലുകളുടെയും കേരളത്തിലെ വലിയ തോതിലുള്ള ലഭ്യതയാണ്. വസ്ത്ര വ്യവസായം കേരളത്തിലെ ഫാഷൻ, ഡിസൈൻ രംഗത്തുള്ള സ്ഥാപനങ്ങളുമായി ചേർന്ന് പ്രവർത്തിക്കണം. വസ്ത്ര മേഖല ഓൺലൈൻ വിപണന തന്ത്രങ്ങൾ നന്നായി പ്രയോജനപ്പെടുത്തണം.

കേരളം ഇതുവരെ ഭക്ഷ്യ-പാനീയ മേഖലകളിലെ സാധ്യതകൾ പ്രയോജനപ്പെടുത്തിയിട്ടില്ല. പച്ചക്കറികൾ, പഴങ്ങൾ, മത്സ്യം, മാംസം എന്നിവയുടെ സംഭരണം, സംസ്കരണം, മൂല്യവർദ്ധനവ് എന്നിവയിൽ സംസ്ഥാനത്തിന് വളരെയധികം സാധ്യതകളുണ്ട്. പ്രത്യേകിച്ചും തേങ്ങ, ചക്ക, വാഴപ്പഴം, പൈനാപ്പിൾ, മരച്ചീനി എന്നിവയുടെ സംസ്കരണത്തിന് വലിയ സാധ്യതയുണ്ട്. മരം, മുള അടിസ്ഥാനമാക്കിയുള്ള വ്യവസായങ്ങൾ സംസ്ഥാനത്തെ തിരഞ്ഞെടുത്ത പ്രദേശങ്ങളിലും വികസിപ്പിക്കാൻ കഴിയും. കേരളത്തിൽ ഭക്ഷ്യ-കാർഷികാധിഷ്ഠിത ഉല്പന്നങ്ങൾക്ക് താരതമ്യേന വലിയ വിപണി നിലനിൽക്കുന്നുണ്ട്. എന്നാൽ ഈ ആഭ്യന്തര ആവശ്യത്തിന്റെ നല്ലൊരു പങ്കും മറ്റ് ഇന്ത്യൻ സംസ്ഥാനങ്ങളിൽ നിന്നും വിദേശരാജ്യങ്ങളിൽ

നിന്നുമുള്ള ഇറക്കുമതിയിലൂടെയാണ് നിറവേറ്റുന്നത്. കേരളത്തിന്റെ വ്യവസായങ്ങൾക്ക്, പ്രത്യേകിച്ച് ഭക്ഷ്യ–കാർഷികാധിഷ്ഠിത വ്യവസായങ്ങൾക്ക്, ഈ ആഭ്യന്തര വിപണി ഉപയോഗപ്പെടുത്താൻ കഴിയും. സംസ്ഥാനത്ത് പരമ്പരാഗത, ഭക്ഷ്യ, കാർഷികാധിഷ്ഠിത വ്യവസായങ്ങളുടെയും വിനോദസഞ്ചാരത്തിന്റെയും വളർച്ചയ്ക്ക് പരസ്പര സഹകരണത്തിലൂടെ നേടാനാവും. ഇതിലൂടെ ഈ രംഗങ്ങളിൽ സംസ്ഥാനത്തിന് ആഗോള അംഗീകാരം നേടിയെടുക്കാനാവും. കൃഷി, കാർഷികാധിഷ്ഠിത വ്യവസായങ്ങൾ, വിനോദസഞ്ചാരം എന്നിവ വിജയകരമായി ഏകോപിപ്പിക്കുന്നതിൽ കേരളത്തിന് തായ് ലാന്റ്, മലേഷ്യ, വിയറ്റ്നാം എന്നീ രാജ്യങ്ങളിലെ അനുഭവങ്ങളിൽ നിന്ന് പഠിക്കാൻ കഴിയും.

4.2 ഉൽപ്പന്ന നിർമ്മാണ മേഖല

ആഭ്യന്തര ഉല്പാദനം, കയറ്റുമതി, തൊഴിൽ എന്നിവയുടെ വളർച്ചയിൽ സമ്പദ് വ്യവസ്ഥയിലെ നിർണ്ണായക ഘടകമാണ് ശക്തവും വൈവിധ്യപൂർണ്ണവുമായ ഉൽപന്ന നിർമ്മാണ മേഖല. കേന്ദ്ര സ്ഥിതിവിവര കണക്ക് ആഫീസിലെ താല്ക്കാലിക കണക്ക് അനുസരിച്ച് ഇന്ത്യയിലെ ഉല്പ്പന്ന നിർമ്മാണ മേഖലയുടെ വളർച്ച മുൻവർഷത്തെ 5.9 ശതമാനത്തിൽ നിന്നും 2018–19 ൽ 6.9 ശതമാനമായി കണക്കാക്കപ്പെടുന്നു. ഇന്ത്യയിൽ ഉല്പ്പന്ന നിർമ്മാണ മേഖലയുടെ 2014–15 മുതൽ 2018–19 വരെയുള്ള വാർഷിക വളർച്ചാരീതി സ്ഥിരവിലയിൽ മൊത്തം കൂട്ടിച്ചേർക്കപ്പെട്ട മൂല്യവർദ്ധനവിന്റെ (ജി.വി.എ) താൽക്കാലിക വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ **ചിത്രം 4.2.1**ൽ കൊടുത്തിരിക്കുന്നു.

കേരളത്തിലെ ഉൽപ്പന്ന നിർമ്മാണ മേഖല

ഇക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ സംസ്ഥാനത്തെ മൊത്തം മൂല്യ വർദ്ധനവിന്റെ ത്വരിത ഗതിയിലുള്ള കണക്കനുസരിച്ച്, കേരളത്തിലെ ഉൽപ്പന്ന നിർമ്മാണ മേഖല സ്ഥിര വിലയിൽ (2011–12) മുൻ വർഷത്തെ 3.7 ശതമാനം വളർച്ചയെ അപേക്ഷിച്ച് 2018–19 ൽ 11.2 ശതമാനം വളർച്ച രേഖപ്പെടുത്തിയിട്ടുണ്ട്. 2018–19 ൽ മൊത്തം മൂല്യ വർദ്ധനവിൽ കേരളത്തിലെ ഉൽപ്പന്ന നിർമ്മാണ മേഖലയുടെ വിഹിതം സ്ഥിര വിലയിലും, നടപ്പു വിലയിലും യഥാക്രമം 13.2 ശതമാനവും 10.8 ശതമാനവും വീതമാണ്. 2014–15 മുതൽ 2018–19 വരെ ഉൽപ്പന്ന നിർമ്മാണ മേഖലയുടെ വളർച്ച **അനുബന്ധം 4.2.1** ൽ ചേർത്തിരിക്കുന്നു.

ചിത്രം 4.2.1

ഇന്ത്യയിലെ ഉൽപന്ന നിർമ്മാണ മേഖലയിൽ നിന്നുള്ള വാർഷിക വളർച്ച ഗ്രോസ് വാല്യൂ ആഡഡ്, സ്ഥിരവിലയിൽ, ശതമാനത്തിൽ



അവലംബം: സി.എസ്.ഒ

ചിത്രം 4.2.2

കേരളത്തിലെ, ഉൽപ്പന്ന നിർമ്മാണ മേഖലയുടെ വാർഷിക വളർച്ചാ ഗ്രോസ് വാല്യൂ ആഡഡ്, സ്ഥിരവിലയിൽ, ശതമാനത്തിൽ



അവലംബം: സാമ്പത്തിക സ്ഥിതി വിവര വകുപ്പ്

2014–15 മുതൽ 2018–19 വരെ കേരളത്തിലെ ഉൽപ്പന്ന നിർമ്മാണ മേഖലയിൽ നിന്നുള്ള വരുമാന വളർച്ചാ നിരക്ക് **ചിത്രം 4.2.2** ൽ ചേർത്തിരിക്കുന്നു.

കേരളത്തിലെ ഉൽപ്പന്ന നിർമ്മാണ മേഖലയിൽ നിന്നുള്ള വരുമാനം 2014–15 ൽ 2.9 ശതമാനം വളർച്ച രേഖപ്പെടുത്തിയിരുന്നു. എന്നാൽ, 2015–16 ൽ ഇത് 28.4 ശതമാനവും 2016–17 ൽ ഇത് 18.2 ശതമാനവും 2017–18 ൽ 3.7 ശതമാനവും 2018–19 ൽ 11.2 ശതമാനവും വളർച്ച രേഖപ്പെടുത്തി.

ഭാരത സർക്കാരിന്റെ വാർഷിക വ്യവസായ കണക്ക് അനുസരിച്ച് 2016–17 ൽ സംസ്ഥാനത്ത് സംഘടിതമേഖലയിൽ 6,507 പ്രവർത്തനക്ഷമമായ ഫാക്ടറികൾ ഉണ്ട്. കേരളത്തിൽ ഈ ഫാക്ടറികളിലെ സ്ഥിരമൂലധന നിക്ഷേപം 47,845.5 കോടി രൂപയാണ്. 2016–17 ൽ ഈ ഫാക്ടറികളിൽ നിന്നുള്ള മൊത്തം ഉല്പ്പാദനം, എൻ.വി.എ എന്നിവ യഥാക്രമം 1,39,427.2 കോടിയും 20,479.6 കോടി രൂപയുമായിരുന്നു. 2016–17 ൽ കേരളത്തിലെ സംഘടിത ഉൽപാദനമേഖലയുടെ അറ്റവരുമാനം 18,636.8 കോടി രൂപയും നേടിയ ലാഭം 10,436.8 കോടി രൂപയുമാണ്.

കേരളത്തിലെ ഖനന മേഖല

മൊത്തം കൂട്ടിച്ചേർക്കപ്പെട്ട സംസ്ഥാന ആഭ്യന്തര ഉല്പന്നത്തിലേക്ക് മൈനിംഗ് ആന്റ് ക്വാറിംഗ് മേഖലയുടെ സംഭാവന 2018–19 ൽ 2,622.9 കോടി രൂപയാണ്. ഇത് മുൻ വർഷത്തെ **അപേക്ഷിച്ച് 14.6** ശതമാനം കുറവാണ്. സ്ഥിരവിലയിൽ ജി.വി.എ യിലെ മൈനിംഗ് ആൻഡ് ക്വാറിംഗിലെ പങ്ക് 2017–18 ൽ 0.6 ശതമാനത്തിൽ നിന്ന് 2018–19 ൽ 0.5 ശതമാനമായി കുറഞ്ഞു.

കേരളത്തിൽ മൈനിംഗ് ആന്റ് ക്വാറിയിംഗ് സെക്ടറിൽ നിന്ന് 2014–15 മുതൽ 2018–19 വരെയുള്ള വരുമാന വളർച്ച 2011–12 സ്ഥിരവിലയിൽ **ചിത്രം 4.2.3** ൽ രേഖപ്പെടുത്തിയിരിക്കുന്നു.

സംസ്ഥാനത്തെ ഖനന ക്വാറി മേഖലകളുടെ സ്ഥിര വില അടിസ്ഥാനത്തിലുള്ള വളർച്ച നിരക്ക് വർഷങ്ങളായി ഏറ്റക്കുറച്ചിലുണ്ടാക്കുകയാണ്. 2014–15 ൽ 60.8 ശതമാനം വളർച്ച രേഖപ്പെടുത്തിയ ശേഷം 2015–16 ൽ 67.9 ശതമാനമായി കുറഞ്ഞു. 2016–17 ൽ – ഖനന ക്വാറിംഗ് മേഖലയിൽ നിന്നുള്ള വരുമാനം 45.5 ശതമാനമായി ഉയരുകയും ഇത് 2017–18 ൽ വീണ്ടും 18.9 ശതമാനമായി കുറയുകയും 2018–19 ൽ 14.6 ശതമാനം നെഗറ്റീവ് വളർച്ചാ നിരക്ക് രേഖപ്പെടുത്തുകയും ചെയ്തു.

2018–19 കാലയളവിൽ, 9 മേജർ മിനറൽ മൈനിംഗ് ലീസുകളും, മൈനർ മിനറൽ വിഭാഗത്തിൽപ്പെട്ട 103 ക്വാറി ലീസുകളും, 1,289 ഡീലർ ലൈസൻസുകളും നൽകി. ഈ കാലയളവിൽ കേരളത്തിൽ ആകെ 1,69 അംഗീകൃത മെറ്റൽ ക്രഷർ യൂണിറ്റുകളുണ്ട്. കൂടാതെ, മൈനർ മേജർ മിനറൽസിന് ഒരു പ്രോസ്പെക്ടിംഗ് ലൈസൻസ് നൽകുകയും ചെയ്തിട്ടുണ്ട്. കേരളത്തിൽ 2018–19 ൽ സെപ്റ്റംബർ വരെയുള്ള കണക്കു പ്രകാരം മൈനിംഗ് ലീസുകൾക്കായി നൽകിയിട്ടുള്ള ആകെ ഭൂമി

ചിത്രം 4.2.3

കേരളത്തിലെ ഖനന ക്വാറി മേഖലയിൽ നിന്നുള്ള വരുമാനത്തിന്റെ വാർഷിക വളർച്ചാ നിരക്ക്, ഗ്രോസ് വാല്യൂ ആഡഡ്, ശതമാനത്തിൽ



അവലംബം: സാമ്പത്തിക സ്ഥിതി വിവര വകുപ്പ്

104.6 ഹെക്ടറായിരുന്നു. ഇത് ഗ്രാനൈറ്റ് നിർമ്മാണ കല്ലിന് മാത്രമാണ്.

ധാതു തിരിച്ചുള്ള ഉല്പാദനവും വരുമാനവും 2018–19

സർക്കാരിന് ധാതുക്കളിൽ നിന്നുള്ള വരുമാനം പ്രധാനമായും റോയൽറ്റിയിൽ നിന്നുമാണ് ലഭിക്കുന്നത്. ഏകദേശം 95 ശതമാനം വരുമാനവും മൈനർ മിനറലുകളിൽ നിന്നും ബാക്കി മേജർ മിനറലുകളിൽ നിന്നുമാണ് ലഭ്യമാകുന്നത്. 2017–18 ൽ ആകെ ലഭിച്ച വരുമാനം 152 കോടി രൂപയായിരുന്നു. 2018–19 ആയപ്പോഴേക്കും വരുമാനം 171.3 കോടി രൂപയായി വർദ്ധിച്ചു (12.7 ശതമാനം). ഇതിൽ 5.4 കോടി രൂപ മേജർ മിനറലുകളിൽ നിന്നും 165.9 കോടി രൂപ മൈനർ മിനറലുകളിൽ നിന്നുമാണ് ലഭിച്ചത്. മേജർ മിനറലുകളിൽ 2018–19 ൽ ഏറ്റവുമധികം വരുമാനം ലഭിച്ചത് ഇൽമനൈറ്റിൽ നിന്നാണ് (2 കോടി രൂപ) തുടർന്ന് സിർക്കോൺ (1.6 കോടി). മൈനർ മിനറലുകളിൽ ഗ്രാനൈറ്റ് ബിൽഡിംഗ് സ്റ്റോണിൽ (119.9 കോടി രൂപ) നിന്നാണ് ഏറ്റവുമധികം വരുമാനം 2018–19 വർഷത്തിൽ ലഭിച്ചത്. തുടർന്ന് ലാറ്ററൈറ്റ് (ബിൽഡിംഗ്) (12.3 കോടി രൂപ). കഴിഞ്ഞ 5 വർഷങ്ങളായി മിനറലുകളിൽ നിന്നും ലഭിച്ച വരുമാനം **പട്ടിക 4.2.1** ൽ കൊടുത്തിരിക്കുന്നു.

കേരളത്തിൽ 2018–19 വർഷത്തിൽ 461.4 ലക്ഷം ടൺ മേജർ/മൈനർ മിനറലുകൾ ഉൽപ്പാദിപ്പിച്ചു. മേജർ മിനറലുകളിൽ ഒന്നാം സ്ഥാനം ഇൽമനൈറ്റ് (1.3 ലക്ഷം ടൺ), തുടർന്ന് ലൈംസ്റ്റോൺ (1 ലക്ഷം ടൺ). മൈനർ മിനറലുകളിൽ ഏറ്റവും കൂടുതൽ ഉൽപ്പാദിപ്പിക്കപ്പെടുന്നത് ഗ്രാനൈറ്റ് ബിൽഡിംഗ് സ്റ്റോണാണ് (353.1 ലക്ഷം ടൺ), തുടർന്ന്, ഓർഡിനറി എർത്ത് (62.8 ലക്ഷം ടൺ) രണ്ടാം സ്ഥാനത്തുണ്ട്. 2018–19 ൽ സംസ്ഥാനത്തെ ധാതുക്കളുടെ ഉൽപ്പാദനവും വരുമാനവും സംബന്ധിച്ച വിവരങ്ങൾ **അനുബന്ധം 4.2.2** ൽ ചേർത്തിരിക്കുന്നു.

പട്ടിക 4.2.1 മിനറലുകളിൽ നിന്നും ലഭിച്ച വരുമാനം

ക്രമ നം.	വർഷം	മേജർ ധാതുക്കൾ	മൈനർ ധാതുക്കൾ	ആകെ
1	2014–15	13.9	56.7	70.6
2	2015–16	13.4	126.3	139.7
3	2016–17	6.4	132.3	138.7
4	2017–18	8.5	143.5	152.0
5	2018–19	5.4	165.9	171.3

മേജർ/മൈനർ മിനറലിൽ നിന്ന് ലഭിച്ച ജില്ല തിരിച്ചുള്ള വരുമാനം സംബന്ധിച്ച വിശകലനം

2018–19 ലെ ജില്ല തിരിച്ചുള്ള വരുമാനം പരിശോധിക്കുമ്പോൾ ഏറ്റവും കൂടുതൽ വരുമാനം നേടിയ ജില്ല എറണാകുളമാണ്, 30.7 കോടി രൂപ (ആകെ വരുമാനത്തിന്റെ 17.95 ശതമാനം). രണ്ടാം സ്ഥാനം തിരുവനന്തപുരത്തിനും (18.0 കോടി രൂപ, 10.5 ശതമാനം), മൂന്നാം സ്ഥാനം പാലക്കാടിനും (16.8 കോടി രൂപ, 9.8 ശതമാനം). ഏറ്റവും കുറച്ച് വരുമാനം ലഭിച്ചത് വയനാട് ജില്ലയിൽ നിന്നുമാണ് (1.9 കോടി രൂപ, 1.1 ശതമാനം). ധാതുക്കളിൽ (മേജർ/മൈനർ മിനറലുകൾ) നിന്നുള്ള വരുമാനം സംബന്ധിച്ച ജില്ല തിരിച്ചുള്ള കണക്കുകൾ **അനുബന്ധം 4.2.3** ൽ രേഖപ്പെടുത്തിയിരിക്കുന്നു.

ഇ–ഗവേർണൻസ് പദ്ധതിയുടെ നടപ്പാക്കൽ

കേരള ഓൺലൈൻ മൈനിംഗ് പെർമിറ്റ് അവാർഡിംഗ് സർവ്വീസസ് (കോംപാസ്) എന്ന ഓൺലൈൻ സംവിധാനം നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ വഴിയാണ് നടപ്പിലാക്കുന്നത്. എല്ലാ ജില്ലകളിലും ഇത് നടപ്പിലാക്കി വരുന്നു. സെപ്റ്റംബർ 2019 വരെ 63.2 ലക്ഷം ഇ–പാസ്സുകൾ ജനറേറ്റ് ചെയ്യുകയും അച്ചടിക്കുകയുമുണ്ടായി. ഇതുവരെ 50,191 വാഹനങ്ങൾ കോംപാസ് പോർട്ടലിൽ രജിസ്റ്റർ ചെയ്തു.

കേരളത്തിലെ ധാതു അധിഷ്ഠിത വ്യവസായങ്ങൾ

ഇന്ത്യൻ റെയർ എർത്ത് ലിമിറ്റഡ്, കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡ്, മലബാർ സിമന്റ്സ്, ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡ്, കുണ്ടറ സിറാമിക്സ്, ഇംഗ്ലീഷ് ഇന്ത്യൻ ക്ലേയ്സ് ലിമിറ്റഡ്, കേരള ക്ലെയിസ് ആന്റ് സിറാമിക്സ് പ്രോഡക്ട്സ് ലിമിറ്റഡ് എന്നിവ മേജർ മിനറൽ അധിഷ്ഠിതമായ വ്യവസായങ്ങളിൽ ചിലതാണ്. സ്റ്റോൺ ക്രഷർ, സാന്റ് നിർമ്മാണ യൂണിറ്റ്, ബ്രിക്സ് ഫാക്ടറി, ടൈൽ ഫാക്ടറി, എന്നിവ മൈനർ മിനറൽ അടിസ്ഥാനമാക്കിയുള്ള പ്രധാന വ്യവസായങ്ങളാണ്. ഈ അടുത്തകാലത്തായി അടിസ്ഥാന സൗകര്യ വികസനത്തിലുണ്ടായ മുന്നേറ്റം മൂലം അനേകം ഗ്രാനൈറ്റ് ബിൽഡിംഗ് യൂണിറ്റുകളും, മണൽ ഉത്പാദന യൂണിറ്റുകളും സംസ്ഥാനത്ത് പുതുതായി ആരംഭിച്ചു.

മൈനിംഗും ക്വാറിംഗും വളരെ അത്യന്താപേക്ഷിതമായ പ്രവർത്തനങ്ങളാണെങ്കിലും ഖനനപ്രവർത്തനങ്ങൾ പരിസ്ഥിതിക്ക് ഉണ്ടാക്കുന്ന ആഘാതങ്ങൾ വളരെ സൂക്ഷ്മമായി നിരീക്ഷിക്കേണ്ടതാണ്. ആയതിനാൽ, ഖനന പ്രവർത്തനങ്ങൾ മൂലമുള്ള പ്രതികൂലമായ പ്രത്യാഘാതങ്ങൾ നിയന്ത്രിക്കുന്നതിന് ആവശ്യമായ സംവിധാനങ്ങൾ ഏർപ്പെടുത്തുവാൻ സർക്കാർ സന്നദ്ധമാണ്. ആധുനിക സാങ്കേതിക വിദ്യകളും സമ്പ്രദായങ്ങളും ഒരു പരിധിവരെ മൈനിംഗ്, ക്വാറിയിംഗ് പ്രവർത്തനങ്ങൾ മൂലം പരിസ്ഥിതിക്ക് ഉണ്ടാകുന്ന നഷ്ടം കുറയ്ക്കുന്നതിന് സഹായകമാണ്.

4.3 പൊതുമേഖലാ സ്ഥാപനങ്ങൾ

ഇന്ത്യയുടെ മൊത്തത്തിലുള്ള വികസനത്തിനും വ്യവസായവത്കരണത്തിനും കേന്ദ്ര– സംസ്ഥാന തലത്തിലുള്ള പൊതു മേഖലാ സ്ഥാപനങ്ങൾ (പി. എസ്സ്.യു) വഹിച്ച പങ്ക് വളരെ നിർണ്ണായകമാണ്. ഉത്പാദനത്തിലും സാങ്കേതിക വിദ്യയിലും സ്വയംപര്യാപ്തത കൈവരിക്കുക എന്നത് ലക്ഷ്യമിട്ടുകൊണ്ടാണ് ഇന്ത്യയിൽ പൊതുമേഖല സ്ഥാപനങ്ങൾ ആരംഭിച്ചത്. ഇന്ത്യൻ സമ്പദ്ഘടനയെ ഉയരങ്ങളിലേക്ക് എത്തിക്കുവാനും കൂടി ഉദ്ദേശിക്കുന്നു. രാജ്യത്തിന്റെ സമ്പദ് വ്യവസ്ഥയിൽ അവശ്യസാധനങ്ങളും സേവനങ്ങളും ഉൽപാദിപ്പിക്കുന്നതിനും തദ്വാര വിപണിയിൽ നിർണ്ണായകമായ സ്ഥാനം നില നിർത്തുന്നതിനും പൊതുമേഖലാ സ്ഥാപനങ്ങൾക്ക് സാധിക്കുന്നു. 1990 മുതൽ ഇന്ത്യയിലെ സാമ്പത്തികപരിഷ്കാരങ്ങൾ വിപണിക്ക് കൂടുതൽ ഊന്നൽ നൽകിയിരുന്നെങ്കിലും പി.എസ്.യു വിന്റെ ഓഹരികൾ വിറ്റഴിക്കുന്ന നയമാണ് കേന്ദ്ര സർക്കാർ പിന്തുടർന്നു വരുന്നത്. എന്നിരുന്നാലും കേന്ദ്ര ഗവൺമെന്റിന്റെ നയങ്ങൾക്ക് വിരുദ്ധമായി പൊതുമേഖല സ്ഥാപനങ്ങൾ ശക്തിപ്പെടുത്തുന്നതിനും ലാഭം നേടുന്നതിനും വ്യവസായ മേഖലയുടേയും സമ്പദ് വ്യവസ്ഥയുടേയും വിപുലമായ വികസനത്തിന് സഹായിക്കുന്നതിനും കേരള സർക്കാർ ലക്ഷ്യമിടുന്നു.

കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ

വിവിധ മാന്ത്രലയങ്ങളുടേയും വകുപ്പുകളുടേയും ഭരണ നിയന്ത്രണത്തിലായി, 2018 മാർച്ച് 31 വരെ 339 കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ ഇന്ത്യ ഗവൺമെന്റിന്റെ കീഴിലുണ്ട്. ഇന്ത്യയിൽ ലാഭകരമായി പ്രവർത്തിക്കുന്ന 184 കേന്ദ്ര പൊതുമേഖല സ്ഥാപനങ്ങളുടെ അറ്റലാഭം 2017–18 വർഷത്തിൽ 1.6 ലക്ഷം കോടി രൂപയായിരുന്നു. അതേ സമയം, നഷ്ടത്തിൽ പ്രവർത്തിക്കുന്ന 71 സ്ഥാപനങ്ങളുടെ അറ്റ നഷ്ടം 31,261 കോടി രൂപ ആണ്.

കേന്ദ്ര മേഖലാ നിക്ഷേപം

ഇന്ത്യയിലെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ ആകെയുള്ള യഥാർത്ഥ നിക്ഷേപം കണക്കാക്കുന്നത് 'ഗ്രോസ് ബ്ളോക്കു'കളിലാണ്. ഇത് 2016–17 ൽ 17.7 ലക്ഷം കോടി രൂപ ആയിരുന്നത് 2017–18 ൽ 19.9 ലക്ഷം രൂപ ആയി വർദ്ധിച്ചു. ഇത് 2016–17 ലെ വളർച്ചയെ അപേക്ഷിച്ച് 12.1 ശതമാനം വർദ്ധനവാണ് രേഖപ്പെടുത്തിയിരിക്കുന്നത്. സംസ്ഥാനത്തെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളിലെ നിക്ഷേപം 'ഗ്രോസ് ബ്ലോക്കിൽ' 5.2 ശതമാനം വർദ്ധിച്ച് 2016–17 ൽ 44,921 കോടി രൂപ ആയിരുന്നത് 2017–18 ൽ 47,234 കോടി രൂപ ആയി ഉയർന്നു. എന്നാൽ, ഇന്ത്യയിലെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളിൽ നടത്തിയ യഥാർത്ഥ മൊത്തം നിക്ഷേപത്തിൽ നിന്ന് കേരളത്തിന് ലഭിച്ച വിഹിതം 2016–17 ലെ 2.5 ശതമാനത്തിൽ നിന്നും 2017–18 ൽ 2.4 ശതമാനമായി കുറഞ്ഞു. (പബ്ലിക് എന്റർപ്രൈസസ് സർവ്വേ 2017–18). സംസ്ഥാനാടിസ്ഥാനത്തിൽ പരിശോധിച്ചതിൽ ഏറ്റവും കൂടുതൽ നിക്ഷേപമുള്ളത് മഹാരാഷ്ട്രയിലാണ് (8.5 ശതമാനം വിഹിതം), തമിഴ്നാട് രണ്ടാം സ്ഥാനത്തും (6.6 ശതമാനം വിഹിതം), ഉത്തർ പ്രദേശ് മൂന്നാം സ്ഥാനത്തും (6.5 ശതമാനം) ആണ്. 2013–14 മുതൽ 2017–18 വരെ യുള്ള കേരളത്തിലെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളിലെ നിക്ഷേപത്തിന്റെ വിശദാംശങ്ങൾ **അനുബന്ധം 4.3.1** ൽ ചേർത്തിരിക്കുന്നു. 31–03–2018 വരെ തെരഞ്ഞെടുത്ത സംസ്ഥാനങ്ങളിലെ കേന്ദ്ര മേഖലാ നിക്ഷേപം സംബന്ധിച്ച വിവരങ്ങൾ **അനുബന്ധം 4.3.2** ൽ ചേർത്തിരിക്കുന്നു.

2013–14 മുതൽ 2017–18 വരെയുള്ള കാലയളവിൽ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളിലൂടെ കേരളത്തിന് ലഭിച്ച നിക്ഷേപ വിഹിതം –-ൽ ചേർത്തിരിക്കുന്നു. 2013–14 മുതൽ കേരളത്തിന്റെ നിക്ഷേപത്തിന്റെ വിഹിതം വർദ്ധിച്ചുകൊണ്ടിരിക്കുന്നതും 2017–18

ചിത്രം 4.3.1

കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളിൽ കേരളത്തിന് ലഭിച്ച നിക്ഷേപ വിഹിതം ശതമാനത്തിൽ



അവലംബം: പബ്ലിക് എന്റർപ്രൈസസ് സർവ്വേ 2017-18

ന്ന ശേഷം നേരിയ കുറവ് വരുന്നതും ചിത്രത്തിൽ കാണാവുന്നതാണ്.

ജോയിന്റ് സ്റ്റോക്ക് കമ്പനികൾ

2019 മാർച്ചിലെ കണക്കനുസരിച്ച് കേരളത്തിലുള്ള 32,329 ജോയിന്റ് സ്റ്റോക്ക് കമ്പനികളിൽ 30,401 (94 ശതമാനം) എണ്ണം പ്രൈവററ് ലിമിറ്റഡും 1,928 (6 ശതമാനം) എണ്ണം പബ്ലിക് ലിമിറ്റഡ് കമ്പനികളുമാണ്. 2018–19 കാലയളവിൽ 4,716 കമ്പനികൾ പുതുതായി രജിസ്റ്റർ ചെയ്തു. (4,525 പ്രൈവറ്റ് ലിമിറ്റഡ് കമ്പനികളും 191 പബ്ലിക് ലിമിറ്റഡ് കമ്പനികളും). 2018–19 ൽ 2,837 കമ്പനികൾ പിരിച്ചു വിടുകയോ, പ്രവർത്തനം നിർത്തുകയോ, ലയനം നടത്തുകയോ ചെയ്തിട്ടുണ്ട്. മൂന്ന് പബ്ലിക് കമ്പനികൾ പ്രൈവറ്റ് കമ്പനികളായും മൂന്ന് പ്രൈവറ്റ് കമ്പനികൾ പബ്ലിക് കമ്പനികളായും മാറിയിട്ടുണ്ട്. 2019 മാർച്ചിലെ കണക്കനുസരിച്ച് കേരളത്തിൽ ആകെ 162 ഗവൺമെന്റ് കമ്പനികൾ ഉണ്ടായിരുന്നു. കേരളത്തിലെ ജോയിന്റ് സ്റ്റോക്ക് കമ്പനികളുടെ വിവരങ്ങൾ **അനുബന്ധം 4.3.3** ൽ ചേർത്തിരിക്കുന്നു.

സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ

സമ്പദ് ഘടനയുടെ വളർച്ചയ്ക്ക്, പ്രത്യേകിച്ച് ഉൽപ്പന്ന നിർമ്മാണ മേഖലയുടെ വികസനത്തിൽ, സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾ വളരെ നിർണ്ണായകമായ ഒരു പങ്കാണ് വഹിക്കുന്നത്. വാണിജ്യാടിസ്ഥാനത്തിൽ പ്രവർത്തനം നടത്തുന്ന സംസ്ഥാന ഗവൺമെന്റ് കമ്പനികളും സ്റ്റാറ്റ്യൂട്ടറി കോർപ്പറേഷനുകളും പൊതുമേഖലാ സ്ഥാപനങ്ങളിൽപ്പെടുന്നു. കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളെക്കുറിച്ചുള്ള കൺട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ റിപ്പോർട്ട് അനുസരിച്ച് 2017 മാർച്ച് 31 വരെ കേരളത്തിൽ ആകെ 130 പൊതുമേഖലാ സ്ഥാപനങ്ങളുണ്ട്. ഇതിൽ 115 എണ്ണം (111 എണ്ണം ഗവൺമെന്റ് കമ്പനികളും 4 എണ്ണം സ്റ്റാറ്റ്യൂട്ടറി കോർപ്പറേഷനുകളും) പ്രവർത്തനം നടത്തുന്നുണ്ട്. അതേസമയം, 15 എണ്ണം പ്രവർത്തനം നടക്കാത്ത പൊതുമേഖലാ സ്ഥാപനങ്ങളാണ്. കേരളത്തിലെ പ്രവർത്തനം നടക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളിലെ ആകെ വിറ്റുവരവ് 26,463.3 കോടി രൂപയായി രേഖപ്പെടുത്തിയിരിക്കുന്നു (ഇത് സംസ്ഥാന ജി.എസ്.ഡി.പി യുടെ 4 ശതമാനത്തിന് തുല്യമാണ്). 2017 മാർച്ച് 31 വരെ 130 പൊതുമേഖല സ്ഥാപനങ്ങളിലെ മൊത്തം നിക്ഷേപം 27,106.9 കോടി രൂപയായിരുന്നു. സംസ്ഥാനത്തെ പ്രവർത്തനക്ഷമമായ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഏറ്റവും പുതിയ പൂർത്തീകരിച്ച കണക്കനുസരിച്ച് ലാഭത്തിൽ പ്രവർത്തിക്കുന്ന 45 പൊതുമേഖല സ്ഥാപനങ്ങളിൽ നിന്നുള്ള ലാഭം 3,82.8 കോടി രൂപയും നഷ്ടത്തിൽ പ്രവർത്തിക്കുന്ന 64 പൊതുമേഖല സ്ഥാപനങ്ങളിൽ

ചിത്രം 4.3.2

വ്യവസായ വകുപ്പിനു കീഴിലുള്ള പൊതുമേഖല സ്ഥാപനങ്ങളുടെ പ്രവർത്തനത്തിന്റെ ഗതി



*കിൻഫ്രഒഴികെ
അവലംബം. പബ്ലിക്ക് സെക്റ്റർ റീസ്ട്രെക്ചറിംഗ് ആന്റ് ഇന്റേണൽ ആഡിറ്റ് ബോർഡ്

നിന്നുള്ള നഷ്ടം 2,216 കോടി രൂപയും ഉൾപ്പെടെ ആകെ നഷ്ടം 1,833.2 കോടി രൂപയാണെന്ന് കണ്ടെത്തി. എന്നാൽ 2 പൊതുമേഖല സ്ഥാപനങ്ങൾക്ക് ലാഭമോ നഷ്ടമോ ഇല്ല.

വ്യവസായ വകുപ്പിന്റെ കീഴിലുള്ള സംസ്ഥാന പൊതു മേഖലാ സ്ഥാപനങ്ങൾ

കേരള സർക്കാരിന്റെ വ്യവസായ വകുപ്പിന് കീഴിൽ 42 പൊതു മേഖല സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. ഇവയിൽ, 7 എണ്ണം കെമിക്കൽ മേഖല, 4 എണ്ണം ഇലക്ട്രിക്കൽ, 6 എണ്ണം എഞ്ചിനീയറിംഗ്, 3 എണ്ണം ഇലക്ട്രോണിക്, 11 എണ്ണം ടെക്സ്റ്റയിൽ, 2 എണ്ണം സിറാമിക്, 6 എണ്ണം പരമ്പരാഗത മേഖല, 1 എണ്ണം തടിയുമായി ബന്ധപ്പെട്ട മേഖല, 2 എണ്ണം വികസന മേഖലയിലുമാണ്.

2018–19 ൽ വ്യവസായ വകുപ്പിനു കീഴിലുള്ള സംസ്ഥാന പൊതുമേഖല സ്ഥാപനങ്ങളുടെ പ്രവർത്തനഗതി

- ആകെ വിറ്റ് വരവ്: 3,442.74 കോടി രൂപ (2017–18 നെ അപേക്ഷിച്ച് 17.9 ശതമാനം വർദ്ധനവ്)
- 2018–19 ൽ ലാഭത്തിൽ പ്രവർത്തിക്കുന്ന യൂണിറ്റുകൾ 13 ൽ നിന്ന് 12 ആയി കുറഞ്ഞു, മൊത്തം ലാഭം 241.2 കോടി രൂപ.
- 2018–19 ൽ നഷ്ടത്തിൽ പ്രവർത്തിക്കുന്ന യൂണിറ്റുകൾ: 28 ൽ നിന്ന് 30 ആയി ഉയർന്നു, ആകെ നഷ്ടം 232.94 കോടി രൂപ.
- 2018–19 ലെ വ്യാവസായിക പൊതുമേഖലാ സ്ഥാപനത്തിന്റെ മൊത്തത്തിലുള്ള ലാഭം 8.26 കോടി രൂപ.

പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന ഗതി **ബോക്സ് 4.3.1** ൽ കാണിച്ചിരിക്കുന്നു.

2014–15 മുതൽ 2018–19 വരെയുള്ള 42 പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന ഗതി **ചിത്രം 4.3.2** ൽ രേഖപ്പെടുത്തിയിരിക്കുന്നു.

2014–15 മുതൽ 2018–19 വരെ വ്യവസായ വകുപ്പിന് കീഴിലുള്ള 42 സംസ്ഥാന പൊതുമേഖല സ്ഥാപനങ്ങളുടെ ഉൽപ്പാദനത്തിന്റേയും വിറ്റുവരവിന്റേയും ആകെ മൂല്യം **ചിത്രം 4.3.3** ൽ കൊടുത്തിരിക്കുന്നു.

2012–13 ൽ വ്യവസായ വകുപ്പിന് കീഴിലുള്ള 42 പൊതുമേഖല സ്ഥാപനങ്ങളുടെ ആകെ അറ്റാദായം 110.41 കോടി രൂപയായിരുന്നു. എന്നാൽ, 2013–14 മുതൽ ഈ പൊതുമേഖല സ്ഥാപനങ്ങളുടെ ആകെ അറ്റാദായം നെഗറ്റീവായി തുടരുന്നു. 2016–17 ൽ ഈ സ്ഥാപനങ്ങളുടെ സംയോജിത നഷ്ടം 133.4 കോടി രൂപ ആയിരുന്നു. എന്നാൽ, 2017–18 മുതൽ ഈ പൊതുമേഖലാ സ്ഥാപനങ്ങളുടെ അറ്റാദായത്തിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായി. 2017–18 ൽ അറ്റ ആദായം 5 കോടി രൂപയായിരുന്നത് 2018–19 ൽ 8.3 കോടി രൂപയായി വർദ്ധിച്ചു. കഴിഞ്ഞ 5 വർഷത്തെ, വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖല സ്ഥാപനങ്ങളുടെ പ്രവർത്തനം സംബന്ധിച്ച വിവരം **അനുബന്ധം 4.3.4** ൽ ചേർത്തിരിക്കുന്നു.

സംസ്ഥാന പൊതുമേഖല സ്ഥാപനങ്ങളുടെ കഴിഞ്ഞ 5 വർഷത്തെ അറ്റലാഭം/നഷ്ടക്കണക്ക് **ചിത്രം 4.3.4** ൽ ചേർത്തിരിക്കുന്നു.
കഴിഞ്ഞ അഞ്ചു വർഷത്തെ വ്യവസായ വകുപ്പിന് കീഴിലുള്ള സംസ്ഥാന പൊതുമേഖല സ്ഥാപനങ്ങളുടെ

ചിത്രം 4.3.3

വ്യവസായ വകുപ്പിന് കീഴിലുള്ള സംസ്ഥാന പൊതുമേഖല സ്ഥാപനങ്ങളും ഉല്പ്പാദനത്തിന്റയേും വിറ്റുവരവിന്റയേും മൂല്യം *



കിൻഫ്ര ഒഴികെ

അവലംബം. പബ്ലിക്ക് സെക്റ്റർ റീ സ്ട്രെച്ചറിംഗ് ആന്റ് ഇന്റേണൽ ആഡിറ്റ് ബോർഡ്

ബോക്സ് 4.3.1 ചാന്ദ്രയാൻ –2 മിഷന്റെ പ്രവർത്തനത്തിൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ സംഭാവന

വ്യവസായ വകുപ്പിന് കീഴിലുള്ള കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡ് (കെഎംഎംഎൽ), കെൽട്രോൺ, സ്റ്റീൽ ആൻഡ് ഇൻഡസ്ട്രിയൽ ഫോർജിംഗ് (എസ്എഫ്എൽ), കേരള ഓട്ടോമൊബൈൽസ് (കെഎഎൽ), ചെറുകിട വ്യവസായ വികസന കോർപ്പറേഷൻ (സിഡ്കോ) തുടങ്ങിയ 5 പൊതുമേഖലാ സ്ഥാപനങ്ങൾ, ഇന്ത്യയുടെ രണ്ടാമത്തെ ചാന്ദ്ര പര്യവേക്ഷണ ദൗത്യമായ ചന്ദ്രയാൻ –2 വിക്ഷേപണവുമായി ബന്ധപ്പെട്ട പ്രോജക്ടിൽ പങ്കാളികളായി.

- മിഷനിലേക്ക് കെഎംഎംഎൽ ടൈറ്റാനിയം സ്പോഞ്ച് മെറ്റൽ നൽകി.
- ചന്ദ്രയാൻ–2 മിഷനുമായി ബന്ധപ്പെട്ട് ഇന്റഗ്രേറ്റഡ് സ്ട്രച്ചറൽ മെഷർമെന്റ് യൂണിറ്റ് (ഐ.എസ്.എം.യു) നായി ടെസ്റ്റിഗ് ആന്റ് ഫാബ്രിക്കേഷൻ പാക്കേജുകൾ, വിക്ഷേപണ വാഹനമായ ജി.എസ്.എൽ.വി III എം 1 ൽ ഉപയോഗിച്ച നാവിഗേഷണൽ ഗൈഡൻസ് കൺട്രോൾ പാക്കേജ്, പാക്കേജുകളുടെ ഇലക്ട്രോമെക്കാനിക്കൽ സബ് അസംബ്ലി ഫാബ്രിക്കേഷൻ– വിൻഡിംഗ്, പോട്ടിംഗ്, മാഗ്നെറ്റൈസിംഗ്, സ്ക്രീനിംഗ്, ബ്രഷ് ലെസ് ഡിസി (ബി.എൽ.ഡിസി), മോട്ടോർ റോട്ടർ & സ്റ്റെപ്പർ മോട്ടോർ എന്നിവയുടെ അസംബ്ലി, മൊമന്റം വീൽ അസംബ്ലി, റിയാക്ഷൻ വീൽ, മൈക്രോ റിയാക്ഷൻ വീൽ അസംബ്ലി എന്നിവയുടെ വൈദ്യുത സംയോജനം തുടങ്ങിയവയിൽ ഭാഗഭാക്കാവാൻ കെൽട്രോണിന് കഴിഞ്ഞു.
- പ്രൊപ്പല്ലർ ടാങ്കിനായി ടൈറ്റാനിയം ലൈനറുകൾ, സെപ്പറേഷൻ സിസ്റ്റത്തിനുള്ള ബൈനോക്കുലർ ബോഡി, പ്രിൻസിപ്പൽ ഷാഫ്റ്റ് ഇക്വിലിബ്രിയം റെഗുലേറ്റർ ബോഡി, ടൈറ്റാനിയം അലോയ് ഗ്യാസ് ബോട്ടിലുകൾ തുടങ്ങിയവ എസ്.ഐ.എഫ്.എൽ നൽകി.
- പിസ്റ്റൺ നോസ് കോൺ, സിലിണ്ടർ നോസ് കോൺ തുടങ്ങിയവ സിഡ്കോ നിർമ്മിച്ചു.
- ബ്രാക്കറ്റുകൾ, സ്പെയ്സർ ബ്ലോക്കുകൾ, ഹാർനെസ് ബ്രിഡ്ജ്, വെന്റ് വാൽവ് ഇന്റർഫേസ് പ്ലേറ്റുകൾ തുടങ്ങിയ 25 ഇനങ്ങൾ കെഎഎൽ വിതരണം ചെയ്തു.

അവലംബം: റിയാബ്

മേഖല തിരിച്ചുള്ള സാമ്പത്തിക സ്ഥിതി വിവരം **പട്ടിക 4.3.1** ൽ കൊടുത്തിരിക്കുന്നു.

2018–19 കാലയളവിൽ, കെമിക്കൽ, ഇലക്ട്രോണിക്സ് മേഖലകളിലെ പൊതു മേഖലാ സ്ഥാപനങ്ങൾ നല്ല പ്രകടനമാണ് കാഴ്ച വച്ചത്. അതേസമയം, ടെക്സ്റ്റൈൽ മേഖലയിലെ പൊതു മേഖല സ്ഥാപനങ്ങളുടെ വലിയ നഷ്ടം മൊത്തത്തിലുള്ള പ്രകടനത്തെ ബാധിച്ചു. കെമിക്കൽസും ഇലക്ട്രോണിക്സും ഒഴികെയുള്ള മേഖലകളിലെ പി.എസ്.യു കളും നഷ്ടം നേരിടുന്നു. സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉൽപാദനക്ഷമതയും വിറ്റുവരവും മെച്ചപ്പെടുത്തുന്നതിന് നയപരമായ ശ്രദ്ധ ആവശ്യമാണ്. വ്യവസായ വകുപ്പിന് കീഴിലുള്ള 42 സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെ മൊത്ത ഉല്പാദന മൂല്യം 2017–18 ൽ 2,909.8 കോടി ആയിരുന്നത് 2018–19 ൽ 3,405.7 കോടി രൂപയായി വർദ്ധിച്ച് 17 ശതമാനം വളർച്ച രേഖപ്പെടുത്തി. ഈ പൊതുമേഖലാ

പട്ടിക 4.3.1വ്യവസായ വകുപ്പിന് കീഴിലുള്ള സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ: പദ്ധതിവിഹിതം, വിറ്റുവരവ്, അറ്റാദായം (രൂപ കോടിയിൽ)

ഇനങ്ങൾ	2014–15	2015–16	2016–17	2017–18	2018–19	2019–20 (2019 സെപ്റ്റംബർ വരെ)
കെമിക്കൽ മേഖല (7 യൂണിറ്റുകൾ)						
പദ്ധതി വിഹിതം	19.0	19.1	19.7	19.5	28.2	15.3
ടേൺ ഓവർ	1127.6	1153.6	1266.6	1401.9	1595.9	696.5
അറ്റാദായം	–46.2	13.0	28.2	223.3	189.1	–1.3
ടെക്സ്റ്റയിൽ മേഖല (8 യൂണിറ്റുകൾ)						
പദ്ധതി വിഹിതം	20.3	29.7	34.8	23.8	22.2	20.5
ടേൺ ഓവർ	138.7	96.3	82.3	133.9	157.3	82.2
അറ്റാദായം	–85.2	–72.3	–73.9	–90.9	–94.2	–56.4
എഞ്ചിനീയറിംഗ് മേഖല (6 യൂണിറ്റുകൾ)						
പദ്ധതി വിഹിതം	13.7	6.0	12.9	25.9	30.5	9.4
ടേൺ ഓവർ	131.9	121.4	116.6	125.8	154.2	74.7
അറ്റാദായം	–25.2	–33.7	–31.9	–44.8	–42.7	–21.4
ഇലക്ട്രോണിക്സ് മേഖല (3 യൂണിറ്റുകൾ)						
പദ്ധതി വിഹിതം	7.0	1.5	2.8	2.7	10.6	0
ടേൺ ഓവർ	368.5	484.8	452.4	480.2	542.6	242.9
അറ്റാദായം	–14.1	13.4	–17.51	3.8	9.6	–5.3
ഇലക്ട്രിക്കൽ മേഖല (4 യൂണിറ്റുകൾ)						
പദ്ധതി വിഹിതം	12.0	18.5	15.5	17.9	32.9	5.5
ടേൺ ഓവർ	360.0	398.2	424.0	393.4	565.1	231.8
അറ്റാദായം	–62.7	–47.3	–17.9	–34.2	–20.4	–21.9
പരമ്പരാഗത തടി അടിസ്ഥാന മേഖല (7 യൂണിറ്റുകൾ)						
പദ്ധതി വിഹിതം	32.5	14.0	4.9	7.1	7.5	4.5
ടേൺ ഓവർ	131.7	146.7	139.7	128.1	136.3	42.1
അറ്റാദായം	–21.7	–20.9	–22.1	–30.1	–21.8	–7.3
സെറാമിക് മേഖല (2 യൂണിറ്റുകൾ)						
പദ്ധതി വിഹിതം	2.0	2.0	4.9	4.9	16.2	3.0
ടേൺ ഓവർ	15.2	5.5	4.7	5.3	8.2	6.0
അറ്റാദായം	–6.5	–10.9	–10.9	–13.7	–9.0	–4.6
വികസന മേഖല (2014–2017 ൽ 3 യൂണിറ്റുകളും 2017 നു ശേഷം 2 ഉം)						
പദ്ധതി വിഹിതം	–	–	5.5	–	–	1.0
ടേൺ ഓവർ	444.1	393.2	235.2	252.4	283.1	68.5
അറ്റാദായം	25.4	37.6	12.7	–8.4	–2.3	–9.2

അവലംബം: റിയാബ്

ചിത്രം 4.3.4 വ്യവസായ വകുപ്പിന് കീഴിലുള്ള സംസ്ഥാന പൊതുമേഖല സ്ഥാപനങ്ങളുടെ അറ്റലാഭം/നഷ്ടം



അവലംബം: റിയാബ്

സ്ഥാപനങ്ങളുടെ വിറ്റുവരവ് മുൻ വർഷത്തെ അപേക്ഷിച്ച് 2018–19 ൽ 17.9 ശതമാനമായി വർദ്ധിച്ചിട്ടുണ്ട്. 2018–19, 2019–20 (2019 സെപ്റ്റംബർ) വരെയുമുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ വിറ്റുവരവ്, ലാഭം/നഷ്ടം സംബന്ധിച്ച വിശദാംശങ്ങൾ **അനുബന്ധം 4.3.5** ൽ കൊടുത്തിരിക്കുന്നു.

പന്ത്രണ്ടാം പദ്ധതി കാലയളവിൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ ദൈനംദിന പ്രവർത്തനങ്ങൾക്ക് പോലും സംസ്ഥാന ബജറ്റ് വിഹിതത്തെയാണ് ആശ്രയിച്ചിരുന്നത്. എന്നാൽ, പന്ത്രണ്ടാം പദ്ധതിയുടെ അവസാന വർഷം മുതൽ (2016–17) വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ ശക്തിപ്പെടുത്തുന്നതിനും നവീകരിക്കുന്നതിനുമുള്ള പ്രധാന നടപടികൾ കൈക്കൊണ്ടുവരുന്നു.

ഭാവി പരിപാടികൾ

പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭമുണ്ടാക്കുന്ന സംരംഭങ്ങൾ മാത്രമായി ചുരുങ്ങാതെ പൊതു സ്വകാര്യ മേഖലകളിൽ ഉയർന്ന സാങ്കേതിക സംരംഭങ്ങൾക്ക് പ്രവർത്തനക്ഷമമായ അന്തരീക്ഷം സൃഷ്ടിക്കുന്ന സ്ഥാപനങ്ങളായി മാറ്റിയെടുക്കേണ്ടതുണ്ട്. സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയുമായി പൊതുമേഖല സ്ഥാപനങ്ങളെ ബന്ധിപ്പിക്കേണ്ടതുണ്ട്. അതിനായി, കേരളത്തിൽ നിന്നു തന്നെ അസംസ്കൃത വസ്തുക്കൾ കഴിയുന്നത്ര ശേഖരിക്കുകയും താഴെ തട്ടിലുള്ള വ്യവസായങ്ങളെ പിന്തുണയ്ക്കുകയും സഹായിക്കുകയും ചെയ്യുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ നടപ്പാക്കേണ്ടതുണ്ട്.

പൊതുമേഖലാ സ്ഥാപനങ്ങളുടെ വികസനത്തിനും പുനരുദ്ധാരണത്തിനും ഗവൺമെന്റ് പ്രതിജ്ഞാബദ്ധരാണ്. പൊതുമേഖലാ സ്ഥാപനങ്ങളുടെ പൊതുവായ പ്രവർത്തനങ്ങളെ നിരീക്ഷിക്കുന്നതിലേക്ക് പ്രൊഫഷണൽ മാനേജർമാരെ നിയമിക്കും. സുതാര്യമായ രീതിയിൽ ഉന്നതതലത്തിലുള്ള മാനേജർമാരുടെ ഒരു കേഡർ തിരഞ്ഞെടുക്കുന്നതിനായി പബ്ലിക്, എന്റർപ്രൈസസ് സെലക്ഷൻ ബോർഡിന് രൂപം നൽകി. ഒരേ തരത്തിലുള്ള ഉൽപന്നങ്ങൾ നിർമ്മിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ സംയോജിപ്പിച്ച് അവരുടെ പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതുണ്ട്.

പബ്ലിക് സെക്ടർ റീസ്ട്രക്ച്ചറിംഗ് ആൻഡ് ഇന്റേണൽ ആഡിറ്റ് ബോർഡ് (റിയാബ്)

വ്യവസായ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന റിയാബിലൂടെയാണ് സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ പരിഷ്കരണ/നവീകരണ പദ്ധതികൾ നടപ്പാക്കുന്നത്. വ്യവസായ വകുപ്പിന്റെ കീഴിൽ വരുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുജ്ജീവന/ പുനരുദ്ധാരണ പരിപാടികൾ നടപ്പിലാക്കുന്നതിൽ റിയാബ് ഒരു പ്രധാന പങ്കാണ് വഹിക്കുന്നത്. പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം ആസൂത്രണം ചെയ്യുകയും നിരീക്ഷിക്കുകയും ചെയ്യുക, സ്ഥാപന പുന:നിർമ്മാണം, ശേഷി വർദ്ധിപ്പിക്കൽ, പൊതു മേഖലാ സ്ഥാപനങ്ങളിലേയ്ക്കുള്ള നിയമനങ്ങൾ, പൊതുമേഖലാസ്ഥാപനങ്ങൾക്ക് ഭരണപരമായ ഉപദേശക സഹായവും നൽകുക എന്നിവയാണ് ഏജൻസിയുടെ പ്രധാന ഉത്തരവാദിത്വങ്ങൾ.

വ്യാവസായിക പ്രോത്സാഹനവും അടിസ്ഥാന സൗകര്യ വികസന ഏജൻസികളും

കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ (കെ.എസ്.ഐ.ഡി.സി), കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ (കെ.എഫ്.സി) എന്നിവയാണ് സംസ്ഥാനത്തെ പ്രധാന വ്യവസായ ധനസഹായ ഏജൻസികൾ. വ്യാവസായിക ധനസഹായത്തിനു പുറമെ വ്യാവസായിക വളർച്ചയ്ക്ക് ആവശ്യമായ ഭൗതികവും സാമൂഹികവുമായ അടിസ്ഥാന സൗകര്യങ്ങൾ കെ.എസ്.ഐ.ഡി.സി പ്രോത്സാഹിപ്പിക്കുകയും സുഗമമാക്കുകയും ചെയ്യുന്നു.

ബോക്സ് 4.3.2 കെ.എസ്.ഐ.ഡി.സി യുടെ പ്രധാന പ്രവർത്തനങ്ങളും നടപ്പാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികളും

- ഇടത്തര – വൻകിട വ്യവസായങ്ങൾക്ക് ധനസഹായവും പിന്തുണയും
- കേരളത്തിൽ നിക്ഷേപങ്ങളെ പ്രോത്സാഹിപ്പിക്കുക
- വ്യാവസായിക വളർച്ചാ കേന്ദ്രങ്ങൾ ഉൾപ്പെടെ അടിസ്ഥന സൗകര്യ വികസനത്തിന് പിന്തുണ നൽകുന്നു.
- കേരളത്തിൽ ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് (ഇ.ഒ.ഡി.ബി) പ്രോത്സാഹിപ്പിക്കുക
- വിവിധ സ്റ്റാർട്ട് അപ്പ് സംരംഭങ്ങൾക്ക് പിന്തുണ നൽകുക
- സംരംഭക സഹായം
- ഏഞ്ചൽ/സീഡ് ഫണ്ട് പദ്ധതി.
- ഇലക്ട്രോണിക് ഹാർഡ് വെയർ പാർക്ക്, കൊച്ചി
- ലൈഫ് സയൻസ് പാർക്ക് – ലൈഫ് സയൻസ് മേഖലയിൽ സ്വകാര്യ വ്യവസായങ്ങളെയും ഗവേഷണവികസന സ്ഥാപനങ്ങളെയും പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി.
- ലൈറ്റ് എഞ്ചിനിയറിംഗ് ഇൻഡസ്ട്രിയൽ പാർക്ക്, പാലക്കാട്–രണ്ടാം ഘട്ടം.
- വ്യവസായ വളർച്ചാ കേന്ദ്രങ്ങൾ
- ബിസിനസ്സ് ഇൻകുബേറ്റർ
- മെഡിക്കൽ ഡിവൈസസ് പാർക്ക് (മെഡ്സ്പാർക്ക്)

അവലംബം: കെ.എസ്.ഐ.ഡി.സി

കൂടാതെ വ്യാവസായിക അടിസ്ഥാന സൗകര്യ വികസനത്തിന് കിൻഫ്രയും ശ്രദ്ധ കേന്ദ്രീകരിക്കുന്നു.

കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ (കെ.എസ്.ഐ.ഡി.സി)

കേരളത്തിൽ ഇടത്തര–വൻകിട വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും വികസിപ്പിക്കുന്നതിനും വേണ്ടി സംസ്ഥാന സർക്കാരിന്റെ സമ്പൂർണ്ണ ഉടമസ്ഥതയിൽ 1961 ൽ സ്ഥാപിക്കപ്പെട്ടിരിക്കുന്ന കമ്പനിയാണ് കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ (കെ.എസ്.ഐ.ഡി.സി). കേരളത്തിന്റെ സാമ്പത്തികമായ വികസനത്തിന് തന്ത്രപ്രധാനമായ പല വ്യവസായ പശ്ചാത്തല വികസന പദ്ധതികളും കെ.എസ്.ഐ.ഡി.സി ആരംഭിച്ചിട്ടുണ്ട്. കേരളത്തിലെ സ്വകാര്യ വ്യവസായിക പ്രോജക്ട്കളെ പ്രോത്സാഹിപ്പിക്കുന്നതിനും നിക്ഷേപ പ്രോത്സാഹന ഉദ്യമങ്ങളെ മുന്നോട്ട് നയിക്കുന്നതിനും, വ്യവസായിക അടിസ്ഥാന പശ്ചാത്തല സൗകര്യങ്ങളുടെ വികസനത്തിനും ജൈവവ്യവസ്ഥയ്ക്കും സംരംഭകരെ വളർത്തുന്നതിനും സ്റ്റാർട്ട് അപ്പുകൾക്ക് പിന്തുണ നൽകുന്നതിനും ഒരു പ്രധാന പങ്ക് കെ.എസ്.ഐ.ഡി.സി വഹിക്കുന്നു. സംസ്ഥാനത്ത്, ആഭ്യന്തരവും വിദേശീയവുമായ വ്യവസായ നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നോഡൽ ഏജൻസി എന്ന നിലയിൽ കെ.എസ്.ഐ.ഡി.സി നിക്ഷേപകർക്ക് സമഗ്രമായ പിന്തുണയും സഹായവും നൽകി വരുന്നു. വിവിധ ആനുകൂല്യങ്ങളും പദ്ധതികളും പരിശോധിക്കുവാൻ വേണ്ടിയുള്ള ക്രമീകരണങ്ങൾ നടത്തുകയും, സർക്കാരും വ്യവസായ മേഖലയും ബന്ധപ്പെട്ടു പ്രവർത്തിക്കുന്നതിനുള്ള അന്തരീക്ഷം സൃഷ്ടിക്കുകയും ചെയ്യുന്നു.

കെ.എസ്.ഐ.ഡി.സി യുടെ അംഗീകൃത ഓഹരി മൂലധനം 400 കോടി രൂപയാണ്. കോർപറേഷന്റെ പെയ്ഡ് അപ്പ് ഷെയർ ക്യാപിറ്റലായ 301.24 കോടി രൂപ കേരള സർക്കാർ പൂർണ്ണമായും സംഭാവന ചെയ്യുന്നു.

പട്ടിക 4.3.2 കെ.എസ്.ഐ.ഡി.സി യുടെ പ്രധാന സാമ്പത്തിക പരാമീറ്ററുകൾ

വിശദാംശങ്ങൾ	2015–16	2016–17	2017–18
മൊത്തം ആസ്തി	684.6	611.3	633.9
മൂലധനം	296.1	345.4	296.3
വിറ്റുവരവ്	63.6	47.9	52.1
ആകെ ചിലവുകൾ	13.7	13.7	18.5
ജീവനക്കാരുടെ ചിലവുകൾ	9.0	9.1	10.3
അറ്റലാഭം/നഷ്ടം (+/–)	50.0	34.5	33.6
ഓഡിറ്റ് നില	ഓഡിറ്റ് ചെയ്തത്		

അവലംബം: ബി.പി.ഇ അവലോകനം 2017-18

പട്ടിക 4.3.3 കെ.എസ്.ഐ.ഡി.സി യ്ക്ക് ലഭിച്ച പദ്ധതി തുകയും ചെലവ് വിവരങ്ങളും (രൂപ കോടിയിൽ)

ക്രമ നം.	വർഷം	പദ്ധതി വിഹിതം	ചെലവ്	ശതമാനം
1	2015-16	74.0	29.1	39.3
2	2016-17	87.5	75.5	86.3
3	2017-18	96.3	171.7	178.4
4	2018-19	134.4	77.5	57.7
5	2019-20*	116.0	10.1	8.7

അവലംബം:ബഡ്ജറ്റ് എസ്റ്റിമേറ്റ്

*2019 നവംബർ വരെയുള്ള ചെലവുകൾ

വിവിധ വ്യവസായ യൂണിറ്റുകൾക്കും വിവിധ മെഗാ പ്രോജക്ടുകൾക്കും ധനസഹായം നൽകുന്നതിന് പുറമെ കെ.എസ്.ഐ.ഡി.സി നിരവധി പ്രവർത്തനങ്ങൾ ഏറ്റെടുത്തിട്ടുണ്ട്. കെ.എസ്.ഐ.ഡി.സി നടപ്പിലാക്കി കൊണ്ടിരിക്കുന്ന പ്രധാന പദ്ധതികൾ **ബോക്സ് 4.3.2** ൽ കൊടുത്തിരിക്കുന്നു.

സാമ്പത്തിക സ്ഥിതി

2017-18 ൽ കോർപറേഷൻ 33.61 കോടി രൂപ അറ്റാദായമായി നേടി. കഴിഞ്ഞ 3 വർഷങ്ങളിലെ കെ.എസ്.ഐ.ഡി.സി യുടെ ചില പ്രധാന സാമ്പത്തിക പരാമീറ്ററുകൾ **പട്ടിക 4.3.2** ൽ കൊടുത്തിരിക്കുന്നു.

കെ.എസ്.ഐ.ഡി.സി യുടെ വ്യാവസായിക ധനസഹായ പ്രവർത്തനങ്ങൾ

50,000 കോടി രൂപയുടെ നിക്ഷേപ വിഹിതവുമായി ഇതുവരെ 750 ൽ അധികം പദ്ധതികളെ കെ.എസ്.ഐ.ഡി.സി പ്രോത്സാഹിപ്പിച്ചു. ഒരു ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സാധ്യതയുള്ള പ്രോജക്ടുകളായിരുന്നു ഇവ. 2018-19 സാമ്പത്തിക വർഷത്തിൽ വിവിധ പദ്ധതികൾക്കായി കെ.എസ്.ഐ.ഡി.സി 316.4 കോടി രൂപയുടെ മൂലധന നിക്ഷേപത്തിനുള്ള പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ഇതിൽ 120.7 കോടി രൂപ പ്രത്യക്ഷ ടേം ലോൺ സഹായമാണ്. ഇവയിലൂടെ 859 പേർക്ക് നേരിട്ടും പരോക്ഷമായും തൊഴിൽ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഇതേകാലയളവിൽ 64.4 കോടി രൂപ വിതരണം ചെയ്യുകയും 85.5 കോടി രൂപ മുതലും പലിശയും ഉൾപ്പെടെ തിരിച്ചടവ് ലഭിച്ചതായും കോർപ്പറേഷൻ റിപ്പോർട്ട് ചെയ്തിരിക്കുന്നു. 2018-19 ലെ കോർപ്പറേഷന്റെ പ്രവർത്തന ലാഭം 42.6 കോടി രൂപയാണ്. നിലവിൽ 2,565.1 കോടി രൂപ നിക്ഷേപമുള്ള 23 പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ വിവിധ ഘട്ടങ്ങളിലാണ്. ഇതിലൂടെ 1,759 ഓളം ആളുകൾക്ക് തൊഴിൽ നൽകുവാൻ സാധിക്കും. 2018-19, 2019-20 (2019 സെപ്റ്റംബർ വരെയുള്ള) കാലത്തെ കെ.എസ്.ഐ.ഡി.സി യുടെ ഭൗതികവും സാമ്പത്തികവുമായ പ്രകടനത്തിന്റെ വിവരങ്ങൾ **അനുബന്ധം 4.3.6** ൽ ചേർത്തിരിക്കുന്നു.

ബോക്സ് 4.3.2 കെ.എസ്.ഐ.ഡി.സി യുടെ പ്രധാന പ്രവർത്തനങ്ങളും നടപ്പാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികളും

- ഇടത്തര - വൻകിട വ്യവസായങ്ങൾക്ക് ധനസഹായവും പിന്തുണയും
- കേരളത്തിൽ നിക്ഷേപങ്ങളെ പ്രോത്സാഹിപ്പിക്കുക
- വ്യാവസായിക വളർച്ചാ കേന്ദ്രങ്ങൾ ഉൾപ്പെടെ അടിസ്ഥന സൗകര്യ വികസനത്തിന് പിന്തുണ നൽകുന്നു.
- കേരളത്തിൽ ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് (ഇ.ഒ.ഡി.ബി) പ്രോത്സാഹിപ്പിക്കുക
- വിവിധ സ്റ്റാർട്ട് അപ്പ് സംരംഭങ്ങൾക്ക് പിന്തുണ നൽകുക
- സംരംഭക സഹായം
- ഏഞ്ചൽ/സീഡ് ഫണ്ട് പദ്ധതി.
- ഇലക്ട്രോണിക് ഹാർഡ് വെയർ പാർക്ക്, കൊച്ചി
- ലൈഫ് സയൻസ് പാർക്ക് - ലൈഫ് സയൻസ് മേഖലയിൽ സ്വകാര്യ വ്യവസായങ്ങളെയും ഗവേഷണവികസന സ്ഥാപനങ്ങളെയും പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി.
- ലൈറ്റ് എഞ്ചിനിയറിംഗ് ഇൻഡസ്ട്രിയൽ പാർക്ക്, പാലക്കാട്-രണ്ടാം ഘട്ടം.
- വ്യവസായ വളർച്ചാ കേന്ദ്രങ്ങൾ
- ബിസിനസ്സ് ഇൻകുബേറ്റർ
- മെഡിക്കൽ ഡിവൈസസ് പാർക്ക് (മെഡ്സ്പാർക്ക്)

കെ.എസ്.ഐ.ഡി.സി ക്ക് സർക്കാരിൽ നിന്ന് 2015–16 മുതൽ 2019–20 വരെ ലഭിച്ച പദ്ധതി തുകയും ചെലവ് വിവരങ്ങളും **പട്ടിക 4.3.3** ൽ കൊടുത്തിരിക്കുന്നു.

കെ.എസ്.ഐ.ഡി.സി യുടെ പ്രധാന പ്രോത്സാഹന പ്രവർത്തനങ്ങൾ

സ്വകാര്യ നിക്ഷേപം സുഗമമാക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി കെ.എസ്.ഐ.ഡി.സി നിരവധി പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുണ്ട്. കെ.എസ്.ഐ.ഡി.സി യുടെ പ്രധാന പ്രമോഷണൽ പ്രവർത്തനങ്ങൾ ഇവയാണ്.

ഈസ് ഓഫ് ഡൂയിംഗ് ബിസ്സിനസ്

ഇ.ഒ.ഡി.ബി മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ച പരിഷ്കരണ നടപടികളുടെ അടിസ്ഥാനത്തിൽ ഇന്ത്യാ ഗവൺമെന്റിന്റെ ഇന്റസ്ട്രിയൽ പോളിസി ആൻഡ് പ്രൊമോഷൻ വകുപ്പ് (ഡി.ഐ.പി.പി) വർഷംതോറും സംസ്ഥാനങ്ങളെ റാങ്ക് ചെയ്യുന്നു. കേരളത്തിൽ ഒരു വ്യവസായ യൂണിറ്റ് ആരംഭിക്കുന്നതിനായുള്ള ക്ലിയറൻസ് നടപടിയ്ക്കായി നിലവിലുള്ള ചട്ടങ്ങളെയും വകുപ്പുകളെയും പരിഷ്കരിക്കുന്നതിനെപ്പറ്റി കെ.എസ്.ഐ.ഡി.സി ഒരു പഠനം നടത്തുകയും, റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. പ്രസ്തുത റിപ്പോർട്ടിൽ ഉള്ള നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ 7 ആക്ടുകളിൽ ഭേദഗതി വരുത്തുന്നതിനുള്ള തീരുമാനം സംസ്ഥാന കാബിനറ്റ് അംഗീകരിച്ചു. ഇതിനെത്തുടർന്ന് ഇ.ഒ.ഡി.ബി യുടെ ഭാഗമായി സംസ്ഥാന സർക്കാർ കേരളാ ഇൻവെസ്റ്റ്മെന്റ് പ്രമോഷൻ ആൻഡ് ഫെസിലിറ്റേഷൻ ആക്ട് 2018 ൽ പ്രസിദ്ധീകരിച്ചു.

വേഗതയേറിയതും സുതാര്യവുമായ ഓൺ ലൈൻ ഏകജാലക ക്ലിയറൻസ് സംവിധാനം (കെ.എസ്.ഡബ്ല്യൂ.ഐ.എഫ്.ടി)

സംസ്ഥാനത്ത് വ്യവസായ പദ്ധതികൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ലഘൂകരിക്കുന്നതിനായി കേരള സർക്കാർ ഒരു 'ഏകജാലക ക്ലിയറൻസ് സംവിധാനം' ആരംഭിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ സംസ്ഥാനത്തെ നോഡൽ ഏജൻസിയാണ് കെ.എസ്.ഐ.ഡി.സി. ഓൺലൈൻ ക്ലിയറൻസ് സംവിധാനവും ഓൺലൈൻ പൊതു അപേക്ഷ ഫോമുകളും വികസിപ്പിക്കുന്നതിനായി നാഷണൽ ഇൻഫർമാറ്റിക്സ് സെന്ററിനെ (എൻ.ഐ.സി) ചുമതലപ്പെടുത്തിയിട്ടുണ്ട്. സമയബന്ധിതമായി ലൈസൻസുകളും അംഗീകാരങ്ങളും നൽകുന്ന വിഷയത്തിൽ സർക്കാരുമായുള്ള ഭാവിയിലെ എല്ലാ ഇടപാടുകൾക്കും കെ.സ്വിഫ്റ്റ് വേദിയാകും. നിലവിൽ 15 വകുപ്പുകൾ/ ഏജൻസികളുടെ സേവനങ്ങൾ കെ. സ്വിഫ്റ്റിൽ ലഭ്യമാണ്.

ഏയ്ഞ്ചൽ ഫണ്ട്/സീഡ് ഫണ്ട്

യുവാക്കൾക്കിടയിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനായി ഏയ്ഞ്ചൽ ഫണ്ട്/ സീഡ് ഫണ്ട് എന്നറിയപ്പെടുന്ന പ്രത്യേക ധനസഹായ പദ്ധതി കെ.എസ്.ഐ.ഡി.സി ആരംഭിച്ചു. ശാസ്ത്രീയമായും, സാങ്കേതികപരമായും പുതുമയുള്ളതും, വാണിജ്യാടിസ്ഥാനത്തിൽ വിജയിക്കാവുന്നതും ചെറുപ്പക്കാരായ യുവസംരംഭകരുടെ പദ്ധതികൾക്കുള്ള സാമ്പത്തിക സഹായമാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. 2019 സെപ്റ്റംബറിലെ കണക്കു പ്രകാരം, 100 നൂതന സ്റ്റാർട്ട് അപ്പുകൾക്ക് 20.9 കോടി രൂപക്കുള്ള ധനസഹായം കെ.എസ്.ഐ.ഡി.സി അനുവദിച്ചു.

കെ.എസ്.ഐ.ഡി.സി യുടെ കൈവശമുള്ള ഭൂമി

കെ.എസ്.ഐ.ഡി.സി യുടെ ഉടമസ്ഥതയിലുള്ള ആകെ ഭൂമി 1,483.2 ഏക്കറാണ്. ഇതിൽ വ്യവസായ വികസനത്തിന് ലഭ്യമായ സ്ഥലം 1,132 ഏക്കറാണ്. വ്യവസായിക ആവശ്യങ്ങൾക്കുള്ള സ്ഥലത്തിൽ നിന്നും 6,91.4 ഏക്കർ സ്ഥലം ഇതിനകം വ്യവസായ യൂണിറ്റുകൾക്ക് അനുവദിച്ചിട്ടുണ്ട്. ബാക്കിയുള്ള ഭൂമി വ്യവസായിക യൂണിറ്റുകൾക്ക് അനുവദിക്കുന്നതിനായി കെ.എസ്.ഐ.ഡി.സി യുടെ കൈവശമുണ്ട്. കെ.എസ്.ഐ.ഡി.സി വ്യവസായിക പാർക്കുകൾക്കായി

പട്ടിക 4.3.4 കിൻഫ്രയുടെ പ്രധാന സാമ്പത്തിക പാരാമീറ്ററുകൾ (രൂപ കോടിയിൽ)

വിശദാംശങ്ങൾ	2015–16	2016–17	2017–18
മൊത്തം ആസ്തി	510.7	741.6	1122.5
മൂലധനം	1393.3	1727.3	1776.6
വിറ്റുവരവ്	17.6	24.5	18.8
ആകെ ചെലവ്	28.1	37.6	33.7
ജീവനക്കാരുടെ ചെലവ്	13.2	15.5	16.8
അറ്റ ലാഭം/നഷ്ടം (+/–)	2.0	0.4	0.9
ഓഡിറ്റ് നില	2016–17 വരെ ഓഡിറ്റ് ചെയ്തത്		

അവലംബം: ബി.പി.ഇ അവലോകനം 2017-18

പട്ടിക 4.3.5 കിൻഫ്രയ്ക്ക് ലഭിച്ച പദ്ധതി തുകയും ചെലവ് വിവരങ്ങളും (രൂപ കോടിയിൽ)

ക്രമ നം.	വർഷം	പദ്ധതി വിഹിതം	ചെലവ്	ശതമാനം
1	2015–16	55.1	44.8	81.3
2	2016–17	101.2	52.7	52.1
3	2017–18	111.3	66.4	72.7
4	2018–19	96.0	47.0	49.0
5	2019–20*	107.0	14.3	13.3

അവലംബം: ബജറ്റ്എസ്റ്റിമേറ്റ്
*സെപ്റ്റംബർ 2019 വരെയുള്ള ചെലവ്

2019 സെപ്റ്റംബർ വരെ അനുവദിച്ചിട്ടുള്ള സ്ഥലത്തിന്റെ വിശദാംശങ്ങൾ **അനുബന്ധം 4.3.7** ൽ കൊടുത്തിരിക്കുന്നു.

കേരള വ്യവസായ പശ്ചാത്തല വികസന കോർപ്പറേഷൻ (കിൻഫ്ര)

വ്യവസായങ്ങൾക്ക് ആവശ്യമായ അടിസ്ഥാന പശ്ചാത്തല സൗകര്യം വികസിപ്പിക്കുകയും അതുവഴി വ്യവസായ വികസനത്തിന് അനുയോജ്യമായ സ്വകാര്യനിക്ഷേപം വർദ്ധിപ്പിക്കുക, തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, ഭാവി വ്യാവസായിക വികസനത്തിനുതകുന്ന തരത്തിലുള്ള ലാന്റ് ബാങ്ക് സൃഷ്ടിക്കുക എന്നിവയ്ക്കായി 1993 – ൽ സർക്കാർ, കേരള വ്യവസായ പശ്ചാത്തല വികസന കോർപ്പറേഷൻ (കിൻഫ്ര) സ്ഥാപിച്ചു. സംസ്ഥാനത്തിന്റെ സാമ്പത്തിക വികസനത്തിന് ഉതകുന്ന തരത്തിലുള്ള വ്യവസായ പാർക്കുകൾ, ടൗൺഷിപ്പുകൾ, സോണുകൾ എന്നിവ വ്യാവസായികമായി പിന്നോക്കം നിൽക്കുന്ന പ്രദേശങ്ങളിൽ സ്ഥാപിക്കുന്നതിലൂടെ സംരംഭകർക്ക് പുതുതായി വ്യവസായം തുടങ്ങാനാവശ്യമായ സൗകര്യങ്ങൾ ലഭ്യമാകുന്നു.

ബോക്സ് 4.3.3 കോഴിക്കോട് നടന്ന നാളികേര വികസനത്തെക്കുറിച്ചുള്ള അന്താരാഷ്ട്ര സമ്മേളനവും പ്രദർശനവും

2019 നവംബർ രണ്ട് മൂന്ന് തീയതികളിലായി കേരള സർക്കാരും ഇന്ത്യാ ഗവൺമെന്റിന്റെ നാളികേര വികസന ബോർഡും സംയുക്തമായി കോഴിക്കോട് വച്ച് രണ്ടു ദിവസത്തെ അന്താരാഷ്ട്ര സമ്മേളനവും നാളികേര വികസനത്തേക്കുറിച്ചുള്ള പ്രദർശനവും സംഘടിപ്പിച്ചു. വ്യവസായത്തിലൂന്നിയുള്ള വളർച്ചയിലൂടെ കേരളത്തിന്റെ നാളികേര മേഖലയെ മെച്ചപ്പെടുത്തി സുസ്ഥിരമായ വളർച്ചാ പാതയിലേയ്ക്ക് നയിക്കുക എന്നതായിരുന്നു സമ്മേളനത്തിന്റെയും പ്രദർശനത്തിന്റെയും ലക്ഷ്യം. കേരള സംസ്ഥാന വ്യവസായ വികസന കോർപറേഷനുമായി സഹകരിച്ചാണ് സംസ്ഥാന ആസൂത്രണ ബോർഡ് സമ്മേളനവും പ്രദർശനവും സംഘടിപ്പിച്ചത്. പരിപാടിയുടെ ഭാഗമായി കൃഷിയുടെ നൂതന ആശയങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും നാളികേര മേഖലയിൽ മൂല്യ വർദ്ധനവ് പ്രോത്സാഹിപ്പിക്കുന്നതിനുമായി കേരള സ്റ്റാർട്ട് അപ് മിഷന്റെ സഹായത്തോടെ ദേശീയ നാളികേര ചലഞ്ച് സംഘടിപ്പിച്ചു.

ചൈന, ഫിലിപ്പീൻസ്, മലേഷ്യ, ഇന്തോനേഷ്യ, വിയറ്റ്നാം, തായ് ലൻഡ്, ഓസ്ട്രേലിയ, ശ്രീലങ്ക തുടങ്ങിയ രാജ്യങ്ങളിൽ നിന്നുള്ള പ്രഭാഷകരുടെ 25 ലധികം പ്രബന്ധങ്ങൾ സമ്മേളനത്തിൽ അവതരിപ്പിക്കുകയുണ്ടായി. ഇരുപതോളം കർഷകരും സംരംഭകരും അനുഭവം പങ്കിടൽ സെഷനും വൈവിദ്ധ്യമാർന്ന നാളികേര അധിഷ്ഠിത ഉൽപന്നങ്ങളുടെ (70 സ്റ്റാളുകളിലായി) പ്രദർശനവും ഉണ്ടായിരുന്നു.

സംരംഭകർ, കൃഷിക്കാർ, കാർഷിക ശാസ്ത്രജ്ഞർ, തൊഴിലാളി പ്രതിനിധികൾ, സാമൂഹിക ശാസ്ത്രജ്ഞർ, ഗവേഷകർ, വിദഗ്ധർ, ബഹുജന സംഘടനകളുടെയും എൻജിഒകളുടെയും പ്രതിനിധികൾ, വ്യവസായികൾ, വ്യവസായ പ്രതിനിധികൾ, വിദ്യാർത്ഥികൾ, നയ രൂപീകരണവുമായി ബന്ധപ്പെട്ടവർ എന്നിവരടങ്ങുന്ന 400–500 പേർ പ്രദർശനത്തിലും കോൺഫറൻസിലും പങ്കെടുത്തു.

ഈ മേഖലയിലെ പുതിയ നിക്ഷേപങ്ങൾ, സംസ്ഥാനത്ത് നാളികേര അധിഷ്ഠിത പാർക്കുകൾ, നാളികേര അടിസ്ഥാനത്തിലുള്ള യൂണിറ്റുകൾക്ക് വിപണന, സാങ്കേതിക സഹായം തുടങ്ങിയവ സമ്മേളനത്തിന്റെ ഭാഗമായി വന്ന പ്രധാന നിർദ്ദേശങ്ങളാണ്.

ബോക്സ് 4.3.4 കിൻഫ്രയിലെ നിലവിലുള്ള പദ്ധതികൾ

- വ്യവസായ ജലവിതരണ പദ്ധതി, പാലക്കാട്
- ഇൻഡഗ്രേറ്റഡ് ഇൻഡസ്ട്രിയൽ ആൻഡ് ടെക്സ്റ്റയിൽ പാർക്ക്, പാലക്കാട്
- തൃശ്ശൂരിലുള്ള കൊരട്ടി സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറിയുടെ നിർമ്മാണം.
- ഇൻഫോ പാർക്ക്, സ്മാർട്ട് സിറ്റി, കെ.ഇ.പി.ഐ.പി എന്നിവയ്ക്കായുള്ള ജലവിതരണം, റോഡ് നിർമ്മാണം.
- വ്യവസായ പാർക്ക്, മട്ടന്നൂർ, കണ്ണൂർ
- ഗ്ലോബൽ ആയുർവ്വേദ വില്ലേജ്, തിരുവനന്തപുരം
- ഗ്രീൻ ഫീൽഡ് ഇലക്ട്രോണിക് പാർക്ക്, എറണാകുളം
- ഫുഡ് ആന്റ് സ്പൈസസ് പാർക്ക്, മുട്ടം, ഇടുക്കി
- കിൻഫ്ര ഫിലിം ആൻഡ് വീഡിയോ പാർക്കിലെ ആനിമേഷൻ/ഐ.ടി.ഇ.എസിനായുള്ള പ്രത്യേക സാമ്പത്തിക മേഖല
- കാക്കാഞ്ചേരിയിലെ കിൻഫ്രാ ടെക്നോ ഇന്റസ്ട്രിയൽ പാർക്കിൽ (കെ.ടി.ഐ.പി) കയറ്റുമതി ഇൻക്യുബേഷൻ ഹബ്
- നൂതന സാങ്കേതിക വിദ്യാ വ്യവസായ പാർക്ക്, പുഴയ്ക്കൽ തൃശ്ശൂർ
- ഡിഫൻസ് പാർക്ക്, ഒറ്റപ്പാലം
- മെഗാഫുഡ് പാർക്ക്, പാലക്കാട്

സാമ്പത്തിക സ്ഥിതി

2017–18 ൽ കോർപ്പറേഷൻ 91.4 ലക്ഷം രൂപ അറ്റാദായം റിപ്പോർട്ട് ചെയ്തു. കഴിഞ്ഞ മൂന്ന് വർഷത്തെ ചില പ്രധാന സാമ്പത്തിക സൂചകങ്ങൾ **പട്ടിക 4.3.4** ൽ കാണിച്ചിരിക്കുന്നു. കിൻഫ്രയുടെ 2015–16 മുതൽ 2019–20 വരെയുള്ള പദ്ധതി വിഹിതവും ചെലവ് വിവരങ്ങളും **പട്ടിക 4.3.5** ൽ കൊടുത്തിരിക്കുന്നു.

കിൻഫ്ര വികസിപ്പിച്ച വ്യവസായ പാർക്കുകളിൽ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്, ബാങ്ക്, പോസ്റ്റാഫീസ്, സുരക്ഷ എന്നിങ്ങനെയുള്ള സാമൂഹിക പശ്ചാത്തല സൗകര്യങ്ങൾ കൂടാതെ വികസിപ്പിച്ചെടുത്ത ഭൂമി, ബിൽറ്റ് അപ്പ് സ്പേസ്, വൈദ്യുതി ലഭ്യത, തടസ്സമില്ലാത്ത ജല വിതരണം, വാർത്താ വിനിമയ സൗകര്യങ്ങൾ എന്നിവയും ലഭ്യമാണ്. കുറഞ്ഞ ചെലവിലും ചുരുങ്ങിയ സമയത്തിലും വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിന് ആവശ്യമായ അനുകൂല അന്തരീക്ഷവും ഈ പാർക്കുകളിൽ ഉണ്ട്.

കിൻഫ്രയുടെ കൈവശമുള്ള ഭൂമി

കിൻഫ്രയുടെ ഉടമസ്ഥതയിലുള്ള ആകെ ഭൂമി 2,907.4 ഏക്കർ ആണ്. ഇതിൽ 2,299.4 ഏക്കർ ഭൂമി വ്യവസായ വികസന ആവശ്യങ്ങൾക്കായി ലഭ്യമാണ്. അതിൽ 1,301 ഏക്കർ ഭൂമി വ്യവസായ യൂണിറ്റുകൾക്ക് ഇതിനകം അനുവദിച്ച് കൊടുത്തിട്ടുണ്ട്. ബാക്കിയുള്ള ഭൂമി (998.3 ഏക്കർ) വ്യവസായിക യൂണിറ്റുകളുടെ അലോട്ട്മെന്റിനായി കിൻഫ്രയുടെ പക്കൽ ഇപ്പോഴും ലഭ്യമാണ്. 2019 സെപ്റ്റംബർ വരെയുള്ള കിൻഫ്ര വ്യവസായ പാർക്കുകളുടെ വിശദാംശങ്ങൾ **അനുബന്ധം 4.3.8** ൽ കൊടുത്തിരിക്കുന്നു.

കിൻഫ്രയിലെ വിവിധ വ്യവസായ പാർക്കുകളിൽ 826 വ്യവസായ യൂണിറ്റുകൾക്ക് സ്ഥലം അനുവദിക്കുകയും 1,821.9 കോടി രൂപ ആകെ നിക്ഷേപം നടത്തുകയും 27,114 പേർക്ക് നേരിട്ട് തൊഴിൽ നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ, എല്ലാ പാർക്കുകളിലും ഏക ജാലക ക്ലിയറൻസ് സംവിധാനവും കിൻഫ്ര ഏർപ്പെടുത്തിയിട്ടുണ്ട്. കിൻഫ്രയുടെ 24 വ്യവസായ പാർക്കുകളിലായി പ്രധാന മേഖലയിൽപെടുന്ന വ്യവസായങ്ങൾക്ക് ലോകോത്തര പശ്ചാത്തല സൗകര്യ വികസനം പൂർത്തിയാക്കി കഴിഞ്ഞു. ഇതിൽ 9 എണ്ണം ചെറുകിട, ഇടത്തരം മേഖലയിലെ സ്ഥാപനങ്ങൾക്ക് വേണ്ടി മാത്രമുള്ളതാണ്. കിൻഫ്രയുടെ ചില ശ്രദ്ധേയമായ നേട്ടങ്ങൾ.

- തിരുവനന്തപുരത്തെ അന്താരാഷ്ട്രാ അപ്പാരൽ പാർക്ക്, എറണാകുളത്തെ കയറ്റുമതി വികസന വ്യവസായ പാർക്ക്, തിരുവനന്തപുരത്തെ ഇൻഫോടെയിൽമെന്റ് പാർക്ക്, ഫിലിം ആന്റ് വീഡിയോ പാർക്ക്, മലപ്പുറത്തെ ഭക്ഷ്യ സംസ്കരണ വ്യവസായ പാർക്ക്, എന്നിവ കിൻഫ്ര വിജയകരമായി പൂർത്തികരിച്ച പ്രോജക്ടുകളാണ്.
- തിരുവനന്തപുരം, പത്തനംതിട്ട, എറണാകുളം, തൃശ്ശൂർ, കണ്ണൂർ, വയനാട്, കാസർഗോഡ് എന്നിവിടങ്ങളിൽ ചെറുകിട വ്യവസായ പാർക്കുകളും കിൻഫ്ര വികസിപ്പിച്ചിട്ടുണ്ട്.
- ഒറ്റപ്പാലം ഇൻഡസ്ട്രിയൽ പാർക്കിൽ സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറിയുടെ നിർമ്മാണം പൂർത്തീകരിക്കുകയും ബിൽറ്റ് – അപ് സ്പേസ് അനുവദിക്കൽ നടപടി പുരോഗമിക്കുകയും ചെയ്യുന്നു. ആന്തരിക റോഡുകളും മറ്റ് പൊതു സൗകര്യങ്ങളുടെ നിർമ്മാണവും പൂർത്തിയായി.

കിൻഫ്രയിലെ നിലവിലുള്ള പദ്ധതികൾ **ബോക്സ് 4.3.4** ൽ കാണിച്ചിരിക്കുന്നു.

കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ (കെ.എഫ്.സി) (വ്യാവസായിക ധനസഹായം)

സർക്കാർ ഉടമസ്ഥതയിലുള്ള ഒരു ഇതര ബാങ്കിംഗ് ധനകാര്യ സ്ഥാപനമാണ് കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ (കെ.എഫ്.സി). വ്യവസായങ്ങൾക്ക് ധനസഹായം നൽകുന്നതിലൂടെ കേരളത്തിന്റെ വ്യവസായ വൽക്കരണത്തിന് പ്രധാന പങ്ക് വഹിക്കുന്ന ഒരു എജൻസിയാണ് കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ. നിർമ്മാണ, സേവന മേഖലകളിലെ സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾക്ക് (എം.എസ്.എം.ഇ) സാമ്പത്തിക സഹായം നൽകുക എന്നതാണ് കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ (കെ.എഫ്.സി) പ്രധാന ലക്ഷ്യം. പുതിയ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും ഉൽപാദന, സേവന മേഖലകളിൽ നിലവിലുള്ള യൂണിറ്റുകളുടെ വിപുലീകരണം/ നവീകരണം/ വൈവിധ്യവൽക്കരണം എന്നിവയ്ക്കും കോർപ്പറേഷന് സാമ്പത്തിക സഹായം നൽകാൻ കഴിയും. വായ്പകൾ, പ്രവർത്തന മൂലധന വായ്പകൾ, പ്രത്യേക പദ്ധതികൾ എന്നിങ്ങനെയുള്ള രൂപത്തിൽ സാമ്പത്തിക സഹായം നൽകുന്നു. സൂക്ഷ്മ ചെറുകിട സ്ഥാപനങ്ങൾക്കായുള്ള ക്രെഡിറ്റ് ഗ്യാരന്റി ഫണ്ട് ട്രസ്റ്റിലെ അംഗമാണ് കെ.എഫ്.സി. കോർപ്പറേഷന്റെ പ്രധാന പ്രവർത്തനങ്ങൾ താഴെ പറയുന്നവയാണ്.

- ഉൽപ്പന്ന നിർമ്മാണ സേവന മേഖലകളിൽ പുതിയ സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭകർക്ക് വായ്പകൾ അനുവദിക്കുക
- നിലവിൽ പ്രവർത്തിക്കുന്ന വ്യവസായ/സേവന സ്ഥാപനങ്ങൾക്ക് വികസനത്തിനും, ആധുനിക വൽക്കരണത്തിനും/വൈവിദ്ധ്യവൽക്കരണത്തിനും വേണ്ടിയുള്ള വായ്പ നൽകുക
- വ്യവസായ/സേവന മേഖലയിലുള്ള സ്ഥാപനങ്ങൾക്ക് പ്രത്യേക പദ്ധതികളിൽപ്പെടുത്തി പ്രവർത്തന മൂലധന വായ്പകൾ നല്കുക
- സിവിൽ കോൺട്രാക്ടർമാർക്ക് സാമ്പത്തിക സഹായത്തിനുള്ള പ്രത്യേക പദ്ധതികൾ
- ഫീച്ചർ ഫിലിമുകളും ടെലിവിഷൻ സീരിയലുകളും നിർമ്മിക്കുന്നതിന് സാമ്പത്തിക സഹായത്തിനുള്ള പ്രത്യേക പദ്ധതികൾ
- നിലവിലുള്ള സിനിമ തീയറ്ററുകളുടെ ആധുനികവൽക്കരണത്തിനും നിലവാരം മെച്ചപ്പെടുത്തുന്നതിനും, വികസനത്തിനും പുതിയ മൾട്ടിപ്ലക്സുകൾ സ്ഥാപിക്കുന്നതിനുള്ള പ്രത്യേക പദ്ധതികൾ
- ലാബ് ഉപകരണങ്ങൾ വാങ്ങുന്നതിനും/മാലിന്യ സംസ്കരണത്തിനുമുള്ള പ്രത്യേക പദ്ധതികൾ
- ഐ.റ്റി ഹാർഡ് വെയറിനും സോഫ്റ്റ് വെയർ സംരംഭങ്ങൾക്കുമുള്ള കടാശ്വാസത്തിനുള്ള ധനസഹായം
- സ്റ്റാർട്ട് അപ്പുകളുടെ പ്രവർത്തനങ്ങൾക്കുള്ള മൂലധന ഫിനാൻസിംഗ് പദ്ധതി

2018–19 ൽ കെ.എഫ്.സി യുടെ പ്രവർത്തന ലാഭം 53.5 ശതമാനം വർദ്ധിച്ച് 31 കോടി രൂപയും അറ്റാദായം 113 ശതമാനം വർദ്ധിച്ച് 17.7 കോടി രൂപയുമാണ്. 2018–19 ൽ ധനസഹായമായി കോർപ്പറേഷൻ 1,645 കോടി രൂപ അനുവദിച്ചു. മുൻവർഷം ഇത് 723.9 കോടി രൂപയായിരുന്നു. 2017–18 ൽ 300.2 കോടിരൂപയും 2018–19 ൽ 815.8 കോടി രൂപയും കെ.എഫ്.സി വിതരണം ചെയ്തു. 2017–18 ൽ സ്ഥാപനത്തിന്റെ മൊത്തം തിരിച്ചടവ് 900 കോടിരൂപയും 2017–18 ൽ 9,44.7 കോടി രൂപയും ആയിരുന്നു. 2017–18, 2018–19 കാലഘട്ടങ്ങളിലെ നോട്ട് നിരോധന പ്രഖ്യാപനവും ജി.എസ്.ടി നടപ്പിലാക്കലും വെല്ലുവിളി നിറഞ്ഞ സാമ്പത്തിക സ്ഥിതി കൂടുതൽ രൂക്ഷമാക്കുന്നതിന് കാരണമായി. സർക്കാർ നയങ്ങളിലും മറ്റു ബാഹ്യ ഘടകങ്ങളിലും ഉണ്ടായ വ്യതിയാനം ചില മേഖലകളുടെ വളർച്ചയെ പ്രതികൂലമായി ബാധിച്ചു. കഴിഞ്ഞ 5 വർഷത്തെ കോർപറേഷൻ പ്രവർത്തനം അനുബന്ധം 4.3.9 ൽ ചേർത്തിരിക്കുന്നു. 2018–19 വർഷത്തിൽ കോർപ്പറേഷൻ നടത്തിയ വായ്പാ പ്രവർത്തനങ്ങളും വായ്പകളുടെ വ്യാവസായിക അടിസ്ഥാനത്തിലെ തരം തിരിവും **അനുബന്ധം 4.3.10** ലും **4.3.11** ലും നൽകിയിരിക്കുന്നു.

ഭാവി വീക്ഷണം

സംസ്ഥാനത്തെ യുവജനങ്ങൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്നതാണ് സർക്കാർ നേരിടുന്ന ഒരു പ്രധാന വെല്ലുവിളി. ഈ വെല്ലുവിളി നേരിടുന്നതിന് സംസ്ഥാനത്ത് വിജ്ഞാനധിഷ്ഠിത സാങ്കേതിക സംരംഭകത്വത്തിന് ഉതകുന്ന ഒരു പരിസ്ഥിതി സൃഷ്ടിക്കുക എന്നതാണ് ഗവൺമെന്റിന്റെ ലക്ഷ്യം. ഏകദേശം 2 ലക്ഷത്തിൽപരം യുവജനങ്ങൾ സാങ്കേതിക പഠനം പൂർത്തിയാക്കി വിവിധ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്ന് ഓരോ വർഷവും പുറത്തുവരുന്നു. ഈ യുവ പ്രൊഫഷണലുകളിൽ പലരും സംരംഭകരായി മാറാം. ഇവരിലൂടെ തൊഴിലന്വേഷകരെ സൃഷ്ടിക്കുകയല്ല മറിച്ച് തൊഴിൽദാതാക്കളുടെ പുതിയ തലമുറയെ സൃഷ്ടിക്കുന്നതിനാണ് കേരള സർക്കാർ ലക്ഷ്യമിടുന്നത്. മോശമായ വിപണനം, അനുബന്ധ അടിസ്ഥാന സൗകര്യങ്ങൾ, പ്രാദേശിക വിഭവ അധിഷ്ഠിത സംരംഭങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കാത്തത് എന്നിവയാണ് കേരളത്തിലെ വ്യാവസായിക മേഖല നേരിടുന്ന പ്രധാന വെല്ലുവിളികൾ.

തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ടുള്ള, പരിസ്ഥിതി സൗഹൃദവും, സുസ്ഥിരവുമായ സാമ്പത്തിക വളർച്ചയിലൂടെ കേരളത്തെ ഒരു നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കിമാറ്റുക എന്നതാണ് സർക്കാരിന്റെ കാഴ്ച്ചപ്പാട്. ഈ മേഖലയുടെ ഉത്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനായി, ഉത്പാദനം, രൂപകൽപ്പന, വിപണനം എന്നിങ്ങനെയുള്ള വിവിധ ഘട്ടങ്ങളിൽ പുതിയ സാങ്കേതിക വിദ്യ ഉപയോഗിക്കേണ്ടതായുണ്ട്.

4.4 സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ (എം.എസ്.എം.ഇകൾ)

ഇന്ത്യൻ സമ്പദ് വ്യവസ്ഥയുടെ ഊർജ്ജസ്വലവും ചലനാത്മകവുമായ മേഖലയായി സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾ (എം.എസ്.എം.ഇ.) ഉയർന്നുവന്നിട്ടുണ്ട്. കാർഷിക മേഖലയ്ക്ക് പുറത്ത് തൊഴിലാളികൾക്ക് താരതമ്യേന കുറഞ്ഞ മൂലധന ചെലവിലൂടെ വൻതോതിൽ തൊഴിലവസരങ്ങൾ നൽകുന്നതിന് എം.എസ്.എം.ഇ യ്ക്ക് മുഖ്യ പങ്ക് വഹിക്കാൻ കഴിയും.

സൂക്ഷ്മ ചെറുകിട, ഇടത്തരം സംരംഭങ്ങൾ സാമ്പത്തിക വികസനം, നവീകരണം, തൊഴിൽ എന്നിവയുടെ ശക്തമായ പ്രേരകങ്ങളിൽ ഒന്നാണ്. 45 ശതമാനം ഉൽപ്പന്ന നിർമ്മാണവും, 40 ശതമാനത്തിനു മുകളിൽ കയറ്റുമതിയും, 111 ദശലക്ഷം ജനങ്ങൾക്ക് തൊഴിലും സൃഷ്ടിക്കുന്നതിലൂടെ മൊത്തം ആഭ്യന്തര ഉൽപ്പാദനത്തിൽ 28 ശതമാനത്തിനു മുകളിൽ ഈ മേഖല സംഭാവന ചെയ്യുന്നു. ഇന്ത്യയിലെ എം.എസ്. എം.ഇ മേഖല, സംരംഭങ്ങളുടെ വലുപ്പത്തിന്റെ കാര്യത്തിലും, ഉൽപ്പന്നങ്ങൾ, സേവനങ്ങൾ തുടങ്ങിയവയിലെ വൈവിധ്യം, സാങ്കേതിക വിദ്യാ വിനിയോഗം എന്നിവയിലും വളരെയധികം വൈവിധ്യം പുലർത്തുന്നു. ജിഡിപിയിലെ ഉൽപാദന മേഖലയുടെ വിഹിതം നിലവിലെ 16 ശതമാനത്തിൽ നിന്ന് 2022 അവസാനത്തോടെ 25 ശതമാനമായി ഉയർത്താൻ ദേശീയ ഉൽപാദന നയം വിഭാവനം ചെയ്യുന്നതിനാൽ എംഎസ്എംഇ മേഖലയുടെ വളർച്ച നിർണായകമാണ്. (അവലംബം: സൂക്ഷ്മ,ചെറുകിട,ഇടത്തരം സംരംഭങ്ങളെ കുറിച്ചുള്ള വിദഗ്ധ സമിതി റിപ്പോർട്ട്, ആർ.ബി.ഐ, 2019).

ഇന്ത്യയിലെ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ

2015-16 ലെ 73-മത് നാഷണൽ സാമ്പിൾ സർവ്വെ അനുസരിച്ച് രാജ്യത്ത് അംഗീകൃതമല്ലാത്ത 633.88 ലക്ഷം കാർഷികേതര എം.എസ്.എം.ഇ.കൾ (1948 ലെ ഫാക്ടറീസ് ആക്റ്റിൻ കീഴിൽ രജിസ്റ്റർ ചെയ്ത എം.എസ്.എം.ഇ.കൾ ഒഴിച്ച്) വിവിധ സാമ്പത്തിക പ്രവർത്തനങ്ങളിൽ വ്യാപൃതരായിട്ടുണ്ട് (ഉൽപ്പന്ന നിർമ്മാണ മേഖലയിൽ 196.65 ലക്ഷം, വ്യാപാര മേഖലയിൽ 230.35 ലക്ഷം, മറ്റു സേവന മേഖലയിൽ 206.85 ലക്ഷം, അനൗദ്യോഗിക വൈദ്യുതി ഉൽപ്പാദന പ്രസരണ മേഖലയിൽ 0.03 ലക്ഷം). പ്രവർത്തനമനുസരിച്ച് കണക്കാക്കപ്പെട്ടിട്ടുള്ള എം.എസ്.എം.ഇ.കളുടെ വിതരണം **പട്ടിക 4.4.1** ൽ കൊടുത്തിരിക്കുന്നു

31ശതമാനം എം.എസ്.എം.ഇകൾ നിർമ്മാണ

പട്ടിക 4.4.1. പ്രവർത്തനമനുസരിച്ച് കണക്കാക്കപ്പെട്ടിട്ടുള്ള എം.എസ്.എം.ഇ.കളുടെ എണ്ണം

വർഗ്ഗീകരിച്ച പ്രവർത്തനം	കണക്കാക്കപ്പെട്ടിട്ടുള്ള സംരംഭങ്ങളുടെ എണ്ണം (ലക്ഷത്തിൽ)			വിഹിതം (ശതമാനം)
	ഗ്രാമം	നഗരം	ആകെ	
ഉൽപ്പന്ന നിർമ്മാണം	114.14	82.50	196.65	31
വ്യാപാരം	108.71	121.64	230.35	36
മറ്റു സേവനങ്ങൾ	102.00	104.85	206.85	33
വൈദ്യുതി	0.03	0.01	0.03	0
ആകെ	324.88	309.00	633.88	100

അവലംബം : സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭക മന്ത്രാലയം, ഭാരത സർക്കാർ

ബോക്സ് നമ്പർ 4.4.1. സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളെ കുറിച്ചുള്ള വിദഗ്ധ സമിതി

സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഇന്ത്യാ ഗവൺമെന്റും റിസർവ് ബാങ്കും നിരവധി സംരംഭങ്ങളും നടപടികളും സ്വീകരിച്ചു. ഇടയ്ക്കിടെ സ്ഥായിയായ പരിണാമങ്ങൾ ദൃശ്യമാണ് എന്നിരുന്നാലും ഈ മേഖല അനൗപചാരികവും ഘടനാപരവും ചാക്രികവുമായ ആഘാതങ്ങൾക്ക് ഇരയാകുന്നു. കൂടാതെ, വർധിച്ചു വരുന്ന കിടമത്സരവും പുതുമയും കൊണ്ട് ആഗോളവൽക്കരിക്കപ്പെട്ട ലോകം എം.എസ്.എം.ഇ കൾക്ക് പുതിയതും വ്യത്യസ്തവുമായ വെല്ലുവിളികൾ ഉയർത്തുന്നു. ഈ മേഖലയിലെ വർദ്ധിച്ചുവരുന്ന സമ്മർദ്ദം ആശങ്കാജനകമാണ്, അതിനാൽ, ഈ മേഖലയുടെ സമഗ്രവികസനത്തിനുള്ള നടപടികൾ നിർദ്ദേശിക്കുന്നതിനായി ആഗോള മികച്ച സമ്പ്രദായങ്ങൾക്കൊപ്പം മുഴുവൻ എംഎസ്എംഇ ആവാസവ്യവസ്ഥയുടെയും സമഗ്ര അവലോകനം നടത്തേണ്ടത് അനിവാര്യമാണ്. ഇതിനായി ഉചിതമായ നയത്തിലും സ്ഥാപനപരമായ ഇടപെടലുകളിലും പ്രത്യേക ശ്രദ്ധ കേന്ദ്രീകരിച്ച് ഇൻകുബേഷൻ ത്വരിതപ്പെടുത്തുകയും, ഔപചാരികമാക്കൽ, അടിസ്ഥാന സൗകര്യങ്ങളിലെ അപര്യാപ്തത പരിഹരിക്കൽ, ശേഷി വർദ്ധിപ്പിക്കൽ, നഷ്ട സാധ്യതയ്ക്കുള്ള മൂലധനം പ്രാപ്തമാക്കൽ, അണ്ടർറൈറ്റിംഗ് മെച്ചപ്പെടുത്തുന്നതിനുള്ള ക്രെഡിറ്റ്, സാങ്കേതിക ഇടപെടലുകൾ, വിപണി ബന്ധങ്ങൾ പിന്തുണയ്ക്കൽ, പൊതു സംഭരണ പ്ലാറ്റ്ഫോമുകളുമായി ബന്ധം സ്ഥാപിക്കൽ എന്നിവയ്ക്കായി സമഗ്രമായ ഒരു സമീപനം സ്വീകരിക്കേണ്ടതുണ്ട്. ഈ ലക്ഷ്യത്തിനായി, എംഎസ്എംഇ മേഖലയുടെ ധനകാര്യസുസ്ഥിരതയ്ക്കായി ദീർഘകാല പരിഹാരങ്ങൾ നിർദ്ദേശിക്കുന്നതിനായി 2018 ഡിസംബർ 5 ന് ശ്രീ യു കെ സിൻഹയുടെ അധ്യക്ഷതയിൽ റിസർവ് ബാങ്ക് ഒരു വിദഗ്ദ്ധ സമിതി രൂപീകരിച്ചു. കമ്മിറ്റി 15 യോഗങ്ങൾ ചേരുകയും രാജ്യത്തുടനീളമുള്ള വ്യവസായ അസോസിയേഷനുകളുമായും സംസ്ഥാന സർക്കാരുകളുമായും കൂടിയാലോചിക്കുകയും 2019 ജൂൺ 18 ന് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. പ്രധാന ശുപാർശകളിൽ ചിലത് i) എംഎസ്എംഇ വികസനത്തിനും ഉന്നമനത്തിനുമായി സംസ്ഥാന സർക്കാരുകളുമായി സിഡ്ബി കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുവാൻ കമ്മിറ്റി ശുപാർശ ചെയ്യുന്നു. തത്വത്തിൽ അംഗീകരിച്ച എല്ലാ അപേക്ഷകളും 7–10 ദിവസത്തിനുള്ളിൽ തീർപ്പാക്കുന്നുവെന്ന് ബാങ്കുകൾ ഉറപ്പാക്കേണ്ടതുണ്ട്. ii) പ്രധാനമന്ത്രിയുടെ അധ്യക്ഷതയിൽ എംഎസ്എംഇ, വാണിജ്യ, വ്യവസായം, തുണിത്തരങ്ങൾ, ഭക്ഷ്യ സംസ്കരണം എന്നിവയ്ക്കുള്ള മന്ത്രിമാർ അംഗങ്ങളായി എംഎസ്എംഇകൾക്കായി ഒരു ദേശീയ കൗൺസിൽ രൂപീകരിക്കണം. എംഎസ്എംഇകൾക്കായി സംസ്ഥാനങ്ങൾക്ക് സമാനമായ സംസ്ഥാന കൗൺസിൽ ഉണ്ടായിരിക്കണം. (iii) സംസ്ഥാനങ്ങളുടെ പങ്ക് വർദ്ധിപ്പിക്കുന്നതിനായി സ്റ്റേറ്റ് ഫിനാൻഷ്യൽ കോർപ്പറേഷൻ (എസ്എഫ്സി) നിയമം അവലോകനം ചെയ്ത് അതിലൂടെ എസ്എഫ്സികൾക്ക് കൂടുതൽ പ്രവർത്തന സ്വാതന്ത്ര്യം നൽകണം (iv) ഡി.ഐ.സി കൾ സൃഷ്ടിച്ച ഡാറ്റ ബാങ്കുകൾ ശക്തിപ്പെടുത്തണം. സംരംഭകർക്ക് അനിവാര്യമായുള്ള സ്ഥിതി വിവര കണക്കുകളുടെ ശരിയായ ശേഖരണം ഡി.ഐ.സി ഏറ്റെടുക്കണം.

അവലംബം: ഡബ്ല്യുഡബ്ല്യുഡബ്ല്യു.ആർ.ബി.ഐ.കോം

പ്രവൃത്തികളിലും, 36 ശതമാനം വ്യാപാരത്തിലും, 33 ശതമാനം മറ്റു സേവന മേഖലകളിലും ഏർപ്പെട്ടിരിക്കുന്നത് കാണാം. കണക്കാക്കപ്പെട്ടിട്ടുള്ള 633.88 ലക്ഷം എം.എസ്.എം.ഇ കളിൽ 324.88 ലക്ഷം എം.എസ്.എം.ഇകൾ (51.25 ശതമാനം) ഗ്രാമ പ്രദേശങ്ങളിലും 309 ലക്ഷം എം.എസ്.എം.ഇ.കൾ (48.75 ശതമാനം) നഗര പ്രദേശങ്ങളിലുമാണുള്ളത്.

ഇന്ത്യൻ സംസ്ഥാനങ്ങളിൽ ഉത്തർപ്രദേശിലാണ് ഏറ്റവും കൂടുതൽ എം എസ്എംഇകൾ (89.99 ലക്ഷം) ഉള്ളത്, രാജ്യത്തെ മൊത്തം എംഎസ്എംഇകളുടെ 14.20 ശതമാനം. കേരളം 3.75 ശതമാനം വിഹിതവുമായി പതിനൊന്നാം (23.79 ലക്ഷം) സ്ഥാനത്താണ് (ഉറവിടം: വാർഷിക റിപ്പോർട്ട് 2018–19, സൂക്ഷ്മ , ചെറുകിട, ഇടത്തരം സംരംഭങ്ങളുടെ മാന്ത്രലയം,ഭാരത സർക്കാർ).

എം.എസ്.എം.ഇ സമ്പർക്ക്

2018 ജൂണിൽ ആരംഭിച്ച ഈ ഡിജിറ്റൽ പ്ലാറ്റ്ഫോം തൊഴിലന്വേഷകരും റിക്രൂട്ടർമാരും (എംഎസ്എംഇ) തമ്മിലുള്ള ആശയവിനിമയം അനുവദിക്കുന്നു. 2019 മാർച്ച് 31 വരെ മൊത്തം 35,819 തൊഴിലന്വേഷകരും 5060 റിക്രൂട്ടർമാരും സമ്പർക്ക് പോർട്ടലിൽ രജിസ്റ്റർ ചെയ്യുകയും 2124 ജോലികൾ ഈ പോർട്ടലിലൂടെ വാഗ്ദാനം ചെയ്യുകയും ചെയ്തു.

എന്റെ എം.എസ്.എം.ഇ

ഇത് ഒരു വെബ് അധിഷ്ഠിത ആപ്ലിക്കേഷൻ മൊഡ്യൂളാണ്. ഗവൺമെന്റിന്റെ വിവിധ പദ്ധതികളുടെ ആനുകൂല്യങ്ങൾ നേടാൻ ഇത് സംരംഭങ്ങളെ സഹായിക്കുന്നു. ഓഫീസ് ഓഫ് ഡവലപ്മെന്റ് കമ്മീഷണർ (എംഎസ്എംഇ) ഈ മൊഡ്യൂൾ ആരംഭിച്ചു. ഇതും ഒരു മൊബൈൽ അപ്ലിക്കേഷനായി പരിവർത്തനം ചെയ്തു.

കേരളത്തിലെ എം.എസ്.എം.ഇ മേഖല

രാജ്യത്തെ എംഎസ്എംഇകളുടെ താരതമ്യേന ഉയർന്ന പങ്ക് കേരളത്തിലുണ്ട്. മികച്ച കണക്റ്റിവിറ്റി, ആശയവിനിമയ ശൃംഖല, ഉയർന്ന വൈദഗ്ധ്യമുള്ള മാനവ വിഭവശേഷിയുടെ ലഭ്യത, താരതമ്യേന നല്ല വ്യാവസായിക അടിസ്ഥാന സൗകര്യങ്ങൾ എന്നിവയുള്ള കേരളം എംഎസ്എംഇ മേഖലയുടെ വളർച്ചയ്ക്ക് വളരെ അനുയോജ്യമാണ്. സൂക്ഷ്മ ചെറുകിട, ഇടത്തരം സംരംഭ മേഖല ഗ്രാമീണ, പിന്നോക്ക മേഖലകളുടെ വ്യാവസായികവൽക്കരണത്തിന് സഹായിക്കുകയും യുവാക്കൾക്കും സാമൂഹികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങളായ എസ്സി, എസ്ടി, സ്ത്രീകൾ, ശാരീരിക വെല്ലുവിളി നേരിടുന്നവർക്കും തൊഴിൽ നൽകുകയും ചെയ്യുന്നു. ഈ മേഖലയെ ശക്തിപ്പെടുത്തുന്നതിനായി വിവിധ നിയമങ്ങൾ അനുസരിച്ച് ആവശ്യമായ ലൈസൻസുകൾ, അനുമതികൾ, അംഗീകാരങ്ങൾ എന്നിവ അനുവദിക്കുന്നതിൽ കാലതാമസം ഒഴിവാക്കുന്നതിനും സംസ്ഥാനത്തെ നിക്ഷേപക സൗഹൃദമാക്കുന്നതിനും കേരള സർക്കാർ നിക്ഷേപ പ്രോത്സാഹന, ഫെസിലിറ്റേഷൻ ഓർഡിനൻസ് 2017 കൊണ്ടുവന്നു. ആവശ്യമായ രേഖകളോടെ അപേക്ഷ സമർപ്പിച്ചാൽ 30 ദിവസത്തിനുള്ളിൽ നിർബന്ധിത അംഗീകാരം കേരള നിക്ഷേപ പ്രമോഷൻ ആൻഡ് ഫെസിലിറ്റേഷൻ ആക്റ്റ് 2017 വിഭാവനം ചെയ്യുന്നു.

വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടറേറ്റ് (ഡിഐസി) കേരളത്തിലെ എംഎസ്എംഇയുടെയും പരമ്പരാഗത വ്യാവസായിക മേഖലകളുടെയും വളർച്ചയ്ക്ക് സഹായകമായി പ്രവർത്തിക്കുന്നു. ഡയറക്ടറേറ്റിന് കീഴിലുള്ള ഏജൻസികൾ ഇവയാണ്: സംസ്ഥാനത്ത് കൈത്തറി, തുണി മേഖലയുടെ ഉന്നമനത്തിനും വികസനത്തിനുമായി നയങ്ങൾ ആവിഷ്കരിക്കാൻ ലക്ഷ്യമിട്ടുള്ള കൈത്തറി, ടെക്സ്റ്റൈൽസ് ഡയറക്ടറേറ്റ്, കയറുമായി ബന്ധപ്പെട്ട കേരള സർക്കാരിന്റെ എല്ലാ നയപരമായ തീരുമാനങ്ങളും നടപ്പാക്കുന്ന ഏജൻസിയാണ് കയർ ഡവലപ്മെന്റ് ഡയറക്ടറേറ്റ്, സംസ്ഥാനത്ത് ഖാദി, ഗ്രാമ വ്യവസായങ്ങൾ സംഘടിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള ചുമതലയുള്ള കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ്.

സംസ്ഥാന സമ്പദ് വ്യവസ്ഥയിൽ എം.എസ്.എം.ഇ യുടെ പങ്ക്

വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടറേറ്റിന്റെ കണക്കനുസരിച്ച്, 2017–18 ൽ കേരളത്തിൽ ആരംഭിച്ച പുതിയ എംഎസ്എംഇ യൂണിറ്റുകൾ15,468 ഉം ആകെ നിക്ഷേപം 1,249.61 കോടി രൂപയും, സൃഷ്ടിച്ച തൊഴിലവസരങ്ങൾ 51,244 ഉം ആണ്. 2018–19 ൽ പുതിയ എംഎസ്എംഇ യൂണിറ്റുകൾ 13,826 ഉം, ആകെ നിക്ഷേപം 1,321.94 കോടി രൂപയും, സൃഷ്ടിച്ച തൊഴിലവസരങ്ങൾ 49,068 ഉം ആണ്. കഴിഞ്ഞ രണ്ടു വർഷത്തിൽ ആരംഭിച്ച പുതിയ എംഎസ്എംഇ യൂണിറ്റുകളുടെ എണ്ണവും സൃഷ്ടിച്ച തൊഴിലവസരങ്ങളും ചുവടെയുള്ള **ചിത്രം 4.4.1** ൽ കാണിച്ചിരിക്കുന്നു.

സംസ്ഥാനത്തെ ഉദ്യോഗ് ആധാർ മെമ്മോറാണ്ടം (യു എ എം)

എം.എസ്.എം.ഇ ഡവലപ്മെന്റ് ആക്റ്റ് 2006 അനുഛേദം 8 അനുസരിച്ച് 2015 സെപ്റ്റംബർ മാസം മുതൽ നടപ്പിലാക്കിയ പദ്ധതിയാണ് യു.എ.എം. ഇതിൽ, എം.എസ്.എം.ഇ സംരംഭകർ ഒരു പ്രത്യേക ഉദ്യോഗ് ആധാർ നമ്പർ (യു എ എൻ) ലഭിക്കുന്നതിനായി ഓൺലൈനായി സംരംഭകത്വ ധാരണാപത്രം സമർപ്പിക്കേണ്ടതാണ്.

2015 സെപ്റ്റംബർ 18 മുതൽ വ്യവസായ വാണിജ്യ വകുപ്പ് കേരളത്തിൽ ഇഎം ഭാഗം II സമർപ്പിക്കുന്ന

ചിത്രം 4.4.1. 2017–18, 2018–19 വർഷങ്ങളിലെ പുതിയ എം.എസ്.എം.ഇ യൂണിറ്റുകളും സൃഷ്ടിച്ച പുതിയ തൊഴിലവസരങ്ങളും



അവലംബം : വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്

ചിത്രം 4.4.2. 2018 –19ൽ നിർമ്മാണ, സേവന മേഖലയിൽ രജിസ്റ്റർ ചെയ്ത സൂക്ഷ്മ, ചെറുകിട ഇടത്തരം യൂണിറ്റുകളുടെ എണ്ണം



അവലംബം : ഉദ്യോഗ് ആധാർ വെബ്സൈറ്റ്, വ്യവസായ വാണിജ്യവകുപ്പ് ഡയറക്ടറേറ്റ്

സമ്പ്രദായം നിർത്തലാക്കുകയും അതിന്റെ സ്ഥാനത്ത് ഓൺലൈൻ രജിസ്ട്രേഷൻ സംവിധാനമായ ഉദ്യോഗ് ആധാർ ആരംഭിക്കുകയും ചെയ്തു. മാർച്ച് 31, 2019 വരെയുള്ള കണക്കുകൾ പ്രകാരം ഉദ്യോഗ് ആധാറിൽ അപേക്ഷ സമർപ്പിച്ചവരുടെ ആകെ എണ്ണം 56,019 ആണ് (രജിസ്റ്റർ ചെയ്ത എല്ലാ യൂണിറ്റുകളും പ്രവർത്തനക്ഷമമല്ല). ഇതിൽ യഥാക്രമം നിർമാണ മേഖലയിൽ 49,444, 6,288 ,287എന്നിങ്ങനെ സൂക്ഷ്മ ചെറുകിട ഇടത്തരം യൂണിറ്റുകളും (ആകെ 56,019 എണ്ണം – ഇത് 2017–18 നെക്കാൾ 1.65 ശതമാനം കൂടുതലായിരുന്നു). ഇതിനുപുറമെ, സേവനമേഖലയിൽ യഥാക്രമം 34,065, 6,200, 200 സൂക്ഷ്മ, ചെറുകിട, ഇടത്തരം യൂണിറ്റുകൾ ഉൾപ്പെടെ 40,465 എണ്ണം യുഎഎമ്മിൽ ഫയൽ ചെയ്തിട്ടുണ്ട് (ഇത് 2017–18 നെ അപേക്ഷിച്ച് 114.78 ശതമാനം കൂടുതലായിരുന്നു. (അവലംബം: വ്യവസായ, വാണിജ്യ ഡയറക്ടറേറ്റ്). വിവരങ്ങൾ **അനുബന്ധം 4.4.1** ൽ നൽകിയിരിക്കുന്നു.

മേഖലയുടെ പ്രകടനം

വ്യവസായ വാണിജ്യ വകുപ്പിന്റെ കണക്കുകൾ പ്രകാരം, 2018–19 കാലയളവിൽ കേരളത്തിൽ പ്രവർത്തനം ആരംഭിച്ച പുതിയ സൂക്ഷ്മ, ചെറുകിട, ഇടത്തരം യൂണിറ്റുകളുടെ ആകെ എണ്ണം 13,826 ആണ്(ഇത് 2017–18 വർഷത്തെക്കാൾ 12 ശതമാനം കുറവായിരുന്നു). ഇക്കാലയളവിലെ മൊത്തം നിക്ഷേപം 1,321.94 കോടിയും, ആകെ സൃഷ്ടിച്ച തൊഴിലുകളുടെ എണ്ണം 49,068 ഉം ആണ്. 7,183 തൊഴിലുകൾ സൃഷ്ടിച്ച് ഏറ്റവും കൂടുതൽ പുതിയ എം.എസ്.എം.ഇ യൂണിറ്റുകൾ (1,991) ആരംഭിച്ച പാലക്കാട് ജില്ല ഒന്നാമതും, 1676 പുതിയ എം.എസ്.എം.ഇ യൂണിറ്റുകൾ ആരംഭിച്ച് 4,691 തൊഴിലുകൾ സൃഷ്ടിച്ച തൃശ്ശൂരും, 1,531 എം.എസ്.എം.ഇ യൂണിറ്റുകളിലൂടെ 6,132 തൊഴിലുകൾ സൃഷ്ടിച്ച എറണാകുളവും തൊട്ടുപുറകിലുമാണ്. 223 പുതിയ എം.എസ്.എം.ഇ യൂണിറ്റുകൾ ആരംഭിച്ച് 940 തൊഴിലുകൾ സൃഷ്ടിച്ച കാസർഗോഡ് ഏറ്റവും പിന്നിലായും പ്രവർത്തനം കാഴ്ചവച്ചു. വിശദാംശങ്ങൾ **അനുബന്ധം 4.4.2** ൽ കൊടുത്തിരിക്കുന്നു.

2015–16 മുതൽ 2019–20 (സെപ്റ്റംബർ 30 വരെ) ആരംഭിച്ച എംഎസ്എംഇ യൂണിറ്റുകളുടെ വർഷം/ ഉപമേഖല എന്നിവ തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെയുള്ള **പട്ടിക 4.4.2**–ൽ നൽകിയിരിക്കുന്നു.

ഉപമേഖല തിരിച്ചുള്ള എംഎസ്എംഇ യൂണിറ്റുകളുടെ കഴിഞ്ഞ നാല് വർഷത്തെ വളർച്ചയുടെ പ്രവണത കാണിക്കുന്നത് കാർഷിക ഭക്ഷ്യാധിഷ്ഠിത എംഎസ്എംഇ യൂണിറ്റുകളുടെ എണ്ണം 2015–16 ലെ 2,388 യൂണിറ്റിൽ നിന്ന് 2018–19ൽ 2,712 യൂണിറ്റിലേക്ക് (13 ശതമാനം വർദ്ധനവ്) ക്രമാനുഗതമായ വർധനയുണ്ടെന്നാണ്. സേവനവുമായി ബന്ധപ്പെട്ട എംഎസ്എംഇ യൂണിറ്റുകളുടെ എണ്ണം 2015–16 ൽ 3,134 ൽ നിന്ന് 2018–19 ൽ 3,259 ആയി ഉയർന്നു (3.85 ശതമാനം വർദ്ധനവ്). മുകളിലുള്ള വിശദാംശങ്ങളുടെ അടിസ്ഥാനത്തിൽ, ഓരോ വർഷവും ആരംഭിക്കുന്ന യൂണിറ്റുകളിൽ മൂന്നിലൊന്ന് "മറ്റുള്ള" വിഭാഗത്തിലാണ് (പ്ലാസ്റ്റിക് സംഭരണികൾ, സ്വർണ്ണ ആഭരണങ്ങൾ, റബ്ബർ ഉൽപന്നങ്ങൾ, കരകൌശല വസ്തുക്കൾ എന്നിവ നിർമ്മിക്കുന്ന യൂണിറ്റുകൾ ഇതിൽ ഉൾപ്പെടുന്നു).

2018–19 കാലയളവിൽ, കൂടുതൽ എംഎസ്എംഇ യൂണിറ്റുകൾ ആരംഭിച്ചത് സേവനമേഖലയിലാണ്, തുടർന്ന് കാർഷിക ഭക്ഷ്യാധിഷ്ഠിത യൂണിറ്റുകളും,

പട്ടിക 4.4.2. കേരളത്തിൽ ഓരോ ഉപമേഖലയ്ക്ക് കീഴിലും ആരംഭിച്ച പുതിയ എം.എസ്.എം.ഇ യൂണിറ്റുകളുടെ വർഷം തിരിച്ചുള്ള വിശദാംശങ്ങൾ

ക്രമ നമ്പർ	ഉപമേഖല	2015-16	2016-17	2017-18	2018-19	2019-20 (2019, സെപ്റ്റംബർ 30 വരെ)	ആകെ
	യൂണിറ്റുകളുടെ എണ്ണം						
1	കാർഷിക ഭക്ഷ്യാധിഷ്ഠിതം	2388	2395	2553	2712	1238	11286
2	തുണിത്തരങ്ങളും വസ്ത്രങ്ങളും	1910	1695	1947	1858	898	8308
3	ജനറൽ/മെക്കാനിക്കൽ/ ലൈറ്റ് എഞ്ചിനീയറിംഗ്	2003	1606	2001	1533	621	7764
4	സേവന പ്രവർത്തികൾ	3134	3057	3679	3259	2009	15138
5	തടി ഉൽപ്പന്നങ്ങൾ	891	775	871	644	280	3461
6	സിമൻറ് ഉൽപ്പന്നങ്ങൾ	385	344	469	329	141	1668
7	പ്രിൻറിംഗും അനുബന്ധ പ്രവർത്തികളും	366	322	392	348	162	1590
8	പേപ്പർ ഉൽപ്പന്നങ്ങൾ	190	158	163	192	80	783
9	ഇൻഫർമേഷൻ ടെക്നോളജി	349	263	316	294	116	1338
10	മറ്റുള്ളവ	4243	3098	3077	2657	1251	14326
	ആകെ	15859	13713	15468	13826	6796	65662

അവലംബം :വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടറേറ്റ്

"മറ്റുള്ളവ" വിഭാഗവും (പ്ലാസ്റ്റിക് പാത്രങ്ങൾ, സ്വർണ്ണ ആഭരണങ്ങൾ, റബ്ബർ ഉൽപന്നങ്ങൾ, കരകൌശല ഉൽപന്നങ്ങൾ എന്നിവ നിർമ്മിക്കുന്ന യൂണിറ്റുകൾ ഇതിൽ ഉൾപ്പെടുന്നു), തുണിത്തരങ്ങൾ/വസ്ത്രങ്ങൾ എന്നിവയിലുമാണ്.

സംസ്ഥാന ബജറ്റ് 2019-20

കേരളത്തിൽ സൂക്ഷ്മ ,ചെറുകിട, ഇടത്തരം സംരംഭക മേഖല വ്യവസായ മേഖലയിലെ മറ്റ് ഉപ വിഭാഗങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ സ്ഥിര വളർച്ചാ നിരക്കാണ് രേഖപ്പെടുത്തിയിട്ടുള്ളത്. 2019-20 ലെ സംസ്ഥന ബജറ്റിൽ, ഗ്രാമീണ ചെറുകിട സംരംഭങ്ങൾക്ക് 449.27 കോടി രൂപ പദ്ധതി

പട്ടിക : 4.4.3. 2018-19, 2019-20 വാർഷിക പദ്ധതികളിലെ ഗ്രാമീണ ചെറുകിട സംരംഭങ്ങളുടെ പദ്ധതി വിഹിതവും ചെലവും (രൂപ കോടിയിൽ)

ക്രമ നമ്പർ	മേഖല/ ഉപമേഖല	വാർഷിക പദ്ധതി (2018-19)		വാർഷിക പദ്ധതി (2019-20)	
6.1	ഗ്രാമീണ ചെറുകിട സംരംഭങ്ങൾ	വിഹിതം	ചെലവ്	വിഹിതം	ചെലവ് (ഒക്ടോബർ 31,2019 വരെ)
i	ചെറുകിട വ്യവസായം	151.06	90.66	163.89	39.68
ii	ചെറുകിട വ്യവസായം	4.40	3.96	15.43	0.47
iii	കരകൗശലം	4.55	3.51	3.55	0.65
	ആകെ(എം.എസ്.എം.ഇ)	160.01	98.13	182.87	40.34
iv	കൈത്തറിയും യന്ത്രത്തറിയും	70.92	43.13	56.01	18.52
v	കയർ വ്യവസായം	141.08	127.47	141.51	77.84
vi	ഖാദി ഗ്രാമ വ്യവസായം	18.60	10.66	14.43	5.31
vii	കശുവണ്ടി വ്യവസായം	54.45	36.78	54.45	5.00
	ആകെ (ഗ്രാമീണ ചെറുകിട സംരംഭങ്ങൾ)	445.06	316.17	449.27	147.01

അവലംബം: ബജറ്റ് 2018-19,2019-20 &പ്ലാൻസ്പേസ്

വിഹിതം അനുവദിച്ചതിൽ ഒക്ടോബർ 31, 2019 വരെ 136.70 കോടി ചെലവഴിച്ചു (30.43 ശതമാനം). ജെൻഡർ ബഡ്ജറ്റിംഗിന് അർഹമായ പ്രാധാന്യം നൽകിയ 2019–20 ലെ സംസ്ഥാന ബജറ്റിൽ, സൂക്ഷ്മ, ചെറുകിട, ഇടത്തരം മേഖലയ്ക്ക് പദ്ധതി വിഹിതമായി 182.87 കോടി രൂപ അനുവദിച്ചു. വ്യവസായ പ്രദേശം/ പാർക്കുകളിൽ സംരംഭകർക്ക് ഭൂമി നിക്ഷേപ വിലയുടെ പലിശ ധനസഹായം, പ്രളയം ബാധിച്ച സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളെ പുനരുദ്ധരിക്കുന്നതിനുള്ള സഹായം, പ്രളയബാധിത എംഎസ്എംഇകൾ പുനർനിർമ്മിക്കാനുള്ള സഹായം, പ്രളയം ബാധിച്ച സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭക യൂണിറ്റുകൾക്കുള്ള പലിശ ധനസഹായം, സ്ഥിരം പ്രദർശന വിപണന സമുച്ചയം, മുളയുടെ പ്രചാരവും പ്രോത്സാഹനവും എന്നീ അഞ്ചു പുതിയ പദ്ധതികൾ 2019–20 ൽ ആരംഭിച്ചു. വിശദാംശങ്ങൾ **പട്ടിക.4.4.3** ൽ നൽകിയിരിക്കുന്നു.

സംസ്ഥാനത്തെ പ്രധാന പദ്ധതികളും നേട്ടങ്ങളും

2019–20 ൽ സംസ്ഥാന സർക്കാർ സംസ്ഥാനത്ത് വ്യവസായത്തിന് അനുകൂല സാഹചര്യമൊരുക്കുവാൻ പല പരിപാടികളും വിജയകരമായി നടപ്പിലാക്കി. വ്യവസായ ആവശ്യത്തിനു വേണ്ടി അടിസ്ഥാന സൗകര്യമൊരുക്കൽ, സംരംഭകത്വം പ്രോത്സാഹിപ്പിക്കൽ, നൈപുണ്യ വികസനം എന്നിവ നടപ്പിലാക്കി. പ്രധാന പരിപാടികളും നേട്ടങ്ങളും താഴെ പറയുന്നു.

(1) വ്യവസായ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ/പരിപാടികൾ

വ്യവസായ പാർക്കുകൾ, എസ്റ്റേറ്റുകൾ, വികസിത പ്രദേശം(ഡി.എ)/ഡി.പി എന്നിവിടങ്ങളിൽ റോഡുകൾ, വൈദ്യുതി,വെള്ളം, മാലിന്യ സംസ്കരണം എന്നിവ ഉൾപ്പെടെയുള്ള അടിസ്ഥാനസൌകര്യ വികസനം പ്രോത്സാഹിപ്പിക്കുന്നതിനാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. പുതിയ ബഹു നില വ്യവസായ കെട്ടിടങ്ങൾ (എസ്ഡിഎഫ്), വ്യാവസായിക പാർക്കുകൾ, ക്ലസ്റ്ററുകൾക്കുള്ള പൊതു സൌകര്യ കേന്ദ്രങ്ങൾ എന്നിവ വികസിപ്പിക്കുന്നതിനുള്ള വ്യവസ്ഥകളും ഉണ്ട്.

(എ) നിലവിലുള്ള ഡെവലപ്മെന്റ് പ്ലോട്ട്/ പ്രദേശങ്ങളിലെ പശ്ചാത്തല സൗകര്യ വികസനം മെച്ചപ്പെടുത്തൽ

സംസ്ഥാനത്തെ ചെറുകിട വ്യവസായങ്ങൾക്ക് ആവശ്യമായ വ്യവസായ സൗകര്യങ്ങൾ ഒരുക്കുന്നത് വ്യവസായ വാണിജ്യ ഡയറക്ടറേറ്റാണ് (ഡി.ഐ.സി). നിലവിൽ,ഡി.ഐ.സി യുടെ കീഴിൽ 2424.85 ഏക്കറിലായി 39 വികസന പ്രദേശങ്ങൾ/പ്ലോട്ടുകളുണ്ട്. മുൻവർഷത്തെ 2,205 യൂണിറ്റുകളെ അപേക്ഷിച്ച് 2018–19 ൽ 2217 യൂണിറ്റുകൾ വ്യവസായ വികസന പ്രദേശങ്ങൾ/പ്ലോട്ടുകളിൽ പ്രവർത്തിക്കുന്നുണ്ട്. 2018–19 ൽ നിലവിലെ 16 ഡെവലപ്മെൻറ് ഏരിയ/പ്ലോട്ടിന്റെ അടിസ്ഥാന സൌകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും/സൃഷ്ടിക്കുന്നതിനുമായി 1,470 ലക്ഷം രൂപ അനുവദിച്ചു. ഈ ഡിഎ/ഡി പികളിലൂടെ ആകെ 35,292 പേർക്ക് തൊഴിൽ നൽകുകയും 6,52,037.86 ലക്ഷം രൂപ വരുമാനമുണ്ടാകുകയും ചെയ്തു. ഇതിന്റെ വിശദാംശങ്ങൾ **അനുബന്ധം 4.4.3** ൽ കൊടുത്തിരിക്കുന്നു.

(ബി) ബഹുനില വ്യവസായ എസ്റ്റേറ്റുകളുടെ നിർമ്മാണം

കേരളത്തിൽ വ്യവസായ ആവശ്യങ്ങൾക്കുള്ള ഭൂമിയുടെ ലഭ്യത വളരെ കുറവാണ്. ഒരേവ്യവസായ പ്രദേശത്ത് കൂടുതൽ വ്യവസായങ്ങളെ ഉൾകൊള്ളിക്കാൻത്തക്ക അധിക സ്ഥല സൗകര്യം ലഭ്യമാക്കുന്ന ബഹുനില മന്ദിരങ്ങൾ അത്യാവശ്യമാണ്. 2018–19 ൽ 978 ലക്ഷം രൂപ ചെലവിൽ ആലപ്പുഴയിൽ വിവിധോദ്ദേശ്യ വിപണന പ്രോത്സാഹന കേന്ദ്ര നിർമ്മിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചു. നിർമ്മാണ ജോലികൾ നടന്നു കൊണ്ടിരിക്കുന്ന പുഴകൽപ്പാടം ഒന്നും (86 ശതമാനം) രണ്ടും (73 ശതമാനം) ഘട്ടങ്ങൾ, പുന്നപ്ര (48 ശതമാനം) എന്നീ മൂന്ന് സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറികൾ (എസ്.ഡി.എഫ്) 2020–21 ൽ പൂർത്തീകരിക്കാനാകുമെന്നു പ്രതീക്ഷിക്കുന്നു. 2018–19 കാലയളവിൽ 36.66 കോടി രൂപ പദ്ധതിയ്ക്കായി നൽകിയിരുന്നു.

(സി) മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ

മാർച്ച് 31,2019 ലെ കണക്കനുസരിച്ച്, 96 മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിലായി 857 എസ്. എസ്.ഐ യൂണിറ്റുകളുണ്ട്. അതിൽ പ്രവർത്തന ക്ഷമമായ 740 യൂണിറ്റുകളിലൂടെ 3,623 പേർക്ക് തൊഴിൽ നൽകാൻ കഴിഞ്ഞു. വിശദാംശങ്ങൾ **അനുബന്ധം 4.4.4** ൽ നൽകിയിട്ടുണ്ട്.

(ഡി) സിഡ്കോയുടെ കീഴിലുള്ള വ്യവസായ എസ്റ്റേറ്റുകൾ

സംസ്ഥാനത്തെ ചെറുകിട വ്യവസായ മേഖലയിൽ ഭൂമി, വർക്ക് ഷെഡ്, ജലം, അസംസ്കൃതവസ്തുക്കളുടെ വിതരണം എന്നിങ്ങനെയുള്ള അടിസ്ഥാന സൗകര്യങ്ങൾ സിഡ്കോ ലഭ്യമാക്കുന്നുണ്ട്. സിഡ്കോയുടെ ഭരണ നിയന്ത്രണത്തിൽ പ്രവർത്തന ക്ഷമങ്ങളായ 880 യൂണിറ്റുകളോട് കൂടിയ 17 വ്യവസായ എസ്റ്റേറ്റുകളുണ്ട്. മാർച്ച് 31, 2019 ലെ കണക്കനുസരിച്ച് 7,762 തൊഴിലാളികൾക്ക് തൊഴിലവസരങ്ങൾ ഈ യൂണിറ്റുകൾ നൽകിയിട്ടുണ്ട്. കൂടാതെ, 1,548 തൊഴിലാളികൾ പ്രവർത്തിക്കുന്ന 335 യൂണിറ്റുകളുള്ള 36 മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളും 7 വ്യവസായ

പാർക്കുകളും സിഡ്കോയുടെ കീഴിലുണ്ട്. 2018–19 ലെ മൊത്തം വിറ്റുവരവ് 3.10 കോടി രൂപയായിരുന്നു. സിഡ്കോയുടെ കീഴിലുള്ള വ്യവസായ എസ്റ്റേറ്റുകളുടെ വിശദാംശങ്ങൾ **അനുബന്ധം 4.4.5, 4.4.6, 4.4.7** എന്നിവയിൽ കൊടുത്തിരിക്കുന്നു.

(ഇ) വ്യവസായിക ക്ലസ്റ്റർ വികസനം

എം.എസ്.എം.ഇ സംരംഭങ്ങളെ സംബന്ധിച്ചിടത്തോളം ഇൻക്ലൂസീവ്നെസ്, സാങ്കേതിക വിദ്യയുടെ സ്വാംശീകരണം, ശേഷി മെച്ചപ്പെടുത്തൽ, പൊതു വിഭവങ്ങളുടെ ലഭ്യത ഉറപ്പുവരുത്തൽ എന്നിവയിൽ ക്ലസ്റ്ററുകൾ പ്രധാന പങ്ക് വഹിക്കുന്നുണ്ട്. ഉത്പാദന ക്ഷമത, മത്സരക്ഷമത, ചെറുകിട സംരംഭങ്ങൾക്കുള്ള കാര്യശേഷി എന്നിവ വർദ്ധിപ്പിക്കുന്നതിനുള്ള ഫലപ്രദമായ ഉപായമായാണ് ക്ലസ്റ്റർ സമീപനത്തെ, സൂക്ഷ്മ,ചെറുകിട,ഇടത്തരം സംരംഭക മാന്ത്രലയം സ്വീകരിച്ചിരിക്കുന്നത്.

പരമ്പരാഗതരീതിയിലുള്ള പ്രവർത്തനങ്ങളെയും, വ്യാവസായിക ജില്ലകളെയും മത്സരത്തിന് അനുകൂലമാക്കുന്നതിനും, നൂതന ആശയങ്ങൾ കണ്ടെത്തുന്നതിനുള്ള നവീന ശൃംഖലകളായി രൂപാന്തരപ്പെടുത്തുന്നതിലൂടെ, കൂട്ടായ്മയുടെ(agglomeration) ലാഭം കൊയ്യുന്നതിനായി കേരള സർക്കാർ വ്യവസായവത്ക്കരണത്തിന് ക്ലസ്റ്റർ വികസന സമീപനം മുൻകൂട്ടി സ്വീകരിച്ചിട്ടുണ്ട്. എം.എസ്. എം.ഇ വികസന ഇൻസ്റ്റിറ്റ്യൂട്ട്, തൃശ്ശൂർ, കെ–ബിപ് എന്നിവയിലൂടെയാണ് സംസ്ഥാനം ക്ലസ്റ്റർ വികസന പ്രവർത്തനങ്ങൾ നടത്തുന്നത്. തടി, പ്ലൈവുഡ്, ഫർണിച്ചർ, റബ്ബർ, ടെക്സ്റ്റയിൽസ്, അരിമിൽ, പ്ലാസ്റ്റിക്, പ്രിന്റേഴ്സ്, വംശീയമായആഹാരം, കാർഷികഉപകരണങ്ങൾ, ജനറൽ എഞ്ചിനീയറിംഗ് എന്നീ മേഖലകളിൽ പൊതുസൗകര്യ സേവന കേന്ദ്രങ്ങളുടെ നിർമ്മാണം പുരോഗമിക്കുന്നു. 1,164.74 ലക്ഷം രൂപ ചെലവിൽ കണ്ണൂരിലെ തളിപ്പറമ്പ് വുഡ് ഫർണ്ണിച്ചർ ക്ലസ്റ്ററിന്റെ പണി പൂർത്തിയാവുകയും 2018 ഡിസംബറിൽ കമ്മിഷൻ ചെയ്യുകയും ചെയ്തു. തൃശ്ശൂരിലെ ചേവൂർ വുഡ് ഫർണ്ണിച്ചർ ക്ലസ്റ്റർ, എറണാകുളത്തെ പ്ലൈവുഡ് ക്ലസ്റ്റർ എന്നിവിടങ്ങളിൽ പൊതുസൗകര്യ സേവന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള പ്രവർത്തനം പുരോഗമിച്ചു കൊണ്ടിരിക്കുന്നു (അവലംബം: കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ). കേന്ദ്ര

ബോക്സ് 4.4.2 കേരളത്തിലെ വൈദഗ്ദ്യ വികസന പരിശീലനസ്ഥാപനങ്ങൾ

എം.എസ്.എം. ഇ വികസന ഇൻസ്റ്റിറ്റ്യൂട്ട്, തൃശ്ശൂർ (എം.എസ്.എം.ഇ–ഡിഐ)

ഇന്ത്യാ ഗവൺമെന്റിന്റെ എം.എസ്.എം.ഇ മാന്ത്രലയത്തിന് കീഴിൽ വരുന്ന എം.എസ്.എം.ഇ വികസന ഇൻസ്റ്റിറ്റ്യൂട്ട്,കേരളത്തിനും ലക്ഷദ്വീപുകൾക്കുംടെക്നോ ഇക്കണോമിക് മാനേജീരിയൽ കൺസൾട്ടൻസി സർവിസുകൾ നൽകിവരുന്നു.ഇവിടെ വ്യവസായ ഉത്തേജക ക്യാമ്പെയിനുകൾ, സംരംഭകത്വ വികസന പരിപാടി (ഇഡിപി), സംരംഭകത്വ നൈപുണ്യ വികസന പരിപാടി (എസ്എസ്ഡി), മാനേജ്മെൻറ് ഡവലപ്മെന്റ് പ്രോഗ്രാമുകൾ (എം ഡി പി), പിഡി അക്കൗണ്ട് മുഖേനയുള്ള സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാമുകൾ (എസ്.ഡി.പി.കൾ) എന്നീ വിവിധ പരിശീലന പരിപാടികൾ സംഘടിപ്പിച്ച് വരുന്നുണ്ട്. 2019–20 ൽ (2019, ആഗസ്റ്റ് 31 വരെ) വൈദഗ്ദ്യവികസനത്തിൽ 27 പേർക്ക് പരിശീലനം ലഭിച്ചു.

കേരള അക്കാഡമി ഫോർ സ്കിൽ എക്സലെൻസ്(കെഎഎസ്ഇ)

കേരള സർക്കാർ, കേരള അക്കാഡമി ഫോർ സ്കിൽ എക്സലെൻസിന്റെ (കെഎഎസ്ഇ) നേതൃത്വത്തിൽ യുവ തൊഴിലാളികൾക്ക് തൊഴിൽ മാർഗനിർദേശങ്ങൾ നല്കുന്നതിനും വ്യവസായിക പരിശീലനം തൊഴിൽ ലഭ്യത എന്നിവ ഉറപ്പ് വരുത്തുന്നതിനുമായി കൊല്ലം, കോഴിക്കോട്, പാലക്കാട് എന്നിവിടങ്ങളിൽ കൗശൽ കേന്ദ്രങ്ങൾ സ്ഥാപിച്ചു.

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ് (കിലെ)

തൊഴിലും തൊഴിലധിഷ്ഠിതവുമായ മറ്റ് വിഷയങ്ങളിലും പരിശീലനത്തിനും ഗവേഷണത്തിനും ആയിട്ടുള്ള ഈ സ്ഥാപനം, 2018–19 ൽ പരിശീലനങ്ങൾ, വർക്ക്ഷോപ്പുകൾ സെമിനാറുകൾ, പ്രസിദ്ധീകരണങ്ങൾ എന്നീ വിവിധ കാര്യപരിപാടികൾ നടത്തുകയുണ്ടായി. ഈ പരിപാടികളിൽ 6,593 പേർ ഗുണഭോക്താക്കളായി. 2019–20 ൽ 3 പരിശീലന പരിപാടികൾ നടത്തിയതിൽ (ഓഗസ്റ്റ്31, 2019 വരെ) 554പേരും ഗുണഭോക്താക്കളായി.

അവലംബം: എം.എസ്.എം. ഇ വികസന ഇൻസ്റ്റിറ്റ്യൂട്ട്, തൃശ്ശൂർ (എം.എസ്.എം.ഇ-ഡിഐ), കേരള അക്കാഡമി ഫോർ സ്കിൽ എക്സലെൻസ് (കെഎഎസ്ഇ), കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ് (കിലെ)

എം.എസ്.എം.ഇ മാന്ത്രലയം 19 പൊതുസൗകര്യ സേവന കേന്ദ്രങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് സാമ്പത്തിക സഹായം നൽകി വരുന്നു. സംസ്ഥാന ഗവൺമെന്റും മറ്റ് പങ്കാളികളുമായി ചേർന്ന് തൃശ്ശൂരിലെ എംഎസ്.എം.ഇ-വികസന ഇൻസ്റ്റിറ്റ്യൂട്ട് തലസ്ഥാനത്ത് ക്ലസ്റ്ററുകളുടെ പ്രോത്സാഹനത്തിനും വികസനത്തിനുമായി സജീവമായി ഇടപെട്ട് കൊണ്ടിരിക്കുകയാണ്. കണ്ണൂരിലെ ഓഫ്സെറ്റ് പ്രിന്റിംഗ് ക്ലസ്റ്ററിന് യോന്ത്രപകരണങ്ങൾ വാങ്ങി. എം.എസ്. എം.ഇ. -സി.ഡി.പി പദ്ധതിയ്ക്ക് കീഴിൽ എറണാകുളത്ത് സംസ്ഥാന സ്റ്റീൽ ഫർണിച്ചർ നിർമാതാക്കളുടെ കൂട്ടായ്മയിൽ ഒരു പുതിയ ക്ലസ്റ്റർ കൺസോർഷ്യം രൂപീകരിച്ചിട്ടുണ്ട്. (അവലംബം : വാർഷിക റിപ്പോർട്ട് 2018-19, എം.എസ്.എം.ഇ വികസന ഇൻസ്റ്റിറ്റ്യൂട്ട്, തൃശ്ശൂർ).

(ii)കാര്യശേഷി വികസന പരിപാടികൾ

സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾക്ക് സംരംഭകത്വം/വ്യവസായ വികസന പരിപാടികളും നൈപുണ്യ വികസന പരിശീലനവും പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതി ലക്ഷ്യമിടുന്നു. 2018-19 ൽ 8 കോടി രൂപ പദ്ധതിയ്ക്ക് വകയിരുത്തുകയും താഴെ പറയുന്ന പരിപാടികൾ നടത്തുകയും ചെയ്തു .

- 14 ജില്ലകളിലായി 28 സംരംഭകത്വ വികസന പരിപാടികൾ സംഘടിപ്പിച്ചു. ഇതിലൂടെ 488 പുതിയ യൂണിറ്റുകൾ ആരംഭിക്കുകയും 2,281 ലക്ഷം രൂപയുടെ നിക്ഷേപവും 1,820 തൊഴിലവസരങ്ങളും സൃഷ്ടിച്ചു.
- 14 ജില്ലകളിലായി താലൂക്ക് തല നിക്ഷേപക സംഗമം സംഘടിപ്പിച്ചു. ഇതിലൂടെ 993 പുതിയ യൂണിറ്റുകൾ ആരംഭിക്കുകയും 4,773 ലക്ഷം രൂപയുടെ നിക്ഷേപവും 3,153 തൊഴിലവസരങ്ങളും സൃഷ്ടിച്ചു.
- വിദ്യാർഥികൾക്കിടയിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനായി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ 327 സംരംഭക വികസന ക്ലബ്ബുകൾ ആരംഭിച്ചു.

എ. സംരംഭകത്വം, വൈദഗ്ധ്യവികസനം എന്നിവയുടെ പ്രോത്സാഹനം

പ്രാദേശിക സംരംഭകരുടെ പ്രോത്സാഹനം സുസ്ഥിരഉപഭോഗവും ഉത്പാദന സംവിധാനവും സൃഷ്ടിക്കുന്നതിന് വളരെ പ്രധാനമാണ്. കേരളത്തിലെ വൈദഗ്ധ്യ വികസന പരിശീലന സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ **പട്ടിക 4.4.4** ൽ കാണിച്ചിരിക്കുന്നു. കേന്ദ്ര ഗവണ്മെന്റ് സ്ഥാപനമായ തൃശ്ശൂരിലെ എം.എസ്.എം. ഇ വികസന ഇൻസ്റ്റിറ്റ്യൂട്ട് (എം. എസ്.എം.ഇ-ഡിഐ) 2018-19 വർഷത്തിൽ 8 കോഴ്സുകൾ നടത്തിയിട്ടുണ്ട്. 5,992 പേർ ഈ പരിപാടിയുടെ ഗുണഭോക്താക്കളായി. 2019-20 ൽ (ഓഗസ്റ്റ് 31,2019 വരെ) 1,279 പേർക്ക് നൈപുണ്യ വികസന പരിപാടികളുടെ ഗുണം ലഭിക്കുകയും ചെയ്തു. വിശദാംശങ്ങൾ **അനുബന്ധം 4.4.8** ൽ നല്കിയിരിക്കുന്നു.

(iii) വാണിജ്യ വികസനം

(എ) പ്രമോഷണൽ ഇവന്റുകൾ/എക്സിബിഷനുകൾ-2018-19കാലയളവിൽ എംഎസ്എംഇ മേഖലയുടെ നേട്ടങ്ങൾ

വ്യവസായവാണിജ്യ ഡയറക്ടറേറ്റ് കേരളത്തിനകത്ത് 2018-19 ൽ എക്സിബിഷനുകൾ/ഫെയറുകൾ എന്നിങ്ങനെ 31 വിവിധയിനം പരിപാടികൾ 834 സ്റ്റാളുകളിലായി സംഘടിപ്പിക്കുകയും /അവയിൽ പങ്കെടുക്കുകയും ആകെ 2.91 കോടി രൂപവരുമാനം നേടുകയും ചെയ്തു. കേരളത്തിലെ മിക്കവാറും ജില്ലകളിൽ 3 എക്സിബിഷനുകൾ സംഘടിപ്പിച്ചു. എന്നാൽ ഏറ്റവും കൂടുതൽ സ്റ്റാളുകൾ (262എണ്ണം) സംഘടിപ്പിച്ചത് കണ്ണൂർ ജില്ലയാണ്. വിശദാംശങ്ങൾ **അനുബന്ധം 4.4.9** ൽ കൊടുത്തിരിക്കുന്നു. 2018-19 ൽ വ്യവസായ വകുപ്പ് നടപ്പാക്കിയ പ്രധാന പരിപാടികൾ താഴെപ്പറയുന്നവയാണ്.

- വകുപ്പ്, 2018-19 ൽ ജില്ലാതലങ്ങളിൽ 30 വ്യവസായ പ്രദർശനങ്ങൾ സംഘടിപ്പിച്ചു. ആകെ 614 എം.എസ്. എം.ഇ യൂണിറ്റുകൾ അവരുടെ ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിന് ഇതിൽ പങ്കെടുത്തു.
- 14 ജില്ലകളിലായി സംഘടിപ്പിച്ച വിവിധ വ്യാവസായിക പ്രോത്സാഹന പരിപാടികളിൽ 31,731 പേർ പങ്കെടുക്കുകയും 14,818 തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്തു.
- 6 ദേശീയ /അന്തർദേശീയ വ്യവസായ മേളകളിൽ 132 എം.എസ്.എം.ഇ യൂണിറ്റുകൾ പങ്കെടുത്തു
- കരകൗശല മേഖലയെ സഹായിക്കുക എന്ന ലക്ഷ്യത്തോടെ 2019 ഫെബ്രുവരി 24 മുതൽ മാർച്ച് 9 വരെ കണ്ണൂരിൽ ഒരു കരകൗശല മേള സംഘടിപ്പിച്ചു. ഇത് കരകൗശലത്തൊഴിലാളികൾക്ക് അവരുടെ ഉൽപ്പന്നങ്ങൾ വിൽക്കാനും അനുഭവങ്ങൾ പങ്കിടാനും സഹായിച്ചു. ഈ മേളയിൽ 22 സംസ്ഥാനങ്ങളിൽ നിന്നുള്ള 211 കരകൗശലത്തൊഴിലാളികൾ പങ്കെടുത്തു. 12.5 ലക്ഷം ആളുകൾ സന്ദർശിക്കുകയും 425 ലക്ഷം രൂപയുടെ വിൽപ്പനയും മേളയിൽ നടന്നു.

(ബി) വാണിജ്യ മിഷൻ

സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ,സ്റ്റാർട്ട് അപ്പുകൾ,പരമ്പരാഗത വ്യവസായം എന്നീ മേഖലകളിലുള്ളവർക്ക് അവരുടെ ഉൽപ്പന്നങ്ങൾക്ക് വിപണി,ബ്രാൻഡിംഗ് എന്നിവ ഒരുക്കുന്നതിനും ദേശീയ/ അന്തർ ദേശീയ വിപണിയിൽ നിന്നും ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ ന്യായമായ വിലയ്ക്ക് ലഭ്യമാക്കുന്നതിനും ലക്ഷ്യമിട്ട് 2018ൽ സംസ്ഥാന സർക്കാർ ആരംഭിച്ചതാണ് വാണിജ്യ മിഷൻ.

(സി.) സ്ഥിരം പ്രദർശന വിപണന സമുച്ചയം (കേരള മാർട്ട്)

2019–20ൽ ആരംഭിച്ച ഈ പദ്ധതി, എം.എസ്.എം.ഇ മേഖലയ്ക്കു വേണ്ടി ഒരു സ്ഥിരം പ്രദർശന വിപണന സൗകര്യം സൃഷ്ടിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യം നല്കുന്നതിന് ലക്ഷ്യമിടുന്നു. ശക്തമായ ദേശീയ അന്തർ ദേശീയ ശൃംഖലയുമായി ബന്ധിപ്പിച്ച് സൂക്ഷ്മ ചെറുകിട ഇടത്തരം മേഖലയിലെ സാമ്പത്തിക

പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിനും വിൽപ്പനയ്ക്കായി വേദി ഒരുക്കുന്നതിനും, വാണിജ്യമുദ്ര സൃഷ്ടിക്കുന്നതിനും, വ്യത്യസ്ത ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിന് സൗകര്യമൊരുക്കുന്നതിനും നിർദിഷ്ട എം.എസ്.എം.ഇ മാർട്ടിന് കഴിയും

(iv) വ്യാവസായിക പ്രോത്സാഹന പദ്ധതികൾ

എ) സംരംഭകത്വ സഹായ പദ്ധതി (ഇ.എസ്.എസ്)
എംഎസ്എംഇകൾക്ക് വിപുലമായ പിന്തുണ നൽകാനും സംരംഭകർക്ക്, പ്രത്യേകിച്ചും എസ്സി, എസ്ടി വിഭാഗത്തിൽ നിന്നുള്ള സ്ത്രീകൾക്കും വ്യക്തികൾക്കും ഒറ്റത്തവണ പിന്തുണ നൽകാനും പദ്ധതി ഉദ്ദേശിക്കുന്നു. 2018–19 കാലയളവിൽ ഇ.എസ്.എസ് പദ്ധതിക്കായി 55 കോടി രൂപ വകയിരുത്തുകയും അതിലൂടെ 1,118 സംരംഭകർക്ക് സഹായവും നൽകി. 2019–20 കാലയളവിൽ, ഒക്ടോബർ വരെ, 390 സംരംഭകർക്ക് 23.61 കോടി രൂപ നൽകി.

ബി) ഗ്രാമീണ വ്യവസായങ്ങൾക്കായുള്ള പാക്കേജ്– പ്രധാനമന്ത്രിയുടെ തൊഴിൽ ദാന പദ്ധതി (പി.എം.ഇ. ജി.പി)
ഗ്രാമപ്രദേശങ്ങളിലും നഗരപ്രദേശങ്ങളിലും കാർഷികേതര മേഖലയിൽ ചെറു സംരംഭങ്ങൾ സ്ഥാപിച്ച് തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയെന്ന ലക്ഷ്യത്തോടെ ദേശീയ തലത്തിൽ ആരംഭിച്ച ക്രെഡിറ്റ് ലിങ്ക്ഡ് സബ്സിഡി പദ്ധതിയാണ് 'പ്രധാനമന്ത്രയുടെ തൊഴിൽ ദാന പദ്ധതി (പി.എം.ഇ. ജി.പി)'.2018–19 കാലയളവിൽ ബാങ്കുകൾ 2,831 അപേക്ഷകൾ സ്വീകരിക്കുകയും മാർജിൻ മണി 5,437.45 ലക്ഷം രൂപ നൽകുകയും ചെയ്തു. 2017–18 ലെ താരതമ്യപ്പെടുത്താവുന്ന കണക്കുകൾ യഥാക്രമം 1,307 അപേക്ഷകളും 2,433 ലക്ഷം രൂപയുമാണ്. ബാങ്കുകൾ കൂടുതൽ അപേക്ഷകൾ അനുവദിച്ചത് എറണാകുളം ജില്ലയിലാണ്, 331 എണ്ണം. തൊട്ടടുത്തായി 312 എണ്ണം തൃശ്ശൂരിലും 300 എണ്ണം തിരുവനന്തപുരത്തും അനുവദിച്ചു. വിശദാംശങ്ങൾ **അനുബന്ധം 4.4.10** ൽ നൽകിയിരിക്കുന്നു.

സി) . വ്യവസായ പ്രദേശം/ പാർക്കുകളിൽ സംരംഭകർക്ക് ഭൂമി നിക്ഷേപ വിലയുടെ പലിശ ധനസഹായം

2019–20 ൽ ഏറ്റെടുത്ത പുതിയ പദ്ധതിയാണ് ഇത്. സർക്കാർ വ്യാവസായിക എസ്റ്റേറ്റുകളിലും/ പാർക്കുകളിലും പുതിയ സംരംഭകരെ ആകർഷിച്ച് കൂടുതൽ നിക്ഷേപവും തൊഴിലവസരങ്ങളും സൃഷ്ടിച്ചു കൊണ്ട് നിക്ഷേപ സൗഹൃദമാക്കി മാറ്റുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. സി.ഐ.ഡി./ സിഡ്കോ/ കെ.എസ്.ഐ.ഡി.സി /കിൻഫ്രാ എന്നിവ പ്രോത്സാഹിപ്പിക്കുന്ന വ്യാവസായിക എസ്റ്റേറ്റുകളിൽ /പാർക്കുകളിൽ നിക്ഷേപ ഭാരമായ ഭൂമിയുടെ വിലയുടെ ഒരു വിഹിതം, അതായത് ഭൂമിയുടെ നിക്ഷേപ ചെലവിന്റെ പലിശ ഭാരം നിശ്ചിത കാലയളവിൽ ഏറ്റെടുത്തു കൊണ്ട് അതിന്റെ പലിശ വിഹിതം വ്യവസായ ഏജൻസികൾക്ക് നൽകുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്.

(v) സൂക്ഷ്മചെറുകിടവ്യവസായ മേഖലയിലെ വ്യവസായ ധനസഹായം

എ) സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മറ്റി (എസ്.എൽ. ബി.സി)
സ്റ്റേറ്റ് ബാങ്കേഴ്സ് കമ്മിറ്റിയുടെ (എസ്.എൽ.ബി.സി) റിപ്പോർട്ട് പ്രകാരം, വിവിധ മേഖലകളിലായി 2018 മാർച്ച് വരെ കേരളത്തിന് അനുവദിച്ച വായ്പകളിലൂടെ പിരിഞ്ഞുകിട്ടാൻ ബാക്കി നിൽക്കുന്ന തുക 2,86,783 കോടി രൂപയാണ്. ഇത്, മുൻവർഷത്തെ 2,56,075 കോടി രൂപയേക്കാൾ 11.99 ശതമാനം അധികമാണ്. എം.എസ്.എം.ഇ മേഖലയിൽ 2018 മാർച്ച് വരെ മാത്രം 47,201 കോടി രൂപയാണ് പിരിഞ്ഞുകിട്ടാനുള്ളത്. ഇത് മുൻവർഷത്തെ 39,408 കോടി രൂപയേക്കാൾ 19.77 ശതമാനം കൂടുതലാണ്. വിവിധ മേഖലകളിലെ വായ്പകളുടെ വിശദാംശങ്ങൾ **അനുബന്ധം 4.4.11** ൽ നൽകിയിരിക്കുന്നു.

ബി) സ്മാൾ ഇൻഡസ്ട്രീസ് ഡവലപ്മെന്റ് ബാങ്ക് ഓഫ് ഇന്ത്യ (സിഡ്ബി)
സുരക്ഷിതമല്ലാത്ത വായ്പാ സൗകര്യം ലഭ്യമാക്കുന്ന പണമിടപാട് സ്ഥാപനങ്ങളുടെ പരിഷ്ക്കാരത്തിന് ഗവണ്മെന്റ് സിഡ്ബിയെ പ്രോത്സാഹിപ്പിക്കുന്നു. ഇതുവഴി ന്യായമായ പലിശ നിരക്കിന്റെയും ഇടപാട് ചരിത്രത്തിന്റെയും അടിസ്ഥാനത്തിൽ ഇടപാടുകാർക്ക് വായ്പാ സൗകര്യം ഉറപ്പുവരുത്തുന്നു. മാർച്ച് 31, 2019 വരെ ആകെ 6,672 കോടി രൂപ 3,489 സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്കായി അനുവദിച്ചു.
(അവലംബം : സിഡ്ബി വർക്കിംഗ് റിപ്പോർട്ട് 2019)

വ്യവസായ കോ–ഓപ്പറേറ്റീവ് സൊസൈറ്റികൾ

2019 മാർച്ച് 31 ലെ കണക്കനുസരിച്ച് കേരളത്തിൽ പ്രവർത്തിക്കുന്ന ഇൻഡസ്ട്രിയൽ കോ–ഓപ്പറേറ്റീവ് സൊസൈറ്റികളുടെ ആകെ എണ്ണം 394 ആണ്. കണ്ണൂരിലാണ് ഏറ്റവും കൂടുതൽ പ്രവർത്തിക്കുന്ന സൊസൈറ്റികൾ ഉള്ളത്, 91എണ്ണം. ആകെയുള്ള 394

കോ-ഓപ്പറേറ്റീവ് സൊസൈറ്റികളിൽ വനിതകൾ രജിസ്റ്റർ ചെയ്ത കോ-ഓപ്പറേറ്റീവുകളുടെ എണ്ണം 93 ആണ്. ഇത് സംബന്ധിച്ച വിശദാംശം **അനുബന്ധം 4.4.12** ൽ നൽകിയിരിക്കുന്നു. 2018-19 കാലയളവിൽ 16 സൊസൈറ്റികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

പ്രളയം ബാധിച്ച എം എസ് എം ഇ കളുടെ പുനർനിർമ്മിതിയ്ക്കായുള്ള വകുപ്പുതല ഇടപെടലുകൾ

പ്രളയം ബാധിച്ച സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളെ പുനരുദ്ധരിക്കുന്നതിനുള്ള സഹായം, പ്രളയം ബാധിച്ച സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭക യൂണിറ്റുകൾക്കുള്ള പലിശ ധനസഹായം എന്നീ രണ്ടു പുതിയ പദ്ധതികൾ 2019-20 ൽ ആരംഭിച്ചു. കശുവണ്ടി ഫാക്ടറികൾ / യൂണിറ്റുകൾ പുനർനിർമ്മിക്കുന്നതിന്, 'ചെറുകിട, ഇടത്തരം കശുവണ്ടി ഫാക്ടറികളുടെ പുനരുജ്ജീവനവും/നഷ്ടപ്പെട്ട ഉപജീവനമാർഗങ്ങൾ പുനർ നിർമ്മിക്കുന്നതിനുള്ള യൂണിറ്റുകളും' എന്ന പദ്ധതിയും ആരംഭിച്ചു. വ്യവസായ വാണിജ്യ വകുപ്പ്, ഐടി മിഷനുമായി സഹകരിച്ച് എംഎസ്എംഇകളും ഷോപ്പുകളും ഉൾപ്പെടെ പ്രളയബാധിത പ്രദേശങ്ങളിൽ ഒരു മൊബൈൽ ആപ്ലിക്കേഷൻ സർവേ നടത്തി. സർവേ പ്രകാരം കേരളത്തിലുടനീളം 5,355 എംഎസ്എംഇകൾക്കും 16,061 ഷോപ്പുകൾക്കും കൂടി ആകെ 2,040 കോടി രൂപയുടെ നഷ്ടം കണക്കാക്കി. ഉജ്ജീവന പുനരുജ്ജീവന പദ്ധതി പ്രകാരം 2019 ജൂലൈ 15 വരെ 96.76 കോടി രൂപയുടെ വായ്പകൾ യൂണിറ്റുകളുടെ പുനരുദ്ധാരണത്തിനായി ബാങ്കുകൾ അനുവദിച്ചു (അവലംബം : വ്യവസായ വാണിജ്യ വകുപ്പ്).

മേഖലയിലെ പ്രശ്നങ്ങളും വെല്ലുവിളികളും

ഈ മേഖലയുടെ വളർച്ചയെ ബാധിക്കുന്ന നിരവധി വെല്ലുവിളികൾ കാരണം സമ്പദ്‌വ്യവസ്ഥയിൽ ഈ മേഖലയുടെ സംഭാവന നിലവിൽ പരിമിതപ്പെട്ടിരിക്കുന്നു. പ്രധാനപ്പെട്ട വെല്ലുവിളികൾ ഇവയാണ്:

- **നയവും സ്ഥാപനപരവുമായ ഇടപെടലുകൾ-** അടിസ്ഥാന സൗകര്യ വികസനം, ആധുനികവൽക്കരണം, സാങ്കേതികവിദ്യ സ്വീകരിക്കൽ, പിന്നോക്കവും മുന്നോട്ടുള്ളതുമായ ബന്ധം, ക്രെഡിറ്റ് വിടവ് കുറയ്ക്കൽ, എംഎസ്എംഇകൾക്ക് സമയബന്ധിതമായി പണം നൽകൽ തുടങ്ങിയവ ലക്ഷ്യമിട്ടുള്ള നയങ്ങൾ രൂപീകരിക്കുന്നതും അവ ഫലപ്രദമായി നടപ്പിലാക്കുന്നതിലും വെല്ലുവിളികളിൽ നേരിടുന്നു.

- **വളർച്ച ത്വരിതപ്പെടുത്തലും ഔപചാരികവൽക്കരണം പ്രാപ്തമാക്കലും-** നൂതന ബിസിനസ്സ് ആശയങ്ങൾ സുഗമമാക്കുകയും പരിപോഷിപ്പിക്കുകയും പിന്തുണയ്ക്കുകയും അവയെ സംരംഭങ്ങളായി രൂപപ്പെടുത്തുകയും അതിലൂടെ എം.എസ്.എം.ഇകൾക്ക് അനുകൂലമായ പരിതസ്ഥിതി സൃഷ്ടിക്കുകയും വേണം. സംരംഭക വികസന, ഇൻകുബേഷൻ സെന്ററുകളുടെ പിന്തുണയോടെ ഇത് നേടാനാകും. ക്രെഡിറ്റ് പിന്തുണയുള്ള പദ്ധതികൾ ഉൾപ്പെടെ വിവിധ പദ്ധതി കളുടെ ഉപയോഗവും എത്തിച്ചേരലും പല കാരണങ്ങളാൽ പരിമിതപ്പെട്ടിരിക്കുന്നു. എം.എസ്. എം.ഇ കൾക്കിടയിൽ ഔപചാരികവൽക്കരണവും ഡിജിറ്റൈസേഷനും പ്രോത്സാഹിപ്പിക്കുകയും യു.എ.എം-ൽ രജിസ്റ്റർ ചെയ്യാൻ അവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നത് ഒരു വെല്ലുവിളിയായി തുടരുന്നു.

- **അടിസ്ഥാന സൗകര്യങ്ങൾ പരിഹരിക്കുക-** അടിസ്ഥാന സൗകര്യങ്ങളായ വർക്ക് ഷെഡുകൾ, ടൂൾ റൂമുകൾ, പ്രൊഡക്റ്റ് ടെസ്റ്റിംഗ് ലബോറട്ടറികൾ, വൈദ്യുതി, ഗ്രാമീണ ബ്രോഡ്ബാൻഡ്, ഇന്നൊവേഷൻ ഹബ്ബുകൾ എന്നിവയുടെ അപര്യാപ്തത ഈ മേഖലയുടെ വളർച്ചയ്ക്ക് തടസ്സമായി പ്രവർത്തിക്കുന്നു. മികച്ച അടിസ്ഥാന സൗകര്യങ്ങൾ നൽകുന്ന കുറച്ച് എംഎസ്എംഇ ക്ലസ്റ്ററുകൾ മാത്രമേ നിലവിലുള്ളൂ.

- **ക്രെഡിറ്റ്, റിസ്ക് ക്യാപിറ്റൽ ലഭ്യത സുഗമമാക്കുക-** അനൗപചാരിക സ്വഭാവം കാരണം എം.എസ്. എം.ഇകൾക്ക് ഔപചാരിക ക്രെഡിറ്റ് സ്രോതസുകളിലേക്ക് പ്രവേശനമില്ല. സാമ്പത്തിക വിവരങ്ങളുടെ അഭാവം മൂലം എം.എസ്.എം.ഇ.കളുടെ ക്രെഡിറ്റ് റിസ്ക് വിലയിരുത്തലിൽ ബാങ്കുകൾ വെല്ലുവിളികൾ നേരിടുന്നു. ഇക്വിറ്റി സപ്പോർട്ടും വെഞ്ചർ ക്യാപിറ്റൽ ഫിനാൻസിംഗും ആകർഷിക്കാൻ വളരെ കുറച്ച് എംഎസ്എംഇകൾക്ക് മാത്രമേ കഴിയുന്നുള്ളൂ.

- **വിപണി ബന്ധവും പൊതു സംഭരണ വേദിയുമായുള്ള ബന്ധവും പ്രാപ്തമാക്കുക-** എംഎസ്എംഇകൾ ഗുണനിലവാരമുള്ള അസംസ്കൃത വസ്തുക്കളിലേക്കും ഉൽപ്പാദിപ്പിച്ച ഉൽപ്പന്നത്തിനായുള്ള മാർക്കറ്റിലേക്കും പരിമിതമായ ലഭ്യതയുടെ ഇരട്ട വെല്ലുവിളിയെ അഭിമുഖീകരിക്കുന്നു. പൊതുമേഖലാ യൂണിറ്റുകളുമായുള്ള ബന്ധം അവരുടെ വളർച്ചയെ സഹായിക്കും.

4.5 ഭക്ഷ്യ സംസ്കരണ മേഖല

മൂല്യ വർധനവിനുള്ള അനന്ത സാദ്ധ്യതകൾ കാരണം ഇന്ത്യയിൽ ഭക്ഷ്യസംസ്കരണ മേഖല ഉയർന്ന വളർച്ചയും ലാഭവും ഉള്ള മേഖലയായി ഉയർന്നുവന്നിട്ടുണ്ട്. ഇന്ത്യൻ കർഷകരെ ആഭ്യന്തര, അന്താരാഷ്ട്ര വിപണികളിലെ ഉപഭോക്താക്കളുമായി ബന്ധിപ്പിക്കുന്നതിൽ ഭക്ഷ്യ സംസ്കരണത്തിന് ഒരു പ്രധാന പങ്കുണ്ട്. മൂല്യ ശൃംഖലയിലുടനീളം നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനുള്ള എല്ലാ ശ്രമങ്ങളും ഭക്ഷ്യ സംസ്കരണ വ്യവസായ മാന്ത്രലയം നടത്തുന്നു. ഏകദേശം 39,748 രജിസ്റ്റർ ചെയ്ത യൂണിറ്റുകളിലായി 1.85 ദശലക്ഷം ആളുകളെ ഈ വ്യവസായം ഉൾക്കൊള്ളുന്നു (അവലംബം: വാർഷിക റിപ്പോർട്ട് 2018-19, ഭക്ഷ്യ സംസ്കരണ വ്യവസായ മാന്ത്രലയം, ഭാരത സർക്കാർ).

പഴവർഗ്ഗങ്ങളും, പച്ചക്കറികളും, തോട്ടവിളകൾ, ധാന്യസംസ്കരണം, സുഗന്ധദ്രവ്യങ്ങൾ, പാലുംപാലുൽപ്പന്നങ്ങളും, മാംസാഹാരവും കോഴിയിറച്ചിയും, മത്സ്യം, മദ്യം, ലഹരി ഇതര പാനീയങ്ങൾ, കൂടാതെ മറ്റു ഉപഭോഗ ഉൽപ്പന്നങ്ങളായ മിഠായികൾ, ചോക്ലേറ്റുകൾ, കൊക്കോ ഉൽപ്പന്നങ്ങൾ, സോയ ഉൽപ്പന്നങ്ങൾ, മിനറൽ വാട്ടർ, ഉയർന്ന പ്രോട്ടീൻ ആഹാര പദാർത്ഥങ്ങൾ തുടങ്ങിയവയാണ് ഇന്ത്യയുടെ ഭക്ഷ്യ സംസ്കരണ മേഖലയിൽപ്പെടുന്നവ .

ഇന്ത്യയിലെ ഭക്ഷ്യ-പലചരക്ക് വിപണി ലോകത്തിലെ ആറാമത്തെ വലിയ വിപണിയാണ്. കൂടാതെ ഇന്ത്യയിലെ മൊത്തം ചില്ലറ വിപണിയുടെ 65 ശതമാനവും ഇന്ത്യയിലെ ഭക്ഷ്യ, പലചരക്ക് ചില്ലറ വിപണികളാണ്.

ഉത്പാദനം, ഉപഭോഗം, കയറ്റുമതി, ഭാവിയിലെ വളർച്ചാ സാധ്യതകൾ എന്നിവയുമായി ബന്ധപ്പെട്ട് ഇന്ത്യയിലെ ഏറ്റവും വലിയ വ്യവസായമാണ് ഇന്ത്യൻ ഭക്ഷ്യ സംസ്കരണ വ്യവസായം. 2017-18 വരെയുള്ള അവസാന അഞ്ചു വർഷങ്ങളിലുള്ള ഭക്ഷ്യ സംസ്കരണ മേഖലയുടെ വാർഷിക വളർച്ചാ നിരക്ക് 2011-12 വിലയിൽ കണക്കാക്കുമ്പോൾ 8.41 ശതമാനവും കാർഷിക മേഖലയുടേത് 3.45 ശതമാനവും ആണ്. 2018-19 കാലയളവിൽ സംസ്കരിച്ച ഭക്ഷ്യ കയറ്റുമതിയുടെ മൂല്യം 35.30 ബില്യൺ യുഎസ് ഡോളറാണ്, ഇത് ഇന്ത്യയുടെ മൊത്തം കയറ്റുമതിയുടെ 10.69 ശതമാനമാണ്. 2018-19 കാലയളവിൽ സംസ്കരിച്ച ഭക്ഷണം ഇറക്കുമതി ചെയ്യുന്നതിന്റെ മൂല്യം 19.32 ബില്യൺ യുഎസ് ഡോളറാണ്, ഇത് ഇന്ത്യയുടെ മൊത്തം ഇറക്കുമതിയുടെ 3.95 ശതമാനമാണ് (514.03 ബില്യൺ യുഎസ് ഡോളർ). (അവലംബം : വാർഷിക റിപ്പോർട്ട് 2018-19, ഭക്ഷ്യ സംസ്കരണ വ്യവസായ മാന്ത്രലയം, ഭാരത സർക്കാർ)

2016-17 ലെ ഏറ്റവും പുതിയ വാർഷിക സർവേ ഓഫ് ഇൻഡസ്ട്രീസ് (എഎസ്ഐ) പ്രകാരം രജിസ്റ്റർ ചെയ്ത ഭക്ഷ്യ സംസ്കരണ മേഖലയിൽ ഏർപ്പെട്ടിരിക്കുന്ന മൊത്തം വ്യക്തികളുടെ എണ്ണം 18.54 ലക്ഷമാണ്. 2015-16 ലെ എൻ.എസ്.എസ്.ഒ 73-മത് റൌണ്ട് കണക്ക് അനുസരിച്ച് രജിസ്റ്റർ ചെയ്യാത്ത ഭക്ഷ്യ സംസ്കരണ മേഖല 51.11 ലക്ഷം തൊഴിലാളികൾക്ക് തൊഴിൽ നൽകുന്നു, ഇത് രജിസ്റ്റർ ചെയ്യാത്ത ഉൽപാദന മേഖലയിലെ 14.18 ശതമാനം വരും.

കേരളത്തിലെ ഭക്ഷ്യസംസ്ക്കരണ വ്യവസായം

രാജ്യത്തെ മൊത്തം ഭക്ഷ്യ കയറ്റുമതിയുടെ 20 ശതമാനവും കേരളത്തിലാണ്. സുഗന്ധവ്യഞ്ജനങ്ങൾ, സമുദ്ര ഉൽപന്നങ്ങൾ, കശുവണ്ടി, തേങ്ങ, കൊക്കോ, കോഫി, ചായ, വാഴപ്പഴം, പൈൻ ആപ്പിൾ തുടങ്ങിയ പഴങ്ങളിൽ കേരളം പരമ്പരാഗതമായി ശക്തമാണ്.

സംസ്ഥാനത്തെ ഭക്ഷ്യ സംസ്കരണ വ്യവസായത്തിന്റെ ഉന്നമനത്തിനായി കേരള വ്യവസായ അടിസ്ഥാന സൌകര്യ വികസന കോർപ്പറേഷൻ (കിൻഫ്ര) ഒരു പ്രധാന പങ്ക് വഹിക്കുന്നു. ഭാരത സർക്കാരിന്റെ ഭക്ഷ്യ സംസ്കരണ വ്യവസായ മാന്ത്രലയത്തിന്റെയും, വാണിജ്യ വ്യവസായ മാന്ത്രലയം നടപ്പിലാക്കുന്ന "കയറ്റുമതി അടിസ്ഥാന സൗകര്യങ്ങളും അനുബന്ധ

പ്രവർത്തനങ്ങളും വികസിപ്പിക്കുന്നതിനുള്ള സംസ്ഥാനങ്ങൾക്കുള്ള സഹായം" (ASIDE) എന്ന പദ്ധതിയുടെയും സംസ്ഥാനത്തിന്റെ നോഡൽ ഏജൻസി എന്നിവയായി കിൻഫ്ര പ്രവർത്തിക്കുന്നു. കിൻഫ്ര സംസ്ഥാനത്തുടനീളം നിരവധി ഭക്ഷ്യാധിഷ്ഠിത പാർക്കുകൾ സ്ഥാപിച്ചു.

കിൻഫ്ര ഫുഡ് പ്രോസസിംഗ് പാർക്ക്, കാക്കഞ്ചേരി, മലപ്പുറം

72 ഏക്കറിൽ വ്യാപിച്ചുകിടക്കുന്ന മലപ്പുറം ജില്ലയിലെ കാക്കഞ്ചേരിയിലെ കിൻഫ്ര ഫുഡ് പ്രോസസിംഗ് പാർക്കിൽ പ്രവർത്തനക്ഷമങ്ങളായ 41 യൂണിറ്റുകളുണ്ട്. 2018-19 കാലയളവിൽ പാർക്ക് 14,041.86 ലക്ഷം രൂപ നിക്ഷേപം നടത്തിയ ഇവിടെ 1,378 തൊഴിലവസരങ്ങൾ സൃഷ്ടിച്ചു.

ഫുഡ് ആൻഡ് സ്പൈസസ് പാർക്ക്, മുട്ടം, ഇടുക്കി

ഇടുക്കി ജില്ലയിലെ മുട്ടം എന്ന സ്ഥലത്തുള്ള 15 ഏക്കർ സ്ഥലത്താണ് ഈ പ്രോജക്റ്റ് സ്ഥിതിചെയ്യുന്നത്. ഭാരത സർക്കാരിന്റെ എംഎസ്എംഇ മന്ത്രാലയത്തിനു കീഴിലുള്ള എംഎസ്എംഇ-ക്ലസ്റ്റർ ഡെവലപ്മെന്റ് പ്രോഗ്രാം (എംഎസ്എംഇ-സിഡിപി) എന്ന പദ്ധതിയ്ക്ക് കീഴിലാണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്. ഭക്ഷ്യ, സുഗന്ധവ്യഞ്ജനങ്ങൾക്കും അനുബന്ധ പ്രവർത്തനങ്ങൾക്കും പൂർണ്ണമായ അടിസ്ഥാന സൗകര്യങ്ങൾ ഇത് വിഭാവനം ചെയ്യുന്നു. ഇന്ത്യാ ഗവൺമെന്റ് പദ്ധതിക്ക് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. 12.5 കോടി രൂപയാണ് മൊത്തം പദ്ധതി ചെലവ്, അതിൽ 6 കോടി രൂപയാണ് കേന്ദ്ര സഹായം.

കിൻഫ്രാ മെഗാ ഫുഡ് പാർക്ക്, പാലക്കാട്

മെഗാ ഫുഡ് പാർക്ക് പദ്ധതിയ്ക്ക് കീഴിൽ പാലക്കാട്ടെ കഞ്ചിക്കോട്ടുള്ള 79 ഏക്കറിൽ മെഗാ ഫുഡ് പാർക്ക് സ്ഥാപിക്കുന്നതിനുള്ള കിൻഫ്രയുടെ പ്രോപോസലിന് ഭാരത സർക്കാരിന്റെ ഭക്ഷ്യ സംസ്കരണ മന്ത്രാലയത്തിൽ നിന്നും അംഗീകാരം ലഭിച്ചിട്ടുണ്ട്. കണക്കാക്കുന്ന ആകെ പദ്ധതി ചെലവ് 119.02 കോടി രൂപയാണ് . ഇതിൽ ഭക്ഷ്യ സംസ്കരണ വ്യവസായ മന്ത്രാലയം നൽകുന്ന സഹായം 50 കോടി രൂപയാണ്. പദ്ധതി പ്രകാരം റോഡുകൾ, ഡ്രെയിനേജ്, ജലവിതരണം, വൈദ്യുതി വിതരണം തുടങ്ങിയ വികസന പ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ള സൈറ്റ് വികസനം കിൻഫ്ര ഏറ്റെടുത്തിട്ടുണ്ട്. പാലക്കാട് കേന്ദ്ര പ്രോസസ്സിംഗ് സെന്ററിനു പുറമേ മെഗാ ഫുഡ് പാർക്ക് പദ്ധതിയുടെ ആവശ്യകതയ്ക്ക് അനുസൃതമായി മുഴവന്നൂർ, കൊരട്ടി, കാക്കഞ്ചേരി, കൽപ്പെറ്റ എന്നിവിടങ്ങളിൽ നാല് പ്രാഥമിക പ്രോസസ്സിംഗ് സെന്ററുകളും (പിപിസി) സ്ഥാപിക്കാൻ കിൻഫ്ര നടപടി സ്വീകരിച്ചിട്ടുണ്ട് . പാർക്കുകളിലെ കിൻഫ്ര ഭക്ഷ്യ സംസ്കരണ യൂണിറ്റുകളുടെ വിശദാംശങ്ങൾ **അനുബന്ധം 4.5.1** ൽ നൽകിയിരിക്കുന്നു.

കെ.എസ്.ഐ.ഡി.സി മെഗാ ഫുഡ് പാർക്ക്, ആലപ്പുഴ

ഭാരത സർക്കാരിന്റെ മെഗാ ഫുഡ് പാർക്ക് പദ്ധതിയ്ക്ക് കീഴിൽ ഭക്ഷ്യ സംസ്കരണ വ്യവസായ മന്ത്രാലയത്തിൽ നിന്നുള്ള സഹായം ലഭ്യമാക്കിക്കൊണ്ട് കടൽ ഭക്ഷ്യ സംസ്കരണ മേഖലയെ കേന്ദ്രീകരിച്ച് ചേർത്തലയിലെ വ്യവസായ വളർച്ചാ കേന്ദ്രമായ പള്ളിപ്പുറത്ത് കെ.എസ്.ഐ.ഡി.സി ഒരു മെഗാ ഫുഡ് പാർക്ക് വികസിപ്പിക്കുന്നു. കോൾഡ് സ്റ്റോറേജ്, സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി, ഐസ് പ്ലാന്റ് തുടങ്ങിയ ഭക്ഷ്യ സംസ്കരണ മേഖലയ്ക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ പാർക്ക് നിറവേറ്റും. 3 വർഷത്തിനുള്ളിൽ 350 കോടി രൂപയുടെ നിക്ഷേപം കൊണ്ട് വരാനാകുമെന്ന് ഈ പദ്ധതിയിലൂടെ പ്രതീക്ഷിക്കുന്നു. നിലവിൽ പാർക്കിലെ 42 ഏക്കറോളം വിവിധ കടൽ ഭക്ഷ്യ/ ഭക്ഷ്യ സംസ്കരണത്തിനും അനുബന്ധ യൂണിറ്റുകൾക്കും അനുവദിച്ചിട്ടുണ്ട്.

(അവലംബം: ഡബ്ല്യു.ഡബ്ല്യു.ഡബ്ല്യു.കെ.എസ്.ഐ.ഡി.സി.ഒആർജി)

എൻസിഎച്ച്സി വഴി ഭക്ഷ്യ സുരക്ഷാ സംവിധാനം നടപ്പിലാക്കുക

നാഷണൽ സെന്റർ ഫോർ എച്ച്.എ.സി.സി.പി സർട്ടിഫിക്കേഷനും (എൻ.സി.എച്ച്.സി) കെ-ബിപ്പും സംയുക്തമായി കേരളത്തിനകത്തും മറ്റ് വിവിധ സംസ്ഥാനങ്ങളിലും പ്രവർത്തിക്കുന്ന ഭക്ഷ്യ സംസ്കരണ യൂണിറ്റുകളുടെ ആഡിറ്റിംഗ്, സർട്ടിഫിക്കേഷൻ, റി സർട്ടിഫിക്കേഷൻ തുടങ്ങിയവ കൈകാര്യം ചെയ്തു വരുന്നു. ഭക്ഷ്യ സുരക്ഷയെ സംബന്ധിച്ച അവബോധം നൽകുന്നതിന് നാഷണൽ സെന്റർ ഫോർ എച്ച്.എ.സി.സി.പിയുടേയും കേരളത്തിലെ ഫുഡ് സേഫ്റ്റി കമ്മീഷണറേറ്റിന്റെയും ആഭിമുഖ്യത്തിൽ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചു .

4.6 പരമ്പരാഗത വ്യവസായങ്ങൾ

കരകൗശല മേഖല

രാജ്യത്തിന്റെ സാംസ്കാരിക പൈതൃകം കാത്തുസൂക്ഷിക്കുന്നതിനൊപ്പം കരകൗശല മേഖല കയറ്റുമതി വളർച്ചയ്ക്ക് സംഭാവന നൽകുകയും ധാരാളം കരകൗശല വ്യക്തികൾക്ക് തൊഴിൽ നൽകുകയും ചെയ്യുന്നു. എന്നിരുന്നാലും, വ്യവസായത്തിന്റെ അസംഘടിത സ്വഭാവം, തൊഴിലാളികളുടെ കുറഞ്ഞ വിദ്യാഭ്യാസ നിലവാരം, കുറഞ്ഞ മൂലധന അടിത്തറ, പുതിയ സാങ്കേതികവിദ്യകളിലേക്കുള്ള എത്തിച്ചേരലിന്റെ അഭാവം, മാർക്കറ്റ് ഇന്റലിജൻസ് അഭാവം, സ്ഥാപനപരമായ ചട്ടക്കൂട് തുടങ്ങിയ ബലഹീനതകളാൽ ഈ മേഖല ബുദ്ധിമുട്ടുന്നു. ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സർക്കാർ നിരവധി ശ്രമങ്ങൾ നടത്തിയിട്ടുണ്ട്. ഉൽപ്പന്ന വികസനം, ആഭ്യന്തര വിൽപന, കയറ്റുമതി എന്നിവയിൽ 2017–18ൽ ഈ മേഖല മികച്ച വളർച്ച കൈവരിച്ചു.

ഇന്ത്യയിൽ കരകൗശല മേഖലയിൽ 68.86 ലക്ഷം കരകൗശല തൊഴിലാളികൾ പണിയെടുക്കുന്നു. ഇതിൽ 30.25 ലക്ഷം പുരുഷന്മാരും 38.61 ലക്ഷം സ്ത്രീകളുമാണ് . 2016–17 ൽ കരകൗശല ഉൽപ്പന്ന കയറ്റുമതി 34,394.30 കോടി രൂപയും 2015–16 ൽ ഇത് 34394.30 കോടി രൂപയുമാണ്. 10.8 ശതമാനം വാർഷിക നിരക്കിലാണ് മേഖല വളരുന്നത്. (അവലംബം:വാർഷിക റിപ്പോർട്ട് 2017–18, ടെക്സ്റ്റയിൽസ് മാന്ത്രലയം,ഭാരത സർക്കാർ).

കേരളത്തിലെ കരകൗശല വ്യവസായം

കേരളത്തിലെ പരമ്പരാഗത വ്യവസായങ്ങളിൽ ഒന്നാണ് കരകൗശല വ്യവസായം. ആനക്കൊമ്പ്, മുള, പനയോല, കക്കകൾ, തടി, ചിരട്ട, കളിമണ്ണ്, തുണി, കയർ, ലോഹങ്ങൾ, കല്ലുകൾ, ലാക്വയർ വെയർ തുടങ്ങിയവ ഉപയോഗിച്ച് അതിമനോഹരങ്ങളായ ഉല്പന്നങ്ങൾ നിർമ്മിക്കുന്ന ഒരു പാരമ്പര്യം കേരളത്തിനുണ്ട്. സംസ്ഥാനത്തുടനീളമുള്ള കൊട്ടാരങ്ങളിലും, പുരാതന ഗൃഹങ്ങളിലും, മ്യൂസിയങ്ങളിലും പ്രാചീന കരകൗശല വിസ്മയങ്ങൾ കാണാം. ഇതിൽ പണിയെടുക്കുന്ന ബഹുഭൂരിപക്ഷം കരകൗശല തൊഴിലാളികളും സാമൂഹികവും സാമ്പത്തികവുമായും തീരെ പിന്നോക്കാവസ്ഥയിൽപ്പെട്ടവരാണ്.

കരകൗശല വ്യവസായത്തിന്റെ പ്രാധാന്യം

കേരള സംസ്ഥാന കരകൗശല അപ്പെക്സ് സഹകരണ സംഘം (സുരഭി), കരകൗശല വികസന കോർപ്പറേഷൻ, കേരള ആർട്ടിസാൻസ് വികസന കോർപ്പറേഷൻ (കാഡ്കോ) എന്നിവയാണ് കേരളത്തിലെ കരകൗശല വ്യവസായത്തിന്റെ പ്രധാന പ്രോത്സാഹന ഏജൻസികൾ.

കേരള സംസ്ഥാന കരകൗശല അപ്പെക്സ് സഹകരണ സംഘം (സുരഭി)

പ്രാഥമിക കരകൗശല സഹകരണ സംഘങ്ങളുടെ പരമോന്നത സംഘടനയായ സുരഭി കരകൗശലത്തൊഴിലാളികളെ അവരുടെ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യുന്നതിലൂടെയും ഭാരത സർക്കാരിന്റെയും കേരള സർക്കാരിന്റെയും ക്ഷേമ പദ്ധതികളിലൂടെ പിന്തുണയ്ക്കുന്നതിലൂടെ അവരെ ഉയർത്തികൊണ്ട് വരുക എന്ന ലക്ഷ്യത്തോടെയാണ് സ്ഥാപിച്ചിരിക്കുന്നത്. സുരഭിയുടെ കീഴിൽ 46 സഹകരണ സംഘങ്ങൾ ഉണ്ട്. കേരളത്തിനകത്തും പുറത്തുമായി 11 ഷോറൂമുകൾ സുരഭിയ്ക്ക് കീഴിൽ ഉണ്ട്. 2018–19 വർഷത്തെ സഹകരണ സംഘത്തിന്റെ ആകെ വിറ്റുവരവ് 208.58 ലക്ഷം രൂപയായിരുന്നു. 2017–18 ൽ സംസ്ഥാന സർക്കാരിൽ നിന്ന് അപ്പെക്സ് സ്ഥാപനത്തിന് 50 ലക്ഷം രൂപ ലഭിച്ചു. ഇത് പ്രധാനമായും ഡിസൈൻ ഡെവലപ്പ്മെന്റ് വർക്ക്ഷോപ്പ്, പരിശീലന പരിപാടികൾ, പ്രദർശനങ്ങൾ, ഷോറൂമുകളുടെ അറ്റകുറ്റപ്പണി എന്നിവ നടത്തുന്നതിനാണ് വിനിയോഗിച്ചിട്ടുള്ളത്. 2018–19 വർഷത്തിൽ 'സുരഭി'

2 എക്സിബിഷനുകൾ സംഘടിപ്പിക്കുകയും 1.75 ലക്ഷം രൂപ ലാഭം നേടുകയും, 208.58 ലക്ഷം രൂപ വിറ്റുവരവ് നേടുകയും ചെയ്തു. 30,000 തൊഴിലുകൾ ഈ കാലയളവിൽ സൃഷ്ടിച്ചു. വിശദവിവരങ്ങൾ **അനുബന്ധം 4.6.1** ൽ ചേർത്തിരിക്കുന്നു.

കേരള ഹാന്റിക്രാഫ്റ്റ്സ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ (എച്ച് ഡി സി കെ)

കേരള ഹാന്റിക്രാഫ്റ്റ്സ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ, ഭാരതത്തിലും സംസ്ഥാനത്തുടനീളമുള്ള കൈരളി എംപോറിയങ്ങളിലൂടെയും ശ്രീമൂലം ഷഷ്ട്യബ്ദി പൂർത്തി മെമ്മോറിയൽ ഇൻസ്റ്റിറ്റ്യൂട്ടിലൂടെയും (എസ്എംഎസ്എംഐ) കരകൗശല മേഖലയിലെ തൊഴിലാളികൾ ഉത്പാദിപ്പിക്കുന്ന ഉത്പന്നങ്ങൾക്ക് ന്യായ വില നൽകിക്കൊണ്ട് ഇവയുടെ സംഭരണവും വിപണനവും നടത്തിവരുന്നു. നിലവിൽ എസ്എംഎസ്എംഐ കൂടാതെ 19 വിപണന എംപോറിയങ്ങളുടെ ഒരു ശൃംഖല തന്നെ ഈ സ്ഥാപനത്തിനുണ്ട്. മാർക്കറ്റിംഗ് കൂടാതെ കേന്ദ്ര സംസ്ഥാന സർക്കാർ ക്ഷേമ പദ്ധതികളിലൂടെ തടി കൊണ്ടുള്ള കരകൌശല പണിയിൽ ഏർപ്പെട്ടിരിക്കുന്ന കരകൗശലക്കാർക്ക് തിരുവനന്തപുരത്ത് ഒരു പൊതു സഹകര്യ സേവനകേന്ദ്ര നടത്തുന്നുണ്ട് . 'അസിസ്റ്റൻസ് ടു അപ്പെക്സ് ഓർഗനൈസേഷൻ ഇൻ ഹാൻഡിക്രാഫ്റ്റ് സെക്ടർ', 'കോമൺ ഫെസിലിറ്റി സർവ്വീസ് സെന്ററുകൾ'എന്നീ രണ്ട് പദ്ധതികളാണ് എച്ച്.ഡി.സി.കെ.നടപ്പിലാക്കിവരുന്നത്. 2018–19 കാലയളവിൽ, കോർപ്പറേഷൻ 2,000 ലക്ഷം രൂപയുടെ വിറ്റുവരവാണ് ലക്ഷ്യമിട്ടതെങ്കിലും മൊത്തം 1,262.25 ലക്ഷം രൂപ വിറ്റുവരവ് മാത്രമേ നേടാനായുള്ളൂ. ജി.എസ്.ടി നടപ്പാക്കിയതും ഓണക്കാലത്തുണ്ടായ വെള്ളപ്പൊക്കവുമാണ് ലക്ഷ്യം നേടാനാവാത്തത്തിന് പ്രധാന കാരണം. എച്ച്ഡിസികെ ഇന്ത്യയിലുടനീളം 60 എക്സിബിഷനുകളും, കരകൌശലത്തൊഴിലാളികൾക്കായി 9 നൈപുണ്യ വികസന പരിപാടികളും, ഉൽപാദനക്ഷമത മെച്ചപ്പെടുത്തുന്നതിനായി കരകൌശലത്തൊഴിലാളികൾക്ക് സൌജന്യ ടൂൾ കിറ്റുകളും വിതരണം ചെയ്തു. 2018–19 ൽ കോർപ്പറേഷന്റെ മൊത്തം വിറ്റുവരവ് 1,262.25 ലക്ഷം ആയിരുന്നു, ഇത് മുൻ വർഷത്തെ അപേക്ഷിച്ച് 60 ലക്ഷം കൂടുതലായിരുന്നു. വിശദാംശങ്ങൾ **അനുബന്ധം 4.6.2** ൽ നൽകിയിരിക്കുന്നു

കേരള ആർട്ടിസാൻസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ (കാഡ്കോ)

കേരള ആർട്ടിസാൻസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ (കാഡ്കോ)1956 ലെ കമ്പനീസ് ആക്ടിന് കീഴിൽ പൂർണമായും കേരള ഗവണ്മെന്റ് കമ്പനിയായി രജിസ്റ്റർ ചെയ്ത് 1981ൽ നിലവിൽ വന്നതാണ്. കേരളത്തിലെ തദ്ദേശീയരായ കരകൌശല തൊഴിലാളികളായ മരപ്പണിക്കാർ, സ്വർണപ്പണിക്കാർ, കൊല്ലപ്പണിക്കാർ, കുശവപണിക്കാർ, കൊത്തപ്പണിക്കാർ, ചെമ്പ്/ വെങ്കലം ഉപയോഗിച്ചുള്ള ജോലി ചെയ്യുന്നവർ, മറ്റു കൈത്തൊഴിൽക്കാർ എന്നിവരുടെ ഉന്നമനമാണ് കോർപ്പറേഷന്റെ മുഖ്യ ലക്ഷ്യം. വിവിധതരത്തിലുള്ള കരകൌശല തൊഴിലാളികളെ കണ്ടെത്തുകയും അവരുടെ കൈതൊഴിലുകളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്നതാണ് കാഡ്കോയുടെ പ്രാഥമിക ലക്ഷ്യം.

മുള വ്യവസായം

ഉപയോഗപ്രദവും നവീകരിക്കാവുന്നതും പരിസ്ഥിതി സൗഹൃദവുമായ ഒരു വിഭവമാണ് മുള. പരിസര സുരക്ഷ, പോഷകാഹാരം, ഉയർന്ന മൂല്യമുള്ള നിർമ്മാണ സാമഗ്രികൾ എന്നിവയ്ക്ക് പുറമെ മറ്റ് 1,500 വിവിധ ആവശ്യങ്ങൾക്കും വർദ്ധിച്ച തോതിൽ മുള പ്രയോജനപ്പെടുത്തുന്നുണ്ട്. ആഗോളതലത്തിൽ 2.5 ബില്ല്യൺ ആൾക്കാർ വിവിധ രൂപങ്ങളിൽ മുള ഉപയോഗിക്കുന്നതായി കണക്കാക്കിയിട്ടുണ്ട്.

ബോക്സ് 4.6.1 മലബാർ ക്രാഫ്റ്റ്സ് മേള 2019

വ്യവസായ വാണിജ്യ വകുപ്പിനെ പ്രതിനിധീകരിച്ച് കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ, ജില്ലാ വ്യവസായ കേന്ദ്ര, കണ്ണൂർ, കൈത്തറി ടെക്സ്റ്റൈൽ ഡയറക്ടറേറ്റ് എന്നിവ സംയുക്തമായി കണ്ണൂരിലെ പോലീസ് ഗ്രൗണ്ടിൽ 2019 ഫെബ്രുവരി 24 മുതൽ മാർച്ച് 9 വരെ 'മലബാർ ക്രാഫ്റ്റ്സ് മേള'യുടെ ഏഴാം പതിപ്പ് സംഘടിപ്പിച്ചു. സാരികൾ, സിൽക്ക് സാരികൾ, തുണിത്തരങ്ങൾ, ആഭരണങ്ങൾ, പെയിന്റിംഗുകൾ, കരകൗശല വസ്തുക്കൾ, ഖാദി തുണികൾ, ബാഗുകൾ, ചെരിപ്പുകൾ, ഫാൻസി ഉൽപ്പന്നങ്ങൾ, മരം കരകൗശല വസ്തുക്കൾ, മുള, അനുബന്ധ ഉൽപ്പന്നങ്ങൾ എന്നിവ ഫെസ്റ്റിൽ പ്രദർശിപ്പിച്ചിരുന്നു. മൊത്തം 151 പരമ്പരാഗത കുടിലുകളിൽ കരകൌശല ഉൽപന്നങ്ങൾ പ്രദർശിപ്പിച്ചിരുന്നു. ഈ കരകൌശല മേളയിൽ 22 സംസ്ഥാനങ്ങളിൽ നിന്നുള്ള 211 കരകൗശലത്തൊഴിലാളികൾ പങ്കെടുത്തു, 12.5 ലക്ഷം ആളുകൾ സന്ദർശിക്കുകയും 425 ലക്ഷം രൂപയുടെ വ്യാപാരം നടത്തുകയും ചെയ്തു.

അവലംബം :വ്യവസായ വാണിജ്യവകുപ്പ് ഡയറക്ടറേറ്റ്

ഫലപ്രദമായ ഇന്ധനോല്പാദനത്തിന് മുള ഉപയോഗിക്കുന്നതിനുള്ള ഗവേഷണപ്രവർത്തനങ്ങൾ നടന്നു വരുന്നു.

കേരളത്തിൽ, 28 വിവിധ ഇനം മുളകൾ ലഭ്യമാണ്. കേരളത്തിലെ വനങ്ങളിൽ നിന്നുള്ള മുള കുറഞ്ഞ നിരക്കിൽ പ്രാധാനമായും പൾപ്പ്, റയോൺ യൂണിറ്റുകളിലാണ് എത്തിച്ചേരുന്നത്. സംസ്ഥാനത്ത് ഏകദേശം ഒരു ലക്ഷം ആൾക്കാർ മുള വ്യവസായത്തിൽ ജീവനോപാധി കണ്ടെത്തുന്നതായാണ് കണക്ക്. വ്യവസായ ആവശ്യത്തിനുള്ള 67.3 ശതമാനം മുളയും വനത്തിൽ നിന്നല്ല മറിച്ച് പുരയിടങ്ങളിൽ നിന്നുതന്നെ ലഭിക്കുന്നു എന്നത് കേരളത്തിലെ മുള വ്യവസായത്തിന്റെ മാത്രം പ്രത്യേകതയാണ്. അങ്കമാലി പ്രദേശത്തിന് ചുറ്റുമുള്ള കരകൗശലക്കാരെയാണ് കേരള സംസ്ഥാന ബാംബൂ കോർപ്പറേഷൻ സഹായിക്കുന്നത്. പഞ്ചായത്തുകളിൽ നിന്ന് ഈയിടെ ലഭ്യമായ വിവരങ്ങളനുസരിച്ച് എഴുപതുകളുടെ തുടക്കം മുതൽ ഈ മേഖലയിൽ നിന്ന് ധാരാളം തൊഴിലാളികൾ നിർമ്മാണ മേഖല പോലെയുള്ള നൈപുണ്യം ആവശ്യമില്ലാത്ത തൊഴിൽ മേഖലകളിലേക്കും തൃതീയ മേഖലകളിലേയ്ക്കും ചേക്കേറുന്നതായി കണ്ടെത്തിയിട്ടുണ്ട്.

(അവലംബം: കേരളം ബാംബൂ മിഷൻ വെബ്സൈറ്റ്)

കേരള സ്റ്റേറ്റ് ബാംബൂ മിഷൻ

2003 ൽ രൂപീകരിച്ച കേരള സ്റ്റേറ്റ് ബാംബൂ മിഷൻ (കെഎസ്ബിഎം), സംസ്ഥാനത്തിന്റെ ബാംബൂ വികസന ഏജൻസി (ബിഡിഎ) ആയി നിയോഗിക്കപ്പെട്ടിരിക്കുന്നു. സംസ്ഥാനത്ത് ചിന്നിചിതറികിടക്കുന്ന വിഭവങ്ങളെ സംയോജിപ്പിച്ച് മുള വ്യവസായ മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനും, മൂല്യ വർധനവ്, വരുമാനവർധനവ്, ദാരിദ്ര്യ നിർമ്മാർജനം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനും ലക്ഷ്യമിടുന്നു. കെ-ബിപിനു കീഴിൽ കേരള സ്റ്റേറ്റ് ബാംബൂ മിഷൻ രൂപംകൊണ്ടതിന് ശേഷം നടത്തിയ ഇടപെടലുകളിൽ പ്രധാനം മുളയുടെ കൃഷി, കരകൗശല മേഖലയിൽ നൂതന ഉൽപ്പന്നങ്ങൾക്കായി പുതിയ മാതൃക സൃഷ്ടിക്കൽ, അനുയോജ്യമായ നൈപുണ്യ വികസനം, നൂതന സാങ്കേതികവിദ്യ സ്വീകരിച്ചു കൊണ്ടും വികസിപ്പിച്ചു കൊണ്ടും മുളയിലഷ്ഠിതമായ ആധുനിക വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുക എന്നിവയാണ്.

കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ

സംസ്ഥാനത്തെ പരമ്പരാഗത മുള തൊഴിലാളികളുടെ ക്ഷേമത്തിനും വികസനത്തിനും ഉന്നമനത്തിനുമായി 1971 ൽ നിലവിലുന്ന സ്ഥാപനമാണ് കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ. മുള, ഈറ്റ, ചൂരൽ, റാട്ടൺ എന്നിവയെ അടിസ്ഥാനമാക്കിയുള്ള വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുകയും, മേൽപറഞ്ഞ ഉത്പന്നങ്ങളുടെ ഉല്പാദനവും വിപണനവും ഏറ്റെടുത്ത് പരമ്പരാഗത മുള തൊഴിലാളികൾക്ക് സാമ്പത്തിക, സാങ്കേതിക, മാർഗ നിർദേശങ്ങൾ നൽകുക എന്നതാണ് കോർപ്പറേഷന്റെ പ്രധാന ലക്ഷ്യം. കോർപ്പറേഷൻ ഇന്ന് കേരളത്തിലെ 10,000ൽ അധികം വരുന്ന മുള തൊഴിലാളികളുടെയും കുടുംബങ്ങളുടെയും ആശ്രയകേന്ദ്രമാണ്. തൊഴിലാളികളിൽ ഭൂരിഭാഗവും പാവപ്പെട്ടവരും സാമൂഹ്യമായും സാമ്പത്തികമായും പിന്നാക്ക, പട്ടികജാതി/ പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുമാണ്.

ഗവണ്മെന്റിന്റെ വനം വകുപ്പിന് കീഴിലുള്ള ഭൂമിയിൽ നിന്നും ഗുണമേന്മയേറിയ ഈറ്റ സ്വരൂപിക്കുകയും പരമ്പരാഗത മുള, നെയ്ത്ത് തൊഴിലാളികൾക്ക് സബ്സിഡി നിരക്കിൽ ഇത് വായ്പയായി വിതരണം ചെയ്യുകയും നെയ്ത പായകൾ നെയ്ത്തുകാരിൽ നിന്ന് നേരിട്ട് സംഭരിക്കുകയും ചെയ്യുക എന്നിവയാണ് കോർപ്പറേഷന്റെ പ്രധാന പ്രവർത്തനങ്ങളിൽപ്പെടുന്നത്. മുള കൊണ്ടുള്ള പായകൾ, മുള പലകകൾ, പരന്ന മുള ബോർഡുകൾ, ബാംബൂ ഫ്ലോറിംഗ് ടൈൽ, ബാംബൂ ഫർണിച്ചർ, കരകൗശല വസ്തുക്കൾ എന്നിവയാണ് കോർപ്പറേഷന്റെ പ്രധാന ഉൽപ്പന്നങ്ങൾ. പായ നെയ്ത്ത് പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കൊഴിഞ്ഞുപോയ തൊഴിലാളികൾക്കായി കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ മുള പായകളും കരകൗശല വസ്തുക്കളും നിർമ്മിക്കുന്നതിനുള്ള പരിശീലന പരിപാടികൾ ആരംഭിച്ചു.

മേഖലയിലെ പ്രശ്നങ്ങൾ

മേഖല അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നങ്ങളാണ് :

- ബാംബൂ പോലുള്ള മേഖലകളിൽ വൈദഗ്ധ്യമുള്ള തൊഴിലാളികളുടെ കുറവ്
- വനത്തിൽ നിന്നും മുള മുറിക്കുന്നതിനും സംഭരിക്കുന്നതിനുമായി ബന്ധപ്പെട്ട നിയമങ്ങളും ചട്ടങ്ങളും.
- ശരിയായ വിതരണ ശൃംഖലയുടെ അഭാവം (മുളയ്ക്ക്)
- കരകൗശല/എൻ.ജി.ഒ/എം.എസ്.എം.ഇ.കളുടെ പ്രവർത്തന മൂലധനത്തിന്റെയും വായ്പയുടെയും അഭാവം.
- സംരംഭകത്വ വികസന പരിപാടികളുടെയും നൈപ്യണ്യ വികസന പരിപാടികളുടെയും ആധുനികവൽക്കരണവും, പുതിയ ഡിസൈനുകൾ/ നവീനത എന്നിവയുടെയും അഭാവവും
- ഈ പ്രക്രിയയിൽ നടപ്പിലാക്കുന്ന സാങ്കേതികവിദ്യയെ കുറിച്ചുള്ള അജ്ഞത.
- സാങ്കേതിക വിദ്യാ, ഡിസൈൻ, ഉപകരണങ്ങൾ എന്നിവ വികസിപ്പിക്കുന്നതിൽ ഉള്ള അവബോധമില്ലായ്മ.
- സ്റ്റാൻഡഡൈസേഷനും പാക്കേജിംഗ് സാങ്കേതികവിദ്യയും
- വിപണന സൗകര്യത്തിന്റെ അപര്യാപ്തത/ മേൽത്തട്ട് കീഴ്ത്തട്ട് ലിങ്കേജിന് ആവശ്യമായ ഹാന്റ് ഹോൾഡിംഗ് സപ്പോർട്ട്.

മുന്നോട്ടുള്ള വഴി

കേരളത്തിലെ വ്യാവസായിക മേഖല ആഗോളമായുള്ള നല്ല മാതൃകകൾ പിന്തുടരുകയും കൂടുതൽ നിക്ഷേപകരെ ആകർഷിക്കുകയും ഇവിടത്തെ വിദ്യാസമ്പന്നരും വൈദഗ്ധ്യവുമുള്ള തൊഴിലാളി സമൂഹത്തെ പ്രയോജനപ്പെടുത്തേണ്ടതുമാണ്. പരിസ്ഥിതി സൗഹാർദ്ദം, മൂല്യവർധനവ് എന്നിവയ്ക്ക് ഊന്നൽ നൽകികൊണ്ടുള്ള നീതി ശാസ്ത്രപരമായ ഉൽപ്പാദനത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതാണ്. വിജ്ഞാനാധിഷ്ഠിത വ്യവസായങ്ങളായ ഐടി, കമ്പ്യൂട്ടർ ഹാർഡ്‌വെയർ, ബയോ ടെക്നോളജി തുടങ്ങിയവയുടെ വലിയ സാധ്യതകൾ പ്രയോജനപ്പെടുത്താൻ ഊന്നൽ നൽകണം. കേരളം, സാമൂഹികവും പാരിസ്ഥിതികമായും ഉത്തരവാദപ്പെട്ട രീതിയിൽ സാമ്പത്തിക പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള പരിതസ്ഥിതി സൃഷ്ടിക്കേണ്ടതുണ്ട്.

തുണി വ്യവസായം

ഇന്ത്യയിലെ ഏറ്റവും പഴയ വ്യവസായങ്ങളിലൊന്നാണ് ഇന്ത്യൻ തുണി വ്യവസയം. പരമ്പരാഗത മേഖലകളായ കൈത്തറി, കരകൗശലം, യന്ത്രത്തറികൾ എന്നിവയാൽ ഗ്രാമീണ, അർദ്ധ നഗര പ്രദേശങ്ങളിലെ ദശലക്ഷക്കണക്കിന് ആളുകൾക്ക് ഏറ്റവും കൂടുതൽ തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതും ഈ വ്യവസയം ആണ്. വ്യാവസായിക ഉൽപാദനത്തിന്റെ മൂല്യത്തിന്റെ 7 ശതമാനവും ഇന്ത്യയുടെ ജിഡിപിയുടെ 2 ശതമാനവും രാജ്യത്തിന്റെ കയറ്റുമതി വരുമാനത്തിന്റെ 15 ശതമാനവും ഈ വ്യവസായം സംഭാവന ചെയ്യുന്നുണ്ട്. മൊത്തം തുണി കയറ്റുമതി 2018 ൽ 39.2 ബില്യൺ യുഎസ് ഡോളറും 2019 ൽ 31.65 ബില്യൺ യുഎസ് ഡോളറുമാണ് (2019 ജനുവരി വരെ) .ഇത് 2021 ഓടെ 82.00 ബില്യൺ യുഎസ് ഡോളറായി ഉയരുമെന്ന് പ്രതീക്ഷിക്കുന്നു. (ഇന്ത്യ ബ്രാൻഡ് ഇക്വിറ്റി ഫൗണ്ടേഷൻ, 2019)

ഇന്ത്യയിലെ കൈത്തറി /യന്ത്രത്തറി വ്യവസായങ്ങൾ

കൈത്തറി ഉൽപന്നങ്ങളുടെ വിൽപ്പന 2018 ഒക്ടോബർ 31 ൽ 582.93 കോടി രൂപയായിരുന്നു. 122 ഉൽപന്ന വിഭാഗങ്ങളിൽ 1,185 ഹാൻഡ് ലൂം ഉൽപന്നങ്ങൾക്ക് രജിസ്ട്രേഷനുകൾ നൽകി. ടെക്സ്റ്റൈൽ വ്യവസായത്തിലെ മൊത്തം തൊഴിലിന്റെ 70 ശതമാനവും യന്ത്രത്തറികൾ സംഭാവന ചെയ്യുന്നു. 6.5 ദശലക്ഷം ആളുകൾ യന്ത്രത്തറി മേഖലയിൽ ജോലി ചെയ്യുന്നു. ഇന്ത്യയിൽ ഏറ്റവും കൂടുതൽ യന്ത്രത്തറികൾ, ഏകദേശം 8 ലക്ഷമുള്ള മഹാരാഷ്ട്രയിലാണ്. യഥാക്രമം 5 ലക്ഷത്തോളം യന്ത്രത്തറികളുമായി തമിഴ്നാട് രണ്ടാമതും, 4 ലക്ഷത്തോളം യന്ത്രത്തറികളുമായി ഗുജറാത്ത് മൂന്നാമതും ആണ്. ചാരനിറത്തിലുള്ളതും അച്ചടിച്ചതുമായ തുണിത്തരങ്ങൾ, ചായം പൂശിയ തുണിത്തരങ്ങൾ, കോട്ടൺ തുണിത്തരങ്ങൾ, കോട്ടൺ മിശ്രിതങ്ങൾ, സിന്തറ്റിക്സ് എന്നിവ ഉൾപ്പെടെ വിവിധ തരം തുണിത്തരങ്ങൾ യന്ത്രത്തറി വ്യവസായം ഉത്പാദിപ്പിക്കുന്നു. ഇന്ത്യയുടെ തുണി കയറ്റുമതിയുടെ മൂന്നിൽ രണ്ട് ഭാഗവും യുഎസിലേക്കും യൂറോപ്യൻ യൂണിയനിലേക്കും ആണ്. ഇതിനു പുറമെ, ചൈന, യുഎഇ, വിയറ്റ്നാം, ശ്രീലങ്ക, സൗദി അറേബ്യ, റിപ്പബ്ലിക് ഓഫ് കൊറിയ, ബംഗ്ലാദേശ്, തുർക്കി, പാകിസ്ഥാൻ, ബ്രസീൽ എന്നിവയാണ് കയറ്റുമതിയുടെ പ്രധാന കമ്പോളങ്ങൾ.

കേരള കൈത്തറി മേഖല

സംസ്ഥാനത്തെ പരമ്പരാഗത വ്യവസായങ്ങൾക്കിടയിൽ തൊഴിൽ നൽകുന്നതിൽ കയർ മേഖല കഴിഞ്ഞാൽ കൈത്തറി മേഖല രണ്ടാം സ്ഥാനത്താണ്. കൈത്തറി വ്യവസായം പ്രധാനമായും തിരുവനന്തപുരം, കണ്ണൂർ ജില്ലകളിലും കോഴിക്കോട്, പാലക്കാട്, തൃശ്ശൂർ, എറണാകുളം, കൊല്ലം, കാസർഗോഡ് ജില്ലകളുടെ ചില ഭാഗങ്ങളിലുമായി കേന്ദ്രീകരിച്ചിരിക്കുന്നു. മൊത്തം തറിയുടെ 96 ശതമാനം ഉൾക്കൊള്ളുന്ന സഹകരണ മേഖലയിലാണ് വ്യവസായത്തിൽ ആധിപത്യം പുലർത്തുന്നത്. ബാക്കി 4 ശതമാനം കൈത്തറി യൂണിറ്റുകൾ വ്യാവസായിക സംരംഭകരുടെ ഉടമസ്ഥതയിലുള്ളതാണ്. സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത 624 പ്രൈമറി കൈത്തറി നെയ്ത്തുകാരുടെ സഹകരണ സംഘങ്ങളാണുള്ളത്. അതിൽ 183 ഫാക്ടറികളും 441 കൈത്തറി നെയ്ത്തുകാരുടെ സഹകരണ സംഘവുമാണ്, ഇതിൽ 339 എണ്ണം നിലവിൽ പ്രവത്തനക്ഷമമാണ്. വിശദ വിവരങ്ങൾ **അനുബന്ധം 4.6.3 ലും 4.6.4** ലും നൽകിയിട്ടുണ്ട്.

2017–18 വർഷത്തിൽ സംസ്ഥാനത്തെ ആകെ കൈത്തറി എണ്ണം 17,070 ഉം 2018–19 ൽ 17,317 ഉം ആയിരുന്നു. കൈത്തറി തുണിയുടെ ഉത്പാദനം 2017–18 ൽ 38.97 ദശലക്ഷം മീറ്ററും 2018–19 ൽ 30.27 ദശലക്ഷം മീറ്ററുമായിരുന്നു. ഉൽപാദന മൂല്യം 2017–18ൽ 134.96 കോടി രൂപയും, 2018–19 ൽ 121.85 കോടി രൂപയും ആയിരുന്നു. മൊത്തം ഉൽപാദനക്ഷമത 2017–18 ൽ 2,282.9 ദശലക്ഷം മീറ്റർ/ ലൂം 2018–19 ൽ 1,747.99 ദശലക്ഷം മീറ്റർ/ലൂം വീതവും ആയിരുന്നു. 2018–19 വർഷത്തിൽ നെയ്ത്തുകാരുടെ എണ്ണം 1,3789 ഉം ജോലി ചെയ്യുന്ന സ്ത്രീകളുടെ എണ്ണം 10815 ഉം ആയിരുന്നു. 2018–19 ൽ തൊഴിൽ ദിനങ്ങൾ 40.68 ലക്ഷവും മൊത്തം വിറ്റുവരവ് 102.60 കോടി രൂപയുമായിരുന്നു. വിശദ വിവരങ്ങൾ **അനുബന്ധം 4.6.8** ൽ നല്കിയിട്ടുണ്ട്.

മുണ്ടുകൾ, ഫർണിഷിംഗ് മെറ്റീരിയൽ, ബെഡ്

പട്ടിക 4.6.1 കൈത്തറി മേഖലയിലെ പ്രധാന പദ്ധതികൾക്കുള്ള വിഹിതവും ചെലവും (തുക ലക്ഷം രൂപയിൽ)

ക്രമ നമ്പർ	പദ്ധതികൾ	വാർഷിക പദ്ധതി 2018-19			വാർഷിക പദ്ധതി 2019-20		
		വിഹിതം	ചെലവ്	ശതമാനം	വിഹിതം	ചെലവ്	ശതമാനം
1	കൈത്തറി സഹകരണ സംഘങ്ങളുടെ നവീകരണവും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ പ്രചാരണം	1200	210.68	17.56	715.75	114.78	16.04
2	പരിശീലന, നൈപുണ്യ വികസന പരിപാടി	200	146.51	73.26	200	5.51	2.76
3	മൂലധന പിന്തുണാ പദ്ധതികൾ	450	179	39.7	408.2	113	27.68
4	പ്രോത്സാഹന, ക്ഷേമ പദ്ധതികൾ	118	103.06	87.33	118	55.29	55.3

കുറിപ്പ് : * ചെലവിൽ ഗ്രാന്റുകൾക്കായുള്ള അനുബന്ധ ആവശ്യം (എസ്ഡിജി) ഉൾപ്പെടുന്നു
ഉറവിടം: പ്ലാൻ സ്പേസ്

ഷീറ്റുകൾ, ഷർട്ടിംഗ്, സാരി, ലുങ്കി എന്നിവയാണ് കൈത്തറി മേഖലയിൽ ഉത്പാദിപ്പിക്കുന്ന പ്രധാന ഇനങ്ങൾ. പരമ്പരാഗത മൂല്യവും പൈതൃകവും കണക്കിലെടുക്കുമ്പോൾ, സംസ്ഥാനത്തിന്റെ ഇനിപ്പറയുന്ന ഉൽപ്പന്നങ്ങൾ ജിയോ ഇൻഡിക്കേഷൻ ആക്റ്റ് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുണ്ട്.

1. ബാലരാമപുരം സാരികളും മികച്ച കോട്ടൺ തുണിത്തരങ്ങളും
2. കാസർഗോഡ് സാരികൾ
3. കുത്തംപുള്ളി സാരികൾ
4. ചേന്ദമംഗലം ധോത്തി
5. കണ്ണൂർ ഹോം ഫർണിഷിംഗ്സ്

കൈത്തറി മേഖലയുടെ പ്രകടനം

2018-19 വാർഷിക പദ്ധതിയിൽ കൈത്തറി മേഖലയിലെ ആകെ പദ്ധതി വിഹിതവും ചെലവും യഥാക്രമം 7,092 ലക്ഷം രൂപയും 4,313.09 ലക്ഷം രൂപയും (60.82 ശതമാനം) ആയിരുന്നു. 2019-20 വാർഷിക പദ്ധതിയിൽ വകയിരുത്തിയ മൊത്തം വിഹിതം 5,601 ലക്ഷം രൂപയും ചെലവ് 1,906.37 ലക്ഷം രൂപയും (34.04 ശതമാനം) ആയിരുന്നു. 2018-19, 2019-20 വാർഷിക പദ്ധതിയിലെ പ്രധാന പദ്ധതികൾക്കുള്ള വിഹിതവും ചെലവും **പട്ടിക 4.6.1** ൽ നൽകിയിരിക്കുന്നു.

ഹാൻഡ് ലൂം ഡയറക്ടറേറ്റും കൈത്തറി മേഖലയിലെ ഏജൻസികളും

അടിസ്ഥാന സൗകര്യങ്ങൾ, വിപണനം, മാനവ വിഭവശേഷി വികസനം, പരമ്പരാഗത നൈപുണ്യങ്ങളുടെയും ഉൽപ്പന്നങ്ങളുടെയും സംരക്ഷണം, ധനകാര്യം, ഡിസൈൻ ഇൻപുട്ട്, അസംസ്കൃത വസ്തു വിതരണം, നവീകരണം, ക്ഷേമപദ്ധതികൾ, വില സ്ഥിരത എന്നിവ വഴി ആഗോള കമ്പോളത്തോട് മത്സരിക്കാൻ ഈ വിഭാഗത്തെ സജ്ജമാക്കുക എന്നിവയാണ് ഹാൻഡ് ലൂം ഡയറക്ടറേറ്റിന്റെ ഉത്തരവാദിത്വം.

കേരള സ്റ്റേറ്റ് കൈത്തറി വീവേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (ഹാൻടെക്സ്)

പ്രാഥമിക സഹകരണ സംഘങ്ങൾക്ക് ആവശ്യമായ അസംസ്കൃത വസ്തുക്കളും മറ്റും വിതരണം ചെയ്യുന്നതിനായി കൈത്തറി സഹകരണ സംഘങ്ങളുടെ അപ്പെക്സ് സ്ഥാപനമായി 1961 ൽ ഹാൻടെക്സ് രൂപീകരിച്ചു. നിലവിൽ, 518 പ്രാഥമിക സഹകരണ സംഘങ്ങൾ ഹാൻടെക്സിൽ അംഗങ്ങളാണ്. ഇതിൽ 180 എണ്ണം ഏറ്റവും ആധുനിക സൗകര്യങ്ങളോടെ ഉൽപാദന, സംഭരണ പ്രക്രിയകളിൽ ഏർപ്പെട്ടിട്ടുണ്ട്. കൈകൊണ്ട് നിർമ്മിച്ച തുണിത്തരങ്ങൾ, വസ്ത്രങ്ങൾ, ഫർണിച്ചറുകൾ, മെയ്ക്കപ്പുകൾ, സാരികൾ, പരമ്പരാഗത വസ്ത്രങ്ങൾ എന്നിവ ആഭ്യന്തര-വിദേശ വിപണിയുടെ പരിസ്ഥിതി സൗഹൃദ മാനദണ്ഡങ്ങളുമായി പൊരുത്തപ്പെടുന്നു. എൻഎച്ച്ഡിസിയിൽ നിന്ന് നൂലും രാസവസ്തുക്കളും ചായങ്ങളും സർക്കാർ സബ്സിഡി ഉപയോഗിച്ച് ഹാൻടെക്സ് ശേഖരിക്കുകയും അംഗങ്ങൾക്ക് വിതരണം ചെയ്യുകയും ചെയ്യുന്നു.

കേരളത്തിൽ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് നിലവിൽ 4 റീജിയണൽ ഓഫീസുകളും കൂടാതെ 98 സെയിൽസ് ഔട്ട് ലെറ്റുകളും ഉണ്ട്. എല്ലാ ഉൽപാദന, ശേഖരണ പ്രവർത്തനങ്ങളും 7 ഉൽപാദന കേന്ദ്രങ്ങളിലൂടെ നിയന്ത്രിക്കപ്പെടുന്നു. പ്രോസസ്സിംഗ് ഹൗസ്, ഗാർമെൻറ് യൂണിറ്റ്, നെയ്ത്ത് ഫാക്ടറികൾ, പാറ്റേൺ നെയ്ത്ത് ഫാക്ടറികൾ എന്നിവ നേരിട്ട് നിയന്ത്രിക്കുകയും കൈകാര്യം ചെയ്യുകയും ചെയ്യുന്നത് ഹാൻടെക്സ് ആണ്.

മൂന്ന് കേന്ദ്രീകൃത സഹകരണ സംഘങ്ങളായ, മലബാറിലെ കോഴിക്കോട് ആസ്ഥാനമായുള്ള കേരള സ്റ്റേറ്റ് ഹാൻഡ് ലൂം വീവേഴ്സ് സൊസൈറ്റി, തൃശ്ശൂർ ആസ്ഥാനമായുള്ള സെൻട്രൽ ഹാന്റ്ലൂം ഹാന്റിക്രാഫ്റ്റ് മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയും, ശ്രീമൂലം സെൻട്രൽ ഹാൻഡ് ലൂം വീവേഴ്സ് കോ-

ഓപ്പറേറ്റീവ് സൊസൈറ്റിയും സംയോജിപ്പിച്ചാണ് ഹാൻടെക്സ് (കെ.എസ്.എച്ച്.ഡബ്ല്യു.സി.എസ് ലിമിറ്റഡ്) രൂപീകരിച്ചത്. പ്രഥമിക കൈത്തറി സൊസൈറ്റികൾക്കും സ്പിന്നിംഗ് സഹകരണ സംഘങ്ങൾക്കും മാത്രമായി ഹാൻടെക്സിലെ അംഗത്വം പരിമിതപ്പെടുത്തിയിരിക്കുന്നു. സൊസൈറ്റിയുടെ കേരളത്തിലെ രജിസ്റ്റർ ചെയ്ത ഓഫീസ് തിരുവനന്തപുരം ജില്ലയിലാണ്. ഓണം ക്രിസ്മസ്, വിഷു തുടങ്ങിയ ഉത്സവ സീസണുകളിൽ സംസ്ഥാനത്തെ പ്രധാന നഗരങ്ങളിൽ വാണിജ്യ മേളകളും എക്സിബിഷനും ഹാൻടെക്സ് നടത്തുന്നു.

2018–19 ൽ 3,049.32 ലക്ഷം രൂപയുടെ ഉൽപ്പന്നങ്ങളാണ് ഹാൻടെക്സ് വഴി വിൽക്കപ്പെട്ടത്. 1706 ലക്ഷം രൂപക്കുള്ള നൂൽ ഉൾപ്പെടെയുള്ള അസംസ്കൃത വസ്തുക്കളാണ് മറ്റ് ഗവണ്മെന്റ് ഡിപ്പാർട്ടുമെന്റുകൾക്ക് ഹാൻടെക്സ് വിതരണം ചെയ്തത്. 2018–19 ൽ കണക്കാക്കിയ മൂലധനം 6,554.72 ലക്ഷം രൂപയും, വിറ്റുവരവിൽ നിന്നുള്ള ആദായം 3,049.32 ലക്ഷം രൂപയും ഗ്രാൻറ്, എംഡിഎ, പലിശ, പ്രോസസ്സിംഗ് ചാർജ്ജ് തുടങ്ങിയവ 19.25 ലക്ഷം രൂപയുമായിരുന്നു. 2017–18 വർഷത്തിൽ –390.13 ലക്ഷം രൂപയുടെയും 2018–19 കാലയളവിൽ –845.16 ലക്ഷം രൂപയുടെയും നഷ്ടം ഉണ്ടായി. ഹൻടെക്സിന്റെ വിശദാംശങ്ങൾ **അനുബന്ധം 4.6.3** ൽ നൽകിയിരിക്കുന്നു.

സഹകരണമേഖല

സഹകരണ മേഖലയിൽ ഫാക്ടറി രൂപത്തിലും കുടിൽ വ്യവസായത്തിലുമുള്ള സൊസൈറ്റികൾ ഉൾപ്പെടുന്നു. 2018–19 ൽ ഈ മേഖലയിൽ 624 കൈത്തറി സഹകരണ സംഘങ്ങളുണ്ടായിരുന്നു. ഇതിൽ 183 എണ്ണം ഫാക്ടറി തരവും 441 എണ്ണം കോട്ടേജ് തരവുമാണ്. വിശദാംശങ്ങൾ **അനുബന്ധം 4.6.4** ൽ നൽകിയിരിക്കുന്നു.

2018–19 ൽ ഉൽപാദന മൂല്യം 94.05 കോടി രൂപയായിരുന്നു. മൊത്തം വിറ്റുവരവ് 79.96 കോടി രൂപയും, നെയ്ത്തുകാരുടെ എണ്ണം 12,545 ഉം (അതിൽ 9732 സ്ത്രീകളും) സൃഷ്ടിക്കപ്പെട്ട തൊഴിലവസരങ്ങൾ 37.01 ലക്ഷം മനുഷ്യദിനങ്ങളും ആയിരുന്നു. മുൻ സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് ഇവയെല്ലാം താഴ്ന്ന നിരക്കിൽ കാണുന്നു. വിശദാംശങ്ങൾ **അനുബന്ധം 4.6.8** നൽകിയിരിക്കുന്നു.

യന്ത്രത്തറി മേഖല

2018–19 കാലയളവിൽ നാല് യന്ത്രത്തറി സഹകരണ സംഘങ്ങളുടെ നവീകരണത്തിനായി, 81.42 ലക്ഷം രൂപ നൽകിയിരുന്നു. തറികളുടെ നവീകരണത്തിനുശേഷം, ഉൽപാദനക്ഷമതയും തൊഴിലാളികളുടെ വേതനവും വർദ്ധിച്ചിട്ടുണ്ട്. നവീകരണത്തിനുശേഷം ഒരു നെയ്ത്തുകാരന് 8 തറികൾ നോക്കി നടത്താം. നേരത്തെ ഒരു നെയ്ത്തുകാരൻ രണ്ട് തറികളുടെ മേൽനോട്ടമായിരുന്നു നടത്തിയിരുന്നത്. യന്ത്രത്തറി മേഖലയിൽ 2018–19ൽ തുണി ഉത്പാദനം 64.4 ലക്ഷം മീറ്ററും, ഉൽപാദന മൂല്യം 627.52 ലക്ഷം രൂപയും ഉൽപാദനക്ഷമത തറിയൊന്നിന് 6,177.61 മീറ്ററും, മൊത്തം വിറ്റുവരവ് 407.67 ലക്ഷം രൂപയും ആയിരുന്നു. സംസ്ഥാനത്തെ മൊത്തം യന്ത്രത്തറികളുടെ എണ്ണം 2018–19 ൽ 1036 ആയിരുന്നു. ജോലി ചെയ്യുന്ന സ്ത്രീകളുടെ എണ്ണം 2018–19ൽ 453 ആയി വർദ്ധിച്ചു. 2018–19 ൽ തുണിയുടെ മൊത്തം ഉത്പാദനം 64.4 ലക്ഷം മീറ്ററായും, ഉൽപാദന മൂല്യം 2018–19 ൽ 627.52 ലക്ഷം രൂപയായും വർദ്ധിച്ചു. ഉൽപാദനക്ഷമത തറിയൊന്നിന് 2017–18 ലെ 6,482.84 മീറ്ററിൽ നിന്ന് 2018–19 ൽ 6,177.61 മീറ്ററായി കുറഞ്ഞു. വിശദാംശങ്ങൾ **അനുബന്ധം 4.6.9** ൽ നൽകിയിരിക്കുന്നു.

തുണി വ്യവസായ മേഖല–സ്പിന്നിംഗ് മില്ലുകൾ

കേരളത്തിലെ ടെക്സ്റ്റൈൽ വ്യവസായം പൊതുമേഖലയിലും സഹകരണ മേഖലയിലുമായി വ്യാപിച്ചിരിക്കുന്നു. പൊതു/സഹകരണ മേഖലയിൽ സംയുക്തമായി 13 സ്പിന്നിംഗ് മില്ലുകൾ ഉണ്ട്. ആഗോളവൽക്കരണത്തിന്റെ വിവിധ കാരണങ്ങളാൽ, ഇന്ത്യയിലെ സ്പിന്നിംഗ് വ്യവസായം കടുത്ത പ്രതിസന്ധി നേരിടുകയും കേരളത്തിലെ പൊതു മേഖലയിലെയും സഹകരണ മേഖലയിലെയും തുണി മില്ലുകൾ വൻതോതിൽ നഷ്ടത്തിലാകുകയും ചെയ്തു.

റിയാബ്, ടെക്സ്ഫെഡ്, കെ.എസ്.ടി.സി, വ്യക്തിഗത സ്പിന്നിംഗ് മില്ലുകളുടെ മാനേജിംഗ് ഡയറക്ടർമാർ എന്നിവരടങ്ങുന്ന ഒരു സമിതി പ്രൊഫഷണലായി കൈകാര്യം ചെയ്യുന്ന കേന്ദ്രീകൃത വാങ്ങൽ സംവിധാനത്തിലൂടെ സംസ്ഥാനത്തെ മുഴുവൻ ടെക്സ്റ്റൈൽ മേഖലയ്ക്കും വേണ്ടി പരുത്തി സംഭരിക്കുന്നു. ഡിപ്പോ സംവിധാനത്തിലൂടെ നടത്തുന്ന നൂലിന്റെ വിൽപ്പന അതേ കമ്മിറ്റി നിരീക്ഷിക്കുന്നു. തൽഫലമായി, അസംസ്കൃത വസ്തുക്കളുടെ വില ഗണ്യമായി കുറയുകയും മേഖലയുടെ പ്രവർത്തനം മെച്ചപ്പെടുകയും ചെയ്തു.

മില്ലുകളിൽ നിലനിൽക്കുന്ന പ്രതിസന്ധിയെക്കുറിച്ച് പഠിക്കാൻ സർക്കാർ രൂപീകരിച്ച വിദഗ്ദ്ധ സമിതി സംസ്ഥാനത്തെ അഞ്ച് സഹകരണ സ്പിന്നിംഗ് മില്ലുകൾ നവീകരിക്കാൻ ശുപാർശ ചെയ്തു. മലപ്പുറം കോ–ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ്, കണ്ണൂർ കോ–ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ്, പ്രിയദർശിനി കോപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ്, ക്വയിലോൺ കോ–ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് എന്നിവയുടെ നവീകരണത്തിന് സർക്കാർ അംഗീകാരം നൽകി.

മലപ്പുറം കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽ, കണ്ണൂർ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽ ആദ്യ ഘട്ടം നവീകരണം പൂർത്തിയായി. ഈ മില്ലുകളുടെ നവീകരണത്തിന്റെ രണ്ടാം ഘട്ടം ആരംഭിച്ചു.

ഉദുമ, പിണറായി, കോമളപുരം എന്നിവിടങ്ങളിൽ പുതിയ സ്പിന്നിംഗ് മില്ലുകൾ പ്രവർത്തനക്ഷമമാക്കിയത് സംസ്ഥാന സർക്കാരിന്റെ ശ്രദ്ധേയമായ ഒരു നേട്ടമാണ്. മലബാർ, തിരുവനന്തപുരം, കണ്ണൂർ സ്പിന്നിംഗ് മിൽസ് എന്നിവിടങ്ങളിൽ നിന്നും തായ്‌ലൻഡ്, ചൈന, ശ്രീലങ്ക, ബർമ തുടങ്ങിയ രാജ്യങ്ങളിലേക്ക് നൂലിന്റെ (6.59 ലക്ഷം മീറ്റർ) കയറ്റുമതി ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചതാണ് മറ്റൊരു നേട്ടം. കേരള സ്റ്റേറ്റ് സ്പിന്നിംഗ് മില്ലുകൾ 2018-19 കാലയളവിൽ സ്കൂൾ യൂണിഫോം പ്രോഗ്രാമിനായി 18.46 ലക്ഷം കിലോ നൂൽ നൽകി.

കേരള സംസ്ഥാന കൈത്തറി വികസന കോർപ്പറേഷൻ (ഹാൻവീവ്)

അസംഘടിത മേഖലയിലെ പരമ്പരാഗത നെയ്ത്തുകാരുടെ ക്ഷേമത്തിനും വികസനത്തിനുമായി 1968 ൽ ഹാൻവീവ് രൂപീകരിച്ചു. വൈവിധ്യമാർന്ന കൈത്തറി ഉൽപന്നങ്ങളുടെ നിർമ്മാണത്തിലും വിപണനത്തിലും ഇത് ഏർപ്പെട്ടിരിക്കുന്നു. നിലവിൽ, ഹാന്വീവിന് 49 ഷോറൂമുകളും 3 എക്സ്ക്ലൂസീവ് ഏജൻസി ഷോറൂമുകളും 34 പ്രൊഡക്ഷൻ സെന്ററുകളുമുണ്ട്. ഫെസ്റ്റിവൽ സീസണുകളിൽ കോർപ്പറേഷൻ എക്സിബിഷനുകൾ നടത്തുകയും ദേശീയ അന്തർദേശീയ തലത്തിൽ നടത്തുന്ന എക്സ്പോകളിൽ പങ്കെടുക്കുകയും ചെയ്യുന്നു. 2018-19 സാമ്പത്തിക വർഷത്തിലെ ആകെ വിൽപ്പന 1,713.60 ലക്ഷം രൂപയായിരുന്നു. (താൽക്കാലികം). 2018-19 കാലയളവിലെ നഷ്ടം 743.30 ലക്ഷം രൂപയായിരുന്നു. 2018-19 അവസാനം മൊത്തം നഷ്ടം 10,187.73 ലക്ഷം രൂപയാണ്. ഹാൻവീവിന്റെ വിശദാംശങ്ങൾ **അനുബന്ധം 4.6.5, അനുബന്ധം 4.6.6** എന്നിവയിൽ നൽകിയിരിക്കുന്നു.

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാൻഡ്‌ലൂം ടെക്നോളജി (ഐ.ഐ.എച്ച്.ടി) കണ്ണൂർ

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാൻഡ്‌ലൂം ടെക്നോളജി 1987 ൽ സ്ഥാപിതമായി. ഇപ്പോൾ, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാൻഡ്‌ലൂം ടെക്നോളജിസിന്റെ കീഴിൽ (ഐ.ഐ.എച്ച്.ടി), ഇന്ത്യാ ഗവൺമെന്റിന്റെ ടെക്സ്റ്റൈൽ മന്ത്രാലയത്തിന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി പ്രവർത്തിക്കുന്നു.

ഐ.ഐ.എച്ച്.ടി - യുടെ സാങ്കേതിക പിന്തുണ സംവിധാനം കൈത്തറി മേഖലയിലെ ഗുണനിലവാര നിയന്ത്രണം മെച്ചപ്പെടുത്തിയിട്ടുണ്ട്. പ്രോജക്ട് കാലയളവിൽ വളരെയധികം കാര്യക്ഷമതയോടെ സമയബന്ധിതമായി സപ്ലൈ ചെയിൻ സംവിധാനം നിരീക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനുമുള്ള പദ്ധതി നടപ്പിലാക്കുന്നതിന് കൈത്തറി ഡയറക്ടറേറ്റ് പ്രധാന പങ്ക് വഹിക്കുന്നുണ്ട്. കൈത്തറി മേഖലയിലെ നേട്ടങ്ങളുടെ വിശദാംശങ്ങൾ **ബോക്സ് 4.6.2** ൽ നൽകിയിട്ടുണ്ട്.

കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ ലിമിറ്റഡ് (കെ.എസ്.ടി.സി)

ടെക്സ്റ്റൈൽ മില്ലുകൾ സ്ഥാപിക്കുക, പ്രവർത്തിപ്പിക്കുക എന്ന പ്രധാന ലക്ഷ്യത്തോടെ 1972 ൽ കേരള സർക്കാർ കെ.എസ്.ടി.സി. സ്ഥാപിച്ചു. കോർപ്പറേഷന്

ബോക്സ് 4.6.2 നേട്ടങ്ങൾ

കൈത്തറി:

എ) സ്കൂൾ യൂണിഫോം - 2016-17 മുതൽ 98 ലക്ഷം മീറ്റർ കൈത്തറി തുണി നെയ്തു. 74 ലക്ഷം മീറ്റർ വസ്ത്രം യൂണിഫോമായി സ്കൂൾ കുട്ടികൾക്ക് വിതരണം ചെയ്തു. 124.80 ലക്ഷം രൂപ 5,200 നെയ്ത്തുകാർക്കും ഏതാണ്ട് അത്രയും തന്നെ അനുബന്ധ തൊഴിലാളികൾക്കും വേതനമായി നൽകിയിട്ടുണ്ട്.

ബി) 1300 പേർ നെയ്ത്തുകാരായി പരിശീലനം നേടി ജോലിയിൽ ഏർപ്പെട്ടിരിക്കുന്നു. മേഖലയിൽ നിന്ന് പുറത്തുപോയ 1,390 നെയ്ത്തുകാർ തിരികെ വന്നു. 15 പ്രാഥമിക കൈത്തറി നെയ്ത്തുകാരുടെ സൊസൈറ്റികളുടെ പ്രവർത്തനം ഇതേ കാലയളവിൽ പുനരാരംഭിച്ചു.

സി) കൈത്തറി സഹകരണ സ്ഥാപനങ്ങൾക്ക് 68.94 കോടി രൂപയുടെ റിബേറ്റ് കുടിശ്ശിക നൽകി. "കൈത്തറി സുരക്ഷ പദ്ധതി" പ്രകാരം ബ്രാൻഡഡ് ഉൽപ്പന്നങ്ങൾ ഉൽപാദിപ്പിച്ചു. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തെ 3 സെൻട്രൽ ജയിലുകളിൽ നെയ്ത്ത് ആരംഭിച്ചു

ഡി) 2018 ലെ വെള്ളപ്പൊക്കത്തിൽ നാശനഷ്ടം സംഭവിച്ച ചേന്ദമംഗലം ഹാൻഡ് ലൂം വില്ലേജ് പുനരുജ്ജീവിപ്പിച്ചു. ആധുനികവൽക്കരണം നടന്നുകൊണ്ടിരിക്കുകയാണ്.

4 മില്ലുകളും 1 ഗവേഷണ പരീക്ഷണ കേന്ദ്രവുമുണ്ട്. പ്ലട്ട റാം, കോട്ടയം ടെക്സ്റ്റൈൽസ്, എഡരിക്കോഡ് ടെക്സ്റ്റൈൽസ്, മലബാർ സ്പിന്നിംഗ്, വീവിംഗ് മിൽസ് എന്നിവയാണ് കെ.എസ്.ടി.സി. യുടെ കീഴിലുള്ള മില്ലുകൾ. സീതാറാം ടെക്സ്റ്റൈൽസ്, തിരുവനന്തപുരം സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് എന്നീ രണ്ട് യൂണിറ്റുകൾ ഇപ്പോൾ കെ.എസ്.ടി.സിയുടെ ഭരണ നിയന്ത്രണത്തിലാണ്. മേൽപ്പറഞ്ഞവയ്ക്ക് പുറമേ, കെ.എസ്.ടി.സിക്ക് കീഴിൽ തിരുവനന്തപുരത്തെ ബലരാമപുരത്ത് ഒരു ഗവേഷണ–പരിശോധന വിഭാഗവും (സി.എ.ആർ.ഡി.റ്റി – സെന്റർ ഫോർ അപ്ലൈഡ് റിസർച്ച് ആൻഡ് ഡെവലപ്മെന്റ്) ഉണ്ട്.

കേരള സ്റ്റേറ്റ് കോ–ഓപ്പറേറ്റീവ് ടെക്സ്റ്റൈൽ ഫെഡറേഷൻ ലിമിറ്റഡ് (ടെക്സ്ഫെഡ്)

കേരളത്തിൽ സഹകരണ ടെക്സ്റ്റൈൽ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും കൈകാര്യം ചെയ്യുന്നതിനും ആസൂത്രണം ചെയ്യുന്നതിനും സഹായിക്കുന്നതിനും മേൽനോട്ടം വഹിക്കുന്നതിനുമുള്ള ഒരു സ്ഥാപനമായി 1992 ൽ ടെക്സ്ഫെഡ് സ്ഥാപിതമായി. സംസ്ഥാനത്തെ സഹകരണ സ്പിന്നിംഗ് മില്ലുകളുടെയും ഇന്റഗ്രേറ്റഡ് പവർലൂം കോ–ഓപ്പറേറ്റീവ് സൊസൈറ്റികളുടെയും പരമോന്നത സ്ഥാപനമാണ് ടെക്സ്ഫെഡ്. തുണി വ്യവസായത്തിന്റെ സ്പിന്നിംഗ്, നെയ്ത്ത്, പ്രോസസ്സിംഗ്, വസ്ത്രനിർമ്മാണം എന്നിവയുൾപ്പെടെയുള്ള എല്ലാ വിഭാഗങ്ങളെയും ഇത് സമന്വയിപ്പിക്കുന്നു. ടെക്സ്ഫെഡിലെ അംഗങ്ങളായി ഏഴ് സഹകരണ സ്പിന്നിംഗ് മില്ലുകളുണ്ട്. അവയിൽ അഞ്ചെണ്ണം സംസ്ഥാന സർക്കാരും രണ്ടെണ്ണം തിരഞ്ഞെടുക്കപ്പെട്ട ബോർഡുകളുമാണ് ഭരണം നടത്തുന്നത്.

2018–19 വർഷം ഹാൻഡ്ലൂം സെക്ടറിന്റെ വികസനത്തിനായി നടപ്പിലാക്കിയ പ്രധാന പദ്ധതികളും പരിപാടികളും

മുൻ വർഷങ്ങളിൽ ആരംഭിച്ച പദ്ധതികളായ ഹാൻടെക്സ്, ഹൻവീവ്, പിഎച്ച്ഡബ്ല്യുസിഎസ് എന്നിവയ്ക്കുള്ള സർക്കാർ പങ്കാളിത്തം, മാർക്കറ്റിംഗ്, കയറ്റുമതി പ്രമോഷൻ പദ്ധതി, നെയ്ത്തുകാർക്ക് ഗുണനിലവാരമുള്ള അസംസ്കൃത വസ്തുക്കളുടെ വിതരണം, പരിശീലനം, നൈപുണ്യ വികസനം എന്നിവയോടൊപ്പം പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി കാലയളവിൽ അവതരിപ്പിച്ച പദ്ധതികളും തുടരുന്നു. നിലവിലുള്ള സ്കീമുകൾ ചുവടെ ചേർത്തിരിക്കുന്നു.

1. കേരള കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി
2. പുതുമുഖങ്ങൾക്കായി നെയ്ത്ത് നൈപുണ്യ വികസന പരിശീലനം
3. കൈത്തറി മേഖലയിലെ സ്വയം തൊഴിൽ പദ്ധതി
4. നെയ്ത്തുകാർക്കും അനുബന്ധ തൊഴിലാളികൾക്കും പ്രചോദനം (ഉൽപാദന പ്രോത്സാഹനം)
5. മൂല്യവർദ്ധനവിനുള്ള സഹായം, ഉയർന്ന മൂല്യവർദ്ധിത ഉൽപ്പന്നം, ഉത്പാദനം.
6. കൈത്തറി സൊസൈറ്റികൾക്കായുള്ള ബിസിനസ് ഇൻകുബേഷൻ സെന്റർ.

കേരള കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി

സർക്കാർ മേഖലയിലെ ലോവർ പ്രൈമറി സ്കൂളിന് കൈത്തറി യൂണിഫോം മെറ്റീരിയലുകൾ വിതരണം ചെയ്തുകൊണ്ടാണ് പദ്ധതി ആരംഭിച്ചത്. ഹാൻവീവ്, ഹാൻടെക്സ്, ഡിഐസി എന്നിവരെ പ്രധാന പങ്കാളികളാക്കി നിലനിർത്തി ഡയറക്ടറേറ്റ് ഓഫ് ഹാൻഡ്ലൂം ആൻഡ് ടെക്സ്റ്റൈൽസിന്റെ നിയന്ത്രണത്തിനു വിധേയമാക്കിയിട്ടാണ് ഈ പദ്ധതി നടപ്പാക്കിയത്. ഈ പദ്ധതി കൈത്തറി മേഖലയിലെ പ്രത്യക്ഷവും പരോക്ഷവുമായ എല്ലാ പങ്കാളികളെയും ഊർജ്ജസ്വലരാക്കി. ഈ പദ്ധതി തൊഴിലാളികൾക്ക് കൂടുതൽ ദിവസത്തെ തൊഴിൽ, മികച്ച വേതനം എന്നിവ നൽകുന്നതിന് പ്രയോജനപ്പെട്ടിട്ടുണ്ട്.

കൈത്തറി സഹകരണ സംഘങ്ങളുടെ നവീകരണവും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ഉന്നമനവും

നൂതനവും ഉയർന്ന മൂല്യമുള്ളതും മൂല്യവർദ്ധിതവുമായ ഉൽപന്നങ്ങൾ ഉൽപാദിപ്പിക്കുക, ബ്രാൻഡ് ഇക്വിറ്റി വികസിപ്പിക്കുന്നതിന് പ്രീ–ലൂം, പോസ്റ്റ്–ലൂം സൗകര്യങ്ങളുടെ നവീകരണം, ഷോറൂമുകളിൽ ജോലി ചെയ്യുന്നവരുടെ വിപണന കഴിവുകൾ മെച്ചപ്പെടുത്തൽ, ഷോറൂമുകളുടെ നവീകരണം എന്നിവയ്ക്ക് പദ്ധതി പ്രകാരം സഹായം നൽകുന്നു. ഹാൻടെക്സിന്റെയും ഹാൻവീവിന്റെയും ഷോറൂം നവീകരണത്തിന് പദ്ധതി സഹായം നൽകുന്നു. 2018–19 ബജറ്റിൽ 1200 ലക്ഷം രൂപയായിരുന്നു. ഈ പദ്ധതിക്കായി വകയിരുത്തിയത്. അതിൽ, 210.68 ലക്ഷം രൂപ പുനരുജ്ജീവനത്തിനും ശക്തിപ്പെടുത്തലിനുമായി ഉപയോഗിച്ചു. വർക്ക്ഷെഡിനുള്ള സഹായം 7 പി.എച്ച്.ഡബ്ല്യു. സി.എസിനുള്ള സഹായം, 224 നെയ്ത്തുകാർക്കുള്ള സഹായം, 6 പി.എച്ച്.ഡബ്ല്യു.സി.എസിനുള്ള ഡൈ ഹൗസ് നവീകരണത്തിനുള്ള സഹായം തുടങ്ങിയവ 2018–19 ൽ ലഭ്യമാക്കിയിട്ടുണ്ട്.

കൈത്തറി നെയ്ത്തുകാർക്കുള്ള നൈപുണ്യ നവീകരണ പരിശീലനം

അതുല്യമായ ഡിസൈനുകളും മൂല്യവർദ്ധിതവും വൈവിധ്യമാർന്നതുമായ കൈത്തറി ഉൽപന്നങ്ങൾ നിർമ്മിക്കുന്നതിനായി പരമ്പരാഗത നെയ്ത്തുകാരുടെ അന്തർലീനമായതും കലാപരമായതുമായ കഴിവുകൾ വികസിപ്പിക്കുക എന്നതാണ് പദ്ധതിയുടെ

ലക്ഷ്യം. ഈ പദ്ധതി പ്രകാരം സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള പ്രതിഭാധനരായ നെയ്ത്തുകാർക്ക് (അതിൽ 50 ശതമാനമെങ്കിലും സ്ത്രീകളായിരിക്കും) പരിശീലനം നൽകുന്നു. അവരെ 'മാസ്റ്റർ നെയ്ത്തുകാർ', ആക്കി മാറ്റുന്നതിന് ലക്ഷ്യമിടുന്നു. ഈ ഫണ്ട് ഇന്ത്യാ ഗവൺമെന്റിന്റെ സംയോജിത നൈപുണ്യ വികസനത്തിനുള്ള സംസ്ഥാന സർക്കാരിന്റെ ഓഹരിയായി ഉപയോഗപ്പെടുത്താം. നെയ്ത്തുകാർക്ക് 2018–19 കാലയളവിൽ നൈപുണ്യ വികസന പരിശീലനം നൽകി.

ഹാൻവീവ്, ഹാൻഡെക്സ് എന്നിവയിലേക്കുള്ള ഓഹരി പങ്കാളിത്തം

മൂലധന അടിത്തറ ശക്തിപ്പെടുത്തുന്നതിനും ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് കൂടുതൽ പണമിടപാട് സൗകര്യങ്ങൾക്ക് അർഹരാക്കുന്നതിനും ഹൻവീവ്, ഹാൻടെക്സ് എന്നിവയ്ക്ക് 2:3 എന്ന അനുപാതത്തിൽ സർക്കാർ പങ്കാളിത്തം നൽകാനാണ് പദ്ധതി ലക്ഷ്യമിടുന്നത്. പുനരുജ്ജീവിപ്പിക്കൽ, നവീകരണം, വൈവിധ്യവൽക്കരണം എന്നിവയ്ക്കായി നൽകിയിട്ടുള്ള അടങ്കൽ പ്രായോഗിക പദ്ധതി നിർദ്ദേശങ്ങളെ അടിസ്ഥാനമാക്കി ഉപയോഗപ്പെടുത്തും. 2018–19 ൽ 80 ലക്ഷം രൂപയും 120 ലക്ഷം രൂപയും യഥാക്രമം ഹാൻവീവ്, ഹാൻടെക്സ് എന്നിവയ്ക്കായി നൽകിയിട്ടുണ്ട്. 27.90 കോടി രൂപയ്ക്ക് ഉൽപ്പന്നങ്ങൾ വിൽക്കാൻ ഹാൻടെക്സിന് സാധിച്ചു. വിവിധ സർക്കാർ വകുപ്പുകൾക്ക് 8.3 കോടി രൂപയ്ക്ക് തുണി ഉൽപന്നങ്ങളും 1.64 കോടി രൂപയ്ക്ക് ത്രെഡ് ഉൽപ്പന്നങ്ങളും വിൽക്കാൻ കഴിഞ്ഞു.

നെയ്ത്തുകാർ / അനുബന്ധ തൊഴിലാളികൾക്കായി പ്രചോദന പരിപാടി

ആകർഷകമായ ആനുകൂല്യങ്ങൾ നൽകിക്കൊണ്ട് ഉൽപാദനക്ഷമത മെച്ചപ്പെടുത്തുന്നതിന് നെയ്ത്തുകാരെയും അനുബന്ധ തൊഴിലാളികളെയും പ്രേരിപ്പിക്കുക എന്നതാണ് ഈ പരിപാടി. ഈ പരിപാടിയിൽ 4,314 നെയ്ത്തുകാർക്ക് പ്രയോജനം ലഭിച്ചു. സ്കീം അനുസരിച്ച് വ്യക്തിഗത നെയ്ത്തുകാർക്ക് പ്രതിദിനം 150 / രൂപ (ശരാശരി) നൽകും. 500 ലക്ഷം രൂപ അനുവദിക്കുകയും 2018–19 ൽ മുഴുവൻ തുകയും ചെലവഴിക്കുകയും ചെയ്തു.

പങ്കാളിത്ത ത്രിഫ്റ്റ് ഫണ്ട് സ്കീം

ഈ പദ്ധതി പ്രകാരം വരിക്കാരുടെ ചികിത്സാ ചെലവുകൾ, വിവാഹത്തിനും കുട്ടികളുടെ വിദ്യാഭ്യാസത്തിനുമുള്ള ചെലവുകൾ, വീട് വാങ്ങൽ, ഭൂമി വാങ്ങൽ, കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾ എന്നിവയ്ക്കായി നെയ്ത്തുകാർക്ക് സഹായമായി ത്രിഫ്റ്റ് ഫണ്ട് നൽകുന്നു. 2018–19 സാമ്പത്തിക വർഷത്തിൽ 100 ലക്ഷം രൂപ അനുവദിച്ചതിൽ 99.95 ലക്ഷം രൂപയും വിനിയോഗിച്ചു. ഇതിന്റെ ഗുണഭോക്താക്കളിൽ 50 ശതമാനവും വനിതാ നെയ്ത്തുകാരാണ്. പദ്ധതി പ്രകാരം കുറഞ്ഞത് 8 ശതമാനം വേതനം നെയ്ത്തുകാരനിൽ നിന്ന് ഈടാക്കുകയും തുല്യ ശതമാനം സർക്കാർ നൽകുകയും ചെയ്യുന്നു. 2018–19 ൽ 3,808 നെയ്ത്തു ഗുണഭോക്താക്കളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

പ്രശ്നങ്ങൾ / വെല്ലുവിളികൾ

- പ്രവർത്തന മൂലധനത്തിന്റെ അഭാവവും അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കുന്നതിലുള്ള പ്രയാസവും മേഖല അഭിമുഖീകരിക്കുന്ന വെല്ലുവിളികളിൽ ചിലതാണ്.
- കേരളത്തിൽ സ്പിന്നിംഗ്, നെയ്ത്ത് എന്നിവയിൽ ഏർപ്പെട്ടിരിക്കുന്ന മില്ലുകൾ ചോദനത്തിലും വിതരണത്തിലും പ്രശ്നങ്ങൾ നേരിടുന്നു. കാലഹരണപ്പെട്ട യന്ത്രങ്ങൾ, കടുത്ത മത്സരം, അസംസ്കൃത വസ്തുക്കളുടെ ഉയർന്ന വില, ഉൽപാദനക്ഷമത കുറയുക, ലാഭം കുറയുക, പ്രവർത്തന മൂലധനത്തിന്റെ അഭാവം എന്നിവയും കേരളത്തിലെ ടെക്സ്റ്റൈൽ മേഖലയെ ആശങ്കപ്പെടുത്തുന്നു. സംസ്ഥാനത്തെ ഭൂരിഭാഗം ടെക്സ്റ്റൈൽ സ്പിന്നിംഗ് മില്ലുകളും 25 വർഷത്തിലധികം പഴക്കമുള്ളതാണ്. അവ കാലഹരണപ്പെട്ട സാങ്കേതികവിദ്യകളും ഉപകരണങ്ങളും ഉപയോഗിക്കുന്നു. ചില യൂണിറ്റുകളിൽ ഭാഗിക നവീകരണത്തിന് ശ്രമിച്ചുവെങ്കിലും അത് നിലവിലെ വ്യവസായ അവസ്ഥക്ക് ഒപ്പമാകുന്നതായിരുന്നില്ല.

മുന്നോട്ടുള്ള വഴി

- കേരളത്തിൽ വസ്ത്രങ്ങൾക്ക് ഒരു വലിയ കമ്പോളമുണ്ടെന്നതിനാൽ, ടെക്സ്റ്റൈൽ വ്യവസായത്തിന്റെ മുഴുവൻ മൂല്യ ശൃംഖലയിൽ (സ്പിന്നിംഗ് മുതൽ വസ്ത്രങ്ങൾ വരെ) വിവിധ വിഭാഗങ്ങളിൽ ഒരു പ്രധാന പങ്കാളിയായി ഉയർന്നുവരാൻ സംസ്ഥാനത്തിന് കഴിവുണ്ട്.
- സർക്കാർ ഉടമസ്ഥതയിലുള്ള ഷോറൂമുകളിലൂടെ കൈത്തറി, വസ്ത്ര ഉൽപന്നങ്ങളുടെ നേരിട്ടുള്ള വിപണനം ഒരു സുപ്രധാന ചുവടുവെപ്പായിരിക്കും.
- മാർക്കറ്റിംഗുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ, ധനപരമായ പ്രശ്നങ്ങൾ, അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവ്, കാലഹരണപ്പെട്ട സാങ്കേതികവിദ്യ, ഫാബ്രിക് പ്രോസസ്സിംഗ് സൗകര്യങ്ങളുടെ അഭാവം എന്നിവയാണ് കേരളത്തിലെ പവർലൂം വ്യവസായം നേരിടുന്ന പ്രശ്നങ്ങൾ. നെയ്ത്തുകാർക്ക് സർക്കാർ ലഭ്യമാക്കിയിട്ടുള്ള സൗകര്യങ്ങളെക്കുറിച്ച് അവബോധമില്ലായ്മയും ഒരു പ്രശ്നമാണ്.
- കേരളത്തിലെ യുവാക്കളെയും വിദ്യാസമ്പന്നരെയും

ഈ മേഖലയിലേക്ക് സംരഭകരായോ തൊഴിലാളികളായോ ആകർഷിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ടെക്സ്റ്റൈൽ മേഖല കണ്ടെത്തേണ്ടതുണ്ട്.

ഉപസംഹാരം

തുണിമേഖലയുടെ നവീകരികരണത്തിനായി കേരള സർക്കാർ നിരവധി നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. അതേ സമയം കൈത്തറി, യന്ത്രത്തറി സഹകരണ സംഘങ്ങളിലെ തൊഴിലാളികളുടെ താൽപര്യങ്ങൾ ഉറപ്പാക്കുകയും ചെയ്യുണ്ടതാണ്. വിവിധ മേഖലകളിലെ പുതിയ ഉൽപ്പന്നങ്ങൾ, വിപണന തന്ത്രങ്ങൾ, കണ്ടുപിടിത്തങ്ങൾ എന്നിവ ഈ മേഖലയിലെ ഭാവിയിലെ വിജയത്തിന് നിർണ്ണായകമാണ്.

ഖാദി ഗ്രാമ വ്യവസായങ്ങൾ

ഇന്ത്യയിലെ ഖാദി ഗ്രാമ വ്യവസായ മേഖല

ഗ്രാമീണ കരകൗശല തൊഴിലാളികൾക്ക് കുറഞ്ഞ മൂലധനനിക്ഷേപത്തിൽ വേണ്ടത്ര തൊഴിൽ അവസരം സൃഷ്ടിക്കുന്നതിന് ഖാദി ഗ്രാമ വ്യവസായ മേഖലയ്ക്ക് വലിയ സാധ്യതയാണുള്ളത്. ഖാദി ഉൽപ്പന്നങ്ങളുടെ ഉല്പ്പാദനം, വിപണനം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിന് നിയമപരമായി പ്രവർത്തിക്കുന്ന ഒരു ഭാരത സർക്കാർ സ്ഥാപനമാണ് ഖാദി ഗ്രാമ വ്യവസായ കമ്മീഷൻ (കെ.വി.ഐ.സി). കെ.വി.ഐ.സി.യുടെ കീഴിൽ ഉൽപ്പാദന പ്രക്രിയയിൽ പങ്കാളികളായിട്ടുള്ള ആകെ 4.95 ലക്ഷം കൈതൊഴിലുകാർ രാജ്യത്താകെയുള്ള 2632 ഖാദി സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നു .ഇതിൽ ഭൂരിഭാഗവും (80 ശതമാനം) സ്ത്രീകളാണ്.

ഇന്ത്യയിലെ ഖാദി ഗ്രാമ വ്യവസായ മേഖലയിലെ ഉൽപ്പാദനം (പോളി വസ്ത്രവും സോളാർ വസ്ത്രവും ഉൾപ്പെടെ) 2017–18 ലെ 48081.41 കോടി രൂപയിൽ നിന്ന് 2018–19 ൽ 58218.48 കോടി (താൽക്കാലികം) രൂപയായി വളർന്നു. സമാനമായി ഖാദി ഉൽപ്പന്നങ്ങളുടെ വിൽപ്പന 2017–18 ൽ 59182.43 കോടി രൂപയിൽ നിന്ന് 2018–19 ൽ 74328.81 കോടി (താൽക്കാലികം) രൂപയായി വളർച്ച നേടിയിട്ടുണ്ട്. ഖാദി ഗ്രാമ വ്യവസായ മേഖലയിലെ തൊഴിലവസരങ്ങൾ 2017–18 ലെ 140.36 ലക്ഷത്തിൽ നിന്നും 2018–19 ൽ 146.98 ലക്ഷമായി(താൽക്കാലികം)വർദ്ധിച്ചിട്ടുണ്ട്.
(അവലംബം: വാർഷിക റിപ്പോർട്ട്-2018-19, സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭക മന്ത്രാലയം, ഭാരത സർക്കാർ)

ഇന്ത്യയിലെ ഖാദി ഗ്രാമ വ്യവസായ മേഖലയിൽ ഉല്പ്പാദനം, വിപണനം, തൊഴിൽ എന്നീ രംഗങ്ങളിൽ കേരളത്തിന്റെ പങ്ക് മൊത്തം ഇന്ത്യൻ ജനസംഖ്യയുടെ കേരളത്തിന്റെ വിഹിതത്തേക്കാൾ കുറവാണ് (**പട്ടിക 4.6.2** കാണുക).

കേരളത്തിലെ ഖാദി, ഗ്രാമ വ്യവസായ മേഖല

ഖാദി, ഗ്രാമ വ്യവസായങ്ങളിലെ മൊത്തം തൊഴിൽ 2014–15 ൽ 1.08 ലക്ഷത്തിൽ നിന്ന് 2015–16ൽ 1.05 ലക്ഷമായി കുറഞ്ഞു. ഇത് 2017–18ൽ 1.06 ലക്ഷമായും 2018–19 ൽ 1.07 ലക്ഷമായും (ഡിസംബർ 31, 2018 വരെ) നിലകൊണ്ടു. ഈ കാലയളവിൽ ഉൽപാദനം വർദ്ധിച്ചുവെങ്കിലും സംസ്ഥാനത്തിനുള്ളിലെ വിൽപ്പനയിൽ ഇടിവ് രേഖപ്പെടുത്തി. മിനിമം വേതനം, പിന്തുണ, ഉൽപാദന ആനുകൂല്യങ്ങൾ എന്നിവ നടപ്പാക്കിയത് ഖാദി മേഖലയുടെ വളർച്ചയെ സഹായിച്ചു. ഖാദിയുടെ വിപണി ഗണ്യമായി വർദ്ധിച്ചു. ഉൽപാദനത്തിന്റെ നവീകരണവും മെച്ചപ്പെട്ട സാങ്കേതികതകളും പ്രയോഗങ്ങളും അവതരിപ്പിക്കുന്നതും ഖാദി മേഖലയിലെ വളർച്ചയെ സഹായിച്ചു.

പട്ടിക 4.6.2 ഖാദി ഗ്രാമ വ്യവസായ മേഖലയിലെ ഉല്പ്പാദനം, വിപണനം, തൊഴിൽ സൃഷ്ടി, കേരളവും ഇന്ത്യയും

വർഷം	ഉൽപ്പാദനം (കോടിയിൽ)		സംസ്ഥാന വിഹിതം	വിൽപ്പന (കോടിയിൽ)		സംസ്ഥാന വിഹിതം	മൊത്തം തൊഴിൽ സൃഷ്ടി (ലക്ഷം ജനങ്ങളിൽ)		സംസ്ഥാന വിഹിതം ശതമാനം
	ഇന്ത്യ	കേരളം		ഇന്ത്യ	കേരളം		ഇന്ത്യ	കേരളം	
1	2	3	4	5	6	7	8	9	10
2014–15	27569.4	136.4	0.5	33135.9	170.0	0.5	134.3	1.1	0.8
2015–16	34490.2	160.4	0.5	41894.6	161.3	0.4	137.8	1.1	0.8
2016–17	42631.09	172.08	0.5	52138.21	163.76	0.4	136.40	1.06	0.8
2017–18	48081.41	183.95	0.38	59182.43	276.35	0.3	140.36	1.06	0.75
2018–19	58218.48	179.20	0.30	74328.81	268.39	0.4	146.98	1.07	0.72
2018–19 (31/12/2018 വരെ)	58218.48	179.20	0.30	74328.81	268.39	0.4	146.98	1.07	0.72

അവലംബം: വാർഷിക റിപ്പോർട്ട് 2018-19, എം.സ്.എം.ഇ മാന്ത്രലയം, ഭാരത സർക്കാർ & ഖാദി ഗ്രാമ വ്യവസായ ബോർഡ്, കേരളസർക്കാർ

പട്ടിക.4.6.3 കേരളത്തിലെ ഖാദി ഗ്രാമ വ്യവസായ മേഖലയിലെ ഉൽപ്പാദനം, വിൽപ്പന, തൊഴിൽ, നൽകിയ വേതനം

വർഷം	ഉൽപ്പാദനം (രൂപ കോടിയിൽ)	വിൽപ്പന (രൂപ കോടിയിൽ)	തൊഴിൽ (എണ്ണം)	നൽകിയ വേതനം (രൂപ കോടിയിൽ)
2014–15	136.35	170.03	108646	88.79
2015–16	160.38	161.30	105908	101.03
2016–17	171.74	163.76	106453	103.51
2017–18	183.95	276.35	106144	115.22
2018–19	179.20	268.39	107510	106.59

അവലംബം : കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ്

കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് (കെ.കെ.വി.ഐ.ബി.)

കേരള ഖാദി ഗ്രാമ വ്യവസായത്തെ സംഘടിപ്പിക്കൽ, വികസിപ്പിക്കൽ, പരിപോഷിപ്പിക്കൽ എന്നീ ദൗത്യങ്ങൾ നിറവേറ്റുന്നതിന് ഉദ്ദേശിച്ച് രൂപീകരിച്ച നിയമ സ്ഥാപനമാണ് വ്യവസായ വാണിജ്യ വകുപ്പിന് കീഴിലുള്ള കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ്. 2018–19 ൽ, കേരളത്തിലെ ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ പൂർണനിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിൽ നിന്നും ആകെ ഉല്പാദിപ്പിച്ച ഉൽപ്പന്ന മൂല്യം 63.15 കോടി രൂപയുടേതാണ്. സംസ്ഥാന പദ്ധതിയ്ക്ക് കീഴിൽ വരുന്ന പ്രത്യേക തൊഴിൽ സൃഷ്ടിക്കൽ പദ്ധതി (എസ്.ഇ.ജി.പി) (എന്റെ ഗ്രാമം), കെ.വി.ഐ.സി.യുടെ പ്രധാനമന്ത്രി തൊഴിൽ സൃഷ്ടിക്കൽ പദ്ധതി (പി.എം.ഇ.ജി.പി) ഉൾപ്പെടെയുള്ള വിവിധ പദ്ധതികൾ ബോർഡ് നടപ്പിലാക്കുന്നുണ്ട്. ജില്ലാതല അവബോധ ക്യാമ്പും, പ്രദർശനങ്ങളും സംഘടിപ്പിക്കുകയും, പി.എം.ഇ.ജി.പി, എന്റെ ഗ്രാമം തുടങ്ങിയ പദ്ധതികൾക്ക് കീഴിൽ നടപ്പിലാക്കുന്നവയെ സംബന്ധിച്ചുള്ള വിവരങ്ങൾ നോട്ടീസിലൂടെയും അച്ചടി മാധ്യമങ്ങളിലൂടെ അച്ചടിച്ച് വിതരണം ചെയ്യുകയും ചെയ്തു.

2014–15 മുതൽ 2018–19 വരെയുള്ള കഴിഞ്ഞ അഞ്ച് വർഷങ്ങളിലുള്ള ഖാദിഗ്രാമ വ്യവസായത്തിന്റെ ഉത്പാദനം, വിൽപ്പന, തൊഴിൽ, നൽകിയ വേതനം എന്നിവയുടെ വളർച്ചയുടെ പ്രവണത **പട്ടിക 4.6.3** ൽ കാണിച്ചിരിക്കുന്നു.

ഖാദി, ഗ്രാമ വ്യവസായ മേഖലയിലെ ഉൽപാദന മൂല്യം 2014–15 മുതൽ വർദ്ധിച്ചുവരുന്നു. ഉൽപാദനത്തിന്റെ ആധുനികവൽക്കരണം, മെച്ചപ്പെട്ട ഉപകരണങ്ങൾ അവതരിപ്പിക്കൽ, ഖാദിയുടെ വിപണി ആവശ്യത്തിലുണ്ടായ വർധനവ് എന്നിവയാണ് ഇതിന് പ്രധാന കാരണം. എന്നാൽ 2018–19 ൽ കുറവുണ്ടായി. വിൽപ്പന 2016–17, 2017–18 വർഷങ്ങളിൽ വർദ്ധിച്ചുവരുന്ന പ്രവണത കാണിച്ചു, അതിനുശേഷം 2018–19 ൽ കുറഞ്ഞു. 2016–17, 2018–19 വർഷങ്ങളിൽ തൊഴിൽ നേരിയ വർധനവ് കാണിക്കുകയും 2014–

പട്ടിക 4.6.4. കേരളത്തിലെ ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ വിഹിതവും അതിന്റെ ചെലവും (രൂപ ലക്ഷത്തിൽ)

ഇനം	2017–18		2018–19	
	വരവ്	ചെലവ്	വരവ്	ചെലവ്
സംസ്ഥാന സർക്കാർ ഗ്രാന്റ്–പദ്ധതി വിഹിതം 1. ഭരണ ചെലവുകൾ (ബജറ്റ് വിഹിതം) 2. ഇൻകം സപ്പോർട്ട് സ്കീം (ഡി ഐ സി വഴിയുള്ള ഫണ്ട്)	1183.00 2450.00	1183.00 2450.00	1066.56 2180	1066.56 2180
സംസ്ഥാന സർക്കാർ ഗ്രാന്റ് – പദ്ധതിയേതരം 1.പദ്ധതിയേതര– ഭരണ ചെലവുകൾ 2.പദ്ധതിയേതര – പ്രത്യേക ഇളവ്	4016.72 900+1050	4792.08 1950.00	4617.55 1500	5129.57 1500
കെ.വി.ഐ.സി ഗ്രാന്റ് PMEGP – മാർജിൻ മണി സഹായം	700.12	360.69	1260.26	1134.47

അവലംബം: ഖാദി ഗ്രാമ വ്യവസായ ബോർഡ്, കേരള സർക്കാർ

15 മുതൽ 2017–18 വരെ വേതനം നൽകിയത് വർദ്ധിക്കുകയും ചെയ്തു.

ഖാദി വ്യവസായ ബോർഡിന് 2017–18, 2018–19 വർഷങ്ങളിൽ വിവിധ തലങ്ങളിൽ നിന്നു ലഭിച്ച വിഹിതവും അതിന്റെ ചെലവും **പട്ടിക 4.6.4**ൽ ചേർത്തിരിക്കുന്നു.

ബജറ്റ് 2019–20

2019–20 വാർഷിക പദ്ധതിയിൽ വകയിരുത്തിയ പദ്ധതി വിഹിതം 1,443 ലക്ഷം രൂപയും ചെലവ് 2019 ഒക്ടോബർ 31 വരെ, 531.61 ലക്ഷം രൂപയുമാണ് (36.84 ശതമാനം). ഈ മേഖലയിൽ നടപ്പിലാക്കിയ ആകെ പദ്ധതികളുടെ എണ്ണം 12 ആണ്. ഇതിൽ 'ഖാദി പട്ടുനൂൽ വീവിംഗ് പദ്ധതി' എന്ന പുതിയ പദ്ധതിയും ഉൾപ്പെടുന്നു.

പ്രധാന സംസ്ഥാന പദ്ധതികളും നേട്ടങ്ങളും

2019–20 കാലയളവിൽ, സംസ്ഥാന സർക്കാർ വ്യാവസായിക അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും, സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനും, തൊഴിലവസരങ്ങൾ വികസിപ്പിക്കുന്നതിനും, നൈപുണ്യ വികസനവും പരിശീലനവും നൽകുന്നതിനുമായി വിവിധ പദ്ധതികൾ വിജയകരമായി നടപ്പാക്കി. പ്രധാന പദ്ധതികളും നേട്ടങ്ങളും ചുവടെ ചേർക്കുന്നു

I.വ്യാവസായിക അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ/ പരിപാടികൾ

എ) കണ്ണൂർ ജില്ലയിലെ ഏറ്റുകുടുക്കയിൽ പരുത്തി സംസ്കരണ യൂണിറ്റിന്റെ വിപുലീകരണവും ആധുനികവത്ക്കരണവും

പരുത്തി സംസ്കരണ യൂണിറ്റുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തേണ്ടതിനാൽ കണ്ണൂർ ജില്ലയിലെ ഏറ്റുകുടുക്കയിൽ നിലവിലുള്ള പരുത്തി സംസ്കരണ യൂണിറ്റ് വികസിപ്പിച്ച് സംസ്കരിച്ച പരുത്തിയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും വകുപ്പുതല ഉല്പാദന കേന്ദ്രങ്ങളിലെ നൂൽ നൂൽപ്പുകാർക്ക് ആവശ്യമുള്ളതും ഗുണമേന്മയുള്ളതുമായ സ്ലിവേർ താങ്ങാവുന്ന വിലയ്ക്ക് നൽകുന്നതിനും ലക്ഷ്യമിടുന്നു.

ബി) വകുപ്പ് തല ഗ്രാമ വ്യവസായ യൂണിറ്റുകളുടെ സ്ഥാപനവും ശക്തിപ്പെടുത്തലും

വകുപ്പുതല ഗ്രാമ വ്യവസായ യൂണിറ്റുകളുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ളതാണ് ഈ പദ്ധതി. ഖാദി വ്യവസായ സമുച്ചയത്തിലെ അറ്റകുറ്റപ്പണികളും എറണാകുളം കിഴക്കമ്പലത്തെ ഹാൻഡ് മെയ്ഡ് പേപ്പർ യൂണിറ്റും കണ്ണൂർ പാപ്പിനിശ്ശേരിയിലെയും കോട്ടയത്തെ കുളത്തൂർ, തൃശ്ശൂരിലെ ഒല്ലാരിക്കര എന്നിവിടങ്ങളിലെയും പുതിയ പേപ്പർ ബാഗ് നിർമ്മാണ യൂണിറ്റും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. 2018–19 കാലയളവിൽ, 22 ലക്ഷം രൂപ വിനിയോഗിച്ചുകൊണ്ട് വകുപ്പ് പയ്യന്നൂർ ഖാദി സെന്ററിലെ റെഡിമെയ്ഡ് വസ്ത്ര യൂണിറ്റ് നവീകരിച്ചു.

സി) വകുപ്പ് തല ഖാദി ഉൽപാദന കേന്ദ്രങ്ങളുടെ ശക്തിപ്പെടുത്തലും നവീകരണവും

ഖാദി ഉൽപ്പാദന കേന്ദ്രങ്ങളിലെ നിലവിലുള്ള പണിശാലകളുടെ നവീകരണം സാങ്കേതികതാ നവീകരണം എന്നിവ ഈ പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുണ്ട്. അടിസ്ഥാനസൗകര്യവികസനത്തിന്റെ ഭാഗമായി പണിശാലകളുടെ നിർമ്മാണം, വനിതാ തൊഴിലാളികൾക്കാവശ്യമായ പൊതു സേവന സൗകര്യങ്ങൾ, പ്രീ ലൂം പ്രോസസിംഗ് യൂണിറ്റുകൾ, വകുപ്പ് തല നൂൽ നൂൽപ്പ്/ നെയ്ത്ത് /ഉൽപാദന കേന്ദ്രങ്ങളുടെ പുനരുദ്ധാരണം, ഗവേഷണവും വികസനവും എന്നിവ ഈ പദ്ധതിയിൽ ഏറ്റെടുത്തിരിക്കുന്നു.

ഡി). തേനീച്ച വളർത്തൽ വ്യവസായവികസനം

തേനീച്ച വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനായി ഖാദിഗ്രാമ വ്യവസായ ബോർഡ് തേനീച്ചയോട്കൂടിയ തേനീച്ചക്കൂടുകൾ സബ്സിഡി നിരക്കിൽ ലഭ്യമാക്കുകയും തേനീച്ച വളർത്തൽ പരിശീലനം നൽകുകയും ചെയ്യുന്നു. 2018–19 കാലയളവിൽ വകുപ്പ് ആധുനിക തേൻ സംസ്കരണ യൂണിറ്റിന്റെ ഭാഗിക ഘടകങ്ങൾ കോഴിക്കോട് ബാലുശ്ശേരിയിൽ സ്ഥാപിച്ചു.

ഇ) ഖാദിഗ്രാമം പരിപാടി

തിരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിലെ സ്ത്രീകൾ, ദുർബല വിഭാഗത്തിൽപ്പെട്ടവരുമായ 5000 പേർക്ക് ക്ലസ്റ്റർ മാതൃകയിൽ 3000 ചർക്കകളും 2000 തറികളും സ്ഥാപിച്ചുകൊണ്ട് പതിമൂന്നാം പഞ്ചവത്സര കാലയളവിൽ പുതിയ തൊഴിൽ സാധ്യത ഉറപ്പുവരുത്താൻ വിഭാവനം ചെയ്തിട്ടുള്ളതാണ് ഈ പദ്ധതി.

എഫ്) ഖാദി ബോർഡ് ഓഫീസുകളുടെ കമ്പ്യൂട്ടർവൽക്കരണം

ഐടി വകുപ്പുമായി കൂടിയാലോചിച്ച് തയ്യാറാക്കിയ ഐടി മാസ്റ്റർ പ്ലാനിനെ അടിസ്ഥാനമാക്കി ഖാദി ബോർഡ് ഓഫീസുകളുടെ പൂർണ്ണമായ കമ്പ്യൂട്ടറൈസേഷൻ, ഫയലുകളുടെ ഇ–ഫയലിംഗ്, ട്രാക്കിംഗ്, ഓൺലൈൻ മോണിറ്ററിംഗ് സിസ്റ്റം എന്നിവ ഉൾപ്പെടെയുള്ള പദ്ധതികൾ വിഭാവനം ചെയ്യുന്നു. 2018–19 ൽ, ബോർഡ് 75 കമ്പ്യൂട്ടറുകളും, 14 പ്രിന്ററുകളും, കമ്പ്യൂട്ടർ ടേബിളുകളും, കസേരകളും വാങ്ങി.

II. വ്യാവസായിക പ്രോത്സാഹന പദ്ധതികൾ

എ.ഖാദി നൂൽ നൂൽപ്പുകാർക്കും നെയ്ത്തുകാർക്കും ഉത്സവബത്തയും ഉല്പാദന പ്രോത്സാഹനവും

വാർഷിക ഉത്പാദനം, വില്പന, വരുമാനം എന്നിവയെ ആസ്പദമാക്കി ഖാദി നെയ്ത്തുകാർക്കും നൂൽനൂൽപ്പുകാർക്കും ഉല്പാദന പ്രോത്സാഹനവും ഖാദി തൊഴിലാളികൾക്ക് ഉത്സവബത്തയും നൽകൽ, ഉൽപ്പന്നങ്ങളിലെ മൂല്യവർധനവ്, മൂല്യ ശൃംഖലയിലെ ഇൻപുട്ട് ഔട്ട്പുട്ട് ലിങ്കേജ് കണക്കാക്കി തൊഴിൽ സൃഷ്ടിക്കൽ എന്നിവ ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. 2018–19 ൽ പദ്ധതിയുടെ ഭാഗമായി 13,000 ഖാദി കരകൌശലത്തൊഴിലാളികൾക്ക് ഉൽപാദന, ഉത്സവ ആനുകൂല്യങ്ങൾ നൽകി.

ബി.പ്രത്യേക തൊഴിൽ ദാന പദ്ധതി

ചെറുസംരംഭകർക്കും പരമ്പരാഗത കരകൗശലക്കാർക്കും ബാങ്ക് അധിഷ്ഠിത പ്രോജക്ടുകളിലൂടെ മാർജിൻ മണി നൽകുന്നതിനാണ് പദ്ധതി ഉദ്ദേശിക്കുന്നത്. 2018–19 കാലയളവിൽ വകുപ്പ്, 53 യൂണിറ്റുകൾക്ക് മാർജിൻ മണി നൽകുകയും 98 പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാൻ സഹായിക്കുകയും ചെയ്തു.

സി.പ്രധാന മന്ത്രിയുടെ തൊഴിൽദാന പദ്ധതി

പ്രധാനമന്ത്രിയുടെ തൊഴിൽദാന പദ്ധതി (പിഎംഇജിപി) പ്രകാരം സർക്കാർ സബ്സിഡി സൂക്ഷ്മ സംരംഭകരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് ക്രെഡിറ്റ് ചെയ്യും. 2018–19 കാലയളവിൽ 407 പ്രോജക്ടുകൾ ഏറ്റെടുക്കുകയും 1,124.41 ലക്ഷം രൂപ മാർജിൻ മണി ഗ്രാന്റായി വിതരണം ചെയ്യുകയും 3,774 തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്തു. പിഎംഇജിപിക്ക് കീഴിലുള്ള മൊത്തം ഉൽപാദനവും വിൽപ്പനയും യഥാക്രമം 10,316.97 ലക്ഷം രൂപയും, 13,333.76 ലക്ഷം രൂപയുമായിരുന്നു. 2018–19 കാലഘട്ടത്തിൽ, കെവിഐബി 'എന്റെ ഗ്രാമം' ആയി ഇത് നടപ്പിലാക്കി. 2018–19 കാലയളവിൽ പ്രോഗ്രാമിന്റെ ആകെ പദ്ധതി ചെലവ് 980.14 ലക്ഷം രൂപയായിരുന്നു. 391 യൂണിറ്റുകൾ സൃഷ്ടിക്കുന്നതിനും 1,243 പേർക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും പദ്ധതി സഹായിച്ചു. 2018–19 വർഷത്തെ സ്വയംതൊഴിൽ സൃഷ്ടിക്കൽ പരിപാടിയുടെ ജില്ല തിരിച്ചുള്ള നേട്ടങ്ങളുടെ വിശദാംശങ്ങൾ **അനുബന്ധം.4.6.10** ൽ നൽകിയിരിക്കുന്നു

കേരളത്തിലെ ഗ്രാമ വ്യവസായ മേഖല

കെവിഐബിയുടെ എയ്ഡഡ് യൂണിറ്റുകൾ വഴി 585.40 കോടി രൂപയുടെ സാധനങ്ങൾ ഉത്പാദിപ്പിക്കുകയും 727.09 കോടി രൂപയുടെ സാധനങ്ങൾ വിൽക്കുകയും അതുവഴി 1,44,463 പേർക്ക് (പിഎംഇജിപി, ആർ.ഇ.ജിപി ഉൾപ്പെടെ) തൊഴിൽ നൽകുകയും ചെയ്തു.

ഖാദി ബോർഡിന്റെ 2017–18, 2018–19 വർഷങ്ങളിലെ ഉല്പാദനം, വിപണനം, വേതനം, തൊഴിൽ എന്നിവയും, ജില്ലതിരിച്ചുള്ള വകുപ്പുതല വില്പന കേന്ദ്രങ്ങളുടെയും ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ വില്പന കേന്ദ്രങ്ങളുടെ വിവരങ്ങളും **അനുബന്ധം.4.6.11, അനുബന്ധം.4.6.12** എന്നിവയിൽ നൽകിയിരിക്കുന്നു.

2018–19 ലെ വിപണനം

ഖാദി ബോർഡിന് കീഴിൽ ഖാദി ഗ്രാമ ഉൽപ്പന്നങ്ങൾക്കായി 182 വില്പനകേന്ദ്രങ്ങളുണ്ട്. ഇതിൽ 43 ഖാദിഗ്രാമസൗഭാഗ്യ (സഞ്ചരിക്കുന്ന വിൽപ്പന വാൻ ഉൾപ്പെടെ) യൂണിറ്റുകളും, 51 ഖാദിസൗഭാഗ്യ, 88 ഗ്രാമസൗഭാഗ്യ (ജി.എസ്.ഡിപ്പോ) യൂണിറ്റുകളും ഉൾപ്പെടുന്നു. 2018 ലും 2019 ലും ഖാദിബോർഡ് ഓണം മേള സംഘടിപ്പിച്ചു. ഓണം മേള 2018, 2019 എന്നിവയിലൂടെയുള്ള വിൽപ്പന, യഥാക്രമം 26.07 കോടി രൂപയും, 24.27 കോടി രൂപയുമായിരുന്നു. കനത്ത മഴ കാരണം ഈ രണ്ട് വർഷങ്ങളിലും യഥാർത്ഥ വിൽപ്പന ലക്ഷ്യമിട്ട വിൽപ്പനയെക്കാൾ കുറവായിരുന്നു. 2018–19 വർഷത്തെ (2019 മാർച്ച് 31 വരെ) ജില്ല തിരിച്ചുള്ള വിൽപ്പന നേട്ടങ്ങൾ **അനുബന്ധം 4.6.13** ൽ നൽകിയിരിക്കുന്നു.

ഖാദിഗ്രാമവ്യവസായ വകുപ്പിലെ പരിമിതികളും ഭാവി തന്ത്രങ്ങളും

ഖാദി മേഖലയിൽ ഉൽപ്പാദനത്തിന് ഊർജ്ജം ഉപയോഗിക്കുന്നില്ല. ഇതാണ് ഈ മേഖലയിലെ പ്രധാന പോരായ്മ, ഇത് ഉൽപ്പാദന ക്ഷമത കുറയ്ക്കുന്നതിനും അതിന്റെ ഫലമായി തൊഴിലാളികൾക്ക് കൂലി കുറയുന്നതിനും കാരണമാകുന്നു. പരമ്പരാഗത ചർക്കകളുടെയും തറികളുടെയും ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി ഗവേഷണങ്ങളും വികസന പ്രവർത്തനങ്ങളും നടത്തേണ്ടതുണ്ട്. മറ്റൊരു പ്രധാന പ്രശ്നം, ഖാദിയുടെയും മറ്റ് പരമ്പരാഗത ഉൽപ്പന്നങ്ങളുടെയും വിപണി സാധ്യതകൾ അവയുടെ ഗുണനിലവാരത്താൽ പരിമിതപ്പെട്ടിരിക്കുന്നു എന്നതാണ്. വ്യാജ ഖാദി ഉൽപ്പന്നങ്ങളിൽ നിന്നുള്ള മത്സരവും പ്രവർത്തന മൂലധനത്തിന്റെ കുറവുമാണ് ഖാദി വ്യവസായം നേരിടുന്ന മറ്റ് തടസ്സങ്ങൾ.

മുന്നോട്ടുള്ള വഴി

പ്രഗൽഭരായ മാതൃക തയ്യാറാക്കുന്നവരെയും മാതൃക തയ്യാറാക്കുന്ന സ്ഥാപനങ്ങളെയും പങ്കെടുപ്പിച്ചു കൊണ്ട് നൂതനമായ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന് സർക്കാർ ആലോചിക്കുന്നു. ഇതിലൂടെ

ഖാദി ഗ്രാമ വ്യവസായങ്ങൾക്ക് യോഗ്യമായ പ്രോത്സാഹനം നല്കാൻ കഴിയും. മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിനും നിലനിർത്തുന്നതിനുമായി ഖാദിയെ പ്രോത്സാഹിപ്പിക്കുന്നതിനുതകുന്ന വണ്ണം യന്ത്രവൽക്കരണം നടപ്പിലാക്കണം. അതിലൂടെ ജോലിയുടെ കാഠിന്യവും വിരസതയും ഒഴിവാക്കി ഉൽപ്പാദനക്ഷമത വർധിപ്പിക്കാൻ കഴിയും. ഖാദി ഉൽപ്പന്നങ്ങളുടെ വിപണി, ബ്രാന്റിംഗ് എന്നിവ മെച്ചപ്പെടുത്തുന്നതിന് പ്രത്യേക പരിഗണന നൽകും. മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് പദ്ധതികൾ ആവിഷ്ക്കരിക്കും. കേരളത്തിലുണ്ടാക്കുന്ന ഖാദി ഉൽപ്പന്നങ്ങൾക്കുള്ള ഖാദി മേഖലയ്ക്കുള്ള റിബേറ്റ് വളരെ വേഗത്തിൽ നൽകേണ്ടതുണ്ട്. ഈ നടപടികളെല്ലാം തന്നെ ഈ മേഖലയിലെ കരകൗശലത്തൊഴിലാളികൾക്ക് ലഭിക്കുന്ന വേതനം മെച്ചപ്പെടുത്തുമെന്ന് പ്രതീക്ഷിക്കുന്നു.

കയർ

ഫ്ലോർമാറ്റ്, ഡോർ മാറ്റ്, കയർ നൂൽ എന്നിങ്ങനെ ഉപയോഗ പ്രദമായ വിവിധ ഉല്പന്നങ്ങൾ കയർ വ്യവസായം നിർമ്മിക്കുന്നു. ആഗോളതലത്തിൽ വിതരണം ചെയ്യുന്ന വൈറ്റ് ഫൈബറിന്റെ 60 ശതമാനം ഇന്ത്യയും ബ്രൗൺ ഫൈബറിന്റെ 36 ശതമാനം ശ്രീലങ്കയും ഉത്പാദിപ്പിക്കുന്നു. ഇന്ത്യയിൽ തമിഴ്നാട്ടിലും കേരളത്തിലുമാണ് കയർ വ്യവസായം കേന്ദ്രീകരിച്ചിരിക്കുന്നത്. കയർ, കയറുല്പന്നങ്ങൾ എന്നിവയുടെ ആഗോള ഉത്പാദനത്തിന്റെ മൂന്നിൽ രണ്ട് ഭാഗവും ഇന്ത്യയിലാണ്.

തേങ്ങ ഉൽപ്പാദനത്തിന്റെ 61 ശതമാനവും കയർ ഉൽപാദനത്തിൻറെ 85 ശതമാനത്തിലധികവും പ്രത്യേകിച്ച് വൈറ്റ് ഫൈബറിന്റെ ഉൽപാദനവും കണക്കിലെടുക്കുമ്പോൾ കേരളം ഇന്ത്യൻ കയർ വ്യവസായത്തിൻറ ആസ്ഥാനമാണ്. കേരളത്തിലെ പ്രധാന പരമ്പരാഗത വ്യവസായമായ കയർ മേഖല ഏകദേശം 1.5 ലക്ഷം പേർക്ക് തൊഴിൽ നൽകുന്നു. ഇതിൽ 80 ശതമാനവും സ്ത്രീകളാണ്. കയറ്റുമതി വരുമാനം 2000 കോടിയിലെത്തി നിൽക്കുന്ന കയർ വ്യവസായം രാജ്യത്തിന്റെ സമ്പദ് വ്യവസ്ഥയെ നേരിട്ട് സ്വാധീനിക്കുന്ന മേഖലയാണ്. ഈ മേഖലയിലെ ആഭ്യന്തര വരുമാനം കയറ്റുമതി വരുമാനത്തിന്റെ ഇരട്ടിയാണ്. നാരു വേർതിരിച്ചെടുക്കൽ, നൂൽ നൂല്പ്, ഉൽപ്പന്ന മേഖല എന്നിങ്ങനെ കയർ വ്യവസായത്തിലെ ആകെ സംസ്കരണ പ്രക്രിയയെ മൂന്ന് പ്രധാന വിഭാഗങ്ങളായി തിരിക്കാം. നാരു വേർതിരിക്കൽ, നാരു നൂല്പ് എന്നീ പ്രവർത്തന വിഭാഗങ്ങൾ കൂടുതലും സഹകരണ മേഖലയിലാണ് കേന്ദ്രീകരിച്ചിരിക്കുന്നത്, അതേ സമയം ഉല്പാദന പ്രവർത്തനങ്ങൾ കൂടുതലും ഫാക്ടറി രീതിയിലാണ് നടക്കുന്നത്.

സംസ്ഥാനത്തെ ലക്ഷക്കണക്കിന് കുടുംബങ്ങൾക്ക് ഉപജീവനമാർഗ്ഗം നൽകുന്ന കാർഷിക അധിഷ്ഠിത ഗ്രാമീണ വ്യവസായമെന്ന നിലയിൽ, കയർ മേഖലയെ പുനരുജ്ജീവിപ്പിക്കേണ്ടത് അത്യാവശ്യമാണ്. കയർ വ്യവസായത്തിന്റെ 'രണ്ടാം പുനഃസംഘടന'യുടെ ഭാഗമായി സംസ്ഥാനത്തെ കയർ വ്യവസായത്തിന്റെ സമഗ്രമായ പുനരുജ്ജീവനവും പരിവർത്തനവും നടത്തുന്നതിനുള്ള പരിപാടി കേരള സർക്കാരിന്റെ കയർ വികസന ഡയറക്ടേറ്റ് നടപ്പിലാക്കുന്നു. ഈ പരിപാടിയിലൂടെ കയർ മേഖലയെ

ചിത്രം 4.6.1 കേരള സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ വഴി 2012–13 മുതൽ 2018–19 വരെ നടത്തിയ കയറിന്റെയും കയറുൽപ്പന്നങ്ങളുടെയും കയറ്റുമതി



അവലംബം: ഡയറക്ടറേറ്റ് ഓഫ് കയർ ഡവലപ്മെന്റ്, കേരള സർക്കാർ

ചിത്രം 4.6.2 കയർ മേഖലയിലെ സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെയും കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെയും കയറ്റുമതിയുടെ വളർച്ചാ നിരക്ക്, ശതമാനത്തിൽ



അവലംബം: കയർ ബോർഡ്, ഡയറക്ടറേറ്റ് ഓഫ് കയർ ഡവലപ്മെന്റ്, കേരള സർക്കാർ

യന്ത്രവൽക്കരിക്കാനും തൊഴിലാളികളുടെ വേതനം സംരക്ഷിക്കാനും ശ്രമം നടത്തിയിട്ടുണ്ട്. പരിപാടിക്കായി ആകെ 1300 കോടി രൂപ അനുവദിച്ചിട്ടുണ്ട്

കയർ മേഖലയിലെ വികസന പ്രവർത്തനങ്ങൾ കയർ വകുപ്പ് ഏറ്റെടുത്ത് അതിന്റെ കീഴിലുള്ള ഏജൻസികളിലൂടെ നടപ്പാക്കുന്നു. തൊഴിലാളികൾക്കു വേണ്ടിയുള്ള ക്ഷേമ പ്രവർത്തനങ്ങൾ കേരള സംസ്ഥാന കയർ വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ് വഴിയാണ് നടപ്പിലാക്കുന്നത്.

കയറും കയർ ഉൽപ്പന്നങ്ങളുടെ കയറ്റുമതിയും

2018–19 ൽ ഇന്ത്യയിൽ നിന്ന് കയറിന്റെയും കയർ ഉൽപ്പന്നങ്ങളുടെയും കയറ്റുമതി 2,728 കോടി രൂപ വിലമതിക്കുന്ന 9,64,046.4 മെട്രിക് ടൺ ആയിരുന്നു. 2017–18 ൽ 2,532 കോടി രൂപ വിലമതിക്കുന്ന 10,16,564 മെട്രിക് ടൺ ആയിരുന്നു. കയർ പിത്ത്, കയർ നാര്, ടഫ്റ്റഡ് പായ, കൈത്തറി പായ, കയർ ഭൂവസ്ത്രം, കയർ നൂൽ, പിരിയൻ കയർ, കൈത്തറി മാറ്റിംഗ്, റബ്ബറൈസ്ഡ് കയർ എന്നിവ ഈ വ്യവസായത്തിന്റെ പ്രധാന കയറ്റുമതി ഇനങ്ങളാണ്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് ഇന്ത്യ 14 കയർ ഉൽപ്പന്നങ്ങൾ കയറ്റുമതി ചെയ്യുന്നു.

കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങൾ കഴിഞ്ഞ 5 വർഷങ്ങളിൽ കയറ്റുമതി ചെയ്ത കയറിന്റെയും, കയർ ഉൽപന്നങ്ങളുടെയും വിശദാംശങ്ങൾ **അനുബന്ധം 4.6.14, ചിത്രം 4.6.1** എന്നിവയിൽ നൽകിയിരിക്കുന്നു. 2012–13 മുതൽ 2017–18 വരെയുള്ള കാലയളവിൽ കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങൾ വഴി നടത്തിയ കയറിന്റെയും കയർ ഉൽപ്പന്നങ്ങളുടെയും കയറ്റുമതി മികച്ച പ്രവണത കാണിക്കുന്നു. മുൻവർഷത്തെ അപേക്ഷിച്ച് 2017–18ൽ കയറ്റുമതിയിൽ 8.14 ശതമാനം വർധനയുണ്ടായപ്പോൾ 2018–19ൽ ഇത് 7.55 ശതമാനം കുറഞ്ഞു. ചിത്രം 4.6.2 കേരളത്തിലെയും ദേശീയ തലത്തിലെയും പൊതുമേഖലാ സ്ഥാപനങ്ങൾ വഴി നടത്തിയ കയർ ഉൽപന്നങ്ങളുടെ കയറ്റുമതിയുടെ വളർച്ചയെ താരതമ്യം ചെയ്യുന്നു. 2018–19 ൽ 610 കയറ്റുമതിക്കാർ 117 രാജ്യങ്ങളിലേക്ക് 2,72,804.57 ലക്ഷം രൂപയ്ക്ക് 9,64,046.42 മെട്രിക് ടൺ കയർ ഉൽപന്നങ്ങൾ കയറ്റുമതി ചെയ്തു.

സ്ത്രീ ശാക്തീകരണം

രാജ്യത്തെ ഭൂരിഭാഗം കയർ യൂണിറ്റുകളും ഗ്രാമപ്രദേശങ്ങളിലാണ് സ്ഥിതിചെയ്യുന്നത്. ഈ യൂണിറ്റുകളിലെ തൊഴിലാളികളിലധികവും സാമ്പത്തികമായും സാമൂഹികമായും ദുർബല വിഭാഗങ്ങളിൽപ്പെടുന്നവരാണ്. ഈ മേഖലയിലെ തൊഴിലാളികളിൽ 80 ശതമാനവും സ്ത്രീകളാണെന്നും അതിനാൽ സ്ത്രീ ശാക്തീകരണത്തിന് ഈ വ്യവസായം വലിയ സംഭാവന നൽകുന്നുവെന്നും കണക്കാക്കപ്പെടുന്നു.

കേന്ദ്ര സർക്കാർ മുൻകയ്യെടുത്ത് ചെയ്യുന്ന പരിപടികൾ

കയർ ഉദ്യമി യോജന, ശാസ്ത്ര സാങ്കേതിക വിദ്യയും നൈപുണ്യവും ഗുണവും വർദ്ധിപ്പിക്കുന്നതിനുള്ള കയർ വികാസ് യോജന, മഹിളാ കയർ യോജന, കയറ്റുമതിയും ആഭ്യന്തരവിപണിയും

ശക്തിപ്പെടുത്തുന്നതിനുള്ള പദ്ധതികൾ എന്നിവയാണ് മേഖലയുടെ വികസനത്തിനായുള്ള കേന്ദ്ര സർക്കാർ പദ്ധതികൾ. പരമ്പരാഗത വ്യവസായങ്ങളുടെ പുനഃരുജ്ജീവനത്തിനായി ധന സഹായം നൽകുന്ന പദ്ധതി (എസ്.എഫ്.യു.ആർ.ടി.ഐ) സർക്കാർ നടപ്പിലാക്കി വരുന്നുണ്ട്. സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭ മന്ത്രലയത്തിന്റെ (എം.എസ്.എം.ഇ) ആസ്പെയർ (എ.എസ്.പി.ഐ.ആർ.ഇ) പദ്ധതി പ്രകാരം കയർ മേഖലയിലെ പുതിയ സംരംഭകർക്ക് പരിശീലനവും കൈത്താങ്ങും നൽകുന്നതിന് സഹായകമാകുന്ന ജീവനോപാധി ഇൻക്യുബേഷൻ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് കയർബോർഡ് നടപടി സ്വീകരിച്ചു വരുന്നു. (അവലംബം: കയർബോർഡ്, സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭ മന്ത്രാലയം (എം.എസ്.എം.ഇ) കേന്ദ്ര സർക്കാർ)

ഇന്ത്യൻ കയർ മേഖലയുടെ കയറ്റുമതി രംഗത്തെ പ്രകടനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടിയുടെ ഭാഗമായി ഈ രംഗവുമായി ബന്ധപ്പെട്ട കോൺഫറൻസുകളിലും സെമിനാറുകളിലും പ്രതിനിധികളെ അയക്കാൻ സഹായിക്കുക; അന്താരാഷ്ട്ര വിപണന മേളകളിൽ പങ്കെടുപ്പിക്കുക; വിദേശ രാജ്യങ്ങളിൽ പ്രചാരണ പ്രവർത്തനങ്ങൾ നടത്തുക; സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭകർക്കും കയറ്റുമതിക്കാർക്കും ധനസഹായം നൽകുക; കയറ്റുമതി, ആഭ്യന്തര വിപണനം, ഗവേഷണ വികസന പരിപാടികൾ, യൂണിറ്റുകളുടെയും സൊസൈറ്റികളുടെയും നടത്തിപ്പ് എന്നിവയിൽ മികച്ച പ്രകടനം നടത്തുന്നവർക്ക് അംഗീകാരം നൽകുന്നതിനായി വാർഷിക അവാർഡുകൾ ഏർപ്പെടുത്തുക; എന്നീ പരിപാടികൾ കേന്ദ്ര പദ്ധതിയിലുൾപ്പെടുത്തി കയർബോർഡ് നടപ്പിലാക്കി വരുന്നു.

കേരളത്തിലെ കയർ മേഖല

കയർ വികസന ഡയറക്ടറേറ്റും കേരളത്തിലെ കയർ മേഖലയിലെ ഏജൻസികളും

സംസ്ഥാനത്തെ കയർ വ്യവസായത്തെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ സുഗമമാക്കുന്നതിനുള്ള ഒരു കേന്ദ്രമായി കയർ വികസന ഡയറക്ടറേറ്റ് പ്രവർത്തിക്കുന്നു. കേരള സംസ്ഥാന കയർ കോർപ്പറേഷൻ, ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ്, കയർഫെഡ്, നാഷണൽ കയർ റിസർച്ച് ആൻഡ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് (എൻ.സി.ആർ.എം.ഐ), കേരള സ്റ്റേറ്റ് കയർ മെഷിനറി മാനുഫാക്ചറിംഗ് കമ്പനി, കേരള സ്റ്റേറ്റ് കയർ വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ് എന്നിവയാണ് കയർ വ്യവസായത്തിന്റെ ഉന്നമനത്തിനായി പ്രവർത്തിക്കുന്ന പ്രധാന ഏജൻസികൾ. കയർ വ്യവസായത്തിന്റെ വികസനത്തിനായി 1953 ൽ കയർ വ്യവസായ നിയമം (45) പ്രകാരം ഭാരത സർക്കാർ സ്ഥാപിച്ച സ്വയംഭരണ സ്ഥാപനമാണ് കൊച്ചിയിലെ കയർ ബോർഡ്.

1. **കയർ ഫെഡ് (കേരള സംസ്ഥാന സഹകരണ കയർ മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡ്)**

   കേരളത്തിലുടനീളം വ്യാപിച്ചുകിടക്കുന്ന പ്രാഥമിക കയർ സഹകരണ സംഘങ്ങളുടെ പരമോന്നത ഫെഡറേഷനാണ് കേരള സംസ്ഥാന സഹകരണ കയർ മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡ് (കയർഫെഡ്). അംഗങ്ങളായുള്ള സഹകരണ സംഘങ്ങളിൽ നിന്ന് കയറുല്പന്നങ്ങൾ ശേഖരിക്കുകയും രാജ്യത്താകമാനമുള്ള വില്പന കേന്ദ്രങ്ങളിലൂടെ വില്പന നടത്തുകയും അതുവഴി തൊഴിലിന്റെ വളർച്ചയെ സഹായിക്കുകയും ന്യായമായ കൂലിയും മെച്ചപ്പെട്ട ജീവിതസൗകര്യങ്ങളും

പട്ടിക 4.6.5 കേരളത്തിലെ കയർ സഹകരണ സംഘങ്ങളുടെ എണ്ണം

ക്രമ നമ്പർ	സൊസൈറ്റിയുടെ തരം	2018	2019	വ്യത്യാസം
1	പ്രാഥമിക സഹകരണ സംഘം	553	536	–17
2	മാനുഫാക്ചറിംഗ് സൊസൈറ്റി	43	40	–3
3	ചെറുകിട നിർമ്മാതാക്കളുടെ സഹകരണ സംഘങ്ങൾ	56	50	–6
4	തൊണ്ട് സംഭരണ വിതരണ സൊസൈറ്റികൾ	8	3	–5
5	ഫൈബർ സൊസൈറ്റികൾ	66	74	8
6	ഐ.സി.ഡി.പി സൊസൈറ്റികൾ	69	69	0
7	സംയോജിത സി.വി.സി.എസ്	148	112	–36
	ആകെ	**943**	**884**	**–59**
	ലിക്വിഡേഷനിലുള്ള സൊസൈറ്റികൾ	196	263	67
	ആകെ	**1139**	**1147**	**8**

അവലംബം: ഡയറക്ടറേറ്റ് ഓഫ് കയർ ഡവലപ്മെന്റ്, കേരള സർക്കാർ

പട്ടിക 4.6.6 കേരളത്തിലെ കയർ സഹകരണ സംഘങ്ങളുടെ പ്രവർത്തന നില

ക്രമ നമ്പർ	പ്രവർത്തന നില	2018	2019	വ്യത്യാസം
1	പ്രവർത്തിക്കുന്ന യൂണിറ്റുകൾ	611	595	16
എ)	ലാഭത്തിലുള്ള യൂണിറ്റുകൾ	189	222	33
ബി)	നഷ്ടത്തിലുള്ള യൂണിറ്റുകൾ	422	403	–19
2	പ്രവർത്തനം ആരംഭിച്ചിട്ടില്ലാത്ത പുതിയ യൂണിറ്റുകൾ	130	114	–16
3	നിഷ്ക്രിയമായ യൂണിറ്റുകൾ	202	145	–57
	ആകെ	943	884	–59
4	ലിക്വിഡേഷനിലുള്ള യൂണിറ്റുകൾ	196	263	67
	ആകെ	1139	1147	8

അവലംബം: കയർ വികസന ഡയറക്ടറേറ്റ്

പാവപ്പെട്ട കയർ തൊഴിലാളികൾക്ക് ഉറപ്പുവരുത്തുകയും ചെയ്യുകയാണ് കയർഫെഡിന്റെ പ്രധാന പ്രവർത്തനം. നിലവിൽ മൂല്യവർദ്ധിത ഉൽപന്നങ്ങൾ നിർമ്മിക്കുന്നതിനായി കയർഫെഡിന്റെ കീഴിൽ രണ്ട് ഫാക്ടറികൾ ഉണ്ട്. ഒന്നാമത്തേത് റബ്ബറൈസ്ഡ് കയർ ഉൽപന്നങ്ങളുടെ നിർമ്മാണത്തിനും മറ്റൊന്ന് റബ്ബർ ബാക്ക്ഡ് കയർമാറ്റുകൾ ഉല്പാദിപ്പിക്കുന്നതിനും വേണ്ടിയുള്ളതാണ്. കയർഫെഡിന് നാല് ഡിഫൈബറിംഗ് യൂണിറ്റുകൾ ഉണ്ട്. കയർഫെഡ് സമർപ്പിച്ച വിവിധ പദ്ധതികൾക്കായി 2018–19 സാമ്പത്തിക വർഷത്തിൽ 327.54 ലക്ഷം രൂപ അനുവദിച്ചു.

2. കയർ മേഖലയിലെ സഹകരണ സംഘങ്ങൾ

കേരളത്തിലെ കയർ ഉല്പന്ന നിർമ്മാണത്തിനാവശ്യമായ തൊണ്ട് ശേഖരണം, ഡിഫൈബറിംഗ്, വിവിധതരം കയർ ഉൽപന്നങ്ങളുടെ നിർമ്മാണം, എന്നീ പ്രവർത്തനങ്ങളിൽ കയർ സഹകരണ സംഘങ്ങൾ സുപ്രധാന പങ്ക് വഹിക്കുന്നു. 2019 മാർച്ച് 31 വരെയുള്ള കണക്കനുസരിച്ച് 1147 സഹകരണസംഘങ്ങൾ കയർ മേഖലയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. മുൻ വർഷം ഇത് 1139 എണ്ണമായിരുന്നു. കയർ സഹകരണ സംഘങ്ങളുടെ വിശദാംശങ്ങൾ അനുബന്ധം 4.6.15 ൽ കാണിച്ചിരിക്കുന്നു.

കേരളത്തിലെ കയർ സഹകരണ സംഘങ്ങൾ

31.03.2019 ലെ കണക്കനുസരിച്ച് 1147 സഹകരണ സംഘങ്ങൾ നിലവിലുണ്ട്. ഇതിൽ 263 സഹകരണ സംഘങ്ങൾ ലിക്വിഡേഷനിലാണ്. 2019 ൽ 595 യൂണിറ്റുകൾ പ്രവർത്തിച്ചിരുന്നു. ഫൈബർ സൊസൈറ്റികൾ ഒഴികെയുള്ള എല്ലാത്തരം സൊസൈറ്റികളിലും വർക്കിംഗ് യൂണിറ്റുകളുടെ എണ്ണം കുറഞ്ഞു. വിശദാംശങ്ങൾ **പട്ടിക 4.6.5** ൽ ഉണ്ട്.

പ്രവർത്തന നില

2018 ൽ ആകെ 611 വർക്കിംഗ് യൂണിറ്റുകളുള്ളതിൽ ലാഭമുണ്ടാക്കിയത് 189 എണ്ണം മാത്രമായിരുന്നു. 2019 ൽ ലാഭമുണ്ടാക്കുന്നവയുടെ എണ്ണം 222 ആയി ഉയർന്നു. അതേസമയം നഷ്ടം സൃഷ്ടിക്കുന്ന യൂണിറ്റുകളുടെ എണ്ണം 2018 ൽ 422 ൽ നിന്ന് 2019 ൽ 403 ആയി കുറഞ്ഞു. പട്ടിക 4.6.6 പരിശോധിക്കുമ്പോൾ നിഷ്ക്രിയമായ യൂണിറ്റുകളുടെ എണ്ണം കുറഞ്ഞുവെന്നും ലിക്വിഡേഷൻ നടപടികൾ ത്വരിതപ്പെടുത്തുന്നു വെന്നും കാണുന്നു.

നൂൽ മേഖല

2018–19 ൽ നൂൽ കയർ മേഖലയിൽ തൊഴിലാളികളുടെ എണ്ണം 1.10 ലക്ഷമായിരുന്നു. കയർ സഹകരണ സംഘങ്ങൾ 2017–18 ൽ 177.61 ലക്ഷം രൂപയ്ക്ക് 118.9 ലക്ഷം തൊണ്ട് വാങ്ങി, 2018–19 ൽ അത് 312.59 ലക്ഷം രൂപയ്ക്ക് 204 ലക്ഷം എണ്ണമായി ഉയർന്നു. നാരു വാങ്ങലും 24,051 ടണ്ണിൽ നിന്ന് 25,234 ടണ്ണായി ഉയർന്നു. പ്രാഥമിക സഹകരണ സംഘങ്ങൾ ഉല്പാദിപ്പിച്ച നൂലിന്റെ അളവ് 2017–18ൽ 12,071 ടൺ ആയിരുന്നത് 2018–19ൽ 27,585 ടണ്ണായി ഉയർന്നു.

പായകളും പായ ഉല്പന്നങ്ങളും

31.03.2019 ലെ കണക്കനുസരിച്ച് 536 കയർ കോ–ഓപ്പറേറ്റീവ് സൊസൈറ്റികളാണ് മാറ്റ് ആന്റ് മാറ്റിംഗ്സ് മേഖലയിൽ പ്രവർത്തിക്കുന്നത്. 31.03.2018 ൽ ഇത് 553 എണ്ണം ആയിരുന്നു. ആകെ സൊസൈറ്റികളുടെ എണ്ണത്തിൽ 17 എണ്ണം കുറഞ്ഞുവെങ്കിലും, പ്രവർത്തിക്കുന്ന യൂണിറ്റുകളുടെ എണ്ണം 2018 ലെ 388 ൽ നിന്നും 2019 ൽ 396 ആയി ഉയർന്നു. ലാഭമുണ്ടാക്കുന്ന സൊസൈറ്റികൾ 2018 ൽ 103 എണ്ണം ആയിരുന്നത് 2019 ൽ 123 എണ്ണമായി വർദ്ധിച്ചു. നിഷ്ക്രിയമായ യൂണിറ്റുകളുടെ എണ്ണം 2018 ൽ 106 ആയിരുന്നത് 2019 ൽ 73 ആയി കുറഞ്ഞു. നഷ്ടം സൃഷ്ടിക്കുന്ന യൂണിറ്റുകളുടെ എണ്ണം 2018 ൽ 285 ആയിരുന്നത് 2019 ൽ 273 ആയി കുറഞ്ഞു.

മാനുഫാക്ചറിംഗ് സൊസൈറ്റികൾ (പായകളും പായ ഉൽപ്പന്നങ്ങളും)

31.03.2019 ലെ കണക്കനുസരിച്ച് 40 മാനുഫാക്ചറിംഗ് സൊസൈറ്റികൾ പായയും പായ ഉല്പന്നങ്ങളും നിർമ്മിക്കുന്നു. 2018 ൽ ഇത് 43 ആയിരുന്നു. അതേ സമയം ലാഭമുണ്ടാക്കുന്ന സൊസൈറ്റികളുടെ എണ്ണം 8 ൽ നിന്ന് 12 ആയി വർദ്ധിക്കുകയും നഷ്ടം ഉണ്ടാക്കുന്ന സൊസൈറ്റികളുടെ എണ്ണം 24 ൽ നിന്ന് 19 ആയി കുറയുകയും ചെയ്തു.

തൊണ്ട് സംഭരണ വിതരണ സൊസൈറ്റികൾ

തൊണ്ട് സംഭരണ–വിതരണ സംഘങ്ങളുടെ കാര്യത്തിൽ പ്രത്യേക ശ്രദ്ധ ആവശ്യമാണ്. 2018 ൽ പ്രവർത്തിക്കുന്ന യൂണിറ്റുകൾ 6 എണ്ണം ഉണ്ടായിയിരുന്നത് 2019 ൽ 2 ആയി കുറഞ്ഞു. ഈ രണ്ട് യൂണിറ്റുകളും നഷ്ടത്തിലുമാണ്.

ഫൈബർ സൊസൈറ്റികൾ (ഡി ഫൈബറിംഗ് മില്ലുകൾ) മെച്ചപ്പെട്ട നിലയാണ് കാണിക്കുന്നത്. 2018 ൽ ആകെ പ്രവർത്തിക്കുന്ന സൊസൈറ്റികളുടെ എണ്ണം 15 ആയിരുന്നത് 2019 ൽ 21 ആയി ഉയർന്നു. 2015 – ൽ ഫൈബർ സൊസൈറ്റികളൊന്നും ലാഭമുണ്ടാക്കുന്നതായി റിപ്പോർട്ട് ചെയ്തിട്ടില്ല, എന്നാൽ 2019 ൽ 11 യൂണിറ്റുകൾ ലാഭമുണ്ടാക്കുന്നവയായി മാറി. എന്നാൽ ഈ മേഖലയിൽ 43 യൂണിറ്റുകൾ നിഷ്ക്രിയമാണ്. ഇന്റഗ്രേറ്റഡ് കയർ ഡവലപ്മെന്റ് പ്രോജക്ട് (ഐ.സി.ഡി.പി) സംഘങ്ങളുടെയും സംയോജിത കയർ വ്യവസായ സഹകരണ സംഘങ്ങളുടെയും (എസ്സ്.സി.വി.സി.എസ്സ്) നില 2018 ലും 2019 ലും ഏറെക്കുറെ ഒരുപോലെയാണ്.

ചെറുകിട നിർമ്മാതാക്കളുടെ സഹകരണ സംഘങ്ങൾ

ചെറുകിട നിർമ്മാതാക്കളുടെ സഹകരണ സംഘങ്ങളുടെ എണ്ണം 2019 ൽ 56 ൽ നിന്നും 50 ആയി കുറഞ്ഞു. 2018 ലും 2019 ലും ലാഭമുണ്ടാക്കുന്ന യൂണിറ്റുകളുടെ എണ്ണം അതേപടി നിലനിൽക്കുന്നുണ്ടെങ്കിലും, നഷ്ടം സൃഷ്ടിക്കുന്ന യൂണിറ്റുകളുടെ എണ്ണം 2018 ൽ 21 ആയിരുന്നത് 2019 ൽ 22 ആയി നേരിയ തോതിൽ വർദ്ധിച്ചു.

3.കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ

ചെറുകിട കയർ നിർമ്മാതാക്കളുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി 1969 ൽ കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ ലിമിറ്റഡ് ആരംഭിച്ചു. ചെറുകിട നിർമ്മാതാക്കളുടെ, വിപണിയിൽ വിൽക്കാൻ കഴിയാത്ത ഉല്പന്നങ്ങൾ സംഭരിച്ചു കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ ഈ മേഖലയെ പിന്തുണയ്ക്കുന്നു. കേരള സ്റ്റേറ്റ് കയർ കോർപ്പറേഷന്റെ 3 യൂണിറ്റുകളിൽ ഉൽപാദന സൗകര്യമുണ്ട്. ഒരു യൂണിറ്റ് കൂടി അട്ടൂരിൽ സ്ഥാപിക്കുന്നത് പുരോഗമിച്ചു വരുന്നു. ഭൂമിയുടെയും കെട്ടിടത്തിന്റെയും കാര്യത്തിൽ കേരള സംസ്ഥാന കയർ കോർപ്പറേഷന് മികച്ച അടിസ്ഥാന സൗകര്യങ്ങളുണ്ട്. കയർ മേഖലയിൽ വാങ്ങലിന്റെ സ്ഥിരതാ പദ്ധതി (പി.പി.എസ്.എസ്) കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ നടപ്പാക്കുന്നു. ചെറുകിട നിർമ്മാതാക്കൾ, പായകളും മാറ്റിംഗ്സും ഉല്പാദിപ്പിക്കുന്ന സഹകരണസംഘങ്ങൾ എന്നിവയിൽ നിന്ന് കേരള സംസ്ഥാന കയർ കോർപ്പറേഷൻ നേരിട്ട് കയർ ഉൽപ്പന്നങ്ങൾ വാങ്ങുകയും അതുവഴി കച്ചവടത്തിൽ ഇടനിലക്കാരുടെ സ്വാധീനം ഒഴിവാക്കുകയും ചെയ്യുന്നു.

4.ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ് (ഫോമിൽ)

പരിസ്ഥിതി സൗഹാർദ്ദ ഉൽപ്പന്നങ്ങളായ കയർ, ചണം, സിസാൽ എന്നിവയാലുള്ള ഉൽപന്നങ്ങൾ വിവധ തരത്തിലുള്ള ചവിട്ടു മെത്തകൾ, പായകൾ, പരവതാനികൾ, റഗ്ഗുകൾ, കയർ ജൈവ ഭൂവസ്ത്രങ്ങൾ, കാർ മാറ്റ്സ് എന്നിവയുടെ പ്രോത്സാഹനം, നിർമ്മാണം, വിപണനം എന്നിവ ലക്ഷ്യമിട്ട് 1978 ൽ ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ് രൂപീകരിച്ചു. ആഭ്യന്തര, അന്തർദേശീയ വിപണികളുടെ ആവശ്യകതകളും ഫോമിൽ നിറവേറ്റി. ലാറ്റെക്സ് ബാക്കിംഗ് പ്ലാന്റ്, മോഡേൺ ഡൈ ഹൗസ്, പൂർണ്ണമായും യന്ത്രവല്ക്കരിക്കപ്പെട്ട തറികൾ തുടങ്ങിയ അത്യാധുനിക ഉൽപാദന സൗകര്യങ്ങൾ കമ്പനിക്ക് ഉണ്ട്. ഇതിന്റെ സ്പെയർ കപ്പാസിറ്റി മറ്റ് കയറുമതി ജോലികൾ ഏറ്റെടുക്കുന്നതിന് ഉപയോഗിക്കുന്നു. ലാറ്റക്സ് ബാക്കിംഗ് പ്ലാന്റിന് മൂന്ന് ഷിഫ്റ്റുകളിലായി പ്രവർത്തിപ്പിച്ച് പ്രതി വർഷം 4 മീറ്റർ വീതിയുള്ള 3.3 ദശലക്ഷം ചതുരശ്ര മീറ്റർ മാറ്റിംഗ്സ് വരെ ഉല്പാദിപ്പിക്കുന്നതിനുള്ള ശേഷിയുണ്ട്. പ്രധാനമായും കയറുമതി ആവശ്യങ്ങൾ നിറവേറ്റുന്നതിനായി കമ്പനിക്ക് ആധുനിക ഡൈ ഹൗസ്, പവർ ലൂം, മാറ്റിംഗ് പ്ലാന്റ് എന്നിവയുണ്ട്.

ഗവേഷണവും വികസനവും

5. ദേശീയ കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട്

കൂടതൽ മൂല്യ വർദ്ധിത ഉല്പന്നങ്ങളും ഉൽപ്പന്നങ്ങളുടെ പുതിയ ഡിസൈനുകളും വികസിപ്പിച്ച് കേരളത്തിന്റ കയറുല്പന്നങ്ങളുടെ ആഭ്യന്തര, അന്താരാഷ്ട്ര വിപണിയിലെ ഉയർന്ന നിലവാരം നിലനിർത്തുക എന്ന ലക്ഷ്യത്തോടെ കയർ മേഖലയിലെ ഗവേഷണ വികസന പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ്

പട്ടിക 4.6.7 കേരളത്തിൽ കയർ ഉത്പാദനവും വിറ്റുവരവും

വർഷം	ഉൽപാദനം (ടണ്ണിൽ)	വളർച്ചാ നിരക്ക്	മൂല്യം രൂപ കോടി യിൽ	വളർച്ചാ നിരക്ക്
2015–16	7882.04		97.99	
2016–17	9979.39	26%	105	7.15%
2017–18	12496.1	25%	115	9.5%
2018–19	15700	25%	153.19	33.2%

അവലംബം: കയർ വികസന വകുപ്പ്

ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിച്ചു. 2018–19 സാമ്പത്തിക വർഷത്തിൽ എൻ.സി.ആർ.എം.ഐയുടെ വിവിധ പദ്ധതികൾക്കായി 522.25 ലക്ഷം രൂപ അനുവദിച്ചു. സെൻട്രൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് i) കയർ ഉൽപാദന സംസ്കരണ നവീകരണം, ii) യന്ത്രസാമഗ്രികളുടെയും ഉപകരണങ്ങളുടെയും വികസനം, iii) കയറിന്റെയും, കയർ പിത്തിന്റെയും ഉൽപന്ന വികസനവും വൈവിധ്യവൽക്കരണവും, iv) പരിസ്ഥിതി സൗഹൃദ സാങ്കേതികവിദ്യയുടെ വികസനം, v) സാങ്കേതിക കൈമാറ്റം ഇൻകുബേഷൻ പരിശോധനയും സേവന സൗകര്യങ്ങളും എന്നിങ്ങനെ 5 പ്രോജക്ട് ഹെഡുകളിൽ ഗവേഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. മൈക്രോബയോളജി, കെമിസ്ട്രി, എഞ്ചിനീയറിംഗ്, എക്സ്റ്റൻഷൻ, ഉല്പന്ന വൈവിധ്യവൽക്കരണം എന്നിവ ഗവേഷണ മേഖലകളിൽ ഉൾപ്പെടുന്നു.

യന്ത്രവൽക്കരണവും ഉൽപാദനവും

6.കേരള സ്റ്റേറ്റ് കയർ മെഷിനറി മാനുഫാക്ചറിംഗ് കമ്പനി ലിമിറ്റഡ്, ചുങ്കം

കേരളത്തിലെ കയർ മേഖലയിൽ ആവശ്യമായ യന്ത്രങ്ങൾ ലഭ്യമാക്കുന്നതിനായി കെ.എസ്.സി.എം. എം.സി 2014 ഫെബ്രുവരിയിൽ ആലപ്പുഴയിൽ പ്രവർത്തനം ആരംഭിച്ചു. കയർ വ്യവസായത്തിന് ആവശ്യമായ ഇലക്ട്രോണിക് റാറ്റ്സ്, ഓട്ടോമേറ്റഡ് സ്പിന്നിംഗ് മെഷിനുകൾ, ഡിഫൈബറിംഗ് മെഷിനുകൾ, സംയോജിത കയർ സംസ്കരണ യൂണിറ്റ്, വില്ലോ മെഷീൻ, അനുബന്ധ യന്ത്രങ്ങൾ എന്നിവ കമ്പനി നൽകുന്നു. കേരളത്തിലെ കയർ മേഖലയിലെ വേഗത്തിലുള്ള യന്ത്രവൽക്കരണമാണ് കയർ മെഷിനറി ഫാക്ടറി സ്ഥാപിക്കുന്നതിന്റെ പ്രധാന ലക്ഷ്യം.

കയർ മേഖലയിലെ പദ്ധതികളുടെ പരിപാടികളുടെയും പ്രകടനം

കയർ നൂൽ ഉൽപാദനം 120 കോടി രൂപയുടെ കയർ ഭൂവസ്ത്രത്തിന് ആവശ്യം സൃഷ്ടിക്കുകയും സമയബന്ധിതമായി 43 കോടി രൂപയുടെ ഉൽപ്പന്നങ്ങൾ വിതരണം ചെയ്യുകയും ചെയ്തു. കയർ ഉൽപന്നങ്ങളുടെ ഉൽപാദനം 2018 ഏപ്രിൽ മുതൽ സെപ്റ്റംബർ വരെയുണ്ടായിരുന്നതുമായി താരതമ്യം ചെയ്യുമ്പോൾ 2019 ഏപ്രിൽ–സെപ്റ്റംബർ കാലയളവിൽ 27 ശതമാനം വളർച്ച നേടി 103.5 കോടിയിലെത്തി.

ഈ മേഖലയിലെ മൊത്തം ഉൽപാദനം പ്രതിവർഷം 25 ശതമാനമായി വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ഉൽപ്പന്നങ്ങളുടെ മൂല്യവും 2016–17 മുതൽ 2018–19 വരെയുള്ള കാലയളവിൽ വർദ്ധിച്ചു. വിശദാംശങ്ങൾ പട്ടിക 4.6.7 ൽ നൽകിയിരിക്കുന്നു.

2017–18 സാമ്പത്തിക വർഷം ബജറ്റ് വിഹിതം 12,812 ലക്ഷം രൂപയും ചെലവ് 9,875.39 ലക്ഷം രൂപയും (77.08 ശതമാനം) ആയിരുന്നു. 2018–19 കാലയളവിൽ കയർ ഡയറക്ടറേറ്റിന്റെ മൊത്തം വിഹിതം 14,108 ലക്ഷം രൂപയും ചെലവ് 12,943.3 ലക്ഷം രൂപയും (91.74 ശതമാനം) ആയിരുന്നു. കയർ മേഖലയ്ക്കായി 2019–20 വാർഷിക പദ്ധതിയിൽ നൽകിയിട്ടുള്ള മൊത്തം വിഹിതം, 14,151 ലക്ഷം രൂപയും 2019 നവംബർ വരെ ചെലവഴിച്ച തുക 9,114.90 ലക്ഷം രൂപയും (64.41 ശതമാനം) ആണ്.

1. കയർ വ്യവസായത്തിന്റെ യന്ത്രവൽക്കരണവും അടിസ്ഥാന സൗകര്യ വികസനവും

ഉയർന്ന നിലവാരമുള്ള വൈവിധ്യമാർന്ന കയർ ഉൽപ്പന്നങ്ങളുടെ ആഗോള ആവശ്യം നിറവേറ്റുന്നതിനും മറ്റ് ഫൈബർ ഉൽപ്പന്നങ്ങളിൽ നിന്നുള്ള വില മാത്സര്യത്തെ നേരിടുന്നതിനും ഈ പദ്ധതി ഉദ്ദേശിക്കുന്നു. കയർ വ്യവസായം നവീകരിക്കുകയും ഉൽപാദനക്ഷമത വർദ്ധിപ്പിക്കുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്. മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്കായി 2018–19 ബജറ്റിൽ 6,077.00 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. തൊണ്ടു ശേഖരണ പരിപാടികൾക്കായി 25.78 ലക്ഷം രൂപ വിവിധ പദ്ധതികളിലായി അനുവദിച്ചിട്ടുണ്ട്. കൂടാതെ അടിസ്ഥാന സൗകര്യ വികസന പദ്ധതി പ്രകാരം സംഘങ്ങൾക്ക് അടിസ്ഥാന സൗകര്യങ്ങൾക്കുള്ള സഹായത്തിനായി 104.96 ലക്ഷം രൂപ നൽകി. 2018–19 കാലയളവിൽ 9 കയർ പദ്ധതി മേഖലകൾക്ക് കീഴിലുള്ള സഹകരണ സൊസൈറ്റികളിൽ 44 എച്ച്പി ശേഷിയുള്ള 75 ഡി ഫൈബറിംഗ് മെഷിനുകൾ സ്ഥാപിക്കുകയും 451 സൊസൈറ്റികൾക്ക് മാനേജീരിയൽ സബ്സിഡി നൽകുകയും ചെയ്തു.

ബോക്സ് 4.6.3 2018–19 ൽ കേരളത്തിലെ കയർ മേഖലയുടെ നേട്ടങ്ങൾ

- യന്ത്രവൽക്കരണം, വേതന നിലവാരം നിലനിർത്തുക, സ്പെഷ്യലൈസേഷൻ, സംസ്ഥാന സർക്കാരിന്റെ നേരിട്ടുള്ള ഇടപെടലിലൂടെയുള്ള സംഭരണം എന്നിവ ഉൾപ്പെടെ കയർ മേഖലയെ നവീകരിക്കാനുള്ള ശ്രമങ്ങളുമായി കയർ വ്യവസായത്തിന്റെ പുനഃസംഘടന (രണ്ടാം ഘട്ടം) ആരംഭിച്ചു.
- ഓട്ടോമാറ്റിക് ഫീഡറുകൾ ഉപയോഗിച്ച് മണിക്കൂറിൽ 55–60 കിലോഗ്രാം നൂൽ നൂല്ക്കുന്നതിനു ശേഷിയുള്ള ആട്ടോമാറ്റിക് സ്പിന്നിംഗ് യന്ത്രങ്ങൾ മെഷീൻ ഫാക്ടറിയിൽ നിർമ്മിക്കുന്നു.
- 8 മണിക്കൂർ ഷിഫ്റ്റിൽ 4000 മുതൽ 8000 വരെ തൊണ്ടുകൾ സംസ്കരിക്കുന്നതിന് ശേഷിയുള്ള 115 ഡി ഫൈബറിംഗ് മില്ലുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നു.
- സംസ്ഥാനത്ത് 150 ജൈവ ഭൂവസ്ത്ര നെയ്ത്തു തറികൾ സ്ഥാപിക്കാനുള്ള നടപടികൾ സർക്കാർ ആരംഭിച്ചു.
- 44എച്ച്പി ശേഷിയുള്ള 75 ഡി ഫൈബറിംഗ് മെഷീനുകൾ 9 കയർ പ്രോജക്ട് ഏരിയകളിലെ സഹകരണ സംഘങ്ങളിൽ സ്ഥാപിച്ചു.
- 50 ശതമാനം സബ്സിഡിയിൽ സ്വകാര്യ സംരംഭകർക്ക് ഡി ഫൈബറിംഗ് മെഷീനുകൾ നൽകുന്നതിനുള്ള പുതിയ പദ്ധതി അവതരിപ്പിച്ചു.
- ഇലക്ട്രോണിക് റാറ്റുകളിൽ വൈക്കം കയർ നെയ്യുന്നതിന് കയർ സഹകരണ സംഘങ്ങളിലെ 400 വനിതാ തൊഴിലാളികൾക്ക് നൈപുണ്യ വികസന പരിശീലനം നൽകി.
- കയർ തൊഴിലാളികൾക്ക് പെൻഷനായി 112.29 കോടി രൂപ വിതരണം ചെയ്തു.
- ഇലക്ട്രോണിക് റാറ്റുകളിൽ വൈക്കം കയർ നെയ്യുന്നതിന് കയർ സഹകരണ സംഘങ്ങളിലെ 400 വനിതാ തൊഴിലാളികൾക്ക് നൈപുണ്യ വികസന പരിശീലനം നൽകി.
- വരുമാന പിന്തുണ സഹായ പദ്ധതിയുടെ കീഴിൽ 22.64 കോടി രൂപ തൊഴിലാളികൾക്ക് വിതരണം ചെയ്തു.

2.മാർക്കറ്റിംഗ്, പരസ്യവും പ്രചരണവും, വ്യാപാര പ്രദർശനം, ഷോറൂമുകൾ സ്ഥാപിക്കുന്നതിനുള്ള സഹായം

കയർ മേഖലയിലെ പ്രവർത്തനങ്ങൾ ജനപ്രിയമാക്കുക, മേഖലയുടെ സമഗ്രവികസനത്തിനായി വിപണന ശ്രമങ്ങൾ ശക്തിപ്പെടുത്തുക എന്നിവയാണ് പദ്ധതിയുടെ ലക്ഷ്യം. കയർ കേരളം ഉൾപ്പെടെയുള്ള വാണിജ്യ മേളകളിൽ പങ്കെടുക്കാനും മേളകൾ സംഘടിപ്പിക്കാനും, കയർ സഹകരണ സ്ഥാപനങ്ങൾ, കയർ പൊതുമേഖലാ യൂണിറ്റുകൾ, കയർ മേഖലയിലെ മറ്റ് സ്ഥാപനങ്ങൾ / വകുപ്പുകൾ എന്നിവയ്ക്ക് വ്യാപാര മേളകളിൽ / എക്സിബിഷനുകളിൽ, ഉപഭോക്തൃ വ്യാപാരി സംഗമം എന്നിവയിൽ പങ്കെടുക്കുന്നതിന്, പഠനങ്ങൾ നടത്തുന്നതിനും പിന്തുണ നൽകുന്നതിനും സെമിനാറുകൾ / ബോധവൽക്കരണ ക്യാമ്പുകൾ / വർക്ക് ഷോപ്പുകൾ എന്നിവ നടത്തുന്നതിനും, കയർ മേഖലയിൽ അവാർഡുകളും സ്കോളർഷിപ്പും നൽകുന്നതിനും ഉദ്ദേശിച്ചുള്ള പദ്ധതിക്ക് 2018–19 ബജറ്റിൽ 970 ലക്ഷം രൂപ നൽകിയിട്ടുണ്ട്.

3.ഉൽപാദന, വിപണന പ്രോത്സാഹനം

പ്രൈമറി കയർ സഹകരണ സംഘങ്ങൾ, മാറ്റ്സ് ആൻഡ് മാറ്റിംഗ് സഹകരണ സംഘങ്ങൾ, അപെക്സ് സംഘങ്ങൾ, കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ, ഫോം മാറ്റിംഗ്സ് ഇന്ത്യ ലിമിറ്റഡ്, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവ വഴി പിവിസി–റബ്ബറൈസ്ഡ് കയർ ഉൽപന്നങ്ങൾ, ജൈവ ഭൂവസ്ത്രം എന്നിവയുടെ ഉൽപാദനം, വിപണനം, കയറ്റുമതി എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനാണ് ഈ പദ്ധതി.

അനുവദിക്കുന്ന തുകയുടെ ഒരു ഭാഗം പൈതൃക ഉൽപന്നങ്ങളുടെ ഉന്നമനത്തിനും വിപണനത്തിനുമായും സുസ്ഥിര ഉല്പാദനത്തിനുമായും നീക്കിവച്ചിരിക്കുന്നു. സ്ഥാപനങ്ങളുടെ യഥാർത്ഥ വിറ്റുവരവിനെ അടിസ്ഥാനമാക്കിയും ഇൻപുട്ട്– ഔട്ട്പുട്ട് അടിസ്ഥാനത്തിൽ സ്ഥാപനങ്ങളുടെ യഥാർത്ഥ വിറ്റുവരവ് കണക്കിലെടുത്തും മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളുടെ ഉല്പാദനം, സൃഷ്ടിച്ച തൊഴിലവസരങ്ങൾ എന്നിവ പരിഗണിച്ചുമാണ് സഹായം നൽകുന്നത്. മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്കായി 2018–19 ബജറ്റിൽ 400.00 ലക്ഷം രൂപ നൽകിയിട്ടുണ്ട്. 2018–19 കാലയളവിൽ, 524 സൊസൈറ്റികൾക്ക് പ്രോത്സാഹനം നൽകുന്നതിൽ ഈ പദ്ധതി വിജയിച്ചു.

4.മാർക്കറ്റിംഗ് വികസന സഹായം

പ്രചരണം, പുതിയ ഷോറൂമുകൾ ആരംഭിക്കുക, നിലവിലുള്ള ഔട്ട് ലെറ്റുകൾ, ഗോഡൗൺ എന്നിവ നവീകരിക്കുക, മാർക്കറ്റ് പഠനം, മാർക്കറ്റ് തന്ത്രങ്ങൾ ആവിഷ്ക്കരിക്കൽ എന്നിവയാണ് പദ്ധതിയുടെ ലക്ഷ്യം. 2018–19 സാമ്പത്തിക വർഷത്തിൽ 26 കയർ മാറ്റ് ആൻഡ് മാറ്റിംഗ് സൊസൈറ്റികൾ,

കയർ കോർപ്പറേഷൻ, ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ്, കയർഫെഡ് എന്നിവയ്ക്ക് 800 ലക്ഷം രൂപ നൽകിയിട്ടുണ്ട്.

5. കയർ, കയർ ഉൽപ്പന്നങ്ങൾ എന്നിവയുടെ വിൽപ്പനയ്ക്കുള്ള വിലസ്ഥിരതാ പദ്ധതി

കയർ ഫൈബർ, നൂൽ, കയർ ഉൽപ്പന്നങ്ങൾ എന്നിവയുടെ വില സ്ഥിരപ്പെടുത്തുന്നതിനുള്ളതാണ് വില വ്യതിയാന ഫണ്ട് പദ്ധതി. കയർഫെഡ്, ഫോം മാറ്റിംഗ്സ് ഇന്ത്യ ലിമിറ്റഡ് (ഫോമിൽ), കേരള സംസ്ഥാന കയർ കോ-ഓപ്പറേറ്റീവ്സ് (കെ.എസ്.സി.സി), എന്നിവയെ ഉൽപാദനച്ചെലവിന് തുല്യമായ വില നൽകി സഹകരണ സ്ഥാപനങ്ങളിൽ നിന്ന് ഉൽപ്പന്നങ്ങൾ സംഭരിക്കാനും വിപണി വിലയ്ക്ക് വിൽക്കുമ്പോൾ നഷ്ടം ഉണ്ടെങ്കിൽ നഷ്ടപരിഹാരം നൽകാനും പ്രയോജനമാക്കുന്നതിന് ഈ പദ്ധതി ലക്ഷ്യമിടുന്നു. മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്കായി 2018-19 ബജറ്റിൽ 4500 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. കയർഫെഡിനും കയർ കോർപ്പറേഷനുമായി 59.41 കോടി രൂപ നൽകിയിട്ടുണ്ട്.

6.കയർ ജൈവ ഭൂവസ്ത്ര പദ്ധതി

മാതൃക പദ്ധതികൾ നടപ്പിലാക്കുക, ജൈവ ഭൂവസ്ത്ര പദ്ധതി ഒരു അംഗീകൃത എഞ്ചിനീയറിംഗ് മെറ്റീരിയലായി ഉപയോഗിക്കുന്നതിനെക്കുറിച്ചുള്ള അവബോധ പ്രോഗ്രാമുകൾ സൃഷ്ടിക്കുക, ഗവേഷണ-വികസന പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക, എന്നിവയാണ് സമഗ്രമായ കയർ ജൈവ ഭൂവസ്ത്ര പദ്ധതിയിൽ ഉൾപ്പെടുന്നത്. കയർഫെഡ്, കേരള സംസ്ഥാന കയർ കോ-ഓപ്പറേറ്റീവ്സ് (കെ.എസ്.സി.സി), ഫോം മാറ്റിംഗ്സ് ഇന്ത്യ ലിമിറ്റഡ് (ഫോമിൽ), ആലപ്പുഴ കയർ ക്ലസ്റ്റർ ഡെവലപ്മെന്റ് സൊസൈറ്റി (എ.സി.സി.ഡി.എസ്), നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് (എൻ.സി.ആർ.എം.ഐ), പൊതുമരാമത്ത് വകുപ്പ്, ജലസേചന വകുപ്പ്, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, മറ്റ് ഏജൻസികൾ എന്നിവയ്ക്ക് പ്രത്യേക ലക്ഷ്യത്തോടുകൂടി അവരുടെ കീഴിലുള്ള മേഖലകളിൽ വിവിധ ജൈവ ഭൂവസ്ത്ര പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള സഹായം നൽകിവരുന്നുണ്ട്. മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്കായി 2018-19 ലെ ബജറ്റിൽ 100 ലക്ഷം രൂപ നൽകിയിട്ടുണ്ട്. 2018-19 കാലയളവിൽ, 10 അവബോധ പരിപാടികൾ നടത്തി. 3.5 ലക്ഷം ടൺ ജൈവ ഭൂവസ്ത്രത്തിന്റെ ആവശ്യകത ഉണ്ടാകുമെന്നാണ് കണക്കാക്കുന്നത്.

വെല്ലുവിളികൾ/ മുന്നോട്ടുള്ള വഴികളും

പരമ്പരാഗത കയർ മേഖല കുറഞ്ഞ വേതന പ്രശ്നത്തെ അഭിമുഖീകരിക്കുന്നു. അസംസ്കൃത വസ്തുക്കളുടെ കുറവാണ് വ്യവസായം നേരിടുന്ന മറ്റൊരു വെല്ലുവിളി. കേരളത്തിലെ ഏറ്റവും പഴയ വ്യവസായങ്ങളിലൊന്നായ കയർ വ്യവസായത്തിന് അതിന്റെ ഉൽപാദനത്തിലും സംഘാടനത്തിലും നവീകരണവും ആധുനിക വൽക്കരണവും ആവശ്യമാണ്. സാങ്കേതികവിദ്യകളുടെ നവീകരണത്തിലും വിപണിയിൽ നിന്നുള്ള വിലയിലെ ഏറ്റക്കുറച്ചിലുകൾ നിയന്ത്രിക്കുന്നതിലും സജീവമായ സർക്കാർ ഇടപെടൽ ആവശ്യമാണ്. മികച്ച സാങ്കേതികവിദ്യകളോടൊപ്പം കൂടുതൽ വൈവിധ്യമാർന്ന ഉൽപ്പന്നങ്ങൾ അവതരിപ്പിക്കാനും പുതിയ വിപണികളിലേക്ക് പ്രവേശിക്കാനും കേരളത്തിലെ കയർ മേഖലയ്ക്ക് കഴിയണം

വെല്ലുവിളികൾ/ മുന്നോട്ടുള്ള വഴികളും

പരമ്പരാഗത കയർ മേഖല കുറഞ്ഞ വേതന പ്രശ്നത്തെ അഭിമുഖീകരിക്കുന്നു. അസംസ്കൃത വസ്തുക്കളുടെ കുറവാണ് വ്യവസായം നേരിടുന്ന മറ്റൊരു വെല്ലുവിളി. കേരളത്തിലെ ഏറ്റവും പഴയ വ്യവസായങ്ങളിലൊന്നായ കയർ വ്യവസായത്തിന് അതിന്റെ ഉൽപാദനത്തിലും സംഘാടനത്തിലും നവീകരണവും ആധുനിക വൽക്കരണവും ആവശ്യമാണ്. സാങ്കേതികവിദ്യകളുടെ നവീകരണത്തിലും വിപണിയിൽ നിന്നുള്ള വിലയിലെ ഏറ്റക്കുറച്ചിലുകൾ നിയന്ത്രിക്കുന്നതിലും സജീവമായ സർക്കാർ ഇടപെടൽ ആവശ്യമാണ്. മികച്ച സാങ്കേതികവിദ്യകളോടൊപ്പം കൂടുതൽ വൈവിധ്യമാർന്ന ഉൽപ്പന്നങ്ങൾ അവതരിപ്പിക്കാനും പുതിയ വിപണികളിലേക്ക് പ്രവേശിക്കാനും കേരളത്തിലെ കയർ മേഖലയ്ക്ക് കഴിയണം

കശുവണ്ടി

അന്താരാഷ്ട്ര വിപണിയിൽ കശുവണ്ടി ഒരു ഉത്കൃഷ്ടമായ കൃഷി ഉൽപ്പന്നമായി കണക്കാക്കപ്പെടുന്നു. ഐവറി കോസ്റ്റ്, ബെനിൻ, ഗ്വിനിയബിസാവു എന്നിവയാണ് ലോകത്തിലെ ഏറ്റവും വലിയ കശുവണ്ടി ഉൽപാദകർ. വിയറ്റ്നാം, ബ്രസീൽ, കിഴക്കൻ ആഫ്രിക്ക എന്നിവയാണ് മറ്റ് പ്രധാന ഉത്പാദന സ്രോതസ്സുകൾ. കശുവണ്ടി ഇന്ത്യയിൽ ആദ്യമായി ഗോവയിലും അവിടെ നിന്ന് രാജ്യത്തിന്റെ മറ്റു ഭാഗങ്ങളിലേക്കും വ്യാപിച്ചു. W-240, W-320, W-450 എന്നിവയാണ് ഇന്ത്യയിലെ കശുവണ്ടി ഉത്പാദനത്തിന്റെ പ്രചാരത്തിലുള്ള പ്രധാന ഇനങ്ങൾ

ഇന്ത്യയിൽ കശുവണ്ടി ഉത്പാദനം

ഇന്ത്യയിൽ 10.27 ലക്ഷം ഹെക്ടർ സ്ഥലത്ത് കശുവണ്ടി കൃഷി ചെയ്തു വരികയും 7.25 ലക്ഷം മെട്രിക് ടൺ അസംസ്കൃത അണ്ടിപ്പരിപ്പ് ഉൽപാദിപ്പിക്കുകയും ഹെക്ടറിന് 706 കിലോഗ്രാം ഉൽപാദനക്ഷമത ലഭിക്കുകയും ചെയ്യുന്നു. ഇന്ത്യയിൽ കശുവണ്ടികൃഷി പ്രധാനമായും പശ്ചിമ തീരത്ത് കേരളം, കർണാടക,

ഗോവ, മഹാരാഷ്ട്ര, എന്നീ സംസ്ഥാനങ്ങളിലും കിഴക്കൻ തീരത്ത് തമിഴ്നാട്, ആന്ധ്രാപ്രദേശ്, ഒറീസ എന്നിവിടങ്ങളിലും പശ്ചിമ ബംഗാൾ, ചത്തീസ്ഗഡ്, ഗുജറാത്ത്, ജാർഖണ്ഡ്, വടക്കു കിഴക്കൻ സംസ്ഥാനങ്ങൾ എന്നിവിടങ്ങളിലെ ചിലയിടത്തുമാണ്. ഇന്ത്യയിൽ കശുവണ്ടി ഉൽപാദനം ഏറ്റവും കൂടുതൽ മഹാരാഷ്ട്രയിലാണ്. തൊട്ടു പുറകിലുള്ള സംസ്ഥാനങ്ങൾ യഥാക്രമം ആന്ധ്രയും ഒറീസയുമാണ്. മഹാരാഷ്ട്ര കശുവണ്ടിയുടെ ഉൽപാദനക്ഷമതയിൽ ഏറ്റവും മുന്നിലുള്ള സംസ്ഥാനമാണ് (ഹെക്ടറിന് 1262 കിലോഗ്രാം). കശുവണ്ടിയുടെ പ്രധാന കയറ്റുമതിക്കാരായ ഇന്ത്യ പ്രതിവർഷം 5500 കോടി രൂപവരെ വിദേശനാണ്യം നേടുന്നു. 60 ലധികം രാജ്യങ്ങളിലേക്ക് ഇന്ത്യ കശുവണ്ടിപ്പരിപ്പ് കയറ്റുമതി ചെയ്യുന്നു. പ്രധാനമായും യുഎസ്എ, യുഎഇ, നെതർലാന്റ്സ്, സൗദി അറേബ്യ, ജപ്പാൻ എന്നീ രാജ്യങ്ങളിലേക്കാണ് കയറ്റുമതി ചെയ്യുന്നത്. കശുവണ്ടി നട്ട് ഷെൽ ലിക്വിഡ്, കാർഡനോൾ തുടങ്ങിയ ഉപോൽപ്പന്നങ്ങൾക്ക് പുറമെ മൊത്തം 1.19 ലക്ഷം മെട്രിക് ടൺ കശുവണ്ടിപ്പരിപ്പ് ഈ രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്തു.

സംഘടിത മേഖലയിലും അസംഘടിത മേഖലയിലുമായി 3900 ൽ അധികം സംസ്കരണ യൂണിറ്റുകൾ പ്രവർത്തിക്കുന്നു. ഇവയുടെ സംസ്കരണ ശേഷി പ്രതിവർഷം 16.43 ലക്ഷം മെട്രിക് ടൺ ആണ്. ഇന്ത്യയിലുള്ള ആകെ കശുവണ്ടിയുടെ ആവശ്യത്തിന്റെ 50 ശതമാനം മാത്രമാണ് ആഭ്യന്തര ഉല്പാദനത്തിലൂടെ നേടുന്നത്. ഈ വിടവ് നികത്തുന്നതിനായി ഇന്ത്യ ഏഷ്യൻ-ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യുകയാണ് ചെയ്യുന്നത്.

(അവലംബം: ഡി.സി.സി.ഡി, കൊച്ചി, 2019)

കേരളത്തിലെ കശുവണ്ടി വ്യവസായം

കശുവണ്ടി വ്യവസായം കേരളത്തിലെ ഒരു പ്രധാനപ്പെട്ട പരമ്പരാഗത കാർഷിക അധിഷ്ഠിത വ്യവസായമാണ്. 'ലോകത്തെ കശുവണ്ടിയുടെ തലസ്ഥാനം' എന്നറിയപ്പെടുന്ന തെക്കൻ ജില്ലയായ കൊല്ലത്താണ് കശുവണ്ടി സംസ്കരണ ഫാക്ടറികൾ സ്ഥിതിചെയ്യുന്നത്. ഈ മേഖലയിൽ 3,00,000 തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ട്. മൊത്തം തൊഴിലാളികളിൽ 90 ശതമാനം സ്ത്രീകളാണ്.

പട്ടിക 4.6.8 2017-18 മുതൽ 2018-19 വരെ തിരഞ്ഞെടുത്ത രാജ്യങ്ങളിൽ കശുവണ്ടി ഉത്പാദനം (1000 മെട്രിക് ടണ്ണിൽ)

Country	2017-18 Total Supply	2018-19 (Estimate) Total Supply
കോട്ട് ഡി ഐവർ	673.24	745
ഗ്വിനിയ - ബിസൗ	225	250
നൈജീരിയ	180	200
ബെനിൻ	110	110
ഇന്ത്യ	817.04	800
വിയറ്റ്നാം	300.1	340
കംബോഡിയ തുടങ്ങിയ രാജ്യങ്ങൾ	90	120
ബ്രസീൽ	100	100
ഇന്തോനേഷ്യ	80	85

അവലംബം : അന്താരാഷ്ട്ര നട്ട്സ് ഡ്രൈഡ് ഫ്രൂട്ട് കോൺഗ്രസ്, 2018 ,സ്പെയിൻ

പട്ടിക4.6.9 2018-19, 2019-20 കാലയളവിൽ സർക്കാർ ഏജൻസികളുടെ വിഹിതം

പട്ടിക	ഏജൻസി	2018-19			2019-20		
		വിഹിതം	ചെലവ്	ശതമാനം	വിഹിതം	ചെലവ്	ശതമാനം
1	ഏജൻസി	2150	3388	157.58			
2	കെ.എസ്.സി.ഡി.സി.	850	1761	207.18	250	0	0
3	കാപെക്സ്	715	579.41	81.04	515	0	0
4	കെ.എസ്.എ.സി.സി	1730	950	54.91	3030	0	0
	കെ.സി.ബി.	5445	6678.41	122.65	5445	500	9.18
	ആകെ						

അവലംബം: അക്കൗണ്ട്സ് & പ്ലാൻ സ്പേസ്, സംസ്ഥാന ആസൂത്രണ ബോർഡ്, (രൂപ കോടിയിൽ)

പട്ടിക 4.6.10 കാപെക്സിന്റെ വില്പനയും വിറ്റുവരവും (കോടി രൂപ)

വർഷം	ആഭ്യന്തര വിൽപ്പന	കയറ്റുമതി വിൽപ്പന	മൊത്തം വിറ്റുവരവ്
2013–14	42.31	21.17	63.48
2014–15	59.46	14.40	73.86
2015–16	59.07	14.65	73.72
2016–17	26.27	19.58	45.85
2017–18	81.55	5.32	86.87
2018–19	76.50	NIL	76.50
ആകെ	345.16	75.12	420.28

അവലംബം: കാപെക്സ്, കൊല്ലം

കേരളത്തിൽ അസംസ്കൃത കശുവണ്ടിയുടെ ഉത്പാദനം പ്രതിവർഷം 80,000 ടൺ മാത്രമാണ്. അസംസ്കൃത കശുവണ്ടിയുടെ ആവശ്യം പ്രതിവർഷം 8,00,000 ടൺ ആണ്. കേരളത്തിൽ കശുവണ്ടി ആവശ്യം നിറവേറ്റുന്ന തരത്തിൽ ഉൽപാദനം വർദ്ധിച്ചിട്ടില്ല. അസംസ്കൃത കശുവണ്ടിയുടെ ആവശ്യകതയിലും വിതരണത്തിലും അന്തരം നിലനിൽക്കുന്നുണ്ട്. ഇതു പരിഹരിക്കുന്നതിന് സംസ്ഥാന സർക്കാർ കശുവണ്ടി സംഭരണത്തിനും കശുവണ്ടി കൃഷി വ്യാപിപ്പിക്കുന്നതിനും ഹെക്ടറിന് ഉൽപാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുമായി പ്രത്യേക ഉദ്ദേശ്ശ യാനം (എസ്.പി.വി) രൂപീകരിച്ചിട്ടുണ്ട്.

(അവലംബം : ഡി.സി.സി.ഡി, ഇന്ത്യ, 2019).

കേരളത്തിൽ കശുവണ്ടിയുടെ ഉത്പാദനം 2013–14 ൽ 80.12 മെട്രിക് ടണ്ണിൽ നിന്ന് 2018–19ൽ 82.89 മെട്രിക് ടണ്ണായി നേരിയ തോതിൽ വർദ്ധിച്ചിട്ടുണ്ട്. കശുവണ്ടി കൃഷിയും, കൃഷിസ്ഥലവും മൊത്തം ഉൽപാദനവും വർദ്ധിച്ചു. അസംസ്കൃത കശുവണ്ടി കൃഷിയുടെ ഭൂവിസ്തീർണ്ണത്തിലും ഉൽപാദനത്തിലും കേരളം തമിഴ്നാട്ടിനേക്കാൾ മുന്നിലാണ്. അനുബന്ധം 4.6.17

കേരളത്തിലെ കശുവണ്ടി കൃഷിയുടെ സ്വഭാവവും വ്യാപ്തിയും

ഭൂമിക്കുവേണ്ടിയുള്ള മറ്റ് സമ്മർദ്ദങ്ങളും ഭൂപരിധി നിയമങ്ങളും തോട്ടവിള എന്ന പരിഗണന നിഷേധിക്കപ്പെടുന്നതും കശുവണ്ടി കൃഷിയുടെ വിസ്തീർണ്ണം കുറയുന്നതിന് കാരണമാകുന്നു. അതേസമയം, പുതിയ തൈകൾ നട്ടുപിടിപ്പിക്കാത്ത വിശാലമായ കശുവണ്ടിത്തോട്ടങ്ങൾ കേരളത്തിലുണ്ട്. കശുവണ്ടി കൃഷിയുടെ ഉൽപാദന ക്ഷമത കുറയുന്നതിനുള്ള പ്രധാന കാരണം സംസ്ഥാനത്തെ കശുവണ്ടി മരങ്ങളിൽ 70 ശതമാനവും വർഷങ്ങൾ പഴക്കമുള്ളതും, പ്രാദേശിക ഇനങ്ങളും, സീസണിന്റെ അവസാനത്തിൽ വിളവ് നൽകുന്നവയുമാണ് എന്നുള്ളതുമാണ്. കാലാവസ്ഥാ വ്യതിയാനത്തിന്റെ ഭാഗമായി അമിത മഴ, ആപേക്ഷിക ആർദ്രത എന്നിവയും റബ്ബർ പോലുള്ള മറ്റ് നാണ്യവിളകളിലേക്കുള്ള കൃഷിയുടെ മാറ്റവുമാണ് കശുവണ്ടി കൃഷി കുറയാനുള്ള പ്രധാന കാരണങ്ങൾ. റബ്ബറിനെ പോലെ കശുവണ്ടിയെ സംസ്ഥാനത്തെ ഒരു തോട്ടവിളയായി കണക്കാക്കപ്പെട്ടിട്ടില്ല.

കശുവണ്ടി സംസ്ക്കരണവുമായി ബന്ധപ്പെട്ട ഏജൻസികളുടെ പങ്കും ഉത്തരവാദിത്വങ്ങളും

കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ (കെ.എസ്.സി.ഡി.സി), കേരള സംസ്ഥാന കശുവണ്ടി തൊഴിലാളി അപ്പെക്സ് ഇൻഡസ്ട്രിയൽ സഹകരണ സംഘം (കാപെക്സ്) എന്നിവയാണ് സംസ്ഥാനത്ത് കശുവണ്ടി സംസ്കരണത്തിൽ ഏർപ്പെട്ടിരിക്കുന്ന രണ്ട് പ്രധാന സർക്കാർ ഏജൻസികൾ. കേരള സ്റ്റേറ്റ് ഏജൻസി ഫോർ എക്സ്പാൻഷൻ ഓഫ് ക്യാഷ്യു കൾട്ടിവേഷൻ (കെ.എസ്.എ.സി.സി), കശുവണ്ടി കയറ്റുമതി പ്രമോഷൻ കൗൺസിൽ ഓഫ് ഇന്ത്യ (സി.ഇ.പി.സി.ഐ), ഡയറക്ടറേറ്റ് ഓഫ് കാഷ്യു ആൻറ് കൊക്കൊ ഡെവലപ്മെന്റ് എന്നിവയാണ് കശുവണ്ടി കൃഷി വ്യാപിപ്പിക്കുന്നതിനുള്ള ഏജൻസികൾ.

കേരള സംസ്ഥാന കശുവണ്ടി തൊഴിലാളി അപ്പെക്സ് ഇൻഡസ്ട്രിയൽ സഹകരണ സംഘം ലിമിറ്റഡ് (കാപെക്സ്)

10 പ്രാഥമിക സഹകരണ സംഘങ്ങളുടെ അപ്പെക്സ് സൊസൈറ്റിയായി പ്രവർത്തിച്ച് സംഘങ്ങളുടെ പ്രവർത്തനങ്ങൾ സംരക്ഷിക്കുന്നതിനായി കേരള സർക്കാരിന്റെ കീഴിൽ 1984 – ൽ സ്ഥാപിതമായതാണ് കാപെക്സ്. അസംസ്കൃത കശുവണ്ടി സംഭരിക്കുന്നതിനും സംഘങ്ങളുടെ ഇടയിൽ വിതരണം ചെയ്യുന്നതിനും സംസ്കരിച്ച കശുവണ്ടി ശേഖരിക്കുകയും വില്ക്കുകയുമാണ് കാപെക്സ് ചെയ്യുന്നത്. സംസ്കരണ ചെലവ് കുറക്കുകയും തുടർച്ചയായ തൊഴിലും ന്യായമായ വേതനവും ഉറപ്പാക്കുകയുമാണ് ഇതിലൂടെ ഉദ്ദേശിക്കുന്നത്. 10 ഫാക്ടറികളിലായുള്ള ആകെ തൊഴിലാളികളുടെയും ഉദ്യോഗസ്ഥരുടെയും എണ്ണം 5000ത്തോളമാണ്. ഈ ഫാക്ടറികളിൽ 90 ശതമാനത്തിലധികം പിന്നോക്ക വിഭാഗത്തിലുള്ള സ്ത്രീകളാണ് ജോലിചെയ്യുന്നത്. പ്രതിവർഷം

18,000 മെട്രിക് ടൺ അസംസ്കൃത കശുവണ്ടി സംസ്കരിക്കാനുള്ള ശേഷി കാപെക്സിനുണ്ട്.

തൊഴിലാളികൾക്ക് തുടർച്ചയായി തൊഴിൽ നൽകുന്നതിന്റെ ഭാഗമായി 2018-19 വർഷത്തിൽ 190 ദിവസത്തേക്ക് 4,000 ത്തിലധികം തൊഴിലാളികൾക്കും ജീവനക്കാർക്കും തൊഴിൽ നൽകാൻ കാപെക്സിനു കഴിഞ്ഞു. 2019-20 വർഷത്തിൽ (1-4-2019 മുതൽ 30-9-2019 വരെ) ആകെ 120 പ്രവൃത്തി ദിവസങ്ങളിൽ തൊഴിൽ നൽകാൻ കഴിഞ്ഞിട്ടുണ്ട്. കേരള ക്യാഷ്യൂ ബോർഡ് ലിമിറ്റഡ് (കെ.സി.ബി) വഴി സംഭരിച്ച അസംസ്കൃത കശുവണ്ടിപ്പരിപ്പ് (ആർ.സി.എൻ) ഉപയോഗിച്ച് കാപെക്സ് ഫാക്ടറികൾ തുടർച്ചയായി പ്രവർത്തിക്കുന്നു. 10 കാപെക്സ് ഫാക്ടറികളിലും പാക്കിംഗ് സെന്ററുകളിലും നവീകരണവും ഭാഗിക യന്ത്രവൽക്കരണവും നടക്കുന്നു. 2018-19 വർഷത്തെ വിറ്റുവരവ് 76.81 കോടി രൂപയും നടപ്പു സാമ്പത്തിക വർഷം (1-4-2019 മുതൽ 30-9-2019 വരെ) വിറ്റുവരവ് 43.10 കോടി രൂപയുമാണ്. വിശദവിവരങ്ങൾ അനുബന്ധം 4.6.18 ൽ നൽകിയിട്ടുണ്ട്. കാപെക്സിന്റെ വിൽപ്പന, കയറ്റുമതി, വിറ്റുവരവ് എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ പട്ടിക 4.6.10 ൽ നൽകിയിരിക്കുന്നു.

കേരള കശുവണ്ടി വികസന കോർപ്പറേഷൻ (കെ.എസ്.സി.ഡി.സി)

കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ ലിമിറ്റഡ് (കെഎസ്സിഡിസി) 1969 ൽ കേരള സർക്കാരിന്റെ പൂർണ്ണ ഉടമസ്ഥതയിലുള്ള ഒരു കമ്പനിയായി രൂപീകരിക്കപ്പെട്ടു. കെ.എസ്.സി. ഡി.സിയുടെ അസംസ്കൃത കശുവണ്ടിപ്പരിപ്പിന്റെ (ആർസിഎൻ) ആവശ്യകതക്കനുസരിച്ച് കശുവണ്ടിപ്പരിപ്പ് ലഭ്യമാക്കുന്നതിനായി കേരള കശുവണ്ടി ബോർഡ് രൂപീകരിക്കുകയും അതുവഴി അസംസ്കൃത കശുവണ്ടിപ്പരിപ്പ് തടസ്സമില്ലാതെ ലഭ്യമാക്കുകയും ചെയ്യുന്നു. കട്ടിംഗ് മെഷീനുകൾ സ്ഥാപിച്ചതിലൂടെ പ്രതിദിനം അസംസ്കൃത കശുവണ്ടി സംസ്കരണം പ്രതിദിനം 83 മെട്രിക് ടണ്ണിൽ നിന്ന് 100 മെട്രിക് ടണ്ണായി ഉയർത്തിയിട്ടുണ്ട്. കെ.എസ്. സി.ഡി.സി 'മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ' വിപണനം ചെയ്യുകവഴി, മികച്ച ലാഭവും ഉപഭോക്താക്കളിൽ നിന്നും മികച്ച പ്രതികരണവും ലഭിച്ചു. വിൽപ്പന വർദ്ധിപ്പിക്കുന്നതിനായി കെ.എസ്.സി.ഡി.സി ഔട്ട്ലെറ്റുകൾ ആരംഭിക്കുകയും ചെയ്തു.

2018-19 സാമ്പത്തിക വർഷത്തിൽ, 136 ദിവസത്തേക്ക് തൊഴിലാളികൾക്ക് തൊഴിൽ നൽകി. 2018-19 ൽ കെ.എസ്.സി.ഡി.സി ഏകദേശം 9312 മെട്രിക് ടൺ അസംസ്കൃത കശുവണ്ടി സംസ്കരിക്കുകയും 2558 മെട്രിക് ടൺ കശുവണ്ടിപ്പരിപ്പ് ഉത്പാദിപ്പിക്കുകയും ചെയ്തു. കെഎസ്സിഡിസി 2018-19 സാമ്പത്തിക വർഷത്തിൽ 132.27 കോടി രൂപ വിറ്റുവരവ് നേടി. വിശദാംശങ്ങൾ അനുബന്ധം 4.6.19 ൽ നൽകിയിട്ടുണ്ട്.

കേരള സ്റ്റേറ്റ് ഏജൻസി ഫോർ എക്സ്പാൻഷൻ ഓഫ് ക്യാഷ്യൂ കൾട്ടിവേഷൻ (കെ.എസ്.എ.സി.സി)

കശുവണ്ടി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും നൂതന സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തുന്നതിനുമായി 2007 ൽ കേരള സർക്കാർ കെ.എസ്.എ..സി.സി രൂപീകരിച്ചു. കെ.എസ്.എ..സി.സി 2007-08 മുതൽ 'ജൈവ കശുവണ്ടി കൃഷിയും, അസംസ്കൃത കശുവണ്ടി ബാങ്ക് സ്ഥാപിക്കലും' എന്ന പദ്ധതി ആരംഭിച്ചു. 2018-19 സാമ്പത്തിക വർഷം 5,89,600 എണ്ണം ഗ്രാഫ്റ്റുകളും (2980 ഹെക്ടർ) 2019 സെപ്റ്റംബർ 30 വരെ 4,00,000 ഗ്രാഫ്റ്റുകളും (1600 ഹെക്ടർ) കൃഷിക്കാർക്കും/ തോട്ടങ്ങൾക്കും ഈ പദ്ധതിയുടെ വിവിധ ഘടകങ്ങൾ പ്രകാരം വിതരണം ചെയ്തു.

കേരള കശുവണ്ടി ബോർഡ് (കെ.സി.ബി)

സംസ്ഥാനത്ത് കശുവണ്ടി വ്യവസായം നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കാനായുള്ള പ്രത്യേക ഉദ്ദേശ്യ യാനമായി, 2017 വർഷത്തിൽ കേരള കശുവണ്ടി ബോർഡ് ഒരു സ്വകാര്യ ലിമിറ്റഡ് കമ്പനിയായി രൂപീകരിച്ചു. 49 ശതമാനം ഓഹരി കേരള സർക്കാരും 51 ശതമാനം ഓഹരി കെ.എസ്.സി.ഡി.സിയുടെയും, കാപെക്സ്, മറ്റ് അനുബന്ധ ഏജൻസികളുടെയും വ്യക്തികളുടെയും പങ്കുമായി പ്രവർത്തിച്ചു വരുന്നു. അസംസ്കൃത കശുവണ്ടി സംഭരിക്കുകയും ഇറക്കുമതി ചെയ്യുകയും ചെയ്ത് ആഭ്യന്തരമായി സംസ്കരണം നടത്തുന്നവർക്ക് ന്യായമായ വിലയ്ക്ക് വിതരണം ചെയ്യുകയും കേരളത്തിൽ ശാസ്ത്രീയമായ കൃഷി പ്രോത്സാഹിപ്പിക്കുകയുമാണ് ബോർഡിന്റെ ലക്ഷ്യം. 40 കോടി രൂപ വരുന്ന 3,000 ടൺ കശുവണ്ടി ആഫ്രിക്കൻ രാജ്യമായ ഗ്വിനി-ബിസൌൽ നിന്നും ഇറക്കുമതി ചെയ്തുകൊണ്ട് കെ.സി.ബി അതിന്റെ വാണിജ്യ പ്രവർത്തനങ്ങൾ ആരംഭിച്ചു.

2018 സെപ്റ്റംബർ-ഒക്ടോബർ മാസങ്ങളിൽ കേരള കശുവണ്ടി ബോർഡുവഴി കിലോഗ്രാമിന് 132.50 രൂപ നിരക്കിൽ അസംസ്കൃത കശുവണ്ടി സംഭരിച്ചതിലൂടെ അസംസ്കൃത കശുവണ്ടിയുടെ വിലയിടിവിൽ നിന്നും നേട്ടം കൊയ്യുവാൻ കഴിഞ്ഞു. ന്യായമായ വിലയിൽ അസംസ്കൃത കശുവണ്ടി ലഭ്യമാക്കുന്ന രീതിയിൽ കേരള കശുവണ്ടി ബോർഡിന്റെ സാന്നിധ്യവും ഇടപെടലും ഈ വ്യവസായത്തിന് ഗുണം ചെയ്തുവരുന്നുണ്ട്. 2018-19 കാലയളവിൽ, കെ. സി.ബി 12,523 മെട്രിക് ടൺ അസംസ്കൃത കശുവണ്ടി ഇറക്കുമതി ചെയ്യുകയും കെ.എസ്.സി.ഡി.സിക്കും കാപെക്സിനും വിതരണം ചെയ്യുകയും അങ്ങനെ കോട്ട് ഡി ഐവയ്റുമായി ധാരണാപത്രപ്രകാരം ഉള്ളതിന്റെ 84 ശതമാനം അസംസ്കൃത കശുവണ്ടി ജി ടു ജി

അടിസ്ഥാനത്തിൽ നേരിട്ടുള്ള ഇറക്കുമതി നടത്തുകയും ചെയ്തു. സെനഗൽ റിപ്പബ്ലിക്കുമായുള്ള ധാരണാപത്രം സർക്കാരിന്റെ പരിഗണനയിലാണ്.

ക്യാഷ്യൂ എക്സ്പോർട്ട് പ്രമോഷൻ കൗൺസിൽ ഓഫ് ഇന്ത്യ (സി.ഇ.പി.സി.ഐ)

കശുവണ്ടിപ്പരിപ്പിന്റെയും കശുവണ്ടി എണ്ണയുടെയും കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിനായി ഇന്ത്യാ ഗവൺമെന്റ് സ്ഥാപിച്ച ഒരു ഏജൻസിയാണ് സി.ഇ.പി.സി.ഐ. കശുവണ്ടിപ്പരിപ്പ് ഇറക്കുമതി ചെയ്യുന്നവരുടെയും കൗൺസിൽ അംഗങ്ങളായ കയറ്റുമതിക്കാരുടെയും ഒരു മധ്യവർത്തിയായി സി.ഇ.പി.സി.ഐ പ്രവർത്തിക്കുന്നു. ആഗോള ഉപഭോക്തൃ–വ്യാപാരി സംഗമം സംഘടിപ്പിക്കുക, അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി കശുവണ്ടി സംസ്കരിക്കുന്നവർക്കും കയറ്റുമതിക്കാർക്കും പിന്തുണ നൽകുക തുടങ്ങി നിരവധി പ്രവർത്തനങ്ങൾ കൗൺസിൽ ഏറ്റെടുക്കുന്നു. സി.ഇ.പി.സി.ഐയിൽ രജിസ്റ്റർ ചെയ്ത 238 കശുവണ്ടി കയറ്റുമതിക്കാർ ഇന്ത്യയിലുണ്ട്. ഇതിൽ 200 ലധികം കയറ്റുമതിക്കാർ കൊല്ലം കേന്ദ്രീകരിച്ചുള്ളവരാണ്.

ഡയറക്ടറേറ്റ് ഓഫ് ക്യാഷ്യുനട്ട് ആൻഡ് കൊക്കോ ഡവലപ്മെന്റ് (ഡി.സി.സി.ഡി)

ഭാരത സർക്കാരിന്റെ കൃഷി, സഹകരണ, കർഷകക്ഷേമ വകുപ്പിന്റെ കീഴിലുള്ള ഒരു ഓഫീസാണ് ഡി.സി.സി.ഡി. രാജ്യത്ത് വിവിധ കശുവണ്ടി കൊക്കോ വികസന പരിപാടികൾ നടപ്പാക്കുന്നതിനുള്ള കേന്ദ്ര ഏജൻസിയായി ഡി.സി.സി.ഡി. പ്രവർത്തിച്ചു വരുന്നു. മൊത്തം 54,98,000 കശുവണ്ടി ഗ്രാഫ്റ്റുകൾ ഡി.സി. സി.ഡി ഉത്പാദിപ്പിക്കുകയും വിതരണം ചെയ്യുകയും ചെയ്തു. പുതിയ തോട്ടം വികസന പരിപാടിയുടെ ഭാഗമായി, എം.ഐ.ഡി.എച്ച് / ആർ.കെ.വി.വൈയുടെ സാമ്പത്തിക സഹായത്താൽ 2018–19 ൽ അത്യുല്പാദന ശേഷിയുള്ള വിത്തുകളുപയോഗിച്ച് 27,490 ഹെക്ടർ അധികഭൂമിയിലേക്ക് കശുവണ്ടി കൃഷി വ്യാപിപ്പിച്ചിട്ടുണ്ട്.

പ്രധാന പ്രശ്നങ്ങൾ / വെല്ലുവിളികൾ

ന്യായവിലയ്ക്കുള്ള അസംസ്കൃത അണ്ടിപ്പരിപ്പിന്റെ താരതമ്യേനയുള്ള അഭാവം, കശുവണ്ടി വ്യവസായത്തിലെ എതിരാളികളുമായി താരതമ്യപ്പെടുത്തുമ്പോൾ കേരളത്തിലെ ഉയർന്ന സംസ്കരണ ചെലവ്, പരമ്പരാഗത സാങ്കേതിക വിദ്യ എന്നിവയാണ് കേരള കശുവണ്ടി വ്യവസായം അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നങ്ങൾ. ഭൂമിക്കുവേണ്ടിയുള്ള സമ്മർദ്ദം, ഭൂപരിധി നിയമം, ഫംഗസ് രോഗ സാധ്യത, കശുവണ്ടിത്തോട്ടത്തോടുള്ള കർഷകരുടെ താല്പര്യക്കുറവ്, റബ്ബർ പോലുള്ള വിളകളിൽ നിന്നും കൂടുതൽ വരുമാനത്തിനുള്ള സാധ്യത, അത്യുല്പാദനശേഷിയുള്ള ഇനങ്ങളുടെയും, മികച്ച സാങ്കേതിക വിദ്യയുടെയും പ്രചാരണത്തിലുമുള്ള കുറവ് എന്നിവ കേരളത്തിലെ കശുവണ്ടിയുടെ ഉത്പാദനം നേരിടുന്ന വെല്ലുവിളികളാണ്. കേരളത്തിലെ കശുവണ്ടി വ്യവസായത്തിന് സംസ്കരണത്തിനും മൂല്യ വർദ്ധനവിനും ആധുനിക സാങ്കേതിക വിദ്യയുടെ സഹായം ആവശ്യമാണ്. അടഞ്ഞു കിടന്ന സ്വകാര്യ മേഖലയിലെ ഫാക്ടറികൾ തുറന്നു പ്രവർത്തിക്കുന്നതിന് സർക്കാർ മുൻഗണന നൽകുന്നു.

ദേശീയ അന്തർദേശീയ വിപണികളിൽ 'കേരള കശുവണ്ടി' എന്ന സൽപേര് നിലനിർത്തുന്നതിനും പുതിയവിപണികൾ കണ്ടെത്തുന്നതിനും വേണ്ടിയാണ് കേരളത്തിലെ കശുവണ്ടി വ്യവസായം ലക്ഷ്യമിടേണ്ടത്.

അദ്ധ്യായം

05

പശ്ചാത്തല സൗകര്യങ്ങൾ

അദ്ധ്യായം

05

പശ്ചാത്തല സൗകര്യങ്ങൾ

5.1 വിവരസാങ്കേതിക വിദ്യ

ഒൻപതാം പഞ്ചവത്സര പദ്ധതിക്കാലം മുതൽ സംസ്ഥാന സമ്പദ്ഘടനയുടെ വളർച്ചയെ ശക്തിപ്പെടുത്തുന്ന പ്രധാന മേഖലകളിൽ ഒന്നാണ് വിവര വിനിമയ സാങ്കേതിക വിദ്യ. സംസ്ഥാനത്തിന്റെ സാമ്പത്തിക പുരോഗതിയിൽ വിവരസാങ്കേതിക വിദ്യയുടെ തന്ത്രപ്രധാന പ്രാധാന്യം സർക്കാർ തിരിച്ചറിയുകയും സംസ്ഥാനത്തെ ഒരു ഡിജിറ്റൽ സംസ്ഥാനമാക്കി മാറ്റുന്നതിനും അന്താരാഷ്ട്ര നിലവാരത്തിലുള്ള പശ്ചാത്തല സൗകര്യങ്ങൾ ഈ മേഖലയിൽ ഒരുക്കുന്നതിനുമായി ആത്മാർത്ഥമായ നടപടികൾ എടുത്തിട്ടുണ്ട്. വിവര വിനിമയ സാങ്കേതിക വിദ്യ പദ്ധതികൾ, ഇ–ഗവേണൻസ് സംരംഭങ്ങൾ, ഇ–സാക്ഷരത പദ്ധതികൾ എന്നിവ നടപ്പാക്കുന്നതിനും ഐ.റ്റി. മേഖലയിൽ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിലും സംസ്ഥാനത്തെ മുൻപന്തിയിൽ ആക്കുന്നതിന് ഈ നയങ്ങൾ സഹായിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ എല്ലാ വീടുകളിലും ഇന്റർനെറ്റ് കണക്റ്റിവിറ്റി നൽകാൻ ലക്ഷ്യമിടുന്ന കേരള ഫൈബർ ഒപ്റ്റിക് നെറ്റ്‌വർക്ക് (കെ–ഫോൺ) പദ്ധതിയുടെ അന്തിമ അംഗീകാരത്തിലൂടെ കേരള സർക്കാർ ഇൻറർനെറ്റിലേക്കുള്ള പ്രവേശനം അടിസ്ഥാന അവകാശമായി പ്രഖ്യാപിക്കുകയും അവകാശം നടപ്പാക്കുന്നതിന് അടിയന്തര നടപടികൾ കൈക്കൊള്ളുകയും ചെയ്തു. ഇൻറർനെറ്റ് കണക്റ്റിവിറ്റിയുടെ അവകാശങ്ങൾക്കനുസൃതമായി, 2 ദശലക്ഷം ബിപിഎൽ കുടുംബങ്ങൾക്ക് കണക്റ്റിവിറ്റി സൗജന്യമായി നൽകണം. കെ. ഫോൺ പദ്ധതിയുടെ നേരത്തെയുള്ള നടപ്പാക്കലിന് സംസ്ഥാനത്തിന്റെ സാമ്പത്തിക വികസനം ഒരു പുതിയ തലത്തിലേയ്ക്ക് കൊണ്ടു പോകുന്നതിന് സഹായിക്കാനുള്ള കഴിവുണ്ട്, പ്രത്യേകിച്ചും സംസ്ഥാനത്തിന്റെ മാനവ വിഭവ ശേഷിയുടെ ദ്രുതഗതിയിലുള്ള നവീകരണത്തിനും വികസനത്തിനും ഇത് സഹായകമാകുന്നു. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെയും സംസ്ഥാന പൊതുമേഖലയിലുള്ള കെ.എസ്.ഐ.ടി.ഐ.എൽ ലിമിറ്റഡിന്റെയും വിഭവങ്ങൾ കൂട്ടിച്ചേർത്തുകൊണ്ട് ദേശീയ, ആഗോള ഇന്റർനെറ്റിലേക്കുള്ള ലിങ്ക് നൽകുന്ന വിവിധ സേവനദാതാക്കളുടെ സേവനം ഉപയോഗപ്പെടുത്തി ഇന്റർനെറ്റ് കണക്ടിവിറ്റിയുടെ കാര്യത്തിൽ പ്രത്യേകിച്ചും ലാസ്റ്റ് മൈൽ കണക്ടിവിറ്റി ഉറപ്പ് നൽകുന്ന ഒരു നൂതന സംവിധാനമാണ് ഈ പദ്ധതി.

കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി മിഷൻ (കെ.എസ്.ഐ.റ്റി.എം.), ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റ് – കേരള (ഐ.ഐ.ഐ.റ്റി.എം.കെ), ടെക്നോപാർക്ക്, ഇൻഫോപാർക്ക്, സൈബർപാർക്ക്, കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (കെ.എസ്.ഐ.റ്റി.ഐ.എൽ), ഇന്റർനാഷണൽ സെന്റർഫോർ ഫ്രീ ആന്റ് ഓപ്പൺ സോഴ്സ് സോഫ്റ്റ് വെയർ (ഐ.സി.ഫോസ്), കേരള സ്റ്റാർട്ടപ്പ് മിഷൻ (കെ.എസ്.യു.എം.), സെന്റർ ഫോർ ഡെവലപ്പ്മെന്റ് ഓഫ് ഇമേജിംഗ് ടെക്നോളജി (സി–ഡിറ്റ്) എന്നിവയാണ് സംസ്ഥാനത്ത് വിവര സാങ്കേതിക പദ്ധതികൾ നടപ്പാക്കുന്ന, വിവരസാങ്കേതിക വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന പ്രധാന ഏജൻസികൾ.

സംസ്ഥാനത്തെ എല്ലാ ജില്ലകൾക്കും നേട്ടമുണ്ടാക്കുന്ന തരത്തിലാണ് സംസ്ഥാന സർക്കാർ, ഐ.റ്റി. വ്യവസായ വികസനത്തിനുള്ള നടപടികൾ സ്വീകരിച്ചിരിക്കുന്നത്. ഒരു ഹബ്ബ് ആന്റ് സ്പോക്ക് മാതൃകയാണ് വിഭാവനം ചെയ്തിരിക്കുന്നത്. തിരുവനന്തപുരം (ടെക്നോപാർക്ക്), കൊച്ചി (ഇൻഫോ പാർക്ക്), കോഴിക്കോട് (സൈബർ പാർക്ക്) എന്നിവ ഹബ്ബുകളായും ബാക്കിയുള്ള ജില്ലകൾ സ്പോക്കുകളായും പ്രവർത്തിക്കുന്നു.

കേരളത്തിലെ ഐ.ടി മേഖലയുടെ പ്രകടനം

- 'ഇന്ത്യ ഇന്റർനെറ്റ് 2019' എന്ന് പേരിട്ടിരിക്കുന്ന ഇന്റർനെറ്റ് ആൻഡ് മൊബൈൽ

അസോസിയേഷൻ ഓഫ് ഇൻഡ്യ (ഐ.എ.എം.ഐ) റിപ്പോർട്ട് അനുസരിച്ച് രാജ്യത്തെ രണ്ടാമത്തെ ഉയർന്ന നിരക്കാണ് കേരളത്തിന്റെ ഇന്റർനെറ്റ് പെനിട്രേഷൻ (54 ശതമാനം), 69 ശതമാനം പെനിട്രേഷനുമായി ദില്ലി എൻ.സി.ആർ ഒന്നാം സ്ഥാനത്താണ്. കേരളം, തമിഴ്നാട്, ദില്ലി എന്നിവിടങ്ങളിൽ ഏറ്റവും കൂടുതൽ സ്ത്രീകൾ ഇന്റർനെറ്റ് ഉപയോഗിക്കുന്നവരാണെന്നും ഈ റിപ്പോർട്ടിൽ പറയുന്നു.

- ഇന്റർനെറ്റ് ആക്സസ്സ് അവകാശമാക്കി മാറ്റുന്ന ആദ്യത്തെ സംസ്ഥാനമാണ് കേരളം. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന 20 ലക്ഷം കുടുംബങ്ങൾക്ക് ഇന്റർനെറ്റ് കണക്ടിവിറ്റി നൽകുന്നതിനായി കേരള ഫൈബർ ഒപ്റ്റിക്ക് നെറ്റ് വർക്ക് (കെ – ഫോൺ) പദ്ധതി കേരള സർക്കാർ ആരംഭിച്ചു.
- അക്ഷയ കേന്ദ്രങ്ങൾ വഴി 4 കോടിയിൽ പരം വിവിധ സർട്ടിഫിക്കറ്റുകൾ പൗരൻമാർക്ക് നൽകുന്ന ഒരു ലൈറ്റ് ഹൗസ് പദ്ധതിയാണ് ഇ – ഡിസ്ട്രിക്ട് – കേരള.
- നവീകരിച്ച കേരള സ്പേഷ്യൽ ഡാറ്റ ഇൻഫ്രാസ്ട്രചർ പദ്ധതി ബഹുമാനപ്പെട്ട ചീഫ് സെക്രട്ടറി ഉത്ഘാടനം ചെയ്തു. സർക്കാർ ഓഫീസുകളുടെ ജിയോ ടാഗിംഗ് ആരംഭിച്ച രാജ്യത്തെ ആദ്യത്തെ സംസ്ഥാനമായി കേരളം മാറി. 39 സർക്കാർ വകുപ്പുകളിൽ നിന്നുള്ള ഉപഭോക്താക്കൾ ഉൾപ്പെടെ 300 ൽ അധികം ഗുണഭോക്താക്കളാണ് കെ.എസ്.ഡി.ഐ യിലുള്ളത്.
- സംസ്ഥാനത്തൊട്ടാകെ 1,888 സ്ഥലങ്ങളിൽ വൈ – ഫൈ ഹോട്ട്സ്പോട്ടുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇതുവഴി പ്രതിദിനം ശരാശരി ഉപഭോക്താക്കൾ 32,000 ആണ്. പ്രതിദിനം ഡാറ്റാ ഉപഭോഗം 6 ടി.ബി യിൽ കൂടുതലാണ്.
- മൂന്ന് ഐ.ടി പാർക്കുകളിൽ പ്രവർത്തിക്കുന്ന 825 കമ്പനികളിലൂടെ ഏകദേശം 190 ലക്ഷം ചതുരശ്ര അടി സ്ഥലം, 4982.1 കോടി നിക്ഷേപം, 20,623.55 കോടി രൂപയുടെ വിറ്റുവരവ്, 1,00,558 തൊഴിലവസരങ്ങൾ എന്നിവ സൃഷ്ടിച്ചു.
- 7,577 പേർക്ക് തൊഴിൽ നൽകിക്കൊണ്ട് സംസ്ഥാനത്തുടനീളം 2,716 അക്ഷയ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു.
- കേരള സ്റ്റാർട്ട് അപ് മിഷന്റെയും അതിന്റെ നിരവധി മേഖലാ പങ്കാളി സംഘടനകളുടെയും ബാനറിൽ നിലവിൽ 2,200 ൽ അധികം രജിസ്റ്റർ ചെയ്ത സ്റ്റാർട്ട് അപ്പുകൾ, 3.15 ലക്ഷം ചതുരശ്ര അടിയിലധികം ഇൻകുബേഷൻ സ്ഥലവും 230 ൽ അധികം ഇന്നൊവേഷൻ ആന്റ് എന്റർപ്രണർഷിപ് ഡെവലപ്മെന്റ് സെല്ലുകളും ഉണ്ട്.
- ഇൻഡസ്ട്രി ആൻഡ് ഇന്റേണൽ ട്രേഡിന്റെ (ഡി.പി.ഐ.ഐ.ടി) സ്റ്റേറ്റ് സ്റ്റാർട്ട് അപ് റാങ്കിംഗിൽ വകുപ്പിലെ ഏറ്റവും മികച്ച പ്രകടനം കാഴ്ച വച്ച സംസ്ഥാനമായി കേരളം സ്ഥാനം നേടി.
- ഫണ്ട് ഓഫ് ഫണ്ട് സ്കീം വഴി സ്റ്റാർട്ട് അപ്പുകൾക്കുള്ള വിഭവങ്ങളുടെ ലഭ്യത 1,000 കോടി രൂപയിൽ കൂടുതലാണ്.
- 10 ഗവേഷണ കേന്ദ്രങ്ങൾ, 65 ഗവേഷണ പ്രബന്ധങ്ങൾ ദേശീയ/അന്താരാഷ്ട്ര ജേണലുകളിൽ പ്രസിദ്ധീകരിച്ചു.
- വിവിധ വകുപ്പുകൾക്കായുള്ള പത്ത് ജി.ഐ.എസ് അധിഷ്ഠിത വെബ് ആപ്ലിക്കേഷൻ/പോർട്ടൽ പ്രോജക്ടുകളും മറ്റ് ആറു പ്രോജക്ടുകളും വികസന ഘട്ടത്തിലാണ്.
- മൂന്ന് ആൻഡ്രോയിഡ് അധിഷ്ഠിത GIS മൊബൈൽ ആപ്ലിക്കേഷനുകൾ വികസിപ്പിക്കുകയും വിന്യസിക്കുകയും ചെയ്തു.
- വിദ്യാർത്ഥികൾക്ക് ഇന്റേൺഷിപ്പ് സൗകര്യം നൽകുന്നതിനു പുറമേ സർക്കാർ വകുപ്പുകൾ, സ്കൂളുകൾ, സർവ്വകലാശാലകൾ, കോളേജുകൾ എന്നിവയ്ക്കായി വിവിധ ജി.ഐ.എസ് അധിഷ്ഠിത വർക്ക് ഷോപ്പുകൾ നടത്തി.

ഐ.റ്റി പശ്ചാത്തല സൗകര്യങ്ങൾക്കും ഐ.റ്റി.ഇ.എസ്, ഇ– ഗവണൻസ് പ്രവർത്തനങ്ങൾക്കും ഈ മേഖലയിലെ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനുമായി സംസ്ഥാന സർക്കാരിന്റെ 2018–19 ബജറ്റിൽ 587.6 കോടി രൂപ നൽകിയിട്ടുണ്ട്. ഇത് മുൻ വർഷത്തെ അപേക്ഷിച്ച് 7.0 ശതമാനം കൂടുതലാണ്. ഇതിൽ, 269.1 കോടി രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട് (45.79 ശതമാനം). 2019–20 വാർഷിക പദ്ധതിയിൽ, 574.4 കോടി രൂപ ഈ മേഖലയ്ക്ക് വകയിരുത്തിയിട്ടുണ്ട്. പദ്ധതി വിഹിതത്തിന്റെയും ചെലവാക്കിയ തുകയുടെയും വിശദാംശങ്ങൾ **പട്ടിക 5.1.1**–ൽ നൽകിയിരിക്കുന്നു.

കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി മിഷൻ (കെ.എസ്.ഐ.റ്റി.എം)

കേരള സ്റ്റേറ്റ് ഐ.റ്റി മിഷൻ വിവര സാങ്കേതിക വകുപ്പിന്റെ കീഴിൽ വരുന്ന ഒരു സ്വയംഭരണ ഐ.റ്റി നിർവ്വഹണ ഏജൻസിയാണ്. വകുപ്പിന്റെ പ്രവർത്തനങ്ങൾക്കാവശ്യമായ സാങ്കേതിക സഹായം ഈ സ്ഥാപനം നൽകുന്നു. ഐ.സി.ടി അനുബന്ധ നയങ്ങൾ, മാനദണ്ഡങ്ങൾ എന്നിവയുടെ വികസനം ഗവൺമെന്റ് സ്ഥാപനങ്ങൾക്കുള്ള ഐ.സി.ടി ഫെസിലിറ്റേഷൻ, ഡിജിറ്റൈസേഷൻ പ്രയത്നങ്ങളിൽ സംസ്ഥാന വകുപ്പുകൾക്കുള്ള പിന്തുണയും മാർഗ്ഗ നിർദ്ദേശവും, സർക്കാരിനും വ്യവസായത്തിനും ഇടയിലുള്ള മധ്യവർത്തിയായി പ്രവർത്തിക്കുക, കാര്യശേഷി വികസനത്തിന് മുൻകൈ എടുക്കുക, ഡിജിറ്റൽ വിടവ് നികത്തുക, ഐ.ടി ഇൻഫ്രാസ്ട്രക്ചർ സ്ഥാപിക്കുകയും നിലനിർത്തുകയും ചെയ്യുക, വിവിധ

പട്ടിക 5.1.1 പദ്ധതി വിഹിതവും ചെലവും (രൂപ ലക്ഷത്തിൽ)

ക്രമ നം.	വകുപ്പ്/പദ്ധതി	വാർഷിക പദ്ധതി 2017–18			വാർഷിക പദ്ധതി 2018–19			വാർഷിക പദ്ധതി 2019–20
		ബജറ്റ് വിഹിതം	ചെലവ്	ശതമാനം	ബജറ്റ് വിഹിതം	ചെലവ്	ശതമാനം	ബജറ്റ് വിഹിതം
1	കേരള സ്റ്റേറ്റ് ഐ.റ്റി മിഷൻ(കെ. എസ്.ഐ.റ്റി.എം)	147.5	67.3	45.6	147.5	104.9	71.1	144.1
2	ടെക്നോപാർക്ക്	84.0	111.8	133.1	84.0	23.3	27.7	84.0
3	ഇൻഫോപാർക്ക്	67.1	54.5	81.2	67.1	33.6	50.1	67.05
4	സൈബർപാർക്ക്	25.7	0.7	2.7	25.7	7.1	27.6	22.69
5	ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റ് (ഐ.ഐ.ഐ.റ്റി. എം.കെ)	52.0	48.5	93.3	65.5	7.0	11.0	15.50
6	സ്റ്റാർട്ടപ്പ് മിഷൻ	80.0	24.6	30.7	80.0	44.2	55.3	80.00
7	കേരള സ്റ്റേറ്റ് ഐ.റ്റി ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ് (കെ. എസ്.ഐ.റ്റി.ഐ.എൽ)	55.6	15.3	27.5	52.4	24	45.8	148.00
8	ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി – കോട്ടയം	22.5	22.5	100	24.5	6.3	25.7	
9	സി–ഡിറ്റ്	10.0	0.0	0.0	6.0	5.1	85.0	7.0
10	ഐ.സി. ഫോസ്	5.0	5.0	100	5.0	7.5	150.0	6.0
11	ഹാർഡ് വെയർ മിഷൻ				30.0	6.1	20.3	0.0
	ആകെ	549.3	350.1	63.7	587.6	269.1	45.8	574.38

അവലംബം: ബഡ്ജറ്റ് എസ്റ്റിമേറ്റ്

ഇ–ഗവേണൻസ് സംരംഭങ്ങൾ ഏറ്റെടുക്കുക തുടങ്ങി വൈവിധ്യമാർന്ന റോളുകൾ കെ.എസ്.ഐ.ടി. എം നിർവ്വഹിക്കുന്നു. "സിറ്റിസൺ ഫസ്റ്റ്" എന്ന സമീപനത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട് ഡിജിറ്റൽ സേവനങ്ങൾ ഏറ്റവും മികച്ച രീതിയിൽ പൗരൻമാർക്ക് നൽകുക എന്നതാണ് കെ.എസ്.ഐ.ടി.എമ്മിന്റെ കാതലായ പ്രവർത്തനം.

ഈ പ്രോത്സാഹന നയങ്ങളുടെയും പദ്ധതികളുടെയും ഫലമായി കേരളം ഡിജിറ്റൽ സംസ്ഥാനം എന്ന ലക്ഷ്യം കൈവരിക്കാൻ സാധിച്ചു. കെ.എസ്.ഐ.ടി.എം ന്റെ ചില പ്രധാനപ്പെട്ട നേട്ടങ്ങൾ താഴെപ്പറയുന്നു.

- കേരളത്തെ ഇന്ത്യയിലെ ആദ്യത്തെ ഡിജിറ്റൽ സംസ്ഥാനമായി 2016 ൽ പ്രഖ്യാപിച്ചു.
- ഇടുക്കിയിൽ ഇന്ത്യയിലെ ആദ്യത്തെ ഹൈസ്പീഡ് ഗ്രാമീണ ബ്രോഡ്ബാന്റ് ശൃംഖല കമ്മീഷൻ ചെയ്തു.
- ഇന്ത്യയിൽ 4 കോടിയിൽ കൂടുതൽ ഇ–സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്ത ആദ്യത്തെ സംസ്ഥാനം.
- ഒപ്റ്റിക്കൽ ഫൈബർ നെറ്റ് വർക്ക് മുഖേന 100 ശതമാനം ഗ്രാമപഞ്ചായത്തുകളേയും ബന്ധിപ്പിച്ചു.

കെ.എസ്.ഐ.റ്റി.എം.ന്റെ പ്രധാന പ്രവർത്തനങ്ങൾ

സേവനങ്ങൾ നൽകുന്നതിൽ സുതാര്യതയും

വിശ്വാസ്യതയും ഉത്തരവാദിത്വവും ഉറപ്പാക്കി സത് ഭരണം നടപ്പാക്കുന്നതിനുള്ള ഒരു പ്രധാന ഉപാധിയാണ് ഇന്ന് ഇ-ഗവേണൻസ്. ഇ-സാക്ഷരതാ പദ്ധതിയും, ഇ-ഗവേണൻസ്, മൊബൈൽ ഗവേണൻസ് എന്നിവ പ്രോത്സാഹിപ്പിക്കുന്നതിലും പ്രധാന പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിക്കുന്നതിലും കേരളം മുൻ നിരയിൽ നിൽക്കുന്നു.

കെ - ഫൈ/പബ്ലിക് വൈ - ഫൈ: സംസ്ഥാനത്തെ പൗരൻമാർക്ക് സൗജന്യമായി ഇന്റർനെറ്റ് നൽകുന്നതിനായി സംസ്ഥാനത്തുടനീളം 2,000 വൈ-ഫൈ ഹോട്ട് സ്പോട്ടുകൾ സ്ഥാപിക്കാൻ ലക്ഷ്യമിട്ടുള്ള ഒരു സൗജന്യ വൈ-ഫൈ പ്രോജക്ടാണ് കെ-ഫൈ. ഇതിൽ 1,888ൽ അധികം സംസ്ഥാനങ്ങളിൽ വൈ-ഫൈ ഹോട്ട് സ്പോട്ടുകൾ സ്ഥാപിക്കുകയും പ്രതിദിനം ശരാശരി 32,000 ഉപഭോക്താക്കളാണ് ഈ സേവനം ഉപയോഗിക്കുകയും ചെയ്യുന്നത്. പ്രതിദിനം ഡാറ്റാ ഉപഭോഗം 6 ടി.ബിയിൽ കൂടുതലാണ്. തിരഞ്ഞെടുത്ത തീരദേശ സൈറ്റുകളിലും ശേഷിക്കുന്ന സൈറ്റുകളിലും വൈ.ഫൈ ഹോട്ട് സ്പോട്ടുകളുടെ ഇൻസ്റ്റലേഷൻ പുരോഗമിക്കുന്നു.

ഇ-ഓഫീസ്: ഓഫീസ് നടപടി ക്രമങ്ങൾ ഇലക്ട്രോണിക് ആയി നടപ്പാക്കുന്നതിലൂടെ ഡിജിറ്റൽ വിനിമയത്തിന്റെ ഗുണഫലങ്ങൾ ഉപയോഗിച്ചു കൊണ്ട് സർക്കാർ ഓഫീസുകൾ പേപ്പർ രഹിത ഓഫീസുകളായി പരിവർത്തനം ചെയ്യുകയും ആശയവിനിമയം വഴി വേഗത്തിൽ തീരുമാനമെടുക്കുന്നതിനുമാണ് ഇ-ഓഫീസ് ലക്ഷ്യമിടുന്നത്. സെക്രട്ടേറിയേറ്റിലെ 54 വകുപ്പുകളിലും 46 ഡയറക്ടറേറ്റുകളിലും 14 കളക്ടറേറ്റുകളിലും 12 ആർ.ഡി.ഒ കളിലുമായി ഇ-ഓഫീസ് നടപ്പാക്കി കഴിഞ്ഞു. വരും വർഷങ്ങളിൽ വില്ലേജ് ഓഫീസുകളിലും പഞ്ചായത്തുകളിലും തുടങ്ങി താഴെ തട്ടുവരെ ഇ-ഓഫീസ് നടപ്പാക്കുന്നതിന് സർക്കാർ തീരുമാനമെടുത്തിട്ടുണ്ട്. പ്രതിമാസം ഇ - ഫയൽ ചലനം 8 ലക്ഷത്തിൽ കൂടുതലാണ്. ദേശീയ തലത്തിലും, മറ്റ് മിക്ക സംസ്ഥാനങ്ങളിലും ഉടനീളം ഫയൽ നീക്കത്തിന് ഇ-ഓഫീസ് ഉപയോഗിക്കുന്നു. ഇ-ഫയലിംഗിനായി കേന്ദ്ര സർക്കാർ മന്ത്രാലയങ്ങൾ ഇ - ഓഫീസിനെ ആശ്രയിക്കുന്നു. ഫയലിന്റെ നിലവിലെ നിലയും സ്ഥാനവും പോലുള്ള സുതാര്യമായ വിവരങ്ങൾ ഇത് നൽകുന്നു.

അടിസ്ഥാന പശ്ചാത്തല സൗകര്യങ്ങൾ : കേരള സ്റ്റേറ്റ് വൈഡ് ഏരിയ നെറ്റ് വർക്ക് (കെസ് വാൻ), സെക്രട്ടേറിയറ്റ് വൈഡ് ഏരിയ നെറ്റ് വർക്ക്(സെക്വാൻ), സ്റ്റേറ്റ് ഡാറ്റാ സെന്റർ, സ്റ്റേറ്റ് സർവ്വീസ് ഡെലിവറി ഗേറ്റ് വേ എന്നിവയാണ് സംസ്ഥാനത്തെ ഇ-ഗവേണൻസ് നടപ്പാക്കുന്നതിനുള്ള പ്രധാന അടിസ്ഥാന പശ്ചാത്തല സൗകര്യങ്ങൾ. സംസ്ഥാനത്തെ 14 ജില്ലകളെയും 152 ബ്ലോക്ക് പഞ്ചായത്തുകളെയും 63 മിനി സിവിൽ സ്റ്റേഷനുകളെയും സംസ്ഥാനത്തുടനീളമുള്ള റവന്യൂ ടവറുകളെയും തമ്മിൽ ബന്ധിപ്പിക്കുന്ന കെസ്വാൻ ആണ് സംസ്ഥാന ഇൻഫർമേഷൻ ഇൻഫ്രാസ്ട്രക്ചറിന്റെ (എസ്.ഐ.ഐ) നട്ടെല്ല്. സംസ്ഥാനത്തെ 3700 ഓളം സർക്കാർ വകുപ്പുകളുമായി വയർലെസ്സിലൂടെയും മറ്റനവധി ലീസ്ഡ് ലൈൻ, ലാൻ എന്നിവയിലൂടെയും ഈ ശൃംഖല ബന്ധിപ്പിക്കുന്നു. നാഷണൽ ഒപ്റ്റിക്കൽ ഫൈബർ നെറ്റ് വർക്കുമായി കെസ്വാൻ സംയോജിപ്പിച്ച് തിരുവനന്തപുരം നഗരത്തിലെ എല്ലാ ഗ്രാമ പഞ്ചായത്തുകളും പൈലറ്റ് പദ്ധതിയായ നാഷണൽ ഇൻഫർമേഷൻ ഇൻഫ്രാസ്ട്രക്ചർ വഴി ബന്ധിപ്പിച്ചിരിക്കുന്നു. തിരുവനന്തപുരത്തുള്ള NII പൈലറ്റ് പദ്ധതിയുടെ ഭാഗമായി അക്ഷയ കേന്ദ്രങ്ങൾ ഉൾപ്പടെ 500 ഓളം ഓഫീസുകൾ ബന്ധിപ്പിച്ചിരിക്കുന്നു. സംസ്ഥാനത്തിന്റെ ഇ-ഗവേണൻസ് ചട്ടക്കൂടിന്റെ ഹൃദയഭാഗമാണ് സ്റ്റേറ്റ് ഡാറ്റാ സെന്ററുകൾ (എസ്. ഡി.സി). സർക്കാർ സ്ഥാപനങ്ങളുടെ വിവിധ ആപ്ലിക്കേഷനുകളും വെബ്സൈറ്റുകളും ഹോസ്റ്റു ചെയ്യുകയും അനുബന്ധ സേവനങ്ങൾ നൽകുകയും ചെയ്യുന്നു.

ഇ ഡിസ്ട്രിക്റ്റ്: ഡിജിറ്റൽ ഇന്ത്യയുടെ കീഴിൽ വരുന്ന ഒരു മിഷൻ മോഡ് പ്രോജക്റ്റാണ് ഇ ഡിസ്ട്രിക്റ്റ്. ജില്ലാ ഭരണകൂടം, താലൂക്ക് വില്ലേജ് തലത്തിൽ കോമൺ സർവ്വീസ് സെന്ററുകളിലൂടെയും (സി.എസ്.സി) സംസ്ഥാന പോർട്ടലിലൂടെയും ഇ-സേവനങ്ങളുടെ ഓൺലൈൻ ലഭ്യത പ്രാപ്തമാക്കുന്നതിനായി ബാക്ക് എന്റ് കമ്പ്യൂട്ടറൈസേഷൻ വഴി പൗരന്മാർക്ക് സേവനങ്ങൾ ലഭ്യമാക്കുന്നതിന് ഇത് ലക്ഷ്യമിടുന്നു. ഇ-ഡിസ്ട്രിക്റ്റ് പ്രോജക്ട് വഴി ലഭ്യമാക്കുന്ന ചില പ്രധാന സേവനങ്ങൾ ഇവയാണ്.

- 25 റവന്യൂ സർട്ടിഫിക്കറ്റ് സേവനങ്ങൾ സംസ്ഥാനത്തുടനീളം.
- വിവരാവകാശ നിയമവും പൊതു പരാതി സേവനങ്ങളും. ഇ-ഡിസ്ട്രിക്റ്റ് പോർട്ടലിലൂടെ ഓൺ ലൈൻ യൂട്ടിലിറ്റി ബിൽ പേയ്മെന്റ് സംവിധാനങ്ങൾ.
- മറ്റ് വകുപ്പുകളുടെ വിവിധ സേവനങ്ങളും ഇ-ഡിസ്ട്രിക്റ്റ് പോർട്ടലുമായി ഓൺ ലൈൻനായി ബന്ധിപ്പിച്ചിരിക്കുന്നു.

എം. കേരളം: വിവിധ സർക്കാർ വകുപ്പുകൾ നൽകുന്ന സേവനങ്ങളെ ഒരു കുടക്കീഴിൽ കൊണ്ട് വരുന്ന തരത്തിലുള്ള മൊബൈൽ ആപ്ലിക്കേഷനാണ് എം. കേരളം. ഇത് 2018 മാർച്ച് 22 ന് നിലവിൽ വന്നു. നിലവിൽ കേരളത്തിലെ 18 വകുപ്പുകളിലെ 101 സേവനങ്ങൾ ഈ ആപ്ലിക്കേഷൻ വഴി ലഭ്യമാക്കുന്നു.

ഇ-ഗവൺമെന്റ് പ്രൊക്യുയർമെന്റ് (ഇ.ജി. പി): 53 സർക്കാർ വകുപ്പുകളും 216 പൊതുമേഖലാസ്ഥാപനങ്ങളുടെയും/സ്വയംഭരണ

സ്ഥാപനങ്ങളുടെയും/സർക്കാർ ഏജൻസികളും ഉപയോഗിക്കുന്ന ഒരു പൊതു പ്രൊക്യുയർമെന്റ് സംവിധാനമണ് ഇ-ഗവൺമെന്റ് പ്രൊക്യുയർമെന്റ് (ഇ.ജി.പി). 1764 ഓഫീസുകളെ (വിവിധ സർക്കാർ വകുപ്പുകളും മറ്റു സർക്കാർ സ്ഥാപനങ്ങളും) ഇ-പ്രൊക്യുയർമെന്റ് സംവിധാനത്തിലേക്ക് കൊണ്ടുവരുവാൻ കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ 2 വർഷത്തിനുള്ളിൽ ഈ പ്ലാറ്റ് ഫോം വഴി 2,17,827 ടെണ്ടറുകൾ വിളിച്ചിട്ടുണ്ട്. അങ്ങനെ നടന്ന ടെണ്ടറുകളുടെ ആകെ മൂല്യം 56,227.99 കോടി രൂപയാണ്. കഴിഞ്ഞ രണ്ട് വർഷത്തിനിടയിൽ ഈ സംവിധാനത്തിലൂടെ 4,984 ഉദ്യോഗസ്ഥർക്ക് പരിശീലനം ലഭിച്ചു.

ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങൾ: 14 ജില്ലാ ആസ്ഥാനങ്ങളിലും ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷത്തിൽ 148.1 കോടി രൂപ സർക്കാരിലേക്ക് വരുമാനം നേടിക്കൊടുക്കുകയും ചെയ്തു. നിലവിൽ അക്ഷയ കേന്ദ്രം മുഖേന സേവന ചാർജ്ജുകളില്ലാതെ എല്ലാ സേവനങ്ങളും ലഭ്യമാക്കാൻ സർക്കാർ ലക്ഷ്യമിടുകയാണ്. ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങൾ വഴിയും ഈ സേവനം ലഭ്യമാകും. പൗരൻമാർക്ക് അധിക ചെലവുകളില്ലാതെ സർക്കാരിലേക്കുള്ള എല്ലാ നികുതികളും മറ്റു കുടിശ്ശികകളും ഒരു കുടക്കീഴിൽ നൽകാനുള്ള അവസരം അക്ഷയ കേന്ദ്രം വഴി ഉറപ്പാക്കുന്നുണ്ട്. ശരാശരി 1,000-1,050 ആളുകൾ ദിനംപ്രതി ഇവിടം സന്ദർശിക്കാറുണ്ട്.

അക്ഷയ: വിവര സാങ്കേതിക രംഗത്തെ വിടവ് നികത്തുക എന്ന ലക്ഷ്യത്തോടെ അക്ഷയ 2002 നവംബർ 18-ന് ഒരു നൂതന സംരംഭമായി ആരംഭിച്ചു. പൊതു സ്വകാര്യ പങ്കാളിത്ത രീതിയിലാണ് 'അക്ഷയ' പ്രവർത്തിക്കുന്നത്. കുടുംബത്തിലെ ഒരാൾക്കെങ്കിലും ഇ-സാക്ഷരത എന്നതായിരുന്നു തുടക്കത്തിലെ ഉദ്ദേശ്യം. ക്രമേണ പൗരന്മാർക്ക് സേവനം നൽകുക എന്നതിലേക്ക് അക്ഷയ മാറി.

- നിലവിൽ സംസ്ഥാനത്തുടനീളം പ്രവർത്തിക്കുന്ന 2,716 അക്ഷയ കേന്ദ്രങ്ങളിലായി 7,577 പേർ ജോലി ചെയ്യുന്നു.
- വിവിധ ബാങ്കുകൾക്കായി ബാങ്കിംഗ് കിയോസ്ക്കുകളായി പ്രവർത്തിക്കുന്ന 1,700-ൽ അധികം അക്ഷയ കേന്ദ്രങ്ങൾ ഉണ്ട്.
- അക്ഷയ കേന്ദ്രങ്ങളിലൂടെ യു.ഐ.ഡിയിൽ 5.5 മില്യൺ പൗരന്മാർ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

അക്ഷയ വഴിയുള്ള യു.ഐ.ഡി എൻറോൾമെന്റ് ദേശീയ ശരാശരിയായ 62 ശതമാനത്തെക്കാളും 92.7 ശതമാനമാണ്. യു.ഐ.ഡി എൻറോൾമെന്റിലെ ഒരു പ്രമുഖ ഏജൻസിയായ അക്ഷയ വഴിയാണ് കേരളത്തിലെ യു.ഐ.ഡി കളിൽ 75 ശതമാനവും എൻറോൾ ചെയ്തിട്ടുള്ളത്. കേരളത്തിലെ അക്ഷയ കേന്ദ്രങ്ങളെ സംബന്ധിച്ച വിശദ വിവരങ്ങൾ **അനുബന്ധം 5.1.1** ൽ ചേർത്തിരിക്കുന്നു.

കേരളാ സ്റ്റേറ്റ് സ്പേഷ്യൽ ഡാറ്റാ ഇൻഫ്രാസ്ട്രക്ചർ (കെ.എസ്.ഡി.ഐ): വാണിജ്യമേഖല, ലാഭേതര മേഖല, അക്കാഡമിയ എന്നീ മേഖലകളിലും ഗവൺമെന്റിന്റെ എല്ലാ തലങ്ങളിലും ജിയോ സ്പേഷ്യൽ ഡാറ്റാ ലഭ്യമാക്കുന്നത് കേരളാ സ്റ്റേറ്റ് സ്പേഷ്യൽ ഡാറ്റാ ഇൻഫ്രാസ്ട്രക്ചറാണ്. കഴിഞ്ഞ രണ്ട് വർഷത്തിനിടയിൽ പദ്ധതിയുടെ പ്രധാന നേട്ടങ്ങൾ ചുവടെ ചേർക്കുന്നു

- പുതിയ സവിശേഷതകളോടെ എർദാസ് അപ്പോളോ 2016 വെബ് സെർവ്വർ ഉപയോഗിച്ച് കെ.എസ്.ഡി.ഐ ജിയോ പോർട്ടൽ അപ്ഗ്രേഡു ചെയ്തു.
- വിവിധ ഫയൽ ഫോർമാറ്റുകളിൽ 400 ൽ അധികം ലെയറുകളുള്ള വിവരങ്ങൾ 20 വകുപ്പുകളിൽ നിന്ന് കെ.എസ്.ഡി.ഐ ശേഖരിക്കുകയും ഗുണനിലവാര പരിശോധനയ്ക്കു ശേഷം 59 തടസ്സമില്ലാത്ത ലെയറുകളിൽ അപ് ലോഡ് ചെയ്യുകയും ചെയ്തു.
- 39 സർക്കാർ വകുപ്പുകളിൽ നിന്നുള്ള ഉപഭോക്താക്കൾ ഉൾപ്പെടെ 300 ൽ അധികം ഗുണഭോക്താക്കളാണ് നിലവിൽ കെ.എസ്. ഡി.ഐ ക്ക് ഉള്ളത്.

യു.ഐ.ഡി.എ.ഐ ആധാർ എൻറോൾമെന്റിന്റെ സ്റ്റേറ്റ് രജിസ്ട്രാറായി കേരള സർക്കാരിനെ ചുമതലപ്പെടുത്തി. കേരളത്തിലെ ഇലക്ട്രോണിക്സ്, ഐ.ടി വകുപ്പിനെ നോഡൽ വകുപ്പായും സംസ്ഥാനത്ത് ആധാർ പ്രവേശനത്തിനുള്ള നോഡൽ ഏജൻസിയായി കെ.എസ്.ഐ.ടി.എമ്മിനെ അംഗീകരിച്ചു. കെ.എസ്.ഐ.ടി.എമ്മിന് കീഴിലുള്ള അക്ഷയ പ്രോജക്ട്, എൻറോൾമെന്റ് ഏജൻസിയായി പ്രവർത്തിക്കുകയും അക്ഷയ സെന്ററുകളിലൂടെ ആധാർ എൻറോൾമെന്റ് നടത്തുകയും ചെയ്യുന്നു. കൂടാതെ, ഓഥന്റിക്കേഷൻ യൂസർ ഏജൻസിയായും ഇ-കെ.വൈ.സി ഉപയോക്താ ഏജൻസിയായും കെ.എസ്.ഐ.ടി.എമ്മിനെ യു.ഐ.ഡി.ഐ അംഗീകരിച്ചു. ആധാർ അധിഷ്ഠിത സേവനങ്ങളായ ഡിജിലോക്കർ എന്നിവയും വകുപ്പുകളിലേയ്ക്ക് എത്തിക്കുന്നു. ആധാർ എൻറോൾമെന്റിനും വിശദാംശങ്ങളിൽ മാറ്റം വരുത്തുന്നതിനും മായി നിലവിൽ 900 ത്തോളം സ്ഥിരം എൻറോൾമെന്റ് സെന്ററുകളും, 5,00 ചൈൽഡ് എൻറോൾമെന്റ് സെന്ററുകളും, 1,450 അപ്ഡേറ്റ് സെന്ററുകളും ഉണ്ട്.

"പേപ്പർലെസ് ഭരണം നേടുന്നതിനും ഡിജി ലോക്കറിന്റെ ദ്രുതഗതിയിലുള്ള നടപ്പാക്കലിനും" വേണ്ടി ഇലക്ട്രോണിക്സ് ആൻഡ് ഇൻഫർമേഷൻ ടെക്നോളജി മന്ത്രാലയത്തിന്റെ ദേശീയ ഇ-

ഗവേണൻസ് ഡിവിഷന്റെ (എൻ.ഇ.ജി.ഡി) പിന്തുണയോടെ ഡിജി ലോക്കറിനെക്കുറിച്ചുള്ള സംസ്ഥാനതല വർക്ക് ഷോപ്പ് കേരള സ്റ്റേറ്റ് ഐ.ടി മിഷൻ നടത്തി. നിലവിൽ കേരളത്തിൽ താഴെപ്പറയുന്ന ഡിപ്പാർട്ടുമെന്റിന്റെ ഇ – ഗവേണൻസ് സംരഭങ്ങളുമായി ഡിജി ലോക്കർ സംവിധാനം സംയോജിപ്പിച്ചിരിക്കുന്നു.

- റവന്യൂ വകുപ്പ് (ഇ–ഡിസ്ട്രിക്ട് പ്രോജക്ട് – റവന്യൂ സർട്ടിഫിക്കറ്റുകൾ)
- ഭക്ഷ്യ – സിവിൽ വിതരണ വകുപ്പ് – റേഷൻ കാർഡ്
- പരീക്ഷാ ഭവൻ – എസ്.എസ്.എൽ.സി
- ചിയാക്ക്– തൊഴിൽ വകുപ്പ് – ആരോഗ്യ ഇൻഷുറൻസ് കാർഡ്
- ഹയർ സെക്കൻഡറി വിദ്യാഭ്യാസം – പ്ലസ് ടു സർട്ടിഫിക്കറ്റ്
- മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട് മെന്റ് – ഡ്രൈവിംഗ് ലൈസൻസും വാഹന രജിസ്ട്രേഷനും
- രജിസ്ട്രേഷൻ വകുപ്പ് – ഭൂവുടമ
- വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടറേറ്റ്
- പട്ടികവർഗ്ഗ വികസന വകുപ്പ്
- ദേശീയ തൊഴിൽ സേവനം
- മൃഗസംരക്ഷണ വകുപ്പ്

അവാർഡുകളും അംഗീകാരങ്ങളും

- സ്കോച്ച് അവാർഡ് 2019– അഭിമാനകരമായ ഇ – പ്രൊക്യുർമെന്റ് പ്രോജക്ടിനായി 2019 ലെ ഓർഡർ ഓഫ് മെരിറ്റ്.
- സ്കോച്ച് അവാർഡ് 2018 – അക്ഷയ, സെർട്ട് – കെ, കെ.എസ്.ഡി.ഐ പോലുള്ള പ്രധാന ഇ–ഗവേണൻസ് പ്രോജക്ടുകൾക്ക് ഓർഡർ ഓഫ് മെരിറ്റ്.
- ഡിജിറ്റൽ ഇന്ത്യ അവാർഡ് 2019 – സമഗ്രമായ വെബ് – മൊബൈൽ അധിഷ്ഠിത സേവനങ്ങൾ അതിന്റെ പൗരൻമാർക്ക് പരിധികളില്ലാതെ നൽകുന്നതിനായി സംസ്ഥാനത്ത് നടത്തിയ മാതൃകാപരമായ സംരംഭങ്ങൾക്കുള്ള അവാർഡ് കേരളത്തിന് ലഭിച്ചു.
- കേരളത്തിലെ വെള്ളപ്പൊക്ക നാശനഷ്ട സർവ്വേ പ്രക്രിയയെ ഏകോപിപ്പിച്ച പ്രവർത്തിപ്പിച്ചതിന് ടെക് സാഭാ അവാർഡ് 2019.
- ഗവേൺസ് നൗ ഡിജിറ്റൽ ട്രാൻസ്ഫോർമേഷൻ അവാർഡ് 2019 – കെ.ഫൈ ഡിജിറ്റൽ ഇൻഫ്രാ, കേരള സ്റ്റേറ്റ് പോർട്ടൽ, എം കേരളം, മൊബൈൽ ആപ്ലിക്കേഷൻ, സെൻട്രലൈസ്ഡ് പ്രക്യുയർമെന്റ് റേറ്റ് കോൺട്രാക്ട് സംവിധാനം – കേരളം എന്നീ പദ്ധതികൾക്കായി കെ.എസ്.ഐ.ടി.എമ്മിന് അവാർഡ് നൽകി.

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആൻഡ് മാനേജ്മെന്റ് – കേരള (ഐ.ഐ.ഐ.റ്റി.എം–കെ)

ശാസ്ത്ര, സാങ്കേതിക, മാനേജ്മെന്റ് മേഖലകളിൽ ഒരു ഉന്നത സ്ഥാപനമെന്ന നിലയിൽ 2000–ൽ ആരംഭിച്ച സ്ഥാപനമാണ് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആൻഡ് മാനേജ്മെന്റ്– കേരള. വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകുന്നതിനും, സംരംഭകത്വവും സാമൂഹിക ഉത്തരവാദിത്വവുമുള്ള പ്രൊഫഷണലുകളെയും നേതൃശേഷിയുള്ളവരെയും വളർത്തിയെടുക്കുന്നതിനും ഈ സ്ഥാപനം പ്രാധാന്യം നൽകുന്നു. വിദ്യാഭ്യാസം, ഗവേഷണം, വികസനം, പ്രായോഗിക വിവര സാങ്കേതിക വിദ്യയിലും മാനേജ്മെന്റിലും പരിശീലനം എന്നിവയിലും ഇൻസ്റ്റിറ്റ്യൂട്ട് ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നു. ഐ.ഐ.ഐ.റ്റി.എം.കെ യുടെ അക്കാഡമിക് പരിപാടികൾ **ബോക്സ് 5.1.1** ചേർത്തിരിക്കുന്നു.

കമ്പ്യൂട്ടർ സയൻസിൽ സൈബർ സുരക്ഷ, മെഷീൻ ഇന്റലിജൻസ്, ഡാറ്റാ അനലിറ്റിക്സ്, ജിയോ സേപ്ഷ്യൽ അനലിറ്റിക്സ് എന്നിവയിൽ സ്പെഷ്യലൈസേഷനോടുകൂടിയ നാല് പ്രത്യേക പോസ്റ്റ് ഗ്രാജ്വേറ്റ് പ്രോഗ്രാമുകൾ (എം.എസ്.സി) ഇൻസ്റ്റിറ്റ്യൂട്ട് നടക്കുന്നു. മേൽപറഞ്ഞ നാല് പ്രത്യേക കോഴ്സുകൾക്കൊപ്പം, ഇൻസ്റ്റിറ്റ്യൂട്ട് എം.ഫിൽ ഇക്കോളജിക്കൽ ഇൻഫോർമാറ്റിക്സ്, എം.ഫിൽ കമ്പ്യൂട്ടർ സയൻസ്, പി.ജി ഡിപ്ലോമ ഇൻ ഇ–ഗവേണൻസും വാഗ്ദാനം ചെയ്യുന്നു. എം.ഫിൽ, എം.എസ്.സി ബിരുദം, കൊച്ചി യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആൻഡ് ടെക്നോളജി വഴിയും (കുസാറ്റ്) ബിരുദാനന്തര ഡിപ്ലോമ കേരള സർക്കാർ സാങ്കേതിക വിദ്യാഭ്യാസ

ബോക്സ് 5.1.1 ഐ.ഐ.ഐ.റ്റി.എം.കെ. യുടെ അക്കാദമിക് പരിപാടികൾ

- മാസ്റ്റേഴ്സ് പ്രോഗ്രാം
- എം.ഫിൽ പ്രോഗ്രാം
- പി.എച്ച്.ഡി പ്രോഗ്രാം
- ബിരുദാനന്തര ഡിപ്ലോമ പ്രോഗ്രാം

ഡയറക്ടറേറ്റ് വഴിയും നൽകുന്നു.

പ്ലേസ്മെന്റ് റെക്കോർഡുകൾ

ഐ.ഐ.ഐ.റ്റി.എം.കെ യിൽ നിന്ന് പാസായ കുട്ടികൾ അന്തർദേശീയമായി അറിയപ്പെടുന്ന ഐടി കമ്പനികളായ ജെ.എഫ്.ഡബ്ലിയു.റ്റി.സി– ജനറൽ ഇലക്ട്രിക്, ആക്സെഞ്ചർ, ആംഡോക്സ്, സീമെൻസ് ഏണസ്റ്റ് & യങ്, എ.ആർ.എസ് സോഫ്റ്റ്‌വെയർ അലയൻസ് കോൺഹിൽ, ഐബിഎം, ഐ ബി എസ്, ഇൻഫോസിസ്, ടാറ്റ എലക്സി, ടാറ്റാ കൺസൾട്ടൻസി സർവീസസ്, യു എസ് ടി ഗ്ലോബൽ ടെക്നോളജി, വിപ്രോ തുടങ്ങിയ കമ്പനികളിൽ പ്രശംസനീയമായ സ്ഥാനങ്ങൾ വഹിക്കുന്നു.

ഗവേഷണവും വികസനവും

ഐ.ഐ.ഐ.റ്റി.എം.കെ താഴെ പറയുന്ന മേഖലകളിൽ ഗവേഷണം നടത്തുന്നു.

- തിയററ്റിക്കൽ കമ്പ്യൂട്ടർ സയൻസ്
- മെഷിൻ ഇൻറലിജൻസ്
- മെഡിക്കൽ ഇമേജ് കമ്പ്യൂട്ടിങ്ങും
- ഇൻഫർമേഷൻ സെക്യൂരിറ്റി
- കമ്പ്യൂട്ടേഷണൽ ഭാഷാശാസ്ത്രം
- കമ്പ്യൂട്ടർ സയൻസും ഹൈ പെർഫോമെൻസ് കംപ്യൂട്ടിങ്
- ജിഐഎസ് ആൻറ് മോട്ട് സെൻസിങ്
- വിവര വ്യവസ്ഥാ സേവനങ്ങളും മാനേജ്മെന്റും
- നെറ്റ് വർക്കുകൾ, ഗ്രിഡ്, ക്ലൗഡ് കമ്പ്യൂട്ടിംഗ്
- വിദ്യാഭ്യാസ സാങ്കേതികവിദ്യ
- ഇ–ഗവേണൻസ്
- ഇക്കോളജിക്കൽ ഇൻഫർമാറ്റിക്സ്

ഐ.ഐ.ഐ.റ്റി.എം.കെ ക്യാമ്പസ്

ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുതിയ ക്യാമ്പസ് പൂർത്തീകരണ ഘട്ടത്തിലാണ്. കൂടാതെ വിവരസാങ്കേതികവിദ്യയിലും അതിന്റെ ആപ്ലിക്കേഷൻ ഡൊമെയ്നുകളിലും പഠനങ്ങൾ ഗവേഷണങ്ങൾ, ഇൻകുബേഷൻ എന്നിവ സുഗമമാക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യും. പൂർത്തീകരിച്ച ക്യാമ്പസിന് മൊത്തം 48,161 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുണ്ടാകും. അക്കാദമിക് ബ്ലോക്കിലെയും ഹോസ്റ്റൽ കെട്ടിടത്തിലെയും 95 ശതമാനം പ്രവൃത്തികളും പൂർത്തിയായി. ഐഐഐടിഎം–കെ യുടെ പ്രവർത്തനം 2020 ഓടെ ടെക്നോപാർക്കിൽ നിന്ന് പുതിയ കാമ്പസിലേക്ക് മാറ്റുമെന്ന് പ്രതീക്ഷിക്കുന്നു.

ടെക്നോപാർക്ക്

ആഗോള നിലവാരമുള്ള പശ്ചാത്തല സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനും സാങ്കേതിക വിദ്യയിലൂന്നിയ വ്യവസായങ്ങളുടെ വികസനത്തിനാവശ്യമായ മുഴുവൻ സഹായവും നൽകുന്നതിനുമായി കേരള സർക്കാരിന്റെ പൂർണ്ണ ഉടമസ്ഥതയിലുള്ള ഒരു സ്വയംഭരണ സ്ഥാപനമായാണ് ടെക്നോപാർക്ക് ആരംഭിച്ചത്. 1995 നവംബർ 18–നാണ് ഈ സ്ഥാപനം ഔദ്യോഗികമായി രാഷ്ട്രത്തിന് സമർപ്പിച്ചത്. അന്നു മുതൽ ടെക്നോപാർക്ക് അതിന്റെ വലിപ്പത്തിലും, ജീവനക്കാരുടെ എണ്ണത്തിലും വളർന്നുകൊണ്ടേയിരിക്കുന്നു. മൂന്നാം ഘട്ട വികസനത്തോടെ ഇന്ത്യയിലെ ഏറ്റവും വലിയ ഐ.റ്റി. പാർക്കുകളിൽ ഒന്നായി ടെക്നോപാർക്ക് മാറും. ഇവിടെ 380 ഏക്കർഭൂമിയും 9.7 മില്യൺ ചതുരശ്ര അടി ബിൽറ്റ് അപ്പ് ഏരിയയുമുണ്ട്. ടെക്നോപാർക്കിൽ 60,000 ഐ.റ്റി. ജീവനക്കാർക്ക് നേരിട്ടും 1,50,000 ആളുകൾക്ക് പരോക്ഷമായും തൊഴിൽ ലഭ്യമാകുന്നു. കഴക്കൂട്ടത്ത് ടെക്നോസിറ്റി പ്രോജക്ട് വരുന്നതോടുകൂടി 424 ഏക്കർ വിസ്തൃതിയിൽ ഒരു ഏകീകൃത ഐ.റ്റി. ടൗൺഷിപ്പാകുകയും, കേരളത്തിലെ തന്നെ ആദ്യത്തെ ഐ.റ്റി. ഇടനാഴിയായി മാറുകയും ചെയ്യും. 2021 ഓടെ 50,000 പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ ടെക്നോപാർക്ക് ലക്ഷ്യമിടുന്നു. സംസ്ഥാന സമ്പദ് ഘടനയിൽ ടെക്നോപാർക്കിന്റെ സംഭാവനകൾ പട്ടിക 5.1.2 ൽ ചേർത്തിരിക്കുന്നു. ടെക്നോപാർക്കിന്റെ ഭൗതിക നേട്ടങ്ങളും വളർച്ചയുടെ വിശദാംശങ്ങളും യഥാക്രമം **അനുബന്ധം 5.1.2** ലും **5.1.3** ലും ചേർത്തിരിക്കുന്നു.

പട്ടിക 5.1.2 സംസ്ഥാന സമ്പദ് ഘടനയിൽ ടെക്നോപാർക്കിന്റെ സംഭാവന

ഇനം	നേട്ടങ്ങൾ 2016–17	നേട്ടങ്ങൾ 2017–18	നേട്ടങ്ങൾ 2018–19
ആകെ വിറ്റുവരവ് (രൂപ കോടിയിൽ)	12000	14000	14000
ആകെ കയറ്റുമതി (രൂപ കോടിയിൽ)	5000	6452	7000
ആകെ നിക്ഷേപം (രൂപ കോടിയിൽ)	4970	4970	4979
ആകെ തൊഴിലവസരങ്ങൾ (എണ്ണം)	52,746	56,000	60,000
ആകെ കമ്പനികൾ (എണ്ണം)	370	400	410
ആകെ സ്ഥലം (ഏക്കറിൽ)	760	760	770.2
ആകെ ബിൽറ്റപ് ഏരിയ (ലക്ഷം ചതുരശ്ര അടി)	93	97	97

അവലംബം: ടെക്നോപാർക്ക്

പട്ടിക 5.1.3 ടെക്നോപാർക്കിന്റെ അധീനതയിലുള്ള ഭൂമി.

ഘട്ടങ്ങൾ	ഘട്ടം I	ഘട്ടം II	ഘട്ടം III	ടെക്നോസിറ്റി	ടെക്നോപാർക്ക് കൊല്ലം
ഭൂ വിസ്തൃതി (ഏക്കറിൽ)	199.6	86	90.1	424.0 (ഇതിൽ 34 ഏക്കർ ഉപയോഗ്യമല്ലാത്ത സ്ഥലമായി രേഖപ്പെടുത്തുന്നു)	4.4

അവലംബം: ടെക്നോപാർക്ക്

ടെക്നോപാർക്കിന്റെ അധീനതയിലുള്ള ഭൂമി.

ടെക്നോപാർക്കിനുള്ള ആകെ ഭൂവിസ്തൃതി 770 ഏക്കറാണ്. 5 കാമ്പസുകളിലായുള്ള ഭൂവിവരം സംബന്ധിച്ച വിശദാംശങ്ങൾ **പട്ടിക 5.1.3** ൽ കൊടുത്തിരിക്കുന്നു.

ടെക്നോപാർക്കിലെ ബിൽറ്റ് അപ്പ് ഏരിയയുടെ വളർച്ച

നിലവിൽ ടെക്നോപാർക്ക് ക്യാമ്പസിൽ 20 ഐ.ടി കെട്ടിടങ്ങൾ തനതായ നിലയിൽ ഉണ്ട്. ടെക്നോപാർക്കിന്റെ ഭൂവിസ്തൃതി 2015–16 ൽ 72 ലക്ഷം ചതുരശ്ര അടിയിൽ നിന്നും 2018–19 ൽ 97 ലക്ഷം ചതുരശ്ര അടിയായി വർദ്ധിച്ചു. അതിൽ വ്യവസായ മൊഡ്യൂളുകൾക്കായി 32.8 ലക്ഷം ചതുരശ്ര അടി ടെക്നോപാർക്ക് നിർമ്മിച്ചതും 64.2 ലക്ഷം ചതുരശ്ര അടി കമ്പനികൾ പൂർത്തിയാക്കിയതുമാണ്. ടെക്നോപാർക്കിലെ ബിൽറ്റ്അപ് ഏരിയയുടെ വളർച്ച **ചിത്രം 5.1.1** ൽ കാണിച്ചിരിക്കുന്നു.

ടെക്നോപാർക്കിലെ കമ്പനികൾ

കഴിഞ്ഞ 5 വർഷത്തിനിടയിൽ ടെക്നോപാർക്കിൽ പ്രവർത്തിക്കുന്ന കമ്പനികളുടെ എണ്ണത്തിൽ വർദ്ധനയുണ്ടായിട്ടുണ്ട്. 2014–15 ൽ ടെക്നോപാർക്കിൽ 355 കമ്പനികൾ പ്രവർത്തിച്ചിരുന്നു. 2018–19 ൽ ഇത് 410 ആയി വർദ്ധിച്ചു. 31/08/2019 വരെ ഇത് തുടർന്നു. 2014–15 മുതൽ 2018–19 വരെയുള്ള കമ്പനികളുടെ എണ്ണം സംബന്ധിച്ച വിവരം **ചിത്രം 5.1.2** ൽ ചേർത്തിരിക്കുന്നു.

ടെക്നോപാർക്കിൽനിന്നുള്ള കയറ്റുമതിയുടെ വളർച്ച

ടെക്നോപാർക്കിൽനിന്നുള്ള കയറ്റുമതി 2014–15 ൽ 5100 കോടിയായിരുന്നത് 2017–18 ആയപ്പോൾ 6450 കോടി രൂപയായി വർദ്ധിച്ചു. 2018–19 ൽ ഇത് 7000 കോടിയായി ഉയർന്നു, ഇത് മുൻ വർഷത്തെ അപേക്ഷിച്ച് 8.5 ശതമാനം വർദ്ധന. കഴിഞ്ഞ 5 വർഷമായി ടെക്നോപാർക്കിൽ നിന്നുള്ള കയറ്റുമതി വിവരം **ചിത്രം 5.1.3**–ൽ രേഖപ്പെടുത്തിയിരിക്കുന്നു.

ചിത്രം 5.1.1 ടെക്നോപാർക്കിലെ ബിൽറ്റ് അപ് ഏര്യയുടെ വളർച്ച



അവലംബം:ടെക്നോപാർക്ക്

ചിത്രം 5 .1. 2 ടെക്നോപാർക്കിലെ കമ്പനികളുടെവളർച്ച



അവലംബം:ടെക്നോപാർക്ക്

ചിത്രം 5.1.3 ടെക്നോപാർക്കിൽ നിന്നുള്ള കയറ്റുമതി



അവലംബം:ടെക്നോപാർക്ക്

ടെക്നോപാർക്കിലെ തൊഴിലിലുണ്ടായ വർദ്ധനവ്

ടെക്നോപാർക്കിന്റെ വളർച്ച കഴിഞ്ഞാ അഞ്ച് വർഷത്തെ തൊഴിലിന്റെ വളർച്ചയുമായി ബന്ധപ്പെട്ട് വിശകലനം ചെയ്യാവുന്നതാണ്. 2014–15 ൽ തൊഴിലവസരങ്ങൾ 47,100 ആയിരുന്നത് 2018–19 ആയപ്പോഴേക്കും 60,000 ആയി വർദ്ധിച്ചു. ഇത് അത്പോലെ (31.08.2019) ൽ തുടരുന്നു. കഴിഞ്ഞ 5 വർഷത്തെ തൊഴിലവസരങ്ങളിലുണ്ടായ വർദ്ധന **ചിത്രം 5.1.4**–ൽ രേഖപ്പെടുത്തിയിരിക്കുന്നു.

ടെക്നോപാർക്ക് മൂന്നാം ഘട്ടത്തിൽ എംബസി ടോറസ് പദ്ധതിയുടെ നിർമ്മാണം ആരംഭിക്കുകയും അത് സജീവമായി തുടരുകയും ചെയ്യുന്നു. ഇതിൽ രണ്ടു ഘട്ടങ്ങളിലായി മൊത്തം 1,500 കോടി മുതൽമുടക്കിൽ ടെക്നോപാർക്കിൽ ലോകോത്തര ബിസിനസ് ഇൻഫ്രാസ്ട്രക്ചർ സൃഷ്ടിക്കാൻ വിഭാവനം ചെയ്തിരിക്കുന്നു. പദ്ധതി പൂർത്തിയാകുമ്പോൾ 35,000 നേരിട്ടുള്ള തൊഴിലവസരങ്ങളും 75,000 പരോക്ഷ തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെടും എന്ന് പ്രതീക്ഷിക്കുന്നു.

ചിത്രം 5.1.4 ടെക്നോപാർക്കിലെ തൊഴിലവസരങ്ങളുടെ വർദ്ധന

ടെക്നോസിറ്റി

ടെക്നോപാർക്ക് പള്ളിപ്പുറത്ത് 424 ഏക്കർ ഭൂമി, ടെക്നോസിറ്റി പ്രോജക്ടിനുവേണ്ടി ഏറ്റെടുത്തിട്ടുണ്ട്. ടി.സി.എസ്, ഇൻഫോസിസ്, സൺടെക്, കെയ്സ്, ഐ.ഐ.ഐ.ടി.എം.കെ. എന്നിങ്ങനെയുള്ള സ്ഥാപനങ്ങൾക്കായുള്ള അടിസ്ഥാന സൗകര്യ പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്.

ടെക്നോ സിറ്റിയിലെ ഭാവി പദ്ധതികൾ

- ടെക്നോപാർക്കിലെ 2 ദശലക്ഷം ചതുരശ്ര അടി വിസ്തീർണമുള്ള കെട്ടിടത്തിന്റെ നിർമാണം പൂർത്തിയായിക്കൊണ്ടിരിക്കുകയാണ്. 2020 ഓടെ ഇത് പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.
- 97 ഏക്കറിൽ 36,000 കോടി രൂപ മുതൽ മുടക്കിൽ 16,000 ടെയിനികൾക്ക് പരിശീലന സൗകര്യമുള്ള 8 ദശലക്ഷം ചതുരശ്ര അടിയുള്ള ലോകോത്തര പരിശീലനകേന്ദ്രം നിർമ്മിക്കാൻ ടി.സി.എസ് പദ്ധതിയിട്ടിട്ടുണ്ട്.
- 2,500 പേർക്ക് തൊഴിൽ നൽകുമെന്ന് പ്രതീക്ഷിച്ച് 300 കോടി മുതൽമുടക്കിൽ 1 ദശ ലക്ഷം ചതുരശ്രയടി ഐടി കെട്ടിടത്തിന്റെ നിർമ്മാണം സൺടെക് ആരംഭിച്ചു.
- 10 ഏക്കർ സ്ഥലത്ത് ഐ.ഐ.ഐ.ടി.എം.കെ അവരുടെ മാനേജ്മെൻറ് കെട്ടിടവും ഹോസ്റ്റലും അടങ്ങുന്ന പ്രാരംഭ കെട്ടിടം ആരംഭിച്ചു.

അവാർഡുകളും അംഗീകാരങ്ങളും

- ടെക്നോപാർക്ക് മൂന്നാംഘട്ടം ഐടി കെട്ടിടത്തിന്റെ (ഗംഗാ–യമുനാ ടവറുകൾ) മേൽക്കൂരയിൽ സോളാർ പവർ പ്ലാന്റിന് പൊതു സ്ഥാപനങ്ങളുടെ വിഭാഗത്തിൽ കേരള സ്റ്റേറ്റ് എനർജി അവാർഡ് 2018 നേടി. കേരളത്തിലെ ഐടി കെട്ടിടങ്ങളിലെ ഏറ്റവും വലിയ റൂഫ് ടോപ് സോളാർ പവർ പ്ലാൻറാണിത്.
- മൂന്നാം ഘട്ടത്തിലെ ഗംഗ–യമുന ഇരട്ട ടവർ ഐടി കെട്ടിടത്തിന് ഐ.ജി.ബി സിയുടെ ലീഡ് ഇന്ത്യ ഗോൾഡ് റേറ്റിംഗ് കരസ്ഥമാക്കി.
- 2018 ഒക്ടോബർ 15ന് കേരള സർക്കാരിന്റെ തൊഴിൽ നൈപുണ്യ വകുപ്പിന്റെ തൊഴിൽ റിലേഷൻസ്, കംപ്ലൈൻസ് എന്നിവയിലെ മൊത്തത്തിലുള്ള പ്രകടനത്തിന് ടെക്നോപാർക്കിന് സർട്ടിഫിക്കറ്റ് ഓഫ് ഏക്സലൻസ് വജ്ര 2017 ലഭിച്ചു.

ഇൻഫോപാർക്ക്

കേരളത്തിലെ രണ്ടാമത്തെ വലിയ ഐ.റ്റി ഹബ്ബാണ് കൊച്ചിയിലുള്ള ഇൻഫോപാർക്ക്, ഇതിന്റെ സ്പോക്കുകൾ ചേർത്തലയിലും തൃശ്ശൂരിലുമാണ്. ഐ.ടി./ഐ.ടി.ഇ.എസ് കമ്പനികൾക്ക് ആവശ്യമായ വൈദ്യുതി, ജല വിതരണം, കണക്ടിവിറ്റി, തുടങ്ങിയ സ്റ്റേറ്റ് ഓഫ് ആർട്ട് അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുകയാണ് ഇൻഫോപാർക്കിന്റെ ലക്ഷ്യം. ഇൻഫോപാർക്കും അതിന്റെ വികസന പങ്കാളികളും ചേർന്ന് (2004–ൽ ആരംഭിച്ചതു മുതൽ) 80 ലക്ഷം ചതുരശ്ര അടി ബിൽറ്റ് അപ് സ്ഥലം സൃഷ്ടിക്കുകയും 392 ഐ.ടി കമ്പനികളിലൂടെ 40,000 ലധികം ഐ.ടി പ്രൊഫഷണലുകൾക്ക് തൊഴിൽ നൽകുന്നുമുണ്ട്.

പട്ടിക 5.1.4 ഇൻഫോപാർക്കിന്റെ അധീനതയിലുള്ള ഭൂമി

ഘട്ടങ്ങൾ	ഘട്ടം I	ഘട്ടം II	തൃശ്ശൂർ	ചേർത്തല	ടി.ബി.സി കലൂർ
ഭൂ വിസ്തൃതി (ഏക്കറിൽ)	100.9	125	30	66	ജിസിഡിഎയുടെ ഉടമസ്ഥതയിലുള്ള കെഎസ്ഐടിഎമ്മിന്റെ പാട്ടത്തിന് കീഴിൽ 25,845 ച.അടി ബിൽറ്റ് അപ് സ്ഥലം

അവലംബം:ടെക്നോപാർക്ക്

ഇൻഫോപാർക്കിന്റെ അധീനതയിലുള്ള ഭൂമി

323 ഏക്കറിലായി വികസനത്തിന്റെ വിവിധ ഘട്ടങ്ങളിൽ 5 കാമ്പസുകൾ ഇൻഫോപാർക്കിനുണ്ട്. ഈ 5 കാമ്പസുകളിലെ ഭൂവിസ്തൃതി സംബന്ധിച്ച വിശദാംശങ്ങൾ **പട്ടിക 5.1.4** ൽ കാണിച്ചിരിക്കുന്നു.

ഇൻഫോപാർക്ക് ടി.ബി.സി.– ൽ 25,845 ചതുരശ്ര അടി വിസ്തീർണമുള്ള കലൂർ അന്തരാഷ്ട്ര സ്റ്റേഡിയത്തിലെ ഭാഗീകമായ ഫിറ്റഡ് സ്ഥലം, 2013 വർഷത്തിൽ കെ.എസ്.ഐ.ടി.എം–ൽ നിന്ന് ഏറ്റെടുത്തു. ആവശ്യമായ മറ്റ് നിർമ്മാണ പ്രവർത്തനങ്ങളും നവീകരണവും ഇൻഫോപാർക്ക് നടത്തി, ഇപ്പോൾ ഈ സൗകര്യം സ്റ്റാർട്ട് അപ് കമ്പനികൾക്കുള്ള ഓഫീസുകൾക്കായി നൽകുന്നു. ഇൻഫോപാർക്കിന്റെ ഭൗതിക നേട്ടങ്ങൾ **അനുബന്ധം 5.1.4**–ൽ ചേർത്തിരിക്കുന്നു.

സൈബർ പാർക്ക്

കൊച്ചി മുതൽ കാസർഗോഡ് വരെയുള്ള ഐ.റ്റി. അടിസ്ഥാന പശ്ചാത്തല സൗകര്യങ്ങളുടെ വിടവ് നികത്തുന്നതിനായി തിരുവനന്തപുരം ടെക്നോപാർക്ക്, കൊച്ചി ഇൻഫോ പാർക്ക് എന്നിവയുടെ ഹബ് ആൻറ് സ്പോക്ക് മാതൃകയിൽ ആരംഭിച്ചതാണ് കോഴിക്കോട് സൈബർ പാർക്ക്. ചെലവ് കുറഞ്ഞതും, എന്നാൽ, ഉയർന്ന ഗുണനിലവാരത്തിലുള്ളതുമായി അടിസ്ഥാന സൗകര്യങ്ങൾ ഐ.റ്റി./ഐ.റ്റി.ഇ.എസ്സ്. നിക്ഷേപകർക്ക് ലഭ്യമാക്കുക എന്നതാണ് സൈബർ പാർക്കിന്റെ ലക്ഷ്യം. അതുവഴി സോഫ്റ്റ് വെയറുകളുടെയും സോഫ്റ്റ് വെയർ സേവനങ്ങളുടെയും കയറ്റുമതി ത്വരിതപ്പെടുത്തുന്നതിനും തദ്വാര മലബാർ മേഖലയിലെ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിടുന്നു. സർക്കാരും വ്യവസായവും തമ്മിൽ ഇടപഴകുക സാധ്യതയുള്ള നിക്ഷേപകരുമായി സംവദിക്കുക, ഐടി/ഐ.ടി.ഇ.എ.സ് അടിത്തറ ശക്തിപ്പെടുത്തുക, പ്രമോഷണൽ കാമ്പയ്നുകൾ നടത്തുക, ഐടി, ഐ.ടി.ഇ.എസ് എന്നിവയ്ക്കായി മാനവ വിഭവശേഷി വികസിപ്പിക്കുക എന്നത് സൈബർപാർക്കിന്റെ ഉത്തരവാദിത്തമാണ്. കേരള സ്റ്റേറ്റ് ഐടി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ്. (കെഎസ്ഐടിഎൽ) കോഴിക്കോട് സൈബർപാർക്കിലെ 43 ഏക്കർ ഭൂമിയുടെ മുഴുവൻ ഉടമസ്ഥാവകാശവും കൈവശം വച്ചിട്ടുണ്ട്. സൈബർ പാർക്കിന്റെ പ്രധാന നേട്ടങ്ങൾ താഴെ കൊടുക്കുന്നു.

- 2.88 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണം ഉള്ള ആദ്യത്തെ ഐ.റ്റി കെട്ടിടം "സഹ്യ"പൂർത്തിയാക്കി, പ്രവർത്തനം ആരംഭിച്ചു. 23 കമ്പനികൾക്ക് സ്ഥലം അനുവദിക്കുകയും ചെയ്തു.
- 14.9 കോടി രൂപയുടെ കയറ്റുമതി ഉൾപ്പെടെ 3.1 കോടിരൂപയുടെ മൊത്തം നിക്ഷേപവും, 16.7 കോടിരൂപയുടെ മൊത്തം വിറ്റുവരവും.
- സെസ്സിൽ 23 കമ്പനികൾ ഇതിനകം പ്രവർത്തനം ആരംഭിക്കുകയും 560 നേരിട്ടുള്ള തൊഴിൽ സൃഷ്ടിച്ചു.
- ഇൻറർനെറ്റ് മൊബൈൽ അസോസിയേഷൻ ഓഫ് ഇന്ത്യ (ഐ.എ.എം.എ.ഐ) യുമായി സഹകരിച്ച് സൈബർ പാർക്ക് കേരളത്തിലാദ്യമായി ആപ്ലിക്കേഷൻ ഇൻക്യുബേഷൻ ഹബ് സ്ഥാപിച്ചു.
- സൈബർ പാർക്കിൽ 24 സ്റ്റാർട്ട് അപ്പ് കമ്പനികൾ ഇതിനകം പ്രവർത്തനം ആരംഭിക്കുകയും 127 എണ്ണം ഐടി തൊഴിലവസരങ്ങൾ സൃഷ്ടിച്ചു.

സൈബർ പാർക്കിന്റെ ഭൗതിക നേട്ടങ്ങൾ അനുബന്ധം 5.1.5–ൽ ചേർത്തിരിക്കുന്നു.

കേരള സ്റ്റേറ്റ് ഐ.റ്റി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (കെ.എസ്.ഐ.റ്റി.ഐ.എൽ)

സംസ്ഥാനത്തെ ഐടി/ഐടിഇഎസിനായി അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനായി രൂപീകരിച്ച ഒരു പബ്ലിക് ലിമിറ്റഡ് കമ്പനിയാണ് കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (കെ. എസ്.ഐ.റ്റി.ഐ.എൽ). സർക്കാരിന്റെ ഉടമസ്ഥാവകാശത്തിലുള്ള ഭൂമി പാട്ടത്തിന് നൽകുകയോ പ്രായോഗികമായ സാമ്പത്തിക മാതൃകകളിലൂടെ സ്വരൂപിക്കുന്ന ഫണ്ട് ഉപയോഗിച്ച് പൊതു സ്വകാര്യ പങ്കാളിത്ത മാതൃകയിൽ സംസ്ഥാനത്ത് ഐ.റ്റി. പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിക്കുകയാണ് കമ്പനി ചെയ്യുന്നത്.

ഭൂമി ഏറ്റെടുത്ത് അതിൽ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളായ വൈദ്യുതി, ജലം, റോഡ്, ചുറ്റുമതിൽ, സെസ് പദവി, മറ്റു സർക്കാർ അംഗീകാരങ്ങൾ എന്നിവ ലഭ്യമാക്കി, വ്യക്തികൾക്ക് ഐ.റ്റി. (സെസ്) മേഖലകൾ, ഐ.റ്റി. പാർക്കുകൾ എന്നിവ വികസിപ്പിക്കുന്നതിനായി സ്വകാര്യ സംരംഭകർക്ക്

നൽകുകയാണ് കമ്പനിയുടെ ബിസിനസ് മാതൃക. കെ.എസ്.ഐ.റ്റി.ഐ.എൽന്റെ പ്രധാന ചില പ്രോജക്ടുകൾ ഇനിപ്പറയുന്നവയാണ്.

1. **സ്കിൽ ഡെലിവറി പ്രോജക്ട്, കേരള :** കെ.എസ്.ഐ.ടി.എല്ലിന് കേരള സർക്കാർ നിയോഗിച്ച അഭിമാനകരമായ പദ്ധതിയാണ് സ്കിൽ ഡെലിവറി പ്രോജക്ട്, കേരള. വിദ്യാർത്ഥികളും വ്യവസായവും തമ്മിലുള്ള അന്തരം കുറയ്ക്കുക എന്നതാണ് എസ്ഡിപികെ പദ്ധതിയുടെ ലക്ഷ്യം. പദ്ധതിയുടെ ഭാഗമായി 150 എൻജിനീയറിംഗ് കോളേജുകളുടെ സജ്ജീകരണവും 3 സ്റ്റുഡിയോകളിലും ടെലികോൺഫറൻസിങ്ങ് സംവിധാനമുള്ള വിർച്ചുൽ പ്ലാറ്റ്ഫോം ഉൾക്കൊള്ളുന്നതാണ്. എസ്ഡിപികെ പദ്ധതിയുടെ ഭാഗമായി കുറഞ്ഞത് 60 വിദ്യാർഥികൾക്ക് ഇരിക്കുവാനുള്ള ഹൈടെക് ക്ലാസ് റൂം സർക്കാർ സ്ഥാപിക്കുന്നു.
2. **കേരള ഫൈബർ ഒപ്റ്റിക് നെറ്റ്‌വർക്ക് (കെ.ഫോൺ)** എല്ലാ സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും അതിവേഗം കണക്റ്റിവിറ്റി നൽകാൻ പ്രാപ്തിയുള്ള സംസ്ഥാനവ്യാപകമായ ഒപ്റ്റിക്കൽ ഫൈബർ ശൃംഖലയായ കെ.ഫോൺ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന 20 ലക്ഷം കുടുംബങ്ങൾക്ക് സൗജന്യ ഇൻറർനെറ്റും കെ ഫോൺ ഇൻഫ്രാസ്ട്രക്ചർ ഉയർത്തിക്കൊണ്ട് മറ്റുള്ളവർക്ക് സബ്സിഡൈസ്ഡ് ഇൻറർനെറ്റും വാഗ്ദാനം ചെയ്യുന്നു. ബ്ലോക്ക് ചെയിൻ മുതലായവയുടെ വികസിത സാങ്കേതികവിദ്യ ഇൻറർനെറ്റ് ഓഫ് തിങ്സിലും പയനിയർ ചെയ്യുന്നതിന് നവനീതമായ സംരംഭകത്വത്തിനും പ്രചോദനം നൽകുന്നതിനും ഇത് സംസ്ഥാനത്തിന് അനുയോജ്യമായ വേദിയിൽ പ്രവർത്തിക്കും.

ഇന്റർ നാഷണൽ സെന്റർ ഫോർ ഫ്രീ ആൻഡ് ഓപ്പൺ സോഴ്സ് സോഫ്റ്റ് വെയർ (ഐ.സി. ഫോസ്സ്)

ഇന്ത്യയിലെയും വിദേശത്തെയും ഫ്രീ സോഫ്റ്റ് വെയർ സംഘടനകളുമായി ചേർന്ന് ഫ്രീ സോഫ്റ്റ് വെയറുകളുടെ വികസനവും പ്രയോഗവും ഫ്രീനോളഡ്ജും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ കേരള സർക്കാർ ആരംഭിച്ച അന്താരാഷ്ട്രകേന്ദ്രമാണ് ഐ.സി. ഫോസ്സ്. ഫ്രീ ആൻഡ് ഓപ്പൺ സോഴ്സ് സോഫ്റ്റ് വെയറുമായി ബന്ധപ്പെട്ട കൺസൾട്ടൻസി, ഗവേഷണ വികസന പരിപാടികൾ, അക്കാദമിക് പഠനം, സേവനം, പരിശീലനം, പ്രസിദ്ധീകരണം, സർട്ടിഫിക്കേഷൻ, അന്താരാഷ്ട്ര തലത്തിലുള്ള സഹകരണം എന്നിവയുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളുടേയും നോഡൽ ഏജൻസിയാണ് ഐസിഫോസ്. ഫോസ് അധിഷ്ഠിത പരിശീലന പരിപാടികൾ , വർക്ഷോപ്പുകൾ, സെമിനാറുകൾ, ഗവേഷണ പരിപാടികൾ, പ്രോജക്റ്റുകൾ, മലയാളം കമ്പ്യൂട്ടിംഗ് പ്രവർത്തനങ്ങൾ, വിദ്യാർഥികളുടെ ഇന്റേൺഷിപ്പുകളും പ്രോജക്ടുകളും, സമ്മർ ക്യാമ്പുകൾ, ഫാക്കൽറ്റി വികസന പരിപാടികൾ, ഫെല്ലോഷിപ് പ്രോഗ്രാമുകൾ തുടങ്ങിയവ ഐ.സി ഫോസ് നടത്തിയിട്ടുണ്ട്. 2018–19 ലെ ഫോസ്സിന്റെ പ്രധാന നേട്ടങ്ങൾ താഴെപ്പറയുന്നു.

- അധ്യാപകർക്കായി 20 ഫാക്കൽറ്റി വികസന പരിപാടികൾ, 25 വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചുകൊണ്ട് വിദ്യാർത്ഥി പരിശീലന പരിപാടികൾ, പ്രൊഫഷണലുകൾക്കും ചെറുകിട സംരംഭകർക്കുമായുള്ള 6 പരിശീലന പരിപാടികൾ, 10 സ്കൈലാബ് പരിശീലന പരിപാടികൾ, വിദ്യാർത്ഥികൾക്കുള്ള പ്രോജക്ടുകളും ഇന്റേൺഷിപ്പുകളും ഫെലോഷിപ് പരിപാടികളും തുടങ്ങിയവ.
- ടി– സ്ലൈഡ് മൗസ്, ഫ്ലിപ് മൗസ്, ഓൺ സ്ക്രീൻ മലയാളം കീബോർഡ് പോലുള്ള സഹായ സാങ്കേതിക ഉൽപ്പന്നങ്ങൾ സമാരംഭിച്ചു.
- ഫോസ് സെൽ കോഡിനേറ്റർ മാരുടെ മീറ്റ് അപ് നടത്തി. 45 കോഡിനേറ്റർമാർ പങ്കെടുത്തു.
- 1700 ജീവനക്കാരെ പങ്കെടുപ്പിച്ച് 62 ബാച്ചുകളിലായി ഫോസ് സൊല്യൂഷൻസിലും മലയാളം കമ്പ്യൂട്ടിംഗിലും സർക്കാർ ജീവനക്കാർക്ക് പരിശീലനം നൽകി.

കേരള സ്റ്റാർട്ടപ്പ് മിഷൻ (കെ.എസ്.യു.എം.)

സംരംഭകത്വ വികസനം, ഇൻകുബേഷൻ പ്രവർത്തനങ്ങൾ എന്നിവ നടപ്പിലാക്കുന്നതിനുള്ള സംസ്ഥാന സർക്കാരിന്റെ നോഡൽ ഏജൻസിയാണ് കേരള സ്റ്റാർട്ടപ്പ് മിഷൻ (കെ.എസ്.യു.എം.). ടെക്നോപാർക്ക് ടെക്നോളജി ബിസിനസ്സ് ഇൻകുബേറ്റർ ആയിഅറിയപ്പെട്ടിരുന്ന കേരള സ്റ്റാർട്ടപ്പ് മിഷൻ (കെ.എസ്.യു.എം.) ഇന്ത്യയിലെ ആദ്യത്തെ വിജയകരമായ നോൺ അക്കാദമിക് ബിസിനസ്സ് ഇൻകുബേറ്ററാണ്. 2007 ലാണ് ഇതിന്റെ പ്രവർത്തനം ആരംഭിച്ചത്.

കേരളത്തിലെ യുവാക്കളിലും വിദ്യാർത്ഥികളിലുമുള്ള സംരംഭകത്വ കഴിവുകൾ തിരിച്ചറിയുന്നതിനും, വികസിപ്പിക്കുന്നതിനും, കേരളത്തിന്റെ പരമ്പരാഗത മേഖലകളിൽസാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ സംരംഭകത്വ വികസന ആവശ്യങ്ങൾ കൈകാര്യം ചെയ്യുക, കേരളത്തിന്റെ സാമൂഹിക സാമ്പത്തിക സംസ്കാരത്തിന് അനുയോജ്യമായ തരത്തിലുള്ള പരിശീലന പരിപാടികൾ സംഘടിപ്പിക്കുക, സാങ്കേതിക ഉൽപ്പന്നങ്ങൾക്കും സേവനങ്ങൾക്കും ആവശ്യമായ വിപണി കണ്ടെത്തുക, വൈജ്ഞാനിക, ഗവേഷണ വികസന സ്ഥാപനങ്ങളുമായും,

വ്യവസായിക സാമ്പത്തിക സ്ഥാപനങ്ങളുമായും ബന്ധം സ്ഥാപിക്കുക, ഇൻസ്റ്റിറ്റ്യൂട്ടുകളിൽ വികസിപ്പിക്കുന്ന സാങ്കേതിക വിദ്യകൾ യഥാർത്ഥ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനും വേഗത്തിൽ വാണിജ്യവൽക്കരിക്കുന്നതിനും ഒരു വേദി സൃഷ്ടിക്കുക എന്നിവയാണ് ഇതിന്റെ ലക്ഷ്യം.

കെ.എസ്.യു.എം.ന്റെ ബാനറിൽ അതിന്റെ പല പ്രത്യേക പങ്കാളി സംഘടനകളുടെ കീഴിൽ നിലവിൽ 2200-ലേറെ രജിസ്റ്റേർഡ് സ്റ്റാർട്ടപ്പുകൾ, 3.15 ലക്ഷത്തിലേറെ ചതുരശ്ര അടി ഇൻക്യുബേഷൻ സ്പെയ്സ്, 230-ലേറെ ഇന്നവേഷൻ സെല്ലുകൾ എന്നിവയുമുണ്ട്. കൊച്ചി, തിരുവനന്തപുരം, കോഴിക്കോട് എന്നീ നഗരങ്ങളിലും വിവിധ ജില്ലകളിലും വ്യാപിച്ചു കിടക്കുന്നു. ഹാർഡ് വെയർ, ബയോടെക്നോളജി, ഇലക്ട്രോണിക്സ്, അഡ്വാൻസ്ഡ് കംപ്യൂട്ടിംങ് തുടങ്ങിയ മേഖലകളിൽ ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട് നിരവധി ലാബുകളിൽ ഈ സൌകര്യങ്ങൾ ഉണ്ട്.

2019 കാലഘട്ടത്തിൽ കെ.എസ്.യു.എം.ന്റെ നേട്ടങ്ങൾ

- ഡി പി ഐ ഐ ടിയുടെ സ്റ്റേറ്റ് സ്റ്റാർട്ട്പ് റാങ്കിംഗിൽ ഏറ്റവും മികച്ച പ്രകടനം കാഴ്ചവച്ച സംസ്ഥാനമായി കേരളം സ്ഥാനം നേടി.
- 1.80 ലക്ഷം ചതുരശ്ര അടി വിസ്തീർണമുള്ള ഇന്ത്യയിലെ ഏറ്റവും വലിയ നവീകരിച്ച കേന്ദ്രങ്ങളിലൊന്നാണ് സംയോജിത സ്റ്റാർട്ടപ്പ് കോംപ്ലക്സ്.
- ആഗോള സാങ്കേതിക ജയന്റ് യൂണിറ്റ് ഉപയോഗിച്ച് എ.ആർ/വി.ആർ മികവിന്റെ കേന്ദ്രങ്ങൾ സ്ഥാപിച്ചു.
- ബ്രിൻക് ഹാർഡ് വെയർ ആക്സിലേറ്റർ സ്ഥാപിച്ചു.
- യൂണിറ്റിയുമായി സഹകരിച്ച് എക്സ്.ആർ ആക്സിലറേറ്റർ സ്ഥാപിച്ചു.
- ക്യാൻസർ റിസർച്ച്, സ്പേസ് ടെക്, ബയോടെക് തുടങ്ങിയ നിഷ് സെക്ടറുകൾക്കുള്ള ഇൻക്യുബേഷൻ ഇൻഫ്രാസ്ട്രക്ചർ.
- സ്പേസ് ടെക്നോളജി ആപ്ലിക്കേഷൻ, ഡെവലപ്മെന്റ് എക്കോസിസ്റ്റം (സ്റ്റേഡ്) സ്ഥാപിച്ചു.
- കൊച്ചിയിൽ സൂപ്പർ ഫാബ് ലാബ് സ്ഥാപിക്കുന്നു.
- 250 ൽ അധികം പേരെ പങ്കെടുപ്പിച്ചുകൊണ്ട് ഡിജിറ്റൽ ഫാബ്രിക്കേഷൻ വൈദഗ്ധ്യം നൽകുന്ന 32 ഫാബ് വർക്ക്ഷോപ്പുകൾ നടത്തി.
- സംസ്ഥാനത്ത് 47 ഫണ്ട് സ്റ്റാർട്ടപ്പുകൾ, അതിൽ 13 എണ്ണം 2019 ൽ ഫണ്ട് ചെയ്തു.
- ഐ ഇ ഡി സി വഴി 316 സ്റ്റാർട്ടപ്പുകൾ
- സംസ്ഥാനത്ത് നാല്പതിലധികം ഇൻക്യുബേറ്ററുകൾ.
- സംസ്ഥാനത്ത് നാലിലധികം ആക്സിലറേറ്ററുകൾ.
- കൊച്ചിയിൽ ഇൻറഗ്രേറ്റഡ് സ്റ്റാർട്ട് അപ് കോംപ്ലക്സിൽ 1.8 ലക്ഷം ചതുരശ്ര അടി വിസ്തീർണമുള്ള പശ്ചാത്തല സൗകര്യം.
    - കേരളത്തിൽ 13 ശതമാനം വനിതാ സ്റ്റാർട്ടപ്പുകൾ.
    - 30 വനിതാ സ്റ്റാർട്ടപ്പുകൾ കെ എസ് യു എം ൽ രജിസ്റ്റർചെയ്തു.

അവാർഡുകളും അംഗീകാരങ്ങളും

- യു ബി ഐ വേൾഡ് റാങ്കിംഗിൽ റാങ്ക് ചെയ്യതിൽ ലോക ഒന്നാം നമ്പർ പബ്ലിക് ബിസിനസ് ആക്സിലറേറ്റർ.
- സ്റ്റാർട്ടപ്പ് ഇന്ത്യ 2018 പ്രകാരം സംസ്ഥാനം തിരിച്ചുള്ള റാങ്കിംഗിൽ "ടോപ്പ് പെർഫോമർ" അവാർഡ് ലഭിച്ചു.
- മികച്ച വനിതാസംരംഭകത്വത്തിന് സ്കോച്ച് അവാർഡ്.
- ഇന്ത്യയിലെ മികച്ച റാങ്കിംഗ് "ഡിജിറ്റൽ എക്കോണമി പ്രോജക്ടുകൾക്കുള്ള" 2018 ലെ സ്കോച്ച് അവാർഡ്.
- 2018 ൽ മികച്ച നയം നടപ്പാക്കുന്നതിന് മുഖ്യമന്ത്രിയുടെ അവാർഡ്.
- 2018 ൽ ഐ.എസ്.ബി.ഐ യുടെ മികച്ച ഇൻക്യുബേറ്റർ അവാർഡ് എം/എസ് അഗ്രിമക്ക് ലഭിച്ചു. ഗൂഗിളിൽ ഏറ്റവും കൂടുതൽ ആവശ്യപ്പെടുന്ന ആപ്ലിക്കേഷനായി കമ്പനിയെ വിലയിരുത്തി.
- 2019 ൽ ഐ.എസ്.ബി.എ മികച്ച ബിരുദ സ്റ്റാർട്ടപ്പ് അവാർഡ് എം/എസ് ബിൽഡ്നെക്സ്റ്റ് നേടി.
- മികച്ച 50 സ്റ്റാർട്ടപ്പുകളിൽ ഒന്നായി എം.എസ്. ജെൻറോബോട്ടിക്സിനെ ഐ.ഐ.ടി മുംബൈ തെരെഞ്ഞെടുത്തു.

സെന്റർ ഫോർ ഡവലപ്മെന്റ് ഓഫ് ഇമേജിംഗ് ടെക്നോളജി (സി-ഡിറ്റ്)

സർക്കാർ മേഖലയിൽ ഐ.സി.ടി. സൊല്യൂഷൻസ് പ്രൊവൈഡറായി സി-ഡിറ്റ് പ്രവർത്തിക്കുന്നു. സി-ഡിറ്റ് ഏറ്റെടുത്ത് നടത്തുന്ന പ്രധാന പരിപാടികൾ ഇവയാണ്:

- മുഖ്യമന്ത്രിയുടെ പൊതു പരാതി പരിഹാര സംവിധാനത്തേയും മുഖ്യമന്ത്രിയുടെ ദുരന്ത നിവാരണ സഹായ സംവിധാനത്തേയും സംയോജിത ഓൺ ലൈൻ പോർട്ടറിലേയ്ക്ക് പുനഃരാവിഷ്ക്കരിക്കുക.
- കേരള പബ്ലിക് സർവ്വീസ് കമ്മീഷനുവേണ്ടി ഓൺ ലൈൻ പരീക്ഷാ മോഡ്യൂളുകളുടെ രൂപകല്പനയും വികാസവും.
- സ്റ്റേറ്റ് ആർകൈവ്സ് ആന്റ് രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റുകൾക്ക് പഴയ കൈയ്യെഴുത്ത് രേഖകളും മറ്റ് രേഖകളും ഡിജിറ്റൈസേൻ ചെയ്യുക.
- വിവിധ ഗവൺമെന്റ് ഡിപ്പാർട്ടുമെന്റുകൾക്കായി 200-ലധികം സർക്കാർ വെബ്സൈറ്റുകളും

സോഷ്യൽ മീഡിയ പ്ലാറ്റ് ഫോമുകളും MIS/ERP സംവിധാനങ്ങളിലൂടെ രൂപ കല്പന, ഹോസ്റ്റിംഗ്, പരിപാലനം.

- വെള്ളപ്പൊക്കം സംഭവിച്ചതിന്റെ പശ്ചാത്തലത്തിൽ കേരളത്തിലെ മുഖ്യ മന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് സംഭാവനകൾ ചെയ്യുന്നതിനായി 15–ലധികം ബാങ്ക് പേയ്മെന്റ് ഗേറ്റ് വേകളും യു.പി.ഐ. കളും വാലറ്റുകളും സംയോജിപ്പിച്ച് സംസ്ഥാനസർക്കാരിനുവേണ്ടി ഒരു ഓൺ ലൈൻ ഫണ്ട് ശേഖരണപോർട്ടൽ ഡിസൈൻ ചെയ്തു.

ഭാവി വീക്ഷണം

ഐറ്റി കേന്ദ്രമായി കേരളത്തെ മാറ്റുന്നതിനായി സമ്പദ് വ്യവസ്ഥയിലേക്ക് കൊണ്ടുവരുന്ന മൂല്യവർദ്ധനയെ ഗണ്യമായി വർദ്ധിപ്പിക്കേണ്ടതുണ്ട്. ഐ.ടി. മേഖലകളിലെ വളർന്നു വരുന്ന മേഖലകളിലെ നിക്ഷേപം നടത്തുകയും സ്ഥാപിത ഐ.ടി./ഐ. ടി.ഇ.എസ്. പ്രവർത്തനങ്ങളിൽ മാത്രം ആശ്രയിക്കാതെ നില്ക്കുകയുമാണ് വേണ്ടത്. ഇന്ത്യൻ ഐ.ടി. മേഖലയിൽ ഫോക്കസ് മാറുമ്പോഴുണ്ടാകുന്ന പ്രശ്നങ്ങളും, ആഗോള ഐ.റ്റി മേഖലയിൽ ഉയർന്നു വരുന്ന പ്രശ്നങ്ങളും ഉൾക്കൊള്ളുന്ന ഇന്ത്യൻ ഐ.ടി. മേഖലയെന്ന നിലയിൽ, ഈ മാറ്റങ്ങളെ കേരളം ശ്രദ്ധിക്കേണ്ടതുണ്ട്. അതേസമയം ജനങ്ങളുടെ ഡിജിറ്റൽ ശാക്തീകരണത്തിലും ഐ.ടി. അവബോധത്തിലും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളിൽ നിക്ഷേപം തുടരുകയും കാലാകാലങ്ങളിൽ സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ നിറവേറ്റുന്നതിനും ഉചിതമായ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ചെടുക്കുന്നതിനും, പ്രതീക്ഷിത അറ്റകുറ്റപണികൾ ഒഴിവാക്കുന്നതിനും കഴിയുന്നു.

ഹബ് ആന്റ് സ്പോക്ക് മാതൃകയിൽ ഇൻഫർമേഷൻ ടെക്നോളജി ഇൻഫ്രാസ്ടക്ച്ചർ മേഖല സംസ്ഥാനത്ത് ശ്രദ്ധേയമായ പുരോഗതി കൈവരിച്ചെങ്കിലും ഈ മേഖലയെ സംയോജിപ്പിക്കുന്നതിന് ഉചിതമായ ഒരു ഏകീകൃത സംവിധാനം രൂപീകരിക്കേണ്ടതുണ്ട്. വിജ്ഞാന സമ്പദ് വ്യവസ്ഥയ്ക്ക് ആവശ്യമായ ഗവേഷണവും അടിസ്ഥാന സൗകര്യ വികസനവും സൃഷ്ടിക്കുന്നതിൽ കേരളം പിന്നിലാണ്. സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയെ ശക്തിപ്പെടുത്തുന്നതിന് ഐ.സി.റ്റി പ്രാപ്തമായ വിദ്യാഭ്യാസവും ഗവേഷണവും വികസനവും നവീകരണവും തിരിച്ചറിയുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യണം. അടിസ്ഥാന സൗകര്യ വികസനം മാനവ വിഭവശേഷി വികസനം, മൊത്തത്തിലുള്ള സാമ്പത്തിക വികസനം എന്നിവയിൽ ഗവൺമെന്റ് ഉയർത്തിയ ഊർജ്ജം ഐ.റ്റി യുടെ അർത്ഥവത്തായ ഉപയോഗം കൂടുതൽ തുറന്നു കൊടുക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഇന്ത്യയിലും വിദേശത്തുമുള്ള പ്രധാന നഗരങ്ങളുമായുള്ള സംസ്ഥാനത്തിന്റെ ഭൗതിക ബന്ധം മെച്ചപ്പെടുത്തേണ്ടതുണ്ട്. ഡിജിറ്റൽ സൗകര്യങ്ങൽ ഉപയോഗപ്പെടുത്താൻ കേരളത്തിന് ശക്തമായ അടിസ്ഥാന സൗകര്യങ്ങളും മനുഷ്യവിഭവ ശേഷിയുമുണ്ട്. ഐ.റ്റി മേഖലയിൽ ഗണ്യമായ നിക്ഷേപം ആകർഷിക്കുകയും തുടക്കക്കാരായ ചെറുപ്പക്കാരിൽ സ്റ്റാർട്ട് അപ്പുകൾ വഴി സംരംഭകത്വം പ്രോത്സാഹിപ്പിച്ചു കൊണ്ട് നാം മുന്നോട്ട് കുതിക്കണം.

5.2 ശാസ്ത്ര സേവനങ്ങളും ഗവേഷണവും

അടിസ്ഥാന ഗവേഷണത്തിലും ശാസ്ത്രത്തിലും മുൻനിരയിലുള്ള രാജ്യങ്ങളിലൊന്നാണ് ഇന്ത്യ. ശാസ്ത്ര, സാങ്കേതികതയിലെ (എസ് ആന്റ് ടി) നൂതന മേഖലകളെ പ്രോത്സാഹിപ്പിക്കുന്നതിനും ശാസ്ത്രം, സാങ്കേതികത, നവീകരണം എന്നിവയിൽ രാജ്യത്തിന്റെ പ്രാപ്തി മെച്ചപ്പെടുത്തുന്നതിനും വേണ്ടിയുള്ള നോഡൽ വകുപ്പാണ് ഭാരത സർക്കാരിന്റെ ശാസ്ത്ര സാങ്കേതിക വകുപ്പ് (ഡി.എസ്.ടി). ഒരു മത്സര സ്വഭാവ രീതിയിലൂടെ ദേശീയതലത്തിൽ ശാസ്ത്ര സാങ്കേതികതയിലെ പ്രാപ്തി വർദ്ധിപ്പിക്കുന്നതിനായി വിവിധ സ്ഥാപനങ്ങളിലെയും വിജ്ഞാന ശാഖകളിലെയും ശാസ്ത്രജ്ഞർക്ക് ഈ വകുപ്പ് ശാസ്ത്ര സാങ്കേതിക വികസന പിന്തുണ നൽകുന്നു. വൈദഗ്ധ്യത്തിലും വ്യാപ്തിയിലും ശാസ്ത്രീയ, സാങ്കേതിക ഫല സൃഷ്ടി വർദ്ധനവിനായി ഭാരതത്തിലെ ശാസ്ത്ര, സാങ്കേതിക സമൂഹത്തെ പര്യാപ്തരാക്കുന്നത് ലക്ഷ്യം വച്ചുകൊണ്ട് വിവിധ ആസൂത്രിത സംരംഭങ്ങൾ നടപ്പിലാക്കുന്നതിനും ഈ വകുപ്പ് സഹായിക്കുന്നു.

സംസ്ഥാനത്ത് ശാസ്ത്ര സാങ്കേതിക വിദ്യയെ പ്രോത്സാഹിപ്പിക്കുന്നതിൽ കേരള സർക്കാരിന്റെ ശാസ്ത്ര സാങ്കേതിക വകുപ്പിന് പ്രധാന പങ്കുണ്ട്. ശാസ്ത്ര സാങ്കേതിക രംഗത്ത് മികവ് കൈവരിക്കുന്നതിനും സമൂഹത്തിന് വലിയ തോതിൽ സേവനം നൽകുന്നതിനുമുള്ള പരിപാടികൾ തിരിച്ചറിയാനും നടപ്പാക്കാനും വകുപ്പ് സഹായിക്കുന്നു. കേന്ദ്രസർക്കാരിന്റെ പങ്കിനൊപ്പം ശാസ്ത്ര സാങ്കേതിക വിദ്യയെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള സംസ്ഥാനതലത്തിലുള്ള ശ്രമങ്ങളുടെ തുടക്കക്കാരാണ് കേരളം.

ഗവേഷണ–വികസന, മാനേജ്മെൻറ് പ്രവർത്തന പദ്ധതിയിലൂടെ സംസ്ഥാനത്തെ അക്കാദമിക്, ഗവേഷണ സ്ഥാപനങ്ങളുടെ ശേഷി വർദ്ധിപ്പിക്കുക, ഗവേഷണ–വികസന കേന്ദ്രങ്ങളിലൂടെ ഗവേഷണവും വികസനവും നടത്തുക, ബയോടെക്നോളജി മേഖലയിലെ പദ്ധതികളെയും പ്രോഗ്രാമുകളെയും തിരിച്ചറിയുകയും സുഗമമാക്കുകയും ചെയ്യുക, ജൈവ വിഭവങ്ങളുടെ സംരക്ഷണവും സുസ്ഥിര ഉപയോഗവും ഉറപ്പാക്കുക, വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും ഗവേഷണ കേന്ദ്രങ്ങളിലെയും ശാസ്ത്രീയ അടിസ്ഥാന സൗകര്യങ്ങൾളും ലബോറട്ടറികളും മെച്ചപ്പെടുത്തുക, ശാസ്ത്ര സാങ്കേതിക മേഖലയിലെ പദ്ധതി പ്രവർത്തനങ്ങൾ, ഗവേഷണം, വികസനം എന്നിവ ഏറ്റെടുക്കുന്നതിന് യുവ പ്രതിഭകളെ പരിപോഷിപ്പിക്കുക, ജനങ്ങളുടെ പ്രയോജനത്തിനായി ഗ്രാമീണ വികസന സാങ്കേതികവിദ്യയുടെ അടിസ്ഥാനതലത്തിലുള്ള നവീകരണം പ്രോത്സാഹിപ്പിക്കുക, വ്യാവസായിക ആപ്ലിക്കേഷന്റെ പൈലറ്റ് സ്കെയിൽ വികസനം, സാങ്കേതിക കൈമാറ്റം, വിവർത്തന ഗവേഷണം എന്നിവയ്ക്കായുള്ള ഇൻകുബേറ്റർ വികസിപ്പിക്കുക, ഉയർന്ന മുൻഗണനാ മേഖലകളിൽപ്പെട്ട ഭൗതിക പരിസ്ഥിതിയുടെയും പരിസ്ഥിതി വ്യവസ്ഥകളുടെയും ഗവേഷണം, സംരക്ഷണം, പരിപാലനം തുടങ്ങിയവ നടപ്പാക്കുക എന്നിവയാണ് സംസ്ഥാനത്തെ ശാസ്ത്ര സാങ്കേതിക വകുപ്പിന്റെ പ്രധാന ദൗത്യം. കഴിവുള്ള യുവാക്കളെ ഉയർന്ന അക്കാദമിക് മേഖലയിലേക്കും ശാസ്ത്ര ഗവേഷണത്തിലേക്കും എത്തിയ്ക്കുന്നതിനും ഗവേഷകരുടെ കഴിവുകളും ഗവേഷണ ഔട്ട്പുട്ടിന്റെ ഗുണനിലവാരവും മെച്ചപ്പെടുത്തുന്നതിനും ഈ മേഖലയിൽ നടപ്പിലാക്കിയ വിവിധ പദ്ധതികളും പ്രോഗ്രാമുകളും സഹായിക്കുന്നു.

സംസ്ഥാനത്ത് ഉയർന്ന വിദ്യാഭ്യാസ നേട്ടങ്ങൾക്കിടയിലും ശാസ്ത്രത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ജനങ്ങളിൽ പൊതുവായ അവബോധം ഉണ്ടായിട്ടും ശാസ്ത്ര സാങ്കേതിക വിദ്യയുടെ വികസനം സുപ്രധാന വെല്ലുവിളികൾ നേരിടുന്നു. ശാസ്ത്ര വിദ്യാഭ്യാസത്തിൻറെയും ശാസ്ത്രീയ ഗവേഷണത്തിന്റെയും ഗുണനിലവാരം അതിവേഗം മെച്ചപ്പെടുത്തുക എന്നതാണ് ഒരു പ്രധാന വെല്ലുവിളി. സംസ്ഥാനത്തുള്ള ശാസ്ത്ര സ്ഥാപനങ്ങളിൽ കേരളത്തിലെ ശാസ്ത്രജ്ഞരുടെ സുപ്രധാന നേട്ടങ്ങൾ ഉണ്ടായിരുന്നിട്ടും, ഇനിയും വളരെയധികം കാര്യങ്ങൾ ചെയ്യാനാകും. രണ്ടാമതായി, രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള യുവ ശാസ്ത്രജ്ഞരുടെ പഠനത്തിനും ഗവേഷണത്തിനുമുള്ള

സ്ഥാപനങ്ങളായി മാറ്റുന്നതിന് സംസ്ഥാനത്തെ ശാസ്ത്ര സ്ഥാപനങ്ങളുടെ ഗുണനിലവാരം ഉയർത്തുന്നതിൽ കാര്യമായ പ്രസക്തിയുണ്ട്. സംസ്ഥാനത്തെ വിവിധ വിഷയങ്ങളിൽ മികവിന്റെ കേന്ദ്രങ്ങൾ വികസിപ്പിക്കേണ്ടതുണ്ട്. ഇക്കാര്യത്തിൽ, കേന്ദ്ര ശാസ്ത്ര–വിദ്യാഭ്യാസ സ്ഥാപനങ്ങളും സംസ്ഥാന സർക്കാർ നടത്തുന്ന സ്ഥാപനങ്ങളും തമ്മിലുള്ള അടുത്ത സഹകരണം പ്രയോജനകരവും പരസ്പരം പിന്തുണയ്ക്കുന്നതുമാകണം. മൂന്നാമതായി, സംസ്ഥാനത്ത് വരുമാനം വർദ്ധിപ്പിക്കുന്നതിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും പ്രോത്സാഹിപ്പിക്കുക, സംസ്ഥാനത്തിന്റെ വികസനത്തിന് എസ് ആന്റ് ടി പിന്തുണ നൽകുക എന്നിവയാണ് ശാസ്ത്ര–സാങ്കേതിക മേഖലകളിലെ സംസ്ഥാനതല നിക്ഷേപത്തിന്റെ ഒരു പ്രധാന ലക്ഷ്യം. ഇവയ്ക്കെല്ലാം ഉടനടി വികസന–അധിഷ്ഠിത പ്രചോദനം ഉണ്ടാകണമെന്നില്ലെങ്കിൽ കൂടി സർക്കാർ നടത്തുന്ന അത്യാധുനിക ശാസ്ത്ര സ്ഥാപനങ്ങളിൽ പൊതു ആവേശവും പ്രചോദനവും വികസിപ്പിക്കേണ്ടതും പ്രധാനമാണ്. നാലാമതായി, സംസ്ഥാനവുമായി വളരെയധികം താല്പര്യവും ഉത്കണ്ഠയുമുള്ള പരിസ്ഥിതി സംബന്ധമായ പ്രശ്നങ്ങൾക്ക് ഉചിതമായ ശാസ്ത്രീയവും സാങ്കേതികവുമായ ഉപദേശവും പിന്തുണയും നൽകേണ്ട ആവശ്യകത വർദ്ധിച്ചുവരികയാണ്. സന്തുലിതമായ ശാസ്ത്രീയ ഉപദേശങ്ങളുടെയും ഇൻപുട്ടുകളുടെയും അഭാവത്തിൽ, ഈ മേഖലയിലെ തീരുമാനമെടുക്കൽ ആത്മനിഷ്ഠമായ മാനദണ്ഡങ്ങളാൽ നയിക്കപ്പെടും, അത് സംസ്ഥാനത്തിന്റെ വികസന അജണ്ടയ്ക്ക് ഗണ്യമായ ബുദ്ധിമുട്ടുകൾ ഉണ്ടാക്കും. ഈ മേഖലയിലെ ശാസ്ത്രീയ ഗവേഷണത്തിന്റെ അളവും ഗുണനിലവാരവും വികസിപ്പിക്കുന്നതിന് കേരളത്തിലെ പൊതുമേഖലയിലെ പാരിസ്ഥിതിക ഉത്കണ്ഠയ്ക്കും അവബോധത്തിനും വേണ്ടത്ര പ്രതികരിക്കാൻ മതിയായ ഇടമുണ്ട്. അഞ്ചാമത്, നവീകരണത്തിലെയും സ്റ്റാർട്ടപ്പുകളിലെയും ശ്രമങ്ങളും ശാസ്ത്ര സാങ്കേതിക മേഖലയിലെ ജോലിയും തമ്മിൽ കൂടുതൽ സഹകരണം വളർത്തിയെടുക്കുന്നത് പ്രധാനപ്പെട്ട സാമ്പത്തിക നേട്ടങ്ങൾ നൽകും.

സംസ്ഥാനത്തെ ശാസ്ത്ര സാങ്കേതിക മേഖലയിൽ ഉൾപ്പെടുന്ന രണ്ടു പ്രധാനപ്പെട്ട സ്ഥാപനങ്ങൾ ആണ് കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലും (കെ എസ് സി എസ് ടി ഇ) തിരുവനന്തപുരത്തെ റീജിയണൽ ക്യാൻസർ സെൻറ്ററും (ആർ സി സി).

I. കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ (കെ .എസ്.സി.എസ്.ടി.ഇ)

കേരള സർക്കാരിന്റെ ശാസ്ത്ര സാങ്കേതിക വകുപ്പിന്റെ കീഴിലുള്ള ഒരു സ്വയംഭരണ സ്ഥാപനമാണ് കെ.എസ്. സി.എസ്.ടി.ഇ. കേരളത്തിന്റെ മുഖ്യമന്ത്രി പ്രസിഡന്റും കെ.എസ്.സി.എസ്.ടി.ഇ യുടെ എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് അധ്യക്ഷനായുള്ള എക്സിക്യൂട്ടീവ് കൗൺസിലും (ഇ സി) ചേർന്നുള്ള സ്റ്റേറ്റ് കൗൺസിൽ (എസ് സി)ആണ് കെ.എസ്.സി.എസ്.ടി.ഇ യെ നിയന്ത്രിക്കുന്നത്. പൂർണ്ണമായി സജ്ജീകരിച്ച 7 ഗവേഷണ വികസന കേന്ദ്രങ്ങളും (ആർ&ഡി) ഗവേഷണ കേന്ദ്രങ്ങളായി വളർന്നു കൊണ്ടിരിക്കുന്ന രണ്ടു സ്ഥാപനങ്ങളും, സർക്കാരിന്റെ ധനസഹായത്തോടെ പ്രവർത്തിക്കുന്ന മൂന്ന് സ്ഥാപനങ്ങളും നിലവിൽ കെ.എസ്.സി.എസ്.ടി യുടെ കീഴിൽ ഉണ്ട്.

സംസ്ഥാനത്തിന്റെ വികസനവുമായി ബന്ധപ്പെട്ട ശാസ്ത്ര, സാങ്കേതിക, നൂതന നയങ്ങൾക്ക് രൂപം കൊടുക്കുകയും ആവിഷ്കരിക്കുകയും ചെയ്യുകയെന്നതാണ് കെ.എസ്.സി.എസ്.ടി.ഇ യുടെ പ്രധാന ലക്ഷ്യം. ശാസ്ത്ര പരിജ്ഞാനം വർദ്ധിപ്പിക്കുന്നതിനും മാനവികതയുടെ സുസ്ഥിര വികസത്തിനും പ്രാധാന്യമർഹിക്കുന്ന പരിപാടികൾ കൗൺസിൽ പ്രോത്സാഹിപ്പിക്കുകയും നടപ്പിലാക്കുകയും ചെയ്യുന്നു. ശാസ്ത്രീയ ഗവേഷണത്തിലൂടെയും സാങ്കേതികവിദ്യകളിലെ പുതുമകളിലൂടെയും വികസനത്തിനായി കൗൺസിൽ മാർഗ്ഗ രേഖ തയ്യാറാക്കുന്നു.

(എ) കെ.എസ്.സി.എസ്.ടി.ഇ യുടെ പദ്ധതികളും പരിപാടികളും

സംസ്ഥാനത്ത് ഉന്നത ഗുണനിലവാരമുള്ള ശാസ്ത്ര വിദ്യാഭ്യാസ സംവിധാനം വികസിപ്പിച്ചെടുക്കുക എന്ന ലക്ഷ്യത്തോടെയുള്ളവയാണ് കൗൺസിലിന്റെ പദ്ധതികളും പരിപാടികളും. സംസ്ഥാനത്തിനകത്ത് ശാസ്ത്ര സാങ്കേതികയിൽ മികവ് നേടിയെടുക്കുന്നതിനും സമൂഹത്തിനാകമാനം ബൃഹത്തായ സേവനങ്ങൾ പ്രദാനം ചെയ്യുന്നതിനും വേണ്ടിയുള്ള പരിപാടികൾ കണ്ടെത്തി നടപ്പിലാക്കുക എന്ന ലക്ഷ്യത്തോടെ ശാസ്ത്ര പ്രചരണവും പ്രോത്സാഹനവും ഗവേഷണവും വികസനവും ആവാസ വ്യവസ്ഥയും പരിസ്ഥിതിയും സാങ്കേതിക വികസനവും കൈമാറ്റവും ജൈവസാങ്കേതിക വികസനം, സ്കൂൾതല ശാസ്ത്ര പ്രോത്സാഹന പ്രവർത്തനങ്ങൾ, വനിതകൾക്കായുള്ള ശാസ്ത്ര പരിപാടികൾ എന്നിവ കേന്ദ്രീകരിച്ചു കൊണ്ട് വിവിധ പദ്ധതികളും പരിപാടികളും കൗൺസിൽ നടപ്പിലാക്കിവരുന്നു.

കെ എസ് സി എസ് ടി ഇയുടെ പദ്ധതികളുടെയും പരിപാടികളുടെയും നേട്ടങ്ങൾ

1. **ശാസ്ത്ര സാങ്കേതികതയിലെ മാനവശേഷി വികസനം സയൻസ് റിസർച്ച് സ്കീം (എസ് ആർ എസ്)**

കൗൺസിലിന്റെ ശാസ്ത്ര സാങ്കേതിക പ്രചാരണ

ബോക്സ് 5.2.1 ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി

പകർച്ചവ്യാധികളായ വൈറൽ രോഗങ്ങളുടെ നിയന്ത്രണം, ഗവേഷണം, രോഗനിർണയം എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന അന്താരാഷ്ട്ര വൈറോളജി സ്ഥാപനങ്ങളുമായുള്ള ശൃംഖലയിൽ ഉൾപ്പെടുത്തി വിഭാവനം ചെയ്യുന്ന ഒരു ഗ്ലോബൽ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടാണ് തിരുവനന്തപുരത്തെ തോന്നക്കലിൽ ബയോ 360 ലൈഫ് സയൻസസ് പാർക്കിൽ കേരള സർക്കാർ 2019 ൽ സ്ഥാപിച്ച ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി. മെച്ചപ്പെട്ട മനുഷ്യജീവിതത്തിനായി ഉപദ്രവകാരികളായ വൈറസുകളെ നിർമ്മാർജ്ജനം ചെയ്യുന്നതിനും അടിസ്ഥാന ശാസ്ത്രവും ട്രാൻസിലേഷണൽ റിസേർച്ചും ഉൾപ്പെടുന്ന ഗവേഷണത്തിന്റെ അടിസ്ഥാനത്തിൽ പരിശീലനവും വിദ്യാഭ്യാസവും നൽകുന്നതിനും, വൈറൽ സാക്രമിക രോഗങ്ങളുടെ നിയന്ത്രണത്തിനും അവ തടയുന്നതിനു പര്യാപ്തമായ ശാസ്ത്രീയ ഉപാധികൾ പ്രധാനം ചെയ്യുന്നതിനും വേണ്ടി അന്തർ ദേശീയ സ്ഥാപനങ്ങളുമായി യോജിച്ച് പ്രവർത്തിക്കുന്ന ഒരു മികവിന്റെ സ്ഥാപനമായിരിക്കും ഇത്. പ്രാദേശിക, ദേശീയ, ആഗോള ആവശ്യങ്ങൾ നിറവേറ്റുന്ന തിനായി വൈറോളജിയിലെ അത്യാധുനിക ഇൻഫ്രാസ്ട്രക്ചർ സൗകര്യങ്ങൾ വികസിപ്പിക്കുക, വിദഗ്ധ ശാസ്ത്ര–സാങ്കേതിക ഉദ്യോഗസ്ഥരെ സജ്ജമാക്കുക, സേവനങ്ങളും ഉൽപ്പന്നങ്ങളും വികസിപ്പിക്കുക എന്നതാണ് ഇതിന്റെ ദൗത്യം. 202.00 കോടി രൂപ മൊത്തം പദ്ധതി ചെലവ് വരുന്ന ഈ സ്ഥാപനം വ്യാവസായിക കൈമാറ്റം/സാങ്കേതിക പ്രോത്സാഹനം എന്നിവയ്ക്കായി പ്രവർത്തിക്കുന്നതിന് ലക്ഷ്യമിടുന്നു. അടിസ്ഥാന സൗകര്യങ്ങളും സ്ഥലവും പ്രദാനം ചെയ്തു കൊണ്ട് കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ ഈ സ്ഥാപനത്തിന്റെ പങ്കാളിയായിരിക്കും. തിരുവന്തപുരത്തെ തോന്നക്കലിൽ 25 ഏക്കർ സ്ഥലത്തു വ്യാപിച്ചു കിടക്കുന്ന ക്യാമ്പസിന്റെ നിർമ്മാണം രണ്ടു ഘട്ടങ്ങളായിട്ടാണ്, ഘട്ടം I ഉം ഘട്ടം II ഉം. അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്, ബയോ ലാബ്, കോമൺ ഇൻസ്ട്രുമെൻറ്റേഷൻ റൂം, ജൈവ സുരക്ഷാ സൗകര്യങ്ങൾ, ഡയഗ്നോസ്റ്റിക് സൗകര്യങ്ങൾ, എന്നിവ ഉൾപ്പെടുന്ന ഘട്ടം I എ– പ്രീഫാബ് രണ്ടു നില കെട്ടിടം (25,000 ചതുരശ്ര അടി), അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്, ബയോ ലാബ്, ജൈവ സുരക്ഷാ സൗകര്യങ്ങൾ, പ്രവർത്തന വിഭാഗം എന്നിവ ഉൾപ്പെടുന്ന മൂന്നു നിലകളോട് കൂടിയ ഘട്ടം I ബി– പ്രധാന കെട്ടിടം (78,000 ചതുരശ്ര അടി) എന്നിവയാണ് ഘട്ടം I. 2019 സെപ്റ്റംബർ 30 ൽ ഘട്ടം I എ യിൽ പെട്ട കെട്ടിടത്തിന്റെ സിവിൽ നിർമ്മാണം പൂർത്തിയായി, ഘട്ടം I ബി പുരോഗമിക്കുന്നു.

വിഭാഗത്തിന്റെ (എസ് ടി ഡി പി) ഫ്ലാഗ്ഷിപ് പ്രവർത്തനങ്ങളിൽ ഒന്നാണ് എസ് ആർ എസ്. സംസ്ഥാനത്തെ അടിസ്ഥാന, പ്രായോഗിക ഗവേഷണത്തിൽ വികസന, ഗവേഷണ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് ഈ പദ്ധതി ലക്ഷ്യമിടുന്നു. ഈ പദ്ധതിയുടെ കീഴിൽ ശാസ്ത്ര സാങ്കേതിക മേഖലകളിൽ ഗവേഷണത്തിന് സാമ്പത്തിക സഹായം നൽകുന്നു. സർവകലാശാല വിഭാഗങ്ങൾ, കലാലയങ്ങൾ, ഗവേഷണ വികസന സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ ഗവേഷണ പ്രൊജെക്ട്കൾക്കാണ് സഹായം നൽകുന്നത്. 2018–19 ൽ ഈ പരിപാടിയുടെ കീഴിൽ 11 പുതിയ പ്രോജക്ട്കൾ അനുവദിച്ചു. കൂടാതെ, സഹായം ലഭ്യമായ പ്രൊജക്ട്കളിൽ നിന്നും 6 പേറ്റന്റുകൾ ഫയൽ ചെയ്യുകയും ആനുകാലിക പ്രസിദ്ധീകരണങ്ങളിൽ 247 പ്രബന്ധങ്ങളും കോൺഫറൻസ്/സെമിനാർ എന്നിവയിൽ 271 പ്രബന്ധങ്ങളും പ്രസിദ്ധീകരിച്ചു. എസ് ആർ എസിന്റെ കീഴിൽ 31 പി എച് ഡികൾ നൽകുകയും 75 പേർക്ക് പരിശീലനം, കോൺഫറൻസുകളിൽ മികച്ച 22 പേപ്പർ/ പോസ്റ്റർ അവാർഡുകൾ എന്നിവ നൽകുകയും ചെയ്തു.

കെ എസ് സി എസ് ടി ഇ എമിരറ്റസ് സയന്റിസ്റ് സ്കീം

പ്രഗത്ഭരായ ശാസ്ത്രജ്ഞന്മാർക്ക് വ്യത്യസ്ത മേഖലകളിൽ അവരുടെ വൈദഗ്ധ്യം തെളിയിക്കുന്നതിനായി ഗവേഷണം നടത്തുന്നതിന് പിന്തുണ നൽകുന്നതിനും സംസ്ഥാനത്തിലെ പ്രധാന പ്രശ്നങ്ങൾ നേരിടുന്നതിന് അവരവരുടെ കഴിവുകൾ വിനിയോഗിക്കുന്നതിനും ലക്ഷ്യമിടുന്നതാണ് ഈ പദ്ധതി. 2018–19 ൽ 8 പേർ പദ്ധതിയിലേക്ക് തെരെഞ്ഞെടുക്കപ്പെടുകയും ഈ പരിപാടിയുടെ കീഴിൽ സഹായം ലഭിച്ച പ്രോജക്ട്കളിൽ നിന്നും 17 കോൺഫറൻസുകൾ/സെമിനാറുകൾ നടത്തുകയും ആനുകാലിക പ്രസിദ്ധീകരണങ്ങളിൽ 9 പ്രബന്ധങ്ങൾ പ്രസിദ്ധീകരിക്കുകയും ഒരു പി.എച്ച്.ഡി നൽകുകയും ചെയ്തു. 2019–20 ൽ (സെപ്റ്റംബർ വരെ) പരിപാടിയുടെ കീഴിൽ ആനുകാലിക പ്രസിദ്ധീകരണങ്ങളിൽ 9 പ്രബന്ധങ്ങൾ പ്രസിദ്ധീകരിക്കുകയും 17 കോൺഫറൻസ്/സെമിനാർ നടത്തുകയും ഒരു പി.എച്ച്.ഡി നൽകുകയും ചെയ്തു.

വിദ്യാർത്ഥികൾക്കായുള്ള പ്രോജക്ടുകൾ

ഈ പ്രോജക്ടിന്റെ കീഴിൽ സംസ്ഥാനത്തെ സർവകലാശാല വകുപ്പുകളിലേയും കലാലയങ്ങളിലെയും വിദ്യാർത്ഥികൾക്ക് ശാസ്ത്രസംബന്ധമായ പ്രോജക്ടുകൾ ചെയ്യുന്നതിനായി സാമ്പത്തിക സഹായം നൽകുകയും 2018–19 ൽ ഫാർമാസ്യൂട്ടിക്സ്, ആയുർവേദം, ഭൗതിക ശാസ്ത്രം, രസതന്ത്രം, ഭൗമശാസ്ത്രം എന്നിങ്ങനെയുള്ള വിഷയങ്ങളിൽ 213 എം.എസ്.സി/ എം.ടെക് പ്രോജക്ടുകൾക്ക് അനുമതി നൽകുകയുണ്ടായി.

യുവ ശാസ്ത്ര പ്രതിഭകളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പരിപാടി (സ്പ്രൈറ്റിസ്)

8, 9 ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് ശാസ്ത്ര പ്രോജക്ടുകൾ തയ്യാറാക്കുന്നതിന് പുരസ്കാരങ്ങൾ നൽകുന്നതിനും (സ്പ്രൈറ്റിസ്–I) ശാസ്ത്ര സാങ്കേതികതയിൽ നൂതന ആശയങ്ങൾ ഉള്ള പോളിടെക്നിക് കോളേജ് തലത്തിലുള്ള വിദ്യാർത്ഥികൾക്ക് പ്രോജക്ടുകൾ ചെയ്യുന്നതിന് ആവശ്യമായ സാമ്പത്തിക സഹായങ്ങൾ നൽകുന്നതിനും (സ്പ്രൈറ്റിസ്–II)വേണ്ടിയുള്ളതാണ് ഈ പദ്ധതി. 2018–19 ൽ ജൈവകൃഷി, ജീവിത ശൈലീ രോഗങ്ങൾ, ജലമലിനീകരണം, പ്രകൃതി സംരക്ഷണം എന്നീ വിഷയങ്ങൾ അടിസ്ഥാനമാക്കി 176 ബിരുദ/ സ്കൂൾ തല പ്രോജക്ടുകൾക്ക് സാമ്പത്തിക സഹായം അനുവദിച്ചു.

നാളത്തേക്ക് യുവ ശാസ്ത്രജ്ഞരെ തയ്യാറാക്കുന്ന പരിപാടി (ക്രിസ്റ്റൽ)

ശാസ്ത്രത്തിൽ വിദ്യാർത്ഥികളുടെ കഴിവുകൾ വളരെനേരത്തെ തന്ന കണ്ടെത്തി പരിപോഷിപ്പിക്കുന്നതിന് വേണ്ടിയുള്ള പരിപാടിയായ ക്രിസ്റ്റൽ ലക്ഷ്യമിടുന്നത് ദേശീയ ശാസ്ത്ര കോൺഗ്രസ്സിലെ സംസ്ഥാനതല വിജയികളെയാണ്. 2018–19 ൽ സംസ്ഥാനത്തെ വിവിധ ഗവേഷണ വികസന കേന്ദ്രങ്ങളിൽ വച്ച് 30 വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുകയുണ്ടായി.

കെ എസ് സി എസ് ടി ഇ ഗവേഷണ ഫെല്ലോഷിപ്പുകൾ

ഈ പദ്ധതിയിൻ കീഴിൽ 2018–19 ൽ 18 പി.എച്ച്. ഡി നൽകി. പ്രസിദ്ധീകരണങ്ങളുടെ എണ്ണം 60 ആണ്. 2019–20 ൽ (സെപ്റ്റംബർ 30, 2019 വരെ) പ്രസിദ്ധീകരണങ്ങളുടെ എണ്ണം 24 ഉം നൽകിയ പി.എച്ച്. ഡി കളുടെ എണ്ണം 1 ഉം ആണ്.

കെ എസ് സി എസ് ടി ഇ പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്

ശാസ്ത്രസാങ്കേതിക രംഗത്ത് നിലനിൽക്കുന്നതിനായി ഡോക്ടറേറ്റുള്ള വ്യക്തികളെ ആകർഷിക്കുക, പി.എച്ച്. ഡി ഉള്ള വ്യക്തികളെ ഗവേഷണം തുടങ്ങുന്നതിനായി അവരുടെ തൊഴിൽ മേഖല ഏറ്റെടുക്കുന്നതിനു പ്രോത്സാഹിപ്പിക്കുക, ഫെല്ലോഷിപ് ലഭിച്ചവർക്ക് പ്രചോദനം നൽകുകയും അവർക്ക് ആജീവനാന്ത പഠിതാക്കളായി തുടരുന്നതിന് ആവശ്യമായ സാങ്കേതിക, നേതൃത്വ നൈപുണ്യം വികസിപ്പിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പുകൾ നൽകുന്നു. 2018–19 ൽ, 8 പേർ പോസ്റ്റ് ഡോക്ടറൽ ഫെല്ലോഷിപ്പിനായി തെരെഞ്ഞെടുക്കപ്പെടുകയും ആനുകാലികങ്ങളിൽ 9 പ്രബന്ധങ്ങളും കോൺഫറൻസ്/ സെമിനാറിൽ 17 പേപ്പറുകൾ പ്രസിദ്ധീകരിക്കുകയും ചെയ്തു. 2019 സെപ്റ്റംബർ 30 വരെ ആനുകാലികങ്ങളിൽ പ്രസിദ്ധീകരിച്ച പ്രബന്ധങ്ങൾ 15 എണ്ണവും കോൺഫറൻസ്/ സെമിനാർ 19 എണ്ണവുമാണ്.

2. ശാസ്ത്രസാങ്കേതികതയിലെ പശ്ചാത്തല വികസന പരിപാടികൾ

ശാസ്ത്ര മേഖലയിലെ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും ഗവേഷണം വ്യാപിപ്പിക്കുന്നതിനും കലാലയങ്ങൾക്കും വിദ്യാലയങ്ങൾക്കും ആവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ പ്രദാനം ചെയ്യുന്നതിനായി ലാബുകളും അനുബന്ധ സൗകര്യങ്ങളും ഈ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ക്രമീകരിക്കുന്നതിനാവശ്യമായ സാമ്പത്തിക സഹായം കൗൺസിൽ നൽകുന്നുണ്ട്. സെലക്ടിവ് ഓഗ്മെന്റേഷൻ ഓഫ് റിസർച് ആൻഡ് ഡെവലപ്മെന്റ് (എസ് എ ആർ ഡി), ശാസ്ത്രപോഷിണി എന്നീ രണ്ടു പരിപാടികൾ കൗൺസിൽ ഇതിനായി നടത്തുന്നുണ്ട്. കലാലയങ്ങളിലും സർവകലാശാലകളിലും നിർദ്ദിഷ്ട മേഖലകളിൽ ഗവേഷണം വർദ്ധിപ്പിക്കുന്നതിനാവശ്യമായ സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനായി വിഭാവനം ചെയ്തിട്ടുള്ളതാണ് എസ് എ ആർ ഡി പരിപാടി. ലബോറട്ടറികളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ഉപകരണങ്ങൾ വാങ്ങുന്നതിനും അവയുടെ അറ്റകുറ്റ പണികൾക്കുമായി ഈ പരിപാടിയിലൂടെ ധനസഹായം നൽകുന്നു. ഇത്തരത്തിൽ കേരളത്തിലെ 62 സയൻസ് ബിരുദാനന്തര ബിരുദ ലബോറട്ടറികളിലും ഗവേഷണ സ്ഥാപനങ്ങളിലും അടിസ്ഥാന സൗകര്യങ്ങൾ ഇതുവരെ വർധിപ്പിച്ചിട്ടുണ്ട്. ഈ പരിപാടിയുടെ കീഴിൽ 31 പ്രബന്ധങ്ങൾ പ്രസിദ്ധീകരിച്ചു. ഹൈസ്കൂൾ തലത്തിൽ മെച്ചപ്പെട്ട ശാസ്ത്ര അന്തരീക്ഷം സൃഷ്ടിക്കുന്നതിനായി ഭൗതിക ശാസ്ത്രം, രസതന്ത്രം, ജീവശാസ്ത്രം എന്നീ വിഷയങ്ങളിൽ മാതൃകാ ലബോറട്ടറികൾ

സ്ഥാപിക്കുന്നതിന് ലക്ഷ്യമിടുന്ന പദ്ധതിയാണ് ശാസ്ത്രപോഷിണി. 2018–19 ൽ പദ്ധതിയുടെ നടത്തിപ്പിനായി 12 സ്കൂളുകൾ തെരെഞ്ഞെടുക്കപ്പെട്ടു.

3. സാങ്കേതിക വികസനവും കൈമാറ്റവും എഞ്ചിനീറിങ് ആൻഡ് ടെക്നോളജി പ്രോഗ്രാം (ഇ.റ്റി.പി)

എഞ്ചിനീയറിംഗ്, സാങ്കേതിക മേഖലയിൽ ഉന്നത നിലവാരത്തിലുള്ള ഗവേഷണ പ്രതിഭകളെ പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടിയുള്ള പരിപാടിയാണ് ഇ റ്റി പി. സംസ്ഥാനത്തെ എഞ്ചിനീറിങ് കോളേജുകളിലെ പ്രഗത്ഭർക്കും ഗവേഷണ വികസന സ്ഥാപനങ്ങളിലെ ശാസ്ത്രജ്ഞർക്കും വേണ്ടി ആരംഭിച്ചിട്ടുള്ളതാണ് ഈ പദ്ധതി. 2018–19 ൽ പരിപാടിയുടെ കീഴിൽ 4 പദ്ധതികൾ അനുവദിക്കുക യുണ്ടായി.

ഗ്രാമീണ സാങ്കേതിക പരിപാടി (ആർ ടി പി)

പരമ്പരാഗത ഗ്രാമീണ സാങ്കേതിക വിദ്യ പ്രോത്സാഹിപ്പിക്കുന്നതിനും അവ നവീകരിക്കുന്നതിനും വേണ്ടി ധനസഹായത്തിന്റെ രൂപത്തിൽ സഹായം പ്രദാനം ചെയ്യുന്നതിനും അതുവഴി സാങ്കേതിക വിദ്യ മെച്ചപ്പെടുത്തി വ്യാപകമായി ഉപയോഗിക്കുന്നതിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ഗ്രാമീണ നിവാസികളുടെ കഠിനമായ ജോലിഭാരം കുറയ്ക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ടുള്ളതാണ് ആർ ടി പി പദ്ധതി. അടിസ്ഥാന തലത്തിലുള്ള വ്യക്തികളെയും നൂതന കണ്ടുപിടിത്തങ്ങൾ നടത്തുന്നവരെയും പ്രോത്സാഹിപ്പിക്കുന്നതിനും അതിലൂടെ ഗ്രാമീണ സാങ്കേതിക മേഖലയിലുള്ള നൂതന ആശയങ്ങൾ മെച്ചപ്പെടുത്തുന്നതിനും നൂതന കണ്ടുപിടിത്തങ്ങൾ സംരംഭക നിലയിൽ എത്തിക്കുന്നതിനും ആണ് പ്രധാനമായും ലക്ഷ്യമിടുന്നത്. 2018–19 ൽ പരിപാടിയുടെ കീഴിൽ സഹായം ലഭ്യമായ പ്രോജക്ടുകളുടെ എണ്ണം ഒന്നാണ്.

ബയോടെക്നോളജി വികസനം

ബയോടെക്നോളജി വികസനം പ്രോത്സാഹിപ്പിക്കുന്നതിനായി സ്വീകരിച്ച വിവിധ പരിപാടികളിൽ ബയോടെക്നോളജിയിലെ യംഗ് ഇൻവെസ്റ്റേഴ്സ് പ്രോഗ്രാം, ഇൻഡസ്ട്രി ലിങ്ക്ഡ് ബയോടെക്നോളജി റിസർച്ച് സ്കീം, ബയോടെക്നോളജി ഇന്നൊവേഷൻസ് ഫോർ റൂറൽ ഡെവലപ്മെന്റ്, ബയോടെക്നോളജി ട്രെയിനിംഗ് ആന്റ് വർക്ക് ഷോപ്പ് പ്രോഗ്രാം, പോസ്റ്റ്–ഡോക്ടറൽ ഫെലോഷിപ്പ്, ബയോടെക്നോളജി യംഗ് എന്റർപ്രണർ അവാർഡ്, കേരള ബയോടെക്നോളജി റീ–എൻട്രി ഫെലോഷിപ്പ്, ബയോടെക്നോളജി വിദ്യാഭ്യാസ പദ്ധതി എന്നിവ ഉൾപ്പെടുന്നു. 2018–19 ൽ ഈ പ്രോഗ്രാമിന് കീഴിൽ പിയർ അവലോകനം ചെയ്ത ജേണലുകളിൽ 17 പ്രബന്ധങ്ങൾ പ്രസിദ്ധീകരിച്ചു, പുസ്തക അധ്യായങ്ങളുടെ എണ്ണം 4 ഉം ദേശീയ / അന്താരാഷ്ട്ര സമ്മേളനങ്ങളിലെ അവതരണങ്ങൾ 7 ഉം അവാർഡുകളുടെ എണ്ണം 2 ഉം ആണ്.

4. ആവാസ വ്യവസ്ഥാപരിസ്ഥിതി പരിപാടികൾ

പരിസ്ഥിതി സംരക്ഷണം, മലിനീകരണ ലഘൂകരണം, അവബോധം സൃഷ്ടിക്കൽ എന്നിവ ലക്ഷ്യമിട്ടു കൊണ്ടുള്ളതാണ് ആവാസ വ്യവസ്ഥാപരിസ്ഥിതി പരിപാടികൾ. 2018–19 ൽ വിവിധ ആവാസ വ്യവസ്ഥാപരിസ്ഥിതി പരിപാടികളുടെ ഭാഗമായി 4 പേപ്പറുകൾ പ്രസിദ്ധീകരിക്കുകയും 1 പി.എച്ച്. ഡി നൽകുകയും 18 സ്ഥാപനങ്ങൾ പരിസ്ഥിതി മാനേജ്മെന്റ് പരിശീലനം നൽകുകയും ചെയ്തു.

5. സ്ത്രീകൾക്കായുള്ള ശാസ്ത്ര പരിപാടികൾ

സ്ത്രീ സാക്ഷരരുടെ എണ്ണം കേരളത്തിൽ വളരെ കൂടുതലാണെങ്കിലും, ശാസ്ത്ര ഗവേഷണത്തിൽ അവരുടെ പങ്കാളിത്തം വളരെ കുറവാണ്. സ്ത്രീകളെയും പെൺകുട്ടികളെയും ശാസ്ത്ര രംഗത്തേക്കു ആകർഷിക്കുന്നതിനും ഈ മേഖലയിൽ തൊഴിൽ ലഭ്യമാക്കുന്നതിനും സഹായകരമാകുന്ന സംവിധാനങ്ങൾ പ്രദാനം ചെയ്യുന്നതിനും ശാസ്ത്രം, സാങ്കേതികത, എഞ്ചിനീയറിങ്, കൃഷി, വൈദ്യശാസ്ത്രം എന്നീ മേഖലകളിൽ സ്ത്രീകളുടെയും പെൺകുട്ടികളുടെയും പങ്കാളിത്തം വർധിപ്പിക്കുന്നതിനുമായി വളരെയധികം പദ്ധതികളും പരിപാടികളും കെ എസ് സി എസ് ടി ഐയുടെ വനിതാ ശാസ്ത്ര വിഭാഗം ആരംഭിച്ചിട്ടുണ്ട്. തൊഴിലിൽ ഇടവേള സംഭവിച്ചിട്ടുള്ള വനിതകളുടെ പുന:പ്രവേശനത്തിന് ഈ പരിപാടികൾ സഹായകമായിട്ടുണ്ട്. ഈ മേഖലയിൽ കൗൺസിൽ നടപ്പിലാക്കുന്ന പ്രധാന പരിപാടികൾ താഴെ ചേർക്കുന്നു

i. **ബാക്ടുലാബ് റിസർച് ഫെലോഷിപ് പരിപാടി** – 2018–19 ൽ 11 ബാക്ക് ടു ലാബ് പ്രോജക്റ്റുകൾ അനുവദിച്ചതിൽ 7 എണ്ണം പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പുകളും 4 എണ്ണം ഗവേഷണ ഫെലോഷിപ്പുകളും ആണ്. സഹായം ലഭിച്ച പ്രോജക്ടുകളിൽ നിന്ന് പ്രസിദ്ധീകരിച്ച ഗവേഷണ പ്രബന്ധങ്ങൾ 48 എണ്ണവും പി.എച്ച്. ഡികൾ 8 എണ്ണവുമാണ്.

ii. **"സ്ത്രീകളുടെ ജീവിതത്തെ പരിവർത്തനം ചെയ്യുന്നതിലെ സാങ്കേതിക മുന്നേറ്റങ്ങൾ" എന്ന വിഷയത്തിൽ ബോധവൽക്കരണ പരിപാടി** – 7 പ്രോഗ്രാമുകൾ പദ്ധതിക്ക് കീഴിൽ അനുവദിച്ചു. 600 മുതൽ 700 വരെ വനിതാ പങ്കാളികൾ ഗാർഹിക ഊർജ്ജ പരിപാലനം, ഭക്ഷണം, പോഷകാഹാരം,

മണ്ണ് സംരക്ഷണം, ജല സംരക്ഷണം, ജൈവകൃഷി തുടങ്ങിയ മേഖലകളിലെ സാങ്കേതിക മുന്നേറ്റങ്ങ ളെക്കുറിച്ചുള്ള അറിവ് നേടി.

iii. **ശാസ്ത്രരംഗത്തെ കേരളത്തിലെ സ്ത്രീകളെ സംബന്ധിക്കുന്ന ഡേറ്റാബേസ് തയ്യാറാക്കൽ പദ്ധതി –** സംസ്ഥാനത്തെ വിവിധ ശാസ്ത്ര മേഖലകളിൽ സ്ത്രീകളുടെ സ്ഥിതിയെ സംബന്ധിക്കുന്ന അടിസ്ഥാന വിവരങ്ങൾ ലഭ്യമാക്കുന്നതിനായി തയ്യാറാക്കിയ ഓൺലൈൻ ഡിറക്ടറിയിൽ 2,918 രജിസ്ട്രേഷനുകൾ (മാർച്ച് 31, 2018 വരെ) നടത്തുകയുണ്ടായി.

സ്റ്റാർസ് (ശാസ്ത്രത്തിൽ ഗവേഷണം നടത്തുന്നതിന് പ്രാഗത്ഭ്യവും അഭിരുചിയും ഉള്ള വിദ്യാർത്ഥികൾക്കായുള്ള പരിപാടി)

i. **പ്രതിഭ സ്കോളർഷിപ്പ് പദ്ധതി** – ഈ സ്കോളർഷിപ്പിനായി അപേക്ഷകൾ സ്വീകരിക്കുന്നതിന് പുതുതായി ഓണ്ലൈൻ പോർട്ടൽ സ്ഥാപിക്കുകയും 100 വിദ്യാർത്ഥികളെ ഈ സ്കോളർഷിപ്പിനായി തെരഞ്ഞെടുക്കപ്പെടുകയും ചെയ്തു.

ii. **സ്പീഡ് (വിദ്യാർത്ഥികൾക്കായി പരീക്ഷണ മാതൃകകളിൽ മികവിനുള്ള പരിപാടി)**–ഈ പരിപാടിയുടെ കീഴിൽ പ്രതിഭ സ്കോളർഷിപ്പ് ജേതാക്കൾക്കായി 2018–19 ൽ ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് എഡ്യൂക്കേഷൻ ആൻഡ് റിസർച്ചിൽ (ഐഐഎസ്ഇആർ) ഒരു ക്യാമ്പ് സംഘടിപ്പിക്കുകയുണ്ടായി.

6. സയൻസ് പോപ്പുലറൈസേഷൻ

2018–19 ൽ മൂന്ന് ശാസ്ത്രജ്ഞർക്ക് കേരള യംഗ് സയന്റിസ്റ്റ് അവാർഡുകൾ നൽകി.

(ബി) കെ.എസ്.സി.എസ്.ടി.ഇ യുടെ കീഴിലുള്ള ഗവേഷണ വികസന സ്ഥാപനം

ഗവേഷണ–വികസന കേന്ദ്രങ്ങളുടെ ഗവേഷണ–വികസന ശ്രമങ്ങളെ കെഎസ്സിഎസ്ടിഇ നയിക്കുന്നു. ഭൗതിക അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനും ഗവേഷണ വികസന പ്രവർത്തനങ്ങളുടെ ശാസ്ത്രീയ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും സഹായം ചെയ്യുന്നു. പ്രത്യേക മേഖലകളിൽ ഗവേഷണവും വികസന പ്രവർത്തനങ്ങളും നടത്തി വരുന്ന 7 ഗവേഷണ വികസന സ്ഥാപനങ്ങൾ കൗൺസിലിന് കീഴിലുണ്ട്. കേരള വന ഗവേഷണ കേന്ദ്രം (കെ എഫ് ആർ ഐ),ദേശീയ ഗതാഗത ആസൂത്രണ, ഗവേഷണകേന്ദ്രം (നാറ്റ്പാക്), ജലവിഭവ വികസന മാനേജ്മെന്റ് കേന്ദ്രം (സി.ഡബ്ലിയു.ആർ.ഡി. എം), ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബോട്ടാണിക് ഗാർഡൻ ആൻഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (ജെ.എൻ.റ്റി. ബി.ജി.ആർ.ഐ),കേരള സ്കൂൾ ഓഫ് മാത്തമാറ്റിക്സ് (കെ.എസ്.ഒ.എം), ശ്രീനിവാസ രാമാനുജൻ ഇൻസ്റ്റിറ്റിയൂട്ട് ഫോർ ബേസിക് സയൻസ് (എസ്. ആർ.ഐ.ബി.എസ്), മലബാർ ബൊട്ടാണിക്കൽ ഗാർഡൻ ആന്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് (എം. ബി.ജി.ഐ.പി.എസ്) എന്നിവയാണ് ഈ കേന്ദ്രങ്ങൾ.

കേരള വന ഗവേഷണ കേന്ദ്രം (കെ എഫ് ആർ ഐ)

പ്രകൃതി വിഭവസംരക്ഷണം, സുസ്ഥിര വിനിയോഗം, ശാസ്ത്രീയ പരിപാലനം എന്നിവക്ക് ഊന്നൽ നൽകിക്കൊണ്ട് വനപരിപാലനവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ നയപരമായ തീരുമാനങ്ങൾ എടുക്കുന്നതിന് ശാസ്ത്രീയ പിന്തുണ നല്കിക്കൊണ്ട് ഉഷ്ണമേഖലാ വനപരിപാലനത്തിൽ ഒരു മികവിന്റെ കേന്ദ്രമായി കേരള വന ഗവേഷണ കേന്ദ്രം (കെ എഫ് ആർ ഐ) നിലകൊള്ളുന്നു. വനം വകുപ്പും മറ്റു സ്റ്റേക്ക് ഹോൾഡർമാരുമായും കൂടിച്ചേർന്നു പ്രവർത്തിച്ചു കൊണ്ട് വനപരിപാലനത്തിലെ ശാസ്ത്രീയ അടിത്തറ മെച്ചപ്പെടുത്തുന്നതിൽ കെ എഫ് ആർ ഐ പ്രധാന പങ്കു വഹിക്കുന്നു

നേട്ടങ്ങൾ

- ദക്ഷിണ പശ്ചിമ ഘട്ടത്തിലെ ഉയർന്ന മലമ്പ്രദേശങ്ങളിലെ വിവിധ മേഖലകളുടെ പാരിസ്ഥിതികവും വികസന സഞ്ചാരപഥവും സംബന്ധിക്കുന്ന ചരിത്രപരമായ വിശകലനം നടത്തി.
- പശ്ചിമ ഘട്ടത്തിൽ കാണപ്പെടുന്നതും ഐ.യു.സി.എൻ ലിസ്റ്റിലുൾപ്പെട്ടതുമായ വംശനാശഭീഷണി നേരിടുന്ന വൃക്ഷങ്ങളുടെ പുനരുദ്ധാരണവും വിലയിരുത്തലും.
- ആനുകാലിക പ്രസിദ്ധീകരണങ്ങളിൽ 3 ഗവേഷണപ്രബന്ധങ്ങൾ പ്രസിദ്ധീകരിക്കുകയും 5 പരിശീലനങ്ങൾ നടത്തുകയും ചെയ്തു.

ദേശീയ ഗതാഗത ആസൂത്രണ ഗവേഷണ കേന്ദ്രം (നാറ്റ്പാക്ക്)

ഗതാഗത എഞ്ചിനീയറിങ്, ഗതാഗത ആസൂത്രണം, ദേശീയ പാത എഞ്ചിനീയറിംഗ്, പൊതു ഗതാഗതം, പൊതു ഗതാഗതത്തിനു ബദൽ സംവിധാനം, ട്രാൻസ്പോർട്ട് എനർജി, ഉൾനാടൻ ജല ഗതാഗതം,വിനോദസഞ്ചാര ആസൂത്രണം, ഗ്രാമീണ റോഡുകൾ എന്നിവ സംബന്ധിക്കുന്ന ഗവേഷണവും കൺസൾട്ടൻസി ജോലികളും ഏറ്റെടുക്കുന്ന പൊതുമേഖലാ സ്ഥാപനം ആണ് നാറ്റ്പാക്. റോഡ്, റെയിൽ, ജല മാർഗം, തുറമുഖങ്ങൾ, വിമാനത്താവളങ്ങൾ എന്നിവയിലെ മാതൃകാ

സംവിധാനങ്ങൾ ഉൾപ്പെടുത്തി അടിസ്ഥാനസൗകര്യ വികസനത്തിനായി സർവേ മുതൽ സാങ്കേതിക സാമ്പത്തിക പഠനങ്ങൾ, പ്രായോഗിക വിശകലനങ്ങൾ, വിശദമായ പ്രൊജക്റ്റ് റിപ്പോർട്ടുകൾ വരെ തയാറാക്കുന്നതും നാറ്റ്പാക്കിന്റെ പ്രവർത്തന പരിധിയിൽ വരുന്നു.

നേട്ടങ്ങൾ

- 25 ഗവേഷണ പ്രോജക്ട്കളും പുറമേ നിന്ന് ധനസഹായം ലഭ്യമായ 15 പ്രോജക്ട്കളും നടപ്പിലാക്കി.
- സംസ്ഥാനത്തെ ദേശീയപാതകൾക്കായി ഒരു ഗതാഗത നിരക്ക് മാതൃക വികസിപ്പിച്ചു.
- കേരളത്തിലെ പ്രളയ സാധ്യതയുള്ള റോഡുകളിലെ നടപ്പാതകളിലെ വ്യത്യസ്ത പാളികളിൽ ജലപ്രളയത്തിന്റെ ആഘാതം സംബന്ധിക്കുന്ന പഠനം നടത്തുകയുണ്ടായി.
- സംസ്ഥാനത്തെ വിവിധ ജില്ലകൾക്കായി പ്രാദേശിക ഗതാഗത വികസന പ്ലാൻ തയ്യാറാക്കി.
- സിഗ്നലുകളോടുകൂടിയ ജംഗ്ഷനുകളിൽ വാഹനങ്ങളുടെ സഞ്ചാരത്തിൽ വിവിധതരം വാഹനങ്ങൾ ഉളവാക്കുന്ന ഫലം സംബന്ധിക്കുന്ന പഠനം നടത്തി.
- ആംബുലൻസുകളുടെ സഞ്ചാരത്തിനായി അടിയന്തരാവശ്യ വാഹനങ്ങൾക്ക് മുൻഗണന നൽകുന്നതിനായി ഒരു സംവിധാനം ആസൂത്രണം ചെയ്തു.
- പ്രധാനപ്പെട്ട അപകട മേഖലകൾ, കാരണങ്ങൾ വിശകലനം ചെയ്യൽ, തരണംചെയ്യുന്നതിനുള്ള മാർഗ്ഗങ്ങൾ എന്നിവ പരിശോധിച്ചുകൊണ്ടുള്ള റിപ്പോർട്ടുകൾ തയ്യാറാക്കി
- കുട്ടനാട് പ്രദേശത്തെ റോഡുകളുടെ പ്രശ്നങ്ങൾ സംബന്ധിക്കുന്ന പഠനം പൂർത്തിയാക്കി.

ജലവിഭവ വികസന മാനേജ്മെൻറ് കേന്ദ്രം (സി ഡബ്ല്യു ആർ ഡി എം))

ജലവിഭവ മേഖലയിലെ ഒരു മുഖ്യ ഗവേഷണ–വികസന സ്ഥാപനമാണ് കെ എസ് സി എസ് ടി ഇ യുടെ കീഴിൽ പ്രവർത്തിക്കുന്ന സി ഡബ്ല്യു ആർ ഡി എം. ജലവിഭവ സംരക്ഷണത്തിനും ജല സംബന്ധിയായ ശാസ്ത്രീയ പഠനങ്ങൾക്കും ഗവേഷണത്തിനും സി ഡബ്ല്യു ആർ ഡി എം സംഭാവന നൽകുന്നു. പ്രത്യേകിച്ച് വൃഷ്ടി പ്രദേശ സംബന്ധിയായ വിഷയങ്ങളിൽ നീർത്തട വികസനം, തണ്ണീർത്തട പരിപാലനം, കൃഷിക്കാവശ്യമായ ജല സംരക്ഷണം, വനമേഖലയും നഗര പ്രദേശവും സംബന്ധിക്കുന്ന ജല സംരക്ഷണം, നദീമുഖം, പാഴ്ജലം എന്നിവ സംബന്ധിക്കുന്ന പ്രശ്നങ്ങൾ, ഭൂഗർഭ ജല വികസനം, ജല ഗുണ നിലവാര സംരക്ഷണം, ജല സംബന്ധിയായ പരിസ്ഥിതി പ്രശ്നങ്ങൾ ജലസേചനവും പാഴ്ജലവും സംബന്ധിക്കുന്ന പ്രശ്നങ്ങൾ എന്നീ വിഷയങ്ങളിൽ ഗവേഷണത്തിന് ആവശ്യമായ വിദഗ്ധ സഹായങ്ങൾ നൽകുന്നു. നിലവിൽ ഈ സെന്ററിന് 9 ശാസ്ത്രിയ വിഭാഗങ്ങളും 3 എക്സ്റ്റൻഷൻ കേന്ദ്രങ്ങളും ഉണ്ട്.

നേട്ടങ്ങൾ

- കോഴിക്കോട് ജില്ലയിലെ കാലാവസ്ഥാ സവിശേഷതകൾ വിശകലനം ചെയ്തുകൊണ്ടുള്ള പഠനം പൂർത്തിയാക്കി.
- വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സാമൂഹ്യാടിസ്ഥാനത്തിലുള്ള ജലവിതരണ പദ്ധതികൾ സംസ്ഥാനത്ത് ഉളവാക്കുന്ന സ്വാധീനം വിലയിരുത്തുക എന്ന ലക്ഷ്യത്തോടെ കണ്ടെത്തുകയുണ്ടായി.
- കുട്ടനാട് മേഖലയിലെ ആവാസ വ്യവസ്ഥാ സംവിധാന സേവനം ഉപയോഗപ്പെടുത്തുന്നതിനായി ഒരു ഏകീകൃത മാനേജ്മെന്റ് പ്ലാൻ വികസിപ്പിക്കുന്നതിനായുള്ള നടപടികൾ ആരംഭിച്ചു.
- സംസ്ഥാനത്തെ നദീതടങ്ങൾ പ്രാദേശികവത്ക്കരിക്കുന്നതിനും ഓരോ മേഖലയയ്ക്കും വെള്ളപ്പൊക്ക ആവർത്തനത്തിന്റെ ദൈർഘ്യം താരതമ്യം ചെയ്യൽ വികസിപ്പിക്കുന്നതിനുമായി എൽ മോമന്റ്സ് ഉപയോഗിച്ചുകൊണ്ട് പ്രാദേശിക വെള്ളപ്പൊക്ക ആവർത്തന മാതൃക വികസിപ്പിച്ചെടുത്തു.

ജവഹർലാൽ നെഹ്രു ട്രോപ്പിക്കൽ ബൊട്ടാണിക് ഗാർഡൻ ആൻഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്. (ജെ എൻ ടി ബി ജി ആർ ഐ)

കേരളത്തിലെ സസ്യ വിഭവങ്ങളുടെ സുസ്ഥിര വിനിയോഗത്തിനായി ജെ എൻ ടി ബി ജി ആർ ഐ ഗവേഷണപരിപാടികൾ നടത്തുന്നു. ഏഷ്യയിലെ ഏറ്റവും വലിയ സംരക്ഷിത തോട്ടമായി കണക്കാക്കപ്പെടുന്ന ഇവിടെ 4000 ത്തിൽ അധികം വിവിധ തരം പൂച്ചെടികളും ഏകദേശം 300 തരത്തിലുള്ള വിവിധയിനം പുഷ്പിക്കാത്ത സസ്യങ്ങളും നിലവിൽ സംരക്ഷിക്കപ്പെടുന്നു. തിരുവനന്തപുരത്തെ പുത്തൻതോപ്പിൽ സ്ഥിതി ചെയ്യുന്നതും ബയോഇൻഫോമാറ്റിക്സ് കേന്ദ്രം സ്ഥാപിക്കപ്പെട്ടിട്ടുള്ളതുമായ സരസ്വതി തങ്കവേലു കേന്ദ്രം ഈ സ്ഥാപനത്തിന്റെ എക്സ്റ്റൻഷൻ കേന്ദ്രം ആണ്. ഭാരത സർക്കാർ ഈ കേന്ദ്രത്തെ ദേശീയ തലത്തിലുള്ള ഒരു മികവിന്റെ കേന്ദ്രമായി അംഗീകരിച്ചിട്ടുണ്ട്.

നേട്ടങ്ങൾ

- തൃശ്ശൂർ ജില്ലയിലെ വിവിധ ഗോത്രവർഗ്ഗ വിഭാഗങ്ങൾ ഭക്ഷണത്തിനും ഔഷധത്തിനുമായി ഉപയോഗിക്കുന്ന പ്രധാനപ്പെട്ട

സസ്യവർഗ്ഗങ്ങളുടെ ക്രോഡീകരണത്തിനും ഡോക്യുമെന്റേഷനും വേണ്ടി ജില്ലയിലെ തെരെഞ്ഞെടുത്ത പഞ്ചായത്തുകളിലെ തീരപ്രദേശങ്ങളിൽ എത്തിനോ-മെഡിക്കോ ബൊട്ടാണിക്കൽ സർവ്വേ പൂർത്തിയാക്കി.

- ഗ്രാമീണ ജനതയുടെ സാമ്പത്തിക ഉന്നമനത്തിനും വരുമാന മാർഗ്ഗങ്ങൾ സൃഷ്ടിക്കുന്നതിനുമായി പര്യാപ്തമായ സാങ്കേതികത പ്രചരിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ജെ.എൻ. ടി.ബി.ജി.ആർ.ഐ യുടെ കമ്മ്യൂണിറ്റി അഗ്രോബയോടെക് റിസോഴ്സ് സെന്റർ 300 ഗ്രാമീണ വനിതകൾക്കായി ലഭ്യമായിട്ടുള്ള സസ്യ വിഭവങ്ങളിൽ നിന്നും മൂല്യാധിഷ്ഠിത വസ്തുക്കൾ ഉൽപാദിപ്പിക്കുന്നതിനും ഔഷധ സസ്യ കൃഷിയും സംബന്ധിക്കുന്ന പരിശീലന പരിപാടി സംഘടിപ്പിച്ചു.
- സംസ്ഥാനത്തെ സസ്യ സമ്പത്ത് കണ്ടെത്തലിന്റെയും വിവരശേഖരണത്തിന്റെയും ഡോക്യുമെന്റേഷന്റേയും ഭാഗമായി പശ്ചിമ ഘട്ടത്തിൽ നിന്നും 3 പുതിയ സസ്യങ്ങൾ കണ്ടെത്തി.
- പാരമ്പര്യ വിജ്ഞാനത്തെ അടിസ്ഥാനപ്പെടുത്തി 10 സസ്യങ്ങളിൽ നിന്നും ഡെങ്കി വൈറസിനെ പ്രതിരോധിക്കുന്നതിന് പര്യാപ്തമായ ഔഷധ മൂല്യങ്ങളുള്ള ഒൻപത് സൂക്ഷ്മകണികകൾ തെരെഞ്ഞെടുത്തു.
- ആനുകാലിക പ്രസിദ്ധീകരണങ്ങളിൽ 7 അദ്ധ്യായങ്ങൾ, 2 പുസ്തകങ്ങൾ, എന്നിവ പ്രസിദ്ധീകരിക്കുകയും ഒരു പേറ്റന്റ് ഫയൽ, ഒരു പി.എച്ച്.ഡി എന്നിവ നൽകുകയും ചെയ്തു.

കേരള സ്കൂൾ ഓഫ് മാത്തമാറ്റിക്സ് (കെ.എസ്.ഒ.എം)

ഗണിത ശാസ്ത്രത്തിൽ ഉന്നത പഠനവും ഗവേഷണവും നടത്തുന്നതിനായി സംസ്ഥാന സർക്കാരിന്റെ കെ എസ് സി എസ് ടി ഇ യും, കേന്ദ്ര സർക്കാരിന്റെ അണുശക്തി വകുപ്പും സംയുക്തമായി 2009 ൽ രൂപീകരിച്ചതാണ് കേരള സ്കൂൾ ഓഫ് മാത്തമാറ്റിക്സ്. 2018-19 ൽ കെ.എസ്.ഒ.എം ഗണിത ഒളിംപ്യാഡ്, മാത്സ് ടാലൻഡ് സെർച്ച് എന്നിവയിൽ പരിശീലനം നൽകുകയും വേനൽകാല/പഠനാനന്തര പരിശീലനങ്ങൾ, കോളേജ് അദ്ധ്യാപകർക്കായി ഓറിയന്റേഷൻ ക്ലാസുകൾ എന്നിവ സംഘടിപ്പിക്കുകയും ദേശീയ/അന്താരാഷ്ട്ര ശിൽപശാലകളും ചർച്ചാ ക്ലാസ്സുകളും നടത്തുകയുമുണ്ടായി.

ശ്രീനിവാസ രാമാനുജൻ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ബേസിക് സയൻസസ് (എസ് ആർ ഐ ബി എസ്)

അടിസ്ഥാന ശാസ്ത്രത്തിൽ ഗവേഷണം, അധ്യാപനം, പഠനം എന്നിവക്കായി വിഭാവനം ചെയ്തിട്ടുള്ളതും കാര്യശേഷി വികസനത്തിനും വേണ്ടിയുള്ള സ്ഥാപനമാണ് എസ് ആർ ഐ ബി എസ്. ശാസ്ത്ര അനുബന്ധ മേഖലകളിൽ യുവ അധ്യാപകർ, ഗവേഷകർ, ബിരുദാനന്തര ബിരുദധാരികൾ എന്നിവർക്കായി കഴിവുകൾ വിപുലമാക്കുന്ന തരത്തിലുള്ള പരിപാടികൾക്ക് രൂപം കൊടുക്കുകയും അവ നടപ്പിലാക്കുകയും ചെയ്യുക എന്നതാണ് ഈ സ്ഥാപനത്തിന്റെ ലക്ഷ്യം. ഈ സ്ഥാപനം ശാസ്ത്രത്തിന്റെ വിവിധ മേഖലകളിൽ വിദ്യാർഥികൾ, അധ്യാപകർ, ഗവേഷകർ എന്നിവർക്ക് പ്രയോജനം ചെയ്യുന്ന വിധത്തിൽ വിദ്യാഭ്യാസ സമ്മേളനങ്ങൾ, സെമിനാറുകൾ, എന്നിവ നടത്തുകയുണ്ടായി. 2018-19 ൽ എസ് ആർ ഐ ബി എസ് 5 വിദ്യാഭ്യാസ പരിപാടികൾ നടത്തുകയും ഇവയിൽ സംസ്ഥാനത്തൊട്ടാകെ ഓരോ പരിപാടിയിലും 50 ഓളം പേർ പങ്കാളിത്തം വഹിക്കുകയും ചെയ്തു.

മലബാർ ബൊട്ടാണിക്കൽ ഗാർഡൻ ആൻഡ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്ലാന്റ് സയൻസസ് (എം ബി ജി ഐ പി എസ്)

വിവിധയിനം ജലാശയ സസ്യങ്ങൾ, ചെറിയ സസ്യങ്ങൾ, മലബാർ മേഖലയിലെ വംശനാശ ഭീഷണി നേരിടുന്ന സസ്യങ്ങൾ എന്നിവയുടെ സംരക്ഷണത്തിനും ഗവേഷണത്തിനുമായി പ്രവർത്തിക്കുന്നതും സസ്യശാസ്ത്രത്തിന്റെ വിവിധ തലങ്ങളെ സംബന്ധിക്കുന്ന വിജ്ഞാനം പകർന്നു നൽകുന്നതിനും വേണ്ടിയുള്ള കെ എസ് സി എസ് ടി ഇ യുടെ സ്ഥാപനമാണ് എം ബി ജി ഐ പി എസ്. 2018-19 ൽ എം.ബി.ജി.ഐ.പി.എസ്സിന്റെ പ്ലാന്റ് ഡാറ്റാ ബേസ് ഡിജിറ്റൈസേഷന്റെ ഭാഗമായി അക്വാട്ടിക് ബയോപാർക്ക് സ്ഥാപിക്കുന്നതിനായുള്ള നടപടികൾ ആരംഭിക്കുകയും 1,632 എൻട്രികൾ ഡാറ്റാ ബേസിൽ രേഖപ്പെടുത്തുകയുണ്ടായി.

II. റീജിയണൽ ക്യാൻസർ സെന്റർ (ആർ സി സി), തിരുവനന്തപുരം

2018 ൽ, ആഗോള തലത്തിൽ, ഏകദേശം ആറിൽ ഒരു മരണം ക്യാൻസർ മൂലവും ഏകദേശം 96 ലക്ഷം മരണത്തിന് കാരണവും ക്യാൻസർ രോഗം ആയിരുന്നു. ക്യാൻസർ മൂലമുള്ള മരണങ്ങളിൽ ഏകദേശം 70 ശതമാനവും സംഭവിക്കുന്നത് കുറഞ്ഞതും ഇടത്തരം വരുമാനമുള്ള രാജ്യങ്ങളിലാണ്. ഈ രോഗത്തിന്റെ കാരണമായേക്കാവുന്ന പ്രധാനപ്പെട്ട ഘടകമായ പുകയില ഉപഭോഗം ക്യാൻസർ മൂലമുണ്ടാകുന്ന 22 ശതമാനത്തോളം മരണത്തിനും ഇടയാക്കുന്നു.

ഭാരതത്തിൽ ഏകദേശം 22.7 ലക്ഷം ആളുകൾ ക്യാൻസർ രോഗബാധിതരായി ജീവിക്കുന്നുവെന്ന്

ബോക്സ് 5.2.2 ലോകാരോഗ്യ സംഘടനയുടെ 2019 സെർവിക്കൽ ക്യാൻസർ പൊതു ആരോഗ്യ പ്രശ്നമായി നിർമാർജ്ജനം ചെയ്യുന്നതിനായുള്ള ആഗോള നയം

- ലോകമെമ്പാടും സ്ത്രീകൾക്കിടയിൽ സർവ്വസാധാരണമായ നാലാമത്തെ വിഭാഗമാണ് സെർവിക്കൽ ക്യാൻസർ. 2020–2030 കാലയളവിലേക്ക് എല്ലാ രാഷ്ട്രങ്ങളെയും സെർവിക്കൽ ക്യാൻസർ നിർമാർജ്ജനത്തിന്റെ പാതയിൽ എത്തിക്കുന്നതിനായി ജനസംഖ്യാ അടിസ്ഥാനത്തിൽ ഒരു സമഗ്ര സമീപനമാണ് സെർവിക്കൽ ക്യാൻസർ നിർമാർജ്ജനത്തിനായുള്ള ലോകാരോഗ്യ സംഘടനയുടെ നയം ആഹ്വാനം ചെയ്യുന്നത്.
- സെർവിക്കൽ ക്യാൻസർ ഒരു പൊതുജന ആരോഗ്യ പ്രശ്നമായി കണക്കിലെടുത്ത് നിർമ്മാർജ്ജനം ചെയ്യുന്നതിനായി 2030 ആകുമ്പോഴേയ്ക്കും ആഗോള ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിനു വേണ്ടിയുള്ള പ്രധാന ഇടപെടലുകൾക്കായി എല്ലാ രാഷ്ട്രങ്ങളെയും പ്രാപ്തമാക്കുന്നതിനായുള്ള ഒരു സമീപനം.
- മുൻപോട്ടു വയ്ക്കുന്ന ലക്ഷ്യങ്ങൾ
    - 15 വയസ്സ് ആകുമ്പോഴേയ്ക്കും 90 ശതമാനം പെൺകുട്ടികൾക്കും പൂർണ്ണമായും ഹ്യൂമൺ പാപ്പില്ലോമ വൈറസ് (എച്ച്.പി.വി) കുത്തിവയ്പ്പ് നൽകുക.
    - 70 ശതമാനം സ്ത്രീകളെയും 35–45 വയസ്സിനിടയിൽ ഹൈപ്രിസിഷൻ ടെസ്റ്റിന് വിധേയമാക്കുക.
    - സെർവിക്കൽ രോഗബാധിതയുള്ള 90 ശതമാനം സ്ത്രീകൾക്കും ചികിത്സയും സംരക്ഷണവും ലഭ്യമാക്കൽ.

അവലംബം: ലോകാരോഗ്യ സംഘടന

കണക്കാക്കപ്പെട്ടിരിക്കുന്നു. 2018 ൽ രാജ്യത്ത് ക്യാൻസർ ബാധിത മരണങ്ങളുടെ ആകെ എണ്ണം 7.84 ലക്ഷം ആയിരുന്നു. ഇതിൽ 4.31 ലക്ഷം പേർ പുരുഷൻമാരും 3.71 ലക്ഷം സ്ത്രീകളുമാണ്. രാജ്യത്തെ പുരുഷൻമാരുടെ ഇടയിൽ സാധാരണയായി കാണപ്പെടുന്ന ഓറൽ ക്യാൻസർ മൊത്തം ക്യാൻസറിന്റെ 16 ശതമാനം ആണ്. എല്ലാത്തരം ക്യാൻസറിന്റെയും 14 ശതമാനത്തോളം കാണപ്പെടുന്ന സ്തനാർബുദമാണ് സ്ത്രീകളിൽ ഏറ്റവും ബാധിക്കുന്ന തരം ക്യാൻസർ. 28 സ്ത്രീകളിൽ ഒരാൾക്ക് അവരുടെ ജീവിത കാലത്ത് ഈ രോഗം പിടിപെടാനുള്ള സാധ്യതയാണുള്ളത്.

കേരളത്തിൽ ക്യാൻസർ നിയന്ത്രണം, ചികിത്സ, ഗവേഷണം, പരിശീലനം എന്നിവയിൽ നൂതന പ്രവർത്തനങ്ങൾ തിരുവനന്തപുരത്തെ ആർ.സി.സി യിൽ നടത്തിവരുന്നു. 2018–19 ൽ ആകെ 15,627 പുതിയ കേസുകളും 2,58,838 പുനഃ പരിശോധനാ കേസുകളും ഇവിടെ രജിസ്റ്റർ ചെയ്യപ്പെടുകയുണ്ടായി. പുതുതായി രജിസ്റ്റർ ചെയ്ത കേസുകളിൽ 7,569 എണ്ണം (48 ശതമാനം) പുരുഷൻമാരും 8,058 എണ്ണം (52 ശതമാനം) സ്ത്രീകളുമാണ് .

ക്യാൻസർ രോഗനിർണയത്തിനും ചികിത്സയ്ക്കും ആവശ്യമായ സൗകര്യങ്ങൾ പ്രദാനം ചെയ്യുന്ന രാജ്യത്തെ മുൻനിര ക്യാൻസർ സെന്ററുകളിൽ ഒന്നാണ് തിരുവനന്തപുരം ആസ്ഥാനമായി പ്രവർത്തിക്കുന്ന റീജിയണൽ ക്യാൻസർ സെന്റർ. ക്യാൻസർ രോഗ പഠന വൈദ്യ ശാസ്ത്ര ശാഖയിലെ വിവിധ മേഖലകളെ സംബന്ധിക്കുന്ന അടിസ്ഥാന, പ്രായോഗിക, സ്ഥിതി വിവര, ശാസ്ത്ര ഗവേഷണം നടത്തുക എന്നതാണ് ഈ സെന്ററിന്റെ പ്രധാന ലക്ഷ്യം. ഇവിടെ അടിസ്ഥാന, പ്രായോഗിക, ചികിത്സ സംബന്ധിയായ ഗവേഷണങ്ങൾ നടത്തുകയും വിജ്ഞാനം പ്രദാനം ചെയ്യുകയും ചെയ്യുന്നു.

രാജ്യത്തെ നിലവിലുള്ള 28 റീജിയണൽ ക്യാൻസർ സെന്ററുകളിൽ മുൻപന്തിയിലുള്ള മൂന്നെണ്ണത്തിലൊന്നാണ് ആർ സി സി. അന്താരാഷ്ട്ര സംഘടനകളായ ലോകാരോഗ്യ സംഘടന, അന്താരാഷ്ട്ര ക്യാൻസർ ഗവേഷണകേന്ദ്രം (ഫ്രാൻസ്), അന്താരാഷ്ട്ര ആണവോർജ്ജ ഏജൻസി (വിയന്ന), ദേശീയക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ട് (യു.എസ്എ), ക്യാൻസർ ഗവേഷണകേന്ദ്രം (യു.കെ), ലീഡ്സ് യൂണിവേഴ്സിറ്റി (യു.കെ), ആരോഗ്യഗവേഷണകേന്ദ്രം (ജപ്പാൻ) എന്നിവയും മറ്റ് പ്രമുഖ സംഘടനകളുമായും ആർ .സി.സി മെച്ചമായ ബന്ധം നിലനിർത്തുന്നു.

കഴിഞ്ഞ 38 വർഷങ്ങളായി, കുറഞ്ഞ ചെലവിൽ മെച്ചപ്പെട്ട അർബുദ പരിശോധനയും ചികിൽസയും നല്കിക്കൊണ്ട് കേരളത്തിലെയും തമിഴ്നാട്, കർണ്ണാടക എന്നീ സംസ്ഥാനങ്ങളിലെ സമീപ പ്രദേശങ്ങളിലെയും ജനങ്ങളുടെ വർദ്ധിച്ചു വരുന്ന ക്യാൻസർ രോഗാവശ്യങ്ങൾ പരിഗണിക്കുന്നതിൽ ആർ.സി.സി ഗണ്യമായ സംഭാവന ചെയ്തിട്ടുണ്ട്. കൂടാതെ, ക്യാൻസർ രോഗം നിയന്ത്രണ വിധേയമാക്കുന്നതിനും ക്യാൻസർ ചികിത്സയുടെ വിവിധ മേഖലകളിലാവശ്യമായ മാനുഷികശേഷി വളർത്തുന്നതിനും പുതിയ ചികിത്സാരീതികൾ ലഭ്യമാക്കുന്നതിനായി ഗവേഷണം പ്രോത്സാഹിപ്പിക്കുന്ന തിനായി പ്രവർത്തിക്കുന്നതും ആർ .സി.സിയുടെ പരിധിയിൽ ഉൾപ്പെടുന്നു.

ആർ.സി.സി യെ കൂടാത മലബാർ ക്യാൻസർ സെന്റർ,

കൊച്ചിൻ ക്യാൻസർ റിസർച്ച് സെന്റർ എന്നിങ്ങനെ രണ്ട് ക്യാൻസർ സെന്ററുകൾ നിലവിലുണ്ട്. ഇവ സംബന്ധിക്കുന്ന വിശദാംശങ്ങൾ ഈ അവലോകനത്തിന്റെ ആരോഗ്യം എന്ന സെക്ഷനിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

ആർ.സി.സി –രൂപരേഖ

ക്യാൻസർ നിയന്ത്രണത്തിൽ ഒരു ആഗോള നേതൃത്വനിരയിലേക്ക് എത്തുക എന്നതാണ് ആർ.സി.സിയുടെ ലക്ഷ്യം. 2018–19 ൽ, 15,627 പുതിയ കേസുകൾ ആർസിസിയിൽ രജിസ്റ്റർ ചെയ്യപ്പെട്ടു. രോഗികളുടെ സന്ദർശനത്തിന്റെ ദൈനംദിന ശരാശരി 915 എണ്ണമാണ്. ആർ .സി.സിയുടെ 2018–19 ലെ രൂപരേഖ **പട്ടിക 5.2.1** ൽ നല്കുന്നു.

ആർ.സി.സിയിൽ രജിസ്റ്റർ ചെയ്ത കേസുകൾ

കഴിഞ്ഞ 10 വർഷങ്ങളിൽ രജിസ്റ്റർ ചെയ്ത കേസുകളുടെ വിശദാംശങ്ങൾ സൂചിപ്പിക്കുന്നത് ഓരോവർഷവും പുതിയ കേസുകളുടെ എണ്ണം വർധിച്ചുവരുന്നു എന്നുള്ളതാണ്. 2014–15 മുതൽ 2018–19 വരെ രജിസ്റ്റർ ചെയ്ത മൊത്തം കേസുകളുടെ എണ്ണം 80,356 ആണ്. 2018–19 ൽ, 15,627 പുതിയ കേസുകൾ രജിസ്റ്റർ ചെയ്യപ്പെടുകയും ഇത് കഴിഞ്ഞവർഷത്തേക്കാൾ 5 ശതമാനം കുറവുമാണ്. 2017–18 ൽ രജിസ്റ്റർ ചെയ്തത് 16,443 കേസ്സുകളായിരുന്നു. കഴിഞ്ഞ 5 വർഷം രജിസ്റ്റർ ചെയ്ത പുതിയ കേസുകളുടെ എണ്ണം **പട്ടിക 5.2.2** ൽ കൊടുത്തിരിക്കുന്നു.

2018–19 ൽ രജിസ്റ്റർ ചെയ്ത മൊത്തം 15,627 പുതിയ കേസുകളിൽ, 13,487 കേസുകൾ (86 ശതമാനം) സംസ്ഥാനത്തിനകത്തുനിന്നും ബാക്കിയുള്ളവ മറ്റു സംസ്ഥാനങ്ങളിൽ നിന്നും രാജ്യത്തിനു പുറത്തുനിന്നുമാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്. 13,487 കേസുകളിൽ ഏറ്റവുമധികം തിരുവനന്തപുരം ജില്ലയിൽ നിന്നും കുറവ് വയനാട് ജില്ലയിൽ നിന്നുമാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്. **ചിത്രം 5.21** ൽ കേരളത്തിലെ ജില്ലകളിൽ നിന്നും പുതുതായി രജിസ്റ്റർ ചെയ്ത കേസുകൾ കാണിച്ചിരിക്കുന്നു.

സ്പെഷ്യാലിറ്റി ക്ലിനിക്കുകളിൽ രജിസ്റ്റർ ചെയ്ത കേസുകൾ

2018–19 ൽ കൂടുതൽ പുതിയ കേസുകൾ രജിസ്റ്റർ ചെയ്തത് നെഞ്ച്, ഗ്യാസ്ട്രോഇന്റസ്റ്റീനൽ ക്യാൻസർ രോഗങ്ങൾക്കാണ്. (3,763 കേസുകൾ) തുടർന്ന് ഏറ്റവുമധികം രജിസ്റ്റർ ചെയ്തിട്ടുള്ളത് ഗർഭാശയ, ജെനിറ്റോയൂറിനറി, മറ്റുള്ളവയും (2,960 കേസുകൾ)

പട്ടിക 5.2.1 ആർ.സി.സി യുടെ 2018–19 ലെ രൂപ രേഖ ഒറ്റനോട്ടത്തിൽ

രജിസ്റ്റർ ചെയ്ത പുതിയ കേസുകൾ	15,627
പുന:പരിശോധനയക്കായി രജിസ്റ്റർ ചെയ്തകേസുകൾ	2,58,838
കിടത്തി ചികിത്സിച്ച രോഗികൾ	11,568
റേഡിയോ തെറാപ്പി	7,071
ബ്രച്ചിതെറാപ്പി	1,766
ശസ്ത്രക്രിയ സംബന്ധിക്കുന്ന പ്രവർത്ത നങ്ങൾ	5,756
എൻഡോസ്കോപ്പിക് പ്രവർത്തനങ്ങൾ	2,969
കീമോതെറാപ്പി	11,939
മജ്ജമാറ്റിവയ്ക്കൽ	37
ക്യാൻസർ രോഗ നിർണ്ണയ പരിപാടികൾ	430
ക്യാൻസർ രോഗ വിദ്യാഭ്യാസ പരിപാടികൾ	218
നിലവിലുള്ള ഗവേഷണ പ്രോജക്ടുകൾ	179

അവലംബം: റീജിയണൽ ക്യാൻസർ സെന്റർ, തിരുവനന്തപുരം

പട്ടിക 5.2.2 കഴിഞ്ഞ 5 വർഷങ്ങളിൽ റീജിയണൽ ക്യാൻസർ സെന്ററിൽ രജിസ്റ്റർ ചെയ്ത പുതിയ കേസുകൾ, 2014–15 മുതൽ 2018–19 വരെ

വർഷം	പുതിയ കേസുകളുടെ എണ്ണം
2014–15	15,989
2015–16	16,042
2016–17	16,255
2017–18	16,443
2018–19	15,627
ആകെ	80,356

അവലംബം: റീജിയണൽ ക്യാൻസർ സെന്റർ, തിരുവനന്തപുരം

ചിത്രം 5.2.1 2018–19 ൽ രജിസ്റ്റർ ചെയ്ത പുതിയ കേസുകൾ, ജില്ലാ അടിസ്ഥാനത്തിൽ



അവലംബം: റീജിയണൽ ക്യാൻസർ സെന്റർ, തിരുവനന്തപുരം

ശിരസ്, നെക്ക് ക്യാൻസറുകളുമാണ് (2,569 കേസുകൾ). 2017–18 ലും 2018–19 ലും സ്പെഷ്യലിറ്റി ക്ലിനിക്കുകളിൽ പുതുതായി രജിസ്റ്റർ ചെയ്ത രോഗികളുടെ എണ്ണം **പട്ടിക 5.2.3** ൽ കൊടുത്തിരിക്കുന്നു.

ചിത്രം 5.2.2 ൽ വിവിധ ശരീരഭാഗങ്ങളിൽ വ്യാപിച്ച ക്യാൻസർ രോഗത്തിന്റെ വിവരങ്ങൾ 2018–19 ൽ വിവിധ സ്പെഷ്യാലിറ്റി ക്ലിനിക്കുകളിൽ പുതുതായി രജിസ്റ്റർ ചെയ്ത രോഗികളുടെ എണ്ണത്തിന്റെ ശതമാനത്തിൽ കാണിച്ചിരിക്കുന്നു.

രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം (പ്രായം/ലിംഗ അടിസ്ഥാനത്തിൽ)

പ്രായം/ ലിംഗ അടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ സൂചിപ്പിക്കുന്നത് 2018–19 ൽ രജിസ്റ്റർ ചെയ്ത പുതിയ കേസുകളിൽ, 55–64 വയസ്സ് പ്രായമുള്ളവരാണ് (27.14 ശതമാനം) കൂടുതൽ ക്യാൻസർ രോഗ ബാധിതർ എന്നതാണ്. (ഇതിൽ 27.69 ശതമാനം പുരുഷൻമാരും 26.59 ശതമാനം സ്ത്രീകളും ഉൾപ്പെടും). ലിംഗ/ പ്രായമനുസരിച്ച് 2018–19 ൽ ആർ.സി.സിയിൽ കാൻസർ ചികിത്സയ്ക്കായി രജിസ്റ്റർചെയ്ത രോഗികളുടെ വിവരങ്ങൾ **ചിത്രം 5.2.3** ൽ കൊടുത്തിരിക്കുന്നു.

സ്പെഷ്യാലിറ്റി ക്ലിനിക്കുകളിൽ രജിസ്റ്റർ ചെയ്ത പുതിയ കേസുകളുടെ എണ്ണം ലിംഗ അടിസ്ഥാനത്തിൽ

2018–19 ൽ രജിസ്റ്റർ ചെയ്ത മൊത്തം പുരുഷന്മാരിൽ ഏകദേശം 34.12 ശതമാനവും നെഞ്ച്, ഗ്യാസ്ട്രോ ഇൻഡസ്റ്റിനിയൽ ക്ലിനിക്കുകളിലാണ് രജിസ്റ്റർ ചെയ്തത്. സ്ത്രീകളുടെ കാര്യത്തിൽ മൊത്തം രജിസ്റ്റർ ചെയ്ത കേസുകളിൽ 28.65 ശതമാനവും രജിസ്റ്റർ

പട്ടിക 5.2.3 2017–18 ലും 2018–19 ലും രജിസ്റ്റർ ചെയ്ത രോഗികളുടെ എണ്ണം, സ്പെഷ്യാലിറ്റി ക്ലിനിക്ക് അടിസ്ഥാനത്തിൽ

ക്രമ നം.	ക്ലിനിക്	2017–18	2018–19
1	ഹിമറ്റോലിംഫോറിറ്റിക്യുലാർ, ബോൺ, സോഫ്റ്റ്, ടിഷ്യൂ സർകോമ	2,359	2,382
2	ഹെഡ്, നെക്ക്	2,637	2,569
3	ബ്രെസ്റ്റ്, കേന്ദ്ര നാഡീ വ്യൂഹം	2,710	2,558
4	ഗൈനക്, ജനിറ്റിനറി	2,860	2,690
5	നെഞ്ച്. ഗ്രാസ്ട്രോഇന്റസ്റ്റിനൽ	3,947	3,763
6	പീഡിയാട്രിക്	602	537
7	തൈറോയിഡ്	1,328	1,128
ആകെ		16,443	15,627

അവലംബം: റീജിയണൽ ക്യാൻസർ സെന്റർ, തിരുവനന്തപുരം

ചിത്രം 5.22 2018–19 സ്പെഷ്യാലിറ്റി ക്ലിനിക്കുകളിൽ രജിസ്റ്റർ ചെയ്ത പുതിയ രോഗികളുടെ എണ്ണം



അവലംബം: റീജിയണൽ ക്യാൻസർ സെന്റർ, തിരുവനന്തപുരം

ചിത്രം 5.2.3 2018–19 ൽ ൽ പുതിയതായി രജിസ്റ്റർചെയ്ത പുതിയ രോഗികളുടെ പ്രായവും ലിംഗവുമനുസരിച്ചുള്ള കണക്ക്



അവലംബം: റീജിയണൽ ക്യാൻസർ സെന്റർ, തിരുവനന്തപുരം

ചെയ്തത് ബ്രസ്റ്റ്, കേന്ദ്രനാഡീവ്യൂഹം എന്നീ ക്ലിനിക്കുകളിലാണ്. വിശദാംശങ്ങൾ **പട്ടിക 5.2.4** ൽ കൊടുത്തിരിക്കുന്നു.

വിവിധതരം ക്യാൻസർ രോഗികളുടെ എണ്ണം

ചിലതരം ക്യാൻസർ രോഗങ്ങൾ ബാധിക്കുന്നതിലെ ലിംഗ ഭേദം കണക്കിലെടുത്താൽ ഓറൽ ക്യാവിറ്റി, ഫാരിങ്സ് ക്യാൻസർ, ശ്വാസകോശ ക്യാൻസർ എന്നിവ സ്ത്രീകളേക്കാൾ കൂടുതൽ പുരുഷന്മാരെയാണ് ബാധിക്കുന്നത് എന്ന് കാണാം. ബ്രസ്റ്റ്, റീപ്രൊഡക്ടീവ് സിസ്റ്റം കാൻസർ പുരുഷന്മാരേക്കാൾ കൂടുതലായി സ്ത്രീകളിലാണ് കാണപ്പെടുന്നത്. വിശദാംശങ്ങൾ **പട്ടിക 5.2.5** ൽ കൊടുത്തിരിക്കുന്നു.

റഫറൽ സംവിധാനം

ത്രിദീയ തലത്തിലുള്ള ഒരു റഫറൽ ആശുപത്രിയായ ആർ.സി. സി. യിലേക്ക് മറ്റ് സർക്കാർ, സ്വകാര്യ ആശുപത്രികളിൽ നിന്നുമുള്ള രോഗികളെ റഫർ ചെയ്യപ്പെടുന്നു. മുൻവർഷത്തെ പോലെ 2018–19 കാലയളവിൽ ആർ.സി.സിയിലേക്ക് റഫർ ചെയ്യപ്പെട്ട കേസുകളിൽ കൂടുതലും തിരുവനന്തപുരത്ത് നിന്നുമാണ്

പട്ടിക 5.2.4 2016–17 ലും 2017–18 ലും സ്പെഷ്യാലിറ്റി ക്ലിനിക്കുകളിൽ രജിസ്റ്റർ ചെയ്ത കേസുകൾ, പ്രായവും ലിംഗവും അടിസ്ഥാനത്തിൽ

ക്രമ. നം	ക്ലിനിക്ക്	2017–18		2018–19	
		പുരുഷൻമാർ	സ്ത്രീകൾ	പുരുഷൻമാർ	സ്ത്രീകൾ
1	ഹിമറ്റോലിംഫോറിറ്റിക്യുലാർ, ബോൺ, സോഫ്റ്റ്, ടിഷ്യു സർകോമ	1,391	966	1,387	1,005
2	ശിരസ്സ്, കഴുത്ത്	1,958	678	1,948	618
3	ബ്രെസ്റ്റ്, കേന്ദ്ര നാഡീവ്യവസ്ഥ	235	2,475	248	2,309
4	ഗൈനക്, ജെനിറ്റോയൂറിനറി	954	1,909	879	1,808
5	നെഞ്ച്, ഗ്യാസ്ട്രോഇന്റസ്റ്റിനിയൽ	2,783	1,164	2,598	1,162
6	പീഡിയാട്രിക്ക്	325	277	303	234
7	തൈറോയിഡ്	271	1,057	206	922
	ആകെ	7,917	8,526	7,569	8,058

അവലംബം: റീജിയണൽ ക്യാൻസർ സെന്റർ, തിരുവനന്തപുരം

പട്ടിക 5.2.5 വിവിധതരം കാൻസർ സംബന്ധിച്ച ക്യാൻസർ രോഗികളുടെ എണ്ണം ലിംഗാടിസ്ഥാനത്തിൽ (ശതമാനത്തിൽ)

സിസ്റ്റം	പുരുഷന്മാർ	സ്ത്രീകൾ
	N=6,639	N=6,884
ബ്രെയിൻ, നാഡീ വ്യവസ്ഥ	3.2	1.5
ഓറൽ ക്യാവിറ്റി&ഫാരിങ്സ്	21.7	6.8
തൈറോയിഡ്	2.9	12.9
റെസ്പിറേറ്ററി സിസ്റ്റം	17	4.3
ബ്രെസ്റ്റ്	0.3	29
അന്നനാളം, ഉദരം	8.1	3.4
ദഹന വ്യവസ്ഥയുമായി ബന്ധപ്പെട്ട മറ്റ് അവയവങ്ങൾ	14.1	7.7
യൂറിനറി ട്രാക്റ്റ്	3.8	0.8
റീപ്രൊഡക്റ്റീവ് സിസ്റ്റം	6.2	18.9
ബോണ്, ടിഷ്യു, ത്വക്ക്	3.4	2.5
ലുക്കീമിയ, മെലോമ	9.4	7.1
ലിംഫോമ	6.2	3.4
മറ്റുള്ളവ	3.7	2.2

അവലംബം: റീജിയണൽ ക്യാൻസർ സെന്റർ, തിരുവനന്തപുരം

(25.68 ശതമാനം കേസുകൾ), തുടർന്ന് കൊല്ലം (19.29 ശതമാനം), ഏറ്റവും കുറവ് കേസുകൾ റഫർ ചെയ്യപ്പെട്ടത് വയനാട് നിന്നാണ് (0.46 ശതമാനം). 2018–19 ൽ തിരുവനന്തപുരത്ത് നിന്നും റഫർ ചെയ്യപ്പെട്ട കേസുകൾ 4013 എണ്ണവും 2017–18 ൽ 3902 എണ്ണവുമാണ്. വിശദാംശങ്ങൾ **പട്ടിക 5.2.6** ൽ കൊടുത്തിരിക്കുന്നു.

കൂടാതെ, 2018–19 ൽ തമിഴ്നാട്ടിൽ നിന്ന് 1,924 കേസുകളും കർണ്ണാടകയിൽ നിന്ന് 5 ഉം ലക്ഷദ്വീപിൽ നിന്ന് 10 ഉം മറ്റ് ഇന്ത്യൻ സംസ്ഥാനങ്ങളിൽ നിന്ന് 161 ഉം മാലിദ്വീപിൽ നിന്ന് 40 പേരേയും റഫർ ചെയ്തിട്ടുണ്ട്. മുൻവർഷം തമിഴ്നാട് നിന്നും 1,975, കർണ്ണാടകയിൽ നിന്നും 9, ലക്ഷദ്വീപിൽ നിന്ന് 10, മാലിദ്വീപിൽ നിന്ന് 118 എന്നിങ്ങനെയായിരുന്നു കേസുകളുടെ എണ്ണം. സംസ്ഥാനത്തിനകത്തു നിന്നും പുറത്തുനിന്നും അന്തർദേശീയ തലത്തിലും റഫർ ചെയ്യപ്പെട്ട കേസുകളുടെ എണ്ണം **ചിത്രം 5.2.4** ൽ കൊടുത്തിരിക്കുന്നു.

കേന്ദ്ര –സംസ്ഥാന സർക്കാർ പദ്ധതികൾ

രോഗികൾക്ക് സൗജന്യ നിരക്കിലും കുറഞ്ഞ നിരക്കിലും ചികിത്സ ലഭ്യമാക്കുന്നത് ഉറപ്പു വരുത്തുന്നതിനായി കേന്ദ്ര–സംസ്ഥാന സർക്കാരുകൾ വിവിധ ഉദാരമായ പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്. വിശദാംശങ്ങൾ **പട്ടിക 5.2.7** ൽ കൊടുത്തിരിക്കുന്നു.

ആർ സി.സിയുടെ 2018–19 ലെ പ്രധാന സംരംഭങ്ങൾ

സർക്കാർ സഹായ പദ്ധതികൾക്കു പുറമേ, ക്യാൻസർ

പട്ടിക 5.2.6 2018-19 ലും 2018-19 ലും ആർ.സി.സിയിലേക്ക് റഫർ ചെയ്യപ്പെട്ട കേസുകൾ

ക്രമ നം	ജില്ല	കേസുകളുടെ എണ്ണം	
		2017-18	2018-19
1	തിരുവനന്തപുരം	3,902	4,013
2	കൊല്ലം	2,937	3,014
3	പത്തനംതിട്ട	895	830
4	ആലപ്പുഴ	1,045	992
5	കോട്ടയം	622	544
6	ഇടുക്കി	331	323
7	എറണാകുളം	629	605
8	തൃശ്ശൂർ	1,006	873
9	പാലക്കാട്	1,036	906
10	മലപ്പുറം	908	211
11	കോഴിക്കോട്	320	751
12	വയനാട്	88	72
13	കണ്ണൂർ	259	213
14	കാസർഗോഡ്	164	140

അവലംബം: റീജിയണൽ ക്യാൻസർ സെന്റർ, തിരുവനന്തപുരം

ചിത്രം 5.2.4 2017-18 ൽ ആർ.സി.സിയിലേക്ക് റഫർ ചെയ്യപ്പെട്ട കേസുകളുടെ എണ്ണം



അവലംബം: റീജിയണൽ ക്യാൻസർ സെന്റർ, തിരുവനന്തപുരം

രോഗികളെയും കുടുംബങ്ങളെയും താഴെ പറയുന്ന മറ്റു പദ്ധതികൾ വഴിയും ആർ സി സി സഹായിക്കുന്നു.

1. **സൗജന്യ മരുന്ന് ബാങ്ക്** – പ്രത്യേക മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസരണമായി, ആർ.സി.സി യുടെ ഡയറക്ടർ രൂപീകരിച്ചിട്ടുള്ള ഒരു കമ്മറ്റിയുടെ നിരീക്ഷണങ്ങൾക്കനുസരിച്ചാണ് ഈ സൗജന്യ മരുന്ന് ബാങ്ക് പ്രവർത്തിക്കുന്നത്. റിപ്പോർട്ട് കാലയളവിൽ 3,108 രോഗികൾക്കും പൂർണ്ണമായോ ഭാഗികമായോ ഇതിലൂടെ സഹായം ലഭ്യമാക്കിയിട്ടുണ്ട്. മുൻ വർഷം ഇത് 3,440 ആയിരുന്നു.
2. **സൗജന്യ ഭക്ഷണം (അക്ഷയപാത്രം)** – വിവിധ സന്നദ്ധ സംഘടനകളുടെ സഹായത്തോടെ 2018-19 ൽ മെച്ചമല്ലാത്ത സാമൂഹിക സാമ്പത്തിക സ്ഥിതിയിലുള്ള 6,923 രോഗികൾക്കും 2017-18 ൽ 6,750 രോഗികൾക്കും ഭക്ഷണം സൗജന്യമായി നല്കിയിട്ടുണ്ട്.
3. **രോഗ ബാധിതരായ കുട്ടികൾക്കുള്ള സഹായം–** പീഡിയാട്രിക് ഓങ്കോളജി വിഭാഗവുമായി ചേർന്ന് പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനയായ 'പ്രത്യാശ' കുട്ടികൾക്കും അവരുടെ കുടുംബങ്ങൾക്കും ആവശ്യമായ സാമ്പത്തിക സഹായവും മാനസിക പിന്തുണയും നല്കുന്നു.
4. **ഇന്ത്യൻ ക്യാൻസർ സൊസൈറ്റിയുടെ സഹായ പദ്ധതി** – ക്യാൻസർ രോഗചികിത്സക്കായി ഇന്ത്യൻ ക്യാൻസർ സൊസൈറ്റിയുടെ സഹായം ലഭിക്കുന്ന രാജ്യത്തുടനീളമുള്ള 5 ക്യാൻസർ സെന്ററുകളിൽ ഒന്നായി ആർ .സി.സി യെ തെരഞ്ഞെടുത്തിട്ടുണ്ട്. 2018-19 ൽ പുതിയ

പട്ടിക 5.2.7 കേന്ദ്ര -സംസ്ഥാന സർക്കാർ പദ്ധതികൾ, 2017–18 & 2018–19

പദ്ധതി	രജിസ്റ്റർ ചെയ്ത രോഗികൾ (പുതിയ കേസുകൾ)		പ്രയോജനം ലഭിച്ചവരുടെ എണ്ണം		ചെലവായ തുക (കോടിയിൽ)	
	2017–18	2018–19	2017–18	2018–19	2017–18	2018–19
കേന്ദ്ര സർക്കാർ പദ്ധതികൾ						
പ്രധാനമന്ത്രിയുടെ ആശ്വാസ ഫണ്ട്	220	432	1,156	1,542	1.94	3.44
ആരോഗ്യ മന്ത്രിയുടെ രാഷ്ട്രീയ ആരോഗ്യ നിധി (ആർ എ എൻ)			2,054	2,074	0.18	
ആരോഗ്യ മന്ത്രിയുടെ ഡിസ്ക്രീഷണറി ഫണ്ട്	1	7	15	18	0.01	0.0011
ഇന്ത്യൻ ക്യാൻസർ സൊസൈറ്റി	4	119	238	1,428	0.78	1.63
ക്യാൻസർ രോഗികൾക്കായുള്ള ആരോഗ്യ മന്ത്രിയുടെ ഫണ്ട് (എച്ച്.എം.സി.എഫ്.പി.സി. എസ്.ആർ പദ്ധതി)	36	42	37	81	0.25	0.44
സംസ്ഥാന സർക്കാർ പദ്ധതികൾ						
ക്യാൻസർ സുരക്ഷ പദ്ധതി	542	472	4,928	5,389	6.7	5.78
ചിസ് പ്ലസ്സ്	6,017	7,635	33,159	40,780	16.87	19.55
കാരുണ്യ ഫണ്ട്	4,425	6,162	21,664	27,686	32.36	41.59
സുകൃതം	2,270	175	8,310	8,489	17.92	2.07
താലോലം	8	8	91	99	0.03	0.03
പട്ടിക വർഗ വിഭാഗത്തിലുള്ള രോഗികൾക്കാ–യുള്ള ഫണ്ട്	27	23	330	354	0.19	0.19
എൻഡോസൾഫൻ ബാധിതർക്കുള്ള സ്നേഹ സാന്ത്വനം പരിപാടി	8	10	44	53	0.01	0.07
ആകെ	13,595	14,966	72,026	86,565	77.23	73.20

അവലംബം: റീജിയണൽ ക്യാൻസർ സെന്റർ, തിരുവനന്തപുരം

119 രോഗികൾ ഉൾപ്പെടെ 238 പേർക്ക് ഈ പദ്ധതിയിലൂടെ സഹായം ലഭ്യമായിട്ടുണ്ട്.

മാനവശേഷി വികസനം

1. **അന്താരാഷ്ട്ര കോൾപോസ്കോപ്പി സ്കൂൾ** – 21 ഡോക്ടർമാർക്ക് ഒരാഴ്ച്ചത്തെ ഹാൻഡ്സ് ഓൺ ട്രെയിനിങ് നൽകി. 59 ബി.എസ്.സി. (എം. എൽ .റ്റി) വിദ്യാർത്ഥികൾക്കും 21 നഴ്സുമാർക്കും പാപ്സ്മിയർ വിഐഎ, വിഐഎൽഐ, കോൾപോസ്കോപ്പി തുടങ്ങിയ ചെലവ് കുറഞ്ഞ സെർവിക്കൽ സ്ക്രീനിംഗ് സ്ട്രാറ്റജിയിൽ ഓറിയന്റേഷൻ പ്രോഗ്രാമും നടത്തി.
2. **പരിശീലക– പരിശീലന പരിപാടി** – ഡോക്ടർമാർ, വൈദ്യശാസ്ത്ര ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾ, സർക്കാർ, സർക്കാരിതര സ്ഥാപനങ്ങളിലെ പാരാമെഡിക്കൽ സ്റ്റാഫ്, എൻ.എസ്.എസ്, ആശാ പ്രവർത്തകർ, എൻസിസി കേഡറ്റുകൾ, ജയിൽ വാർഡന്മാർ തുടങ്ങിയ സന്നദ്ധപ്രവർത്തകർ എന്നിവരുൾപ്പെടുന്ന ആരോഗ്യ സംരക്ഷണ ദായകരായ 4,192 പേർക്ക് 2018–19 ൽ പരിശീലക – പരിശീലന പരിപാടിയിലൂടെ പരിശീലനം ലഭിക്കുകയുണ്ടായി. 2017–18 ൽ പരിശീലനം ലഭിച്ചവരുടെ എണ്ണം 4,272 ആയിരുന്നു. മുൻ വർഷത്തെപ്പോലെത്തന്നെ പരിശീലനം ലഭിച്ച മൊത്തം ആളുകളിൽ 50 ശതമാനത്തിലധികം പേർ സാമൂഹ്യ സന്നദ്ധ പ്രവർത്തകരാണ്.
3. **ഹൗസ് സർജൻമാർക്കായുള്ള പരിശീലന പരിപാടി** – തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിലേയും ദന്തൽ കോളേജിലേയും ഹൗസ് സർജൻമാർക്കായി സംഘടിപ്പിച്ച ക്യാൻസർ രോഗ നിവാരണവും നിയന്ത്രണവും സംബന്ധിക്കുന്ന പരിശീലന പരിപാടിയിൽ 104 ഹൗസ് സർജൻമാർ പങ്കെടുക്കുകയുണ്ടായി

ക്യാൻസർ നിയന്ത്രണ പ്രവർത്തനങ്ങൾ

പ്രാരംഭദിശയിൽ ക്യാൻസർ കണ്ടെത്തൽ

2018–19 ൽ പ്രാരംഭദിശയിൽ ക്യാൻസർ കണ്ടെത്തുന്നതിനുള്ള വിഭാഗത്തിൽ 4,829 പേർ ആർ. സി.സി യിൽ പരിശോധനയ്ക്ക് വിധേയമായതിന്റെ ഫലമായി 108 ക്യാൻസർ കേസുകളും 343 പ്രീ–ക്യാൻസർ കേസുകളും നിർണയം നടത്തി.

ക്യാൻസർ ഔട്ട് റീച് പരിപാടികൾ

സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നടന്ന 115 ക്യാൻസർ നിർണ്ണയ ക്യാമ്പുകളിൽ 7,336 പേർ പരിശോധനയ്ക്ക് വിധേയമായി. വിശദാംശങ്ങൾ **പട്ടിക 5.2.8** ൽ നൽകിയിരിക്കുന്നു. 65 ക്യാൻസർ ബോധവല്ക്കരണ പരിപാടികളിലൂടെ 3,800 പേർക്ക് ക്യാൻസർ നിയന്ത്രണം സംബന്ധിച്ച പരിശീലനം നേടുന്നതിന് കഴിഞ്ഞു.

ഇതിനു പുറമേ, തിരുവനന്തപുരം മംഗലപുരം പ്രദേശത്തെ സ്ത്രീകൾക്കായി രണ്ടാഴ്ചയിലൊരിക്കൽ നടത്തുന്ന ഗർഭാശയ ക്യാൻസർ നിർണ്ണയ ക്ലിനിക്കിന്റെ ഭാഗമായി 22 ക്യാമ്പുകൾ സംഘടിപ്പിക്കുകയുണ്ടായി. പരിശോധനയ്ക്ക് വിധേയരായ 140 സ്ത്രീകളിൽ 1 സെർവിക്കൽ ക്യാൻസർ, 6 സെർവിക്കൽ പ്രീ ക്യാൻസർ എന്നിവ കണ്ടെത്തുകയുണ്ടായി. പുകയില ഉപഭോഗം നിർത്തലാക്കുന്നത് സംബന്ധിക്കുന്ന ക്ലിനിക്കിൽ 74 പേർ പങ്കെടുക്കുകയുണ്ടായി. കേരളത്തിലെ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ ലഹരി ഉപഭോഗത്തിന്റെ ദൂഷ്യവശങ്ങൾ ട്രൈബൽ സെറ്റിൽമെന്റ് കോളനികളിലെ വിവിധ വിഭാഗങ്ങൾക്കിടയിൽ ക്യാൻസർ പ്രതിരോധവും ക്യാൻസർ പരിശോധനാ ക്യാമ്പുകളും തിരുവനന്തപുരം ജില്ലയിലെ ട്രൈബൽ പ്രദേശങ്ങളിലെ 6 പഞ്ചായത്തുകളിൽ ക്യാൻസർ പ്രതിരോധ, നിയന്ത്രണ പ്രവർത്തനങ്ങളുടെ ഭാഗമായി പട്ടിക വർഗ്ഗ വകുപ്പിന്റെ പിന്തുണയോടെ നടത്തുകയുണ്ടായി.

ഗവേഷണ വികസന പരിപാടികൾ

ഒരു മുൻനിര ക്യാൻസർ ഗവേഷണ സ്ഥാപനമെന്ന നിലയിൽ ധാരാളം പി.എച്ച്.ഡികൾ ആർ സി സി നല്കിയിട്ടുണ്ട്. 2018-19 ൽ, ഏകദേശം 30 ഗവേഷകർ ഗവേഷണം നടത്തുകയും, 33 പേർ വൈദ്യശാസ്ത്രം, ശിശുരോഗം, സർജിക്കൽ ഓങ്കോളജി എന്നീ വിഷയങ്ങളിൽ സൂപ്പർ സ്പെഷ്യാലിറ്റി കോഴ്സുകളും 42 പേർ അനസ്തേഷ്യ, രോഗനിർണ്ണയ ശാസ്ത്രം, റേഡിയോ ഡയഗ്നോസിസ്, റേഡിയോ തെറാപ്പി വിഷയങ്ങളിൽ ബിരുദാനന്തര ബിരുദ പഠനം നടത്തുകയുമുണ്ടായി. നിലവിലുള്ള ഗവേഷണ പ്രോജക്ടുകളുടെ എണ്ണം 179 ആണ്.

ആർ.സി.സി യിലെ പശ്ചാത്തല സൗകര്യ വികസനം

i. ഭൗതിക പശ്ചാത്തല സൗകര്യങ്ങളുടെ വിപുലീകരണം

രോഗികൾക്ക് മെച്ചപ്പെട്ട സ്ഥല സൗകര്യങ്ങൾ, വിവിധ രോഗ നിർണ്ണയ, ചികിത്സാ സൌകര്യങ്ങളുടെ വ്യാപനം എന്നിവ ലക്ഷ്യമിട്ടു കൊണ്ട് 2.75 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണത്തിൽ 18722.00 ലക്ഷം രൂപ ചെലവ് വരുന്നതും, റേഡിയോ തെറാപ്പി ബ്ലോക്ക്, പുതിയ ബ്ലഡ് ബാങ്ക്, 10-ബെഡ് ബോൺമാരോ ട്രാൻസ്പ്ലാന്റ് യൂണിറ്റ്, മോഡുലാർ ഓപ്പറേഷൻ തീയറ്ററുകൾ, 8-ബെഡ് ന്യൂക്ലിയാർ മെഡിസിൻ വാർഡ്, റോബോർട്ടിക് സർജറി യൂണിറ്റ്, അഡ്വാൻസ്ഡ് മൈക്രോ ബയോളജി ലബോറട്ടറി, തീവ്ര പരിചരണ വിഭാഗം, സർജിക്കൽ, മെഡിക്കൽ വാർഡുകൾ, പേ വാർഡുകൾ, ഹോസ്റ്റലുകൾ എന്നിവ ഉൾപ്പെടുന്നതുമായ പുതിയ 14 നില കെട്ടിടത്തിന്റെ നിർമ്മാണം ഘട്ടംഘട്ടമായി നടപ്പിലാക്കുന്നതിനായി പ്രാരംഭ പ്രവർത്തനങ്ങൾ ആർസിസി ആരംഭിച്ചിട്ടുണ്ട്.

ii. 2018-19 ൽ പുതുതായി ചേർക്കപ്പെട്ട ചികിത്സാനിർണ്ണയ, പരിശോധനാ സൗകര്യങ്ങൾ

- മൂന്ന് അനസ്തേഷ്യാ വർക്ക് സ്റ്റേഷനുകളും നാല് ഐ.സി.യു വെന്റിലേറ്ററുകളും
- ഇന്റഗ്രേറ്റഡ് ബൈപോളാർ & അൾട്രാസോണിക് കട്ടിംഗ് & കോഗുലേഷൻ യൂണിറ്റുകൾ
- ഡിജിറ്റൽ റേഡിയോ തെറാപ്പി, ഫ്ലൂറോസ്കോപ്പി സംവിധാനം
- ഇലാസ്റ്റോഗ്രാഫിയോടുകൂടിയ സൂപ്പർസോണിക് യു.എസ്.ജി മെഷിൻ

പട്ടിക 5.2.8 ക്യാൻസർ പരിശോധനാ വിശദാംശങ്ങൾ

ക്രമനമ്പർ	ക്യാൻസർ	കേസുകളുടെ എണ്ണം
1	ഓറൽ	19
2	ഓറൽ പ്രീ-ക്യാൻസർ	158
3	ബ്രസ്റ്റ്	15
4	സർവ്വെയ്ക്കൽ	2
5	സർവ്വെയ്ക്കൽ പ്രീ ക്യാൻസർ	31
6	മറ്റുള്ളവ	8
7	എച്ച്.പി.വി	412

റീജിയണൽ ക്യാൻസർ സെന്റർ, തിരുവനന്തപുരം

പട്ടിക 5.2.9 2014–15 മുതൽ 2018–19 വരെയുള്ള പദ്ധതി വിഹിതവും ചെലവും (രൂപ കോടിയിൽ)

വർഷം	വിഹിതം	ചെലവ്
2014–15	131.12	53.16 (40.55 %)
2015–16	153.29	66.29 (43.24 %)
2016–17	159.15	86.01 (54.08 %)
2017–18	175.07	82.00 (46.84 %)
2018–19	194.08	90.59(47%)

അവലംബം:പ്ലാൻ സ്പേസ് കേരള

- ഫോറിയർ ട്രാൻസ്ഫോം ഇൻഫ്രാറെഡ് സ്പെക്ട്രോ മീറ്റർ

ശാസ്ത്ര, സാങ്കേതിക മേഖലയിലെ പദ്ധതി വിഹിതവും ചെലവും

2014–15 മുതൽ 2018–19 വരെ ശാസ്ത്ര സാങ്കേതിക മേഖലയിലെ വിഹിതവും ചെലവും സംബന്ധിക്കുന്ന വിശദാംശങ്ങൾ **പട്ടിക 5.2.9** ൽ കൊടുത്തിരിക്കുന്നു.

ഭാവി വീക്ഷണം

ശാസ്ത്ര സാങ്കേതിക മേഖലയിലെ പുരോഗതിയും സമ്പദ്വ്യവസ്ഥയുടെ ഉദാരവൽക്കരണവും പുരോഗമന ആഗോളവൽക്കരണവും ശാസ്ത്ര–സാങ്കേതിക മേഖലയ്ക്ക് പുതിയ വെല്ലുവിളികൾ വരുത്തി. അടിസ്ഥാന ഗവേഷണ / സാങ്കേതികവിദ്യയിൽ കേരളത്തെ മികച്ച സംസ്ഥാനങ്ങളിൽ ഉൾപ്പെടുത്തുന്നതിനായി സാങ്കേതികവിദ്യ കേന്ദ്രീകരിച്ചുള്ള കാർഷിക വികസനം, ഊർജ്ജം, സാങ്കേതിക ബിസിനസ് ഇൻകുബേറ്ററുകൾ എന്നിവയിൽ ഗവേഷണത്തിനും വികസനത്തിനുമായി പുതിയ സാങ്കേതികവിദ്യകൾ വികസിപ്പിക്കേണ്ടതുണ്ട്. സയൻസ് ആന്റ് ടെക്നോളജിയുടെ സംസ്ഥാനതല ആസൂത്രണത്തിനും ഉന്നമനത്തിനുമുള്ള ഒരു ഏജൻസി എന്ന നിലയിൽ കെഎസ്സിടിഇ സ്വകാര്യ വ്യാവസായിക ഗവേഷണത്തെ പ്രോത്സാഹിപ്പിക്കുന്നതിനും പിന്തുണയ്ക്കുന്നതിനുമുള്ള സാധ്യത പരിശോധിക്കുന്നു.
ലോകാരോഗ്യ സംഘടനയുടെ റിപ്പോർട്ടുകൾ പ്രകാരം രോഗം ബാധിക്കുന്നതിനുള്ള സാധ്യതാ ഘടകങ്ങൾ ഒഴിവാക്കുക വഴി 30–50 ശതമാനം വരെ ക്യാൻസർ രോഗങ്ങൾ കുറയ്ക്കാം. കൂടാതെ രോഗം വരാതിരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കുകയും, നേരത്തേയുള്ള രോഗനിർണ്ണയവും ചികിത്സയും വഴിയും രോഗ ബാധ്യത കുറയ്ക്കാവുന്നതുമാണ്.
2017 ഉം ആയി താരതമ്യം ചെയ്യുമ്പോൾ 2018 ൽ ആർ.സി.സി യിൽ പുതുതായി രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണത്തിൽ ഉണ്ടായ കുറവ്, ക്യാൻസർ നിയന്ത്രണ പ്രവർത്തനങ്ങളിലും ആർ.സി.സി യിൽ ലഭ്യമായിട്ടുള്ള ചികിത്സാ സൗകര്യങ്ങളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിലും ഈ കേന്ദ്രത്തിന്റെ പ്രയത്നങ്ങളുടെ അനന്തരഫലമാണ് സൂചിപ്പിക്കുന്നത്. ക്യാൻസർ ചികിത്സയിൽ ഏർപ്പെട്ടിരിക്കുന്നതും/ ഉയർന്നു വരുന്നതുമായ ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ടുകൾ മറ്റ് ആശുപത്രികൾ എന്നിവയുടെ പങ്ക് ഭാവിയിൽ സംസ്ഥാനത്തെ ക്യാൻസർ രോഗ ലഘൂകരണത്തിനു സഹായിക്കുന്നതാണ്.

5.3 വിനോദ സഞ്ചാരം

ടൂറിസം മേഖല തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും വരുമാനം വർധിപ്പിക്കുകയും ചെയ്യുന്നതിനോടൊപ്പം സമൂഹത്തെ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് കൂടുതൽ അടുപ്പിക്കുകയും ചെയ്യുന്നു. വികസനത്തിൽ മറ്റ് മേഖലകളുമായുള്ള പരസ്പര യോജിപ്പാണ് ഈ മേഖലയുടെ ഒരു സവിശേഷത. ലോകപ്രശസ്ത ബ്രാൻഡ്, സ്ഥിരമായ വളർച്ച, വൈവിധ്യമാർന്ന ഉൽപ്പന്നങ്ങൾ, പ്രാദേശിക സംരംഭങ്ങളുടെ സാന്നിധ്യം എന്നിവയാണ് കേരളത്തിലെ ടൂറിസം വ്യവസായത്തിന്റെ സവിശേഷത.

ലോകമെമ്പാടുമുള്ള അന്താരാഷ്ട്ര വിനോദ സഞ്ചാരികളുടെ വരവ് ഗണ്യമായി വർദ്ധിച്ച് 2018 ൽ 140 കോടിയായി, ഇത് 2017 നെ അപേക്ഷിച്ച് 6 ശതമാനമാണ് വർദ്ധിച്ചിട്ടുള്ളത്. സമീപകാലത്തെ ഈ വിധത്തിലുള്ള ഗണ്യമായ വളർച്ചയോടെ, യു.എൻ ലോക വിനോദ സഞ്ചാര സംഘടനയുടെ 2010 ലെ ദീർഘകാല പ്രവചനമായ 140 കോടി ലക്ഷ്യം രണ്ടു വർഷം മുൻപേ കൈവരിച്ചിരുന്നു. അന്താരാഷ്ട്ര വിനോദ സഞ്ചാരികളുടെ ആഗമനത്തിൽ സുസ്ഥിര വളർച്ച കാണുവാൻ സാധിക്കുന്ന തുടർച്ചയായ ഒൻപതാമത്തെ വർഷമാണിത്. 2018 ൽ യൂറോപ്പ് (+6 ശതമാനം), ഏഷ്യയും പസഫിക്കും (+6 ശതമാനം), അമേരിക്ക (+3 ശതമാനം), ആഫ്രിക്ക (+7 ശതമാനം), മധ്യ കിഴക്കൻ പ്രദേശങ്ങൾ (+10 ശതമാനം) എന്നിങ്ങനെ അന്താരാഷ്ട്ര വിനോദ സഞ്ചാരികളുടെ വരവിൽ വളർച്ച രേഖപ്പെടുത്തുകയുണ്ടായി. 2018 ൽ ഏറ്റവുമധികം സന്ദർശകർ എത്തിച്ചേർന്ന രാജ്യങ്ങളിൽ മുൻപന്തിയിൽ നിൽക്കുന്ന രാജ്യം ഫ്രാൻസ് ആണ് (8.94 കോടി സന്ദർശകർ). (അവലംബം : യു.എൻ ലോക വിനോദ സഞ്ചാര സംഘടന).

2017 ൽ ഇന്ത്യയിലെ വിദേശ വിനോദ സഞ്ചാരികളുടെ വരവിന്റെ എണ്ണം 1 കോടി കടക്കുകയും, വിനോദ സഞ്ചാര മേഖല രാജ്യത്തിന്റെ മൊത്തം ആഭ്യന്തര ഉത്പാദനത്തിൽ 6.88 ശതമാനം സംഭാവന ചെയ്യുകയും, മൊത്തം തൊഴിലിന്റെ എണ്ണത്തിൽ 12 ശതമാനം തൊഴിൽ സംഭാവന ചെയ്യുകയും ചെയ്തു. 2018 നവംബർ 30 വരെ, 93 ലക്ഷം വിനോദസഞ്ചാരികൾ ഇന്ത്യ സന്ദർശിക്കുകയുണ്ടായി. അന്തർദേശീയമായി അംഗീകരിക്കപ്പെട്ടിട്ടുള്ളതും ഇന്ത്യയിലെ ഏറ്റവും പ്രസിദ്ധമായ വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ ഒന്നുമാണ് കേരളം. പാരിസ്ഥിതിക സുസ്ഥിരത പ്രോത്സാഹിപ്പിക്കുന്നതാണ് കേരളത്തിലെ വിനോദ സഞ്ചാര വ്യവസായം. ആഭ്യന്തര, അന്തർദേശീയ വിപണികളിൽ സംസ്ഥാനം വിനോദ സഞ്ചാരത്തെ സജീവമായി പ്രോത്സാഹിപ്പിക്കുന്നു. വിനോദസഞ്ചാര മേഖലയിലെ പൊതുനിക്ഷേപം, പശ്ചാത്തല സൗകര്യ വികസനം, വിപണനം, മാനവശേഷി വികസനം, പ്രചാരണം, ആതിഥേയത്വം എന്നിവ ലക്ഷ്യമാക്കുന്നു.

2018 ൽ മൊത്തം 1.67 കോടി വിനോദ സഞ്ചാരികൾ (വിദേശ, ആഭ്യന്തര) സംസ്ഥാനം സന്ദർശിച്ചു. മുൻ വർഷത്തെ അപേക്ഷിച്ച് 5.93 ശതമാനം വർദ്ധനവാണ് സൂചിപ്പിക്കുന്നത്. 2018 ലെ വെള്ളപ്പൊക്കത്തിനുശേഷം ഈ മേഖല അതിവേഗം തിരിച്ചുവന്നതായി ഇത് തെളിയിക്കുന്നു. 2017 നെ അപേക്ഷിച്ച്, 2018 ൽ വിദേശ വിനോദ സഞ്ചാരികളുടെ എണ്ണത്തിൽ 0.42 ശതമാനവും ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണത്തിൽ 6.35 ശതമാനവും വളർച്ച നേടി. 2018 ൽ വിനോദ സഞ്ചാര വ്യവസായത്തിൽ നിന്നുമുള്ള മൊത്തം വരുമാനത്തിൽ 8.60 ശതമാനം വർദ്ധനയുണ്ടായി. (അവലംബം : വിനോദ സഞ്ചാര വകുപ്പ്, കേരള സർക്കാർ)

വിനോദ സഞ്ചാരികളുടെ ആഗമനം

വിദേശ വിനോദ സഞ്ചാരികൾ

2018 ജനുവരി മുതൽ 2018 നവംബർ 30 വരെ രാജ്യം സന്ദർശിച്ച വിദേശ വിനോദ സഞ്ചാരികളുടെ എണ്ണം 93.67 ലക്ഷം ആയിരുന്നത്, 2017 ജനുവരി മുതൽ 2017 നവംബർ വരെയുള്ള കാലയളവിലെ വിനോദസഞ്ചാരികളുടെ എണ്ണത്തേക്കാൾ 5.63 ശതമാനം കൂടുതലാണ്. രാജ്യത്തിന്റെ വിനോദ സഞ്ചാരത്തിൽ 2017 ൽ കേരളത്തിന്റെ സംഭാവന

ചിത്രം 5.3.1 2009 മുതൽ 2018 വരെ കേരളത്തിലേക്കുള്ള വിനോദ സഞ്ചാരികളുടെ വരവിന്റെ വാർഷിക വളർച്ചാ നിരക്ക്, ശതമാനത്തിൽ



അവലംബം:വിനോദ സഞ്ചാര വകുപ്പ് , കേരള സർക്കാർ

10.73 ശതമാനമായിരുന്നു. ഇത് 2016 നേക്കാൾ കുറഞ്ഞ നിരക്കാണ്. 2016 ൽ ഇത് 11.79 ശതമാനമായിരുന്നു. 2018 ൽ മൊത്തം 10.96 ലക്ഷം വിദേശ വിനോദ സഞ്ചാരികൾ സംസ്ഥാനം സന്ദർശിച്ചു, മുൻ വർഷം ഇത് 10.91 ലക്ഷമായിരുന്നു. 2009 മുതൽ 2018 വരെയുള്ള കാലയളവിൽ കേരളത്തിലേക്കുമുള്ള വിദേശ വിനോദ സഞ്ചാരികളുടെ വരവിന്റെ പ്രവണത **ചിത്രം 5.3.1** ൽ കൊടുത്തിരിക്കുന്നു.

2009 മുതൽ 2013 വരെയും 2015 ലും കേരളത്തിലെ വിദേശ വിനോദ സഞ്ചാരികളുടെ വളർച്ചാ നിരക്ക് ഇന്ത്യയേക്കാൾ കൂടുതലാണ്. 2014, 2016, 2017 വർഷങ്ങളിൽ ദേശീയ ശരാശരിയേക്കാൾ കുറവായിരുന്നു ഇത്. 2010 ന് ശേഷം സംസ്ഥാനം കുറഞ്ഞ വളർച്ചാ നിരക്ക് അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്നു. 2010 ൽ 18.31 ശതമാനമായിരുന്ന വളർച്ചാ നിരക്ക് 2015 ൽ 5.86 ശതമാനമായി കുറയുകയും 2018 ആയപ്പോൾ വീണ്ടും കുറഞ്ഞ് 0.42 ശതമാനം ആകുകയും ചെയ്തു. 2017 ൽ 10,91,870 വിദേശ വിനോദസഞ്ചാരികൾ കേരളം സന്ദർശിച്ചപ്പോൾ 2018 ൽ കേരളം സന്ദർശിച്ച വിദേശ വിനോദ സഞ്ചാരികളുടെ എണ്ണം 10,96,407 ആയിരുന്നു. 2019 സെപ്റ്റംബർ 30 വരെ, 8,19,975 വിദേശവിനോദസഞ്ചാരികൾ സംസ്ഥാനം സന്ദർശിക്കുകയുണ്ടായി. 2009 മുതൽ വിദേശ വിനോദ

പട്ടിക 5.3.1 2017 ലും 2018 ലും ഇന്ത്യയിലും കേരളത്തിലും എത്തിയ വിദേശ വിനോദ സഞ്ചാരികളുടെ എണ്ണം മാസാടിസ്ഥാനത്തിൽ

ക്രമ നം	മാസം	വിദേശവിനോദ സഞ്ചാരികളുടെ എണ്ണം 2017 ൽ		വിദേശവിനോദ സഞ്ചാരികളുടെ എണ്ണം 2018 ൽ	
		ഇന്ത്യ	കേരളം	ഇന്ത്യ	കേരളം
1	ജനുവരി	9,64,109	1,50,808	10,47,948	1,67,980
2	ഫെബ്രുവരി	9,31,025	1,35,089	10,52,766	1,52,003
3	മാർച്ച്	8,85,936	1,07,141	10,25,830	1,20,711
4	ഏപ്രിൽ	7,17,899	82,633	7,49,477	85,493
5	മെയ്	6,22,408	49,073	6,06,043	45,427
6	ജൂൺ	6,63,470	44,040	6,81,279	36,746
7	ജൂലൈ	7,79,309	72,552	8,06,255	68,868
8	ആഗസ്റ്റ്	7,19,129	73,736	7,84,814	60,121
9	സെപ്റ്റംബർ	79,964	54,700	7,19,121	44,769
10	ഒക്ടോബർ	8,66,976	79,957	8,81,763	73,263
11	നവംബർ	9,97,738	1,07,028	10,12,128	99,271
12	ഡിസംബർ	11,67,840	1,35,113	ലഭ്യമല്ല	1,41,755

അവലംബം: സ്ഥിതി വിവര കണക്ക് മന്ത്രാലയം ഭാരത സർക്കാർ & വിനോദ സഞ്ചാര വകുപ്പ്, കേരളം

സഞ്ചാരികളുടെ വരവിന്റെ ദേശീയ/സംസ്ഥാന വളർച്ചാ നിരക്ക് **അനുബന്ധം 5.3.1** ൽ കൊടുത്തിരിക്കുന്നു.

വിദേശ വിനോദ സഞ്ചാരികളുടെ ആഗമനത്തിലെ കാലികത

ഇന്ത്യയിലെത്തുന്ന വിദേശ വിനോദ സഞ്ചാരികളെ സംബന്ധിക്കുന്ന മാസാടിസ്ഥാനത്തിലുള്ള വിശകലനം സൂചിപ്പിക്കുന്നത് 2018 നവംബർ വരെ ഏറ്റവും അധികം വിദേശ വിനോദ സഞ്ചാരികൾ എത്തിച്ചേർന്നത് ഫെബ്രുവരി മാസത്തിലും തുടർന്ന് ജനുവരിയിലുമാണ്. മുൻ വർഷം ഡിസംബറിലും തുടർന്ന് നവംബറിലുമാണ് ഏറ്റവുമധികം വിദേശവിനോദ സഞ്ചാരികൾ രാജ്യത്ത് എത്തിയത്. 2017 ലും, 2018 ലും ഇന്ത്യയിലെയും കേരളത്തിലെയും വിദേശ വിനോദ സഞ്ചാരികളുടെ മാസാടിസ്ഥാനത്തിലുള്ള വരവ് **പട്ടിക 5.3.1** ൽ കൊടുത്തിരിക്കുന്നു.

2018 ൽ, കേരളം സന്ദർശിച്ച മൊത്തം വിദേശ സഞ്ചാരികളിൽ ഏകദേശം 15 ശതമാനം ജനുവരിയിലും തുടർന്ന് ഫെബ്രുവരിയിലുമാണ്(ഏകദേശം 14 ശതമാനം), 2017 ൽ ഏറ്റവുമധികം വിനോദ സഞ്ചാരികളുടെ വരവ് ദൃശ്യമായത് ജനുവരിയിലും തുടർന്ന് ഡിസംബറിലുമാണ്. 2018 ൽ വിദേശ വിനോദ സഞ്ചാരികളുടെ ഏറ്റവും കുറഞ്ഞ തിരക്ക് അനുഭവപ്പെട്ടത് ജൂൺ മാസത്തിലാണ് (3.35 ശതമാനം), കഴിഞ്ഞ 11 വർഷങ്ങളായി ഇതേ പ്രവണത തുടർന്നു കൊണ്ടിരിക്കുന്നു. 2019 ൽ (സെപ്റ്റംബർ 30, 2019 വരെ) ഏറ്റവുമധികം വിദേശവിനോദ സഞ്ചാരികളുടെ സന്ദർശനം ദൃശ്യമായത് ജനുവരിയിലും തുടർന്ന് ഫെബ്രുവരിയിലുമാണ്. സഞ്ചാരികളുടെ വരവിന്റെ കാര്യത്തിൽ ഏറ്റവും അവസാനത്തെ സ്ഥാനത്ത് ജൂൺ മാസമാണ്. 2009 മുതൽ 2018 വരെ കേരളത്തിലെത്തിയ വിദേശ വിനോദ സഞ്ചാരികളുടെ മാസാടിസ്ഥാനത്തിലുള്ള താരതമ്യം **ചിത്രം 5.3.2** ൽ കൊടുത്തിരിക്കുന്നു.

വിനോദ സഞ്ചാരികളുടെ ആഗമനം സംബന്ധിക്കുന്ന വിപണി ഉറവിടം

കേരളത്തിൽ 2018 ൽ, സംസ്ഥാനത്തേക്കു ഏറ്റവുമധികം വിദേശ വിനോദ സഞ്ചാരികളെ സംഭാവന ചെയ്യുന്ന രാജ്യങ്ങളിൽ, 18.35 ശതമാനം സംഭാവന ചെയ്തുകൊണ്ട് യു.കെ മുൻപന്തിയിലാണ്. 8.80 ശതമാനത്തോടെ യു എസ് എ രണ്ടാം സ്ഥാനത്താണ്. 2017 ലും ഈ രണ്ട് രാജ്യങ്ങളും ആദ്യ രണ്ട് സ്ഥാനങ്ങളിൽ ആയിരുന്നു. 2018 ൽ കൂടുതൽ വിദേശ വിനോദ സഞ്ചാരികളെ സംഭാവന ചെയ്ത മറ്റ് രാജ്യങ്ങൾ ഫ്രാൻസ് (7.95 ശതമാനം), ജർമ്മനി (6.03 ശതമാനം) എന്നിവയാണ്. കഴിഞ്ഞ വർഷവും മൂന്നും (ഫ്രാൻസ് 6.92 ശതമാനം) നാലും (ജർമ്മനി 5.73 ശതമാനം) സ്ഥാനങ്ങളിൽ ഈ രാജ്യങ്ങൾ തന്നെയായിരുന്നു. 2017, 2018, 2019 (ജൂൺ 30 വരെ) വർഷങ്ങളിൽ കേരള വിനോദ സഞ്ചാരത്തിന്റെ പ്രധാന വിപണി ഉറവിടങ്ങളുടെ സംഭാവന **അനുബന്ധം 5.3.2** ലും, 2017 ലും 2018 ലും സംസ്ഥാനത്തേക്കു ഏറ്റവുമധികം വിദേശ വിനോദ സഞ്ചാരികളെ സംഭാവന ചെയ്യുന്നതിൽ മുൻപന്തിയിൽ നില്ക്കുന്ന 10 രാജ്യങ്ങളുടെ സംഭാവന **ചിത്രം 5.3.3** ലും കൊടുത്തിരിക്കുന്നു

ചിത്രം 5.3.2 2009 മുതൽ 2018 വരെ കേരളത്തിലെത്തിയ വിദേശ വിനോദ സഞ്ചാരികളുടെ എണ്ണം മാസാടിസ്ഥാനത്തിൽ



അവലംബം : വിനോദ സഞ്ചാര വകുപ്പ്, കേരള സർക്കാർ

ചിത്രം 5.3.3 2017, 2018 വർഷങ്ങളിൽ കേരളത്തിലേക്ക് വിദേശ വിനോദ സഞ്ചാരികളെ സംഭാവന ചെയ്യുന്നതിൽ മുൻപന്തിയിൽ നില്ക്കുന്ന 10 രാജ്യങ്ങൾ, ശതമാനത്തിൽ



അവലംബം : വിനോദ സഞ്ചാര വകുപ്പ്, കേരള സർക്കാർ

വിദേശ വിനോദ സഞ്ചാരികളുടെ ആഗമനം ജില്ലാടിസ്ഥാനത്തിൽ

കഴിഞ്ഞ കുറച്ചു വർഷങ്ങളായി എറണാകുളവും തിരുവനന്തപുരവുമാണ് സംസ്ഥാനത്ത് ഏറ്റവുമധികം വിദേശ വിനോദ സഞ്ചാരികളുടെ വരവ് രേഖപ്പെടുത്തിയ രണ്ട് ജില്ലകൾ. 2018 ൽ 4,53,973 എണ്ണവും 2017 ൽ 4,88,175 ഉം വിദേശ വിനോദ സഞ്ചാരികൾ എറണാകുളം ജില്ല സന്ദർശിച്ചു.

തിരുവനന്തപുരത്തിന്റെ കാര്യത്തിൽ, 2017 ൽ ജില്ല സന്ദർശിച്ച വിദേശ വിനോദ സഞ്ചാരികളുടെ എണ്ണം 4,20,719 ആയിരുന്നത് 2018 ആയപ്പോൾ 3,42,761 ആയി. 2019 ൽ (സെപ്റ്റംബർ 30 വരെ) രണ്ടു ജില്ലകളും സന്ദർശിച്ച വിദേശ വിനോദ സഞ്ചാരികളുടെ എണ്ണം 3,68,437 (എറണാകുളം), 1,97,884 (തിരുവനന്തപുരം) എന്നിങ്ങനെയാണ്. 2018 ൽ ഏറ്റവും കുറച്ചു വിദേശ വിനോദ സഞ്ചാരികൾ സന്ദർശിച്ച ജില്ലകൾ പത്തനംതിട്ടയും (1,953) പാലക്കാടും (1,967) ആണ്. 2019 ലും ഇതേ സമാന പ്രവണത കാണുവാൻ സാധിക്കുന്നു. എന്നാൽ 2017 ൽ സംസ്ഥാനത്ത് ഏറ്റവും കുറച്ച് വിദേശ വിനോദ സഞ്ചാരികളുടെ വരവ് രേഖപ്പെടുത്തിയ ജില്ല കാസർഗോഡാണ് (1,115). വിശദാംശങ്ങൾ **അനുബന്ധം 5.3.3** ൽ കൊടുത്തിരിക്കുന്നു.

ചിത്രം 5.3.4 2018 ൽ കേരളം സന്ദർശിച്ച വിദേശ വിനോദ സഞ്ചാരികളുടെ എണ്ണം മേഖല തിരിച്ച് (ശതമാനത്തിൽ)



അവലംബം : വിനോദ സഞ്ചാര വകുപ്പ്, കേരള സർക്കാർ

വിദേശ വിനോദ സഞ്ചാരികളുടെ സന്ദർശനം സംബന്ധിക്കുന്ന മേഖല തിരിച്ചുള്ള കണക്കുകൾ സൂചിപ്പിക്കുന്നത് 2018 ൽ മൊത്തം വിദേശ വിനോദ സഞ്ചാരികളിൽ ഏകദേശം 50 ശതമാനം പേർ മദ്ധ്യ കേരളം സന്ദർശിക്കുകയും 45 ശതമാനം സംസ്ഥാനത്തിന്റെ തെക്കൻ മേഖല സന്ദർശിക്കുകയും, എന്നാൽ വടക്കൻ കേരളം സന്ദർശിച്ചത് വെറും 5 ശതമാനം മാത്രവുമാണ്. 2018 ൽ കേരളത്തിലെത്തിയ വിദേശ വിനോദ സഞ്ചാരികളുടെ മേഖല തിരിച്ചുള്ള വിശദാംശങ്ങൾ **ചിത്രം 5.3.4** ൽ കൊടുത്തിരിക്കുന്നു

ആഭ്യന്തരവിനോദ സഞ്ചാരികൾ

2018 ൽ കേരളത്തിലേയ്ക്കുള്ള ആഭ്യന്തര വിനോദ സഞ്ചാരികളുടെ വരവിന്റെ എണ്ണം 1,56,04,661 ആയിരുന്നു. ഇത് മുൻ വർഷത്തെക്കാൾ 6.35 ശതമാനം കൂടുതലാണ്. 2017 ൽ കേരളത്തിലെത്തിയ ആഭ്യന്തര വിനോദ സഞ്ചാരികളുടെ എണ്ണം 1,46,73,520 ആയിരുന്നു. 2019 സെപ്റ്റംബർ വരെ 1,31,84,227 സഞ്ചാരികൾ കേരളം സന്ദർശിച്ചു. 2009 മുതൽ 2019 (സെപ്റ്റംബർ 30, 2019 വരെ) വരെ കേരളത്തിലെത്തിയ ആഭ്യന്തര വിനോദ സഞ്ചാരികളുടെ വിവരങ്ങൾ **അനുബന്ധം 5.3.4** ൽ കൊടുത്തിരിക്കുന്നു. 2009–2018 കാലയളവിൽ കേരളത്തിലെ ആഭ്യന്തര വിനോദ സഞ്ചാരികളുടെ വരവിന്റെ പ്രവണത **ചിത്രം 5.3.5** ൽ കൊടുത്തിരിക്കുന്നു.

2009 മുതൽ 2011 വരെ, ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണത്തിൽ കേരളത്തിലെ വളർച്ചാ നിരക്ക് വർദ്ധിക്കുകയും പിന്നീട് കുറയാൻ തുടങ്ങുകയും ചെയ്തു. 2012–2014 കാലയളവിൽ സംസ്ഥാനം സ്ഥിരമായ വളർച്ചാ നിരക്കിന് സാക്ഷ്യം വഹിച്ചു. 2015 ൽ വളർച്ചാ നിരക്ക് 6.59 ശതമാനമായിരുന്നത് 2016 ൽ 5.67 ശതമാനമായി കുറഞ്ഞു. എന്നാൽ, 2017 ൽ സംസ്ഥാനത്തെ ആഭ്യന്തര വിനോദ സഞ്ചാരികളുടെ വരവിൽ 11.39 ശതമാനം വളർച്ച രേഖപ്പെടുത്തി. 2018 ൽ ഇത് വീണ്ടും കുറഞ്ഞ് 6.35 ശതമാനത്തിലെത്തി.

കേരളത്തിലെ ആഭ്യന്തര വിനോദ സഞ്ചാരികളുടെ ആഗമനത്തിലെ കാലികത

2018–ൽ കേരളത്തിലെ ആഭ്യന്തര വിനോദ സഞ്ചാരികളുടെ വരവ് സംബന്ധിക്കുന്ന മാസാടിസ്ഥാനത്തിലുള്ള വിവരങ്ങൾ പ്രകാരം, കേരളത്തിൽ ഏറ്റവുമധികം സഞ്ചാരികളുടെ തിരക്ക് അനുഭവപ്പെട്ടത് ഡിസംബർ മാസത്തിലും ഏറ്റവും കുറവ് ജൂൺ മാസത്തിലുമായിരുന്നു. കഴിഞ്ഞ വർഷവും സമാനമായ പ്രവണത കാണുവാൻ സാധിച്ചു. 2019 ൽ (സെപ്റ്റംബർ 30, 2019 വരെ) മെയ് മാസത്തിലാണ് ഏറ്റവുമധികം ആഭ്യന്തര വിനോദ സഞ്ചാരികളുടെ വരവ് രേഖപ്പെടുത്തിയത്. വിശദാംശങ്ങൾ **പട്ടിക 5.3.2** ൽ നൽകിയിരിക്കുന്നു.

2009 മുതൽ 2018 വരെയുള്ള ആഭ്യന്തര വിനോദ സഞ്ചാരികളുടെ വരവിന്റെ മാസാടിസ്ഥാനത്തിലുള്ള വിവരങ്ങൾ **ചിത്രം 5.3.6** ൽ കൊടുത്തിരിക്കുന്നു.

ആഭ്യന്തര വിനോദ സഞ്ചാരം പ്രദാനം ചെയ്യുന്ന ഉറവിടം

കേരളത്തിലെ ആഭ്യന്തര വിനോദ സഞ്ചാരികളിൽ ഏകദേശം 62.42 ശതമാനവും സംസ്ഥാനത്തിനകത്ത് നിന്ന് തന്നെയുള്ള സന്ദർശകർ ആണെന്നാണ്

ചിത്രം 5.3.5 2009 മുതൽ 2018 വരെ കേരളത്തിലെ ആഭ്യന്തര വിനോദ സഞ്ചാരികളുടെ വരവിന്റെ വാർഷിക വളർച്ചാ നിരക്ക്, ശതമാനത്തിൽ



അവലംബം : വിനോദ സഞ്ചാര വകുപ്പ്, കേരള സർക്കാർ

പട്ടിക 5.3.2 2017 , 2018, 2019 വർഷങ്ങളിൽ എത്തിയ ആഭ്യന്തര വിനോദ സഞ്ചാരികളുടെ എണ്ണം മാസാടിസ്ഥാനത്തിൽ

ക്രമ നം	മാസം	ആഭ്യന്തര വിനോദ സഞ്ചാരികളുടെ എണ്ണം		
		2017	2018	2019 (സെപ്റ്റംബർ വരെ)
1	ജനുവരി	1,221,074	14,22,483	15,15,551
2	ഫെബ്രുവരി	1,034,563	12,26,778	13,35,665
3	മാർച്ച്	1,014,877	12,28,451	13,39,252
4	ഏപ്രിൽ	1,213,252	14,70,552	16,13,257
5	മെയ്	1,338,330	15,94,332	18,18,986
6	ജൂൺ	1,027,361	10,84,238	13,41,496
7	ജൂലൈ	1,083,162	11,76,994	14,30,508
8	ആഗസ്റ്റ്	1,138,533	9,95,577	13,21,175
9	സെപ്റ്റംബർ	1,188,959	11,19,445	14,68,337
10	ഒക്ടോബർ	1,379,190	12,81,028	ലഭ്യമല്ല
11	നവംബർ	1,401,610	13,64,805	ലഭ്യമല്ല
12	ഡിസംബർ	1,632,609	16,39,978	ലഭ്യമല്ല
	ആകെ	1,46,73,520	1,56,04,661	1,31,84,227

അവലംബം : വിനോദ സഞ്ചാര വകുപ്പ്, കേരള സർക്കാർ

ചിത്രം 5.3.6 കേരളത്തിലെ ആഭ്യന്തര വിനോദ സഞ്ചാരികളുടെ എണ്ണം 2009 മുതൽ 2018 വരെ, എണ്ണത്തിൽ



അവലംബം : വിനോദ സഞ്ചാര വകുപ്പ്, കേരള സർക്കാർ

2018 ലെ സ്ഥിതി വിവര കണക്കുകൾ സൂചിപ്പിക്കുന്നത്. സന്ദർശകരുടെ വിതരണത്തിൽ, മറ്റു സംസ്ഥാനങ്ങളുടെ കാര്യത്തിൽ 8.84 ശതമാനം സന്ദർശകരെ സംഭാവന ചെയ്തുകൊണ്ട് തമിഴ്നാട് ഒന്നാം സ്ഥാനത്താണ്. കർണാടകവും (6.42 ശതമാനം) മഹാരാഷ്ട്രയും (3.66 ശതമാനം) ആണ് മറ്റു പ്രധാനപ്പെട്ട സംസ്ഥാനങ്ങൾ. സംസ്ഥാനത്ത് ആഭ്യന്തര വിനോദ സഞ്ചാരികളുടെ വിതരണത്തിൽ കഴിഞ്ഞ വർഷവും ഈ സംസ്ഥാനങ്ങൾ തന്നെയായിരുന്നു മുൻപന്തിയിൽ. 2019 ലും (ജൂൺ 30 വരെ) ഇതേ പ്രവണത ദൃശ്യമാണ്. കേരളത്തിലെ ആഭ്യന്തര വിനോദ സഞ്ചാരികളുടെ വരവിൽ മുൻപന്തിയിൽ നിൽക്കുന്ന 15 സംസ്ഥാനങ്ങളുടെ സംഭാവന സംബന്ധിക്കുന്ന വിശദാംശങ്ങൾ **അനുബന്ധം 5.3.5** ൽ കൊടുത്തിരിക്കുന്നു. കേരളത്തിലേക്ക് 2017 ലും 2018 ലും ആഭ്യന്തര വിനോദ സഞ്ചാരികളുടെ വരവിൽ മുൻപന്തിയിൽ നിൽക്കുന്ന 10 സംസ്ഥാനങ്ങളുടെ സംഭാവന **ചിത്രം 5.3.7** ൽ കാണിച്ചിരിക്കുന്നു.

ആഭ്യന്തര വിനോദ സഞ്ചാരികളുടെ വരവ് ജില്ലാടിസ്ഥാനത്തിൽ

കേരളത്തിലെ ജില്ല തിരിച്ചുള്ള ആഭ്യന്തര

ചിത്രം 5.3.7 2017 ലും 2018 ലും വിദേശ വിനോദ സഞ്ചാരികളെ സംഭാവന ചെയ്യുന്നതിൽ മുൻപന്തിയിൽ നില്ക്കുന്ന 10 സംസ്ഥാനങ്ങൾ, ശതമാനത്തിൽ



അവലംബം : വിനോദ സഞ്ചാര വകുപ്പ്, കേരള സർക്കാർ

വിനോദസഞ്ചാരികളുടെ എണ്ണത്തിൽ കേരളത്തിൽ, എറണാകുളവും തിരുവനന്തപുരവും ആയിരുന്നു 2018 ൽ മുൻപന്തിയിൽ നിൽക്കുന്ന ജില്ലകൾ. 2017 ൽ എറണാകുളവും തൃശ്ശൂരും ആയിരുന്നു മുൻപന്തിയിൽ. 2019 ൽ (2019 സെപ്റ്റംബർ 30 വരെ) എറണാകുളവും തിരുവനന്തപുരവും ആണ് ഏറ്റവും മുൻപന്തിയിൽ നിൽക്കുന്ന ജില്ലകൾ. ഏറ്റവും കുറവ് സഞ്ചാരികളെ ആകർഷിക്കുന്ന ജില്ല പത്തനംതിട്ടയാണ്. വിശദാംശങ്ങൾ **അനുബന്ധം 5.3.6** ൽ കൊടുത്തിരിക്കുന്നു.

2017 ലും 2018 ലും 2019 ലും (ജൂൺ 30, 2019 വരെ) ഏറ്റവും അധികം ആഭ്യന്തര വിനോദ സഞ്ചാരികൾ മദ്ധ്യ കേരളം സന്ദർശിക്കുകയുണ്ടായി എന്നാണ് മേഖല തിരിച്ചുള്ള വിശദാംശങ്ങൾ സൂചിപ്പിക്കുന്നത്. **ചിത്രം 5.3.8** ൽ മേഖലാടിസ്ഥാനത്തിൽ 2018 ലെ ആഭ്യന്തര വിനോദ സഞ്ചാരികളുടെ സന്ദർശനം കാണിച്ചിരിക്കുന്നു.

കേരളത്തിലെ താമസ സൗകര്യ യൂണിറ്റുകൾ

2019 ജൂൺ 30 വരെ, 88,773 മുറികൾ ഉൾപ്പെടുന്ന ആകെ 7,022 താമസ സൗകര്യ യൂണിറ്റുകളാണ്

ചിത്രം 5.3.8 2018 ൽ മേഖലാടിസ്ഥാനത്തിൽ ആഭ്യന്തര വിനോദ സഞ്ചാരികളുടെ സന്ദർശനം, ശതമാനത്തിൽ



അവലംബം : വിനോദ സഞ്ചാര വകുപ്പ്, കേരള സർക്കാർ

സംസ്ഥാനത്തുള്ളത്. എറ്റവും കൂടുതൽ താമസ സൗകര്യ യൂണിറ്റുകൾ ആലപ്പുഴ ജില്ലയിലും (1,173 യൂണിറ്റുകൾ) കാസർഗോഡ് ജില്ല, താമസ സൗകര്യ യൂണിറ്റുകളുടെ എണ്ണത്തിന്റെ കാര്യത്തിൽ ഏറ്റവും പിന്നിലുമാണ് (85 യൂണിറ്റുകൾ). വിശദാംശങ്ങൾ **അനുബന്ധം 5.3.7** ൽ കൊടുത്തിരിക്കുന്നു.

വിനോദസഞ്ചാരത്തിന്റെ സാമ്പത്തിക പ്രതിഫലനം

2018 ൽ വിനോദ സഞ്ചാര മേഖലയിൽ നിന്നുള്ള വിദേശ നാണ്യ വരുമാനം 8,764.46 കോടി രൂപയും ആഭ്യന്തര വിനോദ സഞ്ചാര വരുമാനം 19,474.62 കോടി രൂപയുമായിരുന്നു. വിശദാംശങ്ങൾ **അനുബന്ധം 5.3.8** ൽ കൊടുത്തിരിക്കുന്നു. നേരിട്ടും അല്ലാതെയും ഈ മേഖലയ്ക്ക് 2018 ൽ ലഭിച്ച വരുമാനം 36,258.01 കോടി രൂപയായിരുന്നു. 2017 നെ അപേക്ഷിച്ച് 8.6 ശതമാനം വർദ്ധനവാണ് ഇത് സൂചിപ്പിക്കുന്നത്. വിശദാംശങ്ങൾ **പട്ടിക 5.3.3** ൽ കൊടുത്തിരിക്കുന്നു.

2009 മുതൽ 2018 വരെ കേരളത്തിലെ വിനോദസഞ്ചാര മേഖലയിൽ നിന്നും ലഭ്യമായ മൊത്തം വരുമാനം **ചിത്രം 5.3.9** ൽ കൊടുത്തിരിക്കുന്നു.

സംസ്ഥാന പദ്ധതി വിഹിതവും ചെലവും

2013–14 മുതൽ 2018–19 വരെയുള്ള കാലയളവിൽ കേരളത്തിലെ വിനോദ സഞ്ചാര മേഖലയിൽ ലഭിച്ച സംസ്ഥാന പദ്ധതി വിഹിതവും ചെലവും സംബന്ധിച്ച വിശദാംശങ്ങൾ **പട്ടിക 5.3.4** ൽ നൽകിയിരിക്കുന്നു. പദ്ധതി വിഹിതത്തിൽ വർദ്ധനവുണ്ടെങ്കിലും 2014–15 മുതൽ വിനിയോഗം കുറഞ്ഞ നിരക്കിലാകുന്ന പ്രവണതയാണ് കാണിക്കുന്നത്.

പട്ടിക 5.3.3 2009 മുതൽ 2018 വരെ കേരളത്തിലെ വിനോദസഞ്ചാരത്തിൽ നിന്നും ലഭ്യമായ മൊത്തം വരുമാനം (നേരിട്ടും അല്ലാതെയും), രൂപ കോടിയിൽ

വർഷം	ആകെ വരുമാനം (നേരിട്ടും അല്ലാതെയും)	ശതമാന വ്യത്യാസം
2009	13231.00	0.76
2010	17348.00	31.11
2011	19037.00	9.73
2012	20430.00	7.31
2013	22926.55	12.22
2014	24885.44	8.54
2015	26689.63	7.24
2016	29658.56	11.12
2017	33383.68	12.56
2018	36258.01	8.60

അവലംബം : വിനോദ സഞ്ചാര വകുപ്പ്, കേരള സർക്കാർ

ചിത്രം 5.3.9 വിനോദസഞ്ചാര മേഖലയിൽ നിന്നും ലഭ്യമായ മൊത്തം വരുമാനം 2009 മുതൽ 2018 വരെ, രൂപ കോടിയിൽ



അവലംബം : വിനോദ സഞ്ചാര വകുപ്പ്, കേരള സർക്കാർ

പട്ടിക 5.3.4 സംസ്ഥാന പദ്ധതി വിഹിതവും ചെലവും 2013–14 മുതൽ 2018–19 വരെ, രൂപ കോടിയിൽ

വർഷം	വിഹിതം	ചെലവ്
2013–14	189.23	189.78 (100%)
2014–15	206.65	192.17 (93%)
2015–16	223.04	203.63 (91.29%)
2016–17	311.56	285.76 (91.72%)
2017–18	342.73	308.32 (90%)
2018–19	379.00	289.31(76 %)

അവലംബം : പ്ലാൻ സ്പേസ് കേരള.

പ്രധാന നേട്ടങ്ങൾ

ബോക്സ് 5.3.1 ചാമ്പ്യൻസ് ബോട്ട് ലീഗ്

നാടിന്റെ പാരമ്പര്യം സംരക്ഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള ഒരു പുതിയ സംരംഭത്തിന്റെ ഭാഗമായി, കേരള വിനോദ സഞ്ചാരം കേരളത്തിലുടനീളം 12 വ്യത്യസ്ത വേദികളിൽ നടക്കുന്ന ചാമ്പ്യൻസ് ബോട്ട് ലീഗ് ആരംഭിച്ചു. കേരളത്തിന്റെ പരമ്പരാഗത ഉത്സവങ്ങളുടെ സംരക്ഷണവും പ്രോത്സാഹനവും, ടൂറിസം ഒരു ഉൽപന്നമായി വിപണനം ചെയ്യുന്നതിനായി ഒരു വാർഷിക ഇവന്റ് സൃഷ്ടിക്കുക, കേരളത്തിന്റെ കായലുകളെ ലോകത്തിന് കാണിച്ചുകൊടുക്കുക എന്നിവയാണ് പരിപാടിയുടെ പ്രധാന ലക്ഷ്യങ്ങൾ. ഇന്ത്യൻ പ്രീമിയർ ലീഗിന്റെ (ഐപിഎൽ) മാതൃകയിൽ സംസ്ഥാനത്തിന്റെ ഐതിഹാസികവും ചരിത്രവുമായി പ്രാധാന്യമുള്ള 'വള്ളംകളി' (ചുണ്ടൻ വള്ളങ്ങളുടെ മത്സരം) ലോകോത്തര കായിക ഇനമാക്കി മാറ്റുന്നതിനായി ഇത് ആവിഷ്കരിച്ചു.

അവലംബം : വിനോദ സഞ്ചാര വകുപ്പ്, കേരള സർക്കാർ

- **നേട്ടങ്ങളും പുരസ്ക്കാരങ്ങളും**
  - ശാക്തീകരണം, ടാവൽ അഡ്വർടൈസ്മെന്റ് ബ്രോഡ്കാസ്റ്റ് മീഡിയ, വെബ് സൈറ്റ് എന്നിവയ്ക്കുള്ള പസഫിക് ഏഷ്യാ ടാവൽ അസോസിയേഷൻ (പി.എ.ടി.എ) പുരസ്കാരം.
  - എം.സി.യു.ബി.ഇ 2019 ഡിജിറ്റൽ പുരസ്കാരം.
  - ഡി.ഐ.ജി.ഐ.ഇ.എസ് 2019 ഡിജിറ്റൽ പുരസ്കാരം.
  - വീഡിയോ ക്യാമ്പയിനായുള്ള മികച്ച ഡിജിറ്റൽ ബ്രാൻഡിനുള്ള ഫോക്സ് ഗ്ലോബ് അവാർഡ് 2018–19 (അഖിലേന്ത്യാ & ദക്ഷിണേന്ത്യ മേഖല).
  - ടാവൽ അഡ്വർടൈസ്മെന്റ് പ്രിന്റ് മീഡിയ, ടാവൽ പോസ്റ്റർ – ബിനാലെ പോസ്റ്റർ, ഇന്ത്യയിലെ ഏറ്റവും മികച്ച ഹണിമൂൺ ഡെസ്റ്റിനേഷൻ എന്നിവയ്ക്കുള്ള പി.എ.ടി.എ ഗോൾഡ് പുരസ്കാരം 2018.
  - ബിനാലെ പോസ്റ്ററിനും പ്രിന്റ് ക്യാമ്പയിനും ഡാസ് ഗോൾഡിൻ സ്റ്റാഡ്ട്ടർ പുരസ്കാരം 2018
  - ലോൺ ലി പ്ലാനെറ്റ് ടാവൽ അവാർഡ് ഫോർ ബെസ്റ്റ് ഡെസ്റ്റിനേഷൻ ഫോർ ഫാമിലീസ് 2018
  - (i) ഏറ്റവും മികച്ച ഉത്തരവാദിത്ത വിനോദസഞ്ചാരത്തിനും (ii) വിനോദ ഇനത്തിൽ വിജയം കാത്തുസൂക്ഷിക്കുന്നതിനും വേൾഡ് ടാവൽ മാർട്ട് ഗോൾഡ് അവാർഡ് (2018)
  - മികച്ച ആർടി പ്രോജക്ടിനുള്ള കാറ്റഗറിയിൽ വയനാട് ഉത്തരവാദിത്ത ടൂറിസം പ്രോജക്ടിന് ദേശീയ ടൂറിസം അവാർഡ് (2018)
  - ആർടി മിഷന് ഏറ്റവും ശ്രദ്ധേയമായ നേട്ടങ്ങൾക്കുള്ള ഇന്ത്യൻ റെസ്പോൺസിബിൾ ടൂറിസം അവാർഡ് – ഐ.ആർ.ടി.എ (2018)

- **വടക്കൻ മലബാറിലെ വിനോദസഞ്ചാര വികസനം (സ്മൈൽ)**

ടൂറിസം അടിസ്ഥാനമാക്കിയുള്ള ചെറുകിട, ഇടത്തരം സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും സുഗമമാക്കുന്നതിനും ബേക്കൽ റിസോർട്ട്സ് ഡെവലപ്മെന്റ് കോർപ്പറേഷന്റെ (ബിആർഡിസി) സ്മോൾ മീഡിയം ഇൻഡസ്ട്രീസ് ലെവറേജിങ്ങ് എക്സ്പീരിയൻഷ്യൽ ടൂറിസം (സ്മൈൽ) പദ്ധതിയുടെ ഫലമായി 93 സംരംഭകരെ നേടാനായി, ഇതിൽ 28 ശതമാനം വനിതാ സംരംഭകരാണ്. പ്രതിദിനം 400 വിനോദസഞ്ചാരികൾക്ക് താമസിക്കാനുള്ള 50 യൂണിറ്റുകൾ സംജാതമായതിലൂടെ 2017 നെ അപേക്ഷിച്ച് 2018 ൽ വടക്കൻ മലബാറിലെക്ക്

വിദേശ വിനോദ സഞ്ചാരികളുടെ വരവിൽ 59 ശതമാനവും ആഭ്യന്തര വിനോദ സഞ്ചാരികളുടെ വരവിൽ 9 ശതമാനവും വർധനയുണ്ടായി.

- **കിറ്റ്സ് മുഖേന മാനവ വിഭവശേഷി വികസനം**
    - ഓൺലൈൻ ജോബ് പോർട്ടൽ സമാരംഭിച്ചു
    - 94 ശതമാനം പിജി, 80 ശതമാനം അണ്ടർ ഗ്രാജ്വേറ്റ്, 8 ശതമാനം ഡിപ്ലോമ വിദ്യാർത്ഥികൾക്ക് പ്ലേസ്മെന്റ് ലഭിച്ചു
    - കേരള സർവകലാശാല വഴിയുള്ള ബി. കോം (ട്രാവൽ & ടൂറിസം) കോഴ്സ് ആരംഭിച്ചു.
    - അഡ്വഞ്ചർ ടൂറിസത്തെക്കുറിച്ചുള്ള ഡിപ്ലോമ, സർട്ടിഫിക്കറ്റ് കോഴ്സുകൾ 2019–20 ൽ ആരംഭിക്കുന്നു.
    - 17 പരിശീലന പരിപാടികൾ നടത്തി (പങ്കെടുത്ത 11,809 പേരിൽ 7,645 അതായത് 65 ശതമാനം സ്ത്രീകൾ)
    - ആദിവാസി സമൂഹത്തിനുള്ള പരിശീലനം: 5 സ്ത്രീ സംരംഭ റെസ്റ്റോറന്റുകൾ ആരംഭിച്ചു, 12 വനിതാ അംഗങ്ങൾ അടങ്ങിയ മറ്റൊരു സംഘം പ്രതിമാസം 4,000–6,000/ – രൂപ സമ്പാദിക്കുന്നു.
- കേരളത്തിലെ തിരഞ്ഞെടുത്ത 25 ഇക്കോ ടൂറിസം സൈറ്റുകളുടെ ശേഷി വിലയിരുത്തൽ – 4 ഇടം പൂർത്തിയായി
- ഉത്തരവാദിത്ത ടൂറിസം മിഷൻ: 8,442 യൂണിറ്റുകൾ ആരംഭിച്ചു, അതിൽ 5,740 എണ്ണം വനിതാ നേതൃത്വം / ഉടമസ്ഥതയിലുള്ള യൂണിറ്റുകൾ, 17,332 നേരിട്ടുള്ളതും, 25,508 പരോക്ഷമായതുമായ ഗുണഭോക്താക്കൾ, 26 പരീക്ഷണാത്മക ടൂർ പാക്കേജുകൾ, വരുമാനം – 4.89 കോടി രൂപ.

മുന്നോട്ടുള്ള വഴി

സമ്പന്നമായ ചരിത്ര–സാംസ്കാരിക പാരമ്പര്യങ്ങളുള്ള ഒരു സംസ്ഥാനമെന്ന നിലയിൽ കേരളം സന്ദർശകർക്ക് ലോകോത്തര വിനോദ സൗകര്യങ്ങൾ പ്രദാനം ചെയ്യുന്ന സുരക്ഷിതവും പരിസ്ഥിതി സൗഹൃദവുമായ വിനോദ സഞ്ചാര ലക്ഷ്യസ്ഥാനങ്ങൾ ഉറപ്പുവരുത്തുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതുണ്ട്. സംസ്ഥാനത്തെ അറിയപ്പെടാത്ത വിനോദസഞ്ചാര കേന്ദ്രങ്ങളുടെ വികസനവും ജനപ്രിയങ്കമാക്കുകയുമാണ് ആശങ്കയുള്ള മറ്റൊരു പ്രധാന മേഖല. അയൽ സംസ്ഥാനങ്ങളിൽ നിന്നും, ശ്രീലങ്ക പോലുള്ള രാജ്യങ്ങൾ, മറ്റ് ഏഷ്യൻ രാജ്യങ്ങൾ എന്നിവിടങ്ങളിൽ നിന്നും ഈ മേഖല മത്സരം നേരിടുന്നു. വ്യവസായത്തിൽ ഉയർന്ന നിലവാരമുള്ള സേവനങ്ങൾ നൽകുന്നതിന് യോഗ്യതയുള്ള വ്യക്തികൾ സംസ്ഥാനത്തിന് അത്യാവശ്യമാണ്. പാരമ്പര്യേതര വിനോദസഞ്ചാര കേന്ദ്രങ്ങളുടെയും ഉൽപ്പന്നങ്ങളുടെയും വികസനം പ്രോത്സാഹിപ്പിക്കുന്നതിന് ടൂറിസത്തിന്റെ മുഴുവൻ വ്യാപ്തിയും പര്യവേക്ഷണം ചെയ്യേണ്ടത് അത്യാവശ്യമാണ്. വിനോദസഞ്ചാര സ്ഥാപനങ്ങളുടെയും സേവന ദാതാക്കളുടെയും എണ്ണം വികസിപ്പിക്കേണ്ടതുണ്ട്.

5.4 വിദേശ വ്യാപാരം

ഇൻഡ്യയിലെ വിദേശവ്യാപാരം

അന്തർദേശീയ ഏജൻസിയായ യുണൈറ്റഡ് നേഷൻസ് കോൺഫറൻസ് ഓൺ ട്രെഡ് ആന്റ് ഡെവലപ്മെന്റിന്റെ 2019-ലെ വ്യാപാര വ്യവസായ റിപ്പോർട്ട് അനുസരിച്ച് ലോക വ്യാപാര രംഗം മാന്ദ്യാവസ്ഥയിലാണ്. ആഗോള കയറ്റുമതി-ഇറക്കുമതി വ്യാപാര വളർച്ചാനിരക്ക് 2018-ൽ 2.8 ശതമാനമായി കുറഞ്ഞിട്ടുണ്ട്. 2019-ൽ ഇത് വീണ്ടും കുറയുമെന്ന് കണക്കാക്കുന്നു. അന്തർ ദേശീയ വ്യാപാര രംഗത്ത് ഇന്ന് നിലനിൽക്കുന്ന രാഷ്ട്രീയവും ഭൂമിശാസ്ത്രപരവുമായ തർക്കങ്ങളും സംക്ഷോഭങ്ങളും ആഗോള സമ്പദ് വ്യവസ്ഥകളുടെ പ്രതീക്ഷകൾക്ക് മങ്ങലേൽപ്പിക്കുന്നു.

കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രാലയത്തിന്റെ കണക്ക് പ്രകാരം 2018-19 ൽ ഇന്ത്യ 8.6 ശതമാനം വളർച്ച രേഖപ്പെടുത്തി 330.1 ബില്യൺ ഡോളറിന്റെ ചരക്കുകൾ വിദേശ രാജ്യങ്ങളിലേക്ക് കയറ്റി അയച്ചു. 2017-18 ൽ ഇത് 303.5 ബില്യൺ ഡോളറിന്റെതായിരുന്നു. കൂടാതെ 2018-19 ൽ 8.8 ശതമാനം വളർച്ച രേഖപ്പെടുത്തി കൊണ്ട് 204.8 ബില്യൺ ഡോളറിന്റെ സേവനങ്ങളും കയറ്റുമതി ചെയ്തിരുന്നു. 2017-18-ൽ ഇത് 174.8 ബില്യൺ ഡോളറിന്റെതായിരുന്നു. ഇൻഡ്യയുടെ മൊത്തം വിദേശവ്യാപാരം (ചരക്കുകളും സേവനങ്ങളും ഉൾപ്പെടെ) 2018-19 ൽ 11.75 ശതമാനം വളർച്ച രേഖപ്പെടുത്തി കൊണ്ട് 534.8 ബില്യൺ ഡോളറായി വർദ്ധിച്ചു. 2017-18-ൽ ഇത് 478.3 ബില്യൺ ഡോളർ ആയിരുന്നു.

ഇൻഡ്യയുടെ മൊത്തം കയറ്റുമതി (ചരക്കുകളും സേവനങ്ങളും ഉൾപ്പെടെ) 2019-20 ൽ, ഏപ്രിൽ മുതൽ ഒക്ടോബർ വരെ, മുൻ വർഷത്തെ ഇതേ കാലയളവിനെ അപേക്ഷിച്ച് 1.5 ശതമാനം വർദ്ധിച്ച് 310.2 ബില്യൺ ഡോളറാകുമെന്ന് കണക്കാക്കുന്നു. ഇതിൽ ചരക്ക് കയറ്റുമതി 2.2 ശതമാനം ഇടിവ് രേഖപ്പെടുത്തി 185.9 ബില്യൺ ഡോളറായി കുറയുമെന്നും സേവന കയറ്റുമതി 7.6 ശതമാനം വളർച്ച രേഖപ്പെടുത്തി 124.3 ബില്യൺ ഡോളറാകുമെന്നും കണക്കാക്കുന്നു.

ഇൻഡ്യയുടെ മൊത്തം ഇറക്കുമതി 2019-20 ൽ, ഏപ്രിൽ മുതൽ ഒക്ടോബർ വരെയുള്ള മാസങ്ങളിൽ, 2018-19 ലെ ഇതേ കാലയളവിനെ അപേക്ഷിച്ച് 4.6 ശതമാനം ഇടിവ് രേഖപ്പെടുത്തി 359.7 ബില്യൺ ഡോളറായിരിക്കുമെന്ന് കണക്കാക്കുന്നു. ഇതിൽ ചരക്ക് ഇറക്കുമതി 8.4 ശതമാനം ഇടിവ് രേഖപ്പെടുത്തി 280.7 ബില്യൺ ഡോളറായും സേവന ഇറക്കുമതി 11.6 ശതമാനം വളർച്ച രേഖപ്പെടുത്തി 79.0 ബില്യൺ ഡോളറായി വർദ്ധിക്കുമെന്നും കണക്കാക്കുന്നു. ഇൻഡ്യയുടെ ചരക്ക് കയറ്റുമതി 2018 ഒക്ടോബർ മാസത്തെ 26.7 ബില്യൺ ഡോളറിനെ അപേക്ഷിച്ച് 2019 ഒക്ടോബർ മാസത്തിൽ 1.11 ശതമാനം ഇടിവ് രേഖപ്പെടുത്തി 26.4 ബില്യൺ ഡോളറായി കുറയുമെന്ന് കണക്കാക്കുന്നു. 2019 ഒക്ടോബർ മാസത്തിൽ, മുൻ വർഷത്തെ ഇതേ കാലയളവിനെ അപേക്ഷിച്ച് ഇലക്ട്രോണിക് സാധനങ്ങൾ (38.4 ശതമാനം), ഔഷധങ്ങളും അനുബന്ധ ഉൽപ്പന്നങ്ങളും (12.6 ശതമാനം), വജ്രങ്ങളും ആഭരണങ്ങളും (6.0 ശതമാനം), എൻജിനിയറിംഗ് സാമഗ്രികൾ (1.2 ശതമാനം), രാസവസ്തുക്കൾ (0.9 ശതമാനം) എന്നിവയുടെ കയറ്റുമതിയിൽ വളർച്ച രേഖപ്പെടുത്തി.

ഇൻഡ്യയുടെ മൊത്തം ചരക്ക് ഇറക്കുമതി മൂല്യം 2019 ഒക്ടോബർ മാസത്തിൽ, മുൻ വർഷത്തെ ഇതേ കാലയളവിനെ അപേക്ഷിച്ച് 16.3 ശതമാനം ഇടിവ് രേഖപ്പെടുത്തി 37.4 ബില്യൺ ഡോളറായി കുറഞ്ഞു. 2018 ഒക്ടോബറിൽ ഇത് 44.7 ബില്യൺ ഡോളറായിരുന്നു. 2019 ഒക്ടോബർ മാസത്തിൽ, മുൻ വർഷത്തെ ഇതേ കാലയളവിനെ അപേക്ഷിച്ച് പെട്രോളിയം ഉൽപന്നങ്ങൾ ((-)31.7 ശതമാനം), കൽക്കരിയും അനുബന്ധ വസ്തുക്കളും ((-)28.7 ശതമാനം), ഗതാഗത സാമഗ്രികൾ ((-)14.7 ശതമാനം), ഇലക്ട്രോണിക് സാധനങ്ങൾ ((-)8.5

പട്ടിക 5.4.1 കൊച്ചി തുറമുഖം വഴി കൈകാര്യം ചെയ്ത ചരക്കുകൾ, 2016–17 മുതൽ 2018–19 വരെ

(അളവ്: ലക്ഷം മെട്രിക് ടൺ)

വ്യാപാരം	കയറ്റുമതി			ഇറക്കുമതി			ആകെ		
	2016–17	2017–18	2018–19	2016–17	2017–18	2018–19	2016–17	2017–18	2018–19
1	2	3	4	5	6	7	8	9	10
ആഭ്യന്തരം	14.2	27.4	40.2	56.6	59.2	69.2	70.7	86.6	109.4
വിദേശം	33.4	30.4	26.3	145.9	174.4	184.5	179.3	204.8	210.8
ആകെ	47.6	57.8	66.5	202.5	233.6	253.8	250.1	291.4	320.2

അവലംബം:കൊച്ചിൻ പോർട്ട് ട്രസ്റ്റ്

ശതമാനം), യന്ത്രങ്ങൾ, വൈദ്യുതി വൈദ്യുതേതര സാധനങ്ങൾ (–)0.5 ശതമാനം എന്നിവയുടെ ഇറക്കുമതിയിൽ കുറവ് രേഖപ്പെടുത്തി.

വിദേശ വ്യാപാരം – കേരളം

കൊച്ചി തുറമുഖം 2018–19–ൽ കൈകാര്യം ചെയ്ത മൊത്തം ചരക്ക് (ആഭ്യന്തരവും വിദേശവും ഉൾപ്പെടെ) 9.9 ശതമാനം വളർച്ച രേഖപ്പെടുത്തി 320.2 ലക്ഷം മെട്രിക്ക് ടൺ ആയി വർദ്ധിച്ചു. 2017–18 ൽ ഇത് 291.4 ലക്ഷം മെട്രിക് ടണ്ണും, വളർച്ചാ നിരക്ക് 16.5 ശതമാനവും ആയിരുന്നു. ഇതിൽ ആഭ്യന്തര ചരക്ക് വ്യാപാരം 2017–18 ൽ 86.6 ലക്ഷം മെട്രിക്ക് ടണ്ണും വളർച്ചാ നിരക്ക് 22.3 ശതമാനവും ആയിരുന്നത് 2018–19–ൽ 109.4 ലക്ഷം മെട്രിക്ക് ടണ്ണായും വളർച്ചാ നിരക്ക് 26.4 ശതമാനമായും വർദ്ധിച്ചു. 2018–19–ൽ കൊച്ചി തുറമുഖം കൈകാര്യം ചെയ്ത വിദേശ വ്യാപാരം 210.8 ലക്ഷം മെട്രിക് ടണ്ണും, വളർച്ചാ നിരക്ക് 2.9 ശതമാനവും ആയിരുന്നു. 2017–18 ൽ ഇത് 204.8 ലക്ഷം ടണ്ണും, വളർച്ചാ നിരക്ക് 14.2 ശതമാനവും ആയിരുന്നു. (**പട്ടിക 5.4.1**).

കൊച്ചി തുറമുഖം വഴിയുള്ള മൊത്തം കയറ്റുമതി (ആഭ്യന്തവും വിദേശവും ഉൾപ്പെടെ) 2017–18 ൽ 57.8 ലക്ഷം മെട്രിക് ടണ്ണിൽ നിന്നും 2018–19 ൽ 66.5 ലക്ഷം മെട്രിക് ടണ്ണായി വർദ്ധിച്ചു. എന്നാൽ വളർച്ചാ നിരക്ക് മുൻ വർഷത്തെ 21.4 ശതമാനത്തിൽ നിന്നും 2018–19 ൽ 15.0 ശതമാനമായി കുറഞ്ഞു. ആഭ്യന്തര കയറ്റുമതി വ്യാപാരം 2017–18 ൽ 27.4 ലക്ഷം മെട്രിക് ടൺ ആയിരുന്നത് 2018–19–ൽ 40.2 ലക്ഷം മെട്രിക് ടൺ ആയി വർദ്ധിച്ചു. എന്നാൽ വളർച്ചാ നിരക്ക് മുൻ വർഷത്തെ 93.1 ശതമാനത്തിൽ നിന്നും 46.8 ശതമാനമായി 2018–19–ൽ കുറഞ്ഞു. തേയില, കാപ്പി, കശുവണ്ടിപരിപ്പ്, സമുദ്രോല്പ്പന്നങ്ങൾ, കയറുല്പ്പന്നങ്ങൾ, സുഗന്ധ വ്യഞ്ജനങ്ങൾ എന്നിവയാണ് കൊച്ചി തുറമുഖം വഴി കയറ്റി അയക്കുന്ന പ്രധാന ഇനങ്ങൾ. കൂടുതൽ വിവരങ്ങൾ അനുബന്ധം 5.4.1 ൽ നൽകിയിട്ടുണ്ട്.

കൊച്ചി തുറമുഖം വഴിയുള്ള മൊത്തം ഇറക്കുമതി (ആഭ്യന്തവും വിദേശവും ഉൾപ്പെടെ) 2017–18 ൽ 233.6 ലക്ഷം മെട്രിക് ടൺ ആയിരുന്നത് 2018–19–ൽ 253.8 ലക്ഷം മെട്രിക് ടൺ ആയി വർദ്ധിച്ചുയെങ്കിലും വളർച്ചാ നിരക്ക് മുൻ വർഷത്തെ 15.4 ശതമാനത്തിൽ നിന്നും 8.6 ശതമാനമായി കുറഞ്ഞു. ആഭ്യന്തര ഇറക്കുമതി 2017–18 ൽ 59.2 ലക്ഷം മെട്രിക് ടണ്ണിൽ നിന്നും 2018–19 ൽ 69.2 ലക്ഷം മെട്രിക്ക് ടണ്ണായി വർദ്ധിക്കുകയും വളർച്ചാ നിരക്ക് 2017–18 ലെ 4.6 ശതമാനത്തിൽ നിന്നും 17.0 ശതമാനമായി ഉയരുകയും ചെയ്തു. എന്നാൽ വിദേശ ഇറക്കുമതി 2017–18–ലെ 174.4 ലക്ഷം മെട്രിക് ടണ്ണിൽ നിന്നും 2018–19 ൽ 184.5 ലക്ഷം മെട്രിക് ടണ്ണായി വർദ്ധിച്ചുയെങ്കിലും വളർച്ചാ നിരക്ക് 19.5 ശതമാനത്തിൽ നിന്നും 5.8 ശതമാനമായി കുറഞ്ഞു. രാസവളങ്ങൾ, അസംസ്കൃത വസ്തുക്കൾ, ഇരുമ്പ്, ഉരുക്ക്, യന്ത്രസാമഗ്രികൾ, പെട്രോളും പെട്രോളിയം ഉൽപന്നങ്ങളും ഉൾപ്പെടുന്ന മറ്റ് ഇനങ്ങൾ എന്നിവയാണ് കൊച്ചി തുറമുഖം വഴി 2018–19–ൽ ഇറക്കുമതി ചെയ്ത പ്രധാന ഇനങ്ങൾ. കൂടുതൽ വിവരങ്ങൾ **അനുബന്ധം 5.4.2**–ൽ നൽകിയിട്ടുണ്ട്.

സമുദ്രോല്പന്നങ്ങളുടെ കയറ്റുമതി

ഇന്ത്യ 2018–19 ൽ 46,589.4 കോടി രൂപയുടെ 13.9 ലക്ഷം മെട്രിക്ക് ടൺ സമുദ്രോല്പന്നങ്ങൾ കയറ്റുമതി ചെയ്യുകയുണ്ടായി. സമുദ്രോല്പന്നങ്ങളുടെ കയറ്റുമതിയിൽ, 2016–17 ലെ 37,870.9 കോടി രൂപ മൂല്യമുള്ള 11.3 ലക്ഷം മെട്രിക് ടണ്ണിൽ നിന്നും 2017–18–ൽ അളവിൽ 21.3 ശതമാനവും മൂല്യത്തിൽ 19.1 ശതമാനവും വളർച്ച രേഖപ്പെടുത്തി 45,106.9 കോടി രൂപയുടെ 13.8 ലക്ഷം മെട്രിക്ക് ടൺ കയറ്റുമതി ചെയ്തിരുന്നെങ്കിലും, 2018–19 ൽ കയറ്റുമതി വളച്ചാനിരക്ക് അളവിൽ 1.1 ശതമാനമായും മൂല്യത്തിൽ 3.3 ശതമാനമായും കുറയുകയാണുണ്ടായത്. കേരളത്തിൽ നിന്നുള്ള സമുദ്രോല്പന്നങ്ങളുടെ കയറ്റുമതിയുടെയും വളർച്ചാ നിരക്കിൽ 2018–19 ൽ കുറവ് രേഖപ്പെടുത്തിയിട്ടുണ്ട്. കേരളത്തിൽ നിന്നുള്ള സമുദ്രോല്പന്ന കയറ്റുമതി 2017–18 ലെ 5,919.0 കോടി രൂപ മൂല്യമുള്ള 1.78 ലക്ഷം മെട്രിക്ക് ടണ്ണിൽ നിന്നും 2018–19 ൽ അളവിൽ 2.5 ശതമാനവും മൂല്യത്തിൽ 1.6 ശതമാനവും വളർച്ച രേഖപ്പെടുത്തി 6,014.7 കോടി രൂപ മൂല്യമുള്ള 1.8 ലക്ഷം ടണ്ണായി വർദ്ധിച്ചു. (**പട്ടിക 5.4.2 & ചിത്രം 5.4.1**)

പട്ടിക 5.4.2 സമുദ്രോല്പന്നങ്ങളുടെ കയറ്റുമതി– ഇന്ത്യയിലും കേരളത്തിലും, 2011–12 മുതൽ 2018–19വരെ (അളവ്: മെട്രിക് ടൺ, മൂല്യം: കോടി രൂപയിൽ)

വർഷം	ഇന്ത്യ		കേരളം		കേരളത്തിന്റെ വിഹിതം (ശതമാനത്തിൽ)	
	അളവ്	മൂല്യം	അളവ്	മൂല്യം	അളവ്	മൂല്യം
2011–12	8,62,021	16,597.2	1,55,714	2,988.3	18.1	18.0
2012–13	9,28,215	18,856.3	1,66,399	3,435.9	17.9	18.2
2013–14	9,83,756	30,213.3	1,65,698	4,706.4	16.8	15.6
2014–15	10,51,243	33,441.6	1,66,754	5,166.1	15.9	15.4
2015–16	9,45,892	30,420.8	1,49,138	4,644.4	15.8	15.3
2016–17	11,34,948	37,870.9	1,59,141	5,008.5	14.0	13.2
2017–18	13,77,244	45,106.9	1,78,646	5,919.0	13.0	13.1
2018–19	13,92,559	46,589.4	1,83,064	6,014.7	13.1	12.9

അവലംബം: സമുദ്രോല്പന്നകയറ്റുമതി വികസന അതോറിറ്റി

ചിത്രം 5.4.1 സമുദ്രോല്പന്നങ്ങളുടെ കയറ്റുമതി വളർച്ചാനിരക്കുകൾ(അളവിൽ)–ഇൻഡ്യ,കേരളം– കേരളത്തിന്റെ വിഹിതം, 2011–12 മുതൽ 2018–19 വരെ, ശതമാനത്തിൽ



അവലംബം: സമുദ്രോല്പന്ന കയറ്റുമതി വികസന അതോറിറ്റി

ഇന്ത്യയിലും കേരളത്തിലും നിന്നുള്ള സമുദ്രോല്പന്നങ്ങളുടെ കയറ്റുമതിയിലെ വളർച്ചാനിരക്കിലെ ചാഞ്ചാട്ടം 2018–19 ലും തുടർന്നു. ഇന്ത്യയിൽ നിന്നുള്ള സമുദ്രോല്പന്ന കയറ്റുമതി വളർച്ചാ നിരക്ക് (അളവിൽ) 2012–13 ൽ 7.7 ശതമാനമായിരുന്നത് 2013–14 ൽ 6.0 ശതമാനമായി കുറഞ്ഞു. എന്നാൽ 2014–15 ൽ നേരിയ വർദ്ധനവ് രേഖപ്പെടുത്തി ഇത് 6.9 ശതമാനമായി ഉയർന്നു. എന്നാൽ 2015–16 ൽ (–) 10.0 ശതമാനമായി കുറഞ്ഞു. 2016–17 ൽ 20.0 ശതമാനവും 2017–18 ൽ 21.3 ശതമാനവുമായി വർദ്ധനവ് രേഖപ്പെടുത്തിയെങ്കിലും 2018–19 ൽ ഇന്ത്യയിൽ നിന്നുള്ള സമുദ്രോല്പന്ന കയറ്റുമതി വളർച്ചാ നിരക്ക് 1.1 ശതമാനം മാത്രമായിരുന്നു. കേരളത്തിൽ നിന്നുള്ള സമുദ്രോല്പന്നങ്ങളുടെയും കയറ്റുമതി വളർച്ചാ നിരക്കിൽ ചാഞ്ചാട്ടം പ്രതിഫലിച്ചിരുന്നു. കേരളത്തിൽ നിന്നുള്ള സമുദ്രോല്പന്നങ്ങളുടെ കയറ്റുമതി വളർച്ചാ നിരക്ക് 2012–13–ൽ 6.9 ശതമാനമായിരുന്നത് 2013–14 ൽ (–)0.4 ശതമാനമായി കുറയുകയും 2014–15 ൽ 0.6 ശതമാനമായി നേരിയ വർദ്ധനവും രേഖപ്പെടുത്തി. തുടർന്ന് 2016–17 ൽ 6.7 ശതമാനമായും 2017–18 ൽ 12.3 ശതമാനമായും വർദ്ധിച്ചു എങ്കിലും 2018–19 ൽ ഇത് 2.5 ശതമാനം മാത്രമായിരുന്നു.

കഴിഞ്ഞ കുറെ വർഷങ്ങളായി ഇന്ത്യയിൽ നിന്നുള്ള സമുദ്രോൽപ്പന്നങ്ങളുടെ കയറ്റുമതിയിൽ കേരളത്തിന്റെ വിഹിതം അളവിന്റെ അടിസ്ഥാനത്തിൽ കുറഞ്ഞ് വരികയായിരുന്നു. എന്നാൽ 2018–19 ൽ നേരിയ

ചിത്രം 5.4.2 2018-19 ൽ ഇൻഡ്യയിൽ നിന്ന് കയറ്റി അയച്ച സമുദ്രോൽപന്നങ്ങളും അവയുടെ വിപണി വിഹിതവും (ശതമാനത്തിൽ)



അവലംബം: സമുദ്രോല്പന്ന കയറ്റുമതി വികസന അതോറിറ്റി

വർദ്ധനവ് രേഖപ്പെടുത്തി. 2011-12 ൽ ഇത് 18.1 ശതമാനമായിരുന്നത് 2015-16 ൽ 15.8 ശതമാനമായും 2016-17 ൽ 14.0 ശതമാനമായും 2017-18 ൽ 13.0 ശതമാനമായും കുറഞ്ഞ് വന്നിരുന്നു എങ്കിലും 2018-19 ൽ 13.1 ശതമാനമായി ഉയർന്ന് മുൻ വർഷത്തെ അപേക്ഷിച്ച് നേരിയ വർദ്ധനവ് കാണിക്കുകയുണ്ടായി.

2018-19 ൽ ഇന്ത്യയിൽ നിന്നുള്ള സമുദ്രോൽപ്പന്ന കയറ്റുമതി വിപണി വിഹിതത്തിൽ അളവിലും മൂല്യത്തിലും യഥാക്രമം 44.1 ശതമാനവും 68.3 ശതമാനവും രേഖപ്പെടുത്തി ശീതീകരിച്ച ചെമ്മീൻ മുന്നിലുള്ള സ്ഥാനം നിലനിർത്തി. അളവിൽ 24.3 ശതമാനവും മൂല്യത്തിൽ 10.6 ശതമാനവും രേഖപ്പെടുത്തി ശീതീകരിച്ച മത്സ്യം രണ്ടാം സ്ഥാനത്താണ്. 2018-19 ൽ അളവിൽ 8.5 ശതമാനവും മൂല്യത്തിൽ 3.0 ശതമാനവും വളർച്ച രേഖപ്പെടുത്തി 31,800.51 കോടി രൂപ മൂല്യമുള്ള 6.1 ലക്ഷം ടൺ ശീതീകരിച്ച ചെമ്മീനാണ് ഇന്ത്യയിൽ നിന്നും കയറ്റി അയച്ചത്. (**അനുബന്ധം 5.4.3**). ഇൻഡ്യയിൽ നിന്നും കയറ്റി അയച്ച സമുദ്രോൽപന്നങ്ങളും അവയുടെ വിപണി വിഹിതവും **ചിത്രം 5.4.2** ൽ നൽകിയിട്ടുണ്ട്. 2018-19 ൽ അളവിൽ 2.5 ശതമാനവും മൂല്യത്തിൽ 1.6 ശതമാനവും വളർച്ചയോടെ 6,014.7 കോടി രൂപ മൂല്യമുള്ള 1.8 ലക്ഷം മെട്രിക് ടൺ സമുദ്രോല്പന്നങ്ങൾ കേരളത്തിൽ നിന്നും കയറ്റുമതി ചെയ്തു. 2017-18 ൽ ഇത് 5,919 കോടി രൂപ മൂല്യമുള്ള 1.78 ലക്ഷം മെട്രിക്ക് ടൺ ആയിരുന്നു. 2018-19 ൽ അളവിൽ 2.5 ശതമാനവും മൂല്യത്തിൽ 4.1 ശതമാനം വളർച്ചയോടെയും വിപണി വിഹിതത്തിൽ അളവിൽ 35.5 ശതമാനവും മൂല്യത്തിൽ 50.6 ശതമാനവും രേഖപ്പെടുത്തി ശീതീകരിച്ച ചെമ്മീൻ മുന്നിൽ ആയിരുന്നു. തൊട്ടു

ചിത്രം 5.4.3, 2018-19-ൽ കേരളത്തിൽ നിന്ന് കയറ്റി അയച്ച സമുദ്രോല്പന്നങ്ങളും വിപണി വിഹിതവും (ശതമാനത്തിൽ)



അവലംബം: സമുദ്രോല്പന്ന കയറ്റുമതി വികസന അതോറിറ്റി

ചിത്രം 5.4.4, 2018-19-ൽ ഇൻഡ്യൻ സമുദ്രോല്പന്നങ്ങളുടെ പ്രധാന വിദേശ വിപണികൾ, വിപണി വിഹിതം ശതമാനത്തിൽ



അവലംബം: സമുദ്രോല്പന്ന കയറ്റുമതി വികസന അതോറിറ്റി

പിറകിലായി ശീതീകരിച്ച മത്സ്യവും ശീതീകരിച്ച കണവയും ഉണ്ട്. 2018-19 ൽ കേരളത്തിൽ നിന്ന് കയറ്റുമതി ചെയ്ത സമുദ്രോല്പന്നങ്ങളുടെ ഇനം തിരിച്ചുള്ള വിപണി വിഹിതം **ചിത്രം 5.4.3**-ൽ നൽകിയിട്ടുണ്ട്.

2018-19 ൽ ഇൻഡ്യൻ സമുദ്രോല്പന്നങ്ങളുടെ പ്രധാന വിദേശ വിപണികൾ തെക്ക് കിഴക്ക് ഏഷ്യയും (4.5 ലക്ഷം മെട്രിക് ടൺ) യു.എസ്.എ (2.8 ലക്ഷം മെട്രിക് ടൺ) ചൈന (2.3 ലക്ഷം മെട്രിക് ടൺ), യൂറോപ്യൻ യൂണിയൻ (1.7 ലക്ഷം മെട്രിക് ടൺ) എന്നിവയാണ്. കൂടാതെ ജപ്പാൻ (0.8 ലക്ഷം മെട്രിക് ടൺ), മധ്യ കിഴക്കൻ രാജ്യങ്ങൾ (0.6 ലക്ഷം മെട്രിക് ടൺ), മറ്റ് രാജ്യങ്ങൾ (1.3 ലക്ഷം മെട്രിക് ടൺ) എന്നിവിടങ്ങളിലേക്കും ഇൻഡ്യയിൽ നിന്ന് സമുദ്രോല്പന്നങ്ങൾ കയറ്റുമതി ചെയ്തിരുന്നു. ഇൻഡ്യൻ സമുദ്രോൽപന്നങ്ങളുടെ പ്രധാന വിദേശ വിപണികളും വിപണി വിഹിതവും **ചിത്രം 5.4.4** ൽ നൽകിയിട്ടുണ്ട്.

2018-19 ൽ കേരളത്തിൽ നിന്നുള്ള സമുദ്രോല്പന്നങ്ങളുടെ വിപണികൾ തെക്ക് കിഴക്കൻ ഏഷ്യൻ രാജ്യങ്ങൾ (70,489 മെട്രിക് ടൺ), യൂറോപ്യൻ യൂണിയൻ (48,064 മെട്രിക് ടൺ), ചൈന (17,105 മെട്രിക് ടൺ), അമേരിക്ക (1,580 മെട്രിക് ടൺ) മധ്യ കിഴക്കൻ രാജ്യങ്ങൾ (9,020 മെട്രിക് ടൺ), ജപ്പാൻ (6,632 മെട്രിക് ടൺ), മറ്റു രാജ്യങ്ങൾ (16,073 മെട്രിക് ടൺ) എന്നിവയായിരുന്നു. 2018-19 ൽ കേരളത്തിൽ നിന്നുള്ള സമുദ്രോല്പന്നങ്ങളുടെ പ്രധാന വിദേശ വിപണികളും വിപണി വിഹിതവും **ചിത്രം 5.4.5**-ൽ നൽകിയിട്ടുണ്ട്.

ചിത്രം 5.4.5, 2018-19-ൽ കേരളത്തിൽ നിന്നുള്ള സമുദ്രോല്പന്നങ്ങളുടെ പ്രധാന വിദേശ വിപണികൾ, വിപണി വിഹിതം (ശതമാനത്തിൽ)



അവലംബം: സമുദ്രോല്പന്ന കയറ്റുമതി വികസന അതോറിറ്റി

ചിത്രം 5.4.6 കശുവണ്ടി പരിപ്പിന്റെ കയറ്റുമതി : കേരളവും ഇൻഡ്യയും (അളവ്: മെട്രിക് ടൺ)



അവലംബം: കാഷ്യു എക്സ്പോർട്ട്പ്രൊമോഷൻ കൌൺസിൽ ഓഫ് ഇൻഡ്യ

കശുവണ്ടി കയറ്റുമതി

ഇൻഡ്യയിൽ നിന്ന് 2018-19 ൽ 4,434.0 കോടി രൂപ മൂല്യമുള്ള 66,693 മെട്രിക്ക് ടൺ കശുവണ്ടി പരിപ്പ് കയറ്റി അയച്ചു. 2017-18 ൽ ഇത് 5,871.0 കോടി രൂപ മൂല്യമുള്ള 84,352 മെട്രിക് ടൺ ആയിരുന്നു. 2018-19 ൽ, മുൻവർഷത്തെ അപേക്ഷിച്ച്, ഇൻഡ്യയിൽ നിന്നുള്ള കശുവണ്ടി പരിപ്പിന്റെ കയറ്റുമതിയിൽ അളവിൽ 20.9 ശതമാനത്തിന്റേയും മൂല്യത്തിൽ 24.5 ശതമാനത്തിന്റേയും ഇടിവ് രേഖപ്പെടുത്തി. ഇൻഡ്യയിൽ നിന്നുള്ള കശുവണ്ടിപ്പരിപ്പ് പ്രധാനമായും യു.എ.ഇ, അമേരിക്ക, നെതർലാൻറ്, ജപ്പാൻ, സൗദി അറേബ്യ, ജർമ്മനി, സ്പെയിൻ, ഫ്രാൻസ്, കുവൈറ്റ് എന്നീ രാജ്യങ്ങളിലേക്കായിരുന്നു കയറ്റുമതി ചെയ്തത്. കേരളത്തിൽ നിന്നുള്ള കശുവണ്ടി പരിപ്പിന്റെ കയറ്റുമതി 2017-18-ലെ 2,580.4 കോടി രൂപ മൂല്യമുള്ള 36,930.0 മെട്രിക് ടണ്ണിൽ നിന്നും 2018-19 ൽ അളവിലും മൂല്യത്തിലും യഥാക്രമം 21.3 ശതമാനവും 26.7 ശതമാനവും ഇടിവ് രേഖപ്പെടുത്തി കൊണ്ട് 1892.6 കോടി രൂപ മൂല്യമുള്ള 29,026 മെട്രിക്ക് ടൺ ആയി കുറഞ്ഞു. ഇൻഡ്യയിൽ നിന്നും കേരളത്തിൽ നിന്നും കയറ്റുമതി ചെയ്ത കശുവണ്ടി പരിപ്പിന്റെ കൂടുതൽ വിവരങ്ങൾ **ചിത്രം 5.4.6** ൽ നൽകിയിട്ടുണ്ട്.

ഇൻഡ്യയിൽ നിന്ന് കയറ്റി അയക്കുന്ന മൊത്തം കശുവണ്ടി പരിപ്പിന്റെ അളവിൽ കേരളത്തിന്റെ വിഹിതം 2014-15-ൽ 57.3 ശതമാനമായിരുന്നത് 2017-18-ൽ 43.8 ശതമാനമായും 2018-19-ൽ 43.6 ശതമാനമായും കുറഞ്ഞു. മൂല്യത്തിൽ ഇത് 2014-15-ൽ 57.0 ശതമാനമായിരുന്നത് 2017-18 ൽ 44.0 ശതമാനമായും 2018-19 ൽ 42.7 ശതമാനമായും കുറഞ്ഞു. കൂടുതൽ വിവരങ്ങൾ **പട്ടിക 5.4.3** ൽ നൽകിയിട്ടുണ്ട്.

പട്ടിക 5.4.3, കശുവണ്ടി പരിപ്പിന്റെ കയറ്റുമതി, ഇൻഡ്യയും കേരളവും (2011-12 മുതൽ 2018-19 വരെ), (അളവ്: മെട്രിക് ടൺ, മൂല്യം: കോടി രൂപയിൽ)

വർഷം	കേരളം		ഇൻഡ്യ		കേരളത്തിന്റെ വിഹിതം (ശതമാനത്തിൽ)	
	അളവ്	മൂല്യം	അളവ്	മൂല്യം	അളവ്	മൂല്യം
1	2	3	4	5	6	7
2011-12	68,655	2,295.8	1,30,869	4,383.8	52.5	52.4
2012-13	53,624	2,138.5	1,00,105	4,046.2	53.6	52.9
2013-14	65,679	2,861.8	1,14,791	5,058.7	57.2	56.6
2014-15	68,150	3,098.8	1,18,952	5,432.9	57.3	57.0
2015-16	50,652	2,579.5	96,346	4,952.1	52.6	52.1
2016-17	38,054	2,415.3	82,302	5,168.8	46.2	46.7
2017-18	36,930	2,580.4	84,352	5,871.0	43.8	44.0
2018-19	29,062	1,892.6	66,693	4,434.0	43.6	42.7

അവലംബം: കാഷ്യു എക്സ്പോർട്ട്പ്രൊമോഷൻ കൌൺസിൽ ഓഫ് ഇന്ത്യ

2018–19–ൽ ഇൻഡ്യയിൽ നിന്നുള്ള കശുവണ്ടിത്തോട് എണ്ണയുടെ കയറ്റുമതിയിലും ഇടിവ് അനുഭവപ്പെട്ടു. 2017–18 ൽ 32.6 കോടി രൂപ മൂല്യമുള്ള 8,325 മെട്രിക് ടൺ കശുവണ്ടിത്തോട് എണ്ണ കയറ്റി അയച്ചിരുന്നു. 2018–19 ൽ അളവിലും മൂല്യത്തിലും യഥാക്രമം 36.3 ശതമാനവും, 17.7 ശതമാനവും ഇടിവ് രേഖപ്പെടുത്തി കൊണ്ട് 26.8 കോടി രൂപ മൂല്യമുള്ള 5,300 മെട്രിക്ക് ടണ്ണായി കുറഞ്ഞു. കശുവണ്ടിത്തോട് എണ്ണ 2017–18 ൽ കേരളത്തിൽ നിന്നും കയറ്റുമതി ചെയ്തിരുന്നില്ല. എന്നാൽ 2018–19 ൽ കേരളത്തിൽ നിന്നും 3.3 കോടി രൂപ മൂല്യമുള്ള 699 മെട്രിക്ക് ടൺ കശുവണ്ടിത്തോട് എണ്ണ വിദേശ രാജ്യങ്ങളിലേക്ക് കയറ്റി അയച്ചിട്ടുണ്ട്. **(അനുബന്ധം 5.4.4)**

അസംസ്കൃത കശുവണ്ടി ഉൽപാദിപ്പിക്കുന്ന മുൻനിര രാജ്യങ്ങളിൽ ഒന്നാണ് ഇൻഡ്യ. വിയറ്റ്നാം, ബ്രസീൽ, താൻസാനിയ, ഐവറി കോസ്റ്റ്, ഗിനിയ, മൊസാംബിക്, ഇന്തോനേഷ്യ, തുടങ്ങിയവയാണ് മറ്റ് പ്രധാന അസംസ്കൃത കശുവണ്ടി ഉൽപാദക രാജ്യങ്ങൾ. ഇൻഡ്യ 2017–18 ൽ 8,17,045 മെട്രിക് ടൺ അസംസ്കൃത കശുവണ്ടിയാണ് ഉൽപാദിപ്പിച്ചിരുന്നത്. 2018–19 ൽ മുൻ വർഷത്തെ അപേക്ഷിച്ച് 9.1 ശതമാനം വളർച്ച കുറഞ്ഞ് 7,42,714 മെട്രിക് ടൺ അസംസ്കൃത കശുവണ്ടിയാണ് ഉൽപാദിപ്പിച്ചത്. കേരളത്തിൽ നിന്നുള്ള അസംസ്കൃത കശുവണ്ടി ഉൽപാദനവും 2018–19–ൽ കുറഞ്ഞു. 2017–18 ൽ ഇത് 88,150 മെട്രിക് ടൺ ആയിരുന്നത് 2018–19 ൽ ഇത് 6.0 ശതമാനമായി കുറഞ്ഞ് 82,889 മെട്രിക് ടൺ ആയി.

ഇൻഡ്യ 2018–19–ൽ 143.5 കോടി രൂപ മൂല്യമുള്ള 11,378 മെട്രിക് ടൺ അസംസ്കൃത കശുവണ്ടി കയറ്റുമതി ചെയ്തു. 2017–18 ൽ ഇത് 65.6 കോടി രൂപ മൂല്യമുള്ള 5,521 മെട്രിക്ക് ടൺ ആയിരുന്നു. 2018–19 ൽ ഇൻഡ്യയിൽ നിന്നുള്ള അസംസ്കൃത കശുവണ്ടിയുടെ കയറ്റുമതിയിൽ അളവിലും മൂല്യത്തിലും യഥാക്രമം 106.1 ശതമാനവും, 118.6 ശതമാനവും വളർച്ച രേഖപ്പെടുത്തി. 2018–19 ൽ കേരളത്തിൽ നിന്നും അസംസ്കൃത കശുവണ്ടി കയറ്റി അയച്ചിരുന്നില്ല.

ഇൻഡ്യ 2018–19–ൽ 10,929.3 കോടി രൂപ മൂല്യമുള്ള 8,35,463 മെട്രിക് ടൺ അസംസ്കൃത കശുവണ്ടി ഇറക്കുമതി ചെയ്തു. 2017–18–ൽ ഇത് 8850.0 കോടിരൂപ മൂല്യമുള്ള 6,49,050 മെട്രിക് ടൺ ആയിരുന്നു. 2018–19–ൽ അസംസ്കൃത കശുവണ്ടിയുടെ ഇറക്കുമതിയിൽ അളവിലും മൂല്യത്തിലും മുൻ വർഷത്തെ അപേക്ഷിച്ച് യഥാക്രമം 28.7 ശതമാനവും 23.5 ശതമാനവും വർദ്ധനവ് രേഖപ്പെടുത്തി.

2018–19 ൽ ഇൻഡ്യ ഇറക്കുമതി ചെയ്ത മൊത്തം അസംസ്കൃത കശുവണ്ടിയിൽ, കേരളം ഇറക്കുമതി ചെയ്തത് 662.4 കോടി രൂപ മൂല്യമുള്ള 43,341 മെട്രിക്ക് ടൺ ആയിരുന്നു. 2017–18 ൽ കേരളം 895.6 കോടി രൂപ മൂല്യമുള്ള 63,508 മെട്രിക് ടൺ അസംസ്കൃത കശുവണ്ടിയാണ് ഇറക്കുമതി ചെയ്തിരുന്നത്.

കയറും കയറുൽപന്നങ്ങളുടെയും കയറ്റുമതി

ഇൻഡ്യയിൽ നിന്നുള്ള കയറും കയറുൽപന്നങ്ങളുടെയും കയറ്റുമതി 2017–18 ൽ 2,53,227.8 കോടി രൂപയുടെ 10,16,564 മെട്രിക് ടൺ ആയിരുന്നത് 2018–19 ൽ, അളവിൽ 5.2 ശതമാനം കുറവോടെയും മൂല്യത്തിൽ

ചിത്രം 5.4.7 ഇന്ത്യയിൽ നിന്നും കേരളത്തിൽ നിന്നുമുള്ള കയറും കയറുൽപന്നങ്ങളുടെയും കയറ്റുമതി, 2013–14 മുതൽ 2018–19 വരെ, (അളവ്: ലക്ഷം മെട്രിക് ടൺ)



അവലംബം: കയർ ബോർഡ്, കൊച്ചിൻ പോർട്ട് ട്രസ്റ്റ്

7.7 ശതമാനം വർദ്ധനവോടേയും 2,72,804.6 കോടി രൂപ മൂല്യമുള്ള 9,64,046 മെട്രിക് ടൺ ആയിരുന്നു. 2018–19 ൽ കയർ പിത്ത്, കൈത്തറി മാറ്റുകൾ, കയർ ഭൂവസ്ത്രം കയർ യാൺ, കയർച്ചരുൾ എന്നിവയുടെ കയറ്റുമതിയിൽ വർദ്ധനവും, ചകിരി, ടഫ്റ്റ് മാറ്റ്, കൈത്തറിയിൽ നിർമ്മിച്ച മാറ്റിംഗുകൾ, റബ്ബറൈസ്ഡ് കയർ, കയർ മറ്റിനങ്ങൾ, കയർ റോപ്, യന്ത്രത്തറിയിൽ നിർമ്മിച്ച മാറ്റ് തുടങ്ങിയവയുടെ കയറ്റുമതിയിൽ ഇടിവും രേഖപ്പെടുത്തി. 2018–19 ൽ ഇൻഡ്യ 1,23,208.5 കോടി രൂപ മൂല്യമുള്ള 5.7 ലക്ഷം മെട്രിക് ടൺ കയർ പിത്ത് കയറ്റുമതി ചെയ്തു. ഇത് മൊത്തം കയറും കയറുൽപന്നങ്ങളുടെ കയറ്റുമതിയുടെ അളവിൽ 58.8 ശതമാനമാണ്. അതുപോലെ അളവിൽ 31 ശതമാനം വരുന്ന 60,164.1 കോടി രൂപ മൂല്യമുള്ള 3.0 ലക്ഷം മെട്രിക് ടൺ കയറും നാരും കയറ്റുമതി ചെയ്തു. 2018–19–ൽ കേരളത്തിലെ കൊച്ചി തുറമുഖം വഴി 2,25,463 മെട്രിക് ടൺ കയറും കയറുൽപ്പന്നങ്ങളും കയറ്റുമതി ചെയ്തിട്ടുണ്ട്. 2017–18 ൽ ഇത് 2,46,708 മെട്രിക് ടൺ ആയിരുന്നു. കേരളത്തിലും ഇൻഡ്യയിൽ നിന്നും കയറ്റുമതി ചെയ്ത കയറും കയറുൽപന്നങ്ങളുടെയും വിവരങ്ങൾ **ചിത്രം 5.4.7** ൽ നൽകിയിട്ടുണ്ട്.

2018–19 ൽ ഇൻഡ്യയുടെ കയറും കയറുൽപന്നങ്ങളുടെയും പ്രധാന വിദേശ വിപണികൾ ചൈന (715.06 കോടി രൂപയുടെ 3,54,268 മെട്രിക് ടൺ), അമേരിക്ക (601.3 കോടി രൂപയുടെ 1,22,221 മെട്രിക് ടൺ), നെതർലാൻറ് (248.4 കോടി രൂപയുടെ 96,982 മെട്രിക് ടൺ), തെക്കൻ കൊറിയ (142.5 കോടി രൂപയുടെ 75,186 മെട്രിക് ടൺ), യു.കെ (117.4 കോടി രൂപയുടെ 22,192 മെട്രിക്ക് ടൺ) എന്നീ രാജ്യങ്ങളായിരുന്നു.

2018–19 ൽ ഇൻഡ്യയുടെ കയർ യാണിന്റെ പ്രധാന വിപണി നെതർലാൻഡും (11.9 കോടി രൂപയുടെ 1,344 മെട്രിക് ടൺ), ഇറ്റലിയും (5.5 കോടി രൂപയുടെ 928 മെട്രിക് ടൺ) ആയിരുന്നു. കയർ മാറ്റിന്റെ 2018–19 ലെ പ്രധാന വിപണികൾ അമേരിക്ക, യു കെ, ഇറ്റലി, ജർമ്മനി എന്നീ രാജ്യങ്ങളായിരുന്നു. ഏറ്റവും കൂടുതൽ ഇറക്കുമതി ചെയ്തത് അമേരിക്കയാണ്. 2018–19 ൽ അമേരിക്ക 371.4 കോടി രൂപയുടെ 3,44,113 മെട്രിക് ടൺ കയർ മാറ്റുകൾ ഇൻഡ്യയിൽ നിന്നും ഇറക്കുമതി ചെയ്തു. യു.കെ 79.08 കോടി രൂപയുടെ 8,422 മെട്രിക് ടണ്ണും, ഇറ്റലി 30.9 കോടി രൂപയുടെ 3,406 മെട്രിക് ടണ്ണും, ജർമ്മനി 29.8 കോടി രൂപയുടെ 3,151 മെട്രിക് ടണ്ണും കയർ മാറ്റുകൾ 2018–19 ൽ ഇൻഡ്യയിൽ നിന്നും ഇറക്കുമതി ചെയ്തു. അമേരിക്കയും യു.കെ യുമാണ് 2018–19 ൽ ഇന്ത്യയിൽ നിന്നും ഏറ്റവും കൂടുതൽ കയർ മാറ്റിംഗുകൾ ഇറക്കുമതി ചെയ്തത്. അമേരിക്ക 7.7 കോടി രൂപയുടെ 675 മെട്രിക് ടൺ, യു.കെ 2.5 കോടി രൂപയുടെ 147 മെട്രിക് ടൺ കയർ മാറ്റിംഗുകൾ ഇൻഡ്യയിൽ നിന്നും 2018–19 ഇറക്കുമതി ചെയ്തു.

തേയിലയുടെ കയറ്റുമതി

ഇൻഡ്യയിൽ നിന്നുള്ള തേയിലയുടെ കയറ്റുമതി 2017–18 ൽ 5,064.9 കോടി രൂപയുടെ 2,56,572 മെട്രിക് ടൺ ആയിരുന്നത് 2018–19 ൽ വളർച്ചാ നിരക്ക് അളവിൽ 0.8 ശതമാനം ഇടിവും മൂല്യത്തിൽ 8.7 ശതമാനം വർദ്ധനവോടെയും 5,506.8 കോടി രൂപയുടെ 2,54,502 മെട്രിക് ടൺ ആയിരുന്നു. കേരളത്തിലെ തുറമുഖങ്ങൾ വഴിയുള്ള തേയിലയുടെ കയറ്റുമതി 2017–18 ൽ 1,232.9 കോടി രൂപ മൂല്യമുള്ള 75,741 മെട്രിക് ടൺ ആയിരുന്നത് അളവിലും മൂല്യത്തിലും യഥാക്രമം 6.5 ശതമാനവും, 16.3 ശതമാനവും വളർച്ചയോടെ 1,434.4 കോടി രൂപയുടെ 80,683 മെട്രിക് ടൺ ആയി വർദ്ധിച്ചു. (**പട്ടിക 5.4.4**)

കാപ്പിയുടെ കയറ്റുമതി

കൊച്ചി തുറമുഖം വഴിയുള്ള കാപ്പിയുടെ കയറ്റുമതി 2017–18 ൽ 54,220 മെട്രിക് ടണ്ണിൽ നിന്നും 2018–19 ൽ 25.0 ശതമാനം ഇടിവ് രേഖപ്പെടുത്തി 40,670 മെട്രിക് ടണ്ണായി കുറഞ്ഞു. 2011–12 ൽ 1,09,297 മെട്രിക് ടൺ കാപ്പിയാണ് കൊച്ചി തുറമുഖം വഴി കയറ്റി അയച്ചിരുന്നത്. ഇത് 2014–15 ൽ 65,216 മെട്രിക്

പട്ടിക 5.4.4 ഇൻഡ്യയിൽ നിന്നും കേരളത്തിലെ തുറമുഖങ്ങൾ വഴിയുള്ള തേയില കയറ്റുമതി, 2012–13 മുതൽ 2018–19 വരെ, (അളവ്: മെട്രിക് ടൺ, മൂല്യം: ലക്ഷം രൂപയിലും)

വർഷം	കേരളം		ഇൻഡ്യ	
	അളവ് (മെട്രിക് ടൺ)	മൂല്യം (ലക്ഷം രൂപയിൽ)	അളവ് (മെട്രിക് ടൺ)	മൂല്യം (ലക്ഷം രൂപയിൽ)
2012–13	69,017	90,462	2,16,231	4,00,593
2013–14	75,036	106,467	2,25,764	4,50,909
2014–15	69,343	94,879	1,99,077	3,82,364
2015–16	69,706	1,02,534	2,32,920	4,49,310
2016–17	67,431	1,13,935	2,27,634	4,63,250
2017–18	75,741	1,23,294	2,56,572	5,06,488
2018–19	80,683	1,43,440	2,54,502	5,50,684

അവലംബം: റ്റീബോർഡ്

പട്ടിക 5.4.5 സുഗന്ധ വ്യഞ്ജനങ്ങളുടെ കയറ്റുമതി– കേരളവും ഇൻഡ്യയും, 2013–14 മുതൽ 2018–19 വരെ
(അളവ്: മെട്രിക് ടൺ, മൂല്യം: ലക്ഷം രൂപയിലും)

വർഷം	കേരളം		ഇൻഡ്യ		കേരളത്തിന്റെ വിഹിതം (ശതമാനത്തിൽ)	
	അളവ് (മെട്രിക് ടൺ)	മൂല്യം (ലക്ഷം രൂപയിൽ)	അളവ് (മെട്രിക് ടൺ)	മൂല്യം (ലക്ഷം രൂപയിൽ)	അളവ്	മൂല്യം
1	2	3	4	5	6	7
2013–14	81,412.6	3,25,339.9	8,17,250.0	13,73,539.3	10.0	23.7
2014–15	81,555.3	3,28,534.0	8,93,920.0	14,89,967.5	9.1	22.1
2015–16	1,00,076.0	3,90,518.1	8,43,255.0	16,23,823.0	11.9	24.1
2016–17	84,418.8	4,27,120.1	9,47,790.0	17,81,223.6	8.9	24.0
2017–18	95,455.9	4,15,296.1	10,28,060.0	17,98,016.2	9.3	23.1
2018–19	93,036.5	3,77,427.2	10,63,020.0	18,84,500.9	8.8	20.0

അവലംബം: സ്പൈസസ് ബോർഡ്

ടൺ ആയും 2016–17 ൽ 55,874 മെട്രിക് ടണ്ണായും കുറഞ്ഞിരുന്നു. കൊച്ചി തുറമുഖം വഴി കയറ്റുമതി ചെയ്യുന്ന കാപ്പിയുടെ അളവിൽ ഉണ്ടായികൊണ്ടിരിക്കുന്ന കുറവ് 2018–19–ലും രേഖപ്പെടുത്തി.

സുഗന്ധ വ്യഞ്ജനങ്ങളുടെ കയറ്റുമതി

ഇൻഡ്യയിൽ നിന്നുള്ള സുഗന്ധ വ്യഞ്ജനങ്ങളുടെ കയറ്റുമതിയിൽ 2018–19 ലും വളർച്ച രേഖപ്പെടുത്തി കൊണ്ട് 18,84,500.9 ലക്ഷം രൂപയുടെ 10,63,020 മെട്രിക് ടൺ കയറ്റുമതി ചെയ്തു. 2017–18 ൽ ഇത് 17,98,016.2 ലക്ഷം രൂപയുടെ 10,28,060 മെട്രിക് ടൺ ആയിരുന്നു. 2018–19 ൽ ഇൻഡ്യയിൽ നിന്നുള്ള സുഗന്ധ വ്യഞ്ജനങ്ങളുടെ കയറ്റുമതിയിൽ അളവിലും മൂല്യത്തിലും യഥാക്രമം 3.4 ശതമാനവും 4.8 ശതമാനവും വളർച്ച രേഖപ്പെടുത്തിയിരുന്നു.

കേരളത്തിൽ നിന്നുള്ള (കൊച്ചി, തിരുവനന്തപുരം തുറമുഖങ്ങൾ വഴി) സുഗന്ധ വ്യഞ്ജനങ്ങളുടെ കയറ്റുമതി 2017–18 ൽ 4,15,296.1 ലക്ഷം രൂപയുടെ 95,455.9 മെട്രിക് ടൺ ആയിരുന്നത് അളവിലും മൂല്യത്തിലും 2.5 ശതമാനവും 9.1 ശതമാനവും ഇടിവ് രേഖപ്പെടുത്തി കൊണ്ട് 3,77,427.2 ലക്ഷം രൂപ മൂല്യമുള്ള 93,036.5 മെട്രിക് ടൺ ആയിരുന്നു.

ഇന്ത്യയിൽ നിന്നും കയറ്റി അയക്കുന്ന സുഗന്ധ വ്യഞ്ജനങ്ങളുടെ അളവിൽ കേരളത്തിന്റെ വിഹിതത്തിൽ കഴിഞ്ഞ കുറെ വർഷങ്ങളായി ചാഞ്ചാട്ടം അനുഭവപ്പെടുന്നു. 2013–14 ൽ ഇത് 10.0 ശതമാനമായിരുന്നത് 2014–15 ൽ 11.9 ശതമാനമായി വർദ്ധിച്ചുവെങ്കിലും 2016–17 ൽ 8.9 ശതമാനമായി കുറഞ്ഞിരുന്നു. 2017–18 ൽ ഇത് 9.3 ശതമാനമായി ഉയർന്നു എങ്കിലും 2018–19 8.8 ശതമാനമായി വീണ്ടും കുറഞ്ഞു. (**പട്ടിക 5.4.5**)

ചിത്രം: 5.4.8 കേരളത്തിന്റെയും ഇൻഡ്യയുടേയും സുഗന്ധ വ്യഞ്ജനങ്ങളുടെ കയറ്റുമതി (അളവിൽ) വളർച്ചാ നിരക്കുകൾ, ശതമാനത്തിൽ, (2014–15 മുതൽ 2018–19 വരെ)



അവലംബം: സ്പൈസസ് ബോർഡ്

ഇൻഡ്യയിലും കേരളത്തിലും നിന്നുള്ള സുഗന്ധവ്യഞ്ജനങ്ങളുടെയും ഉൽപ്പന്നങ്ങളുടേയും കയറ്റുമതി വളർച്ചാ നിരക്കിൽ കഴിഞ്ഞ കുറെ വർഷങ്ങളായി ചാഞ്ചാട്ടം അനുഭവപ്പെടുന്നു. ഇന്ത്യയിൽ നിന്നുള്ള സുഗന്ധവ്യഞ്ജനങ്ങളുടെയും ഉൽപ്പന്നങ്ങളുടേയും കയറ്റുമതി വളർച്ചാ നിരക്ക് 2014–15 ൽ 9.4 ശതമാനമായിരുന്നു. 2015–16 ൽ ഇത് (–) 5.7 ശതമാനമായി കുറഞ്ഞു. 2016–17 ൽ 12.4 ശതമാനമായി ഉയർന്നു എങ്കിലും 2018–19 ൽ 3.4 ശതമാനമായി വീണ്ടും കുറഞ്ഞു.

കേരളത്തിലും നിന്നുള്ള സുഗന്ധവ്യഞ്ജനങ്ങളുടെയും ഉൽപ്പന്നങ്ങളുടേയും കയറ്റുമതി വളർച്ചാ നിരക്കിൽ കഴിഞ്ഞ കുറെ വർഷങ്ങളായി ചാഞ്ചാട്ടം ഉണ്ട്. 2014–15 ൽ ഇത് 0.2 ശതമാനമായിരുന്നു. 2015–16 ൽ 22.7 ശതമാനമായി ഉയർന്നു എങ്കിലും 2016–17 ൽ (–) 15.6 ശതമാനമായി കുറഞ്ഞു. 2017–18 ൽ ഇത് വീണ്ടും 13.1 ശതമാനമായി വർദ്ധിച്ചുവെങ്കിലും 2018–19 ൽ (–) 2.5 ശതമാനമായി കുറഞ്ഞു. ഇന്ത്യയിലും കേരളത്തിലും നിന്നുമുള്ള സുഗന്ധ വ്യഞ്ജന കയറ്റുമതിയുടെ വളർച്ചാ നിരക്കിലെ പ്രവണത **ചിത്രം 5.4.8** ൽ നൽകിയിട്ടുണ്ട്.

2017–18 ൽ കേരളത്തിൽ നിന്നുള്ള (കൊച്ചി. തിരുവനന്തപുരം) തുറമുഖങ്ങൾ വഴി 497.8 കോടി രൂപയുടെ 4,434 മെട്രിക് ടൺ ഏലം (ചെറുത്) കയറ്റി അയച്ചിരുന്നു. 2018–19–ൽ അളവിലും മൂല്യത്തിലും യഥാക്രമം 52.7 ശതമാനവും 45.1 ശതമാനവും ഇടിവോടെ 273.2 കോടി രൂപയുടെ 2,097 മെട്രിക് ടൺ ആയി ഏലം (ചെറുത്) കയറ്റി കുറഞ്ഞു. മുളകിന്റെ കയറ്റുമതി 2017–18–ൽ 363.4 കോടി രൂപ മൂല്യമുള്ള 22,895 മെട്രിക് ടൺ ആയിരുന്നത് 2018–19 ൽ അളവിലും മൂല്യത്തിലും യഥാക്രമം 1.0 ശതമാനവും 15.0 ശതമാനവും വർദ്ധനവോടെ 418.0 കോടി രൂപ മൂല്യമുള്ള 23,122 മെട്രിക് ടൺ ആയി ഉയർന്നു. 2018–19 ൽ 517.6 കോടി രൂപ മൂല്യമുള്ള 12,504 മെട്രിക് ടൺ കുരുമുളകാണ് കേരളത്തിൽ നിന്ന് കയറ്റുമതി ചെയ്തത്. 2017–18–ൽ ഇത് 732.8 കോടി രൂപ മൂല്യമുള്ള 15,168 മെട്രിക് ടൺ ആയിരുന്നു. 2018–19 ൽ ഇതിന്റെ വളർച്ചാ നിരക്ക് അളവിലും മൂല്യത്തിലും യഥാക്രമം (–)17.6 ശതമാനവും (–)29.4 ശതമാനവും ആയിരുന്നു. കേരളത്തിലെ തുറമുഖങ്ങൾ വഴി കയറ്റുമതി ചെയ്ത മുളക്, മഞ്ഞൾ, മല്ലി, ജീരകം, ചതകുപ്പ, സെലറി, ഉലുവ, മിന്റ് ഉൽപ്പന്നങ്ങൾ എന്നിവയുടെ കയറ്റുമതിയിൽ 2017–18 ൽ മുൻ വർഷത്തെ അപേക്ഷിച്ച് വർദ്ധനവ് ഉണ്ടായി. മൂല്യവർദ്ധിത ഉൽപന്നങ്ങളായ കറി പൗഡർ/ കൂട്ടിന്റെ കയറ്റുമതി 2017–18 ൽ 213.8 കോടി രൂപ മൂല്യമുള്ള 9,936 മെട്രിക് ടൺ ആയിരുന്നത് 2018–19–ൽ അളവിൽ 5.5 ശതമാനം ഇടിവും മൂല്യത്തിൽ 3.0 ശതമാനം വർദ്ധനവും രേഖപ്പെടുത്തി 220.1 കോടി രൂപയുടെ 9,388 മെട്രിക് ടൺ ആയിരുന്നു. സുഗന്ധവ്യഞ്ജന എണ്ണ/തൈലം എന്നിവയുടെ കയറ്റുമതി 2017–18–ലെ 1718.9 കോടി രൂപയുടെ 9,076 മെട്രിക് ടണ്ണിൽ നിന്നും 2018–19 ൽ അളവിലും മൂല്യത്തിലും യഥാക്രമം (–) 10.5 ശതമാനവും (–) 2.8 ശതമാനവും രേഖപ്പെടുത്തി 1671.2 കോടി രൂപ മൂല്യമുള്ള 81,127 മെട്രിക് ടൺ ആയി കുറഞ്ഞു.

5.5 സേവന മേഖല

പൊതു സേവനങ്ങൾ

1. സർവ്വേയും ഭൂരേഖയും

സംസ്ഥാനത്തെ മൊത്തം പട്ടയ ഭൂമികളും റീസർവ്വേ നിശ്ചിത സമയത്തിനുള്ളിൽ അളന്ന് തിട്ടപ്പെടുത്തി രേഖയാക്കുന്നതിനാണ് സർവ്വേ വകുപ്പ് രൂപീകരിച്ചത്. ഇത് കൂടാതെ, ഭൂവിനിയോഗം, ഭൂരേഖാ ഡിജിറ്റൈസേഷൻ, പട്ടയ വിതരണത്തിന് ഭൂസർവ്വേ നടത്തൽ, വനഭൂമി സർവ്വേ, പ്രത്യേക പദ്ധതികൾക്ക് ഭൂമി സർവ്വേ ചെയ്യൽ എന്നിവയും സർവ്വേ വകുപ്പിന്റെ പ്രവർത്തികളാണ്. 2016 മുതൽ 2019 വരെയുള്ള 4 വർഷങ്ങളിൽ 381 വില്ലേജുകളിലെ എഫ്.എം.ബി ഡിജിറ്റൈസേഷൻ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 2019 വരെ 906 വില്ലേജുകളുടെ ഭൂസർവ്വേ പൂർത്തിയാക്കിയിട്ടുണ്ട്. വിശദ വിവരം **അനുബന്ധം 5.5.1** –ൽ നൽകിയിട്ടുണ്ട്.

റീസർവ്വേ, ഭൂമിയേറ്റെടുക്കൽ, എന്നിവയുടെ മേൽ അപ്പീൽ നടപടി കൈക്കൊള്ളുന്നതും വകുപ്പാണ്. അത്തരം പരാതികളിൽ ജില്ലാ സർവ്വേ സൂപ്രണ്ടിന്റെ ഉപദേശത്തിന്റെ അടിസ്ഥാനത്തിലാണ് ജില്ലാ കളക്ടർ തീർപ്പ് കൽപ്പിക്കുന്നത്. 2018–ൽ 6,51,274 റീസർവ്വേ പരാതികളിൽ 5,66,220 കേസുകൾ (86.9 ശതമാനം) പരിഹരിച്ചു. ഭൂമിയേറ്റെടുക്കലിലെ 199 പരാതികളിൽ 2 എണ്ണം മാത്രമാണ് പരിഹരിക്കാൻ കഴിഞ്ഞത്. വിശദ വിവരം **അനുബന്ധം 5.5.2** –ൽ നൽകിയിട്ടുണ്ട്.

ഐ.എ.എസ് ഉദ്യോഗസ്ഥർ, റവന്യൂ വകുപ്പിലെ ഉദ്യോഗസ്ഥർ, സർവ്വേ വകുപ്പിലെ ഉദ്യോഗസ്ഥർ, വനം വകുപ്പിലെ ഉദ്യോഗസ്ഥർ, എന്നിവർക്ക് സർവ്വേ പരിശീലനം വകുപ്പ് നൽകുന്നുണ്ട്. വിശദ വിവരങ്ങൾ **അനുബന്ധം 5.5.3** –ൽ നൽകിയിട്ടുണ്ട്.

ഭൂരേഖകളുടെ ഡിജിറ്റൈസേഷൻ

സർവ്വേ രേഖകളുടെ ഡിജിറ്റൈസേഷൻ നടത്തുന്നത് സർവ്വേ വകുപ്പാണ്. 2017–ൽ 184 ബ്ലോക്ക് മാപ്പുകൾ തയ്യാറാക്കിയിട്ടുണ്ട്. വിശദ വിവരങ്ങൾ അനുബന്ധം 5.5.4 –ൽ ഉൾപ്പെടുത്തിയിരിക്കുന്നു. 2016, 2017, 2018 വർഷങ്ങളിൽ യഥാക്രമം 3,34,682, 65,402, 24,020 എണ്ണം എഫ്.എം.ബി കൾ സ്കാൻ ചെയ്തിട്ടുണ്ട്. കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ ഏറ്റവും കൂടുതൽ എഫ്.എം.ബി കൾ സ്കാൻ ചെയ്തത് പാലക്കാട് ജില്ലയിലും (1,07,568 എണ്ണം) ഏറ്റവും കുറവ് കോഴിക്കോട് (5,401) ജില്ലയിലുമാണ്. എഫ്.എം.ബി അവസാന മൂന്ന് വർഷത്തെ സ്കാൻ ചെയ്തതിന്റെ ജില്ലാ തല വിവരം **ചിത്രം 5.5.1**–ൽ നൽകിയിട്ടുണ്ട്.

2. രജിസ്ട്രേഷൻ വകുപ്പ്

രേഖകളുടെ രജിസ്ട്രേഷൻ നടത്തുക എന്നതാണ് രജിസ്ട്രേഷൻ വകുപ്പിന്റെ ചുമതല. രജിസ്ട്രേഷൻ നടത്തുന്നതിന് ഇ– പെയ്മെന്റ് സംവിധാനം വകുപ്പ് വിജയകരമായി നടപ്പിലാക്കിയിട്ടുണ്ട്. 2018 ൽ രേഖകൾ രജിസ്റ്റർ ചെയ്ത ഇനത്തിൽ 3,27,170.76 ലക്ഷം രൂപ രജിസ്ട്രേഷൻ വകുപ്പ് ശേഖരിച്ചിട്ടുണ്ട്. ഇതിൽ ഏറ്റവും കൂടുതൽ വിലയാധാര ഇനത്തിൽ 2,77,026 ലക്ഷം രൂപ ശേഖരിച്ചിട്ടുള്ളതാണ്. രേഖകൾ രജിസ്റ്റർ ചെയ്തതിന്റെയും ഫീസ് ശേഖരിച്ചതിന്റെയും വിശദവിവരങ്ങൾ **അനുബന്ധം 5.5.5, 5.5.6** എന്നിവയിൽ നൽകിയിട്ടുണ്ട്.

3. എക്സൈസ് വകുപ്പ്

ഇ–പെയ്മെന്റ് സംവിധാനവും, ഇ–ലൈസൻസിംഗ് സംവിധാനവും എക്സൈസ് വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്. എക്സൈസ് വകുപ്പിന് 69 എക്സൈസ് സർക്കിൾ ഓഫീസുകളും, 138 എക്സൈസ് റെയ്ഞ്ച് ഓഫീസുകളും, 41 ചെക്ക് പോസ്റ്റുകളും, 19 സ്പെഷ്യൽ സ്ക്വാഡുകളും ഉണ്ട്. ലഹരി പദാർത്ഥങ്ങളുടെ ദുരുപയോഗം തടയുന്നതിനായി 'വിമുക്തി' എന്ന ബോധവത്ക്കരണ പരിപാടി വകുപ്പ് നടത്തുന്നുണ്ട്. 1950 ലെ അബ്കാരി ആക്ട്, 1958 ലെ എൻ.ഡി.പി.എസ് (നർക്കോട്ടിക് ഡ്രഗ്സ് ആന്റ് സൈക്കോത്തെറാപ്പിക്ക് സബ്സ്റ്റൻസ്) ആക്ട്,

ചിത്രം 5.5.1 എഫ്.എം.ബി ഷീറ്റുകൾ സ്കാൻ ചെയ്ത വിവരം (എണ്ണം) 2016–2018



അവലംബം: ഡയറക്ടറേറ്റ് ഓഫ് സർവ്വേ ലാന്റ് റെക്കോർഡ്സ്

കോട്പാ (സിഗരറ്റും മറ്റ് പുകയില ഉൽപന്നങ്ങളും – പരസ്യങ്ങളുടെ നിരോധനവും, വാണിജ്യം, വ്യാപാരം, ഉൽപ്പാദനം, പ്രദാനം, വിതരണം എന്നിവയുടെ നിയന്ത്രണവും) നിയമം 2003 എന്നിവയുടെ അടിസ്ഥാനത്തിൽ കേസുകൾ രജിസ്റ്റർ ചെയ്യുന്നത് എക്സൈസ് വകുപ്പാണ്. 2019 ൽ അബ്കാരി ആക്ടിന്റെ കീഴിൽ 8,937 കേസുകളും, എൻ.ഡി.പി.എസ് ആക്ടിന്റെ കീഴിൽ 5,171 കേസുകളും, കോട്പാ യുടെ കീഴിൽ 51,654 കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. 2018 ൽ ഇത് യഥാക്രമം 10,634, 7,573, 71,793 എന്നിങ്ങനെയാണ്. 2017, 2018, 2019 എന്നീ വർഷങ്ങളിൽ വിവിധ നിയമങ്ങൾ പ്രകാരം ചുമത്തിയ കേസുകളുടെ വിശദ വിവരം **അനുബന്ധം 5.5.7** –ൽ കൊടുത്തിരിക്കുന്നു.

സംസ്ഥാനത്തെ അബ്കാരി കേസുകൾ 2017 ൽ 21,372 ആയിരുന്നത് 50.2 ശതമാനം കുറഞ്ഞ് 2018 ൽ 10,634 ആയി. ആലപ്പുഴ ജില്ലയിലാണ് അബ്കാരി കേസുകൾ ഏറ്റവും അധികം കുറഞ്ഞത് (70.3 ശതമാനം), മറ്റെല്ലാ ജില്ലകളിലും അബ്കാരി കേസുകളിൽ കുറവ് കാണിക്കുന്നു. എൻ.ഡി.പി.എസ് കേസുകളുടെ കാര്യത്തിൽ 2017–18 ൽ 27.4 ശതമാനം വർദ്ധനവ് ഉണ്ടായി. എല്ലാ ജില്ലകളിലും എൻ.ഡി.പി.എസ് കേസുകൾ വർദ്ധിച്ചു. ഇടുക്കി തൃശ്ശൂർ ജില്ലകളൊഴിച്ചാൽ ഏറ്റവും കൂടുതൽ കൊല്ലം ജില്ലയിലും (710.6 ശതമാനം) എറ്റവും കുറവ് കോഴിക്കോട് (2.4 ശതമാനം) ജില്ലയിലുമാണ്. കോട്പാ കേസുകൾ 2017 ൽ 57 ശതമാനം വർദ്ധനവ് ഉണ്ടായി. ഏറ്റവും വർദ്ധനവ് കൂടിയ ജില്ല തിരുവനന്തപുരവും (34.3 ശതമാനം) ഏറ്റവും വർദ്ധനവ് കുറഞ്ഞ ജില്ല കാസർഗോഡും (43.8 ശതമാനം) ആണ്. വിശദവിവരം **അനുബന്ധം 5.5.8** –ൽ നൽകിയിട്ടുണ്ട്.

വിവിധ കേന്ദ്രങ്ങളിൽ നിന്നും നിയമ വിരുദ്ധമായ നിരോധിത വസ്തുക്കൾ വകുപ്പ് പിടിച്ചെടുക്കുകയും നശിപ്പിക്കുകയും ചെയ്യുന്നുണ്ട്. ഇതിൽ സ്പിരിറ്റ്, ചാരായം ഇന്ത്യൻ നിർമ്മിത വിദേശ മദ്യം, കള്ള്, അരിഷ്ടം, കഞ്ചാവ് ചെടി എന്നിവ ഉൾപ്പെടുന്നു. 2019 വർഷത്തിലെ ജില്ലാ തല വിവരങ്ങൾ അനുബന്ധം 5.5.9 –ൽ ഉൾപ്പെടുത്തിയിരിക്കുന്നു.

സ്കൂളുകളിലും, കോളേജുകളിലും, പൊതു സ്ഥലങ്ങളിലും എക്സൈസ് വകുപ്പ് അവബോധ പരിപാടികൾ നടത്തുന്നുണ്ട്. 2019 ൽ ആകെ 13,437 അവബോധന പരിപാടികൾ നടത്തി. 2018 ൽ ഇത് 21,889 ആയിരുന്നു. ജില്ല തിരിച്ചുള്ള വിശദ വിവരങ്ങൾ **അനുബന്ധം 5.5.10** –ൽ ഉൾപ്പെടുത്തിയിരിക്കുന്നു.

4. പോലീസ് വകുപ്പ്

സംസ്ഥാനത്തെ ക്രമസമാധാനം പരിപാലിക്കുന്നതിന് വേണ്ടി പ്രവർത്തിക്കുന്ന സംസ്ഥാന ഗവൺമെന്റിന്റെ വിഭാഗമാണ് പോലീസ് വകുപ്പ്. പോലീസ് വകുപ്പിന് ജനറൽ എക്സിക്യൂട്ടീവ് വിഭാഗം, ക്രൈം ബ്രാഞ്ച്, ആംഡ് പോലീസ്, സ്റ്റേറ്റ് ക്രൈം റിക്കോർഡ് ബ്യൂറോ, പരിശീലന വിഭാഗം, സ്പെഷ്യൽ ബ്രാഞ്ച്, 11 പ്രത്യേക ഉദ്ദേശ്യ വിഭാഗങ്ങൾ എന്നിവയുണ്ട്. പ്രത്യേക ഉദ്ദേശ വിഭാഗങ്ങളിൽ ഫോറൻസിക് വിഭാഗം, വനിത സെൽ, ട്രാഫിക്ക് പോലീസ്, വാച്ച് & വാർഡ്, ഹൈവേ പോലീസ്, കോസ്റ്റൽ പോലീസ്, ടെമ്പിൾ പോലീസ്,

ടൂറിസം പോലീസ്, മൗണ്ടഡ് പോലീസ്, ഡോഗ് സ്ക്വാഡ്, പോലീസ് ബാന്റ് എന്നിവയും ഉൾപ്പെടുന്നു. സാധാരണ ജനങ്ങൾക്കിടയിൽ പ്രവർത്തിക്കുന്നത് ജനറൽ എക്സിക്യൂട്ടീവ് വിഭാഗമാണ്. പോലീസിന്റെ ആസ്ഥാനം തിരുവനന്തപുരമാണ്. ഇതിനെ നോർത്ത് സോൺ, സൗത്ത് സോൺ എന്നിങ്ങനെയും അതിൽ 4 പോലീസ് റെയ്ഞ്ചുകളും, 19 പോലീസ് ജില്ലകളും ആണ് സംഘടിപ്പിച്ചിരിക്കുന്നത്.

പോലീസ് വകുപ്പ് വഴി സംസ്ഥാന സർക്കാർ നിരവധി പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. ഇതിന്റെ 14 പിങ്ക് കൺട്രോൾ റൂമുകളിലൂടെയും 18 കൗൺസിലിംഗ് കേന്ദ്രങ്ങളിലൂടെയും ജൻഡർ അധിഷ്ഠിത പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. പോലീസ് വകുപ്പിനോടൊപ്പം 566 നിർഭയ വോളണ്ടിയർമാരും പ്രവർത്തിക്കുന്നു. വിശദ വിവരങ്ങൾ അനുബന്ധം 5.5.11 –ൽ ഉൾപ്പെടുത്തിയിരിക്കുന്നു. ആകെയുള്ള 481 പോലീസ് സ്റ്റേഷനുകളെയും ജനമൈത്രി പോലീസ് സ്റ്റേഷനുകളാക്കിയിട്ടുണ്ട്. ജനമൈത്രി സുരക്ഷാ സമിതിയിൽ 5,438 പുരുഷൻമാരും 1,528 സ്ത്രീകളും ഉണ്ട്. അനുബന്ധം 5.5.12 –ൽ വിശദ വിവരങ്ങൾ ഉൾക്കൊള്ളിച്ചിരിക്കുന്നു.

തദ്ദേശ സ്വയം ഭരണ വകുപ്പ്, എക്സൈസ് വകുപ്പ്, വനം വകുപ്പ്, ഗതാഗത വകുപ്പ്, എന്നിവയുടെ പിന്തുണയോടെ പോലീസ് വകുപ്പും വിദ്യാഭ്യാസ വകുപ്പും ചേർന്ന് നടത്തുന്ന സ്കൂൾ അധിഷ്ഠിത പരിപാടിയാണ് സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് (എസ്.പി. സി). നിയമത്തെ ബഹുമാനിക്കാനും അച്ചടക്കം പാലിക്കാനും, പൊതുബോധം കാത്തു സൂക്ഷിക്കാനും സമൂഹത്തിലെ ദുർബല വിഭാഗങ്ങളോട് സഹാനുഭൂതി കാട്ടുന്നതിനും വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുന്നു. ഇത് അവരുടെ കുടുംബത്തോടും, സമൂഹത്തോടും പരിസ്ഥിതിയോടുമുള്ള അർപ്പണ ബോധം ശക്തിപ്പെടുത്തുന്നതോടൊപ്പം അസഹിഷ്ണുത, വഴി തെറ്റിയ രീതി, മയക്കുമരുന്ന് ദുരുപയോഗം തുടങ്ങിയ ദുശ്ശീലങ്ങളിൽ നിന്നും പിന്തിരിപ്പിക്കുന്നു. 2010 ആഗസ്റ്റ് 2 ന് കേരളത്തിലങ്ങോളമിങ്ങോളം 127 സ്കൂളുകളിലായാണ് ഈ പദ്ധതി ആരംഭിച്ചത്. നിലവിൽ 701 സ്കൂളുകളിലായി 58,689 കേഡറ്റുകൾ ഉണ്ട്. ഈ 701 സ്കൂളുകളിൽ 409 സർക്കാർ സ്കൂളുകളും, 268 എയ്ഡഡ് സ്കൂളുകളും 24 അൺ എയ്ഡഡ് സ്കൂളുകളും ആണ്. വിശദ വിവരങ്ങൾ അനുബന്ധം 5.5.13, 5.5.14 എന്നിവയിൽ നൽകിയിരിക്കുന്നു.

പോലീസിന്റെ എൻ.ആർ.ഐ സെൽ 2017–18 –ൽ 15 കേസുകളാണ് രജിസ്റ്റർ ചെയ്തിരിക്കുന്നത്. വിശദ വിവരം അനുബന്ധം 5.5.15 –ൽ കാണാം. 2018–19 ഒക്ടോബർ വരെ സൈബർ & ഹൈടെക് എൻക്വയറി സെൽ 1,790 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 2017–18 –ൽ ഇത് 1,170 ആയിരുന്നു. 2013–14 മുതൽ 2018–19 വരെ റിപ്പോർട്ട് ചെയ്തിട്ടുള്ള വർധിച്ചുവരുന്ന സൈബർ ക്രൈംസിനെ **ചിത്രം 5.5.2** ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

സാമൂഹ്യ മാധ്യമങ്ങളിലൂടെയുള്ള അധിക്ഷേപം, ഓൺ ലൈൻ ചീറ്റിംഗ്, സ്മാർട്ട് ഫോൺ ഉപയോഗിച്ചുള്ള സൈബർ കുറ്റകൃത്യങ്ങൾ, ചൈൽഡ് പ്രോണോഗ്രാഫി പ്രസിദ്ധീകരിക്കൽ, പങ്കുവയ്ക്കൽ തുടങ്ങിയവയാണ് പ്രധാനമായും റിപ്പോർട്ട് ചെയ്തിട്ടുള്ള സൈബർ കുറ്റകൃത്യങ്ങൾ. വിശദ വിവരങ്ങൾ **അനുബന്ധം 5.5.16** –ൽ ഉൾപ്പെടുത്തിയിരിക്കുന്നു.

4. പൊതുസേവനങ്ങൾ (ജയിലുകൾ)

ജയിലുകളിൽ മാന്യമായ ജീവിതാന്തരീക്ഷം സൃഷ്ടിച്ചെങ്കിൽ മാത്രമേ തടവുകാരിൽ ഗുണകരമായ മാറ്റം വരുത്തി നല്ല പൗരന്മാരാക്കാൻ കഴിയുകയുള്ളൂ. കുറ്റവാളികൾ സമൂഹത്തിലേക്ക് തിരിച്ചു വരുന്നത് നിയമം അനുസരിക്കുന്ന ഒരു പൗരനായി മാത്രമല്ല, നല്ല രീതിയിൽ സഹായകരമായ രീതിയിൽ

ചിത്രം 5.5.2 സൈബർ സെല്ലിൽ രജിസ്റ്റർ ചെയ്ത കുറ്റകൃത്യങ്ങളുടെ എണ്ണം



*2019 ഓഗസ്റ്റ് 30 വരെ
അവലംബം: പോലീസ് വകുപ്പ്

ജീവിതം നയിക്കാൻ കഴിവുള്ള പൗരനുമായി ഉറപ്പു വരുത്തുകയാണ് ജയിൽ ഭരണത്തിന്റെ ഉദ്ദേശ്യം. ജയിൽ വകുപ്പിന്റെ അടിസ്ഥാന ചുമതലയും ഉത്തരവാദിത്വവും ജയിലിൽ അടക്കപ്പെട്ട വ്യക്തികളെ ഭദ്രമായി സൂക്ഷിക്കുക എന്നതാണ് ജയിലിലടക്കപ്പെട്ട എല്ലാ വ്യക്തികൾക്കും നിയമം അനുശാസിക്കുന്ന പ്രകാരം വൃത്തിയായ ജീവിത സാഹചര്യങ്ങൾ, മതിയായ ആഹാരം, വസ്ത്രം, ചികിത്സ എന്നിവ ലഭിക്കുന്നതാണ്. തടവുകാരുടെ പുനരധിവാസം വളരെയധികം പ്രാധാന്യം ആവശ്യമുള്ളതും പുന:വിദ്യാഭ്യാസം നൽകി കുറ്റകൃത്യങ്ങളിൽ നിന്നും നിയന്ത്രിച്ചു നിർത്തുന്നതിനുമുള്ള മനശ്ശാസ്ത്രപരമായ പ്രക്രിയയാണ്. തടവുകാരെ സമൂഹത്തിൽ പുന:സംയോജിപ്പിച്ച് മാന്യമായ ജീവിതം നൽകുവാൻ പ്രാപ്തരാക്കുക എന്നതാണ് അന്തിമമായ ലക്ഷ്യം.

കേരളത്തിൽ 3 സെൻട്രൽ പ്രിസണുകളുൾപ്പെടെ 55 ജയിലുകളാണ് ഉള്ളത്. തിരുവനന്തപുരം, വിയ്യൂർ, കണ്ണൂർ എന്നിവിടങ്ങളിലാണ് സെൻട്രൽ പ്രിസണുകൾ ഉള്ളത്. കേരളത്തിലെ ജയിലുകളിൽ നിയമാനുസൃതമായി താമസിപ്പിക്കാവുന്ന തടവുകാരുടെ എണ്ണം 7200 ആണ്. 2019 ആഗസ്റ്റ് മാസം വരെ 7287 തടവുകാരുള്ളതിൽ 158 പേർ സ്ത്രീകളാണ്. പ്രിസണുകളുടെ ആധുനികവത്ക്കരണവും തടവുകാരുടെ ക്ഷേമവുമാണ് പ്രിസൺ വകുപ്പ് നടപ്പാക്കി വരുന്ന പ്രധാന പദ്ധതികളിൽ രണ്ടെണ്ണം. എറണാകുളം തൃക്കാക്കരയിലുള്ള ബോർസ്റ്റൽ സ്ക്കൂളിൽ 60 അന്തേവാസികളുണ്ട്. 18–21 വയസ്സ് പ്രായമുള്ള 400 തടവുകാർ ഉണ്ട്. ജയിൽ മോചിതരായ തടവുകാരിൽ ഗുണകരമായ രീതിയിൽ മാറ്റം ഉണ്ടാക്കുകയും സ്വയം സഹായിക്കത്തക്കതും സമൂഹത്തിന് സ്വീകാര്യമായ സ്വഭാവം രൂപപ്പെടുത്തുന്നത് ഉറപ്പു വരുത്തുകയുമാണ് വകുപ്പിന്റെ ദൗത്യം.

ജയിൽ വകുപ്പ് മുഖേന നൽകുന്ന സേവനങ്ങൾ

നിലവിലുള്ള നിയമ പ്രകാരം തടവുകാരുടെ ചുവടെ പറയുന്ന അവകാശങ്ങളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട സേവനങ്ങളാണ് ജയിൽ വകുപ്പ് നടപ്പിലാക്കി വരുന്നത്.

എ. മാന്യതയുള്ള മനുഷ്യരായി ജീവിക്കുക.

ബി. മതിയായ ആഹാര ക്രമം, ആരോഗ്യവും രോഗ ചികിത്സയും, വൃത്തിയുള്ള ജീവിത സാഹചര്യങ്ങൾ, വസ്ത്രം.

സി. കുടുംബാംഗങ്ങൾ, സുഹൃത്തുക്കൾ, നിയമോപദേശകർ, മറ്റു വ്യക്തികൾ എന്നിവരുമായി ആശയവിനിമയം.

ഡി. നിയമ സഹായവും നിയമ സേവനവും സാധ്യമാക്കൽ.

ഇ. നിയമ ലംഘനം നടത്തുന്നതിനെതിരെയോ, നിയമ വിരുദ്ധമായ കടന്നാക്രമണത്തിനെതിരെയും ഉള്ള സംരക്ഷണം.

എഫ്. അകാരണമായുള്ള വിവേചനം തടയുക.

ജി. നിയമ പ്രകാരമല്ലാതെയുള്ള ശിക്ഷാ നടപടികളിൽനിന്നും ദ്രോഹ നടപടികളിൽ നിന്നും സംരക്ഷണം നൽകലും ഇത്തരം അവസരങ്ങളെ തടയുകയും ചെയ്യൽ.

എച്ച്. മതപരമായ വിശ്വാസം തുടരൽ.

ഐ. നിയമ പ്രകാരമല്ലാത്ത തൊഴിൽ, നിശ്ചിത സമയത്തിൽ കൂടുതൽ തൊഴിലെടുപ്പിക്കൽ, നിശ്ചിത നിരക്ക് പ്രകാരം കൂലി നൽകാതിരിക്കൽ എന്നിവയിൽ നിന്നും സംരക്ഷണം.

ജെ. ഇന്ത്യൻ ഭരണ ഘടന 3–ം അദ്ധ്യായപ്രകാരമുള്ള അവകാശങ്ങളുടെ ആസ്വാദനം എന്നത് കുറ്റവാളിയാക്കപ്പെട്ടതിനാലും തടവുശിക്ഷയനുഭവിച്ചതിനാലും അവകാശങ്ങളുടെ ആസ്വാദനത്തിന് കഴിവില്ലാത്തവരാകാതിരിക്കാനും.

കെ. സമൂഹത്തിനാവശ്യമായ തൊഴിൽ മേഖലയിൽ ഫലപ്രദമായ പരിശീലനം നൽകൽ.

എൽ. നിശ്ചിത തീയതിയിൽ വിടുതൽ ചെയ്യൽ.

നിയമപരമായ ചട്ടക്കൂട്

പ്രൊബേഷൻ സമ്പ്രദായത്തിന്റെ നിയമപരവും നിയന്ത്രണപരവുമായ ചട്ടക്കൂട് 1958–ലെ പ്രൊബേഷൻ ഓഫ് ഒഫൻഡേഴ്സ് ആക്ട് 1961–ലെ കേരള ബോർസ്റ്റൽ സ്ക്കൂൾ ആക്ട്, 1960–ലെ കേരള പ്രൊബേഷൻ ഓഫ് ഒഫൻഡേഴ്സ് റൂൾസ് എന്നിവയെ അടിസ്ഥാനമാക്കിയുള്ളതാണ്. ഇതുവരെ പ്രൊബേഷൻ സംസ്ഥാന നയങ്ങൾ ഇല്ലാത്തതിനാൽ മുൻകാലത്ത് നിയന്ത്രിച്ചിരുന്ന ജയിൽ വകുപ്പിന്റെ സമീപനത്തെ അടിസ്ഥാനമാക്കിയാണ് നിയമ നിയന്ത്രണ ചട്ടക്കൂട് നടപ്പാക്കിവരുന്നത്. പ്രൊബേഷൻ എന്നത് തിരുത്തലുകളും നിയന്ത്രണങ്ങളുമെന്ന സമീപനം മാത്രമല്ല ക്ഷേമകരവും സംരക്ഷണ പ്രവർത്തനങ്ങളും കൂടിയാണെന്ന് ബോധ്യമായപ്പോൾ പ്രൊബേഷന്റെ ഉത്തരവാദിത്വം സാമൂഹ്യ നീതി വകുപ്പിലേക്ക് കൈമാറ്റം ചെയ്തു. പ്രൊബേഷൻ നിയമ നിയന്ത്രണ ചട്ടക്കൂട് സംബന്ധിച്ച സംസ്ഥാന നയത്തിന്റെ ഒരു കരടു സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

കേരള പ്രിസൺസും കറക്ഷണൽ സർവ്വീസസും (മാനേജ്മെന്റ്) നിയമം, 2010.

തടവുകാരുടെ ഭദ്രമായ സൂക്ഷിപ്പ്, തെറ്റുതിരുത്തൽ, ഗുണകരമായ മാറ്റം ഉണ്ടാക്കൽ, ക്ഷേമവും പുനരധിവാസവും പ്രിസണുകളുടെയും കറക്ഷണൽ സർവ്വീസുകളുടെയും പരിപാലനം, ബന്ധപ്പെട്ട മറ്റു വിഷയങ്ങൾ എന്നിവ ഈ നിയമം പ്രദാനം ചെയ്യുന്നു.

കേരള ബോർസ്റ്റൽ സ്ക്കൂൾ നിയമം, 1961

കൗമാരപ്രായക്കാരായ കുറ്റവാളികളെ തടവിൽ വയ്ക്കുന്നതിനും തെറ്റു തിരുത്തുന്നതിനുമായുള്ള ബോർസ്റ്റൽ സ്ക്കൂളുകൾ സ്ഥാപിക്കലും ക്രമീകരിക്കലും അനുവദിക്കുന്നതു സംബന്ധിച്ച നിയമമാണിത്. കൗമാരപ്രായക്കാരായ കുറ്റവാളികളിൽ തെറ്റു തിരുത്തൽ നടപടി നടപ്പാക്കാനുള്ള സ്ഥാപനമാണ് ബോർസ്റ്റൽ സ്ക്കൂൾ. കുറ്റം ചുമത്തപ്പെട്ടവരെ ഇവിടെ തടവിൽ വയ്ക്കുകയും വ്യവസായപരവും കാർഷികപരവുമായ പരിശീലനവും മറ്റു നിർദ്ദേശങ്ങളും നൽകുകയും ചെയ്യുന്നു. ശിക്ഷണപരമായ സ്വാധീനവും കുറ്റവാളികളിൽ ഗുണകരമായ മാറ്റം ഉണ്ടാക്കുന്നതിനും കുറ്റകൃത്യത്തെ തടയുന്നതിനും കഴിയുന്നു. 18–21 വയസ്സു വരെയുള്ള കൗമാരപ്രായക്കാരായ കുറ്റവാളികളെ പാർപ്പിക്കുന്നതിനും മെച്ചപ്പെട്ട പുനരധിവാസത്തിനും ഗുണപരമായ സ്വഭാവ രൂപീകരണത്തിനുമായുള്ള സ്ഥാപനമാണ് ബോർസ്റ്റൽ സ്ക്കൂൾ.

കുറ്റവാളികളുടെ പ്രൊബേഷൻ നിയമം, 1958

കുറ്റവാളികളെ പ്രൊബേഷൻ സമ്പ്രദായ പ്രകാരം വിടുതൽ ചെയ്യുന്നതും താക്കീതുനൽകുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങളും ഈ നിയമത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഇന്ത്യൻ ശിക്ഷാ നിയമമനുസരിച്ചോ മറ്റേതെങ്കിലും നിയമമനുസരിച്ചോ കുറ്റം ചുമത്തപ്പെട്ടാലോ ഫൈനോടുകൂടിയോ അല്ലാതെയോ രണ്ടുവർഷത്തിൽകൂടുതൽ തടവുശിക്ഷ ലഭിക്കുകയോ ചെയ്ത ഒരു വ്യക്തിക്ക് ആ വ്യക്തിയുടെ മുൻ കാലങ്ങളിലെ കുറ്റം തെളിയിക്കപ്പെടാതിരിക്കുകയും കോടതി കുറ്റക്കാരനെന്ന് കണ്ടെത്തുകയും ചെയ്താൽ ശിക്ഷ നൽകുന്നതിനു പകരം താക്കീതു നൽകി നല്ല സ്വഭാവ രൂപീകരണത്തിനായി പ്രൊബേഷൻ വ്യവസ്ഥ പ്രകാരം വിടുതൽ ചെയ്യുന്നു.

കേരള പ്രൊബേഷൻ ഓഫ് ഒഫന്റേഴ്സ് ചട്ടങ്ങൾ, 1960

1958–ലെ പ്രൊബേഷൻ ഓഫ് ഒഫന്റേഴ്സ് ആക്ടിന്റെ തുടർച്ചയായി ആക്ടിൽ ചുമതലപ്പെടുത്തിയിട്ടുള്ള അധികാരങ്ങൾ പ്രാവർത്തികമാക്കുന്നതിന് 1960–ൽ കേരള ചട്ടങ്ങൾ നിലവിൽ വന്നു. സംസ്ഥാനത്ത് സ്ഥാപനപരമായ ക്രമീകരണങ്ങൾക്കും നിർവ്വഹണ ചട്ടക്കൂടുകൾക്കുമുള്ള വ്യവസ്ഥ പ്രസ്തുത ചട്ടങ്ങളിൽ വ്യക്തമാക്കിയിട്ടുണ്ട്. ശിക്ഷ നിലനിർത്തികൊണ്ടുതന്നെ സമൂഹത്തിൽ ജീവിക്കാൻ അനുവദിക്കുന്ന സമ്പ്രദായമാണ് പ്രൊബേഷൻ സർവ്വീസ്.

സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കറക്ഷണൽ അഡ്മിനിസ്ട്രേഷൻ

നൂതന രീതികൾക്കനുസൃതമായി തിരുത്തൽ സമ്പ്രദായം പ്രവർത്തന തലത്തിൽ കൊണ്ടുവരുന്നതിന് മുൻഗണന നൽകികൊണ്ട് വകുപ്പിലെ ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുന്നതിനുള്ള സ്ഥാപനമാണ് ഇത്. തിരുവനന്തപുരം പൂജപ്പുരയിലാണ് ഓഫീസ് പ്രവർത്തിക്കുന്നത്.

പ്രൊബേഷൻ

ആഗോള തലത്തിൽ സ്വീകാര്യമായുള്ളതും, ഫലപ്രദമായി പരീക്ഷിച്ചിട്ടുള്ളതും വ്യാപകമായി പരിശീലിപ്പിക്കുകയും ചെയ്തിട്ടുള്ള സ്ഥാപനേതര രീതിയാണ് പ്രൊബേഷൻ. തെരെഞ്ഞെടുക്കപ്പെട്ട കുറ്റവാളികളെ ജയിലുകളിലടയ്ക്കാതെ പ്രത്യേകിച്ചും പ്രായം കുറഞ്ഞവർ/ആദ്യമായി കുറ്റവാളികളായവർ എന്നിവരെ പരിചരിക്കാനും പുനരധിവസിപ്പിക്കാനുമായി നീതിന്യായവകുപ്പിന്റെ വിവേചനാധികാരം വിനിയോഗിച്ച് വിടുതൽ ചെയ്യുന്ന രീതിയാണിത്. തടവുകാരെ സമൂഹത്തിൽ പുനരധിവസിപ്പിക്കുന്നതിനു സഹായകരമായി വിഭാവനം ചെയ്തിട്ടുള്ള സ്ഥാപനേതരമായ ഈ രീതി ജയിലിലടയ്ക്കുന്നതിനുപകരമായുള്ള സംവിധാനമാണ്. പ്രത്യേകമായി തെരെഞ്ഞെടുക്കപ്പെട്ടതും ശിക്ഷയിൽ ഉപാധികളോടെ വിലക്ക് ലഭിച്ചവരുമായ തടവുകാരെ പ്രൊബേഷൻ ഓഫീസർമാരുടെ വ്യക്തിപരമായ നിരീക്ഷണത്തിലൂടെയും പരിചരണത്തിലൂടെയും കൈകാര്യം ചെയ്യുന്ന പ്രവർത്തനമാണ് പ്രൊബേഷൻ. പ്രൊബേഷൻ കാലയളവിൽ കുറ്റവാളികൾ ചട്ടങ്ങളും നിയന്ത്രണങ്ങളും അനുസരിക്കുന്നത് ഉറപ്പുവരുത്തുന്നതിനായും മറ്റും വിവിധ തരത്തിലുള്ള സഹായങ്ങൾ ലഭ്യമാക്കുന്നതിനും പ്രൊബേഷൻ ഓഫീസർമാർ കുറ്റവാളികളുമായി ഇടപെടുന്നു. സമൂഹത്തിൽ കുറ്റവാളികളെ പുനഃസ്ഥാപിക്കുകയെന്നതാണ് പ്രൊബേഷന്റെ അത്യന്തികമായ ലക്ഷ്യം. കുറ്റവാളികളിൽ ലൈംഗിക അതിക്രമങ്ങൾ ഉൾപ്പെടെയുള്ള കുറ്റകൃത്യങ്ങൾ ചെയ്യാനുള്ള സഹജ വാസന കുറക്കുവാനും ഇതു വഴി സഹായകരമാകുന്നു.

തടവുകാർക്കുള്ള ക്ഷേമ പ്രവർത്തനങ്ങൾക്കായുള്ള പദ്ധതികൾ

ജയിലുകളുടെ നവീകരണം

തടവുകാർക്ക് മെച്ചപ്പെട്ട അന്തരീക്ഷം നൽകുന്നതിന്റെ ഭാഗമായി വിവിധ ആധുനികവൽക്കരണ പരിപാടികൾ ഈ പദ്ധതിപ്രകാരം നടപ്പാക്കി വരുന്നു. ജയിലുകൾ, സബ് ജയിലുകൾ, അടുക്കള വിഭാഗം, തയ്യൽ വിഭാഗം, ബോർസ്റ്റൻ സ്ക്കൂൾ, മറ്റു അടിസ്ഥാന സൗകര്യ പ്രവർത്തനങ്ങൾ എന്നിവ ജയിൽ വികസനവുമായി ബന്ധപ്പെട്ട് നടപ്പാക്കുന്ന പ്രവർത്തികളാണ്.

തടവുകാരുടെ ക്ഷേമം

തടവുകാർക്കായി വിവിധ ക്ഷേമ പ്രവർത്തനങ്ങൾ, ജയിലിന്റെ സുരക്ഷ വർദ്ധിപ്പിക്കാനുള്ള പദ്ധതികൾ, തൊഴിൽ പരിശീലനം, ജയിൽ ക്ഷേമദിനം സംഘടിപ്പിക്കൽ, റീ ഓറിയന്റേഷൻ കോഴ്സ്, സംസ്ഥാനതല സെമിനാറുകൾ, തുടർ വിദ്യാഭ്യാസ പരിപാടി/യോഗ ക്ലാസ്, സിസിടിവി സംവിധാനം, പശു, ആട് വളർത്തൽ ഫാമുകൾ എന്നിവ ഈ പദ്ധതിയിൽ വിഭാവനം ചെയ്യുന്നു. വിവിധ ജയിലുകളിലെ തടവുകാരുടെ വിശദാംശങ്ങൾ **അനുബന്ധം 5.5.17**-ൽ കൊടുത്തിരിക്കുന്നു.

അനന്തര ശുശ്രൂഷ, തുടർ സേവനങ്ങൾ, ഇരകളുടെ പുനരധിവാസം

തടവുകാരുടെ സ്വഭാവത്തിന്റെ അടിസ്ഥാനത്തിലും അവരിൽ ഗുണകരമായ മാറ്റം ഉണ്ടാക്കുന്നതിനുമായി കാലാവധി പൂർത്തിയാക്കാതെ തന്നെ അവരെ മോചിപ്പിക്കുന്നത് സർക്കാർ നയമാണ്. മുൻകാല കുറ്റവാളികൾ, ജാമ്യത്തിൽ കഴിയുന്നവർ, മുൻ തടവുകാർ, ദരിദ്രരായ കുറ്റവാളികളുടെ ആശ്രിതർ എന്നിവർക്കും ധന സഹായം നൽകൽ, ഗാർഹിക പീഡനത്തിനിരയായവർക്ക് കഴിവു വികസിപ്പിക്കുന്നതിനുള്ള പരിശീലനം, തടവുകാരുടെ മക്കൾക്ക് വിദ്യാഭ്യാസ ധനസഹായം, പുനരധിവാസ പ്രവർത്തനവും സ്വയം തൊഴിൽ യൂണിറ്റുകൾ സജ്ജീകരിക്കുന്നതിനോ പ്ലെയ്സ്മെന്റ് സൗകര്യത്തിന് വേണ്ടിയോ ധനസഹായം എന്നിവയും നടപ്പാക്കിവരുന്നു. ജയിൽ മോചിതരായവർക്ക് ഉപജീവനമാർഗ്ഗം കണ്ടെത്തുന്നവർക്കായി സാമൂഹ്യ നീതി വകുപ്പ് 15000 രൂപ നൽകി വരുന്നു. ഈ പദ്ധതി പ്രകാരം 65 പേർക്ക് സ്വയം തൊഴിൽ സഹായവും 36 ആശ്രിതർക്ക് ധനസഹായവും 2018-19-ൽ നൽകിയിട്ടുണ്ട്.

തടവുകാരുടെ കുട്ടികൾക്കുള്ള വിദ്യാഭ്യാസ ധനസഹായം

ഒരു വ്യക്തിയെ ഒരു തവണ ജയിലിലടയ്ക്കപ്പെട്ടാൽ അദ്ദേഹത്തിന്റെ കുടുംബമാണ് ഏറ്റവും കൂടുതൽ പ്രയാസം നേരിടുന്നത്. സാമ്പത്തികത്തിന്റെ അഭാവം മൂലം അവരുടെ കുട്ടികൾക്ക് വളരെ ചെറിയ പ്രായത്തിൽതന്നെ വിദ്യാഭ്യാസം നിഷേധിക്കപ്പെടുന്നു. പിന്നീട് ഇതിന് ഹാനികരമായ പ്രത്യാഘാതങ്ങളുണ്ടായേക്കാം. ഇതിനാൽ സർക്കാർ ഇത്തരം വ്യക്തികളെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനായി ടി. പദ്ധതി ആരംഭിച്ചു. ഇതിൻ പ്രകാരം 1-ം ക്ലാസുമുതൽ 5-ം ക്ലാസുവരെയുള്ള കുട്ടികൾക്ക് പ്രതിമാസം 300 രൂപയും (10 മാസത്തേക്ക്), 6-ം ക്ലാസ്സു മുതൽ 10-ം ക്ലാസ്സുവരെയുള്ള കുട്ടികൾക്ക് 500 രൂപയും +1, +2 കുട്ടികൾക്ക് 750 രൂപയും ഡിഗ്രി/പ്രൊഫഷണൽ കോഴ്സ് ചെയ്യുന്ന കുട്ടികൾക്ക് 1000 രൂപയും സഹായം നൽകുന്നു. 2018-19-ൽ 280 കുട്ടികൾക്ക് വിദ്യാഭ്യാസ ധനസഹായം നൽകി.

പ്രധാന നേട്ടങ്ങൾ

- തിരുവനന്തപുരം/വിയ്യൂർ/കണ്ണൂർ സെൻട്രൽ പ്രിസൺ, ചീമേനി തുറന്ന ജയിൽ തുടങ്ങിയവയുടെ പരിസരങ്ങളിൽ ഇന്ത്യൻ ഓയിൽ കോർപ്പറേഷന്റെ റീട്ടെയിൽ ഔട്ട് ലെറ്റ് സ്ഥാപിക്കുന്നതിനായി വകുപ്പിന് അനുമതി ലഭിച്ചിട്ടുണ്ട്.
- തടവുകാരിൽ ജോലി ചെയ്യാനുള്ള താത്പര്യം വർദ്ധിപ്പിക്കുന്നതിനായി അറിവും കഴിവും നൽകുന്ന വിവിധ തൊഴിൽ പരിശീലനങ്ങളും നടപ്പാക്കി. തടവുകാർക്ക് ജയിൽ വാസ കാലത്ത് ഫലപ്രദമായ പ്രവൃത്തികൾ ചെയ്യുന്നതിനും ജയിൽ മോചിതരാകുമ്പോൾ തൊഴിൽ സമ്പാദിക്കുന്നതിനും അഭിമാനകരമായി ജീവിക്കുന്നതിന് വരുമാനം സമ്പാദിക്കാനും പ്രാപ്തരാക്കുന്നതിനുള്ള അവസരങ്ങൾ തടവുകാർക്ക് ലഭ്യമാക്കുന്നു. ഇലക്ട്രിക്കൽ ഹാർഡ്വെയർ, കെട്ടിട നിർമ്മാണം, ഭക്ഷ്യ സംസ്കരണം, ബേക്കറി ഉല്പന്ന നിർമ്മാണം, പ്ലംബിംഗ്, സ്ക്രീൻ പ്രിന്റിംഗ്, ഓർഗാനിക് ഫാമിംഗ്, കമ്പ്യൂട്ടർ ഹാർഡ്വെയർ അസമ്പിൾ ചെയ്യൽ, ലിഫ്റ്റ് പ്രവർത്തനം, ഡ്രൈവിംഗ്, തയ്യൽ, ബ്യൂട്ടീഷൻ കോഴ്സ്, ഫാഷൻ ഡിസൈനിംഗ്, സോഫ്റ്റ് ഡോൾ ഉണ്ടാക്കൽ എന്നിവയിൽ പരിശീലനം നൽകുന്നു. സോഫ്റ്റ് ഡോൾ ഉണ്ടാക്കുന്നതിനുള്ള പരിശീലനം വനിതാ ജയിലുകളിലും തടിയിലുള്ള സോഫ്റ്റ് ഡോൾ ഉണ്ടാക്കുന്നതിനു നെട്ടുകാൽത്തേരി തുറന്ന ജയിലിലും നൽകിയിട്ടുണ്ട്.
- 13-ം ധനകാര്യ കമ്മീഷൻ അവാർഡു വിനിയോഗിച്ച് നിർമ്മാണം പൂർത്തിയാക്കിയ 3 പുതിയ ജയിലുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ജില്ലാ ജയിൽ, ഇടുക്കി 2018 നവംബറിലും ഹൈ സെക്യൂരിറ്റി പ്രിസൺ 2019 ജൂലൈയിലും പ്രവർത്തനം ആരംഭിക്കുകയും പാലക്കാട് ജില്ലാ ജയിൽ 2019 ജൂലൈയിൽ ഉദ്ഘാടനം ചെയ്യുകയും ചെയ്തു.
- തിരുവനന്തപുരം / വിയ്യൂർ സെൻട്രൽ പ്രിസണുകളിൽ തയ്യാറാക്കുന്ന ഭക്ഷ്യ ഉല്പന്നങ്ങൾ ഓണ്ലൈനായി വിറ്റഴിക്കുന്നതിന് സ്വിഗ്ഗി, ഊബർ എന്നിവയുമായി ചേർന്ന് പ്രവർത്തനം ആരംഭിച്ചു.
- 2018, 2019-ൽ ഉണ്ടായ പ്രളയ സമയത്ത് ജയിലിലെ ഭക്ഷ്യ യൂണിറ്റിൽ നിന്നും ഭക്ഷണവും വെള്ളവും പ്രളയ ബാധിത പ്രദേശങ്ങളിൽ വിതരണം ചെയ്യുകയുണ്ടായി.
- സംസ്ഥാന സാക്ഷരത മിഷന്റെ സഹായത്തോടെ തടവുകാർക്ക് സംപൂർണ്ണ സാക്ഷരത കൈവരിക്കാനായി വകുപ്പ് 'ജയിൽ ജ്യോതി' മിഷൻ ആരംഭിച്ചു

5.6 ജനങ്ങളിലേക്ക്

സർക്കാരിന്റെ നയങ്ങൾ, പരിപാടികൾ, പദ്ധതികൾ, സംരംഭങ്ങൾ, നേട്ടങ്ങൾ തുടങ്ങിയവയെക്കുറിച്ചുള്ള വിവരങ്ങൾ വിവിധ മാധ്യമങ്ങളിലൂടെ പൊതുജനങ്ങളിലെത്തിക്കാനുള്ള നോഡൽ ഏജൻസിയായി പ്രവർത്തിക്കുന്നത് വിവര പൊതുജന സമ്പർക്ക വകുപ്പാണ്. ഈ വകുപ്പ് സർക്കാരിനും അതിന്റെ ഭാഗമായ പൊതു ജനതയ്ക്കും ഇടയിലുള്ള ആശയ വിനിമയധാര നിലനിർത്തുകയും അതു വഴി ജനങ്ങളുടെ പ്രതികരണങ്ങൾ സുഗമമാക്കുകയും ചെയ്യുന്നു. മൊബൈൽ ജേണലിസം, ഇന്റർനെറ്റ് റേഡിയോ തുടങ്ങിയ മേഖലകളിൽ ആധുനിക സാങ്കേതിക വിദ്യയുടെ പിൻബലത്തോടെ സർക്കാർ നയങ്ങളെയും പ്രവർത്തനങ്ങളെയും പ്രചരണവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഇവ ഏറ്റെടുത്തു നടത്തുന്നു. സംസ്ഥാന ഗവൺമെന്റ് നടപ്പാക്കി വരുന്ന കേരള പുനർ നിർമ്മാണ പ്രവർത്തനങ്ങളുടെയും നാലു മിഷനുകളുടെയും പ്രചരണ പരിപാടികൾക്ക് പ്രത്യേക ഊന്നൽ നൽകുന്നു. പൊതു ജനങ്ങളിലേക്ക് എത്തിക്കുന്നതിനുവേണ്ടി ഔട്ട് ഡോർ പബ്ലിസിറ്റിക്കും ജില്ലാതലത്തിൽ ഇൻഫർമേഷൻ സെന്ററുകൾ മെച്ചപ്പെടുത്തുന്നതിനും സോഷ്യൽ മീഡിയ സെൽ ശക്തിപ്പെടുത്തുന്നതിനും പ്രത്യേക പ്രാധാന്യം നൽകിയിട്ടുണ്ട്.

2018-19-ൽ കൈവരിച്ച പ്രധാന നേട്ടങ്ങളുടെ വിശദാംശങ്ങൾ ബോക്സ് 5.6.1-ൽ കൊടുത്തിരിക്കുന്നു.

വിഷ്വൽ മീഡിയ

വാർത്താ വിഭാഗം, പ്രോഗ്രാം പ്രൊഡക്ഷൻ, ആഡിയോ വീഡിയോ ഡോക്യുമെന്റേഷൻ, ഇലക്ട്രോണിക് മീഡിയ മാർക്കറ്റിംഗ് എന്നിവ വിഷ്വൽ മീഡിയയിൽ ഉൾപ്പെടുന്നു. ടെലിവിഷൻ ചാനലുകൾക്ക് വാർത്തകളുടെ വീഡിയോ ക്ലിപ്പിംഗുകൾ നൽകൽ, സോഷ്യൽ മീഡിയ, പരസ്യങ്ങളുടെ നിർമ്മാണവും വിതരണവും (ആഡിയോ ആന്റ് വീഡിയോ), ഡോക്യുമെന്ററികളും ഹ്രസ്വ ചിത്രങ്ങളുടെ നിർമ്മാണം, ഡോക്യുമെന്റേഷനും ആർക്കൈവിംഗും മുഖ്യമന്ത്രിയുടെ പ്രതിവാര ദൂര ദർശൻ പരിപാടിയായ നാം മുന്നോട്ടിന്റെ നിർമ്മാണം, എന്നിവ ഈ ഡിവിഷൻ മുഖേനയാണ് നടക്കുന്നത്. പ്രതിവാര ദൂരദർശൻ, റേഡിയോ പരിപാടികളുടെ നിർമ്മാണ പ്രക്ഷേപണ പ്രവർത്തനങ്ങളും ഈ ഡിവിഷൻ നടപ്പാക്കുന്ന ദൂരദർശനിലെ നവകേരളം, പ്രിയകേരളം പരിപാടികളും ജനപഥം റേഡിയോ പരിപാടിയും ഇതിൽ ഉൾപ്പെടുന്നു.

വെബ് ആന്റ് ന്യൂമീഡിയ

സർക്കാർ വെബ് പോർട്ടലിന്റെ ഉള്ളടക്ക (www.kerala.gov.in) വിശദാംശങ്ങൾ കൈകാര്യം ചെയ്യുന്നത് ഈ വിഭാഗമാണ്. ടി ദ്വിഭാഷാ (ഇംഗ്ലീഷും മലയാളവും) പോർട്ടൽ മുഖേന ക്യാബിനറ്റ് അംഗങ്ങൾ, അവരുടെ ചുമതലപ്പെട്ട വിഷയങ്ങളും വിവിധ സർക്കാർ വകുപ്പുകളെയും, ഡയറക്ടറേറ്റുകളെയും, ബോർഡുകളെയും കമ്പനികളെയും ഇടപെടാനുള്ള വിശദാംശങ്ങളും ഉത്തരവാദിത്വങ്ങളും, സേവനങ്ങളും സംബന്ധിച്ച വിശദാംശങ്ങളും ഈ വിഭാഗമാണ് നൽകി വരുന്നത് സർക്കാരിന്റെ 40-ൽ പരം സേവനങ്ങളുടെ ഗേറ്റ് വേ ആയി ഈ പോർട്ടൽ പ്രവർത്തിക്കുന്നു. സംസ്ഥാനത്തിന്റെ സാമൂഹ്യ സാമ്പത്തിക സാംസ്കാരിക ഭൗമശാസ്ത്ര ജനസംഖ്യാപരമായ വിശദാംശങ്ങൾ താല്പര്യമുള്ളവർക്കായി ഒരു ഹാന്റി ഓണ്ലൈൻ റഫറൻസായി ഈ പോർട്ടൽ പ്രയോജനപ്പെടുന്നു. (www.kerala.gov.in) ഡോക്യുമെന്ററികൾ, സർക്കാർ ഉത്തരവുകൾ, മന്ത്രിസഭാതീരുമാനങ്ങൾ, CMDRF ഉത്തരവുകൾ, നോട്ടിഫിക്കേഷനുകൾ, സർക്കുലറുകൾ, ആപ്ലിക്കേഷൻ ഫോമുകൾ, പോളിസി ഡോക്യുമെന്റുകൾ, പ്രസിദ്ധീകരണങ്ങൾ, നിയമങ്ങളും ചട്ടങ്ങളും റിപ്പോർട്ടുകളും ടെണ്ടറുകളും എന്നിവയെല്ലാം ഒരു ശേഖരമാണ് www.kerala.gov.in വെബ് സൈറ്റ്. വിവിധ സർക്കാർ വകുപ്പുകളുടെ പ്രവർത്തനം പൊതുജനം വിലയിരുത്തുന്നതിനും മെച്ചപ്പെട്ട പ്രവർത്തനം സംബന്ധിച്ച റിപ്പോർട്ടുകൾ പൊതുജനങ്ങൾക്ക് പ്രാപ്തമാക്കുവാനും ഈ വിഭാഗം

ബോക്സ് 5.6.1 2018–19–ൽ കൈവരിച്ച പ്രധാന നേട്ടങ്ങൾ

1. സർക്കാരിന്റെ 2–ം വാർഷികത്തോടനുബന്ധിച്ച് 13 ജില്ലകളിൽ എക്സിബിഷനുകളും വിവിധ പരിപാടികളും സംഘടിപ്പിച്ചു. സർക്കാരിന്റെ 1000 ദിനം പൂർത്തിയാക്കിയതിന്റെ ഭാഗമയുള്ള പ്രത്യേക പ്രചരണ പരിപാടി, ക്ഷേത്രപ്രവേശന വിളംബരത്തിന്റെ 82–ം വാർഷിക പ്രത്യേക പരിപാടികൾ, സ്ക്കൂളുകളിൽ ഭരണ ഘടനാദിന പരിപാടികൾ എന്നിവ സംഘടിപ്പിച്ചു.
2. പി.ആർ.ഡി. ലൈവ് മുഖേന പ്രധാന സംഭവങ്ങളുടെ തത്സമയ സംപ്രേക്ഷണം, പി.ആർ.ഡി–ലൈവ് , ഫീഡ്ആന്റ് മീഡിയ ഹാൻഡ് ബുക്ക്, സോഷ്യൽ മീഡിയ സെൽ രൂപീകരണം, 3 മൊബൈൽ ആപ്പുകൾ വികസിപ്പിച്ചു.
3. പ്രതിവാര ടി.വി. പരിപാടികളുടെ സംപ്രേക്ഷണം 12 ചാനലുകളിൽ നാം മുന്നോട്ട് പരിപാടി നാം മുന്നോട്ട്, നവകേരളം, പ്രിയകേരളം എന്നിവയ്ക്കായി യൂട്യൂബ് ചാനൽ ആരംഭിച്ചു. മീഡിയയ്ക്കായി 8000–ൽ പരം വീഡിയോഫൂട്ടേജുകൾ പുറത്തിറക്കി. നിപ ബോധവത്കരണ വീഡിയോയും കേരള പുനർനിർമ്മാണത്തിന്റെ വിശദമായ വീഡിയോയും പ്രത്യേകം തയ്യാറാക്കിയിട്ടുണ്ട്.
4. ഓണ്ലൈൻ വീഡിയോ മത്സരം ‘ മിഴിവ്’ സംഘടിപ്പിച്ചു. സർക്കാർ ക്ഷേമ പരിപാടികളുടെ 264 വീഡിയോകൾ തയ്യാറാക്കി. വീഡിയോ ഡോക്യുമെന്ററി ഫെസ്റ്റ് സംഘടിപ്പിച്ചു. വകുപ്പ് ആസ്ഥാനത്ത് വീഡിയോ ഡിജിറ്റൽ ആർക്കൈവ് സ്ഥാപിച്ചു. കേരളത്തിന്റെ ചരിത്രം സംബന്ധിച്ച് ‘വിഷ്വൽ ഹിസ്റ്ററി ഓഫ് കേരള’ ഡോക്യുമെന്ററി ഫെസ്റ്റ് സംഘടിപ്പിച്ചു. ജനപഥം പ്രതിവാര റേഡിയോ പരിപാടി AIR–ലെ F.M ചാനലിലേക്ക് മാറ്റി.
5. ലോക പ്രശസ്തനായ പുലിറ്റ് സർപ്രൈസ് വിജയിയായ ഫോട്ടോഗ്രാഫർ നിക്ക് ഉട്ടിനെ കേരളത്തിൽ കൊണ്ടുവരികയും വിവിധ സ്ഥലങ്ങൾ ഡോക്യുമെന്റ് ചെയ്യുകയും ചെയ്തു. ഡയറക്ടറേറ്റിൽ ഒരു ഫോട്ടോ ആർക്കൈവിംഗ് സിസ്റ്റം ആരംഭിച്ചു.
6. മറ്റു ഭാഷകളിൽ കൂടി പത്രക്കുറിപ്പുകൾ പുറത്തിറക്കാൻ ആരംഭിച്ചു.
7. പരീക്ഷാഫലങ്ങളും തെരെഞ്ഞെടുപ്പ് ഫലങ്ങളും അറിയുന്നതിനായി പി.ആർ.ഡി. ലൈവ് മൊബൈൽ വളരെയധികം രജിസ്ട്രേഷൻ നടന്നു.
8. പ്രളയ കാലത്ത് മുഖ്യമന്ത്രിയുടെ ദുരന്ത നിവാരണ ഫണ്ടു സംബന്ധിച്ച് ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിലെ ദൂരദർശൻ, റേഡിയോ, തീയേറ്ററുകൾ എന്നിവയിലൂടെ സൗജന്യ പരസ്യം നൽകി വാരാണസിയിൽ വെച്ചു നടന്ന പ്രവാസി ഭാരതീയ ദിവസ്–ൽ പങ്കെടുക്കുകയും കേരള പുനർ നിർമ്മാണ പ്രവർത്തനങ്ങളും മുഖ്യമന്ത്രിയുടെ ദുരന്ത നിവാരണ നിധിയെകുറിച്ചും പ്രചരണം സംഘടിപ്പിച്ചു.
9. പ്രളയം, സർക്കാർ നയങ്ങൾ, ക്ഷേമ പദ്ധതികൾ, നവോത്ഥാനം സംബന്ധിച്ച മുഖ്യ മന്ത്രിയുടെ പ്രഭാഷണങ്ങൾ, ഭരണ ഘടന, ശബരിമല കേസിലെ സുപ്രീംകോടതി വിധി, പ്രോഗ്രസ്സ് റിപ്പോർട്ടും സർക്കാർ നേട്ടങ്ങളും, കേരള കാളിംഗ്, ജനപഥം മാഗസിനുകൾ എന്നിവ സംബന്ധിച്ച് പുസ്തകങ്ങൾ വെബ്സൈറ്റിലും ഫെസ് ബുക്കിലും ലഭ്യമാണ്.

ഉറവിടം: പബ്ലിക് റിലേഷൻസ് വകുപ്പ്, Gok

സഹായിക്കുന്നു. ദിനംതോറുമുള്ള സർക്കാർ പത്ര കുറിപ്പുകളും പ്രഖ്യാപനങ്ങളും ഈ പോർട്ടലിലെ ഭാഗമാണ്. വിവിധ സർക്കാർ പ്രസിദ്ധീകരണങ്ങളും ഈ പോർട്ടൽ മുഖേന ലഭ്യമാക്കുന്നു. എസ്.എസ്. എൽ.സി, ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർസെക്കന്ററി എന്നിവയുടെ പരീക്ഷാ ഫലം സർക്കാർ വെബ്പോർട്ടലിലൂടെയും വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റിലൂടെയും പ്രസിദ്ധീകരിക്കുന്നത് വെബ് ആന്റ് ന്യൂ മീഡിയ ഡിവിഷനാണ്. വകുപ്പിന്റെ സോഷ്യൽ മീഡിയ അക്കൗണ്ടുകളായ ട്വിറ്റർ, ഫേസ്ബുക്ക്, യൂ ട്യൂബ് എന്നിവ കൈകാര്യം ചെയ്യുന്നത് പ്രസ്തുത വിഭാഗമാണ്. എസ് എസ് എൽ സി , ഹയർ സെക്കണ്ടറി , വോക്കേഷണൽ ഹയർ സെക്കണ്ടറി പരീക്ഷാഫലങ്ങൾ സർക്കാർ വെബ് പോർട്ടലിലൂടെയും വർഷം തോറും പ്രസിദ്ധീകരിച്ചു വരുന്നു. 2018 ആഗസ്റ്റിലെ പ്രളയകാലത്തു സാഹചര്യം തരണം ചെയ്യാനായി സർക്കാർ ഇടപെടലുകൾ സംബന്ധിച്ച വിവരങ്ങളും യഥാസമയത്ത് പുതിയ കാര്യങ്ങളും ജനങ്ങളിലേക്ക് എത്തിക്കുന്നതിനും ഫെസ്ബുക്ക്, യൂട്യൂബ്, ട്വിറ്റർ അക്കൗണ്ടുകൾ എന്നിവ പ്രയോജനപ്രദമായി ഉപയോഗിച്ചു.

മീഡിയാ ബന്ധങ്ങൾ

സർക്കാരിന്റെ പ്രവർത്തനങ്ങളെ കുറിച്ചുള്ള വാർത്താ റിപ്പോർട്ടുകളും മറ്റു ഔദ്യോഗിക വിജ്ഞാപനങ്ങളും സ്ഥിരമായി വിതരണം ചെയ്യുന്നത് വകുപ്പിന്റെ പത്ര പ്രസ്താവന വിഭാഗമാണ്. പ്രസ് മീറ്റുകൾ നടത്തുക, റിപ്പോർട്ടിംഗ് സുഗമമാക്കുന്നതിന് മെച്ചപ്പെട്ട സൗകര്യങ്ങൾ മീഡിയാ റിപ്പോർട്ടർമാർക്ക് നൽകൽ

എന്നിവയാണ് മീഡിയാ റിലേഷൻസ് വിഭാഗത്തിന് കീഴിൽ വരുന്ന പ്രധാന പ്രവർത്തനങ്ങൾ. വകുപ്പിലെ സ്ക്രൂട്ടിനി വിഭാഗം സർക്കാരിന്റെ നയങ്ങൾ, പരിപാടികൾ, മറ്റു വിഷയങ്ങൾ എന്നിവ പത്ര ദൃശ്യ മാധ്യമങ്ങളിൽ പ്രസിദ്ധീകരണത്തിനായി സ്ക്രൂട്ടിനി ചെയ്യുന്നു.

പ്രസിദ്ധീകരണങ്ങൾ

കോശഗ്രന്ഥം, മാഗസിനുകൾ, ന്യൂസ് ലെറ്ററുകൾ, ലഘുലേഖകൾ തുടങ്ങിയവ പ്രസിദ്ധീകരണ വിഭാഗത്തിന്റെ എഡിറ്റോറിയൽ വിംഗ് ആണ് ചെയ്യുന്നത്. സർക്കുലേഷൻ വിംഗും ഈ വിഭാഗത്തിൽ പെടുന്നു.

പരസ്യങ്ങൾ

സർക്കാർ പരസ്യങ്ങൾ പ്രസിദ്ധീകരിക്കുന്നതിനുള്ള ഔദ്യോഗിക ഏജൻസിയാണ് ഇൻഫർമേഷൻസ് ആന്റ് പബ്ലിക് റിലേഷൻസ് ഡിപ്പാർട്ട്മെന്റ്. വിവിധ വകുപ്പുതല പരസ്യങ്ങൾ മീഡിയയ്ക്ക് നൽകുകയും പരസ്യ ചെലവുകൾ വിതരണം ചെയ്യുകയും ചെയ്യുന്നത് പരസ്യ വിഭാഗമാണ്. പ്രിന്റ്/വിഷ്വൽ പരസ്യങ്ങളുടെ നിർമ്മാണവും ഈ വിഭാഗം ചെയ്തു വരുന്നു. പ്രിന്റ്, ഇലക്ട്രോണിക്, ഓണ്ലൈൻ മീഡിയ, മീഡിയ ലിസ്റ്റ് കൈകാര്യം ചെയ്യൽ എന്നിവയ്ക്കാണ് സർക്കാർ നിരക്ക് നിശ്ചയിക്കലും ഈ വിഭാഗത്തിന്റെ ചുമതലയാണ്.

ഔട്ട്ഡോർ പബ്ലിസിറ്റിയും സംസ്ക്കാരവും

സർക്കാർ നയങ്ങളും സംരംഭങ്ങളും സംബന്ധിച്ച് ജില്ലാതലത്തിലും സംസ്ഥാന തലത്തിലും സംസ്ഥാനത്തിനു പുറത്തും മതിയായ പ്രചരണം നടത്തുന്നതിനായി വിവിധ ബോധവത്ക്കരണ പരിപാടികളും പ്രചരണ പരിപാടികളും സംഘടിപ്പിക്കുന്നത് ഔട്ട് ടോർ പബ്ലിസിറ്റി വിഭാഗമാണ്. പ്രദർശനങ്ങൾ, സെമിനാറുകൾ, ശില്പശാലകൾ, സാമൂഹ്യമാധ്യമം, മൾട്ടി മീഡിയ ക്യാമ്പയിൻ, കലാ സാംസ്കാരിക സ്വരൂപങ്ങളും ഇതിനായി ഉപയോഗിക്കുന്നു.

ഗവേഷണവും നിർദ്ദേശവും

പ്രസ് ആന്റ് രജിസ്ട്രേഷൻ ഓഫ് ബുക്ക്സ് ആക്ട്–പി .ആർ. ബി ആക്ട്–ലെ നിർദ്ദേശ പ്രകാരം സംസ്ഥാനത്ത് പ്രസിദ്ധീകരിക്കുന്ന പത്രങ്ങളുടെയും ആനുകാലികങ്ങളും സംബന്ധിച്ച രജിസ്റ്ററുകൾ ക്രമപ്രകാരം കൈകാര്യം ചെയ്യുന്നത് ഗവേഷണവും നിർദ്ദേശവും വിഭാഗമാണ്. പുതിയ പ്രവണതകളും പൊതു സമ്പർക്ക പരിപാടികളായ പി.ആർ. മട്ടിക്സ്, ക്രൈസിസ് കമ്യൂണിക്കേഷൻ, ക്യാമ്പയിൻ പ്ലാനിംഗ്, പുതിയ സാങ്കേതിക വികാസങ്ങളായ മൊബൈൽ ജേണലിസം (മോജോ), ബ്രാൻഡിംഗ്, ഇൻഫോഗ്രാഫിക്സ് തുടങ്ങിയവയുടെയും വിവിധ കാഴ്ചപ്പാടുകളും കേന്ദ്രീകരിച്ചുകൊണ്ട് വിശദമായ പരിശീലന പരിപാടി വകുപ്പും ആരംഭിച്ചിട്ടുണ്ട്.

കേരള മീഡിയ അക്കാഡമി

വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന സ്വയം ഭരണാധികാരമുള്ള ഒരേ ഒരു സ്ഥാപനമാണ് കേരള മീഡിയ അക്കാഡമി. 2014–ൽ കേരള മീഡിയ അക്കാദമി എന്ന പേരിൽ പ്രവർത്തിച്ചിരുന്ന പ്രസ്തുത പ്രസ്ഥാനം കേരള പ്രസ്സ് അക്കാദമി എന്ന പേരിൽ പുന:നാമകരണം ചെയ്തു. ജേണലിസം മേഖലയിൽ പഠനങ്ങളും ഗവേഷണവും ഏകോപനവും പ്രോത്സാഹനവും പരിശീലന കോഴ്സുകൾ സംഘടിപ്പിക്കൽ, ശില്പശാലയും സെമിനാറുകളും സംഘടിപ്പിക്കൽ, പുസ്തകങ്ങളും ആനുകാലികങ്ങളും പ്രസിദ്ധീകരിക്കൽ, മാധ്യമ അവാർഡുകൾ നടപ്പാക്കൽ, ജേണലിസത്തിന് അഡ്വാൻസ്ഡ് റിസർച്ച് നടത്തുന്നതിന് ഫെലോഷിപ്പ് അനുവദിക്കുക എന്നതാണ് കേരള മീഡിയ അക്കാദമിയുടെ പ്രധാന ലക്ഷ്യങ്ങൾ. കേരള മീഡിയ അക്കാദമിയുടെ അനുബന്ധ സ്ഥാപനമായ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്യൂണിക്കേഷൻ മീഡിയയുമായി ബന്ധപ്പെട്ട് നാലു കോഴ്സുകളിലായി 100 വിദ്യാർത്ഥികൾ പഠിച്ചു വരുന്നു.

അദ്ധ്യായം

06

മാനവ വികസനം

അ ദ്ധ്യാ യം

06

മാനവ വികസനം

6.1 വിദ്യാഭ്യാസം

സമൂഹത്തിൽ സമത്വവും സമൂഹിക നീതിയും ഉറപ്പ് വരുത്തുന്നതിൽ വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം സാർവത്രികമായി അംഗീകരിച്ചിരിക്കുന്നു. എന്നാൽ വളരെ വൈവിധ്യമാർന്ന സമൂഹമുള്ള – ഭൂമി ശാസ്ത്രപരവും സമൂഹികവും സാമ്പത്തികവും – ഇന്ത്യയെപ്പോലുള്ള ഒരു രാജ്യത്ത് പ്രത്യേകിച്ച് അടിസ്ഥാന സൗകര്യങ്ങൾക്ക് പോലും ബുദ്ധിമുട്ടുന്ന ഒരു വലിയ ജനസമൂഹം നിലനിൽക്കുന്നിടത്തോളം കാലം വിദ്യാഭ്യാസത്തിന്റെ പ്രവേശന ക്ഷമത ഒരു പ്രധാന ചോദ്യചിഹ്നമാണ്. ഉയർന്ന സാമൂഹ്യ വികസന സൂചിക കൊണ്ട് പ്രശസ്തമായ കേരളം, സംസ്ഥാനത്തിനകത്തെ വിദ്യാഭ്യാസത്തെ സാർവത്രികമായി പ്രാപ്യമാക്കുന്നതിൽ ശ്രദ്ധേയമായ രീതിയിൽ പ്രവർത്തിച്ചിട്ടുണ്ട്. സമൂഹത്തിലെ എല്ലാ വിഭാഗത്തിലും പെട്ട – പ്രത്യേകിച്ച് പാർശ്വവത്കരിക്കപ്പെട്ട– കുട്ടികളുടെ പ്രശ്നങ്ങൾ സംബോധന ചെയ്യാനുള്ള ശ്രദ്ധേയമായ നടപടികൾ സംസ്ഥാനം സ്വീകരിച്ചിട്ടുണ്ട്.

വിദ്യാഭ്യാസത്തെ കൂടുതൽ സമന്വയിപ്പിക്കുന്നതിനും ബഹുമുഖമാക്കുന്നതിനും ഗൗരവമേറിയ ശ്രമങ്ങൾ നടത്തി. ഭിന്നശേഷിയുള്ള കുട്ടികളുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി പ്രൊഫഷണൽ വൈദഗ്ധ്യവും സഹായവും നൽകി പ്രത്യേകം രൂപകൽപന ചെയ്ത പരിപാടികൾ നടപ്പിലാക്കുന്നു. അതുപോലെ കായിക കലാ മേഖലകളിലെ പാഠ്യേതര പ്രവർത്തനങ്ങളിൽ പ്രത്യേക ശ്രദ്ധ നൽകിയിട്ടുണ്ട്. എന്നിരുന്നാലും വ്യാപനം, ശാസ്ത്രീയ സഹായം എന്നിവയിൽ കൂടുതൽ മെച്ചപ്പെടുത്തലുകൾ ആവശ്യമാണ്. സ്കൂൾ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട എല്ലാവരുടെയും വ്യത്യസ്തങ്ങളായ ആവശ്യങ്ങൾ നിറവേറ്റത്തക്ക രീതിയിൽ സമഗ്രമായ ഒരു മാറ്റം നടത്താൻ പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം (വിദ്യാഭ്യാസ മിഷൻ) ശ്രമിച്ചു കൊണ്ടിരിക്കുന്നു.

അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുക മാത്രമല്ല വിദ്യാഭ്യാസ മിഷൻ ഈ പരിഷ്കാരങ്ങൾകൊണ്ട് ലക്ഷ്യം വച്ചിരിക്കുന്നത്. മറിച്ച് ലോകത്തിന്റെ ഏത് കോണിലുമുള്ള സമപ്രായക്കാരായ കുട്ടികളോടു മത്സരിക്കാൻത്തക്ക അറിവും നൈപുണ്യവും വളർത്തിയെടുക്കുക എന്നതുകൂടിയാണ്. കഴിഞ്ഞ മൂന്നുവർഷക്കാലമായി സ്കൂൾ വിദ്യാഭ്യാസത്തിലെ ശ്രദ്ധേയമായ ഇടപെടൽ എന്ന് പറയുന്നത് വിവര വിനിമയ സാങ്കേതിക വിദ്യാഭ്യാസത്തിന്റെ വിപുലീകരണമാണ്. ഇതിനായി ഒരു വൻ നിക്ഷേപം പണമായിട്ടും പരിശ്രമമായിട്ടും ഈ മേഖലയിൽ നടത്തിയിട്ടുണ്ട്. ഇത് വിദ്യാർത്ഥികളെയും അധ്യാപന–പഠന രീതികളെയും നല്ല രീതിയിൽ സ്വാധീനിച്ചിട്ടുണ്ട്. മാറിവരുന്ന സാങ്കേതിക വിദ്യകൾക്കും പരിവർത്തനങ്ങൾക്കുമനുസരിച്ച് ക്ലാസ്സ് മുറികളും പാഠ്യപദ്ധതികളും അധ്യാപന രീതികളും നവീകരിച്ചു.

വിദ്യാഭ്യാസ മേഖലയിലെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി സർക്കാർ സ്വീകരിച്ച നടപടികൾ പൊതു വിദ്യാലയങ്ങളെ സ്വകാര്യ വിദ്യാലയങ്ങളെ അപേക്ഷിച്ച് കൂടുതൽ ജനകീയമാക്കി. കഴിഞ്ഞ മൂന്നു വർഷക്കാലമായി സ്വകാര്യ വിദ്യാലയങ്ങളിൽ നിന്ന് തങ്ങളുടെ കുട്ടികളെ സർക്കാർ എയ്ഡഡ് സ്കൂളുകളിലേയ്ക്ക് മാറ്റുന്നതിനുള്ള മാതാപിതാക്കളുടെ പ്രവണതയ്ക്ക് സംസ്ഥാനം സാക്ഷ്യം വഹിച്ചുകൊണ്ടിരിക്കുകയാണ്. പൊതു വിദ്യാലയങ്ങളിലെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള ഒരു നല്ല തുടക്കം കേരളം നടത്തിയിരിക്കുകയാണ്. ഇത് നീതി ആയോഗിന്റെ റിപ്പോർട്ടിൽ പ്രതിഫലിച്ചിട്ടുണ്ട്. നീതി ആയോഗ് റിപ്പോർട്ടിന്റെ പ്രസക്ത ഭാഗങ്ങൾ **ബോക്സ് 6.1.1** ൽ കൊടുത്തിരിക്കുന്നു.

സാക്ഷരത

സംസ്ഥാനത്തിന്റെ സമൂഹിക സാമ്പത്തിക വികസനത്തിൽ സാക്ഷരതയുടെ വ്യാപനം പ്രധാന പങ്ക് വഹിച്ചിട്ടുണ്ട്. സാക്ഷരതയും വിദ്യാഭ്യാസവുമാണ് ഒരു സംസ്ഥാനത്തിന്റെ ഉയർന്ന മാനവവികസന നിലവാരത്തിന്റെ ലക്ഷണം. സംസ്ഥാനത്ത് ഉയർന്ന ജനാധിപത്യവൽക്കരണവും അവകാശ ബോധവും

ബോക്സ് 6.1.1 നീതി ആയോഗ് റിപ്പോർട്ട് 2019

സംസ്ഥാനങ്ങളിലെയും കേന്ദ്ര ഭരണ പ്രദേശങ്ങളിലെയും സ്കൂൾ വിദ്യാഭ്യാസത്തിന്റെ വിജയത്തെക്കുറിച്ചുള്ള സ്ഥിതിവിവരക്കണക്കുകളും ഡാറ്റാ അധിഷ്ഠിത ഫീഡ്ബാക്കും നൽകുന്നതിന് നീതി ആയോഗ്, 2016-17നെ അവലംബമാക്കി സ്കൂൾ വിദ്യാഭ്യാസ ഗുണനിലവാര സൂചിക (എസ്.ഇ.ക്യു.ഐ) വികസിപ്പിച്ചെടുത്തു. എം.എച്ച്.ആർ.ഡിയുടെയും ലോകബാങ്കിന്റെയും സഹകരണത്തോടെ വികസിപ്പിച്ചെടുത്ത ഈ സൂചികയിൽ രാജ്യത്തിന്റെ ഗുണനിലവാരമുള്ള വിദ്യാഭ്യാസത്തിന്റെ വിതരണം വിലയിരുത്തുന്ന നിർണ്ണായക സൂചകങ്ങൾ അടങ്ങിയിരിക്കുന്നു.

ഈ സൂചകങ്ങളെ രണ്ട് വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു. അതായത് (i) നേട്ടങ്ങൾ (ii)നേട്ടങ്ങളെ സഹായിക്കുന്ന ഭരണ പ്രക്രിയകൾ. ഒന്നാമത്തെ വിഭാഗത്തെ വീണ്ടും നാലായി തരം തിരിച്ചിരിക്കുന്നു. അവ (എ)പഠന നേട്ടങ്ങൾ (ബി) പ്രാപ്യത, (സി) അടിസ്ഥാന സൗകര്യങ്ങൾ, (ഡി) തുല്യത. രണ്ടാമത്തെ വിഭാഗമായ "നേട്ടങ്ങളെ സഹായിക്കുന്ന ഭരണ പ്രക്രിയയിൽ" പഠനത്തെ സഹായിക്കുന്ന അവശ്യ സംവിധാനങ്ങളായ പരിശീലനം, അധ്യാപകരുടെ ലഭ്യത, അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും ഹാജർ, ഭരണപരമായ പര്യാപ്തത എന്നിവ ഉൾപ്പെടുന്നു.

ഈ റിപ്പോർട്ടനുസരിച്ച് കേരളം 82.17 ശതമാനം സ്കോർ നേടി മികച്ച പ്രകടനം കാഴ്ചവയ്ക്കുകയും ഒന്നാം സ്ഥാനം നേടുകയും ചെയ്തു. മൊത്തം പ്രകടന റാങ്കിംഗിൽ രാജസ്ഥാനും കർണ്ണാടകയും കേരളത്തിന് തൊട്ടു പുറകിൽ നിൽക്കുന്നു. 20 വലിയ സംസ്ഥാനങ്ങളുടെ പട്ടികയിൽ 48.4 ശതമാനം നേടി ഉത്തർപ്രദേശ് ഏറ്റവും അവസാന സ്ഥാനത്ത് നിൽക്കുന്നു.

റിപ്പോർട്ട് അനുസരിച്ച്, പ്രാഥമിക വിദ്യാഭ്യാസത്തിൽ നിന്ന് ദ്വിതീയ വിദ്യാഭ്യാസത്തിലേക്കുള്ള കുട്ടികളുടെ പരിവർത്തനം സംസ്ഥാനത്ത് 100 ശതമാനമാണ്. അതു പോലെതന്നെ 95.4 ശതമാനത്തോടെ ഇൻക്ലൂസീവ് വിദ്യാഭ്യാസത്തിന്റെ കാര്യത്തിലും കേരളം മുൻപന്തിയിൽ നിൽക്കുന്നു. ഫലങ്ങളെ സഹായിക്കുന്ന ഭരണ പ്രക്രിയ വിഭാഗത്തിൽ 79 ശതമാനത്തോടെ കേരളം ഒന്നാം സ്ഥാനത്ത് നിൽക്കുന്നു. എന്നാൽ 21 ശതമാനത്തോടെ ജാർഖണ്ഡാണ് ഏറ്റവും അവസാനത്തെ സ്ഥാനത്ത് നിൽക്കുന്നത്.

ഒന്നാമത്തെ വിഭാഗത്തിൽ കർണ്ണാടക, രാജസ്ഥാൻ, കേരളം, ആന്ധ്ര പ്രദേശ്എന്നിവയാണ് ഉയർന്ന സ്കോർ നേടിയിരിക്കുന്നത്. ഇത് ഒരുപക്ഷേ അവരുടെ പഠന ഫലത്തിലുള്ള ഉയർന്ന പ്രകടനം മൂലമായിരിക്കാം. ഉത്തർപ്രദേശ്, പഞ്ചാബ്, ജമ്മു & കാശ്മീർ എന്നിവരാണ് ഈ വിഭാഗത്തിൽ ഏറ്റവും പിന്നിലുള്ളത്.

പഠന ഫലങ്ങളുടെ വിഭാഗത്തിലെ പ്രകടനം വിലയിരുത്തുന്നതിനായി ദേശീയ അച്ചീവ്മെന്റ് സർവ്വേ 2017 ലെ ഫലങ്ങളും റിപ്പോർട്ട് പരിഗണിച്ചു. മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് പഠന ഫലങ്ങളുടെ കാര്യത്തിൽ കേരളം വളരെ മികച്ച പ്രകടനം കാഴ്ചവെച്ചിട്ടുണ്ട്. എന്നിരുന്നാലും എൻ.എ.എസ് സ്കോർ അനുസരിച്ച് ഭാഷ, സോഷ്യൽ സയൻസ്, കണക്ക് തുടങ്ങിയ വിഭാഗങ്ങളിൽ വിദ്യാർത്ഥികളുടെ പ്രകടനം സംസ്ഥാനം മെച്ചപ്പെടുത്തേണ്ടതുണ്ട്.

അവലംബം: എൻ ഐടിഐ ആയോഗ്, 2019

പൗരബോധവും വളർത്തുന്നതിൽ സാക്ഷരതയ്ക്ക് കാര്യമായ പങ്കുണ്ട്. സാക്ഷരത കണക്കിലെടുക്കുമ്പോൾ 93.91 സാക്ഷരത നിരക്ക് നേടിക്കൊണ്ട് ഇന്ത്യയിൽ ഒന്നാം സ്ഥാനത്താണ് കേരളം. ലക്ഷദ്വീപും (92.28) മിസോറാമും (91.58) കേരളത്തിന്റെ തൊട്ടു പുറകിലുണ്ട്. (സെൻസസ്സ് ഓഫ് ഇന്ത്യ 2011) 1951 ൽ 47.18 ശതമാനമായിരുന്ന കേരളത്തിലെ സാക്ഷരതാനിരക്ക് 2011 ആകുമ്പോൾ ഏകദേശം ഇരട്ടിയായി. 1951 ൽ 22 ശതമാനമായിരുന്ന സ്ത്രീ-പുരുഷ സാക്ഷരതാന്തരം 2011ൽ 4.41 ശതമാനമായി താഴ്ന്നു. സ്ത്രീ സാക്ഷരതയിൽ കേരളം 92 ശതമാനത്തോടെ രാജ്യത്ത് ഒന്നാമത് നിൽക്കുമ്പോൾ രാജസ്ഥാനാണ് ഏറ്റവും പിന്നിലുള്ളത് (52.66 ശതമാനം) (സെൻസസ് ഓഫ് ഇന്ത്യ 2011). 1951 മുതൽ 2011 വരെയുള്ള സാക്ഷരതാ മിഷൻ നിരക്കുകൾ **അനുബന്ധം 6.1.1** ൽ കൊടുത്തിരിക്കുന്നു. സാക്ഷരതാ നിരക്കിന്റെ കാര്യത്തിൽ ജില്ലകൾ തമ്മിലുള്ള അന്തരം വളരെ കുറവാണ്. കേരളത്തിന്റെ സാക്ഷരതാ നിരക്ക് ജില്ലതിരിച്ച് വിശകലനം ചെയ്യുമ്പോൾ 96.93 ശതമാനത്തോടെ പത്തനംതിട്ടയാണ് സാക്ഷരതയിൽ ഏറ്റവും മുന്നിൽ. 96.41 ശതമാനത്തോടെ കോട്ടയം ജില്ലയും 96.26 ശതമാനത്തോടെ ആലപ്പുഴയും തൊട്ടുപിന്നിലുണ്ട്. സംസ്ഥാനത്തെ ഏറ്റവും കുറഞ്ഞ സാക്ഷരതാ നിരക്കുള്ള ജില്ല പാലക്കാടാണ് (88.49 ശതമാനം). 2001, 2011 വർഷങ്ങളിലെ പുരുഷ-സ്ത്രീ വിഭാഗം തിരിച്ചുള്ള ജില്ലകളിലെ സാക്ഷരതാ നിരക്കുകൾ **അനുബന്ധം 6.1. 2** ൽ കൊടുത്തിരിക്കുന്നു.

സാക്ഷരത രംഗത്തും തുടർ വിദ്യാഭ്യാസ മേഖലയിലും പല നൂതന പദ്ധതികളും കേരള സംസ്ഥാന സാക്ഷരതാ മിഷൻ നടപ്പിലാക്കി വരുന്നു. സാക്ഷരത എന്നാൽ വെറും എഴുത്തും വായനയും പഠിക്കുക മാത്രമല്ല മറിച്ച് ആരോഗ്യപരവും വളർച്ചപരവുമായ ഒരു സാമൂഹിക ജീവിതം എങ്ങനെ വളർത്തിയെടുക്കാം എന്ന അവബോധം വളർത്തിയെടുക്കൽ കൂടിയാണ്. ആ ആശയം മുന്നിൽ വച്ചുകൊണ്ട് കെ എസ് എം എൽ എ ആരംഭിച്ച സാമൂഹ്യ സാക്ഷരത പദ്ധതി ലക്ഷ്യം വയ്ക്കുന്നത് ആരോഗ്യം, പരിസ്ഥിതി, ലിംഗഭേദം, കേരള നവോത്ഥാനം, ഇന്ത്യൻ ഭരണഘടന, ഇ-വിദ്യാഭ്യാസം എന്നീ മേഖലകളെയാണ്. അടുത്തകാലത്തായി കേരള സംസ്ഥാന സാക്ഷരതാ മിഷൻ പ്രത്യേകത സാക്ഷരതാ പദ്ധതികൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. പട്ടികജാതി-പട്ടികവർഗ്ഗം, കുടിയേറ്റത്തൊഴിലാളികൾ, ഭിന്നലിംഗക്കാർ തുടങ്ങിയവർക്കായുള്ള സാക്ഷരതാ പരിപാടി കേരളത്തിന്റെ ഇന്നത്തെ അവസ്ഥയ്ക്ക് യോജിക്കുന്നതാണ്. പ്രായമേറിയ പഠിതാക്കളാണ് സാക്ഷരതയുടെയും തുടർവിദ്യാഭ്യാസത്തിന്റെയും ഗുണഭോക്താക്കളിൽ അധികവും. 2018-19 കാലഘട്ടത്തിൽ ഏകദേശം 15,00,000 പേർക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിച്ചിട്ടുണ്ട്.

പാർശ്വവത്ക്കരിക്കപ്പെട്ട സമൂഹത്തെ ലക്ഷ്യം വച്ചുകൊണ്ട് 2018-2019 കാലഘട്ടത്തിൽ ഏകദേശം 2000ത്തോളം ചേരികൾക്കായി ഒരു പ്രത്യേക പദ്ധതി ആരംഭിച്ചു. തദ്ദേശ ഭരണ പ്രദേശത്ത് ഏറ്റവും പിന്നോക്കാവസ്ഥയിൽ ആണെന്ന് തദ്ദേശ ഭരണാദ്ധ്യക്ഷൻ സാക്ഷ്യപ്പെടുത്തുന്ന ചേരികളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നത്. ഇപ്പോൾ ഏകദേശം 45,000 പഠിതാക്കൾക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നുണ്ട്.

ചങ്ങാതി : കുടിയേറ്റത്തൊഴിലാളികൾക്ക് മലയാളം നന്നായി എഴുതാനും വായിക്കാനും ലക്ഷ്യം വച്ചുകൊണ്ട് കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിയുടെ 2016 ൽ ആരംഭിച്ച പദ്ധതിയാണ് 'ചങ്ങാതി'. ഇപ്പോൾ ഈ പദ്ധതി സംസ്ഥാനത്തെ എല്ലാ ജില്ലകളിലേയ്ക്കും വ്യാപിപ്പിച്ചിട്ടുണ്ട്. അതോടൊപ്പം 'ഹമാരി മലയാളം' (നമ്മുടെ മലയാളം) എന്ന പേരിൽ ഇറക്കിയ പാഠപുസ്തകവും സ്വാഗതാർഹമാണ്. സംസ്ഥാന സർക്കാരിന്റെ ഈ പ്രത്യേക സംരംഭം ഏകദേശം 25 ലക്ഷം ഇതര സംസ്ഥാന തൊഴിലാളികൾക്ക് പ്രയോജനപ്രദമാകും. 2018-2019 കാലഘട്ടത്തിൽ 14 തദ്ദേശ ഭരണ പ്രദേശത്ത് നടപ്പിലാക്കിയിട്ടുണ്ട്. ഏകദേശം 2256 കുടിയേറ്റത്തൊഴിലാളികൾ സാക്ഷരത നേടുകയും ചെയ്തു.

വിവിധ സാക്ഷരതാ പദ്ധതികളിലൂടെ പഠിച്ച് വിജയിച്ചവരുടെ വിവരം **പട്ടിക 6.1.1**-ൽ കൊടുത്തിരിക്കുന്നു.

7-ാം തരം തുല്യതാ പരിപാടിയുടെ പരീക്ഷ എഴുതുന്നവരുടെ എണ്ണം കഴിഞ്ഞ 2 വർഷകാലമായി കൂടി വരുന്നതായി കാണുന്നു. കെ എസ് എം എൽ എയുടെ കാര്യക്ഷമമായ പ്രവർത്തനഫലമായി "പ്രേരക"മാർ അർഹരായ ആളുകളെ കണ്ടെത്തി അവരെ വിവിധ തുല്യത പദ്ധതിയിൽ ചേർക്കാൻ സാധിച്ചിട്ടുണ്ട്. വളരെ നല്ലൊരു വിഭാഗത്തെതന്നെ വിദ്യാഭ്യാസത്തിലേയ്ക്ക് തിരികെ കൊണ്ടുവരാൻ പ്രത്യേകിച്ച പത്താം തരത്തിലേയ്ക്കും പന്ത്രണ്ടാം തരത്തിലേയ്ക്കും ചേർക്കാൻ കെ. എസ്. എൽ. എം. എ.യുടെ പ്രയത്നം കൊണ്ട് സാധിച്ചിട്ടുണ്ട്. സാക്ഷരതാ തുല്യതാ പരിപാടിയിൽ 2019ൽ പേര് ചേർത്തിട്ടുള്ളവരുടെ എണ്ണം ചുവടെ പട്ടികയിൽ കൊടുത്തിരിക്കുന്നു.

തുല്യതാ പരിപാടിയിൽ ചേരുന്നവരിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽ പെടുന്നവരുടെ എണ്ണം കൂടുതലാണെന്ന് കാണാം. കേരള സംസ്ഥാനസാക്ഷരതാ മിഷന്റെ കഴിഞ്ഞ 2 വർഷക്കാലത്തെ ശ്രമഫലമായി ഭിന്നലിംഗക്കാരും ഈ പദ്ധതിയുടെ ഭാഗമായി. പത്താം തരത്തിലും പന്ത്രണ്ടാം തരത്തിലുമായി 65 പേർ തുല്യതാ പരിപാടിയിൽ ചേർന്നു.

പട്ടിക 6.1.1 സാക്ഷരതാ പദ്ധതികളുടെ നിലവിലെ അവസ്ഥ-2018-19

ക്രമ നം.	പദ്ധതിയുടെ പേര്	വിജയിച്ചവരുടെ എണ്ണം
1	(അക്ഷര ലക്ഷം) സമ്പൂർണ്ണ സാക്ഷരത കൈവരിക്കുന്നതിനുള്ള പ്രത്യേക സാക്ഷരത പദ്ധതി	21,239
2	അട്ടപ്പാടിപട്ടികവർഗ്ഗ സാക്ഷരതാ തുല്യതാ പരിപാടി	2,553
3	വയനാട് പട്ടികവർഗ്ഗ തുല്യതാ പരിപാടി ഒന്നാം ഘട്ടം	4,309
4	ചങ്ങാതി (കുടിയേറ്റ തൊഴിലാളികൾക്ക് വേണ്ടിയുള്ള സാക്ഷരതാ പദ്ധതി)	2,256
5	നവചേതന (പ്രത്യേക പട്ടികജാതി പദ്ധതി)	1,756
6	ഭിന്നലിംഗക്കാർക്ക് വേണ്ടിയുള്ള പ്രത്യേക തുടർ വിദ്യാഭ്യാസ പദ്ധതി	തുടരുന്നു
7	പരിസ്ഥിതി സാക്ഷരതാ പദ്ധതി	10 ലക്ഷത്തിലധികം പേർ ഈ പദ്ധതിയിൽ പങ്കെടുക്കുന്നു

അവലംബം: കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി

പട്ടിക 6.1.2 12–ാം തരത്തിലും പത്താം തരത്തിലും തുല്യതാ പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവർ

പാഠ്യക്രമം				സ്ത്രീ	പുരുഷൻ	ഭിന്നലിംഗക്കാർ	പട്ടികജാതി	പട്ടിക
ഹയർ സെക്കണ്ടറി	2018	19,702	14,052	39	9,308	1,331	288	33,793
		19792	12842	36	7779	1220	454	32670
എസ്.എസ്.എൽ.സി	2018	15,225	21,263	40	8925	1620	354	36528
	2019	15567	18460	29	7786	1381	748	34056

അവലംബം: സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി

അതുപോലെ തന്നെ ഭിന്നശേഷിക്കാരുടെ ഉയർന്ന പ്രാതിനിധ്യവും കാണാവുന്നതാണ്.

സ്കൂൾ വിദ്യാഭ്യാസം

2018–19 ൽ കേരളത്തിൽ 12961 സ്കൂളുകൾ ഉണ്ടായിരുന്നു. ഇതിൽ 4,695 (36.22 ശതമാനം) എണ്ണം സർക്കാർ സ്കൂളുകളായിരുന്നു. കൂടാതെ 7,216 (55.68 ശതമാനം) എയ്ഡഡ് സ്കൂളുകളും 1,050 (8.1 ശതമാനം) അൺ എയ്ഡഡ് സ്കൂളുകളും ഉണ്ട്. സർക്കാർ തലത്തിൽ ലോവർ പ്രൈമറി സ്കൂളുകളുടെ എണ്ണമാണ് അപ്പർ പ്രൈമറി ഹൈസ്കൂൾ എണ്ണത്തേക്കാൾ കൂടുതൽ. എയ്ഡഡ് സ്കൂളുകളുടെ എണ്ണം സർക്കാർ സ്കൂളുകളുടേതിനേക്കാൾ കൂടുതലാണ്.

സംസ്ഥാനത്ത് ഏറ്റവും കൂടുതൽ സ്കൂളുകൾ മലപ്പുറം ജില്ലയിലാണ് (1,561) തൊട്ടു പിന്നാലെ കണ്ണൂരും (1,308), കോഴിക്കോട്ടുമാണ് (1281). സംസ്ഥാനത്ത് ഏറ്റവും കൂടുതൽ സർക്കാർ സ്കൂളുകളും (553) അൺ എയ്ഡഡ് സ്കൂളുകളും (201 എണ്ണം) ഉള്ളതും മലപ്പുറത്തുതന്നെ. എന്നാൽ കണ്ണൂർ ജില്ലയിലാണ് ഏറ്റവും കൂടുതൽ എയ്ഡഡ് സ്കൂളുകൾ ഉള്ളത് (963).

അനുബന്ധം 6.1.4 –ൽ ജില്ല/മാനേജ്മെന്റ്/തലം തിരിച്ച് 2019–20 ലെ കേരളത്തിലെ സ്കൂളുകളുടെ വിശദാംശങ്ങൾ കൊടുത്തിട്ടുണ്ട്.

സംസ്ഥാനത്തെ 1,500 സ്കൂളുകളിൽ സംസ്ഥാന സർക്കാർ നിർദ്ദേശിച്ചിട്ടുള്ളതിൽ നിന്നും വ്യത്യസ്തമായ പാഠ്യപദ്ധതിയാണ് അനുവർത്തിച്ചുപോരുന്നത്. ഇതിൽ 1288 സി.ബി.എസ്.ഇ. സ്കൂളുകളും, 162 ഐ.സി.എസ്.ഇ. സ്കൂളുകളും, 36 കേന്ദ്രീയ വിദ്യാലയങ്ങളും, 14 ജവഹർ നവോദയ വിദ്യാലയങ്ങളും ഉണ്ട്. എല്ലാ ജില്ലയിലും ഓരോ ജവഹർ നവോദയ വിദ്യാലയം പ്രവർത്തിക്കുന്നു. കേരള സർക്കാർ പാഠ്യപദ്ധതി അല്ലാത്ത പാഠ്യപദ്ധതി അനുവർത്തിക്കുന്ന 2019–20 വർഷത്തിലെ സ്കൂളുകളുടെ വിശദാംശങ്ങൾ ജില്ല തിരിച്ച് **അനുബന്ധം 6.1.5** –ൽ കൊടുത്തിട്ടുണ്ട്.

സർക്കാർ സ്കൂളുകളിലെ പശ്ചാത്തല വികസനവും സൗകര്യങ്ങളും

കേരളത്തിലെ എല്ലാ സർക്കാർ സ്കൂളുകളും പ്രവർത്തിക്കുന്നത് ഉറപ്പുള്ള കെട്ടിടങ്ങളിലാണ്. വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന 84 സർക്കാർ സ്കൂളുകൾക്ക് സ്വന്തം കെട്ടിടം നിർമ്മിക്കേണ്ടതുണ്ട്.

ചിത്രം 6.1.1 ഉടമസ്ഥത തിരിച്ച് വിദ്യാലയങ്ങളുടെ എണ്ണം 2019–20



അവലംബം : പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റ്

കെട്ടിട സൗകര്യമുള്ള സർക്കാർ സ്കൂളുകളുടെ വിശദാംശങ്ങൾ ജില്ല തിരിച്ച് **അനുബന്ധം 6.1.6** ൽ കൊടുത്തിട്ടുണ്ട്. സംസ്ഥാനത്തുള്ള സർക്കാർ സ്കൂളുകളുടെ പശ്ചാത്തലവികസനവും സൗകര്യങ്ങളും മെച്ചപ്പെടുത്തുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സർവ്വശിക്ഷാ അഭിയാൻ പോലുള്ള പരിപാടികളും വളരെയേറെ സഹായിച്ചിട്ടുണ്ട്. കണക്കുപ്രകാരം 99.77 ശതമാനം സർക്കാർ സ്കൂളുകളിൽ കുടിവെള്ള സൗകര്യവും, 100 ശതമാനം സർക്കാർ സ്കൂളുകളിൽ മൂത്രപ്പുര/കക്കൂസ് സൗകര്യങ്ങളുമുണ്ട്. കുടിവെള്ളം/മൂത്രപ്പുര/കക്കൂസ് സൗകര്യങ്ങളോടുകൂടിയ സർക്കാർ സ്കൂളുകളുടെ 2018-19 ലെ ജില്ല തിരിച്ചുള്ള കണക്ക് **അനുബന്ധം 6.1.7**-ൽ കാണാം.

വിദ്യാർത്ഥികളുടെ പ്രവേശനം

സംസ്ഥാനത്ത് സർക്കാർ സ്കൂളുകളിൽ പ്രവേശനം നേടുന്ന കുട്ടികളുടെ എണ്ണത്തിൽ കാര്യമായ വർദ്ധനവ് കാണുന്നുണ്ട്. 2018-19 ൽ 37.03 ലക്ഷത്തിൽ നിന്ന് 2019-20 ൽ 37.17 ലക്ഷമായി കൂടി. എൽ.പി വിഭാഗത്തിൽ കുട്ടികളുടെ പ്രവേശനത്തിൽ നല്ലൊരു വർദ്ധനവ് ഉണ്ടായി. കേരളത്തിലെ സ്കൂളുകളിൽ പ്രവേശനം ലഭിച്ച കുട്ടികളുടെ എണ്ണം വിഭാഗം തിരിച്ച് 2013-14 മുതൽ 2019-20 വരെ **അനുബന്ധം 6.1.8** -ൽ കൊടുത്തിരിക്കുന്നു. 2019-20-ൽ കേരളത്തിലെ സ്കൂളുകളിലെ ഉടമസ്ഥത തിരിച്ചും, ക്ലാസ് തിരിച്ചുമുള്ള കുട്ടികളുടെ സ്കൂൾ പ്രവേശനം സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം 6.1.9 ൽ കൊടുത്തിരിക്കുന്നു. എയ്ഡഡ് സ്കൂളിലെ കുട്ടികളുടെ എണ്ണം സർക്കാർ സ്കൂളുകളിനേക്കാളും അൺ എയ്ഡഡ് സ്കൂളിനേക്കാളും കൂടുതലാണ് (**ചിത്രം 6.1.2** ൽ). ജില്ല തിരിച്ച്, ഘട്ടം തിരിച്ച്, ആൺ-പെൺ തിരിച്ച് 2019-20ൽ കേരളത്തിലെ സ്കൂളുകളിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ വിശദാംശങ്ങൾ **അനുബന്ധം 6.1.10**ൽ കൊടുത്തിരിക്കുന്നു. തൃശ്ശൂരിലെ ലോവർ പ്രൈമറി വിഭാഗം ഒഴിച്ച് ബാക്കി ജില്ലകളിലും വിഭാഗത്തിലും ആൺകുട്ടികളുടെ എണ്ണമാണ് പെൺകുട്ടികളുടെ എണ്ണത്തേക്കാൾ കൂടുതൽ. സർക്കാർ, സർക്കാർ എയ്ഡഡ് സ്കൂളുകളിലെ വിദ്യാർത്ഥികളുടെ പ്രവേശനത്തിൽ നല്ല ഒരു മാറ്റം കഴിഞ്ഞ മൂന്നു വർഷമായി സംഭവിച്ചിട്ടുണ്ട്.

പൊതു-വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി അൺ-എയ്ഡഡ് സ്കൂളുകളിൽ നിന്നും സർക്കാർ സ്കൂളുകളിലേക്കുള്ള കുട്ടികളുടെ പ്രവാഹം കാണാവുന്നതാണ്. 2019-20 ൽ 163558 കുട്ടികൾ കൂടുതലായി പ്രവേശനം നേടിയതായി കാണാം. (കൂടുതൽ വിവരങ്ങൾക്കായി അധ്യായം 2 കാണുക).

ജനസംഖ്യാ വർദ്ധനവിലുള്ള ഈ മാറ്റത്തിന്റെ ഫലമായി കുട്ടികളുടെ സ്കൂൾ പ്രവേശനവും കുറയേണ്ടതാണ്. എന്നിട്ടും പൊതുവിദ്യാലയങ്ങളിലെ കുട്ടികളുടെ എണ്ണത്തിൽ ഉണ്ടായ വർദ്ധനവ്, അൺ-എയ്ഡഡ് വിദ്യാലയങ്ങളിൽ നിന്ന് പൊതുവിദ്യാലയങ്ങളിലേക്കുള്ള വിദ്യാർത്ഥികളുടെ മാറ്റം മൂലം ഉണ്ടായതാണ്.

പെൺകുട്ടികളുടെ സ്കൂൾ പ്രവേശനം

സ്കൂളുകളിലെ ആകെയുള്ള വിദ്യാർത്ഥികളിൽ 48.96 പെൺകുട്ടികളാണ്. എല്ലാ ജില്ലകളിലും ആൺകുട്ടികളുടെ എണ്ണം പെൺകുട്ടികളുടേതിനേക്കാൾ കൂടുതലാണ്. എന്നിട്ടും സ്കൂൾ പ്രവേശനത്തിന്റെ കാര്യത്തിൽ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് ലിംഗസമത്വത്തിന്റെ

ചിത്രം 6.1.2 ഉടമസ്ഥത തിരിച്ച് വിദ്യാർത്ഥികളുടെ പ്രവേശനം



അവലംബം : പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റ്

പട്ടിക 6.1.4 സ്കൂളുകളിലെ പട്ടിക ജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പ്രവേശനം ശതമാനത്തിൽ 2019-20

മാനേജ്മെൻറ്	പട്ടികജാതി	പട്ടികവർഗ്ഗം	മറ്റുള്ളവർ
സർക്കാർ	13.06	3.70	83.25
സ്വകാര്യ എയ്ഡഡ്	9.95	1.32	88.73
സ്വകാര്യ അൺ-എയ്ഡഡ്	4.06	0.47	95.47
ആകെ	10.31	1.98	87.71

അവലംബം : പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്

വിടവ് കേരളത്തിൽ തുലോം കുറവാണ്.

പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ എണ്ണം

2019-20 ലെ കണക്കു പ്രകാരം സംസ്ഥാനത്ത് ആകെയുള്ള വിദ്യാർത്ഥികളിൽ 10.31 ശതമാനം പട്ടികജാതിയിൽപ്പെട്ടവരാണ്. സർക്കാർ, സ്വകാര്യ എയ്ഡഡ്, സ്വകാര്യ അൺ എയ്ഡഡ് സ്കൂളുകളിലെ പട്ടികജാതി വിദ്യർത്ഥികൾ യഥാക്രമം 13.06, 9.95, 4.06, ശതമാനമാണ്. സർക്കാർ സ്കൂളുകളിലെ പട്ടികജാതി പട്ടികവർഗ്ഗ കുട്ടികളുടെ ശതമാനം എണ്ണം പ്രൈവറ്റ് എയ്ഡഡ്, അൺഎയ്ഡഡ് സ്കൂളുകളിലേതിനേക്കാൾ കൂടുതലാണ്. (**പട്ടിക 6.1.4**).
2019-20-ൽ സംസ്ഥാനത്ത് ആകെ സ്കൂൾ പ്രവേശനം നേടിയ കുട്ടികളിൽ 1.98 പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരാണ്. ഇത് 2019-20 കാലഘട്ടത്തിൽ സർക്കാർ/എയ്ഡഡ്/ അൺഎയ്ഡഡ് സ്കൂളുകളിൽ യഥാക്രമം 3.7 ശതമാനം, 1.32 ശതമാനം, 0.47 ശതമാനം വീതമാണ്. 2019-20 ലെ സംസ്ഥാന പട്ടികജാതി/ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ക്ലാസ് തിരിച്ചുള്ള കണക്ക് അനുബന്ധം 6.1.11 -ൽ കൊടുത്തിരിക്കുന്നു. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിലെ മൊത്തം കുട്ടികളിൽ 4.01 ശതമാനം പട്ടികജാതി കുട്ടികളും 2.05 ശതമാനം പട്ടികവർഗ്ഗ കുട്ടികളും മാത്രമാണ് പ്രൈവറ്റ് അൺഎയ്ഡഡ് സ്കൂളുകളിൽ പ്രവേശനം നേടിയിരിക്കുന്നത്. ബാക്കിയുള്ള കുട്ടികൾ സർക്കാർ-സ്വകാര്യ എയ്ഡഡ് സ്കൂളുകളിലായി പ്രവേശിക്കപ്പെട്ടിരിക്കുന്നു. സംസ്ഥാനത്ത് ആകെയുള്ള പട്ടിക വർഗ്ഗ വിദ്യാർത്ഥികളിൽ 58.8 ശതമാനവും പ്രവേശനം നേടിയിരിക്കുന്നത് ഗവൺമെന്റ് സ്കൂളുകളിലാണ്.

കൊഴിഞ്ഞുപോകൽ നിരക്ക്

ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് സ്കൂൾ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോകൽ ഏറ്റവും കുറവ് കേരളത്തിലാണ്. 2018-19 ലെ കണക്ക് അനുസരിച്ച് സംസ്ഥാനത്ത് സ്കൂൾ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോകൽ നിരക്ക് 0.12 ശതമാനമാണ്. മാനവ വിഭവശേഷി മന്ത്രാലയത്തിന്റെ 2018 ലെ വിദ്യാഭ്യാസ സ്ഥിതിവിവരകണക്ക് പ്രകാരം എൽ.പി വിഭാഗത്തിലെ ഇന്ത്യയിലെ ശരാശരി കൊഴിഞ്ഞുപോകൽ നിരക്ക് 4.13 ശതമാനവും, യു.പി., ഹൈസ്കൂൾ എന്നിവിടങ്ങളിൽ യഥാക്രമം 4.03, 17.06 ശതമാനവുമാണ്. യു.പിയെ അപേക്ഷിച്ച് കൊഴിഞ്ഞുപോകൽ നിരക്ക് എൽ പിയിലും ഹൈസ്കൂളിലും കൂടുതലാണ്. ഹൈസ്കൂൾ വിദ്യാർത്ഥികളിലാണ് കൊഴിഞ്ഞുപോകൽ നിരക്ക് കൂടുതലുള്ളത്. കൊഴിഞ്ഞുപോകൽ നിരക്ക് 2016-17 ലെ 0.33 ശതമാനത്തിൽ നിന്ന് 2018-19 ൽ 0.22 ശതമാനമായി കുറഞ്ഞതായി **പട്ടിക 6.1.5** ൽ നിന്നും മനസ്സിലാക്കാവുന്നതാണ്. ഈ കുറവ് എല്ലാ ഘട്ടത്തിലും കാണാവുന്നതാണ്.

സംസ്ഥാനത്തെ ജില്ലകളിൽ ലോവർ പ്രൈമറി തലത്തിൽ കൊഴിഞ്ഞു പോകൽ കൂടുതലുള്ളത് ഇടുക്കി ജില്ലയിലാണ്. (0.43 ശതമാനം) അപ്പർ പ്രൈമറി തലത്തിൽ വയനാട് ആണ് കൊഴിഞ്ഞു പോകൽ നിരക്ക് കൂടുതൽ ഉള്ളത് (0.20 ശതമാനം); തൊട്ടു പുറകിലായി ഇടുക്കിയും (0.17 ശതമാനം). ഹൈസ്കൂൾ

പട്ടിക 6.1.5 സ്കൂളുകളിലെ കൊഴിഞ്ഞുപോകൽ നിരക്ക്

	2016-17	2017-18	2018-19
ആകെ	0.22	0.16	0.12
എൽപി	0.2	0.15	0.12
യുപി	0.11	0.1	0.07
എച്ച്എസ്	0.33	0.22	0.17

അവലംബം : പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്

പട്ടിക 6.1.6 ജില്ല തിരിച്ചുള്ള കൊഴിഞ്ഞുപോകൽ നിരക്ക് 2018–19

ജില്ല	എസ്.സി	എസ്.ടി	മറ്റുള്ളവർ	ആകെ
തിരുവനന്തപുരം	0.12	0.22	0.11	0.13
കൊല്ലം	0.07	0.20	0.05	0.06
പത്തനംതിട്ട	0.02	0.11	0.03	0.03
ആലപ്പുഴ	0	0	0.02	0.02
കോട്ടയം	0.10	0.04	0.07	0.08
ഇടുക്കി	0.40	0.99	0.21	0.33
എറണാകുളം	0.17	1.88	0.20	0.24
തൃശ്ശൂർ	0.13	3.24	0.05	0.08
പാലക്കാട്	0.06	0.59	0.12	0.14
മലപ്പുറം	0.15	3.59	0.06	0.09
കോഴിക്കോട്	0.05	0.11	0.05	0.06
വയനാട്	0.17	2.11	0.10	0.62
കണ്ണൂർ	0.23	0.74	0.04	0.07
കാസർഗോഡ്	0.44	0.27	0.13	0.16
ആകെ	0.12	1.29	0.08	0.12

അവലംബം: പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്

തലത്തിൽ (1.54 ശതമാനം) വയനാട്ടിലാണ് കൊഴിഞ്ഞു പോകൽ കൂടുതൽ. തൊട്ടു പുറകിലായി ഇടുക്കിയും (0.36 ശതമാനം) എറണാകുളവും (0.28 ശതമാനം) ആണ്. ജില്ല തിരിച്ചും ക്ലാസ്സ് തിരിച്ചും 2018–19 ലെ കൊഴിഞ്ഞു പോകൽ നിരക്കുകൾ **അനുബന്ധം 6.1.12** ൽ കൊടുത്തിട്ടുണ്ട്.

പട്ടികജാതി–പട്ടികവർഗ്ഗ വിഭാഗങ്ങളിലെ കുട്ടികളുടെ കൊഴിഞ്ഞുപോക്ക് ഇക്കാലയളവിൽ കുറഞ്ഞുവരുന്നതായി കാണപ്പെടുന്നു. എന്നിരുന്നാലും പട്ടികവർഗ്ഗ വിഭാഗങ്ങളിലെ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് മറ്റു വിഭാഗങ്ങളെ അപേക്ഷിച്ച് കൂടുതലാണ്. (**പട്ടിക 6.1.6** കാണുക). കേരളത്തിലെ പട്ടികജാതി വിഭാഗത്തിലെ 2018–19 കാലയളവിലെ കൊഴിഞ്ഞുപോക്ക് നിരക്ക് 2016–17 കാലയളവിലെ 0.26 ശതമാനത്തേക്കാൾ 0.12 ശതമാനമായി കുറഞ്ഞു. പട്ടികവർഗ്ഗ വിഭാഗങ്ങളിലെ കൊഴിഞ്ഞുപോക്ക് നിരക്ക് ഇതേ കാലയളവിൽ 2.27 ശതമാനത്തിൽ നിന്ന് 1.29 ശതമാനമായും കുറഞ്ഞിട്ടുണ്ട്.

കേരളത്തിലെ പട്ടികജാതി–പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ 2018–19 ലെ ജില്ല തിരിച്ചും ക്ലാസ്സ് തിരിച്ചുമുള്ള കൊഴിഞ്ഞുപോകലിന്റെ വിശദവിവരങ്ങൾ അനുബന്ധം 6.1.13 യിലും 6.1.14 ലും കൊടുത്തിരിക്കുന്നു. മലപ്പുറം, തൃശ്ശൂർ ജില്ലകളിലെ പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ട കുട്ടികളുടെ കൊഴിഞ്ഞുപോകൽ നിരക്ക് കേരളത്തിലെ മൊത്തം ശരാശരിയേക്കാൾ കൂടുതലാണ്. അതുപോലെ കാസർഗോഡ്, ഇടുക്കി ജില്ലകളിലെ പട്ടികജാതി വിഭാഗത്തിൽപെട്ട കുട്ടികളുടെ കൊഴിഞ്ഞുപോക്ക് കേരളത്തിലെ മൊത്തം ശരാശരിയോടൊപ്പമായി കുറയ്ക്കുവാൻ അവരുടെ നില മെച്ചപ്പെടുത്തേണ്ടിയിരിക്കുന്നു.

അദ്ധ്യാപകരുടെ എണ്ണം

2018–19 ൽ ടീച്ചേഴ്സ് ട്രെയ്നിംഗ് ഇൻസ്റ്റിറ്റ്യൂട്ടിലെ അദ്ധ്യാപകർ ഉൾപ്പെടെ 1,62,627 അദ്ധ്യാപകരാണ് കേരളത്തിലെ സ്കൂളുകളിൽ പഠിപ്പിക്കുന്നത്. ഇതിൽ 97,772 (60.12 ശതമാനം) അദ്ധ്യാപകർ എയ്ഡഡ് സ്കൂളുകളിലും 14266 (8.77 ശതമാനം) അദ്ധ്യാപകർ അൺ–എയ്ഡഡ് സ്കൂളുകളിലുമാണ്. ശേഷിക്കുന്ന 50,589 (31.11 ശതമാനം) അദ്ധ്യാപകർ സർക്കാർ സ്കൂളുകളിലാണ്. മൊത്തം അദ്ധ്യാപകരിൽ 51.03 ശതമാനം പേർ ഹൈസ്കൂളിലും, 24.74 ശതമാനം യു.പി യിലും, 23.89 ശതമാനം എൽ.പി. യിലും ശേഷിക്കുന്ന 0.34 ശതമാനം ടി.ടി.ഐ.കളിലുമാണ്. അതിൽ തന്നെ 74.73 ശതമാനം വനിതകളാണ്. 2017–18 ലെ സ്റ്റേജ് തിരിച്ചും, മാനേജ്മെന്റ് തിരിച്ചും ഉള്ള കേരളത്തിലെ അദ്ധ്യാപകരുടെ എണ്ണം **അനുബന്ധം 6.1.15** –ൽ ചേർത്തിരിക്കുന്നു.

കുട്ടികൾ കുറവുള്ള സ്കൂളുകൾ

2018–19 കാലയളവിൽ ശരാശരി 25 കുട്ടികളേക്കാൾ കുറവുള്ള 996 സ്കൂളുകളുണ്ട്. ഇതിൽ 382 എണ്ണം സർക്കാർ സ്കൂളുകളും 614 എണ്ണം എയ്ഡഡ് സ്കൂളുകളുമാണ്. ശരാശരി 10 കുട്ടികളേക്കാൾ കുറവുള്ള 37 സർക്കാർ എൽ.പി. സ്കൂളുകളും പ്രവർത്തിച്ചുവരുന്നു.

എന്നാൽ എയ്ഡഡ് സ്കൂളുകളിൽ ഇത് 84 ആണ്. ജില്ല തിരിച്ചുള്ള കണക്കുകൾ സൂചിപ്പിക്കുന്നത് കുട്ടികൾ കുറവുള്ള സ്കൂളുകൾ ഏറ്റവും കൂടുതലുള്ളത് പത്തനംതിട്ട (215 എണ്ണം) ജില്ലയിലും തുടർന്ന് കോട്ടയം (118), കണ്ണൂർ (103), ആലപ്പുഴ (103) ജില്ലകളിലുമാണ്. കുട്ടികളുടെ എണ്ണം കുറവുള്ള എയ്ഡഡ് സ്കൂളുകൾ കൂടുതൽ ഉള്ളത് പത്തനംതിട്ട (154) ജില്ലയും തൊട്ടുപുറകിൽ കണ്ണൂർ (90) ജില്ലയുമാണ്. സർക്കാർ മേഖലയിൽ ഇത് പത്തനംതിട്ട ജില്ലയും (61) തൊട്ടുപുറകിൽ ആലപ്പുഴ ജില്ലയുമാണ് (52). എൽ പി സ്കൂൾ മേഖലയിലാണ് ഭൂരിഭാഗവും കുറവു കുട്ടികളുള്ള സ്കൂളുകളുള്ളത്. സർക്കാർ മേഖലയിൽ ഏറ്റവും കുറവ് കുട്ടികൾ ഉള്ളത് (94.50 ശതമാനം എൽ.പി.സ്കൂളുകളിലാണ്. എയ്ഡഡ് മേഖലയിലും (87.95 ശതമാനം) കുട്ടികൾ കുറവുള്ള സ്കൂളുകൾ എൽ.പി. വിഭാഗത്തിലാണ്. കേരളത്തിലെ കുട്ടികൾ കുറവുള്ള സ്കൂളുകളുടെ വിശദവിവരങ്ങൾ ജില്ല തിരിച്ച് **അനുബന്ധം 6.1.16** ൽ കൊടുത്തിരിക്കുന്നു.

കേരള ഇൻഫ്രാസ്ട്രക്ചർ & ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കെ.ഐ.ടി.ഇ-കൈറ്റ്)

സ്കൂളുകളിൽ വിവര വിനിമയ വിദ്യ സാധ്യമാക്കുന്ന വിദ്യാഭ്യാസ രീതി നടപ്പിലാക്കുന്നതിനും സർക്കാർ സ്കൂളുകൾക്ക് ആവശ്യമായ ഭൗതിക അടിസ്ഥാന സൗകര്യങ്ങൾ നവീകരിക്കുന്നതിനും അങ്ങനെ സർക്കാർ സ്കൂളുകൾക്ക് ഒരു പുതിയ മുഖം കൈവരിക്കുന്നതിനുമായി സംസ്ഥാന സർക്കാരിന്റെ കീഴിൽ ആരംഭിച്ച സ്ഥാപനമാണ് കൈറ്റ്. കാര്യശേഷി വികസനം, കൺട്ടന്റ് വികസനം, ഹാർഡ് വെയർ വികസനം ഇ-ഗവേർണൻസ് ആന്റ് സപ്പോർട്ട്, വിക്ടേഴ്സ് ചാനൽ എന്നീ മേഖലകളാണ് കൈറ്റ് പ്രധാനമായും കൈകാര്യം ചെയ്യുന്നത്. സ്കൂളുകൾ ഹൈടെക് ആക്കുന്ന പ്രോജക്ടിനായി 493.50 കോടി രൂപയാണ് നീക്കി വച്ചിരിക്കുന്നത്. സംസ്ഥാനത്തെ 4752 ഗവൺമെന്റ് എയ്ഡഡ് സ്കൂളുകളിലുമായി 45,000 ക്ലാസ്സ് മുറികൾ കൈറ്റ് ഹൈടെക് ആക്കി. ഒരു വർഷത്തിനുള്ളിൽ റെക്കോർഡ് വേഗത്തിൽ ഈ പ്രോജക്ട് തീർക്കാൻ കൈറ്റിന് സാധിച്ചു. ഇത് സാധ്യമായത് കൈറ്റിലെ പ്രവർത്തകരുടെ കൂട്ടായ ശ്രമഫലമായാണ്. വിവരവിനിമയ വിദ്യക്ക് വേണ്ട അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താനും ഐ. സി. ടി. പഠനാന്തരീക്ഷം കാര്യശേഷി വികസനം എന്നിവയിലൂടെ അക്കാദമിക മികവ് നേടാനും നിരീക്ഷണ പിന്തുണ സംവിധാനം സൃഷ്ടിക്കാനും വിദ്യാഭ്യാസ രംഗത്ത് ഇ-ഗവേർണൻസ് നടപ്പിലാക്കാനും കൈറ്റിന്റെ ചിട്ടയായ പ്രവർത്തനങ്ങളിലൂടെ കഴിഞ്ഞിട്ടുണ്ട്.

ലാപ് ടോപ്, മൾട്ടിമീഡിയ, പ്രൊജക്റ്റർ, സൗണ്ട്സിസ്റ്റം, നെറ്റ് വർക്കിംഗ് മുതലായവ വഴി ക്ലാസ്സ് മുറികളെ ഹൈ-ടെക് ആക്കുന്നതിനു പുറമെ ഉള്ളടക്ക വികസനത്തിന്റെ ഭാഗമായി "സമഗ്ര" റിസോഴ്സ് പോർട്ടൽ എല്ലാവർക്കും ഉപയോഗിക്കാൻ കഴിയുന്ന വിധത്തിലുള്ള സൗകര്യങ്ങളും ചെയ്തിട്ടുണ്ട്. 28,000 ത്തിലധികം ഡിജിറ്റൽ വിഭവങ്ങൾ ഒന്നു മുതൽ 12 വരെയുള്ള എല്ലാ ക്ലാസ്സുകളിലേയും കുട്ടികൾക്കായി തയ്യാറാക്കിയിട്ടുണ്ട്. ഇവ ഓരോ ഹൈടെക് ക്ലാസ്സ് മുറികളിലും ഉപയോഗിക്കുന്നുണ്ട്. ഈ ഡിജിറ്റൽ വിഭവങ്ങളിൽ 4,700 വീഡിയോകൾ 7,502 ചിത്രങ്ങൾ 677 ശബ്ദ ഫയലുകൾ 5,704 സംവേദാത്മകവും 9,227 മറ്റു വിവര സമാഹാരങ്ങളും ഉൾപ്പെടുന്നു. അന്താരാഷ്ട്ര കമ്പ്യൂട്ടർ ശൃംഖലയെ ഒരു മാർഗ്ഗമായി പരിഗണിക്കുന്നതിലൂടെ വിദ്യാഭ്യാസത്തെ ഏറ്റവും ഫലപ്രദമായ രീതിയിലൂടെ ജനാധിപത്യവൽക്കരിക്കാൻ പ്രാപ്തമാക്കുന്നു. അടിസ്ഥാന വിവരങ്ങൾ ഉപയോഗിച്ചുള്ള അക്കാദമിക് നിർവ്വഹണം, പ്രവർത്തനങ്ങൾ കേന്ദ്രീകരിച്ചുള്ള നിരീക്ഷണം, മാട്രിക്സ് ശേഖരണത്തിലൂടെ പദ്ധതികൾ മെച്ചപ്പെടുത്തൽ അപഗ്രഥനം സൂക്ഷ്മാന്വേഷണ അവലോകനം തുടങ്ങിയവയെല്ലാമാണ് കൈറ്റ് ചെയ്യുന്ന മറ്റ് സജ്ജീകരണങ്ങൾ. വിദ്യാഭ്യാസമേഖലയിൽ ഒരു സമഗ്ര സമീപനം നടത്താൻ "സമഗ്ര" സഹായിക്കുന്നു. അതുപോലെ തന്നെ ഉള്ളടക്ക വിതരണ ശൃംഖലയും ഇത് നൽകുന്നു. 142915 അധ്യാപകർ രജിസ്റ്റർ ചെയ്ത ഉപഭോക്താക്കളായി ഉണ്ട് 5.43 ലക്ഷത്തിലധികം യൂണിറ്റ് പ്ലാനുകളും 8.68 ലക്ഷം മൈക്രോ പ്ലാനുകളും ഉള്ളതിനാൽ 8 കോടിയിലധികം ആളുകൾ ഈ പേജ് വീക്ഷിച്ചതായി കാണപ്പെട്ടു. ഫോസ് അടിത്തറയിൽ നിർമ്മിച്ചതിനാൽ ഉള്ളടക്കം പങ്കിടൽ, തിരുത്തലുകൾ, പുനർവിതരണം എന്നിവ നിർബാധം സാധ്യമാണ്. നിർദ്ദിഷ്ട ക്ലാസ്സുകൾക്കായും ഉള്ളടക്ക വികസന പ്രക്രിയകൾക്കായും ഖാൻ അക്കാദമി, എം.ഗ്രേ എഡ്യൂലാബ്സ് എന്നിവയുമായി കൈറ്റ് സഖ്യത്തിലേർപ്പെട്ടിരിക്കുന്നു.

രണ്ട് പൊതുമേഖല സ്ഥാപനങ്ങളായ ബി എസ് എൻ എൽ, റെയിൽ ടെൽ എന്നിവരുടെ സഹായത്തോടെ അതിവേഗ ബ്രോഡ് ബാൻഡ് കണക്ടിവിറ്റി എല്ലാ വിദ്യാലയങ്ങളിലും കൈറ്റ് ലഭ്യമാക്കി. സംസ്ഥാനത്തെ എല്ലാ അധ്യാപകരും ഐ സി ടി യിൽ നൈപുണ്യം നേടിയിട്ടുണ്ട്. അതിനാൽതന്നെ കൈറ്റ് നൽകിയ ഐ സി ടി സംവിധാനങ്ങൾ ഉപയോഗിച്ച് വളരെ ഫലപ്രദമായും എളുപ്പത്തിലും ക്ലാസ്സ് കൈകാര്യം ചെയ്യാൻ അധ്യാപകർക്ക് സാധിക്കും. പ്രൈമറി വിഭാഗങ്ങളെയും ഹൈടെക് ആക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്.

എൽ. പി, യു. പി വിദ്യാലയങ്ങൾ ഹൈടെക് ആക്കുന്നതിനായി 292 കോടി രൂപയുടെ ഹൈടെക് ലാബ് പ്രോജക്റ്റാണ് നടപ്പിലാക്കുന്നത്. സംസ്ഥാനത്തെ 9941 പ്രാഥമിക വിദ്യാലയങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നു.

ബോക്സ് നമ്പർ 6.1.2 കൈറ്റിന്റെ സ്കൂൾ വിക്കി

കുട്ടികളിൽ പരസ്പരം സഹകരണാടിസ്ഥാനത്തിലുള്ള പഠനസംസ്കാരം സൃഷ്ടിക്കുക എന്ന ഉദ്ദേശ്യത്തോടെ കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ – കൈറ്റ്, (മുൻപ് ഐ.ടി@സ്കൂൾ) ആരംഭിച്ച സംരംഭമാണ് സ്കൂൾ വിക്കി (www.schoolwiki.in). 2009 ൽ ആരംഭിച്ച ഈ പോർട്ടലിൽ കേരളത്തിലെ 15000 ത്തിലധികം വരുന്ന വിദ്യാലയങ്ങളുടെ വ്യക്തിഗത പേജുകൾ ഉൾക്കൊള്ളുന്നു. ഇതിൽ നിന്നും ഓരോ വിദ്യാലയത്തിലെയും പ്രാഥമികദത്തങ്ങൾ, ചരിത്രപരമായ പരാമർശങ്ങൾ, അടിസ്ഥാന സൗകര്യങ്ങൾ, പ്രശസ്ത പൂർവ്വ വിദ്യാർത്ഥികൾ, സ്കൂൾ മാപ്പ്, ബ്ലോഗ്സ്, ക്ലാസ്സ് മാഗസിൻ, സഹായകമായ ചിത്രങ്ങളും വീഡിയോസും ലഭിക്കുന്നതാണ്. നാളിതുവരെ സ്കൂൾ വിക്കിയിൽ 20425 ലേഖനങ്ങളും, 29654 ഉപയോക്താക്കളും, 6,78,659ലധികം പുതുക്കലുകളും ഉണ്ടായിട്ടുണ്ട്. പൂർണ്ണമായും മലയാളത്തിൽ നിർമ്മിച്ച സ്കൂൾ വിക്കിയിൽ വിദ്യാർത്ഥികൾ, അദ്ധ്യാപകർ, പൂർവ്വവിദ്യാർഥികൾ, പൊതുജനങ്ങൾ എന്നിവർ ചേർന്നാണ് വിദ്യാഭ്യാസ ഉള്ളടക്കം ഉണ്ടാക്കിയിരിക്കുന്നത്. വിദ്യാർത്ഥികൾക്കും, അധ്യാപകർക്കും, വിദ്യാലയങ്ങൾക്കും തങ്ങളുടെ മികവിന്റെ മേഖലകൾ പ്രദർശിപ്പിക്കാനുള്ള ഒരു വേദി പോർട്ടൽ നൽകുന്നു. 2017 മുതൽ സംസ്ഥാന കലോത്സവത്തിൽ സാഹിത്യ മത്സരത്തിൽ പങ്കെടുത്ത മുഴുവൻ വിദ്യാർത്ഥികളുടെയും രചനകൾ പോർട്ടലിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

വിക്കി മീഡിയ ഫൗണ്ടേഷൻ വിക്കി മീഡിയ സോഫ്റ്റ് വെയർ ഉപയോഗിച്ചാണ് സ്കൂൾ വിക്കി തയ്യാറാക്കിയിരിക്കുന്നത്. പരസ്പര സഹകരണത്തോടെയുള്ള ഉള്ളടക്ക വികസനവും അതിന്റെ പങ്കിടലുമാണ് ഇതിന്റെ പ്രധാന ലക്ഷ്യം. വിദ്യാർത്ഥികളും അതുപോലെ അധ്യാപകരും പരസ്പര സഹകരണത്തോടെ തയ്യാറാക്കിയ വിവിധതരത്തിലുള്ള വിദ്യാഭ്യാസ വിഭവങ്ങൾക്കും സ്കൂൾ വിക്കി ആതിഥേയത്വം വഹിക്കുന്നു.

സ്കൂൾ വിക്കി പ്രാധാനമായും ലക്ഷ്യം വയ്ക്കുന്നത് വിദ്യാർത്ഥികളിലെ സഹകരണ മനോഭാവവും മലയാളം പഠിക്കുന്നതിനുള്ള താല്പര്യവും വളർത്തിയെടുക്കാനും അതുവഴി വിവിധ വിഷയങ്ങളിലുള്ള അവരുടെ അറിവ് വർദ്ധിപ്പിക്കാനുമാണ്. വിവിധങ്ങളായ നിരീക്ഷണ മാധ്യമങ്ങളിലൂടെ ഉചിതമായ ഉള്ളടക്കങ്ങൾ മാത്രമാണ് പോർട്ടലിൽ അപ്ഡേറ്റ് ചെയ്യുന്നതെന്ന് ഉറപ്പു വരുത്തുന്നു. അക്ഷരമാലാ ക്രമത്തിൽ ലേഖനങ്ങൾ തിരയാനുള്ള സൗകര്യം, വിക്കി കമന്റ്സിൽ നേരിട്ട് ചിത്രങ്ങൾ പ്രദർശിപ്പിക്കാനുള്ള സൗകര്യം, വിക്കി എഡിറ്റ് ഓപ്പൺ സ്ട്രീറ്റ് മാപ്പ് ഉപയോഗിച്ചുള്ള സ്കൂൾ മാപ്പിംഗ് മലയാളം ഇംഗ്ലീഷ് ഭാഷയിൽ തിരയാനുള്ള സൗകര്യം തുടങ്ങിയവയാണ് ഇതിന്റെ ചില സവിശേഷതകൾ. ഇതു കൂടാതെ സ്കൂൾ വിക്കിക്ക് ചില പ്രത്യേക വിപുലീകരണങ്ങളുണ്ട്. അതായത് പ്രെറ്റി യു ആർ എൽ അപ് ലോഡ് വിസാർഡ്, എഡിറ്റ് കൗണ്ട്സ്, ചെക്ക് യൂസർ ഗാഡ്ഗെറ്റ്സ്, താങ്ക്സ് തുടങ്ങിയവ. സ്കൂളുകൾക്ക് അവരുടെ സ്കൂൾ കോഡുകൾ ഉപയോഗിച്ച് പോർട്ടലിലേയ്ക്ക് രജിസ്റ്റർ ചെയ്യാനും അവരുടെ ജില്ലയ്ക്ക് കീഴിൽ നൽകിയിട്ടുള്ള സ്ഥാനങ്ങളിൽ ഉള്ളടക്കങ്ങൾ അപ് ലോഡ് ചെയ്യാനും കഴിയുന്ന തരത്തിലാണ് സ്കൂൾ വിക്കി രൂപ കൽപന ചെയ്തിരിക്കുന്നത്. വിദ്യാർത്ഥികളെയും അധ്യാപകരെയും വിദ്യാലയങ്ങളെയും അവരുടെ സ്വന്തം ഐ സി ടി ഉള്ളടക്കങ്ങൾ സൃഷ്ടിക്കാനും പ്രോത്സാഹിപ്പിക്കുന്നു. അതുവഴി ഒരു വലിയ ജനവിഭാഗത്തിന് നല്ലൊരു വിദ്യാഭ്യാസ വിഭവങ്ങൾ ഒരുക്കാൻ വഴിയൊരുക്കുന്നു. സ്കൂൾ വിക്കി വഴി വിദ്യാർത്ഥികളും അധ്യാപകരും നടത്തുന്ന ഈ ശ്രമങ്ങൾ നൂറുകണക്കിന് മറ്റ് വിദ്യാർത്ഥികൾക്കും വിദ്യാലയങ്ങൾക്കും ഉണർവേകാൻ സഹായിക്കുന്നു. കൂട്ടായ പഠന പ്രവർത്തനങ്ങൾ വഴി വിദ്യാർത്ഥികളുടെ പഠന ഗുണമേന്മ മെച്ചപ്പെടുന്നു.

2019 ൽ, സ്കൂൾ വിക്കിയിൽ രണ്ടായിരത്തിലധികം സ്കൂളുകളുടെ ഡിജിറ്റൽ മാഗസിനുകൾ അപ് ലോഡ് ചെയ്യാൻ കൈറ്റ് അവസരമൊരുക്കി. ലിബ്രെ ഓഫീസ് വേഡ് പ്രോസസർ ഉപയോഗിച്ചാണ് മാഗസിനുകൾ തയ്യാറാക്കുന്നത്, ഇത് പൂർണ്ണമായും ഫോസ്സ് (ഫ്രീ ആൻറ് ഓപ്പൺ സോഴ്സ് സോഫ്റ്റ് വെയർ) അടിസ്ഥാനമാക്കിയുള്ള ആപ്ലിക്കേഷനാണ്. ഇന്ത്യയിൽ ആദ്യമായാണ് ഡിജിറ്റൽ മാഗസിനുകൾ ഒരു പൊതു ഡൊമയ്നിൽ ഇത്രയും വലിയ തോതിൽ ലഭ്യമാക്കുന്നത്. ഓണാഘോഷത്തിന്റെ ഭാഗമായി പ്രത്യേകം തെരഞ്ഞെടുത്ത പൂക്കളങ്ങളുടെ ചിത്രങ്ങളും അതുപോലെ 2010 വിദ്യാലയങ്ങളിൽ നിന്നുള്ള ഡിജിറ്റൽ പതിപ്പുകളും സ്ക്കൂൾ വിക്കി പോർട്ടലിൽ അപ് ലോഡ് ചെയ്തു. ഹൈടെക്ക് ക്ലാസ് റൂം സൗകര്യങ്ങൾ ഉപയോഗിച്ചാണ് ഇവയെല്ലാം തയ്യാറാക്കിയത്. സ്ക്കൂളുകളിലെ എറ്റവും വലിയ സമഗ്ര ഡിജിറ്റൽ സംരഭത്തിനായി വിഭാവനം ചെയ്യുന്ന സ്കൂൾ വിക്കി ലോകത്തിലെ തന്നെ ആദ്യത്തെതാണ്.

അവലംബം : കൈറ്റ് 2019

ഉള്ളടക്ക നിർദ്ദിഷ്ട എ സി ടി പരിശീലന പരിപാടികളിലൂടെ സംസ്ഥാനമാകെ വ്യാപിച്ചു കിടക്കുന്ന മാസ്റ്റർ ട്രെയിനർ ശൃംഖല വഴിയായി കേരളത്തിലെ ലക്ഷകണക്കോളം വരുന്ന അധ്യാപകർക്ക് വിവിധ ഐ സി ടി പരിശീലനം കൈറ്റ് നൽകി വരുന്നു. സ്കൂൾ അധ്യാപകർ തന്നെയാണ് മാസ്റ്റർ ട്രെയിനേഴ്സായി ഡെപ്യൂട്ടേഷനിൽ കൈറ്റിൽ പ്രവർത്തിക്കുന്നത്. ഐ സി ടി പഠനാന്തരീക്ഷത്തിൽ ഇത് വളരെ ഫലപ്രദമാണെന്ന് തെളിയിക്കപ്പെട്ടിട്ടുണ്ട്. 2019, നാളിതുവരെക്കും 18,390 ഹയർ സെക്കൻററി അധ്യാപകർ, 20,589 ഹൈസ്കൂൾ അധ്യാപകർ, 35,938 അപ്പർ പ്രൈമറി അധ്യാപകർ, 44,252 പ്രൈമറി അധ്യാപകർ എന്നിവർക്ക് ഐ സി ടി പരിശീലനം നൽകാൻ കൈറ്റിന് കഴിഞ്ഞു.

യഥാർത്ഥ താൽപര്യവും ക്രിയാത്മകതയും ഉള്ള വിദ്യാർത്ഥികളെ ലക്ഷ്യം വച്ച് കൊണ്ട് കൈറ്റ് മുൻകൈ എടുത്ത് ആരംഭിച്ചതാണ് ലിറ്റിൽ കൈറ്റ്സ് ഐ ടി ക്ലബ്സ്. അനിമേഷൻ സൈബർ സുരക്ഷ മലയാളം കമ്പ്യൂട്ടിങ് ഹാർഡ് വെയർ ഇലക്ട്രോണിക്സ് ഇന്റർനെറ്റ് ഓവർതിങ്സ് (ഐ.ഒ.ടി) ഉപകരണങ്ങൾ 3 ഡി ക്യാരക്റ്റർ മോഡലിംഗ് തുടങ്ങിയവയിൽ പ്രത്യേക പരിശീലനം നൽകുന്നു. 2060 വിദ്യാലയങ്ങളിൽ നിന്നായി 1.25 ലക്ഷത്തോളം വിദ്യാർത്ഥികൾ ഇതിൽ അംഗങ്ങളാണ്. ലോകത്തിലെ ഏറ്റവും വലിയ വിദ്യാർത്ഥി ഐ സി ടി ശൃംഖലയാണ് ലിറ്റിൽ കൈറ്റ്സ്. ഇതിന്റെ ഭാഗമായി ഏകദേശം 50000 വിദ്യാർത്ഥികൾക്ക് പ്രത്യേക മേഖലകളിൽ പരിശീലനം നൽകിയിട്ടുണ്ട്.

ഹൈടെക് സ്കൂൾ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി, കിഫ്ബി (കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ്) വഴി ലഭിച്ച ധനസഹായം ഉപയോഗിച്ച് കൈറ്റ് 59,772 ലാപ് ടോപ്, 43.525 മൾട്ടിമീഡിയ പ്രോജക്ടേഴ്സ്, 41789 പ്രൊജക്റ്റർ മൗണ്ടിംഗ് കിറ്റുകൾ എച്ച് ഡി എം എ കേബിളുകൾ ഫെയ്സ് പ്ലേറ്റ്സ് ഉൾപ്പെടെ 23,104 പ്രൊജക്ടർ സ്ക്രീനുകൾ, 42,739, യു എസ് ബി സ്പീക്കറുകൾ തുടങ്ങിയവ 4752 വിദ്യാലയങ്ങൾക്കായി വിതരണം ചെയ്തു. സ്റ്റോർ പർച്ചേയ്സ് മാനുവലിലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് സർക്കാറിന്റെ ഇ-ടെൻഡർ പോർട്ടൽ വഴിയാണ് ഐ സി ടി ഉപകരണങ്ങൾ വാങ്ങുന്നത്. കൈറ്റ് നടത്തുന്ന എല്ലാ പ്രോജക്ടിന്റെയും സാങ്കേതിക വശങ്ങൾ നിരീക്ഷിക്കുന്നത് സർക്കാർ നിയോഗിച്ച സാങ്കേതിക കമ്മറ്റിയാണ്. ഈ കമ്മിറ്റിയിൽ വിവിധ സർക്കാർ സ്ഥാപനങ്ങളിലെ ഉയർന്ന സാങ്കേതിക വിദഗ്ധർ ഉൾപ്പെട്ടിരിക്കുന്നു. വിതരണത്തിനായി ഓൺലൈൻ സംവിധാനവും അതുപോലെ കോൾ സെൻറർ സൗകര്യത്തോടെയുള്ള പരാതി മാനേജ്മെന്റെ പോർട്ടലും കൈറ്റ് തുടങ്ങിയിട്ടുണ്ട്. 5 വർഷം വാറണ്ടിയോടുകൂടിയുള്ള ഉപകരണങ്ങളാണ് കൈറ്റ് വിതരണം ചെയ്യുന്നത്. സ്കൂൾ തലത്തിലും ജില്ലാതലത്തിലുമുള്ള സാങ്കേതിക വിദഗ്ധർ പ്രശ്നങ്ങൾ ഫലപ്രദമായി കൈകാര്യം ചെയ്യുന്നു. എല്ലാ വിദ്യാലയങ്ങളിലും ആനുകാലികമായി ഐ ടി ഓഡിറ്റ് നടത്തപ്പെടുന്നു. അതുവഴി ഓരോ വിദ്യാലയവും അവർക്ക് ലഭിച്ച് ഉപകരണങ്ങൾ സർക്കാർ വിഭാവനം ചെയ്യുന്ന രീതിയിൽ ഉപയോഗിക്കുകയും പരിപാലിക്കുകയും ചെയ്യുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നു. "സമ്പൂർണ്ണ" വിദ്യാഭ്യാസ മാനേജ്മെന്റ് സോഫ്റ്റ് വെയർ, അദ്ധ്യാപകരുടെ ഓൺലൈൻ ട്രാൻസ്ഫറിനും പോസ്റ്റിങ്ങിനുമുള്ള സോഫ്റ്റ് വെയർ, ഉച്ച ഭക്ഷണ വിതരണ സംവിധാനം, സ്കോളർഷിപ്പ് തുടങ്ങിയ വിവിധ തരത്തിലുള്ള ഇ-ഗവേർണൻസ് സംരംഭങ്ങൾ വിദ്യാഭ്യാസ വകുപ്പിനു കീഴിൽ കൈറ്റ് ആരംഭിച്ചിട്ടുണ്ട്. പൊതു വിദ്യാലയങ്ങളിൽ നിന്നുള്ള ഏതൊരു ദത്ത ശേഖരണവും "സമ്പൂർണ്ണ" വഴി മാത്രമെ പാടുള്ളൂ എന്ന് സർക്കാർ നിർബന്ധമാക്കി. കൈറ്റ് ഈ വർഷം വികസിപ്പിച്ചെടുത്ത വിദ്യാലയ ഡാറ്റാ ബാങ്ക് ആപ്ലിക്കേഷനാണ് സമേതം. ഇതിൽ നിന്ന് വളരെ പെട്ടെന്നുതന്നെ ഒരു വിദ്യാലയത്തിന്റെ അടിസ്ഥാന സൗകര്യങ്ങളെക്കുറിച്ചും അവിടുത്തെ അധ്യാപകരെയും അനധ്യാപകരെയും വിദ്യാർത്ഥികളെയും കുറിച്ച (വ്യക്തിഗത വിവരങ്ങൾ ഇല്ലാതെ തന്നെ) മുള്ള വിവരങ്ങൾ ലഭിക്കുന്നു.

2019 ൽ കൈറ്റ് വികസിപ്പിച്ചെടുത്ത വെബ് അധിഷ്ഠിത സോഫ്റ്റ് വെയറാണ് 'സമന്വയ'. എയ്ഡഡ് വിദ്യാലയങ്ങളിലെ അധ്യാപകരുടെ നിയമനത്തിനും പൊതു വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള എല്ലാ അധ്യാപകരുടെയും സ്റ്റാഫ് ഫിക്സേഷനുമായുള്ള ഓൺലൈൻ സംവിധാനമാണിത്. പുതിയ രീതി വഴി എയ്ഡഡ് വിദ്യാലയങ്ങളിലെ അധ്യാപകരുടെ നിയമനം കൂടുതൽ സുതാര്യവും കാര്യക്ഷമവുമാകുന്നു. അതുവഴി അഴിമതി ഉന്മൂലനം ചെയ്യാനും സമയനഷ്ടം ഒഴിവാക്കാനും സാധിക്കുന്നു.

വിദ്യാലയങ്ങളിലെ ഐ സി ടി ഉപകരണങ്ങളുടെ പ്രശ്നപരിഹാരത്തിനായി വെബ് പോർട്ടൽ കോൾ സെന്റർ മുതലായ വിവിധ തരത്തിലുള്ള സംവിധാനങ്ങൾ കൈറ്റ് നടപ്പിലാക്കിയിട്ടുണ്ട്. ഐ സി ടി ഉപകരണങ്ങളുടെ കേടുപാടുകൾ നന്നാക്കാൻ ആനുകാലികമായി വിദ്യാലയങ്ങളിൽ ഹാർഡ് വെയർ ക്ലിനിക്കുകൾ സംഘടിപ്പിക്കുന്നു. ക്ലീൻ കേരള കമ്പനിയുമായി ചേർന്ന് ഇ-വെയ്സ്റ്റ് ഡിസ്പോസൽ ഡ്രൈവ് വഴിയായി കേരളത്തിലെ വിദ്യാലയങ്ങളിൽ നിന്നും വിദ്യാഭ്യാസ ഓഫീസുകളിൽ നിന്നുമായി ഏകദേശം 731 ടൺ ഇ-വെയ്സ്റ്റ് ശാസ്ത്രീയ രീതിയിൽ നീക്കം ചെയ്തു. കൈറ്റിന്റെ കീഴിലുള്ള വിക്ടേഴ്സ് ചാനൽ 2019 ഫെബ്രുവരി മുതൽ അതിന്റെ സംപ്രേഷണം 24/7 ആക്കി. വിദ്യാർത്ഥികളും രക്ഷിതാക്കളും ഏറ്റവും കൂടുതൽ ആശ്രയിക്കുന്ന വിദ്യാഭ്യാസ ചാനലാണ് വിക്ടേഴ്സ്. പ്രാദേശികവും ദേശീയവും അന്തർദേശീയവുമായ

ബോക്സ് നമ്പർ 6.1.3 – വിദ്യാലയങ്ങളിലെ സയൻസ് പാർക്ക് – സമഗ്ര ശിക്ഷ കേരള പ്രോജക്റ്റ്

വിദ്യാർത്ഥികളിൽ ശാസ്ത്ര വിഷയങ്ങളിൽ കൂടുതൽ താൽപര്യവും അഭിരുചിയും വളർത്തിയെടുത്ത് ശാസ്ത്രപഠനം കൂടുതൽ ആസ്വാദ്യകരമാക്കാൻ സമഗ്രശിക്ഷ കേരള വിദ്യാലയങ്ങളിൽ തുടങ്ങിയതാണ് സയൻസ് പാർക്ക്. സയൻസ് പാഠപുസ്തക പഠനങ്ങൾക്കപ്പുറമുള്ള പരീക്ഷണ നിരീക്ഷണങ്ങൾക്ക് സയൻസ് പാർക്ക് അവസരമൊരുക്കുന്നു. അന്വേഷിക്കാനും നിരീക്ഷിക്കാനും നിരീക്ഷിച്ച കാര്യങ്ങൾ രേഖപ്പെടുത്താനും ഘടന മനസ്സിലാക്കാനും വിവരങ്ങൾ കണ്ടെത്താനും ആശയവിനിമയം നടത്താനും പരികൽപന ചെയ്യാനും വിവരങ്ങൾ ശേഖരിക്കാനും വിശകലനം ചെയ്യാനും അതുവഴി ശരിയായ അനുമാനത്തിലെത്താനും സയൻസ് പാർക്ക് വിദ്യാർത്ഥികളെ സഹായിക്കുന്നു. പാഠപുസ്തകങ്ങളിൽ വായിച്ചതും ക്ലാസ്സ് ചർച്ചകളിലൂടെ നേടിയെടുത്ത അറിവുകളും കൂടുതൽ ദൃഢമാക്കുന്നതിന് ഈ പരീക്ഷണ നിരീക്ഷണങ്ങൾ വിദ്യാർത്ഥികളെ സഹായിക്കുന്നു.

2019 നവംബറോടെ 681 സയൻസ് പാർക്കുകൾ 14 ജില്ലകളിലായി സമഗ്ര ശിക്ഷ കേരള സജ്ജമാക്കിയിട്ടുണ്ട്. 2019–20 അധ്യയന വർഷത്തിൽ 681 സയൻസ് പാർക്കുകൾ കൂടി വിദ്യാലയങ്ങളിൽ അനുവദിച്ചിട്ടുണ്ട്. നടപ്പ് വർഷത്തിൽ ഒൻപതാം ക്ലാസ്സിലേയും പത്താം ക്ലാസ്സിലേയും വിദ്യാർത്ഥികൾക്കും സയൻസ് പാർക്കിന്റെ ഉപയോഗം ലഭിക്കത്തക്ക രീതിയിൽ വർദ്ധിപ്പിക്കാൻ സെക്കന്ററി ഘട്ടത്തിൽ സമഗ്രശിക്ഷ തീരുമാനിച്ചു. എല്ലാ സയൻസ് പാർക്കിലും അഞ്ചാം ക്ലാസ്സ് മുതൽ എട്ടാം ക്ലാസ്സ് വരെയുള്ള പാഠ്യപദ്ധതിയും സിലബസും അടിസ്ഥാനമാക്കി 7–ലധികം ഉപകരണങ്ങളും ജില്ല ടീം തയ്യാറാക്കിയിട്ടുണ്ട്.

പോളിടെക്നിക് കോളേജുകളിൽ നിന്ന് തിരഞ്ഞെടുത്ത അദ്ധ്യാപകരുടെയും സാങ്കേതിക വിദഗ്ദരുടെയും സഹായത്തോടെയാണ് പദ്ധതി നടപ്പിലാക്കിയത്. മരം, പി.വി.സി പൈപ്പുകൾ, മെറ്റൽ സ്ട്രിപ്പുകൾ, മെറ്റൽ പ്ലേറ്റുകൾ, റബ്ബർ ട്യൂബുകൾ, കോർക്കുകൾ മെറ്റൽ വയറുകൾ തുടങ്ങിയ വില കുറഞ്ഞ വസ്തുക്കൾ ഉപയോഗിച്ചാണ് സയൻസ് പാർക്കിലെ ഉപകരണങ്ങളും വസ്തുക്കളും നിർമ്മിച്ചിരിക്കുന്നത്. സയൻസ് പാർക്ക് സജ്ജീകരിക്കുന്നതിന് ഒരു വിദ്യാലയത്തിന് 30000 രൂപ ചെലവഴിച്ചു. ശാസ്ത്രത്തിലെ മർദ്ദം, വെളിച്ചം, ചലനം, ജഡത്വം, ഭ്രമണം, വൈദ്യുതി, ഫ്രിക്ഷൻ, കാന്തികത, ചാലകത, ചൂട്, പ്രതിഫലനം, ചിത്രങ്ങൾ, നിറങ്ങളുടെ മിശ്രണം, ജ്യോതിശാസ്ത്രം, സൗരയൂഥം, ഭൂമി, ചന്ദ്രൻ, സൂര്യൻ, ജീവശാസ്ത്രത്തിലെ മോഡലുകൾ തുടങ്ങിയവയാണ് സയൻസ് പാർക്കിലെ പരീക്ഷണങ്ങൾ. യു ട്യൂബ് മാനോമീറ്റർ, ആഴവും മർദ്ദവും, സ്പ്രിംഗളർ, മാജിക് വാട്ടർ ടാങ്ക്, മാജിക്ബലൂൺ, ചുഴലിക്കാറ്റ്, ബെർണോളി തത്വം, സിമ്പിൾ പെൻഡുലം, റെസൊണൻസ് ബാർ, സെൻട്രിഫ്യൂജ്, സർക്ക്യൂട്ട്, തെർമ്മൽ എക്സ് പാൻഷൻ, മൾട്ടിപ്പിൾ പ്രതിഫലനം, കാലിഡോസ്കോപ്പ്, പെരിസ്കോപ്പ്, സൗരയൂഥത്തിന്റെ ചെറിയ മാതൃക രാവും പകലും തുടങ്ങിയവയാണ് ശാസ്ത്രലാബിനായി ഒരുക്കിയിരിക്കുന്ന ഉപകരണങ്ങളും പരീക്ഷണങ്ങളും. സയൻസ് പാർക്കിലെ ഉപകരണങ്ങളുടെയും പരീക്ഷണങ്ങളുടെയും ഉപയോഗം ശരിയായ രീതിയിൽ പഠിതാക്കൾക്ക് ലഭിക്കുന്നതിനായി ആവശ്യമായ പരിശീലനം അദ്ധ്യാപകർക്ക് നൽകുന്നു.

അവലംബം : എസ്.എസ്.കെ 2019

വിവരങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് വ്യവസ്ഥാപിതമായി വികസിപ്പിക്കുകയും പരിശോധിക്കുകയും ചെയ്ത നിരവധി വിദ്യാഭ്യാസ വീഡിയോകൾ ചാനൽ സംപ്രേക്ഷണം ചെയ്യുന്നു. വിഷയാത്മകമായും പെഡഗോഗിയുമായി ബന്ധപ്പെട്ടതും പരീക്ഷാധിഷ്ഠിതവും തൊഴിൽ സംബന്ധമായും ആരോഗ്യകരവുമായ വിവരങ്ങൾ ഉൾക്കൊണ്ടുള്ള വിദ്യാഭ്യാസ വീഡിയോകളാണ് വിക്ടേഴ്സ് സംഘം വികസിപ്പിച്ച് സംപ്രേഷണം ചെയ്യുന്നത്.

സമഗ്ര ശിക്ഷാ കേരളം (എസ്.എസ്.കെ)

പ്രീ–നഴ്സറി മുതൽ 12–ാം ക്ലാസ് വരെ ഒറ്റ കുടക്കീഴിൽ കൊണ്ട് വരാനായി. നിലവിലുണ്ടായിരുന്ന മൂന്ന് സ്കീമുകളായ സർവ്വ ശിക്ഷാ അഭിയാൻ (എസ്.എസ്.എ), രാഷ്ട്രീയ മാധ്യമിക് ശിക്ഷ അഭിയാൻ (ആർ. എം.എസ്.എ), ടീച്ചർ എഡുക്കേഷൻ (ടി.ഇ) എന്നിവയെ ഉൾപ്പെടുത്തി 2018–19 യൂണിയൻ ബജറ്റിനു ശേഷം സമഗ്ര ശിക്ഷ നിലവിൽ വന്നു.

സ്കൂൾ വിദ്യാഭ്യാസത്തിനുള്ള തുല്യ അവസരങ്ങളും തുല്യമായ പഠന ഫലങ്ങളും കണക്കിലാക്കിക്കൊണ്ട് വിദ്യാലയങ്ങളുടെ ഫലപ്രാപ്തി മെച്ചപ്പെടുത്തുക എന്ന വിശാലമായ ലക്ഷ്യത്തോടെ നിരവധി പദ്ധതികൾ സമഗ്ര ശിക്ഷാ കേരള നടപ്പിലാക്കിവരുന്നു.

പൊതു വിദ്യാഭ്യാസ യജ്ഞത്തിന്റെ വിശാലമായ ലക്ഷ്യങ്ങൾ നേടുന്നതിനുവേണ്ടിയാണ് സമഗ്ര ശിക്ഷാ

കേരള ഈ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നത്. ഭരണഘടനയിലെ വിദ്യാഭ്യാസം നേടുന്നതിനുള്ള അവകാശം വിഭാവനം ചെയ്യുന്ന തരത്തിലുള്ള വിദ്യാഭ്യാസം പ്രായഭേദമെന്യേ എല്ലാവർക്കും നേടുകയെന്നും ഇതിന്റെ ലക്ഷ്യമാണ്.

ഈ അജണ്ട മുൻനിർത്തികൊണ്ട് രാഷ്ട്രീയ ആവിഷ്കാർ അഭിയാൻ കണക്കിനും ശാസ്ത്രത്തിനുമുള്ള പ്രത്യേക പരിപാടി ജൈവ വൈവിധ്യ, ബയോഡൈവേഴ്സിറ്റി തോട്ടങ്ങൾ, ഭിന്നശേഷിക്കാരായ കുട്ടികളുടെ പഠനം, ഭൗമാമ് (സാമൂഹ്യ ശാസ്ത്ര പരിപാടി), ജ്വാല (പെൺകുട്ടികൾക്കായുള്ള നാടക പ്രവർത്തനങ്ങൾ), സ്വയം പ്രതിരോധം, തൊഴിലധിഷ്ഠിത വിദ്യാഭ്യാസം, പ്രീ–വിദ്യാഭ്യാസം, തുടങ്ങിയ വിഭാഗങ്ങൾക്ക് കീഴിൽ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നു. "മലയാളതിളക്കം", "ഹലോ ഇംഗ്ലീഷ്", "സുരീലി ഹിന്ദി", എന്നീ പഠന വർദ്ധനവ് പദ്ധതികൾ സമഗ്ര ശിക്ഷ കേരള നടപ്പിലാക്കി വരുന്നു. ഇത് വിദ്യാർത്ഥികളിലെ ഭാഷാ പഠന ശേഷി വർദ്ധിപ്പിക്കുന്നു.

ഹയർ സെക്കണ്ടറി വിദ്യാഭ്യാസം

ദേശീയ വിദ്യാഭ്യാസ നയത്തിന് അനുസൃതമായി സെക്കണ്ടറി വിദ്യാഭ്യാസം പുനഃക്രമീകരിക്കുന്നതിനുവേണ്ടിയാണ് ഹയർസെക്കണ്ടറി കോഴ്സുകൾ 1990–91 കാലയളവിൽ സംസ്ഥാനത്ത് നിലവിൽ വന്നത്. 2019–ൽ സംസ്ഥാനത്ത് 2,077 ഹയർസെക്കണ്ടറി സ്കൂളുകൾ നിലവിലുണ്ട്. അതിൽ 839 എണ്ണം (40.4ശതമാനം) സർക്കാർ സ്കൂളുകളാണ്. 858 എണ്ണം (41.3ശതമാനം) എയ്ഡഡ് സ്കൂളുകളും ബാക്കി 380 എണ്ണം (18.3 ശതമാനം) അൺഎയ്ഡഡ്/ടെക്നിക്കൽ സ്കൂളുകളുമാണ്. ജില്ലയിൽ ഏറ്റവും കൂടുതൽ ഹയർസെക്കണ്ടറി സ്കൂളുകൾ മലപ്പുറത്താണ് (248 എണ്ണം), തൊട്ടു പിന്നാലെ യഥാക്രമം എറണാകുളവും (209 എണ്ണം) തൃശ്ശൂരുമാണ് (203 എണ്ണം).
2019–ൽ ഹയർസെക്കണ്ടറി കോഴ്സിൽ 7,249 ബാച്ചുകൾ ഉണ്ട്. 3,84,128 പേരാണ് ഹയർസെക്കണ്ടറി സ്കൂളുകളിൽ പ്രവേശനം നേടിയത്. ഏറ്റവും കൂടുതൽ ബാച്ചുകൾ മലപ്പുറം ജില്ലയിലാണ് (1067 എണ്ണം). ഇവിടെ 59,068 വിദ്യാർത്ഥികൾ പ്രവേശനം നേടി. ജില്ല–മാനേജ്മെന്റ് കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റ്ന്റ് തിരിച്ചുള്ള ഹയർ സെക്കണ്ടറി സ്കൂളുകളുടെയും ബാച്ചുകളുടെയും എണ്ണം അനുബന്ധം 6.1.17ലും ജില്ലകളിൽ പ്രവേശനം നേടിയ കുട്ടികളുടെ കണക്കുകൾ **അനുബന്ധം 6.1.18** ലും കാണാം.
ഹയർ സെക്കണ്ടറി വിദ്യാർത്ഥികളുടെ വിജയം 2017–18 ൽ 75.56 ശതമാനത്തിൽ നിന്നും 2018–19 ൽ 84.28 ശതമാനമായി. ഇതിന്റെ വിശദ വിവരങ്ങൾ അനുബന്ധം 6.1.19 ൽ കൊടുത്തിട്ടുണ്ട്. 2017–18 നെ അപേക്ഷിച്ച് 2018–19 ൽ ഹയർ സെക്കന്ററി സ്കൂൾ വിദ്യാർത്ഥികളിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ വിജയശതമാനവും കൂടിയതായി കാണുന്നു. 63.51 ശതമാനത്തിൽ നിന്ന് പട്ടികജാതി വിദ്യാർത്ഥികളുടെ വിജയം 66.30 ശതമാനമായി കൂടിയപ്പോൾ പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികളുടെ വിജയം 62.22 ശതമാനത്തിൽ നിന്നും 65.71 ശതമാനമായി കൂടുകയുണ്ടായി. വിശദവിവരങ്ങൾ **അനുബന്ധം 6.1.20, അനുബന്ധം 6.1.21** എന്നിവയിലുണ്ട്.

വൊക്കേഷണൽ ഹയർസെക്കണ്ടറി വിദ്യാഭ്യാസം

വൊക്കേഷണൽ ഹയർസെക്കണ്ടറി വിദ്യാഭ്യാസം സംസ്ഥാനത്ത് ആരംഭിക്കുന്നത് 1983–84 കാലഘട്ടത്തിലാണ്. സ്വയം തൊഴിൽ/വേതന/പ്രത്യക്ഷ തൊഴിലുകൾ സൃഷ്ടിക്കുക എന്നീ ലക്ഷ്യത്തോടെ പ്ലസ് ടു തലത്തിലുള്ള വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസം നൽകുകയാണ് വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യാഭ്യാസം കൊണ്ട് ലക്ഷ്യമിടുന്നത്. 389 വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിലായി സംസ്ഥാനത്ത് 1,101 ബാച്ചുകളുണ്ട്. ഇതിൽ 261 സ്കൂളുകൾ സർക്കാർ മേഖലയിലും, 128 എണ്ണം എയ്ഡഡ് മേഖലയിലുമാണ്. 52 എണ്ണത്തോടെ ഏറ്റവും കൂടുതൽ വി.എച്ച്.എസ്.എസുകൾ ഉള്ള ജില്ല കൊല്ലവും തൊട്ടടുത്ത് 41 എണ്ണത്തോടെ തിരുവനന്തപുരവുമാണ്. 2019–20–ൽ ജില്ല തിരിച്ച് വി.എച്ച്.എസ്.എസ്. കളും കോഴ്സുകളും **അനുബന്ധം 6.1.22** ൽ കൊടുത്തിരിക്കുന്നു.

മാർച്ച് 2019 ലെ വി.എച്ച്.എസ്.ഇ പരീക്ഷയിൽ ഉന്നതവിദ്യാഭ്യാസത്തിന് അർഹത നേടിയത് 80.1 ശതമാനമാണ് (സേ പരീക്ഷ എഴുതിയവർ ഉൾപ്പെടെ). 2010 മുതൽ 2019 വരെ വി.എച്ച്.എസ്.ഇ. പരീക്ഷ എഴുതിയവരുടെയും വിജയിച്ചവരുടെയും എണ്ണവും സ്കൂളിൽ പോകുന്ന കുട്ടികളുടെ റിസൽട്ടുകളും (2012–2019) **അനുബന്ധം 6.1.23, 6.1.24** എന്നിവയിൽ കൊടുത്തിരിക്കുന്നു

സർവ്വകലാശാലയും ഉന്നതവിദ്യാഭ്യാസവും

സംസ്ഥാനത്ത് ആകെ 14 സർവ്വകലാശാലകളുണ്ട്. ഇതിൽ 4 സർവ്വകലാശാലകൾ – കേരളാ, മഹാത്മാഗാന്ധി, കോഴിക്കോട്, കണ്ണൂർ എന്നിവ – പൊതുസ്വഭാവമുള്ളതും, വിവിധ കോഴ്സുകൾ നടത്തുന്നവയും ആണ്. ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാല, കൊച്ചി ശാസ്ത്രസാങ്കേതിക സർവ്വകലാശാല, തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാല, കേരള വെറ്റിനറി ആൻഡ് ആനിമൽ സയൻസ് യൂണിവേഴ്സിറ്റി, കേരള കാർഷിക സർവ്വകലാശാല, കേരള ആരോഗ്യ സർവ്വകലാശാല,

പട്ടിക 6.1.7 ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ പ്രവേശനം നേടിയ വിദ്യാർത്ഥികൾ

കോഴ്സ്	ആകെ	പെൺകുട്ടികൾ	ആൺകുട്ടികൾ	പെൺകുട്ടികളുടെ ശതമാനം
ബി.എ	133235	86110	47125	64.6
ബി.എസ്.സി	103234	77452	25782	75
ബി.കോം	45624	29012	16612	63.6
ആകെ	282093	192574	89519	68.3
എം.എ	15461	10083	5378	65.2
എം.എസ്.സി	19133	12568	6565	65.7
എം.കോം	6465	4545	1920	70.3
ആകെ	41059	27196	13863	66.2
ആകെ മൊത്തം	323152	219770	103382	68.0

അവലംബം : കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റ്

കേരള മത്സ്യ, സമുദ്രോല്പന്ന പഠന സർവ്വകലാശാല, കേരള സാങ്കേതിക സർവ്വകലാശാല തുടങ്ങിയവ പ്രത്യേക വിഷയങ്ങളിൽ വൈദഗ്ധ്യം നേടുന്നതിന് സഹായകമായ കോഴ്സുകൾ നടത്തിവരുന്നു. ഇതുകൂടാതെ 2005 ൽ, സ്ഥാപിതമായ നവാൽസ് അഥവാ നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ് ലീഗൽ സ്റ്റഡീസ്, കാസർഗോഡ് സ്ഥാപിച്ച കേന്ദ്ര സർവ്വകലാശാല എന്നിവയും പ്രവർത്തിക്കുന്നു.

ആർട്സ് ആന്റ് സയൻസ് കോളേജുകൾ

സംസ്ഥാനത്ത് 229 ആർട്സ് ആന്റ് സയൻസ് കോളേജുകൾ നിലവിലുള്ളതിൽ 163 സ്വകാര്യ എയ്ഡഡ് കോളേജുകളും 66 സർക്കാർ കോളേജുകളും ആണ്. ഇത് കൂടാതെ നിരവധി അൺ-എയ്ഡഡ്/ സെൽഫ് ഫിനാൻസിങ്ങ് കോളേജുകളും സർവ്വകലാശാലകളുടെ അംഗീകാരത്തോടുകൂടി പ്രവർത്തിക്കുന്നുണ്ട്. 2018-19ൽ എറണാകുളം, തിരുവനന്തപുരം ജില്ലകളിലാണ് (26) സംസ്ഥാനത്ത് ഏറ്റവും കൂടുതൽ ആർട്സ് ആന്റ് സയൻസ് കോളേജുകൾ ഉള്ളത്. തൊട്ടുപുറകിൽ കോട്ടയം, (24) ജില്ലയാണ്. ഏറ്റവും കൂടുതൽ സർക്കാർ കോളേജുകൾ തിരുവനന്തപുരം, കോഴിക്കോട് ജില്ലകളിലാണ് (10). 2018-19 ൽ സംസ്ഥാനത്ത് നിലവിലുള്ള ആർട്സ് ആന്റ് സയൻസ് കോളേജുകളുടെ എണ്ണം ജില്ല തിരിച്ച് അനുബന്ധം 6.1.25 ൽ കൊടുത്തിരിക്കുന്നു. സെൽഫ് ഫിനാൻസിങ്ങ് കോളേജുകളുടെയും സ്വയം ഭരണാധികാരമുള്ള കോളേജുകളുടെയും വിവരങ്ങൾ **അനുബന്ധം 6.1.26** ൽ കൊടുത്തിരിക്കുന്നു.

ചിത്രം 6.1.3 ഡിഗ്രി കോഴ്സിലേക്കുള്ള സ്ത്രീ പുരുഷ വിദ്യാർഥികളുടെ പ്രവേശനം



അവലംബം : കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റ്

വിദ്യാർത്ഥികളുടെ പ്രവേശനം

കേരളത്തിലെ നാല് സർവ്വകലാശാലയ്ക്കു കീഴിലുള്ള ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ 2018–19 –ൽ 3.23 ലക്ഷം വിദ്യാർത്ഥികൾ പ്രവേശനം നേടിയിട്ടുണ്ട് (അൺ എയ്ഡഡ് കോളേജുകൾ ഒഴികെ). ഇതിൽ 2.2 ലക്ഷം (68ശതമാനം) പെൺകുട്ടികളാണ്.

ബിരുദ പഠനത്തിന് പ്രവേശനം നേടിയിട്ടുള്ള കുട്ടികളിൽ 47.2 ശതമാനം പേർ ബി.എ യ്ക്കും, 36.6 ശതമാനം പേർ ബി.എസ്.സി.യ്ക്കും, 16.2 ശതമാനം പേർ ബി.കോമിനുമാണ് ചേർന്നിട്ടുള്ളത്. ബിരുദ പഠനത്തിന് പ്രവേശനം നേടിയ ആകെ വിദ്യാർത്ഥികളിൽ 68 ശതമാനം പെൺകുട്ടികളാണ്. ആൺ–പെൺ തിരിച്ചുള്ള പ്രവേശനം വ്യക്തമാക്കുന്നത് ബി.എ, ബി.എസ്.സി കോഴ്സുകളെക്കാൾ ആൺകുട്ടികൾ തിരഞ്ഞെടുക്കുന്നത് ബി.കോം കോഴ്സാണ്.

ബി.എ. ബിരുദ കോഴ്സിന് ആകെ 27 വിഷയങ്ങളാണുള്ളത്. ഇംഗ്ലീഷ് ആണ് ഏറ്റവും കൂടുതൽ വിദ്യാർത്ഥികൾ പ്രവേശനം നേടിയ വിഷയം. തൊട്ടു പുറകിൽ സാമ്പത്തിക ശാസ്ത്രം വരുന്നു. ബി.എസ്.സി. കോഴ്സിനു കീഴിൽ ആകെ 31 വിഷയങ്ങൾ പഠിക്കാം. ഇവിടെ ഏറ്റവും കൂടുതൽ വിദ്യാർത്ഥികൾ പ്രവേശനം നേടിയത് ഫിസിക്സിലാണ് തൊട്ടുപിറകിലാണ് ഗണിതശാസ്ത്രം. ബി.എ., ബി.എസ്.സി., ബി.കോം കോഴ്സുകളിലായി ആർട്സ് ആന്റ് സയൻസസ് കോളേജുകളിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ വിശദാംശങ്ങൾ **ചിത്രം 6.1.3** ലും **അനുബന്ധം 6.1.27, 6.1.28, 6.1.29** ലും കൊടുത്തിരിക്കുന്നു. 2018–19 കാലഘട്ടത്തിൽ കേരളത്തിൽ 20974 വിദ്യാർത്ഥികൾ ബിരുദാനന്തര–ബിരുദ കോഴ്സുകൾക്ക് പ്രവേശനം

പട്ടിക 6.1.8 ഉന്നത വിദ്യാഭ്യാസത്തിന് പ്രവേശനം നേടിയ എസ്.സി എസ് ടി വിദ്യാർത്ഥികൾ

കോഴ്സ്	ആകെ വിദ്യാർത്ഥികൾ	എസ്.സി,. വിദ്യാർത്ഥികൾ	ശതമാനം എസ്.സി. വിദ്യാർത്ഥികൾ	എസ്.ടി. വിദ്യാർത്ഥികൾ	ശതമാനം എസ്.ടി. വിദ്യാർത്ഥികൾ
ബി.എ	133235	14140	10.6	3341	2.5
ബി.എസ്.സി	103234	15861	15.4	996	1
ബികോം	45624	6099	13.4	827	1.8
ആകെ ബിരുദം	282093	36100	12.8	5164	1.8
എം.എ	15461	2410	15.6	893	5.8
എം.എസ്.സി	19133	2172	11.4	613	3.2
എം.കോം	6465	865	13.4	286	4.4
ആകെ പി.ജി	41059	5447	13.3	1792	4.4
ആകെ	323152	41547	12.9	6956	2.2

അവലംബം : കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റ്

ചിത്രം 6.1.4 ബിരുദ ബിരുദാനന്തര ബിരുദ കോഴ്സിലെ പട്ടിക വർഗ്ഗ വിദ്യാർത്ഥികൾ ശതമാനത്തിൽ



ഉറവിടം: കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റ്

നേടി. ഇതിൽ 66.2 ശതമാനം പെൺകുട്ടികളാണ്. ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ എം.എ, എം.എസ്.സി, എം.കോം കോഴ്സുകൾക്ക് പ്രവേശനം നേടിയവരുടെ വിശദമായ കണക്കുകൾ **അനുബന്ധം 6.1.30, 6.1.31 6.1.32** ൽ ഉൾപ്പെടുത്തിയിരിക്കുന്നു.

പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾ

സംസ്ഥാനത്ത് ബിരുദ–ബിരുദാനന്തര ബിരുദ കോഴ്സുകളിലായി 41547 പട്ടികജാതി വിഭാഗ വിദ്യാർത്ഥികളാണ് പ്രവേശനം നേടിയിട്ടുള്ളത്. 2018–19 ൽ പ്രവേശനം നേടിയ ആകെ വിദ്യാർത്ഥികളിൽ 12.9 ശതമാനം പട്ടികജാതിയിൽപ്പെട്ടവരാണ്.

2018–19 ൽ ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ പ്രവേശനം നേടിയവരിൽ 6,956 പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളാണ്. 2018–19–ൽ കേരളത്തിലെ ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ ചേർന്ന പട്ടികജാതി–പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ കണക്കുകൾ അനുബന്ധം 6.1.33 ൽ കാണാം. പട്ടികജാതി–പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പ്രവേശനം 40609 ൽ നിന്നും 41547 ആയി വർദ്ധിച്ചിരിക്കുന്നു. പട്ടികജാതി–പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ അനുപാതം അവരുടെ ജനസംഖ്യയുടെ അനുപാതത്തേക്കാൾ കൂടുതലാണ്.

സ്കോളർഷിപ്പുകൾ

13 തരം കേന്ദ്ര–സംസ്ഥാനതല സ്കോളർഷിപ്പുകൾ വിദ്യാർത്ഥികൾക്ക് ലഭിക്കുന്നു. പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് (63718) ജില്ല മെറിറ്റ് സ്കോളർഷിപ്പ് (20,423) കേരള സംസ്ഥാന സുവർണ്ണ ജൂബിലി സ്കോളർഷിപ്പ് (4,500) സെൻട്രൽ സെക്ടർ സ്കോളർഷിപ്പ് (7,218) എന്നിവയാണ് 2018–19 വർഷത്തിൽ നല്കിയ പ്രധാന സ്കോളർഷിപ്പുകൾ 2014–15 മുതൽ 2018–19 വരെയുള്ള കാലഘട്ടത്തിൽ നൽകിയിട്ടുള്ള സ്കോളർഷിപ്പുകൾ വിവരങ്ങൾ **അനുബന്ധം 6.1.34** ൽ കൊടുത്തിരിക്കുന്നു.

ബോക്സ് നമ്പർ 6.1.4 സ്റ്റേറ്റ് അസ്സസ്മെന്റ് ആന്റ് അക്രഡിറ്റേഷൻ സെൻറർ (എസ് എ എ സി)

ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ കീഴിൽ രൂപം കൊണ്ടതാണ് സ്റ്റേറ്റ് അസ്സസ്മെന്റ് ആന്റ് അക്രഡിറ്റേഷൻ സെന്റർ (സാക്) സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ നിയമം 2017 ൽ സബ് വിഭാഗം 2 –n (IV)ൽ സെക്ഷൻ 4, (പ്രിന്റീട് കേരള സംസ്ഥാനം പരിഷ്ക്കരിച്ചത്), ഉന്നത വിദ്യാഭ്യാസ സമിതി (ഭേദഗതി) നിയമം 2018 പ്രകാരം സാകിന്റെ പ്രവർത്തനങ്ങൾ താഴെ പറയുന്നവയാണ്.

- ആഗോള ദേശീയ "സംസ്ഥാന നിർദ്ദിഷ്ട " ഘടകങ്ങൾ ഉപയോഗിച്ച് വസ്തുനിഷ്ഠമായും സുതാര്യമായും കേരളത്തിലെ സർവ്വകലാശാലകൾ, സർക്കാർ എയ്ഡഡ് കോളേജുകൾ, സ്വയംഭരണ കോളേജുകൾ, സ്വാശ്രയ കോളേജുകൾ എന്നിവയ്ക്ക് സംസ്ഥാനതല അക്രഡിറ്റേഷനും ഗ്രേഡുകളും വിലയിരുത്തി നൽകുക
- കേരള ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിം വർക്കിന്റെ അളവുകൾ ഉപയോഗിച്ച് സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ റാങ്ക് ചെയ്യുക
- നാക് അക്രഡിറ്റേഷനും ഗ്രേഡിംഗിനും പോകാനുള്ള സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സന്നദ്ധത വർദ്ധിപ്പിക്കുകയും ഉറപ്പാക്കുകയും ചെയ്യുക
- ദേശീയ തല അംഗീകാരത്തിനായി പരിശീലനവും മാർഗനിർദ്ദേശവും നൽകുക
- അന്തർദ്ദേശീയമായി സംഭവിക്കുന്ന മാറ്റങ്ങളെ മനസ്സിലാക്കി മാറിമാറിവരുന്ന മാതൃകകളുമായി യോജിച്ചു പോകാൻ സർവ്വകലാശാലകളെയും കോളേജുകളെയും പ്രാപ്തരാക്കുക
- അക്കാദമിക മികവ് അളക്കുന്നതിന് ഇക്വിറ്റി, സോഷ്യൽ ഇൻക്ലൂസീവ്നെസ്സ്, കമ്മ്യൂണിറ്റി/വികസന ബന്ധങ്ങൾ തുടങ്ങിയ ആശയങ്ങളിൽ നിന്ന് രൂപപ്പെട്ട സംസ്ഥാന നിർദ്ദിഷ്ട ഘടകങ്ങൾ ഉപയോഗിക്കുക
- സംസ്ഥാനത്തിന്റെ ഉന്നത വിദ്യാഭ്യാസ നയങ്ങളും പദ്ധതികളും നിയമശൃംഖലയേയും അക്കാദമിക് സമൂഹത്തെയും പ്രബോധിപ്പിക്കുക

സാക്–വിഷൻ സ്റ്റേറ്റ്മെൻറ്: സുതാര്യവും ചിട്ടയുള്ളതുമായ അളവുകൾ ഉപയോഗിച്ച് കേരളത്തിലെ എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും തിരശ്ചീനവും സുസ്ഥിരവുമായ വികസനം ഉത്തേജിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക, ആഗോള, ദേശീയ, സംസ്ഥാന തലത്തിൽ, പ്രാദേശികവും തദ്ദേശീയവുമായ തലത്തിലുള്ള ഗുണനിലവാരം മികവ്, കഴിവ് കാര്യക്ഷമത, സമന്വയം സാമൂഹിക/വികസന ബന്ധം എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുക.

സാകിനുവേണ്ടിയുള്ള വിലയിരുത്തൽ രീതി: സ്ഥാപനങ്ങളെ വിലയിരുത്തുന്നതിനായി മൾട്ടിലെവൽ സംയോജിത സമീപനം സ്വീകരിക്കാൻ സാക് നിർദ്ദേശിക്കുന്നു. മൂല്യ നിർണ്ണയ പ്രക്രിയ പൂർത്തിയായി കഴിഞ്ഞാൽ ഒരു സ്ഥാപനത്തിന് മൂന്ന് മടങ്ങ് പോയിൻറുകളും ഗ്രേഡുകളും സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂഷൻ റാങ്കിംഗ് ഫ്രെയിം വർക്കിൽ ഒരു പ്രത്യേക റാങ്കും നൽകും.

ഉറവിടം. കേരള ഉന്നത വിദ്യാഭ്യാസ സമിതി

അദ്ധ്യാപകർ

സംസ്ഥാനത്തെ ആർട്സ് ആന്റ് സയൻസ് കോളേജുകളിലെ 2018–19 ലെ അധ്യാപകരുടെ എണ്ണം 10145 ആണ്. ഇതിൽ 56.6 ശതമാനം സ്ത്രീകളാണ്. 2014–15 മുതൽ 2017–18 വർഷങ്ങളിൽ സർവ്വകലാശാല തിരിച്ച് കേരളത്തിലെ ആർട്സ് ആന്റ് സയൻസ് കോളേജുകളിലെ അധ്യാപകരുടെ എണ്ണം അനുബന്ധം 6.1.35 ൽ കാണാം. ഇവരിൽ 3,605 പേർ (35.9ശതമാനം) പി.എച്ച്.ഡി. ബിരുദമുള്ളവരാണ്. വിശദവിവരങ്ങൾ അനുബന്ധം 6.1.36 ൽ കൊടുത്തിട്ടുണ്ട്. 2019 ൽ ഈ കോളേജുകളിൽ 2,933 പേർ ഗസ്റ്റ് അദ്ധ്യാപകരായി ജോലി ചെയ്തിട്ടുണ്ട്. ഇതിന്റെ വിശദാംശങ്ങൾ അനുബന്ധം 6.1.37 ൽ കാണാം.

കേരള ഉന്നത വിദ്യാഭ്യാസ കൗൺസിൽ

ദേശീയ തലത്തിലുള്ള വിദ്യാഭ്യാസ നയങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നതിനായി, സംസ്ഥാനതല ആസൂത്രണത്തിന്റെയും സഹകരണത്തിന്റെയും പ്രാധാന്യം അംഗീകരിച്ചുകൊണ്ട്, എല്ലാ സംസ്ഥാനങ്ങളിലും ഉന്നത വിദ്യാഭ്യാസ കൗൺസിൽ രൂപീകരിക്കണമെന്ന് ദേശീയ വിദ്യാഭ്യാസ നയം 1986ൽ നിർദ്ദേശിച്ചു. കേരള സർക്കാർ 2006 ൽ ഒരു ഹയർ എഡ്യൂക്കേഷൻ കമ്മീഷനെ ഡോ.കെ.എൻ. പണിക്കരുടെ അദ്ധ്യക്ഷതയിൽ നിയമിച്ചു. 2007 മാർച്ച് 16 ന് കേരള സംസ്ഥാന ഹയർ എഡ്യൂക്കേഷൻ കൗൺസിൽ നിലവിൽ വന്നു. സംസ്ഥാനത്ത് ഹയർ എഡ്യൂക്കേഷനെ പറ്റിയുള്ള വിവരങ്ങൾ ലഭ്യമാക്കുന്നതിനും ഉന്നത വിദ്യാഭ്യാസ മേഖലയിൽ സമത്വം, പ്രവേശനം, മികവ് എന്നിവ ഉറപ്പാക്കാനും പ്രയത്നിക്കുന്നു. കൗൺസിലിന്റെ പ്രധാന ചുമതലകൾ താഴെ പറയുന്നു.

- സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ നയങ്ങൾ രൂപീകരിക്കുന്ന ഒരു ഏജൻസിയായി പ്രവർത്തിക്കുക.
- സംസ്ഥാനത്തെ സർക്കാർ, സർവ്വകലാശാലകൾ, മറ്റ് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയ്ക്ക് ഉപദേശം നൽകുക.
- സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വിവിധ ഏജൻസികളുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുക.
- ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പുതിയ ആശയങ്ങൾക്കും പദ്ധതികൾക്കും തുടക്കം കുറിക്കുക
- ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ സ്വയംഭരണാവകാശത്തിൽ കൈകടത്താതെ ഉന്നത വിദ്യാഭ്യാസ രംഗത്ത് പൊതു സൗകര്യങ്ങൾ ലഭ്യമാക്കുക.

ഇക്കാലയളവിനുള്ളിലെ കൗൺസിലിന്റെ പ്രധാന പ്രവർത്തനങ്ങളും നേട്ടങ്ങളും താഴെ ചുരുക്കി പറഞ്ഞിരിക്കുന്നു.

- ബിരുദ തലത്തിലുള്ള വിദ്യാഭ്യാസത്തിന്റെ പുനസംഘടിപ്പിക്കൽ (ചോയ്സ് ബെയ്സ്ഡ് ക്രെഡിറ്റ് ആൻറ് സെമസ്റ്റർ സിസ്റ്റം ആവിഷ്ക്കരിക്കുക),
- ആർട്സ് ആൻറ് സയൻസ് കോളേജുകളിലെ വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പ് നടപ്പിലാക്കുക
- ക്ലസ്റ്റർ ഓഫ് കോളേജ് സ്കീം നടപ്പിലാക്കുക
- എറുഡിയേറ്റ് പദ്ധതിയുടെ നടത്തിപ്പ് (സംസ്ഥാനത്തെ അദ്ധ്യാപകർക്കും–വിദ്യാർത്ഥികൾക്കും അന്തർദേശീയ തലത്തിൽ പ്രശസ്തി നേടിയ പ്രമുഖരുമായും നോബൽ ജേതാക്കളുമായി സംവദിക്കാനുള്ള അവസരം നൽകുക)
- "ഭാവിയിലേക്കുള്ള ഉന്നത വിദ്യാഭ്യാസം" എന്ന മാസികയുടെ പ്രകാശനം
- ഉന്നത വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങൾ പഠിച്ച് റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുക.

കേരള ചരിത്രഗവേഷണ കൗൺസിൽ (കെ.സി.എച്ച്.ആർ)

ചരിത്രത്തിലും പുരാവസ്തുഗവേഷണത്തിലും മറ്റ് സാമൂഹ്യ ശാസ്ത്രവിഷയങ്ങളിലും ഗവേഷണ പഠനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി 2001 ൽ സ്ഥാപിച്ച ഒരു സ്വയംഭരണ സ്ഥാപനമാണ് കേരള ചരിത്ര ഗവേഷണ കൗൺസിൽ. രാജ്യത്തിനകത്തും പുറത്തുമുള്ള പ്രമുഖ ഗവേഷണ സ്ഥാപനങ്ങളുമായി അക്കാദമിക അംഗീകാരമുള്ളതും കേരള സർവ്വകലാശാലയുടെ അംഗീകരിക്കപ്പെട്ട ഗവേഷണ കേന്ദ്രവുമാണ് കേരള ചരിത്ര ഗവേഷണ കൗൺസിൽ. ചരിത്രാതീതകാലം മുതൽ വർത്തമാനകാലം വരെയുള്ള കേരളത്തിന്റെ ചരിത്രം ശാസ്ത്രീയമായി തയ്യാറാക്കി ഒരു സമഗ്ര വാല്യമായി പ്രസിദ്ധീകരിക്കാൻ കൗൺസിൽ തയ്യാറെടുക്കുകയാണ്.

കൊടുങ്ങല്ലൂർ–പറവൂർ സോണിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ചരിത്ര–ടൂറിസം പ്രോജക്ടിന് സാങ്കേതിക സഹായം നൽകുന്ന നോഡൽ ഏജൻസിയായി ചരിത്ര ഗവേഷണ കൗൺസിലിനെ തെരഞ്ഞെടുത്തിട്ടുണ്ട്. 2006–07 മുതൽ കേരള ചരിത്ര ഗവേഷണ കൗൺസിൽ 'പട്ടണ'ത്തിൽ വിവിധ തലങ്ങളിലുള്ള ഗവേഷണങ്ങൾ നടത്തി വരികയാണ്. കേരളത്തിന്റെ ആദ്യകാല ചരിത്രത്തെ പുനർ നിർമ്മിക്കാൻ വേണ്ടത്ര തെളിവുകൾ ഈ ഗവേഷണങ്ങളിൽ നിന്ന് ലഭിച്ചുകൊണ്ടിരിക്കുന്നു.

കേരള സംസ്ഥാന നൈപുണ്യ വികസന പ്രോജക്ട്സ് അസാപ്പ്

കേരള സംസ്ഥാന നൈപുണ്യ വികസന പദ്ധതിയുടെ ഭാഗമായി 2012 ൽ ഉന്നത–പൊതു വിദ്യാഭ്യാസ

ഉറവിടം. കേരള ഉന്നത വിദ്യാഭ്യാസ സമിതി

ബോക്സ് 6.1.5 പട്ടണം പുരാവസ്തു ഗവേഷണം

കേരളത്തിൽ എറണാകുളം ജില്ലയിലെ കൊച്ചിക്ക് 25 കി.മി വടക്കായി സ്ഥിതി ചെയ്യുന്ന പറവൂർ താലൂക്കിലെ വടക്കേക്കര ഗ്രാമത്തിലാണ് പട്ടണം. – പുരാവസ്തു ഗവേഷണത്തിന്റെ സ്ഥാനം (വടക്ക് അക്ഷാംശം 100 09. 434, കിഴക്ക് രേഖാംശം 760 2.587). അറബിക്കടലിൽ നിന്ന് 4 കി.മി. അകലയായി പെരിയാർ നദിയുടെ അഴിമുഖത്ത് സ്ഥിതിചെയ്യുന്ന തീരപ്രദേശമാണിത്. 2007 മുതൽ 2015 വരെയായി പട്ടണം പ്രദേശത്ത് 9 സീസണുകളിലായി കേരള ചരിത്ര ഗവേഷണ കൗൺസിൽ ഖനനം നടത്തുകയുണ്ടായി. വിവിധ സംസ്കാരങ്ങളിലേക്കും വെളിച്ചം വീശുന്ന ഒരുപാട് വിവരങ്ങൾ ഈ ഖനനം വഴി പുറത്തേക്ക് വന്നു. ഇന്ത്യൻ ഉപ ഭൂഖണ്ഡത്തിലെയും മറ്റ് പ്രദേശങ്ങളിലെയും വിവിധ ഭാഗങ്ങളുമായി അക്കാലത്തുണ്ടായിരുന്ന ബന്ധത്തിന്റെ പല തെളിവുകളും ഈ ഖനനം വഴി ലഭിച്ചിട്ടുണ്ട്.

വിവിധ തരത്തിലുള്ള മൺപാത്രങ്ങൾ (വൈഡൂര്യാലംകൃതമായ മൺപാത്രങ്ങൾ, ടോർപ്പിടോ ജാറുകൾ കറുപ്പും ചെമപ്പുമായ പിഞ്ഞാണങ്ങൾ) സസ്യങ്ങളുടെ അവശിഷ്ടങ്ങൾ വിലപിടിപ്പുള്ള കല്ലുകളും മുത്തുകളും ഇവയിൽ ഉൾപ്പെടുന്നു. കെട്ടിടങ്ങൾ, തോണി, സംഭരണികൾ, കിണറുകൾ, കക്കൂസുകൾ എന്നിവയുടെ അവശിഷ്ടങ്ങളും ഈ പ്രദേശത്ത് നിന്ന് ലഭിച്ചു. 500 ബി.സി മുതലാണ് പട്ടണം പ്രദേശത്തിന്റെ ചരിത്രം ആരംഭിക്കുന്നത്. ആദിമ ചരിത്ര കാലമായ ബി.സി മൂന്നാം നൂറ്റാണ്ടു മുതൽ 5–ാം നൂറ്റാണ്ടു വരെയാണ് പട്ടണം പ്രദേശത്തിന്റെ സജീവമായ ചരിത്രകാലം.

9 സീസണുകളിലായി നടന്ന ഖനനത്തോടെ അവിടത്തെ പ്രവർത്തനങ്ങളുടെ പ്രധാനപ്പെട്ട ഒരു ഘട്ടം കഴിഞ്ഞിരിക്കുന്നു. ഇടക്കാല റിപ്പോർട്ടുകളും പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇപ്പോൾ പട്ടണത്തെക്കുറിച്ചുള്ള ഖനനാനന്തര പഠനങ്ങളിലാണ് കേരള ചരിത്ര ഗവേഷണ കൗൺസിൽ ശ്രദ്ധയൂന്നുന്നത്. പട്ടണം പ്രദേശത്ത് തന്നെ കൗൺസിൽ ഒരു മുഴുവൻ സമയ ഓഫീസും ഖനനം ചെയ്തു ലഭിച്ച വസ്തുക്കളും പ്രദർശന സ്ഥലവും സജ്ജീകരിച്ചിട്ടുണ്ട്.

മുസിരീസ് ഹെറിട്ടേജ് പ്രോജക്ടുമായി ചേർന്ന്കൊണ്ട് ഒരു ഗവേഷണ ക്യാംപസ് പട്ടണം പ്രദേശത്ത് തന്നെ സജ്ജീകരിക്കാൻ കൗൺസിൽ ശ്രമങ്ങൾ തുടങ്ങിയിട്ടുണ്ട്. ഈ ഗവേഷണ ക്യാംപസിൽ ഒരു വിശദീകരണ കേന്ദ്രവും, കരകൗശല വസ്തുക്കളുടെ ശേഖരണവും, ഗവേഷണവും, ലാബും, ഗവേഷണ സൗകര്യവും ഉണ്ടാവും. എപ്പിഗ്രാഫിയിൽ ഒരു ഹ്രസ്വകാല കോഴ്സും കൗൺസിൽ ഈ ക്യാംപസിൽ ആരംഭിക്കാൻ ശ്രമിക്കുന്നു.

ഉറവിടം: കെ സി എച്ച് ആർ

വകുപ്പുകളുടെ പങ്കാളിത്തത്തോടെ ആരംഭിച്ച പദ്ധതിയാണ് അസാപ്പ്. ഹയർ സെക്കന്ററി തലം മുതൽ ബിരുദ തലം വരെയുള്ള ജനറൽ കരിക്കുലവുമായി ബന്ധപ്പെടുത്തി സുപ്രധാന അടിസ്ഥാന പരിശീലനം, തൊഴിലധിഷ്ഠിത പരിശീലനം, കരിയർ കൗൺസലിംഗ് എന്നിവയിലൂടെ വിദ്യാഭ്യാസ തൊഴിലില്ലായ്മയെ നേരിടാൻ ഇത് ലക്ഷ്യമിടുന്നു. 1100 ലധികം ഹയർ സെക്കന്ററി വിദ്യാലയങ്ങളിൽ നിന്നും ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ നിന്നുമായി 201409 വിദ്യാർത്ഥികൾക്ക് അസാപ്പ് ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പരിശീലനം നൽകുന്നു. അസാപ്പിന്റെ വിജയം സാമൂഹ്യ നൈപുണ്യത്തിലേക്കും ഫ്യൂച്ചറിസ്റ്റിക് നൈപുണ്യത്തിലേക്കും നയിച്ചു. വിദ്യാർത്ഥികളുടെ തൊഴിൽ സാധ്യത ഉയർത്താനും അവരുടെ തൊഴിൽ വൈദഗ്ധ്യത്തിന്റെ മേന്മ വർദ്ധിപ്പിക്കാനും തക്ക വിധത്തിലുമുള്ള അനുകൂല സാഹചര്യം അസാപ്പ് സജ്ജമാക്കുന്നു.

ടെയിനേഴ്സ് ടെയിനിംഗ് അക്കാദമി (ടിടിഎ) – അസാപ്പിന്റെ ഒരു പുതിയ സംരംഭമാണ് ടെയിനേഴ്സ് ടെയിനിംഗ് അക്കാദമി (ടിടിഎ). കേരളത്തിലെയും ഇന്ത്യിലെയും നൈപുണ്യ വികസന സംരംഭങ്ങളിൽ കഴിവുള്ള പരിശീലകരുടെ ദൗർലഭ്യം പരിഹരിക്കുന്നതിനായാണ് അസാപ്പ് ഇത് സ്ഥാപിച്ചത്. സെപ്റ്റംബർ 2016 മുതലാണ് ടിടിഎ പ്രവർത്തനം ആരംഭിച്ചത്. അസാപ്പ് പരിശീലകരുടെ പരിശീലന പരിപാടികളിലാണ് തുടക്കത്തിൽ ഇത് ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നത്. ടിടിഎ യോഗ്യത നേടിയ ഒരാൾ, ഏതൊരു സ്ഥാപനത്തിന്റെയും ഇഷ്ടാനുസരണമുള്ള മോഡ്യൂൾ രൂപകല്പന ചെയ്യാൻ പ്രാപ്തരായിരിക്കും. കൂടാതെ രാജ്യത്തിന്റെ തന്നെ നൈപുണ്യ സാഹചര്യത്തിൽ ഒരു ദീപമായി തീരാനുമുള്ള സാധ്യയുണ്ട്.

ഷി സ്കിൽസ് – 15 വയസ്സിനു മുകളിലുള്ള സ്ത്രീകൾ/ പെൺകുട്ടികൾക്ക് വ്യവസായ പ്രസക്തമായ എൻ എസ് ക്യൂ എഫ് നിർദ്ദിഷ്ടിതമായ കോഴ്സുകളിൽ 3 മാസം ദൈർഘ്യമുള്ള നൈപുണ്യ പരിശീലനം നൽകുന്നതിനുമായി അസാപ്പ് ആരംഭിച്ചതാണ് ഈ സംരംഭം. 15 വയസ്സിനു മുകളിൽ പ്രായമുള്ള 10–ാം ക്ലാസ്സ് വിദ്യാഭ്യാസ യോഗ്യതയുള്ള ഏതൊരു പെൺകുട്ടിക്കും ഇതിൽ പ്രവേശനം നേടാവുന്നതാണ്. കേരളത്തിലുടനീളം 192 ബാച്ചുകൾ രൂപീകരിച്ച 5000ത്തിലധികം സ്ത്രീകൾ ഈ പദ്ധതിയിൽ

ബോക്സ് നമ്പർ 6.1.6 അസാപ് – നിഷിനോടും സാമൂഹ്യ നീതി വകുപ്പിനോടും ചേർന്നുള്ള പ്രവർത്തനം

നാഷണൽ ഇൻസിറ്റ്യൂട്ട് ഫോർ സ്പീച്ച് & ഹിയറിംഗ് (നിഷ്): വിദ്യാർത്ഥികൾക്ക് വേണ്ടി നൈപുണ്യ കോഴ്സുകളും ഫൗണ്ടേഷൻ കോഴ്സുകളും നൽകുന്നതിന് അസാപ് നിഷുമായി ചേർന്ന് പ്രവർത്തിക്കുന്നു.

ആനിമേറ്റർ സ്കിൽ കോഴ്സുകളും CAD ഡിസൈനർ സ്കിൽ കോഴ്സും ഇതിന്റെ ഭാഗമായി അസാപ് നൽകുന്നു. നിഷ്, റെഹാനിയ വെക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ, കൊളത്തറ ഹയർ സെക്കണ്ടറി സ്കൂൾ എന്നീ സ്ഥാപനങ്ങളിൽ നിന്നായി ബാച്ചുകൾ രൂപീകരിച്ച് വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുന്നു.

സ്കിൽ ഡവലപ്മെന്റെ എക്സിക്യൂട്ടീവുകൾ മുഖേന കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷിലും ഐ.ടി യിലും നിഷിലെ കേൾവിക്കുറവുള്ള കുട്ടികൾക്ക് വേണ്ടി അസാപ് നിഷ് ക്യാംപസിൽ വച്ച് ഫൗണ്ടേഷൻ മൊഡ്യൂൾ നൽകുന്നു.

സാമൂഹ്യ ക്ഷേമ വകുപ്പുമായുള്ള സഹകരണം

സാമൂഹ്യ ക്ഷേമ വകുപ്പിന്റെ വിവിധ സ്ഥാപനങ്ങളിലെ അന്തേവാസികൾക്ക് വേണ്ടി അസാപ് വിവിധ പരിശീലനങ്ങൾ നൽകുന്നു. 2015 ൽ കോട്ടയത്തെ ഗവ.ചിൽഡ്രൻസ് ഹോമിലെ കുട്ടികൾക്ക് വേണ്ടി അസാപ് പ്ലംബിങ്ങ് അപ്രന്റിസ് പരിപാടിയിലും അതോടൊപ്പം ഫൗണ്ടേഷൻ മൊഡ്യൂളിലും പരിശീലനം നൽകി.

അതുപോലെ 2016 ൽ കോട്ടയത്തെ ഗവ. മഹിളാ മന്ദിരത്തിലെ അന്തേവാസികൾക്ക് വേണ്ടി അസിസ്റ്റന്റ് ബ്യൂട്ടി തെറാപ്പിയും തലശ്ശേരിയിലെ ഗവ.ചിൽഡ്രൻസ് ഹോമിലെ കുട്ടികൾക്ക് വേണ്ടി അസിസ്റ്റൻറ് ഫാഷൻ ഡിസൈനർ എന്ന കോഴ്സിന് ഫൗണ്ടേഷൻ മൊഡ്യൂളിനോടപ്പം അസാപ് പരിശീലനം നൽകി.

കോഴിക്കോട് ഗവ. മഹിളാ മന്ദിരത്തിലും ഗവ.ബോയ്സ് ഹോമിലും കോട്ടയം ഗവ.ചിൽഡ്രൻസ് ഹോമിലും അസാപ് ഫൗണ്ടേഷൻ മൊഡ്യൂൾ നൽകുന്നു.

അവലംബം : അസാപ്

പരിശീലനം നേടുന്നു.

സ്റ്റേറ്റ് ഇൻറേൺഷിപ്പ് പോർട്ടൽ –
വ്യവസായസ്ഥാപനങ്ങൾ സർക്കാർ വകുപ്പുകൾ എന്നിവരുടെ സജീവ പങ്കാളിത്തത്തോടെ 14–25 വയസ്സിനിടയിൽ പ്രായമുള്ള ഏതൊരാൾക്കും ഇന്റേൺഷിപ്പ് വാഗ്ദാനം ചെയ്യുന്നതിനായി സംസ്ഥാനതലത്തിൽ ഒരു വേദിയൊരുക്കുന്നതിനായാണ് അസാപ് സ്റ്റേറ്റ് ഇന്റേൺഷിപ്പ് പോർട്ടൽ ആരംഭിച്ചത്. ഇതിന്റെ ലക്ഷ്യങ്ങൾ 1) വ്യവസായ ശൃംഖല സൃഷ്ടിക്കുക 2) പ്രൊഫഷണൽ ഉപദേഷ്ടാക്കളുടെ ഒരു വലിയ കൂട്ടം വികസിപ്പിക്കുക 3) സംസ്ഥാനത്തുടനീളം ഇന്റേണുകളുടെ ഒരു ശൃംഖല സൃഷ്ടിക്കുക എന്നിവയാണ്.

സ്മൈൽ ക്യാംപുകൾ– ആത്മവിശ്വാസം വളർത്തുന്നതിനും ആശയവിനിമയം, സാങ്കേതിക തൊഴിൽ നൈപുണ്യങ്ങൾ വികസിപ്പിക്കുന്നതിനും സമ്പാദിക്കാനുമുള്ള അവസരങ്ങളെകുറിച്ച് അവരെ ബോധവാന്മാരാക്കുന്നതിനുമായി 2015, 2016 വർഷങ്ങളിൽ സംസ്ഥാനത്തുടനീളം പത്താംക്ലാസ്സ് പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്കായി സ്കിൽ മെന്റർഷിപ്പ് ഫോർ ഇന്നോവേറ്റീവ് ലൈഫ് എക്സ്പീരിയൻസ് (സ്മൈൽ) രൂപകല്പന ചെയ്തിരിക്കുന്നു. തൊഴിൽ നവീകരണ പരിപാടിയുടെ ഭാഗമായി ഏറ്റവും പ്രശസ്തരായ വ്യവസായികളിൽ നിന്നുള്ള നൈപുണ്യ പരിശീലനവും, അനുഭവം പങ്കുവയ്ക്കുന്ന സെഷനുകളും അതുപോലെതന്നെ സമൂഹത്തെ അഭിമുഖീകരിക്കുന്നതിനുള്ള ആത്മവിശ്വാസം നേടിയെടുക്കുന്നതിനുമായുള്ള അവസരം ലഭിക്കുന്നു. അസാപ് ഉന്നത വിദ്യാഭ്യാസവുമായി ചേർന്ന് 2015 ൽ ഹയർ സെക്കന്ററി വിദ്യാർത്ഥികൾക്കായി തൊഴിൽ പരിശീലന പരിപാടി ആരംഭിച്ചു. കാർഷിക, മാധ്യമ, ഓട്ടോ മൊബൈൽ മേഖലകളിലാണ് പരിശീലനം നൽകിയത്. 2016ൽ പത്താംക്ലാസ്സ് വിദ്യാർത്ഥികൾക്കായുള്ള പദ്ധതികളും ആരംഭിച്ചു.

നൈപുണ്യ വികസന കേന്ദ്രങ്ങൾ :
സർക്കാർ ഹയർസെക്കൻറി വിദ്യാലയങ്ങളിലും കേളേജുകളിലുമായി 121 എസ്.ഡി.സികൾ സ്ഥാപിച്ചു. അത്തരം തിരഞ്ഞെടുത്ത സ്ഥാപനങ്ങളുടെ ക്ലാസ്സ് മുറികൾ സ്മാർട്ട് ക്ലാസ്സ് മുറികളും ഏറ്റവും പുതിയ കമ്പ്യൂട്ടർ സംവിധാനങ്ങൾ ഉൾക്കൊള്ളുന്നതുമായ ലാബുകളുമായി പുതുക്കിയിരിക്കുന്നു. എസ്.ഡി.സി.കൾ ഹബ്, സ്പോക്ക്, മോഡൽ പരിശീലനം എന്നിവയെ അടിസ്ഥാനമാക്കിയുള്ളതാണ്. ഓരോന്നും അടുത്ത പ്രദേശത്തെ പത്തോളം വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ബന്ധിപ്പിച്ചിരിക്കുന്നു. പതിവ് പ്രവർത്തി ദിവസങ്ങളിൽ വിദ്യാർത്ഥികൾ സ്വന്തം സ്ഥാപനങ്ങളിൽ പൊതുവായ കഴിവുകൾക്കായി ഒരു മണിക്കൂർ അധിക പരിശീലനം നടത്തുമ്പോൾ, വാരാന്ത്യങ്ങളിലും പൊതു അവധി ദിവസങ്ങളിലും വ്യവസായവുമായി ബന്ധപ്പെട്ട പരിശീലനത്തിനായി അവർ അടുത്തുള്ള എസ്. ഡി.സിയിൽ ഒത്തുകൂടുന്നു.

കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ : കമ്മ്യൂണിറ്റി സ്കില്ലിംഗിലേക്ക് മുന്നേറുന്നതിനും, മികച്ച ഉപജീവനത്തിനും ശക്തമായ സമ്പദ് വ്യവസ്ഥയ്ക്കും സമൂഹത്തിന് നൈപുണ്യങ്ങൾ നൽകുകയെന്ന ലക്ഷ്യത്തോടെ കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ (സി. എസ്.പി) എന്ന പേരിൽ കേരളത്തിലുള്ള മൾട്ടി സ്കിൽ ടെയിനിംഗ് സെന്ററുകൾ അസാപ് ആരംഭിക്കുന്നു. മാറിക്കൊണ്ടിരിക്കുന്ന വ്യവസായ ആവശ്യങ്ങൾക്ക് അനുയോജ്യമായ അത്യാധുനിക കോഴ്സുകൾ വാഗ്ദാനം ചെയ്യുന്ന ലോകോത്തര പരിശീലന കേന്ദ്രങ്ങളായാണ് സി.എസ്.പി.കൾ രൂപകൽപ്പന ചെയ്തിരിക്കുന്നത്. മൊത്തം 17 സി.എസ്.പി കളിൽ 9 എണ്ണം ഇതിനകം തന്നെ പ്രവർത്തിക്കുന്നുണ്ട്, ബാക്കി 8 സി.എസ്.പി.കളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പ്രാരംഭ ഘട്ടത്തിലാണ്.

നൂതന നൈപുണ്യ വികസനകേന്ദ്രങ്ങൾ (എ.എസ്.ഡി.സി): സാങ്കേതിക വിദ്യ അതിവേഗം മാറിക്കൊണ്ടിരിക്കുന്നു. അതിനാൽ തന്നെ സാങ്കേതി വിദ്യയാൽ നയിക്കപ്പെടുന്ന ഈ ലോകത്ത് ഓരോ സെക്കൻഡിലും നവീകരണം സംഭവിച്ചു കൊണ്ടിരിക്കുന്നു. ഈ സാങ്കേതിക മുന്നേറ്റങ്ങൾക്ക് വേഗത കൈവരിക്കുന്നതിനും വ്യവസായത്തിൽ നിലവിലുള്ള നൈപുണ്യ വിടവ് നികത്തുന്നതിനും അത്യാധുനിക നൈപുണ്യങ്ങൾ നേടുന്നതിനുമായി എഞ്ചിനീയറിംഗ് കോളേജുകളിലും പോളിടെക്നിക്കുകളിലുമായി അഡ്വാൻസ് സ്കിൽ ഡെവലപ്മെന്റ് സെന്ററുകൾ (എഎസ്ഡിസി) സ്ഥാപിച്ചു.

- അത്യാധുനിക സാങ്കേതിക വിദ്യകളിലെ പരിശീലനം – എഐ, എംഎൽ ഡാറ്റാ അനലിറ്റിക്സ്
- തുടർ വിദ്യാഭ്യാസ കേന്ദ്രത്തിന്റെ വിലയിരുത്തലും സർട്ടിഫിക്കേഷനും ഐ ഐ ടി മദ്രാസ്
- പ്രായോഗിക പരിശീലനവും നിർബന്ധിത പരിശീലനവും
- പോളിടെക്നിക്ക് എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾക്ക് വ്യവസായ ദിശാബോധം നൽകുക
- നൂതന സാങ്കേതിക കോഴ്സുകൾ കൂടുതൽ പ്രാപ്യമാക്കുക.

നാഷണൽ ക്വാളിഫിക്കേഷൻ രജിസ്റ്റർ (എൻ ക്യൂ ആർ): നാഷണൽ സ്കിൽസ് ക്വാളിഫിക്കേഷൻ ഫ്രെയിംവർക്ക് (എൻ എസ് ക്യൂ എഫ്) അനുസരിച്ച് നൈപുണ്യ യോഗ്യതകൾ വികസിപ്പിക്കുന്നതിനുമുള്ള വൈദഗ്ധ്യവും കഴിവും അസാപ് നേടി. ഇന്ന് ദേശീയ യോഗ്യതാ രജിസ്റ്ററിൽ (എൻ ക്യൂ ആർ) ലഭ്യമായിരിക്കുന്ന അഞ്ച് (എൻ എസ് ക്യൂ എഫ്) യോഗ്യതകൾ കഴിഞ്ഞ രണ്ട് വർഷകാലത്തിനുള്ളിൽ അസാപ് വികസിപ്പിച്ചതാണ്. ഇതോടെ അസാപ് നൈപുണ്യ കോഴ്സ് പാഠ്യപദ്ധതി വികസനത്തിന്റെ മേഖലകളിലേക്ക് പ്രവേശിച്ചു. എൻ ക്യൂ ആറിലെ അസാപ്പിന്റെ യോഗ്യതകൾ ഇവയാണ്.

- ആശയവിനിമയ ആംഗലേയ പരിശീലകൻ (എൻ എസ് ക്യൂ എഫ് ലെവൽ 6)
- ജൂനിയർ കസ്റ്റോണ്ടന്റ് കോഴ്സ് (എൻ എസ് ക്യൂ എഫ് ലെവൽ 5)
- അസിസ്റ്റൻറ് ഓഫ് സെറ്റ് പ്രിന്റിംഗ് ഓപ്പറേറ്റർ (എൻ എസ് ക്യൂ എഫ് ലെവൽ 4)
- എയർ കാർഗോ മാനേജ്മെന്റ് എക്സിക്യൂട്ടീവ് (എൻ എസ് ക്യൂ എഫ് ലെവൽ 6)
- ഉന്നത ടെക് ഫാം മാനേജ്മെന്റ് സർട്ടിഫിക്കറ്റ് കോഴ്സ് (എൻ എസ് ക്യൂ എഫ് ലെവൽ 6)

കമ്മ്യൂണിറ്റി കോളേജ്: അഭിലാഷം, പഠനം,തൊഴിൽ,ശക്തി പരിശീലനം എന്നിവയുടെ കേന്ദ്രങ്ങളാണ് കമ്മ്യൂണിറ്റി കോളേജുകൾ. പ്രവേശിക്കാൻ ആഗ്രഹിക്കുന്ന എല്ലാവർക്കുമായി അതിന്റെ വാതിൽ തുറന്നിട്ടിരിക്കുകയാണ്. പ്രാദേശിക സമൂഹത്തിന്റെ കഴിവിനനുസരിച്ചുള്ള നൈപുണ്യ പരിശീലനം നൽകുന്നു. പൊതുജനങ്ങളുടെ ആവശ്യങ്ങളും അഭിലാഷങ്ങളും അടിസ്ഥാനമാക്കി അത്യാധുനിക കോഴ്സുകൾ വാഗ്ദാനം ചെയ്യുന്നതിനായി പോളിടെക്നിക്കുകളാണ് കമ്മ്യൂണിറ്റി കോളേജുകളിലായി പ്രവർത്തിക്കുന്നത്. നൈപുണ്യ വികസനത്തിന്റെ ഉദ്ദേശ്യം പഠിതാക്കളെ സാങ്കേതികമായി ശാക്തീകരിച്ച് അവരുടെ സുസ്ഥിരമായ ഉപജീവനമാർഗം നേടുന്നതിനായി വിദഗ്ധരും വിജ്ഞാനാധിഷ്ഠിതവുമായ മനുഷ്യശക്തി സൃഷ്ടിക്കുക എന്നതാണ് എല്ലാ കോഴ്സുകളും എൻ എസ് ക്യൂ എഫ് അനുസരിച്ചുള്ളതാണ്. താൽപര്യമുള്ളവർക്ക് അവർക്കിഷ്ടമുള്ള കോഴ്സുകളിലേക്ക് രജിസ്റ്റർ ചെയ്യാവുന്നതാണ്.

രാഷ്ട്രീയ ഉച്ചതാർ ശിക്ഷാ അഭിയാൻ (റുസ)

ആസൂത്രിതമായ വികസനത്തിലൂടെ സംസ്ഥാനത്തിന്റെ പ്രവേശനം, തുല്യത, നിലവാരം എന്നിവ മെച്ചപ്പെടുത്തുക എന്നതാണ് റുസയുടെ പ്രധാന ലക്ഷ്യങ്ങൾ. പുതിയ അക്കാദമിക് സ്ഥാപനങ്ങൾ സൃഷ്ടിക്കുക, നിലവിലുള്ളവ വികസിപ്പിക്കുക, നവീകരിക്കുക, പ്രൊഫഷണലായി നിയന്ത്രിക്കുന്നതും ഗവേഷണോന്മുഖമായ ഗുണമേന്മയുള്ള വിദ്യാഭ്യാസം നൽകുന്ന രീതിയിലുള്ള സ്വാശ്രയ സ്ഥാപനങ്ങൾ വികസിപ്പിക്കുക, ദേശീയമായിത്തന്നെ പ്രസക്തിയുള്ള വിദ്യാഭ്യാസം വിദ്യാർത്ഥികൾക്ക് നൽകുക എന്നതാണ് റുസയുടെ ലക്ഷ്യങ്ങൾ.

170 കോടി രൂപയാണ് റുസ l ന അംഗീകരിച്ചിരിക്കുന്നത്. അതിൽ 146.97 കോടി രൂപയാണ് ഇതുവരെയും നൽകിയിട്ടുള്ളത്. 88.1 കോടി രൂപ കേന്ദ്ര വിഹിതവും അതിന് ആനുപാതമായി സംസ്ഥാന വിഹിതം 58.7 കോടി രൂപയുമാണ്. റുസയുടെ ഈ ആദ്യ

ഘട്ടത്തിന്റെ ഭാഗമായി 6 സർവ്വകലാശാലകൾക്കും 26 കോളേജുകൾക്കും അടിസ്ഥാന സൗകര്യ വികസനത്തിനുള്ള ധനസഹായം അനുവദിച്ചു. അതുപോലെ ഫാക്കൽറ്റി മെച്ചപ്പെടുത്തുന്നതിനും ക്വാളിറ്റി ഇംപ്രൂവ്മെന്റിനും അംഗീകാരം നൽകി.

റുസ II പ്രകാരം 355 കോടി രൂപയാണ് അംഗീകരിച്ചിരിക്കുന്നത്. ഇതിൽ 9.38 കോടി രൂപ കേന്ദ്ര വിഹിതവും അതിന് ആനുപാതികമായ സംസ്ഥാന വിഹിതം 82.5 കോടി രൂപയുമാണ് നൽകിയത്. ഒരു റുസ മാതൃക ബിരുദ കോളേജിനും, 6 സ്വയം ഭരണാധികാരമുള്ള കോളേജുകൾക്കും 112 കോളേജുകൾക്ക് അടിസ്ഥാന വികസന ധനസഹായവും, 2 സർവ്വകലാശാലകൾക്ക് റിസർച്ചിന് ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനുള്ള അംഗീകാരവും ലഭിച്ചു.

സാങ്കേതിക വിദ്യാഭ്യാസം

സമൂഹത്തിന്റെ നേട്ടത്തിനായി സാങ്കേതികവിദ്യയുടെ ഉപയോഗം, ജീവിത നിലവാരം മെച്ചപ്പെടുത്തൽ, സമൂഹത്തിന്റെ മൊത്തത്തിലുള്ള വികസനത്തിനായി വ്യവസായ ഉൽപ്പാദനക്ഷമത മെച്ചപ്പെടുത്തൽ സാങ്കേതിക വിദ്യ വർദ്ധിപ്പിക്കൽ എന്നിവയാണ് സാങ്കേതികവിദ്യാഭ്യാസം കൊണ്ട് ലക്ഷ്യമിടുന്നത്. യുവാക്കൾക്ക് സാങ്കേതിക വിദ്യാഭ്യാസം നൽകുന്നതിലൂടെ സുസ്ഥിര വികസനത്തിനും സാമൂഹ്യ ജീവിതത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും അവരെ പ്രാപ്തമാക്കുന്നതിന് സാധിക്കുന്നു.

സംസ്ഥാനത്ത് സാങ്കേതിക വിദ്യാഭ്യാസത്തിന്റെ നോഡൽ വകുപ്പായി പ്രവർത്തിച്ചു വരുന്നത് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റാണ്. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ ഭരണപരവും സാമ്പത്തികവുമായ നിയന്ത്രണത്തിനു കീഴിലുള്ള സാങ്കേതിക സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ **അനുബന്ധം 6.1.38** ൽ കൊടുത്തിരിക്കുന്നു.

എഞ്ചിനീയറിംഗ് കോളേജുകൾ

2019 ലെ കണക്കുപ്രകാരം സംസ്ഥാനത്ത് നിലവിലുള്ള 179 എഞ്ചിനീയറിംഗ് കോളേജുകളിലായി 51,764 പേർ പ്രവേശനം നേടി. ഇതിൽ 167 എണ്ണം (93.3ശതമാനം) സ്വാശ്രയകോളേജുകളും (അൺ എയ്ഡഡ്), 9 എണ്ണം (5ശതമാനം) സർക്കാർ കോളേജുകളും, 3 എണ്ണം (1.67ശതമാനം) സ്വകാര്യ എയ്ഡഡ് കോളേജുകളുമാണ്. ഏറ്റവും കൂടുതൽ അൺഎയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകൾ ഉള്ളത് എറണാകുളം ജില്ലയിലാണ് (32 എണ്ണം). അതു കഴിഞ്ഞാൽ തിരുവനന്തപുരം (25 എണ്ണം) ജില്ലയാണ്. കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, എറണാകുളം, മലപ്പുറം, കാസർകോഡ് ജില്ലകളിൽ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജുകൾ ഇല്ല. ജില്ല തിരിച്ചും, മാനേജ്മെന്റ് തിരിച്ചുമുള്ള എഞ്ചിനീയറിംഗ് കോളേജുകളുടെയും, അനുവദിച്ചിട്ടുള്ള സീറ്റുകളുടെയും എണ്ണം അനുബന്ധം 6.1.39 ൽ ചേർത്തിട്ടുണ്ട്. 2019-ൽ അനുവദിക്കപ്പെട്ട സീറ്റുകളുടെ എണ്ണം സർക്കാർ കോളേജുകളിൽ 3,340 ആണ് (6.5ശതമാനം). ഇത് എയ്ഡഡ് കോളേജുകളിൽ 1,843 (3.6 ശതമാനം) ഉം, അൺഎയ്ഡഡ് കോളേജുകളിൽ 46581 (89.9ശതമാനം) ഉം ആയിരുന്നു. കേരളത്തിലെ എഞ്ചിനീയറിംഗ് കോളേജുകളിൽ ഏറ്റവുമധികം

ബോക്സ് നമ്പർ 6.17 സിസ്റ്റം എനർജി എൻവിയോൺമെന്റിൽ മികവിന്റെ കേന്ദ്രം

അടിയന്തിര ഇടപെടൽ ആവശ്യമുള്ള സാമൂഹ്യ പ്രശ്നങ്ങൾക്ക് സാങ്കേതിക-സാമ്പത്തിക, പരിസ്ഥിതി പരിഹാരം നല്കുന്നതിന് വേണ്ടി കണ്ണൂർ ഗവ: എൻജിനിയറിംഗ് കേളേജിലാണ് സിസ്റ്റം എനർജി എൻവിയോൺമെന്റ് മികവിന്റെ കേന്ദ്രം 2018-19 ൽ ആരംഭിച്ചത്. 1. മാലിന്യ നിർമ്മാർജ്ജനം, 2. ഊർജ്ജ ദൗര്ലഭ്യം, 3. മറ്റ് ബന്ധപ്പെട്ട പാരിസ്ഥിക പ്രശ്നങ്ങൾ എന്നിവയ്ക്കുവേണ്ടിയുള്ളതാണ് കേന്ദ്രം. അക്കാദമിക് ഗവേഷണ (പരിസ്ഥിതി, ഊർജ്ജ വിഭവങ്ങളുടെ കാര്യക്ഷമതയായ കൈമാറ്റത്തിനുതകുന്ന സുസ്ഥിര സാങ്കേതിക വിദ്യയുടെ വികസനത്തിന് വേണ്ടി) നിർവ്വഹണ ഏജൻസികളെയും തദ്ദേശ സ്ഥാപനങ്ങളെയും സഹകരിപ്പിക്കുന്ന നോഡൽ ഏജൻസിയായി ഈ കേന്ദ്രം പ്രവർത്തിക്കുന്നു. റ്റി. യു ഡെൽഫ്റ്റ്, നെതർലാന്റ്സ്, എം.എസ്.എസ്.ആർ.എഫ് വയനാടും സഹകരിച്ചുകൊണ്ട് നടപ്പാക്കുന്ന കാർബൺ വിമുക്ത മീനങ്ങാടി (പിന്നീട് കാർബൺ വിമുക്ത വയനാട്) എന്ന ഗവേഷണ പദ്ധതി ഈ കേന്ദ്രത്തിന്റെ ഉദ്യമങ്ങളിലൊന്നാണ്. ഐ.ഐ.എസ്.സി ബാംഗ്ലൂരിലെ വിദഗ്ദരുമായി ചേർന്നുകൊണ്ടുള്ള 'ശുചിത്വ പാചകം' പദ്ധതിയാണ്. ഘടന, ഊർജ്ജം പരിസ്ഥിതി തുടങ്ങിയ വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട കോൺഫറൻസുകളും, ശില്പശാലകളും പരിശീലനങ്ങളും പൊതുസമ്പർക്കങ്ങളും കൂടിയാലോചനകളും മറ്റ് അക്കാദമിക പരിപാടികളും വർഷം മുഴുവൻ ഈ കേന്ദ്രം നടത്തുന്നു.

2019 മാർച്ചിൽ ദേശീയ അന്തർദേശീയ സ്ഥാപനങ്ങളിലെ പ്രതിനിധികളോടൊപ്പം നടന്ന ക്ലൈമറ്റ് മിറ്റിഗേഷൻ അഡാപ്റ്റേഷൻ, റെസിലൻസ് - എഞ്ചിനിയറിംഗ് പെഴ്സ്പെക്ടീവ്സ് എന്ന അന്താരാഷ്ട്ര കോൺക്ലേവ് ആണ് ഈ ദിശയിലെ പ്രധാനപ്പെട്ട ഒരു പരിപാടി.

ഉറവിടം: സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ് കേരളം

സീറ്റുകൾ ഉള്ളത് ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ് (16120), എഞ്ചിനീയറിംഗ് വിഭാഗത്തിലാണ്. തുടർന്ന് മെക്കാനിക്കൽ എഞ്ചിനീയറിംഗ് (10315), കമ്പ്യൂട്ടർ സയൻസ് (9384), സിവിൽ എഞ്ചിനീയറിംഗ് (9255) വിഭാഗത്തിലുമാണ്. 2019–20 ലെ ശാഖ തിരിച്ചുള്ള സീറ്റ് വിഭാഗത്തിന്റെ വിശദാംശങ്ങൾ അനുബന്ധം 6.1.40 ൽ ചേർത്തിരിക്കുന്നു. പെൺകുട്ടികളുടെ പ്രവേശനത്തിന്റെ അനുപാതം 2019–20ൽ 38.9 ശതമാനമാണ്. 2019–20 ൽ 1368 വിദ്യാർത്ഥികൾക്ക് സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിൽ ബിരുദാനന്തര ബിരുദ കോഴ്സിൽ പ്രവേശനം ലഭിച്ചു. സർക്കാർ–എയ്ഡഡ് കോളേജുകളിൽ ബിരുദ–ബിരുദാനന്തര കോഴ്സിൽ പഠിക്കുന്ന വിദ്യാർത്ഥികളിൽ 64.3 ശതമാനം പെൺകുട്ടികളാണ്. വിശദാംശങ്ങൾ **അനുബന്ധം 6.1.41 ലും 6.1.42** ലും ചേർത്തിരിക്കുന്നു.

എഞ്ചിനീയറിംഗ് കോളേജുകളിലെ അക്കാദമിക മികവ്

ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജുകളിലെ അധ്യയന മികവ് ഉയർന്നതും, ശ്ലാഘനീയവുമാണ്. വിജയശതമാനവും പ്രശസ്തമായ സ്ഥാപനങ്ങളിൽ മികച്ച ജോലി ലഭിച്ച വിദ്യാർത്ഥികളുടെ കണക്കും (പ്ലെയ്സ്മെന്റ്) വളരെ മെച്ചപ്പെട്ടതാണ്.

സർക്കാർ എയ്ഡഡ് കോളേജ് മറ്റെല്ലാവിഭാഗത്തേക്കാളും നല്ല പ്രകടനം കാഴ്ചവച്ച് 75.8 വിജയശതമാനത്തോടെ മുന്നിലാണ്. തൊട്ടു പുറകിലായി 73.5 ശതമാനത്തോടെ സർക്കാർ എൻജിനീയറിംഗ് കോളേജും. സർക്കാർ സ്വാശ്രയ കോളേജുകളുടെ വിജയശതമാനം (65.1 ശതമാനം) സ്വകാര്യ സ്വാശ്രയ കോളേജുകളുടെ വിജയശതമാനമായ 63.4 ന് മുകളിലാണ്. ആൺകുട്ടികളുമായി താരതമ്യം ചെയ്യുമ്പോൾ പെൺകുട്ടികൾ 61.42 ശതമാനം വിജയം നേടി. രജിസ്റ്റർ ചെയ്ത ആൺകുട്ടികളുടെ എണ്ണം പെൺകുട്ടികളെക്കാൾ കൂടുതലാണെങ്കിലും ആൺകുട്ടികളുടെ വിജയശതമാനം പെൺകുട്ടികളെ അപേക്ഷിച്ച് കുറവാണ് എന്നത് ശ്രദ്ധിക്കേണ്ടതാണ്. എസ്സി/എസ്ടി വിദ്യാർത്ഥികളുടെ വിജയ ശതമാനം (36 ശതമാനവും 44.6 ശതമാനവും യഥാക്രമം) സംസ്ഥാന ശരാശരിയെക്കാൾ താഴെയാണ് എന്നുള്ളത് ആശങ്കജനകമാണ്. ഇക്കാര്യത്തിൽ സർക്കാർ എയ്ഡഡ് കോളേജിലാണ് അല്പം മെച്ചപ്പെട്ട നില കാണിക്കുന്നത്. സ്വകാര്യ സ്വാശ്രയ കോളേജിൽ രജിസ്റ്റർ ചെയ്ത എസ്ടി വിദ്യാർത്ഥികളിൽ 26.1 ശതമാനം പേർ മാത്രമേ ബി.ടെക് പരീക്ഷ വിജയിച്ചുള്ളൂ (**പട്ടിക 6.1.10**)

വിവിധ സർക്കാർ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികളുടെ പ്ലേസ്മെന്റ് റെക്കോർഡും , താരതമ്യേന ഉയർന്നതാണ്. ഗേറ്റ്, ക്യാറ്റ് മുതലായ മത്സരപരീക്ഷകളിലൂടെ ധാരാളം വിദ്യാർത്ഥികൾ ഉന്നത പഠനത്തിന് യോഗ്യത നേടുന്നു. മിക്ക വിദ്യാർത്ഥികൾക്കും വിപ്രോ, മഹീന്ദ്ര, ടി.സി.എസ് ബോഷ് തുടങ്ങിയ ബഹുരാഷ്ട്ര സ്ഥാപനങ്ങളിൽ ജോലി ലഭിക്കുന്നു. 2019–20 കാലഘട്ടത്തിൽ വിവിധ സർക്കാർ എൻജിനീയറിംഗ് കോളേജുകളിലെ വിസിറ്റിംഗ് ഫാക്കൽറ്റി പരിപാടികളെക്കുറിച്ചും പ്ലേസ്മെന്റ് വിശദാംശങ്ങളും **അനുബന്ധം 6.1.4. ലും 6.1.44** ലും നൽകിയിരിക്കുന്നു.

പട്ടിക 6.1.9 ബി.ടെക് റിസൾട്ട് 2019

ഉടമസ്ഥത	ആൺ			പെൺ			ആകെ		
	രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികൾ	വിജയിച്ച വിദ്യാർത്ഥികൾ	വിജയ ശതമാനം	രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികൾ	വിജയിച്ച വിദ്യാർത്ഥികൾ	വിജയ ശതമാനം	രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികൾ	വിജയിച്ച വിദ്യാർത്ഥികൾ	വിജയ ശതമാനം
ഗവൺമെന്റ്	2054	1428	69.5	1223	979	80.1	3277	2407	73.5
സ്വകാര്യ എയ്ഡഡ്	1296	910	70.2	607	533	87.8	1903	1443	75.8
സർക്കാർ സ്വയം ഭരണം	2453	1306	53.2	2357	1823	77.3	4810	3129	65.1
സ്വകാര്യ സ്വാ–ശ്രയം	13963	6246	44.73	9798	8818	67.54	23761	15064	63.4
ആകെ	19766	9890	50	13985	12153	86.9	33751	22043	65.3

അവലംബം : കേരള സാങ്കേതിക സർവകലാശാല, 2019

പട്ടിക 6.1.10 എസ്സ്.സി/എസ്സ്.ടി ബി.ടെക് വിദ്യാർത്ഥികളുടെ വിജയശതമാനം

ഉടമസ്ഥത	എസ്സ്.സി			എസ്സ്.ടി		
	രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികൾ	വിജയിച്ച വിദ്യാർത്ഥികൾ	വിജയ ശതമാനം	രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികൾ	വിജയിച്ച വിദ്യാർത്ഥികൾ	വിജയ ശതമാനം
ഗവൺമെന്റ്	236	89	37.7	27	15	55.6
സ്വകാര്യ എയ്ഡഡ്	120	68	56.7	13	7	53.9
സർക്കാർ സ്വയം ഭരണം	160	47	29.4	2	1	50.0
സ്വകാര്യ സ്വാശ്രയം	485	156	32.16	23	6	26.1
ആകെ	1001	360	36.0	65	29	44.6

അവലംബം:: കേരള സാങ്കേതിക സർവകലാശാല, 2019

പോളിടെക്നിക്കുകളും ടെക്നിക്കൽ ഹൈസ്ക്കൂളുകളും

കേരളത്തിൽ 45 സർക്കാർ പോളിടെക്നിക്കുകളും, 6 സ്വകാര്യ എയ്ഡഡ് പോളിടെക്നിക്കുകളും ആണ് നിലവിലുള്ളത്. ഇവിടങ്ങളിലെ പ്രവേശനം 2019–20 –ൽ യഥാക്രമം 10,644 ഉം, 1,422 ഉം ആണ്. 2019–20–ൽ 29,597 വിദ്യാർത്ഥികൾ ഗവൺമെന്റ് പോളിടെക്നിക്കുകളിലും, 4376 വിദ്യാർത്ഥികൾ സ്വകാര്യ എയ്ഡഡ് പോളിടെക്നിക്കുകളിലും പഠിക്കുന്നുണ്ട്. 2015–16 മുതൽ 2019–20 വരെയുള്ള വർഷങ്ങളിൽ പോളിടെക്നിക്കുകളിലെ വാർഷിക പ്രവേശനവും വിദ്യാർത്ഥികളുടെ എണ്ണവും അനുബന്ധം 6.1.45, 6.1.46 ൽ കാണാം. 2019–20 വർഷത്തിൽ പോളിടെക്നിക്കുകളിൽ പ്രവേശനം ലഭിച്ച കുട്ടികളുടെ ട്രേഡ് തിരിച്ചുള്ള വിശദവിവരങ്ങൾ **അനുബന്ധം 6.1.47** ൽ കാണാം. ഏറ്റവും കൂടുതൽ വിദ്യാർത്ഥികൾക്ക് പ്രവേശനം ലഭിച്ചത് കമ്പ്യൂട്ടർ എഞ്ചിനീയറിംഗ് (2020), തുടർന്ന് ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ് (2010), മെക്കാനിക്കൽ എഞ്ചിനീയറിംഗ് (1,670), സിവിൽ എഞ്ചിനീയറിംഗ് (1,340), എന്നിവയ്ക്കുമാണ്.

പോളിടെക്നിക്കുകളിൽ പ്രവേശനം നേടിയ കുട്ടികളിൽ 28.3 ശതമാനം പെൺകുട്ടികളാണ്. എന്നാൽ സർക്കാർ എയ്ഡഡ് പോളിടെക്നിക്കുകളിൽ ഇത് 29.2ഉം, 22.3 ശതമാനവുമാണ്. 1512 അദ്ധ്യാപകരാണ് സംസ്ഥാനത്തെ പോളിടെക്നിക്കുകളിലുള്ളത്. അധ്യാപികമാരുടെ അനുപാതത്തിലും വളരെ കുറവ് കാണപ്പെടുന്നു (38.6 ശതമാനം). എയ്ഡഡ് പോളിടെക്നിക്കുകളിൽ അധ്യാപികമാരുടെ എണ്ണം 28.3 ശതമാനമാണ്. എന്നിരുന്നാലും സർക്കാർ മേഖലയിൽ ഇത് താരതമ്യേന കൂടുതലാണ് (40.6 ശതമാനം).

പോളിടെക്നിക്കുകളിലെ അധ്യാപകരുടെയും, വിദ്യാർത്ഥികളുടെയും വിശദാംശങ്ങൾ, **അനുബന്ധം 6.1.48** ൽ കാണാം. ഇതേ വർഷം ഇവിടെയുള്ള പട്ടികജാതി–പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും എണ്ണം **അനുബന്ധം 6.1.49** –ൽ കാണാം. ഗവൺമെന്റ്, എയ്ഡഡ് പോളിടെക്നിക്കുകളിൽ പട്ടികജാതി–പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ അനുപാതം കുറവാണെന്ന് കാണാം.

കേരളത്തിൽ 39 ടെക്നിക്കൽ ഹൈസ്ക്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. 2019–20 കാലഘട്ടത്തിൽ ഇവിടെ ആകെ 7,843 വിദ്യാർത്ഥികളും 582 അധ്യാപകരും ഉണ്ടായിരുന്നു. അധ്യാപകരിൽ 28.9 ശതമാനം സ്ത്രീകളാണ്. ടെക്നിക്കൽ സ്ക്കൂളുകളിലെ 2015–16 മുതൽ, 2019–20 വരെയുള്ള വർഷങ്ങളിലെ അധ്യാപക വിദ്യാർത്ഥി വിവരങ്ങൾ അനുബന്ധം 6.1.50 ൽ കാണാം. കഴിഞ്ഞ വർഷവുമായി താരതമ്യം ചെയ്യുമ്പോൾ, ടെക്നിക്കൽ ഹൈസ്ക്കൂളുകളിലെ പട്ടികജാതി–പട്ടിക വർഗ്ഗ വിദ്യാർത്ഥികളുടെ എണ്ണം 11.71 ശതമാനത്തിൽ നിന്നും 10.9 ശതമാനമായി കുറഞ്ഞു. 0.8 ശതമാനമാണ് പട്ടിക വർഗ്ഗക്കാരുടെ അനുപാതം ഇതിൻറെ വിശദവിവരങ്ങൾ അനുബന്ധം 6.1.51 ലും 6.1.52ലും ചേർത്തിരിക്കുന്നു.

2015–16–ൽ എം.എച്ച്.ആർ.ഡി നടത്തിയ ഉന്നത വിദ്യാഭ്യാസ അഖിലേന്ത്യാ സർവ്വേ അനുസരിച്ച് കേരളത്തിലെ ഉന്നത വിദ്യാഭ്യാസത്തിന്റെ വളർച്ചാനുപാതം 30.8 ശതമാനം മാത്രമാണ്. അയൽ സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ സംസ്ഥാനം വളരെ കുറഞ്ഞ വളർച്ചാ നിരക്കാണ് കാണിക്കുന്നത്. ഇത് ഒരു പക്ഷേ സർവ്വേയോട് സഹകരിക്കാത്തതു കൊണ്ടാവാം മറ്റൊരു വസ്തുത എന്നു പറയുന്നത് കേരളത്തിൽ നിന്ന് വളരെയധികം കുട്ടികൾ മറ്റ് സംസ്ഥാനങ്ങളിൽ ഉന്നത വിദ്യാഭ്യാസത്തിനായി പോകുന്നുണ്ട്. എന്നാൽ കേരളത്തിലേക്ക് ഉന്നത വിദ്യാഭ്യാസത്തിനായി വരുന്ന അന്യ സംസ്ഥാന വിദ്യാർത്ഥികളുടെ എണ്ണം തുലോം കുറവാണ്. ഇത് സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസത്തിന്റെ ഗുണമേന്മയ്ക്ക് മുമ്പിൽ ഒരു ചോദ്യമായി നിൽക്കുന്നു.

പട്ടിക 6.1.11 പോളിടെക്നിക്കുകളിലെ പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ അനുപാതം

സ്ഥാപനം	2017-18				2018-19				2019-20			
	എസ്.സി	എസ്.ടി	മറ്റുള്ളവർ	ആകെ	എസ്.സി	എസ്.ടി	മറ്റുള്ളവർ	ആകെ	എസ്.സി	എസ്.ടി	മറ്റുള്ളവർ	ആകെ
1.ഗവൺമെൻറ്	6.9	0.7	92.4	100	7.1	1.0	91.9	100	8.0	1.1	91.0	100
2.പ്രൈവറ്റ് (എയ്ഡഡ്)	5.1	0.5	94.4	100	4.6	0.5	94.9	100	5.1	0.5	94.4	100
ആകെ	6.6	0.7	92.7	100	6.8	1.0	92.3	100	7.6	1.0	91.4	100

അവലംബം:സാങ്കേതികവിദ്യാഭ്യാസഡയറക്ടറേറ്റ്

വിവിധ മേഖലകളിൽ വർദ്ധിച്ചുവരുന്ന തൊഴിൽ അവസരങ്ങൾ നേരിടുന്നതിന് കേരളത്തിലെ ഉന്നതവും സാങ്കേതികവുമായ വിദ്യാഭ്യാസത്തെ സജ്ജമാക്കേണ്ടതുണ്ട്. ഈ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി കൂടുതൽ തൊഴിൽ–നൈപുണ്യ–വ്യവസായ കേന്ദ്രീകൃത കോഴ്സുകൾ സംസ്ഥാനം ആരംഭിക്കേണ്ടതുണ്ട്. നൈപുണ്യ വികസന കോഴ്സുകൾ വിവിധ ഏജൻസികളുമായി സംയോജിപ്പിച്ചുകൊണ്ട് ആവർത്തനം ഒഴിവാക്കി നടപ്പിലാക്കാവുന്നതാണ്. ആർട്സ് ആന്റ് സയൻസ് കോളേജുകൾക്ക് എൻ.എ.എ.സി. (നാക്)യുടേയും, എൻജിനീയറിംഗ് കോളേജുകൾക്ക് എൻ.എ.ബി. യുടേയും അംഗീകാരത്തോടെ വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തണം. ദശകങ്ങളായിട്ടുള്ള കേരളത്തിന്റെ പൈതൃകം മാനവ വിഭവശേഷിയിൽ ധാരാളം അവസരം സൃഷ്ടിച്ചിട്ടുണ്ട്. ഈ അവസരങ്ങൾ ശരിയായി ഉപയോഗിക്കാനായാൽ ഇന്ത്യയുടെ വിദ്യാഭ്യാസ തലസ്ഥാനമായി കേരളം മാറും.

6.2 വൈദ്യ ശുശ്രൂഷയും പൊതുജനാരോഗ്യവും

കേരളത്തിന്റെ ആരോഗ്യമേഖല മറ്റ് സംസ്ഥാനങ്ങൾക്ക് ഒരുമാതൃകയാണ്. ഉയർന്ന ആയുർദൈർഘ്യം, കുറഞ്ഞ ശിശുമരണ നിരക്ക്, ജനനനിരക്ക്, മരണനിരക്ക് എന്നീ ആരോഗ്യ സൂചികകളിൽ കേരളം വൻകുതിപ്പുകൾ നടത്തിയിരിക്കുന്നു. സംസ്ഥാനത്തെ ആരോഗ്യ നിലവാരം വികസിത രാജ്യങ്ങളുമായി താരതമ്യപ്പെടുത്താവുന്നതാണ്. ഈ നേട്ടങ്ങൾ സുസ്ഥിരമാണെന്ന് സംസ്ഥാനം ഉറപ്പാക്കേണ്ടതുണ്ട്. കൂടാതെ ജീവിത ശൈലീ രോഗങ്ങളായ (സംക്രമികേതര രോഗങ്ങൾ) പ്രമേഹം, ഹൈപ്പർടെൻഷൻ, കൊറോണറി ഹാർട്ട് രോഗങ്ങൾ, അർബുദം, വാർദ്ധക്യകാല രോഗങ്ങൾ തുടങ്ങിയവ സംസ്ഥാനത്ത് പരിഹരിക്കേണ്ടതാണ്. സാംക്രമിക രോഗങ്ങളായ ചിക്കുൻഗുനിയ പനി, ഡങ്കിപ്പനി, എലിപ്പനി, പന്നിപ്പനി തുടങ്ങിയവയും വളരെ ആശങ്ക ഉണ്ടാക്കുന്നു. ഇതിനെല്ലാം പുറമേ സംസ്ഥാനത്തെ ആരോഗ്യരംഗത്തിന് പുത്തൻ ഭീക്ഷണികളായി മാനസികരോഗങ്ങൾ, ആത്മഹത്യ, മദ്യപാനത്തിന്റേയും മയക്കുമരുന്നിന്റേയും വർദ്ധിച്ചുവരുന്ന ഉപയോഗം, കൗമാരകാലത്തെ ആരോഗ്യപ്രശ്നങ്ങൾ, വർദ്ധിച്ചുവരുന്ന റോഡ് ട്രാഫിക് അപകടങ്ങൾ എന്നിവയും പ്രധാന പ്രശ്നങ്ങളാണ്. ആദിവാസികൾ, മത്സ്യത്തൊഴിലാളികൾ തുടങ്ങിയ പാർശ്വവത്കരിക്കപ്പെട്ട ജനസമൂഹത്തിന്റെ ആരോഗ്യ നിലവാരം പൊതുസമൂഹവുമായി താരതമ്യപ്പെടുത്തുമ്പോൾ പിന്നിലാണ്. ഇതൊക്കെ കൈകാര്യംചെയ്യാൻ വിവിധ മേഖലകൾ തമ്മിൽ ആത്മാർത്ഥവും അതീവശ്രദ്ധയോടുംകൂടിയ ഏകോപനം അത്യാവശ്യമാണ്.

കേരളത്തിന്റെ ആരോഗ്യ സൂചകങ്ങൾ

ദേശീയ ശരാശരിയുമായി താരതമ്യം ചെയ്തുകൊണ്ടുള്ള കേരളത്തിന്റെ പ്രധാനപ്പെട്ട ആരോഗ്യ ജനസംഖ്യാ സൂചകങ്ങൾ പട്ടിക 6.2.1 ൽ ചേർത്തിരിക്കുന്നു.

പട്ടിക 6.2.1 ഇന്ത്യയുമായി താരതമ്യംചെയ്തുള്ള കേരളത്തിന്റെ ജനസംഖ്യ, സാമൂഹിക–സാമ്പത്തിക ആരോഗ്യ സൂചകം

ക്രമനമ്പർ	സൂചകം		കേരളം	ഇന്ത്യ
1	ആകെജനസംഖ്യ (കോടിയിൽ) (സെൻസസ് 2011)		3.34	121.06
2	ദശവർഷ വളർച്ച (ശതമാനത്തിൽ) (സെൻസസ് 2011)		4.90	17.7
3	ലിംഗ അനുപാതം (സെൻസസ് 2011)		1084	943
4	ശിശുലിംഗ അനുപാതം (സെൻസസ് 2011)		964	919
5	ജനനനിരക്ക് #		14.2	20.2
6	മരണമിക്ക് #		6.8	6.3
		പുരുഷൻ	7.7	6.7
		സ്ത്രീ	6.0	5.9
7	സാധാരണവളർച്ചാനിരക്ക് #		7.3	13.9
8	ശിശുമരണനിരക്ക് # (0–1)		10	33
		പുരുഷൻ	9	32

		സ്ത്രീ	10	34
9	നിയോനാറ്റൽ മോർട്ടാലിറ്റി നിരക്ക്		5	23
10	പെരിനാറ്റൽമോർട്ടാലിറ്റിനിരക്ക്*		11	23
11	ശിശുമരണനിരക്ക്* (0–4)		2	9
12	5 വയസ്സിനുതാഴെയുള്ളമരണനിരക്ക്*		12	37
13	ഏർളി നിയോനാറ്റൽമോർട്ടാലിറ്റി റേറ്റ്*		4	18
14	ലേറ്റ്നിയോനാറ്റൽമോർട്ടാലിറ്റി റേറ്റ്*		1	5
15	പോസ്റ്റ്നിയോനാറ്റൽമോർട്ടാലിറ്റി റേറ്റ്*		4	10
16	ക്രൂഡ് ഡെത്ത് റേറ്റ്*		6.8	6.3
17	മരണനിരക്ക്*			
	എ)കുട്ടികൾ (0–4)		2.4	11.7
	ബി)കുട്ടികൾ (5–14)		0.3	1.8
	സി)വ്യക്തികൾ (15–59)		20.2	32.1
	ഡി)വ്യക്തികൾ (60 ഉം മുകളിലും)		77.1	54.5
	ഇ) വൈദ്യശുശ്രൂഷ ലഭ്യമായ മരണങ്ങളുടെ ശതമാനം*	സർക്കാർ	42.2	28.9
		സ്വകാര്യം	36.3	18.1
		നിർദ്ദിഷ്ടയോഗ്യതയുള്ളവർ	15.5	33.2
		പരിശീലനം ലഭിക്കാത്തവർ/മറ്റുള്ളവർ	6.0	19.8
18	ചാപിള്ളയുടെ ജനനനിരക്ക്*		7	5
	ക്രൂഡ് ബർത്ത് റേറ്റ്*		14.2	20.2
19	പ്രത്യുൽപാദനനിരക്ക്*		1.7	2.2
20	സാധാരണപ്രത്യുൽപാദനനിരക്ക്*		49.8	72.4
21	ടോട്ടൽമാരിറ്റൽ ഫെർട്ടിലിറ്റിറേറ്റ് *		5.0	4.7
	ജനറൽമാരിറ്റൽ ഫെർട്ടിലിറ്റി റേറ്റ്		71.6	110.3
22	ഗ്രോസ്റീപ്രൊഡക്ഷൻറേറ്റ്*		0.8	1.0
23	അമ്മമാർക്ക് ലഭിക്കുന്ന വൈദ്യസഹായം അനുസരിച്ച് ജനന ശതമാനം*	സർക്കാർ	44.9	54.0
		സ്വകാര്യം	54.8	27.8
		നിർദ്ദിഷ്ടയോഗ്യതയുള്ളവർ	0.2	9.9
		പരിശീലനംലഭിക്കാത്തവർ/മറ്റുള്ളവർ	0.1	8.2
24	സ്ത്രീകളിലെവിവാഹപ്രായം *			
	എ) 18–ന് മുമ്പ്		16.9	16.7
	ബി) 18–20		19.2	19.2
	സി) 21–ന് മുകളിൽ		24.8	23.9
	ഡി)എല്ലാവരും		23.2	22.1
25	കപ്പിൾപ്രൊട്ടക്ഷൻ റേറ്റ് ##		31.8	40.4
26	മാതൃമരണനിരക്ക്**		42	122
27	പ്രതീക്ഷിതആയുർദൈർഘ്യം ***		75.2	69
		പുരുഷൻ	72.5	67.8
		സ്ത്രീ	77.8	70.4

അവലംബം- #എസ്.ആർ.എസ് 2019 മേയ് /*എസ്.ആർ.എസ് സ്റ്റാറ്റിസ്റ്റിക്കൽ റിപ്പോർട്ട് 2017/
** സ്പെഷ്യൽ ബുള്ളറ്റിൻ ഓൺ എംഎംആർ 2015-17/ ***എസ്.ആർ.എസ്. ലൈഫ് ടേബിൾ 2013-17/
##ഇന്ത്യയിലെ കുടുംബക്ഷേമ സ്ഥിതി വിവരക്കണക്കുകൾ 2011

നീതി ആയോഗ്–ഹെൽത്ത് ഇൻഡക്സ് റിപ്പോർട്ട്

സംസ്ഥാനങ്ങളുടെ വളർച്ചയെ അപഗ്രഥിച്ചുകൊണ്ടുള്ള നീതി ആയോഗിന്റെ ആരോഗ്യഫല സൂചിക റിപ്പോർട്ട് 2019 ജൂണിൽ പ്രസിദ്ധീകരിച്ചു (ഹെൽത്തി സ്റ്റേറ്റ്സ് പ്രോഗ്രസ്സീവ് ഇന്ത്യ – റിപ്പോർട്ട് ഓൺ ദി റാങ്ക്സ് ഓഫ് സ്റ്റേറ്റ്സ് ആൻഡ് യൂണിയൻ ടെറിട്ടറിസ്). ആരോഗ്യരംഗത്തെ സംസ്ഥാനങ്ങളുടെ മൊത്തത്തിലുള്ള പ്രകടനം, വാർഷിക വളർച്ചാഫലങ്ങൾ, ഭരണം, എന്നിവയിലെ വാർഷിക മെച്ചപ്പെടുത്തലുകൾക്കൊപ്പം വിവിധ സൂചകങ്ങൾ ഉപയോഗിച്ച് സംസ്ഥാനങ്ങളെ റാങ്കുചെയ്യുന്നു. ശരിയായ താരതമ്യത്തിനായി വലിയ സംസ്ഥാനങ്ങൾ, ചെറിയ സംസ്ഥാനങ്ങൾ, കേന്ദ്ര ഭരണ പ്രദേശങ്ങൾ എന്നിങ്ങനെ മൂന്ന് വിഭാഗങ്ങളായാണ് സംസ്ഥാനങ്ങളെ റാങ്ക് ചെയ്തിരിക്കുന്നത്. മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന സംസ്ഥാനങ്ങളെയും സമഗ്രമായി മെച്ചപ്പെട്ട സംസ്ഥാനങ്ങളെയും കണ്ടെത്തുക എന്നതാണ് സൂചികയുടെ ലക്ഷ്യം. സമഗ്ര മികവിൽ കേരളം ഒന്നാം സ്ഥാനത്താണ്. 74.01 ആണ് കേരളത്തിന്റെ റാങ്കിംഗ് നില. വാർഷിക വർദ്ധനവ് സംബന്ധിച്ച് ഇത് താഴെയാണ് (21 വലിയ സംസ്ഥാനങ്ങളിൽ പതിനാറാം സ്ഥാനത്താണ്). ആരോഗ്യ രംഗത്ത് കാര്യമായ പുരോഗതി നേരത്തേതന്നെ കൈവരിച്ചതിനാലാണ് ഈ നാമ മാത്രമായ പുരോഗതിയുണ്ടായത്. വലിയ സംസ്ഥാനങ്ങളിൽ കേരളം, ആന്ധ്രാപ്രദേശ്, മധ്യപ്രദേശ് എന്നീ സംസ്ഥാനങ്ങളാണ് മൊത്തത്തിലുള്ള പ്രകടനത്തിൽ മുന്നിലെത്തിയത്. ആരോഗ്യ മേഖലയിൽ ഏറ്റവുമധികം വളർച്ച കൈവരിച്ച സംസ്ഥാനങ്ങൾ ഹരിയാന, രാജസ്ഥാൻ, ജാർഖണ്ഡ് എന്നിവയാണ് മുന്നിൽ.

നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ്സ് (എൻ. ക്യൂ. എ. എസ്.)

2013 ൽ നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ്സ് ആരംഭിച്ചെങ്കിലും കേരളത്തിന് അനുയോജ്യമല്ലാത്ത എൻ.ക്യു.എ.എസ്. ചെക്ക് ലിസ്റ്റിലെ ചില ചെക്ക് പോയിന്റുകൾ കാരണം എൻ. ക്യൂ.എ.എസ് ഉപയോഗിച്ച് നിരവധി സ്ഥാപനങ്ങളെ അംഗീകരിക്കാൻ കേരളത്തിന് കഴിഞ്ഞില്ല. നാഷണൽ ഹെൽത്ത് സിസ്റ്റംസ് റിസോഴ്സ് സെന്ററിന്റെ സഹായത്തോടെ കേരള മാനദണ്ഡങ്ങൾക്കനുസരിച്ച് എൻ.ക്യൂ.എം.എസ് ചെക്ക് ലിസ്റ്റ് മാറ്റംവരുത്തുവാൻ സംസ്ഥാനം മുൻകൈയെടുത്തു. ഇതിന്റെ ഫലമായി 2017 നവംബറിലെ കേരള വ്യവസ്ഥകൾക്കനുസരിച്ച് ചെക്ക് ലിസ്റ്റ് നവീകരിച്ചു. കേരള വ്യവസ്ഥകൾക്ക് യോജിക്കാത്ത ചില ഇനങ്ങൾ നീക്കം ചെയ്യുകയും പകരം പാലിയേറ്റീവ് കെയർ ഉൾപ്പെടുത്തിയുമാണ് ചെക്ക് ലിസ്റ്റ് നവീകരണം നടത്തിയത്. ചെക്ക് ലിസ്റ്റ് നവീകരിച്ച ശേഷം എൻ.ക്യൂ.എ.എസ്. അക്രഡിറ്റേഷനിൽ കേരളം വളരെയധികം പുരോഗതി കൈവരിച്ചു. സംസ്ഥാനത്ത് നിന്നുള്ള 55 സ്ഥാപനങ്ങൾക്ക് ഇതിനകം ദേശീയതല അംഗീകാരം സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ട്.

ആർദ്രം മിഷൻ

അടിസ്ഥാന സൗകര്യങ്ങളും സേവനങ്ങളും മെച്ചപ്പെടുത്തുന്നതിലൂടെ സർക്കാർ ആശുപത്രികൾ രോഗീ സൗഹൃദമാക്കുന്ന ഒരു പദ്ധതിയാണ് ആർദ്രം മിഷൻ. സർക്കാർ ആശുപത്രികളിൽ ഔട്ട്പേഷ്യന്റ് മെഡിക്കൽ പരിശോധനകളും മറ്റ് പരിശോധനകളും കുറഞ്ഞ സമയത്തിനുള്ളിൽ നൽകിക്കൊണ്ടും ഗുണനിലവാരമുള്ള ആരോഗ്യപരിരക്ഷ ഉറപ്പാക്കിക്കൊണ്ടും പൊതുജന സൗഹൃദമാക്കാൻ കഴിയും. ഇത് കിടത്തിച്ചികിത്സ ആവശ്യമായ രോഗികൾക്കു വേണ്ടത്ര ശ്രദ്ധ നൽകുന്നതിന് സഹായിക്കും. സർക്കാർ മെഡിക്കൽ കോളജ് ഹോസ്പിറ്റലുകൾ, ജില്ലാ താലൂക്ക് ആശുപത്രികൾ, പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ എന്നിങ്ങനെ മൂന്ന് ഘട്ടങ്ങളിലായാണ് ആർദ്രം മിഷൻ നടപ്പാക്കുന്നത്. സർക്കാർ ആശുപത്രികളിലെ സേവനങ്ങളും സൗകര്യങ്ങളും മെച്ചപ്പെടുത്തുന്നതിനും ന്യായമായ ചെലവിലും സമയത്തിലും സംതൃപ്തിയിലും ചികിത്സ നൽകുന്നതിനും മിഷൻ ലക്ഷ്യമിടുന്നു. വിശദാംശങ്ങൾ അദ്ധ്യായം 2–ൽ നൽകിയിരിക്കുന്നു.

ഇ–ഹെൽത്ത് പ്രോജക്ട്

കേരളത്തിലെ ആരോഗ്യസ്ഥാപനങ്ങളെ കമ്പ്യൂട്ടർ ശൃംഖലയായി ബന്ധിപ്പിക്കുന്നതിന് ഇ–ഹെൽത്ത് പ്രോജക്ട് ലക്ഷ്യമിടുന്നു. ഡോക്ടർമാർക്ക് എളുപ്പത്തിൽ പരിശോധിക്കാവുന്ന വ്യക്തിഗത മെഡിക്കൽ രേഖകളുടെ ഒരു ഡാറ്റാബേസ് നിർമ്മിക്കുക എന്നതാണ് പദ്ധതി ലക്ഷ്യമിടുന്നത്. രോഗിയുടെ സവിശേഷമായ തിരിച്ചറിയൽ, സംസ്ഥാനത്തെ വിവിധ പ്രാഥമിക, ദ്വിതീയ, തൃദീയ തലങ്ങളിലുള്ള വിവിധ ആരോഗ്യ പരിപാലന വിതരണ യൂണിറ്റുകൾ തമ്മിലുള്ള ഡാറ്റ എക്സ്ചേഞ്ച് എന്നിവ ഇതിൽ ഉൾപ്പെട്ടിരിക്കുന്നു. ഇത് മൂലം ആവർത്തിച്ചു വരുന്ന മെഡിക്കൽ പരിശോധനകൾ ഒഴിവാക്കാനും രോഗിയുടെ ചെലവ് കുറക്കുന്നതിനും ക്ലിനിക്കുകളിലും ലാബുകളിലും തിരക്കു കുറയ്ക്കാനും കഴിയും. തിരുവനന്തപുരം പൈലറ്റ് ജില്ലയായി കേരളത്തിലെ എല്ലാ ജില്ലകളിൽ ഈ പദ്ധതി നടപ്പിലാക്കി വരുന്നു. സംസ്ഥാനത്തിന്റെ ഇ–ഹെൽത്ത് പദ്ധതിയെ നിതി ആയോഗ് അഭിനന്ദിച്ചു. 25861482 ഗ്രാമീണ ജനതയുടെ ഡാറ്റാ ബേസ് ശേഖരിച്ച് ഇലക്ട്രോണിക് രേഖകളായി സംഭരിച്ച രാജ്യത്തെ ഏക സംസ്ഥാനമാണ് കേരളം.

സുസ്ഥിര വികസന ലക്ഷ്യങ്ങൾ: കേരളത്തിന്റെ ലക്ഷ്യം

സംസ്ഥാനത്തെ ആരോഗ്യ മേഖലയിൽ ഹ്രസ്വകാലത്തേക്കും ഇടക്കാലത്തേക്കും കൈവരിക്കേണ്ട ലക്ഷ്യങ്ങൾ സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. പ്രസ്തുത ലക്ഷ്യങ്ങൾ ആസൂത്രണം ചെയ്യുന്നതിന് ഐക്യ രാഷ്ട്ര സഭ രൂപപ്പെടുത്തിയ സുസ്ഥിര വികസന ലക്ഷ്യങ്ങളിൽപ്പെടുന്ന പ്രത്യേകിച്ചും എസ്.ഡി.ജി നമ്പർ മൂന്ന് പരാമർശമായി തെരഞ്ഞെടുത്ത് ദേശീയ അന്തർദേശീയ ലക്ഷ്യങ്ങളോട് തുലനമുള്ള ലക്ഷ്യങ്ങൾക്ക് അന്തിമരൂപം നൽകി. ഐക്യരാഷ്ട്ര സഭ പ്രഖ്യാപിച്ച ലക്ഷ്യങ്ങളിൽ കേരളത്തിന് പ്രസക്തമായവ കർമ്മ സമിതി വിശദമായി പരിശോധിക്കുകയും സംസ്ഥാനത്തിന്റെ ഇപ്പോഴുള്ള സാംക്രമികരോഗ നിലക്കും വ്യാപ്തിക്കും യോജിച്ചവ തെരഞ്ഞെടുത്തിട്ടുണ്ട്. ഐക്യരാഷ്ട്ര സഭ രേഖയിലുള്ള ലക്ഷ്യങ്ങൾകൂടാതെ സംസ്ഥാനത്ത് പ്രാധാന്യത്തോടെ പരിഗണിക്കപ്പെടേണ്ടതായ ദന്തസംരക്ഷണം, നേത്ര സംരക്ഷണം, പാലിയേറ്റീവ് കെയർ എന്നീ ലക്ഷ്യങ്ങളും കേരളം ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ലക്ഷ്യങ്ങൾ നേടുന്നതിനുള്ള പ്രധാന മാർഗ്ഗങ്ങളും സമിതി നിർദ്ദേശിച്ചിട്ടുണ്ട്. കൈവരിക്കേണ്ട ലക്ഷ്യങ്ങളുടെ പുരോഗതി നിർണ്ണയിക്കുന്നതിനായി മൂല്യങ്ങൾ വിലയിരുത്തുന്നതിന് 2021 ൽ ഒരു സർവേ നടത്തി സംസ്ഥാനത്തിന്റെ പ്രവർത്തനം വിലയിരുത്തും.

പദ്ധതിക്കാലത്തെ ആരോഗ്യമേഖലയ്ക്കുള്ള ധനസഹായം

കഴിഞ്ഞ കുറെ വർഷങ്ങളായി സംസ്ഥാനബജറ്റിൽ നിന്നും തുക നീക്കി വയ്ക്കുന്ന ഒരു പ്രധാന മേഖലയാണ് ആരോഗ്യം. അടുത്ത കാലത്തായി സർക്കാരിന്റെ ആരോഗ്യ സംരക്ഷണ ചെലവ് നിരന്തരമായി വർദ്ധിക്കുന്നതായികാണുന്നു. തദ്ദേശ സ്വയംഭരണ വകുപ്പിന്റെയും മറ്റു വകുപ്പുകളുടെയും സംഭാവനയെ ഒഴിവാക്കിയാൽ മൊത്തം സംസ്ഥാന ബഡ്ജറ്റ് വിഹിതത്തിന്റെ 5 ശതമാനത്തോളമാണ് ആരോഗ്യ സംരക്ഷണത്തിന് കേരളം ചെലവഴിക്കുന്നത് എന്നതാണ് വസ്തുത. പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിക്കാലത്ത് പദ്ധതികൾ നടപ്പാക്കുന്നതിന് നീക്കിവച്ചിരുന്ന തുക 3,31,888.00 ലക്ഷം രൂപ (ബി.ഇ) ആയിരുന്നു. പദ്ധതി കാലയളവിൽ റിപ്പോർട്ട് ചെയ്ത ആകെ ചെലവ് 3,00,600.50 ലക്ഷം (90.57ശതമാനം). പതിമൂന്നാം പദ്ധതിയുടെ ആദ്യ വർഷത്തിൽ (2017–18) ആരോഗ്യ മേഖലയ്ക്ക് 1,31,495 ലക്ഷം രൂപ വകയിരുത്തിയിരുന്നു. ഇതിൽ 89.42 ശതമാനം ചെലവഴിച്ചു. രണ്ടാം വർഷത്തിലെ (2018–19) വിഹിതം 1,41,930 രൂപയും ചെലവ് 73.24 ശതമാനവുമാണ്. മൂന്നാം വർഷത്തിലെ (2019–20) വിഹിതം 1,40,594 രൂപയും 2019 ഒക്ടോബർ വരെയുള്ള ചെലവ് 36.49 ശതമാനവുമാണ്. കഴിഞ്ഞ നാല് വാർഷിക പദ്ധതി കാലയളവിലെ വകുപ്പനുസരിച്ചുള്ള പദ്ധതി വിഹിതവും ചെലവും 2019 ഒക്ടോബർ വരെ (2018–

പട്ടിക 6.2.2 വകുപ്പ് തിരിച്ചുള്ള പദ്ധതി വിഹിതവും ചെലവും (വാർഷിക പദ്ധതി 2015–20) (രൂപ ലക്ഷത്തിൽ)

വകുപ്പ്	വാർഷികപദ്ധതി 2015–16		വാർഷികപദ്ധതി 2016–17		വാർഷികപദ്ധതി 2017–18		വാർഷികപദ്ധതി 2018–19		വാർഷികപദ്ധതി (2019–20 ഒക്ടോബർവരെ)	
	വിഹിതം	ചിലവ് ശതമാനം	വിഹിതം	ചിലവ് ശതമാനം	വിഹിതം	ചിലവ് ശതമാനം	വിഹിതം	ചിലവ് ശതമാനം	വിഹിതം	ചിലവ് ശതമാനം
ആരോഗ്യ സേവനം	32,216	67.86	52,174	113.3	72,402	97.74	78,921	84.23	78329	43.38
മെഡിക്കൽ വിദ്യാഭ്യാസം	26,699	89.69	39,388	77.56	47,009	82.25	49,414	56.47	48425	26.34
ഭാരതീയ ചികിത്സാ വകുപ്പ്	2,670	93.85	3,412	94.06	4,320	81.56	4,820	70.1	4755	40.79
ആയുർവേദ വിദ്യാഭ്യാസം	2,567	94.6	3,364	55.5	4,600	48.51	5,060	50.82	4975	24.46
ഹോമിയോ–പ്പതി	1,440	91.26	1,983	76.26	2,300	88.37	2,700	100	2660	30.16
ഹോമിയോ വിദ്യാഭ്യാസം	945	93.78	990	24.3	864	42.98	1,015	100	1000	43.62
ആകെ	66,537	79.65	1,01,311	95.24	1,31,495	89.42	1,41,930	73.24	140594	36.49

അവലംബം: പ്ലാൻ സ്പേയിസ്

19) ആകെ പദ്ധതി വിഹിതവും ചിലവും **പട്ടിക 6.2.2** ൽ കൊടുത്തിട്ടുണ്ട്.

കേരളത്തിലെ പ്രധാന ആരോഗ്യ പ്രശ്നങ്ങൾ

സാംക്രമിക രോഗങ്ങൾ

കേരളത്തിൽ സാംക്രമിക സാംക്രമികേതര രോഗങ്ങൾ വർദ്ധിച്ചുവരുന്നതായി കണ്ടുവരുന്നു. ഡെങ്കി, ചിക്കൻഗുനിയ, ലെപ്റ്റോസ്പൈറോസിസ്, മലേറിയ, ഹെപ്പറ്റൈറ്റിസ്, എച്ച്1 എൻ1 തുടങ്ങിയ സാംക്രമിക രോഗങ്ങൾ നിയന്ത്രിക്കപ്പെട്ടിരുന്നുവെങ്കിലും അടുത്ത കാലത്തായി രോഗനിരക്കും മരണനിരക്കും വർദ്ധിക്കുന്നതിന് ഈ രോഗങ്ങളുടെ പുനരുജ്ജീവനം നല്ലൊരു പങ്ക് വഹിച്ചിട്ടുണ്ട്. ഡെങ്കി, മലേറിയ, ജാപ്പനീസ് എൻസെഫലൈറ്റിസ്, സ്ക്രബ് ടൈഫസ് മുതലായ കൊതുകുജന്യ രോഗങ്ങൾ പല ജില്ലകളിലും ഗണ്യമായി വർദ്ധിച്ചിട്ടുണ്ട്. വിവിധ തരത്തിലുള്ള വയറിളക്കരോഗങ്ങൾ, ടൈഫോയ്ഡ്, ഹെപ്പറ്റൈറ്റിസ് തുടങ്ങിയ ജലജന്യ അണുബാധകൾ പല ജില്ലകളിലും നിരന്തരമായി കണ്ടുവരുന്നു. കഴിഞ്ഞ കുറെ വർഷങ്ങളായി കുറവ് രേഖപ്പെടുത്തിയിരുന്ന കോളറ ചില ജില്ലകളിൽ കൂടുതലായി കാണപ്പെടുന്നു. വർഷങ്ങളോളം പരിശ്രമിച്ചിട്ടും ഡിഫ്തീരിയയും വില്ലൻ ചുമയും പോലുള്ള വാക്സിൻ മൂലം തടയാനുള്ള രോഗങ്ങൾ ഇനിയും നിർമ്മാർജനം ചെയ്യേണ്ടിയിരിക്കുന്നു.

ഡെങ്കിപ്പനി

ഇപ്പോൾ വെക്ടർ ജന്യ രോഗങ്ങളുടെ ഏറ്റവും വലിയ കാരണമായി മാറിയിരിക്കുന്ന ഡെങ്കിപ്പനി കേരളത്തിൽ 1998 ലാണ് പടർന്നു പിടിച്ചത്. 2015 വരെ രോഗം കൂടുതലും തിരുവനന്തപുരം, കൊല്ലം, കോട്ടയം, പത്തനംതിട്ട, കോഴിക്കോട്, മലപ്പുറം എന്നീ ജില്ലകളിൽ വ്യാപകമായിരുന്നു. എന്നാൽ 2017 ൽ എല്ലാ ജില്ലകളിലും ഡെങ്കിപ്പനി വ്യാപകമായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഉയരത്തിൽ സ്ഥിതിചെയ്യുന്ന ജില്ലകളിൽ കുറഞ്ഞ നിരക്കിലും മറ്റുള്ള ജില്ലകളിൽ കൂടുതലായും കാണപ്പെടു. ഈ വൈവിധ്യമാർന്ന വിതരണത്തിന്റെ മുഖ്യ കാരണം ഡെങ്കി വെക്റ്റർ–ആഡസ് കൊതുകുകളുടെ വ്യാപനത്തിനു കാരണമാവുന്ന തരത്തിൽ പരിസ്ഥിതി ഘടകങ്ങളിലെ മാറ്റങ്ങൾ മൂലമാണെന്ന് കരുതുന്നു. ഗ്രാമീണ പശ്ചാത്തലത്തിൽ മുൻകാലങ്ങളിൽ കണ്ട ഈ കൊതുക് ഇപ്പോൾ ഗ്രാമങ്ങളിലും പട്ടണങ്ങളിലും വ്യാപിച്ചു. 2015 മുതൽ 2019 ഒക്ടോബർ വരെയുള്ള കേസുകളുടെയും മരണത്തിന്റെയും വിശദാംശങ്ങൾ പട്ടിക 6.2.3 ൽ നൽകിയിരിക്കുന്നു.

എലിപ്പനി

സംസ്ഥാനം അഭിമുഖീകരിക്കുന്ന മറ്റൊരു പൊതുജനാരോഗ്യവെല്ലുവിളിയാണ് ലെപ്റ്റോസ്പൈറോസിസ്. എൺപതുകളുടെ തുടക്കത്തിൽ അപൂർവരോഗമായി കണക്കാക്കപ്പെട്ടിരുന്ന ഇത് ഇപ്പോൾ എല്ലാ ജില്ലകളിലും വ്യാപിച്ചിരിക്കുന്നു. 2012–13 ൽ ഒരു വലിയ പകർച്ചവ്യാധിയായി വടക്കൻ ജില്ലകളെ രോഗബാധിതമാക്കിയ രോഗം പിന്നീട് കേരളം മുഴുവനായും ബാധിച്ചു. തുടക്കത്തിൽ രോഗം ബാധിച്ച എലികളുടെ മൂത്രത്തിൽ നിന്നും പരിസ്ഥിതി മലിനീകരണം മൂലമാണ് വ്യാപിച്ചത്. പശുക്കൾ, നായ്ക്കൾ, പന്നികൾ തുടങ്ങിയ വളർത്തു മൃഗങ്ങളിൽ രോഗം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളതുകൊണ്ട് തന്നെ കൃഷി പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് രോഗ സാധ്യതയുണ്ട്. സ്തംഭനാവസ്ഥയിലുള്ള കനാലുകളിൽ ശുചീകരണത്തിൽ പങ്കെടുക്കുന്നവർക്കു ഈ രോഗം ബാധിച്ചതായി റിപ്പോർട്ട് ചെയ്യപ്പെട്ടിരുന്നു. ഈയിടെ ലെപ്റ്റോസ്പൈറോസിസ് കാരണം മരണനിരക്ക് ഉയരുന്നതു വെറ്റിനറി, മൃഗസംരക്ഷണ വകുപ്പുകളുടെ കൂട്ടായ പരിശ്രമത്തിൽ ഫലപ്രദമായി നിയന്ത്രിക്കേണ്ടതുണ്ട്.

2015– ൽ 1098 കേസുകൽ റിപ്പോർട്ട് ചെയ്യപ്പെടുകയും, 43 പേർ മരിക്കുകയും ചെയ്തു. 2016– ൽ 1710 കേസുകൾ റിപ്പോർട്ട് ചെയ്യപ്പെടുകയും, 35 ആളുകൾ മരിക്കുകയും ചെയ്തു. 2017 കാലത്ത് ചികിത്സ തേടിയ രോഗികളുടെ എണ്ണം 1408 ഉം മരണം സംഭവിച്ചവരുടെ എണ്ണം 80 ഉം ആയിരുന്നു. 2018 ൽ റിപ്പോർട്ട് ചെയ്യപ്പെട്ട കേസുകളുടെ എണ്ണം 2079 ഉം മരണം റിപ്പോർട്ട് ചെയ്തത് 99 ഉം ആണ്. 2019 ഓഗസ്റ്റ് വരെ റിപ്പോർട്ട് ചെയ്യപ്പെട്ട കേസുകളുടെ എണ്ണം 611 ഉം മരണം റിപ്പോർട്ട് ചെയ്തത് 26 ഉം ആണ്. 2018–19 ലും 2019–20 (ഓഗസ്റ്റ് വരെ) ലും എലിപ്പനിക്ക് ചികിത്സ തേടിയവരുടെയും മരണം റിപ്പോർട്ട് ചെയ്തതിന്റെയും ജില്ല തിരിച്ചുള്ള വിവരം അനുബന്ധം 6.2.1 ൽ കൊടുത്തിരിക്കുന്നു.

ചിക്കൻഗുനിയ

കൊതുകുജന്യ അണുബാധകളിൽ പുതുതായിട്ടുള്ളതാണ് ചിക്കുൻഗുനിയ. 2005–06 കാലയളവിൽ അറബിക്കടലിലെ വിദൂര ദ്വീപുകളിലാണ് ഈ രോഗം ഉണ്ടായത് എന്ന് വിശ്വസിക്കപ്പെടുന്നു. അടുത്ത രണ്ട് വർഷത്തിനുള്ളിൽ കേരളം മുഴുവൻ അതിവേഗം വ്യാപിക്കുകയും നമ്മുടെ ജനസംഖ്യയുടെ 80 ശതമാനത്തിലധികം ജനങ്ങളെ ബാധിക്കുകയും ചെയ്തു. ഭാഗ്യവശാൽ രോഗംവ്യാപനം കുറയുകയും ജനങ്ങൾക്ക് ദീർഘകാലികമായ പ്രതിരോധശേഷി ലഭിക്കുകയും ചെയ്തു. കഴിഞ്ഞ രണ്ട് വർഷത്തിനിടയിൽ കേരളത്തിൽ 200 കേസുകൾ മാത്രം റിപ്പോർട്ട് ചെയ്യുകയും ഈ കാലയളവിൽ മരണം ഒന്നുംതന്നെ റിപ്പോർട്ട് ചെയ്യപ്പെടുകയും ചെയ്തിട്ടില്ല. ഇവിടെ രോഗം കൈമാറ്റം ചെയ്യുന്നതു ഈഡിസ് കൊതുകുകൾ ആണ്. ഡെങ്കി, ചിക്കുൻഗുനിയ എന്നിവ ഒരേ കൊതുകിലൂടെ പടർന്ന് കൊണ്ടിരിക്കുന്നതിനാലും സിക വൈറസ്,

മഞ്ഞപ്പനിയുടെ ഭീഷണി എന്നിവക്കു ഒരേ കൊതുകുകൾ ഉത്തരവാദികൾ ആയതിനാലും ഭാവിയിൽ നാം ഇവയെ നേരിടാൻ ശ്രദ്ധാലുക്കളായിരിക്കണം.

2018–ൽ 76 ചിക്കൻഗുനിയ കേസുകൾ റിപ്പോർട്ട് ചെയ്തതിൽ 38 എണ്ണം തിരുവനന്തപുരം ജില്ലയിലും 32 എണ്ണം തൃശ്ശൂരിലും ആണ്. 2019 (ഓഗസ്റ്റ് വരെ) 30 കേസുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടതിൽ 14 എണ്ണം തിരുവനന്തപുരം ജില്ലയിലും 10 എണ്ണം ഇടുക്കിയിലും ആണ്. കേരളത്തിൽ ആകെ 2018–ൽ 29,35,627 വൈറൽ പനി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 2019 (ഓഗസ്റ്റ് വരെ) 19,06,006 കേസുകളുമാണ് റിപ്പോർട്ട് ചെയ്യപ്പെട്ടത്. 2018–2019 (ഓഗസ്റ്റ് വരെ) ചിക്കൻഗുനിയക്കും വൈറൽ പനിക്കും ചികിത്സതേടിയവരുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധം 6.2.2 ൽ കൊടുത്തിരിക്കുന്നു.

മലേറിയ

കഴിഞ്ഞ കുറെ ദശാബ്ദങ്ങളായി നമ്മുടെ രാജ്യത്തിന്റെ പൊതുജനാരോഗ്യ മേഖല നേരിടുന്ന വെല്ലുവിളി അനോഫിലസ് കൊതുകുകളിലൂടെ പകരുന്ന മലേറിയ രോഗമാണ്. ഇതിന്റെ നിർമാർജനം ലക്ഷ്യമിടുന്ന വിവിധ ദേശീയ പരിപാടികൾ പരിമിതമായ വിജയം നേടുന്നു. എഴുപതുകളുടെ ആരംഭത്തിൽ കേരളത്തിൽ നിന്നും മലേറിയ രോഗം നിർമാർജനം ചെയ്യെങ്കിലും ഒരു പൊതുജനാരോഗ്യ വെല്ലുവിളിയായി ഇപ്പോൾ ഉയർന്നു വരുന്നു. മലേറിയ രോഗബാധിത സംസ്ഥാനങ്ങളിൽ നിന്നുള്ള വൻതോതിലുള്ള കുടിയേറ്റം കാരണം അടുത്തകാലത്തായി പ്രശ്നം കൂടുതൽ വഷളായി. ഫാൽസിപിയം മലേറിയയുടെ അനുപാതം കേരളത്തിൽ സാവധാനത്തിൽ വർദ്ധിച്ചു വരികയാണ്. തദ്ദേശീയമായി മലേറിയ നീക്കം ചെയ്യൽ സംസ്ഥാനത്തെ എസ്.ഡി.ജി. ലക്ഷ്യങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും അത് നിറവേറ്റുന്നതിനുള്ള പ്രശ്നങ്ങൾ പലതാണ്. ദ്രുത നഗരവൽക്കരണം, ജില്ലകളിലെ വിപുലമായ അടിസ്ഥാന സൗകര്യ വികസനം, നഗര പ്രദേശത്ത് അനിയന്ത്രിതമായ നിർമ്മാണ പ്രവർത്തനങ്ങൾ, കാലാവസ്ഥാ വ്യതിയാനം നിമിത്തം കൊതുകുകളുടെ ജീവിത പരിണാമത്തിൽ ഉണ്ടായ മാറ്റം എന്നിവയാണ് എസ്.ഡി.ജി ലക്ഷ്യം നേടിയെടുക്കുന്നതിൽ വലിയ തടസം. കേരളത്തിലെ മലേറിയയുടെ വാർഷിക കണക്കുകൾ 2000 ൽ കുറവും മരണനിരക്ക് വളരെ കുറവാണ് എങ്കിലും പ്രധാന പ്രശ്നം ആഭ്യന്തര മലേറിയ വർദ്ധനയാണ്. തിരുവനന്തപുരം, കൊല്ലം, കോഴിക്കോട്, മലപ്പുറം, കണ്ണൂർ ജില്ലകളിൽ കഴിഞ്ഞ ഏതാനും വർഷങ്ങളായി തദ്ദേശീയ മലേറിയ പിടിമുറുക്കുന്നു. കർണാടകയിലെ വളരെ ഉയർന്ന മലമ്പനി നിരക്കുള്ള ജില്ലകളുടെ സമീപത്താകയാൽ കാസർകോട് ജില്ലയിൽ വർഷങ്ങളായി വളരെയധികം മലമ്പനി ഉണ്ട്. നമ്മുടെ സംസ്ഥാനത്തെ പടിഞ്ഞാറൻ തീരത്തുള്ള മീൻപിടുത്തക്കാരുടെ സാന്നിധ്യം തീരദേശ ജില്ലകളിൽ മലേറിയ പടരുന്നതിനുള്ള ഒരു ഭീഷണിയാണ്. 2017–ൽ മലേറിയ ബാധിതരുടെ എണ്ണം 1194 ഉം മരണം റിപ്പോർട്ട് ചെയ്തത് 2 ഉം ആണ്. 2018 –ൽ മലേറിയ രോഗബാധിതരുടെ എണ്ണം 908 ഉം മരണം ഒന്നുംതന്നെ രേഖപ്പെടുത്തിയിട്ടില്ല. 2019 (ഒക്ടോബർ വരെ) മലേറിയ ബാധിതരുടെ എണ്ണം 342 ഉം മരണം റിപ്പോർട്ട് ചെയ്തത് 1 ഉം ആണ്. 2015 മുതൽ 2019 ഒക്ടോബർ വരെയുള്ള റിപ്പോർട്ട് ചെയ്ത കേസുകളുടെയും മരണത്തിന്റെയും വിശദാംശങ്ങൾ പട്ടിക 6.2.3 ൽ നൽകിയിരിക്കുന്നു.

ജപ്പാൻ ജ്വരം

ഇത് മസ്തിഷ്ക്കത്തെ ബാധിക്കുന്ന കൊതുകു ജന്യമായ എൻസൈഫലൈറ്റിസിന്റെ ഒരു രൂപമാണ്. നെൽവയലുകളുടെ സാന്നിധ്യം മൂലം കേരളത്തിൽ ഈ രോഗ സാധ്യത കൂടുതലാണ് കാരണം ഈ രോഗം പരത്തുന്ന വൈറസ് വാഹകരായ കൊതുകുകൾ നെൽവയലുകളിലെ വെള്ളക്കെട്ടുകളിൽ പടർന്ന് കിടക്കുന്നു. മലിനമായ വെള്ളത്തിൽ മുട്ടയിടുന്ന ക്യൂലെക്സ് കൊതുകിന്റെ തനതായ സ്വഭാവം മറ്റ് മേഖലകളിൽ രോഗ സാദ്ധ്യതകൾ വർദ്ധിപ്പിക്കും. ജാപ്പനീസ് എൻസെഫലൈറ്റിസ് (ജെ.ഇ.) ദേശാടന പക്ഷികളുടെ സാന്നിദ്ധ്യം വഴി കൈമാറ്റം ചെയ്യപ്പെടുന്നു എന്നത് അധിക അപകടമാണ് കാരണം നമ്മുടെ നാട്ടിൽ ദേശാടന പക്ഷികളെ ആകർഷിക്കുന്ന നിരവധി സങ്കേതങ്ങളുണ്ട്. എന്നാൽ ജെ.ഇ.ക്കെതിരെ ഫലപ്രദമായ വാക്സിൻ ഉള്ളതിനാൽ വാക്സിനേഷൻ ശക്തിപ്പെടുത്തുന്നതിലൂടെ അതിന്റെ നിയന്ത്രണ പരിപാടിയിൽ നമുക്ക് ശുഭാപ്തി വിശ്വാസമുണ്ട്. 2015 മുതൽ 2019 ഒക്ടോബർ വരെയുള്ള ജപ്പാൻ ജ്വരത്തിന് ചികിത്സ തേടിയവരുടെയും മരണം റിപ്പോർട്ട് ചെയ്തതിന്റെ വിശദാംശങ്ങൾ പട്ടിക 6.2.3 നൽകിയിരിക്കുന്നു.

ജല ജന്യ രോഗങ്ങൾ

ജില്ലയുടെ പല ഭാഗങ്ങളിലും പ്രത്യേകിച്ച് ആദിവാസി തീരദേശ പ്രദേശങ്ങളിൽ സുരക്ഷിതമായ കുടിവെള്ള ലഭ്യതയില്ലെന്നതു ജലജന്യ രോഗങ്ങൾക്ക് പ്രധാന കാരണമായി ചൂണ്ടിക്കാട്ടുന്നു. കിണറുകൾ, പമ്പ്, ടാങ്കർ ലോറിയിലൂടെ വിതരണം ചെയ്ത വെള്ളം, പൊതു ജലവിതരണ പൈപ്പിലെ തകരാറുകൾ നിമിത്തം കുടിവെള്ളത്തോടൊപ്പം അഴുക്കുചാൽ വെള്ളം കലരുന്നത്, ജലസ്രോതസ്സുകളിൽ മാലിന്യങ്ങൾ ഉൾപ്പെടെയുള്ള അവശിഷ്ടങ്ങൾ, വാണിജ്യ ആവശ്യങ്ങൾക്കുള്ള ഐസ് ഉപയോഗിച്ച് ശീതള പാനീയങ്ങൾ തയ്യാറാക്കുന്നത്, മലിനമായ ജലം ഉപയോഗിച്ച് വെൽക്കം ഡ്രിങ്ക് തയ്യാറാക്കുന്നത് തുടങ്ങിയ സുരക്ഷിതമല്ലാത്ത ജല സ്രോതസ്സുകൾ ജല ജന്യ രോഗങ്ങൾക്കു കാരണമാണ്. സാംക്രമിക രോഗങ്ങൾ തടയാനും നിയന്ത്രിക്കാനും 2017 നവംബർ

മുതൽ "ജാഗ്രത" എന്ന പേരിൽ ഒരു പ്രവർത്തന പദ്ധതി ആരോഗ്യവകുപ്പ് നടപ്പിലാക്കിവരുന്നു. ടൈഫോയ്ഡ് രോഗികളുടെ എണ്ണത്തിൽ 2015 മുതൽ ഗണ്യമായ കുറവുണ്ടായി. 2015 മുതൽ 2019 വരെ കടുത്ത വയറിളക്ക രോഗങ്ങൾക്കും ടൈഫോയ്ഡ്, ഹെപ്പറ്റൈറ്റിസ് തുടങ്ങിയ രോഗങ്ങളുടെ ചികിത്സ നേടിയവരുടെ വിശദാംശങ്ങൾ **പട്ടിക 6.2.3** ൽ നൽകിയിരിക്കുന്നു.

എച്ച്.ഐ.വി/എയ്ഡ്സ്

കേരളത്തിലെ എച്ച്.ഐ.വി യുടെ വ്യാപനം നിയന്ത്രിക്കുക, എച്ച്.ഐ.വി/എയ്ഡ്സ് രോഗത്തിനോട് പ്രതികരിക്കാനുള്ള സംസ്ഥാനത്തിന്റെ കഴിവ് ശക്തിപ്പെടുത്തുക എന്നീ ലക്ഷ്യങ്ങളോടെ പ്രവർത്തിക്കുന്ന അഗ്രഗാമിയായ സ്ഥാപനമാണ് കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി. ദേശീയ എയ്ഡ്സ് കൺട്രോൾ പരിപാടി സംസ്ഥാനത്ത് നടപ്പാക്കാനാണ് ഈ സ്ഥാപനം രൂപീകരിച്ചത്.

സംസ്ഥാനത്തെ എയ്ഡ്സ് വ്യാപന നിരക്ക് 2008–09 –ൽ 0.21 ശതമാനത്തിൽ നിന്നും 2010–11 –ൽ 0.13 ശതമാനമായും 2017 –ൽ 0.05 ശതമാനമായും കുറഞ്ഞിരിക്കുന്നു. സംസ്ഥാനത്തെ എച്ച്.ഐ.വി മഹാമാരി എന്ന പകർച്ചാവ്യാധി മുഖ്യമായും കേന്ദ്രീകരിച്ചിരിക്കുന്നത്, മയക്കുമരുന്ന് കുത്തിവയ്ക്കുന്നവർക്കിടയിൽ 0.41 ശതമാനവും (2011 –ൽ 4.95 ശതമാനം)– ഇന്ത്യയിൽ ഇത് 6.26 ശതമാനം, പുരുഷന്മാരുമായി ലൈംഗികബന്ധത്തിലേർപ്പെടുന്ന പുരുഷന്മാരുടെയിടയിൽ (എം.എസ്.എം) 0.23 ശതമാനവും (2011 –ൽ 0.36 ശതമാനം) – ഇന്ത്യയിൽ ഇത് 2.69 ശതമാനം, സ്ത്രീ ലൈംഗിക തൊഴിലാളികളുടെയിടയിൽ (എഫ്.എസ്.ഡബ്ലിയു) 0.10 ശതമാനവും (2011 –ൽ 0.73 ശതമാനം) – ഇന്ത്യയിൽ ഇത് 2017 –ൽ 1.56 ശതമാനം എന്ന തോതിലാണ്. കേരളത്തിൽ ഭിന്നലിംഗക്കാർക്കിടയിലെ എച്ച്.ഐ.വി വ്യാപന നിരക്ക് 0.16 ശതമാനവും ഇന്ത്യയിൽ 3.14 ശതമാനവും ആണ്. ഇന്ത്യയിൽ കുടിയേറ്റക്കാർക്കിടയിലെ എച്ച്.ഐ.വി വ്യാപനം 0.51 ശതമാനമാണ്.
(അവലംബം: കേരള സ്റ്റേറ്റ് എയ്ഡ്സ് കൺട്രോൾ സൊസൈറ്റി)

പ്രധാന സാംക്രമിക രോഗങ്ങളുടെ വ്യാപനം

സാംക്രമിക രോഗങ്ങളുടെ വ്യാപനം സംബന്ധിച്ച താരതമ്യ വിശകലനം പട്ടിക 6.2.3–ൽ നൽകിയിട്ടുണ്ട്.

സാംക്രമികേതര രോഗങ്ങൾ

മനുഷ്യന്റെ ആരോഗ്യകരമായ ജീവിതത്തിനു ഭീഷണിയായിട്ടുള്ളത് അർബുദം, പ്രമേഹം, കാർഡിയോവാസ്കുലാർ രോഗങ്ങൾ, ശ്വാസകോശസംബന്ധമായ രോഗങ്ങൾ എന്നീ സാംക്രമികേതര രോഗങ്ങളാണ്. ഇത്തരം രോഗങ്ങൾ നിയന്ത്രിക്കുന്നതിനും തടയുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചില്ലെങ്കിൽ ഭാവിയിൽ ഉണ്ടാകാനിടയുള്ള കഷ്ടനഷ്ടങ്ങൾ വളരെ വലുതായിരിക്കും. പ്രായാധിക്യവും ജീവിത രീതികളും ഇതിനെ സ്വാധീനിക്കുന്നു. താഴ്ന്ന വരുമാനക്കാരെ സംബന്ധിച്ച് മരുന്നുകളുടെ ഉയർന്ന വിലയും ചികിത്സക്കാവശ്യമായ സുദീർഘമായ കാലപരിധിയും വമ്പിച്ച സാമ്പത്തിക ബാധ്യത വരുത്തുന്നതാണ്. വൻതോതിൽ ആധുനികവൽക്കരണവും നഗരവത്കരണവും, ജീവിത രീതിയിലുള്ള മാറ്റം, മദ്യം, പുകയില എന്നിവയിലുള്ള ആശ്രയത്വം, വൈറ്റ് കോളർ തൊഴിലുകൾക്കുള്ള മുൻഗണന, വിചിത്രമായ ഭക്ഷണരീതികൾ, ശാരീരിക പ്രയത്നത്തിന് കുറഞ്ഞ മുൻഗണന, ജനങ്ങളുടെ ഉയർന്ന തലത്തിലുള്ള സമ്മർദ്ദം എന്നിവ സംസ്ഥാനത്ത് സാംക്രമികേതര രോഗങ്ങൾ ഉണ്ടാകുന്നതിന് ചില കാരണങ്ങളാണ്.

ഇന്ത്യയിൽ ആകെ മരണത്തിന്റെ 42 ശതമാനം എൻ.സി.ഡി. മൂലമാണ്. കേരളത്തിൽ ഈ അവസ്ഥ ഏറ്റവും ഗൗരവമുള്ളതാണ് എന്തെന്നാൽ 30 വയസിനും 59 വയസിനും ഇടയിലുള്ള മൊത്തം മരണത്തിന്റെ 52 ശതമാനത്തിൽ അധികവും എൻസിഡി മൂലമാണ്. ഹൈപ്പർടെൻഷൻ, പ്രമേഹം, കാർഡിയോ വാസ്കുലർ രോഗങ്ങൾ, സ്ട്രോക്ക്, കാൻസർ തുടങ്ങിയവയാണ് കേരളത്തിലെ പ്രധാന സാംക്രമികേതര രോഗങ്ങൾ. കേരളത്തിലെ പ്രായപൂർത്തിയായ പുരുഷന്മാരിൽ 27 ശതമാനവും പ്രമേഹ രോഗികളാണ് ഇന്ത്യയിൽ 15 ശതമാനവും. ജനസംഖ്യയിൽ 19 ശതമാനം സ്ത്രീകൾ പ്രമേഹരോഗികളാണ് ഇൻഡ്യയിൽ ഇത് 11 ശതമാനമാണ്. ജനിതക പ്രവണത, ഭക്ഷണ ശീലങ്ങൾ, ഉദാസീനമായ ജീവിതരീതി എന്നിവ ഈ പ്രതിഭാസത്തിനു കാരണമായി കരുതപ്പെടുന്നു. പ്രായപൂർത്തിയായ പുരുഷന്മാരിൽ 40.6 ശതമാനം ഉം പ്രായപൂർത്തിയായ സ്ത്രീകളിൽ 38.5 ശതമാനം ഇൻഡ്യയിൽ യഥാക്രമം 30.7ശതമാനം 31.9 ശതമാനം ഉം ഹൈപ്പർടെൻഷനുള്ളവരാണ്. പൊണ്ണത്തടി, ഹൈപ്പർലിപിഡെമിയ, ഹൃദയാഘാതം, സ്ട്രോക്ക് തുടങ്ങിയവ ഉയർന്ന നിരക്കിലാണ്. ദേശീയ ശരാശരിയെ അപേക്ഷിച്ച് കേരളത്തിലെ പുരുഷന്മാരിൽ കാൻസർ മരണനിരക്ക് വളരെ കൂടുതലാണ്. അച്ചുതമേനോൻ സെന്റർ ഫോർ ഹെൽത്ത് സയൻസ് സ്റ്റഡീസ്, തിരുവനന്തപുരം അടുത്തിടെ നടത്തിയ സർവേയിൽ സംസ്ഥാനത്തെ എൻ.സി. ഡി. സ്ഥിതി കൂടുതൽ വഷളായി. മൂന്നിൽ ഒരാൾക്ക് രക്താതിമർദ്ദമുണ്ടെന്നും അഞ്ചിൽ ഒരാൾക്ക് പ്രമേഹമുണ്ടെന്നും സർവേ വെളിപ്പെടുത്തുന്നു. നേരത്തേ കണ്ടുപിടിച്ചതിനുശേഷവും രക്തത്തിലെ പഞ്ചസാരയും രക്തസമ്മർദ്ദവും സാധാരണനിലയുടെ അളവ് മാനദണ്ഡങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ വളരെ കുറവ് മാത്രമേ സാധാരണ നിരക്കിലേക്കു

പട്ടിക 6.2.3 കേരളത്തിലെ സാംക്രമികരോഗങ്ങളുടെ വ്യാപനം

വർഷം		2015		2016		2017		2018		2019 (ഒക്ടോബർ വരെ)	
രോഗം		രോഗികൾ	മരണം	രോഗികൾ	മരണം	രോഗികൾ	മരണം	രോഗികൾ	മരണം	രോഗികൾ	മരണം
ഡെങ്കിപ്പനി		4114	29	7218	21	21993	165	4090	32	2370	12
മലേറിയ		1549	4	1540	3	1194	2	908	0	342	1
സ്ഥിരീകരിച്ച ചിക്കൻഗുനിയ		152	0	124	0	54	0	76	0	30	0
ജാപ്പനീസ് എൻ-സെഫലൈറ്റിസ് (ജെ.ഇ.)		0	0	1	0	1	0	5	2	7	0
ലെപ്റ്റോസ്പൈ-റോസിസ്		1098	43	1710	35	1408	80	2079	99	611	26
ഹെപ്പറ്റൈറ്റിസ് - എ		1980	10	1351	10	988	24	1369	5	979	3
കോളറ		1	0	10	0	8	1	9	0	7	0
ടൈഫോയ്ഡ്		1772	0	1668	2	314	1	109	0	23	0
എ.ഡി.ഡി. (ഡയേറിയ)		467102	4	493973	14	463368	8	540814	12	390345	5
സ്ക്രബ്ബ് ടൈഫസ്		1149	15	633	3	340	5	400	6	348	7
കല അസർ		4	0	2	0	0	0	6	1	3	0
കൈസനൂർ ഫോ-റസ്റ്റ്ഡിസീസ്		102	11	9	0	0	0	0	0	8	2
എച് 1 എൻ 1		900	80	22	1	1411	76	823	50	835	43
പനി	ഒ.പി.	2676842	26	2641311	18	3417968	76	2935627	63	1906006	36
	ഐ.പി.	96189		80049		109974		59983		39384	
വയറിളക്കരോഗ-ങ്ങൾ		-	-	326517	10						
എന്റിക് ഫീവർ		-	-	1192	0						
മീസിൽസ്		1589	2	870	3	508	1	190	0	79	1
ചിക്കൻപോക്സ്		19152	13	12698	1	27856	20	30154	17	21208	16

അവലംബം: ആരോഗ്യ വകുപ്പ്ഡയറക്ടറേറ്റ്

നിയന്ത്രിക്കുന്നതിനു സാധിച്ചിട്ടുള്ളൂവെന്നു പഠനം വെളിപ്പെടുത്തി.

കേരള സി.ഒ.പി.ഡി. പ്രതിരോധ നിയന്ത്രണ പരിപാടി - ശ്വാസ്

ലോകവ്യാപകമായി രോഗാവസ്ഥക്കും മരണത്തിനും നിദാനമായ പ്രമുഖ കാരണങ്ങളിലൊന്നാണ് ക്രോണിക് ഒബ്സ്ടക്റ്റീവ് പൾമൊണറി ഡിസീസ് (സി.ഒ.പി.ഡി.). ഇന്ത്യയെ സംബന്ധിച്ച 'ഗ്ലോബൽ ബർഡൻ ഓഫ് ഡിസീസസ്' (വാഷിംഗ്ടൺ യൂണിവേഴ്സിറ്റിയിലെ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഹെൽത്ത് മെട്രിക്സ് ആൻഡ് ഇവാലുവേഷൻ (ഐ.എച്ച്.എം.ഇ) കണക്കനുസരിച്ച് ഇന്ത്യയിലെ മരണനിരക്കിന്റെ രണ്ടാമത്തെ പ്രധാന കാരണം സി.ഒ.പി.ഡി. യാണ്. അടുത്തിടെ ഇന്ത്യയിലെ എൻസിഡി പ്രോഗ്രാമിൽ മുൻഗണനയുള്ള എൻസിഡികളിൽ സി.ഒ.പി.ഡി യും കടുത്ത വൃക്കരോഗവും ഉൾപ്പെടുത്തിയിട്ടുണ്ട്. ആസ്ത്മ, സി.ഒ.പി.ഡി. എന്നിവയ്ക്കുള്ള ദേശീയ കണക്കുകൾ കേരളത്തിലെ സ്ഥിതിയും പ്രതിഫലിപ്പിക്കുന്നു, കേരളത്തിലെ സി.ഒ.പി.ഡി. കേസുകളുടെ എണ്ണം 5,30,000 ആണെന്നും പ്രായപൂർത്തിയായവരിൽ ആസ്ത്മ രോഗികളുടെ എണ്ണം 4,80,000 ആണെന്നും കണക്കാക്കപ്പെടുന്നു. കേരളത്തിൽ സി.ഒ.പി.

ഡി ക്കായുള്ള ഒരു പ്രത്യേക പൊതുജനാരോഗ്യ പദ്ധതിയാണ് ശ്വാസ്. ഇത് ആർദ്രം മിഷൻന്റെ ഭാഗമായി ഫാമിലി ഹെൽത്ത് സെന്റർ (എഫ്എച്ച്സി) തലം മുതൽ നടപ്പിലാക്കുന്നു. 178 കുടുംബാരോഗ്യ കേന്ദ്രങ്ങളിലും 39 ഉപജില്ല / ജില്ലാ ആശുപത്രികളിലും ശ്വാസ് ക്ലിനിക്കുകൾ ആരംഭിച്ചിരിക്കുന്നു. 2018 ഓഗസ്റ്റ് മുതൽ 2019 സെപ്റ്റംബർ വരെ രോഗനിർണ്ണയം നടത്തിയ സി.ഒ.പി.ഡി രോഗികളുടെ കളുടെ എണ്ണം 13,126 ഉം ആസ്ത്മ രോഗികളുടെഎണ്ണം 8011 ഉം ആണ്.

അർബുദം

കേരളത്തിലെ ഒരു പ്രധാന സംക്രമികേതര രോഗമാണ് അർബുദം. കേരളത്തിൽ എല്ലാവർഷവും 35000 പുതിയ അർബുദരോഗികൾ തങ്ങളുടെ രോഗം തിരിച്ചറിയുന്നു. വർഷാവർഷം ഒരു ലക്ഷം പേർ ഇതിനു ചികിത്സ തേടുന്നു. മെഡിക്കൽ കോളേജുകൾ കൂടാതെ റീജണൽ കാൻസർ സെന്റർ, മലബാർ ക്യാൻസർ സെന്റർ, കൊച്ചി ക്യാൻസർ ആൻഡ് റിസേർച്ച് സെന്റർ എന്നീ സർക്കാർ മേഖലയിലുള്ള ആശുപത്രികളും അർബുദത്തിന് ചികിത്സ നൽകി വരുന്നു. ഈ സ്ഥാപനങ്ങൾ കൂടാതെ എല്ലാ പ്രധാന സർക്കാർ മെഡിക്കൽ കോളേജുകളും ക്യാൻസർ ചികിത്സ നൽകുന്നുണ്ട്. നേരത്തേരോഗം തിരിച്ചറിയാതിരിക്കുക, വൻചികിത്സാചെലവ്, തുച്ഛമായ ചികിത്സാ സൗകര്യങ്ങൾ, അവബോധമില്ലായ്മ എന്നീ കാര്യങ്ങൾ ഈ രോഗം വന്ന് മരിക്കുന്നവരുടെ എണ്ണം വർദ്ധിപ്പിക്കുന്നു.

മലബാർ ക്യാൻസർ സെന്റർ

കേരള സർക്കാരിനുകീഴിലുള്ള ഒരു സ്വയംഭരണസ്ഥാപനമാണ് കണ്ണൂരിലെ മലബാർ ക്യാൻസർ സെന്റർ. വടക്കൻ കേരളത്തിലെ ജനങ്ങൾക്ക് അർബുദചികിത്സ നൽകാൻ സ്ഥാപിതമായതാണ് മലബാർ ക്യാൻസർ സെന്റർ. ഇവിടെ 203 പേരെ കിടത്തി ചികിത്സിക്കാൻ സാധിക്കും. അർബുദരോഗികളെ ചികിത്സിക്കുന്നതിനായി ഏറ്റവും പുതിയ സംവിധാനങ്ങൾ ഇവിടെയുണ്ട്. 2018–19 ൽ മലബാർ ക്യാൻസർ സെന്ററിൽ ചികിത്സ ലഭിച്ചതിൽ 1,821 പേർ കിടത്തി ചികിത്സ ലഭ്യമായവരും 32,610 പേർ ഔട്ട്പേഷ്യന്റ്സുമാണ്. ഇതിൽ പുതിയ കേസുകൾ 1,811 ആണ്. ഓരോ വർഷവും റിപ്പോർട്ട് ചെയ്യുന്ന പുതിയ കേസുകളുടെ ശരാശരി എണ്ണം 4,146 ആണ്.

കൊച്ചിൻ കാൻസർ റിസർച്ച് സെന്റർ

കാൻസർ രോഗബാധാ നിരക്കിലുള്ള ഭീതിജനകമായ വർദ്ധനവും മധ്യകേരളത്തിൽ സർക്കാർ തലത്തിൽ ഒരു ത്രിതീയ കാൻസർ പരിചരണ ഗവേഷണ കേന്ദ്രത്തിന്റെ ആവശ്യകതയും കൊച്ചിയിലെ കാൻസർ റിസർച്ച് സെന്ററിന്റെ പിറവിക്കു കാരണമായി. സി.സി.ആർ.സി. എന്നത് സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള ഒരു സൊസൈറ്റിയാണ്. സി.സി.ആർ.സി. യിൽ നിലവിൽ ലഭ്യമാകുന്ന കിടക്കകളുടെ എണ്ണം 20 ആണ്. എന്നാൽ ഓരോ വർഷവും റിപ്പോർട്ട് ചെയ്യുന്ന കേസുകളുടെ എണ്ണം ആയിരത്തോളാമാണ്. 2017–18 ൽ ചികിത്സിച്ച ഔട്ട്പേഷ്യൻസുകളുടെ എണ്ണം 5,012 ഉം പുതിയ കേസുകൾ 1,028 ഉം ആണ്. 2018–19 ൽ (2019 ഓഗസ്റ്റ് 31 വരെ) ചികിത്സ തേടിയ രോഗികളുടെ എണ്ണം 8,011 ഉം പുതിയ കേസുകൽ 1,483 ഉംആണ്.

റീജിയണൽ ക്യാൻസർ സെന്റർ (ആർ.സി.സി.)

കേരളത്തിൽ ക്യാൻസർ രോഗനിർണയത്തിനും ചികിത്സയ്ക്കും നിയന്ത്രണത്തിനുമായുള്ള സമ്പൂർണ സമർപ്പിത കേന്ദ്രമാണ് ആർ.സി.സി. തിരുവനന്തപുരം. രാജ്യത്തെ ഏറ്റവും മികച്ച 28 ആർ.സി.സി. കളിൽ ഒന്നായ ആർ.സി.സി. തിരുവനന്തപുരം അന്താരാഷ്ട്ര സ്ഥാപനങ്ങളുമായുള്ള പ്രവർത്തന ബന്ധവും നിലനിർത്തുന്നു. ആർ.സി.സിയിൽ ദിവസേനയുള്ള ശരാശരി രോഗി സന്ദർശനങ്ങൾ 915 ആണ്. കഴിഞ്ഞ മുപ്പത്തിയെട്ടു വർഷങ്ങളായി കേരളത്തിന്റെയും തമിഴ്നാട്ടിലെയും കർണാടകത്തിലെയും ചില പ്രദേശങ്ങളിലെയും ജനങ്ങളുടെ വർധിച്ചു വരുന്ന കാൻസർ പരിചരണ ആവശ്യങ്ങൾ ഏറ്റവും കുറഞ്ഞ ചെലവിൽ നിർവഹിക്കുന്നു. 2018–19 ൽ പുതിയതായി 15,627 കേസുകൾ കണ്ടെത്തുകയും 2,58,838 കേസുകൾ അവലോകനം ചെയ്യുകയും 11,568 ഇൻ–പേഷ്യന്റ് അഡ്മിഷനുകളും ആർ.സി.സിയിൽ നടത്തി.

മാനസികാരോഗ്യം

ഭാരത സെൻസസ് 2011 പ്രകാരം കേരളത്തിലെ ജനസംഖ്യയുടെ 0.20 ശതമാനം മാനസിക രോഗങ്ങളുള്ളവരും 0.20 ശതമാനം മാനസികവൈകല്യമുള്ളവരുമാണ്. ദേശീയശരാശരി യഥാക്രമം 0.06ശതമാനവും 0.12ശതമാനവുമാണ്. ദേശീയ ശരാശരിയുമായി താരതമ്യം ചെയ്യുമ്പോൾ കേരളത്തിലെ നിരക്ക് വളരെ കൂടുതലാണ്. ശാരീരികാരോഗ്യത്തിന് നൽകുന്ന പ്രാധാന്യം കണക്കിലെടുക്കുമ്പോൾ മാനസികാരോഗ്യത്തിന് കേരളത്തിൽ പ്രാധാന്യം കുറവാണ്. ഒരു മാനസികാരോഗ്യനയത്തിന് സംസ്ഥാനസർക്കാർ 2013 മെയ് മാസം രൂപം നൽകി അംഗീകരിച്ചു. ഈ നയത്തിൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള പ്രധാന കാര്യങ്ങൾ ഇവയാണ്. മാനസികാസ്വസ്ഥ്യത്തിന്റെ ചികിത്സ തുടങ്ങേണ്ടത് പ്രൈമറി ഹെൽത്ത് സെന്ററുകളിൽ നിന്നാണ്. സൈക്യാട്രിക് മെഡിസിൻ വകുപ്പും മനോരോഗാശുപത്രികളും റഫറൽ സംവിധാനങ്ങളാക്കണം.
കേരളത്തിൽ മൂന്ന് മാനസികാരോഗ്യകേന്ദ്രങ്ങളിലായി

1366 കിടക്കകൾ നിലവിലുണ്ട്. മാസംതോറും 10000 ഔട്ട്പേഷ്യൻസുമായി എല്ലാ ജില്ലകളിലും ജില്ലാമാനസികാരോഗ്യപരിപാടി പ്രവർത്തിച്ചുവരുന്നു. പ്രസ്തുത കേന്ദ്രങ്ങളിലൂടെ പുനരധിവാസ സൗകര്യവും നല്കിവരുന്നു. അവബോധമില്ലായ്മ, പൊതുമനോഭാവം, കുടുംബാംഗങ്ങളുടെ ശ്രദ്ധക്കുറവ്, തുടർ നടപടികളുടെ അഭാവം തുടങ്ങിയവയാണ് ശ്രദ്ധയിൽപ്പെട്ടിട്ടുള്ള പ്രധാന പ്രശ്നങ്ങൾ. സംസ്ഥാനസർക്കാർ 26 പകൽവീടുകൾ ആരംഭിച്ചിട്ടുണ്ട്. രോഗം ഭേദമായ 506 പേർക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നു.

ജില്ലാ മാനസിക ആരോഗ്യ പരിപാടി

സംസ്ഥാനത്തെ 14 ജില്ലകളിലും ജില്ലാ മാനസികാരോഗ്യ പരിപാടി (ഡി.എം.എച്ച്.പി) പ്രവർത്തിക്കുന്നു. 2014–ഓടുകൂടി തിരുവനന്തപുരം ജില്ല മാനസികാരോഗ്യം പ്രാഥമിക ചികിത്സാ പദ്ധതികളിലേക്ക് വിജയകരമായി സംയോജിപ്പിച്ചിരിക്കുന്നു. ഇപ്പോൾ ജില്ലയിലെ എല്ലാ പി.എച്ച്.സികളിലും സി.എച്ച്.സികളിലും ബന്ധപ്പെട്ട ആശുപത്രികളിലെ പരിശീലനം ലഭിച്ച ഡോക്ടർമാർ മാനസികാരോഗ്യ ക്ലിനിക്കുകൾ നടത്തുന്നു. തങ്ങളുടെ അടുത്തുള്ള പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ നിന്ന് മരുന്നുകൾ രോഗികൾക്ക് ലഭ്യമാക്കും. സംസ്ഥാനം മുഴുവനും ഇതു വ്യാപിപ്പിക്കാൻ ശ്രമിക്കുന്നു. സംസ്ഥാനത്ത് ഡിഎംഎച്ച്പിയിൽ നിന്ന് ഓരോ മാസവും 17,000 രോഗികൾ ചികിത്സ തേടുന്നുണ്ട്. പൊതു ജനങ്ങൾക്കു അവബോധം സൃഷ്ടിക്കുന്നതിനായി വിവര വിജ്ഞാന വിനിമയ പ്രവർത്തനങ്ങൾ, മാനസികാരോഗ്യവും പ്രാഥമികാരോഗ്യവും ശരിയായി ബന്ധപ്പെടുത്തുന്നതിനായി ഡോക്ടർമാർക്കും നഴ്സുമാർക്കും ഫാർമസിസ്റ്റുകൾക്കും ആരോഗ്യ പ്രവർത്തകർക്കും പരിശീലനം, ലഹരി വസ്തുക്കളുടെ ദുരുപയോഗം തടയൽ, ആത്മഹത്യ തടയൽ, വയോജന മാനസികാരോഗ്യം, മാനസിക സമ്മർദ്ദ നിയന്ത്രണം എന്നിവ പ്രവർത്തനങ്ങളാണ്. സമഗ്ര മാനസികാരോഗ്യ പദ്ധതിയുടെ ഭാഗമായി മാനസിക വൈകല്യമുള്ളവർക്കായി പകൽ പരിചരണ കേന്ദ്രങ്ങൾ ആരംഭിച്ചു. ഇപ്പോൾ സംസ്ഥാനത്ത് 26 പരിചരണ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. വിദ്യാലയ മാനസികാരോഗ്യ പരിപാടി എൻഎച്ച്എം സഹകരണത്തോടെ സംസ്ഥാനത്ത് നടപ്പിലാക്കുന്നു.

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിക്സ്

കേരള സർക്കാരിന്റെ കീഴിലുള്ള ഒരു സ്വയംഭരണ സ്ഥാപനമാണ് തിരുവനന്തപുരത്തെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിക്സ്. പ്രമേഹത്തിനും അതിന്റെ സങ്കീർണ്ണമായ ചികിത്സയ്ക്കും മാത്രമായി പ്രവർത്തിക്കുന്ന സർക്കാരിന്റെ കീഴിലുള്ള ഒരു സ്ഥാപനമാണ്. തിരുവനന്തപുരം നഗരത്തിലെ ആക്കുളത്തിനടുത്തുള്ള പുലയനാർകോട്ടയിലും, 2001 ലാണ് ഐ.ഐ.ഡി പ്രവർത്തനം ആരംഭിച്ചത്. തിരുവനന്തപുരത്തെ പബ്ലിക് ഹെൽത്ത് ലാബോറട്ടറി കാമ്പസിൽ ഒരു സബ് സെന്ററും പ്രവർത്തിക്കുന്നു. പ്രമേഹത്തിന്റെ ജനിതക അടിത്തറയെക്കുറിച്ച് അന്വേഷിക്കുക, ഡോക്ടർമാർക്കും, പാരാമെഡിക്കൽ സ്റ്റാഫുകൾക്കും വേണ്ടത്ര പരിശീലനംനൽകുക, ചികിത്സാ രീതികൾ വികസിപ്പിക്കുന്നതിന് ഗവേഷണ സഹായം നൽകുക, അക്കാദമിക് തലത്തിൽ പ്രാധാന്യം നൽകുക, കൂടാതെ പ്രമേഹ രോഗത്തിന്റെ വിവിധ വശങ്ങളെക്കുറിച്ച് ഇന്ത്യയിൽ കോൺഫറൻസ് സംഘടിപ്പിക്കുക എന്നിവയാണ് ഈ സ്ഥാപനത്തിന്റെ പ്രധാന പ്രവർത്തനങ്ങൾ. ഐ.ഐ.ഡി യിൽ ലഭ്യമായ കിടക്കകളുടെ എണ്ണം 40 ആണ്. ശരാശരി ഓരോ വർഷവും കണ്ടെത്തിയ പുതിയ കേസുകളുടെ എണ്ണം 7,600 ആണ്. 2018–19 ൽ ചികിത്സിച്ച രോഗികളുടെ എണ്ണം 49,970 ഉം ഐപി 316ഉ പുതിയ കേസുകൾ 7,962 ഉം ആണ്.

ആധുനിക വൈദ്യശാസ്ത്രം

കേരളത്തിൽ ആധുനിക വൈദ്യശാസ്ത്രസേവനങ്ങൾ ചെയ്യുന്നത് ആരോഗ്യസേവന ഡയറക്ടറേറ്റും (ഡി.എച്ച്.എസ്) അതുമായി ബന്ധപ്പെട്ട വിദ്യാഭ്യാസ മേഖലകൈകാര്യം ചെയ്യുന്നത് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റ(ഡി.എം.ഇ)മാണ്.

ആരോഗ്യവകുപ്പിനു കീഴിലുള്ള ആരോഗ്യപരിരക്ഷാസ്ഥാപനങ്ങൾ

ആരോഗ്യസേവനവകുപ്പിന് കീഴിലുള്ള 1,286 ആരോഗ്യപരിരക്ഷാസ്ഥാപനങ്ങളിലായി 38,018 കിടക്കകളും 5,510 ഡോക്ടർമാരുമാണുള്ളത്. ഇതിൽ 568 പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ, 114 (24X7) പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ 170 കുടുംബ ആരോഗ്യ കേന്ദ്രങ്ങൾ, 224 കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ, 86 താലൂക്ക് ആസ്ഥാന ആശുപത്രികൾ, 18 ജില്ലാആശുപത്രികൾ, 18 ജനറൽ ആശുപത്രികൾ, 3 മാനസികരോഗാശുപത്രികൾ, 8 സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രികൾ, 3 കുഷ്ഠരോഗാശുപത്രികൾ 18 ക്ഷയരോഗക്ലിനിക്കുകൾ, 5 മറ്റ് സ്പെഷ്യാലിറ്റി ആശുപത്രികൾ, 51 മറ്റ് ആശുപത്രികൾ എന്നിവയുണ്ട്. പ്രാഥമികാരോഗ്യകേന്ദ്രങ്ങളെന്നാൽ എല്ലാത്തരം പ്രാഥമികതലസേവനങ്ങളും നൽകുന്ന സ്ഥാപനമാണ്. രോഗനിവാരകവും, രോഗഹരവുമായ സേവനങ്ങൾ ഉൾപ്പെടെ ഇവിടെ ലഭിക്കും.

സാമൂഹ്യാരോഗ്യകേന്ദ്രങ്ങളും, താലൂക്ക് ആസ്ഥാന ആശുപത്രികളും ദ്വിദീയതലപരിചരണം ലഭിക്കുന്നയിടങ്ങളാണ്. ജില്ലാ ആശുപത്രികൾ, ജനറൽ ആശുപത്രികൾ, സ്ത്രീകളുടെ ആശുപത്രികൾ എന്നിവയിൽ സ്പെഷ്യാലിറ്റി സേവനങ്ങളും ചില സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങളും നൽകുന്നു.

സാമൂഹ്യാരോഗ്യതലം വരെ എല്ലാ ആരോഗ്യപരിപാലന കേന്ദ്രങ്ങളിലും സ്പെഷ്യാലിറ്റി കേഡർ നടപ്പിലാക്കുക, പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുക എന്നിവയ്ക്കാണ് പതിമൂന്നാം പഞ്ചവത്സര പദ്ധതി ഊന്നൽ നൽകുന്നത്. കേരളത്തിലെ ബെഡ് പോപ്പുലേഷൻ അനുപാതം 880 ഉം ശരാശരി ഡോക്ടർ ബെഡ് അനുപാതം 6.9 ഉം ആണ്. 2019 കേരളത്തിലെ പ്രധാന ആരോഗ്യസ്ഥാപനങ്ങളും കിടക്കകളും ഇനം തിരിച്ച്, ഇൻപേഷ്യന്റ്, ഔട്ട് പേഷ്യന്റ് വിവരങ്ങൾ ചെറുതും വലുതുമായി നടത്തിയ ശാസ്ത്രക്രിയകൾ, ഡി.എച്ച്. എസിനു കീഴിലുള്ള മെഡിക്കൽ പാരാമെഡിക്കൽ സ്റ്റാഫുകൾ, എന്നിവ **അനുബന്ധം 6.2.3 6.2.4, 6.2.5** എന്നിവയിൽ കൊടുത്തിരിക്കുന്നു.

അപകടകരമായ ആരോഗ്യ സംരക്ഷണ ചിലവിൽ നിന്നുമുള്ള സാമ്പത്തിക സുരക്ഷ രാഷ്ട്രീയ സ്വാസ്ഥ്യ ബീമ യോജന

രാഷ്ട്രീയ സ്വാസ്ഥ്യ ബീമ യോജന എന്നത് കേന്ദ്ര സർക്കാരിന്റെ ഒരു ആരോഗ്യ ഇൻഷുറൻസ് പദ്ധതിയാണ്. ഇത് സമൂഹത്തിലെ ദാരിദ്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് സൗജന്യം ഗുണനിലവാരമുള്ളതുമായ കിടത്തി ചികിത്സ ലഭ്യമാക്കുന്നു. 2008–2009 ൽ കേരളത്തിലെ 14 ജില്ലകളിലും ഇത് ആരംഭിച്ചു. ഈ പദ്ധതി പ്രകാരം ഒരു കുടുംബത്തിലെ പരമാവധി 5 അംഗങ്ങൾക്ക് ഒരു വർഷം തിരഞ്ഞെടുക്കപ്പെട്ട പൊതുസ്വകാര്യ ആശുപത്രികൾ മുഖേന മുൻധാരണ പ്രകാരമുള്ള വൈദ്യപരിശോധന ശസ്ത്രക്രിയ നിരക്കുകളിൽ ജനറൽ വാർഡിൽ 30000 രൂപ വരെയുള്ള സൗജന്യകിടത്തി ചികിത്സ ഉറപ്പു വരുത്തുന്നു. ദേശീയ ആരോഗ്യ ഇൻഷുറൻസ് പദ്ധതി പുറം രോഗികൾക്ക് ചികിത്സ നൽകുന്നില്ല. ഈ പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുന്നതിന് ഏറ്റവും കുറഞ്ഞത് 24 മണിക്കൂറെങ്കിലും കിടത്തി ചികിത്സ ആവശ്യമാണ്. മുൻകൂട്ടി നിശ്ചയിക്കപ്പെട്ട നിരക്കിൽ 1100–ൽ അധികം ശസ്ത്രക്രിയകൾ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ആകെ ഇൻഷുറൻസ് വരി സംഖ്യയുടെ 60 ശതമാനം കേന്ദ്രസർക്കാരും ബാക്കി സംസ്ഥാന സർക്കാരും വഹിക്കുന്നു. വാർഷിക ഇൻഷുറൻസ് പ്രീമിയം ഒരു ടെണ്ടർ പ്രക്രിയയിലൂടെ നിശ്ചയിച്ചിരിക്കുന്നു. ദേശീയ ആരോഗ്യ ഇൻഷുറൻസ് പദ്ധതിയുടെ 3 പ്രധാന സവിശേഷതകൾ ഇവയാണ്. (1) ഈ പദ്ധതിയിൽ അംഗമായി ചേരുന്നതിന് പ്രായപരിധിയില്ല. (2) ഇതു നിലവിലുള്ള രോഗങ്ങൾക്കും സംരക്ഷണം നൽകുന്നു. (3) രോഗി ആശുപത്രി വിട്ടുപോകുമ്പോൾ വാഹനബത്തയിനത്തിൽ 100 രൂപ പണമായി നൽകുന്നു. ഒരു വർഷം പരമാവധി നൽകാവുന്ന വാഹനബത്ത 1000 രൂപയായി നിജപ്പെടുത്തിയിരിക്കുന്നു. മുൻ നിശ്ചയപ്രകാരമുള്ള വേതനം നൽകലും ഇതിന്റെ ഒരു ഘടകമാണ്. സംസ്ഥാനത്തിന്റെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളെ നിർണ്ണയിക്കുന്ന നിർവ്വചന പ്രകാരം പ്ലാനിംഗ്കമ്മീഷന്റെ നിർവ്വചനപ്രകാരമുള്ളതിനേക്കാൾ 10 ലക്ഷം കുടുംബങ്ങൾ കൂടുതലായതിനാൽ സംസ്ഥാന സർക്കാർ ഈ കുടുംബങ്ങളുടെ ആവശ്യത്തിലേക്കായി പ്രത്യേകം പദ്ധതിയ്ക്ക് രൂപം നൽകുകയുണ്ടായി. ഈ രണ്ട് പദ്ധതികളും സമഗ്രആരോഗ്യ ഇൻഷുറൻസ് പദ്ധതി എന്ന പേരിൽ നടപ്പിലാക്കിവരികയാണ്. ചിയാക്(സമഗ്ര ആരോഗ്യ ഇൻഷുറൻസ് ഏജൻസി, കേരളം) എന്ന് പ്രത്യേകമായി രൂപീകരിച്ച സ്ഥാപനത്തിനാണ് ഈ പദ്ധതി നടപ്പാക്കലിന്റെ ചുമതല. രജിസ്ട്രേഷൻ ഫീസായി ₹30 രൂപ മാത്രം ഗുണഭോക്താക്കൾ അടച്ചാൽ മതി. 2008 ഒക്ടോബർ മുതൽ ഈ പദ്ധതി സംസ്ഥാനത്തു നടപ്പിലാക്കിയിട്ടുണ്ട്. ഇപ്പോൾ ഈ പദ്ധതി കാരുണ്യ ആരോഗ്യ സുരക്ഷ എന്ന പുതിയ സ്കീമിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി (ചിസ്)

ആർഎസ്ബിവൈ അല്ലാത്ത ജനസംഖ്യ രണ്ട് വിഭാഗങ്ങളായി തിരിച്ചിട്ടുണ്ട്: (എ) സ്റ്റേറ്റ് ഗവൺമെന്റിന്റെ ബിപിഎൽ (പാവപ്പെട്ടവർ) ലിസ്റ്റിലുള്ളവർ എന്നാൽ കേന്ദ്രസർക്കാരിന്റെ നിർവചിക്കപ്പെട്ടിരിക്കുന്ന പട്ടികയിൽ ഇല്ലാത്തവർ (ബി) സംസ്ഥാന ഗവൺമെന്റ് പട്ടികയിലോ അല്ലെങ്കിൽ കേന്ദ്രസർക്കാരിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം തയ്യാറാക്കിയ പട്ടികയിലോ ഉൾപ്പെടാത്ത എപിഎൽ കുടുംബങ്ങൾ. (എ) വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളുടെ കാര്യത്തിൽ, ഗുണഭോക്താക്കൾ ഓരോ കുടുംബത്തിനും ഒരു വർഷത്തേക്ക് പ്രതിമാസം ₹30 ഗുണഭോക്തൃവിഹിതമായി നൽകേണ്ടിവരും. ചിസ്ന്റെ കീഴിൽ ഒരു കുടുംബത്തിന് ആർഎസ്ബിവൈ പോലെ 30,000 രൂപവരെ ഇൻ–പേഷ്യന്റ് ആനുകൂല്യം ലഭിക്കും. 2014–15 വർഷത്തിൽ വിവിധ ക്ഷേമനിധി ബോർഡുകളിലെ അംഗങ്ങളെയും പെൻഷൻകാരെയും പട്ടികജാതി പട്ടികവർഗ്ഗ സമുദായങ്ങളിൽപ്പെട്ടവരെയും മത്സ്യത്തൊഴിലാളി കുടുംബങ്ങളെയും, മറ്റ് അസംഘടിത മേഖലയിലെ തൊഴിലാളികളെയും ഇതിൽ ഉൾപ്പെടുത്തി.

ആർഎസ്ബിവൈ, ചിസ് എന്നിവയ്ക്കു പുറമെ, ചിസ് പ്ലസ് എന്ന പേരിൽ മറ്റൊരു പദ്ധതിയും നടപ്പാക്കിവരുന്നു. കാർഡിയോളജി, ന്യൂറോളജി, ഓങ്കോളജി തുടങ്ങിയ രോഗികൾക്ക് ആർഎസ്ബിവൈ–ചിസ് ബിപിഎൽ സ്കീമിന് കീഴിൽ 70,000 രൂപ കൂടുതൽ ലഭിക്കാൻ അർഹതയുണ്ട്. ഈ രണ്ടു പദ്ധതികളും ചേർന്ന് സംസ്ഥാനത്തെ വളരെ വലിയ ഒരു ജനസമൂഹത്തിന് സംരക്ഷണം നല്കുന്നു. ഇപ്പോൾ ഈ പദ്ധതി കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതി എന്ന പുതിയ സ്കീമിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആർഎസ്ബിവൈ/ ചിസ് പദ്ധതി പുരോഗതി അനുബന്ധം 6.2.6 ൽ നൽകിയിരുക്കുന്നു. 2019–20 പദ്ധതിയിൽ ഉൾപ്പെടെ കുടുംബങ്ങളുടെ എണ്ണം 41.41 ലക്ഷമായി

വർദ്ധിച്ചു. ആർഎസ്ബിവൈ/ചിസ് പദ്ധതിയിലെ അംഗങ്ങൾക്കുള്ള സാമ്പത്തിക സംരക്ഷണം സ്വകാര്യമേഖലയിലും പ്രാപ്യമായിട്ടുള്ളതാണ്. സ്വകാര്യ ആശുപത്രികളെ ആശ്രയിക്കുന്നവരുടെ അനുപാതം ഓരോ വർഷവും വർദ്ധിക്കേണ്ടുന്നതിനുപകരം സർക്കാർ ആശുപത്രികളെ ആശ്രയിക്കുന്നവരുടെ എണ്ണം വർദ്ധിക്കുകയാണുണ്ടായത്. ഇത് അനുബന്ധം 6.2.7 ൽ കൊടുത്തിട്ടുണ്ട്.

ആർ.എസ്.ബി.വൈ/ചിസ് കാർഡ് ലഭ്യമാക്കിയിട്ടുള്ള കുടുംബങ്ങൾക്കായി മാരക രോഗങ്ങളായ ക്യാൻസർ, ഹൃദ്രോഗം, വൃക്കരോഗങ്ങൾ മുതലായവയ്ക്കുള്ള ത്രിതീതതലചികിത്സ നൽകുന്നിനായി ആവിഷ്ക്കരിച്ച പുതിയ പദ്ധതി പ്രകാരം 2010–11 മുതൽ 70,000 രൂപ വരെ ആനുകൂല്യം ലഭിക്കുന്നതാണ്. ചിസ് പ്ലസ് എന്ന് പേരിട്ടിരിക്കുന്ന പദ്ധതി 2011 ഫെബ്രുവരി മധ്യത്തോടെ ആരംഭിച്ചിട്ടുണ്ട്. കരൾരോഗം, മസ്തിഷ്ക്കരോഗം, അപകടങ്ങൾക്കുള്ള അടിയന്തിരചികിത്സ എന്നിവയെകൂടി ഉൾപ്പെടുത്തി 2012–ൽ ചിസ് പ്ലസ്സ്പദ്ധതി വ്യാപിപ്പിക്കുകയുണ്ടായി. ഈ പദ്ധതി സംസ്ഥാനത്തെ അഞ്ച് മെഡിക്കൽകോളേജുകൾ, റീജിയണൽ ക്യാൻസർ സെന്റർ തിരുവനന്തപുരം, മലബാർ ക്യാൻസർ സെന്റർ, ജില്ലാ സർക്കാർ ആശുപത്രികൾ, ജനറൽ ആശുപത്രികൾ, താലൂക്ക് ആശുപത്രികൾ എന്നിവ വഴിയാണ് നടപ്പിലാക്കുന്നത്. കെൽട്രോൺ വികസിപ്പിച്ച ഒരു സോഫ്ട് വെയർ മുഖേനയാണ് ചിയാക് ഈ പദ്ധതിയ്ക്ക് മേൽനോട്ടം വഹിക്കുന്നത്. ഈ പദ്ധതി ഇൻഷുറൻസ് വഴിയല്ലാതെ നടപ്പിലാക്കി വരികയും 2019–20 (2019 ഓഗസ്റ്റ് 31) വരെ 6,11,863 രോഗികൾക്ക് പ്രയോജനപ്പെടുകയും ആകെ 523.92 കോടി രൂപ നഷ്ടപരിഹാരം നൽകുകയും ചെയ്തു. ഇപ്പോൾ ഇ പദ്ധതി കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതി (കെ.എ.എസ്സ്.പി.) എന്ന പുതിയ സ്കീമിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ചിസ് പ്ലസ് പദ്ധതി പുരോഗതി അനുബന്ധം 6.2.8 ൽ നൽകിയിരുക്കുന്നു.

കാരുണ്യ ബെനവലന്റ് ഫണ്ട്

ചില മാരകരോഗങ്ങളുടെ ചികിത്സയ്ക്കായി സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളിലെ അംഗങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്നതിനായി 2012 ഫെബ്രുവരിയിൽ കേരള സർക്കാർ കാരുണ്യ ബെനവലന്റ് ഫണ്ട് (കെബി.എഫ്) പദ്ധതി ആരംഭിച്ചു. എ.പി.എൽ നില കണക്കിലെടുക്കാതെ റേഷൻ കാർഡ് അനുസരിച്ച് വാർഷിക വരുമാനം 3 ലക്ഷം രൂപയിൽ താഴെയുള്ള ഓരോ കുടുംബത്തിനും സാമ്പത്തിക സഹായം ലഭിക്കും. എന്നിരുന്നാലും ഈ വരുമാന പരിധി ഹീമോഫീലിയ ചികിത്സയിൽ ഏർപ്പെടുത്തിയിട്ടില്ല. ഓരോ കുടുംബത്തിനും വൃക്കരോഗങ്ങളുടെ ചികിത്സയ്ക്കായി 3 ലക്ഷം രൂപ വരെയും മറ്റ് നിർദ്ദിഷ്ട രോഗങ്ങൾക്ക് 2 ലക്ഷം രൂപവരെയും ധന സഹായം ലഭിക്കും. ഒന്നോ അതിലധികമോ ആളുകൾക്ക് മുകളിൽ നിർദ്ദേശിച്ച പരിധിക്ക് വിധേയമായി ഒരേ റേഷൻ കാർഡിൽ നിന്ന് പ്രയോജനം നേടാം. ഹിമോഫീലിയ രോഗികളുടെ ചികിത്സയ്ക്കായി നൽകുന്ന ധനസഹായത്തിന് പരിധിയില്ല. സംസ്ഥാന ലോട്ടറി വകുപ്പ് വഴി 2018 വരെ പദ്ധതി നടപ്പാക്കിയിരുന്നു. ഇപ്പോൾ ഇത് നടപ്പാക്കുന്നത് 'ചിയാക്' ആണ്.

ആയുഷ്മാൻ ഭാരത് – നാഷണൽ ഹെൽത്ത് പ്രൊട്ടക്ഷൻ സ്കീം

ആരോഗ്യ–കുടുംബക്ഷേമ മന്ത്രാലയത്തിനു കീഴിൽ കേന്ദ്ര പങ്കാളിത്ത പദ്ധതിയായ ആയുഷ്മാൻ ഭാരത് – ദേശീയ ആരോഗ്യ സംരക്ഷണ പദ്ധതി കേന്ദ്രസർക്കാർ ആരംഭിച്ചു. പ്രധാൻ മന്ത്രി ജൻ ആരോഗ്യ യോജന (പി. എം–ജെ.എ.വൈ) യും ഹെൽത്ത് ആൻഡ് വെൽനെസ് സെന്റർ (എച്ച്.ഡബ്ല്യൂ.സി.) ഈ പദ്ധതിയുടെ പരസ്പരബന്ധിതമായ രണ്ട് ഘടകങ്ങളാണ്. ഈ പദ്ധതി പ്രകാരം ഒരു കുടുംബത്തിന് 5 ലക്ഷം രൂപയാണ് ഒരു വർഷം പ്രയോജനം ലഭിക്കുന്നത്. സാമൂഹ്യ സാമ്പത്തിക ജാതി സെൻസസ് അടിസ്ഥാനമാക്കിയുള്ള പത്ത് കോടി പാവപ്പെട്ട കുടുംബങ്ങളെ നിർദ്ദിഷ്ട പദ്ധതി ലക്ഷ്യമിടുന്നു. കേന്ദ്രാവിഷ്കൃത പദ്ധതികളായ രാഷ്ട്രീയ സ്വാസ്ഥ്യ ബീമാ യോജന (ആർ.എസ്.ബി.വൈ.), സീനിയർ സിറ്റിസൺ ഹെൽത്ത് ഇൻഷ്വറൻസ് സ്കീം (എസ്. സി. എച്. ഐ.എസ്.) എന്നിവയെല്ലാം എബി –എൻഎച്ച്പിഎം – യിൽ ലയിക്കും. പരിപാടിയുടെ പ്രധാന സവിശേഷതകൾ ചുവടെ ചേർക്കുന്നു.

1. ഈ പരിരക്ഷയിൽ ഏതാണ്ട് എല്ലാ ദ്വിതീയ പരിചരണവും തൃതീയ പരിചരണവും ഉൾപ്പെടും. ആരും വിട്ടുപോയിട്ടില്ലെന്ന് ഉറപ്പുവരുത്താൻ പദ്ധതിയിൽ കുടുംബ വലുപ്പവും പ്രായവും നിഷ്കർഷിച്ചിട്ടില്ല. ആനുകൂല്യങ്ങളുടെ പരിരക്ഷയിൽ പ്രീ–പോസ്റ്റ്–ഹോസ്പിറ്റലൈസേഷൻ ചെലവുകൾ ഉൾപ്പെടും. പോളിസി ആരംഭിക്കുന്നതുമുതൽ മുൻകാലങ്ങളിലുള്ള എല്ലാ രോഗങ്ങളും പരിരക്ഷിക്കപ്പെടും. നിർദ്ദിഷ്ട ട്രാൻസ്പോർട്ട് അലവൻസ് ഗുണഭോക്താക്കൾക്ക് നൽകും.
2. രാജ്യമെമ്പാടുമുള്ള ഏതെങ്കിലും പൊതു/അംഗീകൃത സ്വകാര്യ ആശുപത്രികളിൽ നിന്നും പണം നൽകാതെ ആനുകൂല്യങ്ങൾ ഈ സ്കീം പ്രകാരം ഗുണഭോക്താക്കൾക്ക് അനുവദിക്കപ്പെടും.
3. ചെലവുകൾ നിയന്ത്രിക്കുന്നതിന് ചികിത്സയ്ക്കുള്ള പേയ്മെന്റുകൾ പാക്കേജ് നിരക്ക് അടിസ്ഥാനത്തിൽ നടത്തും. ഗുണഭോക്താക്കൾക്ക് ഇതു പണമില്ലാതെ കടലാസ് ഇടപാടു കുറഞ്ഞ ഇടപാടായിരിക്കും. സംസ്ഥാനങ്ങളുടെ ആവശ്യകതകൾ കണക്കിലെടുക്കുമ്പോൾ ഒരു പരിധി വരെ ഈ നിരക്കുകൾ പരിഷ്കരിക്കാൻ കഴിയും.
4. വിവിധ കേന്ദ്ര മന്ത്രാലയങ്ങളുടെയും വകുപ്പുകളുടെയും സംസ്ഥാന സർക്കാരുകളുടെ (അവരുടെ സ്വന്തം

ചിലവിൽ) നിലവിലെ ആരോഗ്യ ഇൻഷ്വറൻസ്/ സംരക്ഷണ സ്കീമുകളുമായുള്ള ഉചിതമായ സംയോജനം ഉറപ്പാക്കും. നടപടിക്രമങ്ങൾ തിരഞ്ഞെടുക്കുന്നതിന് സംസ്ഥാനങ്ങൾക്ക് സ്വാതന്ത്ര്യമുണ്ടായിരിക്കും.

5. പദ്ധതി നടപ്പാക്കാൻ സംസ്ഥാന ആരോഗ്യ ഏജൻസി (എസ്.എച്ച്.എ.) ആവശ്യമായി വരും. എസ്.എച്ച്.എ. ആയി പ്രവർത്തിക്കാനും പദ്ധതി നടപ്പിലാക്കാനും നിലവിലുള്ള സംസ്ഥാന നോഡൽ ഏജൻസിയെ ഉപയോഗിക്കാനുള്ള സ്വാതന്ത്ര്യം സംസ്ഥാനങ്ങൾക്ക് ഉണ്ടായിരിക്കും. പദ്ധതി നടപ്പാക്കാനായി ജില്ലാതലത്തിലും ഒരു ഘടന സ്ഥാപിക്കേണ്ടതുണ്ട്.

പ്രധാന മന്ത്രി ജൻ ആരോഗ്യ പദ്ധതി നടപ്പാക്കാൻ കേരള സർക്കാർ തീരുമാനിച്ചു. അതനുസരിച്ച് സർക്കാർ സ്പോൺസർ ചെയ്യുന്ന ആരോഗ്യ ഇൻഷുറൻസ് പദ്ധതികളായ രാഷ്ട്രീയ സ്വാസ്ഥ്യ ബീമാ യോജന (ആർ.എസ്.ബി.വൈ), സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതി (സി.എച്ച്.ഐ.എസ്), സീനിയർ സിറ്റിസൺ ആരോഗ്യ ഇൻഷുറൻസ് (എസ്.സി.എച്ച്.ഐ.എസ്), കാരുണ്യ ബെനവലന്റ് ഫണ്ട്(കെ.ബി.എഫ്) എന്നിവ ലയിപ്പിച്ച കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതി എന്ന പേരിൽ ഒരു പുതിയ സ്കീമും രൂപീകരിച്ചു. ഓരോ കുടുംബത്തിനും പ്രീമിയം പരിധി 1052 രൂപയാണ് കേന്ദ്രസർക്കാർ നിശ്ചയിച്ചിട്ടുള്ളത്, അതിൽ 60 ശതമാനം സംസ്ഥാനത്തിന് കേന്ദ്ര വിഹിതമായി നൽകും. അതായത് എൻറോൾ ചെയ്ത ഓരോ എബി–പി.എം.ജെ.എ.വൈ. / ആർഎസ്ബിവൈ കുടുംബത്തിനും 631.2 രൂപ കേന്ദ്രസർക്കാർ നൽകുന്നു. ഇതുവരെ 366 ആശുപത്രികൾ എംപാനൽ ചെയ്തിട്ടുണ്ട്. ഇതിൽ 189 സ്വകാര്യ ആശുപത്രികളും 177 പൊതു ആശുപത്രികളും ഉൾപ്പെടുന്നു.

ആരോഗ്യകിരണം

കേരളസർക്കാരിന്റെ പ്രധാന ആരോഗ്യ പദ്ധതികളിലൊന്നാണ് ആരോഗ്യകിരണം. ജനനം മുതൽ 18 വയസ്സ് വരെയുള്ള അർഹതപ്പെട്ട എല്ലാരോഗികൾക്കും പദ്ധതി സൗജന്യ ചികിത്സയും അനുബന്ധ വൈദ്യസേവനങ്ങളും നല്കുന്നു. ഈ പദ്ധതിയിലുൾപ്പെടുന്നത് ഒ.പി. രജിസ്ട്രേഷൻ ചിലവ്, രോഗനിർണ്ണയം/മരുന്നുകൾ/ഇംപ്ലാന്റുകൾ ചികിത്സയ്ക്കുപയോഗിക്കുന്ന വസ്തുക്കൾ എന്നീ ചിലവുകൾക്കാണ്. മേൽപ്പറഞ്ഞ ചിലവുകൾ നിർവഹിക്കുന്നത് ഓരോ ജില്ലയ്ക്കും നൽകുന്ന കോർപ്പസ് ഫണ്ടിൽ നിന്നാണ്. 2018–19 കാലഘട്ടത്തിൽ 68,48,360 ഔട്ട് പേഷ്യന്റ് രോഗികൾക്കും 1,54,681 ഇൻപേഷ്യന്റ് രോഗികൾക്കും പ്രയോജനം ലഭിച്ചു.

ദേശീയ ആരോഗ്യമിഷൻ

ഇന്ത്യാ ഗവൺമെന്റ് ആരംഭിച്ച ദേശീയ ആരോഗ്യ മിഷൻ (എൻഎച്ച്എം) പരിപാടിയിൽ എൻആർഎച്ച്എം, എൻയുഎച്ച്എം എന്നീ രണ്ട് ഉപമിഷനുകൾ ഉൾപ്പെടുന്നു. ദേശീയ ആരോഗ്യമിഷന് അഞ്ച് ധനസഹായഘടകങ്ങൾ ഉണ്ട്. ഇവ: 1) എൻ.ആർ.എച്ച്.എം/ ആർ.സി.എച്ച് ഫ്ലെക്സി പൂൾ 2) എൻ.യു.എച്ച്.എം ഫ്ലെക്സി പൂൾ 3) സാംക്രമിക രോഗങ്ങൾക്കുള്ള ഫ്ലെക്സി പൂൾ 4) സാംക്രമികേതര രോഗങ്ങൾ, അപകടങ്ങൾ, അടിയന്തിര വൈദ്യസഹായം എന്നിവയ്ക്കുള്ള ഫ്ലെക്സി പൂൾ 5) ഇൻഫ്രാസ്ട്രക്ചർ മെയിന്റനൻസ്. ഇൻഫ്രാസ്ട്രക്ചർ മെയിന്റനൻസ് എന്ന ഘടകത്തിന് വിവിധ പദ്ധതി കാലയളവുകളിൽ ധനസഹായം ലഭ്യമായിട്ടുണ്ട്. ഭരണവും നടത്തിപ്പും (സംസ്ഥാന ജില്ലാതലങ്ങളിൽ കുടുംബക്ഷേമ ബ്യൂറോകൾ) സബ്സെന്ററുകൾ, നഗര കുടുംബക്ഷേമകേന്ദ്രങ്ങൾ, അർബൻ റീവാംബിംഗ് സ്കീം(ഹെൽത്ത് തസ്തികകൾ), എ.എൻ.എം/എൽ.എച്ച്.വി പരിശീലന സ്ക്കൂളുകൾ, ആരോഗ്യകുടുംബക്ഷേമ ട്രെയിനിംഗ് സെന്റർ, പുരുഷതൊഴിലാളികളുടെ പരിശീലനം എന്നീ പ്രവർത്തനങ്ങൾക്ക് ശമ്പളം നൽകുന്നതിനാണ് തുക അനുവദിക്കുന്നത്.

കേന്ദ്ര സർക്കാർ ധനസഹായത്തോടെ ആരോഗ്യ സ്ഥാപനങ്ങളുടെ വികസനത്തിനായി എൻ.എച്ച്.എം സംസ്ഥാനത്ത് ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയായി പ്രവർത്തിക്കുന്നത്. പദ്ധതിയ്ക്ക് കേന്ദ്ര സർക്കാർ അംഗീകാരം നല്കുന്ന ആകെ വിഹിതത്തിന്റെ 40 ശതമാനം സംസ്ഥാന സർക്കാർ വിഹിതമായി നൽകുന്നു. ഹെൽത്ത് സർവ്വീസസ് വകുപ്പ്, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്, ആയുഷ് എന്നിവയ്ക്ക് എൻ.എച്ച്.എം ധനസഹായം നൽകുന്നു. ഒറ്റപ്പെട്ടതും വിദൂരവുമായ പ്രദേശങ്ങളിലുള്ള പാവപ്പെട്ടവർക്ക് നിലവാരമുള്ളതും അഭികാമ്യമായതും താങ്ങാൻ കഴിയുന്നതും തിട്ടപ്പെടുത്താൻ കഴിയുന്നതുമായ ആരോഗ്യസേവനങ്ങൾ പ്രദാനം ചെയ്യുന്നതിനാണ് മിഷൻ ലക്ഷ്യം വയ്ക്കുന്നത്. എൻആർഎച്ച്എം ഗ്രാമത്തിൽ നിന്ന് ജില്ലയിലേക്കുള്ള ഒരു സജീവ ആരോഗ്യ സംവിധാനമാണ്. എൻ.എച്ച്.എം നു 83 നഗര പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ ഉണ്ട്. 2015–16 ൽ കേന്ദ്രസർക്കാർ സംസ്ഥാനത്തിന് നൽകിയത് 302.56 കോടിയും, 2016–17 ൽ 451.74 കോടിയും 2017–18 ൽ 496.72 കോടിയും 2018–19 ൽ 845.66 കോടി രൂപയുമാണ്.

പ്രധാനമന്ത്രി സ്വാസ്ഥ്യ സുരക്ഷാ യോജന (പി.എം.എസ്.എസ്.വൈ)

പ്രധാനമന്ത്രി സ്വാസ്ഥ്യസുരക്ഷായോജന (പി.എം.എസ്.എസ്.വൈ) എന്ന കേന്ദ്രസർക്കാർ പദ്ധതി മെഡിക്കൽ കോളേജുകളിലെ അടിസ്ഥാനസൗകര്യങ്ങൾ

സാങ്കേതികവിദ്യകളും വർദ്ധിപ്പിക്കുന്നതിന് വേണ്ടിയുള്ളതാണ്. ഇതിന്റെ ഒന്നാം ഘട്ടത്തിൽ തിരുവനന്തപുരം മെഡിക്കൽ കോളേജിനും, മൂന്നാം ഘട്ടത്തിൽ കോഴിക്കോട്, ആലപ്പുഴ മെഡിക്കൽ കോളേജുകൾക്കും 150 കോടി രൂപ വീതമുള്ള പദ്ധതി അംഗീകരിച്ചിട്ടുണ്ട്. ഇതിൽ 30 കോടി രൂപ സംസ്ഥാന വിഹിതമാണ്. തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ ഒന്നാംഘട്ടം ഇതിനോടകം ഏകദേശം പൂർത്തിയാക്കിയിട്ടുണ്ട്. അവശേഷിക്കുന്നവ 2019-20 ൽ തുടരും.

സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ ആന്റ് ടെക്നോളജി (സിമറ്റ്)

സംസ്ഥാന മെഡിക്കൽ വിദ്യാഭ്യാസ സാങ്കേതിക ഇൻസ്റ്റിറ്റ്യൂട്ട് (സിമറ്റ്) മെഡിക്കൽ വിദ്യാഭ്യാസവും ഗവേഷണവും പരിപോഷിപ്പിക്കുന്നതിന് 2008 ൽ ആരംഭിച്ച സ്ഥാപനമാണ്. ഈ സ്ഥാപനത്തിന് കീഴിൽ 4 നഴ്സിംഗ് കോളേജുകളിലായി 340 കുട്ടികൾ വാർഷിക പ്രവേശനം നേടുന്നു. 2019 ഒക്ടോബർ -ൽ സിമറ്റിന് കീഴിലുള്ള നഴ്സിംഗ് കോളേജുകളിൽ ആകെ 1,027 വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്.

പബ്ലിക് ഹെൽത്ത് ലബോറട്ടറീസ്

സംസ്ഥാനത്ത് ആകെ 9 പബ്ലിക്ക് ഹെൽത്ത് ലാബുകളാണ് ഉള്ളത്. തിരുവനന്തപുരത്തു സംസ്ഥാന പൊതുജനാരോഗ്യ ലാബും, എറണാകുളം, കോഴിക്കോട്, പത്തനംതിട്ട, കണ്ണൂർ എന്നിവിടങ്ങളിൽ റീജിയണൽ ഹെൽത്ത് ലബോറട്ടറികളും കൂടാതെ ആലപ്പുഴ, മലപ്പുറം, വയനാട്, കൊല്ലം ജില്ലകളിൽ പബ്ലിക്ക് ഹെൽത്ത് ലാബുകളും പ്രവർത്തിക്കുന്നു. ഡയറക്ടറേറ്റ് ഓഫ് സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ആന്റ് ക്ലിനിക്കൽ ലാബാണ് എല്ലാ പി.എച്ച്. ലാബുകളിലേക്കുമുള്ള സാങ്കേതിക മാർഗ നിർദ്ദേശവും മെറ്റീരിയലുകളും നൽകുന്നത്. ഏകദേശം 1,400-1,500 രോഗികളാണ് വിവിധ ലാബുകളിൽ പരിശോധനക്കായി ദിവസവും എത്തുന്നത്. ഓരോ ദിവസവും ഏകദേശം 11,000 ത്തോളം പരിശോധനകളാണ് വിവിധ ലാബോറട്ടറികളിലായി നടക്കുന്നത്. 2013 മാർച്ചിൽ ആരംഭിച്ച ന്യൂബോൺ സ്ക്രീനിംഗ് (എൻ.ബി.എസ്) പ്രോഗ്രാം 2017 സെപ്റ്റംബറിൽ എല്ലാം ഡെലിവറി നടത്തുന്ന ആശുപത്രികളിലേക്ക് വ്യാപിപ്പിക്കുകയും ചെയ്തു. നവജാത ശിശുക്കളുടെ രക്ത സാമ്പിളുകൾ സംസ്ഥാന പബ്ലിക്ക് ഹെൽത്ത് ആന്റ് ക്ലിനിക്കൽ ലബോറട്ടറി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങളിലെ മൂന്ന് പ്രാദേശിക ലാബോറട്ടറികളിലും പരിശോധിക്കുന്നു. കൺജനിറ്റൽ ഹൈപ്പോതൈറോയിഡിസം, കൺജനിറ്റൽ അഡ്രിനാൾ ഹൈപ്പർപ്ലാസിയ, പീനൽ കെറ്റോണൂറിയ, ജി 6 പി.ഡി യുടെ കുറവ് ഈ രോഗങ്ങൾക്കാണ് സ്ക്രീനിംഗ് പരിശോധന നടത്തുന്നത്. സ്റ്റേറ്റ് പി.എച്ച് ലാബിലെ ഡയറക്ടർ ആണ് കേരളത്തിലെ എൻ. ബി.എസ് പ്രോഗ്രാമുകളുടെ സ്റ്റേറ്റ് നോഡൽ ഓഫീസർ. 4,61,663 നവജാത ശിശുക്കളുടെ സാമ്പിളുകളാണ് 2019 മാർച്ച് വരെ പി.എച്ച് ലാബുകളിൽ ആകെ ലഭിച്ചത്.

ചൈൽഡ് ഡെവലപ്മെന്റ് സെന്റർ (സി.ഡി.എസ്.)

ശിശുസംരക്ഷണവും വിദ്യാഭ്യാസവും, കൗമാരപരിചരണവും വിദ്യാഭ്യാസവും, വിവാഹപൂർവ്വ കൗൺസലിംഗ്, വനിതാക്ഷേമം, ശാസ്ത്രീയ മാർഗ്ഗങ്ങളിലൂടെ ശിശുവൈകല്യങ്ങൾ ഇല്ലാതാക്കൽ എന്നീ ലക്ഷ്യങ്ങളോടെ സംസ്ഥാന സർക്കാരിന്റെ കീഴിൽ സ്വയം ഭരണാധികാരമുള്ള ഒരു മികവിന്റെ കേന്ദ്രമായാണ് ശിശുവികസനകേന്ദ്രം ആരംഭിച്ചത്. കുട്ടികളെയും കൗമാരക്കാരെയും പൂർണ്ണ ആരോഗ്യവാൻമാരാക്കി വളർത്തി അവരിലൂടെ ആരോഗ്യകരമായ ഒരു യുവതലമുറയെ സൃഷ്ടിക്കലാണ് ലക്ഷ്യം. 2016-17 ൽ ചികിത്സിച്ച രോഗികളുടെ എണ്ണം 15230 ഉം 2017-18 ൽ 16,756 ഉം 2018-19 ഓഗസ്റ്റ് വരെ 36,654 ഉം ആണ്. ഇവിടെ ഔട്ട് പേഷ്യന്റ് സേവനങ്ങൾ മാത്രമേ ലഭിക്കൂ. രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യം ലഭ്യമല്ല. 2018-19 ൽ 55,986 പേർ വിവിധ പരിശീലനങ്ങൾ, കോൺഫറൻസുകൾ കമ്മ്യൂണിറ്റി വിപുലീകരണ പ്രോഗ്രാം തുടങ്ങിയവയിൽ പങ്കെടുത്തു.

ഡ്രഗ്സ് കൺട്രോൾ വകുപ്പ്

ഗുണനിലവാരമുള്ള മരുന്നുകൾ പൊതുജനങ്ങൾക്ക് ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുക, രേഖപ്പെടുത്തിയിരിക്കുന്ന ചില്ലറ വിലയേക്കാൾ കൂടുതൽ വില മരുന്നുകൾക്ക് ഈടാക്കുന്നില്ലായെന്ന് ഉറപ്പുവരുത്തുക എന്നതാണ് ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ ചുമതലകൾ. വകുപ്പിന് കീഴിൽ 6 മേഖലാ ഓഫീസുകൾ, 11 ജില്ലാ ഓഫീസുകൾ, 4 ആയുർവേദ വിഭാഗങ്ങൾ, 3 മരുന്ന് പരിശോധനാലബോറട്ടറികൾ എന്നിവയുണ്ട്. പ്രതിവർഷം 11,500 സാമ്പിളുകളുടെ വിശകലന ശേഷിയുള്ള എൻ. എ. ബി. എൽ. അംഗീകാരമുള്ള മരുന്ന് പരിശോധനാലബോറട്ടറികൾ തിരുവനന്തപുരത്തും എറണാകുളത്തും പ്രവർത്തിക്കുന്നു. പത്തനംതിട്ട, കോഴിക്കോട് എന്നിവിടങ്ങളിലായി രണ്ട് ലബോറട്ടറികൾ കൂടി ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. 2018-19 വകുപ്പിന്റെ പ്രധാനനേട്ടങ്ങൾ **പട്ടിക 6.2.4** ൽ കൊടുത്തിരിക്കുന്നു.

ഭക്ഷ്യ സുരക്ഷ കമ്മീഷണറേറ്റ്

2006 ലെ ഭക്ഷ്യ സുരക്ഷാ സ്റ്റാൻഡേർഡ്സ് ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം ഭക്ഷ്യ വസ്തുക്കളുടെ ശാസ്ത്രീയ അടിസ്ഥാന മാനദണ്ഡങ്ങൾ തയ്യാറാക്കുന്നതിനും ഭക്ഷ്യ ഉൽപാദനം, സംഭരണം, വിതരണം, ഇറക്കുമതി

പട്ടിക–6.2.4 2018–19 ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ പ്രധാന നേട്ടം

നടത്തിയ പരിശോധനകളുടെ എണ്ണം	15,958
എടുത്ത നടപടികളുടെ എണ്ണം	72
വിൽക്കാൻ അനുവദിക്കുന്ന ലൈസൻസ് സസ്പെന്റ് ചെയ്തവരുടെ എണ്ണം	243
ടെസ്റ്റ് ചെയ്ത സാമ്പിളുകളുടെ എണ്ണം	8,871
പുതിയ നിർമ്മാണലൈസൻസുകൾ (അലോപ്പതിയിലും കോസ്മെറ്റിക്സ്) വിതരണം ചെയ്തവയുടെ എണ്ണം	18
പുതിയ ബ്ലഡ് ബാങ്ക് ലൈസൻസ് വിതരണം ചെയ്തവരുടെ എണ്ണം	7

അവലംബം:ഡ്രഗ്സ് കൺട്രോൾ വകുപ്പ്

എന്നിവ നിയന്ത്രിക്കുന്നതിനും സുരക്ഷിതത്വവും ആരോഗ്യകരവുമായ ഭക്ഷണത്തിന്റെ ലഭ്യത ഉറപ്പിക്കുന്നതിനും വേണ്ടി നിയമാനുസൃതമായ ഒരു സ്ഥാപനമായി ഭക്ഷ്യ സുരക്ഷ സ്റ്റാൻഡേർഡ്സ് അതോറിറ്റി ഓഫ് ഇന്ത്യ സ്ഥാപിച്ചു. സുരക്ഷിതവും ആരോഗ്യകരവുമായ ഭക്ഷണം, വെള്ളം, ആരോഗ്യകരമായ ഭക്ഷണശീലങ്ങൾ തുടങ്ങിയവ കേരളത്തിലെ ജനങ്ങൾക്ക് ലഭ്യമാക്കുക എന്നതാണ് ഈ വകുപ്പ് ലക്ഷ്യമിടുന്നത്. ഭക്ഷ്യ സുരക്ഷാ കമ്മീഷണറേറ്റിന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രധാന ലാബുകൾ, ഗവൺമെന്റ് അനലറ്റിക്കൽ ലാബ് തിരുവനന്തപുരം, എറണാകുളം കോഴിക്കോട് എന്നിവിടങ്ങളിലെ രണ്ട് റീജിയണൽ അനലറ്റിക്കൽ ലബോറട്ടറികൾ, പത്തനംതിട്ടയിലെ സംസ്ഥാന ഭക്ഷ്യ പരിശോധന ലബോറട്ടറി എന്നിവയാണ്. വെള്ളം, പാൽ, സാധാരണയിൽ കവിഞ്ഞ കളർ ചേർക്കൽ, കൃത്രിമ മധുരം ചേർക്കൽ, പുറമേയുള്ള പദാർത്ഥങ്ങൾ, ഫംഗസ് വളർച്ച തുടങ്ങിയവയുടെ പരിശോധനകളാണ് ഈ ലബോറട്ടറികളിൽ നടക്കുന്നത്. 2018–19 മുതൽ 2019–20 വർഷങ്ങളിലെ ഭക്ഷ്യാസുരക്ഷാ വകുപ്പിന്റെ പ്രധാന നേട്ടങ്ങൾ **പട്ടിക 6.25** ൽ നൽകിയിരിക്കുന്നു.

മെഡിക്കൽ വിദ്യാഭ്യാസം

തിരുവനന്തപുരം, ആലപ്പുഴ, കോഴിക്കോട്, കോട്ടയം, മഞ്ചേരി, എറണാകുളം, കൊല്ലം, തൃശ്ശൂർ എന്നിവിടങ്ങളിലുള്ള 8 മെഡിക്കൽ കോളേജുകളിലൂടെയാണ് കേരളത്തിൽ മെഡിക്കൽ വിദ്യാഭ്യാസം നടത്തി വരുന്നത്. തിരുവനന്തപുരം, കോഴിക്കോട്, കോട്ടയം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ ജില്ലകളിൽ നഴ്സിംഗ് വിദ്യാഭ്യാസം നൽകുന്നതിനായി 6 നഴ്സിംഗം കോളേജുകൾ നിലവിലുണ്ട്. തിരുവനന്തപുരം, കോഴിക്കോട്, ആലപ്പുഴ, തൃശ്ശൂർ, കോട്ടയം ജില്ലകളിൽ 5 ദന്തൽകോളേജുകൾ പ്രവർത്തിക്കുന്നു. ഇവ കൂടാതെ 4 ഫാർമസി കോളേജുകളും ഒരു പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടുമുണ്ട്. ഇടുക്കി , കോന്നി, കാസർഗോഡ് എന്നിവിടങ്ങളിൽ പുതിയ മെഡിക്കൽ കോളേജുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

സർക്കാർമെഡിക്കൽകോളേജുകളിൽ 2019–20 ൽ നടത്തിവരുന്ന മെഡിക്കൽ–പാരാമെഡിക്കൽ കോഴ്സുകൾ, വാർഷിക പ്രവേശനകണക്കുകൾ, മെഡിക്കൽ വിദ്യാഭ്യാസഡയറക്ടറുടെ കീഴിലുള്ള മെഡിക്കൽകോളേജുകളിലെ ക്ലിനിക്കൽ, നോൺക്ലിനിക്കൽ വിഭാഗത്തിലുള്ള ജീവനക്കാരുടെ എണ്ണം എന്നിവയുടെ വിശദാംശങ്ങൾ അനുബന്ധം 6.2.9 ലും 6.2.10 ലും കൊടുത്തിരിക്കുന്നു. 2018–19 & 2019–20 വർഷങ്ങളിൽ മെഡിക്കൽ കോളേജ് ആശുപത്രികളുടെയും അനുബന്ധ സ്ഥാപനങ്ങളുടെയും ഒരു താരതമ്യേന വിശകലനം **അനുബന്ധം 6.2.11** ൽ കാണാം. കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 2019–20 കാലഘട്ടത്തിൽ മെഡിക്കൽ കോളേജ് സ്ഥാപനങ്ങളിലെ കിടക്കകളുടെ എണ്ണം 117 എണ്ണം വർധിച്ചു. മുൻവർഷം ഇത് 12,993 ആയിരുന്നു. 2019–20 കാലയളവിൽ ഔട്ട് പേഷ്യന്റ് പ്രധാന ശസ്ത്രക്രിയകളുടെയും എണ്ണം മുൻ വർഷത്തേക്കാൾ വർദ്ധിച്ചിരിക്കുന്നു. 2018–19, 2019–20 (ആഗസ്റ്റ് വരെ) കാലഘട്ടത്തിൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ പ്രധാന നേട്ടങ്ങളാണ്;

പട്ടിക 6.2.5 ഭക്ഷ്യ സുരക്ഷാ കമ്മീഷണറേറ്റിന്റെ പ്രധാന നേട്ടങ്ങൾ–2018–19, 2019–20 (ആഗസ്റ്റ് 31) വരെ

	2018–19	2019–20
ദ്രുത പ്രതികരണ സംഘം നടത്തിയ പരിശോധനകളുടെ എണ്ണം	3,979	2,856
ദ്രുത പ്രതികരണ സംഘം നടപടി സ്വീകരിച്ച ഭക്ഷ്യ വിഷ കേസുകളുടെ എണ്ണം	42	37
ഭക്ഷണത്തിന്റെയും ജലത്തിന്റെയും സാമ്പിളുകളുടെ വിശകലനം (എണ്ണം)	18,937	4,426
സമ്പൂർണ്ണ ഭാഗ്യ സുരക്ഷ ഗ്രാമപഞ്ചായത്ത് പരിപാടി (ഗ്രാമ പഞ്ചായത്തുകളുടെ എണ്ണം)	120	–
സ്കൂളുകളിൽ സുരക്ഷിതവും പോഷക സമൃദ്ധവുമായ ഭക്ഷണം പരിപാടി (സ്കൂളുകടെ എണ്ണം)	297	–

അവലംബം- ഭക്ഷ്യ സുരക്ഷ കമ്മീഷണറേറ്റ്

പട്ടിക– 6.26 വിവിധ വിഭാഗങ്ങളിൽ അഫിലിയേറ്റ്ചെയ്തിട്ടുള്ള ഗവൺമെന്റ്, എയ്ഡഡ്, അൺഎയ്ഡഡ് കോളേജുകളുടെ വിവരങ്ങൾ (ഒക്ടോബർ 2019 ലെ എണ്ണം)

വിഭാഗം	ഗവൺമെന്റ്	എയ്ഡഡ്	അൺഎയ്ഡഡ്	ആകെ
മോഡേൺമെഡിസിൻ	11	0	22	33
ആയുർവേദമെഡിസിൻ	3	2	12	17
ഹോമിയോ മെഡിസിൻ	3	3	0	6
ദന്തൽ	5	0	20	25
സിദ്ധമെഡിസിൻ	0	0	1	1
യുനാനി മെഡിസിൻ	0	0	1	1
നഴ്സിംഗ്	6	0	118	124
പാരാമെഡിക്കൽ	7	0	43	50
ഫാർമസി	4	0	44	48
ആകെ	39	5	261	305

അവലംബം : കേരളയൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് ആന്റ് അലൈഡ് സയൻസസ്

- എല്ലാ മെഡിക്കൽ കോളേജുകളിലും ആർദ്രം പദ്ധതി പുരോഗമിക്കുന്നു
- എല്ലാ മെഡിക്കൽ കോളേജുകളിലും ബയോമെട്രിക് പഞ്ചിങ് സംവിധാനം ആരംഭിച്ചു
- ഡി.എം.ഇ. യുടെ കീഴിലുള്ള സ്ഥാപനങ്ങളിൽ ഇ–ഗവേണൻസ് നടപ്പിലാക്കി വരുന്നു
- 2018–19 കാലയളവിൽ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പി.ജി കോഴ്സിന് 70 സീറ്റും, കൊല്ലം മെഡിക്കൽ കോളേജിൽ എം.ബി.ബി.എസ് കോഴ്സിന് 10 സീറ്റും, എം.സി.ഐ യുടെ അംഗീകാരത്തോടെ കോട്ടയം മെഡിക്കൽ കോളേജിൽ 175 സീറ്റുകളും വർദ്ധിപ്പിച്ചു.
- കൊല്ലം മെഡിക്കൽ കോളേജിൽ 85 അധ്യാപക തസ്തികകളും 391 അനധ്യാപക തസ്തികകളും, കോട്ടയം മെഡിക്കൽ കോളേജിൽ 25 തസ്തികകളും സൃഷ്ടിച്ചു.
- മഞ്ചേരി മെഡിക്കൽ കോളേജിൽ കെ.യു.എച്ച്.എസ് ന്റെ സഹായത്തോടെ എം.എം.ബി.എസിന് 100 സീറ്റുകൾക്ക് അംഗീകാരം ലഭിച്ചു.

കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് ആന്റ് അലൈഡ് സയൻസസ് (കെ.യു.എച്ച്. എസ്.)

കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് ആന്റ് അലൈഡ് സയൻസസ് ആക്ട് 2010 പ്രകാരം സ്ഥാപിതമായ ഈ സർവ്വകലാശാല കൃത്യവും ചിട്ടയുള്ളതുമായ വിദ്യാഭ്യാസരീതി ഉറപ്പുവരുത്താനും ആധുനികവൈദ്യശാസ്ത്രം, ഹോമിയോ, ഭാരതീയ ചികിത്സാരീതി തുടങ്ങി എല്ലാ മെഡിക്കൽസമ്പ്രദായങ്ങളിലും പരിശീലന ഗവേഷണപരിപാടികൾ നടത്താനും ഉദ്ദേശിച്ചുള്ളതാണ്. 2010–11 അദ്ധ്യയന വർഷത്തിലാണ് സർകലാശാലയിൽ അദ്ധ്യയന പ്രവർത്തനങ്ങൾ ആരംഭിച്ചത്. സർവ്വകലാശാലയ്ക്ക് കീഴിൽ 2019 ഒക്ടോബർ വരെ 305 പ്രൊഫഷണൽ കോളേജുകളാണ് ചേർക്കപ്പെട്ടിട്ടുള്ളത്. ഇതിൽ 39 സർക്കാർ കോളേജുകൾ, 5 സർക്കാർ ധനസഹായമുള്ള കോളേജുകൾ 261 സ്വാശ്രയ കോളേജുകൾ എന്നിവ ഉൾപ്പെടുന്നു. അലോപ്പതി, ആയുർവേദ, സിദ്ധ, യുനാനി, യോഗ, നാച്ചുറോപ്പതി, നഴ്സിംഗ്, ഫാർമസ്യൂട്ടിക്കൽ സയൻസ്, പാരാമെഡിക്കൽ തുടങ്ങി കേരളത്തിലെ എല്ലാ മെഡിക്കൽസമ്പ്രദായങ്ങളിലേയും പ്രൊഫഷണൽ കോളേജുകൾ ഈ സർവകലാശാലയുമായി അഫിലിയേറ്റ് ചെയ്തിട്ടുണ്ട്. വിവിധ ആരോഗ്യശാസ്ത്ര വിഭാഗങ്ങളിലായി 2018–19 –ൽ ഏകദേശം 20,821 (3,652 വിദ്യാർത്ഥികളും 17,169 വിദ്യാർത്ഥിനികളും) വിദ്യാർത്ഥികൾ പഠനം നടത്തുന്നു. വിവിധ വിഭാഗങ്ങളിലായി അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവൺമെന്റ്, എയ്ഡഡ്, അൺ എയ്ഡഡ് കോളേജുകളുടെ വിശദാംശങ്ങൾ **പട്ടിക 6.2.6** ൽ കൊടുത്തിരിക്കുന്നു.

കെ.യു.എച്ച്.എസ്. സ്കൂളുകളും കേന്ദ്രങ്ങളും

1. ഹെൽത്ത് പോളിസി ആന്റ് പ്ലാനിംഗ് സ്കൂൾ, തിരുവനന്തപുരം – ശക്തമായ ആരോഗ്യ പരിചരണ നയങ്ങളുടെ രൂപവത്കരണവും നടപ്പിലാക്കലും പ്രോത്സാഹിപ്പിക്കുന്നതിന്.
2. ആയുർവേദ ഗവേഷണ സ്കൂൾ (ആയുഷ്), എറണാകുളം – അധ്യാപനപരവുമായ ഗവേഷണത്തിലും ഔഷധ സസ്യ ഗവേഷണത്തിലും ഫാർമസ്യൂട്ടിക്കൽ ഗവേഷണത്തിലും ക്ലിനിക്കൽ / ലിറ്ററി ഗവേഷണത്തിലും ഉയർന്ന നിലവാരത്തിലുള്ള ഗവേഷണത്തിന്
3. ഫാമിലി ഹെൽത്ത് സ്റ്റഡീസ് സ്കൂൾ, കോഴിക്കോട് – കുടുംബം അടിസ്ഥാന ഘടകമായി എടുത്തുകൊണ്ട് കുടുംബ ഡോക്ടർ, കുടുംബ സുരക്ഷ എന്നിവയെ അടിസ്ഥാനമാക്കിയുള്ള ദുർബല വിഭാഗങ്ങളുടെ സുരക്ഷയ്ക്കു വേണ്ടി ഗവേഷണം നടത്തുക.
4. അക്കാദമിക് സ്റ്റാഫ് കോളേജ് – അഫിലിയേറ്റഡ് കോളേജുകളിലെ ഫാക്കൽറ്റിയുടെ ശേഷി

വർദ്ധിപ്പിക്കുന്നതിനും പ്രൊഫഷണൽ, അക്കാദമിക് വികസനങ്ങൾക്ക് അവസരങ്ങൾ ലഭ്യമാക്കുന്നതിനും.

5. സെന്റർ ഫോർ ഇന്റർ ഡിസിപ്ലിനറി അലൈഡ് ഹെൽത്ത് സയൻസസ് ആൻഡ് ടെക്നോളജി സ്റ്റഡീസ് – ആരോഗ്യരംഗത്തും അനുബന്ധ സയൻസിലും വിവിധ മേഖലകളിൽ ഗവേഷണവും പൊതുജനാരോഗ്യ പ്രസക്തമായ ശാസ്ത്ര–സാങ്കേതികവിദ്യയുടെ എല്ലാ ശാഖകളുമായും സാങ്കേതിക സഹകരണത്തിനും പ്രത്യേക ശ്രദ്ധ നൽകുക
6. സെന്റർ ഫോർ ഹിസ്റ്ററി ഓഫ് മെഡിസിൻ സ്റ്റഡീസ് ആൻഡ് മ്യൂസിയം – പാശ്ചാത്യ ഇന്ത്യൻ വൈദ്യശാസ്ത്ര പരിണാമത്തിൽ ഗവേഷണം നടത്തുക, മെഡിക്കൽ രംഗത്തു നമ്മുടെ അറിവ് ഉയർത്തുന്നത്തിനുള്ള ഉപാധികൾ ശേഖരിക്കുന്നതിനും പരിപാലിക്കുന്നതിനും പഠിക്കുന്നതിനും പ്രദർശിപ്പിക്കുന്നതിനും ഒരു സംവിധാനം സ്ഥാപിക്കുക.
7. ആരോഗ്യ പരിപാലന കൗൺസിലിംഗ് സെന്റർ – ആരോഗ്യപരിപാലന കൗൺസിലിംഗ് എന്ന താരതമ്യേന പുതിയ ആശയത്തിൽ ഗവേഷണത്തിനും പരിശീലനത്തിനുമായി ഒരു സൗകര്യമുണ്ടാക്കുകയും, ഉപഭോക്താവിന് മനസ്സിലാക്കാവുന്ന ഭാഷയിലേക്ക് സാങ്കേതിക വിജ്ഞാനത്തെ ലഘൂകരിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയും, അവരുടെ ആവശ്യകതയുടെ പശ്ചാത്തലത്തിൽ നൽകുകയും, അങ്ങനെ പ്രൊഫഷണലുകളും ഉപഭോക്താവും തമ്മിലുള്ള ആശയവിനിമയ രേഖ മെച്ചപ്പെടുത്തുകയും ചെയ്യുന്നു.
8. സെന്റർ ഫോർ ബേസിക് സയൻസ് റിസേർച്ച് ആൻഡ് ബയോഎത്തിക്സ് – ആരോഗ്യ പരിപാലന ഗവേഷണത്തിന്റെ നിലവാരം മെച്ചപ്പെടുത്തുന്നതിനായി, അടിസ്ഥാന ശാസ്ത്രത്തിൽ പഠനഗവേഷണവും വിദ്യാഭ്യാസം, ക്ലിനിക്കൽ പ്രവർത്തനങ്ങൾ എന്നിവയിലൂടെ പഠനത്തിനു സഹായിക്കുകയും ചെയ്യുക.
9. യുവജനങ്ങളുടെ ആരോഗ്യ പഠനത്തിനുള്ള കേന്ദ്രം – അക്കാദമിക്, ലൈഫ്സ്റ്റൈൽ, മാനസികാരോഗ്യം, യുവാക്കളിലെ പ്രത്യുൽപാദന ആരോഗ്യ പ്രശ്നങ്ങൾ എന്നിവ വിലയിരുത്തുന്നതിന് (15–24 വയസ്സ്).
10. ഡിസബിലിറ്റി മാനേജ്മെൻറ് സ്റ്റഡീസ് സെന്റർ – അംഗവൈകല്യമുള്ള വ്യക്തികളുടെ ആവശ്യം വിലയിരുത്തുന്നതിനുള്ള ഒരു സംവിധാനം സൃഷ്ടിക്കുന്നതിന്, ലഭ്യമായ പ്രസിദ്ധീകരണങ്ങളുടെ അവലോകനം, കെ.യു.എച്ച്.എസ്. അഫിലിയേറ്റഡ് ഇൻസ്റ്റിറ്റ്യൂട്ടിലെ ഫെസിലിറ്റി സർവ്വേ, ഹെൽത്ത് കെയർ പ്രൊവൈഡർമാരുടെ ശേഷി വർധിപ്പിക്കൽ, പ്രതിരോധത്തിനുള്ള രേഖകൾ ശേഖരിക്കുക, നേരത്തെയുള്ള ഇടപെടൽ, പരിഹാര അദ്ധ്യാപനം, പുനരധിവാസം, സാമൂഹിക പിന്തുണാ സേവനങ്ങൾ, മെച്ചപ്പെട്ട നയ നിർദേശങ്ങൾ രൂപീകരിക്കുന്നതിനായി ഭിന്നശേഷിക്കാർക്കുള്ള സർക്കാർ പദ്ധതികൾ വിലയിരുത്തൽ എന്നിവയ്ക്കായി
11. സെന്റർ ഫോർ ജെറണ്ടോളോജിക്കൽ സ്റ്റഡീസ് – ഗവേഷണങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് (i) 'ആരോഗ്യകരമായ വാർദ്ധക്യം' എന്ന ആശയവും ജീവിതനിലവാരവും (ii) വാർദ്ധക്യാധിഷ്ഠിത ആരോഗ്യവും അതിന്റെ ഘടകങ്ങളും (iii) കേരളത്തിലെ സാന്ത്വന പരിചരണ സംരംഭങ്ങളടക്കമുള്ള സാമൂഹിക അടിസ്ഥാന സേവനങ്ങൾ
12. സെന്റർ ഫോർ സ്റ്റഡീസ് ഇൻ മെഡിക്കൽ സിമുലേഷൻ – സിമുലേഷൻ ടെക്നോളജി, നവീകരണം ഗവേഷണം എന്നിവ വഴി ആരോഗ്യ ശാസ്ത്ര പഠനത്തെ മെച്ചപ്പെടുത്തുന്ന ഒരു ലോകോത്തര സിമുലേഷൻ അധിഷ്ഠിത പഠന പരിതസ്ഥിതി വികസിപ്പിക്കുക.

ഭാരതീയ വൈദ്യശാസ്ത്രസമ്പ്രദായം

ആയുർവ്വേദം രോഗങ്ങൾ ചികിത്സിക്കാനുള്ള ശാസ്ത്രം മാത്രമല്ല, മറിച്ച് സമ്പൂർണ്ണമായ ഒരു ജീവിതശൈലി കൂടിയാണ്. ആയുർവ്വേദ ആശുപത്രികൾ, ഡിസ്പെൻസറികൾ, ഗ്രാന്റ്–ഇൻ–എയ്ഡ് ആയുർവേദ സ്ഥാപനങ്ങൾ, സിദ്ധ, വൈദ്യ, യുനാനി, വിഷ, നേത്ര, പ്രകൃതിജീവനം എന്നീ ശൃംഖലകളിലൂടെ ആയുർവേദ വകുപ്പ് ജനങ്ങൾക്ക് വൈദ്യ സഹായം നല്കിവരുന്നു. ഈ വകുപ്പിന് കീഴിൽ മാനസീകരോഗാശുപത്രി, പഞ്ചകർമ്മ, പ്രകൃതി ചികിത്സ, മർമ്മ തുടങ്ങിയ സ്പെഷ്യൽ ആശുപത്രികളും പ്രവർത്തിച്ചു വരുന്നു. ഐ.എസ്.എം.ന്റെ കീഴിൽ ഇപ്പോൾ 130 ആശുപത്രികളും 817 ഡിസ്പെൻസറികളുമുണ്ട്. ഈ ആശുപത്രികളിലെ കിടക്കകളുടെ ആകെ എണ്ണം3,154 ഉം ആണ്. സംസ്ഥാന ഔഷധബോർഡ്, ഔഷധസസ്യങ്ങളുടെ കൃഷി, സംരക്ഷണം, ഗവേഷണം, വികസനം, വ്യാപനം, എന്നിവ ഏകോപിപ്പിച്ചുകൊണ്ടുപോകുന്നു. 2017–18 ലും 2018–19 ലും ഐ.എസ്.എം.ന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രധാനസ്ഥാപനങ്ങളിൽ കിടക്കകൾ രോഗികൾ എന്നിവ ജില്ലതിരിച്ച് അനുബന്ധം 6.2.12 ൽ കൊടുത്തിരിക്കുന്നു.

സാധാരണ വൈദ്യചികിത്സയ്ക്കുപുറമേ സ്പെഷ്യൽ പ്രോജക്ടുകളും ഭാരതീയ ചികിത്സാവകുപ്പ് 2018–19 –ൽ നടപ്പിലാക്കിയിട്ടുണ്ട്. 2018–19 ൽ നടപ്പിലാക്കിയ അത്തരം പ്രോജക്ടുകളാണ്; ബാലമുകുളം, ഋതു, പ്രസാദം, കൗമാരസ്ഥൌല്യം, ദൃഷ്ടി, ജീവനി, പുനർനവ, കരൾരോഗമുക്തി, സ്നേഹധാര, ജറിയാട്രിക് കെയർ, യോഗ, സ്പോർട്സ് മെഡിസിൻ, പഞ്ചകർ, ക്ഷാരസൂത്ര, മാനസികം, കൗമാരഭൃത്യം, പ്രസൂതിതന്ത്ര, സിക്കിൽ സെൽ, നിർവിഷ, സിദ്ധ, ക്ഷേമജനനി, ആയുഷ്യം മുതലായവ. വിശദാംശങ്ങൾ അനുബന്ധം 6.2.13 ൽ നൽകിയിരിക്കുന്നു.

ആയുഷ്
(ആയുർവ്വേദ, യോഗ, പ്രകൃതിചികിത്സ, സിദ്ധ, യുനാനി, ഹോമിയോപ്പതി)

ഭാരതസർക്കാർ രണ്ട് നിയന്ത്രണ ഏജൻസികൾ സ്ഥാപിച്ചിട്ടുണ്ട്. ഇവയിൽ ആദ്യത്തേത് ആയുർവേദം, യുനാനി, സിദ്ധ എന്നീ വൈദ്യശാസ്ത്ര മേഖലകളുമായി ബന്ധപ്പെട്ട വിദ്യാഭ്യാസസ്ഥാപനങ്ങളുടെയും പ്രാക്ടീഷണർമാരുടേയും നിയന്ത്രണത്തിനായുള്ള ഇന്ത്യൻ മെഡിസിൻ സെൻട്രൽ കൗൺസിൽ (ഐ.എം.സി.സി) ആക്ട് 1970 ന് കീഴിൽ ആരംഭിച്ച സെൻട്രൽ കൗൺസിൽ ഓഫ് ഇൻഡ്യൻ മെഡിസിൻ (സി.സി.ഐ.എം) ആണ്. രണ്ടാമത്തേത് ഹോമിയോ മെഡിക്കൽ സംവിധാനത്തിന് കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും പ്രാക്ടീഷണർമാരുടെയും നിയന്ത്രണത്തിനുള്ള ഹോമിയോപ്പതി സെൻട്രൽ കൗൺസിൽ ആക്ട് 1973 കീഴിൽ ആരംഭിച്ച സെൻട്രൽ കൗൺസിൽ ഓഫ് ഹോമിയോപ്പതിയാണ്. നിലവിൽ യോഗയും പ്രകൃതി ചികിത്സയും പ്രത്യേകം മരുന്നുകൾ ഉപയോഗിക്കാത്തതിനാൽ ഇവയെ പൂർണ്ണമായും നിയന്ത്രിക്കുന്നില്ല.

ദേശീയ ആയുഷ് മിഷൻ

കേന്ദ്രസർക്കാരിന്റെ ആരോഗ്യകുടുംബക്ഷേമ മന്ത്രാലയത്തിനു കീഴിലുള്ള ആയുഷ് വകുപ്പ് (ആയുർവ്വേദ, യോഗ, പ്രകൃതിചികിത്സ, സിദ്ധ, യുനാനി, ഹോമിയോപ്പതി) ദേശീയതലത്തിൽ ആയുഷ് മിഷൻ ആരംഭിച്ചിരിക്കുന്നു. ചെലവ് കുറഞ്ഞ രീതിയിൽ ആയുഷ്സേവനങ്ങൾ, വിദ്യാഭ്യാസ സംവിധാനം ശക്തിപ്പെടുത്തൽ, ആയുർവേദ സിദ്ധ–യുനാനി–ഹോമിയോ മരുന്നുകളുടെ ഗുണനിലവാരം നിയന്ത്രിക്കൽ, ഔഷധസസ്യങ്ങൾ എന്നീ മേഖലകളിൽ ആയുഷ് സംവിധാനം ശക്തിപ്പെടുത്തുകയാണ് ദേശീയ ആയുഷ്മിഷന്റെ ലക്ഷ്യം. കേന്ദ്രസർക്കാരും സംസ്ഥാന സർക്കാരും തമ്മിൽ 60:40 എന്ന അനുപാതത്തിൽ പദ്ധതി വിഹിതം വകയിരുത്തും. ഓഗസ്റ്റ് 08, 2015 ന് സംസ്ഥാനത്ത് കേരള സർക്കാർ ആയുഷ് വകുപ്പ് ആരംഭിച്ചു. 2016–17 കാലത്ത് കേന്ദ്ര വിഹിതം 858.63 ലക്ഷം രൂപയും 2017–18 കാലഘട്ടത്തിൽ അത് 2096.20 ലക്ഷം രൂപയും ആണ്. കേന്ദ്രസർക്കാർ 2018–19 –ൽ 2597.84 ലക്ഷം രൂപ അനുവദിക്കുകയുണ്ടായി.

ആയുർവ്വേദ മരുന്ന് നിർമ്മാണം–ഔഷധി

ഇന്ത്യയിൽ പൊതുമേഖലയിൽ പ്രവർത്തിക്കുന്ന ഏറ്റവും വലിയ ആയുർവേദ മരുന്ന് നിർമ്മാണശാലയാണ് ഔഷധി. ലാഭകരമായി പ്രവർത്തിക്കുന്ന വളരെ ചുരുക്കം പൊതുമേഖലാ സ്ഥാപനങ്ങളിലൊന്നാണിത്. ആയുർവേദ വകുപ്പിന് കീഴിലുള്ള സർക്കാർ ആശുപത്രികളിലും ഡിസ്പെൻസറികളിലും ആയുർവേദമരുന്നുകൾ പൂർണ്ണമായും വിതരണം ചെയ്യുന്ന സ്ഥാപനം ഔഷധിയാണ്. കേരളത്തിൽ മരുന്നുകൾ ഔഷധി ആയുർവേദവകുപ്പിന് വിതരണം ചെയ്യുന്നു. ഇത് മാർക്കറ്റ് വിലയെക്കാളും 30 ശതമാനം വിലക്കുറവിലാണ് നല്കുന്നത്. ഐ.എസ്.എം ഈ മരുന്നുകൾ സംസ്ഥാനത്തെ ദരിദ്രരായ രോഗികൾക്ക് സൗജന്യമായി നൽകുന്നു. സംസ്ഥാനത്തുടനീളം 845 പ്രത്യേക ഏജൻസികളിലൂടെ പൊതുജനത്തിനും കമ്പനി മരുന്ന് എത്തിക്കുന്നു. 2018–19 കാലയളവിൽ നികുതിക്കു ശേഷമുള്ള സ്ഥാപനത്തിന്റെ ലാഭം 1915.54 ലക്ഷം രൂപയായിരുന്നു.

ആയുർവ്വേദകോളേജുകൾ

തിരുവനന്തപുരം, തൃപ്പുണിത്തുറ, കണ്ണൂർ എന്നിവിടങ്ങളിലായി 1311 കിടക്കകളുള്ള മൂന്ന് സർക്കാർ ആയുർവ്വേ മെഡിക്കൽകോളേജുകളുണ്ട്. 2017–18 ൽ 9747 ഇൻപേഷ്യൻസിനും 4,20,879 ഔട്ട്പേഷ്യൻസിനും ചികിത്സ നൽകുകയുണ്ടായി. ഇത് 2018–19 ൽ യഥാക്രമം 9,958 ഉം 5,06,883 ഉം ആണ്. തിരുവനന്തപുരം ആയുർവ്വേ മെഡിക്കൽകോളേജിന് കീഴിൽ പഞ്ചകർമ്മാശുപത്രിയും, സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയുമുണ്ട്. 2 എയ്ഡഡ് ആയുർവേദകോളേജുകളും, 12 സ്വാശ്രയ ആയുർവേദകോളേജുകളും, ഒരു സ്വാശ്രയസിദ്ധ കോളേജും, ഒരു സ്വാശ്രയ യുനാനി കോളേജും, 6 പാരാമെഡിക്കൽ സ്വാശ്രയകോളേജുകളും മെഡിക്കൽ വിദ്യാഭ്യാസരംഗത്ത് പ്രവർത്തിക്കുന്നുണ്ട്. ബിരുദകോഴ്സിന് 1080, ബിരുദാനന്തരകോഴ്സിന് 186, പാരാമെഡിക്കൽ കോഴ്സുകൾക്ക് 450 എന്നിങ്ങനെ വിദ്യാർത്ഥികൾ വാർഷിക പ്രവേശനം നേടുന്നുണ്ട്.

ഹോമിയോപ്പതി

സംസ്ഥാനത്ത് ഹോമിയോപ്പതി വകുപ്പിന് കീഴിൽ 669 ഹോമിയോപ്പതി ഡിസ്പെൻസറികളും 14 ജില്ലാ ആശുപത്രികൾ, 17 താലൂക്ക് ആശുപത്രികൾ, 2 ടെൻ ബെഡ്ഡ് ആശുപത്രികൾ എന്നിവയിലായി 1000 കിടക്കകൾ ഉണ്ട്. കൂടാതെ ഹോമിയോപ്പതി ഡയറക്ടറേറ്റിന് കീഴിൽ ആലപ്പുഴയിൽ പ്രവർത്തിക്കുന്ന കേരള സംസ്ഥാന ഹോമിയോപ്പതിക് സഹകരണ ഫാർമസി (ഹോംകോ) എന്ന മരുന്ന് നിർമ്മാണ യൂണിറ്റ് ഉണ്ട്. കഴിഞ്ഞ 20 വർഷങ്ങളായി ഹോംകോ ലാഭത്തിലാണ് പ്രവർത്തിക്കുന്നത്. 2018–19 കാലയളവിൽ ഹോംകോയുടെ മൊത്തലാഭം 96.58 കോടിയാണ്. 2018–19 ൽ ഹോമിയോപ്പതി വകുപ്പിന് കീഴിൽ ജില്ല തിരിച്ചുള്ള സ്ഥാപനങ്ങൾ, കിടക്കകൾ, ചികിത്സ നേടിയ രോഗികളുടെ എണ്ണം എന്നിവ അനുബന്ധം 6.2.14 ൽ കൊടുത്തിട്ടുണ്ട്.

ഹോമിയോ മെഡിക്കൽ വിദ്യാഭ്യാസം

സർക്കാർതലത്തിൽ തിരുവനന്തപുരത്തും കോഴിക്കോടുമുള്ള രണ്ട് ഹോമിയോ മെഡിക്കൽകോളേജുകൾ വഴി ഹോമിയോ മെഡിക്കൽ വിദ്യാഭ്യാസം നടത്തി വരുന്നു. ഇവ കൂടാതെ 3 എയ്ഡഡ് കോളേജും, ഒരു അൺഎയ്ഡഡ് കോളേജും വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്നു. തിരുവനന്തപുരം ഗവൺമെന്റ് ഹോമിയോപ്പതിക് മെഡിക്കൽ കോളേജിലെ ആകെ കിടക്കകൾ 118 ഉം 2018–19 ൽ ചികിത്സ ലഭിച്ച ഇൻപേഷ്യന്റ്സ് 1,123 ഉം ഔട്ട് പേഷ്യന്റ്സ് 1,13,137 ഉം ആണ്. കോഴിക്കോട് ഗവൺമെന്റ് ഹോമിയോപ്പതിക് മെഡിക്കൽ കോളേജിലെ ആകെ കിടക്കകൾ 100 ഉം 2018–19 ൽ ചികിത്സ ലഭിച്ച ഇൻപേഷ്യന്റ്സ് 1,564 ഉം ഔട്ട് പേഷ്യന്റ്സ് 1,49,067 ഉം ആണ്. 6 ഹോമിയോ മെഡിക്കൽ കോളേജുകളിലെയും കോഴ്സുകൾ, വിദ്യാർത്ഥികളുടെ എണ്ണം എന്നിവ അനുബന്ധം 6.2.15 ൽ കൊടുത്തിരിക്കുന്നു.

രോഗപ്രതിരോധവ്യാപനം

മരുന്നും പ്രതിരോധകുത്തിവയ്പും കൊണ്ട് ഒഴിവാക്കാനാകുന്നതും ആരോഗ്യത്തെ ദുർബലപ്പെടുത്തുന്നതുമായ വ്യാധികൾ, വൈകല്യം, മരണം തുടങ്ങിയവയിലേക്ക് നയിക്കുന്ന രോഗങ്ങളായ ഡിഫ്റ്റീരിയ, ഹെപ്പറ്റൈറ്റീസ് എയും ബിയും, അഞ്ചാം പനി, മുണ്ടിനീര്, ന്യൂമോണിയയും അനുബന്ധരോഗങ്ങളും, പോളിയോ, അതിസാരം, ടെറ്റനസ് തുടങ്ങിയവ ചെറുക്കുന്നതിന് ഏറ്റവും ഫലപ്രദവും ചിലവ് കുറഞ്ഞതുമായ ഇടപെടലാണ് പ്രതിരോധകുത്തിവയ്പുകൾ. 2015–16 മുതലുള്ള 5 വർഷങ്ങളിലെ രോഗപ്രതിരോധ വ്യാപന പരിപാടി അനുബന്ധം 6.2.16 ൽ കാണാം.

ഭാവി വീക്ഷണം

പൊതുമേഖലയിൽ സാധ്യമായ ഏറ്റവും മികച്ച പ്രതിരോധ സാന്ത്വന പരിചരണം ലഭ്യമാക്കുകയാണ് സംസ്ഥാനത്തിന്റെ ലക്ഷ്യം. ആരോഗ്യ രംഗത്ത് ജന സൗഹൃദപരമായ ലക്ഷ്യം കൈവരിക്കുക എന്നതാണ് സംസ്ഥാന സർക്കാരിന്റെ പ്രധാന നയം. പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ ഊന്നൽ പൊതുമേഖലയിൽ ആരോഗ്യ രംഗത്ത് ഗുണനിലവാരം മെച്ചപ്പെടുത്തുക, മികച്ച ചികിത്സാ സൗകര്യങ്ങൾ മിതമായ നിരക്കിൽ ലഭ്യമാക്കുക, പൊതുജനാരോഗ്യത്തിനും ശുചിത്വത്തിനുമുള്ള സൗകര്യങ്ങൾ വിപുലീകരിക്കുക, ഇൻഷുറൻസ് പരിരക്ഷ വിപുലീകരിക്കുക, ആധുനിക കേരളം അഭിമുഖീകരിക്കുന്ന ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കാൻ ഉദ്ദേശിച്ചുള്ള പദ്ധതികളും പ്രോഗ്രാമുകളും സംഘടിപ്പിക്കുക എന്നിവയാണ്.

6.3 ജനസംഖ്യ ഘടനയിലുള്ള മാറ്റങ്ങൾ

ജനങ്ങൾക്ക് പ്രായമാകൽ എന്നത് അനിവാര്യമായതും ഗതിമാറ്റാനൊക്കാത്തതും ജനസംഖ്യാപരവുമായ യാഥാർത്ഥ്യമാണ്. ഇത് ആരോഗ്യ ചികിത്സ പരിചരണവും ഉത്പാദനക്ഷമതയിലെ കുറവുമായി ബന്ധപ്പെട്ടിരിക്കുന്നു. ലോകമെമ്പാടുമുള്ള ജനങ്ങൾ ദ്രുതഗതിയിൽ പ്രായമായിക്കൊണ്ടിരിക്കുന്നത് നമുക്ക് അറിവുള്ളതാണ്. പ്രായമാകൽ മുതിർന്നവരെ മാത്രമല്ല സമൂഹത്തിലെ എല്ലാവരെയും ഒരു തരത്തിൽ അല്ലെങ്കിൽ മറ്റൊരു തരത്തിൽ ബാധിക്കുന്നതാണ്. ജനസംഖ്യാഘടനയിലുണ്ടാകുന്ന മാറ്റങ്ങൾക്ക് സിവിൽ സൊസൈറ്റിയും സർക്കാരും സാന്നുകമ്പം പ്രവർത്തിക്കേണ്ടതാവശ്യമാണ്. പ്രായമാകുമ്പോൾ പ്രാഥമിക ആരോഗ്യ സംരക്ഷണത്തിനും ദീർഘകാല സംരക്ഷണത്തിനുമുള്ള വർദ്ധിച്ച ആവശ്യകത വെല്ലുവിളിയാകുകയും മെച്ചപ്പെട്ട പരിശീലനം ലഭിച്ച പരിപാലകരെ വലിയ തോതിൽ ആവശ്യമായി വരുകയും വയോജന സൗഹൃദമായ പശ്ചാത്തല സൗകര്യങ്ങളുടെ ആവശ്യകത വർദ്ധിക്കുകയും ചെയ്യുന്നു. എന്നിരുന്നാലും ഇത്തരം പ്രവർത്തനങ്ങളിലൂടെ അവരുടെ സമൂഹത്തിനായും പ്രാദേശിക സമൂഹത്തിനായും വിവിധങ്ങളായ സംഭാവനകൾ പ്രദാനം ചെയ്യാൻ കഴിവുള്ളതാക്കുന്നു (ഉദാ : ഔപചാരികമായതോ അനൗപചാരികമായതോ ആയ തൊഴിലിൽ സന്നദ്ധപ്രവർത്തകരാവുക). ലോകാരോഗ്യ സംഘടന 2020–30 നെ 'ആരോഗ്യകരമായ പ്രായമാകലിന്റെ ദശാബ്ദം' ആയി പ്രഖ്യാപിച്ചിട്ടുണ്ട്.

കുടുംബങ്ങൾ മുതിർന്നവരുടെ സംരക്ഷണത്തിനായി സാമ്പത്തിക പരമായും മാനസികപരമായുള്ള സഹായങ്ങൾ ലഭ്യമാക്കേണ്ടതാണ്. അണു കുടുംബങ്ങളുടെ മുഖ്യ പ്രത്യേകതകളിലൊന്നായ ഏകാന്തതയിൽ നിന്നും അഥസ്ഥിതാവസ്ഥയിൽ നിന്നും മുതിർന്ന കുടുംബാംഗങ്ങളെ സംരക്ഷിക്കുന്നതിനായി കുടുംബങ്ങൾ മതിയായ തയ്യാറെടുപ്പ് നടത്തേണ്ടത് വളരെയധികം പ്രാധാന്യമർഹിക്കുന്നു. ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളെയപേക്ഷിച്ച് കേരളത്തിൽ മുതിർന്നവരുടെ അനുപാതം കൂടുതലായതിനാൽ അവർക്കെതിരെയുള്ള സാമ്പത്തിക മാനസിക, ഭൗതിക അധിക്ഷേപങ്ങളെ പ്രതിരോധിക്കേണ്ട പ്രത്യേക ചുമതല സംസ്ഥാനത്തിനുണ്ട്. മുതിർന്നവരെ അവരുടെ അവകാശങ്ങളെ കുറിച്ച് ബോധ്യപ്പെടുത്തുകയും അവർ നേരിടുന്ന അധിക്ഷേപങ്ങൾ തടയുന്നതിനും പ്രതിരോധ നടപടികൾ സ്വീകരിക്കുന്നതിനും നിയമ നിർമ്മാണം വഴി പിന്തുണ നൽകുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്.

കേരളത്തിലെ ജനസംഖ്യ സംക്രമണം

പ്രത്യുൽപാദന ക്ഷമതയിലെ കുറവ്, മരണ നിരക്കിലെ കുറവ്, ദീർഘായുസ്സ് എന്നീ മൂന്നു ജനസംഖ്യാപരമായ മാറ്റങ്ങളാണ് ജനസംഖ്യ പ്രായമേറുന്നതിലേക്ക് നയിക്കുന്നത്. യുവത്വത്തിൽ നിന്നും പ്രായാധിക്യത്തിലേക്കുള്ള പ്രായഘടനയുടെ മാറ്റം ഇതിന്റെ പ്രതിഫലനമാണ്. ദീർഘായുസ്സും പ്രത്യുത്പാദനക്ഷമതയിലെ കുറവും മുതിർന്നവരുടെ ജനസംഖ്യ പൊതുവായ ജനസംഖ്യയേക്കാൾ വേഗതയിൽ ആഗോളതലത്തിൽ വർദ്ധിച്ചു വരുന്നു. ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് പ്രത്യുത്പാദന ക്ഷമതയിൽ വളരെ മുൻപായി നേട്ടം കൈവരിച്ചിട്ടുള്ള കേരള സംസ്ഥാനത്ത് മുതിർന്നവരുടെ നിരക്ക് ഇന്ത്യയിലെ സംസ്ഥാനങ്ങളിലെ ഏറ്റവും ഉയർന്ന 12.6 ശതമാനം ആണ്. ജനനനിരക്കിലും മരണനിരക്കിലും ഉണ്ടായ മാറ്റവും തുടർന്നു പ്രായഘടനയിൽ ഉണ്ടായ മാറ്റങ്ങളും മൂലം കേരളം ജനസംഖ്യാ സംക്രമണത്തിന്റെ നിർണായകമായ ഘട്ടത്തിലൂടെയാണ് ഇപ്പോൾ കടന്നുപോകുന്നത്. ജനസംഖ്യാ പരിവർത്തനത്തിന്റെ പ്രധാനപ്പെട്ട അന്തരഫലം വാർദ്ധക്യമാണെന്നത് പ്രായമായവരുടെ എണ്ണത്തിലുള്ള ആപേക്ഷിക വർദ്ധനവ് പ്രതിഫലിപ്പിക്കുന്നു. ഇത് കേരളത്തിന്റെ സാമൂഹ്യ–സാമ്പത്തിക സാഹചര്യത്തെ ബാധിക്കുന്നതാണ്.

പട്ടിക 6.3.1 കേരളത്തിലെ മുതിർന്ന പൗരന്മാരുടെ പ്രായസങ്കലനം (എണ്ണത്തിൽ)

പ്രായസങ്കലനം	ആകെ		പുരുഷന്		സ്ത്രീ	
ആകെ ജനസംഖ്യ	33406061		16027412		17378649	
ആകെ മുതിർന്നവരുടെ ജനസംഖ്യ	41,93393		1853595		2339798	
60–69	2416805	(58%)	1114368	(45%)	1272437	(55%)
70–79	1234739	(29%)	534879	(43%)	699860	(57%)
80+	541849	(13%)	204348	(38%)	337501	(62%)

അവലംബം: സെൻസസ് 2011

ജനസംഖ്യ സംക്രമണം ഇന്ത്യയിലെയും കേരളത്തിലെയും അവസ്ഥ

മുൻപ് സൂചിപ്പിച്ചപോലെ, ഇന്ത്യയിലെ മറ്റു പ്രദേശങ്ങളെക്കാൾ വേഗത്തിലാണ് കേരളത്തിലെ വയോജനങ്ങളുടെ വളർച്ച. 60 വയസിനു മുകളിലുള്ള ജനസംഖ്യ 1961 ൽ 5.1 ശതമാനമായിരുന്നപ്പോൾ ദേശീയ ശരാശരി 5.6 ശതമാനം ആയിരുന്നു. 1980 മുതൽ കേരളം മറ്റുപ്രദേശങ്ങളെ പിന്നിലാക്കി 2001 ൽ ഇത് 10.5 ശതമാനവും ദേശീയ ശരാശരി 7.5 ഉം ആണ്. 2011 ആയപ്പോഴേക്കും 60 വയസ്സു കഴിഞ്ഞ മുതിർന്നവരുടെ ദേശീയ ശരാശരി 8.57 ശതമാനവും കേരളത്തിന്റേത് 12.6 ശതമാനവുമായി. സാമ്പിൽ രജിസ്ട്രേഷൻ സിസ്റ്റം (എസ്.ആർ.എസ്.) റിപ്പോർട്ട് 2013–17 പ്രകാരം ദേശീയ ശരാശരി 8.3 ശതമാനവും കേരളത്തിന്റേത് 13.1 ശതമാനവുമായി ഉയർന്നിട്ടുണ്ട്. നിലവിൽ കേരളത്തിലെ 48 ലക്ഷം (2018–ലെ പ്രൊജക്ട്സ് സംഖ്യകൾ) ആളുകൾ 60 വയസ്സിനു മുകളിലാണുള്ളത്. ഇതിൽ 15 ശതമാനം 80 വയസും അതിനുമുകളിലുള്ളവരുമാണ്. അറുപതു വയസിനു മുകളിലുള്ള സ്ത്രീപുരുഷന്മാരിൽ കൂടുതലും സ്ത്രീകളാണ്. അവരിൽ ഭൂരിഭാഗവും വിധവകളാണ്. കേരളമാണ് ഏറ്റവും ഉയർന്ന ആയുർദൈർഘ്യമുള്ള സംസ്ഥാനം. എസ് ആർ എസ് റിപ്പോർട്ട് 2013 –17 അനുസരിച്ച് കേരളത്തിൽ പ്രീതീഷിത ആയുർദൈർഘ്യം പുരുഷന്മാരിലും സ്ത്രീകളിലും യഥാക്രമം 72.5 വയസും 77.8 വയസും ആണ്. സാധാരണയായി സ്ത്രീകളുടെ ആയുർദൈർഘ്യം പുരുഷന്മാരെയേക്കാൾ ഉയർന്നതാണ് (ഇന്ത്യയിലും). എന്നാൽ കേരളത്തിൽ ഇത് വളരെ കൂടുതലാണ്. മുതിർന്നവരുടെ ജനസംഖ്യാനുപാതം തുടർച്ചയായി വർദ്ധിച്ചു വരുന്നതിന്റെ പ്രധാന കാരണങ്ങളിലൊന്ന് മെച്ചപ്പെട്ട ആരോഗ്യ സംരക്ഷണ സൗകര്യങ്ങളാണ്. പുരുഷന്മാർ തങ്ങളേക്കാൾ പ്രായം കുറഞ്ഞ സ്ത്രീകളെ വിവാഹം ചെയ്യുന്നതുകൊണ്ടുതന്നെ വയോജനങ്ങളിൽ വിധവകളുടെ എണ്ണം കൂടുതലാണ്. 65 ശതമാനം വൃദ്ധരും രോഗികളാണെന്നു എൻഎസ്എസ് സർവേ 2015 വ്യക്തമാക്കുന്നു.

കേരളത്തിലെ പ്രായമായവരിൽ ഭൂരിഭാഗവും വിധവകളാണ്. 2011 സെൻസസ് പ്രകാരം 60–69 വരെ പ്രായമുള്ളവരിൽ 23 ശതമാനം വിധവകളാണ്. 70 വയസ്സിനു മുകളിൽ പ്രായമുള്ളവരിൽ ഇത് 43.066 ശതമാനമാണ്. 2025 ആകുമ്പോഴേക്കും നമ്മുടെ ജനസംഖ്യയിൽ 20 ശതമാനവും പ്രായമായവരാകുമെന്നതിനാൽ സാമൂഹ്യസുരക്ഷാ സംവിധാനത്തിന്റെ ആവശ്യം വളരെ വലിയ തോതിൽ ഉണ്ടാകും. കേരളത്തിലെ മുതിർന്ന പൗരന്മാരുടെ പ്രായ സങ്കലനം പട്ടിക 6.3.1 ൽ കൊടുത്തിരിക്കുന്നു. കേരളത്തിലെ മുതിർന്ന പൗരന്മാരുടെ ദാമ്പത്യാവസ്ഥ **പട്ടിക 6.3.2** ൽ കൊടുത്തിരിക്കുന്നു.

നിലവിലെ 60 വയസ്സിനു മുകളിലുള്ള വിവാഹിതരുടെ എണ്ണം തെറ്റിദ്ധാരണജനകമാണ്. കേരളത്തിലെ മുതിർന്നവരുടെ ദാമ്പത്യ അവസ്ഥ പരിശോധിക്കുകയാണെങ്കിൽ ഭൂരിപക്ഷം പുരുഷന്മാരുടേയും (88.9 ശതമാനം) ഭാര്യമാർ പ്രായാവസ്ഥയിലും ജീവിച്ചിരിക്കുന്നവരാണ്. എന്നാൽ 37.8 ശതമാനം സ്ത്രീകളുടെ ഭർത്താക്കന്മാർ മാത്രമേ പ്രായമായി ജീവിച്ചിരിക്കുന്നുള്ളൂ. പുരുഷന്മാർ തങ്ങളേക്കാൾ പ്രായം കുറഞ്ഞ സ്ത്രീകളെ വിവാഹം ചെയ്യുന്നതുകൊണ്ടുതന്നെ പുരുഷന്മാർക്ക് അറുപത്

പട്ടിക 6.3.2 കേരളത്തിലെ മുതിർന്ന പൗരന്മാരുടെ ദാമ്പത്യാവസ്ഥ

	ആകെ	പുരുഷൻ	സ്ത്രീ
വിവാഹം കഴിക്കാത്തവർ	2.6	1.8	3.3
നിലവിൽ വിവാഹിതരായവർ	60.8	88.9	37.8
വിധവ/വിഭാര്യൻ	35.7	8.8	57.0
മറ്റുള്ളവർ	0.9	0.5	1 .9
പങ്കാളിയില്ലാത്തവർ	39.2	11.1	62.2

അവലംബം: സെൻസസ് 2011

വയസ്സു പ്രായമാകുമ്പോൾ അവരുടെ ഭാര്യമാർ വളരെ ചെറുപ്പമായിരിക്കും (അവരുടെ അൻപതുകളുടെ അവസാന കാലഘട്ടത്തിൽ).

കേരള അംഗപരിമിത സെൻസസ് 2015

2015 ൽ അംഗപരിമിത സെൻസസ് കണക്കനുസരിച്ച് പ്രായമായവരുടെ വൈകല്യങ്ങളിൽ ലോകോ മോട്ടോർ വൈകല്യമാണ് കൂടുതൽ (43 ശതമാനം) മൾട്ടിപിൾ വൈകല്യങ്ങൾ രണ്ടാമതായും കാണപ്പെടുന്നു (13 ശതമാനം). അൽഷിമേഴ്സ് രോഗികൾ 35041 പേരുണ്ട്. കേരളത്തിൽ വിവിധ സ്ഥാപനങ്ങളിൽ ജീവിക്കുന്ന വൈകല്യമുള്ള മുതിർന്ന പൗരന്മാരുടെ എണ്ണം 4260 ആണ്. ഇതിൽ 2352 സ്ത്രീകളും 1908 പുരുഷന്മാരും ആണ്. ഇതിൽ 80 വയസ്സിനു മുകളിലുള്ളവർ 570 പേരാണ്. മൊത്തം അംഗങ്ങൾ സീനിയർ അംഗങ്ങൾ ആയ 4,32,953 കുടുംബങ്ങൾ ആണുള്ളത്. ഇത് ആകെ കുടുംബങ്ങളുടെ 5.27 ശതമാനം ആണ്.

വയോജനങ്ങളുടെ വർദ്ധിച്ചുവരുന്ന ആശ്രയത്വം

അറുപതു വയസ്സിനു മുകളിലുള്ള മുതിർന്നവരുടെ എണ്ണത്തിന്റെയും 15–59 വയസ്സ് പ്രായമുള്ളവരുടെയും എണ്ണത്തിന്റെ അനുപാതമാണ് ''ഓൾഡ് ഏജ്'' ഡിപ്പൻഡൻസി റേഷ്യോ'. 2011 ലെ സെൻസസ് പ്രകാരം ഇന്ത്യയിലെ 'ഓൾഡ് ഏജ്' ഡിപ്പൻഡൻസി റേഷ്യോ 142 ഉം കേരളത്തിൽ ഉയർന്ന ആയുർദൈർഘ്യം മൂലം ഇത് 196 ഉം ആണ്. വാർദ്ധക്യകാല ആശ്രിതത്വ അനുപാതം കേരളത്തിൽ വർധിച്ചുവരുന്ന പ്രവണത കാണിക്കുന്നു ഇന്ത്യൻ സംസ്ഥാനങ്ങളിൽ ഏറ്റവും കൂടുതലാണിത്. (എൽഡർലി ഇൻ ഇന്ത്യ 2016, സ്റ്റാറ്റിസ്റ്റിക്സ് ആൻഡ് പ്രോഗ്രാം ഇംപ്ലിമെന്റേഷൻ മന്ത്രാലയം, ഭാരത സർക്കാർ). 2001–ൽ 166 ആയിരുന്നത് 2011–ൽ 196 ആയി ഉയർന്നു. ഇത് വ്യക്തമാക്കുന്നത് എന്തെന്നാൽ വലിയ ഒരു ഭാഗം മുതിർന്നവരുടെ ദൈനദിന ജീവിതം, ആരോഗ്യം, ഭവനം എന്നിവയുമായി ബന്ധപ്പെട്ട ചെലവുകൾ വഹിക്കേണ്ട ഉത്തരവാദിത്വം തൊഴിലെടുക്കുന്ന ജനങ്ങളുടേതാണെന്നാണ്.

മുതിർന്ന പൗരന്മാർ അനുഭവപരിചയമുള്ള മനുഷ്യവിഭവശേഷി എന്നനിലയിൽ

സംസ്ഥാന സർക്കാർ സേവനത്തിലുള്ള വിരമിക്കൽ പ്രായം 56 വയസ്സാണ്. മിക്ക പൊതുമേഖലാ സ്ഥാപനങ്ങളിലും ഇത് 60 ആണ്. പ്രായമാകൽ വ്യക്തികളുടെ പ്രവർത്തനജീവിതം കുറയ്ക്കുന്നു. കേരളത്തിൽ വിരമിച്ച സർക്കാർ ജീവനക്കാർക്ക് പെൻഷൻ ലഭിക്കുന്നതിനാൽ അവർക്ക് സുഖപ്രദമായ ജീവിതം നയിക്കാൻ കഴിയും. ഈ അനുഭവ സമ്പന്നരായ മനുഷ്യശക്തിയെ ശരിയായി വിന്യസിക്കുന്നത് ഉൽപാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള സാധ്യതയാണ്. പ്രായപൂർത്തിയായവർ തിരക്കുപിടിച്ച ജോലിയിൽ ഏർപ്പെടുമ്പോഴും ആരോഗ്യത്തോടെ കൂടുതൽ കാലം ജീവിക്കുന്നു. എന്നാൽ അത്തരം ജോലി ഇല്ലാതിരുന്നവർക്കും മറ്റ് അസംഘടിത മേഖലയിലെ തൊഴിലാളികൾക്കും പെൻഷനും വിരമിക്കലും ഇല്ല. ചില വിഭാഗങ്ങളിൽ പെൻഷൻ ആയി നാമമാത്രമായ തുക മാത്രം ലഭിക്കുന്നത് അവരുടെ ചികിത്സക്കും മറ്റും ആവശ്യകതക്കു പോലും സഹായിക്കില്ല. ഭാവിയിൽ അവർക്ക് മതിയായ സാമൂഹ്യ സുരക്ഷിതത്വവും ഉത്പാദനപരമായ ജീവിതവും ഉറപ്പാക്കേണ്ടത് സർക്കാരിനു വെല്ലുവിളിയാണ്.

പ്രായമായവർക്കായുള്ള പോഷക പരിഗണനകൾ

അറുപതു വയസ്സിനു മേലെയുള്ള പ്രായമുള്ള വ്യക്തികളുടെ എണ്ണം വർദ്ധിച്ചുവരുന്നു. മിക്കപ്പോഴും ഇത് പോഷകാഹാരക്കുറവുള്ള ആരോഗ്യപ്രശ്നങ്ങൾ ഏറ്റവും കൂടുതൽ ബാധിക്കുന്ന ഒരു ഗ്രൂപ്പാണ്. ആരോഗ്യകരമായ പ്രായമാകൽ ആയുസ്സ് വർദ്ധിപ്പിക്കാൻ വേണ്ടി മാത്രമല്ല, പ്രധാനമായും ആരോഗ്യകരമായ പ്രവർത്തനക്ഷമമായ കാലം വർദ്ധിപ്പിക്കാൻ വേണ്ടിയും കൂടിയാണ്. ആവശ്യമായ ഊർജ്ജവും പോഷകാഹാര ആവശ്യങ്ങളും നിറവേറ്റുന്നതിനായി ശരിയായ അളവിലുള്ള ഭക്ഷണവും ഭക്ഷണ രീതിയും ലഭിക്കുന്നതിൽ പ്രായമായവരിൽ അധികവും പരാജയപ്പെടുന്നു. വികസ്വര രാജ്യങ്ങളിലെ ജനങ്ങൾ അപര്യാപ്തമായ അളവിലുള്ള ഭക്ഷണ രീതി മാറ്റങ്ങൾ മൂലം പോഷകാഹാരക്കുറവിനെ അഭിമുഖീകരിക്കുകയാണ്. അതേസമയം, കൊഴുപ്പ്, മൃഗാധിഷ്ഠിത ഉത്പന്നങ്ങൾ, സംസ്കരിച്ച ഭക്ഷണസാധനങ്ങൾ എന്നീ നാരുകുറഞ്ഞ ഭക്ഷ്യവസ്തുക്കൾ കൂടുതലായി ഉപയോഗിക്കുന്നതുമൂലം പൊണ്ണത്തടി, ടൈപ്പ് 2 ഡയബറ്റിസ് രോഗികളുടെ എണ്ണം കൂടുന്നതായും കണ്ടെത്തിയിട്ടുണ്ട്. മുതിർന്നവർക്കുള്ള ആഹാര രീതിയിൽ ഇടപെടലുകളും അടിയന്തിര ശ്രദ്ധയും അത്യാവശ്യമാണ്.

ആരോഗ്യം

ഇന്ത്യയിലെ മികച്ച ആരോഗ്യ പരിപാലന സംവിധാനമുള്ള സംസ്ഥാനമായി കേരളം പരിഗണിക്കപ്പെടുന്നു. എന്നാൽ ഏറ്റവും രോഗാവസ്ഥയുള്ള സംസ്ഥാനവും കേരളമാണ്. മോർബിഡിറ്റിയുടെ നാഷണൽ സാമ്പിൾ സർവേ 71–ം റൗണ്ട് (ജനുവരി – ജൂൺ, 2015) പ്രകാരം ഇന്ത്യയിലുടനീളം നടത്തിയ 15 ദിവസത്തെ സർവേയിൽ പങ്കെടുത്ത 1000 പേരിൽ 89 പേർ രോഗബാധിതരെന്നു റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കേരളത്തിൽ നിന്നും റിപ്പോർട്ട് ചെയ്തിട്ടുള്ള കണക്കുപ്രകാരം 1000 പേരിൽ 310 പേരാണ്. അറുപതു വയസ്സിനു മുകളിലുള്ളവരിൽ ഇത്

ഇന്ത്യയിൽ 276 ഉം കേരളത്തിൽ 646 ഉം ആയിരുന്നു. ഇന്ത്യയിൽ സംക്രമികേതര രോഗങ്ങൾ കൂടുതലുള്ള സംസ്ഥാനമാണ് കേരളം. ഇന്ത്യയിലെ പ്രമേഹ രോഗത്തിന്റെ തലസ്ഥാനമാണ് കേരളം. റെജിസ്ട്രാർ ജനറൽ ഓഫ് ഇന്ത്യയുടെ മെഡിക്കൽ സർട്ടിഫിക്കേഷൻ ഓഫ് ഡെത്ത് റിപ്പോർട്ട് പറയുന്നത് 2015 ൽ പ്രമേഹം മൂലം ഇന്ത്യയിൽ വെറും 3.4 ശതമാനം പേർ മാത്രമാണ് മരിച്ചതെങ്കിൽ അത് കേരളത്തിൽ 9.6 ശതമാനം ആയിരുന്നു. രക്താതിസമ്മർദ്ദം, ഹൃദയ സംബന്ധമായ അസുഖങ്ങൾ എന്നിവയുടെ കാരണങ്ങളും വ്യത്യസ്തമല്ല. ജീവിത ദൈർഘ്യവും ജീവിതനിലവാരവും കുറയ്ക്കുന്നതിനു ഇത് കാരണമാകുന്നു. കേരളത്തിലെ എല്ലാ മുതിർന്ന വിഭാഗങ്ങളേയും ബാധിക്കുന്ന പൊതുവായ പ്രശ്നങ്ങളാണിതെങ്കിലും, ആരോഗ്യ പ്രശ്നങ്ങളിൽ കൂടുതൽ ദുർബലരായ പ്രായമായവരെ ഇത് കൂടുതലായി ബാധിക്കുന്നു.

പ്രായമായവരുടെ ക്ഷേമത്തിൽ സർക്കാരിന്റെ പങ്ക്

സ്വാതന്ത്ര്യാനന്തര കാലം മുതൽക്കുതന്നെ ചില സാമൂഹ്യ ക്ഷേമ പരിപാടികളിലൂടെ നമ്മുടെ സമൂഹത്തിൽ മുതിർന്ന ആളുകളെ പിന്തുണയ്ക്കുന്നതിന് സർക്കാർ പ്രതിജ്ഞാബദ്ധമായിട്ടുണ്ട്. ഐക്യരാഷ്ട്രസഭയുടെ വാർഷിക വയോജന വർഷം ആയി 1999 പ്രഖ്യാപിച്ച തുടർന്നു പ്രായമായവരെ അവർക്ക് ഗുണപ്രദമായ വഴികളിൽ ശാക്തീകരിക്കുകയും ക്ഷേമ നടപടികൾ വേഗത്തിലാക്കുകയും ചെയ്യുന്നതിനായി 1999 ജനുവരി 13 ന് ഭാരതസർക്കാർ വയോജനങ്ങൾക്കായുള്ള ദേശീയ നയം അംഗീകരിച്ചു. മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും പരിപാലന ക്ഷേമ നിയമം, 2007 മുതിർന്നവരുടെ അവകാശങ്ങൾക്ക് സംരക്ഷണം നല്കുന്നു. ഭരണഘടനാ വ്യവസ്ഥകൾക്ക് പുറമെ വൃദ്ധജന സുരക്ഷ, വാർദ്ധക്യ പെൻഷൻ, വയോജന ഭവനങ്ങൾ സ്ഥാപിക്കുക, വാർദ്ധക്യസഹജമായ സേവനങ്ങൾ വികസിപ്പിക്കുക, മുതിർന്നവർക്കായുള്ള ഭവന നയം ഉദാരവൽക്കരിക്കൽ എന്നിവ നടപ്പിലാക്കുന്നു.

സാമൂഹ്യ നീതി ശാക്തീകരണ മന്ത്രാലയം

സാമൂഹ്യ നീതി ശാക്തീകരണ മന്ത്രാലയം പേര് സൂചിപ്പിക്കുന്നത് പോലെ സാമൂഹ്യ അസമത്വങ്ങൾ, ചൂഷണം, വിവേചനം, അനീതി എന്നിവ അനുഭവിക്കുന്ന സമൂഹത്തിലെ വിഭാഗങ്ങൾക്ക് തുല്യമായ നീതി ഉറപ്പാക്കുന്നതിനു വേണ്ടിയാണു നിലകൊള്ളുന്നത്. മന്ത്രാലയത്തിന്റെ സോഷ്യൽ ഡിഫൻസ് ഡിവിഷൻ പ്രധാനമായും മുതിർന്ന പൗരൻമാരുടെ ആവശ്യങ്ങൾ നിറവേറ്റുന്നു കൂടാതെ മദ്യപാനത്തിന്റെയും മറ്റു ലഹരിവസ്തുക്കളുടെയും ഇരകൾ, ഭിന്നലിംഗക്കാർ, യാചകർ /അഗതികൾ എന്നിവരുമുൾപ്പെടുന്നു. മുതിർന്ന പൗരന്മാർക്ക് സുരക്ഷിതവും ബഹുമാനത്തോടെ ഉല്പ്പാദനക്ഷമവുമായ ജീവിതം നയിക്കാൻ മന്ത്രാലയം സംസ്ഥാന സർക്കാരുകളും/യൂണിയൻ ടെറിട്ടറി അഡ്മിനിസ്ട്രേഷൻ എന്നിവയുമായി സഹകരിച്ചു മുതിർന്ന പൗരന്മാരുടെ ക്ഷേമത്തിനായുള്ള നിയമങ്ങൾ, നയങ്ങൾ, പരിപാടികൾ എന്നിവ വികസിപ്പിക്കുകയും നടപ്പാക്കുകയും ചെയ്യുന്നു.

മുതിർന്ന പൗരന്മാരുടെ ദേശീയ നയം 2011

ദേശീയ നയം മുതിർന്ന വ്യക്തികളുടെ സമ്പന്നമായ അനുഭവത്തെ തിരിച്ചറിയുകയും അവരെ പ്രധാനപ്പെട്ട മനുഷ്യവിഭവങ്ങൾ എന്ന നിലയിൽ പരിഗണിക്കുകയും അവരുടെ അവസാനകാലത്തിൽ അന്തസ്സായ ജീവിതം ഉറപ്പുവരുത്തുകയും ശാരീരികവും സാമ്പത്തികവുമായ സുരക്ഷ, ആരോഗ്യ സംരക്ഷണം, അഭയം എന്നിവ ഉറപ്പുവരുത്തുകയും സർക്കാരിന്റെ അംഗീകാര നടപടി ആവശ്യമായവയ്ക്ക് പ്രത്യേകിച്ചും മുതിർന്ന സ്ത്രീകളുടെയും പാവപ്പെട്ട ഗ്രാമീണരുടെയും കാര്യത്തിൽ അംഗീകാരം നൽകുകയും ചെയ്യുന്നു. സാമ്പത്തിക ഭക്ഷ്യ സംരക്ഷണം, ആരോഗ്യപരിചരണം, അഭയം, പ്രായമായവരുടെ മറ്റ് ആവശ്യങ്ങൾ, വികസനത്തിൽ നീതിനിഷ്ഠമായ പങ്കാളിത്തം, ചൂഷണത്തിനെതിരായ സംരക്ഷണം, ജീവിത നിലവാരം ഉയർത്തുന്നതിന് സേവനങ്ങളുടെ ലഭ്യത ഉറപ്പുവരുത്തൽ എന്നിവ നയം വിഭാവനം ചെയ്യുന്നു.

മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും പരിപാലന ക്ഷേമ നിയമം, 2007

മാതാപിതാക്കൾക്കും മുതിർന്ന പൗരന്മാർക്കും അവരുടെ ക്ഷേമത്തിനും ആവശ്യമായ സംരക്ഷണം ഉറപ്പാക്കുന്നതിനും 2007 ഡിസംബറിൽ മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും പരിപാലന ക്ഷേമ നിയമം, 2007 നടപ്പിലാക്കി. മാതാപിതാക്കൾ/മുതിർന്ന പൗരന്മാർക്ക് മക്കളും ബന്ധുക്കളും സംരക്ഷണം നൽകുന്നത് ട്രിബ്യൂണലുകൾ മുഖേന നിർബ്ബന്ധിതവും നിയമപരവുമാക്കുക, ബന്ധുക്കൽ അവഗണിച്ചാൽ മുതിർന്ന പൗരന്മാർക്ക് സ്വത്ത് കൈമാറ്റം ചെയ്യൽ പിൻവലിക്കൽ, മുതിർന്ന പൗരന്മാരെ ഉപേക്ഷിക്കുന്ന കാര്യത്തിൽ കുറ്റം ചുമത്തൽ, വയോജന പരിപാലന ഹോമുകൾ സ്ഥാപിക്കൽ, മുതിർന്ന പൗരന്മാരുടെ ജീവനും സ്വത്തിനും സംരക്ഷണവും, മുതിർന്ന പൗരന്മാർക്ക് ആവശ്യമായ വൈദ്യസഹായ സൗകര്യങ്ങൾ തുടങ്ങിയവക്കു ഈ നിയമം സംരക്ഷണം നൽകുന്നു. സാമൂഹ്യ നീതി മന്ത്രാലയം പ്രസ്തുത നിയമത്തിന്റെ ഭേദഗതി ബിൽ 2018 അന്തിമ രൂപം നൽകിയിട്ടുണ്ട്. ഇതിൻ പ്രകാരം മുതിർന്ന പൗരന്മാരുടെ സംരക്ഷണ ചുമതല അകന്ന ബന്ധുക്കൾക്കും ബാധകമാണ്. മാതാപിതാക്കളെ അവഗണിക്കുന്നവർക്കുള്ള പിഴ വർദ്ധിപ്പിക്കുകയും ജയിലിലടയ്ക്കുകയും ചെയ്യുന്നതോടൊപ്പം 10000

രൂപ മാതാപിതാക്കളുടെ പരിപാലനത്തിന് നൽകേണ്ടതുമാണ്. വൃദ്ധമന്ദിരങ്ങൾക്കും പകൽ പരിപാലന കേന്ദ്രങ്ങൾക്കും നിശ്ചിത സൗകര്യങ്ങൾ നിർബന്ധിതമാക്കുന്നതിനായുള്ള വ്യവസ്ഥകളും ഇതിൽ ഉൾപ്പെടുന്നു.

പ്രായമായവർക്ക് വയോശ്രേഷ്ഠ സമ്മാൻ അവാർഡ്

മുതിർന്നവരുടെ ക്ഷേമത്തിനായി വിവിധങ്ങളായ സേവനങ്ങൾ ചെയ്യുന്ന പ്രശസ്തരായ മുതിർന്നവർ, സ്ഥാപനങ്ങൾ എന്നിവയെ അംഗീകരിക്കുന്നതിന്റെ ഭാഗമായി കേന്ദ്ര സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള അവാർഡാണിത്. എല്ലാ വർഷവും ഒക്ടോബർ 1 ലോകമെമ്പാടും അന്താരാഷ്ട്ര വയോജന ദിനമായി ആഘോഷിക്കുന്നു. ഇതിന്റെ ഭാഗമായി സാമൂഹ്യനീതി ശാക്തീകരണ മന്ത്രാലയം എല്ലാ വർഷവും വിവിധ ആഘോഷ പരിപാടികൾ സംഘടിപ്പിക്കുകയും മുതിർന്ന പൗരന്മാർ, സംഘടനകൾ, പഞ്ചായത്തുകൾ എന്നിവയ്ക്ക് വയോശ്രേഷ്ഠ സമ്മാൻ അവാർഡ് നൽകുകയും ചെയ്യുന്നു. പ്രായമായവരുടെ പ്രശ്നങ്ങൾക്കും ആവശ്യങ്ങൾക്കും സമൂഹത്തെ ബോധവൽക്കരിക്കാനും പ്രായമായവരോടുള്ള ഗവൺമെന്റിന്റെ പ്രതിബദ്ധതയെ ഊന്നിപ്പറയാനും മുതിർന്ന പൗരന്മാർ നൽകുന്ന സേവനങ്ങളെ അംഗീകരിക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം.

സാമൂഹ്യ നീതി വകുപ്പ്

സംഘടനകളുടെയും റസിഡൻഷ്യൽ സ്ഥാപനങ്ങളുടെയും പദ്ധതികളുടെയും ശൃംഗല മുഖേന മുതിർന്നവർക്ക് സാമൂഹ്യ സുരക്ഷിതത്വം നൽകുന്നത് സാമൂഹ്യ നീതി വകുപ്പും കേരള സോഷ്യൽ സെക്യൂരിറ്റി മിഷനുമാണ്. ആരോഗ്യകരമായ വാർദ്ധക്യത്തിനായി ഒരു നയം പിന്തുടരുന്നതിനുള്ള ഒരു ശ്രമം എന്നാൽ "ആരോഗ്യകരമായ വാർദ്ധക്യത്തെ പ്രാപ്തമാക്കാനായി പ്രവർത്തനക്ഷമത വികസിപ്പിക്കുന്നതിനും പരിപാലിക്കുന്നതിനുമുള്ള പ്രക്രിയ" ആണ്. എല്ലാ ജനങ്ങൾക്കും മൂല്യാധിഷ്ഠിതമായ പ്രവർത്തനങ്ങൾ ചെയ്യാൻ കഴിയത്തക്ക കഴിവുകളുള്ളതിനെയാണ് പ്രവർത്തനക്ഷമത എന്ന് അർത്ഥമാക്കുന്നത്.

ഒരു വ്യക്തിക്ക് ചുവടെ പറയുന്നവ ചെയ്യാനുള്ള കഴിവും ഇതിൽ ഉൾപ്പെടുന്നു

- അവരുടെ അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റുക
- പഠിക്കാനും വളരാനും തീരുമാനങ്ങൾ എടുക്കാനുമുള്ള കഴിവ്
- ബന്ധങ്ങൾ കെട്ടിപ്പടുക്കാനും നിലനിർത്താനും സമൂഹത്തിനു സംഭാവനകൾ നൽകലും

സംസ്ഥാന വയോജന നയം 2013

സംസ്ഥാനത്തെ 60 വയസ്സിനു മേൽ പ്രായമുള്ള എല്ലാവരുടെയും താല്പര്യ സംരക്ഷണം സമൂഹത്തിന്റെ ചുമതലയായി ഈ നയം വിഭാവനം ചെയ്യുന്നു. മുതിർന്ന പൗരന്മാർക്ക് അർഹമായ സ്നേഹവും ബഹുമാനവും നൽകുന്നതോടൊപ്പം അവരുടെ ആരോഗ്യം സാമ്പത്തിക സ്ഥിതി എന്നിവയ്ക്ക് പ്രത്യേക പരിഗണന നൽകേണ്ടതുമാണ്. മുതിർന്നവർക്ക് യോജിക്കുന്ന തൊഴിലുകൾ കണ്ടെത്തി അഭിമാനപൂർവ്വം സമൂഹത്തിലെ ഒരംഗമായി കഴിയാനുള്ള സാഹചര്യം ഒരുക്കാനും ശ്രമിക്കേണ്ടതുണ്ട്. മുതിർന്നവരുടെ ക്ഷേമത്തിനായുള്ള വിവിധ പദ്ധതികൾ സംബന്ധിച്ചും നയത്തിൽ പ്രതിപാദിക്കുന്നു.

മുതിർന്നവരുടെ സംരക്ഷണത്തിനായി പ്രവർത്തിക്കുന്ന കേരളത്തിലെ സ്ഥാപനങ്ങൾ

സാമൂഹ്യ നീതി വകുപ്പിന്റെ കീഴിൽ 16 സർക്കാർ വൃദ്ധ മന്ദിരങ്ങൾ പ്രവർത്തിച്ചു വരുന്നു. ഇതിൽ 11 ഹോമുകളും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക്

ചിത്രം 6.3.1 വൃദ്ധസദനങ്ങളിലെ മുതിർന്നവരുടെ എണ്ണം



കേരളത്തിലെ മുതിർന്ന പൗരന്മാരുടെ പരിപാലന ക്ഷേമ ചട്ടങ്ങൾ 2008

കൈമാറികൊടുക്കുകയും ഇതിനായുള്ള പദ്ധതി തുകയും തദ്ദേശ ഭരണ സ്ഥാപനം മുഖേനതന്നെ അനുവദിച്ചുവരുന്നു. സംസ്ഥാന ഗവൺമെന്റിന്റെ ചട്ടങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായി 630 വൃദ്ധസദനങ്ങൾ പ്രവർത്തിച്ചു വരുന്നു. ഓർഫനേജസ് ആന്റ് അതർ ചാരിറ്റബിൾ ഹോംസ് ആക്ട് 1960 പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളവയാണ് ഈ ഹോമുകൾ. സായംപ്രഭ ഹോമുകൾ പകൽ പരിപാലന കേന്ദ്രങ്ങളാണ്. തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ കീഴിൽ പ്രവർത്തിക്കുന്ന പകൽ പരിപാലന കേന്ദ്രങ്ങളിൽ കെയർ പ്രൊവൈഡർ, യോഗ ക്ലാസുകൾ, ധ്യാന ക്ലാസ്സുകൾ, വിനോദ സൗകര്യങ്ങൾ, ഫർണിച്ചറുകൾ, വീൽചെയറുകൾ എന്നീ അധിക സൗകര്യങ്ങൾ ഏർപ്പെടുത്തി മെച്ചപ്പെടുത്തുന്നു. നിലവിൽ 82 പകൽ പരിപാലന കേന്ദ്രങ്ങൾ സായംപ്രഭ ഹോമുകളായി മെച്ചപ്പെടുത്തിയിട്ടുണ്ട്. ഇതിൽ രണ്ടെണ്ണം മാതൃകാ സായംപ്രഭ ഹോമുകളായി പ്രവർത്തിക്കുന്നു. (മുതിർന്നവർക്കുള്ള വിവിധ സേവന പകൽ പരിപാലന കേന്ദ്രം). ഈ കേന്ദ്രങ്ങൾ അടിയന്തിരമായി ആവശ്യമുള്ള സേവനങ്ങൾ നൽകുകയും ആവശ്യമുള്ള പ്രായത്തിൽ ഒരു പ്രതിബന്ധമുക്ത സംവിധാനം ലഭ്യമാകുകയും ചെയ്യുന്നു. പകൽ സമയത്ത് ഏകാന്തത അനുഭവിക്കുന്ന മുതിർന്നവർക്ക് ആശ്വാസം നൽകാനും പകൽ പരിപാലനകേന്ദ്രങ്ങൾ അവസരം ഒരുക്കുന്നു.

ആരോരുമില്ലാത്ത മുതിർന്നവരുടെ സുരക്ഷിതത്വത്തിനും സംരക്ഷണത്തിനുമായി പ്രവർത്തിക്കുന്നവയാണ് വൃദ്ധ മന്ദിരങ്ങളും പകൽ പരിപാലന കേന്ദ്രങ്ങളും. ഈ സ്ഥാപനങ്ങളിലേക്ക് പ്രവേശനത്തിനായി സ്ഥാപനത്തിന്റെ സൂപ്രണ്ടിന് അപേക്ഷ നൽകേണ്ടതും ജില്ലാ പ്രൊബേഷൻ ഓഫീസറുടെ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രവേശനം അനുവദിക്കുകയും ചെയ്യുന്നു.

വൃദ്ധജനങ്ങളെ വൃദ്ധസദനത്തിലേക്ക് അയയ്ക്കുന്ന സംസ്കാരം കേരളത്തിൽ വളരെ വേഗത്തിൽ വർദ്ധിച്ചു വരുന്നു. വൃദ്ധ സദനങ്ങളിലുള്ളവരുടെ എണ്ണം 2015–16–ൽ 17499 ഉം 2016–17–ൽ 19149 ഉം 2017–18–ൽ 27272 ആയും 2018–19 – ൽ 28029 ആയും ഉയർന്നു കൊണ്ടിരിക്കുന്നു (സാമൂഹ്യ നീതിവകുപ്പിന്റെ കീഴിലുള്ളതും രജിസ്റ്റർ ചെയ്ത ക്ഷേമ സ്ഥാപനങ്ങളിലും ഉൾപ്പെടെ).

ഈ ചട്ടങ്ങൾ പ്രകാരം സ്വയം പരിപാലനം നടത്താൻ കഴിയാത്ത മുതിർന്ന പൗരന്മാർക്കു പരിപാലനത്തിനായി മെയ്ന്റനൻസ് ട്രിബ്യൂണലിനെ സമീപിക്കാവുന്നതാണ്. ഈ ചട്ടങ്ങൾ പ്രകാരം ഓരോ സബ് ഡിവിഷനിലും മെയ്ന്റനൻസ് ട്രിബ്യൂണലിന്റെ പ്രൈസൈഡിങ് ഓഫീസർ ആയി റെവന്യൂ ഡിവിഷണൽ ഓഫീസർ നിയമിക്കപ്പെടുന്നു. ജില്ലാ കളക്ടർമാരെ ഓരോ ജില്ലയുടെയും അപ്പലേറ്റ് ട്രിബ്യൂണലിന്റെ പ്രൈസൈഡിങ് ഓഫീസർമാരായി നിയമിച്ചിരിക്കുന്നു. ഓരോ ജില്ലയുടെയും പരിപാലന ഓഫീസറായി ജില്ലാ ക്ഷേമ ഓഫീസർ നിർദേശിക്കപ്പെട്ടിരിക്കുന്നു.

കേന്ദ്രസർക്കാരിന്റെ പദ്ധതികൾ

രാഷ്ട്രീയ വയോശ്രീ യോജന

2011 സെൻസസ് പ്രകാരം ഇന്ത്യയിലെ മുതിർന്ന പൗരന്മാരുടെ ജനസംഖ്യ 10.38 കോടിയാണ്. ഇതിൽ 1.13 കോടി 80 വയസ്സിനു മുകളിലുള്ളവരാണ്. 70 ശതമാനത്തിലധികം പേരും രാജ്യത്തിന്റെ ഗ്രാമീണ മേഖലയിൽ താമസിക്കുന്നവരാണ്. വാർദ്ധക്യപരമായി പല തരത്തിലുള്ള വൈകല്യങ്ങൾ മൂലം ബുദ്ധിമുട്ടുന്നവരാണ് 5.2 ശതമാനം മുതിർന്നവർ. ജനസംഖ്യ ഘടനയിലുണ്ടായ പെട്ടെന്നുള്ള മാറ്റവും ദീർഘായുസ്സും ആരോഗ്യ സംരക്ഷണത്തിനുള്ള മുൻകരുതലുകളും മറ്റു വികസന സൂചകങ്ങളും കാരണം ഇന്ത്യയിലെ ജനസംഖ്യ പ്രായമായിക്കൊണ്ടിരിക്കുന്ന ഒരു പ്രതിഭാസത്തിലേക്ക് പുരോഗമിച്ചുകൊണ്ടിരിക്കുന്നു. 2026 ആകുമ്പോഴേക്കും മുതിർന്നവരുടെ ജനസംഖ്യ 17.3 കോടി ആയേക്കാമെന്നാണ് സൂചിപ്പിക്കുന്നത്. ബിപിഎൽ വിഭാഗത്തിൽപെടുന്ന പ്രായപരിധി മൂലമുള്ള വൈകല്യങ്ങളുള്ള മുതിർന്ന പൗരന്മാർക്ക് ഈ കേന്ദ്ര ഗവൺമെൻറ് സ്കീം സഹായവും സഹായ ഉപകരണങ്ങളും നൽകുന്നു. കാഴ്ച, കേൾവി, പല്ല്, ലോക്കോമോട്ടോർ എന്നീ വൈകല്യങ്ങളെ/ രോഗങ്ങളെ അഭിമുഖീകരിക്കാൻ ഈ പദ്ധതി ലക്ഷ്യമിടുന്നു.

വയോജനങ്ങൾക്കായുള്ള സംയോജിത പദ്ധതി

സർക്കാർ/സർക്കാരിതര സംഘടനകൾ/തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ/സമൂഹം എന്നിവക്ക് പിന്തുണ നൽകുന്നതിലൂടെ ഉൽപാദനക്ഷമവും സജീവവുമായ ജീവിതം പ്രോത്സാഹിപ്പിക്കുക താമസം, ഭക്ഷണം, വൈദ്യ പരിചരണം, വിനോദ അവസരങ്ങൾ എന്നീ അടിസ്ഥാന ആവശ്യങ്ങൾ ലഭ്യമാക്കി പ്രായമായവരുടെ ജീവിത നിലവാരം ഉയർത്തുക എന്നിവയാണ് ഈ പദ്ധതിയുടെ മുഖ്യ ലക്ഷ്യം.

ദേശീയ വാർധക്യകാല പെൻഷൻ പദ്ധതി

ഇന്ദിരാഗാന്ധി ദേശീയ വാർധക്യകാല പെൻഷൻ പദ്ധതി എന്നത് (IGNOAPS) 60 വയസിനും അതിനുമുകളിലുള്ളവർക്കും ദാരിദ്ര്യരേഖയ്ക്കു താഴെ ജീവിക്കുന്നവർക്കുമുള്ള ഒരു നോൺ–കോൺട്രിബ്യൂട്ടറി വാർധക്യകാല പെൻഷൻ പദ്ധതിയാണ്. 60–75 വയസ് പ്രായമുള്ള എല്ലാ ഐ.ജി.എൻ.ഒ.എ.പി.എസ്. ഗുണഭോക്താക്കൾക്കും പ്രതിമാസം 1200 രൂപ പെൻഷൻ ലഭിക്കുന്നു. 75 വയസ്സും അതിനുമുകളിലും ഉള്ളവർക്ക് പ്രതിമാസ പെൻഷൻ ആനുകൂല്യം

1500 രൂപയും ലഭിക്കുന്നു. മറ്റു സാമൂഹ്യ ക്ഷേമ പെൻഷനുകൾക്കൊപ്പം ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷനും തദ്ദേശ സ്ഥാപനങ്ങളാണ് കൈകാര്യം ചെയ്യുന്നത്. 2018-19-ൽ 222 കോടി രൂപ കേന്ദ്ര വിഹിതമായും 5269.79 കോടി രൂപ സംസ്ഥാന വിഹിതമായും ഇതിനായി വിനിയോഗിച്ചിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങൾ അപേക്ഷകൾ സ്വീകരിച്ച തുടർനടപടികൾക്ക് ശേഷം പദ്ധതിപ്രകാരമുള്ള പെൻഷൻ അനുവദിക്കുന്നു.

പൊതു ഗതാഗത സംവിധാനത്തിൽ സംവരണം

ഷിപ്പിംഗ്, റോഡ് ഗതാഗതം, ഹൈവേ മന്ത്രാലയത്തിന്റെ നിർദ്ദേശത്തിലൂടെ സംസ്ഥാന റോഡ് ഗതാഗത സ്ഥാപനങ്ങളുടെ ബസുകളിൽ മുൻനിരയിൽ മുതിർന്ന പൗരന്മാർക്ക് രണ്ട് സീറ്റുകളിൽ സംവരണം നൽകുന്നു. കേരളത്തിലെ എല്ലാ സംസ്ഥാന ബസ് സർവ്വീസുകളിലും ഇത് നടപ്പിലാക്കിയിട്ടുണ്ട്. ഇന്ത്യൻ പൗരന്മാരായ മുതിർന്നവർക്ക് (60 വയസ്സിനു മുകളിൽ) ആകാശ മാർഗ്ഗം സ്വകാര്യ യാത്രാ നിരക്കിൽ 50 ശതമാനം കുറവുണ്ട്. 60 വയസ്സിനു മുകളിൽ പ്രായമുള്ള പുരുഷന്മാർക്കും 58 വയസ്സിനു മുകളിൽ പ്രായമുള്ള സ്ത്രീകൾക്കും ട്രെയിൻ യാത്രാ നിരക്കിൽ 40 ശതമാനം, 50 ശതമാനം കിഴിവ് അനുവദിച്ചിട്ടുണ്ട്.

സംസ്ഥാന സർക്കാരിന്റെ പദ്ധതികൾ

വയോജന സൗഹൃദ പഞ്ചായത്തുകൾ

സംസ്ഥാന വയോജന നയം, 2013 ന്റെ ഭാഗമായി സാമൂഹ്യനീതി വകുപ്പ് ഏറ്റെടുത്ത് നടപ്പാക്കുന്ന പദ്ധതിയാണ് വയോജന സൗഹൃദ പഞ്ചായത്ത്. സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളും വയോജന സൗഹൃദ പഞ്ചായത്തുകളായി മാറ്റിയെടുത്ത് വയോജനങ്ങൾക്ക് മെച്ചപ്പെട്ട ആരോഗ്യവും പങ്കാളിത്തവും ഉറപ്പാക്കി അവരുടെ ജീവിതനിലവാരം ഉയർത്താൻ ഈ പദ്ധതി ലക്ഷ്യമിടുന്നു.

വയോമിത്രം

കേരള സാമൂഹ്യ സുരക്ഷ മിഷൻ വയോമിത്രം പരിപാടി 6 മുനിസിപ്പൽ കോർപ്പറേഷനുകളിലും 14 ജില്ലകളിലായി 85 മുനിസിപ്പാലിറ്റികളിലും നടപ്പാക്കുന്നുണ്ട്. കേരള സാമൂഹിക സുരക്ഷാ മിഷൻ സംസ്ഥാനത്തെ കോർപ്പറേഷൻ/മുനിസിപ്പൽ പ്രദേശങ്ങളിൽ താമസിക്കുന്ന 65 വയസ്സിന് മുകളിലുള്ള പ്രായമായവർക്ക് ആരോഗ്യ പരിരക്ഷയും പിന്തുണയും നൽകുന്ന വയോമിത്രം പദ്ധതി നടപ്പാക്കുന്നു. മൊബൈൽ ക്ലിനിക്കുകൾ മുഖേന ആരോഗ്യ പരിശോധനയും ചികിത്സയും. സാന്ത്വന പരിപാലനം, കൗൺസിലിംഗ്, പ്രായമായവരുടെ സഹായ കേന്ദ്രങ്ങൾ എന്നിവ വഴി സൗജന്യ മരുന്നുകൾ വയോമിത്രം പരിപാടി നൽകുന്നു. അതാതു പ്രദേശത്തെ തദ്ദേശഭരണസ്ഥാപനവുമായി ഒരു സംയുക്ത സംരംഭമായിട്ടാണ് പദ്ധതി നടപ്പാക്കുന്നത്. ഈ പദ്ധതി വാർഡ് തലത്തിൽ ക്ലിനിക്കുകൾ നടത്തിക്കൊണ്ട് മരുന്ന് സൗജന്യമായി നൽകുന്നു. ഓരോ മൊബൈൽ യൂണിറ്റിലും മെഡിക്കൽ ഓഫീസർ, സ്റ്റാഫ് നഴ്സ്, ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് എന്നിവർ ഉൾപ്പെടുന്നു. പദ്ധതി പ്രദേശത്തെ കിടപ്പു രോഗികൾക്ക് സാന്ത്വന പരിചരണ സേവനം നൽകുന്നു. പ്രത്യേക പരിശീലനം ലഭിച്ച നഴ്സുമാരുടെയും ജെ.പി.എച്.എൻ മാരുടെയും സേവനം ലഭ്യമാണ്. വയോമിത്രം കോ-ഓർഡിനേറ്റർമാർ ഈ പ്രദേശത്തെ ആവശ്യമുള്ള വയോജനങ്ങൾക്കു സഹായ കേന്ദ്രത്തിന്റെ സേവനം നൽകും. വയോജനങ്ങൾക്കു വയോമിത്രം ഓഫീസിൽ നിന്ന് സഹായം ലഭ്യമാകാൻ കഴിയും. ഈ പദ്ധതി പ്രകാരം, ക്യാൻസർ നിർണ്ണയ ക്യാമ്പുകൾ, ദന്തസംരക്ഷണ ക്യാമ്പുകൾ, വിനോദ പരിപാടികൾ എന്നിവ വർഷം തോറും നടത്തി വരുന്നു. 2018-19 -ൽ ഗുണഭോക്താക്കളുടെ എണ്ണം 2,69,416 ആണ്. സംസ്ഥാനത്തെ എല്ലാ ബ്ലോക്ക് പഞ്ചായത്തുകളിലും വയോമിത്രം യൂണിറ്റുകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പ്രാരംഭമായി എല്ലാ ജില്ലകളിലും ഓരോ ബ്ലോക്കിൽ വീതം നടത്താനാണ് നടപടി സ്വീകരിച്ചിട്ടുള്ളത്. ഇതിന്റെ ആദ്യ ഘട്ടമായി ഓരോ ജില്ലയിലെയും ഓരോ ബ്ലോക്കിലും വയോമിത്രം യൂണിറ്റ് സ്ഥാപിക്കാൻ ലക്ഷ്യമിടുന്നു. മുതിർന്നവർക്ക് ആയുർവ്വേദ ചികിത്സ നൽകുന്ന 'ആയുർമിത്രം' 6 കോർപ്പറേഷനുകളിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്നു.

വയോ അമൃതം

ആരോഗ്യപ്രശ്നങ്ങൾ നേരിടുന്ന അംഗങ്ങളുടെ ചികിത്സയ്ക്കായി ഭാരതീയ ചികിത്സ വകുപ്പിന്റെ (ഐ.എസ്.എം) സഹായത്തോടെ സർക്കാർ വൃദ്ധസദനങ്ങളിൽ സാമൂഹ്യനീതി വകുപ്പ് ഈ പരിപാടി ഏറ്റെടുത്തു നടപ്പിലാക്കി. പ്രമേഹ രോഗങ്ങൾ, ആസ്ത്മ, ത്വക് രോഗങ്ങൾ, വാതം, കണ്ണ്, ചെവി രോഗങ്ങൾ തുടങ്ങിയ ആരോഗ്യപ്രശ്നങ്ങളാണ് ചികിത്സിക്കുന്ന കേസുകളിൽ ഭൂരിഭാഗവും. ആരോഗ്യ പരിചരണത്തിൽ കൗൺസിലിംഗും സാന്ത്വന പരിചരണവും ഉൾപ്പെടുന്നു. ഈ പദ്ധതി പ്രകാരം സാമൂഹ്യ നീതി വകുപ്പിന്റെ കീഴിലുള്ള സർക്കാർ വൃദ്ധ മന്ദിരങ്ങളിലെ അന്തേവാസികൾക്കായുള്ള ആയുർവേദ ചികിത്സ നൽകുന്നു. ഒരു ഡോക്ടറുടെയും അറ്റൻഡറുടെയും സഹായം ഈ അന്തേവാസികൾക്കു നൽകുന്നു. ഈ പദ്ധതി പ്രകാരം 2018-19-ൽ സർക്കാർ വൃദ്ധ സദനങ്ങളിലെ 786 അന്തേവാസികൾക്ക് ആയുർവ്വേദ ചികിത്സ നൽകി.

മന്ദഹാസം

മുതിർന്ന പൗരന്മാർക്ക് സൗജന്യമായി പല്ല് നൽകുന്ന സാമൂഹ്യ നീതി വകുപ്പിന്റെ പദ്ധതിയാണ് മന്ദഹാസം. പല്ലുകൾ നഷ്ടപ്പെട്ടശേഷം പ്രായമായവർ നേരിടുന്ന പോഷകാഹാരവും ശാരീരികവും മാനസികവുമായ പ്രശ്നങ്ങൾ കുറയ്ക്കുന്നതിന് ഈ പദ്ധതി ലക്ഷ്യമിടുന്നു. ഗുണഭോക്താക്കൾക്ക് ചികിത്സ ലഭ്യമാക്കാൻ കഴിയുന്ന ഡന്റൽ കോളജുകളുടെയും ഡെന്റൽ ട്രീറ്റ് സെന്ററുകളുടെയും ലിസ്റ്റ് വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. നിലവാരവും മാനദണ്ഡവും ഉറപ്പാക്കുന്നതിലൂടെ കൃത്രിമ പല്ലിന്റെ ഗുണനിലവാരവും ചികിത്സയുടെ ഗുണനിലവാരവും ഉറപ്പാക്കും. ബിപിഎൽ വിഭാഗത്തിൽ വരുന്ന മുതിർന്ന പൗരന്മാർക്ക് ഈ പദ്ധതിയിലൂടെ സഹായത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്. ഒരു ഗുണഭോക്താവിന് അയ്യായിരം രൂപയാണ് പരമാവധി സാമ്പത്തിക സഹായം ലഭിക്കുക. 2018–19–ൽ 1301 മുതിർന്നവർക്ക് സഹായം നൽകിയിട്ടുണ്ട്.

സായംപ്രഭ പദ്ധതി – മുതിർന്ന പൗരന്മാർക്കായുള്ള സമഗ്ര പദ്ധതി

സാമൂഹ്യ നീതി വകുപ്പിന്റെ സംരംഭമായ സായംപ്രഭ തദ്ദേശ ഭരണ സ്ഥാപനങ്ങളുമായി ചേർന്ന് പകൽ പരിപാലന സൗകര്യങ്ങൾ പ്രദാനം ചെയ്യുന്നു. മറ്റു ക്ഷേമ പ്രവർത്തനങ്ങളും വിവിധ പശ്ചാത്തലങ്ങളിലും വിവിധ രൂപത്തിലും മുതിർന്നവർക്കെതിരെയുണ്ടാകുന്ന അധിക്ഷേപങ്ങൾ സംബന്ധിച്ച് ബോധവത്ക്കരണ പരിപാടിയും ഈ പദ്ധതിയിൽ ഉൾപ്പെടുന്നു. മുതിർന്നവരുടെ ക്ഷേമത്തിനായുള്ള വിവിധ പ്രവർത്തനങ്ങൾ ഈ പദ്ധതി പ്രകാരം നടപ്പാക്കുന്നു. വയോസംഗമം, മന്ദഹാസം, വയോമധുരം, പ്രവർത്തന ക്ഷമമായതും ആരോഗ്യപരമായതുമായ വാർദ്ധക്യം സംബന്ധിച്ച ബോധവത്ക്കരണ പരിപാടി, പശ്ചാത്തല സൗകര്യങ്ങളും ഓഫീസുകളും വയോജന സൗഹൃദമാക്കുക എന്നിവ ഈ പദ്ധതിയുടെ പ്രവർത്തനങ്ങളാണ്.

വയോമധുരം

ഇന്ത്യയിൽ പ്രമേഹ രോഗികളുടെ എണ്ണം കൂടുതലുള്ളത് കേരളത്തിലാണ്. ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ച് അടുത്ത കാലത്ത് നടത്തിയ പഠനത്തിൻ പ്രകാരം കേരളത്തിലെ 19.4 ശതമാനം ജനങ്ങൾ പ്രമേഹ രോഗികളാണ്. മുതിർന്നവരിൽ 80 ശതമാനം പേർക്കും പ്രമേഹം ഉണ്ട്. വയോജന സൗഹൃദ സംസ്ഥാനമാക്കുന്നതിന്റെ ഭാഗമായി കേരള സർക്കാരിന്റെ കീഴിലുള്ള സാമൂഹ്യ നീതി വകുപ്പ് പുതിയ സംരംഭമായ 'വയോമധുരം' പദ്ധതി ആരംഭിച്ചു. ഈ പദ്ധതി പ്രകാരം ബി.പി.എൽ വിഭാഗത്തിൽപ്പെടുന്ന മുതിർന്ന പ്രമേഹ രോഗികൾക്ക് സൗജന്യമായി ഗ്ലൂക്കോമീറ്ററുകൾ നൽകുന്നു. ഈ പദ്ധതിയിൻ കീഴിൽ 14000 ഗ്ലൂക്കോമീറ്ററുകൾ മുതിർന്ന പ്രമേഹ രോഗികൾക്ക് നൽകുന്നതാണ്.

അദ്ധ്യായം

07

തൊഴിലും തൊഴിലാളി ക്ഷേമവും

അദ്ധ്യായം

07

തൊഴിലും തൊഴിലാളി ക്ഷേമവും

7.1 തൊഴിലാളി ക്ഷേമം

തൊഴിൽ വിപണിയുടെ മാറുന്ന ആവശ്യങ്ങളോട് ഒരു അവകാശാധിഷ്ഠിത സമീപനമാണ് കേരളം പിന്തുടർന്നിട്ടുള്ളത്. വ്യാവസായിക മേഖലയുടെയും ഒപ്പം തൊഴിലാളികളുടെയും സർവ്വോന്മുഖ വളർച്ചക്ക് സഹായകമാകുന്ന രീതിയിലാണ് ഗവണ്മെന്റിന്റെ നയപരമായ ഇടപെടലുകൾ. ഒരാൾക്ക് സ്വന്തം ഇഷ്ടപ്രകാരം ജോലി ചെയ്യാനുള്ള അവകാശം, വിവേചനത്തിനെതിരെയുള്ള അവകാശം, ബാലവേല തടയൽ, സാമൂഹ്യ സുരക്ഷിതത്വം, കൂലി സംരക്ഷണം, പരാതി പരിഹരണം, ട്രേഡ് യൂണിയനിൽ ചേരാനും, സംഘടിക്കാനും ഉള്ള അവകാശം, സംഘടിതമായുള്ള വില പേശൽ, ഭരണ പങ്കാളിത്തം എന്നിങ്ങനെ തൊഴിലാളികളുടെ സംരക്ഷണം ഉറപ്പു വരുത്തുന്നതിനുള്ള നിരന്തര ഇടപെടലുകൾ ഗവണ്മെന്റ് നടത്തിക്കൊണ്ടിരിക്കുന്നു. തൊഴിൽ നിയമങ്ങളും, തൊഴിലാളി ക്ഷേമ പദ്ധതികളും, സംസ്ഥാനം നടപ്പിലാക്കുന്നത്, രാജ്യത്തിന്റെ മറ്റു ഭാഗങ്ങളിൽ നിന്നും വിഭിന്നമായാണ്. ഓരോ തൊഴിലാളിയും ഏതെങ്കിലും ഒരു ക്ഷേമ ബോർഡിൽ അംഗമായിരിക്കണമെന്നും, അവർക്കെല്ലാം ജീവിത കാലം മുഴുവൻ സാമൂഹ്യ സുരക്ഷ ലഭിക്കണമെന്നതുമാണ് ഗവർന്മെന്റിന്റെ കാഴ്ചപ്പാട്. നിലവിൽ സംസ്ഥാനത്ത് നില നിൽക്കുന്ന 29 തൊഴിലാളി ക്ഷേമ ബോർഡുകളിൽ 16 എണ്ണവും ലേബർ കമ്മിഷണറേറ്റിന്റെ കീഴിൽ ആണ്.

ഉയർന്ന നിരക്കിലുള്ള തൊഴിലില്ലായ്മ, തൊഴിലിന്റെ അഭാവവും, ഉത്പാദന ക്ഷമത കുറഞ്ഞ നിരക്കിലുള്ള തൊഴിലും, നിലവാരമില്ലാത്ത തൊഴിൽ വൈദഗ്ദ്യവും പരിശീലനവും, കുറഞ്ഞതൊഴിൽ പങ്കാളിത്തം, കുറഞ്ഞ തൊഴിലാളി-ജനസംഖ്യാനുപാതം, സ്ത്രീ-പുരുഷ വേതന അസമത്വം എന്നീമേഖലകളിൽ കേരളം വെല്ലുവിളികൾ അഭിമുഖീകരിക്കുന്നുണ്ട്. തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും തൊഴിൽ അധിഷ്ഠിത വികസനം കൈവരിക്കാനും കുറഞ്ഞ മൂല്യ വർദ്ധിത തൊഴിലിൽ നിന്നും കൂടിയ മൂല്യ വർദ്ധിത മേഖലയിലേക്ക് കരകയറാനുമുള്ള അവസരങ്ങൾ സംസ്ഥാനം നൽകേണ്ടത് അത്യാവശ്യമാണ്. കേരളത്തിലെ നഗര ഗ്രാമീണ മേഖലകളിൽ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, സാമൂഹിക സുരക്ഷാ പദ്ധതികൾക്കു വേണ്ടി ഏകീകൃതവും സംയോജിതവുമായ ഒരു നിയമം നിർമ്മിക്കുക, താഴേക്കിടയിലുള്ള തൊഴിലാളികൾക്ക് ഗുണകരമാകുന്ന വിധം ധനവിഹിത മുൻഗണനാക്രമം പുനരാവിഷ്ക്കരിക്കുക, തൊഴിൽ നിയമങ്ങളിൽ കാലാനുസൃത ഭേദഗതികൾ വരുത്തുക, വ്യാവസായിക തർക്ക നിയമം 1947-ൽ ആവശ്യമായ ഭേദഗതികൾ വരുത്തുക, തൊഴിൽ പരിശീലന സ്ഥാപനങ്ങളിലെ ഉള്ളടക്കവും സിലബസും പാഠ്യപദ്ധതി മാറ്റുക എന്നിങ്ങനെ തൊഴിൽ പ്രേരകമായൊരു സമ്പദ് വ്യവസ്ഥ നേടിയെടുക്കുന്നതിനാണ് സംസ്ഥാനം ലക്ഷ്യമിടുന്നത്. വർദ്ധിച്ചുവരുന്ന അന്തർ സംസ്ഥാന അന്താരാഷ്ട്ര കുടിയേറ്റ പശ്ചാത്തലത്തിൽ തൊഴിൽ പരിഷ്ക്കാരങ്ങൾ വരുത്തുന്നതിലേയ്ക്കായി നിരീക്ഷണവും വിശകലനവും പരിഗണിക്കുന്നുണ്ട്.

ദിവസ വേതന നിരക്ക്

രാജ്യത്തിന്റെ മറ്റുഭാഗങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കാർഷിക-കാർഷികേതര മേഖലകളിലെ തൊഴിലാളികളുടെ കൂലിനിരക്ക് കേരളത്തിൽ വളരെ കൂടുതലാണ്. 2018 ഡിസംബർ മാസത്തിൽ, ഇന്ത്യാ ഗവൺമെന്റിന്റെ ലേബർബ്യൂറോ പുറത്തുവിട്ട കണക്കനുസരിച്ച്, കേരളത്തിൽ കാർഷിക വൃത്തിയിൽ ഏർപ്പെടുന്ന സ്ത്രീ-പുരുഷ തൊഴിലാളികളുടെ ശരാശരി ദിവസക്കൂലി യഥാക്രമം 544.72 രൂപയും 758.52 രൂപയും ആണ്. ദിവസ വേതന നിരക്കിന്റെ ദേശീയ ശരാശരി യഥാക്രമം 238.43 രൂപയും, 288.24 രൂപയും ആണ്. കേരളത്തിലെ ശരാശരി വേതന നിരക്ക് ദേശീയ ശരാശരിയെക്കൾ 200 ശതമാനത്തോളം വർദ്ധനവ് ഉണ്ട്. **ചിത്രം 7.1.1**ൽ കേരളത്തിലെ കാർഷിക മേഖലയിലെ സ്ത്രീ-പുരുഷ തൊഴിലാളികളുടെ ദിവസ വേതന നിരക്ക് ദേശീയ ശരാശരിയുമായും മറ്റു തെക്കൻ സംസ്ഥാനങ്ങളുമായും താരതമ്യം ചെയ്ത് കാണിച്ചിരിക്കുന്നു.

ചിത്രം. 7.1.1 കേരളത്തിലെ സ്ത്രീ പുരുഷ ശരാശരി വേതന നിരക്ക് മറ്റു സംസ്ഥാനങ്ങളുമായി താരതമ്യം



അവലംബം: ലേബർ ബ്യൂറോ, തൊഴിലും തൊഴിലാളി മന്ത്രാലയം, ഇന്ത്യഗവണ്മെന്റ്

രാജ്യത്തിന്റെ മറ്റു ഭാഗങ്ങളിൽ നിലവിലുള്ള കൂലി നിരക്കുമായി താരതമ്യം ചെയ്യുമ്പോൾ, കേരളത്തിലെ കൂലി നിരക്ക് കൂടുതലാണെങ്കിലും, കൂലിയിലെ സ്ത്രീ–പുരുഷ അന്തരം പ്രകടമാണ്. കാർഷിക മേഖലയിലെ ജോലികളിൽ ഏർപ്പെടുന്ന സ്ത്രീ–പുരുഷന്മാരുടെ കൂലി തമ്മിൽ 70 ശതമാനത്തോളം അന്തരമുണ്ട്. കേരളത്തിൽ പോലും നിലവിലുള്ള ഈ കൂലി വ്യത്യാസം കാണിക്കുന്നത്, സ്ത്രീ പുരുഷ സമത്വം യാഥാർത്യത്തിൽ നിന്നും വളരെ അകലെയാണ് എന്നതാണ്. കേരളത്തിലെ ശരാശരി കൂലി നിരക്ക് രാജ്യത്തെ മിനിമം കൂലി നിരക്കിനേക്കാൾ ഉയർന്നതായതിനാൽ മറ്റു സംസ്ഥാനങ്ങളിലെ, പ്രത്യേകിച്ചും കൂലി കുറഞ്ഞ സംസ്ഥാനങ്ങളിലെ തൊഴിലാളികൾ ഇങ്ങോട്ട് ആകർഷിക്കപ്പെടുന്നുണ്ട്. കേരളത്തിലെ ഗ്രാമീണ കാർഷികേതര മേഖലയിലെ ശരാശരി കൂലി നിരക്ക് 2019 ഡിസംബർ മാസത്തെ കണക്കനുസരിച്ച് **ചിത്രം 7.1.2** ൽ ചിത്രീകരിച്ചിരിക്കുന്നു.

തൊഴിൽ ഘടന

കേരളത്തിലെ തൊഴിലാളികൾ പ്രധാനമായും അനൗപചാരിക മേഖലയിലും (കയറ്റിറക്ക്, കാഷ്വൽ ജോലി, കെട്ടിട നിർമ്മാണം, തൊഴിൽ, ഇഷ്ടിക നിർമ്മാണം, സ്വയം തൊഴിൽ മുതലായവ), പരമ്പരാഗത വ്യവസായത്തിലും (കയർ, കശുവണ്ടി, കൈത്തറി, ബീഡി മുതലായവ), ഉല്പാദന മേഖലയിലും (ചെറുകിട, ഇടത്തരം, വൻകിട വ്യവസായങ്ങൾ), ഐ.ടി വ്യവസായത്തിലും കയറ്റുമതി പ്രോത്സാഹന മേഖലകളിലും കാലാവസ്ഥാ ബന്ധിതമായി ജോലി ചെയ്യുന്നവരും ആകുന്നു.

തൊഴിൽ ശക്തിയുടെ അളവ്

ഭൂരിഭാഗം തൊഴിലാളികളും അനൗപചാരിക മേഖലകളിൽ വിവിധ ജോലികൾ ചെയ്യുന്ന ഒരു രാജ്യത്തിലെ, തൊഴിൽ ശക്തി, വ്യാപ്തി എന്നിവ അളക്കുക എന്നത് പ്രയാസകരമായ ഉദ്യമമാണ്.

ചിത്രം 7.1.2 ഗ്രാമീണ കാർഷികേതര മേഖലയിലെ ശരാശരി ദിവസ വേതന നിരക്ക്



അവലംബം: ലേബർ ബ്യൂറോ, തൊഴിലും തൊഴിലാളി മന്ത്രാലയം, ഇന്ത്യഗവണ്മെന്റ്

ഇത്തരം സാഹചര്യങ്ങളിൽ തൊഴിൽ ശക്തിയുടെ ഘടകങ്ങളെ ഏക മാനകത്തിലൂടെ അളക്കുക ശ്രമകരമാണ്. അന്താരാഷ്ട്ര നയപ്രകാരം, തൊഴിൽ ശക്തിയുമായി ബന്ധപെട്ട ഘടകങ്ങളെ ദീർഘകാലയളവിലും ഹ്രസ്വ കാലയളവിലും കണക്കാക്കേണ്ടതുണ്ട്. ഇതനുസരിച്ച് ദീർഘ കാലയളവ് അടിസ്ഥാനമാക്കി തൊഴിൽ ശക്തിയുടെ ഘടകങ്ങളെ രണ്ട് വ്യത്യസ്ത മാർഗങ്ങളിലൂടെ കണ്ടെത്താവുന്നതാണ്.

യുഷ്വൽ പ്രിസിപൽ സ്റ്റാറ്റസ് അപ്രോച്ച്

യുഷ്വൽ പ്രിൻസിപ്പൽ സ്റ്റാറ്റസ് അപ്പ്രോച്ച് പ്രകാരം, ഒരു വ്യക്തി തൊഴിൽ ശക്തിയിൽ പെടുന്നുണ്ടോ എന്ന് തീരുമാനിക്കുന്നത് ഒരു വർഷത്തിൽ (365 ദിവസത്തിൽ) എത്ര ദിവസം ഒരു വ്യക്തിക്ക് തൊഴിൽ ലഭ്യമാകുന്നുണ്ട് എന്നത് അടിസ്ഥാനമാക്കിയാണ്. തൊഴിൽ ശക്തിയിൽ ഉൾപ്പെടുന്നതിനു ഒരു വ്യക്തിക്ക് വർഷത്തിൽ 183 ഓ അതിൽ കൂടുതലോ ദിവസം ജോലി ലഭിക്കേണ്ടതുണ്ട്. ഈ അപ്പ്രോച്ച് പ്രകാരം, തൊഴിലില്ലായ്മ നേരിടുന്ന ഒരു വ്യക്തിസ്ഥിരം തൊഴിലില്ലായ്മയിൽ ആണെന്ന് പറയാം **(ചിത്രം 7.1.3).**

യുഷ്വൽപ്രിൻസിപ്പൽ & സബ്സിഡിയറി സ്റ്റാറ്റസ് അപ്പ്രോച്ച്

തൊഴിലില്ലായ്മ അളക്കുന്നതിനുള്ള മറ്റൊരു പ്രധാന രീതിയാണ് ഇത്. ഈ അപ്പ്രോച്ച് കുറഞ്ഞ സമയ പരിധിയും, ദീർഘ സമയ പരിധിയും കണക്കിലെടുക്കുന്നുണ്ട് (കുറഞ്ഞ സമയ പരിധി എന്നത് 30 ദിവസമൊ അധിലധികമോ). ഈ തിയറി പ്രകാരം ഒരു വ്യക്തിക്ക് വർഷത്തിൽ 30 ദിവസമെങ്കിലും ജോലി ലഭിക്കുന്നു എങ്കിൽ ആ വ്യക്തി തൊഴിലില്ലായ്മ നേരിടുന്നില്ല എന്നാണ്.

(അവലംബം : ആനുവൽ എംപ്ലോയ്മെന്റ് & അൺ എംപ്ലോയ്മെന്റ് സർവ്വെ ഓഫ് ലേബർ ബ്യൂറോ, ഇന്ത്യ ഗവണ്മെന്റ്).

തൊഴിൽ ശക്തി

തൊഴിൽ ശക്തി അല്ലെങ്കിൽ സാമ്പത്തികമായി സജീവമായി നിൽക്കുന്ന ജനസംഖ്യ എന്നതിൽ ഉൾപ്പെടുത്തുന്നതിന് വേണ്ടി തൊഴിൽ പ്രദാനം ചെയ്യുകയോ, തേടുകയോ ചെയ്യുന്ന ഒരു വിഭാഗം ആണ്. ഇതിൽ തൊഴിൽ എടുക്കുന്നവരും, തൊഴിലില്ലായ്മ നേരിടുന്നവരും ഉണ്ടാകും.

ലേബർ ഫോഴ്സ് പാർട്ടിസിപ്പെഷൻ റേറ്റ്

കേരളത്തിലെ തൊഴിൽ ശക്തിയുടെ അവസ്ഥ നിർണയിക്കുന്നതിന് എൽ എഫ് പി ആർ, ഡബ്ല്യു പി ആർ, സ്ഥിരം വേതന നിരക്ക്, വ്യാവസായിക ബന്ധങ്ങൾ എന്നീ സൂചകങ്ങൾ പരിശോധിക്കേണ്ടതുണ്ട്. കുറഞ്ഞ തോതിലുള്ള എൽ എഫ് പി ആർ, എന്നത് ഇന്ത്യൻ സംസ്ഥാനങ്ങളിലെ പ്രത്യേകിച്ചും കേരളത്തിലെ തൊഴിൽ കമ്പോളങ്ങളിലെ സ്ഥിരം സവിശേഷതകളിൽ ഒന്നാണ്. നഗര മേഖലകളിലെ അല്പം വർദ്ധനവ് ഒഴിച്ചാൽ, കഴിഞ്ഞ രണ്ടു വർഷങ്ങളായി ലേബർ ഫോഴ്സ് പാർട്ടിസിപ്പെഷൻ സ്ഥിരമാണ്. എൽ എഫ് പി ആർ, എന്നാൽ മൊത്തം ജനസംഖ്യയിൽ, തൊഴിൽ ശക്തിയിലെ വ്യക്തികളുടെ ശതമാനമാണ്.

LFPR = തൊഴിലാളികളുടെ എണ്ണം + തൊഴിലില്ലാത്തവരുടെ എണ്ണം / മൊത്തം ജനസംഖ്യ * 100

ചിത്രം: 7.1.3 യുഷ്വൽ പ്രിൻസിപ്പൽ സ്റ്റാറ്റസ് അപ്രോച്ച് പ്രകാരമുള്ള ലേബർ ഫോഴ്സ് പാർട്ടിസിപ്പെഷൻ നിരക്ക് (കേരളവും മറ്റു തെക്കൻ സംസ്ഥാനങ്ങളും)



അവലംബം: ആന്വൽ റിപ്പോർട്ട് പെരിയോഡിക് ലേബർ ഫോഴ്സ് സർവ്വേ (PLFS 2017–18) ഇന്ത്യഗവണ്മെന്റ്

തൊഴിലാളി – ജന സംഖ്യ നിരക്ക് (WPR)

തൊഴിലിന്റെ അവസ്ഥ വിശകലനം ചെയ്യുന്നതിനും സമ്പദ് വ്യവസ്ഥയിൽ സാധനങ്ങളുടേയും സേവനങ്ങളുടേയും ഉത്പാദനത്തിൽ ഊർജ്ജസ്വലമായി സംഭാവന ചെയ്യുന്ന ജനസംഖ്യാനുപാതം അറിയുന്നതിനുമുള്ള ഒരു സൂചകമാണ് തൊഴിലാളി ജനസംഖ്യാ നിരക്ക് (ഡബ്ലിയു.പി.ആർ). ഭാരത സർക്കാരിന്റെ തൊഴിൽ മന്ത്രാലയത്തിലെ തൊഴിൽ ബ്യൂറോ നടത്തിയ അഞ്ചാമത് വാർഷിക തൊഴിലും തൊഴിലില്ലായ്മയും സര്വ്വേയിൽ കാണിക്കുന്നത് ഡബ്ലിയു.പി.ആർ കുറഞ്ഞു വരുന്ന പ്രവണതയാണ് **(ചിത്രം 7.1.4)**

സ്ത്രീകളുടെ തൊഴിൽ പങ്കാളിത്ത നിരക്ക്

2001 ലെ സെൻസസ് നിരക്കുമായി (25.63 ശതമാനം) താരതമ്യപ്പെടുത്തുമ്പോൾ സ്ത്രീകളുടെ തൊഴിൽ പങ്കാളിത്ത നിരക്ക് 2011 ൽ 25.51 ശതമാനമാണ്. നാലാമത് വാർഷിക തൊഴിൽ – തൊഴിലില്ലായ്മ കണക്കെടുപ്പ് (2013–14) പ്രകാരം ഗ്രാമീണ മേഖലിലെ സ്ത്രീകളുടെ തൊഴിൽ പങ്കാളിത്ത നിരക്ക് 35.1 ശതമാനവും നഗര മേഖലയിൽ 17.5 ശതമാനവും മാത്രമാണ്. UPPS അപ്പ്രോച്ച് പ്രകാരം മാർച്ച് 2015–16 ലെ അഞ്ചാം തൊഴിൽ തൊഴിലില്ലായ്മ കണക്കെടുപ്പിലെ താരതമ്യപഠനത്തിൽ സ്ത്രീ പങ്കാളിത്ത നിരക്ക് ഗ്രാമീണ മേഖലയിൽ 30.2 ശതമാനവും നഗരമേഖലയിൽ 14.8 ശതമാനവുമാണ്. 2013 ഡിസംബർ നാലാമത്തെയും 2015 ഏപ്രിലിലെ അഞ്ചാമത്തെയും തൊഴിൽ ബ്യൂറോയുടെ തൊഴിൽ തൊഴിലില്ലായ്മ കണക്കെടുപ്പ് പ്രകാരം സ്ത്രീകളുടെ മുഴുവൻ തൊഴിൽ ശക്തി പങ്കാളിത്ത നിരക്ക് 31.1 ശതമാനത്തിൽ നിന്ന് 27.4 ശതമാനമായി കുറഞ്ഞിരിക്കുന്നു എന്നാണ് UPPS അപ്രോച്ച് പ്രകാരം പറയുന്നത്.

വ്യാവസായിക ബന്ധങ്ങൾ

വ്യാവസായിക തർക്ക നിയമം (1947)

1947–ലെ വ്യവസായ തർക്ക നിയമപ്രകാരമുള്ള ആശയങ്ങളുടെ വിശദാംശങ്ങൾ
സമരം: നിയമത്തിലെ വകുപ്പ് 2(9) അനുസരിച്ച് സമരം എന്നത് ഏതെങ്കിലും വ്യവസായ യൂണിറ്റിൽ പണിയെടുക്കുന്ന തൊഴിലാളികൾ ജോലിയിൽ നിന്നും സംഘടിതമായി വിട്ടുനിൽക്കുന്നതോ അല്ലെങ്കിൽ പൊതുവായ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് വിട്ടുനിൽക്കുന്നതോ ആണ്.

പണി നിറുത്തൽ: സെക്ഷൻ 2(1) നിർവ്വചിച്ചിരിക്കുന്നത് തൊഴിലിടം താൽക്കാലികമായി അടച്ചിടുകയോ, പണിമുടക്കമോ അല്ലെങ്കിൽ തൊഴിലും അയാൾ തൊഴിൽ നൽകുന്ന വ്യക്തികളെ ജോലിയിൽ പ്രവേശിപ്പിക്കുന്നത് നിഷേധിക്കുകയോ ചെയ്യുന്നതാണ്.

സാമ്പത്തിക മാന്ദ്യവും മറ്റും കാരണം ജോലിക്കാരെ പിരിച്ചുവിടുക: നിയമത്തിലെ സെക്ഷൻ (2kkk) അനുസരിച്ച് പലകാരണങ്ങൾ കൊണ്ട് ജോലിക്കാരെ പിരിച്ചുവിടുക എന്നത് അർത്ഥമാക്കുന്നത് ഇന്ധനങ്ങളുടെ ദൗർലഭ്യം, ഊർജ്ജം, അസംസ്കൃത വസ്തുക്കൾ എന്നിവയുടെ ദൗർലഭ്യം കാരണവും അല്ലെങ്കിൽ യന്ത്രതകരാർ, പ്രകൃതി ദുരന്തങ്ങൾ

ചിത്രം: 7. 1. 4 വർക്കർ പോപ്പുഷേൻ റേഷ്യോ (WPR) (ശതമാനം) യൂഷ്വൽ സ്റ്റാറ്റസ് (PS+SS)



അവലംബം: ആന്വൽ റിപ്പോർട്ട് പെരിയോഡിക് ലേബർ ഫോഴ്സ്സര്വ്വേ (PLFS 2017–18) ഇന്ത്യഗവണ്മെന്റ്

ചിത്രം 7.1.5 സമരം മൂലം നഷ്ടപ്പെട്ട തൊഴിൽ ദിനങ്ങൾ 2013–2019 ജൂലൈ



അവലംബം: ലേബർ കമ്മീഷണറേറ്റ്, കേരള സർക്കാർ

അല്ലെങ്കിൽ അതുമായി ബന്ധപ്പെട്ട എന്തെങ്കിലും കാരണത്താൽ വ്യവസായ സ്ഥാപനത്തിന്റെ ജോലിക്കാരുടെ പേരു വിവര പട്ടികയിലുൾപ്പെട്ടിട്ടുള്ള ജോലിക്കാരെ ജോലിയിൽ പ്രവേശിക്കാൻ അനുവദിക്കാതിരിക്കുന്നതാണ്.

സംസ്ഥാനത്ത് തൊഴിൽ സമരങ്ങളുടെ തീവ്രത കഴിഞ്ഞ കുറച്ചു വർഷങ്ങളായി കുറഞ്ഞു വന്നിട്ടുണ്ട്. സമരം മൂലം 2019 ജൂലൈ വരെ നഷ്ടപ്പെട്ട തൊഴിൽ ദിനങ്ങൾ 1.32 ലക്ഷം ആണ്, 2015 ൽ ഇത് 2.21 ലക്ഷം ആയിരുന്നു. സമരം മൂലം നഷ്ടപ്പെട്ട തൊഴിൽ ദിനങ്ങൾ **ചിത്രം 7.1.5** ൽ കൊടുത്തിരിക്കുന്നു. (**അനുബന്ധം 7.1.1**)

ലോക്കൗട്ട് മൂലം നഷ്ടപ്പെട്ട തൊഴിൽ ദിനങ്ങൾ

2016 ലും, 2017 ലും ലോക്കൗട്ട് മൂലം നഷ്ടപ്പെട്ട തൊഴിൽ ദിനങ്ങളുടെ എണ്ണം കൂടിയതായി കാണുന്നു. 2016ൽ ഇത് 5.26 ലക്ഷവും, 2017ൽ 6.08 ലക്ഷവും ആയിരുന്നു. എന്നാൽ 2018ൽ നഷ്ടമായി തൊഴിൽ ദിനങ്ങൾ 2017 നെ അപേക്ഷിച്ച് നേരിയ കുറവ് ഉണ്ട് (5.93 ലക്ഷം). 2019 ജൂലൈ വരെ 3.75 ലക്ഷം തൊഴിൽ ദിനങ്ങളുടെ നഷ്ടം രേഖപ്പെടുത്തിയിട്ടുണ്ട്. **ചിത്രം 7.1.6** ൽ ഇതിന്റെ വിവരങ്ങൾ നൽകിയിട്ടുണ്ട്. (**അനുബന്ധം 7.1.2**)

ലേ ഓഫ് മൂലം നഷ്ടമായ തൊഴിൽ ദിനങ്ങൾ

2014 ൽ ലേ ഓഫ് മൂലം നഷ്ടപ്പെട്ട തൊഴിൽ ദിനങ്ങളുടെ എണ്ണം 68.33 ആയിരമായിരുന്നു, ഇത് 2016 ൽ 4.24

ചിത്രം 7.1.6 ലോക്കൗട്ട് മൂലം നഷ്ടപ്പെട്ട തൊഴിൽ ദിനങ്ങളുടെ എണ്ണം



അവലംബം: ലേബർ കമ്മീഷണറേറ്റ്, കേരള സർക്കാർ

ചിത്രം 7.1.7 ലേ ഓഫ് മൂലം നഷ്ടപ്പെട്ട തൊഴിൽ ദിനങ്ങളുടെ എണ്ണം



അവലംബം: ലേബർ കമ്മീഷണറേറ്റ്, കേരള സർക്കാർ

ലക്ഷമായും, 2017 ൽ 5.28 ലക്ഷമായും വർദ്ധിച്ചു. 2018ൽ നഷ്ടമായ തൊഴിൽ ദിനങ്ങളുടെ എണ്ണം 4.73 ലക്ഷവും 2019 ജൂലൈ വരെ 2.91 ലക്ഷവും ആണ്. **ചിത്രം 7.1.7** ൽ നഷ്ടമായ തൊഴിൽ ദിനങ്ങൾ ചിത്രീകരിച്ചിരിക്കുന്നു. (**അനുബന്ധം 7.1.3**)

എന്നിരുന്നാലും, കഴിഞ്ഞ ഒരു ദശാബ്ദക്കാലമായി, സംസ്ഥാനത്തെ വ്യവസായശാലകളുടെ എണ്ണം ക്രമമായി ഉയർന്നു കൊണ്ടിരിക്കുകയാണ്. വിശദാംശങ്ങൾ **അനുബന്ധം 7.1.4** ൽ കൊടുത്തിട്ടുണ്ട്. 2015 ൽ സംസ്ഥാനത്തെ വ്യവസായശാലകളുടെ എണ്ണം 21850 ആയിരുന്നത് 2019 ൽ 24,254 ആയി വർദ്ധിച്ചു. അതിനനുസൃതമായി തൊഴിലാളികളുടെ തൊഴിൽ ലഭ്യത, 2015ലെ 6.88 ലക്ഷത്തിൽ നിന്നും 2018ൽ 6.98 ലക്ഷമായി വർദ്ധിച്ചിട്ടുണ്ട്. **ചിത്രം 7.1.8** ലും **7.1.9** ലും ഫാക്ടറികളുടെ എണ്ണവും തൊഴിലിന്റെ വിവരങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. വ്യാവസായിക അപകടങ്ങളുടെ വിവരങ്ങൾ **അനുബന്ധം 7.1.5** ൽ കൊടുത്തിട്ടുണ്ട്.

വ്യാവസായിക തർക്കങ്ങൾ

ഒരു ക്ഷേമ രാഷ്ട്രത്തിന്റെ ആവശ്യം അവരുടെ തൊഴിലാളികളുടെ അവകാശങ്ങളെ സംരക്ഷിക്കുക എന്നതും ആ ലക്ഷ്യം ഉയർത്തിപ്പിടിക്കുന്നതിനായി തൊഴിലുടമകളും തൊഴിലാളികളും തമ്മിലുള്ള പ്രശ്നങ്ങളെ രമ്യതയോടും ഇരുകൂട്ടർക്കും ശരിയായ രീതിയിലുള്ള പരിഹാരം കണ്ടെത്തുന്നതിനും ഉചിതമായ വേദി ഒരുക്കുക എന്നതുമാണ്. 1947–ലെ വ്യവസായ തർക്ക നിയമം, തർക്ക പരിഹാരത്തിന്റെ നിയമപരമായ കാഴ്ചപ്പാട് വ്യക്തമാക്കിയിട്ടുണ്ട്. 2014–15 ൽ ഉണ്ടായിരുന്ന തൊഴിൽ തർക്കങ്ങളുടെ എണ്ണം 3525 ആയിരുന്നു, 2018–19 ൽ ഇത് 3485 ആയി നേരിയ കുറവ് രേഖപ്പെടുത്തിയിട്ടുണ്ട്. 2014–2015ൽ തർക്ക പരിഹാരത്തിനായി പരിഗണിക്കപ്പെട്ട 5445 കേസുകളിൽ 2242 കേസുകൾക്ക് പരിഹരിക്കപ്പെട്ടു (41 ശതമാനം). 2018–19 കാലയളവിൽ 7530 കേസുകൾ പരിഗണിക്കുകയും അവയിൽ 4790 എണ്ണം

ചിത്രം 7.1.8 കേരളത്തിൽ പ്രവർത്തിക്കുന്ന ഫാക്ടറികളുടെ എണ്ണം



അവലംബം : ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പ്, കേരള സർക്കാർ

ചിത്രം 7.1.9 കേരളത്തിൽ പ്രവർത്തിക്കുന്ന ഫാക്ടറികളിലെ തൊഴിലാളികളുടെ എണ്ണം

അവലംബം : ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പ്, കേരള സർക്കാർ

പരിഹരിക്കുകയും ചെയ്തു. അതായത് 61 ശതമാനം കേസുകളും പരിഹരിക്കപ്പെട്ടു. കേരളത്തിലെ പരാതികളുടെ വിശദാംശങ്ങളും തർക്കപരിഹാര നിരക്കുകളും **ചിത്രം** (7.1.10, 7.1.11 ഇവയിൽ കൊടുത്തിരിക്കുന്നു.

വ്യവസായിക തൊഴിലാളികളുടെ സുരക്ഷ

വിവിധ നിയമങ്ങൾ നടപ്പാക്കി എല്ലാ തൊഴിലാളികൾക്കും ഫാക്ടറിയുടെ സമീപവാസികൾക്കും സുരക്ഷ, ആരോഗ്യം, ക്ഷേമം എന്നിവ ഉറപ്പുവരുത്തുന്ന നിയമപ്രകാരമുള്ള വകുപ്പാണ് ഫാക്ടറീസ് ആന്റ് ബോയിലേഴ്സ്. തൊഴിലാളികളുടെ സുരക്ഷയ്ക്കായി വർഷാവർഷം വകുപ്പ് വിവിധ പരിപാടികൾ നടപ്പാക്കുന്നുണ്ട്. 2019 ജൂലൈ 31 വരെ തീവ്ര അപകട സാധ്യതയുള്ള വ്യവസായശാലകളിൽ 33 മുൻഗണനാ പരിശോധനകളും 14 വായു പരിശോധനാ പഠനങ്ങളും അപകട സാധ്യതയുള്ള വ്യവസായ ശാലകളിൽ 120 പരിശോധനകളും നടത്തിയിട്ടുണ്ട്. വകുപ്പ് തൊഴിലാളികൾക്ക് മാത്രമല്ല, ഫാക്ടറികൾക്ക് അടുത്തുള്ള പൊതുജനങ്ങൾക്കും സ്കൂൾ വിദ്യാർത്ഥികൾക്കും പരിശീലന പരിപാടികൾ നടത്തി വരുന്നുണ്ട്.

ആം ആദ്മി ബിമാ യോജന

രാജ്യത്ത് ആകമാനം 23 വിഭാഗത്തിൽപ്പെടുന്ന കുടുംബങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്ന കേന്ദ്ര ഗവൺമെന്റിന്റെ ഇൻഷ്വറൻസ് പദ്ധതിയാണ് ആം ആദ്മി ബീമ യോജന (എ.എ.ബി.വൈ). ഈ

ചിത്രം 7.1.10 തൊഴിൽ തർക്കങ്ങളും തീരുമാനമാക്കിയവയും



അവലംബം: ലേബർ കമ്മീഷണറേറ്റ്, കേരള സർക്കാർ

ചിത്രം 7.1.11 തൊഴിൽ തർക്ക തീരുമാനത്തിന്റെ നിരക്ക്



അവലംബം: ലേബർ കമ്മീഷണറേറ്റ്, കേരള സർക്കാർ

പദ്ധതി പ്രകാരം ഗ്രാമീണ ഭൂരഹിത കുടുംബങ്ങളിലെ കുടുംബനാഥനെയോ അല്ലെങ്കിൽ വരുമാനം ആർജ്ജിക്കുന്ന ഒരു വ്യക്തിയെയോ ഇൻഷ്വർ ചെയ്യുന്നു. പ്രാരംഭ ഘട്ടത്തിൽ ലേബർ കമ്മീഷണർ മുഖേന നടപ്പാക്കിയ ഈ പദ്ധതി ഇപ്പോൾ ചിയാക്ക്-ൽ നിക്ഷിപ്തമാണ്. പദ്ധതിയുടെ പ്രീമിയം തുകയായ 200 രൂപയുടെ 50 ശതമാനം കേന്ദ്ര സർക്കാർ പദ്ധതിക്കായി രൂപീകരിച്ച ഫണ്ടിൽ നിന്നും സബ്സിഡിയായും ശേഷിക്കുന്ന 50 ശതമാനം സംസ്ഥാന ഗവൺമെന്റും നൽകുന്നു.

ഈ പദ്ധതിയിലെ ആനുകൂല്യങ്ങൾ താഴെ പറയുന്നവയാണ്.

1. സാധാരണ മരണം	– രൂപ 30,000
2.അപകട മരണം	– രൂപ 75,000
3.അപകടംമൂലം ജീവിതകാലം മുഴുവനായും അംഗ വൈകല്യം	– രൂപ 75,000
4.അപകടം മൂലം കയ്യോ കാലോ കണ്ണോ നഷ്ടപ്പെടൽ	– രൂപ 37,500
5.സ്കോളർഷിപ്പ്	– രൂപ 200

2017 ജൂൺ 1 മുതൽ 18നും 50നും ഇടയിലുള്ള എല്ലാ ഉപഭോക്താക്കളെയും ഈ പദ്ധതി പ്രധാനമന്ത്രി ജീവൻ ജ്യോതി ബിമാ യോജന (PMJJBY) പ്രധാനമന്ത്രി സുരക്ഷ ബിമാ യോജന എന്നിവയുമായി ലയിപ്പിച്ചു.

എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷുറൻസ് സ്കീം

അപകടകരമായ അസുഖങ്ങൾ, മെറ്റേണിറ്റി, വൈകല്യം, ജോലി സംബന്ധമായ അപകട മരണങ്ങൾ എന്നിവയിൽ നിന്നും തൊഴിലാളികളെ രക്ഷിക്കുകയും ഇൻഷ്വർ ചെയ്തിട്ടുള്ള തൊഴിലാളികൾക്കും കുടുംബത്തിനും ചികിത്സാസഹായം നൽകുകയുമാണ് എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷ്വറൻസ് പദ്ധതി കൊണ്ട് ലക്ഷ്യമിടുന്നത്. ഈ സംരംഭത്തിന് സാമൂഹ്യ സുരക്ഷാ പദ്ധതി 1948-ലെ ഇ.എസ്.ഐ ആക്ട് അനുസരിച്ചാണ് നടപ്പാക്കി വരുന്നത്. ഈ പദ്ധതി പത്തോ അതിൽ കൂടുതലോ തൊഴിലാളികളെ വച്ച് മുഴുവൻ സമയ വൈദ്യുതി ഉപയോഗിച്ച് പ്രവർത്തിപ്പിച്ചുകൊണ്ടുപോകുന്ന സ്ഥാപനങ്ങളിലും, ഇരുപതോ അതിൽ കൂടുതലോ തൊഴിലാളികളെവച്ച് വൈദ്യുതിയില്ലാതെ പ്രവർത്തിപ്പിക്കുന്ന സ്ഥാപനങ്ങളിലുമാണ് ഏർപ്പെടുത്തിയിട്ടുള്ളത്. ഇതിൽ കടകൾ, ഹോട്ടലുകൾ, റസ്റ്റോറന്റുകൾ, സിനിമാ തിയേറ്ററുകൾ, മോട്ടോർ വാഹന വകുപ്പിന്റെ കീഴിൽ വരുന്ന സ്ഥാപനങ്ങൾ, പത്രമോഫീസുകൾ എന്നിവയും ഉൾപ്പെടും. ഓരോ തൊഴിലാളിയും അവരുടെ ഉടമയും അവരുടെ ശമ്പളത്തിന്റെ നിശ്ചിത തുക ഓരോ മാസവും ഇ.എസ്.ഐ കോർപ്പറേഷനിൽ നിക്ഷേപിക്കേണ്ടതാണ്. പ്രീമിയം തുക കാലാകാലങ്ങളിൽ മാറ്റി നിശ്ചയിക്കുന്നതാണ്. ഇതൊരു സ്വാശ്രയ പദ്ധതി ആയതുകൊണ്ടും തുക അവരവരുടെ തൊഴിൽ ശമ്പളത്തിന്റെ ഒരു നിശ്ചിത തുക ആയതുകൊണ്ടും നേരിട്ട് ആനുകൂല്യങ്ങൾ ലഭിക്കുന്ന രീതിയിലാണ് ഇത് രൂപപ്പെടുത്തിയിരിക്കുന്നത്. ജില്ലതിരിച്ചുള്ള ഇ എസ് ഐ ഡിസ്പെൻസറികളുടെ വിശദാംശങ്ങൾ **ചിത്രം 7.1.12** ൽ നൽകിയിട്ടുണ്ട്. **(അനുബന്ധം 7.1.8)**

കുടിയേറ്റ തൊഴിലാളികൾ

നിലവിലെ സംസ്ഥാനത്തിന്റെ തൊഴിൽ മേഖലയിൽ ബംഗാൾ, ബീഹാർ, ഒഡീഷ, ഉത്തർപ്രദേശ്, ചത്തീസ്ഗഢ്, ജാർഖണ്ഡ് എന്നീ സംസ്ഥാനങ്ങളിൽ നിന്നുമുള്ള കുടിയേറ്റ തൊഴിലാളികളുടെ എണ്ണം കൂടി വരുന്നു. കുടിയേറ്റ തൊഴിലാളികളുടെ ജോലിസംബന്ധിച്ച് തൊഴിൽ സാഹചര്യങ്ങളെ പറ്റി ഇന്റർ സ്റ്റേറ്റ് മൈഗ്രന്റ് വർക്ക്മാൻ റെഗുലേഷൻ ഓഫ് എംപ്ലോയ്മെന്റ് ആന്റ് കണ്ടീഷൻ ഓഫ് സർവ്വീസ് ആക്ട് 1979-

ചിത്രം 7.1.12 ജില്ലതിരിച്ചുള്ള ഇ എസ് ഐ ഡിസ്പെൻസറികളുടെ വിശദാംശങ്ങൾ



അവലംബം: ലേബർ കമ്മീഷണറേറ്റ്, കേരള ഗവണ്മെന്റ്

ലാണ് പരാമർശിക്കുന്നത്. ഈ ആക്ട് പ്രകാരം കോൺട്രാക്ടർ തൊഴിലാളികളെ തിരഞ്ഞെടുക്കുമ്പോൾ തിരഞ്ഞെടുക്കുന്ന സംസ്ഥാനത്തൽ നിന്ന് ലൈസൻസ് വാങ്ങിയിരിക്കണം. ഇതു പ്രകാരം കോൺട്രാക്ടറും ജോലിനൽകുന്ന വ്യക്തിയും ഈ ആക്ടിലെ നിയമങ്ങൾ അനുസരിക്കേണ്ടതാണ്. നിയമത്തെ അടിസ്ഥാനമാക്കി നടപ്പാക്കുന്നതിന്റെ പോരായ്മ കാരണം ഈ ആക്ട് ഫലവത്തായി പ്രവർത്തിക്കുന്നില്ല. ഈ തൊഴിലാളികളിൽ പലരും ആരോഗ്യ സംരക്ഷണമില്ലാതെ തുടരുന്ന അവസ്ഥയിൽ ജീവിക്കുന്നവരാണ്. നിലവിൽ വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള കുടിയേറ്റ തൊഴിലാളികളെ താഴെ കാണും പ്രകാരമാണ് കേരളത്തിൽ വിന്യസിച്ചിരിക്കുന്നത്.

അന്യസംസ്ഥാന തൊഴിലാളികളുടെ എണ്ണം 2019 ജൂലൈ 31 ലെ കണക്കനുസരിച്ച് 3,93,281 ആണ്. ഇത് 2918 ജൂലൈ 31 ൽ 2,85,849 ആയിരുന്നു. കേരളത്തിൽ ഏറ്റവും കൂടുതൽ അതിഥി തൊഴിലാളികൾ വരുന്നത്. പശ്ചിമ ബംഗാളിൽ നിന്നുമാണ്. അന്തർ സംസ്ഥാന തൊഴിലാളികളുടെ വിശദാംശങ്ങളും ജില്ല തിരിച്ചുള്ള വിതരണവും **ചിത്രം 7.1.13, 7.1.14** ഇവയിൽ വ്യക്തമാക്കിയിട്ടുണ്ടത്രെ. ജില്ലാ അടിസ്ഥാനത്തിൽ എറണാകുളം ജില്ലയിലാണ് എറ്റവും കൂടുതൽ അതിഥി തൊഴിലാളികൾ വിന്യസിക്കപ്പെട്ടിട്ടുള്ളത്. വിശദാംശങ്ങൾ **അനുബന്ധം 7.1.17** ൽ കൊടുത്തിട്ടുണ്ട്.

സാമൂഹ്യ സുരക്ഷ ലഭ്യമാകുന്ന തൊഴിലാളികൾ

ഓരോ തൊഴിലാളികളുടേയും സാമൂഹ്യ സാമ്പത്തിക

ചിത്രം 7.1.13 വിവിധ സംസ്ഥാനങ്ങളിൽനിന്നും കേരളത്തിലെത്തിയ തൊഴിലാളികളുടെ എണ്ണം



അവലംബം: ലേബർ കമ്മീഷണറേറ്റ്, കേരള ഗവണ്മെന്റ്

ചിത്രം 7.1.14 വിവിധ സംസ്ഥാനങ്ങളിൽനിന്നും കേരളത്തിലെത്തിയ തൊഴിലാളികളുടെ എണ്ണം



അവലംബം: ലേബർ കമ്മീഷണറേറ്റ്, കേരള ഗവണ്മെന്റ്

ഉപജീവനത്തിൽ തൊഴിലാളി സാമൂഹിക സുരക്ഷ ഒരു നിർണ്ണായക പങ്കു വഹിക്കുന്നുണ്ട്. രാജ്യത്തെ മറ്റു ഭാഗങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കേരളത്തിലെ തൊഴിലാളി കൂടുതൽ സുരക്ഷിതനാണ്. അഞ്ചാമത് തൊഴിലും തൊഴിലില്ലായ്മ സർവേ റിപ്പോർട്ട് പ്രകാരം ഇന്ത്യയിൽ സ്വയം തൊഴിൽ ഏർപ്പെട്ടിരിക്കുന്നവർ ഒഴികെ 20.6 ശതമാനം തൊഴിലാളികൾക്ക് മാത്രമാണ് ശമ്പളത്തോടെയുള്ള കാഷ്വൽ അവധി ലഭിക്കുന്നത് 21.6 ശതമാനം തൊഴിലാളികൾക്കാണ് സാമൂഹ്യ സുരക്ഷ ആനുകൂല്യങ്ങൾ ലഭ്യമാകുന്നത്.

തൊഴിലാളികളുടെ സാമൂഹ്യ സുരക്ഷയും ശമ്പളത്തോടെയുള്ള അവധിയും

സ്ഥിരമായുള്ള തൊഴിൽ ശക്തിയുടെ ഭാഗമല്ല കാഷ്വൽ തൊഴിലാളികൾ. തൊഴിലാളികളുടെ ചോദനത്തിലുണ്ടാകുന്ന ഏറ്റക്കുറച്ചിലുകൾ പരിഹരിക്കുന്നതിനായി സ്ഥിരമല്ലാതെയോ കുറഞ്ഞ കാലത്തേക്കോ സേവനം പ്രദാനം ചെയ്യുന്നവരാണ് അവർ. സമൂഹത്തിലെ തൊഴിൽ സൗഹൃദ സമീപനത്തിന്റെ പ്രതിരൂപമാണ് അവിടത്തെ കാഷ്വൽ തൊഴിലാളികൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ. രാജ്യത്തിന്റെ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിലെ കാഷ്വൽ തൊഴിലാളികൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ വളരെ മെച്ചപ്പെട്ടതാണ്. കേരളത്തിൽസാമൂഹ്യ സുരക്ഷ ലഭിക്കുന്ന കാഷ്വൽ തൊഴിലാളികൾ 5.7 ശതമാനമാണ്. അത് ദേശീയ ശരാശരിയേക്കാൾ 2.9 ശതമാനം കൂടുതലാണ്. ശമ്പളത്തോടെയുള്ള അവധി കേരളത്തിൽ 5.4 ശതമാനം കാഷ്വൽ തൊഴിലാളികൾക്ക് ലഭിക്കുന്നുണ്ട്. അത് ദേശീയ ശരാശരിയേക്കാൾ 3.7 ശതമാനവും ആന്ധ്രാപ്രദേശിനേക്കാൾ 4.9 ശതമാനവും കർണ്ണാടകത്തേക്കാൾ 3.5 ശതമാനവും കൂടുതലാണ്. കേരളത്തിലെയും തെക്കേ ഇന്ത്യയുടെ മറ്റ് ഭാഗങ്ങളിലെയും കാഷ്വൽ തൊഴിലാളികൾക്ക് ലഭിക്കുന്ന ശമ്പളത്തോടെയുള്ള അവധിയുടേയും സാമൂഹ്യ സുരക്ഷയുടേയും ശതമാനം **ചിത്രം 7.1.15** –ൽ കൊടുത്തിരിക്കുന്നു.

വീക്ഷണം

കേരളത്തിന് ഉയർന്ന വിദ്യാഭ്യാസമുള്ള മനുഷ്യ വിഭവം നിലവിലുള്ളത് കാരണം കാര്യക്ഷമമായ തൊഴിൽ സേന സൃഷ്ടിക്കാനുള്ള ശേഷിയുണ്ട്. ഈ തൊഴിൽസേനയ്ക്ക് തൊഴിൽ ചെയ്യാനുള്ള അവസരം ഉറപ്പാക്കുക എന്നതും മാറുന്ന തൊഴിൽ സാഹചര്യങ്ങളോട് പൊരുത്തപ്പെടുന്ന നൈപുണികൾ നേടിയ തൊഴിൽ സേനയെ രൂപപ്പെടുത്തുക എന്നതുമാണ് സംസ്ഥാനത്തിന്റെ കടമ. മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയാകുന്ന ഒരു തൊഴിൽ രൂപം സൃഷ്ടിക്കുകയെന്നുള്ളതാണ് നമ്മുടെ സാമൂഹിക ഉത്തരവാദിത്വം. യഥാർത്ഥത്തിൽ കുടിയേറ്റ തൊഴിലാളികളുൾപ്പെടെ എല്ലാ തൊഴിലാളികൾക്കും തൊഴിൽ അവസരം ഒരുക്കുകയും കൂടാതെ മികച്ചകൂലി, തൊഴിൽസ്ഥലത്തെ സുരക്ഷ, തൊഴിലാളികളുടെ കുടുംബങ്ങൾ ഉൾപ്പടെയുള്ള സാമൂഹ്യ സുരക്ഷ, വ്യക്തി വികസനം, പൊതു സമൂഹത്തിന്റെ കൂടെ ചേരാനും, തൊഴിലാളികളുടെ കാര്യങ്ങൾ തുറന്നു പറയാനുള്ള സ്വാതന്ത്ര്യം, സംഘടിപ്പിച്ച തീരുമാനങ്ങളിൽ പങ്കു ചേരാനുള്ള അവസരങ്ങൾ എന്നിവ ഉറപ്പുവരുത്തേണ്ടതാണ്. ഇത് അന്താരാഷ്ട്ര

ചിത്രം 7.1.15 സാമൂഹിക സുരക്ഷയും അവധിയും ലഭിച്ച തൊഴിലാളികൾ ശതമാനത്തിൽ



അവലംബം: ലേബർബ്യൂറോ, തൊഴിൽ മന്ത്രാലയം- ഭാരത സർക്കാർ

തൊഴിൽ സംഘടനയുടെ ഡീസന്റ് വർക്ക് അജണ്ടയിൽ ഉൾപ്പെടുന്ന കാര്യമാണ്. തൊഴിലാളികൾക്ക് മാന്യമായ ജീവിതം ഉറപ്പുവരുത്താൻ തൊഴിൽ വകുപ്പിന്റെ പ്രവർത്തനത്തിൽ കുറച്ചുകൂടി മാറ്റം വരുത്തേണ്ടതാണ്.

7.2 തൊഴിൽ

തൊഴിലില്ലായ്മ സാഹചര്യം – ആഗോള, ഇന്ത്യൻ കാഴ്ചപ്പാട്

ഇന്റർനാഷണൽ ലേബർ ഓർഗനൈസേഷന്റെ (ഐ.എൽ.ഒ) "വേൾഡ് എംപ്ലോയ്മെന്റ് ആന്റ് സോഷ്യൽ ഔട്ട്ലുക്ക് ടെൻഡ്സ് 2019" അനുസരിച്ച് തൊഴിൽ മേഖലയിൽ നാശം വിതച്ച സാമ്പത്തിക പ്രതിസന്ധിയ്ക്ക് ശേഷം, 2018 ൽ ആഗോള തൊഴിലില്ലായ്മ ഒരു ശതമാനം കുറഞ്ഞു 5 ശതമാനമായി. ഇത് 2019 ൽ 4.9 ശതമാനമായി വീണ്ടും കുറയുമെന്നും 2020 ലും ഈ സ്ഥിതി തുടരുമെങ്കിലും ആഗോള തൊഴിൽ വിപണിയിലെ യഥാർത്ഥ തൊഴിലില്ലാത്തവരുടെ എണ്ണം 172 ദശലക്ഷത്തിൽ നിന്നും 174 ദശലക്ഷമായി ഉയരുമെന്നും കണക്കാക്കുന്നു.

2007–08 ലെ ആഗോള സാമ്പത്തിക പ്രതിസന്ധിയുടെ ആഘാതത്തിൽ നിന്നും കരകയറുവാൻ വിഷമകരമായ ഒൻപത് വർഷമെടുത്തു എന്ന വസ്തുത, 2019 ൽ നൂറാം വാർഷികം ആഘോഷിക്കുന്ന ഐ.എൽ.ഒ ചൂണ്ടിക്കാട്ടുന്നു. ലോകമെമ്പാടുമുള്ള തൊഴിലുകളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായപ്പോഴും അതിന്റെ ഗുണനിവാരം എല്ലായ്പോഴും മെച്ചപ്പെട്ടതായിരുന്നില്ല. സ്ത്രീ പങ്കാളിത്തം ഒരു പ്രധാന പ്രശ്നമായിത്തുടരുന്നു. 2018 ൽ താഴ്ന്ന, ഇടത്തരം വരുമാനമുള്ള രാജ്യങ്ങളിലെ നാലിലൊന്ന് തൊഴിലാളികളും കടുത്ത അല്ലെങ്കിൽ മിതമായ ദാരിദ്ര്യത്തിലാണ് ജീവിച്ചിരുന്നത് എന്ന വസ്തുതയാണ് പല തൊഴിലുകളിലേയും മോശം നിലവാരം സൂചിപ്പിക്കുന്നത്. 3.5 ബില്യൺ ഉള്ള ആഗോള തൊഴിൽ ശക്തിയിൽ സ്ത്രീകളുടെ പങ്കാളിത്തം വളരെ കുറവാണ്. പുരുഷന്മാരുടെ തൊഴിൽ പങ്കാളിത്തം 75 ശതമാനം ആകുമ്പോൾ സ്ത്രീകളുടെത് 48 ശതമാനം മാത്രമാണ്. അതായത് അഞ്ചിൽ മൂന്നുപേർ പുരുഷന്മാരാണ് എന്നാണ്.

ആഗോളതലത്തിൽ യുവാക്കൾക്കിടയിലെ തൊഴിലില്ലായ്മ 11.8 ശതമാനമാണ്. സ്ഥിരമായ മൊത്തം തൊഴിലില്ലായ്മാനിരക്കിന് അനുസൃതമായി, തൊഴിൽ വിപണിയിലെ അവസരങ്ങളോടുള്ള പുരുഷന്മാർ സ്ത്രീകൾ യുവജനങ്ങൾ എന്നിവർക്കുള്ള കാഴ്ചപ്പാടും വളരെ സുസ്ഥിരമാണ് . കഴിഞ്ഞ 25 വർഷമായി തൊഴിൽ മേഖലയിലുള്ള യുവജന പങ്കാളിത്തം ക്രമാനുഗതമായി കുറഞ്ഞുവരികയാണ്. യുവജനങ്ങൾ തൊഴിൽ വിപണിയിൽ പ്രവേശിക്കുന്നതിനേക്കാൾ കൂടുതലായി ഉന്നത പഠനം നടത്തുന്നു എന്ന വസ്തുതയാണ് ഇത് കാണിക്കുന്നത്.

ഇന്ത്യയിലെ തൊഴിലില്ലായ്മ അത്യന്തം മോശമാണ്. എൻ എസ് എസ് ഒ, 2017 ജൂലൈ മുതൽ 2018 ജൂൺ വരെ, നടത്തിയ സർവ്വേയുടെ അടിസ്ഥാനത്തിൽ ഇന്ത്യാ ഗവൺമെന്റ് പീരിയോഡിക് ലേബർ ഫോഴ്സ് സർവ്വേ (പി എൽ എഫ് എസ്) റിപ്പോർട്ട് 2017–18 പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രസ്തുത സർവ്വേയിൽ 12,773 എഫ് എസ് യു കളിലായി (7,014 ഗ്രാമങ്ങളിലും 5,759 നഗര ബ്ലോക്കുകളിലും) ആകെ 1,02,113 വീടുകളിലെ (56,108 വീടുകൾ ഗ്രാമപ്രദേശങ്ങളിലും, 46,005 വീടുകൾ നഗരപ്രദേശങ്ങളിലും) 4,33,339 പേരിൽ (2,46,809 പേർ ഗ്രാമപ്രദേശത്തും, 1,86,530 പേർ നഗരപ്രദേശത്തും) നിന്നുമാണ് വിവരശേഖരണം നടത്തിയിട്ടുള്ളത്. ജനസംഖ്യയെ പ്രവർത്തന രീതിയുടെ അടിസ്ഥാനത്തിൽ തരംതിരിക്കുന്നതിനായി സർവ്വേയിൽ യൂഷ്വൽ സ്റ്റാറ്റസ് (പി.എസ് + എസ്. എസ്) സമീപനവും നിലവിലെ പ്രതിവാര സ്റ്റാറ്റസ് സമീപനവും അടിസ്ഥാനമാക്കിയുള്ള തൊഴിൽ ശക്തി സൂചകങ്ങളുടെ എസ്റ്റിമേറ്റുകളുമാണ് ഈ റിപ്പോർട്ടിൽ അവതരിപ്പിച്ചിരിക്കുന്നത്. യൂഷ്വൽ സ്റ്റാറ്റസ് (പി. എസ് + എസ്.എസ്) സമീപനത്തിന്റെ റഫറൻസ് കാലയളവ് ഒരു വർഷവും നിലവിലെ പ്രതിവാര സ്റ്റാറ്റസ് സമീപനത്തിന്റെ കാലയളവ് ഒരാഴ്ചയുമാണ്.

പി.എൽ.എഫ്.എസ് ന്റെ 2017–18 ലെ തൊഴിലില്ലായ്മാ നിരക്കിനെ ദേശീയ സാമ്പിൾ സർവ്വേ ഓർഗനൈസേഷന്റെ (എൻ.എസ്.എസ്.ഒ) എംപ്ലോയ്മെന്റ് – അൺഎംപ്ലോയ്മെന്റ് സർവ്വേ (ഇ.യു.എസ്) റിപ്പോർട്ട് 2011–12 ലെ തൊഴിലില്ലായ്മാ നിരക്കുമായി താരതമ്യപ്പെടുത്തുകയും ഇന്ത്യയുടെ തൊഴിലില്ലായ്മ, 2011–12 മുതൽ 2017–18 വരെ, വളരെ മോശമായി എന്ന് വിവിധ ലേഖനങ്ങളിൽ ചൂണ്ടികാണിച്ചിട്ടുണ്ട്.

എൻ.എസ്.എസ്.ഒ 1972–73 മുതൽ ഓരോ 4–5 വർഷത്തിലും തൊഴിലില്ലായ്മാ നിരക്ക് കണക്കാക്കുന്നു. രണ്ട് വ്യത്യസ്ഥ ചോദ്യശേഖരമുപയോഗിച്ചാണ് നഗരപ്രദേശങ്ങളിലും ഗ്രാമപ്രദേശങ്ങളിലും പുരുഷന്മാരുടേയും സ്ത്രീകളുടെയും വിവരങ്ങൾ ശേഖരിക്കുന്നത്. ഇതിൽ ഒരു സെറ്റ് യൂഷ്വൽ സ്റ്റാറ്റസ് പ്രകാരവും മറ്റൊരു സെറ്റ് നിലവിലെ പ്രതിവാര നിലയെ അടിസ്ഥാനമാക്കിയുമാണ് .

എൻ.എസ്.എസ്.ഒ ഒൻപത് റൗണ്ടുകളിലായി 1972 മുതൽ 2011 വരെ നടത്തിയ യൂഷ്വൽ സ്റ്റാറ്റസ് ചോദ്യം വഴിയുള്ള കണക്കുകൾ അനുസരിച്ച് ഗ്രാമീണ മേഖലയിലെ പുരുഷ തൊഴിലില്ലായ്മ 1.2 ശതമാനത്തിനും 1.8 ശതമാനത്തിനും ഇടയിലായിരുന്നു, അതായത് എല്ലായ്പ്പോഴും 2.0 ശതമാനത്തിൽ താഴെ. കഴിഞ്ഞ 47 വർഷത്തിനിടെ ഇതാദ്യമായാണ്, 2017–18 ൽ, പി.എൽ.എഫ്.എസ് സർവ്വേയുടെ അടിസ്ഥാനത്തിൽ തൊഴിലില്ലായ്മാ നിരക്ക് 2.0 ശതമാനം കടന്നത്. ഈ വർദ്ധനവ് ഒരു ചെറിയ മാർജിനിലൂടെയല്ല, മൂന്ന് അംശംങ്ങളാൽ ആയിരുന്നു. പി.എൽ.എഫ്.എസ് റിപ്പോർട്ട് പ്രകാരം 2017–18 ലെ ഗ്രാമീണ പുരുഷ തൊഴിലില്ലായ്മാ നിരക്ക് 5.8 ശതമാനമായിരുന്നു.

നിലവിലെ പ്രതിവാര സ്റ്റാറ്റസിനെ അടിസ്ഥാനമാക്കി 1972 മുതൽ 2011 വരെയുള്ള ഒൻപത് എൻ.എസ്. എസ്.ഒ റൗണ്ടുകളിൽ ഗ്രാമീണപ്രദേശങ്ങളിലെ പുരുഷ തൊഴിലില്ലായ്മ 3.0 ശതമാനത്തിനും 4.2 ശതമാനത്തിനും ഇടയിലായിരുന്നു. എന്നാൽ 2017–18 ലെ പി.എൽ.എഫ്.എസ് സർവ്വേ പ്രകാരം തൊഴിലില്ലായ്മാ നിരക്ക് ഇരട്ടിയിലധികമായിരുന്നു, അതായത് കഴിഞ്ഞ അരനൂറ്റാണ്ടിലെ ഏറ്റവും ഉയർന്ന തൊഴിലില്ലായ്മാ നിരക്ക്. പി.എൽ.എഫ്.എസ്. ന്റെ നിലവിലെ പ്രതിവാര സ്റ്റാറ്റസ് പ്രകാരം 2017–18 ൽ തൊഴിലില്ലായ്മ 8.8 ശതമാനമായിരുന്നു.

തൊഴിലില്ലായ്മാ നിരക്ക്

തൊഴിലില്ലായ്മാ നിരക്ക് എന്നാൽ തൊഴിൽ ശക്തിയിലെ തൊഴിലില്ലാത്ത വ്യക്തികളുടെ ശതമാനമാണ്. ഇത് യൂഷ്വൽ സ്റ്റാറ്റസ് (പി. എസ്. + എസ്.എസ്) നിരക്കിലും, പ്രതിവാര സ്റ്റാറ്റസ്, ഡെയിലി സ്റ്റാറ്റസ് എന്നിങ്ങനെയാണ് കണക്കാക്കുന്നത്. തൊഴിലില്ലായ്മ തൊഴിൽ ശക്തിയുടെ ഉപയോഗപ്പെടുത്താത്ത ഭാഗത്തെയാണ് കാണിക്കുന്നത്. കേന്ദ്രസർക്കാരിന്റെ കീഴിലുള്ള എൻ. എസ്.എസ്.ഒ 2017 ജൂലൈ മുതൽ 2018ജൂൺ വരെ നടത്തിയ പീരിയോഡിക് ലേബർ ഫോഴ്സ് സർവ്വേ (പി. എൽ.എഫ്.എസ്) പ്രകാരം പ്രധാന സംസ്ഥാനങ്ങളിൽ 15 വയസ്സും അതിൽ കൂടുതലുമുള്ള വ്യത്യസ്ത പൊതു വിദ്യാഭ്യാസ തലത്തിലുള്ളവരുടെ തൊഴിലില്ലായ്മ

ചിത്രം 7.2.1: ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലേയും/ കേന്ദ്രഭരണ പ്രദേശങ്ങളിലേയും15 വയസ്സും അതിൽ കൂടുതലുമുള്ള വ്യത്യസ്ത പൊതു വിദ്യാഭ്യാസ തലത്തിലുള്ളവരുടെ യൂഷ്വൽ സ്റ്റാറ്റസ് (പി.എസ്. + എസ്.എസ്) പ്രകാരമുള്ള തൊഴിലില്ലായ്മ നിരക്കുകൾ, ശതമാനത്തിൽ



അവലംബം: പി.എൽ.എഫ്.എസ് റിപ്പോർട്ട്, 2017-18, കേന്ദ്ര സർക്കാർ

നിരക്ക് യൂഷ്വൽ സ്റ്റാറ്റസ് (പി.എസ്. + എസ്.എസ്) പ്രകാരം ഏറ്റവും കൂടുതൽ കേരളത്തിലാണ്, 11.4 ശതമാനം. അഖിലേന്ത്യാ തലത്തിൽ ഇത് 6.0 ശതമാനമാണ്. (**ചിത്രം 7.2.1**) യൂഷ്വൽ സ്റ്റാറ്റസ് (പി.എസ്. + എസ്.എസ്) പ്രകാരം ഇന്ത്യയിലെ ഗ്രാമപ്രദേശങ്ങളിൽ പുരുഷൻമാരുടെ തൊഴിലില്ലായ്മാ നിരക്ക് 5.3 ശതമാനവും സ്ത്രീകളുടേത് 3.8 ശതമാനവുമാണ്. നഗരപ്രദേശങ്ങളിൽ പുരുഷന്മാരുടെ തൊഴിലില്ലായ്മാ നിരക്ക് 7.1 ശതമാനവും സ്ത്രീകളുടേത് 10.8 ശതമാനവുമാണ്. കേരളത്തിലെ തൊഴിലില്ലായ്മാ നിരക്ക് ഗ്രാമീണപ്രദേശത്ത് പുരുഷന്മാരുടേത് 10.0 ശതമാനവും സ്ത്രീകളുടേത് 19.6 ശതമാനവും, നഗരപ്രദേശത്ത് പുരുഷന്മാരുടേത് 6.6 ശതമാനവും സ്ത്രീകളുടേത് 27.4 ശതമാനവുമാണ്. എല്ലാ സംസ്ഥാനങ്ങളുടേയും തൊഴിലില്ലായ്മാ നിരക്ക് നോക്കുമ്പോൾ ചെറിയ സംസ്ഥാനങ്ങളായ നാഗാലാന്റ്, മണിപ്പൂർ, ഗോവ തുടങ്ങിയ സംസ്ഥാനങ്ങളിൽ തൊഴിലില്ലായ്മാ നിരക്ക് അഖിലേന്ത്യാ നിരക്കിനേക്കാൾ കൂടുതലാണ്. (**അനുബന്ധം 7.2.1**).

യൂഷ്വൽ സ്റ്റാറ്റസ് (പി.എസ്. + എസ്.എസ്) രീതിയനുസരിച്ച് 15 വയസ്സും അതിൽ കൂടുതലുമുള്ള വ്യക്തികളുടെ ഏറ്റവും കുറഞ്ഞ തൊഴിലില്ലായ്മാ നിരക്ക് 0.4 ശതമാനം ദാദ്രാ ആൻഡ് നഗർ ഹാവേലിയിലാണ് (കേന്ദ്രഭരണ പ്രദേശം). സംസ്ഥാനങ്ങൾക്കിടയിൽ ഏറ്റവും കുറഞ്ഞ തൊഴിലില്ലായ്മാ നിരക്ക് മേഘാലയയിലുമാണ് (1.6 ശതമാനം). ഇന്ത്യയുടെ മൊത്തം തൊഴിലില്ലായ്മാ നിരക്കിനേക്കാൾ (6 ശതമാനം) കുറഞ്ഞ തൊഴിലില്ലായ്മാ നിരക്കുള്ള സംസ്ഥാനങ്ങളാണ് ഛത്തിസ്ഗഢ് (3.3 ശതമാനം), സിക്കിം (3.5 ശതമാനം), ഗുജറാത്ത് (4.8 ശതമാനം), കർണ്ണാടക (4.8 ശതമാനം), മധ്യപ്രദേശ് (4.3 ശതമാനം), ആന്ധ്രാപ്രദേശ് (4.5 ശതമാനം), പശ്ചിമബംഗാൾ (4.6 ശതമാനം).

ഗ്രാമപ്രദേശങ്ങളിലെ 15 വയസ്സും അതിനു മുകളിലുള്ളതും ഉയർന്ന വിദ്യാഭ്യാസമുള്ളതുമായ (സെക്കന്ററി വിദ്യാഭ്യാസവും അതിനുമുകളിലും) പുരുഷന്മാരുടേയും സ്ത്രീകളുടേയും യൂഷ്വൽ സ്റ്റാറ്റസ് അനുസരിച്ചുള്ള തൊഴിലില്ലായ്മാ നിരക്ക് യഥാക്രമം 10.5 ശതമാനവും, 17.3 ശതമാനവുമാണ്. 2017-18 ൽ നഗരപ്രദേശങ്ങളിൽ വിദ്യാസമ്പന്നരായ 15 വയസ്സിനും അതിൽ കൂടുതലുമുള്ള പുരുഷന്മാരുടെ തൊഴിലില്ലായ്മാ നിരക്ക് 9.2 ശതമാനവും സ്ത്രീകളുടേത് 19.8 ശതമാനവും ആണ്. ഹയർസെക്കന്ററി വിദ്യാഭ്യാസവും അതിനുമുകളിലുമുള്ളവരുടെ തൊഴിലില്ലായ്മ അഖിലേന്ത്യാതലത്തിൽ 11.4 ശതമാനവും കേരളത്തിൽ 19.8 ശതമാനവുമാണ്. (**അനുബന്ധം 7.2.2**)

നിലവിലെ പ്രതിവാര സ്റ്റാറ്റസ് പ്രകാരം 15 വയസ്സിനും അതിന് മുകളിലും പ്രായമുള്ള പുരുഷന്മാരുടേയും സ്ത്രീകളുടേയും തൊഴിലില്ലായ്മാ നിരക്ക് ഇന്ത്യയിൽ 8.7 ശതമാനവും, കേരളത്തിൽ 14.8 ശതമാനവുമാണ്. ഇന്ത്യയിലെ മൊത്തം ഗ്രാമപ്രദേശത്തേയും നഗരപ്രദേശത്തേയും കണക്കിലെടുക്കുമ്പോൾ ഗ്രാമീണ മേഖലയിലെ തൊഴിലില്ലായ്മ പുരുഷന്മാരുടേത് 8.7 ശതമാനവും സ്ത്രീകളുടേത് 7.5 ശതമാനവുമാണ്. നഗരപ്രദേശങ്ങളിൽ ഇത് പുരുഷന്മാരിൽ 8.7 ശതമാനവും സ്ത്രീകളിൽ 12.7 ശതമാനവുമാണ്. കേരളത്തിലെ ഗ്രാമപ്രദേശങ്ങളിലെ തൊഴിലില്ലായ്മാ നിരക്ക് പുരുഷന്മാരിൽ 9.1 ശതമാനവും സ്ത്രീകളിൽ 23.5 ശതമാനവുമാണ്, നഗരപ്രദേശത്തെ തൊഴിലില്ലായ്മാ നിരക്ക് പുരുഷന്മാരുടേത് 10.9 ശതമാനവും സ്ത്രീകളുടേത് 29.8 ശതമാനവുമാണ്. (**അനുബന്ധം 7.2.3**).

കേരളത്തിലെ ഗ്രാമീണ, നഗര പ്രദേശങ്ങളിലെ സ്ത്രീ-പുരുഷ തൊഴിലില്ലായ്മ നിരക്ക് യൂഷ്വൽ സ്റ്റാറ്റസ് രീതിയിലും (പി.എസ്+എസ്.എസ്) നിലവിലെ പ്രതിവാര സ്റ്റാറ്റസ് രീതിയിലും കണക്കാക്കിയപ്പോൾ അഖിലേന്ത്യാ ശരാശരിയേക്കാൾ വളരെ കൂടുതലാണ്. കേരളത്തിലെ തൊഴിലില്ലായ്മ നിരക്ക് യൂഷ്വൽ സ്റ്റാറ്റസ് (പി. എസ്+എസ്.എസ്) പ്രകാരം 11.4 ശതമാനം ആണ്. കേരളത്തിലെ ഗ്രാമീണ, പ്രദേശങ്ങളിലെ സ്ത്രീ തൊഴിലില്ലായ്മ ആശങ്കയുളവാക്കുന്നെങ്കിലും സ്ത്രീകളുടെ തൊഴിൽ പങ്കാളിത്ത നിരക്ക് (എൽ എഫ് പി ആർ) 31.9 ശതമാനമായി കണക്കാക്കപ്പെടുന്നത് അഖിലേന്ത്യാ നിരക്കായ 25.3 ശതമാനത്തിനേക്കാൾ കൂടുതലാണ് (**അനുബന്ധം 7.2.4**). പി.എൽ.എഫ്.എസ് റിപ്പോർട്ട് പ്രകാരം നഗര പ്രദേശങ്ങളെ അപേക്ഷിച്ച് ഗ്രാമ പ്രദേശങ്ങളിൽ തൊഴിലില്ലായ്മ നിരക്ക് കുറവാണ്. (**ചിത്രം 7.2.2**)

തൊഴിലില്ലായ്മ നിരക്ക്- യുവജനങ്ങളിൽ

പതിനഞ്ച് വയസ്സിനും ഇരുപത്തി ഒൻപത് വയസ്സിനുമിടയിൽ ഉള്ളവരെ യുവജനങ്ങളായി കണക്കാക്കുന്നു. ഇന്ത്യയിൽ, മൊത്തം ജനസംഖ്യയുടെ, 27.0 മുതൽ 28.0 ശതമാനം വരെ യുവജനങ്ങളാണ്. യുവജനങ്ങളുടെ ഉൽപാദനതൊഴിൽ സാമ്പത്തിക വികസനത്തിന് അനിവാര്യ ഘടകമാണ്. അഖിലേന്ത്യാ തലത്തിൽ യുവജനങ്ങൾക്കിടയിലെ തൊഴിലില്ലായ്മ നിരക്ക്, പിഎൽഎഫ്എസ് (2017-18) ലും എൻഎസ്എസ്ഒയുടെ അവസാന മൂന്ന് ക്വിൻക്വീനിയൽ റൗണ്ടുകളിലും, കണക്കാക്കിയിട്ടുണ്ട്. മൊത്തം ജനസംഖ്യയുമായി താരതമ്യപ്പെടുത്തുമ്പോൾ 2011-12-ൽ യുവജനങ്ങൾക്കിടയിലെ തൊഴിലില്ലായ്മ നിരക്ക് വളരെ കൂടുതലായിരുന്നു. 2004-05 മുതൽ

കുറിപ്പ്: യൂഷ്വൽ സ്റ്റാറ്റസ് (പി.എസ്+എസ്.എസ്) കണക്കിൽ പ്രിൻസിപ്പൽ സ്റ്റാറ്റസും, സബ്സിഡിയറി സ്റ്റാറ്റസും എസ്റ്റിമേറ്റുകളും കൂട്ടിച്ചേർത്താണ് തൊഴിലില്ലാത്തവരെ കണക്കാക്കിയിട്ടുള്ളത്. നിലവിലെ പ്രതിവാര സ്റ്റാറ്റസ് പ്രകാരമുള്ള തൊഴിലില്ലായ്മ നിരക്കിന്റെ കണക്ക് ഹ്രസ്വ കാലമായ 7 ദിവസത്തെ അടിസ്ഥാനമാക്കിയുള്ള ഏകദേശ ചിത്രമാണ്.

ചിത്രം 7.2.2 കേരളത്തിലെ തൊഴിലില്ലായ്മ നിരക്ക്, ശതമാനത്തിൽ (യൂഷ്വൽ സ്റ്റാറ്റസ് (പി.എസ്+എസ്.എസ്), (നിലവിലെ പ്രതിവാര സ്റ്റാറ്റസ് (സി ഡബ്ല്യൂ എസ്)



അവലംബം പി.എൽ.എഫ്.എസ് റിപ്പോർട്ട്, 2017-18. കേന്ദ്രസർക്കാർ
കുറിപ്പ്: യൂഷ്വൽ സ്റ്റാറ്റസ് (പി.എസ്+എസ്.എസ്) കണക്കിൽ പ്രിൻസിപ്പൽ സ്റ്റാറ്റസും, സബ്സിഡിയറി സ്റ്റാറ്റസും എസ്റ്റിമേറ്റുകളും കൂട്ടിച്ചേർത്താണ് തൊഴിലില്ലാത്തവരെ കണക്കാക്കിയിട്ടുള്ളത്. നിലവിലെ പ്രതിവാര സ്റ്റാറ്റസ് പ്രകാരമുള്ള തൊഴിലില്ലായ്മ നിരക്കിന്റെ കണക്ക് ഹ്രസ്വകാലമായ 7 ദിവസത്തെ അടിസ്ഥാനമാക്കിയുള്ള ഏകദേശ ചിത്രമാണ്.

2011–12 വരെയുള്ള കാലയളവിൽ ഗ്രാമീണ പുരുഷ യുവാക്കളുടെ തൊഴിലില്ലായ്മ നിരക്ക് 3.9 ശതമാനം മുതൽ 5.0 ശതമാനം വരെയാണെങ്കിലും, 2017–18 ൽ ഇത് 17.4 ശതമാനമായി ഉയർന്നു. അതേസമയം, 2004–05 ലും 2011–12 നും ഇടയിലുള്ള കാലയളവിൽ ഗ്രാമീണ യുവജനങ്ങൾക്കിടയിലെ സ്ത്രീ തൊഴിലില്ലായ്മ നിരക്ക് 4.2 ശതമാനത്തിൽ നിന്ന് 4.8 ശതമാനം ആവുകയും, 2017–18 ൽ 13.6 ശതമാനമായി ഉയരുകയും ചെയ്തു. ഇതേ കാലയളവിൽ, 2004–05 മുതൽ 2011–12 വരെ, നഗരങ്ങളിലെ യുവജനങ്ങൾക്കിടയിലെ തൊഴിലില്ലായ്മ പുരുഷന്മാരിൽ 7.5 ശതമാനത്തിൽ നിന്ന് 8.8 ശതമാനം ആകുകയും, തുടർന്ന് 2017–18 ൽ 18.7 ശതമാനമായി ഉയരുകയും ചെയ്തു. എന്നാൽ നഗരങ്ങളിലെ യുവജനങ്ങൾക്കിടയിലെ സ്ത്രീ തൊഴിലില്ലായ്മ നിരക്ക് 2004–05 ൽ 13.1 ശതമാനമായിരുന്നത് 2011–12 ൽ 14.9 ശതമാനം ആവുകയും തുടർന്ന് 2017–18 ൽ ഇത് 27.2 ശതമാനമായി ഉയരുകയും ചെയ്തു.

കേരളത്തിലെ യുവജനങ്ങൾ, സംസ്ഥാന ജനസംഖ്യയുടെ, ഏകദേശം 23 ശതമാനത്തോളം വരുന്നുണ്ട്. സർവ്വേ റിപ്പോർട്ട് പ്രകാരം മൊത്തം ജനസംഖ്യയുമായി താരതമ്യപ്പെടുത്തുമ്പോൾ കേരളത്തിലെ യുവജനങ്ങൾക്കിടയിലെ തൊഴിലില്ലായ്മ വളരെ ഉയർന്നതാണ്. ഇത് കേരളത്തിലെ യുവജനങ്ങൾക്കിടയിലെ തൊഴിലില്ലായ്മയുടെ തീവ്രത വെളിപ്പെടുത്തുന്നതാണ്. ഗ്രാമീണ മേഖലയിലെ യുവജനങ്ങൾക്കിടയിലെ തൊഴിലില്ലായ്മ നിരക്ക് 32.5 ശതമാനവും നഗരപ്രദേശങ്ങളിലേത് 41.5 ശതമാനവുമാണ്. അതുപോലെ യുവജനങ്ങൾക്കിടയിലെ തൊഴിലില്ലായ്മയിൽ, സ്ത്രീ തൊഴിലില്ലായ്മയാണ് പുരുഷ തൊഴിലില്ലായ്മയേക്കാൾ കൂടുതൽ. ഏരിയ തിരിച്ചുള്ള തൊഴിലില്ലായ്മ കണക്കുകൾ കാണിക്കുന്നത് പുരുഷന്മാരുമായി (20.5 ശതമാനം) താരതമ്യം ചെയ്യുമ്പോൾ 61.7 ശതമാനം സ്ത്രീകളും ഗ്രാമീണ മേഖലയിൽ തൊഴിലില്ലാത്തവരാണ് എന്നാണ്. (**ചിത്രം 7.2.3**). കേരളത്തിലെ യുവജനങ്ങൾക്കിടയിലെ തൊഴിലില്ലായ്മ വളരെ വ്യാപകമാകാനുള്ള കാരണം യുവജനങ്ങൾക്കിടയിൽ നൂതന മേഖലകൾക്കു വേണ്ടി വരുന്ന തൊഴിൽ പരിചയ കുറവും നൈപുണ്യ കുറവും മറ്റുമാണ്. ഈ വെല്ലുവിളികൾ അഭിമുഖീകരിക്കുന്നതിന്റെ ഭാഗമായി നിലവിലുള്ള നൈപുണ്യ വികസവുമായി ബന്ധപ്പെട്ട പരിപാടികളും, തൊഴിലവസരങ്ങൾ വർദ്ധിക്കുന്ന പരിപാടികളും കൂടുതൽ ഫലപ്രദമാക്കേണ്ടതും യുവജനങ്ങളെ മെച്ചപ്പെട്ട തൊഴിലവസരങ്ങൾ കണ്ടെത്തുന്നതിന് സജ്ജമാക്കേണ്ടതുമാണ്.

സംഘടിത മേഖലയിലെ തൊഴിൽ

കേരളത്തിലെ സംഘടിത മേഖലയിൽ, തൊഴിലവസരങ്ങൾ ഏകദേശം സ്ഥിരമായി നിൽക്കുന്ന പ്രവണതയാണ് കാണിക്കുന്നത്. 2012ൽ കേരളത്തിലെ സംഘടിത മേഖലയിൽ, തൊഴിലവസരങ്ങൾ 10.8 ലക്ഷമായിരുന്നത് 2019 (2019 മാർച്ച് 31 വരെ) ആയപ്പോഴേക്കും 12.14 ലക്ഷമായി വർദ്ധിച്ചു. നാമമാത്ര വർദ്ധനവ് മാത്രമാണ് ഉണ്ടായത്. പൊതുമേഖലയും സ്വകാര്യ മേഖലയും ഉൾപ്പെടുന്നതാണ് സംഘടിത മേഖല. 2012 ന് ശേഷം സ്വകാര്യ മേഖലയിലാണ് തൊഴിലവസരങ്ങൾ കൂടി വരുന്നത് എന്നത് ശ്രദ്ധാർഹമായ കാര്യമാണ്. 2019

ചിത്രം 7.2.3 യൂഷ്വൽ സ്റ്റാറ്റസ് (പി.എസ്+എസ്.എസ്) പ്രകാരം കേരളത്തിലെയും ഇന്ത്യയിലെയും യുവജനങ്ങൾക്കിടയിലെ (15 മുതൽ 29 വയസ്സ് വരെ) തൊഴിലില്ലായ്മാ നിരക്ക് (ശതമാനത്തിൽ)



അവലംബം പി.എൽ.എഫ്.എസ് റിപ്പോർട്ട്, 2017-18. കേന്ദ്രസർക്കാർ

ലെ കണക്കനുസരിച്ച് സംഘടിത മേഖലയിൽ തൊഴിലെടുക്കുന്ന ആകെയുള്ള 12.15 ലക്ഷം ജീവനക്കാരിൽ 5.6 ലക്ഷം (44.8 ശതമാനം) പേർ പൊതുമേഖലയിലും, 6.9 ലക്ഷം (55.2 ശതമാനം)പേർ സ്വകാര്യ മേഖലയിലും ആണ് തൊഴിലെടുക്കുന്നത് (**അനുബന്ധം 7.2.5, ചിത്രം 7.2.4**).

പൊതുമേഖലയിൽ തൊഴിലെടുക്കുന്നവരിൽ 46.7 ശതമാനം സംസ്ഥാന സർക്കാർ ജീവനക്കാരും, 10.7 ശതമാനം കേന്ദ്ര സർക്കാർ ജീവനക്കാരും, 23.5 ശതമാനം സംസ്ഥാന അർദ്ധ സർക്കാർ ജീവനക്കാരും, 4.4 ശതമാനം തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരും, 14.6 ശതമാനം കേന്ദ്ര അർദ്ധ സർക്കാർ ജീവനക്കാരുമാണ് (**അനുബന്ധം 7.2.6, ചിത്രം 7.2.5**)

2019 മാർച്ചിലെ കണക്കനുസരിച്ച് ജില്ല തിരിച്ചുള്ള കണക്കുകൾ സൂചിപ്പിക്കുന്നത് ഏറ്റവും കൂടുതൽ ആളുകൾ തൊഴിലെടുക്കുന്നത് എറണാകുളം ജില്ലയിലും ഏറ്റവും കുറവ് വയനാട് ജില്ലയിലുമാണ്. എറണാകുളം ജില്ലയിൽ സംഘടിത മേഖലയിൽ തൊഴിലെടുക്കുന്നത് 2.6 ലക്ഷം ആളുകളാണ്. ഇത് സംഘടിത മേഖലയിലെ തൊഴിലിന്റെ 20.9 ശതമാനം വരും. അതേ സമയം വയനാട് ജില്ലയിൽ സംഘടിത മേഖലയിൽ തൊഴിലെടുക്കുന്ന ആളുകളുടെ എണ്ണം 0.4 ലക്ഷം ആണ്. ഇതാകട്ടെ സംഘടിത മേഖലയിലെ തൊഴിലിന്റെ 2.8 ശതമാനം മാത്രമേയുള്ളൂ (**അനുബന്ധം 7.2.7**). പൊതുമേഖലയിലെ തൊഴിലിന്റെ കാര്യത്തിൽ പുരുഷൻമാരാണ് എണ്ണത്തിൽ സ്ത്രീകളെക്കാൾ കൂടുതലുള്ളത്. എന്നാൽ സ്വകാര്യ മേഖലയിൽ സ്ത്രീകളാണ് പുരുഷൻമാരേക്കാൾ കൂടുതലുള്ളത്. 2017–18 ൽ പൊതുമേഖലയിൽ ജോലി ചെയ്യുന്നവരിൽ 65.4 ശതമാനം പുരുഷൻമാരും, സ്വകാര്യ മേഖലയിൽ 34.6 ശതമാനം സ്ത്രീകളുമാണ്. പൊതുമേഖലയിലെ തൊഴിലിന്റെ കാര്യത്തിൽ ഏറ്റവും കൂടുതൽ സ്ത്രീകൾ ജോലി ചെയ്യുന്നത് തിരുവനന്തപുരം ജില്ലയിലും ഏറ്റവും കുറവ് ഇടുക്കി ജില്ലയിലുമാണ്. തിരുവനന്തപുരം ജില്ലയിൽ പൊതുമേഖലയിൽ 31,083 സ്ത്രീകളാണ് ജോലി ചെയ്യുന്നത്, തൊട്ടു പിന്നിൽ എറണാകുളവും (23,039), തൃശ്ശൂരും (21,934), കൊല്ലവും (18,912) ആണ്. ഇടുക്കി ജില്ലയിൽ 3,403 സ്ത്രീകൾ മാത്രമാണ്

ചിത്രം 7.2.4 കേരളത്തിലെ സംഘടിത മേഖലയിലെ തൊഴിൽ – കേരളം (എണ്ണം ലക്ഷത്തിൽ)



അവലംബം: എംപ്ലോയ്മെന്റ് ഡയറക്റ്റേറ്റ് കേരള സർക്കാർ 2019

ചിത്രം 7.2.5 പൊതുമേഖലയിലെ തൊഴിൽ വിതരണം



അവലംബം : എംപ്ലോയ്മെന്റ് ഡയറക്റ്റേറ്റ്, കേരള സർക്കാർ, 2019

പട്ടിക 7.2.1 പൊതു മേഖല തൊഴിൽ –സ്ത്രീ പങ്കാളിത്തം

ക്രമ നമ്പർ	വിഭാഗം	തൊഴിൽ ചെയ്യുന്ന സ്ത്രീകളുടെ എണ്ണം	ശതമാനം
1	സംസ്ഥാന സർക്കാർ	105004	54
2	സംസ്ഥാന അർദ്ധ സർക്കാർ	39218	20
3	കേന്ദ്ര സർക്കാർ	14594	8
4	കേന്ദ്ര അർദ്ധ സർക്കാർ	25828	13
5	തദ്ദേശ ഭരണ സ്ഥാപനങ്ങൾ	9163	5
	ആകെ	193807	100

അവലംബം: എംപ്ലോയ്മെന്റ് ഡയറക്ടറേറ്റ് കേരള സർക്കാർ, 2019

പൊതുമേഖലയിലുള്ളത്. തൊട്ടുമുന്നിൽ വയനാടും (6,338), കാസർഗോഡും (6,909), പത്തനംതിട്ടയുമാണ് (8,252). പൊതുമേഖലയിലെ സ്ത്രീ പങ്കാളിത്തം **പട്ടിക 7.2.1** ൽ കാണിച്ചിരിക്കുന്നു.

സംഘടിത മേഖലയിൽ തൊഴിലെടുക്കുന്നവരുടെ മേഖല തിരിച്ചുള്ള കണക്കുകൾ പരിശോധിച്ചാൽ, സേവന മേഖലയെ ആശ്രയിക്കുന്നവരുടെ എണ്ണം വർദ്ധിക്കുന്നതായും, കാർഷിക മേഖലയെ ആശ്രയിക്കുന്നവരുടെ എണ്ണം കുറഞ്ഞുവരുന്നതായും കാണാം. മറ്റ് മേഖലകളുമായി താരതമ്യപ്പെടുത്തുമ്പോൾ കാർഷിക മേഖലയിലെ തൊഴിൽ അവസരങ്ങൾ കുറയുകയും നിർമ്മാണ മേഖലയിലേയും വിദ്യാഭ്യാസ രംഗത്തേയും തൊഴിൽ അവസരങ്ങൾ ഉയരുകയും ചെയ്യുന്നു. (**അനുബന്ധം 7.2.8, 7.2.9, ചിത്രം 7.2.6**)

അസംഘടിത മേഖലയിലെ തൊഴിൽ

ഇൻഡ്യൻ സമ്പദ് ഘടനയിൽ, മൊത്തം ആഭ്യന്തര ഉൽപാദനം, തൊഴിൽ, സമ്പാദ്യം, മൂലധന രൂപീകരണം എന്നിവയിലേക്കുള്ള സംഭാവന കണക്കിലെടുക്കുമ്പോൾ, അസംഘടിത തൊഴിൽ മേഖല നിർണ്ണായകമായ ഒരു പങ്ക് വഹിക്കുന്നുണ്ട്. തൊഴിൽ ശക്തിയുടെ 90 ശതമാനത്തിലധികം തൊഴിലിലേർപ്പെട്ടിരിക്കുന്നതും, മൊത്തം ആഭ്യന്തര ഉൽപാദനത്തിന്റെ എതാണ്ട് 50 ശതമാനവും ലഭിക്കുന്നതും ഈ മേഖലയിൽ നിന്നുമാണ്. രാജ്യത്തും സംസ്ഥാനത്തും സാമൂഹ്യമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന വലിയൊരു അനുപാതം തൊഴിലാളികൾ അസംഘടിത മേഖലയിലാണ് തൊഴിലിലേർപ്പെട്ടിരിക്കുന്നത്. യൂഷ്വൽ സ്റ്റാറ്റസ് (പി എസ് + എസ് എസ്) സമീപനത്തെ അടിസ്ഥാനമാക്കി കേന്ദ്ര ഗവൺമെന്റ് പ്രസിദ്ധികരിച്ച പി എൽ എഫ് എസ് 2017–18 റിപ്പോർട്ട് അനുസരിച്ച് കേരളത്തിലെ ആകെ തൊഴിലാളികളിൽ, സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ നിരക്ക് 40.7 ശതമാനവും, സ്ഥിര വേതനം വാങ്ങുന്നവർ/ ശമ്പളം വാങ്ങുന്നവർ എന്നിവരുടെ നിരക്ക് 24.7 ശതമാനവും, കാഷ്വൽ തൊഴിലാളികളുടെ നിരക്ക് 34.6 ശതമാനവുമാണ്.

അസംഘടിത മേഖലയിലെ തൊഴിലാളികളിൽ തൊഴിൽ സുരക്ഷിതത്വമില്ലായ്മ, തൊഴിലിൽ ഉയർച്ചയ്ക്കുള്ള സാധ്യതക്കുറവ്, ശമ്പളത്തോടെയുള്ള അവധി ദിനങ്ങൾ ഇല്ലാത്ത അവസ്ഥ, തൊഴിൽ സുരക്ഷിതക്കുറവ്, നിയമവിരുദ്ധമായ പ്രവർത്തനങ്ങളിൽ ഏർപ്പെടൽ എന്നിവ കണ്ടുവരുന്നു. അസംഘടിത മേഖലയിലെ ദുരിത സാഹചര്യങ്ങൾ കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് കേരള സർക്കാർ

ചിത്രം 7.2.6 സംഘടിത മേഖലയിലെ പ്രധാനപ്പെട്ട തൊഴിൽ വിതരണം - മാർച്ച് 2019 (ശതമാനം)



അവലംബം: എംപ്ലോയ്മെന്റ് ഡയറക്ടറേറ്റ്, കേരള സർക്കാർ 2019

ചുമതലപ്പെടുത്തിയിരിക്കുന്നത് എംപ്ളോയ്മെൻറ് ഡയറക്റ്ററേറ്റിനെയാണ്. അടുത്ത കാലത്തായി, കേരള സർക്കാർ അസംഘടിത മേഖലയിലെ തൊഴിലാളികളുടെ സാമൂഹിക സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് വിവിധ നടപടികൾ സ്വീകരിച്ചു വരുന്നു.

എംപ്ലോയ്മെന്റ് എക്സ് ചേഞ്ചുകളും സേവനങ്ങളും

രജിസ്റ്റർ ചെയ്ത തൊഴിലന്വേഷകർ

കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ സജീവ രജിസ്റ്ററുകളിലെ കണക്കുകളനുസരിച്ച് 2012 ഡിസംബർ 31–ന് 43.3 ലക്ഷം തൊഴിലന്വേഷകരാണ് ഉണ്ടായിരുന്നത്. എന്നാൽ ഇത് 2019 ജൂലൈ 31 ആയപ്പോഴേക്കും 5.48 ലക്ഷം കണ്ട് കുറഞ്ഞിട്ടുണ്ട്. തൊഴിലന്വേഷകരുടെ വർഷം തിരിച്ചുള്ള കണക്കുകൾ **അനുബന്ധം 7.2.10** ലും **ചിത്രം 7.2.7** ലും കൊടുത്തിട്ടുണ്ട്.

അഖിലേന്ത്യാ തലത്തിലെ സാഹചര്യത്തിൽനിന്നും വ്യത്യസ്തമായി കേരളത്തിലെ ഒരു പ്രധാന സവിശേഷത എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ സജീവ രജിസ്റ്ററുകളിലെ തൊഴിലന്വേഷകരിൽ ഭൂരിഭാഗവും സ്ത്രീകളാണെന്നുള്ളതാണ്. ആകെയുള്ള തൊഴിലന്വേഷകരിൽ 63.3 ശതമാനവും സ്ത്രീകളാണ്. സജീവ രജിസ്റ്ററുകളിൽ നിരക്ഷരരായ ആളുകളുടെ എണ്ണം 855 ആണ്. തൊഴിലന്വേഷകരുടെ വിദ്യാഭ്യാസ യോഗ്യതയെ അടിസ്ഥാനത്തിലുള്ള കണക്കുകൾ സൂചിപ്പിക്കുന്നത് എസ്. എസ്. എൽ. സി ക്ക് താഴെ യോഗ്യതയുള്ളവർ 8.2 ശതമാനം മാത്രമേയുള്ളൂ എന്നാണ്. ഏകദേശം 91.5 ശതമാനം തൊഴിലന്വേഷകരും എസ്. എസ്. എൽ. സി യും അതിനു മുകളിലും വിദ്യാഭ്യാസ യോഗ്യതയുള്ളവരുടെ വിഭാഗത്തിലാണ് ഉൾപ്പെടുന്നത്. (**ചിത്രം 7.2.8, അനുബന്ധം 7.2.11**)
2019 ജൂലൈ 31 ലെ കണക്കനുസരിച്ച് പ്രൊഫഷണലും സാങ്കേതിക യോഗ്യതയുള്ള തൊഴിലന്വേഷകർ 2.87 ലക്ഷമാണ്. ഇതിൽ 69.2 ശതമാനവും ഐ.ടി.ഐ. സർട്ടിഫിക്കറ്റ്, ഡിപ്ലോമയുള്ളവർ, എഞ്ചിനീയറിംഗ് യോഗ്യതയുള്ളവരാണ്. എഞ്ചിനീയറിംഗ് ബിരുദധാരികളായ 44,638 തൊഴിലന്വേഷകരും, മെഡിക്കൽ ബിരുദമുള്ള 8,588 പേരുമുണ്ട്. (**അനുബന്ധം 7.2.12**). തൊഴിലന്വേഷകരുടെ ജില്ല തിരിച്ചുള്ള കണക്കുകൾ **ചിത്രം 7.2.9** ൽ നൽകിയിട്ടുണ്ട്.

2018 ജൂലൈ 31 വരെയുള്ള കണക്കുകൾ പ്രകാരം പൊതു വിഭാഗത്തിലെയും, പ്രൊഫഷണൽ/സാങ്കേതിക വിഭാഗത്തിലെയും തൊഴിലന്വേഷകരുടെ എണ്ണത്തിൽ തിരുവനന്തപുരം ജില്ല ഒന്നാം സ്ഥാനത്ത് നിൽക്കുന്നു. ജില്ലയിൽ ആകെ 5.5 ലക്ഷം തൊഴിലന്വേഷകരുള്ളതിൽ 3.5 ലക്ഷം പേർ സ്ത്രീകളും 2.0 ലക്ഷം പേർ പുരുഷൻമാരുമാണ്. തൊഴിലന്വേഷകരുടെ എണ്ണത്തിൽ രണ്ടാം സ്ഥാനത്തുള്ളത് കോഴിക്കോട് ജില്ലയാണ്. ഇവിടെ 3.8 ലക്ഷം തൊഴിലന്വേഷകരാണുള്ളത്. ഏറ്റവും കുറവ് തൊഴിലന്വേഷകരുള്ളത് കാസർഗോഡ്

ചിത്രം 7.2.7 കേരളത്തിലെ തൊഴിലന്വേഷകർ (എണ്ണം ലക്ഷത്തിൽ)

അവലംബം: എംപ്ലോയ്മെന്റ് ഡയറക്ടറേറ്റ്, കേരള സർക്കാർ 2019

ചിത്രം 7.2.8 വിദ്യാഭ്യാസ യോഗ്യത അടിസ്ഥാനമാക്കിയുള്ള കേരളത്തിലെ തൊഴിലന്വേഷകർ, ശതമാനത്തിൽ



അവലംബം: എംപ്ലോയ്മെന്റ് ഡയറക്ടറേറ്റ്, കേരള സർക്കാർ 2019

ചിത്രം 7.2.9 തൊഴിലന്വേഷകരുടെ 31/07/2019 വരെയുള്ള കണക്കുകൾ (സ്ത്രീ പുരുഷ സ്റ്റാറ്റസ്), എണ്ണം ലക്ഷത്തിൽ



അവലംബം: എംപ്ലോയിമെന്റ് ഡയറക്റ്റേറ്റ്, കേരള സർക്കാർ 2019

ജില്ലയിലാണ്. ഇവിടെയുള്ള തൊഴിലന്വേഷകരുടെ എണ്ണം 95,002 മാത്രമാണ്. (**അനുബന്ധം 7.2.13**)

കൈവല്യ

കേരള സർക്കാരിന്റെ എംപ്ലോയ്മെന്റ് വകുപ്പ് 2016 ൽ, ഭിന്നശേഷിക്കാരായ പൗരൻമാരുടെ സാമൂഹ്യ അംഗീകാരം, അവസര തുല്യത എന്നീ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി അവതരിപ്പിച്ച സമഗ്രമായ ഒരു പദ്ധതിയാണ് കൈവല്യ. ഭിന്ന ശേഷിക്കാരുടെ പൂർണ്ണമായ പങ്കാളിത്തവും ഏകീകരണവും സാധ്യമാകത്തക്ക രീതിയിൽ ഭൗതിക സാമൂഹിക സാഹചര്യങ്ങൾ സൃഷ്ടിക്കുക എന്നതാണ് ഇതിന്റെ പ്രധാന ലക്ഷ്യം. ഭിന്നശേഷിക്കാർക്കു വേണ്ടിയുള്ള 'സ്പെഷ്യൽ എംപ്ലോയ്മെന്റ് എക്സ് ചേഞ്ചുകൾ' തിരുവനന്തപുരം, നെയ്യാറ്റിൻകര, കൊല്ലം, കോട്ടയം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്. 'കൈവല്യ' പദ്ധതിയിൽ താഴെ പറയുന്ന 4 ഘടകങ്ങൾ ഉൾക്കൊള്ളിച്ചിരിക്കുന്നു.

1. തൊഴിൽ പരമായ സഹായം
2. കാര്യക്ഷമത വർധിപ്പിക്കൽ
3. മത്സര പരീക്ഷകൾക്കായുള്ള പരിശീലനം
4. സ്വയം തൊഴിൽ ഉദ്യമങ്ങൾ

മേൽ പറഞ്ഞ കാര്യങ്ങൾ നടപ്പാക്കുന്നതിനായി 2017–18 ൽ 703 വ്യക്തികൾക്ക് പ്രയോജനം ലഭിക്കത്തക്ക രീതിയിൽ 100.00 ലക്ഷം രൂപ ചെലവഴിച്ചു. 2018–19 ൽ 110.00 ലക്ഷം രൂപ മേൽ പ്രവർത്തനങ്ങൾക്കായി അനുവദിച്ചിട്ടുണ്ട്.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന നടപ്പാക്കുന്ന സ്വയം തൊഴിൽ

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന 3 സ്വയം തൊഴിൽ പരിപാടികൾ കേരളത്തിൽ നടപ്പിലാക്കുന്നുണ്ട്.

1. കേരള സെൽഫ് എംപ്ലോയ്മെന്റ് സ്കീം ഫോർ ദ രജിസ്റ്റേർഡ് അൺ എംപ്ലോയിഡ് (കെ ഇ എസ് ആർ യു)

"കേരള സെൽഫ് എംപ്ലോയ്മെന്റ് സ്കീം ഫോർ ദി രജിസ്റ്റേർഡ് അൺ എംപ്ലോയ്ഡ്" (കെ.ഇ.എസ്. ആർ.യു) എന്ന സ്വയം തൊഴിൽ പരിപാടി 1999 മുതൽ നടപ്പാക്കിവരുന്നു, എംപ്ലോയ്മെന്റ് എക്സ് ചേഞ്ചുകളിൽ പേരു രജിസ്റ്റർ ചെയ്തിട്ടുള്ളതിൽ 21–50 പ്രായവിഭാഗത്തിൽപ്പെടുന്നവരും വാർഷിക കുടുംബ വരുമാനം ഒരു ലക്ഷംരൂപയിൽ താഴെയുള്ള തൊഴിൽ രഹിതർക്ക് തൊഴിൽ ലഭ്യമാക്കുന്നതിന് ഉദ്ദേശിച്ചുള്ളതാണ് ഈ പരിപാടി. പ്രൊവഷണൽ/ സാങ്കേതിക യോഗ്യതയുള്ളവർ, ബിരുദമുള്ള വനിതകൾ, തൊഴിലില്ലായ്മവേതന പദ്ധതിയുടെ ഗുണഭോക്താക്കൾ എന്നിവർക്ക് പ്രത്യേക മുൻഗണന നല്കുന്നു. ഈ പരിപാടി പ്രകാരം സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് 20 ശതമാനം സബ്സിഡിയോടെ ഒരു ലക്ഷം രൂപ വരെ ബാങ്ക് വായ്പ നൽകുന്നു. 2018–19 ൽ 389 ഗുണഭോക്താക്കൾക്ക് 1.45 കോടിരൂപ വിതരണംചെയ്തു.

2. മൾട്ടി പർപ്പസ് സർവ്വീസ് സെന്റർ/ജോബ്ക്ലബുകൾ (എം.പി.എസ്.സി./ജെ.സി.)

അസംഘടിതമേഖലയിൽ സംരംഭങ്ങൾ കെട്ടിപ്പടുക്കുന്നതിന് ഉദ്ദേശിച്ചുള്ള ഒരു ഗ്രൂപ്പ് അധിഷ്ഠിത സ്വയം തൊഴിൽ പരിപാടിയാണിത്. എംപ്ലോയ്മെന്റ് എക്സ് ചേഞ്ചുകളിൽ പേരു രജിസ്റ്റർ ചെയ്തിട്ടുള്ള 21–45 പ്രായവിഭാഗത്തിൽപ്പെടുന്ന 2 മുതൽ 5 അംഗങ്ങൾ വരെയുള്ള തൊഴിൽ രഹിതർ ചേർന്ന് സ്വയം തൊഴിൽ ഗ്രൂപ്പ് സംരംഭങ്ങൾ ആരംഭിക്കുന്നതിന് പരമാവധി 2 ലക്ഷം രൂപ സബ്സിഡിയോടെ 10 ലക്ഷം രൂപ വരെ ബാങ്ക് വായ്പ ലഭ്യമാക്കുന്നതാണ്. ഈ പദ്ധതി ക്രെഡിറ്റ് ഗ്യാരന്റി സ്കീമിൽ ലയിപ്പിച്ചിട്ടുണ്ട്. 2018–19 ൽ 67 ജോബ്ക്ലബ്ബുകൾക്കായി പത്ത് കോടി രൂപ അനുവദിച്ചു.

3. ശരണ്യ

വിധവകൾ, വിവാഹമോചനം നേടിയ സ്ത്രീകൾ, ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾ, 30 വയസ്സിന് മുകളിൽ പ്രായമായ അവിവാഹിതരായ സ്ത്രീകൾ, പട്ടികവർഗ്ഗക്കാരിലെ അവിവാഹിതരായ അമ്മമാർ എന്നിങ്ങനെയുള്ള ഏറ്റവും പിന്നോക്കം നില്ക്കുന്നതും തനിച്ചുപാർക്കുന്നതുമായ സ്ത്രീകളുടെ ഉന്നമനം ലക്ഷ്യമിട്ട് നടപ്പാക്കുന്ന ഒരു പരിപാടിയാണ് "എംപ്ലോയ്മെന്റ് സ്കീം ഫോർ ദി ഡെസ്റ്റിറ്റ്യൂട്ട് വിമൻ (ശരണ്യ). ഈ പരിപാടി പ്രകാരം സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് 50 ശതമാനം സബ്സിഡിയോടെ (പരമാവധി 25,000 രൂപ) 50,000 രൂപവരെ പലിശ രഹിത ബാങ്ക് വായ്പ നല്കുന്നു. 2018–19 ൽ 3,546 ഗുണഭോക്താക്കൾക്കായി 17.20 കോടി രൂപ അനുവദിച്ചു.

തൊഴിലില്ലായ്മാവേതനം

കേരള സർക്കാർ 1982–ലാണ് തൊഴിലില്ലായ്മാ വേതന പരിപാടി ആരംഭിച്ചത്. ഈ പരിപാടി പ്രകാരം 18 വയസ് പൂർത്തിയായതും എംപ്ലോയ്മെന്റ് എക്സ് ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്ത് മൂന്ന് വർഷക്കാലാവധി പൂർത്തിയാക്കിയതുമായ തൊഴിൽ രഹിതർക്ക് പ്രതിമാസം 120 രൂപ വീതം തൊഴിൽ രഹിത വേതനമായി നൽകി വരുന്നു. ശാരീരിക വെല്ലുവിളികൾ നേരിടുന്നവരെ സംബന്ധിച്ചിടത്തോളം രജിസ്ട്രേഷനുശേഷം രണ്ട് വർഷ കാലാവധി പൂർത്തിയാക്കിയാൽ മതിയാകും. ഉയർന്ന പ്രായപരിധി 35 വയസാണ്. വിദ്യാഭ്യാസ യോഗ്യത; പൊതു വിഭാഗത്തിൽപ്പെട്ടവർ എസ്.എസ്.എൽ.

ബോക്സ് 7.2.1 എംപ്ലോയബിലിറ്റി സെന്റർ

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ 'തൊഴിൽ – നൈപുണ്യ വികസനത്തിനായുള്ള കേന്ദ്രങ്ങൾ' (എംപ്ലോയബിലിറ്റി സെന്റർ) ആയി രൂപപ്പെടുത്തുക വഴി കേരള സർക്കാർ വിപ്ലവകരമായ ഒരുകാൽവെയ്പ്പാണ് നടത്തിയിരിക്കുന്നത്. എംപ്ലോയബിലിറ്റി സെന്ററുകളിൽ രജിസ്റ്റർ ചെയ്തിരിക്കുന്ന അഭ്യസ്തവിദ്യരായ യുവാക്കളെ തൊഴിലിന് പ്രാപ്തരാക്കുന്നതിനായി അവരുടെ വൈദഗ്ധ്യങ്ങളെ, മാനസിക കഴിവുകൾ അടങ്ങുന്ന പരീക്ഷകളിലൂടെ, തിരിച്ചറിഞ്ഞ് ആവശ്യമായ പരിശീലനം നൽകുകയും, അതുവഴി രാഷ്ട്രത്തിന്റെ തൊഴിൽ ശക്തിയിലേക്ക് നേരിട്ട് ഇറങ്ങുന്നതിന് സജ്ജരാക്കുകയും ചെയ്യുന്നു. വൈദഗ്ധ്യം ആവശ്യമുള്ളതനുസരിച്ച് ഉദ്യോഗാർത്ഥികളെ 'വൊക്കേഷണൽ ട്രെയിനിംഗ് പ്രൊവൈഡേഴ്സിന് അരികിലേക്കോ സമാന സ്ഥാപനങ്ങളിലേക്കോ അയയ്ക്കാറുണ്ട്. ഇതുവരെ പത്ത് എംപ്ലോയബിലിറ്റി സെന്ററുകൾ ജില്ലാ എംപ്ലോയ്മെൻറ് എക്സ് ചേഞ്ചുകളോടൊപ്പം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, പാലക്കാട്, കോഴിക്കോട്, കണ്ണൂർ, തൃശ്ശൂർ, മലപ്പുറം, കാസർഗോഡ് എന്നീ ജില്ലകളിലാണ് കേന്ദ്രങ്ങൾ തുടങ്ങിയിട്ടുള്ളത്. രജിസ്റ്റർ ചെയ്ത 37,507 ആളുകളിൽ, 35,519 പേരുടെ മൂല്യ നിർണ്ണയം നടത്തുകയും, 31,001 പേർക്ക് ട്രെയിനിംഗ് നൽകുകയും, 9,474 പേർക്ക് ജോലി വാഗ്ദാനം നൽകുകയും ചെയ്തു.

കരിയർ ഡെവലപ്മെന്റ് സെന്റർ

കരിയർ ഡെവലപ്മെന്റ് സെന്റർ (സി. ഡി. സി.) കേരള സർക്കാരിന്റെ, നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് (കേരള) വകുപ്പ് ഗ്രാമീണ യുവാക്കൾക്ക് വേണ്ടി 2016–17 ൽ ആരംഭിച്ച നൂതന സംരംഭമാണ്. വ്യക്തികൾ നേരിടുന്ന തൊഴിൽപരമായ എല്ലാ പ്രശ്നങ്ങൾക്കും പരിഹാരം ലഭിക്കുന്നതിനുള്ള ലക്ഷ്യ സ്ഥാനമാകുന്നതിനാണ് ഈ കേന്ദ്രം ലക്ഷ്യമിടുന്നത്. ഗ്രാമ പ്രദേശങ്ങളിലെ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ, തൊഴിൽ മേഖലകളിലുണ്ടാകുന്ന നൂതന പ്രവണതകളെപ്പറ്റി ആവശ്യമായ അറിവും പരിശീലനവും നേടുന്നതിന് സഹായിക്കുക എന്നതാണ് ഈ കേന്ദ്രത്തിന്റെ പ്രധാന ഉദ്ദേശ്യം. വ്യക്തികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് കരിയർ മാനേജ്മെന്റിലെ ഏറ്റവും പുതിയ സാങ്കേതികവിദ്യകളും ഉചിതമായ ഉപാധികളും ഈ കേംന്ദ്ര സ്വീകരിക്കുന്നു. പൂർണ്ണമായും പ്രൊഫഷണലുകളായി മാറുന്നതിന് വിദ്യാർത്ഥികൾക്ക് അവരുടെ തൊഴിലുകൾ കൈകാര്യം ചെയ്യുന്നതിന് ആവശ്യമായ പിന്തുണയും നൽകി, അർത്ഥപൂർണ്ണമായ തൊഴിലുമായി ബന്ധിപ്പിക്കുക എന്നതാണ് ഈ സെന്ററുകളുടെ ആത്യന്തികമായ ലക്ഷ്യം. ഒരു ക്ഷേമ സമൂഹത്തിലേക്കുള്ള വീഥിയായി പ്രവർത്തിക്കുകയാണ് കരിയർ ഡെവലപ്മെന്റ് സെന്ററുകൾ കൊണ്ട് ലക്ഷ്യമിടുന്നത്. കെ. എ. എസ്. ഇ (KASE) യുടെ സാങ്കേതിക സഹായത്തോടെയാണ് കരിയർ ഡെവലപ്മെന്റ് സെന്ററുകൾ പ്രവർത്തിക്കുന്നത്. 2018–19 ൽ രണ്ട് കരിയർ ഡെവലപ്മെന്റ് സെന്ററുകൾ, എംപ്ലോയ്മെന്റ് വകുപ്പ് സംസ്ഥാനത്ത് തുടങ്ങിയിട്ടുണ്ട്. ഒന്ന് തിരുവനന്തപുരം ജില്ലയിലെ പാലോടും, മറ്റൊന്ന് ആലപ്പുഴ ജില്ലയിലെ കായംകുളത്തുമാണ്. ഈ രണ്ട് സെന്ററുകളും നന്നായി പ്രവർത്തിക്കുന്നുമുണ്ട്. വകുപ്പിന്റെ കീഴിൽ ആകെ അഞ്ച് കരിയർ ഡെവലപ്മെന്റ് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്.

മോഡൽ കരിയർ സെന്റർ

എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെയും കരിയർ സെന്ററുകൾ ആക്കുന്നതിനുള്ള കേന്ദ്ര സർക്കാരിന്റെ നയത്തിന്റെ ഭാഗമായി നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് ഡിപ്പാർട്ട്മെന്റ്, തിരുവനന്തപുരത്തുള്ള 'യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ & ഗൈഡൻസ് ബ്യൂറോ' വിൽ മോഡൽ കരിയർ സെന്റർ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എംപ്ലോയ്മെന്റ്, ട്രെയിനിംഗ് എന്നിവയുടെ ഡയറക്റ്ററേറ്റ് ജനറൽ ഓഫീസ്, ലേബർ & എംപ്ലോയ്മെന്റ് മന്ത്രാലയം, കേന്ദ്ര സർക്കാർ, കേന്ദ്ര എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് (കേരളം) എന്നിവയുടെ സംയുക്താഭിമുഖ്യത്തിലാണ് ഇത് നടപ്പാക്കുന്നത്. യുവാക്കൾക്ക് അവരുടെ യോഗ്യതയും നൈപുണ്യവും അനുസരിച്ച് കിട്ടാവുന്ന അനുയോജ്യമായ തൊഴിലുകളെക്കുറിച്ച് മനസ്സിലാക്കാൻ സഹായകരമാകുന്ന രീതിയിൽ പ്രവർത്തിക്കുന്നതിനാണ് സെന്ററുകൾ കൊണ്ട് ലക്ഷ്യമിടുന്നത്. തൊഴിലുമായി ബന്ധപ്പെട്ട വൈവിധ്യമാർന്ന സേവനങ്ങളാണ് ഉദ്യോഗാർത്ഥികൾക്ക് സൗജന്യമായി ലഭ്യമാക്കുന്നത്. സെന്ററുകൾ ഇപ്പോൾ കൂടുതൽ ശ്രദ്ധ ചെലുത്തുന്നത് ഉദ്യോഗാർത്ഥികൾക്ക് 'കരിയർ കൗൺസിലിങ്ങ് നൽകുന്നതിനാണ്. അവരുടെ അഭിരുചിക്കും നൈപുണ്യത്തിനും അനുസൃതമായുള്ള തൊഴിൽ മേഖല കണ്ടെത്തുന്നതിനാണിത്. വ്യവസായങ്ങളുടെ സഹകാരിയാക്കുക, കാന്റിഡേറ്റ് എൻഗേജ്മെന്റ്, തൊഴിലും & നൈപുണ്യ മാപ്പിങ്ങ്, തൊഴിൽ മേളകൾ സംഘടിപ്പിക്കുക എന്നിവ സെന്ററുകളുടെ പ്രധാന പ്രവർത്തനങ്ങളാണ്.

അവലംബം: എംപ്ലോയിമെന്റ് ഡയറക്റ്ററേറ്റ്, കേരള സർക്കാർ

ചിത്രം 7.2.10 കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ് ചേഞ്ചുകൾ വഴിയുള്ള നിയമനങ്ങൾ

അവലംബം: എംപ്ലോയ്മെന്റ് ഡയറക്ടറേറ്റ്, കേരള സർക്കാർ 2019

സി. വിജയിച്ചിരിക്കണം. പട്ടികജാതി/പട്ടിക വർഗ വിഭാഗത്തിൽപ്പെട്ടവരെയും ശാരീരിക വെല്ലുവിളികൾ നേരിടുന്നവരെയും സംബന്ധിച്ചിടത്തോളം എസ്. എസ്.എൽ.സി പരീക്ഷയ്ക്ക് ഹാജരായവരായിരുന്നാൽ മതിയാകും. വാർഷിക കുടുംബ വരുമാനം 12,000 രൂപയിലും പ്രതിമാസ വ്യക്തിഗത വരുമാനം 100 രൂപയിലും അധികരിക്കാൻ പാടില്ല. കേരള പഞ്ചായത്ത് രാജ് നിയമവും കേരള മുനിസിപ്പാലിറ്റി നിയമവും നിലവിൽ വന്നതോടെ ഈ പരിപാടിയുടെ നടത്തിപ്പ് ചുമതല 1998 മുതൽ ഗ്രാമ,നഗര തദ്ദേശഭരണ സ്ഥാപനങ്ങൾക്കും കൈമാറുകയുണ്ടായി. അർഹരായ അപേക്ഷകർക്ക് അവരുടെ അപേക്ഷ നിശ്ചിത ഫോറത്തിൽ തയ്യാറാക്കി ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിന് സമർപ്പിക്കാവുന്നതാണ്. തദ്ദേശഭരണ സ്ഥാപനത്തിന്റെ ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി അപേക്ഷ പരിശോധിച്ച് അർഹതാ മാനദണ്ഡങ്ങൾക്ക് വിധേയമായി തീരുമാനമെടുക്കുന്നതാണ്. 2018 ൽ 1,48,305 ഗുണഭോക്താക്കൾക്കായി 8.3 കോടി രൂപ തൊഴിലില്ലായ്മാ വേതനമായും, 4,120 ഗുണഭോക്താക്കൾക്കായി 13.5 കോടി രൂപ സ്വയം തൊഴിൽ സഹായവും വിതരണം ചെയ്തു. നടപ്പു സാമ്പത്തിക വർഷത്തിൽ, സെപ്റ്റംബർ 2019 വരെ 1,22,035 ഗുണഭോക്താക്കൾക്കായി 11.7 കോടി രൂപ തൊഴിലില്ലായ്മാ വേതനമായും, 2,498 ഗുണഭോക്താക്കൾക്കായി 10.5 കോടി രൂപ സ്വയം തൊഴിൽ സഹായമായും വിതരണം ചെയ്തിട്ടുണ്ട്. **(അനുബന്ധം 7.2.14)**

നിയുക്തി – 2019

ദേശീയ എംപ്ലോയ്മെന്റ് സർവ്വീസ് ഡിപ്പാർട്ട്മെന്റ് സംഘടിപ്പിക്കുന്ന വിപുലമായ റിക്രൂട്ട്മെന്റ് മേളകളാണ് 'നിയുക്തി'. ഇത് പ്രധാനമായും സംഘടിപ്പിക്കുന്നത് സ്വകാര്യ മേഖലയിലെ തൊഴിലവസരങ്ങൾ അഭ്യസ്ത വിദ്യരും, പ്രാഗല്ഭ്യമുള്ളവരുമായ തൊഴിൽ രഹിതരായ യുവാക്കൾക്ക് ലഭ്യമാക്കുന്നതിന് വേണ്ടിയാണ്. 'നിയുക്തി 2019' തിരുവനന്തപുരത്തും, എറണാകുളത്തും, പാലക്കാടും 2019 ജനുവരി, ഫെബ്രുവരി മാസങ്ങളിൽ സംഘടിപ്പിച്ചിരുന്നു. പ്രസ്തുത പരിപാടിയിൽ 24,302 തൊഴിലന്വേഷകരും, 294 തൊഴിൽ ദാതാക്കളും പങ്കെടുത്തു. റിപ്പോർട്ട് ചെയ്യപ്പെട്ട ആകെ 18,156 വേക്കൻസികളിൽ, 9,276 തൊഴിലുകൾ വാഗ്ദാനം ചെയ്യപ്പെടുകയും, 3,551 നിയമനങ്ങൾ നൽകുകയും ചെയ്തു.

കേരളത്തിൽ എംപ്ലോയ്മെന്റ് എക്സ് ചേഞ്ചുകൾ വഴിയുള്ള നിയമനങ്ങൾ

കേരളത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴിയുള്ള നിയമനങ്ങൾ 2010 മുതൽ കുറഞ്ഞുവരികയാണ്. 2005 മുതലുള്ള കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ് ചേഞ്ചുകൾ വഴിയുള്ള നിയമനങ്ങൾ **ചിത്രം 7.2.10** ൽ കാണിച്ചിരിക്കുന്നു.

7.3 നൈപുണ്യവികസനം

ഒരു രാജ്യത്തിന്റെ വളർച്ചക്കും, സാമൂഹിക വികസനത്തിനും ചാലക ശക്തിയായി പ്രവർത്തിക്കുന്നത് നൈപുണ്യവും, അറിവും ആണ്. മികച്ച പരിശീലനവും, നൈപുണ്യവും നേടിയ തൊഴിലാളികൾക്ക് ഇന്ത്യയിൽ വലിയ ക്ഷാമം നേരിട്ടുകൊണ്ടിരിക്കുകയാണ്. കണക്കുകൾ പ്രകാരം ഇന്ത്യയിലെ തൊഴിൽ ശക്തിയിൽ 2.3 ശതമാനം മാത്രമേ ശരിയായ നൈപുണികൾ നേടിയവരുള്ളൂ. ഇത് അമേരിക്കയിൽ 52 ശതമാനവും, ഇംഗ്ലണ്ടിൽ 68 ശതമാനവും ജർമ്മനിയിൽ 75 ശതമാനവും, ജപ്പാനിൽ 80 ശതമാനവും, ദക്ഷിണ കൊറിയയിൽ 96 ശതമാനവും ആണ്. (ദേശീയ നൈപുണ്യ വികസന മിഷൻ (MSDE) ഭാരത സർക്കാർ

നൈപുണ്യ വികസനത്തിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞ് ഇന്ത്യയിലെ 20 ഓളം മന്ത്രാലയങ്ങളും/വകുപ്പുകളും ചേർന്ന് 70 ൽ അധികം പദ്ധതികൾ നൈപുണ്യ വികസനത്തിനായി നടത്തി വരുന്നുണ്ട്. നൈപുണ്യ പരിശീലന പ്രവർത്തനങ്ങളിൽ വിവിധ വകുപ്പുകളെയും/ സംസ്ഥാനങ്ങളെയും തമ്മിൽ സംയോജിപ്പിക്കുന്നതിന് ലക്ഷ്യം വെച്ച് 2015 ജൂലൈ 15 നാണ് സ്കിൽ ഡെവലപ്മെന്റ് ആൻഡ് എന്റർ പ്രണർഷിപ് മന്ത്രാലയം, ദേശീയ നൈപുണ്യ വികസന മിഷന് രൂപം നൽകിയത്. നൈപുണ്യ പ്രവർത്തനങ്ങൾ ഏകീകരിക്കുന്നതിനും, സംയോജിപ്പിക്കുന്നതിനൊപ്പം, നൈപുണികൾ കൃത്യമായ നിലവാരത്തിലും വേഗത്തിലും നേടിയെടുക്കുന്നതിനായി, വിവിധ വകുപ്പുകളെ വേഗത്തിൽ തീരുമാനമെടുക്കാൻ സഹായിക്കുക എന്നതും ഇതിന്റെ ലക്ഷ്യമാണ്.

സമ്പദ് വ്യവസ്ഥയുടെ ഉല്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിലും, മനുഷ്യ വിഭവ ശേഷി വികസനത്തിലും നൈപുണ്യ വികസനം അതിപ്രധാനമായൊരു ഘടകമാണ്. മെച്ചപ്പെട്ട നൈപുണ്യങ്ങൾ സമ്പദ് വ്യവസ്ഥയുടെ ഘടന മാറ്റുക മാത്രമല്ല സാമൂഹ്യ വികസനവും സംജാതമാക്കുന്നു, ലോകം മുന്നോട്ടു വക്കുന്ന പ്രതിബന്ധങ്ങളേയും, അവസരങ്ങളേയയും ഫലപ്രദമായി നേരിടാൻ, വളരെ നല്ല രീതിയിൽ നൈപുണ്യമുള്ള രാജ്യങ്ങൾക്കേ കഴിയൂ. കേരളം ഉയർന്ന സാക്ഷരത നിരക്ക് കൈവരിച്ചിട്ടുണ്ടെങ്കിലും, തൊഴിൽ സേനയുടെ നൈപുണ്യങ്ങൾ ഗണ്യമായ രീതിയിൽ വികസിപ്പിക്കേണ്ടത് ആവശ്യമാണ്. സംസ്ഥാന സമ്പദ് വ്യവസ്ഥയുടെ ഘടനപരമായ മാറ്റം ഉയർന്നു വരുന്ന മേഖലകളിൽ മതിയായ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നില്ല. അതിന്റെ ഫലമായി, ഇന്ത്യയിലെ ഏറ്റവും ഉയർന്ന തൊഴിലില്ലായ്മ നേരിടുന്ന സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം. ഉന്നത നിലവാരമുള്ള പരിശീലനം നൽകുക വഴി, രാജ്യത്തിന്റെ ലക്ഷ്യമായ 50 കോടി നൈപുണ്യ വ്യക്തികളെ 2022 ഓടു കൂടി സൃഷ്ടിക്കുകയും, അതിലൂടെ നൈപുണ്യവും, സാങ്കേതിക ജ്ഞാനവുമുള്ള തൊഴിൽ സേനയെ സംജാതമാക്കി സംസ്ഥാനത്തിന്റേയും, രാജ്യത്തിന്റേയും സമ്പദ് വ്യവസ്ഥയുടെ വളർച്ചയ്ക്കും വികസനത്തിനും വഴിയൊരുക്കുക എന്നതാണ് സംസ്ഥാനത്തിന്റെ ലക്ഷ്യം. കേരളത്തിൽ നിന്നും മെഡിക്കുലേഷൻ ജയിച്ചു വരുന്ന ആളുകളുടെ വർദ്ധിച്ച എണ്ണത്തിനനുസരിച്ച്, 1.5 മുതൽ 2 ലക്ഷം വരെ നൈപുണ്യമുള്ള മനുഷ്യ വിഭവത്തെ വർഷം തോറും പരിശീലനം നൽകി രാജ്യത്തിന്റെ ഈ ലക്ഷ്യത്തിലേക്ക് എത്തിക്കുന്നതിനാണ് ശ്രമിക്കുന്നത്. നൈപുണ്യ വികസനത്തിന് വേണ്ടി തെരഞ്ഞെടുക്കപ്പെടുന്ന വിഭാഗത്തിൽ ആദ്യമായി തൊഴിൽ കമ്പോളത്തിലേക്ക് എത്തുന്നവരും, സംഘടിത മേഖലയിലും/അസംഘടിത മേഖലയിലും തൊഴിലെടുക്കുന്നവരും ഉണ്ടായിരിക്കും

ക്രാഫ്റ്റ്സ്മാൻ ട്രെയ്നിംഗ്

ഇന്ത്യാ ഗവൺമെന്റ് 1950 ലാണ് ക്രാഫ്റ്റ്സ്മാൻ ട്രെയിനിംഗ് പദ്ധതി നടപ്പിലാക്കിയത്. തൊഴിൽ നേടാനാവശ്യമായ പരിശീലനത്തിലൂടെ പ്രാദേശിക വ്യവസായങ്ങൾക്കാവശ്യമായ, വിവിധ ട്രേഡുകളിലേക്ക് നൈപുണ്യമുള്ള തൊഴിലാളികളുടെ ഒഴുക്ക് ഉറപ്പുവരുത്തുക, ചിട്ടയോടു കൂടിയ പരിശീലനത്തിലൂടെ വ്യവസായികോല്പാദനത്തിന്റെ ഗുണനിലവാരവും,

അളവും വർദ്ധിപ്പിക്കുക, അഭ്യസ്ത വിദ്യരിലെ തൊഴിലില്ലായ്മ കുറയ്ക്കുക തുടങ്ങിയ ലക്ഷ്യങ്ങൾ ഉറപ്പുവരുത്തുക എന്നതാണ് ഇതിന്റെ ഉദ്ദേശ്യം. നാഷണൽ കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിംഗ് (എൻ.സി.വി.ടി) ആണ് ഈ പദ്ധതി രാജ്യത്ത് നടപ്പിലാക്കുന്നതിനുള്ള ഉന്നത അതോറിറ്റി. ഈ പദ്ധതി പ്രകാരം ട്രെയിനി ഒരു പ്രത്യേക ട്രേഡ് പൂർത്തിയാക്കുകയും, അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് വിജയിക്കുകയും ചെയ്താൽ, നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റ് വിതരണം ചെയ്യുന്നു. ക്രാഫ്റ്റ്സ്മാൻ ട്രെയിനിംഗ് പദ്ധതി നടപ്പിലാക്കുന്നത് കേരള ഇൻഡസ്ട്രിയൽ ട്രെയിനിംഗ് വകുപ്പാണ്.

ഏകദേശം 85 ബ്രാഞ്ചുകളിൽ മൊത്തം 54060 സീറ്റുകൾ ക്രാഫ്റ്റ്സ്മാൻ ട്രെയിനിംഗിനു മാത്രമായി മാറ്റി വെച്ചിട്ടുണ്ട്. (ഗവൺമെന്റ് ഐ.റ്റി.ഐ.യിൽ–35772 ഉം മറ്റ് സ്ഥാപനങ്ങളും (എസ്.സി.ഡി.സി/എസ്.റ്റി.ഡി.ഡി) 18288 സ്വകാര്യ ഐ.റ്റി.ഐ., ഐ.ടി.ഐ. കളുടെയും വിശദവിവരങ്ങൾ **അനുബന്ധം 7.3.1, 7.3.2, 7.3.2**(a), **7.3.3, 7.3.3**(a), **7.3.3**(b), **7.3.4, 7.3.5** എന്നിങ്ങനെ ചേർത്തിട്ടുണ്ട്.

അപ്രന്റീസ് പരിശീലനം

1961 ലെ അപ്രന്റീസ്ഷിപ്പ് നിയമം അനുസരിച്ച് അപ്രന്റീസ്ഷിപ്പ് പരിശീലന പരിപാടികൾ നടത്തി വരുന്നു. അപ്രന്റീസ്ഷിപ്പ് പരിശീലന പരിപാടികൾ നിയന്ത്രിക്കുകയും അതു വഴി നിലവാരമുള്ള പാഠ്യപദ്ധതി, പരിശീലന കാലയളവ്, നൈപുണ്യങ്ങൾ ഉറപ്പാക്കൽ തുടങ്ങിയവയാണ് ഈ നിയമത്തിന്റെ പ്രധാന ലക്ഷ്യങ്ങൾ. വ്യവസായങ്ങളിൽ തൊഴിൽ നൈപുണ്യമുള്ള തൊഴിലാളികളുടെ ആവശ്യം സാധൂകരിക്കുന്നതിനായി വ്യവസായശാലകളിലെ സൗകര്യം പ്രയോജനപ്പെടുത്തി പ്രായോഗിക നൈപുണ്യ പരിശീലനം നൽകുന്നു. വ്യവസായത്തിനാവശ്യമുള്ള നൈപുണ്യമുള്ള തൊഴിലാളികളെ സൃഷ്ടിക്കലാണ് ഈ പദ്ധതിയുടെ ലക്ഷ്യം. അപ്രന്റീസ്ഷിപ്പ് എന്നത് അപ്രന്റീസും തൊഴിലുടമയും തമ്മിലുള്ള ഒരു ഉടമ്പടിയാണ്. ഒരു നിശ്ചിത കാലയളവിൽ, ഒരു പ്രത്യേക നൈപുണ്യം വികസിപ്പിച്ചെടുക്കുന്നതിന് പരിശീലിപ്പിക്കുകയും, പ്രസ്തുത കാലയളവിൽ അപ്രന്റീസ്ഷിപ്പ് നിയമം (1961) അനുസരിച്ചുള്ള ഒരു ധന സഹായം നൽകുകയും ചെയ്യുന്നു. കേന്ദ്ര/ സംസ്ഥാന സർക്കാരുകൾ ഒരു മൂന്നാം കക്ഷിയായി ഈ ഉടമ്പടി നിയന്ത്രിക്കുകയും മേൽനോട്ടം വഹിക്കുകയും ചെയ്യുന്നു.

ഇന്ത്യ ഗവൺമെന്റ് അടുത്തിടെ നാഷണൽ അപ്രന്റീസ് പ്രൊമോഷൻ സ്കീം (നാപ്സ്) അവതരിപ്പിച്ചു. ഈ പദ്ധതിയിലൂടെ കേന്ദ്ര സർക്കാർ 25 ശതമാനം സ്റ്റൈപ്പന്റും സ്ഥാപനങ്ങൾക്ക് തിരിച്ചടയ്ക്കണം.

കേരളത്തിലെ അപ്രന്റീസ്ഷിപ്പ് ട്രെയിനിംഗ് കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സംയുക്ത മേൽനോട്ടത്തിൽ നടത്തുന്നു. ഈ നിയമ പ്രകാരം വ്യവസായ ശാലകളിലെ നൈപുണ്യ പരിശീലനത്തിനുള്ള സൗകര്യങ്ങളും സാധ്യതകളും ഉപയോഗപ്പെടുത്തുകയും നാഷണൽ അപ്രന്റീസ്ഷിപ്പ് സർട്ടിഫിക്കേഷൻ നൽകുകയും ചെയ്യുന്നു. സംസ്ഥാനത്തെ അപ്രന്റീസ്ഷിപ്പ് പദ്ധതികൾ നടപ്പിലാക്കുന്നത് സംസ്ഥാന അപ്രന്റീസ്ഷിപ്പ് അഡ്വൈസറുടെയും അസിസ്റ്റന്റ് അപ്രന്റീസ്ഷിപ്പിന്റെയും ഓഫീസ് മുഖേനയാണ്. ഈ പദ്ധതിയിലൂടെ 14 ജില്ലകളിൽ 81 ട്രേഡുകൾ നീക്കിവച്ചിട്ടുണ്ട്.

- സ്ഥിതി ചെയ്യുന്ന സീറ്റുകളുടെ എണ്ണം : 7796
- വിനിയോഗിച്ച സീറ്റുകളുടെ എണ്ണം : 2691
- സ്ഥിതി ചെയ്യുന്ന സ്ഥാപനങ്ങളുടെ എണ്ണം : 2208
  (ഗവൺമെന്റ് : 899, സ്വകാര്യം : 1309)
- വിനിയോഗിച്ച സ്ഥാപനങ്ങളുടെ എണ്ണം : 1229
  (ഗവൺമെന്റ്: 660, സ്വകാര്യ: 569)

ഈ പദ്ധതി പ്രകാരം 2000 വിദ്യാർത്ഥികൾക്ക് ട്രെയിനിംഗ് സെർട്ടിഫിക്കറ്റുകൾ നൽകി വരുന്നു. 50 ശതമാനം അപ്രന്റീസ്ഷിപ്പ് നിയമനം സംസ്ഥാനത്ത് ഗവൺമെന്റ് മേഖലയിൽ നടത്തിവരുന്നു.

വ്യാവസായിക പരിശീലന സ്ഥാപനങ്ങൾ

വ്യാവസായിക പരിശീലന പദ്ധതി പ്രകാരം സംസ്ഥാനത്ത് 99 വ്യാവസായിക പരിശീലന സ്ഥാപനങ്ങളും സ്വകാര്യ ഐ.ടി.ഐ കളും പ്രവർത്തിക്കുന്നു. ഈ ഐ.ടി.ഐ യിൽ മൊത്തം 35,772 സീറ്റുകൾ ലഭ്യമാണ്. ഇതിൽ 30 ശതമാനം സീറ്റുകൾ വനിതകൾക്കായി സംവരണം ചെയ്തിരിക്കുന്നു. കൂടാതെ സർക്കാർ മേഖലയിൽ 14 വനിത ഐ.ടി.ഐ കൾ പ്രവർത്തിക്കുന്നു.

സ്കിൽ അപ്പ് ഡേറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സ്റ്റാഫ് ട്രെയിനിംഗ് (എസ്.യു.ഐ.റ്റി), കഴക്കൂട്ടം, തിരുവനന്തപുരം

സാങ്കേതിക വികസനത്തിനനുസരിച്ച സാങ്കേതിക മികവിൽ അദ്ധ്യാപകർക്കും, മറ്റുള്ളവർക്കും പരിശീലനത്തിനായി കേരളത്തിൽ സ്റ്റാഫ് ട്രെയിനിംഗിന് വേണ്ടിയുള്ള നൈപുണ്യ വികസന ഇൻസ്റ്റിറ്റ്യൂട്ട് 1999 ൽ തിരുവനന്തപുരം കഴക്കൂട്ടത്താണ് ആരംഭിച്ചത്. ഡിപ്പാർട്ടുമെന്റിന്റെ അഡീഷണൽ ഡയറക്ടർ റാങ്കിലുള്ള ഒരു ഉദ്യോഗസ്ഥനാണ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ നേതൃത്വം വഹിക്കുന്നത്. പരിശീലന പദ്ധതി ആവശ്യാനുസരണം തയ്യാറാക്കൽ, കോഴ്സ്

രൂപപ്പെടുത്തൽ, സാങ്കേതിക വിഭാഗം ജീവനക്കാരുടെ നൈപുണ്യ വികസനവും, അദ്ധ്യാപനവും മെച്ചപ്പെടുത്തുന്നതിനുള്ള ഗവേഷണ പദ്ധതികൾ, സംസ്ഥാന പരിശീലന നയത്തിന്റെ ഭാഗമായി ഐ.എം.ജി.യിൽ സോഫ്റ്റ് സ്കിൽ പരിശീലനം, ഓഫ് ക്യാമ്പസ് പരിശീലനം, വെർച്വൽ ക്ലാസ്സ് ട്രെയിനിംഗ്, ഡി.ജി.ഇ. & റ്റി യുടെ ഡി.എൽ.പി ട്രെയിനിംഗ് ഏകോപിപ്പിക്കൽ എന്നിവയാണ് ഈ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങൾ.

ഇന്ത്യ സ്കിൽസ് – കേരളം 2018

2016 സ്കിൽ ഫിയസ്റ്റ് എന്ന് പേരിട്ടിരിക്കുന്ന നൈപുണ്യ മത്സരത്തിന്റെ മികവു വിജയത്തിൽ നിന്നും പ്രചോദനം ഉൾക്കൊണ്ട് ഡിപ്പാർട്ട്മെന്റ് 'കൂടുതൽ മികവാർന്ന' നൈപുണ്യ പോരാട്ടത്തിനുള്ള വേദി തുറന്നു. 'ഇന്ത്യ സ്കിൽ 2018' എന്ന തലക്കെട്ടിൽ ഏപ്രിൽ 29,30, 31 തീയതികളിൽ കൊച്ചിയിലെ മറൈൻ ഡ്രൈവിൽ നടന്നു. ഇന്ത്യ സ്കിൽസ് 2018 ലെ സംസ്ഥാനതല മത്സരത്തിലെ വിജയികൾ 9 മെഡലുകൾ (2 ഗോൾഡ് മെഡൽ, 5 സിൽവർ മെഡൽ, 2 വെങ്കല മെഡൽ) നേടി. കസാൻ 2019 ലെ വേൾഡ് സ്കിൽസ് മത്സരങ്ങളിൽ പങ്കെടുക്കാൻ ഈ മെഡൽ വിജയികൾക്ക് യോഗ്യത ലഭിച്ചു. മതിൽ, ഫ്ലോർ ടൈലിംഗിൽ ശ്രീ മുഹമ്മദ് റാബിത്തും, (ഗവൺമെന്റ് ഐ.റ്റി.ഐ അരിക്കോട്), ത്രിമാന (3D) ഗെയിം ആർട്ടിൽ മിസ്റ്റർ നിതൻ പ്രേമും മികവുനുള്ള രണ്ട് മെഡലുകൾ നേടി.

ഐ.എസ്.ഒ സർട്ടിഫിക്കേഷൻ

ഗുണമേന്മയാണ് നമ്മുടെ വ്യാവസായിക പരിശീലന സ്ഥാപനങ്ങളുടെ മുഖമുദ്ര. പരിശീലനങ്ങളിൽ വിവിധ നൂതന സങ്കേതങ്ങൾ അവലംബിച്ചിട്ടുണ്ട്. നമ്മുടെ സ്ഥാപനങ്ങളുടെ പ്രകടനംമെച്ചപ്പെടുത്തി മികച്ച പരീക്ഷാഫലം ഉറപ്പാക്കുന്നതിന് ലക്ഷ്യമിടുന്നു. വകുപ്പിന്റെ ഇത്തരം സംരംഭങ്ങളെ തിരിച്ചറിഞ്ഞ് 34 ഐ.റ്റി.ഐ കൾക്ക് ഐ.എസ്.ഒ സെർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്.

ഐ.എസ്.ഒ സർട്ടിഫിക്കറ്റ് നേടിയ ഐ.റ്റി.ഐ.കൾ ചുവടെ കൊടുക്കുന്നു.

വനിതാ ഐ.റ്റി.ഐ കോഴിക്കോട്, ഏറ്റുമാനൂർ ഐ.റ്റി.ഐ, മാള ഐ.റ്റി.ഐ, വനിതാ ഐ.റ്റി.ഐ കളമശ്ശേരി, കോഴിക്കോട് ഐ.റ്റി.ഐ, കൽപെറ്റ ഐ.റ്റി.ഐ, കണ്ണൂർ ഐ.റ്റി.ഐ, വനിതാ ഐ.റ്റി.ഐ കഴക്കൂട്ടം, ആറ്റിങ്ങൽ ഐ.റ്റി.ഐ, ചെന്നീർകര ഐ.റ്റി.ഐ, കളമശ്ശേരി ഐ.റ്റി.ഐ, വനിത ഐ.റ്റി.ഐ ചാലക്കുടി, അരീക്കോട് ഐ.റ്റി.ഐ, ചെങ്ങന്നൂർ ഐ.റ്റി.ഐ, ധനുവെച്ചപുരം ഐ.റ്റി.ഐ, ചാക്ക ഐ.റ്റി.ഐ, വനിത ഐ.റ്റി.ഐ കൊല്ലം, പള്ളിക്കാത്തോട്, കട്ടപ്പന, ചാലക്കുടി, മലമ്പുഴ ഐ.റ്റി.ഐ കൾ, കാസർകോട് ഐ.റ്റി.ഐ, വനിത ഐ.റ്റി.ഐ കണ്ണൂർ, ഐ.റ്റി.ഐ കാസർഗോഡ്, ഐ.റ്റി.ഐ ആര്യനാട്, ഐ.റ്റി.ഐ ചാത്തന്നൂർ, ഐ.റ്റി.ഐ മലയിൻകീഴ്, ഐ.റ്റി.ഐ പള്ളിപ്പാട്, ഐ.റ്റി.ഐ അട്ടപ്പാടി, ഐ.റ്റി.ഐ കൊയിലാണ്ടി, ഐ.റ്റി.ഐ നിലംമ്പൂർ, ഐ.റ്റി.ഐ കുഴൽ മന്ദം, ഐ.റ്റി.ഐ മാടായി, ഐ.റ്റി.ഐ കയ്യൂർ.

2019–20 ൽ വ്യാവസായിക വകുപ്പ് നടപ്പിലാക്കിയ നൂതന സംരംഭം

ഇ – ഓഫീസ്

സമയ ബന്ധിതവും മികച്ച സേവനങ്ങളുമുള്ള, പേപ്പർ രഹിത ഓഫീസ് സൃഷ്ടിക്കുക എന്ന കാഴ്ചപ്പാടോടെ സംസ്ഥാന ഡയറക്ടറേറ്റിന്റേയും തിരിവനന്തപുരം, കോഴിക്കോട് ജില്ലകളിലെ എല്ലാ ഓഫീസുകളിലും ഈ സംവിധാനം നടപ്പിലാക്കുന്നു. കണ്ണൂർ എറണാകുളം, കൊല്ലം തുടങ്ങിയ ജില്ലകളിൽ ഇ–ഓഫീസ് സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

ബോക്സ് 7.3.1 ഗ്രൂപ് ഇൻഷുറൻസ് പദ്ധതി

ഒരു വർഷത്തിൽ 30,000 ത്തോളം ട്രെയിനികൾക്ക് സർക്കാർ ഐ.റ്റി.ഐ കൾ വഴി പരിശീലനം നൽകുന്നുണ്ട്. പ്രായോഗിക പരിശീലനമാണ് ക്രാഫ്റ്റ്മാൻ പദ്ധതിയുടെ മുഖമുദ്ര. പ്ലാന്റുകളിലെ പരിശീലന സമയത്ത് ഇൻസ്റ്റിറ്റ്യൂട്ടുകളുടെ വർക്ക് ഷോപ്പുകളിലും ഫാക്ടറികളിലും ഭാരമേറിയതും നൂതനവുമായ യന്ത്രങ്ങൾ ഉപയോഗിച്ച് പരിശീലകർക്ക് പരിശീലനം നൽകി. അതിനാൽ പരിശീലകർ അവരുടെ പരിശീലന കാലയളവിലുടനീളം അപകടങ്ങൾക്ക് ഇരയാകുന്നു. അതിനാൽ 2018–19 സാമ്പത്തിക വർഷത്തിൽ ട്രെയിനികൾക്കായി ഒരു ഗ്രൂപ് ഇൻഷുറൻസ് പദ്ധതി നിലവിൽ വന്നു.

2019–20 സാമ്പത്തിക വർഷത്തിൽ വ്യാവസായിക വകുപ്പ് ഈ പദ്ധതി തുടരുകയും ഓരോ ട്രെയിനിക്കും 3 ലക്ഷം രൂപ അഷ്വോർഡ് നൽകുകയും ചെയ്തു. 30,523 ട്രെയിനികൾക്കാണ് ഈ പദ്ധതി പ്രകാരം പ്രയോജനം ലഭിക്കുക. ഐ.റ്റി.ഐ ട്രെയിനികൾക്കായുള്ള ഈ പദ്ധതി നടപ്പിലാക്കുന്നത് 'ന്യൂ ഇന്ത്യ ഇൻഷുറൻസ് കമ്പനി ലിമിറ്റഡ്' ആണ്.

ബോക്സ് 7.3.2 ഐ.റ്റി.ഐ ട്രെയിനികൾക്കായുള്ള ഉച്ച ഭക്ഷണ പരിപാടി

ഐ.റ്റി.ഐ ട്രെയിനികൾക്കായുള്ള ഉച്ചഭക്ഷണ പരിപാടി 2018–19 സാമ്പത്തിക വർഷത്തിൽ നടപ്പാക്കി. 14 വനിതാ ഐ.റ്റി.ഐ കളുടെ ട്രെയിനികൾക്ക് പ്രോട്ടീൻ സമ്പന്നമായ ഉച്ചഭക്ഷണം നൽകുക എന്നതാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. ഐ.റ്റി.ഐ കഴക്കൂട്ടം, ഐ.റ്റി.ഐ പാറശ്ശാല, ഐ.റ്റി.ഐ കൊല്ലം, ഐ.റ്റി.ഐ മെഴുവേലി, ഐ.റ്റി.ഐ ചെങ്ങന്നൂർ, ഐ.റ്റി.ഐ ചങ്ങനാശ്ശേരി, ഐ.റ്റി.ഐ കളമശ്ശേരി, ഐ.റ്റി.ഐ ചാലക്കുടി, ഐ.റ്റി.ഐ മലമ്പുഴ, ഐ.റ്റി.ഐ കോഴിക്കോട്, ഐ.റ്റി.ഐ താഴെക്കോട്, ഐ.റ്റി.ഐ കണ്ണൂർ, ഐ.റ്റി.ഐ നെന്മേനി, ഐ.റ്റി.ഐ വെസ്റ്റ് എളേരി തുടങ്ങിയ ഐ.റ്റി.ഐ കളിലാണ് വനിതകൾക്കായുള്ള ഉച്ചഭക്ഷണ പരിപാടി നടപ്പിലാക്കിയത്. 2019–20 സാമ്പത്തിക വർഷത്തിൽ ഈ പദ്ധതി തുടരുകയും 2,969 ട്രെയിനികൾക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുകയും ചെയ്തു.

ഐ.റ്റി.ഐ കൾക്കായുള്ള വെബ് സൈറ്റുകളുടെ വികസനം

ഡയറക്ടറേറ്റ് ജനറൽ ഓഫ് എംപ്ലോയ്മെന്റ് ആന്റ് ട്രെയിനിംഗിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ച് സംസ്ഥാനത്തെ എല്ലാ ഗവൺമെന്റ് ഐ.റ്റി.ഐ കളിലുമായി പ്രത്യേക വെബ് സൈറ്റുകൾ വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഡി.ജി.ഇ ആന്റ് റ്റി യുടെ മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസരണമായി ഐ.റ്റി.ഐ ഇൻസ്റ്റിറ്റ്യൂട്ടുകൾ, കോഴ്സ്, പ്രവേശന വിശദാംശങ്ങൾ, ഫാക്കൽറ്റി, സേവനങ്ങൾ, പ്രത്യേകതകൾ, കൺസൾട്ടൻസി, ഭാവി പദ്ധതികൾ എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ ഈ വെബ് സൈറ്റിൽ ലഭ്യമാകുന്നു.

ഹരിത ചട്ടം (ഗ്രീൻ പ്രോട്ടോകോൾ)
വ്യവസായിക വകുപ്പ് സംസ്ഥാന ഡയറക്ടറേറ്റിലും സബ് ഓഫീസുകളിലും ഹരിത പ്രോട്ടോക്കോൾ നടപ്പിലാക്കി.

സാങ്കേതിക–കൈമാറ്റ പരിപാടി

ഐ.ടി.ഐ ട്രെയിനികൾക്ക്, വിദേശത്ത് പരിശീലനം നൽകുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഈ വർഷം, 57 ട്രെയിനികൾക്ക് ഇതിന്റെ ഗുണഫലം ലഭിച്ചു. ഐ.ടി.ഇ. സിംഗപ്പൂർ ആണ് അവർക്ക് പരിശീലനം നൽകിയത്.

നൈപുണ്യ കർമ്മ സേന

പ്രളയത്തോടനുബന്ധിച്ച് വ്യവസായിക പരിശീലന വകുപ്പ് രൂപീകരിച്ച ഒന്നാണ് നൈപുണ്യ കർമ്മ സേന. ഇലക്ട്രിക്കൽ, പ്ലംബിംങ്, കാർപെന്ററി എന്നീ കേടുപാടുകൾ തിർക്കുന്നതിനായുള്ള സേനയാണിത്. ഇവരെ കൂടാതെ ഐ.ടി.ഐ വിദ്യാർത്ഥികളുടെ സാങ്കേതിക ജ്ഞാനമുള്ള ഒഫീഷ്യലുകൾ എന്നിവരെല്ലാം ഇതിൽ പങ്കാളികളായിട്ടുണ്ട്.

പ്രധാന നാഴിക കല്ലുകൾ

- ഇന്ത്യ സ്കിൽ – കേരളം 2018, ഇന്ത്യ സ്കിൽ – നാഷണൽ, വേൾഡ് സ്കിൽ – കസാൻ ഇവയിൽ പങ്കെടുത്തു.
- ഐ.റ്റി.ഐ ട്രെയിനികൾക്കായുള്ള ഗ്രൂപ് ഇൻഷുറൻസ് പദ്ധതി ആവിഷ്കരിച്ചു.
- പ്ലേസ്മെന്റ് ലഭിക്കുന്നതിനായി മൂന്ന് മേഖലകളിലായി തൊഴിൽ മേള നടത്തി. 10218 ട്രെയിനികൾ ചുരുക്കപ്പട്ടികയിൽ ഉൾപ്പെടുകയും 3011 പേർക്ക് ജോലി ലഭിക്കുകയും ഉണ്ടായി.
- കിഫ്ബി ഫണ്ടിംഗിലൂടെ 10 ഐ.റ്റി.ഐ കൾ രാജ്യാന്തര നിലവാരത്തിലേക്ക് ഉയർത്തുന്നതിനുള്ള നടപടികൾ തുടങ്ങി. തെരഞ്ഞെടുക്കപ്പെട്ടവ, ഐ.റ്റി.ഐ ധനുവച്ചപുരം, ഐ.റ്റി.ഐ കൊല്ലം, ഐ.റ്റി.ഐ ചെങ്ങന്നൂർ, ഐ.റ്റി.ഐ ഏറ്റുമാനൂർ, ഐ.റ്റി.ഐ കട്ടപ്പന, ഐ.റ്റി.ഐ ചാലക്കുടി, ഐ.റ്റി.ഐ മലമ്പുഴ, ഐ.റ്റി.ഐ കൊയിലാണ്ടി, ഐ.റ്റി.ഐ കണ്ണൂർ, ഐ.റ്റി.ഐ കയ്യൂർ എന്നിവയാണ്.
- എല്ലാ ഐ.റ്റി.ഐ കളിലും പ്ലേസ്മെന്റ് സെല്ലുകൾ രൂപീകരിക്കുകയും, ഇതുവരെ 3353 പേർക്ക് തൊഴിൽ ലഭിക്കുകയും ചെയ്തു.
- ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ സഹായത്തോടെ പുതുതലമുറയിൽ സംരംഭകത്വം വളർത്തുന്നതിനായി എല്ലാ ഐ.റ്റി.ഐ കളിലും ഇഡി ക്ലബുകൾ സ്ഥാപിക്കുകയും, ഈ ക്ലബ്ബുകൾ യുവാക്കളുടെ നൈപുണ്യവും, സാങ്കേതികകളും വളർത്തുന്നതിനുള്ള ഒരു വഴികാട്ടിയായി നിലകൊള്ളുകയും ചെയ്യുന്നു.
- എല്ലാ ഐ.റ്റി.ഐ കളിലും ഗ്രേഡിംഗ് സംവിധാനം ആരംഭിച്ചു.
- വിവിധ ട്രേഡുകളിലുള്ള 575 യൂണിറ്റുകൾക്ക് എൻ. സി.വി.റ്റി അഫീലിയേഷൻ ലഭിച്ചു.
- ഹരിത കേരള മിഷന്റെ പിൻതുണയോടെ തിരഞ്ഞെടുത്ത 14 ഐ.റ്റി.ഐ കളിൽ ഹരിത കാമ്പസ് പദ്ധതി ആരംഭിച്ചു.

കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (കെ.എ.എസ്.ഇ)

കേരളത്തിലെ യുവ തൊഴിലാളികളെ നൈപുണ്യപ്പെടുത്തുന്നതിനും അവരുടെ കഴിവുകൾ

ഇന്ത്യയിലും വിദേശത്തുമുള്ള തൊഴിലിന് അനുസൃതമായി ആഗോളനിലവാരത്തിലേക്ക് ഉയർത്തുക എന്ന ലക്ഷ്യത്തോടെ കേരള സർക്കാർ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (കെയ്സ്) സ്ഥാപിച്ചു. ഇത് ലാഭരഹിതമായി പ്രവർത്തിക്കുന്ന ഒരു കമ്പനിയാണ്. 'കെയ്സ്', സംസ്ഥാനത്തെ വിവിധ നൈപുണ്യ വികസന സംരംഭങ്ങളെ ഏകോപിപ്പിക്കുകയും, സംഘടിപ്പിക്കുകയും ചെയ്യുന്നു. അതുപോലെ തന്നെ വിദഗർ ഉൾപ്പെട്ട ഉയർന്ന കമ്മറ്റി രൂപീകരിച്ച്, വിവിധ പരിശീലന സ്ഥാപനങ്ങൾ നടത്തുന്ന കോഴ്സുകൾക്ക് അംഗീകാരം നൽകുന്നു. സംസ്ഥാനത്തെ എല്ലാ നൈപുണ്യ സംരംഭങ്ങളെയും സംയോജിപ്പിക്കുന്നതിനുള്ള നോഡൽ ഏജൻസിയായി പ്രവർത്തിക്കാൻ, 'സംസ്ഥാന നൈപുണ്യ വികസന മിഷനിലൂടെ' കെയ്സിനെ അധികാരപ്പെടുത്തിയിട്ടുണ്ട്. 'പ്രധാനമന്ത്രി കൗശൽ വികാസ് യോജന' എന്ന കേന്ദ്ര പ്രായോജന പദ്ധതി 'കെയ്സ്' ആണ് നടപ്പിലാക്കുന്നത്.

പി.എം.കെ.വൈ (2016–2020)

പ്രധാനമന്ത്രി കൗശൽ വികാസ് യോജന (2016–2020) (പി.എം.കെ.വി.വൈ) 2015–2016 ന്റെ പരിഷ്കരിച്ചതും പ്രധാനപ്പെട്ടതും, ഫലം മുൻനിർത്തിയുമുള്ള മെച്ചപ്പെടുത്തിയതുമായ പതിപ്പാണ്. നൈപുണ്യ വികസന സംരംഭകത്വ മന്ത്രാലയത്തിന്റെ (എം.എസ്.ഡി.ഇ) നൈപുണ്യ പരിശീലന പദ്ധതിയാണ് ഇത്. വലിയ വിഭാഗം ഇന്ത്യൻ യുവതലമുറയെ നൈപുണ്യ പരിശീലനത്തിലൂടെ, തൊഴിലുള്ളവരാക്കി അവർക്ക് ഉപജീവനം കണ്ടെത്താൻ പ്രാപ്തരാക്കുക എന്നതാണ് നൈപുണ്യ സർട്ടിഫിക്കേഷൻ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. പി.എം.കെ.വി.വൈ 2.0 ന് രണ്ട് ഭാഗങ്ങൾ ഉണ്ട് . കേന്ദ്ര പ്രായോജന കേന്ദ്ര നിയന്ത്രണ പദ്ധതിയും, കേന്ദ്ര പ്രായോജന സംസ്ഥാന നിയന്ത്രണ പദ്ധതിയും. ഇതിൽ ആദ്യ പദ്ധതി നടപ്പാക്കൽ ഏജൻസി ദേശീയ നൈപുണ്യ വികസന കോർപ്പറേഷനും (എൻഎസ്ഡിസി), രണ്ടാമത്തെ പദ്ധതി നടപ്പാക്കൽ ഏജൻസി, സംസ്ഥാന നൈപുണ്യ വികസന മിഷന്റെ പദ്ധതി ആയതിനാൽ കെയ്സുമാണ്.

ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ

- ഏകീകൃതമായ മാർഗരേഖയോടുകൂടി രാജ്യമെമ്പാടുമുള്ള യുവാക്കൾക്കായി നൈപുണ്യ വിസനം പ്രോത്സാഹിപ്പിക്കുക.
- വ്യാവസായിക വൈദഗ്ധ്യം നേടുന്നതിനും സ്ഥിര വരുമാനം നേടുന്നതിനും വലിയ വിഭാഗം യുവാക്കളെ പ്രാപ്തരാക്കുകയും അണി നിരത്തുകയും ചെയ്യുക.
- നിലവിലുള്ള തൊഴിലാളികളുടെ ഉൽപാദനക്ഷമത വർദ്ധിപ്പിക്കുകയും രാജ്യത്തിന്റെ ആവശ്യാർത്ഥമുള്ള നൈപുണ്യ പരിശീലനം നൽകുകയും.
- സർട്ടിഫിക്കേഷൻ പ്രക്രിയയുടെ സ്റ്റാൻഡേർഡൈസേഷൻ പ്രോത്സാഹിപ്പിക്കുകയും ഇതിനായി നൈപുണ്യ രജിസ്ട്രേഷൻ സ്ഥാപിക്കുകയും ചെയ്യുക.
- നാല് വർഷം കൊണ്ട് 10 ദശലക്ഷം യുവാക്കൾക്ക് പ്രയോജനം നേടി കൊടുക്കുക. (2016–2020)

പി.എം.കെ.വി.വൈ 2.0 യുടെ ഘടകങ്ങൾ

1. ഹ്രസ്വകാല പരിശീലനം
2. മുൻ പഠനത്തിനുള്ള അംഗീകാരം
3. പ്രത്യേക പദ്ധതികൾ

കേരളത്തിന്റെ പ്രത്യേക ജനസംഖ്യാ സവിശേഷതകൾ കണക്കിലെടുക്കുമ്പോൾ വ്യാവസായിക ബന്ധങ്ങളും പ്ലേസ്മെന്റ് ബന്ധങ്ങളും സ്ഥാപിക്കുക വഴി, 'കെയ്സ്' അതുല്യമായ നൈപുണ്യ മാതൃകകൾ സ്വീകരിച്ചിട്ടുണ്ട്. കേരള ഗവൺമെന്റിന്റെ നൈപുണ്യ വികസന ദൗത്യവുമായി ബന്ധപ്പെടുത്തുന്നതിനുള്ള ഏകജാലക സംരംഭമായ ഐ.എസ്.റ്റി.ഇ.പി (ഇന്റർ നാഷണൽ സ്കിൽ ടെയിനിംഗ് ആന്റ് എംപ്ലോയബിലിറ്റി പ്രോഗ്രാം) വഴി വ്യാവസായിക പങ്കാളികളുമായോ, ഭാവി തൊഴിലുടമകളുമായോ, സംരംഭകരുമായോ കേസ് ബന്ധപ്പെട്ടിരിക്കുന്നു. ഉപഭോക്താക്കളാൽ നൈപുണ്യ വിടവ് കണ്ടെത്തുന്ന ഏതാ വ്യവസായ മേഖലക്കും ഐസ്റ്റെപ് തുറന്നു കൊടുത്തിരിക്കുകയാണ്.

ബോക്സ് 7.3.3 സ്കിൽ രജിസ്ട്രി

സ്കിൽ രജിസ്ട്രി ഒരു മൊബൈൽ ആപ്ലിക്കേഷനാണ്, ഗാർഹിക വാണിജ്യ ആവശ്യങ്ങൾക്കായി വിദഗരായ തൊഴിലാളികളുടെ സേവനം നേരിട്ട് ലഭിക്കുന്നതിനും ഈ ആപ്ലിക്കേഷൻ വഴി സാധിക്കുന്നു. സേവനങ്ങൾ ആവശ്യമുള്ളവർക്ക് www.keralaskillsregistry.com അല്ലെങ്കിൽ https://play.google.com/store/apps/details.id=com.klystrontch.skillregistry–ൽ നിന്നും ഉപഭോക്താക്കളായി രജിസ്റ്റർ ചെയ്യാനും കഴിയും. വ്യവസായ പരിശീലന വകുപ്പ്, കുടുംബശ്രീ, പഞ്ചായത്ത് വകുപ്പ് എന്നിവയുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്. കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ്(കെയ്സ്)തയ്യാറാക്കിയ സ്കിൽ

രജിസ്റ്ററി വഴി ദൈനംദിന ഗാർഹിക-വ്യാവസായിക ആവശ്യങ്ങൾക്ക് തൊഴിലാളികളെ കണ്ടെത്താനും ഒപ്പം തൊഴിൽ നേടാനും സാധിക്കുന്നു. ഇടനിലക്കാരില്ലാതെ ആർക്കും സ്വന്തം കഴിവനുസരിച്ചുള്ള തൊഴിൽ കണ്ടെത്താൻ പദ്ധതി സഹായിക്കും. ഐ.റ്റി.ഐ, കുടുംബശ്രീ എന്നിവിടങ്ങളിൽ നിന്ന് തൊഴിൽ പരിശീലനം നേടിയ സർട്ടിഫൈഡ് ടെക്നീഷ്യൻമാരെ അതത് വകുപ്പുകളാണ് സാക്ഷ്യപ്പെടുത്തുക. തൊഴിലറിയാമെങ്കിലും സർട്ടിഫിക്കറ്റ് ഇല്ലാത്തവരെയും രജിസ്റ്ററിയിലുൾപ്പെടുത്തും. അവർക്ക് തൊഴിൽ പരിചയമുണ്ടെന്ന് പഞ്ചായത്ത് സാക്ഷ്യപ്പെടുത്തിയാൽ മതി. സ്കിൽ രജിസ്ട്രി വഴി ലഭ്യമായ സേവനങ്ങൾ ഇലക്ട്രീഷ്യൻ, പ്ലംബർ, കാർപ്പെന്റർ, പെയിന്റർ, തെങ്ങുകയറ്റക്കാർ, ഡേ കെയർ-വീട്ടിൽ കുട്ടികളുടെ സംരക്ഷണം, ഡ്രൈവർ, ഗാർഡനിങ് ആൻഡ് ലാൻഡ് സ്കേപിങ്, ഹോം ക്ലീനിങ്/ഹൗസ് മെയ്ഡ്, ലോണ്ടറി ആൻഡ് അയണിങ്, മേസ്ത്രിപ്പണി, വയോജനങ്ങളുടെ സംരക്ഷണം-വീടുകളിലും ആശുപത്രികളിലും, ഗ്രാസ് കട്ടിങ്, വീടുകളിൽ വന്നുള്ള മൊബൈൽ ബ്യൂട്ടിപാർലർ സർവ്വീസ്, ടെലിവിഷൻ റിപ്പയർ ആൻഡ് ഇസ്റ്റലേഷൻ, ഫാൻ, അയൺബോക്സ്, കംപ്യൂട്ടർ, എയർ കണ്ടീഷണർ, മിക്സർ ആൻഡ് ഗ്രൈൻഡർ, റഫ്രിജറേറ്റർ, വാഷിങ്മെഷീൻ എന്നിവയുടെ റിപ്പയർ ആൻഡ് സർവ്വീസ്, വീടുകളിലെത്തി ഷുഗർ, കൊളസ്ട്രോൾ, പ്രഷർ എന്നിവ പരിശോധിക്കുന്ന സാന്ത്വനം ഹെൽത്ത് ചെക്ക്അപ് എന്നീ മേഖലകളിൽ തൊഴിലറിയാവുന്നവരുടെ സേവനം ഞൊടിയിടയിൽ ജനങ്ങൾക്ക് മൊബൈൽ ആപ്പിലൂടെ ലഭ്യമാക്കും. ആദ്യ ഘട്ട സേവനം തിരുവനന്തപുരം ജില്ലക്കാർക്ക് മാത്രമായി പരിമിതപ്പെടുത്തിയിട്ടുണ്ട്. സാവധാനം ഇത് മറ്റ് ജില്ലകളിലേക്ക് കൂടി വ്യാപിപ്പിക്കുന്നതാണ്. സ്കിൽ രജിസ്ട്രിയുടെ നിലവിലെ സ്ഥിതി വിവരക്കണക്കുകൾ താഴെ കൊടുക്കുന്നു.

രജിസ്ട്രർ ചെയ്ത സേവനദാതാക്കൾ	744
അംഗീകാരത്തിനായി ശേഷിക്കുന്ന സേവന ദാതാക്കൾ	233
സേവനദാതാക്കൾ അംഗീകരിച്ചത്	334
ആകെ രജിസ്ട്രർ ചെയ്ത ഉപഭോക്താക്കൾ	2589
ആകെ സേവന ഓർഡറുകൾ	71
ആകെ ലഭ്യമായ സേവനങ്ങൾ	24

അദ്ധ്യായം

08

സാമൂഹിക ഉൾച്ചേർക്കൽ– ഉദ്യമങ്ങൾ

അദ്ധ്യായം

08

സാമൂഹിക ഉൾച്ചേർക്കൽ – ഉദ്യമങ്ങൾ

8.1 ലിംഗപദവിയും വികസനവും

എല്ലാ മേഖലകളിലും എല്ലാ തലങ്ങളിലും നിയമനിർമ്മാണം, നയങ്ങൾ അല്ലെങ്കിൽ പദ്ധതികൾ തുടങ്ങിയ ആസൂത്രിതമായ ഏതൊരു നടപടിയിലൂടെയും സ്ത്രീകൾക്കും പുരുഷന്മാർക്കും ഉണ്ടാകുന്ന മാറ്റങ്ങൾ വിലയിരുത്തുന്ന പ്രക്രിയയാണ് ലിംഗപരമായ കാഴ്ചപ്പാടിനെ മുഖ്യധാരയിൽ എത്തിക്കുന്നത്. എല്ലാ രാഷ്ട്രീയ, സാമ്പത്തിക, സാമൂഹിക മേഖലകളിലും നയങ്ങളുടെയും പദ്ധതികളുടെയും രൂപകൽപ്പനയ്ക്കും, നടപ്പാക്കലിനും, നിരീക്ഷണത്തിനും വിലയിരുത്തലിനും സ്ത്രീ–പുരുഷ സംബന്ധിയായ അനുഭവങ്ങളും അവ സമൂഹത്തിൽ ഉണ്ടാക്കുന്ന മാറ്റങ്ങളും കാരണമാകുന്നുണ്ട്. അതിനാൽ സ്ത്രീ–പുരുഷഭേദമെന്യേ തുല്യ പ്രയോജനം നേടികഴിഞ്ഞാൽ അസമത്വം തുടച്ചുനീക്കാൻ സാധിയ്ക്കും . ചുരുക്കത്തിൽ ലിംഗസമത്വം കൈവരിക്കുക എന്നതാണ് ആത്യന്തിക ലക്ഷ്യം "(ലിംഗസമത്വത്തിനും സ്ത്രീ ശാക്തീകരണത്തിനുമുള്ള നയം, ഐക്യരാഷ്ട്ര വിയന്ന ആഫീസ് 2018–21)

സ്ത്രീകളുടെ ശാക്തീകരണവും സ്വയംഭരണവും അവരുടെ രാഷ്ട്രീയ സാമൂഹിക, സാമ്പത്തിക, ആരോഗ്യനില മെച്ചപ്പെടുത്തുന്നതും വളരെ പ്രധാനപ്പെട്ട വസ്തുതകളാണ്. കുട്ടികളെ പരിപാലിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനും വീടിന്റെ പരിപാലനത്തിനുമുള്ള പങ്കിട്ട ഉത്തരവാദിത്തങ്ങൾ ഉൾപ്പെടെ (UNFPA, 1994) ഉൽപാദനപരവും പ്രത്യുൽപാദനപരവുമായ ജീവിതത്തിൽ സ്ത്രീകളുടെയും പുരുഷന്മാരുടെയും മുഴുവൻ പങ്കാളിത്തവും ആവശ്യമാണ്. ലോകത്തിലെ ഒട്ടു മിക്ക പ്രദേശങ്ങളിലും, സ്ത്രീകളോടുള്ള വിവേചനം കയ്പേറിയ യാഥാർത്ഥ്യമായി തുടരുന്നു, കൂടാതെ വ്യക്തിപരമായത് മുതൽ പൊതുജനങ്ങൾ വരെ സ്ത്രീകളുടെ ആരോഗ്യകരമായ ജീവിതത്തെ തടസ്സപ്പെടുത്തുന്ന ബന്ധങ്ങൾ സമൂഹത്തിന്റെ പല തലങ്ങളിലും പ്രവർത്തിക്കുന്നുണ്ട്. സ്ത്രീകളുടെ അവസ്ഥയും നിലവിലുള്ള ലിംഗപരമായ അസമത്വവും ഉൾപ്പെടുന്ന ചോദ്യങ്ങൾ സമീപകാല ചർച്ചയുടെയും പ്രവർത്തനത്തിന്റെയും പ്രധാന വിഷയങ്ങളായി മാറി കഴിഞ്ഞിരിക്കുന്നു. സ്ത്രീകളുടെയും ട്രാൻസ്ജെൻഡറുകളുടെയും അടിസ്ഥാന അവകാശങ്ങൾക്കായുള്ള ആവശ്യങ്ങൾ സർക്കാരുകളും നയ നിർമാതാക്കളും അംഗീകരിക്കാൻ തുടങ്ങിയിട്ടുണ്ട്. ലിംഗസമത്വം കൈവരിക്കുന്നതിന്, വിദ്യാഭ്യാസം, ഉപജീവനമാർഗ്ഗം, വിഭവങ്ങൾ എന്നിവയിലേക്കുള്ള സ്ത്രീകളുടെ പ്രവേശനം മെച്ചപ്പെടുത്തുന്നതിനും ഗാർഹിക, പരിചരണ ജോലികളുമായി ബന്ധപ്പെട്ട് അവരുടെ ഉത്തരവാദിത്തങ്ങൾ തിരിച്ചറിയുന്നതിനും കുറയ്ക്കുന്നതിനും പുനർവിതരണം ചെയ്യുന്നതിനും പൊതുജനങ്ങളിൽ അവരുടെ പങ്കാളിത്തത്തിനുള്ള തടസ്സങ്ങൾ നീക്കം ചെയ്യുന്ന നയങ്ങളും പരിപാടികളും സമൂഹത്തിന് ആവശ്യമാണ്. വിപുലമായ ബോധവൽക്കരണ പരിപാടികളിലൂടെ സമൂഹത്തിൽ ലിംഗബോധം വർദ്ധിപ്പിക്കുകയാണ് ലക്ഷ്യം.

ഇന്ത്യയിൽ, യുഎൻഡിപി വികസിപ്പിച്ച എല്ലാ ലിംഗ സൂചികകളുടെയും (ജി ഡി ഐ) കണക്കനുസരിച്ച് വ്യാപകമായ ലിംഗപരമായ അസമത്വം നിലനിൽക്കുന്നു. സ്ത്രീകളും പുരുഷന്മാരും തമ്മിലുള്ള മാനവ വികസന നേട്ടങ്ങളിൽ കുറഞ്ഞ തുല്യതയോടെ ലിംഗവികസന സൂചികയുടെ ജിഡിഐ മൂല്യം 0.829 ആണ് (കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 0.012 സൂചിക മൂല്യങ്ങളുടെ ഇടിവും ലോക ശരാശരിയിൽ നിന്ന് 0.112 വ്യതിയാനവും രേഖപ്പെടുത്തുന്നു). ആരോഗ്യം, അറിവ്, ജീവിത നിലവാരം എന്നിങ്ങനെ മൂന്ന് അടിസ്ഥാന തലങ്ങളിൽ സ്ത്രീകളും പുരുഷന്മാരും തമ്മിലുള്ള അസമത്വം കണക്കിലെടുത്ത് ജിഡിഐ മനുഷ്യവികസന നേട്ടങ്ങളിലെ ലിംഗപരമായ അസമത്വങ്ങൾ കണക്കാക്കുന്നുണ്ട്. ലിംഗ അസമത്വ സൂചികയുടെ (ജിഡി ഐ) കണക്കനുസരിച്ച്, ജിഡിഐ മൂല്യം 0.501 ഉള്ള 122–ാം റാങ്കാണ് ഇന്ത്യയ്ക്കുള്ളത്, അതേസമയം നമ്മുടെ അയൽരാജ്യങ്ങളായ ചൈന, ശ്രീലങ്ക എന്നിവയ്ക്ക് 36 (0.163), 86 (0.38) റാങ്കുണ്ട്. മാനവ വികസനത്തിന്റെ 3 പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ കണക്കിലെടുത്താണ് ലിംഗ അസമത്വ സൂചിക കണക്കാക്കുന്നത്. (എ)

ബോക്സ് 8.1.1 ലിംഗ മുഖ്യധാരയും ലിംഗസമത്വ വും – യുഎൻഡിപിയുടെ സമീപനവും തത്വങ്ങളും

ലിംഗഭേദമെന്യേ മുഖ്യധാരയിലേക്കുള്ള യുഎൻഡിപി സമീപനം ഇരട്ടിയാണ്: ലക്ഷ്യമിട്ട ലിംഗ–നിർദ്ദിഷ്ട ഇടപെടലുകളിലൂടെ സ്ത്രീകളുടെയും പെൺകുട്ടികളുടെയും ശാക്തീകരണത്തെ യുഎൻഡിപി പിന്തുണയ്ക്കുകയും എല്ലാ നയങ്ങളും പ്രോഗ്രാമുകളും വികസിപ്പിക്കുന്നതിലും ആസൂത്രണം ചെയ്യുന്നതിലും നടപ്പിലാക്കുന്നതിലും വിലയിരുത്തുന്നതിലും ലിംഗപരമായ ആശങ്കകൾ പരിഹരിക്കുന്നുണ്ട്. യുഎൻഡിപിയുടെ ലിംഗപദവി മുഖ്യധാരാ സമീപനം ഇനിപ്പറയുന്ന അടിസ്ഥാന തത്വങ്ങളെ അടിസ്ഥാനമാക്കിയുള്ളതാണ്:

എ. മനുഷ്യാവകാശം
ഈ നയത്തിലൂടെ വികസനത്തോടുള്ള മനുഷ്യാവകാശ അധിഷ്ഠിത സമീപനമാണ് പിന്തുടരുന്നത്, പദ്ധതികളുടെ രൂപകൽപ്പനയും, എല്ലാ ഘട്ടങ്ങളും സ്ത്രീകളുടെയും പുരുഷന്മാരുടെയും മനുഷ്യാവകാശങ്ങൾ സാക്ഷാത്കരിക്കുന്നതിനെ അടിസ്ഥാനമാക്കിയുള്ളതാണ്

ബി. സ്ത്രീകളും പുരുഷന്മാരും മാറ്റത്തിന്റെ സജീവ ഏജന്റുകൾ
എല്ലാവർക്കും അവരുടെ അഭിലാഷങ്ങൾ നേടാനും കഴിവുകൾ നിറവേറ്റാനുമുള്ള അവസരങ്ങൾ ലഭിക്കുമ്പോഴും അവരുടെ അറിവും സംഭാവനകളും വിലമതിക്കുകയും സമാഹരിക്കുകയും ചെയ്യുമ്പോൾ മാത്രമേ വികസന ലക്ഷ്യങ്ങൾ കൈവരിക്കാൻ കഴിയൂ. ഇത് എല്ലാ സ്ത്രീകളെയും പുരുഷന്മാരെയും മാറ്റത്തിന്റെ സജീവ ഏജന്റായി വീക്ഷിക്കുന്നു, അതിനാൽ പാർശ്വവത്കരിക്കപ്പെട്ടവരും പിന്നാക്കം നിൽക്കുന്നവരും ശാക്തീകരിക്കപ്പെടുന്നുവെന്നും അവരുടെ ജീവിതത്തെക്കുറിച്ച് തീരുമാനമെടുക്കാനും അവർ സൊസൈറ്റികളുടെ വികസനത്തിൽ പങ്കാളികളാകാനും എല്ലാവർക്കും കഴിയുമെന്ന് ഉറപ്പുവരുത്തുന്നു.

സി. ആരെയും ഉപേക്ഷിക്കുന്നില്ല
ദാരിദ്ര്യം, ഭൂമിശാസ്ത്രപരമായ സ്ഥാനം, കുടിയേറ്റം, തിരിച്ചറിയൽ, വംശീയത, പ്രായം, വംശം, മതം, വൈകല്യം, മറ്റ് സവിശേഷതകൾ എന്നിവ അടിസ്ഥാനമാക്കിയുള്ള വിവേചനത്തിന്റെ ഒന്നിലധികം, വിഭജിക്കുന്ന രൂപങ്ങൾ പരിഹരിക്കുന്നതിന് എല്ലാവരെയും പിന്തുണയ്ക്കാൻ യുഎൻഡിപി പ്രതിജ്ഞാബദ്ധമാണ്.

ഡി. ലിംഗപദവി ബന്ധങ്ങൾ പരിവർത്തനം ചെയ്യുന്നു
ലിംഗസമത്വവും സുസ്ഥിര വികസനവും കൈവരിക്കുന്നതിന് ലിംഗവിടവും ബന്ധവും പരിവർത്തനം ചെയ്യേണ്ടത് അത്യാവശ്യമാണ്. ലിംഗസമത്വത്തിനായുള്ള ഘടനാപരമായ പരിവർത്തനങ്ങളെ ത്വരിതപ്പെടുത്തുന്നതും അതിന്റെ നേട്ടത്തിന് തടസ്സമാകുന്ന സ്ഥാപന, സാമൂഹിക, രാഷ്ട്രീയ, നിയമപരമായ തടസ്സങ്ങൾ നീക്കം ചെയ്യുന്നതുമായ സംരംഭങ്ങൾ യുഎൻഡിപി പിന്തുടരുന്നതാണ്.

ഇ. പുരുഷന്മാരെയും ആൺകുട്ടികളെയും പങ്കെടുപ്പിക്കുക
ലിംഗസമത്വത്തിനായുള്ള ഐക്യരാഷ്ട്രസഭയുടെ ആഗോള ഐക്യദാർഢ്യ സംരംഭമായ പ്രസ്ഥാനമായ 'ഹീ ഫോർ ഷീ' സംരംഭവുമായി ചേർന്ന്, ലിംഗപരമായ വിടവുകൾ നികത്തുന്നതിലും സ്ത്രീകളെയും പെൺകുട്ടികളെയും ശാക്തീകരിക്കുന്നതിലും പുരുഷന്മാരും ആൺകുട്ടികളും സഖ്യകക്ഷികളായി ഏർപ്പെടുത്തുന്നതിലും, മാത്രമല്ല വിവേചനപരമായ മനോഭാവങ്ങളും ആചാരങ്ങളും അടിച്ചമർത്തലിലും യുഎൻഡിപി പ്രാധാന്യം നൽകിവരുന്നു.

അവലംബം: യു എൻ ഡി പി 2019

മാതൃ മരണനിരക്കും, കൗമാര പ്രായക്കാരിലെ ജനനനിരക്കും കണക്കിലെടുത്തുകൊണ്ടുള്ള, പ്രത്യുൽപാദനപരമായ ആരോഗ്യം. (ബി) പാര്ലമെന്റിലെ സ്ത്രീകളുടെ സീറ്റുകളുടെ അനുപാതം, 25 വയസ്സുള്ള സ്ത്രീകളുടെയും പുരുഷൻമാരുടേയും അനുപാതം, സെക്കന്ററി വിദ്യാഭ്യാസം എങ്കിലും ഉള്ള പ്രായമായവരുടെ അനുപാതം എന്നിവ കണക്കാക്കികൊണ്ടുള്ള ശാക്തീകരണം . (സി) 15 വയസ്സിനും അതിൽ കൂടുതലുമുള്ള സ്ത്രീകളുടെയും പുരുഷൻമാരുടെയും തൊഴിൽ സേനാപങ്കാളിത്ത നിരക്ക് കണക്കിലെടുത്തുകൊണ്ട് തൊഴിലാളി വിപണി പങ്കാളിത്തമായി സാമ്പത്തിക നിലവാരം പ്രകടമാക്കുന്നു.

ഗ്ലോബൽ ജെൻഡർ ഗ്യാപ് റിപ്പോർട്ടിൽ ഇന്ത്യ (108) ഈ വർഷം സുസ്ഥിരമായി റാങ്കിംഗ്

നിലനിർത്തുന്നുണ്ടെങ്കിലും അതിന്റെ വിടവ് വലുതാണ്, 33 ശതമാനം വിടവ് ഇനിയും നികത്താനുണ്ട്. സാമ്പത്തിക പങ്കാളിത്തവും അവസരവും, വിദ്യാഭ്യാസപരമായ നേട്ടം, ആരോഗ്യം, അതിജീവനം, രാഷ്ട്രീയ ശാക്തീകരണം എന്നീ നാല് പ്രതിപാദ്യ വിഷയമാനദണ്ഡങ്ങളിലൂടെ 149 രാജ്യങ്ങൾ ലിംഗസമത്വത്തിലേക്കുള്ള പുരോഗതിയെക്കുറിച്ച് ആഗോള ലിംഗഭേദം റിപ്പോർട്ട് മാനദണ്ഡമാക്കുന്നു. കൂടാതെ, ഈ വർഷത്തെ പതിപ്പ് ആർട്ടിഫിഷ്യൽ ഇന്റലിജൻസുമായി (AI) ബന്ധപ്പെട്ട നൈപുണ്യ ലിംഗ വ്യത്യാസങ്ങൾ പഠിക്കുന്നുമുണ്ട്.

സമാന ജോലികൾക്കായി വേതന സമത്വത്തിലെ മെച്ചപ്പെടുത്തലുകൾ ഇന്ത്യ രേഖപ്പെടുത്തുന്നു, ആദ്യമായി അതിന്റെ തൃതീയ വിദ്യാഭ്യാസ ലിംഗവിടവ് പൂർണ്ണമായും അവസാനിപ്പിക്കുന്നതിൽ വിജയിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ മൂന്നാം വർഷ പ്രവർത്തനത്തിനായി പ്രാഥമിക, ദ്വിതീയ വിടവുകൾ നികത്തുന്നുണ്ട്. എന്നിരുന്നാലും, ആരോഗ്യം, അതിജീവനം എന്നിവയിൽ ലോകത്തിലെ മൂന്നാമത്തെ സ്ഥാനത്ത് തുടരുന്നു, കഴിഞ്ഞ ദശകത്തിൽ ഈ സബ് ഇൻഡെക്സിൽ ലോകത്തെ ഏറ്റവും മെച്ചപ്പെട്ട രാജ്യമായി അവശേഷിക്കുന്നു. വാസ്തവത്തിൽ, ഇന്ത്യയിൽ ഈ വർഷം ഈ സബ് ഇൻഡെക്സിലെ ലിംഗപരമായ വിടവ് വർദ്ധിച്ചുവരികയാണ്. ആർട്ടിഫിഷ്യൽ ഇന്റലിജൻസ പ്രൊഫഷണലുകൾക്കിടയിൽ കാര്യമായ ലിംഗവിടവ് ഉണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. ആഗോളതലത്തിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ പ്രൊഫഷണലുകളിൽ 22 ശതമാനം മാത്രമാണ് സ്ത്രീകളുള്ളത്, 78 ശതമാനം പുരുഷന്മാരും. രസകരമെന്നു പറയട്ടെ, ഇന്ത്യ ശരാശരി തലത്തിലാണ് (ആഗോള ലിംഗ വിടവ് റിപ്പോർട്ട് 2018).

'ലൈഫ് കോഴ്സ് ലിംഗവിടവ്' എന്നതിന്റെ ഏറ്റവും പുതിയ അളവനുസരിച്ച് ഇന്ത്യയുടെ സ്ഥാനവും ഏറ്റവും താഴെയാണ്. ആരോഗ്യം, വിദ്യാഭ്യാസം, തൊഴിൽ വിപണി, ജോലി, പാർലമെന്റിലെ ഇരിപ്പിടങ്ങൾ, സമയ ഉപയോഗം, സാമൂഹ്യ സംരക്ഷണം എന്നിവയുടെ സൂചകങ്ങളാണ് ലൈഫ് കോഴ്സ് ലിംഗവിടവ് കണക്കാക്കുന്നത്.

മറ്റ് ഇന്ത്യൻ സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ, കേരളത്തിലെ സ്ത്രീകൾക്ക് ആരോഗ്യ, വിദ്യാഭ്യാസ നിലവാരവുമായി ബന്ധപ്പെട്ട നിരവധി കാര്യങ്ങളിൽ മികച്ച സ്ഥാനം ലഭിക്കുന്നുണ്ട്. മാനവവികസനത്തിന്റെ കാര്യത്തിൽ സംസ്ഥാനത്തിന്റെ വികസന നയം ലിംഗസമത്വത്തോട് കൂടുതൽ സംവേദനക്ഷമമാണ്, വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ അടിസ്ഥാന കഴിവുകളിലെ ലിംഗപരമായ അന്തരം വളരെ കുറവാണ്.

അതിനാൽ നിരവധി ലിംഗ സൂചകങ്ങളിൽ കേരളം മികച്ച സ്ഥാനങ്ങൾ നേടി. ജിഐഐ ഘടകങ്ങളെ സംബന്ധിച്ചിടത്തോളം, മാതൃമരണ നിരക്ക്, കൌമാര ജനനനിരക്ക്, സെക്കൻഡറി വിദ്യാഭ്യാസമുള്ള പ്രായപൂർത്തിയായ സ്ത്രീകളുടെ അനുപാതം എന്നിവയുടെ സൂചകങ്ങൾ കേരളത്തിൽ ശ്രദ്ധേയമാണ്. കേരളത്തിലെ പുരുഷൻമാരിൽ നിന്നും സ്ത്രീകളുടെ അനുപാതം 1,084 ആണ്, ഇത് ദേശീയ കണക്കുകളുമായി താരതമ്യപ്പെടുത്തുമ്പോൾ വളരെ കൂടുതലാണ് 940 (സെൻസസ് 2011). എന്നാൽ തൊഴിൽ വിപണി പങ്കാളിത്തത്തിന്റെ സൂചകങ്ങളും സ്ത്രീകളുടെ പാർലമെന്റ് സീറ്റുകളുടെ അനുപാതവും കാണിക്കുന്നത് കേരളത്തിന്റെ പ്രകടനം മോശമാണെന്നും ഇത് ഇന്ത്യയുടെ ശരാശരിയേക്കാൾ താഴെയാണെന്നുമുള്ളതാണ്. കേരളത്തിലെ മൊത്തം ജനസംഖ്യയുടെ 52 ശതമാനം സ്ത്രീകളാണ്. 0–14 വയസ് പ്രായമുള്ള കുട്ടികൾ കേരളത്തിലെ മൊത്തം ജനസംഖ്യയുടെ 23.44 ശതമാനം പ്രതിനിധീകരിക്കുന്നു, അവരിൽ 48.91 ശതമാനം പെൺകുട്ടികളാണ്. ദേശീയ ശരാശരിയായ 11 ശതമാനത്തിൽ നിന്ന് വ്യത്യസ്തമായി കേരളത്തിലെ എല്ലാ വീടുകളിലും 22 ശതമാനം സ്ത്രീകളാണ്. **അനുബന്ധം 8.1.1** ൽ 2011 ലെ സെൻസസ് പ്രകാരം മൊത്തം ജനസംഖ്യയിൽ സ്ത്രീകളുടെ ജനസംഖ്യയുടെ ശതമാനം നൽകിയിട്ടുണ്ട്.

സാക്ഷരതയും വിദ്യാഭ്യാസവും

കേരളത്തിലെ ഉയർന്ന സാക്ഷരതാ നിരക്ക് കേരള സ്ത്രീകൾ നേടിയ സാമൂഹിക–സാംസ്കാരിക വികസനത്തിന് 'ടേക്ക് ഓഫ്' ചെയ്യുന്നതിന്റെ അടിസ്ഥാനമായി കണക്കാക്കാവുന്നതാണ്. ഒരു ചെറിയ ലിംഗവിടവ് നിലനിൽക്കുന്നുണ്ടെങ്കിലും സ്ത്രീ സാക്ഷരതാ നിരക്ക് 92 ശതമാനമുള്ള കേരളം ഇന്ത്യൻ സംസ്ഥാനങ്ങളിൽ മുൻപന്തിയിലാണ് (സെൻസസ്, 2011). 6 ദശകങ്ങളായി കേരളത്തിലെ ലിംഗവിടവ് കുറഞ്ഞുവെന്നും മനസിലാക്കാവുന്നതാണ് (കൂടുതൽ വിവരങ്ങൾക്ക് 6–ാം അധ്യായം വിദ്യാഭ്യാസ–**അനുബന്ധം 6.1.1** കാണുക).

75–ാമത് എൻഎസ്എസ്ഒ റൌ ണ്ട് അനുസരിച്ച് കേരളത്തിൽ സ്ത്രീകളുടെ സാക്ഷരതാ നിരക്ക് കുറച്ചു കൂടി വർദ്ധിച്ചിട്ടുണ്ട്. (**പട്ടിക 8.1.1**). കമ്പ്യൂട്ടർ സാക്ഷരതയിലും അടിസ്ഥാന ഇന്റർനെറ്റ് പരിജ്ഞാനത്തിലും കേരളത്തിലെയും ഇന്ത്യയിലെയും സ്ത്രീകൾ പുരുഷന്മാരേക്കാൾ പിന്നിലാണ് (**ചിത്രം 8.1.1**). **പട്ടിക 8.1.1** അനുസരിച്ച്, കമ്പ്യൂട്ടറിന്റെയും ഇന്റർനെറ്റ് സാക്ഷരതയുടെയും കാര്യത്തിൽ ലിംഗവിടവ് ഗ്രാമപ്രദേശങ്ങളിൽ കൂടുതലാണെന്നുള്ളത് പ്രാധാന്യമർഹിക്കുന്നു.

വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ, പ്രവേശനം പ്രാഥമിക തലത്തിൽ സാർവത്രികമാണ്, കൂടാതെ ലിംഗപദവി തുല്യത കൈവരിക്കുകയും ചെയ്തിട്ടുണ്ട്. സ്കൂളുകളിൽ ചേരുന്ന വിദ്യാർത്ഥികളുടെ 49 ശതമാനം പെൺകുട്ടികളാണ്. ഹയർ സെക്കൻഡറി വിദ്യാഭ്യാസത്തിൽ 51.19 ശതമാനവും

പട്ടിക 8.1.1 വിവിധ തലങ്ങളിൽ സാക്ഷരത

ഗ്രാമീണ/നഗര	കേരളം			ഇന്ത്യ		
	പുരുഷന്മാർ	സ്ത്രീകൾ	ആകെ	പുരുഷന്മാർ	സ്ത്രീകൾ	ആകെ
സാക്ഷരത നിരക്ക് (7 വയസ്സും കൂടുതലും)						
ഗ്രാമീണ	96.7	94.1	95.4	81.5	65	73.5
നഗര	98.2	96.4	97.3	92.2	82.8	87.7
ആകെ	97.4	95.2	96.2	84.7	70.3	77.7
കംപ്യൂട്ടർ സാക്ഷരത						
ഗ്രാമീണ	41.8	34.8	38.2	12.6	7	9.9
നഗര	49.6	42	45.7	37.5	26.9	32.4
ആകെ	45.2	38	41.5	20	12.8	16.5
അടിസ്ഥാന ഇൻറർനെറ്റ് പരിജ്ഞാനം						
ഗ്രാമീണ	47.1	35.1	41	17.1	8.5	13
നഗര	53.6	41.7	47.5	43.5	30.1	37.1
ആകെ	50	38.1	43.9	25	14.9	20.1

ഉറവിടം: എൻഎസ്എസ് 75 ആം തവണ

പെൺകുട്ടികളാണ് പ്രവേശനം നേടിയിരിക്കുന്നത് ഇത് ആൺകുട്ടികളേക്കാൾ കൂടുതലാണ്. ത്രിതീയ തലത്തിലും പെൺകുട്ടികളുടെ പ്രവേശനം ആൺകുട്ടികളേക്കാൾ കൂടുതലാണ്. ഉദാഹരണത്തിന്, വിവിധ ആർട്സിലെ ഡിഗ്രി കോഴ്സുകളിലേക്കുള്ള പ്രവേശനത്തിന്റെ 68.26 ശതമാനം പെൺകുട്ടികളാണ്. ബിരുദാനന്തര ബിരുദം പരിഗണിക്കുമ്പോൾ പെൺകുട്ടികളുടെ സ്ഥാനം 66.24 ശതമാനമാണ്. എന്നാൽ എഞ്ചിനീയറിംഗ് കോളേജുകളിലും പോളിടെക്നിക്കുകളിലും പെൺകുട്ടികളുടെ എണ്ണം കണക്കിലെടുക്കുമ്പോൾ സ്ഥിതി വ്യത്യസ്തമാണ്. പ്രവേശനം ലഭിച്ച വിദ്യാർത്ഥികളിൽ പെൺകുട്ടികൾ 37.97 ശതമാനം എഞ്ചിനീയറിംഗ് കോളേജുകളിലും 28.15 ശതമാനം പോളിടെക്നിക്കുകളിലും മാത്രമാണ് ഉള്ളത്.

കേരളത്തിലെ സ്ത്രീകളുടെ ആരോഗ്യ നിലവാരം

രാജ്യത്തിന്റെ മറ്റ് ഭാഗങ്ങളിലുള്ളവരുമായി താരതമ്യപ്പെടുത്തുമ്പോൾ കേരളത്തിന്റെ ഉയർന്ന സാമൂഹിക വികസനത്തിലൂടെ പ്രതിഫലിക്കുന്നത് സ്ത്രീകളുടെ മെച്ചപ്പെട്ട ആരോഗ്യനിലയാണ്. ആരോഗ്യ സൂചകങ്ങളിൽ ഭൂരിഭാഗവും സംസ്ഥാനത്തെ സ്ത്രീകൾക്ക് അനുകൂലമാണ്. കേരളത്തിൽ സ്ത്രീകളുടെ ആയുർ നിരക്കായ 77.8 വയസ്സ് പ്രായം ഇന്ത്യയിലെ ഏറ്റവും ഉയർന്ന നിരക്കാണ്;

ചിത്രം 8.1.1 വ്യത്യസ്ത തലത്തിൽ സാക്ഷരതാ നിരക്കിന്റെ ലിംഗവിടവ് (ഗ്രാമീണ/നഗരം)



ഉറവിടം: എൻഎസ്എസ് 75 ആം തവണ, ഇന്ത്യ ഗവണ്മെന്റ്

പട്ടിക 8.1.2 വിവിധ തലങ്ങളിൽ പെൺകുട്ടികളുടെയും ആൺകുട്ടികളുടെയും പ്രവേശനം–2019–20

	ആൺകുട്ടികൾ	പെൺകുട്ടികൾ	ആകെ	പെൺകുട്ടികൾ ശതമാനത്തിൽ
സ്കൂൾ വിദ്യാഭ്യാസം	1897272	1819625	3716897	49.0
ഹയർ സെക്കൻററി	187483	196645	384128	51.2
ബിരുദം	89519	192574	282093	68.3
ബിരുദാനന്തര ബിരുദം	13863	27196	41059	66.2
ബി ടെക്ക്(കെടിയുവിൽ പരീക്ഷയ്ക്കായി രജിസ്റ്റർ ചെയ്തവർ)	19766	13985	33751	41.4
പോളിടെക്നിക്ക്	8669	3397	12066	28.2

അവലംബം: ഡി ജി ഇ, ഡി സി ഇ , ഡി ടി ഇ കെ റ്റിയു, 2019

ഇന്ത്യയിലെ മൊത്തത്തിലുള്ള സ്ത്രീകളേക്കാൾ വളരെ ഉയർന്നതാണ് ഇതിന്റെ ഇന്ത്യൻ ശരാശരി 70.4 വയസ്സാണ്. രജിസ്ട്രാർ ജനറൽ ഓഫ് ഇന്ത്യ പുറത്തുവിട്ട കണക്കുകൾ പ്രകാരം എല്ലാ ജനസംഖ്യാ സൂചകങ്ങളും കേരളത്തിലെ സ്ത്രീകൾക്ക് അനുകൂലമാണെന്നാണ് വിലയിരുത്തൽ (**പട്ടിക 8.1.3**).

സ്ത്രീകൾക്കിടയിലെ കുറഞ്ഞ മാതൃമരണ നിരക്കും ഉയർന്ന ആയുർദൈർഘ്യവുമാണ് സംസ്ഥാനത്തെ മാതൃ പരിചരണത്തിനുള്ള വിപുലമായ പൊതു ചട്ടങ്ങൾ. ആരോഗ്യസംരക്ഷണ സ്ഥാപനങ്ങളിലേക്കുള്ള സാർവത്രിക പ്രവേശനം മാതൃ പരിചരണവും എല്ലാവർക്കും സ്ഥാപനപരമായ സേവനം ലഭ്യമാകുന്നത് ഉറപ്പാക്കാൻ സഹായിക്കുന്നു. അതുപോലെ, കേരളത്തിൽ കൗമാരപ്രായക്കാരിലുള്ള ഗർഭധാരണം വളരെ കുറവാണ്. കൂടുതൽ വിവരങ്ങൾക്ക് **പട്ടിക 8.1.4** കാണുക. സംസ്ഥാന രൂപീകരണം മുതൽ ദശാബ്ദങ്ങളോളം നീണ്ടുനിന്ന കേരള സർക്കാരിന്റെ ശ്രമഫലമായിട്ടാണ് ഇത്തരം നേട്ടങ്ങൾ കൈവരിക്കാൻ സാധിച്ചത്.

ഉയർന്ന സാക്ഷരത, വിദ്യാഭ്യാസ നിലവാരം, അനുകൂലമായ ആരോഗ്യ സൂചകങ്ങൾ എന്നിവ ജീവിത ശൈലിയിലുള്ള ആരോഗ്യ സൂചകങ്ങളിൽ പ്രതിഫലിക്കുന്നില്ല. ശരീരഭാര സൂചിക, അമിതവണ്ണം, വിളർച്ച എന്നിവ കണക്കിലെടുക്കുമ്പോൾ, 2015–16 ലെ എൻഎഫ്എച്ച്എസിന്റെ റിപ്പോർട്ടുകൾ പ്രകാരം സ്ത്രീകളുടെ സ്ഥാനം മികച്ചതല്ല. കേരളത്തിലെ സ്ത്രീകളുടെ ആരോഗ്യം ദേശിയശരാശരിയുമായി താരതമ്യം ചെയ്യുമ്പോൾ മെച്ചപ്പെട്ടതാണെങ്കിലും സാധാരണയിലും കുറഞ്ഞ ബോഡി മാസ് ഇൻഡക്സ് ഉള്ള സ്ത്രികളുടെ ശതമാനം കേരളത്തിലും ഇന്ത്യയിലും പുരുഷൻമാരെക്കാൾ കൂടുതലാണ്. പക്ഷേ പൊണ്ണത്തടിയുടെ കാര്യത്തിൽ കേരളത്തിലെ സ്ത്രീകളുടെ ശതമാനം ഇന്ത്യയിലെ സ്ത്രീകളെക്കാളും കേരളത്തിലെ പുരുഷൻമാരേക്കാളും കൂടുതലാണ്. അനീമിയയുടെ കാര്യത്തിൽ 2005–06 വരെയുള്ള കാലഘട്ടത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടെങ്കിലും കേരളത്തിൻറെ സ്ഥിതി ദേശീയ ശരാശരിയെക്കാൾ മികച്ചതാണ്. (**പട്ടിക 8.1.5**).

സമ്പത്തിക പങ്കാളിത്തം

പല വികസന സൂചകങ്ങളിലും കേരളത്തിലെ സ്ത്രീകൾ പുരുഷൻമാരേക്കാൾ മെച്ചപ്പെട്ട പ്രവർത്തനം കാഴ്ചവയ്ക്കുന്നു. പക്ഷേ സാമ്പത്തിക

പട്ടിക 8.1.3 ഇന്ത്യയിലെയും കേരളത്തിലേയും സ്ത്രികളുടെ ആരോഗ്യസ്ഥിതി

ക്രമ നം.	സൂചിക			കേരളം	ഇന്ത്യ
1	ശിശുമരണ നിരക്ക് #		ആകെ	10	33
			പുരുഷൻ	9	32
			സ്ത്രീ	10	34
2	വിവാഹപ്രായം *	18 വയസ്സിൽ കുറവ്	സ്ത്രീ	16.9	16.7
		18–20		19.2	19.2
		21 മുകളിൽ		24.8	23.9
		എല്ലാപ്രായക്കാരും		23.2	22.1
3	മാതൃമരണ നിരക്ക് **			42	122
4	ആയുർ ദൈർഘ്യം***		പുരുഷൻ	72.5	67.8
			സ്ത്രീ	77.8	70.4

അവലംബം # എസ്.ആർ.എസ് 2019 May/* SRS സ്റ്റാറ്റിസ്റ്റിക്കൽ റിപ്പോര്ട്ട്2017/** സ്പെഷ്യൽ ബുള്ളറ്റിൻഓൺ എം എം ആർ 2015-17
*** എസ്.ആർ.എസ് ലൈഫ് പട്ടിക 2013-17

പട്ടിക 8.1.4 മാതൃ പരിചരണത്തിന്റെ സൂചികകൾ

സൂചികകൾ	ഇന്ത്യ				കേരളം			
	എൻ എഫ് എച്ച് എസ്-4 (2015-16)			എൻ എഫ് എച്ച് എസ് -3 (2005-06)	എൻ എഫ് എച്ച് എസ് -4 (2015-16)			എൻ എഫ് എച്ച് എസ് -3 (2005-06)
	നഗര	ഗ്രാമീണ	ആകെ	ആകെ	നഗര	ഗ്രാമീണ	ആകെ	ആകെ
കൗമാര പ്രായക്കാരിലെ ഗർഭധാരണം	5	9.2	7.9	16	2.7	3.2	3	5.8
ആന്റിനറ്റൽ ചെക്കപ്പുകളുള്ള അമ്മമാർ	69.1	54.2	58.6	43.9	96.1	94.2	95.1	91.9
ആശുപത്രികളിലെ ജനനങ്ങൾ (ശതമാനം)	88.7	75.1	78.9	38.7	99.8	99.9	99.8	99.3
അമ്മയും ശിശു സംരക്ഷണവും (എംസിപി) കാർഡ് ഉടമ (ശതമാനം)	87.7	90	89.3	ബാധകമല്ല	82	86.1	84.2	ബാധകമല്ല
ആകെ ഫെർട്ടിലിറ്റി നിരക്ക് (ഓരോ സ്ത്രീക്കും കുട്ടികൾ)	1.8	2.4	2.2	2.7	1.6	1.6	1.6	1.9
പൂർണ്ണ ആന്റിനേറ്റൽ കെയർ (ശതമാനം)	31.1	16.7	21	11.6	63	59.5	61.2	66.7
അമ്മമാർക്ക് പ്രസവാനന്തര പരിചരണം (ശതമാനം) ലഭിച്ച	71.7	58.5	62.4	34.6	87.6	89.6	88.7	84.6
സിസേറിയനിലൂടെയുള്ള പ്രസവം(ശതമാനം)	28.2	12.8	17.2	8.5	37.1	34.6	35.8	30.1
കൌമാരക്കാരിലെ വിളർച്ച (ശതമാനം)	50.8	54.3	53.1	55.3	36.3	32.6	34.3	32.8
ഗർഭാവസ്ഥയിൽ അനുഭവിച്ച അക്രമം(ശതമാനം)	3.4	4.1	3.9	ബാധകമല്ല	0.9	1.6	1.2	ബാധകമല്ല

അവലംബം: എൻ എഫ് എച്ച് എസ്, 2015-16

പങ്കാളിത്തത്തിലെ ഫലങ്ങൾ സ്ത്രീകൾക്ക് അനുകൂലമല്ല. എൻഎസ്എസ്ഒ യുടെ 68-ാമത് റൗണ്ട് പ്രകാരം (2011-12 വർഷത്തിൽ) പുരുഷൻമാരുടേയും സ്ത്രീകളുടേയും തൊഴിൽ സേനാ പങ്കാളിത്തത്തിൽ (എൽഎഫ്പിആർ) പ്രധാനപ്പെട്ടതും ഉപവിഭാഗങ്ങളിലേയും നിലയിൽ വലിയ വിടവ് സംസ്ഥാനത്ത് കാണാം. എല്ലാ സംസ്ഥാനങ്ങളിലേയും ശരാശരി 40.3 ശതമാനമായിരിക്കുമ്പോൾ കേരളത്തിലെ സ്ത്രി തൊഴിൽ സേനാ പങ്കാളിത്തം (ഓരോ 100 വ്യക്തികൾക്കും) 24.8 ശതമാനവും പുരുഷൻമാർക്കത് 57.8 ശതമാനവുമാണ്. തന്മൂലം കേരളത്തിൽ സ്ത്രീയും പുരുഷനും തമ്മിലുള്ള വ്യത്യാസം വളരെ ഉയർന്നതാണ്. പ്രാദേശികമായി തരംതിരിച്ചാൽ ഗ്രാമീണ കേരളത്തിലെ സ്ത്രി തൊഴിൽ പങ്കാളിത്ത-നിരക്ക് ഇന്ത്യയിലേതിനേക്കാൾ കുറവാണ്. എന്നാൽ നഗരപ്രദേശങ്ങളിൽ ഇത് ദേശീയതലത്തിലേക്കാൾ കേരളത്തിൽ കൂടുതലാണ്. (**അനുബന്ധം 8.1.2**).

തൊഴിലവസരങ്ങളിലെ ലിംഗവിടവ് സ്ത്രീ തൊഴിൽ പങ്കാളിത്ത നിരക്കും (ഡബ്ല്യുപിആർ) (അനുബന്ധം) വെളിപ്പെടുത്തുന്നു. പുരുഷ തൊഴിൽ പങ്കാളിത്ത നിരക്ക് നേരിയ തോതിൽ സ്ഥിരത കാണിക്കുന്നുണ്ടെങ്കിലും സ്ത്രീ തൊഴിൽ പങ്കാളിത്ത നിരക്ക് കുറയുന്ന പ്രവണതയുണ്ട് എന്നാൽ കേരളത്തിലെ നഗര പ്രദേശങ്ങളിൽ സ്ത്രീ പങ്കാളിത്ത നിരക്ക് ഉയർന്ന തോതിലാണ്. ദേശീയതലത്തിൽ ഇത് നേരെ തിരിച്ചുമാണ്. - ഇന്ത്യയിലെയും കേരളത്തിലെയും തൊഴിൽ പങ്കാളിത്ത നിരക്കിലെ ലിംഗ വിടവ് **ചിത്രം 8.1.2** ൽ കാണാം.

വേതന നിരക്കിലെ അസമത്വം

സംസ്ഥാനതലത്തിലും ദേശീയതലത്തിലും കൂലി ലഭിക്കുന്നതിലും വേതനത്തിന്റെ കാര്യത്തിലും എടുത്തുപറയത്തക്ക ലിംഗ അസമത്വം നിലനിൽക്കുന്നുണ്ട്. പ്രത്യേകിച്ച് അസംഘടിത മേഖലയിലും കാർഷിക മേഖലയിലും സ്ത്രീപുരുഷൻമാരിൽ പ്രാബല്യത്തിലുള്ള വേതനനിരക്കിലെ അസമത്വം അധ്യായം 7 -ലെ തൊഴിലും തൊഴിലാളി ക്ഷേമവും എന്ന വിഭാഗത്തിൽ വിവരിക്കുന്നുണ്ട്. അനൗപചാരികവും അസംഘടിതവുമായ മേഖലയിൽ മാത്രമല്ല

സ്ഥിരവരുമാനവും ശമ്പളവുമുള്ള തൊഴിലിലും ഈ വേതനിരക്കിലെ ലിംഗ അസമത്വം നിലനിൽക്കുന്നുണ്ട്. തഴെക്കാണുന്ന **ചിത്രം 8.1.3** ഇത് വ്യക്തമാക്കുന്നു. സാമ്പത്തിക, സാമൂഹിക ശാക്തീകരണങ്ങൾ പരസ്പര പൂരകങ്ങളാണ്. സംരക്ഷണ ചുമതലകളും

പട്ടിക 8.1.5 ലൈഫ് സ്റ്റൈൽ ആരോഗ്യ സൂചകങ്ങൾ

സൂചകങ്ങൾ		India				Kerala			
		എൻ എഫ് എച്ച് എസ് -4 (2015-16)			എൻ എഫ് എച്ച് എസ് -3 (2005-06)	എൻ എഫ് എച്ച് എസ് -4 (2015-16)			എൻ എഫ് എച്ച് എസ് -3 (2005-06)
		നഗര	ഗ്രാമീണ	ആകെ	ആകെ	നഗര	ഗ്രാമീണ	ആകെ	ആകെ
വിളർച്ച(15-49 വയസ്സ്) ശതമാനം	ഗർഭിണികളല്ലാത്ത സ്ത്രീകൾ (<12g/dl)	51	54.4	53.2	55.2	36.7	33	34.7	32.8
	ഗർഭിണികളായ സ്ത്രീകൾ (<11g/dl)	45.8	52.2	50.4	57.9	22.7	22.5	22.6	33.8
	എല്ലാ സ്ത്രീകളും	50.8	54.3	53.1	55.3	36.3	32.6	34.3	32.8
റെക്തത്തിലെ പഞ്ചസാരയുടെ അളവ് ശതമാനം	ഉയർന്നത്h (>140mg/dl)	6.9	5.2	5.8	ബാധകമല്ല	8.4	9	8.7	ബാധകമല്ല
	വളരെ ഉയർന്നത (>160mg/dl)	3.6	2.3	2.8	ബാധകമല്ല	4.8	4.8	4.8	ബാധകമല്ല
രക്താതിമർദ്ദം (15-49 വയസ്സ്) ശതമാനം	സാധാരണ നിലയേക്കാൾ അല്പം (ചുരുങ്ങിയത് 140-159mm of Hg)	7.3	6.5	6.7	ബാധകമല്ല	4.8	6.1	5.5	ബാധകമല്ല
	മിതമായ ഉയർന്ന (ചുരുങ്ങിയത് 160-179mm of Hg)	1.6	1.3	1.4	ബാധകമല്ല	0.6	1	0.8	ബാധകമല്ല
	വളരെ ഉയർന്നത (ചുരുങ്ങിയത് >180mm of Hg)	0.7	0.7	0.7	ബാധകമല്ല	0.6	0.5	0.5	ബാധകമല്ല
ബോഡി മാസ് സൂചിക (ബി എംഐ) ശതമാനം	സാധാരണയിലും താഴെ (ബി എംഐ <18.5 kg/m2)	15.5	26.7	22.9	35.5	9.1	10.2	9.7	18
	പൊണ്ണത്തടി (BMI ബി എംഐ >25 kg/m2)	31.3	15	20.6	12.6	33.5	31.5	32.4	28.1

അവലംബം: എൻ എഫ് എച്ച് എസ്, 2015-16

ചിത്രം 8.1.2 കേരളത്തിലെ സ്ത്രീ പുരുഷ തൊഴിൽ പങ്കാളിത്ത അനുപാതം



ഉറവിടം: വിവിധ എൻഎസ്എസ്ഒ റിപ്പോർട്ട്

കുടുംബത്തിന്റെ മുഴുവൻ ഭാരവും ചുമലിലേറ്റാതെ സ്ത്രീകൾ നേട്ടമുള്ള തൊഴിലെടുക്കുകയും അങ്ങനെ തൊഴിൽസേനയുടെ ഒരു അവിഭാജ്യഘടകമായി മാറുകയും ചെയ്യുമ്പോഴാണ് സ്ത്രീകൾ സാമ്പത്തിക ശാക്തികരണം കൈവരിക്കുകയുള്ളൂ. ഇത് തിരിച്ചറിയപ്പെടേണ്ടത് വളരെ അത്യാവശ്യമാണ്. കുടുംബത്തിനകത്ത് ഉത്തരവാദിത്തങ്ങൾ പങ്കുവയ്ക്കുന്നത് പ്രോത്സാഹിപ്പിക്കേണ്ടതും സംരക്ഷണ ചുമതലകളും കൂലിയില്ലാത്ത വീട്ടുജോലികളും നീതി പൂർവ്വം വിഭജിക്കുവാനും കുറയ്ക്കുവാനും ശ്രമങ്ങൾ എടുക്കേണ്ടതും

ചിത്രം 8.1.3,15 നും 59 നും ഇടയിൽ പ്രായമുള്ള സ്ഥിരവരുമാനം/ശമ്പളമുള്ള ജോലിക്കാർക്ക് ദിവസേന ലഭിക്കുന്ന, കൂലി/വേതനം



ഉറവിടം: വുമൻ ആൻഡ് മെൻ 2018

ബോക്സ് 8.2.252 ശരണ്യ: രജിസ്റ്റർ ചെയ്ത തൊഴിലില്ലാത്ത വിധവകൾ / ഉപേക്ഷിക്കപ്പെട്ട / വിവാഹമോചിതർ / അവിവാഹിതർ / അവിവാഹിതയായ അമ്മ എന്നിവരുടെ സ്വയം തൊഴിൽ പദ്ധതി

വിധവകൾ / ഉപേക്ഷിക്കപ്പെട്ട / നിയമപരമായി വിവാഹമോചിതരായ / അവിവാഹിതരായ സ്ത്രീകൾ / പട്ടികവർഗത്തിന്റെ അവിവാഹിതയായ അമ്മ / വ്യത്യസ്ത കഴിവുള്ള സ്ത്രീകൾ / കിടപ്പിലായവരുടെ ഭാര്യ എന്നിവരാണ് നമ്മുടെ സംസ്ഥാനത്തെ ഏറ്റവും പിന്നാക്കം നിൽക്കുന്നതും വളരെ ദയനീയമായ അവസ്ഥയിൽ കഴിയുന്നത്. അവരിൽ ഭൂരിഭാഗവും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരും വരുമാനമില്ലാത്തവരുമാണ്. മേൽപ്പറഞ്ഞ വിഭാഗത്തിൽപ്പെടുന്ന ആളുകൾക്ക് അടിയന്തിരമായി വേതന ജോലി ആവശ്യമാണ്. എന്നാൽ തൊഴിലിന്റെ കുറവ് കാരണം, അവർക്ക് ലഭ്യമായ ഏക മാർഗ്ഗമായി സ്വയംതൊഴിൽ കണ്ടെത്തേണ്ടിയിരിക്കുന്നു. . ഗോത്രവർഗ്ഗക്കാരായ അവിവാഹിതരായ അമ്മമാർ / വ്യത്യസ്ത കഴിവുള്ള സ്ത്രീകൾ / കിടപ്പുരോഗികളുടെ ഭാര്യമാർ എന്നിവർക്കായി ദേശീയ തൊഴിൽ സേവനം (കേരളം) ഒരു സ്വയം തൊഴിൽ പദ്ധതി "ശരണ്യ" (വാർഷിക വരുമാനം 2 ലക്ഷത്തിൽ താഴെ) നടപ്പാക്കുന്നു.. പലിശയും ഏതെങ്കിലും കൊളാറ്ററൽ സെക്യൂരിറ്റികളും ഇല്ലാതെ സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഓരോ വ്യക്തിക്കും പരമാവധി 50,000 രൂപ വായ്പ നൽകുന്നുണ്ട്. പദ്ധതിയുടെ പ്രവർത്തനക്ഷമതയ്ക്ക് വിധേയമായി വായ്പ തുക ഒരു ലക്ഷം വരെ അനുവദിക്കും. വായ്പ തുകയുടെ 50 ശതമാനം സബ്സിഡിയായി നൽകിയിരിക്കുന്നു (പരമാവധി 25,000 / – രൂപയ്ക്ക് വിധേയമായി)

ദാരിദ്ര്യവും കൊളാറ്ററൽ സുരക്ഷ നൽകാനുള്ള കഴിവില്ലായ്മയും കാരണം ബാങ്കിംഗ് സ്ഥാപനങ്ങൾ അവർക്ക് വായ്പ വിതരണം ചെയ്യാൻ വിമുഖത കാണിക്കുന്നുണ്ട്. അതിനാൽ ഈ പാവങ്ങളെ പുനരധിവസിപ്പിക്കാൻ വേണ്ടിയാണ് വകുപ്പ് ഈ പദ്ധതി നടപ്പാക്കിയിട്ടുള്ളത്.

സാമൂഹ്യവും സാമ്പത്തികവുമായ പിന്നോക്കാവസ്ഥയിൽ നിന്നുള്ള ഉന്നമനത്തിനായി വിധവകൾ / ഉപേക്ഷിക്കപ്പെട്ട / നിയമപരമായി വിവാഹമോചിതരായ / അവിവാഹിതരായ സ്ത്രീകൾ / പട്ടികവർഗത്തിന്റെ അവിവാഹിതയായ അമ്മ / വ്യത്യസ്ത കഴിവുള്ള സ്ത്രീകൾ / കിടപ്പിലായവരുടെ ഭാര്യ എന്നിവർക്ക് സ്വയം തൊഴിൽ യൂണിറ്റുകൾ ആരംഭിക്കാൻ ഈ പദ്ധതി ഉദ്ദേശിക്കുന്നുണ്ട്.

ഉറവിടം: തൊഴിൽ വകുപ്പ് 2019

ആവശ്യമാണ്. ഇത്തരം ജോലികൾ കുറയ്ക്കാനും പുനർവിഭജനം ചെയ്യാനും അനുയോജ്യമായ നയങ്ങൾ/ പദ്ധതികൾ രൂപകല്പന ചെയ്യുന്നതിൽ സംസ്ഥാനം ഒരു പ്രധാന പങ്കുവഹിക്കുന്നുണ്ട്.

തിരുമാനമെടുക്കുന്നതിലെ സ്ത്രീ പങ്കാളിത്തം

എൻഎസ്എസ്ഒയുടെ 68–ാം റൗണ്ട് അനുസരിച്ച്, തൊഴിൽ മേഖലയുടെ വിതരണം കാണിക്കുന്നത് പുരുഷന്മാരെക്കാൾ (22.8 ശതമാനം)വും ബഹു ഭൂരിഭാഗം സ്ത്രീകളും (31.9 ശതമാനം) കാർഷിക മേഖലയാണ് ഉപജീവനമാർഗ്ഗമായി തിരഞ്ഞെടുത്തിരിക്കുന്നത് എന്നതാണ്. അതേസമയം, സേവനമേഖലയിൽ ഏർപ്പെട്ടിരിക്കുന്ന പുരുഷന്മാരുടെ ശതമാനം (44.8 ശതമാനം) സ്ത്രീകളെ അപേക്ഷിച്ച് (37.7 ശതമാനം) വളരെ കൂടുതലാണ്. എന്നിരുന്നാലും, വ്യവസായത്തിൽ ആപേക്ഷിക അനുപാതം (യഥാക്രമം 32.4 ശതമാനം, പുരുഷന്മാർക്കും സ്ത്രീകൾക്കും 30.4 ശതമാനം) വളരെ വ്യത്യസ്തമല്ല; എന്നാൽ കൂടുതൽ വിടവ് കാണിക്കുന്നത്, ധാരാളം സ്ത്രീകൾ കുറഞ്ഞ ഉൽപാദനക്ഷമതയുള്ള തൊഴിൽ പരമ്പരാഗത വ്യവസായങ്ങളായ കൈത്തറി, ഖാദി, കയർ, കശുവണ്ടി എന്നിവയിൽ ഏർപ്പെട്ടിരിക്കുന്നതിനാലാണിത്. കുറഞ്ഞ വേതനം, വ്യവസായങ്ങളിലെ സ്ത്രീകളുടെ കേന്ദ്രീകരണം എന്നിവ കേരളത്തിലെ വിവിധ ക്ഷേമ ഫണ്ട് ബോർഡുകളിലെ സ്ത്രീകളുടെ അംഗത്വത്തിൽ നിന്ന് വ്യക്തമാകും. പരമ്പരാഗത വ്യവസായങ്ങളിൽ സ്ത്രീകളുടെ പങ്കാളിത്തം വളരെ ഉയർന്നതാണ്, അതിൽ വേതനം താരതമ്യേന കുറവാണ്. ഉദാഹരണത്തിന്, കശുവണ്ടി തൊഴിലാളികളിലും ബീഡി തൊഴിലാളികളിലും യഥാക്രമം 95 ശതമാനവും 99 ശതമാനവും, സ്ത്രീതൊഴിലാളികളാണ്.

സ്ത്രീകളുടെ വിദ്യാഭ്യാസ നിലവാരം വളരെ ഉയർന്നതും സ്ത്രീകൾ സജീവമായി സ്വയം തൊഴിലിൽ ഏർപ്പെട്ടിരുന്നെങ്കിൽ സാമ്പത്തികമായി വളരെയധികം നേട്ടമുണ്ടാകുമായിരുന്നു. കേരളം പോലുള്ള ഒരു സംസ്ഥാനത്ത് കുറഞ്ഞ ശമ്പളമുള്ള അനൌപചാരിക ജോലികളിൽ കൂലി തൊഴിൽ എടുക്കാൻ സ്ത്രീകൾ തയ്യാറാകാത്തതും ഇതിന് തടസ്സമാകുന്നു. അതിശയകരമെന്നു പറയട്ടെ, സ്വയംതൊഴിലാളികൾക്ക് ധാരാളം അവസരങ്ങളുണ്ടെങ്കിലും, സ്വയം തൊഴിൽ ചെയ്യുന്നവരുടെ പങ്ക് ഇന്ത്യയിലെ മറ്റ് പല സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ വളരെ കുറവാണ്. കേരളത്തിലെ സ്ത്രീ സ്വയംതൊഴിൽ തൊഴിലാളികളുടെ ശതമാനം (എഫ്എസ്ഇഡബ്ല്യു) ഗ്രാമപ്രദേശങ്ങളിൽ 36.7 ഉം നഗരപ്രദേശങ്ങളിൽ 36.1 ഉം ആണ് (അനുബന്ധം 8.1.3). ഗ്രാമപ്രദേശങ്ങളിൽ (എഫ്എസ്ഇഡബ്ല്യുവി) ന്റെ ശതമാനം അരുണാചൽ പ്രദേശിൽ 89.6, ഹിമാചൽ പ്രദേശിൽ 88, നാഗാലാൻഡിൽ 94.9, സിക്കിമിൽ 90.1 എന്നിങ്ങനെയാണ്. വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലെല്ലാം, എഫ്ഡബ്ല്യുപിആർ 35 ശതമാനത്തിന് മുകളിലാണ് (ഇന്ത്യയിലെ സ്ത്രീകളും പുരുഷന്മാരും, 2018).

സംഘടിത മേഖലയിലെ സ്ത്രീകൾ

സംഘടിത മേഖലയിലെ വനിതാ തൊഴിലാളികളുടെ അനുപാതം (43.3 ശതമാനം) ആണ്. പുരുഷന്മാരെ അപേക്ഷിച്ച് കുറവാണ് (56.7 ശതമാനം). എന്നാൽ സംഘടിത മേഖലയിലെ മൊത്തം വനിതാ തൊഴിലാളികളുടെ എണ്ണം കഴിഞ്ഞ പത്തുവർഷമായി വർദ്ധിച്ചിട്ടുണ്ട്. ഇതിനെ സംബന്ധിച്ച വിശദവിവരങ്ങൾ **അനുബന്ധം 8.1.4** ൽ കാണിച്ചിരിക്കുന്നു. എന്നിരുന്നാലും, സംഘടിത മേഖലയിലെ മൊത്തം വനിതാ തൊഴിലാളികളിൽ (536684) ഭൂരിപക്ഷവും (63.9 ശതമാനം) സ്വകാര്യമേഖലയിൽ ഏർപ്പെട്ടിരിക്കുന്നതായി കാണാം.

സംഘടിത മേഖലയിലെ തൊഴിൽ സ്ഥിതിവിവരക്കണക്കുകളുടെ മേഖല തിരിച്ചുള്ള ശതമാനം പരിശോധിക്കുമ്പോൾ, പൊതുമേഖലയിലെ പുരുഷന്മാരുമായി താരതമ്യപ്പെടുത്തുമ്പോൾ സ്ത്രീകൾ പിന്നാക്കാവസ്ഥയിലാണെന്ന് വ്യക്തമാകുന്നുണ്ട്. പൊതുമേഖലയിൽ സ്ത്രീകളുടെ തൊഴിൽ വിഹിതം 1.9 ലക്ഷമാണ്, അത് 2019 ൽ 34.6 ശതമാനമാണ്. സ്വകാര്യമേഖലയുടെ സ്ഥിതി 3.4 ലക്ഷം (49.9 ശതമാനം)ആണ്.

സംഘടിത മേഖലയിലെ സ്ത്രീകളുടെ തൊഴിൽ

പട്ടിക 8.1.6 സംഘടിത മേഖലയിലെ തൊഴിൽ

വര്ഷം(31 മാര്ച്ച് വരെ)	പൊതുമേഖല			സ്വകാര്യ മേഖല			ആകെ		
	പുരുഷന്മാർ	സ്ത്രീകൾ	ആകെ	പുരുഷന്മാർ	സ്ത്രീകൾ	ആകെ	പുരുഷന്മാർ	സ്ത്രീകൾ	ആകെ
2018	363982	189942	553924	324301	335752	660053	688283	525694	1213977
ആകെ ശതമാനത്തിൽ	65.7	34.3	100.0	49.1	50.9	100.0	56.7	43.3	100.0
2019*	366812	193807	560619	344004	342877	686881	710816	536684	1247500
ആകെ ശതമാനത്തിൽ	65.4	34.6	100.0	50.1	49.9	100.0	57.0	43.0	100.0

അവലംബം: തൊഴിൽ വകുപ്പ്

ചിത്രം 8.1.4 സംഘടിത മേഖലയിലെ സ്ത്രീ തൊഴിലാളികളുടെ വളർച്ച



ഉറവിടം : എംപ്ലോയ്മെന്റ് ഡയറക്റ്റ്റെറ്റ്

കഴിഞ്ഞ 10 വർഷമായി വർദ്ധിച്ചുവരികയാണ്. പക്ഷേ പൊതുമേഖലയിൽ സ്ത്രീകളുടെ തൊഴിൽ വർദ്ധിച്ചിട്ടില്ല (**ചിത്രം 8.1.4, അനുബന്ധം 8.1.4**). സ്വകാര്യമേഖലയിലെ തൊഴിൽ വർദ്ധനവാണ് സ്ത്രീകളുടെ സംഘടിത മേഖലയിലെ തൊഴിലവസരങ്ങളുടെ വർദ്ധനവിന് കാരണം.

പൊതുമേഖലയിലെ വിവിധ സർക്കാർ സ്ഥാപനങ്ങളിലെ വനിതാ ജീവനക്കാരുടെ പരിശോധനയിൽ തദ്ദേശ സ്വയം ഭരണ (എൽഎസ്ജി) വകുപ്പിലേതുപോലെ തന്നെ സംസ്ഥാന സർക്കാർ ജോലികളിൽ സ്ത്രീകളുടെ അനുപാതം വളരെ ഉയർന്നതാണെന്ന് വ്യക്തമാകുന്നുണ്ട്.

വിവിധ തരത്തിലുള്ള സർക്കാർ സ്ഥാപനങ്ങളിലെ സ്ത്രീകളുടെ ജില്ല തിരിച്ചുള്ള തൊഴിൽ അനുബന്ധം 8.1.5 ൽ നൽകിയിരിക്കുന്നു. കേന്ദ്ര സർക്കാരിനു കീഴിൽ ജോലി ചെയ്യുന്ന സ്ത്രീകളുടെ എണ്ണം തിരുവനന്തപുരം ജില്ലയിൽ (3602) കൂടുതലാണ്, എന്നാൽ പുരുഷന്മാരെ അപേക്ഷിച്ച് സ്ത്രീ അനുപാതം കോട്ടയം ജില്ലയിലും (50.4 ശതമാനം), കൊല്ലം ജില്ലയിലും (48.7 ശതമാനം) കൂടുതലാണ്. തിരുവനന്തപുരത്ത് സംസ്ഥാന സർക്കാരിനു കീഴിലുള്ള വനിതാ തൊഴിലാളികളുടെ എണ്ണം കൂടുതലാണ്, എന്നാൽ പുരുഷന്മാരുടെ അനുപാതം കോഴിക്കോട് ജില്ലയിൽ കൂടുതലാണ്.

കുടുംബശ്രീയിലൂടെ സ്ത്രീകളുടെ സാമ്പത്തിക പങ്കാളിത്തം

അയൽക്കൂട്ടങ്ങളുടെ സാമ്പത്തിക ഉൾപ്പെടുത്തൽ

പിന്നാക്കം നിൽക്കുന്നവരും കുറഞ്ഞ വരുമാനമുള്ളവരുമായ വിഭാഗത്തെ ധനകാര്യ സേവനങ്ങളിൽ ഉൾപ്പെടുത്തുന്ന പ്രക്രിയയാണ് സാമ്പത്തിക ഉൾപ്പെടുത്തൽ. പാവപ്പെട്ട സ്ത്രീകളെ അതിന്റെ ത്രിഫ്റ്റ്, ക്രെഡിറ്റ് പ്രോഗ്രാമുകളിലൂടെ സാമ്പത്തികമായി ഉയർത്തുന്നതിൽ കുടുംബശ്രീ ഒരു പ്രധാന പങ്ക് വഹിക്കുന്നുണ്ട്. അയൽക്കൂട്ടങ്ങളുടെ ചെറുകിട സമ്പാദ്യ പദ്ധതിവഴി (ത്രിഫ്റ്റ്) അർഹരായ അംഗങ്ങൾക്ക് ആഭ്യന്തര വായ്പ നൽകി വരുന്നു. കുടുംബശ്രീ കമ്മ്യൂണിറ്റി ഓർഗനൈസേഷന്റെ പ്രാഥമിക യൂണിറ്റുകളാണ് അയൽക്കൂട്ടങ്ങൾ (എൻഎച്ച്ജി). ഒരു അയൽപക്കത്ത് നിന്ന് പത്ത് മുതൽ ഇരുപത് വരെ സ്ത്രീകളെ അംഗങ്ങളാക്കി ഒരു അയൽക്കൂട്ടം ഉണ്ടാക്കുന്നു. ഔപചാരികതകളില്ലാതെ ലഭിക്കുന്ന

പട്ടിക 8.1.7 സർക്കാരിന്റെ വിവിധ തലങ്ങളിൽ വനിതാ ജീവനക്കാരുടെ വിതരണം

സർക്കാരേതരം	ആകെ	സ്ത്രീകൾ	ആകെ ശതമാനത്തിൽ
കേന്ദ്ര സർക്കാർ	59924	14594	24.4
സംസ്ഥാന സർക്കാർ	262046	105004	40.1
അർദ്ധ കേന്ദ്ര സർക്കാർ	82154	25828	31.4
അർദ്ധ സംസ്ഥാന സർക്കാർ	131597	39218	29.8
തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ	24898	9163	36.8
ആകെ	560619	193807	34.6

അവലംബം: തൊഴിൽ വകുപ്പ്

വായ്പകൾ അടിയന്തിര സാമ്പത്തിക ആവശ്യങ്ങളും അപ്രതീക്ഷിത അനിശ്ചിതത്വങ്ങളും നിറവേറ്റുന്നതിന് അയൽക്കൂട്ടത്തിലെ അംഗങ്ങളെ സഹായിക്കുന്നു. ത്രിഫ്റ്റിന്റെയും ക്രെഡിറ്റിന്റെയും പ്രവർത്തനം കുടുംബശ്രീ അയൽക്കൂട്ടത്തിലെ അടിസ്ഥാന പ്രവർത്തനമാണ്, കൂടാതെ താങ്ങാനാവുന്ന പ്രതിവാര തിരിച്ചടവ് തുക അയൽക്കൂട്ടത്തിലെ അംഗങ്ങൾ കൂട്ടായി തീരുമാനിക്കുന്നു. അയൽക്കൂട്ടങ്ങൾക്കു സ്വയംഭരണാധികാരമുള്ളതും സാമ്പത്തിക കാര്യങ്ങളിൽ വിവേചനാധികാരമുള്ളതുമായ പങ്കുണ്ടെങ്കിലും, ഓരോ അയൽക്കൂട്ടങ്ങളും കുടുംബശ്രീ യുടെ നിയമങ്ങൾക്ക് അനുസൃതമായി പ്രവർത്തിക്കാൻ ബാധ്യസ്ഥരാണ്. പ്രവർത്തനങ്ങൾ ഏരിയ ഡെവലപ്മെന്റ് സൊസൈറ്റി (എ.ഡി.എസ്), കമ്മ്യൂണിറ്റി ഡവലപ്മെന്റ് സൊസൈറ്റി (സി.ഡി.എസ്) എന്നിവയ്ക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്. 2018–19 കാലയളവിൽ അയൽക്കൂട്ടങ്ങൾ ശേഖരിച്ച ആകെ ത്രിഫ്റ്റ് 410.7 കോടി രൂപയേക്കാൾ കൂടുതലാണ്, ഈ ത്രിഫ്റ്റ് തുകയിൽ നിന്ന് സൃഷ്ടിക്കുന്ന ആഭ്യന്തര വായ്പ ത്രിഫ്റ്റ് തുകയുടെ നാലിരട്ടിയിലധികം വരും (**പട്ടിക 8.1.8**).

വരുമാന ഉത്പാദന പ്രവർത്തനങ്ങളിൽ കുടുംബശ്രീ അംഗങ്ങൾ

സംയുക്ത ബാധ്യതാ ഗ്രൂപ്പുകളും (ജെഎൽജികളും) സംരംഭങ്ങളുമാണ് കുടുംബശ്രീ യുടെ കീഴിലുള്ള പ്രധാന വരുമാനമാർഗ്ഗങ്ങൾ. 3.9 ലക്ഷം സ്ത്രീകൾ കുടുംബശ്രീ യുടെ വിവിധ വരുമാനമുണ്ടാക്കൽ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നുണ്ട്.
4മുതൽ 10 അംഗങ്ങളുള്ള സ്ത്രീകളുടെ കൂട്ടായ കാർഷിക ഗ്രൂപ്പുകളാണ് കുടുംബശ്രീ യുടെ കീഴിലുള്ള സംയുക്ത ബാധ്യതാ ഗ്രൂപ്പുകൾ (ജെഎൽജി). 3 ലക്ഷത്തിലധികം വനിതാ കർഷകർ കൃഷിയിൽ സജീവമായി ഏർപ്പെടുന്നു, അവർ അയ്യായിരത്തിലധികം ഏക്കറിൽ കൃഷി ചെയ്യുന്നുമുണ്ട്. കേരളത്തിൽ ഈ കണക്ക് വളരെ നിർണായകമാണ്, ഇവിടെ പുരുഷന്മാർ കൃഷിയിൽ നിന്ന് കൂടുതൽ അകന്നുപോകുകയും കൃഷിചെയ്യാവുന്ന ഭൂമി (നെൽവയലുകൾ ഉൾപ്പെടെ) മറ്റ് ആവശ്യങ്ങളിലേക്ക് മാറ്റുകയും ചെയ്തു വരുന്നു.

സ്ത്രീകളുടെ ഉപജീവനമാർഗ്ഗം, തരിശുഭൂമി കൃഷിയോഗ്യമായ ഭൂമിയാക്കി മാറ്റുക എന്നിവ ലക്ഷ്യമിട്ട് 2008 ൽ പാട്ടഭൂമിയിൽ കാർഷിക ഗ്രൂപ്പുകളായി കുടുംബശ്രീ ക്ക് കീഴിൽ കൂട്ടായ കൃഷി ആരംഭിച്ചു ഭക്ഷ്യ സുരക്ഷയിലും വളരെയധികം സംഭാവന നല്കിയിട്ടുണ്ട്. എന്നാൽ രണ്ട് പതിറ്റാണ്ടിന്റെ പ്രവർത്തനങ്ങൾക്ക് ശേഷം, ഭക്ഷ്യ സുരക്ഷ, ഉപജീവനം എന്നീ ലക്ഷ്യങ്ങളേക്കാൾ കൂടുതൽ നേട്ടങ്ങൾ ഈ പദ്ധതിയിലൂടെ കൈവരിച്ചിട്ടുണ്ട്. കൂട്ടായ്മയിലൂടെ സാമ്പത്തികവും സാമൂഹികവുമായ ശാക്തീകരണത്തിനുള്ള ഒരു മാർഗമായി ഇത് മാറി കഴിഞ്ഞു. പദ്ധതികളുടെയും ഏജൻസികളുടെയും / വകുപ്പുകളുടെയും സംയോജനത്തിന്റെ വിജയഗാഥയാണ് പദ്ധതി. കൂട്ടായ കാർഷിക പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന ഭൂരിഭാഗം സ്ത്രീകളും കൂലിപ്പണിക്കാർ, തൊഴിലാളികൾ, ഭർത്താക്കന്മാർ / മാതാപിതാക്കൾ എന്നിവരുടെ സഹായികൾ എന്ന നിലയിൽ കൃഷിയിൽ പരിചയം നേടിയിട്ടുണ്ട്. ഇപ്പോൾ പദ്ധതി അവരെ തൊഴിലാളി പദവിയിൽ നിന്ന് വനിതാ കർഷകരാക്കി മാറ്റി കഴിഞ്ഞു.

പട്ടിക 8.1.8 അയൽക്കൂട്ടങ്ങളുടെ സാമ്പത്തിക പങ്കാളിത്തം, 2019

അയൽക്കൂട്ടങ്ങളുടെ എണ്ണം	291507
അയൽക്കൂട്ടങ്ങളിലെ അംഗങ്ങളുടെ എണ്ണം(ലക്ഷത്തിൽ)	43.9
സമ്പാദ്യ തുക(കോടിയിൽ)	410.7
അയൽക്കൂട്ടങ്ങളുമായി ബന്ധമുള്ള ബാങ്കുകളുടെ എണ്ണം	79458
ആകെ ചെലവഴിച്ച തുക.(കോടിയിൽ)	4131.9
അകത്തെ വായ്പ (കോടിയിൽ)	2059.5

അവലംബം: കുടുംബശ്രീ

പട്ടിക 8.1.9 കുടുംബശ്രീയുടെ കീഴിലുള്ള സംയുക്ത ബാധ്യതാ ഗ്രൂപ്പുകളും ചെറുകിട സംരംഭങ്ങളും

കുടുംബശ്രീയുടെ കീഴിലുള്ള സംയുക്ത ബാധ്യതാ ഗ്രൂപ്പുകൾ	
സംയുക്ത ബാധ്യതാ ഗ്രൂപ്പുകളുടെ എണ്ണം	62527
സംയുക്ത ബാധ്യതാ ഗ്രൂപ്പുകളിലെ അംഗങ്ങളുടെ എണ്ണം	330516
കൃഷി ചെയ്ത ആകെ ഭൂമി (ഹെക്ടറിൽ)	54084
കൃഷി ചെയ്ത തരിശ് ഭൂമി (ഏക്കറിൽ)	5324.9
കുടുംബശ്രീയുടെ സ്ത്രീ സംരംഭങ്ങൾ	
സംരംഭങ്ങളുടെ എണ്ണം	21365
സ്ത്രീ സംരംഭങ്ങളുടെ എണ്ണം	57149

അവലംബം: കുടുംബശ്രീ

സ്ത്രീ ശാക്തീകരണവും തീരുമാനമെടുക്കുന്നത്തിലെ പങ്കാളിത്തവും

തീരുമാനമെടുക്കുന്നതിൽ സ്ത്രീകളുടെ പങ്കാളിത്തം അവരുടെ ശാക്തീകരണം അളക്കുന്നതിനുള്ള ഒരു പ്രധാന സൂചകമാണ്. വീട്ടിലെ തീരുമാനമെടുക്കുന്നതിലും സംസ്ഥാനത്തിന്റെ നയപരമായ തീരുമാനങ്ങളിലും സ്ത്രീകൾ അനുകൂലമായ പങ്ക് വഹിക്കേണ്ടതാണ്. നീതിപൂർവവും വികസിതവുമായ ഒരു സമൂഹത്തിന്റെ രൂപീകരണത്തിന് രണ്ട് തലങ്ങളിലും അവരുടെ പങ്ക് ഒരുപോലെ നിർണ്ണായകമാണ്. എൻഎഫ്എച്ച്എസ്, 2015–16. ശേഖരിച്ച മൂന്ന് സൂചകങ്ങളുടെ അടിസ്ഥാനത്തിൽ കുടുംബത്തിന്റെ തീരുമാനമെടുക്കുന്നതിൽ സ്ത്രീകളുടെ പങ്കാളിത്തം ഇവിടെ പരിഗണിക്കപ്പെടുന്നു, സാധാരണയായി ഗാർഹിക തീരുമാനങ്ങളിൽ പങ്കെടുക്കുന്ന സ്ത്രീകളുടെ ശതമാനം, ബാങ്ക് / സേവിംഗ്സ് അക്കൗണ്ടുള്ള സ്ത്രീകളുടെ ശതമാനം അവർ സ്വയം പ്രവർത്തിക്കുന്നതും അവർ സ്വയം ഉപയോഗിക്കുന്ന മൊബൈൽ ഫോൺ ഉള്ള സ്ത്രീകളുടെ ശതമാനവും. **പട്ടിക 8.1.10** ൽ കാണിച്ചിരിക്കുന്നതുപോലെ, അഖിലേന്ത്യാ തലത്തിലുള്ള പുരുഷൻമാരുടെതിനെക്കാൾ കൂടുതൽ തീരുമാനമെടുക്കൽ പ്രക്രിയയിൽ കേരളത്തിലെ സ്ത്രീകൾ സജീവമായി പങ്കെടുക്കുന്നുവെന്ന് വ്യക്തമാകുന്നുണ്ട്.

ലോകസഭാ തെരഞ്ഞെടുപ്പിൽ വനിതാ വോട്ടർമാരുടെ പങ്കാളിത്തം 1962 ലെ മൂന്നാം ലോക്സഭാ തെരഞ്ഞെടുപ്പിൽ 46.63 ശതമാനത്തിൽ നിന്ന് 16 ആം ലോക്സഭയിലേക്കുള്ള തിരഞ്ഞെടുപ്പിൽ 66 ശതമാനമായി ഉയർന്നിട്ടുണ്ട്. അഖിലേന്ത്യാ ശരാശരിയെ അപേക്ഷിച്ച് കേരളത്തിലെ വനിതാ വോട്ടർമാരുടെ പങ്കാളിത്തം വളരെ ഉയർന്നതാണ്. പാർലമെന്റിൽ സ്ത്രീകളുടെ പ്രാതിനിധ്യം കണക്കിലെടുക്കുമ്പോൾ കേരളം പിന്നിലാണ്. 16–ാമത് ലോക്സഭയിൽ പാർലമെൻറ് അംഗങ്ങളിൽ 12 ശതമാനം സ്ത്രീകളാണ്. ഒരു വനിതാ എംപിക്ക് (5 ശതമാനം) കേരളത്തിൽ നിന്ന് പാർലമെന്റിൽ എത്താവുന്നതാണ്. അതുപോലെ സംസ്ഥാന നിയമസഭയിൽ സ്ത്രീകളുടെ പ്രാതിനിധ്യവും കുറവാണ്. 2014 ൽ മൊത്തം അംഗങ്ങളിൽ 6 ശതമാനം മാത്രമാണ് സ്ത്രീകൾ (140 ൽ 8), അഖിലേന്ത്യാ ശരാശരി (9 ശതമാനം) സംസ്ഥാന കണക്കുകളേക്കാൾ മുകളിലാണ്. പുരുഷന്മാരുടെയും റിപ്പോർട്ട് അനുസരിച്ച് മറ്റ് സംസ്ഥാനങ്ങളിലെ നിയമസഭകളിലെ സ്ത്രീകളുടെ അനുപാതം ബീഹാർ (14 ശതമാനം), ഹരിയാന (14 ശതമാനം), രാജസ്ഥാൻ (14 ശതമാനം), മധ്യപ്രദേശ് (13 ശതമാനം), പശ്ചിമ ബംഗാൾ (13 ശതമാനം) ഉത്തർപ്രദേശ് (10 ശതമാനം), ജാർഖണ്ഡ് (10 ശതമാനം) എന്നിവ കേരളത്തേക്കാൾ കൂടുതലാണ്. സാമൂഹികമായും സാമ്പത്തികമായും പിന്നാക്കം നിൽക്കുന്ന സംസ്ഥാനങ്ങളിൽ പോലും കേരളത്തേക്കാൾ സ്ത്രീകൾക്ക് കൂടുതൽ സജീവമായ പങ്കുണ്ട് എന്നത് ശരിക്കും ആശ്ചര്യകരമാണ്.

എന്നാൽ പഞ്ചായത്ത് രാജ് സ്ഥാപനങ്ങളിൽ സ്ത്രീകളുടെ പങ്കാളിത്തം അഖിലേന്ത്യാ ശരാശരിയേക്കാൾ കൂടുതലാണ്). തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പ്രാതിനിധ്യത്തിന്റെ അനുപാതത്തിൽ സ്ത്രീകൾ പുരുഷന്മാരേക്കാൾ കൂടുതലാണ്. കോടതികളിലും സിവിൽ സർവീസുകളിലും സ്ത്രീകളുടെ പ്രാതിനിധ്യം കുറവാണ്. ഹൈക്കോടതിയിലെ വനിതാ ജഡ്ജിമാരുടെ ശതമാനം സുപ്രീം കോടതിയിൽ ഉള്ളതിനേക്കാൾ ഉയർന്നതാണെങ്കിലും പ്രാതിനിധ്യം കാര്യമായി കാണുന്നില്ല. തന്ത്രപരമായ തീരുമാനമെടുക്കൽ പ്രക്രിയകളിൽ സ്ത്രീകളുടെ രാഷ്ട്രീയ പങ്കാളിത്തം വളരെ കുറവാണെന്ന വസ്തുതയിലേക്കാണ് നിലവിലുള്ള വസ്തുതകൾ ചൂണ്ടിക്കാണിക്കുന്നത്.

സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങൾ

ഉയർന്ന വിദ്യാഭ്യാസ നിലവാരവും, ഉയർന്ന

പട്ടിക 8.1.10 തീരുമാനമെടുക്കുന്നതിലെ സ്ത്രീകളുടെ പങ്കാളിത്തം

സൂചകങ്ങൾ	ഇന്ത്യ				കേരളം			
	എൻ എഫ് എച്ച് എസ് –4 (2015–16)			എൻ എഫ് എച്ച് എസ് –3 (2005–06)	എൻ എഫ് എച്ച് എസ് –4 (2015–16)			എൻ എഫ് എച്ച് എസ് –3 (2005–06)
	ഗ്രാമീണ	നഗര	ആകെ	ആകെ	ഗ്രാമീണ	നഗര	ആകെ	ആകെ
നിലവിൽ ഗാർഹിക തീരുമാനങ്ങളിൽ (ശതമാനം) പങ്കെടുക്കുന്ന വിവാഹിതരായ സ്ത്രീകൾ.	85.8	83	84	76.5	91.7	92.4	92.1	88
സ്വയം ഉപയോഗിക്കുന്ന ബാങ്ക്/ സേവിംഗ്സ് അക്കൗണ്ടുള്ള സ്ത്രീകൾ (ശതമാനം)	61	48.5	53	15.1	70.3	70.8	70.6	27
സ്വയം ഉപയോഗിക്കുന്ന മൊബൈൽ ഫോണുള്ള സ്ത്രീകൾ (ശതമാനം	61.8	36.9	45.9	NA	81.1	81.2	81.2	NA

അവലംബം: എൻ എഫ് എച്ച് എസ്, 2015-16

ചിത്രം 8.1.5 കുറ്റകൃത്യങ്ങളുടെ എണ്ണം



അവലംബം: ക്രൈംസ് റെക്കോർഡ്സ് ബ്യൂറോ, കേരളം

സാമൂഹിക വികസനവും കൈവരിച്ച കേരളത്തിൽ സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങൾ വലിയ ഭീഷണിയായി തുടർന്നു വരുന്നു. ഒരു വശത്ത് സ്ത്രീകൾ വീടുകളിൽ നിന്ന് പുറത്തുവന്ന് തൊഴിൽ ഏറ്റെടുക്കണമെന്ന് ആഗ്രഹിക്കുന്നു, മറുവശത്ത് അവരുടെ സുരക്ഷ ഉറപ്പാക്കേണ്ടതും പ്രധാനമാണ്. വീടിനുപുറത്ത് ലാഭകരമായ സാമ്പത്തിക പ്രവർത്തനങ്ങൾ നടത്താൻ സ്ത്രീകളെ പ്രാപ്തരാക്കുന്നതിന് ഈ ദിശയിൽ കൂടുതൽ ശ്രമങ്ങൾ ആവശ്യമാണ്. സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങളിൽ 'ഭർത്താവ് / ബന്ധുക്കൾ നടത്തുന്ന ക്രൂരത' ഇപ്പോഴും ഒരു പ്രധാന ഘടകമാണ്. 2016 ലെ ഇന്ത്യയുടെ കുറ്റകൃത്യ സ്ഥിതിവിവരക്കണക്കുകൾ പ്രകാരം, സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങളിൽ ഭൂരിഭാഗവും ഭർത്താവിൻറെയോ ബന്ധുക്കളുടെയോ (32.6 ശതമാനം) ക്രൂരതയ്ക്ക് വിധേയമായി എന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട് (32.6 ശതമാനം) സ്ത്രീകളെ ആക്രമിച്ചതിനെ തുടർന്ന് അവളുടെ മക്കളെ (25.0 ശതമാനം) പ്രകോപിപ്പിച്ച് തട്ടിക്കൊണ്ടുപോകൽ. സ്ത്രീകൾക്കെതിരായ മൊത്തം കുറ്റകൃത്യങ്ങളിൽ ഉത്തർപ്രദേശിൽ 14.5 ശതമാനം (329067 കേസുകളിൽ 46072), പശ്ചിമ ബംഗാൾ (9.6 ശതമാനം) (33052 കേസുകൾ). ദേശീയ ശരാശരി നിരക്കായ 53 നെ അപേക്ഷിച്ച് ദില്ലി യൂണിയൻ ടെറിറ്ററി ഏറ്റവും ഉയർന്ന കുറ്റകൃത്യ നിരക്ക് (159.9) റിപ്പോർട്ട് ചെയ്തു. കേരളത്തിൽ ഇത് 53.4 ആണ്. ഇത് ദേശീയ ശരാശരിയേക്കാൾ അല്പം കൂടുതലാണ് 2016 മുതൽ കേരളത്തിലെ മൊത്തം കുറ്റകൃത്യങ്ങളുടെ എണ്ണം കുറഞ്ഞിട്ടുണ്ട്. (**ചിത്രം 8.1.5**). കേരളത്തിലെ സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങളുടെ വിശദാംശങ്ങൾ **അനുബന്ധം 8.1.6** ൽ നൽകിയിരിക്കുന്നു.

കേരളത്തിലെ സ്വവർഗ്ഗാനുരാഗിയായസ്ത്രീകൾ, പുരുഷന്മാർ, ദ്വിലിംഗി, ട്രാൻസ്ജെൻഡർ (എൽജിബിടി)

ഇന്ത്യൻ സംസ്ഥാനങ്ങൾക്കിടയിൽ എൽജിബിടികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ കേരളം മുൻപന്തിയിലാണ്. 2015 ൽ ട്രാൻസ്ജെൻഡർ നയം പ്രഖ്യാപിച്ച ഇന്ത്യയിലെ ആദ്യത്തെ സംസ്ഥാനമാണ് കേരളം. വ്യക്തമായ ചട്ടക്കൂടിനുള്ളിൽ ട്രാൻസ്ജെൻഡർമാർക്കായി അവകാശങ്ങൾ അടിസ്ഥാനമാക്കിയുള്ള സംസ്ഥാന നയം കേരള സര്ക്കാർ പുറത്തിറക്കി. കൂടാതെ, 2014 ലെ സുപ്രീം കോടതി വിധിക്ക് അനുസൃതമായി, ഒരു വ്യക്തിയെ ട്രാൻസ്ജെൻഡറായി സ്വയം തിരിച്ചറിയാൻ നയം അനുവദിക്കുന്നുമുണ്ട്. തിരിച്ചറിയൽ കാർഡുകൾ നൽകാനും ജില്ലാതല ട്രാൻസ്ജെൻഡർ ബോർഡുകൾ സ്ഥാപിക്കാനും നയം ശുപാർശ ചെയ്യുന്നു.

സാമൂഹ്യനീതി വകുപ്പ് ട്രാൻസ്ജെൻഡർ കളെക്കുറിച്ച് നടത്തിയ സർവേയിൽ, ക്ഷേമവും അന്തസ്സും നിറഞ്ഞ ജീവിതത്തിന് ആവശ്യമായ അടിസ്ഥാന കഴിവുകൾ പോലും നേടാൻ അവർക്ക് കഴിയുന്നില്ലെന്ന് വെളിപ്പെടുത്തുന്നുണ്ട്. അതിനാൽ, ട്രാൻസ്ജെൻഡർ കളെ ഉൾപ്പെടുത്തുന്നതിനുള്ള ഇടപെടലുകൾ കേവലം സാമ്പത്തിക നടപടികളിൽ മാത്രമായി പരിമിതപ്പെടുത്താൻ കഴിയില്ല. സുപ്രീംകോടതി വിധിന്യായങ്ങൾ ട്രാൻസ്ജെൻഡർ കളുടെ ചില പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ സാധിച്ചിട്ടുണ്ട്. ഐപിസിയുടെ 377-ാം വകുപ്പ് വിവേചനാധികാരം വഴി, 2018 ലെ ചരിത്രപരമായ വിധിയിലൂടെ നോൺ-നോർമറ്റീവ് ലൈംഗിക ആഭിമുഖ്യം നിയമപരമാണെന്ന് സുപ്രീം കോടതി അംഗീകരിക്കുകയുണ്ടായി.

ട്രാൻസ്ജെൻഡർ കളുടെ ക്ഷേമത്തിനായി വിവിധ പദ്ധതികൾ വിവിധ വകുപ്പുകൾ പ്രത്യേകിച്ചും സാമൂഹ്യനീതി വകുപ്പ് നടപ്പാക്കുന്നുണ്ട് (ഇതിൽ സാമൂഹ്യനീതി വകുപ്പിന്റെ പദ്ധതികൾ എട്ടാം അധ്യായത്തിൽ നൽകിയിട്ടുണ്ട്). ഇവ കൂടാതെ കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി (കെഎസ്എൽഎംഎ) ട്രാൻസ്ജെൻഡർ കൾക്കായി

ബോക്സ് 8.1.3 **സ്ത്രീകൾക്കുള്ള ഹെൽപ്പ് ഡെസ്കുകൾ**

പിങ്ക് പോലീസ് പട്രോളിംഗ്: ദുരിതത്തിലായ സ്ത്രീകൾ, കുട്ടികൾ, മുതിർന്ന പൗരന്മാർ എന്നിവർക്ക് സഹായം നൽകുകയെന്ന പ്രധാന ലക്ഷ്യത്തോടെ പിങ്ക് പോലീസ് പട്രോളിംഗ് തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിൽ വിന്യസിച്ചിട്ടുണ്ട്. ഓരോ വാഹനത്തിനും ഒരു വനിതാ പോലീസ് ഉദ്യോഗസ്ഥ നേതൃത്വം നൽകും, കൂടാതെ മറ്റ് രണ്ട് വനിതാ പോലീസ് ഉദ്യോഗസ്ഥരും ഉണ്ടായിരിക്കും. സ്ത്രീകളുടെ സാന്നിധ്യം കൂടുതലുള്ള പ്രദേശങ്ങളിൽ വിന്യസിച്ചിരിക്കുന്ന ഇവ രാവിലെ 8 മുതൽ രാത്രി 8 വരെ പ്രവർത്തിക്കും. സേവനത്തിനായി ടോൾ ഫ്രീ നമ്പർ 1515 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്. പട്രോളിംഗ് കാറുകളിൽ ജിപിഎസ് ട്രാക്കിംഗ് ഉപകരണങ്ങളും വാഹനങ്ങളുടെ മുന്നിലും പിന്നിലും ക്യാമറകളും സജ്ജീകരിച്ചിട്ടുണ്ട്. ക്യാമറ തുടർച്ചയായി സിറ്റി പോലീസ് കൺട്രോൾ റൂമിലേക്ക് വിഷ്വലുകൾ റിലേ ചെയ്യുകയും ആവശ്യമുള്ളപ്പോഴെല്ലാം വിവിധ പ്രദേശങ്ങളിലേക്ക് അധിക സേനയെ വിന്യസിക്കാൻ ബന്ധപ്പെട്ടവരെ പ്രാപ്തരാക്കുകയും ചെയ്യുന്നതാണ്.

സ്നേഹിത ഹെൽപ്പ് ഡെസ്ക്: 24 മണിക്കൂർ ജോലി ചെയ്യുന്ന ലിംഗപദവി സഹായ ഡെസ്കാണ് ഇത്. 2013 ൽ മലപ്പുറം, എറണാകുളം, തിരുവനന്തപുരം എന്നീ മൂന്ന് ജില്ലകളിൽ ആരംഭിച്ചു. ദുരിതത്തിലായ സ്ത്രീകൾക്കും കുട്ടികൾക്കും സഹായവും പിന്തുണയും അവരുടെ പ്രശ്നങ്ങൾക്കും ആശങ്കകൾക്കും ഊർജ്ജം നൽകുക, അഭിഭാഷണം, ശാക്തീകരണം, സാമൂഹിക മാറ്റം എന്നിവയിലൂടെ ഗാർഹിക പീഡനത്തെ തടയുക, സംരക്ഷിക്കുക, വിജയിക്കുക എന്നിവയാണ് കേന്ദ്രത്തിന്റെ പ്രധാന ലക്ഷ്യം. ഇത് യുവാക്കളുടെ സാമൂഹിക-സാമ്പത്തിക നില മെച്ചപ്പെടുത്തുന്നതിനും സഹായിക്കുന്നു. അക്രമത്തിന് ഇരയായവർക്ക് ഉടനടി സഹായം, പാർപ്പിടം, കൗൺസിലിംഗ്, പ്രചോദനം, നിയമ സഹായം എന്നിവ സ്നേഹിത നൽകുന്നു. കുടുംബശ്രീ ആണ് ഇത് നടത്തുന്നത്.

24/7 വനിതാ വിവര സഹായ കേന്ദ്രം: സംസ്ഥാനത്തെ 181 വനിതാ ഹെല്പ് ലൈൻഎല്ലാ സമയത്തും സ്ത്രീകളുടെ പിന്തുണയ്ക്കും വിവിധ ആവശ്യങ്ങൾക്കുമായി അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനും, കാര്യക്ഷമതയും തുടർച്ചയായ ഫീഡ്ബാക്ക് സംവിധാനങ്ങളും വിഭാവനം ചെയ്തിരിക്കുന്നത്. ദുരിതത്തിലായ സ്ത്രീകൾക്ക് മാത്രം അടിയന്തിര പ്രതികരണ സംവിധാനങ്ങളും പദ്ധതിയുടെ കീഴിൽ വനിതാ ശിശു വികസന മന്ത്രാലയം ജിഒഐ വിഭാവനം ചെയ്ത ഹെൽപ്പ് ലൈൻ സേവനം. മിത്ര ഹെൽപ്പ് ലൈൻ (181) 2017 മാർച്ച് 27 ന് കേരളത്തിൽ ആരംഭിച്ചു, ഇപ്പോൾ ആവശ്യമുള്ള സ്ത്രീകൾക്ക് 24/7 ആക്സസ് ചെയ്യാവുന്നതും അടിയന്തിരവുമായ പ്രതികരണ സേവനമായി വിജയകരമായി പ്രവർത്തിക്കുന്നുണ്ട്. വിദഗ്ദ്ധരായ മിത്ര കോൾ റെസ്പോൺസ് ടീം, പോലീസ്, മെഡിക്കൽ, നിയമവ്യവസ്ഥയുടെ സജീവമായ പിന്തുണയോടെ പ്രോംപ്റ്റ്, ജുഡീഷ്യൽ സേവനങ്ങൾ നൽകുന്നതുകൊണ്ട് ഇത് പൊതുജനങ്ങൾക്കിടയിൽ അംഗീകാരം നേടി.

അവലംബം: വനിതാ ശിശു വകുപ്പും കുടുംബശ്രീയും

പ്രത്യേക സാക്ഷരതാ പദ്ധതിക്ക് തുടക്കമിട്ടു, അവർ കെഎസ്എൽഎംഎയുടെ 4, 7, 10, 12 സമ തുല്യതാ പ്രോഗ്രാമുകളിൽ ചേർന്നു. 2018-19 കാലയളവിൽ 65 പേർ 10, 12 തുല്യതാ പ്രോഗ്രാമുകളിൽ വിജയിച്ചിട്ടുണ്ട്. അതുപോലെ, എൽജിബിടികളുടെ ക്ഷേമം ലക്ഷ്യമിട്ടുള്ള പദ്ധതികളും പരിപാടികളും ആരോഗ്യ കുടുംബക്ഷേമ വകുപ്പിന് കീഴിൽ ആരംഭിച്ചിട്ടുണ്ട്. കോട്ടയം മെഡിക്കൽ കോളേജിൽ സൌജന്യ ലൈംഗിക പുനർനിർമ്മാണ ശസ്ത്രക്രിയകൾക്കുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ട്രാൻസ്ജെൻഡർമാർക്കുള്ള കൗൺസിലിംഗിനും മരുന്നിനുമായി ഹോമിയോപ്പതി ഡയറക്ടറേറ്റ് നിസാർഗ എന്ന പ്രോഗ്രാം ആരംഭിച്ചിട്ടുണ്ട്.

ലിംഗപദവി ബജറ്റിംഗ്

നയങ്ങളും പ്രോഗ്രാമുകളും സ്ത്രീകളെയും പുരുഷന്മാരെയും അവരുടെ സാമൂഹ്യപ്രാധാന്യമുള്ള പങ്കുകൾ കണക്കിലെടുക്കുമ്പോൾ വ്യത്യസ്തമായ സ്വാധീനം ചെലുത്തുന്നതിനാൽ ലിംഗ ബജറ്റിംഗ് (ജിബി) ശക്തിപ്പെടുത്തേണ്ടത് അത്യാവശ്യമാണ്- പുരുഷന്മാർ അന്നം തരുന്ന ആളായും സ്ത്രീകളെ ഗാർഹിക നിർമ്മാതാക്കളായും കാണുന്നു. മാക്രോ ഡെവലപ്മെന്റ് നയത്തിൽ അവഗണിക്കപ്പെടുന്ന പ്രവണത, ഈ പ്രവർത്തനങ്ങളിൽ പൊതുനിക്ഷേപത്തിന്റെ ആവശ്യകത എന്നിവയിലെ ഗാർഹിക സ്ത്രീകളുടെ ശമ്പളമില്ലാത്ത ജോലിയുടെ സാമ്പത്തിക പ്രാധാന്യത്തെ ജെൻറർ റെസ്പോൺസീവ് ബജറ്റിങ്ങിലൂടെ മനസിലാകാൻ സാധിയ്ക്കുന്നു.

സ്ത്രീകൾക്കുള്ള വിഹിതം സംബന്ധിച്ച എല്ലാ വിവരങ്ങളും ഒരുമിച്ച് കൊണ്ടുവരുന്നതിനുള്ള ഒരു പ്രധാന ഉപകരണമാണ് ലിംഗപദവി ബജറ്റ് പ്രസ്താവന. ലിംഗപരമായ അസമത്വം പരിഹരിക്കുന്നതിനും സ്ത്രീകൾക്ക് അനുകൂലമായി വിഭവങ്ങൾ വീണ്ടും അനുവദിക്കുന്നതിനുമുള്ള ഒരു ഉപകരണമായി ഇത് ഇപ്പോൾ കണക്കാക്കപ്പെടുന്നു. ഇത് ഒരു റിപ്പോർട്ടിംഗ് സംവിധാനമായി വർത്തിക്കുകയും സ്ത്രീകളിലേക്ക് ഒഴുകുന്ന സഹായങ്ങളുടെ സൂചന നൽകുകയും ചെയ്യുന്നു. സമഗ്രമായ വളർച്ചയെ ശക്തിപ്പെടുത്തുന്നതിനുള്ള ഒരു പ്രധാന ഘട്ടമാണിത്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ വനിതാ ഘടക പദ്ധതി (ഡബ്ല്യുസിപി) ഉൾപ്പെടുത്തിക്കൊണ്ട് ഒൻപതാം പദ്ധതിയുടെ സമയത്ത് തന്നെ ലിംഗ ബോധവൽക്കരണ ആസൂത്രണം കേരള സംസ്ഥാനത്ത് അവതരിപ്പിക്കുകയുണ്ടായി. സംസ്ഥാനത്ത് നിന്ന് 35 മുതൽ 40 ശതമാനം ഫണ്ട് പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് (എൽഎസ്ജിഐ) വിഭജിച്ചതോടെ, സംസ്ഥാനത്ത് ലിംഗ പദവി ബജറ്റിംഗിന്റെ ആദ്യ രൂപം 1996 ൽ അവതരിപ്പിക്കുകയുണ്ടായി. അവിടെ ഓരോ പഞ്ചായത്തിനും ലിംഗപദവി ബജറ്റിംഗിനെക്കുറിച്ച് ഒരു അധ്യായം തയ്യാറാക്കാൻ നിർദ്ദേശം നൽകി. അവരുടെ വികസന പദ്ധതി രേഖയിലെ സ്ത്രീകൾ. ഒൻപതാം പദ്ധതിയിലാണ് ഡബ്ല്യുസിപി അവതരിപ്പിച്ചത്, അതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിന്റെ 10 ശതമാനം സ്ത്രീകൾക്കായോ സ്ത്രീകൾക്കായുള്ള പ്രത്യേക പദ്ധതികൾക്കായി നീക്കിവയ്ക്കേണ്ടതാണ്, മറ്റെല്ലാ പദ്ധതികളും ജെൻഡർ ലെൻസിന് വിധേയമാക്കണം.

ലിംഗ പദവി ബജറ്റിംഗ് പ്രക്രിയ
സ്ഥാപനവൽക്കരിക്കുന്നതിന്, 2005-06 ലെ കേന്ദ്ര ബജറ്റിൽ ലിംഗപദവി ബജറ്റ് പ്രസ്താവന അവതരിപ്പിച്ചു. പതിനൊന്നാം പദ്ധതി മുതൽ ആസൂത്രണ പ്രക്രിയയുടെ അവിഭാജ്യ ഘടകമായി ലിംഗ പദവി ബജറ്റിംഗ് വഴി ലിംഗവിടവ് മുഖ്യധാരയിലേക്ക് കൊണ്ടുവരാൻ കേരളം ബോധപൂർവ്വം ശ്രമിക്കുകയുണ്ടായി. കേരളത്തിലെ ലിംഗ ബജറ്റിംഗ് (പഠന പ്രക്രിയയിലൂടെ) സ്ത്രീകളുടെ ജീവിതത്തെയും പങ്കിനെയും കുറിച്ച് കൂടുതൽ വിപുലമായ വീക്ഷണം സ്വീകരിച്ചു, ശമ്പളമുള്ള തൊഴിലാളികളെന്ന നിലയിൽ അവരുടെ കഴിവിന്റെ അടിസ്ഥാനത്തിൽ മാത്രമല്ല, പ്രധാനമായും അവരുടെ 'അദൃശ്യമായ', സാമൂഹ്യ പുനരുൽപാദനത്തിലെ ശമ്പളമില്ലാത്ത ജോലിയിലൂടെയും , 2017-18 ൽ മാത്രമാണ് സംസ്ഥാന പദ്ധതിക്കായി ആദ്യത്തെ ലിംഗ ബജറ്റ് പ്രമാണം പുറത്തിറക്കിയത്.

2019-20 ലെ വാർഷിക പദ്ധതിയിലെ ഊർജ്ജമേഖലകൾ സ്ത്രീകളുടെ സാമ്പത്തിക, സാമൂഹിക, രാഷ്ട്രീയ ശാക്തീകരണമായി തുടരുന്നു. ഇത് മനസ്സിൽ വെച്ചുകൊണ്ട്, ഓരോ വർഷവും സ്ത്രീകളുടെ വേതന തൊഴിൽ, സ്വയം തൊഴിൽ, ഉപജീവനമാർഗങ്ങൾ, നൈപുണ്യ വികസനം, ജോലിസ്ഥലത്ത് പ്രത്യേക സൌകര്യങ്ങൾ, ശിശു സംരക്ഷണം, ജോലി ചെയ്യുന്ന വനിതാ ഹോസ്റ്റലുകൾ, ജോലിസ്ഥലത്ത് അവരുടെ സുരക്ഷ ഉറപ്പുവരുത്തുക, പദ്ധതിയിലെ സമീപനം. വീട്ടിലും പൊതുസഞ്ചയത്തിലും നടക്കുന്ന അക്രമങ്ങളിൽ നിന്ന് അവരെ സംരക്ഷിക്കുക എന്നിവയാണ് പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്.

2019-20 ൽ വനിതാ നിർദ്ദിഷ്ട പദ്ധതികൾക്കായി 1421.6 കോടി രൂപയും 2470.11 കോടി രൂപ സംയോജിത പദ്ധതികളിൽ സ്ത്രീകൾക്കായി നീക്കി വയ്ക്കുകയുണ്ടായി. . എ, ബി ഭാഗങ്ങൾ ഉൾപ്പെടെ മൊത്തം 3891.71 കോടി രൂപ പെൺകുട്ടികൾ / സ്ത്രീകൾക്കാണ്, ഇത് സംസ്ഥാന പദ്ധതി വിഹിതത്തിന്റെ 16.9 ശതമാനവും പാർട്ട് എയിൽ 6.2 ശതമാനവും പാർട്ട് ബിയിൽ 10.7 ശതമാനവും (പ്രാദേശിക സർക്കാരുകൾ ഒഴികെ) ന്യായമായ കഴിഞ്ഞ രണ്ട് വർഷങ്ങളിൽ വർദ്ധനവ്. മഴവില്ലിനായി 5 കോടി രൂപ ഇതിൽ ഉൾപ്പെടുന്നു, ഒരു ഹെൽപ്പ്ലൈൻ നൽകുന്നതിനുള്ള ട്രാൻസ്ജെൻഡർ പദ്ധതി, പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനായി സാമൂഹിക നീതി വകുപ്പ് ഡയറക്ടറേറ്റിൽ ഒരു സെൽ സ്ഥാപിക്കൽ, തൊഴിൽ പരിശീലനത്തിനുള്ള സാമ്പത്തിക സഹായം / സ്വയം തൊഴിൽ / പതിവ് തൊഴിലിനായി നൈപുണ്യ വികസനം, പെൻഷൻ. ഹ്രസ്വകാല വീടുകൾ 60 വയസ്സിനു മുകളിലുള്ള നിരാലംബർ, സ്കോളർഷിപ്പുകൾ, തുടർച്ചയായ സാക്ഷരതാ പ്രോഗ്രാം, എന്നിവ ഇതിൽ ഉൾപ്പെടുന്നു.

സുസ്ഥിര വികസന ലക്ഷ്യങ്ങളിലെ പുരോഗതി- ലിംഗ സ്നാപ്ഷോട്ട്

സുസ്ഥിര വികസനത്തിനായുള്ള 2030 അജണ്ടയും അതിന്റെ 17 സുസ്ഥിര വികസന ലക്ഷ്യങ്ങളും നടപ്പിലാക്കുന്നതിലെ പുരോഗതി അവലോകനം ചെയ്യുന്നതിനായി വിവിധ രാജ്യങ്ങളിലെ തലവന്മാർ 2019 സെപ്റ്റംബർ 24, 25 തീയതികളിൽ ന്യൂയോർക്കിലെ യുഎൻ ആസ്ഥാനത്ത് ഒത്തുകൂടി. ആ ചർച്ചകളിലെ വിശദാംശങ്ങൾ വെളിപ്പെടുത്തുന്നതിനായി യുഎൻ വനിതകളും യുഎൻ സാമ്പത്തിക സാമൂഹിക കാര്യ വകുപ്പും ചേർന്ന് "സുസ്ഥിര വികസന ലക്ഷ്യങ്ങളിലെ പുരോഗതി: ലിംഗ സ്നാപ്ഷോട്ട് 2019" പുറത്തിറക്കി. ഈ പ്രസിദ്ധീകരണം എല്ലാ 17 ലക്ഷ്യങ്ങളിലും ലിംഗസമത്വത്തെക്കുറിച്ചുള്ള ഏറ്റവും പുതിയ ലഭ്യമായ തെളിവുകൾ ഒരുമിച്ച് കൊണ്ടുവരുന്നു, ഇത് കൈവരിച്ച പുരോഗതിയും പുരോഗതി ത്വരിതപ്പെടുത്തുന്നതിന് ഇനിയും ആവശ്യമായ നടപടികളും അടിവരയിടുന്നു.

ബോക്സ് 8.1.4 സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ ലിംഗ സ്നാപ്ഷോട്ട് 2019

ക്രമ നം	സുസ്ഥിര വികസന ലക്ഷ്യം	ലിംഗ പദവിസ്നാപ്ഷോട്ട്
1	ദാരിദ്ര്യമില്ലായ്മ	പുരുഷന്മാരേക്കാൾ കൂടുതൽ സ്ത്രീകളാണ് ദാരിദ്ര്യത്തിൽ കഴിയുന്നത്. കടുത്ത ദാരിദ്ര്യത്തിൽ കഴിയുന്ന പുരുഷന്മാരെയും ആൺകുട്ടികളെയും അപേക്ഷിച്ച് സ്ത്രീകളും പെൺകുട്ടികളും 4 ശതമാനം കൂടുതലാണ്
2	വിശപ്പില്ലായ്മ	ഭക്ഷണ അരക്ഷിതാവസ്ഥ ഭക്ഷണ അരക്ഷിതാവസ്ഥ പുരുഷന്മാരേക്കാൾ കൂടുതൽ സ്ത്രീകളെ ബാധിക്കുന്നു. ആഗോളതലത്തിൽ, സ്ത്രീകൾക്ക് 2018 ലെ പുരുഷന്മാരേക്കാൾ 10 ശതമാനം ഭക്ഷ്യ അരക്ഷിതാവസ്ഥ അനുഭവപ്പെടാനുള്ള സാധ്യത കൂടുതലാണ്.
3	നല്ല ആരോഗ്യവും ജീവിത നിലവാരവും	ജനന നിരക്ക് സമ്പത്തും നഗരവാസവുമായി ശക്തമായി ബന്ധപ്പെട്ടിരിക്കുന്നു. 2017 ൽ 3 ലക്ഷത്തോളം സ്ത്രീകൾ ഗർഭധാരണവും ശിശു ജനനവുമായി ബന്ധപ്പെട്ട സങ്കീർണതകൾ മൂലം മരിക്കുകയുണ്ടായി.
4	ഗുണനിലവാരമുള്ള വിദ്യാഭ്യാസം	15 ദശലക്ഷം പെൺകുട്ടികളും 10 ദശലക്ഷം ആൺകുട്ടികളും പ്രൈമറി സ്കൂളിൽ നിന്ന് പുറത്തായതായി കണക്കാക്കപ്പെടുന്നു. ദരിദ്ര കുടുംബങ്ങളിലെ സ്ത്രീകളിൽ നിരക്ഷരത ഏറ്റവും ഉയർന്നതാണ്.
5	ലിംഗ സമത്വം	ശമ്പളമില്ലാത്ത പരിചരണത്തിലും വീട്ടുജോലികളിലും സ്ത്രീകൾ ഓരോ ദിവസവും പുരുഷന്മാരേക്കാൾ 3 മടങ്ങ് കൂടുതൽ സമയം ചെലവഴിക്കുന്നുണ്ട്. 2018 ൽ 39 ശതമാനം തൊഴിലാളികളാണ് സ്ത്രീകൾ ഉള്ളതെങ്കിലും മാനേജർ പദവികളിൽ 27 ശതമാനം മാത്രമാണ്. ലോകമെമ്പാടും, 4 പാർലമെൻറ് സീറ്റുകളിൽ ഒരു സ്ത്രീമാത്രമാണ് ഉള്ളത്
6	ശുദ്ധജലവും ശുചിത്വവും	80 ശതമാനം കുടുംബങ്ങളിലും ശുദ്ധജല ശേഖരണത്തിനായി നിയോഗിക്കപ്പെട്ടിരിക്കുന്നത് സ്ത്രീകളും പെൺകുട്ടികളുമാണ്
7	താങ്ങാവുന്നതും ശുദ്ധവുമായ ഊർജ്ജം	2017 ൽ ലോകമെമ്പാടുമുള്ള 3 ബില്ല്യൺ ആളുകൾക്ക് ശുദ്ധമായ പാചക ഇന്ധനങ്ങളും സാങ്കേതികവിദ്യകളും ഇല്ലായിരുന്നു. പാചകത്തിനായി ഖര ഇന്ധനങ്ങൾ ഉപയോഗിക്കുന്ന പെൺകുട്ടികൾ ആഴ്ചയിൽ 18 മണിക്കൂർ ആണ് ചെലവഴിക്കുന്നത് ശുദ്ധമായ ഇന്ധനങ്ങൾ ഉപയോഗിക്കുന്ന വീടുകളിൽ 5 മണിക്കൂറാണ്.
8	മാന്യമായ ജോലിയും സാമ്പത്തിക വളർച്ചയും	25 നും 54 നും ഇടയിൽ പ്രായമുള്ള സ്ത്രീകളുടെ തൊഴിൽ ശക്തി നിരക്ക് 55 ശതമാനവും അതേ പ്രായത്തിലുള്ള പുരുഷന്മാരിൽ 94 ശതമാനവുമാണ്
9	വ്യവസായം, നവീകരണം, അടിസ്ഥാന സൌകര്യങ്ങൾ	ആഗോളതലത്തിൽ, ഗവേഷണ സ്ഥാനങ്ങളിൽ 3 ൽ 1 ൽ താഴെ മാത്രമാണ് സ്ത്രീകൾ വഹിക്കുന്നത്.
10	അസമത്വങ്ങൾ കുറയ്ക്കുക	കൂടുതൽ ദുർബലരായ കുടിയേറ്റ സ്ത്രീകൾക്ക് അനുകൂലമല്ലാത്ത കുടുംബ പുനസംഘടന നയങ്ങൾ.
11	സുസ്ഥിര നഗരങ്ങളും കമ്മ്യൂണിറ്റികളും	പുരുഷനേക്കാൾ കൂടുതൽ സ്ത്രീകൾ ചേരി പോലുള്ള സ്ഥലങ്ങളിലാണ് ജീവിക്കുന്നത്
12	ഉത്തരവാദിത്ത ഉപഭോഗവും ഉൽപാദനവും	
13	കാലാവസ്ഥാ പ്രവർത്തനം	തീരദേശ, സമുദ്ര വിഭവങ്ങളുടെ നടത്തിപ്പ് സംബന്ധിച്ച തീരുമാനങ്ങളിൽ സ്ത്രീകളെ സാധാരണയായി ഉൾപ്പെടുത്തുന്നില്ല, ഇതിലെ പ്രവേശനം പരിമിതപ്പെടുത്തുന്നു.
14	വെള്ളത്തിന് താഴെയുള്ള ജീവിതം	തീരദേശ, സമുദ്ര വിഭവങ്ങളുടെ നടത്തിപ്പ് സംബന്ധിച്ച തീരുമാനങ്ങളിൽ സ്ത്രീകളെ സാധാരണയായി ഉൾപ്പെടുത്തുന്നില്ല, ഇതിലെ പ്രവേശനം പരിമിതപ്പെടുത്തുന്നു.
15	കരയിലെ ജീവിതം	ആഗോളതലത്തിൽ പുരുഷനേക്കാൾ കൂടുതൽ തൊഴിലവസരമുള്ള സ്ത്രീകൾ കൃഷി, വനം, മത്സ്യബന്ധനം എന്നിവയിൽ ജോലി ചെയ്യുന്നുണ്ടെങ്കിലും ഭൂവുടമകളിൽ 13.8 ശതമാനം മാത്രമാണ് സ്ത്രീകൾ.
16	സമാധാനം, നീതി, ശക്തമായ സ്ഥാപനം	മനുഷ്യക്കടത്തിന് ഇരയായ 4 പേരിൽ 3 പേർ സ്ത്രീകളും പെൺകുട്ടികളുമാണ്
17	ലക്ഷ്യങ്ങൾക്കുള്ള പങ്കാളിത്തം	ലിംഗസമത്വത്തിനായി സാമ്പത്തിക സ്രോതസ്സുകളുടെ വർദ്ധിച്ച സമാഹരണം അടിയന്തിരമായി ആവശ്യമാണ്.

Source: United Nations Population Fund, 2019

8.2 പട്ടികജാതി, പട്ടികവർഗ്ഗം, മറ്റു പിന്നാക്ക വിഭാഗം, ന്യൂനപക്ഷങ്ങൾ, മുന്നാക്ക സമുദായം എന്നിവരുടെ ക്ഷേമം

പട്ടികജാതി, പട്ടികവർഗ്ഗക്കാരുടെയും മറ്റു അധ:സ്ഥിത വിഭാഗക്കാരുടെയും വികസനവും ഉന്നമനവും സുഗമമാക്കാൻ ആവശ്യമായ ചില പ്രത്യേക നിബന്ധനകൾ ഭരണഘടനയിൽ ഉറപ്പുവരുത്തിയിട്ടുണ്ട്. ജാതിവ്യവസ്ഥയ്ക്കും, തൊട്ടുകൂടായ്മക്കും എതിരെ നീതിക്കുവേണ്ടി നടത്തിയ പല പോരാട്ടങ്ങളും ആധുനിക കേരളം കെട്ടിപ്പടുക്കുന്നതിൽ നിർണ്ണായകമായ പങ്കാണ് വഹിച്ചിട്ടുള്ളത്. പട്ടികജാതി, പട്ടികവർഗ്ഗക്കാരുടെയും, സാമൂഹികമായി അടിച്ചമർത്തപ്പെട്ട മറ്റുള്ളവരുടേയും വികസനത്തിനായി ഒട്ടനവധി പരിപാടികൾ സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ട്. എങ്കിലും സമൂഹത്തിൽ നിലനിൽക്കുന്ന അന്തരം ഇല്ലാതാക്കുവാൻ പട്ടികജാതി, പട്ടികവർഗ്ഗക്കാരുടെ സമഗ്രമായ സാമൂഹിക, സാമ്പത്തിക ഉന്നമനം ഉറപ്പുവരുത്തുന്നതിനാവശ്യമായ പരിപാടികൾ ആവിഷ്കരിക്കേണ്ടതായിട്ടുണ്ട്. പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക്, സാമൂഹിക സുരക്ഷയും അന്തസ്സും ഉറപ്പാക്കുന്നതിനുള്ള നടപടികളോടൊപ്പം തന്നെ ഭൂമി, ഭവനം, വിദ്യാഭ്യാസം, നൈപുണ്യവികസനം, തൊഴിൽ, ഭക്ഷ്യസുരക്ഷ എന്നിവകൂടി ഉറപ്പാക്കുന്നതിന് ഒത്തൊരുമയോടു കൂടിയുള്ള പരിശ്രമങ്ങൾ ആവശ്യമായിരിക്കുകയാണ്.

സെൻസസ് കണക്കുകൾ അനുസരിച്ച്, 2011 ൽ ഇൻഡ്യയിൽ പട്ടികജാതി ജനസംഖ്യ 16.6 ശതമാനവും പട്ടികവർഗ്ഗ ജനസംഖ്യ 8.6 ശതമാനവും ആയിരുന്നു. 2001 ലെ സെൻസസ് അനുസരിച്ച് കേരളത്തിലെ പട്ടികജാതി ജനസംഖ്യ 31,23,941 ആയിരുന്നു. 68 നിർദ്ദിഷ്ട സമുദായങ്ങളിലായി പട്ടികജാതിക്കാർ സംസ്ഥാനത്തെ ആകെ ജനസംഖ്യയുടെ 9.81 ശതമാനം ആയിരുന്നു. എന്നാൽ 2011 ൽ ഇത് 30,39,573 ആയി കുറഞ്ഞ് ആകെ ജനസംഖ്യയുടെ 9.1 ശതമാനമായി മാറി (ചില പട്ടികജാതി സമുദായങ്ങളെ പട്ടികവർഗ്ഗ സമുദായങ്ങളായി പുനർ വിന്യസിച്ചതാണ് ഇതിന് കാരണം) സംസ്ഥാനത്തെ പട്ടികജാതി ജനസംഖ്യ കൂടുതലായും പാലക്കാട്, തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ, മലപ്പുറം എന്നീ ജില്ലകളിലായി കേന്ദ്രീകരിച്ചിരിക്കുന്നു. വേടർ, നായാടി, കല്ലാടി, അരുന്ധതിയാർ, ചക്കിയാർ എന്നീ വിഭാഗക്കാരെ പട്ടികജാതിക്കാർക്കിടയിലെ ദുർബല വിഭാഗക്കാരായിട്ടാണ് കണക്കാക്കിയിരിക്കുന്നത്. ഇവരിൽ ഭൂരിഭാഗം പേരും പാലക്കാട്, മലപ്പുറം, കൊല്ലം, ഇടുക്കി എന്നീ ജില്ലകളിലായിട്ടാണ് കേന്ദ്രീകരിച്ചിരിക്കുന്നത്. ഇവരുടെ ജനസംഖ്യ ആകെ പട്ടികജാതി ജനസംഖ്യയുടെ 3.65 ശതമാനത്തോളം വരും.

2001 ലെ സെൻസസ് പ്രകാരം, പട്ടികവർഗ ജനസംഖ്യ 3,64,189 ആയിരുന്നു. ഇത് ആകെ ജനസംഖ്യയുടെ 1.14 ശതമാനത്തോളം വരും. ചില പട്ടികജാതി സമുദായങ്ങളെ പട്ടികവർഗ്ഗ സമുദായങ്ങളായി പുന ക്രമീകരിച്ചതിലൂടെ പട്ടികവർഗ്ഗ ജനസംഖ്യ 4,84,839 ആയി വർദ്ധിച്ചു. ഏറ്റവുമുയർന്ന പട്ടികവർഗ്ഗ ജനസംഖ്യ വയനാട് ജില്ലയിലാണ് (31.24 ശതമാനം). തൊട്ടുപിന്നിലായി ഇടുക്കി (11.51 ശതമാനം), പാലക്കാട് (10.10 ശതമാനം), കാസർഗോഡ് (10.08 ശതമാനം) എന്നീ ജില്ലകളാണുള്ളത്. പട്ടികവർഗ വികസനവകുപ്പ് പ്രസിദ്ധീകരിച്ച (2008) 'കേരളത്തിലെ പട്ടികവർഗക്കാരുടെ സാമൂഹിക സാമ്പത്തിക നിലവാര റിപ്പോർട്ട്' പ്രകാരം 4,762 ഹാംലെറ്റുകളിലായി 1,07,965 പട്ടികവർഗ കുടുംബങ്ങൾ അധിവസിക്കുന്നുണ്ട്. ഏകദേശം 11 ശതമാനത്തോളം (540) ഹാബിറ്റാറ്റുകളും വനത്തിനുള്ളിലും 20 ശതമാനത്തോളം (948) വനാതിർത്തി പ്രദേശങ്ങളിലുമായിട്ടാണ് കാണപ്പെടുന്നത്.

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗ ജനസംഖ്യയുടെ ജില്ലതിരിച്ചുള്ള വിശദാംശങ്ങൾ യഥാക്രമം **അനുബന്ധം 8.2.1**–ലും, **8.2.2**–ലും നല്കിയിട്ടുണ്ട്. പൊതുവെ കേരളത്തിലെ പട്ടികജാതി/പട്ടികവർഗ്ഗ കുടുംബങ്ങളുടെ

ജീവിതനിലവാരം ദേശീയ നിലവാരത്തേക്കാൾ മെച്ചപ്പെട്ടിരിക്കുന്നു. കേരളത്തിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാരുടെ സാക്ഷരത, സ്ത്രീപുരുഷാനുപാതം എന്നിവയുടെ ദേശീയ സംസ്ഥാനതല താരതമ്യം **അനുബന്ധം 8.2.3**–ൽ കൊടുത്തിട്ടുണ്ട്. കേരളത്തിലെ പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗക്കാരുടെ തൊഴിൽ പങ്കാളിത്ത നിരക്ക് **അനുബന്ധം 8.2.4** –ൽ നൽകിയിരിക്കുന്നു. 1958–ലെ കേരള സംസ്ഥാന സബോർഡിനേറ്റ് സർവീസ് ചട്ടം 14(എ) പ്രകാരം സംസ്ഥാനത്തെ സർക്കാർ ജോലികളിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ഗസറ്റഡ്, നോൺ–ഗസറ്റഡ്, ലാസ്റ്റ് ഗ്രേഡ് തസ്തികകളിൽ 10 ശതമാനം സംവരണം നൽകുന്നുണ്ട് (പട്ടികജാതിക്കാർക്ക് 8 ശതമാനവും പട്ടികവർഗ്ഗ ക്കാർക്ക് 2 ശതമാനവും മാത്രം). 2019 ജനുവരി 01 ലെ വാർഷിക അവലോകന റിപ്പോർട്ട് പ്രകാരം 86 വകുപ്പുകളിൽ 53 വകുപ്പുകളുടെ അവലോകനം മാത്രമേ പൂർത്തീകരിച്ചിട്ടുള്ളൂ. ഇത് പ്രകാരം പൊതുസർവീസിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ മൊത്തം പ്രാതിനിധ്യം 10.38 ശതമാനമാണ്. ഇതിൽ 7.92 ശതമാനം പട്ടികജാതിക്കാരും 2.46 ശതമാനം പട്ടികവർഗക്കാരുമാണ്. പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സർക്കാർ സർവീസിലുള്ള പ്രാതിനിധ്യത്തിന്റെ വിശദാംശങ്ങൾ **അനുബന്ധം 8.2.5**–ൽ കൊടുത്തിരിക്കുന്നു.

കേരളത്തിൽ പിന്നാക്ക വിഭാഗങ്ങളുടെ പട്ടികയിൽ 83 സമുദായങ്ങളാണ് ഉൾപ്പെട്ടിട്ടുള്ളത്. 2011–ലെ സെൻസസ് പ്രകാരം, സംസ്ഥാനത്തെ ആകെ ജനസംഖ്യയിൽ 44.99 ശതമാനം ന്യൂനപക്ഷ വിഭാഗത്തിൽ പെടുന്നവരാണ്. അതിൽ 26.56 ശതമാനം മുസ്ലീങ്ങളും, 18.38 ശതമാനം ക്രിസ്ത്യാനികളും, 0.06 ശതമാനം മറ്റു വിഭാഗങ്ങളും.

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള വികസന പരിപാടികൾ

പട്ടികജാതിക്കാർക്കും പട്ടികവർഗ വിഭാഗക്കാർക്കും വേണ്ടി സംസ്ഥാന സർക്കാർ പദ്ധതി വിഹിതത്തിന്റെ ഒരു ഭാഗം 'പട്ടികജാതി ഉപപദ്ധതി' (എസ്.സി. എസ്.പി.) വിഹിതം ആയും 'പട്ടികവർഗ ഉപപദ്ധതി' (ടി.എസ്.പി.) വിഹിതം ആയും വർഷം തോറും നീക്കി വയ്ക്കുന്നുണ്ട്. ഈ തുക നിലവിലുള്ള സെൻസസ് കണക്കുകൾ പ്രകാരം മൊത്തം ജനസംഖ്യയിലെ പട്ടികജാതി പട്ടികവർഗ വിഭാഗ ജനസംഖ്യയ്ക്ക് അനുപാതികമായ വിഹിതത്തേക്കാൾ കുറയാത്ത തുകയായിരിക്കും. നിലവിൽ സംസ്ഥാന പദ്ധതി വിഹിതത്തിന്റെ 9.81 ശതമാനം തുക പട്ടികജാതിക്കാരുടെ ക്ഷേമത്തിനായും 2.83 ശതമാനം തുക പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിനായും നീക്കിവച്ചിട്ടുണ്ട്. ഇതിൽ നിന്നും, ഒരു നിശ്ചിതശതമാനം തുക തദ്ദേശഭരണ സ്ഥാപനങ്ങൾക്കും, ശേഷിക്കുന്നത് പട്ടികജാതി, പട്ടികവർഗ്ഗ വികസനവകുപ്പുകൾക്കും വിവിധ പദ്ധതികളുടെ നടത്തിപ്പിനായി നീക്കി വയ്ക്കുന്നു.

പട്ടികജാതി, പട്ടികവർഗ്ഗ വികസനത്തിനായി 2018–19, ൽ യഥാക്രമം 2,859.62 കോടി രൂപയും, 826.19 കോടി രൂപയും ആണ് പദ്ധതി വിഹിതമായി

ചിത്രം 8.2.1 എസ്.സി.എസ്.പി/ടി.എസ്.പി വിഹിതം (തുക കോടിയിൽ)



അവലംബം : ബഡ്ജറ്റ് രേഖകൾ

വകയിരുത്തിയിരുന്നത്. എന്നാൽ 2019–20 ൽ 3,002.84 കോടി രൂപ പട്ടികജാതി വികസനത്തിനും 866.26 കോടി രൂപ പട്ടികവർഗ്ഗ വികസനത്തിനും വകയിരുത്തിയിട്ടുണ്ട്. 2014–15 മുതൽ 2019–20 വരെ പട്ടികജാതി പട്ടികവർഗ്ഗ വികസനത്തിന് വർഷം തോറും വകയിരുത്തിയ തുകയുടെ വിശദാംശങ്ങൾ **അനുബന്ധം 8.2.6**– ലും **ചിത്രം 8.2.1**–ലും കൊടുത്തിരിക്കുന്നു.

പട്ടികജാതിക്കാരുടെ ക്ഷേമം

പ്ലാൻ സ്കീമുകൾ നടപ്പിലാക്കുന്നതിനായി പട്ടികജാതി വികസനവകുപ്പിനും തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കും സംസ്ഥാന സർക്കാർ പദ്ധതി വിഹിതം നൽകിവരുന്നു. ഇതുകൂടാതെ, കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കുന്നതിനായി കേന്ദ്രാഗവൺമെന്റും തുക നൽകുന്നുണ്ട്. 2018–19 ൽ സംസ്ഥാന സർക്കാർ പട്ടികജാതിക്കാരുടെ ക്ഷേമത്തിനായി 2,859.62 കോടി രൂപ വകയിരുത്തിയിരുന്നു. അതിൽ 1,570.36 കോടി രൂപ പട്ടികജാതി വികസന വകുപ്പിനും 1,289.26 കോടി രൂപ തദ്ദേശഭരണ സ്ഥാപനങ്ങൾക്കുമായി നീക്കിവച്ചു. പട്ടികജാതി വികസന വകുപ്പിന് അനുവദിച്ച 1,570.36 കോടി രൂപയിൽ 1,148.10 കോടി രൂപയും (73 ശതമാനം) ചെലവഴിച്ചിട്ടുണ്ട്. 2018–19, 2019–20 (2019 സെപ്റ്റംബർ 30 വരെ) വർഷങ്ങളിൽ പട്ടികജാതി ക്ഷേമത്തിന് സംസ്ഥാന സർക്കാർ അനുവദിച്ച സ്കീം തിരിച്ചുള്ള വിഹിതം, ചെലവ്, ഭൗതിക ലക്ഷ്യം, ഭൗതിക നേട്ടം എന്നിവ യഥാക്രമം അനുബന്ധം 8.2.7–ലും 8.2.8–ലും നൽകിയിട്ടുണ്ട്.

ഭൂരിഭാഗം പട്ടികജാതി കോളനികളും വെള്ളപ്പൊക്കത്തിനും മറ്റും പ്രകൃതി ക്ഷോഭങ്ങൾക്കും സാധ്യതയുള്ള പരിസ്ഥിതി ലോല പ്രദേശങ്ങളായ താണ പ്രദേശങ്ങളിലാണ് കേന്ദ്രീകരിച്ചിട്ടുള്ളത്. സംസ്ഥാനത്തെ മറ്റു ജനവിഭാഗങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കേരളത്തിലെ പട്ടികജാതി വിഭാഗക്കാർ ഒട്ടനവധി ഇല്ലായ്മകൾ അഭിമുഖീകരിക്കുന്നുണ്ട്. ഭൂമി, ഭവനം എന്നിവയുടെ അഭാവം, ജീവനോപാധിയുടെ അരക്ഷിതാവസ്ഥ, താഴ്ന്ന വരുമാനം, പരിമിതമായ സാമ്പത്തിക അവസരങ്ങൾ, വായ്പാ സൗകര്യങ്ങളുടെ അഭാവം, ഉന്നത പഠനത്തിനുള്ള പ്രവേശനവും മതിയായ തൊഴിലവസരങ്ങളും ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ട്, സെക്കൻഡറി വിദ്യാഭ്യാസത്തിലെ കൊഴിഞ്ഞുപോക്ക്, ഉന്നത വിദ്യാഭ്യാസത്തിലും പ്രൊഫഷണൽ കോഴ്സുകളിലുമുള്ള വിദ്യാർത്ഥികളുടെ മോശമായ പ്രകടനം, ഫലപ്രദമല്ലാത്ത സംരഭകത്വം, മോശമായ ആരോഗ്യസ്ഥിതി, ഹാബിറ്റാറ്റുകളിലെ അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം എന്നിവയാണ് പ്രധാന ഇല്ലായ്മകൾ. പട്ടികജാതിക്കാർ നേരിടുന്ന ഈ വെല്ലുവിളികളെ അഭിമുഖീകരിക്കുന്നതിനായി പട്ടികജാതി വികസനവകുപ്പ് വിദ്യാഭ്യാസ വികസന പരിപാടികൾ, സാമൂഹിക വികസന പരിപാടികൾ, സാമ്പത്തിക വികസന പരിപാടികൾ, സാംസ്കാരിക വികസന പരിപാടികൾ, നിയമ സേവനങ്ങൾ എന്നിവയ്ക്ക് ഊന്നൽ നൽകുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നു.

വിദ്യാഭ്യാസ വികസന പരിപാടികൾ

പട്ടികജാതിക്കാർക്ക് ഉന്നത നിലവാരമുള്ള വിദ്യാഭ്യാസം നൽകേണ്ടത് അനിവാര്യമാണ്. പൊതുവിദ്യാഭ്യാസ സൗകര്യങ്ങൾക്ക് പുറമെ പട്ടികജാതി വികസന വകുപ്പിനു കീഴിലുള്ള വിവിധ സ്ഥാപനങ്ങൾ വഴിയും പട്ടികജാതിക്കാർക്ക് വിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങൾ നൽകിവരുന്നു. നിലവിൽ 85 നഴ്സറി സ്കൂളുകളും, 9 മോഡൽ റസിഡൻഷ്യൽ സ്കൂളുകളും, 44 വ്യവസായ പരിശീലന കേന്ദ്രങ്ങളും, 87 പ്രീ മെട്രിക് ഹോസ്റ്റലുകളും, 17 പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളും, 4 പ്രീ എക്സാമിനേഷൻ ട്രയിനിംഗ് സെന്ററുകളും, വടക്കാഞ്ചേരിയിൽ ഒരു കമ്മ്യൂണിറ്റി കോളേജും, പാലക്കാട് ഒരു മെഡിക്കൽ കോളേജും പട്ടികജാതി വികസന വകുപ്പിനു കീഴിൽ പ്രവർത്തിച്ചുവരുന്നു. പ്രീമെട്രിക്, പോസ്റ്റ്മെട്രിക് വിദ്യാഭ്യാസം, സാങ്കേതിക വിദ്യാഭ്യാസം, മാതൃകാ റസിഡൻഷ്യൽ സ്കൂളുകൾ, സ്വാശ്രയ കോളേജുകൾ എന്നിവയുടെ അഭിവൃദ്ധിക്കായി വിവിധ വിദ്യാഭ്യാസ പദ്ധതികൾ പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്.

ലംപ്സം ഗ്രാന്റ്, സ്റ്റൈപ്പന്റ്, പ്രീ–മെട്രിക്, പോസ്റ്റ് മെട്രിക് സ്കോളർഷിപ്പുകൾ, ബുക്ക് ഗ്രാന്റ്, മെറിറ്റ് അവാർഡുകൾ, ഗോൾഡ് മെഡലുകൾ, അപ്രന്റിസ്ഷിപ്, പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിഷയങ്ങളിൽ വിദ്യാർത്ഥികൾക്ക് പരിഹാര ബോധനം, മെഡിക്കൽ എഞ്ചിനീയറിംഗ് പ്രവേശനത്തിനുള്ള പരിശീലനം, എം.ആർ.എസുകളിൽ ട്യൂഷൻ സൗകര്യങ്ങൾ, സംസ്ഥാനത്തിനകത്തും പുറത്തും പഠിക്കുവാനുള്ള സൗകര്യം എന്നീ വിദ്യാഭ്യാസ സഹായങ്ങൾ വിദ്യാർത്ഥികൾക്ക് നൽകിവരുന്നു. ഓരോ അദ്ധ്യയന വർഷാരംഭത്തിലും, ഒന്നാം ക്ലാസ്സു മുതൽ എട്ടാം ക്ലാസ്സ് വരെയുള്ള വിദ്യാർത്ഥികൾക്ക് ബാഗ്, കുട, യൂണിഫോം എന്നിവ വാങ്ങുന്നതിന് 2,000 രൂപാ നിരക്കിൽ പ്രാഥമിക വിദ്യാഭ്യാസ സഹായം നൽകുന്നു. 2018–19 ൽ 2,98,246 വിദ്യാർത്ഥികൾക്ക് ഇത്തരത്തിലുള്ള പ്രാഥമിക വിദ്യാഭ്യാസ ധനസഹായം നൽകിയിട്ടുണ്ട്. ഒരു ലക്ഷം രൂപ വരെ വാർഷിക വരുമാന പരിധിയുള്ള ഹൈസ്കൂൾ, ഹയർ സെക്കൻഡറി വിദ്യാർത്ഥികൾക്ക് അവരുടെ നിലവിലുള്ള വീടിനോട് ചേർന്ന് പഠനമുറി നിർമ്മിക്കുന്നതിനായി 2.00 ലക്ഷം രൂപ നൽകുന്നു. 2018–19 വർഷം 5,127 പഠനമുറികൾ നിർമ്മിക്കുകയുണ്ടായി. എഞ്ചിനീയറിംഗ്, മെഡിക്കൽ വിദ്യാർത്ഥികൾക്ക് യഥാക്രമം 5,000 രൂപാ, 10,000 രൂപാ എന്നീ നിരക്കിൽ പ്രാഥമിക വിദ്യാഭ്യാസ സഹായം നൽകുന്നുണ്ട്. വിദ്യാർത്ഥികൾക്ക് സ്വകാര്യ താമസത്തിന് പ്രതിമാസം 4,500 രൂപ വരെ ബോർഡിംഗ് ഗ്രാന്റായും നൽകി വരുന്നു.

ഇതിനു പറമേ അൺ എയ്ഡഡ് സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ട്യൂഷൻ ഫീസ് റീ ഇംബേഴ്സ് ചെയ്തു നൽകി വരുന്നു. 2018–19 ൽ, 37,000 വിദ്യാർത്ഥികൾക്ക് പ്രീമെട്രിക് സ്കോളർഷിപ്പ് ലഭ്യമായി പാരലൽ കോളേജിലെ വിദ്യാർത്ഥികൾക്കും ലംപ്സം ഗ്രാന്റ്, സ്റ്റൈപ്പന്റ്, ട്യൂഷൻ ഫീസ്, പരീക്ഷാ ഫീസ് എന്നിവയും നൽകുന്നു. മാതൃകാ റസിഡൻഷ്യൽ സ്ക്കൂളുകളിൽ 90 ശതമാനത്തിലധികം വിദ്യാർത്ഥികളും പാലക്കാട് മെഡിക്കൽ കോളേജിലെ 72 ശതമാനം വിദ്യാർത്ഥികളും 2018–19 ൽ വിജയിച്ചു. രക്ഷകർത്താക്കൾക്കും വിദ്യാർത്ഥികൾക്കും പ്രചോദനം നൽകുന്നതിനായി എല്ലാ ജില്ലകളിലും ഹയർ സെക്കൻഡറി തലത്തിൽ കരിയർ ഓറിയന്റേഷൻ പ്രോഗ്രാമുകളും നടത്തുകയുണ്ടായി.

രണ്ട് ലക്ഷം രൂപാ വരെ വരുമാന പരിധിയുള്ള ഒൻപതും, പത്തും ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഇൻഡ്യാ ഗവൺമെന്റ് പ്രീ മെട്രിക് സ്കോളർഷിപ്പ് നൽകുന്നുണ്ട്. പോസ്റ്റ് മെട്രിക് വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിനായി 2.50 ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ള കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്ക് കേന്ദ്രഗൺമെന്റിൽ നിന്നും പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് നൽകുന്നു. 2018–19 ൽ 1,36,525 വിദ്യാർത്ഥികൾക്ക് പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് ലഭിച്ചു.

2018–19 ൽ ആരംഭിച്ച 'പോസ്റ്റ് മെട്രിക് പഠനത്തിന് അധിക സംസ്ഥാന സഹായം' എന്ന പുതിയ പദ്ധതി പ്രകാരം, കേന്ദ്ര സർക്കാരിൽ നിന്നും സഹായമൊന്നും തന്നെ ലഭിക്കാത്ത പോസ്റ്റ് മെട്രിക് വിദ്യാർത്ഥികൾക്ക് സംസ്ഥാന സർക്കാർ (വരുമാന പരിധിയൊന്നുമില്ലാതെ തന്നെ) സ്കോളർഷിപ്പ് നൽകിവരുന്നു. ഇതിനു പുറമേ, 11 വിദ്യർത്ഥികൾക്ക് വിദേശത്ത് പഠിക്കുന്നതിനും 827 വിദ്യാർത്ഥികൾക്ക് കേരളത്തിനു പുറത്തുള്ള സംസ്ഥാനങ്ങളിൽ പഠിക്കുന്നതിനും 2018–19 ൽ സാമ്പത്തിക സഹായം നൽകുകയുണ്ടായി. 900 വിദ്യാർത്ഥികൾക്ക് മെഡിക്കൽ എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷാ പരിശീലനവും 600 ബി.ടെക് വിദ്യാർത്ഥികൾക്ക് പരിഹാര ബോധനവും നൽകി. 1,749 വിദ്യാർത്ഥികൾക്ക് ലാപ് ടോപ് വാങ്ങുന്നതിനും 341 മെഡിക്കൽ വിദ്യാർത്ഥികൾക്ക് സ്റ്റെതസ്കോപ് വാങ്ങുന്നതിനും ധനസഹായം നൽകുകയുണ്ടായി.

സാമ്പത്തിക വികസന പരിപാടികൾ

പട്ടികജാതി വികസന വകുപ്പ്, നടപ്പിലാക്കിവരുന്ന വരുമാനദായക പരിപാടികളിൽ സ്വയം തൊഴിൽ പദ്ധതി, തൊഴിലധിഷ്ഠിത പരിശീലന പരിപാടികൾ, വിദേശത്ത് തൊഴിൽ തേടുന്നതിനുള്ള സഹായം, ഉല്പന്ന പ്രദർശന വിപണനമേള, അംബേദ്കർ ഗ്രാമീണ വികസന പദ്ധതി എന്നിവ ഉൾപ്പെടുന്നു.

സ്വയം തൊഴിൽ പദ്ധതിയിലൂടെ വ്യക്തികൾക്കും, സ്വശ്രയ സംഘങ്ങൾക്കും മൂന്നിലൊന്ന് സബ്സിഡിയോടെ സ്വയം തൊഴിൽ സംരഭങ്ങൾ ഏറ്റെടുക്കുന്നതിനായി ലോൺ നൽകി സഹായിക്കുന്നു. 2018–19 ൽ 297 സംരഭകർക്ക് സ്വയം തൊഴിൽ സബ്സിഡി ലഭിച്ചു. 2018–19, 2019–20 വർഷങ്ങളിൽ സ്വയം തൊഴിൽ സബ്സീഡി കൊണ്ട് പ്രയോജനം ലഭിച്ച ആളുകളുടെ വിവരങ്ങൾ അനുബന്ധം 8.2.9–ൽ കൊടുത്തിട്ടുണ്ട്. പട്ടികജാതിക്കാരായ യുവജനങ്ങൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി പട്ടികജാതി വികസനവകുപ്പ് വിവിധ നൈപുണ്യവികസന പരിശീലന പരിപാടികൾ നടത്തി വരുന്നു. 2018–19 വർഷം 1,665 പട്ടികജാതി യുവജനങ്ങൾ നൈപുണ്യ വികസന പരിശീലന പരിപാടികളിൽ പങ്കെടുക്കുകയും 1,028 പരിശീലകർക്ക് ഇൻഡ്യയിലും വിദേശത്തുമായി തൊഴിൽ ലഭിക്കുകയും ചെയ്തു. 2019–20 വർഷം പഞ്ചകർമ്മ തെറാപ്പി, ആയുർവ്വേദ നഴ്സിംഗ്, ആയുർവ്വേദ ഫാർമസി, സ്പാ തെറാപ്പി, ജീറിയാട്രിക് അസിസ്റ്റന്റ്, യോഗാ പരിശീലകൻ, ഫാബ്രിക് ആൻഡ് ടെക്സ്റ്റയിൽ ഡിസൈനിംഗ്, ഫുഡ് ആൻഡ് ബിവറേജസ് മാനേജ് മെന്റ്, സോളാർ പാനൽ സ്ഥാപിക്കലും അതിന്റെ അറ്റകുറ്റപണിയും, മ്യൂറൽ പെയിന്റിംഗും ഗ്ലാസ് ആർട്ടും, ഇൻഡസ്ട്രിയൽ ഇലക്ട്രോണിക്സ്, സർവർ അഡ്മിനിസ്ട്രേഷനും നെറ്റ് വർക്കിംഗും, ഇൻഡസ്ട്രിയൽ മെഷീൻ ഓപ്പറേറ്റർ, ട്രാവൽ ആൻഡ് ടൂറിസം ഡിപ്ലോമ, കാഡ് മെക്സ്, എച്ച്.വി.എ.സി, പൈപ്പ് ഫാബ്രിക്കേഷൻ, ഡിജിറ്റൽ മാർക്കറ്റിംഗ്, റീടെയിൽ മാനേജ്മെന്റ് ആൻഡ് ഗാർമെന്റ് ടെക്നോളജി, എയർ ലൈൻ കസ്റ്റമർ സർവീസ് എന്നീ വിഷയങ്ങളിൽ പട്ടികജാതി വികസനവകുപ്പ് നൈപുണ്യ വികസന

ബോക്സ് 8.2.1 ഫുഡ്ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട്, പാലക്കാട്

ടൂറിസം വകുപ്പ്, പട്ടികജാതി, പട്ടികവർഗ്ഗ വികസന വകുപ്പുകളുമായി ചേർന്ന് 2018–19 ൽ പാലക്കാട് ജില്ലയിൽ ഒരു ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിച്ചു. ഈ സ്ഥാപനം ഹോട്ടൽ മാനേജ് മെന്റിൽ പൊതുവിഭാഗക്കാർക്കും, പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗക്കാർക്കും പരിശീലനം നൽകുന്നു. പരിശീലനം പൂർത്തിയായതിനുശേഷം ടൂറിസം വകുപ്പിന്റെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളിൽ അവർക്ക് ജോലി ഉറപ്പു വരുത്തുകയും ചെയ്യുന്നു.

അവലംബം : പട്ടികജാതി വികസന വകുപ്പ്

ബോക്സ് 8.2.2 തൊഴിൽ രഹിതരായ പട്ടികജാതി യുവാക്കൾക്ക് വിദേശത്ത് തൊഴിൽ തേടുന്നതിന് **ധനസഹായം**

തൊഴിൽ രഹിതരായ പട്ടികജാതി യുവാക്കൾക്ക് വിദേശരാജ്യങ്ങളിൽ തൊഴിൽ തേടുന്നതിന് 1.00 ലക്ഷം രൂപ വരെ പട്ടികജാതി വികസന വകുപ്പ് നൽകി വരുന്നു. ജോലിക്കുള്ള വിസ, പാസ്പോർട്ട്, യാത്രാചെലവ് എന്നീ ചെലവുകൾ വഹിക്കുന്നതിന് വേണ്ടിയാണ് പ്രധാനമായും ഈ ധനസഹായം നൽകുന്നത്. ഗുണഭോക്താക്കൾ 20 നും 50 വയസ്സിനുമിടയിൽ പ്രായമുള്ളവരും 2.50 ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ളവരും ആയിരിക്കണം. ഈ പദ്ധതി പ്രകാരം സഹായം ലഭിക്കുന്നതിനായി പാസ് പോർട്ട്, വിസ, വിദേശത്തെ തൊഴിലുടമയുമായി വയ്ക്കുന്ന തൊഴിൽ കരാർ എന്നിവ സമർപ്പിക്കേണ്ടതാണ്. 2018–19 വർഷം 318 പട്ടികജാതി യുവാക്കൾക്ക് ഈ പദ്ധതിയിലൂടെ വിദേശത്ത് തൊഴിൽ ലഭിക്കുകയുണ്ടായി.

അവലംബം : പട്ടികജാതി വികസന വകുപ്പ്

പരിശീലന പരിപാടികൾ നടത്തിവരുന്നു.

പട്ടികജാതി, പട്ടികവർഗ്ഗ സംരഭകർ നിർമ്മിക്കുന്ന ഉല്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനായി പട്ടികജാതി, പട്ടികവർഗ്ഗ വികസന വകുപ്പും കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റിസർച്ച് ട്രെയിനിംഗ് ആന്റ് ഡവലപ്മെന്റ് സ്റ്റഡീസ് ഫോർ എസ്.സി/എസ്.റ്റി (കിർത്താഡ്സ്) യുമായി ചേർന്ന് വർഷത്തിൽ രണ്ടു തവണ ഗദ്ദിക എന്ന പേരിൽ ഒരു ഉല്പന്ന പ്രദർശന വിപണന മേള നടത്തിവരുന്നു.

പട്ടികജാതി കോളനികളുടെ സമഗ്ര വികസനത്തിനായി മുപ്പതിലധികം പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്ന കോളനികൾക്കായി 'അംബേദ്കർ ഗ്രാമ വികസന പദ്ധതി' എന്ന പേരിൽ ഒരു പുതിയ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതിയിലൂടെ, കുടിവെള്ളം, ടോയ് ലറ്റും സാനിറ്റേഷനും, മാലിന്യസംസ്കരണം, റോഡ് കണക്ടിവിറ്റി, വൈദ്യുതീകരണം, ഭൂസംരക്ഷണ ഭിത്തി നിർമ്മാണം, ജലസേചനം, കളിസ്ഥലങ്ങളുടെയും കമ്മ്യൂണിറ്റിഹാളിന്റെയും ഭവനങ്ങളുടെയും നവീകരണം, വരുമാനദായ പരിപാടികൾക്ക് ധനസഹായം, കോളനിക്കകത്തും സമീപത്തുള്ള ശ്മശാനങ്ങളുടെ സംരക്ഷണവും നവീകരണവും തുടങ്ങിയ വികസന പ്രവർത്തനങ്ങൾ കോളനികളിൽ നടത്തുന്നതിനായി ഓരോ കോളനിക്കും ഒരു കോടി രൂപ വീതം നൽകുന്നു. 2018–19, 2019–20 വർഷങ്ങളിൽ ഈ പദ്ധതിയ്ക്കായി 100.00 കോടി രൂപ വീതം വകയിരുത്തിയിട്ടുണ്ട്.

സാമൂഹിക വികസന പരിപാടികൾ

പട്ടികജാതിക്കാരുടെ ക്ഷേമത്തിനായി നടപ്പിലാക്കുന്ന പ്രധാന പദ്ധതികളാണ് ഭൂമിയും ഭവനവും നൽകൽ, ദുർബല വിഭാഗക്കാർക്കുള്ള വികസന പരിപാടികൾ, വിവാഹ ധനസഹായം, ആരോഗ്യ പരിപാലന പദ്ധതികൾ, വാത്സല്യനിധി എന്നിവ. 'ഭൂരഹിതർക്ക് ഭൂമി വാങ്ങൽ' എന്ന പദ്ധതി 2018–19 ൽ 3,887 കുടുംബങ്ങൾക്കും 2019–20 ൽ (സെപ്റ്റംബർ 30 വരെ) 1,078 കുടുംബങ്ങൾക്കും പ്രയോജനപ്പെടുകയുണ്ടായി. 2014–15 മുതൽ 2019–20 വരെ പട്ടികജാതി വികസനവകുപ്പ് നിർമ്മിച്ചു നൽകിയ ഭവനങ്ങളുടെ വിവരങ്ങൾ അനുബന്ധം 8.2.10 –ലും 2017–18 മുതൽ 2019–20 വരെ ഭൂമി വിതരണം ചെയ്ത പട്ടികജാതി കുടുംബങ്ങളെ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം 8.2.11 –ലും കൊടുത്തിരിക്കുന്നു.

ഭവന പദ്ധതിയിൽ, 2012–13 മുതൽ 2017–18 വരെ പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കിയ

ബോക്സ് 8.2.3 ലൈഫ് മിഷനും പട്ടികജാതിക്കാർക്കുള്ള ഭവന പദ്ധതിയും

ലൈഫ് മിഷന്റെ കണക്കുകൾ പ്രകാരം, സംസ്ഥാനത്ത് ആകെ 75,355 ഭവന രഹിതരായ പട്ടികജാതിക്കാർ ഉണ്ട്. അതിൽ 20,796 കുടുംബങ്ങൾക്ക് സ്വന്തമായി ഭൂമിയുണ്ട്. സ്വന്തമായി ഭൂമി ഉള്ള 9,526 കുടുംബങ്ങൾക്ക് 4.00 ലക്ഷം രൂപാ നിരക്കിൽ ഭവന നിർമ്മാണത്തിന് ധന സഹായം നൽകുകയും ഇതിൽ 3,122 കുടുംബങ്ങൾ ഭവന നിർമ്മാണം പൂർത്തിയാക്കുകയും ചെയ്തു. ഭൂരഹിതർക്ക് ഭവന നിർമ്മാണത്തിനായി ലൈഫ് മിഷൻ രണ്ടു വ്യവസ്ഥകളാണ് വാഗ്ദാനം ചെയ്യുന്നത്, അതിലൊന്ന് 3 സെന്റ് ഭൂമി വാങ്ങുന്നതിനായി 2.25 ലക്ഷം രൂപ നിരക്കിൽ ഗ്രാമപഞ്ചായത്തിലും, 4.50 ലക്ഷം രൂപാ നിരക്കിൽ മുനിസിപ്പാലിറ്റിയിലും, 6 ലക്ഷം രൂപാ നിരക്കിൽ കോർപ്പറേഷനിലും സഹായം നൽകുക. രണ്ടാമത്തേത് സംസ്ഥാനത്തുടനീളമായി 28 ടവറുകളിലായി വീടുകൾ നിർമ്മിച്ചു നൽകുകയെന്നതാണ്. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ വിവിധ ഭവന പദ്ധതികളിൽ മുൻപ് അനുവദിച്ച് പൂർത്തിയാക്കാത്ത 4,154 ഭവനങ്ങൾ ലൈഫ് മിഷൻ 2018–19 ൽ പൂർത്തീകരിക്കുകയുണ്ടായി.

അവലംബം : പട്ടികജാതി വികസന വകുപ്പ്

സ്പിൽ ഓവർ ഭവനങ്ങളുടെ നിർമ്മാണവും പുതിയ ഭവനങ്ങളുടെ നിർമ്മാണവും ലൈഫ് മിഷൻ ഏറ്റെടുക്കുകയുണ്ടായി. 2018–19 വർഷം മുതൽ, ഭവനങ്ങളുടെ അറ്റകുറ്റപ്പണികൾ, പൂർത്തിയാക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം, പി.എം.എ.വൈ. പദ്ധതി പ്രകാരമുള്ള ഭവനങ്ങളുടെ പൂർത്തീകരണത്തിനു വേണ്ട അധിക പണികൾ എന്നിവ മാത്രം പട്ടികജാതിവികസന വകുപ്പ് ഏറ്റെടുത്ത് വരുന്നു.

2018 ആഗസ്റ്റ് ലെ അതിതീവ്ര മഴ താണ പ്രദേശങ്ങളിൽ താമസിക്കുന്ന പട്ടികജാതിക്കാരെ സാരമായി ബാധിക്കുകയുണ്ടായി. വെള്ളപ്പൊക്കം മൂലം 2,632 ഭവനങ്ങൾ പൂർണ്ണമായി നശിക്കുകയും 11,223 ഭാഗികമായി നശിച്ചുപോകുകയും ചെയ്തു. 2018–19 ൽ 245 ഭവനങ്ങൾ പുനർനിർമ്മിക്കുന്നതിനായി ധനസഹായം നൽകുകയുണ്ടായി. ഇവയിൽ 83 ഭവനങ്ങളുടെ പണി പൂർത്തിയായി. പ്രളയം ബാധിച്ച 83,872 പട്ടികജാതി കുടുംബങ്ങൾക്ക് 5,000 രൂപാ നിരക്കിൽ ധനസഹായം നൽകുകയും ചെയ്തു.

പട്ടികജാതിക്കാരിലെ ദുർബല വിഭാഗക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി സമഗ്ര കോളനി വികസനം, സ്പിൽ ഓവർ ഭവനങ്ങളുടെ പൂർത്തീകരണം, സാമൂഹിക പഠനമുറി, നൈപുണ്യ വികസനവും തൊഴിലും, സ്പെഷ്യൽ ട്യൂഷൻ എന്നിവയടങ്ങുന്ന ഒരു പ്രത്യേക പാക്കേജ് സംസ്ഥാന പദ്ധതിയിൽ 2018–19 ൽ ആരംഭിച്ചിട്ടുണ്ട്.

പട്ടികജാതി വിഭാഗത്തിലെ പെൺകുട്ടികളുടെ വിവാഹത്തിന് സാമ്പത്തിക പിന്തുണ നൽകുന്നതിനായി 7,291 പട്ടികജാതി കുടുംബങ്ങൾക്ക് 75,000 രൂപാ നിരക്കിൽ ധനസഹായം നൽകുകയുണ്ടായി. 2018–19 ൽ ഈ പദ്ധതിയ്ക്കായി അനുവദിച്ച ബഡ്ജറ്റ് തുകയുടെ 83 ശതമാനവും ചെലവഴിച്ചു. 2019–20 ൽ സെപ്റ്റംബർ 30 വരെ അനുവദിച്ച തുകയുടെ 66 ശതമാനം തുകയും ഇതിനോടകം ചെലവഴിക്കുകയുണ്ടായി. പാർശ്വവൽക്കരിക്കപ്പെട്ട ഈ സമൂഹത്തിന്റെ ആരോഗ്യ നിലവാരം ഉയർത്തുന്നതിനായി 2018–19 ൽ 'ആരോഗ്യ പരിപാലന പദ്ധതി' ആരംഭിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം, 30,844 പേർക്ക് ചികിത്സാ സഹായം ലഭ്യമാക്കുകയും, 483 മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുകയും ചെയ്തു. 2018–19–ൽ പദ്ധതിയ്ക്കായി അനുവദിച്ച 50.00 കോടി രൂപയുടെ 82 ശതമാനവും ചെലവഴിച്ചു. 2019–20 ൽ 60 കോടി രൂപ

ബോക്സ് 8.2.4 ഹാൻഡ് ഹോൾഡിംഗ് സെല്ലും മൊബൈൽ ആപ്പും

പട്ടികജാതി യുവജനങ്ങളെ സജ്ജമാക്കുന്നതിനാവശ്യമായ അവബോധം നൽകുന്നതിനായി വകുപ്പ് 2018–19 ൽ രൂപീകരിച്ച 'ഹാൻഡ് ഹോൾഡിംഗ്' സെൽ പട്ടികജാതിവകുപ്പ് ഏറ്റെടുത്ത ശ്രദ്ധേയമായ പ്രവർത്തനങ്ങളിലൊന്നാണ്. സെല്ലിന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി പട്ടികജാതിക്കാർക്ക് ആവശ്യമായ വിവരങ്ങൾ വിരൽത്തുമ്പിൽ നൽകുന്നതിനായി ഒരു മൊബൈൽ ആപ്പിന് രൂപം നൽകുകയും ഇതിൽ രജിസ്റ്റർ ചെയ്യുന്ന പട്ടികജാതിക്കാരായ ഗുണഭോക്താക്കൾക്ക് ഉന്നതവിദ്യാഭ്യാസം, തൊഴിലവസരങ്ങൾ, ക്ഷേമ പദ്ധതികൾ എന്നിവയെപ്പറ്റി വിവരങ്ങൾ ലഭ്യമാക്കുന്നതിനും, സംശയങ്ങൾ ദൂരീകരിക്കുന്നതിനും വിവിധ ക്ഷേമപദ്ധതികളുടെ അപേക്ഷാ ഫാറങ്ങൾ ഡൗൺ ലോഡ് ചെയ്യാനും സാധിക്കും. 2018–2019 ൽ 2,810 പട്ടികജാതി യുവാക്കൾ ഈ ആപ്പിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. വിവിധ പദ്ധതികളെക്കുറിച്ചുള്ള 2,399 സംശയങ്ങൾ ഇതുവരെ ലഭ്യമായതിനാൽ ന്യായമായ എല്ലാ സംശയങ്ങൾക്കും വ്യക്തത വരുത്തിയിട്ടുണ്ട്. പട്ടികജാതി യുവ ജനങ്ങൾക്കായി 24 ബോധവൽക്കരണ ക്യാമ്പയിനുകൾ നടത്തുകയും പ്രീമെട്രിക്, പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളിലെ അടുക്കള ജോലിക്കാർക്ക് ശുചിത്വത്തെയും വൃത്തിയേയും കുറിച്ച് ദ്വിദിന ശിൽപശാല സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. വകുപ്പിന്റെ വിവിധ പദ്ധതികളുടെ നേട്ടങ്ങൾ ഗുണഭോക്താക്കൾക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനായുള്ള ഒരു മോണിറ്ററിംഗ് സെൽ ആയും ഹാൻഡ് ഹോൾഡിംഗ് സെൽ സേവനം അനുഷ്ഠിച്ചുവരുന്നു.

അവലംബം : പട്ടികജാതി വികസനവകുപ്പ്

ബോക്സ് 8.2.5 ഗദ്ദിക ഉല്പന്നങ്ങളുടെ ഓണ്ലൈൻ വെബ് പോർട്ടൽ

2018–19 ൽ പട്ടികജാതി വികസന വകുപ്പ് 'ഗദ്ദിക ആമസോൺ ഓൺ ലൈൻ പോർട്ടൽ' എന്ന പേരിൽ ഒരു പുതിയ കാൽവെയ്പ് നടത്തുകയുണ്ടായി. ഇതിലൂടെ പട്ടികജാതി സംരഭകർ നിർമ്മിക്കുന്ന ഉല്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനും ആഗോളതലത്തിലുള്ള വ്യാപാരവ്യാപനവും സാധ്യമായി. ഈ ഓൺ ലൈൻ പോർട്ടലിലൂടെ വൈവിധ്യങ്ങളായ കരകൗശല ഉല്പന്നങ്ങളുടെയും പരമ്പരാഗത വീട്ടുസാമഗ്രികളുടെയും വിൽപ്പന നടത്തുകയുണ്ടായി. ഓൺ ലൈൻ വിപണനത്തിനായി 20 ഓളം ഇനം ഉല്പന്നങ്ങൾ ഇപ്പോഴും പോർട്ടലിൽ ലഭ്യമാണ്. ഗദ്ദിക ആമസോൺ ഓൺ ലൈൻ പോർട്ടലിൽ ലഭ്യമാക്കിയിട്ടുള്ള ഉൽപന്നങ്ങളെ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം 8.2.12 –ൽ കൊടുത്തിരിക്കുന്നു.

അവലംബം : പട്ടികജാതി വികസനവകുപ്പ്

അനുവദിച്ചതിൽ സെപ്റ്റംബർ 30 വരെ 32 ശതമാനം തുക ചെലവുണ്ടായി. 2019–20 ൽ 'വാത്സല്യനിധി' എന്ന ഇൻഷ്വറൻസ് ബന്ധിത പദ്ധതിയിൽ 2,825 പട്ടികജാതി പെൺകുട്ടികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

പട്ടികജാതിക്കാരുടെ സാമൂഹിക നിലവാരം മെച്ചപ്പെത്തുക എന്ന ലക്ഷ്യത്തോടെ കോളനികളിൽ വിജ്ഞാൻവാടികൾ പ്രവർത്തിച്ചുവരുന്നുണ്ട്. ഓരോ വിജ്ഞാൻവാടിയിലും ഫെസിലിറ്റേറ്റർ, ലൈബ്രറി, വായനാമുറി, ഇന്റർനെറ്റ് സൗകര്യങ്ങളോടുകൂടിയ കമ്പ്യൂട്ടർ, പത്രം, മാസികകൾ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ, ഫർണിച്ചറുകൾ എന്നിവയും ഉണ്ട്. നിലവിൽ സംസ്ഥാനത്തുടനീളം 143 വിജ്ഞാൻവാടി പ്രവർത്തിക്കുന്നുണ്ട്. വിദൂര ദേശങ്ങളിൽ ജോലിചെയ്യുന്ന പട്ടികജാതി വനിതകൾക്ക് പ്രോത്സഹനം നൽകുന്നതിനും അവരുടെ സുരക്ഷ ഉറപ്പാക്കുന്നതിനുമായി 'എല്ലാ ജില്ലകളിലും വർക്കിംഗ് വിമൻസ് ഹോസ്റ്റലിന്റെ നിർമ്മാണം' എന്ന പേരിൽ ഒരു പുതിയ പദ്ധതി 2018–19–ൽ ആരംഭിക്കുകയും, ഇതിന്റെ ആദ്യഘട്ടമായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ വർക്കിംഗ് വിമൻസ് ഹോസ്റ്റൽ നിർമ്മിക്കുവാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ ഹോസ്റ്റലിന്റെ നിർമ്മാണപ്രവൃത്തികൾ പൂർത്തീകരണത്തോടടുക്കുന്നു.

സാംസ്കാരിക വികസന പരിപാടികൾ

പട്ടികജാതിക്കാർക്കിടയിൽ സാസ്കാരിക പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ പട്ടികജാതി വികസന വകുപ്പ് 'ഗദ്ദിക' എന്നപേരിൽ 'നാടൻകലാമേള' സംഘടിപ്പിച്ചു വരുന്നു. വകുപ്പ് 'പടവുകൾ' എന്ന പേരിൽ ഒരു മാസിക പ്രസിദ്ധീകരിക്കുന്നുണ്ട്. ദുർബല വിഭാഗക്കാരുടെ സ്ഥിതി വിശകലനംചെയ്യുന്ന ലേഖനങ്ങൾ, ഫീച്ചറുകൾ, അവരുടെ ഉന്നമനത്തിനായി കേന്ദ്ര സംസ്ഥാന, സർക്കാരുകൾ നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ വിവരങ്ങളും, കഥകൾ, കവിതകൾ എന്നിവയെല്ലാം ഇതിൽ ഉൾക്കൊള്ളുന്നുണ്ട്. കുട്ടികൾക്കിടയിലെ കലാപരമായ കഴിവുകൾ ഉയർത്തുക എന്ന ഉദ്ദേശത്തോടുകൂടി സംസ്ഥാന സ്ക്കൂൾ കലോത്സവത്തിൽ 'എ' ഗ്രേഡ് നേടുന്നവർക്ക് 10,000 രൂപയുടെ ക്യാഷ് അവാർഡ് നൽകുന്നു. 2018–19 ൽ 319 കുട്ടികൾ ക്യാഷ് അവാർഡ് ലഭിച്ചു. മികച്ച പട്ടികജാതി വികസനോന്മുഖ റിപ്പോർട്ട് എഴുതുന്ന മാധ്യമപ്രവർത്തകന് 30,000 രൂപയുടെ ഡോ.അംബേദ്കർ മീഡിയ അവാർഡും നൽകുന്നുണ്ട്. കൂടാതെ 2018–19 ൽ, 'റാന്തൽ 2018' എന്ന പേരിൽ എഴുത്തുകാർക്ക് ഒരു സാഹിത്യശിൽപശാല സംഘടിപ്പിക്കുകയുണ്ടായി. ഇതിൽ 48 ഓളം പട്ടികജാതി യുവജനങ്ങളുടെ സാന്നിധ്യവും ഉണ്ടായിരുന്നു.

നിയമ സേവനങ്ങൾ

ലോകസഭയിലേയ്ക്കും സംസ്ഥാന നിയമ നിർമ്മാണ സഭയിലേയ്ക്കും തദ്ദേശ ഭരണ സ്ഥാപനങ്ങളിലേയ്ക്കുമുള്ള തിരഞ്ഞെടുപ്പിലും സർക്കാർ ജോലിയിലും പട്ടികജാതിക്കാർക്ക് ഭരണഘടന സംവരണം ഉറപ്പാക്കുന്നുണ്ട്. ഭരണഘടനയുടെ 17–ാം ആർട്ടിക്കിൾ പ്രകാരം, തൊട്ടുകൂടായ്മ നിർത്തലാക്കിയിട്ടുള്ളതും, അതിന്റെ പ്രയോഗം നിരോധിച്ചിട്ടുള്ളതുമാകുന്നു. പട്ടികജാതി പട്ടികവർഗക്കാർക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ തടയുവാനായി നിയമിച്ചിട്ടുള്ള 1955 ലെ പൗരാവകാശ സംരക്ഷണ നിയമവും 1989 ലെ അതിക്രമങ്ങൾ തടയൽ നിയമവും ശക്തമായി

ചിത്രം 8.2.2 2014–15 മുതൽ 2017–18 വരെ അതിക്രമങ്ങൾ തടയൽ നിയമപ്രകാരം അതിക്രമത്തിന് ഇരയായ പട്ടികജാതിക്കാരുടെ എണ്ണവും അനുവദിച്ച നഷ്ടപരിഹാര തുകയും (തുക ലക്ഷത്തിൽ)



അവലംബം : പട്ടികജാതി വികസന വകുപ്പ്

നടപ്പിലാക്കുന്നുണ്ട്. പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ, തൊട്ടുകൂടായ്മ, എന്നിവയ്ക്ക് ഈ നിയമങ്ങൾ ശിക്ഷ ഉറപ്പാക്കുന്നുണ്ട്. അതിക്രമങ്ങൾക്ക് ഇരയായവരുടെ പുനരധിവാസം, ആവശ്യമായ സഹായം എന്നിവയ്ക്കായി പ്രത്യേക കോടതി, പ്രത്യേക പോലീസ് സ്റ്റേഷൻ പട്ടികജാതിക്കാർക്കായി ഒരു പ്രൊട്ടക്ഷൻ സെൽ, എന്നിവ രൂപീകരിച്ചിട്ടുണ്ട്. കഴിഞ്ഞ അഞ്ച് വർക്കാലം അതിക്രമങ്ങൾ തടയുന്ന നിയമപ്രകാരം രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണവും അവർക്ക് അനുവദിച്ച ധനസഹായവും സംബന്ധിച്ച വിവരങ്ങൾ **അനുബന്ധം 8.2.13** യിലും **ചിത്രം 8.2.2** വിലും കൊടുത്തിരിക്കുന്നു.

2014–15 ൽ അതിക്രമങ്ങൾ തടയൽ നിയമപ്രകാരം അതിക്രമത്തിനിരയായ പട്ടികജാതിക്കാരുടെ എണ്ണം 351 ആയിരുന്നുവെങ്കിൽ 2017–18 ൽ ഇത് 397 ആയി വർദ്ധിച്ച 2018–19 ആയപ്പോഴേക്കും 981 ആയി വർദ്ധിക്കുകയും ചെയ്തിട്ടുണ്ട്. കഴിഞ്ഞ അഞ്ചു വർഷത്തിനുള്ളിൽ പട്ടികജാതിക്കാർക്കെതിരെ നടന്നിട്ടുള്ള കുറ്റകൃത്യങ്ങളുടെ തോത് ക്രമാതീതമായി വർദ്ധിച്ചുവരുന്നതായി കണക്കുകൾ കാണിക്കുന്നു. ഇത് അതീവ ഗൗരവമായി കാണേണ്ട ഒരു പ്രശ്നം തന്നെയാണ്.

പട്ടികജാതി ഉപപദ്ധതിയിലെ കോർപ്പസ് ഫണ്ട് (നിർണ്ണായക വികസന വിടവ് നികത്തൽ പദ്ധതി)

പട്ടികജാതി ഉപപദ്ധതിയിലെ വികസന പരിപാടികളിൽ ഉണ്ടാകുന്ന വിടവുകൾ നികത്തുന്ന തിനായി പട്ടികജാതി വികസന വകുപ്പ് വർഷം തോറും പദ്ധതി വിഹിതത്തിന്റെ ഒരു നിശ്ചിത തുക നീക്കിവയ്ക്കാറുണ്ട്. മാനവവിഭവശേഷി വികസനം, അടിസ്ഥാനാവശ്യങ്ങൾ, സാമ്പത്തിക വികസന പരിപാടികൾ എന്നിവയ്ക്ക് ഊന്നൽ നൽകുന്ന പദ്ധതിയാണ് കോർപ്പസ് ഫണ്ട്.

1996–97 ൽ എസ്.സി.പി. വിഹിതത്തിന്റെ ഒരു ഭാഗം വകുപ്പ് ഏറ്റെടുത്ത പദ്ധതികളിലെ നിർണ്ണായക വികസന വിടവുകൾ നികത്തുന്നതിനായി 'ഇന്റൻസീവ് ഹാബിറ്റാറ്റ് ഡവലപ്മെന്റ് പ്രോഗ്രാം' എന്ന പേരിൽ നീക്കി വെക്കുകയുണ്ടായി. എന്നാൽ അവശ്യമേഖലകളിലെ വിഭവങ്ങളുടെ പുനർനിർണ്ണയവും പ്രോജക്ടധിഷ്ഠിത സമീപനവും ഇല്ലാത്തതിനാൽ പ്രസ്തുത പദ്ധതി കാര്യക്ഷമമായി പ്രവർത്തിക്കാതെ പോകുകയാണുണ്ടായത്. ഈ ന്യൂനതകൾ പരിഹരിക്കുന്നതിനായി, പദ്ധതികളുടെ നടത്തിപ്പിന് ഒരു പ്രോജക്ടധിഷ്ഠിത സമീപനം സ്വീകരിക്കുകയും. 2002–03 വർഷം മുതൽ എസ്.സി.പി പദ്ധതി വിഹിതത്തിന്റെ ഒരു ഭാഗം പട്ടികജാതി ഉപപദ്ധതിയുടെ കീഴിൽ 'കോർപ്പസ് ഫണ്ട്' ഇനത്തിൽ നീക്കി വെക്കുകയും ചെയ്തു. പട്ടികജാതി ജനസംഖ്യ അടിസ്ഥാനത്തിൽ കോർപ്പസ് ഫണ്ടിന്റെ മൂന്നിൽ രണ്ട് ഭാഗം തുക വിവിധ വികസന പദ്ധതികൾ ഏറ്റെടുക്കാനായി ജില്ലകൾക്ക് അനുവദിച്ചിരുന്നു. എന്നാൽ 12–ാം പദ്ധതി മുതൽ കോർപ്പസ് ഫണ്ടിന്റെ മൂന്നിലൊന്ന് ഭാഗം തുകയാണ് ജില്ലകൾക്ക് അനുവദിച്ചുവരുന്നത്. 25 ലക്ഷം രൂപ വരെ ഉള്ള സ്കീമുൾക്ക് ജില്ലകളിലെ 'പട്ടികജാതി പട്ടികവർഗക്കാർക്കായുള്ള ജില്ലാതല കമ്മിറ്റി'ക്ക് ഭരണാനുമതി നൽകാവുന്നതാണ്.

2018–19 ൽ 100 കോടി രൂപ കോർപ്പസ് ഫണ്ടായി വകയിരുത്തുകയും കുടിവെള്ള പദ്ധതികൾ, റോഡ്, സംരക്ഷണഭിത്തി എന്നിവയുടെ നിർമ്മാണം, വൈദ്യുതീകരണം, ഓവുചാൽ നിർമ്മാണം. തുടങ്ങിയ സ്കീമുകളുടെ നടത്തിപ്പിനായി അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. 2014–15 മുതൽ 2019–20 വരെ പദ്ധതിക്ക് അനുവദിച്ച തുകയും ചെലവും സംബന്ധിച്ച വിവരങ്ങൾ **അനുബന്ധം 8.2.14**–ൽ കൊടുക്കുന്നു.

പൂൾഡ് ഫണ്ട്

പട്ടികജാതിക്കാരുടെ ക്ഷേമത്തിനായി വിവിധ സർക്കാർ വകുപ്പുകൾ/സ്ഥാപനങ്ങൾ/ഏജൻസികൾ/സന്നദ്ധ സംഘടനകൾ എന്നിവ മുഖേന പ്രത്യേക പദ്ധതികൾ ഏറ്റെടുത്ത്നടപ്പിലാക്കാൻ ഉദ്ദേശിച്ച്കൊണ്ടുള്ളതാണ് പൂൾഡ് ഫണ്ട്. ഇതിനായി വിവിധ വികസന വകുപ്പുകളും ഏജൻസികളും പ്രോജക്ടുകൾ സംസ്ഥാന ആസൂത്രണ ബോർഡിന് സമർപ്പിക്കണം. ആസൂത്രണ ബോർഡിന്റെ പരിശോധനയ്ക്ക് ശേഷം, പദ്ധതികൾ സംസ്ഥാനതല/സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരത്തിനായി സമർപ്പിക്കുവാൻ വേണ്ടി പട്ടികജാതി വികസന വകുപ്പിന് കൈമാറും. 2014–15 മുതൽ 2019–20 വരെ പൂൾഡ് ഫണ്ടിൽ വകയിരുത്തിയ തുകയും ചെലവും സംബന്ധിച്ച വിവരങ്ങൾ **അനുബന്ധം 8.2.15**–ൽ കൊടുത്തിരിക്കുന്നു.

പട്ടികജാതി ഉപപദ്ധതിയ്ക്കുള്ള പ്രത്യേക കേന്ദ്രസഹായം

പട്ടികജാതിക്കാരുടെ സാമ്പത്തിക ഉന്നമനത്തിനായുള്ള പരിപാടികൾ ഏറ്റെടുക്കുന്നതിനായി കേന്ദ്രസർക്കാരിൽ നിന്നും പ്രത്യേക കേന്ദ്ര സഹായം ലഭിക്കാറുണ്ട്. ഇത് ഒരു വ്യവസ്ഥാപിത പദ്ധതിയുടെ ഭാഗമല്ല. കേന്ദ്ര സംസ്ഥാന തദ്ദേശഭരണ സർക്കാരുകൾ ഏറ്റെടുക്കുന്ന പദ്ധതികളിലെ നിർണ്ണായക വിടവുകൾ നികത്തുന്നതിന് സഹായമാവുന്ന പരിപാടിയാണിത്. എസ്. സി.എ റ്റു എസ്.സി.എസ്.പി പ്രകാരം ലഭ്യമാകുന്ന ധനസഹായത്തിന്റെ 75 ശതമാനം തുക പട്ടികജാതി ജനസംഖ്യാ അടിസ്ഥാനത്തിൽ ജില്ലകളിൽ കളക്ടർമാർക്ക് നല്കുന്നു. ശേഷിക്കുന്ന 25 ശതമാനം തുക പട്ടികജാതി വികസനവകുപ്പ് ഡയറക്ടർ

കൈകാര്യം ചെയ്യുന്നു. പട്ടികജാതി കുടുംബങ്ങൾക്ക് സബ്സീഡിയും ധനകാര്യസ്ഥാപന ധനസഹായവും കൂട്ടിചേർത്ത് വരുമാനദായകമായ പ്രവർത്തനങ്ങൾ ഈ പദ്ധതിപ്രകാരം ഏറ്റെടുക്കാവുന്നതാണ്. 2014–15 മുതൽ 2019–20 വരെയുള്ള (2019 സെപ്റ്റംബർ 30 വരെ) എസ്.സി.എ റ്റു എസ്.സി.പി യുടെ വിഹിതവും ചെലവും **അനുബന്ധം 8.2.16**–ൽ നൽകിയിരിക്കുന്നു.

പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വികസനം

പട്ടിക വർഗക്കാരുടെ ക്ഷേമത്തിന് വേണ്ടിയുള്ള പട്ടികവർഗ ഉപപദ്ധതി അഞ്ചാം പഞ്ചവത്സര പദ്ധതിക്കാലത്താണ് (1974–75) നിലവിൽ വന്നത്. പട്ടിക വർഗക്കാർക്ക് പ്രത്യേക പരിഗണന നൽകുക എന്നതാണ് പട്ടിക വർഗ ഉപപദ്ധതിയുടെ ലക്ഷ്യം. 1983–84 മുതൽ പദ്ധതിയുടെ സമീപനത്തിൽ പലവിധമാറ്റങ്ങൾ വരുത്തുകയും ജില്ലാതലത്തിൽ വികേന്ദ്രീകരിക്കുകയും ചെയ്തിട്ടുണ്ട്. 73, 74–ാം ഭരണഘടനാ ഭേദഗതികൾക്ക് ശേഷം, പട്ടികവർഗ വിഭാഗങ്ങളുടെ വികസനവും ക്ഷേമവുമായി ബന്ധപ്പെട്ട വ്യക്തമായ ചുമതലകൾ തദ്ദേശഭരണ സ്ഥാപനങ്ങളെ ഏൽപ്പിക്കുകയുണ്ടായി. വളരെ പ്രത്യേകതയുള്ള സങ്കേത ആവാസ രീതികളും, സാംസ്കാരിക ആചാരങ്ങളും, പാരമ്പര്യ സവിശേഷതകളും ഉള്ളതിനാൽ പട്ടികവർഗ സമൂഹം വനത്തിന്റെ ഉൾപ്രദേശങ്ങളിലോ സമീപത്തോ കേന്ദ്രീകരിച്ച് അധിവസിച്ചുവരുന്നു. ഇക്കാര്യങ്ങൾ പരിഗണിച്ചുകൊണ്ട്, പട്ടികവർഗ്ഗക്കാരെ സംരക്ഷിക്കുകയും അതിലൂടെ അവരുടെ വികസനം സാധ്യമാക്കുകയുമാണ് പട്ടികവർഗ ഉപപദ്ധതിയുടെ തന്ത്രം. ഇതനുസരിച്ച്, സംസ്ഥാനത്തെ പട്ടികവർഗ ജനസംഖ്യയുടെ ആനുപാതിക വിഹിതത്തിന്റെ (1.45 ശതമാനം) ഏകദേശം ഇരട്ടിയോളം തുക പദ്ധതി വിഹിതമായി പട്ടികവർഗക്കാരുടെ പ്രത്യേക വികസനത്തിനായി വകയിരുത്തുന്നുണ്ട്. ബഡ്ജറ്റിൽ പട്ടികവർഗ ഉപപദ്ധതിക്ക് വകയിരുത്തുന്ന തുക സംസ്ഥാനത്തെ പട്ടികവർഗവിഭാഗങ്ങളുടെ വികസനത്തിനായി മാത്രം ചെലവഴിക്കാനുള്ളതാണ്. 2018–19ലും, 2019–20ലും, പട്ടികവർഗ്ഗ ജനസംഖ്യാനുപാതം 1.45 ശതമാനമായിരുന്നെങ്കിലും സംസ്ഥാന ബഡ്ജറ്റിന്റെ 2.83 ശതമാനം തുക പട്ടികവർഗ ഉപപദ്ധതിക്കായി വകയിരുത്തിയിരുന്നു.

സംസ്ഥാന പദ്ധതി വിഹിതം, കേന്ദ്രാവിഷ്കൃത പദ്ധതികളിലെ പട്ടികവർഗ ഉപപദ്ധതിവിഹിതം, പട്ടികവർഗ ഉപപദ്ധതിക്കുള്ള പ്രത്യേക കേന്ദ്രസഹായം (എസ്.സി.എ റ്റു ടി.എസ്.പി) ഭരണഘടനയുടെ അനുഛേദം 275(1) പ്രകാരമുള്ള ധനസഹായം, പട്ടികവർഗ മന്ത്രാലയം നടപ്പിലാക്കുന്ന മറ്റു പരിപാടികളുടെ വിഹിതം, ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള ധനസഹായം എന്നിവയാണ് പട്ടികവർഗ വികസനത്തിനായുള്ള പ്രധാന വിഭവ സ്രോതസ്സുകൾ. 2018–19 –ൽ പട്ടികവർഗ വികസനത്തിനായി 826.19 കോടി രൂപയാണ് സംസ്ഥാന പദ്ധതി വിഹിതമായി നീക്കിവെച്ചിരിന്നത്. ഇതിൽ 632.59 കോടി രൂപ പട്ടികവർഗ വികസന വകുപ്പിനും 193.60 കോടി രൂപ തദ്ദേശഭരണ സ്ഥാപനങ്ങൾക്കുള്ള ഗ്രാന്റ് ഇൻ എയ്ഡ് വിഹിതവുമാണ്. 50 ശതമാനം, 100 ശതമാനം കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായുള്ള കേന്ദ്രവിഹിതമായി യാഥാക്രമം 15.75 കോടി രൂപയും 122.16 കോടി രൂപയുമാണ് പ്രതീക്ഷിച്ചത്. ഇതുകൂടാതെ 10.00 കോടിരൂപ പട്ടികവർഗ ഉപപദ്ധതിക്കുള്ള പ്രത്യേക കേന്ദ്രസഹായമായും വകയിരുത്തി. 2018–19 ലും 2019–20ലും (2019 സെപ്റ്റംബർ 30 വരെ) ചെലവായ തുകയുടെ വിവരങ്ങൾ **അനുബന്ധം 8.2.17** ലും പട്ടികവർഗ വികസന വകുപ്പ് നടപ്പിലാക്കിയ പരിപാടികളുടെ ഭൗതികനേട്ടങ്ങൾ **അനുബന്ധം 8.2.18** ലും കൊടുത്തിട്ടുണ്ട്.

ഭൂമി, വീട്, തൊഴിലില്ലായ്മ, ശുദ്ധമായ കുടിവെള്ള ലഭ്യത, കണക്റ്റിവിറ്റിയുടെ അഭാവം, പോഷകാഹാരക്കുറവ് തുടങ്ങിയവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളാണ് പട്ടികവർഗ വികസനവകുപ്പ് പ്രധാനമായും നേരിടുന്നത്. പട്ടികവർഗക്കാരുടെ ക്ഷേമത്തിനായി പട്ടികവർഗ വികസനവകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളെ വിദ്യഭ്യാസം, പാർപ്പിടം, ആരോഗ്യം, സാമൂഹിക സാമ്പത്തിക ഉന്നമനം, നിയമ പരിരക്ഷ എന്നിങ്ങനെ തരംതിരിക്കാം.

വിദ്യാഭ്യാസ വികസന പരിപാടികൾ

മെച്ചപ്പെട്ട വിദ്യാഭ്യാസ സൗകര്യങ്ങൾ എല്ലാതലത്തിലും നടപ്പിലാക്കുക എന്നതിനാണ് 13–ാം പഞ്ചവത്സര പദ്ധതിയിൽ മുൻതൂക്കം നൽകിയിരിക്കുന്നത്. പ്രാക്തന ഗോത്രവർഗക്കാർക്കുള്ള പെരിപ്പതറ്റിക് വിദ്യഭ്യാസം, ട്യൂട്ടോറിയൽ സ്കീം, ഗോത്രസാരഥി, ഗോത്രബന്ധു, സാമൂഹിക പഠനമുറി, വിദ്യാർത്ഥികൾക്ക് പ്രോത്സാഹനവും സഹായവും എന്നിവയാണ് പട്ടികവർഗ വികസനവകുപ്പ് നടപ്പിലാക്കുന്ന പ്രധാന വിദ്യാഭ്യാസ പരിപാടികൾ. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ 13 നഴ്സറി വിദ്യാലയങ്ങൾ, 10 കിന്റർഗാർട്ടനുകൾ, 3 ബാലവാടികൾ, 1 വികാസവാടി, 3 ബാലവിജ്ഞാന കേന്ദ്രങ്ങൾ, പ്രാക്തന ഗോത്ര വർഗക്കാർക്കുള്ള 7 പെരിപ്പതറ്റിക് വിദ്യാഭ്യാസ കേന്ദ്രങ്ങൾ, 20 മാതൃകാ റസിഡൻഷ്യൽ വിദ്യാലയങ്ങൾ, 22 ഏകാദ്ധ്യാപക വിദ്യാലയങ്ങൾ, 106 പ്രീമെട്രിക് ഹോസ്റ്റലുകൾ, 9 പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ, 12 പരിശീലന കേന്ദ്രങ്ങൾ, 2 തൊഴിൽ പരിശീലന കേന്ദ്രങ്ങൾ, 1 വ്യവസായ പരിശീലന സ്ഥാപനം തുടങ്ങിയവ പ്രവർത്തിക്കുന്നുണ്ട്.

ഒറ്റപ്പെട്ട സങ്കേതങ്ങളിൽ വസിക്കുന്ന പ്രാക്തന ഗോത്ര വർഗക്കാർക്കും മറ്റ് ആദിവാസി വിദ്യാർത്ഥികൾക്കും– പ്രാഥമിക വിദ്യാഭ്യാസം നൽകുന്നതിനായി പെരിപ്പതറ്റിക് കേന്ദ്രങ്ങളിലൂടെ ഏകാദ്ധ്യാപക

ബോക്സ് 8.2.6 2018–19 ൽ വിദ്യാഭ്യാസ മേഖലയിലെ പ്രധാന ഭൗതിക നേട്ടങ്ങൾ

- ഗോത്രബന്ധു പദ്ധതിയിൽ വയനാട് ജില്ലയിലെ പ്രൈമറി സ്കൂൾ വിദ്യാർത്ഥികൾക്കായി 241 പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട അധ്യാപകരെയും അട്ടപ്പാടിയിൽ 26 അധ്യാപകരെയും നിയമിച്ചു.
- 11 ജില്ലകളിൽ 150 കമ്മ്യൂണിറ്റി പഠന കേന്ദ്രങ്ങൾ ആരംഭിച്ചു.
- 624 അനാഥർക്ക് സാമ്പത്തിക സഹായം നൽകി.
- 435 വിദ്യാർഥികൾക്ക് ലാപ് ടോപ്പ് വാങ്ങുന്നതിന് ധനസഹായം നൽകി.
- 177 വിദ്യാർത്ഥികൾക്ക് പ്രവേശന പരീക്ഷയ്ക്കുള്ള പരിശീലനം നൽകി.
- 12,121 വിദ്യാർത്ഥികൾക്ക് പ്രീ മെട്രിക് സ്കോളർഷിപ്പും 16,245 വിദ്യാർത്ഥികൾക്ക് പോസ്റ്റ് മെട്രിക് സ്കോളർഷിപ്പും ലഭിച്ചിട്ടുണ്ട്.
- അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ഡെവലപ്മെന്റ് സ്കീം പ്രകാരം 1200 വിദ്യാർത്ഥികൾക്ക് സഹായം നൽകി.
- 880 മിടുക്കരായ വിദ്യാർത്ഥികൾക്ക് പ്രത്യേക ആനുകൂല്യങ്ങൾ നൽകി.
- 87,292 വിദ്യാർത്ഥികൾക്ക് ലംപ്സം ഗ്രാന്റും, 79,631 കുട്ടികൾക്ക് സ്റ്റൈപന്റും, 6,769 കുട്ടികൾക്ക് പോക്കറ്റ് മണിയും നൽകി.

അവലംബം: പട്ടിക വർഗ വികസനവകുപ്പ്

വിദ്യാലയങ്ങൾ പ്രവർത്തിക്കുന്നുണ്ട്. അദ്ധ്യാപകർ ഈ സങ്കേതങ്ങൾ സന്ദർശിച്ച് വിദ്യാഭ്യാസം നൽകുന്നതിനാണ് ഉദ്ദേശിക്കുന്നത്. രണ്ടു മൂന്നും ക്ലാസുകളിൽ എത്തുമ്പോൾ അവർക്ക് ഹോസ്റ്റൽ താമസം നൽകുകയാണ് ചെയ്യുന്നത്. ട്യൂട്ടോറിയൽ പദ്ധതി വഴി ഹൈസ്കൂൾ, ഹയർ സെക്കൻഡറി വിദ്യാർത്ഥികൾക്ക് പ്രത്യേക പരിശീലനം നൽകുന്നുണ്ട്. ഗോത്രസാരഥി പദ്ധതി പ്രകാരം ഉൾ വനത്തിലും എത്തിച്ചേരാൻ പറ്റാത്ത സ്ഥലങ്ങളിലും മറ്റും താമസിക്കുന്ന വിദ്യാർത്ഥികൾക്ക് വാഹന ഗതാഗത സൗകര്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. പ്രൈമറി സ്കൂൾ വിദ്യാർത്ഥികളുടെ പഠനം മെച്ചപ്പെടുത്തുന്നതിനായി ഒരു ഗോത്ര അധ്യാപകനെ നിയമിക്കുന്ന ഗോത്രബന്ധു പദ്ധതിയിലൂടെ ഗോത്ര വിഭാഗത്തിലുള്ള വിദ്യാർത്ഥികളുടെ ഭാഷാ പ്രശ്നങ്ങൾ പരിഹരിക്കപ്പെടുന്നു. കമ്മ്യൂണിറ്റി സ്റ്റഡി സെന്ററിൽ 30 വിദ്യാർത്ഥികൾക്കായി ഒരു ഫെസിലിറ്റേറ്ററെ നൽകുകയും കമ്പ്യൂട്ടർ, ഇൻറനെറ്റ്, എൽ.ഇ.ഡി. ടി.വി, ഫർണിച്ചർ വായനാ സാമഗ്രികൾ തുടങ്ങിയ സൗകര്യങ്ങൾ ലഭ്യമാക്കുകയും ചെയ്യുന്നു. പട്ടികവർഗക്കാർക്കിടയിലെ അനാഥരെ സംരക്ഷിക്കുന്നതിന് പ്രതിമാസം 1000 രൂപ പ്രത്യേക സഹായമായി പരിപാലകന് നൽകുന്നുണ്ട്. ലംപ്സം ഗ്രാന്റ്, സ്റ്റൈപൻഡ്, സ്കോളർഷിപ്പ്, ബോർഡിംഗ് ചാർജ്, സ്വശ്രയ കോളേജുകളിലെ വിദ്യാർത്ഥികൾക്ക് ട്യൂഷൻ ഫീസ് തുടങ്ങിയവയും വിദ്യാർത്ഥികൾക്ക് നൽകുന്നു. അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ഡെവലപ്മെന്റ് പദ്ധതി പ്രകാരം അഞ്ചാംക്ലാസിൽ പഠിക്കുന്ന സമർത്ഥരായ 200 വിദ്യാർത്ഥികളെ

ചിത്രം 8.2.3 പ്രീമെട്രിക്, പോസ്റ്റ് മെട്രിക് പഠനത്തിലേർപ്പെട്ടിരിക്കുന്ന ധനസഹായംലഭിച്ച പട്ടികവർഗ വിദ്യാർത്ഥികളുടെ എണ്ണം



അവലംബം -പട്ടിക വർഗ വികസനവകുപ്പ്,

തിരഞ്ഞെടുക്കുകയും ഇവർക്ക് പത്താം ക്ലാസ് വരെ സാമ്പത്തിക സഹായം നൽകുകയും ചെയ്യുന്നു. 2014–15 മുതൽ 2018–19 വരെ പ്രീമെട്രിക്, പോസ്റ്റ് മെട്രിക് സഹായം ലഭിച്ച വിദ്യാർത്ഥികളുടെ എണ്ണം **ചിത്രം 8.2.3** ൽ ചിത്രീകരിച്ചിട്ടുണ്ട്.

2018–19 ൽ വിദ്യാഭ്യാസ മേഖലയിൽ പട്ടികവർഗ വികസനവകുപ്പിന് അനുവദിച്ച 196.06 കോടി രൂപയിൽ 159.03 കോടി രൂപയും (81 ശതമാനം) ചെലവഴിക്കുകയുണ്ടായി. 2019–20–ൽ അനുവദിച്ച 179.39 കോടി രൂപയിൽ 2019 സെപ്റ്റംബർ 30 വരെയുള്ള കണക്ക് പ്രകാരം 58.80 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ (**അനുബന്ധം 8.2.19, 8.2.20, 8.2.21, 8.2.22**) ൽ കൊടുത്തിട്ടുണ്ട്.

പാർപ്പിടം

ഭവന നിർമ്മാണ പദ്ധതി പ്രകാരം ഭവന രഹിതർക്കായി പുതിയ വീടുകളുടെ നിർമ്മാണവും ഭൂമിയില്ലാത്ത ഭവന രഹിതർക്ക് ഭവന സമുച്ചയങ്ങളും ലൈഫ് മിഷൻ വഴി കൊടുക്കാൻ ഉദ്ദേശിക്കുന്നു. സംസ്ഥാന പദ്ധതി വിഹിതത്തിന് പുറമേ കേരള നഗര ഗ്രാമ വികസന ധനകാര്യ കോർപ്പറേഷൻ (കെ. യു.ആർ.ഡി.എഫ്.സി) ഹൗസിംഗ് ആന്റ് അർബൻ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിൽ (ഹഡ്കോ) നിന്നും ലഭ്യമാക്കുന്ന വായ്പാ സഹായവും, പ്രാദേശിക സർക്കാരുകൾ അവരുടെ ടി.എസ്. പി. ഫണ്ടിൽ നിന്നും വകയിരുത്തുന്ന തുകയമാണ് ഇതിനായി ഉപയോഗിക്കുന്നത്.

ലൈഫ് മിഷൻ ഏറ്റെടുത്ത 12,256 പട്ടിക വർഗ വിഭാഗത്തിൽപ്പെട്ട വീടുകളിൽ, 5,454 വീടുകൾ 2017–18 ലും 4101 വീടുകൾ 2018–19 ലും പൂർത്തീകരിക്കുകയുണ്ടായി. 2018–19 ൽ ഭവന നിർമ്മാണ പദ്ധതിയിൽ 100 ശതമാനം തുകയും ചെലവഴിച്ചിട്ടുണ്ട്. 2014–15 മുതൽ 2019–20 വരെ പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കിവരുന്ന ഭവന പദ്ധതിയുടെ വിഹിതവും ചെലവും നിർമ്മിച്ച വീടുകളുടെ എണ്ണവും **അനുബന്ധം 8.2.23** ലും **8.2.24** ലും സാമ്പത്തിക നേട്ടങ്ങൾ **ചിത്രം 8.2.4** ൽ ചിത്രീകരിച്ചിരിക്കുന്നു.

ആരോഗ്യം

പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിനായി നടപ്പാക്കിവരുന്ന പ്രധാന ആരോഗ്യ പരിരക്ഷ പദ്ധതികളാണ് – സമഗ്ര പട്ടികവർഗ ആരോഗ്യ സംരക്ഷണം, സിക്കിൾ സെൽ അനീമിയ രോഗികൾക്കുള്ള സഹായം, ജനനി ജന്മരക്ഷ, പരമ്പരാഗത പട്ടികവർഗ വൈദ്യൻമാർക്കുള്ള സാമ്പത്തിക സഹായം എന്നിവ. പട്ടികവർഗ വികസന വകുപ്പിന് കീഴിൽ 4 മിഡ് വൈഫറി സെന്ററുകൾ, 16 മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ, 17 ആയുർവേദ ഡിസ്പെൻസറി, ഒരു ആയുർവേദ ആശുപത്രി, 5 ഓ.പി. ക്ലിനിക്കുകൾ എന്നിവ പ്രവർത്തിക്കുന്നു. ആശുപത്രികൾ, ആരോഗ്യ പരിപാലന സ്ഥാപനങ്ങൾ, എന്നിവ വഴി നടപ്പിലാക്കുന്ന സമഗ്ര പട്ടികവർഗ ആരോഗ്യ സംരക്ഷണ പദ്ധതി ഒരു സുപ്രധാന പദ്ധതിയാണ്. വിവിധ രോഗങ്ങളും പ്രകൃതി ക്ഷോഭങ്ങളും ബാധിക്കുന്ന പട്ടികവർഗക്കാർക്ക് ആരോഗ്യ വിദ്യാഭ്യാസ പരിപാടികളും, തിരഞ്ഞെടുക്കപ്പെട്ട പട്ടികവർഗ സങ്കേതങ്ങളിൽ ലഹരി വിരുദ്ധ പ്രചരണ പരിപാടികളും പോഷകാഹാര പുന:സ്ഥാപന ക്യാമ്പയിൻ പ്രവർത്തനങ്ങളും ഇതിന്റെ ഭാഗമായി നടപ്പിലാക്കുന്നു. 30,500 ഗുണഭോക്താക്കൾക്ക് ആരോഗ്യ പരിരക്ഷാ പദ്ധതിയുടെ ദുരിതാശ്വാസ നിധി ലഭിക്കുകയുണ്ടായി. സിക്കിൾ സെൽ അനീമിയ രോഗികൾക്ക് നൽകുന്ന

ചിത്രം 8.2.4 2014–15 മുതൽ2018–19 വരെയുള്ള ഭവന പദ്ധതിയുടെ വിഹിതവും ചെലവും, രൂപ കോടിയിൽ



അവലംബം -പട്ടിക വർഗ വികസനവകുപ്പ്

സഹായ നിരക്ക് 2018–19 ൽ 2,000 രൂപയിൽ നിന്ന് 2500 രൂപയായി ഉയർത്തുകയും 744 രോഗികൾക്ക് ഈ സഹായം ലഭിക്കുകയും ചെയ്തിട്ടുണ്ട്.

ആരോഗ്യ അവബോധം സൃഷ്ടിക്കുന്നതിനും ആരോഗ്യ സേവനം നൽകുന്നതിനും പട്ടികവർഗ കോളനികളിൽ 2018–19 ൽ പാരാമെഡിക്കൽ കോഴ്സുകൾ ആരംഭിക്കുകയുണ്ടായി. ജനറൽ നഴ്സിംഗ്, മിഡ് വൈഫറി കോഴ്സുകളിൽ പരിശീലനം നേടിയവരെ കോളനികളിൽ നിയമിച്ചുകൊണ്ടാണ് 2018–19 ൽ പട്ടികവർഗ വികസന വകുപ്പ് ഈ പരിപാടി ആരംഭിച്ചത്. അമ്മയുടെയും കുഞ്ഞിന്റെയും പോഷക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി വകുപ്പ് ജനനി ജന്മ രക്ഷ പദ്ധതി നടപ്പിലാക്കുന്നുണ്ട്. ഈ പദ്ധതി പ്രകാരം, ഗർഭകാലത്തിന്റെ മൂന്നാം മാസം മുതൽ കുഞ്ഞിന് ഒരു വയസ്സ് തികയുന്നതുവരെ പ്രതിമാസം 1000 രൂപ വീതം അമ്മയ്ക്ക് നൽകുന്നു. ഇതിന്റെ സഹായ നിരക്ക് 1000 രൂപയിൽ നിന്ന് 2000 രൂപയാക്കി ഉയർത്തുകയും, 11,880 ഗുണഭോക്താക്കൾക്ക് സഹായം നൽകുകയും ചെയ്തിട്ടുണ്ട്. പരമ്പരാഗത പട്ടികവർഗ വൈദ്യൻമാർക്ക് 10,000 രൂപ ധനസഹായമായി നൽകിവരുന്നുണ്ട്. 280 പരമ്പരാഗത പട്ടിക വർഗ വൈദ്യൻമാർക്ക് ഈ സഹായം ലഭിച്ചിട്ടുണ്ട്. ആരോഗ്യ സംരക്ഷണ പ്രവർത്തനങ്ങൾക്ക് ബജറ്റ് വിഹിതമായി 2018–19 ൽ വകയിരുത്തിയ 42.81 കോടി രൂപയിൽ 42.39 കോടി രൂപയും (99.03 ശതമാനം) ചെലവഴിക്കുകയുണ്ടായി. 2019–20 ൽ (2019 സെപ്റ്റംബർ 30) വരെ 45.37 ശതമാനം തുക ഇതിനായി ചെലവഴിച്ചിട്ടുണ്ട്. 2014–15 മുതൽ 2019–20 വരെയുള്ള ആരോഗ്യ പദ്ധതിയുടെ വിശദാംശങ്ങൾ **അനുബന്ധം 8.2.25** ൽ കാണിച്ചിരിക്കുന്നു.

സമൂഹിക സാമ്പത്തിക പരിപാടികൾ

പാർപ്പിട സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, കണക്ടിവിറ്റി, വന്യമൃഗങ്ങളിൽ നിന്നുള്ള സംരക്ഷണം, സമൂഹിക അടിസ്ഥാന സൗകര്യങ്ങൾ, വിപണന ക്രമീകരണങ്ങൾ എന്നിവ മെച്ചപ്പെടുത്തുന്നതിനായി ഹാംലറ്റ് വികസന പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. പട്ടികവർഗക്കാരുടെ സാമൂഹിക സാമ്പത്തിക സ്ഥിതി ഉയർത്തുന്നതിനായി പട്ടിക വർഗ വികസന വകുപ്പ് 'അംബേദ്ക്കർ സെറ്റിൽമെന്റ് വികസന പദ്ധതി' നടപ്പാക്കുന്നുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി അടിസ്ഥാന സൗകര്യങ്ങൾ, സാമ്പത്തിക വികസന പ്രവർത്തനങ്ങൾ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്ക് കീഴിൽ അധിക തൊഴിലിനുള്ള വേതനം, വനിതകൾക്കും കുട്ടികൾക്കും പോഷകാഹാരവും മറ്റ് അടിസ്ഥാന സൗകര്യങ്ങളും, എ.റ്റി.എസ്.പി., ഹാംലെറ്റ് ഡവലപ്മെന്റ് സ്കീമുകളിലെ സ്പിൽ ഓവർ പ്രവൃത്തികൾ, പി.കെ.കാളൻ കുടുംബക്ഷേമ പദ്ധതി എന്നിവ നടപ്പാക്കുന്നുണ്ട്. പി.കെ.കാളൻ കുടുംബക്ഷേമ പദ്ധതിയുടെ കീഴിൽ ചിന്നിചിതറി താമസിക്കുന്ന 74 കുടുംബങ്ങൾക്കായി 2018–19 ൽ ഭവന നിർമ്മാണം, അടിസ്ഥാന സൗകര്യങ്ങൾ, ഉപജീവനമാർഗ്ഗങ്ങൾ എന്നിവ നൽകുകയുണ്ടായി. ഭൂരഹിതരായ പട്ടികവർഗക്കാരുടെ പുനരധിവാസം (റ്റി.ആർ.ഡി.എം.) പദ്ധതിയുടെ ഭാഗമായി ഭൂരഹിതരായവർക്ക് ഭൂമി വിതരണം ചെയ്യുക, അടിസ്ഥാന സൗകര്യങ്ങളായ വീട്, കുടിവെള്ളം, റോഡ്, വൈദ്യുതി മുതലായവ ലഭ്യമാക്കുക. പുനരധിവസിപ്പിക്കപ്പെടുന്നവരെ ജീവനും സ്വത്തിനും സംരക്ഷണമേർപ്പെടുത്തുന്നതിന് വനാതിർത്തിയിൽ ചുറ്റുമതിലിന്റെ നിർമ്മാണം, സ്വയം തൊഴിൽ പരിപാടികൾ, ആരോഗ്യ പരിരക്ഷ എന്നിവ നടപ്പാക്കുന്നുണ്ട്. ഈ പദ്ധതിയിലൂടെ 26 കുടുംബങ്ങൾക്ക് 15.41 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്. 2014–15 മുതൽ 2019–20 വരെ ജില്ലാ അടിസ്ഥാനത്തിൽ ഭൂമി വിതരണം ചെയ്തതിന്റെ വിശദാംശങ്ങൾ **അനുബന്ധം 8.2.26** ൽ നൽകിയിരിക്കുന്നു.

എം.ജി.എൻ.ആർ.ഇ.ജി.എസ് അധിക തൊഴിലിനുള്ള വേതനം പദ്ധതിയിൽ 200 തൊഴിൽ ദിനങ്ങൾ എല്ലാ വർഷവും പട്ടിക വർഗകാർക്ക് പ്രദാനം ചെയ്യുന്നുണ്ട്. എം.ജി.എൻ.ആർ.ഇ.ജി.എസിന് കീഴിൽ 23,096 പട്ടികവർഗകാർക്ക് അധിക തൊഴിൽ വേതനം നൽകിയിട്ടുണ്ട്. അടിയൻ, പണിയൻ, പ്രാക്തന ഗോത്ര വർഗക്കാർ, വനത്തിൽ ജീവിക്കുന്ന പട്ടികവർഗക്കാർ എന്നിവർക്ക് വേണ്ടിയുള്ള പ്രത്യേക പരിപാടി പ്രകാരം പുനരധിവാസ പാക്കേജ്, ആരോഗ്യം, ഭക്ഷണത്തിന് സഹായം, സാമ്പത്തിക വികസനം, വനത്തിലോ പരിസര പ്രദേശങ്ങളിലോ ജീവിക്കുന്ന പട്ടിക വർഗ സമൂഹത്തിന് തൊഴിൽ നൽകൽ, അഗതി മന്ദിരങ്ങളുടെ നടത്തിപ്പ് എന്നിവ നടപ്പിലാക്കുന്നുണ്ട്. പട്ടികവർഗ സമൂഹത്തിന്റെ ഉന്നമനത്തിനായി, പ്രതിബദ്ധതയുള്ള സാമൂഹ്യ പ്രവർത്തകരെ പട്ടികവർഗ ക്ഷേമ മേഖലയിൽ ഫെസിലിറ്റേറ്റർമാരായി നിയോഗിക്കുകയും കൗൺസിലിംഗ് നടത്തുകയും, കോൺഫറൻസിന് വേണ്ട സൗകര്യം ഏർപ്പെടുത്തുകയും, വിഭവ സമാഹരണം, മദ്യം, ലഹരി, പുകയില തുടങ്ങിയവ ഉപയോഗിക്കുന്നതിനെതിരെ അവബോധന ക്യാമ്പുകൾ നടത്തി ജനങ്ങളിൽ ബോധവൽക്കരണം നടത്തുകയും ചെയ്യുന്നു. ഹയർ സെക്കൻഡറി, ബിരുദ വിദ്യാർത്ഥികൾക്ക് ഹോസ്പിറ്റാലിറ്റി മാനേജ് മെന്റ്, ഐ.ടി അനുബന്ധ വിഷയങ്ങൾ, വ്യവസായിക സാങ്കേതിക പരിശീലനം, മോട്ടോർ ഡ്രൈവിംഗ്, കരിയർ വികസനം, ഓറിയന്റേഷൻ ക്ലാസുകൾ എന്നിവയിൽ പരിശീലനം പട്ടികവർഗ വികസന വകുപ്പ് നൽകുന്നു. കൂടാതെ 2018–19 ൽ 1,105 വിദ്യാർത്ഥികൾ നൈപുണ്യ വികസനത്തിലും, സ്വയം തൊഴിൽ പരിശീലനത്തിലും പങ്കെടുക്കുകയുണ്ടായി.

തൊഴിൽ വരുമാനദായക പ്രവർത്തനങ്ങളിൽ പരിശീലനം നൽകുന്നതിന് അട്ടപ്പാടി കോ–ഓപ്പറേറ്റീവ് ഫാമിംഗ് സൊസൈറ്റിക്കും വയനാടിലെ അംബേദ്ക്കർ സ്മാരക ഗ്രാമ വികസന ഇൻസ്റ്റിറ്റ്യൂട്ട് ഫോർ

ഡെവലപ്മെന്റ് (എ.എം.ആർ.ഐ.ഡി) ഉൾപ്പെടെയുള്ള പട്ടികവർഗ ക്ഷേമ സ്ഥാപനങ്ങൾക്ക് സഹായവും വകുപ്പ് നൽകുന്നുണ്ട്. കൃഷിവകുപ്പുമായി സഹകരിച്ച് വകുപ്പ് നടപ്പിലാക്കുന്ന 'അട്ടപ്പാടി മില്ലറ്റ്' വില്ലേജ് എന്ന പ്രത്യേക പാക്കേജ് പദ്ധതിയിൽ ഗോത്ര ഭക്ഷ്യ വിളകൾ, ചെറുകിട ജലസേചനം, മണ്ണിൽ ജലാംശ സംരക്ഷണം, വന്യ മൃഗങ്ങളുടെ ആക്രമണത്തിൽ നിന്നുള്ള സംരക്ഷണം, കാർഷിക വ്യാപന സേവനങ്ങൾ വിപണനം, ഓണം/ പ്രത്യേക അവസരങ്ങളിൽ ആഹാര പായ്ക്കറ്റുകൾ വിതരണം ചെയ്യുന്നതിനുള്ള വിതരണ ചെലവ് എന്നീ പരിപാടികളും ഉൾപ്പെടുന്നു. അട്ടപ്പാടിയിലെ മില്ലറ്റ് വില്ലേജ് പരിപാടിയുടെ ഭാഗമായി 17,325 ഏക്കറിൽ കാർഷിക പ്രവർത്തനങ്ങൾ നടപ്പാക്കുന്നുണ്ട്. ഭക്ഷണത്തിനുള്ള സഹായ പരിപാടിയിൽ 80,000 കുടുംബങ്ങൾക്കും 1,60,090 കുടുംബങ്ങൾക്ക് പ്രത്യേക ഓണകിറ്റും വിതരണം ചെയ്യുകയുണ്ടായി. പട്ടികവർഗക്കാരുടെ ക്ഷേമം വർദ്ധിപ്പിക്കുന്നതിനായി 53 സാമൂഹിക പ്രവർത്തകരെ നിയമിക്കുകയുണ്ടായി. ഒരു കുടുംബത്തിന്/പ്രായപൂർത്തിയായ പെൺകുട്ടിക്ക് ഒരു ലക്ഷം രൂപ നിരക്കിൽ പട്ടികവർഗ്ഗ വികസന വകുപ്പ് വിവാഹധനസഹായമായി നൽകുന്നുണ്ട്. വിധവകളുടെയും അവിവിഹിതരായ അമ്മമാരുടെയും സാമ്പത്തികശേഷി വളരെ കുറഞ്ഞ മാതാപിതാക്കളുടെയും പെൺമക്കൾക്കാണ് മുൻഗണന നൽകുന്നത്. 2018–19 ൽ 275 കുടുംബങ്ങൾക്ക് വിവാഹ ധനസഹായം ലഭിച്ചിട്ടുണ്ട്. 2018–19 ൽ ഗോത്ര വാത്സല്യനിധി പദ്ധതി പ്രകാരം 1,076 പട്ടികവർഗ പെൺകുട്ടികളെ ഇൻഷുറൻസ് പദ്ധതിയുടെ ഭാഗമാക്കുകയുണ്ടായി.

നിയമപരമായ പരിരക്ഷണ നടപടികൾ

പൗരാവകാശ സംരക്ഷണവും അതിക്രമങ്ങൾ തടയാനുള്ള നിയമം നടപ്പാക്കലും

സമൂഹത്തിലെ പാർശ്വവത്കരിക്കപ്പെട്ട വിഭാഗങ്ങൾക്ക് എതിരെയുള്ള അതിക്രമങ്ങളും ചൂഷണങ്ങളും തടയുന്നതിനുള്ള നിയമ പരിരക്ഷ നൽകുന്നതിന് ഭരണഘടനയിലെ വ്യവസ്ഥകൾക്ക് അനുസൃതമായി പൗരാവകാശ സംരക്ഷണം നിയമവും (1955) അതിക്രമങ്ങൾ തടയൽ നിയമവും (1989) പാസ്സാക്കിയിട്ടുണ്ട്. പട്ടികജാതി പട്ടികവർഗക്കാർക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ തടയുന്നതിനുള്ള വ്യവസ്ഥകൾ നിയമത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. 2014–15 ൽ പട്ടികവർഗക്കാർക്കെതിരെ 111 കേസുകളാണ് റിപ്പോർട്ട് ചെയ്തിരുന്നത്. 2017–18 ൽ റിപ്പോർട്ട് ചെയ്യപ്പെട്ട കേസുകളുടെ എണ്ണം 35 ആയി കുറഞ്ഞിട്ടുണ്ട്. അതിക്രമത്തിനിരയായ ആളുകളുടെ എണ്ണം 2017–18 വരെ കുറഞ്ഞ് വരുന്ന പ്രവണത കാണിച്ചിരുന്നെങ്കിലും 2018–19ൽ ഇത് 125 ആയി ഉയരുകയുണ്ടായി. അതിനാൽ നിയമപരമായ നടപടികൾ ശക്തിപ്പെടുത്തേണ്ടതും സമൂഹത്തിലെ ദുർബല വിഭാഗങ്ങൾക്കിടയിൽ അവബോധം സൃഷ്ടിക്കേണ്ടതും ആത്യാവശ്യമാണ്. കഴിഞ്ഞ 5 വർഷമായി പി.സി.ആർ. അക്ട് പ്രകാരം പട്ടികവർഗക്കാർക്കെതിരെ രജിസ്റ്റർ ചെയ്ത അതിക്രമങ്ങളുടെ എണ്ണവും നഷ്ടപരിഹാരമായി നൽകിയ തുകയും **ചിത്രം 8.2.5** ൽ നൽകിയിരിക്കുന്നു.

2018–19 ൽ 100 ലക്ഷം രൂപ ബജറ്റിൽ വകയിരുത്തിയതിൽ 86 ശതമാനം തുകയും ചെലവഴിക്കുകയുണ്ടായി. 2014–15 മുതൽ 2018–19

ചിത്രം 8.2.5 2014–15 മുതൽ 2018–19 വരെ അതിക്രമ നിയമപ്രകാരം രജിസ്റ്റർ ചെയ്ത പട്ടികവർഗക്കാരായ ഇരകളുടെ എണ്ണവും നൽകിയ നഷ്ടപരിഹാര തുകയും



അവലംബം : പട്ടിക വർഗ വികസനവകുപ്പ്,

വരെ കേരളത്തിൽ പട്ടികവർഗക്കാർക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ സംബന്ധിച്ച വിശദ വിവരങ്ങൾ **അനുബന്ധം 8.2.27** –ൽ ചേർത്തിരിക്കുന്നു.

കോർപ്പസ് ഫണ്ട്

സ്വയം തൊഴിൽ, വൈദ്യുത വികസനം, ജലവിതരണവും ശുചീകരണവും, വാർത്താവിനിമയ സൗകര്യങ്ങൾ, നടപ്പാലങ്ങൾ, സാങ്കേതിക വിദ്യ കൈമാറ്റം, വിദ്യാഭ്യാസം മെച്ചപ്പെടുത്തൽ, ആരോഗ്യ പരിപാലനം, തുടങ്ങിയവ കോർപ്പസ് ഫണ്ടിലെ പ്രധാന ഘടകങ്ങളാണ്. കോർപ്പസ് ഫണ്ട് പദ്ധതിപ്രകാരം വിവിധ വികസന പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനായി 2018–19 ൽ വകയിരുത്തിയ 45 കോടി രൂപയിൽ 40.54 കോടി രൂപയും (90 ശതമാനം) ചെലവഴിച്ചിട്ടുണ്ട്. 2019–20 ൽ വകയിരുത്തിയ 58 കോടി രൂപയിൽ, 20.86 ശതമാനം തുക ചെലവഴിച്ചിട്ടുണ്ട്. 2014–15 മുതൽ 2019–20 വരെ (2019 സെപ്റ്റംബർ 30 വരെ) ഉള്ള കോർപ്പസ് ഫണ്ടിന്റെ വിഹിതവും ചെലവും സംബന്ധിച്ച വിവരം **അനുബന്ധം 8.2.28** –ലും, 2018–19, 2019–20 ലെ ജില്ലതിരിച്ചുള്ള വിവരങ്ങൾ **അനുബന്ധം 8.2.29** –ലും നൽകിയിരിക്കുന്നു.

പട്ടികവർഗ ഉപപദ്ധതിക്കുവേണ്ടിയുള്ള പ്രത്യേക കേന്ദ്രസഹായം (എസ്.സി.എ റ്റു റ്റി. എസ്.പി)

പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് പ്രയോജനപ്പെടുന്ന വിദ്യാഭ്യാസം, ആരോഗ്യം, തൊഴിൽ പ്രദാനം ചെയ്യുന്ന വരുമാനദായക പ്രവർത്തനങ്ങൾ എന്നിവ ഏറ്റെടുക്കുന്നതിനായി സംസ്ഥാന പദ്ധതികൾക്കു പുറമേ കേന്ദ്രസർക്കാരിൽ നിന്ന് അധിക വിഹിതമായി ലഭ്യമാകുന്ന ഫണ്ടാണ് പട്ടികവർഗ ഉപപദ്ധതിക്കുള്ള പ്രത്യേക കേന്ദ്രസഹായം. 2014–15 മുതൽ 2019–20 വരെ (2019 സെപ്റ്റംബർ 30 വരെ) പട്ടികവർഗ ഉപപദ്ധതിക്കുള്ള പ്രത്യേക കേന്ദ്ര സഹായത്തിന്റെ വിഹിതവും ചെലവും സംബന്ധിച്ച വിവരങ്ങൾ **അനുബന്ധം 8.2.30**–ൽ കൊടുത്തിരിക്കുന്നു.

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റിസർച്ച് ട്രെയിനിങ്ങ് ആന്റ് ഡവലപ്മെന്റ് സ്റ്റഡീസ് ഫോർ എസ്.സി/എസ്.റ്റി (കിർത്താഡ്സ്)

1970 ൽ സ്ഥാപിതമായ പട്ടികവർഗ്ഗ ഗവേഷണ പരിശീലന സെന്റർ പുനർനാമകരണം ചെയ്താണ് കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റിസർച്ച് ട്രെയിനിംഗ് ആന്റ് ഡവലപ്മെന്റ് സ്റ്റഡീസ് ഫോർ എസ്. സി/എസ്.റ്റി (കിർത്താഡ്സ്) ആയിമാറിയത്. കിർത്താഡ്സ് സംസ്ഥാനത്തെ പട്ടികജാതി, പട്ടികവർഗക്കാരെക്കുറിച്ചുള്ള പഠനങ്ങളും ഗവേഷണവും നടത്തുന്നു.

പട്ടികജാതി വികസനവകുപ്പ്, പട്ടികവർഗ വികസനവകുപ്പ്, റവന്യൂ ഡിവിഷണൽ ഓഫീസർമാർ തഹസിൽദാർമാർ, ജില്ലാ കളക്ടർമാർ എന്നിവരുടെ ആവശ്യപ്രകാരം സംശയാസ്പദമായ വിഭാഗങ്ങളുടെ കേസുകളിൽ പ്രസ്തുത സ്ഥാപനം നരവംശ സംബന്ധമായ അന്വേഷണം നടത്തി റിപ്പോർട്ട് നൽകുന്നുണ്ട്. 2018–19 ൽ 923 പട്ടികജാതി കേസുകളും 249 പട്ടികവർഗ്ഗ കേസുകളും ഫയൽ ചെയ്യുകയുണ്ടായി. ഇതിൽ 801 പട്ടികജാതി കേസുകളും 234 പട്ടികവർഗ കേസുകളും തീർപ്പാക്കിയിട്ടുണ്ട്. 2019–20 ൽ 722 പട്ടികജാതി, 185 പട്ടികവർഗ്ഗ കേസുകളാണ് ഇതുവരെ ഫയൽ ചെയ്തിരിക്കുന്നത്. ഇതിന്റെ വിശദാംശങ്ങൾ **അനുബന്ധം 8.2.31** –ൽ കൊടുത്തിരിക്കുന്നു.

കിർത്താഡ്സിന്റെ പരിശീലന വിഭാഗം പട്ടികവർഗ വിഭാഗത്തിന്റെ വികസനത്തിനായി ഒട്ടനവധി പരിപാടികൾ നടപ്പിലാക്കുകയും ഏകോപിപ്പിക്കകയും ചെയ്യുന്നുണ്ട്. ധാരാളം പരിശീലന പരിപാടികളും, കാര്യശേഷി വികസന പരിപാടികളും, ശാക്തീകരണ പരിപാടികളും, വിദ്യാഭ്യാസ പരിപാടികളും കിർത്താഡ്സ് നടത്തിവരുന്നു. കൂടാതെ, സംസ്ഥാനത്തെ പട്ടികജാതി, പട്ടികവർഗ വിഭാഗങ്ങളുടെ പാരമ്പര്യ നൃത്തവും സംഗീതവും ഉൾപ്പെടുത്തിക്കൊണ്ടുള്ള ആദികലാഗ്രാമം പരിപാടിയും ഇവർ ഏറ്റെടുത്തു നടത്തിവരുന്നു. കിർത്താഡ്സിന്റെ വിവിധ പരിപാടികളുടെ വിഹിതവും ചെലവും **അനുബന്ധം 8.2.32** –ൽ നൽകിയിട്ടുണ്ട്.

കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽ നിന്നുള്ള സംരഭകരുടെ ആവശ്യങ്ങൾക്കും അഭിലാഷങ്ങൾക്കും യോജിക്കുന്ന തരത്തിലുള്ള ക്ഷേമ പരിപാടികളും വിവിധ വരുമാനദായകമായ പദ്ധതികളും കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നു. കോർപ്പറേഷൻ നടപ്പിലാക്കിരുന്ന പദ്ധതികളെ, ഒറ്റത്തവണ വായ്പാ പദ്ധതി, ദേശീയ പട്ടികജാതി ധനകാര്യ വികസന കോർപ്പറേഷനു (എൻ.എസ്. എഫ്.ഡി.സി.) മായി ചേർന്നു നടപ്പിലാക്കുന്ന പദ്ധതികൾ, ദേശീയ പട്ടികർഗ്ഗ ധനകാര്യ വികസന കോർപ്പറേഷനുമായി (എൻ.എസ്.ടി.എഫ്.ഡി.സി.) ചേർന്ന് നടപ്പിലാക്കുന്ന പദ്ധതികൾ എന്നിങ്ങനെ തരം തിരിക്കാവുന്നതാണ്. കോർപ്പറേഷന്റെ വരുമാനദായക പ്രവർത്തനങ്ങളാണ് മൾട്ടി പർപ്പസ് യൂണിറ്റ് വായ്പ, ഗതാഗതപദ്ധതി, സംരംഭം ആരംഭിക്കാനുള്ള വായ്പ, റിട്ടേൺ, കുടിയേറ്റക്കാരുടെ പുനരധിവാസത്തിനുള്ള വായ്പ, വിദേശ തൊഴിൽ വായ്പ, മൈക്രോ ക്രെഡിറ്റ് ഫിനാൻസ് വായ്പ, ലഘു വ്യവസായ വായ്പ, വനിതാ ശാക്തീകരണ പദ്ധതി, മഹിളാസമൃദ്ധി യോജന, മൃഗ സംരക്ഷണ വായ്പ എന്നിവ. 2018–19 –ൽ കോർപ്പറേഷൻ 2967.17 ലക്ഷം

രൂപ വിതരണം ചെയ്യുകയും 5486 പട്ടികജാതിക്കാർക്കും 336 പട്ടിക വർഗ്ഗ ഗുണഭോക്താക്കൾക്കും ഇതിന്റെ പ്രയോജനം ലഭിക്കുകയും ചെയ്തിട്ടുണ്ട്. 2019 20 ൽ (2019 സെപ്റ്റംബർ 30 വരെ) 1895 പട്ടികജാതി ഗുണഭോക്താക്കൾക്കും, 133 പട്ടിക വർഗ ഗുണഭോക്താക്കൾക്കും വിവിധ വരുമാനദായക പ്രവർത്തനങ്ങൾക്കായി ധനസഹായം നൽകിയിട്ടുണ്ട്. കോർപ്പറേഷന്റെ പദ്ധതി തിരിച്ചുള്ള ഭൗതിക സാമ്പത്തിക നേട്ടങ്ങൾ **അനുബന്ധം– 8.2.33** –ൽ ചേർത്തിട്ടുണ്ട്.

മറ്റ് പിന്നാക്ക വിഭാഗങ്ങളുടെ ക്ഷേമം

രാജ്യത്തെ മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ സംസ്ഥാന ജനസംഖ്യയുടെ 65 ശതമാനത്തിൽ അധികം ജനങ്ങളും പിന്നാക്ക വിഭാഗത്തിൽപ്പെടുന്നവരാണ്. ഭരണ ഘടനയുടെ 340–ാം അനുഛേദം പ്രകാരവും മണ്ഡൽ കമ്മീഷന്റെ ശുപാർശയുടെ അടിസ്ഥാനത്തിലും പിന്നാക്ക വിഭാഗക്കാരുടെ സാമൂഹികവും സാമ്പത്തികവുമായ ക്ഷേമത്തിനായി സംസ്ഥാന സർക്കാർ 2011 നവംബറിൽ പിന്നാക്ക വിഭാഗ വികസന വകുപ്പ് രൂപീകരിക്കുകയുണ്ടായി. സാമൂഹികമായും സാമ്പത്തികമായും പിന്നാക്കം നിൽക്കുന്നവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരാൻ വേണ്ടി ഒ.ബി.സി, ഒ.ഇ.സി. വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ പദ്ധതികൾ ഉൾപ്പെടെ ഒട്ടനവധി പദ്ധതികൾ വകുപ്പ് നടപ്പിലാക്കിവരുന്നുണ്ട്.

പ്രളയത്തിൽ ജീവനോപാധികൾ നഷ്ടമായ പിന്നാക്ക വിഭാഗങ്ങളുടെ ഉപജീവന മാർഗ്ഗം പുനസ്ഥാപിക്കുവാനായി 'പ്രളയ ബാധിത പ്രദേശങ്ങളിലെ ജനങ്ങൾക്ക് സ്വന്തമായി വരുമാനം ഉണ്ടാക്കുന്നതിനായ് നൈപുണ്യ വികസനം', 'പ്രളയ ബാധിത പ്രദേശങ്ങളിലെ പരമ്പരാഗത തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്ന സമുദായങ്ങൾക്ക് ജീവനോപാധി പുനസ്ഥാപന സഹായം' എന്നീ രണ്ട് പുതിയ പദ്ധതികൾ 2019–20 ൽ ഉൾപ്പെടുത്തുകയും ഇതിനായി 1.5 കോടി രൂപ പദ്ധതി വിഹിതമായി വകയിരുത്തുകയും ചെയ്യുകയുണ്ടായി. ഒ.ബി.സി വിഭാഗക്കാർക്കുള്ള വിദ്യാഭ്യാസ പദ്ധതികളിൽ പ്രീമെട്രിക് സ്കോളർഷിപ്പുകളും പോസ്റ്റ് മെട്രിക് സ്കോളർഷിപ്പുകളും ഉൾപ്പെടുന്നു. 2018–19 സാമ്പത്തിക വർഷത്തിൽ 1,20,466 ഒ.ബി.സി വദ്യാർത്ഥികൾക്ക് പോസ്റ്റ് മെട്രിക്ക് സ്കോളർഷിപ്പും, 1,79,850 വിദ്യർത്ഥികൾക്ക് പ്രീമെട്രിക് സ്കോളർഷിപ്പും വഴി പ്രയോജനം ലഭിക്കുകയുണ്ടായി. ഒ.ഇ.സി. വിദ്യാഭ്യാസ ധനസഹായ പദ്ധതിയിലൂടെ 2,24,430 ഒ.ഇ.സി. വിദ്യാർത്ഥികൾക്ക് പോസ്റ്റ് മെട്രിക് സ്കോളർഷിപ്പും 2,76,328 വിദ്യാർത്ഥികൾക്ക് പ്രീ മെട്രിക് സ്കോളർഷിപ്പും ലഭിച്ചിട്ടുണ്ട്. വകുപ്പ് നടപ്പിലാക്കി വരുന്ന മറ്റ് സാമൂഹിക ക്ഷേമ പദ്ധതികളിൽ തൊഴിലവസര വർദ്ധന പരിപാടി, വിദേശ പഠനത്തിനുള്ള സ്കോളർഷിപ്പ്, ആട്ടോമൊബൈൽ വ്യവസായ മേഖലയിലെ തൊഴിൽ, പരമ്പരാഗത തൊഴിലുകൾക്കുള്ള സഹായം, ഹോസ്റ്റൽ നിർമ്മാണം തുടങ്ങിയവയും ഉൾപ്പെടുന്നു. പരമ്പരാഗത തൊഴിൽ സംരക്ഷണത്തിന്റെ ഭാഗമായി ഗ്രാമീണ മേഖലയിലെ പരമ്പരാഗത ബാർബർ മാരെ നവീകരിക്കുന്നതിന്റെ ഭാഗമായി 2016–17 മുതൽ 'പരമ്പരാഗത ബാർബർ ഷോപ്പുകളുടെ നവീകരണം' എന്ന പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. 2018–19 ൽ 'പരമ്പരാഗത ബാർബർ ഷോപ്പുകളുടെ നവീകരണം' എന്ന പദ്ധതിയിലൂടെ 752 വ്യക്തികൾക്കും 'പരമ്പരാഗത കരകൗശല വിദഗ്ദ നൈപുണ്യ വികസന പരിശീലനവും പണി ആയുധങ്ങൾക്ക് ഗ്രാന്റും' എന്ന പദ്ധതിയിലൂടെ 2484 വ്യക്തികൾക്കും പ്രയോജനം ലഭിച്ചിട്ടുണ്ട്.

2018–19 സാമ്പത്തിക വർഷം പിന്നാക്ക വിഭാഗ വികസന വകുപ്പിന് ബഡ്ജറ്റ് വിഹിതമായി വകയിരുത്തിയ 304.26 കോടി രൂപയിൽ 172.70 കോടി രൂപയും ചെലവഴിക്കുകയുണ്ടായി. 2019–20 ൽ വകയിരുത്തിയ 158.90 കോടി രൂപയിൽ 92.40 കോടി രൂപ സംസ്ഥാന സർക്കാർ വിഹിതവും (കേന്ദ്രാവിഷ്കൃത പദ്ധതികളുടെ സംസ്ഥാന വിഹിതം ഉൾപ്പെടെ) ബാക്കി തുക 66.50 കോടി രൂപ കേന്ദ്ര വിഹിതവുമാണ്. 2019 സെപ്റ്റംബർ 30 വരെ വകുപ്പ് 62.70 കോടി രൂപ (39.46 ശതമാനം) ചെലവഴിച്ചിട്ടുണ്ട്. 2018–19, 2019–20 (2019 സെപ്റ്റംബർ 30 വരെ) വർഷങ്ങളിൽ വകുപ്പ് നടപ്പിലാക്കിയ വിവിധ പരിപാടികളുടെ ചെലവും ഭൗതീക നേട്ടവും **അനുബന്ധം 8.2.34** ലും, **അനുബന്ധം 8.2.35** ലും ചേർത്തിരിക്കുന്നു.

കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ (കെ.എസ്.ബി.സി.ഡി.സി)

സംസ്ഥാന തലത്തിൽ കെ.എസ്.ബി.സി.ഡി.സി. യാണ് വിവിധ ദേശീയ ധനകാര്യ ഏജൻസികളുടെ ഏകോപന ചാനലായി പ്രവർത്തിക്കുന്നത്. ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള പിന്നാക്ക വിഭാഗക്കാർക്ക് കുറഞ്ഞ പലിശ നിരക്കിൽ കോർപ്പറേഷൻ ധനസഹായം നൽകി വരുന്നുണ്ട്. വിവാഹ ധനസഹായ പദ്ധതി, വിദ്യാശ്രീ വായ്പ, വിദേശത്ത് തൊഴിലിനായുള്ള വായ്പ, സുവർണ്ണശ്രീ വായ്പ എന്നീ ക്ഷേമ പദ്ധതികൾ കോർപ്പറേഷൻ തനതുഫണ്ടും സംസ്ഥാന സർക്കാർ സഹായവും വിനിയോഗിച്ച് നടപ്പിലാക്കിവരുന്നു. 2018–19–ൽ കോർപ്പറേഷൻ 475.52 കോടി രൂപ വായ്പയായി വിതരണം ചെയ്യുകയും ഇത് വഴി 46,719 പേർക്ക് പ്രയോജനപ്പെടുകയും ചെയ്തിട്ടുണ്ട്. ഇതിൽ 37,445 (80.15 ശതമാനം) പേർ വനിതകളാണ്. 2019–20–ൽ (2019 സെപ്റ്റംബർ 30 വരെ) കോർപ്പറേഷൻ 12,054 പേർക്കായി 202.75 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്.

2018–19, 2019–20, (2019–സെപ്റ്റംബര്വരെ)

വർഷങ്ങളിലെ കോർപ്പറേഷന്റെ വിഭവ ലഭ്യതയും ചെലവും ഭൗതിക നേട്ടവും **അനുബന്ധം 8.2.36** –ൽ കൊടുത്തിട്ടുണ്ട്.

കേരള സംസ്ഥാന പരിവർത്തിക ക്രൈസ്തവ ശ്രുപാർശിത വിഭാഗ വികസന കോർപ്പറേഷൻ

ഇൻഡ്യൻ കമ്പനീസ് ആക്റ്റ് 1956 അനുസരിച്ച്, 1980–ലാണ് കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശ്രുപാർശിത വിഭാഗ വികസന കോർപ്പറേഷൻ രൂപീകരിച്ചത്. പട്ടികജാതി വിഭാഗങ്ങളിൽ നിന്നും മറ്റു ശ്രുപാർശിത വിഭാഗങ്ങളിൽ നിന്നും ക്രിസ്ത്യൻ വിഭാഗത്തിലേയ്ക്ക് പരിവർത്തിതപ്പെട്ടവരുടെ സാമൂഹികവും, വിദ്യാഭ്യാസപരവും, സാംസ്കാരികവും, സാമ്പത്തികവുമായ ഉന്നമനവും അവരുടെ ജീവിത നിലവാരം ഉയർത്തുകയും ചെയ്യുക എന്നതാണ് കോർപ്പറേഷന്റെ പ്രധാന ലക്ഷ്യം. സംസ്ഥാന സർക്കാരിൽ നിന്നും വാർഷികാടിസ്ഥാനത്തിൽ ലഭിക്കുന്ന ഓഹരി മൂലധന സഹായവും ഗ്രാന്റുകളും എൻ.ബി.സി.എഫ്.ഡി.സി യിൽ നിന്നും ലഭിക്കുന്ന വായ്പാ സഹായവുമാണ് കോർപ്പറേഷന്റെ പ്രധാന ധനസ്രോതസ്സുകൾ. കൃഷിഭൂമി വാങ്ങൽ, സ്വയം തൊഴിൽ, പാർപ്പിടം, വിദ്യാർത്ഥികൾക്ക് ധനസഹായം, വിവാഹ വായ്പ, കൃഷിയും അനുബന്ധ മേഖലയിലുമുള്ള സഹായം, ചെറുകിട കച്ചവടം, വിദ്യാഭ്യാസ വായ്പ തുടങ്ങിയവയാണ് കോർപ്പറേഷൻ നടപ്പിലാക്കുന്ന പ്രധാന പദ്ധതികൾ. 2013–14 മുതൽ 2019–20 (സെപ്റ്റംബർ 30 വരെ) സംസ്ഥാനസർക്കാർ സഹായത്തോടെ നടപ്പിലാക്കിയ വായ്പ പദ്ധതികളുടെ വിശദാംശങ്ങൾ **അനുബന്ധം 8.2.37** ലും, ഓരോ പദ്ധതിയുടെയും സാമ്പത്തിക ഭൗതിക നേട്ടങ്ങൾ **അനുബന്ധം 8.2.38**–ൽ കൊടുത്തിരിക്കുന്നു.

ന്യൂനപക്ഷ ക്ഷേമം

2001 മുതൽ 2011 വരെയുള്ള പത്ത് വർഷക്കാലയളവിലെ കനേഷുമാരി പ്രകാരം സംസ്ഥാനത്തെ ന്യൂനപക്ഷ ജനവിഭാഗങ്ങളുടെ ജനസംഖ്യാ ശതമാനം 43.84 ൽ നിന്നും 44.99 ആയി വർദ്ധിച്ചിട്ടുണ്ട്. 1992 ലെ ദേശീയ ന്യൂനപക്ഷ കമ്മീഷൻ നിയമപ്രകാരം മുസ്ലിം, ക്രിസ്ത്യൻ, സിഖ്, പാർസി, എന്നി മതവിഭാഗക്കാരോടൊപ്പം 2014 മുതൽ ജൈന മത വിഭാഗക്കാരെകൂടി ന്യൂനപക്ഷ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ന്യൂനപക്ഷ സമുദായങ്ങളുടെ സാമൂഹികവും സാമ്പത്തികവുമായ പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിനായുള്ള ജസ്റ്റീസ് രജീന്ദർ സച്ചാർ കമ്മറ്റിയുടെയും പാലൊളി മുഹമ്മദ്കുട്ടി കമ്മറ്റിയുടെയും റിപ്പോർട്ടുകൾ നടപ്പിലാക്കുന്നതിനായി 2012–ൽ സംസ്ഥാനത്ത് ന്യൂനപക്ഷ ക്ഷേമ വകുപ്പ് രൂപീകരിക്കുകയുണ്ടായി. വിദ്യാഭ്യാസം, ധനസഹായം, ന്യൂനപക്ഷ കേന്ദ്രീകൃത മേഖലയിലെ കുടിവെള്ള വിതരണ പദ്ധതി, വിവാഹബന്ധം വേർപെടുത്തിയ വിധവകളായ ഭർത്താവ് ഉപേക്ഷിച്ച ന്യൂനപക്ഷ വിഭാഗത്തിലെ സ്ത്രീകൾക്കുള്ള ഭവന പദ്ധതി, വിവാഹ പൂർവ്വ കൗൺസിലിംഗ് എന്നിവയാണ് ന്യൂനപക്ഷ ക്ഷേമ വകുപ്പ് സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന പ്രധാന പദ്ധതികൾ.

2018–19 വർഷം കേന്ദ്രസഹായം ഉൾപ്പെടെ സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയ 105.75 കോടി രൂപയിൽ 73.46 (69.46 ശതമാനം) കോടി രൂപയും ചെലവഴിക്കുകയുണ്ടായി. 2019–20 സാമ്പത്തിക വർഷത്തിൽ സംസ്ഥാനം വകയിരുത്തിയ 63.75 കോടി രൂപയിൽ 10 കോടി രൂപ കേന്ദ്രാവിഷ്കൃത പദ്ധതിയുടെ സംസ്ഥാന വിഹിതമാണ്. പ്രധാന മന്ത്രി ജൻ വികാസ് കാര്യക്രമത്തിന്റെ 60 ശതമാനം കേന്ദ്ര സഹായമായി 15 കോടി രൂപ 2019–20 ൽ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. 2018–19, 2019–20 (സെപ്റ്റംബർ 30 വരെ) വർഷങ്ങളിൽ വകുപ്പ് നടപ്പിലാക്കിയ പദ്ധതികളുടെ ഭൗതിക, സാമ്പത്തിക നേട്ടങ്ങൾ അനുബന്ധം 8.2.39 –ലും, **അനുബന്ധം 8.2.40** –ലും ചേർത്തിരിക്കുന്നു.

കേരള സംസ്ഥാന ന്യൂനപക്ഷ ധനകാര്യ വികസന കോർപ്പറേഷൻ

മുസ്ലിം, ക്രിസ്ത്യൻ, സിഖ്, പാർസി, ബുദ്ധ, ജൈന തുടങ്ങിയ ന്യൂനപക്ഷ വിഭാഗങ്ങളുടെ ക്ഷേമത്തിനായി പൂർണ്ണമായും സർക്കാർ ഉടമസ്ഥതയിൽ 2013 മാർച്ച് 22 ന് കേരള സംസ്ഥാന ന്യൂനപക്ഷ ധനകാര്യ വികസന കോർപ്പറേഷൻ രൂപീകരിക്കുകയുണ്ടായി. സ്വയം തൊഴിൽ വായ്പ, ബിസിനസ് വികസന വായ്പ, വിദ്യാഭ്യാസ വായ്പ, വിസ വായ്പ, പ്രവാസി വായ്പ, ജീവനക്കാർക്കുള്ള വിവിധോദ്ദേശ്യ വായ്പ, മദ്രസ്സ പൊതുവിഭാഗ അദ്ധ്യാപകർക്കും ഭവന വായ്പ മുതലായവയാണ് കോർപ്പറേഷൻ നടപ്പിലാക്കി വരുന്ന പ്രധാന പദ്ധതികൾ. വിവിധ വായ്പകളും സ്കീമുകളും നടപ്പിലാക്കുന്നതിന് സംസ്ഥാന ഗവൺമെന്റിൽ നിന്നും ഓഹരി മൂലധനമായി 56.93 കോടി രൂപയും ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനിൽ നിന്നും ധനസഹായമായി 57.05 കോടി രൂപയും നാളിതുവരെ കോർപ്പറേഷന് ലഭിച്ചിട്ടുണ്ട്.

2018–19 ൽ ഓഹരി മൂലധനമായി സംസ്ഥാന സർക്കാരിൽനിന്നും കോർപ്പറേഷന് ലഭിച്ചത് 15 കോടി രൂപയാണ്. കോർപ്പറേഷന്റെ സാമ്പത്തിക ഭൗതിക നേട്ടങ്ങൾ **അനുബന്ധം 8.2.41** –ൽ നൽകിയിരിക്കുന്നു.

മുന്നാക്ക സമുദായങ്ങളുടെ ക്ഷേമം

2011 ലെ കാനേഷുമാരി പ്രകാരം 168 സമുദായങ്ങൾ മുന്നാക്ക വിഭാഗങ്ങിൽ ഉൾപ്പെടുന്നുണ്ട് അതിൽ 19 സമുദായങ്ങൾ ക്രിസ്ത്യൻ മതവിഭാഗത്തിൽപ്പെട്ടവരാണ്.

ഈ സമുദായങ്ങളിലെ നല്ലൊരുഭാഗം ആളുകൾ കടുത്ത സാമ്പത്തിക പിന്നാക്കാവസ്ഥ നേരിടുന്നവരാണ്. മുന്നാക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവരുടെ സാമൂഹിക സാമ്പത്തിക ഉന്നമനം ലക്ഷ്യമാക്കിയാണ് സംസ്ഥാന സർക്കാർ 2012 നവംബർ 8-ന് മുന്നാക്ക സമുദായ കോർപ്പറേഷൻ രൂപീകരിച്ചത്.

കോർപ്പറേഷൻ നടപ്പിലാക്കുന്ന പ്രധാന പരിപാടികളിൽ സ്കോളർഷിപ്പ്, പരിശീലനത്തിനുള്ള സഹായം, തവണ വായ്പ സഹായം, നൈപുണ്യ സംരംഭകത്വ വികസനം, ശിഥിലമായ അഗ്രഹാരങ്ങളുടെയും വീടുകളുടെയും പുനരുദ്ധാരണം എന്നിവയാണ്. 2018-19 സാമ്പത്തികവർഷം വിവിധ പരിപാടികൾക്കായി കോർപ്പറേഷന് ബഡ്ജറ്റിൽ വകയിരുത്തിയ 42 കോടി രൂപയിൽ 12.60 കോടി രൂപ (30 ശതമാനം തുക) ചെലവഴിച്ചിട്ടുണ്ട്. 2019-20 ലും കോർപ്പറേഷന്റെ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനായി 42 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. 2018-19,2019-20 (സെപ്റ്റംബർ 30 വരെ) വർഷങ്ങളിൽ കോർപ്പറേഷൻ നടപ്പിലാക്കിയ പദ്ധതികളുടെ ഭൗതിക, സാമ്പത്തിക നേട്ടങ്ങൾ **അനുബന്ധം 8.2.42** -ൽ ചേർത്തിരിക്കുന്നു.

ഭാവിസാധ്യതകൾ

ദുർബല വിഭാഗക്കാരുടെ, പ്രത്യേകിച്ചും പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ വിദ്യാഭ്യാസവും സാമ്പത്തികവുമായ താൽപര്യങ്ങൾ പ്രത്യേക ശ്രദ്ധയോടു കൂടി പ്രോത്സാഹിപ്പിക്കുമെന്നും അവരെ സാമൂഹിക അനീതികളിൽനിന്നും എല്ലാത്തരം ചൂഷണങ്ങളിൽനിന്നും സംരക്ഷിക്കുമെന്നും ഭരണഘടനയുടെ 46-ാം അനുച്ഛേദത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. സാമൂഹികമായും സാമ്പത്തികമായും ശാക്തീകരിക്കപ്പെട്ട ഒരു സമൂഹത്തെ സൃഷ്ടിക്കുകയും എല്ലാവരും അന്തസോടെ ജീവിക്കുകയുമാണ് ഇതുകൊണ്ട് ലക്ഷ്യമാക്കുന്നത്. തൊട്ടുകൂടായ്മ എന്ന അനാചാരം നിയമപരമായി നിരോധിച്ചിട്ടുണ്ടെങ്കിലും, പട്ടികജാതിക്കാരും പട്ടികവർഗ്ഗക്കാരും സാമൂഹികവും, മതപരവും, സാമ്പത്തികവും, രാഷ്ട്രീയപരവുമായ തലങ്ങളിൽ ഇന്നും വിവേചനം നേരിടുന്നുണ്ട്. അതുകൊണ്ട് ഭരണഘടനയുടെ ലക്ഷ്യങ്ങളെ കുറിച്ചും കേരളത്തിലെ സാമൂഹിക പരിഷ്ക്കരണ ഉദ്യമങ്ങളുടെ മൂല്യങ്ങളെ കുറിച്ചും ജനങ്ങളെ ബോധവല്ക്കരിക്കേണ്ടതുണ്ട്. അതുപോല പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ വികസനത്തിനായി കേന്ദ്രസർക്കാരുകളും സംസ്ഥാന സർക്കാരും പ്രാദേശിക സർക്കാരുകളും നടപ്പിലാക്കിവരുന്ന വിവിധങ്ങളായ ക്ഷേമ-വികസന പരിപാടികളെക്കുറിച്ച് പട്ടികജാതി - പട്ടികവർഗ്ഗ ജനസമൂഹത്തിൽ അവബോധം സൃഷ്ടിക്കുന്നതിനുവേണ്ട നടപടിയും സ്വീകരിക്കേണ്ടതുണ്ട്. വിദ്യാഭ്യാസം, ആരോഗ്യപരിരക്ഷ, വായ്പാ സൗകര്യങ്ങൾ, തൊഴിലധിഷ്ഠിത പരിശീലനങ്ങൾ എന്നിവയുടെ വിശദാംശങ്ങൾ പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് ലഭ്യമാക്കേണ്ടതുണ്ട്. പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് വേണ്ടി നടപ്പിലാക്കുന്ന ക്ഷേമ പദ്ധതികളുടെ പ്രയോജനങ്ങൾ ആവശ്യക്കാർക്കു തന്നെ ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനായി കർശനമായ നിരീക്ഷണ സംവിധാനങ്ങളും ആവിഷ്കരിക്കേണ്ടതായിട്ടുണ്ട്. ഇത്തരം നടപടികളിലൂടെ പാർശ്വവൽക്കരിക്കപ്പെട്ട സാമൂഹ്യ വിഭാഗങ്ങളുടെ സാമൂഹിക സാമ്പത്തിക നിലവാരം മെച്ചപ്പെടുത്തുന്നതിനും അതുവഴി ചരിത്രപരമായി തന്നെ സാമൂഹികമായ അടിച്ചമർത്തലിന് ഇരയാക്കപ്പെട്ടവരെ കാര്യമായി ശാക്തീകരിക്കുന്നതിനും കഴിയും.

8.3 സാമൂഹ്യ സുരക്ഷാ നടപടികൾ

ജീവിത ചക്രത്തിലുടനീളെയുള്ള ദുരിതങ്ങളെയും ദാരിദ്യത്തെയും പ്രതിരോധിക്കുവാനും കുറയ്ക്കുവാനുമായി രൂപകല്പന ചെയ്തിട്ടുള്ള നയങ്ങളുടെയും പരിപാടികളുടെയും ഒരു കൂട്ടമായാണ് മനുഷ്യാവകാശമായ സാമൂഹ്യ സുരക്ഷ അർത്ഥമാക്കുന്നത്. സുസ്ഥിര വികസനം നേടുന്നതിനും സാമൂഹ്യ നീതി പ്രോത്സാഹിപ്പിക്കുന്നതിനും ഇത് ഒരു പ്രധാന പങ്കു വഹിക്കുന്നു. കുടുംബ വരുമാനം വർദ്ധിപ്പിച്ചും, മാനുഷിക വികസനവും പ്രത്യുത്പാദന ക്ഷമതയും വളർത്തിയും ആഭ്യന്തര ആവശ്യം വർദ്ധിപ്പിച്ചും സാമ്പത്തികസ്ഥിതിയുടെ ഘടനയായ പരിവർത്തനം നടത്തുകയും തൊഴിൽ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നതുവഴി ജീവിത ചക്രത്തിലെ ദാരിദ്യവും ദുരിതങ്ങളും കുറയ്ക്കുവാനും സുസ്ഥിരമായതും അംഗീകാരമുള്ളതുമായ വളർച്ചയ്ക്കു പിന്തുണ നൽകുവാനുമുള്ള ദേശീയ വികസന തന്ത്രങ്ങളുടെ മർമ്മ പ്രധാനമായ ഘടകങ്ങളാണ് സാമൂഹ്യ സുരക്ഷിതത്വത്തിന്റെ നയങ്ങൾ. എല്ലാ ജനങ്ങളുടെയും സുഖകരമായ ജീവിതം ഉറപ്പിക്കുകയെന്നതാണ് സദ്ഭരണത്തിന്റെയും വികസനത്തിന്റെയും അടിസ്ഥാന തത്വം. മോശകരമായ അവസ്ഥയിലുള്ള ജനങ്ങളെ അഭിവൃദ്ധി പെടുത്തുന്നതിനു ലക്ഷ്യമിട്ടുള്ള ഇടപെടലുകൾ ആവശ്യമാണ്. ലോകത്താകമാനമുള്ള വരുമാനം/ആസ്തി അസമത്വം വർദ്ധിക്കുന്നതിന്റെ തെളിവുകൾക്കൊപ്പം, അടിസ്ഥാന സാധനങ്ങളുടെയും സേവനങ്ങളുടെയും പൊതു വിതരണത്തിന്റെ ആവശ്യകത നിർണ്ണായക പ്രാധാന്യം അർഹിക്കുന്നു. ഐ എൽ ഓ റിപ്പോർട്ട് 2017–19 പ്രകാരം എല്ലാ ജനങ്ങൾക്കും ജനനം മുതൽ പ്രായാധിക്യം വരെ ആവശ്യമുള്ള പ്രകാരം സാമൂഹ്യ സുരക്ഷ രാജ്യങ്ങൾ നൽകേണ്ടതാണ്. ഇതോടൊപ്പം ഉയർന്ന തല സംരക്ഷണം പൂർണ്ണതയിൽ നൽകുന്നതിനായി ഒരു വിഹിതം നൽകിക്കൊണ്ടുള്ള സാമൂഹ്യ ഇൻഷുറൻസ് പദ്ധതികളും ആവിഷ്കരിക്കേണ്ടാതാണ്.

വിദ്യാഭ്യസ, സാമ്പത്തിക സാമൂഹ്യ വികസന പരിപാടികളും ആവശ്യമായ പുനരധിവാസവും നൽകി നിർദ്ദിഷ്ട വിഭാഗങ്ങൾക്ക് പിന്തുണ നൽകുകയും ശാക്തീകരിക്കുകയും ചെയ്യുക എന്നതാണ് സാമൂഹ്യ സുരക്ഷാ നടപടികളുടെ ഉദ്ദേശം. സാമൂഹ്യ സുരക്ഷിതത്വത്തിന്റെ 2 വശങ്ങളായ 'സംരക്ഷണം' ഉദ്ദേശിക്കുന്നത് അപകടങ്ങൾ, ദാരിദ്ര്യം, അനാരോഗ്യം, തൊഴിലില്ലായ്മ, എന്നിവ മൂലം ജീവിത സാഹചര്യങ്ങളിലും ജീവിത നിലവാരത്തിലും ഉണ്ടാകുന്ന തകർച്ചയിൽ നിന്നും സംരക്ഷണം എന്നതും 'ഉയർച്ച' ലക്ഷ്യമിടുന്നത് ജീവിത നിലവാരങ്ങൾ മെച്ചപ്പെടുത്തലും ഇല്ലായ്മകൾ മൂലമുണ്ടാകുന്ന വൈകല്യങ്ങളെ തരണം ചെയ്യുവാൻ വ്യക്തികളെ സഹായിക്കുകയെന്നതുമാണ്.

സുസ്ഥിര വികസന പദ്ധതികൾ ലക്ഷ്യം കൈവരിക്കുന്നതിനായി സർക്കാർ പദ്ധതികളിലെ ഇരട്ടിക്കലും ഒരു പ്രവൃത്തി പൂർത്തിയാക്കും മുൻപ് തുടർന്നുള്ള പ്രവൃത്തി ആരംഭിക്കുന്നതു ഒഴിവാക്കേണ്ടതും സമഗ്രമായ ഉൾപ്പെടുത്തൽ ഉറപ്പാക്കേണ്ടതും വിടവുകളുണ്ടെങ്കിൽ ആവശ്യമായ പുതിയ ഇടപെടലുകൾ കണ്ടെത്തേണ്ടതുമാണ്.

അംഗപരിമിതർ, മുതിർന്നവർ, ക്ലേശകരമായ ജീവിതം നയിക്കുന്ന സ്ത്രീകളും കുട്ടികളും എന്നിവർക്ക് സാമൂഹ്യ സുരക്ഷാ നടപടികൾ കൈക്കൊള്ളുന്ന കാര്യത്തിൽ കേരളം കൈവരിച്ച നേട്ടങ്ങൾ അനവധിയാണ്. കേരളത്തിൽ സാമൂഹ്യനീതി വകുപ്പും വനിതാ ശിശു വികസന വകുപ്പും അതിന്റെ കീഴിൽ പ്രവർത്തിക്കുന്ന മറ്റ് ഏജൻസികളുമാണ് സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവുമായി ബന്ധപ്പെട്ട വിഷയങ്ങൾ കൈകാര്യം ചെയ്യുന്നത്. സാമൂഹ്യസുരക്ഷാ പരിപാടികൾക്കായി നിലകൊള്ളുന്ന വകുപ്പുകളും ഏജൻസികളും അവരുടെ പ്രധാന പ്രവർത്തനങ്ങളും **അനുബന്ധം 8.3.1** –ൽ കൊടുത്തിരിക്കുന്നു.

കേരളത്തിലെ സാമൂഹ്യ സുരക്ഷാ പരിപാടികളുടെ തരം തിരിവ്

കേരളത്തിലെ സാമൂഹ്യ സുരക്ഷാ പരിപാടികളെ രണ്ട് വിഭാഗമായി തരം തിരിക്കാവുന്നതാണ്.

എ . സ്ഥാപനങ്ങളിലൂടെ നൽകുന്ന സംരക്ഷണം
ബി. സാമൂഹ്യ സഹായ പരിപാടികൾ

എ. സ്ഥാപനങ്ങളിലൂടെ നൽകുന്ന സംരക്ഷണം

സംസ്ഥാനത്ത് സർക്കാരും സർക്കാരിതര സംഘടനകളും മറ്റു സന്നദ്ധ സംഘടനകളും ചേർന്ന് സമൂഹത്തിൽ ദുർബലരായവർക്ക് സ്ഥാപനങ്ങളിലൂടെ പരിചരണവും സംരക്ഷണവും നൽകുന്നു. സംസ്ഥാനത്ത് സാമൂഹ്യ സുരക്ഷ പദ്ധതികൾ നടപ്പാക്കുന്നതിനുള്ള നോഡൽ ഏജൻസി സാമൂഹ്യ നീതി വകുപ്പ് ആയിരുന്നു. സ്ത്രീകളുടെയും കുട്ടികളുടെയും ശാക്തീകരണവും ക്ഷേമവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് അർത്ഥവത്തായ പ്രാധാന്യം നൽകുന്നതിനായി 2017–18ൽ സാമൂഹ്യനീതിവകുപ്പ് വിഭജിച്ച് സ്ത്രീകൾക്കും കുട്ടികൾക്കുമുള്ള വികസന വകുപ്പ് രൂപീകരിച്ചു. സ്ത്രീകളെയും കുട്ടികളെയും സംബന്ധിക്കുന്ന വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിനും കേന്ദ്ര സംസ്ഥാന പദ്ധതികൾ നടപ്പാക്കുന്നതിനുമുള്ള നോഡൽ ഏജൻസി വനിതാശിശു വികസനവകുപ്പാണ്. സാമൂഹ്യ നീതി വകുപ്പിന് കീഴിൽ 29 ക്ഷേമ സ്ഥാപനങ്ങളും 2 തൊഴിൽ പരിശീലന കേന്ദ്രങ്ങളും ഉണ്ട്. അംഗപരിമിതരുടെയും മുതിർന്നവരുടെയും പരിചരണം സംരക്ഷണം, പുനരധിവാസം എന്നിവ ഈ സ്ഥാപനങ്ങളുടെ ചുമതലയിൽപ്പെടുന്നു. ഇതിൽ 16 സ്ഥാപനങ്ങൾ മുതിർന്നവർക്കായുള്ളതും 15 സ്ഥാപനങ്ങൾ ഭിന്നശേഷിക്കാർക്കുള്ളതുമാണ്. വനിതാശിശുവികസന വകുപ്പിൻ കീഴിൽ വനിതകളുടെയും ശിശുക്കളുടെയും സംരക്ഷണത്തിനും പുനരധിവാസത്തിനുമായി 44 സ്ഥാപനങ്ങൾ പ്രവർത്തിച്ചു വരുന്നു. ഇതിൽ 28 സ്ഥാപനങ്ങൾ കുട്ടികൾക്കുള്ളതും 16 സ്ഥാപനങ്ങൾ സ്ത്രീകൾക്കുള്ളതുമാണ്. സ്ഥാപനങ്ങളിലൂടെയുള്ള സേവനം മുഖേന സാമൂഹ്യ നീതി വകുപ്പും വനിതശിശു വികസന വകുപ്പും 2100 ൽ അധികം പേർക്കും സർക്കാരിതര സംഘടനകൾ മുഖേന 52000–ലധികം പേർക്കും പുനരധിവാസം നൽകിയിട്ടുണ്ട്. ഈ കാലയളവിൽ വകുപ്പുകളുടെ കീഴിലുള്ള ചില ക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസികളുടെ എണ്ണം അനുവദനീയമായ അംഗങ്ങളേക്കാൾ കുറവാണെന്ന് കാണാം. രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ 2018–19 ലെ അനുവദനീയമായ അംഗസംഖ്യ 91042 ആണെന്നിരിക്കെ അന്തേവാസികളുടെ എണ്ണം 52559 ആയിരുന്നു. ഇത് മൊത്തം അനുവദനീയമായ സംഖ്യയുടെ 58 ശതമാനം വരും. വകുപ്പിന്റെ കീഴിലുള്ള ക്ഷേമ സ്ഥാപനങ്ങളിൽ, ആശാഭവൻ, വൃദ്ധസദനങ്ങൾ, കൗമാരപ്രായക്കാർക്കുള്ള ആഫ്റ്റർ കെയർ ഹോമുകൾ, പ്രതീക്ഷാഭവൻ, പ്രത്യാശാഭവൻ, തൊഴിൽ പരിശീലന കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ അന്തേയവാസികളുടെ എണ്ണം അനുവദനീയമായ അംഗസംഖ്യയേക്കാൾ കൂടുതലാണ്. വകുപ്പിന്റെ കീഴിൽ രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിർഭയ ഷെൽട്ടർ ഹോമുകളിൽ (വനിതശിശു ഭവനങ്ങൾ) അന്തേവാസികളുടെ എണ്ണം അനുവദനീയമായ അംഗസംഖ്യയേക്കാൾ കൂടുതലും അനാഥർക്കുള്ള സ്ഥാപനങ്ങളിൽ കുറവും ആയിരുന്നു. എന്നിരുന്നാലും ഇന്റലക്ച്വൽ ഡിസബലിറ്റീസ് (ഓട്ടിസം, സെറിബ്രൽ പാൾസി, മൾട്ടിപ്പിൾ ഡിസബലിറ്റീസ്, ബുദ്ധിമാന്ദ്യം) ബാധിച്ച കുട്ടികൾക്കായി കോഴിക്കോട്ടുള്ള ഒരു സ്ഥാപനമൊഴിച്ചാൽ മതിയായ പരിചരണ സ്ഥാപനങ്ങളോ/അസിസ്റ്റഡ് ലിവിംഗ് ഹോമുകളോ സംസ്ഥാനത്ത് ഇല്ല. മുൻപുള്ളതിന് ഉപരിയായി പുതിയ സ്ഥാപനങ്ങൾ തുടങ്ങാൻ ഒരു സംയോജിത സമീപനത്തിലൂന്നിയ നയ രൂപീകരണവും സൂക്ഷ്മമായ ആസൂത്രണവും ആവശ്യമാണെന്ന് ഈ കാര്യങ്ങൾ വ്യക്തമാക്കുന്നു. സാമൂഹ്യ നീതി വകുപ്പിന്റെയും വനിതാശിശു വകുപ്പിന്റെയും കീഴിലുള്ള പ്രധാന ക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസികളുടെ ജില്ല തിരിച്ചുള്ള വിവരം **അനുബന്ധം 8.3.2** –ലും രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടേത് **അനുബന്ധം 8.3.3** –ലും ചേർത്തിട്ടുണ്ട്.

ബി. സാമൂഹ്യ സഹായ പരിപാടികൾ

സമൂഹത്തിൽ ഉപജീവനത്തിന് വഴിയില്ലാത്ത പാവപ്പെട്ടവരുടെ ഇടയിൽനിന്ന് ദാരിദ്ര്യവും മറ്റ് പിന്നോക്കാവസ്ഥയും തുടച്ച് നീക്കാൻ ലക്ഷ്യമിട്ട പരിപാടികളാണ് ഈ വിഭാഗത്തിൽ ഉൾപ്പെടുന്നത്. വിവിധ സാമൂഹ്യ സഹായ പരിപാടികൾ ചുവടെ ചേർക്കുന്നു. മുതിർന്ന പൗരന്മാരുടെ ക്ഷേമം സംബന്ധിച്ച വിശദാംശങ്ങൾ 6–ം അദ്ധ്യായത്തിൽ കൊടുത്തിട്ടുണ്ട്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലൂടെയുള്ള സാമൂഹ്യ സുരക്ഷാ പെൻഷൻ പദ്ധതികൾ

വാർദ്ധക്യകാല പെൻഷൻ, വികലാംഗ പെൻഷൻ, വിധവാ പെൻഷൻ, 50 വയസ്സിന് മേലെ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ, കർഷക തൊഴിലാളി പെൻഷൻ എന്നിവയാണ് പ്രധാനപ്പെട്ട സാമൂഹ്യ സുരക്ഷാ പെൻഷൻ പദ്ധതികൾ. 2015, ഏപ്രിൽ മാസം മുതൽ പുതുതായി ആരംഭിച്ച ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ (ഡി.ബി.ടി) വഴിയാണ് പെൻഷൻ വിതരണ നടപടികൾ നടപ്പാക്കിവരുന്നത്. 2019 ഒക്ടോബർ 31 വരെ സംസ്ഥാനത്ത് 46.85 ലക്ഷം പെൻഷൻകാർ നിലവിലുണ്ട്. വാർദ്ധക്യകാല പെൻഷൻ വിഭാഗത്തിലും (51.44 ശതമാനം) തുടർന്ന് വിധവാ പെൻഷനിലുമാണ് (28.50 ശതമാനം) ഏറ്റവും കൂടുതൽ പെൻഷൻകാർ ഉള്ളത് **(ചിത്രം 8.3.1)**.

പെൻഷൻ പദ്ധതികളിൽ ഏറ്റവും കൂടുതൽ

ചിത്രം 8.3.1 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴിയുള്ള പെൻഷൻ പദ്ധതികളുടെ ഗുണഭോക്താക്കൾ 2018–19



Source: Information Kerala Mission, Sevana Pension

ഗുണഭോക്താക്കൾ തിരുവനന്തപുരം ജില്ലയിലും കുറഞ്ഞത് വയനാട് ജില്ലയിലുമാണ്. ജില്ല തിരിച്ചുള്ള കണക്ക് **അനുബന്ധം 8.3.4** –ൽ ചേർത്തിരിക്കുന്നു.

അംഗപരിമിതരുടെ ക്ഷേമം

ശാരീരികവും മാനസികവുമായ പ്രക്രിയകളുടെ സാധാരണ രീതിയിലുള്ള പ്രവർത്തനത്തിന്റെ അഭാവമായാണ് ഭിന്ന ശേഷിയെ വിശദീകരിക്കുന്നത്. ഇതിന് ഗ്രഹണശേഷിയിലുള്ള പ്രയാസങ്ങളായും വ്യക്തിയുടെ സാധാരണ രീതിയിലുള്ള വളർച്ചയ്ക്കും വികാസത്തിനുമുള്ള തടസ്സങ്ങളായും വ്യാഖ്യാനിക്കുന്നു. ഇത്തരം വ്യക്തികൾക്ക് മേന്മയുള്ളതും ഗുണകരമായതുമായ അടിസ്ഥാന ഉയർന്ന വിദ്യാഭ്യാസം സാധ്യമാകാൻ പ്രയാസമനുഭവിക്കുന്നു. പ്രൊഫ. സ്റ്റീഫൻ ഹാക്കിൻസിന്റെ വാക്കുകളിൽ "ഭിന്നശേഷിക്കാർ ശാരീരികവും സാമ്പത്തികവും സമീപനരീതികളിലും അനവധി പ്രതിബന്ധങ്ങളെ നേരിടേണ്ടി വരുന്നതിനാൽ ദുരിതമനുഭവിക്കുന്നവരാണ്. ഇത്തരം പ്രതിബന്ധങ്ങളെ തരണം ചെയ്യുന്നതിന് നമുക്ക് കഴിയുന്നതും അത് നടപ്പാക്കേണ്ടത് നമ്മുടെ ധാർമ്മിക ചുമതലകൂടിയാണ് ..... ഇത്തരം പ്രതിബന്ധങ്ങൾ ഇല്ലാതാക്കുന്നതിലൂടെ നിരവധി വ്യക്തികളുടെ കഴിവുകൾ ലോകത്തിന് ധാരാളം സംഭാവനകൾ നൽകാൻ കഴിയുമെന്നത് പ്രാധാന്യമർഹിക്കുന്നതാണ്".

ആഗോളതലത്തിൽ ചർച്ച ചെയ്യപ്പെടുന്നതുപോലെ ഭിന്നശേഷിക്കാരെ ഇനിയും വെറുതെയുള്ള ഒരു ക്ഷേമ പ്രിസത്തിൽക്കൂടി നോക്കിക്കാണാതെ ഈ പരിപാടികളെ അവകാശാടിസ്ഥാനത്തിലും വികസനോന്മുഖമായും തിരിച്ചറിയേണ്ടതുണ്ട്. നിഷ്ക്രിയരായ ഗുണഭോക്താക്കൾ എന്നതിലുപരി വികസനരംഗത്ത് തുല്യപങ്ക് വഹിക്കുന്നവരും വേണ്ട സംഭാവന ചെയ്യുന്നവരുമായി അംഗപരിമിതരെ പരിഗണിക്കേണ്ടിയിരിക്കുന്നു. സംസ്ഥാന പരിഗണനയിലുള്ള അംഗപരിമിതരുടെ അവകാശാടിസ്ഥാനത്തിലുള്ള സമഗ്രമായ ജീവിതചക്രസമീപനത്തിന് പതിമൂന്നാം പദ്ധതിയിൽ പ്രത്യേക പ്രാധാന്യം നൽകിയിട്ടുണ്ട്. പ്രതിരോധനടപടികൾ, പ്രാരംഭ നിർണ്ണയം, ഡി.ഇ.ഐ.സി മുഖേനയും മറ്റുആരോഗ്യ, സാമൂഹ്യ സ്ഥാപനങ്ങൾ മുഖേനയും പ്രാരംഭ ഇടപെടൽ, സ്പെഷ്യൽ അംഗൻവാടികൾ മുഖേനയുള്ള വിദ്യാഭ്യാസ പിന്തുണ, ബഡ്സ് സ്കൂളുകൾ, മാതൃകാശിശുപുനരധിവാസ കേന്ദ്രങ്ങൾ, സ്പെഷ്യൽ സ്കൂളുകൾ ഉൾപ്പെടെയുള്ള വിദ്യാഭ്യാസം, തൊഴിൽ പരിശീലനം, സാമൂഹ്യാധിഷ്ഠിത പുനരധിവാസം, അസിസ്റ്റഡ് ലീവിംഗ് പ്രോജക്ടുകൾ എന്നിവയും ഇതിലുൾപ്പെടുന്നു. ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കൂൾ പ്രവേശനം നല്കുന്നതിനോടൊപ്പം തന്നെ അവർക്കനുയോജ്യമായ യാന്ത്രിക ഘടനകൂടി തയ്യാറാക്കേണ്ടതാണ്. ഇത്തരം വിദ്യാർത്ഥികളുടെ ആവശ്യങ്ങൾ സംബന്ധിച്ച് അദ്ധ്യാപകർക്ക് അവബോധം നൽകേണ്ടതുമാണ്. ആശുപത്രികളിൽ നിലവിൽ നഴ്സിംഗ് പരിശീലനം നൽകുന്നതുപോലെ

പട്ടിക 8.3.1 ഭിന്ന ശേഷിക്കാർക്കായുള്ള നാഷണൽ അവാർഡുകൾ

ഭിന്നശേഷിക്കാരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും ഭിന്നശേഷിക്കാരുടെ പ്രശ്നങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനുമായി ഏർപ്പെടുത്തിയിട്ടുള്ളതാണ് ഭിന്ന ശേഷിക്കാരുടെ ശാക്തീകരണത്തിനായുള്ള നാഷണൽ അവാർഡ്. ഭിന്ന ശേഷിക്കാരുടെ ശാക്തീകരണത്തിനു വേണ്ടി മെച്ചപ്പെട്ട പ്രവർത്തനം കാഴ്ചവയ്ക്കുന്ന വ്യക്തികൾ, സ്ഥാപനങ്ങൾ എന്നിവയ്ക്കും ഭിന്നശേഷിക്കാർക്കുമാണ് അവാർഡ് നൽകുന്നത്. ഭിന്നശേഷിക്കാരുടെ അന്താരാഷ്ട്ര ദിനമായ 2019 ഡിസംബർ 3– തീയതി സാമൂഹ്യ ക്ഷേമ ശാക്തീകരണ മന്ത്രാലയത്തിന്റെ അഞ്ചു അവാർഡുകൾ കേരളത്തിനു ലഭിക്കുകയുണ്ടായി. ഭിന്നശേഷിക്കാരുടെ ശാക്തീകരണത്തെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഏറ്റവും നല്ല സംസ്ഥാനത്തിനുള്ള അവാർഡും ഏറ്റവും നല്ല പ്രവർത്തനത്തിനുള്ള അവാർഡ് സാമൂഹ്യ നീതി വനിതാ ശിശു വികസന വകുപ്പ് സ്പെഷ്യൽ സെക്രട്ടറിക്കും ലഭിച്ചു. കുമാരി. എസ് . കണ്മണി, ശ്രീമതി. ബേബി ഗിരിജ , ശ്രീ ബാലൻ പൂതേരി , ശ്രീ സി പ്രശാന്ത് എന്നിവരാണ് മറ്റു അവാർഡ് ജേതാക്കൾ .

അവലംബം : സാമൂഹ്യ നീതി വകുപ്പ്

സ്പെഷ്യൽ എഡ്യൂക്കേഷൻ പരിശീലന പരിപാടി കൂടുതൽ പ്രയോഗികമാക്കേണ്ടതാണ്. പെരുമാറ്റ വൈകല്യമുള്ളവർ പ്രത്യേക ശ്രദ്ധയർഹിക്കുന്നു. വ്യക്തി സംരക്ഷണ പദ്ധതി രൂപീകരണവും തുടർനടപടികളും മറ്റൊരു വലിയ സംരംഭമാണ്. ഇതിന് സേവനങ്ങളുടെയും, വിഭവങ്ങളുടെയും, സ്ഥാപനങ്ങളുടെയും ഒരു സംയോജനം ആവശ്യമാണ്.

കേരളത്തിൽ കേരള സാമൂഹ്യ സുരക്ഷാമിഷന്റെ നേതൃത്വത്തിൽ 2015 –ൽ ഒരു അംഗപരിമിത സർവേ നടത്തുകയുണ്ടായി. 22 തരത്തിലുള്ള വൈകല്യം അടിസ്ഥാനമാക്കി നടത്തിയ ഈ സർവേ ഇന്ത്യയിലെ തന്നെ ആദ്യത്തേതാണ്. ഇതനുസരിച്ച് കേരളത്തിൽ 7.94 ലക്ഷം പേർ അംഗപരിമിതരാണ്. ഇത് സംസ്ഥാനത്തിന്റെ മൊത്തം ജനസംഖ്യയിൽ 2.32 ശതമാനം വരും. അംഗപരിമിതരിൽ സ്ത്രീകൾ 44.57 ശതമാനവും, പട്ടികജാതി വിഭാഗത്തിലുള്ളവർ 10.93 ശതമാനവും, ട്രാൻസ് ജെൻഡേഴ്സ് 0.15 ശതമാനവും, പട്ടികവർഗ്ഗക്കാർ 2.15 ശതമാനവുമാണ്. ഏറ്റവും കൂടുതൽ അംഗപരിമിതർ മലപ്പുറം ജില്ലയിലും (12.5 ശതമാനം) തുടർന്ന് കോഴിക്കോട് (9.89 ശതമാനം) ജില്ലയിലും ഏറ്റവും കുറവ് വയനാട് (2.91 ശതമാനം) ജില്ലയിലുമാണ്. വൈകല്യത്തിന്റെ ലക്ഷണം നോക്കിയാൽ ചലനവൈകല്യം ഏറ്റവും മുന്നിലും (32.89 ശതമാനം) ബഹുഗുണവൈകല്യം (17.31 ശതമാനം) രണ്ടാമതുമാണ്.

അംഗപരിമിതർക്കായുള്ള സംസ്ഥാന നയം

കേരള സർക്കാർ 2015–ൽ വികസന പ്രക്രിയ, പ്രവർത്തന നടപടി, മറ്റ് പരിപാടികൾ തുടങ്ങിയ മേഖലകളിൽ വൈകല്യത്തിന്റെ മാനം അനിവാര്യവും അത്യന്താപേക്ഷിതവുമാണെന്ന് അംഗീകരിച്ചുകൊണ്ട് അംഗപരിമിതർക്കായുള്ള ഒരു നയം നിയമമാക്കി. വികസനപ്രക്രിയയിൽ അംഗപരിമിതരുടെ പങ്കാളിത്തം ഉറപ്പാക്കുക, വൈകല്യം ഒരു മനുഷ്യാവകാശ പ്രശ്നമായി കണക്കാക്കുക, അധിക്ഷേപത്തിൽ നിന്നുള്ള സംരക്ഷണം ഉറപ്പാക്കുക, ഉൾപ്പെടുത്തൽ വികസനത്തിൽ അനുകൂലമായ സാഹചര്യവും മനോഭാവവും സൃഷ്ടിക്കുക, അംഗപരിമിതരുടെ ശാക്തീകരണം തുടങ്ങിയവയ്ക്ക് ഈ നയം ഊന്നൽ കൊടുക്കുന്നു. നിഷ്ക്രിയരായ ഗുണഭോക്താക്കൾ എന്നതിലുപരിയായി വികസന രംഗത്ത് തുല്യപങ്ക് വഹിക്കുന്നവരും വേണ്ട സംഭാവന ചെയ്യുന്നവരുമായി അംഗപരിമിതരെ കണക്കാക്കേണ്ടിയിരിക്കുന്നു.

അംഗപരിമിതരുടെ ഉന്നമനത്തിനായി നിലകൊള്ളുന്ന സ്ഥാപനങ്ങൾ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആന്റ് ഹിയറിംഗ് (നിഷ്)

വൈകല്യരംഗത്തെ പ്രമുഖ സ്ഥാപനമായ നിഷ് അംഗപരിമിതരായവർക്ക് ഉന്നത വിദ്യാഭ്യാസം നൽകുന്നതിനായി വൈകല്യപഠനങ്ങളും റീഹാബിലിറ്റേഷൻ സയൻസുകളും ഉൾപ്പെടെ മികച്ച അവസരം ഒരുക്കുന്നു. പ്രാരംഭ ഇടപെടൽ, തുടർ സേവനങ്ങൾ, കേൾവിശേഷിയിലും സംസാര ശേഷിയിലും ഉള്ള വൈകല്യങ്ങൾ, ചികിത്സാപരവും മനശ്ശാസ്ത്രപരവുമായ സേവനങ്ങൾ, വിദ്യാഭ്യാസ പരിപാടികൾ, പരിശീലനവും തൊഴിൽ ലഭ്യമാക്കലും, സന്നദ്ധസേവന പരിശീലനത്തിനുള്ള അവസരങ്ങളും ലഭ്യമാക്കുക എന്നിവ നിഷിന്റെ പദ്ധതികളിൽപ്പെടുന്നു.

2018 ഏപ്രിൽ മുതൽ 2019 മാർച്ച് വരെ നിഷിന്റെ പ്രാരംഭ ഇടപെടൽ പരിപാടി 177 കെയ്സുകളും (കുട്ടികളുടെ എണ്ണം), ഹിയറിംഗ് ആന്റ് സ്പീച്ച് ലാംഗ്വേജ് ഡിസോഡർ പരിപാടിയിൽ 13849 കെയ്സുകളും ആരോഗ്യ, മനഃശാസ്ത്ര തുടർ സേവന പരിപാടിയിൽ 3902 കെയ്സുകളും കൈകാര്യം ചെയ്തു. നിഷ് നടത്തിയ അക്കാഡമി പരിപാടികൾ

310 വിദ്യാർത്ഥികൾക്ക് പ്രയോജനപ്പെട്ടു. പരിശീലനം, വ്യാവസായ ഉദ്യോഗ നിയമനം എന്നീ പരിപാടികൾ 29 പേർക്കും വോളണ്ടിയറിംങ്ങ് ആന്റ് ഇന്റേൺഷിപ്പ് 2 പേർക്കും അവസരം നല്കി. യോഗങ്ങളിലും കോൺഫറൻസുകളിലും പരിപാടികളിലും ശ്രവണ വൈകല്യമുള്ളവരുടെ ആവശ്യങ്ങൾക്കായി പരിശീലനം നൽകിയ ഫെസിലിറ്റേറ്റർമാരുടെ സേവനവും നൽകി വരുന്നു.

കേരള സംസ്ഥാന വികലാംഗ കോർപ്പറേഷൻ

അംഗപരിമിതരുടെ സാമ്പത്തിക ഉന്നമനത്തിനും പുനരധിവാസത്തിനുമുള്ള പ്രവർത്തനങ്ങൾ കോർപ്പറേഷൻ നടപ്പാക്കുന്നു. 2018– ലെ ബെസ്റ്റ് ചാനലിസിംഗ് ഏജൻസി അവാർഡും ഹയർ ടെൻ ഒവറിനുള്ള ഇൻസെന്റീവും ലഭിച്ചു. 2018–19–ൽ ടൈസൈക്കിൾ, വീൽചെയർ, ശ്രവണ സഹായി എന്നിവ 1898 അംഗപരിമിതർക്കു നൽകുകയുണ്ടായി. ദേശീയ വികലാംഗ സാമ്പത്തിക വികസന കോർപ്പറേഷന്റെ സഹായത്തോടെ സ്വയം തൊഴിൽ പദ്ധതിക്കായി 213 അംഗ പരിമിതർക്ക് കോർപ്പറേഷൻ വായ്പ വിതരണം ചെയ്തു. ഇതു കൂടാതെ കോർപ്പറേഷൻ സ്വന്തമായി 54 പേർക്ക് സ്വയം തൊഴിലിനുള്ള ബാങ്ക് വായ്പ സബ്സിഡി നൽകുകയും ഗുരുതരമായ ഭിന്നശേഷിയുള്ള കുട്ടികൾക്ക് 20000 രൂപ ക്രമത്തിൽ ഫിക്സഡ് ഡെപ്പോസിറ്റ് സ്കീം പ്രകാരം 500 കുട്ടികൾക്ക് കോർപ്പറേഷൻ സഹായം നൽകിയിട്ടുണ്ട്.

അംഗപരിമിതർക്ക് വേണ്ടിയുള്ള സംസ്ഥാന കമ്മീഷണറേറ്റ്

കേന്ദ്രസർക്കാരിന്റെ 1995 –ലെ പേഴ്സൺസ് വിത്ത് ഡിസബിലിറ്റീസ് നിയമപ്രകാരം സ്ഥാപിതമായതാണ് ഈ സ്ഥാപനം. അംഗപരിമിതർക്കായി നടപ്പാക്കുന്ന പദ്ധതികളുടെ ഏകോപനം, സംസ്ഥാനത്ത് ഇവർക്ക് വേണ്ടി അനുവദിക്കുന്ന ഫണ്ട് യഥാവിധി ഉപയോഗിക്കുന്നുണ്ടോയെന്ന് പരിശോധിക്കുക എന്നതുമാണ് കമ്മീഷണറേറ്റിന്റെ പ്രധാന ചുമതല. ബോധവത്കരണ ക്യാമ്പുകൾ നടത്തുക, അംഗപരിമിതരുടെ പരാതികൾക്ക് പരിഹാരം കാണുക, ഇവർക്ക് വേണ്ടിയുള്ള സ്ഥാപനങ്ങളിൽ പരിശോധന നടത്തുക എന്നിവയാണ് കമ്മീഷണറേറ്റിന്റെ മറ്റ് പ്രവർത്തനങ്ങൾ. ജില്ലാ തല ഉദ്യോഗസ്ഥർ, തദ്ദേശഭരണ അധ്യക്ഷന്മാർ, സെക്രട്ടറിമാർ, സ്പെഷ്യൽ സ്കൂൾ അധ്യാപകർ, അഭിഭാഷകർ, ഡോക്ടർമാർ, ആലപ്പുഴ, എറണാകുളം ജില്ലകളിലെ മാധ്യമ പ്രവർത്തകർ എന്നിവർക്ക് അവബോധന സെമിനാറുകൾ നടത്തി. ഇതിന്റെ ഫലമായി വകുപ്പിൽ ലഭിച്ചുകൊണ്ടിരുന്ന പരാതികളുടെ എണ്ണം 80– ൽ നിന്നും 20 ആയി കുറയ്ക്കാൻ കഴിഞ്ഞു. അമ്മ കെയർ പരിപാടി പ്രകാരം കുട്ടികളിലുണ്ടാകുന്ന വൈകല്യങ്ങൾ പ്രാരംഭത്തിൽ തന്നെ കണ്ടെത്താനും പ്രതിരോധിക്കാനുമുള്ള പരിശീലനം ഗർഭിണികൾക്ക് നൽകുന്നു. ഇതിനായി വിവിധ വകുപ്പുകളുമായി ചേർന്ന് പദ്ധതി രൂപീകരണ ചർച്ചകൾ നടന്നു വരുന്നു. അമ്മ – ടീച്ചർ പരിപാടിയുടെ ഭാഗമായി ഭിന്നശേഷികുട്ടികളുടെ മാതാപിതാക്കൾക്ക് വൈകല്യങ്ങൾ തിരിച്ചറിയുന്നതിനും സംരക്ഷണം നൽകുന്നതിനും കുട്ടികളെ പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള പരിശീലനം നൽകുന്നു.

നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആന്റ് റീഹാബിലിറ്റേഷൻ (എൻ.ഐ.പി.എം.ആർ)

സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള ഒരു സ്ഥാപനമാണ് എൻ.ഐ.പി.എം.ആർ. ബഹുഗുണ വൈകല്യമുള്ള കുട്ടികൾക്കും, സെറിബ്രൽ പാൾസി ഉൾപ്പെടെ മറ്റ് രോഗങ്ങൾ ബാധിച്ച മുതിർന്നവർക്കുമുള്ള രോഗ നിർണ്ണയം, തെറാപ്പി ചികിത്സ എന്നിവ ഈ സ്ഥാപനത്തിലൂടെ നൽകുന്നു. ഈ സ്ഥാപനത്തിന്റെ ആഡിയോളജി സ്പീച്ച് ലാംഗ്വേജ് പതോളജി ഡിപ്പാർട്ടുമെന്റ് ശരാശരി 20 ഉപഭോക്താക്കൾക്ക് ഏറെയും കുട്ടികൾക്ക് സ്പീച്ച് തെറാപ്പി നൽകുന്നു. സ്ട്രോക്ക്, അപകടം എന്നിവ വന്നവരെയും ഇവിടെ ചികിത്സിക്കുന്നുണ്ട്. പ്രോസ്തെറ്റിക് ആന്റ് ഓർത്തോപീഡിയാക് വകുപ്പിന്റെ നവീകരണം നടന്നു വരുന്നു. മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ ഒരു സമഗ്ര പദ്ധതി തയ്യാറാക്കുകയും പ്രവർത്തനങ്ങൾക്കനുസരിച്ച് ലക്ഷ്യങ്ങൾ തീരുമാനിക്കുകയും നേട്ടങ്ങൾ കൈവരിക്കുന്നതിനുള്ള പദ്ധതി പുനരധിവാസ ടീം തയ്യാറാക്കിയിട്ടുണ്ട്. ഭവനത്തിൽ തന്നെ നൈപുണ്യ പരിശീലനവും തെറാപ്പി പരിപാടിയും നൽകി പരിപാലിക്കുന്നതിനായി മാതാപിതാക്കൾക്ക് പരിശീലനവും പ്രദർശനവും നൽകുന്നതിനുള്ള ഒരു പ്രോഗ്രാം പ്ലാനും തയ്യാറാക്കിയിട്ടുണ്ട് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കൊഗ്നിറ്റീവ് ആന്റ് കമ്മ്യൂണിക്കേറ്റീവ് ഡിസോഡർ ആന്റ് ന്യൂറോ സയൻസും, ചൈൽഡ് ഡവലപ്പ്മെന്റ് സെന്ററും വൈകല്യ രംഗത്ത് പ്രവർത്തിക്കുന്ന മറ്റ് സ്ഥാപനങ്ങളാണ്. ഈ സ്ഥാപനങ്ങളെ സംബന്ധിച്ചുള്ള വിവരങ്ങൾ ആറാമത്തെ ആരോഗ്യ അദ്ധ്യായത്തിൽ കൊടുത്തിട്ടുണ്ട്.

അംഗപരിമിതർക്കുള്ള പരിപാടികൾ

അംഗപരിമിതരുടെ ക്ഷേമത്തിനുള്ള പദ്ധതികൾ സാമൂഹ്യനീതി, ആരോഗ്യം, വിദ്യാഭ്യാസം എന്നീ വകുപ്പുകൾ നടപ്പാക്കുന്നു. സാമൂഹ്യനീതി വകുപ്പും കേരള സാമൂഹ്യസുരക്ഷാ മിഷനും ഏറ്റെടുക്കുന്ന പരിപാടികൾ

താഴെ ചേർക്കുന്നു.

13–ം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി വിവിധ പദ്ധതികളിൽ പുതിയ ഘടകങ്ങൾ ആരംഭിച്ചിട്ടുണ്ട്. പുതിയ പ്രവർത്തനങ്ങളായ പരിരക്ഷ (ഭിന്നശേഷിക്കാർക്കുള്ള അടിയന്തിര സഹായം നൽകുന്ന പദ്ധതി) പ്രകാരം 28 ഭിന്ന ശേഷിക്കാർക്ക് സഹായം നൽകി. വിദ്യാജ്യോതി പ്രൊജക്ട് (ഭിന്നശേഷി വിദ്യാർത്ഥികൾക്ക് യൂണിഫോമിനും പഠനോപകരണങ്ങൾക്കും ധനസഹായം നൽകൽ) പ്രകാരം 1166 ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സഹായം നൽകി, വിദ്യാകിരണം പ്രൊജക്ട് (ഭിന്നശേഷിക്കാരായ മാതാപിതാക്കളുടെ മക്കൾക്ക് സ്കോളർഷിപ്പ്) 3957 കുട്ടികൾക്ക് പ്രയോജനപ്പെട്ടു. സ്വാശ്രയ പദ്ധതി (ഭിന്നശേഷി/ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികളുടെ മാതാപിതാക്കൾക്ക് സ്വയം തൊഴിൽ) പ്രകാരം 243 വ്യക്തികൾക്ക് സഹായം ലഭിച്ചു. വിജയാമൃതം (സർക്കാർ / എയ്ഡഡ് സ്ഥാപനങ്ങളിൽ നിന്നും ഉയർന്ന മാർക്കുമായി ബിരുദം/ ബിരുദാനന്തര ബിരുദം/പ്രൊഫഷണൽ കോഴ്സുകൾ വിജയിച്ചവർക്കുള്ള സഹായം) ഉൾപ്പെടുത്തൽ വിദ്യാഭ്യാസത്തിന്റെ ഭാഗമായി ഭിന്നശേഷി കുട്ടികളെ പിന്തുണയ്ക്കുന്ന WCC/NSS യൂണിറ്റുകൾകളെ ആദരിക്കുന്നതിനായി 'സഹചാരി' എന്ന പേരിൽ ഒരു സമഗ്ര പദ്ധതി ആവിഷ്ക്കരിച്ചു. ഭിന്നശേഷിക്കാരുടെ പുനരധിവാസത്തിനായി ഒരു സമഗ്ര പ്രോജക്റ്റ് 'അതിജീവനം' ആരംഭിച്ചു. ഈ പദ്ധതി പ്രകാരം തൊഴിൽ പരിശീലനവും സർക്കാർ/എൻ.ജി.ഒ.കൾ മുഖേന പകൽ പരിപാലന കേന്ദ്രങ്ങളും നടത്തുന്നു. തുല്യതാ പരീക്ഷ എഴുതാനായി 94 ഭിന്ന ശേഷിക്കാർക്ക് സഹായം നൽകുകയും വിദൂര വിദ്യാഭ്യാസത്തിനായി 9 ഭിന്നശേഷിക്കാർക്ക് ധനസഹായം നൽകുകയും ചെയ്തു. പരിണയം പദ്ധതിയിൻ കീഴിൽ 736 ഗുണഭോക്താക്കൾക്ക് വിവാഹധനസഹായം നൽകി. ദുരന്ത നിവാരണഫണ്ടിൽ നിന്നും 889 ഭിന്നശേഷിക്കാർക്ക് വൈദ്യ സഹായം നൽകി. 2019–20–ൽ പ്രതിബന്ധ മുക്തകേരള പദ്ധതിയുടെ ഭാഗമായി കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, പാലക്കാട് എന്നീ ജില്ലകളിലേക്ക് തുക അനുവദിച്ചിട്ടുണ്ട്. ഭിന്നശേഷിക്കാരുടെ അവകാശങ്ങൾ സംബന്ധിച്ച ആർ.പി.ഡബ്ല്യു.ഡി. ആക്ട് 2016 നിലവിൽ വരികയും സംസ്ഥാനചട്ടങ്ങൾ പൊതുജനാഭിപ്രായത്തിനായി ഗസറ്റിലും വകുപ്പിന്റെ വെബ് സൈറ്റിലും പ്രസിദ്ധീകരിക്കുകയും ചെയ്തു.

അംഗപരിമിതർക്ക് സർട്ടിഫിക്കറ്റ് നൽകുന്ന പദ്ധതി

2015 –ലെ ഭിന്നശേഷിവിഭാഗക്കാരുടെ സർവ്വേ പ്രകാരം കേരളത്തിൽ 7.9 ലക്ഷം പേർ ഭിന്നശേഷിക്കാരാണ്. അംഗപരിമിത നിയമം, 1995 പ്രകാരം എല്ലാ അംഗപരിമിതർക്കും സർട്ടിഫിക്കറ്റ് നല്കേണ്ടത് നിർബന്ധമാണ്. 2009 മുതൽ 2019 മാർച്ച് വരെ കേരള സാമൂഹ്യസുരക്ഷാ മിഷൻ 1875 ക്യാമ്പുകൾ സംഘടിപ്പിച്ച് 349864 പേർക്ക് തിരിച്ചറിയൽ കാർഡ് നൽകി. 2018–19 –ൽ 117 ക്യാമ്പുകൾ സംഘടിപ്പിച്ച് 16245 പേർക്ക് തിരിച്ചറിയൽ കാർഡ് നൽകി. അംഗപരിമിതരായവർക്ക് ദൂരെ സ്ഥലത്ത് പോയി മെഡിക്കൽ സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനുള്ള തടസ്സങ്ങൾ ലഘൂകരിക്കാൻ ഇത്തരത്തിലുള്ള ക്യാമ്പുകൾ സഹായകമായി.

ആശ്വാസകിരണം

കടുത്ത മാനസികവെല്ലുവിളികൾ നേരിടുന്നവർക്കും ശാരീരിക വൈകല്യം ബാധിച്ച് ശയ്യാവലംബികളായവർക്കും 100 ശതമാനം അന്ധതയുള്ളവരെയും, ക്യാൻസർ, സെറിബ്രൽ പൾസി, ഓട്ടിസം, മാനസിക പരാധീനത ഉള്ളവരെയും പരിചരിക്കുന്ന സഹായികൾക്ക് കേരള സാമൂഹ്യ സുരക്ഷാമിഷൻ വഴി ധനസഹായം നൽകുന്നതാണ് ഈ പദ്ധതി. 2018–19 കാലയളവിൽ 120301 പരിചരണ സഹായികൾക്ക് ധനസഹായം നൽകി.

സ്റ്റേറ്റ് ഇനിഷ്യേറ്റീവ്സ് ഓൺ ഡിസബിലിറ്റീസ് (എസ്.ഐ.ഡി)

വൈകല്യം തടയുക, നിർണ്ണയിക്കുക, മുൻകൂട്ടി ഇടപെടുക, അംഗപരിമിതർക്ക് വിദ്യാഭ്യാസം, തൊഴിൽ, പുനരധിവാസം എന്നിവ ഉറപ്പാക്കാൻ വേണ്ടി സർക്കാർ പ്രത്യേക താല്പര്യമെടുത്ത് നടപ്പാക്കുന്ന പദ്ധതിയാണിത്. ആരോഗ്യം, വിദ്യാഭ്യാസം എന്നീ വകുപ്പുകളുടെ പങ്കാളിത്തത്തോടെ സാമൂഹ്യനീതി വകുപ്പാണ് ഈ പരിപാടി നടപ്പാക്കുന്നത്. ഈ പരിപാടിയുടെ പ്രധാന നേട്ടങ്ങൾ ചുവടെ ചേർക്കുന്നു.

- **എം എം ആർ വാക്സിനേഷൻ :** റൂബെല്ല, മീസൽസ്, മുണ്ടിനീര് എന്നിവ മൂലമുണ്ടാകുന്ന വൈകല്യങ്ങളേയും രോഗസംക്രമണത്തെയും തടയാനായി വാക്സിനേഷൻ 2014 ജനുവരി മാസം മുതൽ സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രസവാശുപത്രികളിൽ പുതുതായി ജനിക്കുന്ന കുട്ടികൾക്ക് സൗജന്യമായി നൽകി. 2018–19 ൽ 4.17 ലക്ഷം ഡോസ് വാക്സിൻ നല്കി.
- **കാതോരം** – വിവിധ മാസ പ്രായങ്ങളിൽ ഇടപെടൽ രീതി മുഖേന ശ്രവണ വൈകല്യം നിയന്ത്രിക്കുന്നതിനുള്ള ഒരു ജീവിത ചക്ര സമീപനമാണ്.
- **യൂണിവേഴ്സൽ ഹിയറിംഗ് സ്ക്രീനിംഗ് :** പുതുതായി ജനിക്കുന്ന കുട്ടികളിൽ കേൾവി ശേഷി പരിശോധിക്കാൻ 64 സർക്കാർ ഡെലിവറി പോയിന്റ്സിൽ സംവിധാനം ഒരുക്കിയിട്ടുണ്ട്. ഈ ആശുപത്രികളിൽ ശ്രവണ വൈകല്യം കണ്ടെത്തുന്നതിനായി 97% കുട്ടികളെ പരിശോധന നടത്തുകയും ചെയ്തു. ഓരോ മാസവും ഏകദേശം

1200 നവജാത ശിശുക്കളെ പരിശോധന നടത്തി വരുന്നു.

- **3 മാസത്തിനുശേഷം ശ്രവണ വൈകല്യം കണ്ടെത്തൽ** – ശ്രവണ പ്രശ്നങ്ങൾ കണ്ടെത്തുന്നതിനുള്ള മെച്ചപ്പെട്ട നിലവാരത്തിലുള്ള ബെറ ഉപകരണം പാലക്കാട് ഒഴികെ എല്ലാ ജില്ല ഹോസ്പിറ്റലുകളിലും ജനറൽ ആശുപത്രികളിലും NPPCD സെന്ററുകൾ സ്ഥാപിച്ചിട്ടുണ്ട്. 2018–19–ൽ 113 കുട്ടികളെ പരിശോധന നടത്തിയിട്ടുണ്ട്.
- **6 മാസത്തിൽ ശ്രവണ സഹായിയുടെയും ആഡിറ്ററി വെർബൽ തെറാപ്പിയുടെയും പിന്തുണ നൽകൽ** – എല്ലാ സർക്കാർ മെഡിക്കൽ കോളേജുകൾ, പ്രമുഖ ആശുപത്രികൾ, നിഷ്, നിപ് മെർ എന്നീ സ്ഥാപനങ്ങൾ മുഖേനയും ആഡിറ്ററി വെർബൽ തെറാപ്പി നൽകുന്നതാണ്. പ്രതിരോധത്തിനും ശ്രവണ വൈകല്യം നിയന്ത്രിക്കുന്നതിനുള്ള നാഷണൽ പരിപാടികളുടെ ഭാഗമായി വികലാംഗ കോർപ്പറേഷൻ മറ്റു സ്ഥാപനങ്ങൾ എന്നിവ മുഖേന ശ്രവണ സഹായികൾ നൽകി വരുന്നു.
- **18 മാസ പ്രായത്തിൽ കോക്ലിയാൻ ഇംപ്ലാന്റ്** – നിലവിലുള്ള ശ്രുതി തരംഗം പദ്ധതിയുമായി സംയോജിപ്പിച്ചുകൊണ്ടാണ് ഈ പരിപാടി നടപ്പാക്കുന്നത്. ഏകദേശം 1200 കോക്ലിയർ ഇംപ്ലാന്റ് ശസ്ത്രക്രിയകൾ സൗജന്യമായി നടത്തി.
- **ഇംപ്ലാന്റിനു ശേഷം 42 മാസത്തേക്കുള്ള തെറാപ്പി** – എല്ലാ സർക്കാർ മെഡിക്കൽ കോളേജുകൾ പ്രധാന ആശുപത്രികൾ, നിഷ്, നിപ്വർ എന്നീ സ്ഥാപനങ്ങൾ മുഖേന നൽകി വരുന്നു.
- **ഏർലി ഇന്റർവെൻഷൻ സെന്ററുകൾ** – വൈകല്യം തിരിച്ചറിയാനായി മുൻകൂട്ടിയുള്ള പരിശോധന ഉറപ്പാക്കുന്നതിനും അനുയോജ്യമായ സേവനങ്ങൾ നൽകുന്നതിനും എല്ലാ ജില്ലകളിലും എല്ലാ നൂതനമായ സംവിധാനങ്ങളും ഏർപ്പെടുത്തി DEIC കൾ സ്ഥാപിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 9 ജില്ലകളിൽ DEIC യുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. ഇതു ജില്ലയിലെ ഒരു ഡിസബിലിറ്റി ഹബ് ആയി പ്രവർത്തിക്കുന്നതാണ്. ആഗസ്റ്റ് 2017 മുതൽ 25 മൊബൈൽ ഇന്റർവെൻഷൻ സെന്ററുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഓരോ മാസവും ഏകദേശം 2500–3500 കുട്ടികൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നു. റീജിയണൽ ഏർലി ഇന്റർവെൻഷൻ സെന്ററുകൾ മെഡിക്കൽ കോളേജ് തലത്തിലുള്ളതും 5 മെഡിക്കൽ കോളേജുകളിൽ ആരംഭിച്ചിട്ടുള്ളതുമാകുന്നു. (തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്) DEIC കൾ മുഖേന ബുദ്ധി വികാസത്തിലുള്ള കാലതാമസവും മറ്റു വൈകല്യങ്ങൾക്കുമായി 5100 കുട്ടികൾക്കു പിന്തുണ നൽകിയിട്ടുണ്ട്.
- **അംഗപരിമിതരായ പ്രീ–സ്ക്കൂൾ കുട്ടികൾക്ക് പ്രത്യേക അംഗനവാടികൾ സ്ഥാപിക്കൽ** – അംഗപരിമിതരായ പ്രീസ്ക്കൂൾ കുട്ടികൾക്ക് അനുയോജ്യമായ പരിശീലനവും മെഡിക്കൽ തെറാപ്പിയും നൽകുന്നതിനായി എല്ലാ ICDS പ്രോജക്ടിലും ഒരു അംഗന്വാടി പ്രത്യേക അംഗൻ വാടിയായി നിശ്ചയിച്ചിരിക്കുന്നു. നിലവിൽ കോഴിക്കോട് ജില്ലയിൽ പദ്ധതി നടപ്പാക്കി വരുന്നു. 446 കുട്ടികൾക്ക് പിന്തുണ നൽകി വരുന്നു.
- **എം. പവർ ഇൻകുബേറ്റർ** – മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായുള്ള മാജിക് പരിശീലനത്തിനും അവതരണത്തിനുമുള്ള മാജിക് പ്ലാനറ്റിലെ ഒരു കേന്ദ്രമാണിത്. വിവിധ കലകളുടെ ഒരു കേന്ദ്രം സ്ഥാപിക്കുന്നതിന്റെ പ്രവർത്തനം പുരോഗതിയിലാണ് എം. പവർ ടീമിലെ 5 കുട്ടികൾ മാജിക് പ്രദർശനം നടത്തുകയും വരുമാനം ഉണ്ടാക്കുകയും ചെയ്യുന്നുണ്ട്.

സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിമെൻഷ്യാ

ഡിമെൻഷ്യാ രോഗികളെ പുനരധിവസിപ്പിക്കാൻ ലക്ഷ്യമിട്ട ഈ പദ്ധതി പ്രകാരം തൃശ്ശൂർ മുനിസിപ്പാലിറ്റിയിൽ ഒരു ഡേ കെയർ സെന്ററും എടവനക്കാട് വൃദ്ധസദനത്തിൽ ഒരു പൂർണ്ണസമയ സെന്ററും സാമൂഹ്യനീതി വകുപ്പ് ആരംഭിച്ചു.

ഇൻസൈറ്റ് പ്രോജക്ട്

അറിവുനേടുന്നതിനും ആശയവിനിമയം നടത്തുന്നതിനും അംഗപരിമിതർ നേരിടുന്ന വെല്ലുവിളികളെ തരണം ചെയ്യാനുള്ള മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനുമായി 2007–ൽ ഇൻസൈറ്റ് പ്രോജക്ട് ആരംഭിച്ചു. ആദ്യഘട്ടത്തിൽ ഈ പരിപാടി ഊന്നൽ നൽകിയത് കാഴ്ചവൈകല്യമുള്ളവരിലാണ്. 2009 –ൽ ധാരണാശക്തികൊണ്ട് തിരിച്ചറിയുന്നതിൽ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായി പരീക്ഷണാടിസ്ഥാനത്തിൽ ഒരു പരിശീലനപരിപാടികൂടി ഈ പ്രോജക്ടിൽ ഉൾപ്പെടുത്തി. കേരള സംസ്ഥാന ഐ.ടി.മിഷന്റെ ധനസഹായത്തോടെയുള്ള ഈ പ്രോജക്ട് നടപ്പാക്കുന്നത് 'സ്പേസ്' എന്ന ലാഭരഹിത സംഘടനയാണ്. 2013 –ൽ ഈ പദ്ധതി സാമൂഹ്യനീതി വകുപ്പിന് കൈമാറി. ഇതിൽ കാഴ്ച വൈകല്യമുള്ളവർക്കായുള്ള പദ്ധതി നടപ്പാക്കുന്നതിനായി കേരള ഫെഡറേഷൻ ഓഫ് ദ ബ്ലൈൻഡ് എന്ന സംഘടനയ്ക്ക് കൈമാറുകയും കൊഗ്നിറ്റീവ് വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ പദ്ധതി 'സ്പേസ്' തുടരുകയും ചെയ്തു. പാരമ്പര്യ സമ്പ്രദായങ്ങളുടെയും പുതിയ സാങ്കേതിക വിദ്യയുടെയും ഒരു സംയോജനമാണ് ഇത്. സ്പേസിൽ പുതിയ സാങ്കേതിക വിദ്യ ഉപകരണങ്ങളും പ്രയോഗവും പരീക്ഷിക്കുകയും വികസിപ്പിക്കുകയും ചെയ്യുന്നു. ഈ പ്രോജക്ടിന്റെ പ്രവർത്തനങ്ങൾക്ക് ശക്തി പകരുകയും പിന്തുണ നൽകുകയും ചെയ്യുന്നതിലൂടെ കൂടുതൽ ജനങ്ങൾക്ക് അറിവു പകരുന്നതിനും പരിപാടിയുടെ

ബോക്സ് 8.3.2 ഭിന്നലിംഗക്കാർക്കായുള്ള പദ്ധതി

- ഭിന്നലിംഗക്കാർക്കായുള്ള ഷോർട്ട് സ്റ്റേ ഹോമുകൾ/സുരക്ഷാ കേന്ദ്രങ്ങൾ/പരിപാലന കേന്ദ്രങ്ങൾ
- ഭിന്നലിംഗ വിഭാഗത്തിൽ വ്യക്തികൾക്കും ഗ്രൂപ്പുകൾക്കും തൊഴിൽ പരിശീലനത്തിനും സ്വയം തൊഴിലിനും സാമ്പത്തിക സഹായം നൽകുക.
- ഭിന്നലിംഗക്കാർക്കായി വിവിധ നൈപുണ്യ വികസന പരിപാടികൾ സംഘടിപ്പിക്കുക
- ഭിന്നലിംഗക്കാരുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്ന അംഗീകൃത ഏജൻസികൾ, സി.ബി.ഒ-കൾ എന്നിവരുമായി ചേർന്നുള്ള ക്ഷേമ പരിപാടികൾ സംഘടിപ്പിക്കലും ക്ഷേമ പദ്ധതികളും.
- ആരോഗ്യ ഉപദേശ പ്രകാരം ഏതു ആശുപത്രിയിലും സെക്സ് റി-അസയിന്റ്മെന്റ് സർജറി നടത്തുന്നതിന് 2 ലക്ഷം രൂപ വരെ സഹായം
- ആരോഗ്യ ഇൻഷൂറൻസ് രൂപവൽക്കരണവും നിർവ്വഹണവും ഭിന്ന ലിംഗക്കാർക്ക് എസ്.ആർ. എസ്. സർജറിക്കു ശേഷം സഹായം നൽകൽ.
- ഭിന്നലിംഗ മേഖലയിൽ പ്രവർത്തിക്കുന്ന എൻ.ജി.ഒ.കളുടെ സഹായത്താൽ ഭിന്നലിംഗ ഹെൽപ്പ് ലൈൻ (24x7), ക്രൈസിസ് മാനേജ്മെന്റ് സെന്റർ ആരംഭിക്കൽ
- വിദഗ്ദ്ധ മീഡിയൽ ഏജൻസിയെ ഉപയോഗിച്ച് അഡ്വൊക്കസി ക്യാമ്പയിൻ.
- പൊതുജനങ്ങളെ പ്രത്യേകിച്ച് രക്ഷിതാക്കൾ, കുടുബ അംഗങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ടീച്ചിംഗ് ആന്റ് നോൺ -ടീച്ചിംഗ് സ്റ്റാഫ്, വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥി സമൂഹം, തൊഴിൽ, എംപ്ലോയ്മെന്റ്, തദ്ദേശ സ്വയംഭരണം, ആരോഗ്യം, പോലീസ് മറ്റു ബന്ധപ്പെട്ട വകുപ്പുകൾ എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥർ കേന്ദ്രീകരിച്ച് കൊണ്ടുള്ള സൂക്ഷ്മ ബോധന പരിപാടികൾ.
- ഭിന്നലിംഗക്കാരായ വിദ്യാർത്ഥികൾക്ക്സ്കോളർഷിപ്പ്.
- സ്കൂളുകളിൽ നിന്നും കൊഴിഞ്ഞ്പോക്ക് കൂടുതലുള്ള പ്രദേശങ്ങളിൽ ഉചിതമായ വിദ്യാഭ്യാസത്തിനുള്ള സാമ്പത്തിക സഹായം,
- ഭിന്നലിംഗക്കാരായ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസത്തിനായി സ്കോളർഷിപ്പ്
- മത്സര പരീക്ഷകൾ എഴുതുന്നതിന് ഭിന്നലിംഗ വിദ്യാർത്ഥികൾക്ക് സാമ്പത്തിക സഹായം
- ഭിന്ന ലിംഗ കലോൽസവവും വിവിധ സാമൂഹ്യ പ്രവർത്തനങ്ങൾക്കും സാമ്പത്തിക സഹായം വഴി പിന്തുണ നൽകലും
- 60 വയസ്സിന് മുകളിലുള്ള അനാഥരായ ഭിന്നലിംഗക്കാർക്ക് പെൻഷൻ
- ഭിന്നലിംഗക്കാർക്ക് എച്ച്.ഐ.വി. സീറോ സര്വ്വയലൻസ് സെന്റർ ആരംഭിക്കൽ
- ഭിന്നലിംഗക്കാർക്ക് വിവാഹ ധനസഹായം

അവലംബം: സാമൂഹ്യ നീതി വകുപ്പ്

നേട്ടങ്ങൾ ലഭ്യമാക്കാനും കഴിയുന്നു.

ഭിന്നലിംഗക്കാർ

ഇന്ത്യയിൽ ആദ്യമായി ഭിന്നലിംഗക്കാർക്കായിട്ടുള്ള നയം നടപ്പാക്കിയ സംസ്ഥാനം കേരളമാണ്. 2015-16-ലെ ഭിന്നശേഷിക്കാരുടെ സർവ്വേ പ്രകാരം സംസ്ഥാനം 4267 ഭിന്നലിംഗക്കാർ ഉണ്ട്. ഇതിൽ ഭൂരിഭാഗം പേരും തന്റെ വ്യക്തിത്വം വെളിപ്പെടുത്താൻ തയ്യാറാകുന്നില്ല. ഭിന്നലിംഗക്കാർ അവരുടെ ദൈനംദിന ജീവിത പ്രവർത്തനങ്ങൾക്കായി വളരെയധികം കഷ്ടപ്പേടേണ്ടിവരുന്നു. ഇവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിന് പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതുണ്ട്. കേരളത്തിൽ 2015-16 -ൽ നടത്തിയ ഭിന്നശേഷിക്കാരുടെ സർവ്വേ പ്രകാരം 1,187 വികലാംഗരായ ഭിന്നലിംഗക്കാരാണുള്ളത്. ഭിന്നലിംഗക്കാരുടെ ക്ഷേമത്തിനായി 2018-19 -ൽ വിവിധ പദ്ധതികൾ നടപ്പാക്കി. നൈപുണ്യ പരിശീലനം 90 പേർക്കും സ്വയം തൊഴിൽ സഹായം 62 പേർക്കും, ബ്യൂട്ടീഷൻ പരിശീലനം 45 പേർക്കും വിദ്യാഭ്യാസ സ്കോളർഷിപ്പ് 14 പേർക്കും ഹോസ്റ്റൽ സൗകര്യങ്ങൾക്ക് സാമ്പത്തിക സഹായം 10 പേർക്കും, SRS സർജറിക്കായി സാമ്പത്തിക സഹായം 18 പേർക്കും, SRS തുടർ സംരക്ഷണത്തിനായി സാമ്പത്തിക സഹായം 19 പേർക്കും, ജീവിത മാർഗ്ഗത്തിനായി 21 തയ്യൽ മെഷീനുകൾ നൽകുകയും 4 പേർക്ക് ഡ്രൈവിംഗ് പരിശീലനവും നൽകി. 3 കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനും തൊഴിൽ പരിശീലനം നൽകുന്നതിനും ട്രാൻസ്ജെന്റേഴ്സിനെ മുഖ്യധാരയിലേക്ക് കൊണ്ടു വരുന്നതിനുമുള്ള മറ്റു വിഷയങ്ങൾ എന്നിവ വകുപ്പ് ചെയ്തിട്ടുണ്ട്. 2019-20 -ൽ ഭിന്നലിംഗക്കാർക്കായുള്ള പദ്ധതിയിലെ പ്രധാന ഘടകങ്ങൾ ചുവടെ കാണിച്ചിരിക്കുന്ന **ബോക്സ് 8.3.2** -ൽ ചേർത്തിരിക്കുന്നു.

വനിതാക്ഷേമം

വനിതകളുടെയും കുട്ടികളുടെയും ക്ഷേമത്തിനായി 2017–18 ൽ ഒരു പുതിയ വകുപ്പ് രൂപീകരിക്കുകയുണ്ടായി. സംസ്ഥാനത്ത് സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമത്തിനായുള്ള പദ്ധതി പ്രവർത്തനങ്ങൾ ഈ വകുപ്പാണ് നടപ്പിലാക്കുന്നത്. സംസ്ഥാനത്ത് സർക്കാരും സർക്കാരിതര സംഘടനകളും സന്നദ്ധ സംഘടനകളും സ്ത്രീകൾക്കും കുട്ടികൾക്കുമായുള്ള സ്ഥാപനപരമായ സംരക്ഷണം നൽകുന്നു. അതിക്രമങ്ങളിൽ നിന്നും വിവേചനത്തിൽ നിന്നും മുക്തമായ പരിസ്ഥിതിയും സ്ത്രീകളെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനുള്ള പ്രവർത്തനങ്ങളും അവകാശങ്ങളെകുറിച്ച് അവബോധം ഉണ്ടാക്കുകയും സ്ഥാപനപരമായ സൗകര്യങ്ങളും മനുഷ്യാവകാശങ്ങളെ തിരിച്ചറിയാനുള്ള നിയമപരമായ പിന്തുണയും നൽകി സ്ത്രീകളുടെ വികസനവും ശാക്തീകരണവും മുഖേന വികസനത്തിൽ തുല്യ പങ്കാളികളാക്കുന്നതിനായാണ് വനിതാ ക്ഷേമ പരിപാടികൾ ആവിഷ്ക്കരിച്ചിട്ടുള്ളത്.

സംസ്ഥാന ജനസംഖ്യയുടെ 52 ശതമാനം സ്ത്രീകളും കേരളത്തിലെ സ്ത്രീ പുരുഷ അനുപാതം 1000 പുരുഷന്മാർക്ക് 1084 സ്ത്രീകളുമാണ്. ഇന്ത്യയിൽ സ്ത്രീ സാക്ഷരത ഏറ്റവും മുന്നിൽ നിൽക്കുന്ന സംസ്ഥാനം കേരളമാണ് (92 ശതമാനം). ഇന്ത്യയിലെ സ്ഥിതിവിശേഷവുമായി താരതമ്യം ചെയ്യുമ്പോൾ ശിശുമരണനിരക്ക് കേരളത്തിൽ വളരെ കുറവാണ്. കേരളത്തിലെ സ്ത്രീകളുടെ ഇപ്പോഴത്തെ അവസ്ഥാവിശേഷം ഈ അദ്ധ്യായത്തിലെ ലിംഗ പദവിയും വികസനവും എന്ന ഭാഗത്തിൽ വിശദീകരിച്ചിട്ടുണ്ട്. വനിതാശാക്തീകരണത്തിനുള്ള സ്ഥാപനങ്ങളെക്കുറിച്ചും സ്ത്രീകളുടെ സാമൂഹ്യ സാമ്പത്തിക പുനരധിവാസത്തിനായുള്ള പ്രധാന പദ്ധതികളെക്കുറിച്ചുമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

വനിതാ ശാക്തീകരണത്തിനുള്ള സ്ഥാപനങ്ങൾ

കേരള സംസ്ഥാന വനിതാ കമ്മീഷൻ

സ്ത്രീകൾക്കെതിരെയുള്ള ന്യായരഹിതമായ ഏർപ്പാടുകളെപ്പറ്റി അന്വേഷിക്കാനും പരിഹാരം നിർദ്ദേശിക്കാനും, സ്ത്രീകളുടെ പദവി ഉയർത്താനുമായി 1996 –ൽ കമ്മീഷൻ നിലവിൽ വന്നു. ജെൻഡർ അവബോധന പരിപാടികൾ, നിയമ ശില്പശാലകൾ/ സെമിനാർ, അദാലത്തുകൾ ഡി.എൻ.എ പരീക്ഷണം എന്നീ പ്രവർത്തനങ്ങൾ കമ്മീഷൻ ഏറ്റെടുക്കുന്നു. 2018–19 –ൽ സ്ത്രീകൾ അഭിമുഖീകരിക്കുന്ന വിവിധ വിഷയങ്ങളെപ്പറ്റിയുള്ള 185 സെമിനാറുകൾ, നിയമ ശില്പശാലകൾ, പഞ്ചായത്ത് ജാഗ്രതാസമിതി പ്രവർത്തകർക്ക് വനിതകളുമായി ബന്ധപ്പെട്ട നിയമങ്ങൾ മറ്റ് നിയമ നടപടിക്രമങ്ങൾ എന്നിവയെക്കുറിച്ചുള്ള 29 കൗൺസലിംഗ്/നൈപുണ്യ പരിശീലനങ്ങൾ എന്നിവ സംഘടിപ്പിച്ചു. കൂടാതെ 114 അദാലത്തുകൾ സംഘടിപ്പിച്ചു. ജെൻഡർ അവബോധന പരിപാടികൾ പ്രകാരം 26 വിവാഹപൂർവ കൗൺസലിംഗ് പരിപാടികൾ വനിതാ സർക്കാരിതര സംഘടനകളുടെ പങ്കാളിത്തത്തോടെ സംസ്ഥാനമൊട്ടാകെ നടത്തുകയും, 218 വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ കലാലയ ജ്യോതി സംഘടിപ്പിക്കുകയും ചെയ്തു. 2018–19 കാലയളവിൽ കമ്മീഷന് 6176 പരാതികൾ ലഭിച്ചു. പരാതികളുടെ സ്വഭാവം പരിശോധിച്ചാൽ സ്ത്രീകൾക്കെതിരെയുള്ള ഗാർഹികപീഡനം, സ്ത്രീകൾക്കെതിരെയുള്ള അതിക്രമം, കുടുംബപ്രശ്നങ്ങൾ എന്നിവ വർദ്ധിച്ചുവരുന്നതായി കാണാം. മാർച്ച് 2019 വരെ പരാതികളുടെ ഇനം തിരിച്ചും ജില്ല തിരിച്ചുമുള്ള വിവരം അനുബന്ധം 8.3.5 –ൽ ചേർത്തിരിക്കുന്നു.

കേരള സംസ്ഥാന വനിതാവികസന കോർപ്പറേഷൻ

വനിതകൾക്കുള്ള സ്വയം തൊഴിൽ പദ്ധതിയും ജെൻഡർ അവബോധനം, ഫിനിഷിംഗ് സ്ക്കൂൾ എന്നിവയുടെ ഫ്ലാഗ്ഷിപ്പ് പരിപാടികളുമാണ് കോർപ്പറേഷന്റെ പ്രധാന പരിപാടികൾ. നാഷണൽ കോർപ്പറേഷന്റെ സ്വയം തൊഴിൽ വായ്പാപദ്ധതി പ്രകാരം 4467 വനിതകൾക്ക് 109 കോടി രൂപയും സംസ്ഥാന പദ്ധതി വിഹിതമായ 8.10 കോടി രൂപ പൊതുവിഭാഗത്തിൽപ്പെട്ട 319 സ്ത്രീകൾക്കും കോർപ്പറേഷൻ സ്വയം തൊഴിൽ വായ്പ നൽകി. ഏറ്റവും നല്ല സ്റ്റേറ്റ് ചാന ലൈസിംഗ് എജെൻസിക്കുള്ള NSFDC യുടെ അവാർഡും 10 ലക്ഷം രൂപയും 2017–18–ൽ ലഭിക്കുകയും വായ്പ അനുവദിക്കുന്നതിനും തിരിച്ചടയ്ക്കുന്നതിനുമുള്ള ഏറ്റവും നല്ല പ്രവർത്തനത്തിനു നാഷണൽ കോർപ്പറേഷനിൽ നിന്നും പദ്ധതി വിഹിതമായി 30 ലക്ഷം രൂപ കോർപ്പറേഷനു ലഭിക്കുകയും ചെയ്തു. മുൻനിര ഫിനിഷിംഗ് സ്ക്കൂൾ പരിപാടിയിൽ ഉൾപ്പെടുത്തി, തിരുവനന്തപുരത്തും കണ്ണൂരും പ്രവർത്തിക്കുന്ന റിസോഴ്സ് എൻഹാൻസ്മെന്റ് അക്കാഡമി ഫോർ കരിയർ ഹൈറ്റ്സ് (റീച്ച്) മുഖേന 1314 വിദ്യാർത്ഥികൾക്ക് നൈപുണ്യ പരിശീലനം നല്കി. കൗൺസിലിംഗ് വിഭാഗം 313 കുട്ടികൾക്ക് കൗൺസിലിംഗ് സഹായം നൽകി. ജെൻഡർ അവബോധന പരിപാടിയുടെ ഭാഗമായി 52 വനിതാ കോളേജുകളിൽ 5000 ലധികം അംഗങ്ങളോടെ വനിതാസെല്ലുകൾ പ്രവർത്തിക്കുന്നു. സമൂഹത്തിൽ സംഭവിച്ചു കൊണ്ടിരിക്കുന്ന പ്രശ്നങ്ങളെക്കുറിച്ച് യുവജനങ്ങൾക്ക് അവബോധം ഉണ്ടാക്കാനും ദൈനംദിന പ്രവൃത്തികൾ സുഗമമായി നിർവ്വഹിക്കാൻ കഴിയത്തക്ക തരത്തിൽ സജ്ജരാക്കുകയെന്നതുമാണ് വനിതാ സെല്ലിന്റെ പ്രധാന ലക്ഷ്യം. ലിംഗസമത്വം സംബന്ധിച്ച് ആശയം പ്രചരിപ്പിക്കുന്നതിനും ലിംഗ സൗഹൃദമായ കാമ്പസ് ഉണ്ടാക്കുന്നതിനുമായി സംസ്ഥാനത്തെ 2 മിക്സഡ് കോളേജുകളിൽക്കൂടി വനിതാസെൽ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. 2018–19 ൽ 52 കോളേജുകളിലെ 2 വനിതാ സെൽ

മെമ്പർമാർക്ക് വിദ്യാഭ്യാസ സ്കോളർഷിപ്പ് വിതരണം ചെയ്തു. ദുരിതമനുഭവിക്കുന്ന സ്ത്രീകൾക്കായി വനിതാശിശു വികസന മന്ത്രാലയം വിഭാവനം ചെയ്തപോലെ ഒരു ഹെൽപ്പ് ലൈൻ സംവിധാനം – അത്യാവശ്യ ഉത്തരവാദിത്വ സംവിധാനം ഉണ്ട്. മിത്ര ഹെൽപ് ലൈൻ (181) 2017 മാർച്ച് 27–ന് കേരളത്തിൽ പ്രവർത്തനം ആരംഭിക്കുകയും ആവശ്യമായ സ്ത്രീകൾക്ക് (24x7) സമീപിക്കാവുന്ന വിധത്തിലും അടിയന്തിര ഉത്തരവാദിത്വ സേവനങ്ങൾ നൽകി വിജയകരമായി പ്രവർത്തിക്കുന്നു. 45665–ൽ പരം കേസുകളിൽ ഈ ഹെൽപ് ലൈൻ ഫലപ്രദമായ ഇടപെടൽ നടത്തിയിട്ടുണ്ട്.

പട്ടിക വർഗ്ഗ വിഭാഗത്തിലെ പാർശ്വവത്ക്കരിക്കപ്പെട്ട സ്ത്രീകളുടെ ഉന്നമനം ലക്ഷ്യമാക്കി കോർപ്പറേഷൻ കോഴിക്കോട് ചക്കിട്ടപ്പാറ പട്ടിക വർഗ്ഗ സങ്കേതത്തിൽ സുസ്ഥിരമായ ഉപജീവന മാർഗ്ഗം വികസിപ്പിച്ചെടുക്കുന്നതിന് ഏകീകൃതമായ നൈപുണ്യ വികസന കേന്ദ്രം സ്ഥാപിച്ചു. 2018–19–ൽ 2640 ദിവസം ഈ കേന്ദ്രത്തിലൂടെ പരിശീലനം നൽകുകയും 18 സ്ത്രീകൾക്ക് തയ്യൽ പരിശീലനം നൽകുകയും അവരുടെ സമൂഹത്തിൽ തയ്യൽ യൂണിറ്റ് ആരംഭിക്കുന്നതിനുള്ള മെച്ചപ്പെട്ട പരിശീലനവും 4 സ്ത്രീകൾക്കും നൽകി. ആർത്തവ ശുചിത്വം പാലിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ 241 പഞ്ചായത്തുകളിലെ 1200 ലധികം സ്കൂളുകളിൽ 16 ലക്ഷത്തിലധികം സാനിട്ടറി നാപ്കിനുകളും 1050 ഇൻസിനറേറ്ററുകളും വിതരണം ചെയ്തു. സർക്കാർ /എയിഡഡ് സ്കൂളികളിലെ 1.8 ലക്ഷം വിദ്യാർത്ഥിനികൾക്ക് ഇതിൻറെ പ്രയോജനം ലാഭിച്ചു. 13oo സർക്കാർ /എയിഡഡ് സ്കൂളികളിൽ ഷീ പാട് പ്രോജക്റ്റ് നടപ്പാക്കുകയും 2.5 ലക്ഷം വിദ്യാർത്ഥിനികൾക്ക് പ്രയോജനപ്പെടുകയും ചെയ്തു. സർക്കാർ സ്കൂളുകളിൽ ഉയർന്ന നിലവാരമുള്ള നാപ്കിനുകളും ഇൻസിനറെറ്ററുകളും സൗജന്യമായി നൽകി ഉറപ്പാക്കുന്നു. 250 സ്കൂളുകളിലും 2 5 0 0–ലധികം വിദ്യാർത്ഥിനികൾക്ക് ആർത്തവ ശുചിത്വം പാലിക്കുന്നത് സംബന്ധിച്ച് അവബോധനം നൽകി.

ജെൻഡർ പാർക്ക്

ലിംഗസമത്വം, വനിതാശാക്തീകരണം എന്നിവ സംബന്ധിച്ചുള്ള പഠനം, ഗവേഷണം എന്നിവയ്ക്കുള്ള ഒരു വേദിയായാണ് സാമൂഹ്യനീതി വകുപ്പ് കോഴിക്കോട് ജെൻഡർ പാർക്ക് എന്ന ആശയം (ആരംഭിച്ചത് 2011 ലാണെങ്കിലും) 2013–ൽ പ്രാവർത്തികമാക്കിയത്. സമൂഹം ഉയർത്തുന്ന സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയപരവുമായ കടമ്പകൾ തരണം ചെയ്തു ലിംഗ സമത്വത്തിനുള്ള ഒരു പ്രവേശനമാർഗ്ഗമായി ഈ വേദി പ്രയോജനപ്പെടുന്നു. കൂടാതെ, സാമ്പത്തിക സംസ്കാരിക സാമൂഹിക മേഖലകളിൽ സംസ്ഥാനത്തിനും സമൂഹത്തിനും നേട്ടം ഉണ്ടാക്കാൻ സഹായിക്കുകയും ചെയ്യുന്നു. പ്രധാന പ്രവർത്തനങ്ങൾ വിഭാവനം ചെയ്യുന്നത് ഗവേഷണം – നയരൂപീകരണത്തിന് ഗവേഷണം; നൈപുണ്യ വികസന കേന്ദ്രം– ; ഉല്പാദന കേന്ദ്രം – എസ്.ഡി.സിയുടെ ഒരു വില്പന കേന്ദ്രമോ സ്വതന്ത്ര സ്വഭാവമുള്ളതോ ആയി പ്രവർത്തിക്കാവുന്നതാണ്; ലൈബ്രറിയും ഡോക്യുമെന്റേഷൻ സെന്ററും – ഗവേഷണ ഗ്രന്ഥങ്ങളും സ്ത്രീകളുടെ പൈതൃക ചരിത്രങ്ങളും സൂക്ഷിക്കുന്നതിനായി പൈതൃക മ്യൂസിയങ്ങൾ, സ്ത്രീകൾക്ക് ഡ്രോയിംഗ്, പെയിന്റിംഗ്, ഡാൻസ്, സംഗീതം, സാംസ്കാരികപരമായ മറ്റു കലകൾ തുടങ്ങിയവയിലുള്ള കഴിവുകൾ അവതരിപ്പിക്കാനുതകുന്ന ഒരു സാംസ്കാരിക സ്ഥലം എന്നിവ ഉൾപ്പെടുന്നു. ഇതിന് ഒരു ആംഭി തിയേറ്ററും പൂർത്തിയായി വരുന്ന കൺവെൻഷൻ സെന്ററും ഉണ്ട്.

സ്ത്രീകളുടെ ക്ഷേമത്തിനും ഉന്നമനത്തിനും വേണ്ടിയുള്ള പദ്ധതികൾ

സ്ത്രീകളുടെ ക്ഷേമത്തിനും ഉന്നമനത്തിനും വേണ്ടിയുള്ള പദ്ധതികൾ വനിതാശിശുവികസന വകുപ്പ് വഴിയാണ് നടപ്പാക്കുന്നത്. വനിതാശിശുവികസന വകുപ്പ് മുഖേനയും കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേനയും നടപ്പാക്കുന്ന പദ്ധതികൾ ചുവടെ കൊടുത്തിരിക്കുന്നു.

പ്രധാനമന്ത്രി മാതൃ വന്ദന യോജന

പ്രസ്തുത കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും ആദ്യത്തെ കുഞ്ഞിന് ധനസഹായം ലഭിക്കുന്നു. 3 ഗഡുക്കളായി 5000 രൂപ ധനസഹായം നൽകുന്നു. ആഗസ്റ്റ് 31, 2019 വരെ 151778 പേർ ഗുണഭോക്താക്കളായി.

സ്നേഹസ്പർശം

കേരള സാമൂഹ്യസുരക്ഷാ മിഷൻ നടപ്പാക്കുന്ന ഈ പദ്ധതി മുഖാന്തിരം 1,000 രൂപ ധനസഹായം നൽകി അവിവാഹിതരായ അമ്മമാരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നു. ജൂലൈ 07, 2018 മുതൽ തുക 2000 രൂപയായി ഉയർത്തുകയും 2018–19 ൽ 2044 പേർക്ക് ഇതിന്റെ പ്രയോജനം ലഭിക്കുകയും ചെയ്തു.

വനിതാവികസന പദ്ധതികൾ

സ്ത്രീധന നിരോധനം, ഗാർഹിക പീഢനത്തിൽ നിന്നും സംരക്ഷണം, ലൈംഗീക അധിക്ഷേപത്തിൽ നിന്നും സ്ത്രീകളെ സംരക്ഷിക്കുക, പീഢനത്തിന് ഇരയാകുന്നവരുടെ പുനരധിവാസവും നഷ്ടപരിഹാരവും, ആരോഗ്യ സംരക്ഷണവും, വനിത കുടുംബനാഥയായിട്ടുള്ളവർക്കും ബി.പി. എൽ കുടുബത്തിലെ വനിതകൾക്കുമുള്ള സഹായം, സ്വയം തൊഴിൽ ചെയ്യുന്ന കുറഞ്ഞ വേതനം പറ്റുന്ന സ്ത്രീകളുടെ കാര്യശേഷി ഉയർത്താനുള്ള ധനസഹായം

എന്നീ പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകി വനിതാ ശിശു വികസന വകുപ്പ് നടപ്പാക്കുന്ന ഒരു മുഖ്യ പദ്ധതിയാണിത്. വകുപ്പിന്റെ ഒരു പ്രധാന പരിപാടിയായ ജെൻഡർ അവബോധന സമഗ്ര പരിപാടി, വിവിധ ജനവിഭാഗങ്ങളിൽ ലിംഗാവബോധ സമൂഹത്തെ സൃഷ്ടിക്കാൻ സഹായകരമാകുന്നു.

നിർഭയാ പരിപാടികൾ

വനിതാ ശിശുവികസന വകുപ്പിന്റെ നിർഭയാ പദ്ധതി ലൈംഗിക പീഢനത്തിന് ഇരയായ സ്ത്രീകൾക്ക് സംരക്ഷണം നൽകാനുള്ള നിർഭയാകേന്ദ്രങ്ങൾ (വനിതാശിശുകേന്ദ്രങ്ങൾ) സജ്ജമാക്കുന്നതിന് വിഭാവനം ചെയ്യുന്നു. ലൈംഗിക പീഡനത്തിന് ഇരയായ സ്ത്രീകളുടെ സംരക്ഷണത്തിനായി 14 ഷെൽട്ടർ ഹോമുകൾ പ്രവർത്തിച്ചു വരുന്നു (പത്തനംതിട്ട, കോട്ടയം ഒഴികെ). 2018-19-ൽ ഈ കേന്ദ്രങ്ങൾ 371 സ്ത്രീകൾക്ക് സഹായം നൽകി. ലൈഗീക പീഡനത്തിന് ഇരയായ സ്ത്രീകൾ പ്രോസിക്യൂഷൻ കേസുകളിൽ പ്രഥമ സാക്ഷികളാണെന്നതിനാലും അവരുടെ സുരക്ഷിതത്വവും സഹകരണവും അക്രമികൾക്ക് ഏറ്റവും കൂടുതൽ ശിക്ഷ നേടികൊടുക്കുന്നതിന് അത്യന്താപേക്ഷിതമായതിനാൽ ഇരകൾക്ക് സുരക്ഷിതത്വം ഉറപ്പാക്കുന്നു.

വൺ സ്റ്റോപ്പ് കേന്ദ്രം

പൊതു സ്ഥലങ്ങളിലും സ്വകാര്യ സ്ഥാപനങ്ങളിലും, കുടുംബത്തിലും സമൂഹത്തിലും ജോലിസ്ഥലത്തും വച്ച് പീഡനത്തിന് ഇരയാകുന്ന സ്ത്രീകൾക്ക് സഹായവും പിന്തുണയും വൺസ്റ്റോപ്പ് കേന്ദ്രം മുഖേന നൽകി വരുന്നു. സംസ്ഥാനങ്ങൾ നിർഭയ ഫണ്ട് മുഖേനയാണ് വൺ സ്റ്റോപ്പ് കേന്ദ്രങ്ങൾ നടപ്പാക്കുന്നത്. 2018-19 ൽ കേന്ദ്ര സർക്കാർ 9 ജില്ലകളിൽ വൺസ്റ്റോപ്പ് കേന്ദ്രങ്ങൾ അനുവദിച്ചു. (കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, കോട്ടയം, ഇടുക്കി, എറണാകുളം, പാലക്കാട്, കാസർഗോഡ്, കോഴിക്കോട്). തൃശ്ശൂരും വയനാടും രണ്ടു പുതിയ സെന്ററുകളും ആരംഭിച്ചിട്ടുണ്ട്.

ജെൻഡർ അവബോധന പരിപാടി

ജെൻഡർ അവബോധന പരിപാടി ലക്ഷ്യമിടുന്നത് ലിംഗസമത്വത്തെ കുറിച്ചുള്ള വിവേകവും തിരിച്ചറിവും അവബോധവും വർദ്ധിപ്പിക്കുക എന്നതാണ്. സാമൂഹ്യ മാറ്റത്തിനായി അവബോധം വർദ്ധിപ്പിക്കുക എന്നത് ആശയ വിനിമയത്തിനും പരസ്പരം വിശ്വാസം വർദ്ധിപ്പിക്കുന്നതിനും നൈപുണ്യവും കഴിവും വികസിപ്പിക്കുകയും ചെയ്യുന്ന പ്രക്രിയയാണ്. സ്ത്രീകളുടെയും പുരുഷന്മാരുടെയും വ്യത്യസ്ത ആവശ്യങ്ങൾ നിറവേറ്റുന്നതിനായി നയങ്ങളിലും പരിപാടികളിലും, പ്രോജക്ടുകളിലും സേവനങ്ങളിലും ലിംഗഭേദ കാഴ്ചപ്പാടു സമന്വയിപ്പിക്കുന്നതിനു ജെൻഡർ അവബോധം വർദ്ധിപ്പിക്കുന്നത് നിർണ്ണായകമാണ്. ജെൻഡർ അവബോധനപരിപാടിയുടെ ഭാഗമായി സർക്കാർ വിവിധ പദ്ധതികൾ നടപ്പാക്കി വരുന്നു. ഈ പരിപാടിയുടെ പ്രധാന ഘടകം സധൈര്യം മുന്നോട്ട് എന്ന പരിപാടിയാണ്. കോളേജ് വിദ്യാർത്ഥികളുടെ ഹോസ്റ്റൽ സമയക്രമവും സൗകര്യങ്ങളും സംബന്ധിച്ച ഒരു പഠനം ഉന്നത വിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറിയുടെ നേതൃത്വത്തിൽ നടത്തുകയും സമയക്രമം രാവിലെ 7 മണിമുതൽ രാത്രി 9.30 വരെയാക്കി മാറ്റം വരുത്തുകയും ചെയ്തു കേരള സംസ്ഥാന വനിതാ കോർപ്പറേഷൻ 2019 സെപ്റ്റംബറിൽ സിവിൽ പോലീസ് ഓഫീസർമാർക്കായി 'ബോധ്യം', എന്ന പേരിൽ ജെൻഡർ അവബോധന പരിപാടി ആരംഭിച്ചു. സംസ്ഥാനത്തുള്ള 523 പോലീസ് സ്റ്റേഷനുകളിൽ 135 പോലീസ് ഉദ്യോഗസ്ഥർക്ക് പ്രാരംഭമായി അവബോധനം നൽകി. പ്രളയത്തിൽ തകർന്ന എല്ലാ അംഗനവാടികളും സന്ദർശിക്കുകയും പ്രളയശേഷമുള്ള ഉപജീവന മാർഗ്ഗം സംബന്ധിച്ച പഠനം നടത്തുകയും ചെയ്തു. ചേന്ദമംഗലം ടെക്സ്റ്റൈൽ സൊസൈറ്റിയെ സഹായിക്കുന്നതിനായി തിരുവനന്തപുരം വനിതാ കോളേജിൽ പ്രദർശനം സംഘടിപ്പിച്ചു. KSWDC യുടെ സഹായത്തോടെ പ്രളയബാധിത പ്രദേശത്തെ 28 സ്ത്രീകൾക്ക് തയ്യൽ മെഷീൻ വിതരണം ചെയ്യുകയുണ്ടായി.

കുട്ടികളുടെ ക്ഷേമം

കുട്ടികളുടെ നല്ല രീതിയിലുള്ള വളർച്ച രാജ്യത്തിന്റെ വികസനത്തിന് അത്യന്താപേക്ഷിതമാണ്. രാജ്യത്തിന്റെ ഭാവി മാനവ ശേഷി രൂപീകരിക്കുന്നത് കുട്ടികളാണ്. പണത്തിനോ സഹായത്തിനോ വേണ്ടിയുള്ള കുട്ടികളുടെയും കുടുംബത്തിന്റെയും കൈമാറ്റങ്ങൾ കുട്ടികളെ ദാരിദ്യത്തിലേക്ക് വീഴ്ന്നതും ശിശു മരണ നിരക്കു പ്രതിരോധിക്കുന്നതിനും, കുട്ടികളുടെ ആരോഗ്യപരമായതും നല്ല രീതിയിലുള്ള വളർച്ചയും അത്യാവശ്യ സാധനങ്ങളുടെയും സേവനങ്ങളുടെയും ലഭ്യമാക്കൽ മെച്ചപ്പെടുത്തൽ, ശൈശവ തൊഴിൽ കുറയ്ക്കുന്നതിനുമുള്ള കുട്ടികളുടെ അവകാശങ്ങൾ തിരിച്ചറിയുന്നതിന് നിർണ്ണായകമാണ്. കുട്ടികൾ അവരുടെ സാമർത്ഥ്യം തിരിച്ചറിഞ്ഞ് മതിയായ രീതിയിലുള്ള ജീവിതം ആസ്വദിക്കുന്നതിനു ഇത്തരത്തിൽ സാമൂഹ്യ സുരക്ഷിതത്വം ഉറപ്പു വരുത്തുന്നു.

2011 സെൻസസ് പ്രകാരം, കേരളത്തിൽ പൂജ്യത്തിനും 18 വയസ്സിനും ഇടയിൽ പ്രായമുള്ള കുട്ടികളുടെ ജനസംഖ്യ സംസ്ഥാനത്തെ മൊത്തജനസംഖ്യയുടെ 30 ശതമാനം വരും. ഇതിൽ പൂജ്യം മുതൽ 6 വയസ്സുള്ളവർ 10.4% ശതമാനമാണ്. എസ് ആർ എസ് റിപ്പോർട്ട് 2017 പ്രകാരം സംസ്ഥാനത്ത് 5 വയസ്സിൽ താഴെയുള്ള മരണനിരക്ക് 1,000 ൽ 12 ആണ്[1]. കുട്ടികളുടെ നിലനില്പ്, വികാസം, സുരക്ഷ, പങ്കാളിത്തം എന്നീ

NFHS-4 റിപ്പോർട്ട് പ്രകാരം 5 വയസ്സിൽ താഴെയുള്ള മരണനിരക്ക് 1000 ൽ 7 ആണ്.

അവകാശങ്ങൾ സംരക്ഷിക്കുന്നതിൽ കേരളം സമഗ്ര പുരോഗതി കൈവരിച്ചിട്ടുണ്ട്.

കുട്ടികളുടെ സുരക്ഷ, പരിചരണം, വളർച്ച എന്നിവയ്ക്കുള്ള പ്രധാന പരിപാടികൾ

വനിത ശിശു വികസന വകുപ്പും കേരള സാമൂഹ്യ സുരക്ഷാ മിഷനുമാണ് കുട്ടികളുടെ സുരക്ഷ, പരിചരണം, വളർച്ച എന്നിവയ്ക്കായുള്ള പരിപാടികളും പദ്ധതികളും നടപ്പാക്കുന്നത്. കുട്ടികൾക്കുള്ള അവകാശങ്ങൾ നടപ്പാക്കുന്നതിനായി പ്രധാനപ്പെട്ട നിയമങ്ങൾ, നയങ്ങൾ, പരിപാടികൾ എന്നിവ താഴെ പ്രതിപാദിക്കുന്നു.

കുട്ടികളുടെ സംരക്ഷണാവകാശം

കുട്ടികളോടുള്ള അവഗണന, അതിക്രമം, അധിക്ഷേപം, ചൂഷണം എന്നിവയിൽ നിന്ന് അവരെ മോചിപ്പിച്ച് സുരക്ഷിതമായ അന്തരീക്ഷം ഒരുക്കുകയെന്നതാണ് കുട്ടികളുടെ സംരക്ഷണം കൊണ്ട് ഉദ്ദേശിക്കുന്നത്. എല്ലാ തരത്തിലുമുള്ള മോശമായ പെരുമാറ്റത്തിൽ നിന്നും അതിക്രമങ്ങളിൽ നിന്നും കുട്ടികളെ സംരക്ഷിക്കുന്നതിൽ കേരളം വളരെ മുന്നോട്ട് പോയിട്ടുണ്ട്. എന്നിരുന്നാലും കുട്ടികൾക്ക് സാമൂഹ്യ സുരക്ഷിതത്വം പ്രദാനം ചെയ്യുന്ന കാര്യത്തിൽ പ്രത്യേകിച്ച് ദുരിതമനുഭവിക്കുന്ന കുട്ടികൾക്ക് നൽകേണ്ട സുരക്ഷിതത്വത്തിൽ താഴെപ്പറയുന്ന പരിമിതികൾ സംസ്ഥാനത്തിന് തടസ്സമാകുന്നു.

കുട്ടികൾക്കെതിരെയുള്ള അതിക്രമം

കുട്ടികൾക്കെതിരെയുള്ള കുറ്റകൃത്യങ്ങളുടെ തോത് തുടർച്ചയായി ഉയർന്നു വരുന്നതോടൊപ്പം ബലാത്സംഗവും മറ്റു കുറ്റകൃത്യങ്ങളും കൂടിവരുന്നു. കുട്ടികൾക്കെതിരെയുള്ള അധിക്ഷേപം പ്രത്യേകിച്ച് പെൺകുട്ടികൾക്കെതിരെയുള്ള ലൈംഗിക അധിക്ഷേപ സംഭവങ്ങൾ കൂടിവരുന്നുണ്ട്. പദാർത്ഥ ദുരുപയോഗം പ്രത്യേകിച്ച് കൗമാരപ്രായക്കാരിൽ കൂടി വരുന്നു. മദ്യത്തിന്റെ ഉപയോഗം, സൈബർ കുറ്റ കൃത്യങ്ങൾ എന്നിവ ഉൽക്കണ്ഠ ഉളവാക്കുന്ന മറ്റു പ്രധാന പ്രശ്നങ്ങളാണ്. സ്റ്റേറ്റ് ക്രൈം റെക്കോർഡ്സ് ബ്യൂറോവിന്റെ കണക്ക് പ്രകാരം ബലാൽസംഗകേസുകൾ 2018 ൽ 1204 ലും 2017 ൽ 1045 ഉം ആണ്. കുട്ടികൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ 2017ൽ 3543 എണ്ണവും 2018 ൽ 4008 എണ്ണവുമാണ്.

പെൺകുട്ടികൾ

ഇന്ത്യയിൽ പൂജ്യം മുതൽ ആറ് വയസ് വരെ പ്രായമുള്ള കുട്ടികളുടെ ആൺപെൺ അനുപാതത്തിൽ പെട്ടെന്ന് വന്നിട്ടുള്ള കുറവ് വനിതാശാക്തീകരണത്തിനെതിരായുള്ള ഒരു പ്രധാന സൂചകമാണ്. 2001 –ൽ ഈ അനുപാതം 1,000 ആൺകുട്ടികൾക്ക് 927 പെൺകുട്ടികൾ എന്ന നിരക്കിലായിരുന്നു. എന്നാൽ 2011 –ൽ ഈ അനുപാതം 919 ആയി താണു. 2011 സെൻസസ് അനുസരിച്ച് കേരളത്തിൽ കുട്ടികളുടെ ആൺപെൺ അനുപാതം (964) 2001 സെൻസസിനേക്കാൾ (960) നാല് പോയിന്റ് മാത്രം മുകളിലാണ്. ആലപ്പുഴ (951), എറണാകുളം (961), കാസർഗോഡ് (961), തൃശ്ശൂർ (950) എന്നീ ജില്ലകളിൽ ഈ അനുപാതം സംസ്ഥാന ശരാശരിയേക്കാൾ താഴെയാണെന്നുള്ളത് ആപൽസൂചകമാണ്. സെക്സ് സെലക്ഷൻ ടെക്നിക്കുകളുടെ ഉപയോഗം നിരുത്സാഹപ്പെടുത്തുക, പെൺകുട്ടികൾക്ക് പാരിതോഷികം ഏർപ്പെടുത്തുക, അവബോധനം സൃഷ്ടിക്കുക എന്നീ ഇടപെടലുകളിലൂടെ പെൺകുട്ടികളെ പ്രോത്സാഹിപ്പിക്കാവുന്നതാണ്.

ശൈശവ വിവാഹം

ബാലാവകാശങ്ങളുടെ ലംഘനമാണ് ശൈശവ വിവാഹം. ദേശീയ ബാലാവകാശ സംരക്ഷണ കമ്മീഷന്റെ 'എൻ.എഫ്.എച്ച്.എസ്.–4–നെ അടിസ്ഥാനമാക്കിയുള്ള ഇന്ത്യയിലെ ശൈശവ വിവാഹവും കൗമാരപ്രായത്തിലെ ഗർഭധാരണവും സംബന്ധിച്ച റിപ്പോർട്ട്'' പ്രകാരം 15 നും 19 നും ഇടയിൽ പ്രായമുള്ള പെൺകുട്ടികളുടെ ശൈശവ വിവാഹം സംബന്ധിച്ച് എൻ.എഫ്.എച്ച്.എസ്. 3, എൻ. എഫ്. എച്ച്.എസ്.–4 റിപ്പോർട്ടുകൾ താരതമ്യ വിശകലനം നടത്തിയതിൽ നിന്നും വ്യക്തമാകുന്നത് കഴിഞ്ഞ 10 വർഷത്തിൽ മൊത്തത്തിലുള്ള ശൈശവ വിഹാഹ നിരക്ക് കുറഞ്ഞിട്ടുണ്ടെന്നാണ്. കേരളത്തിൽ എൻ. എഫ്.എച്ച്.എസ്.–3 പ്രകാരം ശൈശവ വിവാഹ നിരക്ക് 6.2 ശതമാനമായിരുന്നത് എൻ. എഫ്.എച്ച്.എസ്.–4 പ്രകാരം 2.4 ശതമാനം ആയി കുറഞ്ഞിട്ടുണ്ട്. ദേശീയ ശരാശരി 11.9 ശതമാനം ആണ്.

കുട്ടികളുടെ വികസനാവകാശം

കുട്ടികളുടെ ബാല്യകാലം അവരുടെ പുരോഗതിയുടെ ഏറ്റവും പ്രബലമായ കാലഘട്ടമാണ്. 18 വയസ്സിനു താഴെയുള്ള കുട്ടികളുടെ ശാരീരികം, മാനസികം, വികാരം, സാമൂഹ്യം എന്നീ തലങ്ങൾ കേന്ദ്രീകരിച്ചുള്ള സമഗ്ര പുരോഗതിയാണ് ഇതിൽ ഉൾപ്പെടുന്നത്. ഈ നാല് മണ്ഡലങ്ങളിലുമുള്ള കുട്ടികളുടെ വളർച്ചയെ പ്രോൽസാഹിപ്പിക്കുന്ന കാര്യത്തിൽ കേരളം എപ്പോഴും മുൻപന്തിയിലാണ്. എന്നിരുന്നാലും കുട്ടികളുടെ ബാല്യകാല വികസനത്തിൽ ചില തടസ്സങ്ങൾ ഇപ്പോഴും നിലനിൽക്കുന്നു. പ്രതിരോധകുത്തിവയ്പ് എടുക്കുന്ന കാര്യത്തിൽ സംസ്ഥാനം വളരെ മുന്നിലാണെങ്കിലും ദേശീയ കുടുബ ആരോഗ്യ സർവ്വേ 4 പ്രകാരം 100% ൽ ചെറിയ കുറവാണ് (12 മുതൽ 23 മാസംവരെ പ്രതിരോധകുത്തിവെയ്പ് 82.5 ശതമാനം). അതുപോലെതന്നെ കേരളം പൂർണ്ണമായ മുലയൂട്ടൽ (ആദ്യത്തെ 6 മാസ ശൈശവ ഘട്ടത്തിൽ)

നടത്തുന്നതിൽ പുരോഗതി കുറഞ്ഞു വരുന്നു (എൻ.എഫ്.എച്ച്.എസ് –3 പ്രകാരം 0 മുതൽ 5 വയസ്സുള്ള കുട്ടികൾക്ക് പൂർണ്ണമായ മുലയൂട്ടൽ നടത്തുന്നതിന്റെ ആധിക്യം 56.2% ശതമാനവും എൻ.എഫ്.എച്ച്–4 പ്രകാരം 53.3 ശതമാനവുമാണ്). പാലൂട്ടലിന് മുമ്പായി ആഹാരം നൽകൽ, മുലപ്പാൽ നൽകുന്നതിനുള്ള കാലതാമസം, കുപ്പിപ്പാൽ നൽകൽ തുടങ്ങിയ അനാരോഗ്യപരമായ ആഹാരം നൽകുന്ന സമ്പ്രദായം കേരളത്തിൽ നടക്കുന്നുണ്ടെന്ന് അനവധി ഗവേഷണ പഠനങ്ങൾ വ്യക്തമാക്കുന്നു. 6–59 മാസം പ്രായമുള്ള കുട്ടികളുടെ വിളർച്ചാ നിരക്ക് സൂചിപ്പിക്കുന്നത് ആരോഗ്യ സ്ഥിതിയിൽ വർദ്ധനവുണ്ടായിട്ടുണ്ടെന്നാണ് (എൻ.എഫ്.എച്ച്.എസ്.–3ൽ 44.5 ഉം എൻ.എഫ് എച്ച് എസ്.–4 ൽ 35.7 ആണ് നിരക്കുകൾ). സംസ്ഥാനത്ത് സാർവ്വലൗകികമായ പ്രീ–സ്ക്കൂൾ വിദ്യാഭ്യാസത്തിന്റെ അഭാവം മറ്റൊരു പ്രധാന പ്രശ്നമാണ്. ഇതിന് അടിയന്തിര ശ്രദ്ധ നൽകേണ്ടതാണ്. റാപ്പിഡ് സർവ്വേ ഓഫ് ചിൽഡ്രൻ (ആർ.എസ്.ഒ.സി) 2013–14 പ്രകാരം മൂന്ന് വയസ്സിനും 6 വയസ്സിനും ഇടയിൽ പ്രായമായ 26.2 ശതമാനം കുട്ടികൾക്ക് പ്രീ–സ്ക്കൂൾ വിദ്യാഭ്യാസം ലഭിക്കുന്നില്ല എന്ന് കാണുന്നു. കൂടാതെ ശാസ്ത്രീയമായി തയ്യാറാക്കിയ പാഠ്യപദ്ധതിയുടെ അഭാവവും പരിഹാരം കാണേണ്ട വിഷയമാണ്.

കുട്ടികളുടെ അതിജീവനാവകാശം

ശിശുമരണ നിരക്കും നവജാത ശിശുക്കളുടെ തൂക്കകുറവിന്റെ ബാഹുല്യവും കുട്ടികളുടെ അതിജീവനത്തിൽ ഉത്കണ്ഠ ജനിപ്പിക്കുന്ന കാര്യങ്ങളാണ്. സംസ്ഥാനത്ത് ശിശുമരണ നിരക്ക് 1,000 ജനനത്തിന് 12 എന്നതിൽ നിന്ന് 8 ആയി കുറയ്ക്കാനാണ് സുസ്ഥിര വികസന ലക്ഷ്യം (എസ്.ഡി.ജി) വിഭാവനം ചെയ്യുന്നത്. അതുപോലെ 2020 ആകുമ്പോഴേക്കും മാതൃമരണ നിരക്ക് ഒരു ലക്ഷം ജനനത്തിന് 66 –ൽ നിന്ന് 30 ആയി കുറയ്ക്കാനും 5 വയസ്സിന് താഴെയുള്ള ശിശുമരണ നിരക്ക് 1,000 ജനനത്തിന് 14ൽ നിന്നും 9 ആയി കുറയ്ക്കാനും ലക്ഷ്യമിടുന്നു. മുകളിൽ പറഞ്ഞിട്ടുള്ള രംഗത്തെല്ലാം സംസ്ഥാനം കാര്യമായ നേട്ടം കൈവരിച്ചിട്ടുണ്ടെങ്കിലും, കുട്ടികളിലെ പോഷക വൈകല്യത്തിന്റെ ബാഹുല്യവും (എൻ.എഫ്.എച്ച്.എസ് – 4 പ്രകാരം 5 വയസ്സിന് താഴെ ഉദ്ദേശം 16.1 ശതമാനം കുട്ടികൾക്ക് തൂക്കകുറവും 19.7 ശതമാനം കുട്ടികൾക്ക് വളർച്ചാമുരടിപ്പും), കുട്ടികളിലെ വിളർച്ചയും (എൻ.എഫ്.എച്ച്.എസ് 4 പ്രകാരം 35.7 ശതമാനം കുട്ടികൾ വിളർച്ചയുള്ളവരാണ്). പ്രതിരോധകുത്തിവെയ്പ്പിന്റെ കുറവും (സംസ്ഥാനത്ത് ഉദ്ദേശം 17.9 ശതമാനം കുട്ടികൾക്ക് 12–23 മാസത്തിൽ മുമ്പായി 5 വാക്സിനുകൾ ലഭിക്കുന്നില്ല) സംസ്ഥാനത്ത് ചില ജില്ലകളിൽ കൂടുതലാണ്, പ്രത്യേകിച്ച് പട്ടിക വർഗ്ഗക്കാരുടെയിടയിൽ. ഈ പ്രശ്നങ്ങൾ എല്ലാം തന്നെ സുസ്ഥിര വികസന ലക്ഷ്യം നേടിയെടുക്കാൻ സർക്കാരിന് ഒരു വെല്ലുവിളിയായി മാറും.

കുട്ടികളുടെ പങ്കാളിത്താവകാശം

തീരുമാനങ്ങൾ എടുക്കുന്ന വേളയിൽ കുട്ടികളുടെ കാഴ്ചപ്പാട് സ്വതന്ത്രമായി അവതരിപ്പിക്കാനുള്ള ഒരു ചുറ്റുപാട് സൃഷ്ടിക്കുകയാണ് കുട്ടികളുടെ പങ്കാളിത്താവകാശം കൊണ്ട് ഉദ്ദേശിക്കുന്നത്. കുട്ടികളുടെ മൊത്തത്തിലുള്ള വികസനത്തിന് സമഗ്ര സംഭാവന ചെയ്യുന്നതിനു വേണ്ടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലുള്ള അയൽക്കൂട്ട ശൃംഖലയായ കേരളാ മോഡൽ ബാലസഭകളും ബാലപഞ്ചായത്തുകളും ദേശവ്യാപകമായി അംഗീകാരം പിടിച്ചു പറ്റിയതാണ്.

പ്രൊട്ടക്ഷൻ ഓഫ് ചിൽഡ്രൻ ഫ്രം സെക്ഷ്വൽ ഒഫൻസസ് (പോക്സോ) നിയമം 2012

കുട്ടികൾക്കെതിരെയുള്ള അധിക്ഷേപങ്ങളെക്കുറിച്ചും ലൈംഗീക കൈയ്യേറ്റം, ലൈംഗീക പീഡനം, അശ്ലീല സാഹചര്യം എന്നിവയിൽനിന്ന് കുട്ടികളെ സംരക്ഷിക്കേണ്ട മാർഗ്ഗങ്ങളെക്കുറിച്ചും ഈ നിയമം പ്രതിപാദിക്കുന്നു. പ്രസ്തുത നിയമം നടപ്പാക്കുന്നതിൽ സംസ്ഥാനം ഒട്ടനവധി കാര്യങ്ങൾ ചെയ്തിട്ടുണ്ട്. ഈ നിയമത്തിന്റെ പരിധിയിൽ വരുന്ന കുട്ടികൾക്ക് പരിചരണവും സുരക്ഷയും നൽകാനായി സംസ്ഥാനത്ത് എല്ലാ ജില്ലകളിലുമായി 14 വനിതാശിശു ഭവനങ്ങൾ സ്ഥാപിച്ചു. എല്ലാ ജില്ലകളിലും സ്പെഷ്യൽ ജുവനൈൽ പോലീസ് യൂണിറ്റുകൾ സ്ഥാപിച്ചു വരുന്നു. ഈ നിയമത്തിന്റെ കീഴിൽ വരുന്ന കേസ്സുകൾ പെട്ടെന്ന് വിചാരണ ചെയ്യാൻ സംസ്ഥാനത്ത് പ്രത്യേക കോടതികൾ പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലെ കോടതികൾ സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള ലൈഗീകാതിക്രമണങ്ങളുമായി ബന്ധപ്പെട്ട കേസുകളുടെ പരിശോധനയ്ക്കായി തെരെഞ്ഞെടുത്തിട്ടുണ്ട്. സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുള്ള പോക്സോ കേസുകൾ വർദ്ധിച്ചു വരുന്നു. 2017–ൽ കേസുകളുടെ എണ്ണം 2697 ആയിരുന്നത് 2018–ൽ 3175 ആയി വർദ്ധിച്ചു.

കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ

ഈ കമ്മീഷൻ നിയമ പ്രകാരം പ്രവർത്തിക്കുന്ന ഒരു സ്ഥാപനമാണ്. ബാലാവകാശം സംരക്ഷിക്കാൻ നിലവിലെ നിയമങ്ങൾ പരിശോധിച്ച് അവലോകനം നടത്തുക, കുട്ടികളുടെ അവകാശ ലംഘനം നടന്നത് അന്വേഷിക്കുക, കുട്ടികളുടെ അവകാശങ്ങളുടെ പൂർണ്ണ സ്വാതന്ത്ര്യത്തിന് തടസ്സമായി നിൽക്കുന്ന ഘടകങ്ങൾ കണ്ടു പിടിക്കുക, വസ്തുതകൾ പരിശോധിച്ച് പരിഹാരം നിർദ്ദേശിക്കുക എന്നിവ കമ്മീഷന്റെ അധികാര പരിധിയിൽ വരുന്ന വിഷയങ്ങളാണ്. 2018–19 കാലയളവിൽ, 1692 പരാതികൾ കമ്മീഷന് ലഭിച്ചു.

ഇതിൽ 805 പരാതികൾക്ക് പരിഹാരം കണ്ടു. പരിഹാരം കണ്ട പരാതികളിൽ 90 എണ്ണം പോക്സോ ആക്ടുമായി ബന്ധപ്പെട്ടതും, 190 എണ്ണം ആർ.റ്റി.ഇ യുമായും 4 എണ്ണം ജുവൈനൽ ജസ്റ്റീസുമായി ബന്ധപ്പെട്ടതും ബാക്കിയുള്ളത് കുട്ടികളുടെ അവകാശ ലംഘനവുമായി ബന്ധപ്പെട്ടതുമാണ്.

ദത്തെടുക്കൽ സേവനങ്ങൾ

സംസ്ഥാന ദത്തെടുക്കൽ റിസോഴ്സ് ഏജൻസിയെ മുന്നോട്ടു കൊണ്ടു പോകുന്നതിനായി കേരളത്തിൽ 17 പ്രത്യേക ദത്തെടുക്കൽ ഏജൻസികൾ പ്രവർത്തിച്ചു വരുന്നു. 2013–14 മുതൽ 2018–19 വരെ, 883 രാജ്യത്തിനകത്തുള്ള ദത്തെടുക്കലും 87 രാജ്യാന്തര ദത്തെടുക്കലും നടന്നു. 2018–19–ൽ കേരളത്തിൽ 132 കുട്ടികളെ ദത്തെടുത്തു (രാജ്യത്തിനകത്തുള്ളത് 119 ഉം, രാജ്യാന്തരം 13 ഉം). ഇതിൽ 59 പേർ പെൺകുട്ടികളാണ് ദത്തെടുത്ത കുട്ടികളെ സംബന്ധിച്ച വിവരം അനുബന്ധം 8.3.6 –ൽ ചേർത്തിരിക്കുന്നു.

ചൈൽഡ് ലൈൻ സേവനങ്ങൾ

തെരുവിൽ താമസിക്കുന്ന ആരോഗ്യമില്ലാത്ത കുട്ടികൾ, തൊഴിലെടുക്കുന്ന കുട്ടികൾ, ഗാർഹിക തൊഴിലെടുക്കുന്ന കുട്ടികൾ, ഒളിച്ചോടിയകുട്ടികൾ, ലൈംഗിക തൊഴിലാളികളുടെ മക്കൾ, ലൈംഗിക അക്രമത്തിനിരയായ കുട്ടികൾ എന്നിവരുടെ ആവശ്യങ്ങൾ കേന്ദ്രീകരിച്ചുകൊണ്ടുള്ള സേവനമാണ് ലക്ഷ്യമിടുന്നത്. 24 മണിക്കൂറും പ്രവർത്തിക്കുന്ന ഒരു ടോൾഫ്രീ ടെലിഫോൺ (1098) സേവനമാണ് ചൈൽഡ് ലൈൻ. ഇൻഡ്യയിൽ 430 നഗരങ്ങളിൽ ഈ സേവനം ലഭ്യമാണ്. കേരളത്തിൽ 14 സ്ഥലത്ത് ഈ സംവിധാനം പ്രവർത്തിക്കുന്നു. സർക്കാരിത സംഘടനകൾ, സന്നദ്ധ സംഘടനകൾ എന്നിവരുടെ സഹായത്തോടെ ചൈൽഡ് ലൈൻ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തേണ്ടിയിരിക്കുന്നു.

സംയോജിത ശിശുവികസന സേവനങ്ങൾ (ഐ.സി.ഡി.എസ്)

കുട്ടികളുടെ ബാല്യത്തിൽ തന്നെയുള്ള വളർച്ച സാധ്യമാക്കാൻ കേന്ദ്രസർക്കാർ നടപ്പാക്കുന്ന ഒരു ഫ്ലാഗ്ഷിപ് പരിപാടികളിലൊന്നാണിത്. പൂരകപോഷകാഹാരം, പ്രതിരോധകുത്തിവെയ്പ്, ആരോഗ്യപരിശോധന, റഫറൽ സർവീസസ്, ആരോഗ്യ പോഷകാഹാര വിദ്യാഭ്യാസം, 6 വയസ്സിന് താഴെയുള്ള കുട്ടികൾക്ക് പ്രീ–സ്ക്കൂൾ വിദ്യാഭ്യാസം, അമ്മമാർ, പാലൂട്ടുന്ന അമ്മമാർ എന്നിവർക്ക് സേവനങ്ങൾ ഉറപ്പാക്കുന്ന ഒരു സമഗ്ര പദ്ധതിയാണിത്. 2018–19 –ൽ 33115 അംഗൻവാടികൾ മുഖേന ഈ പദ്ധതി നടപ്പാക്കുന്ന പൂരകപോഷകാഹാര പരിപാടി 10.05 ലക്ഷം പേർക്കും, പ്രീ–സ്ക്കൂൾ വിദ്യാഭ്യാസ പരിപാടി 3 മുതൽ 6 വയസ്സുള്ള 3.16 ലക്ഷം കുട്ടികൾക്കും പ്രയോജനപ്പെട്ടു. പൂരകപോഷകാഹാര പരിപാടിയിൽ 2.74 ലക്ഷം പേർ ഗർഭിണികളും പാലൂട്ടുന്ന അമ്മമാരും ആയിരുന്നു. (**അനുബന്ധം 8.3.7**).

സംസ്ഥാന സർക്കാരിന്റെ സഹായത്തോടെ തദ്ദേശഭരണ സ്ഥാപനങ്ങൾ വിവിധതരം നൂതനമായ പ്രവർത്തികൾ ഐ.സി.ഡി.എസിന്റെ കീഴിൽ തുടക്കം കുറിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ പ്രദേശങ്ങളിൽ കുട്ടികളുടെ പോഷകാവസ്ഥ മെച്ചപ്പെടുത്തുന്നതിനായി അമൃതം ന്യൂട്രിമിക്സ് തയ്യാറാക്കുന്നതിനായി വയനാട്ടിൽ കുടുംബശ്രീ ഉല്പാദന യൂണിറ്റുകൾ ആരംഭിച്ചു. ഗുരുതരമായ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനായി യൂണിസെഫിന്റെ സഹായത്തോടെ ഒരു സാമൂഹ്യാധിഷ്ഠിത പോഷകാഹാര പുനരധിവാസ പരിപാടി അട്ടപ്പാടി പട്ടിക വർഗ്ഗ പ്രോജക്ട് പ്രദേശത്ത് ആരംഭിച്ചിട്ടുണ്ട്. പോഷകാഹാര അവസ്ഥയുടെ തത്സമയ മോണിറ്ററിംഗിനായി GIS അധിഷ്ഠിതമായ ജാതക്–ജനനി അട്ടപ്പാടിയിൽ ആരംഭിച്ചു. കുട്ടികളുടെ 5 വയസുവരെയുള്ള വളർച്ച നിരീക്ഷിക്കുന്നതിനുള്ള സംവിധാനമാണ് ജാതക്. മൊബൈൽ ആപ്ലിക്കേഷൻ വഴി ശബ്ദരേഖയും ചിത്രവും സ്ഥാനവും ഉൾപ്പെടുന്ന തത്സമയ വിവരങ്ങൾ ജാതകിലൂടെ ലഭിക്കുന്നു. ഇത് അട്ടപ്പാടിയിലും മാനന്തവാടി, ദേവികുളം, ഇരിട്ടി എന്നിവിടങ്ങളിൽ പ്രവർത്തിച്ചുവരുന്നു. സംസ്ഥാനത്തെ 33,115 അംഗൻവാടി കേന്ദ്രങ്ങളിലും സാമൂഹ്യ ആഡിറ്റ് നടത്തപ്പെട്ടിട്ടുണ്ട്. അംഗൻവാടി വർക്കർമാർ, ഹെൽപ്പർമാർ എന്നിവരുടെ ക്ഷേമത്തിനായി അംഗൻവാടി ക്ഷേമനിധി ബോർഡ് രൂപീകരിച്ചിട്ടുണ്ട്. കുട്ടികളുടെ ബാല്യത്തിൽത്തന്നെയുള്ള വളർച്ചയും സംരക്ഷണവും പ്രീ സ്ക്കൂൾ വിദ്യാഭ്യാസ പരിപാടിയും അംഗൻവാടികൾ മുഖേന ഇ.സി.സി.ഇ പദ്ധതി പ്രകാരം നൽകുന്നു.

സംയോജിത ശിശു സംരക്ഷണ പദ്ധതി

സുരക്ഷയും സംരക്ഷണവും ആവശ്യമുള്ളവരും നിയമപ്രശ്നങ്ങളുള്ളവരുമായ കുട്ടികൾക്ക് പ്രതിരോധം, നിയമ സുരക്ഷ, പുനരധിവാസ സേവനങ്ങൾ എന്നിവ നൽകുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയാണിത്. സംസ്ഥാനത്ത് ജെ.ജെ ആക്ടിൽ ഉൾപ്പെട്ട നിബന്ധനകൾ വേഗത്തിൽ നടപ്പിലാക്കുവാനായി ശിശു സംരക്ഷണ യൂണിറ്റുകൾ, ശിശുക്ഷേമ കമ്മറ്റികൾ, പ്രത്യേക ജുവനൈൽ പോലീസ് യൂണിറ്റുകൾ, സംസ്ഥാന ശിശു സംരക്ഷണ സൊസൈറ്റി, ജില്ലാ ശിശു സംരക്ഷണ യൂണിറ്റ്, ജെ.ജെ ബോർഡുകൾ എന്നിവ സ്ഥാപിച്ചു. ചൈൽഡ് മാര്യേജ് റീസ്റ്റ്റെയിന്റ് നിയമം, കേരള യാചക നിരോധന നിയമം, ചൈൽഡ് റൈറ്റ്സ് കൺവെൻഷൻ പരിപാടികൾ, ദത്തെടുക്കലുമായി ബന്ധപ്പെട്ട നിയമങ്ങൾ പോലുള്ള വിവിധ സാമൂഹ്യ നിയമങ്ങളുമായി ബന്ധപ്പെട്ട പരിപാടികൾ ഈ പദ്ധതിക്ക് കീഴിൽ നടപ്പാക്കുന്നുണ്ട്.

പോക്സോ നിയമത്തിൻ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ട്രയൽ കേസുകൾ തീർപ്പാക്കാൻ പ്രത്യേക കോടതികൾ ആരംഭിച്ചു. ഷഫീക്ക് കമ്മിറ്റി റിപ്പോർട്ട് നടപ്പാക്കുന്നതിന്റെ ഭാഗമായി 'ബാലസുരക്ഷ' സംബന്ധിച്ച് ഒരു മാതൃകാ പ്രോട്ടോക്കോൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. 1. കുട്ടികൾക്കെതിരെയുള്ള അക്രമങ്ങൾ തടയുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ, 2. കേസുകൾ കണ്ടെത്തി നേരത്തെ തന്നെ ഇടപെടൽ നടത്തുക, 3. ഇരയ്ക്ക് സുരക്ഷയും സംരക്ഷണവും നൽകുക, 4. ആവർത്തിക്കുന്ന അക്രമങ്ങൾ തടയൽ എന്നിവ ഇതിൽ പെടുന്നു. 12–ാം പദ്ധതിയിൽ കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയാനായി സാമൂഹ്യ നീതി വകുപ്പ് ഐ.സി.പി.എസിനു കീഴിൽ വളരെയധികം നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 13–പദ്ധതിയിലും ചില നൂതന പദ്ധതികൾ നടപ്പാക്കിവരുന്നു. ദുർബലരായ കുടുംബങ്ങളെ കണ്ടെത്തുന്നതിനും, ഫ്രണ്ട് ലൈൻ ഏജന്റുമാരുടെ കഴിവു വികസിപ്പിക്കുന്നതിനും കുട്ടികൾക്കെതിരെയുള്ള ലൈംഗികാതിക്രമങ്ങൾ തടയുന്നതും അദ്ധ്യാപകരുടെ കഴിവു വികസിപ്പിക്കൽ, കുട്ടികൾക്കെതിരായ ലൈംഗികാതിക്രമങ്ങൾ തടയുന്നതിനും റിപ്പോർട്ടുചെയ്യുന്നതിനും അദ്ധ്യാപകർക്ക് പരിശീലനം നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കൗമാരക്കാരായ പെൺകുട്ടികളുടെ പദ്ധതി (മുമ്പുള്ള രാജീവ് ഗാന്ധി പദ്ധതി)

ഈ കേന്ദ്രാവിഷ്കൃത പദ്ധതി 11 നും 14 നും മദ്ധ്യേ പ്രായമുള്ള സ്ക്കൂൾ വിദ്യാഭ്യാസം ലഭിക്കാത്ത കൗമാരക്കാരായ പെൺകുട്ടികളുടെ പോഷകാരോഗ്യ നിലവാരം വർദ്ധിപ്പിക്കുന്നതിനു വേണ്ടിയുള്ളതാണ്. 11 നും 14 നും മദ്ധ്യേ പ്രായമുള്ള സ്ക്കൂൾ വിദ്യാഭ്യാസം ലഭിക്കാത്ത കൗമാരക്കാരായ പെൺകുട്ടികൾ കേരളത്തിൽ കുറവായതിനാൽ ഈ കേന്ദ്ര സർക്കാർ പദ്ധതിയുടെ പ്രയോജനം കേരളത്തിന് കുറവാണ്.

കുട്ടികൾള്ള കാൻസർ സുരക്ഷയും താലോലം പദ്ധതിയും

കാൻസർ, മറ്റു ജീവനു ഭീഷണിയായ രോഗങ്ങൾ എന്നിവയാൽ ബുദ്ധിമുട്ടുന്ന 18 വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് സർക്കാർ അംഗീകൃത ആശുപത്രികളിൽ സൗജന്യ ചികിത്സ നൽകുന്ന സാമൂഹ്യ സുരക്ഷാ മിഷന്റെ പദ്ധതിയാണിത്. കാൻസർ സുരക്ഷ 12 സർക്കാർ ആശുപത്രികൾ മുഖേനയും താലോലം പദ്ധതി 18 സർക്കാർ ആശുപത്രികൾ മുഖേനയും നടപ്പാക്കി വരുന്നു. 2018–19 വർഷം കാൻസർ സുരക്ഷാ പദ്ധതിയിലൂടെ 7162 കുട്ടികൾക്കും താലോലം പദ്ധതിയിലൂടെ 16167 കുട്ടികൾക്കും സഹായം ലഭിച്ചിട്ടുണ്ട്.

സ്നേഹപൂർവ്വം

മാതാപിതാക്കൾ രണ്ടുപേരും നഷ്ടപ്പെട്ടതോ ഒരാളില്ലാത്തതോ മറ്റേയാൾക്ക് കുട്ടിയെ സംരക്ഷിക്കുന്നതിനുള്ള സാമ്പത്തിക സ്ഥിതി ഇല്ലാത്തതോ ആയ കുട്ടികൾക്ക് സാമ്പത്തിക സഹായം നൽകുന്ന കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ ഒരു പദ്ധതിയാണിത്. കുട്ടികൾക്ക് ബിരുദ പഠനം വരെ വിദ്യാഭ്യാസ സഹായം നൽകുന്നതിന് ഉദ്ദേശിച്ചിട്ടുള്ളതാണ് ഈ പദ്ധതി. HIV/AIDS ബാധിതരായ കുട്ടികളും ഈ പദ്ധതിയിൽ ഉൾപ്പെടുന്നു. 2018–19 –ൽ 34952 കുട്ടികൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ട്.

സ്നേഹ സാന്ത്വനം

സംസ്ഥാനത്തെ എൻഡോസൾഫാൻ ദുരിതബാധിതർക്ക് ആശ്വാസ നടപടികൾ കൈക്കൊള്ളുന്നതിനാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. ഈ പദ്ധതി പ്രകാരമുള്ള സാമ്പത്തിക സഹായം എൻഡോസൾഫാൻ ദുരിതബാധിതർക്ക് നൽകി വരുന്നു. 1 മുതൽ 12 വരെയുള്ള ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്ക് വിദ്യാഭ്യാസ സഹായം നൽകുന്നു. 2018–19 –ൽ ഈ പദ്ധതിയിൽ 5697 പേർ ഗുണഭോക്താക്കളായിരുന്നു.

ഔവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ കേരള (ഒ.ആർ.സി)

വനിതാശിശു വികസന വകുപ്പ് നടപ്പാക്കുന്ന സംയോജിത ശിശുവികസന പദ്ധതിയുടെ ഒരു അവിഭാജ്യമായ പ്രവർത്തനമാണ് ഔവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൺ. കുട്ടികളുടെ സംരക്ഷണത്തിനും വികസനത്തിനും വിദ്യാഭ്യാസ, ആരോഗ്യ, ആഭ്യന്തര തദ്ദേശസ്വയംഭരണ വകുപ്പുകളുടെയും സമൂഹത്തിന്റെയും ഉത്തരവാദിത്വത്തിൽ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതു സർക്കാർ സർക്കാരിതര സംഘടനകളുടെ സ്ക്കൂൾ അധിഷ്ഠിതമായ ഒരു പ്രവർത്തനമാണിത്. ഇതിന്റെ ലക്ഷ്യം കുട്ടികളുടെ മെച്ചപ്പെട്ട സുരക്ഷയും വികസനവും ജീവിത നൈപുണ്യം മെച്ചപ്പെടുത്തലും പോഷക സമൃദ്ധവും ദുരിതങ്ങളെ പരിഹരിക്കലും ഉപദേശം നൽകലും നല്ല രീതിയിലുള്ള പേരന്റിംഗും ലഭ്യമാക്കുക ആണ്. 320 സ്ക്കൂളുകളിൽ ഓ.ആർ.സി. പ്രോജക്ട് നടപ്പാക്കി വരുന്നു. സമീപകാലത്ത് മാതാപിതാക്കൾ കുട്ടികൾക്ക് നേരെ നടത്തിയ അതിക്രമങ്ങളുടെ പശ്ചാത്തലത്തിൽ 'കരുതൽ സ്പർശം : കൈകോർക്കാം കുട്ടികൾക്കായ്' എന്ന ഒരു പുതിയ പരിപാടി ഉത്തരവാദിത്വ രക്ഷാകർതൃത്വത്തിനായി ആരംഭിച്ചു.

കാവൽ

നിയമ പ്രശ്നമുള്ള കുട്ടികൾക്ക് പിന്തുണ

നൽകുന്നതിനായി സൈക്യാട്രി വകുപ്പിന്റെയും ബംഗളൂരുവിലുള്ള നിം ഹാൻസിന്റെയും സാങ്കേതിക സഹായത്തോടെ വനിതശിശുവികസന വകുപ്പ് നടപ്പാക്കുന്ന ഒരു നവീന പരിപാടിയാണിത്. ഇതിന്റെ ഫലമായി കുറ്റകൃത്യങ്ങൾ ചെയ്യാനുള്ള വാസന മുൻപുണ്ടായിരുന്ന 12.4 ശതമാനത്തിൽ നിന്നും 3.75 ശതമാനമായി കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. സംസ്ഥാനത്തെ 28 എൻ ജി ഒ കളുടെ സഹായത്തോടെ നടപ്പാക്കുന്ന ഈ പദ്ധതിയിൽ 1733 കുട്ടികളും അവരുടെ കുടുംബങ്ങളും ഗുണഭോക്താക്കളാണ്.

കൗമാരക്കാരായ പെൺകുട്ടികൾക്കു വേണ്ടിയുള്ള മനഃശാസ്ത്ര സാമൂഹ്യ സേവനങ്ങൾ

വനിതാശിശുവികസന വകുപ്പിന്റെ ഈ പദ്ധതി കൗമാരക്കാരായ പെൺകുട്ടികൾക്ക് കൗൺസിലിംഗ്, മാർഗ്ഗോപദേശം തുടങ്ങിയ സഹായങ്ങൾ നൽകുന്നു. വിദ്യാഭ്യാസ വകുപ്പിന്റെ പിന്തുണയോടെ തെരഞ്ഞെടുക്കപ്പെട്ട 2009-10-ൽ 163 സ്കൂളുകളിൽ മനഃശാസ്ത്ര സാമൂഹ്യ കൗൺസലിംഗ് സെന്റർ ആരംഭിക്കുകയും 1012 സ്കൂളുകളിലേക്ക് വ്യാപിപ്പിക്കുകയും ചെയ്തു. കുട്ടികൾക്ക് കൗൺസലിംഗും മാർഗ്ഗോപദേശവും നൽകുന്നതിനായി ഓരോ സ്കൂളിലും ഒരു ഫുൾടൈം കൗൺസിലറെ നിയമിച്ചിട്ടുണ്ട്.

കുട്ടികളിലെ കോക്ലിയർ ഇംപ്ലാന്റേഷൻ

പ്രാദേശിക സംസ്ഥാനതല സാങ്കേതിക കമ്മിറ്റികൾ തെരഞ്ഞെടുത്ത അഞ്ചു വയസ്സുവരെയുള്ള കുട്ടികൾക്ക് കേരള സാമൂഹ്യ സുരക്ഷാമിഷൻ (കെ. എസ്.എസ്.എം) ഈ പദ്ധതിയിലൂടെ കോക്ലിയർ ഇംപ്ലാന്റേഷൻ സർജറിക്കുള്ള സഹായം നൽകുന്നു. പ്രത്യേക പട്ടികയിലുള്ള ആശുപത്രികളിലൂടെ ശസ്ത്രക്രിയ കഴിഞ്ഞ കുട്ടികൾക്ക് ആഡിറ്ററി വെർബൽ ഹബിലിറ്റേഷൻ (എ.വി.എച്ച്) വേണ്ടി സാമ്പത്തിക സഹായവും നൽകുന്നു. 2017-18 ൽ കുട്ടികൾക്ക് ഇമ്പ്ളാൻറ് ഉൾപ്പെടെ സ്പീച് പ്രോസസ്സർ അപ്ഗ്രേഡേഷൻ സൗജന്യമായി നൽകുന്നതിനായി 'ധ്വനി'എന്ന പ്രോജക്റ്റ് ആരംഭിച് ധ്വനി പ്രോജക്റ്റിൽ 55 പേർ ഗുണഭോക്താക്കളായപ്പോൾ കൊക്ലെയാർ ഇംപ്ലാൻറഷൻ പദ്ധതി പ്രകാരം 2018-19 കാലയളവിൽ 113 കുട്ടികൾക്ക് സഹായം ലഭിച്ചു.

അട്ടപ്പാടിയിലെ ശിശുക്കൾക്ക് വേണ്ടിയുള്ള ആദ്യ 1000 ദിന പരിപാടി

അട്ടപ്പാടിയിലെ ശിശുക്കൾക്കു വേണ്ടി നടപ്പിലാക്കുന്ന വനിതാശിശുവികസന വകുപ്പിന്റെ ഒരു പ്രത്യേക പരിപാടിയാണിത്. ശിശുക്കൾക്കു നേരത്തേ മുലയൂട്ടലിന് അമ്മമാരെ പ്രേരിപ്പിക്കുക, 6 മാസമാകുമ്പോൾത്തന്നെ മറ്റ് ആഹാരങ്ങൾ യഥാസമയം നൽകുക, മുലപ്പാലിനു പുറമേയുള്ള ആഹാരങ്ങൾ നൽകുമ്പോൾ ശുചിത്വം പാലിക്കുക, എല്ലാ പ്രതിരോധ കുത്തിവയ്പുകളും, വിറ്റാമിൻ-എയും വിരനാശക മരുന്നുകളും നൽകുക, എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിച്ചു കൊണ്ടാണ് ഈ പദ്ധതി നടപ്പാക്കുന്നത്.

മാനന്തവാടി ബ്ലോക്കിലെ ജി.ഐ.എസ് അടിസ്ഥാനമാക്കിയുള്ള അമ്മയും കുഞ്ഞും ആരോഗ്യ അനുഗമന വ്യവസ്ഥ

ജാതക്, ജനനി എന്നീ സോഫ്റ്റ് വെയർ ആപ്ലിക്കേഷനുകളുടെ സഹായത്തോടെ വയനാട് ജില്ലയിലെ മാനന്തവാടി ബ്ലോക്കിൽ കുട്ടികളുടേയും ഗർഭിണികളുടേയും ആരോഗ്യനില അറിയുന്നതിനു വേണ്ടി വനിതാശിശു വികസന വകുപ്പ് നടപ്പാക്കുന്ന ഒരു പദ്ധതിയാണിത്.

ജുവനൈൽ ഡയബെറ്റിസ് ബാധിച്ച കുട്ടികൾക്കായുള്ള സാമൂഹ്യ സഹായ പദ്ധതി (മിഠായി)

പ്രമേഹേ (ടൈപ്പ്-1) ബാധിച്ച കുട്ടികൾക്കും കൗമാരപ്രായക്കാർക്കും സമഗ്ര സംരക്ഷണം നൽകുന്ന പദ്ധതിയാണിത്. 5 നും 18 നും ഇടയിൽ പ്രായമുള്ള കുട്ടികൾക്കാണ് ഈ രോഗം ബാധിക്കുന്നത്. പൊതു സമൂഹത്തിനും പരിചരിക്കുന്നവർക്കും രോഗത്തെ സംബന്ധിച്ച് അവബോധം കുറവാണ്. ഇൻസുലിൻ നൽകുകയെന്ന ചികിത്സയും നിരന്തരമുള്ള പരിശോധനയും മുഖേന മാത്രമാണ് ഈ രോഗം നിയന്ത്രിക്കാനാവുന്നത്. സംസ്ഥാനത്തെ 3 സർക്കാർ മെഡിക്കൽ കോളേജുകളിൽ മിഠായി സെന്ററുകൾ സ്ഥാപിച്ചു. 2018-19-ൽ ഈ പദ്ധതി നിർവ്വഹണത്തിന് KSSM ന് സ്കോച്ച് അവാർഡും ലഭിച്ചു.

ശരണബാല്യം

സംസ്ഥാനത്ത് ബാലവേല, കുട്ടികളുടെ ഭിക്ഷാടനം, കുട്ടികളെ കടത്തൽ, തെരുവിൽ ജീവിക്കുന്ന കുട്ടികൾ എന്നിവ ഇല്ലാതാക്കുകയാണ് ശരണ ബാല്യം പദ്ധതി മുഖേന നടപ്പാക്കുന്നത്. ഇത്തരം അപകടങ്ങളിൽപ്പെടുന്ന കുട്ടികൾക്കായി അടിയന്തിര സഹായവും ലഭ്യമാക്കുന്നു. ഇതിനായി നാലു ജില്ലകളിൽ 14 റെസ്ക്യൂ ഓഫീസർമാരെ നിയോഗിച്ചിട്ടുണ്ട്. 2018-19-ൽ 161 കുട്ടികളെ രക്ഷപ്പെടുത്തിയിട്ടുണ്ട്.

വിജ്ഞാന ദീപ്തി

കുട്ടികളുടെ വിദ്യാഭ്യാസത്തിന് പിൻതുണ നൽകുന്നതിന്റെ ഭാഗമായി മാസം തോറും 2000 രൂപ ഈ പദ്ധതിയുടെ ഭാഗമായി നൽകുന്നു. ഇതു മറ്റു സ്ഥാപനങ്ങളിൽ താമസിപ്പിക്കുന്നത് തടയുന്നതിനും അവരുടെ സ്വന്തം ഭവനത്തിൽ

തന്നെ പാർപ്പിക്കുന്നതിനും സഹായകരമാകുന്നു. ഈ പരിപാടിയിലൂടെ 2019-20-ൽ ഒക്ടോബർ 2019 വരെ 882 കുട്ടികൾക്ക് സഹായം ലഭിച്ചു.

ബാലനിധി (ജുവനൈൽ ജസ്റ്റീസ് ഫണ്ട്)

കുട്ടികളുടെ ജീവിതം സുഗമമാക്കുന്നതിനായി കൂടുതൽ വിഭവങ്ങൾ കണ്ടെത്തുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. 2017-18 ൽ ആരംഭിച്ച ഈ പദ്ധതി പ്രകാരം 5 കുട്ടികൾക്കു ചികിത്സാ സഹായം നൽകി.

കേരളത്തിലെ ശിശു സംരക്ഷണ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ

കേരളത്തിൽ ഓർഫണേജ് കൺട്രോൾ ബോർഡിന്റെ 1961-ലെ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്ന 1154 സ്ഥാപനങ്ങളുണ്ട്. ഈ സ്ഥാപനങ്ങൾക്കു ഓർഫനേജ് കൺട്രോൾ ബോർഡുവഴി സാമ്പത്തിക സഹായം ലഭിച്ചു വരുന്നു. 2015-ലെ ജുവനൈൽ ജസ്റ്റീസ് ആക്ടിന്റെ സെക്ഷൻ 41 പ്രകാരം രജിസ്റ്റർ ചെയ്യണമെന്നു സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സർക്കാർ സ്ഥാപനങ്ങൾ ഉൾപ്പെടെ 817 സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്തു.

മംഗല്യ

വിധവകളായ സ്ത്രീകൾക്ക് പുനർ വിവാഹത്തിനായി ഈ പദ്ധതി പ്രകാരം 25000 രൂപ അനുവദിക്കുന്നു. 2018-19 കാലയളവിൽ 109 പേർക്ക് സഹായം നൽകി.

വിമുക്തഭടന്മാരുടെയും യുന്താനന്തര വിധവകളുടെയും ക്ഷേമം

വിമുക്ത ഭടന്മാരുടെയും അവരുടെ ആശ്രിതരുടെയും ക്ഷേമവും പുനരധിവാസവുമാണ് വകുപ്പ് പ്രവർത്തിക്കുന്നത്. വിമുക്ത ഭടന്മാരെയും വിധവകളെയും പുനർ നിയമനത്തിനായി മത്സരപ്പരീക്ഷകൾക്കായി പരിശീലിപ്പിക്കുന്നതിനും സ്വയംതൊഴിൽ പരിശീലനം നൽകുന്നതിനുമായുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കി. വിമുക്ത ഭടന്മാർ, വിധവകൾ, ആശ്രിതർ എന്നിവരെ പ്രാപ്തരാക്കാനായി തൊഴിൽ/പ്രൊഫഷണൽ/സാങ്കേതിക കോഴ്സുകൾ എന്നിവയിൽ പുനരധിവാസ പരിശീലനം നൽകുന്നതായിരുന്നു പ്രധാന പരിപാടി. 2018-19 ൽ തിരുവനന്തപുരം, കോഴിക്കോട്, തൃശ്ശൂർ എന്നിവിടങ്ങളിലെ കമ്പ്യൂട്ടർ പരിശീലന കേന്ദ്രങ്ങളിലൂടെ 286 പേർക്ക് പുനരധിവാസ പരിശീലനം നൽകി. 2019 -20 -ൽ കെസ്കോൺ യൂണിഫോം വസ്ത്ര നിർമ്മാണത്തിന്റെ 2 യൂണിറ്റുകൾ തിരുവനന്തപുരത്തും തലശ്ശേരിയിലും ആരംഭിച്ചു. ഈ യൂണിറ്റുകളിൽ 15 വനിതകൾക്ക് തൊഴിൽ നൽകി. സൗരോർജ്ജ പദ്ധതിയും ആരംഭിച്ചിട്ടുണ്ട്.

വിശപ്പ് മുക്ത നഗരം

ചികിത്സയുമായി ബന്ധപ്പെട്ട് പട്ടണങ്ങളിൽ എത്തുന്നവർക്ക് ദിവസം ഒരു നേരമെങ്കിലും സൗജന്യ ഭക്ഷണം ഈ പദ്ധതി പ്രകാരം ലഭ്യമാകുന്നു. ആദ്യമായി പദ്ധതി നടപ്പാക്കിയത് കോഴിക്കോട് ആണ്. കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രി, മലപ്പുറം ജില്ലാ ഹോമിയോ ആശുപതി, തിരുവനന്തപുരം മെഡിക്കൽ കോളേജ്, എസ്.എ.ടി. ആശുപത്രി, കൊല്ലം ജില്ലാ താലൂക്ക് ആശുപത്രികൾ, ഗവ. ജനറൽ ഹോസ്പിറ്റൽ എന്നിവിടെ പദ്ധതി നടപ്പാക്കി വരുന്നു. 2018-19 ൽ 25, 89, 181 പേർക്ക് പ്രയോജനപ്പെട്ടു.

അ ദ്ധ്യാ യ ം

09

കല, സംസ്കാരം, കായികരംഗം

അദ്ധ്യായം

09

കല, സംസ്കാരം, കായികരംഗം

9.1 കല, സംസ്കാരം

ഒരു രാജ്യത്തിന്റെ വികസനത്തിൽ സംസ്കാരത്തിന് അതി പ്രധാനമായ പങ്കുണ്ട്. സംസ്കാരം ഒരു കൂട്ടം മനോഭാവങ്ങളെയും, മൂല്യങ്ങളെയും, ലക്ഷ്യങ്ങളെയും, ആചാരങ്ങളെയും പ്രതിനിധാനം ചെയ്യുന്നു. എല്ലാ സാമൂഹ്യ–സാമ്പത്തിക പ്രവർത്തനങ്ങളിലും സംസ്കാരത്തിന്റെയും സർഗാത്മകതയുടെയും പ്രതിഫലനം കാണാം. സംസ്കാരത്തിന്റെ വാണിജ്യവത്കരണത്തിലൂടെയോ, പരമ്പരാഗത സമ്പ്രദായങ്ങളിലെ അപചയത്തിലൂടെയോ സാംസ്കാരിക അധ:പതനവും സംഭവിക്കാം. വിഭിന്നമായ കലാരൂപങ്ങളുടെ സമ്പന്നമായ പാരമ്പര്യം കേരളത്തിനുണ്ട്. ഉദാഹരണമായി ജനപ്രിയ കലാരൂപങ്ങളായ, ഉദാഹരണമായി കഥകളിയും മോഹിനിയാട്ടവും പണ്ഡിതരെയും സന്ദർശകരെയും ധാരാളമായി സംസ്ഥാനത്തേക്ക് ആകർഷിച്ചിട്ടുണ്ട്.

സംസ്ഥാനത്തിന്റെ സാംസ്കാരിക പൈതൃകത്തെ പ്രോത്സാഹിപ്പിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനുമായി ധാരാളം സ്ഥാപനങ്ങൾ നിലകൊള്ളുന്നുണ്ട്. അവയിൽ അവതരണ കലാരൂപങ്ങൾക്കായുള്ള അക്കാദമിക സ്ഥാപനങ്ങൾ, കാലാസാംസ്കാരിക പ്രോത്സാഹനത്തിനായുള്ള മറ്റ് സ്ഥാപനങ്ങൾ എന്നിവ ഉൾപ്പെടുന്നു. ഈ മേഖലയ്ക്കുള്ള സാമ്പത്തിക സഹായം പ്രധാനമായും സാംസ്കാരിക ഡയറക്ടറേറ്റ് മുഖേനയാണ് നൽകുന്നത്. ഈ മേഖലയിലെ പ്രധാനപ്പെട്ട നിർവ്വഹണ വകുപ്പുകളാണ് സാംസ്കാരിക ഡയറക്ടറേറ്റ്, പുരാവസ്തു വകുപ്പ്, പുരാരേഖാ വകുപ്പ്, കാഴ്ച ബംഗ്ലാവ്, മൃഗശാലാ വകുപ്പ്, കേരള സംസ്ഥാന ചലചിത്ര വികസന കോർപ്പറേഷൻ മുതലായവ. സാംസ്കാരിക വകുപ്പിന് കീഴിലുള്ള പ്രധാനപ്പെട്ട സ്ഥാപനങ്ങളാണ് കേരള ചലചിത്ര അക്കാദമി, കേരള ഫോക്ക് ലോർ അക്കാദമി, കേരള സാഹിത്യ അക്കാദമി, കേരള സംഗീത നാടക അക്കാദമി, കേരള ലളിതകലാ അക്കാദമി, മാർഗ്ഗി, ഭാരത് ഭവൻ, കുമാരനാശാൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൾച്ചർ, വാസ്തു വിദ്യാ ഗുരുകുലം, കേരള കലാമണ്ഡലം, വൈലോപ്പിള്ളി സംസ്കൃതിഭവൻ, ഗുരുഗോപിനാഥ് നടന ഗ്രാമം, ജവഹർ ബാലഭവൻ, സംസ്ഥാന ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, കേരള ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റി മുതലായവ. ഇത്തരം വൈവിധ്യമുള്ള സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും വിലയിരുത്തുന്നതിനുമുള്ള സംവിധാനം ഈ മേഖലയ്ക്ക് ആവശ്യമുണ്ട്. അതിനാൽ ഇത്തരം സ്ഥാപനങ്ങളെ നിരീക്ഷിക്കുന്നതിനും പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും സാമ്പത്തിക സഹായത്തിന് അർഹമായ സ്ഥാപനങ്ങളെ തെരഞ്ഞെടുക്കുന്നതിനുമായി ഒരു സാംസ്കാരിക ഉന്നതാധികാര സമിതി രൂപീകരിക്കേണ്ടതുണ്ട്. 2019–20 കാലയളവിൽ കലാസാംസ്കാരിക മേഖലയിലുണ്ടായ സുപ്രധാന നേട്ടങ്ങൾ ചുവടെ കൊടുത്തിരിക്കുന്നു.

പുരാവസ്തു വകുപ്പ്

പുരാവസ്തു വകുപ്പിന് കീഴിൽ 12 പുരാവസ്തു മ്യൂസിയങ്ങളും 180 ഓളം സംരക്ഷിത സ്മാരകങ്ങളുമുണ്ട്. വകുപ്പിന്റെ പ്രധാന നേട്ടങ്ങളിലൊന്നാണ് ജില്ലാ പൈതൃക മ്യൂസിയങ്ങൾ സ്ഥാപിക്കൽ. തൃശ്ശൂർ ജില്ലയിൽ ജില്ലാ പൈതൃക മ്യൂസിയം പൂർത്തീകരിക്കുകയും പൊതുജനങ്ങൾക്ക് തുറന്നു കൊടുക്കുകയും ചെയ്തിട്ടുണ്ട്. പുരാവസ്തു വകുപ്പ് മുഖേന നടത്തുന്ന പ്രധാന പ്രവർത്തനങ്ങൾ ഇനിപ്പറയുന്നവയാണ്.

- പത്മനാഭപുരം കൊട്ടാരത്തിൽ പാൽപ്പുരമാളികയുടെയും ക്ലോക്ക് റൂമിന്റെയും നിർമ്മാണം.
- ചന്ദ്രഗിരിക്കോട്ടയെ സംരക്ഷിക്കുന്നതിനു വേണ്ടിയുള്ള പ്രവർത്തനങ്ങൾ.
- കൃഷ്ണപുരം കൊട്ടാരം സംരക്ഷിക്കുന്നതിനും വികസനത്തിനും വേണ്ടിയുള്ള പ്രവർത്തനങ്ങൾ
- കുഞ്ഞാലിമരയ്ക്കാർ സ്മാരകം സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ
- എറണാകുളത്തെ ഹിൽ പാലസ് മ്യൂസിയത്തിലെ എട്ടുകെട്ടിന്റെയും കളപ്പുരയുടെയും സംരക്ഷണ പ്രവർത്തനങ്ങൾ

- എറണാകുളത്തെ പൈതൃക മ്യൂസിയം നവീകരിക്കുന്നതിനു വേണ്ടിയുള്ള പ്രവർത്തനങ്ങൾ
- ശ്രീ പാദം കൊട്ടാരം സംരക്ഷിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ
- ഇടുക്കി മ്യൂസിയത്തിന്റെ വികസന പ്രവർത്തനങ്ങൾ
- നാണയശാസ്ത്ര വിഭാഗത്തിന്റെ സംരക്ഷണവും, വികസനവും, ഡോക്യുമെന്റേഷനും
- പ്രാദേശിക സംരക്ഷണ ലാബിന്റെ പ്രവർത്തനങ്ങൾ (രാസവസ്തുക്കൾ ഉപയോഗിച്ച് രേഖകളുടെ പരിരക്ഷണം) കൂടാതെ മൊബൈൽ യൂണിറ്റിന്റെയും സംരക്ഷണ പ്രവർത്തനങ്ങളും.
- പുരാവസ്തു വകുപ്പിന്റെ പ്രവർത്തനങ്ങളെക്കുറിച്ചും അതിന്റെ പ്രാധാന്യത്തെക്കുറിച്ചും പൊതുജനങ്ങളെ ബോധവാന്മാരാക്കുന്നതിനായി ബന്ധപ്പെട്ട വിഷയത്തിൽ പുരാവസ്തു ഗവേഷകരുടെ പര്യവേഷണവും ഉത്ഖനനവുമാണ് വകുപ്പിന്റെ പ്രധാന പ്രവർത്തനം. ഐ.എൻ.വി.ഐ.എസ് (INVIS) ഡിജിറ്റൽ ജിയോ മാപ്പിംഗ് ആണ് ഈ ഗവേഷണം നടത്തുന്നത്.

പുരാരേഖാ വകുപ്പ്

സംസ്ഥാന സർക്കാരിന്റെ ഉടമസ്ഥതയിലുള്ളതും, ഇതിന്റെ വിവിധ വകുപ്പുകളുടെയും, സ്ഥാപനങ്ങളുടെയും വ്യക്തികളുടെയും കൈവശമുള്ളതുമായ സ്ഥിരമൂല്യമുള്ള രേഖകളുടെ സൂക്ഷിപ്പു ചുമതല പുരാരേഖാ വകുപ്പിനാണുള്ളത്. ചരിത്ര മൂല്യമുള്ള സർക്കാർ രേഖകൾ, താളിയോലകൾ, കൈയെഴുത്തു പ്രതികൾ മുതലായവ വകുപ്പ് പരിരക്ഷിക്കുകയും റഫറൻസ് ഉദ്ദേശത്തിനായി അവയെ ശാസ്ത്രീയമായി സംരക്ഷിക്കുകയും ചെയ്യുന്നു. 2019–20 കാലയളവിൽ വകുപ്പിന്റെ സുപ്രധാനമായ നേട്ടങ്ങൾ താഴെപ്പറയുന്നവയാണ്.

- സി–ഡിറ്റിന്റെ സഹായത്തോടെ താളിയോല ഗ്രന്ഥങ്ങളിലെ രേഖകളുടെ ഡിജിറ്റൈസേഷൻ ആരംഭിച്ചു.
- കാര്യവട്ടത്ത് അന്താരാഷ്ട്ര ആർക്കൈവ്സ് ആന്റ് റിസർച്ച് സെന്റർ സജ്ജീകരണം.
- അപൂർവ്വ ലൈബ്രറി പുസ്തകങ്ങളുടെ ശാസ്ത്രീയ സംരക്ഷണം
- താളിയോലകളുടെയും കൈയെഴുത്ത് പ്രതികളുടെയും മ്യൂസിയം സ്ഥാപിക്കൽ
- ഇടുക്കിയിൽ ജില്ലാ പൈതൃക കേന്ദ്രം സ്ഥാപിക്കൽ
- പുരാരേഖാ വകുപ്പിന്റെ രേഖകളുടെ ശേഖരണത്തിന്റെയും സംരക്ഷണത്തിന്റെയും പ്രാധാന്യത്തെക്കുറിച്ചുള്ള ബോധവൽക്കരണ പരിപാടികൾ നടത്തുക.
- ചരിത്ര ക്വിസ് സംഘടിപ്പിക്കുക
- സംരക്ഷണ രേഖകളെക്കുറിച്ചുള്ള പ്രോജക്ട്
- പുരാരേഖാ വകുപ്പിന്റെ രേഖകളുടെ പ്രസിദ്ധീകരണം
- പൈതൃക ഫോറത്തിന്റെ രൂപീകരണം
- പുരാരേഖ വകുപ്പിന്റെ രേഖകളുടെ ക്രമീകരണം
- പുരാരേഖാ വകുപ്പിന്റെ ജീവനക്കാർക്കായി രേഖകൾ കൈകാര്യം ചെയ്യുന്നതിനുള്ള പരിശീലനം

സാംസ്ക്കാരിക ഡയറക്ടറേറ്റ്

വിവിധ വകുപ്പുകൾക്കു കീഴിൽ പ്രവർത്തിക്കുന്ന കലാ, സാഹിത്യം, സാംസ്ക്കാരിക സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിനും ഫലപ്രദമായി ഏകോപിപ്പിക്കുന്നതിനും ഒരു കുടകീഴിൽ കൊണ്ടു വരുന്നതിനുമായി രൂപീകരിച്ചതാണ് സാംസ്ക്കാരിക ഡയറക്ടറേറ്റ്. കലാ സാഹിത്യ വ്യക്തികൾക്കുള്ള ധനസഹായം അവാർഡു തുക എന്നിവയും, അവശ കലാകാരന്മാർ, പ്രശസ്ത കലാകാരന്മാരുടെയും എഴുത്തുകാരുടെയും വിധവകൾ, വിവിധ സാംസ്ക്കാരിക സ്ഥാപനങ്ങളിലെയും അക്കാദമികളിലെയും ജീവനക്കാർ എന്നിവർക്കുള്ള പെൻഷൻ എന്നിവ വിതരണം ചെയ്യുന്നതും സാംസ്ക്കാരിക ഡയറക്ടറേറ്റാണ്. 2019–20 കാലയളവിൽ ഡയറക്ടറേറ്റിന്റെ വിവിധ പദ്ധതികളിലെ നേട്ടങ്ങൾ ചുവടെ വിവരിക്കുന്നു.

യുവ കലാകാരന്മാർക്കുള്ള വജ്ര ജൂബിലി ഫെലോഷിപ്പ്

ഒരു തരത്തിൽ യുവ കലാകാരന്മാരെ പ്രോത്സാഹിപ്പിക്കുകയും മറ്റൊരു തരത്തിൽ പ്രാദേശിക സാംസ്ക്കാരിക വികസനത്തെ പരിപോഷിപ്പിക്കുകയും ചെയ്യുക എന്നീ രണ്ട് ലക്ഷ്യങ്ങളാണ് ഈ പദ്ധതിയ്ക്കുള്ളത്. സംസ്ഥാനത്തെ അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും ബിരുദം നേടിയിട്ടുള്ള യുവ കലാകാരന്മാർക്ക് ആയിരം വജ്രജൂബിലി ഫെലോഷിപ്പുകൾ നൽകും ഫെലോഷിപ് ജേതാക്കൾക്ക് 10,000 രൂപ പ്രതിമാസ ഫെലോഷിപ് സംസ്ഥാന സർക്കാർ ഉറപ്പു നൽകുന്നു. ഫെലോഷിപ് ജേതാവിന്, ആതിഥേയത്വം നൽകുന്ന ഒരു പ്രാദേശിക ആതിഥേയനെ കണ്ടെത്തുമ്പോഴാണ് ഫെലോഷിപ് പ്രവർത്തന ക്ഷമമാകുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തിലൂടെയാണ് ഈ പരിപാടി നടപ്പാകുന്നത്. വ്യത്യസ്ത കലകളിൽ കഴിവു തെളിയിച്ച 1,000 യുവ കലാകാരന്മാരെ യാണ് ഈ പ്രോഗ്രാമിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഓരോ ജില്ലയിലെയും ഫെലോഷിപ് ആർട്ടിസ്റ്റുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും നിരീക്ഷിക്കുന്നതിനും 14 ജില്ലകളിലും കോർഡിനേറ്റർമാരെ നിയമിച്ചു. സംസ്ഥാനത്തൊട്ടാകെ 237 കലാരൂപങ്ങളിലായി 976 കലാകാരൻമാരെ വജ്രജൂബിലി ഫെലോഷിപ് നൽകുന്നതിനായി തെരെഞ്ഞെടുത്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം 9.1** –ൽ ചേർത്തിട്ടുണ്ട്.

സംസ്ക്കാരത്തിന്റെ വ്യാപനം

കേരളത്തിന്റെ സമ്പന്നമായ സാംസ്കാരിക പൈതൃകത്തെ പ്രചരിപ്പിക്കുന്നതിനും നമ്മുടെ കലാരൂപങ്ങളെ ശാസ്ത്രീകരിക്കുന്നതിനും പദ്ധതി വിഭാവനം ചെയ്യുന്നു. കേരളത്തിന്റെ സ്പഷ്ടവും, ദൃശ്യവും, അദൃശ്യവുമായ പൈതൃകത്തിനായി ഒരു സാംസ്കാരിക ഭൂപടം വികസിപ്പിക്കുക, കേരള സംസ്കാരത്തെക്കുറിച്ച് അപബോധം വ്യാപിപ്പിക്കുക, പൊതുജനങ്ങൾക്കിടയിൽ സാംസ്കാരിക സംരക്ഷണ അവബോധ പരിപാടികൾ സംഘടിപ്പിക്കുക ദേശീയ, അന്തർദേശീയ സാംസ്കാരിക കൈമാറ്റ പരിപാടികൾ, വർക്ക് ഷോപ്പുകൾ, പൈതൃകോൽസവം കൂടാതെ സാംസ്കാരികത്തനിമ വിളിച്ചോതുന്ന വിഡിയോകൾ തയ്യാറാക്കുക.

കലാകാരന്മാർക്കുള്ള ഉപജീവനം/റൂറൽ ആർട്ട് ഹബ്ബുകൾ

നാടൻ കലാകാരന്മാരുടെയും കൈത്തൊഴിലുകാരുടെയും ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിന് റൂറൽ ആർട്ട് ഹബ്ബുകൾ സൃഷ്ടിക്കുന്നതിനുള്ള ഈ പദ്ധതി, നാടൻ കല കൈത്തൊഴിലുകാരുടെ നൈപുണ്യം വർദ്ധിപ്പിക്കുന്നതിനും, മധ്യവർത്തികളുടെ ചൂഷണം ഒഴിവാക്കുന്നതിനും, ആഗോള വിപണിയിലെത്തിക്കുന്നതിന് പ്രാപ്തരാക്കുന്നതിനും, സർക്കാർ പദ്ധതികളുമായി കൂട്ടിയോജിപ്പിക്കുന്നതിനും, അത്തരം കലാകാരന്മാരുടെ വിവരശേഖരണത്തിനും അവരുടെ ഉപജീവന മാർഗ്ഗം ശാക്തീകരിക്കുന്നതിനും സഹായിക്കുന്നു. കാര്യശേഷിവികസനത്തിനും നേരിട്ട് വിപണി ബന്ധിപ്പിക്കുന്നതിനും മുൻഗണന നൽകും. മറ്റു സംസ്ഥാനങ്ങളും രാജ്യങ്ങളുമായുള്ള സഹകരണത്തിലൂടെ യുവതലമുറയിലെ കലാകാരന്മാർക്കും കൈത്തൊഴിലുകാർക്കും പുതിയ വഴികണ്ടെത്തുന്നതിനു സഹായിക്കും. ഈ വർഷം ഇതിനായി 30 ലക്ഷം രൂപ ചെലവഴിച്ചു.

നാട്ടരങ്ങ്

ഗ്രാമങ്ങളിലും ചെറിയ നഗരങ്ങളിലും സംസ്കാര സൗകര്യങ്ങൾ ഇല്ലാത്ത പൊതു പാതകളിൽ ഒരു സാംസ്കാരിക ഇടം വികസിപ്പിക്കാൻ പദ്ധതി വിഭാവനം ചെയ്യുന്നു. സ്ഥലത്തിന്റെ ലഭ്യതയനുസരിച് ഒരു ചെറിയ സ്റ്റേജ്, മേക്കപ്പ് റും, ഇരിപ്പിട സൗകര്യങ്ങൾ തുടങ്ങിയവ നിർമിക്കും.

കാഴ്ച ബംഗ്ലാവും മൃഗശാലയും ഡയറക്ടറേറ്റ്

ഡയറക്ടറേറ്റിന് ഹെഡ് ഓഫീസ്, കാഴ്ചബംഗ്ലാവുകളും ചിത്രശാലകളും, തിരുവനന്തപുരത്തുള്ള മൃഗശാലയും കൂടാതെ കോഴിക്കോട്ടുള്ള ചിത്രശാലയും കൃഷ്ണമേനോൻ മ്യൂസിയവും, തൃശ്ശൂരിലെ കാഴ്ച ബംഗ്ലാവും മൃഗശാലയും, വയനാട് കങ്കിച്ചിറയിലെ പൈതൃക മ്യൂസിയവുമുണ്ട്. വിനോദ സഞ്ചാരികളുടെ പ്രധാന ആകർഷണ കേന്ദ്രങ്ങളായി ഈ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. 2019–20 ൽ വകുപ്പിന്റെ പ്രധാന നേട്ടങ്ങൾ ഇനിപ്പറയുന്നവയാണ്

- തിരുവനന്തപുരം മൃഗശാലയിലെ ബട്ടർഫ്ലൈ പാർക്കിന്റെ നിർമ്മാണം
- തൃശ്ശൂരിലെ സ്റ്റേറ്റ് മ്യൂസിയത്തിലും മൃഗശാലയിലും അക്വേറിയത്തിന്റെ നിർമ്മാണം
- തിരുവനന്തപുരത്തെ മൃഗശാലയുടെ സ്റ്റോറിൽ ഗ്രാനൈറ്റ് സ്ലാബുകൾ നിർമ്മിക്കുന്നു
- തൃശ്ശൂരിലെ സംസ്ഥാന മൃഗശാലയിലെ ടൈഗർ വളപ്പുകളിൽ അറ്റകുറ്റപ്പണി നടത്തുന്നു.
- അനക്കോണ്ട എൻക്ലോസറിൽ ഇൻസ്റ്റാൾ ചെയ്ത എയർകണ്ടീഷണർ സിസ്റ്റത്തിനായുള്ള എഎംസി (വാർഷിക നടത്തിപ്പ് ചെലവ്)
- കോഴിക്കോട് ആർട്ട് ഗ്യാലറിയിലും കൃഷ്ണ മേനോൻ മ്യൂസിയത്തിലും പൊതുവായ മേൽവിലാസ സംവിധാനം സ്ഥാപിക്കൽ
- കെസിഎസ് പണിക്കർ ഗാലറിയിൽ പ്രദർശിപ്പിച്ചിരിക്കുന്ന പെയിന്റിംഗിന്റെ സംരക്ഷണം

കേരള കലാമണ്ഡലം

കേരളത്തിന്റെ പാരമ്പര്യ അവതരണ കലാരൂപങ്ങളായ കഥകളി, മോഹിനിയാട്ടം, കൂടിയാട്ടം, തുള്ളൽ എന്നിവയ്ക്കും അവയുടെ സംഗീത വാദ്യ ഉപകരണങ്ങളുടെ പ്രോത്സാഹനത്തിനും പരിരക്ഷണത്തിനുമായി മഹാകവി വള്ളത്തോൾ നാരായണ മേനോൻ 1930–ൽ സ്ഥാപിച്ച സ്ഥാപനമാണ് കേരള കലാമണ്ഡലം. കേരളത്തിന്റെ പരമ്പരാഗത കലാരൂപങ്ങളെപ്രോത്സാഹിപ്പിക്കുന്നതിനുള്ള കേന്ദ്രമായ കേരള കലാമണ്ഡലം 2007ൽ കല്പിത സർവ്വകലാശാല എന്ന പദവി നേടി തൻമൂലം ഉയർന്ന നിലവാരത്തിലുള്ളകലാ അക്കാദമിക പ്രവർത്തനങ്ങൾ നിറവേറ്റുന്നു

കേരള സംസ്ഥാന ചലചിത്ര അക്കാദമി

മലയാളത്തിൽ നല്ല രീതിയിൽ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി 1998 ൽ കേരള സംസ്ഥാന ചലചിത്ര അക്കാദമി സ്ഥാപിച്ചു. സിനിമാ വ്യവസായത്തെകുറിച്ചും ദൃശ്യമാധ്യമ രംഗത്തെകുറിച്ചും നയ പരിപാടികൾ ആസൂത്രണം ചെയ്യുന്നതിൽ അക്കാദമി സഹായിക്കുന്നു. അന്താരാഷ്ട്ര ചലച്ചിത്രോത്സവം, കേരള ദേശീയ ചലച്ചിത്രോത്സവം, അന്താരാഷ്ട്ര ഡോക്യുമെന്ററി, ഹസ്വ ചലച്ചിത്രോത്സവം എന്നിവ ചലയിത്ര അക്കാദമി സംഘടിപ്പിച്ചു. 2019 ൽ കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി നടത്തിയ പ്രധാന പ്രവർത്തനങ്ങൾ ഇനിപ്പറയുന്നവയാണ്.

- 2018 ലെ കേരള സംസ്ഥാന ചലച്ചിത്ര അവാർഡ് നൽകി
- തിരുവനന്തപുരം, എറണാകുളം, പയ്യന്നൂർ, വയനാട്, എന്നിവിടങ്ങളിൽ കുട്ടികൾക്കായി ചലച്ചിത്ര ആസ്വാദന ക്യാമ്പ് സംഘടിപ്പിച്ചു
- സി ഐ എഫ് ആർഎ (CIFRA) കാമ്പസിൽ എഡിറ്റിംഗ് ശില്പശാല നടത്തി
- 'മാനവീയം തെരുവിടം സാംസാരിക കൂട്ടായ്മ'യുമായിച്ചേർന്ന് 2019ൽ കേരളത്തിലുണ്ടായ പ്രളായാനന്തര ദുരിതാശ്വാസ പുനരധിവാസ പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുത്തു.
- 2019 ഒക്ടോബറിൽ മുവാറ്റുപുഴയിൽ ദേശീയ ചലച്ചിത്രമേള നടത്തി.

മലയാളം മിഷൻ

പ്രവാസി മലയാളികളുടെ കുട്ടികൾക്ക് കേരള സംസ്കാരവും മലയാള ഭാഷയും പകർന്നു കൊടുക്കുക എന്ന ലക്ഷ്യത്തോടെ 2009 ലാണ് മലയാളം മിഷൻ ആരംഭിച്ചത്. ലോകമെമ്പാടുമുള്ള പ്രവാസി മലയാളികളുടെ സഹകരണത്തോടെ വിദേശത്തും ഇന്ത്യയുടെ വിവിധ ഭാഗങ്ങളിലുമുള്ള മലയാളം പഠനകേന്ദ്രങ്ങളുടെ ഏകോപനം, മേൽ നോട്ടം, എന്നിവയാണ് മലയാളം മിഷന്റെ ലക്ഷ്യങ്ങളിൽ പ്രധാനപ്പെട്ടത്. 'എവിടെ മലയാളിയുണ്ടോ അവിടെ മലയാളം' എന്നതാണ് മിഷന്റെ മുദ്രാവാക്യം. ഇന്ത്യയിൽ ഡൽഹി, മുബൈ, ചെന്നൈ, എന്നിവ ഉൾപ്പെടെ 14 പ്രദേശങ്ങളിൽ 1000 ത്തിലധികം പഠന കേന്ദ്രങ്ങൾ ഉണ്ട്. സിംഗപ്പൂർ, ഒമാൻ, യു.എ.ഇ, ജർമ്മനി, ജപ്പാൻ, ബഹറിൻ, കുവൈറ്റ്, യു.കെ., ആസ്ട്രേലിയ, ഐർലാന്റ് കെനിയ, ഫിസ്റ്റാന്റ്, ഹോംകോങ്ങ് എന്നിവിടങ്ങളിലും പഠന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇന്ത്യയിലും വിദേശത്തുമായി 200 ലൈബ്രറികൾ ആരംഭിച്ചു. 'ഭൂമി മലയാളം' എന്ന പേരിൽ എല്ലാ മാസവും ഒരു മാഗസിൻ പുറത്തിറക്കുന്നുണ്ട്. അവരുടെ പ്രവർത്തനങ്ങൾക്കായി 'പൂക്കാലം വെബ് മാഗസിൻ' എന്ന പേരിൽ ഒരു മൊബൈൽ ആപ്ലിക്കേഷനും, റേഡിയോ മലയാളം, വിപുലമായ ഓപ്പൺ ഓൺ ലൈൻ മലയാളം കോഴ്സ് എന്നിവയും നടപ്പിലാക്കുന്നുണ്ട്.

മാർഗ്ഗി

കഥകളി പഠിപ്പിക്കുന്നതിനുള്ള സ്ഥാപനമായും കഥകളി, കൂടിയാട്ടം, നങ്ങ്യാർകൂത്ത് എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനുള്ള സാംസ്കാരിക കേന്ദ്രമായും 1970 ൽ ആരംഭിച്ച സ്ഥാപനമാണ് മാർഗ്ഗി. 'കളിയോഗ' (പരിശീലന അവതരണ സംഘം) മാതൃകയിലാണ് സ്ഥാപനം പ്രവർത്തിക്കുന്നത്. ശനിയാഴ്ചകളിലും ഞായറാഴ്ചകളിലും സ്ക്കൂൾ വിദ്യാർത്ഥികൾക്ക് കഥകളി വേഷം, സംഗീതം, ചെണ്ട മദ്ദളം എന്നിവയിൽ മാർഗ്ഗി സൗജന്യ പരിശീലനം നൽകുന്നു. കേന്ദ്ര സംഗീത നാടക അക്കാദമിയുടെ സഹകരണത്തോടെയാണ് കൂടിയാട്ടം വിഭാഗം പ്രവർത്തിക്കുന്നത്. കൂടിയാട്ടത്തിന്റെ പ്രോത്സാഹനത്തിനായി സെമിനാറുകളും ക്ലാസുകളും നടത്തുന്നു. ഓരോ വർഷവും കേരളത്തിനകത്തും പുറത്തും 100 ൽ കൂടുതൽ കഥകളി, കൂടിയാട്ടം പരിപാടികൾ അവതരിപ്പിക്കുന്നുണ്ട്. കലാസാംസ്കാരിക കൽപിത സർവ്വകലാശാലയായ കേരള കലാമണ്ഡലം മാർഗ്ഗിയെ കൂടിയാട്ടം ഗവേഷക വിദ്യാർത്ഥികൾക്കുള്ള വിഭവ കേന്ദ്രം (റിസോഴ്സ് സെന്റർ) ആയി അംഗീകരിച്ചിട്ടുണ്ട്. വിദേശ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുന്നതിനുള്ള അംഗീകൃത സ്ഥാപനമായി മാർഗ്ഗിയെ ഇന്ത്യാഗവൺമെന്റിന്റെ ഇന്ത്യൻ കൗൺസിൽ ഫോർ കൾച്ചറൽ റിലേഷൻസ് തെരെഞ്ഞെടുത്തിട്ടുണ്ട്.

കേരള ലളിതകലാ അക്കാദമി

കലാകാരന്മാരുടെ പ്രത്യേകിച്ച് ചിത്രകാരന്മാരുടെയും ശിൽപികളുടെയും കലാവാസനകളെ പരിപോഷിപ്പിക്കുന്ന പരിപാടികളാണ് കേരള ലളിതകാല അക്കാദമി നടപ്പാക്കി വരുന്നത്. പ്രദർശനങ്ങൾ സംഘടിപ്പിക്കുവാൻ കലാകാരന്മാർക്ക് ധനസഹായവും ലളിതകാല വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും അക്കാദമി നൽകി വരുന്നു.

കുമാരനാശാൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൾച്ചർ

കേരള നവോത്ഥാന പ്രസ്ഥാനത്തിന്റെ മുൻ നിരയിലുണ്ടായിരുന്ന മഹാകവിയും സാമൂഹ്യ പരിഷ്ക്കർത്താവുമായിരുന്ന ശ്രീ കുമാരനാശാന്റെ സ്മരണയ്ക്കായി 1958 ൽ സ്ഥാപിച്ചതാണ് കുമാരനാശാൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൾച്ചർ. ലോകമെമ്പാടും കുമാരനാശാന്റെ ആശയങ്ങളും സാഹിത്യ രചനകളും പ്രചരിപ്പിക്കുക, ഇന്ത്യയുടെ സാംസ്കാരിക പൈതൃകം സംരക്ഷിക്കുക, സർവ്വകലാശാലാ അക്കാദമിക പരിപാടികൾ സംഘടിപ്പിക്കുക, ഇന്ത്യൻ സാംസ്കാരിക വൈവിധ്യത്തിൽ ഗവേഷണം എന്നിവയാണ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രധാന ലക്ഷ്യങ്ങൾ. ഏഷ്യയിലെതന്നെ ഏറ്റവും വലിയ ചുമർചിത്ര മ്യൂസിയം ഇവിടെയാണ് സ്ഥിതി ചെയ്യുന്നത്. ആശാന്റെ കവിതകളായ വീണപൂവ്, ലീല, ചിന്താവിഷ്ടയായ സീത, ചണ്ഡാലഭിക്ഷുകി, ദുരവസ്ഥ, കരുണ എന്നീ കവിതകളെ അടിസ്ഥാനമാക്കിയുള്ള ചിത്രങ്ങൾ മ്യൂസിയത്തിൽ പ്രദർശിപ്പിച്ചിട്ടുണ്ട്

കേരള സംസ്ഥാന ജവഹർ ബാലഭവൻ

കല, സാഹിത്യം, സംസ്കാരം, സയൻസ് എന്നീ മേഖലകളിൽ ദേശീയ സംസ്ഥാനതലത്തിൽ കുട്ടികളുടെ സർഗ്ഗവാസനകളെ വികസിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും ലക്ഷ്യമിട്ട് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളാണ് ജവഹർ ബാലഭവനുകൾ. തിരുവനന്തപുരത്ത് കനകക്കുന്ന്

കൊട്ടാരത്തിനടുത്താണ് കേരള സംസ്ഥാന ജവഹർ ബാലഭവൻ സ്ഥിതിചെയ്യുന്നത്. കൊല്ലം , ആലപ്പുഴ , കോട്ടയം തൃശ്ശൂർ എന്നി ജില്ലകളിൽ ബാലഭവനുകൾ ഉണ്ട്. 2019 ൽ മെച്ചപ്പെട്ട സൗകര്യങ്ങളോടെ ബാലഭവൻ നഴ്സറി വിഭാഗം നവീകരിച്ചു .

ഗുരുഗോപിനാഥ് നടനഗ്രാമം, വട്ടിയൂർക്കാവ്

വിവിധ ഇന്ത്യൻ നൃത്തരൂപങ്ങൾ പഠിക്കുകയും, പരിശീലനം നൽകുകയും ഗവേഷണം നടത്തുന്നതിനുമായി സ്ഥാപിക്കപ്പെട്ട കേന്ദ്രമാണ് ഗുരുഗോപീനാഥ് നടനഗ്രാമം. കഴിവും അഭിരുചിയും ഉള്ള കുട്ടികൾക്ക് നൃത്തത്തിലും സംഗീതോപകരണങ്ങളിലും ക്ലാസ്സുകൾ നടത്തുന്നുണ്ട്. സ്ഥിരമായി കേരള നൃത്തരൂപങ്ങളിൽ സെമിനാറുകളും സംഘടിപ്പിക്കുന്നു

സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി

ഏറ്റവും പഴക്കമുള്ള ലൈബ്രറികളിലൊന്നാണ് സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി. പൂർണ്ണമായും കംമ്പ്യൂട്ടർ വൽക്കരിച്ചതും അത്യാധുനിക സാങ്കേതിക വിദ്യകളായ റേഡിയോ ഫ്രീക്വൻസി സംവിധാനവും ഡിജിറ്റൽ ശാഖയുമുള്ള രാജ്യത്തെ ആദ്യലൈബ്രറികളിലൊന്നാണിത്. അംഗങ്ങൾക്ക് പുസ്തകങ്ങൾ പുതുക്കിയെടുക്കുന്നതിന് ഇന്റർനെറ്റ് മുഖേന ഓൺലൈൻ സൗകര്യവുമുണ്ട്. നിലവിൽ തിരുവനന്തതപുരം സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിക്ക് 96500 ൽ കൂടുതൽ അംഗങ്ങളും വിവിധ വിഷയങ്ങളിലായി 5 ലക്ഷത്തോളം പുസ്തകങ്ങളുമുണ്ട്. കുട്ടികളിൽ വായനാശീലം വളർത്തുന്നതിന് ഒരു പ്രത്യേക ബ്ലോക്കും തുറന്നിട്ടുണ്ട്. പുതിയ ഹെറിറ്റേജ് മോഡൽ കെട്ടിടത്തിലാണ് ഈ ബ്ലോക്ക്. നന്നായി സജ്ജീകരിച്ച ഏ. സി. റഫറൻസ് ഹാളും ഇൻഫർമേഷൻ സെന്ററും ലൈബ്രറിയിൽ പ്രവർത്തിക്കുന്നു. വിരളവും അമൂല്യവുമായ പഴയ പുസ്തകങ്ങൾ, മാസികകൾ, ന്യൂസ് പേപ്പർ എന്നിവയുടെ പഴയ ലക്കങ്ങളും റഫറൻസ് വിഭാഗത്തിൽ സൂക്ഷിച്ചിട്ടുണ്ട്. ഇംഗ്ലീഷും മലയാളവും ഉൾപ്പെടെ 1200 ഓളം പുസ്തകങ്ങളുടെ ഡിജിറ്റൽ ശേഖരം ലൈബ്രറിക്കുണ്ട്. 1903 മുതലുള്ള സർക്കാർ ഗസറ്റുകളുടെ ഡിജിറ്റൽ ലൈബ്രറി വെബ്സൈറ്റിൽ ലഭ്യമാണ്.

അവധിക്കാല സ്കൂൾ സംഘടിപ്പിക്കുകയാണ് കേരള സ്റ്റേറ്റ് സെൻട്രൽ ലൈബ്രറികളുടെ പ്രധാനപ്പെട്ട പ്രവർത്തനം. ഇത് ഒരു മാസത്തെ വേനലവധി കാലത്തെ ക്യാമ്പാണ്. 600 ൽ അധികം സ്കൂൾ കുട്ടികൾ ഓരോ വർഷവും ഈ ക്യാമ്പിൽ പങ്കെടുക്കുന്നു. സെൻട്രൽ ലൈബ്രറി കാമ്പസിനുള്ളിൽ ഒരു ദിവസത്തെ ക്യാമ്പായി സമ്മർ സ്കൂൾ നടത്തുന്നു. ഇതിലൂടെ കുട്ടികൾക്ക് ജീവിതത്തിന്റെ എല്ലാ മേഖലകളും തുറന്നു കാട്ടപ്പെടുന്നു. സാഹിത്യോൽസവം, സംഗീതം, നൃത്ത പരിപാടികൾ, സ്പോർട്സ് എന്നീ വിഷയങ്ങൾ ഉൾപ്പെടുത്തികൊണ്ടുള്ള പരിപാടികൾ സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി നടത്താറുണ്ട്. ചലച്ചിത്രം, കായികം, സാഹിത്യം, രാഷ്ട്രീയം തുടങ്ങിയ വിവിധ മേഖലകളിൽ നിന്നുള്ള വിശിഷ്ടാതിഥികളുമായി സംവദിക്കാൻ കുട്ടികൾക്ക് ഈ ക്യാമ്പ് വഴി അവസരം ലഭിക്കും.

കേരള സംസ്ഥാന ഗ്രന്ഥ ശാലാ കൗൺസിൽ

കേരള സംസ്ഥാന ഗ്രന്ഥശാലാ കൗൺസിൽ സംസ്ഥാനത്ത് ഒരു ഗ്രന്ഥശാലാ സംവിധാനം ആവിഷ്ക്കരിക്കുവാൻ തങ്ങളുടെ വിവിധങ്ങളായ പ്രവർത്തനങ്ങളിലൂടെ ശ്രമിക്കുന്നു. കേരള പബ്ലിക് ലൈബ്രറീസ് ആക്ട് 1989 പ്രകാരമുള്ള വിവിധങ്ങളായ പ്രവർത്തനങ്ങളും സാമൂഹിക പ്രസക്തിയുള്ള മറ്റ് പ്രവർത്തനങ്ങളും ഈ സ്ഥാപനം ഏറ്റെടുത്തു നടത്തുന്നു. ഗ്രന്ഥശാലാ സേവനം സാർവത്രികമാക്കുക, വിവരശേഖരണത്തിനായി ആധുനിക സൗകര്യമൊരുക്കുക, സ്ത്രീകൾക്കും കുട്ടികൾക്കും വൃദ്ധന്മാർക്കും പ്രത്യേക ഗ്രന്ഥശാലാ സേവനങ്ങൾ ലഭ്യമാക്കുക എന്നിവ ഗ്രന്ഥ ശാലാ കൗൺസിലിന്റെ പ്രവർത്തനങ്ങളിൽപ്പെടുന്നവയാണ്. ഈ പ്രവർത്തനങ്ങൾ അവരെ മാനസികമായി ശക്തരാക്കുന്നു. കേരളത്തിലെ 14 ജില്ലകളിലെയും മാതൃകാ ഗ്രാമീണ ഗ്രന്ഥശാലകളിലൂടെയും അക്കാദമിക പഠന കേന്ദ്രങ്ങളിലൂടെയും ഇതിന്റെ സേവനങ്ങൾ നൽകുന്നു. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അധ്യാപകരും വിദ്യാർത്ഥികളുമാണ് അക്കാദമിക പഠന കേന്ദ്രങ്ങളുടെ പ്രധാന ഗുണഭോക്താക്കൾ. 15 ജയിൽ ലൈബ്രറി സേവനം നൽകുകയും 3 ജയിലുകളിൽകൂടി ഇത് വ്യാപിപ്പിക്കുന്നതിനും ആലോചിക്കുന്നു; 5 ജൂവനൈൽ ഹോം ലൈബ്രറികൾ, 7 ആശുപത്രി ലൈബ്രറികൾ 4 അനാഥാലയ ലൈബ്രറികൾ എന്നിവയിലൂടെയും സംസ്ഥാന ഗ്രന്ഥശാലാ കൗൺസിൽ സേവനം നൽകുന്നു. ഫിലിം ക്ലബ്ബ് , ബ്രെയിലി ശ്രവണ സൗകര്യങ്ങളും ഡിജിറ്റൽ ലൈബ്രറിയും കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ ഉണ്ട് .

അന്താരാഷ്ട്ര ചലച്ചിത്രോത്സവം – 2019

കേരള ഗവൺമെന്റ് സ്ഥാപനമായ കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി സിനിമയുടെ പ്രചാരത്തിനായി എല്ലാ വർഷവും, അന്താരാഷ്ട്ര ചിലച്ചിത്ര മേള (ഐ.എഫ്.എഫ്.കെ) നടത്തുന്നുണ്ട്. മേളയുടെ പ്രധാന ആകർഷണം ഇതിൽ മത്സര വിഭാഗത്തിൽ ഏഷ്യ, ആഫ്രിക്ക. ലാറ്റിനമേരിക്ക തുടങ്ങിയ രാജ്യങ്ങളിൽ നിന്നുള്ള സിനിമകൾ മത്സരിക്കാനെത്തുന്നു എന്നതാണ്. ചലച്ചിത്ര മേള പൊതു ജനങ്ങളുടെ പിന്തുണകൊണ്ടും, പങ്കാളിത്തം കൊണ്ടും പ്രശസ്തി നേടിയിരിക്കുന്നു.

24–ാമത് ചലച്ചിത്ര മേളക്ക് തിരുവനന്തപുരം വേദിയായി. 2019 ഡിസംബർ 6 മുതൽ 13 വരെയായിരുന്നു ചിലച്ചിത്ര മേള നടന്നത്. മേളയിൽ 92 സിനിമകളാണ് 'ലോക സിനിമ വിഭാഗത്തിൽ പ്രദർശിപ്പിച്ചത്. വിവിധ വിഭാഗങ്ങളിലായി 73 രാജ്യങ്ങളിലെ ലോക പ്രശസ്ത സംവിധായകരുടെ, 183 ചിത്രങ്ങളാണ് പ്രദർശിപ്പിച്ചത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ.പിണറായി വിജയനാണ് തിരുവനന്തപുരം, നിശാഗന്ധി ഓപ്പൺ ഓഡിറ്റോറിയത്തിൽ ചിലച്ചിത്ര മേള ഉദ്ഘാടനം ചെയ്തത്. തുർക്കി സംവിധായകനായ കരാസ്ലാൻ 'പാസ്ഡ് ബൈ സെൻസർ' ആയിരുന്നു ഉദ്ഘാടന ചിത്രം.

9.2 കായികരംഗം

ഇന്ത്യയിലെ മൊത്തം ജനസംഖ്യയുടെ 34 ശതമാനം യുവാക്കളാണ്. അതത് രാജ്യങ്ങളിലെ യുവാക്കളുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിനായി സർക്കാരുകളുടെ ശ്രദ്ധ കേന്ദ്രീകരിക്കാൻ ഐക്യരാഷ്ട്രസഭ 1985 നെ അന്തർദേശീയ യുവജന വർഷമായി പ്രഖ്യാപിക്കുകയുണ്ടായി. സമാധാനം നിലനിർത്തുക, സാമ്പത്തിക വികസനം ഉയർത്തുക അത് വഴി മനുഷ്യരാശി നേരിടുന്ന വെല്ലുവിളികളെ അതിജീവിക്കാൻ ലോകമെമ്പാടുമുള്ള യുവാക്കളുടെ ഊർജ്ജവും ഭാവനയും സർഗ്ഗശക്തിയും ഉപയോഗപ്പെടുത്തുന്നതിനായി 2010 ൽ ഐക്യരാഷ്ട്രസഭ വീണ്ടും അന്താരാഷ്ട്ര യുവജന വർഷം ആചരിക്കുകയുണ്ടായി. 15 നും 24 നും ഇടയിൽ പ്രായമുള്ള യുവാക്കളെയാണ് യുഎൻ യുവാക്കളായി നിർവചിക്കുന്നത്. എന്നാൽ 15 നും 29 നും ഇടയിൽ പ്രായമുള്ള യുവാക്കളെയാണ് യുവാക്കളായി ദേശീയ യുവജന നയം നിർവചിക്കുന്നത്.

സാംസ്കാരികവും വംശീയവുമായ വിഭജനം തടയുക, ആരോഗ്യം-ശാരീരികക്ഷമത എന്നിവ മെച്ചപ്പെടുത്തുക, തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുക ബിസിനസ് അഭിവൃദ്ധിപ്പെടുത്തുക, ടീം വർക്കുകളും ആരോഗ്യപരവുമായ മത്സരം വളർത്തുക, സാംസ്കാരിക സംഭാഷണത്തെ മറികടക്കാൻ സഹായിക്കുക, സമാധാനപരമായ സഹവർത്തിത്വം ഉറപ്പാക്കുക എന്നിവ ഉൾപ്പെടുന്ന നിരവധി നേട്ടങ്ങൾ കൊണ്ട് കായികവിനോദം അനുഗ്രഹീതമാണ്.
ബിസിനസ് അഭിവൃദ്ധിപ്പെടുത്തുക, ടീം വർക്കുകളും ആരോഗ്യപരവുമായ മത്സരം വളർത്തുക, സാംസ്കാരിക സംഭാഷണത്തെ മറികടക്കാൻ സഹായിക്കുക, സമാധാനപരമായ സഹവർത്തിത്വം ഉറപ്പാക്കുക എന്നിവ ഉൾപ്പെടുന്ന നിരവധി നേട്ടങ്ങൾ കൊണ്ട് കായികവിനോദം അനുഗ്രഹീതമാണ്.

കായികരംഗത്ത് ഒരു നിയമം നടപ്പാക്കിയ ആദ്യത്തെ സംസ്ഥാനം എന്ന നിലയിലും വിദ്യാഭ്യാസ പാഠ്യപദ്ധതിയുമായി കായിക വിനോദം സംയോജിപ്പിക്കുന്നതിലും, സ്പോർട്സ് കമ്മീഷനെ നിയമിക്കുന്നതിലും, കായിക വിനോദത്തിന് ആവശ്യമായ അടിസ്ഥാന വികസനത്തിനുള്ള പദ്ധതി വിഹിതം ഉപയോഗിക്കുന്നതിനുള്ള അനുമതി പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുന്നതിനും, ജനാധിപത്യപരമായി തിരഞ്ഞെടുക്കപ്പെട്ട സ്പോർട്സ് കൗൺസിലും മറ്റ് കായിക ഇനങ്ങളുമായി ബന്ധപ്പെട്ട നിരവധി കാര്യങ്ങളിലും കേരളം മുൻപന്തിയിലാണ്. അതുകൊണ്ടു തന്നെ കായിക രംഗത്ത് കേരളം ഇതിനകം തന്നെ ലോക ഭൂപടത്തിൽ അഭിനന്ദനീയമായ സ്ഥാനം കൈവരിച്ചതിൽ അതിശയിക്കാനില്ല. ഇന്ന്, കേരളത്തിൽ നിന്നുള്ള പ്രഗത്ഭരായ യുവാക്കൾ അത്ലറ്റിക്സ്, വോളിബോൾ തുടങ്ങി ക്രിക്കറ്റ് വരെയുള്ള വിവിധ കായിക ഇനങ്ങളിൽ ദേശീയ അന്തർദേശീയ തലങ്ങളിൽ തങ്ങളുടെ മികവ് തെളിയിക്കുന്നുണ്ട്.

കേരളത്തിൽ ക്രിക്കറ്റിനുശേഷം ഉള്ള മറ്റൊരു ജനപ്രിയ കായിക ഇനമാണ് ഫുട്ബോൾ. എന്നിരുന്നാലും ധാരാളം കേരളീയർ സോക്കർ, കബഡി, ഹോക്കി, ക്രിക്കറ്റ്, ബാഡ്മിന്റൺ തുടങ്ങിയ കായിക ഇനങ്ങളിലും പങ്കെടുക്കുന്നുണ്ട്.

കായിക വിനോദ അടിസ്ഥാന സൗകര്യങ്ങളുടെ കാര്യത്തിൽ സംസ്ഥാനത്ത് 22 സ്റ്റേഡിയങ്ങളുണ്ട്. കേരളത്തിലെ പ്രധാന സ്റ്റേഡിയങ്ങളുടെ ഉപയോഗവും ശേഷിയും ഉൾപ്പെടുന്ന വിവരങ്ങൾ പട്ടിക 1 ൽ നൽകിയിരിക്കുന്നു.

കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ, കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ്, കേരള സംസ്ഥാന ഭാരത് സ്കൗട്സ്& ഗൈഡ്സ്, കായിക യുവജനകാര്യ വകുപ്പ്, പൊതു വിദ്യാഭ്യാസ വകുപ്പ്, കോളേജ് വിദ്യാഭ്യാസ വകുപ്പ് എന്നിവയാണ് ഈ മേഖലയുടെ കീഴിൽ പ്രവർത്തിക്കുന്ന പ്രധാന സ്ഥാപനങ്ങൾ.

പട്ടിക 9.2.1 പ്രധാന സ്റ്റേഡിയങ്ങളുടെ പേരും ഉപയോഗവും

ക്രമ നം			
ക്രമ നം	സ്റ്റേഡിയത്തിന്റെ പേര്	ഉപയോഗം	ഇരിപ്പിടങ്ങളുടെ എണ്ണം (ഏകദേശ എണ്ണം)
1	കാര്യവട്ടം സ്റ്റേഡിയം	ഗ്രീൻ ഫീല്ഡ് സ്റ്റേഡിയം (ക്രിക്കറ്റ്/ഫുട്ബാൾ)	50000
2	സ്ക്വാഷ് കോർട്ട്, തിരുവനന്തപുരം	ഇൻഡോർ സ്റ്റേഡിയം (സ്ക്വാഷ്)	500
3	ടെന്നിസ് കോംപ്ലെക്സ്, തിരുവനന്തപുരം	ഔട്ട്ഡോർ/ ഇൻഡോർ സ്റ്റേഡിയം (ടെന്നിസ്)	480 / 100
4	ഹോക്കി സ്റ്റേഡിയം, കൊല്ലം	ഔട്ട്ഡോർ സ്റ്റേഡിയം (ഹോക്കി)	5000
5	മെഡിക്കൽ കോളേജ് സ്റ്റേഡിയം, കോഴിക്കോഡു	ഔട്ട്ഡോർ സ്റ്റേഡിയം (ഫുട്ബാൾ/അത്ലറ്റിക്സ്)	15000
6	ഇൻഡോർ സ്റ്റേഡിയം, കണ്ണൂർ	ഇൻഡോർ സ്റ്റേഡിയം (മൾട്ടി സ്പോർട്ട്സ്)	5000
7	നീന്തൽ കുളം , വെള്ളയമ്പലം	നീന്തൽ കുളം	560
8	ജിമ്മി ജോർജ്ജ് ഇൻഡോർ സ്റ്റേഡിയം, തിരുവനന്തപുരം	ഇൻഡോർ സ്റ്റേഡിയം (മൾട്ടി സ്പോർട്ട്സ്)	2000
9	സി എസ് എൻ സ്റ്റേഡിയം, തിരുവനന്തപുരം	ഔട്ട്ഡോർ സ്റ്റേഡിയം (ഫുട്ബാൾ/അത്ലറ്റിക്സ്)	25000
10	എൽ ബി എസ് സ്റ്റേഡിയം, കൊല്ലം	ഔട്ട്ഡോർ സ്റ്റേഡിയം	30000
11	കോർപ്പറേഷന് സ്റ്റേഡിയം, തൃശ്ശൂർ	ഔട്ട്ഡോർ സ്റ്റേഡിയം (ഫുട്ബാൾ)	15000
12	ഇൻഡോർ സ്റ്റേഡിയം, തൃശ്ശൂർ	ഇൻഡോർ സ്റ്റേഡിയം (ബോക്സിങ് / മൾട്ടി സ്പോർട്ട്സ്)	2000
13	കോർപ്പറേഷന് സ്റ്റേഡിയം, കോഴിക്കോട്	ഇൻഡോർ സ്റ്റേഡിയം (ബോക്സിങ് / മൾട്ടി സ്പോർട്ട്സ്)	80000
14	യൂണിവേർസിറ്റി സ്റ്റേഡിയം, തിരുവനന്തപുരം	ഔട്ട്ഡോർ സ്റ്റേഡിയം (ഫുട്ബാൾ/അത്ലറ്റിക്സ്)	20000
15	രാജീവ് ഗാന്ധി സ്റ്റേഡിയം, കൊച്ചി	ഇൻഡോർ സ്റ്റേഡിയം (മൾട്ടി സ്പോർട്ട്സ്)	10000
16	ഇൻഡോർ സ്റ്റേഡിയം, കോഴിക്കോട്	ഇൻഡോർ സ്റ്റേഡിയം (മൾട്ടി സ്പോർട്ട്സ്)	3500
17	ഇൻഡോർ സ്റ്റേഡിയം, വെള്ളായണി, തിരുവനന്തപുരം	ഇൻഡോർ സ്റ്റേഡിയം (മൾട്ടി സ്പോർട്ട്സ്)	2000
18	ശ്രീപാദം സ്റ്റേഡിയം, ആറ്റിങ്ങൽ	ഇൻഡോർ സ്റ്റേഡിയം (മൾട്ടി സ്പോർട്ട്സ്)	2000
19	നീന്തൽ കുളം, പിരപ്പൻകോട്, തിരുവനന്തപുരം	നീന്തൽ കുളം	5000
20	ഇൻഡോർ സ്റ്റേഡിയം, തൃപ്പയാർ	ഇൻഡോർ സ്റ്റേഡിയം (മൾട്ടി സ്പോർട്ട്സ്)	4000
21	ഇൻഡോർ സ്റ്റേഡിയം, കോട്ടയം	ഇൻഡോർ സ്റ്റേഡിയം (മൾട്ടി സ്പോർട്ട്സ്)	2000
22	മുൻസിപ്പൽ സ്റ്റേഡിയം, പാലാ	ഔട്ട്ഡോർ സ്റ്റേഡിയം (ഫുട്ബാൾ/അത്ലറ്റിക്സ്)	1000

അവലംബം: ഡയറക്ടറേറ്റ് ഓഫ് സ്പോർട്സ് ആൻഡ് യൂത്ത് അഫയേഴ്സ്

കായിക യുവജനകാര്യ വകുപ്പ്

1986 ൽ സ്ഥാപിതമായ ഡയറക്ടറേറ്റ് ഓഫ് സ്പോർട്സ് ആൻഡ് യൂത്ത് അഫയേഴ്സ് (ഡി എസ് വൈ എ), കേരളത്തിലെ കായിക, വിനോദങ്ങളുടെ വികസനത്തിനും ഉന്നമനത്തിനും വേണ്ടി ചുക്കാൻ പിടിക്കുന്ന സ്ഥാപനമാണ്. ഉചിതമായതും മികച്ചതുമായ അടിസ്ഥാന സൗകര്യങ്ങൾ പ്രദാനം ചെയ്തുകൊണ്ടും, കായികരംഗത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് പൊതുജനങ്ങളിൽ അവബോധം നൽകികൊണ്ടും, അന്താരാഷ്ട്ര നിലവാരത്തിലേക്ക് കായിക താരങ്ങളെ പരിശീലിപ്പിച്ച് സംസ്ഥാനത്തെ കായിക, വിനോദങ്ങളുടെ ഉന്നമനവും വികസനവും ലക്ഷ്യമാക്കിയാണ് ഈ സ്ഥാപനം പ്രവർത്തിക്കുന്നത്. ഇതിനുപുറമെ, കേരളത്തിൽ നിന്നുള്ള കായിക വ്യക്തികളുടെ മത്സര നൈപുണ്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുആവശ്യമായ ഏറ്റവും പുതിയ സാങ്കേതികവിദ്യകളും കായികരംഗത്തു

നൂതന ആശയങ്ങളും കൊണ്ടുവരുന്നതിനുള്ള പദ്ധതികൾ ഡയറക്ടറേറ്റ് ഓഫ് സ്പോർട്സ് ആൻഡ് യൂത്ത് അഫയേഴ്സ് നടപ്പിലാക്കിവരുന്നു.

- **ഹൂപ്സ്– താഴെ തട്ടിലുള്ള ബാസ്കറ്റ് ബാൾ പദ്ധതി**
  ഈ പ്രോഗ്രാം പ്ലേ ഫോർ ഹെൽത്ത് എന്ന ആശയം പ്രചരിപ്പിക്കാനും പ്രോത്സാഹിപ്പിക്കാനും ലക്ഷ്യമിട്ടുള്ളതാണ്. ആരോഗ്യകരവും ഊർജ്ജസ്വലതയും ഉത്തരവാദിത്തമുള്ളതുമായ ഒരു സമൂഹം കെട്ടിപ്പടുക്കുക അതിലൂടെ രാജ്യത്തിന് നല്ലൊരു ഭാവി സൃഷ്ടിക്കുക എന്നിവയാണ് പരിപാടിയുടെ വിഭാവനം ചെയ്യുന്നത്. 5 ജില്ലകളിലായി 10 സ്കൂളുകളിൽ ഈ പദ്ധതി ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലേക്കും പരിപാടി വ്യാപിപ്പിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. കേരളത്തിലെ കൌമാര വിദ്യാർത്ഥികളെയാണ് പദ്ധതി നടത്തിപ്പിനായി ലക്ഷ്യമിടുന്നത്.

- **സ്പ്രിൻറ്– താഴെ തട്ടിലുള്ള അത്ലറ്റിക്സിനായുള്ള പരിശീലന പരിപാടി**
  ദേശീയ അന്തർദ്ദേശീയ തലത്തിലുള്ള പ്രകടനത്തെ അടിസ്ഥാനമാക്കിയുള്ള കേരളത്തിലെ മുൻഗണനാ കായിക വിഭാഗങ്ങളിലൊന്നാണ് അത്ലറ്റിക്സ്. പ്രകടനം വർദ്ധിപ്പിക്കുന്നതിന്, സംസ്ഥാനത്തൊട്ടാകെയുള്ള സ്കൂൾ കുട്ടികൾക്ക് പരിശീലനം നല്കേണ്ടതും സ്കൂളുകൾ തമ്മിലുള്ളതും , ജില്ലകൾ തമ്മിലുള്ളതും ആയ ടൂർണമെന്റുകൾ പ്രോത്സാഹിപ്പിക്കേണ്ടതുമാണ്. അതിനാൽ, അത്ലറ്റിക്സിന് മുൻ ഗണന നല്കി സംസ്ഥാനത്തെ നഗര, ഗ്രാമീണ, ഗോത്രവർഗ, മറ്റ് പിന്നോക്ക മേഖലയിൽ കഴിവുള്ള 5–12 വയസ്സിനിടയിലുള്ള സ്കൂളിൽ പോകുന്ന കുട്ടികൾക്ക് വേണ്ടത്ര പരിശീലനം നല്കി കായിക വിനോദത്തിൽ പങ്കെടുക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിനായുള്ള പദ്ധതിയാണിത്.
- **എ സി ഇ (താഴെ തട്ടിലുള്ള ടെന്നിസ് പരിപാടി)**
  സംസ്ഥനത്തിലെ മികച്ച കഴിവുള്ള ചെറുപ്പക്കാരെ കണ്ടെത്തി അവരെ ലോകോത്തര ടെന്നീസ് കളിക്കാരായി വികസിപ്പിക്കാൻ ലക്ഷ്യമിടുന്നതാണ് ഈ പദ്ധതി.

ജിമ്മി ജോർജ്ജ് സ്പോര്ട്സ് ഹബ്ബ്

അന്താരാഷ്ട്ര നിലവാരത്തിന് തുല്യമായി കായിക സൗകര്യങ്ങൾ പ്രദാനം ചെയ്യുന്ന ജിമ്മി ജോർജ്ജ് സ്പോർട്സ് ഹബ് കേരളത്തിലെ കായിക രംഗത്തെ പുതിയ തലത്തിലേക്ക് ഉയർത്തുകയുണ്ടായി.

ഡയറക്ടറേറ്റ് ഓഫ് സ്പോർട്സ് ആൻഡ് യൂത്ത് അഫയേഴ്സ് (ഡി എസ് വൈ എ) അത്യാധുനിക സൗകര്യങ്ങളോടെ നവീകരിച്ചുകൊണ്ട് ഈ സ്റ്റേഡിയത്തെ ഒരു ജൻപ്രിയ സ്റ്റേഡിയമാക്കി മാറ്റി. ഐതിഹാസികനായ വോളിബോൾ കളിക്കാരൻ ജിമ്മി ജോർജിന്റെ പേരിലുള്ള ഈ സ്റ്റേഡിയത്തിന് രാജ്യമെമ്പാടുമുള്ള കായിക പ്രേമികളുടെ ഹൃദയത്തിൽ ഒരു പ്രത്യേക സ്ഥാനം നിലനിൽക്കുന്നുണ്ട്.

ബോക്സ് 9.2.1

ജിമ്മി ജോർജ്ജ് ഫിറ്റ്നസ്സ് സെൻറർ

337 ചതുരശ്ര മീറ്റർ വിസ്തീർണ്ണത്തിൽ വിദഗ്ധ പരിശീലകരും അത്യാധുനിക ഉപകരണങ്ങളും സേവനങ്ങളും ലോകോത്തര സൗകര്യം ഉള്ള രാജീവ് ഗാന്ധി സ്പോർട്സ് മെഡിസിൻ സെന്ററ തിരുവനന്തപുരത്തെ ജിമ്മി ജോർജ്ജ് സ്പോർട്സ് ഹബ് ലാണ് സ്ഥിതി ചെയ്യുന്നത്.

ഇതിന്റെ ആശയം, രൂപകൽപ്പന, ലഭ്യമായ ഉപകരണങ്ങൾ എന്നിവ അനുസരിച്ച് ഈ ഫിറ്റ്നസ് സെന്റർ സംസ്ഥാനത്തെ കായികരംഗത്തെ ഒരു പ്രധാന മുതൽക്കൂട്ടാണ് , എൽഇഡി ലൈറ്റിംഗ്, ചേഞ്ച് റൂമുകൾ, വിശ്രമമുറികൾ എന്നിവയുൾപ്പെടെ എല്ലാ വിധ സൗകര്യങ്ങളോടും കൂടി പൂർണ്ണമായും എയർ കണ്ടീഷൻ ചെയ്ത അത്യാധുനിക സൗകര്യങ്ങളോടുകൂടിയാണ് ഈ ഫിറ്റ്നസ്സ് സെൻറർ സജ്ജീകരിച്ചിട്ടുള്ളത്.

പൊതുജനങ്ങൾക്കും അതുപോലെ തന്നെ എല്ലാ കളിക്കാർക്കും വരാനിരിക്കുന്ന അത്ലറ്റുകൾക്കും ഈ കേന്ദ്രം ഒരുപോലെ ഉപയോഗപ്രദമാണ്. കളിക്കാർക്ക് നിരക്കുകളിൽ പ്രത്യേക കിഴിവ് നൽകിയിട്ടുമുണ്ട്.

ജിമ്മി ജോർജ്ജ് സ്പോര്ട്സ്ഹബിൽ പതിവായി പരിശീലനത്തിന് വിധേയരാകുന്ന കായിക വ്യക്തികൾക്കും വളർന്നുവരുന്ന പ്രതിഭകൾക്കുമുള്ള ഒരു ആഡ്–ഓൺ സൗകര്യമായി ലൈഫ് ഫിറ്റ്നസ് സെന്റർ പ്രവത്തിച്ചു വരുന്നു.
ഭാവിയിൽ വിവിധയിനം ദേശീയ പരിപാടികൾ സംസ്ഥാനം ആതിഥേയത്വം വഹിക്കുന്നതിനുള്ള വേദി കൂടിയാണിത്.

അവലംബം: വെബ് സൈറ്റ് ഓഫ് ഡയറക്ടറേറ്റ് ഓഫ് സ്പോർട്സ് ആൻഡ് യൂത്ത് അഫയേഴ്സ്

കായികതാരങ്ങൾക്ക് അവരുടെ കഴിവുകൾ മെച്ചപ്പെടുത്തുന്നതിനുള്ള ഏറ്റവും അനുയോജ്യമായ വേദിയായ ജിമ്മി ജോർജ്ജ് സ്പോർട്സ് ഹബ് തിരുവനന്തപുരത്തെ ജിമ്മി ജോർജ് ഇൻഡോർ സ്റ്റേഡിയത്തിലാണ്. കായിക വ്യക്തികളിലും പൊതുജനങ്ങളിലും കായികവിനോദവും കായികക്ഷമതയും അവരുടെ ദൈനംദിന ജീവിതത്തിന്റെ ഭാഗമായി മാറുന്നത്തിന്റെ ആവശ്യകതയെകുറിച്ചുള്ള അവബോധം സൃഷ്ടിക്കുക എന്നതാണു ഇത് ലക്ഷ്യമിടുന്നത്.

ഇൻഡോർ സ്റ്റേഡിയം

ദേശീയ ഗെയിംസുമായി ബന്ധപ്പെട്ട് 1987 ൽ തലസ്ഥാന നഗരമായ തിരുവനന്തപുരത്ത് നിർമ്മിച്ച ജിമ്മി ജോർജ്ജ് ഇൻഡോർ സ്റ്റേഡിയം നിരവധി കായിക മത്സരങ്ങൾക്ക് ആതിഥേയത്വം വഹിച്ചിട്ടുണ്ട്. കൂടാതെ കായികതാരങ്ങൾക്കും താൽപര്യക്കാർക്കുമുള്ള പതിവ് പരിശീലന പരിപാടികളുടെ വേദികൂടിയാണിത്. സ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യയുടെ പരിശീലകരുടെ കീഴിൽ ബാഡ്മിന്റൺ കളിക്കാരുടെ പരിശീലനവും ഈ വേദിയിൽ നടന്നു വരുന്നുണ്ട്. ജിംനാസ്റ്റിക്സ്, തായ്ക്വോണ്ടോ എന്നിവയുടെ പരിശീലനവും ഇവിടെ വച്ച് നൽകുന്നുണ്ട്, കൂടാതെ ടേബിൾ ടെന്നീസ്, വോളിബോൾ, ബാസ്കറ്റ്ബോൾ, ഹാൻഡ്ബോൾ എന്നിവ കളിക്കാനുള്ള സൗകര്യങ്ങളും ലഭ്യമാണ്.

സ്റ്റേഡിയം അടുത്തിടെ നവീകരിച്ച് അന്താരാഷ്ട്ര മത്സരങ്ങൾ നടത്താൻ പ്രാപ്തിയുള്ളതാക്കി ലോകോത്തര നിലവാരത്തിലേക്ക് ഉയർത്തുകയുണ്ടായി. ഇത് പൂർണ്ണമായും എയർകണ്ടീഷൻ ചെയ്തിട്ടുണ്ട്. കൂടാതെ, പ്രത്യേക ആവശ്യങ്ങൾക്കനുസരിച്ച് കായികയിനങ്ങൾ നടക്കുന്ന സ്ഥലത്തു ലൈറ്റിംഗ് സംവിധാനവും നല്കിയിട്ടുണ്ട്. നവീകരിച്ച ഹാളിൽ അത്യാധുനിക അക്ക ou സ്റ്റിക്, പബ്ലിക് അഡ്രസ് സംവിധാനവും നൽകിയിട്ടുണ്ട്.

നീന്തൽ കുളം

1962 ൽ ഉദ്ഘാടനം ചെയ്യപ്പെട്ട നീന്തൽക്കുളം ഇപ്പോൾ സ്പോർട്സ് ഹബിന്റെ ഭാഗമാണെന്നതിന് പുറമെ തലസ്ഥാന നഗരത്തിലെ ഒരു നാഴികക്കല്ലാണ്. അന്താരാഷ്ട്ര നിലവാരവും 2015 ൽ ഫിനയുടെ (ഇന്റർനാഷണൽ നീന്തൽ ഫെഡറേഷൻ) സാങ്കേതിക സവിശേഷതകളും പാലിക്കുന്നതിനായി നീന്തൽ കുളം നവീകരിക്കുകയുണ്ടായി. 50m x 18m ൽ നിന്ന് നീന്തൽകുളത്തിന്റെ വലിപ്പം 50m x 25m ആയി ഉയർത്തി.

ഒരു പുതിയ ഫിൽട്ടർ പ്ലാന്റ്, പുതിയ ടോയ്‌ലറ്റ് ബ്ലോക്കുകൾ, അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കുകൾ എന്നിവയും നിർമ്മിച്ചിട്ടുണ്ട്. ടച്ച്പാഡുകളും ക്ലോക്കുകളും പോലുള്ള സ്കോർബോർഡും സമയം അളക്കുന്ന ഉപകരണങ്ങളും നീന്തൽ കുളത്തിൽ ലഭ്യമാണ്.നീന്തൽ കുളം ഓസോൺ ഉപയോഗിച്ച് ഫിൽട്ടർ ചെയ്യുകയും ഡൈവിങ് പ്ലാറ്റ്ഫോമുകൾ ഫിനയുടെ മാനദണ്ഡങ്ങൾ അനുസരിച്ച് പുനർനിർമ്മിക്കുകയും ചെയ്തിട്ടുള്ളതാണ്.

രാത്രിയിൽ മത്സരങ്ങൾ നടത്തുന്നതിനായി ഹൈ-മാസ്റ്റ് ലൈറ്റിംഗ് സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്.

രാജീവ് ഗാന്ധി സ്പോർട്സ് മെഡിസിൻ സെന്റർ

കേരള സംസ്ഥാന ഡയറക്ടറേറ്റ് ഓഫ് സ്പോർട്സ് ആൻഡ് യൂത്ത് അഫയേഴ്സ് 1992 ൽ രാജീവ് ഗാന്ധി സ്പോർട്സ് മെഡിസിൻ സെന്റർ (ആർജിഎസ്എംസി) സ്ഥാപിക്കുകയുണ്ടായി. നിലവിൽ സംസ്ഥാനത്തെ അത്‌ലറ്റുകളുടെ മെഡിക്കൽ ആവശ്യങ്ങൾ നിറവേറ്റുന്ന ഒരേയൊരു സ്പോർട്സ് മെഡിസിൻ കേന്ദ്രമാണിത്. രോഗികൾക്കായി സൗജന്യമായി എല്ലാ സർക്കാർ പ്രവൃത്തി ദിവസങ്ങളിലും രാവിലെ 9.00 മുതൽ ഉച്ചയ്ക്ക് 1.00 വരെ കേന്ദ്രം ഔട്ട്പേഷ്യന്റ് പരിചരണം നൽകുന്നു.

പ്രശസ്തവോളിബോൾ കളിക്കാരനായ ജിമ്മി ജോർജിൻറെ ഓർമ്മക്കായി സമർപ്പിച്ചിരിക്കുന്ന ഗാലറിയും സ്പോർട്സ് ഹബിലുണ്ട്. ഇന്ത്യയിൽ ഇതുവരെയുള്ളരിൽ ലോകമെമ്പാടും വളരെയധികം പരിഗണിക്കപ്പെടുന്നതുമായ വോളിബോൾ കളിക്കാരിൽ ഒരാളാണ് ജിമ്മി ജോർജ്.

അൽറ്റിറ്റ്യൂട് സിമുലറ്റിങ് ട്രെയിനിങ്(അസ്ത്ര)

ഡയറക്ടറേറ്റ് ഓഫ് സ്പോർട്സ് ആൻഡ് യൂത്ത് അഫയേഴ്സ് (DSYA) ദക്ഷിണേന്ത്യയിലെ ആദ്യത്തെ സൗകര്യമാണ് അസ്ത്ര,. അത്യാധുനിക സൗകര്യമായ ലോ ഓക്സിജൻ സിമുലേറ്റർ സൗകര്യവും ഇവിടെ ലഭ്യമാണ്. കായികരംഗത്തെ മികവിനായാണ് ഈ സൗകര്യം വികസിപ്പിച്ചെടുത്തിട്ടുള്ളത്.

കേരളസ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ

കേരളത്തിൽ കായിക വിനോദങ്ങൾ പ്രോത്സാഹിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ ചാരിറ്റബിൾ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ടിന് കീഴിൽ രൂപീകരിച്ച കൗൺസിൽ 1974 ൽ പുന:സംഘടിപ്പിക്കുകയുണ്ടായി. പിന്നീട് കേരള സ്പോർട്സ് കൗൺസിൽ പിരിച്ചുവിടുകയും കേരള സ്പോർട്സ് കൗൺസിൽ രൂപീകരിക്കുകയും കേരള സ്പോർട്സ് ആക്റ്റ് 2000, കേരള സ്പോർട്സ് റൂൾസ് 2008 എന്നിവ പ്രകാരം പ്രവർത്തിച്ചു വരികയും

ബോക്സ് 9.2.2 എലൈറ്റ് സ്കീമിന് കീഴിൽ പ്രവർത്തിക്കുന്ന 3 കേന്ദ്രങ്ങളുടെ വിശദാംശങ്ങൾ

1.എൽ എൻ സി പി ഇ കാര്യവട്ടം (അത്ലറ്റിക്സ്)
വിദ്യാർഥികളുടെ എണ്ണം– 10
കോച്ചുകളുടെ എണ്ണം –2
2.തൃപ്പയാർ വോളിബാൾ അക്കാദമി തൃശ്ശൂർ
വിദ്യാർഥികളുടെ എണ്ണം – 23
കോച്ചുകളുടെ എണ്ണം –1
3.ബാസ്ക്കറ്റ് ബാൾ അക്കാദമി, കൊല്ലം
വിദ്യാർഥികളുടെ എണ്ണം – 9
കോച്ചുകളുടെ എണ്ണം –1

അവലംബം: കേരളസ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ

ചെയ്യുന്നു. കേന്ദ്രീകൃത സ്പോർട്സ് ഹോസ്റ്റലുകൾ, കോളേജ് സ്പോർട്സ് ഹോസ്റ്റലുകൾ, സ്പോർട്സ് പരിശീലനകേന്ദ്രങ്ങൾ, റൂറൽ കോച്ചിംഗ് സെന്ററുകൾ, സ്കൂൾ സ്പോർട്സ് ഹോസ്റ്റലുകൾ, ഡേ ബോർഡിംഗ് സെന്ററുകൾ എന്നിങ്ങനെ നിരവധി കേന്ദ്രങ്ങൾ കൗൺസിലിന് കീഴിൽ പ്രവർത്തിക്കുന്നുണ്ട്. ഇതുകൂടാതെ വോളിബോൾ, അത്ലറ്റിക്സ്, നീന്തൽ എന്നിവയ്ക്കായി 'എലൈറ്റ് പരിശീലന കേന്ദ്രങ്ങൾ' ആരംഭിച്ചിട്ടുണ്ട്.

സെൻറർ ഓഫ് എക്സലൻസ് (വോളിബോൾ, അത്ലറ്റിക്സ്, നീന്തൽ എന്നിവയ്ക്കായി 'എലൈറ്റ് പരിശീലന കേന്ദ്രങ്ങൾ')

പ്രഗത്ഭരായ യുവ കായികതാരങ്ങളിലെ കായിക നൈപുണ്യത്തെ പരിപോഷിപ്പിക്കുന്നതിനും ഏഷ്യൻ / കോമൺ വെൽത്ത് / ഒളിമ്പിക് ഗെയിംസിൽ മെഡലുകൾ നേടാൻ പ്രാപ്തരാക്കുന്നതിനുമായി അത്ലറ്റിക്സ്, വോളിബോൾ, ബാസ്കറ്റ്ബോൾ തുടങ്ങിയ വിവിധ വിഭാഗങ്ങളിൽ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ എലൈറ്റ് സ്കീം നടപ്പാക്കിയിട്ടുണ്ട്. എലൈറ്റ് സ്കീമിന് കീഴിൽ നിലവിൽ 3 കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു

ഡോ.എ പി ജെ അബ്ദുൾ കലാം സ്കോളർഷിപ് പദ്ധതി

നമ്മുടെ സംസ്ഥാനത്തെ പ്രമുഖ കായിക കളിക്കാരെ പ്രോത്സാഹിപ്പിക്കുന്നതിനായി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ ഡോ. എ പി ജെ അബ്ദുൾ കലാം സ്കോളർഷിപ് പദ്ധതി നടപ്പാക്കി വരുന്നു. ഈ പദ്ധതി പ്രകാരം 14 മുതൽ 20 വയസ്സുവരെയുള്ള 11 കായികതാരങ്ങൾക്ക് (ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക്) സ്കോളർഷിപ് ലഭിച്ചിട്ടുണ്ട്. 2015–16 അധ്യയന വർഷത്തിൽ 10 കായിക വ്യക്തികളെ തിരഞ്ഞെടുക്കുകയും സ്കോളർഷിപ് നൽകുകയും ചെയ്തു. 2019–20 അധ്യയന വർഷത്തിൽ ഈ പദ്ധതി പ്രകാരം 6 കായികതാരങ്ങൾക്കു സ്കോളർഷിപ് നൽകിയിട്ടുണ്ട്.

എല്ലാവർക്കും യോഗ

മനുഷ്യശരീരത്തിന്റെ ശാരീരികവും മാനസികവുമായ ആരോഗ്യത്തെ ശക്തി പെടുത്തുന്നതിൽ യോഗയ്ക്ക് പ്രത്യക പങ്കുണ്ട്. മനുഷ്യ ശരീരത്തിന്റെയും മനസ്സിന്റെയും മൊത്തത്തിലുള്ള ആരോഗ്യത്തെ മെച്ചപ്പെടുത്തുന്നതിനാൽ യോഗയ്ക്ക് ലോകമെമ്പാടും വളരെയധികം പ്രശസ്തിലഭിച്ചിട്ടുണ്ട്. യോഗയുടെ പ്രശസ്തിയും എല്ലാ മനുഷ്യരിലും വരുത്തുന്ന അതിന്റെ സമഗ്രമായ നേട്ടവും കണക്കിലെടുത്തു, കേരളത്തിലെ സ്കൂൾ കുട്ടികൾക്ക് "എല്ലാവർക്കും യോഗ" പ്രോഗ്രാമിലൂടെ യോഗയെക്കുറിച്ച് പ്രാഥമിക അറിവ് നൽകണമെന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

കയികാ ക്ഷമതാ മിഷൻ–ഘട്ടം 2

രണ്ടാം ഘട്ടത്തിൽ, വിദ്യാർത്ഥികളുടെയും പൊതുജനങ്ങളുടെയും ശാരീരിക ക്ഷമത വർദ്ധിപ്പിക്കുന്നതിന് കയികാ ക്ഷമതാ മിഷൻ വിഭാവനം ചെയ്യുന്നു. പദ്ധതി നടത്തിപ്പിനായി സംസ്ഥാനത്തെ മുഴുവൻ ജനങ്ങളെയും നാലായി തിരിക്കും.

- നഴ്സറി തൊട്ട് നാലാം ക്ലാസ് വിദ്യാർത്ഥികൾക്കും
- അഞ്ചാം ക്ലാസ് മുതൽ പ്ലസ് ടു വരെയും യൂണിവേഴ്സിറ്റി വിദ്യാർത്ഥികളും
- യുവാക്കൾ ജോലി ചെയ്യുന്ന പ്രൊഫഷണലുകൾ
- മുതിർന്ന പൗരന്മാർ

കേരള സർക്കാരിന്റെ വിവിധ വകുപ്പുകളായ കേരള സ്പോർട്സ് കൗൺസിൽ, വിദ്യാഭ്യാസ വകുപ്പ്, പ്രാദേശിക സ്വയംഭരണ വകുപ്പ് എന്നീ വകുപ്പുകളുടെ സഹകരണത്തോടെ പദ്ധതി നടപ്പാക്കി വരുന്നു.

കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ്

1985 ൽ രൂപീകൃതമായ കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് സംസ്ഥാനത്തെ എല്ലാ

ബോക്സ് 9.2.3 കേരള വോളണ്ടറി യൂത്ത് ആക്ഷൻ ഫോഴ്സ്

2018 ൽ നമ്മുടെ സംസ്ഥാനം ചരിത്രത്തിൽ അഭൂതപൂർവമായ വെള്ളപ്പൊക്കത്തിന് സാക്ഷ്യം വഹിച്ചു. 2019 ലും സംസ്ഥാനത്തിന് സമാനമായ വെള്ളപ്പൊക്കം ഉണ്ടായി. കേരളത്തിലെ യുവാക്കൾ, സന്നദ്ധപ്രവർത്തകർ, സാംസ്കാരിക പ്രവർത്തകർ, യൂത്ത് ക്ലബ്ബുകൾ, വിദ്യാർത്ഥികൾ, ബ്യൂറോക്രാറ്റുകൾ, ജനങ്ങളുടെ പ്രതിനിധികൾ, എൻജിഒകൾ, തൊഴിലാളികൾ, പ്രത്യേകിച്ച് മത്സ്യത്തൊഴിലാളികൾ എന്നിവർ നിരവധി ജീവൻ രക്ഷിക്കുന്നതിൽ വിലപ്പെട്ട പങ്ക് വഹിക്കുകയുണ്ടായി . പ്രതികൂല സമയങ്ങളിൽ യുവാക്കളുടെ ശക്തി പ്രകടമാക്കി. ഇത് സംസ്ഥാനത്തെ കേരള വോളണ്ടിയർ യൂത്ത് ആക്ഷൻ ഫോഴ്സിന്റെ (കെ.വി.വൈ.എ എഫ്) എന്ന ആശയത്തിന് വഴിയൊരുക്കുകയുണ്ടായി.

പ്രകൃതിദുരന്തങ്ങളെ നേരിടാൻ യുവജന സന്നദ്ധ പ്രവർത്തകരെ സജ്ജമാക്കുകയെന്ന ലക്ഷ്യത്തോടെ രൂപീകരിച്ച ഒരു സന്നദ്ധ സേനയാണ് കേരള വോളണ്ടിയർ യൂത്ത് ആക്ഷൻ ഫോഴ്സ്. ഇതിനകം 2,000 യുവാക്കൾക്ക് പരിശീലനം നൽകുകയും 14 ജില്ലകളിൽ ഒരു സന്നദ്ധസേനയെ രൂപീകരിക്കുകയും ചെയ്തു. കേരള വോളണ്ടറി യൂത്ത് ആക്ഷൻ ഫോഴ്സിന്റെ ആഭിമുഖ്യത്തിൽ 14 ജില്ലകളിൽ കളക്ഷൻ സെന്ററുകൾ സ്ഥാപിക്കാനും ദുരന്തബാധിതർക്ക് അവശ്യവസ്തുക്കൾ നൽകാനും കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന് കഴിഞ്ഞിട്ടുണ്ട് .

കേരള വോളണ്ടിയർ യൂത്ത് ആക്ഷൻ ഫോഴ്സിന്റെ പ്രവർത്തനങ്ങൾ വരും വർഷങ്ങളിൽ കൂടുതൽ വിപുലീകരിക്കും. ഇതിന്റെ ഭാഗമായി, പ്രാദേശിക സർക്കാർ തലത്തിലേക്ക് ശക്തി വ്യാപിപ്പിക്കുകയാണ് ലക്ഷ്യം. പഞ്ചായത്ത് / മുനിസിപ്പാലിറ്റി / കോർപ്പറേഷൻ തലത്തിൽ ഒരു യൂത്ത് ആക്ഷൻ ഫോഴ്സ് രൂപീകരിച്ച് അവർക്ക് വിദഗ്ധ പരിശീലനം നൽകുകയും വിവിധ സന്നദ്ധപ്രവർത്തനങ്ങൾക്ക് തയ്യാറെടുക്കുകയും ചെയ്യുകയാണ് ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്.

അവലംബം: കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ്

യുവജന ശാക്തീകരണ പ്രവർത്തനങ്ങളുടെ ഏകോപനത്തിനും അവ നടപ്പിലാകുന്നതിനും മായിട്ടുള്ള ഒരു പരമോന്നത ഏജൻസിയായി പ്രവർത്തിച്ചു വരുന്നു. രൂപീകരിക്കുകയുണ്ടായി. തൊഴിൽ രഹിതരായ യുവാക്കൾക്ക് പരിശീലന പരിപാടികളും സ്വയം തൊഴിൽ സംരംഭങ്ങളും ആരഭിക്കുന്നതിനും യൂത്ത് ക്ലബ്ബുകൾക്കും ഓർഗനൈസേഷനുകൾക്കും ബോർഡ് ധന സഹായം നൽകിവരുന്നു.

യൂത്ത് കേരള എക്സ്പ്രെസ്സ്

യൂത്ത് ക്ലബ്ബുകളുടെ പ്രയോജനകരമായ പ്രവർത്തനങ്ങൾ പൊതുജനങ്ങൾക്ക് മുന്നിൽ അവതരിപ്പിക്കുകയെന്ന ലക്ഷ്യത്തോടെയുള്ള പദ്ധതിയാണ് യൂത്ത് കേരള എക്സ്പ്രസ്. 2018–19 ൽ നിലവിൽ വന്ന ഈ പദ്ധതി നൂറിലധികം യൂത്ത് ക്ലബ്ബുകൾക്ക് ഗ്രാണം ചെയ്തിട്ടുണ്ട്. യൂത്ത് കേരള എക്സ്പ്രസ് വഴി നടപ്പാക്കുന്ന പ്രവർത്തനങ്ങൾ പൊതുജനങ്ങൾക്ക് ഉപയോഗപ്രദമാണ്. ഈ പദ്ധതിയിലൂടെ യൂത്ത് ക്ലബ്ബുകളുടെ പ്രവർത്തനങ്ങളെ സമൂഹത്തിന്റെ താഴെ ത്തട്ടിലേക്ക് വരെ കൊണ്ടുവരുന്നുണ്ട്.

കേരളത്തിലെ ദേശീയ നാടോടി ഉത്സവം രാജ്യത്തെ വിവിധ സംസ്ഥാനങ്ങളിലെ തദ്ദേശീയ നാടോടി കലയെ പ്രോത്സാഹിപ്പിക്കുക, അതുവഴി രാജ്യത്തിന്റെ സാംസ്കാരിക പൈതൃകം തിരിച്ചറിയുക എന്നിവയാണ് കേരളത്തിലെ ദേശീയ നാടോടി ഉത്സവം സംഘടിപ്പിക്കുന്നതിലൂടെലക്ഷ്യമിടുന്നത്.

ദേശീയ നാടോടി ഉത്സവത്തിന്റെ പ്രതിനിധി സംഘത്തിൽ സംസ്ഥാനത്തിന് പുറത്തുനിന്നുള്ള പ്രതിനിധികൾ ഉൾപ്പെടുന്നു, അവർ അവരുടെ തനതായ നാടോടി കലാ–സാംസ്കാരിക പരിപാടികൾ അവതരിപ്പിക്കുകയും സമൂഹത്തിലെ യുവ പ്രതിഭകളുമായി സംവദിക്കുകയും മറ്റുള്ളവരുടെ പ്രവർത്തനങ്ങളെക്കുറിച്ച് അറിയുകയും ചെയ്യുന്നു. അയൽ സംസ്ഥാനങ്ങളിൽ നിന്നുള്ളവർക്ക് കേരളത്തിലെ സംസ്കാരത്തെ കുറിച്ചു അറിയുവാനും ഇവിടുത്തെ കുടുംബജീവിതം, സംസ്കാരം, ജീവിതരീതി എന്നിവ മനസിലാക്കുവാനുമുള്ള അവസരം ഇതുവഴി ലഭ്യമാകുന്നുണ്ട്.

കേരള സംസ്ഥാന യുവജനകമ്മീഷൻ

കേരളത്തിലെ യുവാക്കളെ ശാക്തീകരിക്കുന്നതിനും അവരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനുമായി രൂപീകരിച്ച ഒരു ക്വാസി–ജൂഡീഷ്യൽ ബോഡിയാണ് കേരള സംസ്ഥാന യുവജനകമ്മീഷൻ. കേരള സർക്കാരിനു കീഴിൽ ഒരു ഗ്രാന്റ് ഇൻ എയ്ഡ് സ്ഥാപനമായി ഇത് പ്രവർത്തിക്കുന്നു. കോളേജുകളിലെ പ്രോജക്ട് കോർഡിനേറ്ററിന് കീഴിലുള്ള ബോധവൽക്കരണ പരിപാടികൾ / യുവാക്കൾക്കുള്ള വേദികൾ, എസ്സി / എസ്ടി കോളനികളിലെ

യുവാക്കൾക്കിടയിൽ ബോധവൽക്കരണ പരിപാടികൾ, അദാലത്ത് / ഹിയറിംഗുകൾ / പ്രാദേശിക സിറ്റിംഗുകൾ, ജില്ലാ സെമിനാറുകൾ / സിമ്പോസിയങ്ങൾ / വർക്ക് ഷോപ്പുകൾ, ദേശീയ സെമിനാർ, യൂത്ത് ഐക്കൺ അവാർഡുകൾ, പാർശ്വവത്കരിക്കപ്പെട്ട യുവാക്കളെ ശാക്തീകരിക്കുക / ആരോഗ്യ സംരക്ഷണം, യൂത്ത് ലീഗൽ സപ്പോർട്ട് സെന്റർ, ഇ എം എസ് മെമ്മോറിയൽ ഇന്റർ യൂണിവേഴ്സിറ്റി എലോക്യൂഷൻ മത്സരവും ദേശീയ യുവജന പരിപാടിയും സാംസ്കാരിക കൈമാറ്റവും മികച്ച യുവജന കമ്മീഷൻ ഫെസിലിറ്റേഷൻ പ്രോഗ്രാമുകൾതുടങ്ങിയവയാണ് യുവജന കമീഷന്റെ സുപ്രധാന പരിപാടികൾ.

അദ്ധ്യായം

10

പ്രവാസി മലയാളി

അദ്ധ്യായം

10

പ്രവാസി മലയാളി

കേരള സമ്പദ് വ്യവസ്ഥയിൽ വളരെ പ്രധാനപ്പെട്ട ഒരു സ്ഥാനമാണ് 'കുടിയേറ്റം' നിർവ്വഹിക്കുന്നത്. സംസ്ഥാനത്തിന്റെ സാമൂഹിക സാമ്പത്തിക മേഖലകളെ രൂപപ്പെടുത്തുന്നതിൽ കുടിയേറ്റത്തിന് നിർണ്ണായക പങ്കാണ് ഉള്ളത്. കുടിയേറ്റ പ്രവണത കേരളത്തിന്റെ സഹജമായ സ്വഭാവമാണ്. ഗൾഫ് രാജ്യങ്ങളിലെ സാമ്പത്തിക അഭിവൃദ്ധി കുടിയേറ്റത്തിന് ആക്കം കൂട്ടുകയും എണ്ണത്തിലും പണമായാലും അതിന്റെ പാരമ്യത്തിൽ എത്തുകയും ചെയ്തു. എന്നാൽ അടുത്ത കാലത്ത് കേരളം, കുടിയേറിയവരുടെ തിരിച്ച് വരവിന് സാക്ഷിയായിക്കൊണ്ടിരിക്കുകയാണ് (സി.ഡി.എസ്. വർക്കിംഗ് പേപ്പർ സീരീസ് 2019)

അന്താരാഷ്ട്ര കുടിയേറ്റം

അവസാനത്തെ അഞ്ച് ദശാബ്ദങ്ങളായി അന്താരാഷ്ട്ര കുടിയേറ്റത്തിന്റെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. 2019 ലെ കണക്കനുസരിച്ച് ജന്മനാട് വിട്ട് മറ്റ് രാജ്യങ്ങളിൽ താമസിക്കുന്ന ആളുകളുടെ എണ്ണം (പ്രവാസികൾ) 272 മില്യൻ ആണ് ഇത് 1990 ലെ കണക്കിനേക്കാൾ 119 മില്യൻ കൂടുതലും (153 മില്യൻ) 1970 നേക്കാൾ 3 മടങ്ങ് കൂടുതലുമാണ് (84 മില്യൻ). വിശദ വിവരങ്ങൾ താഴെ കൊടുത്തിട്ടുള്ള പട്ടികയിൽ കൊടുത്തിരിക്കുന്നു, **പട്ടിക 10.1.1.**

നിക്ഷേപം

2018ലെ കണക്കനുസരിച്ച് കുടിയേറ്റ വിദേശത്ത് നിന്നും പണം സ്വീകരിക്കുന്നതിൽ മുൻപന്തിയിൽ നിൽക്കുന്ന രാജ്യങ്ങൾ ഇന്ത്യ, ചൈന, മെക്സിക്കോ, ഫിലിപ്പൈൻസ്, ഈജിപ്ത് എന്നിവയാണ് ഇവയിൽ ഇന്ത്യ, ചൈന എന്നീ രാജ്യങ്ങളുടെ കുടിയേറ്റ നിക്ഷേപം സ്വീകരിക്കുന്നതിന്റെ കണക്ക് 67 ബില്യൺ ഡോളറിനും മുകളിലാണ്. ഇത് **ചിത്രം 10.1.1** ൽ കാണിച്ചിരിക്കുന്നു(**അനുബന്ധം 10.1.1**)

ലോകത്തിൽ നിക്ഷേപം അയക്കുന്ന രാജ്യങ്ങളിൽ ഏറ്റവും മുൻപന്തിയിൽ നിൽക്കുന്ന 5 രാജ്യങ്ങൾ അമേരിക്ക, യു.എ.ഇ, സൗദി അറേബ്യ, ജർമ്മനി, സ്വിററ്സർലാൻഡ് എന്നിവയാണ്. (**ചിത്രം. 10.1.2**) **അനുബന്ധം 10.1.2.**

പട്ടിക 10.1.1. അന്താരാഷ്ട്ര കുടിയേറ്റക്കാർ, 1970–2019

വർഷം	കുടിയേറ്റക്കാരുടെ എണ്ണം	ശതമാനം മൊത്തം ജനസംഖ്യയുമായി
1970	8,44,60,125	2.3
1975	9,03,68,010	2.2
1980	10,19,83,149	2.3
1985	11,32,06,691	2.3
1990	15,30,11,473	2.9
1995	16,13,16,895	2.8
2000	17,35,88,441	2.8
2005	19,16,15,574	2.9
2010	22,07,81,909	3.2
2015	24,88,61,296	3.4
2019	27,16,42,105	3.5

Source: UN DESA, 2008, 2019a, 2019b.
Note: The number of entities (such as States, territories and administrative regions) for which data were made available in the 2019 UN DESA Revision of International Migrant Stock was 232. In 1970, the number of entities was 135. In 2019, most international migrants (around 74 per cent) were of working age (20 to 64 years of age), with a slight decrease in migrants younger than 20 years old from 2000 to 2019 (from 16.4 per cent to 14 per cent), and a constant share(around 12 per cent) of international migrants 65 years of age and older since 2000.

ചിത്രം 10.1.1 നിക്ഷേപം സ്വീകരിക്കുന്നതിൽ മുന്പന്തിയിൽ നില്ക്കുന്ന രാജ്യങ്ങൾ (2005–2015)
(ബില്ല്യൻ അമേരിക്കൻ ഡോളർ)



അവലംബം: വേൾഡ് മൈഗ്രേഷൻ സര്വ്വേ 2020

ചിത്രം 10.1.2 നിക്ഷേപം നൽകുന്നതിൽ മുന്പന്തിയിൽ നില്ക്കുന്ന രാജ്യങ്ങൾ (2005–2015)
(ബില്ല്യൻ അമേരിക്കൻ ഡോളർ)



അവലംബം: വേൾഡ് മൈഗ്രേഷൻ സര്വ്വേ 2020

ഇന്ത്യയുടെ നാനാ ഭാഗത്ത് നിന്നും ജോലിക്കായി തൊഴിലാളികൾ വിദേശത്ത് കുടിയേറിയിട്ടുണ്ടെങ്കിലും കേരളത്തിൽ നിന്നും കുടിയേറിയവർക്ക് താരതമേന്യ ചില അനുകൂല ഘടകങ്ങൾ ഉണ്ടായിരുന്നു. വിദ്യാഭ്യാസവും ചില പ്രത്യേക നൈപുണ്യങ്ങളും ശക്തമായ സംസ്ഥാനം എന്നതായിരുന്നു അത്. മാറുന്ന തൊഴിൽ സാഹചര്യങ്ങളോടും സാങ്കേതികത്വത്തോടും വളരെ പെട്ടെന്ന് ഇഴുകി ചേരാൻ പുതിയ ചില കാങ്കേതിക വിദ്യകളിൽ പ്രാവീണ്യം നേടാനും അവർക്ക് കഴിഞ്ഞു. മലേഷ്യയിൽ എവിടെയും കുടിയേറ്റ തൊഴിലാളികളുടെ സംഭവാനകൾ വ്യക്തമായി തിരിച്ചറിയാവുന്നതാണ്.

കേരളത്തിൽ നിന്നുള്ള കുടിയേറ്റം

2013 ൽ കണക്കാക്കിയത് പോലെ തന്നെ, കേരളത്തിൽ നിന്നുള്ള കുടിയേറ്റത്തിൽ ഒരു പതനം ഉണ്ടായതായി കേരള മൈഗ്രേഷൻ സര്വ്വേ കാണിക്കുന്നു. കേരളത്തിൽ നിന്നും 24 ലക്ഷത്തോളം കുടിയേറ്റക്കാരാണ് 2013ൽ ഉണ്ടായിരുന്നത്, ഇത് 2018ൽ 21 ലക്ഷമായി കുറയുകയുണ്ടായി. അതായത് ഏകദേശം 12 ശതമാനം കുറവാണ് 2013–18 കാലയളവിൽ കേരളത്തിൽ നിന്നുള്ള കുടിയേറ്റത്തിൽ ഉണ്ടായിട്ടുള്ളത്. കേരള മൈഗ്രേഷൻ സർവ്വേ പ്രകാരം കേരളത്തിൽ നിന്നും ഗൾഫ് രാജ്യങ്ങളിലേക്കുള്ള കുടിയേറ്റത്തിൽ

ബോക്സ് 10.1.1 കുടിയേറ്റം – സ്ഥിതി വിവരക്കണക്കുകൾ

- ലോകത്തിലാകമാനം ഉള്ള കുടിയേറ്റക്കാരുടെ എണ്ണം 2019ലെ കണക്കനുസരിച്ച് 272 മില്യൻ ആണ്. (ലോക ജനസംഖ്യയുടെ 3.5 ശതമാനം)
- അന്താരാഷ്ട്ര കുടിയേറ്റക്കാരിൽ 52 ശതമാനം പുരുഷൻമാരും 48ശതമാനം സ്ത്രീകളുമാണ്.
- മൊത്തം അന്താരാഷ്ട്ര കുടിയേറ്റക്കാരിൽ 74 ശതമാനവും 20–64 വയസ്സിൽ ഉൾപ്പെടുന്നവരാണ്.
- അന്താരാഷ്ട്ര കുടിയേറ്റക്കാരുടെ എണ്ണത്തിൽ ഇന്ത്യ മൂന്നാം സ്ഥാനം തുടരുന്നു.
- വിദേശത്ത് കുടിയേറി പാർക്കുന്ന ഇന്ത്യക്കാരുടെ എണ്ണം 17.5 മില്യൻ ആണ്. തുടർന്ന് മെക്സിക്കോയും (11.8 മില്യൻ) ചൈനയുമാണ് (10.7 മില്യൻ).
- ലോകത്താകമാനം ഉള്ള കുടിയേറ്റക്കാരുടെ പ്രധാന ലക്ഷ്യസ്ഥാനം അമേരിക്കയായി തുടരുകയാണ്.(50.7 മില്യൻ അന്താരാഷ്ട്ര കുടിയേറ്റക്കാർ).
- അന്താരാഷ്ട്ര കുടിയേറ്റ നിക്ഷേപം 2018ൽ 689 ബില്യൺ അമേരിക്കൻ ഡോളറായി വർദ്ധിച്ചിട്ടുണ്ട്.
- നിക്ഷേപം സ്വീകരിക്കപ്പെടുന്ന രാജ്യങ്ങളിൽആദ്യ 3 സ്ഥാനത്തുള്ള രാജ്യങ്ങൾ ഇന്ത്യ (78.6 ബില്യൺ ഡോളർ) ചൈന (67.4 ബില്യൺ ഡോളർ) മെക്സിക്കോ ഇന്ത്യ (35.7 ബില്യൺ ഡോളർ) എന്നിവയാണ്.
- കുടിയേറ്റ നിക്ഷേപം അയ്ക്കുന്ന രാജ്യങ്ങളിൽ ഒന്നാം സ്ഥാനത്ത് തുടരുന്നത് അമേരിക്കയും (68 ബില്യൺ ഡോളർ) തുടർന്ന് യു എ ഇ (44.4 ബില്യൺ ഡോളർ) സൗദി അറേബ്യയും (36.1 ബില്യൺ ഡോളർ) എന്നീ രാജ്യങ്ങളാണ്.

അവലംബം: വേൾഡ് മൈഗ്രേഷൻ റിപ്പോർട്ട് 2020

90 ശതമാനവും ജോലി ആവശ്യങ്ങൾക്കായുള്ള താത്കാലിക ഉടമ്പടി പ്രകാരം എത്തിയവരായിരുന്നു, അവർക്കൊന്നും ഗൾഫ് രാജ്യങ്ങൾ പൌരത്വം നൽകിയിട്ടില്ല, ഇവരുടെ ജോലി ഉടമ്പടി കാലാവധി കഴിയുന്നതോടെ ഇവർ കേരളത്തിലേക്ക് തിരിച്ചു വരുന്നു.

ജില്ല തിരിച്ചുള്ള വിദേശ കുടിയേറ്റക്കാർ

2018ൽ കേരളത്തിലെ ജില്ല തിരിച്ചുള്ള വിദേശ കുടിയേറ്റക്കാരുടെ എണ്ണം **ചിത്രം 10.1.3** ൽ കാണിച്ചിരിക്കുന്നു. **ചിത്രം 10.1.4** ൽ, 1998–2018 കാലയളവിലെ 5 വർഷ ഇടവേളകളിലെ ജില്ല തിരിച്ചുള്ള പ്രവാസികളുടെ എണ്ണവും കാണിച്ചിരിക്കുന്നു. കുടിയേറ്റക്കാരുടെ വളർച്ച നിരക്കിൽ 2013–18 കാലഘട്ടത്തിൽ ഒരു ഏറ്റകുറച്ചിലുണ്ടായിട്ടുണ്ട്. അതായത് ജില്ല തിരിച്ചുള്ള കണക്കിൽ ഒരു കുറവ് അനുഭവപ്പെട്ട് തുടങ്ങിയിട്ടുണ്ട്. കേരളത്തിൽ നിന്നുള്ള മൊത്തം കുടിയേറ്റത്തിൽ അവസാന അഞ്ച് വർഷ കാലയളവിൽ ഒരു നെഗറ്റീവ് പ്രവണത ഉണ്ട്. (0.13 ശതമാനം).

ചിത്രം 10.1.3 കേരളത്തിലെ ജില്ല തിരിച്ചുള്ള പ്രവാസികളുടെ എണ്ണം 2018



അവലംബം: കേരള മൈഗ്രേഷൻ സർവ്വേ 2018, CDS, തിരുവനന്തപുരം

ചിത്രം 10.1.4 1998–2018 ലെ കുടിയേറ്റക്കാരുടെ ജില്ല തിരിച്ചുള്ള എണ്ണം (1998–2018)



അവലംബം: കേരള മൈഗ്രേഷൻ സർവ്വേ 2018, CDS, തിരുവനന്തപുരം

4.06 ലക്ഷം പ്രവാസികളുമായി മലപ്പുറം ജില്ലയാണ് മുന്നിൽ നിൽക്കുന്നത്. 2.49 ലക്ഷം പ്രവാസികളുമായി കണ്ണൂരും, 2.4 ലക്ഷം പ്രവാസികളുമായി കൊല്ലം ജില്ലയുമാണ്.

2013–18 കാലയളവിൽ കേരളത്തിലെ പ്രവാസികളുടെ എണ്ണത്തിൽ 2.78 ലക്ഷത്തിന്റെ കുറവുണ്ടായിട്ടുണ്ട്. ഏറ്റവും കുറവ് ഉണ്ടായിട്ടുള്ളത് എറണാകുളം ജില്ലയിലാണ്. അത് കഴിഞ്ഞ് തിരുവനന്തപുരവും കോഴിക്കോട് ജില്ലയുമാണ്.

കേരളത്തിലെ ജില്ലാതല കുടിയേറ്റക്കാരുടെ അനുപാതം 2013–18

ജില്ല തിരിച്ചുള്ള കുടിയേറ്റക്കാരുടെ 2013–18 കാലയളവിലെ അനുപാതം **ചിത്രം 10.1.6** ൽ രേഖപ്പെടുത്തിയിരിക്കുന്നു. 2018 ൽ 19.14 ശതമാനത്തോടെ മലപ്പുറം ജില്ലയും 11.37 ശതമനം 11.36 ശതമാനം എന്നിങ്ങനെയായി യഥാക്രമം കണ്ണൂർ തൃശ്ശൂർ ജില്ലകളുമാണ്.

ചിത്രം 10.1.5 2013–18 ലെ കേരളത്തിലെ കുടിയേറ്റ പ്രവണത



അവലംബം: കേരള മൈഗ്രേഷൻ സർവ്വേ 2018, CDS, തിരുവനന്തപുരം

Figure 10.1 .6 District-wise proportion of emigrants in Kerala 2013 and 2018



അവലംബം: കേരള മൈഗ്രേഷൻ സർവ്വേ 2018, CDS, തിരുവനന്തപുരം

ചിത്രം 10.1.7 കുടിയേറ്റത്തിലെ സ്ത്രീ–പുരുഷ വ്യത്യാസം



അവലംബം: കേരള മൈഗ്രേഷൻ സർവ്വേ 2018, CDS, തിരുവനന്തപുരം

കുടിയേറിയവരുടെ വിദ്യാഭ്യാസ യോഗ്യത

കുടിയേറ്റത്തിലെ സ്ത്രീ–പുരുഷ വ്യത്യാസം **ചിത്രം 8.8.** ൽ ചിത്രീകരിച്ചിരിക്കുന്നു. അതിൽ നിന്നും കുടിയേറിയ സ്ത്രീകളുടെ എണ്ണത്തിൽ പകുതിയോളം പേരും, അതായത് 50 ശതമനത്തിൽ അധികം പേരും ഡിഗ്രീ യോഗ്യത ഉള്ളവരാണ്. എന്നാൽ കുടിയേറിയ പുരുഷൻമാരുടെ എണ്ണമെടുത്താൽ 50 ശതമാനത്തോളം പേർക്കും ഹയർ സെക്കണ്ടറി യോഗ്യത മാത്രമേ ഉള്ളൂ.

ചിത്രം. 10.1.8 തിരിച്ചു വരുന്ന പ്രവാസികളുടെ എണ്ണത്തിലെ കുറവ്



അവലംബം: കേരള മൈഗ്രേഷൻ സര്വേ 2018, സി.ഡി.എസ്, തിരുവനന്തപുരം

കേരളത്തിൽ തിരിച്ചുവരുന്ന പ്രവാസികളുടെ എണ്ണം

കേരളത്തിലേക്ക്തിരിച്ചു വരുന്ന പ്രവാസികൾ എന്നത് കൊണ്ട് അർത്ഥമാക്കുന്നത് " ഒരു വ്യക്തി 6 മാസമോ അതിലധികമോ, ജോലിക്കോ, പഠനത്തിനോ മറ്റെന്തെങ്കിലും ആവശ്യത്തിനോ ആയി (മാതാപിതാക്കൾക്കൊപ്പമോ, ഭാര്യ/ ഭർത്താവിനോപ്പമോ) ജീവിക്കുകയും പിന്നീട് കേരളത്തിൽ തിരിച്ചു വന്നു ജീവിതം തുടരുകയും ചെയ്യുന്ന സ്ഥിതി വിശേഷമാണ്. കേരള മൈഗ്രേഷൻ സർവ്വേ പ്രകാരം 90 ശതമാനം മലയാളികളും മദ്ധ്യേഷ്യയിലേക്ക് കുടിയേറുന്നത് ജോലിക്കായുള്ള കരാറിൽ ആണ്. ഗൾഫ് രാജ്യങ്ങൾ പൗരത്വം നൽകാത്തതിനാൽ അവരെല്ലാം കരാർ കാലാവധി കഴിഞ്ഞാൽ അവർ മാതൃരാജ്യത്തിലേക്ക് തിരിച്ചു വരുന്നു.

കേരളത്തിലേക്ക് തിരുച്ചു വരവിന്റെ പ്രവണത

2018 ലെ കേരള മൈഗ്രേഷൻ സർവ്വേ പ്രകാരം തിരിച്ചു വന്ന പ്രവാസികളുടെ എണ്ണം 12.95 ലക്ഷം ആയിരുന്നു, ഇത് മൊത്തം പ്രവാസികളുടെ എന്നതിന്റെ 60 ശതമാനത്തോളം വരും. താഴെ കൊടുത്തിരിക്കുന്ന **ചിത്രം 10.1.8** തിരികെ എത്തുന്നപ്രവാസികളുടെ എണ്ണത്തിലെ 2013 മുതല്ലുള്ള വർദ്ധനവ് കാണിച്ചിരിക്കുന്നു, എന്നാൽ വർദ്ധനവിന്റെ ശതമാനത്തിൽ കുറവുണ്ടയിരിക്കുന്നു (2013 ലെ 8.1 ൽ നിന്നും 2018 ൽ 3.3 ശതമാനം ആയി കുറഞ്ഞു).

ചിത്രം 10.1.9 ജില്ലതിരിച്ചുള്ള പ്രവാസികളുടെ തിരിച്ചു വരവിന്റെ കണക്ക്



അവലംബം: കേരള മൈഗ്രേഷൻ സര്വേ 2018, സി.ഡി.എസ്, തിരുവനന്തപുരം

2018 ൽ ഏറ്റവും അധികം പ്രവാസികൾ തിരിച്ചു വന്നത് കൊല്ലം താലൂക്കിൽ ആണ് (82945) അതിനു പുറകിലായി തിരൂർ താലൂക്കും (75664) കോഴിക്കോട് (75102). 2013 ൽ ഏറ്റവുമധികം പ്രവാസികൾ തിരിച്ചു വന്നത് ചിറയിൻകീഴ് താലൂക്കിൽ ആണ് (85507) തൊട്ടു പുറകിലായി കോഴിക്കോടും (70581) തിരൂരും (65915) ആയിരുന്നു. ജില്ല അടിസ്ഥാനത്തിൽ തിരിച്ചു വരുന്ന പ്രവാസികളുടെ എണ്ണത്തിന്റെ ശതമാനം മലപ്പുറം 23.9 ശതമാനവും ഇടുക്കി 0.5 ശതമാനവും ആണ്. തിരിച്ചു വരുന്ന പ്രവാസികളുടെ മൊത്തം എണ്ണത്തിൽ 50 ശതമാനവും മലപ്പുറം, കൊല്ലം, കോഴിക്കോട് ജില്ലയിൽ നിന്നാണ്.

തിരിച്ചു വരുന്ന പ്രവാസികൾ– ജില്ലതിരിച്ച്

കേരളത്തിലേക്ക് തിരിച്ചു വന്ന പ്രവാസികളുടെ എണ്ണം 2018 ൽ 13 ലക്ഷം ആണ്. 2013 ൽ ഇത് 12.50 ലക്ഷവും 2008 ൽ 11.57 ലക്ഷവും ആയിരുന്നു. തിരിച്ചു വരുന്ന പ്രവാസികളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടെങ്കിലും വർദ്ധനവിന്റെ തോത് മുന്പത്തേക്കാൾ കുറഞ്ഞിരിക്കുന്നു. 3,09,881 പ്രവാസികൾ തിരിച്ചു വന്നത് മലപ്പുറം ജില്ലയിലാണ് തൊട്ടു പുറകിലായി കൊല്ലം ജില്ലയും (1,65,504) കോഴിക്കോട് ജില്ലയും ആണ് (1,51,417). ഏറ്റവും കുറവ് പ്രവാസികൾ തിരിച്ചു വന്നത് റിപ്പോർട്ട് ചെയ്യപ്പെട്ടത് ഇടുക്കി ജില്ലയിലാണ് (6137). (**അനുബന്ധം 10.1.8** കാണുക).

കേരളത്തിലെ പ്രവാസികൾക്കു വേണ്ടിയുള്ള പദ്ധതികൾ

സാന്ത്വന പദ്ധതി

രണ്ട് വർഷത്തിൽ കുറയാതെ വിദേശത്ത് ജോലി ചെയ്തവരും തിരികെയെത്തി പത്ത് വർഷത്തിൻ മേൽ ആകാത്തവരുമായ കുടിയേറ്റക്കാരുടെ സമയനിഷ്ഠമായ ഉന്നമനത്തിനും സാമ്പത്തിക പിന്തുണയ്ക്കും വേണ്ടി പ്രവർത്തിക്കുന്നതാണ് ഈ പദ്ധതി. വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ കവിയാതെ ഉള്ള കുടിയേറ്റക്കാർക്ക് ആണ് ഈ പദ്ധതിയിലൂടെ ആനുകൂല്യം ലഭ്യമാകുക. ഒരു ലക്ഷം രൂപവരെ മരണാനന്തര സഹായവും, 50,000 രൂപ വരെ വൈദ്യസഹായവും ലഭ്യമാണ്. 15,000 രൂപ വിവാഹ സഹായവും 10,000 രൂപ വരെ അംഗവൈകല്യം സംഭവിച്ചവർക്ക് ചക്രകസേര, ക്രച്ചസ്എന്നിവക്കും,കൃത്രിമ കൈകാലുകൾക്കും ലഭ്യമാണ്.

തിരികെ എത്തുന്ന പ്രവാസികളുടെ പുനരധിവാസം (NDPREM)

രണ്ട് വർഷത്തിൽ കുറയാതെ വിദേശത്ത് ജോലി ചെയ്ത് (NDPREM) തിരികെയെത്തിയ തൊഴിലാളികളുടെ മാന്യമായ ജീവിതത്തിന് സഹായിക്കുന്ന പദ്ധതിയാണിത്. 30 ലക്ഷം വരെ പ്രാഥമിക മൂലധനവും കൃത്യമായ തിരിച്ചടവും ഉള്ള സംരംഭകന് ഈ പദ്ധതിയിലൂടെ സഹായധനം ലഭിക്കുകയും 15 ശതമാനം സഹായധനം മൂലധനത്തിൽ നിന്നും 3 ശതമാനം പലിശയിൽ ഇളവും ആദ്യത്തെ നാലു വർഷത്തിൽ ലഭ്യമാണ്.

ഈ സാമ്പത്തിക വർഷത്തിൽ നാല് സാമ്പത്തിക സ്ഥാപനങ്ങൾ കൂടി ഈ പദ്ധതിയിൽ പങ്കാളികളാകുകയും, പങ്കാളികളുടെ മൊത്തം എണ്ണം പതിനാലുമായി. ഇതിനു പുറമെ ലോൺ വിതരണത്തിനായ നോർക്ക ഏകദിന ഫീൽഡ് ക്യാമ്പുകൾ നടത്തി. 2019–20 വർഷം ഈ തീയതി വരേക്കും 567 ഗുണഭോക്താക്കൾക്ക് ഈ സഹായധനം ലഭിച്ചിട്ടുണ്ട്..

വിമാനത്താവളങ്ങളിൽ അടിയന്തിര ആംബുലൻസ് പദ്ധതി

കേരളത്തിലെ വിമാനത്താവളങ്ങളിൽ സൗജന്യ ആംബുലൻസ് സേവനം ലഭ്യമാക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. മംഗലാപുരം കോയമ്പത്തൂർ എയർപോർട്ടുകളിൽ പ്രവാസികളിൽ, കേരളീയരായ അസുഖ ബാധിതരേയും മരണപ്പെട്ടവരേയും വീടുകളിലേക്കും ആശുപത്രികളിലേക്കും എത്തിക്കുന്നത്തിനുള്ള ഈ സൗജന്യ പദ്ധതിയാണ് ഇത്. ഇൻഡ്യൻ മെഡിക്കൽ അസോസിയേഷന്റെ (IMA) സഹായത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

പ്രവാസികളുടെ നിയമസഹായസെൽ

വിദേശത്ത് പ്രത്യേകിച്ചും ഗൾഫ് കോർപ്പറേഷൻ കൗൺസിലുകളിലും മലയാളികൾ നിസ്സാര കുറ്റകൃത്യങ്ങൾക്കും അവരുടെ അറിവില്ലാതെയുള്ള കുറ്റകൃത്യങ്ങൾക്കുമായി ജയിലിൽ ആകുന്നത് വളരെക്കാലമായി ശ്രദ്ധിച്ചു വരികയാണ്. പ്രവാസി നിയമ സഹായ സെൽ ഇത്തരത്തിലുള്ള പ്രശ്നങ്ങളെ നേരിടാനും ജയിലിലായ നിസഹായരുടെ സഹായത്തിനുമായി പ്രവർത്തിക്കുന്നതാണ്. ഈ പദ്ധതി പ്രകാരം GCC കളിൽ എട്ട് നിയമ കൺസൾട്ടൻസികൾ ഇതുവരെ ഈ പദ്ധതി പ്രകാരം മുന്നോട്ടു വച്ചിട്ടുണ്ട്.

NORKA യുടെ വാണിജ്യ സുഗമ കേന്ദ്രം (NBFC)

കേരള സർക്കാരിന്റെ മുൻകൈയോടുകൂടിയ പദ്ധതിയാണ് NBFC. കേരളത്തിലെ നിക്ഷേപ സാദ്ധ്യതകളെ പറ്റി പ്രവാസിയാരായ കേരളീയർക്ക്

വ്യാപകമായ പിന്തുണയും നിർദ്ദേശങ്ങളും നൽകുകയുമാണ് ഇതിന്റെ ലക്ഷ്യം. പ്രവാസികളായ കേരളീയർക്ക് അവരുടെ സംരംഭം തുടങ്ങുകയോ വിപുലീകരിക്കുകയോ ചെയ്യുന്നതിൽ സഹായം നൽകുക എന്നതാണ് NBFC യുടെ ലക്ഷ്യം.

ഈ പദ്ധതി പ്രാരംഭ ഘട്ടത്തിൽ ആണെങ്കിലും നിരവധി സംരഭകരുടെ ശ്രദ്ധ പിടിച്ചു പറ്റുകയും 27 സംരംഭക സാധ്യതകൾ ഇതുവരെ തുടങ്ങുകയും ചെയ്തു.

ലോകവ്യാപക സമ്പർക്ക കേന്ദ്രം (Global contact centre)

കേരള സർക്കാരിന്റെ ഈ രീതിയിലുള്ള ആദ്യത്തെ പദ്ധതി ആണിത്. പ്രവാസികളായ ലോകത്തിന്റെഏത് ഭാഗത്തുള്ളവർക്കും ഒരു ടോൾ ഫ്രീ നമ്പറിലേക്ക് മിസ്ഡ് കോൾ അടിച്ചാൽ തിരിച്ച് ഒരു കോൾ ലഭിക്കും. ഇതു വഴി പ്രവാസികൾക്ക് NORKA ROOTS നെ കുറിച്ചും അവരുടെ പരാതികൾക്ക് ഉചിതമായ പരിഹാരവും അറിയാൻ പറ്റുന്നതാണ്. ഇതു കൂടാതെ മൊബൈൽ സന്ദേശവും തത്സമയ സംസാര സൗകര്യവും നൽകുന്നതാണ് 2019 ഫെബ്രുവരി വരെ 32 രാജ്യങ്ങളിൽ നിന്നായി 1.25 ലക്ഷത്തിനു മുകളിൽ പ്രവാസികൾ ഈ പദ്ധതി പ്രയോജനപ്പെടുത്തിയിരിക്കുന്നു.

പുതിയ സംരംഭങ്ങൾ (New limitations)

NORKA ROOTSന്റെ ഡയറക്ടർ സ്കോളർഷിപ്പ് പദ്ധതി

NORKA ROOTSന്റെ ഡയറക്ടർ സ്കോളർഷിപ്പ് പദ്ധതി, പാവപ്പെട്ട പ്രവാസികളുടെ കുട്ടികൾക്ക് ഉന്നത വിദ്യാഭ്യാസം മുന്നോട്ടു കൊണ്ടു പോകുന്നതിനു വേണ്ടിയുള്ള പദ്ധതിയാണ് ഇത്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന പ്രവാസികളുടെ മക്കൾക്ക് ഉന്നത വിദ്യാഭ്യാസം ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടെ NORKA ROOTSന്റെ NRI ഡയറക്ടേഴ്സ് നൽകുന്ന സാമ്പത്തിക സഹായം ആണ് ഈ പദ്ധതി.

NORKA ROOTSന്റെ പ്രവാസി സംഘത്തിനുള്ള സാമ്പത്തിക സഹായ പദ്ധതി

ഈ പദ്ധതി തിരികെയെത്തിയ പ്രവാസികളുടെ ക്ഷേമത്തിനും അഭിവൃദ്ധിക്കും വേണ്ടി പ്രവർത്തിക്കുന്ന പ്രവാസി സംഘത്തിന്റെ ഉന്നമനമാണ് ഈ പദ്ദതിയുടെ ലക്ഷ്യം. പത്തോ അതിലധികമോ ആളുകൾക്ക് അവരുടെ project ൽ ജോലി നൽകുകയോ ആ പദ്ധതി വിപുലീകരിച്ചു പത്ത് അധിക ജോലി സാധ്യത നൽകുകയോ ചെയ്യുന്നവർക്ക് ഈ പദ്ധതി പ്രകാരം സഹായം നൽകുന്നതാണ്. രണ്ട് ലക്ഷം രൂപ വരെ ഷെയർ പാരിറ്റിയായും നൽകുന്നതാണ്. വിജ്ഞാപനങ്ങൾ പുറപ്പെടുവിക്കുകയും അതിന്റെ നടപടിക്രമങ്ങൾ നടക്കുകയുമാണ്. 30 ഗുണഭോക്താക്കളെ ആണ് ലക്ഷ്യമിടുന്നത്.

പ്രവാസി സംഘങ്ങളുടെ ഉന്നമനത്തിനായി സാമ്പത്തിക സഹായം വർദ്ധിപ്പിക്കുകയാണ് NORKA ROOTSന്റെ ലക്ഷ്യം. NORKA ഡിപ്പാർട്ട്മെന്റ് നടത്തുന്ന പദ്ധതികളുടെയും ക്ഷേമ പദ്ധതികളുടെയും പ്രവർത്തനങ്ങളെ പറ്റിയും പ്രവാസികളിൽ അറിവ് നൽകുകയും ചെയ്യുന്നതിൽ പ്രവാസി സംഘത്തിന്റെ കർത്തവ്യം ശ്രദ്ധാവഹമാണ്.

അദ്ധ്യായം

11

പശ്ചാത്തല സൗകര്യങ്ങൾ

അദ്ധ്യായം

11

പശ്ചാത്തല സൗകര്യങ്ങൾ

11.1 ഗതാഗതം

പശ്ചാത്തല മേഖലയിലെ അടിസ്ഥാന സൗകര്യങ്ങളും സേവനങ്ങളും സാമ്പത്തിക പ്രവർത്തനങ്ങളെ മുന്നോട്ട് നയിക്കുന്നതിൽ മുഖ്യ പങ്ക് വഹിക്കുന്നു. പ്രധാന പശ്ചാത്തല മേഖലകളായ റോഡുകൾ, റെയിൽവെ, വാർത്താവിനിമയ സംവിധാനം, ജലഗതാഗതം, വ്യോമ ഗതാഗതം, ഊർജ്ജം, ജലസേചനം, കായികം എന്നിവയ്ക്കാണ് ഈ മേഖലയിൽ പ്രധാനമായും ഊന്നൽ നൽകിയിട്ടുള്ളത്. സംസ്ഥാനത്തെ പശ്ചാത്തല മേഖലയിൽ ഉണ്ടാകുന്ന പരിവർത്തനങ്ങൾ വിദേശ സംരഭകത്വം വർദ്ധിപ്പിക്കുന്നതിന് സഹായിക്കുന്നു.

സമൂഹത്തിന്റെ എല്ലാ മേഖലകളിലും സമഗ്ര വികസനവും, സുസ്ഥിര വളർച്ചയുമാണ് കേരള സർക്കാർ ലക്ഷ്യമിടുന്നത്. വ്യവസായ പശ്ചാത്തല വികസനത്തിലൂടെ സുസ്ഥിര വളർച്ചക്ക് പ്രത്യേക ഊന്നൽ നൽകിയിട്ടുണ്ട്. ഗതാഗതം, കുടിവെള്ളം, ശുചിത്വം, ഊർജ്ജം, സാമൂഹ്യ വാണിജ്യ പശ്ചാത്തലങ്ങൾ, വിവര സാങ്കേതികവിദ്യ, ഇലക്ട്രോണിക് വ്യവസായം തുടങ്ങിയ മേഖലകളിൽ ബജറ്റിന് പുറമെ 50,000 കോടി രൂപയുടെ പശ്ചാത്തല വികസന പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് കേരള ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (കിഫ്ബി) യെ സംസ്ഥാന സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്.

സംസ്ഥാനത്തെ പശ്ചാത്തല മേഖലയ്ക്ക്, വൈകിയാണെങ്കിലും വേണ്ടത്ര പരിഗണന ഇപ്പോൾ ലഭിക്കുന്നുണ്ട്. ധാരാളം വൻകിട പദ്ധതികൾ വരും വർഷങ്ങളിൽ പ്രവർത്തനക്ഷമമാകും. കിഫ്ബി മുഖേന പശ്ചാത്തലവികസന പദ്ധതികൾക്കാവശ്യമായ വിഭവ ദൗർലഭ്യ പ്രശ്നത്തിന് പരിഹാരം കണ്ടെത്താൻ സർക്കാർ ലക്ഷ്യമിടുകയാണ്. സംസ്ഥാന സർക്കാർ സ്വീകരിച്ച നിരവധി നൂതനവും നിർണ്ണായകവുമായ നടപടികളിലൊന്നാണ് ഇത്.

ഗതാഗതം

ഒരു പ്രദേശത്തിന്റെ സാമ്പത്തിക വികസനത്തിന് ഗതാതം മുഖ്യ പങ്ക് വഹിക്കുന്നുണ്ട്. ഇന്ത്യയുടെ വിസ്തൃത റോഡ് ശൃംഖല ദശലക്ഷകണക്കിന് ജനങ്ങൾക്ക് ഗതാഗത ആവശ്യങ്ങൾ പ്രതിദിനം നിറവേറ്റിവരുന്നു. 58.98 ലക്ഷം കിലോ മീറ്റർ ദൈർഘ്യം വരുന്ന ലോകത്തെ രണ്ടാമത്തെ വലിയ ഗതാഗത ശൃംഖലയാണ് ഇന്ത്യൻ റോഡ് ശൃംഖല. ദേശിയ പാതകൾ/എക്സ്പ്രസ്സ് പാതകൾ (1, 32,500 കി. മി.) സംസ്ഥാന പാതകൾ (1, 56,694 കി. മി.), മറ്റ് വിവിധ റോഡുകൾ (56, 08,477 കി. മി.) എന്നിവ ചേർന്നതാണ് ഇന്ത്യൻ റോഡ് ശൃംഖല. ലോക ബാങ്ക് റിപ്പോർട്ട് പ്രകാരം, ചരക്ക് കടത്തിന്റെ 65 ശതമാനവും യാത്രാ ഗതാഗതത്തിന്റെ 85 ശതമാനവും കൈകാര്യം ചെയ്യുന്നത് ഇന്ത്യൻ റോഡ് ശൃംഖല തന്നെയാണ്. കഴിഞ്ഞ അറുപത് വർഷങ്ങൾക്കിപ്പുറം ഗതാഗത്തിന്റെ 40 ശതമാനം കൈകാര്യം ചെയ്യുന്ന ദേശീയപാതകൾ 2.2 ശതമാനം വളർച്ച മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. അതുപോലെ റോഡ് ശൃംഖലയുടെ 3 ശതമാനം വരുന്ന സംസ്ഥാന പാതകൾ ആകെ റോഡ് ഗതാഗതത്തിന്റെ 40 ശതമാനം കൈകാര്യം ചെയ്യുന്നു. 90,000കി. മി. ഏകദേശ ദൈർഘ്യമുള്ള സംസ്ഥാന പാതകൾ ഒറ്റവരി പാതകളാണ് (3.5 മീ.വീതി). വാഹന ജനസംഖ്യ 10.8 ശതമാനം കോമ്പൗണ്ട് വാർഷിക വളർച്ചാ നിരക്കിലും (സിഎജിആർ) യാത്രാ ഗതാഗതം 12,000 ബില്യൺ പാസഞ്ചർ കിലോമീർ (ബിപികെഎം) എന്ന കണക്കിലും വർദ്ധിച്ച് വരുന്നു. നിലവിലെ ചരക്ക് ഗതാഗതം 9.7 ശതമാനം വാർഷിക വളർച്ച തുടരുകയാണെങ്കിൽ, 2032 ഓടുകൂടി ഇത് 13,000 ബിടികെഎം ആകുമെന്ന് പ്രതീക്ഷിക്കുന്നു.

ഒരൊറ്റ മാനേജ്മെന്റിന്റെ കീഴിൽ പ്രവർത്തിക്കുന്ന ലോകത്തിലെ ഏറ്റവും വലിയ ഗതാഗത ശൃംഖലകളിൽ ഒന്നാണ് ഇന്ത്യൻ റെയിൽവെ. ഏകദേശം 1,20,000 കി.മി ദൈർഘ്യം വരുന്ന പാതകളും 7,300 സ്റ്റേഷനുകളും

ഇതിൽ ഉൾപ്പെടുന്നു. ആകെ വൈദ്യുതീകരിച്ച പാതയുടെ നീളം 29,376 കി.മി ആണ്. വരുമാനത്തിന്റെ 67 ശതമാനവും ചരക്ക് ഗതാഗതത്തിലൂടെയാണ് റെയിൽവെ നേടുന്നത്. വിമാന സർവീസുകളിലെ സ്വകാര്യ പങ്കാളിത്തവും, വിമാനത്താവളങ്ങളിലെ അടിസ്ഥാന സൗകര്യ വികസനവും യാത്രക്കാരുടെ എണ്ണത്തിൽ ക്രമാനുഗത വളർച്ച നേടുന്നതിന് സിവിൽ വ്യോമയാന രംഗത്തിനെ സഹായിച്ചിട്ടുണ്ട്. ഇന്ത്യയിലെ വിമാനത്താവളങ്ങൾ 2019–20ൽ (ഏപ്രിൽ–സെപ്റ്റംബർ) 1271.40 വിമാന സർവ്വീസ്സുകളും (പൊതു വ്യോമയാനങ്ങൾ ഒഴികെ) 170.02 ദശലക്ഷം യാത്രക്കാരെയും 1707.98 ടൺ ചരക്കുകളും കൈകാര്യം ചെയ്തു. യാത്രാ ഗതാഗതത്തിൽ 0.3 ശതമാനം വർദ്ധനവ് രേഖപ്പെടുത്തിയപ്പോൾ വിമാന നീക്കങ്ങളിലും ചരക്ക് കടത്തിലും യഥാക്രമം 1.2 ശതമാനത്തിന്റെയും 4.9 ശതമാനത്തിന്റെയും കുറവ് ഉണ്ടായി.

ചരക്ക് ഗതാഗത മേഖലയിലെ മറ്റ് ഗതാഗത മാർഗ്ഗങ്ങളായ ഉൾനാടൻ ജലഗതാഗതവും തീരദേശ ഗതാഗതവും ചരക്ക് നീക്കത്തിൽ പ്രധാന പങ്ക് വഹിക്കുന്നുണ്ട്. 7,512 കി.മീ ദൈർഘ്യമുള്ള ഇന്ത്യയിലെ തീരദേശ മേഖലയിൽ 12 വൻകിട തുറമുഖങ്ങളും 200 ചെറുകിട തുറമുഖങ്ങളും നിലവിലുണ്ട്. ഇതിൽ 30 തുറമുഖങ്ങൾ മുഖേന മാത്രമാണ് ചരക്ക് ഗതാഗതം സാദ്ധ്യമാകുന്നത്. ചെറുകിട, വൻകിട തുറമുഖങ്ങൾ മുഖേന ഏകദേശം 53 ദശലക്ഷം ടൺ ചരക്കുഗതാഗതം നടക്കുന്നതായി കണക്കാക്കപ്പെടുന്നു. എന്നിരുന്നാലും, ആഭ്യന്തര ചരക്ക് ഗതാഗത മേഖലയിൽ തീരദേശ ഉൾനാടൻ ജലഗതാഗതത്തിന്റെ പങ്ക് ഏകദേശം ഒരു ശതമാനം മാത്രമാണ്.

2.73 ലക്ഷം കി.മീറ്റർ റോഡുകൾ, 1,588 കി.മീറ്റർ റെയിൽവെ, 1,687 കി.മീറ്റർ ഉൾനാടൻ ജലഗതാഗതം, 585 കിലോമീറ്റർ തീരദേശ മേഖലയിൽ 18 തുറമുഖങ്ങളും, 4 വിമാനത്താവളങ്ങൾ എന്നിവ ഉൾപ്പെടുന്നതാണ് സംസ്ഥാനത്തെ പ്രധാന ഗതാഗത പശ്ചാത്തല മേഖല. 38,863 ച.കി.മീറ്റർ വിസ്തീർണ്ണമുള്ളതും, വൈവിധ്യമായ ഭൂപ്രകൃതിയോടു കൂടിയ കേരളത്തിന്റെ പൊതു ഗതാഗത മേഖലയിൽ, റോഡ് ഗതാഗതമാണ് മുഖ്യ പങ്ക് വഹിക്കുന്നത്. കേരളത്തിൽ പൊതു ഗതാഗത മേഖലയിൽ ആകെ 25,449 ബസ്സുകൾ നിലവിലുള്ളതിൽ 19,496 എണ്ണം സ്വകാര്യ ബസ്സുകളും (77.4 ശതമാനം), 5,690 എണ്ണം (22.6 ശതമാനം) കെ.എസ്.ആർ.ടി.സി ബസ്സുകളുമാണ്. തിരുവനന്തപുരം ഒഴികെയുള്ള എല്ലാ ജില്ലകളിലും സ്വകാര്യ ബസ്സുകളുടെ എണ്ണം, കെ.എസ്.ആർ.റ്റി. സി ബസ്സുകളേക്കാൾ കൂടുതലാണ്. റെയിൽവെയുടെ പാലക്കാട്, തിരുവനന്തപുരം ഡിവിഷനുകളിലായി 1,588 കി.മീറ്റർ ട്രാക്ക് ദൈർഘ്യത്തിൽ 1,257 കി.മീറ്റർ ഗതാഗത ദൈർഘ്യമാണ് നിലവിലുള്ളത്. കേരളത്തിലെ ജലഗതാഗത മാർഗ്ഗങ്ങളായ നദികൾ, തടാകങ്ങൾ, നദീ മുഖങ്ങൾ, കായലുകൾ എന്നിവയിൽ 1,895 കി.മീറ്റർ ദൈർഘ്യത്തിൽ ഉൾനാടൻ ജലഗതാഗതം സാധ്യമാണ്. ഉൾനാടൻ ജലഗതാഗതം പരിസ്ഥിതി സൗഹൃദവും കാര്യക്ഷമവുമായ ഗതാഗത മാർഗ്ഗമാണ്. ദീർഘദൂര ചരക്കുഗതാഗതത്തിന് തീരദേശ ഗതാഗതത്തെ അവലംബിക്കാവുന്നതാണ്. ബഹുമാർഗ്ഗ ഗതാഗത സംവിധാനം മെച്ചപ്പെടുത്തുന്നതു വഴി, കേരളത്തിൽ ലഭ്യമായ 585 കി.മീറ്റർ തീരദേശം ചരക്കുഗതാഗത പ്രവർത്തനങ്ങൾക്ക് അനുയോജ്യമാക്കി മാറ്റാവുന്നതാണ്.

തീരദേശ ഗതാഗത മേഖലയിൽ ഒരു വൻകിട തുറമുഖവും, 17 ചെറുകിട തുറമുഖങ്ങളും വിഴിഞ്ഞത്തെ നിർദ്ദിഷ്ട അന്താരാഷ്ട്രാ ആഴക്കടൽ തുറമുഖ പദ്ധതിയുമാണ് കേരളത്തിന് ഉള്ളത്. ബർത്തിംഗ്, ചരക്ക് കൈകാര്യം ചെയ്യൽ, ചരക്ക് സൂക്ഷിക്കുന്നതിനുള്ള സൗകര്യം എന്നിവയുടെ അടിസ്ഥാനത്തിൽ വിഴിഞ്ഞം, ബേപ്പൂർ, അഴീക്കൽ, കൊല്ലം എന്നീ നാല് ഇടത്തരം തുറമുഖങ്ങളും സംസ്ഥാനത്തുണ്ട്. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട്, കണ്ണൂർ എന്നിങ്ങനെ നാല് അന്താരാഷ്ട്ര വിമാനത്താവളങ്ങൾ കേരളത്തിൽ പ്രവർത്തിക്കുന്നുണ്ട്. നിലവിലുള്ള എല്ലാ വിമാനത്താവളങ്ങളും അന്താരാഷ്ട്രാ നിലവാരത്തിലുള്ളവയാണെന്ന പ്രത്യേകത കൂടി കേരളത്തിന് സ്വന്തമാണ്. കണ്ണൂർ അന്താരാഷ്ട്രാ വിമാനത്താവളം പൂർത്തിയായതോടുകൂടി ഏറ്റവും കൂടുതൽ അന്താരാഷ്ട്ര വിമാനത്താവളങ്ങളുള്ള തമിഴ്നാട് സംസ്ഥാനത്തിനൊപ്പം കേരളവും പങ്ക് ചേരും. നഗരങ്ങളെ തമ്മിൽ ബന്ധിപ്പിച്ചുള്ള ഗതാഗത പ്രവർത്തനങ്ങൾക്ക് പൊതുഗതാഗത മാർഗ്ഗത്തിന്റെ പ്രായോഗികത മനസ്സിലാക്കി കേരള ഗവൺമെൻറ് കൊച്ചി മെട്രോ പദ്ധതി ആരംഭിച്ചു. കൊച്ചി മെട്രോ കമ്മീഷൻ ചെയ്തതോടുകൂടി കൊച്ചി നഗരത്തിലെ ഗതാഗത ബാഹുല്യം കുറയ്ക്കാൻ കഴിഞ്ഞു.

ഗതാഗത മേഖല

പ്രാദേശിക സർക്കാരുകൾ, പൊതുമരാമത്ത് വകുപ്പ് (റോഡുകളും പാലങ്ങളും) വിഭാഗം, ദേശീയ പാതകൾ, മുൻസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ, ജലസേചന വകുപ്പ്, വനം വകുപ്പ്, റെയിൽവെ എന്നീ ഏജൻസികളാണ് കേരളത്തിലെ റോഡുകൾ പരിപാലിക്കുന്നത്. ദേശീയ ഗതാഗത ആസൂത്രണ ഗവേഷണ സെന്റർ (നാറ്റ്പാക്), മോട്ടോർ വാഹന വകുപ്പ്, കേരള സംസ്ഥാന റോഡ് ഗതാഗത കോർപ്പറേഷൻ (കെ.എസ്.ആർ.ടി.സി), റോഡുകളും പാലങ്ങളും വികസന കോർപ്പറേഷൻ (ആർ.ബി.ഡി. സി.കെ), കേരള സംസ്ഥാന ഗതാഗത പദ്ധതി (കെ. എസ്.ടി.പി), കേരള റോഡ് ഫണ്ട് ബോർഡ് (കെ. ആർ.എഫ്.ബി), റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി കേരള (ആർ.ഐ.സി.കെ) ലിമിറ്റഡ് എന്നിവയാണ് ഗതാഗത മേഖലയുമായി ബന്ധിപ്പെട്ടിരിക്കുന്ന മറ്റ് ഏജൻസികൾ.

2017–18ൽ കേരളത്തിലെ മൊത്തം റോഡ് ദൈർഘ്യം 2,73,113.30 കിലോമീറ്ററാണ്. ഇന്ത്യൻ റോഡ് കോൺഗ്രസ് നിശ്ചയിച്ചിട്ടുള്ള ക്ലാസിഫൈഡ്, നോൺ–ക്ലാസിഫൈഡ് റോഡുകൾ ഇതിൽ ഉൾപ്പെടുന്നു. ഓരോ വർഷവും ശരാശരി 12 മുതൽ 14 ശതമാനം വരെയുണ്ടാകുന്ന റോഡ് ഗതാഗതവളർച്ച, പിഡബ്ല്യുഡി റോഡ് ശൃംഖലയിൽ വലിയ സമ്മർദ്ദം സൃഷ്ടിക്കുന്നു. കേരളത്തിലെ റോഡ് സാന്ദ്രത 390 കിലോമീറ്റർ/100 ചതുരശ്ര കിലോമീറ്ററാണ്, ഇത് ദേശീയ ശരാശരിയുടെ മൂന്നിരട്ടിയാണ്. ഒരു ലക്ഷം ജനസംഖ്യക്ക് റോഡിന്റെ നീളം 686.55 കിലോമീറ്ററാണ്, കൂടാതെ റോഡ് ശൃംഖലയുടെ 90 ശതമാനവും ഒറ്റവരി പാതകളാണ്. പ്രാഥമിക ശൃംഖലയായി കണക്കാക്കപ്പെടുന്ന ദേശീയപാതകൾ, മൊത്തം ഗതാഗതത്തിന്റെ 40 ശതമാനം വഹിക്കുന്നു, സംസ്ഥാനപാതകളും പ്രധാന ജില്ലാ റോഡുകളും (എംഡിആർ) – ദ്വിതീയ റോഡ് ശൃംഖല – റോഡ് ഗതാഗതത്തിന്റെ 40 ശതമാനം കൂടി വഹിക്കുന്നു. ഗതാഗത വർദ്ധനവ് എല്ലാ വർഷവും 10 മുതൽ 11 ശതമാനം വരെ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്, ഇത് സംസ്ഥാനത്തെ റോഡുകളിൽ അമിതമായ സമ്മർദ്ദത്തിന് കാരണമാകുന്നു. മൊത്തം ഗതാഗതത്തിന്റെ 80 ശതമാനവും കൈകാര്യം ചെയ്യുന്നത് റോഡ് ശൃംഖലയുടെ 10 ശതമാനത്തിൽ താഴെ മാത്രമാണ്.

സ്റ്റേറ്റ് ക്രൈം റെക്കോർഡ് ബ്യൂറോയുടെ കണക്കനുസരിച്ച്, 2018ൽ 40,289 റോഡപകടങ്ങളിൽ 4,172 മരണങ്ങളും 45,443 പരിക്കുകളും കേരളത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്ത് നാറ്റ്പാക് 275 ബ്ലാക്ക് സ്പോട്ടുകൾ കണ്ടെത്തിയിട്ടുണ്ട്. റോഡ് ട്രാഫിക് അപകടങ്ങളിൽ മിക്കതും ഡ്രൈവർ, റോഡ് അവസ്ഥ, വാഹനം, പരിസ്ഥിതി എന്നിവയുമായി ബന്ധപ്പെട്ടിരിക്കുന്നു. റോഡ് സുരക്ഷ സങ്കീർണ്ണമായ പ്രശ്നമായതിനാൽ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് വിവിധ പങ്കാളികളിൽ (സ്റ്റേക്ഹോൾഡേഴ്സ്) നിന്ന് സ്ഥിരവും നീണ്ടുനിൽക്കുന്നതും സംയോജിതവുമായ ശ്രമങ്ങൾ ആവശ്യമാണ്.

കേരളത്തിൽ ഗതാഗതത്തിന്റെ ഭാവി തീരുമാനിക്കുന്ന പുതിയ സാങ്കേതികവിദ്യകളെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിന്, 2019 ജൂൺ 29, 30 തീയതികളിൽ സർക്കാർ ഒരു ഇലക്ട്രിക് മൊബിലിറ്റി എക്സ്പോയും കോൺഫറൻസും സംഘടിപ്പിച്ചു. 2022 ഓടെ ഒരു ദശലക്ഷം ഇലക്ട്രിക് വാഹനങ്ങൾ നിരത്തിൽ ഇറക്കാനും ഇതിന്റെ ഭാഗമായി 12 മാസത്തിനുള്ളിൽ തിരുവനന്തപുരം നഗരത്തിൽ മുഴുവൻ വൈദ്യുത പൊതുഗതാഗത സംവിധാനം കൊണ്ട് വരുന്നതും സർക്കാറിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങളിൽ പ്രധാനമാണ്. ചാർജിംഗ് ഇൻഫ്രാസ്ട്രക്ചർ നടപ്പിലാക്കുന്നതിനായി, ജനപ്രിയ ടൂറിസ്റ്റ് സ്ഥലങ്ങളിൽ ഇ–മൊബിലിറ്റി സോണുകൾ കണ്ടെത്തുന്നതിന് സംസ്ഥാനം നടപടികൾ ആരംഭിച്ചു. കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡ് (കെഎഎൽ) പ്രതി വർഷം 8,000 ഇലക്ട്രിക് കേരള നീം ജി ഓട്ടോറിക്ഷകൾ നിർമ്മിക്കാനും സ്വിസ് ഇലക്ട്രിക് ബസ് നിർമാതാക്കളായ ഹെസ്സുമായി യന്ത്രസാമഗ്രികൾ കൂട്ടിച്ചേർത്ത് ഇ–ബസുകൾ നിർമ്മിക്കുന്നതിനും കരാർ ഒപ്പിടാൻ പദ്ധതിയിടുന്നു.

2010 മുതലുള്ള സംസ്ഥാനത്തെ ഗതാഗത, ആശയവിനിമയ മേഖലയുടെ പ്രധാന വികസന സൂചകങ്ങൾ **അനുബന്ധം 11.1.1** ൽ നൽകിയിരിക്കുന്നു.

ഗതാഗത മേഖലയ്ക്ക് 2018–19, 2019–20, (2019 സെപ്റ്റംബർ വരെ) വർഷങ്ങളിൽ വാർഷിക പദ്ധതിയിൽ അനുവദിച്ച തുക, ചെലവഴിച്ച തുക എന്നിവ സംബന്ധിച്ച വിവരങ്ങൾ **പട്ടിക 11.1.1**ൽ കൊടുത്തിരിക്കുന്നു.

റോഡ് മേഖല 2018–19, 2019–20 വർഷങ്ങളിലെ സാമ്പത്തിക അവലോകനം (2019 സെപ്റ്റംബർ വരെ)

റോഡുകളും പാലങ്ങളും വിഭാഗത്തിന് 2018–19 വാർഷിക പദ്ധതിയിൽ 1, 45,432.00 ലക്ഷം രൂപ അനുവദിച്ചതിൽ 2, 26,061.00 ലക്ഷം രൂപ (155.44 ശതമാനം) ചെലവഴിച്ചിട്ടുണ്ട്. ഗതാഗത മേഖലയ്ക്ക് 2018–19ൽ വകയിരുത്തിയ 9,115.00 ലക്ഷം രൂപയിൽ 2,077.88 ലക്ഷം രൂപ (22.80 ശതമാനം) ചെലവാക്കിയിട്ടുണ്ട്. റോഡുകളും പാലങ്ങളും വിഭാഗത്തിനും ഗതാഗത

പട്ടിക 11.1.1 ഗതാഗത മേഖലയ്ക്ക് 2018–19, 2019–20 വർഷങ്ങളിൽ വാർഷിക പദ്ധതിയിനത്തിൽ വകയിരുത്തിയ തുക, ചെലവാക്കിയ തുക എന്നിവ സംബന്ധിച്ച് (രൂപ ലക്ഷത്തിൽ)

ക്രമ നമ്പർ	ഉപമേഖലകൾ	വാർഷിക പദ്ധതി 2017–18			വാർഷിക പദ്ധതി 2018–19		
		വിഹിതം	ചെലവ്	ശതമാനം	വിഹിതം	ചെലവ് (9/19)	ശതമാനം
1	തുറമുഖ വകുപ്പ്	12642.00	16116.72	127.49	11006.00	2963.88	26.93
2	റോഡുകളും പാലങ്ങളും	145432.00	226061	155.44	136713.00	95456.09	69.82
3	റോഡ് ഗതാഗതം	9115.00	2077.88	22.80	10243.00	408.19	3.99
4	ഉൾനാടൻ ജലഗതാഗതം	12938.00	3939.75	30.45	13145.00	1620.85	12.33

അവലംബം: സംസ്ഥാന ബഡ്ജറ്റ് 2018-19, 2019-20 & പ്ലാൻസ്പേസ്.

മേഖലയ്ക്കുമായി 2019–20ൽ 1,36,713 ലക്ഷം രൂപയും 10,242 ലക്ഷം രൂപയും അനുവദിച്ചു. അനുബന്ധ ചെലവ് 95,456.00 ലക്ഷം രൂപയും 408.19 ലക്ഷം രൂപയുമാണ്.

റോഡുകൾ

സമ്പദ് വ്യവസ്ഥയുടെ സുസ്ഥിര വികസനം, ചെലവ് കുറഞ്ഞ ചരക്കു നീക്കം, യാത്ര എന്നിവയ്ക്ക് കാര്യക്ഷമതയുള്ള റോഡ് പശ്ചാത്തലം ആവശ്യമാണ്. കേരളത്തിലെ റോഡ് ശൃംഖല ഫലപ്രദമായി പരസ്പരം ബന്ധപ്പെട്ടതാണെങ്കിലും, പാർശ്വങ്ങളിൽ വികസന പ്രവർത്തനങ്ങൾ നടക്കുന്നതിനാൽ നിരവധി പരിമിതികൾ നേരിടുന്നു. നിലവിൽ, റോഡുകളിലൂടെയുള്ള ഗതാഗതം ഉൾക്കൊള്ളാനാവുന്നതിലും അധികമാണ്. റോഡ് ഗതാഗത വാർഷിക വളർച്ചാ നിരക്ക് 12 മുതൽ 14 ശതമാനമാണ്. ഭൂമി ഏറ്റെടുക്കുന്നതിലുള്ള പ്രശ്നങ്ങളും, റോഡിന്റെ വീതി വർദ്ധിപ്പിക്കാൻ കഴിയാത്തതുമാണ് നിലവിലുള്ള റോഡുകളിൽ ഗതാഗത കുരുക്കിനുള്ള പ്രധാന കാരണങ്ങൾ.

സംസ്ഥാനത്ത് പ്രധാന റോഡുകളിൽ 275 ബ്ലാക്ക് സ്പോട്ടുകൾ നാറ്റ്പാക് കണ്ടെത്തിയിട്ടുണ്ട് . ഇതിൽ 159 എണ്ണം എൻഎച്ചിലും ബാക്കി 116 സംസ്ഥാന പാതകളിലുമാണ്. പിഡബ്ല്യുഡി (ആർ & ബി), കെഎസ് ടിപി, സംസ്ഥാന പാതകൾ, മറ്റ് റോഡുകൾ എന്നിവയ്ക്ക് കീഴിലുള്ള റോഡുകളിലെ 116 ബ്ലാക്ക് സ്പോട്ടുകളുടെ പട്ടികയിൽ നിന്ന് 46 ബ്ലാക്ക് സ്പോട്ടുകൾ ഉൾപ്പെടുത്തി ഒരു മുൻഗണനാ പട്ടിക തയ്യാറാക്കി. ഇപ്രകാരം തയ്യാറാക്കിയ 46 ബ്ലാക്ക് സ്പോട്ട് സ്ഥലങ്ങളിൽ 37 എണ്ണം പിഡബ്ല്യുഡി റോഡ് വിംഗിന് കീഴിലുള്ള റോഡുകളും, 7 എണ്ണം കെഎസ്ടിപി, ഒന്ന് വീതം കെആർഎഫ്ബിയുടെയും കൊച്ചി കോർപ്പറേഷന്റെയും കീഴിലുള്ള റോഡുകളുമാണ്. പിഡബ്ല്യുഡിയുടെ (റോഡുകൾ) 37 ഉം കെഎസ്ടിപിയുടെ 7 ഉം ബ്ലാക്ക് സ്പോട്ടുകൾ നന്നാക്കുവാൻ നടപടികൾ സ്വീകരിച്ചു.

ഗതാഗത മേഖലയ്ക്ക് 2018–19, 2019–20 വർഷങ്ങളിൽ വകയിരുത്തിയ പദ്ധതി തുക, ചെലവ് എന്നിവ വകുപ്പ് തിരിച്ച് **പട്ടിക 11.1.2** ൽ നൽകിയിരിക്കുന്നു.

പട്ടിക 11.1.2 ഗതാഗത മേഖലയ്ക്ക് 2018–19, 2019–20 വർഷങ്ങളിൽ വകയിരുത്തിയ പദ്ധതി തുക, ചെലവ് എന്നിവ വകുപ്പ് തിരിച്ച് (തുക ലക്ഷത്തിൽ)

ക്രമ. നമ്പർ	വകുപ്പുകൾ	വാർഷിക പദ്ധതി 2017–18		വാർഷിക പദ്ധതി 2018–19	
		വിഹിതം	ചെലവ്	വിഹിതം	ചെലവ് (10/18)
1	പൊതുമരാമത്ത് വകുപ്പ് (റോഡുകളും പാലങ്ങളും)	134408	201346.02 (149.8%)	125789	74727.18 (59.4%)
2	പൊതുമരാമത്ത് വകുപ്പ് (ദേശീയ പാത)	11024	24714.98 (224.2%)	10924	20728.91 (189.76%)
	ആകെ (പൊതു മരാമത്ത് വകുപ്പ്)	145432	226061 (155.44%)	136713	95456.09 (69.82%)
3	കെ.എസ്.ആർ.റ്റി.സി	4915	603.90 (12.3%)	5600	0
4	മോട്ടോർ വാഹന വകുപ്പ്	4200	1474 (35.1%)	4643	408.19 (8.79%)
	ആകെ (ട്രാൻസ്പോർട്ട്)	9115	2077.9 (22.8%)	10243	408.19 (3.95%)

അവലംബം: സംസ്ഥാന ബെജറ്റ് 2018-19, പ്ലാൻസ്പേസ് 2019-20

പട്ടിക 11.1.3 2017–18, 2018–19 വർഷങ്ങളിൽ കേരളത്തിലെ വിവിധ ഏജൻസികൾ പരിപാലിക്കുന്ന റോഡുകൾ സംബന്ധിച്ച വിവരങ്ങൾ

ക്രമ നമ്പർ	വകുപ്പുകൾ	ദൈർഘ്യം (കി.മി) 2016–17	ശതമാനം	ദൈർഘ്യം (കി.മി) 2017–18	ശതമാനം
1	പഞ്ചായത്തുകൾ (എൽ .എസ്.ജി.ഡി)	163183.99	71.15	206620.23	75.65
2	പൊതുമരാമത്ത് വകുപ്പ് (റോഡുകളും പാലങ്ങളും)	31812.106	13.87	31812.106	11.65
3	മുനിസിപ്പാലിറ്റികൾ	18411.870	8.03	18411.870	6.74
4	കോർപ്പറേഷനുകൾ	6644.000	2.90	6644.000	2.43
5	വനം വകുപ്പ്	4575.770	2.00	4903.642	1.80
6	ജലസേചന വകുപ്പ്	2611.900	1.14	2611.900	0.96
7	പൊതുമരാമത്ത് വകുപ്പ് (ദേശീയ പാതകൾ)	1781.570	0.78	1781.570	0.65
8	മറ്റുള്ളവ (റെയിൽവ്വെ, വൈദ്യുതി വകുപ്പ്	328.000	0.14	328.000	0.12
	ആകെ	229349.206	100	273113.30	100.00

അവലംബം : വിവിധ വകുപ്പുകൾ

സംസ്ഥാനത്തെ വിവിധ ഏജൻസികൾ പരിപാലിക്കുന്ന റോഡുകളുടെ ദൈർഘ്യം സംബന്ധിച്ച വിവരങ്ങൾ **പട്ടിക 11.1.3**ൽ കൊടുത്തിരിക്കുന്നു.

വനംവകുപ്പ് പരിപാലിക്കുന്ന 4903.642 കിലോമീറ്റർ റോഡുകളിൽ 75.725 കിലോമീറ്റർ സിമന്റ് കോൺക്രീറ്റും 463.166 കിലോമീറ്റർ ടാർ ചെയ്തവയും 3521.857 കിലോമീറ്റർ മണ്ണിട്ട റോഡും 842.904 കിലോമീറ്റർ മെറ്റൽ റോഡുകളുമാണ്. വിവിധ പ്രാദേശിക സർക്കാരുകൾ 2018–19ൽ പരിപാലിച്ച 2,06,620.23 കി.മീറ്റർ ആകെ റോഡ് ദൈർഘ്യത്തിൽ (75.65 ശതമാനം), 1,19,503.23 കി.മീറ്റർ (57.84 ശതമാനം) ടാർ ചെയ്തവയും, 15,349.50 കി.മീറ്റർ (7.43 ശതമാനം) റോഡുകൾ സിമന്റ് കോൺക്രീറ്റും, 51,543.36 കി.മീറ്റർ മണ്ണ് പാകിയവയും (24.95 ശതമാനം), 10,547.76 കി.മീറ്റർ മെറ്റൽ പാകിയവയും (5.10 ശതമാനം), 9,675.36 കി.മീറ്റർ ദൂരം (4.68 ശതമാനം) മറ്റ് വ്യത്യസ്ത ഗുണ നിലവാരത്തിന്റെ അടിസ്ഥാനത്തിൽ നിർമ്മിച്ചവയുമാണ്.

ദേശീയ പാതകൾ (എൻഎച്ച്)

പ്രധാനമായും കേന്ദ്ര സഹായത്തോടെ നിർമ്മിക്കുന്ന ദേശിയ പാതകളുടെ നിർമ്മാണ ചുമതലയും സംരക്ഷണവും സംസ്ഥാന പൊതുമരാമത്ത് ദേശിയ പാത വിഭാഗത്തിനാണ്. സംസ്ഥാനത്തെ 11 ദേശീയപാതകളുടെ ആകെ ദൈർഘ്യം 1781.50 കി. മീറ്ററാണ്. മേൽപ്പറഞ്ഞ 11 ദേശീയ പാതകളിൽ , വാളയാർ – എടപ്പള്ളി എൻഎച്ച് 544 (പഴയ എൻഎച്ച് 47), എൻഎച്ച് 47 ന്റെ എടപ്പള്ളി – അരൂർ സ്ടെച്ച് (പുതിയ എൻഎച്ച് 66), വല്ലാർപാടം–കളമശ്ശേരി എൻഎച്ച് 47 സി (പുതിയ എൻഎച്ച് 966 എ) എന്നിവ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ (എൻഎച്ച് എഐ) ആണ് നിർമ്മാണ സംരക്ഷണ ചുമതലകൾ കൈകാര്യം ചെയ്യുന്നത്. സംസ്ഥാനത്തെ 203 കിലോമീറ്റർ ഒഴികെയുള്ള ദേശിയപാതകളുടെ പരിപാലനം കേന്ദ്ര റോഡ് ഗതാഗത, ദേശീയപാത മന്ത്രാലയം (മോർത്ത്), അനുവദിച്ച ഫണ്ടുകൾ ഉപയോഗിച്ച് സംസ്ഥാന പൊതുമരാമത്ത് വകുപ്പ് നടത്തുന്നു. ദേശിയപാതകളെ ബന്ധിപ്പിക്കുന്ന നഗര ലിങ്ക് റോഡുകൾ, ദേശിയ പാത കടന്ന് പോകുന്ന ബൈപാസ് ചെയ്ത റോഡ് സ്ടെച്ചുകളുടെ പരിപാലനം തുടങ്ങിയവ ദേശിയ പാത വിഭാഗമാണ് ചെയ്യുന്നത്. ദൈനംദിന അറ്റകുറ്റപണികൾ, ദേശീയ പാതകളിലെ ട്രാഫിക് സുരക്ഷാ ജോലികൾ, ജംഗ്ഷനുകൾ മെച്ചപ്പെടുത്തൽ, നഗരത്തിലെ ബൈപാസ് ലിങ്ക് റോഡുകളുടെ നവീകരണം എന്നിവ സംസ്ഥാന ബജറ്റ് സഹായത്തോടെ നടപ്പിലാക്കുന്നു. സംസ്ഥാന പൊതുമരാമത്ത് വകുപ്പിന് ലഭിക്കുന്ന കേന്ദ്ര റോഡ് ഫണ്ട് വിഹിതം സംസ്ഥാന പാതകൾ, മറ്റ് ജില്ലാ റോഡുകൾ തുടങ്ങിയവയുടെ വികസനത്തിനായി ഉപയോഗിക്കുന്നു. വിശദാംശങ്ങൾ **പട്ടിക 11.1.4**ൽ കൊടുത്തിരിക്കുന്നു.

കൊല്ലം ആലപ്പുഴ ബൈപ്പാസുകൾ

ദേശീയപാത 47 ലെ കൊല്ലം ആലപ്പുഴ ബൈപ്പാസ്സുകൾ കേന്ദ്ര സംസ്ഥാന സർക്കാരിന്റെ ഒരു സംയുക്ത സംരംഭമാണ്. മൊത്തം പദ്ധതി ചെലവായ 700.48 കോടി രൂപയിൽ സംസ്ഥാന വിഹിതമായ 350.24 കോടി രൂപ സംസ്ഥാന ഗവൺമെന്റിന്റെ മേജർ

പട്ടിക 11.1.4 കേരളത്തിലെ ദേശീയ പാതകൾ (എൻഎച്ച്)

ക്രമ നമ്പർ	പുതിയ നമ്പർ	പഴയ നമ്പർ	ദേശീയ പാത		പുതിയ ദേശീയ പാതകൾ (കേരളത്തിൽ കി.മീ.)	
			മുതൽ	വരെ		
1	66	എൻ എച്ച് 17	തലപ്പാടി	ഇടപ്പള്ളി	420.77	669.43
		എൻ എച്ച് 17	ഇടപ്പള്ളി	കളിയിക്കാവിള	248.66	
2	544	എൻ എച്ച് 17	വാളയാർ	ഇടപ്പള്ളി	168.14	
3	85	എൻ.എച്ച് 49	ബോഡിമെട്ടു	കുണ്ടന്നൂർ	167.593	
4	744	എൻ.എച്ച് 208	കൊല്ലം	കഴുത്തുരുത്തി	81.280	
5	766	എൻ എച്ച് 212	കോഴിക്കോട്	മുത്തങ്ങ കേരള – കർണ്ണാടക അതിർത്തി	117.600	
6	966	എൻ.എച്ച് 213	കോഴിക്കോട്	പാലക്കാട്	125.300	
7	183	എൻ.എച്ച് 220	കൊല്ലം	തേനി (തമിഴ് നാട് അതിർത്തി)	216.30	
8	966 ബി	എൻ.എച്ച് 47 –എ	വെല്ലിംഗ്ടൺ ഐലന്റ്	കുണ്ടന്നൂർ	5.920	
9	966 എ	എൻ.എച്ച് 47 – സി	വല്ലാർപാടം	കളമശ്ശേരി	17.20	
10	183 എ	എൻ.എച്ച്	ഭരണിക്കാവ്	പത്തനംതിട്ട (വഴി) വണ്ടിപെരിയാർ	116.80	
11	185	എൻ.എച്ച്	അടിമാലി	പൈനാവ് (വഴി) കുമിളി	96.00	
				ആകെ	1,781.50	

അവലംബം : പൊതുമരാമത്ത് വകുപ്പ് (ദേശീയ പാതകൾ)

ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ചെയ്യുന്നത്.

ആലപ്പുഴ ബൈപാസിന്റെ (348.43 കോടി രൂപ) 6.8 കി.മീറ്റർ ആകെ ദൈർഘ്യത്തിൽ 3.2 കി.മീറ്റർ ദൂരം എലിവേറ്റഡ് ഹൈവേയാണ്. കോമാടി ജംഗ്ഷൻ മുതൽ കളർകോട് വരെയാണ് ഇതിന്റെ ദൈർഘ്യം. എഞ്ചിനീയറിംഗ് പ്രൊക്യൂർമെന്റ് ആൻഡ് കൺസ്ട്രക്ഷൻ (ഇ.പി.സി) പദ്ധതി പ്രകാരം 16.03.2015ൽ പ്രവർത്തനം തുടങ്ങിയ പ്രസ്തുത പ്രോജക്ട് അതിവേഗം പുരോഗമിക്കുന്നു. 274.34 കോടി രൂപ കരാർ തുകയ്ക്ക് പ്രസ്തുത പദ്ധതി ഏറ്റെടുത്ത് നടത്തുന്നത് M/s RDS CVOC (JV) എന്ന കമ്പനിയാണ്. റെയിൽവേ ഓവർ ബ്രിഡ്ജ് നിർമ്മാണവുമായി ബന്ധപ്പെട്ടതാണ് ബാക്കിയുള്ള ജോലികൾ. ഇതിന് റെയിൽവേ സുരക്ഷാ കമ്മീഷണറിൽ നിന്ന് അനുമതി ലഭിച്ചിട്ടുണ്ട്. ഒഎച്ച്ഇ (OHE) കേബിൾ നീക്കം ചെയ്യുന്നതിനുള്ള തുടർ പ്രവർത്തനങ്ങൾ റെയിൽവേ നടത്തുന്നു. ഇത് പൂർത്തിയാകുമ്പോൾ മാത്രമേ റെയിൽവേ ഓവർ ബ്രിഡ്ജിന്റെ പ്രധാന ഘടനയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ തുടരാനാകൂ. ബൈ പാസ് ജോലിയുടെ 98.5 ശതമാനം പൂർത്തിയായി, 2020 മാർച്ചിൽ കമ്മീഷൻ ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നു.
കാവനാട് മുതൽ മേവറം വരെയുള്ള 13 കീ മീറ്ററാണ് കൊല്ലം ബൈപാസിന്റെ ആകെ നീളം. 352.05 കോടി രൂപ ചെലവ് വരുന്ന പ്രസ്തുത പദ്ധതിയിൽ മൂന്ന് പാലങ്ങളും, 7 കി.മീറ്റർ പുതിയ റോഡുകളും, 4 കി.മീറ്റർ നിലവിലുള്ള റോഡുകളുടെ വീതി കൂട്ടലും ഉൾപ്പെടുന്നു. ഇ.പി.സി പദ്ധതിയിൽ 27.05.2015ൽ ആരംഭിച്ച ബൈപാസിന്റെ നിർമ്മാണം 2019 ജനുവരിയിൽ പൂർത്തിയാക്കി ഉത്ഘാടനം ചെയ്തു. സംസ്ഥാനത്തെ 3 പ്രധാന ദേശീയപാതകളെ എൻഎച്ച് 66, എൻഎച്ച് 183, എൻഎച്ച് 744 എന്നിവയെ ബന്ധിപ്പിച്ച് കടന്നുപോകുന്നു എന്നതാണ് കൊല്ലം ബൈപാസിന്റെ പ്രത്യേകത. കൊല്ലം ബൈപാസ് സർവീസ് റോഡുകളും നാല് വരി ആക്കുന്നത് ഉൾപ്പെടെയുള്ള നിർമ്മാണ പ്രവർത്തനങ്ങളും എൻഎച്ച്എഐ ആരംഭിച്ചു. അപകടങ്ങൾ ഒഴിവാക്കുന്നതിന് ബൈറോഡുകളിൽ നിന്നും ബൈപാസ്സിലേക്ക് എത്തിച്ചേരുന്ന കണക്ഷൻ പോയിന്റുകളിൽ ബിറ്റുമിനസ് ഹമ്പ് നിർമ്മിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകി. കാവനാട് മുതൽ മേവറം വരെ തെരുവ് വിളക്കുകൾ സ്ഥാപിക്കുന്ന പണികൾ പുരോഗമിക്കുന്നു. സിഗ്നലുകൾ, ക്യാമറകൾ ഉൾപ്പെടെ സ്ഥാപിക്കുന്നതിനുള്ള റോഡ് സുരക്ഷാ നടപടികൾ കേരള റോഡ് സുരക്ഷാ അതോറിറ്റി ആരംഭിച്ചു.

തീരദേശ പാത (കോസ്റ്റൽ ഹൈവേ)

തീരദേശപാത കാസർഗോഡ് മഞ്ചേശ്വരം മുതൽ തിരുവനന്തപുരത്തെ പൂവ്വാർ വരെ 654 കിലോമീറ്റർ ദൂരം 9 ജില്ലകളിലൂടെ കടന്നുപോകുന്നു. പ്രധാന തുറമുഖങ്ങളായ വല്ലാർപ്പാടം, വിഴിഞ്ഞം, കൊല്ലം എന്നിവയുമായി ഇതിനെ ബന്ധിപ്പിക്കുന്നു. 6,500 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന തീരദേശ ഹൈവേക്ക് ആവശ്യമായ തുക കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (കിഫ്ബി)

പട്ടിക 11.1.5 നിലവിലെ സ്ഥിതി

ജില്ല	ദൂരം (കി മി)	മേഖല	നിലവിലെ സ്ഥിതി
തിരുവനന്തപുരം	78.00	കൊല്ലംകോഡ്– കാപ്പിൽ പാലം	ഇൻവെസ്റ്റിഗേഷൻ നടപടികൾ ആരംഭിച്ചു. ഡ്രോൺ ഉപ–യോഗിച്ച് ടോപ്പോഗ്രാഫിക്കൽ സർവേ നടത്തി
കൊല്ലം	55.10	കാപ്പിൽ പാലം – അഴീക്കൽ	ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തിയായി. ഭൂമിയുടെ വിപണി മൂല്യം ഉൾപ്പെടുത്തി ഡിപിആർ തയ്യാറാക്കുന്നു
ആലപ്പുഴ	82.10	വലിയഴീക്കൽ– സൗത്ത് ചെല്ലാനം	ഇൻവെസ്റ്റിഗേഷൻ ആരംഭിച്ചു. ഡ്രോൺ ഉപയോഗിച്ച് ടോപ്പോഗ്രാഫിക്കൽ സർവേ നടത്തി
എറണാകുളം	49.90	സൗത്ത് ചെല്ലാനം – മുനമ്പം ബീച്ച്	ഇൻവെസ്റ്റിഗേഷൻ നടപടികൾ ആരംഭിച്ചു.
തൃശ്ശൂർ	63.90	അഴീക്കോട് – ഇടക്കഴിയൂർ	ഡിപിആർ 12 മീറ്ററിൽ നിന്ന് 14 മീറ്റർ റോയിലേക്ക് പരി–ഷ്കരിക്കും
മലപ്പുറം	69.40	അഴീക്കോട് – ഇടക്കഴിയൂർ	ഡിപിആർ 12 മീറ്ററിൽ നിന്ന് 14 മീറ്റർ റോയിലേക്ക് പരി–ഷ്കരിക്കും
കോഴിക്കോട്	102.45	കടലുണ്ടി– പൂഴിതല	15 കിലോമീറ്റർ ദൈർഘ്യത്തിന്റെ ഡിപിആർ പുരോഗമി–ക്കുന്നു. ശേഷിക്കുന്ന ഭാഗം ഇൻവെസ്റ്റിഗേഷൻ ഘട്ടത്തിൽ.
കണ്ണൂർ	72.70	മാഹി – രാമന്തലി	23 കിലോമീറ്റർ ദൈർഘ്യത്തിന്റെ ഡിപിആർ പുരോഗമി–ക്കുന്നു. ശേഷിക്കുന്ന ഭാഗം ഇൻവെസ്റ്റിഗേഷൻ ഘട്ടത്തിൽ.
കാസർഗോഡ്	80.70	വലിയപറമ്പ ബീച്ച്– തലപ്പാടി	25 കി. മിറ്റർ ദൂരത്തെ ഡിപി ആർ പരിശോധന പുരോഗമി–ക്കുന്നു, ബാക്കിയുള്ളവ അന്വേഷണ ഘട്ടത്തിൽ.
Total	654.25		

അവലംബം: പൊതുമരാമത്ത് വിഭാഗം (ദേശീയ പാത)

അനുവദിക്കും. തീരദേശ ഹൈവേയുടെ നിലവിലെ സ്ഥിതി **പട്ടിക 11.1.5** ൽ നൽകിയിരിക്കുന്നു.

പൊതുമരാമത്ത് വകുപ്പ് റോഡ് വിഭാഗം

കേരളത്തിലെ സംസ്ഥാന പാതകൾ, പ്രധാന ജില്ലാറോഡുകൾ തുടങ്ങിയവ പരിപാലിക്കുന്നത് പൊതുമരാമത്ത് വകുപ്പ് (റോഡുകളും പാലങ്ങളും) വിഭാഗമാണ്. റോഡ് ശൃംഖലയുടെ 18 ശതമാനം ഉൾക്കൊള്ളുന്ന പൊതുമരാമത്ത് വകുപ്പ് റോഡുകളിലൂടെയാണ് വാഹന ഗതാഗതത്തിന്റെ 80 ശതമാനവും നടക്കുന്നത്. 2018–19 ൽ പൊതുമരാമത്ത് വകുപ്പ് (റോഡുകളും പാലങ്ങളും) പരിപാലിച്ച റോഡുകളുടെ ആകെ ദൈർഘ്യം 31,812.106 കി.മീ ആണ്. ഇതിൽ 4,341.651 (13.65 ശതമാനം) കി.മീറ്റർ റോഡുകൾ സംസ്ഥാന പാതകളും, 27,470.455 (86.35 ശതമാനം) കി.മീറ്റർ റോഡുകൾ പ്രധാന ജില്ലാ റോഡുകളുമാണ്.

സംസ്ഥാന പാതകളുടെ 4,341.651 കി.മീറ്റർ ആകെ ദൈർഘ്യത്തിൽ, 41.26 കി.മീറ്റർ നാല് വരി പാതകളും 4,256.15 കി.മീറ്റർ റോഡുകൾ ഇരട്ടവരിപ്പാതകളും, 44.24 കി.മീറ്റർ ഒറ്റവരി പാതകളും 57.93 കി.മി. നാല് വരി പാതകളും 17,183.24 കി.മീറ്റർ ഇരട്ടവരിപ്പാതകളും ബാക്കിയുള്ള 10,229.17 കി.മീറ്റർ ഒറ്റവരിപാതയുമാണ്.

പൊതുമരാമത്ത് വകുപ്പ് പരിപാലിക്കുന്ന 31,812.106 കി.മീറ്റർ ആകെ റോഡ് ദൈർഘ്യത്തിൽ ഏറ്റവും കൂടുതൽ 3,456.214 കി.മീറ്റർ (10.86 ശതമാനം) ദൈർഘ്യം കോട്ടയം ജില്ലയിലും കുറവ് 1,029.314 കി.മീറ്റർ (3.24 ശതമാനം) വയനാട് ജില്ലയിലുമാണ്. പൊതുമരാമത്ത് വകുപ്പ് പരിപാലിക്കുന്ന റോഡ് ദൈർഘ്യം 31.03.2019 വരെയുള്ളത് ജില്ല തിരിച്ച് **അനുബന്ധം 11.1.2**ൽ കൊടുത്തിരിക്കുന്നു.

പൊതുമരാമത്ത് വകുപ്പ് പാലങ്ങൾ വിഭാഗം

എല്ലാ രാജ്യങ്ങളിലെയും റോഡുകളുടെയും ഹൈവേ ശൃംഖലകളുടെയും പ്രധാന അടിസ്ഥാന ഘടകങ്ങളാണ് പാലങ്ങൾ. കേരളത്തിലെ 2,360 പാലങ്ങൾ പുനർനിർമ്മാണം/പുനരധിവാസം ആവശ്യമുള്ളവയായി കണ്ടെത്തിയിട്ടുണ്ട്.

31.03.2019 വരെയുള്ള കണക്കുകൾ പ്രകാരം 2,360 പാലങ്ങളും, 51,400 കലുങ്കുകളും പൊതുമരാമത്ത് വകുപ്പ് റോഡുകളിൽ ഉണ്ട്. ഇതിൽ 39 പാലങ്ങളും, 1,557 കലുങ്കുകളും സുരക്ഷിതാവസ്ഥയിൽ അല്ലാത്തതിനാൽ പുനർനിർമ്മാണ/നവീകരണ പ്രവർത്തനങ്ങൾ ആവശ്യമാണ്. ഇത് സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ **അനുബന്ധം 11.1.3,11.1.4, 11.1.5, 11.1.6** ൽ കൊടുത്തിരിക്കുന്നു.

2018 ൽ, നിലവിലുള്ള പാലങ്ങളുടെ പരിപാലനത്തിനും പുതിയ പാലങ്ങളുടെ നിർമ്മാണത്തിനുമായി ഒരു പുതിയ വിഭാഗം ആരംഭിച്ചു. പുനർനിർമ്മാണത്തിനായി 229 പാലങ്ങൾ കണ്ടെത്തി, അതിൽ 2 പ്രവൃത്തികൾ പൂർത്തിയായി, 3 പ്രവൃത്തികൾ അന്തിമ ഘട്ടത്തിലും, 16 പ്രവൃത്തികൾ പുരോഗതിയിലും 25 പ്രവൃത്തികളുടെ ടെൻഡർ നടപടികൾ നടന്ന് വരുകയാണ്. വെള്ളപ്പൊക്കത്തിൽ പൂർണമായും തകർന്ന രണ്ട് പാലങ്ങളാണ് പാലക്കാട് കുണ്ടറച്ചൊല്ല പാലവും, ഇടുക്കിയിലെ പെരിയവര പാലവും. ഈ പാലങ്ങളുടെ പുനർനിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായിക്കൊണ്ടിരിക്കുകയാണ്. നിലവിൽ 120 പ്രവൃത്തികൾ ബജറ്റിൽ അനുവദിച്ചിട്ടുണ്ട്, 112 കിഫ്ബി പ്രോജക്ടുകളും 25 നബാർഡ് ജോലികളും പുരോഗമിക്കുന്നു, ഇതിൽ 9 പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്.

2018–19 ലെ പൊതുമരാമത്ത് വകുപ്പ്, റോഡുകളും പാലങ്ങളും വിഭാഗത്തിന്റെ പ്രധാന സംരംഭങ്ങൾ **ബോക്സ് 11.1.1**ൽ കൊടുത്തിരിക്കുന്നു.

നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ (എൻ.എച്ച്.എ.ഐ) ക്കുവേണ്ടി ദേശിയ പാതകൾ, സംസ്ഥാന പാതകൾ, പ്രധാന ജില്ലാ റോഡുകൾ എന്നിവയുടെ നിർമ്മാണ, പരിപാലന, നയരൂപീകരണം, ആസൂത്രണം, മാതൃകകൾ തയ്യാറാക്കൽ എന്നിവ

ബോക്സ് 11.1.1 2018–19 ലെ പൊതുമരാമത്ത് വകുപ്പിന്റെ (റോഡുകളും പാലങ്ങളും) പ്രധാന സംരംഭങ്ങൾ

- പിഡബ്ല്യുഡിയുടെ കാര്യക്ഷമത, ഗുണമേന്മ, മാനേജ്മെന്റ് എന്നിവ മെച്ചപ്പെടുത്തുന്നതിനുള്ള സംരംഭങ്ങൾ
- ഡിസൈൻ വിംഗ് വികേന്ദ്രീകരിച്ച് പ്രാദേശിക ഡിസൈൻ ഓഫീസുകൾ രൂപീകരിച്ചു
- അന്വേഷണ ഗുണനിലവാര വിഭാഗം ശക്തിപ്പെടുത്തി.
- റോഡ് മെയിന്റനൻസ് വിഭാഗത്തിനായി പുതിയ യൂണിറ്റുകൾ രൂപീകരിച്ചു.
- സെൻട്രൽ റോഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (സിആർആർഐ) ന്റെ സാങ്കേതിക സഹായത്തോടെ റോഡ് മെയ്ന്റെനൻസ് മാനേജ്മെന്റ് സിസ്റ്റം (ആർഎംഎംഎസ്) നടപ്പിലാക്കുന്നതിന് ലോകബാങ്കിന്റെ ധനസഹായത്തോടെ 6,000 കിലോമീറ്റർ റോഡുകൾ (സ്റ്റേറ്റ് ഹൈവേ) തിരഞ്ഞെടുത്തു.

അവലംബം : പൊതുമരാമത്ത് വകുപ്പ് (റോഡുകളും പാലങ്ങളും), കേരള സർക്കാർ

സംസ്ഥാന പൊതുമരാമത്ത് വകുപ്പിന്റെ ചുമതലയാണ്. പശ്ചാത്തല വികസന പ്രവർത്തനങ്ങളിൽ സംസ്ഥാന പൊതുമരാമത്ത് വകുപ്പിന് വളരെയധികം പ്രധാന്യമുണ്ട്. അതിനാൽ, കാലാനുസൃത ആവശ്യങ്ങൾ നേരിടുന്നതിന് സ്വകാര്യ പങ്കാളിത്തം, ബഹുരാഷ്ട്ര ഫണ്ടിംഗ് ഏജൻസികളായ ജപ്പാൻ അന്താരാഷ്ട്ര സഹകരണ ബാങ്ക് (ജെ.ബി.ഐ.സി), ലോകബാങ്ക്, എ.ഡി.ബി എന്നിവിടങ്ങളിൽ നിന്നും സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

2018–19 ൽ പൊതു മരാമത്ത് വകുപ്പ് റോഡുകളും പാലങ്ങളും വിഭാഗം 2903.88 കി.മീറ്റർ സംസ്ഥാന പാതകളുടേയും മറ്റു ജില്ലാ റോഡുകളുടേയും വികസനവും, മെച്ചപ്പെടുത്തലും പൂർത്തീകരിച്ചു. 1507.426 കി.മീറ്റർ ബിറ്റുമിൻ മെക്കാഡം ആൻഡ് ബിറ്റുമിൻ കോൺക്രീറ്റ് (ബി.എം &ബി.സി) റോഡുകൾ നിർമ്മിച്ചു. വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി 628 കിലോമീറ്റർ സംസ്ഥാനപാതകളും (111 കിലോമീറ്റർ ബിഎം/ബിസി) 2276.19 കിലോമീറ്റർ പ്രധാന ജില്ലാ റോഡുകളും (541 കിലോമീറ്റർ ബിഎം/ ബിസി) പൂർത്തിയാക്കി. നബാർഡ് സഹായത്തോടെ 3 പാലങ്ങളും നിർമ്മിച്ചു.

മലയോര പാത (ഹിൽ ഹൈവേ)

വടക്ക്–തെക്ക് ഇടനാഴിയുടെ വിവിധ മലയോര പ്രദേശങ്ങളെ ഉൾപ്പെടുത്തി നിലവിലുള്ള ശൃംഖലയെ മെച്ചപ്പെട്ട രീതിയിൽ നവീകരിക്കുകയോ മെച്ചപ്പെടുത്തുകയോ ചെയ്ത് മലയോര മേഖലയ്ക്ക് ആവശ്യമായ വികസനം എത്തിക്കുവാൻ നിർദ്ദിഷ്ട മലയോര പാത (ഹിൽ ഹൈവേ) വിഭാവനം ചെയ്യുന്നു.

ആലപ്പുഴ ഒഴികെ കേരളത്തിലെ എല്ലാ ജില്ലകളിലൂടെയും മലയോര ഹൈവേ കടന്നുപോകുന്നു. കൂടാതെ, 8 ജില്ലകളിലെ വിവിധ വനമേഖലകളിലൂടെ മലയോര പാത കടന്നുപോകുന്നു. പാതയുടെ വികസനത്തിന് ആവശ്യമായ വനഭൂമി കണ്ടെത്താൻ നടപടികൾ സ്വീകരിച്ചുവരുന്നു. ഈ പദ്ധതിയുടെ നടത്തിപ്പ് എസ്പിവി സ്ഥാപനമായ കേരള റോഡ് ഫണ്ട് ബോർഡാണ് ആണ് നിർവ്വഹിക്കുന്നത്.

ഹിൽ ഹൈവേയുടെ ആകെ നീളം 1251.04 കിലോമീറ്ററാണ്, പദ്ധതി വേഗത്തിൽ നടപ്പാക്കുന്നതിന് ഇതിനെ വിവിധ റീച്ചുകളായി തിരിച്ചിരിക്കുന്നു. 25 റീച്ചുകളുടെ ഡിപിആർ തയ്യാറാക്കി സാമ്പത്തിക അനുമതിക്കായി കിഫ്ബിക്ക് സമർപ്പിച്ചിട്ടുണ്ട്. ഈ റീച്ചുകളുടെ ആകെ ദൈർഘ്യം 656.576 കിലോമീറ്ററാണ്. 25 റീച്ചുകളിൽ; മൊത്തം 1,506.24 കോടി രൂപയ്ക്ക് 18 റീച്ചുകൾക്കുള്ള സാമ്പത്തിക അനുമതി കിഫ്ബി നൽകിയിട്ടുണ്ട്. കിഫ്ബി അനുമതി ലഭിച്ച റീച്ചുകളുടെ ആകെ ദൈർഘ്യം 460.599 കിലോമീറ്ററാണ്. ഇതിൽ 7 റീച്ചുകളുടെ പണി ആരംഭിച്ചു. പദ്ധതിക്ക് ആവശ്യമായ ഭൂമി ലഭിക്കുന്നതിന് അനുസരിച്ച് മറ്റ് റീച്ചുകളുടെ പണികൾ ഉടൻ ഏറ്റെടുക്കും.

കേരള സംസ്ഥാന ഗതാഗത പദ്ധതി (കെഎസ് ടിപി)

ലോകബാങ്ക് സഹായത്തോടെ 2013, ജൂൺ 13ന്, 2403 കോടി രൂപ (US$445മില്യൺ) ചെലവിൽ ആരംഭിച്ച പദ്ധതിയാണ് കേരള സംസ്ഥാന ഗതാഗത പദ്ധതി–II. 2013 ജൂൺ 19 ന് ഒപ്പ്വെച്ച വായ്പാ ഉടമ്പടി 2013 സെപ്റ്റംബർ മാസം നിലവിൽ വന്നു. വായ്പാ കാലാവധി 2019 ഏപ്രിൽ മാസം വരെയാണെങ്കിലും, 2020, ഏപ്രിൽ വരെ ഇത് ദീർഘിപ്പിച്ചു. പ്രസ്തുത പദ്ധതിയുടെ 56ശതമാനം (ലോകബാങ്ക്), 44 ശതമാനം കേരള സർക്കാരിന്റെ അർഹമായ ഇനങ്ങളിൽ (ഭൂമി ഏറ്റെടുക്കൽ പ്രവർത്തന ചെലവ് ഒഴികെ) എന്ന അനുപാതത്തിലാണ്.

363 കിലോമീറ്റർ റോഡ് നിലവാരം ഉയർത്തി മെച്ചപ്പെട്ട റോഡ് സുരക്ഷാ വ്യവസ്ഥകളോടെ സഞ്ചാര യോഗ്യമാക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. മൂന്ന് പ്രധാന ഘടകങ്ങളാണ് ഈ പദ്ധതിയ്ക്കുള്ളത്. 1) 363 കി.മീറ്റർ റോഡ് നിലവാരം ഉയർത്തൽ 2) റോഡ് സുരക്ഷാ മേൽനോട്ടം 3) വകുപ്പുതല സ്ഥാപന ശാക്തീകരണം എന്നിവയാണ് ഇതിൽ ഉൾപ്പെടുന്നത്. എട്ട് ജില്ലകളിലെ 87 ഗ്രമങ്ങളിലൂടെ നവീകരണത്തിനായി തെരഞ്ഞെടുത്ത റോഡുകൾ കടന്നുപോകുന്നു. 80 കി.മീറ്റർ വരുന്ന സുരക്ഷാ ഇടനാഴി നിർമ്മാണം, റോഡ് സുരക്ഷാ അതോറിറ്റി, പിഡബ്ല്യൂഡി റോഡ് സുരക്ഷാ സെൽ എന്നിവയുടെ ശാക്തീകരണം, പൊതുജനപങ്കാളിത്തത്തോടെ റോഡുകളുടെ ആസ്തികൾ എന്നിവയുടെ നടത്തിപ്പ് സംബന്ധിച്ച പരിപാടികൾ, പൊതു വിവര സംവിധാനത്തിൻറെയും പിഡബ്ല്യൂഡി പരാതി പരിഹാര സെല്ലിന്റെയും ശക്തിപ്പെടുത്തൽ, പൊതു സ്വകാര്യ പങ്കാളിത്തത്തോടെ പരീക്ഷണാടിസ്ഥാനത്തിൽ റോഡ് നവീകരണ പ്രവർത്തനങ്ങൾ എന്നിവ ഈ പദ്ധതിയിലെ നവീന ഘടകങ്ങളാണ്.

ഈപദ്ധതിയിൽ താഴെ പറയുന്ന പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. വിശദാംശങ്ങൾ **പട്ടിക 11.1.6**ൽ കൊടുത്തിരിക്കുന്നു.

ചലഞ്ച് ഫണ്ട് പരിപാടി

ചലഞ്ച് ഫണ്ട് കെഎസ്ടിപി –2 പരിപാടിക്കായുള്ള ലോക ബാങ്കിന്റെ പ്രോജക്ട് അപ്രൈസൽ ഡോക്യുമെന്റ് (പിഎഡി) അനുസരിച്ച് ഘടകം ബി–റോഡ് സുരക്ഷാ മാനേജ്മെന്റിന് കീഴിലാണ് വരുന്നത്. പ്രാദേശിക പങ്കാളിത്തത്തിലൂടെ സംസ്ഥാനത്തുടനീളം അഞ്ച് "സുരക്ഷിത ഇടനാഴികൾ/മേഖലകൾ" കൂടി വികസിപ്പിക്കുക എന്നതാണ് ഈ പരിപാടിയുടെ ലക്ഷ്യം.

പട്ടിക 11.1.6 2018-19ൽ സംസ്ഥാന ധനസഹായത്തോടെ പൂർത്തിയാക്കിയതും നടന്നുവരുന്നതുമായ പദ്ധതികളുടെ പട്ടിക (തുക കോടിയിൽ)

ക്രമ നമ്പർ	റോഡുകളുടെ പേര്	പുതുക്കിയ കരാർ തുക	സാമ്പത്തിക പുരോഗതി 7/2018 വരെ	ഭൗതികനേട്ടം (ശതമാനം)	പരാമർശം
1	യു ജി-1 കാസർഗോഡ് -കാഞ്ഞങ്ങാട് റോഡ് (27.78 കി.മീ)	114	110.50	100	പൂർത്തീകരിച്ചു
2	യു ജി-2 പിലാത്തറ - പാപ്പിനിശ്ശേരി റോഡ് (20.90 കി.മീ)	102	97.54	100	പൂർത്തീകരിച്ചു
3	യു ജി-3 എതലശ്ശേരി - കളറോഡ് റോഡ് (28.80 കി.മീ പുതുക്കിയത്)	156	86.42	60	പുനഃ ക്രമീകരിച്ച പണികൾ പുരോഗമിക്കുന്നു.2020 മാർച്ചിൽ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.
4	യു ജി 3ബി കളറോഡ്- വളവുപാറ റോഡ് (25.20 കി.മീ പുതുക്കിയത്)	200	166.79	80	പുനഃ ക്രമീകരിച്ച പണികൾ പുരോഗമിക്കുന്നു. 2019 ഡിസംബറിൽ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു (രണ്ട് പാലങ്ങൾ ഒഴികെ)
5	യു ജി-4 ചെങ്ങന്നൂർ - എറ്റുമാനൂർ റോഡ് (45.40 കി.മീ)	288	275.47	100	പൂർത്തീകരിച്ചു
6	യു ജി-4എ തിരുവല്ല ബൈപാസ് (2.3 കി.മീ)	37.04	6.17	21.54	പുനഃ ക്രമീകരിച്ച പണികൾ പുരോഗമിക്കുന്നു.2020 മാർച്ചിൽ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.
7	യു ജി-4ബി-തിരുവല്ല ടൌൺ (1.9 ക.മീ)	7.77	0.81	21.34	പുനഃ ക്രമീകരിച്ച പണികൾ പുരോഗമിക്കുന്നു. 2019 ഡിസംബറിൽ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു
8	യു ജി-5 ഏറ്റുമാനൂർ - മൂവാറ്റുപുഴ റോഡ് (40.96 കി.മീ)	159	163.67	100	പൂർത്തീകരിച്ചു
9	യു ജി-6 പൊൻകുന്നം - തൊടുപുഴ റോഡ്(50 കി.മീ)	270	231.95	100	പൂർത്തീകരിച്ചു
10	യു ജി-7 പെരുമ്പിലാവ് - പെരുന്തൽമണ്ണ റോഡ് (41 കി.മീറ്റർ)	210	7.5	100	ഉപരിതല പാളി പൂർത്തീകരണ സാദ്ധ്യതതീരെ കുറഞ്ഞിരിക്കെ, ചെലവ് 10 കോടി രൂപയും മിച്ചം 210 കോടി രൂപയുമാണ്
11	കഴക്കൂട്ടം-അടൂർ സേഫ് കോറിഡോർ ഡെമോൺസ്ട്രേഷൻ പ്രോജക്ട്	142.67	75.42	65.29	ജോലികൾ പുരോഗമിച്ച് വരുന്നു. 2019 ഡിസംബറിൽ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

അവലംബം:കെ.എസ്.ടി.പി

പ്രാദേശിക റോഡ് ഉപയോക്തൃ സ്റ്റേക്ക്ഹോൾഡർ ഗ്രൂപ്പുകൾ, ഡിആർഎസ്സി, കെആർഎസ്എ, പിഡബ്ല്യുഡി, കെഎസ്ടിപി എന്നിവയുടെ സഹകരണത്തോടെ നൂതന റോഡ് സുരക്ഷാ നിർദേശങ്ങൾ ആവിഷ്കരിക്കാനാണ് ചലഞ്ച് ഫണ്ട് ഉദ്ദേശിക്കുന്നത്. ഉയർന്ന അപകടസാധ്യതയുള്ള റോഡ് ഉപയോക്താക്കളെ (കാൽനടയാത്രക്കാർ, സൈക്കിൾ സവാരിക്കാർ, മോട്ടോർ സൈക്കിൾ യാത്രികർ) അഭിസംബോധന ചെയ്യാനും അപകടസാധ്യതയുള്ള സ്ഥലങ്ങൾ കണ്ടെത്തുന്നതിനും ചലഞ്ച് ഫണ്ടിന് ലക്ഷ്യമുണ്ട്. അപകട ചരിത്രം, സമീപനത്തിലെ പുതുമ, പ്രാദേശിക പങ്കാളിത്തം, പ്രതിബദ്ധത എന്നിവയാണ് ഫണ്ടിന്റെ വിലയിരുത്തൽ മാനദണ്ഡം.

ചലഞ്ച് ഫണ്ടിന്റെ കീഴിൽ താഴെപ്പറയുന്ന പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. വിശദാംശങ്ങൾ **പട്ടിക 11.1.7** ൽ നൽകിയിരിക്കുന്നു

2018 ലെ വെള്ളപ്പൊക്കവും മണ്ണിടിച്ചിലും മൂലം തകർന്ന റോഡുകളുടെ പുനർനിർമ്മാണം/ പുനഃ സ്ഥാപിക്കൽ- കേരള പുനർനിർമ്മാണ സംരംഭം (ആർകെഐ)

കേരള പുനർനിർമ്മാണ സംരംഭത്തിന്റെ (ആർകെഐ) ഭാഗമായി, 2018 ൽ വെള്ളപ്പൊക്കത്തിലും മണ്ണിടിച്ചിലിലും തകർന്ന റോഡുകൾ പുനർനിർമ്മിച്ച്/പുനസ്ഥാപിച്ച് ഗതാഗത യോഗ്യമാക്കുന്നതിന് കെഎസ്ടിപി

പട്ടിക 11.1.7 ചലഞ്ച് ഫണ്ടിനു കീഴിൽ പ്രവർത്തിക്കുന്ന പ്രവർത്തനങ്ങൾ രൂപ കോടിയിൽ

ക്രമ. നം	ഡിആർഎസ്സിയിൽ നിന്ന് ലഭിച്ച നിർദ്ദേശങ്ങൾ	പ്രോജക്റ്റ് ഇടനാഴി	ഇടനാഴിയുടെ നീളം	ചെലവ്
1	കോഴിക്കോട്	പവങ്ങാട്– കോരപ്പുഴ (സിവിൽ വർക്ക് അനുവധിച്ചത്)	5.5 കി.മി	10.00
2	തിരുവനന്തപുരം	മെഡിക്കൽ കോളേജ്–കണ്ണമൂല–പേട്ട	5.0 കി.മി	7.50
3	കൊല്ലം	കോട്ടിയം– കുണ്ടറ പിഡബ്ല്യുഡി റോഡ്	11.6 കി.മി	5.00
4	എറണാകുളം	വൈപിൻ–മുനമ്പം (ഇ–യാത്രാ പദ്ധതി)	25 കി.മി	10.02
5	തൃശ്ശൂർ	തൃശ്ശൂർ–കുന്നംകുളം റോഡ്	24.3 കി.മി	4.00
		ആകെ	74.5 കി.മി	43.52

അവലംബം: കെഎസ്ടിപി

പദ്ധതികൾ ഏറ്റെടുത്തു. ഇതിനായി 62 റോഡുകൾ (1,600 കിലോമീറ്റർ) പിഡബ്ല്യുഡി റോഡ്സ് വിഭാഗം നിർദ്ദേശിച്ചു. ഇതിന് 2,807 കോടി രൂപ പ്രാഥമിക ചെലവ് കണക്കാക്കി. പ്രളയം കൂടുതൽ നാശം വിതച്ച ഇടുക്കി ജില്ലയിൽ ഉൾപ്പെടുന്ന രണ്ട് റോഡുകൾ കെഎസ്ടിപിയുടെ കീഴിൽ ലോകബാങ്ക് സഹായത്തിനായി നിർദ്ദേശിച്ചു. ഇടുക്കി ജില്ലയിലെ പൈനാവ് –താനിക്കണ്ടം–അശോകവാല റോഡ് (21 കിലോമീറ്റർ), ചെമ്മന്നാർ ഗ്യാപ് റോഡ് (29.940 കിലോമീറ്റർ (10.650 കിലോമീറ്റർ ഒഴികെ)), അടൂർ–ചെങ്ങന്നൂർ റോഡ് (23.80 കിലോമീറ്റർ) എന്നിവയ്ക്കുള്ള ഡിപിആർ തയ്യാറാക്കി, കെഎസ്ടിപി ഘട്ടം II ന്റെ സേവിംഗ്സ് തുക ഉപയോഗിച്ച് ഈ പ്രവൃത്തികളുടെ ടെൻഡർ നടപടികൾ ആരംഭിച്ചു.

കേരള റോഡ് ഫണ്ട് ബോർഡ് (കെആർഎഫ്ബി)

കേരള റോഡ് ഫണ്ട് നിയമം 2001 പ്രകാരം നിലവിൽ വന്ന ഒരു സ്റ്റാറ്റ്യൂട്ടറി സ്ഥാപനമാണ് കേരള റോഡ് ഫണ്ട് ബോർഡ് (കെ.ആർ.എഫ്.ബി). സംസ്ഥാനത്തെ മോട്ടോർ വാഹന നികുതിയുടെ 10 ശതമാനം വിഹിതം പദ്ധതിയേതര വിഹിതമായി ലഭിക്കുന്നതാണ് ബോർഡിന്റെ പ്രധാന വരുമാനം. പൊതു സ്വകാര്യ പങ്കാളിത്തത്തോടെ നഗര റോഡ് മെച്ചപ്പെടുത്തൽ പദ്ധതി നടപ്പിലാക്കുന്നത് കേരളാ റോഡ് ഫണ്ട് ബോർഡാണ്. ഈ പദ്ധതി പ്രകാരം പൊതു സ്വകാര്യ പങ്കാളിത്ത (അന്വറ്റി) പദ്ധതിയിലൂടെ തലസ്ഥാന നഗരത്തിലെ 43 കി.മീറ്റർ റോഡുകൾ, നിർമ്മാണ ശേഷമുള്ള 15 വർഷത്തെ അറ്റകുറ്റപണികൾ ഉറപ്പ് വരുത്തി നിർമ്മാണം പൂർത്തിയാക്കിയവയാണ്. ഇത് അന്വറ്റി പേയ്മെന്റ് മോഡിൽ സംരക്ഷിച്ചു വരുന്നു.

മൊത്തം 401.42 കോടി രൂപ ചെലവിൽ 22.251 കിലോമീറ്റർ റോഡ് (6 ഇടനാഴികൾ ചേർന്ന) വികസിപ്പിക്കുന്ന കോഴിക്കോട് സിറ്റി റോഡ് മെച്ചപ്പെടുത്തൽ പദ്ധതിയുടെ ഒന്നാം ഘട്ടം കെആർഎഫ്ബി ആരംഭിച്ചു. ഡിസൈൻ, ബിൽഡ്, ഫിനാൻസ്, ഓപ്പറേറ്റ് ആൻഡ് ട്രാൻസ്ഫർ (ഡിബിഎഫ്ഒടി) – ആന്വിറ്റി മോഡിൽ ഉൾപ്പെടുത്തിയാണ് പദ്ധതി നടപ്പിലാക്കുന്നത്. 2016 ജനുവരി 5 ന് പണി ആരംഭിച്ചു, നിശ്ചിത കാലയളവിന് മുമ്പ് കൺസഷനയർ 2017, ഡിസംബർ 15 നകം മുഴുവൻ പ്രവൃത്തികളും പൂർത്തിയാക്കി. ആന്വിറ്റി തുക 46.22 കോടി രൂപയാണ്. കോഴിക്കോട് സിറ്റി റോഡ് മെച്ചപ്പെടുത്തൽ പദ്ധതി–ഘട്ടം 1, ആലപ്പുഴ സിറ്റി റോഡ് മെച്ചപ്പെടുത്തൽ പദ്ധതി–ഘട്ടം 1 എ, കണ്ണൂർ സിറ്റി റോഡ് മെച്ചപ്പെടുത്തൽ പദ്ധതി, കോഴിക്കോട് സിറ്റി റോഡ് മെച്ചപ്പെടുത്തൽ പദ്ധതി–ഘട്ടം 1 ബി (മനാച്ചിറ–വെള്ളിമാടുകുന്ന് റോഡ്), ആലപ്പുഴ നഗര പദ്ധതി – ഘട്ടം 1 ബി (മുപ്പലം ജംഗ്ഷൻ മെച്ചപ്പെടുത്തൽ), ആലപ്പുഴ സിറ്റി റോഡ് മെച്ചപ്പെടുത്തൽ പദ്ധതി–ഘട്ടം 2, കൊല്ലം സിറ്റി റോഡ് മെച്ചപ്പെടുത്തൽ പദ്ധതി, കോട്ടയം സിറ്റി റോഡ് മെച്ചപ്പെടുത്തൽ പദ്ധതി, മലപ്പുറം സിറ്റി റോഡ് മെച്ചപ്പെടുത്തൽ പദ്ധതി, കോഴിക്കോട് സിറ്റി റോഡ് മെച്ചപ്പെടുത്തൽ പദ്ധതി–ഘട്ടം 2, തൃശ്ശൂർ സിറ്റി റോഡ് മെച്ചപ്പെടുത്തൽ പദ്ധതി കൂടാതെ മറ്റ് ആറ് പട്ടണങ്ങളിലെ സിറ്റി റോഡ് മെച്ചപ്പെടുത്തൽ പദ്ധതികൾ എന്നിവയാണ് കെ.ആർ.എഫ്.ബി ആരംഭിച്ച മറ്റ് പദ്ധതികൾ.

സംസ്ഥാനത്തെ ആദ്യത്തെ പിപിപി പദ്ധതിയായ തിരുവനന്തപുരം സിറ്റി റോഡ് മെച്ചപ്പെടുത്തൽ പദ്ധതിയുടെ 42.54 കിലോമീറ്റർ ദൈർഘ്യം പൂർത്തിയാക്കി. ഇപ്പോൾ പദ്ധതി ഓപ്പറേഷൻ ആൻഡ് മെയ്ന്റനൻസ് (പ്രവർത്തനവും പരിപാലനവും) ഘട്ടത്തിലാണ്. 6 ഇടനാഴികൾ ഉൾപ്പെടുന്ന 22.251 കിലോമീറ്റർ കോഴിക്കോട് സിറ്റി റോഡ് മെച്ചപ്പെടുത്തൽ പദ്ധതി–ഘട്ടം 1, ഡിബിഎഫ്ഒടി – ആന്വിറ്റി മോഡിൽ 2017, ഡിസംബറിൽ പൂർത്തിയാക്കി.

റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി കേരളാ ലിമിറ്റഡ് (റിക്)

1956 ലെ ഇന്ത്യൻ കമ്പനി നിയമമനുസരിച്ച് രൂപം കൊണ്ട കേരളാ റോഡ് ഫണ്ട് ബോർഡിന്റെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആണ് റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി കേരള ലിമിറ്റഡ്. തെരഞ്ഞെടുക്കപ്പെട്ട സംസ്ഥാന പാതകൾ, പ്രധാന ജില്ലാ റോഡുകൾ എന്നിവിടങ്ങളിൽ സംസ്ഥാന റോഡ് മെച്ചപ്പെടുത്തൽ

പദ്ധതി (എസ്.ആർ.ഐ.പി) പ്രകാരം റോഡ് വികസന പ്രവർത്തനങ്ങൾ നടത്താൻ ഉദ്ദേശിക്കുന്നു. ഈ പദ്ധതി രണ്ടു പാക്കേജുകളിലായാണ് നടപ്പിലാക്കുന്നത്. വാർഷിക തവണ വ്യവസ്ഥയിൽ പുനരധിവാസ പാക്കേജ്, വിവിധ ഫണ്ടിങ്ങ് ഏജൻസികളുടെ സഹായത്തോടെ നടപ്പാക്കുന്ന മെച്ചപ്പെടുത്തൽ പാക്കേജ് എന്നിവയാണ് ഈ രണ്ട് പാക്കേജുകൾ. പുനരധിവാസ പാക്കേജിൽ ഉൾപ്പെടുത്തി 106.2 കി.മീറ്റർ റോഡുകൾ, എ & ബി എന്നീ രണ്ട് പക്കേജുകളിലായി തിരുവനന്തപുരം, കോട്ടയം, കാസർഗോഡ് ജില്ലകളിൽ 209.91 കോടി രൂപാ ചെലവിൽ നടപ്പിലാക്കാനുദ്ദേശിക്കുന്നു.

സെമി അന്വറ്റി മോഡിൽ ഏറ്റവും താഴ്ന്ന ലേല പാക്കേജുകളായ പാക്കേജ് എ (പരിഷ്ക്കരിച്ചത്) യഥാക്രമം 10.73 കോടി രൂപ, പാക്കേജ് ബി 18.70 കോടി രൂപ എന്നീ നിരക്കുകൾക്ക് സംസ്ഥാന സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. ജോലികൾ പൂർത്തിയാക്കുന്ന മുറക്ക് കൺസഷനറീസിന് 5 തവണകളായി പാക്കേജ് എയ്ക്ക് (പരിഷ്ക്കരിച്ചത്) യഥാക്രമം 14.9 കോടി രൂപയും പാക്കേജ് ബിയ്ക്ക് 21.5 കോടി രൂപയും ഗ്രാന്റായി നൽകണം. റിക്കിന്റെ 2018-19 ലെ പ്രധാന പ്രവർത്തനങ്ങൾ **ബോക്സ് 11.1.2**ൽ കൊടുത്തിരിക്കുന്നു.

റോഡ് മേഖലയിലെ ഗവേഷണവും വികസനവും

റോഡ് സംവിധാനം നവീകരിക്കുന്നതിലെ വെല്ലുവിളികളെ അഭിമുഖീകരിക്കുന്നതിന് നൂതന മോഡലുകളും ടെക്നിക്കുകളും വികസിപ്പിക്കുന്നതിൽ ഗവേഷണ-വികസന പ്രവർത്തനങ്ങൾ മുഖ്യ പങ്ക് വഹിക്കുന്നു. ചെലവ് കുറഞ്ഞ സാങ്കേതികവിദ്യ ഉപയോഗിച്ച് അടിസ്ഥാന സൗകര്യങ്ങൾ ഉയർത്തുമ്പോൾ രൂപകൽപ്പന, ഗവേഷണം, സൂക്ഷ്മ പരിശോധന, ഗുണ നിയന്ത്രണം എന്നിവ പ്രത്യേക പ്രാധാന്യം അർഹിക്കുന്നു. ഡിസൈൻ റിസർച്ച് ഇന്വെസ്റ്റിഗേഷൻ ആന്റ് ക്വാളിറ്റി കൺട്രോൾ ബോർഡ് (ഡ്രിക്ക് ബോർഡ്), കേരളാ ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (കെ.എച്ച്.ആർ.ഐ), നാഷണൽ ട്രാൻസ്പോർട്ടേഷൻ പ്ലാനിംഗ് ആന്റ് റിസർച്ച് സെന്റർ (നാറ്റ്പാക്ക്) എന്നീ സ്ഥാപനങ്ങൾ നിലവിൽ റോഡ് ഗവേഷണ വികസന മേഖലയിൽ പ്രവർത്തിച്ചു വരുന്നു.

1. പിഡബ്ല്യുഡി (ഡിസൈൻ വിഭാഗം)

- പാലങ്ങൾ, കെട്ടിടങ്ങൾ, റോഡുകളുടെയും പാലങ്ങളുടെയും ഡിപിആർ തയ്യാറാക്കൽ, പിഡബ്ല്യുഡി പദ്ധതികളുടെ ഗുണനിലവാര നിയന്ത്രണം, പിഡബ്ല്യുഡി ജീവനക്കാർക്ക് ഗവേഷണം, നൂതന പരിശീലന സൗകര്യം എന്നിവയാണ് ഡിസൈൻ വിഭാഗത്തിന്റെ പ്രധാന പ്രവർത്തനങ്ങൾ. ഒറ്റപ്പാലം-ചെർപ്പുളശ്ശേരി റോഡ് 11 കിലോ മീറ്റർ മെച്ചപ്പെടുത്തുന്നതിന് ഡിപിആർ പണികൾ നടന്നുവരുകയും,

ബോക്സ് 11.1.2 2018-19 ലെ റിക്കിന്റെ പ്രധാന പ്രവർത്തനങ്ങൾ

(1) ഡി.ബി.എഫ്.എം.ടി (DBFMT) ആന്വിറ്റി പ്രകാരം പുനരധിവാസ പാക്കേജ്

(എ) പാക്കേജ് എ- സംസ്ഥാന റോഡ് മെച്ചപ്പെടുത്തൽ പദ്ധതി

പാക്കേജ് എ-യിൽ രണ്ടു റോഡുകളുടെ നിർമ്മാണം - ഉപ്പള-കാണിയാന റോഡ് (9.4 കി.മീ) വിദ്യാനഗർ-സീതങ്കോളി റോഡ് (15.6 കി.മീ), 81 കോടി രൂപാ ചെലവിൽ 1 വർഷ നിർമ്മാണ കാലാവധിയും, 14 വർഷ അറ്റകുറ്റ കാലാവധിയും ഉൾപ്പെടുത്തി 26.08.2016 ൽ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചു. നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ നിശ്ചയിച്ചിരുന്ന തീയതി ഓഗസ്റ്റ് 25, 2017 ആയിരുന്നു. വാണിജ്യ പ്രവർത്തന കാലയളവ് 2017, ജൂൺ 13ന് ആരംഭിച്ചു. ഈ പാക്കേജിന് കീഴിലുള്ള അന്തിമ പൂർത്തീകരണ സർട്ടിഫിക്കറ്റ് (കംപ്ലീഷൻ സർട്ടിഫിക്കറ്റ്) 2017, നവംബർ 1 ന് നൽകി, ഇപ്പോൾ പ്രവർത്തന, പരിപാലന (ഓപ്പറേഷൻ ആൻഡ് മെയ്ന്റനൻസ്) കാലയളവ് പുരോഗമിക്കുന്നു.

(ബി) പാക്കേജ് ബിയിലെ സംസ്ഥാന റോഡ് മെച്ചപ്പെടുത്തൽ പദ്ധതി

പാക്കേജ് ബി-യിൽ 2016 ആഗസ്റ്റിൽ ആരംഭിച്ച രണ്ട് റോഡുകളുടെ നിർമ്മാണം - കാഞ്ഞിരപ്പള്ളി-കാഞ്ഞിരംകവിള റോഡ് (36.10 കി.മീ), വെള്ളനാട് - ആര്യനാട് - ചെറ്റച്ചൽ റോഡ് (21.90 കി.മീ), ആകെ പദ്ധതി തുക 128.91 കോടി രൂപയുമാണ്. രണ്ട് വർഷ നിർമ്മാണവും, 13 വർഷത്തെ അററകുറ്റപണി കാലയളവും ഉള്ള ഇതിന്റെ പ്രവർത്തനം 2018, ഒക്ടോബർ 27ന് ആരംഭിച്ചു.

(2) സംസ്ഥാന റോഡ് മെച്ചപ്പെടുത്തൽ പരിപാടിയിലെ പുതിയ പദ്ധതികൾ

കരമന-വെള്ളറ റോഡ്

അവലംബം: റിക്ക്

പാലക്കാട്, വൈക്കം–ടോൾ ചെമ്മങ്കരി റോഡ് 7.5 കിലോ മീറ്റർ (കോട്ടയം ജില്ല), അടൂർ തുമ്പമൻ കോഴൻചേരി റോഡ് 21.89 കിലോമീറ്റർ (പത്തനംതിട്ട ജില്ല) എന്നിവയുടെ ഡിസൈൻ പ്രവർത്തനങ്ങൾ പൂർത്തിയാവുകയും ചെയ്തു. ഏകദേശം 2021 കോടി രൂപയുടെ 160 പാലങ്ങളുടെ രൂപകൽപ്പന അന്തിമ ഘട്ടത്തിലാണ്.

2. കേരളാ ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (കെഎച്ച്ആർഐ)

- പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്ന ജോലികളുടെ ഗുണ നിലവാര നിയന്ത്രണം നടത്തുന്ന ദക്ഷിണ മേഖലാ പ്രാദേശിക ഓഫീസാണ് കേരളാ ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്. പത്തനംതിട്ട, ആലപ്പുഴ, കൊല്ലം സബ് ഡിവിഷനുകളാണ് കെ.എച്ച്. ആർ.ഐ യുടെ പരിധിയിൽപ്പെടുന്നത്. പൊതുമരാമത്ത് വകുപ്പിലെ സാങ്കേതിക, സാങ്കേതികേതര ജീവനക്കാർക്ക് കെഎച്ച്ആർഐ പരിശീലനം നൽകുന്നു. വിവിധ എഞ്ചിനീയറിംഗ് ആപ്ലിക്കേഷനുകളുടെ ഉപയോഗത്തിനായി കോൺക്രീറ്റും ബിറ്റുമെൻ മിശ്രിതങ്ങളും ചേർന്ന മിക്സഡ് ഡിസൈനുകൾ ഇൻസ്റ്റിറ്റ്യൂട്ട് ഏറ്റെടുത്ത് നടപ്പാക്കുന്നു.

3. നാഷണൽ ട്രാൻസ്പോർട്ടേഷൻ പ്ലാനിംഗ് ആന്റ് റിസർച്ച് സെന്റർ (നാറ്റ്പാക്ക്)

- ഗതാഗതവും, ഗതാഗത അനുബന്ധ മേഖലകളിലെ ഗവേഷണ, വികസന വിപുലീകരണ പ്രവർത്തനങ്ങളുമാണ് സയൻസ് ആന്റ് ടെക്നോളജി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ് ടെക്നോളജി ആന്റ് എന്വയോൺമെന്റിൽ (കെ.എസ്.സി.എസ്.ടി.ഇ)ൽ ഉൾപ്പെടുന്ന നാറ്റ്പാക്കിന്റെ ലക്ഷ്യം. ഗതാഗത ആസൂത്രണവും റോഡ് സുരക്ഷയും, പ്രദേശിക ഗതാഗതം, ഹൈവേ ആസൂത്രണവും വികസനവും, ട്രാഫിക് മാനേജ്മെന്റ്, ജല ഗതാഗതം കൂടാതെ വിവിധ പ്രായോജകർക്ക് പ്രവർത്തന മേഖലകൾക്കുള്ളിൽ നിന്നുകൊണ്ട് ഉപദേശങ്ങൾ നല്കൽ എന്നിവയാണ് നാറ്റ്പാക്കിന്റെ ചുമതലകൾ.

- ഗതാഗതവുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, വകുപ്പുകൾ, ഏജൻസികൾ, മന്ത്രാലയങ്ങൾ തുടങ്ങി വിവിധ തലങ്ങളിലുള്ള സർക്കാർ സംവിധാനങ്ങൾക്ക് നാറ്റ്പാക് സാങ്കേതിക സേവനങ്ങളും ഉപദേശങ്ങളും നൽകുന്നു. റോഡ് സുരക്ഷ, ട്രാഫിക് എഞ്ചിനീയറിംഗ്, പാരിസ്ഥിതിക പ്രശ്നങ്ങൾ, നയങ്ങളും പരിപാടികളും, നഗര ഗതാഗതം, പൊതുഗതാഗത പ്രശ്നങ്ങൾ, ടൂറിസം, ഉൾനാടൻ ജലഗതാഗതം തുടങ്ങിയ വിവിധ കാര്യങ്ങൾ ഇതിൽ ഉൾപ്പെടുന്നു. 2018–2019ൽ നാറ്റ്പാക്ക് നൽകിയ ചില പ്രധാന സേവനങ്ങൾ ചുവടെ ചേർക്കുന്നു:

  i. അടൂർ–കഴക്കൂട്ടം എംസി റോഡ് സ്ട്രെച്ചിലെ റോഡ് സുരക്ഷാ നടപടികൾ.
  ii. lസംസ്ഥാനത്തെ ക്രാഷ് ബ്ലാക്ക്–സ്പോട്ടുകളുടെ തിരിച്ചറിയലും മുൻഗണന നൽകലും.
  iii. സൗകര്യപ്രദമാർന്ന ട്രാഫിക്കും സിഗ്നൽ സംവിധാനവും ഉപയോഗിച്ച് റോഡ് സുരക്ഷ മെച്ചപ്പെടുത്തൽ – പ്രദർശനവും നടപ്പിലാക്കലും.
  iv. കണ്ണൂർ ജില്ലയിലെ പിലാത്തറ – പാപ്പിനിശ്ശേരി കെഎസ് ടിപി റോഡിൽ മോഡൽ റോഡ് സുരക്ഷാ ഇടനാഴി രൂപകൽപ്പന.
  v. വ്യത്യസ്ത പൊതുഗതാഗത, ചരക്ക് പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട വില സൂചികകളുടെ ആനുകാലിക അപ്ഡേറ്റ്.
  vi. പ്രധാന അപകട സ്ഥലങ്ങൾ, അപകട കാരണം, ലഘൂകരണ നടപടികൾ എന്നിവ സംബന്ധിച്ച വിശകലനവും അന്വേഷണവും.

റോഡ് ഗതാഗതം

സംസ്ഥാനത്തെ റോഡ് ഗതാഗത മേഖലയിലെ പ്രവർത്തനങ്ങൾ കേരള സംസ്ഥാന റോഡ് ഗതാഗത കോർപ്പറേഷൻ (കെഎസ്ആർടിസി)യും മോട്ടോർ വാഹന വകുപ്പും (എംവിഡി)യും നിയന്ത്രിക്കുന്നു. പൊതുജനങ്ങൾക്ക് ആവശ്യവും ലാഭകരവുമായ ഗതാഗത സേവനം കെഎസ്ആർടിസി നൽകുന്നു. റോഡ് സുരക്ഷയും സുതാര്യതയും ഉറപ്പുവരുത്താനും മോട്ടോർ വാഹന നിയമങ്ങളും ചട്ടങ്ങളും ഫലപ്രദമായി നടപ്പാക്കാനും, നികുതി വരുമാന ശേഖരണം വർദ്ധിപ്പിക്കാനും മോട്ടോർ വാഹന വകുപ്പ് വിഭാവനം ചെയ്യുന്നു.

കേരളത്തിൽ, റോഡ് ഗതാഗത വ്യവസായത്തിൽ ആധിപത്യം പുലർത്തുന്നത് സ്വകാര്യ സേവനം നൽകുന്നവരാണ്. റോഡ് മുഖേനയുള്ള ചരക്ക് ഗതാഗതം പൂർണ്ണമായും സ്വകാര്യ മേഖലയുടെ കൈകളിലാണ്.

മോട്ടോർ വാഹന വകുപ്പ്

കേരളത്തിൽ 2019 മാർച്ച് മാസം വരെ 133.34 ലക്ഷം മോട്ടോർ വാഹനങ്ങൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്. കഴിഞ്ഞ രണ്ടു ദശകങ്ങളിലായി മോട്ടോർ വാഹനങ്ങളുടെ പ്രതിവർഷ വളർച്ചാ നിരക്ക് 10 ശതമാനത്തിൽ അധികമാണ്. 2018 മാർച്ചിലെ കണക്കുകൾ പ്രകാരം കേരളത്തിൽ 1000 ആളുകൾക്ക് 383 വാഹനങ്ങൾ ഉണ്ട്. ലോക വികസന സൂചകങ്ങൾ (2015) അനുസരിച്ച്, ഇന്ത്യ 18, ചൈന 47, അമേരിക്ക 507 എന്നിങ്ങനെയാണ് വാഹനങ്ങളുടെ എണ്ണം രേഖപ്പെടുത്തിയിട്ടുള്ളത്, അതിനർത്ഥം കേരളത്തിലെ വാഹനങ്ങളുടെ എണ്ണം ചൈനയേക്കാൾ വളരെ

ചിത്രം 11.1.1 കഴിഞ്ഞ പത്ത് വർഷങ്ങളിൽ ഉണ്ടായ വാഹനങ്ങളുടെ വർദ്ധന

അവലംബം: മോട്ടോർ വാഹന വകുപ്പ്

മുന്നിലും, വികസിത രാജ്യങ്ങൾക്ക് തുല്യവുമാണ്.

കേരളത്തിൽ മോട്ടോർ വാഹനങ്ങളുടെ എണ്ണത്തിലെ വർദ്ധനവ് കഴിഞ്ഞ വർഷത്തേക്കാൾ 10.7 ശതമാനം കൂടുതലാണ്. കഴിഞ്ഞ പത്ത് വർഷങ്ങളിൽ വാഹനങ്ങളിൽ ഉണ്ടായ വർദ്ധന **ചിത്രം 11.1.1** ൽ കൊടുത്തിരിക്കുന്നു.

വാഹനങ്ങളുടെ എണ്ണം കഴിഞ്ഞ വർഷത്തേതുമായി താരതമ്യപ്പെടുത്തുമ്പോൾ 2019, മാർച്ച് 31 വരെ നിയമാനുസൃത രജിസ്ട്രേഷനുള്ള വാഹനങ്ങളുടെ എണ്ണം 1,20,42,691 ൽ നിന്നും 1,33,34,984 ആയി വർദ്ധിച്ചു. വിശദ വിവരങ്ങൾ അനുബന്ധം 11.1.7 ൽ കൊടുത്തിരിക്കുന്നു. 2018–19 ൽ പുതിയതായി രജിസ്റ്റർ ചെയ്ത വാഹനങ്ങളുടെ എണ്ണം 12,92,295 (2017–18 ൽ 10,38,261) ആണ്. ഇതു സംബന്ധിച്ച വിവരങ്ങൾ അനുബന്ധം 11.1.8 ൽ ചേർത്തിരിക്കുന്നു. സ്വകാര്യ വാഹനങ്ങളുടെ എണ്ണത്തിൽ മുൻ വർഷത്തെ അപേക്ഷിച്ച് വൻ വർദ്ധനവാണ് രേഖപ്പെടുത്തിയിട്ടുള്ളത്. വാഹന നികുതി മറ്റുള്ളവ എന്നിവയിലൂടെ കേരള മോട്ടോർ വാഹന വകുപ്പ് നേടിയ വരുമാനം 2012–13 ലെ 1,831.15 കോടി രൂപയിൽ നിന്ന് 2018–19 ൽ 3,625.31 കോടി രൂപയായും 2019–20 സെപ്റ്റംബർ വരെ 1,765.77 കോടി രൂപയായും ഉയർന്നു. 2018–19 വർഷത്തിൽ രജിസ്റ്റർ ചെയ്ത വാഹനങ്ങളുടെ ഇനം തിരിച്ചുള്ള ശതമാന കണക്ക് ചിത്രം **11.1.2** ൽ കൊടുത്തിരിക്കുന്നു.

ജില്ല തിരിച്ചുള്ള കേരളത്തിലെ മോട്ടോർ വാഹനങ്ങളുടെ വളർച്ച അനുബന്ധം 11.1.9 ൽ കൊടുത്തിരിക്കുന്നു. കേരളത്തിൽ ഏറ്റവും കൂടുതൽ വാഹനങ്ങൾ ഉള്ളത് എറണാകുളം ജില്ലയിലാണ്. അതായത് 19,45,451 വാഹനങ്ങൾ (14.6%), തൊട്ടടുത്തത് 16,64,565 (12.5%) വാഹനങ്ങൾ ഉള്ള തിരുവനന്തപുരം ജില്ലയാണ്. വയനാട് ജില്ലയിലാണ് ഏറ്റവും കുറവ് വാഹനങ്ങൾ 2,06,476 (1.5%) വാഹനങ്ങൾ. 2011 മുതൽ 2019 വരെ വാഹന വളർച്ചയിലുണ്ടായ വർദ്ധന ഇനം തിരിച്ച് അനുബന്ധം 11.1.10 ൽ രേഖപ്പെടുത്തിയിരിക്കുന്നു.

ചിത്രം 11.1.2 2018–19 ൽ രജിസ്റ്റർ ചെയ്ത മോട്ടോർ വാഹനങ്ങൾ ഇനം തിരിച്ച്



അവലംബം: മോട്ടോർ വാഹന വകുപ്പ്, കേരള സർക്കാർ

ബോക്സ് 11.1.3 വാഹനമേഖലയിലെ വിൽപ്പന മാന്ദ്യം

2019 സെപ്റ്റംബറിൽ ഓട്ടോമൊബൈൽ രജിസ്ട്രേഷൻ ഏറ്റവും മോശപ്പെട്ട അവസ്ഥയിലേക്ക് താഴ്ന്നു. സെപ്റ്റംബറിലെ പാസഞ്ചർ വെഹിക്കിൾ റീട്ടെയിൽ വിൽപ്പന കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 20.1 ശതമാനം കുറഞ്ഞ് 1, 57,972 യൂണിറ്റായി.

ഇരുചക്ര വാഹന വിഭാഗത്തിലെ ചില്ലറ വിൽപ്പന 12 ശതമാനം ഇടിഞ്ഞ് 2018 സെപ്റ്റംബറിലെ 12,48,998 യൂണിറ്റിനെ അപേക്ഷിച്ച് 10, 98,271 യൂണിറ്റായി കുറഞ്ഞു. വാണിജ്യ വാഹന വിൽപ്പനയും 18.5 ശതമാനം കുറഞ്ഞ് 63,518 യൂണിറ്റായി. ഇത് മുൻ വർഷം സെപ്റ്റംബറിൽ 77,980 യൂണിറ്റായിരുന്നു. എന്നാൽ ത്രീ–വീലർ വിൽപ്പന കഴിഞ്ഞ വർഷത്തെ 54,560 യൂണിറ്റിൽ നിന്ന് 1.8 ശതമാനം വർദ്ധിച്ച് 55,553 യൂണിറ്റായി. സെപ്റ്റംബറിൽ എല്ലാ വിഭാഗത്തിലും മൊത്ത വിൽപ്പന 12.9 ശതമാനം ഇടിഞ്ഞ് 13, 75,314 യൂണിറ്റായി. മുൻ വർഷം വിൽപ്പന ഇതേ കാലയളവിൽ 15, 79,191 യൂണിറ്റായിരുന്നു.

മിക്ക സ്ഥലങ്ങളിലും തുടരുന്ന കനത്ത മൺസൂൺ മഴ, ശ്രദ്ധാ ദിവസ്, ജിഎസ്ടി കുറയ്ക്കുന്നതിലെ അനിശ്ചിതത്വം എന്നിവ വിൽപ്പന കുറയുന്നതിന് പ്രധാന കാരണങ്ങളാണ്.

അവലംബം: ഫെഡറേഷൻ ഓഫ് ഓട്ടോമൊബൈൽ ഡീലേഴ്സ് അസോസിയേഷൻസ് (F A D A)

മോട്ടോർ വാഹനങ്ങളുടെ വളർച്ചയും റോഡ് ദൈർഘ്യത്തിൽ ഉണ്ടാകുന്ന വർദ്ധിക്കുന്ന അന്തരവും കേരളത്തിലുടനീളം ഗതാഗത ഞെരുക്കത്തിനും, റോഡപകടങ്ങൾ വർദ്ധിക്കുന്നതിനും കാരണമാകുന്നു.

വാഹനമേഖലയിലെ വിൽപ്പന മാന്ദ്യം **ബോക്സ് 11.1.3** ൽ നൽകിയിരിക്കുന്നു

റോഡ് സുരക്ഷാ പ്രവർത്തനങ്ങൾ, വെഹിക്കിൾ ടെസ്റ്റിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കൽ, ചെക്ക് പോസ്റ്റുകളുടെ നവീകരണം എന്നിവയാണ് മോട്ടോർ വാഹന വകുപ്പ് നടപ്പിലാക്കി വരുന്ന പ്രധാന പദ്ധതികൾ. കോഴിക്കോട് ഹെവി കമ്പ്യൂട്ടറൈസ്ഡ് വെഹിക്കിൾ ടെസ്റ്റിംഗ് സ്റ്റേഷനും ഉഴവൂർ, മുവാറ്റുപുഴ എന്നിവിടങ്ങളിൽ ഡ്രൈവർ ടെസ്റ്റിംഗ് ട്രാക്കുകളും വകുപ്പ് കമ്മീഷൻ ചെയ്തു. റഡാർ നിരീക്ഷണ സംവിധാനത്തിൽ, സ്പീഡ്, റെഡ് ലൈറ്റ് വയലേഷൻ ഡിറ്റക്ഷൻ ക്യാമറകളുടെ സഹായത്തോടെ ഇതുവരെ 17, 64,430 കുറ്റങ്ങൾ കണ്ടെത്തുകയും 16.33 കോടി രൂപ പിരിച്ചെടുക്കുകയും ചെയ്തു. അഡ്മിനിസ്ട്രേറ്റീവ്, ഗവേണൻസ്, റെഗുലേറ്ററി ഇൻഫ്രാസ്ട്രക്ചർ, റോഡ് സുരക്ഷാ സംരംഭങ്ങൾ, മാനവ വിഭവശേഷി വികസനം എന്നിവയ്ക്കാണ് മോട്ടോർ വാഹന വകുപ്പ് ബജറ്റിൽ കൂടുതൽ ഊന്നൽ നൽകിയിട്ടുള്ളത്.

മോട്ടോർ വാഹന വകുപ്പിന് 2018–19, 2019–20 വർഷങ്ങളിൽ വിവിധ പദ്ധതികൾക്ക് അനുവദിച്ച പദ്ധതി വിഹിതം, ചെലവ് (2019 സെപ്റ്റംബർ വരെ) എന്നിവ **പട്ടിക 11.1.8** ൽ കൊടുത്തിരിക്കുന്നു.

പട്ടിക 11.1.8 മോട്ടോർ വാഹന വകുപ്പിന് 2018–19, 2019–20 വർഷങ്ങളിൽ വിവിധ പദ്ധതികൾക്ക് അനുവദിച്ച പദ്ധതി വിഹിതം, ചെലവ് (2019 സെപ്റ്റംബർ വരെ) സംബന്ധിച്ച വിവരങ്ങൾ (രൂപ ലക്ഷത്തിൽ)

പദ്ധതി	വാർഷിക പദ്ധതി 2018–19		വാർഷിക പദ്ധതി 2019–20	
	വിഹിതം	ചെലവ്	വിഹിതം	ചെലവ്
റോഡ് ഗതാഗത സുരക്ഷാ നടപടികൾ	1825	707.1	1400	0
മോട്ടോർ വാഹന വകുപ്പിൽ ഇ– ഗവേണൻസ്	24	19.36	132	0
വെഹിക്കിൾ കം ഡ്രൈവർ ടെസ്റ്റിംഗ് സ്റ്റേഷൻസ്	1700	733.1	675	200.61
മോട്ടോർ വാഹന ചെക്ക് പോസ്റ്റുകളുടെ ആധുനികവൽക്കരണം	500	14.47	1050	0
മോഡൽ ഇൻസ്പെക്ഷൻ ആൻഡ് സർട്ടിഫിക്കേഷൻ സെന്ററുകൾ സ്ഥാപിക്കൽ	1	0	1	0
മോട്ടോർ വാഹന വകുപ്പ്– പുതിയ സബ് ഓഫീസുകൾ സ്ഥാപിക്കൽ	150	0	188	0
ഇ– മൊബിലിറ്റി പ്രമോഷൻ ഫണ്ട്			1197	207.58
ആകെ	4200	1474 (35.1 ശതമാനം)	4643	408.19 (8.79 ശതമാനം)

അവലംബം: പ്ലാൻസ്പേസ്

2018–19 ലെ എംവിഡിയുടെ ഭൗതിക നേട്ടങ്ങൾ

- 2017–18ൽ വകുപ്പ് കൈവരിച്ച 3651.8 കോടി രൂപ വരുമാനം 2018–19ൽ 3625.31 കോടി രൂപയായി കുറഞ്ഞു. 2019–20 കാലയളവിലെ (ജൂൺ വരെ) വരുമാനം 805.20 കോടി രൂപയാണ്.
- വാഹന രജിസ്ട്രേഷൻ ഡ്രൈവർ ലൈസൻസ് എന്നിവയ്ക്കായി വാഹൻ, സാരഥി എന്നീ ഓൺലൈൻ പോർട്ടലുകൾ അവതരിപ്പിച്ചു.
- വിവിധ ജില്ലകളിൽ ആറ് പുതിയ സബ് ആർടി ഓഫീസുകൾ പ്രാബല്യത്തിൽ വന്നു.
- ജിപിഎസ് അധിഷ്ഠിത വാഹന ട്രാക്കിംഗ് സംവിധാനം ആരംഭിച്ചു.
- 368 ആർടിഒ, എംവിഐ, എഎംവിഐ എന്നിവരെ ഉൾപ്പെടുത്തി "സുരക്ഷിത കേരള പ്രോജക്റ്റ്" 85 സ്ക്വാഡുകൾ രൂപീകരിച്ചു.
- തിരുവനന്തപുരത്ത് ഹൈടെക് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് സ്ഥാപിച്ചു
- കോഴിക്കോട് ഹെവി കമ്പ്യൂട്ടറൈസ്ഡ് വെഹിക്കിൾ ടെസ്റ്റിംഗ് സ്റ്റേഷനും ഉഴവൂർ, മുവാറ്റുപുഴ എന്നിവിടങ്ങളിൽ ഡ്രൈവർ ടെസ്റ്റിംഗ് ട്രാക്കുകളും, കോഴിക്കോട് ഓട്ടോമേറ്റഡ് എൻഫോഴ്സ്മെന്റ് കൺട്രോൾ റൂമും കമ്മീഷൻ ചെയ്തു.

ഇ–ഗവേണൻസ് സംരംഭങ്ങൾ

നികുതികൾ ഓൺലൈൻ അടയ്ക്കുന്നതിനും, രജിസ്ട്രേഷൻ, വാഹന ട്രാക്കിംഗ്, മോണിറ്ററിംഗ് സിസ്റ്റങ്ങളുടെ ആധുനിക രീതികൾ, ഇലക്ട്രോണിക് റോഡ് പ്രൈസിംഗ് (ഇആർപി) എന്നിവ ഏർപ്പെടുത്തി അപകട സാദ്ധ്യത കൂടുതലുള്ള പ്രദേശങ്ങളിൽ വാഹന ഗതിവിഗതികൾ കണ്ടെത്തുന്നതിന് വെബ് അധിഷ്ഠിത ഡാറ്റാബേസ് സർക്കാർ ലക്ഷ്യമിടുന്നു.

ഓട്ടോമാറ്റിക്ക് ഡ്രൈവർ ലൈസൻസിംഗ് സമ്പ്രദായവും വാഹന പരിശോധന സംവിധാനവും

1. എല്ലാ ആർടിഒകളിലും തത്സമയ റോഡ് പരിശോധനയ്ക്കൊപ്പം ഓട്ടോമാറ്റിക് ഡ്രൈവർ ലൈസൻസിംഗ് സമ്പ്രദായവും വാഹന പരിശോധന സംവിധാനങ്ങളും ഏർപ്പെടുത്തി.
2. ഇന്റിക്കേറ്ററുകൾ, സീറ്റ് ബെൽറ്റ് എന്നിവയുടെ ഉപയോഗം സംബന്ധിച്ച കർശന പരിശോധന.
3. വാഹന രജിസ്ട്രേഷന് 'വാഹൻ', ഡ്രൈവർ ലൈസൻസ് വിതരണത്തിന് 'സാരഥി' എന്നീ സേവനങ്ങൾ ആരംഭിച്ചു.

വാഹൻ & സാരഥി– വെബ് അധിഷ്ഠിത സോഫ്റ്റ് വെയർ

വാഹൻ –4 (മോട്ടോർ വാഹന രജിസ്ട്രേഷൻ സംബന്ധിച്ച വെബ് അധിഷ്ഠിത സോഫ്റ്റ് വെയർ), സാരഥി–4 (മോട്ടോർ വാഹന ഡ്രൈവിംഗ് ലൈസൻസ് സംബന്ധിച്ച വെബ് അധിഷ്ഠിത സോഫ്റ്റ് വെയർ) രാജ്യത്താകമാനം നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളതാണ്. നിലവിലുള്ള ലാമിനേറ്റഡ് കാർഡുകളേക്കാൾ വളരെ മികച്ചതാണ് 'വാഹൻ, സാരഥി' എന്നീ സംവിധാനങ്ങളിലൂടെ നൽകുന്ന സ്മാർട്ട് കാർഡ് / പ്ലാസ്റ്റിക് കാർഡ് അടിസ്ഥാനമാക്കിയുള്ള ലൈസൻസുകളും രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകളും.

റോഡ് സുരക്ഷ

മോട്ടോർ വാഹന വകുപ്പും പോലീസും നിരവധി റോഡ് സുരക്ഷാ നടപടികൾ സ്വീകരിച്ചിട്ടും റോഡപകടങ്ങൾ വർദ്ധിച്ചു വരുന്നു. ഇങ്ങനെ വർദ്ധിച്ച് വരുന്ന റോഡപകടങ്ങൾ ഉൽക്കണ്ഠ ഉളവാക്കുന്നു. 1980–81 മുതലുള്ള കണക്കുകൾ പരിശോധിച്ചാൽ റോഡപകടങ്ങൾ ക്രമമായി വർദ്ധിച്ചു വരുന്ന രീതിയാണ് കണ്ടുവരുന്നത്. 1980–81 ൽ 7064 ആയിരുന്നത് 1990–91 ൽ 20,900 ആയും 2000–01 ൽ 34,387 ആയും, 2010–11 ൽ 35,282 ആയും, 2015–16 ൽ 39,137 ആയും വർദ്ധിച്ചു. എന്നാൽ ഇത് 2017–18 ൽ 38,734 ആയി കുറഞ്ഞു. ഉത്തർപ്രദേശ്, ഗുജറാത്ത്, രാജസ്ഥാൻ എന്നീ വലിയ സംസ്ഥാനങ്ങളിൽ കേരളത്തെ അപേക്ഷിച്ച് അപകടങ്ങൾ കുറവാണ്. കേരളത്തിലെ റോഡപകടങ്ങൾ ജില്ല തിരിച്ചും അപകടത്തിൽപെടുന്ന വാഹനങ്ങളുടെ വിവരങ്ങൾ ഇനം തിരിച്ചും യഥാക്രമം **അനുബന്ധം 11.1.11, 11.1.12** എന്നിവയിൽ ചേർത്തിരിക്കുന്നു.

2019 ജനുവരി മുതൽ സെപ്റ്റംബർ വരെ 31,686 അപകടങ്ങളാണ് കേരളത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത്. കെഎസ്ആർടിസി ബസ്സുകൾ മുഖേന 664 അപകടങ്ങളും, മറ്റ് ബസ്സുകൾ മുഖേന 2,349 അപകടങ്ങളുമാണ് ഉണ്ടായിട്ടുള്ളത്. 2017–18ൽ 77.97 ലക്ഷം ആയിരുന്ന ഇരുചക്ര വാഹനങ്ങളുടെ എണ്ണം 2018–19 ൽ 86.20 ലക്ഷമായി ഉയർന്നു, ശരാശരി വാർഷിക വളർച്ചാ നിരക്ക് 10.5 ശതമാനം. ഇരുചക്ര വാഹനങ്ങൾ ഉൾപ്പെടുന്ന അപകടങ്ങളുടെ എണ്ണം 2018ലെ 34,473 ൽ (പ്രതിദിനം 94) നിന്ന് 2019 ൽ 16,785 (പ്രതിദിനം 46) ആയി കുറഞ്ഞു. സംസ്ഥാനത്ത് ആകെ റിപ്പോർട്ട് ചെയ്യപ്പെടുന്ന അപകടങ്ങളിൽ യഥാക്രമം 41 ശതമാനം ഇരുചക്ര വാഹനങ്ങളും 28 ശതമാനം കാറുകൾ മുഖേനയുമാണ് സംഭവിക്കുന്നത്. കേരളത്തിലെ മോട്ടോർ വാഹന അപകടങ്ങളുടെ പ്രവണത **ചിത്രം 11.1.3** ൽ രേഖപ്പെടുത്തിയിരിക്കുന്നു.

ചിത്രം 11.1.3 കേരളത്തിലെ മോട്ടോർ വാഹന അപകട പ്രവണത



അവലംബം:സ്റ്റേറ്റ് ക്രൈം റെക്കോർഡ്സ് ബ്യൂറോ

പട്ടിക 11.1.9 2010–19ൽ കേരളത്തിലെ റോഡ് അപകട പ്രവണത

വർഷം	മോട്ടോർ വാഹനങ്ങളുടെ എണ്ണം	അപകടങ്ങളുടെ എണ്ണം	അപകടങ്ങൾ / ലക്ഷം വാഹനങ്ങൾ
2010	53,97,652	35,633	660
2011	60,72,019	34,946	576
2012	68,70,354	35,282	514
2013	80,48,673	37,204	462
2014	85,47,966	35,198	412
2015	94,21,245	37,253	395
2016	1,01,71,813	39,137	385
2017	1,10,30,037	38,777	351
2018	1,20,42,691	38,734	322
2019	1,33,34,984	40,686	305

അവലംബം :മോട്ടോർ വാഹന വകുപ്പ്, സംസ്ഥാന ക്രൈം റിക്കോർഡ് ബ്യൂറോ

സംസ്ഥാനത്ത് 2017–18 ൽ രജിസ്റ്റർ ചെയ്ത റോഡപകടങ്ങൾ ഒരു ലക്ഷം വാഹനങ്ങൾക്ക് 322 എന്നത്, 2018–19ൽ 305 ആയി കുറഞ്ഞു. കഴിഞ്ഞ പത്ത് വർഷത്തിനിടയിൽ സംസ്ഥാനത്തുണ്ടായ റോഡപകടങ്ങളുടെ എണ്ണം **പട്ടിക 11.1.9** ൽ കൊടുത്തിരിക്കുന്നു. സംസ്ഥാനത്തെ റോഡപകടങ്ങൾ നടക്കുന്നത് വ്യത്യസ്ഥ കാലയളവിലും വ്യത്യസ്ഥ സമയത്തും ആയതിനാൽ അപകട നിരക്ക് കൂടുതലാണോ കുറവാണോ എന്ന് ഇതിലൂടെ വ്യക്തമായി നിർവ്വചിക്കാൻ സാദ്ധ്യമല്ല. എന്നാൽ, 2010ന് ശേഷം ഓരോ വർഷവും അപകടങ്ങൾ/ലക്ഷം വാഹനം നിരക്ക് കുറഞ്ഞ് വരുന്നു എന്നത് എടുത്ത് പറയേണ്ട കാര്യമാണ്.

ട്രാഫിക് പോലീസ് റെക്കോർഡുകൾ അനുസരിച്ച് മിക്കവാറും റോഡപകടങ്ങൾ ഡ്രൈവർമാരുടെ അശ്രദ്ധ മൂലമാണ് സംഭവിക്കുന്നത്. എന്നിരുന്നാലും, റോഡ് രൂപകൽപ്പനയിലെ അപര്യാപ്തത മോട്ടോർ വാഹനങ്ങളുടെ സഞ്ചാരത്തെ പ്രതികൂലമായി ബാധിക്കുന്നു, ഇതും റോഡ് സഞ്ചാരത്തിന്റെ മോശപ്പെട്ട അവസ്ഥയെ ചിത്രീകരിക്കുന്നു. വിവിധ തരം റോഡ് ഉപയോക്താക്കൾക്കുള്ള റോഡ് സുരക്ഷാ പരിശീലനം, റോഡ് രൂപകൽപ്പനയിലെ തിരുത്തൽ നടപടികൾ, റോഡ് നിർമ്മാണത്തിന്റെ ആസൂത്രണത്തിലും പ്രവർത്തന ഘട്ടങ്ങളിലും റോഡ് സുരക്ഷാ വശങ്ങൾ ഉൾപ്പെടുത്തുന്നതിലെ അപാകതകൾ എന്നിവ അപകടങ്ങൾ കുറയ്ക്കുന്നതിന് എടുക്കേണ്ട പ്രാഥമിക വസ്തുതകളാണ്. 2018–19 ൽ കേരളത്തിലുണ്ടായ റോഡപകടങ്ങളുടെ ശതമാനം വഹനങ്ങൾ എന്നിവ ഇനം തിരിച്ച് ചിത്രം 11.1.4 ൽ കൊടുത്തിരിക്കുന്നു.

കേരള സംസ്ഥാന റോഡ് ഗതാഗത കോർപ്പറേഷൻ (കെഎസ്ആർടിസി)

യാത്രക്കാരുടെ ഗതാഗത ആവശ്യങ്ങൾ പരിഹരിക്കുന്നതിന് വേണ്ടിയുള്ള സംസ്ഥാനത്തെ ഏറ്റവും വലിയ ഒറ്റ പൊതുമേഖലാ സ്ഥാപനമാണ് കെഎസ്ആർടിസി. കെഎസ്ആർടിസിയുടെ മൊത്ത വരുമാനം 2,006.37 കോടി രൂപയിൽ നിന്ന് 2018–

ചിത്രം 11.1.4 20218-19 ൽ കേരളത്തിൽ ഉണ്ടായ റോഡപകടങ്ങളുടെ ശതമാനം വാഹനങ്ങളുടെ ഇനം തിരിച്ച്



അവലംബം:സ്റ്റേറ്റ് ക്രൈം റെക്കോർഡ്സ് ബ്യൂറോ

19 ൽ 2,277.00 കോടി രൂപയായി വർദ്ധിച്ചു. മൊത്തം വരുമാനച്ചെലവ് 2017-18ൽ 2,621.00 കോടി രൂപയിൽ നിന്ന് 2018-19ൽ 2554.00 കോടി രൂപയായും, പ്രവർത്തനനഷ്ടം 2017-18ൽ 614.93 കോടി രൂപയിൽ നിന്ന് 2018-19ൽ 227.00 കോടി രൂപയായും കുറഞ്ഞു.

കെ.എസ്.ആർ.ടി.സി യിലെ ആകെയുള്ള 5,690 ബസ്സുകളിൽ 1,693 (29.75%) ബസ്സുകൾ 10 വർഷമോ അതിലധികമോ പഴക്കമുള്ളതാണ്. 2019 ൽ വെറ്റ് ലീസ് അടിസ്ഥാനത്തിൽ 10 ഇലക്ട്രിക്ക് ബസ്സുകൾ കെ.എസ്. ആർ.ടിസി നിരത്തിലിറക്കിയിട്ടുണ്ട്. കെ.എസ്.ആർ.ടി സി ബസ്സുകളുടെ കാലപ്പഴക്കം സംബന്ധിച്ച വിവരങ്ങൾ അനുബന്ധം 11.1.13 ൽ രേഖപ്പെടുത്തിരിക്കുന്നു. 2017-18 ൽ കോർപ്പറേഷന്റെ ശരാശരി പ്രതിദിന വരുമാനം 11,872 രൂപയായിരുന്നത് 2018-19 ൽ 13,450 രൂപയായി വർദ്ധിച്ചു. കെഎസ്ആർടിസിയുടെ പ്രവർത്തനക്ഷമതയും ജില്ല തിരിച്ചുള്ള പ്രവർത്തന സ്ഥിതിവിവര കണക്കുകളും കാണിക്കുന്ന പ്രധാന സൂചകങ്ങൾ യഥാക്രമം അനുബന്ധം 11.1.14, 11.1.15 എന്നിവയിൽ നൽകിയിരിക്കുന്നു.

2018-19 ൽ കെ.എസ്.ആർ.ടി.സി ഓർഡിനറി, സിറ്റി ബസ്സുകളുടെ യാത്രാ നിരക്ക് കി.മീറ്ററിന് 70 പൈസ ആയിരുന്നു. സൂപ്പർഫാസറ്റ് ബസ്സുകൾക്ക് കി.മീറ്ററിന് 78 പൈസയും, സൂപ്പർ ഡീലക്സ് ബസ്സുകൾക്ക് 100 പൈസയും, എ.സി എയർ ബസ്സുകൾക്ക് 120 പൈസയും, ഹൈടെക് വോൾവോ ബസ്സുകൾക്ക് 145 പൈസയുമാണ്. കെ.എസ്.ആർ.ടി.സി ബസ്സുകളുടെ യാത്രനിരക്കിന്റെ ഘടനയെ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം 11.1.16 ൽ കൊടുത്തിരിക്കുന്നു.

ഫ്ലീറ്റ് പുനരുദ്ധാരണത്തിന്റെ ഭാഗമായി കെ.എസ്. ആർ.ടി.സി, വെറ്റ് ലീസ് അടിസ്ഥാനത്തിൽ സ്കാനിയ പോലുള്ള മൾട്ടി ആക്സിൽ ബസ്സുകൾ അതിന്റെ ഡീലർമാർ മുഖാന്തിരം കരസ്ഥമാക്കി അന്തർ സംസ്ഥാന റൂട്ടുകളിൽ സർവ്വീസ് നടത്തി വരുന്നു.

ജില്ല തിരിച്ചുള്ള പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ

ബോക്സ് 11.1.4 കെ.എസ്.ആർ.ടി.സി യുടെ പ്രധാന ആഭ്യന്തര സൂചകങ്ങൾ

- ശരാശരി ബസ്സുകൾ – 5,679
- പ്രവർത്തനക്ഷമമായ ബസ്സുകൾ – 4,548
- ബസ്സുകളുടെ ശരാശരി കാലപ്പഴക്കം (വർഷം) – 10
- കാലപ്പഴക്കമുള്ള വാഹനങ്ങൾ – 17 എണ്ണം
- ജീവനക്കാരുടെഎണ്ണം – 31,844
- ബസ് ജീവനക്കാർ അനുപാതം (ആകെ ബസുകൾ) – 5.6
- (പ്രവർത്തനക്ഷമമായ ബസ്സുകൾ) – 7.00
- ബസ് ജീവനക്കാരുടെ കാര്യക്ഷമത (കീ.മീ.) /ജീവനക്കാർ /ദിനം) – 580
- ഇന്ധന ക്ഷമത (കി.മീ./ ലിറ്റർ) – 4 കി.മീ./ ലിറ്റർ
- ഒക്യുപ്പൻസി റേഷ്യോ – 612 യാത്രികർ

അവലംബം: കേരള സംസ്ഥാന റോഡ് ഗതാഗത കോർപ്പറേഷൻ

അനുബന്ധം 11.1.17 ൽ നൽകിയിട്ടുണ്ട്. വർദ്ധിച്ച പ്രവർത്തന ചെലവ്, ഉയർന്ന പെൻഷൻ ബാദ്ധ്യത, പലിശ തിരച്ചടവ് വർദ്ധന, ലാഭകരമല്ലാത്ത റൂട്ടുകളിലെ സർവ്വീസ്, ആനുകൂല്യ യാത്രകൾ എന്നിവ മൂലം കെഎസ്ആർടിസിയുടെ സാമ്പത്തിക പ്രകടനം അതിന്റെ ഭൗതിക നേട്ടങ്ങളുമായി പൊരുത്തപ്പെടുന്നില്ല.

സംസ്ഥാനത്തെ യാത്രാ ഗതാഗത പ്രവർത്തനങ്ങളിൽ സ്വകാര്യ ഓപ്പറേറ്റർമാർക്കാണ് മേൽക്കൈ ഉള്ളത്. കെഎസ്ആർടിസിയുടെ വാഹന ഉപയോഗം 88.3 ശതമാനം മാത്രമാണ്. 29.8 ശതമാനത്തിലധികം വാഹനങ്ങളും കാലപ്പഴക്കമുള്ളവയാണ്. ബസ്സ്/ ജീവനക്കാർ അനുപാതം 1:7 എന്ന ഉയർന്ന നിരക്കിലാണ്. കെ.എസ്.ആർടി.സിയുടെ ഉടമസ്ഥതയിലുള്ള ബസ്സുകൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം 11.1.18 ൽ കാണിച്ചിരിക്കുന്നു. കെ.എസ്. ആർ.ടി.സി യുടെ പ്രധാന ആഭ്യന്തര സൂചകങ്ങൾ **ബോക്സ് 11.1.4** ൽ കൊടുത്തിരിക്കുന്നു. കെ.യു.ആർ.റ്റി. സിയുടെ പ്രവർത്തനക്ഷമത സംബന്ധിച്ച വിവരങ്ങൾ **അനുബന്ധം 11.1.19** ൽ കൊടുത്തിരിക്കുന്നു.

കുറഞ്ഞ പ്രവർത്തന ക്ഷമത, ഉയർന്ന ബസ്/ ജീവനക്കാർ അനുപാതം, സാമ്പത്തിക നേട്ടമില്ലാത്ത റൂട്ടുകളിലെ സർവ്വീസ്, പ്രായോഗികമല്ലാത്ത ഡിപ്പോകൾ തുടങ്ങിയവയാണ് കെ.എസ്.ആർ.ടി.സി നേരിടുന്ന പ്രശ്നങ്ങൾ/ വെല്ലുവിളികൾ. കെ.എസ്.ആർ.ടി.സി നേരിടുന്ന ഗുരുതരമായ പ്രശ്നങ്ങളും വെല്ലുവിളികളും മനസ്സിലാക്കി നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് പ്രൊഫഷണൽ സാങ്കേതിക സാമ്പത്തിക പഠനം നടത്തേണ്ടത് അനിവാര്യമാണ്.

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ വിവിധ പദ്ധതികൾ/പരിപാടികൾ നടപ്പിലാക്കി യാത്രക്കാർക്ക് അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പ് വരുത്തി ഈ മേഖലയിൽ സമൂല മാറ്റം കൈവരിക്കാൻ സാധിക്കുമെന്ന് കെഎസ്ആർടിസി പ്രതീക്ഷിക്കുന്നു.

2017-18 മുതൽ 2019-20 വരെയുള്ള കെഎസ്ആർടിസിയുടെ പദ്ധതി തിരിച്ചുള്ള വിഹിതം ചെലവ് (2019 ഒക്ടോബർ വരെയുള്ള ചെലവ്) എന്നിവ **പട്ടിക 11.1.10** ൽ നൽകിയിരിക്കുന്നു.

2018-19 ലെ നേട്ടങ്ങൾ

കെഎസ്ആർടിസി വെറ്റ് ലീസ് അടിസ്ഥാനത്തിൽ 10 ഇലക്ട്രിക് ബസുകൾ വാങ്ങി. ഇതിൽ 5 ബസുകൾ തിരുവനന്തപുരം സിറ്റി ഡിപ്പോയിൽ നിന്നും, ബാക്കി 5 ബസുകൾ എറണാകുളം സിറ്റിയിലെ എറണാകുളം ഡിപ്പോയിൽ നിന്നുമാണ് സർവ്വീസ് നടത്തുന്നത്.

കേരളം ഇ-ട്രാക്കിൽ

നീതി ആയോഗ് നിർദ്ദേശം അനുസരിച്ച് ഇ-മൊബിലിറ്റി പ്രോത്സാഹിപ്പിക്കുന്നതിന് കർണാടക, ആന്ധ്രാ, മഹാരാഷ്ട്ര, തെലങ്കാന എന്നീ സംസ്ഥാനങ്ങൾക്ക് ശേഷം സ്വന്തം ഇലക്ട്രിക് വാഹന നയം പ്രഖ്യാപിച്ച അഞ്ചാമത്തെ സംസ്ഥാനമാണ് കേരളം. 2022 ഓടെ 10 ലക്ഷം ഇലക്ട്രിക് വാഹനങ്ങൾ നിരത്തിൽ

പട്ടിക 11.1.10 2017-18 മുതൽ 2019-20 വരെയുള്ള കെഎസ്ആർടിസിയുടെ പദ്ധതി തിരിച്ചുള്ള വിഹിതം ചെലവ് (രൂപ ലക്ഷത്തിൽ)

ക്രമ നം.	പദ്ധതി	ലക്ഷ്യങ്ങൾ	വാർഷിക പദ്ധതി 2017-18		വാർഷിക പദ്ധതി 2018-19		വാർഷിക പദ്ധതി 2019-20	
			വിഹിതം	ചെലവ്	വിഹിതം	ചെലവ്	വിഹിതം	ചെലവ്
1	അടിസ്ഥാന സൗകര്യ വികസനവും ഡിപ്പോകളുടെ ആധുനിക വൽക്കരണവും	ബസ് ഡിപ്പോകളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്	990	560	3464	0	3450	0
2	ഇ ഗവർണൻസും സമ്പൂർണ കമ്പ്യൂട്ടർവൽക്കരണവും	ഐടി സംരംഭങ്ങൾ നിലനിർത്താൻ ഉദ്ദേശിച്ചുള്ളതാണ്	1210	0	1330	0	2030	0
3	ഡ്രൈവർമാർ, സാങ്കേതിക പ്രവർത്തകർ, ഉദ്യോഗസ്ഥർ എന്നിവർക്കുള്ള പരിശീലനം	സ്ഥാപനത്തിൽ പരിശീലനവും കാര്യശേഷി വർദ്ധിപ്പിക്കൽ	110	0	120	0	120	0
4	ആധുനിക വൽക്കരണവും ഗുണപരമായ വാഹന മെച്ചപ്പെടുത്തലും	യൂറോ മാനദണ്ഡമനുസരിച്ച് പുതിയ ഇലക്ട്രിക്കൽ, സിഎൻജി / എൽഎൻജി ബസുകൾ വാങ്ങുക	2158	0	1	0	□	□
ആകെ			4468	560	4915	603.90	5600	0

അവലംബം: പ്ലാൻസ്പേസ്

പട്ടിക 11.1.11 രജിസ്റ്റർ ചെയ്ത ഇലക്ട്രിക് വാഹനങ്ങളുടെ വിശദാംശങ്ങൾ

ക്രമ. നം.	വാഹന ഇനം	രജിസ്റ്റർ ചെയ്ത ഇലക്ട്രിക് വാഹനങ്ങൾ
ഗതാഗത വാഹനങ്ങൾ		
1	ഇലക്ട്രിക് ഓട്ടോ റിക്ഷ	41
2	ത്രീ വീലർ ഗൂഡ്സ്	25
3	ഇ റിക്ഷ	64
4	മോട്ടോർ ക്യാബ്	1
ആകെ		131
ഇതര ഗതാഗത വാഹനങ്ങൾ		
1	മോട്ടോർ സൈക്കിൾ	99
2	മോട്ടോർ കാർ	20
3	ത്രീ വീലർ	24
ആകെ		143
ആകെ മൊത്തം		274

അവലംബം: മോട്ടോർ വാഹന വകുപ്പ്

ഇറക്കുന്നതിനും 2030 ൽ എല്ലാ വിഭാഗത്തിലെയും മോട്ടോർ വാഹനങ്ങളെ വൈദ്യുതീകരിക്കുന്നതിനും ഉദ്ദേശിക്കുന്നു.

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് (കെഎസ്ഇബി) സംസ്ഥാനത്ത് ഉടനീളം പ്രത്യേകിച്ച് തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിൽ ഇലക്ട്രിക് വെഹിക്കിൾ (ഇവി) ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. പബ്ലിക് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കാൻ 52 സ്ഥലങ്ങൾ കെഎസ്ഇബി കണ്ടെത്തി. ഇതിന് പുറമെ തിരുവനന്തപുരം – 18, കൊച്ചി 17, കോഴിക്കോട് 16 എന്നിവിടങ്ങളിൽ വിവിധ സ്ഥലങ്ങൾ കണ്ടെത്തിയിട്ടുണ്ട്. ആദ്യ ഘട്ടത്തിൽ ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് ഏകദേശം 10.92 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു.

വളർന്ന് വരുന്ന മേഖലയെന്ന നിലയിൽ, ഇലക്ട്രിക് വാഹനങ്ങളുടെ ഫലപ്രാപ്തിയെക്കുറിച്ച് ആശങ്കയും ഉത്ക്കണ്ഠയും കൂടുതലാണ്. സംസ്ഥാനത്ത് ത്രീ–വീലർ, ഇരുചക്രവാഹന വിഭാഗങ്ങളിൽ മാറ്റം വരുത്തുന്നതിന് സർക്കാർ മുൻഗണന നൽകുന്നു. ഇത് ഈ മേഖലയുടെ മാതൃകാപരമായ മാറ്റത്തിന് സഹായിക്കും. ഇലക്ട്രിക് വാഹനങ്ങളിൽ ഉപയോഗിക്കുന്ന ലിഥിയം അയൺ ബാറ്ററിയുടെ വിലയും വലുപ്പവുമാണ് പ്രധാന വെല്ലുവിളി. ആവശ്യമായ ചാർജിംഗ് സ്റ്റേഷനുകൾ സജ്ജീകരിച്ചിട്ടുണ്ടെങ്കിലും, വൈദ്യുതി ഉൽപാദനവും കേരളത്തിന്റെ ഉപഭോഗ രീതിയും കണക്കിലെടുക്കുമ്പോൾ ഇത് ഒരു കഠിന പ്രയത്നം തന്നെയാണ്. നിലവിൽ രജിസ്റ്റർ ചെയ്ത ഇലക്ട്രിക് വാഹനങ്ങളുടെ വിശദാംശങ്ങൾ **പട്ടിക 11.1.11** ൽ നൽകിയിരിക്കുന്നു.

റോഡ് ഗതാഗത മേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ, വെല്ലുവിളികൾ, മുന്നോട്ടുള്ള വഴി

സംസ്ഥാനത്തെ മിക്കവാറും റോഡുകൾക്ക് നിലവിലുള്ള ഗതാഗത ബാഹുല്യം നേരിടുന്നതിനാവശ്യമായ വീതിയുള്ളവയല്ല, നാലിലൊന്ന് റോഡുകൾ മാത്രമേ രണ്ടുവരി പാതകളോ നാലുവരി പാതകളോ ആയിട്ടുള്ളൂ. അതേസമയം മിക്ക റോഡുകളും ഒറ്റവരി അല്ലെങ്കിൽ ഇടത്തരം പാത ശേഷി ഉള്ളവ മാത്രമാണ്. ദേശീയ പാതകളിൽ, ഏകദേശം 12 ശതമാനം മാത്രമേ നാലുവരി പാതകളായിട്ടുള്ളൂ. ബാക്കിയുള്ളവ ഒറ്റവരിപാതകളോ ഇടത്തരം പാതകളോ ആണ്. ആകെ റോഡ് ശൃംഖലയുടെ 8 ശതമാനം മാത്രം വരുന്ന ദേശീയ പാതകൾ, സംസ്ഥാന പാതകൾ എന്നിവയിലൂടെയാണ് അന്തർ സംസ്ഥാന, അന്തർ നഗര ഗതാഗതം കൂടുതലും കടന്ന് പോകുന്നത്. ഗതാഗത ആവശ്യങ്ങൾ കണക്കിലെടുക്കുമ്പോൾ നിലവിലുള്ള റോഡുകളുടെ നിലവാരം ഉയർത്തേണ്ടത് അത്യാവശ്യമാണ്. ട്രാഫിക്ക് തിരക്ക്, കാലതാമസം, ലക്ഷ്യസ്ഥാനങ്ങളിലേക്ക് എളുപ്പത്തിൽ എത്തിച്ചേരൽ, അപകടങ്ങൾ കുറയ്ക്കൽ എന്നീ ഘടകങ്ങൾ പരിഗണിക്കുമ്പോൾ നിലവിലുള്ള റോഡുകളുടെ ഗുണനിലവാരം മെച്ചപ്പെടുത്തേണ്ടതുണ്ട്. മിക്ക പൊതുമരാമത്ത് വകുപ്പ് റോഡുകളുടെയും നിലവാരം മെച്ചപ്പെടുത്തി, വീതി വർദ്ധിപ്പിക്കേണ്ടതും, റോഡു സുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതുമാണ്.

സംസ്ഥാനത്തിന്റെ റോഡ് വികസനത്തിന് മുൻഗണന നൽകുന്നതിന് ചില കർമ്മ പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടതാണ്. സംസ്ഥാന പാതകളും, പ്രധാന ജില്ലാ റോഡുകളും പ്രൊഫഷണൽ രൂപകല്പനയോടെയും, ആവശ്യമായ ഡ്രെയിനേജ് സൗകര്യങ്ങളോടെയും നവീകരിക്കേണ്ടതാണ്. നാലു

വരി ദേശീയപാതകൾ, മലയോര ഹൈവേ, തീരദേശ ഹൈവേ, ബൈപ്പാസ്സുകൾ തുടങ്ങിയ പുതിയ റോഡ് വികസന സംരംഭങ്ങൾ പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലത്ത് പൂർത്തിയാക്കേണ്ടവയാണ്.

കേരളത്തിലെ സംസ്ഥാനപാതകൾ, പ്രധാനപ്പെട്ട ജില്ല റോഡുകൾ, സിറ്റി റോഡുകൾ എന്നിവയിൽ ജ്യോമട്രിക്കൽ ഇംപ്രൂവ്മെൻറ്, ജംഗ്ക്ഷൻ ഇംപ്രൂവ്മെൻറ്, നടപ്പാത മെച്ചപ്പെടുത്തൽ, യൂട്ടിലിറ്റി ഡക്ട്കൾ, തുടങ്ങിയ സാങ്കേതിക തിരുത്തലുകൾ ഉൾപ്പെടുത്തി റോഡുകൾ പുനഃനിർമ്മിക്കുകയും, അറ്റകുറ്റപ്പണി കരാറുകളിലൂടെ റോഡുകളുടെ അത്യന്താധുനിക വികസനം നടപ്പാക്കുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്. സേവന നിലവാരം ഉയർത്തുന്നതിന്, പ്രധാന തടസ്സമായ റോഡ് വക്കിലെ പാർക്കിംഗ് സമ്പ്രദായം നാം ശ്രദ്ധിക്കേണ്ടതാണ്.

ഭൗതിക പശ്ചാത്തല ദാതാക്കളായ പൊതുമരാമത്ത് വകുപ്പ്, റെയിൽവെ, ഉൾനാടൻ ജലഗതാഗത അതോറിറ്റി, വിമാനത്താവള അതോറിറ്റി, തീരദേശ ഷിപ്പിംഗ് വകുപ്പ് എന്നിവയുടെ ഏകോപനം ഗതാഗത പശ്ചാത്തല മേഖലയുടെ നിർമ്മാണം, പരിപാലനം പ്രവർത്തനം എന്നിവയ്ക്ക് അത്യാവശ്യമാണ്. ഒരു ബഹുവിധ ഗതാഗത ശൃംഖല സംരക്ഷിക്കുന്നതിന് ഭൗതിക അടിസ്ഥാന സൗകര്യ രൂപീകരണം അത്യാവശ്യമാണ്.

റെയിൽ ഗതാഗതം

ഒറ്റ മാനേജ്മെന്റിന് കീഴിലുള്ള ലോകത്തെ രണ്ടാമത്തെ വലിയ റെയിൽ ശൃംഖലയാണ് ഇന്ത്യൻ റെയിൽവേ. ഇന്ത്യയിലെ ഏറ്റവും കുറഞ്ഞ നിരക്കിലുള്ള യാത്ര റെയിൽവേ സാദ്ധ്യമാക്കുന്നു. ഇന്ത്യയിലെ ഏറ്റവും ചെലവ് കുറഞ്ഞ ഗതാഗത മാർഗ്ഗമാണിത്. 1,15,000 കിലോമീറ്റർ ദൈർഘ്യമുള്ള ഇന്ത്യൻ റെയിൽവേ ശൃംഖലക്ക് 7,349 സ്റ്റേഷനുകൾ വഴി ഓരോ ദിവസവും 12,617 പാസഞ്ചർ ട്രെയിനുകളും 7,421 ചരക്ക് ട്രെയിനുകളും 23 ദശലക്ഷം യാത്രക്കാരും 3 ദശലക്ഷം ടൺ (എംടി) ചരക്കുനീക്കവും ദിവസേന നടക്കുന്നു. അമേരിക്ക, റഷ്യ, ചൈന എന്നിവ കഴിഞ്ഞാൽ ലോകത്തെ ഏറ്റവും വലിയ നാലാമത്തെ റെയിൽവേ ശൃംഖലയാണ് ഇന്ത്യയുടേത്. 1,257 കിലോ മീറ്റർ റൂട്ട് ദൈർഘ്യവും 1,588 കിലോ മീറ്റർ ട്രാക്കുകളും അടങ്ങിയ കേരളത്തിലെ റെയിൽവേ ശൃംഖല ഇന്ത്യൻ റെയിൽവേ ഭൂപടത്തിൽ മുന്തിയ സ്ഥാനമാണ് നേടിയിട്ടുള്ളത്. ദക്ഷിണ റെയിൽവേയുടെ തിരുവനന്തപുരം, പാലക്കാട് ഡിവിഷനുകളാണ് കേരളത്തിലുള്ളത്. പാലക്കാട് ഡിവിഷനു കീഴിൽ പാതയുടെ നീളം 577.74 കിലോമീറ്റർ ആണ്. 99 മെയിൽ/എക്സ്പ്രസ് ട്രെയിനുകൾ, 60 പാസഞ്ചർ ട്രെയിനുകൾ, 64 ചരക്ക് ട്രെയിനുകൾ എന്നിവ ഈ ഡിവിഷനിൽ നിന്നും സർവീസ് നടത്തുന്നു. തിരുവനന്തപുരം ഡിവിഷന്റെ പാതയുടെ ആകെ നീളം 623 കി.മി ആണ്. പ്രതിദിനം 170 മെയിൽ/എക്സ്പ്രസ്/ പാസഞ്ചർ ട്രെയിനുകളും 8 ഗൂഡ്സ് ട്രെയിനുകളും ഇവിടെ നിന്നും സർവീസ് നടത്തുന്നുണ്ട്. സംസ്ഥാനത്ത് കൂടി കടന്ന് പോകുന്ന റെയിൽവേ ലൈനുകൾ ബ്രോഡ്ഗേജുകളാക്കി മാറ്റിയിട്ടുണ്ട്. സംസ്ഥാനത്ത് 200 ഓളം റെയിൽവേ സ്റ്റേഷനുകൾ ഉണ്ട് (പാലക്കാട് ഡിവിഷന് കീഴിൽ 95 ഉം തിരുവനന്തപുരം ഡിവിഷന് കീഴിൽ 105 ഉം). 2018–19ൽ തിരുവനന്തപുരം ഡിവിഷന് കീഴിൽ വൈദ്യുതീകരിച്ച പാതയുടെ നീളം 1,197 കിലോമീറ്ററാണ്, ഈ കാലയളവിൽ 1,703.67 കോടി

പട്ടിക 11.1.2 2018–19 ലെ കെആർഡിസിഎൽന്റെ പ്രധാന സംരംഭങ്ങൾ

ക്രമ.നം.	പദ്ധതികൾ	നിലവിലെ സ്ഥിതി
1	തലശ്ശേരിയെയും മൈസൂറിനേയും തമ്മിൽ മാനന്തവാടി വഴി ബന്ധിപ്പിക്കുന്ന പുതിയ ബ്രോഡ് ഗേജ് ലൈൻ	• പ്രാഥമിക / പ്രീ– ഫീസിബിലിറ്റി റിപ്പോർട്ട് കെആർഡിസിഎൽ തയ്യാറാക്കി റെയിൽവേ ബോർഡിന് സമർപ്പിച്ചു . • റെയിൽവേ ബോർഡ് വിശദ പ്രോജക്റ്റ് റിപ്പോർട്ട് അംഗീകരിച്ചു • നിർദ്ദിഷ്ട അലൈൻമെന്റ് കർണാടക സർക്കാരിന് സമർപ്പിച്ചു.
2	നിലമ്പൂർ മുതൽ നഞ്ചങ്കോട് വരെ പുതിയ ബ്രോഡ് ഗേജ് പാതയുടെ നിർമ്മാണം	• നിലമ്പൂർ – നഞ്ചൻഗുഡ്, തലശ്ശേരി – മൈസൂർ എന്നിവയുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി പശ്ചിമഘട്ടത്തിന് കുറുകെ കേരള കർണാടക വനാതിർത്തിയിൽ ഒരു പൊതു കവാടം സ്ഥാപിക്കാൻ കെആർഡിസിഎൽ പഠനം നടത്തി നിർദ്ദേശം വച്ചു.
3	പാലക്കാട് തിരുവനന്തപുരം റെയിൽവേ ഡിവിഷന് കീഴിൽ കേരളത്തിൽ 27 ആർഒബികൾ / ആർയുബികൾ സ്ഥാപിക്കൽ	• 27 ആർഒബികൾക്കുള്ള പൊതു ക്രമീകരണ ഡ്രോയിംഗുകൾ (ജിഎഡി) അംഗീകാരത്തിനായി സതേൺ റെയിൽവേയ്ക്ക് കൈമാറി. അതിൽ 6 എണ്ണം അംഗീകരിച്ചു. • എസ്റ്റിമേറ്റ് ഡിപിആർ തയ്യാറാക്കൽ എന്നിവ പുരോഗമിക്കുന്നു. • എല്ലാ ആർഒബികൾക്കും റവന്യൂ വകുപ്പിൽ നിന്ന് ഭൂമി ഏറ്റെടുക്കുന്നതിനുള്ള ഭരണപരമായ അനുമതി ലഭിച്ചു. • ഭൂമി ഏറ്റെടുക്കുന്നതിന് പിഡബ്ല്യുഡി വകുപ്പിൽ നിന്നുള്ള ഭരണാനുമതിയ്ക്കായി കാത്തിരിക്കുന്നു. • സർക്കാരും റെയിൽവേ മന്ത്രാലയവും, കേരള സർക്കാരും കെആർഡിസിഎൽഉം, റെയിൽവേയും തമ്മിലുള്ള കരട് ധാരണാപത്രങ്ങൾ, നിലവിൽ സതേൺ റെയിൽവേയുടെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്.

അവലംബം: കേരള റെയിൽ ഡെവലൊപ്മെൻറ് കോർപ്പറേഷൻ ലിമിറ്റഡ് (കെ ആർ ഡി സി എൽ)

രൂപ വരുമാനമായി ലഭിച്ചു. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ പാത ഇരട്ടിപ്പിക്കൽ, വൈദ്യുതീകരണ പ്രവർത്തനങ്ങൾ എന്നിവ നടക്കുന്നു. റെയിൽവേ മേഖലയിൽ പുതിയ ചില ലൈനുകൾക്കുള്ള സാദ്ധ്യതാ പഠനങ്ങൾ നടന്നുവരുന്നു.

കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ (കെആർഡിസിഎൽ)

കേരളത്തിലെ പ്രധാന റെയിൽവേ പശ്ചാത്തല വികസന പദ്ധതികൾ നടപ്പിലാക്കുന്നതിനായി രൂപീകരിക്കപ്പെട്ട കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സംയുക്ത സംരംഭമാണ് കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ (കെആർഡിസിഎൽ). 51 ശതമാനം സംസ്ഥാന സർക്കാർ ഓഹരിയും, 49 ശതമാനം കേന്ദ്രസർക്കാർ ഓഹരിയുമായി സംസ്ഥാനത്ത് ഭാവിയിൽ നിലവിൽ വരുന്ന റെയിൽവെ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ സംരംഭമാണ് ഇത്.

ഏറ്റെടുക്കുന്ന പദ്ധതികളുടെ അടിസ്ഥാനത്തിൽ പ്രസ്തുത സംയുക്ത സംരംഭ കമ്പനിക്ക് 100 കോടി രൂപ മൂലധന നിക്ഷേപമായി ആവശ്യമാണ്. റെയിൽവേ മന്ത്രാലയത്തിന്റെയും (റെയിൽവേ ബോർഡ്) സംസ്ഥാന സർക്കാരിന്റേയും അനുമതിയോടെ പ്രസ്തുത മൂലധനത്തിൽ മാറ്റം വരുത്താവുന്നതാണ്. 2019 മെയ് വരെ പദ്ധതിക്ക് ആവശ്യമായത് 1,226.45 ഹെക്ടർ ഭൂമിയാണ്. ഇതിൽ 1,074.19 ഹെക്ടർ സ്വകാര്യ ഭൂമിയും 107.98 ഹെക്ടർ സർക്കാർ ഭൂമിയും 44.28 ഹെക്ടർ റെയിൽവേ ഭൂമിയുമാണ്. കെആർഡിസിഎൽ ഏറ്റെടുത്ത പദ്ധതികളുടെ നിലവിലെ സ്ഥിതി **പട്ടിക 11.1.12** ൽ നൽകിയിരിക്കുന്നു.

തിരുവനന്തപുരം-കാസറഗോഡ് സെമി ഹൈ സ്പീഡ് റെയിൽ

തിരുവനന്തപുരത്തിനും കാസറഗോഡിനുമിടയിൽ നിലവിലുള്ള ഇരട്ട പാതയിലെ ട്രെയിൻ ഗതാഗതം പലമടങ്ങ് വർദ്ധിക്കുകയും ചില വിഭാഗങ്ങളിൽ ഇത് ശേഷിയുടെ 115 ശതമാനത്തിലധികം വിനിയോഗിച്ച് വരുകയുമാണ്. റെയിൽ പാസഞ്ചർ ട്രാഫിക്കിന്റെ വർദ്ധിച്ചുവരുന്ന ആവശ്യം നിറവേറ്റുന്നതിനായി, തിരുവനന്തപുരത്തിനും കാസറഗോഡിനുമിടയിൽ മൂന്നും നാലും റെയിൽവേ പാതകൾ നിർമ്മിച്ച് സെമി ഹൈ സ്പീഡ് റെയിൽ (എസ്എച്ച്എസ്ആർ) ഇടനാഴി പ്രാവർത്തികമാക്കാൻ കേരള സർക്കാർ തീരുമാനിച്ചു. ഇതനുസരിച്ച് ഈ പാതയിലൂടെ മണിക്കൂറിൽ 200 കിലോമീർ വേഗതയിൽ 4 മണിക്കൂർകൊണ്ട് വടക്ക് നിന്ന് തെക്ക് വരെ എത്താൻ കഴിയും. കേരള റെയിൽ വികസന കോർപ്പറേഷൻ ലിമിറ്റഡ് പാരീസിലെ M/s മെസ്ട്രാ സിസ്ട്ര കമ്പനി വഴി മേൽപ്പറഞ്ഞ പദ്ധതിയുടെ സാധ്യതാ പഠന റിപ്പോർട്ട് തയ്യാറാക്കുകയും ടി പദ്ധതികൾക്ക് ഏകദേശം 5 വർഷത്തെ നിർമ്മാണ കാലയളവിൽ 66,079 കോടി രൂപയുടെ പൂർത്തീകരണച്ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്നു.

തിരുവനന്തപുരം-കാസറഗോഡ് സെമി ഹൈ സ്പീഡ് റെയിലിന്റെ സാങ്കേതിക / രൂപകൽപ്പന സവിശേഷത **പട്ടിക 11.1.13** ൽ നൽകിയിരിക്കുന്നു.

റോഡുകളിലെ തിരക്കും മലിനീകരണ തോതും കുറച്ച് സുരക്ഷ മെച്ചപ്പെടുത്തുകയും ഇന്ധന ഇറക്കുമതി കുറയ്ക്കുവാനും ഈ പദ്ധതി സഹായിക്കും. എസ്എച്ച്എസ്ആർ ലൈൻ പുനരുപയോഗ ഊർജ്ജത്തെ ആശ്രയിച്ച് പ്രവർത്തിക്കുന്നതോടൊപ്പം

പട്ടിക 11.1.13 സാങ്കേതിക/ ഡിസൈൻ സവിശേഷതകൾ

ഇനം	ഡിസൈൻ സവിശേഷത
റൂട്ട് ദൈർഘ്യവും സ്റ്റേഷന്റെ എണ്ണവും	531.45 കി.മീ, 10 എണ്ണം
ഗേജ്	സ്റ്റാൻഡേർഡ് ഗേജ്, 1435 മിമി
പാതകളുടെ എണ്ണം	ഇരട്ട ട്രാക്ക് (ഒരേ ദിശയിലേക്ക്)
റോളിംഗ് സ്റ്റോക്ക്	തുടക്കത്തിൽ 9 കോച്ചുകളും പിന്നീട് 12 കോച്ചുകളും

അവലംബം കേരള റെയിൽ ഡവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്

പട്ടിക 11.1.4 കൊച്ചി മെട്രോ- വിശദ വിവരങ്ങൾ, രൂപ കോടിയിൽ

ക്രമ നമ്പർ	ബന്ധിപ്പിക്കുന്ന സ്ഥലങ്ങൾ	ദൈർഘ്യം (കി.മീ)	അടങ്കൽ തുക
ഒന്നാംഘട്ടം	ആലുവ - പേട്ട (22 സ്റ്റേഷനുകൾ)	25.6	5181.79 (യഥാർത്ഥ നിരക്ക്) 5687.79 (പുതുക്കിയ നിരക്ക്)
ഒന്നാംഘട്ടം (എ)	പേട്ട - എസ്.എൻ ജംഗ്ഷൻ (എക്സ്റ്റെൻഷൻ)	2.00	359.00
ഒന്നാംഘട്ടം (ബി)	എസ് എൻ ജംഗ്ഷൻ മുതൽ തൃപ്പൂണിത്തുറ വരെ	1.2	355.70
രണ്ടാംഘട്ടം	ജവഹർലാൽ നെഹ്റു സ്റ്റേഡിയം മുതൽ ഐ ടി സിറ്റി കാക്കനാട് വരെ	11	2310.00

അവലംബം : കെ.എം.ആർ.എൽ

റെയിൽവെ ഇടനാഴികൾ, പാർശ്വ ഭിത്തികൾ, സ്റ്റേഷനുകൾ ഡിപ്പോകൾ എന്നിവിടങ്ങളിൽ സൗരോർജ്ജ ഉൽപ്പാദനം എന്ന നവീന ആശയവും ഇതിൽ ഉണ്ട്. ഇടനാഴികളിലെ ആസൂത്രിത നഗര വികസനം, എസ്എച്ച്എസ്ആർ ലൈനിന് സമാന്തര പ്രദേശങ്ങളിലെ നഗര സാമൂഹിക-സാമ്പത്തിക നേട്ടങ്ങൾക്ക് കാരണമാകും.

കൊച്ചി മെട്രോ റെയിൽ പ്രോജക്റ്റ് (കെഎംആർപി)

കൊച്ചി നഗരത്തിന്റെ ഗതാഗത പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി കേരള സർക്കാരിന്റെ ഒരു ഫ്ലാഗ്ഷിപ്പ് പരിപാടിയാണ് കൊച്ചി മെട്രോ റെയിൽ പദ്ധതി (കെ.എം.ആർ.പി). ഭാരത സർക്കാരിന്റെയും, കേരള സർക്കാരിന്റെയും സംയുക്ത സംരംഭമായ പ്രസ്തുത പദ്ധതി, കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് (കെ. എം.ആർ.എൽ) സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രീതിയിലാണ് നടപ്പിലാക്കുന്നത്. 2012, ജൂലൈയിൽ 5,181.79 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നതും 25.612 കിലോമീറ്റർ നീളവും 22 സ്റ്റേഷനുകളുള്ള മെട്രോ വയാഡക്റ്റിന് (അലുവ-പേട്ട പദ്ധതിക്ക്) സർക്കാർ അനുമതി നൽകി. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി കെ.എം.ആർ.എൽ, ഭാരത സർക്കാർ, ഡൽഹി മെട്രോ റെയിൽ കോർപ്പറേഷൻ ലിമിറ്റഡ് (ഡി.എം.ആർ.സി) എന്നിവരുമായി ഒരു ത്രികക്ഷി കരാർ ഒപ്പുവെച്ചിട്ടുണ്ട്. നടന്നുകൊണ്ടിരിക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ **പട്ടിക 11.1.14** ൽ നൽകിയിരിക്കുന്നു.

ആലുവ മുതൽ പാലാരിവട്ടം വരെ 13.4 കി.മീറ്റർ നീളത്തിൽ 11 സ്റ്റേഷനുകൾ അടങ്ങുന്ന ഒന്നാം റീച്ച് 19.6.2017ൽ ഉല്ഘാടനം ചെയ്തു. പാലാരിവട്ടം മുതൽ മഹാരാജാസ് കോളേജ് വരെ 4.892 കി.മീറ്റർ ദൈർഘ്യത്തിൽ 5 സ്റ്റേഷനുകൾ ഉൾപ്പെടുന്ന II എ റീച്ചിന്റെ ഉത്ഘാടനം 3.11.2018ൽ നടന്നു. 5.65 കിലോമീറ്റർ ദൈർഘ്യവും 5 സ്റ്റേഷനുകളും അടങ്ങിയ മഹാരാജാസ് കോളേജ് മുതൽ തൈക്കൂടം വരെയുള്ള റീച്ച് 2 ബി യുടെ പ്രവർത്തനം 2019 സെപ്റ്റംബർ 3 ന് കമ്മീഷൻ ചെയ്തു. പുതുക്കിയ പദ്ധതി ചെലവിന്റെ ഒന്നാം ഘട്ട സാമ്പത്തിക പുരോഗതി 5,687.79 കോടി രൂപ അഥവാ 98.59 ശതമാനമാണ്.

കൊച്ചി മെട്രോയുടെ മൊത്ത വരുമാനം 2017-18ലെ 44.67 കോടി രൂപയിൽ നിന്നും 2018-19ൽ 81.37 കോടി രൂപയായി വർദ്ധിച്ചു. 2017-18 ലെ 87.96 കോടി രൂപ മൊത്തം വരുമാനച്ചെലവ് അപേക്ഷിച്ച് 2018-19ൽ 101.30 കോടി രൂപയും പ്രവർത്തനനഷ്ടം 2017-18ലെ 43.29 കോടി രൂപ അപേക്ഷിച്ച് 2018-19ൽ 19.93 കോടി രൂപയാണ്. യാത്രക്കാരുടെ എണ്ണം 2018-19ൽ 100.71 ലക്ഷത്തിൽ നിന്ന് 126.25 ലക്ഷമായി ഉയർന്നു, ഇത് യാത്രികരുടെ എണ്ണത്തിൽ 25.54 ശതമാനം വർദ്ധന രേഖപ്പെടുത്തുന്നു. വിശദാംശങ്ങൾ അനുബന്ധം 11.1.20 ൽ നൽകിയിരിക്കുന്നു.

കെഎംആർഎൽ നിലവിലെ 13 സ്റ്റേഷനുകളുടെയും മേൽക്കൂരകളിൽ പോളി വിനൈൽ റൂഫ് ടോപ് സോളാർ പാനലുകൾ സ്ഥാപിക്കുകയും മുട്ടം ഡിപ്പോയിലെ വിവിധ കെട്ടിടങ്ങളിൽ നിന്നും ഉല്പ്പാദിപ്പിക്കുന്ന 2.670 മെഗാവാട്ട് ഉൾപ്പെടെ പ്രതിദിനം ശരാശരി 10,444 കിലോവാട്ട് വൈദുതി കെഎംആർഎൽ ഉത്പാദിപ്പിക്കുന്നു. മുട്ടം ഡിപ്പോയിൽ 2.719 മെഗാവാട്ട് ശേഷിയുള്ള ലാൻഡ് മൗണ്ടഡ് മോഡൽ സോളാർ മൊഡ്യൂളുൾ സ്ഥാപിക്കുന്നതിന് കെഎംആർഎൽ 2017 ഡിസംബർ 8 ന് എഎംപി സോളാർ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡുമായി കരാറിൽ ഏർപ്പെട്ടു, പവർ പർച്ചേസ് കരാർ പ്രകാരം എഎംപി സോളാർ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് 25 വർഷത്തേക്ക് വൈദ്യുതി നൽകും. പ്രതിദിനം ശരാശരി 12000 കിലോവാട്ട് വൈദ്യുതി നൽകുന്ന ഈ പദ്ധതി 2019 മാർച്ച് 31 ന് വിജയകരമായി കമ്മീഷൻ ചെയ്തു. മെട്രോ പരിസരത്തെ (വയഡാക്റ്റ്, ചുറ്റ് മതിൽ മുതലായവ) ഒഴിഞ്ഞ സ്ഥലങ്ങളിൽ സോളാർ പ്ലാന്റ് സ്ഥാപിക്കുന്നതിനും സാദ്ധ്യതാപഠനം നടത്തുന്നതിനും ഡിപിആർ തയ്യാറാക്കുന്നതിനും 2018 മെയ് 31 ന് M/s ടിയുവി എസ് യുഡി അന്തിമ ഡിപിആർ സമർപ്പിച്ചു.

തിരുവനന്തപുരം കോഴിക്കോട് നഗരങ്ങളിലെ ലൈറ്റ് മെട്രോ പദ്ധതി

ഒരു മാസ് റാപിഡ് ട്രാൻസിറ്റ് സിസ്റ്റം (എം.ആർ.റ്റി. എസ്സ്) എന്ന നിലയിൽ തിരുവനന്തപുരത്തും, കോഴിക്കോടും ലൈറ്റ് മെട്രോ പദ്ധതി നടപ്പിലാക്കുന്നതിനായി കേരളാ റാപിഡ് ട്രാൻസിറ്റ് സിസ്റ്റം കോർപ്പറേഷൻ ലിമിറ്റഡ് (കെ.ആർടി. എൽ) എന്ന സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിച്ചു. ഡൽഹി മെട്രോ റെയിൽ കോർപ്പറേഷൻ (ഡി.എം. ആർ.സി) ഇതിന്റെ വിശദമായ പദ്ധതി റിപ്പോർട്ട് (ഡി.പി.ആർ) തയ്യാറാക്കിയിട്ടുണ്ട്. മെട്രോ പദ്ധതികൾക്ക് കേരള സർക്കാർ 6,728 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ സംസ്ഥന സർക്കാരിന്റെ വിഹിതം 1,619 കോടി രൂപയും, കേന്ദ്ര ഗവണ്മെന്റിന്റെ വിഹിതം 1,278 കോടി രൂപയും വായ്പാ വിഹിതം 3,831 കോടി രൂപയുമാണ്. 13.33 കിലോമീറ്റർ ദൈർഘ്യവും 14 സ്റ്റേഷനുകളുള്ള കോഴിക്കോട് റൂട്ട് പദ്ധതിയുടെ ആദ്യ ഘട്ടമായി ഏറ്റെടുത്തു. പദ്ധതിയുടെ ഏകദേശ ചെലവ് തിരുവനന്തപുരത്തിന് 4,219.00 കോടി രൂപയും കോഴിക്കോട് 2,509 കോടി രൂപയും ചേർന്ന് ആകെ 6,728.00 കോടി രൂപ (കേന്ദ്ര നികുതിയും ഭൂമിയും ഉൾപ്പെടെ).

തിരുവനന്തപുരം, കോഴിക്കോട് എന്നിവിടങ്ങളിൽ ലൈറ്റ് മെട്രോ തുടങ്ങുന്നതിന് സർക്കാർ ഭരണാനുമതി

പട്ടിക 11.1.15 ജലമെട്രോ– ധനകാര്യ രീതി, രൂപ കോടിയിൽ

സ്രോതസ്സ്	ഒന്നാം ഘട്ടം	രണ്ടാം ഘട്ടം	അനുബന്ധപശ്ചാത്തലം	ആകെ
വായ്പ	181.81	132.78	265.12	579.71
ഓഹരി (ഇക്വിറ്റി)	32.08	23.43	46.79	102.30
ആകെ	213.89	156.21	311.91	682.01

അവലംബം- കെ.എം.ആർ.എൽ

നൽകി. രാജ്യത്തെ പുതിയ മെട്രോ പദ്ധതികൾക്ക് അനുയോജ്യമായി കേന്ദ്ര സർക്കാരിൽ നിന്നും ധനസഹായം ലഭിക്കുന്നതിന് നിർദ്ദേശങ്ങൾ സമർപ്പിക്കാൻ 2017 ആഗസ്റ്റ് മാസത്തിൽ കേന്ദ്ര സർക്കാർ പുതുക്കിയ മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചു. നിലവിൽ കേന്ദ്ര സർക്കാരിന്റെ പരിഗണനയിലുള്ള മെട്രോ റെയിൽ പദ്ധതികൾക്കും ഈ മാർഗ്ഗനിർദ്ദേശങ്ങൾ ബാധകമാണ്. തിരുവനന്തപുരം, കോഴിക്കോട് എന്നിവിടങ്ങളിലെ ലൈറ്റ് മെട്രോ പദ്ധതികൾക്കുള്ള നിർദ്ദേശങ്ങളും പുതിയ നയത്തിന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസരിച്ച് പരിഷ്കരിക്കേണ്ടതുണ്ട്. പദ്ധതി ചെലവ് യഥാക്രമം കോഴിക്കോടിന് 2,773 കോടി രൂപയും, തിരുവനന്തപുരത്തിന് 4,673 കോടി രൂപയുമാണ്. നിർദ്ദിഷ്ട കോഴിക്കോട് ലൈറ്റ് മെട്രോ ഇടനാഴിയിലൂടെ മാനാഞ്ചിറ – മീൻചന്ത റോഡ് വീതികൂട്ടുന്നതിനും ഭരണപരമായ അനുമതി നൽകിയിട്ടുണ്ട്. കിഫ്ബി ധനസഹായത്തോടെ തിരുവനന്തപുരത്ത് 3 ഫ്ലൈ ഓവർ നിർമ്മിക്കുന്നതിന് പ്രാഥമിക പ്രവർത്തനങ്ങൾ ഏറ്റെടുത്തു. ലൈറ്റ് മെട്രോ പദ്ധതികളുടെ ഡിപ്പോകൾ സ്ഥാപിക്കുന്നതിന് ആവശ്യമായ സർക്കാർ ഭൂമി കണ്ടെത്തി അനുവദിച്ചു.

ടെക്നോപാർക്കിനെ തിരുവനന്തപുരം ലൈറ്റ് മെട്രോയുമായി ബന്ധിപ്പിക്കുന്നതിന് സാധ്യതാ പഠനം നടത്താൻ യുഎംടിസി, ഹൈദരാബാദിനെ ചുമതലപ്പെടുത്തി. 2020 ഫെബ്രുവരി അവസാനത്തോടെ ഇതിന്റെ പഠനം പൂർത്തിയാക്കും.

ജല മെട്രോ പദ്ധതി

748 കോടി രൂപ ചെലവിൽ 76 കി.മീറ്റർ ദൈർഘ്യത്തിൽ 16 റൂട്ടുകളിലെ 38 ജെട്ടികൾ ഉൾപ്പെടുന്ന കൊച്ചി മെട്രോ വാട്ടർ പദ്ധതിയ്ക്ക് 2015 നവംബറിൽ അംഗീകാരം നൽകി. 682.01 കോടി രൂപയുടെ ഭരണാനുമതി ലഭ്യമായതിൽ, 579.71 കോടി രൂപ ലോൺ ഘടകവും 102.30 കോടി രൂപ സംസ്ഥാന വിഹിതവുമാണ്. കേന്ദ്ര സർക്കാരും കെ.എഫ്.ഡബ്ല്യൂ (ജർമ്മനി), കെ.എം ആർ.എൽ എന്നീ ഏജൻസികൾ തമ്മിൽ 2016 ജൂണിൽ ഏർപ്പെട്ട ത്രികക്ഷി ധാരണ പ്രകാരം 85 മില്യൺ യൂറോ ലഭിക്കുന്നതിനായി കരാർ ഒപ്പുവച്ചിട്ടുണ്ട്. എയ്ക്കോം കൺസോർഷ്യത്തെ ജനറൽ കൺസൾട്ടൻസിയായി അംഗീകരിച്ച് 2017 ജൂൺ 2ന് കരാർ ഒപ്പുവെച്ചു. വിശദാംശങ്ങൾ **പട്ടിക 11.1.15** ൽ ചേർത്തിരിക്കുന്നു. കൊച്ചി വാട്ടർ മെട്രോ പദ്ധതിയുടെ ആദ്യത്തെ ടെർമിനലിന്റെ (വൈറ്റില) ഗ്രൗണ്ട് ബ്രേക്കിംഗ് ചടങ്ങ് 2019 സെപ്റ്റംബർ 3 ന് ഉദ്ഘാടനം ചെയ്തു. 2019 സെപ്റ്റംബർ 4 ന് 100 പാക്സ് ബോട്ടുകൾ നിർമ്മിക്കുന്നതിന് കൊച്ചി ഷിപ്പ് യാർഡ് ലിമിറ്റഡിന് ലെറ്റർ ഓഫ് ഓതറൈസേഷൻ (എൽഒഎ) നൽകി. ലോട്ട് –2 ടെർമിനലുമായി ബന്ധപ്പെട്ട് മേരിമാതാ ഇൻഫ്രാസ്ട്രക്ചർ പ്രൈവറ്റ് ലിമിറ്റഡിന് 'നോട്ടീസ് ടു പ്രൊസീഡ്' (എൻടിപി) നൽകി. 15 ടെർമിനലുകളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് ഭൂമി ഏറ്റെടുക്കുന്നതിന് റവന്യൂ വകുപ്പിൽ നിന്ന് ഭരണാനുമതി ലഭിക്കുകയും ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുകയും ചെയ്യുന്നു. ആദ്യ ഘട്ടം 2020 നവംബറോടെ കമ്മീഷൻ ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നു.

ബോക്സ് 11.1.5 ഉഡാൻ (ഉഡെ ദേശ് ക ആം നാഗ്രിക്)

ചെറിയ നഗരങ്ങളിലെ സാധാരണക്കാർക്ക് വിമാന യാത്ര സൗകര്യപ്രദവും താങ്ങാനാകുന്നതുമാക്കി മാറ്റുന്നതിനായി നാഷണൽ സിവിൽ ഏവിയേഷൻ പോളിസിയുടെ (എൻസിഎപി) ഭാഗമാണ് ഉഡാൻ. ഒരു വിമാനത്താവളം പ്രവർത്തനക്ഷമമാക്കുന്നതിന് ആവശ്യമായ കൂടുതൽ വിഭവങ്ങളും നീണ്ട കാലയളവും ഒഴിവാക്കി നൂതനമായ മാതൃകയിലാണ് ഉഡാൻ പ്രവർത്തിക്കുന്നത്. ഉഡാൻ പ്രവർത്തനങ്ങൾ കൈകാര്യം ചെയ്യുന്ന ചെറിയ നഗരങ്ങളിൽ നിലവിലുള്ള എയർസ്ട്രിപ്പുകൾ പുനരുജ്ജീവിപ്പിക്കാനും നവീകരിക്കാനും ഈ പദ്ധതി സഹായിക്കുന്നു. കേന്ദ്രം, സംസ്ഥാനങ്ങൾ, എയർപോർട്ട് ഓപ്പറേറ്റർമാർ എന്നിവരിൽ നിന്നുള്ള ഇളവുകൾ വിപുലപ്പെടുത്തി എയർലൈൻ പ്രവർത്തനച്ചെലവ് കുറയ്ക്കുന്നു. ഈ പുതിയ സമീപനം ചെറിയ പട്ടണങ്ങളിലെ പരിമിത ജനസംഖ്യാ കേന്ദ്രങ്ങൾക്ക് വിമാന സേവനങ്ങൾ ലഭ്യമാക്കുക മാത്രമല്ല, അവർക്ക് സേവനങ്ങൾ താങ്ങാനാകുന്ന വിധത്തിൽ ലഭ്യമാക്കുകയും ചെയ്യുന്നു. 2017 ൽ ഉഡാൻ പ്രവർത്തനങ്ങൾ ആരഭിച്ചത് മുതൽ 61 പുതിയ മേഖലകളെക്കൂടി ഉൾപ്പെടുത്തി വ്യോമയാന ശൃംഖല വിപുലപ്പെടുത്തി. ചെറിയ നഗരങ്ങളെ മെട്രോ നഗരങ്ങളുമായി ബന്ധിപ്പിച്ച് പുതിയ പട്ടണ ജോഡികൾ രൂപം കൊള്ളുകയും പ്രാദേശിക കമ്പോളങ്ങൾ വളർച്ച നേടുകയും ചെയ്തു.

അവലംബം: ഡയറകടർ ജനറൽ ഓഫ് സിവിൽ ഏവിയേഷൻ

വ്യോമ ഗതാഗതം

രാജ്യത്തെ സിവിൽ ഏവിയേഷൻ മേഖലയുടെ വികസനത്തിനും നിയന്ത്രണത്തിനും ദേശീയ നയങ്ങളും പരിപാടികളും രൂപീകരിക്കുന്നതിന്റെ ഉത്തരവാദിത്തം സിവിൽ ഏവിയേഷൻ മന്ത്രാലയത്തിനാണ്. സിവിൽ ഏവിയേഷൻ മേഖലയിലെ സുരക്ഷാ പ്രശ്നങ്ങൾ പ്രധാനമായും കൈകാര്യം ചെയ്യുന്ന റെഗുലേറ്ററി ബോഡിയാണ് ഡിജിസിഎ. ഇന്ത്യയിലേയ്ക്കും/ തിരിച്ചും/ഇന്ത്യയ്ക്കകത്തും ഉള്ള വിമാന സർവ്വീസുകൾ നിയന്ത്രിക്കുന്നതും സിവിൽ എയർ റെഗുലേഷനുകൾ, വായു സുരക്ഷ, പറക്കൽ യോഗ്യത മാനദണ്ഡങ്ങൾ എന്നിവ നടപ്പിലാക്കുന്നതും ഡിജിസിഎയുടെ ഉത്തരവാദിത്വമാണ്. സ്വകാര്യ ഓപ്പറേറ്റർമാർക്ക് വിമാന സർവ്വിസ് നടത്തുവാൻ ഡിജിസിഎയുടെ അനുമതി ഉണ്ടായിരുന്നു. എന്നിരുന്നാലും, ഒരു വിദേശ വിമാനക്കമ്പനിക്കും ആഭ്യന്തര എയർലൈൻ കമ്പനിയിൽ നേരിട്ടോ അല്ലാതെയോ ഓഹരി കൈവശം വെക്കുവാൻ കഴിയില്ല. ഇന്ന്, ഇന്ത്യൻ വ്യോമയാന വ്യവസായത്തിൽ സ്വകാര്യ വിമാനക്കമ്പനികളാണ് ആധിപത്യം പുലർത്തുന്നത്, ചെലവ് കുറഞ്ഞ വിമാനകമ്പനികളുടെ വരവ്, വിമാനയാത്ര താങ്ങാവുന്ന തരത്തിലാക്കി.

പ്രാദേശിക വിമാനത്താവള വികസനവും ഭാരത സർക്കാരിന്റെ "റീജിയണൽ കണക്റ്റിവിറ്റി സ്കീം" (ആർസിഎസ്) അല്ലെങ്കിൽ ഉഡാൻ (ഉഡെ ദേശ്ക ആം നാഗ്രിക്) പരിപാടി **ബോക്സ്** 11.1.5 ൽ നൽകിയിരിക്കുന്നു.

മറ്റ് സംസ്ഥാനങ്ങളിൽ വ്യോമ ഗതാഗതം തലസ്ഥാന കേന്ദ്രീകൃതമാകുമ്പോൾ കേരളത്തിൽ അത് നാല് വ്യത്യസ്ത വിമാനത്താവളങ്ങളിൽ തുല്യമായി കൈകാര്യം ചെയ്യത് വരുന്നു. ഇന്ത്യയിലെ ഏറ്റവും തിരക്കേറിയ 15 വിമാനത്താവളങ്ങളിൽ കേരളത്തിലെ മൂന്ന് അന്താരാഷ്ട്ര വിമാനത്താവളങ്ങളും ഉൾപ്പെടുന്നു. സംസ്ഥാനത്ത് പ്രതിവർഷം എട്ട് ലക്ഷത്തിലധികം ആഭ്യന്തര യാത്രക്കാരും 50 ലക്ഷം അന്താരാഷ്ട്ര യാത്രക്കാരും ഈ വിമാനത്താവളങ്ങളിലെ സേവനങ്ങൾ ഉപയോഗിക്കുന്നു.

തിരുവനന്തപുരം, കൊച്ചി, കോഴിക്കോട്, കണ്ണൂർ എന്നീ നാല് അന്താരാഷ്ട്ര വിമാനത്താവളങ്ങൾ കേരളത്തിൽ പ്രവർത്തിക്കുന്നു. കേരളത്തിലെ എല്ലാ വിമാനത്താവളങ്ങളും അന്താരാഷ്ട്രാ വിമാനത്താവളങ്ങൾ ആണെന്ന പ്രത്യേകത കൂടി ഉണ്ട്. തെക്കെ ഇന്ത്യയിലെ പ്രധാനപ്പെട്ട വിമാനത്താവളമാണ് തിരുവനന്തപുരം അന്താരാഷ്ട്രാ വിമാനത്താവളം. ലോക വ്യോമയാന ഭൂപടത്തിലെ ഒൻപത് അന്താരാഷ്ട്രാ റൂട്ടുകൾ, എട്ട് ആഭ്യന്തര എയർ റൂട്ടുകൾ, എട്ട് വൻകിട ചെറുകിട വിമാനത്താവളങ്ങളുടെ നിയന്ത്രണം എന്നിവ തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളം വഹിക്കുന്നു. ഇന്ത്യയിലെ ഏറ്റവും തിരക്കേറിയ പന്ത്രണ്ടാമത്തെയും കേരളത്തിലെ മൂന്നാമത്തെയും വിമാനത്താവളമാണ് കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളം. കണ്ണൂർ അന്താരാഷ്ട്രാ വിമാനത്താവളം പൂർത്തിയായതോടെ കൂടുതൽ അന്താരാഷ്ട്രാ വിമാനത്താവളങ്ങൾ ഉള്ള തമിഴ് നാടിനൊപ്പം കേരളവും അണിചേർന്നു.

കൊച്ചി അന്താരാഷ്ട്ര വിമാനത്താവളം ലിമിറ്റഡ് (സിയാൽ)

കാനഡയിലെ മോൺട്രിയൽ ആസ്ഥാനമായുള്ള എയർ പോർട്ട് കൗൺസിൽ ഇന്റർനാണൽ (എ.സി.ഐ) 2016 അടിസ്ഥാനമാക്കി നടത്തിയ എയർപോർട്ട് സർവ്വീസ് ക്വാളിറ്റി (എ.എസ്.ക്യൂ) സർവ്വെയിൽ 50 മുതൽ 150 ലക്ഷം വരെ യാത്രക്കാരെ കൈകാര്യം ചെയ്യുന്ന വിഭാഗത്തിൽ ഉൾപ്പെട്ട വിമാനത്താവളങ്ങളിൽ മൂന്നാം സ്ഥാനം സിയാലിനാണ് നൽകിയിരിക്കുന്നത്. സമഗ്രവും സുസ്ഥിരവും ചെലവ് കുറഞ്ഞതുമായ നൂതന മോഡലുകൾ സിയാൽ പരീക്ഷിക്കുന്നു. അത്യാധുനിക സൗകര്യങ്ങളുള്ള നവീകരിച്ച ആഭ്യന്തര ടെർമിനൽ 2018 ഡിസംബർ 12 ന് ഉദ്ഘാടനം ചെയ്തു.

വിമാനത്താവളത്തിന് 3,400 മീറ്റർ നീളവും 45 മീറ്റർ വീതിയുള്ള കോഡ് ഇ റൺവേയാണ് ഉള്ളത്. പുതിയ ആഭ്യന്തര ടെർമിനലിന്റെ മൊത്തം വിസ്തീർണ്ണം നിലവിലുള്ള ഒരു ലക്ഷം ചതുരശ്ര അടിയിൽ നിന്ന് 6 ലക്ഷം ചതുരശ്രയടിയായി വർദ്ധിപ്പിച്ചു. 56 ചെക്ക് ഇൻ കൗണ്ടറുകൾ, 11 ഗേറ്റുകൾ, 7 എയ്റോബ്രിഡ്ജുകൾ എന്നിവ ഉൾപ്പെടുന്ന അത്യാധുനിക സൗകര്യങ്ങൾ ഇവിടെയുണ്ട്. ആധുനിക ബാഗേജ് കൈകാര്യം ചെയ്യാനുള്ള സൗകര്യവും വിമാനത്താവളത്തിന്റെ പ്രത്യേകതയാണ്. സൗരോർജ്ജ നിലയങ്ങളുടെ ശേഷി 40 മെഗാവാട്ട് ആയി ഉയർത്തിയതിന്റെ ഫലമായി 110 കെവി ഇലക്ട്രിക്കൽ സബ്സ്റ്റേഷൻ അടുത്തിടെ ഉദ്ഘാടനം ചെയ്തു. നിലവിൽ 40 മെഗാവാട്ട് സൗരോർജ്ജ നിലയങ്ങൾ പ്രതിദിനം 1.63 ലക്ഷം യൂണിറ്റ് വൈദ്യുതി ഉത്പാദിപ്പിക്കുന്നുണ്ട്. ഇതിൽ പ്രതിദിനം ശരാശരി ഉപഭോഗം 1.53 ലക്ഷം യൂണിറ്റാണ്. വൈദ്യുതി ബില്ലിലെ വാർഷിക ലാഭം 36 കോടി രൂപയും മാത്രമല്ല ഇതിലൂടെ ഉണ്ടാകാമായിരുന്ന 37,200 ടൺ ഹരിതഗൃഹ വാതകം പുറംതള്ളുന്നത് സൗരോർജ്ജ നിലയങ്ങൾ ഒഴിവാക്കുകയും ചെയ്യുന്നു.

2018–19 ൽ 41,104 ആഭ്യന്തര വിമാനങ്ങളും 30,762 അന്താരാഷ്ട്ര വിമാനങ്ങളും ഈ വിമാനത്താവളത്തിൽ നിന്ന് സർവീസ് നടത്തിയപ്പോൾ, 2019–20 (ഓഗസ്റ്റ് 30 വരെ) 17,574 ആഭ്യന്തര വിമാനങ്ങളും 12,659 അന്താരാഷ്ട്ര വിമാനങ്ങളും സർവീസ് നടത്തി. 2018–19ൽ 52,68,824 ആഭ്യന്തര യാത്രക്കാരും 49,32,265 അന്താരാഷ്ട്ര യാത്രക്കാരും ഇവിടെ നിന്നും വിവിധ സ്ഥലങ്ങളിലേക്ക് യാത്ര ചെയ്തപ്പോൾ 2019–20ൽ (30.8.2019 വരെ) ഇത് 22,67,923 ആഭ്യന്തര

യാത്രക്കാരും 21,20,217 അന്താരാഷ്ട്ര യാത്രക്കാരും ആയിരുന്നു. ആഭ്യന്തര സേവനങ്ങളിലൂടെ 2018–19ൽ 14,918 ടണ്ണും അന്താരാഷ്ട്ര സേവനങ്ങളിലൂടെ 61,447 ടണ്ണും ചരക്ക് കൈകാര്യം ചെയ്തു. 2019–20 ഓഗസ്റ്റ് 30 വരെ ആഭ്യന്തര സേവനങ്ങളിലൂടെ 17,574 ടണ്ണും അന്തർദേശീയ സേവനങ്ങളിലൂടെ 12,659 ടൺ ചരക്കുകളും കൈകാര്യം ചെയ്തു. ഇതിലൂടെ 2018–19 ൽ 650.34 കോടി രൂപയും, 2019–20 ൽ ഓഗസ്റ്റ് 30 വരെ 283.20 കോടി രൂപയും വരുമാനം നേടി. മറുവശത്ത്, 2018–19, 2019–20 (ഓഗസ്റ്റ് 30 വരെ) കാലയളവിൽ യഥാക്രമം 403.51 കോടി രൂപയും 160.39 കോടി രൂപയും ചെലവഴിച്ചു.
ഏഷ്യാ പസഫിക് മേഖലയിലെ എയർപോർട്ട് കൗൺസിൽ ഇന്റർനാഷനലിന്റെ (എസിഐ) സേവന ഗുണനിലവാര മാനദണ്ഡങ്ങൾക്ക് അനുസരിച്ച് വിമാനത്താവളത്തിൽ ഹരിത ഊർജ്ജ വിതരണം നടത്തിയതിന് ഐക്യരാഷ്ട്രസഭ ഏർപ്പെടുത്തിയ പരമോന്നത പാരിസ്ഥിതിക ബഹുമതി 'ഭൗമ അവാർഡ് 2018' സിയാലിന് നേടിക്കൊടുത്തു.

പെരിയാർ നദിയിൽ നിന്ന് 500 മീറ്റർ മാത്രം അകലെയാണ് സിയാൽ സ്ഥിതിചെയ്യുന്നത്. വെള്ളപ്പൊക്കം വിമാനത്താവളത്തിന്റെ പ്രവർത്തനത്തെ സാരമായി ബാധിച്ചു. ഇത് കാരണം 2018 ഓഗസ്റ്റ് 15 മുതൽ ഓഗസ്റ്റ് 29 വരെയുള്ള കാലയളവിൽ വിമാനത്താവളം അടച്ചിടേണ്ടി വന്നു.

കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളം ലിമിറ്റഡ് (കിയാൽ)

കണ്ണൂർ അന്തർദേശീയ വിമാനത്താവളം നിർമ്മിച്ച്, പ്രവർത്തിപ്പിക്കുന്നതിന് കേരള സർക്കാർ കണ്ണൂർ അന്താരാഷ്ട്രാ വിമാനത്താവളം ലിമിറ്റഡ് (കിയാൽ) രൂപീകരിച്ചിട്ടുണ്ട്. രണ്ടു ഘട്ടങ്ങളിലായാണ് കിയാൽ, കണ്ണൂർ വിമാനത്താവള വികസനം നടപ്പിലാകുന്നത്. ഒന്നാം ഘട്ട പ്രവർത്തനങ്ങൾ 2016–17 മുതൽ 2025–26 വരെയും, രണ്ടാംഘട്ട വികസന പ്രവർത്തനങ്ങൾ 2026–27 മുതൽ 2045–46 വരെയുമാണ്. ഒന്നാം ഘട്ടത്തിൽ പ്രതിവർഷം 39,638 എണ്ണം വിമാനങ്ങൾ (തിരക്കേറിയ സമയങ്ങളിൽ 18 എണ്ണം വരെ), 4.67 ദശലക്ഷം യാത്രക്കാർ, 60,758 ടൺ ചരക്കുകൾ എന്നിവ പ്രസ്തുത വിമാനതാവളത്തിൽ കൈകാര്യം ചെയ്യാൻ സാധിക്കും.

3,050 മീറ്റർ ദീർഘമുള്ള റൺവെ (10,006.56 അടി), 96,000 ച.മീ വിസ്തൃതിയുള്ള ടെർമിനൽ കെട്ടിടം, 20 പാർക്കിംഗ് സ്റ്റാന്റ് (ഏപ്രൺ), 22,000 ച.മീ. കാർ/ബസ് പാർക്കിംഗ്, 1200 ച.മീ. എ.ടി.സി/ടെക്നിക്കൽ ബിൽഡിംഗ്, 7,750 ച.മീ. ഗ്രൗണ്ട് സർവ്വീസ് എക്വിപ്മെന്റ് പാർക്കിംഗ് ഏരിയ തുടങ്ങിയ സൗകര്യങ്ങളും ഇവിടെ ലഭ്യമാണ്. ഡയറക്ടർ ബോർഡിന്റെ തീരുമാന പ്രകാരം റണ്വെ ദൈർഘ്യം 3,050 മീറ്ററിൽ നിന്നും 3,400 മീറ്ററായി വർദ്ധിപ്പിക്കുന്നതിനാവശ്യമായ ഭൂമി ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു.

2018–19 കാലയളവിൽ 1,579 ആഭ്യന്തര വിമാനങ്ങളും 578 അന്താരാഷ്ട്ര വിമാനങ്ങളും ഇവിടെ നിന്നും സർവീസ് നടത്തിയിട്ടുണ്ട്. 2019–20 ൽ (2019 സെപ്റ്റംബർ 30 വരെ) ഇത് 5,439 ആഭ്യന്തര വിമാനങ്ങളും 2,649 അന്താരാഷ്ട്ര വിമാനങ്ങളുമാണ്. 2018–19 ൽ 1, 35,251 ആഭ്യന്തര യാത്രക്കാരും 89,134 അന്താരാഷ്ട്ര യാത്രക്കാരും യാത്ര ചെയ്തപ്പോൾ 2019–20 ൽ 4, 60,490 ആഭ്യന്തര യാത്രക്കാരും 4, 06,899 അന്താരാഷ്ട്ര യാത്രക്കാരും യാത്ര ഇവിടെ നിന്നും വിവിധ സ്ഥലങ്ങളിലേക്ക് ചെയ്തു. 2018–19ൽ വരുമാനം 19.36 കോടി രൂപയും 2019–20ൽ (2019 സെപ്റ്റംബർ 30 വരെ) 47.01 കോടി രൂപയുമാണ്. അതേസമയം 2018–19, 2019–20 കാലയളവിൽ ചെലവ് യഥാക്രമം 76 കോടി രൂപയും 83.15 കോടി രൂപയുമാണ് (2019 സെപ്റ്റംബർ 30 വരെ).

ജലഗതാഗതം

ജലഗതാഗതം ചെലവു കുറഞ്ഞ ഗതാഗത രീതിയാണ്. ഇത് സുരക്ഷിതവും ഊർജ്ജക്ഷമതയുമുള്ളതും കൂടുതൽ പരിസ്ഥിതി സൗഹൃദവും ഏറ്റവും കുറവ് കാർബൺ നിർഗമനവും ഉള്ളതാകുന്നു. കേരളത്തിൽ റോഡ്, റെയിൽ ഗതാഗതം എന്നിവയ്ക്ക് അനുയോജ്യമായ അനുബന്ധമായി ഉപയോഗിക്കാവുന്ന ദരു ഗതാഗത രീതിയാണിത് ഇതിന് വലിയ ഭാരങ്ങൾ ഉൾക്കൊള്ളാനുള്ള ശേഷിയുണ്ട്. കൂടാതെ കൂടുതൽ ദൂരത്തേക്ക് ഭാരിച്ച സാധനങ്ങൾ വഹിക്കാനും അനുയോജ്യമാണ്. ജലഗതാഗതത്തിന് പ്രധാനമായും മൂന്ന് പ്രാഥമിക വിഭാഗങ്ങളാണുള്ളത്. സമുദ്രഗതാഗതം, ഉൾനാടൻ ജലഗതാഗതം, തീരദേശ കപ്പൽ ഗതാഗതം എന്നിവയാണ്. തീരദേശ തുറമുഖങ്ങൾ, ഉൾനാടൻ തുറമുഖങ്ങൾ, റെയിൽ വികസനം, ടക്ക് റൂട്ടുകൾ തുടങ്ങിയവ ഉൾപ്പെടുന്ന സങ്കീർണ്ണ ശൃംഖലയായ ഇത് സാമ്പത്തിക അടിത്തറയുടെ മൂലാധാരമായി ലോകമെമ്പാടും വ്യാപിച്ച് കിടക്കുന്നു. ജലഗതാഗതത്തിന്റെ കാര്യക്ഷമതയും സുസ്ഥിരതയും ഉയർത്തുന്നതിലൂടെ ജലഗതാഗതവുമായി ബന്ധപ്പെട്ട സുപ്രധാന കാര്യങ്ങൾക്ക് ഒരു സമഗ്രമായ ചട്ടക്കൂട് രൂപപ്പെടുത്തേണ്ടതാണ്. തീരദേശ കപ്പൽ ഗതാഗതം, വിദേശ വ്യാപാരം, ഉൾനാടൻ ജലഗതാഗതം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനും തുറമുഖങ്ങളുടേയും ഉൾനാടൻ ജലപാതകളുടേയും സമഗ്രവികസനത്തിനായും ഉള്ള വിവിധ സർക്കാർ പദ്ധതികളും നയങ്ങളുമാണ് ഈ അദ്ധ്യായത്തിൽ പ്രതിപാദിച്ചിരിക്കുന്നത്.

തുറമുഖ മേഖല

സാമ്പത്തിക പ്രവർത്തനങ്ങളുടെ പ്രധാന കേന്ദ്രങ്ങളിലൊന്നാണ് തുറമുഖങ്ങൾ. ചരിത്രപരമായി

നഗരങ്ങളുടെയും വ്യാവസായിക ക്ലസ്റ്ററുകളുടെയും വികസനത്തിന് തുറമുഖങ്ങൾ ആക്കം കൂട്ടി. 1980 കൾക്ക് ശേഷം, വ്യാപാരത്തിനുള്ള അന്താരാഷ്ട്ര തടസ്സങ്ങൾ കുറയാൻ തുടങ്ങിയപ്പോൾ മുതൽ, ഉൽപ്പാദകർക്ക് അവരുടെ ഉൽപാദന സംയോജന സൗകര്യങ്ങൾ ചെലവ് കുറഞ്ഞ സ്ഥലത്തേക്ക് മാറ്റിസ്ഥാപിക്കാൻ കഴിഞ്ഞു. അസംസ്കൃത വസ്തുക്കളുടെയും അന്തിമ ഉൽപ്പന്നങ്ങളുടെയും ചരക്ക് ഗതാഗതം ഇരു ദിശയിലും വൻതോതിൽ വർദ്ധിക്കാൻ ഇത് കാരണമായി. ലോക കപ്പൽ മേഖല ആഗോള ചരക്ക് കൈമാറ്റം മാത്രമല്ല, സമുദ്ര സംബന്ധമായ മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് ഉപജീവനവും നൽകുന്നു. 2018 ൽ അന്താരാഷ്ട്ര സമുദ്ര വ്യാപാര പ്രവർത്തനത്തിന്റെ വേഗത നഷ്ടപ്പെട്ടതായി മാരിടൈം ട്രാൻസ്പോർട്ടിന്റെ അവലോകനം, 2019 (ഐക്യരാഷ്ട്ര വ്യാപാരവും വികസനവും സംബന്ധിച്ച കോൺഫറൻസ് (യു. എൻ.സി.ടി.ഡി) വെളിപ്പെടുത്തുന്നു. ഈ കാലയളവിൽ മൊത്തം ചരക്ക് നീക്ക അളവ് 2.7 ശതമാനമായി മാത്രം വികസിച്ചു, ഇത് 2017 ൽ 4.1 ശതമാനമായിരുന്നു. 2017 ൽ ലോക വ്യാപാര പ്രവർത്തനങ്ങൾക്ക് വേഗത കൂടിയിരുന്നു. എന്നാൽ അന്താരാഷ്ട്ര വ്യാപാര പിരിമുറുക്കങ്ങളും സംരക്ഷണവാദവും ആഗോള വാണിജ്യത്തിന്റ ഭാവിയിൽ ഇരുട്ട് പടർത്തി. നിരവധി തടസ്സങ്ങൾ ഉണ്ടായിരുന്നിട്ടും, ആഗോള വ്യാപാരത്തിന്റെ മൊത്തം അളവ് 2018 ൽ 11 ബില്ല്യൺ ടണ്ണിലെത്തി. 2019–24 കാലഘട്ടത്തിൽ 3.5ശതമാനം വളർച്ച കൈവരിക്കുമെന്ന് യു.എൻ.സി.റ്റി.എ.ഡി പ്രവചിക്കുന്നു. ആഗോള വ്യാപാരത്തിന്റെ 80 ശതമാനവും മൂല്യത്തിന്റെ 70 ശതമാനവും അന്താരാഷ്ട്ര കപ്പൽ ഗതാഗതം വഴിയാണ് കടത്തുന്നത്. 2018 ജനുവരിയിലെ കണക്കനുസരിച്ച് ആകെ 53,732 കപ്പലുകളാണുള്ളത്. ഇതിൽ, 17,000 ചരക്ക് കപ്പലുകളും 11,562 ബൾക്ക് കാരിയറുകളും 7,400 എണ്ണ ടാങ്കറുകളുമായിരുന്നു. 2018 ലെ സാമ്പത്തിക സർവേ പ്രകാരം, ഇന്ത്യയുടെ വ്യാപാരത്തിന്റെ അളവിന്റെ 95 ശതമാനവും മൂല്യത്തിന്റെ 68 ശതമാനവും കടലിലൂടെയാണ് കടത്തുന്നത്. ലോകത്ത് ഏകദേശം 1,300 പ്രധാന തുറമുഖങ്ങളുണ്ട്. ഇന്ത്യൻ മഹാസമുദ്രത്തിൽ 200 പ്രധാന തുറമുഖങ്ങളും ഇന്ത്യയ്ക്ക് 12 പ്രധാന തുറമുഖങ്ങളുമുണ്ട്.

7,500 കിലോമീറ്ററിലധികം നീളമുള്ള കടൽത്തീരം ഇന്ത്യയിലുണ്ട്. കിഴക്കൻ ഏഷ്യയ്ക്കും–അമേരിക്കയ്ക്കും, യൂറോപ്പിനും–ആഫ്രിക്കയ്ക്കും ഇടയിൽ സഞ്ചരിക്കുന്ന മിക്ക ചരക്ക് കപ്പലുകളും ഇന്ത്യൻ പ്രദേശത്തെ കടലിലൂടെയാണ് കടന്നുപോകുന്നത്. ലോകത്തിലെ താപ കൽക്കരി ഏറ്റവും കൂടുതൽ ഇറക്കുമതി ചെയ്യുന്ന രാജ്യമാണ് ഇന്ത്യ. സമുദ്രമേഖല വികസിപ്പിക്കുന്നതിനുള്ള ഒരു സംരംഭമായ നാഷണൽ മാരിടൈം ഡവലപ്മെന്റ് പ്രോഗ്രാം (എൻഎംഡിപി) കേന്ദ്ര സർക്കാർ 'ആരംഭിച്ചു'. ഈ പദ്ധതിയുടെ ബജറ്റ് വിഹിതം 11.8 ബില്യൺ യു.എസ് ഡോളർ ആണ് (നിലവിലെ നിരക്ക് അനുസരിച്ച് ഏകദേശം 84,116 കോടി ഡോളർ). 2020 ഓടെ പ്രതീക്ഷിക്കുന്ന 2,500 മെട്രിക് ടൺ ചരക്ക് കൈകാര്യം ചെയ്യുന്നതിനായി 3,200 ദശലക്ഷം മെട്രിക് ടൺ (എംഎംടി) തുറമുഖ ശേഷി സൃഷ്ടിക്കുക എന്നതാണ് പ്രധാന ലക്ഷ്യം. കിഴക്ക്, പടിഞ്ഞാറൻ തീരങ്ങളിൽ 6 വീതമായി രാജ്യത്ത് 12 പ്രധാന തുറമുഖങ്ങളുണ്ട്. ഇന്ത്യയിൽ 200 ഓളം ചെറുകിട തുറമുഖങ്ങളുണ്ട്. അതിൽ മൂന്നിലൊന്ന് പ്രവർത്തനക്ഷമമാണ്. പ്രധാന തുറമുഖങ്ങൾ കേന്ദ്രസർക്കാരിന്റെ അധികാരപരിധിയിലാണ്. ചെറുകിട തുറമുഖങ്ങൾ അതത് സംസ്ഥാന സർക്കാരുകളുടെ മാരിടൈം ബോർഡുകളുടെ (ജിഎംബി) അധികാരപരിധിയിലാണ്. പ്രധാന തുറമുഖങ്ങൾ ചെന്നൈ, കാമരാജർ, എണ്ണൂർ, വിഒ ചിദംബരനാർ (തമിഴ്നാട്), കൊച്ചി (കേരളം), കണ്ട്ല (ഗുജറാത്ത്), കൊൽക്കത്ത (പശ്ചിമ ബംഗാൾ), മുംബൈ, ജവഹർലാൽ നെഹ്റു പോർട്ട് ട്രസ്റ്റ് (ജെഎൻപിടി) (മഹാരാഷ്ട്ര) ന്യൂ മംഗലാപുരം (കർണാടക), പാരദീപ് (ഒഡീഷ), വിശാഖപട്ടണം (ആന്ധ്രപ്രദേശ്) എന്നിവയാണ്.

ഇന്ത്യയിലെ പ്രധാന തുറമുഖങ്ങൾ കൈകാര്യം ചെയ്യുന്ന ചരക്ക് വിവരം

ഇന്ത്യയിലെ പ്രധാന തുറമുഖങ്ങൾ 2019 ഏപ്രിൽ മുതൽ ഒക്ടോബർ വരെയുള്ള കാലയളവിൽ 405.391 ലക്ഷം ടൺ ചരക്ക് കൈകാര്യം ചെയ്തിട്ടുണ്ട്. ഇത് 2018 ഏപ്രിൽ മുതൽ ഒക്ടോബർ വരെയുള്ള കാലയളവിനേക്കാൾ 0.44 ശതമാനം കൂടുതലാണ്. മൊത്തം ചരക്ക് ഗതാഗതത്തിന്റെ 33.21 ശതമാനം പെട്രോളിയം (ക്രൂഡ് ഉൽപന്നങ്ങൾ/എൽ.എൻ.ജി) എന്നിവ ഉൾപ്പെട്ട വിഭാഗമാണ്. മുൻ വർഷം ഇതേ കാലയളവിൽ ഇത് 33.11 ശതമാനമായിരുന്നു. കഴിഞ്ഞ വർഷവുമായി താരതമ്യപ്പെടുത്തുമ്പോൾ പി.ഒ.എൽ (2.17ശതമാനം), ഉരുളകൾ ഉൾപ്പെടെയുള്ള ഇരുമ്പയിര് (32.74ശതമാനം), വളം (7.88 ശതമാനം), പാചകം, മറ്റ് കൽക്കരി (14.86), അസംസ്കൃത രാസവളങ്ങൾ (14.65) എന്നീ ഇനങ്ങളുടെ ചരക്ക് ഗതാഗതത്തിൽ വർദ്ധനവ് ഉണ്ടായി. എന്നാൽ മറ്റ് ദ്രാവകങ്ങൾ, (–1.50), താപ, നീരാവി കൽക്കരി (–13.16), മറ്റ് വസ്തുക്കൾ (–8.33) എന്നിവയുടെ വ്യാപാരത്തിൽ കുറവുണ്ടായി. വിശദാംശങ്ങൾ **പട്ടിക 11.1.16** ൽ കാണിച്ചിരിക്കുന്നു

ഇന്ത്യയിലെ പ്രധാന തുറമുഖങ്ങളിൽ ചരക്കുകൈകാര്യം ചെയ്യുന്നതിന്റെ വളർച്ച 2019 ൽ 1.85 ശതമാനമാണ്. ഇന്ത്യൻ പോർട്ട്സ് അസോസിയേഷന്റെ കണക്കനുസരിച്ച് 2018 ലെ വളർച്ച 4.77 ശതമാനവും 2017 ൽ 6.91 ശതമാനവുമായിരുന്നു. 2018 ലെ പോലെ തന്നെ കൊച്ചി തുറമുഖം 2019 ലും ചരക്ക് കൈകാര്യം ചെയ്യുന്നതിൽ ഏറ്റവും ഉയർന്ന വളർച്ചാ നിരക്ക് (9.00) രേഖപ്പെടുത്തി. കിഴക്കൻ തുറമുഖങ്ങളിലെ ചരക്കുകളുടെ വളർച്ച ഇപ്രകാരമാണ്, കൊൽക്കത്ത (6.73

പട്ടിക 11.1.16 പ്രധാന തുറമുഖങ്ങളിൽ കൈകാര്യം ചെയ്യുന്ന ചരക്ക് വിവരം ('000 ടണ്ണിൽ)

ചരക്ക്	പി.എ.എൽ	മറ്റുള്ളവ	ഇരുമ്പ് അയിര്	വളം		കൽക്കരി		കണ്ടയ്നർ	മറ്റുള്ളവ	ആകെ
കാലയളവ്	ക്രൂഡ്, ഉൽപന്നം, എൽ. പി.ജി.,എൽ. എൻ.ജി)	ലിക്വിഡ്	പെട്ടിട്ട് ഉൾപ്പെടെ	അന്തിമ ഉൽപന്നം	അസംസ്കൃതം	താപവും നിരാവിയും	പാചകവും മറ്റുള്ളവയും	ടൺ അളവ്	പലവക കാർഗോ	
2019 ഏപ്രിൽ മുതൽ ആഗസ്റ്റ് വരെ	97580	12526	21504	3968	2226	38690	24958	63554	28798	293804
മൊത്ത-ത്തിന്റെ ശതമാനം	33.21	4.26	7.32	1.35	0.76	13.17	8.49	21.63	9.8	100
2018 ഏപ്രിൽ മുതൽ ആഗസ്റ്റ് വരെ	95507	12717	16200	3678	2608	44552	21730	60060	31415	288467
മൊത്ത-ത്തിന്റെ ശതമാനം	33.11	4.41	5.62	1.28	0.9	15.44	7.53	20.82	10.89	100
മുൻവർഷ-ത്തിൽ നി-ന്നുള്ള മാറ്റ ശതമാനം	2.17	−1.50	32.74	7.88	−14.65	−13.16	14.86	5.82	−8.33	1.85

അവലംബം: ഇന്ത്യൻ തുറമുഖ അസോസിയേഷൻ

ശതമാനം), പാരദ്വീപ് (4.86 ശതമാനം), വിശാഖപട്ടണം (7.63 ശതമാനം), എണ്ണൂർ (−5.8 ശതമാനം), ചെന്നൈ (−7.2 ശതമാനം), വിഒ ചിദംബരനാർ (7.29 ശതമാനം). എന്നാൽ പടിഞ്ഞാറൻ ഭാഗത്തെ തുറമുഖങ്ങളിലെ വളർച്ചാനിരക്ക് കൊച്ചി തുറമുഖം (9.00 ശതമാനം), ന്യൂ മംഗലാപുരം (−12.37 ശതമാനം), മോർമുഗാവോ (−21.3 ശതമാനം), ജെഎൻപിടി (0.45 ശതമാനം), മുംബൈ (2.83%), കാണ്ട് ല (5.39) എന്നിങ്ങനെയാണ്.

ചിത്രം 11.1.5 ഇന്ത്യയിലെ പ്രധാന തുറമുഖങ്ങളുടെ സ്ഥാനവും 2019 ലെ ചരക്ക് വളർച്ചാ നിരക്കും

ഉറവിടം: ഇന്ത്യൻ തുറമുഖ അസോസിയേഷൻ

ഭൂമിശാസ്ത്രപരമായി നോക്കിയാൽ, തെക്കേ അറ്റത്തുള്ള തുറമുഖങ്ങളും വടക്ക് വൻകരയ്ക്കടുത്തുള്ള തുറമുഖങ്ങളും ചരക്ക് കൈകാര്യം ചെയ്യുന്നതിൽ ഗണ്യമായ വളർച്ച കാണിക്കുന്നു. ഇവയ്ക്കിടയിലുള്ള തുറമുഖങ്ങൾ നെഗറ്റീവ് വളർച്ചയോ കുറഞ്ഞ വളർച്ചയോ കാണിക്കുന്നു. പ്രധാന തുറമുഖങ്ങൾ കൈകാര്യം ചെയ്യുന്ന ചരക്കുകളുടെ വിശദാംശങ്ങൾ അനുബന്ധം 11.1.21 ൽ കാണിച്ചിരിക്കുന്നു. ഇന്ത്യയിലെ പ്രധാന തുറമുഖങ്ങളിലെ ചരക്കുകളുടെ സ്ഥാനവും വളർച്ചയും **ചിത്രം 11.1.5** കാണിക്കുന്നു.

പ്രവർത്തിക്കുന്ന തുറമുഖങ്ങൾ

ഇന്ത്യയിൽ 12 പ്രധാന തുറമുഖങ്ങളും 200 ചെറുകിട തുറമുഖങ്ങളുമുണ്ട്. പന്ത്രണ്ട് പ്രധാന തുറമുഖങ്ങളും ചരക്ക് കൈകാര്യം ചെയ്യുന്നു. എന്നാൽ 200 ചെറുകിട തുറമുഖങ്ങളിൽ 66 എണ്ണം മാത്രമാണ് വ്യാപാര പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുന്നത്. മറ്റുള്ളവ പ്രധാനമായും മത്സ്യബന്ധനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്നു. ചെറുകിട തുറമുഖങ്ങളുടെ വിശദാംശങ്ങൾ **പട്ടിക 11.1.17** ൽ നൽകിയിരിക്കുന്നു.

പട്ടിക 11.1.17 ഇന്ത്യയിലെ ചെറുകിട തുറമുഖങ്ങളുടെ വിശദാംശങ്ങൾ

ക്രമനമ്പർ	സംസ്ഥാനം	ചെറുകിട തുറമുഖങ്ങൾ (എണ്ണം)	ചെറുകിട തുറമുഖങ്ങൾ (പ്രവർത്തിക്കുന്നവ)
1	ഗുജറാത്ത്	41	14
2	ആന്ധ്രാപ്രദേശ്	12	5
3	മഹാരാഷ്ട്ര	48	15
4	കർണ്ണാടക	11	7
5	ലക്ഷദ്വീപ്	10	0
6	ഗോവ	5	1
7	പുതുച്ചേരി	2	2
8	ദാമൻ ദിയു	2	0
9	പശ്ചിമ ബംഗാൾ	1	0
10	തമിഴ്നാട്	15	7
11	കേരളം	17	4
12	ഒഡീഷ	13	2
13	ആൻഡമാൻ നിക്കോബാർ	23	9
	ആകെ	200	66

ഉറവിടം: കേന്ദ്ര കപ്പൽ ഗതാഗത മന്ത്രാലയം, ലോകസഭാ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3821, ലോകസഭാ 09/08/2018

പട്ടിക 11.1.18 ഇന്ത്യയിലെ ചെറുകിട തുറമുഖങ്ങൾ കൈകാര്യം ചെയ്യുന്ന ചരക്ക് ഗതാഗതം – ('000 ടണ്ണിൽ)

വർഷം	അന്താരാഷ്ട്രം	ശതമാന മാറ്റം	ആഭ്യന്തരം/ തീരദേശം	ശതമാന മാറ്റം	ആകെ	ശതമാന മാറ്റം
2015–16	411836		54035		465871	
2016–17	418499	1.62	66715	23.47	485214	4.15
2017–18	450811	7.72	78278	17.33	529089	9.04

ഉറവിടം: ഇന്ത്യൻ പോർട്സ് അസോസിയേഷൻ

പട്ടിക 11.1.19 കേരളത്തിലെ ചെറുകിട തുറമുഖങ്ങൾ കൈകാര്യം ചെയ്യുന്ന ചരക്ക് ഗതാഗതം ('000 ടണ്ണിൽ)

വർഷം	അന്താരാഷ്ട്രം	ശതമാന മാറ്റം	ആഭ്യന്തരം/ തീരദേശം	ശതമാന മാറ്റം	ആകെ	ശതമാന മാറ്റം
2015–16	16		128		144	
2016–17	10	–37.5	131	2.34	141	–2.08
2017–18	6	–40	132	0.76	138	–2.13

ഉറവിടം: ഇന്ത്യൻ പോർട്സ് അസോസിയേഷൻ

പട്ടിക 11.1.20 കർണാടകയിലെ ചെറുകിട തുറമുഖങ്ങൾ കൈകാര്യം ചെയ്യുന്ന ചരക്ക് ഗതാഗതം – ('000 ടണ്ണിൽ)

വർഷം	അന്താരാഷ്ട്രം	ശതമാന മാറ്റം	ആഭ്യന്തരം/ തീരദേശം	ശതമാന മാറ്റം	ആകെ	ശതമാന മാറ്റം
2015–16	553		282		835	
2016–17	373	–32.55	334	18.44	707	–15.33
2017–18	319	–14.48	361	8.08	680	–3.82

ഉറവിടം: ഇന്ത്യൻ പോർട്സ് അസോസിയേഷൻ

പട്ടിക 11.1.21 തമിഴ്നാട്ടിലെ ചെറുകിട തുറമുഖങ്ങൾ കൈകാര്യം ചെയ്യുന്ന ചരക്ക് ഗതാഗതം ('000 ടണ്ണിൽ)

വർഷം	അന്താരാഷ്ട്രം	ശതമാന മാറ്റം	ആഭ്യന്തരം/ തീരദേശം	ശതമാന മാറ്റം	ആകെ	ശതമാന മാറ്റം
2015–16	439		417		856	
2016–17	641	46.01	511	22.54	1152	34.58
2017–18	537	–16.22	566	10.76	1103	–4.25

ഉറവിടം: ഇന്ത്യൻ പോർട്സ് അസോസിയേഷൻ

ഇന്ത്യയിലെ ചെറുകിട തുറമുഖങ്ങളിൽ ചരക്ക് കൈകാര്യം ചെയ്യൽ

ഇന്ത്യയിലെ പ്രധാന ഇതര തുറമുഖങ്ങൾ കൈകാര്യം ചെയ്യുന്ന മൊത്തം ചരക്ക് 2017–18 കാലയളവിൽ 9.04 ശതമാനം വർദ്ധിച്ചു. 2016–17ൽ 4.15 ശതമാനമായിരുന്നു വർദ്ധനവ്. അതേസമയം, കേരളത്തിലെ ചെറുകിട തുറമുഖങ്ങൾ കൈകാര്യം ചെയ്യുന്ന ചരക്ക് തുടർച്ചയായി കുറയുന്നു (2016–17 ൽ –2.08, 2017–18 ൽ –2.13). വിശദാംശങ്ങൾ പട്ടിക **11.1.18, 11.1.19** എന്നിവയിൽ നൽകിയിട്ടുണ്ട്. കർണാടകത്തിലെയും തമിഴ്നാട്ടിലെയും ചെറുകിട തുറമുഖങ്ങളുടെ കാര്യവും ഇതുതന്നെ. കർണാടകയിലെ ചെറുകിട തുറമുഖങ്ങൾ കൈകാര്യം ചെയ്യുന്ന മൊത്തം ചരക്ക് ഗതാഗതം 2017–18ൽ 3.82 ശതമാനം കുറഞ്ഞു. 2016–17ൽ ഇത് 15.33 ശതമാനമായിരുന്നു. അതുപോലെ, തമിഴ്നാട്ടിലെ ചെറുകിട തുറമുഖങ്ങൾ കൈകാര്യം ചെയ്യുന്ന മൊത്തം ചരക്ക് 2017–18ൽ 4.25 ശതമാനം കുറഞ്ഞു. വിശദാംശങ്ങൾ **പട്ടിക 11.1.20, 11.1.21** എന്നിവയിൽ കാണിച്ചിരിക്കുന്നു.

ചെറുകിട തുറമുഖങ്ങളിലെ യാത്രക്കാരുടെ ഗതാഗതം

യാത്രക്കാരെയും ചരക്കുകളെയും കയറ്റാൻ തുറമുഖങ്ങൾ ഉപയോഗിക്കുന്നു. കേരളം, തമിഴ്നാട്, കർണാടക എന്നിവിടങ്ങളിലെ ചെറുകിട തുറമുഖങ്ങളിലൂടെ സഞ്ചരിച്ച യാത്രക്കാരുടെ വിശദാംശങ്ങൾ **പട്ടിക 11.1.22** ൽ നൽകിയിരിക്കുന്നു. കേരളത്തെയും കർണാടകയെയും അപേക്ഷിച്ച് ധാരാളം യാത്രക്കാരെ തമിഴ്നാട് കൈകാര്യം ചെയ്യുന്നു.

ഇന്ത്യയിലെ ചെറുകിട തുറമുഖങ്ങളുടെ ശേഷി വിനിയോഗം

സാഗർമാല, സാഗർ പദ്ധതികളിലൂടെ രാജ്യത്തെ തുറമുഖങ്ങളുടെ ശേഷി ഉയർത്തുന്നതിനായി ഇന്ത്യാ ഗവൺമെന്റ് പദ്ധതി നടപ്പിലാക്കുന്നുണ്ട്. കേരളത്തിലെ ചെറുകിട തുറമുഖങ്ങളുടെ മൊത്തം ശേഷി 0.55 ദശലക്ഷം ടൺ ആണ്, അതിന്റെ ശേഷിയുടെ 37.10 ശതമാനം മാത്രമാണ് ഉപയോഗിച്ചത്. രാജ്യത്തെ ഏറ്റവും കൂടുതൽ ചരക്ക് കൈമാറ്റ ശേഷിയുള്ള (542 ദശലക്ഷം ടൺ) ഗുജറാത്ത് തന്നെയാണ് 2018–19 ൽ ഏറ്റവും കൂടുതൽ ചരക്ക് കൈകാര്യം ചെയ്തത്. ശേഷി വിനിയോഗത്തിന്റെ വിശദാംശങ്ങൾ **പട്ടിക 11.1.23** ൽ നൽകിയിരിക്കുന്നു.

കേരളത്തിലെ തുറമുഖങ്ങൾ

കേരള തീരത്തിന് ഏകദേശം 585 കിലോമീറ്റർ ദൈർഘ്യമുണ്ട്. കൊച്ചിയിൽ ഒരു പ്രധാന തുറമുഖവും മറ്റിടങ്ങളിലായി 17 ചെറുകിട തുറമുഖങ്ങളുമുണ്ട്. കേരളത്തിലെ 17 ചെറുകിട തുറമുഖങ്ങളിൽ നാലെണ്ണം ബെർത്തിംഗ്, ചരക്ക് കൈകാര്യം ചെയ്യൽ, സംഭരണ സൗകര്യങ്ങൾ എന്നിവ അടിസ്ഥാനമാക്കി ഇന്റർമീഡിയറ്റ് തുറമുഖങ്ങളായി കണക്കാക്കുന്നു.

പട്ടിക 11.1.22 ചെറുകിട തുറമുഖങ്ങളിലെ യാത്രാക്കാരുടെ വിവരങ്ങൾ (00 എണ്ണത്തിൽ)

	2010–11	2011–12	2012–13	2013–14	2015–16	2016–17	2017–18
കേരളം	211	11	182	247	230	173	183
തമിഴ്നാട്	19250	20380	20698	20698	0	19918	20800
കർണ്ണാടകം	46	2	16	76	106	54	54

ഉറവിടം: ഇന്ത്യൻ പോർട്സ് അസോസിയേഷൻ

പട്ടിക 11.1.23 ഇന്ത്യയിലെ തെരെഞ്ഞെടുക്കപ്പെട്ട ചെറുകിട തുറമുഖങ്ങളുടെ (സംസ്ഥാനതലം) ശേഷി വിനിയോഗം (2018-2019)
('000ടണ്ണിൽ)

സംസ്ഥാനങ്ങൾ/കേന്ദ്ര ഭരണ പ്രദേശങ്ങൾ	ശേഷി	*ഗതാഗതം	ശേഷി വിനിയോഗം
ആൻഡമാൻ നിക്കോബാർ	3.00	1.92	64.00
ആന്ധ്രാ പ്രദേശ്	178.00	105.62	59.30
ഗോവ	0.02	0.01	75.00
ഗുജറാത്ത്	542.00	396.88	73.20
കർണ്ണാടക	17.80	0.72	4.10
കേരളം	0.55	0.20	37.10
മഹാരാഷ്ട	102.40	44.42	43.40
ഒഡീഷ	47.50	19.30	40.60
പുതുച്ചേരി	16.90	8.43	49.90
തമിഴ്നാട്	2.15	0.95	44.60
ഇന്ത്യ	910.32	578.50	63.50

* നോട്ട്: താൽക്കാലികം
ഉറവിടം: ലോകസഭാ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 954, തീയതി 27.06.2019

വിഴിഞ്ഞം, ബേപ്പൂർ-കോഴിക്കോട്, അഴീക്കൽ, കൊല്ലം തുറമുഖങ്ങളാണ് അവ. നീണ്ടകര, ആലപ്പുഴ, വലിയതുറ, കായംകുളം, മാനാക്കോടം, മുനമ്പം-കൊടുങ്ങല്ലൂർ, പൊന്നാനി, തലശ്ശേരി, കോഴിക്കോട്, കണ്ണൂർ, ചെറുവത്തൂർ-നീലേശ്വരം, കാസർഗോഡ്, മഞ്ചേശ്വരം എന്നിവയാണ് സംസ്ഥാനത്തെ ബാക്കി 13 ചെറിയ തുറമുഖങ്ങൾ. ലക്ഷദ്വീപിനെ ബന്ധിപ്പിക്കുന്ന സ്ഥിരം കപ്പൽ സർവ്വീസ് ബേപ്പൂർ തുറമുഖത്തു നിന്നും പ്രവർത്തിക്കുന്നു. വിഴിഞ്ഞം തുറമുഖം മാലിദ്വീപിലേക്ക് പ്രതിവാര കപ്പൽ സർവ്വീസ് നടത്തുന്നു. തീരദേശ ഷിപ്പിംഗ് പ്രവർത്തനങ്ങൾക്കായി മുൻഗണനാടിസ്ഥാനത്തിൽ തുറമുഖങ്ങൾ വികസിപ്പിച്ചു വരുന്നു.

കൊച്ചി പോർട്ട്

ഇന്ത്യയിലെ പ്രധാന തുറമുഖങ്ങളിലൊന്നാണ് കേരളത്തിലെ കൊച്ചി തുറമുഖം. വെല്ലിംഗ്ടൺ, വല്ലാർപാടം എന്നീ രണ്ട് ദ്വീപുകളിലായാണ് ഈ തുറമുഖം സ്ഥിതി ചെയ്യുന്നത്. ഇന്ത്യയിലെ പ്രധാന തുറമുഖങ്ങളിൽ ചരക്ക് കൈകാര്യം ചെയ്യുന്നതിൽ 2018 ലും 2019 ലും ഏറ്റവും ഉയർന്ന വളർച്ചാ നിരക്ക് കൊച്ചി തുറമുഖം രേഖപ്പെടുത്തി.

കൊച്ചി തുറമുഖത്തിലെ ചരക്ക് ഗതാഗതം

2018-19 ൽ കൊച്ചി തുറമുഖം കൈകാര്യം ചെയ്ത മൊത്തം ചരക്ക് 32.02 മില്യൺ ടൺ ആയിരുന്നു, 2017-18 ൽ ഇത് 29.39 മില്യൺ ടൺ ആയിരുന്നു. മുൻവർഷത്തേക്കാൾ 9 ശതമാനം വർധനവാണ് ഇത് കാണിക്കുന്നത്. രാസവളങ്ങൾ, അസംസ്കൃത വസ്തുക്കൾ എന്നിവയുൾപ്പെടെയുള്ള മറ്റ് ചരക്കുകൾ, ഭക്ഷ്യധാന്യങ്ങൾ, ഇരുമ്പ്, ഉരുക്ക്, യന്ത്രങ്ങൾ എന്നിവ ഇറക്കുമതിയുടെ പ്രധാന ഘടകങ്ങളാണ്. തേയില, കശുഅണ്ടിപ്പരിപ്പ്, സമുദ്രോത്പന്നങ്ങൾ, കയർ ഉൽപന്നങ്ങൾ, സുഗന്ധവ്യഞ്ജനങ്ങൾ, കാപ്പി, മറ്റിനങ്ങൾ എന്നിവയാണ് പ്രധാന കയറ്റുമതി വസ്തുക്കൾ. 2018-19 കാലയളവിൽ 596 ചരക്ക് കപ്പലുകൾ കൊച്ചി തുറമുഖം സന്ദർശിച്ചു. ഈ വർഷത്തെ ശേഷി വിനിയോഗം 43 ശതമാനം ആണ്.

ഇന്ത്യയിലെ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ഒന്നാണ് കൊച്ചി തുറമുഖം. 2018-19ൽ 49 അന്താരാഷ്ട്ര ക്രൂയിസ് കപ്പലുകൾ 62,753 യാത്രക്കാരുമായും 28,828 ക്രൂ അംഗങ്ങളുമായും കൊച്ചി തുറമുഖം സന്ദർശിച്ചു. കൊച്ചി തുറമുഖത്തെ വെല്ലിങ്ടൺ ദ്വീപിൽ നിന്ന് ടൂറിസ്റ്റുകൾക്കായി ഹെലികോപ്റ്റർ സേവനം ഏർപ്പെടുത്തി. 2019 നവംബർ 21 നാണ് ഹെലികോപ്റ്റർ സേവനം ആരംഭിച്ചത്. മുന്നാർ, ജടായു എർത്ത് സെന്റർ തുടങ്ങിയ സ്ഥലങ്ങളിലേക്ക് യാത്രനടത്തുകയെന്നതാണ് ഇതിന്റെ ലക്ഷ്യം. പുതിയ മംഗലാപുരം തുറമുഖം ഇതിനകം (2019 നവംബർ 3 ന്) ഹെലികോപ്റ്റർ സർവീസ് ആരംഭിച്ചിരുന്നു.

കൊച്ചി കപ്പൽശാല

രാജ്യത്തെ ഏറ്റവും വലിയ കപ്പൽശാലയാണ് കൊച്ചി കപ്പൽശാല. ഇത് 1,10,000 ഡിഡബ്ല്യുടി വരെയുള്ള കപ്പലുകൾ നിർമ്മിക്കുകയും എല്ലാത്തരം കപ്പലുകളും നന്നാക്കുകയും ചെയ്യുന്നു. അന്താരാഷ്ട്ര പ്രശസ്ത കമ്പനികളിൽ നിന്ന് കപ്പൽ നിർമ്മാണ ഓർഡറുകൾ നേടിയെടുക്കുന്നതിൽ കൊച്ചി കപ്പൽശാല

പട്ടിക 11.1.24 കൊച്ചിൻ ഷിപ്പ് യാർഡ് അടിസ്ഥാന വിവരങ്ങൾ (രൂപ കോടിയിൽ)

ഇനം	2015–16	2016–17	2017–18	2018–19
വരവ്	1993.45	2058.00	2335.00	2962.00
നികുതി കഴിച്ച് ലാഭം	273.79	322.15	396.75	481.00
കപ്പൽ നിർമ്മാണ വരവ്	1625.96	1515.82	1731.86	2130.00
കപ്പൽ റിപ്പയറിംഗ് വരവ്	367.49	543.05	623.27	832.00
തൊഴിലാളികളുടെ എണ്ണം	1829.00	1671.00	1781.00	1744.00
സി.എസ്.ആർ ചെലവഴിച്ച തുക	6.27	7.24	8.57	10.15

ഉറവിടം: കൊച്ചിൻ ഷിപ്പ് യാർഡ്.കോം,വാർഷിക റിപ്പോർട്ട് 2016-17, 2017-18, 2018-19.

പ്രശസ്തമാണ്. നിലവിൽ, രാജ്യത്തെ ആദ്യത്തെ തദ്ദേശീയ വ്യോമ പ്രതിരോധ കപ്പൽ (എയർ ക്രാഫ്റ്റ് കാരിയർ ഐഎൻഎസ് വിക്രാന്ത്) നിർമ്മിക്കുന്നത് ഈ കപ്പൽശാലയിലാണ്. കൊച്ചിൻ ഷിപ്പ് യാർഡ് ലിമിറ്റഡുമായി ബന്ധപ്പെട്ട അടിസ്ഥാന വിശദാംശങ്ങൾ **പട്ടിക 11.1.24** ൽ നൽകിയിരിക്കുന്നു.

എംഎസ്എംഇയിൽ നിന്നുള്ള സംഭരണം പ്രോത്സാഹിപ്പിക്കുന്നതിനായി സിഎസ്എൽ കേരളത്തിലെ വ്യവസായ വാണിജ്യ വകുപ്പിന്റെ പിന്തുണയോടെ എക്സിബിഷനുകൾ സംഘടിപ്പിക്കുന്നു. 2017–18 കാലയളവിൽ, മൊത്തം തദ്ദേശീയ സംഭരണത്തിൽ, 20 ശതമാനം ചരക്കുകളും സേവനങ്ങളും എംഎസ്എംഇയിൽ നിന്നുള്ളതായിരുന്നു. 2018–19ൽ ഇത് 25 ശതമാനമായി ഉയർന്നു.

സംസ്ഥാനത്തെ പ്രധാന തുറമുഖങ്ങൾ

വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ് (വിഐഎസ്എൽ)

ഇന്ത്യയിലെ ആദ്യത്തെ ഡീപ് വാട്ടർ ട്രാൻസ്ഷിപ്മെന്റ് ടെർമിനലായിരിക്കും വിഴിഞ്ഞം ഇന്റർനാഷണൽ ട്രാൻസ്ഷിപ്മെന്റ് ടെർമിനൽ. വിഴിഞ്ഞം തുറമുഖത്തിന്റെ പ്രധാന അനുകൂലാവസ്ഥ അതിന്റെ സ്വാഭാവിക ആഴം 18 മീ. അന്തർദ്ദേശീയ ഷിപ്പിംഗ് റൂട്ടിലേക്ക് 10 നോട്ടിക്കൽ മൈൽ മാത്രം ദൂരം, തീരത്ത് കുറഞ്ഞ മണ്ണടിയൽ എന്നിവയാണ്. വിഴിഞ്ഞം ഇന്റർനാഷണൽ സീ പോർട്ട് ലിമിറ്റഡ് (വിഐഎസ്എൽ) എന്ന പ്രത്യേക ഉദ്ദേശ്യ യാനം കേരള സർക്കാർ ഇതിനായി രൂപീകരിച്ച് പ്രവർത്തിക്കുന്നു.

മില്ല്യൺ ടി.ഇ.യു (ഇരുപത് അടി തുല്യമായ യൂണിറ്റുകൾ) കണ്ടെയ്നർ കൈകാര്യം ചെയ്യാനുള്ള ശേഷിയാണ് 800 മീറ്റർ ബെർത്ത് നീളമുള്ള തുറമുഖത്തിന്റെ ആദ്യ ഘട്ടത്തിൽ ആസൂത്രണം ചെയ്തിരിക്കുന്നത്. ഭാവിയിൽ 3 മില്ല്യൺ ടി.ഇ.യു/2,000 മീറ്റർ ബെർത്ത് നീളത്തിലേക്ക് വികസിപ്പിക്കാനുള്ള പദ്ധതിയുണ്ട്. പദ്ധതിയുടെ ആദ്യ ഘട്ടത്തിന്റെ ആകെ ചെലവ് 7,700.00 കോടി രൂപയാണ് (i) പൊതു സ്വകാര്യ ഘടകമായി 4,089.00 കോടി രൂപ (ii) 1,463.00 കോടി രൂപയുടെ ബ്രേക്ക്വാട്ടർ (iii) ഇൻഫ്രാസ്ട്രക്ചറിനും ഭൂമി ഏറ്റെടുക്കലിനുമായി 1,808 കോടി രൂപയുടെ ബാഹ്യ ധന സമാഹരണം (iv) പദ്ധതി ബാധിതർക്ക് (പിഎപി) പുനരധിവാസത്തിനും നടത്തിപ്പു ചെലവുകൾക്കും (ആർ. ആർ) പി.എ.പി ക്കും വേണ്ടി 3,40.00 കോടി രൂപയും ആണ് ഈ പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നത്.

ഗവൺമെന്റിൽ നിന്നുള്ള വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ് (വിജിഎഫ്) ഉപയോഗിച്ച് പബ്ലിക് പ്രൈവറ്റ് പാർട്ണർഷിപ്പ് (പിപിപി) മാതൃകയിൽ നടപ്പിലാക്കുന്ന രാജ്യത്തെ ആദ്യത്തെ തുറമുഖ പദ്ധതിയാണിത്. 4,089.00 കോടി രൂപയുടെ പിപിപി ഘടകത്തിൽ 1,635.00 കോടി രൂപയുടെ നിക്ഷേപം വിജിഎഫ് ഭാഗമാണ് (കേന്ദ്ര ഗവൺമെന്റിൽ നിന്ന് 817.8 കോടി രൂപയും സംസ്ഥാന ഗവൺമെന്റിന്റെ 817.2 കോടി രൂപയും) 2,454.00 കോടി രൂപയുടെ നിക്ഷേപം നടത്തിപ്പുകാരനായ അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡാണ് (എ.വി.പി.പി.എൽ) നടത്തുന്നത്.

തുറമുഖ നിർമാണ പ്രവർത്തനങ്ങൾ 2015 ഡിസംബറിൽ ആരംഭിച്ചു. 565 മീറ്റർ നീളമുള്ള ബ്രേക്ക്വാട്ടർ, 800 മീറ്റർ നീളമുള്ള ബെർത്ത്, കണ്ടെയ്നർ യാർഡ്, അതിർത്തി മതിലുകൾ, ആക്സസ് റോഡുകൾ എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. പ്രതിദിനം 3.3 ദശലക്ഷം ലിറ്റർ ശേഷിയുള്ള (എംഎൽഡി) വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റിന്റെയും 11 കെവി പവർ സബ്സ്റ്റേഷന്റെയും ജോലികൾ പൂർത്തിയായി. ഇതുവരെ പദ്ധതിയിൽ സർക്കാർ നിക്ഷേപിച്ച ആകെ തുക 1,100.00 കോടി രൂപയാണ് പദ്ധതിയുടെ സാമ്പത്തിക പുരോഗതി പട്ടിക 11.1.25 ൽ കാണിച്ചിരിക്കുന്നു.

കേരള ഗവൺമെന്റിന്റെ എസ്റ്റിമേറ്റ് പ്രകാരം, 2018–19 ൽ നൽകേണ്ടുന്ന 237 കോടി രൂപയിൽ ₹80 കോടി രൂപ വിഴിഞ്ഞം പോർട്ടിന് നൽകുകയും, അതിൽ ₹20 കോടി റിലീസിന് അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്. റെയിൽ നിർമാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് കൊങ്കൺ റെയിൽവേ കോർപ്പറേഷൻ ലിമിറ്റഡിന്

പട്ടിക 11.1.25 വിഴിഞ്ഞം തുറമുഖ നിർമ്മാണം, ഫണ്ട് ചെലവഴിക്കൽ വിവരം

ക്രമ നമ്പർ	ഇനം	ചെലവ് വിവരം				
			2017-18	2018-19	2019-20	ആകെ
1	ബ്രേക്ക് വാട്ടറിന്റെയും ഫിഷിംഗ് ഹാർബറിന്റെയും നിർമ്മാണം	146.3	146.3			292.6
2	ഭൂമി	596.46	26.06	30.21	0.54	653.27
3	വെള്ളം	7.28	–	–	–	7.28
4	ഊർജ്ജം	51	–	–	–	51.00
5	റയിൽവെ കണക്ടിവിറ്റി	4.09	–	10.46	–	14.55
6	പുനരധിവാസം	20.39	11.37	49.01	2.23	83.00
7	നടത്തിപ്പ് ചെലവ്	72.93	6.2	5.80	1.37	86.30
	ആകെ ചെലവഴിച്ച തുക	898.45	189.93	95.48	4.14	1188.00
	സർക്കാരിൽ നിന്നും ലഭിച്ച തുക	931.57	141.11	100.69	–	1173.37
	പലിശ വരുമാനം	19.73	0.04	0.11	–	19.88

ഉറവിടം: വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം

പട്ടിക 11.1.26 വിഴിഞ്ഞം തുറമുഖ നിർമ്മാണം – 2019 ഒക്ടോബർ 31 ലെ സ്ഥിതി

ക്രമ നമ്പർ	ഇനം	ഫെബ്രുവരി 2018 ൽ	നവംബർ 2019 ൽ പൂർത്തിയാക്കിയവ	ലക്ഷ്യം
1	ബ്രേക്ക് വാട്ടർ	565 മീറ്റർ നീളം	600 മീറ്റർ നീളം	3100 മീറ്റർ
2	കണ്ടെയ്നർ യാർഡിനായി ഒരുക്കിയ ഭൂമി	33 ഹെക്ടർ	33 ഹെക്ടർ	53 ഹെക്ടർ
3	800 മീ. ബർത്തിനായുള്ള പൈലുകളുടെ എണ്ണം	142	615	615
4	ബ്രേക്ക് വാട്ടറിനായുള്ള അക്രോപോഡ് II ന്റെ നിർമ്മാണം	2240	10400	17000 എണ്ണം
5	11 കെ.വി വൈദ്യുതി വിതരണ സംവിധാനം	പൂർത്തീകരിച്ചു	പൂർത്തീകരിച്ചു	
6	അതിർത്തി മതിൽ	30 ശതമാനം	40 ശതമാനം	
7	3.3 മില്യൺ ലിറ്റർ ജലവിതരണ സംവിധാനം	പൂർത്തീകരിച്ചു	പൂർത്തീകരിച്ചു	പ്രദേശവാസികൾക്ക് ജലവിതരണം ആരംഭിച്ചു.
8	എൻ.എച്ച് 66 മായി ബന്ധിപ്പിക്കുന്നതിനുള്ള ഭൂമി ഏറ്റെടുക്കൽ	പുരോഗതിയിൽ	97 ശതമാനം	

ഉറവിടം: വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം

(കെആർസിഎൽ) അഡ്വാൻസ് നൽകുന്നതിന് 77 കോടി രൂപയും പിഎപിയുടെയും സാമൂഹ്യക്ഷേമം, ആർ, ആർ നടപടികൾക്കുമായി 60 കോടി രൂപ കണക്കാക്കുന്നു. 2018-19 ൽ, ഫണ്ടിന്റെ ആദ്യ ഗഡു അടയ്ക്കുന്നതിനായി ഹഡ്കോയിൽ നിന്ന് വായ്പയായി 366 കോടി ഡോളർ അധികമായി സമാഹരിക്കുമെന്ന് കണക്കാക്കപ്പെടുന്നു. തുറമുഖ നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി പട്ടിക 11.1.26 ൽ നൽകിയിരിക്കുന്നു.

അഴിക്കൽ പോർട്ട് ലിമിറ്റഡ്

ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചെയർമാനായും ബഹുമാനപ്പെട്ട തുറമുഖ മന്ത്രി വൈസ് ചെയർമാനായും രൂപം കൊണ്ട പോർട്ട് ലിമിറ്റഡ് 2018 മാർച്ച് 6 ന് അഴിക്കൽ തുറമുഖത്തിന്റെ വികസനത്തിനായി സംയോജിപ്പിച്ചു. കമ്പനിയുടെ അംഗീകൃത മൂലധനം 100 കോടി രൂപയും പ്രാരംഭ പെയ്ഡ് അപ്പ് ക്യാപിറ്റൽ 25 കോടി രൂപയുമാണ്. കമ്പനി ആക്ട് 2013 പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളതും ഗവൺമെന്റിന്റെ പൂർണ ഉടമസ്ഥതയിലുള്ളതുമാണ് ഈ കമ്പനി. ടെക്നിക്കൽ കൺസൾട്ടൻസി സേവനങ്ങൾ ഹോവ് എഞ്ചിനീയറിംഗ് പ്രോജക്ട്സ് ഇന്ത്യ/പ്രൈവറ്റ് ലിമിറ്റഡിന് 2018 ഏപ്രിൽ 23 ന് ചുമതലപ്പെടുത്തുകയും 2018 മെയ് 9 ന് കരാർ നൽകുകയും ചെയ്തു.

14.5 മീറ്റർ വരെ ഡ്രാഫ്റ്റ് ഉള്ള കപ്പലുകളെ കൈകാര്യം ചെയ്യാൻ തുറമുഖത്തിന് സൗകര്യമുണ്ട്. തുറമുഖത്തിന് ഒന്നാം ഘട്ടത്തിൽ 2-3 ബെർത്ത് ഉണ്ടായിരിക്കുകയും അടുത്ത ഘട്ടങ്ങളിൽ ബർത്തുകൾ വർദ്ധിപ്പിക്കുകയും ചെയ്യും. ഭാവി ഘട്ടങ്ങളിൽ എൽഎൻജി സൗകര്യം പരിഗണിക്കുന്നതാണ്. ഭക്ഷ്യധാന്യങ്ങൾ, സിമൻറ്, ഭക്ഷ്യ എണ്ണ തുടങ്ങിയവ കൈകാര്യം ചെയ്യുന്നതിനായി സമർപ്പിത ടെർമിനലുകൾ വികസിപ്പിക്കാനുള്ള സാധ്യതകൾ പരിശോധിക്കുന്നതാണ്. അഴിക്കൽ തുറമുഖം ഗ്രീൻഫീൽഡ് തുറമുഖമായി വികസിപ്പിക്കാനാണ് വിഭാവനം ചെയ്തിരിക്കുന്നത്. ഡിപിആർ തയ്യാറാക്കൽ പുരോഗമിക്കുകയാണ്.

കേരളത്തിലെ ചെറുകിട തുറമുഖങ്ങൾ

17 ചെറുകിട തുറമുഖങ്ങളിൽ, നാല് തുറമുഖങ്ങൾ 2018–19 ൽ കടൽവഴിയുള്ള വ്യാപാരത്തിനായി പ്രവർത്തിച്ചിരുന്നു. കൊല്ലത്തിന് യന്ത്രസാമഗ്രികളുടെ കയറ്റുമതിയും ഇറക്കുമതിയും ഉണ്ടായിരുന്നു. വിഴിഞ്ഞത്ത് പച്ചക്കറികളുടെ ചരക്ക് ഗതാഗതം ഉണ്ടായിരുന്നു. അഴിക്കൽ, ബേപ്പൂർ (കോഴിക്കോട്) തുറമുഖങ്ങൾക്കും 2018–19 ൽ വ്യാപാര പ്രവർത്തനങ്ങൾ ഉണ്ടായിരുന്നു. വിശദാംശങ്ങൾ **അനുബന്ധം 11.1.22** ൽ നൽകിയിരിക്കുന്നു.

സ്റ്റീമറുകളും കപ്പലുകളും സന്ദർശിച്ചതിൽ കേരളത്തിലെ നാല് ഓപ്പറേറ്റിംഗ് തുറമുഖങ്ങളിൽ ഏറ്റവും തിരക്കേറിയ തുറമുഖമാണ് ബേപ്പൂർ (കോഴിക്കോട്). 2018–19 കാലയളവിൽ 298 സ്റ്റീമറുകളും കപ്പലുകളും കേരളത്തിലെ ചെറുകിട തുറമുഖങ്ങൾ സന്ദർശിച്ചു. ഇതിൽ 222 സ്റ്റീമറുകളും 259 കപ്പലുകളും ബേപ്പൂർ തുറമുഖത്താണ് വന്നത്. വിശദാംശങ്ങൾ **അനുബന്ധം 11.1.23** ൽ നൽകിയിരിക്കുന്നു.

കേരളത്തിലെ നാല് ഓപ്പറേറ്റിംഗ് തുറമുഖങ്ങളിൽ ഏറ്റവും കൂടുതൽ സൗകര്യങ്ങളുള്ളത് ബേപ്പൂർ തുറമുഖത്താണ്. ബേപ്പൂരിൽ 310 മീറ്റർ വാർഫ്, 500 മീറ്റർ ചാനൽ വീതി, ഫോർക്ക് ലിഫ്റ്റിന്റെ ലഭ്യത, 1,600 മീറ്റർ 2 ഗോഡൗൺ ഏരിയ എന്നിവയുണ്ട്. കേരളത്തിലെ ചെറുകിട തുറമുഖങ്ങളിൽ ലഭ്യമായ സൗകര്യങ്ങളുടെ വിശദാംശങ്ങൾ **അനുബന്ധം 11.1.24** ൽ നൽകിയിരിക്കുന്നു.

കേരളത്തിലെ ഇന്റർമീഡിയറ്റ്, മൈനർ തുറമുഖങ്ങൾ വഴി 2018–19 കാലയളവിൽ തുറമുഖവുമായി ബന്ധപ്പെട്ട വിവിധ പ്രവർത്തനങ്ങളിൽ നിന്ന് 48.41 കോടി രൂപ വരുമാനം ലഭിച്ചു. ഡ്രെഡ്ജ് ചെയ്ത വസ്തുക്കളിൽ നിന്നാണ് ഏറ്റവും കൂടുതൽ വരുമാനം ലഭിച്ചത് (43.42 കോടി രൂപ). 2018–19 ലെ മൊത്തം ഇറക്കുമതി കയറ്റുമതി വരുമാനം 32 ലക്ഷം രൂപയായിരുന്നു. കേരളത്തിലെ ഇന്റർമീഡിയറ്റ്, മൈനർ തുറമുഖങ്ങൾ വഴി നേടിയ വരുമാനത്തിന്റെ വിശദാംശങ്ങൾ **അനുബന്ധം 11.1.25** ൽ നൽകിയിരിക്കുന്നു.

ബേപ്പൂർ തുറമുഖത്ത് കസ്റ്റംസ് ക്ലിയറൻസിന് സഹായിക്കുന്ന ഇലക്ട്രോണിക് ഡാറ്റ ഇന്റർഫേസ് സ്ഥാപിച്ചു.

തുറമുഖ വകുപ്പ്

തുറമുഖ വകുപ്പാണ് സംസ്ഥാനത്തെ ചെറുകിട തുറമുഖങ്ങൾ നോക്കിനടത്തുന്നത്. നിലവിൽ 17 നോട്ടിഫൈഡ് നോൺ–മേജർ തുറമുഖങ്ങൾ കേരളത്തിലുണ്ട്. സംസ്ഥാനത്തെ ചെറുകിട തുറമുഖങ്ങളുടെ സ്വത്തുക്കൾ സംരക്ഷിക്കുകയും പരിപാലിക്കുകയുമാണ് തുറമുഖ വകുപ്പിന്റെ പ്രധാന പ്രവർത്തനം. സംസ്ഥാനത്തിന് 585 കിലോമീറ്റർ നീളമുള്ള തീരപ്രദേശമുണ്ടെങ്കിലും സ്വീകാര്യമായ മാനദണ്ഡങ്ങളോട് താരതമ്യപ്പെടുത്താവുന്ന സമുദ്ര പ്രവർത്തനങ്ങളും തത്സമയ ഷിപ്പിംഗ് പ്രവർത്തനങ്ങളും കൊച്ചിയിൽ മാത്രം കേന്ദ്രീകരിച്ചു. സംസ്ഥാനത്തെ പതിനാല് ജില്ലകളിൽ ഒമ്പത് എണ്ണം കടൽ തീരത്താണ്. സംസ്ഥാനത്തിന്റെ സമുദ്രവിഭവങ്ങളുടെ മികച്ചതും സുസ്ഥിരവുമായ വിനിയോഗം അതിന്റെ സാമ്പത്തിക വളർച്ചയ്ക്ക് ധാരാളം അവസരങ്ങൾ അനാവരണം ചെയ്യും. ഈ ലക്ഷ്യം കൈവരിക്കുന്നതിനായി സാധ്യമായ സ്ഥലങ്ങളിലെല്ലാം സമുദ്രവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തേണ്ടതുണ്ട്. അതിനാൽ, തീരദേശ ഷിപ്പിംഗ് വികസിപ്പിക്കുന്നതിനുള്ള ഒരു പദ്ധതി രൂപകൽപ്പന ചെയ്യുകയും തന്ത്രപരമായി നടപ്പാക്കുന്നതിന് ഒരു പ്രവർത്തന പദ്ധതി തയ്യാറാക്കുകയും ചെയ്തു. ചെറുകിട തുറമുഖങ്ങളിലൂടെ റോഡ്/റെയിൽ, തീരദേശ ജലപാതകളിൽ നിന്നുള്ള ചരക്ക് ഗതാഗതം/യാത്രാ ഗതാഗതം എന്നിവ വഴിതിരിച്ചുവിടുന്നതിന് പദ്ധതി വിഭാവനം ചെയ്യുന്നു. സംസ്ഥാനത്തിന്റെ ഗതാഗത/ലോജിസ്റ്റിക് മേഖലയെ രൂപാന്തരപ്പെടുത്തുന്ന തരത്തിലാണ് പദ്ധതി ആസൂത്രണം ചെയ്തത്. തുറമുഖ വകുപ്പിന് കീഴിൽ നടപ്പാക്കുന്ന തീരദേശ ഷിപ്പിംഗ് പദ്ധതി രാജ്യത്തെ ആദ്യത്തേതാണ്. ഇത് മത്സ്യബന്ധനം, വ്യവസായങ്ങൾ, സമുദ്ര വിദ്യാഭ്യാസം, ടൂറിസം എന്നിവയുമായി സമന്വയിപ്പിച്ച് മേഖലയിൽ നേട്ടങ്ങൾ കൈവരിക്കും. കേരള ഉൾനാടൻ വെസ്സൽ നിയമങ്ങൾ (കെഐവി നിയമങ്ങൾ)/സംസ്ഥാനത്ത് നടപ്പാക്കുന്നതിന് പോർട്ട് ഡിപ്പാർട്ട്മെന്റ് ഡയറക്ടർക്ക് ഉത്തരവാദിത്തമുണ്ട്. കേരള മാരിടൈം ബോർഡ് ആക്റ്റ് 2017 ന്റെ അംഗീകാരത്തിന് ശേഷം, തുറമുഖ വകുപ്പ് നടത്തുന്ന എല്ലാ പ്രവർത്തനങ്ങളും കേരള മാരിടൈം ബോർഡിന്റെ നിയന്ത്രണത്തിലാണ് നടക്കേണ്ടത്.

കേരള മാരിടൈം ബോർഡ്

സെപ്റ്റംബർ 16 ന് കേരള മാരിടൈം ബോർഡ് ആക്ട് 2017 ന്റെ അംഗീകാരത്തിന് ശേഷമാണ് കേരള മാരിടൈം ബോർഡ് നിലവിൽ വന്നത്. ഈ നിയമപ്രകാരം കേരളത്തിലെ ചെറുകിട തുറമുഖങ്ങളുടെ ഭരണം, നിയന്ത്രണം, പരിപാലനം എന്നിവയ്ക്കായി കെഎംബി രൂപീകരിച്ചിരിക്കുന്നു. ഒരു ചെയർമാൻ, വൈസ് ചെയർമാൻ, 6 എക്സ്–അഫീഷ്യോ അംഗങ്ങൾ, നാമനിർദേശം ചെയ്യപ്പെട്ട നാല് അംഗങ്ങൾ എന്നിവരടങ്ങുന്നതാണ് ബോർഡ്. ഈ നിയമത്തിന്റെ ഫലമായി കേരള സ്റ്റേറ്റ് മാരിടൈം ഡെവലപ്മെന്റ് കോർപ്പറേഷനും കേരള സ്റ്റേറ്റ് മാരിടൈം ഡെവലപ്മെന്റ് സൊസൈറ്റിയും കെ.എം.ബിയുടെ നിയന്ത്രണത്തിലായി. തുറമുഖവുമായി ബന്ധപ്പെട്ട എല്ലാത്തരം പ്രവർത്തനങ്ങൾ, തുറമുഖങ്ങളുടെ

നവീകരണം, ഷിപ്പിംഗ് പ്രവർത്തനങ്ങൾ വർദ്ധിപ്പിക്കുക എന്നിവയാണ് കേരള മാരിടൈം ബോർഡിന്റെ പ്രധാന ലക്ഷ്യങ്ങൾ.

കേരള ഉൾനാടൻ വെസ്സൽ (കെഐവി) നിയമങ്ങൾ, 2010

2010 സെപ്റ്റംബർ 15 ന് കെഐവി നിയമങ്ങൾ നിലവിൽ വന്നു. ഡയറക്ടർ, പോർട്ട് ഡിപ്പാർട്ട്മെന്റാണ് ഇതിന്റെ നടപ്പിലാക്കൽ അതോറിറ്റി. എന്നാൽ ഇപ്പോൾ നടപ്പാക്കൽ കെഎംബിയെ ചുമതലയിൽ വരുന്നു. കെഐവി ചട്ടമനുസരിച്ച് വിഴിഞ്ഞം, കൊല്ലം, ആലപ്പുഴ, കൊടുങ്ങല്ലൂർ, ബേപ്പൂർ, അഴീക്കൽ എന്നിങ്ങനെ 6 പോർട്ട് രജിസ്ട്രികൾ ഉണ്ട്. കെഐവി നിയമമനുസരിച്ച്, ജലയാനങ്ങളുടെ രജിസ്ട്രേഷൻ കാലാവധി 5 വർഷമായിരിക്കുന്നതും വാർഷിക സർവേ സർട്ടിഫിക്കറ്റ് 1 വർഷത്തേക്ക് സാധുതയുള്ളതുമാണ്. ജലയാനങ്ങളുടെ പ്രവർത്തനത്തിന് ഈ രണ്ട് സർട്ടിഫിക്കറ്റുകളും അത്യാവശ്യമാണ്. കൂടാതെ, 3 വർഷത്തിലൊരിക്കൽ കപ്പലുകൾ ഡ്രൈ ഡോക്കിൽ സർവേ ചെയ്യണം. കെഐവി ചട്ടമനുസരിച്ച്, 3 വർഷത്തേക്ക് മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്ന് വയബിലിറ്റി സർട്ടിഫിക്കറ്റും മൂന്നാം കക്ഷി ഇൻഷുറൻസും നൽകിയാൽ മാത്രമാണ് ഹൗസ് ബോട്ടുകൾക്ക് സർവേ സർട്ടിഫിക്കറ്റുകൾ നൽകുന്നത്.

കേരളത്തിലെ വിവിധ തുറമുഖങ്ങളിൽ (2010 മുതൽ 2018 നവംബർ വരെ) 928 ജലയാനങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്, അതായത്, വിഴിഞ്ഞം (301), കൊല്ലം (32), ആലപ്പുഴ (292), കൊടുങ്ങല്ലൂർ (237), അഴീക്കൽ (34), ബേപ്പൂർ (32). കൂടുതൽ ജലയാനങ്ങളുടെ രജിസ്ട്രേഷൻ വിഴിഞ്ഞത്താണ് നടക്കുന്നത്. തൊട്ടു പുറകെ ആലപ്പുഴയാണ്. അഴീക്കലിലും ബേപ്പൂരിലും താരതമ്യേന കുറഞ്ഞ എണ്ണം ജലയാനങ്ങൾ കപ്പലുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പാസഞ്ചർ കപ്പൽ, സ്പീഡ് ബോട്ട്, ഹൗസ് ബോട്ട്, കാർഗോ കപ്പൽ, ഫ്ലോട്ടിംഗ് റിസോർട്ട്, മോട്ടോർ ബോട്ട്, കട്ടർ സെക്ഷൻ ഡ്രെഡ്ജർ, ജങ്കർ, ഷിക്കാറസ്, ടഗ്, ജെറ്റ്സ്കി, റെസ്ക്യൂ ബോട്ട്, ക്രൂയിസ് ബോട്ട് എന്നിവ രജിസ്റ്റർ ചെയ്ത ജലയാനങ്ങളിൽ ഉൾപ്പെടുന്നു. 2016 ൽ രജിസ്റ്റർ ചെയ്ത ആകെ ജലയാനങ്ങളുടെ എണ്ണം 102 ഉം 2017 ലും 2018 ലും ഇത് 81 വീതമാണ്. 2010 മുതൽ 2018 നവംബർ വരെ മൊത്തത്തിൽ രജിസ്റ്റർ ചെയ്ത യാത്രാ കപ്പലുകളുടെയും ഹൗസ് ബോട്ടുകളുടെയും എണ്ണം യഥാക്രമം 556 ഉം 139 ഉം ആണ്.

തുറമുഖ വകുപ്പ് കെഐവി നിയമങ്ങൾ നടപ്പിലാക്കുന്നതിനാൽ, ഇത് പരിശോധനകൾ നടത്തുകയും ജലയാനങ്ങളുടെ രജിസ്ട്രേഷൻ

പട്ടിക 11.1.27 കെ.ഐ.വി നിയമം നടപ്പിലാക്കുന്നതിനായുള്ള പരിശോധനാ വിവരങ്ങൾ

ക്രമ നമ്പർ	ഇനം	2016-17	2017-18	2018-19
1	പരിശോധിച്ച യാനങ്ങൾ (എണ്ണം)	899	712	833
2	കുറ്റമറ്റയായി കണ്ടെത്തിയവ (എണ്ണം)	532	402	485
3	തകരാറുള്ളവയായി കണ്ടെത്തിയവ (എണ്ണം)	367	310	348
4	തടഞ്ഞു വയ്ക്കൽ ഉത്തരവ് നൽകിയവ (എണ്ണം)	25	41	25

ഉറവിടം: തുറമുഖ വകുപ്പ്

പട്ടിക 11.1.28 കേരളത്തിൽ രജിസ്റ്റർ ചെയ്ത യാനങ്ങളുടെ എണ്ണം

ക്രമ നമ്പർ	യാനങ്ങൾ തരം	2016-17	2017-18	2018-19
1	കാറ്റഗറി - എ	NIL	1	NIL
2	കാറ്റഗറി - ബി	50	33	84
3	പുതുതായി നിർമ്മിച്ച യാനങ്ങൾ	54	33	84
4	പഴയപേര് മാറ്റിയത്	4	3	7
	ആകെ	108	70	175

ഉറവിടം: തുറമുഖ വകുപ്പ്

പട്ടിക 11.1.29 കെ.എം.ബി/തുറമുഖ വകുപ്പ് നടത്തുന്ന പ്രോത്സാഹനപരിപാടിയുടെ വിവരങ്ങൾ (തുക രൂപയിൽ)

ക്രമ നമ്പർ	ഇനം	2016-17	2017-18	2018-19
1	പുതിയ കപ്പലുകൾക്ക് നൽകിയ പ്രോത്സാഹനം	0	0	0
2	നിലവിലെ കപ്പലുകൾക്ക് നൽകിയ പ്രോത്സാഹനം	215876	709726	6926139
	ആകെ പ്രോത്സാഹനം	215876	709726	6926139

ഉറവിടം: കേരള മാരിടൈം ബോർഡ്

സുഗമമാക്കുകയും ഷിപ്പിംഗിന് പ്രോത്സാഹനം നൽകുകയും ചെയ്യുന്നു. വിശദാംശങ്ങൾ **പട്ടിക 11.1.27, 11.1.28, 11.1.29** എന്നിവയിൽ നൽകിയിരിക്കുന്നു.

തുറമുഖ മേഖലയിലെ സർക്കാർ ഏജൻസികളുടെ ഭൗതിക നേട്ടം

നിർദ്ദിഷ്ട ലക്ഷ്യങ്ങൾ നേടുന്നതിനും നിർദ്ദിഷ്ട പ്രവർത്തനങ്ങൾ നിർവഹിക്കുന്നതിനും പോർട്ട് മേഖലയിൽ പ്രവർത്തിക്കുന്ന ഏജൻസികളുണ്ട്. പോർട്ട് ഡിപ്പാർട്ട്മെന്റ്, ഹൈഡ്രോ ഗ്രാഫിക് സർവേ വകുപ്പ്, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്, കെഎസ്എംഡിസിഎൽ എന്നിവയാണ് അവ. ഇവയുടെ പ്രവർത്തനത്തിലെ ഭൗതിക നേട്ടങ്ങൾ ചുവടെ ചേർക്കുന്നു.

2017–18

1. കൊല്ലം തുറമുഖത്ത് 11.00 കോടി രൂപയുടെ ബെർത്ത് നിർമ്മാണം പൂർത്തിയായി.
2. വിഴിഞ്ഞം തുറമുഖത്ത് കടൽത്തീരത്തിലേക്കും ലീവാർഡ് വാർഫിലേക്കും റോഡുകളുടെ വികസനം പുരോഗമിക്കുന്നു.
3. ബേപ്പൂർ തുറമുഖ വികസനത്തിനായി ഭൂമി ഏറ്റെടുക്കൽ പുരോഗമിക്കുകയാണ്.
4. ബേപ്പൂർ, അഴിക്കൽ തുറമുഖം എന്നിവയ്ക്കായി ടഗ് വാങ്ങൽ പുരോഗമിക്കുന്നു.
5. കെഎംഐ നീണ്ടകരയുടെ നിർമ്മാണം പൂർത്തിയായി.
6. ബേപ്പൂർ പോർട്ടിന്റെ മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ പുരോഗമിക്കുന്നു.

2018–19

1. കൊല്ലം പോർട്ട് ഫേസ് 1 (100 മീറ്റർ) ലെ പാസഞ്ചർ കം മൾട്ടി പർപ്പസ് ബെർത്തിന്റെ നിർമ്മാണം പൂർത്തിയായി
2. ബേപ്പൂർ, അഴീക്കൽ എന്നീ തുഖമുഖങ്ങൾക്കുള്ള ടഗ്ഗുകൾ പൂർത്തിയായി.
3. ബേപ്പൂർ തുറമുഖത്തിനായി 25 കോടി രൂപയുടെ ഭൂമി ഏറ്റെടുക്കൽ (കോവിലകം ഭൂമി)
4. വലിയതുറ സംരക്ഷണ മതിലിന്റെ നിർമ്മാണം പൂർത്തിയായി.
5. പൊന്നാനി, കാസറഗോഡ്, അഴിക്കൽ, ബേപ്പൂർ തുറമുഖങ്ങളിൽ ഡ്രെഡ്ജിംഗ് തുടരുന്നു.
6. ആലപ്പുഴ ഗ്രീൻഫീൽഡ് തുറമുഖത്തെ പാരിസ്ഥിതി ആഘാത പഠനം അവസാന ഘട്ടമായി. സാമ്പത്തിക സാങ്കേതിക സാധ്യതാ റിപ്പോർട്ട് അംഗീകരിച്ചു.
7. അഴിക്കൽ തുറമുഖത്ത് 450 എച്ച്പി ടഗ്ഗിന്റെ വാങ്ങൽ.
8. ആഴാകുളം വിഴിഞ്ഞം റോഡിന്റെ നിർമാണം പൂർത്തിയായി.
9. വിഴിഞ്ഞത്തെ ട്രാൻസിറ്റ് ഷെഡിന്റെ അറ്റകുറ്റപ്പണി പൂർത്തിയായി.
10. വിഴിഞ്ഞത്തെ ലീവാർഡ് വാർഫിൽ ജല ലഭ്യത സ്ഥാപിച്ചു.
11. പൊന്നാനിയിലെ സ്റ്റാഫ് ക്വാർട്ടേഴ്സിന്റെ നിർമ്മാണം പൂർത്തിയായി.
12. കേരള മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടിൽ വെബ് പോർട്ടൽ തയ്യാറാക്കി.
13. കെ.എം.ബി രൂപീകരിച്ചു.

പ്രശ്നങ്ങൾ/വെല്ലുവിളികൾ

റോഡ്, റെയിൽ സംവിധാനങ്ങളാണ് കേരളത്തിന്റെ ലോജിസ്റ്റിക് മേഖലയുടെ ആധിപത്യം പുലർത്തുന്നത്. കുറഞ്ഞ പ്രാപ്യത, ചെലവ്, സൗകര്യ കുറവ് തുടങ്ങിയ വിവിധ കാരണങ്ങളാൽ ഗതാഗത മേഖലയിൽ ജലപാതകളുടെ സംഭാവന വളരെ കുറവാണ്. ഈ മേഖലയിലെ പ്രശനങ്ങൾ 2017 സെപ്റ്റംബർ 22 ന് നടന്ന കോസ്റ്റൽ ഷിപ്പിംഗ് ഉച്ചകോടിയിൽ ഉൾപ്പെടുന്നുണ്ട്.

1. തീരദേശ ഷിപ്പിംഗ് പദ്ധതി വിജയകരമായി നടപ്പാക്കുന്നതിനുള്ള പ്രധാന പ്രശ്നങ്ങളിലൊന്ന് തുറമുഖങ്ങളിലെ തൊഴിൽ പ്രശ്നങ്ങളാണ്
2. കേരള മാരിടൈം ബോർഡ് രൂപീകരണവും ജീവനക്കാരുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിലെ വ്യക്തതക്കുറവ്.
3. സർക്കാരും കെഎംബിയും തമ്മിലുള്ള വരുമാനം പങ്കിടൽ
4. റിട്ടേൺ ചരക്കിന്റെ അഭാവം.
5. ബേപ്പൂർ തുറമുഖ പുനരധിവാസത്തിനായി ഭൂമി ഏറ്റെടുക്കൽ (കോവിലകം ഭൂമി) അവസാനഘട്ടമായിട്ടും പൂർത്തിയാക്കാൻ പറ്റാത്ത സാഹചര്യം.
6. മത്സ്യത്തൊഴിലാളി സമൂഹവുമായുള്ള തർക്കങ്ങൾ.
7. ദുരന്ത നിവാരണ സംവിധാനത്തിന്റെ അഭാവം.
8. പോർട്ട് സ്റ്റാഫുകളുടെ നൈപുണ്യം പുതുക്കുന്നതിലെ അപര്യാപ്തത.
9. അപര്യാപ്തമായ സമുദ്ര/കര അടിസ്ഥാന സൗകര്യങ്ങൾക്കും ഡ്രെഡ്ജിങ്ങിനുമുള്ള വലിയ ചെലവ്.
10. ചില തുറമുഖങ്ങളിലെ വികസനത്തിനും ഭൂമി ഏറ്റെടുക്കലിനുമെതിരെ പ്രാദേശിക സമൂഹവുമായി തർക്കം.

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്

ഫിഷറീസ്, പോർട്ട്, ടൂറിസം വകുപ്പുകളുടെ സേവന വിഭാഗമായി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് പ്രവർത്തിക്കുന്നു. കൂടാതെ, മുനമ്പം ഫിഷിംഗ് ഹാർബർ ഒഴികെയുള്ള എല്ലാ മത്സ്യബന്ധന തുറമുഖങ്ങളും ഇത് കൈകാര്യം ചെയ്യുന്നു.
സമുദ്രമേഖലയിൽ അടിസ്ഥാന സൗകര്യ വികസനം സൃഷ്ടിക്കുന്നതിനുള്ള പുതിയ രീതികളും

സാങ്കേതികവിദ്യയും അന്വേഷിക്കുക, പര്യവേക്ഷണം ചെയ്യുക, വികസിപ്പിക്കുക, നടപ്പിലാക്കുക എന്നിവയാണ് വകുപ്പിന്റെ പ്രധാന ദൗത്യം. തീരദേശ മേഖലയിൽ ഫിഷറീസ് വകുപ്പ്, തുറമുഖ വകുപ്പ്, ടൂറിസം വകുപ്പ് എന്നിവയ്ക്ക് ഇത് സാങ്കേതിക സഹായം നൽകുന്നു.

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ പ്രധാന നേട്ടങ്ങൾ

2017–18

1. വേഗത്തിലും സുതാര്യവുമായ അഡ്മിനിസ്ട്രേഷനായി സിഇ ഓഫീസിൽ ഇ–ഓഫീസ് നടപ്പിലാക്കി.
2. ഹാർബർ പ്രോജക്റ്റുകളുടെ മോഡൽ പഠനത്തിനായി ഒരു ന്യൂമെറിക് മോഡലിംഗ് സോഫ്റ്റ് വെയർ മൈക്ക് –21 സോഫ്റ്റ് വെയർ വാങ്ങി.
3. ക്വാളിറ്റി കൺട്രോൾ വിഭാഗം ശാസ്ത്രീയ ഉപാധികളും ഉപകരണങ്ങളും ഉപയോഗിച്ച് പ്രവർത്തിക്കാൻ തുടങ്ങി.
4. ഇരവിപുരം–പരവൂർ തീരദേശ റോഡിന്റെ നിർമ്മാണം പൂർത്തിയായി.

2018–19

1. ന്യൂമെറിക് മോഡലിംഗിനായുള്ള മൈക്ക് 21 സോഫ്റ്റ് വെയർ ഉപയോഗിച്ച് 6 പ്രോജക്റ്റുകളെക്കുറിച്ച് മോഡൽ പഠനം നടത്തി.
2. തങ്കശ്ശേരിയിലെ പ്രധാന ബ്രേക്ക്‌വാട്ടർ ജോലികൾ ചെയിനേജ് 1350 മീറ്റർ മുതൽ ചെയ്നേജ് 1500 മീറ്റർ വരെ ശക്തിപ്പെടുത്തുന്നത് പൂർത്തിയായിക്കൊണ്ടിരിക്കുകയാണ് (95 ശതമാനം).
3. കമലേശ്വരത്ത് ടൈപ്പ് III ക്വാർട്ടേഴ്സിന്റെ നിർമ്മാണം പൂർത്തിയാകുന്നു (95 ശതമാനം).
4. കോഴിക്കോട് ജില്ലയിലെ ബേപ്പൂരിലെ അന്വേഷണ നിർമ്മാണ ഉപവിഭാഗത്തിനായി പുതിയ ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി ലഭിച്ചു.
5. എറണാകുളം ജില്ലയിലെ മുനമ്പം തുറമുഖത്ത് സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമാണത്തിന് ഭരണാനുമതി ലഭിച്ചു.
6. പൊന്നാനിയിൽ പുതിയ വാർഫ് നിർമ്മാണം പുരോഗതിയിലാണ്

ഹൈഡ്രോഗ്രാഫിക് സർവേ വിംഗ് (എച്ച്എസ്ഡബ്ല്യു)

ഉൾനാടൻ ജലഗതാഗതത്തിനും സംസ്ഥാനത്തെ എല്ലാ ചെറുകിട തുറമുഖങ്ങളുടെയും വികസനത്തിനും വേണ്ടിയുള്ള ഹൈഡ്രോഗ്രാഫിക് ഡാറ്റ അന്വേഷിച്ച് ശേഖരിക്കുക എന്ന ലക്ഷ്യത്തോടെയാണ് 1967 ൽ ഹൈഡ്രോഗ്രാഫിക് സർവേ വിംഗ് സ്ഥാപിതമായത്. ഡ്രെഡ്ജിംഗ് ആവശ്യകത, അടിസ്ഥാന സൗകര്യ വികസനത്തിന് ആവശ്യമായ ബാത്ത്മെട്രിക് ഡാറ്റ, ഫിഷിംഗ് ഹാർബറുകളുടെ നിർമ്മാണം, തുടങ്ങി വിവിധ ആവശ്യങ്ങൾക്കുള്ള വിവരങ്ങൾ കണ്ടെത്തുന്നതിനായി വിംഗ് രൂപീകരിച്ചതു മുതൽ പതിവായി പ്രീ–ഡ്രെഡ്ജിംഗ്, പോസ്റ്റ് ഡ്രെഡ്ജിംഗ്, മൺസൂണിന് മുമ്പുള്ളതും ശേഷമുള്ളതും ആയ സർവെകൾ എന്നിവ നടത്തുന്നു. ഫിഷ് ലാൻഡിംഗ് സെന്ററുകൾ, ചെറിയ തുറമുഖങ്ങൾ, നാവിഗേഷൻ, ടൂറിസം, ഗവേഷണം തുടങ്ങിയ ആവശ്യങ്ങൾക്കുള്ള ബാത്ത്മെട്രിക് ഡാറ്റ കണ്ടെത്തുന്നതിനായി സർവെകൾ നടത്തുന്നു. പോർട്ട് ഡിപ്പാർട്ട്മെന്റിനും ഹാർബർ എഞ്ചിനീയറിംഗ് വിഭാഗത്തിനും വേണ്ടിയാണ് വിംഗ് പ്രധാനമായും പ്രവർത്തിക്കുന്നത്. ജലസേചനം, പിഡബ്ല്യുഡി, ഫിഷറീസ്, ടൂറിസം, ഉൾനാടൻ നാവിഗേഷൻ, മറ്റ് പ്രധാന ഏജൻസികളായ കേരള വാട്ടർ അതോറിറ്റി, കേരള ഇലക്ട്രിസിറ്റി ബോർഡ്, കേരള സ്റ്റേറ്റ് മാരിടൈം ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്, വിവിധ ഗവേഷണ സ്ഥാപനങ്ങൾ എന്നിവയ്ക്കായി സർവേ പ്രവർത്തനങ്ങൾ വിംഗ് ഏറ്റെടുക്കുന്നു. കേരള എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, സിഡബ്ല്യുആർഡിഎം, സെസ്സ്, ഇന്ത്യൻ അഡ്മിറൽറ്റി ചാർട്ടുകൾ (നാവിക ഹൈഡ്രോഗ്രാഫിക് ഓഫീസ് പ്രസിദ്ധീകരിക്കുന്ന നാവിഗേഷൻ ചാർട്ടുകൾ) എന്നിവ അപ്ഡേറ്റ് ചെയ്യുന്നതിന് ഡെറാ ഡൂണിലെ (ഇന്ത്യൻ നേവി) നേവൽ ഹൈഡ്രോഗ്രാഫിക് ഓഫീസ് ആവശ്യപ്പെടുന്ന ടൈഡൽ, ഹൈഡ്രോഗ്രാഫിക് വിവരങ്ങളും ഹൈഡ്രോഗ്രാഫിക് സർവേ വിംഗ് കൈമാറുന്നു.

ഹൈഡ്രോഗ്രാഫിക് സർവേ വിഭാഗത്തിന്റെ ഭൗതിക നേട്ടങ്ങൾ

പ്രീ, പോസ്റ്റ് ഡ്രെഡ്ജിംഗ് സർവേ, പ്രീ, പോസ്റ്റ് മൺസൂൺ സർവേ, ഡാറ്റ ശേഖരിക്കുകയും പരിശോധിക്കുകയും ക്രമീകരിക്കുകയും കംപൈൽ ചെയ്യുകയും സർവേ ചാർട്ടുകൾ തയ്യാറാക്കുകയും ചെയ്തു. 2015–16, 2016–17, 2017–18, 2018–19 (2018 ഒക്ടോബർ വരെ) യഥാക്രമം 45, 44, 36, 23 സർവേകൾ നടത്തി.

1. ഹൈഡ്രോഗ്രാഫിക് സർവേ ഇൻസ്റ്റിറ്റ്യൂട്ട് – കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഹൈഡ്രോഗ്രഫി ആൻഡ് അഡ്വാൻസ്ഡ് സ്റ്റഡീസ് (കിഹാസ്), 2013 ൽ സ്ഥാപിതമായതും തിരുവിതാംകൂർ കൊച്ചിൻ ലിറ്ററി സയന്റിഫിക് ആൻഡ് ചാരിറ്റബിൾ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്റ്റ് 1955 പ്രകാരം രജിസ്റ്റർ ചെയ്യപ്പെടുമാണ്. ഇത് കൊച്ചിയിലെ ഫിഷറീസ് യൂണിവേഴ്സിറ്റി കാമ്പസിൽ പ്രവർത്തിക്കുന്നു. ഇൻസ്റ്റിറ്റ്യൂട്ട് ആറുമാസ ദൈർഘ്യമുള്ള അടിസ്ഥാന ഹൈഡ്രോഗ്രാഫിക് കോഴ്സ് നടത്തുന്നു. ഈ വർഷം, രണ്ട് ബാച്ചുകൾക്കുള്ള കോഴ്സ് നടത്തി.

22 വിദ്യാർത്ഥികൾ ഈ കോഴ്സ് പൂർത്തിയാക്കി സർട്ടിഫിക്കറ്റുകൾ നേടി. ഈ അടിസ്ഥാന ഹൈഡ്രോഗ്രാഫിക് സർവേ കോഴ്സ് പൂർത്തിയാക്കിയ ഭൂരിഭാഗം വിദ്യാർത്ഥികൾക്കും ഇന്ത്യയിലും വിദേശത്തും തൊഴിൽ ലഭിച്ചു. ടോട്ടൽ സ്റ്റേഷനിൽ വിഭാഗത്തിലും കിഹാസ് കോഴ്സും നടത്തുന്നു. ഈ സ്ഥാപനത്തെ കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആൻഡ് ഓഷ്യാനോഗ്രഫി (കുഫോസ്) യുമായി ബന്ധപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. 2013 മുതൽ 2017 വരെ 88 വിദ്യാർത്ഥികൾ ഹൈഡ്രോഗ്രാഫിക് സർവേ കോഴ്സ് പൂർത്തിയാക്കി 46 വിദ്യാർത്ഥികൾക്ക് ജോലി ലഭിച്ചു. 2018 ൽ 17 വിദ്യാർത്ഥികളുള്ള ആറാമത്തെ ബാച്ചിന്റെ കോഴ്സ് പ്രവർത്തനം പുരോഗമിക്കുന്നു.

2. 1 ഡിജിപിഎസ്, 2 എടിജികൾ, 3 ഹൈപാക്ക് സോഫ്റ്റ് വെയറുകൾ, 1 എക്കോ സൗണ്ടർ എന്നിവ മൊത്തം 69.11 ലക്ഷം രൂപയ്ക്ക് വാങ്ങുന്നതിന് സർക്കാർ അനുമതി നൽകി.
3. എം.വി.നിർദ്ദേശക്, എം.വി. സർവേയർ എന്നീ കപ്പലുകളുടെ പ്രത്യേക അറ്റകുറ്റപ്പണിക്കായി ഭരണാനുമതി ലഭിച്ചു. പ്രവർത്തി പുരോഗമിക്കുന്നു.

2018–19

1. ഹൈഡ്രോഗ്രാഫിക് സർവേയ്ക്കായി 3 ഹൈപാക്ക് സോഫ്റ്റ് വെയർ വാങ്ങി.
2. സർവേ കോഴ്സിനായി ഒരു ഹൈപാക്ക് നെറ്റ്‌വർക്ക് സോഫ്റ്റ് വെയർ വാങ്ങി.
3. കണ്ണൂരിലെ എ.എം.എസ് ഓഫീസിനായി ഒരു ആധുനിക സർവേ ഉപകരണം (ഡിജിപിഎസ്) വാങ്ങി.
4. ഒരു ട്വിൻ സ്ക്രൂ സർവേ വെസ്സൽ നിർമ്മിച്ചു.
5. ഡ്രെഡ്ജിംഗ് സർവേകൾ –9 എണ്ണം നടത്തി.
6. സ്വകാര്യ സർവേ –7 എണ്ണം നടത്തി.

ഉൾനാടൻ ജലഗതാഗതം (ഐ.ഡബ്ല്യു.റ്റി)

റോഡ്, റെയിൽ, വ്യോമ ഗതാഗത മാർഗ്ഗങ്ങൾക്കൊപ്പം ഒരു ബദൽ ഗതാഗത മാർഗ്ഗമാണ് ഉൾനാടൻ ജലഗതാഗതം (ഐ.ഡബ്ല്യു.റ്റി). ഉൾനാടൻ ജലഗതാഗതത്തിന് സമ്പദ്‌വ്യവസ്ഥകളുടെ വികസനത്തിന് സംഭാവന ചെയ്യാനും സമൂഹങ്ങളെ കൂട്ടിയിണക്കാനുള്ള കഴിവുണ്ട്. ഇന്ന്, സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കാൻ രാജ്യങ്ങളെ സഹായിക്കാനും സാമ്പത്തിക വികസനത്തിന്റെ ഒരു യന്ത്രമായി പ്രവർത്തിക്കാനും ഉൾനാടൻ ജലഗതാഗതത്തിന് കഴിയും. നിലവിലുള്ള ഗതാഗത സംവിധാനങ്ങളേക്കാൾ കൂടുതൽ ഊർജ്ജ ക്ഷമവുമാണ് ഉൾനാടൻ ജലഗതാഗതം.

പാരിസ്ഥിതികാഘാതം കുറഞ്ഞതും ചെലവ് കുറഞ്ഞതും ആയ ഗതാഗത മാർഗ്ഗങ്ങളിലൊന്നാണെങ്കിലും, ഇത് വലിയ തോതിൽ പ്രയോജനപ്പെടുത്തിയിട്ടില്ല. ഉൾനാടൻ ജലഗതാഗതത്തിന്റെ കാര്യക്ഷമതയും സുസ്ഥിരതയും വർദ്ധിപ്പിക്കുന്നതിലൂടെ 20 ശതമാനം ചരക്ക് നീക്കങ്ങൾ റോഡുകളിൽ നിന്ന് ജലമാർഗത്തിലേക്ക് മാറ്റാൻ കഴിയും.

പൊതുവേ, വലിയ നദികളുള്ള പ്രദേശങ്ങളിലാണ് ഉൾനാടൻ ജലപാത സംവിധാനങ്ങൾ കാണപ്പെടുന്നത്. കനാലുകൾ ഈ ഗതാഗത സംവിധാനങ്ങളുടെ ഉപയോഗം വിപുലീകരിക്കുകയും മെച്ചപ്പെടുത്തുകയും ചെയ്യുന്നു. ലോകത്തിലെ സഞ്ചാരയോഗ്യമായ ജലമാർഗ്ഗങ്ങൾ ഏകദേശം 6,23,000 കിലോമീറ്ററാണ്. ആഗോള ദൈർഘ്യത്തിന്റെ 18 ശതമാനം ഉള്ള ചൈനയിലാണ് ഏറ്റവും കൂടുതൽ സഞ്ചാരയോഗ്യമായ ജലമാർഗമുള്ളത്. തുടർന്ന് റഷ്യ (16 ശതമാനം), ബ്രസീൽ (8 ശതമാനം), യുഎസ്എ (7 ശതമാനം) എന്നിവയാണ്. ഇന്ത്യൻ സഞ്ചാരയോഗ്യമായ ജലപാത ജലമാർഗ്ഗങ്ങളുടെ ആഗോള ദൈർഘ്യത്തിന്റെ രണ്ട് ശതമാനം വരും.

ഇന്ത്യയിൽ സഞ്ചാരയോഗ്യമായ ഉൾനാടൻ ജലപാതകൾ ഏകദേശം 14,500 കിലോമീറ്റർ ഉണ്ട്. ഇതിൽ, 9,200 കിലോമീറ്റർ (5,200 കിലോമീറ്റർ നദി, 4,000 കിലോമീറ്റർ കനാൽ), യന്ത്രവൽകൃത ജലയാനങ്ങൾ ഉപയോഗിക്കാവുന്നതാണ്. രാജ്യത്തൊട്ടാകെ 111 ജലാശയങ്ങൾ/വിഭാഗങ്ങൾ ദേശീയ ജലപാതകളായി ഇന്ത്യൻ സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. ലോകത്തിന്റെ മറ്റു ഭാഗങ്ങളെ അപേക്ഷിച്ച് ജലപാതയിലൂടെയുള്ള ചരക്ക് ഗതാഗതം ഇന്ത്യയിൽ വളരെ കുറവാണ്. ഉൾനാടൻ ജലപാതകളിലൂടെയുള്ള നീക്കിയ മൊത്തം ചരക്ക് (ടൺ കിലോമീറ്ററിൽ) നീക്കം ഇന്ത്യയിലെ മൊത്തം ചരക്ക് നീക്കത്തിന്റെ 0.1 ശതമാനമാണ്. ഇത് അമേരിക്കയിലെ 21 ശതമാനവുമായി താരതമ്യം ചെയ്യുമ്പോൾ വളരെ കുറവാണ്. ഇന്ത്യയിലെ ഗോവ, പശ്ചിമ ബംഗാൾ, അസം, കേരളം തുടങ്ങിയ സംസ്ഥാനങ്ങളിൽ ചരക്ക് ഗതാഗത സംവിധാനം വികസിപ്പിച്ചെടുത്തിട്ടുണ്ട്.

ഇന്ത്യയിലെ ഉൾനാടൻ ജലപാതകളിൽ ഗംഗ–ഭഗീരഥി–ഹുഗ്ലി നദികൾ (1620 കിലോമീറ്റർ), ബ്രഹ്മപുത്ര (891 കിലോമീറ്റർ), ബരാക് നദി, ഗോവയിലെ നദികൾ, കേരളത്തിലെ കായലുകൾ, മുംബൈയിലെ ഉൾനാടൻ ജലപാതകൾ, ഗോദാവരി–കൃഷ്ണ ഡെൽറ്റാ പ്രദേശങ്ങളിലെ നദികൾ (1078 കിലോമീറ്റർ) എന്നിവ ഉൾപ്പെടുന്നു. യന്ത്രവത്കൃത കപ്പലുകളും ബോട്ടുകളും ഉപയോഗിച്ച് പ്രതിവർഷം 44 ദശലക്ഷം ടൺ ചരക്ക് ഈ ജലപാതകളിലൂടെ കൊണ്ടു പോകുന്നു. എൻഎച്ച്എഐ ആക്റ്റ് – 1985 പ്രകാരം രൂപീകരിച്ച ഇന്ത്യയിലെ ദേശീയ ജലപാതകളുടെ ചുമതലയുള്ള സ്റ്റാറ്റ്യൂട്ടറി അതോറിറ്റിയാണ് ഇൻലാൻഡ് വാട്ടർവേ അതോറിറ്റി ഓഫ് ഇന്ത്യ (ഐ.ഡബ്ല്യു.എ.ഐ) ജലപാതകളിൽ

പട്ടിക 11.1.30 ദേശീയ ജലപാതകളിലെ ചരക്ക് ഗതാഗതം

ക്രമ നമ്പർ	ഉൾനാടൻ മാർഗ്ഗങ്ങൾ	ഏപ്രിൽ 2018 മുതൽ സെപ്റ്റംബർ 2018 വരെ (മെട്രിക് ടൺ)	ഏപ്രിൽ 2019 മുതൽ സെപ്റ്റംബർ 2019 വരെ (മെട്രിക് ടൺ)
1	ഗംഗ – ഭാഗീരഥി ഹുഗ്ലി – എൻ.ഡബ്ളിയു 1	2167946	3649806
2	ബ്രഹ്മപുത്ര എൻ.ഡബ്ളിയു 2	275204	193907
3	വെസ്റ്റ് കോസ്റ്റ് കനാൽ ചമ്പക്കര കനാൽ & ഉദ്യോ–ഗമണ്ഡൽ കനാൽ എൻ.ഡബ്ളിയു 3	152333	211658
4	കൃഷ്ണ നദി എൻ.ഡബ്ളിയു 4	166524	82226
	സബ് ടോട്ടൽ (ദേശീയ ജലപാത 1–4	2,762,007	4,137,596
മഹാരാഷ്ട്ര ജലപാത			
5	എൻ.ഡബ്ളിയു 10 (അംബാ നദി)	9,341,048	10,648,963
6	എൻ.ഡബ്ളിയു 83 (രാജ് പുരി നദീമുഖം)	550,174	427,832
7	എൻ.ഡബ്ളിയു 85 (രേവ്ദണ്ഡ നദീമുഖം & കുണ്ഡലിക നദി)	959,107	448,550
8	എൻ.ഡബ്ളിയു 91 (ശാസ്ത്രി നദി – ജയ്ഗാഡ് കോട്ട നദീമുഖം)	3,140,991	66,643
	ആകെ	13,991,320	11,591,988
ഗോവ ജലപാത			
9	എൻ.ഡബ്ളിയു 68 (മണ്ഡോവി നദി)	–	818,985
10	എൻ.ഡബ്ളിയു 111 (സുവരി നദി)	2,304,798	494,009
	ആകെ	2,304,798	1,312,994
ഗുജറാത്ത് ജലപാത			
11	എൻ.ഡബ്ളിയു 73 (നർമദാ നദി)	31,656	49,246
12	എൻ.ഡബ്ളിയു 100 (താപി നദി)	13,256,943	15,048,526
	ആകെ	13,288,599	15,097,772
13	എൻ.ഡബ്ളിയു 97 (സുന്ദർബൻസ്)	1,521,409.17	1,950,196
14	എൻ.ഡബ്ളിയു 16 (ബാരാക് നദി)	–	119
	ആകെ തുക (മെട്രിക് ടണ്ണിൽ)	33,868,133	34,090,665

ഉറവിടം: ദേശീയ ഉൾനാടൻ അതോറിറ്റി

ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ നിർമ്മിക്കാൻ ഇൻലാന്റ് വാട്ടർ അതോറിട്ടിയെ അധികാരപ്പെടുത്തിയിട്ടുണ്ട്. പുതിയ പദ്ധതികളുടെ സാമ്പത്തിക സാധുതയും ഇത് പരിശോധിക്കുന്നു. രാജ്യത്തുടനീളമുള്ള ദേശീയ ജലപാതകളിലെ ചരക്ക് നീക്കത്തിന്റെ വിശദാംശങ്ങൾ **പട്ടിക 11.1.30** ൽ നൽകിയിരിക്കുന്നു.

2018–19 (ഏപ്രിൽ മുതൽ സെപ്റ്റംബർ വരെ) കാലയളവിൽ ദേശീയ ജലപാത1 മുതൽ ജലപാത 4 വരെയുള്ള ട്രാഫിക്കിന്റെ അവസ്ഥ പട്ടിക 11.1.30 ൽ നൽകിയിരിക്കുന്നു. ഐ.ഡബ്ല്യു.എ.ഐ ഡാറ്റ പ്രകാരം, 2018 ഏപ്രിൽ – സെപ്റ്റംബറിനും 2019 ഏപ്രിൽ മുതൽ സെപ്റ്റംബറിനും ഇടയിലുള്ള കാലയളവിൽ കേരളത്തിലെ ജലപാത 3 ലെ ഗതാഗതം 38 ശതമാനം വരെ വർദ്ധിച്ചു.

ദേശീയ ജലപാത–3 നെ ബന്ധിപ്പിക്കുന്ന വെസ്റ്റ് കോസ്റ്റ് കനാൽ വികസിപ്പിക്കുന്നതിന് കേരള സർക്കാർ മുൻഗണന നൽകുന്നു. വെസ്റ്റ് കോസ്റ്റ് കനാൽ (ഡബ്ല്യുസിസി), ഫീഡർ കനാലുകൾ എന്നിവ സംസ്ഥാനത്തെ ജലപാതകളിൽ ഉൾപ്പെടുന്നു. സംസ്ഥാനത്തെ ഉൾനാടൻ ജലപാതകളുടെ ആകെ നീളം 1,687 കി.മീ. ആണ് കേരളത്തിലെ ഉൾനാടൻ ജലപാതയുടെ മൊത്തം നീളം 616 കിലോമീറ്ററാണ്. ഡബ്ല്യുസിസിയെ ബന്ധിപ്പിക്കുന്ന 1,100 കിലോമീറ്റർ ഫീഡർ/ലിങ്ക് കനാലുകളും വാണിജ്യ കേന്ദ്രങ്ങൾ, തുറമുഖങ്ങൾ, ടൂറിസം സ്പോട്ടുകൾ എന്നിവ പോലുള്ള പ്രധാന സ്ഥലങ്ങളും ഇവിടെയുണ്ട്. ആകെ 616 കിലോമീറ്ററിൽ മാഹിക്കും വളപട്ടണത്തിനും ഇടയിലുള്ള മൂന്ന് ഭാഗങ്ങൾ (മൊത്തം 26 കിലോമീറ്റർ) കരഭാഗമാണ്. നീലേശ്വരം മുതൽ കാസറഗോഡ് വരെ (41 കിലോമീറ്റർ) പാത നീട്ടുന്നതും പരിഗണനയിലാണ്. പടിഞ്ഞാറൻ തീരദേശ കനാലിന്റെ കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള ഭാഗം നേരത്തെ ദേശീയ ജലപാത –3 ആയി പ്രഖ്യാപിച്ചിരുന്നു. കോട്ടപ്പുറം മുതൽ കോഴിക്കോട് വരെയുള്ള ഭാഗവും ആറ് ഫീഡർ കനാലുകളും ദേശീയ ജലപാതകളുടെ ഭാഗമാക്കി പ്രഖ്യാപിച്ചിട്ടുണ്ട്. വെസ്റ്റ് കോസ്റ്റ് കനാലിനെ അഞ്ച് വിഭാഗങ്ങളായി തിരിക്കാം (1) കോവളം–കൊല്ലം (74.18

കിലോമീറ്റർ), (2) കൊല്ലം–കോട്ടപ്പുറം (കൊടുങ്ങല്ലൂർ) (168 കിലോമീറ്റർ), (3) കോട്ടപ്പുറം–കോഴിക്കോട് (160 കിലോമീറ്റർ), (4) കോഴിക്കോട്–നീലേശ്വരം (187.82 കിലോമീറ്റർ), (5) നീലേശ്വരം–കാസർഗോഡ് (41 കിലോമീറ്റർ) എന്നിവയാണ് അവ. കേരളത്തിലെ മുഴുവൻ ജലപാതാ സംവിധാനത്തിനും വർഷം മുഴുവൻ ജലലഭ്യത ഉറപ്പാക്കാനും സ്മാർട്ട് ജലപാതകളായി വികസിപ്പിക്കാനും കഴിയും.

സംസ്ഥാനത്തെ ജലപാത സംവിധാനത്തിന്റെ വികസനത്തിനായി മൂന്ന് ഘട്ടങ്ങളിലായി ഒരു പ്രവർത്തന പദ്ധതി അംഗീകരിക്കുകയും താഴെപറയുന്നപോലെ നടപ്പാക്കുകയും ചെയ്യുന്നു.

ഘട്ടം I–ഡബ്ല്യു.സി.സി ലഭ്യമായ ഭൂമിയിൽ സാധ്യമായ വീതിയോടെ 2020 ൽ പൂർത്തിയാക്കാൻ കഴിയുന്നവ നടപ്പാക്കും.

ഘട്ടം II– കൈയേറ്റക്കാരുടെ പുനരധിവാസം, ഭൂമി ഏറ്റെടുക്കൽ, കനാൽ വീതികൂട്ടൽ എന്നിവ 2020–22 ൽ പൂർത്തിയാക്കും.

ഘട്ടം III– കാസറഗോഡ് ജില്ലയിലെ ബേക്കൽ വരെ വെസ്റ്റ് കോസ്റ്റ് കനാലിനെ നീട്ടുക, ഫീഡർ കനാലുകളുടെ വികസനം, ചരക്ക് ഗതാഗത, ടൂറിസം എന്നിവയ്ക്കുള്ള സൗകര്യങ്ങൾ 2022–25 കാലയളവിൽ കൈവരിക്കും. മുഴുവൻ സമയ ഗതാഗതം പ്രാപ്തമാക്കുന്നതിന് സ്മാർട്ട് ജലപാതകൾക്കായി നാവിഗേഷൻ സഹായകങ്ങളും സിഗ്നലുകളും സ്ഥാപിക്കും.

സംസ്ഥാന ജലഗതാഗത വകുപ്പ് (എസ്ഡബ്ല്യുടിഡി), തീരദേശ ഷിപ്പിംഗ്– ഉൾനാടൻ ജലഗതാഗത വകുപ്പ് (സിഎസ്ഐഎൻഡി), കേരള ഷിപ്പിംഗ് & ഇൻലാൻഡ് നാവിഗേഷൻ കോർപ്പറേഷൻ (കെഎസ്ഐഎൻസി) എന്നിവയാണ് കേരളത്തിലെ ഉൾനാടൻ ജലഗതാഗതത്തിലെ പ്രധാന ഏജൻസികൾ. സംസ്ഥാന ജലപാതകളുടെ വികസനം സംസ്ഥാന സർക്കാരും ഒരു പ്രധാന പങ്കാളിയായി കൊച്ചി ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡും (സിയാൽ) ചേർന്നു രൂപീകരിച്ച പ്രത്യേക ഉദ്ദേശ്യയാനമായ കേരള വാട്ടർ വേയ്സ് ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡും (ക്വിൽ) സിഎസ്ഐഎൻഡിയും സംയുക്തമായി നടത്തുന്നു

പട്ടിക 11.1.31 വെസ്റ്റ് കോസ്റ്റ് കനാലിന്റെ നിലവിലെ സ്ഥിതി

ക്രമ നമ്പർ	കനാൽ റീച്ച്	ദേശീയപാത/സംസ്ഥാന പാത	ചെയ്നേജ്	നീളം (കി.മീ)	സഞ്ചാരയോഗ്യമായ നീളം (കി.മീ)	നിലവിലെ സ്ഥിതി
1	കോവളം – ആക്കുളം	ദേശീയപാത/ സംസ്ഥാന പാത	0 കി.മീ–16.04 കി.മീ	16.04	14	ഭാഗിഗമായി സഞ്ചാര യോഗ്യം
2	ആക്കുളം–കൊല്ലം	സംസ്ഥാന പാത	16.04 കി.മീ–74.14 കി.മീ	58.10	32	ഭാഗിഗമായി സഞ്ചാര യോഗ്യം
3	കൊല്ലം–കോട്ടപ്പുറം	ദേശീയപാത	74.14 കി.മീ–242.14 കി.മീ	168	168	സഞ്ചാരയോഗ്യം
4	കോട്ടപ്പുറം–കോഴിക്കോട്	ദേശീയപാത	242.14 കി.മീ–402.00 കി.മീ	160	28	ഭാഗിഗമായി സഞ്ചാരയോഗ്യം
5	കോഴിക്കോട് നഗര ഭാഗം(കനോലി കനാൽ)	സംസ്ഥാന പാത	402.14 കി.മീ–412.00 കി.മീ	9.86	7	ഭാഗിഗമായി സഞ്ചാരയോഗ്യം ആഴം പ്രശ്നമാണ്
6	കോഴിക്കോട്–വടകര	സംസ്ഥാന പാത	412.00 കി.മീ–450.08 കി.മീ	40.08	25	ഭാഗിഗമായി സഞ്ചാരയോഗ്യം
7	വടകര–മാഹി (മുറിക്കപ്പെടാത്ത ഭാഗം)	സംസ്ഥാന പാത	450.08 കി.മീ–467.69 കി.മീ	17.61	10	പ്രവർത്തി പുരോഗതിയിൽ
8	മാഹി–വളപ്പട്ടണം (26കി. മി മുറിക്കപ്പെടാത്ത ഭാഗം & 32.20 കി.മീ നദീ ഭാഗം)	സംസ്ഥാന പാത	467.69 കി.മീ–526.20 കി.മീ	58.51	32	സഞ്ചാരയോഗ്യമല്ല
9	വളപ്പട്ടണം–നീലേശ്വരം	സംസ്ഥാന പാത	526.20 കി.മീ–590 km	63.80 km	58	സഞ്ചാരയോഗ്യം
10	നീലേശ്വരം–ബേക്കൽ (മുറിക്കപ്പെടാത്ത ഭാഗം)	സംസ്ഥാന പാത	590 കി.മീ–616 കി.മീ	26	0	അന്വേഷണം നടക്കുന്നു

ഉറവിടം: ദേശീയ ഉൾനാടൻ അതോറിറ്റി

കിഫ്ബി സഹായത്തോടെ പാർവതി–പുത്തനാറിലെ (കോവളം – ആക്കുളം സ്ടെച്ച്) വികസന പ്രവർത്തനങ്ങൾ ക്വിൽ ഏകദേശം പൂർത്തിയാക്കി. ആക്കുളം – കൊല്ലം, കോഴിക്കോട് – മാഹി, വളപ്പട്ടണം–നീലേശ്വരം എന്നിവയുടെ വികസന പ്രവർത്തനങ്ങൾ സിഎസ്ഐഎൻഡി ഏറ്റെടുക്കുമ്പോൾ, കൊല്ലം – കോഴിക്കോട് (ദേശീയ ജലപാതയായി പ്രഖ്യാപിച്ചഭാഗം) സ്ടെച്ചിലെയും അതിന്റെ ഫീഡർ കനാലുകളിലെയും വികസന പ്രവർത്തനങ്ങളുടെ ചുമതല കേന്ദ്ര ഗവൺമെന്റ് ഏജൻസിയായ ഇൻലാൻഡ് വാട്ടർ അതോറിറ്റി ഓഫ് ഇന്ത്യയ്ക്കുമാണ്.

ആഴമില്ലായ്മ, വീതികുറവ്, കരയിടിച്ചിൽ, അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം എന്നിങ്ങനെയുള്ള പല തരത്തിലുള്ള തടസ്സങ്ങളും കനാലുകളുടെ പല ഭാഗങ്ങളിലുമുണ്ട്. കൊല്ലത്തിനും കോട്ടപ്പുറത്തിനുമിടയിലുള്ള ദേശീയ ജലപാത –3, ചമ്പക്കര, ഉദ്യോഗ് മണ്ഡൽ എന്നിവയുടെ ഫീഡർ കനാലുകൾ ക്ലാസ് –3 നിലവാരത്തിൽ വികസിപ്പിച്ചെടുത്തു. ഈ കനാലുകളിൽ ബാർജ് സർവ്വീസുകൾ പ്രവർത്തിക്കുന്നു. കൊല്ലം, ആലപ്പുഴ, എറണാകുളം, കണ്ണൂർ, കാസറഗോഡ് എന്നിവിടങ്ങളിൽ യാത്രാ ബോട്ട് സൗകര്യം ഉണ്ട്. ദേശീയ ജലപാത 3 ൽ മുനമ്പം, കൊച്ചി, കായംകുളം, നീണ്ടകര എന്നിവിടങ്ങളിൽ കടലിലേയ്ക്ക് ബന്ധപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, ഹൗസ് ബോട്ടുകൾ, ഷിങ്കർ ബോട്ടുകൾ, സ്പീഡ് ബോട്ടുകൾ തുടങ്ങി വിവിധ തരം യാനങ്ങൾ ഈ കനാലുകളിലും ടൂറിസത്തെ ബന്ധിപ്പിക്കുന്ന ബാക്ക് വാട്ടറുകളിലും സഞ്ചരിക്കുന്നു. ചില സ്ഥലങ്ങളിൽ ജങ്കാർ സേവനങ്ങളും പ്രവർത്തിക്കുന്നു.

പടിഞ്ഞാറൻ തീരദേശ കനാലിന്റെ വിവിധ റീച്ചുകളുടെ വികസനത്തിന്റെ നിലവിലെ സ്ഥിതി **പട്ടിക 11.1.31** ൽ നൽകിയിരിക്കുന്നു.

നിലവിൽ വെസ്റ്റ് കോസ്റ്റ് കനാലിന്റെ വിവിധ ഭാഗങ്ങളിൽ 25 ടെർമിനലുകളും പൂർത്തിയായിട്ടുണ്ട്.

സംസ്ഥാന ജല ഗതാഗത വകുപ്പ്

ആലപ്പുഴ ജില്ല ആസ്ഥാനമാക്കി (ഡയറക്ടറേറ്റ്) സംസ്ഥാന ജല ഗതാഗത വകുപ്പ് 1968–ൽ രൂപീകൃതമായി. രൂപീകരണ സമയത്ത്, ആലപ്പുഴ, കോട്ടയം, കൊല്ലം ജില്ലകളിൽ മാത്രമായിരുന്നു സേവന പ്രവർത്തനങ്ങൾ. അന്ന് ആലപ്പുഴയായിരുന്നു എല്ലാ പ്രവർത്തനങ്ങളുടെയും നാഡി കേന്ദ്രം. പിന്നീട്, ഒരു മെക്കാനിക്കൽ എഞ്ചിനിയറുടെ ഓഫീസും, മൂന്ന് സീനിയർ സൂപ്രണ്ടുമാരുടെ നേതൃത്വത്തിൽ എറണാകുളം, കോട്ടയം (ചങ്ങനാശ്ശേരി), കാസർഗോഡ് എന്നീ മൂന്നു ജില്ലകളിൽ മേഖലാ ഓഫീസുകളും സ്ഥാപിച്ചുകൊണ്ട്, പ്രവർത്തനങ്ങൾ വ്യാപിപ്പിച്ചു. ഇപ്പോൾ വകുപ്പിന് പതിനാല് സ്റ്റേഷൻ ഓഫീസുകളുണ്ട്.

സംസ്ഥാന ജല ഗതാഗത വകുപ്പ് ആലപ്പുഴ, കോട്ടയം, കൊല്ലം, എറണാകുളം, കണ്ണൂർ, കാസർകോട് ജില്ലകളിലെ വെള്ളക്കെട്ട് പ്രദേശ നിവാസികളുടെ ഗതാഗത ആവശ്യങ്ങൾ നിറവേറ്റി കൊടുക്കുന്നു. പ്രസ്തുത വകുപ്പ് ഒരു വാണിജ്യ വകുപ്പാണെങ്കിൽ കൂടി, അതിന്റെ പ്രവർത്തനം ഒരു സേവന വകുപ്പ് പോലെയാണ്. "ഗതാഗതം" അവശ്യ സേവനത്തിന്റെ കീഴിൽ ആയതിനുശേഷം ഈ വകുപ്പ് അവശ്യ സേവന വകുപ്പിന്റെ മാതൃകയിലാണ് പ്രവർത്തിച്ച് വരുന്നത്.

മരം/ഉരുക്ക്/സോളാർ അധിഷ്ഠിത ഫൈബർ ഗ്ലാസ് പാസഞ്ചർ ബോട്ടുകൾ എന്നിവ ഉപയോഗിച്ച് പ്രതിവർഷം 150 ലക്ഷം യാത്രക്കാരുടെ ആവശ്യങ്ങൾ വകുപ്പ് നിറവേറ്റുന്നു. വെള്ളം കയറിയ പ്രദേശങ്ങൾ ജലഗതാഗത മേഖലയെ ആശ്രയിച്ച് കഴിയുന്നു എന്നതാണ് ഈ വകുപ്പിന്റെ പ്രസക്തി.

2018–19 ലെ നൂതന സംരംഭങ്ങൾ

രക്ഷാപ്രവർത്തനം ആംബുലൻസ് സേവനം എന്നിവയ്ക്ക് ഉപയോഗിക്കാൻ അഞ്ച് പ്രധാന സ്റ്റേഷനുകൾക്കായി വകുപ്പ്, അഞ്ച് നൂതന റെസ്ക്യൂ ബോട്ടുകൾ വാങ്ങി. വെള്ളപ്പൊക്കത്തിൽ കുടുങ്ങിയ ആളുകളെ സുരക്ഷിത കേന്ദ്രങ്ങളിലേക്ക് മാറ്റുന്നതിൽ വകുപ്പ് മികച്ച സേവനമാണ് കാഴ്ച്ചവച്ചത്.

വൈക്കം –എറണാകുളം മേഖലയിൽ 120 യാത്രക്കാരെ വരെ വഹിക്കാൻ ശേഷിയുള്ള ശീതികരിച്ച പാസഞ്ചർ കം ടൂറിസ്റ്റ് സർവീസ് അതിവേഗ കടത്ത് ബോട്ട് 2018 നവംബർ 4 ന് ഉദ്ഘാടനം ചെയ്തു. സ്വദേശികളും വിദേശികളുമായ യാത്രക്കാർക്ക് റോഡുകളലെന്നപോലെ ട്രാഫിക് ബ്ലോക്കിൽപ്പെടാതെ ഏറ്റവും കുറഞ്ഞ സമയത്തിനുള്ളിൽ ലക്ഷ്യ സ്ഥാനത്ത് എത്തിച്ചേരാം എന്നതാണ് ഈ സേവനത്തിന്റെ പ്രധാന നേട്ടം. യാത്രക്കാരുടെയും ബോട്ടിന്റെയും സുരക്ഷ ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ വകുപ്പ് 60 ബിൽജ്ജും പുക മുന്നറിയിപ്പ് ഉപകരണങ്ങൾ വാങ്ങി.

2018–19 കാലയളവിൽ വാട്ടർ ടാക്സി, ബാർജ് സേവനങ്ങൾ തുടങ്ങിയവ നടപ്പിലാക്കുന്നതിനുള്ള സാദ്ധ്യതകളെക്കുറിച്ച് വിവിധ പഠനങ്ങൾ നടത്തി. രണ്ട് പാസഞ്ചർ കം ടൂറിസ്റ്റ് ബോട്ട്, സോളാർ ക്രൂയിസ് ബോട്ട്, ഏഴ് കട്ടമരം ബോട്ടുകൾ എന്നിവയുടെ നിർമ്മാണം അന്തിമ ഘട്ടത്തിലാണ്. രണ്ട് സോളാർ ബോട്ടുകളുടെ നിർമ്മാണം പുരോഗമിക്കുന്നു. ഈ ബോട്ടുകളുടെ നിർമ്മാണം പൂർത്തിയാകുമ്പോൾ, വകുപ്പിന്റെ ടൂറിസം സാധ്യതകൾക്ക് വളരെയധികം പ്രയോജനം ചെയ്യുകയും, കൂടാതെ തദ്ദേശീയരായ യാത്രക്കാർക്ക് കുറഞ്ഞ സമയത്തിനുള്ളിൽ ലക്ഷ്യസ്ഥാനത്തെത്തി ചേരാൻ സാധിക്കുകയും ചെയ്യും. മരം/ ഉരുക്ക്, ഫൈബർ ഗ്ലാസ് പാസഞ്ചർ ബോട്ടുകൾ എന്നിവ ഉപയോഗിച്ച് വകുപ്പ് പ്രതിവർഷം 130.48 ലക്ഷം യാത്രക്കാരെ വഹിച്ചുകൊണ്ടു പോവുന്നു.

പട്ടിക 11.1.32 2017–18 മുതൽ 2019–20 വരെ പദ്ധതി തിരിച്ചുള്ള അവലോകനം (രൂപ ലക്ഷത്തിൽ)

പദ്ധതിയുടെ പേര്	വാർഷിക പദ്ധതി 2017–18			വാർഷിക പദ്ധതി 2018–19		വാർഷിക പദ്ധതി 2019–20	
	പദ്ധതിയുടെ പേര്	പുതുക്കിയ വിഹിതം	ചെലവ്	ബജറ്റ് വിഹിതം	ചെലവ്	ബജറ്റ് വിഹിതം	ചെലവ് 2019 സെപ്റ്റംബർ വരെ
ഭൂമിയും കെട്ടിടവും ടെർമിനൽ സൗകര്യങ്ങളും	110	–	46.12	400	13.51	160	9.99
ബോട്ടുകൾ വാങ്ങലും കടത്തു സർവ്വീസുകൾ വിപുലീകരിക്കലും	1815	1745	1154.7	1600	1042.18	2110	161.5
വർക്ക്ഷോപ്പ് സൗകര്യങ്ങൾ	165	–	159.42	270	0	250	0
പുതിയ എഞ്ചിൻ വാങ്ങലും പഴയ ബോട്ടുകൾ പുതുക്കിപ്പണിയലും	110	180	179.72	150	147.84	291	68.31
ആകെ	2200	1925	1540 (80 ശതമാനം)	2420	1203.51 (53.03 ശതമാനം)	2811	238.80 (8.5 ശതമാനം)

ഉറവിടം: പ്ലാൻ സ്പേസ്

നിലവിൽ ടൂറിസം സേവനങ്ങൾ ഉൾപ്പെടെ 54 പാസഞ്ചർ ബോട്ടുകളും 5 രക്ഷാപ്രവർത്തന ബോട്ടുകളും പ്രവർത്തിക്കുന്നു. ഉൾനാടൻ ഗതാഗതത്തിന്റെ ആകെ വരുമാനം (ടൂറിസ്റ്റ് ബോട്ടുകൾ + ബാർജ്ജ് + ജങ്കറുകളിൽ നിന്നുള്ള ശേഖരം) 70.85 ലക്ഷം രൂപയാണ്.

സംസ്ഥാന ജല ഗതാഗത വകുപ്പിന്റെ 2018–19, 2019–20 കാലയളവിലെ പദ്ധതി വിഹിതവും ചെലവും (ചെലവ് 2019 സെപ്റ്റംബർ വരെ) പട്ടിക 11.1.16 ൽ നൽകിയിരിക്കുന്നു.

പുതിയ സംരംഭങ്ങളും കാഴ്ച്ചപ്പാടുകളും

ദേശീയ ജലപാതകളെ ഉപയോഗപ്പെടുത്തി ജല ടൂറിസത്തിന്റെ സാധ്യതകൾ പരമാവധി നേടിയെടുക്കുവാൻ വകുപ്പ്, നൂതന തരത്തിലുള്ള ടൂറിസ്റ്റ്, ക്രൂയിസ് ബോട്ടുകളായ വാട്ടർ ടാക്സി, വാട്ടർ ബസ് എന്നിവ നടപ്പിലാക്കാൻ ഒരുങ്ങുന്നു. കൂടാതെ, ഡീസൽ ഇന്ധനമുള്ള ചില ബോട്ടുകൾ ഘട്ടം ഘട്ടമായി ഇലക്ട്രിക് ബോട്ടുകളാക്കി മാറ്റാനും വകുപ്പ് തീരുമാനിച്ചിട്ടുണ്ട്. അതിനാൽ, ദേശീയ ജലപാതകളെ ഉപയോഗപ്പെടുത്തി, ഘട്ടംഘട്ടമായി സമാന്തര റോഡ് ഗതാഗതക്കുരുക്ക് കുറയ്ക്കുന്നതിനായി, ഭാവിയിൽ ഏറ്റവും ചെലവ് കുറഞ്ഞ ജലപാതകൾ ഉപയോഗിച്ച് അതിവേഗ ബോട്ട് സർവീസ് ആരംഭിക്കാൻ വകുപ്പ് ഉദ്ദേശിക്കുന്നു. അതുപോലെ, ജലപാതകളിലെ ചരക്ക് നീക്കത്തിന്റെ സാധ്യതയെക്കുറിച്ച് പഠനം നടത്തുന്നു.

മലിനീകരണ രഹിതവും പരിസ്ഥിതി സൗഹൃദവുമായ വാട്ടർ ടൂറിസം ആവിഷ്കരിക്കുന്നതിനായി സൗരോർജ്ജ ബോട്ടുകൾ കൂടുതൽ നിർമ്മിക്കാൻ വകുപ്പ് ശ്രമിക്കുന്നു. അഞ്ച് സ്റ്റേഷൻ ഓഫീസുകൾ പുതുക്കിപ്പണിയാനും ആലപ്പുഴയിലും എറണാകുളത്തും സ്ത്രീകൾക്ക് പ്രത്യേക വിശ്രമമുറികൾ സജ്ജീകരിക്കാനും വകുപ്പ് ഉദ്ദേശിക്കുന്നു. യാത്രക്കാർക്കും ബോട്ടുകൾക്കും കൂടുതൽ സുരക്ഷാ ഉപകരണങ്ങൾ വാങ്ങാനും വകുപ്പ് പദ്ധതിയിട്ടിട്ടുണ്ട്. ആലപ്പുഴ മേഖലയിൽ ഇലക്ട്രിക്കൽ ബോട്ടുകളുടെ സേവനം ആരംഭിക്കുന്നതിനുള്ള സാദ്ധ്യതാ പഠനം പുരോഗമിക്കുന്നു. മലിനീകരണം കുറയ്ക്കാനും ജലഗതാഗത മേഖലയെ കൂടുതൽ ശക്തിപ്പെടുത്താനും ഇലക്ട്രിക് റോ–റോ സേവനത്തെക്കുറിച്ചുള്ള സാദ്ധ്യതാ പഠനം നടത്തുന്നതിനും ഈ പദ്ധതി സഹായിക്കും.

പ്രശ്നങ്ങളും വെല്ലുവിളികളും

കൈയേറ്റം ജലപാതകളുടെ വികസനത്തെ ബാധിച്ചിട്ടുണ്ട്. ജലപാതകളുടെ കരയിൽ നിന്ന് കൈയേറ്റക്കാരെ ഒഴിപ്പിക്കുകയും അവരുടെ പുനരധിവാസവും ഒരു വെല്ലുവിളിയാണ്. തുടർച്ചയായ മണ്ണിടിയൽ, മാലിന്യങ്ങൾ കനാലിലേയ്ക്ക് വലിച്ചെറിയൽ, അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം എന്നിവ ജലപാതയിൽ ജലയാനങ്ങളുടെ സ്വതന്ത്രമായ യാത്രയ്ക്ക് തടസ്സമുണ്ടാക്കുന്നു.

മുന്നോട്ടുള്ള വഴി

അത്തരം നിരവധി തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടെങ്കിലും, കോവളത്ത് നിന്ന് കാസർഗോഡേയ്ക്കുള്ള ജലയാത്ര നടത്തുക എന്ന ലക്ഷ്യത്തിലേയ്ക്ക് സർക്കാർ നീങ്ങുന്നു. ശക്തമായ നയപരിപാടിയിലൂടെയും സാങ്കേതിക വിദ്യയുടെ ഉപയോഗത്തിലൂടെയും 2022–25 ഓടെ വൻതോതിൽ ഗതാഗതവും ടൂറിസവും വികസിപ്പിക്കുന്നതിനും അതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനും കേരള ഗവൺമെന്റ് അതിവേഗത്തിൽ നടപടികൾ കൈക്കൊള്ളുന്നു.

11.2 ഊർജ്ജം

ആഗോളതലത്തിൽ സാമ്പത്തിക വളർച്ചയ്ക്കും മാനവികക്ഷേമത്തിനും ഊർജ്ജം നിർണായക പങ്കുവഹിക്കുന്നു. ലക്ഷക്കണക്കിന് കുടുംബങ്ങൾക്ക് ഇന്ധനവും വെളിച്ചവും നൽകുന്നതിനും പുറമെ വ്യവസായം, കൃഷി, വാണിജ്യം, മറ്റുസേവന മേഖലകൾ എന്നിവയ്ക്ക് ശക്തി പകരുന്നതിനും ഊർജ്ജം അനിവാര്യമാണ്. രാജ്യത്ത് ഉർജ്ജത്തിന്റെ ആവശ്യകത അനുദിനം ത്വരിതഗതിയിൽ വർദ്ധിച്ചു കൊണ്ടിരിക്കുന്നു. ആകയാൽ വർദ്ധിച്ചുകൊണ്ടിരിക്കുന്ന ആവശ്യകതയ്ക്കനുസരിച്ച് ഊർജ്ജം കണ്ടെത്താൻ നിലവിലുള്ള ഊർജ്ജോത്പാദന സ്രോതസ്സുകളുടെ ഉത്പാദനശേഷി വൻതോതിൽ വർധിപ്പിക്കേണ്ടതാവശ്യമാണ്. ആവശ്യമായ ഊർജ്ജം മിതമായ നിരക്കിൽ ഗുണനിലവാരത്തോടെ ലഭ്യമാക്കുക എന്നത് സർക്കാരിന്റെ ഉത്തരവാദിത്തങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ്. ഊർജ്ജ മേഖല നിലനിൽപ്പിനായുള്ള വെല്ലുവിളി അഭിമുഖീകരിക്കുന്നുണ്ട്.

വളരെയധികം വൈവിധ്യമുള്ളതും വളരെ എളുപ്പത്തിൽ നിയന്ത്രിക്കാവുന്നതുമായ ഊർജ്ജരൂപമാണ് വൈദ്യുതി. മലിനീകരണം ഇല്ലാതെയും നഷ്ടമുണ്ടാകാതെയും മാറ്റിയെടുക്കാവുന്ന പ്രയോജനപ്രദമായ ഊർജ്ജം വൈദ്യുതോർജ്ജമാണ്. ലോക ബാങ്കിന്റെ കണക്കനുസരിച്ച് ഇന്ന് 840 ദശലക്ഷം മനുഷ്യർ വൈദ്യുതി ഇല്ലാതെ ജീവിക്കുന്നു. കൂടാതെ, 100 ദശലക്ഷം മനുഷ്യർ ആവശ്യത്തിന് വൈദ്യുതി ഉപയോഗം ഇല്ലാതെയും ജീവിക്കുന്നു. മനുഷ്യന്റെ നിലനില്പിനുള്ള അടിസ്ഥാന ആവശ്യമാണ് വൈദ്യുതി.

വൈദ്യുതി മേഖലയിലെ പുതിയ വെല്ലുവിളികളും അവസരങ്ങളും

ആഗോളതലത്തിലും ആഭ്യന്തരമായും സമകാലിക ഉർജ്ജമേഖലാ രംഗം വളരെ ശ്രദ്ധാപൂർവ്വം പരിഗണിക്കേണ്ടതായ നിരവധി വെല്ലുവിളികളെയും അവസരങ്ങളെയും നേരിടുന്നു. പ്രത്യേകിച്ചും കേരളത്തിന്റെ പശ്ചാത്തലത്തിൽ, സംസ്ഥാനത്തിന്റെ വീക്ഷണകോണിൽ നിന്ന് അത്തരം വെല്ലുവിളികളും ആവശ്യങ്ങളും കണക്കിലെടുക്കുന്ന ഒരു വികസനഗതി ചാർട്ട് ചെയ്യേണ്ടതുണ്ട്. അതേസമയം, സംസ്ഥാനത്തെ ഊർജ്ജമേഖലയുടെ നേട്ടങ്ങളും ശക്തിയും പ്രധാനമായും ശ്രദ്ധിക്കേണ്ടതും മുന്നോട്ട് പോകുമ്പോഴും ഇവ സംരക്ഷിക്കപ്പെടുന്നുവെന്ന് ഉറപ്പാക്കേണ്ടതുമാണ്. ഊർജ്ജമേഖലയുടെ പ്രധാന വെല്ലുവിളികളിൽ ഒന്ന് തീർച്ചയായും സുസ്ഥിര ദിശയിലേക്കുള്ള ഭാവി പരിവർത്തനമാണ്, പ്രത്യേകിച്ചും പുനരുപയോഗ ഊർജ്ജത്തിന്റെ പങ്ക് പ്രോത്സാഹിപ്പിക്കുന്നതിൽ. രാജ്യത്തുടനീളം, പുനരുപയോഗ ഊർജ്ജ ഉൽപാദനവും ഇൻസ്റ്റലേഷനും വർദ്ധിപ്പിക്കുന്നതിൽ ഭാരത സർക്കാർ മുന്നേറുകയാണ്. അതേസമയം, ഊർജ്ജച്ചെലവ് കണക്കിലെടുത്ത്, ആഗോള കാർബൺ സ്പേസിന്റെ ന്യായമായ വിഹിതത്തിനുള്ള അവകാശത്തിന്റെ ഭാഗമായി ഇന്ത്യ താപവൈദ്യുതിയെ ഉൽപാദിപ്പിക്കുന്നത് തുടരും. കൽക്കരി അധിഷ്ഠിത ഉല്പാദനത്തിൽ നിന്ന് നേരത്തേ പുറത്തുകടന്നത് സുസ്ഥിരതയ്ക്കുവേണ്ടിയാണ്. എന്നിരുന്നാലും, വികസിത രാജ്യങ്ങൾ പോലും, കൽക്കരി അധിഷ്ഠിത ഊർജ്ജ ഉത്പാദനത്തിൽ നിന്ന് പുറത്തുകടക്കുമ്പോൾ, യഥാർത്ഥത്തിൽ വാതക അധിഷ്ഠിത ഉത്പാദനം വർദ്ധിപ്പിച്ചിട്ടുണ്ടെന്ന കാര്യം ഓർക്കണം. വാതകത്തിൽ ഉള്ള പരിമിതമായ ഓപ്ഷനുകളും ഇറക്കുമതി ചെയ്യുന്ന വാതകത്തെ ആശ്രയിക്കുന്നതിനുള്ള ഉയർന്ന ചെലവും കണക്കിലെടുക്കുമ്പോൾ, ഇന്ത്യയ്ക്ക് ഇപ്പോഴും കൽക്കരി അധിഷ്ഠിത ഊർജ്ജ ഉത്പാദനം ആവശ്യമാണ്. ഇടത്തരം കാലയളവിലേക്ക് താപോർജ്ജ ഉൽപാദനം തുടർന്നും വികസിപ്പിക്കണണമെന്നത് മനസ്സിൽ വച്ചുകൊണ്ട് ഇത് കേരളത്തിന്റെ ഊർജ്ജ നയത്തിൽ ഉൾപ്പെടുത്തണം.

നയരൂപീകരണ വേളയിൽ, പുനരുപയോഗ ഊർജ്ജം ചിലപ്പോൾ സ്ഥാപിതമായ ഫോസിൽ ഇന്ധന അധിഷ്ഠിത ഊർജ്ജ ഉത്പാദനത്തിന്റെ എതിരാളിയായി കാണപ്പെടുന്നു. എന്നിരുന്നാലും,

ഇന്ത്യയിലെ വികസനത്തിന്റെ മൂലധന പരിമിതികൾ കണക്കിലെടുക്കുമ്പോൾ, ഇന്ത്യയിൽ, പ്രത്യേകിച്ചും പൊതുമേഖലയിൽ, വളർന്നുവരുന്ന പുനരുപയോഗ ഊർജ്ജ മേഖലയുടെ എതിരാളി എന്ന തരത്തിൽ വലിയ വൈദ്യുതി യൂട്ടിലിറ്റികളിൽ വൻതോതിൽ നിക്ഷേപിക്കുന്നത് വിപരീത ഫലമുളവാക്കും. അത്തരം യൂട്ടിലിറ്റികൾക്ക് അറിവിന്റെയും മാനവവിഭവശേഷിയുടെയും കാര്യത്തിൽ വളരെയധികം മൂലധനമുണ്ട്, അവ പുനരുപയോഗ ഊർജ്ജവുമായി മത്സരിക്കുന്നതിന് സജ്ജമാക്കി പാഴാക്കുകയോ മിച്ചം നൽകുകയോ ചെയ്യരുത്. പുനരുൽപ്പാദിപ്പിക്കാവുന്ന ഊർജ്ജ ഉൽപാദനത്തിലേക്കും ഇൻസ്റ്റലേഷനിലേക്കും മാറുന്നതിന് വലിയ യൂട്ടിലിറ്റികളെ പങ്കാളികളായി പരിഗണിക്കുക എന്നതാണ് കൂടുതൽ ഫലപ്രദമായ ഒരു തന്ത്രം. കേരളത്തെ സംബന്ധിച്ചിടത്തോളം, സംസ്ഥാനത്തിന്റെ വളർച്ചയ്ക്കും അഭിവൃദ്ധിക്കും ഗണ്യമായ സംഭാവന നൽകിയ വിലപ്പെട്ട സ്വത്താണ് കേരള സംസ്ഥാന വൈദ്യുതി ബോർഡ്. പുനരുപയോഗ ഊർജ്ജ കാലഘട്ടത്തിൽ പോലും, ഒരു നേതാവായിനിന്നുകൊണ്ടു സ്ഥാപിത സ്രോതസ്സുകളിൽ നിന്നുള്ള ഊർജ്ജ ദൗത്യം നിറവേറ്റുന്നതിൽ കെഎസ്ഇബിയ്ക്ക് വിലപ്പെട്ടതും പ്രധാനവുമായ പങ്ക് വഹിക്കാനുണ്ട്. ഊർജ്ജോത്പാദനത്തിൽ ഇന്ത്യയിലെ പൊതുമേഖലയിലെ നിരവധി വലിയ സ്ഥാപനങ്ങൾ കെഎസ്ഇബിയുടെ കാഴ്ചപ്പാട് സ്വീകരിക്കുന്നു. ഈ വീക്ഷണകോണിൽ നിന്നാണ് ഊർജ കേരള മിഷനിൽ കെഎസ്ഇബിയുടെ പ്രധാന പങ്ക് ശ്രദ്ധേയമായി പരിഗണിക്കേണ്ടത്. ഗണ്യമായ മൂല്യമുള്ള ഈ മിഷന്റെ വിജയകരമായ നിർവ്വഹണവും നടപ്പാക്കലും ഈ അവലോകനത്തിലെ ഊർജ കേരള മിഷന്റെ പ്രസക്തമായ ഭാഗത്ത് ഉൾപ്പെടുത്തിയിട്ടുണ്ട് എന്നത് വായനക്കാരന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

ചെലവുകൾ നഷ്ടപ്പെടാതെ എല്ലാ വിഭാഗം ഉപഭോക്താക്കളെയും ബാധിക്കുന്ന താരിഫിന് പ്രധാന പരിഗണന ഉണ്ട്. അത്തരം പരിവർത്തനത്തിന്റെ സമയം നിർണ്ണയിക്കുന്നതിന്റെ ഭാഗമായ ചെലവുകൾ ശ്രദ്ധാപൂർവ്വം പരിഗണിക്കാതെ സുസ്ഥിരതയിലേക്കുള്ള മാറ്റം നയിക്കരുത്. ഇത് അവഗണിക്കുന്നതിന്റെ അനന്തരഫലങ്ങൾ സാമ്പത്തികവും സാമൂഹികവുമായ അനന്തരഫലങ്ങളിലേക്ക് നയിച്ചേക്കാം. നിരന്തരമായ ടെക്നോളജി അപ്ഗ്രേഡേഷനും ഡവലപ്മെന്റും നിർണായകമാണ്, കൂടാതെ ഊർജ്ജ കാര്യക്ഷമത എല്ലാ വിഭാഗങ്ങളിലുമുള്ള ഊർജ്ജ ഉപയോഗത്തിൽ സ്ഥിരമായി പ്രോത്സാഹിപ്പിക്കണം.

ഇന്ത്യയിലെ ഊർജ്ജ മേഖല

ലോകത്ത് ഊർജ്ജ ഉത്പാദനത്തിലും ഉപയോഗത്തിലും ഇന്ത്യയ്ക്ക് മൂന്നാം സ്ഥാനമുണ്ട്. 2019 ഒക്ടോബർ 31ന് രാജ്യത്തിന്റെ മൊത്തം സ്ഥാപിത ശേഷി 3,64,960.14 മെഗാവാട്ടാണ്. ഇന്ത്യയിൽ, താപോർജ്ജത്തിൽ നിന്നുള്ള വൈദ്യുതിയാണ് ഊർജ്ജ സ്രോതസ്സുകളിൽ പ്രധാനമായിട്ടുള്ളത്. 2019 ഒക്ടോബർ 31ന്റെ കണക്കനുസരിച്ച് ഇത് രാജ്യത്തിന്റെ മൊത്തം സ്ഥാപിത ശേഷിയുടെ 62.86 ശതമാനം വരുന്നു. നാഷണൽ ഗ്രിഡിലേക്ക് വിവിധ ഊർജ്ജ സ്രോതസ്സുകളിൽ നിന്ന് 2019 ഒക്ടോബർ 31 അടിസ്ഥാനമാക്കിയുള്ള ഊർജ്ജ വിഹിതവും അതിന്റെ ശതമാനവും **പട്ടിക 11.2.1** ൽ കൊടുത്തിരിക്കുന്നു. ഇതനുസരിച്ച് രാജ്യത്തിന്റെ മൊത്തം ഊർജ്ജ സ്ഥാപിത ശേഷി 3,64,960.14 മെഗാവാട്ടാണ്. അടുത്തകാലത്ത്, പുനരാവർത്തക ഊർജ്ജസ്രോതസ്സുകളിൽ നിന്നുള്ള ഊർജ്ജ ഉൽപാദനം ജല വൈദ്യുതി ഉൽപാദനത്തെ മൂന്നാം സ്ഥാനത്തേക്ക് പിന്തള്ളി രണ്ടാം സ്ഥാനത്തെത്തി.

ഊർജ്ജോൽപ്പാദനത്തിന്റെ മേഖലാ തിരിച്ചുള്ള ആകെ കണക്കുകൾ **പട്ടിക 11.2.2** ൽ ഉൾപ്പെടുത്തിയിരിക്കുന്നു. അതിൻ പ്രകാരം, 103,814.69 മെഗാവാട്ട് (28.46 ശതമാനം) സംസ്ഥാന മേഖലയിൽ നിന്നും 91,496.93 മെഗാവാട്ട് (25.06 ശതമാനം) കേന്ദ്ര മേഖലയിൽ നിന്നും 1,69,648.52 മെഗാവാട്ട് (46.48 ശതമാനം) സ്വകാര്യ മേഖലയിൽ നിന്നുമാണ്.

പട്ടിക 11.2.1 31.10.2019 അനുസരിച്ചുള്ള ഇന്ത്യയുടെ മൊത്തം സ്ഥാപിതശേഷി

ഇന്ധനം	31.8.2017 അനുസരിച്ചുള്ള സ്ഥാപിതശേഷി (മെ.വാ.)	മൊത്തം സ്ഥാപിത ശേഷിയുടെ ശതമാനം	31.10.2018 അനുസരിച്ചുള്ള സ്ഥാപിതശേഷി (മെ.വാ.)	മൊത്തം സ്ഥാപിത ശേഷിയുടെ ശതമാനം	31.10.2019 അനുസരിച്ചുള്ള സ്ഥാപിതശേഷി (മെ.വാ.)	ശതമാനം
1	2	3	4	5	6	7
താപവൈദ്യുതി	2,19,490.00	66.67	2,21,768.00	64.1	229,401.42	62.86
ജല വൈദ്യുതി	44,653.00	13.56	45,487.00	13.1	45,399.22	12.44
ആണവോർജ്ജം	6,780.00	2.06	6,780.00	2	6,780.00	1.86
പുനരാവർത്തക ഊർജ്ജം	58,303.00	17.71	72,013.00	20.8	83,379.50	22.84
ആകെ	3,29,226.00	100	3,46,048.00	100	3,64,960.14	100

അവലംബം: കന്ദ്ര ഇലക്ട്രിസിറ്റി അതോറിറ്റി (സി.ഇ.എ)

പട്ടിക 11.2.2 31.10.2018 അനുസരിച്ചുള്ള ഇന്ത്യയുടെ മൊത്തം സ്ഥാപിതശേഷി

മേഖല	സ്ഥാപിതശേഷി (മെ.വാ.)	ശതമാനം
സംസ്ഥാന മേഖല	1,03,814.69	28.46
കേന്ദ്ര മേഖല	91,496.93	25.06
സ്വകാര്യ മേഖല	1,69,648.52	46.48
ആകെ	3,64,960.14	100

അവലംബം: കന്ദ്ര ഇലക്ട്രിസിറ്റി അതോറിറ്റി (സി.ഇ.എ)

കേരളത്തിലെ ഊർജ്ജ മേഖല

രാജ്യത്ത് 100 ശതമാനം വീടുകളും വൈദ്യുതീകരിച്ച ആദ്യ സംസ്ഥാനം കേരളമാണ്. പവർക്കട്ടൊ ലോഡ്ഷെഡ്ഡിംഗോ ഇല്ലാതെ 365 ദിവസവും 24 മണിക്കൂറും സംസ്ഥാനത്തു വൈദ്യുതി ലഭ്യമാക്കുന്നു. 1980 കളിൽ കേരളം വൈദ്യുതി മിച്ചമുള്ള സംസ്ഥാനം ആയിരുന്നെങ്കിലും 2018–19 ൽ മൊത്തം വൈദ്യുതി ആവശ്യകതയുടെ 30.49 ശതമാനം മാത്രമേ ഉല്പാദിപ്പിച്ചിരുന്നുള്ളൂ. ബാക്കി 68.63 ശതമാനം ആവശ്യമുള്ള വൈദ്യുതി പുറത്തുനിന്നും വാങ്ങുകയായിരുന്നു. ശേഷം 0.88 ശതമാനം ഓപ്പൺ ആക്സസ് ഉപഭോക്താക്കളാകുന്നു.

ഊർജ്ജമേഖലയിലെ ഏജൻസികളുടെ പ്രവർത്തന നേട്ടം

കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ് (കെ.എസ്.ഇ.ബി.എൽ), ഏജൻസി ഫോർ നോൺ കൺവെൻഷണൽ എനർജി ആന്റ് റൂറൽ ടെക്നോളജി (അനർട്ട്), ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്, എനർജി മാനേജ്മെന്റ് സെന്റർ (ഇ.എം.സി) എന്നീ നാല് ഏജൻസികൾ മുഖേനയാണ് മുഖ്യമായും കേരളത്തിൽ ഊർജ്ജവികസന പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നത്. ഈ വകുപ്പുകളുടെ 2018–19, 2019–20 എന്നീ വർഷങ്ങളിലെ വിഹിതം, ചെലവ്, ചെലവ് ശതമാനം എന്നിവ **പട്ടിക 11.2.3** ൽ കൊടുത്തിരിക്കുന്നു.

2019–20 വർഷത്തെ വാർഷിക പദ്ധതിയിൽ 1,78,145.00 ലക്ഷം രൂപയാണ് ഊർജ്ജമേഖലയ്ക്കായി വകയിരുത്തിയിരിക്കുന്നത്. വാർഷിക പദ്ധതിയിൽ 1,71,237.00 ലക്ഷം രൂപ കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ് (കെ.എസ്.ഇ.ബി.എൽ)നും 5,200.00 ലക്ഷം രൂപ ഏജൻസി ഫോർ നോൺ കൺവെൻഷണൽ എനർജിആന്റ് റൂറൽ ടെക്നോളജി (അനർട്ട്) യ്ക്കും 825.00 ലക്ഷം രൂപ മീറ്റർ ടെസ്റ്റിംഗ് ആൻഡ് സ്റ്റാൻഡേർഡ്സ് ലബോറട്ടറി (എം ടി എസ് ൽ) യ്ക്കും 883.00 ലക്ഷം രൂപ എനർജി മാനേജ്മെന്റ് സെന്ററിനും(ഇ.എം.സി) വകയിരുത്തിയിട്ടുണ്ട്. പ്ലാൻ സ്പെയ്സിൽ റിപ്പോർട്ട് ചെയ്ത പ്രകാരം, 2019 ഒക്ടോബർ വരെ 91,522.08 ലക്ഷം രൂപയാണ് ചെലവഴിച്ചിട്ടുള്ളത്, അതായത് മൊത്തം വിഹിതത്തിന്റെ 51.37 ശതമാനം. ഇതിൽ, കെ.എസ്.ഇ.ബി എൽ 91,161.14 ലക്ഷം രൂപയും (53.24 ശതമാനം), അനർട്ട് 198.12 ലക്ഷം രൂപയും (3.81 ശതമാനം), ഇ.എം.സി 129.80 ലക്ഷം രൂപയും (14.70 ശതമാനം) ഇലക്ട്രിക്കൽ ഇൻസ്പക്ടറേറ്റ് 33.02 ലക്ഷം രൂപയും (4.00 ശതമാനം) 2019 ഒക്ടോബർ വരെ ചെലവഴിച്ചിട്ടുണ്ട്.

കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ് (കെ.എസ്.ഇ.ബി.എൽ)

ഇന്ത്യൻ കമ്പനീസ് ആക്ട് 1956 (കേന്ദ്ര നിയമം 1956 ന്റെ 1) പ്രകാരം സംയോജിക്കപ്പെട്ട പവർ യൂട്ടിലിറ്റി കമ്പനിയാണ് കേരള സംസ്ഥാന

പട്ടിക 11.2.3 വിഹിതവും ചെലവുകളും (രൂപ ലക്ഷത്തിൽ)

ക്രമ നമ്പർ	വകുപ്പിന്റെ/ ഏജൻസിയുടെ പേര്	വാർഷിക പദ്ധതി 2018–19			വാർഷിക പദ്ധതി 2019–20		
		വിഹിതം	ചെലവ്	ചെലവ് ശതമാനത്തിൽ	വിഹിതം	ചെലവ് ഒക്ടോബർ 2019	ചെലവ് ശതമാനത്തിൽ
1	കെ.എസ്.ഇ.ബി.എൽ	2,09,960.24*	1,97,594.10	94.10	1,71,237.00	91,161.14	53.24
2	അനെർട്ട്	5300.00	1,293.01	24.40	5,200.00	198.12	3.81
3	ഇ.എം.സി	895.00	464.00	51.84	883.00	129.80	14.70
4	ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്	836.00	135.42	16.20	825.00	33.02	4.00
	ആകെ	1,78,411.00	1,99,486.52	93.10	1,78,145.00	91,522.08	51.37

*റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരമുള്ള വിഹിതം
അവലംബം: പ്ലാന് സ്പേസ്

വൈദ്യുതി ബോർഡ് ലിമിറ്റഡ് (കെ.എസ്.ഇ.ബി. എൽ). 2003 ലെ ഇലെക്ട്രിസിറ്റി ആക്ട്, വകുപ്പ് 131 പ്രകാരം കേരള സർക്കാരിന്റെ പൂർണ ഉടമസ്ഥതയിലുള്ളതാണെങ്കിലും വകുപ്പ് 131, 133 എന്നിവയുടെ ഉപവകുപ്പ് 2 പ്രകാരം സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമായിരുന്ന പ്രവർത്തനങ്ങളും, പ്രത്യേകതകളും, താത്പര്യങ്ങളും, അവകാശങ്ങളും, ബാധ്യതകളും, ഉത്തരവുകളും, സ്വകാര്യതകളും പഴയ കേരള സംസ്ഥാന വൈദ്യുതി ബോർഡിന് 2013 ഒക്ടോബർ 31 ന് തിരികെ ഏല്പിച്ചു. കെ.എസ്.ഇ.ബി. എൽ ഉത്പാദനത്തിനും, പ്രസരണത്തിനും, വിതരണത്തിനും പ്രേത്യേകം ലാഭകേന്ദ്രങ്ങളുള്ള സ്വതന്ത്ര ചുമതലയുള്ള കമ്പനിയാണ്. 2011 ജനുവരി 14 ന് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് ലയിപ്പിക്കുകയും 2013 നവംബർ 1 മുതൽ സ്വതന്ത്ര ചുമതലയുള്ള കമ്പനിയായി പ്രവർത്തിക്കുന്നതിനും തുടങ്ങി. സംസ്ഥാനത്ത് വൈദ്യുതി ഉല്പാദനം, പ്രസരണം, വിതരണം, എന്നിവ കെ.എസ്.ഇ.ബി. എൽ നിർവ്വഹിക്കുന്നു. ഗാർഹികാവശ്യങ്ങൾക്കും കാർഷികാവശ്യങ്ങൾക്കും വേണ്ട വൈദ്യുതി താങ്ങാവുന്ന വിലയ്ക്ക് ഉപഭോക്താക്കൾക്ക് നൽകുക എന്നതാണ് പ്രഖ്യാപിത ലക്ഷ്യം.

2018–19 കാലയളവിലെ ഉൽപാദന ശേഷി വർദ്ധന

കേരളത്തിലെ 2019 മാർച്ച് വരെയുള്ള മൊത്തം ഊർജ്ജ സ്ഥാപിത ശേഷി 2,995.88 മെഗാവാട്ട് ആണ്. ഇതിൽ 2,124.92 മെഗാവാട്ട് (70.93 ശതമാനം) ജല വൈദ്യുത പദ്ധതികളിൽ നിന്നും, 676.56 മെഗാവാട്ട്(22.58 ശതമാനം) തെർമൽ പദ്ധതികളിൽ നിന്നും, 60.28 മെഗാവാട്ട് (2.01 ശതമാനം) കാറ്റിൽ നിന്നും, 134.117 മെഗാവാട്ട്(4.48 ശതമാനം) സൗരോർജ്ജത്തിൽ നിന്നും ഉൽപാദിപ്പിക്കുന്നു. ജലം, താപം, പുനരാവർത്തക ഊർജ്ജ സ്രോതസ്സുകൾ എന്നിവയിൽ നിന്നുള്ള കേരളത്തിന്റെ മൊത്തം സ്ഥാപിത ശേഷി **ചിത്രം 11.2.1** ൽ കൊടുത്തിരിക്കുന്നു.

ഊർജ്ജ സ്രോതസ്സ് സംബന്ധിച്ചും കഴിഞ്ഞ അഞ്ചു വർഷത്തെ സ്ഥാപിതശേഷി സംബന്ധിച്ചും ഉള്ള വിശദാംശങ്ങൾ **അനുബന്ധം 11.2.1** ലും മേഖല തിരിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം 11.2.2** ലും നല്കിയിരിക്കുന്നു. 2018–19 ലെ മൊത്തം സ്ഥാപിത ശേഷിയായ 2,995.88 മെഗാവാട്ടിൽ, 2,237.60 മെഗാവാട്ട് (74.69 ശതമാനം) സംസ്ഥാന മേഖലയിൽ നിന്നും, 359.60 മെഗാവാട്ട് (12.00ശതമാനം) കേന്ദ്ര മേഖലയിൽ നിന്നും, 398.68 മെഗാവാട്ട് (13.31 ശതമാനം) സ്വകാര്യ മേഖലയിൽ നിന്നുമാണ്. കഴിഞ്ഞ അഞ്ചു വർഷത്തെ ഊർജ്ജ ലഭ്യത സംബന്ധിച്ച വിശദംശങ്ങൾ **അനുബന്ധം 11.2.3** ൽ നൽകിയിരിക്കുന്നു.

സ്ഥാപിത ഉൽപാദന ശേഷി

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ ഉടമസ്ഥതയിൽ 2058.76 മെഗാ വാട്ട് ശേഷിയുള്ള 37 ജല വൈദ്യുത നിലയങ്ങളും 2.025 മെഗാ വാട്ട് ശേഷിയുള്ള ഒരു കാറ്റാടിപ്പാടവും 159.96 മെഗാ വാട്ട് ശേഷിയുള്ള 2 തെർമൽ പവർ പ്ളാന്റുകളും വിവിധ സ്ഥലങ്ങളിലായി 16.85 മെഗാ വാട്ട് ശേഷിയുള്ള സോളാർ പ്ലാന്റുകളും നിലവിലുണ്ട്. സംസ്ഥാനത്തെ ഒരേഒരു കേന്ദ്ര ഉൽപ്പാദക നിലയം (സി ജി എസ്) ആണ് കായംകുളത്തുള്ള ആർ ജി സി സി പി പി. കാസർഗോട്ട് ഇന്ത്യൻ റിന്യൂവബിൾ എനർജി ഡെവലപ്മെന്റ് ഏജൻസി ലിമിറ്റഡ് (ഐ ആർ ഇ ഡി എ) ന്റെ 50 മെഗാവാട്ട് സോളാർ പാർക്കും കുഴൽമന്നത്ത് അനെർട്ടിന്റെ 2 മെഗാവാട്ട് സോളാർ പ്ലാന്റും സംസ്ഥാന നിക്ഷേപമുള്ള പദ്ധതികളാണ്. 2019 മാർച്ച്

ചിത്രം 11.2.1 മൊത്തം സ്ഥാപിത ശേഷി



അവലംബം: കെ.എസ്.ഇ.ബി.എൽ.

പട്ടിക11.2.4 കെ എസ് ബി എല്ലിന്റെ ആഭ്യന്തര ഉൽപാദന ശേഷി

ക്രമ നമ്പർ	ഇനം	31.03.2018 ൽ ഉത്പാദന ശേഷി (മെ. വാ.)	20178-19 ൽ കൂട്ടിച്ചേർത്ത ഉത്പാദന ശേഷി (മെ.വാ.)	31.03.2019 ൽ ആകെ ഉത്പാദന ശേഷി (മെ.വാ.) (2+3)	2018-19 ൽ ആകെ ഉല്പാദനം (മി. യു)
0	1	2	3	4	5
1	ജല വൈദ്യുതി	2,055.76	3.00	2,058.76	7,602.41
2	താപവൈദ്യുതി	159.96		159.96	4.093
3	കാറ്റ്	2.025		2.025	1.33
4	സൗരോർജ്ജം	14.71	2.14	16.85	18.54
	ആകെ	2,232.46	5.14	2,237.60	7,626.37

അവലംബം: കെ.എസ്.ഇ.ബി.എല്

31 ന് സംസ്ഥാനത്തിന്റെ മൊത്തം സ്ഥാപിതശേഷി 2960.63 മെഗാവാട്ട് ആണ്. 2018-19 ൽ കെ എസ് ഇ ബി ൽ 3 മെഗാവാട്ട് കക്കയം ചെറുകിട ജല വൈദ്യുത പദ്ധതിയും 2 മെഗാവാട്ട് സോളാർ പ്ലാന്റും കൂട്ടിച്ചേർത്തു.

ഉല്പാദനം

2018-19 ൽ കെ എസ് ബി എൽ ന്റെ ആഭ്യന്തര ഉത്പാദനം കഴിഞ്ഞ വർഷത്തേക്കാൾ 38.5 ശതമാനം വർധിച്ച് 7,626.37 മില്യൺ യൂണിറ്റായി. സംസ്ഥാനത്തിന്റെ മൊത്തം ഊർജ്ജ ഉത്പാദനം 7,874.34 മില്യൺ യൂണിറ്റാണ്. 2018-19 ൽ ക്യാപ്റ്റീവ്/ കോ-ജനെറേഷൻ ഉല്പാദിപ്പിച്ച 194.4 മില്യൺ യൂണിറ്റിൽ ഉപയോഗത്തിനുശേഷം 18.92 മില്യൺ യൂണിറ്റ് ഗ്രിഡിന് കൈമാറി. കെ എസ് ഇ ബി ൽ ന്റെ ആഭ്യന്തര ഉത്പാദനം ശേഷി **പട്ടിക 11.2.4** ൽ ചേർത്തിരിക്കുന്നു.

സംസ്ഥാനത്ത് നിർമ്മാണത്തിലിരിക്കുന്ന ജല വൈദ്യുത പദ്ധതികൾ

സംസ്ഥാനത്തെ നിർമ്മാണത്തിലിരിക്കുന്ന പ്രധാന ജല വൈദ്യുതി പദ്ധതികളും അവയുടെ പ്രതീക്ഷിക്കുന്ന പൂർത്തീകരണ തീയതിയും **പട്ടിക 11.2.5** ൽ നൽകിയിരിക്കുന്നു. നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു കൊണ്ടിരിക്കുന്ന മറ്റു ജല വൈദ്യുതി പദ്ധതികളുടെ വിശദാംശങ്ങൾ **അനുബന്ധം 11.2.4** ൽ നൽകിയിരിക്കുന്നു.

സൗരോർജ്ജ പദ്ധതികൾ

സംസ്ഥാനത്ത് കെ.എസ്.ഇ.ബി.എൽ ന്റെ 9.85 മെഗാ വാട്ട് സ്ഥാപിത ശേഷിയുള്ള 28 സൗരോർജ്ജ പദ്ധതികൾ നിർമ്മാണത്തിലാണ്.

വൈദ്യുതി ആവശ്യകത

2018-19 ൽ കേരള പരിധിയിലുള്ള ഊർജ്ജ ആവശ്യകത 24849.15 മെഗാ യൂണിറ്റാണ്. സംസ്ഥാനത്ത് 2018-19 ൽ ഏറ്റവും കൂടിയ ഊർജ്ജ ആവശ്യകത മാർച്ച് 27 ന് 22.00 മുതൽ 22.30 വരെയുള്ള മണിക്കൂറുകളിൽ 4242 മെഗാവാട്ടായിരുന്നു. രാവിലത്തെ ഏറ്റവും കൂടിയ ഊർജ്ജ ആവശ്യകത മാർച്ച് 28 ന് 06.00 മുതൽ 06.30 വരെയുള്ള മണിക്കൂറുകളിൽ 3323 മെഗാവാട്ടായിരുന്നു.

പട്ടിക 11.2.5 നിർമ്മാണം പുരോഗമിക്കുന്ന സംസ്ഥാനത്തെ പ്രധാന ജല വൈദ്യുത പദ്ധതികൾ

ക്രമ നമ്പർ	പദ്ധതിയുടെ പേര്	സ്ഥാപിത ശേഷി (മെ.വാ)	ജില്ല	പ്രവർത്തി ആരംഭിച്ച തീയതി	പ്രതീക്ഷിക്കുന്ന പൂർത്തീകരണ മാസം
1	തോട്ടിയാർ എച്ച്.ഇ.പി	40	ഇടുക്കി	16.01.2009	ഡിസംബർ, 2021
2	സെങ്കുളം ഓഗ്മെന്റേഷൻ പദ്ധതി	85 MU	ഇടുക്കി	06.07.2009	മാർച്ച്, 2022
3	ചാത്തൻകോട്ടു നട II എസ്.എച്ച്.ഇ.പി	6	കോഴിക്കോട്	09.11.2017	മാർച്ച്, 2021
4	പെരിങ്ങൽകുത്ത് എസ്.എച്ച്.ഇ.പി	24	തൃശ്ശൂർ	01.04.2014	മെയ്, 2020
5	ഭൂതത്താൻകെട്ട് എസ്.എച്ച്.ഇ.പി	24	എറണാകുളം	15.02.2014	ഓഗസ്റ്റ്, 2020
6	അപ്പർ കല്ലാർ	2	ഇടുക്കി	12.08.2016	മാർച്ച്, 2020
7	പള്ളിവാസൽ എക്സ്റ്റൻഷൻ	60	ഇടുക്കി	02.03.2007	ഡിസംബർ, 2021
8	പഴശ്ശി സാഗർ	7.5	കണ്ണൂർ	27.10.2017	ഡിസംബർ, 2021
9	ചിന്നാർ	24	ഇടുക്കി	27.04.2018	ഏപ്രിൽ, 2022
10	പെരുവണ്ണാമ്മൂഴി	6	കോഴിക്കോട്	25.05.2018	മെയ്, 2021

അവലംബം: കെ.എസ്.ഇ.ബി.എല്

ചിത്രം 11.12.2 ഉത്പാദനത്തിന്റെയും വൈദ്യുതി വാങ്ങലിന്റെയും സംഗ്രഹം



അവലംബം: കെ.എസ്.ഇ.ബി.എൽ.

ഏറ്റവും കുറഞ്ഞ ഊർജ്ജ ആവശ്യകത ഓഗസ്റ്റ് 16 ന് 3.30 മുതൽ 4.00 വരെയുള്ള മണിക്കൂറുകളിൽ 1155 മെഗാവാട്ടായിരുന്നു. ശരാശരി ദിവസേന ഉപയോഗം 68.386 മെഗാ യൂണിറ്റും കൂടിയ ദിവസേന ഉപയോഗം 86.40 മെഗാ യൂണിറ്റും മാർച്ച് 28, 2019 ന് രേഖപ്പെടുത്തി.

പവർ പർച്ചേസ്

കെഎസ്ഇബിഎല്ലിന് 16 കേന്ദ്ര ഉൽപാദന കേന്ദ്രങ്ങളിൽ നിന്ന് വൈദ്യുതി ലഭ്യമാക്കുന്നുണ്ട്. വെള്ളപ്പൊക്ക സമയത്ത് സ്റ്റേഷനുകൾ ഷെഡ്യൂൾ ചെയ്യാത്തതും, കുടംകുളം സ്റ്റേഷന്റെ ഒരു യൂണിറ്റ് തകരാറിലായതും കൽക്കരി ക്ഷാമം മൂലം ലഭ്യത കുറച്ചതും കാരണം കേന്ദ്ര ഉത്പാദക സ്റ്റേഷനുകളിൽ നിന്നുമുള്ള വൈദ്യുതി ലഭ്യതയിൽ കഴിഞ്ഞ വർഷത്തേതിൽ നിന്നും 1329.19 മെഗാ യൂണിറ്റിന്റെ കുറവുണ്ടായി. വെള്ളപ്പൊക്കം കാരണം സംസ്ഥാനത്തിനുള്ളിലെ സ്വതന്ത്ര ഊർജ്ജോത്പാദകരിൽ നിന്നും 2018–19 ൽ 63.57 മെഗാ യൂണിറ്റ് വൈദ്യുതി വാങ്ങുന്നതിൽ കുറവുണ്ടായിട്ടുണ്ട്. ഇതിൽ ചെറിയ ഹൈഡൽ സ്വതന്ത്ര ഊർജ്ജോത്പാദകരിൽ നിന്നുള്ള ഊർജ്ജം 25.23 മെഗാ യൂണിറ്റ് ആണ്. കെഎസ്ഇബിഎൽ ഡിസൈൻ, ബിൽഡ്, ഫിനാൻസ്, ഓൺ ആൻഡ് ഓപ്പറേറ്റ് (ഡിബിഎഫ് ഓ ഓ) രീതിയിൽ 765 മെഗാവാട്ട് വൈദ്യുതി ലഭ്യമാക്കുന്നതിന് 25 വർഷത്തേയ്ക്ക് വൈദ്യുതി വാങ്ങൽ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. മേൽപ്പറഞ്ഞവയ്ക്ക് പുറമേ 450 മെഗാവാട്ട് ആർടിസി വൈദ്യുതിക്കായി വിവിധ ഉത്പാദക സ്റ്റേഷനുകളുമായി കെഎസ്ഇബി ലിമിറ്റഡ് ദീർഘകാല കരാറിൽ ഏർപ്പെട്ടു. വൈദ്യുതി വാങ്ങൽ കരാറിൽ ഏർപ്പെട്ടിട്ടുള്ള വിവിധ നിലയങ്ങളും അവയുടെ വിഹിതവും സംബന്ധിച്ച വിവരങ്ങൾ **അനുബന്ധം 11.2.5** ൽ കൊടുത്തിരിക്കുന്നു. ഹ്രസ്വകാല ആവശ്യങ്ങൾ നിറവേറ്റുന്നതിന്, യൂണിറ്റിന് ശരാശരി 3.54 രൂപാ നിരക്കിൽ എക്സ്ചേഞ്ചുകളിലൂടെ വൈദ്യുതി വാങ്ങലും നടത്തുന്നു. കെഎസ്ഇബിയ്ക്ക് സതേൺ ഗ്രിഡിൽ നിന്ന് 252.45 മെഗാ യൂണിറ്റ് ഊർജ്ജം ഡീവിയേഷൻ സെറ്റിൽമെന്റ് മെക്കാനിസം (ഡിഎസ്എം) വഴി യൂണിറ്റിന് ശരാശരി 2.44 രൂപാ നിരക്കിൽ ലഭിച്ചു. വൈദ്യുതി ലഭ്യത കണക്കിലെടുത്ത്, വൈദ്യുതി കൈമാറ്റവും 2018–19 ൽ നടന്നു. കേരളത്തിന്റെ ചുറ്റളവിൽ മൊത്തം 18046.57 മെഗാ യൂണിറ്റ് ഊർജ്ജം വാങ്ങി. ഉത്പാദനത്തിന്റെയും വൈദ്യുതി വാങ്ങലിന്റെയും സംഗ്രഹം **ചിത്രം 11.2.2** ൽ നൽകിയിരിക്കുന്നു.

പട്ടിക 11.2.6 2019 സാമ്പത്തിക വർഷത്തിൽ കേരളത്തിന്റെ ചുറ്റളവിലുള്ള ഓപ്പൺ അക്സസ്സ് ഊർജ്ജ പരിചക്രത്തിന്റെ കഴിഞ്ഞ വർഷങ്ങളിലെ താരതമ്യം

ഇനം	2014–15	2015–16	2016–17	2017–18	2018–19
ഊർജ്ജം(ഇറക്കുമതി)	4.66	142	435.6	284.96	216.60
ഊർജ്ജം (കയറ്റുമതി)	25.43	40.44	43.06	43.07	37.40

അവലംബം: കെ.എസ്.ഇ.ബി.എൽ

സംസ്ഥാനത്തിനുള്ളിലെ ഊർജ്ജ വിൽപ്പന

2018–19 ൽ ബൾക്ക് ലൈസെൻസികൾ ഉൾപ്പെടെ 1,25,52,206 ഉപഭോക്താക്കൾക്കായി 21,536.77 മെഗാ യൂണിറ്റ് വൈദ്യുതി കെ എസ് ഇ ബി എൽ വിറ്റു. മൊത്തം വിറ്റുവരവ് 12,71,392 ലക്ഷം രൂപയാണ്. സംസ്ഥാനത്തിന് പുറത്ത് മറ്റു യൂട്ടിലിറ്റികൾക്ക് വൈദ്യുതി വിറ്റതുൾപ്പെടെ മൊത്തം വിറ്റുവരവ്13,053.27 കോടി രൂപയാണ്.

ഓപ്പൺ അക്സസ്സ് ഉപഭോക്താക്കളുടെ ഊർജ്ജ പരിചക്രം

ഓപ്പൺ അക്സസ്സ് ഉപഭോക്താക്കളും സ്വതന്ത്ര ഊർജ്ജോത്പാദകരും വില്പനയ്ക്കായി നൽകിയിട്ടുള്ള ഊർജ്ജ പരിചക്രത്തിന്റെ 2018–19 ലെ വിശദാംശങ്ങൾ **പട്ടിക 11.2.6** ൽ നൽകിയിരിക്കുന്നു.

ഡീപ് (ഡി ഇ ഇ പി), എക്സ്ചേഞ്ചുകൾ എന്നിവ വഴിയുള്ള ഊർജ്ജ വിൽപ്പന

കെഎസ്ഇബി ലിമിറ്റഡ്, മെസ്സേർസ് ബിഎസ്എച്ച്പിസി ലിമിറ്റഡിന് 2018 ജൂണിൽ 50 മെഗാവാട്ടും 2018 ഓഗസ്റ്റ് മുതൽ ഒക്ടോബർ വരെ 100 മെഗാവാട്ടും മിച്ച വൈദ്യുതി ഡിഇഇപി (ഡിസ്ക്കവറി ഓഫ് ഇലക്ട്രിസിറ്റി എഫിഷ്യന്റ് പ്രൈസ്) പോർട്ടൽ വഴി വിറ്റു. 2018 ഒക്ടോബർ 1 മുതൽ 2018 നവംബർ 30 വരെ മെസ്സേർസ് സിഎസ്പിഡിസി ലിമിറ്റഡിന് കെ.എസ്.ഇ.ബി.എൽ മിച്ച വൈദ്യുതി ടെണ്ടർ നടപടിക്രമം മുഖേനെ വിറ്റു. കേരള ചുറ്റളവിൽ യൂണിറ്റിന് 4.85 രൂപാ നിരക്കിൽ മൊത്തം 144.16 മെഗാ യൂണിറ്റ് വൈദ്യുതിയാണ് വിറ്റത്.

കൂടാതെ എക്സ്ചേഞ്ചുകളിലൂടെയും കെഎസ്ഇബിഎൽ അധിക വൈദ്യുതി വിറ്റിട്ടുണ്ട്. കേരളത്തിന്റെ ചുറ്റളവിൽ 2018–19 വർഷം കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ എക്സ്ചേഞ്ചുകളിലൂടെയുള്ള സംസ്ഥാനത്തിന് പുറത്തെ മൊത്തം വൈദ്യുതി വിൽപ്പന 3.85 രൂപാ നിരക്കിൽ 680.63 മെഗാ യൂണിറ്റാണ്. ഐ ഇ എക്സ് വഴി 3.84 രൂപാ നിരക്കിൽ 656.45 മെഗാ യൂണിറ്റും, പി എക്സ് ഐ എൽ വഴി 4.07 രൂപാ നിരക്കിൽ 24.18 മെഗാ യൂണിറ്റും മിച്ച വൈദ്യുതി വിറ്റു.

പുനരാവർത്തക ഊർജ്ജത്തിനായുള്ള പുതിയ നിർദ്ദേശങ്ങൾ

പുനരാവർത്തക ഊർജ്ജം ഉപയോഗപ്പെടുത്താനുള്ള എല്ലാ മാർഗ്ഗങ്ങളും കെഎസ്ഇബിഎൽ പരിഗണിക്കുന്നു. വെസ്റ്റ് കല്ലടയിലെ 50 മെഗാവാട്ടിന്റെ ഫ്ലോട്ടിംഗ് സോളാർ പ്രൊപ്പോസലിൽ നിന്ന് ആദ്യ ഘട്ടത്തിൽ 10 മെഗാവാട്ടിന് എൻഎച്ച്പിസിയുമായും കായംകുളത്തെ ഫ്ലോട്ടിംഗ് സോളാർ പ്രൊപ്പോസലിൽ നിന്ന് 92 മെഗാവാട്ടിന് എൻടിപിസിയുമായും 9.76 മെഗാവാട്ടിന് ബ്രഹ്മപുരത്തെ മാലിന്യത്തിൽ നിന്ന് ഊർജ്ജ പദ്ധതിയുമായും കരാറിൽ ഏർപ്പെട്ടു. കാറ്റാടി പദ്ധതികളിൽ നിന്ന് 300 മെഗാവാട്ടിന് സോളാർ എനർജി കോർപ്പറേഷൻ ഓഫ് ഇന്ത്യ (എസ്ഇസിഐ) യുമായും കാസർഗോഡ് സോളാർ പാർക്കിൽ 55 മെഗാവാട്ട് ശേഷി വർദ്ധിപ്പിക്കുന്നതിന് തെഫ്രി ഹൈഡ്രോ ഡെവലപ്മെന്റ് കോർപ്പറേഷൻ ഇന്ത്യ ലിമിറ്റഡ് (ടിഎച്ച്ഡിസിഐഎൽ) മായും വൈദ്യുതി വിതരണ കരാർ (പിഎസ്എ) ഒപ്പുവെച്ചിട്ടുണ്ട്. അഗളിയിലെ 82 മെഗാവാട്ട് വിൻഡ്ഫാം എൻഎച്ച്പിസിയും ഇടുക്കി റിസർവോയറിൽ 300 മെഗാവാട്ട് ഫ്ലോട്ടിംഗ് സൗരോർജ്ജ പദ്ധതി എൻടിപിസിയും ബനാസുരസാഗർ റിസർവോയറിൽ 100 മെഗാവാട്ട് ഫ്ലോട്ടിംഗ് സൗരോർജ്ജ പദ്ധതി എസ്ഇസിഐയും തിരിച്ചറിഞ്ഞിട്ടുണ്ട്. കൂടാതെ, കുളമാവ് റിസർവോയറിൽ 50 മെഗാവാട്ട് പദ്ധതി പരിഗണനയിലുമാണ്.

ഊർജ്ജ ഉപഭോഗത്തിന്റെ രീതി

കാർഷിക വിഭാഗത്തിലും വ്യാവസായിക വിഭാഗത്തിലും കുറവുണ്ടായതൊഴികെ മറ്റെല്ലാ ലോ ടെൻഷൻ (എൽടി) വിഭാഗങ്ങളുടെയും ഉപഭോക്താക്കളുടെ ഉപഭോഗം വർദ്ധിച്ചു. ഹൈ ടെൻഷൻ (എച്ച്ടി) ഇൻഡസ്ട്രിയൽ കാറ്റഗറിയിലെ ഉപഭോഗം (ഓപ്പൺ ആക്സസ്സിലൂടെയുള്ളതൊഴികെ) മൊത്തത്തിലുള്ള മുൻവർഷത്തെ 6.66 ശതമാനത്തിൽ നിന്ന് 4.14 ശതമാനം ആയി. എൽടി വിഭാഗത്തിലെ ഊർജ്ജ വിൽപ്പനയിൽ 2.78 ശതമാനം മാത്രം വർദ്ധനവ് കാണിക്കുന്നു, അതേസമയം ബൾക്ക് സപ്ലൈ ഉൾപ്പെടെയുള്ള എച്ച്ടി, ഇഎച്ച്ടി വിഭാഗങ്ങളിലേക്കുള്ള ഊർജ്ജ വിൽപ്പനയിൽ 3.79 ശതമാനം വർദ്ധനവ് കാണിക്കുന്നുണ്ട്. ഇത് മൊത്തം ഊർജ്ജ വിൽപനയിൽ 3.05 ശതമാനം വർദ്ധനവ് കാണിക്കുന്നു. പോണ്ടിച്ചേരി ഇലക്ട്രിസിറ്റി ഡിപ്പാർട്ട്മെന്റ് വഴി ആർ ഇ എ യിലേക്ക് സ്വിച്ച് ഓവർ ചെയ്ത കാരണത്താൽ ബൾക്ക് ലൈസെൻസികളുടെ ഊർജ്ജ ഉപഭോഗത്തിലും കുറവുണ്ടായിട്ടുണ്ട്. 2018–19 ലെ ഊർജ്ജ ഉപഭോഗ രീതിയുടെയും വരുമാനത്തിന്റെയും കണക്ക് **അനുബന്ധം 11.2.6** ൽ കൊടുത്തിരിക്കുന്നു.

കേരളത്തിലെ വൈദ്യുതോർജ്ജ ഉപഭോഗം 2017–18 വർഷത്തെ 21,159.19 മില്യൺ യൂണിറ്റിൽ നിന്ന് 2018–19 വർഷം (ഓപ്പൺ അക്സസ്സ് ഉപഭോഗം ഉൾപ്പെടെ) 21,750.25 മില്യൺ യൂണിറ്റായി വർദ്ധിച്ചു. 2.72 ശതമാനം വർദ്ധനവാണ് ഇക്കാലയളവിലുണ്ടായത്. 2012–13 മുതൽ 2018–19 വരെയുള്ള കേരളത്തിലെ വൈദ്യുതോർജ്ജ ഉപഭോഗം, **ചിത്രം 11.2.3** ൽ നൽകിയിരിക്കുന്നു.

ചിത്രം 11.2.3 കേരളത്തിലെ വൈദ്യുതോർജ്ജ ഉപഭോഗം



അവലംബം: കെ.എസ്.ഇ.ബി.എൽ.

മൊത്തം സാങ്കേതിക വാണിജ്യ നഷ്ടങ്ങൾ (എ. റ്റി. ആൻഡ് സി)

2018–19 വർഷം മൊത്തം സാങ്കേതിക വാണിജ്യ നഷ്ടം 15.38 ശതമാനത്തിൽ നിന്നും 13.14 ശതമാനമായി കുറയുകയും പ്രസരണ വിതരണ നഷ്ടം 13.07 ശതമാനത്തിൽ നിന്നും 12.47 ശതമാനമായി കുറയുകയും ചെയ്തു. മൊത്തം സാങ്കേതിക വാണിജ്യ നഷ്ടം കുറച്ചു കൊണ്ടു വരുന്നതിൽ മികച്ച നേട്ടം കൈവരിക്കാൻ കെ.എസ്.ഇ.ബിയ്ക്കു കഴിഞ്ഞിട്ടുണ്ട്. ഡിസ്ട്രിബ്യൂഷൻ എസ് ബി യു ടെ മൊത്തം സാങ്കേതിക വാണിജ്യ നഷ്ടം 10.83 ശതമാനവും പ്രസരണ വിതരണ നഷ്ടം 9.07 ശതമാനവും ആണ്. കഴിഞ്ഞ അഞ്ചു വർഷമായുള്ള എ.റ്റി. & സി നഷ്ടം അനുബന്ധം 11.2.7 ൽ കൊടുത്തിരിക്കുന്നു. കഴിഞ്ഞ ആറു വർഷമായി, മൊത്തം സാങ്കേതിക വാണിജ്യ (എ.റ്റി.&സി) നഷ്ടത്തിലും പ്രസരണ വിതരണ (റ്റി&ഡി) നഷ്ടത്തിലും ഉണ്ടായിട്ടുള്ള പ്രവണത **ചിത്രം 11.2.4** ൽ കൊടുത്തിരിക്കുന്നു.

വിതരണം

2019 മാർച്ച് 31 ലെ കണക്ക് പ്രകാരം കെ എസ് ഇ ബി ലിമിറ്റഡിന് വിതരണ വിഭാഗത്തിൽ 62,450 സർക്യൂട്ട് കിലോമീറ്റർ 11 കെ വി ലൈനുകളും 160.59 സർക്യൂട്ട് കിലോമീറ്റർ 22 കെ വി ലൈനുകളും 2,89,804 സർക്യൂട്ട് കിലോമീറ്റർ എൽ റ്റി ലൈനുകളും 9,703.9 മെഗാ വോൾട്ട് ആംപിയർ സ്റ്റെപ് ഡൗൺ കപ്പാസിറ്റിയുള്ള 79,876 ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമറുകളും ഉണ്ട്. 2018–19 ൽ വിതരണ വിഭാഗത്തിൽ ലക്ഷ്യമിട്ടിരുന്ന അടിസ്ഥാന സൗകര്യങ്ങളും നേട്ടങ്ങളും **അനുബന്ധം 11.2.8** ൽ കൊടുത്തിരിക്കുന്നു. ഊർജ്ജ കേരള മിഷന്റെ കീഴിലുള്ള ദ്യുതി 2021 പദ്ധതിയിൽ വിതരണ വിഭാഗത്തിന്റെ അടിസ്ഥാന സൗകര്യ വികസനം ഉൾപ്പെടുത്തിയിരിക്കുന്നു. ബിൽ ഇൻഫർമേഷൻ സിസ്റ്റമായ ഊർജ്ജസൗഹൃദ, ഔട്ടേജ് മാനേജ്മെന്റ് സിസ്റ്റമായ ഊർജ്ജദൂത്, കേന്ദ്രീകൃത കസ്റ്റമർ കെയർ സർവീസ്, വെബ് സെൽഫ് സർവീസ്,

ചിത്രം 11.2.4 എ .റ്റി & സി നഷ്ടവും, റ്റി & ഡി നഷ്ടവും (ശതമാനത്തിൽ)cent



അവലംബം: കെ.എസ്.ഇ.ബി.എൽ.

എൻ എ സി എച്ച് സൗകര്യം ഉൾപ്പെടെയുള്ള ഓൺലൈൻ പേയ്മെന്റ് ഫെസിലിറ്റി തുടങ്ങിയ എല്ലാ ഓൺലൈൻ സെർവിസുകളും കെ എസ് ഇ ബി എൽ ഉപഭോക്താക്കൾക്ക് നൽകുന്നുണ്ട്. 2018–19 ൽ എല്ലായിടത്തും ഭാരത് ബിൽ പേയ്മെന്റ് സിസ്റ്റം (ബിബിപിഎസ്)പ്ലാറ്റ്ഫോം മുഖേന എപ്പോൾ വേണമെങ്കിലും പണം, ക്രെഡിറ്റ്/ഡെബിറ്റ് കാർഡുകൾ, ഐഎംപിഎസ്, ഇൻറർനെറ്റ് ബാങ്കിംഗ്, നെഫ്റ്റ്, പ്രീപെയ്ഡ് കാർഡ്, വാലറ്റ്, യുപിഐ തുടങ്ങി വിവിധ മോഡുകൾ വഴി ബിൽ പേയ്മെന്റ് സാധ്യമാക്കി. മൊത്തം ബിൽ പേയ്മെന്റിന്റെ 50 ശതമാനം ഇപ്പോൾ ഓൺലൈനിൽ ലഭിക്കുന്നു.

കുടിശ്ശിക ശേഖരണം

കാലാകാലങ്ങളിൽ കുടിശ്ശികയുള്ള വൈദ്യുതി ബിൽ തുക ശേഖരിക്കുന്നതിന് പ്രത്യേക ശ്രദ്ധ നൽകി. 2018–19 കാലയളവിൽ കെഡബ്ല്യുഎയുടെയും ആരോഗ്യ വകുപ്പിന്റെയും കുടിശ്ശിക തീർക്കുന്നതിൽ കാര്യമായ നേട്ടം കൈവരിച്ചു. 30–9–2018 വരെയുള്ള കെഡബ്ല്യുഎയുടെ കുടിശ്ശികയായ 1,326.69 കോടി രൂപ 2019–20 മുതൽ 331.67 കോടി രൂപ വച്ച് നാല് തവണകളായി അടച്ചുതീർക്കുന്നതിന് 14.1.2019 ലെ ജി.ഒ പ്രകാരം തീരുമാനമായി. ആരോഗ്യ വകുപ്പിൽ നിന്ന് 5.65 കോടി രൂപ കുടിശ്ശികയും ലഭിച്ചു. 2018 ഡിസംബർ 31 ന് അവസാനിച്ച ഒടിഎസ് പദ്ധതിയിൽ എച്ച്ടി ഉപഭോക്താക്കളിൽ നിന്ന് 13.32 കോടി രൂപയും എൽ ടി ഉപഭോക്താക്കളിൽ നിന്ന് 7.14 കോടി രൂപയും കുടിശ്ശിക പിരിച്ചെടുത്തു.

പ്രസരണം– സാധാരണ

വർദ്ധിച്ചുവരുന്ന വൈദ്യുതി ആവശ്യകത നിറവേറ്റുന്നതിനായി ട്രാൻസ്ഗ്രിഡ് 2.0 പ്രോജക്ടുകൾ ഫലപ്രദമായി വിനിയോഗിക്കുന്നതിനുള്ള ഡൗൺസ്ട്രീം വർക്കുകൾക്കൊപ്പം പുതിയ സബ്സ്റ്റേഷനുകളുടെ നിർമ്മാണവും സബ്സ്റ്റേഷനുകളുടെയും ലൈനുകളുടെയും അപ്ഗ്രേഡേഷനും പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഉപഭോക്താക്കൾക്ക് 24x7 തടസ്സമില്ലാത്ത ഗുണനിലവാരമുള്ള വൈദ്യുതി ഉറപ്പുവരുത്തുന്നതിനും ആവശ്യാനുസരണം വൈദ്യുതി ലഭ്യമാക്കുന്നതിനും ട്രാൻസ്മിഷൻ ശൃംഖലയുടെ മതിയായ ശേഷി വികസിപ്പിക്കേണ്ടതുണ്ട്. കൂടാതെ, കേന്ദ്ര വൈദ്യുതി അതോറിറ്റി മുന്നോട്ടുവച്ച എൻ–1 ആസൂത്രണ മാനദണ്ഡങ്ങൾ പാലിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആവശ്യമാണ്. വ്യത്യസ്ത വോൾട്ടേജ് ലെവലിന്റെ 35 സബ്സ്റ്റേഷനുകളും 1084.64 സർക്യൂട്ട് കിലോമീറ്റർ ട്രാൻസ്മിഷൻ ലൈനുകളും വരും വർഷങ്ങളിൽ പൂർത്തിയാക്കാൻ ലക്ഷ്യമിടുന്നു. 2019 മാർച്ച് 31 ലെ സബ്സ്റ്റേഷനുകൾ, അതിന്റെ ലക്ഷ്യങ്ങൾ, നേട്ടങ്ങൾ, നെറ്റ്വർക്ക് വിശദാംശങ്ങൾ എന്നിവ ഉൾപ്പെടുന്ന കേരളത്തിന്റെ ട്രാൻസ്മിഷൻ ഇൻഫ്രാസ്ട്രക്ചർ **അനുബന്ധം 11.2.9** ലും **അനുബന്ധം 11.2.10** ലും നൽകിയിരിക്കുന്നു.

ഊർജ്ജ കേരള മിഷൻ

സംസ്ഥാനത്തെ വൈദ്യുതി മേഖലയുടെ സമഗ്രവികസനം ലക്ഷ്യമിട്ട് 2018 ജൂൺ 14 ന് കേരള സർക്കാർ 'ഊർജ്ജ കേരള മിഷൻ' ആരംഭിച്ചു. അടുത്ത 3 വർഷത്തിനുള്ളിൽ ചുവടെ വിശദമാക്കിയിരിക്കുന്ന അഞ്ച് പ്രധാന പ്രോജക്ടുകൾ നടപ്പിലാക്കാൻ ഇത് ലക്ഷ്യമിടുന്നു.

സൗര

2021 ഓടെ പുനരാവർത്തക ഊർജ്ജമായ സൗരോർജ്ജ പദ്ധതികളിലൂടെ 1000 മെഗാവാട്ടിന്റെ ശേഷി വർധന കൈവരിക്കാൻ കെഎസ്ഇബി ഉദ്ദേശിക്കുന്നു, ഇതിൽ 50 ശതമാനം മേൽക്കൂരയിൽ നിന്നും (ആർടിഎസ്) പ്രതീക്ഷിക്കുന്നു. സോളാർ പാർക്കുകളിൽ നിന്നും ഫ്ലോട്ടിംഗ് സോളാർ പദ്ധതികളിൽ നിന്നും 150 മെഗാവാട്ട് വീതം പ്രതീക്ഷിക്കുന്നു. ശേഷിക്കുന്ന 200 മെഗാവാട്ട് രാജ്യത്ത് കമ്മീഷൻ ചെയ്ത സൗരോർജ്ജ പദ്ധതികളിൽ നിന്ന് റിവേഴ്സ് ഇ–ബിഡ്ഡിംഗ് വഴി സംഭരിക്കാൻ പദ്ധതിയിട്ടിട്ടുണ്ട്. ആർടിഎസിന്റെ ആദ്യ ഘട്ടത്തിനായുള്ള ഡിമാൻഡ് അഗ്രഗേഷൻ ഇതിനകം പൂർത്തിയായി. 200 മെഗാവാട്ടിന്റെ ആദ്യ ഘട്ടത്തിൽ ഈ പദ്ധതിയുമായി സഹകരിക്കാൻ താത്പര്യമുള്ള 2.78 ലക്ഷം ഉപഭോക്താക്കളിൽ നിന്ന് 42,500 ഗൃഹപരിസരങ്ങൾ തിരഞ്ഞെടുത്തു. ടെൻഡറിംഗ് പ്രക്രിയ നടക്കുന്നു, ആദ്യ ഘട്ടം 2020 മാർച്ചോടെ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

ഫിലമെന്റ് രഹിത കേരളം

ഈ പദ്ധതിയിലൂടെ പീക്ക് ഡിമാൻഡ്, ഗ്ലോബൽ വാമിങ്, ഹൈഡ്രജൻ(എച്ച്ജി) പൊല്യൂഷൻ തുടങ്ങിയവ കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്തെ വീടുകളിലെയും, തെരുവ് വിളക്ക് മേഖലയിലെയും നിലവിലുള്ള എല്ലാ സിഎഫ്എൽ, ഫിലമെന്റ് ബൾബുകൾക്ക് പകരം ഉർജ്ജക്ഷമവും ദീർഘകാലം നിലനിൽക്കുന്നതുമായ എൽഇഡി വിളക്കുകൾ സ്ഥാപിക്കും. ഗാർഹിക മേഖല ലക്ഷ്യമിട്ട ആദ്യ ഘട്ടത്തിൽ 13 ലക്ഷത്തിലധികം ഉപഭോക്താക്കൾ എൽഇഡി വിളക്കുകൾക്കായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഒരു കോടി 9 വാട്ട് എൽഇഡി വിളക്കുകൾ വാങ്ങുന്നതിനായി ടെണ്ടർ പ്രക്രിയ ആരംഭിച്ചു കഴിഞ്ഞു, പദ്ധതി സുഗമമായി പുരോഗമിക്കുന്നു.

ദ്യുതി 2021

കെഎസ്ഇബി ലിമിറ്റഡിന്റെ വിതരണ ഗ്രിഡ്

അന്താരാഷ്ട്ര തലത്തിലേക്ക് ഉയർത്താനുള്ള ദൗത്യവുമായി ഊർജ്ജ കേരള മിഷനിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികൾ 2018-19 സാമ്പത്തിക വർഷത്തിൽ ആരംഭിച്ചു. മൊത്തം പദ്ധതി വിഹിതം 4,036.30 കോടി രൂപയാണ്. ജിഐഎസ് മാപ്പ് തയ്യാറാക്കലും ഡിപിആർ രൂപീകരണവും വിതരണ പ്രവർത്തനങ്ങൾക്ക് പുതിയ അനുഭവമായിരുന്നു. പ്രോജക്റ്റ് ഫൈനലൈസേഷനിലും ഡിപിആർ തയ്യാറാക്കലിലും വന്ന കാലതാമസം പദ്ധതി ആരംഭിക്കുന്നതിന് താമസം വരുത്തി. കേന്ദ്ര സഹായത്തോടെയുള്ള പദ്ധതികളായ ഡി.ഡി.യു.ജി. ജെ.വൈ, ഐ.പി.ഡി.എസ് എന്നിവ യഥാസമയം പൂർത്തീകരിക്കുന്നതിലുള്ള ശ്രദ്ധയും പദ്ധതി വൈകിപ്പിച്ചു. 2018 ലും 2019 ലും ഉണ്ടായ വിനാശകരമായ വെള്ളപ്പൊക്കവും പുരോഗതിയെ ബാധിച്ചു. ഇത് ദ്യുതി 2021 ന്റെ യഥാർത്ഥ പദ്ധതിയിൽ നിന്നും ചില പുനർനിർമ്മാണങ്ങൾ അനിവാര്യമാക്കി.

ട്രാൻസ്ഗ്രിഡ് 2.0 – സെക്കന്റ് ജനറേഷൻ ട്രാൻസ്മിഷൻ നെറ്റ്‌വർക്ക്

സംസ്ഥാനത്തിന്റെ ഭാവി ഊർജ്ജ ആവശ്യകത നിറവേറ്റുന്നതിനായി ട്രാൻസ്മിഷൻ ശൃംഖല ശക്തിപ്പെടുത്തുന്നതിനാണ് ഇത് പദ്ധതിയിടുന്നത്, ഇത് രണ്ട് ഘട്ടങ്ങളായി നടപ്പാക്കാൻ തീരുമാനിച്ചു. പദ്ധതിയുടെ ആദ്യ ഘട്ടം 2017-2022 കാലയളവിലും രണ്ടാം ഘട്ടം 2019-2024 കാലയളവിലും നടപ്പാക്കാനാണ് ഷെഡ്യൂൾ ചെയ്തിരിക്കുന്നത്. 12 സബ്സ്റ്റേഷനുകളുടെയും 2084 സർക്യൂട്ട് കിലോമീറ്റർ ഇഎച്ച്ടി ലൈനുകളുടെയും നിർമ്മാണം ഉൾപ്പെടുത്തിയിട്ടുള്ള 13 പാക്കേജുകളായി പദ്ധതിയുടെ ആദ്യ ഘട്ട ജോലികൾ തിരിച്ചിരിക്കുന്നു. കൂടാതെ. ഈ 12 സബ്സ്റ്റേഷനുകളിൽ 4 എണ്ണം എയർ ഇൻസുലേറ്റഡ് സബ്സ്റ്റേഷനുകളും (എഐഎസ്), ബാക്കി 8 ഗ്യാസ് ഇൻസുലേറ്റഡ് സബ്സ്റ്റേഷനുകളും (ജിഐഎസ്) ആണ്. 12 പാക്കേജുകളായി തിരിച്ചിരിക്കുന്ന പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ 12 സബ്സ്റ്റേഷനുകൾ (എഐഎസ് – 3 എണ്ണം, ജിഐഎസ് – 9 എണ്ണം) ഉൾപ്പെടുത്തിയിട്ടുണ്ട്. പദ്ധതിയുടെ രണ്ട് ഘട്ടങ്ങൾക്കും കൂടിയുള്ള ആകെ ചെലവ് 10,000 കോടി രൂപയാണ്. പ്രധാനമായും കിഫ്ബി, സിഇഎ, എംഒപി എന്നിവയ്ക്ക് കീഴിലുള്ള പിഎസ്ഡിഎഫ്, എംഎൻആർഇയ്ക്ക് കീഴിലുള്ള ഗ്രീൻ എനർജി കോറിഡോർ (ജിഇസി) എന്നിവ വഴി പണം കണ്ടെത്തുന്നതിന് ആലോചിക്കുന്നു.

ഒന്നാം ഘട്ടത്തിലെ പദ്ധതികൾ നടപ്പാക്കിക്കൊണ്ടിരിക്കുകയും ഷെഡ്യൂൾ ചെയ്തപോലെ പുരോഗമിക്കുകയുമാണ്. ആദ്യ ഘട്ടത്തിലെ 13 ൽ 12 പാക്കേജുകളും അവാർഡ് ചെയ്തിട്ടുള്ളതും ബാക്കി ടെണ്ടർ പ്രോസസ്സിലുമാണ്. ആദ്യ ഘട്ടത്തിൽ ടാർഗെറ്റുചെയ്ത 12 സബ്സ്റ്റേഷനുകളിൽ, അനുബന്ധ ഇഎച്ച്ടി ലൈനുകൾ ഉൾപ്പെടെ 7 സബ്സ്റ്റേഷനുകൾ (4 എണ്ണം എഐഎസ്, 3 എണ്ണം ജിഐഎസ്) 2020 ജൂലൈയിൽ പൂർത്തിയാകും. ശേഷിക്കുന്ന 5 സബ്സ്റ്റേഷനുകളും അനുബന്ധ ഇഎച്ച്ടി ലൈനുകളും 2021 മാർച്ചോടെ കമ്മീഷൻ ചെയ്യും. ഈ പദ്ധതിയിൽ 257.4 സർക്യൂട്ട് കിലോമീറ്റർ ഇ.എച്ച്.ടി ലൈനുകൾ ഇതിനകം പൂർത്തിയായി. രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികളുടെ പ്രാഥമിക പ്രവർത്തനങ്ങൾ ആരംഭിച്ചു. 12 പാക്കേജുകളിൽ രണ്ടെണ്ണം ടെൻഡർ ചെയ്തു, ശേഷിക്കുന്ന പാക്കേജുകൾക്കുള്ള ഡിപിആർ തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്.

ഇ-സെയ്ഫ്

ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റും കെഎസ്ഇബിയും സംയുക്തമായി വികസിപ്പിച്ചെടുത്ത ഇസേഫ് പ്രോജക്റ്റ് വൈദ്യുത അപകടങ്ങൾ ഇല്ലാതാക്കുക എന്നതാണ് ലക്ഷ്യമിടുന്നത്. വൈദ്യുതി ഉപയോഗിക്കുന്നവരെ അതിന്റെ സുരക്ഷാ വശങ്ങളിൽ സംവേദനക്ഷമമാക്കുന്നതിന് വിപുലമായ ഒരു പ്രചാരണ പരിപാടി ഈ പദ്ധതിയുടെ പ്രത്യേകതയായിരിക്കും. പ്രക്ഷേപണ, വിതരണ മേഖലയുടെ ഘട്ടം ഘട്ടമായുള്ള നവീകരണം ലക്ഷ്യമിടുന്നു. കവചിത കണ്ടക്ടറും അണ്ടർ ഗ്രൗണ്ട് കേബിളുകളും ഉപയോഗിച്ച് കവചിതമല്ലാത്ത കണ്ടക്ടറെ മാറ്റിസ്ഥാപിക്കും. ഓട്ടോ റിക്ലോഷറുകളും സർക്യൂട്ട് ബ്രേക്കറുകളും വിതരണ ശൃംഖലയിൽ ഉൾപ്പെടുത്തും. ഓരോ ജോലിക്കും നടപടിക്രമങ്ങൾ നൽകും. വർക്ക് അംഗീകാരവും ജോലി ചെയ്യാനുള്ള അനുമതിയും ഓൺലൈനിൽ നൽകും. മേൽനോട്ടം വഹിക്കുന്നവരും ഇലക്ട്രിക്കൽ ജോലികളിൽ ഏർപ്പെടുന്നവരുമായ ആളുകൾക്ക് ഇലക്ട്രിക് സുരക്ഷാ പരിശീലനം നൽകും. ജാഗ്രത പദ്ധതിയിൽ, ബിപിഎൽ ഉപഭോക്താക്കളുടേതായ എല്ലാ വീടുകളിലും ഇ എൽ സി ബി സ്ഥാപിക്കുകയും ആവശ്യമുള്ളിടത്ത് റീവൈറിംഗ് നടത്തുകയും ചെയ്യും. ആശാ വർക്കർമാർ, കുടുമ്പശ്രീ, അയൽക്കൂട്ടം, റസിഡന്റ് അസോസിയേഷനുകൾ എന്നിവയിലൂടെ സുരക്ഷയെക്കുറിച്ചുള്ള ബോധവൽക്കരണ ക്യാമ്പയിൻ നടത്തും. കെഎസ്ഇബിഎൽ സുരക്ഷാ വിഭാഗം ബോധവൽക്കരണ ക്ലാസുകൾ നടത്തുന്നത് പുരോഗമിക്കുന്നു.

കെഎസ്ഇബിഎല്ലിന്റെ ഫ്ലാഗ്ഷിപ് പദ്ധതികൾ

മുകളിൽ സൂചിപ്പിച്ച ഊർജ്ജ കേരള മിഷനിൽ ഉൾപ്പെടുത്തിയിട്ടുള്ള അഞ്ച് പ്രോജക്ടുകൾക്ക് പുറമേ, ഇനിപ്പറയുന്ന നാല് പ്രോജക്ടുകളും കെഎസ്ഇബിഎല്ലിന്റെ ഫ്ലാഗ്ഷിപ് പദ്ധതികളാണ്..

ഇ-മൊബിലിറ്റി

ഫോസിൽ ഇന്ധന ശേഖരം കുറയുന്നത്, ഓസോൺ

പാളിയിൽ വിള്ളൽ വർദ്ധിക്കുന്നത്, ഉയർന്ന അന്തരീക്ഷ മലിനീകരണം എന്നിവ ആഗോളതലത്തിലും ഇന്ത്യയിലും ഇലക്ട്രിക് വാഹനങ്ങൾ വേഗത്തിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾക്ക് തുടക്കമിട്ടു. ഇ-മൊബിലിറ്റി നയം പ്രഖ്യാപിച്ച ഇന്ത്യയിലെ ആദ്യത്തെ സംസ്ഥാനങ്ങളിലൊന്നാണ് കേരളം. സംസ്ഥാനത്തുടനീളം ഇ-വെഹിക്കിൾ ചാർജിംഗ് സ്റ്റേഷനുകൾ വിന്യസിക്കുന്നത് ഉറപ്പാക്കുന്നതിന് കെ.എസ്.ഇ.ബി.എലിനെ സ്റ്റേറ്റ് നോഡൽ ഏജൻസിയായി നിയമിച്ചു. കെ.എസ്.ഇ.ബി.എല്ലിന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനത്തെ ആദ്യത്തെ ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷൻ ഇതിനകം തന്നെ തിരുവനന്തപുരം സർക്കാർ സെക്രട്ടേറിയറ്റിൽ ആരംഭിച്ചു. കെഎസ്ഇബിഎൽ ഉടൻ തന്നെ 6 മുനിസിപ്പൽ കോർപ്പറേഷനുകളിലും ഒരു ഇ-വെഹിക്കിൾ ചാർജിംഗ് സ്റ്റേഷൻ വീതം ആരംഭിക്കും, ഇതിനായി ടെണ്ടർ നൽകിയിട്ടുണ്ട്. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ പൈലറ്റ് ജില്ലകളിൽ 60 പ്ലസ് ലൊക്കേഷനുകളിൽ ഇ-വെഹിക്കിൾ ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് ഇംപ്ലിമെന്റിംഗ് ഏജൻസികളെ തിരഞ്ഞെടുക്കുന്നതിന് താൽപര്യപത്രം ക്ഷണിച്ചിട്ടുണ്ട്. കെഎസ്ഇബിഎൽ സമർപ്പിച്ച ഡിപിആറിന്റെ അടിസ്ഥാനത്തിൽ തലസ്ഥാന ജില്ലയിൽ 32 ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് 8.22 കോടി രൂപ സർക്കാർ അനുവദിച്ചു.

കേരള ഫൈബർ ഒപ്റ്റിക് നെറ്റ്‌വർക്ക് (കെ-ഫോൺ)

30,000 സർക്കാർ ഓഫീസുകൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ചെലവ് കുറഞ്ഞതും അതിവേഗവുമായ ഇന്റർനെറ്റ് കണക്ഷൻ, 20 ലക്ഷം ബിപിഎൽ കുടുംബങ്ങൾക്ക് സൗജന്യ ഇൻറർനെറ്റ്, ഐഎസ്പികളിലേക്ക് വിവേചനരഹിതമായ പ്രവേശനം, ടെലികോം ഓപ്പറേറ്റർമാർക്കും പൗരന്മാർക്കും ഗുണനിലവാരവും താങ്ങാനാവുന്നതുമായ ഇന്റർനെറ്റ് സേവനങ്ങൾ നൽകൽ എന്നിവ ലഭ്യമാക്കുന്നതിനായി സംസ്ഥാനത്തുടനീളം ഒരു വൈഡ് ഏരിയ നെറ്റ്‌വർക്ക് നിർമ്മിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. കണക്കാക്കിയ പദ്ധതി ചെലവ് 1028 കോടി രൂപയാണ്. 49: 49: 2 എന്ന അനുപാതത്തിൽ കെഎസ്ഇബിഎൽ, കെഎസ്ഐടിഎൽ, സംസ്ഥാന സർക്കാർ എന്നിവയുടെ ഇക്വിറ്റി പങ്കാളിത്തത്തോടെ ഒരു പ്രത്യേക ഉദ്ദേശ്യ വാഹനം (എസ്പിവി) നെറ്റ്‌വർക്കിന്റെ നടപ്പാക്കലും പരിപാലനവും നടത്തും. കെഎസ്ഇബിഎല്ലിനുള്ള മറ്റ് ആനുകൂല്യങ്ങൾക്കൊപ്പം, എല്ലാ ഓഫീസുകളിലേക്കും ഹൈ സ്പീഡ് ഇൻറർനെറ്റ് കണക്റ്റിവിറ്റി ഈ പ്രോജക്റ്റ് ഉറപ്പാക്കുന്നു. വിതരണ നിരയിൽ (47,289 കിലോമീറ്റർ) പോൾ വാടകയും 4 ഫൈബറുകളും കെഎസ്ഇബിക്ക് സൗജന്യമായി ലഭിക്കും. കൺട്രോൾ & പ്രൊട്ടക്ഷൻ, സ്മാർട്ട് ഗ്രിഡുകൾ, സ്മാർട്ട് മീറ്ററുകൾ, ഇന്റർനെറ്റ് ഓഫ് തിംഗ്സ് എന്നിവയ്ക്കുള്ള അധിക ഡാറ്റാ ആശയവിനിമയ ആവശ്യകതകൾ ഇത് നിറവേറ്റും. സൃഷ്ടിച്ച ആസ്തികൾ കെഎസ്ഇബിഎല്ലിൽ നിക്ഷിപ്തമായിരിക്കും.

എന്റർപ്രൈസ് റിസോഴ്സ് പ്ലാനിംഗ് (ഇആർപി)

ബിസിനസ്സ് മാനേജുചെയ്യുന്നതിനും അക്കൗണ്ടിംഗ്, മെറ്റീരിയൽ മാനേജുമെന്റ്, മാനവ വിഭവശേഷി എന്നിവയുമായി ബന്ധപ്പെട്ട നിരവധി ബാക്ക് ഓഫീസ് പ്രവർത്തനങ്ങൾ ഓട്ടോമേറ്റ് ചെയ്യുന്നതിനും സംയോജിത ആപ്ലിക്കേഷനുകളുടെ ഒരു സിസ്റ്റം ഉപയോഗിക്കാൻ ഇആർപി അനുവദിക്കും. ഐപിഡിഎസിന് കീഴിലുള്ള കേന്ദ്ര സ്പോൺസേർഡ് പദ്ധതിയായാണ് ഈ പദ്ധതി ആവിഷ്കരിച്ചത്. പദ്ധതി നടപ്പാക്കൽ കാലയളവ് 30 മാസമാണ്.

കമ്മ്യൂണിക്കേറ്റിംഗ് ഫോൾട്ട് പാസ് ഡിറ്റക്ടേർസ് (സി എഫ് പി ഡി)

കെഎസ്ഇബിയുടെ ജീവനക്കാർ, ഇൻ-ഹൗസ് ഗവേഷണത്തിനുശേഷം, വളരെ ഉപയോക്തൃ സൗഹൃദമായ ചെലവ് കുറഞ്ഞ കമ്മ്യൂണിക്കേറ്റിംഗ് ഫോൾട്ട് പാസ് ഡിറ്റക്ടറുകൾ വികസിപ്പിച്ചു. ഇത്, കെഎസ്ഇബിഎൽ എഞ്ചിനീയർമാർ വികസിപ്പിച്ചെടുത്ത ഗ്രാഫിക്കൽ യൂസർ ഇന്റർഫേസുമായി (ജി.യു.ഐ) സംയോജിപ്പിച്ച്, യൂട്ടിലിറ്റി സ്റ്റാഫിന്റെ മൊബൈൽ ഫോണിൽ അലേർട്ട് നൽകുകയും നെറ്റ്‌വർക്കിന്റെ ജിഐഎസ് മാപ്പിൽ തെറ്റായ സെഗ്മെന്റിന്റെ ദൃശ്യം തിരിച്ചറിയാൻ സഹായിക്കുകയും ചെയ്യുന്നു. 2022 നകം 16,000 പ്ലസ് സിഎഫ്പിഡികളെ എച്ച്ടി നെറ്റ്‌വർക്കിൽ വിന്യസിക്കാൻ കെഎസ്ഇബിഎൽ ഉദ്ദേശിക്കുന്നു.

കേന്ദ്ര സർക്കാർ പദ്ധതികൾ

കേരളത്തിൽ നടപ്പിലാക്കുന്ന, കേന്ദ്ര സർക്കാരിന്റെ പ്രധാനപ്പെട്ട ഊർജ്ജമേഖല പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ വിശദീകരിച്ചിരിക്കുന്നു.

ഉജ്ജ്വൽ ഡിസ്കോം അഷ്വറൻസ് യോജന (യുഡിഎഐ)

വൈദ്യുതി വിതരണ കമ്പനികളുടെ (ഡിസ്കോം) സാമ്പത്തിക മാറ്റവും പുനരുജ്ജീവനവും ലക്ഷ്യംവച്ച് ഇന്ത്യാ ഗവൺമെന്റ് ആരംഭിച്ച പാക്കേജാണ് ഉജ്ജ്വൽ ഡിസ്കോം അഷ്വറൻസ് യോജന. കേരള സർക്കാരും കെഎസ്ഇബിഎല്ലും 2017 മാർച്ച് 15 ന് കേന്ദ്ര ഗവൺമെന്റുമായി ധാരണാപത്രം ഒപ്പിട്ടു. കെഎസ്ഇബിഎല്ലിന്റെ ആഭ്യന്തര കാര്യക്ഷമത മെച്ചപ്പെടുത്തലാണ് ധാരണാപത്രം ഒപ്പിട്ടതിന്റെ ഉദ്ദേശ്യം. ധാരണാപത്രത്തിൽ സാമ്പത്തിക

സഹായമൊന്നും ഉൾപ്പെടുത്തിയിട്ടില്ല. സ്മാർട്ട് മീറ്റർ നടപ്പാക്കൽ ടെൻഡറിംഗ് ഘട്ടത്തിലും ഇആർപി കോഡിംഗ് ഘട്ടത്തിലും ആയിട്ടുള്ളതൊഴികെ കെഎസ്ഇബിഎൽ പ്രധാനപ്പെട്ട പ്രവർത്തന ലക്ഷ്യങ്ങൾ നേടിയിട്ടുണ്ട്. അല്ലെങ്കിൽ നേട്ടത്തിന്റെ അവസാന ഘട്ടത്തിലാണ്.

ദീൻ ദയാൽ ഉപാധ്യായ ഗ്രാമ ജ്യോതി യോജന (ഡി.ഡി.യു.ജി.ജെ.വൈ)

ഗ്രാമീണ വൈദ്യുതീകരണത്തിനും ഉപ പ്രസരണ, വിതരണ ഇൻഫ്രാസ്ട്രക്ചർ ശക്തിപ്പെടുത്തുന്നതിനും വേണ്ടി ഗ്രാമീണ മേഖലകൾക്കായി (വിതരണ ട്രാൻസ്ഫോർമറുകൾ, ഫീഡറുകൾ, ഉപഭോക്താക്കൾ എന്നിവിടങ്ങളിലെ മീറ്ററിങ് ഉൾപ്പെടെ) കേന്ദ്ര സർക്കാരിന്റെ പദ്ധതിയാണ് ദീൻ ദയാൽ ഉപാധ്യായ ഗ്രാമ ജ്യോതി യോജന (ഡി.ഡി.യു.ജി.ജെ.വൈ). ഡി.ഡി.യു.ജി.ജെ.വൈ നടപ്പിലാക്കുന്നതിന്റെ സാമ്പത്തികവും ഭൗതികവുമായ പുരോഗതിയുടെ വിശദാംശങ്ങൾ **അനുബന്ധം 11.2.11** ൽ കാണിച്ചിരിക്കുന്നു. 2019 ഡിസംബറോടെ പദ്ധതി അവസാനിക്കുന്നതാണ്.

പ്രധാനമന്ത്രി സഹജ് ബിജിലി ഹർ ഘർ യോജന–"സൗഭാഗ്യ"

ഗ്രാമപ്രദേശങ്ങളിലെ എല്ലാ വീടുകൾക്കും (എപിഎല്ലും ദരിദ്ര കുടുംബങ്ങൾക്കും) നഗരപ്രദേശങ്ങളിലെ ബിപിഎൽ കുടുംബങ്ങൾക്കും സിംഗിൾ പോയിൻറ് വയറിംഗ് ഉൾപ്പെടെ സൗജന്യ വൈദ്യുതി കണക്ഷൻ സൗഭാഗ്യയിൽ വിഭാവന ചെയ്തിരിക്കുന്നു. സൗഭാഗ്യയ്ക്ക് കേരളത്തിന് അനുമതി ലഭിച്ചില്ല. 2018 ലെ വെള്ളപ്പൊക്കത്തിൽ വൈദ്യുതീകരിച്ച 3,19,171 വീടുകൾ വീണ്ടും നന്നാക്കുന്നതിന് 90 കോടി രൂപ കേരളത്തിന് അനുവദിച്ചു. ഇതിൽ 41.3234 കോടി രൂപ ലഭിച്ചു. ബാക്കി തുക ലഭ്യമാക്കുന്നതിന് കെഎസ്ഇബിഎൽ ഇതിനകം നോഡൽ ഏജൻസി ആർഇസിയോട് അഭ്യർത്ഥിച്ചു. കഴിഞ്ഞ ദശകത്തിൽ തന്നെ ഹൗസ്ഹോൾഡ് വൈദ്യുതീകരണത്തിൽ കേരളം കൂടുതൽ നേട്ടം കൈവരിക്കുകയും 2017 ന്റെ തുടക്കത്തിൽ 100 ശതമാനം ഹൗസ്ഹോൾഡ് വൈദ്യുതീകരണം പൂർത്തിയാക്കുകയും അതിന്റെ ഫലമായി സൗഭാഗ്യയിൽ തുച്ഛമായ വിഹിതം ലഭിക്കുകയും ചെയ്തു.

സംയോജിത വൈദ്യുതി വികസന പദ്ധതി–ഐപിഡിഎസ്

ഉപപ്രസരണ, വിതരണ ശൃംഖലകൾ, വിതരണ ട്രാൻസ്ഫോർമറുകൾ, നഗരപ്രദേശങ്ങളിലെ ഫീഡറുകൾ, ഉപഭോക്താക്കൾ എന്നിവ ശക്തിപ്പെടുത്തുന്നതിനായി സംസ്ഥാനത്തെ 25 വിതരണ സർക്കിളുകളിൽ ഐപിഡിഎസ് ഘട്ടം –1 നടപ്പാക്കി. 25 സർക്കിളുകളിൽ 21 സർക്കിളുകൾക്ക് കീഴിലുള്ള ജോലികൾ പൂർത്തിയായി. റോഡ് മുറിക്കാനുള്ള അനുമതി വൈകിയതിനാൽ എറണാകുളം, പെരുംബാവൂർ, കൊല്ലം, ശ്രീകണ്ഠപുരം എന്നിവിടങ്ങളിൽ കേബിൾ ഇടുന്ന ജോലികൾ പൂർത്തീകരിച്ചിട്ടില്ല. ഈ പ്രോജക്റ്റിനായി 2019 നവംബർ വരെ സമയ വിപുലീകരണം കെഎസ്ഇബിഎൽ അഭ്യർത്ഥിച്ചു.

ഐപിഡിഎസ് ഘട്ടം II പ്രോജക്ടുകൾ–

i. **എന്റർപ്രൈസ് റിസോഴ്സ് പ്ലാനിംഗ് (ഇആർപി)** – ഭാഗിക ടേൺകീ അടിസ്ഥാന നിർവ്വഹണത്തിന്റെ ഭാഗമായി ഐടി വിഭാഗത്തിന് കീഴിലുള്ള ഇൻ–ഹൗസ് ഡെവലപ്മെൻറ് ടീമുമായി ഇആർപി പരിഹാരം നടപ്പാക്കൽ കസ്റ്റമൈസേഷൻ/ ഡെവലപ്മെൻറ് എന്നിവ കെഎസ്ഇബിഎൽ നടത്തുന്നു. സെർവർ, സ്റ്റോറേജ് തുടങ്ങിയവയുടെ വിതരണം, ഇൻസ്റ്റാലേഷൻ, കമ്മീഷൻ ചെയ്യൽ തുടങ്ങിയവ ടേൺകീ എക്സിക്യൂഷൻ വഴിയാണ് നടപ്പാക്കുന്നത്. നടപ്പാക്കൽ പ്രക്രിയയിലെ രണ്ട് നാഴികക്കല്ലുകൾ ഇതിനകം നേടിയിട്ടുണ്ട്, ഇപ്പോൾ കോഡിംഗ് പുരോഗതിയിലാണ്.

ii. **സ്മാർട്ട് മീറ്റർ നടപ്പാക്കൽ** – ഉദയ് സ്കീമിന്റെ ഭാഗമായി 3,21,000 മീറ്റർ സ്ഥാപിക്കണം. ഒരു ബിഡ്ഡർ മാത്രം, മെസ്സേർസ് യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് ടെൻഡറിൽ പങ്കെടുത്തു. റീ ടെൻഡറിംഗുമായി മുന്നോട്ട് പോകാൻ ബോർഡ് തീരുമാനിച്ചു.

iii. **ഐപിഡിഎസിന് കീഴിലുള്ള കെഎസ്ഇബി ലിമിറ്റഡിലെ രണ്ടാം ഘട്ട ഐടി നടപ്പാക്കൽ**– എസ്സിഎഡിഎ ഇല്ലാത്ത 21 നഗരങ്ങൾ ഉൾക്കൊള്ളുന്ന പദ്ധതിക്ക് അനുമതി നൽകി. 21 പട്ടണങ്ങളിൽ റിംഗ് ഫെൻസിംഗ് പോലുള്ള പ്രവർത്തനങ്ങൾ പൂർത്തിയായി. ബോർഡർ മീറ്ററുകളിൽ 367 മോഡമുകളും 21 നഗരങ്ങളിലെ ഫീഡർ മീറ്ററുകളും സ്ഥാപിച്ചിട്ടുണ്ട്. മോഡമുകൾ സെൻട്രൽ സെർവറുമായി ആശയവിനിമയം നടത്തുന്നു. ഡിടിആർ മീറ്റർ നടപ്പാക്കൽ ഇപ്പോൾ പുരോഗമിക്കുന്നു. പൈലറ്റ് ടൗണിന്റെ അസറ്റ് സർവേയും പുരോഗമിക്കുന്നു.

iv. **ഐപിഡിഎസിന് കീഴിലുള്ള നോൺ–എസ്സിഡിഎ ടൗണുകൾക്കായുള്ള റിയൽ ടൈം ഡാറ്റാ അക്വിസിഷൻ സിസ്റ്റം (ആർടി–ഡിഎഎസ്)**– 2019 ജൂലൈ 9 ന് ടെൻഡർ ക്ഷണിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രസിദ്ധീകരിച്ചു. സാങ്കേതിക ബിഡ് 2019 സെപ്റ്റംബർ 7 ന് തുറന്നു. ബിഡ്ഡുകളുടെ സാങ്കേതിക വിലയിരുത്തലുകൾ പുരോഗമിക്കുന്നു.

പ്രധാൻ മന്ത്രി കിസാൻ ഊർജ്ജ സുരക്ഷാ ഏവം ഉത്തഹാൻ മഹാഭിയാൻ (പിഎം കുസും)

സൗരോർജ്ജ പമ്പുകളും ഗ്രിഡ് കണക്റ്റുചെയ്ത സൗരോർജ്ജവും മറ്റ് പുനരുപയോഗ ഊർജ്ജ നിലയങ്ങളും സ്ഥാപിക്കുന്നതിനായി മിനിസ്ട്രി ഓഫ് ന്യൂ ആൻഡ് റിന്യൂവബിൾ എനർജി (എം.എൻ.ആർ.ഇ) കർഷകർക്കായി ആരംഭിച്ച പദ്ധതിയാണ് പ്രധാൻ മന്ത്രി കിസാൻ ഊർജ്ജ സുരക്ഷാ ഏവം ഉത്തഹാൻ മഹാഭിയാൻ (പിഎം കുസും). 2022 ഓടെ 25,750 മെഗാവാട്ടിന്റെ സൗരോർജ്ജവും മറ്റു പുനരുത്പാദക ഊർജ്ജവും ഉല്പാദിപ്പിക്കുന്നതിനുള്ള ശേഷി വർധിപ്പിക്കാൻ പദ്ധതി ലക്ഷ്യമിടുന്നു. നടപ്പാക്കുന്ന ഏജൻസികൾക്ക് സേവന നിരക്കുകൾ ഉൾപ്പെടെ 34,422 കോടി രൂപയുടെ കേന്ദ്ര സഹായം വകയിരുത്തീട്ടുണ്ട്.

സ്കീമിൽ മൂന്ന് ഘടകങ്ങൾ അടങ്ങിയിരിക്കുന്നു

ഘടകം എ: സബ് സ്റ്റേഷനിൽ നിന്ന് 5 കിലോമീറ്റർ ദൂരത്തിനുള്ളിൽ തരിശു ഭൂമിയുള്ള കർഷകർക്ക് 500 കിലോവാട്ട് മുതൽ 2 മെഗാവാട്ട് വരെ ശേഷിയുള്ള വൈദ്യുതി നൽകുന്നതിനായി 10,000 മെഗാവാട്ട് വികേന്ദ്രീകൃത ഗ്രൗണ്ട് മൗണ്ട്ഡ് ഗ്രിഡ് കണക്റ്റുചെയ്ത റിന്യൂവബിൾ എനർജി പവർ പ്ലാന്റുകൾ സ്ഥാപിക്കാൻ പദ്ധതി വിഭാവനം ചെയ്യുന്നു. പ്രീ-ഫിക്സഡ് താരിഫിൽ ഡിസ്കോം വൈദ്യുതി വാങ്ങുകയും അതിന് അവർക്ക് വാങ്ങിയ യൂണിറ്റിന് 0.40 രൂപ നിരക്കിൽ പിബിഐ അല്ലെങ്കിൽ ഒരു മെഗാവാട്ട് സ്ഥാപിത ശേഷിയ്ക്ക് 6.6 ലക്ഷം രൂപ ഇതിൽ ഏതാണോ കുറവ് അത് സിഒഡിയിൽ നിന്ന് അഞ്ച് വർഷത്തേക്ക് ലഭിക്കും.

ഘടകം ബി: 7.5 എച്ച്പി വരെ വ്യക്തിഗത പമ്പ് ശേഷിയുള്ള 17.50 ലക്ഷം സ്വയം പ്രവർത്തിക്കുന്നതായ സോളാർ പവർ കാർഷിക പമ്പുകൾ സ്ഥാപിക്കാൻ ലക്ഷ്യമിടുന്നു. സൗരോർജ്ജ പമ്പിന്റെ വിലയുടെ 30 ശതമാനം വരെ ഇന്ത്യാ സർക്കാർ ധനസഹായം നൽകും. സോളാർ പമ്പിന്റെ ചിലവിന്റെ 30 ശതമാനമെങ്കിലും സംസ്ഥാന സർക്കാരുകളും ബാക്കി ഗുണഭോക്തൃ വിഹിതമായി കൃഷിക്കാരനും എടുക്കേണ്ടിവരും. ഘടകം -ബി പ്രകാരമുള്ള 1.75 ലക്ഷം സ്വയം പ്രവർത്തിക്കുന്നതായ സോളാർ പവർ കാർഷിക പമ്പുകൾക്കായുള്ള കേന്ദ്രീകൃത ടെൻഡറിംഗ് ഇ.ഇ.എസ്.എൽ ആരംഭിച്ചു, ബിഡ് അവസാന തീയതി 30.9.2019 ആയിരുന്നു, സാങ്കേതിക വിലയിരുത്തൽ പുരോഗമിക്കുന്നു.

ഘടകം സി: 7.5 എച്ച്പി വരെ വ്യക്തിഗത പമ്പ് ശേഷിയുള്ള 10 ലക്ഷം ഗ്രിഡ് കണക്റ്റുചെയ്ത കാർഷിക പമ്പുകൾ സോളറൈസേഷനായി പദ്ധതി വിഭാവനം ചെയ്യുന്നു. ഇന്ത്യാ **ഗവൺമെന്റ് സോളറൈസേഷന്റെ ചെലവിന്റെ 30 ശതമാനം വരെ ധനസഹായം നൽകും. സൗരോർജ്ജവത്കരണത്തിന്റെ ചിലവിന്റെ 30 ശതമാനമെങ്കിലും സംസ്ഥാന സർക്കാരുകളും ബാക്കി ഗുണഭോക്തൃ വിഹിതമായി കൃഷിക്കാരനും എടുക്കേണ്ടിവരും.**

പൈലറ്റ് നടപ്പാക്കൽ

പദ്ധതി നടപ്പാക്കുന്നതിനായി എംഎൻആർഇയുടെ സ്റ്റേറ്റ് നോഡൽ ഏജൻസികൾ (എസ്എൻഎ) സംസ്ഥാനം, ഡിസ്കോം, കർഷകർ എന്നിവരുമായി ഏകോപിപ്പിക്കും. പദ്ധതിയുടെ എ, സി ഘടകങ്ങൾ 2019 ഡിസംബർ 31 വരെ പൈലറ്റ് മോഡിൽ നടപ്പിലാക്കും. നടന്നുകൊണ്ടിരിക്കുന്ന ഉപ-പ്രോഗ്രാമായ ഘടകം ബി, പൈലറ്റ് മോഡിലൂടെ പോകാതെ പൂർണ്ണമായും നടപ്പിലാക്കും.

സ്കീമിന്റെ ഘടകങ്ങളായ എ, സി എന്നിവയുടെ പൈലറ്റ് റൺ വിജയകരമായി നടപ്പിലാക്കുമ്പോൾ, ആവശ്യമായ അംഗീകാരം ലഭിച്ച ശേഷം ഈ ഘടകങ്ങൾ സ്കെയിൽ-അപ് ചെയ്യുമെന്ന് മനസ്സിലാക്കാം.

കമ്പോണന്റ്-എയിലെ വികേന്ദ്രീകൃത ഗ്രൗണ്ട് മൗണ്ട്ഡ് ഗ്രിഡ് കണക്റ്റുചെയ്ത റിന്യൂവബിൾ എനർജി പവർ പ്ലാന്റുകൾ തരിശായ, കൃഷി ചെയ്യാത്ത ഭൂമിയിൽ ഭൂവുടമകൾക്ക് സ്വയം സജ്ജീകരിക്കാം അല്ലെങ്കിൽ ഡവലപ്പർമാർക്ക് ഭൂമി പാട്ടത്തിന് നൽകാം. ഭൂവുടമകൾക്ക് വേണ്ടി പുനരുപയോഗ ഊർജ്ജ നിലയങ്ങൾ വികസിപ്പിക്കുന്നതും കെഎസ്ഇബിഎല്ലിന് പരിഗണിക്കാം. കൃഷി ചെയ്യാവുന്ന ഭൂമിയുടെ കാര്യത്തിൽ, ഊന്നുകാലുകളിൽ സോളാർ പ്ലാന്റുകളിൽ സ്ഥാപിക്കാൻ കഴിയും, അങ്ങനെ കർഷകർക്ക് സൗരോർജ്ജ പ്ലാന്റുകളിൽ നിന്ന് ആനുകൂല്യം ലഭിക്കുന്നതിന് പുറമെ കൃഷിചെയ്യുന്നത് തുടരാം. ഉപയോഗയോഗ്യമല്ലാത്ത ഭൂമിയുടെ ഉൽപാദനപരമായ ഉപയോഗത്തിലൂടെയോ കാർഷിക ഭൂമിയുടെ അധിക വിനിയോഗത്തിലൂടെയോ ഇത് ഭൂവുടമകൾക്ക് സ്ഥിരവും നിരന്തരവുമായ വരുമാന മാർഗ്ഗം തുറക്കും.

കാർഷിക പമ്പുകൾ ഉപയോഗിക്കുന്ന നിലവിലുള്ള കാർഷിക ഉപഭോക്താക്കളെ സംബന്ധിച്ചിടത്തോളം, ഈ ഉപഭോക്താക്കളിൽ നിന്നുള്ള വൈദ്യുതി ഉപയോഗത്തിനെതിരായ വരുമാനം ശരാശരി വിതരണച്ചെലവിനേക്കാൾ വളരെ കുറവാണ്. 2018-19 കാലയളവിൽ, കെഎസ്ഇബിഎൽ വിതരണം ചെയ്യുന്ന ശരാശരി ചെലവ് യൂണിറ്റിന് 619 പൈസയാണ്, കാർഷിക ഉപഭോക്താക്കളുടെ താരിഫിൽ നിന്ന് ശരാശരി തിരിച്ചടവ് ഒരു യൂണിറ്റിന് 257 പൈസ മാത്രമാണ്. കാർഷിക ഉപഭോക്താക്കൾക്ക് താരിഫിൽ 0.85 രൂപ നിരക്കിൽ സർക്കാർ സബ്സിഡി അനുവദിച്ചിരിക്കുന്നു. 2018-

19ൽ ഗ്രിഡുമായി ബന്ധിപ്പിച്ച 5,38,918 കാർഷിക പമ്പുകൾ 337.65 എം.യു എനർജി ഉപയോഗിക്കുകയും സംസ്ഥാന ഖജനാവിൽ നിന്നുള്ള സബ്സിഡിയായി 28.70 കോടി രൂപ ക്ലെയിം ചെയ്യുകയും ചെയ്തു. 30 ശതമാനം സി.എഫ്.എ, 30 ശതമാനം സംസ്ഥാന പിന്തുണ, 10 ശതമാനം പ്രാരംഭ പെയ്മെന്റ്, 30 ശതമാനം ബാലൻസ് ലോൺ (ഓപ്ഷണൽ) എന്നിവ ഉപയോഗിച്ച് ഈ പദ്ധതിയുടെ ഘടകം–സി യിലെ പമ്പുകളുടെ സൗരവത്കരണം കർഷകർക്കും സർക്കാരിനും യൂട്ടിലിറ്റിക്കും ആകർഷകമാകും. ഈ സോളറൈസേഷൻ സംസ്ഥാനത്തിന്റെ സബ്സിഡി ഭാരം കുറയ്ക്കുന്നതിനൊപ്പം മറ്റ് വിഭാഗങ്ങളിലെ ഉപഭോക്താക്കൾക്ക് ക്രോസ് സബ്സിഡി ഭാരം കുറയ്ക്കും. മാത്രമല്ല, സമീപഭാവിയിൽ ക്രോസ് സബ്സിഡി ഇല്ലാതാക്കാനുള്ള കേന്ദ്രസർക്കാരിന്റെ നിർദേശങ്ങളുടെ വെളിച്ചത്തിൽ കർഷകർക്ക് പ്രതീക്ഷിക്കുന്ന ഭാരം സോളറൈസേഷൻ വഴി ഒഴിവാക്കാനാകും.

ഇന്ത്യയുടെ സോളാർ ട്രാൻസ്ഫിഗറേഷനായി സുസ്ഥിര മേൽക്കൂര നടപ്പാക്കൽ (എസ് ആർ ഐ എസ് റ്റി ഐ)

പവർ ഡിസ്ട്രിബ്യൂട്ടിംഗ് കമ്പനികൾ (ഡിസ്കോംസ്) നിർവ്വഹണ ഏജൻസികളായി മൊത്തം 11,814 കോടി രൂപയുടെ കേന്ദ്ര സാമ്പത്തിക സഹായത്തോടെ 2022 ആകുമ്പോഴേക്കും മേൽക്കൂര സോളാർ (ആർടിഎസ്) പദ്ധതികളിൽ നിന്ന് 40,000 മെഗാവാട്ട് സഞ്ചിതശേഷി കൈവരിക്കാനുള്ള ലക്ഷ്യത്തോടെ ഇന്ത്യാ ഗവൺമെന്റ്, രണ്ടാം ഘട്ട ഗ്രിഡ് കണക്റ്റുചെയ്ത മേൽക്കൂര സോളാർ പ്രോഗ്രാം നടപ്പാക്കും. 10 കിലോവാട്ട് പ്ലാന്റുകൾ വരെ റെസിഡൻഷ്യൽ മേഖലയ്ക്ക് കേന്ദ്ര സാമ്പത്തിക സഹായം/സബ്സിഡി ലഭിക്കും. അടിസ്ഥാന ശേഷിയുടെ അതായത് കഴിഞ്ഞ സാമ്പത്തിക വർഷത്തിന്റെ അവസാനത്തിൽ നേടിയ മൊത്തം ശേഷിയുടെ അടിസ്ഥാനത്തിൽ, പദ്ധതിയുടെ കാലാവധി വരെ, ഒരു സാമ്പത്തിക വർഷത്തിൽ നേടിയ ആർടിഎസ് ശേഷിക്കനുസരിച്ച് പ്രകടനത്തെ അടിസ്ഥാനമാക്കിയുള്ള ആനുകൂല്യങ്ങൾ ഡിസ്കോമുകൾക്ക് നൽകും. തരിശുഭൂമി ദുർലഭമായ കേരളം പോലുള്ള സംസ്ഥാനങ്ങൾക്ക് അനുയോജ്യമായ ഒരു പദ്ധതിയാണ് സ്പ്ഷ്ടി. സ്പ്ഷ്ടിയിൽ, ആദ്യത്തെ ബാച്ച് വിഹിതം നടപ്പാക്കുന്നതിനുള്ള സമയപരിധി പ്രഖ്യാപിച്ചു. 2019–20 ലെ പദ്ധതി പ്രകാരം കെ.എസ്.ഇ.ബിക്ക് 50 മെഗാവാട്ട് അനുവദിച്ചു. ഫ്ലോട്ടിംഗ് ടെൻഡറിനായുള്ള പ്രക്രിയ ആരംഭിക്കേണ്ടതുണ്ട്. തുടർന്നുള്ള വർഷങ്ങളിൽ കൂടുതൽ വിഹിതം പ്രതീക്ഷിക്കുന്നു.

എല്ലാവർക്കും 24 x7 പവർ

കാർഷിക ഉപഭോക്താക്കളടക്കം സംസ്ഥാനത്തിന്റെ എല്ലാ മേഖലകളിലും 24 x7 വൈദ്യുതി വിതരണ നില കേരളം നേടിയിട്ടുണ്ട്. 1,100 അർബൻ ഫീഡറുകളും 640 ഗ്രാമീണ 11 കെവി ഫീഡറുകളും ദേശീയ പവർ പോർട്ടലുമായി (എൻപിപി) ബന്ധിപ്പിച്ചിരിക്കുന്നു, അവ മോണിറ്റർ ചെയ്യാനും കഴിയും

പുനഃ സംഘടിപ്പിച്ച ത്വരിത ഊർജ്ജ വികസന നവീകരണ പദ്ധതി (ആർ–എ പി ഡി ആർ പി)

മൂന്ന് നഗര പദ്ധതികളിലും എസ് സി എ ഡി എ യുടെ ഭാഗം– എ ഇൻസ്റ്റലേഷൻ പൂർത്തിയായി. മൂന്നാം കക്ഷി പരിശോധന പൂർത്തിയായി. പാർട്ട്–ബി പ്രവൃത്തികൾ 31–3–2018 ന് പൂർത്തിയായി. 2018 ജൂൺ മാസത്തിലാണ് പദ്ധതി ക്ലോസ് ചെയ്തത്.

ഉന്നത് ജ്യോതി ബൈ അഫൊർഡബിൾ എൽഇഡി ഫോർ ഓൾ (യുജെഎഎൽഎ)

2019 മാർച്ചോടെ രാജ്യത്ത് 770 ദശലക്ഷം ഇൻകാൻഡസെന്റ് ബൾബുകൾ മാറ്റി പകരം എൽഇഡി ബൾബുകൾ സ്ഥാപിക്കുകയെന്ന ലക്ഷ്യത്തോടെ ഗാർഹിക ഉപഭോക്താക്കൾക്ക് എൽഇഡി ബൾബുകൾ നൽകുന്നതാണ് ഈ പദ്ധതി. കേരളം ഇതിനകം തന്നെ 135 ലക്ഷം വിളക്കുകൾ മാറ്റി വീടുകളിൽ എൽഇഡി ബൾബുകൾ സ്ഥാപിച്ചിട്ടുണ്ട്.

പെർഫോം അച്ചീവ് ആൻഡ് ട്രേഡ് (പിഎടി)

നാഷണൽ മിഷൻ ഫോർ എൻഹാൻസ്ഡ് എനർജി എഫിഷ്യൻസി (എൻഎംഇഇ) യുടെ കീഴിലുള്ള ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസിയുടെ ഒരു ഫ്ലാഗ്ഷിപ് പ്രോഗ്രാമാണ് പാറ്റ് സ്കീം. ഡിസ്കോമുകളെയും ഉൾക്കൊള്ളുന്ന പാറ്റിന്റെ രണ്ടാമത്തെ സൈക്കിൾ 2016 മാർച്ചിൽ പ്രഖ്യാപിച്ചിട്ടുണ്ട്. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് പാറ്റ് നിയമങ്ങൾ പ്രകാരം എല്ലാ ആവശ്യകതകളും പാലിച്ചിരിക്കുന്നു. പിഎടി സൈക്കിൾ II ന്റെ ഭാഗമായി പിഎടി സ്കീമിൽ പറഞ്ഞിട്ടുള്ള എല്ലാ ആക്ഷൻ പോയിന്റുകളിലും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് കൃത്യവും സമയബന്ധിതവുമായ നേട്ടം ഉറപ്പാക്കിയിട്ടുണ്ട്. വൈദ്യുതി വിതരണ കമ്പനിയെന്ന നിലയിൽ ഊർജ്ജ സംരക്ഷണ നിയമം 2001 ലെ എല്ലാ നിർബന്ധിത വ്യവസ്ഥകളും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡും (കെഎസ്ഇബി ലിമിറ്റഡ്) പാലിച്ചിട്ടുണ്ട്.

സംസ്ഥാന വിഹിതമുള്ള പദ്ധതികൾ

2018–19 ലെ സംസ്ഥാന വിഹിതമുള്ള പദ്ധതികളുടെ പുരോഗതി വിശദാംശങ്ങൾ **പട്ടിക11.2.7**ൽ നൽകിയിരിക്കുന്നു.

പട്ടിക 11.2.7 2018-19 ലെ സംസ്ഥാന വിഹിതമുള്ള പദ്ധതികളുടെ പുരോഗതി

പദ്ധതി	ഭരണാനുമതി തുക (രൂപ കോടിയിൽ)	സ്ഥിതി	ചെലവ് തുക (രൂപ കോടിയിൽ)
വെസ്റ്റ് കല്ലട ഫ്ലോട്ടിങ് സോളാർ	13.8	വിജിഎഫ് പ്രതീക്ഷിക്കുന്നു	0
ഫോൾട് പാസ് ഇൻഡിക്കേറ്റർസ്	3.095	1400 എണ്ണം വികസിപ്പിച്ചു	1.56
ബൾക്ക് ചാർജിങ് സ്റ്റേഷൻസ്	1	കെട്ടിടത്തിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി	0
പിഎൽബിഇ യിൽ ട്വിൻ മൈക്രോ ടർബൈൻ	1.145	ഉപേക്ഷിച്ചു	0
ഡ്രോൺ ബേസ്ഡ് കോറിഡോർ മാപ്പിംഗ്	2.75	ഡ്രോൺ ബേസ്ഡ് സിസ്റ്റം വാങ്ങി	2.73
സൗരോർജ്ജ സാധ്യതകൾ മുൻകൂട്ടി വിലയിരുത്തുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ	1	സോഫ്റ്റ്‌വെയറും എക്യുപ്മെന്റും വാങ്ങി	0.35
എസ്കോട്ട് - ഡിടിആർ സ്റ്റേഷനുകളുടെയും എച്ച് വി ഡിഎസിന്റെയും സ്റ്റാൻഡേർഡൈസേഷൻ	0.6	പുരോഗതിയിൽ	0.71
എച്ച് വി ഡി എസ്	0.4	പുരോഗതിയിൽ	
ആകെ	23.79		5.34

Source: KSEBL

2019-20 വർഷത്തിൽ, ഇആർപി നടപ്പാക്കൽ (5.68 കോടി രൂപ), സ്മാർട്ട് ഗ്രിഡ് കൊച്ചി (17.6 കോടി രൂപ), ടൈഡൽ & വേവ് എനർജി (0.02 കോടി രൂപ), എച്ച് വി ഡി എസ് (0.46 കോടി രൂപ), വിതരണ ട്രാൻസ്ഫോർമർ സ്റ്റേഷന്റെ സ്റ്റാൻഡേർഡൈസേഷൻ (0.54 കോടി രൂപ) എന്നിവയാണ് പദ്ധതികൾ. ഇടമൺ കൊച്ചി 400 കെവി ട്രാൻസ്മിഷൻ ലൈൻ നഷ്ടപരിഹാര പാക്കേജിനുള്ള സംസ്ഥാന വിഹിതമായി 3 കോടി രൂപയും 2019-20 ലെ സംസ്ഥാന പിന്തുണാ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

പിജിസിഎൽ അന്തർസംസ്ഥാന പദ്ധതികൾ

പ്രധാന അന്തർസംസ്ഥാന ട്രാൻസ്മിഷൻ പദ്ധതികൾ.

പുഗലൂർ-തൃശ്ശൂർ എച്ച് വി ഡി സി പദ്ധതി- കേരളത്തിലേക്കുള്ള റായ്ഗഡ്-പുഗലൂർ എച്ച് വി ഡി സി ഇടനാഴിയുടെ വിപുലീകരണമാണ് ഈ പദ്ധതി. 153.5 കിലോമീറ്റർ ദൈർഘ്യമുള്ള ഈ 320 കെവി ഡിസി ലൈനിന് കേരളത്തിനുള്ളിൽ 92 കിലോമീറ്റർ ദൈർഘ്യമുണ്ട്. ഇതിൽ 64 കിലോമീറ്റർ വടക്കാഞ്ചേരി വരെ ഓവർഹെഡും ബാക്കി 28 കിലോമീറ്റർ യുജി കേബിളിലൂടെയുമാണ്. ലൈനിന് 2000 മെഗാവാട്ട് ശേഷി ഉണ്ട്. ഒ.എച്ച് ഭാഗത്ത് 30 ശതമാനം ടവർ നിർമ്മാണവും 49 ശതമാനം കേബിൾ ഇടലും ഇപ്പോൾ പൂർത്തിയായിട്ടുണ്ട്.

ഇടമൺ-കൊച്ചി 400 കെവി ലൈൻ-29-8-2005 ന് അംഗീകാരം ലഭിച്ച കൊച്ചി-തിരുനെൽവേലി ലൈനിന്റെ ഭാഗമായ 148 കിലോമീറ്റർ ഇടമൺ-കൊച്ചി ലൈനിന്റെ നിർമ്മാണം 2008 ൽ ആരംഭിച്ചു. പക്ഷേ ശരിയായ വഴിയുടെ തർക്കവും നഷ്ടപരിഹാര തർക്കവും കാരണം ഇത് തടസ്സപ്പെട്ടു. സംസ്ഥാന സർക്കാരിന്റെ ഇടപെടലോടെ ദുരിതബാധിതർക്ക് പ്രത്യേക ത്രിപാർട്ടൈറ്റ് നഷ്ടപരിഹാര പാക്കേജ് പ്രഖ്യാപിച്ചു. അതിനുശേഷം നിർമ്മാണം പുനരാരംഭിക്കുകയും 2-9-2019 ന് ലൈനിൽ ടെസ്റ്റ് ചാർജ് ചെയ്യുകയും ചെയ്തു. ഈ സ്വിച്ച് പൂർത്തിയാകുന്നതോടെ സംസ്ഥാനത്തിലൂടെ ആദ്യത്തെ 400 കെവി വൈദ്യുതി ഹൈവേ, അതായത് തിരുനെൽവേലി-കൊച്ചി-തൃശ്ശൂർ-ഉദുമൽപേട്ട യാഥാർത്ഥ്യമാകും. ലൈനിന് 2000 മെഗാവാട്ട് ശേഷി ഉണ്ട്.

അണക്കെട്ട് പുനരധിവാസ വികസന പദ്ധതി (ഡ്രിപ്പ്)

കേന്ദ്ര സർക്കാർ മുഖേന ലോക ബാങ്ക് ധന സഹായത്തോടെ സംസ്ഥാനത്തെ നിലവിലുള്ള ഡാമുകളുടെ സുരക്ഷിതത്വവും സ്ഥായിയായ പ്രകടനവും ഘടനാപരമായ കാര്യങ്ങളും മെച്ചപ്പെടുത്തുക എന്നുള്ളതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. കെ.എസ്.ഇ.ബി.എൽ നു വേണ്ടി 28 ഡാമുകൾ ഉൾപ്പെടുന്ന 12 പ്രോജക്ടുകൾ ഈ പദ്ധതിയിൽ തെരഞ്ഞെടുത്തിട്ടുണ്ട്. അടിസ്ഥാന അണക്കെട്ട് സൗകര്യങ്ങൾ, പരിഹാര നടപടികൾ, സ്ഥാപന ശക്തിപ്പെടുത്തൽ എന്നിവ ഈ പദ്ധതിയിൽ ഉൾപ്പെടുന്നു. പന്ത്രണ്ട് ജലവൈദ്യുത പദ്ധതികൾക്കു കീഴിൽ 153.67 കോടി രൂപയുടെ വർക്ക്/ഗുഡ്സ്/ കൺസൾട്ടൻസിക്ക് ബിഡ് ക്ഷണിച്ചു. ഈ 97 പാക്കേജുകളിൽ 86.55 കോടി രൂപയുടെ 79 പാക്കേജുകളും അവാർഡ് ചെയ്തിട്ടുണ്ട്. 36.68

കോടി രൂപയുടെ ബാക്കി 9 പാക്കേജുകളും ബിഡ് പ്രോസസ്സിംഗിന്റെ വിവിധ ഘട്ടങ്ങളിലാണ്. 20.44 കോടി രൂപയ്ക്കുള്ള ബാക്കി 9 പാക്കേജുകൾക്കായി ബിഡ്ഡുകൾ ക്ഷണിക്കാൻ നിശ്ചയിച്ചിട്ടുണ്ട്.

പവർ മോഷണം

നിയമത്തിന്റെ കർശനമായ നടപ്പാക്കലും സമൂഹത്തിലുള്ള അവബോധവും മൂലം സംസ്ഥാനത്ത് വൈദ്യുതി മോഷണവും ബന്ധപ്പെട്ട തകരാറുകളും വളരെ കുറവാണ്. വൈദ്യുതി ചെറുമോഷണവും ദുരുപയോഗവും കണ്ടെത്തുന്നതിനായി എല്ലാ ജില്ലകളിലും കെഎസ്ഇബിഎല്ലിന് ആന്റി പവർ തെഫ്റ്റ് സ്ക്വാഡ് (എപിടിഎസ്) ഉണ്ട്. ഫീൽഡ് സ്റ്റാഫിന് പരിശോധനയ്ക്കായി പ്രതിമാസ ലക്ഷ്യങ്ങളും നൽകുന്നു. 2018–19 കാലയളവിൽ 237 മോഷണക്കേസുകൾ കണ്ടെത്തി, അതിൽ 1.9867 കോടി രൂപ ഊർജ്ജച്ചെലവുള്ള 11,15,443 യൂണിറ്റുകൾ മോഷണം നടത്തിയതായി കണക്കാക്കപ്പെടുന്നു. 232 കേസുകളിൽ നഷ്ടം തിരിച്ചറിഞ്ഞു.

വൈദ്യുത അപകടങ്ങൾ

2018–19 വർഷം അപകട രഹിത വർഷമാക്കാൻ കെഎസ്ഇബിഎൽ ലക്ഷ്യമിടുകയും ലക്ഷ്യം കൈവരിക്കാനുള്ള ശ്രമങ്ങൾ നടന്നു വരികയും ചെയ്യുന്നു. കെഎസ്ഇബിഎൽ ഇൻസ്റ്റലേഷനിൽ നിന്ന് മനുഷ്യർക്ക് 123 മാരക അപകടങ്ങളും മൃഗങ്ങൾക്ക് 56 മാരക അപകടങ്ങളും ഉണ്ടായി. മനുഷ്യർക്ക് 211 മാരകമല്ലാത്ത അപകടങ്ങളും ഉണ്ടായിട്ടുണ്ട്. ഉപഭോക്തൃ ഇൻസ്റ്റലേഷനുകളിൽ നിന്ന് 122 മനുഷ്യർക്കും 13 മൃഗങ്ങൾക്കും മാരകമായ അപകടങ്ങൾ സംഭവിച്ചു. മനുഷ്യർക്ക് ഈ വിഭാഗത്തിൽ മാരകമല്ലാത്ത അപകടങ്ങൾ 9 ആയിരുന്നു.

പ്രകൃതിദുരന്തങ്ങൾ

2018 ലും 2019 ലും ഉണ്ടായ വെള്ളപ്പൊക്കം വിനാശകരമായ പ്രകൃതിദുരന്തങ്ങളായിരുന്നു. വൈദ്യുതി മേഖലയിലെ ആഘാതം ചുവടെ ചേർക്കുന്നു.

വെള്ളപ്പൊക്കം 2018

2018 ഓഗസ്റ്റ് രണ്ടാം വാരത്തിൽ കേരളം അഭൂതപൂർവമായ മഴയെ നേരിട്ടു. സംസ്ഥാനത്തൊട്ടാകെ മണ്ണിടിച്ചിലും വെള്ളപ്പൊക്കവും ഉണ്ടായി. കേരളത്തിലെ മധ്യ ജില്ലകളിൽ ആഴ്ചകളോളം ഭൂപ്രദേശം വെള്ളത്തിൽ മുങ്ങി. കെഎസ്ഇബി ലിമിറ്റഡിന്റെ അഞ്ച് പ്രധാന ജലവൈദ്യുത നിലയങ്ങളെയും പതിനാല് ചെറിയ ഹൈഡൽ സ്റ്റേഷനുകളെയും വെള്ളപ്പൊക്കത്തെ തുടർന്നുണ്ടായ മണ്ണിടിച്ചിൽ ബാധിച്ചു. 10 ട്രാൻസ്മിഷൻ കോറിഡോറുകൾ നശിക്കുകയും പൂട്ടുകയും ചെയ്തു. യാർഡുകളും കൺട്രോൾ റൂമുകളും വെള്ളത്തിൽ മുങ്ങിയതിനാലും ലൈനുകൾ ലഭ്യമല്ലാത്തതിനാലും 50 ട്രാൻസ്മിഷൻ സബ്സ്റ്റേഷനുകൾ അടച്ചു.

വൻ വെള്ളപ്പൊക്കം വിതരണ ഇൻഫ്രാസ്ട്രക്ചറിനെ സാരമായി ബാധിച്ചു. ഏഴ് ജില്ലകളിലെ 300 ഓളം ഇലക്ട്രിക്കൽ വിഭാഗങ്ങളിലെ വൈദ്യുതി വിതരണം തകർന്നു. 16,158 വിതരണ ട്രാൻസ്ഫോർമറുകൾ പ്രവർത്തനക്ഷമമല്ലായിരുന്നു. 25.60 ലക്ഷം ഉപഭോക്താക്കൾക്കുള്ള സേവനം ദുരന്തത്തിൽ തടസ്സപ്പെട്ടു. വൈദ്യുതി വിതരണത്തിൽ സാധാരണ നില പുനഃസ്ഥാപിക്കാൻ 1735 വിതരണ ട്രാൻസ്ഫോർമർ സ്റ്റേഷനുകളും 5275.80 കിലോമീറ്റർ വിതരണ ലൈനുകളും പുനർനിർമിക്കേണ്ടതുണ്ട്. ഒരു ലക്ഷത്തോളം വൈദ്യുതി തൂണുകൾ തകർന്നു. വെള്ളത്തിൽ മുങ്ങിയതിനാൽ മൂന്ന് ലക്ഷം സിംഗിൾ ഫേസ് എനർജി മീറ്ററും അമ്പതിനായിരം ത്രീ ഫേസ് എനർജി മീറ്ററും കേടായി. മൊത്തം 352 കോടി രൂപയുടെ നാശനഷ്ടം കണക്കാക്കി.

പുനഃസ്ഥാപിക്കൽ (മിഷൻ റീകണക്ട്) 2018

സാധാരണ സംവിധാനങ്ങളും നടപടിക്രമങ്ങളും പാലിക്കുകയാണെങ്കിൽ, വെള്ളപ്പൊക്കം ഗുരുതരമായി ബാധിച്ച ജില്ലകളിൽ സാധാരണ നില പുനഃസ്ഥാപിക്കാൻ മാസങ്ങളെടുക്കുമെന്ന് മനസ്സിലായി. ഏറ്റവും കുറഞ്ഞ കാലയളവിൽ സാധാരണ നില പുനഃസ്ഥാപിക്കുന്നതിനായി മിഷൻ മോഡിലെ ഒരു പ്രോഗ്രാം, മിഷൻ റീകണക്ട് കെഎസ്ഇബിഎൽ ആരംഭിച്ചു. 31.08.2018 ഓടെ തകർന്ന എല്ലാ വിതരണ നെറ്റ്വർക്കുകളും ബാധിച്ച സേവന കണക്ഷനുകളും പുനഃസ്ഥാപിക്കാൻ കെഎസ്ഇബി ആന്തരികമായി ലക്ഷ്യം വെച്ചിരുന്നു. ഈ ടാർഗറ്റിന്റെ 99.99 ശതമാനം കൈവരിക്കാനായി. വെള്ളപ്പൊക്കം കാരണം ഇൻസ്റ്റലേഷനുകൾ തകരാറിലായ 720 സിംഗിൾ പോയിന്റ് കണക്ഷനുകൾ സൗജന്യമായി ശരിയാക്കി നൽകി. കെ.എസ്.ഇ.ബി. എൽ പ്രളയബാധിതരായ ഉപഭോക്താക്കൾക്കുള്ള പണമടയ്ക്കൽ കാലാവധി നീട്ടിനൽകി. എല്ലാ ട്രാൻസ്മിഷൻ ഇടനാഴികളും പവർഹൗസുകളും സബ് സ്റ്റേഷനുകളും പദ്ധതി പ്രകാരം പുനഃസ്ഥാപിച്ചു. വ്യക്തിഗത പ്രൊഫഷണലിസവും കൃത്യമായ റിസോഴ്സ് മാനേജ്മെൻറിനൊപ്പം ശക്തമായ ടീം പരിശ്രമവും കൊണ്ട് മികച്ച ഫലങ്ങൾ എങ്ങനെ നേടാം എന്നതിന്റെ ശ്രേഷ്ഠമായ മാതൃകയാണ് മിഷൻ റീകണക്ട്.

വെള്ളപ്പൊക്കം 2019

2019 ലെ മൺസൂൺ മൂലമുണ്ടായ നാശനഷ്ടങ്ങളിൽ ഭൂരിഭാഗവും വടക്കൻ ജില്ലകളായ പാലക്കാട്, കണ്ണൂർ, കോഴിക്കോട്, മലപ്പുറം, വയനാട്

എന്നിവിടങ്ങളിലായിരുന്നു. കാക്കയത്തെ മൂന്ന് ജനറേറ്ററുകൾ, ഏഴ് ചെറുകിട ജലവൈദ്യുത നിലയങ്ങൾ, ബരാപോൾ കനാലിലെ ഫ്ലോട്ടിംഗ് സോളാർ പ്ലാന്റ് എന്നിവയ്ക്ക് കേടുപാടുകൾ സംഭവിച്ചു. രണ്ട് 220 കെവി സബ്സ്റ്റേഷനുകളും ആറ് 110 കെവി സബ്സ്റ്റേഷനുകളും ഉൾപ്പെടെ 43 സബ്സ്റ്റേഷനുകളുടെ പ്രവർത്തനം തടസ്സപ്പെട്ടു. 2019 ലെ വെള്ളപ്പൊക്കം 50.47 ലക്ഷം ഉപഭോക്താക്കളെ ബാധിച്ചതായി കണക്കാക്കപ്പെടുന്നു. ഈ മഴക്കാലത്ത് കെഎസ്ഇബിഎല്ലിന് 243.05 കോടി രൂപയുടെ നഷ്ടമുണ്ടായതായി കണക്കാക്കപ്പെടുന്നു.

മിഷൻ റീകണക്ട് 2019

മുൻ അനുഭവത്തിന്റെ വെളിച്ചത്തിൽ, 2019 ലെ വെള്ളപ്പൊക്കത്തെത്തുടർന്ന് ആവശ്യമായ ഉപകരണങ്ങളും മനുഷ്യശക്തിയും ശരിയായി ഉപയോഗപ്പെടുത്തുന്നതിനും പൊതുജനങ്ങളുടെ സുരക്ഷ ഉറപ്പാക്കാൻ മുൻകൈയെടുക്കുന്നതിനും വിവിധ ടീമുകളെ ഏകോപിപ്പിച്ച് മിഷൻ കണക്റ്റ് പുനർരൂപകൽപ്പന ചെയ്തു. സാധാരണക്കാരുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി ദുരിതാശ്വാസ ക്യാമ്പുകൾക്കും കെ ഡബ്ല്യു എ യുടെ പമ്പ്ഹൗസുകൾക്കും യുദ്ധകാലാടിസ്ഥാ നത്തിൽ വൈദ്യുതി വിതരണം ചെയ്യാൻ സാധിച്ചു. മിഷൻ റീകണക്ട് 2019 ന്റെ ഭാഗമായി, 20.08.2019 ഓടെ എല്ലാ വാസയോഗ്യമായ വീടുകളിലും മറ്റ് കെട്ടിടങ്ങളിലും വൈദ്യുതി വിതരണം പുനഃസ്ഥാപിച്ചു. റെക്കോർഡ് സമയത്തിനുള്ളിൽ കക്കയം, വെള്ളത്തൂവൽ എസ്എച്ച്ഇപി എന്നിവിടങ്ങളിലെ ഒരു ജനറേറ്റർ ഒഴികെയുള്ള മറ്റ് സ്റ്റേഷനുകളും ജനറേറ്ററുകളും പ്രവർത്തനക്ഷമമാക്കി.

വെള്ളപ്പൊക്കത്തിനുശേഷം

കെഎസ്ഇബിഎല്ലിന്റെ ഉടമസ്ഥതയിലുള്ള 24 അണക്കെട്ടുകൾക്കായുള്ള അടിയന്തര കർമപദ്ധതി (ഇഎപി) കേന്ദ്ര ജല കമ്മീഷന്റെ സാങ്കേതിക സഹായത്തോടെ തയ്യാറാക്കി. കൂടാതെ, വർഷത്തിൽ വിവിധ സമയങ്ങളിൽ ഒരു ജലസംഭരണിയിലെ ജലസംഭരണത്തോതോ ശൂന്യമായ സ്ഥലമോ വ്യക്തമാക്കുന്ന റൂൾ കർവ് തയ്യാറാക്കി, പ്രധാന ഡാമുകളായ ഇടുക്കി, ഇടമലയാർ, കക്കി, ബാണാസുരസാഗർ എന്നിവയുടെ ജലസംഭരണികളിലെ ജലനിരപ്പ് റൂൾ കർവ് അനുസരിച്ച് നിജപ്പെടുത്തി. കേന്ദ്ര ജല കമ്മീഷൻ തയ്യാറാക്കിയ റൂൾ കർവിന് സംസ്ഥാന സർക്കാർ അംഗീകാരം നൽകി.

ജലസംഭരണികളുടെ മലിനീകരണം

2018 ഓഗസ്റ്റ്, 2019 ഓഗസ്റ്റ് മാസങ്ങളിലെ അഭൂതപൂർവമായ മഴയുടെയും മണ്ണിടിച്ചിലിന്റെയും വെള്ളപ്പൊക്കത്തിന്റെയും വെളിച്ചത്തിൽ, കേരള സർക്കാരിന്റെ അംഗീകൃത സ്റ്റാൻഡേർഡ് ഓപ്പറേറ്റിങ് പ്രൊസീജ്യറിൽ (എസ്ഒപി) വ്യക്തമാക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് കെഎസ്ഇബിയുടെ ജലസംഭരണികളിൽ നിന്നും ചളി നീക്കം ചെയ്യുന്നതിനുള്ള റിക്വസ്റ്റ് ഫോർ പ്രൊപോസൽ (ആർഎഫ്പി) ക്ഷണിക്കാൻ കെഎസ്ഇബിഎൽ അനുമതി നൽകി. ഘട്ടംഘട്ടമായി ജലസംഭരണികൾ ഡിസിൽറ്റ് ചെയ്യുന്നതിനുള്ള ആർഎഫ്പി ക്ഷണിക്കുന്നതിനുള്ള നടപടി ഇതിനകം ആരംഭിക്കുകയും ആദ്യ ഘട്ടത്തിൽ പെരിങ്ങൽകുത്ത്, കല്ലാർകുട്ടി, മാട്ടുപ്പെട്ടി, കുണ്ഡല എന്നീ ജലസംഭരണികൾ ഉൾപ്പെടുത്തുകയും ചെയ്തു.

2018-19 ൽ കെ.എസ്.ഇ.ബി.എല്ലിന്റെ നേട്ടങ്ങൾ

- പ്രളയസമയത്ത് കെഎസ്ഇബിഎൽ ആരംഭിച്ച മിഷൻ റീകണക്ട് 2018 ൽ ഉൾപ്പെടുത്തി 16,158 വിതരണ ട്രാൻസ്ഫോർമറുകളുടെ അറ്റകുറ്റപ്പണികൾ, 1735 വിതരണ ട്രാൻസ്ഫോർമർ സ്റ്റേഷനുകളുടെ പുനർനിർമ്മാണം, 25.60 ലക്ഷം സേവന കണക്ഷനുകളുടെ പുനഃസ്ഥാപനം, ഒരു ലക്ഷം കേടായ വിളക്കുകാലുകൾ ഉൾപ്പെടെ 5275.80 കിലോമീറ്റർവിതരണ ലൈനുകളുടെ പുനർനിർമ്മാണം, വെള്ളത്തിൽ മുങ്ങിയതിനാൽ കേടുപാടുകൾ പറ്റിയ മൂന്ന് ലക്ഷം സിംഗിൾ ഫേസ് എനർജി മീറ്ററുകളും അമ്പതിനായിരം മൂന്ന് ഫേസ് എനർജി മീറ്ററുകളും മാറ്റി സ്ഥാപിക്കൽ, 21 ദിവസം മഴയിൽ മുങ്ങി കേടുപറ്റിയ സിംഗിൾ പോയിന്റ് കണക്ഷനുകളുടെ ഇൻസ്റ്റലേഷൻ ശരിയാക്കൽ തുടങ്ങിയ പ്രവർത്തികൾ ചെയ്തു.
- 3 മെഗാവാട്ട് കക്കയം എസ്എച്ച്ഇപി കമ്മീഷൻ ചെയ്യുകയും, 2.14 മെഗാവാട്ട് സോളാർ പ്ലാന്റുകൾ കൂട്ടിച്ചേർക്കുകയും ചെയ്തു.
- 3,68,673 പുതിയ സേവന കണക്ഷനുകൾ നൽകുകയും 2401 പുതിയ വിതരണ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും ചെയ്തു. 1773 കിലോമീറ്റർ 11 കെവി ലൈനുകളും 3401 കിലോമീറ്റർ എൽടി ലൈനുകളും നിർമ്മിച്ചു.
- മൂന്ന് 110 കെവി, ഒരു 66 കെവി, അഞ്ച് 33 കെവി സബ്സ്റ്റേഷനുകളുടെ നിർമ്മാണം, 33 കെവി ഉൾപ്പെടെ വോൾട്ടേജ് ലെവലിൽ 117.05 കിലോമീറ്റർ ലൈനുകളുടെ നിർമ്മാണം, 10 എംവിഎ സ്റ്റെപ്പ് അപ്പ് ട്രാൻസ്ഫോർമറുകളുടെ ശേഷി വർധിപ്പിക്കൽ, 381 എംവിഎ സ്റ്റെപ്പ് ഡൗൺ ട്രാൻസ്ഫോർമറുകൾകളുടെ ശേഷി വർധിപ്പിക്കൽ എന്നിവ ട്രാൻസ്മിഷൻ മേഖലയിലെ നേട്ടങ്ങളാണ്.
- 2017-18 ൽ 784.09 കോടി രൂപയായിരുന്ന വരുമാനക്കമ്മി 2018-19ൽ 290.01 കോടി രൂപയായി കുറഞ്ഞു.

- കെഎസ്ഇബിഎൽ ന് നഷ്ടം കുറയ്ക്കാൻ കഴിഞ്ഞു, ട്രാൻസ്മിഷൻ, വിതരണ നഷ്ടങ്ങൾ 2017–18 ൽ 13.07 ശതമാനത്തിൽ നിന്ന് 2018–19 ൽ 12.47 ശതമാനമായും എടി ആൻഡ് സി യൂട്ടിലിറ്റി നഷ്ടം 15.38 ശതമാനത്തിൽ നിന്ന് 13.14 ശതമാനമായും കുറഞ്ഞു. ഡിസ്ട്രിബ്യൂഷൻ സ്ട്രാറ്റജിക് ബിസിനസ് യൂണിറ്റിനായുള്ള എടി ആൻഡ് സി നഷ്ടം 2017–18ൽ 12.44 ശതമാനത്തിൽ നിന്ന് 2018–19ൽ 10.83 ശതമാനമായും വിതരണ നഷ്ടം 2017–18 ൽ 9.39 ശതമാനത്തിൽ നിന്ന് 2018–19ൽ 9.07 ശതമാനമായും കുറച്ചിട്ടുണ്ട്.

വെല്ലുവിളികളും പ്രശ്നങ്ങളും

യൂട്ടിലിറ്റിയുടെ ഉപഭോക്തൃ അടിത്തറയെ ഗണ്യമായി ഇല്ലാതാക്കുന്ന ഓപ്പൺ ആക്സസ് വാഴ്ചയുടെയും വികേന്ദ്രീകൃത പുനരുപയോഗ ഊർജ്ജ തലമുറയുടെയും വെല്ലുവിളിയാണ് കെഎസ്ഇബിഎൽ നേരിടുന്നത്. പരിസ്ഥിതി ഗ്രൂപ്പുകളുടെ എതിർപ്പിനെത്തുടർന്ന് വലിയ ജലവൈദ്യുത നിലയങ്ങളും കൽക്കരി അധിഷ്ഠിത സ്റ്റേഷനുകളും വികസിപ്പിക്കുന്നതിനുള്ള പരിമിതികൾ കാരണം ശേഷി കൂട്ടുന്നത് ഒരു പ്രശ്നമായി മാറി. സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കാനുള്ള തരിശുഭൂമിയുടെ ദൗർലഭ്യം, പരിമിതമായ കാറ്റിന്റെ ഊർജ്ജ സാധ്യത, വടക്കൻ ഗ്രിഡിൽ നിന്ന് വൈദ്യുതി ഇറക്കുമതി ചെയ്യാൻ അപര്യാപ്തമായ പവർ ഇടനാഴികൾ, അന്തർ സംസ്ഥാന ട്രാൻസ്മിഷൻ ലൈനുകളുടെ അപര്യാപ്തമായ ശൃംഖല എന്നിവയാണ് സംസ്ഥാനം നേരിടുന്ന മറ്റ് പ്രശ്നങ്ങൾ. പുതിയ ട്രാൻസ്മിഷൻ ലൈനുകൾ വലിയ്ക്കുന്നതിനുള്ള അവകാശത്തിന്റെ പ്രശ്നവും ഭൂമിയുടെ ദൗർലഭ്യവുമാണ് നെറ്റ്‌വർക്ക് വികസനത്തിന് പ്രധാന തടസ്സം. മോശം നെറ്റ്‌വർക്കിംഗ്, പഴയതും നിലവാരമില്ലാത്തതുമായ ലൈനുകൾ, ഒന്നിടവിട്ട് മാറ്റാവുന്ന ഫീഡറുകളുടെ അഭാവം, കുറഞ്ഞ എച്ച്ടി/എൽടി അനുപാതം, നിലവാരമില്ലാത്ത ഘടനകൾ എന്നിങ്ങനെയുള്ള നിരവധി തടസ്സങ്ങൾ വിതരണ ശൃംഖലയിലുണ്ട്. വൈദ്യുത അപകടങ്ങൾ വർദ്ധിക്കുന്നത് മറ്റൊരു പ്രശ്നമാണ്. വരാനിരിക്കുന്ന ഇ–വാഹനങ്ങളുടെ

ബോക്സ് 11.2.1 കരട് കേരള വൈദ്യുതി നയം 2019

സംസ്ഥാന സർക്കാർ പ്രസിദ്ധീകരിച്ച കരട് ഊർജ്ജ നയം, വിനാശകരമായ സാങ്കേതികവിദ്യകളാൽ തകരുന്ന ആഗോള വൈദ്യുതി വിപണിയിൽ പുതിയ വേഗതയും ഊർജ്ജവും യോജിപ്പിച്ച്, കൂടുതൽ ഉപഭോക്തൃ സൗഹൃദ സംരംഭങ്ങൾ, തൻമയത്വമായ സംഗ്രഹണം, അത്യന്താധുനികമായ ഘട്ടങ്ങൾ എന്നിവ മുൻകൂട്ടി കാണുന്നു. ഗ്രിഡ് തലത്തിൽ എനർജി സ്റ്റോറേജ് സംവിധാനം സ്ഥാപിക്കാനുള്ള സാധ്യതയാണ് പ്രധാന ലക്ഷ്യങ്ങളിലൊന്ന്, ഇതിലൂടെ സൗകര്യപ്രദമായ ഉപയോഗത്തിനായി സൗരോർജ്ജം സംഭരിക്കാൻ സംസ്ഥാനത്തെ സഹായിക്കും

പ്രധാന ലക്ഷ്യങ്ങൾ

1. 'നവകേരള' ത്തിന്റെ പ്രതീക്ഷകൾക്ക് അനുസൃതമായി കേരളത്തിലെ വൈദ്യുതി സേവനങ്ങളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുക.
2. ആധുനിക വൈദ്യുതി ശൃംഖല വിശ്വസനീയവും സുരക്ഷിതവും കാര്യക്ഷമവും സ്മാർട്ടുമാണ്.
3. നിയന്ത്രണങ്ങളില്ലാതെ സംസ്ഥാനത്തിന്റെ വൈദ്യുതി ആവശ്യങ്ങൾ ഇടതടവില്ലാതെ നിറവേറ്റുക.
4. വിവിധ സ്രോതസ്സുകളിൽ നിന്നുള്ള വൈദ്യുതി മത്സരാധിഷ്ഠിത വിലയിൽ ലഭ്യമാക്കുകയും സംസ്ഥാനത്തിന്റെ ഊർജ്ജ ഭദ്രത ഉറപ്പുവരുത്തുകയും ചെയ്യുക.
5. പുനരുപയോഗ ഊർജ്ജ ഉൽപാദനം, അതിലെ അസ്ഥിരത അനുയോജ്യമായ സാങ്കേതിക വിദ്യകൾ കണ്ടെത്തി പരിഹരിക്കുകയും ബന്ധപ്പെട്ട ചെലവുകൾ പങ്കിടുന്നതിനുള്ള ചട്ടക്കൂടുകൾ സൃഷ്ടിക്കുകയും ചെയ്ത് വർദ്ധിപ്പിക്കുക.
6. വൈദ്യുതി വിതരണം താങ്ങാവുന്ന നിരക്കിൽ നിലനിർത്തുന്നതിനോടൊപ്പം വൈദ്യുതി വ്യവസായത്തിന്റെ സാമ്പത്തിക ഭദ്രത ഉറപ്പുവരുത്തുകയും ചെയ്യുക.
7. കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ കാര്യക്ഷമതയും പ്രവർത്തന ക്ഷമതയും മെച്ചപ്പെടുത്തുകയും പ്രവർത്തന ചെലവുകൾ യുക്തിസഹമാക്കുകയും ചെയ്യുക.
8. കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ പുന:സംഘടനയിലൂടെയും വിവര സാങ്കേതിക വിദ്യയുടെ വർദ്ധിച്ച ഉപയോഗത്തിലൂടെയും ഉപഭോക്താക്കളുടെ പ്രതീക്ഷകളും നൽകിവരുന്ന സേവനങ്ങളുടെ നിലവാരവും തമ്മിലുള്ള വിടവ് ഇല്ലാതാക്കുക.
9. പുനരുപയോഗ ഊർജ്ജം, ഊർജ്ജക്ഷമത, വൈദ്യുതി മോട്ടോർ വാഹനങ്ങൾ, സംഭരണ സാങ്കേതികവിദ്യ തുടങ്ങിയ പുതുതലമുറ സേവനങ്ങൾ നൽകാൻ കഴിയുന്ന വിധം വൈദ്യുതി വ്യവസായ ഘടനയുടെ പരിമിതികൾ മറികടക്കുക.

Source: അവലംബം : കരട് കേരള വൈദ്യുതി നയം 2019

കുതിച്ചുചാട്ടം, മതിയായ ചാർജിംഗ് ഇൻഫ്രാസ്ട്രക്ചറും അധിക വൈദ്യുതിയും ആവശ്യപ്പെടുന്നു.

ഒന്നിലധികം ഫ്രാഞ്ചൈസികളുടെയും സപ്ലൈ ലൈസൻസികളുടെയും കടന്നുകയറ്റം മൂലം തന്നിഷ്ട പ്രകാരം തെരഞ്ഞെടുത്ത ലാഭകരമല്ലാത്ത മേഖലകളിലേക്ക് ഡിസ്കോമുകളെ വിടുന്നതുവഴി കടവും നഷ്ടവും വർദ്ധിച്ചു. ക്രീമി കൺസ്യൂമേഴ്സിന് നൽകേണ്ട ക്രോസ് സബ്സിഡി സർചാർജ്, നിലവിലുള്ള മൂല്യത്തിന്റെ 25 ശതമാനം വർഷംതോറും ക്രമാനുഗതമായി കുറയ്ക്കുമെന്ന് താരിഫ് നയത്തിൽ നിർദ്ദേശിച്ച ഭേദഗതി, നിലവിലുള്ള ക്രോസ് സബ്സിഡിയുടെ നിലവാരത്തെ പരാമർശിക്കാതെ, കുറഞ്ഞ ഡിമാൻഡുള്ളതും സമൂഹത്തിൽ പിന്നാക്കം നിൽക്കുന്നതുമായ ഉപഭോക്താക്കളെ പ്രതികൂലമായി ബാധിക്കും. കേരളത്തിൽ ഇത് ഉപഭോക്താക്കളിലെ മിക്ക വിഭാഗങ്ങൾക്കും താരിഫ് ഷോക്ക് സൃഷ്ടിച്ചേക്കാം.

പാരമ്പര്യേതര പുനരാവർത്തക ഊർജ്ജ സ്രോതസ്സുകൾ

ഊർജ്ജത്തെ പൊതുവെ പുനരാവർത്തക ഊർജ്ജമെന്നും പുനരാവർത്തിക്കാനാവാത്ത ഊർജ്ജമെന്നും രണ്ടായി വിഭജിച്ചിരിക്കുന്നു. ലോകത്തിലെ 85 ശതമാനത്തിലധികം ഊർജ്ജം പുനരാവർത്തിക്കാനാവാത്ത സ്രോതസ്സുകളിൽ നിന്നാണ് ലഭിക്കുന്നത്. മിക്ക വികസിത രാജ്യങ്ങളും പുനരാവർത്തിക്കാനാവാത്ത ഊർജ്ജ സ്രോതസ്സുകളായ ഫോസിൽ ഇന്ധനങ്ങൾ (കൽക്കരി, എണ്ണ), ആണവോർജ്ജം എന്നിവയെയാണ് ആശ്രയിച്ചിരിക്കുന്നത്. സരോർജ്ജം, ജിയോ തെർമൽ, ജലവൈദ്യുതി, ബയോമാസ്, കാറ്റ് തുടങ്ങിയവ പുനരാവർത്തക ഊർജ്ജസ്രോതസ്സുകളിൽ ഉൾപ്പെടുന്നു. മിക്ക വികസ്വര രാജ്യങ്ങളിലും ധാരാളം പുനരാവർത്തക ഊർജ്ജ സ്രോതസ്സുകൾ ഉണ്ട്.

കേരളത്തിൽ പാരമ്പര്യേതര പുനരാവർത്തക ഊർജ്ജ സ്രോതസ്സുകൾ നിയന്ത്രിക്കുകയും നടപ്പിലാക്കുകയും ചെയ്യുന്നത് (i) ഏജൻസി ഫോർ നോൺകൺവെൻഷണൽ എനർജി ആന്റ് റൂറൽ ടെക്നോളജി (അനർട്ട്), (ii) എനർജി മാനേജ്മെന്റ് സെന്റർ (ഇ.എം.സി), (iii) മീറ്റർ ടെസ്റ്റിംഗ് ആന്റ് സ്റ്റാന്റേർഡ്സ് ലബോറട്ടറി (എംറ്റിഎസ്എൽ) എന്നീ ഏജൻസികൾ മുഖേനയാണ്.

ഏജൻസി ഫോർ നോൺകൺവെൻഷണൽ എനർജി ആന്റ് റൂറൽ ടെക്നോളജി (അനർട്ട്)

കേരള സർക്കാരിന്റെ ഊർജ്ജ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ഒരു സ്വയം ഭരണ സ്ഥാപനമാണ് ഏജൻസി ഫോർ നോൺ കൺവെൻഷണൽ എനർജി ആന്റ് റൂറൽ ടെക്നോളജി (അനർട്ട്). സംസ്ഥാനത്ത് പാരമ്പര്യേതര ഊർജ്ജപ്രചരണത്തിനും നടപ്പാക്കലിനും അധികാരമുള്ള നോഡൽ ഏജൻസിയാണ് അനർട്ട്. കേരളത്തിൽ കേന്ദ്രസർക്കാർ പരിപാടികൾ നടപ്പിലാക്കുന്നതിനുള്ള മിനിസ്ട്രി ഓഫ് ന്യൂ ആൻഡ് റിന്യൂവബിൾ എനർജിയുടെ (എം.എൻ.ആർ. ഇ) നോഡൽ ഏജൻസി കൂടിയാണ് ഇത്.

2018–19, 2019–20 (2019 ഒക്ടോബർ 30 വരെയുള്ള) വർഷങ്ങളിൽ അനർട്ടിന്റെ പദ്ധതി വിഹിതവും ചെലവും **പട്ടിക 11.2.7** ൽ നൽകിയിരിക്കുന്നു.

അനർട്ടിന്റെ 2018–19 ലെ നേട്ടങ്ങൾ

- **ഇ–ഗെവേണൻസ്** – പുനരാവർത്തക ഊർജ്ജ സംവിധാനങ്ങൾക്കായി ഇലക്ട്രോണിക് മാർക്കറ്റ് പ്ലേസ്ആരംഭിച്ചതാണ് ഏറ്റവും വലിയ നേട്ടം. www.buymysun.com എന്ന പോർട്ടൽ ലോക പരിസ്ഥിതി ദിനത്തിൽ (ജൂൺ 5, 2018) സമാരംഭിച്ചു. വെണ്ടർമാർ, ഉൽപ്പന്നങ്ങൾ, പ്രക്രിയകൾ മുതലായവയുടെ അംഗീകാരങ്ങൾക്കും വർക്ക്ഫ്ലോയിലേക്കും ആധാർ, ഇഎസ്എംഎസ്, എൻജിഒ–ദർപൺ, എംഎൻആർഇ–സ്പിൻ, കെഎസ്ഇബിഎൽ, ഓൺലൈൻ പേയ്മെന്റ് ഗേറ്റ്വേ മുതലായവയിലേക്കും പ്ലാറ്റ്ഫോമിൽ ലിങ്കേജുകളുണ്ട്. മൊബൈൽ ആപ്ലിക്കേഷൻ

പട്ടിക 11.2.8 2018–19, 2019–20 വർഷങ്ങളിൽ അനർട്ടിന്റെ വിഹിതവും ചെലവുകളും (രൂപ ലക്ഷത്തിൽ)

ക്രമ നമ്പർ	പദ്ധതി	വാർഷിക പദ്ധതി 2018–19			വാർഷിക പദ്ധതി 2019–20		
		വിഹിതം	ചെലവ്	ചെലവ് ശതമാനം	വിഹിതം	2019 ഒക്ടോബർ വരെയുള്ള ചെലവ്	ചെലവ് ശതമാനം
1	പുനരാവർത്തക ഊർജ്ജത്തിലുള്ള പരിപാടികൾ	3,830.00	612.36	15.9	3,500	305.96	8.7
2	പുനരാവർത്തക ഊർജ്ജ പൊതു സമ്പർക്കം, എത്തിച്ചേരൽ, പഠനങ്ങളും വികസനവും	1,470.00	577.15	39.3	1,700	192.74	11.3
	ആകെ – അനർട്ട്	5,300.00	1,189.51	22.4	5,200	498.7	9.6

അവലംബം : പ്ലാൻസ്പേയ്സ്

ഉപയോഗിച്ചുള്ള സാധ്യതാ പരിശോധനയും ഫീൽഡ് പരിശോധനയും, ഡിബിടി വഴി കടലാസ് രഹിത സബ്സിഡി വിതരണവും ചെയ്യുന്നു. ഇത്തരത്തിലുള്ള, ഇന്ത്യയിലെ ആദ്യത്തെ പോർട്ടലാണിത്.

- **സൗരോർജ്ജ കോൾഡ് സ്റ്റോറേജ്** – കൃഷിക്കാരെ സഹായിക്കുന്നതിനായി പൈലറ്റ് അടിസ്ഥാനത്തിൽ കോഴിക്കോട് സുബിക്ഷ കോക്കനട്ട് പ്രൊഡ്യൂസർ കമ്പനി ലിമിറ്റഡിൽ അനർട്ട് ഒരു സോളാർ കോൾഡ് സ്റ്റോറേജ് സംവിധാനം സ്ഥാപിച്ചു. 5 കിലോവാട്ട് ശേഷിയുള്ള 5 എച്ച്പി കംപ്രസർ മോട്ടോർ, 6 കിലോ വാട്ട് ശേഷിയുള്ള സോളാർ പാനലുകൾ എന്നിവ ഉൾക്കൊള്ളുന്ന ഈ സിസ്റ്റത്തിന്, 5 ടൺ വരെയുള്ള ഉൽപന്നങ്ങൾ സംഭരിയ്ക്കാൻ കഴിയും. വൈദ്യുതി മുടക്കം ഉണ്ടായാൽ കോൾഡ് സ്റ്റോറേജിന് 30 മണിക്കൂർ വരെ തണുത്ത താപനില നിലനിർത്താൻ കഴിയും. ഇതിന്റെ ഉദ്ഘാടനം 2019 സെപ്റ്റംബർ 24 നാണ് നടന്നത്.
- **സോളാർ റേഡിയേഷൻ റിസോഴ്സ് അസസ്മെന്റ് സ്റ്റേഷനുകൾ സ്ഥാപിക്കൽ–** എൻ ഐ ഡബ്ല്യൂ ഇ (ഭാരത സർക്കാർ) മുഖേന കുഴൽമന്നം (പാലക്കാട്), രാമക്കൽമേട് (ഇടുക്കി) എന്നിവിടങ്ങളിൽ രണ്ട് സോളാർ റേഡിയേഷൻ റിസോഴ്സ് അസസ്മെന്റ് സ്റ്റേഷനുകൾ സ്ഥാപിച്ചു. എംഎൻആർഇ പ്രോഗ്രാമിന് കീഴിൽ എൻഐഡബ്ല്യുഇ കണ്ണൂരിലും പുളിങ്കുന്നിലും (ആലപ്പുഴ) സ്ഥാപിച്ച നിലവിലുള്ളവയ്ക്ക് പുറമെയാണ് ഇവ.
- **സോളാർ പാചക സംവിധാനം** – ഒരു പരാബോളിക്–ടഫ് സോളാർ കോൺസെൻട്രേറ്റർ അധിഷ്ഠിത നീരാവി പാചക സംവിധാനം എറണാകുളം, നെരിയമംഗലത്തെ, പ്രീ മെട്രിക് ഹോസ്റ്റലിൽ, ഡെപ്പോസിറ്റ് വർക്കായി സ്ഥാപിച്ചു. 100 താമസക്കാർക്ക് ഭക്ഷണം പാചകം ചെയ്യുന്നതിനായി കമ്മ്യൂണിറ്റി സോളാർ സ്റ്റീം പാചക സംവിധാനം രൂപകൽപ്പന ചെയ്തിട്ടുണ്ട്. 30 ചതുരശ്ര മീറ്റർ കളക്ടർ ഏരിയയിലെ പരാബോളിക് –ടഫ് സോളാർ കോൺസെൻട്രേറ്ററുകൾ, സംഭരണ ടാങ്ക്, വാട്ടർ പമ്പ്, സോളാർ ഡ്രാക്കിംഗ് സംവിധാനം, പാചക പാത്രങ്ങൾ, ഇൻസുലേറ്റഡ് സ്റ്റീം പൈപ്പ് ലൈനുകൾ, വിപുലീകരണ ടാങ്ക്, ഇലക്ട്രിക്കൽ ഹീറ്ററുകൾ തുടങ്ങിയവയാണ് ഇതിൽ ഉൾപ്പെട്ടിരിക്കുന്നത്. കേരളത്തിൽ സ്ഥാപിച്ച ആദ്യത്തെ സോളാർ കമ്മ്യൂണിറ്റി സ്റ്റീം പാചക സംവിധാനമാണിത്. 2019 സെപ്റ്റംബറിലാണ് സിസ്റ്റം സ്ഥാപിച്ചത്.
- **ഗവേഷണവും വികസനവും, ഇന്നൊവേഷൻ എന്നിവയെ പിന്തുണക്കൽ** – പുനരാവർത്തക ഊർജ്ജത്തിൽ നൂതന ആശയങ്ങളും സാങ്കേതിക അഡാപ്റ്റേഷനുകളും പ്രോത്സാഹിപ്പിക്കുന്നതിനായി 2018–19 ൽ അനർട്ട് ഗവേഷണവും വികസനവും, ഇന്നൊവേഷൻ (എസ്ആർഐ) എന്നിവയെ പിന്തുണയ്ക്കുന്ന ഒരു പ്രോഗ്രാം ആരംഭിച്ചു. വിവിധ സ്ഥാപനങ്ങളിൽ നിന്നുള്ള 37 പദ്ധതി നിർദേശങ്ങൾ അനർട്ടിന് ലഭിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് ശേഷം, 32 നിർദേശങ്ങൾ ചുരുക്ക – പട്ടികയിൽ ഉൾപ്പെടുത്തിയവയിൽ, 12 പ്രൊപ്പോസലുകൾ അനർട്ടിന്റെ സാങ്കേതിക ഉപദേശക സമിതി (ടിഎസി) സാമ്പത്തിക സഹായത്തിനായി ശുപാർശ ചെയ്തു.
- **സോളാർ പവർ പ്ലാന്റ് ഇൻസ്പെക്ടർമാരുടെ അക്രഡിറ്റേഷൻ** – സൗരോർജ്ജ നിലയങ്ങളിലെ ഇൻസ്റ്റലേഷൻ രീതികളിലും ഉപയോഗിച്ച ഘടകങ്ങളിലും ഉള്ള ഗുണനിലവാരം ഉറപ്പു വരുത്തുന്നതിനായി, അംഗീകൃത സോളാർ പവർ പ്ലാന്റ് ഇൻസ്പെക്ടർമാരുടെ പാനൽ അനർട്ട് വികസിപ്പിക്കുന്നു. 2 ബാച്ചുകളിലായി 47 സോളാർ പവർ പ്ലാന്റ് ഇൻസ്പെക്ടർമാർക്ക് പരിശീലനം നൽകിയിട്ടുണ്ട്
- **സോളാർ പവർ പ്ലാന്റ് ഇൻസ്റ്റാളേഴ്സ് (ടെക്നീഷ്യൻമാരുടെ) അക്രഡിറ്റേഷൻ** – പുനരാവർത്തക ഊർജ്ജ മേഖലയോടുള്ള വർദ്ധിച്ച താൽപ്പര്യം കണക്കിലെടുത്ത് ഇൻസ്റ്റലേഷനുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി, അനർട്ട് സൗരോർജ്ജ നിലയങ്ങളുടെ ഇൻസ്റ്റാളേഴ്സിന് അംഗീകാരം നൽകാൻ ആരംഭിച്ചു. 5 ബാച്ചുകളായി 150 ഇൻസ്റ്റാളേഴ്സിന് പരിശീലനം കൊടുത്തു.
- 14 ജില്ലകളിലും സംയോജിത പുനരാവർത്തക ഊർജ്ജ സമുച്ചയങ്ങൾ സ്ഥാപിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.
- കാര്യശേഷി വർദ്ധിപ്പിക്കൽ ഔട്ട് റീച്ച് പരിപാടിയുമായി ബന്ധപ്പെട്ട് 3 പരിശീലന നടത്തി
- 558 അനർട്ട് എംപാനൽഡ് പുനരാവർത്തക ഊർജ്ജ ടെക്നീഷ്യൻമാർക്ക് അപകട ഇൻഷുറൻസ് പരിരക്ഷ നൽകിയിട്ടുണ്ട്
- പൊതു കെട്ടിടങ്ങളിലെ സോളാർ പവർ പ്ലാന്റുകൾ (ഓൺ–ഗ്രിഡ്, ഓഫ് ഗ്രിഡ്) – ഓൺ–ഗ്രിഡ് 25 കിലോവാട്ട്, ഓഫ് ഗ്രിഡ് 41 കിലോവാട്ട് എന്നിവ സ്ഥാപിച്ചു.
- സോളാർ വിൻഡ് സ്റ്റോറേജ് ഹൈബ്രിഡ് പവർ പ്ലാന്റ് രാമക്കൽമേട്ടിൽ സ്ഥാപിച്ചു. 1 മെഗാവാട്ട് ശേഷിയുള്ള സൗരോർജ്ജ നിലയത്തിന്റെ 500 കിലോവാട്ട് മൊഡ്യൂളുകൾ സ്ഥാപിച്ചു. ശേഷിക്കുന്ന 500 കിലോവാട്ട് സൗരോർജ്ജത്തിന്റെയും കണക്റ്റിവിറ്റിയുടെയും പ്രവർത്തനം പുരോഗമിക്കുകയാണ്.
- **നൂതന പുനരാവർത്തക ഊർജ്ജ പ്രോജക്ടുകൾ–** സോളാർ പവർ കയർ

റാട്ടിനെക്കുറിച്ചുള്ള പൈലറ്റ് പ്രോജക്ടിന് കീഴിൽ, 2 കയർ സൊസൈറ്റികളിൽ മൊത്തം 3 കിലോവാട്ട് സിസ്റ്റങ്ങൾ സ്ഥാപിച്ചു, ഇത് ഉൽപാദനക്ഷമമല്ലാത്ത ദിവസങ്ങളുടെ എണ്ണം വളരെയധികം കുറയ്ക്കുകയും അതുവഴി വേതനം വർദ്ധിപ്പിക്കുകയും ചെയ്തു.

- **ജ്യോതി**–സോളാർ ലൈറ്റിംഗ് വഴി 1000 സോളാർ വിളക്കുകൾ വിൽപ്പനക്കാർക്കായി വിതരണം ചെയ്തു.
- **അക്ഷയ ഊർജ്ജ സർവീസ് സെന്ററുകൾ**– സംസ്ഥാനത്തുടനീളം 140 എണ്ണം അക്ഷയ ഊർജ്ജ സർവീസ് സെന്ററുകൾ സജ്ജീകരിച്ചു.

വെല്ലുവിളികളും പ്രശ്നങ്ങളും

- ഭൂമിയുടെ ലഭ്യതയും പരിശോധനയും
- പുനരാവർത്തക ഊർജ്ജ പദ്ധതികൾ പ്രോത്സാഹിപ്പിക്കുന്നതിൽ വിഭവങ്ങളുടെ പരിമിതികൾ
- സ്രോതസ്സുകളിൽ നിന്നുള്ള വൈദ്യുതി സംഭരണത്തെക്കുറിച്ച് വ്യക്തമായ നയമില്ലായ്മ
- റിന്യൂവബിൾ പർച്ചേസ് ഒബ്ലിഗേഷൻ (ആർപിഒ) ലക്ഷ്യങ്ങൾ പാലിക്കാത്തതും അതിനുള്ള നഷ്ടപരിഹാരവും.
- പുനരാവർത്തക ഊർജ്ജ പ്രോജക്റ്റുകൾക്കായുള്ള എസ്ഒപി – യുടെ അഭാവം, വീലിംഗ്, ട്രാൻസ്മിഷൻ ചാർജ്ജുകളിൽ ഇളവ്

അനർട്ടിന്റെ ഭാഗമായി, പ്രിഫറൻഷ്യൽ താരിഫ്/ ജനറേഷൻ അധിഷ്ഠിത ഇൻസെന്റീവ്/ ആർപിഒ ലക്ഷ്യങ്ങൾ നിറവേറ്റുന്ന പുനരാവർത്തക ഊർജ്ജ പ്രോജക്ടുകൾ പ്രോത്സാഹിപ്പിക്കുന്നതിന് വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ്, പുനരാവർത്തിക്കാനാവാത്ത ഊർജ്ജത്തിന്റെ ഓരോ യൂണിറ്റ് ഉപഭോഗത്തിനെതിരെ ഹരിത ഊർജ്ജ സെസ് രൂപത്തിൽ ഒരു പുനരാവർത്തക ഊർജ്ജ ഫണ്ട്, പുനരാവർത്തക ഊർജ്ജത്തിന്റെ വീലിംഗ്/ ട്രാൻസ്മിഷൻ ചാർജ്ജുകൾ പരിമിതപ്പെടുത്തുന്നതിനുള്ള നയങ്ങളും ഗ്രിഡിലേക്കുള്ള സോളാർ ജനറേറ്ററുകളുടെ പരിധി വർദ്ധിപ്പിക്കൽ, പുനരാവർത്തക ഊർജ്ജ പ്രോജക്റ്റുകൾക്കായി നിലവാരമുള്ള ഓപ്പറേറ്റിംഗ് നടപടിക്രമങ്ങൾ, പ്രധാന ആഭ്യന്തര കെട്ടിടങ്ങൾ/വാണിജ്യ വ്യവസായങ്ങൾ എന്നിവയിൽ പുനരാവർത്തക ഊർജ്ജ മാർക്കറ്റിംഗ്, പുനരാവർത്തക ഊർജ്ജ പ്രോജക്ടുകൾക്കായി വിവിധ മേഖലകളിലെ ഇൻഫ്രാ ഫണ്ടിന്റെ ഹാൾമാർക്കിംഗ് ശതമാനം, റിന്യൂവബിൾ എനർജിയുടെ വിജ്ഞാന കേന്ദ്രമായി അനർട്ടിനെ നവീകരിക്കുക തുടങ്ങിയവ പരിഗണിക്കേണ്ടതാണ്.

എനർജി മാനേജ്മെന്റ് സെന്റർ– കേരള (ഇ.എം.സി)

സംസ്ഥാനത്ത് ഊർജ്ജ സംരക്ഷണം പ്രോത്സാഹിപ്പിക്കുന്നതിനും ഊർജ്ജ കാര്യക്ഷമത വർധിപ്പിക്കുന്നതിനും 2001 ലെ ഊർജ്ജ സംരക്ഷണ നിയമം നടപ്പാക്കുന്നതിനും കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന്റെ ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസിയുടെ സംസ്ഥാന അംഗീകൃത ഏജൻസിയാണ് എനർജി മാനേജ്മെന്റ് സെന്റർ (ഇ എം സി). സ്മോൾ/ മിനി/ മൈക്രോ ജല വൈദ്യുത പദ്ധതികളെ പ്രോത്സാഹിപ്പിക്കുന്നതും ഇ എം സി ആണ്. സ്വകാര്യ പങ്കാളിത്തത്തോടെ ചെറുകിട ജലവൈദ്യുത പദ്ധതികളുടെ വികസനത്തിന് പ്രചോദനം നൽകുന്നതിനായി സംസ്ഥാന സർക്കാർ വൈദ്യുതി വകുപ്പിന് കീഴിൽ രൂപീകരിച്ച എസ്.എച്ച്.പി.സെൽ ഇ.എം.സിയുമായി ചേർന്ന് പ്രവർത്തിക്കുന്നു.

ബോക്സ് 11.2.2 പീലിക്കോഡ് – ഇന്ത്യയിലെ ആദ്യത്തെ ഫിലമെന്റ് രഹിത പഞ്ചായത്ത്

കാസർഗോഡിലെ പീലിക്കോഡ് ഗ്രാമപഞ്ചായത്ത് ഇന്ത്യയിലെ ആദ്യത്തെ ഫിലമെന്റ് രഹിത (ഇൻകാൻഡസെന്റ് വിളക്ക്) ഗ്രാമപഞ്ചായത്ത് ആയി 2018 ഏപ്രിലിൽ പ്രഖ്യാപിച്ചു. പൊതുജനങ്ങളുടെ സജീവ പങ്കാളിത്തത്തോടെ, എനർജി മാനേജ്മെന്റ് സെന്ററിന്റെ (ഇഎംസി കേരള) പിന്തുണയോടെയാണ് പീലിക്കോഡ് ഗ്രാമപഞ്ചായത്ത് ഈ പദ്ധതി നടപ്പിലാക്കിയത്. ആദ്യ ഘട്ടത്തിൽ ഇ.എം.സി പീലിക്കോഡ് ഗ്രാമപഞ്ചായത്തിൽ നിന്ന് 600 വോളന്റിയർമാർക്ക് പരിശീലനം നൽകി. എല്ലാ ആഭ്യന്തര ഉപഭോക്താക്കളിലും അവർ ബോധവൽക്കരണ പരിപാടികൾ നടത്തുകയും വീടുകളിലെ വൈദ്യുത വിളക്കുകൾ, ഉപകരണങ്ങൾ എന്നിവയെക്കുറിച്ച് ഒരു സർവേ നടത്തുകയും ചെയ്തു. സർവേയുടെ അടിസ്ഥാനത്തിൽ, എല്ലാ ഗാർഹിക ഉപഭോഗങ്ങൾക്കും 50 രൂപയ്ക്ക് 9 വാട്ടിന്റെ 16,500 എൽഇഡി ബൾബുകൾ ഇ.എം.സി വിതരണം ചെയ്തു. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് 65 രൂപക്ക് 9 വാട്ടിന്റെ 20,000 എൽഇഡി ബൾബുകൾ വിതരണം ചെയ്തു. എല്ലാ സർക്കാർ കെട്ടിടങ്ങളിലും എനർജി ഓഡിറ്റുകൾ നടത്തുകയും 9 വാട്ട് എൽഇഡി ബൾബുകളും ഫൈവ് സ്റ്റാർ റേറ്റഡ് സീലിംഗ് ഫാനുകളും എല്ലാ സർക്കാർ ഓഫീസുകളിലും സൗജന്യമായി വിതരണം ചെയ്യുകയും ചെയ്തു. 250 എൽഇഡി സ്ട്രീറ്റ് ലൈറ്റുകളും സൗജന്യമായി നൽകി. ഈ ശ്രമങ്ങളിലൂടെ പീലിക്കോഡ് ഗ്രാമപഞ്ചായത്ത് പ്രതിവർഷം 12 ലക്ഷം (പന്ത്രണ്ട് ലക്ഷം) രൂപയുടെ വൈദ്യുതി (പ്രതിമാസം ഒരു ലക്ഷം രൂപയുടെ വൈദ്യുതി) ലാഭിച്ചു.

അവലംബം : ഇ എം സി

പട്ടിക 11.2.9 2018 –19, 2019–20 വർഷങ്ങളിലെ ഇ.എം.സി യുടെ വിഹിതവും ചെലവുകളും (രൂപ ലക്ഷത്തിൽ)

ക്രമ നമ്പർ	പദ്ധതി	വാർഷിക പദ്ധതി 2018–19			വാർഷിക പദ്ധതി 2019–20		
		വിഹിതം	ചെലവ്	ചെലവ് ശതമാനം	വിഹിതം	ചെലവ് സെപ്റ്റംബർ 2019 വരെ	ചെലവ് ശതമാനം
1	സംസ്ഥാന ഊർജ്ജ സംരക്ഷണ അവാർഡുകൾ	25.00	25	100	25	0.00	0
2	ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ	310.00	210	67.74	312	80.00	25.64
3	പശ്ചാത്തല വികസനവും സ്ഥാപനം ശക്തിപ്പെടുത്തലും	190.00	147	77.37	361	94.00	26.04
4	കേരള സംസ്ഥാന ഊർജ്ജ സംരക്ഷണ നിധി	370.00	82	22.16	185	17.50	9.46
	ആകെ – ഇ എം സി	895.00	464	51.84	883	191.5	21.68

അവലംബം : പ്ലാൻസ്പേയ്സ്

2018 –19, 2019–20 എന്നീ വർഷങ്ങളിലെ ഇ.എം.സി–യുടെ വിഹിതവും ചെലവുകളും (സെപ്റ്റംബർ 2019 വരെ) **പട്ടിക 11.2.8** ൽ ചേർത്തിരിക്കുന്നു.

എനർജി മാനേജ്മെന്റ് സെന്ററിന്റെ നേട്ടങ്ങൾ

അവാർഡുകളും അംഗീകാരങ്ങളും

- ഉത്തരവാദിത്ത ഊർജ്ജ സംരക്ഷണ ബ്രാൻഡ് വിഭാഗത്തിൽ ഇഎംസി– ക്ക് ഫ്യൂച്ചർ കേരള ബ്രാൻഡ് അവാർഡ് 2018, മാർച്ച് 27, 2019 ന് കൊച്ചിയിൽ വച്ച് ലഭിച്ചു.
- നീതി ആയോഗ് ബിഇഇയുടെ പിന്തുണയോടെ ആദ്യത്തെ സംസ്ഥാന ഊർജ്ജ കാര്യക്ഷമത തയ്യാറെടുപ്പ് സൂചിക തയ്യാറാക്കിയതിൽ രാജസ്ഥാൻ, ആന്ധ്രപ്രദേശ്, മഹാരാഷ്ട്ര, പഞ്ചാബ് എന്നീ സംസ്ഥാനങ്ങളെ പിന്നിലാക്കി 77 പോയിന്റുമായി കേരളം ഒന്നാമതായി.
- ഊർജ്ജ മന്ത്രാലയം, ഭാരത സർക്കാർ സ്ഥാപിച്ച സംസ്ഥാന നിയുക്ത ഏജൻസി വിഭാഗത്തിൽ ദേശീയ ഊർജ്ജ സംരക്ഷണ അവാർഡിൽ ഇ.എം.സി ഒന്നാം സ്ഥാനം നേടി.
- ഇഎംസി നിർമ്മിച്ച "അണയും മുൻപേ" (വെളിച്ചം അണയുന്നതിന് മുമ്പ്) എന്ന ഹ്രസ്വചിത്രത്തിന് മൊഹാലിയിൽ നടന്ന ഒൻപതാമത് ദേശീയ സയൻസ് ഫിലിം ഫെസ്റ്റിവൽ ഓഫ് ഇന്ത്യ 2019 ൽ പ്രത്യേക ജൂറി അവാർഡ് ലഭിച്ചു.

ഊർജ്ജ സംരക്ഷണ പരിപാടികൾ

- 2018–19 ൽ ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങളുടെ ഫലമായി സംസ്ഥാനത്ത് 33.754 മില്യൺ യൂണിറ്റ് വൈദ്യുതിയും 88,305 കിലോ ലിറ്റർ എണ്ണയും ലാഭിക്കുവാനായി.
- ആലപ്പുഴ, കൊല്ലം, പത്തനംതിട്ട സിവിൽ സ്റ്റേഷൻ കെട്ടിടങ്ങളിൽ എനർജി ഓഡിറ്റ് റിപ്പോർട്ടിന്റെ ശുപാർശകൾ നടപ്പാക്കി.
- 10 പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ ഊർജ്ജ കാര്യക്ഷമമായ ഉപകരണങ്ങൾ (327 എൽഇഡി ട്യൂബ്, 145 സീലിംഗ് ഫാൻ, 240 എൽഇഡി ബൾബ്)
- ആര്യാട് ഗ്രാമപഞ്ചായത്ത്, വാത്തിക്കുടി ഗ്രാമപഞ്ചായത്ത്, മംഗലപുരം ഗ്രാമപഞ്ചായത്ത്, രാജക്കാട് ഗ്രാമപഞ്ചായത്ത് എന്നീ നാല് ഗ്രാമപപഞ്ചായത്തുകളെ മാതൃകാ ഊർജ്ജ കാര്യക്ഷമ പഞ്ചായത്തുകളാക്കി.
- 17 മുനിസിപ്പാലിറ്റികളിലും/ കോർപ്പറേഷനുകളിലുമുള്ള എല്ലാ സ്ട്രീറ്റ് ലൈറ്റുകളുടെയും എനർജി ഓഡിറ്റ് പൂർത്തിയാക്കി.
- ഊർജ്ജ കിരൺ–ന്റെ ഭാഗമായി 155 സർക്കാരേതര സന്നദ്ധ സംഘടനകളുമായി ചേർന്നുകൊണ്ട് കേരളത്തിലെ 140 നിയോജക മണ്ഡലങ്ങളിലുമായി 280 ബോധവത്കരണ പരിപാടികളും 140 റാലികളും സംഘടിപ്പിച്ചു.
- എനർജി ക്ലിനിക് പ്രോഗ്രാമിന്റെ ഭാഗമായി 9 ജില്ലകളിൽ ഉടനീളം 372 സ്ത്രീകൾക്ക് പരിശീലനം നൽകി. സംസ്ഥാനത്തുടനീളം ഒരു ലക്ഷം ഉപഭോക്താക്കളെ ഉൾപ്പെടുത്തിക്കൊണ്ട് 5,000 എനർജി ക്ലിനിക്കുകൾ സംഘടിപ്പിച്ചു.
- സ്റ്റാർട്ട് എനർജി പ്രോഗ്രാമിൽ 41 വിദ്യാഭ്യാസ ജില്ലകളിൽ നിന്നായി 4,530 സ്കൂളുകളെ അംഗങ്ങളായി ചേർത്തു. റവന്യൂ ജില്ലാ തലത്തിൽ 41 സെൻസിറ്റൈസേഷൻ ക്യാമ്പുകളും 50 ഊർജ്ജോത്സവങ്ങളും, 14 ജില്ലാതല പരിപാടികൾകളും നടത്തി.
- ഊർജ്ജ സംരക്ഷണത്തെക്കുറിച്ചുള്ള 13 പ്രദർശനങ്ങളും 12 പ്രത്യേക ഊർജ്ജ സംരക്ഷണ പരിപാടികളും ഇ എം സി പങ്കെടുക്കുകയും/ സംഘടിപ്പിക്കുകയും ചെയ്തു.

- അനർട്ടുയുമായി ചേർന്ന് 9 സ്കൂളുകളിൽ 2 കിലോവാട്ട് ഓഫ് ഗ്രിഡ് സോളാർ പവർ പ്ലാന്റ് സ്ഥാപിച്ചു.
- 61 വെള്ളപ്പൊക്ക ബാധിത സ്കൂളുകൾക്കായി ഊർജ്ജ കാര്യക്ഷമമായ ഉപകരണങ്ങൾ സംഭരിച്ചു (433 എൽഇഡി ബൾബ്, 385 എൽഇഡി ട്യൂബ്, 329 സീലിംഗ് ഫാൻ).
- കാർബൺ ന്യൂട്രൽ സ്കൂളുകൾക്കായി മൊബൈൽ ആപ്ലിക്കേഷൻ വികസിപ്പിച്ചു. 245 സ്കൂളുകൾ കാർബൺ ന്യൂട്രൽ പ്രോഗ്രാമിനായി രജിസ്റ്റർ ചെയ്തു.

ചെറുകിട ജലവൈദ്യുതി വികസനം

- തിരുവനന്തപുരം കോർപ്പറേഷന്റെ പരിധിയിൽ കാട്ടുവെട്ടി പാലത്തിൽ 20 കിലോവാട്ട് വോർടെക്സ് മൈക്രോ ജലവൈദ്യുത പദ്ധതി സ്ഥാപിച്ചു.
- തിരുവനന്തപുരം ജില്ലയിലെ 3 പദ്ധതികൾക്കായി (സായിഗ്രാമം, മാരുതൻകുഴി, വഴയില ആറാംകല്ല്) ടോപ്പോഗ്രാഫിക്കൽ ഇൻവെസ്റ്റിഗേഷൻ പഠനം പൂർത്തിയാക്കി.

ഗവേഷണവും വികസനവും

- കേരള സംസ്ഥാനത്തെ 25 കെഎസ്ഇബി വിതരണ ട്രാൻസ്ഫോർമറുകളുടെയും കാർഷിക പമ്പ് സെറ്റുകളുടെയും ഊർജ്ജ കാര്യക്ഷമത പഠനം പൂർത്തിയാക്കി, റിപ്പോർട്ട് അവതരിപ്പിച്ചു.

വെല്ലുവിളികളും പ്രശ്നങ്ങളും

- മുൻഗണനാ മേഖലകളിലെ ഊർജ്ജ സംരക്ഷണം/ഉൽപാദനക്ഷമത/മാനദണ്ഡങ്ങൾ എന്നിവ അടിസ്ഥാനമാക്കിയുള്ള ധനസഹായ മോഡലുകൾ.
- ഊർജ്ജ മാനേജ്മെന്റ് പ്രോജക്ടുകൾ കൈകാര്യം ചെയ്യാനും നടപ്പാക്കാനുമുള്ള സംവിധാനം
- ഉദ്വമനം കുറയ്ക്കുന്നതും കാലാവസ്ഥാ വ്യതിയാന ലഘൂകരണവും നിർബന്ധമല്ല
- രൂപകൽപന/നിർമ്മാണ ഘട്ടങ്ങളിൽ ഊർജ്ജ കാര്യക്ഷമത പിന്തുടരൽ വാണിജ്യ മേഖലയിലെ പ്രവർത്തനങ്ങൾക്ക് ബാധകമല്ല.
- എനർജി കൺസർവേഷൻ ബിൽഡിംഗ് കോഡ് റൂളുകൾ (ഇസിബിസി) പിഡബ്ല്യുഡി, എൽഎസ്ജിഡി, ഡവലപ്പർമാർ എന്നിവയിലൂടെ ഉപയോഗപ്പെടുത്തൽ ആവശ്യമാണ്.
- നിലവിലുള്ള കാര്യക്ഷമമല്ലാത്ത ഉപകരണങ്ങളുടെ ഡിമാൻഡ് സമാഹരണവും അവ മാറ്റിസ്ഥാപിക്കലും.
- കാർഷിക മൂല്യ ശൃംഖലയിൽ ഊർജ്ജ കാര്യക്ഷമതയ്ക്കുള്ള നടപടികൾ കൈക്കൊള്ളുക
- ഗാർഹിക മേഖലയിൽ ഊർജ്ജ കാര്യക്ഷമത സ്വീകരിക്കുന്നതിനുള്ള പ്രോട്ടോക്കോളുകൾ/ നയങ്ങൾ
- ചെറുകിട ജലവൈദ്യുതി വികസനത്തിൽ ഭൂമിയുടെ ഉയർന്ന വിലയും വന അനുമതി പ്രശ്നങ്ങളും.

ഡിപ്പാർട്ടുമെന്റ് ഓഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്

കേരള സർക്കാരിന്റെ ഊർജ്ജ വകുപ്പിന്റെ കീഴിൽ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് പ്രവർത്തിക്കുന്നു. സുരക്ഷാ പരിശോധനകൾ നടത്തുന്നതും ഹൈടെൻഷൻ, എക്സ്ട്രാ ഹൈടെൻഷൻ, മീഡിയം വോൾട്ടേജ് ഇൻസ്റ്റലേഷൻ പ്രവർത്തനങ്ങൾക്ക് അനുവാദം നൽകുന്നതും ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് ആണ്. വിവിധ ഇലക്ട്രിക്കൽ ഉപകരണങ്ങളുടെ പരിശോധന, കാലിബറേഷൻ എന്നിവ നടത്തുക എന്നതാണ് മീറ്റർ ടെസ്റ്റിംഗ് ആൻഡ് സ്റ്റാൻഡേർഡ്സ് ലബോറട്ടറി (എംടിഎസ്ൽ) യുടെ ലക്ഷ്യം. വോൾട്ടേജ്, കറന്റ്, റെസിസ്റ്റൻസ്, ഫ്രീക്വൻസി, പവർ, പവർ ഫാക്ടർ, എനർജി മുതലായവയുടെ കാലിബ്രേഷൻ അളക്കുന്നതിനുള്ള സൌകര്യങ്ങൾ നിലവിൽ ഇവിടെ ലഭ്യമാണ്. പ്രൊട്ടക്ഷൻ റിലെ, ഇൻസ്ട്രുമെന്റ് ട്രാൻസ്ഫോർമർ എന്നിവയ്ക്കുള്ള പ്രീ കമ്മീഷണിംഗ് ടെസ്റ്റിംഗ് സൌകര്യം എന്നിവ ഇതിലുൾപ്പെടുന്നു. പവർ ട്രാൻസ്ഫോർമറുകൾ, കേബിളുകൾ, സർക്യൂട്ട് ബ്രേക്കുകൾ എന്നിവയ്ക്കുള്ള പ്രീ കമ്മീഷണിംഗ് ടെസ്റ്റുകൾ എന്നിവ ഇവിടെ നടത്തപ്പെടുന്നു. ഇവിടെ നടത്തുന്ന എല്ലാ കാലിബറേഷനുകളും ടെസ്റ്റുകളും ദേശീയ, അന്തർ ദേശീയ നിലവാരത്തിനൊത്തതാണ്. സംസ്ഥാനത്തെ എല്ലാ ഇലക്ട്രിക്കൽ അപകടങ്ങളും അന്വേഷിപ്പിക്കുന്നതും അന്വേഷണ റിപ്പോർട്ടുകൾ സർക്കാരിനു സമർപ്പിക്കുന്നതും അപകടങ്ങൾക്ക് ഉത്തരവാദിയായ വ്യക്തി/അധികാരികൾ എന്നിവർക്കെതിരെ നടപടികൾ എടുക്കുന്നതും ഈ വകുപ്പാണ്.

ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് മൂന്ന് പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. മീറ്റർ ടെസ്റ്റിംഗ് ആന്റ് സ്റ്റാൻഡേർഡ് ലബോറട്ടറി, ഗുണനിലവാര നിയന്ത്രണ ഓർഡർ ഫലപ്രദമായി നടപ്പിലാക്കൽ, ഇ-സേഫ് കേരള എന്നിവയാണ്. കഴിഞ്ഞ രണ്ട് വർഷമായി വകുപ്പിൽ നിന്നുള്ള വരുമാനം 124.376 കോടി രൂപയാണ് (കെഎസ്ഇബിഎല്ലിൽ നിന്നുള്ള തീരുവ ഒഴികെ), ഇതിൽ മീറ്റർ ടെസ്റ്റിംഗ് ആന്റ് സ്റ്റാൻഡേർഡ്സ് ലബോറട്ടറി (എംടിഎസ്എൽ), മറ്റ് പ്രാദേശിക ടെസ്റ്റിംഗ് ലബോറട്ടറികൾ, മറ്റ് സേവനങ്ങൾ എന്നിവയിൽ നിന്നുള്ള ടെസ്റ്റിംഗ് ഫീസും ഉൾപ്പെടുന്നു. ഗുണനിലവാര നിയന്ത്രണ പരിശോധനയിലൂടെ, നിലവാരമില്ലാത്ത ഇലക്ട്രിക്കൽ ഉപകരണങ്ങളുടെ വിൽപ്പന ഒരു പരിധിവരെ

പട്ടിക 11.2.10 ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെ 2018-19, 2019-20 കാലയളവിലെ വിഹിതവും ചെലവുകളും
(രൂപ ലക്ഷത്തിൽ)

ക്രമ നമ്പർ	പദ്ധതി	വാർഷിക പദ്ധതി 2018-19			വാർഷിക പദ്ധതി 2019-20		
		വിഹിതം	ചെലവ്	ചെലവ് ശതമാനം	വിഹിതം	ചെലവ് സെപ്റ്റംബർ 2019 വരെ	ചെലവ് ശതമാനം
1	മീറ്റർ ടെസ്റ്റിംഗ് & സ്റ്റാൻഡേർഡ്സ് ലബോറട്ടറി (എം.റ്റി.എസ്.എൽ)	418	92.53	22.14	470	5.36	1.14
2	ഗുണനിലവാര നിയന്ത്രണ ഓർഡർ ഫലപ്രദമായി നടപ്പിലാക്കൽ	220	7.63	3.47	155	1.59	1.03
3	ഇ-സേഫ് കേരള	198	35.25	17.80	200	30.17	15.08
	ആകെ	836	135.42	16.2	825	37.12	4.5

അവലംബം : പ്ലാൻസ്പേയ്സ്

നിയന്ത്രിക്കാൻ കഴിഞ്ഞു.

2018-19, 2019-20 കാലയളവിലെ (ചെലവ് 2019 സെപ്റ്റംബർ വരെ) ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെ പദ്ധതി വിഹിതവും ചെലവും **പട്ടിക 11.2.9** ൽ നൽകിയിരിക്കുന്നു.

ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെ 2018-19 ലെ നേട്ടങ്ങൾ

- 2018-19 കാലയളവിൽ 485 വൈദ്യുത അപകടങ്ങൾ സംഭവിച്ചതിൽ, 327 മരണങ്ങൾ (249 മനുഷ്യരേയും 78 മൃഗങ്ങളേയും ബാധിച്ചു)
- കഴിഞ്ഞ രണ്ട് വർഷമായി വകുപ്പിൽ നിന്നുള്ള വരുമാനം 124.376 കോടി രൂപയാണ് (കെഎസ്ഇബിഎല്ലിൽ നിന്നുള്ള തീരുവ ഒഴികെ), ഇതിൽ മീറ്റർ ടെസ്റ്റിംഗ് ആന്റ് സ്റ്റാൻഡേർഡ്സ് ലബോറട്ടറി (എംടിഎസ്എൽ), മറ്റ് പ്രാദേശിക ടെസ്റ്റിംഗ് ലബോറട്ടറികൾ, മറ്റ് സേവനങ്ങൾ എന്നിവയിൽ നിന്നുള്ള ടെസ്റ്റിംഗ് ഫീസും ഉൾപ്പെടുന്നു.
- 2018 ഒക്ടോബർ 1 ന് ഓൺലൈൻ സോഫ്റ്റ്‌വെയർ സുരക്ഷ വിജയകരമായി സമാരംഭിച്ചു. ഇപ്പോൾ സ്കീം അംഗീകാരത്തിനും എനർജൈസേഷനുമുള്ള അപേക്ഷ ഓൺലൈൻ വഴിയാണ് ലഭിക്കുന്നത്.
- വിവിധ വിഭാഗങ്ങൾ, സേവനങ്ങൾ, നൂതന പ്രോജക്ടുകൾ എന്നിവയ്ക്കായി സർക്കാർ സ്ഥാപനങ്ങൾക്ക് നൽകുന്ന അഖിലേന്ത്യാ അവാർഡാണ് സ്കോച്ച് അവാർഡ്. ഇ-ഗവേണൻസ് വിഭാഗത്തിൽ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെ ഓൺലൈൻ സോഫ്റ്റ്‌വെയറായ സുരക്ഷയ്ക്ക് സ്കോച്ച് ഓർഡർ ഓഫ് മെറിറ്റ് അവാർഡ് ലഭിച്ചു.
- പാലക്കാട് ജില്ലയിലെ അഗളി, ഷോലയാർ, പുതൂർ എന്നിവിടങ്ങളിലെ 400 വീടുകളിൽ എർത്ത് ലീക്കേജ് സർക്യൂട്ട് ബ്രേക്കറുകളുടെ സ്റ്റാൻഡേർഡൈസേഷനും റിവൈറിംഗ് ജോലികളും പൂർത്തിയായി. 460 വീടുകളുടെ ബാക്കി ജോലികൾ പുരോഗമിക്കുകയാണ്.
- തിരുവനന്തപുരം, മീറ്റർ ടെസ്റ്റിംഗ് ആന്റ് സ്റ്റാൻഡേർഡ്സ് ലബോറട്ടറിയിൽ ഇലക്ട്രോ ടെക്നിക്കൽ കാലിബ്രേഷനിൽ എൻ.എ.ബി. എൽ അക്രഡിറ്റേഷൻ നിലനിർത്തി. തൃശ്ശൂർ, വയനാട്, പാലക്കാട്, കോഴിക്കോട്, കാസർഗോഡ് ജില്ലകളിലെ റീജിയണൽ മീറ്റർ ടെസ്റ്റിംഗ് ലബോറട്ടറികൾക്കും എൻ.എ.ബി.എൽ അക്രഡിറ്റേഷൻ ലഭിച്ചു.
- ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡിൽ നിന്നും ഐ.എസ്. 15700:2005 മാനദണ്ഡം അനുസരിച്ച് 'സേവോതം സർട്ടിഫിക്കേഷൻ' (സേവന ഗുണനിലവാര മാനേജ്മെന്റ് സിസ്റ്റം സർട്ടിഫിക്കേഷൻ) നിലനിർത്തി.
- കോഴിക്കോട്, എറണാകുളം എന്നിവിടങ്ങളിലെ പ്രാദേശിക ടെസ്റ്റിംഗ് ലാബിൽ രണ്ട് പൂർണ്ണ ഓട്ടോമാറ്റിക് എനർജി മീറ്റർ ടെസ്റ്റ് ബെഞ്ച് (10 സ്ഥാനങ്ങൾ ലഭ്യമാക്കി).
- ഗുണനിലവാര നിയന്ത്രണ ഉത്തരവ് പ്രകാരം പ്രീ-കമ്മീഷനിംഗ് ടെസ്റ്റ് നടത്തുന്നതിനായി മൂന്ന് പൂർണ്ണ ഓട്ടോമാറ്റിക് ട്രാൻസ്ഫോർമർ ടെസ്റ്റ് സെറ്റ് ലഭ്യമാക്കി.
- പവർ സിസ്റ്റം അനാലിസിസ് സോഫ്റ്റ്‌വെയർ ഇ.റ്റി.എ.പി - യും കോംപാക്റ്റ് എൽ.ഇ.ഡി പരിശോധനാ ഉപകരണങ്ങളും എം.ടി.എസ്. എലിൽ ലഭ്യമാക്കി.
- ഈ വകുപ്പുമായി ബന്ധിപ്പിച്ചിരിക്കുന്ന മീറ്റർ ടെസ്റ്റിംഗ് ലബോറട്ടറികളിൽ ആകെ 56,504 മീറ്റർ/ഉപകരണങ്ങൾ പരിശോധിച്ചു.
- 'വിൻസർ', 'സൂപ്പർനോവ' എന്നിവയുടെ നിലവാരമില്ലാത്ത ഇ.എൽ.സി.ബി നിരോധിച്ചു.
- സംസ്ഥാനത്തുടനീളം വൈദ്യുത സുരക്ഷാ ബോധവൽക്കരണ ക്ലാസ്സുകൾ നടത്തി.
- ഇലക്ട്രിക്കൽ സുരക്ഷയെക്കുറിച്ചുള്ള ഹ്രസ്വചിത്രം "വെളിച്ചം" 2018 ജൂൺ 14 ന് പുറത്തിറങ്ങി.

വെല്ലുവിളികളും പ്രശ്നങ്ങളും

- കുറഞ്ഞ വിലയ്ക്ക് വിപണിയിൽ ലഭിക്കുന്ന 2 കിലോവാട്ടിന് താഴെയുള്ള നിലവാരമില്ലാത്ത വൈദ്യുത ഉപകരണങ്ങൾ/ഉപകരണങ്ങളിൽ നിന്നുള്ള ഇലക്ട്രിക്കൽ ഷോക്കുകളും അപകടങ്ങളും (പ്രധാനമായും ബിപിഎൽ വീടുകളിൽ) വർദ്ധിക്കുന്നു.
- അളവിൽ വ്യത്യാസം ശേഷി/സ്കെയിൽ കണ്ടെത്തുന്നതിന് പവർ നെറ്റ്‌വർക്കുകളുടെയും ഇൻസ്റ്റാലേഷനുകളുടെയും ഗുണനിലവാര പാരാമീറ്ററുകൾ പരിശോധിക്കുക.

കേരള സംസ്ഥാന വൈദ്യുത നിയന്ത്രണ കമ്മീഷൻ (കെഎസ്ഇആർസി)

ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻസ് ആക്ട് പ്രകാരം 2002 ൽ സ്ഥാപിതമായ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ (കെഎസ്ഇആർസി) അർദ്ധ ജുഡീഷ്യൽ സ്വഭാവമുള്ള ഒരു സ്റ്റാറ്റ്യൂട്ടറി ഓർഗനൈസേഷൻ ആണ്. സംസ്ഥാനത്തെ ഊർജ്ജ രംഗത്ത് ഫലപ്രദവും കാര്യക്ഷമവുമായ നിയന്ത്രണ നടപടിക്രമങ്ങൾ നടപ്പാക്കുന്നതിന് കമ്മീഷൻ ശ്രമിച്ചിട്ടുണ്ട്.

കെഎസ്ഇആർസി യുടെ പ്രധാന പ്രവർത്തനങ്ങൾ

ദൈനംദിന ഭരണ നിർവ്വഹണ പ്രവർത്തനങ്ങളുടെ ഭാഗമായും ചട്ടങ്ങൾ രൂപീകരിക്കുന്നതിന്റെയും അന്തിമമാക്കുന്നതിന്റെയും ഭാഗമായും പെറ്റീഷനുകൾ സ്വീകരിക്കുന്നതുമായി ബന്ധപ്പെട്ടും ലൈസൻസികളുടെ അഗ്രഗേറ്റ് റവന്യു റിക്വയർമെന്റും എക്സ്പെക്റ്റഡ് റവന്യൂ ചാർജ്ജുകളുടെ (എആർആർ ആൻഡ് ഇആർസി) കാര്യങ്ങൾക്കുവേണ്ടിയും സാധാരണ ഇന്റേണൽ മീറ്റിംഗുകളും കമ്മീഷൻ ഇക്കാലയളവിൽ നടത്തുകയുണ്ടായി. 2018–19 കാലയളവിൽ കമ്മീഷൻ സ്വീകരിച്ചതും തീർപ്പാക്കിയതുമായ അപേക്ഷകളുടെ എണ്ണം യഥാക്രമം 49 ഉം 36 ഉം ആണ്. പൊതുജനങ്ങളിൽ നിന്ന് അഭിപ്രായങ്ങൾ നേടുന്നതിനായി കമ്മീഷൻ ഇനിപ്പറയുന്ന കരട് ചട്ടങ്ങൾ പുറപ്പെടുവിച്ചു.

- കെഎസ്ഇആർസി (റിന്യൂവബിൾ എനർജി ആൻഡ് നെറ്റ് മീറ്ററിംഗ്) ചട്ടങ്ങൾ 2019
- കെഎസ്ഇആർസി (കേരള സംസ്ഥാന വൈദ്യുതി ഗ്രിഡ് കോഡ്) ചട്ടങ്ങൾ 2019
- കെഎസ്ഇആർസി (വിതരണ സംവിധാനത്തിനുള്ള പവർ ക്വാളിറ്റി) ചട്ടങ്ങൾ 2018
- കേരള വൈദ്യുതി വിതരണം (ഭേദഗതി) കോഡ് 2019
- കെഎസ്ഇആർസി. (ഉപഭോക്തൃ പരാതി പരിഹാര ഫോറവും വൈദ്യുതി ഓംബുഡ്സ്മാനും) (ഭേദഗതി) ചട്ടങ്ങൾ 2019

മെസ്സേർസ് കെപിയുപിഎൽ– ന്റെ ലൈസൻസ് ഏരിയ വിപുലീകരിക്കൽ, 2019 ലെ താരിഫ് ഓർഡർ, വൈദ്യുതി വാങ്ങൽ കരാറുകളുടെ അംഗീകാരം എന്നിവയാണ് ഈ കാലയളവിലെ പ്രധാന ഉത്തരവുകൾ.
വൈദ്യുതി ആക്റ്റ്, നിയമം, ചട്ടങ്ങൾ, എന്നിവ രൂപീകരിച്ച് ലൈസൻസികളും ജനറേറ്റിംഗ് കമ്പനികളും അവ പാലിക്കുന്നത് നിരീക്ഷിക്കുന്നതിനുള്ള ചുമതല കമ്മീഷനിലെ കംപ്ലയിൻസ് ഓഡിറ്റ് വിഭാഗത്തിനാണ്. കെഎസ്ഇബിഎൽ –ന്റെ വിതരണ വിഭാഗം ഓഫീസുകളിലും സംസ്ഥാനത്തെ മറ്റ് ലൈസൻസുകളിലും കംപ്ലയിൻസ് വിഭാഗം സ്പോട്ട് പരിശോധന നടത്തുകയും, ഒപ്പം സ്വീകരിക്കേണ്ട തിരുത്തൽ നടപടികളും ലൈസൻസികളുമായി ചേർന്നു എടുക്കുന്നു. ഉപഭോക്തൃ അഭിഭാഷണം, ഉപഭോക്തൃ സംരക്ഷണം, കമ്മീഷന്റെ അവബോധ സംരംഭങ്ങൾ, ഓംബുഡ്സ്മാൻ, സിജിആർഎഫ് എന്നിവയുടെ നിരീക്ഷണം എന്നിവയുമായി ബന്ധപ്പെട്ട അധിക ഉത്തരവാദിത്തങ്ങളും കംപ്ലയിൻസ് എക്സാമിനറെ ഏൽപ്പിച്ചിരിക്കുന്നു.

സംസ്ഥാനത്തെ എല്ലാ വിതരണ ലൈസൻസികളും ഉപഭോക്താക്കളുടെ പരാതികൾ പരിഹരിക്കുന്നതിനായി 2003 ലെ വൈദ്യുത ചട്ടപ്രകാരം സ്ഥാപിച്ചതാണ് ഉപഭോക്തൃ പരാതി പരിഹാര ഫോറം (സിജിആർഎഫ്). ഉപഭോക്തൃ പരാതി പരിഹാര ഫോറം മുഖേന പരിഹാരം ലഭിക്കാത്ത ഉപഭോക്താക്കളുടെ പരാതികൾ പരിഹക്കുന്നതിനായി കെഎസ്ഇആർസി നിയോഗിച്ച സ്റ്റാറ്റ്യൂട്ടറി അതോറിറ്റി ആണ് ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ.

വൈദ്യുതി നിയമം 2003 ലെ വ്യവസ്ഥകൾ പ്രകാരം ഇന്ത്യാ ഗവൺമെന്റ്, കേന്ദ്ര വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെയും സംസ്ഥാന വൈദ്യുതി നിയന്ത്രണ കമ്മീഷനുകളുടെയും ചെയർപേഴ്സൺമാർ അടങ്ങുന്ന ഫോറം ഓഫ് റെഗുലേറ്റർമാർ (FOR) രൂപീകരിച്ചു. പുനരാവർത്തക ഊർജ്ജത്തിന്റെ ചട്ടക്കൂട് നടപ്പിലാക്കുന്നതിനും പ്രോട്ടോക്കോളുകൾ രൂപീകരിക്കുന്നതിനും പുനരാവർത്തക ഊർജ്ജ ഉൽപാദന അഗ്രിഗേറ്റർമാർക്കുള്ള കരാർ രൂപീകരിക്കുന്നതിനുമായി കെഎസ്ഇആർസി ചെയർപേഴ്സന്റെ നേതൃത്വത്തിൽ ഒരു സാങ്കേതിക സമിതി രൂപീകരിച്ചു.

ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ ചെയർപേഴ്സൺമാരുടെയും അംഗങ്ങളുടെയും അസോസിയേഷനായ ഫോറം ഓഫ് ഇന്ത്യൻ റെഗുലേറ്റേഴ്സിൽ (എഫ്ഒ ഐആർ) അംഗമാണ് കെഎസ്ഇആർസി. മറ്റ് റെഗുലേറ്ററി ബോഡികളായ പെട്രോളിയം ആൻഡ് നാച്ചുറൽ ഗ്യാസ് റെഗുലേറ്ററി

ബോർഡ് (പിഎംജിആർബി), കോമ്പറ്റീഷൻ കമ്മീഷൻ ഓഫ് ഇന്ത്യ (സിസിഐ), എയർപോർട്ട്സ് ഇക്കണോമിക് റെഗുലേറ്ററി അതോറിറ്റി (എഇആർഎ), പ്രധാന തുറമുഖങ്ങളുടെ താരിഫ് അതോറിറ്റി, അഡ്മിനിസ്ട്രേറ്റീവ് സ്റ്റാഫ് കോളേജ് ഓഫ് ഇന്ത്യ, എനർജി റിസോഴ്സ് ഇൻസ്റ്റിറ്റ്യൂട്ട് എന്നിവയും അംഗങ്ങളാണ്. വിവിധ മേഖലകളിലെ ഇന്ത്യൻ റെഗുലേറ്റർമാർക്കിടയിൽ അഭിപ്രായങ്ങളും വിവരങ്ങളും കൈമാറുന്നതിനുള്ള വേദി ഫോറം നൽകുന്നു. എഫ്ഒ ഐആർ – ന്റെ 19–മത് വാർഷിക ജനറൽ ബോഡി യോഗം 2018 ജൂൺ 22 നും 45–മത് ഭരണ സമിതി യോഗം 2018 ജൂൺ 20 നും ന്യൂഡൽഹിയിൽ കൂടുകയുണ്ടായി.

ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളായ ആന്ധ്രാപ്രദേശ്, കർണാടക, തമിഴ്നാട്, തെലുങ്കാന, കേരളം എന്നീ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ റെഗുലേറ്ററി കമ്മീഷനുകളുമായി ഇടപഴകുന്നതിനുള്ള ഒരു വേദിയാണ് ദക്ഷിണ ഇലക്ട്രിസിറ്റി റെഗുലേറ്ററി ഫോറം (സെർഫ്). അഞ്ച് സംസ്ഥാനങ്ങളുടെ പൊതുവായ പ്രശ്നങ്ങളും നിർദ്ദേശങ്ങളും ചർച്ച ചെയ്യുക എന്നതാണ് ഫോറത്തിന്റെ ലക്ഷ്യം. സെർഫ് – ന്റെ 18–മത് യോഗം 2018 ഡിസംബർ 6 മുതൽ 8 വരെ തമിഴ്നാട്ടിലെ തിരുച്ചിറപ്പള്ളിയിൽ നടന്നു.

മുന്നോട്ടുള്ള വഴി

ഊർജ്ജമേഖലയുടെ ആരോഗ്യകരമായ വളർച്ചയ്ക്കും നിശ്ചയിച്ച നയങ്ങളും പരിപാടികളും നടപ്പാക്കുന്നതിനും ഊർജ്ജ വ്യവസായത്തിന്റെ വിവിധ സംഘടനകൾക്കിടയിൽ നിരന്തരമായ ആശയവിനിമയവും മികച്ച ഏകോപനവും ഉണ്ടായിരിക്കണം. ഊർജ്ജ കേരള മിഷൻ പോലുള്ള സമഗ്രമായ പദ്ധതികളിലൂടെ കെഎസ്ഇബിഎൽ, അനർട്ട്, ഇഎംസി, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് തുടങ്ങിയ സഹോദര സ്ഥാപനങ്ങൾക്കിടയിലെ മികച്ച സമന്വയത്തിലൂടെ 2021 ഓടെ സംസ്ഥാനത്തെ ഊർജ്ജ മേഖലയെ ആഗോള നിലവാരത്തിലേക്ക് വികസിപ്പിക്കുവാൻ സാധിക്കും. പുനരാവർത്തക ഊർജ്ജ വിഭാഗങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനും പുനരാവർത്തക ഊർജ്ജ ഉപകരണങ്ങളുടെ നിരന്തരമായ ഉപയോഗത്തിന് അനുയോജ്യമായ ഒരു ഇക്കോ സിസ്റ്റം വികസിപ്പിക്കുന്നതിനും അനർട്ടിനെ പുനഃസൃഷ്ടിക്കേണ്ടതാണ്. സംസ്ഥാനത്തെ വൈദ്യുതി മേഖലയുടെ സ്ഥിതി മെച്ചപ്പെടുത്തുന്നതിനായി, ഇതിനകം ആരംഭിച്ച എല്ലാ ജലവൈദ്യുത നിലയങ്ങളും പൂർത്തീകരിക്കേണ്ടതാണ്. മിനി–മൈക്രോ ഹൈഡൽ പ്ലാന്റുകൾ സാധ്യമായത്രയും നിർമ്മിക്കാൻ മുൻഗണന നൽകേണ്ടതാണ്. വർദ്ധിച്ച ആവശ്യകതക്ക് അനുസരിച്ച് ഊർജ്ജ ലഭ്യത ഉറപ്പുവരുത്തുവാൻ ഊർജ്ജോത്പാദനം വർധിപ്പിക്കുന്നതിന് ഗവണ്മെന്റ് ഏറ്റവും പ്രധാന മുൻഗണന നൽകുന്നു. അതോടൊപ്പം, ഊർജ്ജ നിലവാരവും വളരെ പ്രാധാന്യമുള്ളതാണ്. പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ നമ്മുടെ ഊർജ്ജ ആവശ്യകതകൾ നിറവേറ്റുന്നതിൽ പരമാവധി ഉപയോഗപ്പെടുത്തണം. കാറ്റ്, സോളാർ ഫോട്ടോ വോൾട്ടായിക്സ്, ചെറുകിട ഇടത്തരം ജലവൈദ്യുത പദ്ധതികൾ എന്നിവയിൽ നിന്നുള്ള വൈദ്യുതി ഉത്പാദനത്തിന്റെ മുഴുവൻ സാധ്യതയും പരമാവധി പ്രോത്സാഹിപ്പിക്കേണ്ടതാണ്. ഏതൊരു രാജ്യത്തും മതിയായ സാമ്പത്തികവും സാമൂഹികവുമായ വളർച്ച ഉറപ്പാക്കാൻ, ലഭ്യമായ എല്ലാ ഊർജ്ജ സ്രോതസ്സുകളും ഏറ്റവും ഫലപ്രദവും ലാഭകരവുമായ രീതിയിൽ, പ്രത്യേകിച്ച് വൈദ്യുതി ഉൽപാദനത്തിനായി ഉപയോഗിക്കേണ്ടത് അനിവാര്യമാണ്.

ഊർജ്ജ കാര്യക്ഷമത, നയങ്ങൾ/പ്രോട്ടോക്കോളുകൾ/ ഊർജ്ജ കാര്യക്ഷമതയെക്കുറിച്ചുള്ള നിയമങ്ങളും നിയന്ത്രണങ്ങളും/മാനേജ്മെന്റ്, പതിപ്പ് പരിഷ്കരിക്കൽ, ഊർജ്ജ കാര്യക്ഷമത ഉയർത്തിക്കാട്ടുന്ന പദ്ധതികൾക്ക് ധനസഹായം, ഫലങ്ങളെ ബന്ധിപ്പിക്കുന്ന എനർജി ഓഡിറ്റുകളിലൂടെ സ്ഥിരതയും പാലനവും, ഗുണനിലവാരമുള്ള/ നൈപുണ്യമുള്ള മാനവവിഭവം തമ്മിൽ ശരിയായ തുല്യത ആവിഷ്ക്കരിക്കുക, റെഗുലേറ്റർമാരുടെ സംരംഭങ്ങൾ, ഉപകരണത്തിന്റെ വിപണി സമീപനങ്ങൾ തുടങ്ങിയവ പരിഗണിക്കേണ്ടതാണ്.

11.3 വാർത്താവിനിമയം

കേരളത്തിലെ തപാൽ ശൃംഖല

ലോകത്തെ ഏറ്റവും വിപുലമായ തപാൽ ശൃംഖലകളിൽ ഒന്നാണ് ഇന്ത്യയിലേത്. രാജ്യത്ത് നിലവിലുള്ള 1,55,531 തപാലാഫീസുകളിൽ 1,39,882 (89.94 ശതമാനം) ഗ്രാമീണ മേഖലയിലും 15,649 (10.26 ശതമാനം) നഗരപ്രദേശങ്ങളിലും പ്രവർത്തിക്കുന്നു. രാജ്യത്ത് ശരാശരി 8,770 പേർക്ക് ഒരു തപാൽ ആഫീസാണുള്ളത്. ഗ്രാമപ്രദേശങ്ങളിൽ ഇത് 6455 പേരും നഗരപ്രദേശങ്ങളിൽ 29,458 പേരുമാണ്. തപാലാഫീസുകളുടെ ശരാശരി സേവന വിസ്തീർണ്ണം 21.14 ചതുരശ്ര കിലോമീറ്ററാണ്. ഹെഡ് പോസ്റ്റ് ഓഫീസുകൾ, സബ് പോസ്റ്റ് ഓഫീസുകൾ, എക്സ്ട്രാ ഡിപ്പാർട്ടുമെന്റ് സബ് പോസ്റ്റ് ഓഫീസുകൾ, എക്സ്ട്രാ ഡിപ്പാർട്ടുമെന്റൽ ബ്രാഞ്ച് പോസ്റ്റ് ഓഫീസുകൾ എന്നിങ്ങനെ നാല് വിഭാഗങ്ങൾ ചേർന്നതാണ് ഇന്ത്യൻ തപാൽ ശൃംഖല.

1974 സെപ്റ്റംബർ 1 നാണ് കേരള തപാൽ സർക്കിൾ നിലവിൽ വന്നത്. സംസ്ഥാനത്തിന്റെ മുഴുവൻ പ്രദേശങ്ങളും ലക്ഷദ്വീപ്, മാഹി എന്നീ കേന്ദ്രഭരണ പ്രദേശങ്ങളും ചേർന്നതാണ് കേരളത്തിലെ തപാൽ ശൃംഖല. എല്ലാ വില്ലേജുകളിലും കുറഞ്ഞത് ഒരു തപാൽ ഓഫീസെങ്കിലും ഉള്ള ഒരേയൊരു സംസ്ഥാനമാണ് കേരളം. 31.08.2019 വരെയുള്ള കണക്കുകളനുസരിച്ച് കേരള സർക്കിളിന്റെ കീഴിൽ 5,063 തപാൽ ഓഫീസുകളുണ്ട്. ഇതിൽ 1509 ഡിപ്പാർട്ട്മെന്റ് തപാലാഫീസുകളും 3,554 എക്സ്ട്രാ ഡിപ്പാർട്ടുമെന്റൽ തപാൽ ആഫീസുകളുമാണ്. കേരളത്തിലെ തപാൽ ആഫീസുകൾ ശരാശരി 7.70 ചതുരശ്ര കി.മീ. വിസ്തീർണ്ണത്തിൽ 6,611 പേർക്ക് സേവനം നൽകുമ്പോൾ ദേശീയതലത്തിൽ ഇത് ശരാശരി 21.14 ച.കി. മീറ്ററിന് 7,175 ആണ്. 83 ശതമാനം തപാലാഫീസുകളും ഗ്രാമീണ മേഖയിലാണ് പ്രവർത്തിച്ച് വരുന്നത്. കേരള

ബോക്സ് 11.3.1 കേരള തപാൽ സർക്കിളിന്റെ പ്രധാന പ്രവർത്തനങ്ങൾ

1. സർക്കിളിലെ 1,509 ഡിപ്പാർട്ടുമെന്റൽ പോസ്റ്റാഫീസുകൾ കംപ്യൂട്ടർ വൽക്കരിക്കുകയും, ഇഎംഒ (eMO) സേവനങ്ങൾ ഏർപ്പെടുത്തുകയും ചെയ്തു.
2. ഇന്ത്യ പോസ്റ്റ് പേയ്മെന്റ് ബാങ്ക് (ഐപിപിബി)– ഈ സംവിധാനത്തിലൂടെ സേവിങ്സ് അക്കൗണ്ട്, കറന്റ് അക്കൗണ്ട്, റെമിറ്റൻസസ്, മണി ട്രാൻസ്ഫർ, ഡയറക്റ്റ് ബെനഫിറ്റ് ട്രാൻസ്ഫെർസ്, ട്രാൻസ് ബില്ലുകളും യൂട്ടിലിറ്റി പേയ്മെന്റുകളും, എന്റർപ്രൈസ്, മർച്ചന്റ് പേയ്മെൻറ്സ് എന്നീ സൗകര്യങ്ങൾ ലഭ്യമാക്കുന്നു. 2018 ഡിസംബർ 31 നകം കേരള സർക്കിളിലെ എല്ലാ പോസ്റ്റ് ഓഫീസുകളിലേക്കും ഇതിന്റെ സേവനം വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നു.
3. ഇന്ത്യയിൽ നിന്നും 99 രാജ്യങ്ങളിലേക്ക് അന്താരാഷ്ട്ര സ്പീഡ് പോസ്റ്റ് അല്ലെങ്കിൽ ഇഎംഎസ് സൗകര്യം ഏർപ്പെടുത്തി.
4. ഇഎംഒയുടെ പതിപ്പായ ഐഎംഒ സംവിധാനത്തിലൂടെ ഇന്ത്യക്കകത്ത് 50,000 രൂപവരെ നിക്ഷേപം നടത്താൻ സാധിക്കുന്നു.
5. പാഴ്സ്റ്റ് പോസ്റ്റ് സർവ്വീസ്– ലോകത്തെവിടേയ്ക്കും 30 കിലോഗ്രാം സാധനങ്ങൾ തപാലാഫീസുകൾ മുഖേന അയയ്ക്കുന്നതിനുള്ള സൗകര്യം.
6. ലോജിസ്റ്റിക് പോസ്റ്റ്– സംസ്ഥാനത്തിനുള്ളിലെ പാഴ്സലുകളുടെ കൈമാറ്റവും മറ്റ് സംസ്ഥാനങ്ങളിലെ സ്ഥലങ്ങൾ തിരഞ്ഞെടുക്കുന്നതിനും സൗകര്യം ഒരുക്കുന്നു.
7. ഉപയോക്താക്കൾക്ക് പാസ്പോർട്ട് ലഭിക്കുന്നതിനുള്ള പ്രക്രിയ സുഗമമാക്കുന്നതിന് പോസ്റ്റ് ഓഫീസ് പാസ്പോർട്ട് സേവാ കേന്ദ്രങ്ങൾ (പിഒപിഎസ് കെ) സ്ഥാപിച്ചു.

8. ഉന്നത് ജ്യോതി ബൈ അഫൊർഡബിൾ എൽഇഡിസ് ഫോർ ഓൾ (ഉജാല) പരിപാടിയുടെ ഭാഗമായി എൽഇഡി ബൾബുകൾ, ട്യൂബ് ലൈറ്റുകൾ, ഊർജ്ജ ക്ഷമതയുള്ള ഫാനുകൾ എന്നിവയുടെ വിൽപ്പനയ്ക്കായി കേരള തപാൽ സർക്കിൾ എനർജി എഫിഷ്യൻസി സർവീസസ് ലിമിറ്റഡ് എന്ന കമ്പനിയുമായി കരാറിൽ ഏർപ്പെട്ടു.
9. പ്രോഡക്ട് ഓഫ് ഇന്ത്യ "എക്സ്പ്രസ് പാഴ്സൽ" "ബിസിനസ്സ് പാഴ്സൽ" എന്നീ രണ്ട് പുതിയ പാഴ്സൽ സർവ്വീസുകൾ ഏർപ്പെടുത്തി.
10. ഉപഭോക്താക്കൾക്ക് അവരുടെ ചരക്കുകൾ വളരെ പെട്ടെന്ന് അയയ്ക്കുവാനും/എത്തിക്കുവാനും ലോജിസ്റ്റിക് പോസ്റ്റ് എയർ നടപ്പിലാക്കി.
11. കോർപ്പറേറ്റ് മൈ സ്റ്റാമ്പ്– വ്യക്തിഗത സേവനമായ ഇതിലൂടെ കോർപ്പറേറ്റ് മറ്റ് ഇതര സ്ഥാപനങ്ങൾ എന്നിവയ്ക്ക് ആവശ്യമായ സ്റ്റാമ്പ് ഷീറ്റുകളുടെ ലഭ്യത ആവശ്യാനുസരണം ഉറപ്പ് വരുത്തുന്നു.
12. പുതിയ സ്റ്റാമ്പുകളും പ്രത്യേക കവറുകളും പ്രസിദ്ധീകരിച്ചു.
13. ഏതൊരു വ്യക്തിക്കും വ്യക്തിഗത സ്റ്റാമ്പുകൾ ലഭ്യമാക്കുവാൻ"മൈ സ്റ്റാമ്പ്" പദ്ധതി നടപ്പിലാക്കി.
14. എംജിഎൻആർജിഎസിന് കീഴിൽ ഫലപ്രദമായ വേതന വിതരണത്തിനായി പബ്ലിക് ഫണ്ട് മോണിറ്ററിംഗ് സിസ്റ്റം (പിഎഫ്എംഎസ്) അല്ലെങ്കിൽ എൻ.ഇ.എഫ്.എം.എസ് പ്ലാറ്റ്ഫോം നടപ്പിലാക്കി. പിഎഫ്എംഎസിന് കീഴിൽ, 2017 ജനുവരി 1 മുതൽ 2018 ഓഗസ്റ്റ് 31 വരെ 26 കോടി രൂപ വിതരണം ചെയ്തു.
15. താഴെ പറയുന്ന മറ്റ് നടപടികൾ ആരംഭിച്ചു:

- കോർപ്പറേറ്റ് ഇ – പോസ്റ്റിനായി കേരള സംസ്ഥാന സർക്കാരുമായി ടൈഅപ്.
- കേരള പ്രവേശന പരീക്ഷാ കമ്മീഷണറുമായി ടൈഅപ്.
- എൽ .ബി.എസ് സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജി ഡയറക്ടുമായി ടൈഅപ്.
- കേരള ജല അതോറിറ്റിയുമായി ഇ – പേയ്മെന്റ് സംവിധാനത്തിലൂടെ ജല ഉപഭോഗ ബില്ലുകൾ സ്വീകരിക്കൽ.
- അഥർവ അസ്സോസിയേറ്റുമായി ചേർന്ന് പ്രീ പെയ്ഡ് മൊബൈൽ റീചാർജ് സൗകര്യം.
- ബുക്കിംഗ്, ഡ്രൈവിംഗ് ലൈസൻസ്, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് എന്നിവയുടെ വിതരണത്തിന് റീജിയണൽ ട്രാൻസ്പോർട് ഓഫീസുകളുമായി കൈകോർക്കൽ.
- കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ ഓപ്പൺ ആൻഡ് ലൈഫ്ലോങ് എഡ്യൂക്കേഷനുമായി ചേർന്നുള്ള സംരംഭം.
- എ.പി.ജെ അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാല
- കേരള സാങ്കേതിക പരീക്ഷാ കമ്മീഷണറുമായുള്ള ഇടപാട്.
- ഏഷ്യാനെറ്റ് സാറ്റലൈറ്റ് കമ്മ്യൂണിക്കേഷൻസ് ലിമിറ്റഡുമായുള്ള ഇടപാട്.
- പാസഞ്ചർ റിസർവ്വേഷൻ സമ്പ്രദായത്തിലൂടെ (പി.ആർ.എസ്) റെയിൽവെ ടിക്കറ്റ് ബുക്കിംഗ്.

അവലംബം: ചീഫ് പോസ്റ്റ്മാസ്റ്റർ ജനറൽ, കേരള സർക്കിൾ, തിരുവനന്തപുരം

തപാൽ സർക്കിളിന്റെ പ്രധാന പ്രവർത്തനങ്ങൾ **ബോക്സ്** 11.3.1 ൽ കൊടുത്തിരിക്കുന്നു.

കേരളത്തിലെ എല്ലാ തപാലാഫീസുകളും ഓരോ പൗരകേന്ദ്രങ്ങളായി പ്രവർത്തിക്കുന്നു. ഓരോ പൗരനും അവന്റെ/അവളുടെ പടിവാതിൽക്കൽ ഈ ഹബ്ബിലേക്കുള്ള പ്രവേശനം സാദ്ധ്യമാണ്. വിശദ വിവരങ്ങൾ **അനുബന്ധം 11.3.1, 11.3.2, 11.3.3, 11.3.4** ൽ ചേർത്തിരിക്കുന്നു.

വാർത്താപ്രക്ഷേപണം

ഒരു സമ്പദ് വ്യവസ്ഥയുടെ ത്വരിതഗതിയിലുള്ള വികസനത്തിന് വാർത്താപ്രക്ഷേപണം അത്യാവശ്യമാണ്. സ്വാതന്ത്ര്യാനന്തരം ഇന്ത്യയുടെ വാർത്താ പ്രക്ഷേപണ രംഗം ഗണ്യമായ പുരോഗതി കൈവരിച്ചിട്ടുണ്ട്.

ലോക വാർത്താപ്രക്ഷേപണ കമ്പോളത്തിൽ രണ്ടാം സ്ഥാനത്തുള്ള ഇന്ത്യയിൽ 1,189.28 ദശലക്ഷം ഉപഭോക്താക്കൾ (1,168.32 ദശലക്ഷം മൊബൈൽ വരിക്കാരും 20.96 ദശലക്ഷം ലാൻഡ് ഫോൺ വരിക്കാരും) ഉണ്ട്. രാജ്യത്തിന്റെ വാർത്താപ്രക്ഷേപണ സാന്ദ്രത 90.23 ശതമാനമാണ്. 2019 ജൂലൈയിലെ കണക്കുകൾ പ്രകാരം രാജ്യത്തെ ഗ്രാമീണ വാർത്താപ്രക്ഷേപണ സാന്ദ്രത 57.01 ശതമാനവും നഗരത്തിൽ 160.87 ശതമാനവുമാണ്.

സർക്കാരിന്റെ 'ഡിജിറ്റൽ ഇന്ത്യ' പദ്ധതിയ്ക്ക് ഊർജ്ജം പകരുന്നതാണ് ഇന്റെർനെറ്റ്, ബ്രോഡ്ബാന്റ് എന്നിവയുടെ രംഗപ്രവേശം. രാജ്യത്ത് 665.31 ദശലക്ഷം ഇന്റർനെറ്റ് ഉപഭോക്താക്കൾ ഉണ്ടെന്ന് (ബ്രോഡ്ബാന്റും നാരോബാൻഡും ചേർന്ന്) 2019 ജൂൺ അവസാനം വരെയുള്ള കണക്കുകൾ സൂചിപ്പിക്കുന്നു. വയർലെസ് ഇന്റർനെറ്റ് സേവനം

ബോക്സ് 11.3.2 ഒറ്റ അടിയന്തിര നമ്പർ '112'

വാർത്താപ്രക്ഷേപണ വകുപ്പ് 2016 ഓഗസ്റ്റിൽ ടെലികമ്മ്യൂണിക്കേഷൻ സർവ്വീസ് പ്രയോരിറ്റിസ് (ടി.എസ്.പി) അനുസരിച്ച് എല്ലാ സംസ്ഥാനങ്ങളും കേന്ദ്ര ഭരണ പ്രദേശങ്ങളും അടിയന്തര ഘട്ട നമ്പർ '100'ന് പകരം '112'ന കൊണ്ടുവരണമെന്ന് നിർദ്ദേശിച്ചിരുന്നു. ഡൽഹി ഒഴികെ മറ്റ് എല്ലാ സംസ്ഥാനങ്ങളും/കേന്ദ്ര ഭരണ പ്രദേശങ്ങളും '100' ന് പകരം '112' ഒറ്റ അടിയന്തിര നമ്പരായി സ്വീകരിച്ചിട്ടുണ്ട്. രാജ്യത്ത് നിലവിലുള്ള 101, 102, 108 എന്നീ വ്യത്യസ്ത അടിയന്തിര നമ്പരുകൾക്ക് പകരമായിട്ടാണ് '112' അടിയന്തിരനമ്പരായി നിർദ്ദേശിച്ചിട്ടുള്ളത്. ആഭ്യന്തരവകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന പി.എസ്.എ.പി (പബ്ലിക് സേഫ്റ്റി ആൻസറിംഗ് പോയിന്റ്) സംവിധാനത്തിന് കീഴിലാണ് എല്ലാ സംസ്ഥാനങ്ങളും കേന്ദ്രഭരണ പ്രദേശങ്ങളും ഈ പദ്ധതി നടപ്പിലാക്കുന്നത്. പി.എസ്.എ.പിയിൽ അടിയന്തിര സന്ദേശം ലഭിച്ചാലുടൻ ബന്ധപ്പെട്ട സംസ്ഥാനങ്ങളിലെ/കേന്ദ്ര ഭരണ പ്രദേശങ്ങളിലെ പ്രത്യേകം പരിശീലനം ലഭിച്ച ഉദ്യോഗസ്ഥർ/സന്ദേശം സ്വീകരിക്കുന്ന ആൾ/ ബന്ധപ്പെട്ട സംസ്ഥാനങ്ങളിലെ/കേന്ദ്ര ഭരണ പ്രദേശത്തെ വിദഗർ എന്നിവർ സന്ദേശത്തിന്റെ അടിയന്തിര സ്വഭാവം കണക്കിലെടുത്ത് പോലീസ്, അഗ്നിരക്ഷാ സേന, ആരോഗ്യ വകുപ്പ് മറ്റ് ബന്ധപ്പെട്ട സംവിധാനങ്ങൾ എന്നിവയ്ക്ക് ഇവ കൈമാറുന്നു.

അവലംബം: വാർത്താപ്രക്ഷേപണ വകുപ്പ്, ഭാരത സർക്കാർ

വരിസംഖ്യ 643.64 ദശലക്ഷവും വയേർഡ് സേവനം ഉപയോഗിക്കുന്നവർ 21.67 ദശലക്ഷവും ബ്രോഡ്ബാൻഡ് ഉപഭോക്താക്കൾ 594.59 ദശലക്ഷവുമാണ്. വാർത്താപ്രക്ഷേപണ വകുപ്പിന്റെ ഒറ്റ അടിയന്തിര നമ്പർ **ബോക്സ്** 11.3.2 ൽ കൊടുത്തിരിക്കുന്നു.

കേരള ടെലികോം സർക്കിളിന്റെ സേവനം കേരളം, കേന്ദ്ര ഭരണ പ്രദേശങ്ങളായ ലക്ഷദ്വീപ്, പോണ്ടിച്ചേരിയുടെ (മാഹി) വിവിധ പ്രദേശങ്ങൾ എന്നിവിടങ്ങളിൽ ലഭ്യമാക്കുന്നു. കേരള സർക്കിളിനു കീഴിൽ 11 മേജർ സെക്കന്ററി സ്വിച്ചിംഗ് ഏരിയകളും (എസ്.എസ്.എ) ലക്ഷദ്വീപിലെ ഒരു മൈനർ സെക്കന്ററി സ്വിച്ചിംഗ് ഏരിയയും ഉണ്ട്. കേരള ടെലികോം രംഗത്തെ നിലവിലെ അവസ്ഥ **ബോക്സ്** 11.3.3 ൽ കൊടുത്തിരിക്കുന്നു. വിശദാംശങ്ങൾ **അനുബന്ധം** 11.3.5 ൽ നൽകിയിരിക്കുന്നു.

വാർത്താപ്രക്ഷേപണ പശ്ചാത്തലം

പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും വിവരസാങ്കേതികവിദ്യ കൂടുതൽ പ്രോത്സാഹിപ്പിക്കുന്നതിനും സർക്കാർ വിവിധ നടപടികൾ സ്വീകരിച്ചുവരുന്നു. വിവരസാങ്കേതിക പാർക്കുകളിൽ കൂടുതൽ സ്ഥലസൗകര്യം, റോഡുകൾ, റാമ്പുകൾ, വിവരസാങ്കേതിക മേഖലകളിലേക്ക് മെച്ചപ്പെട്ട ഉപരിതല സൗകര്യങ്ങൾ, ഊർജ്ജ ലഭ്യത അടിസ്ഥാന സൗകര്യവികസനത്തിന് വിവര സാങ്കേതികത ആസ്പദമാക്കി സ്വകാര്യ പദ്ധതികൾ പ്രോത്സാഹിപ്പിക്കൽ, രാജ്യത്തെ പ്രധാന നഗരങ്ങളെ വിവരസാങ്കേതിക മേഖലകളുമായി ബന്ധിപ്പിച്ച് മെച്ചപ്പെട്ട വാണിജ്യ ബന്ധങ്ങൾ ഉറപ്പുവരുത്തുന്നതിന് മതിയായ സാമൂഹ്യ സുരക്ഷ പരിപാടികൾ, പൊതു സ്ഥലങ്ങളിൽ സൗജന്യ വൈഫൈ, ഇന്റർ നെറ്റ് ഓഫ് തിങ്ങ്സ് (ഐ.ഒ. റ്റി) തുടങ്ങിയവ ഇതിന്റെ ഭാഗമാണ്.

ഡിജിറ്റൽ പൊതു സേവനങ്ങൾ അനായാസവും വേഗതയേറിയതും സുഗമവും ചിലവുകുറഞ്ഞതുമാണ്. പൊതുമേഖലയെ ഇത് കാര്യക്ഷമവും ലാഭകരവുമാക്കുന്നു. ഡിജിറ്റൽ രംഗത്തെ വിടവ് നികത്തി 2020ഓടെ ഡിജിറ്റൽ അധിഷ്ഠിത സമൂഹം വാർത്തെടുത്ത് സ്ഥിരതയാർന്ന സാമ്പത്തിക വികസനം കൈവരിക്കുക എന്നതാണ് സർക്കാർ ലക്ഷ്യമിടുന്നത്.

സംസ്ഥാന സർക്കാരിന്റെ ഇ– ഗവേണൻസ് സംരഭങ്ങളുടെ അടിസ്ഥാനങ്ങളിൽ മുഖ്യമായവയിൽ ചിലതാണ് കേരള സ്റ്റേറ്റ് വൈഡ് ഏരിയ നെറ്റ്വർക്ക് (കെസ്വാൻ), സെക്രട്ടേറിയേറ്റ് ഏരിയ നെറ്റ്വർക്ക്, സ്റ്റേറ്റ് ഡാറ്റാ സെൻറർ,

ബോക്സ് 11.3.3 2019, ജൂൺ 30 അനുസരിച്ച് കേരള ടെലികോം മേഖലയുടെ അവസ്ഥ

- ടെലഫോൺ എക്സ്ചേഞ്ചുകളുടെ എണ്ണം : 1407
- സജ്ജീകരണ ശേഷി : 2708568
- പ്രവർത്തനക്ഷമമായ കണക്ഷനുകൾ : 12651432 മൊബൈൽ (10909530) + ലാൻഡ്ലൈൻ (1741902)
- ച.കി മീറ്ററിന് ശരാശരി ടെലഫോണുകൾ : 320
- ടെലഫോൺ സാന്ദ്രത : 1000ന് 378

അവലംബം: ബി എസ് എൻഎൽ

സ്റ്റേറ്റ് ഡാറ്റാ സർവീസ് ഡെലിവറി ഗേറ്റ് വേ, പൊതുസ്ഥലങ്ങളിലെ സൗജന്യ വൈഫൈ സൗകര്യം എന്നിവ. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് ജില്ലകളെ തമ്മിൽ ബന്ധിപ്പിക്കുന്നതും, 14 ജില്ലകൾ, 152 ബ്ലോക്ക് പഞ്ചായത്തുകൾ എന്നിവയെ കോർത്തിണക്കുന്നതുമായ കെസ്വാൻ (കെ.എസ്. ഡബ്ല്യൂ.എ.എൻ) പദ്ധതി സംസ്ഥാന ഇൻഫർമേഷൻ ഇൻഫ്രാസ്ട്രക്ച്റിന്റെ (എസ്.ഐ.ഐ) നട്ടെല്ലാണ്. ഈ നെറ്റ്‌വർക്ക് സംവിധാനത്തിലൂടെ 3,500ൽപ്പരം ഓഫീസുകളെ വയർലെസ്സ് സംവിധാനം വാടകയ്ക്ക് എടുത്ത മറ്റ് ലൈനുകൾ തുടങ്ങിയ ലോക്കൽ ഏരിയ നെറ്റ് വർക്കുകളിലൂടെ ബന്ധിപ്പിച്ചിട്ടുണ്ട്. ഒരു സുരക്ഷിത ടെലികമ്മ്യൂണിക്കേഷൻ ശൃംഖലവഴി സംസ്ഥാന ഗവണ്മെന്റുകളെ തമ്മിലും ഗവൺമെന്റും പൊതുജനങ്ങളും തമ്മിലുമുള്ള ബന്ധം നിലനിർത്തുന്നതിന് സ്റ്റേറ്റ് ഡാറ്റാ സെന്ററിന്റെയും, കെസ്വാൻറെയും ഏകോപനം സാദ്ധ്യമാകുന്നു.

കേരള ഫൈബർ ഒപ്റ്റിക് നെറ്റ് വർക്ക് (കെഫോൺ)

കേരളത്തെ ബൗദ്ധികവും നവീനവും ഉൾക്കാഴ്ച ഉള്ളതുമായ ഒരു സമൂഹമാക്കി വാർത്തെടുക്കുന്നതിനും ഡിജിറ്റൽ ജീവിതസാഹചര്യം വളർത്തി എടുക്കുന്നതിനുമാണ് സംസ്ഥാന സർക്കാർ സ്റ്റേറ്റ് വൈഡ് ഒപ്റ്റിക്കൽ ഫൈബർ നെറ്റ് വർക്ക് – കേരള ഫൈബർ നെറ്റ് വർക്ക് (കെഫോൺ) സംരംഭത്തിന് തുടക്കമിട്ടത്.

ഡിജിറ്റൽ കേരളയുടെ ഭാഗമായ ജി2ജി, ജി2സി, ബി2സി എന്നീ പ്ലാറ്റ്ഫോമുകളിൽ വളരെ കാര്യക്ഷമമായി കെ ഫോൺ പ്രവർത്തിക്കുന്നു. സങ്കീർണ ആപ്ലിക്കേഷനുകൾ ഉപയോഗിച്ച് തയ്യാറാക്കിയ ഉള്ളടക്കങ്ങൾ ഫലപ്രദമായി തുറക്കുന്നതിനും, സ്മാർട്ട് സിറ്റി, സ്മാർട്ട് ട്രാഫിക്ക് മാനേജ്മെൻറ്, വീഡിയോ നിരീക്ഷണം, സാമ്പത്തിക ഉൾപ്പെടുത്തൽ, സ്മാർട്ട് മീറ്ററിംഗ് പരിഹാരങ്ങൾ, ഡിജിറ്റൽ ഇടപാടുകൾ തുടങ്ങിയ സേവനങ്ങളും ഈ നെറ്റ് വർക്കിലൂടെ ചെയ്യുവാൻ കഴിയും. കേരളത്തിലെ ഉൽപാദന സേവന ഇൻക്യൂബേറ്ററുകൾക്ക് വൈവിധ്യ അവസരങ്ങൾ തുറക്കുന്നതിനും സ്റ്റാർട്ട്പ് സംരഭങ്ങൾക്ക് വേണ്ടത്ര ഊർജ്ജം പകരുന്നതിനും ഇത് പ്രയോജനം ചെയ്യും.

ജില്ലാ കേന്ദ്രങ്ങൾ, ബ്ലോക്ക് ഗ്രാമ പഞ്ചായത്തുകൾ എന്നിവയുമായി തലസ്ഥാനത്തെ ബന്ധിപ്പിക്കുന്നതിന് ഒപ്റ്റിക് ഫൈബർ നെറ്റ് വർക്ക് (കേരള സ്റ്റേറ്റ് ഫൈബർ നെറ്റ് വർക്ക്) സംവിധാനം ഏർപ്പെടുത്തുന്നതിന് സംസ്ഥാനസർക്കാർ ഉദ്ദേശിക്കുന്നു. വിപുലമായ നെറ്റ് വർക്ക് സൗകര്യങ്ങൾ കെഫോൺ പദ്ധതി വഴി ഒരുക്കുകിയിട്ടുണ്ട്. പക്ഷംകൂടാതെ ആവശ്യാനുസരണം താങ്ങാവുന്ന തരത്തിൽ രണ്ട് എം.ബി.പി.സ് മുതൽ 100എം. ബി.പി.സ് വരെ വേഗതയിൽ എല്ലാ ഭവനങ്ങളിലും നെറ്റ്‌വർക്ക് സൗകര്യം ലഭിക്കുന്നതിന് കെഫോൺ വിഭാവനം ചെയ്തിരിക്കുന്നു. ഇതിന് കെഎസ്ഇബിയുടെ സഹകരണത്തോടെ നിലവിലുള്ള വൈദ്യുതി പോളുകൾ ബന്ധിപ്പിച്ച് ഒ.എഫ്.സി തയ്യാറാക്കുന്നു.

നിർദ്ദിഷ്ട കെഫോൺ നെറ്റ്‌വർക്ക് കേരളത്തിലെ ഡിജിറ്റൽ പരിവർത്തനത്തിന്റെ മുന്നോടിയാക്കുന്നതിന്

- ഡിജിറ്റൽ വിഭജനം പരിഹരിക്കുന്നതിന് എല്ലാ നഗര–ഗ്രാമ പ്രദേശങ്ങളെയും തമ്മിൽ ബന്ധിപ്പിച്ച് സംസ്ഥാനത്ത് ഉടനീളം ഫൈബർ ഒപ്ടിക് കണക്ഷനുകൾ സ്ഥാപിക്കുന്നതിന് വൻകിട അടിസ്ഥാന സൗകര്യ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. കൂടാതെ ബി.പി.എൽ കുടുംബങ്ങൾക്ക് 2 എം.ബി.പി.സ് വരെ വരെ സൗജന്യ പരിമിത ഇന്റർനെറ്റ് സൗകര്യവും.
- എല്ലാ ജില്ലകൾ, ബ്ലോക്കുകൾ, പഞ്ചായത്തുകൾ, നഗര തദ്ദേശ സ്ഥാപനങ്ങൾ എന്നിവയെ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് ഒപ്റ്റിക്കൽ ഫൈബർ ബാക്ക് ബോൺ നെറ്റ് വർക്ക് സൗകര്യം.
- സംസ്ഥാനത്തെ ഗ്രാമ നഗര പ്രദേശങ്ങളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരോഗ്യ കേന്ദ്രങ്ങൾ തുടങ്ങിയ വിവിധ സർക്കാർ സ്ഥാപനങ്ങളെ തമ്മിൽ പരസ്പരം ബന്ധിപ്പിക്കൽ.
- സംസ്ഥാനത്തെ നഗര ഗ്രാമ പ്രദേശങ്ങളിലെ വീടുകൾ (ഫൈബർ ടു ഹോം), മറ്റു വാണിജ്യ സ്ഥാപനങ്ങൾ എന്നിവ തമ്മിൽ കൂട്ടി യോജിപ്പിക്കൽ.
- അതിവേഗ ഇൻറർനെറ്റ്, ഐ.പി.ഡി.വി, വോയിസ്, വീഡിയോ കോൺഫറൻസിംഗ് തുടങ്ങിയ വിവിധ സേവനങ്ങൾ നൽകുന്നതിന് ടെലികോം, ഇൻറർനെറ്റ് സേവനദാതാക്കൾ, പ്രാദേശിക കേബിൾ ഓപ്പറേറ്റർമാർ എന്നിവർക്ക് വിവേചനരഹിതമായി കെഫോൺ സൗകര്യം നൽകുക.
- ആവശ്യാനുസരണം ഉയർന്ന സമയവും വിശ്വാസ്യതയും ബാൻഡ് വിഡ്ത്തും ഉറപ്പാക്കുന്നതിന് അധികവും വിപുലപ്പെടുത്താവുന്നതുമായ ഒ.എഫ്.സി നെറ്റ്‌വർക്ക് സൗകര്യം.

11.4 കുടിവെള്ളം

കുടിവെള്ളം

സുരക്ഷിതവും വിശ്വസനീയവും ആവശ്യാനുസരണവുമായ ജലവിതരണം ലോകത്തിന്റെ പല ഭാഗങ്ങളിലെന്നപോലെ ഇന്ത്യയിലും ഒരു വെല്ലുവിളിയാണ്. ലോക ജനസംഖ്യയുടെ 16 ശതമാനവും ഇന്ത്യയിലാണെങ്കിലും ശുദ്ധജല സ്രോതസ്സുകളുടെ 4 ശതമാനം മാത്രമാണു ഇവിടെയുള്ളത്. കാലാവസ്ഥാ വ്യതിയാനം, ഭൂഗർഭജലനിരപ്പ് കുറയുക, അമിതമായി ചൂഷണം ചെയ്യുക, ജലത്തിന്റെ ഗുണനിലവാരം കുറയുക എന്നിവ എല്ലാവർക്കും കുടിവെള്ളം നൽകുന്നതിനുള്ള പ്രധാനപ്പെട്ട ചില വെല്ലുവിളികളാണ്. ജലപരിപാലനവുമായി ബന്ധപ്പെട്ട പരസ്പരബന്ധിതമായ പ്രവർത്തനങ്ങൾ ഏകീകരിക്കുന്നതിനായി ഭാരത സർക്കാർ ജൽശക്തി മന്ത്രാലയം രൂപീകരിച്ചു. അഞ്ച് പ്രധാന ജലസംരക്ഷണ ഇടപെടലുകൾ ഉറപ്പാക്കുന്നതിന് 256 ജില്ലകളിലെ 1592 ജല സമ്മർദ്ദമുള്ള ബ്ലോക്കുകളിൽ ജലസംരക്ഷണത്തിനും ജല സുരക്ഷയ്ക്കുമായി ജൽശക്തി അഭിയാൻ എന്ന കാമ്പയിൻ ആരംഭിച്ചുകൊണ്ട് ജല വെല്ലുവിളിയെ മറികടക്കാൻ ഇത് പരിശ്രമിച്ചു.

ഇന്ത്യൻ സംസ്ഥാനങ്ങളിൽ ഫലപ്രദമായി ജലപരിപാലനം സാധ്യമാക്കുന്നതിനായി നാഷണൽ ഇൻസ്റ്റിറ്റ്യൂഷൻ ഫോർ ട്രാൻസ്ഫോർമിംഗ് ഇന്ത്യ (എൻഐടിഐ–നീതി) ആയോഗ് സംയോജിത ജല മാനേജ്മെന്റ് സൂചിക (സിഡബ്ല്യുഎംഐ) വികസിപ്പിച്ചെടുത്തു. സിഡബ്ല്യുഎംഐ 2019 അനുസരിച്ച് സംസ്ഥാനങ്ങൾ ജല പരിപാലനത്തിൽ പുരോഗതി കാണിക്കുന്നുണ്ടെങ്കിലും മൊത്തത്തിലുള്ള പ്രകടനം ഇന്ത്യയുടെ ജല വെല്ലുവിളികളെ വേണ്ടവിധം നേരിടാൻ ആവശ്യമായതിനേക്കാൾ വളരെ താഴെയാണ്. കഴിഞ്ഞ മൂന്ന് വർഷത്തിനിടയിൽ സൂചികയിൽ വിലയിരുത്തിയ 80 ശതമാനം സംസ്ഥാനങ്ങളും അവരുടെ ജല മാനേജ്മെന്റ് സ്കോറുകൾ ശരാശരി പുരോഗതി +5.2 പോയിന്റുകളോടെ നില മെച്ചപ്പെടുത്തി. പക്ഷേ 27 സംസ്ഥാനങ്ങളിൽ 16 എണ്ണം ഇപ്പോഴും സൂചികയിൽ 50 പോയിന്റിൽ (100 ൽ) താഴെ സ്കോർ ചെയ്തുകൊണ്ട് താഴ്ന്ന പ്രകടന വിഭാഗത്തിൽപ്പെടുന്നു. ഈ സംസ്ഥാനങ്ങൾ മൊത്തം ജനസംഖ്യയുടെ 48 ശതമാനം, കാർഷിക ഉൽപാദനത്തിന്റെ 40 ശതമാനം, ഇന്ത്യയുടെ സാമ്പത്തിക ഉൽപാദനത്തിന്റെ 35 ശതമാനം എന്നിവ സമാഹരിക്കുന്നവയാണ്.

സംയോജിത ജല മാനേജ്മെന്റ് സൂചിക റിപ്പോർട്ട് അനുസരിച്ച് ഹിമാലയേതര സംസ്ഥാനങ്ങളിൽ ഗുജറാത്ത് ഒന്നാം സ്ഥാനത്താണ്. ആന്ധ്ര പ്രദേശ്, മധ്യപ്രദേശ്, ഗോവ, കർണാടക, തമിഴ്നാട് എന്നിവയാണ് തുടർന്നുള്ള സ്ഥാനങ്ങളിൽ. കേരളം പന്ത്രണ്ടാം സ്ഥാനത്താണ്. വടക്കുകിഴക്കൻ, ഹിമാലയൻ സംസ്ഥാനങ്ങളിൽ മാനേജ്മെന്റ് സൂചികയിൽ ഹിമാചൽ പ്രദേശാണ് ഒന്നാം സ്ഥാനത്ത്, തുടർന്ന് ഉത്തരാഖണ്ഡ്, ത്രിപുര, അസം എന്നിവയാണ്. വടക്കുകിഴക്കൻ, ഹിമാലയൻ സംസ്ഥാനങ്ങളിൽ അരുണാചൽ പ്രദേശ്, സൂചികയിൽ ഏറ്റവും താഴ്ന്ന സ്ഥാനത്താണ്. ജലസ്രോതസ്സുകളുടെ കാര്യക്ഷമമായ പരിപാലനത്തിൽ സംസ്ഥാനങ്ങളുടെ/കേന്ദ്രഭരണ പ്രദേശങ്ങളുടെ പ്രകടനം വിലയിരുത്തുന്നതിനും മെച്ചപ്പെടുത്തുന്നതിനുമുള്ള ഒരു പ്രധാന ഉപകരണമാണ് സംയോജിത ജല മാനേജ്മെന്റ് സൂചിക. കേരളത്തിൽ തിരിച്ചറിഞ്ഞ ജലാശയങ്ങളുടെ ജലസേചന ശേഷി 95 ശതമാനവും പുനസ്ഥാപിച്ചുവെന്നും അവയുടെ ജലസേചന ശേഷിയെ 80 ശതമാനവും ഉപയോഗപ്പെടുത്തുന്നുവെന്നും സിഡബ്ല്യുഎംഐ കണ്ടെത്തലുകൾ തീർപ്പാക്കുന്നു. പ്രധാന ഭൂഗർഭജല റീചാർജ് പ്രദേശങ്ങളിൽ 30 ശതമാനത്തിൽ താഴെയാണ് സംസ്ഥാനം മാപ്പ് ചെയ്തിട്ടുള്ളത്, അത്തരം മാപ്പ് ചെയ്ത പ്രദേശങ്ങളിൽ 5 ശതമാനം മാത്രമാണ് റീചാർജ് ചെയ്യുന്നത്. ഗ്രാമീണ ജനസംഖ്യയുടെ മൂന്നിൽ രണ്ട് ഭാഗവും നഗര ജനസംഖ്യയുടെ മൂന്നിലൊന്ന് ഭാഗവും കുടിവെള്ള വിതരണ ലഭ്യതയിൽ ഉൾപ്പെടുന്നില്ല.

ഇന്ത്യയിൽ ഗ്രാമപ്രദേശങ്ങളിലെ ഏകദേശം 48.6 ശതമാനം കുടുംബങ്ങൾക്കും നഗരപ്രദേശങ്ങളിലെ ഏകദേശം 57.5 ശതമാനം കുടുംബങ്ങൾക്കും പ്രധാന കുടിവെള്ള സ്രോതസ്സ് ലഭ്യമായിരുന്നു. ഗ്രാമപ്രദേശങ്ങളിലെ ഏകദേശം 87.6 ശതമാനം കുടുംബങ്ങൾക്കും നഗരപ്രദേശങ്ങളിലെ ഏകദേശം 90.9 ശതമാനം കുടുംബങ്ങൾക്കും വർഷം മുഴുവൻ ആവശ്യമായ കുടിവെള്ളം പ്രധാന സ്രോതസ്സിൽ നിന്ന് ലഭിക്കുന്നുണ്ട്. ഗ്രാമപ്രദേശങ്ങളിലെ ഏകദേശം 58.2 ശതമാനം വീടുകളിലും നഗരപ്രദേശങ്ങളിലെ ഏകദേശം 80.7 ശതമാനം വീടുകളിലും പരിസര പ്രദേശങ്ങളിൽത്തന്നെ കുടിവെള്ള സൗകര്യമുണ്ട്. ഗ്രാമീണ മേഖലയിലെ ഏകദേശം 42.9 ശതമാനം കുടുംബങ്ങളും പ്രധാന കുടിവെള്ള സ്രോതസ്സായി ഹാൻഡ് പമ്പും നഗരപ്രദേശങ്ങളിലെ ഏകദേശം 40.9 ശതമാനം കുടുംബങ്ങളും പ്രധാന കുടിവെള്ള സ്രോതസ്സായി വാസസ്ഥലങ്ങളിലെ പൈപ്പ് വെള്ളവുമാണ് ഉപയോഗിക്കുന്നത്. ഗ്രാമപ്രദേശങ്ങളിലെ ഏകദേശം 94.5 ശതമാനം കുടുംബങ്ങളും നഗരപ്രദേശങ്ങളിലെ ഏകദേശം 97.4 ശതമാനം കുടുംബങ്ങളും 'മെച്ചപ്പെട്ട കുടിവെള്ള സ്രോതസ്സ്' ഉപയോഗിച്ചു വരുന്നു (അവലംബം: എൻഎസ്എസ്ഒ 76-ാം റൗണ്ട്).

കേരളത്തിൽ, കുടിവെള്ള മേഖലയിലെ പ്രധാന നടപ്പാക്കൽ ഏജൻസികളാണ് കേരള വാട്ടർ അതോറിറ്റി (കെഡബ്ല്യുഎ), കേരള റൂറൽ വാട്ടർ ആൻഡ് സാനിറ്റേഷൻ ഏജൻസി (കെആർഡബ്ല്യുഎസ്എ–ജലനിധി) എന്നിവ. പ്രാദേശിക സർക്കാരുകളും ഇതിൽ ഒരു പ്രധാന പങ്കു വഹിക്കുന്നുണ്ട്.

കേരള വാട്ടർ അതോറിറ്റി (കെഡബ്ല്യുഎ)

കേരളത്തിലെ കുടിവെള്ള വിതരണത്തിന്റെയും മലിനജല ശേഖരണം, പുറംതള്ളൽ എന്നിവയുടെയും വികസനത്തിനും ക്രമപ്പെടുത്തലിനുമായി കെഡബ്ല്യുഎ സ്ഥാപിച്ചു. ജലവിതരണ പദ്ധതികളുടെ തയാറാക്കൽ, നിർവ്വഹണം, പ്രചരണം, പ്രവർത്തനം, പരിപാലനം, ധനസഹായം എന്നിവയും മലിനജല നിർമ്മാർജ്ജനവും ഇതിന്റെ പ്രധാന ധർമ്മങ്ങളിൽ ഉൾപ്പെടുന്നു. നിലവിൽ കെഡബ്ല്യുഎ വിവിധ തലങ്ങളിൽ പദ്ധതികൾ ഏറ്റെടുക്കുന്നു. 2018–19 സാമ്പത്തിക വർഷത്തിൽ 35 പ്രോജക്ടുകൾ പൂർത്തീകരിച്ചു, അതുവഴി കവറേജ് വർദ്ധിപ്പിക്കുകയും സുരക്ഷിത കുടിവെള്ളം നൽകികൊണ്ട് 15 ലക്ഷത്തോളം ആളുകൾക്ക് പ്രയോജനപ്പെടുകയും ചെയ്തു.

2018–19 കാലയളവിൽ കെഡബ്ല്യുഎ ഉൽപാദന ശേഷി പ്രതിദിനം 150 ദശലക്ഷം ലിറ്ററിൽ (എംഎൽഡി) കൂടുതലായി വർദ്ധിപ്പിച്ചു. വാട്ടർ ചാർജിൽ നിന്നുള്ള വരുമാനമായി 2018–19 ൽ 633.97 കോടി രൂപയും 31.8.19 വരെ 251.60 കോടി രൂപയും ശേഖരിച്ചു. ഡിജിറ്റൽ ഇടപാടുകൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി വാട്ടർ ബില്ലുകൾ ശേഖരിക്കുന്നതിനായി കെഡബ്ല്യുഎ, 'ക്വിക്ക് പേ (quick pay)' എന്ന ഒരു ഓൺലൈൻ സംവിധാനം അവതരിപ്പിക്കുകയും പൊതുജനങ്ങൾക്കായി പുതിയ വാട്ടർ കണക്ഷന് അപേക്ഷിക്കുന്നതിനുമായി ഒരു ഓൺലൈൻ പോർട്ടൽ വികസിപ്പിക്കുകയും ചെയ്തു. കുടിവെള്ള മേഖലയിൽ 2018 ലെ വെള്ളപ്പൊക്കത്തിന്റെ ആഘാതം സമയബന്ധിത ഇടപെടലുകളിലൂടെ കുറയ്ക്കാൻ കഴിഞ്ഞു. അപ്പോൾ 483 പദ്ധതികൾ അടച്ചു പൂട്ടിയതിനാൽ ഉത്പാദനശേഷി 50 ശതമാനത്തിലധികം കുറഞ്ഞു. 4–5 ദിവസത്തിനുള്ളിൽത്തന്നെ ഇത് 90 ശതമാനത്തിലധികം പുനസ്ഥാപിക്കുകയുണ്ടായി. ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി ഏകദേശം 318 ലക്ഷം ലിറ്റർ വെള്ളം ടാങ്കറുകളിലൂടെ വിതരണം ചെയ്തു. ബദൽ ഊർജ്ജ സ്രോതസ്സായി സോളാർ പ്ലാന്റുകൾ സ്ഥാപിക്കാൻ മുൻകൈയെടുക്കുകയും 285 കിലോവാട്ട് സോളാർ പ്ലാന്റ് അനർട്ടുമായി സഹകരിച്ച് ആരംഭിക്കുകയും ചെയ്തു.

വാസസ്ഥല കവറേജ്

ഭാരത സർക്കാർ പരിപാലിക്കുന്ന ഇന്റഗ്രേറ്റഡ് മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം (ഐ.എം.ഐ.എസ്) നൽകുന്ന 2018 ഏപ്രിൽ 1 ലെ വിവരങ്ങൾ അനുസരിച്ച് 21,520 ഗ്രാമീണ വാസസ്ഥലങ്ങളിൽ 5,966 എണ്ണം പൂർണ്ണ കവറേജിലുള്ളതും (എണ്ണത്തെക്കുറിച്ച് ചില വ്യത്യാസങ്ങൾ ഉണ്ട്) 15,227 എണ്ണം ഭാഗിക കവറേജിലുള്ളതും 327 എണ്ണം ഗുണനിലവാരത്തെ ബാധിച്ചിട്ടുള്ളതുമായ വാസസ്ഥലങ്ങളുമാണ്. പദ്ധതികൾ കമ്മീഷൻ ചെയ്യുന്നതിലൂടെ 2018–19 ൽ 178 വാസസ്ഥലങ്ങൾ പൂർണ്ണമായും പൈപ്പുവെള്ള വിതരണത്തിലുൾപ്പെടുത്തി. ഇക്കാലയളവിൽ ഗുണനിലവാരം ബാധിക്കപ്പെട്ട വാസസ്ഥലങ്ങളുടെ ആകെ എണ്ണം വലിയ തോതിൽ കുറഞ്ഞിട്ടുണ്ട്. ഇപ്പോൾ കേരളത്തിൽ ആഴ്സെനിക്ക് ബാധിക്കപ്പെട്ട വാസസ്ഥലങ്ങൾ ഇല്ല. 2019 ഏപ്രിൽ 1 പ്രകാരം ഫ്ലൂറൈഡ് ബാധിത വാസസ്ഥലങ്ങളിൽ കവറേജ് പരിധിയിലെത്താനുള്ളവയുടെ ആകെ എണ്ണം 32 ആയി കുറഞ്ഞിട്ടുണ്ട്.

മലിനജല നിയന്ത്രണം

സംസ്ഥാനത്തെ മലിനജലനിയന്ത്രണ സംവിധാനത്തിന് തുച്ഛമായ വ്യാപ്തിയേയുള്ളൂ. തിരുവനന്തപുരം നഗരത്തിലെ അഴുക്കുചാൽ സംവിധാനത്തിന് ഏകദേശം 53000 കണക്ഷനുമായി 39 ശതമാനം വ്യാപ്തിയുമുണ്ട്. എറണാകുളത്ത് 1200 കണക്ഷനുകളോടുകൂടി ഒരു ചെറിയ സംവിധാനമാണുള്ളത്. മലിനജല ശേഖരണവും ഒഴിവാക്കലും, സുരക്ഷിത ജലവിതരണം പോലെ

തന്നെ പൊതുജനാരോഗ്യം നിലനിർത്തുന്നതിൽ തുല്യ പ്രധാന്യമർഹിക്കുന്നു. ഈ മേഖലയിൽ കൂടുതൽ കേന്ദ്രീകൃത ശ്രദ്ധ നൽകേണ്ടത് ആവശ്യമാണ്. സാമ്പത്തിക ലഭ്യത, മലിനജല പ്ലാന്റുകൾക്കും പമ്പ് ഹൗസുകൾക്കും എതിരേയുള്ള പൊതുജനപ്രതിഷേധം, ഭൂമി ലഭിക്കുന്നതിനും റോഡു മുറിക്കുന്നതിനുള്ള അനുവാദം ലഭിക്കുന്നതിനുള്ള കാലതാമസം മുതലായ ചില പ്രശ്നങ്ങൾ പുതിയ അഴുക്കുചാൽ പദ്ധതികൾ ഏറ്റെടുക്കുന്നതിനെ ബാധിക്കുന്നുണ്ട്.

ജലവിതരണ കവറേജ്

2019 ആഗസ്റ്റ് 31 പ്രകാരം 1058 ജല വിതരണ പദ്ധതികൾ ആകെ, ഉപയോഗശേഷി 2838.45 എം.എൽ.ഡി (മില്ല്യൻ ലിറ്റേഴ്സ് പെർ ഡേ) യോടുകൂടി കേരള വാട്ടർ അതോറിറ്റിയുടേതായി ഉണ്ട്. പൈപ്പ് വെള്ളത്തിന്റെ ശരാശരിപ്രതിശീർഷ ലഭ്യത ദിവസേന 84.76 ലിറ്റർ ആണ്. എന്നിരുന്നാലും എല്ലാ ജില്ലകളിലേയും വിവിധ ജനവാസ മേഖലകളിൽ എൽ.പി.സി.ഡി (ലിറ്റേഴ്സ് പെർകാപ്പിറ്റാ പെർഡേ) വ്യത്യാസപ്പെട്ടിരിക്കും. പക്ഷേ വരുമാന രഹിത ജല(ജലച്ചോർച്ച)ത്തിന്റെയും വ്യാവസായികവും ഗാർഹികേതര ജലാവശ്യത്തിൻറെയും ഉയർന്ന ശതമാനം കണക്കാക്കിയ ശേഷം പ്രതിശീർഷ ലഭ്യത തീരെ കുറവാണ്. 2018–19 സാമ്പത്തിക വർഷത്തിൽ ഏകദേശം 35 പദ്ധതികൾ കമ്മീഷൻ ചെയ്തതിലൂടെ കവറേജ് വർദ്ധിച്ചു. ജലവിതരണ വ്യാപ്തിയിലില്ലാത്ത പ്രദേശങ്ങൾ കൂടി ഉൾപ്പെടുത്തുന്നതിനായി കിഫ്ബി, അമൃത്, സംസ്ഥാന പദ്ധതി, നബാർഡ് എന്നിവ പ്രകാരം നിരവധി പദ്ധതികൾ അനുവദിച്ചു. 2019 ആഗസ്റ്റ് 31 പ്രകാരം കേരള വാട്ടർ അതോറിറ്റിയുടെ നിലവിലുള്ള പദ്ധതികളിലായി കേരള ജനസംഖ്യയുടെ 56.38 ശതമാനത്തിന് പൈപ്പ് ജലവിതരണം ലഭ്യമാണ്. അതിൽ 52.10 ശതമാനം ഗ്രാമീണ മേഖലയിലും 70.33 ശതമാനം നഗരങ്ങളിലുമാണ്. 2018–19 സാമ്പത്തിക വർഷത്തിൽ 1,60,364 പുതിയ ഗാർഹികസേവന കണക്ഷനുകൾ നൽകി. ഈ സാമ്പത്തിക വർഷം 2019 ആഗസ്റ്റ് 31 വരെ 96,650 പുതിയ കണക്ഷനുകൾ വാട്ടർ അതോറിറ്റി നൽകുകയുണ്ടായി.

2019 ആഗസ്റ്റ് 31 പ്രകാരമുള്ള ജലവിതരണ പദ്ധതികളുടെ പരിധിയിൽ വരുന്ന ജില്ലാതല ജനസംഖ്യ കാണിക്കുന്നത് കേരളത്തിലെ 14 ജില്ലകളിൽ ഏറ്റവും കൂടുതൽ കവറേജ് എറണാകുളം (84.14 ശതമാനം) ജില്ലയിലും തുടർന്ന് ആലപ്പുഴ ജില്ല(77.47 ശതമാനം) യുമാണ്. കാസർഗോഡ് ജില്ല(28.16 ശതമാനം) യിലാണ് കവറേജ് ഏറ്റവും കുറവ്. ജനസംഖ്യയുടെ ആകെ ജലവിതരണ വ്യാപ്തി 56.38 ശതമാനമാണ്. വിശദാംശങ്ങൾ അനുബന്ധം 11.4.1 ൽ നൽകിയിട്ടുണ്ട്. ജില്ലാ തലവും ഇനം തിരിച്ചുമുള്ള വിശകലനം, തൃശ്ശൂരിലാണ് ഏറ്റവും കൂടുതൽ ജലവിതരണ പദ്ധതികളെന്നാണ് (114)കാണിക്കുന്നത്. ഏറ്റവും കൂടുതൽ നഗരജല വിതരണ പദ്ധതികൾ കോഴിക്കോട് (17) ആണ്. വയനാട്(27) ആണ് ഏറ്റവും കുറവ് ജലവിതരണ വ്യാപ്തിയുള്ള ജില്ല എന്നാണ് ജലവിതരണ പദ്ധതികളുടെ ജില്ലാതലവും ഇനം തിരിച്ചുമുള്ള വിവരങ്ങൾ കാണിക്കുന്നത് (**അനുബന്ധം– 11.4.2**).

ഗാർഹിക സേവന കണക്ഷനുകൾ (എച്ച്.എസ്.സി), തെരുവു ടാപ്പുകൾ എന്നിവയിലൂടെ കെഡബ്ല്യൂഎ കുടിവെള്ളം വിതരണം ചെയ്യുന്നു. ഗാർഹിക, ഗാർഹികേതര, വ്യാവസായിക കണക്ഷനുകളുടെ ആകെ എണ്ണം യഥാക്രമം 23,59,359, 1,75,170, 2190 എന്നിവയാണ്. 2019 ആഗസ്റ്റ് 31 പ്രകാരം മൊത്തം 2,03,627 സ്ട്രീറ്റ് ടാപ്പ് കണക്ഷനുകളിൽ 1,53,272 എണ്ണം പഞ്ചായത്തുകളിലും 19,244 എണ്ണം കോർപ്പറേഷനുകളിലും 31,111 എണ്ണം മുനിസിപ്പാലിറ്റികളിലും (അനുബന്ധം 11.4.3) ഉണ്ട്. മുൻ വർഷവുമായി താരതമ്യപ്പെടുത്തുമ്പോൾ ഗാർഹിക സേവന കണക്ഷനുകൾ വർദ്ധിച്ചുവരുകയും തെരുവ് ടാപ്പുകൾ കുറയുകയും ചെയ്യുന്ന പ്രവണത ഈ ഡാറ്റാ കാണിക്കുന്നു. 2018–19, 2019–20 (ആഗസ്റ്റ് 31 വരെ) കാലയളവിൽ ഗാർഹിക, ഗാർഹികേതര, വ്യാവസായിക പദ്ധതികളിലെ വെള്ളക്കരത്തിൽ നിന്നുള്ള വരുമാനം യഥാക്രമം 45108 ലക്ഷം, 19,881 ലക്ഷം രൂപയാണ്. അതേസമയം തെരുവു ടാപ്പുകളിൽ നിന്നുള്ള വരുമാനം യഥാക്രമം 18,286 ലക്ഷം രൂപയും 5,279 ലക്ഷം രൂപയും (അനുബന്ധം 11.4.4) ആണ്. 2019 ആഗസ്റ്റ് 31 പ്രകാരം പ്രാദേശിക സർക്കാരുകൾക്ക് കൈമാറിയ വാട്ടർ അതോറിറ്റിയുടെ ഗ്രാമീണ ജല വിതരണ പദ്ധതികളുടെ എണ്ണം 481 ആണ്. പ്രാദേശിക സർക്കാരുകളിലേക്ക് മാറ്റിയ ജലവിതരണ പദ്ധതികളുടെ ജില്ലാതല വിവരങ്ങൾ അനുബന്ധം 11.4.5 ൽ കൊടുത്തിരിക്കുന്നു. 2019 ആഗസ്റ്റ് 31 ലെ കണക്കനുസരിച്ച് ഓരോ ജില്ല തിരിച്ചുള്ള ജലലഭ്യത ഡാറ്റ പ്രകാരം എറണാകുളം ജില്ലയിലാണ് ഏറ്റവും കൂടുതൽ ജലലഭ്യത (188.18 എൽപിസിഡി), കാസർഗോഡാണ് ഏറ്റവും കുറഞ്ഞ ലഭ്യത (18.19 എൽപിസിഡി) (**അനുബന്ധം 11.4.6**).

കിഫ്ബി, അമൃത്, യുഐഡിഎസ്എസ്എംറ്റി, ജെഎൻഎൻ യുആർഎം എന്നിവയാണ് സംസ്ഥാന പദ്ധതികളല്ലാതെ കെഡബ്ല്യൂഎ ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ. ഇതിനുപുറമെ വിവിധ വകുപ്പുകളുടെ ജലവിതരണ പദ്ധതികൾ ഡപ്പോസിറ്റ് ജോലികളായി കെഡബ്ല്യൂഎ നിർവ്വഹിക്കുന്നു.

കിഫ്ബി (കെഐഐഎഫ്ബി) കെഡബ്ല്യൂഎയുടെ 72 കുടിവെള്ള പദ്ധതികൾക്ക് കേരള സർക്കാർ പ്രാഥമിക അനുമതി നൽകിയിട്ടുണ്ട്. 69 പദ്ധതികൾക്ക് 4,351.55 കോടി രൂപയുടെ ധനസഹായം നൽകുന്നതിന് കെഐഐഎഫ്ബി ഇതുവരെ അനുമതിയും അംഗീകാരവും നൽകിയിരുന്നു. കിഫ്ബിയുടെ കീഴിലുള്ള ധനസഹായ പദ്ധതികൾ പാക്കേജുകളായി

നടപ്പിലാക്കുന്നു, അവ നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. ചില ജോലികൾ ഇതിനകം പൂർത്തിയായിട്ടുണ്ട്. 11 സർക്കിളുകളിലായി 'പഴയ ട്രാൻസ്മിഷൻ മെയിനുകൾ മാറ്റിസ്ഥാപിക്കുക' എന്നതിന് കീഴിൽ 11 പദ്ധതി നിർദ്ദേശങ്ങൾ ഉണ്ട്, അതിൽ 10 പ്രോജക്ടുകൾക്ക് 382.64 കോടി രൂപയ്ക്ക് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ട്. 'കൊച്ചിയിലെ മാറ്റിസ്ഥാപിക്കൽ' പദ്ധതി സർക്കിൾ കിഫ്ബി അപ്രൈസൽ ഡിവിഷന്റെ വിലയിരുത്തലിലാണ്. അതിന്റെ ജോലികൾ നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങളിൽ നടന്നുവരുന്നു.

അമൃത് (അടൽ മിഷൻ ഫോർ റെജുവനേഷൻ ആന്റ് അർബൻ ട്രാൻസ്ഫോർമേഷൻ) – കേന്ദ്ര, സംസ്ഥാന, നഗര തദ്ദേശ സ്ഥാപനങ്ങൾ എന്നിവ സംയുക്തമായി ധനസഹായം നൽകുന്ന അടൽ മിഷൻ ഫോർ റെജുവനേഷൻ ആന്റ് അർബൻ ട്രാൻസ്ഫോർമേഷൻ (എഎംആർയുടി–അമൃത്)–നുവേണ്ടി അടൽ മിഷനു കീഴിൽ ജലവിതരണ, മലിനജല ജോലികൾ നടപ്പിലാക്കുന്നതിനുള്ള ഏജൻസിയാണ് കേരള വാട്ടർ അതോറിറ്റി. തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷനുകൾ, ആലപ്പുഴ, ഗുരുവായൂർ, പാലക്കാട് മുനിസിപ്പാലിറ്റികൾ എന്നിങ്ങനെ കേരളത്തിലെ ഒൻപത് നഗരങ്ങളെ കേന്ദ്ര നഗരവികസന മന്ത്രാലയം(എംഒയുഡി) ഈ പദ്ധതിക്കായി തിരഞ്ഞെടുത്തു. മേൽപ്പറഞ്ഞ നഗരങ്ങളിലെ ജലവിതരണ, മലിനജല പദ്ധതികൾ (ആകെ 283 ജോലികൾ) നിർവഹിക്കുന്നതിന് 1,254.22 കോടി രൂപയുടെ ഭരണാനുമതി കെഡബ്ല്യുഎയ്ക്ക് നൽകിയിട്ടുണ്ട്. മൊത്തം പദ്ധതി ധനവിഹിതം യഥാക്രമം കേന്ദ്ര, സംസ്ഥാന, അതത് നഗര

ബോക്സ് 11.4.1 ജൽജീവൻ മിഷൻ (ജെജെഎം)

ജൽജീവൻ മിഷൻ (ജെജെഎം)

2024 ഓടെ എല്ലാ ഗ്രാമീണ കുടുംബങ്ങൾക്കും 100 ശതമാനം പ്രവർത്തനക്ഷമമായ ഗാർഹിക ടാപ്പ് കണക്ഷൻ (എഫ്എച്ച്ടിസി) നൽകാനാണ് ഇന്ത്യാ ഗവൺമെന്റിന്റെ ജൽജീവൻ മിഷൻ പദ്ധതി ലക്ഷ്യമിടുന്നത്. നാലരവർഷത്തിനിടയിൽ രാജ്യത്തുടനീളമുള്ള 14.59 കോടി കുടുംബങ്ങളെ ഇതിൽ ഉൾപ്പെടുത്തണം. 3.6 ലക്ഷം കോടി രൂപയാണ് ജൽജീവൻ മിഷന്റെ കണക്കാക്കിയിട്ടുള്ള ചെലവ്, ഇതിൽ കേന്ദ്ര വിഹിതം 2.08 ലക്ഷം കോടി രൂപയാണ്. ജൽജീവൻ മിഷനിൽ, ഹിമാലയൻ, വടക്ക് കിഴക്കൻ സംസ്ഥാനങ്ങളിൽ 90:10, മറ്റ് സംസ്ഥാനങ്ങൾക്ക് 50:50 ഉം കേന്ദ്രഭരണ പ്രദേശങ്ങൾക്ക് കേന്ദ്ര വിഹിതം 100 ശതമാനവും എന്ന രീതിയിലാണ് കേന്ദ്ര സംസ്ഥാനങ്ങളുടെ ധനസഹായ വിന്യാസം.

മഴവെള്ള സംഭരണം, ഭൂഗർഭജല റീചാർജ്, കാർഷിക മേഖലയിലെ പുനരുപയോഗത്തിനായി ഗാർഹിക മലിനജല പരിപാലനം തുടങ്ങിയവ പോലെ ഉറവിട സുസ്ഥിരതയ്ക്കായി പ്രാദേശിക അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നത് ഉൾപ്പെടെ പ്രാദേശിക തലത്തിൽ ജലത്തിന്റെ സമഗ്രമായ ആവശ്യ–വിതരണ വശം കൈകാര്യം ചെയ്യുന്നതിൽ ഈ മിഷൻ ശ്രദ്ധ കേന്ദ്രീകരിക്കും. രാജ്യത്തുടനീളം സുസ്ഥിര ജലവിതരണ പരിപാലനത്തിന്റെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി മിഷൻ മറ്റ് കേന്ദ്ര, സംസ്ഥാന സർക്കാർ പദ്ധതികളുമായി ഒത്തുചേരും. കേന്ദ്ര സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച കഴിഞ്ഞാലുടൻ തന്നെ മിഷന്റെ കർമ്മപദ്ധതിക്ക് അന്തിമ രൂപം നൽകുകയും സംസ്ഥാന സർക്കാർ ഇക്കാര്യത്തിൽ പ്രാഥമിക നടപടികൾ കൈക്കൊള്ളുകയും ചെയ്യും.

2024 ഓടെ ഇന്ത്യയിലെ ഓരോ ഗ്രാമീണ കുടുംബത്തിനും പ്രതിദിനം ഒരാൾക്ക് 43–55 ലിറ്റർ വെള്ളം നൽകാൻ ജൽ ജീവൻ മിഷനിൽ സർക്കാർ ലക്ഷ്യമിടുന്നു. സീസണിനെ ആശ്രയിച്ച് ഇത് വ്യത്യാസപ്പെടാം. ശുചിത്വ ദൗത്യത്തിന്റെ പരിപാലനത്തിനായി രൂപീകരിച്ച സ്വച്ഛ് ഭാരത് കോഷിന്റെ മാതൃകയിൽ രാഷ്ട്രീയജൽജീവൻ കോഷ് എന്ന പേരിൽ ഈ മിഷനായി ഒരു ഫണ്ട് രൂപീകരിക്കും. 2024 ഓടെ എല്ലാ കുടുംബങ്ങൾക്കും പൈപ്പ് വെള്ളം നൽകുന്നതിനായി ജലവുമായി ബന്ധപ്പെട്ട എല്ലാ മന്ത്രാലയങ്ങളെയും ഒരു പുതിയ ജലശക്തി മന്ത്രാലയത്തിന് കീഴിൽ സർക്കാർ കൊണ്ടുവരും. പോയിന്റ് റീചാർജ്, ചെറുകിട ജലസേചന ടാങ്കുകളുടെ ശുദ്ധീകരണം, സംസ്കരിച്ച ജലം കൃഷിക്ക് ഉപയോഗിക്കുക, ഉറവിട സുസ്ഥിരത എന്നിങ്ങനെ വിവിധ ജലസംരക്ഷണ പ്രവർത്തനങ്ങളെ അടിസ്ഥാനമാക്കിയാണ് ജൽജീവൻ മിഷൻ സജ്ജീകരിച്ചിരിക്കുന്നത്. 2024 ഓടെ പ്രവർത്തനക്ഷമത ഗാർഹിക ടാപ്പ് കണക്ഷന്റെ ലക്ഷ്യം കൈവരിക്കുന്നതിന് 'ജൻ ആന്തോളൻ' രൂപത്തിൽ പരമാവധി സാമൂഹിക പങ്കാളിത്തം. സൃഷ്ടിക്കാൻ പ്രധാനമന്ത്രി എല്ലാ സംസ്ഥാനങ്ങളോടും അഭ്യർത്ഥിച്ചിട്ടുണ്ട്

Source: KWA

തദ്ദേശസ്ഥാപനങ്ങൾക്കിടയിൽ 50: 30: 20 എന്ന രീതിയിൽ വിഭജിച്ചിരിക്കുന്ന തരത്തിലാണ് ഫണ്ടിംഗ് രീതി.

ജലനിധി

ലോകബാങ്ക് സഹായത്തോടെ കേരള സംസ്ഥാന ഗ്രാമീണ ജലവിതരണ, ശുചിത്വ ഏജൻസി (കെആർഡബ്ല്യുഎസ്എ–ജലനിധി) നടപ്പാക്കുന്നതിനുള്ള ഒരു പ്രത്യേകോദ്ദേശ്യയാനമായി രൂപീകരിച്ചു. ജലനിധി ഘട്ടം –1 നടപ്പാക്കിയത് 2000–2008 കാലഘട്ടത്തിലാണ്. ഒന്നാം ഘട്ടത്തിന്റെ തുടർച്ചയായി, ജലനിധി–II 2012–19 കാലയളവിൽ നടപ്പാക്കാൻ ഉദ്ദേശിച്ചുള്ളതാണ്. 1,022.30 കോടി രൂപ ആകെ ചെലവായി കണക്കാക്കി, പദ്ധതി നടപ്പാക്കുന്നതിനായി 155.3 ദശലക്ഷം യുഎസ് ഡോളർ വായ്പ തുക ലോക ബാങ്ക് അംഗീകരിച്ചു. വിനിമയ നിരക്ക് വ്യത്യാസത്തെത്തുടർന്ന് ഇത് പിന്നീട് 1355 കോടി രൂപയായി പരിഷ്കരിച്ചു. പദ്ധതി കരാർ 2012 ഫെബ്രുവരി 12 നാണ് ഒപ്പുവച്ചത്. പദ്ധതിയുടെ പ്രധാന ഘടകങ്ങൾ ഇവയാണ്: 1. സിംഗിൾ ജിപി (ഗ്രാമ പഞ്ചായത്ത്) കെഡബ്ല്യുഎ പദ്ധതികളുടെ പുനരധിവാസം ഉൾപ്പെട്ട ജലവിതരണ പദ്ധതി. 2. മൾട്ടി ജിപി കെഡബ്ല്യുഎ പുനരധിവാസം 3. ജിപികൾക്കായി ജല സുരക്ഷാ പദ്ധതി തയ്യാറാക്കലും വികസനവും. 4. ഭൂഗർഭജല റീചാർജ് (ജിഡബ്ല്യുആർ). 5. പരിസ്ഥിതി ശുചിത്വം (ഖര / ദ്രാവക മാലിന്യ സംസ്കരണം) 6. ഗോത്ര വികസന പരിപാടി.

ജലനിധി പദ്ധതി സ്രോതസ്സുകളിൽ 74 ശതമാനവും തുറന്ന കിണറുകളും 12 ശതമാനം കുഴൽക്കിണറുകളും 8 ശതമാനം മഴവെള്ളക്കൊയ്ത്ത് സംഭരണികളും (ആർഡബ്ല്യുഎച്ച്) ബാക്കിയുള്ളവ നദി / പുഴ സ്രോതസ്സുകളുമാണ്. ജലനിധി രണ്ടാം ഘട്ടത്തിലെ 365 പദ്ധതികളെ കേരളത്തിലെ 2018–ലെ വെള്ളപ്പൊക്കം ബാധിച്ചിട്ടുണ്ട്. ഇതിൽ 356 പദ്ധതികൾ ഇതുവരെ പുനസ്ഥാപിച്ചു പ്രവർത്തിക്കുന്നു. ജലനിധി ഘട്ടം II പദ്ധതി കാലയളവ് 2019 ജൂൺ 28 ന് അവസാനിച്ചു.

ജലനിധി – II 31.08.2019 വരെയുള്ള നേട്ടങ്ങൾ

1. പദ്ധതി നടപ്പാക്കുന്നതിനായി 115 ജിപികൾ ഇതുവരെ കെആർഡബ്ല്യുഎസ്എയുമായി കരാർ ഒപ്പിട്ടു.
2. 2,64,015 കുടുംബങ്ങൾ അടങ്ങുന്ന 3,672 ഗുണഭോക്തൃ ഗ്രൂപ്പുകൾ (ബിജി) പദ്ധതി നടപ്പാക്കുന്നതിൽ സജീവമാണ്.
3. 2176 പദ്ധതികളിൽ 2,167 ജലവിതരണ പദ്ധതികൾ കമ്മീഷൻ ചെയ്തു .2,59,952 വീടുകളിൽ (11,56,780 ഗുണഭോക്താക്കൾ) ഇപ്പോൾ കമ്മീഷൻ ചെയ്ത പദ്ധതികളിൽ നിന്ന് വെള്ളം ലഭിക്കുന്നു.
4. 7,213 എസ്സി / എസ്ടി കുടുംബങ്ങൾ ഉൾപ്പെടുന്ന 28,997 കുടുംബങ്ങൾക്ക് 24*7 രീതിയിൽ പ്രവർത്തിക്കുന്ന 288 സ്കീമുകളിൽ നിന്ന് പ്രയോജനം ലഭിക്കുന്നു.
5. 412 ൽ 411 ജിപി പുനരധിവാസ പദ്ധതികളും ഏറ്റെടുത്ത എല്ലാ (56) കെഡബ്ല്യുഎ

11.4.1 ജലനിധി ഘട്ടം II– നേട്ടങ്ങൾ

ക്രമ നം	ഇനം	യൂണിറ്റ്	ആകെ ലക്ഷ്യം	ഏറ്റെടുത്ത പദ്ധതികൾ 31.08.19 വരെ	നേട്ടങ്ങൾ/പൂർത്തിയായത്
1	ജിപി (ഗ്രാമ പഞ്ചായത്ത്) പദ്ധതികളുടെ എണ്ണം	എണ്ണം	200	115	113
2	ഉപഭോക്തൃ സംഘങ്ങളുടെ എണ്ണം	എണ്ണം	2760	3672	3578
3	ഉൾപ്പെടുത്തിയ കുടുംബങ്ങൾ	ലക്ഷം	2.87	2.64	2.60
4	ജലവിതരണ പദ്ധതികളിൽ ഉൾപ്പെട്ട ജനസംഖ്യ	ലക്ഷം	13.76	11.74	11.57
5	ശുചിത്വ സംവിധാനത്തിൽ ഉൾപ്പെട്ട ജനസംഖ്യ	ലക്ഷം	3.7	3.90	3.90
6	ജലവിതരണ പദ്ധതികളുടെ ആകെ എണ്ണം	എണ്ണം	2175	2176	2167
7	ഉൾപ്പെടുത്തേണ്ട റ്റിഡിപി/ജിപി കളുടെ എണ്ണം (ഗോത്ര വർഗ്ഗം)	എണ്ണം	22	19	19
8	പരിശീലന ദിനങ്ങൾ ലഭിച്ച വ്യക്തികൾ	ലക്ഷം	6.02	6.27	6.27
9	ശുചിത്വ പദ്ധതികൾ	എണ്ണം	–	46,028	46,028
10	ഭൂഗർഭ ജല റീചാർജ് പദ്ധതികൾ	എണ്ണം	–	1,902	1,899

പുനരധിവാസ പദ്ധതികളും ഇതുവരെ കമ്മീഷൻ ചെയ്യുകയും പ്രവർത്തനത്തിനും പരിപാലനത്തിനുമായി കമ്മ്യൂണിറ്റികൾക്ക് കൈമാറുകയും ചെയ്തു.

6. ജിപി പദ്ധതിയിൽ ഒഡിഎഫ് പ്രോഗ്രാമിന് കീഴിൽ നിർമ്മിച്ച 36,376 വ്യക്തിഗത ശൗചാലയങ്ങൾക്ക് പുറമേ 9,652 ശുചിത്വ ഘടനകൾ ഇതുവരെ നിർമ്മിച്ചിട്ടുണ്ട്.
7. ഉറവിട സുസ്ഥിരത ഉറപ്പാക്കുന്നതിനായി 1899 ഭൂഗർഭജല റീചാർജ്ജ് ഘടനകൾ നിർമ്മിച്ചു.
8. പദ്ധതി നടപ്പാക്കലിന്റെയും പരിപാലനത്തിന്റെയും വിവിധ വശങ്ങൾ ഉൾപ്പെടുത്തി വിവിധ തലങ്ങളിലുള്ള 6,12,325 തല്പര കക്ഷികൾ പങ്കെടുക്കുന്ന 8,546 പരിശീലന പരിപാടികൾ ഇതുവരെ സംഘടിപ്പിച്ചു.
9. കെആർഡബ്ല്യുഎസ്എ യുടെ എല്ലാ ഓഫീസുകളിലും ഇ-ഓഫീസ് 'സിസ്റ്റം' നടപ്പാക്കി.
10. ജലനിധിക്ക് കീഴിൽ നിർമ്മിച്ച ഉപരിതല അസറ്റുകൾ ഇപ്പോൾ ജിഐഎസ് പ്ലാറ്റ്ഫോമിൽ മാപ്പുചെയ്തു.
11. കെആർഡബ്ല്യുഎസ്എയ്ക്ക് ടോൾ ഫ്രീ കോൾ സിസ്റ്റവും പരാതി പരിഹാര മെക്കാനിസത്തിനായി വെബ് അധിഷ്ഠിത സംവിധാനവും ഉണ്ട്.
12. സർവ്വീസ് ഡെലിവറി നിരീക്ഷണത്തിനായി ഒരു മൊബൈൽ ആപ്ലിക്കേഷൻ സമാരംഭിച്ചു.

1, 2 ഘട്ടങ്ങളിലെ ശുചിത്വ പ്രവർത്തനങ്ങളുടെ ജില്ല തിരിച്ചുള്ള നേട്ടങ്ങൾ കാണിക്കുന്നത് മലപ്പുറം ജില്ലയിൽ 26,385 മീറ്റർ ഡ്രെയിനേജ് കവറേജ് ഉണ്ട്, ഇത് 14 ജില്ലകളിൽ ഏറ്റവും ഉയർന്നതാണ് (അനുബന്ധം 11.4.7). 2019 ആഗസ്റ്റ് 31 പ്രകാരം മൊത്തം ഭൂഗർഭജല റീചാർജ് (ജിഡബ്ല്യുആർ) ഘടനകളുടെ എണ്ണം 2,912 ആണ്. ജിഡബ്ല്യുആർ ഘടനകൾ ഭൂരിഭാഗവും കോട്ടയത്താണ് (988). അതുപോലെ, കെആർഡബ്ല്യുഎസ്എ സംസ്ഥാനത്ത് സ്ഥാപിച്ച മൊത്തം മഴവെള്ള സംഭരണ (ആർഡബ്ല്യുഎച്ച്) ടാങ്കുകളുടെ എണ്ണം 2019 ഓഗസ്റ്റ് 31 വരെ 31,316 ആണ്. ഇത് ഏറ്റവും കൂടുതൽ എണ്ണം ഇടുക്കിയിലും (9828) ഏറ്റവും കുറവ് വയനാട്ടിലും (151) ആണ് (അനുബന്ധം 11.4.8). കെആർഡബ്ല്യുഎസ്എ ഡാറ്റ പ്രകാരം, 2019 ഓഗസ്റ്റ് 31 ലെ കണക്കനുസരിച്ച് 5,877 പദ്ധതികളിൽ 4,539 ചെറുകിട ജലവിതരണ പദ്ധതികളും 41 വലിയ / ബൾക്ക് ജലവിതരണ പദ്ധതികളും പ്രവർത്തനക്ഷമമാണ് (അനുബന്ധം 11.4.9). 2008 മുതൽ പദ്ധതിയുടെ 35 ശതമാനവും ഭാഗികമായോ പൂർണ്ണമായോ പ്രവർത്തനരഹിതമായിരിക്കുന്നുവെന്ന് നിരീക്ഷിക്കപ്പെടുന്നു. നടപ്പാക്കിക്കഴിഞ്ഞ പദ്ധതികൾക്കുള്ള പിന്തുണയ്ക്കായി 'കമ്മ്യൂണിറ്റി നിയന്ത്രിത ജലവിതരണ പദ്ധതികൾക്കുള്ള സുസ്ഥിര സഹായം' എന്നൊരു പദ്ധതി തുടരുന്നുണ്ട്.

മഴ കേന്ദ്രം

സംസ്ഥാനത്ത് മഴവെള്ള സംഭരണവും ഭൂഗർഭജല റീചാർജ് പ്രവർത്തനങ്ങളും പ്രോത്സാഹിപ്പിക്കുന്നതിനായി കെആർഡബ്ല്യുഎസ്എയുടെ ഭാഗമായി പ്രവർത്തിക്കുന്ന മഴ കേന്ദ്രം 2004 ൽ രൂപീകരിച്ചു. തുടക്കത്തിൽ മഴവെള്ള സംഭരണം എന്ന ആശയം പ്രചരിപ്പിക്കുന്നതിൽ ഈ കേന്ദ്രം ശ്രദ്ധ കേന്ദ്രീകരിച്ചു. അതിന്റെ ഭാഗമായി നിരവധി ഐഇസി പ്രവർത്തനങ്ങളും പരിശീലന പരിപാടികളും സംസ്ഥാനത്തുടനീളം നടത്തി. ഫെറോ സിമൻറ് സാങ്കേതികവിദ്യ എന്ന ആശയം പൊതുജനങ്ങളിലെത്തിക്കുക എന്ന ഉദ്ദേശ്യത്തോടെ വിവിധ അളവുകളിൽ ഡെമോ ആർഡബ്ല്യുഎച്ച് ടാങ്കുകൾ പൊതു സ്ഥാപനങ്ങളിൽ നിർമ്മിച്ചു.

ഭൂഗർഭജല റീചാർജ് ഉൾപ്പെടെയുള്ള മേൽക്കൂരയിലെ മഴവെള്ളക്കൊയ്ത്ത് പദ്ധതി ഓരോ കുടുംബങ്ങൾക്കും കുടിവെള്ളം എത്തിക്കുന്നതിനും ക്രമേണ ജല പട്ടിക മെച്ചപ്പെടുത്തുന്നതിനുമുള്ള ബദൽ മാർഗ്ഗമാക്കാൻ അനുയോജ്യമായികാണുന്നു. സംസ്ഥാനത്തെ ജനങ്ങൾ, പ്രത്യേകിച്ച് മലയോര, കടൽത്തീര, വിദൂര പ്രദേശങ്ങളിലും താമസിക്കുന്ന കുടിവെള്ള ലഭ്യത പരിമിതമായുള്ളവർക്ക് ഈ പദ്ധതി നല്ല രീതിയിൽ സ്വീകാര്യമാണ്.

കഴിഞ്ഞ ആറ് വർഷത്തിനിടയിൽ കുടിവെള്ള പ്രശ്നങ്ങൾ ലഘൂകരിക്കുകയെന്ന പ്രാഥമിക ലക്ഷ്യത്തോടെ മഴവെള്ളക്കൊയ്ത്ത് സംഭരണികൾ നിർമ്മിക്കാൻ വ്യക്തിഗത കുടുംബങ്ങളേയും സ്കൂളുകളെയും കേന്ദ്രം സഹായിക്കുകയായിരുന്നു. മഴവെള്ള സംഭരണം എന്ന ആശയം ജനപ്രിയമാക്കുകയെന്ന ദ്വിതീയ ലക്ഷ്യം പൊതുജനങ്ങൾക്കും വിദ്യാർത്ഥി സമൂഹത്തിനും ഇടയിൽ പ്രചരിപ്പിക്കുന്നുണ്ട്. പല ഗ്രാമപഞ്ചായത്തുകളും, പ്രത്യേകിച്ച് മലയോര, തീരപ്രദേശങ്ങളിൽ ഉൾപ്പെട്ട ഗ്രാമപഞ്ചായത്തുകൾ അവരുടെ കുടിവെള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള സാങ്കേതിക മാർഗമായി മഴവെള്ള സംഭരണം ഗൗരവത്തോടെ നടപ്പാക്കുന്നു.

ഈ പരിപാടിയുടെ സഹായം ഇപ്പോൾ സർക്കാർ, എയ്ഡഡ് മേഖലകളിലെ സ്കൂളുകളിലേക്ക് വ്യാപിപ്പിച്ചിരിക്കുന്നു. മഴവെള്ളക്കൊയ്ത്ത് ഘടനകൾ നിർമ്മിക്കുന്നതിന് തിരഞ്ഞെടുത്ത സർക്കാർ/ എയ്ഡഡ് സ്കൂളുകളെ സാമ്പത്തികമായി സഹായിച്ചുകൊണ്ട് സംസ്ഥാന വ്യാപകമായി 'ജല സൗഹൃദ വിദ്യാലയം' എന്ന് പേരിട്ടിരിക്കുന്ന പരിപാടി നടപ്പിലാക്കുന്നു. പരിപാടിക്ക് കീഴിലുള്ള സ്കൂളുകളുടെ തിരഞ്ഞെടുപ്പ് വിദ്യാഭ്യാസ വകുപ്പിനെ ചുമതലപ്പെടുത്തി.

ചെലവ് പങ്കിടൽ അടിസ്ഥാനത്തിലാണ് ഈ പരിപാടി നടപ്പിലാക്കുന്നത്. വ്യക്തിഗത കുടുംബങ്ങൾക്ക് ആർഡബ്ല്യുഎച്ച് യൂണിറ്റുകളുടെ നിർമ്മാണത്തിനായി പിന്തുടരുന്ന ചെലവ് പങ്കിടൽ രീതി, ബിപിഎൽ വിഭാഗത്തിനായുള്ള മൊത്തം യൂണിറ്റ് ചെലവിന്റെ 5 ശതമാനവും എപിഎൽ വിഭാഗത്തിനായുള്ള മൊത്തം യൂണിറ്റ് ചെലവിന്റെ 10 ശതമാനവുമാണ്. 10000 ലിറ്റർ ശേഷിയുള്ള ഫെറോ സിമൻറ് മഴവെള്ളക്കൊയ്ത്ത് സംവിധാനം നിർമ്മിക്കുന്നതിന് കണക്കാക്കിയ യൂണിറ്റ് ചെലവ് 65,600 രൂപയാണ്. വിപണിയിലെ നിർമ്മാണ വസ്തുക്കളുടെ നിരക്ക് ഏറ്റക്കുറച്ചിലുകളെ അടിസ്ഥാനമാക്കി യൂണിറ്റ് ചെലവ് ഓരോ സ്ഥലത്തും വ്യത്യാസപ്പെട്ടിരിക്കാം.

11.5 ഭവനനിർമ്മാണം

ഭവനനിർമ്മാണം മാനവ ക്ഷേമത്തിന്റെ അടിസ്ഥാന ആവശ്യകതയും മതിയായ പാർപ്പിടം നൽകുന്നത് ഒരു സാമൂഹിക ഉത്തരവാദിത്തവുമാണ്. ഓരോ കുടുംബത്തിനും സുരക്ഷിതവും മാന്യവുമായ അഭയത്തിനുള്ള അവകാശമുണ്ട്. സുരക്ഷ, സമാധാനം, അന്തസ്സ് എന്നിവയുളളിടത്ത് ജീവിക്കുക എന്നത് ഒരു അവകാശമായി കാണണമെന്ന് സാമ്പത്തിക, സാമൂഹിക, സാംസ്കാരിക അവകാശങ്ങൾക്കായുള്ള ഐക്യരാഷ്ട്ര സമിതി അടിവരയിട്ടു പറയുന്നു. പാർപ്പിടത്തിനും ഉപജീവനത്തിനുമുള്ള അവകാശത്തെ ഇന്ത്യൻ ഭരണഘടനയും ഉയർത്തിപ്പിടിക്കുന്നുണ്ട്. ഇത് സാമൂഹിക നില, സ്വത്വം എന്നിവയുടെ സൂചകമായി മാറുകയും സംതൃപ്തി, തൊഴിൽ, വരുമാനം എന്നിവയ്ക്കുള്ള അടിസ്ഥാനം നൽകുകയും ചെയ്യുന്നു. എല്ലാവർക്കും വീട് നൽകുക എന്നത് ഓരോ സർക്കാരിനും വെല്ലുവിളിയാണ്. കേരളത്തിൽ താമസിക്കുന്ന എല്ലാവർക്കും സുഖകരവും സുരക്ഷിതവും മാന്യവുമായ ഭവനങ്ങൾ പ്രദാനം ചെയ്യുന്നതിന് 13-ാ പഞ്ചവത്സര പദ്ധതി ലക്ഷ്യമിടുന്നു. ഏറ്റവും പുതിയ സെൻസസ് അനുസരിച്ച് ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഓരോ വീടിന്റെയും ശരാശരി വലിപ്പവും ഗുണനിലവാരവും നിക്ഷേപവും കേരളത്തിൽ വളരെ ഉയർന്നതാണ്. എന്നാൽ കേരളത്തിൽ സമൂഹത്തിലെ നിരാലംബരും ദരിദ്രരുമായ ഒരു വലിയ വിഭാഗത്തിന് ഇപ്പോഴും ആവശ്യമായ വാസസ്ഥാനം ഇല്ല. അതേസമയം, ഭവന നിക്ഷേപവും കെട്ടിട നിർമ്മാണവും സംസ്ഥാനത്തെ ഒരു പ്രധാന സാമ്പത്തിക പ്രവർത്തനമായി മാറിയതായി കാണാം. തൽഫലമായി, 1991-2001 കാലഘട്ടത്തിൽ ജനസംഖ്യാ വളർച്ച 9.42 ശതമാനമായിരുന്നപ്പോൾ 16 ശതമാനമായിരുന്ന ഭവന യൂണിറ്റുകളുടെ ശരാശരി വളർച്ച, 2001-2010 കാലഘട്ടത്തിൽ ജനസംഖ്യാ വളർച്ച 4.86 ശതമാനമായി കുറയുമ്പോഴും ഇത് 17 ശതമാനമായി വർദ്ധിച്ചിട്ടുണ്ട്.

ഇന്ത്യയിലെ എൻ.എസ്.എസ്.ഒ 76-ാ റൗണ്ട് റിപ്പോർട്ട് പ്രകാരം ഗ്രാമീണ നഗര പ്രദേശങ്ങളിലെ ഭവന സവിശേഷതകൾ മുൻപുണ്ടായിരുന്ന (69-ാം) റിപ്പോർട്ടിനെ അപേക്ഷിച്ച് മെച്ചപ്പെടുന്നുണ്ട്. വീടുകളിൽ താമസിക്കുന്ന കുടുംബങ്ങളിൽ ഗ്രാമപ്രദേശങ്ങളിലെ 96.7 ശതമാനവും നഗരപ്രദേശങ്ങളിലെ 91.5 ശതമാനവും പാർപ്പിട ആവശ്യങ്ങൾക്കായി മാത്രമാണ് വീട് ഉപയോഗിച്ചത്. നേരത്തെ ഇത് യഥാക്രമം 91.5 ഉം 86.8 ഉം ശതമാനമായിരുന്നു. ഇപ്പോൾ ഗ്രാമപ്രദേശങ്ങളിലെ ഏകദേശം 96.0 ശതമാനം കുടുംബങ്ങൾക്കും നഗരപ്രദേശങ്ങളിലെ ഏകദേശം 63.8 ശതമാനം കുടുംബങ്ങൾക്കും സ്വന്തമായി പാർപ്പിട സൗകര്യം ഉണ്ട്. ഗ്രാമപ്രദേശങ്ങളിലെ ഏകദേശം 89.0 ശതമാനം കുടുംബങ്ങൾക്കും നഗരപ്രദേശങ്ങളിലെ ഏകദേശം 56.4 ശതമാനം കുടുംബങ്ങൾക്കും സ്വതന്ത്ര ഭവനമുണ്ട്. വീടുകളിൽ താമസിക്കുന്ന കുടുംബങ്ങളിൽ , ഗ്രാമപ്രദേശങ്ങളിലെ ഏകദേശം 76.7 ശതമാനം കുടുംബങ്ങൾക്കും നഗരപ്രദേശങ്ങളിലെ 96.0 ശതമാനം കുടുംബങ്ങൾക്കും പക്കാ ഘടനയുള്ള വീടുകളാണുള്ളത്. മുൻ റിപ്പോർട്ടിൽ ഇത് യഥാക്രമം 65.8 ശതമാനവും 93.6 ശതമാനവുമായിരുന്നു. വീടുകളിൽ താമസിക്കുന്ന കുടുംബങ്ങളുടെ പാർപ്പിടത്തിന്റെ ശരാശരി തറ വിസ്തീർണ്ണം ഏകദേശം 46.6 ചതുരശ്ര മീറ്റർ ഗ്രാമപ്രദേശങ്ങളിലും ഏകദേശം 46.1 ചതുരശ്ര മീറ്റർ നഗരപ്രദേശങ്ങളിലുമുണ്ട്. ഗ്രാമപ്രദേശങ്ങളിലെ ഏകദേശം 93.9 ശതമാനം വീടുകളിലും നഗരപ്രദേശങ്ങളിലെ ഏകദേശം 99.1 ശതമാനം വീടുകളിലും ഗാർഹികാവശ്യത്തിനുള്ള വൈദ്യുതി ഉണ്ടായിരുന്നു.

ഭവനരാഹിത്യം നിർമ്മാർജ്ജനം ചെയ്യുകയെന്ന ലക്ഷ്യത്തോടെ 2016 ൽ കേരള സർക്കാർ മിഷൻ ലൈഫ് (ഉപജീവനമാർഗം, ഉൾപ്പെടുത്തൽ, സാമ്പത്തിക ശാക്തീകരണം) ആരംഭിച്ചു. സംസ്ഥാനത്തെ ഭൂരഹിത ഭവനരഹിതർക്കുവേണ്ടി ജീവിതമാർഗ്ഗം മെച്ചപ്പെടുത്തുക എന്ന ഉദ്ദേശത്തോടെ അവരുടെ ഉപജീവന, സാമൂഹിക, സാമ്പത്തിക സുരക്ഷ, നൈപുണ്യം ഉയർത്തൽ എന്നിവ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു സമഗ്ര പരിപാടിയാണ്

ഇത് വിഭാവനം ചെയ്യുന്നത്. മിഷനെക്കുറിച്ചുള്ള വിശദാംശങ്ങൾ ഈ അധ്യായത്തിലെ തുടർന്നുള്ള ഒരു വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഭവന നിർമ്മാണ മേഖലയിലെ ഏജൻസികൾ

ഹൗസിംഗ് കമ്മീഷണറേറ്റിൽ നിന്നും ലഭിച്ച വിവരങ്ങൾ പ്രകാരം കേരളത്തിൽ 20-ലേറെ ഏജൻസികൾ ഭവന നിർമ്മാണ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. തദ്ദേശ സ്വയം ഭരണ വകുപ്പ് (എൽ.എസ്.ജി.ഡി), കുടുംബശ്രീ, കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് (കെ.എസ്.എച്ച്.ബി), കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം (കെസ്റ്റിക്), കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ്, പട്ടിക ജാതി/ പട്ടിക വർഗ്ഗ വികസന കോർപ്പറേഷൻ തുടങ്ങിയവ ഉൾപ്പെടുന്നതാണ് ഈ മേഖലയിലെ പ്രധാന ഏജൻസികൾ. സർക്കാരിതര ഏജൻസികളായ കോസ്റ്റ്ഫോർഡ്, ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ്, സഹകരണ സംഘങ്ങൾ മുതലായവയും കേരള സംസ്ഥാന സഹകരണഭവന ഫെഡറേഷൻ പോലുള്ള സഹകരണ സ്ഥാപനങ്ങളും കേരളത്തിലെ ഭവന നിർമ്മാണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നുണ്ട്. വിവിധ സർക്കാരിതര സംഘടനകളും ഈ മേഖലയിൽ കാര്യമായ സംഭാവനകൾ നൽകിയിട്ടുണ്ട്. തൊഴിൽ, മത്സ്യബന്ധനം, സൈനികക്ഷേമം, നഗരകാര്യം, ന്യൂനപക്ഷക്ഷേമം തുടങ്ങിയ വകുപ്പുകളും സാമ്പത്തിക ദുർബല വിഭാഗക്കാർക്കും പാവപ്പെട്ട (കുടിയേറ്റക്കാരുൾപ്പെടെയുള്ള) തൊഴിലാളികൾക്കും താങ്ങാനാകുന്ന തരത്തിലുള്ള വിവിധ ഭവന നിർമ്മാണ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഈ ഏജൻസികൾ/ വകുപ്പുകൾ 2015-16 മുതൽ 2019-20 (സെപ്റ്റംബർ 2019 വരെ) ഏകദേശം 2,57,572 വീടുകളുടെ നിർമ്മാണത്തിന് സഹായം നല്കിയിട്ടുണ്ട്. കേരളത്തിലെ വിവിധ ഭവന നിർമ്മാണ ഏജൻസികൾ നടപ്പിലാക്കിയ പ്രധാനപ്പെട്ട ഭവന പദ്ധതികളിലെ നേട്ടങ്ങൾ **അനുബന്ധം 11.5.1** ൽ കൊടുത്തിരിക്കുന്നു.

കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്

ഭവന നിർമ്മാണ ബോർഡ് സർക്കാരിനു കീഴിൽ പൊതു ഭവന പദ്ധതികൾ നടപ്പിലാക്കുന്ന ഏജൻസിയാണ്. അത് ഭവന പദ്ധതികളിലൂടെ സാധ്യതയുള്ള ഗുണ ഭോക്താക്കൾക്ക് ധന സഹായത്തിനു പുറമെ പാർപ്പിട സൗകര്യങ്ങളും നൽകുന്നു.

നഗര ദരിദ്രർക്കായുള്ള നവീന ഭവന പദ്ധതി (ഫ്ലാറ്റുകൾ): ജോലി സ്ഥലത്തുനിന്നും , നഗര പരിധിയിൽ നിന്നും വളരെ ദൂരെ താമസിക്കുവാൻ നിർബന്ധിതരായ പാവപ്പെട്ട കുടിയേറ്റ തൊഴിലാളികൾക്കായി നഗര പ്രദേശങ്ങളിൽ വാസ സൗകര്യം നൽകുന്ന വാടക ഭവന പദ്ധതിയാണിത്. ഇതിൽ ഫ്ലാറ്റുകൾ നിസ്സാര വാടകയ്ക്കാണ് അനുവദിക്കുന്നത്. ഇതിൽ മൂന്നിലൊന്ന് ഫ്ലാറ്റുകൾ സ്ത്രീതൊഴിലാളികൾക്കായി സംവരണം ചെയ്തിട്ടുണ്ട്. പൂജപ്പുരയിലെ നവീന ഭവന പദ്ധതി ഘട്ടം 111, 1V എന്നിവ 2018-19 കാലയളവിൽ 184 ഫ്ലാറ്റുകൾ നിർമ്മാണം പൂർത്തിയാക്കുകയും ഉദ്ഘാടനം ചെയ്യുകയും ഗുണഭോക്താക്കൾക്ക് അനുവദിക്കുകയും ചെയ്തു.

ഗൃഹശ്രീ ഭവന പദ്ധതി: 2013-14 മുതൽ ബഡ്ജറ്റ് പിന്തുണയോടെ വീട് നിർമ്മിക്കുന്നതിന് 2 ലക്ഷം രൂപ വീതം സർക്കാർ സബ്സിഡി നൽകിക്കൊണ്ട് സർക്കാരിതര സംഘടനകൾ/സന്നദ്ധ ഏജൻസികൾ/ മനുഷ്യ സ്നേഹികളായ വ്യക്തികൾ എന്നിവരുടെ പങ്കാളിത്തത്തോടെ 2/3 സെന്റ് ഭൂമി സ്വന്തമായുള്ള സാമ്പത്തിക ദുർബല വിഭാഗക്കാർക്കും താഴ്ന്ന വരുമാനക്കാരുമായ ഗുണഭോക്താക്കൾക്കായി ഗൃഹശ്രീ ഭവന പദ്ധതി ഹൗസിംഗ് ബോർഡ് നടപ്പാക്കുന്നു. 2018-19 കാലയളവിൽ 407 വീടുകളും 2019 ആഗസ്റ്റ് 31 വരെ 27 വീടുകളും ഈ പദ്ധതി പ്രകാരം നിർമ്മിച്ചു. ഈ പദ്ധതി പ്രകാരം ഇതുവരെ 3056 വീടുകൾ നിർമ്മിച്ചിട്ടുണ്ട്.

ഭവന വകുപ്പ് സാങ്കേതിക സെൽ

ഭവന നിർമ്മാണ മേഖലയെ ആസൂത്രണം ചെയ്യുകയും സംയോജിപ്പിക്കുകയും ചെയ്യുക എന്ന ഉദ്ദേശത്തോടെ 1980-ൽ ഹൗസിംഗ് കമ്മീഷണറേറ്റ് രൂപീകൃതമായി. ഭവന നിർമ്മാണ മേഖലയിലെ വിവിധ ഏജൻസികൾക്ക് സാങ്കേതിക സഹായം നൽകുക, നയരൂപീകരണം എന്നിവയിൽ ഈ ഓഫീസ് വ്യാപൃതമാണ്. ഈ മേഖലയിലെ വിവരശേഖരണം, വ്യാഖ്യാനം, തീരുമാനമെടുക്കൽ എന്നിവയിൽ ഹൗസിംഗ് കമ്മീഷണറേറ്റ് ഊർജ്ജസ്വലമായി ഏർപ്പെട്ടു വരുന്നു.

2018-19 കാലയളവിൽ സംസ്ഥാന ഭവന നിർമ്മാണ ബോർഡ്, നിർമ്മിതി കേന്ദ്രം, തിരുവനന്തപുരത്തെ പ്രമുഖ എൻജിനീയറിംഗ് കോളേജുകൾ എന്നിവയുമായി യോജിച്ച് ഹൗസിംഗ് കമ്മീഷണറേറ്റ് ലോക പാർപ്പിട ദിനം ആഘോഷിക്കുകയുണ്ടായി. ഈ സ്ഥാപനത്തിന്റെ 'പുതിയ കെട്ടിട നിർമ്മാണ സാങ്കേതിക വിദ്യകളുടെ പ്രചരണവും ഭവന സാക്ഷരതാ പരിപാടിയും' എന്ന പദ്ധതിയുടെ കീഴിൽ തിരുവനന്തപുരം, കാസർഗോഡ്, പാലക്കാട്, കൊല്ലം, കണ്ണൂർ എന്നീ വിവിധ ജില്ലാ കേന്ദ്രങ്ങളിൽ ജില്ലാ നിർമ്മിതി കേന്ദ്രങ്ങളുമായി സഹകരിച്ച് 'നവകേരള നിർമ്മാണം-പുതിയ സംരംഭങ്ങൾ' എന്ന വിഷയത്തിൽ ഏകദിന സെമിനാറുകൾ സംഘടിപ്പിച്ചു. കേരള ബിൽഡിംഗ് കോഡ് വികസിപ്പിക്കുന്നതിനു വേണ്ടിയുള്ള വിദഗ്ദരുടെ ആദ്യത്തെ മീറ്റിംഗ് സംഘടിപ്പിച്ചു.

കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം

ഭവന നിർമ്മാണ മേഖലയിൽ ചെലവ് കുറഞ്ഞതും ഉർജ്ജ കാര്യക്ഷമവും പരിസ്ഥിതി സൗഹൃദവുമായ നിർമ്മാണ വിദ്യകളുടെ പ്രദർശനത്തിനും പ്രചരണത്തിനുമായി 1989-ൽ നിർമ്മിതി കേന്ദ്രം സ്ഥാപിച്ചു. 2018-19 കാലയളവിൽ നിർമ്മിതി കേന്ദ്രം 17 പരിശീലന പരിപാടികൾ സംഘടിപ്പിച്ചു. ഇവയിൽ 15 എണ്ണം കൈത്തൊഴിലും 2 എണ്ണം ഡിജിറ്റൽ സർവ്വേയിലുമുള്ള പരിശീലനങ്ങളായിരുന്നു. കെട്ടിടപ്പണി, ഭവന കല, മരപ്പണി, പൂന്തോട്ട നിർമ്മാണം തുടങ്ങിയവയിൽ 238 ഗുണഭോക്താക്കൾക്ക് പരിശീലനം നൽകി. ഇവരിൽ 189 പേർ സ്ത്രീകളാണ്. സ്ഥായിയായ കെട്ടിട നിർമ്മാണ രീതികളെ കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനായി വിവിധ എൻജിനിയറിംഗ് കോളേജുകളിൽ നിരവധി വിദ്യാർത്ഥികൾക്ക് ഗുണപ്രദമാകുംവിധം നാല് പരിശീലന പരിപാടികൾ സംഘടിപ്പിച്ചു. നിർമ്മിതി കേന്ദ്രത്തിലെ ഉദ്യോഗസ്ഥർക്കായി രണ്ട് പരിശീലന പരിപാടികൾ സംഘടിപ്പിക്കുകയും അവയിൽ 40 പേരെ ഉൾപ്പെടുത്തുകയും ചെയ്തു. കലവറ പദ്ധതിയുടെ കീഴിൽ സംസ്ഥാനത്താകെയുള്ള സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് സ്റ്റീൽ, സിമന്റ് എന്നിവ 15 ശതമാനം സബ് സിഡി നിരക്കിൽ നൽകി. ഇക്കാലയളവിൽ ബ്ലോക്കുകൾ ഉണ്ടാക്കുന്ന പുതിയ യന്ത്രങ്ങൾ വാങ്ങിയതിലൂടെ പാലക്കാട് ഉല്പാദന കേന്ദ്രം മെച്ചപ്പെടുത്തി. മുകളിൽ പറഞ്ഞവ കൂടാതെ ടൂറിസം, ലോട്ടറി, സബ് രജിസ്ട്രാർ, എക്സൈസ്, എൻ.എച്ച്.എം, എന്നിവ പോലുള്ള സർക്കാർ സ്ഥാപനങ്ങൾക്കു വേണ്ടി ഡപ്പോസിറ്റ് വർക്കുകളും നിർമ്മിതി കേന്ദ്രം ഏറ്റെടുത്തു നടത്തുന്നു.

ഭവന നിർമ്മാണ മേഖലയിലെ മറ്റ് ഏജൻസികൾ

പ്രാദേശിക സ്വയംഭരണ വകുപ്പ്

കുടുംബശ്രീ വഴി വകുപ്പ് നടപ്പാക്കുന്ന പ്രധാന ഭവന പദ്ധതിയാണ് പ്രധാനമന്ത്രി ആവാസ് യോജന (നഗരം). ചേരി നിവാസികൾ ഉൾപ്പെടെയുള്ള നഗരത്തിലെ ദരിദ്രരുടെ ഭവന ആവശ്യങ്ങൾ പരിഹരിക്കുന്നതിനായി സംസ്ഥാന സർക്കാരും നഗര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സംയുക്തമായി നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയാണിത്. (1) ഭൂമി ഒരു വിഭവമായി ഉപയോഗിച്ചു കൊണ്ട് സ്വകാര്യ ഡെവലപ്പർമാരുടെ പങ്കാളിത്തത്തോടെ ചേരി നിവാസികളുടെ ചേരി പുനരധിവാസം (2) വായ്പയുമായി ബന്ധിപ്പിച്ച സബ്സിഡി വഴി ദുർബല വിഭാഗത്തിന് താങ്ങാനാവുന്ന ഭവന നിർമ്മാണം പ്രോത്സാഹിപ്പിക്കുക, (3) പൊതു, സ്വകാര്യ മേഖലകളുമായുള്ള പങ്കാളിത്തത്തിൽ താങ്ങാനാവുന്ന ഭവനം നിർമ്മാണം, (4) ഗുണഭോക്തൃ നേതൃത്വത്തിലുള്ള വ്യക്തിഗത ഭവന നിർമ്മാണത്തിനുള്ള സബ്സിഡി എന്നിവ പോലുള്ള പരിപാടികളിലൂടെ എല്ലാ ഭവന രഹിതർക്കും 2022 ഓടുകൂടി വീടുകൾ നൽകണമെന്നാണ് പദ്ധതി അനുശാസിക്കുന്നത്.

ഭവനരഹിതരായ എല്ലാ സാമ്പത്തിക ദുർബല വിഭാഗങ്ങൾക്കും 2022 ഓടെ വീടുകൾ നൽകാനാണ് പദ്ധതി ലക്ഷ്യമിടുന്നത്. ഡിമാൻഡ് സർവേയിലൂടെയും ഫീൽഡ് വെരിഫിക്കേഷനിലൂടെയുമാണ് ഗുണഭോക്താക്കളെ തിരിച്ചറിയുന്നത്. പരമാവധി 40 ചതുരശ്ര മീറ്റർ പ്ലിന്ത് ഏരിയായുള്ള വീടുകൾ നിർമ്മിക്കാൻ ഈ മിഷൻ സഹായിക്കും. ഒരു യൂണിറ്റിന് നൽകുന്ന തുക 4 ലക്ഷം രൂപയാണ് (ഇതിൽ കേന്ദ്രസർക്കാർ വിഹിതം 1.5 ലക്ഷം രൂപയാണ്), ഇത് നാല് തവണകളായി വിതരണം ചെയ്യുന്നു. 2018-19 കാലയളവിലും 2019 സെപ്റ്റംബർ വരെയും പിഎംഎവൈ (പ്രധാൻ മന്ത്രി ആവാസ് യോജന) അർബൻ - ലൈഫ് പദ്ധതി പ്രകാരം യഥാക്രമം 13,250, 9,458 വീടുകൾ നിർമ്മിച്ചു. (കൂടുതൽ വിവരങ്ങൾ **12-ാ അധ്യായത്തിൽ** നൽകിയിരിക്കുന്നു

ഗ്രാമവികസന കമ്മീഷണറേറ്റ്

ഗ്രാമവികസന വകുപ്പിന്റെ പ്രാഥമിക പരിഗണന ഗ്രാമീണ ജനങ്ങളുടെ ആവശ്യങ്ങൾ സുസ്ഥിര സാമ്പത്തിക പ്രവർത്തനങ്ങൾ, പാർപ്പിട ശുചിത്വ ആശങ്കകൾ, ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങൾ, കണക്റ്റിവിറ്റി എന്നിവ നിറവേറ്റുന്നതിനാണ്. വകുപ്പ് നടപ്പിലാക്കിയ പ്രധാന ഭവന പദ്ധതി പ്രധാൻ മന്ത്രി ആവാസ് യോജന-ഗ്രാമം (പിഎംഎവൈ-ജി) ആണ്. പ്രധാൻ മന്ത്രി ആവാസ് യോജന-ഗ്രാമം (പിഎംഎവൈ-ജി) പദ്ധതിയുടെ ഗുണഭോക്താക്കളെ തിരിച്ചറിയുകയും തിരഞ്ഞെടുക്കുകയും ചെയ്യുന്നത് ഗ്രാമ സഭ വഴി, പാർപ്പിട അപര്യാപ്തതയെയും മറ്റ് സാമൂഹിക ദാരിദ്ര്യ അളവുകളേയും അടിസ്ഥാനമാക്കിയുള്ള എസ്.ഇ.സി.സി 2011 പട്ടികയിൽ നിന്നാണ്. ഇതിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം, ഒരു ഗുണഭോക്താവിനുള്ള ആകെ ധനസഹായം 1.2 ലക്ഷം രൂപയാണ്. ഓരോ യൂണിറ്റിന്റെ (വീട്) ചെലവിനായി കേന്ദ്രവും സംസ്ഥാനവും തമ്മിൽ 60:40 അനുപാതത്തിൽ ധനസഹായം പങ്കിടണം. ഏറ്റവും കുറഞ്ഞ യൂണിറ്റിന്റെ (വീട്) വലുപ്പം, ശുചിത്വമുള്ള പാചകത്തിനായി ഒരു പ്രത്യേക സ്ഥലം ഉൾപ്പെടെ നിലവിലുള്ള 20.2 ചതുരശ്ര മീറ്റർ, 25.2 ചതുരശ്ര മീറ്ററായി വർദ്ധിപ്പിച്ചു. 2022 ഓടെ ഗ്രാമപ്രദേശത്തെ 'കച്ചാ' വീടുകളിലും തകർന്ന വീടുകളിലും താമസിക്കുന്ന എല്ലാ ഭവനരഹിതരായ കുടുംബങ്ങൾക്കും അടിസ്ഥാന സൗകര്യങ്ങളുള്ള ഒരു 'പക്കാ' വീട് നൽകാനാണ് പിഎംവൈ-ജി ലക്ഷ്യമിടുന്നത്. 2018-19 കാലയളവിലും 2019 സെപ്റ്റംബർ 30 വരെയും യഥാക്രമം 7356 ഉം 787 വീടുകളും പി.എം.എ.വൈ-(ജി) പദ്ധതി പ്രകാരം നിർമ്മിച്ചു. (കൂടുതൽ വിവരങ്ങൾ 12-ാ അധ്യായത്തിൽ നൽകിയിരിക്കുന്നു.)

തൊഴിൽ വകുപ്പ്

തൊഴിൽ, നൈപുണ്യ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ ഏജൻസിയാണ് ഭവനം ഫൗണ്ടേഷൻ കേരള (ബി എഫ് കെ). കേരളത്തിലെ തൊഴിലാളികൾക്കും കുറഞ്ഞ വേതനക്കാരായ ജീവനക്കാർക്കും പാർപ്പിടം, വിദ്യാഭ്യാസം, ആരോഗ്യ സംരക്ഷണം, മറ്റ് അനുബന്ധ അടിസ്ഥാന സൗകര്യങ്ങൾ, സേവനങ്ങൾ എന്നിവ നൽകി പ്രോത്സാഹിപ്പിക്കുകയാണ് കമ്പനിയുടെ ലക്ഷ്യം. കേരളത്തിലെ തൊഴിലാളികൾക്കും ജോലിക്കാർക്കുമായി ബി എഫ് കെ വിവിധ ഭവന പദ്ധതികൾ നടപ്പാക്കിവരുന്നു.

നിലവിൽ, ബിഎഫ്കെക്ക് മൂന്ന് പദ്ധതികൾ ഉണ്ട് – അപ്ലാഘർ, ജനനി, ഭവനം. അസംഘടിതരായ പാവപ്പെട്ട നഗര തൊഴിലാളികൾക്കും കേരളത്തിലെ കുറഞ്ഞ വേതന തൊഴിലാളികൾക്കും മിതമായ നിരക്കിൽ ഗുണനിലവാരമുള്ള ഭവനങ്ങൾ നൽകാനാണ് ജനനി ഭവന പദ്ധതി ലക്ഷ്യമിടുന്നത്. ഇപ്പോൾ ബിഎഫ്കെ ജനനി പദ്ധതി – എറണാകുളത്തിലെ പൊഞ്ചാശ്ശേരി പദ്ധതി ഇടുക്കിയിലെ ജനനി പ്രോജക്ട്–അടിമാലി പദ്ധതിയിലും നടപ്പിലാക്കി വരുന്നു. ജനനി – അടിമാലി പദ്ധതിക്കു കീഴിൽ 217 അപ്പർട്ട്മെന്റുകളും ജനനി – പൊഞ്ചാശ്ശേരി പദ്ധതിക്കു കീഴിൽ 74 അപ്പാർട്ടുമെന്റുകളും ഇതുവരെ നിർമ്മിച്ചിട്ടുണ്ട്. അന്തർസംസ്ഥാന കുടിയേറ്റ തൊഴിലാളികൾക്കായി 280 ചതുരശ്ര അടി വിസ്തീർണമുള്ള 64 മുറികൾ അപ്ലാഘർ പാലക്കാട് പദ്ധതി പ്രകാരം പൂർത്തിയായിട്ടുണ്ട്.

ഫിഷറീസ് വകുപ്പ്

2018–19 കാലയളവിൽ ഭവന നിർമ്മാണ പദ്ധതിയിൻ കീഴിൽ ഒരു യൂണിറ്റിന് 4 ലക്ഷം രൂപ എന്ന നിരക്കിൽ അടിസ്ഥാന സൗകര്യങ്ങളും മത്സ്യത്തൊഴിലാളികളുടെ വികസനവും എന്ന പദ്ധതിയിൽ 27 വീടുകളും ഭൂരഹിതരായ മത്സ്യത്തൊഴിലാളികൾക്ക് സുരക്ഷിത പാർപ്പിടത്തിനായി 192 വീടുകളും നിർമ്മിച്ചിട്ടുണ്ട്.

പട്ടികജാതി വികസന വകുപ്പ്

ഭവന രഹിതർക്കായുള്ള ഭവന പദ്ധതി, ദുർബല സമൂഹങ്ങൾക്കായുള്ള വികസന പരിപാടി, ഭവന നിർമ്മാണ ധന സഹായ പദ്ധതി എന്നിവയാണ് ഈ വകുപ്പിന്റെ പ്രധാന ഭവന പദ്ധതികൾ. ഭവന നിർമ്മാണ ധന സഹായ പദ്ധതി വഴി പട്ടികജാതി കുടുംബങ്ങൾക്ക് 4 ലക്ഷം രൂപ അനുവദിക്കുന്നു. ഗുണഭോക്താക്കൾക്ക് സ്വന്തമായി ഭൂമി ഉണ്ടായിരിക്കണം, വാർഷിക വരുമാനം 50,000 രൂപയിൽ താഴെയായിരിക്കണം. പദ്ധതിക്കായി നിർദ്ദേശിച്ചിരിക്കുന്ന വീടുകൾ കുറഞ്ഞത് 323 ചതുരശ്ര അടി, പരമാവധി 750 ചതുരശ്ര അടി വിസ്തീർണ്ണം ആകാം എന്നിവയാണ് പദ്ധതിയിലെ നിബന്ധനകൾ. 2018–19 കാലയളവിൽ 9,929 വീടുകളും 2019 സെപ്റ്റംബർ വരെ 1756 വീടുകളും നിർമ്മിച്ചിട്ടുണ്ട്.

സൈനിക വെൽഫെയർ ഡയറക്ടറേറ്റ്

സംസ്ഥാനത്തെ സേവനമനുഷ്ഠിക്കുന്നതും വിരമിച്ചതുമായ സായുധ സേനയിലെ എല്ലാ ഉദ്യോഗസ്ഥരുടെയും ക്ഷേമം ഉറപ്പുവരുത്തുന്നതിനാണ് കേരള സർക്കാരിനു കീഴിലുള്ള സൈനിക് വെൽഫെയർ വകുപ്പ് രൂപീകരിച്ചിരിക്കുന്നത്. കരാർ കാലാവധി കഴിയുന്നതിനു മുമ്പ് അവശരോ വികലാംഗരോ ആയവർ, വൈകല്യ പെൻഷനുള്ള നിയമനങ്ങൾ, സേവനത്തിൽ നിന്നും വിരമിച്ച പട്ടാളക്കാർ, യുദ്ധ വിധവകൾ, സേവനത്തിലിരിക്കെ മരണമടഞ്ഞ സൈനികരുടെ വിധവകൾ, എന്നിങ്ങനെയുള്ളവർക്ക് ഹൗസ് ബിൽഡിംഗ് ഗ്രാന്റ് അനുവദിക്കുന്നു. മേൽപ്പറഞ്ഞ അപേക്ഷകരുടെ അഭാവത്തിൽ, അപേക്ഷിച്ച തീയതി മുതൽ കഴിഞ്ഞ അഞ്ച് വർഷമായി സ്വന്തം പേരിലോ/ഭാര്യയുടെ/ഭർത്താവിന്റെ പേരിലോ ഒരു വീട് സ്വന്തമാക്കിയിട്ടില്ലാത്ത 60 വയസ്സിന് താഴെയുള്ള മുൻ സൈനികരേയും പദ്ധതി പരിഗണിക്കും. നിലവിലെ ഗ്രാന്റ് നിരക്ക് 2 ലക്ഷം രൂപയാണ്, ഗുണഭോക്താവിന്റെ വാർഷിക വരുമാനം 3 ലക്ഷം രൂപയിൽ കുറവായിരിക്കണം, എന്നിരുന്നാലും കൊല്ലപ്പെട്ടതോ വികലാംഗരോ അല്ലെങ്കിൽ സേവനമനുഷ്ഠിക്കവേ കാണാതായതോ ആയ ജവാൻമാരെ ആശ്രയിക്കുന്നവർക്ക് ഇത് ബാധകമല്ല. 2018–19 കാലയളവിൽ ഹൗസ് ബിൽഡിംഗ് ഗ്രാന്റ് എന്ന പദ്ധതി പ്രകാരം ഒരു വീട് നിർമ്മിച്ചു.

പട്ടികജാതി, മറ്റ് നിർദ്ദേശിത സമുദായങ്ങൾ എന്നിവയിൽ നിന്നുള്ള പരിവർത്തിത ക്രൈസ്തവർക്കു വേണ്ടിയുള്ള കേരള സംസ്ഥാന വികസന കോർപ്പറേഷൻ ലിമിറ്റഡ്, കോട്ടയം

പട്ടികജാതിയിൽ നിന്നും ശുപാർശ ചെയ്യപ്പെട്ട സമുദായങ്ങളിൽ നിന്നും മതപരിവർത്തനം ചെയ്ത ക്രിസ്ത്യാനികളുടെ സാമൂഹികവും വിദ്യാഭ്യാസപരവും സാംസ്കാരികവും സാമ്പത്തികവുമായ ഉന്നമനത്തെ പ്രോത്സാഹിപ്പിക്കുക അവരുടെ ജീവിതസാഹചര്യങ്ങൾ മെച്ചപ്പെടുത്തുക എന്ന പ്രധാന ലക്ഷ്യത്തോടെയാണ് പട്ടികജാതി, മറ്റ് നിർദ്ദേശിത സമുദായങ്ങൾ എന്നിവയിൽ നിന്നുള്ള പരിവർത്തിത ക്രൈസ്തവർക്കു വേണ്ടിയുള്ള കേരള സംസ്ഥാന വികസന കോർപ്പറേഷൻ ലിമിറ്റഡ്, കോട്ടയം രൂപീകരിച്ചത്. ഭവന നിർമാണ പദ്ധതി, ഭൂരഹിത ഭവനരഹിത പദ്ധതി, ഭവന നവീകരണ പദ്ധതി എന്നിവയാണ് കോർപ്പറേഷന്റെ ഭവന പദ്ധതികൾ. ഭവന നിർമാണ പദ്ധതി പ്രകാരം 2018–19 ൽ 168 വീടുകളും 2019 (സെപ്റ്റംബർ 30 വരെ) ൽ 51 വീടുകളും നിർമ്മിച്ചിട്ടുണ്ട്. ഈ പദ്ധതി

പ്രകാരം ഒരു പുതിയ വീട് നിർമ്മിക്കുന്നതിന് 3,00,000 / – രൂപ വായ്പയായി അനുവദിച്ചിരിക്കുന്നത്. 6 ശതമാനം പലിശ സഹിതം 144 തവണകളായി വായ്പ തിരിച്ചടയ്ക്കേണ്ടതാണ്. ഭവന നവീകരണ പദ്ധതി പ്രകാരം 2018–19 ൽ 70 ഉം 2019 ൽ 20 ഉം (2019 സെപ്റ്റംബർ വരെ) നിർമ്മിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം നിലവിലുള്ള വീട് പുതുക്കിപ്പണിയാൻ 1,00,000/ – രൂപ നൽകുന്നുണ്ട്. 120 പ്രതിമാസ തവണകളായി തുക തിരിച്ചടയ്ക്കേണ്ടതാണ്. പലിശ നിരക്ക് 6 ശതമാനം. ഒരൊറ്റ തവണയായി ഫണ്ട് വിതരണം ചെയ്യുന്നു. ഗുണഭോക്താക്കൾക്ക് 18–55 പ്രായപരിധി ഉണ്ടായിരിക്കണം, കൂടാതെ വരുമാന പരിധി 81,000 രൂപയിലും (ഗ്രാമപ്രദേശങ്ങളിൽ) 1,03,000 രൂപയിലും (നഗര പ്രദേശത്ത്) കവിയരുത്.

കേരള സംസ്ഥാന സഹകരണ ഭവന നിർമ്മാണ ഫെഡറേഷൻ (ഹൗസ്ഫെഡ്)

ഫെഡറേഷനിൽ അംഗങ്ങളായുള്ള പ്രാഥമിക സഹകരണ ഭവന നിർമ്മാണ സംഘങ്ങൾക്ക് (പി.സി.എച്ച്.എസ്) ഭവന നിർമ്മാണത്തിനും പുനരുദ്ധാരണത്തിനും അറ്റകുറ്റപ്പണികൾക്കും സാമ്പത്തിക സൗകര്യങ്ങൾ നൽകുന്നു. സാമ്പത്തിക ദുർബ്ബലവിഭാഗം, താഴ്ന്ന വരുമാനക്കാർ, ഇടത്തര വരുമാനക്കാർ, മറ്റുള്ളവർ എന്നിവർക്കായി 2018–19 കാലയളവിൽ 9590.08 ലക്ഷം രൂപയും 2019–20 (സെപ്ററംബർ 30 വരെ) 4118.21 ലക്ഷം രൂപയും വീടുകളുടെ നിർമ്മാണത്തിനായി വിതരണം ചെയ്തു. 2018–19 കാലയളവിൽ 2294 ഭവന വായ്പകളും 2019–20 സെപ്ററംബർ 30 വരെ 759 ഭവന വായ്പകളും ഹൗസ് ഫെഡ് അനുവദിച്ചിട്ടുണ്ട്. ഭവന നിർമ്മാണ ഫെഡറേഷനും, കാർഷിക ഗ്രാമ വികസന ബാങ്കും സഹായം നൽകിയ വീടുകളുടെ എണ്ണവും വിതരണം ചെയ്ത തുകയും അനുബന്ധം 11.5.2–ൽ ചേർത്തിട്ടുണ്ട്.
(അവലംബം: ഹൗസിംഗ് കമ്മീഷണറേറ്റ്, തിരുവനന്തപുരം.)

ധനകാര്യ സ്ഥാപനങ്ങൾ

സ്വന്തം പണം, ബാങ്കുകളിൽ നിന്നോ മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നോ ഉള്ള വായ്പകൾ, സർക്കാർ ഗ്രാന്റുകൾ എന്നിവയാണ് കേരളത്തിലെ പ്രധന ഭവന ധനകാര്യ ഉറവിടങ്ങൾ. സംസ്ഥാനത്തെ സർക്കാർ ഏജൻസികൾക്കൊപ്പം ധാരാളം ധനകാര്യ സ്ഥാപനങ്ങൾ വീട് നിർമ്മാണത്തിന് സഹായം നൽകി വരുന്നു. ദേശസാൽകൃത ബാങ്കുകൾ, കേരള ഗ്രാമിൻ ബാങ്ക്, സ്വകാര്യമേഖല വാണിജ്യ ബാങ്കുകൾ, കേരള സ്റ്റേറ്റ് കോ–ഓപ്പറേറ്റീവ് ബാങ്ക്, കേരള സ്റ്റേറ്റ് കോ–ഓപ്പറേറ്റീവ് അഗ്രികൾച്ചറൽ ആൻഡ് റൂറൽ ഡെവലപ്മെന്റ് ബാങ്ക് (കെഎസ്സിഎആർഡിബി) ലിമിറ്റഡ്, ചെറുകിട ധനകാര്യ ബാങ്കുകൾ, ഇസാഫ്, ഉജ്ജീവൻ തുടങ്ങിയവ, ഹൗസ്ഫെഡ്, ഹഡ്കോ, എച്ച് ഡി എഫ് സി, എൽഐസി ഹൗസിംഗ് ഫിനാൻസ് ലിമിറ്റഡ്, ജിഐസി ഹൗസിംഗ് ഫിനാൻസ്, കാൻഫിൻഹോംസ് തുടങ്ങിയവ ഇത്തരത്തിലുള്ള ധനകാര്യ സ്ഥാപനങ്ങളാണ്. ഭാരത സർക്കാരിന്റെയും റിസർവ് ബാങ്കിന്റെയും പ്രഖ്യാപനമനുസരിച്ച് ഭവന വായ്പകളുടെ പലിശ നിരക്ക് മാറുന്നുണ്ട്. വിവിധ ധനകാര്യ സ്ഥാപനങ്ങളുടെ ഭവന വായ്പകളുടെ പലിശ നിരക്ക് 2018 ജൂലൈ 31 വരെ അനുബന്ധം 11.5.3 ൽ നൽകിയിരിക്കുന്നു.

ലൈഫ് (ഉപജീവനമാർഗ്ഗം, ഉൾപ്പെടുത്തൽ, സാമ്പത്തിക ശാക്തീകരണം) മിഷൻ

സംസ്ഥാനത്തെ ഭവനരഹിത പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി സംസ്ഥാന സർക്കാർ ആരംഭിച്ച സുപ്രധാന പദ്ധതിയാണ് ലൈഫ് മിഷൻ. ഒരു ബഹുമുഖ സമീപനത്തിലൂടെ അടിസ്ഥാന പ്രശ്നങ്ങളെ പരിഹരിക്കുന്നതിനുള്ള ഒരു സമയബന്ധിത പരിപാടിയായിട്ടാണ് ഇതിനെ വിഭാവനം ചെയ്തിരിക്കുന്നത്. സംസ്ഥാനത്തെ ജനങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുക എന്ന

പട്ടിക 11.5.1 മാർച്ച് 2019 പ്രകാരം ഭവന മേഖലയിൽ നിലനിൽക്കുന്ന വായ്പകൾ

	പ്രത്യക്ഷ ഭവനവായ്പ		പരോക്ഷ ഭവന വായ്പ	
	അക്കൗണ്ടുകളുടെ എണ്ണം	തുക (ലക്ഷത്തിൽ)	അക്കൗണ്ടുകളുടെ എണ്ണം	തുക (ലക്ഷത്തിൽ)
പൊതുമേഖല വാണിജ്യ ബാങ്ക്	305828	1912718	4	2
ആർ.ആർ.ബി – കേരള ഗ്രാമീൺ ബാങ്ക്	56827	280941	0	0
സ്വകാര്യ മേഖല വാണിജ്യ ബാങ്ക്	70175	538750	160	1822
ചെറുകിട ധനകാര്യ ബാങ്കുകൾ	14222	4378	0	0
സഹകരണ ബാങ്കുകൾ	163600	340675	140818	523213
ആകെ	610652	3077463	140982	525037

അവലംബം: ഹൗസിംഗ് കമ്മീഷണറേറ്റ്

ഉദ്ദേശത്തോടെ ഭവനത്തോടൊപ്പം അനുബന്ധ സൗകര്യങ്ങളായ അംഗനവാടികൾ, പാലിയേറ്റീവ് സംരക്ഷണം, വയോജന സംരക്ഷണം, ആരോഗ്യ പരിചരണം എന്നിവ ലഭ്യമാക്കുന്നതിനുപുറമെ നൈപുണ്യവൽക്കരണം, തൊഴിലധിഷ്ഠിത പരിശീലനം, തൊഴിലവസര സാധ്യതകൾ, ജീവനോപാധികളുടെ ഇടപെടലുകൾ എന്നിവയിലൂടെ ജനങ്ങളുടെ ജീവിത നിലവാരം ഉയർത്തുന്നതിനും ലൈഫ് മിഷൻ ലക്ഷ്യംവെക്കുന്നു.

മൂന്ന് ഘട്ടങ്ങളിലായിട്ടാണ് ലൈഫ് മിഷൻ പദ്ധതിയുടെ പ്രവർത്തനങ്ങൾ രൂപകല്പന ചെയ്തിരിക്കുന്നത്. പ്രഥമഘട്ടത്തിൽ 2000 മുതൽ വിവിധ ഭവന പദ്ധതികളിലായി ആരംഭിച്ചതും എന്നാൽ വിവിധ കാരണങ്ങളാൽ നിർമ്മാണം പൂർത്തീകരിക്കാൻ സാധിക്കാത്തതുമായ വീടുകളുടെ നിർമ്മാണ പൂർത്തീകരണമാണ് ലക്ഷ്യമിട്ടത്. പൂർത്തീകരിക്കാത്ത വീടുകളായി പ്രാഥമികമായി കണ്ടെത്തിയ 54,850 വീടുകളിൽ തദ്ദേശ ഭരണ സ്ഥാപനങ്ങൾ വഴി നടത്തിയ പരിശോധനയിൽ 54,256 എണ്ണമേ പൂർത്തീകരിക്കാൻ ഉള്ളതായി കണ്ടെത്തിയുള്ളൂ. പൂർത്തീകരിക്കാത്ത 54,256 വീടുകളിൽ 2019 ഒക്ടോബർ 31 വരെയുള്ള കണക്ക് പ്രകാരം 51,851 വീടുകളുടെ (95.57 ശതമാനം) നിർമ്മാണം വിജയകരമായി പൂർത്തീകരിച്ചിട്ടുണ്ട്.

രണ്ടാം ഘട്ടമായി, സ്വന്തമായി ഭൂമിയുള്ള വ്യക്തികൾക്ക് വീട് വയ്ക്കുന്നതിനുള്ള സാമ്പത്തിക സഹായമാണ് നൽകുന്നത്. ഇതിനായി ലൈഫ് മിഷൻ നടത്തിയ സർവ്വെയിൽ സ്വന്തമായി ഭൂമിയുള്ളതും എന്നാൽ വീടില്ലാത്തതുമായ 1.84 ലക്ഷം ഗുണഭോക്താക്കളെ കണ്ടെത്തിയിരുന്നു. ഇവരിൽനിന്നും എല്ലാ രേഖകളും പരിശോധിച്ചശേഷം 97,336 ഗുണഭോക്താക്കളെ അർഹരായി കണ്ടെത്തുകയും 89,686 ഗുണഭോക്താക്കൾ തദ്ദേശ ഭരണ സ്ഥാപനങ്ങളുമായി എഗ്രിമെന്റ് വയ്ക്കുകയും ഭവന നിർമ്മാണ പുരോഗതിയുടെ അടിസ്ഥാനത്തിൽ സാമ്പത്തിക സഹായമായി 4 ലക്ഷം രൂപ (നാല് ഘട്ടമായി) അനുവദിക്കുകയും ചെയ്തിട്ടുണ്ട്. പട്ടിക വർഗ്ഗ കോളനികളിൽ താമസിക്കുന്ന പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് 6 ലക്ഷം രൂപ (5 ഘട്ടമായി) അനുവദിക്കുന്നുണ്ട്. 2019 ഒക്ടോബർ 31 വരെയുള്ള കണക്ക് പ്രകാരം 48,955 (54.58%) ഗുണഭോക്താക്കൾ വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന വീടുകളുടെ നിർമ്മാണം പുരോഗതിയിലാണ്.

സംസ്ഥാനത്തെ സ്ഥലവും വീടുമില്ലാത്ത ഗുണഭോക്താക്കളുടെ പുനരധിവാസമാണ് മിഷന്റെ മൂന്നാം ഘട്ടമായി ഉദ്ദേശിക്കുന്നത്. ഏകദേശം 3.28 ലക്ഷം ഗുണഭോക്താക്കളെ സ്ഥലവും വീടും ഇല്ലാത്തവരായി ലൈഫ് മിഷൻ നടത്തിയ സർവ്വെയിലൂടെ കണ്ടെത്തിയിട്ടുണ്ട്. സോഫ്റ്റ് വെയറിലൂടെ ഈ ഗുണഭോക്താക്കളുടെ പൂർണ്ണമായ പരിശോധന നടത്തുകയും, അങ്ങനെ കണ്ടെത്തിയ 2,29,310 ഗുണഭോക്താക്കളിൽ 1,07,393 പേരെ 2019 ഒക്ടോബർ 31 വരെ അർഹരായവരായി തെരഞ്ഞെടുത്തിട്ടുമുണ്ട്. ലൈഫ് മിഷൻ ഈ ഗുണഭോക്താക്കളെ ഹൗസിംഗ് കോംപ്ലക്സുകളിൽ പുനരധിവസിപ്പിക്കാൻ ഉദ്ദേശിക്കുന്നു. കൂടാതെ, സ്വന്തമായി ഭൂമി വാങ്ങി വീട് നിർമ്മിക്കാൻ കഴിയുന്ന ഗുണഭോക്താക്കൾക്ക് അതിനുള്ള സഹായം നൽകുന്നതാണ്. സമയവും അദ്ധ്വാനവും കുറയ്ക്കുന്നതിന്റെ ഭാഗമായി എല്ലാ ഹൗസിംഗ് കോംപ്ലക്സുകളും പ്രീഫാബ് ടെക്നോളജി ഉപയോഗിച്ച് നിർമ്മിക്കാനാണുദ്ദേശിക്കുന്നത്. ആദ്യഘട്ടമായി ഇടുക്കി ജില്ലയിലെ അടിമാലി ഗ്രാമപഞ്ചായത്തിൽ ഭവനം ഫൗണ്ടേഷൻ നിർമ്മിച്ച ഹൗസിംഗ് കോംപ്ലക്സ് 24.82 കോടി രൂപയ്ക്ക് ലൈഫ് മിഷൻ ഏറ്റെടുത്തിട്ടുണ്ട്. ഈ ഏഴ് നിലകളുള്ള കോംപ്ലക്സിലെ 217 വ്യത്യസ്ത അപ്പാർട്ടുമെന്റുകളിൽ 163 എണ്ണം ഉപയോഗത്തിലാണ്. ഓരോ അപ്പാർട്ട്മെന്റും 460 ചതുരശ്ര അടി വലിപ്പമുള്ളതും, ലിഫ്റ്റ്, അലക്കുന്നതിനായുള്ള സ്ഥലം, കമ്പോസ്റ്റ് പ്ലാന്റ്, ആരോഗ്യ ഉപകേന്ദ്രം, കുടുംബശ്രീ കൗൺസിലിംഗ് കേന്ദ്രം, യൂത്ത് ക്ലബ്ബ്, ജെൻഡർ ക്ലബ്ബ്, ക്രഷ് എന്നിങ്ങനെയുള്ള പൊതു സൗകര്യങ്ങളോടുംകൂടിയുള്ളതാണ്. കൂടാതെ ഗുണഭോക്താക്കൾക്ക് വിവിധ തരത്തിലുള്ള ജീവനോപാധി പരിശീലന പരിപാടികളും നൽകുന്നു.

2020 ഒക്ടോബർ മാസത്തോടെ സംസ്ഥാനത്ത് 84 ഹൗസിംഗ് കോപ്ലക്സുകൾ ലൈഫ് മിഷനിലൂടെ പൂർത്തീകരിക്കാനാണുദ്ദേശിക്കുന്നത്. ഇതിന്റെ നിർമ്മാണത്തിനുള്ള ഭരണാനുമതിയും ലഭ്യമായിട്ടുണ്ട്. പ്രാരംഭ ഘട്ടമായി ഓരോ ജില്ലകളിലും ഓരോന്ന് വീതം അപ്പാർട്ട്മെന്റ് കോംപ്ലക്സുകളാണ് നിർമ്മിക്കാനുദ്ദേശിക്കുന്നത്. ഇതിന്റെ ടെണ്ടർ രേഖകളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ലൈഫ് മിഷനിൽ നടന്നുകൊണ്ടിരിക്കുന്നു. കൂടാതെ സഹകരണ വകുപ്പിന്റെ കീഴിലെ കെയർ ഹോം പ്രോജക്ടിലൂടെ 14 അപ്പാർട്ട്മെന്റ് കോംപ്ലക്സുകളും സംസ്ഥാനത്തുടനീളം നിർമ്മിക്കാനുദ്ദേശിക്കുന്നു. നിർമ്മാണത്തിനായി തെരഞ്ഞെടുത്ത പ്രദേശങ്ങളിൽ മണ്ണ് പരിശോധന നടന്നുകൊണ്ടിരിക്കുകയാണ്. കൂടാതെ 56 അപ്പാർട്ട്മെന്റ് കോപ്ലക്സുകൾ കൂടി 2020–21 ൽ ലൈഫ് മിഷൻ നിർമ്മിക്കാനുദ്ദേശിക്കുന്നു. ഇതിനായുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരികയാണ്.

ഇതുകൂടാതെ ലൈഫ് മിഷൻ അപ്പാർട്ട്മെന്റ് കോംപ്ലക്സുകൾ നിർമ്മിക്കുന്നതിനായി 200 പ്രദേശങ്ങൾകൂടി കണ്ടെത്തിയിട്ടുണ്ട്. ഈ പ്രദേശങ്ങളിൽകൂടി അപ്പാർട്ട്മെന്റ് കോംപ്ലക്സുകളുടെ നിർമ്മാണം പൂർത്തിയാക്കുന്നതിലൂടെ ലൈഫ് മിഷന്റെ മൂന്നാംഘട്ടം പൂർത്തിയാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

ലൈഫ് മിഷൻ പദ്ധതി പ്രകാരം വീടുകൾ

നിർമ്മിക്കുമ്പോൾ ഗ്രാമപ്രദേശങ്ങളിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പുപദ്ധതിയുടെയും നഗര പ്രദേശങ്ങളിൽ അയ്യങ്കാളി തൊഴിൽ സൃഷ്ടിക്കൽ പദ്ധതിയുടെയും 90 തൊഴിൽ ദിനങ്ങൾ വീട് നിർമ്മാണത്തിന് വിനിയോഗിക്കാവുന്നതാണ്. ഇതിനുപുറമെ ലൈഫ് മിഷന്റെ ഗുണഭോക്താക്കൾക്ക് വേണ്ടി കുടുംബശ്രീ വഴി വനിതാ കെട്ടിട നിർമ്മാണ യൂണിറ്റുകൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

ആവർത്തിച്ചുണ്ടാകുന്ന പ്രളയത്തിന്റെയും മണ്ണിടിച്ചിലിന്റെയും പശ്ചാത്തലത്തിൽ വീടില്ലാത്തവർക്ക് സ്ഥായിയായതും പരിസ്ഥിതി സൗഹാർദ്ദവുമായ നിർമ്മാണം എന്നത് ലൈഫ് മിഷനെ സംബന്ധിച്ചിടത്തോളം വലിയ വെല്ലുവിളി ഉയർത്തുന്നുണ്ട്.

നിർമ്മാണ സാമഗ്രികൾക്ക് വേണ്ടി വരുന്ന വലിയ ചെലവ് ലൈഫ് മിഷന്റെ ഗുണഭോക്താക്കൾ നേരിടുന്ന ഒരു പ്രധാന പ്രശ്നമാണ്. ലൈഫ് മിഷൻ ഈ വിഷയം വിവിധ വിൽപ്പനക്കാരുമായി ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ പരമാവധി വില്പന വിലയെക്കാളും (എം.ആർ.പി) 20–60 ശതമാനം വരെ കുറഞ്ഞനിരക്കിൽ സാധനങ്ങൾ വിതരണം ചെയ്യാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. തത്ഫലമായി ഇലക്ട്രിക്കൽ ഫിറ്റിംഗ്സ്, വയറിംഗ് സാധനങ്ങൾ, പെയിന്റ്, സെറാമിക് മെറ്റീരിയൽ, പൈപ്പ് ഫിറ്റിംഗ്സ്, വാട്ടർ ടാങ്കുകൾ, സിമെന്റ് മുതലായവ കുറഞ്ഞ നിരക്കിൽ ലൈഫ് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നുണ്ട്. ഇതുവഴി ലൈഫ് ഗുണഭോക്താക്കൾക്ക് 50,000 രൂപ മുതൽ 1,00,000 ലക്ഷം രൂപയുടെ വരെ പ്രയോജനം ലഭിച്ചിട്ടുണ്ട്.

11.6 നവകേരള നിർമ്മാണം

ഇന്ത്യൻ സംസ്ഥാനങ്ങളിൽ ഏറ്റവും ജനസാന്ദ്രതയുള്ളതും പ്രകൃതിദുരന്തങ്ങൾ, ചലനാത്മകമായ കാലാവസ്ഥ, ആഗോളതാപനം എന്നിവയ്ക്ക് ഇരയായതുമായ കേരളത്തെ വിവിധതര-പ്രകൃതിദുരന്ത സാധ്യതാ മേഖലയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. കേരള സംസ്ഥാന ദുരന്ത നിവാരണ പദ്ധതിയിൽ സംസ്ഥാനത്തെ ബാധിക്കാവുന്ന 39 തരം പ്രകൃതിദുരന്ത നരവംശ അപകട സാധ്യതകൾ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. പ്രളയം, ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ, കാലാനുസൃതമായ വരൾച്ച പോലുള്ള അവസ്ഥകൾ, മിന്നൽ, കാട്ടുതീ, സോയിൽ പൈപ്പിംഗ്, തീരദേശത്തെ മണ്ണൊലിപ്പ്, സുനാമി, കാറ്റിന്റെ ഉയർന്ന വേഗത തുടങ്ങിയവയാണ് സംസ്ഥാനത്തെ ബാധിക്കുന്ന പ്രധാന പ്രകൃതി ദുരന്തങ്ങൾ. ഇതിൽ പ്രളയത്തിനുള്ള സാധ്യത കേരളത്തിൽ വളരെ കൂടുതലാണ്. കേരളത്തിന്റെ മൊത്തം ഭൂപ്രദേശത്തിന്റെ 14.5 ശതമാനവും, ചില ജില്ലകളിൽ 50 ശതമാനം വരെയും, പ്രളയസാധ്യതാ പ്രദേശങ്ങളാണ്. സംസ്ഥാനത്തെ വയനാട്, കോഴിക്കോട്, മലപ്പുറം, കോട്ടയം, ഇടുക്കി എന്നീ ജില്ലകളിലെ പശ്ചിമഘട്ട പ്രദേശങ്ങളിലെ മലയോര മേഖലകളിൽ ഉരുൾപൊട്ടലിനും മണ്ണിടിച്ചിലിനും സാധ്യതകൾ വളരെ കൂടുതലാണ്.

സംസ്ഥാനം തുടർച്ചയായി 2018, 2019 വർഷങ്ങളിൽ പ്രളയ ഉരുൾപൊട്ടൽ ദുരന്തങ്ങൾ അഭിമുഖീകരിച്ചു. 2018 ആഗസ്റ്റിൽ കേരളത്തിലുണ്ടായ കനത്തമഴ കഴിഞ്ഞ ഒൻപത് ദശകങ്ങളിൽ സംസ്ഥാനത്തുണ്ടായ ഏറ്റവും തീവ്രവും അതിശക്തവുമായ മഴയാണ്. ഇതുമായി താരതമ്യപ്പെടുത്താവുന്ന ഒരു പ്രകൃതി ദുരന്തം സംസ്ഥാനത്ത് ഇതിനുമുമ്പ് ഉണ്ടായത് 1924-ലെ പ്രളയം ആണ്. (കൊല്ലവർഷം 1099, ഇതിനെ "99 ലെ പ്രളയം"എന്നറിയപ്പെടുന്നു). 2018-ലെ പ്രളയത്തിന് സംസ്ഥാനം സാക്ഷ്യം വഹിക്കുന്നത് വരെ ഇന്നത്തെ തലമുറയ്ക്ക് 99 ലെ പ്രളയം ഒരു പഴംകഥ മാത്രമായിരുന്നു. 2019 ലും കേരളത്തിൽ പ്രളയം ആവർത്തിച്ചു.

2018 ലെ പ്രളയം

സംസ്ഥാനത്ത് 2018 ജൂൺ ഒന്ന് മുതൽ ആഗസ്റ്റ് 19 വരെ, സാധാരണയായി ലഭിക്കേണ്ട 1,649.5 മില്ലിലിറ്റർ മഴയേക്കാൾ, 42 ശതമാനം ഉയർന്ന് 2,346.6 മില്ലിമീറ്റർ അസാധാരണമായ ഉയർന്ന മഴയാണ് ലഭിച്ചത്. 2018 ജൂൺ, ജൂലൈ, ആഗസ്റ്റ് (1 മുതൽ 19 വരെ) മാസങ്ങളിൽ സംസ്ഥാനത്ത് ലഭിക്കേണ്ട സാധാരണ മഴയേക്കാൾ യഥാക്രമം 15 ശതമാനം, 18 ശതമാനം, 164 ശതമാനം മഴയാണ് ലഭിച്ചത്. എന്നാൽ 2018 ആഗസ്റ്റ് 8 മുതൽ ലഭിച്ച കനത്ത മഴ, പ്രത്യേകിച്ചും ആഗസ്റ്റ് 15 മുതൽ 17 വരെ ലഭിച്ച അതിശക്തമായ കനത്ത മഴ, സംസ്ഥാനത്ത് വൻ പ്രളയത്തിന് കാരണമായി. ആലപ്പുഴ, എറണാകുളം, ഇടുക്കി, കോട്ടയം, പത്തനംതിട്ട, തൃശ്ശൂർ, വയനാട് ജില്ലകളെയാണ് ഏറ്റവും അധികം ബാധിച്ചത്. സംസ്ഥാനത്തുടനീളം 35 ഡാമുകൾ തുറന്നു വിടേണ്ടതായിവന്നു. വയനാട്, ഇടുക്കി ജില്ലകളിൽ ലഭിച്ച കനത്ത മഴ വിനാശകരമായ ഉരുൾപൊട്ടലുകൾക്ക് കാരണമായി. കനത്ത മഴ ഏറ്റവുമധികം ബാധിച്ച പ്രദേശങ്ങൾ വയനാട് (കബനി ഉപ-നദീതട പ്രദേശങ്ങൾ), ഇടുക്കി (പെരിയാർ ഉപ-നദീതട പ്രദേശങ്ങൾ), ആലുവയും ചാലക്കുടിയും (പെരിയാർ, ചാലക്കുടി ഉപ-നദീതട പ്രദേശങ്ങൾ) ചെങ്ങന്നൂർ, പത്തനംതിട്ട (പമ്പ ഉപ-നദീതട പ്രദേശങ്ങൾ) എന്നിവയാണ്. സംസ്ഥാനത്തെ 10 ജില്ലകളിലായി 341 ചെറുതും വലുതുമായ ഉരുൾപൊട്ടലുകളാണ് ഉണ്ടായത്. ഇടുക്കി ജില്ലയിൽ മാത്രം 143 ഉരുൾപൊട്ടലുകളാണ് റിപ്പോർട്ട് ചെയ്തത്.

2018-ലെ പ്രളയം സംസ്ഥാനത്തെ 80 ശതമാനം (1,259) വില്ലേജുകളേയും 54 ലക്ഷം ജനങ്ങളെയും നേരിട്ട് ബാധിച്ചു. ആകെ 433 പേർക്ക് ജീവൻ നഷ്ടപ്പെടുകയും 14 ലക്ഷം പേരെ ഒഴിപ്പിക്കേണ്ടിയും വന്നു. ജീവൻ നഷ്ടപ്പെട്ടവരിൽ 268 (62 ശതമാനം) പുരുഷന്മാരും, 98 (23 ശതമാനം) സ്ത്രീകളും, 67(15ശതമാനം)

കുട്ടികളുമാണ്. സംസ്ഥാനത്തെ 12,251 ദുരിതാശ്വാസ ക്യാമ്പുകളിലായി 15 ലക്ഷത്തിലധികം ആളുകൾക്ക് അഭയം നൽകി. കൂടാതെ ആയിരക്കണക്കിനാളുകൾ സുഹൃത്തുക്കളുടെയും ബന്ധുക്കളുടെയും വീടുകളിൽ അഭയം തേടി. സംസ്ഥാനത്തെ 1,700 സ്കൂളുകൾ ദുരിതാശ്വാസ ക്യാമ്പുകളായി. 1.75 ലക്ഷത്തിലധികം കെട്ടിടങ്ങൾക്ക് പൂർണമായോ ഭാഗികമായോ ആയ കേടുപാടുകൾ സംഭവിച്ചു. പ്രളയം സംസ്ഥാനത്തെ 1,613 സ്കൂളുകളെ ബാധിക്കുകയും, 322 ലധികം ആരോഗ്യ സംവിധാനങ്ങൾ പൂർണ്ണമായോ ഭാഗികമായോ നശിക്കുന്നതിന് കാരണമാകുകയും ചെയ്തു. ഏകദേശം 74.5 ലക്ഷം തൊഴിലാളികളെയും, 22.8 ലക്ഷം കുടിയേറ്റക്കാരെയും, 34,800 ചെറുകിട ഇടത്തരം സംരംഭങ്ങളിൽ തൊഴിൽ ചെയ്യുന്നവരെയും, 35,000 തോട്ടം തൊഴിലാളികളെയും പ്രളയം ബാധിച്ചിരുന്നു (പി.ഡി.എൻ.എ 2018). പ്രളയാനന്തരം 6.9 ലക്ഷം വീടുകൾ താമസ യോഗ്യമാക്കുന്നതിനായി വൃത്തിയാക്കേണ്ടിവന്നു. മുഴുവൻ സർക്കാർ സംവിധാനങ്ങളെ ഏകോപിപ്പിച്ചുകൊണ്ട് ജനങ്ങളുടെ സജീവ പങ്കാളിത്തത്തോടുകൂടി, പ്രത്യേകിച്ചും 669 മത്സ്യബന്ധന വള്ളങ്ങളുടെ സഹായത്തോടെ പ്രളയത്തിൽ അകപ്പെട്ട 65,000 ൽ അധികം പേരുടെ ജീവൻ രക്ഷിച്ച, യഥാർത്ഥ ഹീറോകളായ, 4,537 മത്സ്യത്തൊഴിലാളികളുടെ സേവനം പ്രയോജനപ്പെടുത്തി കൊണ്ട്, രക്ഷാപ്രവർത്തനങ്ങളും ദുരിതാശ്വാസ പ്രവർത്തനങ്ങളുമായി സംസ്ഥാന സർക്കാർ അതിവേഗം പ്രതികരിച്ചു. പ്രളയത്തെ നേരിടുന്നതിനായി സംസ്ഥാന സർക്കാർ കേന്ദ്ര-സംസ്ഥാന സേനകളെ അണിനിരത്തുകയുണ്ടായി. മുഴുവൻ രക്ഷാപ്രവർത്തന ഉപകരണങ്ങളുമായി 4,100 പേരടങ്ങുന്ന കേരള ഫയർ ആൻഡ് റെസ്ക്യൂ സർവീസസ്, 207 ബോട്ടുകളും 58 ടീമുകളുമായി ദേശീയ ദുരന്തനിവാരണ സേന (എൻ.ഡി.ആർ.എഫ്), കരസേനയുടെ 23 ടീമുകൾ, നാവികസേനയുടെ 94 റെസ്ക്യൂ ടീമുകൾ, ഒരു മെഡിക്കൽ സംഘം, 9 ഹെലികോപ്റ്ററുകൾ, 2 എയർക്രാഫ്റ്റ്കൾ 94 ബോട്ടുകൾ കോസ്റ്റ്ഗാർഡിന്റെ 36 ടീമുകൾ, 49 ബോട്ടുകൾ, 2 എയർക്രാഫ്റ്റ്കൾ, 27 വാടക ബോട്ടുകൾ, വായു സേനയുടെ 22 ഹെലികോപ്റ്ററുകൾ, 23 എയർക്രാഫ്റ്റ്കളും, 10 ടീമുകളുമായി കേന്ദ്ര റിസർവ്വ് പോലീസ്സേനയും, 2 കമ്പനി അതിർത്തി സുരക്ഷാ സേനയും ഒരു ജലവാഹനവും സംസ്ഥാനത്ത് രക്ഷാപ്രവർത്തനങ്ങളിലും ദുരിതാശ്വാസ പ്രവർത്തനങ്ങളിലും ഏർപ്പെട്ടു.

2018-ലെ പ്രളയത്തിലും ഉരുൾപൊട്ടലിലും വീടുകൾ, എല്ലാതരം റോഡുകൾ, റെയിൽവേ, പാലങ്ങൾ, വൈദ്യുതി വിതരണ സംവിധാനങ്ങൾ, ജലസേചനം, കുടിവെള്ള വിതരണം, വാർത്താവിനിമയ ശൃംഖല, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവയ്ക്ക് വളരെയധികം നാശനഷ്ടങ്ങളുണ്ടായി. കൂടാതെ കൃഷി, മത്സ്യബന്ധനം, മൃഗസംരക്ഷണം എന്നീ മേഖലകളെ സാരമായി ബാധിച്ചു. ഇത് സംസ്ഥാനത്തെ ലക്ഷകണക്കിന് ആളുകളുടെ ജീവിതത്തെയും ജീവനോപാധികളേയും പ്രതികൂലമായി ബാധിച്ചു. പോസ്റ്റ് ഡിസാസ്റ്റർ നീഡ് അസെസ്സ്മെന്റ് (പി.ഡി.എൻ.എ) റിപ്പോർട്ട് അനുസരിച്ച് കണക്കാക്കിയ മൊത്തം നാശനഷ്ടങ്ങൾ (ഗതാഗതം, വൈദ്യുതി, ജലസേചനം, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ, വ്യാപാരികളുടെയും ബിസിനസ്സ് യൂണിറ്റുകളുടെയും നാശനഷ്ടങ്ങൾ എന്നിവ ഉൾപ്പെടുത്താതെ) 42,425.0 കോടി രൂപയാണ്. പൂർവ്വസ്ഥിതി കൈവരിക്കുന്നതിനായി 31,000 കോടി രൂപ ചെലവ് വരുമെന്ന് റിപ്പോർട്ട് കണക്കാക്കുന്നു. 2018-ലെ പ്രളയത്തിലുണ്ടായ നാശനഷ്ടങ്ങളുടെ കണക്കുകൾ **പട്ടിക 11.6.1**-ൽ നൽകിയിട്ടുണ്ട്.

വിവിധ മേഖലകളുടെ വീണ്ടെടുക്കൽ ആവശ്യങ്ങൾ കണക്കാക്കിയത് അനുസരിച്ച് അടിസ്ഥാനസൗകര്യ മേഖലയിലാണ് ഏറ്റവും അധികം ചെലവ് വരുന്നത് (51 ശതമാനം). സാമൂഹ്യ മേഖലയിൽ 20 ശതമാനവും ഉൽപാദന മേഖലയിൽ 15 ശതമാനവും ക്രോസ്സ് കട്ടിംഗ് വിഭാഗത്തിൽ 14 ശതമാനവും വീണ്ടെടുക്കൽ ആവശ്യമായി വരുന്നതായി കണക്കാക്കുന്നു(**ചിത്രം11.6.1**).

പട്ടിക 11.6.1, 2018 ലെ പ്രളയത്താലുള്ള നാശനഷ്ടങ്ങളുടെ കണക്കാക്കൽ, രൂപ കോടിയിൽ

ക്രമ നമ്പർ	മേഖല	കേടുപാടുകൾ	നഷ്ടങ്ങൾ	കേടുപാടുകൾ + നഷ്ടങ്ങൾ	മൊത്തം വീണ്ടെടുപ്പ് ആവശ്യങ്ങൾ
1	ഉല്പാദനം	2,975.0	4,180.0	7,155.0	4,498.0
2	സാമൂഹികം	5,743.0	1,448.0	7,191.0	6,337.0
3	അടിസ്ഥാനസൗകര്യ മേഖല	890.0*	471.0*	1,361.0*	15,659.0
4	ക്രോസ് കട്ടിംഗ്	10,561.0	16,159.0	26,718.0	42,21.0
5	സംയോജിത ജലവിഭവ മാനേജ്മെന്റ്				24.0
	ആകെ	20,169.0	22,258.0	42,425.0	30,739.0
	ആകെ (റൗണ്ട് ചെയ്തത്)				31,000.0

* ഗതാഗതം, വൈദ്യുതി, ജലസേചനം, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ, വ്യാപാരികളുടെയും ബിസിനസ്സ് യൂണിറ്റുകളുടെയും നാശനഷ്ടങ്ങൾ എന്നിവ ഉൾപ്പെടുത്താതെ.
അവലംബം: പി ഡി എൻ എ റിപ്പോർട്ട് 2018, യു എൻ ഡി പി.

ചിത്രം 11.6.1 വിവിധ മേഖലകളുടെ വീണ്ടെടുക്കൽ ആവശ്യങ്ങൾ,ശതമാനത്തിൽ.



അവലംബം: പി ഡി എൻ എ റിപ്പോർട്ട് 2018, യു എൻ ഡി പി

2019–ലെ പ്രളയം

കേരളം 2019–ലും പ്രളയത്തിനും ഉരുൾ പൊട്ടലുകൾക്കും സാക്ഷ്യം വഹിച്ചു. സാധാരണയായി ജൂൺ ജൂലൈ മാസങ്ങളാണ് കേരളത്തിലെ മഴക്കാലം. എന്നാൽ 2019 ജൂലൈ 31 വരെ സംസ്ഥാനത്ത് ലഭിച്ച മഴ സാധാരണ മഴയേക്കാൾ 32 ശതമാനം കുറവായിരുന്നു. എന്നാൽ 2019 ആഗസ്റ്റ് മാസത്തിൽ സാധാരണ ലഭിക്കേണ്ട 426.7 മില്ലി മീറ്റർ മഴയേക്കാൾ 123 ശതമാനം അധികമായി മഴ ലഭിച്ചു (951.4 മില്ലീമീറ്റർ). ബംഗാൾ ഉൾക്കടലിൽ രൂപം കൊണ്ട ന്യൂന മർദ്ദവും തുടർന്നുണ്ടായ ശക്തമായ മൺസൂൺ കാറ്റുമാണ് ഇതിന് കാരണം. 2019 ആഗസ്റ്റ് മാസത്തിൽ സംസ്ഥാനത്ത് ലഭിച്ച യഥാർത്ഥ മഴയും ദീർഘകാല ശരാശരി മഴയുടേയും (സാധാരണ മഴ) വിവരങ്ങൾ ചിത്രം 11.6.2 ൽ നൽകിയിരിക്കുന്നു.

2019 ആഗസ്റ്റിൽ ഏറ്റവും അധികം മഴ രേഖപ്പെടുത്തിയത് 176 ശതമാനം മഴ ലഭിച്ച കോഴിക്കോട് ജില്ലയിലാണ് (1,407.8 മില്ലിമീറ്റർ). കൂടുതൽ മഴ ലഭിച്ച മറ്റ് ജില്ലകൾ, കാസർഗോഡ് (1,194.5 മില്ലിമീറ്റർ), വയനാട് (1,190.8 മില്ലിമീറ്റർ), കണ്ണൂർ (1,107.2 മില്ലി മീറ്റർ), മലപ്പുറം (1,084.2 മില്ലിമീറ്റർ), തൃശ്ശൂർ (1,062.0 മില്ലിമീറ്റർ), പാലക്കാട് (1,030.6

ചിത്രം 11.6.2, 2019 ആഗസ്റ്റ് മാസത്തിൽ സംസ്ഥാനത്ത് ലഭിച്ച യഥാർത്ഥ മഴയും ദീർഘകാല ശരാശരി മഴയുടേയും (സാധാരണ മഴ) വിവരങ്ങൾ, മഴയുടെ അളവ് മില്ലി മീറ്ററിൽ



അവലംബം: പി ഡി എൻ എ റിപ്പോർട്ട് 2018, യു എൻ ഡി പി

ചിത്രം 11.6.3 2019 ആഗസ്റ്റ് മാസത്തിൽ സംസ്ഥാനത്തെ ജില്ലകളിൽ ലഭിച്ച മഴയുടെ അളവിലുണ്ടായ വ്യതിയാനം, ശതമാനത്തിൽ



അവലംബം : പി ഡി എൻ എ റിപ്പോർട്ട് 2018, യു എൻ ഡി പി

മില്ലി മീറ്റർ), എറണാകുളം (957.7 മില്ലിമീറ്റർ) എന്നീ ജില്ലകളിലാണ്. 2019-ലെ പ്രളയം ഏറ്റവും അധികം ബാധിച്ചത് മധ്യവടക്കൻ ജില്ലകളായ കോഴിക്കോട് (176 ശതമാനം അധികമഴ), വയനാട് (110 ശതമാനം അധികമഴ), മലപ്പുറം (176 ശതമാനം അധികമഴ), പാലക്കാട് (217 ശതമാനം അധികമഴ), തൃശ്ശൂർ (127 ശതമാനം അധികമഴ), എറണാകുളം (140 ശതമാനം അധികമഴ) എന്നീ ജില്ലകളായിരുന്നു. 2019 ആഗസ്റ്റ് മാസത്തിൽ സംസ്ഥാനത്തെ ജില്ലകളിൽ ലഭിച്ച മഴയുടെ അളവിലുണ്ടായ വ്യതിയാനത്തിന്റെ വിശദാംശങ്ങൾ **ചിത്രം 11.6.3** ൽ നൽകിയിട്ടുണ്ട്.

2019 ആഗസ്റ്റ് 6 മുതൽ 14 വരെ സംസ്ഥാനത്ത് പെയ്ത അതിതീവ്രമഴയാണ് വിനാശകരമായ വെള്ളപ്പൊക്കത്തിനും ഉരുൾ പൊട്ടലിനും കാരണമായത്. ഈ കാലയളവിൽ സംസ്ഥാനത്ത് 602.2 മില്ലി മീറ്റർ മഴ ലഭിച്ചു. ഇത് സാധാരണ മഴയേക്കാൾ (122.0 മില്ലി മീറ്റർ) 394 ശതമാനം കൂടുതലാണ്. സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ മെമ്മോറാണ്ടം അനുസരിച്ച് എല്ലാ ജില്ലകളിലും, ഏറ്റവും കൂടുതൽ മഴ ലഭിച്ച സമയത്ത്, 300 ശതമാനത്തിലധികം മഴ ലഭിച്ചു. 2018 ആഗസ്റ്റ് മാസവുമായി താരതമ്യപ്പെടുത്തുമ്പോൾ 2019 ആഗസ്റ്റിൽ അതിതീവ്ര മഴയുടെ എണ്ണം കുറവായിരുന്നുവെങ്കിലും 2019 ആഗസ്റ്റിൽ മഴയുണ്ടായിരുന്ന ദിവസങ്ങളുടെ എണ്ണം കൂടുതലായിരുന്നു. സംസ്ഥാനത്ത് 14 ജില്ലകളിൽ 10 എണ്ണത്തിലും പ്രതിമാസ സഞ്ചിതമഴ 2018 ആഗസ്റ്റിനേക്കാൾ കൂടുതലും ആയിരുന്നു. 2018-ലെ പ്രളയം മധ്യ/ തെക്കൻ ജില്ലകളെയാണ് അധികം ബാധിച്ചതെങ്കിൽ, 2019 ലെ പ്രളയം വടക്കൻ ജില്ലകളെയാണ് ഏറ്റവും കൂടുതൽ ബാധിച്ചത്.

രക്ഷാപ്രവർത്തനങ്ങളും ദുരിതാശ്വാസ പ്രവർത്തനങ്ങളുമായി സംസ്ഥാന സർക്കാർ അതിവേഗം വീണ്ടും പ്രവർത്തിച്ചു. 2019 ആഗസ്റ്റ് മാസം എട്ടാം തീയതി സംസ്ഥാന സർക്കാർ എമർജൻസി ഓപ്പറേഷൻ സെൻറർ ആരംഭിച്ചു. കേന്ദ്ര-സംസ്ഥാന സേനകളായ, ദേശീയ ദുരന്ത നിവാരണ സേന, കരസേന, വായുസേന, കോസ്റ്റ് ഗാർഡ്, ഇടിഎഫ് എം.ആർ.സി, കേരള പോലീസ്, ഫയർ ആന്റ് റെസ്ക്യൂ സർവീസുകൾ തുടങ്ങിയവയെ വിന്യസിച്ചുകൊണ്ട് രക്ഷാപ്രവർത്തനം ആരംഭിച്ചു. പൊതുജനങ്ങൾക്ക് കൃത്യമായ വിവരങ്ങൾ സമയബന്ധിതമായി നൽകി. പ്രളയബാധിത പ്രദേശങ്ങളിൽ നിന്നും ജനങ്ങളെ വേഗത്തിലും ശ്രദ്ധാപൂർവ്വം മാറ്റുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു. സംസ്ഥാനത്തെ അണക്കെട്ടുകളുടെ പ്രവർത്തനങ്ങൾ സൂക്ഷ്മമായി നിരീക്ഷിക്കുകയും തുടർന്ന് അണക്കെട്ടുകളിൽ നിന്നും ജലം തുറന്ന് വിടുന്നത് സംബന്ധിച്ച വിവരങ്ങൾ യഥാസമയം പൊതുജനങ്ങളെ അറിയിക്കുകയും ചെയ്തു. പ്രളയബാധിത പ്രദേശങ്ങളിലേയ്ക്ക് ആവശ്യമായ സാധനങ്ങളുടെ മെച്ചപ്പെട്ട വിതരണം സാധ്യമാക്കുന്നതിന് വേണ്ടിയുള്ള വെബ് പോർട്ടൽ പുനരാരംഭിച്ചു. സംസ്ഥാന സർക്കാരിന്റെ അടിയന്തിര രക്ഷാ-ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഫലമായി ദുരന്തത്തിന്റെ ആഘാതം പരമാവധി കുറയ്ക്കാൻ കഴിഞ്ഞുവെങ്കിലും 125 പേരുടെ ജീവൻ നഷ്ടപ്പെടുകയും, 42 പേർക്ക് പരിക്കേൽക്കുകയും 6.1 ലക്ഷം ആളുകളെ 3,151 ദുരിതാശ്വാസ ക്യാമ്പുകളിലേക്ക് മാറ്റേണ്ടതായും വന്നു.

2019-ലെ വിനാശകരമായ പ്രളയവും ഉരുൾ പൊട്ടലും സംസ്ഥാനത്തെ 1,030 ഗ്രാമങ്ങളെ ബാധിച്ചു. സംസ്ഥാനത്തെ 1,967 വീടുകൾ പൂർണമായും, 19,297

പട്ടിക 11.6.2 2019 ലെ പ്രളയത്തെ ത്തെത്തുടർന്നുണ്ടായ നാശനഷ്ടങ്ങളുടെ കണക്കുകൾ, രൂപ ലക്ഷത്തിൽ

ക്രമ നമ്പർ	മേഖല / ദുരിതാശ്വാസം	കണക്കാക്കിയ തുക (രൂപ ലക്ഷത്തിൽ)
1	ആശ്വാസമായി നൽകിയ തുക • മരണമടഞ്ഞവരുടെ കുടുംബങ്ങൾക്ക് – @ 4 ലക്ഷം രൂപ / വ്യക്തി, • ആശുപത്രിയിൽ പ്രവേശനം ആവശ്യമായ ഗുരുതരമായ പരിക്ക്–@ 4,300 രൂപ / വ്യക്തി • വീടുകൾ പൂർണ്ണമായും തകർന്ന കുടുംബങ്ങൾക്ക് വസ്ത്രങ്ങളുടെയും പാത്രങ്ങളുടെയും ചെലവുകൾ, • ജീവനോപാധികളെ വളരെ പ്രതികൂലമായി ബാധിച്ച കുടുംബങ്ങൾക്ക് ഉള്ള സഹായം	37,421.8
2	ആശ്വാസ നടപടികൾ– • താൽക്കാലിക താമസം – ദുരിതാശ്വാസ ക്യാമ്പുകൾ നടത്തുന്നതിനുള്ള ചെലവ് (20 ദിവസത്തേക്ക് / 200 രൂപ / വ്യക്തി) • ഗ്രാമീണ നഗരപ്രദേശങ്ങളി ലെ അടിയന്തര കുടിവെള്ള വിതരണ ചെലവ്	24,514.4
3	തിരയൽ, രക്ഷാപ്രവർത്തനങ്ങൾ– പ്രളയം ബാധിച്ച/ ബാധിക്കാനിടയുള്ള ആളുകളെ ഒഴിപ്പിക്കൽ തിരച്ചിൽ, രക്ഷാപ്രവർത്തനച്ചെലവ്	270.3
4	പൊതു ഭൂമിയിൽ നിന്നുള്ള അവശിഷ്ടങ്ങൾ നീക്കം ചെയ്യുന്നതിനുള്ള ചെലവ്	1,272.0
5	കൃഷിയിലെ –നഷ്ടം	6,635.8
6	പാർപ്പിടം – നാശനഷ്ടങ്ങൾ	74,858.3
7	മത്സ്യബന്ധനം–ബോട്ടുകൾക്കും വലകൾക്കും ഉണ്ടായ നാശനഷ്ടങ്ങൾ	609.6
8	മൃഗസംരക്ഷണം – നഷ്ടം	4,470.7
9	വൈദ്യുതി (പുന സ്ഥാപിക്കുന്നതിനുള്ള ചെലവ്)	10,227.2
10	പൊതുമരാമത്ത്– റോഡുകൾക്കും പാലങ്ങൾക്കും ഉണ്ടായ നാശനഷ്ടങ്ങൾ	20,349.4
11	ജലസേചനവും കുടി വെള്ളവും – നാശനഷ്ടങ്ങൾ	12,725.7
12	പൊതു ഉടമസ്ഥതയിലുള്ള ആസ്തികൾക്ക്ഉണ്ടായ നാശനഷ്ടം	16,832.7
	ആകെ	2,10,188.1

അവലംബം: മെമ്മോറാണ്ടം, സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി

വീടുകൾക്ക് വളരെയധികം കേടുപാടുകളും, 2.16 ലക്ഷം വീടുകൾക്ക് (പ്രളയം ബാധിച്ചതും വൃത്തിയാക്കിയതുമായ) ഭാഗികമായ നാശങ്ങളും വരുത്തി. 3,900.17 കിലോമീറ്റർ റോഡുകൾ, 95 പാലങ്ങൾ, 91 സ്കൂൾ കെട്ടിടങ്ങൾ, 61 പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ, 283 അംഗനവാടികൾ എന്നിവയ്ക്ക് നാശനഷ്ടങ്ങൾ വരുത്തി. കൂടാതെ ഇത് കൃഷി, ജലസേചനം, ജലവിതരണം, വൈദ്യുതി, മത്സ്യബന്ധനം, കന്നുകാലികൾ എന്നിവയെ സാരമായി ബാധിക്കുകയും സംസ്ഥാനത്തെ ലക്ഷക്കണക്കിന് ആളുകളുടെ ജീവിതത്തെയും ജീവനോപാധികളേയും പ്രതികൂലമായി ബാധിക്കുകയും ചെയ്തു. സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ ദ്രുതവിലയിരുത്തൽ പ്രകാരം 2019–ലെ പ്രളയത്തിന്റെ ഫലമായി സംസ്ഥാനത്തുണ്ടായ നാശനഷ്ടങ്ങൾ, ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് ആവശ്യമായ തുക ഉൾപ്പെടെ, 2,101.88 കോടി രൂപയായിരുന്നു എന്ന് കണക്കാക്കുന്നു. ഇതിന്റെ കൂടുതൽ വിവരങ്ങൾ **പട്ടിക** 11.6.2–ൽ നൽകിയിട്ടുണ്ട്.

പ്രളയാനന്തര പുനഃസ്ഥാപന പ്രവർത്തനങ്ങൾ – ഒറ്റനോട്ടത്തിൽ

വിനാശകരമായ പ്രളയത്തിന്റേയും ഉരുൾപൊട്ടലിന്റേയും ഫലമായി ജനങ്ങളുടെ സ്വത്തിനും ഉപജീവനമാർഗ്ഗങ്ങൾക്കും ഉണ്ടായ നാശനഷ്ടങ്ങൾ പരിഹരിച്ച് പുനഃസ്ഥാപനം ഉറപ്പാക്കി ചുരുങ്ങിയ സമയത്തിനുള്ളിൽ പ്രളയ ദുരിതം അനുഭവിക്കുന്നവരെ സാധ്യമായ രീതിൽ സാധാരണ ജീവിതത്തിലേക്ക് മടങ്ങാൻ പ്രാപ്തരാക്കുക എന്നതായിരുന്നു സംസ്ഥാന സർക്കാരിന്റെ അടിയന്തിര കർത്തവ്യം. പൊതുവായ അടിസ്ഥാന സൗകര്യ സംവിധാനങ്ങൾ, ഭൂമിയ്ക്കും പ്രകൃതിദത്തസംവിധാനങ്ങൾ എന്നിവയ്ക്കുണ്ടായ നാശനഷ്ടങ്ങൾ പരിഹരിച്ച് പുനസ്ഥാപിക്കുന്നതിന് വളരെയധികം ഫണ്ടും സമയവും ആവശ്യമായതിനാൽ, അടിയന്തിര വീണ്ടെടുക്കൽ നടപടികൾ ഉടൻ ആരംഭിക്കുവാൻ സംസ്ഥാന സർക്കാർ തീരുമാനിച്ചു. അപ്രതീക്ഷിതമായ പ്രളയദുരന്തം സംസ്ഥാന സർക്കാരിന് വളരെയധികം സാമ്പത്തിക വെല്ലുവിളികൾ സൃഷ്ടിച്ചുവെങ്കിലും വാർഷിക പദ്ധതിയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി അടിയന്തര പുനഃസ്ഥാപന പ്രവർത്തനങ്ങൾക്കാവശ്യമായ ഫണ്ട് കണ്ടെത്തുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിക്കുകയുണ്ടായി. എല്ലാ പ്രധാന വകുപ്പുകളും

പട്ടിക 11.6.3 പ്രളയത്തിൽ നാശനഷ്ടം സംഭവിച്ച വീടുകൾക്ക് 2019 ഡിസംബർ 5 വരെ നൽകിയ തുകയുടെ വിവരങ്ങൾ, രൂപ കോടിയിൽ

ക്രമ നമ്പർ	പ്രളയത്തിൽ നാശനഷ്ടം സംഭവിച്ച വീടുക ളുടെ വിഭാഗം	എണ്ണം	നൽകിയ തുക (രൂപ കോടിയിൽ)
1	15% ൽ കുറവോ തുല്യമോ	1,59,283	158.637
2	16% മുതൽ 29% വരെ	1,11,354	664.524
3	30% മുതൽ 59% വരെ	47,214	585.350
4	60% മുതൽ 74% വരെ	17,781	438.775
		ആകെ	1,847.286

അവലംബം: ആർ കെ ഐ

അവരുടെ മേഖലകളിൽ പുന:സ്ഥാപന/ പുനർനിർമ്മാണ പ്രവർത്തനങ്ങൾക്ക് പ്രോജക്ടുകൾ തയ്യാറാക്കി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

2018-ലെ ദുരന്തത്തിന് തൊട്ടുപിന്നാലെ അടിസ്ഥാന ആവശ്യങ്ങൾക്കുപോലും വിഭവങ്ങൾ സമാഹരിക്കുന്നതിന് പ്രളയബാധിത കുടുംബങ്ങൾക്കുള്ള ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് ദുരിതബാധിതരായ ജനങ്ങൾക്ക് അടിയന്തിര സാമ്പത്തിക സഹായം നൽകാൻ സംസ്ഥാന സർക്കാർ തീരുമാനിച്ചു. അടിയന്തിര സാമ്പത്തിക സഹായമായി ഒരു കുടുംബത്തിന് 10,000 രൂപ എന്ന നിരക്കിൽ 6.87 ലക്ഷം കുടുംബങ്ങൾക്ക് 687.84 കോടി രൂപ സർക്കാർ നൽകി. ദുരിതാശ്വാസ ക്യാമ്പുകളിൽ നിന്ന് നാട്ടിലേക്ക് മടങ്ങിയവർക്ക് 22 അവശ്യസാധനങ്ങൾ അടങ്ങിയ 7,24,352 കിറ്റുകളും തുടർന്ന് 500 രൂപ വിലവരുന്ന ഭക്ഷ്യവസ്തുക്കൾ അടങ്ങിയ 10,50,838 കിറ്റുകളും വിതരണം ചെയ്തു. ഇതിനായി 51.54 കോടി രൂപ ചെലവഴിച്ചു.

അടുത്ത ഘട്ടമായി പ്രളയത്തിൽ തകർന്നതോ നഷ്ടപ്പെട്ടതോ ആയ വീടുകളുടെ അറ്റകുറ്റപ്പണികൾക്കും പുനർനിർമ്മാണത്തിനുമാണ് സർക്കാർ ഊന്നൽ നൽകിയത്. ഇതിനായി റവന്യൂ ഉദ്യോഗസ്ഥരും പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരും ചേർന്ന് തകർന്നതും നഷ്ടപ്പെട്ടതുമായ വീടുകളുടെ വിപുലമായ സർവേ നടത്തി. നാശനഷ്ടങ്ങൾ ഉണ്ടായ വീടുകളെ അതിന്റെ തീവ്രതയുടെ അടിസ്ഥാനത്തിൽ 5 വിഭാഗങ്ങളായി തിരിച്ചു. 2018-ലെ പ്രളയത്തിൽ സംസ്ഥാനത്താകെ 17,623 വീടുകൾ പൂർണമായും നഷ്ടപ്പെടുകയോ കേടുപാടുകൾ തീർക്കാൻ കഴിയാത്ത വിധം നശിച്ചുപോകുകയോ ചെയ്തിട്ടുണ്ട്. അതേസമയം വീട് സ്വന്തമായി നിർമ്മിക്കാൻ താല്പര്യമുള്ള എല്ലാവർക്കും പുതിയ ഭവന നിർമാണത്തിനായി നാല് ലക്ഷം രൂപ വീതം നൽകാൻ സർക്കാർ തീരുമാനിച്ചു. ഇതിൽ മൂന്നു ലക്ഷം രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ (സി.എം.ഡി.ആർ.എഫ്) ലഭിച്ച സംഭാവനകളിൽ നിന്നും, ബാക്കി തുക സംസ്ഥാന ദുരന്ത നിവാരണ ഫണ്ടിൽ നിന്നും നൽകാനും തീരുമാനിച്ചു. അതുപോലെ മറ്റു വിഭാഗങ്ങൾക്കായി സി.എം.ഡി.ആർ.എഫ് ൽ ലഭിച്ച സംഭാവനകളുടെ സഹായത്തോടുകൂടി വീടുകൾക്ക് നാശനഷ്ടങ്ങൾ സംഭവിച്ച കുടുംബങ്ങൾക്ക് നൽകേണ്ട തുക സംസ്ഥാന സർക്കാർ ഗണ്യമായി വർദ്ധിപ്പിച്ചു. പൂർണ്ണമായും തകർന്ന 17,623 വീടുകളിൽ 9,409 വീടുകൾ, 2019 ഡിസംബർ 5 വരെ, പുനർനിർമ്മിച്ചു. കൂടാതെ ഓരോ വിഭാഗത്തിനും നൽകേണ്ട നഷ്ടപരിഹാരം സർക്കാർ നിശ്ചയിക്കുകയും തുക നൽകുകയും ചെയ്തു. 2019 ഡിസംബർ 5 വരെ നൽകിയ തുകയുടെ വിശദാംശങ്ങൾ പട്ടിക 11.6.3-ൽ നൽകിയിട്ടുണ്ട്.

2018-ൽ ഉണ്ടായ പ്രളയത്തിൽ സംസ്ഥാനത്തെ 2.37 ലക്ഷം ഹെക്ടർ കൃഷിഭൂമിയിൽ വിളനാശം ഉണ്ടായി. വിളനാശത്തിന് നഷ്ടപരിഹാരത്തിനായി 3,05,964 അപേക്ഷകളാണ് ലഭിച്ചത്. ഇതിൽ 2,38,376 പേർക്ക് 2019 ഡിസംബർ വരെ എസ്.ഡി.ആർ.എഫ് ഫണ്ട് വിനിയോഗിച്ച് 78.43 കോടി രൂപ നഷ്ടപരിഹാരം നൽകി. സംസ്ഥാന ബജറ്റ് വിഭവങ്ങളിൽ നിന്നും 3,54,810 പേർക്ക് 165 കോടി രൂപ വിതരണം ചെയ്തു. സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതി പ്രകാരം, 1,52,350 കർഷകർക്ക് നഷ്ടപരിഹാരമായി 51.0 കോടി രൂപയും നൽകി. പ്രളയത്തിൽ കയറിയ വെള്ളം ഒഴുക്കി കളയുന്നതിനും ബണ്ട്/ബ്ലോക്കുകൾ നവീകരിക്കുന്നതിനും, വാട്ടർ പമ്പിംഗ് സേവനങ്ങളുടെ അറ്റകുറ്റപ്പണികൾക്കുമായി 2019 ഡിസംബർ വരെ 197.78 കോടി രൂപ അനുവദിച്ചിരുന്നു.

പൊതുമരാമത്ത് വകുപ്പ് ബജറ്റ് വിഭവങ്ങൾ പുന:ക്രമീകരിച്ചുകൊണ്ട് 2,764 കോടി രൂപയുടെ പ്രവൃർത്തികൾക്ക് 2019 നവംബർ മാസം വരെ ഭരണാനുമതി നൽകിയിട്ടുണ്ട്. പി.ഡബ്ല്യൂ.ഡിയും തദ്ദേശസ്വയംഭരണ വകുപ്പുകളും സംയുക്തമായി 7,602 കിലോമീറ്റർ റോഡുകൾ പുനർനിർമ്മിച്ചു. ഇതിൽ 4,429 കിലോമീറ്റർ പ്രളയത്തിൽ തകർന്ന റോഡുകൾ പൊതുമരാമത്ത് വകുപ്പ് പുനർനിർമ്മിക്കുകയും ഗതാഗതത്തിനായി തുറന്ന് കൊടുക്കുകയും ചെയ്തു. കൂടാതെ 656 കൽവർട്ടുകളും 127 പാലങ്ങളും പുനർനിർമ്മിച്ചു. റോഡുകളുടെ നവീകരണത്തിനും പുനർനിർമ്മാണത്തിനുമായി വിവിധ ഫണ്ടുകളിലൂടെ

പട്ടിക 11.6.4 ഉജ്ജീവനിപദ്ധതി പ്രകാരം അനുവദിച്ച വായ്പകളുടെ വിവരങ്ങൾ, 2019 ജൂൺ മാസം വരെ, രൂപ ലക്ഷത്തിൽ

ക്രമ നമ്പർ	സൂക്ഷ്മ, ചെറുകിട, ഇടത്തര സംരംഭങ്ങൾ/ വ്യാപാര സ്ഥാപനങ്ങൾ	അനുവദിച്ച വായ്പകൾ (എണ്ണം)	തുക (രൂപ ലക്ഷത്തിൽ)
1	സൂക്ഷ്മ, ചെറുകിട, ഇടത്തര സംരംഭങ്ങൾ	356	3339.70
2	വ്യാപാര സ്ഥാപനങ്ങൾ	491	2790.99
	ആകെ	847	6130.69

അവലംബം: ആർ കെ ഐ

3,135 കോടി രൂപ ഇതിനകം ചെലവഴിച്ചു. ഇതിന് പുറമെ നഗരകാര്യ വകുപ്പ് 1,274 കിലോമീറ്റർ റോഡുകൾ പുനർ നിർമിക്കുന്നതിനായി 30 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്.

പ്രളയത്തിൽ തകർന്ന ഉപജീവനമാർഗങ്ങളുടെ പുനരുജ്ജീവനത്തിനായി കേരള പുനരുജ്ജീവന വായ്പാ പദ്ധതി പ്രകാരം കുടുംബശ്രീ വഴി പലിശരഹിത വായ്പ നൽകിയിട്ടുണ്ട്. 24,753 അയൽക്കൂട്ടങ്ങളിലെ 1,65,769 ഗുണഭോക്താക്കൾക്ക് 1,395.16 കോടി രൂപ വിതരണം ചെയ്തു. പ്രളയബാധിത പ്രദേശങ്ങളിലെ തൊഴിൽ കമ്പോളത്തിന് അനുയോജ്യമായ വിധത്തിൽ പ്രളയബാധിതരുടെ തൊഴിൽ നൈപുണ്യ വികസനത്തിനായി കുടുംബശ്രീ ഒരു നൂതന പദ്ധതിക്ക് തുടക്കമിട്ടു. തിരഞ്ഞെടുക്കപ്പെട്ട പത്ത് മേഖലകളിലെ 50,000 പേർക്ക് നൈപുണ്യ വികസന പരിശീലനം നൽകുക എന്നതാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. വീട്ടുജോലി, പ്ലംബിംഗ്, ഇലക്ട്രോണിക് റിപ്പയർ, ഇലക്ട്രിക്കൽ വർക്ക്സ്, ഡേ കെയർ, സെയിൽസ്, ഡാറ്റാ എൻട്രി, അലക്കൽ, ഇസ്തിരിയിടൽ എന്നിവ ഇതിൽ ഉൾപ്പെടുന്നു. ഈ പദ്ധതിക്കായി മൊത്തം 47,105 പേർ രജിസ്റ്റർ ചെയ്തിരുന്നു. ഇതിൽ 9,116 പേർക്ക് 2019 മെയ് മാസം വരെ പരിശീലനം നൽകിയിരുന്നു. കൂടാതെ എല്ലാ സൗകര്യങ്ങളുമുള്ള 246 നിർമ്മാണ യൂണിറ്റുകളും കുടുംബശ്രീ ആരംഭിച്ചു. 15 കമ്പനികളുടെ മുന്നൂറിലധികം വീട്ടുപകരണങ്ങളും കുടുംബശ്രീ വഴി വിതരണം ചെയ്യുകയുണ്ടായി.

പ്രളയത്തിന്റെ ഫലമായി ജലവിതരണ സൗകര്യങ്ങളിലെ വൈദ്യുതീകരണങ്ങളിൽ ഉണ്ടായ കേടുപാടുകൾ, കുടിവെള്ള കിണറുകളിലെ എക്കൽ, ജലം തെളിച്ചെടുക്കുന്ന സംവിധാനത്തിലുണ്ടായ തകരാറുകൾ, ശുദ്ധജലവിതരണ പൈപ്പ് ലൈനുകൾ ഒഴുകിപ്പോകുക എന്നിവ സംസ്ഥാനത്തെ ജലവിതരണ അടിസ്ഥാന സൗകര്യങ്ങളെ മോശമായി ബാധിക്കുകയുണ്ടായി. പ്രളയബാധിത പ്രദേശങ്ങളിലെല്ലാം കുടിവെള്ളം എത്തിക്കുന്നതിനുള്ള ഉത്തരവാദിത്വം കേരള വാട്ടർ അതോറിറ്റിക്ക് ആയിരുന്നു. പ്രളയം വളരെയധികം നാശനഷ്ടങ്ങൾ ജലവിതരണ സംവിധാനത്തിന് ഉണ്ടാക്കിയെങ്കിലും ദുരിതബാധിത പ്രദേശങ്ങളിലെല്ലാം ടാങ്കറുകളിലൂടെ കുടിവെള്ളമെത്തിക്കാൻ കേരള വാട്ടർ അതോറിറ്റിക്ക് കഴിഞ്ഞു.

പ്രളയം ബാധിച്ച സൂക്ഷ്മ, ചെറുകിട, ഇടത്തര സംരംഭങ്ങൾ, വ്യാപാര സ്ഥാപനങ്ങൾ തുടങ്ങിയവ പുനർജീവിപ്പിക്കുന്നതിന് ബാങ്ക് വായ്പ നൽകുന്നതിനായി "ഉജ്ജീവനി" എന്ന പുതിയ പദ്ധതിക്ക് രൂപം നൽകി. ഈ പദ്ധതി അനുസരിച്ച് എടുത്ത വായ്പയ്ക്ക് രണ്ട് ലക്ഷം രൂപ വരെ മാർജിൻ മണിയായി നൽകിവരുന്നു. 10 ലക്ഷം രൂപ വായ്പ എടുക്കുമ്പോൾ രണ്ട് ലക്ഷം രൂപ മാർജിൻ മണിയായി നൽകുന്നു. പ്രളയ ബാധിത സംരംഭങ്ങൾക്ക് ബാങ്ക് വായ്പ ലഭിക്കുന്നതിന് ആവശ്യമായ സേവനങ്ങൾ ജില്ലാ വ്യവസായ കേന്ദ്രങ്ങളിലെ ജനറൽ മാനേജറും നൽകുന്നു. ഈ പദ്ധതി പ്രകാരം അനുവദിച്ച വായ്പ സംബന്ധിച്ച വിവരങ്ങൾ **പട്ടിക 11.6.4** ൽ നൽകിയിട്ടുണ്ട്.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം (എം ജി എൻ ആർ ഇ ജി എസ്) പ്രകാരം 2019 ജൂൺ മാസം വരെ 14.72 ലക്ഷം കുടുംബങ്ങൾക്ക് വേതന തൊഴിൽ നൽകുകയുണ്ടായി. 16.96 ലക്ഷം പേർക്കാണ് ഇതിന്റെ പ്രയോജനം ലഭിച്ചത്. 2018 ആഗസ്റ്റ് 16ന് ശേഷം 10.31 ലക്ഷം കുടുംബങ്ങൾക്ക് ഈ പദ്ധതിയുടെ കീഴിൽ തൊഴിൽ നൽകിയതിൽ 4.83 ലക്ഷം കുടുംബങ്ങൾ പുതുതായി (2019 ജൂൺ 12 വരെ) ഉൾപ്പെടുത്തിയവരായിരുന്നു. 2018 ആഗസ്റ്റ് 16ന് ശേഷം 12.02 ലക്ഷം പേർക്കാണ് തൊഴിൽ ലഭിച്ചത്. ഇതിൽ 6.12 ലക്ഷം പേർ പുതുതായി ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയവരായിരുന്നു. ഇതിന്റെ ഫലമായി 7.6 കോടിയിലധികം വ്യക്തിഗത തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. പ്രളയാനന്തര കാലയളവിൽ 2,068.74 കോടി രൂപയുടെ തൊഴിലാണ് ഈ പദ്ധതിയിലൂടെ സൃഷ്ടിക്കപ്പെട്ടത്. 2019 ജൂൺ 12 വരെ നേരിട്ടുള്ള ആനുകൂല്യ കൈമാറ്റം വഴി കേന്ദ്രസർക്കാർ അവിദഗ്ധ വേതനമായി 700.14 കോടി രൂപ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തു.

പ്രളയത്തിൽ നിന്നും രക്ഷപ്പെടുത്തിയ മൃഗങ്ങൾക്ക് താൽക്കാലിക അഭയം, കാലിത്തീറ്റ, വൈദ്യസഹായം എന്നിവ നൽകുന്നതിനായി ആവശ്യകതയുടെ അടിസ്ഥാനത്തിൽ മൃഗസംരക്ഷണ ക്യാമ്പുകളും സംസ്ഥാന സർക്കാർ ആരംഭിച്ചു. പ്രളയ ദുരിത ബാധിത

പ്രദേശങ്ങളിൽ ഇത്തരത്തിലുള്ള 1,772 ക്യാമ്പുകൾ (ഉപഗ്രഹ ക്യാമ്പുകൾ ഉൾപ്പെടെ) ആരംഭിച്ചു. 80,538 മൃഗങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു. കൂടാതെ മൃഗസംരക്ഷണ വകുപ്പ് സംസ്ഥാനത്തെ ദുരിതാശ്വാസ ക്യാമ്പുകളിൽ 40,813.5 ലിറ്റർ പാലും വിതരണം ചെയ്യുകയുണ്ടായി. സംസ്ഥാനത്തെ പാലുല്പാദക സഹകരണ സംഘങ്ങളാണ് ഇതിനാവശ്യമായ 14.28 ലക്ഷം രൂപ ചെലവഴിച്ചത്. സംസ്ഥാനത്തെ പ്രളയബാധിത കന്നുകാലി കർഷകർക്ക് കന്നുകാലി ഇൻഷുറൻസ് നഷ്ടപരിഹാരമായി 33.75 ലക്ഷം രൂപ വിതരണം ചെയ്തു. സംസ്ഥാന ദുരന്ത നിവാരണ ഫണ്ടിൽ നിന്നും മൃഗസംരക്ഷണ വകുപ്പ് വഴി കന്നുകാലി, കോഴി കർഷകർക്കും 21.99 കോടി രൂപ നഷ്ടപരിഹാരമായി വിതരണം ചെയ്തു. ഉടൻ പ്രാബല്യത്തിൽ വരുത്തുന്നതിനായി പ്രളയാനന്തര മൃഗരോഗപ്രവചനത്തിനും രോഗനിയന്ത്രണത്തിനുമായി ഒരു പ്രോട്ടോകോൾ അനിമൽ ഡിസീസ് കൺട്രോൾ പ്രൊജക്റ്റ് ഓഫീസ് തയ്യാറാക്കി. മൃഗങ്ങൾക്ക് രോഗ ബാധയുണ്ടായാൽ പെട്ടെന്ന് കണ്ടെത്തുന്നതിന് നിരീക്ഷണം ശക്തിപ്പെടുത്തി. ന്യൂഡൽഹി, സതേൺ റീജിയൺ ഡിസീസ് ഡയഗനോസ്റ്റിക്ക് ലബോറട്ടറി, ബാംഗ്ലൂർ എന്നിവിടങ്ങളിൽ നിന്നുള്ള ശാസ്ത്രജ്ഞർ അടങ്ങുന്ന കേന്ദ്രസംഘം പ്രളയബാധിത പ്രദേശങ്ങളും മൃഗസംരക്ഷണ ക്യാമ്പുകളും സന്ദർശിക്കുകയും സർക്കാർ സ്വീകരിച്ച നടപടികളിൽ സംതൃപ്തി രേഖപ്പെടുത്തുകയും ചെയ്തു. പ്രളയം വളരെയധികം ബാധിച്ച ക്ഷീരകർഷകർക്ക് ഒരു കറവപശു അല്ലെങ്കിൽ ഒരു പശുക്കിടാവിനെ നൽകിന്നതിനായി സാമ്പത്തികമായി സംഭാവന നൽകാൻ പൊതുജനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി 'ഒരു പശുവിനെ ദാനം ചെയ്യുക' എന്ന പദ്ധതി സംഘടിപ്പിക്കുകയുണ്ടായി. ഈ പദ്ധതിപ്രകാരം മുന്നൂറിലധികം കറവപ്പശുക്കളെ പ്രളയത്തിൽ പശുക്കളെ നഷ്ടപ്പെട്ട ക്ഷീരകർഷകർക്ക് വിതരണം ചെയ്തു. പ്രളയബാധിത ക്ഷീര കർഷകർക്കായി 22.00 കോടി രൂപയുടെ പ്രത്യേക പുനരധിവാസ പദ്ധതി ക്ഷീരവികസന വകുപ്പ് 2018-19 ൽ നടപ്പിലാക്കി. ഈ പദ്ധതിയിൽ മൂവായിരത്തിലധികം കറവപ്പശുക്കളെ വിതരണം ചെയ്തു. ആവശ്യകതയുടെ അടിസ്ഥാനത്തിൽ ഷെഡ് നവീകരണം/നിർമ്മാണം മറ്റ് സഹായങ്ങൾ എന്നിവ നൽകി 2,130 ക്ഷീരകർഷകരെ സഹായിച്ചു.

സംസ്ഥാന സർക്കാർ 2018 ആഗസ്റ്റിൽ പ്രളയബാധിത പ്രദേശങ്ങളിലെ എല്ലാ കാർഡ് ഉടമകൾക്കും 5 കിലോഗ്രാം അരി സൗജന്യമായി അനുവദിച്ചു. 2018 സെപ്റ്റംബർ മുതൽ ഡിസംബർ വരെ മുൻഗണനേതര കാർഡുടമകൾക്ക് ഒരു കിലോഗ്രാമിന് ഒരുരൂപ ഈടാക്കി കൊണ്ട് പ്രതിമാസം 5 കിലോഗ്രാം അരിയും അനുവദിച്ചു. കൂടാതെ സംസ്ഥാനത്തെ എല്ലാ തോട്ടം തൊഴിലാളികൾക്കും 15 കിലോ അരി സൗജന്യറേഷൻ ആയി അനുവദിച്ചു. കൂടാതെ പ്രളയബാധിതരിൽ നിന്നും തെരഞ്ഞെടുത്ത കുടുംബങ്ങൾക്ക് (റേഷൻ മുൻഗണനാ കാർഡ് ഉടമകൾ, തൊഴിലുറപ്പ് കാർഡ് ഉള്ളവർ, എസ്.സി/എസ്.റ്റി, സ്ത്രീകേന്ദ്രീകൃത കുടുംബങ്ങളിലെ വിധവകൾ, ഭിന്നശേഷിക്കാർ, നിരാലംബർ) 2018 ഒക്ടോബർ മുതൽ ഡിസംബർ വരെയുള്ള മാസങ്ങളിൽ 500 രൂപ വിലവരുന്ന ഉപജീവന കിറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി വിതരണം ചെയ്തു. 2019 ജനുവരി മാസം വരെ 54,45,87,500 രൂപയ്ക്ക് ഉള്ള 10,89,175 കിറ്റുകൾ വിതരണം ചെയ്യുകയുണ്ടായി. കേന്ദ്രസർക്കാർ അധികമായി അനുവദിച്ച 12,000 കിലോ ലിറ്റർ സബ്സിഡി ഇതര മണ്ണെണ്ണ, ഗതാഗത കൈകാര്യം ചെയ്യൽ ചിലവുകൾ സംസ്ഥാന സർക്കാർ വഹിച്ചുകൊണ്ട്, കേന്ദ്രസർക്കാർ അനുവദിച്ച അതേ നിരക്കിൽ പ്രളയ ബാധിത പ്രദേശങ്ങൾക്ക് മുൻഗണന നൽകി വിതരണം ചെയ്തു.

2018-19 വർഷം എസ്.സി/എസ്.റ്റി വകുപ്പിന്റെ വാർഷിക പദ്ധതി വിഹിതം പുനക്രമീകരിച്ച് പ്രളയ ബാധിതരായ എസ്.സി/എസ്.റ്റി കുടുംബങ്ങൾക്ക് ആശ്വാസമായി 37.57 കോടി രൂപ വിതരണം ചെയ്തു. പ്രളയബാധിത പട്ടികജാതി-പട്ടികവർഗ്ഗ കോളനികളും സ്ഥാപനങ്ങളും വൃത്തിയാക്കുന്നതിനുള്ള ചിലവും കോളനികളിൽ ഭക്ഷ്യ, ഭക്ഷ്യേതര സാധനങ്ങൾ എത്തിക്കുന്നതിനുള്ള വിതരണ ചെലവും വകുപ്പ് ഏറ്റെടുക്കുകയുണ്ടായി. കൂടാതെ 8,487 എസ്.സി/എസ്.റ്റി കുടുംബങ്ങൾക്ക് 2.12 കോടി രൂപ വിലവരുന്ന ഗ്യാസ് സ്റ്റൗ സ്പോൺസർഷിപ്പ് വഴി വകുപ്പ് വിതരണം ചെയ്തു.

സഹകരണ വകുപ്പ് പ്രളയം മൂലം ഉണ്ടായ നാശനഷ്ടങ്ങൾ പെട്ടെന്ന് തന്നെ വിലയിരുത്തുന്നതിനും പുനർ നിർമ്മിക്കുന്നതിനുമുള്ള തന്ത്രം ആവിഷ്കരിക്കുകയും 'കെയർ കേരള' (കോ-ഓപ്പറേറ്റീവ് അലൈൻസ് റ്റു റിബിൽഡ് കേരള) പദ്ധതിയ്ക്ക് രൂപം നൽകുകയും ചെയ്തു. മൂന്ന് സ്വതന്ത്ര സ്കീമുകൾ ഉൾക്കൊള്ളുന്നതാണ് ഈ പദ്ധതി. കെയർ-ഹോം, കെയർ ലോൺ, കെയർ ഗ്രേസ്. ഇതിൽ എറ്റവും പ്രധാനപ്പെട്ടത് കെയർ-ഹോം പദ്ധതിയാണ്. ഈ പദ്ധതി പ്രകാരം സംസ്ഥാനത്ത് പ്രവർത്തിക്കുന്ന വിവിധ സഹകരണ സ്ഥാപനങ്ങളുടെ പിന്തുണയോടുകൂടി പ്രളയംമൂലം വീടുകൾ തകർന്ന/നഷ്ടപ്പെട്ടവർക്ക് വീട് നിർമ്മിച്ച് നൽകുന്നു. വിവിധ സഹകരണസംഘങ്ങൾ (44.98 കോടി രൂപ), എസ്.ഡി.ആർ.എഫ് (58 ലക്ഷം രൂപ) എന്നിവയിൽ നിന്നും ലഭിച്ച ഫണ്ട് വിനിയോഗിച്ച് ഒരു വീടിന് 5 ലക്ഷം രൂപ ചെലവിൽ അതാത് പ്രദേശങ്ങളിൽ സഹകരണ സംഘങ്ങൾ വഴി നിർമ്മാണം ഏറ്റെടുക്കുന്നതിലൂടെയാണ് കെയർഹോം പദ്ധതി നടപ്പാക്കുന്നത്. സംസ്ഥാന തല നിർവ്വഹണ സമിതിയുടെ മേൽനോട്ടത്തിൽ സഹകരണ സംഘം രജിസ്ട്രാർക്കാണ് നിർവ്വഹണ ചുമതല.

സംസ്ഥാന സർക്കാർ, ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിലും എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും,

ബോക്സ് 11.6.1 2019–20 വാർഷിക പദ്ധതിയിലെ ഉപജീവന പദ്ധതികൾ

സംസ്ഥാന ആസൂത്രണ ബോർഡ് വേതന തൊഴിൽ, സ്വയം തൊഴിൽ, നൈപുണ്യ വികസനം എന്നിവയുമായി ബന്ധപ്പെട്ട പ്രളയാനന്തര ഉപജീവനപുനരുജ്ജീവന സാധ്യതകൾ ചർച്ച ചെയ്യുന്നതിനായി 2018 നവംബർ 1, 2 തീയതികളിൽ തിരുവനന്തപുരത്ത് ദ്വിദിന സെമിനാർ സംഘടിപ്പിച്ചു. തുടർന്ന് ഉപജീവന പുനരുജ്ജീവനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളുടെ വൈവിധ്യം കണക്കിലെടുത്ത് 2019– 20 വാർഷിക പദ്ധതിയിൽ സംസ്ഥാന സർക്കാർ ഉപജീവന വികസന പദ്ധതികൾക്ക് കൂടുതൽ ഊന്നൽ നൽകുകയുണ്ടായി. ക്ഷീരോല്പാദനം, മത്സ്യബന്ധനം, ആടുവളർത്തൽ തുടങ്ങിയവ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ; തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സംരംഭകത്വം വളർത്തുന്നതിനും സഹകരണ സംഘങ്ങൾക്കുള്ള സഹായം; കൃഷി, കോഴി വളർത്തൽ, മൃഗസംരംക്ഷണം എന്നിവയ്ക്ക് സഹായം നൽകുന്ന സ്വയം തൊഴിൽ വേതന തൊഴിൽ പദ്ധതികൾ; തൊഴിൽ മേളകൾ; വിപണിയുടെ ആവശ്യകത അനുസരിച്ചുള്ള നൈപുണ്യ വികസന പരിശീലന പദ്ധതികൾ; സംയോജിത ഗോത്ര നൈപുണ്യ വികസന പരിപാടികൾ; സൂക്ഷ്മ ചെറുകിട, ഇടത്തരം സംരംഭങ്ങൾക്കുള്ള പദ്ധതികൾ; ഉത്തരവാദിത്ത വിനോദസഞ്ചാരം; പരമ്പരാഗത മേഖലകളുടെ നവീകരണത്തിനുള്ള പദ്ധതികൾ; എന്നിങ്ങനെ വിവിധ തരത്തിലാണ് ഉപജീവന വികസനപദ്ധതി 2019–20 വാർഷിക പദ്ധതിയുടെ ഭാഗമാക്കിയിട്ടുള്ളത്. ഉപജീവന വികസനത്തിനായി 2019–20 വാർഷിക പദ്ധതിയിൽ 4,578.64 കോടി രൂപ വകയിരുത്തി. മേഖല തിരിച്ചുള്ള വിഹിതം സംബന്ധിച്ച വിവരങ്ങൾ അനുബന്ധം 11.6.1–ൽ നൽകിയിട്ടുണ്ട്.

അവലംബം: ജീവനോപാധി വികസനപാക്കേജ്, സംസ്ഥാന ആസൂത്രണ ബോർഡ്

ഇൻസിഡന്റ് കമാൻഡ് സെന്ററും കൺട്രോൾ റൂമുകളും സ്ഥാപിച്ചു. കൺട്രോൾ റൂമുകളുമായി ബന്ധപ്പെടാനുള്ള ടെലിഫോൺ നമ്പറുകൾ എല്ലാവർക്കും ലഭ്യമാക്കി. സാംക്രമിക രോഗങ്ങൾ തടയുന്നതിനും നിയന്ത്രിക്കുന്നതിനും ദുരിതാശ്വാസക്യാമ്പുകളുടെ ചിട്ടയായ പ്രവർത്തനത്തിനും മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കി നൽകി. എല്ലാ ദുരിതാശ്വാസ ക്യാമ്പുകളിലും ആരോഗ്യ ശുചിത്വ പരിപാലനത്തിന് മേൽനോട്ടം വഹിക്കാൻ ഒരു ഹെൽത്ത് ഇൻസ്പെക്ടർ/വിവിധോദ്ദേശ ആരോഗ്യ പ്രവർത്തകനെ ചുമതലപ്പെടുത്തി. പ്രാദേശിക ആശാവർക്കർ, അംഗൻവാടി വർക്കർ, കുടുംബശ്രീ സന്നദ്ധപ്രവർത്തകർ, വാർഡ് ഹെൽത്ത് ആൻഡ് സാനിറ്റേഷൻ കമ്മിറ്റി അംഗങ്ങൾ എന്നിവർ ദുരിതാശ്വാസക്യാമ്പുകളിൽ ഉണ്ടാകണമെന്ന് നിർദ്ദേശം നൽകി. പ്രളയ ബാധിതർക്ക് ആവശ്യമായ വൈദ്യസഹായം നൽകുന്നതിന് മേൽനോട്ടം വഹിക്കുന്നതിനും പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലെ മെഡിക്കൽ ഓഫീസർമാർക്കും സർക്കാർ നിർദ്ദേശം നൽകി. ദുരിത ബാധിത പ്രദേശങ്ങളിലെ പി.എച്ച്.സി/ആശുപത്രികളുടെ പ്രവർത്തനം ഉറപ്പാക്കുന്നതിനുപുറമേ ദുരിതാശ്വാസക്യാമ്പുകളിൽ എല്ലാ ദിവസവും മെഡിക്കൽ ക്യാമ്പുകളും സംഘടിപ്പിച്ചു. പ്രതിരോധ ആരോഗ്യ വിഷയങ്ങളെക്കുറിച്ച് ആരോഗ്യ പ്രവർത്തകർ, പൊതുജനങ്ങൾ, സന്നദ്ധസംഘടനകൾ എന്നിവർക്ക് വേണ്ട ഉപദേശ നിർദ്ദേശങ്ങൾ ഇംഗ്ലീഷ്, മലയാളം ഭാഷകളിൽ തയ്യാറാക്കി പ്രചരിപ്പിച്ചു. ഭക്ഷ്യജന്യരോഗങ്ങൾ, ജലജന്യരോഗങ്ങൾ, എലിപ്പനി, പാമ്പുകടി, മറ്റ് അസാധാരണ ലക്ഷണങ്ങൾ എന്നിവ കണ്ടാൽ ഉടൻ പ്രതിരോധ നടപടികൾ സ്വീകരിക്കുന്നതിനും അടുത്തുള്ള പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ വിവരം അറിയിക്കുന്നതിനും പ്രത്യേകം ശ്രദ്ധിച്ചു. പ്രളയത്തിൽ കയറിയ ജലം ഇറങ്ങാൻ തുടങ്ങിയപ്പോൾ ദുരിതത്തിൽപ്പെട്ടവരുടെ സുരക്ഷിത മടങ്ങിവരവിനുള്ള നടപടികളും സ്വീകരിച്ചു. പ്രളയ ദുരന്തത്തിൽപ്പെട്ടവർക്കായി കൗൺസിലിംഗ് സേവന സൗകര്യങ്ങളും, സാംക്രമികേതര രോഗങ്ങൾ പിടിപെട്ടവരെ തുടർന്ന് നിരീക്ഷിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചു. പ്രളയത്താൽ മലിനമാക്കപ്പെട്ട എല്ലാ കുടിവെള്ള സ്രോതസ്സുകളും വൃത്തിയാക്കുന്നതിനും മൃഗസംരക്ഷണ വകുപ്പിലെ ഉദ്യോഗസ്ഥരുടെ സഹായത്തോടുകൂടി ശവശരീരങ്ങൾ സുരക്ഷിതമായി നീക്കം ചെയ്യുന്നതിനുമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കി നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചു. ജലജന്യരോഗങ്ങൾ പൊട്ടിപ്പുറപ്പെടുന്നതിനുള്ള സാധ്യത പരിഗണിച്ച് അത് തടയുന്നതിനുള്ള എല്ലാ പ്രതിരോധ നടപടികളും സ്വീകരിച്ചു.

കേരള പുനർനിർമ്മാണം

സംസ്ഥാനത്തെ പൂർവ്വസ്ഥിതിയിലേക്ക് കൊണ്ടുവരുന്നതിനും പ്രകൃതിദുരന്ത പ്രതിരോധശേഷിയുള്ള ഹരിതാഭമായ കേരളം കെട്ടിപ്പടുക്കുന്നതിനും ആവശ്യമായ സമഗ്ര വികസനം സാധ്യമാക്കുന്നതിന്റെ ഭാഗമായി ചിട്ടയായ പ്രവർത്തനങ്ങൾക്കായി സംസ്ഥാന സർക്കാർ ആരംഭിച്ചതാണ് കേരള പുനർ നിർമ്മാണം. ഭാവിയിൽ പ്രളയദുരന്തത്തെ പ്രതിരോധിക്കാൻ കഴിയുന്ന തരത്തിൽ പാരിസ്ഥിതികവും സാങ്കേതികവുമായ

സുരക്ഷാസംവിധാനങ്ങൾ ഉറപ്പാക്കിക്കൊണ്ട്, മാനദണ്ഡങ്ങൾ പാലിച്ച്, നല്ല ഗുണനിലവാരമുള്ള അടിസ്ഥാനസൗകര്യ പുനർനിർമ്മാണത്തിനായി വികസന പദ്ധതികളിലൂടെ ജനങ്ങളുടെ ജീവിതത്തിലും ഉപജീവനോപാദികളിലും പ്രകടമായ മാറ്റം വരുത്തുക എന്നതാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. കേരള പുനർ നിർമ്മാണത്തിനാവശ്യമായ സുതാര്യമായ തീരുമാനമെടുക്കൽ പ്രക്രിയയുള്ള സ്ഥാപന ക്രമീകരണമാണ് ആർകെഐ-ൽ ഉള്ളത്. വേഗത്തിലും ഫലപ്രദവുമായ പുനർനിർമാണത്തെ ലക്ഷ്യമിട്ടുള്ള വിവിധ പ്രവർത്തനങ്ങൾ/ ഭരണപരമായ നടപടികൾ ഏകോപിപ്പിക്കുന്നതിന് ആവശ്യമായ ചട്ടക്കൂടും സംവിധാനവും ഇതിനായി രൂപീകരിച്ചിട്ടുണ്ട്. മന്ത്രിമാരുടെ സമിതി, ഉപദേശക സമിതി, ഉന്നതാധികാര ഉന്നതതല സമിതി (എച്ച്എൽ.ഇ.സി), നിർവഹണ സമിതി, ആർ.കെ.ഐ സെക്രട്ടറിയേറ്റ്, സ്ഥാപനപിന്തുണാ സംവിധാനം എന്നിവയാണ് ആർ. കെ.ഐ-യുടെ സ്ഥാപന സംവിധാനങ്ങൾ.

വേഗത്തിൽ കാര്യക്ഷമമായി സമന്വയത്തോടെ പ്രകൃതിദുരന്ത പ്രതിരോധശേഷിയുള്ള പുനർനിർമ്മാണം, മികച്ച നിർമ്മാണ തത്വചിന്ത, നൂതനവും ആധുനികവും ആയ സാങ്കേതിക വിദ്യകൾ, ന്യായവും തുല്യവുമായ പുനരധിവാസരീതികൾ, ശേഷി വർദ്ധിപ്പിക്കൽ, ആസ്തി മാനേജ്മെൻറ് സംവിധാനങ്ങൾ, പ്രക്രിയകളുടെയും നടപടിക്രമങ്ങളുടേയും ലളിതവൽക്കരണം എന്നിവയാണ് ആർകെഐ-യുടെ അടിസ്ഥാന തത്വങ്ങൾ. 'പുനർനിർമ്മാണത്തിലൂടെ നവകേരളത്തിലെക്ക്' എന്ന സംസ്ഥാന സർക്കാരിന്റെ കാഴ്ചപ്പാടാണ് ആർകെഐ-യെ നയിക്കുന്നത്. ഉയർന്നനിലവാരവും പാരിസ്ഥിതിക സുരക്ഷിതത്വവും ഉള്ള അടിസ്ഥാന സൗകര്യങ്ങൾ, മെച്ചപ്പെട്ട ജീവിത സാഹചര്യങ്ങൾ,പുതിയ പ്രധാന വികസന പദ്ധതികൾ എന്നിവ ഭാവിയിൽ ഉണ്ടാകാവുന്ന പ്രകൃതിദുരന്തങ്ങളെ നേരിടാൻ, പുനർനിർമ്മാണത്തിലൂടെ സൃഷ്ടിക്കപ്പെടുന്ന ആസ്തികൾക്കും ജനങ്ങൾക്കും സാധ്യമാകുമെന്ന് ഉറപ്പാക്കുന്ന ഒരു കേരളത്തെയാണ് ആർ.കെ.ഐ വിഭാവനം ചെയ്യുന്നത്. 'കേരള പുനർനിർമ്മാണ വികസന പരിപാടി' തയ്യാറാക്കൽ, ഏകോപനം, സുഗമമായ നടത്തിപ്പ്, മേൽനോട്ടം എന്നിവയാണ് ആർ കെ ഐ-യുടെ കർത്തവ്യം.

കേരള പുനർനിർമാണ വികസന പരിപാടി (ആർ.കെ.ഡി.പി)

സംസ്ഥാന സർക്കാർ ഐക്യരാഷ്ട്രസഭ ഏജൻസികളുടെ സഹായത്തോടെ സംസ്ഥാനത്തിന്റെ ഫലപ്രദവും കാര്യക്ഷമവുമായ പുനർനിർമ്മാണത്തിനായി മേഖല അടിസ്ഥാനത്തിലും ക്രോസ്സ് കട്ടിംഗ് സമീപനത്തോടുകൂടിയുള്ള നയരൂപീകരണം, സ്ഥാപന ക്രമീകരണങ്ങൾ, മുൻഗണനാ പ്രോജക്ട്കൾ തുടങ്ങിയ വിഭാവനം ചെയ്യുന്ന ഒരു സമഗ്ര കേരള പുനർനിർമ്മാണ വികസന പരിപാടി തയ്യാറാക്കിയിട്ടുണ്ട്. സംയോജിത ജലവിഭവ മാനേജ്മെൻറ്, ജലവിതരണം, ശുചിത്വം, വികസനം, റോഡുകളും പാലങ്ങളും, ഗതാഗതം, വനവൽക്കരണം, കൃഷി, മൃഗസംരക്ഷണവും ക്ഷീരവികസനവും, ഫിഷറീസ്, ഉപജീവനമാർഗ്ഗങ്ങൾ, ഭൂമി എന്നിവയാണ് ഈ പരിപാടിയിൽ ഊന്നൽ നൽകുന്ന പ്രധാന മേഖലകൾ. ഇതിനുപുറമേ ദുരന്തസാധ്യതാ മാനേജ്മെൻറ്, പരിസ്ഥിതിയും കാലാവസ്ഥ വ്യതിയാനവും, സ്ഥാപന കാര്യക്ഷമത ശക്തിപ്പെടുത്തലും ഓപ്പൺ ഡേറ്റയും ഉൾപ്പെടുന്ന നാല് ക്രോസ്സ് കട്ടിംഗ് മേഖലകൾ കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്.

പുനർനിർമ്മാണത്തിന്റെ ധനകാര്യം

പുനർനിർമ്മാണത്തിനായി 2019 മുതൽ 2027 വരെയുള്ള വികസന കാലയളവിലേക്ക് 36,500 കോടി രൂപ ആവശ്യമായി വരുമെന്ന് ആർകെഡിപി കണക്കാക്കുന്നു. സാധ്യമായ എല്ലാ ഉറവിടങ്ങളിൽ നിന്നും ഫണ്ട് കണ്ടെത്തേണ്ടതുണ്ട്. കേരള പുനർനിർമാണ പരിപാടിയിലെ സംസ്ഥാന സർക്കാരിന്റെ മുൻഗണന സംബന്ധിച്ച് ഭാവി വികസന പങ്കാളികളുടെ മുൻപിൽ അവതരിപ്പിക്കുന്നതിനായി 2019 ജൂലൈ 15ന് തിരുവനന്തപുരത്ത് വച്ച് വികസന പങ്കാളികളുടെ ഒരു യോഗം ചേരുകയുണ്ടായി. പ്രധാന സംസ്ഥാന സർക്കാർ ഉദ്യോഗസ്ഥരോടൊപ്പം ലോകബാങ്ക്, എഡിബി, ജെഐസിഎ, കെഎഫ്ഡബ്ല്യൂ, എ.എഫ്.ഡി, നബാർഡ്, ഹഡ്കോ, യൂണിസെഫ്, ബിൽ ആൻഡ് മെലിന്റാ ഗേറ്റ്സ് ഫൗണ്ടേഷൻ, ടാറ്റാ ട്രസ്റ്റ്, എൻ.ഡി.ബി, ഏ.ഐ.ഐ.ബി തുടങ്ങിയവരും യോഗത്തിൽ പങ്കെടുത്തു. ഈ യോഗത്തിൽ വച്ച് ലോകബാങ്ക് കേരളത്തെ വികസന പങ്കാളിയായി പ്രഖ്യാപിക്കുകയും വികസന നയ വായ്പയുടെ ഒന്നാം ഗഡുവായി 250 ദശലക്ഷം ഡോളർ (1,779.58 കോടി രൂപ) കേരള പുനർനിർമ്മാണത്തിനായി പ്രഖ്യാപിക്കുകയും ചെയ്തു. ഇത് കൂടാതെ സംസ്ഥാന സർക്കാർ 2019-20 വാർഷിക പദ്ധതിയിൽ 1,000 കോടി രൂപ കേരള പുനർനിർമ്മാണത്തിനായി വകയിരുത്തുകയും ചെയ്തു.

കേരള പുനർനിർമാണ വികസന പരിപാടിയുടെ നിർവ്വഹണം

ആർകെഡിപി യുടെ ഭാഗമായി സമർപ്പിക്കപ്പെട്ട 677.92 കോടി രൂപയുടെ സ്കീമുകൾക്ക് 2019 ഡിസംബർ 10 വരെ സംസ്ഥാന സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 250 കോടി രൂപയ്ക് കുടുംബശ്രീയുടെ പദ്ധതിയ്ക്കും, 666.30 കോടി രൂപയ്ക് എൽ.എസ്.ജി.ഡി റോഡ് വികസന പദ്ധതിക്കുമാണ് ഭരണാനുമതി നൽകിയിട്ടുള്ളത്. കൂടുതൽ വിവരങ്ങൾ **പട്ടിക 11.6.5**-ൽ നൽകിയിട്ടുണ്ട്.

പട്ടിക 11.6.5 ആർകെഡിപി സ്കീമുകളിൽ ഉൾപ്പെടുത്തി, ഭരണാനുമതി നൽകിയതിന്റെ വിശദാംശങ്ങൾ, 2019 ഡിസംബർ 10 വരെ, രൂപ കോടിയിൽ

ക്രമ നമ്പർ	വകുപ്പ്/ ഏജൻസി	തുക (രൂപ കോടിയിൽ)
1	എൽ.എസ്.ജി.ഡി– റോഡുകൾ	266.30
2	വനം	130.41
3	ഫിഷറീസ്	3.20
4	കുടുംബശ്രീ	250.00
5	ജൈവവൈവിധ്യ ബോർഡ്	5.00
6	മൃഗസംരക്ഷണം	23.01
	ആകെ	677.92

അവലംബം: ആർ കെ ഐ

പട്ടിക 11.6.6 ആർകെഡിപി സ്കീമുകളിൽ ഉൾപ്പെടുത്തി, , തത്വത്തിൽ അംഗീകാരം നൽകിയതിന്റെ വിശദാംശങ്ങൾ , 2019 ഡിസംബർ 6 വരെ, രൂപ കോടിയിൽ

ക്രമ നമ്പർ	വകുപ്പ്/ ഏജൻസി	തുക (രൂപ കോടിയിൽ)
1	പി.ഡബ്ല്യു.ഡി	654.50
2	ജലവിഭവങ്ങൾ	350.00
3	ക്ലീൻ കേരള കമ്പനി	53.50
4	ഗതാഗതം	30.00
5	റവന്യൂ	35.00
6	എൽ.എസ്.ജി.ഡി– റോഡുകൾ	488.00
7	വനം	130.41
8	ഫിഷറീസ്	3.20
9	കുടുംബശ്രീ	250.00
10	ജൈവവൈവിധ്യ ബോർഡ്	5.00
11	മൃഗസംരക്ഷണം	23.01
	ആകെ	2022.62

അവലംബം: ആർ കെ ഐ

വിവിധ വകുപ്പുകളും ഏജൻസികളും സമർപ്പിച്ച 2,022.62 കോടി രൂപയുടെ ആർകെഡിപി പ്രോജക്ടുകൾക്ക് 2019 ഡിസംബർ 6 വരെ സംസ്ഥാന സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. കൂടുതൽ വിവരങ്ങൾ **പട്ടിക 11.6.6** ൽ നൽകിയിട്ടുണ്ട്.

പുനനിർമ്മിക്കുന്ന ആസ്തികൾക്ക് ഭാവിയിൽ പ്രളയത്തെ നേരിടാൻ കഴിയും വിധം പ്രധാന മേഖലകളിൽ പ്രകടമായ മാറ്റം വരുത്തുന്നതിന് ഉയർന്ന നിലവാരമുള്ള അടിസ്ഥാന സൗകര്യ വികസനത്തിന് സംസ്ഥാന സർക്കാർ ഊന്നൽ നൽകുന്നു. കേരള പുനർനിർമാണ വികസന പരിപാടിയിൽ വിഭാവനം ചെയ്തിട്ടുള്ള രീതിയിൽ ജനങ്ങളുടെ ജീവനോപാധികളിലും ജീവിതത്തിലും ആവശ്യമായ മാറ്റങ്ങൾ ഉറപ്പാക്കുന്നതിന് കാര്യക്ഷമമായ മേൽനോട്ടവും തുടർച്ചയായ വിലയിരുത്തലും അത്യന്താപേക്ഷിതമാണ്.

11.7 കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി ബോർഡ് (കിഫ്ബി)

കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി ആക്റ്റ്, 1999 പ്രകാരം ധനകാര്യ വകുപ്പിന് കീഴിൽ ഒരു സ്റ്റാറ്റ്യൂട്ടറി ബോഡിയായി നവംബർ 11, 1999 ന് കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി ബോർഡ് (കിഫ്ബി) നിലവിൽ വന്നു. എന്നാൽ കേരള ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് (ഭേദഗതി) ആക്ട് 2016 പ്രകാരം, ഇതിന്റെ പ്രവർത്തനങ്ങളിൽ സമഗ്രമായ ഭേദഗതികൾ വരുത്തി സംസ്ഥാനത്ത് വൻതോതിൽ പശ്ചാത്തല വികസന നിക്ഷേപങ്ങൾ നടത്തുന്നതിന് സജ്ജമാക്കി.

ഭേദഗതി ചെയ്ത കിഫ്ബി ആക്ട്, 2016 നിയമം അനുസരിച്ച്, ബോർഡിന്റെ ഘടന താഴെ കൊടുത്തിരിക്കുന്ന പ്രകാരം പരിഷ്കരിച്ചു:

1.	മുഖ്യമന്ത്രി	ചെയർപേഴ്സൺ
2.	ധനകാര്യ മന്ത്രി	വൈസ് ചെയർപേഴ്സൺ
3.	ചീഫ് സെക്രട്ടറി	അംഗം
4.	വൈസ് ചെയർപേഴ്സൻ, സംസ്ഥാന ആസൂത്രണ ബോർഡ്	അംഗം
5.	സെക്രട്ടറി (നിയമം)	അംഗം
6.	സെക്രട്ടറി (ധനകാര്യം)	അംഗം
7.	സെക്രട്ടറി (ധനവിഭവങ്ങൾ)	അംഗം
8.	ഏഴ് സ്വതന്ത്ര അംഗങ്ങൾ, ദേശീയ തലത്തിൽ പ്രസിദ്ധമായ സ്ഥാപനത്തിൽ ധനകാര്യം, ബാങ്കിംഗ്, ഇക്കണോമിക്സ് എന്നിവയിൽ ഒന്നോ അതിലധികമോ, മേഖലകളിൽ പ്രവർത്തിച്ചിട്ടുള്ള വിദഗ്ധർ	അംഗങ്ങൾ
9.	ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ	മെമ്പർ സെക്രട്ടറി

1.	ധനകാര്യ മന്ത്രി	ചെയർപേഴ്സൺ
2.	ചീഫ് സെക്രട്ടറി	അംഗം
3.	സെക്രട്ടറി (നിയമം)	അംഗം
4.	സെക്രട്ടറി (ധനകാര്യം)	അംഗം
5.	സെക്രട്ടറി (ധന–വിഭവങ്ങൾ)	അംഗം
6.	സർക്കാർ നാമനിർദ്ദേശം ചെയ്ത ബോർഡിലെ മൂന്ന് സ്വതന്ത്ര അംഗങ്ങൾ	അംഗം
7.	ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ	അംഗം ഫണ്ട് മാനേജർ

ബോർഡിന്റെ ഇപ്പോഴത്തെ സ്വതന്ത്ര അംഗങ്ങൾ

1.	പ്രൊഫ. സി.പി. ചന്ദ്രശേഖർ, പ്രൊഫസർ, സെന്റർ ഫോർ ഇക്കണോമിക് സ്റ്റഡീസ് ആൻഡ് പ്ലാനിംഗ്.
2.	പ്രൊഫ. സുശീൽ ഖന്ന, പ്രൊഫസ്സർ, എക്കണോമിക്സ് ആൻഡ് ഫിനാൻസ്, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ്, കൽക്കട്ട.
3.	ശ്രീ. സലിം ഗംഗാധരൻ, മുൻ റീജിയണൽ ഡയറക്ടർ, റിസർവ് ബാങ്ക് ഓഫ് ഇന്ത്യ, തിരുവനന്തപുരം.
4.	ശ്രീ. ജെ. എൻ. ഗുപ്ത, മുൻ എക്സിക്യൂട്ടീവ് ഡയറക്ടർ, സെബി & മാനേജിങ് ഡയറക്ടർ, സ്റ്റേക്ക്ഹോൾഡെർഴ്സ് എംപവർമെൻറ് സർവീസസ്
5.	ശ്രീ. രാധാകൃഷ്ണൻ നായർ, മുൻ എക്സിക്യൂട്ടീവ് ഡയറക്ടർ, സെക്യൂരിറ്റീസ് ആൻഡ് എക്സ്ചേഞ്ച് ബോർഡ് ഓഫ് ഇന്ത്യ (സെബി)
6.	ഡോ.സുദീപ്തോ മുണ്ടിൽ, 14–മത് ധനകാര്യകമ്മീഷൻ അംഗം, മുൻ ഡയറക്ടർ സ്ട്രാറ്റജി ആന്റ് പോളിസി ഡിപ്പാർട്ട്മെന്റ്, ഏഷ്യൻ ഡെവലപ്മെന്റ് ബാങ്ക് (എഡിബി), എമേരിറ്റസ് പ്രൊഫസ്സർ, ബോർഡ് ഓഫ് ഗവർണേഴ്സ്, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ലിക് ഫിനാൻസ് ആൻഡ് പോളിസി (എൻഐപിഎഫ് പി)

ബോർഡിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ ഉൾപ്പെടുന്നവർ വിവിധ തരത്തിലുള്ള സാമ്പത്തിക സഹായങ്ങൾ പദ്ധതികൾക്ക് സാധ്യമാക്കുന്നത് കൂടാതെ, ഈ ഭേദഗതി സെക്യൂരിറ്റീസ് ആന്റ് എക്സ്ചേഞ്ച് ബോർഡ് ഓഫ് ഇന്ത്യ (സെബി) യും റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യ (ആർ.ബി.ഐ) യും അംഗീകരിച്ച നൂതന പശ്ചാത്തല ഫണ്ട് സമാഹരണരീതി ഉപയുക്തമാക്കുന്നതിനും സഹായിക്കുന്നു.

ഫണ്ട് ദുർവിനിയോഗം തടയുകയും, ആക്ടിന് അനുസൃതമായി മാത്രം വിനിയോഗം ഉറപ്പാക്കുന്നതിനും വേണ്ടി ഒരു ഫണ്ട് ട്രസ്റ്റിയും, അഡ്വൈസറി കമ്മീഷനും നിലവിൽ ഉണ്ട്. ഇന്ത്യയുടെ മുൻ കൺട്രോളർ ആൻഡ് ആഡിറ്റർ ജനറൽ ശ്രീ വിനോദ് റായ് ആണ് ഈ കമ്മീഷന്റെ ചെയർമാൻ. റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയുടെ മുൻ ഡെപ്യൂട്ടി ഗവർണർ മിസ് ഉഷാ തൊറാറ്റ്, റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയുടെ മുൻ എക്സിക്യൂട്ടീവ് ഡയറക്ടർ ശ്രീ. ജി. പത്മനാഭൻ എന്നിവരാണ് ഈ കമ്മീഷന്റെ അംഗങ്ങൾ. ബജറ്റിനു പുറത്തു നിന്ന് ഫണ്ട് സമാഹരിച്ച് പശ്ചാത്തല വികസന പദ്ധതികൾ പ്രത്യേകിച്ച് ജലസേചനം, റോഡുകൾ, ഊർജ്ജം, ജലവിതരണം, ഉൾനാടൻ ജലഗതാഗതം, തുറമുഖങ്ങൾ, ഖരമാലിന്യ പരിപാലനവും, ഡ്രയിനേജ് മുതലായ മേഖലകൾക്ക് സാമ്പത്തികസഹായം നൽകുക എന്നതാണ് കിഫ്ബി ഉദ്ദേശിക്കുന്നത്.

കിഫ്ബി ആക്റ്റ് അനുസരിച്ച് സംസ്ഥാന സർക്കാർ സമാഹരിക്കുന്ന മോട്ടോർ വാഹന നികുതിയുടേയും, പെട്രോളിയം സെസ്സിന്റേയും ഒരു വിഹിതം കിഫ്ബിയ്ക്ക് അർഹതപ്പെട്ടതാകുന്നു. വരുമാനത്തിന്റെ മുഖ്യപങ്കും മോട്ടോർ വാഹന നികുതിയിൽ നിന്നുമാണ് (ഇത് 2017–18 ൽ 10 ശതമാനമായിരുന്നു. 2022 ആകുമ്പോൾ ഇതിന്റെ ഓഹരി 50 ശതമാനത്തിൽ എത്തുമെന്നാണ് കണക്കാക്കുന്നത്). സംസ്ഥാനത്ത് വിറ്റഴിക്കപ്പെടുന്ന പെട്രോളിൽ നിന്നു ലിറ്ററൊന്നിന് കുറഞ്ഞത് ഒരു രൂപ നിരക്കിൽ പെട്രോളിയം സെസ്സ് ലഭിക്കുന്നു. ഇങ്ങനെയായാൽ പ്രതിവർഷം ഏകദേശം 1300 കോടിരൂപ സമാഹരിക്കാം. സംസ്ഥാന ധനകാര്യ വകുപ്പിൽ ധനകാര്യ (ഇൻഫ്രാസ്ട്രക്ചർ) വകുപ്പ് എന്ന ഒരു പ്രത്യേക വിഭാഗം കിഫ്ബിയുടെ അഡ്മിനിസ്ട്രേറ്റീവ് ഡിപ്പാർട്ട്മെന്റായി പ്രവർത്തിക്കുന്നു. ഇത് കിഫ്ബിയൊടൊപ്പം പ്രവർത്തിക്കുകയും ചെയ്യുന്നു. സംസ്ഥാനത്തെ വിവിധ അടിസ്ഥാന സൗകര്യങ്ങൾക്ക് വേണ്ടി ഫണ്ട് സമാഹരിക്കുന്നതിനും അത് വിതരണം ചെയ്യുന്നതിനും കിഫ്ബി ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (എസ്. പി.വി) ആയി പ്രവർത്തിക്കുന്നു. കിഫ്ബിയുടെ പദ്ധതി നടത്തിപ്പിനായുള്ള പ്രധാന മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം, ഒരു പദ്ധതിയുടെ മൊത്തം തുക കുറഞ്ഞത് 100 കോടി രൂപയ്ക്ക് മുകളിൽ ആയിരിക്കണം. കൂടാതെ ഉപപദ്ധതികൾ 10 കോടി രൂപയിൽ കുറയാനും പാടില്ലയെന്നതുമാണ്. സാമൂഹികവും ഭൗതികവുമായ അടിസ്ഥാനസൗകര്യ പദ്ധതികളെയാണ് നിക്ഷേപത്തിന് കിഫ്ബി പരിഗണിക്കുന്നത്.

കിഫ്ബിയുടെ സാമ്പത്തികസഹായത്തോടെ ധാരാളം അടിസ്ഥാന സൗകര്യവികസന പദ്ധതികൾ പൊതുമേഖലാ തലങ്ങളിൽ നിർവ്വഹിക്കുന്നതിന് സർക്കാർ അംഗീകാരം നൽകുന്നു. ഈ പദ്ധതികൾ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (എസ്.പി.വി) വഴി വേണം നിർവ്വഹിക്കാൻ. ഇവ സംസ്ഥാന കേന്ദ്ര സർക്കാരുകളുടെ നിയന്ത്രണത്തിലായതിനാൽ പൊതുമരാമത്ത് പണികൾ ചെയ്യുന്നതിന് ബാധകമായ പിഡബ്ല്യുഡി/ സിപിഡബ്ല്യുഡി/ ചട്ടങ്ങൾ, മാർഗ്ഗനിർദ്ദേശങ്ങൾ, മാനദണ്ഡങ്ങൾ പാലിക്കേണ്ടതാണ്. കൂടാതെ വിവിധ സംസ്ഥാന സർക്കാർ, കേന്ദ്ര സർക്കാർ, കംട്രോളർ ആന്റ്

പട്ടിക 11.7.1 കിഫ്ബി അംഗീകരിച്ച പദ്ധതികൾ – വകുപ്പ് തിരിച്ചുള്ളത്

വകുപ്പ്	കിഫ്ബി അംഗീകരിച്ച പദ്ധതികൾ	
	അംഗീകരിച്ച പദ്ധതികളുടെ എണ്ണം	അംഗീകരിച്ച തുക (രൂപ കോടതിയിൽ)
പൊതുമരാമത്ത് വകുപ്പ്	279	17,670.43
ഊർജ്ജം	15	5200
ജലവിഭവങ്ങൾ	80	4,753.21
പൊതുവിദ്യാഭ്യാസം	76	2,037.91
ആരോഗ്യ കുടുംബ ക്ഷേമം	24	2,035.99
വിവരസാങ്കേതികവിദ്യ	3	1,412.86
തീര പ്രദേശ കപ്പൽ ഗതാഗതം – ഉൾനാടൻ ജലഗതാഗതം	1	566.51
ഉന്നതവിദ്യാഭ്യാസം	26	562.02
കായികം, യുവജന കാര്യം	35	732.53
ഗതാഗതം	3	556.49
വനം	4	441.67
സാംസ്കാരികം	8	194.34
പട്ടികജാതി, പട്ടികവർഗ്ഗ വികസനം	9	186.1
ഫിഷറീസ്–തുറമുഖം	4	212.04
ദേവസ്വം	1	141.75
രജിസ്ട്രേഷൻ	6	89.88
തൊഴിൽ –നൈപുണ്യം	5	82.5
ടൂറിസം	3	72.47
പാർപ്പിടം	1	50.14
തദ്ദേശസ്വയംഭരണം	3	31.69
കൃഷി	1	14.28
റവന്യൂ	2	32.62
വ്യവസായം	3	14,275.17
ആകെ	592	51,352.6

ഉറവിടം : കിഫ്ബി

ഓഡിറ്റർ ജനറൽ, നാഷണൽ ഗ്രീൻ ട്രിബ്യൂണൽ, സെൻട്രൽ വിജിലൻസ് കമ്മീഷണർ, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, എന്നിവരുടെ നിർദ്ദേശങ്ങളും പാലിക്കണം. 24/02/2018 തീയതിയിലെ ജി.ഒ (എം.എസ്) നം. 69/2018/ ഫിൻ കിഫ്ബി മാർഗ്ഗനിർദ്ദേശ പ്രകാരം, പദ്ധതി നിർവ്വഹണത്തിന് സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (എസ്.പി.വി) ഒരു വിശദമായ പ്രോജക്ട് റിപ്പോർട്ട് (ഡി.പി.ആർ) ഉണ്ടാക്കുകയും വേണം. ഇത് കിഫ്ബിയിൽ നിന്ന് ഭാഗികമായും /പൂർണ്ണമായും ധനസഹായം ലഭിക്കുന്നതിന് ഉതകും. കൂടാതെ ഉപപദ്ധതികൾക്കും പദ്ധതി ഘടകങ്ങൾക്കും പ്രത്യേകം ഡിപിആർ തയ്യാറാക്കുകയും വേണം. ഡിസംബർ 31, 2019 വരെ, കിഫ്ബിയുടെ കീഴിൽ മൊത്തം 51352.60 കോടി രൂപയുടെ 592 അടിസ്ഥാനസൗകര്യ വികസന പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. മേഖല തിരിച്ചുള്ള വിശദാംശങ്ങൾ **പട്ടിക 11.7.1** ൽ കൊടുത്തിരിക്കുന്നു.

കിഫ്ബി, ഒന്നിലധികം നിക്ഷേപ സമാഹരണ മാർഗങ്ങളിലൂടെ വിഭവങ്ങൾ സമാഹരിക്കുന്നു. ഇതിൽ ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെൻറ് ട്രസ്റ്റ്, ഇൻഫ്രാസ്ട്രക്ചർ ഡെറ്റ് ഫണ്ട് (ഐ.ഡി.എഫ്), ആൾട്ടർനേറ്റീവ് ഇൻവെസ്റ്റ്മെന്റ് ഫണ്ട് (എ.ഐ.എഫ്), ജനറൽ ഒബ്ലിഗേഷൻസ് ബോണ്ടുകൾ, ലാൻഡ് ബോണ്ടുകൾ, ഇൻഫ്ര ബോണ്ടുകൾ മുതലായ നിക്ഷേപങ്ങൾ, കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ് (കെ.എസ്.എഫ്.ഇ) പോലുള്ള സർക്കാർ ഫിനാൻഷ്യൽ ഏജൻസി വഴി റ്റെയിലർ–മെയ്ഡ് നിക്ഷേപ പാക്കേജുകൾ, പിന്നെ ഗ്രാൻറ്റുകൾ, ആന്വിറ്റീസ്, സർക്കാർ ഗ്യാരണ്ടി നൽകുന്ന മറ്റു ഫണ്ടുകൾ, നിക്ഷേപങ്ങളിൽ നിന്നുള്ള വരവുകൾ, ആഭ്യന്തര/ ഉഭയകക്ഷി/ ബഹുരാഷ്ട്ര സാമ്പത്തിക സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പകൾ തുടങ്ങിയവയിലൂടെയും വിഭവങ്ങൾ സമാഹരിക്കുന്നു.

അദ്ധ്യായം

12

പ്രാദേശിക സർക്കാരുകളും വികേന്ദ്രീകൃതാസൂത്രണവും

അദ്ധ്യായം

12

പ്രാദേശിക സർക്കാരുകളും വികേന്ദ്രീകൃതാസൂത്രണവും

ആഗോളവത്കരണത്തിന്റെ ഈ കാലഘട്ടത്തിലും ദരിദ്രർക്കും സ്ത്രീകൾക്കും പ്രകൃതിക്കും തൊഴിലിനും അനുകൂലമായ വളർച്ചാ ഉറപ്പാക്കുന്നതിൽ വികേന്ദ്രീകരണത്തിന് നിസ്തുലമായ സ്ഥാനമാണ് ഉള്ളത്. കമ്പോള ഏകീകരണവും നവീന സാങ്കേതിക വിദ്യകളും രാജ്യാതിർത്തികളുടെ അതിർ വരമ്പുകൾ തന്നെ ഇല്ലാതാക്കിയപ്പോൾ അതിന്റെ പരിണിതഫലങ്ങളെ അതിജീവിക്കുന്നതിന് കൂടിയാലോചനകളും (negotiation) നിയന്ത്രണങ്ങളും (regulation) വികേന്ദ്രീകൃത ഭരണ നിർവ്വഹണത്തിനുമുള്ള സംവിധാനങ്ങളും ശക്തിപ്പെടുത്തേണ്ടത് വളരെ അത്യാവശ്യമായിരിക്കുന്നു. ഇവയിലൂടെ, മഹാത്മാഗാന്ധിയുടെ സ്വപ്നം പോലെ, പരമ ദരിദ്രരുടെ ആവശ്യങ്ങളും ആകലതകളും ആഗോള, ദേശീയ, പ്രാദേശിക തലങ്ങളിലെ നയ രൂപീകരണ പ്രക്രിയയിൽ മുഖ്യ ചർച്ചാ വിഷയമാകുമെന്ന് ഉറപ്പാക്കാൻ കഴിയും. (ഇന്ത്യയിലെ വികേന്ദ്രീകൃതാസൂത്രണം– സാധ്യതകളും വെല്ല് വിളികളും– യു.എൻ.ഡി.പി).

രാജ്യത്ത് തന്നെ ഒരു പക്ഷേ സമാനതകളില്ലാത്ത അനുഭവ ചരിത്രമാണ് കേരളത്തിലെ വികേന്ദ്രീകരണത്തിനുള്ളത്. അധികാരങ്ങളും ചുമതലകളും സ്ഥാപനങ്ങളും പ്രാദേശിക സർക്കാരുകൾക്ക് ഒരുമിച്ച് കൈമാറുക വഴി പ്രാദേശികാസൂത്രണത്തിലും വികസനത്തിലും താഴെതട്ടിൽ ജനപങ്കാളിത്തത്തോടെയുള്ള ഇടപെടലുകൾ സാധ്യമാക്കിയ ആദ്യ സംസ്ഥാനമായി മാറി കേരളം. പദ്ധതി വിഭവങ്ങൾ സുതാര്യവും, വിവേചനമില്ലാതെയും മാനദണ്ഡങ്ങളിലധിഷ്ഠിതമായും തദ്ദേശ സ്ഥാപനങ്ങൾക്ക് നൽകുന്നു എന്നതാണ് സംസ്ഥാനത്തെ വികേന്ദ്രീകരണത്തിന്റെ മുഖമുദ്ര. സംസ്ഥാനത്തിന്റെ പദ്ധതി വിഹിതത്തിന്റെ ഒരു നിശ്ചിത ശതമാനം (25 ശതമാനം) പ്രാദേശിക തലത്തിൽ പ്രോജക്ടുകൾ രൂപീകരിച്ച് നടപ്പിലാക്കുന്നതിനായി പ്രാദേശിക സർക്കാരുകൾക്ക് നൽകുന്നു. കൂടാതെ സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിന്റെ 3.5 ശതമാനം തുക ജനറൽ പർപ്പസ് ഫണ്ടായും 6 ശതമാനം തുക മെയിന്റനെൻസ് ഫണ്ടായും വർഷാ വർഷങ്ങളിൽ തദ്ദേശ സ്ഥാപനങ്ങൾക്ക് നൽകുന്നുണ്ട്. സർക്കാർ പുറപ്പെടുവിപ്പിക്കുന്ന പൊതു മാർഗനിർദ്ദേശങ്ങൾക്ക് വിധേയമായി മുൻഗണനാടിസ്ഥാനത്തിൽ വികസന പദ്ധതികൾക്ക് രൂപംനൽകുന്നതിനും അവ നടപ്പിലാക്കുന്നതിനുമുള്ള സ്വാതന്ത്ര്യം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്. വികസനം നേടിയെടുക്കുക മാത്രമല്ല, അതിന്റെ ഗുണനിലവാരത്തിലും ഫലപ്രാപ്തിയിലും വ്യാപനത്തിലും സംസ്ഥാനത്ത് വികേന്ദ്രീകരണം കാര്യമായ സ്വാധീനം ചെലുത്തിയിട്ടുണ്ട് എന്നത് പൊതുവെ അംഗീകരിക്കപ്പെട്ട ഒരു വസ്തുതതന്നെയാണ്. സാമൂഹികമായി പാർശ്വവൽക്കരിക്കപ്പെട്ട പട്ടികജാതി, പട്ടികവർഗക്കാർക്കും രാഷ്ട്രീയമായി മാറ്റി നിർത്തപ്പെട്ടിരുന്ന സ്ത്രീകൾക്കും മുൻപൊരിക്കലും കാണാൻ സാധിക്കാത്തവിധം പൊതു സമൂഹത്തിലേക്ക് കടന്നു ചെല്ലാനുമുള്ള വാതായനം തുറന്നുകൊടുത്തതും പ്രാദേശികാസൂത്രണത്തിന്റെ എടുത്തു പറയേണ്ട സവിശേഷതതന്നെയാണ്.

ഭരണഘടനാ ഭേദഗതിയെ തുടർന്ന് കേരള പഞ്ചായത്തിരാജ് ആക്ട് (1994), കേരള മുനിസിപ്പാലിറ്റി ആക്ട് (1994) എന്നീ നിയമങ്ങൾ നിർമ്മിച്ചുകൊണ്ട് 9–ാം പഞ്ചവത്സര പദ്ധതി കാലത്താണ് കേരളത്തിൽ വികേന്ദ്രീകൃതാസൂത്രണത്തിന്റെ തുടക്കമെങ്കിൽ 13–ാം പഞ്ചവത്സര പദ്ധതിക്കാലത്താണ് രണ്ടാം ഘട്ടത്തിന് തുടക്കം കുറിച്ചത്. ഉയർന്ന വളർച്ചാ നിരക്ക് നേടിയെടുക്കുക എന്ന ലക്ഷ്യത്തിനായി ജനപങ്കാളിത്തം കൂടുതൽ വർദ്ധിപ്പിച്ച് പ്രാദേശിക സർക്കാരുകൾ വഴി ജനകീയാസൂത്രണം താഴെ തട്ടിലേക്കെത്തിക്കുന്ന വികസന തന്ത്രമായിരുന്നു 13– ാം പദ്ധതിയിൽ ആവിഷ്കരിച്ചത്. ഇക്കാലയളവിൽ ജില്ലാ പദ്ധതികൾ രൂപീകരിക്കുന്നതിലും അതിലൂടെ ജില്ലാ ആസൂത്രണ സമിതികളുടെ സ്ഥാനം ആസൂത്രണ പ്രക്രിയയുടെ മുൻനിരയിൽ എത്തിക്കുന്നതിനും 13– ാം പദ്ധതിയിൽ

ഊന്നൽ നൽകിയിരുന്നു. കൂടാതെ പതിമൂന്നാം പദ്ധതിയിൽ മുൻകൂട്ടി നിശ്ചയിച്ചിരുന്ന ലക്ഷ്യങ്ങൾ നേടിയെടുക്കാനും പ്രാദേശിക സർക്കാരുകളെ ശാക്തീകരിക്കാനും പ്രത്യേക ഊന്നൽ നൽകുന്നുണ്ട്.

941 ഗ്രാമപഞ്ചായത്തുകൾ, 152 ബ്ലോക്ക് പഞ്ചായത്തുകൾ, 14 ജില്ലാ പഞ്ചായത്തുകൾ, 87 മുനിസിപ്പാലിറ്റികൾ, 6 കോർപ്പറേഷനുകൾ അടക്കം 1200 തദ്ദേശഭരണ സ്ഥാപനങ്ങളാണ് നിലവിൽ സംസ്ഥാനത്ത് ഉള്ളത്. തദ്ദേശസ്ഥാപനങ്ങൾക്ക് വിതരണം ചെയ്യുന്ന വികസന ഫണ്ട്, പൊതുവിഭാഗം, പട്ടികജാതി ഉപപദ്ധതി (എസ്.സി.എസ്.പി), പട്ടികവർഗ്ഗ ഉപപദ്ധതി (ടി.എസ്.പി) എന്നിങ്ങനെ മൂന്ന് വിഭാഗങ്ങളിലായിട്ടാണ് നൽകുന്നത്. സംസ്ഥാന ധനകാര്യ കമ്മീഷന്റെ ശുപാർശകളിൻമേൽ സ്വീകരിച്ച നടപടി റിപ്പോർട്ടിന്റെ (എ.ടി.ആർ) അടിസ്ഥാനത്തിലാണ് തദ്ദേശ സർക്കാരുകൾക്കുള്ള വികസന ഫണ്ട് വിഹിതം വിതരണം ചെയ്യുന്നത്. 5- ാം സംസ്ഥാന ധനകാര്യ കമ്മീഷൻ സംസ്ഥാന പദ്ധതി വിഹിതത്തിന്റെ ഒരു നിശ്ചിത ശതമാനം തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അവരുടെ പദ്ധതി നടത്തിപ്പിന് വകയിരുത്താൻ ശുപാർശ്ശ ചെയ്തിട്ടുണ്ട്. 2018-19 ൽ സംസ്ഥാന പദ്ധതി വിഹിതത്തിന്റെ 24 ശതമാനം തുക (7000 കോടി രൂപ) തദ്ദേശ ഗവൺമെന്റുകൾക്ക് വികസന ഫണ്ടായി വകയിരുത്തിയിരുന്നു. ഇതിൽ കേന്ദ്ര ധനകാര്യ കമ്മീഷൻ വിഹിതവും ഉൾപ്പെടുന്നു. എന്നാൽ 2019-20 ൽ സംസ്ഥാന പദ്ധതി വിഹിതത്തിന്റെ 24.5 ശതമാനം തുകയാണ് (7500 കോടി രൂപ) വികസന ഫണ്ടായി തദ്ദേശ സ്ഥാപനങ്ങൾക്ക് വകയിരുത്തിയിട്ടുള്ളത്.

13-ാം പദ്ധതി - നയപരമായ മാറ്റങ്ങളും പുതിയ ഉദ്യമങ്ങളും.

13-ാം പദ്ധതിയുടെ (2017-22) ആദ്യ വർഷം തന്നെ തദ്ദേശസർക്കാരുകൾക്ക് പ്രാദേശിക പദ്ധതികൾ രൂപീകരിക്കുന്നതിനും നടപ്പിലാക്കുന്നതിനുമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പതിമൂന്നാം പദ്ധതി സമീപനത്തിന് അനുസൃതമായി പുറത്തിറക്കുകയുണ്ടായി. മുൻകാലങ്ങളിൽ പദ്ധതി രൂപീകരണത്തിലെ സങ്കീർണ്ണമായ നടപടിക്രമങ്ങൾ കാരണം പദ്ധതി രൂപീകരണത്തിനും അംഗീകാരത്തിനും പദ്ധതി നിർവ്വഹണത്തേക്കാൾ കൂടുതൽ സമയമെടുക്കുമായിരുന്നതിനാൽ സാമ്പത്തിക വർഷത്തിന്റെ അവസാന മാസങ്ങളിൽ പദ്ധതി നിർവ്വഹണ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പൂർത്തിയാക്കുവാൻ തദ്ദേശഭരണ സ്ഥാപനങ്ങൾ നിർബന്ധിതരാവുകയും ഇത് മാർച്ച് മാസത്തിലേക്ക് പേയ്മെന്റുകൾ കുമിഞ്ഞുകൂടാനും കാരണമായിരുന്നു. ഈ പ്രശ്നങ്ങൾക്കെല്ലാം പരിഹാരം കാണുക എന്ന ലക്ഷ്യത്തോടെയാണ് മാർഗ്ഗരേഖയിൽ ചില ഭേദഗതികൾ വരുത്തിയത്. പതിമൂന്നാം പദ്ധതിയുടെ ആദ്യവർഷത്തെ അനുഭവവെളിച്ചത്തിൽ 2018 ജനുവരിയിൽ മാർഗ്ഗരേഖ പരിഷ്കരിച്ചു. എന്നാൽ പ്രളയത്തിന്റെ പശ്ചാത്തലത്തിൽ 2019-20 ൽ മാർഗ്ഗരേഖയിൽ ചില കൂട്ടിച്ചേർക്കലുകൾ വരുത്തുകയുണ്ടായി. ഇതിൽ പ്രധാനപ്പെട്ടത് കാലാവസ്ഥാ വ്യതിയാനത്തെ അതിജീവിക്കുന്ന ആസൂത്രണത്തിന് പ്രാധാന്യം നൽകികൊണ്ട് ജൈവ വൈവിധ്യ സംരക്ഷണം, കാലാവസ്ഥാ വ്യതിയാനം, പരിസ്ഥിതി സംരക്ഷണം, ദുരന്തനിവാരണം എന്ന ഒരു പുതിയ വർക്കിംഗ് ഗ്രൂപ്പിന്റെ രൂപീകരണമായിരുന്നു. പുതിയ മാർഗ്ഗരേഖ തദ്ദേശ സ്ഥാപനങ്ങൾക്ക് അവരുടെ വാർഷിക പദ്ധതിയെയും ബഡ്ജറ്റിനെയും പരസ്പരം സംയോജിപ്പിച്ചുകൊണ്ട് പദ്ധതി നിർവ്വഹണത്തിന് ഒരു പൂർണ്ണ സാമ്പത്തിക വർഷം ലഭ്യമാക്കുവാനും സഹായിച്ചിട്ടുണ്ട്.

13-ാം പദ്ധതിയിൽ എടുത്തു പറയേണ്ട ഒരു പ്രത്യേകത ബഹുതല ആസൂത്രണത്തിന് നൽകിയ പ്രാധാന്യമാണ്. പ്രാദേശികം എന്ന് കരുതിയിരുന്ന പല പ്രശ്നങ്ങളും പ്രാദേശികത്തിനപ്പുറം സംസ്ഥാനത്തെ ആകമാനം ബാധിക്കുന്ന തരത്തിലുള്ളവയാണ് എന്നുള്ളതിനാൽ (ഉദ: മാലിന്യസംസ്കരണം, കുടിവെള്ള പ്രശ്നം) ഇത്തരം പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ബഹുതല ആസൂത്രണം അനിവാര്യമാണെന്ന തിരിച്ചറിവാണ് അതിന് ഊന്നൽ നൽകുന്നതിലേയ്ക്ക് നയിച്ചത്. 13-ാം. പദ്ധതിയുടെ മറ്റൊരു പ്രത്യേകത, പ്രാദേശിക സർക്കാരുകളുടെ ഭരണഘടനാപരമായ ചുമതലകളും ഉത്തരവാദിത്തങ്ങളും നിർവ്വഹിക്കാൻ അവയെ സഹായിക്കുന്ന തരത്തിലുള്ള പൂരകമായവികസന ഇടപെടലുകൾ വിവിധ സർക്കാർ വകുപ്പുകളുടെ ഭാഗത്തുനിന്ന് ഉണ്ടാകുമെന്നതാണ്. സാങ്കേതിക വിദഗ്ദ്ധരുടെയും വിദ്യാഭ്യാസ ഗവേഷണ സ്ഥാപനങ്ങളുടെയും സേവനം പ്രാദേശിക പദ്ധതി രൂപീകരണ പ്രക്രിയയിൽ വലിയ രീതിയിൽ ലഭ്യമല്ല എന്നുള്ളതിനാൽ പ്രാദേശിക വികസന പദ്ധതികളിൽ, വിജ്ഞാനവും വൈദഗ്ധ്യവും തമ്മിലുള്ള വിടവ് നികത്താൻ കഴിയുന്ന തരത്തിലുള്ള ഇടപെടലുകൾക്ക് 13-ാം പദ്ധതിയിൽ ഊന്നൽ നൽകുന്നുണ്ട്. സംസ്ഥാനത്ത് ദ്രുതഗതിയിൽ നടന്നുകൊണ്ടിരിക്കുന്ന നഗരവൽക്കരണം ഉയർത്തുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താനും 13-ാം പദ്ധതിയിൽ പ്രത്യേക ഊന്നൽ നൽകുന്നുണ്ട്. നഗരവൽക്കരണം ഉയർത്തുന്ന വെല്ലുവിളികളെ തരണം ചെയ്യുന്നതിന് ലഭ്യമായ അവസരങ്ങളെ ഫലപ്രദമായി വിനിയോഗിക്കുക വഴി പ്രത്യേക പദ്ധതികളും അനുയോജ്യ തന്ത്ര പരിപാടികളും ആവിഷ്കരിക്കേണ്ടിയിരിക്കുന്നു. ഇതിനായ് നഗര തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി രൂപീകരണത്തിനായി പ്രത്യേക മാർഗരേഖതന്നെ 13-ാം പദ്ധതിയിൽ പുറപ്പെടുവിക്കുകയുണ്ടായി.

ഉത്പാദനവർദ്ധനവ് ലക്ഷ്യമിട്ടുകൊണ്ട്, പദ്ധതി തുക വിനിയോഗിക്കുന്നത് സംബന്ധിച്ച മേഖല തല

മാനദ്ണ്ഡങ്ങളിൽ ചില നയപരമായ മാറ്റങ്ങൾ വരുത്തുകയുണ്ടായി. ത്രിതല പഞ്ചായത്തുകൾ പൊതുവിഭാഗത്തിൽ സാധാരണ വിഹിതത്തിന്റെ 30 ശതമാനം തുകയും നഗര തദ്ദേശഭരണ സ്ഥാപനങ്ങൾ 10 ശതമാനം തുകയും നിർബന്ധമായും ഉത്പാദന മേഖലാ പ്രോജക്ടുകൾക്ക് നീക്കിവെക്കണമെന്ന് നിഷ്കർഷിക്കുകയുണ്ടായി. ഇതുകൂടാതെ പട്ടികജാതി ഉപപദ്ധതി ഫണ്ട്, പട്ടികവർഗ ഉപപദ്ധതി ഫണ്ട്, പൊതുവിഭാഗത്തിലെ സാധാരണ വിഹിതം എന്നിവയുടെ ആകെ തുകയുടെ 5 ശതമാനം, വൈകല്യമുള്ളവർക്കും കുട്ടികൾക്കും, 5 ശതമാനം വൃദ്ധർക്കും പാലിയേറ്റീവ് പരിപാടികൾക്കും 10 ശതമാനം വനിതാഘടക പദ്ധതിക്കും മാറ്റിവെയ്ക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. 2018 ൽ ഉണ്ടായ മഹാപ്രളയത്തിന്റെ പശ്ചാത്തലത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അവരുടെ പ്രോജക്ടുകൾ പുന:ക്രമീകരിക്കാനും പ്രളയ പശ്ചാത്തലത്തിൽ പ്രാദേശിക തലത്തിൽ ഉയർന്നുവന്ന പ്രശ്നങ്ങൾക്ക് അടിയന്തിര പരിഹാരം കാണുന്നതിനുമായി 2018–19 വാർഷിക പദ്ധതിയിലെ മേഖല വകയിരുത്തലുകളിൽ ചില ഇളവുകൾ നൽകുകയുണ്ടായി.

പ്രാദേശിക വികസന പ്രശ്നങ്ങൾ മനസ്സിലാക്കി ലഭ്യമായ വിഭവങ്ങളുടെ അടിസ്ഥാനത്തിൽ പ്രശ്നങ്ങളെ പരിഹരിക്കാനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുക എന്നതാണ് വികേന്ദ്രീകൃതാസൂത്രണം കൊണ്ട് യഥാർത്ഥത്തിൽ അർത്ഥമാക്കുന്നത്. എന്നാൽ സംസ്ഥാന സർക്കാർ സമയാ സമയങ്ങളിൽ പുറപ്പെടുവിക്കുന്ന സബ്സിഡി മാർഗരേഖയ്ക്കനുസൃതമായി പദ്ധതികൾ തയ്യാറാക്കാൻ തദ്ദേശ സ്ഥാപനങ്ങൾക്ക് ചിലപ്പോൾ സാധിച്ചെന്ന് വരുകയില്ല. ഇത്തരം സാഹചര്യത്തിൽ 'നൂതന പരിപാടികൾ' എന്ന ഒരു പുതിയ ജാലകം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് 13–ാം പദ്ധതിയിൽ ലഭ്യമാക്കുകയുണ്ടായി. സബ്സിഡി മാർഗരേഖ വഴി ഏറ്റെടുക്കാൻ സാധിക്കാത്ത നൂതനവും അനിവാര്യവുമായ പദ്ധതികൾ ഇത് വഴി ഏറ്റെടുക്കാൻ തദ്ദേശ സ്ഥാപനങ്ങൾക്ക് സാധിക്കും എന്നതാണ് ഇതിന്റെ പ്രത്യേകത.

13–ാം പദ്ധതിയുടെ തുടക്കത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി രൂപീകരണത്തിനും നിർവ്വഹണത്തിനും കൂടുതൽ സ്വയം ഭരണാധികാരം നൽകുന്നതിന്റെ ഭാഗമായി കൂടുതൽ നിർവ്വഹണ ഉദ്യോഗസ്ഥരെ അനുവദിച്ചു നൽകുകയുണ്ടായി. കഴിഞ്ഞ പഞ്ചവൽസര പദ്ധതിവരെ കൈമാറ്റം ചെയ്ത് കിട്ടിയ സ്ഥാപനത്തിലെ ഏറ്റവും മുതിർന്ന ഉദ്യോഗസ്ഥനെ മാത്രമേ ബന്ധപ്പെട്ട മേഖലയിലെ നിർവ്വഹണത്തിനായി നിയോഗിക്കാൻ കഴിയുമായിരുന്നുള്ളൂ. എന്നാൽ ഇതിൽ വരുത്തിയ മാറ്റം നിർവ്വഹണം വേഗത്തിലാക്കുവാൻ സാധിച്ചു പ്രത്യേകിച്ചു എഞ്ചിനീയറിംഗ് പദ്ധതികളുടെ സുഗമമായ നിർവ്വഹണത്തെ ഇത്ഏറെ സഹായിക്കുകയുണ്ടായി. 13–ാം പദ്ധതിയുടെ ആദ്യ വർഷങ്ങളിൽ വരുത്തിയ മറ്റൊരു മാറ്റം പദ്ധതി രൂപീകരണം, നിർവ്വഹണം, മോണിറ്ററിംഗ് എന്നിവയിൽ തദ്ദേശ സ്ഥാപനങ്ങളെ സാഹായിക്കുവാനായി രൂപീകരിച്ച ആസൂത്രണ കമ്മറ്റികളാണ്. ഇത് പദ്ധതി രൂപീകരണത്തിൽ സ്റ്റേക്ക്ഹോൾഡർമാരുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിന് സഹായകമായിട്ടുണ്ട്. അതേപോലെ തദ്ദേശ സർക്കാർ പദ്ധതി വഴി വിതരണം ചെയ്യാൻ കഴിയുന്ന സബ്സിഡിയുടെ സാധ്യതകൾ കൂടുതൽ വിപുലമാക്കി എന്നതും എടുത്തു പറയേണ്ട ഒരു കാൽവെയ്പ് തന്നെയാണ്.

ജില്ലാ പദ്ധതി : സംസ്ഥാനത്തെ എല്ലാ ജില്ലകളും ജില്ലാപദ്ധതികൾക്ക് 2018 ൽ രൂപം നൽകുകയുണ്ടായി. ഭരണഘടനയിലെ ആർട്ടിക്കിൾ 243 (ZD) അനുസരിച്ച് ജില്ലകളുടെ സമഗ്ര വികസനത്തിനായി ഒരു സംയോജിത സമീപനം കൈക്കൊള്ളുന്നതിന് ജില്ലാ ആസൂത്രണ സമിതികൾ ജില്ലാ പദ്ധതികൾ നിർബന്ധമായും തയ്യാറാക്കേണ്ടതാണെന്ന് നിഷ്കർഷിക്കുന്നു. ജില്ലാ പദ്ധതിയുടെ മറ്റൊരു ലക്ഷ്യം ബഹുതല ആസൂത്രണത്തെ പ്രോത്സാഹിപ്പിക്കുകയും വിവിധ തലത്തിലുള്ള തദ്ദേശഭരണ സ്ഥാപനങ്ങളുടെ വികസനാവശ്യങ്ങളും, മുൻഗണനകളും സംസ്ഥാനത്തെയും ജില്ലകളിലെയും വിവിധ സാമൂഹ്യ സാമ്പത്തിക വിഭാഗങ്ങൾ തമ്മിലുള്ള സംയോജനവും ഉറപ്പാക്കുക എന്നതുമാണ്.
ജില്ലാ പദ്ധതി രൂപീകരണത്തിനായ് സർക്കാർ വിശദമായ മാർഗരേഖ പുറപ്പെടുവിപ്പിക്കുകയും സംസ്ഥാനത്തെ എല്ലാജില്ലകളും ജില്ലാ പദ്ധതി തയ്യാറാക്കുക എന്ന യജ്ഞം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. തദ്ദേശ ഗവണ്മെന്റുകളുടെയും മറ്റ് ഏജൻസികളുടെയും സഹായത്തോടെ സംയുക്തമായി നിർവ്വഹണം നടത്തേണ്ട ജില്ലാ പദ്ധതിയിൽ ഉയർന്ന് വന്ന ചില വൻകിട പദ്ധതി നിർദ്ദേശങ്ങൾ വിശദ പദ്ധതി നിർദ്ദേശങ്ങളായി രൂപം നൽകിയിട്ടുണ്ട്. ഇത്തരം വൻകിട പ്രോജക്ടുകളെ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന ബഡ്ജറ്റിൽ 40 കോടി രൂപ പ്രത്യേക ധനസഹായം നൽകുന്നതിനായി വകയിരുത്തിയിട്ടുണ്ട്. അതായത്, ജില്ലാ പദ്ധതിയുടെ ഭാഗമായി രൂപം നൽകിയ സംയോജിത പരിപാടികൾ തദ്ദേശ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയുടെ ഭാഗമാക്കുന്നതിനുള്ള ശ്രമം ഇതിനകം ആരംഭിച്ചിട്ടുണ്ട്. കൂടാതെ സംയോജിത/സംയുക്ത പ്രോജക്ടുകൾക്ക് കേരള പുനർനിർമ്മാണ പദ്ധതിയുടെ (RKI) ഭാഗമായി ധനസഹായം ലഭ്യമാക്കുന്നതിനും സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

ജില്ലാ റിസോഴ്സ് സെന്ററുകളുടെ രൂപീകരണം : 13–ാം പദ്ധതിയുടെ ആദ്യ രണ്ടു വർഷങ്ങളിൽ സമയബന്ധിതമായി പദ്ധതി രൂപീകരിക്കുവാനും നിർവ്വഹണം നേരത്തെ ആരംഭിക്കുന്നതിനുമാണ് ഊന്നൽ നൽകിയിരുന്നത്. അതിനാൽ തന്നെ

ആദ്യ രണ്ട് വർഷങ്ങളിൽ പദ്ധതി വിഹിതത്തിലെ ഉയർന്ന വിനിയോഗത്തിന് ഇത് സഹായകമായിട്ടുണ്ട്. തുടർന്നുള്ള വർഷങ്ങളിൽ പ്രാദേശിക സർക്കാരുകളുടെ പദ്ധതികളുടെ ഗുണമേൻമ വർദ്ധിപ്പിക്കുവാനായിരുന്നു ഊന്നൽ നൽകിയത്. സംസ്ഥാനത്ത് നടപ്പാക്കിയ ജനകീയാസൂത്രണവുമായി ബന്ധപ്പെട്ട് നടന്ന പല പഠനങ്ങളിലും പ്രാദേശിക പദ്ധതിരൂപീകരണവുമായി ബന്ധപ്പെട്ട് പല പോരായ്മകളും കുറവുകളും ചൂണ്ടികാണിക്കപ്പെട്ടിട്ടുണ്ട്. അവശ്യം വേണ്ട പഠനങ്ങൾ നടത്താതെ വികസന പരിപാടികൾക്ക് രൂപം നൽകുക, ഫലപ്രാപ്തി കുറഞ്ഞ തീരെ ചെറിയ പ്രോജക്ടുകൾ ഏറ്റെടുക്കുക, ആവശ്യ വിവരങ്ങൾ ഉൾക്കൊള്ളിക്കാതെ പ്രോജക്ടുകൾ അപൂർണ്ണമായി തയ്യാറാക്കുക തുടങ്ങിയ പോരായ്മകൾ ഇതിൽപ്പെടുന്നു. ഇത്തരം കുറവുകൾ പരിഹരിക്കാനും പ്രാദേശിക പദ്ധതികളുടെ അറിവ് ഉള്ളടക്കവും സാങ്കേതിക മികവും മെച്ചപ്പെടുത്താനും, 2019 സെപ്റ്റംബറിൽ എല്ലാ ജില്ലകളിലും ജില്ലാ റിസോഴ്സ് സെന്ററുകൾ രൂപീകരിക്കാൻ സർക്കാർ തീരുമാനിക്കുകയുണ്ടായി. വികസന, ഗവേഷണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരെയും, സർക്കാർ വകുപ്പുകളിൽ നിന്ന് വിരമിച്ച വിദഗ്ദ്ധരെയും ഉൾപ്പെടുത്തികൊണ്ടുള്ള ജില്ലാ റിസോഴ്സ് സെന്ററുകളുടെ മുഖ്യ പ്രവർത്തനങ്ങൾ താഴെ കൊടുക്കുന്നു. (1) ജില്ലാ ആസൂത്രണ സമിതിയും പ്രാദേശിക സർക്കാരുകളും ആവശ്യപ്പെടുന്ന വിഷയങ്ങളിലും, മേഖലകളിലും വിശദമായ പഠനം നടത്തി റിപ്പോർട്ട് നൽകുക. (2)പ്രാദേശിക പദ്ധതികളുടെ അറിവുള്ളടക്കവും സാങ്കേതിക മികവും മെച്ചപ്പെടുത്തുന്നതിനുവേണ്ട സാങ്കേതിക ഉപദേശം നൽകുക. (3) പ്രാദേശിക സർക്കാരുകൾ ആവശ്യപ്പെടുന്ന വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ (ഡി.പി.ആർ) തയ്യാറാക്കി നൽകുക, സാധ്യതാപഠനം നടത്തുക. (4) പ്രാദേശിക സർക്കാരുകളുടെ പദ്ധതിയും, പ്രോജക്ടുകളും പരിശോധിച്ച്, അവയുടെ മികവ്, പോരായ്മകൾ, പോരായ്മ മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ എന്നിവയെ സംബന്ധിക്കുന്ന റിപ്പോർട്ട് തയ്യാറാക്കി ജില്ലാ ആസൂത്രണ സമിതിക്ക് നൽകുക (5) മാതൃകാ പ്രോജക്ടുകൾ പഠിച്ച് പ്രാദേശിക സർക്കാരുകൾക്ക് ഇടയിൽ പ്രചരിപ്പിക്കുക, (6) വർഷാ വർഷം ജില്ലാ പദ്ധതി പരിഷ്കരിക്കുക. ജില്ലാ റിസോഴ്സ് സെന്ററുകളുടെ പ്രവർത്തനം ദീർഘകാലാടിസ്ഥാനത്തിൽ തദ്ദേശഗവണ്മെന്റുകളുടെ പദ്ധതികളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും അതുവഴി അടിയന്തിര ശ്രദ്ധവേണ്ട മേഖലകൾക്ക് പ്രത്യേക ഊന്നൽ നൽകുമെന്നും കരുതുന്നു.

ജില്ലാ ദുരന്ത നിവാരണ പദ്ധതി : സംസ്ഥാനത്ത് പ്രകൃതിക്ഷോഭങ്ങളും കാലാവസ്ഥാ വ്യതിയാനവും അനുദിനം മാറി കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ, വെള്ളപ്പൊക്കം, വരൾച്ച, ഉരുൾപൊട്ടൽ, കടൽക്ഷോഭം എന്നീ പ്രകൃതി ദുരന്തങ്ങൾ ജനങ്ങൾക്ക് ഒരു വെല്ലുവിളിതന്നെയാണ്. ഈ സാഹചര്യത്തിൽ ഇത്തരം ദുരന്തങ്ങളുടെ ആഘാതങ്ങൾ ലഘൂകരിക്കുവാനും, പ്രാദേശിക സർക്കാരുകളുടെ ദുരന്ത തയ്യാറെടുപ്പ് കാര്യക്ഷമമാക്കാനും, രാജ്യത്തിൽ തന്നെ ആദ്യമായി സംസ്ഥാന സർക്കാർ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളോടും പ്രാദേശിക ദുരന്ത നിവാരണ പദ്ധതി രൂപീകരിക്കാൻ നിർദ്ദേശം നൽകിയിരിക്കുകയാണ്. തദ്ദേശ സ്ഥാപനങ്ങളിലെ ദുരന്ത നിവാരണ പദ്ധതിയുടെ ഘടകങ്ങൾ ഇവയെല്ലാമാണ്. (1) തദ്ദേശഭരണ സ്ഥാപനത്തിന്റെ പൊതുവിവരങ്ങൾ (2) അപകട സാധ്യത നിറഞ്ഞതും എളുപ്പത്തിൽ ദുരന്തം ബാധിക്കുന്നവരുടെയും വിവരണം. (3)തദ്ദേശ സ്ഥാപനത്തിന്റെ ശേഷിയും വിഭവങ്ങളും (4) ദൂരന്ത പ്രതികരണ ആസൂത്രണ രേഖ (5)ദുരന്ത അതിജീവന തയ്യാറെടുപ്പുകൾ, ദുരന്ത ലഘൂകരണം, സാമൂഹിക ശാക്തീകരണ പദ്ധതികൾ.

തദ്ദേശഭരണ സ്ഥാപനങ്ങൾ അവരുടെ ദുരന്ത നിവാരണ പദ്ധതികൾ 2020 ജനുവരി–മാർച്ച് കാലയളവിൽ തയ്യാറാക്കേണ്ടതും 2020–21 ലെ വാർഷിക പദ്ധതിയുമായി സംയോജിപ്പിക്കേണ്ടതുമാണ്. ദുരന്ത സാധ്യതയും ദുർബലതയുമനുസരിച്ച് തദ്ദേശഭരണ സ്ഥാപനങ്ങൾ ദുരന്ത നിവാരണ പദ്ധതികൾ അവരുടെ വാർഷിക പദ്ധതിയുടെ ഭാഗമാക്കേണ്ടതാണ്. ഇതുകൂടാതെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളോടും രക്ഷാപ്രവർത്തനങ്ങൾക്കും ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കും നേതൃത്വം നൽകാൻ നാല് അടിയന്തിര പ്രതികരണ ടീമുകളെ രൂപീകരിക്കുവാനും സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. ദുരിതാശ്വാസ ക്യാമ്പുകളായും റെസ്ക്യൂ ഷെൽട്ടറുകളായും മാറ്റാവുന്ന പൊതു സ്ഥലങ്ങൾ കണ്ടെത്താനും അത്തരം സെന്ററുകളുടെ അറ്റകുറ്റപണികൾ പൂർത്തീകരിച്ച് ആവശ്യത്തിന് ടോയ്ലെറ്റുകൾ, ശുചീകരണ സംവിധാനങ്ങൾ എന്നിവ ഉണ്ടെന്ന് ഉറപ്പ് വരുത്തുവാനും തദ്ദേശഭരണ സ്ഥാപനങ്ങളോട് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. അതുവഴി കാലാവസ്ഥാ വ്യതിയാനംമൂലം അടിക്കടിയുണ്ടാവുന്ന പ്രകൃതി ദുരന്തങ്ങളെയും അപകടങ്ങളെയും ഒരു പരിധിവരെ തടയാൻ സാധിക്കുമെന്നാണ് വിലയിരുത്തപ്പെടുന്നത്. ആഗോള തലത്തിൽ തന്നെ അടിക്കടിയുണ്ടാകുന്ന പ്രകൃതി ദുരന്തത്തിന്റെയും കാലാവസ്ഥാവ്യതിയാനത്തിന്റെയും പശ്ചാത്തലത്തിൽ രൂപീകരിക്കുന്ന ദുരന്ത നിവാരണ പദ്ധതി എന്നത് രാജ്യത്ത് എല്ലായിടത്തും വ്യാപിപ്പിക്കാൻ പറ്റുന്ന ഒന്നായിരിക്കും.

ഡീസെൻട്രലൈസേഷൻ റൗണ്ട്: സംസ്ഥാനത്ത് ജനകീയാസൂത്രണ പ്രസ്ഥാനം ആരംഭിച്ചിട്ട് രണ്ടു ദശാബ്ദം പിന്നിട്ടെങ്കിലും നാളിതുവരെ പ്രാദേശിക ആസൂത്രണത്തെ ഫലപ്രദമായി സഹായിക്കാൻ കഴിയുന്ന ഒരു സ്ഥിതിവിവരണ ശേഖരണ വിതരണ സമ്പ്രദായം രൂപപ്പെടുത്തി എടുക്കാൻ നമുക്ക്കഴിഞ്ഞിട്ടില്ല എന്നതാണ് യാഥാർത്ഥ്യം. പദ്ധതി

അടങ്കലിന്റെയും അതിന്റെ വിനിയോഗത്തിന്റെയും സ്ഥിതി വിവരകണക്കുകൾ ഇൻഫർമേഷൻ കേരളാ മിഷൻ ശേഖരിക്കുന്നുണ്ട്. എന്നാൽ തദ്ദേശഭരണ സ്ഥാപനങ്ങൾ സ്വന്തം നിലയ്ക്കാണ് വികസനമേഖലകളുടെ അവസ്ഥാവിവരങ്ങൾ ശേഖരിച്ച് പ്രദേശിക ആസൂത്രണത്തിന് ഉപയോഗിക്കുന്നത്. അതുകൊണ്ടുതന്നെ പ്രാദേശിക പദ്ധതികളുടെ ഫലപ്രാപ്തിയേയും നേട്ടങ്ങളേയും കുറിച്ചുള്ള സ്ഥിതിവിവര കണക്കുകളുടെ അഭാവം വളരെ വലുതാണ്. നിലവിലുള്ള ഭരണസമിതികളുടെ കാലാവധി അവസാനിക്കുകയും പുതിയ സമിതികൾ താമസംവിനാ അവരോധിക്കപെടുകയും ചെയ്യുന്ന സാഹചര്യത്തിൽ ഇത്തരത്തിൽ ഒരു വിവരശേഖരണം നടത്തുവാൻ ഏറ്റവും അനുയോജ്യമായ സമയം ഇതായതിനാൽ, 'ഡീസെൻടലൈസേഷൻ റൗണ്ട്' എന്ന പേരിൽ പ്രാദേശിക സർക്കാരുകൾ കൈവരിച്ച നേട്ടങ്ങളെകുറിച്ച് ഒരു ചോദ്യാവലിയുടെ അടിസ്ഥാനത്തിൽ വിവരങ്ങൾ ശേഖരിക്കാനുദ്ദേശിക്കുന്നു. നിലവിലുള്ള പ്രാദേശിക സർക്കാരുകളുടെ കാര്യക്ഷമത അളക്കുവാനും 2020 നവംബർ മാസത്തോടെ അധികാരത്തിൽ വരുന്ന ഭരണ സമിതികൾക്ക് ഭാവി കാര്യപരിപാടികളും മുൻഗണനകളും നിശ്ചയിക്കാനും ഇത് സഹായിക്കും. കൂടാതെ മാതൃകാപദ്ധതികൾ കണ്ടെത്തുന്നതിനും, മികച്ച പ്രവർത്തനങ്ങൾ കാഴ്ചവച്ച തദ്ദേശ സർക്കാരുകളെ കണ്ടെത്താനും കഴിഞ്ഞകാല അനുഭവങ്ങളിൽ നിന്നും പുതിയ അറിവുകൾ സമ്പാദിക്കാനും ഈ റൌണ്ട് സഹായിക്കും. വിവരശേഖരണവുമായി ബന്ധപ്പെട്ട ഉത്തരവാദിത്വങ്ങൾ സാമ്പത്തിക സ്ഥിതി വിവരകണക്ക് വകുപ്പിനാണ് നൽകിയിട്ടുള്ളത്. ഓരോ അഞ്ച് വർഷം കൂടുമ്പോഴും റൌണ്ട് സംഘടിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. ഗവേഷണ ത്വരയുള്ളവർക്കും ആസൂത്രണ വിദഗർക്കും വിവരങ്ങളുടെ നല്ലൊരു ശേഖരമായിരിക്കും ഇത് വഴി ലഭിക്കാൻ പോകുന്നത്.

പ്രളയ ബാധിത തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പ്രത്യേക സഹായം– 2018 ലെ പ്രളയത്തിൽ കാര്യമായ നാശനഷ്ടങ്ങൾ ബാധിച്ച തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് 2019–20 വാർഷിക ബഡ്ജറ്റിൽ സംസ്ഥാന സർക്കാർ 250 കോടി രൂപ പ്രത്യേകധനസഹായമായി വകയിരുത്തിയിരുന്നു. പ്രളയബാധിത തദ്ദേശഭരണ സ്ഥാപനങ്ങളെ തിരഞ്ഞെടുക്കാനും, പ്രസ്തുത ഫണ്ട് വിതരണം ചെയ്യുവാനുമുള്ള മാനദണ്ഡം തീരുമാനിക്കാനുമായി സർക്കാർ ഒരു കമ്മറ്റിയെ നിയമിച്ചിരുന്നു. ഈ കമ്മറ്റിയുടെ ശുപാർശ്ശ പ്രകാരം 15 ശതമാനം തുക അതായത് 37.5 കോടി രൂപ മണ്ണിടിച്ചിലുകാരണം നാശനഷ്ടങ്ങൾ സംഭവിച്ച തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നീക്കിവെക്കുകയും ബാക്കി തുകയായ 212 .50 കോടിരൂപ പ്രളയ ബാധിത തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വിതരണം ചെയ്യാനും തീരുമാനിക്കുകയുണ്ടായി. ഇതനുസരിച്ച് സംസ്ഥാനത്തെ 240 ഗ്രാമപഞ്ചായത്തുകൾക്കും, 33 മുനിസിപ്പാലിറ്റികൾക്കും, 3 കോർപ്പറേഷനുകൾക്കും യഥാക്രമം 169.04 കോടി, 35.85 കോടി, 7.61 കോടി രൂപ വീതം വിതരണം ചെയ്യുകയുണ്ടായി. ഈ തുകയുടെ വിനിയോഗം സംബന്ധിച്ച് വിശദമായ മാർഗരേഖയും സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രളയത്തിൽ ജീവനോപായി നഷ്ടപെട്ടവർക്ക് അത് നേടിയെടുക്കാനുതകുന്ന തരത്തിലുള്ള പ്രോജക്റ്റുകൾക്ക് മുൻഗണന നൽകണമെന്നും തദ്ദേശഭരണ സ്ഥാപനങ്ങളോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ പ്രളയംമൂലം നശിച്ച പൊതുആസ്തികൾ പുന:സ്ഥാപിക്കാനും റെസ്ക്യൂ ഷെൽട്ടറുകൾ റിപ്പയർ ചെയ്യുവാനും പ്രസ്തുത തുക ഉപയോഗിക്കുന്നതിനുള്ള അനുവാദവും തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്.

13 –ാം പഞ്ചവത്സരപദ്ധതിയിലെ പ്രധാന നേട്ടങ്ങൾ

i. പ്രാദേശിക പദ്ധതികളുടെ സമയബന്ധിത രൂപീകരണം

പ്രാദേശിക പദ്ധതികൾ സമയബന്ധിതമായി രൂപീകരിക്കുവാനും നിർവ്വഹണ പ്രവർത്തനങ്ങൾ

ബോക്സ് 12.1.1 ഗ്രാമപഞ്ചായത്ത് വികസന പദ്ധതി (Grama Panchayat Development Plan)

കേരളത്തിലെ വികേന്ദ്രീകൃതാസൂത്രണത്തിന്റെ കാതലായ പ്രത്യേകത ജന പങ്കാളിത്തത്തോടെയുള്ള ആസൂത്രണമാണ്. 9–ാം പഞ്ചവത്സര പദ്ധതിയിൽ ആരംഭിച്ച ജനകീയാസൂത്രണ ക്യാമ്പയിൻ പ്രാദേശിക ആസൂത്രണത്തിന് ഒരു പങ്കാളിത്ത രീതിശാസ്ത്രം തന്നെ വികസിപ്പിച്ചെടുക്കുന്നതിൽ വിജയിക്കുകയുണ്ടായി. കഴിഞ്ഞ രണ്ട് ദശാബ്ദക്കാലമായി നിരന്തരം സ്ഫുടം ചെയ്ത സംസ്ഥാനത്തെ വികേന്ദ്രീകൃതാസൂത്രണ പ്രക്രിയ കേന്ദ്ര ഗ്രാമവികസന മന്ത്രാലയം പ്രാദേശിക വികസന തന്ത്രമായി അനുവർത്തിക്കുകയും രാജ്യത്ത് മുഴുവൻ ഗ്രാമപഞ്ചായത്ത് വികസന പദ്ധതി (ജി.പി.ഡി.പി) എന്ന പേരിൽ നടപ്പിൽ വരുത്തുകയും ചെയ്യുകയുണ്ടായി. പങ്കാളിത്ത ആസൂത്രണം രാജ്യവ്യാപകമാക്കുന്ന ഈ പരിപാടിയുടെ മുദ്രാവാക്യം 'ഏവർക്കുംവികസനം എല്ലാവരുടെയും പദ്ധതി' എന്നതാണ്. സംസ്ഥാനത്തെ വികേന്ദ്രീകൃതാസൂത്രണം എല്ലാ സംസ്ഥാനങ്ങളിലും നടപ്പിലാക്കപ്പെടുമ്പോൾ ദേശീയ തലത്തിൽ കേരളത്തിന് ലഭിച്ച അംഗീകാരമായിട്ടാണ് ഇതിനെ നോക്കി കാണുന്നത്.

നേരത്തേ തന്നെ തുടങ്ങാനുമാണ് പഞ്ചവത്സര പദ്ധതിയിൽ ലക്ഷ്യമിട്ടിട്ടുള്ളത്. 13–ാം പദ്ധതിയുടെ ആരംഭത്തിൽ സങ്കീർണ്ണ നടപടിക്രമങ്ങൾ ഒഴിവാക്കി മാർഗരേഖ സമഗ്രമായി പരിഷ്കരിച്ചതിനാൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അവരുടെ വാർഷിക പദ്ധതി പ്രവർത്തനങ്ങൾ നേരത്തേ തന്നെ ആരംഭിക്കുവാൻ സാധിച്ചു. പദ്ധതി രൂപീകരണ പ്രക്രിയ 2017–18 വാർഷിക പദ്ധതിയിൽ ജൂൺ 2017 നും, 2018–19 ൽ മാർച്ച് 2018 ലും പൂർത്തീകരിക്കാൻ സാധിച്ചു. ഇത് മൂലം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അവരുടെ വാർഷിക പദ്ധതിയെ ബഡ്ജറ്റുമായി സംയോജിപ്പിക്കാനും നിർവ്വഹണ പ്രവർത്തനങ്ങൾക്കായി ഒരു മുഴുവൻ വർഷം ലഭ്യമാക്കാനും കഴിഞ്ഞു. 2019–20 ലാകട്ടെ വാർഷിക പദ്ധതി രൂപീകരണ പ്രക്രിയ 2018 ഡിസംബറിൽ പൂർത്തിയാക്കുകയുണ്ടായി. കേരളത്തിലെ ജനകീയാസൂത്രണ ചരിത്രത്തിലെ അഭൂതപൂർവ്വമായ നേട്ടമായി ഇതിനെ കാണാവുന്നതാണ്. പദ്ധതി നിർവ്വഹണത്തിനായി പൂർണ്ണമായും ഒരു വർഷം ലഭിച്ചതിനാൽ മുൻ വർഷത്തേക്കാൾ ഉയർന്ന പദ്ധതി ചിലവ് നേടിയെടുക്കാനും ഇത് സഹായിച്ചിട്ടുണ്ട്. 2016–17 ൽ പദ്ധതി ചിലവ് 76.7 ശതമാനമായിരുന്നെങ്കിൽ 2017–18 ൽ 85 ശതമാനവും, 2018–19 ൽ 81.6 ശതമാനവുമായിരുന്നു.

ii. ടെണ്ടർ സേവിംഗ്സിൽ ഗണ്യമായ വർദ്ധനവ്

പതിമൂന്നാം പദ്ധതി മുതൽ പദ്ധതി നിർവ്വഹണത്തിലെ സുതാര്യത ഉറപ്പാക്കുന്നതിനായി മരാമത്ത് പ്രവർത്തികൾ നിർവ്വഹണം നടത്തുമ്പോൾ ഗുണഭോക്തൃ സമിതി വഴി ഏറ്റെടുക്കുന്നതിനു പകരം ഇ–ടെണ്ടറിംഗിനെ പ്രോത്സാഹിപ്പിക്കുന്നതിന് പ്രാധാന്യം നൽകുകയുണ്ടായി. **അനുബന്ധം 12.1.1** നൽകിയിട്ടുള്ള കണക്കുകൾ സൂചിപ്പിക്കുന്നത് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് 2017–18 ൽ 239.60 കോടി രൂപയും 2018–19 ൽ 212.23 കോടി രൂപയും ടെണ്ടർ സേവിംഗ്സ് ഇനത്തിൽ ലഭ്യമായിട്ടുണ്ട് എന്നാണ്. ഈ തുക ഉപയോഗിച്ച് പുതിയ പദ്ധതികൾ ഏറ്റെടുക്കാൻ തദ്ദേശ സർക്കാരുകൾക്ക് സാധിച്ചിട്ടുണ്ട്.

iii. പൊതുവിഭാഗം പദ്ധതി ചിലവിൽ ഉത്പാദന മേഖലയുടെ വിഹിതത്തിൽ ഉണ്ടായ വർദ്ധനവ്

തദ്ദേശഭരണ സ്ഥാപനങ്ങൾ പൊതു വിഭാഗത്തിലെ സാധാരണ വിഹിതത്തിൽ നിന്നും ഒരു നിശ്ചിത ശതമാനം തുക ഉത്പാദന മേഖലയിലേക്കായി നീക്കിവെക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്. 12–ാം പദ്ധതിയുടെ ആദ്യ നാലുവർഷങ്ങളിൽ തദ്ദേശ സ്ഥാപന പദ്ധതികളിൽ ഉത്പാദന മേഖലക്ക് മേഖല പരിധി ബാധകമായിരുന്നില്ല. എന്നാൽ നാലു വർഷക്കാലത്തെ അനുഭവത്തിന്റെ വെളിച്ചത്തിൽ 2016 ൽ അധികാരത്തിലെത്തിയ പുതിയ സർക്കാർ ഇത് അവലോകനം നടത്തുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ 2016–17 വാർഷിക പദ്ധതിയിൽ ഉത്പാദന മേഖലയിൽ കുറഞ്ഞത് 20 ശതമാനവും ശുചിത്വത്തിനായി കുറഞ്ഞത് 10 ശതമാനം തുകയും നിർബന്ധമായി വകയിരുത്താൻ തീരുമാനിക്കുകയുണ്ടായി. 13–ാം പദ്ധതിയുടെ ആരംഭത്തിൽ തന്നെ മേഖലാ പരിധിയിൽ കാതലായ മാറ്റം വരുത്തുകയും ഗ്രാമ, ബ്ലോക്ക്, ജില്ലാപഞ്ചായത്തുകൾ ഉത്പാദന മേഖലയിലേക്ക് 30 ശതമാനം തുക നിർബന്ധമായും വകയിരുത്താനും കോർപ്പറേഷനുകൾക്കും മുനിസിപ്പാലിറ്റികൾക്കും ഇത് 10 ശതമാനമായും നിശ്ചയിക്കുകയുണ്ടായി. ഇതാവട്ടെ പശ്ചാത്തലമേഖലയിൽ കൂടുതൽ ശ്രദ്ധ നൽകിയിരുന്ന തദ്ദേശസ്ഥാപനങ്ങൾക്ക് ഉത്പാദന മേഖലയിൽ കൂടുതൽ തുക വകയിരുത്താനും കൂടുതൽ പ്രോജക്ടുകളെടുക്കാനും സഹായകമായി. 13– ാം പദ്ധതിയുടെ സമീപന രേഖയിൽ പ്രതിപാദിച്ചത് പോലെ ഉത്പാദന മേഖലക്ക് കൂടുതൽ പ്രാധാന്യം നൽകുക എന്ന ലക്ഷ്യം ഇത് വഴി സാധ്യമാവുകയുണ്ടായി. ഇതിന്റെ വിശദവിവരങ്ങൾ **പട്ടിക 12.1.1** ൽ കൊടുത്തിരിക്കുന്നു.

പട്ടിക 12.1.1 പൊതു വിഭാഗം സാധാരണ വിഹിതത്തിന്റെ മൊത്തചെലവിൽ ഉത്പാദന മേഖലയുടെ ചെലവ് വിഹിതം(രൂപ കോടിയിൽ)

വർഷം	പൊതുവിഭാഗം സാധാരണ വിഹിതത്തിലെ ഉത്പാദനമേഖല ചെലവ്	പൊതുവിഭാഗം സാധാരണ വിഹിതത്തിലെ ആകെയുള്ള ചെലവ്	പൊതുവിഭാഗം സാധാരണ വിഹിതംചിലവിൽ ഉത്പാദന മേഖലയുടെ പങ്ക്
2015–16	242.43	2400.98	10.10
2016–17	373.42	2040.85	18.30
2017–18	660.46	2750.19	24.02
2018–19	674.26	3330.11	20.25

അവലംബം : ഐ.കെ.എം 2019

iv. കേരളത്തിലെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ഐ.എസ്.ഒ നിലവാരം

സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളെയും ഐ.എസ്.ഒ നിലവാരത്തിലേക്കുയർത്തി ഗുണമേന്മയുള്ള സേവനം ജനങ്ങൾക്ക് സമയബന്ധിതമായി നൽകുക എന്നത് 13– ാം പദ്ധതിയുടെ സമീപന രേഖയിൽ പ്രതിപാദിച്ചിട്ടുണ്ട്. ഇത് നേടിയെടുക്കാനും കേരളത്തിലെ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് സാധിച്ചിട്ടുണ്ട്. സംസ്ഥാനത്തെ 941 ഗ്രാമ പഞ്ചായത്തുകളിൽ 861 എണ്ണവും 152 ബ്ലോക്ക് പഞ്ചായത്തുകളും അന്താരാഷ്ട്ര ഗുണമേന്മ സർട്ടിഫിക്കേഷനായ ഐ.എസ്.ഒ 9001: 2015 നേടികഴിഞ്ഞു. ഈ സാമ്പത്തിക വർഷം തന്നെ എല്ലാ ഗ്രാമ പഞ്ചായത്തുകളും ഈ ലക്ഷ്യം കൈവരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. കോർപ്പറേഷനുകളും മുനിസിപ്പാലിറ്റികളും ജില്ലാ പഞ്ചായത്തുകളും അടുത്ത സാമ്പത്തിക വർഷത്തിൽ ഐ.എസ്.ഒ പ്രവർത്തനങ്ങൾ പൂർത്തീകരിക്കും. ഗുണമേന്മയുള്ള സേവന സംവിധാനം ഒരുക്കുന്നതിലൂടെ മാത്രമേ സമയബന്ധിതമായി സേവനങ്ങൾ ജനങ്ങൾക്ക് നൽകാൻ സാധിക്കുകയുള്ളൂ എന്ന് കൃത്യമായ ധാരണയുള്ളതുകൊണ്ടാണ് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ഈ അന്താരാഷ്ട്ര അംഗീകാരത്തിനായി പരിശ്രമിക്കുന്നത്. പൊതുജന സൗഹൃദവും കൃത്യതയുമുള്ള ഫ്രണ്ട് ഓഫീസ് സംവിധാനം ഒരുക്കുകവഴി കാലതാമസമില്ലാതെ സേവനങ്ങൾ ജനങ്ങൾക്കു ലഭിക്കുന്നുവെന്ന് ഉറപ്പ് വരുത്തിയാൽ മാത്രമേ ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭിക്കുകയുള്ളൂ. ഗുണമേന്മയുള്ള സേവനം ജനങ്ങൾക്ക് നൽകുന്ന ജനസൗഹൃദ സ്ഥാപനമായി നിലകൊള്ളുകയെന്ന ലക്ഷ്യത്തിലേക്കുള്ള ചുവടുവയ്പ്പാണ് അന്താരാഷ്ട്ര സർട്ടിഫിക്കേഷൻ നേടുന്നതിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ നടത്തിയ പ്രവർത്തനങ്ങൾഎന്ന് കാണാവുന്നതാണ്.

v. മിഷൻ അന്ത്യോദയ സർവ്വേ

കേന്ദ്ര ഗ്രാമ വികസന മന്ത്രാലയം ഗ്രാമപഞ്ചായത്ത് വികസന പദ്ധതി (ജി.പി.ഡി.പി) തയ്യാറാക്കുന്നതിന് മുന്നോടിയായി എല്ലാ സംസ്ഥാനങ്ങളോടും മിഷൻ അന്ത്യോദയ സർവ്വേ നടത്തുവാൻ ആവശ്യപ്പെടുകയുണ്ടായി. അടിസ്ഥാന സൗകര്യം, മാനവവികസനം, സാമ്പത്തിക പ്രവർത്തനങ്ങൾ എന്നീ മാനദണ്ഡങ്ങളെ അടിസ്ഥാനമാക്കി ചില സൂചികകളുപയോഗിച്ച് രാജ്യത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളെയും റാങ്ക് ചെയ്യുകയും അതിന്റെ അടിസ്ഥാനത്തിൽ ഗ്രാമ പഞ്ചായത്തുകളിലെ വികസന വിടവുകൾ നികത്തുന്നതിനായ് ഗ്രാമപഞ്ചായത്ത് വികസന പദ്ധതി വഴി പ്രോജക്ടുകളും പരിപാടികളും ആസൂത്രണം ചെയ്യുക എന്നതുമാണ് സർവ്വേ ലക്ഷ്യം വെക്കുന്നത്. കേന്ദ്ര സംസ്ഥാന പദ്ധതികളുടെയും പ്രാദേശിക വിഭവങ്ങളുടെയും സംയോജനം വഴി വികസന വിടവ് നികത്തുന്നതിനായ് ഏറ്റെടുക്കുന്ന പദ്ധതികൾക്ക് വിഭവ സമാഹരണം നടത്താവുന്നതാണ്. 2017–18 ൽ സംസ്ഥാനത്തെ തിരഞ്ഞെടുത്ത 195

ചിത്രം 12.1.1 മിഷൻ അന്ത്യോദയ സർവ്വേ 2018 – സംസ്ഥാനങ്ങളുടെ ശരാശരി സ്കോർ



ഉറവിടം – കേന്ദ്ര ഗ്രാമ വികസന മന്ത്രാലയം

ഗ്രാമപഞ്ചായത്തുകളിലാണ് മിഷൻ അന്ത്യോദയ സർവ്വേ നടത്തിയതെങ്കിൽ, 2018-19 ൽ 941 ഗ്രാമപഞ്ചായത്തുകളിൽ 939 എണ്ണത്തിലും സർവ്വേ നടത്തുകയുണ്ടായി.

2018-19 ൽ ദേശീയ തലത്തിലെ 2,47,910 ഗ്രാമപഞ്ചായത്തുകളിലാണ് സര്വ്വേ നടത്തിയത്. ഇതിൽ 62 ശതമാനം ഗ്രാമപഞ്ചായത്തുകൾ മാത്രമെ ശരാശരി സ്കോർ 50 ൽ താഴെ ആയിരുന്നുള്ളു. ഒരു ശതമാനം ഗ്രാമപഞ്ചായത്തുകൾ മാത്രമേ 80 ന് മുകളിൽ സ്കോർ ചെയ്യുകയുണ്ടായുള്ളൂ. എന്നാൽ കേരളത്തിൽ 939 ഗ്രാമപഞ്ചായത്തുകളിൽ 905 എണ്ണവും (96.3 ശതമാനം) 60 ന് മുകളിൽ സ്കോർ ചെയ്യുകയുണ്ടായി. വിശദാംശങ്ങൾ അനുബന്ധം 12.1.2 ൽ കൊടുത്തിരിക്കുന്നു. കേരളത്തിന്റെ സ്കോർ 29 സംസ്ഥാനങ്ങളുക്കാളും ദേശീയ ശരാശരിയെക്കാളും ഏറെ മുകളിലാണ് എന്നാണ് ഈ കണക്കുകൾ സൂചിപ്പിക്കുന്നത്.

മിഷൻ അന്ത്യോദയ സർവ്വേയുടെ ശരാശരി സ്കോർ പരിശോധിച്ചാൽ 72 സ്കോർ നേടി കേരളം ആദ്യ

ബോക്സ് 12.1.2 2018 ലെയും 2019 ലെയും പ്രളയം നേരിടുന്നതിൽ പ്രദേശിക സർക്കാരുകൾ വഹിച്ച പങ്ക്

പ്രളയാനന്തരം ജനങ്ങളെ പുനരധിവസിപ്പിക്കുന്നതിലും ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിലും പ്രാദേശിക സർക്കാരുകൾ മുൻപന്തിയിൽ തന്നെയായിരുന്നു. ഗ്രാമപഞ്ചായത്തുകൾ മുതൽ കോർപ്പറേഷനുകൾ വരെയുള്ള എല്ലാ പ്രാദേശിക സർക്കാർ ഉദ്യോഗസ്ഥരും രക്ഷാപ്രവർത്തനത്തിലും ദിരിതാശ്വാസ പ്രവർത്തനങ്ങളിലും പങ്കാളികളാകുവാനും ഫണ്ടുകൾ ആവശ്യാനുസരണം ഉപയോഗിക്കാനും നിർദ്ദേശം നൽകുകയുണ്ടായി. അനാവശ്യമായ ആശയകുഴപ്പങ്ങൾ ഒഴുവാക്കുന്നതിനും സാഹചര്യങ്ങളോട് അതിവേഗത്തിൽ പ്രതികരിക്കുന്നതിനും ഇത് സഹായിക്കുകയും ദുരന്ത ലഘൂകരണ ടീമുകൾക്ക് അവരുടെ ദൗത്യം ഫലപ്രദമായി നടപ്പിലാക്കുവാനും ഇത് വഴിയൊരുക്കുകയുണ്ടായി.

ഐക്യരാഷ്ട്ര സംഘടനയുടെ യു.എൻ.ഡി.പി നടത്തിയ പോസ്റ്റ് ഡിസാസ്റ്റർ നീട്സ് അസ്സസ്സ്മെന്റ് ആന്റ് മാനേജ്മെന്റ് പഠന രേഖയിൽ പ്രളയ അതിജീവനത്തിലും പുനരുദ്ധാരണ പ്രവർത്തനങ്ങളിലും തദ്ദേശഭരണ സ്ഥാപനങ്ങൾ വഹിച്ച നിർണായക പങ്കിനെ താഴെ പ്രതിപാദിക്കുന്ന കാര്യങ്ങളിൽ അംഗീകരിക്കുകയുണ്ടായി.

I. ഗ്രാമസഭകളും മറ്റ് പൊതുവേദികളിലുമുള്ള ജനങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കൽ
II. പുനപ്രാപ്തി സഹായ പാക്കേജുകളെ കുറിച്ച് വിവരങ്ങളുടെ വ്യാപനം
III. പ്രളയം ബാധിച്ച ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുക
IV. പുന.പ്രാപ്തിക്കായുള്ള ഫണ്ടിന്റെ വിനിയോഗത്തിലെ സുതാര്യതയും ഉത്തരവാദിത്വവും
V. വാർഷിക പദ്ധതിയിൽ പുനപ്രാപ്തിക്കായുള്ള പരിപാടികളെ സമന്വയിപ്പിക്കുക

പ്രളയവും മണ്ണിടിച്ചിലും മൂലം ചില തടസ്സങ്ങൾ ഉണ്ടായെങ്കിലും തിരച്ചിൽ, രക്ഷാപ്രവർത്തനം, ദുരിതാശ്വാസപ്രവർത്തനങ്ങൾ എന്നീ കാര്യങ്ങളിൽ മുൻപന്തിയിൽ തന്നെയുണ്ടായിരുന്നു പ്രാദേശിക സർക്കാരുകൾ. ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിലും, ഗുണഭോക്താക്കളെ തിരിച്ചറിയുന്നതിലും സാധ്യമായ ഇടങ്ങളിൽ ആവശ്യ വസ്തുക്കൾ എത്തിക്കുന്നതിലും ജനങ്ങളെ സഹായിക്കുന്നതിലും എല്ലാം തദ്ദേശ സ്ഥാപന ജീവനക്കാരും ജനപ്രതിനിധികളും ജില്ലാ അധികാരകളോടൊപ്പം തന്നെയുണ്ടായിരുന്നു. ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി ഫണ്ട് ആവശ്യാനുസരണം ചിലവഴിക്കാനും എഞ്ചിനീയറിംഗ് വിഭാഗം ഉൾപ്പെടെയുള്ള പഞ്ചായത്ത് ഉദ്യോഗസ്ഥരെ ദുരന്തനിവാരണ പ്രവർത്തനങ്ങൾക്കായി വിന്യസിപ്പിക്കാനും സംസ്ഥാന സർക്കാർ പ്രാദേശിക സർക്കാരുകളോട് ആവശ്യപ്പെടുകയുണ്ടായി. ദുരിതാശ്വാസ രക്ഷാപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് പ്രാദേശിക സർക്കാരുകളിലെ ജനപ്രതിനിധികളും മുഴുവൻ സമയവും പ്രവർത്തനനിരതരായിരുന്നു. പ്രളയാനന്തര ഘട്ടത്തിൽ, വീടുകൾ, പൊതുസ്ഥലങ്ങൾ, സ്കൂളുകൾ, ആശുപത്രികൾ എന്നിവ വൃത്തിയാക്കുന്നതിനുള്ള വിപുലമായ പ്രവർത്തനങ്ങൾക്ക് പ്രാദേശിക സർക്കാരുകൾ നേതൃത്വം നൽകുകയുണ്ടായി. പ്രളയം മൂലം വീടുകൾക്കും, കെട്ടിടങ്ങൾക്കും, തദ്ദേശ സ്ഥാപന അധീനതയിലുള്ള സ്ഥാപനങ്ങൾക്കും, മറ്റ് അടിസ്ഥാന സൗകര്യങ്ങൾക്കും ഉണ്ടായ നാശനഷ്ടങ്ങൾ വിലയിരുത്തുന്നപ്രക്രിയയിലും തദ്ദേശ സ്ഥാപനങ്ങളിലെ എഞ്ചിനീയർമാർ പങ്കാളികളാവുകയുണ്ടായി.

അവലംബം : കേരള പോസ്റ്റ് ഡിസാസ്റ്റർ നിഡ്സ് ആൻഡ് അസ്സസ്സ്മെന്റ് - വെള്ളപ്പൊക്കവും,മണ്ണിടിച്ചിലും -ആഗസ്റ്റ് 2018

സ്ഥാനത്താണ്. ഗുജറാത്ത്, ആന്ധ്രാപ്രദേശ്, തമിഴ്നാട് എന്നീ സംസ്ഥാനങ്ങൾ യഥാക്രമം 64, 61, 60 എന്നീ സ്കോർ നേടി കേരളത്തിന് തൊട്ട് പിന്നിലായ് നിൽക്കുന്നു. റിപ്പോർട്ട് പ്രകാരം ശുചിത്വത്തിൽ രണ്ടാം സ്ഥാനത്തും കൃഷിയിൽ അഞ്ചാം സ്ഥാനത്തും കുടിവെള്ളടാപ്പുകളുടെ കാര്യത്തിൽ രണ്ടാം സ്ഥാനത്തും ശിശുവികസനത്തിൽ പ്രഥമ സ്ഥാനത്തുമാണ് സർവ്വേ പ്രകാരം സംസ്ഥാനം.

തദ്ദേശ സർക്കാരുകളുടെ പദ്ധതി ധനവിനിയോഗം

വാർഷിക പദ്ധതി വിഹിതമായി തദ്ദേശ സർക്കാറുകൾക്ക് സാധാരണയായി രണ്ട് രീതിയിലാണ് ഫണ്ടുകൾ ലഭിക്കുന്നത്. ആദ്യത്തേത് ഉപാധിരഹിത പദ്ധതി ധനസഹായം (വികസനഫണ്ട്). രണ്ടാമത്തേത് ആവിഷ്കൃത പദ്ധതികൾക്കുള്ള (Sponsored schemes) പദ്ധതി സഹായം. പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിലും മുൻഗണനകൾ നിശ്ചയിക്കുന്നതിലും നിർവ്വഹണം നടത്തുന്നതിലും സംസ്ഥാന ഗവണ്മെന്റ് പുറപ്പെടുവിക്കുന്ന മാർഗ്ഗരേഖകൾക്ക് വിധേയമായി തദ്ദേശസ്ഥാപനങ്ങൾക്ക് പൂർണ്ണമായ സ്വാതന്ത്രമാണുള്ളത്. മുൻപ് സൂചിപ്പിച്ചത് പ്രകാരം സംസ്ഥാന ധനകാര്യ കമ്മീഷന്റെ ശുപാർശകളിൻമേൽ സ്വീകരിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ട് പ്രകാരമാണ് തദ്ദേശ സ്ഥാപനങ്ങൾക്ക് വികസനഫണ്ട് വകയിരുത്തുന്നത്. അഞ്ചാം സംസ്ഥാന ധനകാര്യ കമ്മീഷൻ സംസ്ഥാന പദ്ധതി വിഹിതത്തിന്റെ ഒരു നിശ്ചിത ശതമാനം അതായത് 24 ശതമാനംതുക (7000 കോടി രൂപ) തദ്ദേശ സ്ഥാപനങ്ങൾക്കുള്ള വികസന ഫണ്ടായി 2018-19 ൽ വകയിരുത്തിയിരുന്നു. ഇതിൽ 3777.58 കോടിരൂപ പൊതു വിഭാഗത്തിലും (സാധാരണ വിഹിതം) 1738.1 കോടി രൂപ ധനകാര്യകമ്മീഷൻ അവാർഡ് വിഹിതത്തിലും, 1289.26 കോടി രൂപ പട്ടികജാതി ഉപപദ്ധതിയിലും 193.60 കോടി രൂപ പട്ടികവർഗ്ഗ ഉപപദ്ധതിയിലുമാണ് വകയിരുത്തിയിരുന്നത്. 14-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഗ്രാമപഞ്ചായത്തുകൾക്കും, മുനിസിപ്പാലിറ്റികൾക്കും, കോർപ്പറേഷനുകൾക്കും മാത്രമേ ലഭിച്ചിട്ടുള്ളൂ. വിവിധ വിഭാഗത്തിലെ ഫണ്ട് ഓരോ തദ്ദേശഭരണ സ്ഥാപനത്തിനും വിതരണം നടത്തുന്നത് 5-ാം ധനകാര്യ കമ്മീഷന്റെ ശുപാർശകളിന്മേൽ സ്വീകരിച്ച നടപടി റിപ്പോർട്ട് പ്രകാരമാണ്. വിവിധ തലത്തിലുള്ള തദ്ദേശ സ്ഥാപനങ്ങൾക്ക് ഓരോ വിഭാഗത്തിലും 2018-19 ൽ വകയിരുത്തിയ വികസന ഫണ്ട് വിഹിതത്തെ സംബന്ധിച്ച വിശദാംശങ്ങൾ **പട്ടിക 12.1.2** ൽ കൊടുത്തിരിക്കുന്നു.

വികസന ഫണ്ട് കൂടാതെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് തനത് ഫണ്ട്, മെയിന്റിനൻസ് ഫണ്ട്, എന്നീ ഫണ്ടുകൾകൂടി വിവിധ പ്രോജക്ടുകൾ നടപ്പിലാക്കാനായി ലഭ്യമാകുന്നുണ്ട്. 2018-19 ൽ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളുടെയും പദ്ധതികളുടെ ആകെ വിഹിതം 19,613.05 കോടി രൂപയായിരുന്നു. ഇതിൽ 100,10.19 കോടി രൂപ ചിലവഴിക്കുകയുണ്ടായി. ചിലവുകൾ ഇനം തിരിച്ച നോക്കിയാൽ ആകെ ചെലവിൽ 56.9 ശതമാനം ചെലവും വികസന ഫണ്ടിൽ നിന്നാണ് ഉണ്ടായിട്ടുള്ളതെന്ന് കാണാം. 19.26 ശതമാനം ചെലവ് മെയിന്റിനൻസ് ഫണ്ടിൽ നിന്നും 5.58 ശതമാനം തനത് ഫണ്ടിൽ നിന്നുമാണ്. കേന്ദ്രാവിഷ്കൃത പദ്ധതികൾ, സഹകരണ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പ, ഗുണഭോക്തൃ വിഹിതം എന്നിവയിൽ 17.71 ശതമാനം ചിലവ് ഉണ്ടായിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കുന്ന പ്രോജക്ടുകളുടെ പ്രധാന ധനമാർഗ്ഗമായി കാണുന്നത് വികസന ഫണ്ടിനെയാണെന്നാണ് കണക്കുകൾ കാണിക്കുന്നത്. ഇതുകൂടാതെ ഏകദേശം 20 ശതമാനം തുക റോഡുകളുടെയും വിട്ട് കിട്ടിയ സ്ഥാപനങ്ങളുടെ പരിപാലനത്തിനുമായി ചെലവാക്കുന്നുണ്ടെന്നും കാണിക്കുന്നു. വിശദാംശങ്ങൾ

പട്ടിക 12.1.2 വിവിധ തലത്തിലുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വകയിരുത്തിയിട്ടുള്ള വികസന ഫണ്ട് വിഹിതം (2018-19)
(രൂപ ലക്ഷത്തിൽ)

തദ്ദേശഭരണ സ്ഥാപനങ്ങൾ	പൊതുവിഭാഗം			പട്ടികജാതി ഉപപദ്ധതി	പട്ടികവർഗ്ഗ ഉപപദ്ധതി	ആകെ
	സാധാരണ വിഹിതം	14-)o ധനകാര്യ കമ്മീഷൻ അവാർഡ്				
		ബെസിക് ഗ്രാൻറ്	പെർഫോമൻസ് ഗ്രാൻറ്			
1.ഗ്രാമപഞ്ചായത്തുകൾ	1,75,264.6	80,278	10,125	64,401.89	10,619.38	3,40,688.87
2.ബ്ലോക്ക പഞ്ചായ-ത്തുകൾ	64,124.42	0	0	21,467.29	3,539.79	89,131.5
3.ജില്ലാ പഞ്ചായത്തുകൾ	64,124.42	0	0	21,467.29	3,539.79	89,131.5
4. നഗരസഭകൾ	39,808.14	36,635.78	10,396.2	13,206.89	1,255.9	1,01,302.91
5. കോർപ്പറേഷനുകൾ	34,436.42	28,448.22	8,072.8	8,382.64	405.14	79,745.22
ആകെ	3,77,758	1,45,362	28,594	1,28,926	19,360	7,00,000

അവലംബം -സംസ്ഥാന ബഡ്ജറ്റ് 2018-19, അനുബന്ധം 4

ചിത്രം 12.1.2 തദ്ദേശസ്ഥാപനങ്ങളുടെ ആകെ ചിലവിൽ വിവിധ സ്ത്രോതസ്സുകളുടെ പങ്ക് (2018–19)



അവലംബം : ഇൻഫർമേഷൻ കേരള മിഷൻ 2019

ചിത്രം 12.1.2. ലും **അനുബന്ധം 12.1.3, 12.1.4** ലും നൽകിയിട്ടുണ്ട്.

തദ്ദേശസ്ഥാപനങ്ങളുടെ പ്രകടനം– വികസനഫണ്ട്

നേരത്തെ സൂചിപ്പിച്ചതുപോലെ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പ്രധാന ധനകാര്യ സ്ത്രോതസ്സ് വികസന ഫണ്ട് തന്നെയാണ്. 2018–19 ൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ വികസന ഫണ്ടിലെ പദ്ധതി വിഹിതം 7000 കോടി രൂപയായിരുന്നെങ്കിലും 6721.90 കോടി രൂപയെ വിതരണം ചെയ്തിരുന്നുള്ളു. ഇതിൽ ചിലവാക്കിയത് 5696.34 കോടി രൂപയാണ് (84.74 ശതമാനം). വിവിധ തലങ്ങളിലെ തദ്ദേശ സ്ഥാപനങ്ങളുടെ ചെലവ് പരിശോധിച്ചാൽ, കോർപ്പറേഷനുകൾ ഒഴികെ എല്ലാ തലങ്ങളിലും ചിലവ് 80 ശതമാനത്തിനു മുകളിൽ കൈവരിച്ചതായി

ചിത്രം 12 .1.3 വിവിധ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ചെലവ് ശതമാനം (2018–19)



അവലംബം : ഇൻഫർമേഷൻ കേരള മിഷൻ 2019

കാണുന്നു. തലം തിരിച്ചുള്ള വിവരങ്ങൾ **ചിത്രം–12.1.3** ൽ കൊടുത്തിരിക്കുന്നു.

വികസന ഫണ്ടിന്റെ വിഭാഗം തിരിച്ചുള്ള പ്രകടനം

തദ്ദേശഭരണ സ്ഥാപനങ്ങൾക്കുള്ള വികസന ഫണ്ട് മൂന്ന് വിഭാഗങ്ങളായിട്ടാണ് വകയിരുത്തുന്നത്. പൊതുവിഭാഗം, പട്ടികജാതി ഉപപദ്ധതി (എസ്.സി.എസ്.പി), പട്ടികവർഗ്ഗ ഉപപദ്ധതി (ടി.എസ്.പി) എന്നിവയാണവ. വികസന ഫണ്ടിൽ നിന്നും വിതരണം ചെയ്ത 6721.91 കോടി രൂപയിൽ 5239.05 കോടി രൂപ (77.9 ശതമാനം) പൊതു വിഭാഗത്തിലും 1289.26 കോടി രൂപ (19.17ശതമാനം) എസ്.സി.പി. വിഭാഗത്തിലും 193.60 കോടി രൂപ (2.88 ശതമാനം) ടി.എസ്.പിയിലും ചെയ്തതിരിക്കുന്നത്. തദ്ദേശഭരണ സ്ഥാപനം തിരിച്ച നോക്കിയാൽ എല്ലാ വിഭാഗത്തിലും ഗ്രാമ–ബ്ലോക്ക് പഞ്ചായത്തുകൾ 80 ശതമാനത്തിലധികം ചിലവ് കൈവരിച്ച് മികച്ച പ്രകടനമാണ് കാഴ്ചവെച്ചിരിക്കുന്നതെന്ന് കാണാം. എന്നാൽ നഗരപ്രദേശത്തെ തദ്ദേശഭരണ സ്ഥാപനങ്ങൾ എസി.എസ്.പി യിലും ടി.എസ്.പി വിഭാഗത്തിലും വളരെ കുറഞ്ഞ ചിലവാണ് രേഖപ്പെടുത്തിയത്. നഗര പ്രദേശത്തെ തദ്ദേശഭരണ സ്ഥാപനങ്ങൾ ടി.എസ്.പി ഫണ്ട് വനിയോഗിക്കുന്നതിൽ വൈമുഖ്യം കാണിക്കുന്നതായും ഇക്കാര്യത്തിൽ വേണ്ടത്ര മുൻകൈ എടുക്കുന്നില്ല എന്നുമാണ് ഇതിൽ നിന്നും മനസ്സിലാക്കേണ്ടത്. ഇതു സംബന്ധിച്ച വിശദാംശങ്ങൾ **അനുബന്ധം 12.1.5** ലും **12.1.6** ലും **ചിത്രം 12.1.4** ലും കാണിച്ചിരിക്കുന്നു.

മേഖലാ വിശകലനം

പദ്ധതി മാർഗ്ഗരേഖ പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾ മൂന്നു മേഖലകളിലായിട്ടാണ് ഫണ്ട് വകയിരുത്തുന്നത്. ഉത്പാദനം, സേവനം, പശ്ചാത്തലം എന്നിവയാണവ. 2018–19 ലെ ആകെ ചെലവിന്റെ മേഖല തിരിച്ചുള്ള വിഭജനം ചിത്രം–12.1.5ൽ കൊടുത്തിരിക്കുന്നു. ആകെയുള്ള ചിലവിൽ ഉത്പാദന മേഖലയുടെ പങ്ക്–13 ശതമാനമായിരുന്നു. സേവന മേഖലയിലാണ് കൂടുതൽ തുക ചിലവഴിച്ചിട്ടുള്ളത് (63 ശതമാനം). 2017–18 മായി താരതമ്യം ചെയ്യുമ്പോൾ ഉത്പാദന മേഖലയിലെ ചിലവിൽ നേരിയ കുറവും, പശ്ചാത്തല മേഖലയിൽ വർദ്ധനവുമാണ് കാണിക്കുന്നത്. 2018 ലെ പ്രളയത്തിന്റെ പശ്ചാത്തലത്തിൽ മേഖല നിബന്ധനകളിൽ ചില ഇളവുകൾ അനുവദിച്ചതിനാലാണ് പശ്ചാത്തല മേഖലയിൽ വർദ്ധനവ് കാണിക്കുന്നതെന്ന് മനസ്സിലാക്കാം. വിശദാംശങ്ങൾ **ചിത്രം–12.1.5** ലും **അനുബന്ധം 12.1.7** ലും, **12.1.8** ലും നൽകിയിരിക്കുന്നു.

ഉത്പാദന മേഖല

ചിത്രം 12.1.6 ൽ 2018–19 ൽ ഉത്പാദന മേഖലയിലെ

ചിത്രം 12.1.4 തദ്ദേശഭരണ സ്ഥാപനങ്ങളിലെ വിഭാഗം തിരിച്ചുള്ള ചെലവ്–വികസന ഫണ്ട് വിഹിതം (2018–19)



അവലംബം : ഇൻഫർമേഷൻ കേരള മിഷൻ 2019

ചിത്രം 12 .1.5 വിവിധ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ചെലവ് ശതമാനം (2018–19)



അവലംബം : ഇൻഫർമേഷൻ കേരള മിഷൻ 2019

ചിത്രം 12 .1.6 ഉത്പാദനമേഖലയിലെ ആകെ ചെലവിൽ ഉപമേഖല തിരിച്ചുള്ള ചെലവ് വിഹിതം 2018–19 (ശതമാനത്തിൽ)



അവലംബം : ഇൻഫർമേഷൻ കേരള മിഷൻ 2019

ആകെ ചെലവിന്റെ ഉപമേഖല തിരിച്ചുള്ള ചിലവിനെയാണ് കാണിക്കുന്നത്. ഉത്പാദന മേഖലയിലെ 40 ശതമാനവും ചിലവാക്കിയത് കാർഷികമേഖലയ്ക്കാണ്. മൃഗസംരക്ഷണം (20.75 ശതമാനം), ക്ഷീരവികസനം (13.7 ശതമാനം), ജലസേചനം (8.56 ശതമാനം) മണ്ണ്–ജല സംരക്ഷണം (4.91 ശതമാനം) എന്നിങ്ങനെയായിരുന്നു മറ്റ് ഉപമേഖലകളുടെ പങ്ക്. മത്സ്യബന്ധന മേഖലയിൽ

പട്ടിക 12.1.3 വാർഷിക പദ്ധതി 2018–19 –പൊതുവിഭാഗം സാധാരണ വിഹിതത്തിലെ ചെലവിൽ ഉത്പാദന മേഖലയുടെ വിഹിതം (രൂപ കോടിയിൽ)

തദ്ദേശ ഭരണ സ്ഥാപനങ്ങൾ	പൊതുവിഭാഗം സാധാരണ വിഹിതത്തിൽ ഉത്പാദന മേഖലയുടെ ചെലവ്	പൊതുവിഭാഗം സാധാരണ വിഹിതത്തിൽ ആകെയുള്ള ചെലവ്	ചെലവ് ശതമാനം
ഗ്രാമപഞ്ചായത്തുകൾ	364.94	1,621.21	22.51
ബ്ലോക്ക് പഞ്ചായത്തുകൾ	143.37	583.73	24.56
ജില്ലാ പഞ്ചായത്തുകൾ	108.52	535.59	20.26
നഗരസഭകൾ	40.67	352.01	11.55
കോർപ്പറേഷനുകൾ	16.75	237.53	7.05
ആകെ	674.25	3,330.11	20.25

അവലംബം : ഇൻഫർമേഷൻ കേരള മിഷൻ 2019

വെറും 1.86 ശതമാനവും, വ്യവസായ സ്വയം തൊഴിൽ മേഖലയിൽ 9.34 ശതമാനവുമാണ് ചെലവഴിച്ചിട്ടുള്ളത്. വിശദാംശങ്ങൾ **അനുബന്ധം 12.1.9** ലും **ചിത്രം 12.1.5** ലും നൽകിയിട്ടുണ്ട്.

2018–19 വാർഷിക പദ്ധതിയിൽ, പ്രളയ പശ്ചാത്തലത്തിൽ മേഖലാതല മാനദണ്ഡങ്ങൾക്ക് ചില ഇളവുകൾ നൽകിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ത്രിതല പഞ്ചായത്തുകൾ പൊതു വിഭാഗം സാധാരണ വിഹിതത്തിലെ 20 ശതമാനം തുകയും കോർപ്പറേഷനുകളും, മുനിസിപ്പാലിറ്റികളും 10 ശതമാനം തുകയും ഉത്പാദന മേഖലയ്ക്കായി നീക്കി വെക്കേണ്ടതായിരുന്നു. **പട്ടിക 12.1.3** തദ്ദേശ സ്ഥാപനങ്ങളുടെ പൊതു വിഭാഗം സാധാരണ വിഹിതത്തിലെ ഉത്പാദന മേഖലയിലെ ചിലവാണ് കാണിക്കുന്നത്. ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ എന്നിവ ഉത്പാദന മേഖലക്ക് നിഷ്കർഷിച്ച തുകയേക്കാൾ കൂടുതൽ തുക ചെലവഴിച്ചപ്പോൾ കോർപ്പറേഷനുകൾ വേണ്ടത്ര തുക ഉൽപാദന മേഖലയിൽ ചെലവഴിച്ചിട്ടില്ല എന്നാണ് പട്ടിക കാണിക്കുന്നത്.

സേവന മേഖല

2018–19 ൽ തദ്ദേശ സ്ഥാപനങ്ങളുടെ സേവന മേഖലയിലെ ഉപമേഖല തിരിച്ചുള്ള ചിലവാണ് ചിത്രം 12.1.6 ൽ കാണിച്ചിട്ടുള്ളത്. സേവനമേഖലയിലെ ആകെ ചെലവിൽ 41.31 ശതമാനം ചിലവ് വീടിനും വീട് വൈദ്യുതീകരണത്തിനും വേണ്ടിയുള്ളതാണ്. തദ്ദേശ ഭരണ സ്ഥാപനങ്ങൾ പൊതുവിഭാഗം സാധാരണ വിഹിതം എസ്.സി.പി, ടി.എസ്. പി എന്നിവയുടെ, ആകെ തുകയുടെ 20 ശതമാനം തുക ഭവന പദ്ധതികൾക്കായി നിർബന്ധമായും നീക്കിവെക്കണമെന്ന് നിഷ്കർഷിച്ചിരുന്നു. സേവനമേഖലയിലെ ആകെ തുകയുടെ 12.50 ശതമാനം തുക വിദ്യാഭ്യാസത്തിനും 9.92 ശതമാനം സാമൂഹ്യ സുരക്ഷയ്ക്കും 6.86 ശതമാനം കുടിവെള്ളത്തിനും 5.66 ശതമാനം ശുചിത്വത്തിനായി വിനിയോഗിച്ചിട്ടുണ്ട്. വിശദാംശങ്ങൾ **അനുബന്ധം–12.1.10 ചിത്രം 12.1.7** ൽ നൽകിയിരിക്കുന്നു.

ചിത്രം 12 .1.7 സേവനമേഖലയിലെ ആകെ ചെലവിൽ ഉപമേഖല തിരിച്ചുള്ള ചെലവ് വിഹിതം 2018–19(ശതമാനത്തിൽ)



അവലംബം : ഇൻഫർമേഷൻ കേരള മിഷൻ 2019

ചിത്രം 12.1.8 പശ്ചാത്തല മേഖലയിലെ ആകെ ചെലവിൽ ഉപമേഖല തിരിച്ചുള്ള ചെലവ് വിഹിതം 2018-19 (ശതമാനത്തിൽ)



അവലംബം : ഐ.കെ.എം 2019

പശ്ചാത്തല മേഖല

2018-19 വാർഷിക പദ്ധതിയിൽ, പശ്ചാത്തല മേഖലയിലെ ആകെ ചെലവിൽ 24 ശതമാനം തുക തെരുവു വിളക്ക്, യാത്രാ സൗകര്യം, നിർമ്മാണ പ്രവർത്തനങ്ങൾ എന്നിവയ്ക്കാണ് ചെലവഴിച്ചിട്ടുള്ളത്. 2017-18 ലെ ചെലവ് ശതമാനം 25 ശതമാനമായിരുന്നു. ആകെ ചിലവഴിച്ച തുകയിൽ നല്ലൊരു ശതമാനവും (77 ശതമാനം) ഗതാഗത ഉപമേഖലയിലെ റോഡ്, പാലം എന്നിവയ്ക്കാണ്. 2018-19 ൽ പശ്ചാത്തല മേഖലയിൽ ആകെ ചിലവഴിച്ച 1375 കോടി രൂപയിൽ ഗ്രാമപഞ്ചായത്തുകൾ 682.14 കോടി രൂപയും മുനിസിപ്പാലിറ്റികൾ 257.68 കോടി രൂപയുമാണ് ചെലവഴിച്ചിട്ടുള്ളത്. ഉപമേഖല തിരിച്ചുള്ള- ചിലവു വിവരങ്ങൾ **അനുബന്ധം 12.2.11 ചിത്രം 12.1.8** ലും നൽകിയിരിക്കുന്നു.

പ്രത്യേക വിഭാഗങ്ങൾക്കുള്ള പദ്ധതികളുടെ നിർവ്വഹണം

വനിതാഘടക പദ്ധതിയും ദുർബല വിഭാഗങ്ങൾക്കുള്ള (വൃദ്ധർ, കുട്ടികൾ, ഭിന്നശേഷിയുള്ളവർ, സാന്ത്വന പരിചരണം ആവശ്യമുള്ളവർ)പദ്ധതികളുമാണ് കേരളത്തിലെ വികേന്ദ്രീകൃത ആസൂത്രണത്തിന്റെ എടുത്തു പറയേണ്ട ഒരു സവിശേഷത. തദ്ദേശ സ്ഥാപനങ്ങൾ, പൊതുവിഭാഗം, പട്ടികജാതി ഉപപദ്ധതി പട്ടിക വർഗ്ഗ ഉപപദ്ധതി എന്നിവയുടെ ആകെ വിഹിതത്തിന്റെ 10 ശതമാനം വനിതാഘടക പദ്ധതിക്കും കുട്ടികൾക്കും, ഭിന്നശേഷിക്കാർക്കുമായി 5 ശതമാനവും വൃദ്ധർക്കും പാലയേറ്റീവ് കെയറിനുമായി 5 ശതമാനവും നിർബന്ധിതമായി വകയിരുത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. 2018-19 ൽ പൊതുവിഭാഗ സാധാരണ വിഹിതം എസ്.സി.പി, റ്റി.എസ്.പി എന്നിവയിൽ നിന്നുള്ള ആകെ ചെലവിൽ വനിതാ ഘടക പദ്ധതിയുടെ ചെലവ് വിഹിതം 6.87 ശതമാനമായിരുന്നു. കുട്ടികൾ, ഭിന്നശേഷിയുള്ളവർ എന്നിവയ്ക്കായുള്ള പദ്ധതിയുടെ ചിലവ് യഥാക്രമം 3.36 ശതമാനവും 2.10 ശതമാനവുമായിരുന്നു. സാന്ത്വന പരിരക്ഷ പദ്ധതികൾക്കായി ചെലവായത് 1.61

പട്ടിക 12.1.4 വാർഷിക പദ്ധതി 2018-19 - പ്രത്യേക പദ്ധതികളുടെ ചെലവ് വിഹിതം

പ്രത്യേക പദ്ധതികൾ	പൊതുവിഭാഗം സാധാരണ വിഹിതം എസ്.സി.പി റ്റി. എസ്.പി എന്നിവയുടെ ആകെ ചെലവ് തുകയിൽ പ്രത്യേക പദ്ധതികളുടെ പങ്ക് (ശതമാനം)
വനിതാ ഘടക പദ്ധതി	6.87
കുട്ടികൾക്കായുള്ള പ്രത്യേക പദ്ധതി	3.36
വയോജനങ്ങൾക്കായുള്ള പ്രത്യേക പദ്ധതി	2.89
ഭിന്നശേഷിയുള്ളവർക്കുള്ള പദ്ധതി	2.10
മറ്റു ദുർബല വിഭാഗക്കാർ	0.48
സാന്ത്വന പരിരക്ഷ	1.61

അവലംബം : ഐ.കെ.എം 2019

ശതമാനവുമാണ്. പ്രത്യേക വിഭാഗങ്ങൾക്കായുള്ള പദ്ധതിയിൽ സർക്കാർ നിഷ്കർഷിച്ചതിനേക്കാളും കുറഞ്ഞ പ്രകടനമാണ് തദ്ദേശ സ്ഥാപനങ്ങൾ കാഴ്ച വച്ചിട്ടുള്ളത്. ഈ മേഖലകളിൽ പദ്ധതികൾ ഏറ്റെടുക്കുന്നതിൽ പ്രത്യേകമായ ശ്രദ്ധ തദ്ദേശ സ്ഥാപനങ്ങളുടെ ഭാഗത്ത് നിന്നും ഉണ്ടാകേണ്ടതായിട്ടുണ്ട്. 2018–19 ലെ പ്രത്യേക വിഭാഗക്കാർക്കായുള്ള പദ്ധതികൾ **പട്ടിക 12.1.4** ലും തദ്ദേശഭരണ സ്ഥാപനം തിരിച്ചുള്ള ചെലവുകൾ **12.1.12** ലും **12.1.13** ലും നൽകിയിട്ടുണ്ട്.
സ്ഥൂലതലത്തിലെ വിവരങ്ങൾ പരിശോധിച്ചാൽ (പ്രത്യേകിച്ച് കാർഷിക, പാൽ ഉൽപ്പാദനത്തിലെ കണക്കുകൾ) പ്രാദേശിക സർക്കാരുകളുടെ ഫലപ്രദമായ ഇടപെടലുകൾ സംസ്ഥാനത്തിന്റെ വികസനത്തിൽ നിർണ്ണായകമായ പങ്ക് വഹിച്ചിട്ടുണ്ടെന്ന് കാണാൻ സാധിക്കും. ഇത് ദേശീയ തലത്തിൽ തന്നെ സംസ്ഥാനത്തിന് സ്വീകാര്യത ലഭിക്കുന്നതിന് കാരണമായിട്ടുണ്ട്. വൈകല്യമുള്ളവരുടെ ശാക്തീകരണത്തിനായി രാജ്യത്ത് മികച്ച പ്രകടനം കാഴ്ചവച്ച സംസ്ഥാനത്തിനുള്ള 2019 ലെ ദേശീയ അവാർഡ് കേരളത്തിന് ലഭിക്കുകയുണ്ടായി. ഇത്തരത്തിൽ മാതൃകയാക്കാൻ പറ്റുന്ന 100 ലധികം പദ്ധതികളും തദ്ദേശഭരണ സ്ഥാപനങ്ങളും ഉയർന്നുവന്നിട്ടുണ്ട്. ഏതാനു ചില മാതൃകകൾ താഴെ കൊടുക്കുന്നു.

ബോക്സ് 12.1.3 ധാന്യമണികൊണ്ടുള്ള അത്ഭുതം

കണ്ണൂർ ജില്ലയിലെ മയ്യിൽ ഗ്രാമപഞ്ചായത്ത് അരിയുടെ ഉത്പാദനത്തിൽ നടത്തിയ ചില അൽഭുത ഇടപെടലിന്റെ പേരിലാണ് അറിയപ്പെടുന്നത്. കുറച്ചുകാലം മുന്നേ ഇവിടെയുള്ള പാടങ്ങൾ തരിശ്ശായും നെൽകൃഷി വരുമാനദായക പ്രവൃത്തി അല്ലാതിരിക്കുകയും കർഷകർ വരുമാനത്തിനായി മറ്റു മാർഗ്ഗങ്ങൾ തേടുകയും ചെയ്തിരുന്നു. സ്ഥിതിഗതികൾ ഏറെ നിരാശാജനകമായിരുന്നെങ്കിലും കഴിഞ്ഞ 2 വർഷങ്ങളിലെ മാറ്റം വളരെ അത്ഭുതപൂർവ്വമായിരുന്നു. നെൽ ഉത്പാദത്തിലെ കുത്തനെയുള്ള കുറവിന്റെ കാരണങ്ങൾ തേടുകയും 2016 ൽ സമ്പൂർണ്ണ നെല്ലുകൃഷി എന്ന യജ്ഞം ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കുകയും ചെയ്തു.

കർഷകർ, കാർഷിക ശാസ്ത്രജ്ഞർ, സർക്കാർ ഏജൻസികൾ, രാഷ്ട്രീയക്കാർ, യുവാക്കൾ, സ്ത്രീകൾ എന്നിവർ സമ്പൂർണ്ണ നെൽകൃഷി യജ്ഞം വൻ വിജയകരമാക്കാൻ പ്രയത്നിക്കുകയുണ്ടായി. കർഷകർ വ്യത്യസ്തമായി ചിന്തിക്കാൻ തുടങ്ങിയപ്പോൾ ചെറിയ അളവിൽ നെല്ല് അരി ആക്കി മാറ്റാൻ കഴിയുന്ന മിനി റൈസ് മില്ലിന് രൂപം നൽകുകയും, വലിയ മില്ലുകാരുടെ പിടിയിൽ നിന്ന് കൃഷിക്കാരെ മുക്താരാക്കുവാൻ ഗ്രാമപഞ്ചായത്തിന് കഴിയുകയും ചെയ്തു.

കർഷകർ ഉത്പാദിപ്പിക്കുന്ന നെല്ല് പ്രാദേശികമായി വിൽക്കാനും അവർ ഉൽപ്പാദിപ്പിച്ച അരി ഉപയോഗിക്കാനും ഇത് സഹായിച്ചു. മയ്യിൽ ഗ്രാമ പഞ്ചായത്തിന് ഇന്ന് സ്വന്തമായി ഒരു കർഷക ഉത്പാദക സംഘടന തന്നെയുണ്ട്– മയ്യിൽ റൈസ് പ്രൊഡ്യൂസേഴ്സ് കമ്പനി (എം. ആർ.സി.പി). നെൽ ഉത്പാദനം 2 വിളകൾ കൂടി 300 ഹെക്ടറിൽ നിന്ന് 600 ഹെക്ടറായി വർദ്ധിപ്പിക്കുകയും നെല്ലിന്റെ ഉത്പാദന ക്ഷമത നാലര ഇരട്ടിയായി വർദ്ധിപ്പിക്കുകയും ചെയ്തു. വിജയത്തിന്റെ കഥയാണ് മയ്യിലെ കൃഷിക്കാർക്ക് ഇന്ന് പറയുവാനുള്ളത്. 2016–17 ൽ മയ്യിൽ 645 ടൺ നെല്ലാണ് വിളയിച്ചത്. എന്നാൽ 2017–18 ൽ ഇതാവട്ടെ 3000 ടണ്ണും. മാരുതി എന്നറിയപ്പെടുന്ന ചെറിയ അരിമില്ലുകളാണ് ഈ വിജയത്തിന്റെ പിന്നിലെ യഥാർത്ഥ ശില്പികൾ. 3 എച്ച്.പി മോട്ടർ സ്ഥാപിച്ചിട്ടുള്ള ഈ മില്ലിൽ ഒരു മണിക്കൂറിൽ 120 കി. ഗ്രാം നെല്ല് അരിയാക്കിമാറ്റാൻ സാധിക്കും. ഒരു മൊബൈൽ മിൽ ഉൾപ്പെടെ ഇത്തരത്തിൽ 13 അരിമില്ലുകളാണ് വിവിധ തരത്തിലുള്ള അരി ഉൽപ്പാദിപ്പിക്കുന്നത്. കൂടാതെ 50 മില്ലുകൾ കൂടി സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണ്. മാരുതിയുടെ വിജയത്തോടെ പ്രദേശത്തെ വലിയ രണ്ട് അരി മില്ലുകൾ പൂട്ടിപ്പോവുകയും പ്രാദേശിക കൃഷി, പ്രാദേശിക മില്ലിംഗ്, പ്രാദേശിക ഉപഭോഗം, പ്രാദേശിക വിപണനം എന്നിവ ഉറപ്പാക്കികൊണ്ട് ഭക്ഷ്യ സുരക്ഷയും കൃഷിക്കാർക്ക് വരുമാനവും ഉറപ്പാക്കിയ വിജയത്തിന്റെ കഥകൂടിയാണ് മയ്യിലിന്റേത്.

അവലംബം: ജില്ലാ പ്ലാനിംഗ് ഓഫീസ് കണ്ണൂർ

ബോക്സ് 12.1.4 ജലരക്ഷ ജീവ രക്ഷ

ജില്ലാ പദ്ധതിയുടെ ഭാഗമായി തൃശ്ശൂർ ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ജില്ലയിലെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെയും വിവിധ വകുപ്പുകളുടെയും സഹകരണത്തോടെ രൂപീകരിച്ച നടപ്പിലാക്കി വരുന്ന ജലസംരക്ഷണ പദ്ധതിയാണ് 'ജല രക്ഷ–ജീവരക്ഷ'. സമഗ്രമായ ജലസംരക്ഷണ പ്രവർത്തനങ്ങളിലൂടെ ജില്ലയുടെ കാർഷികാവശ്യത്തിനും കുടിവെള്ളത്തിനുമുള്ള ശുദ്ധജല ലഭ്യത ഉറപ്പുവരുത്തുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ജില്ലാ പദ്ധതിയുടെ ഭാഗമായി രൂപീകരിച്ച് സംസ്ഥാനത്ത് ആദ്യമായി നടപ്പിലാക്കി വരുന്ന പദ്ധതികളിലൊന്നാണ് 'ജല രക്ഷ–ജീവരക്ഷ പദ്ധതി.

ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, മണ്ണ് സംരക്ഷണ വകുപ്പ്, ഭൂജല വകുപ്പ്, ജലസേചന വകുപ്പ്, കൃഷി എഞ്ചിനീയറിംഗ് വിഭാഗം, തൊഴിലുറപ്പ് പദ്ധതി എന്നിവർ സംയോജിപ്പിച്ചാണ് ഈ പദ്ധതി ജില്ലയിൽ നടപ്പിലാക്കി വരുന്നത്. ജില്ലാ മണ്ണ് സംരക്ഷണ ഓഫീസറാണ് പദ്ധതിയുടെ നോഡൽ ഓഫീസറായി പ്രവർത്തിക്കുന്നത്. ഈ പദ്ധതിയിൽ രണ്ട് ഘടകങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത് – മണലിപ്പുഴ സംരക്ഷണവും ബ്ലൂ ആർമി പ്രവർത്തനവും. ഇതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു. മണലിപുഴ പീച്ചി ഡാമിൽ നിന്നും ഉത്ഭവിച്ച് ഒല്ലൂക്കര, കൊടകര, ചേർപ്പ് തുടങ്ങിയ ബ്ലോക്കിൽ കൂടെ ഒഴുകി പാലക്കടവിൽ വെച്ച് കുറുമാലി പുഴയുമായി ചേർന്ന് കരുവന്നൂർ പുഴയായി ഒഴുകുന്നു. ഈ പുഴ വടക്കേ കോൾ, തെക്കേകോൾ എന്നിങ്ങനെ കോൾ നിലങ്ങളെ രണ്ടായി വിഭജിച്ച് ഒഴുകുകയും തുടർന്ന് കനോലി കനാലിൽ ചേർന്ന് അവസാനം ലക്ഷദ്വീപ് കടലിൽ ചേരുകയും ചെയ്യുന്നു. മണലിപുഴ ആരംഭിക്കുന്ന പീച്ചി ഡാമിൽ നിന്ന് കരുവന്നൂർ പുഴയിൽ ചേരുന്ന പാലക്കടവ് ഭാഗം വരെയുള്ള 32.4 കി.മി ദൂരം (ഇരു കരകളിലുമായി 64 കി.മീ) സർവ്വെ നടത്തി അതിർത്തി തിരിച്ച് സർവ്വെ കല്ലുകൾ സ്ഥാപിച്ച് മുള വെച്ച് പിടിപ്പിക്കുന്ന പ്രവർത്തി ഈ പദ്ധതിയുടെ ഭാഗമായി പൂർത്തിയാക്കിയിട്ടുണ്ട്. ജില്ലാ പഞ്ചായത്ത്, ഗ്രാമ പഞ്ചായത്ത്, തൊഴിലുറപ്പ് പദ്ധതി, എന്നിവരുടെ വിഹിതങ്ങൾ ചേർത്ത് 89 ലക്ഷം രൂപയാണ് പദ്ധതി അടങ്കൽ. മണലിപ്പുഴയുടെ 10.50 ഹെക്ടർ വിസ്തീർണ്ണമുള്ള ചെറു നീർത്തടമായ തെക്കുപാടം തോട് ഈ പദ്ധതിയുടെ ഉപഘടകമാണ്. ത്രിതല പഞ്ചായത്തുകളുടേയും, വകുപ്പുകളുടേയും നബാർഡിന്റെയും സഹായം ലഭിച്ചിട്ടുണ്ട്. ജല സംരക്ഷണത്തിന് ഊന്നൽ നൽകികൊണ്ട് സ്കൂൾ തലത്തിൽ 'ബ്ലൂ ആർമി' യും ഈ പരിപാടിയുടെ ഭാഗമായി രൂപീകരിച്ചിട്ടുണ്ട്

അവലംബം: ജില്ലാ പ്ലാനിംഗ് ഓഫീസ് തൃശ്ശൂർ

ബോക്സ് 12.1.5 നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്തിലെ സോഷ്യൽ ആഡിറ്റ്

വികേന്ദ്രീകൃത ആസൂത്രണ പ്രക്രിയയിൽ ഗുണഭോക്തൃ തലത്തിൽ അതിന്റെ അന്തിമ ഫലങ്ങളും പ്രക്രിയകളും വിലയിരുത്തുന്നതിനായി വിവിധ ആന്തരികവും നിയമപരമായ ഓഡിറ്റ് സംവിധാനങ്ങൾ നിലവിലുണ്ട്. മൂല്യ നിർണ്ണയത്തിനായി വിവിധ സംവിധാനങ്ങൾ ഉണ്ടെങ്കിലും പങ്കാളിത്തം, സ്വയം നിർണ്ണയിക്കൽ, സമഗ്രത തുടങ്ങിയ പ്രത്യേകതകളാൽ സോഷ്യൽ ഓഡിറ്റ് സംവിധാനം വേറിട്ടു നിൽക്കുന്നതായി കാണാം. വികസനത്തിന്റെ ഗുണഭോക്താക്കളായ പ്രാദേശിക പൗരൻമാർ തന്നെ ചില ഇടപെടലുകൾ നടത്തുകയും വിവിധ പദ്ധതികളുടെ പ്രകടനവും അതിന്റെ ഫലങ്ങളും വിലയിരുത്തുകയും ചെയ്യുന്നതിനെയാണ് സോഷ്യൽ ഓഡിറ്റ് എന്ന് പറയുന്നത്.
കഴിഞ്ഞ നാല് വർഷത്തിനിടയിൽ നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്ത സുസ്ഥിരവും നൂതനവുമായ പത്ത് പ്രോജക്റ്റുകളുടെ സാമൂഹിക ഓഡിറ്റ് ബ്ലോക്ക് പഞ്ചായത്ത് നടത്തുകയുണ്ടായി. വിദഗ്ദ്ധരുടെ മാർഗ്ഗ നിർദ്ദേശപ്രകാരം സോഷ്യൽ ഓഡിറ്റിംഗ് ഏകോപിപ്പിച്ചത് നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റായിരുന്നു. രാജ്യത്ത് തന്നെ ഇത് ഒരു പുതിയ അനുഭവമായിരുന്നു.
സോഷ്യൽ ഓഡിറ്റിന് വിധേയമായ നിർദ്ദിഷ്ട പദ്ധതികളും തന്ത്രങ്ങളും

- സുസ്ഥിര കൃഷി മാനേജ്മെന്റും ഗ്രാമ വികസന കാൽ വെയ്പ്പുകളും – ബ്ലോക്കിലെ കാർഷിക നിക്ഷേപ സാധ്യതകൾ മനസ്സിലാക്കുക (സമൃദ്ധി).
- വള്ളം നിറ : ഗാർഹിക തലത്തിൽ പോഷകാഹാര സ്വയം പര്യാപ്തതയ്ക്കുള്ള പദ്ധതി.
- ജൈവ ഗ്രാമം : ആവർത്തിത ഓർഗാനിക് രീതിയിലുള്ള മാതൃക ജൈവഗ്രാമം
- ജ്യോതിർഗമയ ബാല്യം : കുട്ടികൾക്ക് പ്രതിരോധവും പ്രതിരോധ പരിചരണവും ഉറപ്പാക്കുക.
- ജ്യോതിർഗമയ കൗമാരം– : കൗമാരക്കാർക്കും അവരുടെ മാതാപിതാക്കൾക്കും ആരോഗ്യ വിദ്യാഭ്യാസം, സാമൂഹ്യ ബോധവത്കരണം, ആരോഗ്യ പരിരക്ഷ എന്നിവ നൽകൽ.
- മരാമത്ത്, പൊതുമരാമത്തിലൂടെ അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തുന്നു.
- കിള്ളിയാർ സംരക്ഷണം : പങ്കാളിത്ത സമീപനത്തിലൂടെ കിള്ളി നദിയുടെ പുനരുജ്ജീവനം
- അഗ്രി ഇൻക്യുബേഷൻ സെന്റർ : കാർഷിക – ഭക്ഷ്യ സംസ്കരണ മേഖലയിലുള്ള വനിതാ സംരഭകർക്ക് പരിശീലനവും പിന്തുണയും നൽകൽ.
- പ്രദേശികമായുള്ള സാമൂഹിക സാംസ്കാരിക നിർമ്മാണങ്ങളെ ശക്തിപ്പെടുത്തുകയും സുസ്ഥിര ഉപജീവന മാർഗ്ഗം സൃഷ്ടിക്കുകയും ചെയ്യുന്നതിനുള്ള പദ്ധതികൾ

- ബ്ലോക്കിലെ വിവിധ വകുപ്പ് പദ്ധതികളുടെ സമന്വയത്തിലൂടെയുള്ള പൊതു നയ നിർവ്വഹണം.

ശാസ്ത്രീയവും സമഗ്രവുമായ ഒരു രീതിശാസ്ത്രം സ്വീകരിക്കുന്നതിന്റെ ഭാഗമായി വിവിധ ഓഡിറ്റ് ടൂളുകൾ, ഫീൽഡ് സന്ദർശനങ്ങളുടെ ഏകോപനം, സന്നദ്ധ സേവകരും വിദഗ്ദ്ധരും, നിരീക്ഷണം നടത്തൽ, വിശകലന ചർച്ചകൾ എന്നിവ നടത്തുന്നതിനായി വിവിധ തലത്തിൽ സാമൂഹ്യ ഓഡിറ്റ് കമ്മിറ്റികൾ രൂപീകരിക്കുകയുണ്ടായി. പദ്ധതി നടപടിക്രമങ്ങളും താത്കാലിക കണ്ടെത്തലുകളും സമയബന്ധിതമായി ചർച്ചയ്ക്കും വിശകലനത്തിനും വിധേയമാക്കുകയുണ്ടായി. രൂപീകൃതമായ ഈ കമ്മിറ്റിയിലെ സന്നദ്ധ പ്രവർത്തകർ, ഗുണഭോക്താക്കൾ, വിദഗ്ദ്ധർ എന്നിവർ ഓരോ പ്രോജക്ടുകളുമായി ബന്ധപ്പെട്ട് വിവര ശേഖരണം നടത്തുകയും ഉദ്യോഗസ്ഥരുടെ അഭിപ്രായങ്ങൾ, നിർദ്ദേശങ്ങൾ എന്നിവ ശേഖരിക്കുകയും ചെയ്തു. ഇതു കൂടാതെ സോഷ്യൽ ഓഡിറ്റിന്റെ ഭാഗമായി പ്രത്യേക ഗ്രാമസഭ ചേർന്ന് പ്രതികരണത്തിനായുള്ള കണ്ടെത്തലുകൾ അതിൽ അവതരിപ്പിക്കുകയും ചെയ്യുകയുണ്ടായി. തുടർന്ന് കരട് റിപ്പോർട്ട് ശ്രീമതി.അരുണാ റോയ് (സാമൂഹ്യ പ്രവർത്തക), ശ്രീമതി. സൗമ്യകിടമ്പി (ഡയറക്ടർ, സൊസൈറ്റി ഫോർ സോഷ്യൽ ഓഡിറ്റ് അക്കൗണ്ടബിലിറ്റി & ട്രാൻസ്പരൻസി), ശ്രീ.എസ്.എം വിജയാനന്ദ് (മുൻ ചീഫ് സെക്രട്ടറി) എന്നിവർ ഉൾപ്പെട്ട ബ്ലോക്ക് ജനസഭയിൽ അവതരിപ്പിക്കുകയും ചെയ്തു. കരട് റിപ്പോർട്ട് ഓരോ നൂതന പദ്ധതികളുടെയും സാമൂഹിക, സാമ്പത്തിക, പാരിസ്ഥിതിക സുസ്ഥിരതയെകുറിച്ചും പദ്ധതിയുടെ തുടർച്ച, സുസ്ഥിരത, ഭാവി സാധ്യതകൾ എന്നിവയെകുറിച്ചും ചർച്ച ചെയ്യുകയുണ്ടായി. ചില പാഠങ്ങൾക്കു പുറമെ പ്രാദേശിക സ്വയംഭരണത്തെ വിലയിരുത്തുന്നതിനും താഴെ തട്ടിലുള്ള ഇടപെടലിനായി വിവിധ വകുപ്പുകളെ സംയോജിപ്പിക്കാനുള്ള തദ്ദേശഭരണ സ്ഥാപനങ്ങളുടെ കഴിവിനെ വിലയിരുത്താനും ഇത് സഹായിച്ചു.

അവലംബം: ജില്ലാ പ്ലാനിംഗ് ഓഫീസ് തിരുവനന്തപുരം

പ്രാദേശിക സർക്കാരുകൾ നടപ്പിലാക്കുന്ന കേന്ദ്ര-സംസ്ഥാന പരിപാടികളുടെ അവലോകനം

2011 സെൻസസ് പ്രകാരം സംസ്ഥാനത്തെ നാഗരിക ജനസംഖ്യ 1.59 കോടി ആയിരുന്നു. അതാവട്ടെ മൊത്തം ജനസംഖ്യയുടെ 47.6 ശതമാനത്തോളമായിരുന്നെങ്കിൽ ഗ്രാമീണ ജനസംഖ്യ 1.75 കോടി ആയിരുന്നു (52.4 ശതമാനം). രാജ്യത്തിന്റെ മറ്റ് ഭാഗങ്ങളിൽ നിന്നും തികച്ചും വ്യത്യസ്തമായി സംസ്ഥാനത്ത് താമസസ്ഥലങ്ങൾ തമ്മിൽ വേർതിരിക്കുന്ന തുറന്ന ഭൂപ്രദേശങ്ങളോ വയലുകളോ ഇല്ലാതെ ജനവാസസ്ഥലങ്ങൾ തുടർച്ചയായി വ്യാപിച്ചു കിടക്കുന്നതായിക്കാണാം. ഇന്ത്യയിൽ മറ്റെവിടെയും ഗ്രാമപ്രദേശം വ്യക്തമായി തിരിച്ചറിയാൻ കഴിയുംവിധം വിസ്തൃതമായ കൃഷിഭൂമിയിൽ വീടുകളുടെ കൂട്ടങ്ങൾ ഇടവിട്ട് കാണാൻ സാധിക്കുന്നതാണ്. എന്നാൽ സംസ്ഥാനത്തിലുടനീളം ഗ്രാമീണ പശ്ചാത്തലത്തിൽ ചെറുതും ഇടത്തരവുമായ പട്ടണങ്ങൾ സ്ഥിതിചെയ്യുന്നതുകൊണ്ടുതന്നെ കേരളത്തില ഗ്രാമ-നഗര പ്രദേശങ്ങളുടെ സവിശേഷതകൾ ഏകദേശം ഒരുപോലെയാണെന്നതും ശ്രദ്ധേയമാണ്. നഗര പശ്ചാത്തല സൗകര്യങ്ങൾ വർദ്ധിപ്പിക്കുക, ഗ്രാമങ്ങളെ ബന്ധിപ്പിക്കുക, ശുചിത്വ-മാലിന്യ നിർമ്മാർജ്ജനത്തിനുള്ള അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുക, ഗ്രാമ-നഗര പ്രദേശങ്ങളിൽ ഭവനത്തോടൊപ്പം തൊഴിലും ഉപജീവനമാർഗ്ഗങ്ങളും സൃഷ്ടിക്കുക തുടങ്ങിയ സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾക്കായുള്ള കാൽവെയ്പ്പുകൾ ചുവടെ വിവരിക്കുന്നു.

I. അടിസ്ഥാനസൗകര്യ വികസനം

സാമ്പത്തിക വളർച്ചയ്ക്കും ജനങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിലും സാമൂഹ്യ പശ്ചാത്തല വികസനം നിർണ്ണായക പങ്ക് വഹിക്കുന്നു. സംസ്ഥാന സർക്കാർ അടിസ്ഥാനസൗകര്യ വികസനത്തിനായി സംസ്ഥാനത്തിന്റേതായ തനത് പരിപാടികളുടെ വിഹിതം കൂട്ടിച്ചേർത്തുകൊണ്ട് കേന്ദ്രാവിഷ്കൃതപദ്ധതികൾ നടപ്പിലാക്കുന്നു.

i. പാർപ്പിടം

മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങളിൽ ഒന്നായ സുരക്ഷിതവും ഉറപ്പുള്ളതുമായ ഭവനം ജനങ്ങളുടെ ജീവിത നിലവാരത്തെയും ഉല്പാദനക്ഷമതയെയും നേരിട്ട് സ്വാധീനിക്കുന്ന ഒന്നാണ്. വിശാലമായ അർത്ഥത്തിൽ ഒരു കെട്ടിടമെന്നതിനപ്പുറം ശുദ്ധജലം, ശുചിത്വ സംവിധാനങ്ങൾ, ജീവിക്കാനാവശ്യമായ മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ഉൾപ്പെടുന്നതാണ് ഭവനങ്ങൾ.

സംസ്ഥാന സർക്കാരുകളുടെ പങ്കാളിത്തത്തോടെ കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന ഭവന നിർമ്മാണ പദ്ധതിയാണ് പ്രധാനമന്ത്രി ആവാസ് യോജന (പി.എം.എ.വൈ.). പ്രധാനമന്ത്രി ആവാസ് യോജന-ഗ്രാമീൺ, പ്രധാനമന്ത്രി ആവാസ് യോജന-നഗരം എന്നിങ്ങനെ ഗ്രാമ-നഗര മേഖലകൾക്കായി പ്രത്യേകം പദ്ധതികളുണ്ട്. പി.എം.എ.വൈ. പദ്ധതിയുടെ ഗ്രാമീണ മേഖലയിലെ ഗുണഭോക്താവിന്

ഭവനനിർമ്മാണത്തിനായി 90 ദിവസം വരെയുള്ള അവിദഗ്ധ തൊഴിലിനുള്ള വേതനം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലൂടെയും ശൗചാലയം നിർമ്മിക്കുന്നതിനായി 12,000 രൂപ സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) പദ്ധതിയിലൂടെയും ലഭിക്കുന്നതാണ്.

പ്രധാനമന്ത്രി ആവാസ് യോജന-ഗ്രാമീൺ, ഗ്രാമീണമേഖലയിൽ 2016-17 ൽ 32,559 ഉം 2017-18 ൽ 9,872 ഉം പുതിയ വീടുകൾ വീതം നിർമ്മിക്കാൻ ലക്ഷ്യമിട്ടിരുന്നു. കേന്ദ്ര സർക്കാർ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനായി സ്വീകരിച്ച മാനദണ്ഡങ്ങൾ മൂലം ഈ ലക്ഷ്യം നേടിയെടുക്കാൻ സാധിച്ചില്ല. 2018-19, 2019-20 വർഷങ്ങളിൽ നിർമ്മിക്കേണ്ട വീടുകളെ സംബന്ധിച്ച് കൃത്യമായലക്ഷ്യം കേന്ദ്ര സർക്കാർ നൽകിയിട്ടില്ലാത്തതിനാൽ പ്രസ്തുത വർഷങ്ങളിൽ 2016-17, 2017-18 വർഷങ്ങളിലെ ലക്ഷ്യത്തിനനുസൃതമായിട്ടാണ് (42,431) ഭവനനിർമ്മാണം നടത്തിയത്. 2018-19 ൽ 744 പട്ടികജാതി ഗുണഭോക്താക്കളും 2,374 പട്ടികവർഗ്ഗ ഗുണഭോക്താക്കളും 4,238 മറ്റ് ഗുണഭോക്താക്കളും ഉൾപ്പെടെ 7,356 പുതിയ വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കുകയുണ്ടായി. പ്രധാനമന്ത്രി ആവാസ് യോജന-ഗ്രാമീൺ പദ്ധതിയുടെ 2018-19 ലെയും 2019-20 (2019 സെപ്റ്റംബർ 30 വരെ) യുമുള്ള സാമ്പത്തിക ഭൗതിക പുരോഗതി യഥാക്രമം **അനുബന്ധം 12.1.14, 12.1.15** ൽ ചേർത്തിരിക്കുന്നു.

ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനായി 2011 ലെ സാമൂഹ്യസാമ്പത്തിക ജാതി സെൻസസിലെ വിവരങ്ങളാണ് കേന്ദ്രസർക്കാർ അവലംബിച്ചത്. എന്നാൽ അർഹരായ ഗുണഭോക്താക്കളിൽ ഭൂരിഭാഗം പേരും സാമൂഹ്യസാമ്പത്തിക ജാതി സെൻസസിൽ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ ഇതിനെതിരെ സംസ്ഥാന സർക്കാർ നിവേദനം നൽകി. ഇതേ തുടർന്ന് സാമൂഹ്യ സാമ്പത്തിക ജാതി സെൻസസിന്റെ അതേ മാനദണ്ഡം പാലിച്ചുകൊണ്ട് സാമൂഹ്യ സാമ്പത്തിക ജാതി സെൻസസ് ഡാറ്റായിൽ നിന്നും ഒഴിവാക്കപ്പെട്ട യോഗ്യരായ മുഴുവൻ ഗുണഭോക്താക്കളെയും ഉൾപ്പെടുത്താൻ സംസ്ഥാന സർക്കാരിന് അനുമതി നൽകുകയുണ്ടായി. കേന്ദ്ര സർക്കാർ നിർദ്ദേശിച്ച സോഫ്റ്റ് വെയർ ആയ 'ആവാസ് സോഫ്റ്റി'ൽ ഉൾപ്പെട്ട അർഹരല്ലാത്ത ഗുണഭോക്താക്കളെ ഒഴിവാക്കി നിലവിലുള്ള ഗുണഭോക്തൃ പട്ടിക അവസാനിപ്പിക്കുവാനും പുതുതായി രൂപകല്പന ചെയ്ത 'ആവാസ് പ്ലസിൽ' രജിസ്റ്റർ ചെയ്ത ഗുണഭോക്താക്കളെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനും കേന്ദ്ര സർക്കാർ അനുമതി നൽകുകയുണ്ടായി. ഇതനുസരിച്ച് സംസ്ഥാനത്തെ 3,11,700 അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുകയും 'ആവാസ് പ്ലസിൽ' രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്.

പി.എം.എ.വൈ-നഗരം പദ്ധതിയുടെ അംഗീകരിച്ച മൊത്തം പദ്ധതി തുക (2019 സെപ്റ്റംബർ 30) വരെ 3732.26 കോടി രൂപയാണ്. 2018-19 ലും 2019-20 ലും കേന്ദ്ര സംസ്ഥാന വിഹിതമായി യഥാക്രമം 767.09 കോടി രൂപയും 218.61 കോടി രൂപയും വിതരണം ചെയ്തിട്ടുണ്ട്. പി.എം.എ.വൈ. -നഗരം ഭവന നിർമ്മാണ പദ്ധതിയ്ക്ക് നാല് ഘടകങ്ങളാണുള്ളത്. ഗുണഭോക്തൃ നേതൃത്വത്തോടെയുള്ള പുതിയ ഭവന നിർമ്മാണമെന്ന മുഖ്യ ഘടകത്തിൽ 93 നഗര തദ്ദേശ സ്ഥാപനങ്ങൾ സമർപ്പിച്ച 424 വിശദമായ പദ്ധതി രേഖ (ഡി.പി.ആർ.) കേന്ദ്ര ഭവന നഗരകാര്യ മന്ത്രാലയം അംഗീകരിച്ചിട്ടുണ്ട്. അതിൽ വിശാല കൊച്ചി വികസന അതോറിറ്റി (ജി.സി.ഡി.എ), ഗോശ്രീ ഐലന്റ് വികസന അതോറിറ്റി (ജി.ഐ.ഡി.എ), തിരുവനന്തപുരം വികസന അതോറിറ്റി എന്നീ മൂന്ന് വികസന അതോറിറ്റികളുടെ ഡി.പി.ആറുകളും ഉൾപ്പെടുന്നു. സമർപ്പിച്ച ഡി.പി. ആറിന്റെ അടിസ്ഥാനത്തിൽ 1,11,252 വീടുകളുടെ നിർമ്മാണത്തിന് അംഗീകാരം ലഭിക്കുകയും 71,719 വീടുകളുടെ നിർമ്മാണം ആരംഭിക്കുകയും അതിൽ 2019 സെപ്റ്റംബർ 30 വരെ 25,198 വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. 'പൊതു സ്വകാര്യ പങ്കാളിത്തത്തോടെ നഗര ദരിദ്രർക്ക് പാർപ്പിടങ്ങൾ' എന്ന ഘടകത്തിൽ 488 ഗുണഭോക്താക്കൾക്കുവേണ്ടി പെരിന്തൽമണ്ണ, വിശാലകൊച്ചി വികസന അതോറിറ്റികളുടെ രണ്ട് വിശദമായ പദ്ധതിരേഖകൾക്കും അംഗീകാരം ലഭിച്ചിട്ടുണ്ട്.

നഗര ദരിദ്രരുടെ ഭവന പ്രശ്നങ്ങൾക്ക് വിവിധ സ്ഥാപനങ്ങൾ വഴിയുള്ള വായ്പാ ലഭ്യത ഉറപ്പാക്കുന്നതിനാണ് ക്രെഡിറ്റ് ലിങ്ക്ഡ് സബ്സിഡി (സി.എൽ.എസ്) എന്ന ഘടകം ലക്ഷ്യമിടുന്നത്. വീട് വയ്ക്കുന്നതിനും ഭൂമി ഏറ്റെടുക്കുന്നതിനുമായി അർഹരായ നഗര ദരിദ്രർക്ക് ഭവന വായ്പയ്ക്ക് പലിശ സബ്സിഡി ഇതിലൂടെ നൽകുന്നു. ക്രെഡിറ്റ് ലിങ്ക്ഡ് സബ്സിഡി ഘടകത്തിലൂടെ 14,552 ഗുണഭോക്താക്കൾക്ക് ഭവന വായ്പ ലഭ്യമായിട്ടുണ്ട്. പി.എം.എ.വൈ നഗരം പദ്ധതിയുടെ 2018-19 ലെയും 2019-20 (2019 സെപ്റ്റംബർ 30 വരെ) യുമുള്ള ധനകാര്യ-ഭൗതിക പുരോഗതിയും നഗര തദ്ദേശ ഭരണ സ്ഥാപനങ്ങൾ തിരിച്ചുള്ള പുരോഗതിയെയും സംബന്ധിച്ച വിവരങ്ങൾ യഥാക്രമം **അനുബന്ധം 12.1.16, 12.1.17** എന്നിവയിൽ ചേർത്തിരിക്കുന്നു.

കേന്ദ്രാവിഷ്കൃത പദ്ധതിയെന്ന നിലയിൽ ഗ്രാമ-നഗര പ്രദേശങ്ങളിലെ ഓരോ ഭവനങ്ങളുടെ നിർമ്മാണത്തിനും പ്രധാനമന്ത്രി ആവാസ് യോജന - ഗ്രാമീൺ, നഗരം എന്നീ പദ്ധതികളിലൂടെ യഥാക്രമം 72,000 രൂപ, 1.5 ലക്ഷം രൂപ വീതമാണ് കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കുന്നത്. സംസ്ഥാനത്തിന്റെ പാർപ്പിട ആവശ്യങ്ങൾ നിറവേറ്റാൻ ഈ ഭവന നിർമ്മാണ പദ്ധതികൾ പ്രകാരമുള്ള സഹായം അപര്യാപ്തമായതുകൊണ്ടാണ് സംസ്ഥാന സർക്കാർ ഇക്കാര്യത്തിൽ സമഗ്രമായ

ഒരു സമീപനം സ്വീകരിക്കുകയും സംസ്ഥാനത്തെ ഭവനരഹിതരുടെ പ്രശ്നങ്ങളെ അഭിസംബോധന ചെയ്യുന്നതിനായി ലൈഫ് (ഉപജീവനം, ഉൾപ്പെടുത്തൽ, സാമ്പത്തിക ശാക്തീകരണം) മിഷൻ എന്ന പദ്ധതി ആരംഭിക്കുകയും ചെയ്തത്. ഭൂമിയുള്ള ഭവനരഹിതർക്ക് ഭവന നിർമ്മാണത്തിനായി ലൈഫ് മിഷനിൽനിന്നും, വിദൂരത്തും ഒറ്റപ്പെട്ടും നിൽക്കുന്ന പട്ടികവർഗസങ്കേതങ്ങളിൽ താമസിക്കുന്ന പട്ടികവർഗ ഗുണഭോക്താക്കളാണെങ്കിൽ 6 ലക്ഷം രൂപയും മറ്റ് എല്ലാ ഗുണഭോക്താക്കൾക്കും 4 ലക്ഷം രൂപയും ലൈഫ് മിഷനിൽ നിന്നും നൽകുന്നതാണ്. ഇതിന്റെ വിശദാംശങ്ങൾ പതിനൊന്നാം അദ്ധ്യായത്തിൽ കൊടുത്തിട്ടുണ്ട്.

ii. ശുചിത്വവും മാലിന്യനിർമ്മാർജ്ജനവും

ശുചിത്വ സൗകര്യങ്ങളുടെ അഭാവം ദാരിദ്ര്യ അടിസ്ഥാന സൂചകങ്ങളിൽ ഒന്നാണ്. ശരിയായ ശുചിത്വ മാലിന്യ നിർമ്മാർജ്ജന സൗകര്യങ്ങൾ ജനങ്ങളുടെ ജീവിത നിലവാരത്തിൽ സ്പഷ്ടമായ സ്വാധീനമുണ്ടാക്കുന്നുണ്ട്. സംസ്ഥാനത്ത് മാലിന്യ നിർമ്മാർജ്ജനം രൂക്ഷമായ ഒരു പ്രശ്നമായതുകൊണ്ട് സർക്കാർ ഈ മേഖലയിൽ കൂടുതൽ ഊന്നൽ നൽകുന്നുണ്ട്. ഖരദ്രവമാലിന്യ നിർമ്മാർജ്ജന നയങ്ങളും പ്രോജക്ടുകളും രൂപീകരിക്കുന്നതിന് പ്രാദേശിക സർക്കാരുകൾക്കും സംസ്ഥാന സർക്കാരിനും ആവശ്യമായ സാങ്കേതിക സഹായം നൽകുന്നതിനും നിർവ്വഹണ തന്ത്രം രൂപപ്പെടുത്തുന്നതിനുമുള്ള നോഡൽ ഏജൻസിയാണ് ശുചിത്വ മിഷൻ.

2016 നവംബർ 1 മുതൽ സംസ്ഥാനത്തെ ഗ്രാമ പ്രദേശങ്ങൾ വെളിയിട വിസർജ്ജന മുക്തമായിട്ടുണ്ട് (ഒ.ഡി.എഫ്). ഇപ്പോൾ വെളിയിട വിസർജ്ജന മുക്ത നിലവാരം സുസ്ഥിരമായി നിലനിർത്താൻ ശ്രമിക്കുന്നതോടൊപ്പം ഒ.ഡി.എഫ് പ്ലസ് പ്രവർത്തനങ്ങളിലും ശ്രദ്ധ കേന്ദ്രീകരിക്കുന്നുണ്ട്. സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) ന്റെ 'സാമൂഹിക ശുചിത്വ കോപ്ലക്സുകളും, പൊതു ടോയ് ലറ്റുകളും' എന്ന ഘടകത്തിലൂടെ 2018–19 ൽ 16 ശുചിത്വ കോംപ്ലക്സുകളും പൊതു ടോയ് ലെറ്റുകളും നിർമ്മിക്കുകയും അതിനായി 33.52 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തു. ഇതേ കാലയളവിൽതന്നെ സംസ്ഥാനത്തുടനീളം 8,059 ഖര ദ്രവ മാലിന്യ സംസ്കരണ പ്രോജക്ടുകൾക്കായി 20.04 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്. വെളിയിട വിസർജ്ജന മുക്ത നിലവാരം നിലനിർത്തുന്നതിനായി 2018–19 ൽ സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) പദ്ധതിയിൽ വിവിധ തരത്തിലുള്ള വിവര വിദ്യാഭ്യാസ വിനിമയ പ്രവർത്തനങ്ങൾ ഏറ്റെടുക്കുകയും 1,347 ഓളം വിവര വിദ്യാഭ്യാസ വിനിമയ പ്രവർത്തനങ്ങൾക്കും കാര്യശേഷി വികസന പ്രവർത്തനങ്ങൾക്കുമായി 1.5 കോടി രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. സ്വച്ഛ് ഭാരത് മിഷൻ ഗ്രാമീണിന്റെ ഭാഗമായി 2017–18 ൽ 59.36 കോടി രൂപ 100 % കേന്ദ്ര സഹായമായി പ്രവർത്തന മികവ് അടിസ്ഥാനമാക്കിയുള്ള ഗ്രാന്റായി സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്. മാർഗരേഖ പ്രകാരം വിവിധ തരത്തിലുള്ള ഖരദ്രവ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിലേക്കായി ഓരോ ഗ്രാമപഞ്ചായത്തിലുമുള്ള കുടുംബങ്ങളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ 14 ജില്ലകളിലായി 56.46 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്.

നഗരപ്രദേശങ്ങളിൽ 29,578 വ്യക്തിഗത ടോയ് ലെറ്റുകൾ നിർമ്മിച്ചതിലൂടെ വ്യക്തിഗത ടോയ് ലെറ്റ് നിർമ്മാണ ലക്ഷ്യം പൂർണ്ണമായും കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. സംസ്ഥാനത്തെ 77 നഗര തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ക്വാളിറ്റി കൗൺസിൽ ഓഫ് ഇൻഡ്യയുടെ ഒ.ഡി.എഫ് അംഗീകാരവും ലഭിച്ചിട്ടുണ്ട്. മറ്റുള്ള നഗര തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ ഒ.ഡി. എഫ് പരിശോധന നടന്നുകൊണ്ടിരിക്കുകയാണ്. 10,532 വ്യക്തിഗത ടോയ് ലറ്റുകൾ പ്രളയത്തിൽ നശിച്ചുപോയിട്ടുണ്ട്. സംസ്ഥാനതല എംപവേർഡ് കമ്മിറ്റിയും ഭവന ധനകാര്യ മന്ത്രാലയവും പ്രളയത്തിൽ തകർന്ന ടോയ് ലെറ്റുകൾ പുനർനിർമ്മിക്കുന്നതിന് അംഗീകാരം നൽകുകയും നഗര തദ്ദേശ ഭരണ സ്ഥാപനങ്ങൾ ഇതിനായുള്ള പ്രോജക്ടുകൾ ഏറ്റെടുക്കുന്ന പ്രക്രിയയിലുമാണ്. പൊതുടോയ് ലെറ്റുമായി ബന്ധപ്പെട്ട് 1,598 ടോയ് ലറ്റുകളുടെ നിർമ്മാണം ഏറ്റെടുത്തിട്ടുണ്ട്. ഇതിൽ 265 ടോയ് ലെറ്റുകളുടെ നിർമ്മാണം പൂർത്തിയാവുകയും, 420 ടോയ് ലെറ്റുകളുടെ നിർമ്മാണം പുരോഗതിയിലുമാണ്. 913 ടോയ് ലെറ്റുകൾ ടെൻഡറിംഗ് പ്രക്രിയയിലുമാണ്.

സർക്കാർ ആശുപത്രികളിലെ കക്കൂസ് മാലിന്യം കൈകാര്യം ചെയ്യുന്നതിന് സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ (എസ്.റ്റി.പി) ഒന്നുംതന്നെ നിലവിൽ ഇല്ലാത്തതിനാൽ ഓരോ ജില്ലയിലെയും ഒരു ആശുപത്രിയിലെങ്കിലും എസ്.റ്റി.പി നിർമ്മിക്കുന്നതിന് ഉദ്ദേശിക്കുന്നു. ആശുപത്രികളിലും കമ്പോള സ്ഥലങ്ങളിലും നിർമ്മിക്കാനുദ്ദേശിക്കുന്ന എട്ട് ദ്രവ മാലിന്യ സംസ്കരണ പ്രോജക്ടുകൾക്ക് ശുചിത്വ മിഷൻ സാങ്കേതികാനുമതിയും ഭാഗികമായി സാമ്പത്തിക സഹായവും നൽകിയിട്ടുണ്ട്.

ഖരമാലിന്യ സംസ്കരണത്തിനായി 82 നഗര തദ്ദേശഭരണ സ്ഥാപനങ്ങൾ തയ്യാറാക്കിയ വിശദമായ പദ്ധതിരേഖയ്ക്ക് (ഡി.പി.ആർ) കേന്ദ്ര സർക്കാരിന്റെ ഭവന നഗര കാര്യ മന്ത്രാലയത്തിന്റെ അംഗീകാരം ലഭ്യമായിട്ടുണ്ട്. നഗര തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജൈവ മാലിന്യം ഉറവിടത്തിൽതന്നെ കൈകാര്യം ചെയ്യുന്നതിനായി സാമൂഹിക, സ്ഥാപന, ഭവന തലങ്ങളിലായി 8,37,763 കമ്പോസ്റ്റിംഗ് കുഴികൾ ഉൾപ്പെടെയുള്ള കമ്പോസ്റ്റിംഗ് ഇൻസ്റ്റലേഷൻസും 17,260 ബയോഗ്യാസ് പ്ലാന്റുകളും പ്രവർത്തിക്കുന്നുണ്ട്.

ഉറവിട മാലിന്യ സംസ്കരണത്തിനായി സംസ്ഥാനത്തെ നാല് നഗരസഭകൾ 61.35 ലക്ഷം രൂപയുടെ പ്രോജക്ടുകൾ ഏറ്റെടുത്തിട്ടുണ്ട്. മത്സ്യ തൊഴിലാളികൾ കടലിൽനിന്നും ശേഖരിക്കുന്ന പ്ലാസ്റ്റിക് വസ്തുക്കൾ കൈകാര്യം (shred and bale) ചെയ്യുന്നതിനായി നീണ്ടകര തുറമുഖത്ത് ഒരു പ്ലാസ്റ്റിക് ഷ്രെഡ് ചെയ്തും ബെയ്ൻ ചെയ്തും ഷ്രെഡിംഗ് സംവിധാനം പ്രവർത്തിക്കുന്നുണ്ട്. ചെറുകിട സംരംഭങ്ങൾക്കും സ്വയം സഹായ സംഘങ്ങൾക്കും മാലിന്യം കൈകാര്യം ചെയ്യുന്നതിന് പ്രാരംഭഘട്ട സഹായം എന്ന ഘടകത്തിലൂടെ പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റിന്റെ പ്രവർത്തനത്തിനായി 4.5 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ആരോഗ്യ ഡയറക്ടറേറ്റും, ദേശീയ ആരോഗ്യ മിഷനും ഹരിത കേരളം മിഷനുമായി സഹകരിച്ചുകൊണ്ട് ശുചിത്വ മിഷൻ മഴക്കാലപൂര്വ്വ ശുചീകരണ പ്രചാരണ പരിപാടികളും സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ട്.

സംസ്ഥാനത്ത് ആഘോഷ പരിപാടികളിലും പൊതുപരിപാടികളിലും ഹരിത പെരുമാറ്റച്ചട്ടം നടപ്പിലാക്കിയിട്ടുണ്ട്. എല്ലാ ഉണങ്ങിയ മാലിന്യങ്ങളും ശേഖരിച്ച് പുനരുപയോഗത്തിന് ഉപയുക്തമാക്കുന്നതിനും ഉറവിടത്തിൽതന്നെ മാലിന്യം സംസ്കരിക്കുന്നതിനുമായി കുടുംബങ്ങൾക്കാവശ്യമായ സഹായം നൽകുന്നതിലേക്കായി സംസ്ഥാനത്തെ തദ്ദേശ ഭരണ സ്ഥാപനങ്ങൾ ഹരിത കർമ്മസേനയെന്ന പേരിൽ തൊഴിൽസേന രൂപീകരിച്ചിട്ടുണ്ട്. 1,033 തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ ഹരിത കർമ്മസേന രൂപീകരിച്ചിട്ടുണ്ട്. ഇതിൽ 2019 സെപ്റ്റംബർ 30 വരെയുള്ള കണക്കുകൾ പ്രകാരം 712 എണ്ണം പ്രവർത്തനക്ഷമമാണ്. കൂടാതെ മെറ്റീരിയൽ കളക്ഷൻ കേന്ദ്രങ്ങളും (എം.സി.എഫ്) റിസോഴ്സ് റിക്കവറി കേന്ദ്രങ്ങളും (ആർ.ആർ.എഫ്) സ്ഥാപിക്കുന്നതിനാവശ്യമായ സാമ്പത്തിക സാങ്കേതിക സഹായങ്ങളും ശുചിത്വ മിഷൻ നൽകുന്നുണ്ട്. വിവിധ തരത്തിലുള്ള അജൈവ മാലിന്യങ്ങൾ പുനരുപയോഗത്തിനോ, പുനചംക്രമണത്തിനോ വേണ്ടി തരംതിരിച്ച് കൈകാര്യം ചെയ്യുന്നതിന് ആർ.ആർ.എഫുകൾ സഹായിക്കുന്നു. 2019 സെപ്റ്റംബർ 30 വരെയുള്ള കണക്കുകൾ പ്രകാരം 128 ആർ.ആർ.എഫുകൾ 14 ജില്ലകളിലായി പ്രവർത്തിക്കുന്നുണ്ട്. വീടുകളിൽ നിന്നും ശേഖരിക്കുന്ന അജൈവ മാലിന്യങ്ങൾ ആർ.ആർ.എഫുകൾക്ക് കൈമാറുന്നതുവരെ താല്ക്കാലികമായി സൂക്ഷിക്കാനുള്ള സംവിധാനമാണ് എം.സി.എഫ്. സംസ്ഥാനത്താകമാനം 724 എം.സി.എഫുകൾ സ്ഥാപിച്ചതിൽ 674 എണ്ണം ഇപ്പോൾ പ്രവർത്തനക്ഷമമാണ്. പ്രാദേശിക സർക്കാരുകളിലെ ഹരിതകർമ്മസേനയെ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം 12.1.18 ലും റിസോഴ്സ് റിക്കവറി ഫെസിലിറ്റിയേയും മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റിയേയും സംബന്ധിച്ച വിവരങ്ങൾ അനുബന്ധം 12.1.19 ലും കൊടുത്തിരിക്കുന്നു. സ്റ്റേക്ക് ഹോൾഡേഴ്സിന്റെ കാര്യശേഷി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ, റിസോഴ്സ് പേഴ്സൺസ്, ഹരിത കർമ്മസേന അംഗങ്ങൾ എന്നിവർക്കുവേണ്ടി നൈപുണ്യ വികസന പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി 17 പരിശീലന പരിപാടികൾ സംസ്ഥാനതലത്തിൽ സംഘടിപ്പിക്കുകയും ഇതിൽ 2018–19 ൽ 2,799 പേർ പങ്കെടുക്കുകയും ചെയ്തിട്ടുണ്ട്. 2018–19 ലും 2019–20 ലും (2019 സെപ്റ്റംബർ 30 വരെ) ജില്ലാതലത്തിൽ 416 ഉം 108 ഉം പരിശീലന പരിപാടികൾ സംഘടിപ്പിക്കുകയും യഥാക്രമം 50,967 ഉം 1,05,362 ഉം ആളുകൾ പങ്കെടുക്കുകയും ചെയ്തിട്ടുണ്ട്. 2018–19ലെയും 2019–20 (2019 സെപ്റ്റംബർ 30 വരെ) ലെയും ജില്ലാതല പരിശീലന പരിപാടികളെ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം 12.1.20 ൽ കൊടുത്തിരിക്കുന്നു.

ശുചിത്വ മിഷൻ ഏറ്റെടുത്ത പ്രളയാനന്തര പ്രവർത്തനങ്ങൾ

പ്രളയത്തിന്റെ പ്രാരംഭദിനങ്ങളിൽ തന്നെ പ്രളയബാധിത പ്രദേശങ്ങളിലെയും ദുരിതാശ്വാസ ക്യാമ്പുകളിലെയും ശുചിത്വ പ്രവർത്തനങ്ങൾ ശുചിത്വ മിഷൻ ഏറ്റെടുത്തിട്ടുണ്ട്. പ്രളയാനന്തരം ശുചിത്വ മിഷൻ വെള്ളക്കെട്ട് പ്രദേശങ്ങളിലും താഴ്ന്ന പ്രദേശങ്ങളിലും പ്രാദേശികവും സാങ്കേതികവുമായി അനുയോജ്യമായ ടോയ് ലെറ്റ് സംവിധാനങ്ങൾ കണ്ടെത്തുന്നതിനായി ഒരു ശില്പശാല നടത്തിയിരുന്നു. പ്രളയാനന്തര വിവര വിദ്യാഭ്യാസ വിനിമയ പ്രവർത്തനങ്ങൾക്ക് ഫണ്ട് ലഭിക്കുന്നതിനായി ശുചിത്വ മിഷൻ പദ്ധതി നിർദ്ദേശങ്ങൾ തയ്യാറാക്കി യൂണിസെഫിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഹരിതകേരളം മിഷന് കീഴിലുള്ള ശുചിത്വ മാലിന്യ സംസ്കരണ ടാസ്ക് ഫോഴ്സിന്റെ തീരുമാനപ്രകാരം തദ്ദേശ ഭരണ സ്ഥാപനങ്ങളെ സഹായിക്കുന്നതിനുള്ള താല്ക്കാലിക സംവിധാനമായ ഹരിതസഹായ സ്ഥാപനങ്ങളെ തെരഞ്ഞെടുക്കുന്നതിനും ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങളെ സഹായിക്കുന്നതിനും ശുചിത്വമിഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

നൂതന ദൗത്യങ്ങൾ

പ്രാദേശിക സർക്കാരുകളുമായി സഹകരിച്ച് മാലിന്യ സംസ്കരണത്തിലെ തരംതിരിക്കലിന്റെ ആവശ്യകതയെക്കുറിച്ച് സ്ക്കൂൾ കുട്ടികളെ മനസ്സിലാക്കുന്നതിനുവേണ്ടി ശുചിത്വ മിഷൻ സംസ്ഥാനതലത്തിൽ നടപ്പിലാക്കിയ ബോധവൽക്കരണ പരിപാടിയാണ് കളക്ടേഴ്സ്@ സ്ക്കൂൾ. മാലിന്യം തരംതിരിക്കുന്ന ശീലം കുട്ടികളിൽ വികസിപ്പിക്കുന്നതിലൂടെ സമൂഹത്തിന്റെയും വ്യക്തികളുടെയും സ്ഥായിയായ വികസനത്തിനും പ്രകൃതി വിഭവങ്ങളുടെ ഫലപ്രദമായ വിനിയോഗത്തിനും പുനരുപയോഗം, പുനചംക്രമണം, ഉപഭോഗം കുറയ്ക്കൽ

എന്നീ (3R'S) ആശയങ്ങളുടെ വ്യാപനത്തിനും ഇതു ലക്ഷ്യമിടുന്നു.

വ്യവസായ എസ്റ്റേറ്റുകളിലും കിൻഫ്രാ പാർക്കുകളിലും പ്ലാസ്റ്റിക് പുനചംക്രമണ യൂണിറ്റുകൾ:

അജൈവ മാലിന്യങ്ങൾ പുനചംക്രമണത്തിനായി മറ്റ് സംസ്ഥാനങ്ങളിലുള്ള കേന്ദ്രങ്ങളിലേക്ക് കൊണ്ടുപോകുക എന്നത് ഒരു സ്ഥായിയായ സംവിധാനമല്ലാത്തതുകൊണ്ട് അത് മൂലമുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി സംസ്ഥാനത്തിന് സ്വന്തമായി പുനചംക്രമണ കേന്ദ്രങ്ങൾ അത്യാവശ്യമാണ്. ഇതിനായി കിൻഫ്രാ പാർക്ക്, വ്യവസായിക എസ്റ്റേറ്റുകൾ, മറ്റ് വ്യവസായിക പ്രദേശങ്ങൾ എന്നിവിടങ്ങളിലെല്ലാം പുനചംക്രമണ പാർക്കുകളും പുനചംക്രമണ യൂണിറ്റുകളും സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലം കണ്ടെത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

iii. നഗര അടിസ്ഥാന സൗകര്യങ്ങൾ

സംസ്ഥാനത്തെ ദ്രുതഗതിയിലുള്ള നഗരവത്ക്കരണത്തിന്റെ വ്യാപനം അടിസ്ഥാന സൗകര്യ വികസനത്തിനായി വർദ്ധിത നിക്ഷേപം ആവശ്യമാക്കിയിരിക്കുന്നു. നഗരവൽക്കരണത്തിന്റെ പ്രത്യേകമായ സവിശേഷതയും സംസ്ഥാനത്തെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകളും പരിഗണിക്കുമ്പോൾ വിവിധ നഗര അടിസ്ഥാന സൗകര്യവികസന പദ്ധതികൾ രൂപപ്പെടുത്തുമ്പോൾ ഇക്കാര്യത്തിൽ പ്രത്യേകമായ ഊന്നലും ശ്രദ്ധയും നൽകേണ്ടതായിട്ടുണ്ട്.

കുടിവെള്ള വിതരണം, മാലിന്യ പരിപാലനം, നഗര ശുചീകരണം, പൊതു ശൗചാലയങ്ങൾ സ്ഥാപിക്കലും വ്യാപനവും, അഴുക്കുചാലുകളുടെ നിർമ്മാണവും നന്നാക്കലും, ഓവുചാലുകളുടെ നിർമ്മാണം, വാഹന പാർക്കിംഗ്, ആധുനിക യന്ത്രവത്കൃത പാർക്കിംഗ് സംവിധാനം, നഗരങ്ങളുടെ മനോഹാരിത വർദ്ധിപ്പിക്കൽ, ഹരിത നഗരം സൃഷ്ടിക്കൽ, യന്ത്രവൽക്കൃതമല്ലാത്ത നഗര ഗതാഗത സംവിധാനങ്ങളുടെ സ്ഥാപനം മുതലായ പ്രവർത്തനങ്ങളാണ് നഗര അടിസ്ഥാനസൗകര്യ വികസന പരിപാടികളിൽ ഉൾപ്പെടുന്നത്. സംസ്ഥാനത്ത് നടപ്പാക്കിവരുന്ന പ്രധാന നഗര അടിസ്ഥാനസൗകര്യ വികസന പരിപാടികൾ ചുവടെ വിവരിക്കുന്നു.

കുടിവെള്ള വിതരണം, അഴുക്കുചാൽ നിർമ്മാണം, കക്കൂസ് മാലിന്യ നിർമ്മാർജ്ജനം, മഴവെള്ള ഓവുചാലുകളുടെ നിർമ്മാണം, നഗര ഗതാഗതം, ഹരിത പ്രദേശങ്ങൾ, പാർക്കുകൾ, കാര്യശേഷി വർദ്ധിപ്പിക്കൽ തുടങ്ങിയ മേഖലകൾ അഭിമുഖീകരിക്കുന്ന വെല്ലുവിളികളെ അതിജീവിക്കുന്നതിനായി നഗര പ്രദേശത്തെ ഭൗതീകവും സ്ഥാപനപരവുമായ അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തുന്നതിനായി അടൽ മിഷൻ ഫോർ റിജുവനേഷൻ ആന്റ് അർബൻ ട്രാൻസ്ഫർമേഷൻ (അമൃത്) എന്ന പദ്ധതി ലക്ഷ്യംവയ്ക്കുന്നു. സംസ്ഥാനത്തെ ആറ് മുനിസിപ്പൽ കോർപ്പറേഷനുകളെയും ആലപ്പുഴ, പാലക്കാട്, ഗുരുവായൂർ എന്നീ മൂന്ന് മുനിസിപ്പാലിറ്റികളെയും അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 2015–16 ൽ ആരംഭിച്ച് 2019–20 വരെയുള്ള അഞ്ച് വർഷമാണ് പദ്ധതിയുടെ കാലാവധി. പദ്ധതി കാലാവധി അടുത്ത സാമ്പത്തികവർഷത്തേക്ക് കൂടി നീട്ടുന്നതിനുള്ള നിർദ്ദേശം സംസ്ഥാനം സമർപ്പിച്ചിട്ടുണ്ട്.

മേൽപ്പറഞ്ഞ ഒമ്പത് നഗര പ്രദേശങ്ങളിലെ കുടിവെള്ള വിതരണം, അഴുക്കുചാൽ /കക്കൂസ് മാലിന്യം കൈകാര്യം ചെയ്യൽ, മലിനജല ഓടകൾ, നഗര ഗതാഗതം, പൊതു സ്ഥലങ്ങളും പാർക്കുകളും തുടങ്ങി അഞ്ച് മേഖലകളിലായി 2,357.66 കോടി രൂപയുടെ 1024 ഉപപ്രോജക്ടുകൾക്ക് (388 പ്രധാന പ്രോജക്ടുകൾ) കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭ്യമായിട്ടുണ്ട്. ആകെ പ്രോജക്ട് ചെലവിൽ കേന്ദ്രവും സംസ്ഥാനവും തദ്ദേശ ഭരണ സ്ഥാപനങ്ങളും യഥാക്രമം 1,161.20 കോടി രൂപ, 732.01 കോടി രൂപ, 464.45 കോടി രൂപ വീതം പദ്ധതി വിഹിതമായി വകയിരുത്തിയിട്ടുണ്ട്. 1,024 മൊത്തം പ്രോജക്ടുകളിൽ 1,016 പ്രോജക്ടുകൾ ടെണ്ടർ ചെയ്യുകയും 950 പ്രോജക്ടുകളുടെ കരാർ നൽകുകയും ചെയ്തിട്ടുണ്ട്. അതിൽ, 13 പാർക്കുകൾ, 11 നഗര ഗതാഗത പ്രോജക്ടുകൾ, 196 മഴവെള്ള ഓവുചാല് ശൃംഖലകൾ, 38 അഴുക്കു ചാല് ശൃംഖലകൾ, 33 കുടിവെള്ള പ്രോജക്ടുകൾ എന്നിങ്ങനെ 291 പ്രോജക്ടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. അമൃത് പദ്ധതിയുടെ 2018–19 മുതൽ 2019–20 (സെപ്റ്റംബർ 30 വരെ) യുള്ള സാമ്പത്തിക പുരോഗതി സംബന്ധിച്ച വിവരങ്ങൾ അനുബന്ധം 12.1.21 ൽ കൊടുത്തിരിക്കുന്നു. കൂടാതെ ഒമ്പത് നഗര തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ പ്രവർത്തന പുരോഗതി സംബന്ധിച്ച വിവരങ്ങൾ അനുബന്ധം 12.1.22 ലും അമൃത് പ്രോജക്ടിന്റെ മേഖല തിരിച്ചുള്ള പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം 12.1.23 ലും കൊടുത്തിരിക്കുന്നു.

പ്രധാന അടിസ്ഥാന സൗകര്യങ്ങൾ, വ്യക്തികൾക്ക് മെച്ചപ്പെട്ട ജീവിത സൗകര്യങ്ങൾ, വൃത്തിയുള്ളതും സ്ഥായിയായതുമായ പരിസ്ഥിതി, സ്മാർട്ട് സൊല്യൂഷൻസ് എന്നിവ പ്രാവർത്തികമാക്കി നഗരങ്ങളുടെ വളർച്ച പ്രോത്സാഹിപ്പിക്കുന്നതിനായി ഭവന നഗരകാര്യ മന്ത്രാലയം 2015 – ൽ ആരംഭിച്ച പ്രധാന അടിസ്ഥാന സൗകര്യ വികസന പരിപാടിയാണ് സ്മാർട്ട് സിറ്റി മിഷൻ. ഈ പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ കൊച്ചി നഗരവും മൂന്നാം ഘട്ടത്തിൽ തിരുവനന്തപുരം നഗരത്തെയും

തെരഞ്ഞെടുത്തിട്ടുണ്ട്. കൊച്ചി സ്മാർട്ട് സിറ്റിക്ക് 2,076 കോടി രൂപയും തിരുവനന്തപുരത്തിന് 1,538.20 കോടി രൂപയും പദ്ധതിയുടെ എസ്റ്റിമേറ്റ് തുകയായി കണക്കാക്കിയിരിക്കുന്നു. അതിൽ കേന്ദ്ര ഗവൺമെന്റ് വിഹിതവും സംസ്ഥാന ഗവൺമെന്റ് വിഹിതവും 500 കോടി രൂപ വീതമാണ്. ബാക്കിതുക പുറമെ നിന്നുള്ള സഹായം, പൊതു സ്വകാര്യ പങ്കാളിത്തം മറ്റുള്ള പദ്ധതികളുമായുള്ള സംയോജനം എന്നിവയിലൂടെയാണ് കണ്ടെത്തുന്നത്.

അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തി ഫോർട്ട് കൊച്ചി–മട്ടാഞ്ചേരി പ്രദേശത്തെ ആസൂത്രിതവും സമഗ്രവുമായ വികസനമാണ് കൊച്ചി സ്മാർട്ട് സിറ്റി ലക്ഷ്യമിടുന്നത്. കൊച്ചി സ്മാർട്ട് സിറ്റിക്കായി 42 പ്രോജക്ടുകൾ വിഭാവനം ചെയ്തിട്ടുണ്ട്. ഇതിൽ 18 പ്രോജക്ടുകൾ ആരംഭിക്കുകയും 22 പ്രോജക്ടുകളുടെ ടെണ്ടറിംഗ് നടപടികൾ നടക്കുകയും ചെയ്യുന്നു. ഇതിൽ 2 പ്രോജക്ടുകൾ ഭവന പ്രോജക്ടുകളാണ്. പൊതു സ്വകാര്യ പങ്കാളിത്തത്തോടെയാണ് ബൈസൈക്കിൾ ഷെയറിംഗ് പ്രോജക്ട് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. റൂഫ് ടോപ്പ് സോളാർ പ്രോജക്ട്, ഇന്റലിജന്റ് ട്രാഫിക് മാനേജ്മെന്റ് സംവിധാനം, ജനറൽ ആശുപത്രിക്കായി ക്യാൻസർ ബ്ലോക്ക്, മാലിന്യ ശേഖരണ ബിന്നുകളുടെ വിതരണം, സ്മാർട്ട് റോഡുകൾ മുതലായവയാണ് ആരംഭിച്ച പ്രോജക്ടുകൾ.

സ്മാർട്ട് സിറ്റി തിരുവനന്തപുരം ലിമിറ്റഡ് 43 പ്രോജക്ടുകളാണ് വിഭാവനം ചെയ്തിരിക്കുന്നത്. ഇതിൽ 636.82 കോടി രൂപയുടെ 29 പ്രോജക്ടുകൾക്ക് ഡി.പി.ആർ തയ്യാറാക്കുകയും സംയോജിത പ്രോജക്ടുകൾ ഉൾപ്പെടെ 604.80 കോടി രൂപയുടെ 28 പ്രോജക്ടുകൾക്ക് ഭരണാനുമതിയും നേടുകയുമുണ്ടായി. സ്വദേശ് ദർശനിലും അമൃത് പദ്ധതിയിലുമായി 89.21 കോടി രൂപയുടെ സംയോജിത പ്രോജക്ടുകളുടെ നിർവ്വഹണം നടന്നുകൊണ്ടിരിക്കുകയാണ്. തിരുവനന്തപുരം സ്മാർട്ട് സിറ്റി പ്രോജക്ടിൽ ആയുർവ്വേദ കോളേജ്, പനവിള, കിള്ളിപ്പാലം എന്നീ സ്ഥലങ്ങളിൽ സ്മാർട്ട് ബസ് ഷെൽട്ടറുകൾ, പൊതു ടോയ് ലെറ്റുകൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി തമ്പാനൂർ ബസ് ടെർമിനൽ, കോർപ്പറേഷൻ ഓഫീസ് കോമ്പൗണ്ട്, പുത്തരിക്കണ്ടം മൈതാനം എന്നിവിടങ്ങളിൽ സുലഭ് ടോയ് ലെറ്റുകളുടെ നിർമ്മാണവും, കോർപ്പറേഷൻ ഓഫീസ് കോമ്പൗണ്ടിലും ഗാന്ധി പാർക്കിലും ഇൻഫർമേഷൻ കിയോസ്ക്കുകൾ, കുടിവെള്ള കിയോസ്ക്കുകളുടെ സ്ഥാപനം എന്നീ പ്രോജക്ടുകളുടെ നിർമ്മാണം അന്തിമ ഘട്ടത്തിലാണ്. 15 ഇലക്ട്രിക് ആട്ടോയും 15 ഇലക്ട്രിക് റിക്ഷായും വാങ്ങുന്നതിനും തീരുമാനിച്ചിട്ടുണ്ട്. സ്മാർട്ട് റോഡുകൾ, ഇന്റഗ്രേറ്റഡ് കമാന്റ് ആന്റ് കൺട്രോൾ സെന്റർ, കിഴക്കേക്കോട്ടയിൽ ഭൂഗർഭ നടപ്പാത സംവിധാനം, രാജാജി നഗറിന്റെ പുനർ വികസനം, വെയർ ഹൗസിംഗ് സംവിധാനം, ചാലയിലെ ബഹുനില കാർ പാർക്കിംഗ് സംവിധാനം എന്നീ ബൃഹത് പദ്ധതികളുടെ ഡി.പി.ആർ തയ്യാറാക്കുന്ന പ്രവർത്തനങ്ങളും അന്തിമഘട്ടത്തിലാണ്.
പ്രളയത്തിന്റെ പശ്ചാത്തലത്തിൽ ഭാവിയിൽ ജനങ്ങളുടെ ജീവനും സ്വത്തിനും ഉണ്ടാകാനിടയുള്ള ദുരന്തങ്ങൾ തടയുന്നതിലേക്കായി നഗര ഗ്രാമാസൂത്രണ വകുപ്പ് ഇടക്കാല പ്രാദേശിക വികസന രൂപരേഖ (ഐ.എൽ. ഡി.പി) രൂപീകരിക്കുന്ന പ്രക്രിയ ആരംഭിച്ചിട്ടുണ്ട്. പാരിസ്ഥിതിക ലോല പ്രദേശങ്ങളുടെ സംരക്ഷണവും, ദുരന്ത സാധ്യതയുള്ള സ്ഥലങ്ങൾ കണ്ടെത്തുകയും അതിന്റെ ഭാഗമായി ആവാസ വ്യവസ്ഥയിൽ വരുത്തേണ്ട മാറ്റങ്ങൾ, കാര്യക്ഷമമായ റോഡ് ശൃംഖലകൾ തുടങ്ങിയവയ്ക്കാണ് ഇടക്കാല പ്രാദേശിക വികസന രൂപരേഖ ഊന്നൽ നൽകുന്നത്. ദുരന്തത്തിന്റെയും ദുരന്ത സാധ്യതയുള്ള സ്ഥലങ്ങളുടെ പുനർ നിർമ്മാണത്തിന്റെയും പശ്ചാത്തലത്തിൽ നടത്തേണ്ട അടിസ്ഥാന സൗകര്യ വികസന സൃഷ്ടിയും ഈ പദ്ധതി ലക്ഷ്യം വയ്ക്കുന്നുണ്ട്. സംസ്ഥാനത്തെ നഗര ഗ്രാമ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കായി ഐ.എൽ. ഡി.പി രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ട്.

iv. ഗ്രാമങ്ങളെ തമ്മിൽ ബന്ധിപ്പിക്കൽ

സംസ്ഥാനത്തെ ഗ്രാമീണ നിവാസികൾക്ക് വളരെ ഉപകാരപ്രദവും ഗ്രാമീണ മേഖലയെ പരസ്പരം ബന്ധിപ്പിക്കുന്നതുമായ പദ്ധതിയാണ് പ്രധാനമന്ത്രി ഗ്രാമ സഡക് യോജന (പി.എം.ജി.എസ്.വൈ). ദേശീയം, സംസ്ഥാനം, ജില്ല എന്നീ മൂന്ന് തലത്തിൽ ഗുണനിലവാര പരിശോധനാസംവിധാനം നിലവിലുള്ള പി.എം.ജി.എസ്.വൈ. പദ്ധതിയിൽ നിർമ്മിക്കുന്ന റോഡുകൾ ഉയർന്ന ഗുണനിലവാരമുള്ളതും ദീർഘകാലം നിലനിൽക്കുന്നതുമാണ്. സംസ്ഥാന നോഡൽ ഏജൻസിയായ കേരള സംസ്ഥാന ഗ്രാമീണ റോഡ് വികസന ഏജൻസി (കെ.എസ്.ആർ.ആർ.ഡി.എ.) യാണ് ഈ പദ്ധതിയുടെ നിർവ്വഹണം നടത്തുന്നത്. കേന്ദ്ര സർക്കാർ നൽകുന്ന തുകയിൽ നിന്നും പദ്ധതിയുടെ എസ്റ്റിമേറ്റ് പ്രകാരമുള്ള തുക മാത്രമെ ചെലവഴിക്കാൻ പാടുള്ളൂ. ടെണ്ടർ എക്സ്സ്, സാധന സാമഗ്രികൾ മാറ്റിസ്ഥാപിക്കൽ, പണി പൂർത്തീകരിച്ച റോഡുകളുടെ അറ്റകുറ്റപ്പണികൾ എന്നിവയ്ക്കായി കേന്ദ്ര വിഹിതം ഉപയോഗിക്കാൻ പാടുള്ളതല്ല. അതിനാൽ സംസ്ഥാന സർക്കാർ പി.എം.ജി.എസ്.വൈ. പദ്ധതിയുടെ സംസ്ഥാന വിഹിതമായി വകയിരുത്തുന്ന 40 ശതമാനം തുകയ്ക്ക് ഉപരിയായി 'പി.എം.ജി.എസ്. വൈ. പദ്ധതിക്കായുള്ള സംസ്ഥാന സഹായം' എന്ന പദ്ധതിയിലൂടെ പ്രധാനമന്ത്രി ഗ്രാമ സഡക് യോജന പദ്ധതിയുടെ പരിധിയിൽ വരാത്ത മുകളിൽ പ്രതിപാദിച്ച പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനായി തുക വകയിരുത്തുന്നു.

ഗ്രാമീണ കാർഷിക വിപണികൾ, ഹയർ സെക്കന്ററി സ്ക്കൂളുകൾ, ആശുപത്രികൾ എന്നിവയുമായി

ബന്ധിപ്പിച്ചിട്ടുള്ള നിലവിലുള്ള റോഡുകൾ നവീകരിക്കുന്നതിലൂടെ ഗ്രാമീണ റോഡ് ശൃംഖലയുടെ ഏകീകരണം പ്രധാന മന്ത്രി ഗ്രാമ സഡക് യോജന–IIIന്റെ മാർഗ്ഗനിർദ്ദേശങ്ങളിൽ വിഭാവനം ചെയ്യുന്നു. 1,425 കിലോമീറ്റർ ദൈർഘ്യം റോഡാണ് ഈ പദ്ധതിയിൽ സംസ്ഥാനത്തിന് അനുവദിച്ചിരിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് നിർബന്ധമായും ചെയ്യേണ്ട ജിയോ ടാഗിംഗിന്റെ പ്രവർത്തനങ്ങൾ നടന്നുവരുന്നു. അതിന്റെ അടിസ്ഥാനത്തിലാണ് പ്രധാന മന്ത്രി ഗ്രാമ സഡക് യോജന–III ൽ അനുയോജ്യമായ റോഡുകളെ തെരഞ്ഞെടുക്കുകയും മുൻഗണനാക്രമം നിശ്ചയിക്കുകയും ചെയ്യുന്നത്.

'പ്രധാനമന്ത്രി ഗ്രാമ സഡക് യോജന' പദ്ധതിയിലൂടെ 2018–19 ൽ 22,666.00 ലക്ഷം രൂപയും 2019–20 ൽ (2019 സെപ്റ്റംബർ 30 വരെ) 7,011.71 ലക്ഷം രൂപയും 'പി.എം.ജി.എസ്.വൈ. പദ്ധതിയ്ക്കായുള്ള സംസ്ഥാന സഹായം' എന്ന പദ്ധതിയിലൂടെ 2018–19 ൽ 3,000.00 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്. 'പ്രധാനമന്ത്രി ഗ്രാമ സഡക് യോജന' പദ്ധതിയിലൂടെ 2018–19 മുതൽ 2019–20 വരെ (2019 സെപ്റ്റംബർ 30 വരെ) നിർമ്മാണം പൂർത്തീകരിച്ച റോഡുകളുടെ ജില്ലാടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ **അനുബന്ധം 12.1.24** ൽ നൽകിയിരിക്കുന്നു.

II. തൊഴിലവസരങ്ങൾ സൃഷ്ടിക്കലും ഉപജീവന മാർഗ്ഗത്തിനുള്ള സഹായവും

തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലൂടെ വരുമാനത്തിലുണ്ടാവുന്ന വർദ്ധനവ് ദാരിദ്ര്യ നിർമ്മാർജ്ജനത്തിന്റെ ഒരു പ്രധാന സൂചകമാണ്. ഗ്രാമീണ മേഖലയിലുള്ളവർക്ക് തൊഴിൽ നൽകുന്നതിൽ സുപ്രധാന പങ്ക് വഹിക്കുന്ന പ്രധാന കേന്ദ്രാവിഷ്കൃത പദ്ധതികളിൽ ഒന്നാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി. അവിദഗ്ദ്ധ തൊഴിൽ ചെയ്യാൻ കഴിവും താല്പര്യവുമുള്ള ഗ്രാമപ്രദേശങ്ങളിലെ പ്രായപൂർത്തിയായ കുടുംബാംഗങ്ങൾക്ക് എല്ലാ സാമ്പത്തിക വർഷവും 100 ദിവസം വേതനത്തോടുകൂടി തൊഴിൽ ഉറപ്പുവരുത്തുന്നതിലൂടെ ഗ്രാമീണ മേഖലയിലെ കുടുംബങ്ങളുടെ ഉപജീവന സുരക്ഷ വർദ്ധിപ്പിക്കുന്നു. ഈ പദ്ധതിയിൽ അവിദഗ്ദ്ധ തൊഴിലിനുള്ള വേതനം 2017–18 ൽ 258 രൂപയായിരുന്നു. ഇത് 2018 ഏപ്രിൽ 1 മുതൽ 271 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. സംസ്ഥാനത്ത് 2017–18 മുതൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ പ്രവർത്തനങ്ങൾ ഹരിത കേരളം മിഷനുമായി സംയോജിപ്പിച്ചാണ് നടപ്പിലാക്കുന്നത്.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സംയോജന സാധ്യതകളെ പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നതിനായി മറ്റ് വകുപ്പുകളുടെ പദ്ധതികളുമായി സംയോജിപ്പിച്ച് 2018–19, 2019–20 എന്നീ വർഷങ്ങളിൽ സംസ്ഥാനത്ത് നടപ്പിലാക്കിയ പ്രധാന കാൽവെയ്പ്പുകൾ ചുവടെ വിശദമാക്കുന്നു.

- കൃഷി, ജലസേചനം, മൃഗസംരക്ഷണം, മത്സ്യബന്ധനം, ക്ഷീരവികസനം, വനം എന്നീ മേഖലകളിലെ ഉത്പാദനവും വികസനവും വർദ്ധിപ്പിക്കുന്നതിനായി ഈ മേഖലകളിലെ വ്യക്തിഗതവും പൊതുവായതുമായ ഉത്പാദന ആസ്തികൾ സൃഷ്ടിക്കുന്നതിന് ഊന്നൽ നൽകുന്നു.
- വിദ്യാലയങ്ങൾക്ക് ചുറ്റുമതിൽ, കളിസ്ഥലം എന്നിവയുടെ നിർമ്മാണം, അംഗൻവാടികളുടെ നിർമ്മാണം എന്നിങ്ങനെയുള്ള പൊതു ആസ്തികൾ സൃഷ്ടിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നു.
- കന്നുകാലികൾ, ആട്, കോഴി എന്നിവയ്ക്കായുള്ള ഷെഡുകൾ പോലെയുള്ള വ്യക്തിഗത ഉപജീവന ആസ്തികൾ നൽകുന്നു.
- പട്ടികവർഗ്ഗ വിഭാഗത്തിനായുള്ള പ്രത്യേക സഹായം (സംസ്ഥാനാവിഷ്കൃത ഘടകം)
    - **ട്രൈബൽ പ്ലസ് പദ്ധതി** – സംസ്ഥാന സർക്കാരിന്റെ പ്രത്യേക ധനസഹായം ഉപയോഗിച്ച് പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് 100 ദിവസത്തെ അധിക തൊഴിൽ നൽകുന്നതിന് ഈ പദ്ധതി ലക്ഷ്യമിടുന്നു.
    - **വേതനം മുൻകൂറായി നൽകൽ** – പട്ടികവർഗ്ഗ തൊഴിലാളികളുടെ പങ്കാളിത്തം പ്രോത്സാഹിപ്പിക്കുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ സംസ്ഥാന പദ്ധതിയുടെ തുക ഉപയോഗിച്ച് പട്ടികവർഗ്ഗ തൊഴിലാളികൾക്ക് മുൻകൂറായി വേതനം നൽകുന്നതിനുള്ള ഒരു സംവിധാനം കുടുംബശ്രീ മുഖേന സംസ്ഥാന സർക്കാർ ആരംഭിച്ചു. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ട് ഉപയോഗിച്ച് ഗുണഭോക്താക്കൾക്ക് ഓരോ ആഴ്ചയും അവിദഗ്ദ്ധ വേതനം മുൻകൂറായി നൽകുകയും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ വേതനം ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടുകളിൽ എത്തുമ്പോൾ ഗുണഭോക്താക്കളുടെ സമ്മതത്തോടെ, മുൻകൂറായി നൽകിയ വേതനം തിരിച്ചുപിടിക്കുന്നതുമാണ്.

മേൽപറഞ്ഞ നൂതന പരിപാടികളുടെ ഫലമായി 2018–19– ൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ പട്ടികവർഗ്ഗ കുടുംബങ്ങളുടെ പങ്കാളിത്തത്തിൽ വലിയ പുരോഗതി ഉണ്ടായിട്ടുണ്ട്. 2018–19 ലെ പട്ടികവർഗ്ഗ കുടുംബങ്ങളുടെ ശരാശരി തൊഴിൽദിനങ്ങൾ എന്നത് 79 ഉം ആകെ സൃഷ്ടിച്ച പട്ടികവർഗ്ഗ തൊഴിൽ ദിനങ്ങൾ 53.55 ലക്ഷവുമാണ്. ഇതാവട്ടെ മുൻവർഷങ്ങളെ അപേക്ഷിച്ച് ഇരട്ടിയുമാണ്. 2018–19 ൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ പ്രവർത്തനങ്ങളിൽ

പങ്കാളികളായ 67,729 പട്ടികവർഗ്ഗ കുടുംബങ്ങളിൽ 23,042 കുടുംബങ്ങൾ 100 ദിവസത്തെയും 2,061 കുടുംബങ്ങൾ 200 ദിവസത്തെയും തൊഴിൽ പൂർത്തിയാക്കുകയുണ്ടായി.

2018 ലെ പ്രളയത്തെത്തുടർന്ന് ഏറ്റെടുത്ത പ്രത്യേക സംരംഭങ്ങൾ

പ്രളയാനന്തര പുനഃസ്ഥാപന ശ്രമങ്ങളിൽ പൊതുസ്വത്തുകളുടെ നവീകരണത്തിലൂടെയും സമൂഹത്തിലെ ദുർബല ജനവിഭാഗങ്ങളുടെ ഉപജീവനമാർഗ പുനരുജ്ജീവനത്തിലൂടെയും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി കേരള പുനർനിർമ്മാണ പ്രക്രിയയിൽ നിർണ്ണായകമായ പങ്ക് വഹിക്കുകയുണ്ടായി. 2018–19 ൽ 5.5 കോടി തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിനാണ് കേന്ദ്ര സർക്കാർ അനുമതി നൽകിയത്. എന്നാൽ പ്രളയത്തിന്റെ പ്രത്യേകമായ സാഹചര്യത്തിൽ സംസ്ഥാന സർക്കാരിന്റെ അഭ്യർത്ഥന പ്രകാരം 7 കോടി തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിന് കേന്ദ്ര സർക്കാർ അനുമതി നൽകുകയുണ്ടായി. 2018–19 സാമ്പത്തിക വർഷത്തിന്റെ അവസാനം 9.75 കോടി തൊഴിൽ ദിനങ്ങളാണ് സംസ്ഥാനത്ത് സൃഷ്ടിച്ചത്. കനത്ത വെള്ളപ്പൊക്ക ബാധിതമായ ഏഴ് ജില്ലകളിലെ ഓരോ കുടുംബത്തിനും 50 ദിവസത്തെ അധിക തൊഴിൽ അനുവദിക്കാൻ ആദ്യഘട്ടത്തിൽ സംസ്ഥാനത്തിന് അനുമതി ലഭിക്കുകയുണ്ടായി. എന്നാൽ പിന്നീട് ഭാഗികമായി വെള്ളപ്പൊക്ക ബാധിതമായ ആറ് ജില്ലകളിലെ 87 ഗ്രാമപഞ്ചായത്തുകളിലും 50 ദിവസത്തെ അധിക തൊഴിൽ നൽകുകയുണ്ടായി. 2018–19 ലെ പ്രളയത്തിനുശേഷം (16.08.2019 മുതൽ 31.03.2019 വരെ) 10.31 ലക്ഷം കുടുംബങ്ങളിലെ 12.02 ലക്ഷം പേർക്ക് ഈ പദ്ധതിയിലൂടെ തൊഴിൽ നൽകിയിട്ടുണ്ട്. ഇതിൽ 4.83 ലക്ഷം കുടുംബങ്ങളിൽ നിന്നുമുള്ള 6.12 ലക്ഷം പേർ പുതിയതായി ജോലിക്ക് എത്തിയതാണ്. പ്രളയത്തിനുശേഷം 82,605 കുടുംബങ്ങൾക്ക് പുതിയ തൊഴിൽ കാർഡുകൾ നൽകുകയും അതുവഴി 7.63 കോടി തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുകയും ചെയ്തതിന്റെ ഫലമായി 2068.74 കോടി രൂപയുടെ തൊഴിൽ (പ്രതിദിനം 271 രൂപ വേതനം എന്ന നിരക്കിൽ) പ്രസ്തുത കാലയളവിൽ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്.

2018–19 ൽ മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ ചെലവ് 2990.05 കോടി രൂപയായിരുന്നു. തൻവർഷം അനുവദിച്ച മൊത്തം തുകയുടെ 98.49 ശതമാനമാണിത്. ഇക്കാലത്ത് സൃഷ്ടിക്കപ്പെട്ട മൊത്തം തൊഴിൽദിനങ്ങൾ 9.75 കോടിയായിരുന്നു. ഇതിൽ 1.54 കോടി തൊഴിൽ ദിനങ്ങൾ പട്ടികജാതി വിഭാഗത്തിന്റെയും 0.54 കോടി തൊഴിൽ ദിനങ്ങൾ പട്ടികവർഗ്ഗ വിഭാഗത്തിന്റേതുമായിരുന്നു. 2019–20 ൽ (2019 സെപ്റ്റംബർ 30 വരെ) 1103.23 കോടി രൂപ ചെലവഴിക്കുകയും 3.04 കോടി തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ 2018–19, 2019–20 (2019 സെപ്റ്റംബർ 30 വരെ) എന്നീ വർഷങ്ങളിലെ ധനകാര്യവും ഭൗതികവുമായ വിവരങ്ങൾ യഥാക്രമം **അനുബന്ധം 12.1.25, 12.1.26, 12.1.27, 12.1.28** എന്നിവയിൽ ചേർത്തിട്ടുണ്ട്.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഗ്രാമപ്രദേശങ്ങൾക്ക് മാത്രമായിട്ടുള്ളതാണ്. ഗ്രാമപ്രദേശങ്ങളിലെ ദാരിദ്ര്യം നിർമ്മാർജ്ജനം ചെയ്യുന്നതിൽ ഈ പദ്ധതി വഹിച്ചിരുന്ന പങ്കാണ് 2009–10 ൽ സംസ്ഥാന സർക്കാർ നഗര പ്രദേശങ്ങളിൽ അയ്യൻകാളി നഗര തൊഴിൽസൃഷ്ടിക്കൽ പദ്ധതി ആരംഭിക്കുവാൻ കാരണമായത്. നഗര പ്രദേശങ്ങളിലെ ഓരോ കുടുംബത്തിലെയും അവിദഗ്ധ തൊഴിൽ ചെയ്യാൻ താല്പര്യമുള്ള പ്രായപൂർത്തിയായ അംഗത്തിന് കുറഞ്ഞത് 100 ദിവസത്തെ തൊഴിൽ ദിനങ്ങൾ നൽകിക്കൊണ്ട് അവരുടെ ജീവനോപാധി മെച്ചപ്പെടുത്താനുദ്ദേശിച്ചിട്ടുള്ള ഒരു സംസ്ഥാന പദ്ധതിയാണിത്. പ്രാദേശിക സർക്കാരുകളുടെ സ്ഥിര ആസ്തികൾ സൃഷ്ടിക്കാനാണ് ഈ ഫണ്ട് വിനിയോഗിക്കുന്നത്.

2018–19 ൽ 50.00 കോടി രൂപ ഈ പദ്ധതിക്കായി വകയിരുത്തിയിരുന്നു. ഇതിൽ 48.91 കോടി രൂപ ചെലവഴിക്കുകയും വിവിധ കോർപ്പറേഷനിലും നഗരസഭകളിലുമായി 16,68,195 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. പൊതുവിഭാഗം, പട്ടികജാതി, പട്ടികവർഗം എന്നീ വിഭാഗങ്ങളിലായി യഥാക്രമം 1,54,623; 35,766; 3,444 വ്യക്തികൾക്ക് തൊഴിൽ കാർഡുകൾ ഇക്കാലയളവിൽ നൽകുകയുണ്ടായി. അതിൽ 15,865 പുരുഷൻമാരും 1,77,698 സ്ത്രീകളും ഉൾപ്പെടുന്നു. 85,943 കുടുംബങ്ങൾക്ക് (80,735 സ്ത്രീകൾ ഉൾപ്പെടെ) തൊഴിൽ നൽകുന്നതിനും 1,225 കുടുംബങ്ങൾ 100 തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്.

2018 ആഗസ്റ്റിലെ പ്രളയ പശ്ചാത്തലത്തിൽ നഗരദരിദ്രരുടെ ജീവനോപാധി മെച്ചപ്പെടുത്തുന്നതിനുവേണ്ടി 2019–20 വർഷം അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയുടെ വിഹിതം 75 കോടി രൂപയായി ഉയർത്തിയിരുന്നു. അതിൽ 31.10.2019 വരെ 28.76 കോടി രൂപ ചെലവഴിക്കുകയും 12,31,670 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. 31.10.2019 വരെ 94,455 കുടുംബങ്ങൾക്ക് (89,314 സ്ത്രീകൾ ഉൾപ്പെടെ) തൊഴിൽ ലഭിക്കുകയും 784 കുടുംബങ്ങൾ 100 തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. ഈ കാലയളവിൽ പൊതുവിഭാഗം, പട്ടികജാതി, പട്ടികവർഗം എന്നീ വിഭാഗങ്ങളിലായി യഥാക്രമം 1,81,586; 41,049; 3,444 വ്യക്തികൾക്ക് തൊഴിൽ കാർഡ് നൽകുകയും ചെയ്തിട്ടുണ്ട്. അതിൽ 20,954 പുരുഷൻമാരും 2,04,586 സ്ത്രീകളും ഉൾപ്പെടുന്നു. അയ്യങ്കാളി തൊഴിൽ സൃഷ്ടിക്കൽ പദ്ധതിയുടെ തൊഴിലാളികളെ ആരോഗ്യ ജാഗ്രതാ പ്രവർത്തനങ്ങൾക്കും മഴക്കാലപൂർവ്വ

ശുചീകരണ പ്രവർത്തനങ്ങൾക്കും ഉപയോഗിച്ചതിലൂടെ 2019 ഒക്ടോബർ 31 വരെ 55,195 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുകയുണ്ടായി. പി.എം.എ.വൈ-ലൈഫ് പദ്ധതിയുടെ ഗുണഭോക്താക്കളായ 48,574 പേർക്ക് അയ്യങ്കാളി തൊഴിൽ പദ്ധതിയുടെ തൊഴിൽ കാർഡ് ലഭിച്ചതിലൂടെ 90 ദിവസത്തെ തൊഴിൽ ലഭിക്കുകയുണ്ടായി. 2019-20 ൽ ക്ഷീരോല്പാദനവും ഈ പദ്ധതിയുടെ ഭാഗമാക്കിയതിലൂടെ രണ്ട് കന്നുകാലികളിൽ കൂടുതലുള്ള കർഷകർക്ക് തൊഴിലും വേതനവും ഈ പദ്ധതിയുടെ മാനദണ്ഡമനുസരിച്ച് ലഭിക്കുകയുണ്ടായി. അയ്യങ്കാളി നഗര തൊഴിൽസൃഷ്ടിക്കൽ പദ്ധതിയുടെ 2018-19, 2019-20 (31-10-2019 വരെ) വർഷങ്ങളിലെ തദ്ദേശഭരണ സ്ഥാപനം തിരിച്ചിട്ടുള്ള ഫണ്ട് വിതരണം സംബന്ധിച്ച വിവരങ്ങൾ **അനുബന്ധം 12.1.29** ലും പദ്ധതിയുടെ ജില്ല തിരിച്ചുള്ള ഭൗതീകനേട്ടങ്ങൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം 12.1.30 ലും കൊടുത്തിരിക്കുന്നു.

തൊഴിൽ ഉറപ്പു നൽകുന്നതിനുള്ള പദ്ധതിയായിട്ടാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി അറിയപ്പെടുന്നതെങ്കിലും അതിൽ ജീവനോപാധികളുടെ പോഷണത്തിന് പ്രത്യേക ഊന്നൽ നൽകുന്നുണ്ട്. ഉപജീവന പ്രവർത്തനങ്ങൾ, ദാരിദ്ര്യ ലഘൂകരണം, തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ എന്നീ ഘടകങ്ങൾ ജനങ്ങളുടെ ജീവിത നിലവാരം ഉയർത്തുന്നതിൽ വലിയ പങ്ക് വഹിക്കുന്നു. ഉപജീവനത്തിനായുള്ള കേന്ദ്ര സർക്കാരിന്റെ പ്രധാന ഉദ്യമങ്ങളാണ് ഗ്രാമീണ മേഖലയിൽ നടപ്പാക്കുന്ന ദേശീയ ഗ്രാമീണ ഉപജീവന മിഷനും (എൻ.ആർ.എൽ.എം.) നഗരമേഖലയിൽ നടപ്പാക്കുന്ന ദേശീയ നഗര ഉപജീവന മിഷനും (എൻ.യു.എൽ.എം). കേന്ദ്ര സംസ്ഥാന സർക്കാരുകൾ 60:40 എന്ന അനുപാതത്തിലാണ് ഈ പദ്ധതിക്ക് തുക വിനിയോഗിക്കുന്നത്.

ഗ്രാമീണ ദരിദ്രരുടെ സ്വയം തൊഴിൽ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ആവശ്യകതയ്ക്കനുസരിച്ച് സഹായം ലഭ്യമാക്കുന്ന പദ്ധതിയാണ് ദീൻദയാൽ അന്ത്യോദയ യോജന-ദേശീയ ഗ്രാമീണ ഉപജീവന മിഷൻ. ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമീൺ കൗശല്യ യോജന (ഡി.ഡി.യു.ജി.കെ.വൈ.), സ്റ്റാർട്ട്-അപ് ഗ്രാമീണ സംരംഭകത്വ പരിപാടി (എസ്.വി.ഇ.പി.), മഹിളാ കിസാൻ ശശാക്തീകരൺ പരിയോജന (എം.കെ.എസ്.പി.) എന്നിവ ദീൻ ദയാൽ അന്ത്യോദയ യോജന-ദേശീയ ഗ്രാമീണ ഉപജീവന മിഷന്റെ ഉപഘടകപദ്ധതികളാണ്. ദീൻ ദയാൽ അന്ത്യോദയ യോജന-ദേശീയ ഗ്രാമീണ ഉപജീവന മിഷന്റെ കീഴിൽ വൈദഗ്ധ്യം നൽകുന്നതിനും ജോലി ലഭ്യമാകുന്നതിനുമുള്ള സംരംഭങ്ങളാണ് ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമീൺ കൗശല്യ യോജന. ഗ്രാമീണ മേഖലകളിലെ സാമ്പത്തിക വളർച്ചയെ ഉത്തേജിപ്പിക്കുന്നതിനും ദാരിദ്ര്യവും തൊഴിലില്ലായ്മയും കുറയ്ക്കുന്നതിനും ഗ്രാമീണ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള സഹായവും പിന്തുണയും എസ്.വി.ഇ.പി.യിലൂടെ നൽകുന്നു. സാമൂഹ്യാടിസ്ഥാനത്തിലുള്ള സംഘടനാ ശൃംഖല ഉപയോഗിക്കുന്ന സംരംഭങ്ങൾക്ക് വാണിജ്യ വൈദഗ്ധ്യം, സമാന മേഖലകളുമായി സമ്പർക്ക സാധ്യത, സംരംഭങ്ങൾ തുടങ്ങുന്നതിന് വായ്പയും, സംരംഭത്തിന്റെ നിർണ്ണായകമായ ആദ്യത്തെ ആറ് മാസത്തേയ്ക്ക് വാണിജ്യ സഹായവും എസ്.വി.ഇ.പി. നൽകുന്നു. കാർഷിക മേഖലയിലെ സ്ത്രീ പുരുഷ വ്യത്യാസം കുറയ്ക്കുക, കാർഷിക വൃത്തിയിൽ നിന്നും പിൻവാങ്ങുന്ന പ്രവണത കുറയ്ക്കുക, സ്ത്രീ കർഷകർ സുസ്ഥിര കാർഷിക രീതികൾ സ്വീകരിക്കുക എന്നിവയ്ക്കാണ് എം.കെ.എസ്.പി. പ്രാധാന്യം നൽകുന്നത്. കുടുംബശ്രീയുടെ സംയുക്ത ഉത്തരവാദിത്ത സംഘങ്ങളുടെ (ജെ.എൽ.ജി.) ശൃംഖല ഉപയോഗിച്ചാണ് സംസ്ഥാനത്ത് ഈ പദ്ധതി നടപ്പിലാക്കുന്നത്.

2018-19 ൽ ദീൻദയാൽ അന്ത്യോദയ-ദേശീയ ഗ്രാമീണ ഉപജീവന മിഷനിലൂടെ 4107 അയൽക്കൂട്ടങ്ങൾ രൂപീകരിച്ചു. എം.കെ.എസ്.പി.യിലൂടെ 62,527 സംയുക്ത ഉത്തരവാദിത്ത സംഘങ്ങളിലായി 3,30,516 കർഷകർ കാർഷിക വൃത്തിയിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. ഡി.ഡി.യു.ജി.കെ.വൈ.-യിലൂടെ പരിശീലനം ലഭിച്ച

പട്ടിക 12.2.1 ദേശീയ ഗ്രാമീണ ഉപജീവന മിഷന്റെ ഭൗതിക നേട്ടങ്ങൾ

പദ്ധതിയുടെ പേര്	ഘടകങ്ങൾ	ഭൗതീക നേട്ടങ്ങൾ (എണ്ണത്തിൽ)	
		2018-19	2019-20 (2019 സെപ്റ്റംബർ 30 വരെ)
ദീൻ ദയാൽ അന്ത്യോദയ യോജന -ദേശീയ ഗ്രാമീണ ഉപജീവന മിഷൻ	അയൽക്കൂട്ടങ്ങൾ	4,107	1,153
ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമീണ കൗശല്യ യോജന	പരിശീലനം ലഭിച്ചവർ	13,702	5,839
	തൊഴിൽ ലഭിച്ചവർ	10,972	4,387
മഹിളാ കിസാൻ ശശാക്തീകരൺ പരിയോജന	സംയുക്ത ഉത്തരവാദിത്ത സംഘങ്ങൾ (ജെ.എൽ.ജി.)	62,527	7,055
	കർഷകർ	3,30,516	35,275
സ്റ്റാർട്ട് അപ് ഗ്രാമീണ സംരംഭകത്വ പരിപാടി	അയൽക്കൂട്ടങ്ങൾ (ആകെ)	3,935	4,182
	സംരംഭങ്ങൾ (ആകെ)	3,607	4,011

അവലംബം: കുടുംബശ്രീ, കേരള സർക്കാർ

13,702 വ്യക്തികളിൽ 10,972 വ്യക്തികൾക്ക് (80.08 ശതമാനം) തൊഴിൽ ലഭിക്കുകയുണ്ടായി. ദീൻ ദയാൽ അന്ത്യോദയ യോജന –ദേശീയ ഗ്രാമീണ ഉപജീവന മിഷന്റെ ഭൗതിക നേട്ടങ്ങൾ **പട്ടിക 12.2.1** ൽ നൽകിയിരിക്കുന്നു.

നഗരദരിദ്രരുടെ ദാരിദ്ര്യം, കഷ്ടത എന്നിവ ലഘൂകരിക്കാൻ ലക്ഷ്യമിടുന്ന പദ്ധതിയാണ് ഡേ–എൻ.യു.എൽ.എം. സംസ്ഥാനത്തെ എല്ലാ നഗര തദ്ദേശഭരണ സ്ഥാപനങ്ങളിലും ഈ പദ്ധതി നടപ്പിലാക്കിവരുന്നു. ഭവനരഹിതർക്ക് അഭയകേന്ദ്രമെന്ന ഈ പദ്ധതിയുടെ ഘടകത്തിലൂടെ 3,195 ഭവനരഹിതരെ കണ്ടെത്തിയിട്ടുണ്ട്. നഗരത്തിലെ വഴിയോര കച്ചവടക്കാർക്ക് സഹായം എന്ന ഘടകത്തിൽ 22,722 വഴിയോര കച്ചവടക്കാരെ കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. ഈ കാലയളവിൽ 11,744 വഴിയോര കച്ചവടക്കാർക്ക് തിരിച്ചറിയൽ കാർഡ് നൽകുകയുണ്ടായി. നൈപുണ്യ വികസനവും ജോലി ഉറപ്പാക്കലും എന്ന ഘടകത്തിൽ 8,709 പേരെ ഉൾപ്പെടുത്തിയതിൽ 3,548 പേർക്ക് സർട്ടിഫിക്കറ്റ് നൽകുകയും 3,157 പേർക്ക് ജോലി ഉറപ്പാക്കുകയും ചെയ്തിട്ടുണ്ട്. നഗരപ്രദേശങ്ങളിലെ തൊഴിൽരഹിതരായ ദരിദ്ര ജനങ്ങൾക്ക് സൈബർ സുരക്ഷിതത്വം, അക്കൗണ്ടിംഗ്, ആരോഗ്യ സംരക്ഷണം, പ്ലാസ്റ്റിക് സാങ്കേതിക വിദ്യ, ഇലക്ട്രോണിക്സ്, ഇലക്ട്രിക്കൽ, ആയുർവ്വേദ നഴ്സിംഗ്, ഹോസ്പിറ്റാലിറ്റി, ടെലികോം, ഭക്ഷ്യസംസ്കരണം തുടങ്ങി 74 ഓളം തൊഴിൽ മേഖലകളിൽ പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. എൻ.യു.എൽ.എം. പദ്ധതിയുടെ സ്വയം തൊഴിൽ പരിപാടിയിലൂടെ 1,322 വ്യക്തിഗത സംരംഭങ്ങളും 245 ഗ്രൂപ്പ് സംരംഭങ്ങളും ആരംഭിക്കുകയും, 10,568 അയൽക്കൂട്ട സംഘങ്ങൾക്ക് ലിങ്കേജ് വായ്പ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. എൻ.യു.എൽ.എം. പദ്ധതിയുടെ സാമൂഹ്യ വിഭവ സമാഹരണവും സ്ഥാപന ശാക്തീകരണവും എന്ന ഘടകത്തിലൂടെ സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുന്നതിന് അവസരം ലഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി 5,410 പുതിയ അയൽക്കൂട്ട സംഘങ്ങൾ രൂപീകരിക്കുകയും, 3,607 അയൽക്കൂട്ട സംഘങ്ങൾക്കും 247 പ്രാദേശിക വികസന സൊസൈറ്റികൾക്കും റിവോൾവിംഗ് ഫണ്ട് സഹായം ലഭ്യമാക്കുകയും എട്ട് നഗര ജീവനോപാധി കേന്ദ്രങ്ങൾ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഡേ–എൻ.യു.എൽ.എം. പദ്ധതിയുടെ സാമ്പത്തികവും ഭൗതീകവുമായ നേട്ടങ്ങളെ സംബന്ധിച്ച വിവരങ്ങൾ യഥാക്രമം **അനുബന്ധം 12.1.31 ലും 12.1.32** ലും കൊടുത്തിരിക്കുന്നു. ജില്ലാതല സൂക്ഷ്മ സംരംഭങ്ങളെ സംബന്ധിച്ച വിവരങ്ങളും വായ്പാ ബന്ധിത അയൽക്കൂട്ടങ്ങളെ സംബന്ധിച്ച വിവരങ്ങളും യഥാക്രമം **അനുബന്ധം 12.1.33 ലും 12.1.34** ലും കൊടുത്തിരിക്കുന്നു.

ഡേ–എൻ.യു.എൽ.എം. പദ്ധതിയുടെ ഭാഗമായി രൂപീകരിച്ച സൂക്ഷ്മ സംരംഭങ്ങൾ വഴി നിർമ്മിക്കുന്ന ഉല്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനായി ചെറു വിപണന കേന്ദ്രങ്ങൾ കണ്ടെത്തുക, വെബ് പോർട്ടലിൽ സൂക്ഷ്മ സംരംഭങ്ങളുടെ ഉല്പന്നങ്ങൾ പരിചയപ്പെടുത്തുക, ഫുഡ് കിയോസ്ക്കുകളും ഫുഡ് ഫെസ്റ്റുകളും സംഘടിപ്പിക്കുക തുടങ്ങി പ്രത്യേകമായ ഇടപെടലുകൾ നടത്തിയിട്ടുണ്ട്. തൊഴിൽ ഉറപ്പാക്കുന്ന നൈപുണ്യ വികസന പരിപാടികളിലെല്ലാം തൊഴിൽരഹിതരായ യുവജനങ്ങളുടെ അഭിരുചിക്കനുസൃതമായി തൊഴിലവസരങ്ങൾ നൽകാൻ നൈപുണ്യ വികസന ഏജൻസികൾക്ക് സാധിക്കാറില്ല. മാനവ വിഭവ (എച്ച്.ആർ) വിതരണ ഏജൻസികളിൽ നിന്ന് ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുകയാണ് പല നിയമനാധികാരികളും ചെയ്യുന്നത്. ആയതിനാൽ ഡേ–എൻ.യു.എൽ.എം. പദ്ധതിയിലൂടെ നൈപുണ്യ വികസനം നേടിയ സ്ത്രീകളെ ഉൾപ്പെടുത്തിക്കൊണ്ട് എച്ച്. ആർ വിതരണ ഏജൻസി, 'ഹ്യൂമൻ ആം' എന്ന പേരിൽ ഒരു സൊസൈറ്റി രൂപീകരിച്ചിട്ടുണ്ട്. 187 ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ നൽകുകവഴി സൊസൈറ്റിയുടെ കഴിഞ്ഞ വർഷത്തെ വാർഷിക വരുമാനം 1.79 കോടി രൂപയായിരുന്നു. വനിതാ തൊഴിലാളികൾക്ക് മാസശമ്പളമായി 14,321 രൂപ ലഭിക്കുകയും അവർക്ക് പി.എഫിന്റെയും ഇ.എസ്.ഐ യുടെയും ആനുകൂല്യം ലഭിക്കുകയും ചെയ്യുന്നുണ്ട്.

കുടുംബശ്രീ

സ്ത്രീ ശാക്തീകരണത്തിലൂടെ ദാരിദ്ര്യ നിർമ്മാർജ്ജനം ലക്ഷ്യമാക്കിയാണ് സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ അഥവാ കുടുംബശ്രീ രൂപീകരിച്ചത്. 1998–ൽ സംസ്ഥാന സർക്കാർ ആരംഭിച്ച നൂതനവും സ്ത്രീ കേന്ദ്രീകൃതവും ആയ പങ്കാളിത്ത ദാരിദ്ര്യ നിർമ്മാർജ്ജന പരിപാടിയാണിത്. വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികളായ ദീൻദയാൽ അന്ത്യോദയ യോജന, ദേശീയ ഗ്രാമീണ ഉപജീവന മിഷൻ (ഡി.എ.വൈ–എൻ. ആർ.എൽ.എം.), ദീൻദയാൽ അന്ത്യോദയ യോജന–ദേശീയ നഗര ഉപജീവന ദൗത്യം (ഡി.എ.വൈ–എൻ. യു.എൽ.എം.), പ്രധാന മന്ത്രി ആവാസ് യോജന (നഗരം) എന്നിവയുടെ നിർവ്വഹണം നടത്തുന്ന നോഡൽ ഏജൻസി കൂടിയായ കുടുംബശ്രീയിൽ 43.93 ലക്ഷം വനിതകളുടെ പങ്കാളിത്തം ഉണ്ട്. കൂടാതെ സംസ്ഥാനത്തെ വിവിധ പ്രവർത്തനങ്ങളിലും കുടുംബശ്രീ മിഷൻ ഏർപ്പെട്ടിരിക്കുന്നു. 2018–19 ലും 2019–20 ലും (2019 സെപ്റ്റംബർ 30 വരെ) കുടുംബശ്രീ കൈവരിച്ച പ്രധാന നേട്ടങ്ങൾ താഴെ വിവരിക്കുന്നു.

ദരിദ്രരിൽ ദരിദ്രരായ അഗതികളുടെ പുനരധിവാസത്തിനായുള്ള 'ആശ്രയ' യെ വിപുലീകരിച്ച് 'അഗതിരഹിത കേരളം' എന്നു പുനർനാമകരണം ചെയ്തിട്ടുണ്ട്. അഗതികളായ കുടുംബങ്ങളെ കണ്ടെത്തുന്നതിനായി 2017–18 ൽ ജിയോ–ടാഗിങ്ങിലൂടെ ഒരു സർവ്വേ നടത്തുകയും

2018–19 ൽ 748 ഉം 2019–20 ൽ (2019 സെപ്റ്റംബർ 30 വരെ) 271 ഉം പ്രാദേശിക സർക്കാരുകൾ അഗതിപുനരധിവാസത്തിനായി വിശദമായ പ്രോജക്ട് റിപ്പോർട്ട് സമർപ്പിച്ച് അംഗീകാരം നേടുകയും ചെയ്തു. ഇതോടെ സംസ്ഥാനത്ത് 1,019 പ്രാദേശിക സർക്കാരുകളിൽ "അഗതിരഹിത കേരളം" പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. പ്രാദേശിക സർക്കാരുകളുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന വൈവിദ്ധ്യ കഴിവുകൾ ഉള്ള കുട്ടികൾക്കായുള്ള ബഡ്സ് സ്ഥാപനങ്ങൾ കുടുംബശ്രീയുടെ മേൽനോട്ടത്തിലാണ് പ്രവർത്തിക്കുന്നത്. 2018–19 ൽ 25 കോടി രൂപ 200 പ്രാദേശിക സർക്കാരുകളിലായി 200 പുതിയ ബഡ്സ് സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് ഓരോ സ്ഥാപനത്തിനും 12.5 ലക്ഷം രൂപ വീതം ആദ്യഗഡുവായി നൽകുകയുമുണ്ടായി. 2018–19 ൽ 57 ഉം 2019–20 ൽ (2019 സെപ്റ്റംബർ 30 വരെ) 16 ഉം ബഡ്സ് സ്ഥാപനങ്ങൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

സ്ത്രീകൾക്ക് സുരക്ഷിത യാത്ര ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി 2018–19 ൽ കുടുംബശ്രീ 226 വനിതാ ഡ്രൈവർമാരുടെ കൂട്ടായ്മ രൂപീകരിക്കുകയുണ്ടായി. ബുദ്ധിവൈകല്യമുള്ള കുട്ടികളുടെ അമ്മമാർ, അംഗവൈകല്യമുള്ളവർ, പ്രായമായവർ, പീഡിതർ, വിധവകൾ, കഠിന രോഗബാധിതർ / കിടപ്പുരോഗികളുടെ ആശ്രിതർ തുടങ്ങിയ ദുർബലരായ സ്ത്രീകൾക്കിടയിൽ സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കാൻ ലക്ഷ്യമിടുന്ന 'പ്രത്യാശ പദ്ധതി'യിലൂടെ 668 സ്ത്രീ സംരംഭകർക്ക് പ്രയോജനം ലഭിക്കുകയുണ്ടായി. 2018–19 ലും 2019–20 (2019 സെപ്റ്റംബർ 30 വരെ) ലുമായി യഥാക്രമം 301 ഉം 100 ഉം പ്രത്യാശ സംരംഭങ്ങൾ രൂപീകരിക്കുകയുണ്ടായി. ഇതിൽ 194 ഉം 35 ഉം വ്യക്തിഗത സംരംഭങ്ങളും 107 ഉം 65 ഉം സംയുക്ത സംരംഭങ്ങളുമാണ്.

മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് പ്രാദേശിക സർക്കാരുകളെ സഹായിക്കുന്നതിനായുള്ള ഹരിത കർമ്മസേന അംഗങ്ങൾക്ക് കുടുംബശ്രീയാണ് പരിശീലനം നൽകുന്നത്. 2018–19 ൽ 27,988 വനിതകൾക്കാണ് കുടുംബശ്രീയിലൂടെ പരിശീലനം നൽകിയത്.

2018–19 ൽ കുടുംബശ്രീ ഏറ്റെടുത്ത ആരോഗ്യമേഖലയിലെ ഒരു പ്രധാന സംരംഭമാണ് 'ഹർഷം വയോജന പരിപാലന പദ്ധതി'. ഉപജീവന ആവശ്യങ്ങൾ നിറവേറ്റുന്നതിനായി ആരോഗ്യ പരിപാലന മേഖലയിൽ പരിശീലനം ലഭിച്ച പരിചരണം നൽകുന്നവരുടെ ഒരു സംഘത്തെ വികസിപ്പിച്ചെടുക്കുക എന്നതാണ് ഈ പരിപാടിയുടെ പ്രധാന ലക്ഷ്യം. 2018–19 ൽ 231 കുടുംബശ്രീ അംഗങ്ങൾക്ക് പരിചരണം നൽകുന്ന ജോലിക്കായുള്ള പരിശീലനം നൽകുകയുണ്ടായി. 2019–20 ൽ (സെപ്റ്റംബർ 30 വരെ) 550 അംഗങ്ങൾക്ക് പരിശീലനം നൽകാനും അതിൽ 211 പേർക്ക് തൊഴിൽ സാധ്യതകൾ കണ്ടെത്താനും കഴിഞ്ഞിട്ടുണ്ട്.

നിർമ്മാണ മേഖലയിലെ അവസരങ്ങൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിനായി നിർമ്മാണ പ്രവർത്തനങ്ങളിൽ താല്പര്യമുള്ള കുടുംബശ്രീ അംഗങ്ങളെ കണ്ടെത്തി നിർമ്മാണ മേഖലയിൽ പരിശീലനം നൽകുകയും അവരെ അതാത് പ്രാദേശിക സർക്കാരുകളിൽ രജിസ്റ്റർ ചെയ്ത് പ്രാദേശിക സർക്കാരുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി ഈ ഗ്രൂപ്പിനെ ചുമതലപ്പെടുത്തുകയും ചെയ്യുന്നുണ്ട്. 2019–20 ൽ 2,209 അംഗങ്ങൾ ഉൾപ്പെട്ട 318 നിർമ്മാണ ഗ്രൂപ്പുകൾ (251 ഗ്രാമീണ യൂണിറ്റുകളും 67 നഗര യൂണിറ്റുകളും) സംസ്ഥാനത്ത് രൂപീകരിക്കുകയും അവർക്ക് പരിശീലനം നൽകുകയും 269 വീടുകൾ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. ലൈഫ് മിഷൻ (120 വീടുകൾ), പ്രധാന മന്ത്രി ആവാസ് യോജന–നഗരം (56 വീടുകൾ), സ്നേഹവീട് (4 വീടുകൾ), പ്രധാന മന്ത്രി ആവാസ് യോജന – ഗ്രാമീൺ (1 വീട്), ആശ്രയ (5 വീടുകൾ), കെയർ കേരള (2 വീടുകൾ), പട്ടികവർഗ്ഗ വികസന വകുപ്പിന്റെ പി.കെ.കാളൻ കുടുംബ ക്ഷേമ പദ്ധതി (12 വീടുകൾ) എന്നിങ്ങനെ വിവിധ വകുപ്പുകളിലെ ഭവന നിർമ്മാണ പദ്ധതികൾ ഈ നിർമ്മാണ ഗ്രൂപ്പുകൾ ഏറ്റെടുത്തിട്ടുണ്ട്.

കുടുംബശ്രീയുടെ പ്രളയാനന്തര പ്രവർത്തനങ്ങൾ

പ്രളയാനന്തര കേരളത്തിന്റെ പുനരുജ്ജീവന പ്രവർത്തനങ്ങളുടെ ഭാഗമായി കുടുംബശ്രീ 'എറൈസ്' (സുസ്ഥിരമായ തൊഴിലിലൂടെ നിലനിൽപും വ്യക്തിത്വവും നേടിയെടുക്കൽ) എന്ന പേരിൽ നൈപുണ്യ ക്യാമ്പയിൻ ആരംഭിക്കുകയുണ്ടായി. തെരഞ്ഞെടുക്കപ്പെട്ട 10 മേഖലകളിലായി 50,000 പരിശീലനാർത്ഥികൾക്ക് നൈപുണ്യ പരിശീലനം നൽകുകയായിരുന്നു ഈ പരിപാടിയുടെ ലക്ഷ്യം. ഹൗസ് കീപ്പിംഗ്, ഗാർഹികജോലി, പ്ലംബിംഗ്, ഇലക്ട്രോണിക്സ് റിപ്പയർ, ഇലക്ട്രിക്കൽ ജോലികൾ, ഡേ–കെയർ, കൃഷി അനുബന്ധജോലികൾ, വില്പന, ഡാറ്റാ എൻട്രി, അലക്കലും ഇസ്തിരിയിടലും എന്നിവയാണ് 10 മേഖലകൾ. 2019 സെപ്റ്റംബർ 30 വരെ ഏകദേശം 12,000 പേർക്ക് പരിശീലനം നൽകുകയും 89 മൾട്ടി ടാസ്ക് ടീമുകൾ രൂപീകരിക്കുകയും ചെയ്തു.

പ്രളയാനന്തര ഇടപെടൽ എന്ന നിലയ്ക്ക് 'നാശോൻമുഖമായ സൂക്ഷ്മ സംരംഭങ്ങളുടെ ഉന്നമനത്തിനായുള്ള ഫണ്ട്' (SMERF) എന്ന പേരിൽ കുടുംബശ്രീ ഒരു പുതിയ ധനസഹായ പദ്ധതി ആരംഭിച്ചിട്ടുണ്ട്. വ്യക്തിഗത യൂണിറ്റിന് 50,000 രൂപയും സംയുക്ത യൂണിറ്റുകൾക്ക് 2,50,000 രൂപയും വീതം SMERF ൽ ധനസഹായമായി ലഭിക്കുന്നതാണ്.

കേരള പുനരുജ്ജീവന വായ്പാ പദ്ധതി

2018 ലെ മഹാപ്രളയത്തിൽ ഉപജീവനമാർഗ്ഗം നഷ്ടമായ കുടുംബങ്ങളുടെ പുനരുജ്ജീവനത്തിനായി സംസ്ഥാന സർക്കാർ ആരംഭിച്ചതാണ് കേരള പുനരുജ്ജീവന വായ്പാ പദ്ധതി. സ്ത്രീ ഗൃഹനാഥയായിട്ടുള്ള ഓരോ കുടുംബത്തിനും ഒരു ലക്ഷം രൂപ വരെ പലിശരഹിത വായ്പയായി ഈ പദ്ധതിയിലൂടെ നൽകുന്നു. ഗൃഹോപകരണങ്ങൾ വാങ്ങുന്നതിനും ഉപജീവന മാർഗ്ഗം കണ്ടെത്തുന്നതിനുമാണ് സഹായം നൽകുന്നത്. അടിയന്തര പ്രളയ ധനസഹായമായി 10,000 രൂപ ലഭിച്ച ഗുണഭോക്താക്കളിൽ താല്പര്യമുള്ള കുടുംബശ്രീ അംഗങ്ങൾക്ക് ഒരു ലക്ഷം രൂപയുടെ വരെ ബാങ്ക് വായ്പയ്ക്ക് അർഹതയുണ്ട്. ഈ വായ്പയുടെ 9 ശതമാനം പലിശ സർക്കാർ നൽകുന്നതാണ്. 2019 ഓഗസ്റ്റ് വരെ 28,212 അയൽക്കൂട്ടങ്ങളിലെ 1.95 ലക്ഷം ആളുകൾക്ക് 1,680.13 കോടി രൂപയുടെ പലിശ രഹിത വായ്പ നൽകുകയുണ്ടായി. കേരള പുനരുജ്ജീവന വായ്പ പദ്ധതിയിലൂടെ ധനസഹായം ലഭിച്ച അയൽക്കൂട്ടങ്ങളുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം 12.1.35** ൽ നൽകിയിരിക്കുന്നു.

പ്രത്യേക ജീവനോപാധി വികസന പാക്കേജ്

2018–ലെ മഹാപ്രളയത്തിൽ ജീവനോപാധികൾ നഷ്ടമായവരെ പുനരുജ്ജീവിപ്പിക്കുന്നതിനായി സംസ്ഥാന ആസൂത്രണ ബോർഡ് ഒരു പ്രത്യേക ജീവനോപാധി വികസന പാക്കേജ് തയ്യാറാക്കുകയുണ്ടായി. ഈ പാക്കേജ് നടപ്പിലാക്കുന്നതിനായി 2019–20 ലെ ബജറ്റിൽ 75.00 കോടി രൂപ വകയിരുത്തുകയും ചെയ്തിരുന്നു.

പ്രളയ ബാധിത പ്രശ്നങ്ങളെ ഈ പാക്കേജ് സമീപിക്കുന്നത് രണ്ട് തരത്തിലാണ്. യന്ത്രസാമഗ്രികൾ വാങ്ങുക, മാർക്കറ്റിംഗ് തുടങ്ങിയ ഉപജീവന പ്രവർത്തനങ്ങൾ പുനരുജ്ജീവിപ്പിക്കുന്നതിനായി വ്യക്തികൾക്ക് അടിയന്തര ധനസഹായം നൽകുക എന്നതാണ് ആദ്യത്തേത്. സംസ്ഥാനത്താകമാനം താല്പര്യമുള്ളവർക്കിടയിൽ പുതിയ ഉപജീവന മാർഗ്ഗങ്ങൾ വികസിപ്പിക്കുക എന്നതാണ് രണ്ടാമത്തേത്.

പാക്കേജിന്റെ ആദ്യഗഡുവായി കുടുംബശ്രീയ്ക്ക് ലഭിച്ച 25.00 കോടി രൂപയിൽനിന്നും 7.02 കോടി രൂപ (2019 ഡിസംബർ 31 വരെ) താഴെ പറയുന്ന പ്രവർത്തനങ്ങൾക്കായി ചെലവഴിക്കുകയുണ്ടായി.

- തെരഞ്ഞെടുത്ത 14,000 സംയുക്ത ഉത്തരവാദിത്ത സംഘങ്ങൾക്ക് (ജെ.എൽ.ജി) 5,000 രൂപ വിലവരുന്ന കാർഷിക ഉപകരണ കിറ്റുകൾ വിതരണം ചെയ്യുന്നതിനായി 7.00 കോടി രൂപ വകയിരുത്തിയിരുന്നു. ഇതിൽ 2.09 കോടി രൂപ 2019 ഡിസംബർ വരെ ചെലവഴിക്കുകയുണ്ടായി.
- സരസ് മേളയിൽ പങ്കെടുത്ത 130 പ്രളയബാധിത യൂണിറ്റുകൾക്ക് 1.42 കോടി രൂപ വിതരണം ചെയ്തു.
- നാശോന്മുഖമായ 68 പ്രളയബാധിത യൂണിറ്റുകൾക്കായി 1.20 കോടി രൂപ 'നാശോൻമുഖമായ സൂക്ഷ്മ സംരംഭങ്ങളുടെ പുനരുജ്ജീവനത്തിനുള്ള ഫണ്ടിൽ' നിന്നും നൽകുകയുണ്ടായി. ഇതുകൂടാതെ സാങ്കേതിക നവീകരണത്തിന്റെ ഭാഗമായി 16 യൂണിറ്റുകൾക്ക് 51.00 ലക്ഷം രൂപയും അനുവദിക്കുകയുണ്ടായി.
- എറൈസ് (സുസ്ഥിരമായ തൊഴിലിലൂടെ നിലനിൽപ്പും വ്യക്തിത്വവും നേടിയെടുക്കൽ) പരിപാടിയുടെ ഭാഗമായി 10 മേഖലകളിൽ നൈപുണ്യ വികസന പരിശീലനം നൽകിയത് വഴി ഏകദേശം 4,000 ത്തോളം ആളുകളുടെ ഉപജീവനമാർഗ്ഗം ഉറപ്പുവരുത്തുകയും ഇതിന്റെ ഭാഗമായി ബ്ലോക്ക് തലത്തിൽ മൾട്ടി ടാസ്ക് ടീമുകൾ ആരംഭിക്കുകയും 1.17 കോടി രൂപ ചെലവഴിക്കുകയും ചെയ്തു.
- ആലപ്പുഴ, എറണാകുളം, പാലക്കാട്, കോഴിക്കോട്, വയനാട് ജില്ലകളിലെ 15 ക്ഷീരസാഗരം യൂണിറ്റുകൾക്കും (പശുവളർത്തൽ സംരംഭം), 60 ആടുഗ്രാമം യൂണിറ്റുകൾക്കും (ആടുവളർത്തൽ സംരംഭം) സബ്സിഡിയായി 63.00 ലക്ഷം രൂപ വിതരണം ചെയ്തു.

ശബ്ദാവലി

അടിസ്ഥാന വില

ഒരു ഉൽപാദകൻ അയാളുടെ ഉൽപാദനത്തിന്റെയോ വിൽപ്പനയുടെയോ ഫലമായി തന്റെ ഉല്പന്നത്തിന്റെ (സാധനത്തിന്റെയോ സേവനത്തിന്റെയോ) ഒരു യൂണിറ്റിന് വാങ്ങുന്ന ആളിൽ നിന്നും സ്വീകരിക്കുന്ന തുകയിൽ നിന്നും അടക്കേണ്ട നികുതികൾ കിഴിച്ചും , ലഭിക്കേണ്ട സബ്സിഡികൾ സംയോജിപ്പിച്ചും ഉള്ളതാണ് അടിസ്ഥാന വില. ഉദ്പാദകൻ പ്രത്യേകമായി വരുത്തുന്ന ഗതാഗത ചെലവുകൾ ഇതിൽ നിന്നും ഒഴിവാക്കിയിരിക്കുന്നു.

സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതി (സി.എച്ച്.ഐ.എസ്)

പ്ലാനിംഗ് കമ്മീഷന്റെ മാർഗ്ഗ നിർദ്ദേശപ്രകാരം ആർ. എസ്.ബി.വൈയുടെ കീഴിൽ വരുന്ന ദാരിദ്രരേഖയ്ക്കു താഴെ (തീരെ ദരിദ്രർ) അല്ലാത്ത എല്ലാ കുടുംബങ്ങൾക്കും പ്രസ്തുത പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നതാണ്.

ഉപഭോക്തൃവില സൂചിക (സിപിഐ)

ഒരു നിശ്ചിത കാലയളവിനുള്ളിൽ നിശ്ചിത ഇനങ്ങളിൽപ്പെട്ട ചരക്കുകളുടെയും സേവനങ്ങളുടെയും ചില്ലറ വിൽപന വിലയിൽ ഉണ്ടാകുന്ന വ്യതിയാനമാണ് ഉപഭോക്തൃവില സൂചിക സൂചിപ്പിക്കുന്നത്. ഒരു പ്രത്യേക സ്ഥലത്തെ, പ്രത്യേകം നിർദ്ദേശിക്കപ്പെട്ട ജനങ്ങളുടെ സംഘങ്ങളിൽ നിന്നും ഒരു ശരാശരി കുടുംബം ഒരു നിശ്ചിത കാലയളവിൽ ഉപയോഗിക്കുന്ന ചരക്കുകളുടെയും സേവനങ്ങളുടെയും വില വ്യത്യാസത്തിന്റെ അടിസ്ഥാനത്തിലാണ് ഇത് കണക്കാക്കുന്നത്.

സി.ഡി.എസ്.

കറന്റ് ഡെയിലി സ്റ്റാറ്റസ്: സി.ഡി.എസ്, സി.ഡബ്ല്യൂ. എസ്., യു.പി.എസ്., യു.പി.എസ്.എസ്., എന്നീ നാല് ആശയങ്ങളാണ് തൊഴിൽ തൊഴിൽ രഹിത സർവ്വെയിൽ തൊഴിലാളികൾ, തൊഴിൽരഹിതർ, ബാഹ്യതൊഴിലാളികൾ എന്നീ തൊഴിൽസ്ഥിതി കണക്കാക്കാനായി ഉപയോഗിക്കുന്നത്. സി.ഡി.എസ്. രീതിയിൽ, പരാമർശിക്കപ്പെടുന്ന ആഴ്ചയിലെ ഓരോദിവസത്തേയും തൊഴിൽസ്ഥിതി നിർണ്ണയിക്കുന്നു (സർവ്വെയ്ക്കുമുമ്പുള്ള 7 ദിവസം). ദിവസത്തിൽ ഒരു മണിക്കൂറിൽ കൂടുതലും നാല് മണിക്കൂറിൽക്കുറവും പണിയെടുക്കുന്ന വ്യക്തി പകുതി ദിവസം ജോലിചെയ്തതായി കണക്കാക്കുന്നു. നാല് മണിക്കൂറിൽ കൂടുതൽ ജോലിചെയ്തവർ ഒരു ദിവസം ജോലിചെയ്തതായി കണക്കാക്കുന്നു.

സി.ഡബ്ല്യൂ.എസ്.

നിലവിലെ പ്രതിവാര നില: സർവേ തീയതിക്ക് മുമ്പുള്ള ഏഴ ദിവസത്തെ കാലയളവിനെ പരാമർശിച്ചാണ് ഇവിടെ പ്രവർത്തന നില നിർണ്ണയിക്കുന്നത്. ഒരാഴ്ചത്തെ റഫറൻസ് കാലയളവിൽ ഒരു ദിവസത്തിൽ കുറഞ്ഞത് ഒരു മണിക്കൂറെങ്കിലും ജോലി ചെയ്തിട്ടുണ്ടെന്ന് റിപ്പോർട്ടുചെയ്യുന്ന ഒരു വ്യക്തിയെ ജോലിയിൽ പ്രവേശിക്കുന്നതായി കണക്കാക്കുന്നു. ഒരാഴ്ചത്തെ റഫറൻസ് കാലയളവിൽ ഒരു മണിക്കൂർ പോലും ജോലി ചെയ്യാത്തതും എന്നാൽ ജോലി തേടുന്നതോ ലഭ്യമോ ആയ ഒരു വ്യക്തി തൊഴിലില്ലാത്തവനായി കണക്കാക്കപ്പെടുന്നു.

ദീൻ ദയാൽ ഉപാദ്ധ്യായ് ഗ്രാം ജ്യോതി യോജന (ഡി.ഡി.യു.ജെ.വൈ.ജെ.)

ഗ്രാമ പ്രദേശങ്ങളുടെ അടിസ്ഥാന സൗകര്യ വിതരണം മെച്ചപ്പെടുത്തുന്നതിനും എല്ലാ ഗ്രാമീണ കുടുംബങ്ങൾക്കും 24x7 വൈദ്യുതി ലഭ്യത ഉറപ്പുവരുത്തുന്നതിനുമായി ഊർജ്ജ മന്ത്രാലയം സമാരംഭിച്ച പുതിയ പദ്ധതിയാണ് ദീൻ ദയാൽ ഉപാദ്ധ്യായ് ഗ്രാം ജ്യോതി യോജന.

ജനസാന്ദ്രത

ജനങ്ങൾ തിങ്ങിപ്പാർക്കുന്ന അവസ്ഥ മനസ്സിലാക്കുന്ന

സൂചകങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ് ജനസാന്ദ്രത. ഒരു ചതുരശ്ര കിലോമീറ്ററിൽ അധിവസിക്കുന്ന ജനങ്ങളുടെ എണ്ണത്തെയാണ് ജനസാന്ദ്രത എന്ന പദം കൊണ്ടുദ്ദേശിക്കുന്നത്. ഭൂമിശാസ്ത്രപരമായ യൂണിറ്റ്, വാർഡ്, ടൗൺ, ജില്ല, സംസ്ഥാനം, മുതലായവയാകാം.

ഇ-പ്രൊക്യൂർമെൻറ്

ഇന്റർനെറ്റ് വഴിയുള്ള സാധന സേവന ക്രയവിക്രയ രീതി

മൊത്തം ദേശീയ വരുമാനം (ജി.എൻ.ഐ)

മൊത്തം ആഭ്യന്തര ഉൽപാദനത്തിൽ നിന്നു നിർമാണത്തിനും ഇറക്കുമതിക്കുമുള്ള നികുതികളും തൊഴിലാളികൾക്കുള്ള നഷ്ട പരിഹാരവും മറ്റു രാജ്യങ്ങൾക്കു നൽകേണ്ട ആസ്തി വരുമാനവും കുറവ് ചെയ്തതിനു ശേഷം സമ്പത്തിനോട് മറ്റു രാജ്യങ്ങളിൽ നിന്ന് ലഭിക്കേണ്ട വരുമാനം കൂട്ടിച്ചേർത്താൽ ലഭിക്കുന്ന സംഖ്യയാണ് മൊത്തം ദേശീയ വരുമാനം. മറ്റൊരു രീതിയിൽ പറഞ്ഞാൽ മൊത്തം ആഭ്യന്തര ഉൽപാദനത്തിൽ നിന്നു പ്രവാസി യൂണിറ്റുകൾക്ക് നൽകേണ്ട പ്രാഥമിക വരുമാനം കിഴിവ് ചെയ്ത് പ്രവാസി യൂണിറ്റുകളിൽ നിന്നും ലഭിക്കുന്ന പ്രാഥമിക വരുമാനം കൂട്ടിച്ചേർക്കുമ്പോൾ ലഭിക്കുന്നതാണ് മൊത്തം ദേശീയ വരുമാനം. ഇത് കണക്കാക്കുന്നതിനുള്ള മറ്റൊരു മാർഗ്ഗം എല്ലാ മേഖലയിലെയും മൊത്തം പ്രാഥമിക വരുമാനങ്ങളുടെ അകെ മൂല്യം കണക്കാക്കി നിശ്ചയിക്കുക എന്നതാണ്. (മൊത്തം ആഭ്യന്തര ഉൽപാദനത്തിനനുസരിച്ചായിരിക്കും മൊത്തം ദേശീയ വരുമാനം എന്നതു പ്രത്യേകം ശ്രദ്ധിക്കുക).

ഗ്രോസ് വാല്യു ആഡഡ് (ജി.വി.എ.)

സമ്പദ് വ്യവസ്ഥയിലെ ഒരു പ്രദേശത്തോ, വ്യവസായത്തിലോ സമ്പദ് വ്യവസ്ഥയിലെ ഒരു മേഖലയിലോ ഉല്പാദിപ്പിച്ച സാധനങ്ങളുടെയും സേവനങ്ങളുടെയും മൂല്യമാണ് ജി.വി.എ. ദേശീയ കണക്കിൽ ഉല്പന്നത്തിൽനിന്ന് ഇന്റർമീഡിയറ്റ് ഉപഭോഗം കുറച്ചാണ് ജി.വി.എ കണക്കാക്കുന്നത്. നാഷണൽ അക്കൗണ്ടിലെ ഉല്പാദനകണക്കിനെ സന്തുലിതമാക്കുന്ന ഒരു ഘടകമാണിത്.

മൊത്തം സംയോജിത മൂല്യം (ജിവിഎ)

(ജിവിഎ) എന്നാൽ ഒരു സമ്പദ് വ്യവസ്ഥയുടെ ഒരു മേഖലയിൽ അല്ലെങ്കിൽ ഒരു വ്യവസായത്തിൽ അല്ലെങ്കിൽ ഒരു പ്രദേശത്തു ഉദ്പാദിപ്പിക്കുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൂല്യത്തിന്റെ അളവാണ്.

അടിസ്ഥാന വിലയിലെ മൊത്തം സംയോജിത മൂല്യം

അടിസ്ഥാന വിലയിൽ ഉല്പന്നത്തിന്റെ മൂല്യത്തിൽ നിന്ന് വാങ്ങുന്ന ആളിന്റെ വിലയിൽ ഇടക്കുള്ള ഉപഭോഗത്തിന്റെ മൂല്യം കുറച്ചതിനെ അടിസ്ഥാന വിലയിൽ മൊത്തം സംയോജിത മൂല്യം എന്ന് നിർവചിച്ചിരിക്കുന്നു. ഉല്പന്നത്തിന്റെ മൂല്യം കണക്കാക്കുന്ന വിലയാണ് ഇവിടെ ജി വി എ എന്ന് അറിയപ്പെടുന്നത്. ഉൽപാദകന്റെ കാഴ്ചപ്പാടിൽ നിന്ന് നോക്കിയാൽ നിവേശത്തിനു കർത്താവിന്റെ വിലയും ഉൽപ്പന്നത്തിന് അടിസ്ഥാന വിലയുമാണ് യഥാർത്ഥത്തിൽ കൊടുക്കുകയും സ്വീകരിക്കുകയും ചെയ്ത വിലയെ പ്രതിനിധാനം ചെയ്യുന്നത്. അവയുടെ ഉപയോഗം മൊത്തം സംയോജിത മൂല്യം കണക്കാക്കുന്നതിലേയ്ക്ക് നയിക്കുകയും പ്രത്യേകിച്ച് ഉദ്പാദകന് പ്രസക്തമാകുകയും ചെയ്യുന്നു.

ശിശു മരണ നിരക്ക്

ഒരു ശിശുവിന്റെ ഒരു വയസു തികയുന്നതിനു മുൻപുള്ള മരണത്തെയാണ് ശിശു മരണം എന്ന് പറയുന്നത്. ഓരോ ആയിരം ശിശു ജനനത്തിലും ഉണ്ടാകുന്ന ശിശു മരണ കണക്കിനെയാണ് ശിശു മരണ നിരക്ക് എന്ന് പറയുന്നത്.

തൊഴിലാളി പങ്കാളിത്ത നിരക്ക് (എൽ.എഫ്.പി.ആർ.)

രാജ്യത്തെ ഒരു സമപ്രായത്തിൽപ്പെട്ട ജനസംഖ്യയും തൊഴിൽ ശക്തിയും തമ്മിലുള്ള അനുപാതമാണ് തൊഴിലാളി പങ്കാളിത്ത നിരക്ക്.

തൊഴിൽ ശക്തി

ഒന്നുകിൽ 'ജോലി ചെയ്യുന്ന' (അല്ലെങ്കിൽ ജോലി ചെയ്യുന്ന) അല്ലെങ്കിൽ 'അന്വേഷിക്കുന്ന അല്ലെങ്കിൽ ലഭ്യമായ വ്യക്തികൾ ജോലിയ്ക്കായി (അല്ലെങ്കിൽ തൊഴിലില്ലാത്തവർ) തൊഴിൽ സേനയെ രൂപീകരിച്ചു. ആക്റ്റിവിറ്റി സ്റ്റാറ്റസ് കോഡുകൾ ഉള്ള വ്യക്തികൾ 11 – 82 തൊഴിൽ സേനയാണ്.

സാക്ഷരതാ നിരക്ക്

ഏഴു വയസിനു മുകളിൽ പ്രായമുള്ള ജനങ്ങളിൽ നിത്യ ജീവിതത്തിൽ ഉപയോഗിക്കേണ്ടി വരുന്ന ഭാഷയിൽ എഴുതാനും വായിക്കാനും അറിയാവുന്നവരുടെ ശതമാനമാണ് സാക്ഷരതാ നിരക്ക്.

ദേശീയ കുടുംബ ആരോഗ്യ സർവ്വേ

ഇന്ത്യയിലൊട്ടാകെ തെരെഞ്ഞെടുക്കപ്പെട്ട കുടുംബങ്ങളെ ആസ്പദമാക്കി നടത്തിവരുന്ന വിപുലമായ സർവ്വേയാണ് ദേശീയ കുടുംബ ആരോഗ്യ സർവ്വേ.

വാർധക്യ ആശ്രയ നിരക്ക്

60-നും അതിനുമുകളിലും പ്രായമുള്ളവരും 15 മുതൽ 59 പ്രായമുള്ളവരും തമ്മിലുള്ള അനുപാതമാണ് ആശ്രയ നിരക്ക് .

സമത്വ സൂചിക

സമ്പത് വ്യവസ്ഥയിലെ വിലയുടെ അസ്ഥിരതകളുടെ പരിണത ഫലമായി കർഷകർക്ക് ഉണ്ടായ നേട്ടങ്ങളുടെയും നഷ്ടങ്ങളുടെയും ആനുപാതികമായ കണക്കാണ് സമത്വ സൂചിക.

പേഴ്സൺസ് വിത്ത് ഡിസബിലിറ്റി ആക്ട് 1995

ഇന്ത്യൻ ഭരണഘടനയുടെ (ഇനം 13, യൂണിയൻ ലിസ്റ്റ്) ആർട്ടിക്കിൾ 253 ൽ ഈ നിയമം വ്യവസ്ഥ ചെയ്തിരിക്കുന്നു

ഏഷ്യ, പസഫിക് റീജിയണിലുള്ള വൈകല്യമുള്ളവരുടെ മൊത്തത്തിലുള്ള പങ്കാളിത്തവും തുല്യ പദവിയും ഈ ആക്ടിൽ ഉറപ്പുവരുത്തുന്നു. വൈകല്യമുള്ളവരുടെ വിദ്യാഭ്യാസം , തൊഴിൽ, സാമൂഹ്യ സുരക്ഷ, പ്രതിബന്ധമുക്തമായ ചുറ്റുപാട്, തുടങ്ങിയവയും ഈ നിയമം ഉറപ്പു വരുത്തുന്നു.

പ്രേരക്മാർ

അനൗപചാരികമായ വിദ്യാഭ്യാസത്തിനു നേതൃത്വം നൽകികൊണ്ട് തുടർ വിദ്യാഭ്യാസ കേന്ദ്രങ്ങളുടെയും പ്രാദേശിക വികസന പ്രവർത്തനങ്ങളുടെയും ചുമതല വഹിക്കുന്നവരാണ് പ്രേരക്മാർ.

ലൈംഗിക അതിക്രമങ്ങളിൽ നിന്നും കുട്ടികളെ സംരക്ഷിക്കുന്ന ആക്ട്, 2012

ഈ ആക്ട് കുട്ടികൾക്ക് നേരെ ഉണ്ടാവുന്ന അധിക്ഷേപങ്ങളെക്കുറിച്ച പ്രതിപാദിക്കുകയും ലൈംഗിക കയ്യേറ്റം, ലൈംഗിക പീഡനം എന്നിവയിൽ നിന്ന് കുട്ടികളെ സംരക്ഷിക്കാനുള്ള രക്ഷാമാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്യുന്നു.

രാഷ്ട്രീയ സ്വാസ്ഥ്യ ബീമാ യോജന (ആർ.എസ്.ബി.വൈ)

പ്ലാനിംഗ് കമ്മീഷൻ ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള തൊഴിലാളികളായി നിർവചിക്കുന്ന അസംഘടിത മേഖലയിലെ തൊഴിലാളികൾക്കും അവരുടെ കുടുംബങ്ങൾക്കും ഏർപ്പെടുത്തിയ ആരോഗ്യ ഇൻഷുറൻസ് പദ്ധതിയാണിത്.

ചില്ലറ വില്പന വില

ചില്ലറ വില്പന വിലയെന്നത് ഉപഭോക്താക്കൾ ഒരു സാധനം ചെറിയ അളവിൽ വാങ്ങുമ്പോൾ നൽകേണ്ടി വരുന്ന വിലയാണ്.

സ്ത്രീ പുരുഷ അനുപാതം

ജനസംഖ്യ സ്ഥിതി വിവരക്കണക്കുകളിലെ സവിശേഷ സൂചകങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ് സ്ത്രീ–പുരുഷ അനുപാതം. ഒരു പ്രദേശത്ത് ആയിരം പുരുഷന്മാർക്ക് എത്ര സ്ത്രീകളുണ്ടെന്നു കണക്കാക്കിയാണ് സ്ത്രീ–പുരുഷ അനുപാതം നിർണയിക്കുന്നത്. മരണത്തിലെയും കുടിയേറ്റത്തിലെയും സ്ത്രീ–പുരുഷ അനുപാതം എന്നിവയിലെ വ്യതിയാനങ്ങൾ സ്ത്രീ–പുരുഷ അനുപാതത്തെ നിർണയിക്കുന്നു.

ഉദയ് (ഉജ്ജ്വൽ ഡിസ്കോം അശ്വരൻസ് യോജന)

കടപ്പെട്ടു കിടക്കുന്ന ഊർജ്ജ വിതരണ കമ്പനികളെ സാമ്പത്തികമായി പുനരുജ്ജീവിപ്പിക്കുവാനും അതിനു സുസ്ഥിരമായ പരിഹാരം ഉറപ്പു വരുത്തുവാനും ഉദയ് ലക്ഷ്യമിടുന്നു.

യൂഷ്വൽ പ്രിൻസിപ്പൽ സ്റ്റാറ്റസ് (യു.പി.എസ്)

സമീപനത്തിൻ കീഴിൽ ഒരുവ്യക്തി പിന്തുടരുന്ന പ്രവർത്തനം തീരുമാനിക്കാനായി ഉപയോഗിക്കുന്നതിന്റെ മുഖ്യ സമയ മാനദണ്ഡം 365 ദിവസത്തിനെ അടിസ്ഥാനമാക്കിയാണ്. അപ്രകാരം ഒരു വ്യകതി ചെലവഴിക്കുന്ന കൂടുതൽ സമയ(183 ദിവസമോ അതിലധികമോ)മാണ് ആ വ്യക്തി തൊഴിൽശക്തിയിൽ ഉൾപ്പെട്ടിട്ടുണ്ടോ ഇല്ലയോ എന്നു തീരുമാനിക്കുന്നത്. ഈ സമീപനത്തിലൂടെ ഒരു വ്യക്തിക്ക് തൊഴിലില്ല എന്നു കണ്ടാൽ അത് ചിരസ്ഥായിയായ തൊഴിലില്ലായ്മയെയാണ് പ്രതിഫലിപ്പിക്കുന്നത്. അവസാന പന്ത്രണ്ടു മാസങ്ങൾ എന്നു മാറ്റുന്ന ഒരു പരാമർശ കാലാവധിക്കു വേണ്ടിയാണ് യൂഷ്വൽ പ്രിൻസിപ്പൽ സ്റ്റാറ്റസ് കണക്കുകൾ അനുമാനം നടത്തുന്നത്.

യൂഷ്വൽ പ്രിൻസിപ്പൽ ആന്റ് സബ്സിഡിയറി സ്റ്റാറ്റസ് (യു.പി.എസ്.എസ്) സമീപനം

തൊഴിൽശക്തിയുടെ അളവുകൾ കണക്കാക്കുന്നതിനുള്ള മറ്റൊരു പ്രധാന സമീപനമാണ് യൂഷ്വൽ പ്രിൻസിപ്പൽ ആന്റ് സബ്സിഡിയറി സ്റ്റാറ്റസ് (യു.പി.എസ്.എസ്) സമീപനം. ഇത്തരം സമീപനത്തിൽ കൂടിയ സമയ മാനദണ്ഡം കുറഞ്ഞ സമയ കാലാവധി (30 ദിവസം അല്ലെങ്കിൽ അതിൽ കൂടുതൽ ഏതെങ്കിലും സാമ്പത്തിക പ്രവർത്തനത്തിൽ പങ്കെടുക്കുക) എന്നീ രണ്ടു കാര്യങ്ങളും പരിഗണിച്ചുകൊണ്ട് ഒരു മിശ്ര സമീപനമാണുള്ളത്. അങ്ങനെ ഒരു വ്യക്തി അവസാന 12 മാസകാലയളവിൽ 30 ദിവസമോ അതിൽ കൂടുതലോ ഏതെങ്കിലും വേതനം ലഭിക്കുന്ന ജോലി ചെയ്താൽ അത് ഈ സമീപനത്തിൽ തൊഴിലുള്ളതായി പരിഗണിക്കും. ഈ സമീപനത്തിൽ പരാമർശ കാലാവധി യൂഷ്വൽ പ്രിൻസിപ്പൽ സ്റ്റാറ്റസ് സമീപന(യി.പി.എസ്)ത്തിലേതു പോലെ തന്നെയാണ്. ഇത് യൂഷ്വൽ പ്രിൻസിപ്പൽ സ്റ്റാറ്റസ് സമീപനം എന്നും അറിയപ്പെടുന്നു.

മൊത്ത വ്യാപാര വില സൂചിക (ഡബ്ല്യൂപിഐ)

കേരളത്തിൽ ഉത്പാദിപ്പിച്ച വിതരണം നടത്തുന്ന പതിനേഴ് കാർഷിക ഉത്പന്നങ്ങളുടെ മൊത്ത വ്യാപാര വിലയിൽ ഒരു പ്രത്യേക കാലയളവിലുണ്ടാവുന്ന ശരാശരി വ്യത്യാസം 1952–53 വർഷത്തെ അടിസ്ഥാന വർഷമായി കണക്കാക്കി അളക്കുന്ന സൂചികയാണ് മൊത്ത വ്യാപാര വില സൂചിക. ഈ സൂചകങ്ങൾ എല്ലാ മാസവും കണക്കാക്കുന്നുണ്ട്. സൂചകത്തിനു പൂർണ്ണമായ പ്രാതിനിത്യം കൈവരുന്നതിന് ഉൽപ്പന്നങ്ങളുടെ വിലക്ക് ആനുപാതികമായി അധിക വില നൽകുകയാണ് ചെയ്യുന്നത്.

തൊഴിൽ ശക്തി

ഒന്നുകിൽ 'ജോലി ചെയ്യുന്ന' (അല്ലെങ്കിൽ ജോലി ചെയ്യുന്ന) അല്ലെങ്കിൽ 'അന്വേഷിക്കുന്ന അല്ലെങ്കിൽ ലഭ്യമായ വ്യക്തികൾ ജോലിയ്ക്കായി (അല്ലെങ്കിൽ തൊഴിലില്ലാത്തവർ) തൊഴിൽ സേനയെ രൂപീകരിച്ചു. ആക്റ്റിവിറ്റി സ്റ്റാറ്റസ് കോഡുകൾ ഉള്ള വ്യക്തികൾ 11 – 82 തൊഴിൽ സേനയാണ്.

കാഷ്വൽ ലേബർ

മറ്റുള്ളവരുമായി ആകസ്മികമായി ഏർപ്പെട്ടിരിക്കുന്ന ഒരാൾ ഫാം അല്ലെങ്കിൽ ഫാം അല്ലാത്ത എന്റർപ്രൈസസ് (ഗാർഹിക, നോൺ-ഗാർഹിക) കൂടാതെ, പ്രതിദിന അല്ലെങ്കിൽ ആനുകാലിക തൊഴിൽ കരാറിന്റെ നിബന്ധനകൾക്കനുസൃതമായി വേതനം ലഭിച്ചു, ഇത് ഒരു സാധാരണ തൊഴിലാളിയായി കണക്കാക്കപ്പെടുന്നു.

സാധാരണ പ്രവർത്തന നില:

സർവേ തീയതിക്ക് മുമ്പുള്ള 365 ദിവസത്തെ റഫറൻസ് കാലയളവിൽ ഒരു വ്യക്തിയുടെ പ്രവർത്തന നിലയുമായി സാധാരണ പ്രവർത്തന നില ബന്ധപ്പെട്ടിരിക്കുന്നു. സർവേ തീയതിക്ക് മുമ്പുള്ള 365 ദിവസങ്ങളിൽ ഒരു വ്യക്തി താരതമ്യേന ദീർഘനേരം (പ്രധാന സമയ മാനദണ്ഡം) ചെലവഴിച്ച പ്രവർത്തന നില വ്യക്തിയുടെ സാധാരണ പ്രധാന പ്രവർത്തന നിലയായി കണക്കാക്കപ്പെടുന്നു. ഒരു വ്യക്തിയുടെ പതിവ് പ്രധാന പ്രവർത്തനം തീരുമാനിക്കുന്നതിന്, പ്രധാന സമയ മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ റഫറൻസ് കാലയളവിൽ അവനെ / അവളെ ആദ്യം തൊഴിൽ സേനയിൽ ഉൾപ്പെട്ടവരാണോ അല്ലയോ എന്ന് തരംതിരിച്ചു, തൊഴിൽ സേനയിൽ പെട്ടവരല്ലെന്ന് വിധിക്കപ്പെടുന്ന വ്യക്തികൾക്ക് 'പ്രവർത്തനമോ ജോലിയ്ക്ക് ലഭ്യമോ അല്ല' എന്ന വിശാലമായ പ്രവർത്തന നില നൽകും. തൊഴിൽ സേനയിൽ ഉൾപ്പെടുന്ന വ്യക്തികളെ സംബന്ധിച്ചിടത്തോളം, 'ജോലിചെയ്യുന്നു' അല്ലെങ്കിൽ ജോലി ചെയ്യാത്തതും എന്നാൽ ജോലി തേടുന്നതും കൂടാതെ/ അല്ലെങ്കിൽ ലഭ്യമായതുമായ വിശാലമായ പ്രവർത്തന നില നിർണ്ണയിക്കപ്പെട്ടു. സർവേ തീയതിക്ക് മുമ്പുള്ള 365 ദിവസങ്ങളിൽ തൊഴിൽ സേനയിൽ ചെലവഴിച്ച താരതമ്യേന നീണ്ട സമയത്തിന്റെ അടിസ്ഥാനത്തിൽ വീണ്ടും. അങ്ങനെ നിർണ്ണയിക്കപ്പെട്ട വിശാലമായ ആക്റ്റിവിറ്റി സ്റ്റാറ്റസിനുള്ളിൽ, അത്തരം ഒന്നിലധികം പ്രവർത്തനങ്ങൾ പിന്തുടരുന്ന ഒരു വ്യക്തിയുടെ വിശദമായ ആക്റ്റിവിറ്റി സ്റ്റാറ്റസ് വിഭാഗം "താരതമ്യേന നീണ്ട സമയം" മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ വീണ്ടും നിർണ്ണയിക്കപ്പെട്ടു.

ചുരുക്കപ്പേരുകൾ

എ എ ബി വൈ ആം : ആദ്മി ഭീമാ യോജന
എഎവൈ : അന്ത്യോദയ അന്ന യോജന
എഎംആർ യു റ്റി : അടൽ മിഷൻ ഫോർ റീ ജ്ജുവനേഷൻ ആന്റ് അർബൻ ട്രാൻസ്ഫോർമേഷൻ
അനർട്ട് : ഏജൻസി ഫോർ നോൺ കണ്ബ്വെൻഷണൽ എനർജി ആൻഡ് റൂറൽ ടെക്നോളജി
എഎൻപി : അന്നപൂർണ്ണ പദ്ധതി
എപിഎൽ : ദാരിദ്ര്യരേഖയ്ക്ക് മുകളിലുള്ളവർ
എ.പി.റ്റി.എസ് : ആൻറി പവർ തെഫ്റ്റ് സ്വാഡ്
എ.എസ്.സി. : അഗ്രോ സർവീസ് സെന്റർ
എസ്.എ.പി : അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം
എ.റ്റി.എം.എ. : അഗ്രികൾച്ചറൽ ടെക്നോളജി മാനേജ്മെന്റ്ഏജൻസി.
ആയുഷ് : ആയുർവ്വേദ, യോഗ ആൻഡ് നാച്ചറോപ്പോതി , സിദ്ധാ, യുനാനി ആൻഡ് ഹോമിയോപതി
ബിഡി എ : ബാംബൂ ഡെവലപ്മെന്റ് ഏജൻസി
ബി .ഇ. : ബജറ്റ് എസ്റ്റിമേറ്റ്
ബി എംസി : ബയോഡയ് വേഴ്സിറ്റി മാനേജ്മെന്റ് കമ്മിറ്റി
ബി.പി.എൽ : ദാരിദ്രയ് രേഖയ്ക്ക് താഴെയു ള്ളവർ
ബി.എസ്.എൻ.എൽ : ഭാരത് സഞ്ചാർ നിഗം ലിമിറ്റഡ്
കാപെക്സ് : കേരള സ്റ്റേറ്റ് കാഷ്യൂ വർക്കേഴ്സ് അപ്പക്സ് കോ ഓപ്പറേറ്റീവ് സൊസൈറ്റി
സി.ബി.എസ്.ഇ : സെൻട്രൽ ബോർഡ് ഓഫ് സെക്കന്ററി എഡ്യൂക്കേഷൻ
സി ഡി സി : ചൈൽഡ് ഡെവലപ്മെന്റ് സെന്റർസ്
സി–ഡിറ്റ് : സെന്റർ ഫോർ ഡെവലപ്മെന്റ് ഓഫ് ഇമേജിംഗ് ടെക്നോളജി
സി.ഡി.എസ് : സെന്റ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ്
സി.ഡി.എസ് കൾ : കമ്മ്യൂണിറ്റി ഡവലെപ്മെന്റ് സൊസൈറ്റികൾ
സിഇപിസി.ഐ : കാഷ്യു എക്സ്പോർട്ട് പ്രൊമോഷൻ കൗൺസിൽ ഓഫ് ഇന്ത്യ
സി ഇ ആർ റ്റി : കംമ്പ്യൂട്ടർ എമർജെൻസി റെസ് വോൺസ് റ്റീം
സി എഫ് എസ് സി : കോമൺ ഫെസിലിറ്റി സർവീസ് സെന്റർ
ചിയാക് : സമ്പൂർണ്ണ ആരോഗ്യ ഇൻഷുറൻസ് ഏജൻസി കേരള
ചിസ് : സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതി
സി ഐ എ എൽ : കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ്
സി എം ഡി ർ ഫ് : മുഖ്യ മന്ത്രിയുടെ ദുരിതാശ്വാസ നിധി
സിഎംആർഐ : ക്രിട്ടിക്കൽ മിനറൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്
കയർ ഫെഡ് : കേരള സംസ്ഥാന കയർ –ഓപ്പറേറ്റീവ് കയർ മാർക്കറ്റിംഗ് ഫെഡറേഷൻ
സി പി സി : സെന്ററലയ്സ്ഡ് പ്രോസസ്സിംഗ് സെന്റർ
സിപിഐ : കൺസ്യൂമർ പ്രൈസ് ഇൻഡക്സ്
സിപിഎസ്ഇകൾ : കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ
സിഎസ്ഒ : സെൻട്രൽ സ്റ്റാറ്റിസ്റ്റിക്കൽ ഓർഗനൈസേഷൻ
സിഎസ്എസ് : കേന്ദ്രാവിഷ്കൃത പദ്ധതി
സിഡബ്ല്യുആർഡിഎം : സെന്റർ ഫോർ വാട്ടർ റിസോഴ്സ്

ഡവലെപ്മെന്റ് ആന്റ് മാനേജ്മെന്റ്

ഡി ബി എഫ് ഒ റ്റി : ഡിസൈൻ ,ബിൽറ്റ് , ഫിനാൻസ് ഓപ്പറേറ്റ് ആൻഡ് ട്രാൻസ്ഫർ

ഡിഇഎസ് : ഡയറ്കറേറ്റ് ഓഫ് എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ്

ഡി.ജി.ഇ.ആന്റ് റ്റി : ഡയറക്ടർ ജനറൽ ഓഫ് എംപ്ലോ-യ്മെന്റ് ആന്റ് ട്രയിനിംഗ്

ഡിഐസി : ഡയറക്ടറേറ്റ് ഓഫ് ഇന്റസ്ട്രീസ് ആന്റ് കോമേഴ്സ്

ഡിഎംആർസി : ഡൽഹി മെട്രോ റയിൽ കോർപ്പറേഷൻ

ഡി സി ബി : ഡിസ്ട്രിക്ട് കോ ഓപ്പറേറ്റീവ് ബാങ്ക്

ഡി ആർ ഐ ക്യൂ ബോർഡ് : ഡിസൈൻ റിസർച്ച് ഇൻവെസ്റ്റിഗേഷൻ ആൻഡ് ക്വാളിറ്റി കൺട്രോൾ ബോർഡ്

ഇ ഡി സി : എക്കോ ഡെവലപ്മെന്റ് കമ്മിറ്റി

ഇ എം സി : എനർജി മാനേജ്മെന്റ് സെന്റർ

ഇപിസി : എഞ്ചിനീയറിംഗ് പ്രൊക്യൂയർമെന്റ് ആന്റ് കൺസ്ട്രക്ഷൻ

ഇഎസ്ഐ : എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷുറൻസ്

ഇ എസ് എസ് : ഓൺട്രപ്രണർ സപ്പോർട്ട് സ്കീം

എഫ് എ ഒ : ഫുഡ് ആൻഡ് അഗ്രികൾച്ചർ ഓർഗനൈസേഷൻ

ഫ് സി : ഫിനാൻസ് കമ്മീഷൻ

ഫ് സി ഐ – ഫുഡ് കോര്പറേഷന് ഓഫ് ഇന്ത്യ

എഫ്ഒഎംഐഎൽ : ഫോം മാറ്റിംഗ്സ് ഇന്ത്യ ലിമിറ്റഡ്

എഫ്എസ്ഐ : ഫോറസ്റ്റ് സർ വ്വേ ഓഫ് ഇന്ത്യ

ഗേറ്റ് : ഗ്രാഡുവേറ്റ് ആപ്റ്റിറ്റ്യൂഡ് ടെസ്റ്റ് ഇൻ എഞ്ചിനീയറിംഗ്

ജിസിഡിഎ : വിശാല കൊച്ചി വികസന അതോറിറ്റി

ജിഒഐ : ഭാരത സർക്കാർ

ജിഎസ്റ്റി : ഗ്രഡ്സ് ആന്റ് സർ വ്വീസ് ടാക്സ്

ജിഎസ് വിഎ : ഗ്രോസ് സ്റ്റേറ്റ് വാല്യൂ ആഡഡ്

ജിവിഎ : ഗ്രോസ് വാല്യൂ ആഡഡ്

എച്ചഡിസി.കെ : കേരള കൈത്തൊഴിൽ വികസന കോർപ്പറേഷൻ

എച്ച് വി ഡി സി : ഹൈ വോൾട്ടേജ് ഡയറക്ട് കറന്റ്

എച്ച്ഡിഐ : മാനവ വികസന സൂചിക

എച്ച് എസ് : ഹൈസ്കൂൾ

എച്ച്എസ് സി : ഹയർ സെക്കൻഡറി കോഴ്സ്

ഹഡ്കോ : ഹൗസിംഗ് ആന്റ് അർബൻ ഡവലെപ്മെന്റ് കോർപ്പറേഷൻ

ഐസിഡിഎസ് : സംയോജിത ശിശുവികസന പദ്ധതി

ഐസിപിഎസ് : സംയോജിത ശിശു സംരക്ഷണ പദ്ധതി

ഐസിഎസ് ഇ : ഇന്ത്യൻ സർട്ടിഫിക്കറ്റ് ഓഫ് സെക്കണ്ടറി എഡ്യുക്കേഷൻ

ഐ സി എഫ് ഒ എസ് എസ് : ഇന്റർനാഷണൽ സെന്റർ ഫോർ ഫ്രീ ആൻഡ് ഓപ്പൺ സോഴ്സ് സോഫ്റ്റ് വെയർ

ഐ ഐ ച്ച് ടി : ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാൻഡ്ലൂം ടെക്നോളജി

ഐഐഐറ്റിഎംകെ: ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫോർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റ് കേരള

ഐഐഎസ് സി : ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ്

ഐഐറ്റി : ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി

ഐ ജി സി : ഇൻഡസ്ട്രിയൽ ഗ്രോത്ത് സെന്റെഴ്സ്

ഐഎൽ ഒ : അന്തർദേശീയ തൊഴിൽ സംഘടന

ഐഎൻഡിസി : ഇന്ത്യാസ് ഇന്റെൻഡെഡ് നാഷണലി ഡിറ്റർമൈന്റ് കോൺട്രിബ്യൂഷൻ

ഐ സി ഐ : ഇന്റർനാഷണൽ ക്ലൈമറ്റ് ഇനിഷ്യേറ്റീവ്

ഐ എം ഡി : ഇന്ത്യൻ മീറ്റർയോളോജിക്കൽ ഡിപ്പാർട്മെൻറ്

ഐ പി ഡിഎസ് : ഇന്റ ഗ്രേറ്റഡ് പവർ ഡവെലപ്മെന്റ് സ്കീം

ഐയു സി എൻ : ഇൻരനാഷണൽ യൂണിയൻ ഫോർ കൺസർവേഷൻ ഓഫ് നേച്ചർ

ഐഎസ്എം : അന്തർ സംസ്ഥാന കുടിയേറ്റക്കാർ

ഐഎസ്ആർഒ : ഇന്ത്യൻ ബഹിരാകാശ ഗവേഷണ കേന്ദ്രം

ഐറ്റി : വിവര സാങ്കേതി വിദ്യ

ഐറ്റിഐ : ഇൻഡസ്ട്രീയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്

ജെജെ : ജുവനൈൽ ജസ്റ്റിസ്

ജെ എൻ പി റ്റി : ജവഹർലാൽ നെഹ്റു പോർട്ട് ട്രസ്റ്റ്

ജെന്റം : ജവഹർ ലാൽ നെഹ്രു ദേശീയ നഗര നവീകരണ ദൗത്യം

ജെ ൽ ജി കൾ : ജോയിന്റ് ലയബിലിറ്റി ഗ്രൂപ്സ്

ജെഎൻറ്റിബിജിആർഐ: ജവഹർ ലാൽ നെഹ്രു ട്രോപ്പിക്കൽ ബൊട്ടാണിക് ഗാർഡൻ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

കാഡ്കോ : കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ

കെഎഎസ്ഇ : കേരള അക്കാദമി ഫോർ സ്കിൽ എക്സലൻസ്

കെഎയു : കേരള കാർഷിക സർ വ്വകലാശാല

കെസിസി : കിസാൻ ക്രെഡിറ്റ് കാർഡ്

കെസിഎച്ച്ആർ : കേരള ചരിത്ര ഗവേഷണ കൗൺസിൽ

കെസിഎംഎംഎഫ് : കേരള സഹകരണ ക്ഷീരവിപണന ഫെഡറേഷൻ

കെ ഇ എസ് ആർ യു : കേരള സെൽഫ് എംപ്ലോയ്മെന്റ് സ്കീം ഫോർ റെജിസ്ട്രേർഡ് അൺ എംപ്ലോയ്ഡ്

കിഫ്ബി : കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ്

കില : കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ

കെഎഫ്സി : കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ

കെഎഫ്ആർഐ : കേരള വന ഗവേഷണ കേന്ദ്രം

കെഎഫ്ഡബ്ല്യു എഫ്ബി: കേരള ഫിഷർമെൻ വെൽഫെയർ ഫണ്ട് ബോർഡ്

കെഎച്ച്ആർഐ : കേരള ഹൈവെ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

കെഐഇഡി : കേരള സംരംഭകത്വ വികസന കേന്ദ്രം

കെഐഎൽഇ : കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ്

കിൻഫ്ര : കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ച്ചർ ഡവലെപ്മെന്റ് കോർപ്പറേഷൻ

കെ ആർ ഡി സി എൽ: കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ

കെ ആർ എഫ് ബി : കേരള റോഡ് ഫണ്ട് ബോർഡ്

കെഐറ്റിറ്റിഎസ് : കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആന്റ് ട്രാവൽസ് സ്റ്റഡീസ്

കെഎൽഡിബി : കേരള ലൈവ് സ്റ്റോക്ക് ഡവലെപ്മെന്റ് ബോർഡ്

കെ എസ് ബി ബി : കേരള സ്റ്റേറ്റ് ബയോ ഡൈവേഴ്സിറ്റി ബോർഡ്

കെഎസ്ബി എം : കേരള സ്റ്റേറ്റ് ബാംബൂ മിഷൻ

കെ എസ് ബി സി ഡി സി : കേരള സ്റ്റേറ്റ് ബാക്ക് വേർഡ് ക്ലാസസ് ഡവലപ്മെന്റ് കോർപ്പറേഷൻ

കെഎസ് സിഎആർഡിബി : കേരള സംസ്ഥാന കാർഷിക സഹകരണ പ്രാദേശിക വികസന ബാങ്ക്

കെഎസ് സിസി : കേരള സംസ്ഥാന കയർ കോർപ്പറേഷൻ

കെ എസ് സി ഡി സി: കേരള സ്റ്റേറ്റ് കാഷ്യൂ ഡെവലപ്മെന്റ് കോർപ്പറേഷൻ

കെ എസ് ഇ ബി എൽ: കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്

കെ എസ് സി എം എം സി: കേരള സ്റ്റേറ്റ് കയർ മെഷിനറി മാനുഫാക്ച്ചറിംഗ് കമ്പനി ലിമി.

കെ എസ് ഡി ഐ : കേരള സ്റ്റേറ്റ് സ്പേഷ്യൽ ഡാറ്റ ഇൻഫ്രാ സ്ട്രക്ച്ചർ

കെ എസ് ഐ റ്റി ഐ ഐ: കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി ഇൻഫ്രാ സ്ട്രക്ച്ചർ ലിമി.

കെ എസ് ഐ റ്റി എം: കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി മിഷൻ

കെഎസ് സിഎസ് റ്റി ഇ : കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൌൺസിൽ

കെഎസ്ഇആർസി : കേരള സംസ്ഥാന വൈദ്യുതി നിയന്ത്രണ കമ്മിഷൻ

കെ എസ് സി എഡിസി : കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡവലപ്മെന്റ് കോർപ്പറേഷൻ

കെഎസ്ഐഡിസി : കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ

കെഎസ്ഐഎൻസി: കേരള ഷിപ്പിംഗ് ആന്റ് ഇൻ ലാൻഡ് നാവിഗേഷൻ കോർപ്പറേഷൻ

കെ സ് എ ൻ : കേരളം സ്റ്റേറ്റ് വൈഡ് ഏരിയ നെറ്റ്വർക്ക്

കെഎസ്ഒഎം : കേരള സ്കൂൾ ഓഫ് മാത്തമാറ്റിക്സ്

കെ എസ് പി സി ബി : കേരള സ്റ്റേറ്റ് പൊല്യൂഷൻ കൺട്രോൾ ബോർഡ്

കെഎസ്ആർആർഡിഎ : കേരള സംസ്ഥാന ഗ്രാമീണ പാത വികസന ഏജൻസി.

കെഎസ്ആർറ്റിസി : കേരള സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ

കെഎസ്എസ് ഇഡിഎം : കേരള സ്റ്റേറ്റ് എന്റർപ്രണർ സെൽഫ് ഡവലെപ്മെന്റ് മിഷൻ

കെഎസ്എസ്എം : കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ

കെ എസ് ഡബ്ല്യൂ എ എൻ: കേരള സ്റ്റേറ്റ് വൈഡ് ഏര്യ നെറ്റ് വർക്ക്

കെഎസ് യുഎം : കേരള സ്റ്റാർട്ടപ് മിഷൻ

എൽബിഐ : ലൈവ് ലി ഹുഡ് ബിസിനസ്സ് ഇൻകുബേറ്റേഴ്സ്

എൽഇഎഡിഎസ് : ലീഡ് ഫാർമർ കാൻഡേർഡ് എക്സ്റ്റൻഷൻ ആന്റ് അഡ്വൈസറി ഡെലിവറി സർ വ്വീസസ്സ്

എൽഇഡി : ലൈറ്റ് എമിഷൻ ഡയോഡ്

എൽഎഫ്പിആർ : ലേബർ ഫോഴ്സ് പാർട്ടിസിപ്പേഷൻ റേറ്റ്

ലൈഫ് : ലൈവിലി ഹുഡ് ,ഇൻക്ലൂഷൻ ആൻഡ് ഫൈനാൻഷ്യൽ എംപവർമെന്റ്

എൽപിജി : ദ്രവീകൃത പെട്രോളിയം വാതകം

എൽഎസ്ജികൾ : തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ

എൽ റ്റി ആർ സി എഫ്: ലോംഗ് ടേം റൂറൽ ക്രെഡിറ്റ് ഫണ്ട്

എംഎഎച്ച് : മേജർ ആക്സിഡന്റ് ഹസ്സാഡ്

മാർക്കെറ്റ് ഫെഡ് : കേരള സംസ്ഥാന സഹകരണ വിപണന ഫെഡറേഷൻ ലിമിറ്റഡ്

എംബിജിഐപിഎസ് : മലബാർ ബോട്ടാണിക്കൽ ഗാർഡൻ ആന്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്ലാന്റ് സ്റ്റഡീസ്

എംസിസി : മലബാർ കാൻസർ സെന്റർ

എംഡിഎഫ് : മോഡറേറ്റ് ഡെൻസ് ഫോറസ്റ്റ്

എംഡിജി : മിലേനിയം ഡവലെപ്മെന്റ് ഗോൾഡ്

എംഎഫ്ഐ : മൈക്രോ ഫൈനാൻസ് ഇൻസ്റ്റിറ്റ്യൂഷൻസ്

എംജിഎൻആർഇജിഎസ് : മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിൽ ഉറപ്പ പദ്ധതി.

എം ഐ ഡി എച്ച് : മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ

എംഐസിഇ : മീറ്റിംഗ് ഇൻസെന്റീവ് കോൺഫറൻസ് ആന്റ് ഇവെന്റ്സ്

എംഎൽഎ : നിയമസഭാ സാമാജികൻ

എംഎൻഎഐഎസ് : പരിഷ്കൃത ദേശീയ കാർഷിക ഇൻഷുറൻസ് സ്കീം.

എംഒഎഫ്പിഐ : മിനിസ്ട്രി ഓഫ് ഫുഡ് പ്രോസസ്സിംഗ് ഇൻഡസ്ട്രീസ്

എംഎസ്എംഇ : സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ

എംറ്റി : മെട്രിക് ടൺ

മുദ്ര : മൈക്രോ യൂണിറ്റ്സ് ഡവലെപ്മെന്റ് ആന്റ് റീ – ഫൈനാൻസ് ഏജൻസി ലിമിറ്റഡ്

എംവിഐപി : മുവാറ്റുപ്പുഴ വാലി ജലസേചന പ്രോജക്ട്

എംവിആർസി : മുംബൈ റെയിൽ വികാസ് കോർപ്പറേഷൻ

നബാർഡ് : ദേശീയ കാർഷിക ഗ്രാമ വികസന ബാങ്ക്

എൻഎസി : നാഷണൽ അക്രെഡിറ്റേഷൻ കൗൺസിൽ

നാറ്റ്പാക്ക് : ദേശീയ ഗതാഗത ആസൂത്രണ ഗവേഷണ കേന്ദ്രം

എൻ എ ഫ് സി സി : നാഷണൽ അഡാപ്ഷൻ ഫണ്ട് ഓൺ ക്ലൈമറ്റ് ചേഞ്ച്

എൻബിഎസ്എസ് ആന്റ് എൽ യുപി : നാഷണൽ ബ്യൂറോ ഓഫ് സോയിൽ സർ വ്വേ ആന്റ് ലാന്റ് യൂസ് പ്ലാനിംഗ്

എൻസിഇയുഎസ് : നാഷണൽ കമ്മിഷൻ ഫോർ എന്റർപ്രൈസസ്സ് ഇൻ ദി അൺഓർഗനൈസ്ഡ് സെക്ടർ

എൻസിഐപി : ദേശീയ വിള ഇൻഷുറൻ പദ്ധതി

എൻസി ആർബി : നാഷണൽ ക്രൈം റെക്കോർഡ്സ് ബ്യൂറോ

എൻസിആർഎംഐ : നാഷണൽ കയർ റിസർച്ച് ആന്റ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട്

എൻസിവിറ്റി : നാഷണൽ കൌൺസിൽ ഫോർ വോക്കേഷണൽ ട്രെയിനിംഗ്

എൻഎഫ്എച്ച് എസ്: ദേശീയ കുടുംബാരോഗ്യ സർവ്വെ

എൻഎഫ്എസ്എ : നാഷണൽ ഫുഡ് സെക്യൂരിറ്റി ആക്ട്

എൻജിഒകൾ : സർക്കാർ ഇതര സംഘടനകൾ

എൻ എച്ച് എ ഐ : നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യ

എൻഎംഎഫ്പി : ദേശീയ ഭക്ഷ്യസംരക്ഷണ ഭൗത്യം

എൻ എൻ ഐ : നെറ്റ് നാഷണൽ ഇൻകം

നോർക്ക : നോൺ റസിഡന്റ് കേരളൈറ്റ് അഫയേഴ്സ്

എൻപിആർഡി : നാഷണൽ പ്രോഗ്രാം ഫോർ പേഴ്സൺസ് വിത്ത് ഡിസെബിലിറ്റിസ്

എൻആർഐകൾ : വിദേശവാസികളായ ഇന്ത്യക്കാർ എൻആർകൈകൾ നോൺറെസിഡന്റ് കേരളൈറ്റ്സ്

എൻ ആർ കെ : നോൺ റെസിഡന്റ് കേരളൈറ്റ്സ്

എൻആർഎൽഎം : നാഷണൽ റൂറൽ ലൈവ് ലിഹുഡ് മിഷൻ

എൻഎസ്എസ്ഒ : നാഷണൽ സാമ്പിൾ സർ വ്വേ ഓഫീസ്

എൻറ്റിഎഫ്പി : നോൺ ടിമ്പിൾ ഫോറസ്റ്റ് പ്രോഡക്ട്

എൻ യു എൽ എം : നാഷണൽ അർബൻ ലൈവിലിഹുഡ് മിഷൻ

എൻ യുഎഎൽഎസ് : നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ് പ്ലാനിംഗ് ആന്റ് ലീഗൽ സ്റ്റഡീസ്

എൻ യുഇപിഎ : നാഷണൽ യൂണിവേഴ്സിറ്റി ഓഫ് എഡ്യൂക്കേഷണൽ പ്ലാനിംഗ് ആന്റ് അഡ്മിനിസ്ട്രേഷൻ

ഓ ടി ആർ : ഓൺ റാസ് റെവന്യൂ

ഒഎഫ് : ഓപ്പൺ ഫോറസ്റ്റ്

ഓ ർ സി : ഔർ റെസ്പോണ്സിബിലിറ്റി ട്ടോ ചിൽഡ്രൻ കേരളം

ഒഎസ് സിസി : വൺ സ്റ്റോപ് ക്രൈസിസ് സെൽ

പിഎസിഎസ് : പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ

പിഎഐഎസ് : പേഴ്സണൽ ആക്സിഡന്റ് ഇൻഷുരൻസ് സ്കീം പാർട് നർഷിപ്പ് ഇൻ ടെക്നോളജിസ്

പിബിഡി : പ്രവാസി ഭാരതീയ ദിവസ്

പി ഡി ൻ എ : പോസ്റ്റ് ഡിസാസ്റ്റർ നീഡ് അസ്സസ്മെന്റ്

പി ഡി എസ് : പബ്ളിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം

പി എഫ് :സംരക്ഷിത വനമേഖലകൾ

പിഐഎസ് : പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം

പിഎംഎവൈ : പ്രധാനമന്ത്രി ആവാസ് യോജന

പി എം എ വൈ –ജി : പ്രധാൻ മന്ത്രി ആവാസ് യോജന – ഗ്രാമീൺ

പി എം എ വൈ –യു : പ്രധാൻ മന്ത്രി ആവാസ് യോജന– അർബൺ

പിഎംജിഎസ് വൈ : പ്രധാനമന്ത്രി ഗ്രാം സഡക് യോജന

പി എം കെ വി വൈ : പ്രധാനമന്ത്രി കൗശൽ വികാസ് യോജന

പിഒസിഎസ്ഒ ആക്റ്റ് : ലൈംഗിക അതിക്രങ്ങളിൽ നിന്നും കുട്ടികളെ സംരക്ഷിക്കുന്ന നിയമം

പി പി എ : പവർ പർച്ചേസ് എഗ്രിമെന്റ്

പിപിപി : പൊതുസ്വകാര്യ പങ്കാളിത്തം

പിആർഡി : പൊതുജന സമ്പർക്ക വകുപ്പ്

പിഎസ് : പ്രൈമറി സ്കൂൾ

പി എസ് യു : പബ്ലിക് സെക്ടർ അണ്ടർടേക്കിംഗ്സ്

പിഡബ്ല്യുഡി : പൊതുമരാമത്ത് വകുപ്പ്

പി ഡബ്ലിയു ഡി : പേർസൺസ് വിത്ത് ഡിസബിളി റ്റീസ്

ആർസിസി : റീജണൽ ക്യാൻസർ സെന്റർ

ആർ ബി ഡി സി കെ: റോഡ്സ് ആൻഡ് ബ്രിഡ്ജസ് ഡവലപ്മെന്റ് കോർപറേഷൻ ഓഫ് കേരള

ർ സി സി : റീജിയണൽ കാൻസർ സെന്റർ

ആർഎഫ് : റിസർ ഡ് ഫോറസ്റ്റ്സ്

ആർഎഫ്എ : റെക്കോർഡഡ് ഫോറസ്റ്റ്സ് ഏരിയ

ആർഐഎബി : റീ–സ്ട്രക്ചറിംഗ്ആന്റ് ഇന്റേർണൽ ആഡിറ്റ് ബോർഡ്

ആർഐഡിഎഫ് : ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന നിധി

ആർഐഎസ് സി : റയിൻഫാൾ ഇൻഷുറൻസ് സ്കീം ഫോർ കോഫി

ആർ ഐ സി കെ : റോഡ് ഇൻഫ്രാ സ്ട്രക്ചർ കമ്പനി കേരള

ആർകെവിവൈ : രാഷ്ട്രീയ കൃഷി വികാസ് യോജന

ആർപിഐ : റബ്ബർ പ്ലാന്റേഷൻ ഇൻഷുറൻസ്

ആർആർബി : പ്രാദേശിക ഗ്രാമീണ ബാങ്ക്

ആർഎസ്ബിവൈ : രാഷ്ട്രീയ സ്വാസ്ഥ്യ ബീമാ യോജന

ആർഎസ്ഇടിഐ : ഗ്രാമീണ സ്വയം തൊഴിൽ പരിശീലന കേന്ദ്രങ്ങൾ

ആർ എസ് പി എം : റെസ്പയറബിൾ സസ്റ്റെന്റഡ് പർട്ടിക്കുലേറ്റ് മാറ്റർ

റബ്ബർമാർക്ക് : കേരള സംസ്ഥാന സഹകരണ റബ്ബർ വിപണന ഫെഡറേഷൻ ലിമിറ്റഡ്

എസ്.ബി.എം : സ്വച്ഛഭാരത് മിഷൻ

എസ് എ എഫ് : സൊസൈറ്റി ഫോർ അസിസ്റ്റന്റ്സ് ടു ഫിഷർ വുമൻ

എസ് എപി സിസി : സ്റ്റേറ്റ് ആക്ഷൻ പ്ലാൻ ഓൺ ക്ലൈമറ്റ് ചെയ്ഞ്ച്

എസ്എഎസ്എച്ച് : സിംഗിൾ ഫാമിലി അഫോർഡബിൾ സോളാർ ഹൌസിംഗ്

എസ് സി എം : സ്മാർട്ട് സിറ്റീസ് മിഷൻ

എസ് സി/എസ് റ്റി : പട്ടികജാതി പട്ടികവർഗ്ഗം

എസ് ഡി ജി : സസ് റ്റൈനബിൾ ഡവലപ്മെന്റ് ഗോൾസ്

എസ് സി. എം : സ്മാർട്ട് സിറ്റി മിഷൻ

എസ് സിബി : ഷെഡ്യൂൾഡ് കോമേഴ്സ്യൽ ബാങ്കുകൾ

എസ് ഇ സി സി : സാമൂഹ്യ സാമ്പത്തിക ജാതി സെൻസസ്

എസ് ഇ സി ഡബ്ലിയു എ എൻ: സെക്രട്ടറിയേറ്റ് വൈഡ് ഏരിയ നെറ്റവർക്ക്

സ്ക്രിപ്റ്റ് : സ്റ്റേറ്റ് സെന്റർ റിസോഴ്സ് ഇൻസ്റ്റിറ്റ്യൂട്ട്

എസ് സിടിഐഎംഎസ് റ്റി : ശ്രീചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് ആന്റ് ടെക്നോളജി

എസ് സിവിറ്റി : സ്റ്റേറ്റ് കൌൺസിൽ ഫോർ വൊക്കേഷണൽ ടെയിനിംഗ്

എസ് ഡിഐ : സ്കിൽ ഡവലപ്മെന്റ് ഇനിഷ്യേറ്റീവ്

എസ്ഇജിപി : പ്രത്യേക തൊഴിൽ ദാന പരിപാടി

എസ്എഫ്ഡിഎ : സംസ്ഥാന വന വികസന ഏജൻസി

എസ്എച്ച്ജികൾ : സ്വയം സഹായ സംഘങ്ങൾ

എസ് എച്ച് എം : സ്റ്റേറ്റ് ഹോർട്ടി കൾച്ചർ മിഷൻ

എസ്ജെഡി : സാമൂഹ്യനീതി വകുപ്പ്

എസ് ഐ ഡി : സ്റ്റേറ്റ് ഇനിഷ്യേറ്റീവ്സ് ഓൺ ഡിസബിളിറ്റീസ്

എസ് ഐ – മെറ്റ് : സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ ആൻഡ് ടെക്നോളജി

എസ്എൽബിസി : സ്റ്റേറ്റ് ലവൽ ബാങ്കേഴ്സ് കമ്മിറ്റി

എസ്എൽ ബിപി : സ്പെഷ്യൽ ലൈവ്സ്റ്റോക്ക് ബ്രീഡിംഗ് പ്രോഗ്രാം.

എസ്എൽഎൽ : പ്രത്യേകവും പ്രാദേശികവുമായ നിയമങ്ങൾ

എസ്എൽപിഇകൾ : സംസ്ഥാനതല പൊതുമേഖലാ സംരംഭങ്ങൾ

എസ്എംസി : സ്കൂൾ മാനേജ്മെന്റ് സിസ്റ്റം

എസ്ഒഎൻടിആർ : സ്റ്റേറ്റ്സ് ഓൺ നോൺടാക്സ് റവന്യൂ

എസ്ഒടിആർ : സ്റ്റേറ്റ്സ് ഓൺ ടാക്സ് റവന്യൂ

എസ്ആർഇപി : സ്ട്രാറ്റജിക് റിസർച്ച് ആന്റ് എക്സ്റ്റൻഷൻ പ്ലാൻ

എസ്എസ്എൽസി : സെക്കന്ററി സ്കൂൾ ലീവിംഗ് സർട്ടിഫിക്കറ്റ്

എസ് പി ബി : സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്

എസ് റ്റിഡി : സബ്സ്ക്രൈബർ ട്രങ്ക് ഡയലിംഗ്

എസ്ടിഇസി : ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കമ്മിറ്റി

സപ്ലൈകോ : കേരള സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷൻ

എസ് ഡബ്ലിയു റ്റി ഡി: സ്റ്റേറ്റ് വാട്ടർ ട്രാൻസ് പോർട്ട് ഡിപ്പാർട്ട്മെന്റ്ഗ്

റ്റിസിപിസി : ടെയിനിംഗ് കൌൺസിലിംഗ് ആന്റ് പ്ലേസ്മെന്റ് സെൽസ്

റ്റി ആർ ഇ എസ് റ്റി : ട്രിവാൻട്രം എൻഞ്ചിനീയറിംഗ് സയൻസ് ആൻഡ് ടെക്നോളജി

റ്റി റ്റിഎ : അദ്ധ്യാപക പരിശീലന സ്ഥാപനങ്ങൾ

യുഎ : അർബൻ അഗ്രോമറേഷൻ

യു എ എം : ഉദ്യോഗ് ആധാർ മൊമ്മോറാൻഡം

യുഡിഐഎസ്എസ്എംടി : അർബൻ ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെന്റ്

യൂണിസേഫ് : യുണൈറ്റഡ് നേഷൻസ് ഇന്റർനാഷണൽ ചിൽഡ്രൻസ് എമർജൻസി ഫണ്ട്

യുപിഎസ്എസ് : യൂഷ്വൽ പ്രിൻസിപ്പൽ സബ്സിഡിയറി സ്റ്റാറ്റസ്

യു ആർ : അൺ എംപ്ലോയ്മെന്റ് റേറ്റ്

യുറ്റി : യൂണിയൻ ടെറിട്ടറി

വിഡിഎഫ് : അതിനിബിഡ വനം

വിഡിപിഐപിഎം : വെജിറ്റബിൾ ഡവലപ്മെന്റ് പ്രോജക്ട് ഇന്റഗ്രേറ്റഡ് പെസ്റ്റ് മാനേജ്മെന്റ്

വി എഫ് പി സി കെ : വെജിറ്റബിൾ ആൻഡ് ഫ്രൂട്സ് പ്രൊമോഷൻ കൌൺസിൽ കേരള

വി എച് സ് ഇ : വൊക്കേഷണൽ ഹയർ സെക്കന്ററി എഡ്യൂക്കേഷൻ

വിഎസ് പിസി : വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രോമോഷൻ കൊൺസിൽസ് പ്രോഗ്രാം

വിജിഎഫ് : വയബിലിറ്റി ഗ്യാപ് ഫണ്ട്

വിഎച്ച്എസ്ഇ : വൊക്കേഷണൽ ഹയർ സെക്കണ്ടറി വയബിലിറ്റി ഗ്യാപ് ഫണ്ട്

വി.ജി.എഫ്. : വേൾഡ് വാട്ടർ ഡെവലപ്മെന്റ് റിപ്പോർട്ട്

ഡബ്ലൂ പി ഐ : ഹോൾസെയിൽ പ്രൈസ് ഇൻഡക്സ്

ഡബ്ലൂ പി ആർ : വർക്കർ പോപുലേഷൻ റേഷ്യോ

സാമ്പത്തിക അവലോകനം 2019
കേരള സംസ്ഥാന ആസൂത്രണ ബോർഡ്
സർക്കാർ മുദ്രാലയം, മണ്ണന്തല, തിരുവനന്തപുരം
രൂപകല്പന സി–ഡിറ്റ്, www.cdit.org